കൊല്ലം ജില്ലാ പദ്ധതി

നവകേരളത്തിന് ജനകീയാസൂത്രണം

ജില്ലാ ആസൂത്രണ സമിതി, കൊല്ലം

മെയ് 2018

നവകേരളത്തിന് ജനകീയാസൂത്രണം

കൊല്ലം
ജില്ലാ പദ്ധതി

ജില്ലാ ആസൂത്രണ സമിതി, കൊല്ലം
മേയ് 2018

ആമുഖം

കേരളത്തിലെ എട്ടാമത്തെ വലിയ ജില്ലയാണ് കൊല്ലം. ജനസംഖ്യയിൽ ഈ ജില്ല ഏഴാം സ്ഥാനത്ത് നിൽക്കുന്നു. അതിസമ്പന്നമായ ഒരു ചരിത്രവും ഭൂതകാലവും നമുക്ക് വഴികാട്ടുന്നു. 1509 മുതൽ ഒരു പ്രധാന തുറമുഖ പട്ടണമെന്ന നിലയിൽ കൊല്ലത്തിന്റെ പ്രശസ്തി ദേശാന്തരങ്ങളോളം എത്തിയിരുന്നു എന്നത് ചരിത്രം. 1809 ജനുവരി 15 ന് കൈയ്യിൽ കിട്ടിയ ആയുധങ്ങളുമായി വിദേശീയരെ നേരിടാൻ കുണ്ടറ വിളംബരത്തിലൂടെ അഭ്യർത്ഥിക്കുകയും 1809 മാർച്ച് 29 ന് ജീവത്യാഗം ചെയ്യുകയും ചെയ്ത വേലുത്തമ്പി ദളവ നമ്മുടെ ദേശാഭിമാന ബോധത്തിന്റെ പ്രതീകമായി ഇന്നും നില കൊള്ളുന്നു. വൈവിധ്യമാർന്ന ഭൂപ്രകൃതിയും, കായലും കടലും സഹ്യപർവ്വത നിരകളും അതിരുകളാകുന്നതും നമ്മുടെ സവിശേഷതയാണ്. തീരപ്രദേശം, ഇടനാട്, മലനാട് എന്നീ അവസ്ഥാവിശേഷങ്ങളിൽ ഫലഭൂയിഷ്ഠമായ മണ്ണ്, പടിഞ്ഞാറ് ജില്ലയിലുടനീളം അതിരിടുന്ന കടൽതീരം, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കരിമണലും അതിലെ ധാതുനിക്ഷേപവും, ജില്ലക്ക് അന്താരാഷ്ട്ര പ്രശസ്തി നേടിത്തന്ന കശുവണ്ടി വ്യവസായം, പരമ്പരാഗത തൊഴിൽ മേഖലകളായ കയറും കൈത്തറിയും, സംസ്ഥാനത്തെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലടയും ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ടയും ഇന്ത്യയിലെ തന്നെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയായ തെൻമലയും, കേരളത്തിലെ ഒരേയൊരു തുക്കുപാലം സ്ഥിതി ചെയ്യുന്ന പുനലൂരും കൊല്ലത്തിനു മാത്രം സ്വന്തം. ലോകത്തിലെ തന്നെ കൂടിയ ആയുർദൈർഘ്യവും കുറഞ്ഞ ശിശുമരണ നിരക്കും നമുക്ക് അഭിമാനമേകുന്നു. നേടിയ നേട്ടങ്ങളെല്ലാം മുറുകെ പിടിക്കുന്നതിനോടൊപ്പം തന്നെ വരുംകാല വെല്ലുവിളികൾ സമഗ്രതയോടെ അഭിമുഖീകരിക്കുക എന്നതാണ് ഈ വികസന പരിപ്രേക്ഷ്യത്തിലൂടെ നാം മുന്നോട്ടു വയ്ക്കുന്ന ആശയം.

കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും അടിസ്ഥാനപരമായ ആവശ്യങ്ങൾ സമഗ്രമായി കണ്ടറിഞ്ഞു പരിഹരിക്കുക എന്നതാണ് ശ്രീ.പിണറായി വിജയൻ സർക്കാർ മുന്നോട്ടു വയ്ക്കുന്ന നവകേരളം എന്ന വികസന ആശയം. അതിനായി നാം നേരിടുന്ന വികസന പ്രശ്നങ്ങളെ ഉൾക്കാഴ്ചയോടെ സമീപിക്കുവാനും ഉചിതമായി പരിഹരിക്കാനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. കേരളത്തിലെ ഭവനരഹിതർക്കായി ലൈഫ്, നഷ്ടപ്പെട്ടുപോകുന്ന പച്ചപ്പും നന്മയും വീണ്ടെടുക്കുവാൻ ഹരിതകേരളം, മനുഷ്യന്റെ രോഗാവസ്ഥകളിൽ കൈത്താങ്ങായി ആർദ്രം. ലോകത്തിനു തന്നെ മാതൃകയാകുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവ പൂർണ്ണമാകുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് ഒരു പുതിയ കേരളം തന്നെയായിരിക്കും എന്ന കാര്യത്തിൽ നാടിനെ സ്നേഹിക്കുന്നവർക്ക് തർക്കമുണ്ടാകാനിടയില്ല. ഇതോടൊപ്പം തന്നെ ജില്ലയുടെ നട്ടെല്ലായ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ നടത്തുന്ന ശ്രമങ്ങളും ആവേശകരമാണ്. കൊല്ലം കേന്ദ്രമാക്കി കാഷ്യൂബോർഡ് രൂപീകരിക്കുന്നത് അങ്ങേയറ്റം ഉചിതമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ത്താകെയും വിശിഷ്യ, നമ്മുടെ ജില്ലയിലും വികസന മുന്നേറ്റത്തിന്റേതായ ഒരന്തരീക്ഷം സൃഷ്ടിക്കും എന്ന് നമുക്കുറപ്പിക്കാം.

ഏറ്റവും സമഗ്രമായ വികസന മുന്നേറ്റത്തിന് വിഘാതമാകുന്ന ഒട്ടേറെ കടമ്പകൾ നമ്മുടെ മുന്നിലുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും ബന്ധപ്പെട്ട വകുപ്പുകൾ മാത്രം ഇടപെടുന്നതും വിവിധ വകുപ്പുകളും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും ഏകോപിച്ച് സംയോജിത പദ്ധതികൾ തയ്യാറാക്കാത്തതും നമ്മുടെ വികസനത്തിന്റെ ഫലശ്രുതിയെ കുറയ്ക്കുന്നുവെന്നത് നാം കണ്ടറിഞ്ഞ യാഥാർത്ഥ്യമാണ്. പത്ത് വർഷങ്ങൾക്കപ്പുറത്തുള്ള ഒരു വികസിത കൊല്ലത്തെ സ്വപ്നം കാണുകയും, അതിനനുസരിച്ച് സമഗ്രമായ പദ്ധതികൾ തയ്യാറാക്കുകയും അതിനെ സമഞ്ജസം ഏകോപിപ്പിക്കുകയും അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് നാം ആഗ്രഹിക്കുന്ന ഒരു വികസന മുന്നേറ്റം സാദ്ധ്യമാകുക. അതിനാവശ്യമായ അന്വേഷണങ്ങളുടെ സമാഹരമാണ് നിങ്ങളുടെ മുന്നിലെത്തുന്ന ഈ വികസനരേഖ.

മാറുന്ന കേരളത്തിന്റെയും മാറേണ്ട കൊല്ലത്തിന്റെയും വികസനപൂർത്തീകരണത്തിനായുള്ള ഒരന്വേഷണമാണ് ഈ രേഖകൾ മുന്നോട്ടുവയ്ക്കുന്ന ആശയം. വിപുലമായ സംവാദത്തിലൂടെ ഇത് കൂടുതൽ സംപുഷ്ടമാക്കുവാൻ നമുക്ക് കഴിയും. കൂടുതൽ മെച്ചപ്പെട്ട ആശയങ്ങൾ ഇതു സംബന്ധമായി വിവിധ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരുമെന്നും അതുവഴി പൂർണ്ണമായ ഒരു വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്താൻ കഴിയുമെന്നും ഉറപ്പിക്കാം. അതിനായി എല്ലാ മുൻവിധികളും മാറ്റി വച്ചുകൊണ്ടുള്ള ഒരു സമഗ്ര അന്വേഷണത്തിന് തുടക്കമിടുവാൻ കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന മനുഷ്യന്റെ ജീവിതാവസ്ഥകൾ പരിഹരിക്കുവാൻ ഏതു സംഹിതയ്ക്കാണോ കഴിയുന്നത് അതിനെ ഞാൻ വികസനമെന്നു വിളിക്കും എന്ന ഗാന്ധി വചനം നമ്മെ നയിക്കട്ടെ.

ഒപ്പ്
മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി

ഒപ്പ്
ചെയർപേഴ്സൺ ജില്ലാ ആസൂത്രണ സമിതി

ഉള്ളടക്കം

അദ്ധ്യായം	വിഷയം	പേജ് നമ്പർ
	ഭാഗം – 1 ജില്ലാ വികസന പരിപ്രേക്ഷ്യം	
1	ആമുഖ വിവരങ്ങൾ	1-25
2	വിഭവ ലഭ്യത	26-59
3	വികസനത്തിന്റെ സ്ഥലമാനങ്ങൾ	60 -108
4	വികസനമേഖലകൾ - അവസ്ഥയും പരിപ്രേക്ഷ്യവും	109-560
	4.1 നീർത്തടാധിഷ്ഠിത വികസനം	109-149
	4.2 മൃഗസംരക്ഷണവും ക്ഷീരവികസനവും	150-180
	4.3 മത്സ്യവികസനം	181-197
	4.4 പരിസ്ഥിതി,കാലാവസ്ഥാ വ്യതിയാനം,വന വികസനം, ദുരന്ത നിവാരണം	198-219
	4.5 വ്യവസായം,വാണിജ്യം,വിവര സാങ്കേതിക വിദ്യ,ഇതര സംസ്ഥാന തൊഴിലാളികൾ	220-233
	4.6 സഹകരണം	234-248
	4.7 ആരോഗ്യം,ശുചിത്വം	249-289
	4.8 കുടിവെള്ളം	290-305
	4.9 പാർപ്പിടം,ദാരിദ്ര്യ ലഘൂകരണം	306-337
	4.10 വിദ്യാഭ്യാസം	338-362
	4.11 കായിക വികസനം,സംസ്കാരം,യുവജനക്ഷേമം	363-390
	4.12 ഊർജ്ജം	391-400
	4.13 പശ്ചാത്തല സൗകര്യം	401-428
	4.14 വിനോദ സഞ്ചാരം	429-442
	4.15 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ	443-516
	4.16 കുട്ടികൾ,വനിതകൾ,വയോജനങ്ങൾ	517-556
	ഭാഗം – 2 ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ	
5	കേന്ദ്ര-സംസ്ഥാന പദ്ധതികൾ	557-600
6	തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം	601-616
7	പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും	617-779
8	അനുബന്ധങ്ങൾ	

ഭാഗം – 1

ജില്ലാ വികസന പരിപ്രേക്ഷ്യം

അദ്ധ്യായം 1

ആമുഖ വിവരങ്ങൾ

1.1 ഭൂപ്രകൃതി

പ്രകൃതി കനിഞ്ഞേകിയ എല്ലാ മനോഹാരിതകളും ഒത്തിണങ്ങിയ പ്രൗഢഗംഭീരമായ ഭൂപ്രകൃതിയാണ് കൊല്ലം ജില്ലയുടേത്. സഹ്യൻ മുതൽ സമുദ്രം വരെ മലനാടായും ഇടനാടായും തീരപ്രദേശമായും അതിരിടുന്ന കേരളത്തിന്റെ പരിഛേദം തന്നെയാണല്ലോ ഭൂമിശാസ്ത്രപരമായി കൊല്ലം. ഗിരിനിരകളാലും ഹരിതഭൂമിയാലും കരിമണൽ പ്രദേശങ്ങളാലും അനുഗ്രഹീതമായ കൊല്ലം കേരളത്തിന്റെ ഏകദേശം തെക്കേയറ്റത്തായി സ്ഥിതിചെയ്യുന്നു. വിസ്തീർണ്ണത്തിൽ എട്ടാംസ്ഥാനം അലങ്കരിക്കുന്ന ജില്ലയുടെ വിസ്തൃതി 2491 ചതുരശ്ര കിലോമീറ്ററാണ്. കാടുകളാലും കാട്ടാറുകളാലും സമൃദ്ധമായ ഈ പ്രദേശം ഭൂമിശാസ്ത്രപരമായി വടക്കേ അക്ഷാംശം $8^0$45' മുതൽ $9^0$28' വരെയും കിഴക്കേ രേഖാംശം $76^0$29' മുതൽ $77^0$17' വരെയും വ്യാപിച്ചുകിടക്കുന്നു. തെക്കുവടക്കു നിന്നുള്ള ഏറ്റവും കൂടിയ ദൂരം 83.7 കിലോമീറ്ററും കിഴക്കുപടിഞ്ഞാറ് നിന്നുള്ള ഏറ്റവും കൂടിയദൂരം 77 കിലോമീറ്ററുമാണ്. മാത്രമല്ല, സംസ്ഥാനത്തിന്റെ 590 കിലോമീറ്റർ വരുന്ന കടലോരത്തിന്റെ 37.84 കിലോമീറ്റർ ദൂരം ഈ ജില്ലയ്ക്ക് അവകാശപ്പെട്ടതാണ്. പുരാതനമായ വേണാട് രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നൂറ്റാണ്ടുകൾ പഴക്കമുള്ള കൊല്ലം നഗരം. മനോഹാരിതയിലും പ്രശസ്തിയിലും ഉയരങ്ങളിൽ വിരാജിച്ചിരുന്നതിനാൽ 'ദൈവത്തിന്റെ സ്വന്തം തലസ്ഥാനം' എന്നും വിളിക്കാറുണ്ട്.

കടലും കായലും കൈകോർക്കുന്ന പ്രകൃതി മനോഹരമായ ധാരാളം സ്ഥലങ്ങളുൾപ്പെടെ തീരപ്രദേശം മുതൽ മലനാട് വരെ ചരിത്ര പ്രാധാന്യമുള്ള വൈവിധ്യമാർന്ന ഭൂപ്രദേശമാണ് കൊല്ലത്തിന്റേത്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ജില്ലയെ പടിഞ്ഞാറുനിന്നും കിഴക്കോട്ട് തീരപ്രദേശം, ഇടനാട്, മലനാട്, എന്നിങ്ങനെ മൂന്നു ഭൂവിഭാഗങ്ങളായി തിരിക്കാം. അവയിൽ കടലിനോടു ചേർന്നു കിടക്കുന്ന സമതല പ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. ഇത് ക്രമേണ ചരിഞ്ഞുയർന്ന് ചെറുകുന്നുകളും താഴ്വരകളും നിറഞ്ഞ് 80 മുതൽ 600 വരെ മീറ്റർ ഉയരത്തിൽ കിടക്കുന്ന പ്രദേശമാണ് ഇടനാട്. അതിനും കിഴക്ക് പശ്ചിമ ഘട്ടത്തിന്റെ ഭാഗമായ മലനിരകളും വനനിബിഡമായ താഴ്വരകളും പർവ്വതങ്ങളും നിറഞ്ഞ പ്രദേശമാണ് മലനാട്. പടിഞ്ഞാറു നിന്നും കിഴക്കോട്ട് പോകുന്തോറും സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം വർദ്ധിച്ച് ഏകദേശം 3500 അടി ഉയരത്തിൽ എത്തുന്നു. പുനലൂർ താലൂക്കിലാണ് മലനാടിന്റെ തനതായ രൂപം ദൃശ്യമാകുന്നത്. ഈ താലൂക്കിലെ മുതിര മലയാണ് ജില്ലയിലെ ഏറ്റവും ഉയരം കൂടിയഭാഗം (1219 മീറ്റർ). ഈ താലൂക്കിന്റെ കിഴക്കേ അതിർത്തിയിലുള്ള ആര്യങ്കാവ് ചുരം സഹ്യപർവ്വതം താണ്ടി തമിഴ് നാട്ടിലേക്ക് പോകാനുള്ള പാതയൊരുക്കുന്നു.

1.2 പ്രാഥമിക സ്ഥിതി വിവര കണക്കുകൾ-കൊല്ലം ജില്ല

1. സ്ഥാനം	-	ഇന്ത്യയുടെ തെക്ക് - പടിഞ്ഞാറ് തീരം
		വടക്കേ അക്ഷാംശം - 8^0 45' മുതൽ 9^0 28' വരെ
		കിഴക്കേ രേഖാംശം - 76^0 29' മുതൽ 77^0 17' വരെ
2. വിസ്തീർണ്ണം	-	2491 ച.കി. (വലുപ്പത്തിൽ സ്ഥാനത്ത് 8 -ആം സ്ഥാനം)
3. കടലോരം	-	37.840 കി.മീ.

ചിത്രം 1.1

കൊല്ലം ജില്ലാ ഭൂപടം - തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ



അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

1.2 പ്രാഥമിക സ്ഥിതി വിവര കണക്കുകൾ-കൊല്ലം ജില്ല (തുടർച്ച)

4. അതിരുകൾ	-	വടക്ക് ആലപ്പുഴ ജില്ല, തെക്ക് തിരുവനന്തപുരം ജില്ല
		കിഴക്ക് പത്തനംതിട്ട ജില്ല, തമിഴ് നാട് സംസ്ഥാനം,
		പടിഞ്ഞാറ് അറബിക്കടൽ
5. മണ്ണിന്റെ തരം	-	തീരപ്രദേശം (മണൽകലർന്നത്)
	-	ഇടനാട് (കൃഷിസ്ഥലങ്ങളും കുന്നുകളും)
	-	മലനാട് (മുഖ്യമായും വനപ്രദേശം)
6. പ്രധാന നദികൾ	-	അച്ചൻകോവിൽ ആറ് - 72 കി.മീ.
	-	കല്ലട ആറ് - 120 കി.മീ., ഇത്തിക്കര ആറ് - 56 കി. മീ
7. തടാകങ്ങൾ	-	ശാസ്താംകോട്ട ശുദ്ധജലതടാകം - 3.73 ച.കി.
	-	അഷ്ടമുടി കായൽ - 61.42 ച.കി.
	-	പരവൂർ കായൽ - 6.62 ച.കി.
8. ഉറമുഖങ്ങൾ	-	കൊല്ലം, നീണ്ടകര
9. ഫോറസ്റ്റ് ഡിവിഷനുകൾ	-	പുനലൂർ (മുഴുവനായും), തെൻമല (മുഴുവനായും)
	-	ചെന്തുരുണി (മുഴുവനായും), കോന്നി (ഭാഗികം)
	-	അച്ചൻകോവിൽ (ഭാഗികം), തിരുവനന്തപുരം (ഭാഗികം)
10. ഗതാഗത സൗകര്യങ്ങൾ	-	റോഡുകൾ - ആകെ 1872.520 കി. മി
	-	എൻ. എച്ച് 66 (പഴയ എൻ.എച്ച് 47) - 57.കി.മി
		എൻ.എച്ച് 744 (പഴയ എൻ.എച്ച് 208) - 81.കി.മി
		എൻ.എച്ച് 183(പഴയ എൻ.എച്ച് 20) - 210.കി.മി

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

1.3 ഭൂവിജ്ഞാനീയം

ജില്ലയിലെ താലൂക്കുകളിൽ കരുനാഗപ്പള്ളി പൂർണ്ണമായും കൊല്ലം താലൂക്ക് ഭാഗികമായും നിമ്നതടത്തിലും മദ്ധ്യതടത്തിലുമായും കുന്നത്തൂർ,കൊട്ടാരക്കര എന്നിവ പൂർണ്ണമായും മദ്ധ്യതടത്തിലും പത്തനാപുരം പുനലൂർ താലൂക്കുകൾ ഉന്നതതടത്തിലും സ്ഥിതിചെയ്യുന്നു. ജില്ലയിലെ ശിലാഘടനയെക്കുറിച്ച് പറയുകയാണെങ്കിൽ ഏറ്റവും താഴത്തെ അടരുകളിൽ ആർക്കിയിൻ കൽപ്പത്തിലെ ഗ്രാനൈറ്റുകളും നെയ്സുകളുമാണ്. ഈ കല്പത്തിലേതായ മറ്റിനം ശിലകളും പൈറോക്സിൻ ഗ്രാനുലൈറ്റ്, ചാർണ്ണക്കൈറ്റ്-നെയ്സ്, ഗാർണ്ണറ്റ്-കോർഡിയറൈറ്റ് നെയ്സ്, ഗാർണ്ണറ്റ്-സിലിമിനൈറ്റ് നെയ്സ്, കാൾക്ക്ഗ്രാനുലൈറ്റ് എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ ശിലകളുടെ അടരുകളിലേക്ക് തുളച്ചുകയറിയ രീതിയിൽ കാണപ്പെടുന്ന ഡോളറൈറ്റ്-ഡൈയ്ക്കുകളും സുലഭമാണ്. തെക്കുപടിഞ്ഞാറ് ദിശയിൽ നമിക്കുന്ന അക്ഷതലങ്ങളോടു കൂടിയ സമനതികവലനങ്ങളെ (Iso Clinal Folder) ഒരു ശ്രേണിയായി പരിഗണിക്കാവുന്ന വിധത്തിലാണ് ആർക്കിയിൻ സ്തരങ്ങളുടെ മൊത്തത്തിലുള്ള കിടപ്പ്. ഇവയ്ക്കു മുകളിലായി കൊല്ലംവ്യൂഹത്തിലും വർക്കലവ്യൂഹത്തിലും പെട്ട അടരുകളാണുള്ളത്. ഇവയിൽ കൊല്ലം വ്യൂഹത്തിലെ ശിലാപടലങ്ങളിൽ മുഖ്യമായും ചുണ്ണാമ്പ്കല്ല്, മണൽ, കളിമണ്ണ് തുടങ്ങിയവയും വർക്കല വ്യൂഹത്തിൽ കളിമണ്ണ് കലർന്ന ചുണ്ണാമ്പ്കല്ല്, കരിമയകളിമണ്ണ്, ലിഗ്നൈറ്റിന്റെ നേരിയ പടലങ്ങൾ എന്നിവയുൾപ്പെടുന്നു.

ചിത്രം 1.2

ഭൂഘടന – താലൂക്ക് അടിസ്ഥാനത്തിൽ

ചിത്രം 1.3 കൊല്ലം ജില്ലാ ഭൂപടം - ഭൂമിശാസ്ത്രം



ചിത്രം 1.4 കൊല്ലം ജില്ലാ ഭൂപടം - മണ്ണ്



ചിത്രങ്ങൾ അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

ജില്ലയിൽ മൊത്തത്തിൽ ഉപരിപടലങ്ങൾ അപചയത്തിനു വിധേയമായി ലാറ്ററൈറ്റ് അടരുകളായി മാറിയിരിക്കുന്നു. കുന്നുകൾക്കിടയിലെ നിരന്നഭാഗങ്ങളിലും ചെരിവ് കുറഞ്ഞ താഴ്വാരങ്ങളിലും എക്കൽമണ്ണിനാണ് പ്രാമുഖ്യം. കടലോരത്ത് തീരമണ്ണ് കനത്തിൽ അടിഞ്ഞു കാണുന്നു.

1.4 വനമേഖല

സാന്ദ്രഹരിതവും ജൈവവൈവിദ്ധ്യവും നിറഞ്ഞ വനപ്രദേശങ്ങളാണ് സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറേ അരികിലായി കൊല്ലത്തിന്റെ കിഴക്കേ അതിർത്തി അലങ്കരിക്കുന്നത്. ജില്ലയുടെ ആകെ വിസ്തൃതിയുടെ മൂന്നിലൊന്ന് വനപ്രദേശമാണ്. ജില്ലയുടെ കിഴക്കു ഭാഗത്തുള്ള പശ്ചിമഘട്ട പ്രദേശമാണ് വനഭൂമിയിൽ ഭൂരിഭാഗവും. പത്തനാപുരം, പുനലൂർ താലൂക്കുകളിലാണ് വനപ്രദേശങ്ങൾ കാണപ്പെടുന്നത്. വനവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വനമേഖലയെ നാലു ഡിവിഷനുകളായി തിരിച്ചിരിക്കുന്നു. ഇവയിൽ അച്ചൻകോവിൽ, തെന്മല, പുനലൂർ എന്നിവ പൂർണ്ണമായും, കുളത്തൂപ്പുഴ ഭാഗികമായും കൊല്ലം ജില്ലയുടെ പരിധിയിലാണ്. ജനവാസമുള്ള അച്ചൻകോവിൽ, റോസ് മല, ചെമ്പനരുവി, കട്ടളപ്പാറ എന്നീഗ്രാമങ്ങൾ വനത്തിനു നടുവിലാണ് സ്ഥതിചെയ്യുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട വന്യജീവിസങ്കേതമായ ചെന്തരുണി, തെന്മല ഡിവിഷനിലാണ്. സഹ്യന്റെ മടിത്തട്ടിൽ കുന്നുകളാലും പുഴകളാലും തോടുകളാലും സമൃദ്ധമായ തെന്മലയിൽ തന്നെയാണ് കേരളത്തിലെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ കല്ലടജലസേചനപദ്ധതി. 1000 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കുളത്തൂപ്പുഴ ബയോസ്ഫിയർ, റിസർവ്വ് വനങ്ങളുടെയും ഉഷ്ണമേഖലാ മഴക്കാടുകളുടെയും ഉഷ്ണമേഖലാ ഇലപൊഴിയൽ കാടുകളുടെയും ഗണത്തിൽ പ്പെടുന്നവയാണ്. ബ്രിട്ടീഷ്ഭരണകാലത്ത് സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തേക്ക്, തേയില, യൂക്കാലി പോലുള്ള തോട്ടങ്ങൾ നിർമ്മിക്കപ്പെട്ടു. ഇന്ത്യയിലെ ആദ്യത്തെ ഇക്കോടൂറിസം പദ്ധതി തെന്മലയിലാണ്. ഭൂപ്രകൃതിയനുസരിച്ച് 75 മീറ്റർ മുതൽ 900 മീറ്റർ വരെ ഉയരമുള്ള കുന്നുകളും മലകളും വരെ തെന്മലയിൽ കാണാം. ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ, അർദ്ധ നിത്യഹരിതവനങ്ങൾ, ഗിരിശീർഷ ഹരിതവനങ്ങൾ എന്നീ വിഭാഗത്തിൽപ്പെടുന്ന ഹരിതവനങ്ങൾ തെന്മല വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലുണ്ട്.

1.5 സസ്യ വൈവിധ്യങ്ങൾ

അമിതമായ മനുഷ്യ ചൂഷണം നിമിത്തം പ്രകൃതിക്കു പോലും മാറ്റം വന്ന പശ്ചാത്തലത്തിൽ നൈസർഗ്ഗികമായ സസ്യജാലങ്ങൾ ഏറെക്കുറെ നാമാവശേഷമായി. പുനലൂർ താലൂക്കിലെ വനപ്രദേശ ങ്ങളിലാണ് കേരളത്തിന്റെ സവിശേഷതയായ പച്ചപ്പാർന്ന കുന്നുകളെയും മലകളെയും കാണാൻ കഴിയുന്നത്. മലഞ്ചെരിവുകളിൽ മഴക്കാടുകൾ ഇപ്പോഴും അവശേഷിക്കുന്നു. തഴച്ചു വളരുന്ന ഈറക്കാടുകളും ചൂരൽക്കാടുകളും ഈ വനങ്ങളുടെ സാമ്പത്തിക പ്രാധാന്യം ഇരട്ടിപ്പിക്കുന്നു. പാലി, വെള്ളകിൽ, ആഞ്ഞിലി, ചുരുളി, പൂതംകൊല്ലി, തമ്പകം, കുളമാവ്, ചെങ്കുറുഞ്ഞി തുടങ്ങി 45 മീറ്ററിലധികം ഉയരത്തിലുള്ള മരങ്ങൾ ഈ മഴക്കാടുകളിൽ സുലഭമാണ്. വേനൽക്കാലത്ത് ഉയരത്തിൽ വളരുന്ന വൃക്ഷങ്ങൾ, ഇലകൊഴിയുകയും കീഴ് പടർപ്പുകൾ ഭാഗികമായി ഉണങ്ങുകയും ചെയ്യുന്ന പത്രപാതിവനങ്ങൾ എന്നിവ ഇവിടുത്തെ മറ്റൊരു പ്രത്യേകതയാണ്. പാതിരി, പൂപ്പാതിരി, ഞാറ, കനല, കാഞ്ഞിരം, ഇലവ്, വേഴ്, കൊന്ന, താന്നി, തേമ്പാവ്, കറുവ, വേങ്ങ, പിണറ്, ഉതി തുടങ്ങി വിവിധയിനം വൃക്ഷങ്ങളും കുറുന്തോട്ടി, ശതാവരി, കടലാടി തുടങ്ങിയ ഔഷധികളും തെച്ചി, തുശിമുല്ല, തുമ്പ, ശവംനാറി, അവിൽപ്പൊരി തുടങ്ങിയ ചെടികളും കൈതക്കൂട്ടങ്ങളും വംശനാശത്തിന്റെ ഭീഷണിയിലാണെങ്കിലും ഇവിടെ ദൃശ്യമാണ്.

1.6 കണ്ടൽക്കാടുകൾ

പ്രകൃതിയിലെ അമൂല്യ വരദാനമായ വിവിധയിനം കണ്ടൽ സസ്യങ്ങളുടെ ഒരു കലവറ തന്നെയാണ് ജില്ലയിലെ അഷ്ടമുടിക്കായലിന്റെ തീരപ്രദേശങ്ങളും ദ്വീപുകളും. ആശ്രാമം, പള്ളിയാതുരുത്ത്, ആയിരംതെങ്ങ് തുടങ്ങിയ കായൽ തീരങ്ങളിൽ ഇവ ധാരാളമായി കണ്ടുവരുന്നു. തീരപ്രദേശത്തെ കടലാക്രമണങ്ങളിൽ നിന്നും സംരക്ഷിക്കാനുള്ള പ്രധാനപ്പെട്ട ഒരു മണ്ണ് സംരക്ഷണ ഘടകമായും ചെമ്മീൻ ഉൾപ്പെടെ വിവിധയിനം മത്സ്യങ്ങളുടെ പ്രജനനകേന്ദ്രമായും കണ്ടൽ സസ്യങ്ങൾ

പ്രവർത്തിക്കുന്നു. സാധാരണ സസ്യങ്ങളെ അപേക്ഷിച്ച് 32% കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് ആഗോള താപനത്തെ ഒരു പരിധിയോളം കുറയ്ക്കുന്ന സസ്യങ്ങളാണ് കണ്ടലുകൾ. സംസ്ഥാനത്തെ ആദ്യ ജൈവവൈവിധ്യ പൈതൃകസ്ഥാനമാണ് ആശ്രാമം കണ്ടൽക്കാടിനുള്ളത്.

1.7 ജല സ്രോതസ്സുകൾ

പ്രധാനമായും രണ്ടു നദികളും മൂന്ന് കായലുകളുമാണ് ജില്ലയിലെ പ്രധാന ജല സ്രോതസ്സുകൾ. കല്ലടയാർ, ഇത്തിക്കരയാർ, ശാസ്താംകോട്ട കായൽ, അഷ്ടമുടിക്കായൽ, പരവൂർ കായൽ എന്നിവ യാണത്. അച്ചൻകോവിലാർ ജില്ലയിലാണ് ഉത്ഭവിക്കുന്നതെങ്കിലും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂ ടെയാണ് കൂടുതലായും ഒഴുകുന്നത്. ഇടവാ-നടയറ കായലുകൾ ഭാഗികമായി മാത്രമേ കൊല്ലം ജില്ലയിൽ ഉൾപ്പെടുന്നുള്ളു. കുളത്തൂപ്പുഴയാറ്, ചെന്തരുണി ആറ്, കൽത്തുരുത്തിയാറ് എന്നീ പോഷകനദികൾ ചേർന്ന് കുളത്തൂപ്പുഴ കുന്നുകളിലാണ് കല്ലടയാർ ഉത്ഭവിക്കുന്നത്. 121 കിലോമീറ്റർ നീളമുള്ള കല്ലടയാർ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര എന്നീ പട്ടണങ്ങളെ തഴുകി അഷ്ടമുടിക്കായലിൽ പതിയ്ക്കുന്നു. ഈ പുഴയുടെ നദീ മാർഗ്ഗത്തിൽ അനേകം വെള്ളച്ചാട്ടങ്ങളുണ്ട്. കല്ലട നദീതടത്തിന്റെ വിസ്തീർണ്ണം 1535 ചതുരശ്ര കിലോമീറ്റർ ആണ്. കല്ലടയാറിനു കുറുകെ പുനലൂർ പട്ടണത്തിലുള്ള തൂക്കുപാലം അതിന്റെ അപൂർവ്വ സൃഷ്ടിയാൽത്തന്നെ സവിശേഷമാണ്. കല്ലട ജലസേചനപദ്ധതി പ്രാവർത്തികമാക്കിയതോടെ ഈ ആറ്റിലെ ജലത്തിന്റെ സിംഹഭാഗവും ജലസേചനത്തിന് ഉപയോഗപ്പെട്ടു തുടങ്ങിയിരിക്കുന്നു. തെന്മല ഇക്കോടൂറിസത്തിന്റെ കവാടം എന്നറിയപ്പെടുന്ന പ്രദേശമാണ് ഒറ്റക്കൽ ഔട്ട് ലുക്ക്. കല്ലടയാറ്റിൽ ഉണ്ടാക്കിയ ബണ്ട് മൂലം ഇവിടെ ഒരു ചെറിയ തടാകം രൂപപ്പെട്ടിട്ടുണ്ട്. കല്ലടയാറുമായി താരതമ്യം ചെയ്യുമ്പോൾ നന്നേ ചെറിയ പുഴയാണ് ഇത്തിക്കരയാർ. 56 കിലോമീറ്റർ നീളമുള്ള ഈ പുഴയുടെ പ്രഭവകേന്ദ്രം 285 മീറ്റർ മാത്രമുയരമുള്ള മടത്തറ കുന്നുകളാണ്. പരവൂർ കായലിൽ ലയിക്കുന്ന ഇത്തിക്കരയാറിന്റെ നദീ തട വിസ്തൃതി 691 ചതുരശ്ര കിലോമീറ്ററാണ്. പത്തനംതിട്ട ജില്ലയിലെ അടൂർതാലൂക്കിൽ നിന്നാരംഭിക്കുന്ന പള്ളിക്കലാറ് ജില്ലയിലെ ശൂരനാട്, തൊടിയൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു.

ജില്ലയിലെ 37.84 കിലോമീറ്റർ നീളം വരുന്ന തീരമേഖലയിൽ ഉടനീളം നൈസർഗ്ഗികമോ, മനുഷ്യനിർമ്മിതമോ ആയ തോടുകളിലൂടെ പരസ്പരം ബന്ധപ്പെട്ട ചെറുതും വലുതുമായ കായലുകൾ കാണാം. ഇവയിൽ അഷ്ടമുടിക്കായലാണ് ഏറ്റവും വലുത്. പേരു സൂചിപ്പിക്കുന്നതുപോലെ എട്ടുപിരിവു കളായി അനിയതാകൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ ജലാശയത്തിന്റെ മൊത്തം വിസ്തീർണ്ണം 61.4 ചതുരശ്രകിലോമീറ്ററാണ്. നീണ്ടകര അഴിയിലൂടെ അറബിക്കടലും അഷ്ടമുടിക്കായലും തമ്മിൽ ബന്ധപ്പെ ട്ടിരിക്കുന്നു. അഷ്ടമുടിക്കായലിന്റെ സവിശേഷതകളിലൊന്ന് ജലാതിർത്തി തൂക്കായുള്ള കുന്നിൻ ചെരിവുക ളാണെന്നുള്ളതാണ്. താരതമ്യേന വ്യാപ്തികുറഞ്ഞ പരവൂർകായലിന്റെ മദ്ധ്യഭാഗം അഗാധവും ദുർഗമ വുമാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായൽ കൊല്ലം ജില്ലയിലാണ്. 3.73 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ശാസ്താംകോട്ട കായലിന്റെ ഏറ്റവുംകൂടിയ ആഴം 14.32 മീറ്റർ ആണ്. എടുത്തു പറയത്തക്ക ഏതെങ്കിലും നീരൊഴുക്കില്ലാത്ത സാഹചര്യത്തിൽ ഈ തടാകത്തിലെ ജലസഞ്ചയത്തിന് നിദാനം ഊറ്റുറവകളാണെന്നാണ് അനുമാനം. 12.69 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശമുള്ള ഈ ശുദ്ധജലതടാകത്തെയാണ് ജില്ല കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.

1.8 മഴ ലഭ്യത

വൈവിധ്യമാർന്ന ഭൂപ്രകൃതിയുടെ 14% വരുന്ന മലനാടും 23% വരുന്ന ഇടനാടും 63% വരുന്ന തീരപ്രദേശങ്ങളും ജില്ലയുടെ കാലവസ്ഥയെ സ്വാധീനിക്കുന്ന മുഖ്യ ഘടകങ്ങളാണ്. ഉയർന്ന താപനിലയും നല്ല വർഷപാതവുമുള്ള ഉഷ്ണമേഖലാ കാലാവസ്ഥയാണ് ഈ ജില്ലയിൽ ഉള്ളത്. ഇടവപ്പാതി, തുലാവർഷം എന്നിവയാൽ വർഷത്തിൽ സാമാന്യം നല്ല തോതിൽ ജില്ലയിൽ മഴ ലഭിക്കുന്നു. വർഷപാതത്തിന്റെ ശരാശരി തോത് 250 സെ.മീ. ആണ്. കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1969 ലും ഏറ്റവും കുറവ് 1982 ലുമാണ്. ജൂൺ മാസത്തിൽ ശരാശരി 487 മി.മീ. മഴവരെ ലഭിച്ച വർഷങ്ങൾ ഉണ്ട്. ശരാശരി താപനില 27^0 സെൽഷ്യസാണ്. മഴയുടെ ലഭ്യത

പടിഞ്ഞാറ് ഭാഗങ്ങളിലേതിനേക്കാൾ കിഴക്ക് കൂടുതലാണ്. കിഴക്കു ഭാഗത്തുള്ള പശ്ചിമഘട്ട പ്രദേശം ലക്ഷദ്വീപ് കടലിൽ നിന്നും വരുന്ന ഈർപ്പമേറിയ കാറ്റിനെ തടയുന്നതാണ് ഇതിനു പ്രേരകമായ ഘടകം.

പട്ടിക 1.1

വാർഷികമഴ (mm)

2011	2012	2013	2014	2015	2016
2293.3	2491.5	2491.1	2480.6	2399	1795

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

മേൽ കൊടുത്തിരിക്കുന്ന പട്ടികയിലെ 2011 മുതലുള്ള കഴിഞ്ഞ അഞ്ചു വർഷത്തെ വാർഷിക മഴ താരതമ്യം ചെയ്താൽ വലിയ വ്യത്യാസങ്ങൾ ഉള്ളതായി കാണുന്നില്ല. എന്നാൽ 2016 ൽ ഈ തോത് 1795 mm ആയിരുന്നു. 2016 വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് മഴയുടെ ലഭ്യത കുറഞ്ഞ വർഷമായിരുന്നു. ജില്ലയെ സംബന്ധിച്ച് ശുദ്ധജലത്തിന്റെ ഉറവിടം മഴ മാത്രമാണ്. ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ കാല വർഷവും, ഒക്ടോബർ-നവംബർ മാസങ്ങളിൽ ലഭിക്കുന്ന വടക്ക് കിഴക്കൻ തുലാ വർഷവും വേനൽ മഴയുമാണ് നമ്മുടെ ജലസ്രോതസ്സ്. അനിയന്ത്രിതമായ മനുഷ്യ ഇടപെടലുകൾ കാരണം ജൈവ ഭൗതിക പരിസ്ഥിതിയിൽ ഉണ്ടായ മാറ്റങ്ങൾ മഴ ലഭ്യതാ വ്യതിയാനത്തെ മാത്രമല്ല സ്വേദന ബാഷ്പീകരണത്തെയും സ്വാധീനിക്കുന്നുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്.

1.9 കാലാവസ്ഥ

കഠിനമായ ചൂടും ധാരാളം മഴയുമുള്ള ആർദ്രതയേറിയ ഉഷ്ണമേഖലാ കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. അറബിക്കടലിനടുത്ത സാമീപ്യമാണ് കൊല്ലത്ത് പൊതുവെ ഈ കാലാവസ്ഥക്ക് കാരണം. മാർച്ച് മാസത്തിൽ ആരംഭിക്കുന്ന ഉഷ്ണകാലം മെയ് അവസാനം വരെ നീളും. മിതമായ ചൂടാണ് ഇവിടുത്തെ വേനൽക്കാലത്തിന്റെ പ്രത്യേകത. ഈ കാലയളവിൽ പരമാവധി താപനില 34 ഡിഗ്രി സെൽഷ്യസ് വരെയാകും. പുനലൂർ ആണ് ഏറ്റവും ചൂട് കൂടിയ സ്ഥലം. സംസ്ഥാനത്ത് പാലക്കാട് കഴിഞ്ഞുള്ള രണ്ടാം സ്ഥാനമാണ് പുനലൂരിനുള്ളത്. ജൂൺ-ജൂലൈയിൽ ആരംഭിക്കുന്ന തെക്ക് പടിഞ്ഞാറൻ മൺസൂണിൽ കൊല്ലത്ത് നല്ല മഴ ലഭിക്കും. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് സാധാരണയായി ജൂൺ മാസത്തിലാണ്. ശരാശരി 487 mm. ഇത് സെപ്റ്റംബർ ആദ്യം വരെ തുടരും. ഒക്ടോബർ-നവംബർ മാസങ്ങളിലെ വടക്ക്-കിഴക്കൻ മൺസൂണിലും ഇവിടെ മോശമല്ലാത്ത മഴ ലഭിക്കാറുണ്ട്. ഡിസംബർ മാസത്തിൽ ഇവിടെ തണുപ്പ് കാലം ആരംഭിക്കും. തുടർന്നുള്ള മാസങ്ങളിൽ വരൾച്ച അനുഭവപ്പെടും. ഇത് ഫെബ്രുവരി വരെ തുടരും. തണുപ്പ് കാലത്തും ഇവിടെ മഴ പെയ്യാറുണ്ട്. വർഷപാതത്തിന്റെ ശരാശരിതോത് 250 സെന്റിമീറ്ററും ശരാശരി താപനിലയാകട്ടെ 27^0 സെൽഷ്യസും ആണ്.

1.10 ഭൂവിനിയോഗം

ചിത്രം 1.5

ഭൂവിനിയോഗം



അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

ജില്ലയിലെ ഭൂമിയെ വനഭൂമി, കൃഷിയോഗ്യമായ ഭൂമി, പ്ലാന്റേഷൻ ഭൂമി, തരിശ് ഭൂമി, ഗ്രാസ് ലാന്റ് എന്നിങ്ങനെ തരം തിരിക്കാം.

1.11 ജനസംഖ്യ

ഇന്ത്യയിൽ, ജനസംഖ്യാ വിവരങ്ങൾ പത്തു വർഷം കൂടുമ്പോൾ നടത്തപ്പെടുന്ന സെൻസസ് മുഖാന്തിരമാണ് രേഖപ്പെടുത്തുന്നത്. ഇന്ത്യൻ ജനസംഖ്യ, സാക്ഷരത, വിദ്യാഭ്യാസം, സാമ്പത്തിക സംരഭങ്ങൾ, ഭവനവും ഭവന സൗകര്യങ്ങളും, നഗരവൽക്കരണം, ജനന-മരണ നിരക്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ കണക്കുകൾ, ഭാഷ, മതം കുടിയേറ്റം, ഭിന്ന ശേഷിക്കാർ, തുടങ്ങി സാമൂഹികവും സാംസ്കാരിക വുമായ ഒട്ടേറെ വിവരങ്ങൾ നൽകുവാൻ സാധിക്കുന്ന ഏറ്റവും വിശ്വസനീയമായ ഒരു പ്രക്രിയ ആണ് ഇന്ത്യൻ ജനസംഖ്യാ സെൻസസ്. സെൻസസ് മുഖാന്തിരമാണ് ഗവൺമെന്റുകൾക്ക് നയ രൂപീകരണം, പദ്ധതി രൂപീകരണം, ഭരണം തുടങ്ങിയ കാര്യങ്ങൾ ഫല പ്രദമായി നിർവഹിക്കുവാനാവശ്യമായ വിവര ങ്ങൾ ലഭിക്കുന്നത്. കഴിഞ്ഞ പത്തുവർഷത്തെ രാജ്യത്തെ പുരോഗതി, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ അവലോകനം, ഏറ്റവും പ്രധാനമായും, ഭാവിയിലേക്കുള്ള പദ്ധതി രൂപീകരണം തുടങ്ങിയവർക്കുള്ള അടിസ്ഥാനമാണ് സെൻസസ് വിവരങ്ങൾ. 2011 ലെ ഇന്ത്യൻ സെൻസസിന്റെ മുദ്രാവാക്യം തന്നെ "നമ്മുടെ സെൻസസ് നമ്മുടെ ഭാവി" എന്നതായിരുന്നു. ഇന്ത്യയിൽ ആദ്യമായി സെൻസസ് നടത്തിയത് 1872 ലാണ്. 1881 ലാണ് ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ സെൻസസ് നടത്തപ്പെട്ടത്. പതിനഞ്ചാമത് ദശവത്സര സെൻസസാണ് നമ്മൾ 2011 ൽ പൂർത്തിയാക്കിയത്.

2011 സെൻസസ് പ്രകാരമുള്ള കൊല്ലം ജില്ലയുടെ ജനസംഖ്യ സംഗ്രഹവും 2001 ലെയും 2011 ലെയും താരതമ്യവും ചുവടെ ചേർക്കുന്നു.

പട്ടിക 1.2

ജനസംഖ്യ സംഗ്രഹം - കൊല്ലം ജില്ല

വിവരങ്ങൾ	വർഷം		വർദ്ധനവ് / കുറവ് % ൽ
	2001	2011	
ജനസംഖ്യ	25,85,208	26,35,375	1.94
പുരുഷൻ	12,49,621	12,46,968	-0.21
സ്ത്രീ	13,35,587	13,88,407	3.95
ജനസംഖ്യ വളർച്ച	7.38%	1.94%	-5.44
ജനസാന്ദ്രത (കി.മീ/സ്വകയർ)	1,038	1,061	2.22
കേരളത്തിലെ ജനസംഖ്യയുടെഅനുപാതം	8.12%	7.89%	-0.23
സ്ത്രീ പുരുഷാനുപാതം (1000)	1069	1113	4.12
കുട്ടികളിലെ ആൺ-പെൺ അനുപാതം (0-6)	960	973	1.35
ശരാശരി സാക്ഷരത	91.18%	94.09%	2.91
പുരുഷൻ	94.43%	96.09%	1.66
സ്ത്രീ	88.18%	92.31%	4.13
ജനസംഖ്യ കുട്ടികൾ (0-6 Age)	2,92,599	2,54,260	-13.10
ആൺ (0-6 Age)	1,49,255	1,28,899	-13.64
പെൺ (0-6 Age)	1,43,344	1,25,361	-12.55
സാക്ഷരർ	20,90,444	22,40,273	7.17
പുരുഷൻമാർ	10,39,111	10,74,345	3.39
സ്ത്രീകൾ	10,51,333	11,65,928	10.90
ശിശു അനുപാതം (0-6)	11.32%	9.65%	-1.67
ആൺ	11.94%	10.34%	-1.6
പെൺ	10.73%	9.03%	-1.7

അവലംബം: സെൻസസ് റിപ്പോർട്ട് -2011

1.12 ജനസംഖ്യാ വളർച്ച

1901 ലെ സെൻസസ് പ്രകാരം കൊല്ലം ജില്ലയുടെ ജനസംഖ്യ 4,06,013 ആയിരുന്നു. 1901-1911 കാലയളവിൽ 14.7 ശതമാനവും 1921-1931 കാലയളവിൽ 26.4 ശതമാനവും വളർച്ചിലേക്ക് ജില്ല എത്തപ്പെട്ടു. അതിനുശേഷം കൊല്ലം ജില്ലയുടെ ജനസംഖ്യ 1931-41 കാലയളവിൽ 22.7 ശതമാമം താഴ്ച രേഖപ്പെടുത്തിയെങ്കിലും 1941-51 ലും 1951-61 ലും വീണ്ടും ഉയർന്ന നിരക്കിലേക്ക് എത്തപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കായ 31.6 ശതമാനം 1951-61 കാലയളവിലാണ് രേഖപ്പെട്ടത്. എന്നാൽ 1971 മുതൽ ജില്ലയുടെ വളർച്ചാ നിരക്ക് സ്ഥിരമായ ഇടിവ് രേഖപ്പെടുത്തി ക്കൊണ്ടിരിക്കുന്നതായി കാണുവാൻ കഴിയും.

ജില്ലയുടെ 2001-2011 കാലഘട്ടത്തിലെ വളർച്ചാ നിരക്ക് 1.9% ആണ്. ഇത്തവണ ജില്ലയിലെ താലൂക്കുകളിൽ കരുനാഗപ്പള്ളി താലൂക്കിലാണ് ഏറ്റവും വലിയ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത്, 4.4 ശതമാനം. പത്തനാപുരം താലൂക്ക് 2001 സെൻസസിൽ രേഖപ്പെടുത്തിയ 4,32,954 എന്ന സംഖ്യയിൽ നിന്ന് 50 പേർ കുറഞ്ഞ് 4,32,904 എന്ന സംഖ്യയിലേക്കെത്തി. ജില്ലയിൽ ചരിത്രത്തിലെ ഏറ്റവും വലിയ ജനസംഖ്യാ വളർച്ചാ നിരക്ക് രേഖപ്പെടുത്തപ്പെട്ടത് 1981-91 കാലഘട്ടത്തിൽ കുന്നത്തൂർ താലൂക്കിലാണ് 11.5 ശതമാനം.

ജില്ലയുടെ ജനസംഖ്യയുടെ 54.95% പേർ ഗ്രാമീണ മേഖലയിലും 45.05% പേർ നഗര മേഖല യിലും അധിവസിക്കുന്നു.

ജില്ലയുടെ വിവിധ താലൂക്കുകളുടെ ജനസംഖ്യയുടെ 2001 ലെയും 2011 ലെയും താരതമ്യം പട്ടികയിലും ഗ്രാഫിലും ചുവടെ ചേർക്കുന്നു

പട്ടിക 1.3

താലൂക്ക് തിരിച്ചുള്ള ജനസംഖ്യ (2001-2011)

സ്ഥലം	വർഷം		വളർച്ചാ നിരക്ക് (%)
	2001	2011	
കേരളം	31841374	33406061	4.9
കൊല്ലം	2585208	2635375	1.9
കുന്നത്തൂർ താലൂക്ക്	194015	199456	2.8
കൊല്ലം താലൂക്ക്	969891	987779	1.8
പത്തനാപുരം താലൂക്ക്	432954	432904	0
കൊട്ടാരക്കര താലൂക്ക്	577778	586434	1.5
കരുനാഗപ്പള്ളി താലൂക്ക്	410570	428802	4.4

അവലംബം: സെൻസസ് റിപ്പോർട്ട് -2011

ചിത്രം 1.6



അവലംബം: സെൻസസ് റിപ്പോർട്ട് -2011

1.13 ജനസംഖ്യ –തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ

2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞ ജനസംഖ്യ രേഖപ്പെടുത്തിയത് കൊല്ലം താലൂക്കിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലാണ് (9440 പേർ), ഏറ്റവും കൂടുതൽ ജനസംഖ്യ കൊല്ലം താലൂക്കിലെ തന്നെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലും (61,287 പേർ). മുനിസിപ്പാലിറ്റികളിൽ ഏറ്റവും കൂടുതൽ ജനസംഖ്യ കരുനാഗപ്പള്ളിയിലും (49,604), ഏറ്റവും കുറവ് കൊട്ടാരക്കരയിലുമാണ് (30055). ഈ രണ്ടു മുനിസിപ്പാലിറ്റികളും പുതിയതായി രൂപം കൊണ്ടതാണ്. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കണക്കിൽ മൺറോതുരുത്തും (819) തൃക്കോവിൽവട്ടവും (6501) ഗ്രാമപഞ്ചായത്തുകളുടെ വിഭാഗത്തിലും, കൊട്ടാരക്കരയും (2569) കരുനാഗപ്പള്ളിയും (5017) മുനിസിപ്പാലിറ്റികളുടെ വിഭാഗത്തിലും കുറവും കൂടുതലുമായ സംഖ്യകൾ രേഖപ്പെടുത്തി.

പട്ടിക ജാതി വിഭാഗത്തിൽ കുറവ് കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിലും (361) കൂടുതൽ കൊല്ലം താലൂക്കിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലുമാണ് (9394). മുനിസിപ്പാലിറ്റികളിൽ കുറവ് പുനലൂരിലും (4054) കൂടുതൽ കരുനാഗപ്പള്ളിയിലുമാണ് (4572).

1.14 സാക്ഷരത

2001 ൽ ജില്ലയുടെ സാക്ഷരത നിരക്ക് 91.2 ശതമാനം ആയിരുന്നുവെങ്കിൽ 2011 ൽ അത് അൽപം വർദ്ധിച്ച് 94.09 ശതമാനത്തിലേക്കെത്തി. കുന്നത്തൂർ താലൂക്കും കൊട്ടാരക്കര താലൂക്കും 94.4 ശതമാനം സാക്ഷരത കൈവരിച്ച് ജില്ലയിൽ ഒന്നാമതെത്തിയപ്പോൾ 93.6 ശതമാനം സാക്ഷരതയോടുകൂടി മലയോര മേഖലയായ പത്തനാപുരം താലൂക്ക് പിന്നിലായി.

പട്ടിക 1.4

സാക്ഷരതാ നിരക്ക് താലൂക്കടിസ്ഥാനത്തിൽ (ഗ്രാമം - നഗരം തരം തിരിച്ച്)

പ്രദേശം	ആകെ		ഗ്രാമം		നഗരം	
	2001	2011	2001	2011	2001	2011
കേരളം	90.9	94	90	93	93.2	95.1
കൊല്ലം	91.2	94.1	91.1	94.1	91.5	94.1
കരുനാഗപ്പള്ളിതാലൂക്ക്	90.6	94	90.7	93.9	87.8	94
കുന്നത്തൂർതാലൂക്ക്	91.1	94.4	91.1	94.4	---	---
പത്തനാപുരംതാലൂക്ക്	90.8	93.6	90.6	93.6	92.9	94.3
കൊട്ടാരക്കരതാലൂക്ക്	91.8	94.4	91.8	94.3	---	96.4
കൊല്ലംതാലൂക്ക്	91.3	94.1	91.1	94.5	91.5	94

അവലംബം: സെൻസസ് റിപ്പോർട്ട് -2011

ചിത്രം 1.7

സാക്ഷരതാനിരക്ക് താലൂക്കടിസ്ഥാനത്തിൽ



അവലംബം: സെൻസസ് റിപ്പോർട്ട് -2011

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് വരുമ്പോൾ ഗ്രാമപഞ്ചായത്തുകളുടെ വിഭാഗത്തിൽ 96.82% സാക്ഷരതയോടുകൂടി കൊട്ടാരക്കര താലൂക്കിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തും, 87.39 % സാക്ഷരതയോടുകൂടി പത്തനാപുരം താലൂക്കിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തും, മുന്നിലും പിന്നിലും നിൽക്കുന്നു .മുനിസിപ്പാലിറ്റികളിൽ ഇത് പരവൂരും കൊട്ടരാക്കരയുമാണ്.

1.15 സ്ത്രീ-പുരുഷ അനുപാതം

1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ-പുരുഷ അനുപാതം കൊണ്ട് ഉദ്ദേശിക്കുന്നത്, 2001 ലെ കണക്ക് പ്രകാരം കൊല്ലം ജില്ലയിലെ സ്ത്രീ-പുരുഷ അനുപാതം 1069 ആയിരുന്നെങ്കിൽ 2011 ആയപ്പോഴേക്കും അത് 1113 ആയി ഉയർന്നു. താലൂക്കുകളിൽ കൊട്ടാരക്കര (1139) മുന്നിലും കരുനാഗപ്പള്ളി (1099) പിന്നിലുമാണ്.

സ്ത്രീ-പുരുഷ അനുപാതത്തിൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് (1026) ഏറ്റവും പിന്നിലും, കൊല്ലം താലൂക്കിലെ പൂതക്കുളം (1219) മുന്നിലും നിൽക്കുന്നു. മുനിസിപ്പാലിറ്റികളിൽ കരുനാഗപ്പള്ളി (1077) പിന്നിലും പരവൂർ (1267) മുന്നിലുമാണ്.

പട്ടിക 1.5

സ്ത്രീ പുരുഷാനുപാതം-താലൂക്കടിസ്ഥാനത്തിൽ

പ്രദേശം	2001	2011
കേരളം	1058	1084
കൊല്ലം ജില്ല	1069	1113
കരുനാഗപ്പള്ളി താലൂക്ക്	1057	1099
കുന്നത്തൂർ താലൂക്ക്	1056	1103
പത്തനാപുരം താലൂക്ക്	1076	1125
കൊട്ടാരക്കര താലൂക്ക്	1092	1139
കൊല്ലം താലൂക്ക്	1059	1101

അവലംബം: സെൻസസ് റിപ്പോർട്ട് -2011

ചിത്രം 1.8

സ്ത്രീ പുരുഷാനുപാതം-താലൂക്കടിസ്ഥാനത്തിൽ



അവലംബം: സെൻസസ് റിപ്പോർട്ട് -2011

1.16 ജനസാന്ദ്രത

ഒരു ചതുരശ്ര കിലോമീറ്ററിലുള്ള ജനസംഖ്യയാണ് ജനസാന്ദ്രത കൊണ്ട് സൂചിപ്പിക്കുന്നത്. 2011 ലെ കണക്കിൽ കൊല്ലം ജില്ലയുടെ ജനസാന്ദ്രത 1061 ആണ്. 2001-ൽ ഇത് 1038 ആയിരുന്നു. താലൂക്കുകളിൽ പത്തനാപുരം ഒഴികെ മറ്റെല്ലായിടത്തും ജനസാന്ദ്രത വർദ്ധിച്ചിട്ടുണ്ട്. ജനസാന്ദ്രതകളിൽ മുന്നിൽ കൊല്ലം താലൂക്കാണ്.

ഗ്രാമപഞ്ചായത്തുകളിൽ ജനസാന്ദ്രതയിൽ ഏറ്റവും പിന്നിൽ പത്തനാപുരം താലൂക്കിലെ ആര്യങ്കാവും (56) ഏറ്റവും മുന്നിൽ കൊല്ലം താലൂക്കിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തുമാണ് (3729). മുനിസിപ്പാലിറ്റികളിൽ ഇത് യഥാക്രമം കരുനാഗപ്പള്ളിയും (748) കൊട്ടാരക്കരയുമാണ് (2464).

പട്ടിക 1.6

ജനസാന്ദ്രത - താലൂക്കടിസ്ഥാനത്തിൽ -കൊല്ലം ജില്ല

പ്രദേശം	2001	2011
കൊല്ലം	1038	1061
കരുനാഗപ്പള്ളി താലൂക്ക്	2276	2377
കുന്നത്തൂർ താലൂക്ക്	1405	1444
പത്തനാപുരം താലൂക്ക്	350	350
കൊട്ടാരക്കര താലൂക്ക്	1049	1065
കൊല്ലം താലൂക്ക്	2551	2598

അവലംബം: സെൻസസ് റിപ്പോർട്ട് -2011

ചിത്രം 1.9

ജനസാന്ദ്രത താലൂക്കടിസ്ഥാനത്തിൽ -കൊല്ലം ജില്ല



അവലംബം: സെൻസസ് റിപ്പോർട്ട് -2011

1.17 വിദേശ കുടിയേറ്റം

കൊല്ലം ജില്ലയിൽ നിന്നും ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്ക് ജോലിക്കായി ആളുകൾ കുടിയേറുന്നുണ്ട്. ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ ആളുകൾ കുടിയേറിയത് ഗൾഫ് രാജ്യമായ സൗദി അറേബ്യയിലേക്കാണ്. 44,569 പേർ. കൊല്ലം ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ ആളുകൾ വിദേശത്തേക്ക് പോകുന്നത് അവിദഗ്ധ സെക്ടറിലാണ്. ഏറ്റവും കുറച്ച് പോകുന്നത് ഡോക്ടർമാരും.

പട്ടിക 1.7

ജില്ലയിലെ പ്രവാസികളുടെ എണ്ണം

രാജ്യം	തൊഴിലെടുക്കുന്നവർ	രാജ്യം	തൊഴിലെടുക്കുന്നവർ
യു.എസ്.എ	5530	ഒമാൻ	10049
കാനഡ	284	ഖത്തർ	6798
യു.കെ	1190	ബഹറിൻ	4463
ജർമനി	95	ഇറാക്ക്	105
മറ്റ് യുറോപ്യൻ രാജ്യങ്ങൾ	372	ഇറാൻ	67
നൈജരിയ	107	സിങ്കപ്പൂർ	518
ലിബിയ	101	മലേഷ്യ	243
മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ	413	മറ്റ് ഏഷ്യൻരാജ്യങ്ങൾ	477
സൌദി അറേബ്യ	44569	ന്യൂസീലാൻറ്	61
യു.എ.ഇ	33331	ആസ്ട്രേലിയ	303
കുവൈറ്റ്	6901	മറ്റ് രാജ്യങ്ങൾ	489

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

പട്ടിക 1.7 (A)

തൊഴിലടിസ്ഥാനത്തിൽ ജില്ലയിലെ പ്രവാസികളുടെ എണ്ണം

തൊഴിൽ	പുരുഷൻ	സ്ത്രീ	ആകെ
ഡോക്ടർ	372	174	546
നഴ്സ്	618	2456	3074
എഞ്ചിനീയർ	3672	358	4030
ബാങ്കിംഗ് മേഖല	668	93	761
ഐ.റ്റി.സെക്ടർ	2738	183	2921
അദ്ധ്യാപകർ	356	406	762
മാനേജർ	1918	72	1990
ഡ്രൈവർ	14479	---	14479
ബിസിനസ്സ്	5494	205	5699
സെയിൽസ്മാൻ	7603	132	7735
മറ്റ് തൊഴിലെടുക്കുന്നവർ	71677	2792	74469

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

1.18 തൊഴിൽ പങ്കാളിത്ത നിരക്ക്

സാമ്പത്തിക നേട്ടം സാധ്യമാകുന്ന ഏതെങ്കിലും പ്രവർത്തനത്തിൽ ലാഭവിഹിതമോ വേതനമോ കൈപ്പറ്റിയോ അല്ലാതെയോ പങ്കാളികളാകുന്നതിനെ തൊഴിൽ പങ്കാളിത്തം അഥവാ വർക്ക് പാർട്ടിസിപ്പേഷൻ എന്ന് വിളിക്കുന്നു. ഇതിൽ തന്നെ, ജനസംഖ്യാ സെൻസസ് കണക്കെടുപ്പിൽ തൊട്ടുമുൻപുള്ള വർഷത്തിൽ 6 മാസത്തിൽ കൂടുതൽ തൊഴിലെടുത്തവരെ പ്രധാന തൊഴിലാളികൾ (Main Workers) എന്നും 6 മാസത്തിൽ താഴെ മാത്രം തൊഴിലെടുത്തവരെ ഭാഗിക തൊഴിലാളികൾ (Marginal Workers) എന്നും വിളിക്കുന്നു. ഈ കാലയളവിൽ സാമ്പത്തിക നേട്ടമുണ്ടാക്കുന്ന യാതൊരു പ്രവർത്തിയിലും ഏർപ്പെടാത്തവരെ തൊഴിലെടുക്കാത്തവർ (Non workers) എന്നും വിളിക്കുന്നു.

2001 ലെ സെൻസസ് പ്രകാരം കൊല്ലം ജില്ലയിലെ ആകെ ജനസംഖ്യയുടെ 25.4 % പ്രധാന തൊഴിലാളികളും 6.7 ശതമാനം ഭാഗിക തൊഴിലാളികളും, 67.9% തൊഴിലെടുക്കാത്തവരുമായിരു

ന്നെങ്കിൽ 2011 ൽ അത് പ്രധാന തൊഴിലാളികൾ 27.9% ഭാഗിക തൊഴിലാളികൾ 6.9%, തൊഴിലെടുക്കാത്തവർ 65.2% എന്ന് രേഖപ്പെടുത്തപ്പെട്ടു.

താലൂക്കുകളിൽ, പത്തനാപുരം താലൂക്ക് ഏറ്റവും അധികം തൊഴിൽ പങ്കാളിത്തം കൊണ്ട് ശ്രദ്ധിക്കപ്പെട്ടു. ആകെ ജനസംഖ്യയുടെ 35.7% പേരും അവിടെ തൊഴിലെടുക്കുന്നുണ്ട്. 2001 ലെ 31 ശതമാനത്തിൽ നിന്നാണ് പത്തനാപുരം താലൂക്ക് ഈ കുതിച്ചു ചാട്ടം നടത്തിയത് എന്നതും ശ്രദ്ധേയം. ഏറ്റവും കുറച്ച് ആളുകൾ തൊഴിലിൽ പങ്കാളികളാകുന്ന താലൂക്ക് കരുനാഗപ്പള്ളിയാണ്. ആകെ ജനസംഖ്യയുടെ 32.2% പേർ. 2001 ലും കരുനാഗപ്പള്ളി താലൂക്കിൽ തന്നെയായിരുന്നു ഏറ്റവും കുറവ് (30.3%). എന്നാൽ പ്രധാന തൊഴിലാളികൾ, ജില്ലയിൽ, കൂടുതൽ കൊല്ലം താലൂക്കിലും (27.8%) കുറവ് കരുനാഗപ്പള്ളിയിലുമാണ് (24.8%).

പട്ടിക 1.8

തൊഴിൽ പങ്കാളിത്ത നിരക്ക്-കൊല്ലം ജില്ല

പ്രദേശം	ആകെ		പ്രധാന തൊഴിലാളികൾ (main workers)		ഭാഗിക തൊഴിലാളികൾ (marginal workers)		തൊഴിലെടുക്കാത്തവർ (Non workers)	
	2001	2011	2001	2011	2001	2011	2001	2011
കേരളം	32.3	34.8	25.9	27.9	6.4	6.9	67.7	65.2
കൊല്ലം ജില്ല	32.1	34.6	25.4	26.4	6.7	8.2	67.9	65.4
കരുനാഗപ്പള്ളി താലൂക്ക്	30.3	32.2	24.8	24.8	5.5	7.4	69.7	67.9
കുന്നത്തൂർതാലൂക്ക്	34.6	35.4	26.7	26	7.9	9.4	65.4	64.5
പത്തനാപുരം താലൂക്ക്	31	35.7	24.3	26.6	6.7	9.1	69	64.4
കൊട്ടാരക്കര താലൂക്ക്	32.8	34.9	24.7	25.1	8.1	9.8	67.2	65.1
കൊല്ലം താലൂക്ക്	32.3	34.8	26.1	27.8	6.2	7	67.7	65.1

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

ചിത്രം 1.10

തൊഴിൽ പങ്കാളിത്ത നിരക്ക്-കൊല്ലം ജില്ല



അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

1.19 ജനസംഖ്യാ പ്രൊജക്ഷൻ

ജനസംഖ്യാ വളർച്ചയുടെ നാളിതുവരെ കണ്ടുവരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ പ്രവണതകളെ അടിസ്ഥാനപ്പെടുത്തി നമുക്ക് ഭാവിയിലേക്കുള്ള ഒരു ഏകദേശ ജനസംഖ്യ തിട്ടപ്പെടുത്തുവാൻ സാധിക്കും. ഇതിനായി 4 രീതികൾ അവലംബിച്ചിട്ടുണ്ട്.

ഇത്തരത്തിൽ 4 രീതികളിലും ജനസംഖ്യാ വർദ്ധനവ് കണ്ടെത്തി, അവയുടെ ശരാശരി കണക്കുകൂട്ടി, വരും വർഷങ്ങളിലെ ജനസംഖ്യ പ്രവചിക്കാവുന്നതാണ്. മേൽപ്പറഞ്ഞ രീതിയിൽ

കണ്ടെത്തിയ കൊല്ലം ജില്ലയിലെ ഇനി വരും വർഷങ്ങളിലെ ജനസംഖ്യാ പ്രൊജക്ഷൻ കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.9

ജനസംഖ്യാ പ്രൊജക്ഷൻ കൊല്ലം ജില്ല

വർഷം	ജനസംഖ്യ
2016	26,93,172
2021	27,50,968
2031	28, 62,607

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കൊല്ലം

ആഭ്യന്തര വരുമാനവും പ്രതിശീർഷ വരുമാനവും

സംസ്ഥാനത്ത് 2016-17 കാലയളവിൽ ആഭ്യന്തര വരുമാനത്തിൽ 5.53 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 42458889 ലക്ഷം രൂപയായിരുന്നപ്പോൾ കൊല്ലം ജില്ലയിൽ 5.6 ശതമാനം വർദ്ധിച്ച് 3825637 ലക്ഷം രൂപയായി ഉയർന്നു. പ്രതി ശീർഷ വരുമാനത്തിൽ 2015-16 ൽ മൂന്നാം സ്ഥാനത്തായിരുന്ന കൊല്ലം ജില്ല 2016-17 ൽ 143638 രൂപയായി വർദ്ധിച്ച് രണ്ടാം സ്ഥാനത്തായി. കൊല്ലം ജില്ലയിലെ പ്രതി ശീർഷ വരുമാനം സംസ്ഥാന ശരാശരിയായ 123707 നേക്കാളും ഉയർന്ന നിരക്കിലാണ് ഉള്ളത്. സംസ്ഥാനത്തെയും സമീപ ജില്ലകളുടെയും ആഭ്യന്തര വരുമാനവും പ്രതിശീർഷ വരുമാനവും പട്ടിക 1.10 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.10

ആഭ്യന്തര വരുമാനവും പ്രതിശീരഷ വരുമാനവും – സമീപ ജില്ലകളുടെ ഒരു താരതമ്യം 2016-17 (2011-12 വിലയിൽ)

ജില്ലയുടെ പേര്	ആഭ്യന്തര വരുമാനം (തുക ലക്ഷത്തിൽ)	പ്രതിശീർഷ വരുമാനം (രൂപയിൽ)	വളർച്ചാ നിരക്ക് (ശതമാനം)	റാങ്ക്
കൊല്ലം	3825637	143638	5.40	2
തിരുവനന്തപുരം	4311759	129137	5.26	7
പത്തനംതിട്ട	1218492	103460	7.62	12
ആലപ്പുഴ	3069069	143542	4.92	3
കോട്ടയം	2627009	132267	4.78	6
സംസ്ഥാനം	42458889	123707	5.01	

അവലംബം: സാമ്പത്തിക സർവ്വേ റിപ്പോർട്ട്,,സംസ്ഥാന ആസൂത്രണ ബോർഡ് 2016

1.20 വികസന ചരിത്രം

പ്രകൃതി ചാരുത കനിഞ്ഞുകിട്ടിയ ഭൂപ്രദേശമായതിനാലും ജൈവവൈവിധ്യവും വിഭവ സമ്പന്നതയും ലോക ശ്രദ്ധയിൽ വന്നതിനാലും അതിപ്രാചീന കാലം മുതൽ കൊല്ലം ചരിത്രത്തിൽ ഇടം നേടിയിരുന്നു. ഇൻഡ്യയിലെ പ്രമുഖ വാണിജ്യ കേന്ദ്രമായി അറിയപ്പെട്ടിരുന്നതിനാൽ റോമാക്കാർ, അറബികൾ, ചൈനാക്കാർ, ഗ്രീക്കുകാർ പേർഷ്യക്കാർ എന്നിവരുമായി വ്യാപാരബന്ധങ്ങളുണ്ടായിരുന്നു. അങ്ങാടികളുടെ വൈപുല്യം, കപ്പലുകളുടെ ആധിക്യം, ജനങ്ങളുടെ ശുചിത്വപൂർണ്ണമായ ജീവിത രീതി, പുലർത്തിയിരുന്ന മതസൗഹാർദ്ദവും സഹിഷ്ണുതയും ഒക്കെ കാരണമായി വ്യാപാരബന്ധങ്ങളിൽ മാത്രമല്ല സാമൂഹികബന്ധങ്ങളിലും കൊല്ലം മുന്നിട്ട് നിന്നിരുന്നതായി ഇവിടെ വന്നുപോയ പ്രസിദ്ധ സഞ്ചാരികളുടെ ഓർമ്മ പുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെട്ടു. സഞ്ചാരികളിൽ പ്രമുഖനായ ഇബ്നു ബത്തൂത്ത കൊല്ലത്തെ വിശേഷിപ്പിച്ചത് ഏറ്റവും ഭംഗിയുള്ള നഗരം എന്നാണ്. അറബി സഞ്ചാരിയായ സുലൈമാൻ രാജ്യത്തെ പ്രധാന തുറമുഖമെന്നാണ് രേഖപ്പെടുത്തിയത്. നിക്കോളോകോണ്ടി, ടോളമി എന്നിവരും അവരുടെ യാത്രാക്കുറിപ്പുകളിൽ കൊല്ലത്തെ പരാമർശിക്കുന്നുണ്ട്.

കൊല്ലം എന്ന പദം ഉണ്ടായതിനെ കുറിച്ച് ചരിത്രകാരന്മാർക്ക് ഏകാഭിപ്രായമില്ല. മലെ, കൗലം മലെ, ചുലം, കുലൻ, കൊയ് ലൻ, കൊയ് ലൂർ എന്നിങ്ങനെ പല പേരുകളിലും പ്രാചീന സഞ്ചാരികൾ കൊല്ലത്തെ പരാമർശിച്ചിട്ടുണ്ട്. 'കോൻ' എന്നറിയപ്പെട്ടിരുന്ന രാജാക്കന്മാരുടെ ഇല്ലം എന്നർത്ഥത്തിൽ 'കോൻഇല്ലം' എന്നു പറഞ്ഞുവന്നത് ലോപിച്ച് കൊല്ലം ആയതാകാം എന്ന് ഒരു പക്ഷമുണ്ട്. ചൈനീസ് ഭാഷയിൽ കൊയ്ലാൻ, കൊലമ്പം എന്നീ വാക്കുകൾക്ക് വിപണി വലിയങ്ങാടി എന്നർത്ഥമുണ്ട്. പുരാതനകാലത്തുതന്നെ ചൈനാക്കാരുമായി വാണിജ്യബന്ധം പുലർത്തിയിരുന്നതിനാൽ ഈ തുറമുഖ നഗരത്തിന് ചൈനീസ് വാക്കുമായി ബന്ധമുള്ള കൊല്ലം എന്ന പേരു വന്നതാകാം എന്നും ഒരു കൂട്ടർ വാദിക്കുന്നുണ്ട്. ചീനച്ചട്ടി, ചീനഭരണി, ചീനവല തുടങ്ങിയ ചൈനീസ് ഉൽപന്നങ്ങൾ ഇവിടെ ധാരാളമായി വിറ്റഴിക്കപ്പെട്ടിരുന്നു. ചീനക്കട ചിന്നക്കടയായി പരിണമിച്ചതാകാമെന്ന് കരുതുന്നു. കോയിൽ+ഇല്ലം കോയില്ലവും പിന്നീട് കൊല്ലവുമായതാകാ മെന്നാണ് പ്രശസ്ത പണ്ഡിതൻ ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെട്ടിട്ടുള്ളത്. പാശ്ചാത്യരുടെ വരവു പല മാറ്റങ്ങൾക്കും കാരണമായി കൊല്ലത്ത് ആദ്യമായി വ്യാപാര കേന്ദ്രം സ്ഥാപിച്ച പാശ്ചാത്യശക്തി പോർച്ചുഗീസുകാരാണ്. 1502 ൽ വാസ്കോഡിഗാമയുടെ രണ്ടാം സന്ദർശനത്തിൽ സുഗന്ധവ്യഞ്ജനങ്ങൾ സംഭരിക്കുന്നതിന് രണ്ട് കപ്പലുകൾ കൊല്ലത്തെത്തി. കുരുമുളക് വ്യാപാരമായിരുന്നു അവരുടെ ലക്ഷ്യം. സെന്റ് തോമസ് പള്ളി പണികഴിപ്പിച്ചത് പോർട്ടുഗീസുകാരായിരുന്നു. പോർട്ടുഗീസുകാർ കെട്ടിയ കോട്ടയുടെ അവശിഷ്ടങ്ങൾ ഇന്നും നമുക്ക് കാണാവുന്നതാണ്. പറങ്കിമാവ് കൊല്ലത്തെത്തിയത് പോർച്ചുഗീസുകാരിലൂടെയാണ്. പതിനേഴാം നൂറ്റാണ്ടിൽ ഡച്ചുകാരുടേയും ബ്രിട്ടീഷുകാരുടേയും വരവോടെ പോർട്ടുഗീസ് ശക്തി ക്ഷയിച്ചു. 1695-ൽ അഞ്ചുതെങ്ങിൽ കോട്ട കെട്ടിക്കൊണ്ട് ബ്രിട്ടീഷുകാർ ഡച്ചുകാരുമായുള്ള മത്സരം ശക്തമാക്കി. 1741-ൽ കുളച്ചൽ വച്ച് തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിൽ നടന്ന യുദ്ധത്തിൽ ഡച്ചുശക്തി നാമാവശേഷമായി. ഇംഗ്ലീഷുകാരാണ് തങ്കശ്ശേരിയിലെ വിളക്കുമാടം നിർമ്മിച്ചത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി കൊല്ലത്തിന്റെ പ്രതാപം ക്ഷയിച്ചു തുടങ്ങി. വ്യവസായവും കൃഷിയും വ്യാപാരവും അധ:പതിക്കുകയും സാമ്പത്തികരംഗം പിന്നോക്കം പോവുകയും ചെയ്തു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശമില്ലായ്മ തുടങ്ങിയ അനാചാരങ്ങൾ കാരണം സാമൂഹികമായും കൊല്ലം പിന്നിലായി.

1811 ൽ റാണി ഗൗരി ലക്ഷ്മീഭായി കേണൽ മൺട്രോയെ ദിവാനായി നിയമിച്ചു. അദ്ദേഹത്തിന് താമസിക്കാനായി നിർമ്മിച്ച മന്ദിരമാണ് കൊല്ലം ആശ്രാമത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന റസിഡൻസി മന്ദിരം. കൊല്ലത്ത് വെയർഹൗസ്, കോടതികൾ എന്നിവ സ്ഥാപിച്ചത് ഇദ്ദേഹമാണ്. കൊല്ലം - കല്ലുപാലം നിർമ്മിച്ചതും ഇദ്ദേഹത്തിന്റെ കാലത്താണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിനുവേണ്ടി റാണി ഗൗരീ പാർവ്വതീഭായി കോട്ടയം ചർച്ച് മിഷൻ സൊസൈറ്റിയ്ക്ക് നൽകിയ പ്രദേശമാണ് 'മൺട്രോ തുരുത്ത്' ആയി അറിയപ്പെടുന്നത്. കേണൽ മൺട്രോയോടുള്ള ബഹുമാന സൂചകമായി ചർച്ച് മിഷൻ സൊസൈറ്റിയാണ് ഈ പേര് നൽകിയത്. 1829-ൽ അധികാരമേറ്റ സ്വാതി തിരുനാൾ ഹജൂർ കച്ചേരി തിരുവനന്തപുരത്തേയ്ക്ക് മാറ്റിയതോടെയാണ് കൊല്ലത്തിന്റെ പ്രാധാന്യം കുറഞ്ഞത്.

1.21 സാമൂഹ്യ രാഷ്ട്രീയ രംഗം

സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വളരെ നിർണ്ണായക പങ്കാണ് കൊല്ലം വഹിച്ചിട്ടുള്ളത്. വേലുത്തമ്പിയുടെ ഐതിഹാസിക പോരാട്ടം തന്നെയാണ് ഏറ്റവും ശ്രദ്ധേയമായത്. സാമൂഹ്യനീതിയ്ക്കും, ജനാധിപത്യം പുലരുന്നതിനും തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനുമായി എണ്ണമറ്റ സമരങ്ങൾക്ക് വേദിയായിട്ടുണ്ട് കൊല്ലം. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ജാതി സ്പർദ്ധയിലും, തീണ്ടിക്കൂടായ്മയിലും ആണ്ടുകിടന്ന ജനതയെ നവോത്ഥാനപാതയിലേക്ക് നയിക്കാൻ ശ്രീനാരായണ ഗുരുവിന്റെയും ചട്ടമ്പി സ്വാമികളുടെയും ആർഷപ്രഭാവങ്ങൾക്കും തത്വോപദേശങ്ങൾക്കും കഴിഞ്ഞു. ജീർണ്ണിച്ച ചാതുർവർണ്യ വ്യവസ്ഥിതിക്കെതിരായ മനുഷ്യ മനസാക്ഷിയുടെ ഉയിർത്തെഴുന്നേൽപ്പിന് കളമൊരുക്കാൻ അയ്യൻകാളി, സഹോദരൻ അയ്യപ്പൻ ഉൾപ്പെടെയുള്ളവരുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. വസ്ത്രം ധരിക്കാനും, വിദ്യാഭ്യാസത്തിനുമായി നടത്തിയ പോരാട്ടങ്ങൾ ചരിത്രത്തിലിടം നേടി. അടിസ്ഥാന ജനവിഭാഗങ്ങളിലെ സ്ത്രീകൾക്ക് മാറ് മറയ്ക്കാനും ആഭരണം ധരിക്കാനുമുള്ള

അവകാശം ലഭ്യമാകുന്നതിനു വേണ്ടി കല്ലുമാല പൊട്ടിച്ചെറിഞ്ഞ് നടത്തിയ ഐതിഹാസിക സമരം 1915-ൽ പെരിനാട്ടാണ് നടന്നത്. അവർണ്ണർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിന് അനുവാദം ലഭിക്കണമെന്നുള്ള ആവശ്യം ആദ്യം ഉയർന്നതും കൊല്ലത്താണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് നിയമസഭയിലും സർക്കാർ ഉദ്യോഗങ്ങളിലും പ്രാതിനിധ്യം ലഭിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് റ്റി.കെ.മാധവന്റെ നേതൃത്വത്തിൽ നടന്ന നിവർത്തന പ്രക്ഷോഭത്തിൽ കൊല്ലത്ത് നിന്നും സി.കേശവൻ, പി.കെ.കുഞ്ഞ്, എൽ.വി.ജോസഫ് എന്നീ പ്രമുഖ നേതാക്കൾ പങ്കെടുത്തിരുന്നു. ശ്രീമൂലം അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ടി.എം.വർഗ്ഗീസ് ഉത്തരവാദഭരണം എത്രയും വേഗം ഏർപ്പെടുത്തണമെന്നാവശ്യമുന്നയിച്ച് പ്രമേയം അവതരിപ്പിച്ചു. സി.കേശവൻ, സി.വി.കുഞ്ഞിരാമൻ, ടി.എം.വർഗ്ഗീസ്, ഇ.വി.കേശവൻ, എം.ജി.കോശി, ജി.പി.നീലകണ്ഠപ്പിള്ള, കുമ്പളത്തു ശങ്കുപ്പിള്ള, ആർ.ശങ്കർ, സി.എം.സ്റ്റീഫൻ എന്നീ നേതാക്കളെല്ലാം കൊല്ലത്തിന്റെ സംഭാവനയാണ്.

കാർഷികോത്പ്പന്നങ്ങൾ വിറ്റഴിക്കപ്പെട്ടിരുന്ന ഒരു പ്രധാന വിപണന കേന്ദ്രമായിരുന്നു കടയ്ക്കൽ. ഇവിടെ ഏർപ്പെടുത്തിയ അന്യായമായ ചന്തപ്പിരിവിനെതിരെ കർഷകർ 1938 ൽ നടത്തിയ ഐതിഹാസിക സമരമാണ് കേരളചരിത്രത്തിൽ തന്നെ ഒരു പ്രധാന സംഭവമായ കടയ്ക്കൽ വിപ്ലവം. സംഘടിതമായ ഒരു തൊഴിലാളി വർഗ്ഗ പാരമ്പര്യമാണ് കൊല്ലത്തിനുള്ളത്. കൊല്ലം ജില്ലയിലെ വിവിധ മേഖലകളിലെ തൊഴിലാളികളെ സംഘടിത ശക്തിയാക്കി മാറ്റിയവരിൽ പ്രധാനികളാണ് എം.എൻ. ഗോവിന്ദൻനായർ, എൻ.ശ്രീകണ്ഠൻനായർ, കണ്ണന്തോടത്ത് ജനാർദ്ദനൻനായർ, ടി.കെ.ദിവാകരൻ, ബേബി ജോൺ, എം.കെ.കുമാരൻ, ആർ.എസ്.ഉണ്ണി, എൻ.ശ്രീധരൻ എന്നീ ജനകീയ നേതാക്കൾ. ജില്ലയിൽ ഇടതു പക്ഷ പ്രസ്ഥാനങ്ങൾക്ക് വേരോട്ടമുണ്ടാക്കിയത് ഈ നേതാക്കളാണ്. കൊല്ലത്തെ കോട്ടൺ മിൽ തൊഴിലാളി സമരം ട്രേഡ് യൂണിയൻ ചരിത്രത്തിൽ അവിസ്മരണീയമാണ്. ചൂഷണങ്ങളും പീഡനങ്ങളുമേറ്റുവാങ്ങിയ കശുവണ്ടിത്തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി എം.എൻ.ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ വിജയം കണ്ടതിന്റെ ഫലമാണ് ഇന്ന് ആ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും. ഓട്ടുകമ്പനി ത്തൊഴിലാളികൾ, കൈത്തറിത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ തുടങ്ങി സമസ്ത മേഖലകളിലും ട്രേഡ് യൂണിയനുകൾ ശക്തമായതും കൊല്ലത്തെ രാഷ്ട്രീയ നേതൃത്വങ്ങളുടെ പ്രവർത്തന വിജയമാണ്.

1.22 സാംസ്കാരിക ചരിത്രം

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ കൊല്ലത്തിന്റെ സ്ഥാനം തങ്കലിപികളാൽ എഴുതപ്പെട്ടിട്ടുള്ളതാണ്. വേണാടിന്റെ തലസ്ഥാനമായിരുന്നപ്പോൾ ധാരാളം പണ്ഡിതന്മാരും കലാകാരന്മാരും കൊല്ലം നഗരത്തിൽ താമസിച്ചിരുന്നു. രവിവർമ്മകുലശേഖരന്റെ ഭരണകാലത്ത് സമുദ്ര ബന്ധൻ, കവിഭൂഷൺ തുടങ്ങി പ്രസിദ്ധരായ പല കവികളും ഇവിടെ വസിച്ചിരുന്നു.

"പ്രദ്യുമ്നാഭ്യുദയം" എന്ന നാടകത്തിന്റെ കർത്താവ് കൂടിയാണ് രവിവർമ്മ കുലശേഖരൻ. സന്ദേശകാവ്യങ്ങളായ ശുക സന്ദേശം, ഉണ്ണുനീലി സന്ദേശം, മയൂര സന്ദേശം എന്നിവയിൽ കൊല്ലം നഗരത്തിന്റെ ആകർഷകങ്ങളായ വർണനകളുണ്ട്.

' കൊല്ലം തൊല്ലം ഭവതു

നിതാരാം പിന്നെയും കൊല്ലമേവ'

'കൊല്ലം എത്ര പഴയതായിക്കൊള്ളട്ടെ, എന്നും അതു കൊല്ലമായി നിലനിൽക്കും' എന്നാണ് ഉണ്ണുനീലി സന്ദേശത്തിൽ പരാമർശിക്കുന്നത്.

1.23 ജില്ലാ രൂപീകരണം

1949 ജൂലൈ 1 നാണ് കൊല്ലം ജില്ല അടിസ്ഥാനപരമായി രൂപം കൊള്ളുന്നത്. തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കൊല്ലം പ്രവിശ്യയാണ് കൊല്ലം ജില്ലയായി മാറിയത്. കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, ചെങ്കോട്ട, കുന്നത്തൂർ, പത്തനംതിട്ട, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി,

മാവേലിക്കര, തിരുവല്ല, അമ്പലപ്പുഴ, ചേർത്തല എന്നിങ്ങനെ 12 താലൂക്കുകൾ ഉൾപ്പെട്ടതായിരുന്നു അന്ന് കൊല്ലം ജില്ല. 1956 ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം നടന്നപ്പോൾ ചെങ്കോട്ട താലൂക്ക് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി പിന്നീട് 1957 ൽ ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര, തിരുവല്ല എന്നീ താലൂക്കുകൾ കൊല്ലം ജില്ലയിൽ നിന്നും വേർപെടുത്തപ്പെട്ടു. 1983-ൽ പത്തനംതിട്ട ജില്ലയുടെ രൂപീകരണത്തോടെ പത്തനംതിട്ട താലൂക്കും കുന്നത്തൂർ താലൂക്കിന്റെ കുറെ ഭാഗവും കൂടി ഒഴിവാക്കപ്പെട്ടു. അവശേഷിച്ച കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നിങ്ങനെ 5 താലൂക്കുകൾ ഉൾപ്പെട്ടതായിരുന്നു കൊല്ലം ജില്ലയെങ്കിൽ പത്തനാപുരം താലൂക്ക് വിഭജിച്ച് പുനലൂർ താലൂക്ക് രൂപീകരിച്ചതോടെ ഇന്ന് 6 താലൂക്കുകളും (കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ, കൊട്ടാരക്കര, പുനലൂർ, പത്തനാപുരം) ഒരു റവന്യൂഡിവിഷനും (പുനലൂർ കേന്ദ്രമാക്കി പുതിയൊരു റവന്യൂ ഡിവിഷൻ സർക്കാർ പരിഗണനയിലാണ്) 104 വില്ലേജുകളുമാണുള്ളത്. ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം നിലവിൽ വരുമ്പോൾ ജില്ലയിൽ 71 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും 13 ബ്ലോക്ക് പഞ്ചായത്തുകളുമാണ് ഉണ്ടായിരുന്നത്. 2000 ഒക്ടോബർ 1 ന് കൊല്ലം മുനിസിപ്പാലിറ്റി കൊല്ലം മുനിസിപ്പൽ കോർപ്പറേഷനായി മാറി. ഇപ്പോൾ ജില്ലയിൽ 68 പഞ്ചായത്തുകളും 11 ബ്ലോക്ക് പഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും, ഒരു കോർപ്പറേഷനുമാണ് ഉള്ളത്. ജില്ലയിൽ 12 നിയമസഭാ മണ്ഡലങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ 11 ആയി കുറഞ്ഞു. മൂന്ന് ലോകസഭാ മണ്ഡലങ്ങളാണ് ജില്ലയിൽ ഉൾപ്പെടുന്നത്. കൊല്ലം (പൂർണം), മാവേലിക്കര (ഭാഗികം) ആലപ്പുഴ (ഭാഗികം)

1.24 പ്രാഥമിക മേഖല വളർച്ചയും തളർച്ചയും

കാർഷികമേഖലയ്ക്ക് വളരെപ്രാധാന്യമുള്ള ജില്ലയായ കൊല്ലം ഒരുകാലത്ത് നെല്ല് ഉൾപ്പെടെയുള്ള കാർഷികവിളകളാൽ സമ്പന്നമായിരുന്നു. ഭക്ഷ്യവിളകളുടെ ഉല്പാദനത്തിൽ നിന്നും നാണ്യവിളയായ റബ്ബറിലേക്കും മറ്റും ഇന്നത്തെ കർഷകർ ചുവടുമാറ്റിയിരിക്കുന്നു.

കൃഷി ഒരു സംസ്കാരം എന്ന് വിശ്വസിച്ച് സ്വന്തം ഭൂമിയിൽ കൃഷി ചെയ്തിരുന്നവരാണ് പഴയകാലത്തെ കർഷകർ. കർഷകത്തൊഴിലാളികളെ കൊണ്ട് കൂലിക്ക് കൃഷിചെയ്യിക്കുന്ന ഇന്നത്തെ ആളുകൾ കൃഷി ലാഭകരമല്ല എന്ന വാദം ഉയർത്തി കൃഷിഭൂമി തരിശിടുകയോ കാർഷികേതര കാര്യങ്ങൾക്ക് ലാഭകരമായി വിനിയോഗിക്കുകയോ ചെയ്യുകയാണ്. ഫലഭൂയിഷ്ടമായ മേൽമണ്ണ് നശിച്ചപ്പോൾ കൃഷിയെ മാത്രമല്ല കുടിവെള്ള സ്രോതസ്സുകളെക്കൂടിയാണ് പ്രതികൂലമായി ബാധിച്ചത്.

സമുദ്രനിരപ്പിൽ നിന്നും 6 മീറ്റർമാത്രം ഉയരമുള്ള ആലപ്പാട് പഞ്ചായത്തു മുതൽ 1172 മീറ്റർ ഉയരമുള്ള ആര്യങ്കാവ് പഞ്ചായത്ത് വരെയുള്ള കൊല്ലം ജില്ല ഭൂപ്രകൃതിയിൽ വൈവിദ്ധ്യം നിറഞ്ഞതാണ്. 2015-16 ൽ ജില്ലയുടെ ആകെ ഭൂവിസ്തൃതിയായ 249100 ഹെക്ടറിൽ 81438 ഹെക്ടർ വനപ്രദേശമാണ്. 28314 ഹെക്ടർ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.1691 ഹെക്ടർ കൃഷിയ്ക്ക് ഉപയുക്തമല്ലാത്ത തരിശും 2673 ഹെക്ടർ സ്ഥലം കൃഷിക്ക്ഉപയോഗിക്കാവുന്നതാണെങ്കിലും അത് പ്രയോജനപ്പെടുത്തുന്നില്ല. ആകെ കൃഷിക്ക് ഉപയോഗിക്കുന്നത് 123563 ഹെക്ടർ സ്ഥലമാണ്. ഇത് ആകെ ഭൂവിസ്തൃതിയുടെ 49.67% മാത്രമാണ്. 1985-86 വർഷംഇത് യഥാക്രമം 248788ഹെക്ടർ, 81438 ഹെക്ടർ, 20504 ഹെക്ടർ, 905 ഹെക്ടർ, 801 ഹെക്ടർ, 142795 ഹെക്ടർ എന്നിങ്ങനെ ആയിരുന്നു. അതായത് ജില്ലയിൽ 1985-86 ൽ നിന്നും 2015-16 ൽ എത്തിയപ്പോൾ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ 7.73% കുറവുണ്ടായി. മറ്റ് കാർഷികേതര ഉപയോഗത്തിനുള്ള ഭൂമിയുടെ വിസ്തീർണ്ണം 3.14% വർദ്ധിച്ചു. ത്വരിത ഗതിയിലുള്ള നഗരവത്കരണവും അണുകുടുംബങ്ങളുടെ വ്യാപനവുമാണ് ഈ സ്ഥിതി സംജാതമാക്കിയത്. 1985-86 ൽ നിന്നും 2015-16 ൽ എത്തിയപ്പോൾ ആകെ തരിശ് ഭൂമിയിൽ 1.91% വർദ്ധനവുണ്ടായി.

ജില്ലയുടെ സമ്പദ്ഘടനയിൽ നല്ലൊരു പങ്ക് വഹിക്കുന്ന മേഖലയാണ് മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും. കടലോരത്തെ എല്ലാ ഭാഗത്തുനിന്നും മീൻ പിടിക്കുന്നുണ്ടെങ്കിലും നീണ്ടകരയും വാടിയുമാണ് പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രങ്ങൾ. ജില്ലയിൽ 37 കി.മീ.കടൽതീരമുണ്ട്. ഇവിടെ 27 മറൈൻ മത്സ്യഗ്രാമങ്ങളും 26 ഇൻലാൻഡ് ഗ്രാമങ്ങളുമുണ്ട്. മത്സ്യമേഖലയിൽ ജില്ലയിലെ ആകെ ജനസംഖ്യ 127401 ആണ്. ഇതിൽ 93022 മറൈൻ വിഭാഗത്തിലും 34379 ഇൻലാൻഡ്

വിഭാഗത്തിലുമുൾപ്പെടുന്നു. 1998-99 ൽ ആകെ ജനസംഖ്യ 130567 ആയിരുന്നു. ഇതിൽ മറൈൻ വിഭാഗത്തിൽ 95752 ഉം ഇൻലാൻഡ് വിഭാഗത്തിൽ 34815 ഉം ആയിരുന്നു. മറൈൻ വിഭാഗത്തിൽ 20531 ഉം ഇൻലാൻഡ് വിഭാഗത്തിൽ 7642 ഉം ഉൾപ്പെടെ 28173 മത്സ്യ തൊഴിലാളികൾ ഉണ്ടായിരുന്നു. 2015-16 ലെ കണക്ക് പ്രകാരം 18546 മറൈൻ വിഭാഗത്തിലും 7317 ഇൻലാൻഡ് വിഭാഗത്തിലും ഉൾപ്പെടെ ആകെ മത്സ്യതൊഴിലാളികൾ 25863 ആണ്. 108686 മെട്രിക് ടൺ മത്സ്യം മറൈൻ മേഖലയിൽ നിന്നും 19757 മെട്രിക് ടൺ മത്സ്യം ഇൻലാൻഡ് മേഖലയിൽ നിന്നും 2015-16 വർഷം ലഭിക്കുകയുണ്ടായി.

ജില്ലയിൽ മൃഗങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1987-88 ൽ 3.12 ലക്ഷം കന്നുകാലികളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. 2007 ലെ സെൻസസ് പ്രകാരം ആകെ ലൈവ് സ്റ്റോക്ക് 2.56 ലക്ഷം ആയി കുറഞ്ഞു. ഇതിൽ ആകെ കന്നുകാലികൾ 124390 ഉം, 4475 പോത്തുകളും, 125905 ആടുകളും 663168 കോഴികളും 71019 താറാവുകളും ഉണ്ടായിരുന്നു. 2012 സെൻസസ് പ്രകാരം ആകെ ലൈവ് സ്റ്റോക്ക് 220402 ആയി കുറഞ്ഞു. ഇതിൽ കന്നുകാലികൾ 102279 ഉം, പോത്തുകൾ 5792 ഉം, ആടുകൾ 111342 ഉം 969 പന്നികളും ഉൾപ്പെടുന്നു. ആകെ കോഴികൾ 661786 ഉം, താറാവുകൾ 108975 ഉം ആണ്. 2007 ൽ നിന്നും 2012ലെത്തിയപ്പോൾ പോത്തുകൾ, താറാവുകൾ എന്നിവയുടെ എണ്ണത്തിൽ വർദ്ധന രേഖപ്പെടുത്തി. എന്നാൽ കന്നുകാലികൾ , ആടുകൾ, കോഴികൾ എന്നിവയുടെ എണ്ണം കുറയുകയാണുണ്ടായത്. സംരക്ഷണച്ചെലവ് കൂടിയതും ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇവ വില കുറച്ച് ലഭിക്കുന്നതും തീറ്റപ്പുൽകൃഷിയ്ക്ക് സ്ഥലം ലഭിക്കാത്തതും ഇന്ന് മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് കാരണങ്ങളാണ്.

334 സംഘങ്ങൾ ഉള്ള സുസ്ഥാപിതമായ ഒരു ശൃംഖലയാണ് റീജിയണൽ കോ-ഓപ്പറേറ്റീവ് യൂണിയന് ഉള്ളത്. ഇതിൽ 270 എണ്ണം APCOS മാതൃകയിലും 64 എണ്ണം പരമ്പരാഗത രീതിയിലും പ്രവർത്തിക്കുന്നു. പാലുൽപ്പാദനം 2009 ൽ 169.4 ലക്ഷം ലിറ്റർ ആയിരുന്നത് 2012 ൽ എത്തിയപ്പോൾ 142.35 ലക്ഷം ലിറ്റർ ആയി കുറഞ്ഞു. ജില്ലയിൽ 5 ശീതീകരണ യൂണിറ്റുകൾ ഉണ്ട്. ജില്ലയിലെ പ്രധാനപ്പെട്ട ക്ഷീര സംസ്കരണ കേന്ദ്രമാണ് തേവള്ളിയിലെ ഡയറി. 10 കാലിചന്തകളും 58 അറവുശാലകളും താൽക്കാലികമായി പ്രവർത്തിക്കുന്ന 175 അറവുശാലകളും ജില്ലയിലുണ്ട്. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്ക് പ്രധാന പങ്കുവഹിക്കുന്ന കെ. എൽ. ഡി ബോർഡിന്റെ ഒരു പ്രാദേശിക ഓഫീസ് കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്നു. കേരളസ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് കൊട്ടിയത്ത് ഒരു ഫാം ഉണ്ട്.

1.25 വ്യാവസായിക രംഗം

അതിപുരാതന കാലത്ത് തന്നെ കൊല്ലം ഒരു വലിയ വ്യവസായ കേന്ദ്രമായിരുന്നു. ഇന്ത്യയിലെ വാണിജ്യ തുറമുഖങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു കൊല്ലം. ഇഞ്ചി, കുരുമുളക്, സുഗന്ധ ദ്രവ്യങ്ങൾ എന്നിവ ഇവിടെ നിന്ന് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. കൊല്ലത്തെ മൺപാത്ര വ്യവസായത്തെക്കുറിച്ചും ചരിത്രകാരന്മാർ പ്രശംസാപരമായി പ്രതിപാദിച്ചിട്ടുണ്ട്.

ധാതുമണൽ, ചുണ്ണാമ്പുകല്ല്, കളിമണ്ണ്, ബോക്സൈറ്റ് എന്നീ ധാതുക്കളുടെ നിക്ഷേപം കൊല്ലം ജില്ലയിലുണ്ട്. ഇവയിലധിഷ്ഠിതമായ വ്യവസായങ്ങൾ ജില്ലയുടെ സാമ്പത്തിക വളർച്ചയ്ക്ക് കരുത്താകും. 1840-ൽ ഓട്ടുകമ്പനി സ്ഥാപിതമായതോടെയാണ് ആധുനിക വ്യവസായം കൊല്ലത്ത് ആരംഭിക്കുന്നത്. 1910-ൽ സ്ഥാപിതമായ H&C ജില്ലയുടെ വ്യവസായിക അഭിവൃദ്ധിയിൽ വലിയ പങ്കു വഹിച്ച സ്ഥാപനമാണ്. കേരളത്തിലെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് സ്ഥാപനമായിരുന്നു ഇത്. ഒരു സ്വകാര്യ സ്ഥാപനമായി ആരംഭിച്ച പാർവ്വതിമിൽ ഇന്ന് നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ അധീനതയിലുള്ള കേന്ദ്രസ്ഥാപനമാണ്. ഈ സ്ഥാപനം ഇന്ന് ഒരു തുണിക്കട മാത്രമായി ചുരുങ്ങി. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ചവറ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് (മീറ്റർ കമ്പനി), പുനലൂർ പേപ്പർ മിൽ, പുനലൂരിലും കുണ്ടറയിലുമുള്ള പ്ലൈവുഡ് ഫാക്ടറികൾ, അലിൻഡ് കുണ്ടറ, കുണ്ടറ സിറാമിക്സ്, ചവറ പ്രീമോ പൈപ്പ് ഫാക്ടറി എന്നിവയായിരുന്നു ജില്ലയിലെ പ്രധാന വ്യവസായ ശാലകൾ. ഇവയിൽ പുനലൂർ പേപ്പർ മിൽ, കുണ്ടറ സിറാമിക്സ് എന്നിവ ഇന്ന് ശോച്യാവസ്ഥ യിലാണ്. പുനലൂർ പ്ലൈവുഡ് ഫാക്ടറി, ചവറ പ്രീമോ പൈപ്പ് ഫാക്ടറി എന്നിവ ഇന്ന് നിലവിലില്ല. ലക്ഷ്മി സ്റ്റാർച്ച്

ഫാക്ടറി കുണ്ടറ, കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട് പുനലൂർ, ഹാരിസൺസ് ആന്റ് ക്രോസ് ഫീൽഡ് ഇന്ത്യാ ലിമിറ്റഡ്, കുണ്ടറ തോമസ് സ്റ്റീഫൻ ആന്റ് കമ്പനി, കൊല്ലം, കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ചാത്തന്നൂർ, കേരഫെഡ് കരുനാഗപ്പള്ളി എന്നിവയും ജില്ലയിലെ പ്രധാന വ്യവസായ ശാലകളാണ്. ജില്ലയിലെ പ്രധാന ഐ.ടി സ്ഥാപനമാണ് കുണ്ടറയിൽ പ്രവർത്തനം ആരംഭിച്ച ടെക്നോപാർക്ക്. കൂടാതെ സംസ്ഥാന തൊഴിൽ വകുപ്പിന്റെ അധീനതയിൽ ഒരു Institute of Infrastructure Development Academy ചവറയിൽ പ്രവർത്തന സജ്ജമാകുന്നുണ്ട്.

1991 ൽ ജില്ലയിലൊട്ടാകെ 6535 ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ 417 എണ്ണം പട്ടികജാതി വിഭാഗക്കാരും 804 എണ്ണം സ്ത്രീകളും സംരംഭകരായിട്ടുള്ളതാണ്. ആകെ നിക്ഷേപം 7350.77 ലക്ഷ രൂപയും. ഈ സംരംഭങ്ങളിലൂടെ 89234 പേർക്ക് തൊഴിലും ലഭിച്ചു. 1997 ൽ ആകെ 16332 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തതിൽ 1529 എണ്ണം പട്ടികജാതി വിഭാഗക്കാരും 3613 എണ്ണം സ്ത്രീകളും നടത്തുന്ന യൂണിറ്റുകളായിരുന്നു. ആകെ നിക്ഷേപം 20463.77 ലക്ഷമായി വർദ്ധിച്ചു. 138814 പേർക്ക് തൊഴിലും ലഭിച്ചു. ഇന്ന് ജില്ലയിലൊട്ടാകെ വ്യവസായകേന്ദ്രം വഴി രജിസ്റ്റർ ചെയ്ത 7909 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ആകെ ഇൻവെസ്റ്റ്മെന്റ് 95766.56 ലക്ഷം. 51384 തൊഴിലാളികൾ ജോലി ചെയ്യുന്നു. ജില്ലയിൽ രണ്ട് ഇൻഡസ്ട്രിയൽ ഏരിയകളും 23 മിനി ഇൻഡസ്ട്രിയൽ ഏരിയകളും ഉണ്ട്.

കശുവണ്ടി വ്യവസായമാണ് ഏറ്റവും കൂടുതൽ സ്ത്രീത്തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നത് . കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമായ കൊല്ലത്ത് ഒന്നര ലക്ഷത്തിലധികം തൊഴിലാളികൾ തൊഴിലെടുക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികൾ ഉള്ളത് കൊല്ലം ജില്ലയിലാണ്. 157 കശുവണ്ടി ഫാക്ടറികളിൽ 27 എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ള കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലാണ്. 10 എണ്ണം കാപ്പെക്സിന്റെ ഉടമസ്ഥതയിലുമാണ്. ലോകവിപണി കീഴടക്കിയ വ്യവസായമായിരുന്നു കശുവണ്ടി. എന്നാൽ ലോകവിപണിയിലുണ്ടായ മാന്ദ്യവും ലാഭക്കൊതി പൂണ്ട സ്വകാര്യ മുതലാളിമാർ ഇതര സംസ്ഥാനങ്ങളിലേക്ക് അവരുടെ വ്യവസായത്തെ പറിച്ചുനട്ടതും എല്ലാം ജില്ലയിൽ ഈ വ്യവസായത്തെ ആശ്രയിച്ചുപോന്ന ലക്ഷകണക്കിന് തൊഴിലാളികളുടെ അതിജീവനത്തിന് വെല്ലുവിളിയാകുന്നു.

വ്യവസായികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുക, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പാദന ചെലവ് കുറയ്ക്കുക, ഉൽപന്ന വൈവിധ്യം നടപ്പിലാക്കുക, ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടതാക്കുക , സ്ത്രീകളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും സംരംഭകരെ കണ്ടെത്തി പരിശീലനവും ബോധവൽക്കരണവും നൽകുക, ഇവർക്ക് പലിശരഹിത മൂലധനം ലഭ്യമാക്കുക തുടങ്ങി തൊഴിൽ മേഖലകൾ വിപുലപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെ ഒട്ടേറെ കാര്യങ്ങൾ ജില്ലാ പഞ്ചായത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചെയ്യാൻകഴിയും.

1.26 വിദ്യാഭ്യാസ വ്യാപനം

1834 ൽ തിരുവനന്തപുരത്ത് പ്രീസ്കൂൾ തുടങ്ങിയതോടൊപ്പം കൊല്ലത്തും ഒരു ഡിസ്ട്രിക്ട് സ്കൂൾ ആരംഭിച്ചു. 1867 ൽ കൊല്ലത്ത് സ്ഥാപിച്ച മലയാളം പള്ളിക്കൂടം പിൽക്കാലത്ത് മലയാളം മിഡിൽ സ്കൂളും മലയാളം ഹൈസ്കൂളും ആയി മാറി. 1885 ജൂലൈ-മാസത്തിൽ തങ്കശ്ശേരിയിൽ സ്ഥാപിതമായ മൗണ്ട് കാർമൽ ആംഗ്ലോ ഇൻഡ്യൻ ഗേൾസ് ഹൈസ്കൂളാണ് ജില്ലയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. കഴിഞ്ഞ 50 വർഷത്തിനിടയിൽ ഗണ്യമായ മാറ്റമാണ് വിദ്യഭ്യാസ രംഗത്ത് കേരളവും വിശിഷ്യാ കൊല്ലം ജില്ലയും കൈവരിച്ചിട്ടുള്ളത്. പൊതുവിദ്യഭ്യാസമേഖലയും സ്വകാര്യ മേഖലയും പരസ്പര പൂരകമായി പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം എന്നീ പരിപാടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഏറെ അനുഗ്രഹമാണ്.

1960-61 കാലഘട്ടത്തിൽ ജില്ലയിൽ ആകെ 635 എൽ.പി.സ്കൂളുകളാണ് ഉണ്ടായിരുന്നത്. ഇവയിൽ 365 സർക്കാർ സ്കൂളുകളും 265 എയ്ഡഡ് സ്കൂളുകളും 5 എണ്ണം അൺ എയഡഡ് സ്കൂളുകളുമായിരുന്നു. 193 യു.പി.സ്കൂളുകളിൽ 54 എണ്ണം ഗവൺമെന്റും 139 എണ്ണം എയ്ഡഡും

ആയിരുന്നു., 101 ഹൈസ്കൂളുകളിൽ 20 ഗവൺമെന്റ് സ്കൂളുകളും 81 എണ്ണം എയ്ഡഡ് സ്കൂളുകളുമായിരുന്നു. 1995-96 ൽ എത്തിയപ്പോൾ എൽ.പി.സ്കൂളുകളുടെ എണ്ണം 482 ആയി കുറഞ്ഞു. ഇതിൽ 275 സർക്കാർ സ്കൂളുകളും 190 എയ്ഡഡ് സ്കൂളുകളും 17 അൺ-എയ്ഡഡ് സ്കൂളുകളുമായി. ഈ കാലയളവിൽ യു.പി.സ്കൂളുകളുടെ എണ്ണം 211 ആയി വർദ്ധിച്ചു. 62 സർക്കാർ സ്കൂളുകളും 142 എയ്ഡഡ് സ്കൂളുകളും 7 അൺ എയ്ഡഡ് സ്കൂളുകളുമായിരുന്നു. ഈ കാലയളവിൽ ഹൈസ്കൂളുകളുടെ എണ്ണത്തിൽ 109% വർദ്ധന രേഖപ്പെടുത്തി അവയുടെ എണ്ണം 211 ആയി. എൽ.പി, യു.പി.സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതാണ് ഈ ഉയർന്ന വർദ്ധനയ്ക്ക് കാരണം.

കൊല്ലം ജില്ലയിൽ നിലവിലുള്ള 499 പ്രൈമറി സ്കൂളുകളിൽ 275 എണ്ണം സർക്കാർ മേഖലയിലും 180 എണ്ണം എയ്ഡഡ് മേഖലയിലും 44 എണ്ണം അൺ എയ്ഡഡ് മേഖലയിലുമാണ്. 225 അപ്പർ പ്രൈമറി സ്കൂളുകളിൽ 66 എണ്ണം സർക്കാർ സ്കൂളുകളും 133 എണ്ണം എയ്ഡഡ് സ്കൂളുകളും 26 എണ്ണം അൺ എയ്ഡഡ് സ്കൂളുകളുമാണ്. ആകെയുള്ള 232 ഹൈസ്കൂളുകളിൽ 88 എണ്ണം പൊതുമേഖലയിലും 127 എണ്ണം സ്വകാര്യ എയ്ഡഡ് മേഖലയിലും 17എണ്ണം അൺ എയ്ഡഡ് മേഖലയിലുമാണ്. 142HSS ഉള്ളതിൽ 67 എണ്ണം സർക്കാർ, 55 എയ്ഡഡ് 20 അൺഎയ്ഡഡ് എന്നിങ്ങനെയാണ്. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ ആകെ 52 സ്കൂളുകളാണുള്ളത്. ഇതിൽ 20 എണ്ണം സർക്കാർ സ്കൂളുകളും 32 എണ്ണം സ്വകാര്യ എയ്ഡഡ് സ്കൂളുമാണ്. ജില്ലയിൽ ഒരു കേന്ദ്രീയ വിദ്യാലയവും ഒരു നവോദയ വിദ്യാലയവും 35 സി.ബി.എസ്.ഇ സ്കൂളുകളും 18 ഐ.സി.എസ്.ഇ. സ്കൂളുകളും ഒരു ഐ.ജി.സി.എസ്.ഇ സ്കൂളും പ്രവർത്തിക്കുന്നു.

ജില്ലയിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് ധാരാളം സ്ഥാപനങ്ങളുണ്ട്. 1958 ൽ സ്ഥാപിതമായ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജാണ് ആദ്യത്തേത്. ഇപ്പോൾ ജില്ലയിൽ 5 എഞ്ചിനീയറിംഗ് കോളേജുകൾ ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. കൂടാതെ 12 കോളേജ് സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്നു. പാരിപ്പള്ളി ഇ.എസ്.ഐ. ഗവ.മെഡിക്കൽ കോളേജുൾപ്പെടെ 5 മെഡിക്കൽകോളേജുകൾ കൊല്ലത്തിനുണ്ട്. ഇതിൽ 2 എണ്ണം ആയുർവേദ മേഖലയിലുള്ളതാണ്. 8 സർക്കാർ ITI കൾ കൂടാതെ 52 സ്വകാര്യ ITI കളും പട്ടികജാതി വകുപ്പ് നടത്തുന്ന മൂന്ന് എസ്.സി.ഡി സ്ഥാപനങ്ങളുംജില്ലയിൽപഠനസൗകര്യമൊരുക്കുന്നു. കരുനാഗപ്പള്ളി, എഴുകോൺ , പുനലൂർ എന്നിവിടങ്ങളിൽ മൂന്നു ഗവ.പോളിടെക്നിക്കുകളും എയ്ഡഡ് മേഖലയിൽ കൊട്ടിയം SN പോളിടെക്നിക്കും ചേർന്ന് 4 സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നു. ആതുര ശുശ്രൂഷാരംഗത്തെ മാലാഖമാരെ വാർത്തെടുക്കുന്നതിന് 10 നെഴ്സിംഗ് കോളേജുകൾ ജില്ലയിലുണ്ട്. ഫാഷൻ ടെക്നോളജി പഠിക്കുന്നതിന് 2 സ്ഥാപനങ്ങളും MCA പഠനത്തിന് 5 സ്ഥാപനങ്ങളും നിലവിലുണ്ട്. B Ed പഠനത്തിന് 17 കോളേജുകൾ അവസരമൊരുക്കുന്നു. കൂടാതെ അഞ്ചലിൽ യൂണിവേഴ്സിറ്റിയുടെ B Ed സെന്ററും പ്രവർത്തിക്കുന്നു. ജില്ലയിൽ ആകെ 14 ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ഉള്ളതിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള രണ്ട് കോളേജുകളാണുള്ളത്. ബാക്കിയുള്ളത് സ്വകാര്യ എയ്ഡഡ് മേഖലയിലും സ്വാശ്രയമേഖലയിലുമാണ്. 1948 ൽ സ്ഥാപിതമായ എസ്.എൻ.കോളേജാണ് ജില്ലയിലെ ആദ്യത്തെ ആർട്സ് ആന്റ് സയൻസ് കോളേജ്. ജില്ലയിൽ വിദ്യാഭ്യാസത്തിന് മേൽപ്രസ്താവിച്ച പ്രകാരം ധാരാളം സ്ഥാപനങ്ങളും കോഴ്സുകളുമുണ്ട്. വിദ്യാർത്ഥികൾക്ക് ജില്ലയിൽതന്നെ അവർക്ക് അനുയോജ്യമായ പഠന കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള അവസരം മുമ്പെന്നത്തേക്കാളും ഇപ്പോൾ ലഭ്യമാണ്.

1.27 ആരോഗ്യ രംഗം

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. അത് ലക്ഷ്യമിട്ട് കേരളം നടപ്പിലാക്കിയ പദ്ധതികൾ വിജയം കണ്ടതിന്റെ ഭാഗമായി ആരോഗ്യ രംഗത്തെ കേരള മോഡൽ ആഗോളതലത്തിൽ തന്നെ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. കുറഞ്ഞ ശിശുമരണനിരക്ക് , കൂടിയ ആയുർദൈർഘ്യം, പകർച്ച വ്യാധികളുടെയും പരാമ്പര്യ രോഗങ്ങളുടെയും നിയന്ത്രണം എന്നീ മേഖലകളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം മുന്നേറ്റത്തിന് സർക്കാർ മേഖലയ്ക്കൊപ്പം സ്വകാര്യമേഖലയ്ക്കും കാര്യമായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുള്ള

സർക്കാർ മേഖലയുടെ ഇന്നത്തെ ശോച്യാവസ്ഥ നല്ലൊരുഭാഗം ജനങ്ങളെ ഈ മേഖലയിൽ നിന്നും അകറ്റുന്നതിന് കാരണമായിട്ടുണ്ട്. ആധുനിക ചികിത്സമാർഗ്ഗങ്ങൾ ചെലവേറിയതും സാധാരണ ജനങ്ങൾക്ക് താങ്ങാൻ പറ്റാത്തതുമാണ്. ജീവൻ രക്ഷാ ഔഷധങ്ങൾക്ക് പോലും വളരയധികം വില നൽകേണ്ടിവരുന്നു എന്നത് ദുഖകരമായ ഒരു വസ്തുതയാണ്.

കൊല്ലം ജില്ലയിലെ ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്നതാണ്. അമ്മമാർക്കും, കുട്ടികൾക്കും വേണ്ടി സ്ഥാപിതമായ വിക്ടോറിയ ഹോസ്പിറ്റലാണ് ജില്ലയിലെ ആദ്യ സർക്കാർ ആതുരാലയം. 1948 ൽ സ്ഥാപിതമായ ബെൻസിഗർ ആശുപത്രിയാണ് ജില്ലയിലെ ആദ്യത്തെ സ്വകാര്യ ആശുപത്രി. 1959 ൽ 32 മെഡിക്കൽ സ്ഥാപനങ്ങളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. ഇതിൽ 4 ഗവൺമെന്റ് ആശുപത്രികളും, 19 ഡിസ്പെൻസറികളും, 2 ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുമുണ്ടായിരുന്നു. ഇവയിൽ എല്ലാംകൂടി 898 കിടക്കകളാണ് ഉണ്ടായിരുന്നത്. 1997 ലെത്തിയപ്പോൾ സർക്കാർ ആശുപത്രികളുടെ എണ്ണം 11 ആയും പി.എച്.സികൾ 66 ആയും സി.എച്.സി.കൾ 6 ആയും വർദ്ധിച്ചു. കിടക്കകളുടെ എണ്ണം 2070 ആയി. ഇതേ കാലയളവിൽ ആയുർവേദ ആശുപത്രികൾ 9 ഉം കിടക്കകളുടെ എണ്ണം 190 ആയി. ഹോമിയോ വിഭാഗത്തിൽ 3 ആശുപത്രികളും 29 ഡിസ്പെൻസറികളും പ്രവർത്തനം ആരംഭിച്ചു. 75 കിടക്കളാണ് ഹോമിയോ വിഭാഗത്തിൽ ഉണ്ടായിരുന്നത്. സ്വകാര്യ മേഖലയിൽ ഒട്ടാകെ 369 സ്ഥാപനങ്ങൾ അലോപ്പതി മേഖലയിലും 397 സ്ഥാപനങ്ങൾ ആയുർവേദമേഖലയിലും 230 എണ്ണം ഹോമിയോ വിഭാഗത്തിലും രോഗികൾക്ക് സേവനം നൽകിയിരുന്നു. 1550ൽപ്പരം ഡോക്ടർമാരാണ് ഇവിടെ പ്രവർത്തിച്ചിരുന്നത്. .

ഇന്ന് ജില്ലയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജും രണ്ട് സ്വകാര്യ മെഡിക്കൽ കോളേജുകളും 2 ആയുർവേദ മെഡിക്കൽകോളേജുകളും (സ്വകാര്യം) പ്രവർത്തിക്കുന്നു. കൂടാതെ ഒരു ഡസനിൽപരം മൾട്ടിസ്പെഷ്യാലിറ്റി , സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, ജില്ലാ ഹോസ്പിറ്റൽ , 8 താലൂക്ക് ഹോസ്പിറ്റലുകൾ, 17 CHC കൾ, 58 PHC കൾ, ഇവയ്ക്ക് പുറമേ ഒരു TB സെന്ററും, 50 ൽപ്പരം മെച്ചപ്പെട്ട സ്വകാര്യ ആശുപത്രികളും ESI ആശുപത്രികളും, ധാരാളം ക്ലിനിക്കുകളും ഉൾപ്പെട്ട ബൃഹത്തായ ഒരു ആതുര ശുശ്രൂഷാ ശൃംഖല കൊല്ലം ജില്ലയിലുണ്ട്.

1.28 ഗതാഗതം ഒരു വികസന നേർക്കാഴ്ച

ഒരു പ്രദേശത്തിന്റെ നാഡികളാണ് റോഡുകൾ. മെച്ചപ്പെട്ട ഗതാഗത സംവിധാന മാർഗങ്ങൾ ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ ചൂണ്ടുപലകയാണ്. വ്യാവസായിക മേഖലയുടെ പുരോഗതിക്ക് കുറ്റമറ്റ ഗതാഗതസംവിധാനം അത്യന്താപേക്ഷിതമാണ്.

കൊല്ലം ചെങ്കോട്ട റോഡാണ് ജില്ലയിലെ ആദ്യത്തെ പ്രധാന റോഡുകളിലൊന്ന്. ഇന്ന് ജില്ലയിൽ എല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് ശൃംഖല ഉണ്ട്. ഒന്നാംഘട്ട ജനകീയാസൂത്രണത്തിന്റെ ഫലമായി ഗ്രാമീണ മേഖലകളിൽ റോഡുകളുടെ കാര്യത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു എന്ന് പറയാതിരിക്കാനാവില്ല. NH-66(47), NH-183 (NH-220), NH-744 (208), NH-183A എന്നീ നാഷണൽ ഹൈവേകൾ ജില്ലയിലൂടെ കടന്നു പോകുന്നു. തിരുവനന്തപുരം-അങ്കമാലി സ്റ്റേറ്റ് ഹൈവേ-1 ഉൾപ്പെടെ 7 സംസ്ഥാന പാതകളാണ് ജില്ലയിലെ റോഡ് ഗതാഗതത്തെ സുഗമമാക്കുന്നത്. 1994 ൽ ജില്ലയിൽ ആകെ 10927.78 കി.മീ. റോഡ് ദൈർഘ്യമാണ് ഉണ്ടായിരുന്നത്. 139.64 കി.മീ. ദേശീയപാതയും 131.9 കി.മീ. സംസ്ഥാന പാതയും 1389.44 കി.മീ. ജില്ലാ റോഡും 8672.08 കി.മീ. പഞ്ചായത്ത് റോഡുമാണ് ഉണ്ടായിരുന്നത്. കേരളത്തിലെ ഏറ്റവും ദൈർഘ്യമേറിയ ദേശീയപാത NH-66 (669 കി.മി) ന്റെ 58.4 കി.മി (കൃഷ്ണപുരം – കടമ്പാട്ടുകോണം) കൊല്ലം ജില്ലയിലാണ്. കൊല്ലം-തേനി NH 183 ന്റെ 62.1 കി.മീ.(കൊല്ലം H.S ജംഗ്ഷൻ - ആഞ്ഞിലിമൂട്) ഉം കൊല്ലം - തിരുമംഗലം NH 744 ന്റെ 81.250 കി.മീ. (കൊല്ലം- കോട്ടവാസൽ) ഉം ഭരണിക്കാവ് – ഡിണ്ടിഗൽ NH 183 A യുടെ (ഭരണിക്കാവ് – ഇലവിങ്കൽ) 116.8 കി.മീ. ഉം ഉൾപ്പെടെ 318.55 കി.മീ. ദേശീയപാതയാണ് ഇന്ന് കൊല്ലം ജില്ലയിലുള്ളത്. കൂടാതെ NH 66 ന്റെ കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ.ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 123.786 കി.മീ. സ്റ്റേറ്റ് ഹൈവേയും 1738.616 കി.മീ. പ്രധാന ജില്ലാ റോഡുകളും ജില്ലാ പഞ്ചായത്ത് റോഡ് ഉൾപ്പെടെ 14926.315 കി.മീ. പഞ്ചായത്ത് റോഡുകളും ജില്ലയിലുണ്ട്.

കാളവണ്ടിയും വില്ല് വണ്ടിയുമായിരുന്നു ആദ്യകാലത്ത് ജനങ്ങൾ യാത്രയ്ക്കും മറ്റും ഉപയോഗിച്ചിരുന്നത്. KSRTC ജില്ലയുടെ എല്ലാ ഭാഗത്തേയ്ക്കും സർവ്വീസുകൾ നടത്തുന്നു. ജില്ലയിൽ KSRTC യ്ക്ക് 8 ഡിപ്പോകളും മൂന്ന് സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളുമുണ്ട്. റോഡു ഗതാഗത രംഗത്ത് സ്വകാര്യ മേഖലയും അവരുടേതായ സംഭാവനകൾ നൽകുന്നു.

കൊല്ലം ജില്ലയിൽ ഒട്ടാകെ 132 കി.മി. റയിൽപ്പാതയാണുള്ളത്.ഇതിൽ 51 കി.മി. ബ്രോഡ്ഗേജ് പാതയും 81 കി.മി. മീറ്റർഗേജ് പാതയുമാണ്. കൊല്ലം മുതൽ ഷൊർണ്ണൂർ വരെയുള്ളതാണ് നിലവിലുള്ള ബ്രോഡ്ഗേജ്പാത. കേരളത്തിലെ ആദ്യറെയിൽ പാത കൊല്ലം - ചെങ്കോട്ട മീറ്റർഗേജ്പാതയാണ്. പുനലൂർ ചെങ്കോട്ടവഴി വിരുതുനഗറിലേക്കും തുടർന്ന് മധുര തിരുച്ചിറപ്പള്ളി, വില്ലുപുരം എന്നിവിടങ്ങളിലേക്കും പോകുന്ന മീറ്റർഗേജ് പാത കൊല്ലത്തു നിന്നുമാണ് ആരംഭിക്കുന്നത്. ഇത് ബ്രോഡ്ഗേജ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. തമിഴ് നാട്ടിലെ പ്രധാന കേന്ദ്രങ്ങളുമായി നേരിട്ടു വ്യാപാരം നടത്തുന്നതിന് സഹായകരമായ ഈ പാത കൊല്ലം പട്ടണത്തിന്റെ ഉയർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നു. തിരുവിതാംകൂർ രാജാവായ ശ്രീമൂലംതിരുനാളിന്റെ കാലത്താണ് (1904 ജൂൺ 1) കൊല്ലം റയിൽവേസ്റ്റേഷൻ നിർമ്മിച്ചത്. കൊല്ലം മുതൽ പുനലൂർ വരെയുള്ള പാതയും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇന്ന് കേരളത്തിലെ രണ്ടാമത്തെ വലിയ റയിൽവേ സ്റ്റേഷനാണ് കൊല്ലം. പ്ലാറ്റ്ഫോമിന്റെ നീളത്തിന്റെ കാര്യത്തിൽ ലോകത്തിൽതന്നെ രണ്ടാംസ്ഥാനമുണ്ട്. 7 ട്രാക്കുകളും 6 പ്ലാറ്റ്ഫോമുകളും മെമുഷെഡും കൊല്ലം സ്റ്റേഷന് സൗകര്യമൊരുക്കുന്നു. പ്രധാനമായും കൊല്ലം ജില്ലയിൽ 21 സ്റ്റേഷനുകളുണ്ട്. സബർബൻ ട്രെയിൻ സർവ്വീസ് യാഥാർത്ഥ്യമായാൽ ട്രെയിൻ യാത്രക്കാർക്ക് അത് വലിയൊരനുഗ്രഹമായിരിക്കും. ശബരി റയിൽപാതയുംകൊല്ലം ഉൾപ്പെടുന്ന കേരളത്തിന്റെ ഒരാവശ്യം തന്നെയാണ്.

ജലഗതാഗതം പുരാതനകാലം മുതലേ നിലവിലുണ്ടായിരുന്നു. തെക്ക് തിരുവനന്തപുരം മുതൽ വടക്ക് ഹോസ് ദുർഗ് വരെയുള്ള ജലഗതാഗതം സാധ്യമാക്കുന്ന പശ്ചിമതീരജലപാതയുടെ പ്രധാന കേന്ദ്രം കൊല്ലമാണ്. പരവൂർ കായലിനെയും അഷ്ടമുടിക്കായലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം തോട് ജലഗതാഗതത്തിന് വളരെ പ്രാധാന്യം നേടിയ ഒന്നായിരുന്നു. എന്നാൽ ഇന്ന് ഈ തോട് അവഗണനമൂലം ഗതാഗത യോഗ്യമല്ലാതായിരിക്കുന്നു. ഈ അവസ്ഥയിലും കൊല്ലം KSRTC യ്ക്ക് സമീപത്തു നിന്നും അഷ്ടമുടിക്കായലിൽ ജലഗതാഗത വകുപ്പ് ബോട്ട് സർവീസുകൾ വിവിധ ഭാഗങ്ങളിലേക്ക് നടത്തുന്നുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന സർവ്വീസുകളും ലക്ഷ്വറി ബോട്ട് സർവ്വീസും നിലവിലുണ്ട്. ജലഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം മേഖല ശക്തിപ്പെടുത്താവുന്നതാണ്.

കേരളത്തിൽ ആദ്യമായി വിമാനം ഇറങ്ങിയത് കൊല്ലം ആശ്രാമം മൈതാനത്താണ്. എന്നാൽ കേരളത്തിലെ ആദ്യവിമാനത്താവളമായ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഇവിടെ നിന്നും 71 കി.മി. അകലെയാണ്. കേരളത്തിലാദ്യം സീപ്ലെയിൻ ലാൻഡു ചെയ്തതും ആശ്രാമത്താണ്. നീണ്ടകരയും കൊല്ലവുമാണ് ജില്ലയിലെ തുറമുഖങ്ങൾ.

1.29 ഊർജ്ജ മേഖല

കേരളം ഊർജ്ജരംഗത്ത് ആശ്രയിക്കുന്നത് പ്രധാനമായും ജലവൈദ്യുത പദ്ധതികളെയാണ്. ആധുനിക മനുഷ്യന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നായി വൈദ്യുതി മാറിയിരിക്കുന്നു. വ്യാവസായിക പുരോഗതി കൈവരിക്കുന്നതിന് വൈദ്യുതി അടിസ്ഥാനഘടകമാണ്. ഇക്കാരണങ്ങളാൽ വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമത്തിലാണ് കേരളം. ഇതിന് അനുകൂലമായ പ്രകൃതി സാഹചര്യങ്ങൾ നമുക്കുണ്ട്. 1924 ലാണ് ജില്ലയിൽ വൈദ്യുതിയെത്തുന്നത്. ജില്ലയിൽ ആകെ ഒരു ജലവൈദ്യുതി പദ്ധതി മാത്രമാണ് ഉള്ളത് കല്ലട ഹൈഡ്രോഇലക്ട്രിക് പ്രോജക്ട് തെന്മല. 15 മെഗാവാട്ട് സ്ഥാപിതശേഷിയാണ് ഇതിനുള്ളത്. 1994 ജനുവരിയിൽ കമ്മീഷൻ ചെയ്ത ഇതിന്റെ വാർഷിക ഉല്പാദനശേഷി 65 മെഗായൂണിറ്റാണ്. 1996-97 ൽ 51.25 മെഗായൂണിറ്റും 2009-10 ൽ 60.41 മെഗായൂണിറ്റും 2014-15 ൽ 68 .99 മെഗായൂണിറ്റുമായിരുന്നു ഉത്പാദനം. ജില്ലയിൽ വൻകിട ജലസേചനപദ്ധതിക്കുള്ള സാധ്യത വിരളമാണ്. ഒറ്റക്കൽ , പാലരുവി പോലുള്ള സ്ഥലങ്ങളിൽ മിനി പദ്ധതികൾക്ക് സാധ്യതയുണ്ട്.

1993-94 കാലയളവിൽ ജില്ലയിൽ 110 കെവി സബ് സ്റ്റേഷനുകൾ 2 എണ്ണവും 66 കെവി സബ് സ്റ്റേഷനുകൾ 2 എണ്ണവും മാത്രമാണ് ഉണ്ടായിരുന്നത് എന്നാൽ ഇന്ന് 220 കെവി സബ് സ്റ്റേഷനുകൾ 2 ഉം 110 കെവി സബ് സ്റ്റേഷനുകൾ 9 ഉം 66 കെവി 4 ഉം 33 കെവി 8 ഉം ആയി വർദ്ധിച്ചിരിക്കുന്നു,. കേരളത്തിലെ ആദ്യത്തെ 110 കെവി(GIS) കൊല്ലത്താണ് (50 മെഗാവാട്ട് ആംപിയർ) സ്ഥാപിതമായത്. 46 ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകൾ ഇപ്പോൾ നിലവിലുണ്ട്.

ജില്ലയിൽ 649,228 ഗാർഹികകണക്ഷനുകളും 4604 കാർഷിക കണക്ഷനുകളും 9875 വ്യവസായിക കണക്ഷനുകളും 95264 വാണിജ്യ കണക്ഷനുകളും ഉണ്ട്.

1.30 ധന വിനിമയകേന്ദ്രങ്ങൾ

ഒരു പ്രദേശത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഉത്തേജകമാകേണ്ടത് ബാങ്കുകളാണ്. സമ്പത് വ്യവസ്ഥയുടെ നട്ടെല്ലാണ് അവ. നിക്ഷേപ സമാഹരണം കാർഷിക കാർഷികേതര മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തൽ എന്നീ പ്രധാന ചുമതലകളാണ് ബാങ്കുകൾ നിർവഹിക്കുന്നത്. 1969 ലെ ബാങ്ക് ദേശസാൽകരണത്തിലൂടെ ബാങ്കിംഗ് മേഖലയെ ജനസൗഹൃദമാക്കിമാറ്റുകയായിരുന്നു അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി ചെയ്തത്. സുധീരമായ ഈ നടപടി സാധാരണ കർഷകരെ വട്ടിപ്പലിശക്കാരിൽ നിന്നും രക്ഷിക്കുന്നതിന് സഹായകമായി. ബാങ്ക് ദേശസാൽകരണംമൂലം രാജ്യത്തുടനീളം വാണിജ്യബാങ്കുകളുടെ ധാരാളം ശാഖകൾ സ്ഥാപിക്കപ്പെട്ടു. പൊതുജന സേവനമായിരുന്നു ബാങ്കുകളുടെ അടിസ്ഥാന ലക്ഷ്യം. എന്നാൽ ഇന്ന് എല്ലാ സേവനങ്ങൾക്കും നികുതി ഈടാക്കുന്ന തരത്തിലേക്ക് ബാങ്കുകൾ മാറിക്കഴിഞ്ഞു.

വാണിജ്യ ബാങ്കുകളെപ്പോലെ തന്നെ സഹകരണ മേഖലയും ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണബാങ്കുകളും പ്രാഥമിക സഹകരണബാങ്കുകളും മറ്റ് ക്രെഡിറ്റ് സൊസൈറ്റികളും ഉൾപ്പെട്ട സുശക്തമായ ഒരു സഹകരണബാങ്കിംഗ് സംവിധാനം കേരളത്തിന് മാത്രം അവകാശപ്പെട്ടതാണ്.

383 വാണിജ്യ ബാങ്ക്ശാഖകൾ ഇപ്പോൾ ജില്ലയിൽ പ്രവർത്തിക്കുന്നു. ജില്ലാ സഹകരണ ബാങ്ക് ശാഖകൾ 63 ആയും പ്രാഥമികകാർഷിക വികസന ബാങ്കുകളുടെ എണ്ണം 6 ആയും വർദ്ധിച്ചു.അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണബാങ്കുകളുടെ എണ്ണം 198 ആയും വർദ്ധിച്ചു. 4 അർബൻ സഹകരണ ബാങ്കുകളും ജില്ലയിൽ പ്രവർത്തിക്കുന്നു.

2015-16 വർഷം ബാങ്കുകളിൽ ലഭിച്ച ആകെ ഡെപ്പോസിറ്റ് 2449708 ലക്ഷം രൂപയും, ആകെ വായ്പ 1489272 ലക്ഷം രൂപയും ആയിരുന്നു. ഇതിൽ മുൻഗണനാ മേഖലയിൽ 1097747 ലക്ഷം രൂപയും, കാർഷിക മേഖലയിൽ 500261 ലക്ഷം രൂപയും വ്യവസായ മേഖലയിൽ 283427 ലക്ഷം രൂപയും വിദ്യാഭ്യാസ ലോൺ ഇനത്തിൽ 75849 ലക്ഷം രൂപയും ചെലവഴിച്ചു. ദേശീയ തലത്തിൽ മുൻഗണനാ വിഭാഗത്തിലെ വായ്പാ തോത് 40% ആയിരിക്കുമ്പോൾ കൊല്ലം ജില്ലയിൽ 67.81% ആണ്. കാർഷികമേഖലയിൽ ഇത് യഥാക്രമം 18%, 29.46% എന്നിങ്ങനെയാണ്. അവശവിഭാഗങ്ങൾക്കുള്ള വായ്പാ തോത് ദേശീയതലത്തിൽ 10% ഉം കൊല്ലം ജില്ലയിലേത് 19% ഉം ആണ്. ജില്ലയിലെ ബാങ്കുകളുടെ കാര്യക്ഷമമായ പ്രവർത്തനമാണ് ഇത് വെളിവാക്കുന്നത്.

1.31 വിനോദ സഞ്ചാരരംഗം

കൊല്ലത്തിന്റെ പ്രകൃതിരമണീയത ധാരാളം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. കുളിർമ്മയേകുന്ന ജലപാതങ്ങളും കായലുകളും കടൽത്തീരവും ഒരുക്കുന്ന മനോഹാരിത ഏതൊരാളെയും ആകർഷിക്കുന്നതാണ്. തങ്കശ്ശേരി, അഷ്ടമുടിക്കായൽ (നീർത്തടങ്ങളുടെ സംരക്ഷണത്തെയും അവയുടെ സന്തുലിത ഉപയോഗത്തെയും കുറിച്ചുള്ള റിംസാർ (ഇറാൻ)ഉടമ്പടിയിൽ സ്ഥാനംപിടിച്ച കേരളത്തിലെ ഏക നീർത്തടം), അഡ്വഞ്ചർപാർക്ക്, തേവള്ളി കൊട്ടാരം, കൊല്ലം ബീച്ച് (മഹാത്മഗാന്ധി പാർക്ക്), ശ്രീമൂലം തിരുനാൾ പാലസ്, ചീനക്കൊട്ടാരം, അച്ചൻകോവിൽ(പാലരുവി വെള്ളച്ചാട്ടം,), പുനലൂർ തൂക്കുപാലം, ആലുംകടവ്, ആര്യങ്കാവ്, നീണ്ടകര തുറമുഖം, ഓച്ചിറ പരബ്രഹ്മക്ഷേത്രം, ശാസ്താം കോട്ട

തടാകം, തഴവ, തെന്മല ഇക്കോടൂറിസം, ചടയമംഗലം ജടായുപ്പാറ എന്നിവ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.

വള്ളിക്കാവ് അമൃതാനന്ദമയി മഠം, കോട്ടുക്കൽ ഗുഹാ ക്ഷേത്രം, തിരുമുല്ലവാരം ബീച്ച്, കുംഭാവുരുട്ടി വെള്ളച്ചാട്ടം, ഇൻഡ്യയിലെ ആദ്യത്തെ പോലീസ് മ്യൂസിയം (സർദാർ വല്ലഭായി പട്ടേൽ പോലീസ് മ്യൂസിയം, കൊല്ലം) എന്നിവയും , പത്തനാപുരം മുസ്ലീംപള്ളിയിലെ ചന്ദനക്കുട മഹോത്സവവും, 12 വർഷത്തിലൊരിക്കൽ അഞ്ചൽ പനയഞ്ചേരി ദേവീ ക്ഷേത്രത്തിൽ നടക്കുന്ന മുടി എഴുന്നള്ളത്ത്, കൊല്ലം പൂരം എന്നീ ആഘോഷങ്ങളും ധാരാളം ആളുകളെ ആകർഷിക്കുന്നവയാണ്.

1.32 കായിക വികസനം

കൊല്ലത്തിന്റെ കായിക സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കുന്നതിന് അവസരമൊരുക്കാൻ നമ്മുടെ ചിരകാല അഭിലാഷമായ ഒരു സ്റ്റേഡിയം 1988 ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതാണ് ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയം. ഇവിടെ സായി സ്പോർട്ട്സ് സ്കൂൾ , ജൂനിയർ ഫുട്ബാൾ അക്കാഡമി എന്നിവ പ്രവർത്തിക്കുന്നു. കേരളത്തിലെ അഞ്ച് സായി (സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ) കേന്ദ്രങ്ങളിൽ ഒന്ന് കൊല്ലത്താണ്. ഇവിടെ അത് ലറ്റിക്സ്, ബോക്സിംഗ്, ബാസ്കറ്റ്ബാൾ, ഫുട്ബാൾ, ഹോക്കി, കബഡി, റഗ്ബി എന്നിവയ്ക്ക് പരിശീലനം നൽകുന്നു. മുപ്പതിനായിരം പേർക്ക് ഇരിക്കാവുന്നതരത്തിലാണ് ഈ സ്റ്റേഡിയം നിർമ്മിച്ചിട്ടുള്ളത്.

ജില്ലയ്ക്ക് ഏറ്റവും അഭിമാനിക്കാവുന്ന ഒന്നാണ് 2015 ജനവരി 27 ൽ തുറന്ന അന്തർദേശീയ ഹോക്കി സ്റ്റേഡിയം. 5000 പേർക്ക് ഇരുന്ന് കളി ആസ്വദിക്കാൻ കഴിയുന്ന ഈ സ്റ്റേഡിയം അസ്ട്രോ ടർഫ് രീതിയിൽ പ്രതലം ഒരുക്കിയിട്ടുള്ള സംസ്ഥാനത്തെ ആദ്യ സ്റ്റേഡിയമാണ്. 2015 ലെ നാഷണൽ ഗെയിംസിനും സാഫ് ഗെയിംസിനും ഇവിടം വേദിയായിരുന്നു. 2011 ൽ തലശ്ശേരിയിൽ വച്ച് നടന്ന 53ാംമത് സീനിയിർ പുരുഷ ഹോക്കി മത്സരത്തിൽ തൃശ്ശൂരിനെ അട്ടിമറിച്ച് കൊല്ലം ജേതാക്കളായി. അഭിമാനകരമായ നിരവധി വിജയങ്ങൾ നാം നേടിയിട്ടുണ്ടെങ്കിലും 2017 ൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ വെറും ഒരു വെങ്കലം മാത്രം നേടി 14 ജില്ലകളിൽ 14-ാംമതായി കൊല്ലം ജില്ല എന്നത് കായിക പ്രേമികളെ നിരാശയിലാഴ്ത്തുന്നതാണ്. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുമായി ചേർന്ന് കേരളസർക്കാർ ചടയമംഗലത്ത് വനിതാ അത് ലറ്റുകൾക്ക് വേണ്ടി ഒരു സ്പോർട്ട്സ് അക്കാഡമി സ്ഥാപിക്കുന്നതിന് 2008 ൽ മന്ത്രിസഭ തീരുമാനമെടുത്തിരുന്നു. എന്നാൽ അതിന്റെ തുടർനടപടികൾ ഉണ്ടായില്ല.

കായലുകളും നദികളും ധാരാളമുള്ള ജില്ലയിൽ അക്വാട്ടിക് സ്പോർട്ട്സിന് വലിയ സാധ്യതകളാണുള്ളത്. 1969 ൽ ആരംഭിച്ച കല്ലട ജലോത്സവവും 2011 ൽ ആരംഭിച്ച പ്രസിഡൻസി ട്രോഫി വള്ളംകളിയും ചതയദിനത്തിലെ ശ്രീനാരായണ ട്രോഫി വള്ളംകളിയും ധാരാളം ആളുകളെ ആകർഷിക്കുന്നതാണ്. കേരളപ്പിറവിദിനമായ നവംബർ 1 നാണ് പ്രസിഡൻസി ട്രോഫി അഷ്ടമുടിക്കായലിൽ നടത്തുന്നത്. പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കാൻ കഴിയുന്ന രീതിയിൽ ഒരു പുത്തൻ കായിക സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്.

അദ്ധ്യായം 2

വിഭവലഭ്യത

2.1 മനുഷ്യ വിഭവം

"ഒരു വ്യക്തി ഉൾക്കൊള്ളുന്ന അറിവ്, കഴിവുകൾ, വൈദഗ്ധ്യം ഇതാണ് മനുഷ്യവിഭവം" മനുഷ്യവിഭവശേഷി അഥവാ മനുഷ്യ മൂലധന രൂപീകരണത്തിൽ വിദ്യാഭ്യാസത്തിന് മുഖ്യമായ സ്ഥാനമാണുള്ളത്. ശേഷിയും വൈദഗ്ധ്യവുമുള്ള ആളുകളെ വാർത്തെടുക്കുവാൻ വിദ്യാഭ്യാസത്തിനു മാത്രമെ കഴിയുകയുള്ളൂ. അതിനാൽ ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനസമൂഹമാണ് ഒരു പ്രദേശത്തെ മാനവവിഭവശേഷിയുടെ അടിസ്ഥാനം.

ഒരു സമൂഹത്തിന്റെ വളർച്ച നിർണ്ണയിക്കുന്നതിൽ ജനസംഖ്യ വർദ്ധനവ്/നിയന്ത്രണം ഒരു നിർണ്ണായക ഘടകമാണ്. മാനവ വിഭവശേഷി നിർണ്ണയിക്കുന്നതിൽ ജനസംഖ്യ വർദ്ധനവ് നിയന്ത്രണം മാത്രമല്ല ജനങ്ങളുടെ വാങ്ങൽ ശേഷി, വിഭവ ലഭ്യത, വിഭവങ്ങളെ ഉൽപ്പാദന പ്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് കാര്യക്ഷമതയുള്ള തൊഴിൽസേന, അതിനനുസൃതമായ സാങ്കേതിക വികസനം, സേവന വ്യവസ്ഥകൾ കാര്യക്ഷമമാക്കുന്നതിന് ശേഷിയും പരിചയവും വളർത്തിക്കൊണ്ടുവരുന്നതിനുള്ള ഘടകങ്ങൾ, അതിനുതകുന്ന സ്ഥാപനങ്ങളുടെ ലഭ്യത, ഗവേഷണ പഠന പ്രവർത്തനങ്ങൾക്കുള്ള സൗകര്യം, പശ്ചാത്തല സൗകര്യം എന്നിവയെല്ലാം നിർണ്ണായക ഘടകങ്ങളാണ്. കൂടാതെ ഒരു സമൂഹത്തിന് ലഭ്യമാകുന്ന വിദ്യാഭ്യാസ നിലവാരവും, ആരോഗ്യ പരിപാലനത്തിനുള്ള സൗകര്യവും മാനവവിഭവശേഷി രൂപപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

2.1.1 ജനസംഖ്യ

ജനസാന്ദ്രത

2011 ലെ സെൻസസ് പ്രകാരം കൊല്ലം ജില്ലയുടെ ജനസംഖ്യ 26.35 ലക്ഷമാണ്. ഇത് കേരള ജനസംഖ്യയുടെ 7.8 ശതമാനം മാത്രമാണ്. ജനസംഖ്യയുടെ വലിപ്പത്തിൽ ജില്ലയ്ക്ക് ആറാം സ്ഥാനമാണുള്ളത്. 2001 ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസാന്ദ്രത 1038 ആയിരുന്നു. ആയത് 2011ൽ 1056 ആയി വർദ്ധിച്ചിരിക്കുന്നു. ജനസംഖ്യയിൽ ഉണ്ടായ വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. ജനസാന്ദ്രത കൂടിയ ജില്ലകളിൽ ആറാം സ്ഥാനമാണ് കൊല്ലം ജില്ലയ്ക്ക് ഉള്ളത്.

പട്ടിക 2.1.1

ജനസംഖ്യ – ജനസാന്ദ്രത വിവരങ്ങൾ (ജില്ലാടിസ്ഥാനത്തിൽ)

ക്രമ നമ്പർ	ജില്ലാ	ജനസംഖ്യ		ജനസാന്ദ്രത(ച.കി.മീ)	
		2001	2011	2001	2011
1	മലപ്പുറം	3,629,640	4,112,920	1,022	1,058
2	തിരുവനന്തപുരം	3,234,707	3,301,427	1,476	1,509
3	എറണാകുളം	3,098,378	3,282,388	1,050	1,069
4	തൃശ്ശൂർ	2,975,440	3,121,200	981	1,026
5	കോഴിക്കോട്	2,878,498	3,086,293	1,228	1,318
6	പാലക്കാട്	2,617,072	2,809,934	584	627
7	**കൊല്ലം**	**2,584,118**	**2,635,375**	**1,038**	**1,061**
8	കണ്ണൂർ	2,412,365	2,523,003	813	852
9	ആലപ്പുഴ	2,105,349	2,127,789	1,496	1,501
10	കോട്ടയം	1,952,901	1,974,551	722	896
11	കാസർകോട്	1,203,342	1,307,375	604	654
12	പത്തനംതിട്ട	1,231,577	1,197,412	574	453
13	ഇടുക്കി	1,128,605	1,108,974	252	254
14	വയനാട്	786,627	817,420	369	383
	ആകെ	**31,838,623**	**33,406,061**		

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ – 2011

2001 ലെ സെൻസസ് പ്രകാരം ജില്ലയുടെ ജനസംഖ്യ 2584118 ആയിരുന്നു. എന്നാൽ 2011 ആയതോടെ ജനസംഖ്യ 2635375 ആയി വർദ്ധിച്ചിരിക്കുന്നു. ജില്ലയിലെ ജനസംഖ്യ വളർച്ചാ നിരക്ക് 1981 മുതൽ 2011 വരെ സംസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞുനിൽക്കുന്നതായി കാണാൻ സാധിക്കും. 1991 വരെ ദശാബ്ദ വളർച്ച നിരക്ക് 10.68 ആയിരുന്നെങ്കിൽ 2001, 2011 എന്നീ കാലഘട്ടങ്ങളിൽ ഇത് യഥാക്രമം 7.38, 1.94 എന്നിങ്ങനെയാണ്. 2011-12 വർഷങ്ങളിലെ സ്ഥിതിവിവര കണക്കുകൾ താരതമ്യം ചെയ്താൽ ഗ്രാമ ജനസംഖ്യ കുറഞ്ഞു നിൽക്കുന്നതായും നഗര ജനസംഖ്യ വർദ്ധിച്ചിരിക്കുന്നതായും കാണാം. തൊഴിലവസരങ്ങൾക്കു വേണ്ടി ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗരപ്രദേശങ്ങളിലേക്കുണ്ടായ കുടിയേറ്റമാണ് ഇതിന്റെ പ്രധാന കാരണം.

2001 ലെ സെൻസസ് പ്രകാരം സ്ത്രീ-പുരുഷാനുപാതം 1069 ആയിരുന്നു. 2011 ആയതോടെ ഇത് 1113 ആയി മാറി. 1981 മുതൽ ജില്ലയുടെ സ്ത്രീ-പുരുഷാനുപാതം വർദ്ധിച്ചു വരുന്നതായി കാണാവുന്നതാണ്.

പട്ടിക 2.1.2

കൊല്ലം ജില്ലയിലുൾപ്പെട്ട പ്രദേശത്തെ 1981, 1991, 2001, 2011 എന്നി വർഷങ്ങളിലെ ജനസംഖ്യയെ സംബന്ധിച്ച വിവരങ്ങൾ

വിവരങ്ങൾ		1981	1991	2001	2011
ജനസംഖ്യ	ആകെ	2175339	2407566	2585208	2635375
	പുരുഷൻ	1076052	1182810	1249621	1246968
	സ്ത്രീ	1099287	1224756	1335587	1388407
ഗ്രാമ ജനസംഖ്യ	ആകെ	1838186	1961530	2137761	1448217
	പുരുഷൻ	908959	962181	1030662	680687
	സ്ത്രീ	929227	999349	1107099	767530
നഗര ജനസംഖ്യ	ആകെ	337153	446036	447447	1187158
	പുരുഷൻ	167093	220629	218959	566281
	സ്ത്രീ	170060	225407	228488	620877
ഗ്രാമജനസംഖ്യാനുപാതം (മൊത്തം ജനസംഖ്യയുമായി)	%	84.5	81.5	82.69	54.95
നഗര ജനസംഖ്യാനു പാതം (മൊത്തം ജനസംഖ്യയുമായി)	%	15.5	18.5	17.3	45.05
ലിംഗാനുപാതം		1026	1035	1069	1113
വളർച്ചനിരക്ക്		18.37	10.67	7.38	1.94
ജനസാന്ദ്രത (ച.കി.മി)		873.3	967	1038	1061

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക് – കൊല്ലം ജില്ല

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനനനിരക്ക് 12.43 ഉം മരണനിരക്ക് 7.72 ഉം ആണ്. കുറഞ്ഞ മരണനിരക്കിന്റെ കാര്യത്തിൽ ഏഴാം സ്ഥാനമാണ് ജില്ലയുടേത്. ആരോഗ്യമേഖലയിൽ ഉണ്ടായ അത്യാധുനിക രീതിയിലുള്ള സൗകര്യങ്ങളുടെ വളർച്ചയാണ് ജനന നിരക്ക് കൂടുന്നതിന്റെയും മരണനിരക്ക് കുറയുന്നതിന്റെയും പ്രധാന കാരണം.

പട്ടിക 2.1.3

ജനസംഖ്യ - ജനന മരണ നിരക്ക് (ജില്ലാടിസ്ഥാനത്തിൽ)

ക്രമ നമ്പർ	ജില്ലാ	ജനസംഖ്യ		ജനന മരണ നിരക്ക്	
		2001	2011	ജനന നിരക്ക്	മരണ നിരക്ക്
1	മലപ്പുറം	3,629,640	4,112,920	21.66	4.88
2	വയനാട്	786,627	817,420	17.87	5.28
3	കാസർകോട്	1,203,342	1,307,375	16.42	5.45
4	ഇടുക്കി	1,128,605	1,108,974	12.71	6.14
5	പാലക്കാട്	2,617,072	2,809,934	14.5	6.45
6	കണ്ണൂർ	2,412,365	2,523,003	18.81	6.99
7	**കൊല്ലം**	**2,584,118**	**2,635,375**	**12.43**	**7.72**
8	കോഴിക്കോട്	2,878,498	3,086,293	18.61	8.14
9	ആലപ്പുഴ	2,105,349	2,127,789	10.03	8.19
10	എറണാകുളം	3,098,378	3,282,388	13.46	8.96
11	തൃശ്ശൂർ	2,975,440	3,121,200	16.23	9.17
12	തിരുവനന്തപുരം	3,234,707	3,301,427	15.47	9.42
13	കോട്ടയം	1,952,901	1,974,551	14.34	9.88
14	പത്തനംതിട്ട	1,231,577	1,197,412	13.8	10.06
	ആകെ	**31,838,623**	**33,406,061**		

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ - വാർഷിക വൈറ്റൽ റിപ്പോർട്ട് - 2013 - സാമ്പത്തിക അവലോകനവകുപ്പ്

2.1.2 ജനവിഭാഗങ്ങളിലെ വൈവിദ്ധ്യം

കേരളത്തിൽ മറ്റെല്ലായിടത്തും എന്നപോലെ കൊല്ലം ജില്ലയിലും ജാതിമത വൈവിദ്ധ്യം പ്രകടമാണ്. 64.4%, 19.29%, 17% എന്നിങ്ങനെ യഥാക്രമം ഹിന്ദു-മുസ്ലീം ക്രിസ്ത്യൻ വിഭാഗങ്ങൾ 1, 2, 3 സ്ഥാനം കൈക്കൊള്ളുന്നു. ജില്ലയുടെ ചില ഭാഗങ്ങളിൽ ന്യൂനപക്ഷ മത വിഭാഗങ്ങളും കാണപ്പെടുന്നു (2011 കണക്ക് പ്രകാരം). കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന ന്യൂനപക്ഷ വിഭാഗങ്ങളായ സിക്കുമതം, ജൈനമതം, ബുദ്ധമതം എന്നിവയിൽപെട്ട ജനങ്ങളും ജില്ലയിൽ ചെറിയ തോതിൽ കാണപ്പെടുന്നു.

പട്ടിക 2.1.4

മതത്തെ അടിസ്ഥാനമാക്കിയുള്ള ജനസംഖ്യയിലെ തരംതിരിവ് - 1981-2011

ക്രമ നമ്പർ		2001					2011								
		ഹിന്ദു	മുസ്ലീം	ക്രിസ്ത്യൻ	മറ്റുള്ളവർ	ആകെ	ഹിന്ദു	മുസ്ലീം	ക്രിസ്ത്യൻ	സിക്കുമതം	ബുദ്ധമതം	ജൈനമതം	മറ്റുള്ളവർ	മതംസൂചിപ്പിച്ചിട്ടില്ലാത്തവർ	ആകെ
1	കൊല്ലം ജില്ല	1685044	474071	423745	2348	2585208	1697635	508500	421598	208	272	63	619	6480	2635375
2	കേരള സംസ്ഥാനം	17883449	7863842	6057427	2256	31806974	18282492	8873472	6141269	3814	4752	4489	7618	88155	33406061

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക് – കൊല്ലം ജില്ല

2.1.3 പട്ടികജാതി

2011 ലെ കണക്ക് പ്രകാരം ജില്ലയിലെ എസ്.സി വിഭാഗങ്ങളുടെ എണ്ണം 328263 ആണ്. ഇതിൽ 157801 പുരുഷൻമാരും 170462 സ്ത്രീകളുമാണ്.

2001 കണക്ക് പ്രകാരം ജില്ലയുടെ ജനസംഖ്യയിൽ 12.48% പേർ പട്ടികജാതി വിഭാഗത്തിൽ ആയിരുന്നത് 2011 ആയതോടെ 12.46 ശതമാനമായി കുറഞ്ഞിരിക്കുന്നതായി കാണാം. 2001 മുതലുള്ള സ്ഥിതിവിവര കണക്കുകൾ പരിശോധിച്ചാൽ ജില്ലയുടെ ജനസംഖ്യയിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണത്തിൽ കുറവ് വന്നതായി കാണാൻ സാധിക്കും. ജില്ലയിൽ കല്ലുവാതുക്കൽ, മൈനാഗപ്പള്ളി, പിറവന്തൂർ എന്നീ പഞ്ചായത്തുകളിലാണ് കൂടുതൽ പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്നത്.

പട്ടിക 2.1.5

കൊല്ലം ജില്ല- ജനസംഖ്യ - പട്ടികജാതി

വർഷം	ജനസംഖ്യ									പട്ടികജാതി								
	ആകെ			പുരുഷൻ			സ്ത്രീ			ആകെ			പുരുഷൻ			സ്ത്രീ		
	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം
2001	2585208	2137761	447447	1249621	1030662	218959	1335587	1107099	228488	322887	285631	37256	156880	138646	18234	166007	146985	19022
2011	2635375	1448217	1187158	1246968	680687	566281	1388407	767530	620877	328263	208474	119789	157801	99761	58040	170462	108713	61749

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക് – കൊല്ലം ജില്ല

2.1.4 പട്ടികവർഗ്ഗം

2011 ലെ കണക്ക് പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം 10761 ആണ്. ഇതിൽ 5195 പുരുഷൻമാരും 5566 സ്ത്രീകളുമാണ്.

ജില്ലയിൽ ജനസംഖ്യയിൽ 2001 ജനസംഖ്യ കണക്ക് പ്രകാരം 0.20 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. 2011 ആയതോടെ ഇത് 0.40 ശതമാനമായി വർദ്ധിക്കുകയുണ്ടായി. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വളർച്ചയിൽ ചെറിയ തോതിലുള്ള വർദ്ധനവ് കാണാൻ കഴിയും. ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് കുളത്തൂപ്പുഴ പഞ്ചായത്തിലാണ്. പിറവന്തൂര്, തലവൂർ, പത്തനാപുരം, ആര്യങ്കാവ്, വിളക്കുടി, വെസ്റ്റ് കല്ലട, കുന്നത്തൂർ, തെൻമല, ചിതറ എന്നീ പഞ്ചായത്തുകളിലാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾ താരതമ്യേന കൂടുതലായി അധിവസിക്കുന്നത്.

പട്ടിക 2.1.6

കൊല്ലം ജില്ല- ജനസംഖ്യ - പട്ടികവർഗ്ഗം

വർഷം	ജനസംഖ്യ									പട്ടികവർഗ്ഗം								
	ആകെ			പുരുഷൻ			സ്ത്രീ			ആകെ			പുരുഷൻ			സ്ത്രീ		
	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം	ആകെ	ഗ്രാമം	പട്ടണം
2001	2585208	2137761	447447	1249621	1030662	218959	1335587	1107099	228488	5190	4362	828	2447	2215	232	2743	2417	326
2011	2635375	1448217	1187158	1246968	680687	566281	1388407	767530	620877	10761	7886	2875	5195	3821	1374	5566	4065	1501

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക് – കൊല്ലം ജില്ല

2.1.5 പ്രായഘടനയും സ്ത്രീ-പുരുഷ അനുപാതവും

2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യയിൽ 583023 (22.12%) പേർ 0-14 എന്ന പ്രായവിഭാഗത്തിൽ ഉൾപ്പെടുന്നവരും 1700534 (64.53%) പേർ 15-59 എന്ന പ്രായവിഭാഗത്തിൽ ഉൾപ്പെടുന്നവരും 351818 (13.35%) പേർ 60 വയസ്സിനു മുകളിൽ വരുന്നവരുമാണ്.

2011 ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ 0-6, 7-14 എന്നീ പ്രായവിഭാഗത്തിൽ വരുന്നവരിൽ 50.85 ശതമാനം ആൺകുട്ടികളാണ്. എന്നാൽ 15-59 വരെയുള്ള പ്രായഘടനയിൽ വരുന്നത് 46 ശതമാനം പുരുഷൻമാരും 54 ശതമാനം സ്ത്രീകളുമാണ്.

2011 ലെ കണക്ക് പ്രകാരം ജില്ലയിലെ ജനസംഖ്യയിൽ 1246968 പുരുഷൻമാരും 1388407 സ്ത്രീകളുമാണ്. ഇത് കാണിക്കുന്നത് 1000 പുരുഷൻമാർക്ക് 1113 സ്ത്രീകൾ ഉണ്ടെന്നാണ്.

പട്ടിക 2.1.7

വ്യത്യസ്ത പ്രായ വിഭാഗത്തിൽപ്പെടുന്ന ജനസംഖ്യ 2011

പ്രായവിഭാഗം	പുരുഷൻ	സത്രീ	ആകെ
7-14	167596	161167	328763
15-59	791778	908756	1700534
60 ന് മുകളിൽ	157806	192206	350012
പ്രായം വെളിപ്പെടുത്താത്തത്	889	917	1806
ആകെ	**1246968**	**1388407**	**2635375**

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ

2.1.6 സ്ത്രീ-പുരുഷാനുപാതം- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ

2011 സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗം 3,28,263 ആണ് ഇതിൽ 157801 പുരുഷൻമാരും 170462 സ്ത്രീകളുമാണ്. കേരളത്തിന്റെ പട്ടികജാതി ജനസംഖ്യയുടെ 10.8 ശതമാനമാണ് ജില്ലയുടെ പട്ടികജാതി ജനസംഖ്യ.

2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയിൽ പട്ടികവർഗ്ഗം 10761 പേരാണ്. ഇതിൽ 5195 പുരുഷൻമാരും 5566 സ്ത്രീകളുമാണുള്ളത്.

പട്ടിക 2.1.8

പട്ടികജാതി-പട്ടികവർഗ്ഗത്തിലെ സ്ത്രീ-പുരുഷഅനുപാതം (2011 ലെ കണക്ക് പ്രകാരം)

	എസ്.സി	എസ്.റ്റി
കേരളം	1057	1035
കൊല്ലം	1080	1071

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക് , കൊല്ലം ജില്ല

2011 സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്ത്രീ-പുരുഷാനുപാതം 1080, 1071 എന്നീ ക്രമത്തിലാണ്. ആയത് സംസ്ഥാന സ്ത്രീ-പുരുഷാനുപാതത്തേക്കാൾ വളരെ കൂടുതലാണ്.

2.1.7 കുടിയേറ്റം

കുടിയേറ്റ തൊഴിലാളികൾ സംസ്ഥാനത്തെ ഒരു പ്രധാന സാമ്പത്തിക ശക്തിയാണ്. ഗ്ലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013 ലെ പഠനമനുസരിച്ച് കേരളത്തിൽ ഏകദേശം 2.5 മില്യൺ (25 ലക്ഷം) ആഭ്യന്തര കുടിയേറ്റക്കാർ ഉള്ളതായും കൊല്ലം ജില്ലയിൽ ഏകദേശം 2.5 ലക്ഷം തൊഴിലാളികൾ തൊഴിലെടുക്കുന്നതായും പറയപ്പെടുന്നുണ്ട്. എന്നാൽ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നാളിതുവരെ യാതൊരു ഏജൻസികളും നടത്തിയിട്ടില്ല. അതിനാൽ ടി തൊഴിലാളികളെ സംബന്ധിച്ച ആധികാരിക രേഖകളൊന്നും തന്നെ നിലവിലില്ല.

മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, കേരളത്തിലെ ജീവിത നിലവാരം, ഉയർന്ന ആരോഗ്യ സൂചികകൾ, കുട്ടികൾക്കായുള്ള വിദ്യാഭ്യാസം എന്നിവ കേരളത്തിലേക്കുള്ള കുടിയേറ്റത്തെ ആകർഷിക്കുന്നു. കൂടാതെ തൊഴിൽ രംഗത്തെ പുരോഗതി കേരളത്തിൽ കൂടുതൽ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ക്വാറികൾ, ഹോട്ടലുകൾ, തോട്ടം മേഖല, കൃഷി ആവശ്യങ്ങൾ, കന്നുവണ്ടി വ്യവസായം എന്നീ മേഖലകളിലാണ് പ്രധാനമായും ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മാത്രമല്ല സാർക്ക് രാജ്യങ്ങളിലും നൽകുന്നതിനേക്കാൾ ഉയർന്ന വേതനമാണ് തൊഴിലാളികൾക്ക് കേരളം ഇപ്പോൾ നൽകുന്നത്. ഇതും ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്കു വരാനുള്ള പ്രധാന കാരണമാണ്.

കേരളത്തിൽ നിന്നും പുറംരാജ്യങ്ങളിൽ പോയി പണിയെടുക്കുന്നവരെയും മറ്റ് നാടുകളിൽ നിന്നും ഇവിടെ കുടിയേറി ജോലി ചെയ്യുന്നവരെയും സംബന്ധിച്ച് സമീപകാല കണക്കുകളൊന്നും ലഭ്യമല്ല. എന്നാൽ 1980-ൽ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് തൊഴിൽ സംബന്ധമായി ജില്ലയിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങിലേക്കും കുടിയേറിയവരെപ്പററി ഒരു സെൻസസ് സർവ്വേ നടത്തിയിരുന്നു. ഇതുപ്രകാരം ജില്ലയിൽ നിന്നും 24683 പേർ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കും 14205 പേർ പുറംരാജ്യങ്ങളിലേക്കും ജോലി തേടി പോയതായി കാണുന്നു.

കേരളത്തിന്റെ എന്ന പോലെ ജില്ലയുടെയും സാമൂഹിക സാമ്പത്തിക ഘടനയെ മെച്ചപ്പെടുത്തുന്ന ഒരു ഘടകം വിദേശത്തു പോയി ജോലി ചെയ്യുന്നവർ നാട്ടിലെത്തിക്കുന്ന പണമാണെന്നുള്ളത് ഒരു വസ്തുതയാണ്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരും ജില്ലയുടെ സാമൂഹ്യ ഘടനയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്.

1961 മുതലുള്ള സ്ഥിതി വിവര കണക്കുകൾ പരിശോധിച്ചാൽ ഗ്രാമ പ്രദേശങ്ങളിലെ ജനസംഖ്യാനുപാതം കുറഞ്ഞുവരുന്നതായും നഗരവാസികളുടെ അനുപാതം കൂടുന്നതായും കാണാം. ഇങ്ങനെ സംഭവിക്കുന്നതിന് പിന്നിൽ പലകാരണങ്ങൾ ഉണ്ടെങ്കിലും ഗ്രാമവാസികളായ ജനങ്ങളുടെ നഗരത്തിലേക്കുള്ള കുടിയേറ്റവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച്, തമിഴ് നാട്ടിൽ നിന്നും ജോലി സംബന്ധമായി (കായികാദ്ധ്വാനം ആവശ്യമുള്ള നിർമ്മാണ സേവന ഘൂചീകരണ മേഖലകളിൽ) ഇവിടെ കുടിയേറിയവരിൽ ഏറിയ പങ്കും നഗരത്തിൽ താമസിക്കുന്നതുമാവാം പ്രധാന കാരണങ്ങൾ.

ജില്ലയിലെ 15--59 പ്രായവിഭാഗത്തിലുള്ള പുരുഷൻമാരുടെ എണ്ണത്തിൽ സ്ത്രീകളെ അപേക്ഷിച്ച് കുറവ് വരുവാനുള്ള ഒരു പ്രധാന കാരണം പ്രാഥമിക വിദ്യാഭ്യാസമോ മെട്രിക്കുലേഷനോ അല്ലെങ്കിൽ ഏതെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ നേടിയതിന് ശേഷം പുരുഷൻമാരിൽ ഒരു വിഭാഗം തൊഴിൽതേടി വിദേശ രാജ്യങ്ങളിലോ ഇന്ത്യയിലെ തന്നെ മറ്റ് സംസ്ഥാനങ്ങളിലേക്കോ പോകുന്നതാണെന്ന് അനുമാനിക്കാവുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ ജോലി തേടി വരുന്ന ആളുകളെല്ലാം തന്നെ കായികാദ്ധ്വാനം ആവശ്യമുള്ള മേഖലകളിലാണ് പണിയെടുക്കുന്നത്. ഈ മേഖലയിൽ പണിയെടുക്കുവാൻ ഇവിടെയുള്ള തൊഴിൽ അന്വേഷകർ തയ്യാറല്ലാത്തതും കുറഞ്ഞ വേതന നിരക്കിൽ മററ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾ ജോലി ചെയ്യാൻ തയ്യാറാവുന്നതും ഇതിന് കാരണമാകുന്നു. എന്നാൽ ഇവിടെനിന്നും ഗൾഫ് രാജ്യങ്ങളിലും മററും ജോലി തേടി പോകുന്ന അവിദഗ്ധ തൊഴിലാളികളിൽ മിക്കപേരും അവിടങ്ങളിൽ നിർമാണരംഗത്തും കായികാദ്ധ്വാനം ആവശ്യമുള്ള രംഗങ്ങളിലും മെച്ചമല്ലാത്ത സേവന വേതന വ്യവസ്ഥകളിൽ പണിയെടുക്കുന്നുവെന്നതാണ് വസ്തുത. നമ്മുടെ തൊഴിൽ മനോഭാവത്തിൽ കാതലായ വ്യതിയാനം ഉണ്ടായാൽ തൊഴിലില്ലാത്തവർക്ക് ഇവിടുത്തെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാനും ക്ലേശങ്ങൾ സഹിച്ച് പുറംരാജ്യങ്ങളിൽ പോയി പണിയെടുക്കുന്നതിൽ നിന്ന് മോചനം നേടുവാനും സാധിക്കും.

2.1.8 തൊഴിൽസേനയും തൊഴിൽ പങ്കാളിത്തവും

18 വയസ്സിനും 100 വയസ്സിനുമിടയിൽ പ്രായമുള്ള, തൊഴിലെടുക്കുവാൻ മാനസികവും കായികവും ആയി ശേഷിയുള്ള ജനവിഭാഗത്തെ തൊഴിൽ സേനയിൽ ഉൾപ്പെടുത്താവുന്നതാണ്. 2001 കണക്ക് പ്രകാരം ജനസംഖ്യയുടെ 32.1% തൊഴിലാളികളാണുണ്ടായിരുന്നത്. ഇതിൽ പുരുഷൻമാരുടെ പങ്കാളിത്തം 48.4% ഉം സ്ത്രീകളുടേത് 16.8% ഉം ആണ്. 2011 ഓടെ ഇത് 51.7%, 19.3% എന്നിങ്ങനെ ചെറിയ തോതിൽ വർദ്ധനവുണ്ടായതായി കാണപ്പെടുന്നു.

2.1.9 തൊഴിൽഘടന

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ആകെ തൊഴിലാളികൾ 912025 ആണ്. ഇതിൽ 644362 പുരുഷൻമാരും 277663 സ്ത്രീകളുമാണ്. ആകെ തൊഴിലാളികൾ മൊത്തം ജനസംഖ്യയുടെ 34.61% ആണ്. ജില്ലയിലെ ആകെ തൊഴിലാളികളിൽ 695299 പേർ മുഖ്യതൊഴിലാളികളും 216726 പേർ മാർജിനൽ തൊഴിലാളികളുമാണ്. ജില്ലയിലെ പ്രവാസികളുടെ എണ്ണം 199933 ആണ്.

പട്ടിക 2.1.9

തൊഴിൽഘടന

ഇനം	ആകെ	പുരുഷൻ	സ്ത്രീ
തൊഴിലാളികൾ	912025	644362	277663
മെയിൻ വർക്കേഴ്സ്	695299	509909	185390
മാർജിനൽ വർക്കേഴ്സ്	216726	134453	82273

അവലംബം : സെൻസസ് ഓഫ് ഇൻഡ്യ ,പഞ്ചായത്ത് തലസ്ഥിതി വിവര കണക്ക്– കൊല്ലം ജില്ല

2.1.10 പരമ്പരാഗത തൊഴിൽമേഖല

ജില്ലയിലെ പരമ്പരാഗത വ്യവസായങ്ങളാണ് കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം എന്നിവ. രാജ്യത്തിന്റെ കശുവണ്ടി കയറ്റുമതി 80 ശതമാനവും കൊല്ലം ജില്ലയിൽ നിന്നുമാണ്.

2.1.11 സാക്ഷരതാ നിലവാരം

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ സാക്ഷരതാ നിരക്ക് 93.77 ആയിരിക്കുമ്പോൾ സ്ത്രീകളുടേത് 91.95 ഉം പുരുഷന്മാരുടേത് 95.83 ഉം ആണ്. 88.55 സാക്ഷരതാ നിരക്കോടെ നെടുവത്തൂർ പഞ്ചായത്ത് ഒന്നാം സ്ഥാനത്തും 88.13 സാക്ഷരതാ നിരക്കോടെ കൊട്ടാരക്കര പഞ്ചായത്ത് രണ്ടാം സ്ഥാനത്തും നിൽക്കുമ്പോൾ കുളത്തുപ്പുഴ പഞ്ചായത്ത് 81.67 സാക്ഷരത നിരക്കോടെ ജില്ലയിൽ ഏറ്റവും പിന്നിലാണ്. സ്ത്രീ സാക്ഷരത ഏറ്റവും ഉയർന്നത് നെടുവത്തൂർ പഞ്ചായത്തിലും (88.04) ഏറ്റവും താഴ്ന്നത് ആര്യങ്കാവ് പഞ്ചായത്തിലും (77.65) ആണ്. പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽ സാക്ഷരതാ നിരക്ക് യഥാക്രമം 88.5, 85.7 എന്നിങ്ങനെയാണ്.

1991 ലെ കാനേഷുമാരി വിവരങ്ങൾ അനുസരിച്ച് സാക്ഷരതാ നിരക്ക് 89.81 ആയിരുന്നു. പുരുഷൻമാരുടെ 93.62 ഉം സ്ത്രീകളുടെ 86.17 ഉം ആണ്. സാക്ഷരതാ നിരക്കിൽ ഗണ്യമായ

പുരോഗതിയാണ് 1991-2011 കാലഘട്ടത്തിലുണ്ടായതെന്ന് മനസ്സിലാക്കാം. സംസ്ഥാന നിരക്കിനേക്കാൾ വളരെ മുന്നിലാണ് ജില്ലയിലെ പുരുഷ സാക്ഷരതാ നിരക്ക് എന്നുള്ളതും സവിശേഷതയാണ്.

2.1.12 വിദ്യാഭ്യാസ നിലവാരം

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യയുടെ 20.05 ശതമാനം പേർ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. ഇക്കൂട്ടരിൽ 51 ശതമാനം പേർ പുരുഷൻമാരാണ്. മെട്രിക്കുലേഷൻ വരെ വിദ്യാഭ്യാസം ലഭിച്ച 12.53 ശതമാനം പേരിൽ 52 ശതമാനവും സ്ത്രീകളാണ്. എന്നാൽ ഹയർസെക്കന്ററി പാസ്സായിട്ടുള്ളവരിൽ 51 ശതമാനവും സ്ത്രീകളാണ്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരിൽ 35 ശതമാനം സ്ത്രീകളാണ്. ബിരുദമോ, ബിരുദാന്തര ബിരുദമോ ഉള്ളവരിൽ 55 ശതമാനവും സ്ത്രീകളാണ്. ഈ കണക്കുകൾ പരിശോധിക്കുമ്പോൾ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ പുരുഷന്മാരേക്കാൾ മുന്നിലാണെന്ന് മനസ്സിലാക്കാം.

2.1.13 ആരോഗ്യരംഗം

1991 മുതൽ നടത്തിയിട്ടുള്ള സ്ഥിതിവിവര കണക്കുകളനുസരിച്ച് ജില്ലയിലുണ്ടായിട്ടുള്ള ജനസംഖ്യ വർദ്ധനവ് സംസ്ഥാനത്തെ മൊത്തത്തിലുണ്ടായ ജനസംഖ്യ വർദ്ധനവിനേക്കാളും കുറവാണ്. അതുപോലെ മരണനിരക്കിലും ഗണ്യമായ കുറവ് ഉണ്ടാകുകയും ശരാശരി ആയുർദൈർഘ്യം കൂടുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ തന്നെ കേരള സർക്കാർ ആതുര ശുശ്രൂഷ രംഗത്തും കുടുംബാസൂത്രണ രംഗത്തും നടപ്പിലാക്കിയ കാര്യക്ഷമമായ പദ്ധതികളുടെ ഫലമാണെന്ന് കാണാം. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ആതുര ശുശ്രൂഷ രംഗത്ത് കാര്യമായ സംഭാവനകൾ നൽകിയത് വിസ്മരിക്കാനാവില്ല.

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള അവസ്ഥ പരിശോധിച്ചാൽ ആരോഗ്യ പരിപാലന രംഗത്ത് ജില്ലയിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് മനസിലാക്കാം. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി തുടങ്ങി എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതായി കാണാം. ഇതിന്റെ ഫലമായി ജനങ്ങളുടെ പൊതു ആരോഗ്യനില മെച്ചപ്പെടുകയും മരണനിരക്ക് ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. 2011 ലെ കണക്ക് അനുസരിച്ച് ജില്ലയിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള 100 സർക്കാർ ആശുപത്രികളും 2335 കിടക്കകളും ഉണ്ട്. കൂടാതെ, സ്വകാര്യ മേഖലയിൽ 1007 ആരോഗ്യപരിപാലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇവയിലൊട്ടാകെ 1550 ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം 1996-2000 ത്തിൽ 1991-96 വരെയുള്ള ആയുർദൈർഘ്യത്തേക്കാൾ കൂടുതലാണെന്ന് കാണാം. 1996-2000 ത്തിൽ പുരുഷൻമാരുടെ ആയുർദൈർഘ്യം 68.2 വയസാണെങ്കിൽ സ്ത്രീകളുടേത് 73.6 വയസാണ്. ഇത് 1991-96-ൽ യഥാക്രമം 67.2, 72.3 ഉം ആയിരുന്നു. ദേശീയ തലത്തിൽ 1996-2000 ലെ ആയുർദൈർഘ്യം യഥാക്രമം 62.8 വയസും 64.2 വയസുമാണ്. സംസ്ഥാനത്തെ ഈ പ്രവണത കൊല്ലം ജില്ലയിലും നിലനിൽക്കുന്നു.

ആയുർദൈർഘ്യം കൂടുന്നതിനോടൊപ്പം ശിശുമരണ നിരക്ക് വളരെയധികം കുറക്കുന്നതിനും ആരോഗ്യ പരിപാലന രംഗത്തെ ദീർഘവീക്ഷണമുള്ള പരിപാടികളുടെ ഫലമായി സാധിച്ചിട്ടുണ്ട്. ശിശുമരണം കുറയ്ക്കുന്ന കാര്യത്തിൽ വളരെ വലിയ നേട്ടം തന്നെയുണ്ടാക്കുവാൻ കൊല്ലം ജില്ലയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.1981-ൽ 100 ജനത്തിന് 46 മരണം സംഭവിച്ചിരുന്നുവെങ്കിൽ 1991 ൽ അത് 25 ആയി കുറഞ്ഞു. ഇത് സംസ്ഥാന ശരിശരിയേക്കാൾ വളരെ കുറഞ്ഞ നിരക്കാണ്.

2.2 പ്രകൃതി വിഭവങ്ങൾ

2.2.1 പൊതു ഭൂമിശാസ്ത്രം

ഭൂമിശാസ്ത്രപരമായി ഉത്തര അക്ഷാംശം $8^0$45'നും $9^0$28'നും പൂർവ്വ രേഖാംശം $76^0$29'നും $77^0$17'നും ഇടയിലായി സ്ഥിതി ചെയ്യുന്ന 2491 ച.കി വിസ്തീർണ്ണമുള്ള കൊല്ലം ജില്ലയുടെ 1402 ച.കി വനഭൂമിയാണ്. ജില്ലയുടെ വടക്കും തെക്കും ഭാഗങ്ങൾ തമ്മിലുള്ള ഏറ്റവും കൂടിയ അകലം 83.7 കി.മീ ഉം

പടിഞ്ഞാറും കിഴക്കും തമ്മിലുള്ള ഏറ്റവും കൂടിയ ദൂരം 77.3 കി.മീ.ഉം ആണ്. ജില്ലയ്ക്ക് ആകെയുള്ള തീരപ്രദേശമാകട്ടെ പടിഞ്ഞാറു ഭാഗത്തായി 37 കി.മീ നീളത്തിലാണ്.

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയെ പടിഞ്ഞാറ് അറബിക്കടലിനോട് ചേർന്നുകിടക്കുന്ന തീരസമതലങ്ങൾ ഉൾപ്പെടുന്ന താഴ്ന്ന പ്രദേശം, ചെറുകുന്നുകളും താഴ്വരകളും അടങ്ങിയ മദ്ധ്യതടം, കിഴക്ക് വനനിബിഡവും ഇടുങ്ങിയ താഴ്വരകളുള്ളതുമായ ഉന്നതതടം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇവിടെ നിമ്നതടമെന്നത് സമുദ്രനിരപ്പിൽ നിന്നും 10 മീറ്റർ വരെ മാത്രം ഉയരമുള്ള തീരസമതല പ്രദേശങ്ങളും, മദ്ധ്യതടം എന്നത് 10 മുതൽ 100 മീറ്റർ വരെ ഉയരമുള്ള ഇടനാടും, ഉന്നതതടം എന്നത് 100 മീറ്ററിനുമുകളിൽ ഉയരമുള്ള മലനാടും എന്നാണ് വിവക്ഷിച്ചിട്ടുള്ളത്. ഇവിടെ നിന്നും കിഴക്കോട്ട് സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ക്രമേണ വർദ്ധിച്ച് ശരാശരി 3500 അടി വരെ ഉയരമെത്തുന്ന കിഴക്കുവശം വടക്കോട്ടും തെക്കോട്ടും ചരിഞ്ഞതുമാണ്. ആകെ വിസ്തൃതിയുടെ 63% തീരസമതലപ്രദേശവും 23% ഇടനാടും, 14% മലനാടും ആണെന്നു കാണാം. ജില്ലയിലെ താലൂക്കുകളിൽ കരുനാഗപ്പള്ളി നിമ്നതടത്തിലും മധ്യതടത്തിലുമായും, കുന്നത്തൂർ, കൊട്ടാരക്കര എന്നീ താലൂക്കുകൾ പൂർണ്ണമായും മദ്ധ്യതടത്തിലുമായി സ്ഥിതിചെയ്യുന്നു.

ജില്ലയിലെ ഏറ്റവും താഴ്ന്ന പ്രദേശമായ പടിഞ്ഞാറേ തീരപ്രദേശം /സമതലപ്രദേശങ്ങൾ ചവറയ്ക്ക് വടക്കോട്ടും കൊല്ലം താലൂക്കിൽ ഉമ്മന്നൂരിനു പടിഞ്ഞാറുഭാഗം വരെയും തെക്കുപടിഞ്ഞാറ് തട്ടാമലയുടെ തെക്കുഭാഗം വരെയും പടിഞ്ഞാറ് വട്ടക്കായലിനു വടക്കുഭാഗം വരെയും വ്യാപിച്ചുകിടക്കുന്നു. കല്ലട, ഇത്തിക്കര എന്നീ നദികളുടെ പ്രാന്ത പ്രദേശങ്ങളായ കൊട്ടാരക്കര, ഏനാത്ത്, പിലവൂർക്കോണം, ഉമ്മന്നൂർ, പെരുങ്കുളം തുടങ്ങിയ കുന്നുകളും താഴ് വരകളും ചേർന്ന സ്ഥലങ്ങൾ ഇടനാടു പ്രദേശത്തിൽ ഉൾപ്പെടുന്നു. ഏരൂർ, അയിരനല്ലൂർ, വളകെട്ടിമല, തെൻമല തുടങ്ങിയ സ്ഥലങ്ങൾ 100 മുതൽ 300 വരെ മീറ്റർ ഉയരമുള്ള അപ് ലാൻറ് മേഖലയിൽ പെടുന്നു. 300 മുതൽ 600 വരെ മീറ്റർ ഉയരമുള്ള പ്രദേശങ്ങൾ പശ്ചിമഘട്ട മലനിരകളാണ്. 600 മീറ്ററിനുമേൽ ഉയരമുള്ള കിഴക്കാംതൂക്കായ മലനിരകൾ അടങ്ങിയ ആര്യങ്കാവ് തുടങ്ങിയ പ്രദേശങ്ങളാണ് ഏറ്റവും ഉയരം കൂടിയ പ്രദേശം. ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശം 1759 മീറ്റർ ഉയരത്തിലുള്ള കരിമലൈ കടയ്ക്കൽ ആണ്.

2.2.2 മണ്ണ്

ജില്ലയിലെ മൺതരങ്ങളായ വെട്ടുകൽ മണ്ണ്, വനപ്രദേശ മണ്ണ്, നദീതട എക്കൽ മണ്ണ്, ഓണാട്ടുകര മണ്ണ്, ചെങ്കൽ മണ്ണ് തുടങ്ങിയവയെ പട്ടിക 2.2.1 പ്രകാരം ശാസ്ത്രീയമായി വേർതിരിച്ചിട്ടുണ്ട്.

പട്ടിക 2.2.1

മണ്ണ് തരം തിരിവ് – കൊല്ലം ജില്ല

നം	മണ്ണ്-തരങ്ങൾ	ജില്ലയിലെ വിസ്തൃതി (ഹെക്ടർ)	ആകെ വിസ്തൃതിയുടെ ശതമാനം
1	മാന്നാർ സീരീസ്	12800	5.39
2	കല്ലട സീരീസ്	6440	2.71
3	മൈനാഗപ്പള്ളി സീരീസ്	13500	5.68
4	വർക്കല സീരീസ്	19900	8.37
5	ഉമ്മന്നൂർ സീരീസ്	31600	13.29
6	നെടുമങ്ങാട് സീരിസ്	42570	17.91
7	മൈലം സീരീസ്	3200	1.34
8	പാലോട് സീരിസ്	61000	25.70

9	ചണ്ണപ്പേട്ട സീരീസ്	38500	16.20
10	നെടുമ്പന സീരീസ്	8108	3.41
ആകെ		**2,37,618**	

അവംലംബം . ജില്ലാ പദ്ധതി 1997-2002

മേൽ പട്ടികയിൽ 1-3 വരെ സീരീസുകൾ സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ വരെ മാത്രം ഉയരമുള്ള തീരപ്രദേശങ്ങളിലും 4-7 വരെ സീരീസുകൾ 20 മുതൽ 100 മീറ്റർ വരെ ഉയരമുള്ള സമതലപ്രദേശങ്ങളിലും 8 സീരീസ് 100 മുതൽ 300 മീറ്റർ വരെ ഉയരമുള്ള മദ്ധ്യതടങ്ങളിലും 9 സീരീസ് 300 മുതൽ 600 മീറ്റർ വരെ ഉയരമുള്ള ഉന്നതതടങ്ങളിലും 10 സീരീസ് 600 മീറ്ററിന് മുകളിൽ ഉയരമുള്ള ഉന്നതതടങ്ങളിലും കാണപ്പെടുന്നു.

പട്ടിക 2.2.2

മണ്ണിന്റെ വിവിധ തരങ്ങൾ

നം	മണ്ണിന്റെ തരം	വിസ്തീർണ്ണം	വിവരണം	പഞ്ചായത്ത് തലത്തിൽ % ഉൾപ്പെടെ
1	കെ 01	25.95 ച.കി.മീ	വളരെ ആഴത്തിലുള്ള നീർവാഴ്ചയുള്ള മണൽ നിറഞ്ഞ മണ്ണ് താരതമ്യേന ഈർപ്പം ഉള്ളതും ചതുപ്പോട് കൂടിയതും ലളിത മണ്ണൊലി പ്പുമുള്ള പ്രദേശം	ക്ലാപ്പന (45%), ഓച്ചിറ (20%), കുലശേഖരപുരം(70%), കരുനാഗപ്പള്ളി (60%)
2	കെ 02	17.58 ച.കി.മീ	വളരെ ആഴത്തിലുള്ളതും നല്ല നീർവാഴ്ചയുള്ള മണൽ നിറഞ്ഞ മണ്ണ് സാമാന്യം താഴ്ചയിലുള്ള ജലനിരപ്പും ചെറിയ ചരിവോട് കൂടിയത്	ക്ലാപ്പന (55%), ഓച്ചിറ (80%), കുലശേഖരപുരം(15%), ആലപ്പാട്(85%) കരുനാഗപ്പള്ളി (8%)
3	കെ 04	67.00 ച.കി.മീ	വളരെ ആഴത്തിലുള്ളതും നീർവാഴ്ച കുറവുള്ളതും നേരിയ ജലനിരപ്പുള്ള പശിമരാശിമണ്ണ് വെള്ളക്കെ ട്ടുള്ള ചതുപ്പ് സ്ഥലങ്ങളിൽ കാണുന്ന മണ്ണ്	കുലശേഖരപുരം (15%), തഴവ (40%), കരുനാഗപ്പള്ളി (30%), തൊടിയൂർ (10%), മൈനാഗപ്പള്ളി (30%), പൻമന (20%), ചവറ(5%), തേവലക്കര (5%), പെരിനാട് (15%),തൃക്കടവൂർ(10%), വടക്കേവിള, കൊറ്റൻകര, തൃക്കോവിൽ വട്ടം
4	കെ 05	15.50 ച.കി.മീ	വളരെ ആഴത്തിലുള്ളതും നീർവാഴ്ച കുറവുള്ളതും കളിമണ്ണ്കലർന്ന താഴ് വാരങ്ങളിലുമുള്ള ഉയർന്ന ജലനിരപ്പുള്ള ചെറിയ മണ്ണൊലിപ്പ് പ്രദേശം	ആലപ്പാട് (10%), പൻമന(5%), ചവറ (5%), ശക്തികുളങ്ങര (10%), തൃക്കരുവ(3%), കിളികൊല്ലൂർ (80%), കൊല്ലം (2%)

5	കെ 07	261.00 ച.കി.മീ	വളരെ ആഴത്തിലുള്ള കൂടുതൽ നീർവാഴ്ചയുള്ള ഗ്രാവൽ കലർന്ന പശിമരാശി മണ്ണ്സാധാരണ രീതി	തഴവ(60%), തൊടിയൂർ(85%), മൈനാഗപ്പള്ളി (50%), ശൂരനാട് തെക്ക്, പൻമന (75%), ചവറ(90%), തേവലക്കര (85%), നീണ്ടകര(50%), തെക്കുംഭാഗം (100%), മൺറോതുരുത്ത് (50%), പെരിനാട്(85%), ശക്തികുളങ്ങര (80%, തൃക്കരുവ(90%), തൃക്കടവൂർ(85%), ഇരവിപുരം(100%), വടക്കേവിള(45%), കൊറ്റങ്കര(80%), മയ്യനാട്(95%), തൃക്കോവിൽവട്ടം(90%), പൂയപ്പള്ളി(2%), ആദിച്ചനല്ലൂർ(90%), ചാത്തന്നൂർ(100%), പൂതക്കുളം(75%), കല്ലുവാതുക്കൽ(95%), കൊല്ലം(98%), പരവൂർ(80%)
6	കെ 09	394.00 ച.കി.മീ	വളരെ ആഴത്തിലുള്ള ഗ്രാവൽ കലർന്ന പശിമരാശി മണ്ണ് ഇടനാട്ടി ലുള്ള സാധാരണരീതിയിൽ ചരുവുള്ള ചെങ്കല്ല് കലർന്നതും ചെറിയ രീതിയിൽ മണ്ണൊലിപ്പ് ഉള്ളതുമാണ്.	വെട്ടിക്കവല (50%), ഉമ്മന്നൂർ(45%), നിലമേൽ(60%),പട്ടാഴിവടക്കേക്കര(98%), പത്തനാപുരം(45%), വിളക്കുടി(45%), പിറവന്തൂർ(40%),കരവാളൂർ(60%), ഇടമുളയ്ക്കൽ(85%), ഏരൂർ(60%), അലയമൺ(25%), കുളത്തൂപ്പുഴ(10%), തെൻമല(10%), പുനലൂർ (60%)
7	കെ 12	741.00 ച.കി.മീ	വളരെ ആഴത്തിലുള്ള കൂടുതൽ നീർവാഴ്ചയുള്ള ചെറിയ ഉരുളൻ കല്ലുള്ള ചെമ്മണ്ണ് നിറഞ്ഞ ചതുപ്പോ ടുകൂടിയ ഇടനാട്, ചെങ്കല്ലോടുകൂടിയ താഴ്വാര പ്രദേശം അടങ്ങിയത്	തൊടിയൂർ (5%), ശൂരനാട് വടക്ക്(100%), ശൂരനാട്തെക്ക്(40%), പോരുവഴി(100%), ശാസ്താംകോട്ട(85%), കുന്നത്തൂർ(95%), പടിഞ്ഞാറേകല്ലട(100%),തേവലക്കര(5%), മൺറോതുരുത്ത്(50%), കിഴക്കേ കല്ലട(95%),പേരയം(80%),കുണ്ടറ(100%), മൈലം(100%), മേലില(100%), വെട്ടിക്കവല(50%),ഉമ്മന്നൂർ(55%), നെടുവത്തൂർ(100%),എഴുകോൺ(100%), കരീപ്ര(100%), പൂയപ്പള്ളി(90%), വെളിയം(100%), കൊട്ടാരക്കര(100%), നെടുമ്പന(100%), ആദിച്ചനല്ലൂർ(50%), ഇളമാട്(100%), വെളിനല്ലൂർ (100%), ചടയമംഗലം(100%), നിലമേൽ(40%), കടയ്ക്കൽ(5%), ഇട്ടിവ(10%), ചിതറ(98%), പട്ടാഴി(100%), പട്ടാഴി വടക്കേക്കര(2%), തലവൂർ(100%), വിളക്കുടി(55%), കരവാളൂർ(40%), ഏരൂർ(15%), അലയമൺ(15%), പുനലൂർ(40%), അഞ്ചൽ
8	കെ 31	366.00 ച.കി.മീ	വളരെ ആഴത്തിലുള്ളതും നീർവാഴ്ചയുള്ളതും ഗ്രാവൽ കലർന്ന മണ്ണ് കുത്തനെ	ചിതറ (2%), കുളത്തൂപ്പുഴ(25%), മെൻമല(80%), ആര്യങ്കാവ്(55%)

			ചരിവോട് കൂടിയ മല നിരകളും നിബിഡ വൃക്ഷങ്ങളും കാണുന്നു. സാമാന്യ രീതിയിൽ മണ്ണൊലിപ്പ് കാണുന്നു.	
9	കെ 32	265.00 ച.കി.മീ	ആഴത്തിലുള്ളതും നീർവാഴ്ചയുള്ളതും പശപ്പുള്ള കളിമണ്ണോടു കൂടിയത്. ചരിവോട് കൂടിയ മലകളും താഴ് വാരങ്ങളും അടങ്ങിയ പ്രദേശം. സാമാന്യം നല്ല രീതിയിൽ മണ്ണൊലിപ്പ് കാണുന്നു.	പത്തനാപുരം(55%), കുളത്തൂപ്പുഴ(25%), തെൻമല(80%), ആര്യങ്കാവ്(55%)
10	കെ 34	3.56 ച.കി.മീ	വളരെ ആഴത്തിലുള്ളതും നീർവാഴ്ച കുറഞ്ഞതും സാമാന്യം ആഴത്തിൽ ജലവിതാനമുള്ളതും നിരപ്പായ താഴ്വാരവും ചെറിയ തോതിൽ മണ്ണൊലിപ്പുള്ളതും ആകുന്നു.	കുളത്തൂപ്പുഴ(3%)
11	കെ 36	156.00 ച.കി.മീ	നല്ല ആഴത്തിലുള്ള നീർവാഴ്ചയുള്ള കുത്ത നെയുള്ള ചരിവുള്ള കളിമണ്ണ് കലർന്ന മണ്ണ്, നിബിഡവനങ്ങൾ നിറഞ്ഞ നേരീയ മണ്ണൊലിപ്പുള്ളത്.	കുളത്തൂപ്പുഴ
12	കെ 35	14.86 ച.കി.മീ	ആഴത്തിലുള്ളതും നീർവാഴ്ചയുള്ളതും ഗ്രാവൽ കലർന്ന കളിമണ്ണ് നല്ല ചരിവുള്ളതും താഴ് വാരങ്ങളും മലമടക്കുകളും അടങ്ങിയത്	പിറവന്തൂർ(20%)
13	കെ 37	5.76 ച.കി.മീ	നല്ല ആഴമുള്ളതും നീർവാഴ്ചയുള്ളതുമായ കളിമണ്ണ്	ആര്യങ്കാവ് (10%)
14	കെ 38	43.32 ച.കി.മീ	സാമാന്യം ആഴമുള്ളതും നീർവാഴ്ചയുള്ളതും കുത്തനെ ചരിവുള്ളതും വനപ്രദേശങ്ങളിൽ കാണുന്ന വനമണ്ണ് ഇതിൽ പശിമരാശി മുതൽ കളിമണ്ണ് വരെ കാണുന്നു.	ആര്യങ്കാവ് (15%), പിറവന്തൂർ (20%), കുളത്തൂപ്പുഴ

അവംലംബം . ജില്ലാ പദ്ധതി 1997-2002

ചിത്രം 2.2.1

പൊതു ഭൂമിശാസ്ത്രം-കൊല്ലം ജില്ല



അവലംബം . സംസ്ഥാന ലാന്റ് യൂസ് ബോർഡ്

ചിത്രം 2.2.2

മണ്ണ്-തരങ്ങൾ



അവലംബം . സംസ്ഥാന ലാന്റ് യൂസ് ബോർഡ്

2.2.3 ധാതുക്കൾ

കൊല്ലം ജില്ലയിൽ കണ്ടുവരുന്ന പ്രധാന സാമ്പത്തിക വിഭവങ്ങളിൽ ചിലതാണ് ചുണ്ണാമ്പ് കല്ല്, ചീന കളിമണ്ണ്, അഗ്നിസഹ കളിമണ്ണ്, ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടയിൽ, സിർക്കോൺ, ഗ്രാഫൈറ്റ്, ബോക്സൈറ്റ്, മൈക്ക തുടങ്ങിയ ധാതുക്കൾ.

ചുണ്ണാമ്പ് കല്ല് കൊല്ലം നഗരത്തിന് 8 കിലോമീറ്റർ വടക്കുകിഴക്കായി പടപ്പക്കരയിൽ യഥേഷ്ടം കാണപ്പെടുന്നു. പുളിക്കര, പരവൂർ എന്നീ സ്ഥലങ്ങളുടെ പടിഞ്ഞാറുഭാഗത്തുള്ള തുക്കുപാറക്കെട്ടുകളിലും ചുണ്ണാമ്പുകല്ലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ വടക്കുകിഴക്കും ഇത്തിക്കര നദിയുടെ നീർമറി പ്രദേശത്തും സ്ഥിതിചെയ്യുന്ന ആദിച്ചനല്ലൂർ പ്രദേശത്ത് ഈ ധാതുവിന്റെ നിക്ഷേപമുണ്ട്. ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടയിൽ, സിർക്കോൺ എന്നീ ധാതുക്കളുടെ സമൃദ്ധമായ നിക്ഷേപം നീണ്ടകര, ചവറ, പൊൻമന, ആലപ്പാട് എന്നീ കടൽത്തീരങ്ങളിൽ കാണപ്പെടുന്നു. കളിമൺ നിക്ഷേപം ഏറ്റവും അധികമുള്ളത് കുണ്ടറയിലും സമീപ പ്രദേശത്തുമാണ്. ഏതാണ്ട് 183 മീറ്റർ ഉയരമുള്ള വർക്കല പരമ്പര ലാറ്ററൈറ്റാൽ ആവരണം ചെയ്ത തുക്കുപാറക്കെട്ടിന്റെ കീഴ്ഭാഗത്ത് ചീനക്കളിമണ്ണിന്റെ നിക്ഷേപമുണ്ട്. ഇതിനും താഴെയായി ഏകദേശം 15 മീറ്റർ ഘനത്തിൽ അഗ്നിസഹ കളിമൺ ശേഖരമുണ്ട്. കൊല്ലം ജില്ലയിൽ ധാരാളമായി വെട്ടുകല്ല് കാണപ്പെടുന്നു. ചില പ്രദേശങ്ങളിലെ വെട്ടുകല്ലിൽ ധാരാളം ഗ്രാഫൈറ്റ് നിക്ഷേപമുള്ളതായി രേഖകളുണ്ട്. പുനലൂരിനടുത്തുള്ള പിറവന്തൂർ ഇതിന് നല്ല ഉദാഹരണമാണ്. ഓച്ചിറയ്ക്ക് ഏതാണ്ട് 1.5 കിലോമീറ്റർ വടക്കും പുനലൂരിന് 8 കിലോമീറ്റർ വടക്കുകിഴക്കുള്ള കാകപാനീയമെന്ന സ്ഥലത്ത് വെട്ടുകല്ലിൽ മൈക്കയുടെ സമൃദ്ധമായ നിക്ഷേപമുണ്ട്. ഇതുപോലെ ധാരാളം മൈക്ക അടങ്ങിയ മസ്കവൈറ്റ് എന്ന ധാതു വർക്കല പരമ്പരയുടെ അടിത്തട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

1996-ൽ കേന്ദ്രസർക്കാർ സ്ഥാപനമായ അറ്റോമിക് എനർജി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അറ്റോമിക് മിനറൽ ഡിവിഷൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ വൻധാതുമണൽ നിക്ഷേപമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പഠനറിപ്പോർട്ട് പ്രകാരം നീണ്ടകര മുതൽ കായംകുളം വരെയുള്ള 22.54 കി.മീ തീരപ്രദേശത്ത് ഏകദേശം 60 ദശലക്ഷം ടൺ ഇൽമനൈറ്റും, 4 ദശലക്ഷം ടൺ റൂട്ടൈലും 3.9 ദശലക്ഷം ടൺ സിർക്കണും, 20 ദശലക്ഷം ടൺ സിലിമനൈറ്റും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ നിലവിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ഏകദേശം 45 ദശലക്ഷം ടൺ ഇൽമനൈറ്റും 1.02 ദശലക്ഷം ടൺ റൂട്ടൈലും 1 ദശലക്ഷം ടൺ സിർക്കണും, 4 ദശലക്ഷം ടൺ സിലിമനൈറ്റും വേർതിരിച്ചെടുക്കാൻ കഴിയും. നിലവിൽ 2 ലക്ഷം ടൺ ഇൽമനൈറ്റും, 12,000 ടൺ റൂട്ടൈലും 16000 ടൺ സിർക്കണും, 16000 ടൺ സിലിമനൈറ്റും ഉത്പാദിപ്പിക്കാനുള്ള ശേഷി കെ.എം.എം.എൽ നും ഉണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഈ.എൽ, സംസ്ഥാന പൊതുമേഖല സ്ഥാപനമായ കെ.എം.എം.എൽ എന്നീ രണ്ട് സ്ഥാപനങ്ങളാണ് കേരളത്തിൽ ധാതുമണൽ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഐ.ആർ.ഈ.എൽ ധാതുമണൽ ഖനനത്തിനോടൊപ്പം ധാതുക്കൾ വേർതിരിക്കുന്ന പ്രക്രിയ ചെയ്യുമ്പോൾ കെ.എം.എം.എൽ ധാതുക്കളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ സിന്തറ്റിക് റൂട്ടൈൽ, ടൈറ്റാനിയം, ടെട്രാക്ലോറൈഡ്, ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ്, ടൈറ്റാനിയം സ്പോഞ്ച് എന്നിവ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയ കൂടി ചെയ്യുന്നുണ്ട്. 2006-2011 ൽ അധികാരത്തിലുണ്ടായിരുന്ന സർക്കാർ പ്രസ്തുത ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഫലമായി ടൈറ്റാനിയം സ്പോഞ്ച് ഉത്പാദിപ്പിക്കുന്ന ഏഴാമത്തെ രാജ്യമെന്ന അംഗീകാരം ഇന്ത്യക്ക് ലഭിച്ചു. ഈ രംഗത്ത് ടൈറ്റാനിയം മെറ്റലും ടൈറ്റാനിയം അല്ലോയികളും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതികൾക്ക് രൂപം നൽകാൻ കഴിയുന്നതാണ്.

2.2.4 ജലവിഭവങ്ങൾ

കൊല്ലം ജില്ലയിൽ 464.95 ദശലക്ഷം ഘനമീറ്റർ ഭൂജലമുണ്ടെന്നും അതിൽ 101.32 ദശലക്ഷം ഘനമീറ്റർ ജലം ഉപയോഗിക്കുന്നതായും കണക്കാക്കിയിട്ടുണ്ട്. ജില്ലയിലെ പ്രധാന നദികൾ കല്ലടയാറും ഇത്തിക്കരയാറുമാണ്. കല്ലടയാറ് അഷ്ടമുടിക്കായലിലും ഇത്തിക്കരയാറ് പരവൂർ കായലിലും പതിക്കുന്നു.

ജില്ലയിലെ ജലവിഭവങ്ങളെ ഉപരിതല ജലവിഭവങ്ങളെന്നും ഭൂഗർഭ ജലവിഭവങ്ങളെന്നും രണ്ടായി തിരിക്കാം. ഉപരിതല ജലസ്രോതസ്സുകളിൽ കല്ലടയാർ, ഇത്തിക്കരയാർ, പള്ളിക്കലാർ എന്നീ നദികളും ശുദ്ധജലതടാകമായ ശാസ്താംകോട്ട തടാകം, കായലുകളായ പരവൂർ കായൽ, അഷ്ടമുടിക്കായൽ തുടങ്ങിയവും പ്രധാനപ്പെട്ട ജലസ്രോതസ്സുകളാണ്.

പട്ടിക 2.2.3

ജലാശയങ്ങൾ

നം	ജലാശയങ്ങൾ	എണ്ണം	വിസ്തൃതി (ഏക്കർ)
1	പഞ്ചായത്ത് കുളങ്ങൾ	586	135.74
2	ഇറിഗേഷൻ കനാൽ	17	375.2
3	ക്ഷേത്ര കുളങ്ങൾ	188	61.31
4	സ്വകാര്യ ജലാശയങ്ങൾ	1366	662.68
5	പൊതു ജലാശയങ്ങളും തോടുകളും	553	1552.65
6	ചെറുകുളങ്ങളും ചതുപ്പുകളും	122	99.3

അവംലംബം . പാൻ ഫിഷ് ബുക്ക് 2011 ഡയറക്ടേറ്റ് ഓഫ് ഫിഷറീസ്

കല്ലടയാറിന്റെ ഉത്ഭവസ്ഥാനം കരിമലൈ കടയ്ക്കൽ എന്ന സ്ഥലത്താണ്. ജില്ലയിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട ജലസേചന പദ്ധതി തെൻമലയിൽ സ്ഥിതിചെയ്യുന്നു. കല്ലടയാർ അഷ്ടമുടിക്കായലിൽ പതിക്കുന്നു. കുളത്തൂപ്പുഴ, ചെന്തുരുണി, പാലരുവി എന്നിവ കല്ലടയാറിന്റെ പോഷകനദികളാണ്. ഇത്തിക്കരയാർ മാനാറും കടപറത്തുതോടും ചേർന്നാണ് ഉത്ഭവിക്കുന്നത്. ഇത്തിക്കരയാർ പരവൂർ കായലിൽ പതിക്കുന്നു. വലംതോട്, കുളത്തിക്കോട്, പള്ളിമൺ ആറ് എന്നിവ ഇത്തിക്കരയാറിന്റെ പോഷകനദികളാണ്. ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം 440 ഹെക്ടർ വിസ്തൃതിയും 1269 ചതുരശ്ര കിലോ മീറ്റർ വൃഷ്ടിപ്രദേശവുമുള്ള ജില്ലയിലെ ഏക ശുദ്ധജലതടാകമാണ്. മറ്റു കായലുകളുടെ വിസ്തൃതി താഴെ പറയും പ്രകാരമാണ്.

പട്ടിക 2.2.4

കായലുകളും വിസ്തൃതിയും

ക്രമ നമ്പർ	കായലുകൾ	വിസ്തൃതി
1	കായംകുളം കായൽ	140.58 ഹെക്ടർ
2	അഷ്ടമുടി കായൽ	6424.15 ഹെക്ടർ
3	പരവൂർ കായൽ	662.46 ഹെക്ടർ
	ആകെ	7227.91 ഹെക്ടർ

അവംലംബം. സാമ്പത്തിക സ്ഥിതി വിവര കണക്ക്

കൊല്ലം ജില്ലയിലെ ഏക റിസർവോയർ കല്ലട റിസർവോയർ ആണ്. ഇതിന്റെ വിസ്തീർണ്ണം 2590 ഹെക്ടർ ആണ്. കൂടാതെ ഓരു ജല പ്രദേശങ്ങൾ ആകെ 8603 ഹെക്ടർ ഉണ്ട്. ഇതു കരുനാഗപ്പള്ളി താലൂക്കിൽ 2716-ഉം കൊല്ലം കുന്നത്തൂർ താലൂക്കുകളിൽ യഥാക്രമം 5403, 484 എന്നിങ്ങനെയുമാണ്.

2.2.5 ഭൂഗർഭ ജലവിഭവങ്ങൾ

കൊല്ലം ജില്ലയുടെ തീരപ്രദേശത്ത് അൺകൺഫൈൻഡ് ആയിട്ടുള്ള അക്വിഫെറുകൾ (ജലഭൃതങ്ങൾ) 5 മുതൽ 15 മീറ്റർ വരെ ആഴത്തിൽ കാണപ്പെടുന്നു. ഇത്തരം അക്വിഫെറിൽ നിന്നാണ് ഫിൽട്ടർ പോയിന്റ്, കിണർ, തുറന്ന കിണർ എന്നിവയിൽ ജലം ലഭിക്കുന്നത്. കടുത്ത വേനലിൽ ഇതിലെ ജലവിതാനം കാര്യമായി കുറയുന്നു. കൂടാതെ തീരപ്രദേശത്ത് 80 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴത്തിൽ സമ്പന്നമായ ഭൂഗർഭ ജലശേഖരങ്ങളുണ്ട്. ഹൈഡ്രോ ജിയോളജിക്കൽ പര്യവേഷണം മൂലം

ഇത്തരം ജലസ്രോതസ്സുകൾ കണ്ടെത്തി ആഴത്തിൽ ഡ്രില്ലിംഗ് നടത്തിയാണ് ശുദ്ധജലവിതരണത്തിനായി ട്യൂബ് വെല്ലുകൾ നിർമ്മിക്കുന്നത്. കൊല്ലം ജില്ലയുടെ തീരപ്രദേശങ്ങളിൽ ഇത്തരം കിണറുകളുടെ നിർമ്മാണത്തിന് അനുയോജ്യമായ മേഖലകൾ കണ്ടെത്താവുന്നതാണ്. മണിക്കൂറിൽ 30,000 മുതൽ 1.5 ലക്ഷം ലിറ്റർ വരെ ജലശേഷിയുള്ള ട്യൂബ് വെല്ലുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

മലനാട്, ഇടനാട് പ്രദേശങ്ങളിൽ ക്രിസ്റ്റലൈൻ ശിലാപടലങ്ങൾക്ക് മുകളിലുള്ള മേൽമണ്ണിലുള്ള അക്വിഫെറുകൾ കടുത്ത വേനലിൽ വറ്റിപ്പോകുന്നവയാണ്. പക്ഷേ ഈ പ്രദേശങ്ങളിൽ ക്രിസ്റ്റലൈൻ ശിലാപടലങ്ങളിലെ (പാറകളിലെ) വിള്ളലുകളിലുള്ള ജലശേഖരങ്ങളെ ജിയോ ഫിസിക്കൽ പര്യവേഷണങ്ങളിലൂടെ കണ്ടെത്തി ഡ്രില്ലിംഗ് നടത്തിയാണ് ബോർവെല്ലുകൾ നിർമ്മിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന അക്വിഫെറുകൾ വറ്റിപ്പോകുന്നവയല്ല.

വേനൽക്കാലത്ത് ജില്ലയിലെ മിക്ക സ്ഥലങ്ങളിലും കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ജില്ലയിൽ നിർമ്മിയ്ക്കാവുന്ന കിണറുകളുടെ വിവരങ്ങൾതാഴെ രേഖപ്പെടുത്തുന്നു

പട്ടിക 2.2.5

വിവിധ തരം കിണറുകൾ

ക്രമ നമ്പർ	**വിവിധതരം കിണറുകൾ**	**അനുയോജ്യമായ മേഖലകൾ**
1	ഫിൻറർ പോയിൻറ് കിണർ	മണൽ കൊണ്ട് നിറഞ്ഞ തീരപ്രദേശം
2	തുറന്ന കിണർ	തീരപ്രദേശത്തെ മണൽ ലാറ്ററൈറ്റ് എന്നിവ കൊണ്ട് മൂടപ്പെട്ട പ്രദേശം, ഇടനാട് പ്രദേശത്തെ ലാറ്ററൈറ്റ് നിക്ഷേപമുള്ള പ്രദേശം. മലനാട്പ്രദേശത്ത് മേൽമണ്ണിന് കനംകൂടുതലുള്ള സ്ഥലം
3	ബോർ വെൽ	ഇടനാട്, മലനാട് പ്രദേശം (മേൽ മണ്ണിനുശേഷം ക്രിസ്റ്റലൈൻ ശിലാപടലങ്ങൾകാണപ്പെടുന്നപ്രദേശം) ഇത്തരം കിണറുകൾക്ക് തീരപ്രദേശം ഒഴികെയുള്ള ജില്ലയിലെ മേഖലകൾ അനുയോജ്യം
4	ആഴം കൂടിയ ട്യൂബ് വെൽ	തീരപ്രദേശങ്ങൾ (പൂതക്കുളം, പരവൂർ, മയ്യനാട്,ഇരവിപുരം, കൊല്ലം, കിളികൊല്ലൂർ, ശാസ്താംകോട്ട, ചവറ മുതൽ കരുനാഗപ്പള്ളി, ഓച്ചിറ)

അവലംബം. കൊല്ലം ജില്ലാ പദ്ധതി 2002

മെച്ചപ്പെട്ട ഗുണനിലവാരമുള്ളതാണ് കൊല്ലം ജില്ലയിലെ ഭൂഗർഭ ജലം. ഹാനികരമായ ഘടകങ്ങൾ ഒന്നും ഇവിടുത്തെ ഭൂഗർഭജലത്തിൽ കണ്ടെത്തിയിട്ടില്ല.

2.2.6 വനഭൂമി

വനം വകുപ്പിന്റെ അധീനതയിലുള്ള വനഭൂമിയുടെ കണക്കുകളനുസരിച്ച് ജില്ലയിലെ മൊത്തം വിസ്തൃതിയുടെ 29.55% (736 ച.കി.മീറ്റർ) വനമാണ്. ഇതിൽ 129.03 ച.കി.മീറ്റർ പ്രദേശത്ത് തോട്ടങ്ങളാണ്. യഥാർത്ഥ വനങ്ങളായി ഇപ്പോൾ നിലനിൽക്കുന്നത് 338.56 ച.കി.മീറ്റർ പ്രദേശം മാത്രമാണ്. അച്ചൻകോവിൽ, തെന്മല, പുനലൂർ, കുളത്തൂപ്പുഴ (ഭാഗികം) എന്നിങ്ങനെ നാലു ഡിവിഷനുകളായി തിരിച്ചിരിക്കുന്ന വനമേഖലകൾ കൊല്ലം ജില്ലയിലുണ്ട്. ഇവയെ റിസർവ് ഫോറസ്റ്റ് (ഏരൂർ, കുളത്തൂപ്പുഴ ഭാഗങ്ങളിൽ-കടയ്ക്കാമൺ, കായിക്കുന്ന്, ആയിരനല്ലൂർ, ആയിരവല്ലി- മൊത്തം വിസ്തീർണ്ണം 668.75 ച.കി.മീറ്റർ), കുറ്റിക്കാട് നിറഞ്ഞ തുറന്ന സ്ഥലം (ഏകദേശം 7 ച.കി.മീറ്റർ ഒറ്റപ്പെട്ടതായി കാണുന്നു), പുൽപ്രദേശം (ഉദ്ദേശം 1.6 ച.കി.മീറ്റർ വിസ്തീർണ്ണത്തിൽ മലനിരകളുടെ ഉയർന്ന പ്രദേശങ്ങളിൽ) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ജില്ലയിലെ അച്ചൻകോവിൽ, റോസ് മല, ചെമ്പനരുവി, കട്ടളപ്പാറ എന്നീഗ്രാമങ്ങൾ വനത്തിനു നടുവിലാണ് സ്ഥതിചെയ്യുന്നത്.

കേരളത്തിലെ പ്രധാനപ്പെട്ട വന്യമൃഗസങ്കേതമായ ചെന്തുരുണി, പത്തനാപുരം താലൂക്കിൽ സ്ഥിതി ചെയ്യുന്നു. ജില്ലയുടെ വനഭൂമിയുടെ ഏകദേശം മൂന്നിലൊന്നു ഭാഗം തെന്മല ഡിവിഷനിലുൾപ്പെട്ട സംരക്ഷിത വനമേഖലയായ ഈ വന്യമൃഗ സങ്കേതമാണ് (100.32 ച.കി.മീറ്റർ). ആന, പുലി, കാട്ടുപോത്ത്, കടുവ,

സിംഹവാലൻ കുരങ്ങ്, മാൻ തുടങ്ങിയ വന്യജീവികൾ ഇവിടെ കാണപ്പെടുന്നു. കേരളത്തിലെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ കല്ലടജലസേചനപദ്ധതിയും ഉദ്ദേശം 26 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള മനുഷ്യനിർമ്മിത തടാകവും തെന്മലയിൽ തന്നെയാണ്. ഇന്ത്യയിലെ ആദ്യത്തെ ഇക്കോടൂറിസം പദ്ധതിയും തെന്മലയിലാണ്.

വിന്യാസത്തിലും സ്വഭാവത്തിലും വളരെ വൈവിദ്ധ്യം പുലർത്തുന്ന ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ, അർദ്ധ നിത്യഹരിതവനങ്ങൾ, ഗിരിശീർഷ ഹരിതവനങ്ങൾ മുതൽ നിബിഡത കുറഞ്ഞ ഇലപൊഴിയും കാടുകൾ, പുൽമേടുകൾ എന്നിവ വരെ ഉൾപ്പെട്ടതാണ് നമ്മുടെ വനസമ്പത്ത്. തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷിയ, വീട്ടി, ആഞ്ഞിലി, അബീസിയ, ഉറപ്പ കുറഞ്ഞ മറ്റു മരങ്ങൾ ഇവ നട്ടു വളർത്തിയ തോട്ടങ്ങളും നമ്മുടെ വനങ്ങളിലുണ്ട്. വ്യാവസായികാവശ്യങ്ങൾക്കും മറ്റുമുള്ള പല തടിയിനങ്ങൾ കൂടാതെ ഈറ, മുള, കഴകൾ തുടങ്ങിയ തടി ഉൽപ്പന്നങ്ങളും ആനക്കൊമ്പ്, തേൻ, മെഴുക്, ചൂരൽ, മരക്കറ, പുൽത്തൈലം, മേച്ചിൽപ്പുല്ല്, എണ്ണക്കുരുക്കൾ, സുഗന്ധദ്രവ്യങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിങ്ങനെ അനവധി വിഭവങ്ങൾ വനത്തിൽ നിന്നു ലഭിക്കുന്നു. സസ്യജന്തുസമ്പത്തിന്റെ കലവറയെന്നതിനുപരിയായി കാലാവസ്ഥ നിയന്ത്രണം, മണ്ണ് സംരക്ഷണം, ജല സംരക്ഷണം എന്നീ മേഖലകളിൽ നിസ്തുല സേവനമാണ് വനങ്ങൾ നിർവ്വഹിക്കുന്നത്. പോഷക ഘടകങ്ങളുടെ പുന:ചക്രമണം സാധ്യമാക്കുന്നതും വനങ്ങളാണ്. നാടിന്റേയും പുതിയ ജീവികളുടെയും നിലനിൽപ്പിനാധാരമായ പ്രകൃതിദത്തമായ ജൈവവിഭവ സമുച്ചയമാണ് വനങ്ങൾ.

2.2.7 വനസംരക്ഷണം

തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ രീതിയിലുള്ള സംഭരണം ഉൽപാദനം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വനത്തെ ആശ്രയിച്ച് വനത്തിന് ചുറ്റും താമസിക്കുന്ന ജനങ്ങളുടെ തൊഴിൽ സാദ്ധ്യതകളും ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും സ്ഥിരമായി മെച്ചപ്പെടുത്തി സുസ്ഥിര വികസനം ഉറപ്പ വരുത്താവുന്നതാണ്. ഇതുമായി ബന്ധപ്പെടുത്തി ധാരാളം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു.

പലയിടത്തും നല്ല മരങ്ങൾ വെട്ടിത്തെളിച്ച് തേക്ക്, യൂക്കാലിപ്റ്റസ്, മറ്റ് വെള്ള മരങ്ങൾ തുടങ്ങിയവ നട്ടത് നമ്മുടെ മണ്ണൊലിപ്പിനും വനങ്ങളുടെ വിസ്തീർണം കുറക്കുവാനും കാരണമായി . തോട്ടം വെച്ചു പിടിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടിയായി ചെയ്തിരുന്ന തീവെയ്പ്പ്, വനസസ്യത്തോടുകൂടി അനുവദിച്ചിരുന്ന ടോങ്കിയ കൃഷി തുടങ്ങിയവ മണ്ണൊലിപ്പ്, ഉരുൾപ്പൊട്ടൽ എന്നിവക്ക് കൂടുതൽ കാരണമായി. ഇവയ്ക്ക് പരിഹാരമായി താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിയ്ക്കാവുന്നതാണ്.

1. വനവിഭവങ്ങൾ ശേഖരിക്കുവാൻ പോകുന്നവരെ ബോധവൽക്കരിക്കുക.
2. തടിവിറക് വിഭവങ്ങളുടെ കുറവു നികത്താൻ സാമൂഹ്യ വനവൽക്കരണം സാർവ്വത്രികമാക്കുകയും വനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.
3. വ്യവസായാവശ്യങ്ങൾക്കുള്ള അസംസ്കൃത വിഭവങ്ങളും മറ്റും വനത്തിൽ നിന്നു മാത്രം ശേഖരിക്കുന്നത് അവസാനിപ്പിച്ച് സ്വകാര്യവ്യക്തികളെക്കൊണ്ട് ഇതിനായുള്ള വൃക്ഷങ്ങളും മറ്റും നട്ടു വളർത്തുവാൻ പ്രോത്സാഹിപ്പിക്കുക.

2.2.8 ജൈവസമ്പത്ത്

ജില്ലയിലെ ജൈവവിഭവങ്ങളെ പ്രകൃതിദത്ത ജൈവവിഭവങ്ങളെന്നും കാർഷിക ജൈവവിഭവങ്ങളെന്നും രണ്ടായി തരംതിരിക്കാം.

2.2.9 പ്രകൃതിദത്ത ജൈവവിഭവങ്ങൾ

കണ്ടൽ കാടുകൾ, കാവുകൾ, പുൽമേടുകൾ, വന്യജീവികൾ, ഇഴജന്തുക്കൾ, പക്ഷികൾ തുടങ്ങിയവ പ്രകൃതിദത്ത സമ്പത്തുകളാണ്. ജില്ലയിൽ സമ്പന്നമായിരുന്നതും സമീപകാലത്ത് നശിപ്പിച്ചു കൊണ്ടിരിക്കുന്നതുമായ ഏക കണ്ടൽക്കാട് ആശ്രാമത്താണ്. വിവിധ ഇനം അപൂർവ്വപക്ഷികളും സസ്യങ്ങളും ഇപ്പോഴും ഈ അവശേഷിക്കുന്ന ആശ്രാമം കണ്ടൽക്കാട് പ്രദേശത്തുണ്ട്.

2.2.10 വനാന്തരങ്ങളിൽ കാണുന്ന ഔഷധ സസ്യങ്ങൾ

കുന്തിരിക്കം, കരിങ്ങാലി, കുപ്പമേനി, മലവരങ്ങി, കടലാടി, വയമ്പ്, ആടലോടകം, ചെറൂല, കറ്റാർവാഴ, ചിറ്റരത്ത, ഏഴിലമ്പാല, പറങ്കിമാവ്, കീരിച്ചേന, കിരിയാത്ത്, പെരുംതുമ്പ, അടയ്ക്ക, മലന്തേക്ക്, കർണകിഴങ്ങ്, ചെറിയരയൻ, വലിയരയൻ, പ്ലാവ്, സതാവരി, വേപ്പ്, എഷാർക്, മുള, കൽത്താമര, മുക്കുറ്റി, കുളമാവ്, കഴഞ്ചി, എരുക്ക്, കാട്ടുതേയില, ഉഴിഞ്ഞ, മലതാങ്ങി, ശങ്കുപുഷ്പം, കാപ്പി, ഞവര, മഞ്ഞൾവള്ളി, കാട്ടുള്ളി, ജീരകം, നീലപ്പന, മഞ്ഞൾ, കയ്യൂർ കിഴങ്ങ്, പുല്ലത്താളി, തെരുവപ്പുല്ല്, കറുക, ചെറുപുല്ലടി, കവലം, ന്യറാൻ, പാറക്കിഴങ്ങ്, നെടുവാൻ, സീതത്താളി, മരപ്പന്നക്കിഴങ്ങ്, അകിൽ, കയ്യന്നി, അനച്ചുവടി, നെല്ലിക്ക, മുയൽച്ചെവി, പറണ്ട കുണ്ടലപ്പാല, മുരുക്ക്, ചിലന്തിക്കിഴങ്ങ്, നാഗപ്പച്ച, വിഷ്ണു (ക്രാന്തി), മുറിവിപൊറുതി, പേരാൽ, ആത്തി, ഇത്തി, തൈവേല, നറുനണ്ടി, കല്ലാൽമരം, അടപൊതിയൻ, പാലകം, നാലമരി, ചൂട്ടിത്തിരുതാളി, മഞ്ഞത്തൈറ്റി, അമൃതപാല, പിച്ചകം, കുറുവടി, കച്ചോലം, ഉദി, കൂത്താലം, കുതിരവള്ളി, കൽച്ചട്ട, ഉറവ്, കീരിക്കിഴങ്ങ്, മുരിങ്ങ, ഞാതി, മുക്കേരിവള്ളി, നീലനാരകം, ഓരിലത്താമര, ഈറ, തുളസി, കാരയില, കുഴിമിണ്ടൻ, ആന്യരിനെല്ല്, വേലിപ്പരുത്തി കീഴാനെല്ലി, വെറ്റില, തീപ്പല്ലി, നല്ലമുളക്, കൊടുവേലി, പൂതം കൊല്ലി, പ്ലാമഞ്ഞൾ, പാദംപരത്തി, പേര, കാളിവേങ്ങ, രക്തചന്ദനം, എല്ലുരിപ്പട്ട, സർപ്പഗന്ധി, ആവണക്ക്, കല്ലൂർവഞ്ചി, ചിലന്തിപ്പച്ച, ഏകനായകം, ചന്ദനം, കാട്ടുകുവ, മുള്ളുക്കുറയവ്, കുറുന്തോട്ടി, കടംകത്തിരി, വാക, നെയ് വള്ളി, കാഞ്ഞിരം, പുളി, താന്നി, കടുക്ക, മരുത്, പട്ടുവള്ളി, കുറവൻ കണ്ടമുലി, കറ്റാൽ വയല, അമൃത്, കൊടിത്തൂവ, ആരോഗ്യപച്ച, പൂവിറുക്കി, രാമച്ചം, നൊച്ചി, നീരുറ്റി കിഴങ്ങ്, ഇഞ്ചി, കൊലിഞ്ചി, തൊടലി, ഹേമകണ്ടിപച്ച എന്നിവ വനാന്തരങ്ങളിൽ കാണുന്ന ഔഷധ സസ്യങ്ങളാണ്.

2.2.11 ജന്തു ജീവി സമ്പത്ത്

ജില്ലയിലെ വനഭൂമിയിൽ കാണുന്ന വന്യജീവികൾ, ഇഴജന്തുക്കൾ, പക്ഷികൾ മുതലായവയെപ്പറ്റി വിശദമായ സർവ്വേ പഠനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. വന്യജീവികളുടെ ലഭ്യമായ പഠന റിപ്പോർട്ടനുസരിച്ച് 47 സസ്തന സ്പീഷീസുകളുണ്ട്. വളരെ സമ്പന്നമായ പക്ഷി സമ്പത്താണ് ജില്ലയ്ക്കുള്ളത്. ഇത് 95 സ്പീഷീസുകളിൽപ്പെട്ട ജീവികൾ ഉൾപ്പെടും.

പട്ടിക 2.2.6

ജീവി വൈവിദ്ധ്യം

ക്രമ നമ്പർ	ജീവികൾ	സ്പീഷീസുകളുടെ എണ്ണം
1	സസ്തനികൾ	47
2	പക്ഷികൾ	95
3	ഇഴജന്തുക്കൾ	56
4	ഉഭയജീവികൾ	26
5	ശുദ്ധജല മത്സ്യങ്ങൾ	40
6	പ്രാണികൾ	10

അവലംബം. കൊല്ലം ജില്ലാ പദ്ധതി 2002

2.2.12 സസ്യസമ്പത്ത്

നടന്നിട്ടുള്ള പഠനങ്ങൾ പ്രകാരം 154 കുടുംബങ്ങളിൽപ്പെട്ട 857 ജനുസ്സുകളിലായി 1757 സ്പീഷീസുകളിൽപ്പെട്ട സപുഷ്പികളായ സസ്യങ്ങൾ ജില്ലയിലുണ്ട്. ഇവയിൽ 77 കുടുംബങ്ങളിൽപ്പെട്ട 222 ജനുസ്സുകളിലായി 384 സ്പീഷീസുകൾ പശ്ചിമഘട്ട തനതുസ്പീഷീസുകളാണ് ഇവയിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ 137 സ്പീഷീസുകളുണ്ട്. ഇവ 52 കുടുംബങ്ങളിലെ 102 ജനുസ്സുകളിലായി വ്യാപിച്ചു കിടക്കുന്നു. അപുഷ്പികളും പന്നൽവർഗ്ഗങ്ങളും പായൽ വർഗ്ഗങ്ങളും തുടങ്ങി അനേകം സസ്യഗണങ്ങൾ ഇപ്പോഴും അറിയപ്പെടാത്തവയും ഉണ്ട്.

പട്ടിക 2.2.7

സസ്യ വർഗ്ഗം

ക്രമനമ്പർ	സസ്യവർഗ്ഗം	സ്പീഷീസ്	ജീൻസ്	കുടുംബം
1	സപുഷ്പികൾ	1757	857	154
2	അപുഷ്പികൾ	3	3	3
3	പശ്ചിമഘട്ടതനതു സപുഷ്പികൾ	384	222	77
4	അപൂർവ്വ സസ്യങ്ങൾ	37	103	52

അവലംബം. കൊല്ലം ജില്ലാ പദ്ധതി 2002

2.2.13 കാർഷിക കാലാവസ്ഥാമേഖല

കൊല്ലം ജില്ലയുടെ വൈവിദ്ധ്യമാർന്ന ഭൂപ്രകൃതി ഇവിടത്തെ കാലാവസ്ഥയെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. കാർഷിക കാലാവസ്ഥാമേഖല (അഗ്രോ ക്ലൈമാറ്റിക് സോൺ) അനുസരിച്ച് കൊല്ലം ജില്ലയെ താഴെപറയും പ്രകാരം തരംതിരിച്ചിട്ടുണ്ട്.

1. ഓണാട്ടുകര മേഖല
2. തീരപ്രദേശമണൽ മേഖല
3. ദക്ഷിണമദ്ധ്യതട മേഖല
4. ഉന്നതതട മേഖല

ചിത്രം 2.2.3

കാർഷിക കാലാവസ്ഥാമേഖല



അവലംബം . സംസ്ഥാന ലാന്റ് യൂസ് ബോർഡ്

2.2.14 കാർഷിക മേഖല

ജില്ലയിൽ പ്രധാനമായി കൃഷിചെയ്യുന്ന വിളകളുടെ പേരും വിസ്തീർണ്ണവും ചുവടെ ചേർക്കുന്നു.

പട്ടിക 2.2.8

വിളകളുടെ പേരും വിസ്തീർണ്ണവും

ക്രമ നമ്പർ	വിളകളുടെ പേര്	വിസ്തീർണ്ണം ഹെക്ടർ)
1	നെല്ല്	28,460
2	നെല്ല് ഉൾപ്പെട്ട ഭക്ഷ്യധാന്യങ്ങൾ	29,776
3	വാഴ മുതലായവ	5,115
4	കരിമ്പ്	50

5	കുരുമുളക്	8,164
6	ഇഞ്ചി	328
7	കമുക്	2,024
8	കശുമാവ്	6,100
9	തെങ്ങ്	76,658
10	തേയില	1,362
11	റബ്ബർ	32,819
12	പച്ചക്കറികൾ	38,322
13	എണ്ണക്കുരുക്കൾ	77,880

അവലംബം . ജില്ലാ കൃഷി വകുപ്പ്

ജില്ലയിലെ നാട്ടുമൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ സ്ഥിതിവിവര കണക്കുകൾ താഴെ ചേർക്കുന്നു.

പട്ടിക -2.2.9

ജില്ലയിലെ നാട്ടുമൃഗങ്ങൾ, പക്ഷികൾ

ക്രമ നം.	ഇനം	എണ്ണം
1	കന്നുകാലികൾ	3,09,388
2	എരുമ	11,524
3	ആട്	1,83,556
4	ചെമ്മരിയാട്	4,850
5	പന്നി	311
6	ഇറച്ചിക്കോഴി	13,80,034
7	താറാവ്	60,887
8	ടർക്കി	4,941
9	പട്ടി, കോഴി തുടങ്ങിയ	1,58,791
10	മുയൽ	1,955

അവലംബം . ജില്ലാ മൃഗസംരക്ഷണ വകുപ്പ്, കൊല്ലം

2.2.15 ഭൂവിനിയോഗം

ഭൂവിനിയോഗത്തെ ആസ്പദമാക്കി കൊല്ലം ജില്ലയെ 5 ആയി തരംതിരിക്കാം

പട്ടിക - 2.2.10

ക്രമ നം	ഇനം
1	കൃഷിഭൂമി
2	വനഭൂമി
3	നിബിഡ ഹരിതവനഭൂമി
4	ജലാശയങ്ങൾ
5	പാറക്കെട്ടുകൾ

അവലംബം . സംസ്ഥാന ലാന്റ് യൂസ് ബോർഡ്

ഇതിൽ ആദ്യത്തെ മൂന്നുവിഭാഗങ്ങളെ വീണ്ടും പലതായി തിരിച്ചിട്ടുണ്ട്. ഭൂവിനിയോഗം കാണിക്കുന്ന ചാർട്ട് താഴെ ചേർത്തിരിക്കുന്നു.

പട്ടിക - 2.2.11

ഭൂവിനിയോഗ വിവരങ്ങൾ

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം (ച.കി.മീ)	വിസ്തീർണ്ണം (%)
1	കൃഷിഭൂമി	378.75	15.41
2	കാർഷിക വിളകൾ	900	36.62

	തേയില	18.75	6.75
	കശുമാവ്	1.25	0.02
	കരിമ്പ്	3.25	0.14
3	വാസസ്ഥലം	23.13	0.94
4	വനം	66.75	27.22
5	തേക്കിൻതോട്ടം	88.13	3.59
	യൂക്കാലിപ്റ്റസ്	16.88	0.69
	റബ്ബർ	12.5	4.58
	എണ്ണപ്പന	6.25	0.25
6	കുറ്റിച്ചെടി നിറഞ്ഞപ്രദേശം	4.88	0.2
7	വനം തരിശ്	2	0.8
8	പാറകളിലും മറ്റുംവളരുന്ന വിളകൾ	1.88	0.08
9	പുതുമേട്	16.25	0.66
10	ജലാശയം	76.25	3.1

അവലംബം . ജില്ലാ കൃഷി വകുപ്പ്

ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ കൊല്ലം ജില്ല വളരെ വൈവിധ്യമാർന്ന സ്വഭാവം പ്രകടിപ്പിക്കുന്നു. വളരെ വിപുലമായ വൈവിധ്യമാർന്ന ഭൂവിനിയോഗമാണ് ജില്ലയിലുള്ളത്. കൃഷിഭൂമിയുടെ വിസ്തൃതിയിൽ പ്രത്യേകിച്ചും നെൽകൃഷിയിൽ വന്നിട്ടുള്ള കുറവുകളും, കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന രീതിക്ക് മാറ്റം വന്നാലേ ജില്ലയിലെ ഭൂവിനിയോഗം പ്രയോജനപ്രദവും ഉല്പാദനക്ഷമവും, സുസ്ഥിരവുമായി നിൽക്കുകയുള്ളൂ. വിവേകരഹിതമായ ഭൂവിനിയോഗം നമ്മുടെ ജൈവവിദ്യുത്തിനും സസ്യജീവി സമ്പത്തിനും കാർഷിക ഉല്പാദനത്തിനും കനത്ത ആഘാതമേൽപ്പിക്കുമെന്നതിനാൽ ഈ രംഗത്ത് ഒരു പുനർ ചിന്തനം അനിവാര്യമായിരിക്കുന്നു.

2.2.16 മത്സ്യ സമ്പത്ത്

37 കി.മീ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശത്തെ 3500 സ്ക്വയർ കി.മീ പ്രദേശവും, 219 കിലോമീറ്റർ നീളത്തിലായി ഒഴുകുന്ന ഉൾനാടൻ ശുദ്ധജല ശ്രോതസ്സുകളായ കല്ലടയാർ, പള്ളിക്കലാർ, ഇത്തിക്കരയാർ എന്നിവയും, 7227.19 ഹെക്ടർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന ഓര് ജല ശ്രോതസ്സുകളായ അഷ്ടമുടി, കായംകുളം, പരവൂർ കായലുകൾ എന്നിവയും ഇവയോടടുത്ത് വിവിധ ഉൾനാടൻ മേഖലകളിലായി 720 ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ശുദ്ധജല/ ഓര് ജല കുളങ്ങൾ വെള്ളകെട്ടുകൾ ചതുപ്പുനിലങ്ങൾ എന്നിവയും ജില്ലയുടെ മത്സ്യമേഖലാ വികസനത്തിന് വളരെ അനുകൂലമാണ്. മത്സ്യ കൃഷിയിൽ വ്യാപൃതരായ 144 ഓരുജല കർഷകരും 2598 ശുദ്ധജല കർഷകരും ജില്ലയിൽ ഉണ്ട്. സമുദ്ര ഉൾനാടൻ മത്സ്യ ബന്ധന മേഖലകളിലായി 22081 കർമ്മോന്മുഖ മത്സ്യതൊഴിലാളികളും 22421 അനുബന്ധ മത്സ്യ തൊഴിലാളികളും ജില്ലയിലുണ്ട്. ജില്ലയിൽ ആകെ 48135 മത്സ്യതൊഴിലാളികളുള്ളതിൽ 22081 കർമോന്മുഖ മത്സ്യതൊഴിലാളികളും 22421 അനുബന്ധ മത്സ്യതൊഴിലാളികളും, 60 വയസ്സിനുമുകളിൽ പ്രായമുള്ള പെൻഷൻ പറ്റുന്ന 3277 മത്സ്യതൊഴിലാളികളും, മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത 356 മത്സ്യതൊഴിലാളികളും ഉണ്ട്.

മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ മത്സ്യതൊഴിലാളി- മത്സ്യകർഷക സമൂഹങ്ങളുടെ ഉന്നമനവും മത്സ്യ വ്യവസായ വികസനവും സാധ്യമാക്കുന്ന രിതിയിലുള്ള മത്സ്യമേഖലാ വികസനം പ്രകൃതി സൗഹാർദ്ദ മത്സ്യബന്ധന-മത്സ്യകൃഷി രീതികൾ അവലംബിച്ച് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വരും വർഷങ്ങളിൽ നടപ്പിലാക്കാൻ കഴിയും. ജില്ലയിലെ വിവിധ മത്സ്യഗ്രാമങ്ങളിലും കടലോരപ്രദേശങ്ങളിലും വാസയോഗ്യമായ ഭവനങ്ങൾ, ടോയ്ലറ്റ്, കുടിവെള്ളം, വൈദ്യുതി സൗകര്യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, മത്സ്യം സംസ്കരണ, വിപണനകേന്ദ്രങ്ങൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും സാമൂഹ്യ സുരക്ഷാക്രമീകരണങ്ങളും മാനസിക, ശാരീരിക, സാമൂഹിക, പ്രകൃതി ക്ഷോഭ ദുരന്തങ്ങൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങളും ബോധവൽക്കരണവും നൽകുക,

മത്സ്യഗ്രാമങ്ങളിലെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം എന്നിവ ഉറപ്പാക്കേണ്ടതാണ്.

2.2.17 കാലാവസ്ഥ

കൊല്ലം ജില്ല താപനില പൊതുവെ ഏറ്റക്കുറച്ചിലുകളില്ലാതെ നിൽക്കുന്ന, ഉയർന്ന ചൂടും ധാരാളം മഴയുമുള്ള ആർദ്രതയേറിയ ഉഷ്ണമേഖലാ കാലാവസ്ഥയുള്ള പ്രദേശമാണ്. ഓരോ വർഷവും വേനൽ, തെക്കുപടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി, റീട്രീറ്റിംഗ് മൺസൂൺ (തുലാവർഷം), വടക്കുകിഴക്കൻ മൺസൂൺ എന്നിങ്ങനെ നാലു ഋതുക്കൾ ചാക്രികമായി ആവർത്തിക്കുന്നു. ജൂൺ-സെപ്തംബർ മാസങ്ങളിൽ ലഭിക്കുന്ന ഇടവപ്പാതിയിലാണ് ജില്ലയിൽ കനത്ത മഴ ലഭിക്കുന്നത്. ആകെ മഴയുടെ 60-55% ഇങ്ങനെ ലഭിക്കും. മഴയുടെ ലഭ്യത പടിഞ്ഞാറു ഭാഗങ്ങളിലേതിനേക്കാൾ കിഴക്കുഭാഗങ്ങളിൽ കൂടുതലാണ്. കിഴക്കുഭാഗത്തുള്ള പശ്ചിമഘട്ട പ്രദേശം, ലക്ഷദ്വീപ് കടലിൽനിന്നും വരുന്ന ഈർപ്പമേറിയ കാറ്റിനെ തടയുന്നതാണ്. ഇതിനു പ്രേരകമായ ഘടകം. പശ്ചിമഘട്ടത്തിന്റെ പ്രതിമുഖ പ്രദേശങ്ങളിൽ ഇടവപ്പാതിക്കാലത്ത് മഴയുടെ ലഭ്യത വളരെ കുറവാണ്. തുലാവർഷക്കാലത്തും, വേനൽമഴയിലും, വടക്കുകിഴക്കൻ മൺസൂൺ കാലത്തും മഴയുടെ ലഭ്യത കിഴക്കുനിന്നും പടിഞ്ഞാറോട്ട് കൂടുതലായി കാണാം. ഈ സമയങ്ങളിൽ പശ്ചിമഘട്ടത്തിന്റെ പ്രതിമുഖ പ്രദേശങ്ങളിൽ സാമാന്യം നല്ല മഴ ലഭിക്കാറുണ്ട്.

പട്ടിക 2.2.12

വാർഷിക മഴ താരതമ്യം

വാർഷികമഴ	2012	2013	2014	2015	2016
ശരാശരി(mm)	1655.6	2688.9	2511.4	2336.4	1916

അവലംബം . സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്,

മേൽ കൊടുത്തിരിക്കുന്ന പട്ടികയിലെ വാർഷിക മഴകൾ താരതമ്യം ചെയ്താൽ വാർഷിക മഴയുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായി കാണാം. 2016 ലെ സ്വാഭാവിക ശരാശരി 1916 മില്ലീമീറ്റർ ആയി കണക്കാക്കിയിരിക്കുന്നു. 2015-16 ലെ സ്വാഭാവിക ശരാശരി മഴയുടെ മാസക്രമത്തിലുള്ള വിതരണം താഴെ ചേർത്തിരിക്കുന്നു.

പട്ടിക 2.2.13

മഴ നിലവാരം- മാസാടിസ്ഥാനത്തിൽ

ക്രമ നമ്പർ	മാസം	ശരാശരി മഴ (മില്ലീമീറ്റർ)
1	ജൂലായ്	185
2	ആഗസ്റ്റ്	141.1
3	സെപ്തംബർ	247.6
4	ഒക്ടോബർ	386
5	നവംബർ	307.6
6	ഡിസംബർ	68.6
7	ജനുവരി	1.0.0
8	ഫെബ്രുവരി	50.3
9	മാർച്ച്	54.6
10	ഏപ്രിൽ	64.8
11	മേയ്	384.4
12	ജൂൺ	508.5

അവലംബം . സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്,

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1969-ൽ ആണ്. 4780 മില്ലീമീറ്റർ മഴയായിരുന്നു അന്ന് ലഭിച്ചത്. ഏറ്റവും കുറച്ച് മഴ ലഭിച്ചതാകട്ടെ 1982-ലാണ്. ആകെ ലഭിച്ച മഴ 897 മില്ലീമീറ്റർ ആയിരുന്നു. ജില്ലയിൽ ഓരോ വർഷവും ലഭിക്കുന്ന മഴയിൽ ഏറ്റവും കൂടുതൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്തും കുറവ് വടക്കുകിഴക്കൻ മൺസൂൺ കാലത്തുമാണ്.

2.2.18 കൊല്ലം ജില്ലയുടെ വാണിജ്യ-സാംസ്കാരിക-സാമ്പത്തികാഭിവൃദ്ധി

കേരളത്തിലെ ആദ്യത്തെ വാണിജ്യനഗരമാണ് കൊല്ലം. സമൃദ്ധിയും പ്രകൃതി സൗന്ദര്യവും കൊണ്ട് അനുഗൃഹീതമായ ഈ നഗരം സന്ദർശിച്ചവരെല്ലാം ഈ പ്രദേശത്തിന്റെ സമൃദ്ധിയിൽ ആകൃഷ്ടരായിട്ടുണ്ട്. വിശാലമായ സമുദ്രവും ഒരു വശത്തും ആരെയും ആകർഷിക്കുന്ന അഷ്ടമുടിക്കായലിന്റെ സാമീപ്യം മറുവശത്തും ഉള്ള മനോഹരമായ ഒരു പ്രദേശമാണ് കൊല്ലം.

ക്രിസ്തുവർഷാരംഭത്തിന് മുമ്പ് തന്നെ വിദൂരവിദേശ രാജ്യങ്ങളുമായി വ്യാപാരബന്ധവും സാംസ്കാരികബന്ധവും ഉണ്ടായിരുന്ന ഒരു തുറമുഖ നഗരമായിരുന്നു കൊല്ലം. കൊല്ലം പട്ടണത്തിന്റെയും പരിസരപ്രദേശങ്ങളുടെയും രാഷ്ട്രീയ സംവിധാനം, വാണിജ്യ പുരോഗതി, സാമ്പത്തികാഭിവൃദ്ധി, ജനങ്ങളുടെ ജീവിതരീതി, ആചാരക്രമം എന്നിവയെപ്പറ്റി എല്ലാം സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ കൊല്ലം സന്ദർശിക്കുകയോ കൊല്ലത്തെപ്പറ്റി കേട്ടറിയുകയോ ചെയ്തിട്ടുള്ള വിദേശീയരുടെ വിവരങ്ങളില് കാണാം.

അതിപ്രാചീനകാലത്തുതന്നെ പേർഷ്യ, ഗ്രീസ്, ചൈന, പോർച്ചുഗൽ എന്നിങ്ങനെ ലോകത്തിലെ പല രാജ്യങ്ങളുമായും കൊല്ലത്തിന് വിപുലമായ വാണിജ്യബന്ധം ഉണ്ടായിരുന്നു. ഈ രാജ്യങ്ങളിൽ നിന്നുള്ള കപ്പലുകൾ കൊല്ലം തീരത്തു അടുക്കുകയും സുഗന്ധദ്രവ്യങ്ങളും മറ്റ് ഉല്പ്പന്നങ്ങളും വിപണനം ചെയ്തിരുന്നു. ചൈനയുമായുള്ള വാണിജ്യബന്ധം കൊല്ലത്ത് അതിന്റെ സ്മാരകങ്ങൾ അവശേഷിപ്പിച്ചിട്ടുണ്ട്. ചീനപ്പട്ട്, ചീനവല തുടങ്ങിയവ നമുക്കു സുപരിചിതമാണല്ലോ. കൊല്ലം നഗരത്തിലെ പ്രധാന വ്യവസായ കേന്ദ്രമായ ചിന്നക്കട ഒരു കാലത്ത് ചീനക്കടയായിരുന്നു. അക്കാലത്ത് കൊല്ലം തുറമുഖം അഷ്ടമുടിക്കായലായിരുന്നു എന്ന് സഞ്ചാരികളുടെ വിവരങ്ങളിൽ നിന്നും മനസ്സിലാക്കാം. കൊല്ലം നഗരത്തിന്റെ വാണിജ്യാഭിവൃദ്ധിയിൽ അഷ്ടമുടിക്കായൽ സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

കുരുമുളക്, ഇഞ്ചി, സുഗന്ധദ്രവ്യങ്ങൾ മുതാലായ കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെ ആശ്രയിച്ചായിരുന്നു കൊല്ലത്തിന്റെ പ്രാചീന കാലത്തെ വാണിജ്യം. ഇവിടുത്തെ മൺപാത്രങ്ങളെ കുറിച്ച് അൽക്വസിനിയും തെങ്ങിൻകളളിൽനിന്നും കിട്ടുന്ന ലഹരിയുള്ള മദ്യത്തെക്കുറിച്ച് മാർക്കോപോളോയും പ്രതിപാദിക്കുന്നുണ്ട്. പ്രാചീനകാലത്തെ ആളുകൾ മൺപാത്രങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ ത്തിലും കൃഷിപ്പണിയിലും വൈദഗ്ധ്യമുള്ള വരായിരുന്നു. കോട്ടയം തുടങ്ങിയ ജില്ലകളിൽ നിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്ന പച്ചകക്ക നീറ്റി കുമ്മായ വ്യാപാരം നടത്തുന്നത് ഇവിടെ ഒരു പ്രധാന തൊഴിലായിരുന്നു. പുതിയ രീതിയിലുള്ള വ്യവസായങ്ങൾ കൊല്ലത്ത് ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടിയാണ്. ഓടു നിർമ്മാണ ശാലകളാണ് ആദ്യത്തെ വ്യവസായ ശാലകൾ. കാമറോൺ എന്ന ഇംഗ്ലീഷുകാരൻ 1880-ൽ കൊല്ലത്ത് ആദ്യമായി ഓട്ടു കമ്പനി സ്ഥാപിച്ചു. വിശാഖം തിരുനാളിന്റെ പേരണയിലും സഹായത്തിലും ആലപ്പുഴയിലെ ഇംഗ്ലീഷ് വ്യവസായി ജെയിംസ് ഡാറ അഷ്ടമുടിക്കായലിന്റെ തീരത്ത് 16 ഏക്കർ സ്ഥലത്ത് 1884-ൽ സ്ഥാപിച്ച തുണിമില്ലാണ് ഇന്നത്തെ പാർവ്വതിമിൽ. കൊല്ലത്തെ പ്രധാന വ്യവസായം കശുവണ്ടി വ്യവസായമാണ്. ഇവിടെ സംസ്കരിക്കുന്ന കശുവണ്ടിയുടെ ഏറിയഭാഗവും കിഴക്കേ ആഫ്രിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. നിരവധി ഓട്ട് കമ്പനികളും കശുവണ്ടി ഫാക്ടറികളും നാരു കമ്പനികളും കയർപ്പിരിപ്പ് കേന്ദ്രങ്ങളും കൈത്തറി തറികളും ചേർന്നതായിരുന്നു കൊല്ലത്തിന്റെ വ്യവസായ ശൃംഖല.

ശാസ്താംകോട്ട കായലിൽ നിന്നാണ് കൊല്ലം നഗരത്തിന് ആവശ്യമായ കുടിവെള്ളത്തിന്റെ ഏറിയ പങ്കും വന്നെത്തുന്നത്. ജലത്തിന്റെ അക്ഷയ സ്രോതസ്സ് എന്ന് കരുതിയിരുന്ന ഈ ശുദ്ധജല തടാകം ഇന്ന് അപകടസ്ഥിതിയിലാണ്. കൂടാതെ നഗരത്തിലേക്ക് ജലം എത്തിക്കുവാൻ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ കാലപ്പഴക്കം കൊണ്ട് കേടുപാടുകൾ സംഭവിച്ചിരിക്കുന്നു.

കാർഷിക മേഖല തളർച്ചയിലാണ്. പരമ്പരാഗതമായി കൃഷി ചെയ്യുന്നവരുടെ എണ്ണം ദൈനംദിനം കുറഞ്ഞുവരുന്നു. അതുപോലെ തന്നെയാണ് കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണവും. പെരുങ്കുളം, കാരിക്കുഴി പോലുള്ള ഏലകളിൽ വർഷങ്ങളായി നിരവധി ശ്രമങ്ങൾ നടത്തിയെ ങ്കിലും നെൽകൃഷി പ്രതീക്ഷയ്ക്കൊത്ത് പുന.സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പൊതുയിടങ്ങളിൽ കൃഷിയോഗ്യമായ സ്ഥലങ്ങൾ തരിശായി കിടക്കുകയാണ്. തെങ്ങുകൃഷിയുടെ സ്ഥിതിയും ആശാവഹമല്ല. കമുക്, കിഴങ്ങ് വർഗ്ഗങ്ങള്, കുരുമുളക്, ജാതി തുടങ്ങിയവയുടെ ഉല്പാദനം നാൾക്കുനാൾ കുറഞ്ഞുവരുന്നു. എന്നാൽ അടുത്തകാലത്തായി അഭ്യസ്ത വിദ്യരായ യുവതി-യുവാക്കൾ, വനിതാ ഗ്രൂപ്പുകൾ, സാമൂഹ്യ-

സാംസ്കാരിക പ്രസ്ഥാനങ്ങൾ തുടങ്ങിയവ കാർഷിക രംഗത്ത് താല്പര്യം പ്രകടിപ്പിക്കുകയും പച്ചക്കറി വിളകൾ വീടുകളിലും തരിശുനിലങ്ങളിലും കൃഷി ചെയ്യാൻ തുടങ്ങുകയും ചെയ്തു.

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയുടെയും സ്ഥിതി വ്യത്യസ്തമല്ല. പാലിനും മുട്ടയ്ക്കും ഇറച്ചിയ്ക്കുമായി നാം ഇന്നും അയൽ സംസ്ഥാനത്തെ ആശ്രയിക്കുകയാണ്. കാലിവളർത്തലും കോഴി വളർത്തലും പരമാവധി പ്രോത്സാഹിപ്പിക്കാൻ കഴിയണം. ആധുനിക രീതിയിലുള്ള ഡയറി ഫാമുകൾ സൃഷ്ടിച്ച് യുവതി-യുവാക്കളുടെ തൊഴിൽ സാദ്ധ്യത മെച്ചപ്പെടുത്തുവാൻ കഴിയണം.

കശുവണ്ടി മേഖലയാണ് കൊല്ലത്തെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽമേഖല. കിളികൊല്ലൂരും ഇരവിപുരവും കശുവണ്ടി ഗ്രാമം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഫാക്ടറികളുടെ എണ്ണം കൊണ്ടും സംസ്കരിക്കപ്പെടുന്ന കശുവണ്ടിയുടെ അളവുകൊണ്ടും ഒന്നാം സ്ഥാനത്ത് നിന്നിരുന്ന ഈ പ്രദേശങ്ങൾ ഇന്ന് നിരവധി പ്രശ്നങ്ങള് നേരിടുന്നു. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളി കുടുംബങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ-പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

പ്രതിസന്ധി നേരിടുന്ന മറ്റൊരു പ്രധാന മേഖലയാണ് മത്സ്യബന്ധനം. ശക്തികുളങ്ങര, നീണ്ടകര കേന്ദ്രീകരിച്ച് യന്ത്രവത്കൃത മത്സ്യബന്ധനം ഉണ്ടാവുകയും വിപുലമാ കുകയും ചെയ്തതിന്റെ ഫലമായി കഴിഞ്ഞ കാലങ്ങളിൽ ആ പ്രദേശത്ത് സാമ്പത്തിക അഭിവൃദ്ധി ഉണ്ടായി. എന്നാൽ പിടിക്കുന്ന മത്സ്യത്തിൽ ഉണ്ടാകുന്ന കുറവും കടലിലെ മത്സ്യസമ്പത്തിന്റെ ശോഷണവും പ്രദേശത്തെ സാമ്പത്തിക അഭിവൃദ്ധിക്ക് കോട്ടമുണ്ടാക്കിയിട്ടുണ്ട്. തങ്കശ്ശേരി, വാടി, മുതാക്കര, ഇരവിപുരം പോലുള്ള മത്സ്യഗ്രാമ ങ്ങളുടെയും സ്ഥിതി വ്യത്യസ്തമല്ല. തൊഴിലില്ലായ്മയും ആരോഗ്യ പ്രശ്നങ്ങളും ഈ ഗ്രാമങ്ങളിലെ ജനങ്ങളെ നിരന്തരം വേട്ടയാടുന്നു. ഉൾനാടൻ മത്സ്യ വികസനം, വിപണനം എന്നിവ പഴയ സ്ഥിതിയിൽ തന്നെയാണ്. ഉൾനാടൻ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട് നമ്മുടെ ചെറുതും വലുതുമായ ജലാശയങ്ങളിൽ വ്യത്യസ്ത രീതികളുള്ള കൃഷിമുറകൾ അനുവർത്തിച്ച് മത്സ്യസമ്പത്തും തൊഴിലും പരിപോക്ഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ-പാർപ്പിട പ്രശ്നങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. മത്സ്യം കേടു കൂടാതെ സൂക്ഷിക്കാനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനും ആവശ്യമായ ആധുനിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

അറബിക്കടലും അഷ്ടമുടിക്കായലും ഉൾപ്പെടെയുള്ള വിശാലമായ ജലസമ്പത്തിനെ വിനോദസഞ്ചാരത്തിന് അനുകൂലമായ സൗകര്യങ്ങളോടുകൂടി വികസിപ്പിച്ചെടുക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കായൽ ടൂറിസം, ഇക്കോ ടൂറിസം, ഹെറിറ്റേജ് ടൂറിസം, മറൈൻ അഡ്വെഞ്ചർ ടൂറിസം എന്നിവയ്ക്ക് അനുയോജ്യമായ നഗരമാണ് കൊല്ലം.

2.3 ധനവിഭവവും ധനസ്രോതസ്സുകളും

ഏതൊരു സമ്പദ് വ്യവസ്ഥയുടെയും ജീവ രക്തമാണ് അവിടെ വിനിയോഗം ചെയ്യപ്പെടുന്ന ധനം. മനുഷ്യ പ്രയത്നത്തിന്റെ ഭാഗമായി സാധനങ്ങളും സേവനങ്ങളും സൃഷ്ടിക്കപ്പെടുന്നതിനോടൊപ്പം തത്തുല്യ മൂല്യമുള്ള ധനവും സൃഷ്ടിക്കപ്പെടുന്നു. ധനത്തിന്റെ കൈമാറ്റ പ്രക്രിയ എത്രമാത്രം ത്വരിത ഗതിയിലാക്കു ന്നുവോ അത്രമാത്രം വേഗത്തിൽ സമ്പദ് വ്യവസ്ഥയിലെ സാമ്പത്തിക പ്രവർത്തനങ്ങളും വർദ്ധിച്ച തോതിൽ നടക്കും. ആയതിനാൽ ചലനാത്മകമായ ഒരു സാമൂഹ്യ സാമ്പത്തിക വ്യവസ്ഥ നിലനിൽക്കണമെങ്കിൽ പരമാവധി ധനവിഭവം അവിടെ ലഭ്യമാക്കേണ്ടതുണ്ട്.

ഇന്നത്തെ സാഹചര്യത്തിൽ വ്യവസ്ഥാപിതമായ പല ധനാഗമ മാർഗ്ഗങ്ങളും നിലവിലുണ്ട്. അതിൽ പ്രാധനപ്പെട്ടത് സർക്കാർ ബഡ്ജറ്റുകളിലൂടെ ഓരോ വർഷവും ലഭ്യമാക്കുന്നതാണ്. രാജ്യത്ത് നടക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് ധന വിഭവം പ്രധാനമായും കണ്ടെത്തുന്നത് സർക്കാർ ബഡ്ജറ്റിൽ നിന്നും മറ്റ് നിക്ഷേപ മേഖലകളിൽ നിന്നുമാണ്. ഈ പറയപ്പെടുന്നവ കൂടാതെ മറ്റ് പല ധനാഗമ മാർഗ്ഗങ്ങളും നിലവിലുണ്ട്. അന്താരാഷ്ട്ര ഏജൻസികൾ, വാണിജ്യ ബാങ്കുകൾ, ലോകബാങ്ക് തുടങ്ങിയവയാണവ.

2.3.1 ഫണ്ട് വിഭാഗങ്ങളും സ്രോതസ്സുകളും

കൊല്ലം ജില്ലയുടെ സാമ്പത്തിക വികസനത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ഏറെക്കുറെ പരമ്പരാഗതമായ സവിശേഷതകൾ ഉള്ള ജില്ലയാണെന്ന് കാണാം. അതുകൊണ്ട് തന്നെ മറ്റ് പല ജില്ലകളേയും അപേക്ഷിച്ച് വളരെ കൂടുതൽ ധനവിഭവം കണ്ടെത്തി നാനാതുറകളിലും നിക്ഷേപം നടത്തി വികസന കാര്യത്തിൽ ഒരു ത്വരിത ഗമനം നടത്തേണ്ടതുണ്ട്. ഒരു ജില്ലാ പദ്ധതി തയ്യാറാക്കി അംഗീകരിച്ച് നടപ്പാക്കുമ്പോൾ പ്രധാനമായും ലഭ്യമാകുന്ന ധന സ്രോതസുകൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാന പദ്ധതി വിഹിതം
2. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ
4. എം.പി മാരുടെ പ്രദേശിക വികസന ഫണ്ട്.
5. എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്
6. മണ്ഡല ആസ്തി വികസന ഫണ്ട്
7. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള മുൻഗണന മേഖല വായ്പകൾ
8. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്.

2.3.2 പ്രതീക്ഷിത വിഭവ സ്രോതസ് – 2017-22

2017-18 - 2017-22 കാലയളവിൽ വിവിധ സ്രോതസുകളിൽ നിന്ന് ജില്ലക്ക് ലഭ്യമാക്കുമെന്നു പ്രതീക്ഷിക്കുന്ന ധനവിഭവം സംബന്ധിച്ച വിശദാംശം പട്ടിക 2.3.1 ൽ കൊടുത്തിരിക്കുന്നു. 2017-18 ൽ 1463.19 കോടി രൂപയാണ് . ഓരോ വർഷവും കഴിയുമ്പോൾ 2022 ലെ പ്രതീക്ഷിത ധനലഭ്യത 2106.98 കോടി രൂപയായി വർദ്ധിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

പട്ടിക 2.3.1

പ്രതീക്ഷിത ധനലഭ്യത – 2017 -18 മുതൽ 2021-22 വരെ (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതി വിഹിതം	2017-18	2018-19	2019-20	2020-21	2021-22
1	സംസ്ഥാന പദ്ധതി വിഹിതം	57500.00	63250.00	69575.00	76532.50	84185.70
2	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ	54707.00	60177.70	66195.40	72814.90	80096.30
3	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്	9507.00	10457.70	11503.40	12653.70	13919.00
4	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട്	15956.08	17551.68	19306.78	21237.38	23361.08
5	എം.പി മാരുടെ പ്രദേശിക വികസന ഫണ്ട്.	1000.00	1000.00	1000.00	1000.00	1000.00
6	എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്	1100.00	1100.00	1100.00	1100.00	1100.00
7	മണ്ഡല ആസ്തി വികസന ഫണ്ട്	5500.00	5500.00	5500.00	5500.00	5500.00
8	വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള മുൻഗണന മേഖല വായ്പകൾ	949.38	1044.28	1148.68	1263.48	1389.78
9	കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്.	100.00	110.00	121.00	133.10	146.40
	ആകെ	**146319.46**	**160191.36**	**175450.26**	**192235.06**	**210698.26**

അവലംബം . സംസ്ഥാന ആസൂത്രണ ബോർഡ്

2.3.3 സംസ്ഥാന വാർഷിക പദ്ധതി വിഹിതം

പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന മേഖലകളുടെ വികസനത്തിനായി പദ്ധതി തുക ലഭ്യമാക്കുന്നുണ്ട്

- കൃഷിയും അനുബന്ധമേഖലകളും
- ഗ്രാമവികസനം
- സഹകരണം
- ജലസേചനവും വെള്ളപൊക്ക നിയന്ത്രണവും
- ഊർജ്ജം
- വ്യവസായം
- ഗതാഗതം
- ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി
- പൊതു സാമ്പത്തിക സേവനങ്ങൾ
- സാമൂഹിക സേവനങ്ങൾ
- പൊതു സേവനങ്ങൾ

സംസ്ഥാന വാർഷിക പദ്ധതി (2017-18)വിഹിതമായി വിവിധ വികസന വകുപ്പുകൾക്ക് സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്രവിഷ്കൃതം എന്നി ഇനങ്ങളിലാണ് തുക ലഭ്യമാക്കുന്നത്. കാറ്റഗറി -1, കാറ്റഗറി -2, കാറ്റഗറി -3, കാറ്റഗറി -4 എന്നിങ്ങനെയാണ്. കാറ്റഗറി 1 ൽ സംസ്ഥാനത്ത് എവിടെയും ഗുണം ലഭിക്കുന്ന ഫണ്ട് വിനിയോഗമാണ്. വിവിധ ഫണ്ട് വിഭാഗങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 2.3.2

മേഖല തിരിച്ചുള്ള ഫണ്ട് വിനിയോഗം (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	മേഖല	സംസ്ഥാന പദ്ധതി			കേന്ദ്രാവിഷ്കൃതം			ആകെ	ശതമാനം
		കാറ്റഗറി -2	കാറ്റഗറി -3	കാറ്റഗറി -4	കാറ്റഗറി -2	കാറ്റഗറി -3	കാറ്റഗറി -4		
1	കൃഷിയും അനുബന്ധമേഖലകളും	161.57	321	7623.02	60	0	2199.1	10364.7	18.03
2	ഗ്രാമവികസനം	300	0	5219.21	0	0	1266.6	6785.79	11.8
3	ജലസേചനം	0	16	980	0	0	0	996	1.73
4	ഊർജ്ജം	50	0	5100	0	0	0	5150	8.96
5	വ്യവസായം	3210	0	812.35	0	0	0	4022.35	7
6	ഗതാഗതം	2051	380	65	0	0	0	2496	4.34
7	ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി	0	0	30	0	0		30	0.05
8	പൊതു സാമ്പത്തിക സേവനങ്ങൾ	320.46	2569	17639.6	139.2	0	3763.2	24431.5	42.49
9	സാമൂഹിക സേവനങ്ങൾ	71.4	13	448.5	0	0	0	532.9	0.93
10	പൊതു സേവനങ്ങൾ	0	0	170.5	0	0	0	170.5	0.3
11	സഹകരണം	0	700	402	0	1419.3	0	2521.3	4.38
	ആകെ	**6164.4**	**3999**	**38490.2**	**199.2**	**1419.3**	**7228.9**	**57501**	**100**

അവലംബം . സംസ്ഥാന ആസൂത്രണ ബോർഡ്

2.3.4 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കുള്ള ധനസഹായം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 മൊത്തം അടങ്കൽ തുക 1463.19 കോടി രൂപയാണ്. സർക്കാരിൽ നിന്നുള്ള സാധാരണ വിഹിതമായി ജില്ലയ്ക്ക് 286.50 കോടി രൂപയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നീ ഇനങ്ങളിൽ ലഭിക്കുന്നത് യഥാക്രമം 122.63 കോടി രൂപയും 2.46 കോടി രൂപയുമാണ്.

പട്ടിക 2.3.3

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം - 2017-18 (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശ ഭരണ സ്ഥാപനം	സാധാരണ വിഹിതം	പതിന്നാലാം ധനകാര്യ കമ്മീഷൻ	ആകെ	പ്രത്യേക ഘടക പദ്ധതി	പട്ടിക വർഗ്ഗ ഉപ പദ്ധതി	ആകെ
1	2	3	4	5	6	7	(5+6+7)
1	ഗ്രാമപഞ്ചായത്ത്	13176	7229	20405	6231	135.6	26771
2	ബ്ലോക്ക് പഞ്ചായത്ത്	4643	0	4643	2131	45.64	6819
3	ജില്ലാ പഞ്ചായത്ത്	4639	0	4639	2131	45.56	6815
4	മുനിസിപ്പാലിറ്റി	1666	1900	3567	593.6	19.71	4180
5	കോർപ്പറേഷൻ	4526	4418	8944	1178	0.09	10121
6	**ആകെ**	**28650**	**13547**	**42198**	**12263**	**246.6**	**54708**

അവലംബം . ഇൻഫർമേഷൻ കേരള മിഷൻ

2.3.5 തനത് ഫണ്ട്

തനത് ഫണ്ടിനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2017-18 ൽ 35.07 കോടി രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് 14.47 കോടി രൂപ, ബ്ലോക്ക് പഞ്ചായത്ത് 16.75 കോടി രൂപ, ഗ്രാമപഞ്ചായത്തുകൾ 55.30 കോടി രൂപയും മുനിസിപ്പാലിറ്റി 4.29 കോടി രൂപയും കോർപ്പറേഷൻ 4.24 കോടി രൂപയും ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടിക 2.3.4

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിഹിതം - 2017-18 (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	തുക (ലക്ഷത്തിൽ)
1	ജില്ലാ പഞ്ചായത്ത്	1447.27
2	ബ്ലോക്ക് പഞ്ചായത്ത്	1675.75
3	ഗ്രാമപഞ്ചായത്തുകൾ	5530.39
4	മുനിസിപ്പാലിറ്റി	429.66
5	കോർപ്പറേഷൻ	424.31
	ആകെ	**9507.38**

അവലംബം . ഇൻഫർമേഷൻ കേരള മിഷൻ

2.3.6 മെയിന്റനൻസ് ഫണ്ട്

കൈമാറി കിട്ടിയ റോഡ്/ റോഡിതര അസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി ലഭിക്കുന്ന തുകയാണിത്. 2017-18 ൽ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 54.21 കോടി രൂപയാണ് റോഡുകളുടെ സംരക്ഷണത്തിനായി ലഭിക്കുന്നത്. റോഡിതര അസ്തികളുടെ സംരക്ഷണത്തിനായി 105.34 കോടി രൂപയും ലഭിക്കും വിശദവിവരങ്ങൾ പട്ടിക 3.5 ൽ ചേർക്കുന്നു

പട്ടിക 2.3.5

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട് വിഹിതം - 2017-18

(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	റോഡ്	റോഡിതരം	ആകെ
1	ജില്ല പഞ്ചായത്ത്	851.29	1862.95	2714.24
2	ബ്ലോക്ക് പഞ്ചായത്ത്	585.64	0.00	585.64
3	ഗ്രാമപഞ്ചായത്തുകൾ	2855.96	6444.89	9300.85
4	മുനിസിപ്പാലിറ്റി	386.83	777.84	1164.67
5	കോർപ്പറേഷൻ	741.90	1448.78	2190.68
	ആകെ	**5421.62**	**10534.46**	**15956.08**

അവലംബം . ഇൻഫർമേഷൻ കേരള മിഷൻ

2.3.7 ബാങ്കുകളും വായ്പ സംവിധാനവും

വാണിജ്യ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ എന്നിവ ഉൾപ്പെടെ വിപുലമായ ഒരു ബാങ്കിംഗ് ശൃംഖല ജില്ലയിൽ നിലനിൽക്കുന്നു. 2017 മാർച്ച് അവസാനം ജില്ലയൊട്ടാകെ 383 ബാങ്ക് ശാഖകളാണുള്ളത്. വികസന പ്രവർത്തനങ്ങളും മുൻഗണന മേഖലകൾക്കും യഥേഷ്ടം വായ്പ ലഭ്യമാകുന്നത്തിന് ബാങ്കുകളുടെ നിക്ഷേപ സമാഹരണത്തിന് വലിയ പങ്കാണുള്ളത്. 2017 മാർച്ച് അവസാനം ജില്ലയിലെ മൊത്തം ബാങ്ക് നിക്ഷേപം 24493.08 കോടി രൂപയാണ്.

പട്ടിക 2.3.6

2013-14 മുതൽ 2017-18 വരെയുള്ള ജില്ലയിലെ ക്രഡിറ്റ് പ്ലാൻ

(തുക കോടിയിൽ)

ക്രമ നം.	മേഖല	2013-14	2014-15	2015-16	2016-17	20117-18
1	കാർഷികം	2068.76	2675.35	2597.85	4383.40	4695.32
2	എം .എസ്.എം.ഇ	1946.38	2304.09	2351.90	1931.68	2107.56
3	മറ്റ് പ്രധാന മേഖലകൾ	3214.43	3250.66	3422.10	2317.32	2691.05
	ആകെ	**7769.57**	**8230.10**	**8371.85**	**8632.43**	**9493.93**

അവലംബം . ലീഡ് ബാങ്ക് , കൊല്ലം

ജില്ലയിലെ പ്രവാസികളുടെ നിക്ഷേപത്തിന്റെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്ക് (2013-14 മുതൽ 2017-18 വരെ പട്ടിക 2.3.7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.3.7

പ്രവാസികളുടെ നിക്ഷേപം (2013-14 മുതൽ 2017-18 വരെ)

(തുക കോടിയിൽ)

വർഷം	നിക്ഷേപ തുക
2013-14	7059.56
2014-15	8230.34
2015-16	9845.24
2016-17	8764.13
2017-18	10894.35

അവലംബം . ലീഡ് ബാങ്ക് , കൊല്ലം

പട്ടിക 2.3.8

ബാങ്കിംഗ് മേഖല 2017-18

ക്രമ നമ്പർ	ഇനം	എണ്ണം / തുക
1	വാണിജ്യ ബാങ്കുകൾ	383
2	ജില്ലാ സഹകരണ ബാങ്ക് ശാഖകൾ	63
3	പ്രാഥമിക കാർഷിക വികസന ബാങ്കുകൾ	6
4	പ്രാഥമിക സഹകരണ ബാങ്കുകൾ	108
5	അർബൻ സഹകരണ ബാങ്കുകൾ	4
6	ബാങ്കുകളിൽ ലഭിച്ച ആകെ നിക്ഷേപം	2779708 ലക്ഷം രൂപ
7	ആകെ വായ്പ	1489272 ലക്ഷം രൂപ

അവലംബം . ജില്ലാ ക്രഡിറ്റ് പ്ലാൻ , കൊല്ലം 2017-18

2.3.8 എം.പി മാരുടെ പ്രാദേശിക വികസന ഫണ്ട്

പ്രദേശിക വികസനത്തിൽ ഉണ്ടാകുന്ന വികസന അസന്തുലിതാവസ്ഥ ഇല്ലാതാക്കുന്നതിനും വികസനം അവശ്യമുള്ളതും, എന്നാൽ ശ്രദ്ധിക്കപ്പെടാതെ ഉൾഗ്രാമങ്ങളിൽ നിലനിൽക്കുന്ന പ്രദേശികമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ബഹു പാർലമെന്റംഗങ്ങൾ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനായാണ് എം.പിമാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കുന്നത്. ഒരു പാർലമെന്റംഗത്തിന് പ്രതി വർഷം 5 കോടി രൂപയുടെ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ കഴിയും. കൊല്ലം ലോക സഭ മണ്ഡലം പൂർണമായും, മാവേലിക്കര, ആലപ്പുഴ ലോകസഭ മണ്ഡലങ്ങൾ ഭാഗികമായും കൊല്ലം റവന്യൂ ജില്ലയിൽ ഉൾപ്പെടുന്നും. ഈ മണ്ഡലത്തിൽ നിന്നുള്ള ബഹു ലോക സഭാംഗങ്ങൾ കൂടാതെ സംസ്ഥാനത്ത് നിന്നുള്ള രാജ്യസഭാംഗങ്ങൾക്കും പാർലമെന്റിലെ നോമിനേറ്റഡ് അംഗങ്ങൾക്കും ജില്ലയിൽ വികസന പ്രവൃത്തി നിർദ്ദേശിക്കാവുന്നതാണ്. ഒരു വർഷം ലഭ്യമാക്കുന്ന് തുക പട്ടിക 2.3.7 കൊടുത്തിരിക്കുന്നു.

പട്ടിക 2.3.9

എം.പി മാരുടെ പ്രാദേശിക വികസന ഫണ്ട്

ക്രമ നമ്പർ	മണ്ഡലം	തുക (ലക്ഷത്തിൽ)
1	കൊല്ലം നോഡൽ	500.00
2	കൊല്ലം നിർവ്വഹണ ജില്ല	500.00
	ആകെ	**1000.00**

അവലംബം . സംസ്ഥാന ആസൂത്രണ ബോർഡ്

എം പി മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ഓരോ എം പി യും കഴിഞ്ഞ കാലങ്ങളിൽ ജില്ലയ്ക്ക് ലഭിച്ച തുകയും ചെലവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.3.10

എം.പി മാരുടെ പ്രാദേശിക വികസന ഫണ്ട്

(തുക ലക്ഷത്തിൽ)

വർഷം	അനുവദിച്ച തുക	അനുവദിച്ച പ്രവൃത്തികൾ	ചെലവഴിച്ച തുക	പൂർത്തിയാക്കിയ പ്രവൃത്തികൾ	നിലവിലുള്ള പ്രവൃത്തികൾ
1. ശ്രീ. എൻ കെ പ്രേമചന്ദ്രൻ എം പി (ലോകസഭ)					
2014-15	451.37	77	425.89	77	0
2015-16	539.34	125	461.96	108	17
2016-17	504.16	89	247.09	58	31
2017-18	561.21	77	45.11	0	77

2. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം പി (ലോകസഭ)					
2014-15	455.67	77	420.53	74	3
2015-16	590.14	83	487.93	72	11
2016-17	507.57	97	187.82	40	57
2017-18	317.78	59	14.96	8	51
3. ശ്രീ.കെ.സോമപ്രസാദ് എം.പി (രാജ്യ സഭ)					
2016-17	546.63	62	160.93	26	36
2017-18	75.65	9	0		9
4. ശ്രീ.കെ.എൻ.ബാലഗോപാൽ (രാജ്യസഭ)					
2010-11	237.39	16	232.37	16	0
2011-12	469.96	57	446.89	57	0
2012-13	558.05	90	529.40	88	2
2013-14	416.12	82	399.85	82	0
2014-15	524.28	75	450.00	71	4
2015-16	751.26	132	622.52	112	20

അവലംബം . ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം

2.3.9 എം.എൽ.എ മാരുടെ ഫണ്ട്

ബഹു. നിയമസഭാംഗങ്ങൾക്ക് തങ്ങളുടെ മണ്ഡലത്തിൽ നിർവ്വഹണം നടത്തുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തി പ്രതി വർഷം ഒരു കോടി രൂപയുടെ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്. ജില്ലയിലെ 11 നിയമസഭാമണ്ഡലങ്ങൾ ക്കുമായി പ്രതി വർഷം 11 കോടി രൂപ ഈയിനത്തിൽ ലഭിക്കുന്നു. കൂടാതെ ഒരോ എം.എൽ.എ യ്ക്കും 500 ലക്ഷം രൂപയുടെ അസറ്റ് മാനേജ്മെന്റ് ഫണ്ടായും ലഭിക്കുന്നു. പട്ടിക 2.3.8

പട്ടിക 2.3.11

എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്

ക്രമ നമ്പർ	മണ്ഡലം	തുക (ലക്ഷത്തിൽ)	
		പ്രത്യേക വികസന ഫണ്ട്	അസറ്റ് മാനേജ്മെന്റ് ഫണ്ട്
1	കരുനാഗപ്പള്ളി	100	500
2	ചവറ	100	500
3	കൊട്ടാരക്കര	100	500
4	പത്താനപുരം	100	500
5	പുനലൂർ	100	500
6	ചടയമംഗലം	100	500
7	കുണ്ടറ	100	500
8	കൊല്ലം	100	500
9	ഇരവിപുരം	100	500
10	ചാത്തന്നൂർ	100	500
11	കുന്നത്തൂർ	100	500

അവലംബം . സംസ്ഥാന ബജറ്റ് 2017-18

2.4 സ്ഥാപന വിഭവങ്ങൾ

ഏതൊരു തലത്തിലുള്ള സമ്പദ് വ്യവസ്ഥയുടെയും ഊട്ടും പാവുമാണ് വ്യത്യാസ്ഥ മേഖലകളിലായി അവിടെ നിലനിൽക്കുന്ന സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളുടെ ത്വരിത ഗതിയിലുള്ള പ്രവർത്തനമാണ് ജില്ലായുടെതായാലും സംസ്ഥാനത്തിന്റെതായാലും സാമ്പത്തിക വളർച്ചയേയും

പുരോഗതിയേയും നിശ്ചയിക്കുന്നത്. കൊല്ലം ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ വ്യത്യാസ്ഥങ്ങളായ സ്ഥാപനങ്ങൾ ഉള്ളതായി കാണാം.

കേന്ദ്ര സംസ്ഥാന സർക്കാർ ഉടമസ്ഥയിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഉൽപാദന മേഖലയിലുള്ള വിവധ തരം സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ആരോഗ്യ മേഖലയിലെ വിവിഘ തലങ്ങളിലുള്ള ആശുപത്രികൾ ജനങ്ങൾക്ക് ഭരണ പരമായ സേവനങ്ങൾ നൽകുന്നതിനുള്ള സർക്കാർ വകുപ്പുകളും ആഫിസുകളും.

2.4.1 വ്യവസായം

പ്രധാന വ്യവസായ സ്ഥാപനങ്ങൾ

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

(1) ഇൻഡ്യൻ റെയർ എർത്ത്സ്, ചവറ

(2) പാർവതി മില്ല്സ്, കൊല്ലം

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ

(1) കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ

(2) കേരള ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനിയറിംങ്ങ് കമ്പനി, കുണ്ടറ

(3) കേരള മിനറൽസ് &മെറ്റൽസ് ലിമിറ്റഡ്, ചവറ

(4) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം

(5) കേരള ആഗ്രോഫ്രൂട്ട്സ് പ്രോഡക്ട്സ്, പുനലൂർ

(6) കൈറ്റോസാൻ, മത്സ്യ ഫെഡ്, നീണ്ടകര

(7) കേരള ഫീഡ്സ് ഇടകുളങ്ങര, കരുനാഗപള്ളി

(8) കേരഫെഡ് ഓയിൽ കംപ്ലെക്സ്, കരുനാഗപള്ളി

സഹകരണ - സ്വകാര്യ സ്ഥാപനങ്ങൾ

(1) അലൂമിനിയം ഇൻഡസ്ട്രീസ്, കുണ്ടറ

(2) കോ-ഓപ്പറേറ്റീവ് സ്പിന്നിംങ്ങ് മിൽ, ചാത്തന്നൂർ

(3) പുനലൂർ പേപ്പർമിൽ, പുനലൂർ

പട്ടിക 2.4.1

കൊല്ലം ജില്ലയുടെ വ്യവസായിക രംഗം - ഒറ്റ നോട്ടത്തിൽ(2015-16)

ക്രമ നം.	ഇനം	എണ്ണം/വിവരണം
1	രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾ	7909
2	ആകെ ഇൻവെസ്റ്റ്മെന്റ് (രൂപ ലക്ഷത്തിൽ)	95766.56
3	ആകെ തൊഴിലാളികൾ	51384
4	ലാർജ്, മീഡിയം ഇൻഡസ്ട്രിയിലെ തൊഴിലാളികൾ	1900
5	ഇൻഡസ്ട്രിയൽ ഏരിയ ഡിഎ /ഡിപി	2
6	മിനി ഇൻഡസ്ട്രിയൽ ഏരിയ	23

ഉറവിടം: ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം

പട്ടിക 2.4.2

സ്ഥാപന രംഗം - കൊല്ലം ജില്ല

ഇനം	എണ്ണം
താലൂക്കുകൾ	6
റവന്യൂ ഡിവിഷനുകൾ	1
വില്ലേജുകൾ	104
ഗ്രാമ പഞ്ചായത്തുകൾ	68
ബ്ലോക്ക് പഞ്ചായത്തുകൾ	11
മുനിസിപ്പാലിറ്റികൾ	4

കോർപ്പറേഷൻ	1
നിയമസഭാ മണ്ഡലങ്ങൾ	11
ലോകസഭാ മണ്ഡലങ്ങൾ	3
ആരോഗ്യം-	
സർക്കാർ മെഡിക്കൽ കോളേജുകൾ	1
സ്വകാര്യ മെഡിക്കൽ കോളേജ്	2
ആയുർവേദ മെഡിക്കൽ കോളേജ്	2
ജില്ലാ ആശുപത്രി	1
താലൂക്ക് ആശുപത്രി	8
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	17
പ്രൈമറി ഹെൽത്ത് സെന്റർ	58
ട്യൂബർ കുലോസിസ് സെന്റർ	2
ഇ.എസ്.ഐ.ആശുപത്രികൾ	3

ഉറവിടം: ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം

പട്ടിക 2.4.3

കൊല്ലം ജില്ലയുടെ വിദ്യാഭ്യാസ രംഗം

പ്രൈമറി സ്കൂളുകൾ	499	
	സർക്കാർ	275
	എയ്ഡഡ്	180
	അൺ എയ്ഡഡ്	44
ഹൈസ്കൂളുകൾ	232	
	സർക്കാർ	88
	എയ്ഡഡ്	127
	അൺ എയ്ഡഡ്	17
വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ	52	
	സർക്കാർ	20
	എയ്ഡഡ്	32
ഐ.ടി.ഐ	63	
	സർക്കാർ	8
	സ്വകാര്യം	52
	എസ് സി ഡി ഡി	3
നെഴ്സിംഗ് കോളേജുകൾ	10	
ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ	14	
	സർക്കാർ	2
	എയ്ഡഡ്	12
അപ്പർ പ്രൈമറി സ്കൂളുകൾ	225	
	സർക്കാർ	66
	എയ്ഡഡ്	133
	അൺ എയ്ഡഡ്	26
ഹയർസെക്കന്ററി സ്കൂളുകൾ	142	
	സർക്കാർ	67

	എയ്ഡഡ്	55
	അൺ എയ്ഡഡ്	20
എഞ്ചിനീയറിംഗ് കോളേജുകൾ	17	
മെഡിക്കൽ കോളേജുകൾ	5 (2 എണ്ണംആയുർവേദ മേഖല)	
എയ്ഡഡ് ടെയിനിംഗ് കോളേജുകൾ	2	
പോളി ടെക്നിക്കുകൾ	4	
	സർക്കാർ	3
	എയ്ഡഡ്	1
മാനേജ്മെന്റ് പഠന കേന്ദ്രങ്ങൾ	8	

ഉറവിടം : ഡി ഡി വിദ്യാഭാസം, കൊല്ലം

പട്ടിക 2.4.4

മൃഗസംരക്ഷണം – സ്ഥാപനരംഗം

ഇനം	എണ്ണം
ജില്ലാ മൃഗ സംരക്ഷണഓഫീസ്	1
ജില്ലാ വെറ്റിനറി കേന്ദ്രം	1
ഐ സി ഡി പിപ്രൊജക്റ്റ് ഓഫീസ്	1
ആർ പിചെക്ക് പോസ്റ്റ്	1
ആർ പിവിജിലൻസ് യുണിറ്റ്	1
റീജിയണൽഅനിമൽ ഹെൽത്ത് സെന്റർ	4
ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റെർ	1
ഹൈ ടെക് ഡയറിഫാം	1
ഡിസ്ട്രിക്ട്ടർക്കി ഫാം	1
വെറ്റിനറി പോളി ക്ലിനിക്കുകൾ	4
ജില്ലാക്ലിനിക്കൽ ലാബ്	1
മൃഗാശുപത്രികൾ	22
വെറ്റിനറി ഡിസ്പെൻസറികൾ	55
മൊബൈൽവെറ്റിനറി ഹോസ്പിറ്റൽ	1
ഐ സി ഡി പിസബ് സെന്റെർ	146
കന്നുകാലി ചന്തകൾ	5
കാഫ് ഫീഡ്സബ്സിഡി സ്കീം ഓഫീസ്	1

ഉറവിടം : ജില്ലാ മൃഗസംരക്ഷണ വകുപ്പ് , കൊല്ലം

പരിമിതികൾ

ഏറ്റവും പുതിയ സ്ഥിതി വിവരകണക്കുകൾ ഈ വിശകലനത്തിനുവേണ്ടി ഉപയോഗിക്കുവാൻ ശ്രമിച്ചുവെങ്കിലും പ്രതീക്ഷിച്ച രീതിയിൽ അവ ലഭ്യമായില്ല. ആയതിനാല് പ്രധാനമായും 2011 ലെ സെൻസസ് വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വിശകലനം നടത്തുവാനെ സാധിച്ചിട്ടുള്ളൂ. വിവര ശേഖരണത്തിനും അത് കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളും ആത്മാർത്ഥമായ ശ്രമം അടിയന്തിരമായും നടത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ സമസ്ത

മേഖലകളിലെയും സ്ഥിതി വിവര കണക്കുകൾ കൃത്യമായി ശേഖരിച്ച വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടി ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടായാൽ ഇന്നനുഭവപ്പെടുന്ന ഡേറ്റ ഗാപ്പ് ഒഴിവാക്കുന്നതിന് ശരിയായ സ്ഥിതി വിവര കണക്കുകൾ ഉപയോഗിച്ച് ശരിയായ നിഗമനത്തിലെത്തുന്നതിനും അതനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കഴിയും.

ഉപസംഹാരം

ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമായിട്ടുള്ള മനുഷ്യവിഭവത്തിന്റെ പ്രത്യേകതകളെ സംബന്ധിച്ച വിശകലനം പ്രധാനമായും 2011 ലെ സെൻസസിനെ അടിസ്ഥാനമാക്കിയാണ് നടത്തിയിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും വികസനത്തിന് അവിടവിടെ ലഭ്യമായിട്ടുള്ള മനുഷ്യ വിഭവങ്ങളെ എങ്ങനെ ഉപയോഗിക്കണമെന്ന് അതത് പ്രദേശത്ത് ലഭ്യമായിട്ടുള്ള മറ്റ് വിഭവങ്ങൾ കൂടി കണക്കിലെടുത്ത് വികസന പദ്ധതി ആസൂത്രകർക്ക് തീരുമാനിക്കാവുന്നതാണ്. പ്രാദേശിക വികസനത്തിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനോടൊപ്പം തന്നെ ജില്ലയിൽ വ്യാപകമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകളായ റബ്ബർ, നാളീകേരം തുടങ്ങിയ ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള ചെറുതും വലുതുമായ വ്യവസായങ്ങൾ ആരംഭിക്കേണ്ടതും പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി, മത്സ്യബന്ധനം എന്നീ രംഗങ്ങളെ കൂടുതൽ സജീവമാക്കേണ്ടതുമാണ്. ഇത് ജില്ലയുടെ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വലിയ വികസനത്തിന് വഴി തെളിക്കും. അതുപോലെതന്നെ വിവരസാങ്കേതിക വിദ്യ (ഇൻഫർമേഷൻ ടെക്നോളജി) രംഗത്തെ അനന്ത തൊഴിൽ സാദ്ധ്യതകൾ സ്വായത്തമാക്കാൻ പറ്റിയ തരത്തിൽ നമ്മുടെ മനുഷ്യവിഭവത്തെ വാർത്തെടുക്കുവാൻ ശ്രമം നടത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഇൻഫർമേഷൻ ടെക്നോളജി ഉല്പാദന രംഗത്തും വിപണന രംഗത്തും അനന്ത സാദ്ധ്യതകൾ പ്രദാനം ചെയ്യുന്നു. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഈ രംഗത്ത് വ്യവസായ സാധ്യത വിപുലപ്പെടുത്താൻ കഴിഞ്ഞാൽ തൊഴിൽ സേനയുടെ ഫലപ്രദമായ വിനിയോഗം പ്രാവർത്തികമാക്കാം. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയും. കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണ നിർമ്മാണം, സോഫ്റ്റ് വെയർ ഡിസൈൻ ചെയ്യൽ ഇവയിൽ വൻ സാദ്ധ്യതകൾ നിലനിൽക്കുന്ന പരിസര മലിനീകരണം ഏറ്റവും കുറഞ്ഞ വ്യവസായ സാദ്ധ്യത എന്ന ഒരു പ്രത്യേകത കൂടി ഇതിനുണ്ട്.

Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω

അദ്ധ്യായം 3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

3.1 ആമുഖം

സ്ഥലപരാസൂത്രണ സമീപനത്തോടെയുള്ള ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഭൂപ്രകൃതി, ജന സംഖ്യാ വിതരണം, തൊഴിൽഘടന, ഭൂവിനിയോഗം, അധിവാസകേന്ദ്രങ്ങളുടെ ക്രമം, കവലകളുടെ ക്രമം, പ്രവർത്തനസ്വഭാവം, നഗരവൽക്കരണം തുടങ്ങിയ അധിവാസകേന്ദ്രങ്ങളുടെ സ്ഥലപരമായ സവിശേഷതകളും ജില്ലയിൽ നിലവിലുള്ള വിവിധ വികസന മേഖലകളുടെ സ്ഥലപരമാനവും സംയോജിപ്പിക്കേണ്ടതുണ്ട്. ഈ അധ്യായത്തിൽ അധിവാസകേന്ദ്രങ്ങളുടെ സ്ഥലപര ഘടകങ്ങളുടെ നിലവിലെ സ്ഥിതിയും വരുംകാലങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങളെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. അധിവാസ കേന്ദ്രങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്ന സ്ഥലപര രൂപമാതൃകയും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രാദേശിക ക്രമീകരണം

കേരളത്തിന്റെ തെക്കുപടിഞ്ഞാറൻ തീരത്ത് 9^0 28" നും 8^0 45" നും ഇടയ്ക്ക് അക്ഷാംശത്തിലും, 76^0 28" നും 77^0 17" നും ഇടയ്ക്ക് രേഖാംശത്തിലുമാണ് കൊല്ലം സ്ഥിതി ചെയ്യുന്നത്. വടക്ക് ആലപ്പുഴ-പത്തനംതിട്ട ജില്ലകളും, കിഴക്ക് പശ്ചിമഘട്ട നിരകളോട് ചേർന്ന് തമിഴ് നാടും, തെക്ക് തിരുവനന്തപുരം ജില്ലയും, പടിഞ്ഞാറ് ലക്ഷദ്വീപ് കടലുമാണ് കൊല്ലം ജില്ലയുടെ അതിരുകൾ.

ഗതാഗത ബന്ധം

ജില്ലയ്ക്കുള്ളിൽ ഏകദേശം 135 കി. മീ ദൈർഘ്യം വരുന്ന മൂന്ന് ദേശീയ പാതകളും (എൻ. എച്ച് 66, എൻ. എച്ച് 744, എൻ. എച്ച് 183), റെയിൽവേ ജംഗ്ഷനോടു കൂടിയ റെയിൽ ശൃംഖലയും ഉള്ളതിനാൽ കൊല്ലം ജില്ലയ്ക്ക് പൊതുവെ മെച്ചപ്പെട്ട ഗതാഗത ബന്ധങ്ങളാണുള്ളത്. ടി. എസ്. കനാൽ, കായലുകൾ, കല്ലടയാറ്, ഇത്തിക്കരയാറ്, അച്ചൻകോവിലാറ് എന്നിവ ഉപയോഗപ്പെടുത്തിയുള്ള ജലഗതാഗതമായിരുന്നു മുൻകാലങ്ങളിൽ ജില്ലയിലെ മുഖ്യഗതാഗത സമ്പ്രദായം. കോട്ടപ്പുറം മുതൽ കൊല്ലം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ഭാഗം മൂന്നാം നമ്പർ ദേശീയ ജലപാതയായി പ്രഖ്യാപിച്ചതോടെ ഈ ജലപാത അതിന്റെ ഗതകാല പ്രതാപം വീണ്ടെടുക്കുമെന്ന് പ്രതീക്ഷിക്കാം. ജില്ലയുടെ ഗതാഗത ബന്ധങ്ങൾ ചിത്രം 3.2 ൽ കാണിച്ചിരിക്കുന്നു. വ്യോമഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും സമീപത്തുള്ള വിമാനത്താവളം തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നു (66 കി. മീ).

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരവുമായും വാണിജ്യ തലസ്ഥാനമായ എറണാകുളവുമായും റെയിൽ വഴിയും റോഡ് വഴിയും കൊല്ലം ബന്ധപ്പെട്ടിരിക്കുന്നു.

ജില്ലയിലെ ഗതാഗത ശൃംഖല പരസ്പരം സമാന്തരമായി പോകുന്നവയാണ്. നിർദ്ദിഷ്ട തീരദേശ ഹൈവെ, മലയോര ഹൈവെ എന്നിവ ജില്ലയുടെ ഗതാഗത - വാണിജ്യ- വ്യവസായ ബന്ധങ്ങൾ മെച്ചപ്പെടുത്താൻ സഹായകരമാകും എന്ന് കരുതാവുന്നതാണ്. നിലവിലെ സംസ്ഥാന ഹൈവെകളുടെ വികസനവും മറ്റു പ്രധാന റോഡുകളുടെ വികസനവും യാഥാർത്ഥ്യമായാൽ ജില്ലയ്ക്ക് ഒരു വ്യവസായ-വാണിജ്യ സൗഹൃദ മുഖം കൈവരിക്കാവുന്നതാണ്.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ജില്ലയെ തീരപ്രദേശം, ഇടനാട്, ഇടനാട്ടിലെ ഉയർന്ന പ്രദേശം, കുന്നിൻപ്രദേശം, പർവതപ്രദേശം എന്നിങ്ങനെ അഞ്ചായി തരംതിരിക്കാം (ചിത്രം 3.3). കൊട്ടാരക്കര താലൂക്ക് പൂർണമായും ഇടനാട് പ്രദേശമാണ്. എന്നാൽ കുന്നത്തൂർ, പത്തനാപുരം, പുനലൂർ താലൂക്കുകൾ കുന്നിൻപ്രദേശവും പർവത പ്രദേശവും ഉള്ളതാണ്. അഞ്ചൽ ബ്ലോക്ക് പ്രധാനമായും പർവതപ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ വനപ്രദേശം ഉള്ളതും അഞ്ചൽ ബ്ലോക്കിലാണ്.

ചിത്രം 3.1

കൊല്ലം ജില്ലയുടെ സ്ഥാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.2 - ജില്ലയിലെ ഗതാഗത ശൃംഖല

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

കരുനാഗപ്പള്ളി, കൊല്ലം, താലൂക്കുകൾ ഇടനാടിലും തീരപ്രദേശത്തുമായി സ്ഥിതി ചെയ്യുന്നു. ജില്ലയുടെ മൊത്തം ഭൂവിസ്തീർണ്ണത്തിന്റെ ഏതാണ്ട് 10% തീരപ്രദേശവും, 38% ഇടനാടിലെ താഴ്ന്ന പ്രദേശവും 27%

ഇടനാട്ടിലെ ഉയർന്ന പ്രദേശവുമാണ്. കുന്നിൻ പ്രദേശങ്ങൾ ഏകദേശം 18 ശതമാനവും, പർവത പ്രദേശങ്ങൾ ഏതാണ്ട് 7 ശതമാനവുമാണ്.

ചിത്രം 3.3
ജില്ലയുടെ ഭൂപ്രകൃതി



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.4
ജില്ലയിലെ ഭൂമിയുടെ ചരിവ്



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

തീരപ്രദേശത്തും ഇടനാട്ടിലും പൊതുവെ ചരിവ് കുറഞ്ഞ നിരപ്പായ പ്രദേശമാണെന്നും ഇടനാട്ടിലെ ഉയർന്നപ്രദേശം, കുന്നിൻപ്രദേശം, പർവ്വതപ്രദേശം എന്നിവിടങ്ങളിൽ ചരിവ് കൂടുതലാണെന്നും കാണാവുന്നതാണ്. ഭൂതലത്തിന്റെ ചരിവ് 15 ശതമാനം വരെയുള്ള ഭാഗം താമസാവശ്യത്തിനും 30 ശതമാനം വരെയുള്ള പ്രദേശങ്ങൾ കാർഷികാവശ്യത്തിനും, 50 ശതമാനം വരെയുള്ള പ്രദേശം ഹോർട്ടികൾച്ചറൽ പ്രവർത്തനത്തിനും അനുയോജ്യമാണ്. ചരിവ് 50 ശതമാനത്തിലും കൂടതലാണെങ്കിൽ ടി പ്രദേശത്ത് വനവൽക്കരണ പ്രവർത്തനങ്ങളാണ് അഭികാമ്യം.

3.2 ജനസംഖ്യ

3.2.1 ജനസംഖ്യ വലിപ്പം

2011 കാനേഷുമാരി പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യ 2635375 ആണ്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 7.09% ആണിത്. ജനസംഖ്യയുടെ വലിപ്പം സംസ്ഥാനത്തെ ഇതര ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയ്ക്ക് ഏഴാം സ്ഥാനമാണുള്ളത്. ആകെ ജനങ്ങളിൽ 14481217 (54.95%) ഗ്രാമങ്ങളിലും 1187158 (45.05%) നഗരത്തിലുമാണ് വസിക്കുന്നത്.

കഴിഞ്ഞ 4 ദശകങ്ങളിൽ ജില്ലയിലെ ജനസംഖ്യയുടെ വലിപ്പത്തിലുണ്ടായ വ്യതിയാനം (ചിത്രം 3.5) ൽ നൽകിയിരിക്കുന്നു. 1991-2001 കാലത്ത് 1,77,656 ന്റെ വർദ്ധനവ് ഉണ്ടായിരുന്നത് 2001-2011 ആയപ്പോഴേക്കും 50,311 ആയി കുറഞ്ഞതായി കാണുന്നു. ഇതിൽ നിന്നും സമീപഭാവിയിൽ തന്നെ ജില്ലയുടെ ജനസംഖ്യയിൽ ഏറ്റക്കുറച്ചിൽ ഇല്ലാതെ തുടരുന്ന സാഹചര്യം ഉണ്ടാകും എന്ന് പ്രതീക്ഷിക്കാവുന്നതാണ്. വളർച്ചാ നിരക്കിലുള്ള ശോഷണമാണ് ഇത് സൂചിപ്പിക്കുന്നത്.

ചിത്രം 3.5

ജനസംഖ്യ - കാലാനുസൃതമായ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.2.2 വളർച്ചാനിരക്ക്

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ജനസംഖ്യാവളർച്ചാനിരക്ക് പരിശോധിച്ചാൽ (ചിത്രം 3.6) മലപ്പുറം ഒഴികെ മറ്റെല്ലാ ജില്ലകളിലും ജനസംഖ്യാവളർച്ചാനിരക്കിൽ ശോഷണം സംഭവിച്ചതായി കാണുന്നു. 2011-ലെ സെൻസസ് പ്രകാരം കഴിഞ്ഞ ദശകത്തിൽ ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാ നിരക്ക് 1.9% ആണ്. ഇത് സംസ്ഥാന ശരാശരിയായ 4.9 ശതമാനത്തിനെക്കാൾ കുറവാണ്. ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാ നിരക്കിലെ കാലാനുസൃതമായ വ്യതിയാനം സംസ്ഥാനത്തിന്റേതുമായി താരതമ്യം ചെയ്തത് ചിത്രം 3.7-ൽ നൽകിയിരിക്കുന്നു. സംസ്ഥാനതലത്തിൽ ജനസംഖ്യാവളർച്ചാനിരക്കിൽ

വന്ന കുറവിനേക്കാൾ വലിയതോതിലുള്ള കുറവാണ് ജില്ലയിലെ ജനസംഖ്യ വളർച്ചാനിരക്കിൽ വന്നിരിക്കുന്നതെന്ന് കാണാവുന്നതാണ്.

ചിത്രം 3.6

ജനസംഖ്യ വളർച്ചാനിരക്കിന്റെ ജില്ലാതലത്തിലുള്ള വിന്യാസം-2001-ലും 2011-ലും



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.7

കൊല്ലം ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാനിരക്കിലുള്ളകാലാനുസൃതമായ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.8

ജനസംഖ്യാ വളർച്ചാ നിരക്ക് - സമീപ ജില്ലകളുമായി താരതമ്യം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

എന്നിരുന്നാലും സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ മറ്റുള്ള സമീപജില്ലകളെ അപേക്ഷിച്ച് കൂടുതൽ വളർച്ചാനിരക്കുള്ള തിരുവനന്തപുരം ജില്ലയുടെ വളർച്ചാനിരക്കിൽ നിന്ന് വലിയ അന്തരമില്ലാത്ത നിരക്ക് കൊല്ലം ജില്ലയ്ക്കുണ്ടെന്നത് ജില്ലയുടെ വളർച്ചാസാധ്യതയെ സൂചിപ്പിക്കുന്നു. ജില്ലയോട് ചേർന്നു കിടക്കുന്ന പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ വളരെ കുറഞ്ഞ വളർച്ചാനിരക്ക് രേഖപ്പെടുത്തിയപ്പോഴാണ് കൊല്ലം ജില്ലയിൽ ഇത്രയെങ്കിലും വളർച്ചാനിരക്ക് ഉള്ളതെന്നതുകൊണ്ട് തന്നെ സംസ്ഥാനത്തിന്റെ തെക്കൻ റീജിയണിൽ ജില്ലയ്ക്ക് വ്യക്തമായ സ്ഥാനം ഉണ്ടെന്ന് കണക്കാക്കാവുന്നതാണ്.

3.2.3 ജനസംഖ്യ വളർച്ചാനിരക്കിന്റെ വിതരണം

ചിത്രം 3.9 ൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖപ്പെടുത്തിയ വളർച്ചാനിരക്കിൽ വന്ന വ്യതിയാനം രേഖപ്പെടുത്തിയിരിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം പൊതുവെ തീരദേശത്തെയും തീരദേശത്തോടടുത്തുനിൽക്കുന്ന ഇടനാട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വളർച്ചാനിരക്ക് മറ്റുള്ള പ്രദേശത്തെ അപേക്ഷിച്ച് കൂടുതലാണെന്നു കാണാം. 1971-1981 ൽ ജില്ലയുടെ തീരപ്രദേശങ്ങളിലെയും കഴിക്കൻ മലമ്പ്രദേശങ്ങളിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ വളർച്ചാനിരക്ക് ഇടനാട്ടിനേക്കാൾ കൂടുതലായിരുന്നു. 1981-1991ലെ ജനസംഖ്യ വളർച്ചാനിരക്കിന്റെ സ്ഥലപരവിന്യാസം പരിശോധിച്ചാൽ മുൻദശകങ്ങളെ അപേക്ഷിച്ച് ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ വളർച്ചാനിരക്ക് താരതമ്യേന കുറഞ്ഞതായി കാണാവുന്നതാണ്. 1991-2001 ൽ ജില്ലയുടെ കിഴക്കൻ മലമ്പ്രദേശങ്ങളിലും ഇടനാട്ടിലും വളരെ കുറഞ്ഞ വളർച്ചാനിരക്കും തീരപ്രദേശങ്ങളിൽ കൂടിയ വളർച്ചാനിരക്കും അനുഭവപ്പെട്ടിരുന്നു. 2001-2011 ദശകത്തിൽ ജനസംഖ്യാ വളർച്ചാനിരക്ക് തീരപ്രദേശത്തിന് സമാനമായ രീതിയിൽ (ഇടനാട്ടിലെ ചുരുക്കം ചില പ്രദേശമൊഴിവാക്കിയാൽ) വർദ്ധിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. മുൻകാലത്തെ അപേക്ഷിച്ച് ഇടനാട്ടിൽ വന്ന വളർച്ചാനിരക്കിന്റെ കുറവ് കാർഷികേതര പ്രവർത്തനങ്ങളായി ജനങ്ങൾ പട്ടണ സമീപത്തേക്ക് കുടിയേറിയതിനാലാകാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു.

3.2.4 ജനസാന്ദ്രത

കേരളത്തിലെ വിവിധജില്ലകളിൽ മൊത്തം ജനസാന്ദ്രത ചിത്രം 3.10 ൽ താരതമ്യം ചെയ്തിരിക്കുന്നു. വടക്കൻ ജില്ലയായ കോഴിക്കോടിന് ഉയർന്ന ജനസാന്ദ്രത ഉള്ളതായി കാണാം. തെക്കൻ ജില്ലകളിലെ ജനസാന്ദ്രത ഏകദേശം തുല്യമാണെന്നും കാണാം.

കൊല്ലം ജില്ലയിലെ മൊത്ത ജനസാന്ദ്രത ച.കി.മീ-ന് 1061 പേരാണ്. ഇത് സംസ്ഥാന ജനസാന്ദ്രതയെക്കാൾ (ച.കി.മീറ്ററിന് 859) കൂടുതലാണ്. ജില്ലയിലെ മൊത്തം ജനസാന്ദ്രത മറ്റു സമീപ ജില്ലകളിലെ ജനസാന്ദ്രതയുമായി ചിത്രം 3.11-ൽ താരതമ്യം ചെയ്തിരിക്കുന്നു. ജില്ലയുടെ ജനസാന്ദ്രത തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളുടേതിനേക്കാൾ കുറവും പത്തനംതിട്ട ജില്ലയേക്കാൾ കൂടുതലും ആണെന്ന് ചിത്രത്തിൽ നിന്ന് മനസിലാക്കാം. ജനവാസത്തിനായി ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള അറ്റജനസാന്ദ്രത ജില്ലയൽ ച.കി.മീറ്ററിന് 1449 ആണ്.

മൊത്ത ജനസാന്ദ്രതയുടെ സ്ഥലപരവിന്യാസം

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മൊത്ത ജനസാന്ദ്രതയുടെ വിന്യാസം ചിത്രം 3.12-ൽ കാണിച്ചിരിക്കുന്നു. തീരദേശത്തെ കൊല്ലം കോർപറേഷനും 4 ഗ്രാമപഞ്ചായത്തും ഉയർന്ന ജനസാന്ദ്രത (ച.കി.മീ-ന് 3000 ൽ കൂടുതൽ) ഉള്ളതായും തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തുകളിലും ഇത്തരത്തിലുള്ള കൂടിയ ജനസാന്ദ്രത ഉള്ളതായും കാണുന്നു. ഇതിൽ നിന്നും കോർപറേഷന്റെകിഴക്കൻ പ്രാന്ത പ്രദേശങ്ങളിലെ ജനസാന്ദ്രത മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുന്ന പ്രവണതയുണ്ടെന്ന് കണക്കാക്കാവുന്നതാണ്.

തീരപ്രദേശത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുവെ ഉയർന്ന ജനസാന്ദ്രത (ച.കി.മീറ്ററിന് 2000-3000) ഉള്ളതായും ഇടനാട്ടിൽ പൊതുവെ മിതമായ ജനസാന്ദ്രത (ച.കി.മീറ്ററിന് 1000-2000) യും ഇടനാട്ടിലെ ഉയർന്ന പ്രദേശം, കുന്നിൻപ്രദേശം, പർവ്വതപ്രദേശം എന്നിവ ഉൾപ്പെടുന്ന കിഴക്കൻ പ്രദേശങ്ങളിലെ ജനസാന്ദ്രത താരതമ്യേന കുറവായും കാണപ്പെടുന്നു.

ചിത്രം 3.9

ജനസംഖ്യയുടെ വളർച്ചാ നിരക്കിന്റെ സ്ഥലപരവിന്യാസം മുൻദശകങ്ങളിൽ



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.10

ജനസാന്ദ്രത ജില്ലകളിൽ 2001, 2011

ചിത്രം 3.11

കൊല്ലം ജില്ലയിലെ മൊത്തം ജനസാന്ദ്രത മറ്റ് സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ



അവലംബം ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

തീരപ്രദേശത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുവെ ഉയർന്ന ജനസാന്ദ്രത (ച.കി.മീറ്ററിന് 2000-3000) ഉള്ളതായും ഇടനാട്ടിൽ പൊതുവെ മിതമായ ജനസാന്ദ്രത (ച.കി.മീറ്ററിന് 1000-2000) യും ഇടനാട്ടിലെ ഉയർന്ന പ്രദേശം, കുന്നിൻപ്രദേശം, പർവ്വതപ്രദേശം എന്നിവ ഉൾപ്പെടുന്ന കിഴക്കൻ പ്രദേശങ്ങളിലെ ജനസാന്ദ്രത താരതമ്യേന കുറവായും കാണപ്പെടുന്നു.

ചിത്രം 3.12

മൊത്തം ജനസാന്ദ്രത (2011 സെൻസസ്) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.2.5 സ്ത്രീപുരുഷാനുപാതം

1000 പുരുഷൻമാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീപുരുഷാനുപാതം കൊണ്ട് അർത്ഥമാക്കുന്നത്. കൊല്ലം ജില്ലയിലെ സ്ത്രീപുരുഷാനുപാതം 1113 ആണ്. ഇത് സംസ്ഥാന ശരാശരിയായ 1084-നേക്കാൾ കൂടുതലും പത്തനംതിട്ട ജില്ലയിലെ സ്ത്രീപുരുഷാനുപാതത്തേക്കാൾ കുറവുമാണ്.

ചിത്രം 3.13

സ്ത്രീപുരുഷാനുപാതം – 2011



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

0-5 പ്രായവിഭാഗത്തിലെ സ്ത്രീപുരുഷാനുപാതം ജില്ലയിൽ 973 ആണ്. സംസ്ഥാന ശരാശരിയായ 964-നേക്കാൾ കൂടുതലാണ്. മറ്റു സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലെ 0-5

പ്രായവിഭാഗത്തിലെ സ്ത്രീപുരുഷാനുപാതം പത്തനംതിട്ട ജില്ലയേക്കാൾ കുറവും മറ്റു സമീപ ജില്ലകളുടേതിനേക്കാൾ കൂടുതലുമാണ് (ചിത്രം 3.14). സ്ത്രീകൾക്ക് പൊതുവെ ഉയർന്ന ലൈഫ് എക്സ്പെറ്റൻസി ഉള്ളതിനാൽ സ്ത്രീ പുരുഷ അനുപാതത്തിൽ വരും വർഷങ്ങളിൽ വലിയ ഏറ്റക്കുറച്ചിൽ ഇല്ലാതെ തുടരും എന്ന് അനുമാനിക്കാവുന്നതാണ്.

ചിത്രം 3.14

സ്ത്രീപുരുഷാനുപാതം – 2011 (പ്രായം 0-5)



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.2.6 ജനസംഖ്യ കേന്ദ്രീകരണം

ജില്ലയിലെ താമസയോഗ്യമായ സ്ഥലങ്ങൾ പരിഗണിക്കുമ്പോൾ ഏറ്റവും കൂടുതൽ ആളുകൾ എവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് (മുമ്പ് സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുമ്പോൾ സ്വീകരിച്ച മാർഗ്ഗം അനുവർത്തിച്ചുകൊണ്ട് തയ്യാറാക്കിയത്) ചിത്രം 3.15 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ജില്ലയുടെ മൂന്നിൽ ഒന്ന് ജനവിഭാഗവും തീരദേശപ്രദേശത്ത് കേന്ദ്രീകരിച്ചിരിക്കുന്നതായും പകുതി ജനങ്ങൾ തീരദേശവും അതിനോട് ചേർന്ന പ്രദേശത്തും കേന്ദ്രീകരിച്ചിരിക്കുന്നതായും കാണാവുന്നതാണ്.

ചിത്രം 3.15

ജനസംഖ്യ കേന്ദ്രീകരണത്തിന്റെരീതി



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.2.7 ഭാവി ജനസംഖ്യ

ജനസംഖ്യാവളർച്ചയുടെ നാളിതു വരെ കണ്ടുവരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ പ്രവണതകളെ അടിസ്ഥാനപ്പെടുത്തി നമുക്ക് ഭാവിയിലേക്കുള്ള ഒരു ഏകദേശ ജനസംഖ്യ തിട്ടപ്പെടുത്തുവാൻ സാധിക്കും. ഇതിനായി 5 രീതികൾ അവലംബിച്ചിട്ടുണ്ട്.

1. അരിത്തമെറ്റിക്കൽ ഇൻക്രീസ് മെത്തേഡ് - കഴിഞ്ഞ ദശകങ്ങളിലുണ്ടായ ജനസംഖ്യാ വർദ്ധനവുകളുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ ജനസംഖ്യ പ്രൊജക്ട് ചെയ്യുന്ന രീതി
2. ജ്യോമെട്രിക്കൽ ഇൻക്രീസ് മെത്തേഡ് - കഴിഞ്ഞ ദശകങ്ങളിലുണ്ടായ ജനസംഖ്യാ വർദ്ധനവുകളുടെ ശരാശരി തോത് (Rate) കണക്കാക്കിക്കൊണ്ടുള്ള ജനസംഖ്യാ പ്രവചന രീതി.
3. ഇൻക്രിമെന്റൽ ഇൻക്രീസ് മെത്തേഡ് - കഴിഞ്ഞ ദശകങ്ങളിലുണ്ടായ ജനസംഖ്യാ വർദ്ധനവുകളുടെ വർദ്ധനവ് കണക്കാക്കൊണ്ട് ഭാവിയിലേക്കുള്ള ജനസംഖ്യ കണ്ടുപിടിക്കുന്ന രീതി.
4. മേൽപറഞ്ഞ മൂന്നുരീതികളുടെയും ശരാശരി കണക്കാക്കിക്കൊണ്ട് ജനസംഖ്യ പ്രൊജക്ട് ചെയ്യുന്ന രീതി.

എന്നാൽ ഉയർന്ന വിദ്യാഭ്യാസ നിലവാരവും പൗരബോധവും കാരണം കൊല്ലം ജില്ലയിൽ ജനസംഖ്യാ നിയന്ത്രണം മികച്ച രീതിയിൽ സാധ്യമാകുന്നുണ്ട്. 1971 മുതൽ ജില്ലയുടെ വളർച്ചാനിരക്ക് സ്ഥിരമായ ഇടിവ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി കാണുവാൻ സാധിക്കും. ഈ സാഹചര്യത്തിൽ മൂല്യക്ഷയരീതി അഥവാ decreasing rate method എന്ന ഒരു രീതി കൂടി ജനസംഖ്യാ പ്രൊജക്ഷൻ കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടതുണ്ട്.

5. മൂല്യക്ഷയരീതി - കഴിഞ്ഞ ദശകങ്ങളിൽ ജനസംഖ്യ വർദ്ധിച്ചുവെങ്കിലും അതിന്റെ വർദ്ധനവിന്റെ തോതിൽ കുറവാണ് ഉണ്ടായിട്ടുണ്ട്. ഇതേ കുറഞ്ഞ ജനസംഖ്യാ വർദ്ധനതോത് വരും ദശകങ്ങളിലും തുടരും എന്നുള്ള നിഗമനത്തിൽ ജനസംഖ്യ പ്രവചിക്കുന്ന രീതിയാണിത്.

പട്ടിക 3.1

കൊല്ലം ജില്ലയുടെ ജനസംഖ്യ പ്രൊജക്ഷൻ

2011	2635375
2021	2750968
2031	2862607

3.3 തൊഴിൽഘടന

3.3.1 തൊഴിൽശക്തി

2011 സെൻസസ് അനുസരിച്ച് ജില്ലയിലെ ആകെ തൊഴിലാളികളുടെ എണ്ണം 9.1 ലക്ഷമാണ്. അതിനാൽ ജില്ലയുടെ തൊഴിൽശക്തി (തൊഴിൽപങ്കാളിത്ത നിരക്ക്) 34.6% ആണ് മുൻദശകത്തിൽ തൊഴിൽപങ്കാളിത്ത നിരക്ക് 32% ആയിരുന്നു. സംസ്ഥാനത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 34.78% ആണ്. ഇതിൽ നിന്നും ജില്ലയുടെ തൊഴിൽശക്തി കാര്യമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ജനസംഖ്യയുടെ 34.6% തൊഴിലെടുക്കുന്നവർ ആണെങ്കിലും അതിൽ 8.22% ആളുകളും നാമമാത്ര തൊഴിലാളികൾ (വർഷത്തിൽ 180 ദിവസത്തിൽ താഴെ തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നവർ) ആണ് മുൻ ദശകത്തിൽ ഇത് 7% ആയിരുന്നു.

പ്രധാന തൊഴിലാളികളുടെയും നാമമാത്ര തൊഴിലാളികളുടെയും മുൻദശകങ്ങളിൽ വന്ന വ്യതിയാനം ചിത്രം 3.3.1 ൽ നൽകിയിരിക്കുന്നു. മൊത്തം തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ മൂന്നു ദശകങ്ങളിലേതിനെക്കാൾ കൂടുതലായി 2001-2011 ൽ വർദ്ധിച്ചെങ്കിലും നാമമാത്ര തൊഴിലാളികളുടെ എണ്ണമാണ് കൂടുന്നതെന്നതിനാൽ ജില്ലയുടെ തൊഴിൽരംഗം അത്രകണ്ട് അഭിവൃദ്ധിയിലേക്കാണ് നീങ്ങുന്നതെന്ന് കരുതാൻ കഴിയില്ല. എന്നിരുന്നാലും ജില്ലയിലെ മൊത്തം തൊഴിലാളികളുടെ വളർച്ചാനിരക്ക് (10.07%), മൊത്തം ജനസംഖ്യയുടെ വളർച്ചാനിരക്കിനെ (1.9%)ക്കാൾ കൂടുതലായതിനാൽ ജില്ലയിൽ തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് കണക്കാക്കാവുന്നതാണ്.

ചിത്രം 3.16

തൊഴിൽ പങ്കാളിത്ത നിരക്ക്



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.17

പ്രധാന തൊഴിലാളികളും നാമമാത്ര തൊഴിലാളികളും

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.18

മൊത്തം തൊഴിലാളികളുടെയും പ്രധാന തൊഴിലാളികളുടെയും എണ്ണത്തിൽ കാലാനുസൃതമായി ഉണ്ടായ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.19

കുടിൽവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കേന്ദ്രീകരണം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.20

കർഷകത്തൊഴിലാളികളുടെ കേന്ദ്രീകരണം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.21

കർഷകത്തൊഴിലാളികളുടെ കേന്ദ്രീകരണം തദ്ദേശ ഭരണസ്ഥാപനാടിസ്ഥാനത്തിൽ

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.3.2 മുഖ്യതൊഴിലാളി വിഭാഗങ്ങളുടെ സ്ഥലപര കേന്ദ്രീകരണം

സംയോജിത ജില്ലാ വികസന രൂപരേഖയിൽ അനുവർത്തിച്ചിരിക്കുന്ന രീതിയനുസരിച്ച് ജില്ലയിലെ കുടിൽവ്യവസായ തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, മറ്റ് തൊഴിലാളികൾ എന്നീ നാല് വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളുടെ കേന്ദ്രീകരണം എവിടെയാണെന്ന് കണക്കാക്കിയിട്ടുണ്ട്. കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രം 3.19 ൽ നൽകിയിരിക്കുന്നു. പ്രസ്തുത വിഭാഗം തൊഴിലാളികൾ തീരപ്രദേശത്തും ഇടനാട്ടിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് ചിത്രത്തിൽ നിന്ന് വ്യക്തമാകും. കിഴക്കൻമേഖലയിൽ പൊതുവെ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ജില്ലാ ശരാശരിയെക്കാൾ കുറവാണെന്നും ചിത്രത്തിൽ നിന്നും കാണാവുന്നതാണ്.

കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം ചിത്രം 3.19 ലും കർഷകത്തൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രം 3.20 ലും നൽകിയിരിക്കുന്നു.

കർഷകത്തൊഴിലാളികൾ ഇടനാട്ടിലും മലമ്പ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് ചിത്രത്തിൽ നിന്ന് വ്യക്തമാകും. ചിത്രം 3.20 ൽ കർഷകരുടെ കേന്ദ്രീകരണം ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ നിന്നും കർഷകർ കേന്ദ്രീകരിച്ചിരിക്കുന്നത് ഇടനാട്ടിലും മലമ്പ്രദേശങ്ങളിലുമായാണെന്ന് വ്യക്തമാണ്.

ഓരോ വിഭാഗം തൊഴിലാളികളും കേന്ദ്രീകരിച്ചിരിക്കുന്നത് ഏതെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് എന്ന് വിശകലനത്തിൽ വ്യക്തമായത് പട്ടിക 3.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1

തൊഴിലാളികളുടെ കേന്ദ്രീകരണം

കുടിൽ വ്യവസായ ത്തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ (കേന്ദ്രീകരണ സൂചകം > 1.5	കർഷകത്തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ (കേന്ദ്രീകരണ സൂചകം > 1.5	കർഷകർ കേന്ദ്രീകരിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ (കേന്ദ്രീകരണ സൂചകം > 1.5
ഇളമാട്	അഞ്ചൽ	അഞ്ചൽ
പൂതക്കുളം	ശൂരനാട് വടക്ക്	കുളത്തൂപ്പുഴ
ചവറ	ഇളമാട്	നെടുവത്തൂർ
ഇടമുളക്കൽ	നെടുവത്തൂർ	പൂയപ്പള്ളി
കുണ്ടറ	പട്ടാഴി വടക്കേക്കര	വെളിയം
തേവലക്കര	കടയ്ക്കൽ	നിലമേൽ
	ഉമ്മന്നൂർ	ചിതറ
	മൈലം	അലയമൺ
	അലയമൺ	പോരുവഴി
	കരവാളൂർ	വെളിനല്ലൂർ
	വിളക്കുടി	ശൂരനാട് തെക്ക്
	വെട്ടിക്കവല	ചടയമംഗലം
	ആര്യങ്കാവ്	ഏരൂർ
	ചടയമംഗലം	കരവാളൂർ
	പിറവന്തൂർ	ശൂരനാട് വടക്ക്
	തലവൂർ	മേലില
	ചിതറ	വെട്ടിക്കവല

	ഏരൂർ	തലവൂർ
	വെളിനല്ലൂർ	പട്ടാഴി
	നിലമേൽ	കടയ്ക്കൽ
	ഇടമുളയ്ക്കൽ	ഇളമാട്
	ഇട്ടിവ	ഇട്ടിവ
	കുളത്തൂപ്പുഴ	പട്ടാഴി വടക്കേക്കര
		പിറവന്തൂർ
		കുന്നത്തൂർ
		ഇടമുളയ്ക്കൽ
		ഉമ്മന്നൂർ

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.3.3 തൊഴിൽ ഘടന

ജില്ലയിലെ തൊഴിലാളികളെ കർഷകർ, കർഷകത്തൊഴിലാളികൾ, കുടിൽവ്യവസായ തൊഴിലാളികൾ, മറ്റ് തൊഴിലാളികൾ എന്നീ നാലുവിഭാഗങ്ങളായാണ് 2011 സെൻസസ് പ്രകാരം തരം തിരിച്ചിരിക്കുന്നത്. 2001 ലെ സെൻസസിലെ പോലെ തന്നെ മത്സ്യതൊഴിലാളികൾ, ഖനനത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിങ്ങനെ പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട വരെയും മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് 2011 സെൻസസിലും ഉൾപ്പെടുത്തിയിരിക്കുന്നത്. 2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയുടെ തൊഴിൽ പരമായ ഘടന ചിത്രം 3.22 ൽ നൽകിയിരിക്കുന്നു.

പ്രധാന തൊഴിലാളികളുടെ 16% മാത്രമാണ് കർഷകരും കർഷകത്തൊഴിലാളികളും, 81% തൊഴിലാളികളും, മറ്റു തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ (ചിത്രം 3.23) ആലപ്പുഴ ജില്ലയിൽ മാത്രമാണ് ജില്ലയേക്കാൾ കൂടുതൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പ്രാതിനിധ്യം കൂടുതലായി കാണുന്നത്. മറ്റ് സമീപ ജില്ലകളെ അപേക്ഷിച്ച് ജില്ലയിൽ കാർഷിക പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഇതിൽ മത്സ്യത്തൊഴിലാളികൾ, ഖനനത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിങ്ങനെയുള്ള പ്രാഥമിക മേഖലയിലെ തൊഴിലാളികളും ഉൾപ്പെടുന്നു. മറ്റ് തൊഴിലാളികളിൽ 20% പേർ ഈ പ്രാഥമിക തൊഴിലാളി വിഭാഗത്തിലാണ് എന്ന് കരുതിയാൽ പോലും, മറ്റ് തൊഴിലാളികളിൽ 61% പേർ തൃതീയ മേഖലയിൽ പണിയെടുക്കുന്നവരാണ് എന്നുപറയാം.

3.3.4 തൊഴിൽ ഘടന- നഗര-ഗ്രാമപ്രദേശങ്ങളിലെ വ്യതിയാനം

തൊഴിൽഘടന നഗര ഗ്രാമപ്രദേശങ്ങളിൽ എങ്ങനെ വ്യത്യസ്ഥമായിരിക്കുന്നു എന്ന് ചിത്രം 3.3.8 ൽ നൽകിയിരിക്കുന്നു.

ഇതിൽ നിന്നും നഗര പ്രദേശങ്ങളിൽ കർഷകരും കർഷക തൊഴിലാളികളും ആകെ തൊഴിലാളികളുടെ 5% ആണ് ഉള്ളതെന്നും, അതേസമയം 22% ആണ് ഗ്രാമപ്രദേശങ്ങളിൽ ഉള്ളതെന്നും വ്യക്തമാണ്. എന്നാൽ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ നഗരപ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും 4%, 2% വീതം മാത്രമാണെന്നുകാണാം. നഗരപ്രദേശങ്ങളിലെ തൊഴിലാളികൾ 91% ആളുകളും തൃതീയ മേഖലയിൽ ജോലി ചെയ്യുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ ഇത് 50% ൽ കൂടുതൽ വരുന്നതായി കാണുന്നു. (മറ്റ് തൊഴിലാളികൾ 20% ത്തോളം പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവരാണെന്ന് അനുമാനിച്ചിക്കുന്നു). ഗ്രാമപ്രദേശങ്ങളിൽപ്പോലും പ്രാഥമിക മേഖല മന്ദീഭവിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

ചിത്രം 3.22

ജില്ലയിലെ തൊഴിൽഘടന



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.23

സമീപ ജില്ലയിലെ തൊഴിൽഘടന



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.24

ജില്ലയിലെ നഗര-ഗ്രാമപ്രദേശങ്ങളിലെ തൊഴിൽഘടന



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.3.5 തൊഴിൽ ഘടന-കാലാനുസൃതമായ വ്യതിയാനം

ചിത്രം 3.25

തൊഴിൽ ഘടന-കാലാനുസൃതമായ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ഇതിൽ നിന്നും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും എണ്ണത്തിൽ 1981 നെ അപേക്ഷിച്ച് 2011 ൽ വലിയ തോതിൽ കുറവ് (ഏകദേശം 50%) സംഭവിച്ചതായി കാണാവുന്നതാണ്. അതേസമയം മറ്റ് തൊഴിലാളികളുടെ എണ്ണത്തിൽ 81% വർദ്ധനവാണുണ്ടായത്. ജില്ലയിലെ ജനങ്ങൾ പ്രാഥമിക മേഖലകളെ തിരസ്കരിച്ച് ത്രിതീയമേഖലയെ സ്വീകരിച്ചതായി കണക്കാക്കാവുന്നതാണ്. നഗരപ്രദേശത്തും തൃതീയമേഖലയ്ക്ക് ഏതാണ്ട് പൂർണ്ണാധിപത്യം ഉള്ളതായും ഗ്രാമപ്രദേശങ്ങളിൽ സമാനസാഹചര്യം നിലനിൽക്കുന്നതായും കാണാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ഉൽപാദനമേഖല ശോഷിച്ചുവരുന്നത് ജില്ലയിൽ അനിയന്ത്രിതമായ രീതിയിൽ നഗരവൽക്കരണം നടക്കാൻ സാധ്യത യുണ്ടെന്നാണ് ഇത് ഉൽപാദനമേഖലയുടെ നാശത്തിന് വഴിവെയ്ക്കും. ജില്ലയുടെ തനത് വ്യവസ്ഥയെയും കാർഷിക സംസ്കാരത്തിന് മങ്ങലേൽപിക്കുകയും ചെയ്യുമെന്നതിനാൽ ജില്ലയിൽ അടിസ്ഥാനമേഖലയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്. 2001-2011 കാലത്ത് പ്രാഥമിക മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ നേരിയതോതിലെങ്കിലും വർദ്ധനവ് വിന്നിട്ടുള്ളതിനാൽ ജില്ലയിൽ പ്രാഥമികമേഖലയ്ക്ക് ചെറിയ അളവി ലാണെങ്കിലും പ്രാധാന്യം കൈ വരുന്നുണ്ടെന്ന് കണക്കാക്കാവുന്നതാണ്.

ചിത്രം 3.26

നഗര പ്രദേശങ്ങളിലെ തൊഴിലാളികളുടെ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.27

ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികളുടെ വ്യതിയാനം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.3.6 ഭാവിയിലെ തൊഴിൽ ഘടന (പ്രവണതയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയത്)

ജില്ലയുടെ തൊഴിൽപരമായ ഘടന പ്രൊജക്ട് ചെയ്യുന്നതിന് മുമ്പായി 2021 ലെയും 2031 ലെയും തൊഴിൽ പങ്കാളിത്ത നിരക്ക് (ഡബ്ല്യൂപിആർ) പ്രൊജക്ട് ചെയ്യേണ്ടത് അത്യാവശ്യമാണ്. പട്ടിക 3.2 ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പ്രൊജക്ട് ചെയ്തത് ചിത്രം 3.29 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.2

തൊഴിലാളുകളുടെ എണ്ണം പ്രൊജക്ഷൻ

	വർഷം					
ഇനം	1981	1991	2001	2011	2021	2031
തൊഴിൽ പങ്കാളിത്ത നിരക്ക്	30	33	32	34.6	35	35
ജനസംഖ്യ	2175525	2407566	2565208	2635375	2750968	2862607
തൊഴിലാളികൾ	667088	783500	828945	912025	952028	990663

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.28

തൊഴിലാളുകളുടെ എണ്ണം പ്രൊജക്ഷൻ



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

നഗര പ്രദേശങ്ങളിലെ തൊഴിൽപങ്കാളിത്ത നിരക്ക് ഇക്കാലയളവിൽ കുറഞ്ഞുവരികയായിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 1981-1991 ദശകത്തിൽ വർദ്ധിക്കുകയും അടുത്ത ദശകത്തിൽ മാറ്റമില്ലാതെ നിലകൊള്ളുകയും ചെയ്തു. എന്നാൽ 2001-2011 ദശാബ്ദകാലയളവിൽ ഗ്രാമപ്രദേശങ്ങളിലെ തൊഴിൽപങ്കാളിത്ത നിരക്ക് ഉയർന്നതായി കാണുന്നു. നഗരപ്രദേശത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് ഗ്രാമപ്രദേശത്തെ അപേക്ഷിച്ച് കുറഞ്ഞുനിൽക്കുന്നു എന്ന വസ്തുത, നഗരപ്രദേശങ്ങളാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് എന്ന സാമാന്യവിശ്വാസത്തെ തകിടം മറിക്കുന്നു.

ഒരു പ്രദേശത്തിന്റെ പാരിസ്ഥിതികവും സാമ്പത്തികവുമായ നിലനില്പിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയ്ക്ക് മാറ്റം വരുത്തേണ്ടതാണ്. അല്ലെങ്കിൽ നഗരപ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ ഗ്രാമ പ്രദേശങ്ങളിലേക്ക് കുടിയേറുകയും കൃഷിസ്ഥലം, ജലാശയം, പാരിസ്ഥിതികമായി പ്രാമുഖ്യമുള്ള മേഖലകൾ എന്നിങ്ങനെ ഗ്രാമ പ്രദേശങ്ങളിലെ വിഭവങ്ങളെല്ലാം പാർപ്പിടാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി നശിപ്പിക്കാനും, അങ്ങനെ ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥയുടെ അടിത്തറ തകരാനും ഇടയാകും.

പട്ടിക 3.3

ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക്

വർഷം	1991	2001	2011	2021	2031
തൊഴിൽ പങ്കാളിത്ത നിരക്ക്	33	32	34.6	35	35

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.29

ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക്



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.4 ജില്ലയിലെ ഭൂവിനിയോഗം

2005 ലെ ഭൂവിനിയോഗ സർവ്വെ അനുസരിച്ച് ജില്ലയുടെ ആകെ വിസ്തീർണം 2524 ച. കി. മീ. ആണ്. ജില്ലയിൽ 993 ച.കി.മീ കൃഷിസ്ഥലവും 712 കി. മീ. പാർപ്പിട പ്രദേശവും ഉണ്ട്. ജലാശയങ്ങളുടെ വിസ്തീർണം 105.88 ച. കി. മീറ്ററും വനങ്ങളുടേത് 596.48 ച. കി. മീറ്ററും ആണ്. ജില്ലയിലെ ആകെ ഭൂമിയുടെ മുഖ്യപങ്കും പ്രധാനമായും മൂന്നുതരം ഉപയോഗങ്ങൾക്കാണ് വിനിയോഗിക്കുന്നത്. കൃഷിഭൂമി (41%), പാർപ്പിടാവശ്യം (29%), വനഭൂമി (24%) എന്നിവയാണവ.

പട്ടിക 3.4

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിഭജനം

ഭൂവിനിയോഗത്തിന്റെ ഇനം	ആകെ വിസ്തീർണ്ണം (ച. കി. മീ)	%
കൃഷി	992.75	39.33
പാർപ്പിടം	712.76	28.24
വാണിജ്യപരം	8.55	0.34
വ്യാവസായികം	8.35	0.33
പൊതുസ്ഥലം	29.83	1.18
പാർക്കുകളും തുറസ്സായ സ്ഥലങ്ങളും	8.84	0.35
ഗതാഗതം	24.34	0.96
റെയിൽവേ	1.76	0.07
തരിശ്	33.86	1.34
ജലാശയം	105.88	4.19
വനം	596.48	23.63
ആകെ	2524	100

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.4.1 ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം

ജില്ലയുടെ സ്ഥലപരഘടന നിശ്ചയിക്കുന്നതിൽ ഭൂവിനിയോഗത്തിന് വലിയ പ്രാധാന്യമാണുള്ളത്. വികസനത്തിന്റെസ്ഥലമാനങ്ങൾ അപഗ്രഥിക്കുന്നതിന് പ്രധാനമായും വാണിജ്യം, വ്യവസായം, കാർഷികം, വനം എന്നീ പ്രധാന ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം ജില്ലയുടെ ഏതൊക്ക ഭാഗത്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇതിനായി സംയോജിത ജില്ലാ വികസന രൂപരേഖയിൽ അനുവർത്തിച്ചിരിക്കുന്ന രീതിശാസ്ത്രമനുസരിച്ച് മേൽപറഞ്ഞ ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണമാപ്പ് തയ്യാറാക്കി താഴെ കൊടുത്തിരിക്കുന്നു.

3.4.1.1 വാണിജ്യ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം

ചിത്രം 3.31 ൽ വാണിജ്യ ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രധാന ഗതാഗത ഇടനാഴികൾ കടന്നുപോകുന്നതും നഗരപ്രദേശങ്ങളിലും വാണിജ്യ ഉപയോഗം കേന്ദ്രീകരിച്ചിരിക്കുന്നു.

3.4.1.2 വ്യാവസായിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം

വ്യാവസായിക ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം ചിത്രം 3.32 നൽകിയിരിക്കുന്നു. ഇതിൽ നിന്നും കൊല്ലം കോർപ്പറേഷനിലും സമീപ പ്രദേശങ്ങളിലുമാണ് വ്യാവസായിക ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം കാണുന്നതെന്ന് മനസ്സിലാക്കാം.

3.4.1.3 കാർഷിക ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം

കാർഷിക ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം പരിശോധിച്ചാൽ ജില്ലയുടെ കാർഷിക പ്രവർത്തനം മുഖ്യമായും ഇടനാട്ടിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്.

3.4.1.4 വനഭൂമിയുടെ കേന്ദ്രീകരണം

കുളത്തൂപ്പുഴ, പിറവന്തൂർ, തെഴ്ല, ആര്യങ്കാവ്, അലയമൺ എന്നീ അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് വനഭൂമിയുള്ളത് എന്നതുകൊണ്ടുതന്നെ ജില്ലയുടെ വനപ്രദേശങ്ങൾ പ്രധാനമായും കിഴക്കൻഭാഗത്ത് കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതാണ് (ചിത്രം 3.34). ജില്ലയുടെ മുഖ്യവനഭാഗങ്ങളുടെ വിസ്തീർണം 597 ച. കി. മീറ്റർ ആണ്. ഇത് ജില്ലയുടെ മൊത്തം വിസ്തീർണത്തിന്റെഏകദേശം 24 % വരും.

ചിത്രം 3.30

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിഭജനം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.31

വാണിജ്യപരമായ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.32

വ്യാവസായിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.33

കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപമാതൃക



അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.34

ജില്ലയുടെ വനപ്രദേശങ്ങൾ

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.35

കൊല്ലം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.6 അധിവാസകേന്ദ്രങ്ങളുടെ ക്രമം

3.6.1 അധിവാസകേന്ദ്രങ്ങളുടെ നിലവിലെ ക്രമം

ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2017 ലെ ആസ്തിവിവരക്കണക്ക് പ്രകാരം ലഭ്യമായ സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കിയ സഞ്ചിത പ്രവർത്തനങ്ങളുടെ സൂചകം അനുസരിച്ച് കൊല്ലം കോർപറേഷൻ ഒന്നാംക്രമ അധിവാസകേന്ദ്രമായും കൊട്ടാരക്കര മുനിസിപ്പാലിറ്റി, പുനലൂർ മുനിസിപ്പാലിറ്റി, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി എന്നിവ രണ്ടാംക്രമ അധിവാസകേന്ദ്രങ്ങളായും ആദിച്ചനല്ലൂർ, കടയ്ക്കൽ, മൈലം, , പരവൂർ മുനിസിപ്പാലിറ്റി, അഞ്ചൽ, തൊടിയൂർ, ചാത്തന്നൂർ, മയ്യനാട്, പത്തനാപുരം, പവിത്രേശ്വരം, ആര്യങ്കാവ്, എഴുകോൺ, തേവലക്കര, കുലശേഖരപുരം, കൊറ്റങ്കര, വെട്ടിക്കവല, ഇട്ടിവ, ഓച്ചിറ, ശാസ്താംകോട്ട, കുണ്ടറ എന്നിവ മൂന്നാംക്രമ അധിവാസകേന്ദ്രങ്ങളായും ജില്ലയിലെ ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞ ക്രമത്തിൽ വരുന്നതുമാണ്. ഇവയുടെ സ്ഥലപരവിന്യാസം ചിത്രത്തിൽ കൊടുത്തിരിക്കുന്നു

3.6.2 അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം

കൊല്ലം ജില്ലയുടെ നിലവിലെ വികസിതകേന്ദ്രങ്ങൾ കണക്കിലെടുത്തുകൊണ്ട് അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം കണക്കാക്കിയിട്ടുണ്ട്.* അവ പട്ടിക 3.6 ൽ കൊടുത്തിരിക്കുന്നു. *ക്രിസ്റ്റല്ലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തം അനുവർത്തിച്ചുകൊണ്ട് സംയോജിത ജില്ലാ വികസന രൂപരേഖയിൽ പരാമർശിക്കുന്ന രീതിശാസ്ത്രം അനുസരിച്ച്

പട്ടിക 3.5

അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം

അധിവാസ കേന്ദ്രങ്ങളുടെ ക്രമം	ക്രമ നമ്പർ	അധിവാസകേന്ദ്രം
1	1	കൊല്ലം കോർപറേഷൻ
2	1	അഞ്ചൽ
	2	ചാത്തന്നൂർ
	3	കൊട്ടാരക്കര മുനിസിപ്പാലിറ്റി
	4	പുനലൂർ മുനിസിപ്പാലിറ്റി
	5	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി
	6	കുണ്ടറ
3	1	വെളിനല്ലൂർ
	2	ചവറ
	3	പത്തനാപുരം
	4	കടയ്ക്കൽ
	5	ശാസ്താംകോട്ട
	6	ചടയമംഗലം
	7	പരവൂർ മുനിസിപ്പാലിറ്റി
4	1	മയ്യനാട്
	2	ആദിച്ചനല്ലൂർ
	3	തേവലക്കര
	4	പവിത്രേശ്വരം
	5	തൊടിയൂർ
	6	കുലശേഖരപുരം
	7	ഇട്ടിവ
	8	മൈലം
	9	ഏഴുകോൺ
	10	ഓച്ചിറ
	11	കല്ലുവാതുക്കൽ
	12	കരീപ്ര
	13	കൊറ്റങ്കര
	14	തൃക്കോവിൽവട്ടം
	15	വെട്ടിക്കവല
	16	കുളക്കട
	17	ആര്യങ്കാവ്
	18	പൂയപ്പള്ളി
	19	തെഴ്ല
	20	കുളത്തൂപ്പുഴ
	21	വെളിയം
	22	മൈനാഗപ്പള്ളി
	23	ഇടമുളയ്ക്കൽ
	24	നിലമേൽ
	25	കുന്നത്തൂർ
	26	വിളക്കുടി
	27	ഉമ്മന്നൂർ
	28	പെരിനാട്
	29	ഇളമാട്
	30	കുമിൾ
	31	ചിതറ

	32	അലയമൺ
	33	നെടുവത്തൂർ
	34	തലവൂർ
	35	പന്മന
	36	നെടുമ്പന
	37	ഏരൂർ
	38	ആലപ്പാട്
	39	ശൂരനാട് തെക്ക്
	40	പോരുവഴി
	41	പട്ടാഴി വടക്കേക്കര
	42	ഇളമ്പള്ളൂർ
	43	ശൂരനാട് വടക്ക്
	44	തെക്കുംഭാഗം
	45	കിഴക്കേ കല്ലട

	46	പൂതക്കുളം
	47	തൃക്കരുവ്
	48	പേരയം
	49	തഴവ
	50	പിറവന്തൂർ
	51	മൺട്രോതുരുത്ത്
	52	പനയം
	53	പടിഞ്ഞാറെ കല്ലട
	54	പട്ടാഴി വടക്കേക്കര
	55	മേലില
	56	കരവാളൂർ
	57	നീൺണ്ടകര
	58	ക്ലാപ്പന
	59	ചിറക്കര

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ആസൂത്രണം ചെയ്ത മൂന്ന് പ്രധാന പദ്ധതികളാണ് കുണ്ടറയിലെ നിർദ്ദിഷ്ട ഐ.റ്റി പാർക്കും, ചടയമംഗലത്തെ ജഡായുപാറ ടൂറിസം പദ്ധതിയും, പാരിപ്പള്ളി മെഡിക്കൽ കോളേജും. അതിൽ നിലവിൽ നാലാംക്രമത്തിലുള്ള ചടയമംഗലം ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ജഡായു പാറ വിനോദകേന്ദ്രത്തിന്റെ പ്രവർത്തനം ഏതാണ്ട് തുടങ്ങാറായിരിക്കുന്നു. പ്രതിദിനം 2000 മുതൽ 3000 വരെ വിനോദസഞ്ചാരികൾ ജഡായുപാറ സന്ദർശിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ആയതിനാൽ ടി വിനോദസഞ്ചാര കേന്ദ്രത്തിനോടനുബന്ധിച്ച് വിനോദസഞ്ചാരികൾക്ക് ആവശ്യമായ രീതിയിലുള്ള സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട് ഇതിനായി ചടയമംഗലം ഗ്രാമ പഞ്ചായത്തിന്റെ ക്രമം നാലിൽ നിന്ന് മൂന്നായി ഉയർത്തേണ്ടതുണ്ടെന്ന് കണക്കാക്കുന്നു. കുണ്ടറയിലെ ഐ.റ്റി പാർക്ക് പ്രവർത്തന ക്ഷമമാകുമ്പോൾ ടി ഗ്രാമപഞ്ചായത്തിൽ 10,000 ൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകാനും അതുവഴി ടി പ്രദേശത്തേക്ക് ആളുകളുടെ കുടിയേറ്റം ഉണ്ടാകാനുമുള്ള സാധ്യത കൂടുതലാണ്. കൂടാതെ ഇവിടുത്തെ ഐ.റ്റി വ്യവസായം വളരുന്നതിന്റെ ഭാഗമായി വലിയതോതിലുള്ള പശ്ചാത്തല മേഖലയുടെയും വാണിജ്യ മേഖലയുടെയും വികസനം ഉണ്ടകേണ്ടതുണ്ട്. ഇതിനു പുറമെ പൂട്ടിക്കിടക്കുന്ന അലിൻഡ് ഫാക്ടറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ ഇതോടനുബന്ധിച്ച് മറ്റ് വികസന പ്രവർത്തനങ്ങളും ടി ഗ്രാമ പഞ്ചായത്തിൽ ഉണ്ടാകും. ആയതിനാൽ കുണ്ടറ ഗ്രാമ പഞ്ചായത്തിനെ രണ്ടാം ക്രമ അധിവാസ കേന്ദ്രമായി കണക്കാക്കി ഭാവി വികസനം നടത്തേണ്ടതാണ്. എന്നിരുന്നാലും കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ നിന്നും അധികം ദൂരത്ത ല്ലാതെ സ്ഥിതി ചെയ്യുന്ന ഈ ഗ്രാമപഞ്ചായത്തിനെ രണ്ടാം ക്രമ അധിവാസകേന്ദ്രമാക്കി മാറ്റുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിനോട് ചേർന്നുനിൽക്കുന്ന ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് നിലവിലെ ഉയർന്ന ക്രമത്തിലുള്ള ഗ്രാമപഞ്ചായത്തായതിനാൽ ചാത്തന്നൂരിനെ തന്നെ ഭാവിയിലെ രണ്ടാംക്രമ അധിവാസകേന്ദ്രമായി കണക്കാക്കിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദിഷ്ട ക്രമം ചിത്രത്തിൽ കൊടുത്തിരിക്കുന്നു.

3.7 കവലകളുടെ ക്രമം

3.7.1 കവലകളുടെ നിലവിലുള്ള ക്രമം

റോഡുകൾ സന്ധിക്കുന്ന ഒന്നോ അതിലേറെയോ സന്ധിസ്ഥാനങ്ങൾക്ക് ചുറ്റുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെവാണിജ്യ കേന്ദ്രമായി നിലകൊള്ളുന്ന പ്രവർത്തന പ്രദേശത്തിന്റെസഞ്ചയത്തെയാണ് കവല എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഉദേശിക്കുന്നത്. ജില്ലയിലെ കവലകളുടെ പ്രവർത്തികളുടെ വ്യാപ്തി ആ കവലകളിൽ സന്ധിക്കുന്ന റോഡുകളുടെ ക്രമത്തിനനുസരിച്ചാണ്. ജില്ലയിലെ വലുതും ചെറുതുമായ കവലകൾ വാണിജ്യ മേഖലകളുടെ വികസനത്തിൽ പ്രത്യക്ഷത്തിലും മറ്റ് മേഖലകളുടെ വികസനത്തിൽ പരോക്ഷമായും സ്വാധീനം ചെലുത്തുന്ന ഘടകമാണ്.

ചിത്രം 3.36

അധിവാസകേന്ദ്രങ്ങളുടെ നിലവിലെ ക്രമം



ചിത്രം 3.37

അധിവാസകേന്ദ്രങ്ങളുടെ നിർദ്ദിഷ്ട ക്രമം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.38

ജില്ലയിലെ കവലകളുടെ നിലവിലെ ക്രമവും സ്ഥലപര വിന്യാസവും

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.39 കവലകളുടെ നിർദ്ദിഷ്ട ക്രമം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ജില്ലയിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ കവലകളുടെ പ്രവർത്തന വ്യാപ്തിയെ സ്വാധീനിക്കുന്ന തരത്തിൽ പ്രാധാന റോഡുകളൊന്നും നിർമ്മിതമായിട്ടില്ലെന്നതിനാൽ സംയോജിത ജില്ലാ വികസന മേഖലയിൽ അനുവർത്തിച്ച രീതിശാസ്ത്രമനുസരിച്ച് കൊല്ലം ജില്ലയിൽ ഇപ്പോഴും ഒന്നാം ക്രമ കവലയായ ചിന്നക്കടയക്ക് പുറമേ രണ്ടാം ക്രമത്തിലുള്ള കൊട്ടാരക്കര ചന്തമുക്ക്, കരുനാഗപ്പള്ളി, പുനലൂർ കെ.എസ്.ആർ.ടി.സി ജംഗ്ഷൻ കവലകളും മൂന്നാം ക്രമത്തിലായി മുക്കട ആർ.ഒ ജംഗ്ഷൻ, കൊട്ടിയം, പത്തനാപുരം, ആയൂർ, പൂയപ്പള്ളി, പാരിപ്പള്ളി എന്നിങ്ങനെ 7 കവലകളും ഉണ്ട്. പരവൂർ കവല ഉൾപ്പെടെയുള്ള മറ്റ് കവലകൾ നാലാം ക്രമത്തിലോ അതിന് താഴെയോ ആണെന്ന് കണക്കാക്കാവുന്നതാണ്. നിലവിലെ ക്രമവും സ്ഥലപര വിന്യാസവും നൽകിയിരിക്കുന്നു

3.7.2 കവലകളുടെ നിർദ്ദിഷ്ട ക്രമം

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസാന്ദ്രതയുടെ വിതരണത്തിലും ജനസംഖ്യയുടെ വിതരണത്തിലും കാര്യമായ മാറ്റം വരാത്തതിനാൽ കവലകളുടെ നിർദ്ദിഷ്ടക്രമത്തിൽ വലിയ തോതിലുള്ള മാറ്റം പ്രതീക്ഷിക്കാവുന്നതല്ല. കൊല്ലം - ചെങ്കോട്ട റെയിൽപാത യാഥാർത്ഥ്യമാകുമ്പോൾ പുനലൂർ, കൊട്ടാരക്കര എന്നീ കവലകളുടെ വാണിജ്യാടിസ്ഥാന മൂല്യം ക്രമാതീതമായി ഉയരും, എങ്കിലും ഒന്നാം ക്രമ കവലയായ ചിന്നക്കടയുടെ വാണിജ്യാടിസ്ഥാനമൂല്യത്തിൽ കാര്യമായ മാറ്റം ഉണ്ടാകുന്നില്ല. കൊല്ലം - തേനി ദേശീയ പാതയുടേയും അതോടനുബന്ധിച്ചുള്ള പാലങ്ങളും പൂർത്തിയാകുമ്പോൾ ഇപ്പോൾ ഏറ്റവും കുറഞ്ഞ ക്രമത്തിലുള്ള അധിവാസ കേന്ദ്രമായ മൺട്രോതുരുത്തിൽ വിനോദ സഞ്ചാര മേഖലയ്ക്ക് കൂടുതൽ സാധ്യതയു ണ്ടാകുന്നതാണെന്ന് കണക്കാക്കാവുന്നതാണ്. ഇതുമൂലം മൺട്രോതുരുത്തിനെ നാലാംക്രമത്തിലുള്ള കവലയായി ഉയർത്തേണ്ടതുണ്ടെന്ന് കണക്കാക്കുന്നു. കൂടാതെ ജഡായുപാറ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനവുമായി ബന്ധപ്പെട് ചടയമംഗലം കവലയും മൂന്നാം ക്രമത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. മുക്കട ആർ.ഒ ജംഗ്ഷൻ മൂന്നാംക്രമത്തിലുള്ള കവലയായി തന്നെ തുടരും എന്നും അനുമാനിക്കുന്നു. മേൽവിവരിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയ കവലകളുടെ ക്രമം ചിത്രം 3.39 ൽ നൽകിയിരിക്കുന്നു. ഇതനുസരിച്ച് ഭാവിയിലെ കവലകളുടെ ക്രമം താഴെ പട്ടിക രൂപത്തിൽ നൽകിയിരിക്കുന്നു.

പട്ടിക 3.6

ഭാവിയിലെ കവലകളുടെ ക്രമം

കവലകളുടെ ക്രമം	കവലകളുടെ പേര്	
I	1.ചിന്നക്കട	
II	2.കരുനാഗപ്പള്ളി	
	3.കൊട്ടാരക്കര	
	4.അഞ്ചൽ	
	5.പുനലൂർ	
	6.പാരിപ്പള്ളി	
III	1.ശാസ്താംകോട്ട	7.കടയ്ക്കൽ
	2.ചവറ	8.തെന്മല
	3.തേവലക്കര	9.പത്തനാപുരം
	4. കുണ്ടറ	10.പൂയപ്പള്ളി
	5. കൊട്ടിയം	11.ചടയമംഗലം
	6.പരവൂർ	12.ആയൂർ

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.8 നഗരവത്ക്കരണം

3.8.1 നിലവിലെ അവസ്ഥ

നഗരവത്ക്കരണം എന്നത് കൊണ്ട് ഉദേശിക്കുന്നത് ഗ്രാമപ്രദേശങ്ങൾ അതിന്റെ പ്രവർത്തന സ്വഭാവം മാറി നഗരപ്രദേശങ്ങളായി പരിണമിക്കുന്ന അവസ്ഥയാണ്. 5000 ൽ കൂടുതൽ ജനസംഖ്യയുള്ളതും ജനസാന്ദ്രത ഒരു ച. കി. മീറ്ററിൽ 400 ആളുകളിൽ കൂടുതൽ ഉള്ളതും ആകെ പുരുഷ തൊലാളികളിൽ 75% ആളുകളും കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ആയിരിക്കുന്നതുമായ പ്രദേശത്തെയാണ് സെൻസസ് നഗരം എന്നു പറയുന്നത്. കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെതുടക്കത്തിൽ ഇത്തരത്തിലുള്ള നഗരവാസികളുടെ ജനസംഖ്യ ആകെ 7.11% ആയിരുന്നെങ്കിൽ 2011 സെൻസസ് പ്രകാരം ഇത് ഏതാണ്ട് 47% ആയി ഉയർന്നിരിക്കുകയാണ്. സംയോജിത ജില്ലാ വികസന രൂപരേഖയിൽ കണ്ടെത്തിയതിൽ നിന്നും വിഭിന്നമായി 2011 ലെ ഗ്രാമജനസംഖ്യയും വളർച്ചാ നിരക്കും പരിശോധിക്കുമ്പോൾ (പട്ടിക 3.7) ഗ്രാമങ്ങളിലെ ജനസംഖ്യാ വളർച്ചാനിരക്ക് വളരെയധികം താഴുന്നതായും നഗരങ്ങളിലേത് കുത്തനെ ഉയരുന്നതായും കാണുന്നു. സംസ്ഥാനത്തെ ആകെ ജനസംഖ്യാവളർച്ചാനിരക്ക് പരിശോധിക്കുമ്പോൾ 1991-2001 ൽ 9.42% ഉണ്ടായിരുന്നതിൽ നിന്നും 4.91% ആയി 2001-2011 ൽ കുറയുകയാണ് ചെയ്തത്. ഇതിൽ നിന്നും ഒട്ടേറെ ഗ്രാമപ്രദേശങ്ങൾ സെൻസസ് ടൗൺ ആയി മാറിയതിനാലാണ് നഗര ജനസംഖ്യ അസാധാരണമായ വിധത്തിൽ വർദ്ധിക്കാനും ഗ്രാമീണജനസംഖ്യാവർദ്ധനവ് കുറയാനും കാരണം എന്ന് അനുമാനിക്കാവുന്നതാണ്. ഇത്തരത്തിലുള്ള നഗരവൽക്കരണം മൂലം സംസ്ഥാനത്തിന്റെ ഗ്രാമങ്ങളുടെ അടിസ്ഥാന സ്വഭാവം തന്നെ മാറുവാനും പ്രാഥമികമേഖലകളായ കൃഷി, മൃഗസംരക്ഷണം മുതലായ വികസനമേഖലകൾ നേർത്തു പോകുകയും ചെയ്യും.

പട്ടിക 3.7

2011 ലെ ഗ്രാമജനസംഖ്യയും വളർച്ചാ നിരക്കും

	ജനസംഖ്യ (2011)	**ജനസംഖ്യ** (2001)	**മൊത്തം ജനസംഖ്യയുടെ വളർച്ചാനിരക്ക്**
ആകെ	33,406,061	31,841,374	4.91
ഗ്രാമം	17,471,135	23,574,449	-25.88
നഗരം	15,934,926	8,266,925	92.75

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

2011 ലെ സെൻസസ് അനുസരിച്ച് കൊല്ലം ജില്ലയിലെ ആകെ ജനസംഖ്യ (2635375) യുടെ 45.05% നഗര ജനസംഖ്യയാണ്. 2001 സെൻസസ് പ്രകാരം കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനു പുറമേ പരവൂർ, പുനലൂർ മുനിസിപ്പാലിറ്റികൾ എന്നിങ്ങനെ മൂന്ന് വ്യവസ്ഥാപിത നഗരപ്രദേശങ്ങളാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ സംയോജിത ജില്ലാ വികസന രൂപരേഖയിൽ പ്രവചിച്ചതുപോലെ കരുനാഗപ്പള്ളി, കൊട്ടരക്കര എന്നീ മുനിസിപ്പാലിറ്റികൾ നിലവിൽ വന്നതോടെ വ്യവസ്ഥാപിത നഗരപ്രദേശത്തിൻറേ എണ്ണം 5 ആയി വർദ്ധിച്ചു (ചിത്രം 3.40). കൂടാതെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കൊല്ലം കോർപ്പറേഷനുമായി കൂട്ടിച്ചേർത്തതിനാൽ ടി പ്രദേശവും വ്യവസ്ഥാപിത നഗരപ്രദേശമായിമാറിയിട്ടുണ്ട്. നീണ്ടകര ഗ്രാമപഞ്ചായത്ത് സെൻസസ് നഗരമാണെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്തായി തുടരുകയാണ്. ജില്ലയിലെ നഗര ജനസംഖ്യയുടെ തോത് മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഏഴാമതാണ്. നഗര ജനസംഖ്യയുടെ തോത് 2011 ലെ 18.02% ത്തിൽ നിന്നും 45.05% ആയി ഉയർന്നതായി കാണുന്നു. എന്നിരുന്നാലും നഗര ജനസംഖ്യയുടെ വളർച്ചാ നിരക്കും നഗരപ്രദേശത്തിനോട് തൊട്ട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ വളർച്ച നിരക്കുകളും താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ വളർച്ച നിരക്ക് നഗരങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നും അതിൽ നിന്നും നഗരപ്രദേശത്തുള്ളവർ ഗ്രാമങ്ങളിലേക്ക് കുടിയേറിയിട്ടുള്ളതാണെന്നും അനുമാനിക്കാവുന്നതാണ്.

പട്ടിക 3.8

ജില്ലയിലെ നഗര ജനസംഖ്യയുടെ തോത് മറ്റ് ജില്ലകളുമായി താരതമ്യം

ക്രമ നമ്പർ	ജില്ല	ജനസംഖ്യ 2011			2011 ലെ നഗര ജനസംഖ്യയുടെ തോത് അനുസരി ച്ചുള്ള സ്ഥാനം
		ആകെ	ഗ്രാമം	നഗരം	
1	എറണാകുളം	3282388	1048025	2234363	68.07
2	തൃശ്ശൂർ	3121200	1024794	2096406	67.17
3	കോഴിക്കോട്	3086293	1013721	2072572	67.15
4	കണ്ണൂർ	2523003	882017	1640986	65.04
5	ആലപ്പുഴ	2127789	979643	1148146	53.96
6	തിരുവനന്തപുരം	3301427	1529831	1771596	53.66
7	**കൊല്ലം**	**2635375**	**1448217**	**1187158**	**45.05**
8	മലപ്പുറം	4112920	2295709	1817211	44.18
9	കാസർഗോഡ്	1307375	798328.00	509047.00	38.94
10	കോട്ടയം	1974551	1409158	565393	28.63
11	പാലക്കാട്	2809934	2133124	676810	24.09
12	പത്തനംതിട്ട	1197412	1065799	131613	10.99
13	ഇടുക്കി	1108974	1056929	52045	4.69
14	വയനാട്	817420	785840	31580	3.86

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.8.2 നിർദ്ദിഷ്ട നഗരവൽക്കരണം

ജില്ലയിലെ ഒട്ടുമിക്ക പ്രദേശത്തും ജനങ്ങൾ കാർഷിക പ്രവർത്തനങ്ങൾ കുറച്ചുകൊണ്ട് സേവന മേഖലകളിലേക്ക് ചുവടുമാറുന്ന പ്രവണത കണ്ടുവരുന്നു. ഇത്തരത്തിൽ ജനങ്ങൾ കാർഷികേതര തൊഴിൽ മേഖല തെരഞ്ഞെടുക്കുമ്പോൾ അവിടെ വസിക്കുന്ന 75% ത്തിലധികം പുരുഷൻമാരും കാർഷികേതര തൊഴിലാളികൾ ആകാനും ടി പ്രദേശം സെൻസസ് പ്രകാരം നഗരം ആകാനും സാധ്യത ഏറെയാണ്. ഭാവിയിലെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാകാനാണ് സാധ്യത, എന്നത് നിലവിൽ, സെൻസസ് പ്രകാരം നഗരപ്രദേശമാണോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ, ഇപ്പോഴത്തെ ഗ്രേഡ് എന്താണ്, നഗരവൽക്കരണത്തെ ത്വരിതപ്പെടുത്തുന്ന പ്രോജക്ടുകൾ എന്തൊക്കെയാണ്, അധിവാസ കേന്ദ്രത്തിന്റെ ക്രമം ഏതാണ് മുതലായ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. മേൽപറഞ്ഞ ഘടകങ്ങൾ ഓരോന്നായി വിശകലനം ചെയ്ത് ചുവടെ സംക്ഷിപ്തമായി വിവരിച്ചിരിക്കുന്നു.

സെൻസസ് നഗരപ്രദേശം

2011 സെൻസസ് അനുസരിച്ച് കാർഷികേതര പുരുഷതൊഴിലാളികളുടെ എണ്ണം 70% ത്തിൽ കൂടുതലുള്ള ഗ്രാമപ്രദേശങ്ങളായ (രീതീശാസ്ത്രം - സംയോജിത ജില്ലാ വികസന രൂപരേഖ വാല്യം1 ലേത്) ആദിച്ചനല്ലൂർ, ചാത്തന്നൂർ, മൈനാഗപ്പള്ളി, ക്ലാപ്പന, തഴവ, തേവലക്കര, തൃക്കടവൂർ, കൊറ്റങ്കര, കുലശേഖരപുരം, കൊട്ടാരക്കര, കരുനാഗപ്പള്ളി, കുണ്ടറ, മയ്യനാട്, ഓച്ചിറ, പന്മന, പെരിനാട്, പൂതക്കുളം, തൊടിയൂർ, തൃക്കരുവ, തൃക്കോവിൽവട്ടം എന്നിവ സെൻസസ് പ്രകാരം നഗരപ്രദേശങ്ങളായി കണക്കാക്കാവുന്നതാണ്. ഇതിൽ കൊട്ടാരക്കരയും കരുനാഗപ്പള്ളിയും 2011 സെൻസസിനുശേഷം നഗരസഭകളായി മാറിയതിനാലും തൃക്കടവൂർ കോർപറേഷനിൽ ലയിപ്പിച്ചതിനാലും ഇവയെ പ്രധാന പട്ടികയിൽ നിന്നും മാറ്റി നിർത്തിയാൽ 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഭാവിയിലെ സെൻസസ് പ്രകാരമുള്ള നഗര പ്രദേശങ്ങളായി കണക്കാക്കാവുന്നതാണ്.

ചിത്രം 3.40 - വ്യവസ്ഥാപിത നഗരപ്രദേശം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.41 - തദ്ദേശസ്ഥാപനങ്ങളുടെ ജനസംഖ്യ വളർച്ച നിരക്ക്

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.42 - നിർദ്ദിഷ്ട നഗരവൽക്കരണം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡ്

മേൽ വിവരിച്ച 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൈനാഗപ്പള്ളി, തൊടിയൂർ എന്നിവ ഒന്നാംഗ്രേഡിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളാണ്. അവ ഒരു കാരണവശാലും ഈ പദ്ധതി കാലയളവിൽ നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ആകാൻ സാധ്യതയില്ലാത്തതിനാൽ അവയെ ഒഴിവാക്കിയാൽ മറ്റ് 15 സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്തുകളെ തുടർന്നുള്ള വിശകലനത്തിന് പരിഗണിക്കാവുന്നതാണ്.

നഗരവൽക്കരണത്തെ ത്വരിതപ്പെടുത്തുന്ന പദ്ധതികൾ

ജില്ലയിൽ നഗരവികസനങ്ങൾക്ക് ആക്കം കൂട്ടുന്ന പദ്ധതികൾ തങ്കശ്ശേരി ഹാർബർ നീണ്ടകര തുറമുഖം കുണ്ടറ ഐ.റ്റി പാർക്ക്, ജഡായുപാറ ടൂറിസം പദ്ധതി മുതലായവയാണ്. ഇതിന്റെപ്രത്യക്ഷത്തിലുള്ള പ്രതിഫലനമുണ്ടാകുന്നത് കൊല്ലം കോർപറേഷനിലും, കുണ്ടറ, ചവറ, ചടയമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലുമാണ്. ആയതിനാൽ ചവറ, ചടയമംഗലം ഗ്രാമപഞ്ചായത്തുകളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭാവി നഗരതദ്ദേശസ്വയംഭരണ സ്ഥാപനത്തിനായി പരിഗണിക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം 17 ആയി കണക്കാക്കാവുന്നതാണ്.

അധിവാസകേന്ദ്രങ്ങളുടെ ക്രമം

മുമ്പ് സൂചിപ്പിച്ചിരുന്നതുപോലെ ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ ക്രമം പരിശോധിക്കുമ്പോൾ ക്ലാപ്പന, തഴവ, പെരിനാട്, പൂതക്കുളം, തൃക്കരുവ, ചടയമംഗലം എന്നിവ ഏറ്റവും കുറഞ്ഞ ക്രമത്തിൽ ഉള്ളതാണ്. ചടയമംഗലം ജില്ലയുടെ കിഴക്കൻപ്രദേശത്തെ ഒരു പ്രധാന വിനോദ സഞ്ചാര കേന്ദ്രമാകുമെന്നതിനാൽ ചടയമംഗലം ഒഴികെയുള്ള കുറഞ്ഞ ക്രമത്തിലുള്ള 5 ഗ്രാമപഞ്ചായത്തുകളെ ഒഴിവാക്കാവുന്നതാണ്. മിച്ചം വരുന്ന 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭാവിയിൽ നഗര തദ്ദേശഭരണ സ്ഥാപനങ്ങളാകാൻ സാധ്യതയുണ്ട്. ഇതിനു പുറമെ അഞ്ചൽ ഗ്രാമപഞ്ചായത്ത് ഭാവിയിൽ രണ്ടാം ക്രമ അധിവാസകേന്ദ്രമാകേണ്ടുന്ന ഗ്രാമപഞ്ചായത്ത് ആയതിനാൽ അതു കൂടി ഉൾപ്പെടുത്തിക്കൊണ്ട് 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭാവിയിൽ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകാൻ സാധ്യതയുള്ള ഗ്രാമപഞ്ചായത്തുകൾ ആണെന്ന് കണക്കാക്കാവുന്നതാണ്.

മേൽവിവരിച്ച 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ജനസംഖ്യാവളർച്ചാനിരക്കും മറ്റ് പ്രദേശങ്ങളുമായി ദേശീയപാത വഴി ബന്ധിപ്പിക്കുന്നതുമായ മയ്യനാട്, കൊറ്റങ്കര, ചാത്തന്നൂർ, കുണ്ടറ എന്നിവ 2021 നകം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനമാകുമെന്നും മറ്റുള്ള 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ചടയമംഗലം, അഞ്ചൽ, കുലശേഖരപുരം, തേവലക്കര, ചവറ, ആദിച്ചനല്ലൂർ, ഓച്ചിറ, പന്മന, തൃക്കോവിൽവട്ടം എന്നിവ വരുന്ന 2031 നകം നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകുമെന്നും കരുതാവുന്നതാണ്. ആയതിൽ ടി 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭാവിയിൽ നഗരസ്വഭാവം ആർജ്ജിക്കും എന്നത് കണക്കിലെടുത്തുകൊണ്ടുവേണം ഭാവി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്

3.9. വികസനത്തിന്റെ സ്ഥലമാനങ്ങൾ
(അധിവാസകേന്ദ്രങ്ങളുടെ പഠനത്തെ മാത്രം അടിസ്ഥാനമാക്കിക്കൊണ്ടുള്ളത്)

അധിവാസകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പഠനത്തിൽ നിന്നും വികസനത്തിന്റെസ്ഥലമാനങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലപര രൂപമാതൃക രൂപീകരിക്കുന്നത് ജില്ലയുടെ പ്രവർത്തന രൂപമാതൃകയും അധിവാസ കേന്ദ്രങ്ങളുടെയും കവലകളുടെ ക്രമവും നിർദ്ദിഷ്ട റോഡ് ശൃംഖലയും എന്നിവയുടെ അടിസ്ഥാനത്തിലാണ്

3.9.1 പ്രവർത്തന രൂപമാതൃക

ജില്ലയുടെ പ്രവർത്തന രൂപമാതൃക രൂപീകരിക്കുന്നത് ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണം, പ്രവർത്തന സ്വഭാവം, നഗരവൽക്കരണ രീതി എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം നഗരവൽക്കരണത്തിന്റെപഠനത്തിൽ നഗരമായും ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണ പ്രകാരം കാർഷികേതര മായ ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണമുഖത്തും പ്രവർത്തനസ്വഭാവം നഗരസ്വഭാവവുമുണ്ട് (പട്ടിക 3.10) ടി പ്രദേശത്തിന് ഏറ്റവും അനുയോജ്യമായ പ്രവർത്തനം നാഗരിക പ്രവർത്തനങ്ങളാണ് ഇത്തരത്തിൽ ജില്ലയിൽ നഗരപ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം ചിത്രം 3.43 ൽ നൽകിയിരിക്കുന്നു.

നഗരവൽക്കരണ രീതിയനുസരിച്ച് നഗരമല്ലാതിരിക്കുകയും ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണമനുസരിച്ച് കാർഷികമായിരിക്കുകയും പ്രവർത്തന സ്വഭാവം ഗ്രാമമായിരിക്കുകയും ചെയ്യുന്ന പ്രദേശത്തിൻറെഏറ്റവും അനുയോജ്യമായ പ്രവർത്തനം ഗ്രാമീണം ആണെന്നാണ് തീവ്രകാർഷിക പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണിത്. ചിത്രത്തിൽ ഇത്തരത്തിലുള്ള പ്രദേശം രേഖപ്പെടുത്തിയിരിക്കുന്നു. അധിവാസകേന്ദ്രം നഗരമല്ലാത്തതും ഭൂവിനിയോഗത്തിന്റെകേന്ദ്രീകരണമനുസരിച്ച് വനം ആവുകയും പ്രവർത്തനസ്വഭാവം ഗ്രാമം ആകുകയുx ചെയ്താൽ അത്തരത്തിലുള്ള പ്രദേശത്ത് വനവൽക്കരണത്തിന് ഹാനികരമല്ലാത്ത ഗ്രാമീണ പ്രവർത്തനങ്ങൾക്കാണ് ഏറ്റവും അനുയോജ്യം. ചിത്രത്തിൽ ഇത്തരത്തിലുള്ള പ്രദേശം രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ ദ്വിതീയ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സംയോജനം ഏതാണെന്ന് പട്ടികയിൽ ദ്വിതീയ പ്രവർത്തന പ്രദേശളിലും നൽകിയിരിക്കുന്നു.

ചിത്രം 3.43

ജില്ലയിൽ നഗരപ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം

ചിത്രം 3.44

തീവ്രകാർഷിക പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.45

വനവൽക്കരണത്തിന് ഹാനികരമല്ലാത്ത ഗ്രാമീണ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം

ചിത്രം 3.46

ദ്വിതീയ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

നഗരവൽക്കരണ രീതിയനുസരിച്ച് നഗരമല്ലാത്തതും പ്രവർത്തന സ്വഭാവം അനുസരിച്ച് അർദ്ധ നഗരമോ അർദ്ധ ഗ്രാമമോ ആയതുമായ പ്രദേശം ചെറുകിട വ്യവസായങ്ങൾക്കും കൃഷിയനുബന്ധ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ പ്രദേശമാണ് ഇവിടെ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം വനം ഒഴികെയുള്ള കാർഷികമോ കാർഷികേതരമോ ആകാവുന്നതാണ്.

പട്ടിക 3.9

കാർഷികാനുബന്ധ പ്രവർത്തനമേഖല

നഗരരേഖാചിത്രം	ഭൂവിനിയോഗ കേന്ദ്രീകരണം	പ്രവർത്തന സ്വഭാവം	പ്രവർത്തനം
നഗരം	കാർഷികേതരം	നഗരം	
നഗരമല്ല	കാർഷികം	അർദ്ധനഗരം	കൃഷി, മൃഗപരിപാലനം, കുടൽ വ്യവസായം
	വനം	അർദ്ധഗ്രാമം	
		ഗ്രാമം	

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.47

പ്രവർത്തനങ്ങളുടെ സ്ഥലപരവിന്യാസം സംയോജിപ്പിച്ചുകൊണ്ട് ജില്ലയുടെ പ്രവർത്തന ഘടന

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3.48

ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമവും കവലകളുടെ ഭാവിയിലെ ക്രമവും

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.9.2 അധിവാസകേന്ദ്രങ്ങളുടെയും കവലകളുടെയും ക്രമം

ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമവും കവലകളുടെ ഭാവിയിലെ ക്രമവും ചേർത്തുകൊണ്ട് തയ്യാറാക്കിയ മാപ്പ് ചിത്രം 3.48 ൽ നൽകിയിരിക്കുന്നു.

3.9.3 നിർദ്ദിഷ്ട റോഡ് ശൃംഖല

ജില്ലയിലെ ഉയർന്ന ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങളും കവലകളും തമ്മിൽ യോജിപ്പിക്കുന്ന പ്രധാന റോഡ് ശൃംഖലയും താഴ്ന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളും ഉയർന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുമായി യോജിപ്പിക്കുന്ന സബ് മേജർ റോഡുകളും താഴ്ന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന മൈനർ റോഡുകളും ഉണ്ടാകേണ്ടതാണ്. സംയോജിത ജില്ലാ വികസന രൂപരേഖയിൽ നിർദ്ദേശിച്ചിരുന്ന കൊല്ലം - തേനി ദേശീയപാതയുടെ ജില്ലയിലെ നിർദ്ദിഷ്ട ദിശ ചിന്നക്കടയിൽ നിന്നും കണ്ണനല്ലൂർ, കുണ്ടറ, ഭരണിക്കാവ്, ചക്കുവള്ളി വഴി ശൂരനാട് വരെയായിരുന്നു. എന്നാൽ ദേശീയപാത അതോറിറ്റി അംഗീകരിച്ച കൊല്ലം- തേനി ദേശീയപാത (എൻ.എച്ച് 183) യുടെ ജില്ലയിലെ നിർദ്ദിഷ്ട ദിശ കൊല്ലം (ഹൈസ്കൂൾ ജംഗ്ഷൻ)- തേവള്ളി -അഞ്ചാലുംമൂട് - ഇളമ്പള്ളൂർ -ഈസ്റ്റ് കല്ലട-ഭരണിക്കാവ്-ചക്കുവള്ളി- ശൂരനാട് -പത്തനംതിട്ട വഴി തേനി വരെയാണ്. നിലവിലെ ദേശീയപാത 183 മൺട്രോതുരുത്തുമായി ബന്ധിപ്പിക്കാൻ നിർദ്ദേശമുണ്ട്. ഇതു മൂലം ഭാവിയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഒന്നായ മൺട്രോതുരുത്തുമായി ഒന്നാം ക്രമ അധിവാസ കേന്ദ്രമായ ചിന്നക്കടയെ ഉയർന്ന ക്രമത്തിലുള്ള റോഡ് മുഖേന ബന്ധിപ്പിക്കാവുന്നതാണ്. ചടയമംഗലത്തിനെയും ചിന്നക്കടയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കൊല്ലം - കണ്ണനല്ലൂർ - പൂയപ്പള്ളി -ആയൂർ റോഡിനെ ഉയർന്ന ക്രമത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വെളിയം ഗ്രാമപഞ്ചായത്തിലെ മുട്ടറ മരുതിമല വിനോദസഞ്ചാര കേന്ദ്രമായി വളരുമ്പോൾ എൻ.എച്ച് 66 ൽ നിന്നും വെളിയം വഴി കടന്നു പോകുന്ന ഇത്തിക്കര-വെളിയം-ഓടനാവട്ടം-കൊട്ടാരക്കര റോഡും ഉയർന്ന ക്രമത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. കൊല്ലത്തിന്റെ ഐ.റ്റി പാർക്ക് സ്ഥിതി ചെയ്യുന്ന കുണ്ടറയെ ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ ജില്ലകളുമായി എളുപ്പത്തിൽ ബന്ധിപ്പിക്കാൻ കൊട്ടിയം, കണ്ണനല്ലൂർ, കുണ്ടറ, ഭരണിക്കാവ്, കരുനാഗപ്പള്ളി റോഡ് മേജർ റോഡായി വികസിപ്പിക്കേണ്ടതാണ്. ഈ റോഡ് കൊല്ലം പട്ടണത്തിനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ബൈപ്പാസ് ആയിരിക്കും. സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട മലയോരപാത മടത്തറ, കുളത്തൂപ്പുഴ, ഏരൂർ, ആർ.ഒ ജംഗ്ഷൻ, പുനലൂർ, പത്തനാപുരം എന്നീ ജംഗ്ഷനുകളിലൂടെയാണ് ഉദ്ദേശിക്കുന്നത്. ഇത് ജില്ലയുടെ ഉയർന്ന ക്രമത്തിലുള്ള റോഡായി കണക്കാക്കേണ്ടതുണ്ട്. ഇതോടൊപ്പം ജില്ലയിലെ തീരദേശപാതയേയും ഒന്നാം ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. റോഡിന്റെ ക്രമമനുസരിച്ച് മേജർ, സബ് മേജർ, മൈനർ എന്നിങ്ങനെ തരം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

മേജർ റോഡുകൾ

1. ദേശീയപാതയായ എൻ.എച്ച് 66, എൻ.എച്ച് 744, കൊല്ലം - തേനി റോഡ് (എൻ.എച്ച് 183).
2. സംസ്ഥാന പാതകളായ എം.സി റോഡ് (എസ്.എച്ച് 1)
3. മലയോര ഹൈവെ
4. തീരദേശ ഹൈവെ
5. കൊട്ടിയം - കണ്ണനല്ലൂർ - കുണ്ടറ - ഭരണിക്കാവ്
6. പുതിയകാവ് - പോരുവഴി റോഡ്
7. കരുനാഗപ്പള്ളി - ആഞ്ഞിലുമൂട് (ശാസ്താംകോട്ട വഴി) ഭരണിക്കാവ്

സബ് മേജർ റോഡുകൾ

1. ചവറ -ശാസ്താംകോട്ട റോഡ്
2. പരവൂർ - വർക്കല റോഡ്
3. പരവൂർ - പാരിപ്പള്ളി റോഡ്
4. ചിന്നക്കട - കണ്ണനല്ലൂർ - പൂയപ്പള്ളി - ആയൂർ റോഡ്
5. കൊട്ടാരക്കര - പൂയപ്പള്ളി - ചാത്തന്നൂർ റോഡ്

മൈനർ റോഡുകൾ

1. കൊട്ടാരക്കര - പത്തനാപുരം റോഡ്
2. അഞ്ചൽ - കടയ്ക്കൽ റോഡ്
3. അഞ്ചൽ - തൊല റോഡ്
4. ഭരണിക്കാവ് - ചന്തമുക്ക് റോഡ്

ചിത്രം 3.49

നിർദ്ദിഷ്ട റോഡ് ശൃംഖല

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.9.4 സ്ഥലപര രൂപമാതൃക

മേൽ വിവരിച്ച പ്രവർത്തന രൂപമാതൃക, അധിവാസകേന്ദ്രങ്ങളുടെയും കവലകളുടെയും ക്രമം, റോഡ് ശൃംഖല എന്നിവ സംയോജിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ സ്ഥലപരരൂപമാതൃക ചിത്രം 3.50 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.50

ജില്ലയുടെ സ്ഥലപര രൂപമാതൃക

അവലംബം . ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

3.10 ഉപസംഹാരം

അധിവാസ കേന്ദ്രത്തിന്റെ പഠനത്തിൽ നിന്നും രൂപീകരിച്ച സ്ഥലപരമാതൃകയെ അടിസ്ഥാനമാക്കിക്കൊണ്ട് ജില്ലയുടെ വിവിധ ഗ്രാമപഞ്ചായത്തുകൾ ഊന്നൽ നൽകേണ്ട മേഖലകളും ഭാവിയിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ നൽകേണ്ട പ്രദേശങ്ങളും ജില്ലയുടെ എല്ലാ മേഖലയിലും നിർദ്ദിഷ്ട വികസനം കൈവരിക്കുന്നതിന് ആവശ്യമായ റോഡ് ശൃംഖലയും വ്യക്തമാക്കിയിരിക്കുന്നു. വികസന മേഖലയുടെ പഠനത്തിൽ നിന്നും വ്യക്തമാകുന്ന സ്ഥലപര രൂപമാതൃകയും കൂടി കണക്കിലെടുത്തുകൊണ്ട് ജില്ലാ വികസനത്തിനായുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി ജില്ലയുടെ വികസന പരിപ്രേക്ഷ്യം രൂപീകരിക്കാവുന്നതാണ്.

&&&&&&&&&&&&&&&&

അദ്ധ്യായം 3 എ

സ്ഥലപരവിതരണത്തെ അടിസ്ഥാനമാക്കിയ വികസന കാഴ്ചപ്പാട്

ആമുഖം

ജില്ലാ പദ്ധതിരേഖയിൽ ജില്ലാ വികസനത്തിനായുള്ള ദീർഘവീക്ഷണത്തോടെയുള്ള വികസന കാഴ്ചപ്പാട് എന്താണെന്ന് നിർവ്വചിക്കേണ്ടതും പ്രസ്തുത കാഴ്ചപ്പാടിനനുസരിച്ച് ഓരോ വികസന മേഖലയും ഭാവി വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിരിക്കേണ്ടതുമുണ്ട്. ഇതിനായി സംസ്ഥാന വികസന പരിപ്രേക്ഷ്യത്തിലൂന്നിക്കൊണ്ട് ജില്ലയുടെ വികസന ലക്ഷ്യങ്ങളും അവ നേടുന്നതിനുള്ള ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്നും നിശ്ചയിക്കുകയും അധിവാസഗൃഹങ്ങളുടെയും വികസന മേഖലകളുടെയും സംയോജിത വിശകലനങ്ങളിലൂന്നി ഭാവി വികസന കാഴ്ചപ്പാടിന് രൂപം നൽകുകയുമാണ് ചെയ്യുന്നത്. ഈ അദ്ധ്യായത്തിൽ ഇത്തരത്തിലുള്ള സംയോജിത വിശകലനത്തിലൂടെയുള്ള ജില്ലയുടെ മൊത്തത്തിലുള്ള വികസന കാഴ്ചപ്പാട് രൂപീകരണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസന ലക്ഷ്യങ്ങൾ

സംസ്ഥാന പരിപ്രേക്ഷ്യത്തിനെ അടിസ്ഥാനമാക്കി കൊല്ലം ജില്ലയുടെ വികസന ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പരിസ്ഥിതി സംരക്ഷണവും സാമൂഹ്യനീതിയും ഉറപ്പാക്കിക്കൊണ്ടും ജില്ലയിലെ പരമപ്രധാനമായ ഉൽപാദനമേഖലകളെയും അനുപൂരകമേഖലകളെയും സ്ഥലപരമായി ഏകോപിപ്പിച്ചുകൊണ്ട് ലഭ്യമായ വിഭവങ്ങളെ പരമാവധി കാര്യക്ഷമമായി ഉപയോഗിക്കുകവഴി ജില്ലയുടെ സാമ്പത്തിക അടിത്തറ ശക്തമാക്കി സന്തുലനവും സുസ്ഥിരവുമായ വികസനം കൈവരിക്കുക.

സ്വയംപര്യാപ്തതയും ഗുണമേന്മയും ലക്ഷ്യമാക്കിക്കൊണ്ട് ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുക.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം വിവിധ വികസന മേഖലകളുടെ വളർച്ചയ്ക്കാവശ്യമായ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.

വികസന ഉദ്ദേശ്യങ്ങൾ

മേൽപറഞ്ഞ വികസന ലക്ഷ്യങ്ങളിലേക്കെത്തുതിനുള്ള വികസന ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് ചുവടെ ചേർത്തിരിക്കുന്നു.

1. സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കായി ആശ്രയിക്കാവുന്ന വികസന മേഖലകൾ കണ്ടെത്തി അനുപൂരക മേഖലകളെ സ്ഥലപരമായി ഏകോപിപ്പിച്ച് മുതൽമുടക്ക് നടത്തുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
2. പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് അവ കാര്യക്ഷമമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
3. വികസനപദ്ധതികളുടെ ആസൂത്രണഘട്ടത്തിൽ തന്നെ പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തുക
4. വികസന പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
5. മണ്ണ്, വായു, ജലം എന്നിവ സംരക്ഷിച്ചുകൊണ്ടുള്ള ജൈവകൃഷിരീതി അവലംബിച്ചുകൊണ്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുക.
6. ജില്ലാ വികസനത്തിന് അനുയോജ്യമായ റോഡ് ശൃംഖല രൂപപ്പെടുത്തുക.
7. ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്കെത്താൻ കുടുംബ തലം മുതൽ ജില്ലാതലം വരെയുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഏകോപിപ്പിച്ച് നഷ്ടപ്പെട്ട കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിന് ബോധപൂർവമായ ഇടപെടൽ നടത്തുക.
8. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ലഭ്യമാക്കിയ സൗകര്യങ്ങൾ നിലനിർത്തുന്നതിനാവശ്യമായ വരുമാനം ലഭിക്കുന്നതിനുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

9. ജില്ലാ വികസനത്തിന് അനുയോജ്യമായ ഉയർന്ന ക്രമത്തിലുള്ള പൊതുസൗകര്യങ്ങൾ പ്രാദേശിക പ്രത്യേകതകളുടെ അടിസ്ഥാനത്തിലും വികസന മേഖലകളുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലും ജനസംഖ്യാവിതരണത്തിന് ആനുപാതികവുമായി ഉയർന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെയും കവലകളുടെയും പുനക്രമീകരണം സാധ്യമാക്കുക.

വികസന കാഴ്ചപ്പാട് രൂപീകരണം

ജില്ലയുടെ സ്ഥലപരമായ പ്രത്യേകതകളും ജനങ്ങളെപ്പറ്റിയുള്ള പഠനം ഉൾപ്പെടുന്ന അധിവാസകേന്ദ്രങ്ങളുടെ പഠനത്തിൽ നിന്നും രൂപീകരിച്ച സ്ഥലപര രൂപമാതൃകയും ജില്ലയിൽ ഭൗതികമായ സാന്നിധ്യമുള്ള വികസനമേഖലകളുടെ പഠനങ്ങളെ അടിസ്ഥാനമാക്കി രൂപീകരിക്കുന്ന സ്ഥലപരരൂപമാതൃകയും സംയോജിപ്പിച്ചുകൊണ്ട് വിശകലനം നടത്തി ജില്ലയിലെ സമാനസ്വഭാവമുള്ള പ്രദേശങ്ങൾ മേഖലകളായി തിരിച്ച് വികസന ലക്ഷ്യങ്ങളെ സ്ഥാനാധിഷ്ഠിതമാക്കിക്കൊണ്ടാണ് വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നത്. ജില്ലയിലെ വികസന മേഖലകളുടെ അടിസ്ഥാന വിശകലനങ്ങളിൽ നിന്നും കൃഷി, മൃഗസംരക്ഷണം, വ്യവസായം, വിനോദസഞ്ചാരം, പരിസ്ഥിതി എന്നീ മേഖലകൾ ജില്ലയുടെ സ്ഥലപരഘടനയിൽ ഭൗതിക സാന്നിധ്യമുള്ള മേഖലകളാണെന്ന് വ്യക്തമാണ്. പ്രസ്തുത മേഖലകളുടെ സ്ഥലപര രൂപമാതൃകയുടെ വിശകലനം ചുവടെ നൽകിയിരിക്കുന്നു.

കൃഷി

വിവിധ കാർഷിക വിളകളുടെ വിതരണം, മണ്ണിന്റെ തരം മുതലായവ കണക്കിലെടുത്തുകൊണ്ടുള്ള ജില്ലയുടെ സംയോജിത കാർഷിക മേഖലയുടെ രൂപമാതൃക അനുസരിച്ച് തീരദേശവും അതിനോട് ചേർന്ന പ്രദേശങ്ങൾ പൊതുവെ തെങ്ങുകൃഷിക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളായും തൊട്ടുചേർന്നുകിടക്കുന്ന പ്രദേശങ്ങൾ നെല്ല്, കശുമാവ്, പച്ചക്കറി, വാഴ തുടങ്ങിയ സമ്മിശ്രവിളകൾക്ക് അനുയോജ്യവും ഇടനാട്ടിലെ ഭൂരിഭാഗം പ്രദേശങ്ങളും റബ്ബർ, കശുമാവ്, പൈനാപ്പിൾ, വാഴ എന്നിവയുടെ കൃഷിക്ക് ഏറ്റവും സാധ്യതതായി കണക്കാക്കിയിരിക്കുന്നു. പർവ്വത പ്രദേശങ്ങൾ വനവിഭവങ്ങൾക്ക് പ്രാധാന്യമുള്ളതും റബ്ബർ, കുരുമുളക് എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശമായും കണക്കാക്കിയിരിക്കുന്നു.

മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖലയുടെ വിശകലനത്തിൽ നിന്നും കന്നുകാലികൾ, ആട്, എരുമ, താറാവ്, കോഴി എന്നിവയുടെ പരിപാലനത്തിന് ഏറ്റവും അനുയോജ്യമായ മേഖല ഏതാണെന്ന് കണ്ടെത്തി ചിത്രം 3എ1 ൽ കൊടുത്തിരിക്കുന്നു. കോർപറേഷനും അതിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളും കൊല്ലം - തേനി ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളും ഒഴികെയുള്ള എല്ലാ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിലും കാർഷികമേഖലക്ക് വലിയ സാധ്യതകളാണുള്ളത്.

മത്സ്യബന്ധനം

ജില്ലയുടെ മത്സ്യബന്ധനമേഖല പ്രധാനമായും ലക്ഷദ്വീപ് സമുദ്രം, ഉൾനാടൻ ജലാശയങ്ങളായ അഷ്ടമുടി, പരവൂർ, വടക്കായൽ തുടങ്ങിയ ജലാശയങ്ങളെ അടിസ്ഥാനമാക്കിയാണ് വികസിച്ചിരിക്കുന്നത്. മത്സ്യബന്ധനമേഖലയുടെ സ്ഥലപരരൂപമാതൃക ചിത്രം 3എ2 ൽ കൊടുത്തിരിക്കുന്നു.

വ്യവസായം

വ്യവസായ സംരംഭങ്ങളുടെ നിലവിലുള്ള സ്ഥലപര വിതരണത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള രൂപ മാതൃക ചിത്രം 3എ3 ൽ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് തീരദേശമേഖലയും തൊട്ടു ചേർന്നുകിടക്കുന്ന പ്രദേശ ങ്ങളിലുമാണ് വ്യവസായമേഖലയ്ക്ക് കൂടുതൽ സാധ്യത കാണുന്നത്. കൊല്ലം - ചെങ്കോട്ട റെയിൽപാതയുടെ വികസനം വ്യാവസായികാവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെയും ഉൽപന്നങ്ങളുടെയും വാണിജ്യാടി സ്ഥാനത്തിലുള്ള കൈമാറ്റം കൂടുതൽ സുഗമമാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നതാണ്.

പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ

ജില്ലയുടെ കിഴക്കൻ മേഖലയിൽ പരിസ്ഥിതിയുടെ കാവലാളായി നിലകൊള്ളുന്ന വനമേഖലയും പടിഞ്ഞാറുവശത്ത് നിലവിലുള്ള റംസാർ തടാകമായ അഷ്ടമുടിക്കായലും മറ്റ് പ്രധാന ജലാശയങ്ങളായ പരവൂർ കായൽ, കന്നേറ്റികായൽ, വട്ടക്കായൽ തുടങ്ങിയവയും സമുദ്ര തീരവും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ പരിസ്ഥിതിയുടെ സ്ഥലപരമായ രൂപമാതൃക ചിത്രം 3എ4 ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3എ1
കന്നുകാലികൾക്ക് അനുയോജ്യമായ മേഖലകൾ



അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3 എ2
മത്സ്യബന്ധനമേഖലയുടെ സ്ഥലപരരൂപമാതൃക

അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3എ3
വ്യവസായമേഖലകൾ



അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3എ4

പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ



അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

വിനോദസഞ്ചാരം

ജില്ലയുടെ നിലവിലുള്ളതും ഭാവിയിൽ വിനോദ സഞ്ചാര വികസനത്തിനായി സാധ്യതയുള്ളതുമായ പ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള വിനോദസഞ്ചാരമേഖലയുടെ സ്ഥലപരരൂപ മാതൃക താഴെ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് തീരദേശത്തെ ബീച്ചുകൾ, അഷ്ടമുടിക്കായൽ എന്നിവ ഉൾപ്പെടുന്ന പ്രദേശവും തെന്മല, മരുതിമല, ജഡായുപാറ എന്നിവയും കോർത്തിണക്കിക്കൊണ്ടുള്ള പ്രധാന ഗതാഗത ശൃംഖലയും വിഭാവനം ചെയ്യുന്നു. കൊല്ലം - ചെങ്കോട്ട റെയിൽപാത ദേശീയ വിനോദ സഞ്ചാര ഭൂപടത്തിൽ തന്നെ സ്ഥാനം പിടിച്ചിരിക്കുകയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ തമിഴ് നാട്ടിലേക്കും തിരിച്ചുമുള്ള യാത്ര എളുപ്പമാകുന്നതോടൊപ്പം തന്നെ ജില്ലയിലെ വിനോദ സഞ്ചാരമേഖല ഏറെ ഗുണകരമാവുകയും ചെയ്യും. പശ്ചിമഘട്ട വനാന്തരങ്ങളുടെ വശ്യവും വന്യവുമായ സൗന്ദര്യവും പതിമൂന്ന് കണ്ണറപ്പാലത്തിലൂടെയും ആര്യങ്കാവ് ചുരത്തിലൂടെയുമുള്ള യാത്രയും സഞ്ചാരികൾക്ക് ആസ്വാദ്യകരമാവും. പാലരുവി വെള്ളച്ചാട്ടം, തെന്മല, കുംഭാവുരുട്ടി, കഴുതുരുട്ടി, അച്ചൻകോവിൽ തുടങ്ങി നിരവധി മനോഹരങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ പാത സഹായകരമാണ്.

ചിത്രം 3എ5

വിനോദ സഞ്ചാര മേഖലകൾ

അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

മേൽവിവരിച്ച സ്ഥലപര രൂപ മാതൃകകളെയും അധ്യായം 3 ൽ വിവരിച്ച സ്ഥലപര രൂപ മാതൃകയെയും സംയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച വികസന കാഴ്ചപ്പാട് താഴെ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് ജില്ലയെ 6 പ്രധാന വികസന സോണുകളായും ഓരോ വികസന സോണിനും അനുയോജ്യമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

വിവിധ വികസനമേഖലയ്ക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ

1. ജൈവസംരക്ഷിതമേഖല (സോൺ - എ)

ജൈവസംരക്ഷിതമേഖലയിൽ വനസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്. കാർഷികവിളകളായ റബ്ബർ, പൈനാപ്പിൾ, കുരുമുളക്, വാഴ എന്നിവയും മൃഗസംരക്ഷണപ്രവർത്തനങ്ങളും ഈ മേഖലയ്ക്ക് അനുയോജ്യമാണ്. ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, പിറവന്തൂർ എന്നീ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

2. കാർഷികവികസന മേഖല (സോൺ - ബി)

തീവ്രകാർഷിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ട മേഖലയാണിത്. റബ്ബർ, പൈനാപ്പിൾ, കശുമാവ്, വാഴ എന്നിവയുടെ കൃഷിക്കാണ് അനുയോജ്യം. മൃഗസംരക്ഷണത്തിനും ഈ മേഖല പ്രാധാന്യം നൽകുന്നു.

3. കൃഷി, അനുബന്ധ മേഖല (സോൺ - സി)

കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ മേഖലയാണിത്. നെൽകൃഷിക്ക് ജില്ലയിൽ ഏറ്റവും സാധ്യതയുള്ള പ്രദേശവും കാർഷിക അടിസ്ഥാന വ്യവസായങ്ങൾ, സംഭരണശാലകൾ മുതലായവയും ഈ സോണിൽ ഉദ്ദേശിക്കുന്നു. മറ്റു വിളകളായ തെങ്ങ്, കശുമാവ് മുതലായവയ്ക്കും ഈ സോൺ അനുയോജ്യമാണ്.

4. പ്രത്യേക വികസന മേഖല (സോൺ - ഡി)

ഏതെങ്കിലും പ്രത്യേകതരത്തിലുള്ള കാർഷികേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് പ്രത്യേക വികസന മേഖല രൂപീകരിച്ചിരിക്കുന്നത്. ഈ സോണിനെ നാലായി തരംതിരിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

- പ്രത്യേക വികസന മേഖല (സബ് സോൺ - 1)

ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്ക് സാധ്യതയുള്ള ചാത്തന്നൂർ ഗ്രാമപഞ്ചായത്തിനെ സബ് സോൺ - 1 ആയി കണക്കാക്കിയിരിക്കുന്നു.

- പ്രത്യേക വികസന മേഖല (സബ് സോൺ - 2)

കളിമണ്ണ്, കശുവണ്ടി, ലോഹകേബിൾ നിർമ്മാണം മുതലായവയെ അടിസ്ഥാനമാക്കിയുള്ള ഉൽപാദനമേഖലയിലെ വ്യവസായങ്ങൾക്കും ഐ.റ്റി വ്യവസായത്തിനും പ്രാധാന്യമുള്ള കുണ്ടറ ഗ്രാമപഞ്ചായത്തിനെ ഈ സബ് സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- പ്രത്യേക വികസന മേഖല (സബ് സോൺ - 3)

വിനോദസഞ്ചാര വികസനത്തിന് ആവശ്യമായ പൊതുസൗകര്യകേന്ദ്രങ്ങൾക്കായി പനയം, പെരിനാട്, പേരയം മുതലായ ഗ്രാമപഞ്ചായത്തുകളും ജഡായുപാറ വിനോദസഞ്ചാര പദ്ധതി ഉൾപ്പെടുന്ന ചടയമംഗലം ഗ്രാമപഞ്ചായത്തിനെയും ഈ സബ് സോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

- പ്രത്യേക വികസന മേഖല (സബ് സോൺ - 4)

മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് (മത്സ്യബന്ധനം, പ്ലാസ്റ്റിക്, കെമിക്കൽ മുതലായവ) വൻതോതിൽ സാധ്യതയുള്ള പ്രദേശങ്ങളെ സബ് സോൺ - 4 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. ജലജൈവ സംരക്ഷിതമേഖല (സോൺ - ഇ)

ശാസ്താംകോട്ട കായൽ, അഷ്ടമുടിക്കായൽ, പരവൂർ - ഇടവ - നടയറ കായൽ എന്നിവയുടെ സംരക്ഷണത്തിനായി മൂന്ന് സബ് സോണുകളായി തരം തിരിച്ചാണ് ജലജൈവസംരക്ഷണ മേഖല രൂപീകരിച്ചിരിക്കുന്നത്.

6. വിവിധോദ്ദേശ്യമേഖല (സോൺ - എഫ്)

വിവിധതരത്തിലുള്ള നാഗരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ട മേഖലയാണിത്. രണ്ടു ക്രമത്തിലായി ഈ മേഖലയുടെ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

❖ വിവിധോദ്ദേശ്യമേഖല (ഒന്നാം ക്രമം)

ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന കൊല്ലം കോർപറേഷനും അതിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളുമാണ് ഇതിൽ ഉൾപ്പെടുന്നത്.

❖ വിവിധോദ്ദേശ്യമേഖല (രണ്ടാംക്രമം)

കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായവും രണ്ടാംക്രമത്തിലുള്ള നാഗരിക പ്രവർത്തനങ്ങളും ജില്ലയിലെ വിവിധ പ്രദേശങ്ങൾക്ക് സേവനം നൽകുന്ന കേന്ദ്രങ്ങളും ഉൾക്കൊള്ളുന്നതിനായി കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, പരവൂർ എന്നീ മുനിസിപ്പാലിറ്റികളും അഞ്ചൽ, കുണ്ടറ എന്നീ ഗ്രാമപഞ്ചായത്തുകളും ഈ സബ്സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചിത്രം 3എ6

വികസന സോണുകൾ

അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

ചിത്രം 3എ7

ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന സോണുകൾ



അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

വികസന കാഴ്ചപ്പാടിന് അനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഏതൊക്കെ മേഖലയിലാണ് ഉൾപ്പെടുന്നത് എന്ന് പട്ടിക രൂപത്തിൽ നൽകിയിരിക്കുന്നു.

പട്ടിക 3 എ1
വികസന സോണുകൾ

ക്രമ നം.	ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപറേഷൻ	പ്രവർത്തനസോൺ
1	അലയമൺ	കാർഷിക വികസന സോൺ
2	അഞ്ചൽ	കാർഷിക വികസന സോൺ, ബഹുമുഖ പ്രവർത്തന സോൺ
3	ആര്യങ്കാവ്	ജൈവപരിരക്ഷാ സോൺ
4	ഇടമുളയ്ക്കൽ	കാർഷിക വികസന സോൺ
5	കരവാളൂർ	കാർഷിക വികസന സോൺ
6	കുളത്തൂപ്പുഴ	ജൈവപരിരക്ഷാ സോൺ
7	തെന്മല	ജൈവപരിരക്ഷാ സോൺ
8	ഏരൂർ	കാർഷിക വികസന സോൺ
9	തൃക്കരുവ	ജലജൈവപരിരക്ഷാ സോൺ
10	ചടയമംഗലം	കാർഷിക വികസന സോൺ, പ്രത്യേക വികസന സോൺ
11	ചിതറ	കാർഷിക വികസന സോൺ
12	ഇളമാട്	കാർഷിക വികസന സോൺ
13	ഇട്ടിവ	കാർഷിക വികസന സോൺ
14	കടയ്ക്കൽ	കാർഷിക വികസന സോൺ
15	നിലമേൽ	കാർഷിക വികസന സോൺ
16	വെളിനല്ലൂർ	കാർഷിക വികസന സോൺ
17	ചവറ	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ
18	നീണ്ടകര	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ, ബഹുമുഖ പ്രവർത്തനസോൺ
19	പന്മന	പ്രത്യേക വികസന സോൺ
20	തെക്കുംഭാഗം	ജലജൈവപരിരക്ഷാ സോൺ
21	തേവലക്കര	ജലജൈവപരിരക്ഷാ സോൺ, പ്രത്യേക വികസന സോൺ
22	കിഴക്കേകല്ലട	പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ, ജലജൈവ പരിരക്ഷാസോൺ
23	കുണ്ടറ	പ്രത്യേക വികസന സോൺ, ബഹുമുഖ പ്രവർത്തനസോൺ
24	മണ്ട്രോതുരുത്ത്	ജലജൈവപരിരക്ഷാ സോൺ
25	പനയം	ജലജൈവപരിരക്ഷാ സോൺ , ബഹുമുഖ പ്രവർത്തനസോൺ, പ്രത്യേക വികസന സോൺ
26	പേരയം	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ
27	പെരിനാട്	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ
28	ആദിച്ചനല്ലൂർ	കാർഷികാനുബന്ധ വികസന സോൺ
29	ചാത്തന്നൂർ	പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ, ബഹുമുഖ പ്രവർത്തനസോൺ
30	ചിറക്കര	പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ
31	കല്ലുവാതുക്കൽ	പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ
32	നെടുമ്പന	കാർഷികാനുബന്ധ വികസന സോൺ
33	പൂതക്കുളം	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ
34	ആലപ്പാട്	ജലജൈവപരിരക്ഷാ സോൺ , പ്രത്യേക വികസന സോൺ
35	മൈനാഗപ്പള്ളി	കാർഷികനുബന്ധ വികസന സോൺ, പ്രത്യേക വികസന സോൺ
36	തൊടിയൂർ	കാർഷികനുബന്ധ വികസന സോൺ

37	എഴുകോൺ	കാർഷികാനുബന്ധ വികസന സോൺ,
38	കരീപ്ര	കാർഷികാനുബന്ധ വികസന സോൺ
39	നെടുവത്തൂർ	കാർഷിക വികസന സോൺ
40	പൂയപ്പള്ളി	കാർഷിക വികസന സോൺ
41	വെളിയം	കാർഷിക വികസന സോൺ
42	ഇളമ്പള്ളൂർ	പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ
43	കൊറ്റങ്കര	ബഹുമുഖ പ്രവർത്തനസോൺ
44	മയ്യനാട്	ബഹുമുഖ പ്രവർത്തനസോൺ, ജലജൈവ പരിരക്ഷാ സോൺ, പ്രത്യേക വികസന സോൺ
45	തൃക്കോവിൽവട്ടം	ബഹുമുഖ പ്രവർത്തനസോൺ
46	ക്ലാപ്പന	പ്രത്യേക വികസന സോൺ
47	കുലശേഖരപുരം	പ്രത്യേക വികസന സോൺ
48	ഓച്ചിറ	പ്രത്യേക വികസന സോൺ
49	തഴവ	കാർഷികാനുബന്ധ വികസന സോൺ
50	പത്തനാപുരം	കാർഷിക വികസന സോൺ
51	പട്ടാഴി	കാർഷിക വികസന സോൺ
52	പട്ടാഴി വടക്കേക്കര	കാർഷിക വികസന സോൺ
53	കുമിൾ	കാർഷിക വികസന സോൺ
54	പിറവന്തൂർ	ജൈവപരിരക്ഷാ സോൺ
55	തലവൂർ	കാർഷിക വികസന സോൺ
56	വിളക്കുടി	കാർഷിക വികസന സോൺ
57	കുന്നത്തൂർ	കാർഷികാനുബന്ധ വികസന സോൺ
58	പോരുവഴി	കാർഷികാനുബന്ധ വികസന സോൺ
59	ശാസ്താംകോട്ട	ജലജൈവ പരിരക്ഷാസോൺ, പ്രത്യേക വികസന സോൺ, കാർഷികാനുബന്ധ വികസന സോൺ
60	ശൂരനാട് വടക്ക്	കാർഷികാനുബന്ധ വികസന സോൺ
61	ശൂരനാട് തെക്ക്	കാർഷികാനുബന്ധ വികസന സോൺ
62	പടിഞ്ഞാറെ കല്ലട	ജലജൈവ പരിരക്ഷാ സോൺ, പ്രത്യേക വികസന സോൺ
63	കുളക്കട	കാർഷികാനുബന്ധ വികസന സോൺ
64	മേലില	കാർഷിക വികസന സോൺ
65	മൈലം	കാർഷിക വികസന സോൺ
66	പവിത്രേശ്വരം	കാർഷികാനുബന്ധ വികസന സോൺ
67	ഉമ്മന്നൂർ	കാർഷിക വികസന സോ സോൺ
68	വെട്ടിക്കവല	കാർഷിക വികസന സോൺ
69	കൊല്ലം കോർപറേഷൻ	ബഹുമുഖ പ്രവർത്തന സോൺ, ജലജൈവ പരിരക്ഷാ സോൺ
70	പരവൂർ മുനിസിപ്പാലിറ്റി	പ്രത്യേക വികസന സോൺ, ജലജൈവ പരിരക്ഷാ സോൺ
71	പുനലൂർ മുനിസിപ്പാലിറ്റി	കാർഷിക വികസന സോൺ, ബഹുമുഖ പ്രവർത്തന സോൺ
72	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	പ്രത്യേക വികസന സോൺ, ബഹുമുഖ പ്രവർത്തന സോൺ
73	കൊട്ടാരക്കര മുനിസിപ്പാലിറ്റി	കാർഷികാനുബന്ധ വികസന സോൺ, ബഹുമുഖ പ്രവർത്തന സോൺ

അവലംബം – ജില്ലാ നഗര ഗ്രാമ ആസൂത്രണ വകുപ്പ്

റോഡു ശൃംഖല

ജില്ലയുടെ ഉയർന്ന ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങളെയും കവലകളെയും മേഖലാ വികസനത്തിന് പ്രധാന്യം നൽകിക്കൊണ്ടും രൂപീകരിക്കേണ്ടതായ റോഡുകളുടെ ക്രമം താഴെ കൊടുത്തിരിക്കുന്നു.

മേജർ റോഡുകൾ (നാലുവരിപ്പാത - കുറഞ്ഞ വീതി 21 മീറ്റർ)

1. ദേശീയപാതയായ എൻ.എച്ച് 66, എൻ.എച്ച് 744, കൊല്ലം - തേനി റോഡ് (എൻ.എച്ച് 183).
2. സംസ്ഥാന പാതകളായ എം.സി റോഡ് (എസ്.എച്ച് 1)
3. മലയോര ഹൈവെ
4. തീരദേശ ഹൈവെ
5. കൊട്ടിയം - കണ്ണനല്ലൂർ - കുണ്ടറ - ഭരണിക്കാവ്

സബ് മേജർ റോഡുകൾ (രണ്ടുവരിപ്പാത - കുറഞ്ഞ വീതി 16 മീറ്റർ)

1. ചവറ -ശാസ്താംകോട്ട റോഡ്
2. പരവൂർ - വർക്കല റോഡ്
3. പരവൂർ - പാരിപ്പള്ളി റോഡ്
4. ചിന്നക്കട - കണ്ണനല്ലൂർ - പൂയപ്പള്ളി - ആയൂർ റോഡ്
5. കൊട്ടാരക്കര - പൂയപ്പള്ളി - ചാത്തന്നൂർ റോഡ്

മൈനർ റോഡുകൾ (രണ്ടുവരിപ്പാത - കുറഞ്ഞ വീതി 12 മീറ്റർ)

1. കൊട്ടാരക്കര - പത്തനാപുരം റോഡ്
2. അഞ്ചൽ - കടയ്ക്കൽ റോഡ്
3. അഞ്ചൽ - തെന്മല റോഡ്
4. ഭരണിക്കാവ് - ചന്തമുക്ക് റോഡ്

കവലകളുടെയും അധിവാസകേന്ദ്രങ്ങളുടെയും ക്രമം

ജില്ലയ്ക്കാകമാനം ഉയർ ക്രമത്തിലുള്ള പൊതുസൗകര്യങ്ങളുടെയും വാണിജ്യസൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി വികസിപ്പിക്കേണ്ടതായ കവലകളുടെയും അധിവാസകേന്ദ്രങ്ങളുടെയും ക്രമം താഴെ കൊടുത്തിരിക്കുന്നു.

പൊതുനയം

പരിസ്ഥിതി സംരക്ഷണം ഓരോ വികസന പങ്കാളിയുടെയും ഉത്തരവാദിത്വമാക്കുകയും മതിയായ രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും, സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയുക്തമാക്കിക്കൊണ്ടും ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തതയും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തിക്കൊണ്ടും ഉൽപാദന വിതരണ പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് തുല്യ അവസരങ്ങൾ നൽകിക്കൊണ്ടും തനത് വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ജില്ലയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

കൃഷി

ഭക്ഷ്യവിളകളിൽ ഒരളവുവരെ സ്വയംപര്യാപ്തത കൈവരിച്ചും വാണിജ്യവിളകളുടെ ഉൽപാദനം വർദ്ധിപ്പിച്ചും മൂല്യവർദ്ധനവും കയറ്റുമതിയും സാധ്യമാക്കിയും കർഷക സൗഹാർദ്ദപരമായ വിപണന ശൃംഖലയും ആകർഷകമായി തൊഴിൽ സാഹചര്യവും സജ്ജമാക്കിയും ഒരു സുസ്ഥിര കാർഷികവികസന പ്രദേശമായി കൊല്ലത്തെ മാറ്റുക

മൃഗസംരക്ഷണം

പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുകയും മൃഗസംരക്ഷണ മേഖലയെ ആധുനികവൽക്കരിച്ചു കൊണ്ട് ജില്ലയുടെ പ്രധാന വരുമാന സ്രോതസ്സായി ഉയർത്തുകയും ചെയ്യുക.

മത്സ്യബന്ധനം

കൊല്ലം ജില്ലയിൽ ഉൾനാടൻ- ആഴക്കടൽ മത്സ്യബന്ധനത്തിനും ജലകൃഷിക്കും ഉള്ള സാധ്യതകൾ പരിഗണിച്ചും തുറമുഖത്തിന്റെ സാമീപ്യം കണക്കിലെടുത്തും അതേസമയം ജലവിഭവങ്ങളുടെ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും ഊന്നൽ നൽകിയും 2031 ഓടെ ജില്ല ഒരു പ്രധാന സമുദ്രോൽപ കയറ്റുമതി സോൺ ആയി മാറ്റുക

വ്യവസായം

2031 ഓടുകൂടി തൊഴിൽവൈദഗ്ധ്യമുള്ളവരെ സൃഷ്ടിച്ചുകൊണ്ട് വിവര സാങ്കേതിക മേഖലയ്ക്കും ആരോഗ്യ സേവന മേഖലയ്ക്കും ഊന്നൽ നൽകുന്നതോടൊപ്പം കൊല്ലത്തെ ഒരു പരിസ്ഥിതി സൗഹൃദ, കാർഷിക സംസ്കരണ പരമ്പരാഗത വ്യവസായങ്ങളുടെ ലക്ഷ്യസ്ഥാനമാക്കി മാറ്റുക എന്നുള്ളതാണ് ജില്ലയുടെ വ്യവസായ നയം.

വിനോദസഞ്ചാരം

കൊല്ലത്തിന്റെ പ്രകൃതിവിഭവങ്ങളും കലയും സംസ്കാരവും പാരമ്പര്യവും ഉപയോഗിച്ചും അവയെ കേരളത്തിന്റെ ഒരു തനിപ്പകർപ്പായി പ്രദർശിപ്പിച്ചും ഒരു സമ്പൂർണ്ണ വിനോദസഞ്ചാരസ്ഥാനം ഏതുസമയത്തും എന്ന രീതിയിൽ കൊല്ലത്തെ ഉത്തരവാദിത്തമുള്ള ഒരു മാതൃകാ വിനോദ സഞ്ചാര സ്ഥാനമാക്കുക.

വികസന തന്ത്രങ്ങൾ

സാമ്പത്തിക അടിത്തറ ശക്തമാക്കൽ

കാർഷിക വാണിജ്യവിളകളായ റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ, കശുമാവ് എന്നിവയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക .

റബ്ബർ കൃഷി

വിസ്തൃതി വ്യാപനം - കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല, പിറവന്തൂർ

ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ - നല്ലയിനം തൈകൾ ഉപയോഗിച്ചുള്ള റീപ്ലാന്റിംഗ്

മൂല്യവർദ്ധനവും വിപണനവും - പിറവന്തൂരിലെ റബ്ബർ പാർക്ക് പ്രവർത്തനക്ഷമമാക്കൽ

തെങ്ങ് കൃഷി

വിസ്തൃതി വ്യാപനം - പന്മന, ചവറ, നീണ്ടകര, തേവലക്കര, ക്ലാപ്പന, കുലശേഖരപുരം, ഓച്ചിറ, മൈനാഗപ്പള്ളി, ശാസ്താംകോട്ട, ആലപ്പാട്, പൂതക്കുളം, കല്ലുവാതുക്കൽ, പരവൂർ മുനിസിപ്പാലിറ്റി

ഉൽപാദനക്ഷമത വർദ്ധനവ് - തെങ്ങ് കൃഷി പുനരുദ്ധാരണം

മൂല്യവർദ്ധനവ് - നീര ഉൽപാദനം, ചകിരിച്ചോറ് കമ്പോസ്റ്റ് യൂണിറ്റ് (ജലജൈവപരിരക്ഷാ സോണിന് സമീപം)

വെളിച്ചെണ്ണ നിർമ്മാണത്തിന് എക്സ്പെല്ലർ യൂണിറ്റുകൾ (കൊട്ടാരക്കര,കല്ലുവാതുക്കൽ)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ തേങ്ങാപ്പാൽപൊടി, ഉരുക്കുവെളിച്ചെണ്ണ മുതലായവ ഉൽപാദിപ്പിക്കൽ — കരുനാഗപ്പള്ളി, കല്ലുവാതുക്കൽ, കൊട്ടാരക്കര

കുരുമുളക് കൃഷി

വിള വിസ്തൃതി വർദ്ധിപ്പിക്കൽ - പിറവന്തൂർ, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ്, ചാത്തന്നൂർ, ചിറക്കര, പുനലൂർ

ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ - എ, ബി. സി സോണുകളിൽ

വാഴകൃഷി

ഇടവിളയായി ഊർജ്ജിത വാഴകൃഷി - എ, ബി, സി, ഡി സോണുകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലും കൊട്ടാരക്കര, പുനലൂർ, അഞ്ചൽ

ഏത്തക്കായുടെ മൂല്യവർദ്ധനവ് - ഏത്തക്കപ്പൊടി, ചിപ്സ് മുതലായവയുടെ ഉൽപാദന യൂണിറ്റുകൾ —

അഞ്ചൽ, കൊട്ടാരക്കര

കശുമാവ് കൃഷി

വിള വിസ്തൃതി വർദ്ധിപ്പിക്കൽ	- റവന്യൂ പുറമ്പോക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസ് വളപ്പുകൾ , തീരദേശ വനം പദ്ധതി പ്രദേശം
ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ	- അത്യുൽപാദനശേഷിയുള്ള തൈകൾ വെച്ചുപിടിപ്പിക്കൽ
ജലസേചനം	- ചെറുകിട ജലസേചന പദ്ധതികളുടെയും കെ.ഐ.പി യുടെയും ശേഷി ഉപയോഗപ്പെടുത്തൽ
മണ്ണ് സംരക്ഷണം	- കാർഷിക വനവൽക്കരണം, ജൈവവേലി, കയർ ഭൂവസ്ത്രം, തടയണകൾ, തീരദേശങ്ങളിൽ കണ്ടൽ വനവൽക്കരണം മുതലായവ.

മൃഗസംരക്ഷണ മേഖലയുടെ വികസനം

- വൻകിട ഡയറി ഫാമുകൾ (50 പശുക്കൾ) - കുന്നത്തൂർ, പോരുവഴി, ശാസ്താംകോട്ട, കുളക്കട, കല്ലുവാതുക്കൽ, ചിറക്കര, വെളിനല്ലൂർ, വെളിയം, പവിത്രേശ്വരം, മൈനാഗപ്പള്ളി എന്നിവിടങ്ങളിൽ
- ഇടത്തരം ഡയറി ഫാമുകൾ (10 പശുക്കൾ) - തഴവ, ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, തൊടിയൂർ, ഇടമുളയ്ക്കൽ
- ഡയറി ഫാമുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ
- വൻകിട കോഴി / കാട വളർത്തൽ കേന്ദ്രങ്ങൾ - ചാത്തന്നൂർ, അഞ്ചൽ, കൊട്ടാരക്കര, ഇളമ്പള്ളൂർ, മയ്യനാട്, തൃക്കോവിൽവട്ടം, കരുനാഗപ്പള്ളി
- സങ്കരയിനം കോഴികളുടെ പേരന്റ് സ്റ്റോക്ക്, മുട്ട വിരിയിക്കൽ കേന്ദ്രം, കോഴി വളർത്തൽ കേന്ദ്രം - കൊല്ലം കോർപറേഷനിലെ കുരീപ്പുഴയിൽ
- ഇറച്ചി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് - മൂരികിടാക്കളുടെ പരിപാലനം, മലബാറി ആടുകളുടെ പേരന്റ് സ്റ്റോക്ക് വളർത്തൽ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും - പിറവന്തൂരിലെ കുരിയോട്ടുമല, മറ്റ് സാധ്യതയുള്ള ഗ്രാമപഞ്ചായത്തുകൾ
- പന്നി വളർത്തൽ, മുയൽ വളർത്തൽ, ഇറച്ചിക്കോഴി കേന്ദ്രങ്ങൾ - പിറവന്തൂർ, കൊട്ടാരക്കര, ഇടമുളയ്ക്കൽ, തെന്മല, പൂയപ്പള്ളി, പത്തനാപുരം, പവിത്രേശ്വരം, കൊല്ലം കോർപറേഷൻ, തൃക്കോവിൽവട്ടം, മയ്യനാട്, പുനലൂർ, ചിറക്കര, ചാത്തൂർ, അഞ്ചൽ, കരുനാഗപ്പള്ളി

മത്സ്യമേഖലയുടെ വികസനം

- വിത്തുൽപാദന കേന്ദ്രങ്ങൾ - ഓച്ചിറ, തഴവ, കരുനാഗപ്പള്ളി, തൊടിയൂർ, ചവറ, തേവലക്കര
- ഹാച്ചറികൾ വികസിപ്പിക്കൽ - ഓച്ചിറ, തഴവ, കരുനാഗപ്പള്ളി, തൊടിയൂർ, തേവലക്കര, ചവറ, ഏരൂർ, ഇടമുളയ്ക്കൽ
- ഉൾനാടൻ മത്സ്യലാന്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ - കരുനാഗപ്പള്ളി വട്ടക്കായൽ, അഷ്ടമുടികായൽ, പരവൂർ കായൽ
- അഷ്ടമുടി അഴിമുഖത്ത് സമുദ്ര ജൈവശേഖരം സ്ഥാപിക്കൽ -പള്ളിയം തുരുത്ത്
- വിനോദസഞ്ചാര മേഖലയുമായുള്ള സംയുക്ത സംരംഭങ്ങളായ ഗെയിം മത്സ്യബന്ധനം, അക്വാടെക്നോപാർക്ക്, ഓഷ്യാനേറിയം, (കോർപറേഷൻ) ആഴക്കടൽ, മത്സ്യബന്ധന യാത്ര, ഫിഷറീസ് മ്യൂസിയം (തേവള്ളി)
- കുളത്തൂപ്പുഴയിൽ മത്സ്യസംരക്ഷണ കേന്ദ്രം

വ്യവസായ മേഖലയുടെ വികസനം

- കാർഷിക ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ
- ഭക്ഷ്യോൽപന്ന പാർക്ക് - കുണ്ടറ, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, പരവൂർ, കൊല്ലം കോർപറേഷൻ
- ക്ഷീരസംസ്കരണ - ക്ഷീരോൽപന്ന ഫാക്ടറി സ്ഥാപിക്കൽ - അഞ്ചൽ
- സൂക്ഷ്മ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ — അലയമൺ, ഇടമുളയ്ക്കൽ, പത്തനാപുരം, ഏരൂർ, കടയ്ക്കൽ, ഉമ്മന്നൂർ, വെട്ടിക്കവല, ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, തൊടിയൂർ, കരീപ്ര, കുളക്കട
- പെട്ടെന്ന് പാചകം ചെയ്യാവുന്ന ഉൽപങ്ങളുടെ നിർമ്മാണം. — ഫ്ളവർ മില്ലുകൾ, കറിപൗഡർ യൂണിറ്റുകൾ- കാർഷിക വികസന സോൺ
- പരമ്പരാഗത വ്യവസായങ്ങളുടെ ശാക്തീകരണവും നവീകരണവും
- യന്ത്രവൽക്കരണ സംവിധാനം ഉപയോഗപ്പെടുത്തിയുള്ള കയർ ഭൂവസ്ത്രം, ചവിട്ടികൾ, കയറ്റുപായ, അലങ്കാര വസ്തുക്കൾ, കരകൗശല വസ്തുക്കൾ മുതലായവയുടെ നിർമ്മാണം - കുലശേഖരപുരം, പരവൂർ മുനിസിപ്പാലിറ്റി
- ചകിരിച്ചോർ ഉപയോഗിച്ച് ഡിസൈൻ ബോർഡ്, പാർട്ടീഷ്യൻ ബോർഡ് എന്നിവയുടെ നിർമ്മാണം - തേവലക്കര
- കയർ മാറ്റ് & മാറ്റിംഗ്സ് സഹകരണ സംഘം - പൂതക്കുളം ഗ്രാമപഞ്ചായത്ത്
- പൊതു സൗകര്യ സേവനകേന്ദ്രം - ചാത്തന്നൂരിൽ (നെടുങ്ങോലം കൈത്തറി സൊസൈറ്റിയുടെ സ്ഥലം) (നൂലിന് നിറം മുക്കുന്നതിനും തുണി മിനുസപ്പെടുത്തുന്നതിനും)
- നിലവിലുള്ള കൈത്തറി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കൽ - സ്കൂൾ യൂണിഫോമിനാവശ്യമായ തുണിത്തരങ്ങൾ, സർക്കാർ ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കാവശ്യമായ വിരികളും മറ്റും കൈത്തറി സഹകരണ സംഘങ്ങൾ വഴി ഉൽപാദിപ്പിക്കൽ.
- കളിമണ്ണ് വ്യവസായ യൂണിറ്റ് (ചാത്തന്നൂർ) - കളിമൺ പാത്രങ്ങൾ, പൂപ്പാത്രങ്ങൾ, പ്രതിമകൾ എന്നിവ നിർമ്മിക്കുന്നതിന്
- മൂല്യവർദ്ധിത കശുവണ്ടിപ്പരിപ്പ് ഉൽപാദന യൂണിറ്റുകൾ - ഇളമ്പള്ളൂർ, എഴുകോൺ, കല്ലുവാതുക്കൽ, കരീപ്ര, കുന്നത്തൂർ, പവിത്രേശ്വരം
- മുളയുൽപന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള യൂണിറ്റുകൾ - പിറവന്തൂർ, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ്

മറ്റ് സംരംഭങ്ങൾ

- ബയോ മെഡിക്കൽ ഉപകരണ നിർമ്മാണ യൂണിറ്റ് - ചാത്തന്നൂർ
- ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ് - പുനലൂർ
- ഐ.ടി പാർക്ക് — പരവൂർ, കുണ്ടറ
- റബ്ബർ പാർക്ക് - പിറവന്തൂർ

വിനോദസഞ്ചാര മേഖല

- വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തിയെടുക്കുക (ബീച്ച്, കായൽ, പാറക്കെട്ടുകൾ, പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ യോജിപ്പിച്ചുകൊണ്ട്).
- ഗ്രാമീണ ടൂറിസം - അഷ്ടമുടിക്കായൽ, വട്ടക്കായൽ, പരവൂർ കായൽ
- വാട്ടർ സ്പോർട്സ് കേന്ദ്രങ്ങൾ - താന്നി, മുക്കം, വട്ടക്കായൽ,കല്ലട, കന്നേറ്റി

- ബീച്ചുകളുടെ വികസനം തങ്കശ്ശേരി, തിരുമുല്ലവാരം
- ബീച്ചുകളുടെ നവീകരണം- മുണ്ടയ്ക്കൽ, പരവൂർ, പൊഴിക്കര.
- ഇക്കോ ടൂറിസം - മീൻപിടിപ്പാറ, മരുതിമല, ജഡായുപാറ, ആയിരംതെങ്ങ്, ചിറ്റുമല ചിറ, പോളച്ചിറ, പൂതക്കുളം ചിറ അടിസ്ഥാന സൗകര്യവികസനം

മറ്റ് മേഖലകൾ / സംരംഭങ്ങൾ

- പ്രാഥമിക കാർഷിക ചന്തകൾ കരുനാഗപ്പള്ളി, ചാത്തന്നൂർ, പുനലൂർ, അഞ്ചൽ, കടയ്ക്കൽ, കൊട്ടാരക്കര
- ദ്വിതീയകാർഷിക ചന്ത - കൊറ്റങ്കര പഞ്ചായത്ത്
- സേവന കേന്ദ്രങ്ങൾ - കൊല്ലം കോർപറേഷൻ, കരുനാഗപ്പള്ളി, ചാത്തന്നൂർ, കൊട്ടാരക്കര, പുനലൂർ, അഞ്ചൽ
- തീറ്റപ്പുൽ ഉൽപാദന യൂണിറ്റുകൾ - തഴവ, ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, തൊടിയൂർ, ചിറക്കര, മൈനാഗപ്പള്ളി, കുന്നത്തൂർ, പോരുവഴി, കുളക്കട, ശാസ്താംകോട്ട
- സൈലേജ് ഉൽപാദന യൂണിറ്റുകൾ - തഴവ, ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, തൊടിയൂർ, ചിറക്കര
- മൊബൈൽ കറവ യൂണിറ്റുകൾ - മൃഗസംരക്ഷണ മേഖലയ്ക്ക് പ്രാധാന്യമുള്ള പഞ്ചായത്തുകളിൽ
- ചില്ലിംഗ് പ്ലാന്റുകൾ - കരുനാഗപ്പള്ളി, കുണ്ടറ
- വിപണന കേന്ദ്രങ്ങൾ - ലിപ്കോസ് (ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി)
- മാംസസംസ്കരണ യൂണിറ്റുകൾ - പുനലൂർ, പത്തനാപുരം, കൊട്ടാരക്കര, ആദിച്ചനല്ലൂർ, കരുനാഗപ്പള്ളി
- മാതൃക ബയോടെക്നോളജി സെന്റർ - കുളത്തൂപ്പുഴ, അഞ്ചൽ
- തങ്കശ്ശേരി തുറമുഖ വികസനം - വാർഫേജ്, കണ്ടയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിൻ
- സമുദ്രോൽപ കയറ്റുമതി സോൺ - മത്സ്യസംസ്കരണ സൗകര്യങ്ങൾ, ശീതീകരണികൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളോടെ സമുദ്രോൽപ കയറ്റുമതി സോൺ സ്ഥാപിക്കുക
- തങ്കശ്ശേരി, നീണ്ടകര, അഴീക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെയും അവയോടനുബന്ധിച്ചുള്ള പീലിംഗ് ഷെഡുകളുടെയും ആധുനികവൽക്കരണം
- വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ചന്തകളുടെ ആധുനികവൽക്കരണം
- ശീതീകരണികളും ശീതീകരണ സംവിധാനശൃംഖലകളും സ്ഥാപിക്കൽ
- മത്സ്യവിപണന കേന്ദ്രം - നീണ്ടകര
- ഗ്രാമടൂറിസം ഫെസിലിറ്റേഷൻ സെന്റർ - പെരിനാട്
- ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത
- വിത്തുൽപാദനത്തിൽ സ്വയംപര്യാപ്തത
- നെൽവിത്ത് ഗ്രാമങ്ങൾ - മൈലം, നെടുവത്തൂർ, തലവൂർ, ശൂരനാട് വടക്ക്
- നെൽവിത്ത് സംസ്കരണ കേന്ദ്രം - കൊട്ടാരക്കര
- പച്ചക്കറി വിത്ത് ഗ്രാമങ്ങൾ - ഇടമുളയ്ക്കൽ, അഞ്ചൽ, ഏരൂർ
- പച്ചക്കറി വിത്ത് സംസ്കരണ യൂണിറ്റ് - അഞ്ചൽ

- കൃഷിയനുബന്ധ വികസന സോണുകളിലേയും കാർഷിക വികസന സോണുകളിലേയും പോളച്ചിറ, ചിറ്റുമലച്ചിറ തുടങ്ങിയ ഏലാകളിലെയും നെൽകൃഷി നിലനിർത്തുക, ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിത്ത് വിതരണം, തൊഴിൽബാങ്കുകൾ, പൊതുമെതിക്കളങ്ങൾ, സൗജന്യയന്ത്രവൽക്കരണം, നെല്ലുൽപന്നങ്ങൾക്കായി ചെറുകിട വ്യവസായം മുതലായവയുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക
- തരിശ് നിലങ്ങളിൽ കൃഷിയിറക്കുക
- നെല്ല് സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങുക - കടയ്ക്കൽ, ശാസ്താംകോട്ട, കൊട്ടാരക്കര
- ഒന്നാം ക്രമ വിവിധോദ്ദേശ്യ മേഖല യൊഴികെയുള്ള സ്ഥലങ്ങളിൽ ഇരിപ്പുനിലങ്ങളിൽ മൂന്നാം വിളയായും തെങ്ങിൻതോപ്പുകൾക്ക് ഇടവിളയായും പച്ചക്കറി, മരച്ചീനി, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുക
- ഗ്രാമങ്ങളിലെ പുരയിടകൃഷിയുടെ പ്രോത്സാഹനം
- ജൈവകൃഷിരീതി നടപ്പാക്കുന്നതിന് ആവശ്യമായ സാങ്കേതികവിദ്യ, ജൈവവളങ്ങൾ മുതലായവ കർഷകർക്ക് ലഭ്യമാക്കുക.
- പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുക
- പാലിന്റെയും ക്ഷീരോൽപന്നങ്ങളുടെയും, മറ്റ് ഭക്ഷ്യവസ്തുക്കളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ലബോറട്ടറികൾ സ്ഥാപിക്കുക - ബഹുമുഖ പ്രവർത്തന സോൺ 1 ൽ
- ഭക്ഷ്യവിളകളുടെ ഉൽപാദനത്തിനായുള്ള ഭൂമി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം നടത്തുക.
- കാർഷിക, കൃഷിയനുബന്ധ, ജൈവസംരക്ഷണ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കാർഷിക മേഖലയെ ദോഷകരമായി ബാധിക്കാത്ത രീതിയിൽ ക്രമീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പ്രത്യേക വ്യവസ്ഥകൾ കൊണ്ടുവരിക.
- മത്സ്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വ്യക്തിയധിഷ്ഠിത ജലകൃഷി (ശുദ്ധജല മത്സ്യകൃഷി, നില്ലും മീനും പദ്ധതി, സംയോജിത പന്നി - മത്സ്യകൃഷി, മത്സ്യ - കോഴികൃഷി, കുളങ്ങളുടെ നവീകരണം)
- സാമൂഹിക മത്സ്യകൃഷി (തുറ ജലാശയങ്ങളിൽ വിത്തിടൽ)

പരിസ്ഥിതി സംരക്ഷണം

- ഓർഗാനിക് ഫാമിംഗ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാർഷിക മേഖലയുടെ ഭാഗമാക്കി ക്കൊണ്ട് മണ്ണ്, ജലം എന്നിവ സംരക്ഷിക്കുക.
- കണ്ടൽക്കാടുകളുടെ സംരക്ഷണവും കണ്ടൽ വനവൽക്കരണവും
- അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി മലിനജലം കായലിലേക്ക് ഒഴുക്കുത് തടയുക, കക്കൂസ് മാലിന്യം പുറന്തള്ളുന്നത് ഒഴിവാക്കുക, തൊണ്ടഴുക്കൽ യൂണിറ്റ് ആധുനിക വൽക്കരിക്കുക, കണ്ടൽക്കാ ടുകൾ വെച്ചുപിടിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കുക
- കായൽ സംരക്ഷണത്തിന് അതോറിറ്റി രൂപീകരിക്കുക.
- മണൽവാരൽ നിരോധനം, കായലിന് ചുറ്റുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യം സംസ്കരിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക മുതലായ പ്രവർത്തനങ്ങൾ വഴി ശാസ്താംകോട്ട കായൽ സംരക്ഷിക്കുക
- സമാനരീതിയിൽ പരവൂർ കായലും മറ്റ് ജലാശയങ്ങളും സംരക്ഷിക്കുക

- കോർപറേഷനിലും മുനിസിപ്പാലിറ്റികളിലും ഖരമാലിന്യപ്ലാന്റ് ശരിയായ രീതിയിൽ നിർമ്മിച്ച് ഉപയുക്തമാക്കുക.
- ഒന്നാംക്രമ ബഹുമുഖ പ്രവർത്തനസോണിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക
- ജൈവമേഖലയെ സംരക്ഷിക്കുന്നതിനായി വനവൽക്കരണം, കാട്ടുതീ തടയൽ, വനം കയ്യേറ്റം തടയുന്നതിന് അതിർത്തി നിശ്ചയിക്കൽ തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുക .
- ഉൽപാദന വിതരണ മേഖലകളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പങ്കാളിത്തം ഉറപ്പാക്കുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉൾപ്പെടുത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ തരിശുനിലത്തിൽ കൃഷിയിറക്കുന്നതിന് പഞ്ചായത്തുതലത്തിൽ നടപടി സ്വീകരിക്കുക.
- സർക്കാർ പുറമ്പോക്ക് ഭൂമിയിൽ കശുമാവ് കൃഷി നടത്തലും വിളപരിപാലനവും.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വരുമാനം ഉറപ്പാക്കുന്ന ഉപാധിയാക്കി മാറ്റുക
- കുടുംബശ്രീ പോലെയുള്ള സ്വയംസഹായക സംഘങ്ങൾ ഉൽപാദനമേഖലയിലെ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്താനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.
- പരമ്പരാഗത മേഖലകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക
- മത്സ്യഗ്രാമങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
- ജില്ലയിലെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിത താമസസൗകര്യം, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്ന വനിതകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ, അംഗപരിമിതിയുള്ളവർ മുതലായ ജനവിഭാഗങ്ങളുടെ വിഷമങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- ജീവിതനിലവാരം പാടേ പിന്നോട്ടടിക്കുന്ന ആത്മഹത്യ, സ്ത്രീധനസമ്പ്രദായം, മയക്കുമരുന്നിന്റെ ഉപയോഗം, ഭ്രൂണഹത്യ, പെൺവാണിഭം തുടങ്ങിയ സാമൂഹിക വിപത്തുകളെ ഉന്മൂലനം ചെയ്യുക.
- മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ - വിദ്യാഭ്യാസ - കുടിവെള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- സാങ്കേതികവിദ്യ ഉപയുക്തമാക്കൽ
- കാർഷിക മേഖലയിലെ ഗവേഷണ-ഉൽപാദന സംബന്ധമായ ആവശ്യകതകൾ നിർവഹിക്കുന്നതിനാണ് ഒരു ജൈവസാങ്കേതികവിദ്യ - ജനിതക എൻജിനീയറിംഗ് പാർക്ക് സ്ഥാപിക്കൽ.-അഞ്ചൽ
- മത്സ്യവിജ്ഞാന കേന്ദ്രം - നീണ്ടകര.(മത്സ്യബന്ധന വകുപ്പിന്റെ കൈവശം ഉള്ള സ്ഥലം)
- സംരംഭകത്വ വികസന പരിശീലന കേന്ദ്രം - കൊല്ലം കോർപറേഷനിൽ (ജില്ലാ വ്യവസായ കേന്ദ്രം)
- ഗവേഷണ വിഷയങ്ങൾ ജില്ലയുടെ ഉൽപാദനമേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ തെരഞ്ഞെടുക്കുന്നതിനും സാങ്കേതിക സർവ്വകലാശാലകളുടെ സഹായം വികസന പ്രക്രിയയിൽ ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുക.
- സാങ്കേതിക വിദ്യകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുന്ന രീതിയിൽ ലളിതവൽക്കരിച്ച് ജനങ്ങൾക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

വികസന ദർശന പ്രസ്താവന

2031 ഓടെ കൊല്ലം ജില്ല കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, വിനോദസഞ്ചാരം തുടങ്ങിയ മർമ്മ പ്രധാനമായ വികസന മേഖലകൾ മതിയായ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും അനുപൂരകമേഖലകളെ സംയോജിപ്പിച്ചും വിഭവങ്ങളെ ഏകോപിപ്പിച്ചും ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷയും കൈവരിക്കുന്നതിനോടൊപ്പം സാമ്പത്തികാടിത്തറ ശക്തമാക്കിയും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടും സാമൂഹിക നീതിയും തുല്യതയും ഉറപ്പാക്കിക്കൊണ്ടും ജനങ്ങൾക്കാവശ്യമായ ഉയർന്ന ക്രമത്തിലുള്ള ഗുണമേന്മയുള്ളതുമായ ഭൗതിക-സാമൂഹിക-സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങൾ നൽകിയും സുസ്ഥിരവും സംതുലിതവുമായ വികസന ലക്ഷ്യം നേടും.'

ഉപസംഹാരം

കൊല്ലം ജില്ലയുടെ സന്തുലിതവും സുസ്ഥിരവുമായ വികസനത്തിനാവശ്യമായ സംയോജിത വികസന കാഴ്ചപ്പാടും വികസന നയങ്ങളും തന്ത്രങ്ങളും അടിസ്ഥാനമാക്കി ഓരോ മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപീകരിക്കേണ്ടതും സംയോജിത വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനുള്ള കർമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജില്ലയുടെ വികസന കാഴ്ചപ്പാടിന് അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഒരു മാർഗ്ഗദർശിയായി ജില്ലാ പദ്ധതി രേഖ മാറുന്നതുവഴി ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ പൊതുവിഭവങ്ങൾ പങ്കുവെച്ചുകൊണ്ടും പരിസ്ഥിതി സംരക്ഷണം നടപ്പാക്കിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും ഉള്ള കരട് ജില്ലാ പദ്ധതിയുടെ രൂപീകരണം സാധ്യമാകുന്നു.

.

ΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩΩ

അദ്ധ്യായം 4

വികസന മേഖലകൾ അവസ്ഥയും പരിപ്രേക്ഷ്യവും

4.1. നീർത്തടാധിഷ്ഠിത വികസനം

4.1.1 കൃഷി

ആമുഖം

കേരളത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊല്ലം ജില്ലയിൽ 11 ബ്ലോക്കുകളും 68 ഗ്രാമപഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും ഒരു കോർപറേഷനുമുണ്ട്. തെക്ക് തിരുവനന്തപുരം ജില്ല വടക്ക് ആലപ്പുഴ- പത്തനംതിട്ട ജില്ലകളും കിഴക്ക് പശ്ചിമഘട്ട മലനിരകളും പടിഞ്ഞാറ് അറബിക്കടലും സ്ഥിതി ചെയ്യുന്നു. കേരളത്തിലെ ഏഴാമത്തെ വലിയ ജില്ലയായ കൊല്ലത്തിന്റെ വിസ്തൃതി 2491 ച.കി.മീറ്റർ ആണ്. ഇരുപത്തിയാറരലക്ഷം ജനങ്ങൾ ജില്ലയിൽ അധിവസിക്കുന്നു. കാർഷിക വൃത്തിക്ക് മുൻതൂക്കം നൽകിയിട്ടുള്ള ജില്ലയാണ് കൊല്ലം

2017-18 സാമ്പത്തിക വർഷത്തിൽ 13-ാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു. 2018-19 ലേക്കുള്ള പദ്ധതികളുടെ ആസൂത്രണ പ്രക്രിയയുടേയും കൂടി ഭാഗമായി അടുത്ത അഞ്ചു വർഷക്കാലത്തേക്ക് ഒരു ഹ്രസ്വകാല പരിപ്രേക്ഷ്യവും 2030 ലേക്ക് ഒരു ദീർഘകാല പരിപ്രേക്ഷ്യവും തയ്യാറാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണീ ജില്ലാ പദ്ധതി. നീർത്തടാധിഷ്ഠിത വികസനം എന്ന ആശയം മുന്നോട്ട് വച്ചുകൊണ്ട് കൃഷി, ജലസേചനം, മണ്ണ്-ജലസംരക്ഷണ പര്യവേക്ഷണവകുപ്പുകൾ കൂട്ടായി ഇരുന്നു തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. ഭക്ഷ്യസുരക്ഷ, പോഷകസുരക്ഷ, ജലസുരക്ഷ, സുരക്ഷിത ഭക്ഷണം, തരിശു രഹിതജില്ല, പ്രകൃതി-വിഭവ സംരക്ഷണം, നീർത്തടാധിഷ്ഠിത വികസനം, മണ്ണുജല സംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം, മൽസ്യ-ക്ഷീരവികസനവകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങൾ,വ്യവസായ—സഹകരണ വകുപ്പുകളുടെ സഹായത്തോടെ മൂല്യ വർദ്ധിത വൈവിധ്യ വൽക്കരണ സംവിധാനങ്ങളിലൂടെ കർഷകർക്ക് മെച്ചപ്പെട്ട ആദായവും കാർഷിക കുടുംബങ്ങൾക്ക് സുസ്ഥിര വരുമാനവും എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ വിധ ലക്ഷ്യ സാക്ഷാൽക്കാരങ്ങൾക്കായി നിലവിലെ അവസ്ഥ, വികസനവിടവുകൾ പരമാവധി നികത്തി കൊണ്ടുള്ള സാധ്യതാ നിർണയവും, നിലവിലെ കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന പദ്ധതികളുടെ അവലോകനവും ന്യൂനതകൾ പരിഹരിക്കാനുള്ള മേൽത്തട്ട്, കീഴ്ത്തട്ട് നിർദ്ദേശങ്ങളും നൂതന പദ്ധതി ആശയങ്ങളും, സംയോജന സാദ്ധ്യതകളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ജില്ലയിലെ ഫാമുകൾ, മണ്ണു പരിശോധനാ ലാബുകൾ എന്നിവയുടെ ശാക്തീകരണത്തിലൂടെ അവയുടെ പ്രയോജനം പരമാവധി കർഷകരിലെത്തിക്കുക എന്ന ലക്ഷ്യവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാദ്ധ്യതാനിർണയ പഠനത്തിലൂടെ 2021, 2030 കളിൽ ഉന്നം വക്കുന്ന ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കാനും അവയിലേക്ക് നയിക്കുന്ന മാർഗങ്ങൾ വ്യക്തമായി നിർദ്ദേശിക്കാനും പരമാവധി ശ്രദ്ധയൂന്നിക്കൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്

പട്ടിക 4.1.1

അടിസ്ഥാന വിവരങ്ങൾ

ക്രമ നം.	ഇനം	വിസ്തൃതി (ഹെക്ടറിൽ)
1	ആകെ ഭൂവിസ്തൃതി	249100
2	കൃഷിക്ക് അനുയോജ്യമായ വിസ്തൃതി	123563
3	ഒന്നിൽ കൂടുതൽ വിള ഇറക്കുന്ന സ്ഥലം ഉൾപ്പെടെ ആകെ കൃഷി ചെയ്യുന്ന വിസ്തൃതി	149317
4	വന വിസ്തീർണ്ണം	81438
5	തൻ വർഷത്തേതല്ലാത്ത തരിശു ഭൂമി	1691
6	തൻ വർഷത്തെ തരിശുഭൂമി	3000
a.	നെൽ കൃഷി യോഗ്യമായത്	1400

b.	മറ്റ് കൃഷിക്കനുയോജ്യമായത്	1600
7	കാർഷികേതര ഭൂമി	28314
8	നെൽവയലുകൾ	4500
a.	കൃഷിചെയ്യുന്ന വിസ്തീർണ്ണം	2979
b.	കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്തവ	1400
c.	കൃഷിയോഗ്യമല്ലാത്തവ	121

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.2

പ്രധാന കാർഷിക വിളകൾ - വിസ്തീർണ്ണം,ഉല്പാദനം,ഉല്പാദന ക്ഷമത

വിളകൾ	വിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദനം	ഉത്പാദനക്ഷമത
നെല്ല്	2979	6487 T	2177 Kg/Ha
തെങ്ങ്	45309	265 million nuts	5848 nuts/Ha
വാഴ	11440	89103 T	7788 Kg/Ha
പച്ചക്കറി	3065	25286 T	8250 Kg /Ha
മരച്ചീനി	15147	439199 T	28995 Kg/Ha
മറ്റു കിഴങ്ങു വർഗ്ഗങ്ങൾ	3021	58456 T	19351 Kg/ Ha
കമുക്	1327	779 T	587 Kg / Ha
കുരുമുളക്	3220	539 T	167 Kg / Ha
കശുമാവ്	1304	1005 MT	770 Kg/Ha
റബർ	35316	52817 T	1495 Kg/Ha
കുരുമുളക് ഒഴികെയുള്ള സുഗന്ധവ്യഞ്ജന വിളകൾ	1100	-----	------
പയർ വർഗ്ഗവിളകൾ	72	63 T	875 Kg /Ha
മാവ്, പ്ലാവ്, പേര, പപ്പായ തുടങ്ങിയ ഫലവൃക്ഷങ്ങൾ	15000	-----	----
എള്ള്	420	168 T	400 Kg/Ha

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.3

ജില്ലയിലെ വിവിധ തരം മണ്ണുകളും അനുയോജ്യമായ വിളകളും

ക്രമ നമ്പർ	മണ്ണിന്റെ തരങ്ങൾ	%	പ്രധാന വിളകൾ	സൂചിക
1	വെട്ട് കല്ല് മണ്ണ് (Laterite soils)	60	തെങ്ങ്, റബ്ബർ കുരുമുളക്,	പൊതുവെ ഫലഭൂയിഷ്ഠത കുറഞ്ഞതാണെങ്കിലും നല്ല രചനയുള്ളതിനാൽ പരിപാലന മുറകൾ കൊണ്ട് മിക്ക വിളകളും ലാഭകരമായി കൃഷി ചെയ്യുവാൻ സാധിക്കും.
2	വനമണ്ണ് (Forest soils)	20	കാപ്പി, തേയില, കുരുമുളക്	നല്ല കനത്തിൽ വിവിധ ദശകളായി അഴുകി കൊണ്ടിരിക്കുന്നജൈവവസ്തുക്കളുടെ ഒരു ആവരണം ഈ മണ്ണിന്റെ ഒരു പ്രത്യേകതയാണ്. മണ്ണൊലിപ്പിന് വൻ തോതിൽ വിധേയമാകാൻ സാധ്യതയുള്ള താണ് ഈ മണ്ണ്, മണ്ണ് സംരക്ഷണ പ്രവർത്തന ങ്ങൾ ഇല്ലാതെയുള്ള കൃഷി വൻ തോതിൽ മേൽ മണ്ണ് നഷ്ടപ്പെടുവാൻ വഴിതെളിക്കുന്നു.

3	തീരദേശ മണ്ണ് (Costal alluvium)	5	തെങ്ങ്, വാഴ	ജൈവാംശവും മിക്കവാറും എല്ലാ പോഷക മൂലകങ്ങളും കുറവാണ് ഈ മണ്ണിൽ. അമ്ലഗുണമുള്ള ഈ മണ്ണിന് ധനായണ വിനിമയശേഷി കുറഞ്ഞിരിക്കും. ധാരാളം ജൈവവളങ്ങൾ ചേർത്ത് കൊണ്ട് മാത്രമേ ഇവിടെ കൃഷി വിജപ്പിക്കാനവൂ
4	നദീതട എക്കൽ മണ്ണ് (Riverline alluvium)	5	തെങ്ങ്, വാഴ, കുരുമുളക്, കവുങ്ങ്	ഭേദപ്പെട്ട അളവിൽ വളക്കൂറുള്ള മണ്ണാണിത്. ജൈവാശം, നൈട്രജൻ, പൊട്ടാസ്യം ഇവ സാമാന്യം മോശമല്ലാത്ത അളവിൽ ഉണ്ട്. പക്ഷേ ഫോസ്ഫറസ്, കാത്സ്യം ഇവ കുറവാണ്. നീർവാർച്ച കുറവാണ്
5	ചതുപ്പ്മണ്ണ്(Brown hydromorphic	7	നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ	ജല നിർഗ്ഗമന സാധ്യത നന്നെ കുറവാണ്. സാമാന്യം നല്ലയളവിൽ ജൈവാംശവും നൈട്രജൻ, പൊട്ടാസ്യം എന്നിവയുമുണ്ട്. പക്ഷേ കാത്സ്യവും ഫോസ്ഫറസും കുറവാണ്. പലയിടങ്ങളിലും അമ്ലത ഒരു പ്രധാന പ്രശനമാണ്.
6	ഓണാട്ടുകര മണ്ണ് (Onattukara alluvium)	3	തെങ്ങ്, നെല്ല്, എള്ള്	ഭൂഗർഭ ജലനിരപ്പ് മിക്കവാറും ഉയർന്ന് കാണുന്നതിനാൽ നീർവാർച്ച പ്രശ്നമാകാറുണ്ട് . അമ്ലീയമായ ഈ മണ്ണിൽ ഒരു വിധം എല്ലാ പോഷക മൂലകങ്ങളും കുറവാണ്.

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.4

ജില്ലയിലെ വിവിധ സ്ഥലങ്ങളിലെ പ്രധാന മണ്ണുശ്രേണികൾ-യോജിച്ച വിളകൾ

ക്രമ നമ്പർ	മണ്ണ് ശ്രേണി	ഉൾപ്പെടുന്ന പ്രദേശങ്ങൾ (ബ്ലോക്ക്)	യോജിച്ച വിളകൾ
1	മാന്നാർ	ഓച്ചിറ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ചവറ, കൊല്ലം, പരവൂർ മുനിസിപ്പാലിറ്റി	തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്,
2	കല്ലട	ഓച്ചിറ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി , ചവറ, ശാസ്താംകോട്ട, കൊല്ലം, മുഖത്തല, ഇത്തിക്കര	തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്,
3	മൈനാഗപ്പള്ളി	ഓച്ചിറ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, മുഖത്തല, ചിറ്റുമല, പരവൂർ മുനിസിപ്പാലിറ്റി, ഇത്തിക്കര, കൊല്ലം	തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്, മരച്ചീനി
4	വർക്കല	ഇത്തിക്കര, മുഖത്തല, ചടയമംഗലം, കൊട്ടാരക്കര	തെങ്ങ്, വാഴ, മരച്ചീനി, കശുമാവ്
5	ഉമ്മന്നൂർ	കൊട്ടാരക്കര, ശാസ്താംകോട്ട, ചിറ്റുമല, വെട്ടിക്കവല	തെങ്ങ്, വാഴ, റബ്ബർ കശുമാവ്, കവുങ്ങ്
6	നെടുമങ്ങാട്	ചടയമംഗലം, വെട്ടിക്കവല, പത്തനാപുരം	തെങ്ങ്, വാഴ, റബ്ബർ
7	മൈലം	കൊട്ടാരക്കര, വെട്ടിക്കവല	നെല്ല്, പയർ വർഗ്ഗ ചെടികൾ, തെങ്ങ്, വാഴ
8	പാലോട്	പത്തനാപുരം, വെട്ടിക്കവല, ചടയമംഗലം, അഞ്ചൽ, പുനലൂർ മുനിസിപ്പാലിറ്റി	തെങ്ങ്, വാഴ, റബ്ബർ കശുമാവ്, കവുങ്ങ്
9	ചണ്ണപ്പേട്ട	അഞ്ചൽ	റബ്ബർ, തേക്ക്, വന വൃക്ഷങ്ങൾ
10	നെടുമ്പാറ	അഞ്ചൽ	റബ്ബർ, വന വൃക്ഷങ്ങൾ

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.5
കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും വിവരങ്ങൾ

ക്രമ.നം		പുരുഷൻ	സ്ത്രീ	ആകെ
1	കൃഷി മാത്രം തൊഴിലാക്കിയ കർഷകരുടെ എണ്ണം	35000	3850	38850
2	ഭാഗിക മായി കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ എണ്ണം	11000	2900	13900
3	കാർഷികമേഖലയിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന കർഷകത്തൊഴിലാളികൾ	38000	7800	45800
4	ഭാഗികമായി കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ	26000	6500	32500

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.6
കർഷക തൊഴിലാളി ലഭ്യത

ക്രമ. നം	സ്രോതസ്സ്	എണ്ണം	അംഗങ്ങളുടെ ഏണ്ണം	തൊഴിലാളികളുടെ ഏണ്ണം
1.	കാർഷിക കർമ്മ സേന / അഗ്രോ സർവ്വിസ് സെന്റർ	13	130	100
2.	MGNREGS			
3.	മറ്റുള്ളവ			

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.7
കാർഷിക ഉല്പാദന ഉപാധികളുടെ ലഭ്യത

ക്രമ നം	ഇനം	സ്ഥാപനങ്ങളുടെ എണ്ണം			സേവന പര്യാപ്തത	
		സർക്കാർ സഹകരണം	സ്വകാര്യസ്ഥാപനങ്ങൾ	ആകെ	പര്യാപ്തമാണ്	പര്യാപ്തമല്ല
1.	ജൈവ വളം		16	16	✓	
2.	ജൈവകീടനാശിനി		20	20	✓	
3.	രാസവളം / ഡോളമൈറ്റ്	75	170	245	✓	
4.	രാസ കീടനാശിനി	8	38	46	✓	
5.	വിത്ത് /തൈ	4	35			✓
6.	കാർഷിക യന്ത്രോപകരണങ്ങൾ	1	-	-		✓
7.	മറ്റുള്ളവ					

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.8
കാർഷികോല്പന്ന വിപണന സംവിധാനം

	ഇനം	എണ്ണം
സർക്കാർ /സഹകരണ മേഖല	ബ്ലോക്ക് ലെവൽ ഫെഡറ്റേഡ് ഓർഗനൈസേഷൻ (BLFO)	4
	A-grade Outlet	17

	Horticorp	12
	VFPCK (retail shop)	7
	ഇക്കോഷോപ്പ്	4
	ക്ലസ്റ്റർ വിപണികൾ	8

അവലംബം . കൃഷി വകുപ്പ്

പട്ടിക 4.1.9

കാർഷികോല്പന്നങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന സംവിധാനങ്ങൾ

ക്രമ നം	ഇനം	എണ്ണം	സംഭരണ ശേഷി (ടൺ)
1	ശൂന്യോർജ്ജ ശീതീകരണി	30	3

അവലംബം . കൃഷി വകുപ്പ്

അടിസ്ഥാന വിവരങ്ങൾ അപഗ്രഥിച്ചതിൽ നിന്നും മനസ്സിലാക്കുന്ന വസ്തുതകൾ

1. സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ ആറര ശതമാനം സ്ഥലത്ത് എട്ട് ശതമാനം ജനങ്ങൾ പാർക്കുന്നു.
2. ഭക്ഷ്യധാന്യോല്പാദനത്തിനു ലഭ്യമാകുന്ന പാടങ്ങളുടെ വിസ്തൃതി വെറും 4350 ഹെക്ടർ മാത്രമാണ്.
3. ആളോഹരി കൃഷി ഭൂമിയുടെ വിസ്തൃതി വെറും 12 സെന്റ് മാത്രമാണ്.
4. മൊത്തം ഭൂവിസ്തൃതിയുടെ പകുതി മാത്രമെ കൃഷിക്ക് ഉപയോഗിക്കുന്നുള്ളൂ.
5. തെങ്ങ് കൃഷി ലാഭകരമാക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടത് വളരെ ആവശ്യമാണ്.
6. കശുമാവ് കൃഷിക്ക് വലിയ സാധ്യതകൾ നിലനിൽക്കുന്നു. വിലസ്ഥിരത ഉറപ്പാക്കണമെന്ന് മാത്രം.
7. ജലസേചിത ഏരിയ മൊത്തം കൃഷി വിസ്തൃതിയുടെ ഏഴ് ശതമാനം മാത്രമാണ്.
8. കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും ഇനിയും ആവശ്യാനുസരണം ആയിട്ടില്ല
9. കൂടുതൽ ഇക്കോഷോപ്പുകളും ചില്ലറ വില്പനശാലകളും ആരംഭിക്കേണ്ടതുണ്ട്.
10. കല്ലട ഇറിഗേഷൻ പദ്ധതി ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പിന്നോക്കം നിൽക്കുന്നു.
11. വീട്ടുവളപ്പുകൾ കേന്ദ്രീകരിച്ചുള്ള കൃഷിയിൽ വലിയ വികസന സാധ്യതകൾ നിലനിൽക്കുന്നു
12. സംയോജിത പ്രവർത്തനങ്ങളിലൂടെ മൂല്യവർദ്ധിത, വൈവിദ്ധ്യ വൽക്കരണ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും സാദ്ധ്യതയുള്ള മേഖലയാണ്.

പട്ടിക 4.1.10

ജില്ലയിലെ ഭക്ഷ്യവസ്തുക്കളുടെ ആവശ്യകത

ക്രമ നം	ഇനം	അളവ്
1	അരി	1 ലക്ഷം ടൺ (വാർഷിക ആവശ്യം)
2	തേങ്ങ	ഭക്ഷ്യാവശ്യത്തിന് വേണ്ടി 28 കോടി,
		വെളിച്ചെണ്ണ ഉത്പാദനത്തിന് വേണ്ടി 10 കോടി
		മറ്റാവശ്യങ്ങൾ (ക്ഷേത്രം, ശബരിമല etc.) 2 കോടി
3	ഉഴുന്ന്	7500 ടൺ
4	ചെറുപയർ	6000 ടൺ
5	കടല	2500 ടൺ
6	പച്ചക്കറികൾ(കിഴങ്ങ് വർഗ്ഗങ്ങൾ അടക്കം)	270000 ടൺ (2.7 ലക്ഷം ടൺ)

അവലംബം . കൃഷി വകുപ്പ്

ഇതു കൂടാതെ പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, ഗോതമ്പ്, ആട്ട, മൈദ, പഞ്ചസാര, കാപ്പിപ്പൊടി, തേയില, സാമ്പാർ പരിപ്പ് തുടങ്ങിയവയും പെടുന്നു. പഴവർഗ്ഗങ്ങളിൽ വാഴപ്പഴവും, പൈനാപ്പിളും, മാങ്ങയും, ചക്കയും ഒഴികെ ബാക്കിയുള്ളവയ്ക്ക് മറ്റ് ജില്ലകളേയോ സംസ്ഥാനങ്ങളെയോ ആശ്രയിക്കേണ്ടി വരുന്നു.

പട്ടിക 4.1.11

നിലവിലുള്ള ഉല്പാദനം

ക്രമ നം	ഇനം	അളവ്
1	അരി	4500 MT
2	തേങ്ങ	26.5 കോടി
3	പച്ചക്കറികൾ,കിഴങ്ങ് വർഗ്ഗങ്ങൾ ഉൾപ്പെടെ	66000 ടൺ
4	വാഴപ്പഴം/കറിക്കായ	1.6 ലക്ഷം ടൺ

അവലംബം . കൃഷി വകുപ്പ്

ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടി വരുന്ന കൃഷി ഭൂമിയുടെ വിസ്തൃതി

ജില്ലയിൽ ഭക്ഷ്യസുരക്ഷയ്ക്ക് കൈ വരിക്കുന്നതിന് വേണ്ടി, ഒരു ടൺ നെല്ലിൽ നിന്നും 700 കി.ഗ്രാം അരി എന്ന കണക്കിൽ, 3 ടൺ/ഹെക്ടർ എന്ന കണക്കിൽ 42750 ഹെക്ടറിൽ നെല്ല് കൃഷി ചെയ്യണം. 4 ടൺ/ഹെക്ടർ എന്ന കണക്കിൽ 32062 ഹെക്ടർ അഥവാ 5 ടൺ/ഹെക്ടർ എന്ന കണക്കിൽ 25650 ഹെക്ടർ ഭൂമിയിൽ നെൽ കൃഷി ചെയ്യണം എന്നാൽ ലഭ്യമായ കൃഷിഭൂമി ആകെ 4350 ഹെക്ടർ മാത്രമാണ്. ഭക്ഷ്യധാന്യത്തിനു മാത്രം നിലവിലെ ഉല്പാദനം അനുസരിച്ച് 90% ഓളം വിടവ് നിലനിൽക്കുന്നു. ഉല്പാദനക്ഷമത കൂട്ടി ഇത് പരമാവധി 80% ആയി കുറക്കാവുന്നതാണ്.

അവസ്ഥയും പരിപ്രേക്ഷ്യവും (വിളകൾ തിരിച്ച്)

നെൽകൃഷി

ജില്ലയിലെ നെൽ കൃഷി വിസ്തൃതി 2979 ഹെക്ടറും മൊത്തം ഉല്പാദനം 6487മെട്രിക് ടണ്ണും ആണ്. ആകെ ആഭ്യന്തര ആവശ്യകത ഏതാണ്ട് ഒന്നേകാൽലക്ഷം ടൺ ആണ്. ഇത് കാണിയ്ക്കുന്നത് ഉപഭോഗവും ലഭ്യതയും തമ്മിൽ സമീപഭാവിയിൽ പരിഹരിക്കാനാവാത്ത വിടവ് നിലനിൽക്കുന്നു എന്നാണ്. ജില്ലയുടെ 45000 ഹെക്ടറോളം വരുന്ന തെങ്ങിൻ തോപ്പുകളും 1400 ഹെക്ടറോളം വരുന്ന തരിശ് പുരയിടങ്ങളും പല കാരണങ്ങൾകൊണ്ടും തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങളും കരനെൽകൃഷിയടക്കം കൃഷി ചെയ്യുകയാണെങ്കിൽ ഈ അന്തരം കുറച്ചു കൊണ്ടുവരാൻ കഴിയും. അതേസമയം തന്നെ നിലവിലുള്ള ഉൽപ്പാദനക്ഷമത ഇരട്ടിയാക്കാനായുള്ള സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കേണ്ടതുണ്ട്. യന്ത്ര നടീൽ, യന്ത്രമുപയോഗിച്ചുള്ള കള നിയന്ത്രണം, ശുപാർശിത അളവിലുള്ള മൂലക പരിപാലനം, പരിസ്ഥിതി സൗഹൃദ കീടരോഗ നിയന്ത്രണം, ജൈവ/രാസ ഉപാധികളുടെ ചിട്ടയായ പ്രയോഗം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ ഹെക്ടറിൽ 6 ടൺ വരെ ഉൽപ്പാദന ക്ഷമത കൈവരിക്കണം. യന്ത്രക്കൊയ്ത്തിനാവശ്യമായ സൗകര്യങ്ങൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എന്നിവരുടെ നേതൃത്വത്തിലുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും, നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും സംയുക്തമായി ഏർപ്പെടുത്തണം. കൊയ്ത്ത് യന്ത്രങ്ങൾ ആവശ്യമായ കർമ്മസേനകൾക്കും അഗ്രോ സർവ്വീസ് സെന്ററുകൾക്കും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ അനുയോജ്യമായവ വാങ്ങി നൽകാൻ തയ്യാറാകണം. അത് യഥാവിധി സൂക്ഷിക്കാനുള്ള ഷെഡ്ഡുകളും മറ്റും ഗ്രാമപഞ്ചായത്തുകൾ പണിതു നൽകണം. വലിയ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോൾ മെയിന്റനൻസ് ഗ്രാൻറുകൾ അനുവദിയ്ക്കണം.

കൃഷി മേഖലയിലെ നിലവിലെ അവസ്ഥയും വികസന സംബന്ധമായ പരിപ്രേക്ഷ്യവും അതിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാലത്തേക്ക് നേടുവാൻ ലക്ഷ്യമിട്ടിരിക്കുന്നതും, ദീർഘകാലഘട്ടത്തിൽ നേടുവാൻ ലക്ഷ്യമിട്ടിരിക്കുന്നതുമായ നേട്ടങ്ങൾ താഴെ നാല് കോളങ്ങളിലായി വിശദീകരിച്ചിരിക്കുന്നു.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
കൊല്ലവർഷം 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ നടപ്പിലാക്കിയ നെൽ	ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക	കൃഷിചെയ്യാൻ താല്പര്യമില്ലാത്ത വസ്തു ഉടമകളിൽനിന്ന് അവ താല്പര്യമുള്ള കർഷകർക്ക് കൃഷി ചെയ്യാൻ ലഭ്യമാക്കുക, പയർ	തരിശുനിലങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൃഷിയുക്തമാക്കുക

വർഷത്തിന്റെ ഭാഗമായി നിലവില്ലുള്ള നെൽകൃഷി നിലനിർത്തുകയും തരിശുനിലങ്ങൾ ഒരു പരിധി വരെ എറ്റെടുത്ത് കൃഷി ചെയ്യാനും ആരംഭിച്ചിട്ടുണ്ട്. ഭാഗികമായി തരിശിടുന്ന പ്രവണത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത	തരിശു രഹിത കൊല്ലം സാധ്യമാക്കുക	വർഗങ്ങൾ , എള്ള് എന്നിവക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുക, കര നെൽ കൃഷി വ്യാപനം, കര നെൽ കൃഷിക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക, മൂന്ന് വിളകളും കൃഷി ചെയ്ത് നെൽ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക. മൂന്നാം വിളയായി നെല്ല് ചെയ്യാൻ സാധ്യമല്ലാത്ത സ്ഥലങ്ങളിൽ പയർ എള്ള്, എന്നിങ്ങനെ പ്രാദേശികാനുസൃതമായി കൃഷി നടപ്പിലാക്കുക. ഉല്പാദന ക്ഷമത ഹെക്ടറിന് 5 ടൺ ആയി വർദ്ധിപ്പിക്കുക. കരനെല്ല് കൃഷി 340 ഹെക്ടറിൽ നിന്നും 600 ഹെക്ടറായി ഉയർത്തുക. 1400 ഹെക്ടർ നെല്പാടങ്ങൾ വകുപ്പ് സംയോജനത്തിലൂടെ കൃഷിയോഗ്യമാക്കുക.	വിപണിയിൽ ആവശ്യമുള്ള ഔഷധ നെല്ലിനങ്ങൾ, ബസുമതി തുടങ്ങിയ ഇനങ്ങൾ കൃഷി ചെയ്യുക
നെല്ലുസംഭരണം കാര്യക്ഷമമല്ല	ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുക	ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സഹകരണ സ്ഥാപനങ്ങൾ/ സപ്ലൈകോ വഴി /സംഭരിച്ച് യഥാസമയം കർഷകർക്ക് വില നൽകുക	ഓരോ 25 ഹെക്ടർ സ്ഥലത്തും പഞ്ചായത്തിനു ഒന്ന് എന്ന തരത്തിൽ പ്രോസസിംഗ് സെന്ററുകൾ ആരംഭിച്ച് ഉല്പാദിപ്പിക്കുന്ന നെല്ല് മുഴുവൻ അരി,അരിപ്പൊടി, അവൽ തുടങ്ങിയ ഉല്പന്നങ്ങളാക്കി അതാത് പഞ്ചായത്തിൽ തന്നെ പാടശേഖര സമിതികളുടെ നേതൃത്വത്തിൽ വിപണികൾ ആരംഭിച്ച് കർഷകർക്കും ഉപഭോക്താക്കൾക്കും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം നല്കുക.
ജലസേചന സൗകര്യകുറവ്	സമ്പൂർണ്ണ ജലസേചനം	നെൽവയൽ-തണ്ണീർ തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുക. തരിശുനിലങ്ങൾ ചിലത് കൃഷിയോഗ്യമാക്കണമെങ്കിൽ നീർവാർച്ച ഉറപ്പാക്കേണ്ടതാണ്. മൈനർ ഇറിഗേഷൻ സോയിൽ കൺസർവേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട്	മൈനർ ഇറിഗേഷൻ സോയിൽ കൺസർവേഷൻ, കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പഷൻ വകുപ്പുകളുമായി ചേർന്ന് ജലാഗമന തോടുകൾ, ജല നിർഗമന തോടുകൾ എന്നിവയിലെ തടസ്സങ്ങൾ ഒഴിവാക്കുകയും

		അതിനുള്ള നടപടി സ്വീകരിക്കുക, തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക വരമ്പുകളും തോടുകളുടെ വശങ്ങളും ബലപെടുത്തുക, എം.എൻ.ആർ.ഇ.ജി എസ് സേവനം ഉപയോഗപ്പെടുത്തുക	ജലത്തിന്റെ സുഗമമായ ലഭ്യതക്കുള്ള പ്രവൃത്തികൾ പ്രാദേശിക അടിസ്ഥാന ത്തിൽ ആവശ്യാനുസരണം ചെയ്യുകയും വേണം. റാമ്പ് നിർമാണം, തടയണകളും തോടുകളും നിർമിച്ചു നൽകുക, കായലിൽ നിന്ന് ഉപ്പുവെള്ളം കേറാതെ ചിർപ്പ് ഇടുക. വർഷത്തിൽ ഓരോ കൃഷിക്കും മുന്നോടിയായി തോടുകൾ തെളിയിക്കുകയും വരമ്പ് പിടിക്കുകയും ചെയുക
യന്ത്രവല്കരണത്തിന്റെ അപര്യാപ്തതയും, കേടായ യന്ത്രങ്ങളും തൊഴിലാളി ദൗർലഭ്യവും	പൂർണ്ണ യന്ത്രവല്കരണം	ബ്ലോക്കടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമുള്ള നടീൽ കൊയ്ത്ത് മെതിയന്ത്രം, സ്പ്രേ ബയിലർ ലഭ്യമാക്കുക. പഞ്ചായത്തിലെ പാടശേഖരങ്ങ ളുടെ പ്രവർത്തന രഹിതമായ യന്ത്രങ്ങൾ അറ്റകുറ്റപണികൾ നടത്തി ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുക പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക	ആർ. കെ വി .വൈ നിർമ്മാണ പ്രവർത്തികൾക്കു ള്ള സബ്സിഡി പുനസ്ഥാപി ക്കുക. എം .എൻ .ആർ.ഇ .ജി .എസ് , ജനകീയാസൂത്രണ പദ്ധതികളിൽ ഈ പ്രവർത്തി കൾ ഉൾപ്പെടുത്തുക. ജില്ലാ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തുക അസ്സി.എൻ ജിനീയർ ഓഫീസ് കേന്ദ്രീകരിച്ച് സെൻട്രൽ വർക്ക്ഷോപ്പ്, ബ്ലോക്ക് തലത്തിൽ അഗ്രോ സർവീസ് സെന്റർ, റൈസ് മില്ലുകൾ എന്നിവ സ്ഥാപിക്കുക, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിൽക്കു ന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക
വിത്ത്, വളം, രാസനിയാമകങ്ങൾ മുതലായവയുടെ അപര്യാപ്തത	വിത്ത്,വളം സുരക്ഷിത കീടനാശിനി, രാസനിയാമകങ്ങ ൾ എന്നിവയ്ക്ക് പ്രത്യേക പദ്ധതി തയ്യാറാക്കുക	സമയബന്ധിതമായി കർഷകരുടെ ആവശ്യമനുസരിച്ച് വിത്ത്,വളം, രാസനിയാമക ങ്ങൾ,സുരക്ഷിത സസ്യസംരക്ഷ ണ വസ്തുക്കൾ എന്നിവ മതിയായ അളവിൽ ലഭ്യമാക്കുക. മൃഗസംരക്ഷണ- ക്ഷീരവികസനം വകുപ്പുകൾ ഒത്തു ചേർന്ന് ഗുണ മേന്മയുള്ള ജൈവവള (ഗോമൂത്രം, ചാണകം,പക്ഷി കാഷ്ഠം തുടങ്ങി യവ) നിർമ്മാണത്തിനും വിതരണ ത്തിനും പദ്ധതികൾ ആവി ഷ്കരിക്കുക.	വിത്ത് ഗ്രാമം , ആർ .എസ് .ജി.പി പദ്ധതി നടപ്പാക്കൽ.

കാലാവസ്ഥ വ്യതിയാനവും രോഗ കീടങ്ങളും	സമ്പൂർണ്ണ വിള ഇൻഷ്വറൻസ്	കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനു കർഷകരെ സജ്ജമാക്കുക, സംയോജിത രോഗകീട നിയന്ത്രണ പദ്ധതികൾ വിവരസാങ്കേതിക വിദ്യ കൾ ഉപയോഗപ്പെടുത്തി കീടരോഗാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആവിഷ്കരിക്കുക	വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കീട രോഗാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആവിഷ്കരിക്കുക.സംയോജിത രോഗ കീടനിയന്ത്രണ പദ്ധതികൾ
വിപണന സാധ്യത കുറവ്	മൂല്യവർദ്ധനവ്	മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലനവും സംവിധാനവും ഒരുക്കുക മിനിറൈസ് മില്ലുകൾ,അനുബന്ധ ഫാക്ടറികൾ സ്ഥാപിക്കുക മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണന സംവിധാനമൊരുക്കുക	മൂല്യ വർദ്ധിത ഉല്പന്നങ്ങൾ; ഉണ്ടാക്കാൻ പരിശീലനവും സംവിധാനവും ഒരുക്കുക. മിനിറൈസ് മില്ലുകൾ, അനുബന്ധ ഫാക്ടറികൾ സ്ഥാപിക്കുക മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണന സംവിധാനമൊരുക്കുക.

തെങ്ങ് കൃഷി

ജില്ലയിലെ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന വിള തെങ്ങാണ്. ആകെ കൃഷി ഭൂമിയുടെ 28% സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. എന്നിരിക്കലും നിലവിൽ അവഗണിക്കപ്പെട്ട ഒരു വിളയാണ് തെങ്ങ്. ചിട്ടയായ പരിചരണം സംയോജിത കീടരോഗ നിയന്ത്രണം ജലസേചനം ശാസ്ത്രീയ വിള പരിപാലനം തുടങ്ങിയ മാർഗങ്ങളിലൂടെ ഉത്പാദനക്ഷമത ഇരട്ടിയാക്കാനും കർഷകന് തെങ്ങ് ഒരു ആദായ വിളയാക്കി മാറ്റാനുംകഴിയും. വൈവിധ്യമാർന്ന ഉല്പന്നങ്ങളിലൂടെ വിപണി കീഴടക്കാൻ കഴിയുന്ന ഒരേയൊരു കാർഷിക വിളയാണ് കല്പവൃക്ഷം എന്ന അപരനാമധേയത്തിനർഹമായ ഈ വിള.തെങ്ങിനെ ഒരു തോട്ടവിളയായി പരിഗണിച്ച് ആനുകൂല്യങ്ങൾ നല്കുകയും തെങ്ങുകൃഷി വികസനത്തിനായി നിലവിലെ വിടവുകൾ നികത്തി പ്രായോഗികമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്താൽ ഈ വിളയെ ഒരു പരിധി വരെ ലാഭകരമാക്കാവുന്നതാണ്. വ്യവസായ-സഹകരണ മേഖലകളുടെ സംയോജനത്തിലൂടെ ഉല്പന്ന വൈവിദ്ധ്യ വൽക്കരണവും വിപണനവും സാദ്ധ്യമാക്കാനാകും.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
ഉല്പാദനവും ഉല്പാദനക്ഷമതയും കുറവ് (വർഷത്തിൽ 30 തേങ്ങ /തെങ്ങ്)	ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക (വർഷത്തിൽ 30 തേങ്ങയിൽ നിന്ന് 70 തേങ്ങ / തെങ്ങ് ആക്കി ഉയർത്തുക.)	ക്ലസ്റ്ററുകൾ രൂപീകരിച്ച സമഗ്ര നാളീകേര വികസന പദ്ധതികൾ നടപ്പിലാക്കുക (സംയോജിത വളപ്രയോഗം,കീടരോഗ നിയന്ത്രണം, പച്ചിലവളം, ശാസ്ത്രീയകൃഷി മുറകൾ എന്നിവ അനുവർത്തിക്കുന്നതിനുള്ള പദ്ധതികൾ)	ക്ലസ്റ്ററുകൾ രൂപികരിച്ച് സമഗ്ര നാളീകേര വികസന പദ്ധതികൾ നടപ്പിലാക്കുക, നാളീകേര വികസന ബോർഡും ത്രിതല പഞ്ചായത്തുകളും ചേർന്ന് കേര ഗ്രാമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. (40 പഞ്ചാ യത്തുകളിൽ) വ്യവസായ വകുപ്പ്- സഹകരണ

			വകുപ്പ്-കുടുംബശ്രീ-സംയോജനത്തിലൂടെ ചകിരി നാരുല്പാദനത്തിനായി തൊണ്ട് സംഭരണപദ്ധതി
ശാസ്ത്രീയ കൃഷി രീതികൾ പാലിക്കുന്നില്ല	തോട്ടവിളയായി പരിഗണിച്ചുള്ള സബ്സിഡി പാക്കേജ്	ശാസ്ത്രീയ കൃഷി രീതികളുടെ പരിശീലനം സംഘടിപ്പിക്കുക. തെങ്ങ് കയറ്റ തൊഴിലാളികളുടെ കൂട്ടായ്മകൾ, കർമ്മ സേനകൾ, തെങ്ങ് കയറ്റ യന്ത്ര പരിശീലനവും യന്ത്രത്തിന് പരമാവധി സബ്സിഡിയും നൽകുക	ആത്മ, സി. പി. സി. ആർ.ഐ,യുടെ നേതൃത്വത്തിൽപരിശീലനം നൽകുക, ഐ, എൻ. എം പിന്തുടരുക
തെങ്ങ് കയറ്റ തൊഴിലാളികളുടെ അഭാവം	യന്ത്ര വൽകൃത തെങ്ങുകയറ്റം	കുറിയ ഇനം, സങ്കര ഇനം എന്നിവ പ്രോത്സാഹിപ്പിക്കുക കർഷക സൗഹൃദ യന്ത്രങ്ങൾ രൂപകല്പന ചെയ്യുക. സർക്കാർഫാമുകൾ ശക്തിപ്പെടുത്തുക.	കർഷക സൗഹൃദ യന്ത്രങ്ങൾ രൂപകല്പന ചെയ്യുക. സർക്കാർഫാമുകൾ ശക്തിപ്പെടുത്തുക.
രോഗ കീടബാധ	രോഗ കീട ബാധയ്ക്കുള്ള പ്രതിരോധ മാർഗങ്ങൾഊർജിതമാക്കുക	പ്രാദേശികമായി സമ്പൂർണ്ണ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കുന്നതിനു ബോധവത്കരണവും മരുന്നു തളിയും പ്രാവർത്തികമാക്കുക കീടനാശിനിക്കും ലേബർ ചാർജിനും പരമാവധി സബ്സിഡി ലഭ്യമാക്കുക ഐ.പി.ൽ തുടരുക	വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കീടരോഗാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആവിഷ്കരിക്കുക.
ഉത്പാദനക്ഷമതയും ഗുണമേന്മയുള്ള സങ്കര/ കുറിയ ഇനം തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവ്	ഉത്പാദനക്ഷമതയും ഗുണമേന്മയുള്ളസങ്കര/കുറിയ ഇനം തെങ്ങിൻ തൈകളുടെ നടീലും ഉറപ്പ് വരുത്തുക	തെങ്ങിൻ തൈകളുടെ ലഭ്യത കേന്ദ്ര സംസ്ഥാന സർക്കാർ ഫാമുകൾ തെങ്ങിൻ തൈകളുടെ ഉല്പാദനം വർദ്ധിപ്പിക്കുക	കേന്ദ്ര സംസ്ഥാന സർക്കാർ ഫാമുകൾ തെങ്ങിൻ തൈകളുടെ ഉല്പാദനം വർദ്ധിപ്പിക്കുക
വിലസ്ഥിരത	വില സ്ഥിരത ഉറപ്പുവരുത്തുക	പച്ച തേങ്ങ സംഭരണം പുന:സ്ഥാപിക്കുക. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ പരിശീലനം നൽകുക	മൂല്യവർദ്ധിതഉല്പന്നങ്ങളുടെ വിപണന സൗകര്യം

ജലസേചനക്കുറവ് / ജലസംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നില്ല (തടം തുറക്കൽ, ഇടയിളക്കൽ, തട്ടുതിരിക്കൽ)	നൂതന ജലസേചന മാർഗങ്ങൾ	ഇടയിളക്കൽ, തടം തുറപ്പ്, പുതയിടീൽ എന്നിവ ഉറപ്പാക്കൽ, ജലസേചന പമ്പ് സ്ഥാപിക്കൽ, കണിക ജല സേചന സമ്പ്രദായം, എം. എൻ.ആർ.ജി. എസ് പദ്ധതി ഉപയോഗപ്പെടുത്തുക	കൂത്യതാകൃഷി സമ്പ്രദായങ്ങൾ അനുവർത്തിക്കുക
കേര കർഷകന്റെ ആദായകുറവ്	കേര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക	ഇടവിളകൃഷി, ശാസ്ത്രീയ കൃഷി, തെങ്ങിൻ തട പുനചംക്രമണം ബഹുതല കൃഷി സമ്പ്രദായം , പ്രദർശന ത്തോട്ടങ്ങൾ എന്നിവ പ്രാവർത്തികമാകുക.	സി പി. എസ്. വഴി നീര, ഇളനീർ പാർലർ , നാറ്റാ ഡി കൊക്കോ, കൊപ്ര സംഭരണം, വെളിച്ചെണ്ണ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ധനസഹായം നല്കുക

പച്ചക്കറി കൃഷി

ജില്ലയിലെ മൊത്തം പച്ചക്കറികളുടെ വിസ്തൃതി 3065 ഹെക്ടർ ആണ്. വിളവിസ്തൃതിയിലും ഉല്പാദനത്തിലും വലിയ മുന്നേറ്റമുണ്ടാക്കാൻ പച്ചക്കറി മേഖലയിൽ സാധിച്ചിട്ടുണ്ട്. കൂടുതൽ പേരെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യിക്കുന്നതിന് ക്ലസ്റ്റർ വികസനത്തിലൂടെയും പുതിയ സങ്കേതിക വിദ്യ പ്രചരണത്തിലൂടെയും കഴിഞ്ഞു. വീട്ടുവളപ്പിലേയും സ്ഥാപനങ്ങളിലെയും കൃഷി ഗണ്യമായി വർദ്ധിച്ചു. സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് ഇനിയും ഏറെ മുന്നേറാനുണ്ട്. നഗര പ്രദേശങ്ങളിൽ ഹരിത സമിതി, റസിഡൻസ് അസോസിയേഷനുകളുടെ കൂട്ടായ്മ എന്നിവ രൂപീകരിച്ച് വിത്ത് മുതൽ വിപണി വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്. പച്ചക്കറിയെ സംബന്ധി ച്ചിടത്തോളം ജില്ലയെ സ്വയം പര്യാപ്തമാക്കുക എന്നതിനോടൊപ്പം വിഷലിപ്തമല്ലാത്ത പച്ചക്കറി ഉല്പാദനത്തിനു കർഷകരെ പ്രബുദ്ധരാക്കുക എന്ന ലക്ഷ്യം കൂടിയുണ്ട്.

ക്രമ നം	നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
1	വിള വിസ്തൃതിയിലും ഉത്പാദനത്തിലും മുന്നേറ്റം നേടിയിട്ടുണ്ടെങ്കിലും സ്വയം പര്യാപ്തമായിട്ടില്ല	പച്ചക്കറിയിൽ സ്വയംപര്യാപ്തത	തരിശു പുരയിടങ്ങളും പൊതുമേഖലാസ്ഥാപനങ്ങളുടെ തരിശായികിടക്കുന്ന സ്ഥലങ്ങളും ജലസേചന സൗകര്യം ഏർപ്പെടുത്തി കൃഷിയോഗ്യമാകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷിഹരിത ക്ലസ്റ്റർ രൂപീകരിച്ച് റസിഡൻസ് അസോസിയേഷനുകൾ ശക്തിപെടുത്തുക	തരിശു നിലങ്ങൾ ഏറ്റടുത്ത് കൃഷി ചെയ്യു ന്നതിനു നിയമനിർ മ്മാണം ഏർപ്പെടുത്തണം. നിലവിലുള്ള വാണിജ്യകൃഷി 4500 ഹെക്ടറിൽ കൊണ്ടുവരുകയും 5 ലക്ഷത്തോളം വിട്ടുവളപ്പുകളിൽ ശാസ്ത്രീയ പച്ചക്കറി കൃഷി ത്രിതലപഞ്ചായത്തുകൾ വഴി പ്രോത്സാഹിപ്പിച്ചു കൊണ്ട് സ്വയം പര്യാപ്തത നേടാൻ കഴിയും. ടെറസ് കൃഷി, ലംബകൃഷി, തിരിനന, മിനി ഡ്രിപ് യൂണിറ്റ്, കംപോസ്റ്റിങ്ങ് സംവിധാനങ്ങൾ കഴിയുന്നത്ര വീടുകളിൽ ആരംഭിക്കുക.

2	കീട-രോഗബാധ	നല്ല കാർഷിക മുറകൾ പ്രാവർത്തികമാക്കുക	സുരക്ഷിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക	സുരക്ഷിത നിയന്ത്രണ മാർഗങ്ങൾ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുക. എല്ലാ വീടുകളിലും പച്ചക്കറി കൃഷി നിർബന്ധമാക്കുക.പ്രാദേശിക വിള ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക
3	കാലാവസ്ഥ വ്യതിയാനം	സമ്പൂർണ്ണ വിള ഇൻഷ്വറൻസ്	കാലാവസ്ഥ വ്യതിയാനം അതി ജീവിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ പ്രാപ്തരാക്കുക. മഴമറ കൃഷി, പോളി ഹൗസ്, കൃത്യതാ കൃഷി, മണ്ണില്ലാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക	വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് പദ്ധതികൾ നടപ്പിലാക്കുക
4	മാർക്കറ്റിങ്ങിന്റെ അപര്യാപ്തത	ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് കൃത്യമായ വിപണന സംവിധാനം	നിലവിലുള്ള ബ്ലോക്ക് ലെവൽ ഫെഡറെറ്റഡ് ഓർഗനൈസേഷൻ, ക്ലസ്റ്റർ പദ്ധതിയിൽ ആഴ്ച്ചച്ചന്ത, ഇക്കൊഷോപ്പ് മുതലായവ ഊർജിതമാക്കുക. വി. എഫ്.പി.സി.കെ. ഹോർട്ടി കോർപ്പ് വഴി സംഭരണം മെച്ചപ്പെടുത്തുക	എല്ലാ പഞ്ചായത്തിലും സംഭരണ ഔട്ട്ലെറ്റുകൾ. തുറക്കണം
5	മൂല്യ വർദ്ധിത സൗകര്യങ്ങളുടെ അപര്യാപ്തത	മൂല്യ വർദ്ധനവ്	കുടുംബശ്രീ ഗ്രൂപ്പുകൾ, ആത്മ ഗ്രൂപ്പുകൾ വ്യക്തികൾ എന്നിവർക്ക് പരിശീലനം നൽകുക അച്ചാറുകൾ, കൊണ്ടാട്ടം, സോപ്പുകൾ , ഹൽവ, പേട, സ്ക്വാഷ്, സൗന്ദര്യ വർദ്ധകങ്ങൾഎന്നിവയുടെ യൂണിറ്റുകൾ പ്രാദേശികാടിസ്ഥാനത്തിൽ സ്ഥാപിക്കുക	വിപണനത്തിനായി ജില്ലാപഞ്ചായത്ത് കുടുംബശ്രീ മിഷനുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കുക, ഡി.ഐ.സി കൾ വഴി കോമൺഫസിലിറ്റി സെന്ററുകൾ ആരംഭിക്കുക
6	യന്ത്രവല്കരണത്തിന്റെ അപര്യാപ്തത	യന്ത്രവല്കരണം സാധ്യമാക്കൽ	പച്ചക്കറി കൃഷിക്ക് അനുയോജ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുക. (കളപറിക്കൽ, നിലമൊരുക്കൽ, ഇടയിളക്കൽ തുടങ്ങിയവ)	യന്ത്രങ്ങൾക്കുപരമാവധി സബ്സിഡിയും പരിശീലനവും ഉറപ്പാക്കുക
7	ബ്രാൻഡിങ്ങിന്റെ അഭാവം	സുരക്ഷിത പച്ചക്കറിക്ക് കർഷക ർക്ക് അധിക ലാഭം	ജി. എ. പി സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക, ജി. എ. പി പദ്ധതി വിപുലമാക്കുക	ജി. എ. പി സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക, ജി. എ. പി പദ്ധതി വിപുലമാക്കുക

വാഴ കൃഷി

ജില്ലയിലെ വാഴകൃഷി ചെയ്യുന്ന വിസ്തീർണ്ണം 11440 ഹെക്ടർ ആണ് എന്നാണ് കണക്കുകൾ പറയുന്നത്. എന്നാൽ വീട്ടുവളപ്പിലെ വാഴകൃഷിയെക്കൂടി പരിഗണിച്ചാൽ വിസ്തീർണ്ണം വളരെ കൂടുതലാണെന്ന് കാണാം. വീട്ടുവളപ്പിലെ വാഴകൃഷി ശ്രദ്ധ ആവശ്യമുള്ള മേഖലയാണ്. നെൽകൃഷി നിന്നു പോയ നികത്തപ്പെട്ട (പണ)നിലങ്ങളിലാണ് വാഴ കൂടുതലായും കൃഷി ചെയ്യുവരുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം ചെയ്യുന്നതിനും കുമ്മായം, ഡോളോമൈറ്റ് എന്നിവ പ്രയോഗിക്കുന്നതിനും ബോധവൽക്കരണവും പദ്ധതിയും ആവശ്യമാണ്. എല്ലാ വാഴത്തോപ്പുകളിലും ഇടവിള കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യണം. കൊല്ലം ജനതയെ സംബന്ധിച്ച് ഏറ്റവും കൂടിയ അളവിൽ ഉപയോഗിക്കുന്ന ഫല വർഗമാണ് വാഴപ്പഴം. പോഷക സുരക്ഷയിൽ വാഴപ്പഴം കഴിഞ്ഞു മാത്രമെ മറ്റു ഫല വർഗ്ഗങ്ങൾക്ക് സ്ഥാനമുള്ളു. ഔഷധ മൂല്യമുള്ള ഇനമായ കദളി വളരെ വിപണന മൂല്യമുള്ള വാഴയിനമാണ്. പല വാഴയിനങ്ങളും പച്ചക്കറിയായും ഉപ യോഗിച്ചു വരുന്നു, കൂടാതെ വാഴക്കൂമ്പ്, വാഴക്കുല വെട്ടിക്കഴിഞ്ഞതിനു ശേഷമുള്ള വാഴപ്പിണ്ടി എന്നിവയും പച്ചക്കറികളായി ഉപയോഗിക്കുന്നുണ്ട്. വാഴനാരിനും വ്യാവസായിക പ്രാധാന്യമുണ്ട്. പ്രകൃതി സൗഹാർദ്ദ ബാഹുകളും പായയും മറ്റും ചെറിയ പരിശീലനത്തിലൂടെ അവയിൽ നിന്നും നിർമ്മിക്കാവുന്നതേയുള്ളു. കുടുംബശ്രീ വഴി ഈ മാതിരി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയകരമാക്കാവുന്നതാണ്. അതു പോലെ ബേബി ഫുഡ് ആയും ആരോഗ്യ ഭക്ഷണമായും പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന ഒന്നാണ് നേന്ത്രക്കായ ഉണക്കിപ്പൊ ടിച്ചെടുക്കുന്ന ഉല്പന്നം. ഇത് പ്രാദേശികാടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്ത് വിപണനം നടത്താവുന്നതാണ്. കുടുംബശ്രീ വഴിയോ കർഷക കൂട്ടായ്മ വഴിയോ ഇതു സാദ്ധ്യമാക്കാവുന്നതാണ്. ജൈവ കൃഷിയനുവർത്തിച്ചാൽ ഓർഗാനിക് പ്രോഡക്ട് ആയി ബ്രാൻഡ് ചെയ്ത് ഡിമാന്റ് കൂട്ടാം.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
ഉല്പാദനക്ഷമത കുറവ്	ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക	സംയോജിത വളപ്രയോഗം, കീട രോഗ നിയന്ത്ര ണത്തിനുള്ള പദ്ധതിയും സഹായവും, ജൈവകൃഷി ,കീട രോഗനിർമാർജ്ജനത്തിന് കാമ്പയിൻ ഫണ്ട് അനുവദിക്കുക, വാഴക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റു പദ്ധതികൾ	കൃത്യതാ കൃഷി സമ്പ്രദായം
വില സ്ഥിരതയില്ലായ്മ	കർഷകന് മികച്ച വില ലഭ്യമാക്കുക	അധിക ഉല്പാദനം ഉണ്ടാകു മ്പോൾ സർക്കാർ തലത്തിൽ താങ്ങു വില ഏർപ്പെടുത്തുക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാകുന്നതിനു വേണ്ട സാഹചര്യം ഉണ്ടാക്കുക	സ്ഥായിയായ വില ലഭ്യമാക്കുക
വീട്ടുവളപ്പ് കൃഷിയിൽ ശാസ്ത്രീയ പരിചരണ മുറകൾനടപ്പാക്കാതെയു ള്ള കൃഷിരീതികൾ	ശാസ്ത്രീയ പരിചരണമുറകൾ നടപ്പിലാക്കി ഉത്പാദനക്ഷമത വർധിപ്പിക്കുക	ശാസ്ത്രീയ കൃഷി രീതികളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പരിശീലനം നൽകുകയും പദ്ധതികൾ രൂപീകരിക്കുകയും ചെയ്യുക	സ്ഥായിയായ ഉദ്പാദന വർദ്ധനവ്
ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യതയില്ലായ്മ	ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യത ഉറപ്പുവരുത്തുക	സർക്കാർ ഫാമുകളിൽ നിന്നും വാഴകന്നുകളുടേയും, ടിഷ്യു കൾച്ചർ വാഴ തൈകളുടേയും ലഭ്യത ഉറപ്പുവരുത്തുക,	പ്രാദേശിക അടിസ്ഥാ നത്തിൽ ടിഷ്യുകൾച്ചർ ലാബുകൾ സ്ഥാപിക്കുക

		അംഗീകൃത നഴ്സറികൾക്ക് ലൈസൻസ് ഉറപ്പുവരുത്തുക	
ജലസേചന സൗകര്യക്കുറവ്	ജലസേചന സൗകര്യം വർധിപ്പിക്കുക	ചെറിയ തോട്ടങ്ങൾക്ക് അനുസൃതമായ കണിക ജലസേചന പദ്ധതികൾക്ക് സബ്സിഡി നടപ്പിലാക്കുക	ഉദ്പാദന വർദ്ധനവ്
മൂല്യവർദ്ധനയ്ക്കുള്ള സംരംഭങ്ങളില്ലാത്തത്	മൂല്യവർദ്ധനയ്ക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക	ജാം, സ്ക്വാഷ്, ഉപ്പേരി, വാഴ നാരുൽപന്നങ്ങൾ, തുടങ്ങി യ മൂല്യവർദ്ധനയ്ക്കുള്ളസം രംഭങ്ങൾനടപ്പിലാക്കുന്നതിനു സബ്സിഡി നൽകുക	കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സാങ്കേതിക സഹായത്തോടെ മൂല്യ വർദ്ധനയ്ക്കായി കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക.

കിഴങ്ങുവർഗ്ഗ വിളകൾ

ജില്ലയിലെ മരച്ചീനിയുൾപ്പെടെ മൊത്തം കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതി 18168 ഹെക്ടറാണ്. കിഴങ്ങു വർഗ്ഗ വിളകളുടെ ഉൽപ്പാദനം മാറ്റമില്ലാതെ തുടരുന്നു. ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ, സുരക്ഷിത ഭക്ഷണം, കൂടിയ ഉൽപ്പാദന ക്ഷമത, മഴയെ ആശ്രയിച്ചു വളരാനുള്ള കഴിവ്, കുറഞ്ഞ പരിപാലന ച്ചെലവ്, ജൈവ കൃഷിക്കനുയോജ്യത ഇങ്ങനെ പല അനുകൂല ഘടകങ്ങളും കിഴങ്ങുവർഗ്ഗ വിളകൾക്കുണ്ട്. അതുകൊണ്ടുതന്നെ നിലവിലുള്ള ഉൽപ്പാദനക്ഷമത ഇരട്ടിയാക്കാനായുള്ള സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ മേഖല ഉൽപ്പന്നത്തിന്റെ വിലസ്ഥിരതയില്ലായ്മ, ഒരേ സമയത്തുള്ള വിളവെടുപ്പ് മൂലമുള്ള വിലയിടിവ്, ഉൽപ്പാദന ക്ഷമത കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ യഥാസമയം വലിയ അളവിൽ ലഭ്യമാകാത്തത്, മൂല്യവർദ്ധനയ്ക്കുള്ള സംവിധാനങ്ങളുടെ അഭാവം എന്നീ വെല്ലുവിളികൾ ഇന്ന് നേരിടുന്നു. അനുകൂല ഘടകങ്ങളെ പരമാവധി ഉപയോഗിച്ചും, പ്രതികൂലഘടകങ്ങളെ അനുകൂലമാക്കുന്നതിനുള്ള നടപടികളിലൂടെയും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇതിനായി ചില പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ജില്ലയിലെ ഫാമുകളുടെ ശാക്തീ കരണത്തിലൂടെ നടീൽ വസ്തുക്കളുടെ അപര്യാപ്തത പർമാവധി പരിഹരിക്കാനാവും.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
വില സ്ഥിരത യില്ലായ്മ	കർഷകന് മികച്ച വില ലഭ്യമാകണം	വിള വൈവിധ്യം , പരമ്പ രാഗത വിളകൾ (കൂവ, നനകിഴങ്ങ്, മുക്കിഴങ്ങ് എന്നിവ കൂടുതൽ കൃഷി ചെ യ്യുക. ഇതിനായി പദ്ധതികൾ രൂപീകരിക്കുക ധനസഹായം നൽകുക	വ്യക്തമായ പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കുക.ബ്ലോക്ക്-ജില്ലാ അടിസ്ഥാനത്തിൽ വിപണന സംവിധാനം നടപ്പി ലാക്കുക. കിഴങ്ങ് വർഗ്ഗ വിള കൾക്കായി ഒരു സ്പെഷ്യൽ അഗ്രി സോണിനുള്ള സാധ്യത പ്രയോജന പ്പെടുത്തി സംസ്കരണ-വിപണന (സ്റ്റാർച്ച് കാലി ത്തീറ്റ, കോഴിത്തീറ്റ) സംവിധാനങ്ങൾ ആവിഷ്കരി ക്കാൻ ഗവണ്മെന്റ് പദ്ധതി
ഉല്പാദനക്ഷമത കൂടിയ ഇനങ്ങ ളുടെ നടീൽ വസ്തുക്കൾ കൂടിയ അളവിൽ	ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കർഷകർക്കിടയിലും	ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ വ്യാപനം ഉത്പാദന വർദ്ധന അതുവഴി അധിക ആദായം	രുചിയും ഉല്പാദനക്ഷമതയും സ്വീകാര്യതയും കൂടിയ ഇന ങ്ങളുടെ നടീൽ വസ്തുക്കൾ ഉണ്ടാക്കുന്നതിനു ഫാമുകളും

യഥാ സമയം ലഭ്യമല്ല	ഫാമുകളിലും ഉത്പാദിപ്പിക്കുക.		ഗവേഷണ കേന്ദ്രങ്ങളുമായി സംയോജി തമായി പദ്ധതികൾ നടപ്പിലാക്കുക
മൂല്യവർദ്ധനയ്ക്കുള്ള സംവിധാന ങ്ങളുടെ അഭാവം	മൂല്യവർദ്ധനവ് ഉറപ്പുവരുത്തുന്നതിലൂടെ കർഷകർക്ക് മികച്ച ആദായം	മൂല്യവർദ്ധനവ് ഉറപ്പുവരുത്തുന്നതിന്പദ്ധതി നടപ്പിലാക്കുക	മൂല്യവർദ്ധനയ്ക്ക് വ്യവ സായകേന്ദ്രങ്ങൾവഴി യന്ത്രങ്ങൾ ഉണ്ടാക്കുകയും പദ്ധതി രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുക

സുഗന്ധ വ്യഞ്ജനങ്ങൾ

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ, കറുകപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനവിളകൾ ഉൽപ്പാദ നത്തിലും, വിസ്തൃതിയിലും വലിയ മാറ്റമില്ലാതെ തുടരുന്നു. 4320 ഹെക്ടറാണ് നിലവിലെ വിസ്തൃതി. ആഗോള വിപണിയിലെ വില വ്യതിയാനങ്ങൾ ഈ മേഖലയെ ഗ്രാമീണതലത്തിൽ വരെ സ്വാധീനിക്കുന്നു. വരൾച്ച പോലുള്ള പ്രകൃതി ദുരന്തങ്ങൾ, വില സ്ഥിരതയില്ലായ്മ, ഉൽപ്പാദനശേഷി കൂടിയ ഇനങ്ങൾ യഥാസമയം ആവശ്യത്തിനു ലഭിയ്ക്കാത്ത അവസ്ഥ, ജൈവവളങ്ങളുടെ അപര്യാപ്തത, മൂല്യവർദ്ധന സൗകര്യങ്ങൾ യഥാവിധി ലഭ്യമല്ലാത്ത അവസ്ഥ എന്നിവയാണ് ഈ മേഖല നേരിടുന്ന വെല്ലുവിളികൾ. താരതമ്യേന വിസ്തൃതി കുറഞ്ഞ വിളകൾ ആയ കറുവ, ഗ്രാമ്പൂ, ജാതി എന്നിവ കളുടെ വ്യാപനം കൊല്ലം ജില്ലയെ സംബന്ധിച്ച് സാദ്ധ്യത ഉള്ള ഒരു മേഖലയാണ്. ഒരിക്കൽ ജില്ലയിലെ കർഷകർ താല്പര്യത്തോടെ ആരംഭിക്കുകയും ശരിയായ വിളവെടുക്കാൻ തുടങ്ങുന്നതിനു മുമ്പ തന്നെ വളരെപ്പെട്ടെന്ന് പിന്മാറുകയും ചെയ്ത വാനില കൃഷി ഇന്നും സാദ്ധ്യതകൾ ഉള്ള ഒരു മേഖല എന്ന നിലയിൽ തുടരുന്നു. കർഷകരെ സംബന്ധിച്ചിടത്തോളം റബ്ബറിനോടൊപ്പമോ അതിലേറെയോ നാണ്യവിള സ്റ്റാറ്റസ് ഉള്ളവയാണു മിക്ക സുഗന്ധ വ്യഞ്ജന വിളകളും.

കശുമാവ് കൃഷി

ജില്ലയിലെ മൊത്തം വിസ്തൃതി 1304 ഹെക്ടറാണ്. റബർകൃഷിയുടെ വ്യാപനത്തോടെ കശുമാവ്കൃഷിയുടെ വിസ്തൃതി കുറഞ്ഞു. മാത്രമല്ല 75% തോട്ടങ്ങളും പുനരുദ്ധാരണം ചെയ്യേണ്ട സ്ഥിതിയിലുമാണ്. മികച്ച വിലയും സംസ്കരണ സംവിധാനവും ഉള്ളതിനാൽ കൃഷി വ്യാപിപ്പിക്കണം. സബ്സിഡി പാക്കേജ് നിലവിലില്ലാത്തതും, ജലസേചിതകൃഷി പ്രചാരത്തിലില്ലാത്തതും കൊമ്പുണക്കം, തേയിലക്കൊതുക് തുടങ്ങിയ കീടരോഗ പ്രശ്നങ്ങളും അടങ്ങിയ വെല്ലുവിളികൾ ഈ മേഖല നേരിടുന്നു. കശുമാവ് കൃഷി വ്യാപനത്തിനും ഉല്പാദന വർദ്ധനവിനുമായി വിവിധ പദ്ധതി നിർദ്ദേശങ്ങൾ വയ്ക്കുന്നു.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
കൃഷിക്ക് സബ്സിഡി പാക്കേജ് ഇല്ല	കൃഷിക്ക് സബ്സിഡി പാക്കേജ്	വിസ്തൃതി വർദ്ധിപ്പിക്കു ന്നതിനായി സൗജന്യ നിരക്കിൽ തൈകൾ നൽകുക. നിലവിലുള്ള സംസ്കര ണ ശാലകളുടെ ആവശ്യത്തിന് കശുവണ്ടി ഉത്പാദനം നട ത്തണം. കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാൽ വശ ങ്ങളിൽ കശുമാവ് വച്ച്പിടി പ്പിക്കാൻ പദ്ധതി. പൊതു സ്ഥലങ്ങളിലും റോഡുവ ക്കിലും കശുമാവ് വച്ചുപിടിപ്പിക്കാൻ പദ്ധതി	മുന്തിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ യഥാ സമയം നൽകു ന്നതോടൊപ്പം വളം സസ്യ സംരക്ഷണ വസ്തുക്കൾ ജലസേചന സംവിധാനങ്ങൾഉൾപെടുത്തി പാക്കേജ് തയ്യാറാക്കുക

കൊമ്പുണക്കം, തേയില കൊതുക് തുടങ്ങിയ കീട രോഗ പ്രശ്നങ്ങൾ	കീടരോഗങ്ങൾ നിയന്ത്രണ വിധേയമാക്കി ഉദ്പാദന വർദ്ധനവ് ഉറപ്പുവരുത്തുക	കീട രോഗ നിയന്ത്രണ മാർഗങ്ങൾക്ക് കാമ്പയിൻ സംഘടിപ്പിച്ച കീട രോഗ നിയന്ത്രണ ഉപാധികൾക്ക് സബ്സിഡി നൽകുക	ജിഎ.പി (ഉത്തമ കാർഷിക മുറകൾ)
ജില്ലയിലെ കശുവണ്ടി ഫാക്ടറികളിൽ ആവശ്യത്തിനു തോട്ടണ്ടി ലഭിക്കാത്ത അവസ്ഥ	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപനവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപനവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപനവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക

ഹോർട്ടികൾച്ചറൽ വിളകൾ (മാവ്, പ്ലാവ്, മറ്റു ഫല വൃക്ഷങ്ങൾ, പപ്പായ,പൈനാപ്പിൾ, കുടമ്പുളി തുടങ്ങിയവ

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അഭാവം	ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉറപ്പുവരുത്തി വിസ്തൃതി വർധിപ്പിക്കുക	സർക്കാർ ഫാമുകൾ ശക്തിപെടുത്തൽ, പ്രൈവറ്റ് നഴ്സറികളുടെ ഗുണമേന്മ ഉറപ്പുവരുത്തുക സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക	ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സുലഭമാക്കുക
വാണിജ്യ കൃഷിയുടെ അഭാവം	വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കുക	വാണിജ്യ കൃഷിക്ക് സബ്സിഡി നൽകുക, ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്	സ്ഥായിയായ വരുമാനം ലഭ്യമാക്കുക
വിപണന —സംസ്കരണ സംവിധാനങ്ങളുടെ അഭാവം	വിപണന — സംസ്കരണ സംവിധാനം	അച്ചാറുകൾ,കൊണ്ടാട്ടം, സോപ്പുകൾ , ഹൽവ, പേട, സ്ക്വാഷ് സൗന്ദര്യ വർദ്ധകങ്ങൾഎന്നിവയുടെ യൂണിറ്റുകൾ പ്രാദേശികാടിസ്ഥാനത്തിൽ സ്ഥാപിക്കുക	ജില്ല അടിസ്ഥാനത്തിൽ വിപണന സംസ്കരണ സംവിധാനങ്ങൾ ഏർപ്പാടുചെയ്യുക.
പൊതുസ്ഥലങ്ങളിലും സാമൂഹ്യ വനവൽക്കരണത്തിനും മാവ്, പ്ലാവ്,എന്നിവ ഉപയോഗിക്കാത്ത അവസ്ഥ	പൊതുസ്ഥലങ്ങളിൽ, സാമൂഹ്യ വന വൽക്കരണം തുടങ്ങിയ ആവശ്യങ്ങൾക്ക്, മാവ്,പ്ലാവ്, കശുമാവ് എന്നിവ മാത്രം ഉപയോഗിക്കുന്ന അവസ്ഥ.	ഫാമുകൾ ശാക്തീകരണം നടത്തി ആവശ്യത്തിനു തൈകൾ ഉല്പാദിപ്പിക്കുക.	ഫലവൃക്ഷങ്ങൾ ഉൾപ്പെടുത്തി സമ്പൂർണ്ണ സാമൂഹ്യ വനവൽക്കരണം

മേജർ ഇറിഗേഷൻ

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല പരിപ്രേക്ഷ്യം	ദീർഘകാല പരിപ്രേക്ഷ്യം
പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെ അവസ്ഥ			
അഷ്ടമുടിക്കായലിലെ ജലമൊഴുക്ക് തടസ്സം, കയ്യേറ്റം ജൈവ അജൈവ മാലിന്യനിക്ഷേപവും	ജലസ്രോതസ് മാലിന്യമുക്തമാക്കുക	കായലിലെ പലഭാഗങ്ങളിലും പ്രത്യേകിച്ച് നീണ്ടകര പാലത്തിൻ കിഴക്കും തെക്കുംഭാഗം കാവനാട് ഭാഗത്തിൽ ആഴംകൂട്ടുക	കൈയ്യേറ്റം ജൈവ അജൈവ മാലിന്യ നിക്ഷേപങ്ങൾ നീക്കം ചെയ്യുക
ശാസ്താംകോട്ട തടാകത്തിൽ പാരിസ്ഥിതിക സന്തുലനാവസ്ഥ നഷ്ടപ്പെടുകയും അതുവഴി ജലാശയം വിസ്മൃതിയിലാകുകയും ചെയ്യാം	തടാകത്തിന്റെ സംരക്ഷണവും പുനരുദ്ധാരണവും	ബോധവൽക്കരണം നടത്തുക, പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാനേജ് മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി പദ്ധതികൾ തയ്യാറാക്കുക	മോയിസ്ചർ പിറ്റിന്റെ നിർമ്മാണം റബ്ബിൾ പിച്ഡ് ബണ്ടിന്റെ നിർമ്മാ ണംകയർ ഭൂവസ്ത്രം ഉപ യോഗിച്ചുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണം Renomatresses for retaining unstable Hillocks ക്രോസ് റുകളുടെ നിർമ്മാ ണം റീചാർജ് ചെയ്യുന്ന തിനായി കിണറു കളുടെ നിർമ്മാ ണംഗാബി യോൺ വർക്ക്- റബ്ബിൾ ഗള്ളി ചെക്ക്ഡൈ വേസ്റ്റണൽ ചാനലുകളുടെ നിർമ്മാണം അമ്പലക്കടവ്, വെട്ടേലിക്കടവ് എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം അമ്പലക്കടവ്, വെട്ടേലിക്കടവ് എന്നിവിടങ്ങളിൽ ബോട്ടു ജെട്ടികളുടെ നിർമ്മാണം അമ്പലക്കടവിൽ പടിപ്പുരയുടെ കോളേജ് റോഡ് അമ്പലക്കടവ് വരെ പുനരുദ്ധരിക്കുന്നത് വേലി നിർമ്മാണം
ഇത്തിക്കര ആറിന്റെ ജലലഭ്യതകുറവ്	ആറിന്റെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി ചെക്ക് ഡാമുകൾ നിർമ്മിക്കുക	ആവശ്യമായ സ്ഥലങ്ങളിൽ മൺബണ്ടുകൾ നിർമ്മിക്കുക	കോട്ടുക്കൽ ചെക്ക് ഡാം ചടയമംഗലം ചെക്ക് ഡാം അരിക്കന്നൂർ ചെക്ക് ഡാം പകൽക്കുറി ചെക്ക് ഡാം മണ്ണയം കടവ് ചെക്ക് ഡാം, സ്റ്റോറേജ് വെയർ D/S മണ്ണയം ചെക്ക് ഡാം, ഞവരൂർ കടവ് ചെക്ക്ഡാം
പള്ളിക്കലാറിൽ ജലദൗർലഭ്യം	നദിയുടെ പുനരുജീവന	പള്ളിക്കൽ ഡാം, മണ്ണട്ട ഡാം എന്നിവയുടെ പുനരുദ്ധാരണം.	പള്ളിക്കലാറിനും മറ്റ് അനുബന്ധതോടുകൾക്കും

	നവീകരണ സംരക്ഷണ പ്രവർത്തികൾ	കയർഭൂവസ്ത്രംഉപയോഗിച്ച് നദിയുടെ വശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നത്. പള്ളിക്കലാറിൽ വിവിധ ഭാഗങ്ങളിലായി കടവ്, കുളിക്കടവ്, എന്നിവ. വരൾച്ചാ സമയത്ത് ജലലഭ്യ തയ്ക്ക് വേണ്ടി പലസ്ഥലങ്ങളിലും ചെക്ക്ഡാം നിർമ്മി ക്കുക. LI/KWA പമ്പിംഗ് സ്റ്റേഷൻ പുനരുദ്ധാരണം നദിയിൽ ആഴംകൂടിയ സ്ഥല ങ്ങളിൽ അടിയണ നിർ മ്മിക്കുന്നത്. പ്ലാസ്റ്റിക്ക് മാലി ന്യങ്ങൾ ആറിൽ നിക്ഷേ പിക്കുന്നത് തടയാൻ തുടർച്ചയായ വേലികളും, സൂചകങ്ങളും കാമറയും, സ്ഥാപിക്കുന്ത്.ആറ്റിൽ വീണു കിടക്കുന്ന മരങ്ങളും മാലിന്യവും വൃത്തിയാക്കുന്നത്. പള്ളിക്കലാറിന്റെ വശങ്ങളിൽ മുളയും കണ്ടൽക്കാടും വച്ചുപിടിപ്പിക്കുന്നത്.	ജലസംരക്ഷണം, അപകടകരമായ രീതിയിൽ മണ്ണിടിച്ചിൽ ഉണ്ടായ പ്രദേശങ്ങളിൽ കോൺക്രീറ്റ് /പാറ കൊണ്ടുള്ള സംരക്ഷണ ഭിത്തി നിർമ്മാണം.
കല്ലടയാറിലെ അശാസ്ത്രീയമായ രീതിയിലുള്ള മണൽ വാരൽ കാരണം നദിയി ലെ ജലലഭ്യത കുറവ് മൺറോതുരുത്ത് ഉപ്പുവെള്ളം കയറുന്നു	ചെക്ക് ഡാം റഗുലേറ്റർ എന്നിവ സ്ഥാപിക്കുക	കല്ലടയാറ്റിൽ കടപുഴഭാഗത്ത് ഉപ്പുവെള്ളം കയറാതെ റഗുലേറ്റർ സ്ഥാപിക്കുക	വിവിധ ഭാഗങ്ങളിൽ തടയണ സ്ഥാപിക്കുക

2017-18 ൽ നടപ്പിലാക്കുന്ന വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനവും അവ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും (അദ്ധ്യായം -5 കാണുക)

പട്ടിക 4.1.12

2017-18 ൽ വിവിധ തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളും വകയിരുത്തലുകളും

ക്രമനം	പദ്ധതിയുടെ പേര്	വകയിരുത്തിയിരിക്കുന്ന തുക
1	നെൽ കൃഷിവികസനം	78644381
2	പച്ചക്കറി കൃഷി വികസനം	52062175
3	കാർഷിക ഉല്പന്നങ്ങൾക്ക് വിപണന സംവിധാനം	9165200
4	വാഴകൃഷി വികസനം	18452777
5	കശുമാവ് കൃഷി വികസനം	83444855
6	തേനീച്ചകൃഷി	1500000
7	നഴ് സറി വികസനം	600000

8	മണ്ണിരകമ്പോസ്റ്റ് യൂണിറ്റ്	1199000
9	പ്രദർശന തോട്ടങ്ങൾ	8444064
10	കേരവികസന പദ്ധതി	38380850
11	പഴവർഗ്ഗവികസനം	7686400
12	ഔഷധ സസ്യവികസനം	50000
13	വനിത ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്	300000
14	ജൈവ കിഴങ്ങുകൃഷി	6578825
15	സമഗ്ര പുരയിടകൃഷി	15098590
16	പുഷ്പകൃഷി	4986250
17	കരുമുളക് കൃഷിവ്യാപനം	5280525
18	ഇടവിളകൃഷി	14685758
19	എള്ള് കൃഷി	7500
20	ബയോഗ്യാസ്	3979500
21	വെറ്റില കൃഷി	1525000
22	ജാതി കൃഷി	99000
23	കമുക് കൃഷിവികസനം	75000
24	ജലസം രക്ഷണ പ്രവർത്തനങ്ങൾ	6714313
25	യന്ത്രവല്ക്കരണം	2364800
26	കർമ്മസേന	2905000
27	മൽസ്യകൃഷി	450000
	ആകെ	**289129763**

പദ്ധതി നിർവ്വഹണം നിലവിലെ വിടവുകൾ

1. ത്രിതല പഞ്ചായത്തുകൾ

1. ഗുണഭോക്തൃലിസ്റ്റിൽ പദ്ധതികൾ ഏറ്റെടുക്കാൻതാല്പര്യമില്ലാത്തവർ കടന്നുകൂടുന്നു.
2. അർഹരായ കർഷകർ പലകാരണങ്ങൾ കൊണ്ടും ഗുണഭോക്തൃപട്ടികയിൽ പെടുന്നില്ല.
3. ഗുണഭോക്തൃവിഹിതം അടയ്ക്കാൻ കർഷകർക്കുള്ള വിമുഖത ഫണ്ട് വിനിയോഗത്തിന് തടസ്സമാകുന്നു.
4. ഉല്പാദന മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിന് ഫണ്ട് ചെലവഴിക്കുന്നില്ല
5. ഓരോ ഘടകത്തിലും വിവിധ തലങ്ങളിൽ ഫണ്ട് വയ്ക്കുന്നത് അധിക ജോലി ഭാരത്തിനിടയാക്കുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉല്പാദനമേഖലയിലെ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഗുണഭോക്തൃവിഹിതം അടച്ച് ഉല്പാദനോപാധികൾ കൈപ്പറ്റുന്നതിനുള്ള വിമുഖത ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നു. പദ്ധതി മാർഗ്ഗരേഖകൾ ഭേദഗതി ചെയ്യുകയോ കർഷകരുടെ അദ്ധ്വാനം ഗുണഭോക്തൃവിഹിതമായി വകയിരുത്താനുള്ള അനുമതി നല്കുകയോ ചെയ്താൽ നന്നായിരിക്കും
2. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഫണ്ട് വിനിയോഗിക്കാൻ വേണ്ടത്ര അപേക്ഷകരില്ലാതെ വന്നാൽ അഡീഷണൽ ലിസ്റ്റിന് അനുമതി നല്കാൻ പഞ്ചായത്ത് കമ്മിറ്റികൾക്ക് അധികാരം നല്കിയാൽ നന്നായിരിക്കും.
3. ത്രിതല പഞ്ചായത്തുകൾക്കുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുള്ള ഫണ്ടുകൾ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി വിഹിത ശതമാനം ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുക.
4. കൃഷിഭവനുകളെ കാർഷിക സേവനകേന്ദ്രങ്ങളും സസ്യാരോഗ്യക്ലിനിക്കുകളുമാക്കി മാറ്റുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുംഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുക.

5. ആശുപത്രികളിൽ നിന്നും പൊതുജനത്തിന് സൗജന്യമായോ സൗജന്യനിരക്കിലോ മരുന്നുകൾ ലഭിക്കുന്നത് പോലെ കൃഷിഭവനുകളിലും അഗ്രോഫാർമസികൾ ആരംഭിച്ച് കർഷകർക്ക് മികച്ച സേവനങ്ങൾ നല്കുക.
6. കാർഷിക സേവനസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ എന്നിവയ്ക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ മാർഗ്ഗരേഖ ഉണ്ടാക്കുക.
7. ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലും സ്ഥാപന രൂപവൽക്കരണത്തിലും ശ്രദ്ധയൂന്നുകയും എതു തരം കൃഷിക്കും നേരിട്ടുള്ള ഉല്പാദനത്തിനുമുള്ള ഫണ്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നല്കുകയും ചെയ്യുക.
8. ഒരേ ഘടകത്തിൽ വ്യത്യസ്ഥതലത്തിലുള്ള പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നത് അനാവശ്യ അദ്ധ്വാനത്തിനു കാരണമാകുന്നു. അവ പൂർണ്ണമായും ഗ്രാപഞ്ചായത്തുകൾക്ക് അനുവദിക്കേണ്ടതാണ്. (ഉദാ. നെല്ല്, പച്ചക്കറി കൃഷിക്കുള്ള ഉഴവ്കൂലി)
9. ജനകീയാസൂത്രണപദ്ധതികൾക്ക് ഓൺ ലൈൻ വഴിയും അപേക്ഷിക്കാൻ സൗകര്യമൊരുക്കിയാൽ നന്നായിരിക്കും.
10. ജനകീയാസൂത്രണ പദ്ധതികൾക്കാവശ്യമായ ഗുണമേന്മയുള്ള ജൈവവസ്തുക്കൾ മിതമായ നിരക്കിൽ പാക്ക് ചെയ്ത് നല്കാൻ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗകര്യമൊരുക്കുക.
11. പ്ലാൻ ഫണ്ട് ഉപയോഗിച്ച് കാർഷിക വികസന സൗകര്യമൊരുക്കാൻ കുടുംബശ്രീ സി.ഡി.എസുകൾക്കും സഹകരണസ്ഥാപനങ്ങൾക്കും അവസരമൊരുക്കുക.
12. മൂല്യവർദ്ധനവിനായി കോമൺ ഫെസിലിറ്റി സെന്ററുകൾ വ്യവസായവകുപ്പും കുടുംബശ്രീയും കേരള കാർഷിക സർവ്വകലാശാലയും ജില്ലാപഞ്ചായത്തും ചേർന്ന് ആരംഭിക്കുക.
13. കേരഗ്രാമം പദ്ധതി ഒരു വർഷം 10 കൃഷിഭവനുകൾ എന്ന തോതിൽ 7 വർഷം കൊണ്ട് ജില്ലയിലെ എല്ലാ കൃഷിഭവനുകളിലും നടപ്പിലാക്കാനുള്ള ഫണ്ട് അനുവദിക്കുക. അതിന്റെ ഭാഗമായി വാർഡ് തലത്തിൽ കേരസംരക്ഷണസമിതികളും പഞ്ചായത്ത്തലത്തിൽ നാളീകേര ഉല്പാദകസമിതികളും രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. അവയുടെ പ്രവർത്തനം നാളീകേര വികസന ബോർഡുമായി സംയോജിപ്പിക്കുക.
14. റബ്ബർ ബോർഡുമായി ചേർന്ന് പുതു കൃഷിചെയ്യുന്ന കർഷകർ പച്ചക്കറി, പൈനാപ്പിൾ, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് സംസ്ഥാനതലത്തിൽ രൂപം കൊടുക്കുക.
15. ശുചിത്വമിഷന്റെ സഹായത്തോടെ മുഴുവൻ ക്ഷീരകർഷകർക്കും മേല്പുരയുള്ള വളക്കുഴികളും ബയോഗ്യാസ്പ്ലാന്റുകളും സ്ഥാപിക്കുന്നതിനു പദ്ധതി ആവിഷ്കരിക്കുക.
16. ജനകീയാസൂത്രണം/സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ടെറസ്സ് കൃഷി, ലംബകൃഷി, ശൂന്യോർജ്ജ ശീതികരണികൾ എന്നിവ വീട്ടുവളപ്പിൽ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപംകൊടുക്കുക.
17. സമ്മിശ്രകൃഷി, സംയോജിത കൃഷി, ബഹുനില- ബഹുവിള കൃഷി എന്നിവയ്ക്കുള്ള ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കുക.
18. ഉറവിട മാലിന്യ സംസ്കരണത്തിന് ആകർഷകമായ പദ്ധതികൾ ശുചിത്വമിഷനും കൃഷിവകുപ്പും ചേർന്ന് ആവിഷ്കരിക്കുക
19. പൊതുഭൂമിയിൽ സ്ഥാപനങ്ങളുടെ നേതൃത്വത്തിലോ തല്പരരായ കർഷക കൂട്ടായ്മകൾക്കോ വ്യക്തികൾക്കോ കൃഷി ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പ്രോൽസഹനം ചെയ്യുക.
20. ഭൂഉടമ സ്ഥലത്തില്ലാത്ത കേസുകളിലും, കൃഷിയ്ക്ക് തരിശ്ഭൂമി വിട്ടുനല്കാൻ ഉടമ വിസമ്മതിക്കുന്ന സാഹചര്യത്തിലും എങ്ങനെ ഇടപെടൽ നടത്തണമെന്ന ഒരു പൊതുനിർദ്ദേശം ജില്ലാ ആസൂത്രണസമിതി പുറപ്പെടുവിക്കണം. അത് നിയമപരമായി നിലനിൽക്കത്തക്കതായിരിക്കണം.
21. അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിലും നീർത്തടാധിഷ്ഠിതമായും പദ്ധതികൾ രൂപീകരിക്കുകയും ഫണ്ട് വിഭജനം നടത്തുകയും ചെയ്യുക.
22. കർഷക-കർഷകതൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷ പദ്ധതികൾ സംസ്ഥാനങ്ങൾ ആവിഷ്കരിക്കുക

23. വീട്ടുവളപ്പുകളെ വികസന യൂണിറ്റുകളായി കണ്ടുകൊണ്ട് വീട്ടുവളപ്പുകളെ ഹരിതഭവനങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഫാം പ്ലാൻ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന ഘടകപദ്ധതികൾ പ്രസക്തമാകുന്ന രീതിയിൽ സബ്സിഡി തുക ക്രമീകരിക്കണം.
    - പോഷകത്തോട്ടം- ടെറസ് (ഗ്രോബാഗ്/ചാക്ക്/ചട്ടി)
    - പോഷകത്തോട്ടം — തറയിൽ
    - ഡ്രിപ്കിറ്റ്/മിനികിറ്റ് യൂണിറ്റ്/തിരിനന
    - മേൽക്കൂരയുള്ള കംപോസ്റ്റ്/ചാണകക്കുഴി
    - പോർട്ടബിൾ/ഫിക്സ്ഡ്/ബയോഗ്യാസ് പ്ലാന്റ്
    - ദ്രാവകവളങ്ങൾ ഉണ്ടാക്കാൻ സംവിധാനം
    - ശൂന്യഊർജ്ജശീതികാരി
    - ആട്/പശു/കോഴി/കാട/താറാവ് വളർത്തൽ
    - മീൻ/തേനീച്ച വളർത്തൽ
    - കൂൺ കൃഷി
    - ചെറിയ യന്ത്രങ്ങൾ
    - ജൈവവേലികൾ
    - ചിരസ്ഥായി- പച്ചക്കറി വിളകൾ
    - കിഴങ്ങ് വർഗ്ഗ/വാഴ/സുഗന്ധവിള/തെങ്ങ്-വിസ്തൃതി വ്യാപനം
    - മഴമറ/മിനി പോളിഹൗസ്/etc
24. അഞ്ചുകൊല്ലം കൊണ്ട് എല്ലാ കർഷകർക്കും മണ്ണാരോഗ്യകാർഡ് നല്കുന്നതിനുള്ള പദ്ധതി സോയിൽ സർവ്വെ വകുപ്പുമായി സംയോജിപ്പിച്ചു കൊണ്ട് നല്കാൻ പദ്ധതി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നീർത്തട വികസനം

1. എല്ലാ ഗ്രാമപഞ്ചായത്തുകളും പച്ചക്കറി വിപണനത്തിനായി സൗജന്യമായി പഞ്ചായത്തധീനതയിലുള്ള സൗകര്യങ്ങൾ കർഷക സംഘങ്ങൾക്ക് അനുവദിക്കണം.
2. വീടിനു ചുറ്റും ടൈൽസ് പാകുന്നവരിൽ നിന്നും വെള്ളക്കരം പിരിക്കുക
3. തൊഴിലുറപ്പ് പദ്ധതി വഴി പുരപ്പുറ മഴവെള്ളക്കൊയ്ത്ത് എല്ലാ വീടുകളിലും നിർബന്ധമാക്കുക.
4. ശുചിത്വമിഷന്റെ സഹായത്തോടെ ഉറവിട മാലിന്യനിർമ്മാർജ്ജനത്തിന് സംവിധാനങ്ങൾ എല്ലാവീടുകളിലും സൗജന്യനിരക്കിൽ നല്കുക
5. നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നത്തിൽ ഇടപെടാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുക.
6. മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ, ഷോപ്പുകൾ, ബ്രോയിലർ കോഴി വില്പനശാലകൾ എന്നിവയുടെ ലൈസൻസ് പുതുക്കി നല്കാതിരിക്കുക.

2. പച്ചക്കറി കൃഷി വികസനം

കുടുംബശ്രീ/സഹകരണ ബാങ്കുകൾ/ ക്ലസ്റ്ററുകൾ/കർഷക സംഘങ്ങൾ/സർക്കാരിതര സംഘടനകൾ എന്നിവ വഴി സർക്കാർ നിയന്ത്രണത്തിൽ കർഷക സൗഹൃദ രീതിയിൽ മാന്യമായ വില ഉറപ്പുവരുത്തി ഇക്കോഷോപ്പുകളും റീട്ടെയിൽ വിപണന കേന്ദ്രങ്ങളും ആരംഭിക്കുക.

3. കിഴങ്ങ് വർഗ്ഗങ്ങൾ

കിഴങ്ങ് വർഗ്ഗ വിളകളായ മരച്ചീനി. ചേന, ചേമ്പ്, കാച്ചിൽ, കൂവ എന്നിവ സംസ്കരിച്ച് സ്റ്റാർച്ച് നൂഡിൽസ്, റെഡി ടു ഈറ്റ്, ലഘുഭക്ഷണങ്ങൾ, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉണ്ടാക്കുന്ന പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് സംവിധാനം - വ്യവസായ വകുപ്പ് - കാർഷിക സർവ്വകലാശാല- കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സംയോജനം വഴി.

4. പുഴയോര സംരക്ഷണം

വാണിജ്യ പ്രാധാന്യമുള്ള മുളയിനങ്ങൾ (ലാത്തിമുള, തോട്ട) എന്നിവ പുഴയോരങ്ങളിൽ TBGRI, പാലോട് KFRI പീച്ചി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നട്ടുപരിപാലിക്കുക.

സംയോജന സാധ്യതകൾ/നിർദ്ദേശങ്ങൾ

1. **നെൽ കൃഷി വികസനം**

- പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കല്ലട ഇറിഗേഷൻ പ്രോജക്ട്, സോയിൽ കൺസർവേഷൻ വകുപ്പ്, കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവർ പങ്കാളികളായി പദ്ധതികൾ പാടശേഖരാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യണം.
- നെല്ല് സംസ്കരണത്തിനായി സഹകരണ പ്രസ്ഥാനങ്ങൾ, കർഷക സംഘങ്ങൾ കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ എന്നിവയുടെ സംയോജന സാധ്യത
- മതിയായ യന്ത്രവൽക്കരണം ഉറപ്പുവരുത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ യന്ത്രങ്ങളും വിദഗ്ദ്ധരായ ഓപ്പറേറ്റർമാരെയും സജ്ജരാക്കണം. എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകളും സാധ്യമായ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കാർഷിക കർമ്മസേനകളും സജ്ജമാക്കണം
- തരിശ് പാടങ്ങളിൽ (വരമ്പുകൾ അപ്രത്യക്ഷമായ നിലയിലുള്ളവ) റവന്യൂ വകുപ്പ് സർവ്വെ നമ്പരും ഭൂവിസ്തൃതിയും തണ്ടപേരുവിവരങ്ങളും കൃഷി വകുപ്പിനു നല്കണം.
- വാണിജ്യ, സഹകരണ ബാങ്കുകൾ നെല്ല് കൃഷിക്ക് കുറഞ്ഞ പലിശയിൽ വായ്പ ആവശ്യമുള്ളവർക്ക് ലഭ്യമാക്കണം
- മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുകളുടെ നേതൃത്വത്തിൽ ചാണകം ശാസ്ത്രീയമായി സംസ്കരിച്ച് മിതമായ നിരക്കിൽ കൃഷിവകുപ്പിലൂടെ കർഷകർക്ക് നല്കണം

2. **നാളീകേര കൃഷി വികസനം**

- വിലയിടിയാൻ സാധ്യതയുള്ളപ്പോൾ കേരഫെഡ് വഴി തേങ്ങാ സംഭരിക്കാൻ സംവിധാനം
- ചകിരിനാര് ഉല്പാദനത്തിനു യോജിച്ചരീതിയിലുള്ള തൊണ്ട് കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി ശേഖരിച്ച് വ്യവസായവകുപ്പ്/ കയർ സൊസൈറ്റികൾ വഴി സംഭരിക്കാനുള്ള സംരഭങ്ങൾ ആരംഭിക്കുക.

3. **മറ്റു വിളകൾ**

- ➢ മരച്ചീനി, നേന്ത്രൻ, കുരുമുളക് തുടങ്ങിയവയുടെ സംസ്കരണത്തിനും വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ പ്രാദേശിക വിപണന സംവിധാനങ്ങൾക്കുമായി വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി രൂപീകരിക്കുക.
- ➢ റബർ തടി സംസ്കരണത്തിനായി കിഴക്കൻ മേഖലയിൽ വ്യവസായ വകുപ്പിന്റെ സഹായത്തോടെ സംരംഭങ്ങൾ ആരംഭിക്കുക.

- ➢ ചക്ക,മാങ്ങ, പപ്പായ, തുടങ്ങിയ പരമ്പരാഗത പഴ വർഗ്ഗങ്ങൾക്ക് വ്യവസായിക മൂല്യം കൂടി വരുന്ന നാളുകളാണ് ഇനിയുള്ളത്.അവയിൽ നിന്നും വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കാർഷിക സർവ്വകലാശാലയിലെ ടെക്നോളജി പ്രയോജനപ്പെടുത്തി വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ✓ തരിശ് ഭൂമി സ്വമേധയാ കൃഷിക്ക് ലഭ്യമാകാത്ത സാഹചര്യങ്ങൾ വരുമ്പോൾ എത്തരത്തിൽ ഇടപെടണമെന്ന് നിയമപരമായി നിലനില്ക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.
- ✓ ജലസേചന പദ്ധതികൾ യഥാസമയം തുറക്കുന്നതിനു കർഷകർക്ക് മുൻതൂക്കമുള്ള കമ്മിറ്റികൾക്ക് രൂപം നല്കുക.
- ✓ വിളവെടുത്ത നെല്ല് യഥാസമയം ഏറ്റെടുത്ത് താമസം വിന വിലനല്കാൻ കഴിയുന്ന രീതിയിൽ സംവിധാനം ഒരുക്കുക
- ✓ ജില്ല- ബ്ലോക്ക് പഞ്ചായത്തുകൾ പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന ചുമതലകൾ ഏറ്റെടുക്കുക.
- ✓ നെല്ല് കൃഷിയ്ക്ക് ഉപയുക്തമായ ലഘുയന്ത്രങ്ങൾ (നടീൽ, കളപറിക്കൽ, കൊയ്ത്ത് മെതിയന്ത്രങ്ങൾ) എന്നിവ എഞ്ചിനിയറിംഗ് കോളേജുകളുമായി ചേർന്ന് പങ്കാളിത്ത ഗവേഷണത്തിലൂടെ ഉരുത്തിരിച്ച് എടുക്കുക.
- ✓ തവിട് കളയാതെ നെല്ല് സംസ്കരിച്ചെടുക്കാനുള്ള മില്ലുകൾ അഗ്രോ ഇഡസ്ട്രീസ് കോർപറേഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ മൂന്നിടത്തെങ്കിലും ആരംഭിക്കുക.
- ✓ അനധികൃതമായി നെല്ല്പാടം നികത്തിയവരിൽ നിന്നും വെള്ളക്കരം പിരിച്ചെടുക്കുക
- ✓ ഇൻപുട്ട് സബ്സിഡികൾക്ക് പകരം പടിപടിയായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കനുസൃതമായി ഉല്പാദനബോണസ് ഏർപ്പെടുത്തുക. വിള ആസൂത്രണം നടത്തി ഉല്പാദനലക്ഷ്യം കർഷകർക്ക് മുൻകൂട്ടി നിശ്ചയിച്ചുനല്കുക.
- ✓ ഹരിത ഭവനങ്ങൾക്ക് നികുതിയിളവുകൾ പ്രഖ്യാപിക്കുക
- ✓ ജനകീയാസൂത്രണ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി കർഷകരുടെ അദ്ധ്വാനം കണക്കാക്കാൻ അനുവദിക്കുക.
- ✓ നെൽ കൃഷി നിലമൊരുക്കൽ, നടീൽ , കൊയ്ത്ത് എന്നിവ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നെൽ കൃഷി പരമാവധി ലാഭകരമാക്കുക.
- ✓ കുളമാവ് കൃഷി വിസ്തൃതി വ്യാപനത്തിനായി കെ.ഐ.പി യുടെ പാർശ്വഭാഗങ്ങളിലുള്ള ഭൂമിയിലും പുറമ്പോക്ക് ഭൂമികളിലും പഞ്ചായത്ത് പദ്ധതികളിലുൾപ്പെടുത്തി കുളമാവ് നടുന്നതിന് അനുമതി നല്കുക.
- ✓ ഫാം ടൂറിസം വികസിപ്പിക്കുന്നതിനായി മൺറോ ഐലന്റ് പോലുള്ള പ്രകൃതി മനോഹരമായ പഞ്ചായത്തുകളും, തനത് ഉല്പന്നങ്ങൾ, കരകൌശല ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന, തഴവ, കുളത്തുപ്പുഴ തുടങ്ങിയ പഞ്ചയത്തുകളും , ജില്ലാഫാം അഞ്ചൽ തുടങ്ങിയവയും ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാനുള്ള സംവിധാനമൊരുക്കണം.

4.1.2 നീർത്തട പരിപാലനം മണ്ണ്- ജല സംരക്ഷണം

നീർത്തടം (വാട്ടർ ഷെഡ്) എന്ന പദത്തിന്റെ ഏറ്റവും ലളിതമായ നിർവ്വചനം ഒരു പൊതു ജല നിർഗ്ഗമന സ്ഥലത്തേക്ക് ഏതെല്ലാം ഭൂപ്രതലങ്ങളിൽ നിന്ന് മഴവെള്ളം ഒലിച്ചിറങ്ങുന്നുവോ ആ പ്രദേശം എന്നാണ്. ബഹിർഗമന സ്ഥലത്തിന്റെ പേരു വച്ചാണ് നീർത്തടം സാധാരണയായി നാമകരണം ചെയ്യുന്നത്. കൂടുതൽ സാങ്കേതികമായ നിർവ്വചന പ്രകാരം ‘‘പ്രകൃതിദത്തവും വ്യക്തമായ അതിർവരമ്പുകൾ ഉള്ളതും,

അവയ്ക്കുള്ളിലെ ജൈവവും, അജൈവവുമായ വ്യവസ്ഥാപിത വസ്തുക്കൾ, ബാഹ്യവസ്തുക്കൾ, ഊർജ്ജം എന്നിവകളുടെ നിതാന്തമായ പാരസ്പര്യത്തിലൂന്നിയതും പരാമാവധി വാഹകശേഷിയുടെ പരിധി കടക്കാൻ അവസരം നൽകാത്തതുമായ ജല-ഭൗമിക ഏകകം എന്നാണ്.

ഓരോ നീർത്തടത്തിലും അതിന്റെ നിലനിൽപ്പ് സുസ്ഥിരമാക്കാൻ പ്രകടിപ്പിക്കുന്ന പാരിസ്ഥിതിക ഘടകങ്ങളുടെ കാലാകാലങ്ങളായി വ്യതിചലിക്കുന്ന പരസ്പര പ്രവർത്തനങ്ങളിൽ ലോലമായ സംതുലനം നിലനിൽക്കുന്നുണ്ട്. വർത്തമാന കാലഘട്ടത്തിൽ നീർത്തട പ്രദേശങ്ങളിലെ ജനസമൂഹത്തിന്റെ അനുചിതവും അശാസ്ത്രീയവുമായ ഇടപെടലുകൾ നിമിത്തം മേൽപറഞ്ഞ സംതുലനം പാടെ തകരാറിലാകുന്ന അവസ്ഥയാണ്. പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയമായ വിനിയോഗമോ സ്ഥാനമാറ്റാമോ സംഭവിക്കുമ്പോഴെല്ലാം പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ട്. പ്രകൃതി നിയമങ്ങളെ ദീർഘ വീക്ഷണമില്ലാതെ ലംഘിക്കുന്ന പ്രവണതമൂലം സമസ്ത ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ബാധിക്കുന്നു.

1. നിലവിലെ അവസ്ഥയുടെ വിശകലനം

1.1 മണ്ണ്

ജലം സംഭരിച്ചു നിർത്തുവാനുള്ള ഭൂമിയിലെ ഏറ്റവും വലിയ ജലസംഭരണിയാണ് മണ്ണ്. ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്രകൃതിദത്തമായ അരിപ്പയായും മണ്ണ് വർത്തിക്കുന്നു. കൃഷിക്കു വേണ്ടി നാം ഉപയോഗിക്കുന്നത് ഭൗമോപരിതലത്തിൽ 15 മുതൽ 30 cm വരെ ഘനത്തിൽ ലഭ്യമായ ഫലഭൂയിഷ്ടമായ മേൽമണ്ണാണ്. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും പ്രകാശ സംശ്ലേഷണം വഴി ഭക്ഷണം ഉണ്ടാക്കുന്നത് ഈ മണ്ണിൽ വളരുന്ന സസ്യ ജാലങ്ങളാണ്. ഭൗമോപരിതലത്തിലെ ഈ നേരിയ പടലത്തിന് അപചയം സംഭവിക്കുന്നത് കാർഷികോൽപ്പാദനക്ഷമതയേയും തദ്വാര ജീവന്റെ നിലനിൽപ്പിനേയും പ്രതികൂലമായി ബാധിക്കും. കൃഷിക്ക് ഏറ്റവും ഉപയുക്തമായ മണ്ണിലടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ ധാതു ലവണങ്ങൾ, ജൈവാംശം, ഈർപ്പം, വായു എന്നിവയാണ്. ഇവയോടൊപ്പം പോഷകഘടകങ്ങളും സൂക്ഷ്മ ജീവികളും ചേർന്ന് മണ്ണിന് സവിശേഷ ഗുണങ്ങളുണ്ടാക്കുന്നു. അമ്ലത, ക്ഷാരത്വം, ഊഷ്മാവ്, ധനവിനിയോഗ ശേഷി, ധനായന വിനിയോഗ ശേഷി എന്നിവയ്ക്ക് മണ്ണിന്റെ ഉൽപാദന ശേഷിയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും. മണ്ണിന്റെ ഭൗതിക ഗുണങ്ങൾ മൺഘടന, മൺരചന, ജലസംഭരണ ശേഷി, അന്ത:സ്രവണ നിരക്ക്, മണ്ണിന്റെ ആഴം, മണ്ണിലെ സൂക്ഷ്മ സ്ഥൂല സുഷിരങ്ങൾ എന്നിവയാണ്. ഇന്ന് നമ്മുടെ ജില്ലയിൽ ഭൂവിനിയോഗത്തിനുള്ള വൻപിച്ച വ്യതിയാനങ്ങൾ, ഏക വിളയിലേക്കുള്ള മാറ്റം, പരമ്പരാഗതമായി പൂർവ്വികർ അനുവർത്തിച്ചു വന്നിരുന്ന മണ്ണിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന അതിവൃഷ്ടിയും, അനാവൃഷ്ടിയും എന്നീ കാരണങ്ങൾ നിമിത്തം ഇന്ന് മണ്ണ് രൂക്ഷമായ അപചയത്തിന് വിധേയമായി കൊണ്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ ജില്ലയിലെ ഇടനാട്, മലനാട് പ്രദേശങ്ങളിലെ ചരിവ് കൂടിയ ഭൂപ്രദേശങ്ങളിൽ നിന്ന് 10 മുതൽ 35 ടൺ വരെ മണ്ണ് നീക്കം ചെയ്യപ്പെടുന്നുണ്ടെന്ന് ദേശീയ മണ്ണ് ജല സംരക്ഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ വെളിവാകുന്നു. കാലാവസ്ഥാ ആഗോള താപനവും, കാലാവസ്ഥ വ്യതിയാനവും കൊണ്ട് വീർപ്പുമുട്ടുന്ന ഇക്കാലത്ത് മണ്ണൊലിപ്പ് നിയന്ത്രണവിധേയമാക്കി നമ്മുടെ തനത് മണ്ണിനങ്ങൾക്ക് യോജിച്ച രീതിയിലുള്ള പരിപാലന മുറകൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിൽ മാത്രമേ ജലത്തിന്റെ ലഭ്യതയും മണ്ണിന്റെ സുസ്ഥിരമായ ഉല്പാദന ക്ഷമതയും നിലനിർത്താൻ സാധിക്കുകയുള്ളൂ.

മണ്ണ് സംരക്ഷണ തത്വങ്ങൾ

ഉത്പാദന ക്ഷമതയുള്ള മേൽമണ്ണ് ഏതൊരു രാജ്യത്തിന്റെയും ഭക്ഷണം, കാലിത്തീറ്റ നാര് എന്നിവയുടെ ഉത്പാദനത്തിന് ഏറ്റവും പ്രാഥമികമായ ഉപാധിയാണ് ഉപരിതല പ്രവാഹം തടയുവാനും, തദ്വാര മണ്ണൊലിപ്പ് ഒഴിവാക്കാനും നമ്മുടെ കൃഷിക്കാർ പല മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. മലച്ചെരിവുകളിൽ പലയിടത്തും ചെരിവിനെതിരെ നീണ്ട വരമ്പുകൾ കാണുന്നു. കല്ല് കൊണ്ടോ വെറും മണ്ണ് കൊണ്ടോ നിർമ്മിതമായ ഈ ബണ്ടുകൾ ഉപരിതല പ്രവാഹത്തിന്റെ വേഗത കുറച്ച് മണ്ണൊലിപ്പ് തടയുന്നു. ഇത്തരം ബണ്ടുകൾ കൃഷിക്കാർ തന്നെ മലച്ചെരിവുകളിലെ പുരയിടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുവാനും പുരയിടങ്ങളിലെ കല്ലുകൾ നീക്കം ചെയ്യുന്നതിനും സ്വന്തമായി നിർമ്മിച്ചിട്ടുള്ളതാണ്. പക്ഷെ സാങ്കേതിക വിജ്ഞാനക്കുറവും

സാമ്പത്തിക ഭദ്രതയില്ലായ്മയും കാരണം ഇത്തരം ബണ്ടുകൾ ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ളവയല്ല. പൂറിട്ടോറിക്കൽ കല്ലുകയ്യാല എന്നറിയപ്പെടുന്ന ഈ മണ്ണ് സംരക്ഷണം നമ്മുടെ കേരളത്തിന്റെ മലനാട്, ഇടനാട് പ്രദേശങ്ങളിലെ ചെരിവ് കൂടിയതും നല്ല ജലനിർഗ്ഗമന ശേഷിയുള്ള ചെമ്മണ്ണ്, കരിമണ്ണ്, വനമണ്ണ് പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണത്തിനു ഉത്തമമെന്ന് മനസ്സിലാക്കി മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്ന ലോൺ സ്കീം, റീസ്ട്രക്ച്ചേർഡ് സ്കീം നബാർഡിന്റെ ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. സ്കീമിനും, എൻ.ഡബ്ലിയു.ഡി.പി.ആർ.എ., ഡബ്ലിയു.ജി. ഡി.പി. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി കൊല്ലം ജില്ലയുടെ ഉയർന്ന പ്രദേശങ്ങളിൽ നടന്നുവരുന്നു. ഒരിക്കൽ നഷ്ടപ്പെട്ടാൽ പുനസ്ഥാപിക്കാൻ കഴിയാത്ത പ്രകൃതി വിഭവമാണ് മണ്ണ്. ഒരേക്കറിൽ 15cm ഖനത്തിൽ മേൽമണ്ണ് നികത്തുവാൻ ഏകദേശം ആയിരം ടൺ മണ്ണ് വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. മണ്ണൊലിപ്പ് മൂലം ഉണ്ടാകുന്ന മണ്ണിന്റെ നഷ്ടവും പ്രകൃത്യാ മണ്ണിന്റെ സന്തുലിതമാകുന്ന ഒരു അവസ്ഥയാണ് നാം നേടിയെടുക്കാൻ യജ്ഞിക്കേണ്ടത്. സുസ്ഥിരമായ ഒരു മണ്ണ് സംരക്ഷണ പരിപാടി ഇല്ലെങ്കിൽ സുസ്ഥിരമായ കൃഷി അസാധ്യമാണ്.

മണ്ണ് സംരക്ഷണ തത്വങ്ങൾ ചുവടെ ലളിതമായി വിവരിക്കുന്നു.

- മഴവെള്ളത്തിന്റെ കേന്ദ്രീകൃതസമയം കൂട്ടി ഉപരിതല പ്രവാഹത്തിന് മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനുള്ള അന്ത:പ്രവണ സമയം (Time of Consentration)
- ഉപരിതല പ്രവാഹത്തെ വിനാശകരമായ വേഗത കൈവരിക്കുന്നതിന് തടയുന്നതിനായി നീണ്ട ചെരിവുകളെ ചെറിയ ചെറിയ ചെരിവുകളായി തിരിക്കുക.
- അമിതമായി മണ്ണൊലിപ്പ് മൂലം ഭൂമിയ്ക്കും നിർമിതകിൾക്കും നഷ്ടമുണ്ടാകാതെ സംരക്ഷിക്കുന്നു.
- താത്സ്ഥല ഭൂമിയുടെ ചെരിവ് കുറച്ച് തവരണകൾ ഉണ്ടാക്കുക.
- എല്ലാ കാർഷിക പരിസ്ഥിതി മേഖലകളിലും കൃഷി ഭൂമിയിലെ മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ബണ്ടുകളുടെയും വെടികകളുടെയും നിർമ്മാണമാണ് കൂടുതൽ അനുവർത്തിക്കുന്നതും ഫലപ്രദമെന്നും തെളിഞ്ഞിട്ടുണ്ട്.

എ. മണ്ണിന്റെ വിവിധ തരങ്ങൾ

ജില്ലയിൽ കാണപ്പെടുന്ന വിവിധ തരം മണ്ണ് ശ്രേണികൾ തീരദേശമണ്ണ്, വെട്ടുകല്ല് മണ്ണ്, അലൂവിയോകൊളൂവിയം, വനമണ്ണ് എന്നിവയാണ്. വെട്ടുകല്ല് മണ്ണാണ് ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും കാണുന്നത്. വളരെ കുറഞ്ഞ പ്രദേശങ്ങളിൽ മാത്രമാണ് തീരദേശമണ്ണ് കാണുവാൻ സാധിക്കുന്നത്. ചണ്ണപ്പേട്ട, മാന്നാർ, മൈലം, മൈനാഗപ്പള്ളി, നെടുമ്പറ, ഉമ്മന്നൂർ, എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട മണ്ണ് ശ്രേണികൾ.

1. ചെങ്കൽമണ്ണ് (വെട്ടുകല്ല് മണ്ണ്)

കൊല്ലം ജില്ലയുടെ ഇടനാട് മലനാട് പ്രദേശങ്ങളിൽ 60% വിസ്തൃതിയിൽ ചെങ്കൽ മണ്ണ് അല്ലെങ്കിൽ വെട്ടുകല്ല് മണ്ണ് വ്യാപിച്ചുകിടക്കുന്നു. പൊതുവേ മഴ കൂടുതൽ ഉള്ളതും (200 cm-ൽ കൂടുതൽ) അപക്ഷയ ഘടകങ്ങൾ സജീവമായി പ്രവർത്തിക്കുന്നതുമായ മേഖലകളിലാണ് വെട്ടുകല്ല് കാണുന്നത്. മാതൃപാറയിൽ നിന്നും ക്ഷാര ലവണങ്ങളും സിലിക്കയും ഒലിച്ചുപോയതിനു ശേഷമാണ് വെട്ടുകല്ല് ഉണ്ടാകുന്നത്. ഇടവിട്ട് ഉണ്ടാകുന്ന മഴയും വെയിലും വെട്ടുകല്ല് ഉണ്ടാക്കാൻ പറ്റിയ കാലാവസ്ഥയാണ്. ഇരുമ്പ് ഓക്സൈഡ് പർവ്വതങ്ങളായി മാറുകയും ഇപ്രകാരം ഉണ്ടാകുന്ന ചുവന്ന പർവതങ്ങൾ പരസ്പരം ഒട്ടി ദൃഢതയുള്ളതും തേനീച്ച കൂടിന്റെ ആകൃതിയോട് കൂടിയ ഘടനയുള്ളതിമാണ്. സമുദ്രനിരപ്പിൽ നിന്നും ഉയർന്ന പ്രദേശങ്ങളിൽ ചെങ്കൽമണ്ണ് ഗ്രാവൽ കൂടുതലും ആഴം കുറവുമായിരിക്കും. എന്നാൽ താഴ്ന്ന പ്രദേശങ്ങളിലും താഴ്വാരങ്ങളിലും ആഴം കൂടിയ കളിമണ്ണ് ലോം ആയി കാണുന്നു.(clay loam). നേരിയ അമ്ലതയുള്ള ഈ മണ്ണ് നല്ല നീർവാഴ്ച്ച ഉള്ളതാണ്. പൊതുവെ ഫലഭൂയിഷ്ഠത കുറവുള്ളതാണെങ്കിലും നല്ല രചന ഉള്ളതിനാൽ നല്ല പരിപാലനമുറകൾ കൊണ്ട് മിക്ക വിളകളും ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കും.

2. വനമണ്ണ്

കൊല്ലം ജില്ലയുടെ കിഴക്ക് വനപ്രദേശങ്ങളിൽ ചെങ്കൽമണ്ണ് കഴിഞ്ഞാൽ കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന മണ്ണാണ് വനമണ്ണ്. ഏകദേശം 20% സ്ഥലങ്ങളിൽ ഇത് കണ്ടുവരുന്നു. നല്ല ഘനത്തിൽ വിവിധ ദശകളായി അഴുകികൊണ്ടിരിക്കുന്ന ജൈവവസ്തുക്കളുടെ ഒരു ആവരണം ഈ മണ്ണിന്റെ ഒരു പ്രത്യേകതയാണ്. മണ്ണൊലിപ്പിന് വൻതോതിൽ വിധേയമാകാൻ സാധ്യതയുള്ള ഈ മണ്ണ്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാതെയുള്ള കൃഷി, മേൽമണ്ണ് നഷ്ടപ്പെടുവാൻ വഴിതെളിക്കുന്നു. മേൽമണ്ണ് നഷ്ടപ്പെട്ട് വന മേൽതട്ട് ഇല്ലാതാകുന്ന സ്ഥലങ്ങളിൽ ചെങ്കൽ രൂപീകരണം കാണാം. pH മൂല്യം 5 മുതൽ 6.5 വരെയാകാം. ഫലഭൂയിഷ്ഠമായ ഈ മണ്ണിൽ കാപ്പി, തേയില, ഏലം, കുരുമുളക് തുടങ്ങിയവ സമൃദ്ധമായി വളരുന്നു.

3. തീരദേശ മണ്ണ് (Costal alluvium)

കൊല്ലം ജില്ലയിൽ തീരപ്രദേശത്ത് ഏകദേശം 10 km വീതിയിൽ ഇവ കാണപ്പെടുന്നു. സമുദ്രനിക്ഷേപങ്ങളിൽ നിന്നാണ് ഈ മണ്ണ് ഉണ്ടായിരിക്കുന്നത്. മണൽ കൂടുതൽ ഉള്ള രചനയാണുള്ളത്. ഈ മൺ പാളി വളരെ നേർത്തതാണ്. പശിമ രാശി മണലോ, മണൽ പശിമരാശിയോആണ് മേൽമണ്ണിനുള്ളത്. കടൽതീരത്തിനോട് അടുക്കുംതോറും ചൊരി മണൽ തന്നെയായെന്ന് വരും. ജൈവാംശവും മിക്കവാറും എല്ലാ പോഷകമൂലകങ്ങളും കുറവാണ്. അമ്ലഗുണമുള്ള ഈ മണ്ണിൽ കളിമണ്ണ്, ജൈവാംശം ഇവ കുറവായതുകൊണ്ട് ധനായണ വിനിമയശേഷിയും കുറഞ്ഞിരിക്കും. ധാരാളം ജൈവവളങ്ങൾ ചേർത്ത് കൊണ്ട് മാത്രമേ ഇവിടെ കൃഷി വിജയിപ്പിക്കാനാവൂ. തെങ്ങാണ് പ്രധാന വിള. നെല്ല്, പുകയില, എള്ള് എന്നിവയും മെച്ചപ്പെട്ട കൃഷിരീതി കളവലംബിച്ച് കൃഷി ചെയ്യുന്നു.

4. നദീതട എക്കൽ മണ്ണ്(Riverline alluvium)

കൊല്ലം ജില്ലയിൽ നദികളുടെയും പുഴകളുടെയും അവയുടെ കൈവഴികളുടെയും തീരങ്ങളിൽ ഇവ കാണപ്പെടുന്നു. വൃഷ്ടി പ്രദേശത്തിന്റെ പ്രത്യേകതകൾ അനുസരിച്ച് നദീതടങ്ങളിലെ എക്കൽ നിക്ഷേപങ്ങളുടെ അളവിലും ഭൗതിക രാസ സ്വഭാവങ്ങളിലും വ്യാപകമായ വ്യത്യാസം ഉണ്ടാകാം. സംസ്ഥാനത്തെ എക്കൽ മണ്ണുകളുടെ സ്വഭാവത്തിൽ ഇക്കാരണത്താൽ വൈവിധ്യമുണ്ട്. ആഴമുള്ള മണ്ണാണ്. മൺ പ്രരൂപത്തിൽ വ്യക്തമായ മൺപാളികൾ തിരിച്ചറിയത്തക്ക വിധത്തിൽ വികാസം പ്രാപിച്ചിട്ടില്ല. മേൽമണ്ണിന്റെ രചന മണൽ പശിമരാശിയോ കളിമൺ പശിമരാശിയോ ആണ്. ഭേദപ്പെട്ട അളവിൽ വളക്കൂറുള്ള മണ്ണാണിത്. ജൈവാംശം, നൈട്രജൻ, പൊട്ടാസ്യം ഇവ സാമാന്യം മോശമല്ലാത്ത അളവിൽ ഉണ്ട്. പക്ഷേ ഫോസ്ഫറസ്, കാത്സ്യം ഇവ കുറവാണ്. നീർവാഴ്ച കുറവാണ്. അമ്ലീയമാണ് (pH 4.5 — 5.5) നെല്ല്, കരിമ്പ്, തെങ്ങ്, കമുക്, വാഴ, പച്ചകറികൾ എന്നിവ കൃഷി ചെയ്തു വരുന്നു.

5. ചതുപ്പ് മണ്ണ് (Brown hydromorphic)

ചതുപ്പ് മണ്ണ് അഥവാ ചെളി മണ്ണ് ഇടനാട്ടിലെ നിമ്നോന്നത പ്രദേശങ്ങളുടെ താഴ്വരകളിലും തീരപ്രദേശത്തോടെ ചേർന്ന് താഴ്ന്ന പ്രദേശങ്ങളിലാണ് കാണപ്പെടുക. മലയോരങ്ങളിൽ നിന്ന് മൺവസ്തുക്കൾ മാറ്റപ്പെട്ട് അടിഞ്ഞു ചേർന്നും, നദികളുടെ നിക്ഷേപങ്ങൾ തീര മണ്ണുമായി ഇഴുകി ചേർന്നും ഒക്കെയാണ് ചതുപ്പ് മണ്ണുണ്ടാകുന്നത്. ഭൗതിക, രാസസ്വഭാവങ്ങളിലും പുറമെയുള്ള രൂപ ഭാവങ്ങളിലും വളരെയധികം വ്യത്യാസങ്ങൾ കാണുന്നു. നീർവാഴ്ച കുറഞ്ഞ സാഹചര്യങ്ങളിലാണ് പ്രരൂപം ഉണ്ടാകുന്നത്. ജല നിർഗ്ഗമന സാധ്യത തന്നെ കുറവാണ്. സാമാന്യം ആഴത്തിൽ കാണുന്ന മണ്ണട്ടികൾക്കിടയിൽ ജൈവാംശം സഞ്ചയങ്ങൾ; ചരൽ മണ്ണും ചെങ്കല്ലും കലർന്ന വസ്തുക്കൾ; ഇരുമ്പ്, മാംഗനീസ് ആയിർകട്ടകൾ തുടങ്ങിയവ കാണാറുണ്ട്. മേൽമണ്ണ് പശിമരാശിയോ കളിമണ്ണ് പശിമരാശിയോ ആയിരിക്കും. സാമാന്യം നല്ലയളവിൽ ജൈവാംശവും നൈട്രജൻ, പൊട്ടാസ്യം എന്നിവയുമുണ്ട്. പക്ഷേ കാത്സ്യവും ഫോസ്ഫറസും കുറവാണ്. പലയിടങ്ങളിലും അമ്ലത ഒരു പ്രധാന പ്രശ്നമാണ്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവ പ്രധാന വിളകളാണ്.

6. ഓണാട്ടുകര മണ്ണ് (Onattukara alluvium)

കൊല്ലം ആലപ്പുഴ ജില്ലകളിലെ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിൽ പെട്ട ഓണാട്ടുകര പ്രദേശത്തെ മണ്ണാണിത്, മണ്ണിന് ചാരനിറമാണ്. വളരെ പണ്ട് കാലത്തെങ്ങോ കടൽ

ഉൾനാട്ടിലെ കുന്നുകളോളം കടന്നു കയറിയ കാലത്ത് നിക്ഷേപിക്കപ്പെട്ടവയാണ് ഓണാട്ടുകര മണ്ണ് എന്ന് അനുമാനിക്കുന്നു. സമുദ്ര നിക്ഷേപമായിട്ട് കാണുന്നതിൽ നിന്നും ഈ അനുമാനത്തിന് പ്രസക്തിയുണ്ടെന്നു മനസ്സിലാകും. മണൽ കൂടുതലുള്ള രചനയാണ്. പ്രരൂപവികാസം മുഴുവനായിട്ടില്ല. ഭൂഗർഭ ജലനിരപ്പ് മിക്കവാറും ഉയർന്ന് കാണുന്നതിനാൽ നീർവാർച്ച പ്രശ്നമാകാറുണ്ട് . അമ്ലീയമായ ഈ മണ്ണിൽ ഒരു വിധമെല്ലാ പോഷക മൂലകങ്ങളും കുറവാണ്. തെങ്ങ്, നെല്ല്, എള്ള് എന്നിവയാണ് ഈ മണ്ണിലെ പ്രധാന വിളകൾ.

ബി. മണ്ണിന്റെ ആഴം

മണ്ണിന്റെ ആഴം അനുസരിച്ച് ജില്ലയിലെ മണ്ണിനെ 3 ആയി തരംതിരിക്കാം. മിതമായ ആഴമുള്ളത് (75-100 സെ.മീ) ആഴമുള്ളത് (100-150 സെ.മീ) വളരെ ആഴമുള്ളത് (>150 സെ.മീ) ജില്ലയിൽ കാണുന്ന മണ്ണിന്റെ ഭൂരിഭാഗവും മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ടതാണ്. വളരെ ആഴമുള്ള മണ്ണാണ് തീരപ്രദേശങ്ങളിൽ കാണപ്പെടുന്നത്. ചിതറ, ഇട്ടിവ, കടയ്ക്കൽ, ഏരൂർ, അലയമൺ, പിറവന്തൂർ, ആര്യങ്കാവ്, കുളത്തൂപ്പുഴ ,തെന്മല എന്നിവിടങ്ങളിൽ മിതമായ ആഴമുള്ള മണ്ണ് കാണപ്പെടുന്നു.

സി. ചെരിവ്

ജില്ലയിലെ പ്രദേശങ്ങളുടെ ചെരിവ് പ്രധാനമായും 1-3%, 3-10%, 5-25%, 10-33%, 25-33%, >50% എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. ജില്ലയുടെ തീരപ്രദേശങ്ങൾ ഏറ്റവും ചെരിവ് കുറഞ്ഞ പ്രദേശങ്ങളാണ്. കിഴക്കൻ മേഖലകളിലേക്ക് പോകും തോറും ചെരിവ് കൂടിവരുന്നു. ആര്യങ്കാവ്,കുളത്തൂപ്പുഴ എന്നീ മലമ്പ്രദേശങ്ങളിൽ ചെരിവ് ഏറ്റവും കൂടുതലാണ്.

ഡി. നീർവാർച്ച

ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും ശരിക്കും നീർവാർച്ചയുള്ളതാണ്. ജില്ലയുടെ മൊത്തം വിസ്തീർണ്ണത്തിന്റെ ഒരു ശതമാനം മാത്രം വരുന്ന മൈലം മണ്ണ് ശ്രേണിയിൽപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ പൂർണ്ണമായ നീർവാർച്ച ഇല്ലാതുള്ളു.

ഇ. മണ്ണൊലിപ്പ്

മണ്ണൊലിപ്പ് ചിലയിടങ്ങളിൽ വളരെ ലഘുവായ തോതിലും മറ്റ് ചിലയിടങ്ങളിൽ രൂക്ഷവുമാണ്. ജില്ലയുടെ താഴ്ന്ന പ്രദേശങ്ങളിൽ മണ്ണൊലിപ്പിന്റെ തോത് താരതമ്യേന കുറവാണ്. ആര്യങ്കാവ്, കുളത്തൂപ്പുഴ, തെന്മല എന്നീ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങളിൽ രൂക്ഷ മണ്ണൊലിപ്പ് അനുഭവപ്പെടുന്നുണ്ട്. റാംസർ പട്ടികയിൽ ഉൾപെട്ടിട്ടുള്ള അഷ്ടമുടിക്കായലിലേക്കും, ശാസ്താംകോട്ട കായലിലേക്കും ഉള്ള മണ്ണൊലിപ്പ് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

എഫ്. ഭൂക്ഷമത

ജില്ലയിലെ വ്യത്യസ്ത ഭൂക്ഷമത വിഭാഗങ്ങൾ II, III, IV, VI, VIII എന്നിവയാണ്. സാമാന്യേന കൃഷിക്ക് ഉപയുക്തമായ ഭൂമിയാണ് വിഭാഗം II ൽ പെടുന്നത്. കൃഷിക്ക് ഏറെ അനുയോജ്യമായ ഭൂമിയാണ് വിഭാഗം III ൽ ഉൾപ്പെടുന്നത്. ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും വിഭാഗം III ൽ ഉൾപ്പെട്ടിരിക്കുന്നു. വല്ലപ്പോഴുമോ പരിമിതമായോ കൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമിയാണ് വിഭാഗം IV ൽ ഉൾപ്പെടുന്നത്. ഉഴുത് തയാറാക്കേണ്ടതായതിനാൽ പുൽമേടുകൾക്കും, വനവത്കരണത്തിനും അനുയോജ്യമായ ഭൂമിയാണ് വിഭാഗം VI ൽ ഉൾപ്പെടുന്നത്. വിഭാഗം VIII ൽ ഉൾപ്പെടുന്ന ഭൂമി വന്യജീവി സങ്കേതം,വിനോദാ വശ്യങ്ങൾ എന്നിവയ്ക്കു മാത്രം അനുയോജ്യമായതാണ്. മൈലം, കല്ലട മണ്ണ് ശ്രേണികളിൽപ്പെടുന്നവയാണ്. നെടുമ്പാറ മണ്ണ് ശ്രേണിയും കുളത്തൂപ്പുഴയിലേയും ആര്യങ്കാവിലെയും ചില പ്രദേശങ്ങളും വിഭാഗം VIII ൽ ഉൾപ്പെടുന്നവയാണ്.

ജി. മണ്ണ് ജലലഭ്യത

മണ്ണ് ജലലഭ്യതയെ കുറഞ്ഞത്, ഇടത്തരം, ഉയർന്നത് എന്ന് തരം തിരിക്കുന്നു. ജില്ലയിലെ ഏകദേശം 93% പ്രദേശത്തും ഇടത്തരം മണ്ണ് ജലലഭ്യതയാണുള്ളത്. 3% പ്രദേശത്ത് മാത്രമാണ് ഉയർന്ന മണ്ണ് ജലലഭ്യത ഉള്ളത്. മൈലം, കല്ലട, മണ്ണ് ശ്രേണിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയാണ് ജലലഭ്യത ഏറ്റവും കുറഞ്ഞത്. ഇത് ജില്ലയുടെ തീരപ്രദേശങ്ങളിലാണ് പ്രധാനമായും കാണപ്പെടുന്നത്

എച്ച്. മണ്ണിന്റെ ഫലഭൂയിഷ്ഠത

സുസ്ഥിര രീതിയിൽ സസ്യപോഷകങ്ങൾ നൽകാനുള്ള മണ്ണിന്റെ സഹജമായ കഴിവിനെയാണ് മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നുപറയുന്നത്. സസ്യപോഷകങ്ങളായ NPK(നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, എന്നിവയെ കുറഞ്ഞത്, ഇടത്തരം, ഉയർന്നത് എന്നിങ്ങനെ തിരിക്കാം. നൈട്രജന്റെ അളവിനെ ജൈവകാർബ

ണിന്റെ ശതമാനമായാണ് പ്രകടിപ്പിക്കുന്നത്.ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും നൈട്രജന്റെ അളവ് ഇടത്തരമാണ് (0.51-1.5%). എന്നാൽ ചണ്ണപ്പേട്ട,നെടുമ്പറ മണ്ണ് ശ്രേണികളിൽപ്പെട്ട പ്രദേശങ്ങളിൽ നൈട്രജന്റെ അളവ് ഉയർന്നതാണ് (1.5-2.5%). ഫോസ്ഫറസിന്റെ അളവ് ചണ്ണപ്പേട്ട, നെടുമ്പറ മണ്ണ് ശ്രേണികളിൽപ്പെട്ട സ്ഥലങ്ങളിൽ ഉയർന്നതും (24.1-34.5%) മൈലം, വർക്കല മണ്ണ് ശ്രേണിയിൽ പെട്ട പ്രദേശങ്ങളിൽ കുറഞ്ഞതുമാണ് (0-10%). ജില്ലയുടെ ഭൂരിഭാഗം പ്രദേശത്തും ഫോസ്ഫറസിന്റെ ലഭ്യത ഇടത്തരമാണ്. ചണ്ണപ്പേട്ട, നെടുമ്പറ മണ്ണ് ശ്രേണികളിൽപ്പെട്ട പ്രദേശങ്ങളിൽ പൊട്ടാസ്യത്തിന്റെ അളവ് ഉയർന്നതാണ് (27.6-39.5%). വർക്കല മണ്ണ് ശ്രേണിയിൽപ്പെട്ട പ്രദേശങ്ങളിൽ പൊട്ടാസ്യത്തിന്റെ അളവ് കുറഞ്ഞിരിക്കുന്നു (0-11.5%). ജില്ലയിൽ ഭൂരിഭാഗം പ്രദേശത്തും പൊട്ടാസ്യത്തിന്റെ ലഭ്യത ഇടത്തരമാണ് (11.6-27.5%).

ഐ. വിളകളുടെ അനുയോജ്യത

ജില്ലയിലെ വിവിധതരം മണ്ണ് ശ്രേണികൾക്ക് അനുയോജ്യമായ വിളകൾ താഴെപ്പറയുന്നവയാണ്.

- മൈനാഗപ്പള്ളി - തെങ്ങ്,ഇടവിളകൃഷി
- കല്ലട - തെങ്ങ്,നെല്ല്,കരിമ്പ്
- മൈലം - നെല്ല്,പയർവർഗങ്ങൾ
- ഉമ്മന്നൂർ - തെങ്ങ്,വാഴ,മരച്ചീനി,കശുവണ്ടി,റബ്ബർ,കമുക്
- നെടുമ്പാറ - റബ്ബർ, വനവൃക്ഷങ്ങൾ
- ചണ്ണപ്പേട്ട - റബ്ബർ, വനവൃക്ഷങ്ങൾ

മൈലം,നെടുമ്പാറ,ചണ്ണപ്പേട്ട എന്നി മണ്ണ ശ്രേണികൾ ഒഴുകെയുള്ളവ തെങ്ങ് കൃഷിക്കനുയോജ്യമാണ്. ജില്ലയുടെ കിഴക്കൻ മേഖലകളിൽ പൊതുവേ റബ്ബറാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.

ജലം

കൊല്ലം ജില്ലയിൽ ശരാശരി 2352 mm മഴ നമുക്ക് ലഭിക്കുന്നുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനം നിമിത്തം ഇടവപ്പാതി, തുലാവർഷ കാലയളവ് അടക്കം മഴ ചുരുങ്ങിയ ദിവസങ്ങളിൽ അതിവൃഷ്ടിയായി ലഭിക്കുന്ന ഒരു സാഹചര്യമാണ് സമീപകാലത്തായി നിലനിൽക്കുന്നത്. മഴ ദിനങ്ങളുടെ എണ്ണം ശരാശരി 135-ൽ താഴെ പോകുന്നതായി സമീപകാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടവപ്പാതി, തുലാവർഷ കാലഘട്ടങ്ങളിൽ പോലും ദീർഘമായ മഴയില്ലാ ദിവസങ്ങൾ (മൺസൂൺ ബ്രേക്ക്) കഴിഞ്ഞ കുറേ വർഷങ്ങളായി സ്ഥിരം പ്രതിഭാസമാണ്. കാലവർഷ സമയത്ത് ഉണ്ടാകുന്ന മഴക്കുറവ് വേനൽ മഴയായി ലഭിച്ചതുകൊണ്ടാണ് കഴിഞ്ഞ രണ്ടു മുന്നു വർഷങ്ങൾ രൂക്ഷമായ വരൾച്ചയെയും നിന്നും ജല ദൗർലഭ്യതയും തരണം ചെയ്യാൻ കൊല്ലം ജില്ലയ്ക്കായത്. ഈ സാഹചര്യത്തിൽ വേനൽ മഴ ഫലപ്രദമായി മണ്ണിലേക്ക് ആഴ്ന്നിറക്കി സംരക്ഷിക്കുന്നതിനായി കൃഷി ഭൂമിയിലെ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങളായ കല്ലുകയ്യാലകളുടെ നിർമ്മാണം, മൺകയ്യാലകളുടെ നിർമ്മാണം, പഴയ കല്ലുകയ്യാലകളുടെയും മൺകയ്യാലകളുടെയും പുനരുദ്ധാരണം, കിണർ റീച്ചാർജ്ജിംഗ്, ടെറസിംഗ്, മഴക്കുഴികളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അതീവ ജാഗ്രത പുലർത്തേണ്ട കാലം സംജാതമായിരിക്കുന്നത്.

നമ്മൾ കൊല്ലം ജില്ലയിൽ, കേരളത്തിൽ പൊതുവെ കാണപ്പെടുന്നതുപോലെ വൻനദീതടങ്ങളുടേയും അതുമായി ബന്ധപ്പെട്ട വിശാലമായ ജലസ്തരണങ്ങളുടേയും (aquifer) അഭാവം ശ്രദ്ധേയമാണ്. ചെറുനദികളാലും അവയുടെ വൃഷ്ടിപ്രദേശത്തെ ലാറ്ററൈറ്റ് കുന്നുകളാലും അവയ്ക്കിടയിലുള്ള പരമ്പരാഗതമായി നെൽകൃഷി ചെയ്തു വന്ന ചെറു താഴ്‌വരകളാലും സമൃദ്ധമാണ് നമ്മുടെ ഇടനാട്-മലനാട് പ്രദേശം. തന്മൂലം ചെരിവുള്ള പ്രദേശങ്ങൾ തട്ട് തിരിക്കലിനു വിധേയമാക്കാതെയും കുന്നുകൾക്ക് ഇടയിലുള്ള താഴ്‌വാരങ്ങളും, നെൽകൃഷി ചെയ്യുന്ന താഴ്‌വാരങ്ങളും, വർഷത്തിൽ 6 മാസമെങ്കിലും ജലം കെട്ടി നിൽക്കുവാൻ സാഹചര്യം ഒരുക്കാതെയും ജല ദൗർലഭ്യതാ പ്രശ്നം പരിഹരിക്കുവാനും, ഭൂമിയുടെ ഉൽപാദനക്ഷമത നിലനിർത്തുവാനും നമുക്ക് സാധ്യമാകുകയില്ല എന്ന വസ്തുത നാം തിരിച്ചറിയേണ്ടതാണ്.

മഴവെള്ളം ഭൂമിയിൽ പതിച്ച് ഉപരിതല പ്രവാഹമായി ഒഴുകി ജലാശയങ്ങളിലെത്തിച്ചേരുന്നതിനുള്ള സമയദൈർഘ്യം വർദ്ധിപ്പിച്ച് വെള്ളം ഭൂമിയിൽ ആഗിരണം ചെയ്യപ്പെടാൻ അവസരമൊരുക്കിയാൽ മാത്രമേ ഭൂഗർഭ പാളികളിലും ഉറവകളിലും അത് ക്രമാനുഗതമായി ഉപയോഗത്തിൽ ലഭ്യമാകുകയുള്ളൂ. എന്നാൽ ജലസംരക്ഷണത്തിന്റെ അശ്രദ്ധ മൂലം അമൂല്യമായ ജലം നമുക്ക് നഷ്ടപ്പെടുകയാണ്. ഈ വിഭവശോഷണം കാർഷിക മേഖലയെ മാത്രമല്ല കുടിവെള്ള ലഭ്യതയെയും വ്യാവസായിക പാരിസ്ഥിതിക മേഖലകളെയും പ്രതികൂലമായി ബാധിക്കും.

ജല സുരക്ഷയ്ക്കായി നെൽകൃഷി

സ്വാഭാവിക ജലസംഭരണികളാണ് നെൽപാടങ്ങൾ. കേരളത്തിന്റെ സവിശേഷ ഭൂപ്രകൃതി അനുസരിച്ച് കുന്നിൻ പ്രദേശങ്ങളുടെ താഴ്‌വരകളിൽ ഇടനാട് മലനാട് പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും കൂടുതൽ വിസ്തൃതിയിലും നെൽപാടങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമാണ്. വർഷത്തിൽ 4-5 മാസം വെള്ളം കെട്ടി നിൽക്കുന്നതും തണ്ണീർതടങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്നതുമാണ് ഈ പാടശേഖരങ്ങൾ. ഒരു വർഷത്തിൽ ഭൂരിഭാഗം സമയവും വെള്ളം നിറഞ്ഞു കിടക്കുന്ന പാടത്ത് കൃഷി ചെയ്യാൻ അനുയോജ്യമായ ധാന്യം എന്ന നിലയിലാണ് നമ്മുടെ നെല്ല് പൂർവ്വികർ നെൽകൃഷി ചെയ്യുവാൻ തുടങ്ങിയത്. അങ്ങനെ നെല്ല് മിക്ക ഏഷ്യൻ രാജ്യങ്ങളുടെയും ജനതയ്ക്ക് ഊർജ്ജം പ്രദാനം ചെയ്യുന്ന ധാന്യമായി വർത്തിക്കുകയും ഭൂഗർഭ ജല പരിപോഷണത്തിന് ജലലഭ്യതയുടെ ഒരു പ്രധാന ഉപാധി എന്ന നിലയിൽ പാരിസ്ഥിതികമായ സുപ്രധാന കടമ കൂടി നിർവ്വഹിച്ചിരിക്കുന്നു. ആർദ്ര ഉഷ്ണമെഖലാ പ്രദേശത്ത് ഭൂഗർഭ പരിപോഷണത്തിനും ജലലഭ്യതയ്ക്കുമായി നെൽകൃഷി തുടരേണ്ടത് അത്യന്താപേക്ഷിതമാണ്.

മൊത്തം പെയ്യുന്ന മഴയുടെ 2% ജലം 5 cm ആഴത്തിൽ പാടങ്ങളിൽ ആറു മാസം കെട്ടി നിൽക്കുന്നതായി ഗവേഷണ ഫലങ്ങൾ വ്യക്തമാക്കുന്നു. ഈ തണ്ണീർതടങ്ങൾ നൈസർഗ്ഗികമായ കിനിവ് ശേഷി കുറവാണെങ്കിൽ തണ്ണീർതടങ്ങളുടെ ലാറ്ററൈറ്റ് കുന്നുകളുമായി ബന്ധപ്പെട്ട പാർശ്വ പ്രദേശങ്ങളിലൂടെയാണ് ഭൂഗർഭ ജല പരിപോഷണം സാധ്യമാക്കുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. നെൽപാടങ്ങൾ തരിശിടുകയും നികത്തുകയും ചെയ്യുന്നത് മൂലം ഇത്തരത്തിലുള്ള ഭൂഗർഭ പരിപോഷണത്തിനുള്ള സാധ്യതയാണ് നാം നഷ്ടപ്പെടുത്തുന്നത്.

കേരളത്തിലെ കുന്നിൻ ചെരിവുകളിലെ നെൽപാടങ്ങളിൽ പ്രധാനമായും മണൽ കലർന്ന കളിമണ്ണാണുള്ളത്. ഇത്തരം മണ്ണിനങ്ങളിൽ വെള്ളം നിറഞ്ഞു നിൽക്കുന്ന സമയത്ത് submerged condition കിനിവ് നിരക്ക് 5mm/hr ആണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ കണക്കനുസരിച്ച് 1 Ha നെൽവയലിൽ നിന്നും 50 m^3 ജലം ഭൂമിയിലേക്ക് കിനിയുന്നു. 2 ഇരിപ്പു കൃഷി ചെയ്യുന്ന നെല്പ്പാടത്ത് വർഷത്തിൽ ചുരുങ്ങിയത് 5 മാസം എങ്കിലും ശരാശരി 5cm വെള്ളം കെട്ടി നിർത്തേണ്ടി വരും. അങ്ങനെ കണക്കാക്കുമ്പോൾ 1 Ha നെൽവയലിൽ നിന്നും 1,80,000 m^3 (1,80,00,00,000 litre) ജലം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇങ്ങനെ കിനിഞ്ഞിറങ്ങുന്ന ജലത്തിന്റെ 50% അന്തർജല പ്രവാഹമായി നദികളിലെത്തി നഷ്ടപ്പെടുമെന്ന് അനുമാനിച്ചാൽ പോലും 90,000 m^3/ha ജലം അന്തർജല പ്രവാഹമായി ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നു എന്ന് നിസംശയം പറയാം. നെൽവയലുകൾ തരിശിടുമ്പോഴും നികത്തുമ്പോഴും നെൽകൃഷിയുടെ ലാഭനഷ്ട കണക്കുകൾ പരിശോധിക്കുമ്പോഴും നെൽകൃഷി കൊണ്ട് പരിസ്ഥിതിക്കുണ്ടാകുന്ന ഈ ഗുണകരമായ പാർശ്വഫലം ഇനിയെങ്കിലും മതിയായ പരിഗണന കൊടുത്തില്ലെങ്കിൽ രൂക്ഷമായ ജലദൗർലഭ്യതയിലേക്ക് എത്തിച്ചേരുമെന്നത് സംശയമില്ല.

കേരളം ജല സമൃദ്ധമോ?

വർഷത്തിൽ 300cm ഓളം വൃഷ്ടിയും ഹരിതാഭമായ കുന്നുകളും നിത്യഹരിത വനങ്ങളും മനോഹരങ്ങളായ ജലാശയങ്ങളും 44 ചെറു നദികളും ചെറു കുന്നുകളും അവയ്ക്കിടയിലെ ചെറു താഴ്‌വരകളും കൊണ്ട് അനുഗ്രഹീതമായ കേരളം പൊതുവേ ജല സമൃദ്ധമെന്ന പ്രതീതി ഉളവാക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി നിരന്തരമായ വരൾച്ചാ ഭീഷണിയും വേനൽകാലത്ത് ജല ദൗർലഭ്യതയും നാം അനുഭവിക്കുന്നുണ്ട്. കേരളത്തിലെ മിക്ക നദികളിലും ആറു മാസക്കാലം നീരൊഴുക്ക് പരിമിതമായി മാറിയിരിക്കുന്നു. ജല സംഭരണികൾ മൺസൂൺ കാലവർഷ സമയങ്ങളിൽ പോലും നിറച്ചെടുക്കുവാൻ നമുക്ക്

കഴിയാതെ വരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ കിണർ സാന്ദ്രതയുള്ള പ്രദേശം നമ്മുടെയാണ്. വേനൽ കാലത്ത് മിക്ക കിണറുകളും വറ്റി പോകുന്നത് സ്ഥിരം സംഭവമായി മാറിയിരിക്കുന്നു.

കേരളത്തിന്റെ വർഷപാതം ദേശീയ ശരാശരി വർഷപാതത്തിന്റെ മൂന്നിരട്ടിയാണ്. കേരളത്തിന്റെ ജനസാന്ദ്രത ദേശീയ ശരാശരിയുടെ മൂന്ന് മടങ്ങാണ്. കേരളത്തിൽ ഒരു ഹെക്ടർ പ്രദേശത്ത് ദേശീയ ശരാശരിയെക്കാൾ മൂന്ന് മടങ്ങ് മഴ ലഭിക്കുന്നുണ്ടെങ്കിലും അത്രയും സ്ഥലത്ത് ദേശീയ ശരാശരിയെക്കാൾ മൂന്ന് മടങ്ങ് ജനതയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ സാധിക്കുന്നില്ല. കേരളത്തിലെ 1 ഹെക്ടർ പ്രദേശത്ത് നിന്നും ദേശീയ ശരാശരിയെക്കാൾ മൂന്ന് മടങ്ങ് ഭക്ഷണവും, കാലിത്തീറ്റയും, കുടിവെള്ളവും, മറ്റ് ജല ആവശ്യങ്ങളും ആവശ്യമായിവരുന്നു. ഇത്തരത്തിൽ കണക്കുകൂട്ടുമ്പോൾ കേരളത്തിലെ ആളോഹരി ശുദ്ധജല ലഭ്യത ദേശീയ ശരാശരിയുടെ ഒപ്പമാണെന്നും അതു പൊതുവെ മഴ കുറഞ്ഞ രാജസ്ഥാൻ, ഗുജറാത്ത്, അന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. ഇങ്ങനെ നോക്കുമ്പോൾ കേരളം ജല സമൃദ്ധമെന്നത് ഒരു മിഥ്യാധാരണയാണെന്നും വാസ്തവമല്ലെന്നും ബോധ്യപ്പെടുന്നു. നമ്മുടെ രാജ്യത്തെ മറ്റ് ഏതു സംസ്ഥാന ങ്ങളെയും പോലെ കേരളത്തിൽ ജാഗ്രതയോടു കൂടിയ ജലസംഭരണവും അതിന്റെ മൂല്യവർത്തായ ഉപഭോഗവും ഇനിയുള്ള കാലഘട്ടങ്ങളിൽ അത്യന്താപേക്ഷിതമാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. കൊല്ലം ജില്ലയുടെ സ്ഥിതിയും മറ്റൊന്നല്ല.

ജലദൗർലഭ്യതയുടെ കാരണങ്ങൾ

അടിസ്ഥാനപരമമായി നമ്മുടെ സമ്പത്ത് മണ്ണും ജലവും അധ്വാനവുമാണ്. ഈ മണ്ണിൽ നിന്നും കുഴിച്ചെടുക്കാവുന്നതും മുളപ്പിച്ചെടുക്കുവുന്നതുമായ വിഭവങ്ങളും അവ സംസ്കരിച്ച് ഉത്പാദിപ്പിച്ചെടുക്കുന്ന വിഭാവങ്ങളുമാണ് രാജ്യത്തിന്റെ സമ്പത്ത്. രാജ്യത്തിന്റെ വികസനവും സമ്പത്ത് ഉത്പാദനവും ജലത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം പ്രാദേശികമായ മണ്ണ് ജല സംരക്ഷണവും നീർത്തടാതിഷ്ഠിത വികസനവും കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. ഈ ഒരു ഭൂമിയിൽ നിന്ന് മാത്രമേ സാധാരണ ജനലക്ഷങ്ങൾക്ക് സമ്പത്ത് ഉത്പാദനത്തിൽ പങ്കെടുത്ത് ജീവിത സുരക്ഷ കൈവരിക്കാനാവൂ നമ്മുടെ സംസ്ഥാനത്തിന്റെ ജനസാന്ദ്രത വച്ച് നോക്കുമ്പോൾ ഭക്ഷണത്തിന്റെയും ധാന്യങ്ങളുടെയും മറ്റ് വ്യവസായ ഉൽപന്നങ്ങളുടെയും വ്യാവസായിക ഉത്പാദനത്തിന് ലഭിക്കുന്ന വർഷപാതം പരിമിതമാണ്. നമുക്ക് 120 ഓളം മഴ ദിനങ്ങളാണ് വർഷത്തിൽ സൂചിപ്പിക്കുന്നത്. ഇതിൽ പകുതിയോളവും നമുക്ക് ലഭിക്കുന്നത് ഇടവപ്പാതി, തുലാവർഷം എന്നീ ഇടവേളകളിലാണ്. മൊത്തം മഴ ദിനങ്ങളിൽ തന്നെ യഥാർത്ഥത്തിൽ കേവലം 60 മണിക്കൂർ കൊണ്ട് വർഷപാതം പെയ്തൊഴിയുന്ന അവസ്ഥയാണുള്ളത്. പൊതുവേ ചരിഞ്ഞതും കീഴക്കാംൻതൂക്കായ ഉപരിതലഘടനയും ഉപരിതല പ്രവാഹത്തിന്റെ പ്രയാണ വേഗത വർദ്ധിപ്പിക്കുകയും ചുരുങ്ങിയ സമയം കൊണ്ട് പെയ്യുന്ന മഴ നീർച്ചാലുകളിലൂടെ ഒഴുകി സമുദ്രത്തിൽ എത്തുന്ന അവസ്ഥയാണുള്ളത്. ജലദൗർലഭ്യതയുടെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

- ചെരിവ് കൂടിയതും നിമ്ന്നോന്നതവുമായ ഭൂപ്രദേശം
- ഭൂവിനിയോഗത്തിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ
- വനനശീകരണം
- ഇടനാട് പ്രദേശത്തെ കുന്നിടിച്ചിലും നിരപ്പാക്കലും
- നെൽപ്പാടങ്ങളുടെ നികത്തൽ
- നദികളിൽ നിന്നുള്ള മണൽവാരൽ
- ചെറുനീർച്ചാലുകളിലേക്കുള്ള കയ്യേറ്റം

കഴിഞ്ഞ രണ്ട് ദശാബ്ദകാലഘട്ടങ്ങളിലായി കൊല്ലം ജില്ലയുടെ ഭൂവിനിയോഗത്തിൽ വമ്പിച്ച വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. നീർത്തടങ്ങളുടെ ജീവനാടിയായ നെൽപ്പാടങ്ങൾ നികത്തപ്പെടുകയോ തരിശ് ഇടുകയോ ചെയ്യപ്പെടുന്നു. നെൽപ്പാടങ്ങൾ മറ്റ് ആദായകരമായ കൃഷികൾക്കായി ഉപയോഗിക്കുന്നതുമൂലം ഭൂഗർഭ ജല പരിപോഷണത്തിനുള്ള സാഹചര്യം ഇല്ലാതായി. ഇടനാടുകളിൽ കുന്നുകൾ ഇടിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണ്ണ് എടുക്കുന്നത് മൂലം സ്വാഭാവികമായ ജല സംഭരണികൾ അപ്രത്യക്ഷമായി

കൊണ്ടിരിക്കുന്നു. ഒരു ടൺ മണൽ 295 ലിറ്റർ വെള്ളവും, ഒരു ടൺ ചുവന്ന മണ്ണ് 317 ലിറ്റർ ജലവും സംഭരിക്കാൻ ശേഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇത്തരത്തിൽ ഖനനം ചെയ്യുന്ന മണ്ണ് സ്വാഭാവിക ജല സംഭരണികളായ തണ്ണീർതടങ്ങൾ നികത്താൻ ഉപയോഗിക്കുന്നതുകൊണ്ട് മഴക്കാലത്തുള്ള സ്വാഭാവിക ജല സംഭരണ മാർഗ്ഗങ്ങളും തദ്വാര ഭൂഗർഭജല പരിപോഷണവും ഭയാനകമാകും വിധം തടസ്സപ്പെടുന്നു. ഇങ്ങനെ മണ്ണും ജലവുമായി ബന്ധപ്പെട്ട ഒരു ഇരട്ട ദുരന്തത്തിന് നമ്മുടെ ഈ ജില്ല കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി വിധേയമായി കൊണ്ടിരിക്കുകയാണ്. ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഏകവിളയായ റബ്ബർ കൃഷിക്ക് വഴിമാറിയതു കൊണ്ട് പണ്ട് പൂർവ്വികർ അനുവർത്തിച്ച് വന്നിരുന്ന തെങ്ങിനെ ആധാരമാക്കിയുള്ള ബഹുതല കൃഷി പാടെ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. ഒരു തെങ്ങിൻതടത്തിൽ നിന്നും ഏകദേശം 2 ലക്ഷം ലിറ്റർ ജലം ഭൂമിയിലേക്ക് റീചാർജ്ജ് ചെയ്യുന്നുണ്ടെന്ന് ശാസ്ത്രീയമായി കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ പൂർവ്വികർ തെങ്ങിന്റെ ഇലകളിൽ നിന്നുള്ള ജലം പോലും സംഭരിക്കുന്നതരത്തിൽ തെങ്ങിന് ചുറ്റും തടമെടുത്തിരുന്നത്, വളമിടുക എന്നതിനു മാത്രമല്ല ജലസംഭരണത്തിനു വേണ്ടിയാണെന്ന സത്യം മനസ്സിലാക്കാൻ നാം ഇനിയും വൈകിക്കൂടാ. നമ്മുടെ പൂർവ്വികരായ കർഷകർ മഴക്കാലാരംഭത്തിൽ ഭൂമി കിളച്ചിട്ട് കേശികത്വം മൂലമുള്ള ജല നഷ്ടം ഒഴിവാക്കാൻ ശ്രമിച്ചിരുന്നു. ഏകവിളയായ റബ്ബർ കൃഷിയിലേക്ക് ചുവടുമാറ്റിയതു മൂലം മണ്ണിളക്കാത്തതുകൊണ്ട് കേശികത്വം മൂലവും സസ്യസ്വേദന ബാഷ്പീകരണം മൂലവുമുള്ള ജല ശോഷണം വർദ്ധിക്കുകയാണുണ്ടായത്. കേരളത്തിന്റെ പ്രകൃതിക്ക് അനുകൂലമായ ഭൂവിനിയോഗ സമ്പ്രദായത്തിന് നിയമം ഉണ്ടാക്കാൻ ഇനിയും താമസിച്ചാൽ വമ്പിച്ച ജല-ആഘാതത്തിലേക്ക് (Watershock) കേരളം അധഃപതിക്കുമെന്നതിൽ തർക്കമില്ല.

നീർത്തടങ്ങളുടെ ഭൗതിക സ്ഥിതി

ഇത്തിക്കര, കല്ലട, പള്ളിക്കൽ തോട്, അച്ചൻകോവിൽ, വാമനപുരം, അയിരൂർ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട നദികൾ. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട ശുദ്ധജലതടാകം ഈ ജില്ലയിലാണുള്ളത്. ഈർപ്പംകലർന്ന ഉഷ്ണമേഖലാ കാലാവസ്ഥയാണ് ജില്ലയ്ക്കുള്ളത്. ശരാശരി വാർഷിക താപനില 22.5°C ആണ്. ശരാശരി ആപേക്ഷിക ഈർപ്പം 78.8% മുതൽ 80% വരെ ശരാശരി വാർഷിക വർഷപാതം 2352mm ആണ്. ഏറ്റവും അനുകൂലമായ ഉപയുക്തതയ്ക്കും മണ്ണ് ജലം എന്നീ വിഭവങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുള്ള ആസൂത്രണ യൂണിറ്റായി നീർത്തടം അംഗീകരിക്കപ്പെട്ടിരിക്കുന്നു..

പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ നീർത്തട പദ്ധതികളുടെ വിശകലനം

നീർത്തടങ്ങൾ തെരഞ്ഞെടുക്കുന്നതും അതിരുകൾ നിർണ്ണയിക്കുന്നതും സോയിൽ സർവേ വകുപ്പാണ്. പ്രോജക്റ്റ് രൂപീകരണവും നിർവ്വഹണവും മണ്ണുസംരക്ഷണ വിഭാഗം നടത്തുന്നു. കെ.എൽ.ഡി.സി, കെ.എസ്.എൽ.യു.ബി, സിഇ.എസ്.എസ്.സി.ഡബ്ലിയു, ആർ.ഡി.എം. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, സർക്കാരേതര സംഘടനകൾ എന്നിവയാണ് ബന്ധപ്പെട്ട മറ്റു ഏജൻസികൾ. മണ്ണ് സംരക്ഷണ വിഭാഗം നടപ്പിലാക്കിയതും സോയിൽ സർവേ വകുപ്പ് നടപ്പിലാക്കി വരുന്നതുമായ പരിപാടികൾ താഴെപ്പറയുന്നവയാണ്.

- വിശദമായ മണ്ണ് സർവേ ഗ്രാമപഞ്ചായത്ത് തലത്തിൽ പുതുക്കുക.
- നീർത്തടങ്ങൾ കണ്ടെത്തലും അവയുടെ അതിർത്തി നിർണ്ണയവും
- നീർത്തട ഭൂപടം തയ്യാറാക്കൽ
- മണ്ണ് സർവേ റിപ്പോർട്ടുകളും വ്യാഖ്യാന ഭൂപടങ്ങളും തയ്യാറാക്കൽ.
- മണ്ണ് പരിഛേദികാപഠനം
- സ്ഥലപരാധിഷ്ഠിത മണ്ണ് സർവ്വേ.
- വിവിധ മണ്ണ് സാമ്പിളുകളുടെ ശേഖരണവും വിശകലനവും.

ജല ജോലികൾ നടപ്പിലാക്കിയതിന്റെ ഫലമായി കുടിവെള്ള ദൗർലഭ്യം ഒരളവുവരെ പരിഹരിക്കപ്പെടുകയും ചെയ്തു. മണ്ണൊലിപ്പ് തീവ്രത കുറയ്ക്കാനും ഫലഭൂയിഷ്ഠമായ മേൽമണ്ണ് വലിയ ഒരളവുവരെ

സംരക്ഷിക്കാനും സാധ്യമായി. ഇത് കാർഷിക ഉൽപ്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിച്ചു. നിർമ്മാണ ജോലികൾ ചെയ്തും ആവരണങ്ങൾ വളർത്തിയും നദീ തീര സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കിയതുവഴി കൃഷിസ്ഥലത്തെ വെള്ളപ്പൊക്കം തടയാനും വെള്ളമൊഴുക്ക് സുഗമമാക്കാനും സാധിച്ചിട്ടുണ്ട്. വെള്ളക്കെട്ട് പ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നീർവാർച്ചാ സൗകര്യങ്ങൾക്ക് വഴിയൊരുക്കി. ശാസ്താംകോട്ട കായലിലെ പി.സി.ആർ.ഡബ്ലിയു.എസ്.എസ് പ്രോജക്ടിന്റെ ഫലമായി എക്കൽ നിറയുന്നത് കുറയുകയുണ്ടായി. പ്രതിവർഷം ഹെക്ടറിന് 50 ടണ്ണിൽ നിന്ന് പ്രതിവർഷം ഹെക്ടറിന് 20 ടണ്ണിലേക്ക് എക്കലിന്റെ അളവ് 14 വർഷം കൊണ്ട് കുറഞ്ഞു. അഷ്ടമുടിയുടെയും, ശാസ്താംകോട്ടയുടെയും പരിപാലനത്തിനായുള്ള കർമ്മ പദ്ധതിയുടെ ഫലമായി ആയക്കെട്ട് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞു.

സംസ്ഥാനാവിഷ്കൃത പദ്ധതിയായ PCRWSS(Protection of Catchment of Reseviors of Water Supply Schemes) പ്രകാരം ശാസ്താംകോട്ട കായലിന്റെ വൃഷ്ടി പ്രദേശത്ത് മണ്ണൊലിപ്പിന്റെ രൂക്ഷത കുറയ്ക്കുന്നതിന് 180 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ച് CWRDM, കോഴിക്കോടിന്റെ സഹകരണത്തോടു കൂടി പടപ്പക്കര, നാന്തിരിക്കൽ ഹിൽസ് എന്നീ മൈക്രോ വാട്ടർഷെഡുകളിൽ 194 ഹെക്ടർ പ്രദേശത്ത് 37.72 ലക്ഷം രൂപ മുടക്കി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത പട്ടിക ജാതി കോളനികളിൽ നടപ്പിലാക്കിയ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ വഴി ചെരിവ് കൂടിയ ടി പ്രദേശങ്ങളിൽ നിന്നും രൂക്ഷമായ മണ്ണൊലിപ്പ് തടയുവാനും അതുവഴി അവരുടെ പാർപ്പിടങ്ങൾക്ക് ബലം നൽകാനും, സാനിട്ടേഷൻ ഉറപ്പാക്കാനും സാധിച്ചുണ്ട്.

വികസന പരിപ്രേക്ഷ്യം

1. ശാസ്ത്രീയമായി മണ്ണ ജല സംരക്ഷണത്തിനു വിധേയമാക്കാത്ത മൈക്രോവാട്ടർ ഷെഡുകൾ മീഡിയം, ഉയർന്ന മുൻഗണനാ പട്ടികയിൽപ്പെട്ട നീർത്തടങ്ങൾ എന്നിവ പരിപാലനത്തിന് വിധേയമാക്കേണ്ടതാണ്.
2. ഉപരിതല പ്രവാഹത്തിന്റെ വേഗത കുറക്കുന്നതിനും കിനിവ് ശേഷി(infiltration) കേന്ദ്രീകൃത സമയം (concentration time) വർദ്ധിപ്പിക്കുന്നതിനും ചെങ്കുത്തായ ചെരിവുകളുടെ നീളവും അളവും കുറയ്ക്കുന്ന തിനുമായി കൃഷി ഭൂമികളിൽ കല്ലുകയ്യാല, മൺകയ്യാലയുടെ മുകളിൽ പുല്ല് വച്ച് പിടിപ്പിക്കൽ ടെറസിംഗ്, മഴക്കുഴി നിർമ്മാണം, മൺകയ്യാലകൾ കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തൽ, പാറ അടുക്കിയുള്ള ടെറസ് വാൾ, തുടങ്ങിയവയുടെ നിർമ്മാണം അവലംബിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് സംസ്ഥാനാവിഷ്കൃത RIDF പദ്ധതികൾ,PMKSY വാട്ടർഷെഡ്, MGNREGS എന്നിവയുടെ ഏകോപന സാദ്ധ്യതകൾ ആരായാവുന്നതാണ്.

3. ഒന്നാം ശ്രേണിയിൽപ്പെട്ട (1stOrder) നീർച്ചാലുകളിൽ ഗള്ളി നിവാരണത്തിനും ഭൂഗർഭജല പരിപോഷണത്തിനുമായി പ്രാദേശികമായി ലഭിക്കുന്ന കല്ലുകളും പൊട്ടിച്ച പാറയും ഉപയോഗിച്ച് ഗേബിയൻ സ്ട്രക്ചർ ഉപയോഗിച്ചും ശാസ്ത്രീയ നിഷ്കർഷ അനുസരിച്ച് ഇടവിട്ട് ചെറിയ ചെക്ക്ഡാം നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. സംസ്ഥാനാവിഷ്കൃത പദ്ധതി PMKSY വാട്ടർഷെഡ് , MGNREGS കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ സാമ്പത്തിക സ്രോതസ്സ് ഉപയോഗിക്കാവുന്നതാണ്.

4. 2,3 ശ്രേണിയിൽപ്പെട്ട (2nd and 3rd order) നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ട നീർച്ചാലുകളിൽ ജലസേചനത്തിന് ജലം സംഭരിച്ചു നിർത്തുന്ന രീതിയിൽ വെന്റഡ് ക്രോസ്ബാർ (Vented Cross bar) സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതായിരിക്കും അഭികാമ്യം. ഇത്തരം നീർച്ചാലുകളിൽ രൂക്ഷമായ കരയിടിച്ചിൽ ഉള്ള പ്രദേശങ്ങളിൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുള്ള പാർശ്വഭിത്തി നിർമ്മാണം അനുവദിക്കാവുന്നതാണ്. ഇത്തരം നീർച്ചാലുകളുടെ മറ്റു പാർശ്വങ്ങൾ തോടിനു ആഴവും വീതിയും വർദ്ധിപ്പിച്ചും കയർ ഭൂവസ്ത്രം ഉപയോഗിച്ചും പുല്ലുവച്ചുപിടിപ്പിക്കൽ മുതലായ ജൈവമാർഗങ്ങൾ ഉപയോഗിച്ചും ബലപ്പെടുത്താവുന്നതാണ്.

5. കൊല്ലം ജില്ലയിലെ വയലേലകളുമായി ബന്ധപ്പെട്ട നീർച്ചാലുകൾ ശോചനീയവസ്ഥയിലാണ്.പല നീർച്ചാലുകളിലും സർക്കാർ ഏജൻസികൾ വഴി നിർമ്മിച്ച പാർശ്വഭിത്തി സംരക്ഷണത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാർശ്വഭിത്തികളുടെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽക്കേണ്ടതാണ്. വയലേല കളുമായി ബന്ധപ്പെട്ട തോടുകൾ പുനരുദ്ധരീകരിക്കുന്നതിനായി ഏലാവികസന സമതികൾക്ക് വാർഷിക ഗ്രാന്റ് നൽകുന്നകാര്യം ആലോചിക്കാവുന്നതാണ്.

6. നമ്മുടെ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പ് വിവിധ പദ്ധതികളിൽ പണികഴിപ്പിച്ചിട്ടുള്ള കല്ലുകയ്യാല കളിൽ 30 വർഷത്തിനു മുകളിൽ പഴക്കം ഉള്ളവയിൽ ഇന്ന് കേടുപടുകൾ സംഭവിച്ച് ഫലപ്രദമായ അവസ്ഥയിലല്ല. കർഷകർ തങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ഇത്തരം ബണ്ടുക ളുടെ കേടുപാടുകൾ പരിഹരിക്കുവാൻ മുന്നോട്ടു വരാത്ത സാഹചര്യമാണുള്ളത്. ഇത്തരം കയ്യാലകൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരമോ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖാന്തിരമോ സാമ്പത്തിക സഹായം നൽകാവുന്നതാണ്.

7. നമ്മുടെ സംസ്ഥാനത്തും ജില്ലയിലും നീർത്തടാധിഷ്ഠിത മണ്ണ് ജല പ്രവർത്തനങ്ങൾ പലവകുപ്പുകളും പല സർക്കാർ ഏജൻസികളും മുഖേന നടപ്പിലാക്കിട്ടുണ്ട്. MGNREG പദ്ധതി ഉൾപ്പെടെ എല്ലാ പദ്ധതികളുടെയും ഏകോപനത്തിനും അവലോകനത്തിനുമായി ജില്ല കളക്ടർ ചെയർമാനായും ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ കൺവീനർ ആയും മറ്റു വകുപ്പുകളെയും കൂടി ഉൾപ്പെടുത്തി ജില്ലാതല സമിതി രൂപികരിക്കേണ്ടതാണ്

8. സമതല പ്രദേശങ്ങളും നെൽപ്പാടങ്ങളും ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളുമാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. കൃഷിയിറക്കുന്നതിന് മുമ്പ് ഉചിതമായ ജലനിർഗമന മാർഗ്ഗങ്ങൾ തുറക്കുക എന്നതാണ് ഈ പ്രദേശങ്ങളിൽ സ്വീകരിക്കുന്ന പ്രധാന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ. 1-3 % വരെ ചെരിവുള്ള വളരെ താഴ്ന്ന പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

9. ഫലപ്രദമായ നീർവാർച്ചാ സൗകര്യം ഉറപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ശുപാർശ ചെയ്യുന്നത്. ആവരണവിള കൃഷി, ഇടവിള കൃഷി, മഴവെള്ള സംഭരണം, trenching, സമ്മിശ്ര കൃഷി, തീറ്റപ്പുൽ കൃഷി എന്നിവയും ശുപാർശ ചെയ്യുന്നു.

10. അനധികൃതമായ കുന്നിടിക്കൽ മൂലം നമ്മുടെ സംസ്ഥാനത്തെ ജലസംഭരണത്തിനുള്ള ഒരു മാധ്യമമാണ് നഷ്ടപ്പെടുന്നത്.ഒരു ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുമ്പോൾ 250 ലിറ്റർ ജലം സംഭരിക്കുന്നതിനുള്ള മാധ്യമമാണ് നഷ്ടപ്പെടുന്നത്. ഇപ്രകാരം ഒരു ലോറി മണ്ണ് നീക്കം ചെയ്യുമ്പോൾ 1250 ലിറ്റർ ജലം സംരക്ഷിക്കപ്പെടാനുള്ള മാധ്യമമാണ് നഷ്ടപ്പെടുന്നത്.കൂടാതെ ഉപരിതലത്തിൽ ഒരടി താഴ്ച്ചയിൽ കാണുന്ന ഫലഭൂയിഷ്ടമായ മേൽ മണ്ണ് നീക്കപ്പെടാതെ സൂക്ഷിക്കേണ്ടതും ആവശ്യമാണ്. മേൽ മണ്ണ് കൂനയായി പുരയിടത്തിന്റെ ഒരു ഭാഗത്ത് സൂക്ഷിച്ചതിന് ശേഷം അടിയിലുള്ള മണ്ണ് നീക്കം ചെയ്യാൻ അനുവദിക്കാവുന്നതാണ്.മണ്ണ് നീക്കിയ ശേഷം കൂനയായി കൂടിയിരിക്കുന്ന മേൽമണ്ണ് തിരിച്ച് ഉപരിതലത്തിൽ വിരിക്കേണ്ടതാണ്. ചരിവുകൾ ദൃഢീകരിക്കതെയുള്ള ആശസ്ത്രിയമായ മണ്ണെടുക്കൽ പലപ്പോഴും മണ്ണിടിച്ചിലിനു കാരണമാകുന്നു. ഒരു പ്രദേശത്തെ പ്രകൃതിയാലുള്ള ജലനിർഗ്ഗമനം കുന്നിടിച്ചിൽ മൂലമോ നിലംനികത്തൽ മൂലമോ തടസ്സപ്പെടാനുള്ള സാഹചര്യം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്.

അനിയന്ത്രിതമായി കുന്നിടിച്ചിൽ ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ കഴിവതും മൺവേല കുറയ്ക്കുന്ന രീതിയിൽ നടത്തുവാൻ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.
2. റോഡു നിർമ്മാണങ്ങളിൽ കഴിവതും ഒരു ഭാഗത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണ് മറ്റൊരിടത്ത് നികത്താനായി ഉപയോഗിക്കുന്ന രീതിയിൽ രൂപകൽപന ചെയ്യേണ്ടതാണ്. പുറത്തുനിന്നും മണ്ണ് കൊണ്ടുവരുന്ന സാഹചര്യം ഇത്തരത്തിൽ ഒഴിവാക്കാവുന്നതാണ്.
3. വയലുകൾക്ക് കുറുകെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കോൺക്രീറ്റ് സ്ലാബ്ചുറുകൾ (പില്ലറുകൾ, പ്രീ സ്ട്രെസ്ഡ് പ്രീ കാസ്റ്റ് സ്ലാബ്ചുറുകൾ) ഉപയോഗിക്കുന്നതിലൂടെ മണ്ണിട്ടു നികത്തൽ ഒഴിവാക്കാവുന്നതാണ്.
4. വ്യക്തികൾക്ക് ചെറുകിട പാർപ്പിട നിർമ്മാണങ്ങൾക്ക് മാത്രമേ മണ്ണ് നീക്കം ചെയ്യാനോ, കുന്നിടിക്കാനോ അനുമതി നൽകാവൂ. ഭൗമോപരിതലത്തിൽ ഒരടി താഴ്ചയിൽ കാണുന്ന കാർഷിക പ്രാധാന്യമുള്ള മേൽ മണ്ണ് സൗകര്യപ്രദമായി ഒരു ഭാഗത്ത് കൂനകൂട്ടി ശേഖരിച്ചതിനു ശേഷം അടിയിലുള്ള മണ്ണ് നീക്കം ചെയ്യാൻ അനുവദിക്കാവുന്നതാണ്. അനുവദനീയമായ അളവിൽ മണ്ണ് നീക്കിയ ശേഷം കൂന കൂട്ടിയിട്ടിരിക്കുന്ന മേൽ മണ്ണ് തിരിച്ച് ഉപരിതലത്തിൽ വിരിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.
5. ഭക്ഷ്യോൽപ്പാദനത്തിനും ജലസംഭരണത്തിനും ഉപയോഗിക്കപ്പെടേണ്ട മണ്ണ് അനിയന്ത്രിതമായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡബ്ലിയു.ജി.ഡി.പി., പി.എം.കെ.എസ്.വൈ., വാട്ടർഷെഡ് എന്നീ പദ്ധതികളുടെ ഭാഗമായി നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
2. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ ഭാഗമായി നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
3. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ ഭാഗമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വെള്ളപൊക്ക നിവാരണത്തിനും ജല നിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
4. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ ഭാഗമായി നെൽ കൃഷിയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
5. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ അഷ്ടമുടി കായലിന്റെ വൃഷ്ടി പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
6. ശാസ്താംകോട്ട തടാകത്തിന്റെ വൃഷ്ടി പ്രദേശത്ത് സംസ്ഥാന ആവിഷ്കൃത പദ്ധതിയായ പി.സി.ആർ.ഡബ്ലിയു.എസ്.എസ്. പ്രകാരം 1 കോടി രൂപയ്ക്ക് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7. പട്ടികജാതി സങ്കേതങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
8. ജില്ലയിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ടി.ആർ.ഡി.എം., കോർപ്പസ് ഫണ്ട്, എന്നിവ ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
9. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് MGNREGS പദ്ധതിയുമായി ഏകോപനവും ഉറപ്പാക്കുക.
10. അഷ്ടമുടി കായലിന്റെ തീര പ്രദേശത്ത് കണ്ടൽവനങ്ങൾ വച്ചു പിടിപ്പിക്കൽ.(19 ലക്ഷം)(ജില്ലാ പഞ്ചായത്ത് പദ്ധതി)
11. ശാസ്താംകോട്ട തടാകത്തിന്റെ തീരപ്രദേശത്ത് ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി തനത് സസ്യവർഗ്ഗങ്ങൾ വച്ച് പിടിപ്പിക്കുക. (12 ലക്ഷം)(ജില്ലാ പഞ്ചായത്ത് പദ്ധതി)

12. പഞ്ചായത്ത് തല പദ്ധതി തയ്യാറാക്കുന്നതിന് മണ്ണ് പര്യവേഷണ റിപ്പോർട്ട് പഞ്ചായത്തുകൾക്ക് സമർപ്പിക്കുക.
13. മണ്ണിന്റെ രാസഭൗതിക പരിശോധനകളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ ഭൂക്ഷമതാ ഭൂപടങ്ങൾ തയ്യാറാക്കുക.
14. മൺട്രോതുരുത്ത് പഞ്ചായത്തിന്റെ പാരിസ്ഥിതിക പഠനത്തിനുവേണ്ടി ഭൂപടം തയ്യാറാക്കുക.
15. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജകമണ്ഡലം സമ്പൂർണ്ണ ഹെൽത്ത് കാർഡ് വിതരണം പൂർത്തിയാക്കുക.
16. കേന്ദ്രാവിഷ്കൃത ഹെൽത്ത് കാർഡ് പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ വരിഞ്ഞം ഏലയിൽ നെൽകൃഷി പ്രദർശന തോട്ടം കർഷകർക്കായി ഒരുക്കുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന നീർത്തട പദ്ധതികളുടെ വിശദാംശങ്ങൾ (അദ്ധ്യായം – 5 കാണുക)

ബി. മണ്ണ്പര്യവേഷണം

മണ്ണ്പര്യവേഷണ വിഭാഗം

സോയിൽ സർവ്വേ വകുപ്പും കൃഷി വകുപ്പും സോയിൽ ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടിക 4.1.13

സോയിൽ സർവ്വേ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	സോയിൽ ഹെൽത്ത് കാർഡ് പദ്ധതി	കാർഡുകളുടെ എണ്ണം	പഞ്ചായത്തുകൾ	നടപ്പിലാക്കിയ വർഷം
1	സംസ്ഥാന പദ്ധതി	740	കുമ്മിൾ	2008
2	കേന്ദ്രാവിഷ്കൃതം	2173	കല്ലുവാതുക്കൽ	2016-2017
3	കേന്ദ്രാവിഷ്കൃതം	381	ചാത്തന്നൂർ	2015-2016
4	കേന്ദ്രാവിഷ്കൃതം	2265	തൃക്കരുവ	2015-2016
5	കേന്ദ്രാവിഷ്കൃതം	1909	പനയം	2015-2016
6	കേന്ദ്രാവിഷ്കൃതം	1898	പേരയം	2015-2016
7	സംസ്ഥാന പദ്ധതി	400	ചിറക്കര	2014-2015
9	കേന്ദ്രാവിഷ്കൃതം	-	ആദിച്ചനല്ലൂർ കല്ലുവാതുക്കൽ, പൂതക്കുളം, ചിറക്കര പരവൂർ ചാത്തന്നൂർ, പൂയപ്പള്ളി	സമ്പൂർണ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി 2017-18 ൽ നടപ്പിലാക്കിവരുന്നു

ദീർഘകാല ലക്ഷ്യങ്ങൾ

1. ജില്ലയിലെ പള്ളിക്കൽ, കല്ലട, ഇത്തിക്കര, അയിരൂർ നദീതടങ്ങളുമായി ബന്ധപ്പെട്ട് നദീതടങ്ങളുടെ പരിപാലനത്തിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് ദേശീയ അന്തർദേശീയ ഫണ്ടിംഗ് എജൻസികളുടെ ധനസഹായത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.
2. റംസാർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജില്ലയിലെ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകത്തിന്റെയും അഷ്ടമുടി കായലിന്റെയും വൃഷ്ടിപ്രദേശത്ത് ദേശീയ അന്തർദേശീയ ഫണ്ടിംഗ്

ഏജൻസികളുടെ ധനസഹായത്തോടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

3. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലെ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.
4. ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, പഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മണ്ണ് ജല സംരക്ഷണത്തിനും പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും ബ്രഹത് പദ്ധതി തയ്യാറാക്കി പട്ടിക വർഗ്ഗ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുക.
5. ജില്ലയിൽ പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവബോധം വരുത്തുന്നതിനായി ബോധവത്കരണം നൽകേണ്ടതാണ്.
6. സുസ്ഥിര കാർഷിക വികസനത്തിനായുള്ള കൊല്ലം ജില്ലയുടെ മണ്ണ് വിവരശേഖരണം.
7. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും മണ്ണ് പര്യവേഷണവും, മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

4. ഉപസംഹാരം

കണ്ടെത്തിയ ഏറെക്കുറെ എല്ലാ വികസന പ്രശ്നങ്ങളും ആസൂത്രിതമായ ഇടപെടലുകളിലൂടെ പരിഹരിക്കാൻ കഴിയുമെന്ന് വിശകലനം വ്യക്തമാക്കുന്നു. നീർത്തടാടിസ്ഥാനത്തിൽ മണ്ണ് സർവ്വേ നടത്തുമ്പോൾ പ്രദേശത്തെ മണ്ണൊലിപ്പ്, മണ്ണിന്റെ തീവ്രത തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിക്കുകയും പ്രശ്നങ്ങളുടെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ മണ്ണ് സംരക്ഷണ വേലകൾ നടത്തേണ്ട ഭൂമി തിരഞ്ഞെടുക്കുന്നതിന് മുൻഗണനാ വിഭാഗങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്നു.

മണ്ണൊലിപ്പിന്റെ തീവ്രത മണ്ണിന്റെ ഫലഭൂയിഷ്ഠതയെ ബാധിക്കുന്നു. അനുയോജ്യമായ സംരക്ഷണ നടപടികൾ യഥാസമയം അവലംബിച്ചുകൊണ്ട് മാത്രമേ മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാനാകൂ. മണ്ണൊലിപ്പിന്റെ തീവ്രതയ്ക്ക് പുറമേ പ്രദേശത്തിന്റെ ചെരിവ്, കൃഷിയുടെ നിലവിലെ സ്ഥിതി, അവലംബിക്കുന്ന പരിപാലന മുറകൾ തുടങ്ങിയ ഘടകങ്ങളും പരിഗണിച്ചാണ് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നത്.

ജില്ലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം, അഷ്ടമുടിക്കായലിന്റെ സംരക്ഷണം, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളുടെ സംരക്ഷണം, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾക്കായുള്ള പ്രോജക്ടുകൾ, ജില്ലയിലെ വിവിധ മേഖലകളെ സംയോജിപ്പിച്ച് മൊത്തത്തിലുള്ള വികസനത്തിനായി നീർത്തട വികസന പ്രോജക്ട് എന്നിവയാണ് ജില്ലയ്ക്ക് വേണ്ടിയുള്ള പ്രത്യേക ശുപാർശകൾ.

4.1.4 ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ

എ. ഹെൽത്ത് കാർഡ് പദ്ധതി

കേന്ദ്രാവിഷ്കൃത ഹെൽത്ത് കാർഡ് പദ്ധതി ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പൂർണ്ണമായും ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ചാത്തന്നൂർ വരിഞ്ഞം ഏലായിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം പ്രദർശന കൃഷി തോട്ടം സജ്ജമാക്കിയിട്ടുണ്ട്.

ബി. പി.എം.കെ.എസ്.വൈ.

പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം ജില്ലയിലെ 5 കുളങ്ങൾ പുനരുദ്ധരിച്ച് ജലസേചന യോഗ്യമാക്കുന്നതിന് ഒരു കോടി അറുപത് ലക്ഷം രൂപയുടെ കർമ്മ പദ്ധതിക്ക് അംഗീകാരം ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സി. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്(ആർ.ഐ.ഡി.എഫ്.) ഉപയോഗിച്ച് നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികളാണ് മണ്ണ് സംരക്ഷണ വകുപ്പ് പ്രധാനമായും ചെയ്തുവരുന്നത്. ആർ.ഐ.ഡി.എഫ്. പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേൽത്തട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കല്ല് കയ്യാല, മൺ കയ്യാല, എന്നീ വകുപ്പ് തല നിർമ്മാണങ്ങളുടെ നിരക്ക് DSR 2016 പ്രകാരം പുതുക്കി നിർണ്ണയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവർത്തങ്ങൾക്ക് DSR2012 പ്രകാരമുള്ള നിരക്കാണ് അനുവർത്തിച്ചു പോരുന്നത്. കാലാനുസൃതമായി നിരക്കുകൾ പരിഷ്കരിക്കത്തത് പദ്ധതി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു.
2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മറ്റ് നിർമ്മാണ വകുപ്പുകൾ ചെയ്യുന്നതുപോലെ ഇ-ടെൻഡറിംഗ് സിസ്റ്റം വഴി നടപ്പിലാക്കുന്നത് അഭികാമ്യമാണ്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ഇ-ടെൻഡറിംഗ് മുഖേന നടപ്പിലാക്കുകയാണെങ്കിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.
3. മണ്ണ് ജല സംരക്ഷണ പ്രവർത്തങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ലിയു.ഡി. മാനുവൽ പോലെ സോയിൽ കൺസർവേഷൻ മാനുവൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
4. ഹരിതകേരള പദ്ധതിയുടെ പശ്ചാതലത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും കേരള ലാൻഡ് ഡവലപ്മെന്റ് ആക്ട് പരിഷ്കരിക്കേണ്ടതാണ്.

ത്രിതല പഞ്ചായത്ത് പദ്ധതികൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ MGNREGS പദ്ധതി പ്രകാരം മാത്രമേ നടപ്പിലാക്കുവാൻ പാടുള്ളൂ എന്ന് പ്ലാൻ ഫണ്ട് ചിലവഴിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ രേഖയിൽ കർശന നിർദ്ദേശം ഉള്ളതുകൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശ രേഖ പരിഷ്കരിക്കേണ്ടതാണ്.
2. പഞ്ചായത്തിരാജ് ആക്ടിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം മണ്ണ് ജല സംരക്ഷണം ഗ്രാമ പഞ്ചായത്തുകളുടെ കർമ്മ പട്ടികയിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് കർമ്മ പട്ടികയിൽ ഭൂഗർഭജല പരിപോഷണം ഉൾപെടുത്തിയിട്ടുണ്ട്. മണ്ണ് ജല സംരക്ഷണം ഭൂഗർഭജല പരിപോഷണ പ്രവർത്തനങ്ങളിൽ ഉൾപെട്ടതാണെങ്കിലും മണ്ണ് ജല സംരക്ഷണം പട്ടികയിൽ ഉൾപ്പെടാത്തതു കൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മണ്ണ് ജല സംരക്ഷണം ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പട്ടികയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് രാജ് ആക്ട് പരിഷ്കരിക്കുന്നത് ഹരിതകേരളം പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതാണ്.
3. ജലസേചന ജലനിർഗമന പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ സഹായകരമാവുന്ന തരത്തിൽ പ്ലാൻ മാർഗ്ഗ നിർദ്ദേശ രേഖയും പഞ്ചായത്ത് രാജ് ആക്ടും പരിഷ്കരിക്കുകയാണെങ്കിൽ ജില്ലയിലെ തരിശു കിടക്കുന്ന നെല്പ്പാടങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുവാൻ സാധിക്കും. നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടാകുന്ന വർദ്ധന ജല ലഭ്യതയും ഭൂഗർഭജല പരിപോഷണവും വർദ്ധിപ്പിക്കുവാൻ സഹായകരമാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

4.1.3 ജലസേചനം - അവസ്ഥയും പരിപ്രേക്ഷ്യവും

ചെറുകിട ജലസേചനം

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല പ്രവർത്തനങ്ങൾ	ദീർഘകാല പ്രവർത്തനങ്ങൾ
ജില്ലയിലെ കൃഷിയിറക്കിയിട്ടുള്ള പ്രദേശത്തിന്റെ 6.8 % മാത്രമാണ് ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി. ജലസേചന ആവശ്യത്തിനായി ജില്ലയിലെ കൃഷിമേഖലയിൽ നിർമ്മിച്ചിട്ടുള്ള തടയണകളും ക്രോസ്ബാറുകളുംസമയബന്ധിതമായ അറ്റകുറ്റപണികളുടെ അഭാവം മൂലം തകർന്നു കിടക്കുന്ന അവസ്ഥ.ചെറുകിട ജലസേചന സ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയുടെ വിസ്തൃതി കയ്യേറ്റം മൂലംകുറയുന്നതും വ്യാപകമായി മൂടപ്പെടുന്ന അവസ്ഥ. തണ്ണീർത്തടം കായലുകൾ എന്നിവ നികത്തപ്പെടുന്നത് ശൂരനാട് വടക്ക്, തൊടിയൂർ, തഴവ, ആദിച്ചനല്ലൂർ, കിഴക്കേകല്ലട, ആര്യൻകാവ്, കുളക്കട എന്നീ പഞ്ചായത്തുകളിലെലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള മോട്ടോർ, പമ്പ് മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാലപ്പഴക്കം മൂലംതുടർച്ചയായി അറ്റകുറ്റപണികൾ ആവശ്യമായി വരുന്ന അവസ്ഥ. ആദിച്ചനല്ലൂർ, ചാത്തന്നൂർ, തൃക്കരുവ, തൃക്കടവൂർ, കുലശേഖരം, ക്ലാപ്പന, ആലപ്പാട് എന്നീ പഞ്ചായത്തുകളിലെ ജലസേചന ആവശ്യത്തിനായിഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ	വിവിധ വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ജലസാനിധ്യം ജലസ്രോതസ്സുകളിൽ ഉറപ്പാക്കാൻ ആവശ്യമായുള്ളപ്രവർത്തനങ്ങൾ കണ്ടെത്തുകയും, നിർവഹിക്കുകയും അതുവഴി ജില്ലയിലെ കാർഷിക മേഖലയിൽ സമ്പൂർണ്ണ ജലസേചനം സാധ്യമാക്കുകയും ചെയ്യുക.	തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ഹരിത കേരളം പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത്പോലെ ജൈവ മാർഗ്ഗങ്ങൾക്ക് മുൻഗണന നൽകി കുളങ്ങൾ, ചിറകൾ, അരുവികൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കണം. മഴവെള്ള സംഭരണത്തിലൂടെ കിണറുകളിലെ ജലലഭ്യത ഉറപ്പാക്കുതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക. അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി അടിയണകൾ നിർമ്മിച്ച് ഭൂജലപോഷണം സാധ്യമാക്കുക. ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കേടുപാടുകൾ പരിഹരിച്ച് നിലവിലെ ജലസേചിത ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾനടപ്പിലാക്കുക കെ.ഐ.പി. മറ്റു ജലസേചന കനാലുകൾ എന്നിവയിലൂടെ ഒഴുകി വരുന്ന ജലംസമീപത്ത് സാധ്യമായ കുളങ്ങളുമായും ചെറു തോടുകൾ വഴി പാടശേഖരങ്ങളുമായി ബന്ധിപ്പിച്ച് വേനൽക്കാലത്ത് ജലലഭ്യത പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ	ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും രൂപീകരണവും വിനിയോഗവും സുസ്ഥിര പരിപാലവും ഉറപ്പാക്കുക. ജലസംരക്ഷണ ജലവിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക പ്രകൃതിവിഭവ പരിപാലനമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശഭരണം, തൊഴിലുറപ്പ്, ഭൂജലം, റെവന്യൂഎന്നീ വകുപ്പുകളെ

വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്ന അവസ്ഥ വിവിധ വകുപ്പുകൾ ജലസേചന നിർമ്മിതികൾ നടത്തുമ്പോൾ റവന്യൂ അതിരുകൾ കൃത്യമായി നിർണ്ണയിക്കാത്തതു മൂലം ജലസ്രോതസ്സുകളുടെവിസ്തൃതിയിൽ കുറവു വരുന്ന അവസ്ഥ. ജലസ്രോതസ്സുകളുടെ വ്യാപക മലിനീകരണം കാലാവസ്ഥയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മൂലം ജലസ്രോതസ്സുകളിലെ ജല ലഭ്യതക്കുറവ്, ഫണ്ട് ലഭ്യത യുടെ കുറവു മൂലം സൃഷ്ടിക്കപ്പെടുന്ന ജലസേചിത ശേഷിയുടെ തുടർ പരിപാലനം സാധ്യമാകാത്ത അവസ്ഥ. കേന്ദ്രാവിഷ്കൃത പദ്ധതിയിലെ മാനദണ്ഡങ്ങൾ ജില്ലയിലെ ഭൂപ്രകൃതി അനുസരിച്ച് പാലിക്കാൻ കഴിയാത്ത സാഹചര്യം മൂലം മതിയായകേന്ദ്ര സഹായം ലഭ്യമാകാത്ത അവസ്ഥ.		യോജിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്ന വിധത്തിൽ വാർഡ് തലത്തിൽ ജനകീയ കൂട്ടായ്മകൾതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച് ബോധവൽക്കരണം നടത്തുക. ക്വാറികൾ പോലുള്ള ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയായി സൂക്ഷിക്കുക. വ്യാവസായിക ഗാർഹിക ഉപയോഗത്തിൽ ജല ഉപയോഗത്തിന്റെ ദുർവ്യയം കുറച്ച്, പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾനടപ്പിലാക്കുക	ഏകോപിപ്പിച്ചു കൊണ്ട്ഗ്രാമപഞ്ചായത്ത് തലം മുതൽ ജില്ലാതലം വരെ മണ്ണ്, ജലസംരക്ഷണ പ്ലാനുകൾ തയ്യാറാക്കുക.

കേന്ദ്രസംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ളനിർദ്ദേശങ്ങളും (അദ്ധ്യായം – 5 കാണുക)

ചെറുകിട ജലസേചനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്പാദന മേഖലയിലെ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

- തദ്ദേശഭരണ സ്ഥാപനങ്ങൾ ജലസേചന, ജലസംരക്ഷണ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യം കൂടുതലായുള്ള ജലവിഭവ വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക.
- കാർഷിക വികസനത്തിന് അത്യന്താപേക്ഷിതമായ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷികപദ്ധതിയുടെ നിശ്ചിത ശതമാനം മാറ്റി വക്കുക.
- ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തടാധിഷ്ഠിത ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകുക.

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹവും ഉപസംഹാരവും

ചെറുകിട ജലസേചനം

കാർഷിക മേഖല ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കനുസൃതമായാണ് ജലസേചന സൗകര്യങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.നെൽകൃഷി വികസനം, പച്ചക്കറി കൃഷിയും ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തലും, തെങ്ങ് കൃഷി പുനരുദ്ധാരണം, തരിശ് പ്രദേശങ്ങളിൽ കൃഷിയിറക്കൽഎന്നീ കാർഷിക മേഖലാ നിർദ്ദേശങ്ങൾ സാക്ഷാത്കരിക്കണമെങ്കിൽ ജലസേചനത്തിന്റെ പിൻതുണ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള ജലസേചന സൗകര്യങ്ങൾവിപുലപ്പെടുത്തുക എന്നതാണ് ഏക പോംവഴി. ചെറുകിട ജലസേചന മേഖലയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുളിലാണ് ഉപയോഗപ്പെടുത്തേണ്ട ശേഷി കൂടുതലായുള്ളത്. ശൂരനാട് വടക്ക്, തൊടിയൂർ, തഴവ, ആദിച്ചനല്ലൂർ, കിഴക്കേ കല്ലട, കുളക്കട, അരുങ്കാവ് എന്നീ പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇവിങ്ങളിലെ മോട്ടോർ, പമ്പ്, മറ്റ് അനുബന്ധസാമഗ്രികൾ എല്ലാം വളരെ പഴക്കം ചെതാണ്. ശൂരനാട് വടക്ക് പഞ്ചായത്തിലുള്ള 8 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലും 1958 ൽ സ്ഥാപിച്ച യന്ത്രങ്ങളാണുള്ളത്. ടി. യന്ത്രങ്ങളുടെ കേടുപാടുകൾ പരിഹരിച്ചും സ്ഥിര ജോലിക്കാരനായ ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിച്ചും നിലങ്ങളിലേക്ക് വെള്ളമെത്തിക്കുന്ന കനാലുകളുടെ നീളം വർധിപ്പിച്ചും അവയുടെ തുടർച്ചയായ പരിപാലനം സാധ്യമാക്കിയും ടി. പഞ്ചായത്തുകളിലെ ജലസേചന സൗകര്യം വിപുലപ്പെടുത്താവുന്നതാണ്.

പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ സാധ്യത ഉപയോഗപ്പെടുത്തുക എന്നതാണ് മറ്റൊരു പോംവഴി. ജലസേചന സൗകര്യം വളരെ കുറവുള്ള ചിറ്റുമല ബ്ലോക്കിലെ പനയം പഞ്ചായത്തിൽ മേൽപനയം കുളത്തിൽ നിന്നും, മുഖത്തല ബ്ലോക്കിലെ തൃക്കോവിൽ വട്ടം, മയ്യനാട് പഞ്ചായത്തുകൾ, ചടയമംഗലം ബ്ലോക്കിലെ ചടയമംഗലം, ഇട്ടിവ, ഇളമാട്, ഇടമുളക്കൽ പഞ്ചായത്തുകളിൽ ഇത്തിക്കരയാറ്റിൽ നിന്നും, കരുനാഗപ്പള്ളി, പന്മന എന്നിവിടങ്ങളിൽപള്ളിക്കലാറ്റിൽ നിന്നുമുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ സാധ്യത ആരായാവുന്നതാണ്.

ജലസേചന സൗകര്യങ്ങൾ കുറവുള്ള ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ കുളങ്ങളിൽ നിന്നുമുള്ള ജലം കൃഷിക്കുപയോഗിക്കുക എന്ന സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി കുളങ്ങളുടെജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഓരോ പാട ശേഖരത്തിലേക്കും ആവശ്യകത അനുസരിച്ചുള്ള പദ്ധതികൾ ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശഭരണം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സാധ്യമാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ചവ കൂടാതെ കൃഷിമേഖലയിൽ നിർമ്മിച്ചിട്ടുള്ളതും കാലപ്പഴക്കം മൂലം തകർന്നിരിക്കുന്നതുമായ വി.സി.ബി., തടയണകൾ എന്നിവയുടെ കേടുപാടുകൾ പരിഹരിച്ചും ചിറ്റുമലച്ചിറ, ആദിച്ചനല്ലൂർചിറ തുടങ്ങിയ ജലസ്രോതസ്സുകളെ ജൈവ മാർഗ്ഗങ്ങളുപയോഗിച്ച് സംരക്ഷിച്ചും തലകുളങ്ങളായി വികസിപ്പിച്ചും ജില്ലയിലെ ജലസേചന സൗകര്യം വിപുലപ്പെടുത്താവുന്നതാണ്.

ജില്ലയിലെ തീരദേശ മേഖലയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ കുളങ്ങളിൽ നിന്നോ കിണറുകളിൽ നിന്നോ ജലസേചനം നടത്തുക എന്നതൊഴികെ മറ്റു മാർഗ്ഗങ്ങളൊന്നും ഉപയോഗപ്പെടുത്താൻ സാധ്യമല്ല. ഈ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ മഴക്കാലത്ത് സംഭരിക്കുന്ന അധിക ജലം ഒഴുക്കി കളയുന്നതിന് സഹായകരമായ നിർമ്മിതികൾക്കും പ്രഥമ പരിഗണന നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച ജലസേചന മാർഗ്ഗങ്ങൾ സാധ്യമാക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ ജല ആവശ്യകത വളരെ കുറച്ചു മാത്രം വേണ്ടി വരുന്ന തരത്തിലുള്ള വിളകൾ കൃഷി ചെയ്യുകയും അതുവഴി ജലസേചന സൗകര്യങ്ങളുടെ അഭാവം മൂലം തരിശ്ശിടുന്ന പ്രവണത ഒഴിവാക്കാവുന്നതുമാണ്.

ജില്ലയിലെ ജലസേചന ആവശ്യത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളിൽ വേനൽ കാലങ്ങളിൽ ഉപ്പുവെള്ള ഭീഷണി വളരെ കൂടുതലാണ്. ഇത്തരത്തിൽ അഷ്ടമുടിക്കായലിൽ നിന്നും ഉപ്പുവെള്ളം കയറുന്ന തൃക്കരുവ, തൃക്കടവൂർപ ഞ്ചായത്തുകളിലും, കല്ലടയാറ്റിൽ നിന്നും ഉപ്പുവെള്ളം കയറുന്ന കിഴക്കേക്കല്ലട പഞ്ചായത്തിലും ഇത്തിക്കരയാറ്റിൽ നിന്ന് ഉപ്പുവെള്ളം കയറുന്ന ആദിച്ചനല്ലൂർ, ചാത്തന്നൂർ പഞ്ചായത്തുകളിലും, ടി.എസ്. കനാലിൽ നിന്നും ഉപ്പുവെള്ളം കയറുന്ന കുലശേഖരം, ക്ലാപ്പന, ആലപ്പാട് പഞ്ചായത്തുകളിലും ആയത് തടയുന്നതിനുള്ള നിർമ്മിതികൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്.

ജലസേചനകനാലുകൾ കടന്നുപോകുന്ന പഞ്ചായത്തുകളിൽ, തദ്ദേശസ്വയംഭരണം, തൊഴിലുറപ്പ്, ജലവിഭവം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ചുകൊണ്ട് മഴക്കാലത്ത് കനാലുകളിലൂടെ ഒഴുകി വരുന്ന ജലം സമീപത്ത് സാധ്യമായ കുളങ്ങളുമായും ചെറു തോടുകൾ വഴി പാടശേഖരങ്ങളുമായും ബന്ധിപ്പിച്ച് വേനൽക്കാലത്ത് ജലസേചന ആവശ്യത്തിനായുള്ള വെള്ളം കണ്ടെത്താവുന്നതാണ്.

4.2 മൃഗസംരക്ഷണവും ക്ഷീര വികസനവും

ആമുഖം

ലോകത്തെ പാവപ്പെട്ട ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗവും ഉപജീവനമാർഗ്ഗവുമാണ് കന്നുകാലി വളർത്തൽ. ദേശീയ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവായും കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് പ്രത്യേകിച്ചും സംഭാവനകൾ നൽകുന്നതു കൂടാതെ സാമൂഹിക - സാമ്പത്തിക സുരക്ഷ, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, ആസ്തി ഉണ്ടാക്കൽ, വിള നഷ്ടം ചെറുക്കുന്നതിനുള്ള ഘടനാ സംവിധാനം ഒരുക്കൽ എന്നീ രീതികളിലും ഈ മേഖല വർത്തിക്കുന്നു. ഇന്ത്യയുടെ കാർഷിക സമ്പദ് വ്യവസ്ഥയിൽ ഒരു അവിഭാജ്യഘടകവും ഗ്രാമീണ ജനതയുടെ ജീവനോപാധിയായി വർത്തിക്കുന്നതിൽ ബഹുമുഖമായ ധർമ്മവുമാണ് മൃഗസംരക്ഷണ മേഖല വഹിക്കുന്നത്. ജനങ്ങൾക്ക് ആവശ്യമായ മൃഗപോഷകങ്ങളുടെ ഉറവിടമാണ് കന്നുകാലിസമ്പത്ത്.

ചെറുകിട നാമമാത്ര കർഷകരും ഭൂരഹിത തൊഴിലാളികളുമാണ് കന്നുകാലി സമ്പത്തിൽ ഭൂരിഭാഗത്തിന്റേയും ഉടമകൾ. കൂടാതെ കന്നുകാലി വളർത്തൽ മേഖലയുടെ സുസ്ഥിരമായ വികസനം കൂടുതൽ സമഗ്ര വികസനത്തിലേയ്ക്കും സ്ത്രീശാക്തീകരണത്തിലേയ്ക്കും നയിക്കുന്നു. 2015-16 ൽ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര മൂല്യ വർദ്ധനവിന്റെ 3.03 ശതമാനവും, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുടെ മൂല്യ വർദ്ധനവിന്റെ 29.18 ശതമാനവും പങ്ക് മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്.

ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോല്പാദക രാഷ്ട്രമാണ്. ദേശീയതലത്തിൽ മൊത്തം ക്ഷീരോല്പാദനം 2006-07 ൽ 1026 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2011-12 ൽ 1279 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. ക്ഷീരോല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 1463.10 ലക്ഷം മെട്രിക് ടണ്ണും 1554.90 ലക്ഷം മെട്രിക് ടണ്ണും ഇക്കാലയളവിലെ വാർഷിക വളർച്ചാനിരക്ക് 6.27 ശതമാനം വീതവുമാണ്. ഇൻഡ്യയിൽ പാൽ ഉല്പാദിപ്പിക്കുന്ന പ്രധാന സംസ്ഥാനങ്ങളിൽ പ്രഥമ സ്ഥാനത്ത് ഉത്തർപ്രദേശാണ്. (263.87 ലക്ഷം മെട്രിക് ടൺ) 2015-16 ൽ 26.50 ലക്ഷം മെട്രിക് ടൺ പാൽ ഉല്പാദിപ്പിച്ച കേരളം പതിനാലാം സ്ഥാനത്താണ്. സംസ്ഥാനത്തെ മൊത്തം ക്ഷീരോല്പാദനം 2006- 07 ൽ 21.19 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2011-12 ൽ 27.16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. ക്ഷീരോല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 27.11 ലക്ഷം മെട്രിക് ടണ്ണും 26.50 ലക്ഷം മെട്രിക് ടണ്ണും ആണ്. ഇക്കാലയളവിലെ വാർഷിക വളർച്ചാ നിരക്ക് യഥാക്രമം 2.11 ശതമാനവും 2.25 ശതമാനവും ആണ്. സംസ്ഥാനത്തെ ക്ഷീരോല്പാദനത്തിന്റെ 2015-16 ലെ വളർച്ചാ നിരക്ക് ദേശീയ വളർച്ചാ നിരക്കിനേക്കാൾ വളരെ കുറവാണ്.രാജ്യത്തെ ക്ഷീരോല്പാദനത്തിൽ കേരളത്തിന്റെ പങ്ക് 2015-16 ൽ 1.70 ശതമാനം മാത്രമാണ്.

ദേശീയതലത്തിൽ മൊത്തം മുട്ട ഉല്പാദനം പത്താം പദ്ധതിയുടെ അവസാന വർഷം (2006-07) 5066 കോടി ആയിരുന്നത് പതിനൊന്നാം പദ്ധതിയുടെ അവസാനം (2011-12) 6645 കോടി ആയി വർദ്ധിച്ചു. മുട്ടയുല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 7848.4 കോടിയും 8292.94 കോടിയും ആണ്. ഇക്കാലയളവിലെ വളർച്ചാനിരക്ക് യഥാക്രമം 4.99 ശതമാനവും 5.66 ശതമാനവും ആണ്. ഇന്ത്യയിൽ മുട്ട ഉല്പാദിപ്പിക്കുന്ന പ്രധാന സംസ്ഥാനങ്ങളിൽ പ്രഥമ സ്ഥാനത്ത് തമിഴ് നാടാണ് (1612.52 കോടി) 2015-16 ൽ 244.25 കോടി മുട്ട ഉല്പാദിപ്പിച്ച കേരളം ഒൻപതാം സ്ഥാനത്താണ്.

ദേശീയതലത്തിൽ മൊത്തം മാംസത്തിന്റെ ഉല്പാദനം 2006-07 ൽ 23 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2011-12 ൽ 55 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. മാംസം ഉല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 67 ലക്ഷം മെട്രിക് ടണ്ണും 70.2 ലക്ഷം മെട്രിക് ടണ്ണും ആണ്. ഇക്കാലയളവിലെ വളർച്ചാനിരക്ക് യഥാക്രമം 8.01 ശതമാനവും 4.78 ശതമാനവും ആണ്. ഇന്ത്യയിൽ മാംസം ഉല്പാദിപ്പിക്കുന്ന പ്രധാന സംസ്ഥാനങ്ങളിൽ പ്രഥമ സ്ഥാനത്ത് ഉത്തർപ്രദേശാണ്. (14.18 ലക്ഷം മെട്രിക് ടൺ) 2015-16 ൽ 4.66 ലക്ഷം മെട്രിക് ടൺ മാംസം ഉല്പാദിപ്പിച്ച കേരളം ഏഴാം സ്ഥാനത്താണ്.

സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനം പത്താം പദ്ധതിയുടെ അവസാന വർഷം (2006-07) 119.39 കോടി ആയിരുന്നത് 2011-12 ൽ 170.48 കോടി ആയി വർദ്ധിച്ചു. മുട്ട ഉല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 250.36 കോടിയും 244.25 കോടിയും ആണ്. ഇക്കാലയളവിലെ വളർച്ചാ നിരക്ക് യഥാക്രമം 1.08 ശതമാനവും -

2.44 ശതമാനവും ആണ്. സംസ്ഥാനത്തെ മൊത്തം മാംസം ഉല്പാദനം പത്താം പദ്ധതിയുടെ അവസാന വർഷം(2006-07) 1.98 ലക്ഷം മെട്രിക്ടൺ ആയിരുന്നത് പതിനൊന്നാം പദ്ധതിയുടെ അവസാനം (2011-12) 4.26 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. മാംസം ഉല്പാദനം 2014-15 ലും 2015-16 ലും യഥാക്രമം 4.46 ലക്ഷം മെട്രിക് ടണ്ണും 4.66 ലക്ഷം മെട്രിക് ടണ്ണും ആണ്. ഇക്കാലയളവിലെ വളർച്ചാ നിരക്ക് യഥാക്രമം 7.16 ശതമാനവും 4.48 ശതമാനവും ആണ്.

നാഷണൽ സാമ്പിൾ സർവേ അനുസരിച്ച് വിവിധ വർഷങ്ങളിൽ ഇന്ത്യയിലെ ഉപഭോഗ രൂപ മാതൃക പരിശോധിച്ചാൽ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളിലുള്ള മാറ്റം വ്യക്തമാകും. ധാന്യങ്ങൾക്കായുള്ള ചെലവിന്റെ വിഹിതം കുറയുകയും പാൽ, ഇറച്ചി, മുട്ട എന്നിവയ്ക്കുവേണ്ടിയുള്ള ചെലവിന്റെ വിഹിതം വർദ്ധിക്കുകയും ചെയ്യുന്നുവെന്ന് പ്രകടമാണ്. ഇത്തരത്തിലുള്ള മാറ്റം കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളിലും വളരെ പ്രകടമാണ്. മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതിന്റെ പ്രാധാന്യം ഈ വസ്തുതകൾ അടിവരയിടുന്നു.

സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ പ്രശ്നമാകുന്ന ഒരു ഘട്ടത്തിൽ കാർഷിക-കാർഷികാനുബന്ധ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ ഒട്ടും വൈകാൻ പാടില്ലാത്തതാണ്. കൃഷിയെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ഭൂമി ലഭ്യമല്ല എന്നതാണ് പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിലെ പ്രധാന തടസ്സം. പരിമിതമായ ഭൂലഭ്യതയും വിഭവങ്ങളും മാത്രമുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ ചുരുങ്ങിയ കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്ക് സംഭാവന നൽകാൻ കഴിയുന്ന പ്രധാന മേഖല മൃഗസംരക്ഷണമാണെന്നത് എടുത്തു പറയേണ്ടതാണ്. കാർഷിക അനുബന്ധ മേഖല എന്ന നിലയിൽ നിന്നും സ്വതന്ത്ര കാർഷിക വൃത്തി എന്ന നിലയിലേക്ക് സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖല വികസിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള പ്രധാന ഉൽപ്പന്നങ്ങളായ ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ആവശ്യം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരുക്കുകയാണ്.

സാമാന്യ വിശകലനവും നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ അവലോകനവും

ചെറുകിട നാമ മാത്ര കർഷകർക്ക് അധിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും വരുമാനം വർദ്ധിപ്പിക്കുന്നതിലും മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയ്ക്ക് സജീവ പ്രാധാന്യമുണ്ട്. കേരളത്തിലെ മൃഗസമ്പത്തിന്റെ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കർഷകരും കർഷക തൊഴിലാളികളുമാണ് പ്രധാനമായും കന്നുകാലി വളർത്തലിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഈ മേഖലയിലുണ്ടാകുന്ന ഏതൊരു വികസനവും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തും.

പാലും മുട്ടയും മാംസവുമാണ് മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള പ്രധാന ഉൽപ്പന്നങ്ങൾ. കൂടാതെ ഉണക്ക ഇറച്ചി, തുകൽ മുതലായ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നത് വഴി വ്യാവസായിക വികസനത്തിനും അതിന്റേതായ പങ്ക് വഹിക്കുന്നു. ജൈവ കാർഷിക വൃത്തിയിലും സുപ്രധാനമായ സ്ഥാനമാണ് മൃഗസംരക്ഷണ മേഖലക്കുള്ളത്.

4. 2 .1 ഭൗതികമായ അവസ്ഥ

കാലിസമ്പത്ത്, പക്ഷിസമ്പത്ത്, ക്ഷീരോൽപ്പാദനം, തീറ്റപ്പുൽകൃഷി, പശ്ചാത്തല-വിപണന സൗകര്യങ്ങൾ എന്നിവയിലെ നിലവിലുള്ള സാഹചര്യങ്ങളാണ് മേഖലയുടെ ഭൗതികമായ അവസ്ഥയുമായി ബന്ധപ്പെട്ട് അപഗ്രഥനത്തിന് വിധേയമാക്കിയിട്ടുള്ളത്.

കന്നുകാലി സമ്പത്ത്

19-മത് കന്നുകാലി സെൻസസ് 2012 പ്രകാരം കൊല്ലം ജില്ലയിൽ മൊത്തം 2,20,402 കന്നുകാലികളാണുള്ളത്. ഇതേ കാലയളവിൽ സംസ്ഥാനത്തെ മൊത്തം കന്നുകാലികളുടെ എണ്ണം 2735162 ആയിരുന്നു. സംസ്ഥാനത്ത് 6-ാം സ്ഥാനമാണ് ജില്ലയ്ക്കുള്ളത്. സംസ്ഥാനത്തെ മൊത്തം കന്നുകാലികളുടെ 8% കൊല്ലം ജില്ലയിലാണുള്ളത്. സംസ്ഥാനത്തെ കന്നുകാലികളുടെ 10.7% ഉള്ള പാലക്കാട് ജില്ലയാണ് ഒന്നാം സ്ഥാനത്ത്. മൊത്തം കന്നുകാലികളുടെ 4.6%, 4.5% ഉള്ള പത്തനംത്തിട്ട, വയനാട് ജില്ലകളിലാണ് ഏറ്റവും കുറച്ച് കന്നുകാലികളുള്ളത്.

എ. പശുക്കൾ

2012 ലെ 19-ാമത് കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ 1,08,071 കാലികളാണുള്ളത്. ഇത് ജില്ലയിലെ ആകെയുള്ള കന്നുകാലി സമ്പത്തിന്റെ ഏകദേശം 49% വരും എന്ന് കണക്കാക്കപ്പെടുന്നു. കാലികൾ എന്ന വിഭാഗത്തിൽ പശുക്കളും എരുമകളും ഉൾപ്പെടും. കേരളത്തിലെ മൊത്തം കന്നുകാലി സമ്പത്തിൽ കാലികൾ 52.3% വരും. ആകെയുള്ള കാലികളിൽ പശുക്കളുടെ എണ്ണം എരുമകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ജില്ലയിലെ കാലികളിൽ 94.6% (1,02,279) പശുക്കളാണ്. സമാനമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്തുള്ളതും. സംസ്ഥാനത്തെ മൊത്തം പശുക്കളിൽ സങ്കരയിനം 95% വരും. നാടൻ പശുക്കളുടെ എണ്ണം 5% മാത്രമാണ്. ജില്ലയിൽ നാടൻ പശുക്കളുടെ എണ്ണം 1% മാത്രമാണ്. പശുക്കളുടെ പഞ്ചായത്ത് തല വിന്യാസം പരിഗണിച്ചാൽ ജില്ലയുടെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലാണ് പശുക്കളുടെ കേന്ദ്രീകരണമുള്ളത് എന്നു കാണാം.

ചിത്രം 4.2.1

പശുകളുടെ പഞ്ചായത്ത് തല വിന്യസം



അവംലബം. മൃഗസംരക്ഷണ വകുപ്പ്

ബി. എരുമ

ജില്ലയിലെ എരുമകളുടെ ആകെ എണ്ണം 5,792 ആണ്. ജില്ലയിലെ മൊത്തം കാലികളുടെ എണ്ണത്തിന്റെ 2.6% മാത്രമാണിത്. എരുമകളുടെ പഞ്ചായത്ത് തല വിന്യാസം പരിഗണിച്ചാൽ ജില്ലയുടെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലാണ് എരുമകളുടെയും കേന്ദ്രീകരണമുള്ളത് എന്നു കാണാം.

ചിത്രം 4.2.2

എരുമകളുടെ പഞ്ചായത്ത് തല വിന്യസം

അവംലബം. മൃഗസംരക്ഷണ വകുപ്പ്

സി. ആട്

ആട് വർഗ്ഗങ്ങളിൽ ആടുകളും ചെമ്മരിയാടുകളും ഉൾപ്പെടും, ജില്ലയിൽ ആടുവർഗ്ഗങ്ങളുടെ ആകെ എണ്ണം 1,11,342 ആണ്. ഇത് ജില്ലയിലെ ആകെ കന്നുകാലി സമ്പത്തിന്റെ 50.5% ആണ്. അതേ സമയം സംസ്ഥാനത്തെ ആകെ കന്നുകാലി സമ്പത്തിന്റെ 45.56% ആണ് ആടുവർഗ്ഗങ്ങൾ. സംസ്ഥാനത്തെ ഇതര ജില്ലകളെ അപേക്ഷിച്ച് കൊല്ലം ജില്ലയിൽ ആടുകളുടെ എണ്ണം കൂടുതലാണ്. മാംസം, പാൽ, തുകൽ എന്നിവയ്ക്കു വേണ്ടിയാണ് പ്രധാനമായും ജില്ലയിൽ ആടുകളെ വളർത്തുന്നത്. ഏറ്റവും പ്രചാരമുള്ള ജനുസ് മലബാറി ആണ്. ഉപതൊഴിൽ എന്ന നിലയിൽ ഇടത്തരക്കാരും പാവപ്പെട്ടവരുമാണ് ആടുകളെ വളർത്തുന്നത്. ആടുകളുടെ സ്ഥലപരമായ വിന്യാസം ചിത്രം 4.2.3 ൽ ചേർക്കുന്നു.

ഡി. മറ്റ് മൃഗങ്ങൾ

2012 ലെ കന്നുകാലി സെൻസസ് അനുസരിച്ച് ജില്ലയിലെ പന്നികളുടെ ആകെ എണ്ണം 969 ആണ്. ജില്ലയിലെ മൊത്തം കന്നുകാലി സമ്പത്തിന്റെ 0.4% ആണിത്. സംസ്ഥാനത്തും പന്നികളുടെ എണ്ണം വളരെ കുറവാണ്. സംസ്ഥാനത്തെ ആകെ കന്നുകാലി സമ്പത്തിന്റെ 2% മാത്രമാണ് പന്നികളുടെ എണ്ണം.

കുതിരവർഗ്ഗത്തിൽ കുതിരയും കഴുതയും ഉൾപ്പെടുന്നു. സെൻസസ് പ്രകാരം ജില്ലയിൽ കുതിരവർഗ്ഗത്തിൽ പെടുന്ന മൃഗങ്ങളുടെ എണ്ണം നാമമാത്രമാണ് (9 എണ്ണം) സംസ്ഥാനത്തും ഏതാണ്ട് ഇതേ സ്ഥിതിയാണ് (218എണ്ണം)

മൃഗസംരക്ഷണ മേഖലയുടെ സമ്പദ് വ്യവസ്ഥയിൽ നായ്ക്കൾക്ക് പങ്കില്ലെങ്കിലും വികസന പ്രശ്നങ്ങൾ പൊതുജനാരോഗ്യ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുമ്പോൾ അവയുടെ എണ്ണവും വിതരണവും പഠനവിധേയമാക്കേണ്ടത് ആവശ്യമാണ്. 19-ാമത് കന്നുകാലി സെൻസസ് പ്രകാരം ജില്ലയിലെ നായ്ക്കളുടെ ആകെ എണ്ണം 1,36637 ആണ്. അതിൽ വീട്ടിൽ വളർത്തുന്നവയുടെ എണ്ണം 87055 മറ്റുള്ളവയുടേത് 49582 ആണ്.

മറ്റ് ചില ജനുസ്സുകളിൽപ്പെട്ട മൃഗങ്ങളുടെ ജില്ലയിലെ എണ്ണവും തിട്ടപ്പെടുത്തിയിട്ടുണ്ട്. 19-ാം കന്നുകാലി സെൻസസ് അനുസരിച്ച് ആനകളുടെ എണ്ണം 70 ഉം മുയലുകളുടേത് 12688 ഉം ആണ്. ആനകളുടെ എണ്ണം പരിശോധിച്ചാൽ ജില്ലയ്ക്ക് മൂന്നാം സ്ഥാനമാണ്.

കോഴിവർഗ്ഗങ്ങൾ

കോഴിവർഗ്ഗങ്ങളിൽ കോഴി, താറാവ്, മറ്റ് പക്ഷികൾ എന്നിവ ഉൾപ്പെടുന്നു. 19-ാം കന്നുകാലി സെൻസസ് അനുസരിച്ച് ജില്ലയിലെ കോഴിവർഗ്ഗങ്ങളുടെ ആകെ എണ്ണം 10,70,243 ആണ്. ഇത് സംസ്ഥാനത്തെ കോഴിവർഗ്ഗങ്ങളുടെ ആകെ എണ്ണത്തിന്റെ 4.4% ആണ്. ജില്ലയിലെ കോഴിവർഗ്ഗങ്ങളിൽ 85% കോഴികളും, 10% താറാവുകളും, 5% മറ്റ് പക്ഷികളും ഉൾപ്പെടുന്നു. സംസ്ഥാനത്തെ കോഴിവർഗ്ഗങ്ങളിൽ 90% കോഴികളും 5% താറാവുകളും 5% മറ്റ് പക്ഷികളുമാണുള്ളത്.

ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കോഴികളുടെ എണ്ണം അൽപമാത്രമാണ്. താറാവ് കൃഷി ജില്ലയിൽ ചില പ്രദേശങ്ങളിൽ മാത്രമാണുള്ളത്. കേരളത്തിൽ മുട്ടയുടെ ഉത്പാദന ചെലവ് കൂടിയിരിക്കുന്നതും അയൽ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് മുട്ട ലഭിക്കുന്നതുമാണ് ജില്ലയിൽ കോഴി വളർത്തൽ വ്യവസായം വാണിജ്യവൽക്കരിക്കുന്നതിന് പ്രധാന തടസ്സം. വലിയ യൂണിറ്റുകൾ സ്ഥാപിക്കാൻ തക്കവണ്ണം കാലാവസ്ഥ സഹായകവുമല്ല. പരമ്പരാഗതമായ അടുക്കള മുറ്റത്തെ കോഴിവളർത്തലിനെയാണ് ജില്ല ഇപ്പോഴും വൻതോതിൽ ആശ്രയിക്കുന്നത്. മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടണമെങ്കിൽ അടുക്കള മുറ്റത്തെ കോഴി വളർത്തൽ രീതി കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. കോഴികളുടെ എണ്ണവും ഉത്പാദന ക്ഷമതയും ജില്ലയിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക എഗ്ഗർ നഴ്സറികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഗുണമേൻമയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമല്ലാത്തതാണ് കോഴി വളർത്തലിലെ പ്രധാന പ്രതിസന്ധി. സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന മുട്ട വിരിയിക്കൽ കേന്ദ്രങ്ങൾ പരിമിതമാണ്. തോട്ടത്തറയിൽ പ്രവർത്തിക്കുന്ന ജില്ലാ പഞ്ചായത്തിന്റെ മുട്ട വിരിയിക്കൽ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. കുരിയോട്ടുമലയിലെ ഹൈടെക്ക് ഫാമിലും ജില്ലയിലെ ചില മുട്ടവിരിയിക്കൽ നഴ്സറികളിലും അൽപ്പമാത്രമായി വളർന്ന കോഴിക്കുഞ്ഞുങ്ങളെ വിൽക്കുന്നുണ്ട്. പക്ഷേ, അതെല്ലാം തന്നെ ആവശ്യമനുസരിച്ച് നോക്കുമ്പോൾ നന്നേ കുറവാണ്. വാണിജ്യാടിസ്ഥാനത്തിലും ചില വൻകിടക്കാരുമായി ചേർന്നു കൊണ്ട് നടത്തുന്ന ചെറുകിട ബ്രോയിലർ ഫാമുകൾ ജില്ലയിലുണ്ട്. എങ്കിൽ പോലും ഇറച്ചിയുടെ ആവശ്യം കണക്കിലെടുക്കുമ്പോൾ മറ്റ്

സംസ്ഥാനങ്ങളിൽ നിന്ന് പ്രതിമാസം 1,50,000 ബ്രോയിലർ കോഴികളെ ജില്ലയിൽ ഇറക്കുമതി ചെയ്യേണ്ടതായി വരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്.

ചിത്രം 4.2.3

ആടുകളുടെ പഞ്ചായത്ത് തല വിന്യസം

അവംലബം. മൃഗസംരക്ഷണ വകുപ്പ്

എ. കോഴി

ജില്ലയിലെ കോഴികളുടെ എണ്ണം 9,09,707 ആണ്. കോഴികളെ നാടൻകോഴി എന്നും മുന്തിയയിനം കോഴിയെന്നും വേർതിരിക്കാം. ജില്ലയിൽ ആകെയുള്ള കോഴികളിൽ 2% മാത്രമാണ് നാടൻ കോഴികൾ. എന്നാൽ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് 42% ആണ്. മുന്തിയ ഇനങ്ങളെ അപേക്ഷിച്ച് ജില്ലയിൽ നാടൻകോഴികളുടെ എണ്ണം കുറവാണ്. ജില്ലയിലെ കോഴി വർഗ്ഗങ്ങളുടെ സ്ഥലപരമായ വിന്യാസം ചിത്രം 4.2.4 ൽ ചേർത്തിരിക്കുന്നു.

ചിത്രം 4.2.4

കോഴി വർഗ്ഗങ്ങളുടെ സ്ഥലപരമായ വിന്യാസം

അവംലബം. മൃഗസംരക്ഷണ വകുപ്പ്

ബി. താറാവ്

ഇതര ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ താറാവ് വളർത്തലിൽ കൊല്ലം ജില്ലയ്ക്ക് നാലാം സ്ഥാനമുണ്ട്. ജില്ലയിലെ താറാവുകളുടെ എണ്ണം 1,08,975.

ജില്ലയിൽ ചില പ്രദേശങ്ങളിൽ മാത്രമേ വ്യാപകമായി താറാവ് വളർത്തുന്നുള്ളൂ. കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി, ആലപ്പാട്, പൻമന, തെക്കുംഭാഗം, കുലശേഖരപുരം, തൊടിയൂർ, തഴവ എന്നീ ഗ്രാമപഞ്ചായ

ത്തുകളിലാണ് പ്രസ്തുത പ്രദേശങ്ങൾ. പ്രധാനമായും മുട്ടയ്ക്കും ഇറച്ചിയ്ക്കും വേണ്ടിയാണ് താറാവുകളെ വളർത്തുന്നത്. നാടോടികളായ ഒരു സംഘം ആളുകൾ ആയിരക്കണക്കിന് വീതം താറാവുകളെ ഗ്രൂപ്പായി വളർത്തുന്നുണ്ട്.

മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കൊപ്പം വീട്ടു വളപ്പിൽ ഇരുപതും ഇരുപത്തഞ്ചും വീതം താറാവുകളുള്ള ചെറിയ യൂണിറ്റുകളായി വളർത്തുന്നവരും ഉണ്ട്.

കോഴിവർഗ്ഗത്തിൽപ്പെട്ട കാട, ടർക്കി എന്നിവയുടെ എണ്ണം ജില്ലയിലും സംസ്ഥാനത്തും നാമ മാത്രമാണ്.

4.2.2 സേവന സംവിധാനങ്ങൾ

പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സംഘടനാ സംവിധാനങ്ങൾ ചുവടെ വിശദമാക്കുന്നു. മൃഗസംക്ഷണമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മൃഗസംരക്ഷണ വകുപ്പാണ്. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറികളുടേയും പ്രജനനകേന്ദ്രങ്ങളുടേയും സുസ്ഥാപിതമായ ശൃംഖലതന്നെ ജില്ലയിലുടനീളം നിലവിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.1

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങളുടെ വിവരങ്ങൾ

മൃഗസംരക്ഷണ വകുപ്പ്		
ക്രമ നം	**സ്ഥാപനത്തിന്റെ പേര്**	**എണ്ണം**
1	ജില്ലാ മൃഗസംരക്ഷണ ഓഫീസ്	1
2	ജില്ലാ വെറ്ററിനറി കേന്ദ്രം	1
3	വെറ്ററിനറി പോളിക്ലിനിക്	4
4	വെറ്ററിനറി ഹോസ്പിറ്റൽ	22
5	വെറ്ററിനറി ഡിസ്പെൻസറി	55
6	ഐ സി ഡി പി പ്രൊജക്ട് ഓഫീസ്	1
7	ഐ സി ഡി പി ഉപകേന്ദ്രങ്ങൾ	146
8	ആർ എ എച്ച് സി	4
9	ഹൈ ടെക് ഡയറി ഫാം	1
10	റീജ്യണൽ പൗൾട്രി ഫാം	1
11	ജില്ലാ പഞ്ചായത്ത് ഹാച്ചറി, തോട്ടത്തറ	1
12	മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ	1
13	ജില്ലാ ക്ലിനിക്കൽ ലാബ്	1
14	എ ഡി സി പി ഓഫീസ്	1
15	ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ	1
16	റിന്റർപെസ്റ്റ് ചെക്ക്പോസ്റ്റ്	1
17	റിന്റർപെസ്റ്റ് വിജിലൻസ് യൂണിറ്റ്	1
18	കാഫ് ഫീഡ് സബ്ഡിസി സ്കീം ഓഫീസ്	1
19	കാഫ് ഫീഡ് സബ്സിഡി സ്കീം സർക്കിൾ ഓഫീസ്	5

അവംലബം. മൃഗസംരക്ഷണ വകുപ്പ്

തേവള്ളിയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ വെറ്ററിനറി കേന്ദ്രം ജില്ലയിലെ ഒരു റഫറൽ കേന്ദ്രമാണ്. ജില്ലാ വെറ്ററിനറി കേന്ദ്രത്തോട് ചേർന്ന് റീജിയണൽ ക്ലിനിക്കൽ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പേവിഷബാധ തിരിച്ചറിയുന്നതിനുള്ള നൂതന രോഗനിർണ്ണയ സൗകര്യം ലഭ്യമാണ്. കൂടാതെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ആധുനിക സൗകര്യമുള്ള ഓപ്പറേഷൻ തിയേറ്റർ, എക്സ്-റേ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, ട്രോമാ കെയർ യൂണിറ്റ്, മൊബൈൽ വെറ്ററിനറി ആശുപത്രി, ടെലി വെറ്ററിനറി യൂണിറ്റ്, എസ്.പി.സി.എ ഓഫീസ്, ന്യായവില മെഡിക്കൽ സ്റ്റോർ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

ജില്ലയിലെ കന്നുകാലികളുടെ പ്രജനനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഐ.സി.ഡി.പി ഓഫീസ് ആണ്. ഇതിന്റെ തലവൻ പ്രോജക്ടാഫീസർ ആണ്. മേഖലാ അടിസ്ഥാനത്തിൽ പ്രജനനപ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് നാല് മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ കീഴിൽ 146 ഐ.സി.ഡി.പി ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഉപകേന്ദ്രങ്ങൾ കർഷകന്റെ വീട്ടുപടിക്കലെത്തി സേവനം നൽകുന്നു. ഇത് കൂടാതെ സ്വകാര്യമേഖലയിൽ 26 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ക്ഷീരോൽപ്പാദക സംഘങ്ങളുടേയും സഹകരണത്തോടുകൂടി ജില്ലയിൽ കന്നുകുട്ടി പരിപാലന പദ്ധതി (കാഫ് ഫീഡ് സബ്സിഡി സ്കീം) വളരെ ഫലപ്രദമായി നടത്തിവരുന്നു. സ്കീമിന്റെ ഓഫീസ് ചവറയിൽ സ്ഥിതി ചെയ്യുന്നു.ശാസ്താംകോട്ട, കടയ്ക്കൽ, കൊട്ടിയം, കൊട്ടാരക്കര, അഞ്ചാലുംമൂട് എന്നീ അഞ്ച് സർക്കിളുകളായിട്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനുപുറമെ പുനലൂർ ആസ്ഥാനമാക്കി റിന്റർപെസ്റ്റ് വിജിലൻസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലയിൽ കന്നുകാലികൾക്കിടയിൽ പ്രത്യക്ഷപ്പെടുന്ന പ്രധാനപ്പെട്ട സാംക്രമിക രോഗങ്ങൾ തടയുക എന്ന ലക്ഷ്യമാണ് ഇവയ്ക്കുള്ളത്.

കുരീപ്പുഴയിൽ ഒരു ഡിസ്ട്രിക്ട് ടർക്കി ഫാം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വിവിധ ഇനത്തിലുള്ള ടർക്കി പേരന്റ് സ്റ്റോക്കിനെ വളർത്തി വരുന്നു. കുരിയോട്ടുമലയിലെ ഹൈടെക് ഡയറി ഫാം ഒരു പ്രധാന എഗ്ഗർനഴ്സറി യൂണിറ്റും കൂടിയാണ്. പ്രായം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ ഇവിടെ നിന്ന് വിതരണം ചെയ്യുന്നു. തോട്ടത്തറയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഹാച്ചറിയും പ്രവർത്തിക്കുന്നു. കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിൽനിന്നും കർഷകർക്ക് നല്ലയിനം ആട്ടിൻകുട്ടികളേയും, മുയൽ കുഞ്ഞുങ്ങളേയും കാടകുഞ്ഞുങ്ങളേയും വിതരണം ചെയ്യുന്നു.

ജില്ലയിൽ കൊട്ടിയം ആസ്ഥാനമാക്കി ഒരു ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 4.2.2

ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങളുടെ വിവരങ്ങൾ

ക്രമ നം	സ്ഥാപനത്തിന്റെ പേര്	എണ്ണം
1	ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്	1
2	ക്വാളിറ്റി കൺട്രോൾ ഓഫീസ്	1
3	ഡയറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്	1
4	ഡയറി എക്സ്റ്റൻഷൻ സർക്കിൾ ഓഫീസുകൾ	13
5	ക്ഷീര സംഘങ്ങൾ	285
6	ശീതീകരണ പ്ലാന്റുകൾ	16
7	മിൽമ ഡയറി പ്ലാന്റ്	1
8	സ്വകാര്യ ഡയറി പ്ലാന്റുകൾ	2

അവംലബം. ക്ഷീര വികസന വകുപ്പ്

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് കൊല്ലത്തു സ്ഥിതി ചെയ്യുന്നു. കൂടാതെ ക്വാളിറ്റി കൺട്രോൾ ഓഫീസും കൊല്ലത്തു സ്ഥിതിചെയ്യുന്നു. ക്ഷീരവികസന വകുപ്പിന് ജില്ലയിലുടനീളമായി പതിമൂന്ന് ഡയറി എക്സ്റ്റൻഷൻ ആഫീസുകളുടെ ഒരു ശൃംഖല തന്നെയുണ്ട്. കൂടാതെ ഓച്ചിറയിൽ ഒരു ഡയറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും നിലവിലുണ്ട്.

റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് യൂണിയന് 342 സംഘങ്ങളുടെ സുസ്ഥാപിതമായ ഒരു ശൃഖലയുണ്ട്. ഇവയിൽ 57 എണ്ണം പ്രവർത്തനക്ഷമമല്ല. 285 ക്ഷീരസംഘങ്ങൾ ദിനവും കർഷകരിൽ നിന്നും പാൽ സംഭരിക്കുന്നു. ജില്ലയിൽ 16 ശീതീകരണ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവ പാവുമ്പ, പുന്നക്കുളം, അയണിവേലിക്കുളങ്ങര, തൊടിയൂർ നോർത്ത്, പതാരം, ആനയടി, ഐലർകാല, ചവറ- പട്ടത്താനം, ഈസ്റ്റ് കല്ലട, അമ്പലത്തുംകാല, ഏരൂർ, മീനാട്, ഇളംകുളം നടയ്ക്കൽ, കുളക്കട, കോട്ടുക്കൽ, കൊട്ടറ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്നു.

കൊല്ലം ജില്ലയിൽ പാൽ ശീതികരിക്കുവാനും പാസ്ച്ചറൈസ് ചെയ്യുവാനുമുള്ള സൗകര്യങ്ങൾ ഉള്ള മിൽമയുടെ ഒരു ഡയറി പ്രവർത്തിച്ചുവരുന്നു. ഈ ഡയറിയുടെ ശേഷി 100000 എൽ.പി.ഡി.ആണ്. ഇതു കൂടാതെ 2 സ്വകാര്യ ഡയറി പ്ലാൻറുകളും ജില്ലയിലുണ്ട്. 80000 എൽ.പി.ഡി. ശേഷിയുള്ളതും പതാരത്ത്

പ്രവർത്തിക്കുന്നതുമായ എ-വൺമിൽക്ക് പ്രോഡക്ട്സും 40000 എൽ.പി.ഡി. ശേഷിയുള്ളതും ഉമയനല്ലൂരിൽ പ്രവർത്തിക്കുന്നതുമായ കെ.സി.എ.മിൽക്ക് പ്രോഡക്ട്സും ആണ് അവ.

എസ്.പി.സി.എ (സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗൈൻസ്റ്റ് ആനിമൽസ്) യുടെ പ്രവർത്തനങ്ങളും വളരെ സജീവമായി ജില്ലയിൽ നടക്കുന്നുണ്ട്. ജില്ലയിലെ മൃഗങ്ങളുടെ ക്ഷേമത്തിനായി സംഘടന യഥാസമയം ഇടപെടലുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭരണപരവും ധനപരവുമായ പിന്തുണ നൽകുന്നത് ജില്ലാ പഞ്ചായത്താണ്.

കന്നുകാലി പ്രജനന പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന കെ.എൽ.ഡി ബോർഡിന്റെ ഒരു പ്രാദേശിക ഓഫീസ് കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന് ജില്ലയിൽ കൊട്ടിയത്ത് ഒരു പ്രാദേശിക ഫാം ഉണ്ട്. ജില്ലയിൽ കോഴിക്കുഞ്ഞുങ്ങളുടേയും കോഴിത്തീറ്റയുടേയും ലഭ്യത ഈ ഫാം ഉറപ്പുവരുത്തുന്നു.

കേരള ഫീഡിസിന്റെ കാലിത്തീറ്റ നിർമ്മാണ ഫാക്ടറി കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്നു.

4.2.3 പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥ

തീറ്റ

കാലിത്തീറ്റയും കോഴിത്തീറ്റയുമാണ് കന്നുകാലി-കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആവശ്യമായ പ്രധാന ഉല്പാദനഹേതു. സംസ്ഥാനത്ത് ധാന്യോല്പാദനം വളരെ കുറവായതിനാൽ ജില്ലയിൽ കാലിത്തീറ്റയ്ക്കുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത വളരെ പരിമിതമാണ്. സംസ്ഥാനവും ജില്ലയും കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും വേണ്ടി അയൽ സംസ്ഥാനങ്ങളേയാണ് ഏറ്റവും അധികം ആശ്രയിക്കുന്നത്. സംഘടിതമേഖലയിൽ ജില്ലയിൽ കരുനാഗപ്പള്ളിയിൽ കേരള ഫീഡ്സ് കാലിത്തീറ്റ ഫാക്ടറി നിലവിലുണ്ട്. കോഴിത്തീറ്റ ഉല്പാദനത്തിനായി കൊട്ടിയത്ത് സർക്കാർ മേഖലയിൽ പൗൾട്രി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒരു പുതിയ ഫാക്ടറിയുണ്ട്.

തീറ്റപ്പുല്ല്

ജില്ലയിലെ തീറ്റപ്പുൽകൃഷിയുടെ ആകെ വിസ്തീർണം 823 ഹെക്ടർ മാത്രമാണ്. അതിൽ 776 ഹെക്ടർ ഗ്രാമ പ്രദേശങ്ങളിലും 47 ഹെക്ടർ നഗര പ്രദേശങ്ങളിലുമാണ്. (പഞ്ചായത്ത് തല സ്റ്റാറ്റിസ്റ്റിക്സ്, 2006) സംസ്ഥാന ത്തെന്ന പോലെ ജില്ലയിലും തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നിരവധി പരിശ്രമങ്ങൾ നടത്തുകയുണ്ടായെങ്കിലും കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിലുപരി നെൽകൃഷിയിൽ നിന്ന് റബർ, തെങ്ങ്, തുടങ്ങിയ കരകൃഷികളിലേക്ക് മാറിയതിനാൽ ജില്ലയിലെ വിളരീ തിയിലുണ്ടാകുന്ന പരിവർത്തനം നിമിത്തം കന്നുകാലികൾക്ക് കൊടുക്കാനുള്ള വൈക്കോലിന്റെ ലഭ്യതയും ഗണ്യമായി കുറഞ്ഞു. കല്ലുവാതുക്കൽ, ചാത്തന്നൂർ, നെടുമ്പന, തഴവ, ഓച്ചിറ, കുലശേഖരപുരം എന്നീ ഗ്രാമ പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലുമാണ് ജില്ലയിൽ ഏറ്റവും കൂടുതൽ തീറ്റപ്പുല്ല് ഉത്പാദിപ്പിക്കുന്നത്.

തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവാണ് കാലിവളർത്തൽ മേഖലയിലെ പ്രതിസന്ധിയുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതിനാൽ തന്നെ തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനുള്ള ഇടപെടലുകൾ ആവശ്യമായി വരുന്നു. തരിശു നിലങ്ങളിലെ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതും സ്വകാര്യ-പൊതു-സഹകരണ ഉടമസ്ഥതയിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതും മേഖലയുടെ ലാഭകരമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. മലബാർ മേഖലയിൽ നിലനിൽക്കുന്നതുപോലെയുള്ള വ്യാവസായികാടിസ്ഥാ നത്തിലുള്ള പുൽകൃഷിത്തോട്ടങ്ങൾ അനുകരണീയ മാതൃകകളാണ്.

വിപണി

ജില്ലയിൽ ഉല്പാദിപ്പിക്കുന്ന മുട്ടയും ഇറച്ചിയും ജില്ലയിലെ പ്രാദേശിക ചന്തകളിൽകൂടിയാണ് വിറ്റഴിക്കപ്പെടുന്നത്. കേരളത്തിലാകമാനം ഉള്ളതുപോലെ കൊല്ലം ജില്ലയിലും മുട്ടയ്ക്കും മാംസത്തിനും അസംഘടിത വിപണന സമ്പ്രദായമാണുള്ളത്. ഇതിന്റെ ഫലമായി അനധികൃത കശാപ്പുശാലകളും ചന്തകളും പ്രവർത്തി ക്കുകയും ഗുണനിലവാരമില്ലാത്തതും രോഗബാധയുള്ളതുമായ കന്നുകാലി ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് ബഹുഭൂരിപക്ഷം അറവു മൃഗങ്ങളെയും കൊണ്ടുവരുന്നത്.

പട്ടിക 4.2.3

കൊല്ലം ജില്ലയിലെ പ്രധാന കന്നുകാലി ചന്തകളുടെ വിശദാംശങ്ങൾ

നമ്പർ	തദ്ദേശസ്വയം ഭരണ സ്ഥാപനം	കാലിച്ചന്തയുടെ പേര്	ചന്ത ദിവസം	ചന്തദിവസം വിറ്റഴിക്കപ്പെടുന്ന മൃഗങ്ങളുടെ ശരാശരി എണ്ണം			
				കന്നുകാലികൾ	എരുമ	ആട്	മറ്റുള്ളവ
1	പത്തനാപുരം	കല്ലുംകടവ്	എല്ലാമാസവും അവസാനത്തെ ചൊവ്വാഴ്ച	50-70	50-70	60-80	0
2	അഞ്ചൽ	അഞ്ചൽ	മലയാള മാസം 15-നും 30-നും	100-150	130-175	150-200	0
3	കുണ്ടറ	പള്ളിമുക്ക്,കുണ്ടറ	എല്ലാ ആഴ്ചയിലെയും ചൊവ്വ, വെള്ളി ദിവസങ്ങൾ	0	20-50	0	0
4	തെന്മല	തെന്മല	എല്ലാ ചൊവ്വാഴ്ചയും	15-20	0	0	0
5	തൊടിയൂർ	മാരാരിത്തോട്ടം, കരുനാഗപ്പള്ളി	എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും	300-350	400-425	600-625	0

അവംലബം. മൃഗസംരക്ഷണ വകുപ്പ്

പ്രധാനപ്പെട്ട 5 കന്നുകാലിചന്തകളിൽ കല്ലുംകടവ്, അഞ്ചൽ, കുണ്ടറ, തെന്മല, തൊടിയൂർ എന്നിവിടങ്ങളിൽ എരുമ, ആട് എന്നിവയുടെ കച്ചവടവും നടക്കുന്നുണ്ട്.

4.2.4 ഉൽപാദനത്തിന്റെ സ്ഥിതി

പാൽ, മാംസം, മുട്ട, വളം, തുകൽ, തൊഴിൽ ശക്തി എന്നിവയെല്ലാം മൃഗസംരക്ഷണ മേഖലയിൽ നിന്ന് ലഭിക്കുന്നു. ഇവയിൽ സമ്പദ് ഘടനയിലേക്ക് ഏറ്റവും അധികം സംഭാവന നൽകുന്നത് പാൽ, മാംസം, മുട്ട എന്നിവയാണ്.

കേരളത്തിൽ കന്നുകാലികളിൽ നിന്നുള്ള ഉത്പാന്നങ്ങളുടെ വർഷം തിരിച്ചുള്ള വിവരണം ചുവടെ ചേർക്കുന്നു.

പട്ടിക 4.2.4

കന്നുകാലികളിൽ നിന്നുള്ള പ്രധാന ഉല്പന്നങ്ങളുടെ ഉല്പാദനം

ക്രമ നമ്പർ	വർഷം	കേരളം			ഇന്ത്യ		
		പാൽ (ലക്ഷം മെട്രിക് ടൺ) (വളർച്ച ശതമാനം)	മുട്ട (കോടി) (വളർച്ച ശതമാനം)	മാംസം (ലക്ഷം മെട്രിക് ടൺ) (വളർച്ച ശതമാനം)	പാൽ (ലക്ഷം മെട്രിക് ടൺ) (വളർച്ച ശതമാനം)	മുട്ട (കോടി) (വളർച്ച ശതമാനം)	മാംസം (ലക്ഷം മെട്രിക് ടൺ) (വളർച്ച ശതമാനം)
1	2006-07 (പത്താം പദ്ധതി)	21.19	119.39	1.98	1026	5066	23
2	2011-12 (പതിനൊന്നാം പദ്ധതി)	27.16 (2.76)	170.48 (1.97)	4.26 (24.91)	1279 (5.01)	6645 (5.44)	55 (14.58)
3	2012-13	27.9 (2.72)	223.7 (33.22)	4.01 (-5.78)	1324 (3.52)	6973 (4.94)	59 (7.27)
4	2013-14	26.55 (-4.83)	247.69 (10.72)	4.16 (3.76)	1376.8 (3.99)	7475.2 (7.2)	62 (5.08)
5	2014-15	27.11 (2.11)	250.36 (1.08)	4.46 (7.16)	1463.1 (6.27)	7848.4 (4.99)	67 (8.01)
6	2015-15	26.50 (-2.25)	244.25 (-2.44)	4.66 (4.48)	1554.90 (6.27)	8292.94 (5.66)	70.20 (4.78)

അവംലബം. മൃഗസംരക്ഷണ വകുപ്പ്

പാൽ

മൃഗങ്ങളിൽ പാൽ, മാംസം, മുട്ട എന്നീ പ്രധാന ഉല്പന്നങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്ക് ഏറ്റവും വലിയ സംഭാവന നൽകുന്നത് ക്ഷീര മേഖലയാണ്. ഇത് ജില്ലയ്ക്ക് മാത്രമല്ല, സംസ്ഥാനത്തിനും രാജ്യത്തിനും ബാധകമാണ്. മൃഗങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളിൽ ഏറ്റവും പ്രധാനം എന്ന നിലയിൽ ക്ഷിര മേഖലയെക്കുറിച്ച് ആഴത്തിലുള്ള പഠനം വളരെ അനിവാര്യമാണ്. കൊല്ലം ജില്ലയിലെ ഭൂവിനിയോഗ രീതികളുടെ അടിസ്ഥാന ത്തിൽ ക്ഷീരമേഖലയുടെ നിലവിലെ സ്ഥിതി അപഗ്രഥനം ചെയ്യുകയാണിവിടെ.

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി സംസ്ഥാനത്തെ പാലുല്പാദനം ഏറെക്കുറെ സ്ഥിരമായ അവസ്ഥയിലാണ്. സങ്കരവർഗത്തിൽപ്പെട്ട മൃഗങ്ങളെ വളർത്തുന്നതു നിമിത്തം പാലിന്റെ ഉല്പാദനക്ഷമത യിലുള്ള വർദ്ധനവായിരിക്കാം ഇതിന്റെ പ്രധാന കാരണം. പ്രത്യുൽപാദന കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിലുള്ള പങ്ക് വളരെ മാതൃകാപരമാണ്.

മറ്റു മൃഗോൽപന്നങ്ങളെ അപേക്ഷിച്ച് പാൽ വിപണനത്തെ സംബന്ധിച്ചിടത്തോളം ഒരു സംഘടിത വിപണന ശൃംഖലതന്നെ സംസ്ഥാനത്തും ജില്ലയിലും നിലവിലുണ്ട്. കേരളത്തിൽ 2634 ആനന്ദ് മാതൃകാ സംഘങ്ങൾ ഉൾപ്പെടെ 3243 ക്ഷീര സഹകരണ സംഘങ്ങൾ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2015-16-ൽ സംസ്ഥാനത്തു നിന്നും ക്ഷീര സഹകരണ സംഘങ്ങൾ 5929 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 3795 ലക്ഷം ലിറ്റർ ഡയറികളിലേക്ക് അയയ്ക്കുകയും, 2134 ലക്ഷം ലിറ്റർ സൊസൈറ്റികൾ വഴി പ്രാദേശികമായി വില്പന നടത്തുകയും ചെയ്തു. 2015-16 ൽ ആനന്ദ് മോഡൽ സഹകരണ സംഘങ്ങളുടെ (ആപ്കോസ്) പ്രതിദിന ക്ഷീരസംഭരണം 1109 മെട്രിക് ടൺ ആണ്. മുൻവർഷം ഇത് ശരാശരി 1026 മെട്രിക് ടൺ ആയിരുന്നു. ഓരോ സൊസൈറ്റിയുടെയും പ്രതിദിന സംഭരണം 2014-15-ൽ 348 ലിറ്റർ ആയിരുന്നത് 2015-16 ൽ 380 ലിറ്ററായി വർദ്ധിച്ചു. 2015-16-ൽ കെ .സി.എം.എം.എഫിന്റെ പാൽ സംഭരണം വർദ്ധിച്ച് 4334.81 ലക്ഷം ലിറ്ററും വിപണനം 4624.51 ലക്ഷം ലിറ്ററുമായിരുന്നു. പാലക്കാട്, വയനാട്, കട്ടപ്പന ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം സംഭരണത്തേക്കാൾ കൂടുതലാണ്. ആഭ്യന്തര ലഭ്യത കുറവായതിനാൽ കർണ്ണാടകം, തമിഴ് നാട് മുതലായ സംസ്ഥാനങ്ങളിലെ മിൽമ ഫെഡ റേഷനിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും പാടനീക്കം ചെയ്ത് പാൽപൊടിയായി വാങ്ങുകയും ചെയ്യുന്നു.

കൊല്ലം ജില്ലയിലെ പാലുല്പാദനത്തിന്റെ അവസ്ഥ ചിത്രം 4.2.5 ലും പട്ടികയിലും (ഉല്പാദനം ആയിരം ടൺ എന്ന കണക്കിൽ) കൊടുത്തിരിക്കുന്നു.

പട്ടിക 4.2.5

പാലുൽപാദനം

വർഷം	2013-14	2014-15	2015-16	2016-17
പാൽ (000 MT)	269.769	275.344	240.01	207.24

അവംലബം. ക്ഷീര വികസന വകുപ്പ്

കൊല്ലം ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾ വഴി അളന്ന പാലിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. 2012-13 മുതലുള്ള വർഷങ്ങളിൽ ക്ഷീര സംഘങ്ങളിൽ അളന്ന പാലിന്റെ അളവിൽ ക്രമാനുഗതമായ വളർച്ച സംഭവിച്ചിട്ടുണ്ട് എന്നു കാണാം.

പട്ടിക 4.2.6

ക്ഷീര സംഘങ്ങളിൽ അളന്ന പാലിന്റെ വിവരങ്ങൾ

ക്രമ നമ്പർ	വർഷം	വാർഷിക പാലളവ് (ലിറ്റർ)	പ്രതിദിന ശരാശരി (ലിറ്റർ)
1	2012-13	33708637	92352
2	2013-14	37755003	103438
3	2014-15	39164964	107301
4	2015-16	39947980	109446
5	2016-17	41881900	114744

അവംലബം. ക്ഷീര വികസന വകുപ്പ്

മാംസം

വിലകുറഞ്ഞതും എന്നാൽ ഉയർന്ന തോതിലുള്ള മാംസ്യത്തിന്റെ (പ്രോട്ടിൻ) ഉറവിടവുമാണ് മാംസം. ജില്ലയിൽ അംഗീകൃത മാംസോൽപാദന മേഖലയിലയിൽ പശു, എരുമ, ആട്, കോഴി എന്നിവയുടെ മാംസം ഉൽപാദിപ്പിക്കപ്പെടുന്നു. 2016-17 ൽ കൊല്ലത്ത് ആകെ ഉൽപാദിക്കപ്പെട്ട മാംസം 29000 മെട്രിക് ടൺ ആണ്. ആകെ ഉൽപ്പാദിക്കപ്പെടുന്ന മാംസത്തിൽ കോഴി, പശു, എരുമ എന്നിവയിൽ നിന്നുള്ള മാംസത്തിന്റെ വിഹിതം യഥാക്രമം 35%, 33%, 27% എന്ന തോതിലാണ് കണക്കാക്കപ്പെടുന്നത്. കേരളത്തിൽ മാംസോത്പാദനത്തിന്റെ വളർച്ചാനിരക്ക് ചിത്രം 4.2.6 ൽ ചേർത്തിരിക്കുന്നു.

മാംസത്തിന്റെ ഉല്പാദനത്തിൽ കഴിഞ്ഞ നാലു വർഷത്തെ പ്രവണത പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.7

മാംസത്തിന്റെ ഉല്പാദനം

വർഷം	2013-14	2014-15	2015-16	2016-17
മാംസോത്പാദനം കോഴി ഇറച്ചി ഒഴികെ (000 MT)	30.8095	33.00	17.65	18.19
കോഴി ഇറച്ചി ഉത്പാദനം (000 MT)	10.1250	10.95	7.51	10.78

അവംലബം. മൃഗസംരക്ഷണ വകുപ്പ്

മുട്ടയും കോഴിയിറച്ചിയും

മുട്ടയുല്പാദനത്തിൽ നാലാം സ്ഥാനവും, ബ്രോയിലർ ഉല്പാദനത്തിൽ 19-ാം സ്ഥാനവുമാണ് ഇന്ത്യയ്ക്കുള്ളത്. വാർഷിക മുട്ടയുൽപ്പാദനം എകദേശം 35 ബില്യൺ ആണ്. വാർഷിക വളർച്ചാനിരക്ക് മുട്ടയെ സംബന്ധിച്ചിടത്തോളം 8-10 ശതമാനവും ബ്രോയിലർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം 12-15 ശതമാനവും ആണ്. കോഴിവളർത്തൽ മുഖേന എകദേശം 15 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുന്നു. ഇന്ത്യയിൽ വാർഷിക പ്രതി ശീർഷ ഉപയോഗം 33 മുട്ടയും 630 ഗ്രാം കോഴിയിറച്ചിയും ആണ്. ഇത് ലോക ശരാശരിയേക്കാൾ വളരെ കുറവാണ്. (അത് 124 മുട്ടയും 5.9 കി.ഗ്രാം മാംസവുമാണ്.) ഇന്ത്യയിൽ മനുഷ്യരിലെ പോഷണത്തെ സംബന്ധിച്ച ദേശീയസമിതി (ഐ സി എം ആർ) പ്രതിശീർഷ ഉപയോഗം 180 മുട്ടയും (രണ്ടു ദിവസത്തിലൊരിക്കൽ ഏകദേശം ഒരു മുട്ട) 10.8 കിലോഗ്രാം ഇറച്ചിയും എന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. കേരളത്തിലെ പ്രതിശീർഷ മുട്ട ഉപഭോഗം പ്രതിവർഷം 64 ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.

1970 കളിൽ കേരളം മുട്ടയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ മുട്ടയുടെ ആഭ്യന്തര ആവശ്യത്തിന്റെ 25% മാത്രമേ കേരളത്തിൽ ഉൽപ്പാദിക്കപ്പെടുന്നുള്ളൂ. കേരളത്തിലെ ഒരു സവിശേഷതയാണ് വീട്ടു വളപ്പിലെ കോഴി വളർത്തൽ. അതിൽ നിന്നാണ് മുട്ട കൂടുതലായി ലഭിക്കുന്നതും. കോഴികളുടെ സംഖ്യയിൽ കേരളം 6-ാം സ്ഥാനത്താണ്. (270 ലക്ഷം). അയൽ സംസ്ഥാനങ്ങളിൽ നിന്ന് താരതമ്യേന കുറഞ്ഞ വിലയ്ക്ക് മുട്ടയും മാംസവും ലഭ്യമാകുന്നതിനാലും അവരുമായി മത്സരിക്കാനാകാത്തതിനാലും ശരാശരി വാർഷിക മുട്ടയുല്പാദനം കുറവാണ്. ചെലവ് കൂടുതലായതിനാൽ വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ട വിരിയിക്കൽ കേരളത്തിൽ നടക്കുന്നില്ല.

ജില്ലയിലെ മുട്ടയുൽപ്പാദനം പ്രതിവർഷം 196.4 ദശലക്ഷം ആണ്. സ്വകാര്യ കോഴിവളർത്തൽ ഫാമുകളിൽ നിന്നുള്ള ബ്രോയിലർ കോഴിയിറച്ചിയുടെ അളവ് പ്രതിവർഷം ഏകദേശം 4.5 ലക്ഷം കിലോഗ്രാം ആണ്. കഴിഞ്ഞ 4 വർഷത്തെ മുട്ടയുല്പാദനത്തിലെ പ്രവണത പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.8

മുട്ടയുല്പാദനം

വർഷം	2013-14	2014-15	2015-16	2016-17
മുട്ട (എണ്ണം ലക്ഷത്തിൽ)	1738.690	1774.24	2164.25	1964.23

അവംലബം. മൃഗസംരക്ഷണ വകുപ്പ്

ചിത്രം 4.2.5

ക്ഷീരോല്പാദനവും വളർച്ചാ നിരക്കും



അവംലബം. മൃഗസംരക്ഷണ വകുപ്പ്

ചിത്രം 4.2.6

മാംസം ഉല്പാദനവും വളർച്ചാ നിരക്കും



അവംലബം. മൃഗസംരക്ഷണ വകുപ്പ്

ചിത്രം 4.2.7

മുട്ടയുടെ ഉല്പാദനവും വളർച്ചാ നിരക്കും



അവംലബം. മൃഗസംരക്ഷണ വകുപ്പ്

മൃഗങ്ങളുടെ ആരോഗ്യാവസ്ഥ

മനുഷ്യർക്ക് മാത്രമല്ല മൃഗങ്ങൾക്കും ആരോഗ്യാവസ്ഥ നല്ലതാണെങ്കിൽ മാത്രമേ മനുഷ്യ സമൂഹത്തിന്റെ ആരോഗ്യാവസ്ഥയും നല്ലതാകുകയുള്ളൂ. കന്നുകാലികളേയും കോഴിവർഗ പക്ഷികളേയും ബാധിക്കുന്ന വിവിധ രോഗങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്നു.

സാംക്രമികരോഗങ്ങളും ജന്തുജന്യ രോഗങ്ങളും പൊട്ടിപ്പുറപ്പെടുമ്പോൾ അത് മൃഗസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സമ്പത് വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നു. ജന്തുജന്യ രോഗങ്ങളുടെ ആവിർഭാഗത്തെക്കുറിച്ചുള്ള ജോയിന്റ് കൺസൾട്ടേഷൻ റിപ്പോർട്ടിൽ (മെയ്3-5,2004, ജനീവ, സ്വിറ്റ്സർലാൻഡ്) ഇപ്രകാരം പറയുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പുതുതായി ആവിർഭവിക്കുന്ന രോഗങ്ങൾ മൃഗങ്ങളിൽ നിന്നോ അവയുടെ ഉല്പന്നങ്ങളിൽ നിന്നോ ആവിർഭവിക്കുന്ന രോഗകാരികൾ മുഖേന ഉണ്ടാകുന്നതാണ്. മൃഗങ്ങളുടെ ആരോഗ്യത്തേയും മൃഗങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ഗുണനിലവാരത്തേയും കുറിച്ച് ആശങ്കാകുലരാകാൻ ഈ പ്രസ്താവന നമ്മെ പ്രേരിപ്പിക്കുന്നു.

പകർച്ചവ്യാധികൾ

സാംക്രമികഹേതുക്കൾ മുഖേന പ്രത്യക്ഷപ്പെടുന്ന രോഗങ്ങളേക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാം. ജില്ലയിൽ അങ്ങിങ്ങായി ആന്ത്രാക്സ് രോഗം പ്രത്യക്ഷപ്പെട്ടിരുന്നു. കാലി സമ്പത്തിന് നഷ്ടം വരുത്തിവെക്കുന്ന മറ്റൊരു പ്രധാന ബാക്ടീരിയ രോഗമാണ് കുരലടപ്പൻ. ജില്ലയിലാകമാനം അവിടവിടെ പ്രത്യക്ഷപ്പെടുന്ന ഏറ്റവും ഭയാനകമായ വൈറസ് രോഗമാണ് കുളമ്പു രോഗം. ആടുകളെ സംബന്ധിച്ചിടത്തോളം പ്രധാനരോഗം പി.പി.ആർ ആണ്. പകരുന്ന പ്ലൂറോ ന്യൂമോണിയയും ടെറ്റനസുമാണ് ആടുകളിൽ സാധാരണ കാണാറുള്ള മറ്റ് രോഗങ്ങൾ

ഉല്പാദനവേളയിലെ രോഗങ്ങൾ

പലതരം പോഷകക്കുറവുകൾ നിമിത്തവും ഉപചയവുമായി ബന്ധപ്പെട്ട ആസാധാരണത്വം കൊണ്ടും ഉല്പാദനത്തിലുള്ള മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളാണിവ. പശുക്കൾക്ക് ഈ തരത്തിലുള്ള രോഗം ഉണ്ടാകുന്നത് അതിന്റെ ഉല്പാദനം മൂർദ്ധന്യത്തിലായിരിക്കുമ്പോഴാണ്. തന്നിമിത്തം കർഷകന് അതീഭീമമായ നഷ്ടമാണ് സംഭവിക്കുക. ക്ഷീരജ്വരം (ഹൈപ്പോ കാല്സീമിയ), ഹൈപോ മഗ്നേസെമിയ, ഡൌണർ കൌ സിൻഡ്രോം എന്നിങ്ങനെയുള്ള ഇത്തരം രോഗങ്ങൾ ജില്ലയിൽ സർവസാധാരണമാണ്. പ്രത്യേക പരിപാലനമുറകൾ അവലംബിക്കുന്നതു വഴി ഈ രോഗങ്ങൾ പ്രത്യേക്ഷപ്പെടുന്നത് കുറച്ചു കൊണ്ടുവരാൻ കഴിയും.

ജന്തുജന്യ രോഗങ്ങൾ

ജന്തുക്കളിൽ മനുഷ്യനിലേക്ക് പകരുന്ന രോഗങ്ങളാണിവ. ഇരുപതാം നൂറ്റാണ്ടിൽ മനുഷ്യർക്കിടയിൽ ഉണ്ടായ ഏറ്റവും വലിയ പകർച്ചവ്യാധി ജന്തുക്കളിൽ നിന്ന് ഉത്ഭവിച്ചതാണ്. ജന്തുജന്യ രോഗങ്ങളെക്കുറിച്ചുള്ള അറിവ് അവ ആവിർഭവിക്കുന്നത് നിയന്ത്രിക്കാൻ സഹായകമാകും. വ്യത്യസ്ത മൃഗങ്ങൾ മുഖേനയാണ് രോഗങ്ങൾ പരക്കുന്നത്. ആന്ത്രാക്സ്, ബോവൈൻ സ്പോൻജിഫോം എൻസെഫാലോപ്പതി, ക്ഷയം, എലിപ്പനി, ബ്രൂസല്ലോ സിസ് തുടങ്ങിയവയാണ് കന്നുകാലികളിൽ നിന്നുണ്ടാകുന്ന രോഗങ്ങൾ. പേ, എലിപ്പനി എന്നിവ നായകൾ മുഖേന പരക്കുന്നു. കോഴിവർഗ്ഗങ്ങളിൽ നിന്നുണ്ടാകുന്ന രോഗങ്ങളാണ് സിറ്റക്കോസിസും പക്ഷിപ്പനിയും.

സാമൂഹികമായ അവസ്ഥ

ക്ഷീരകർഷകരേറെയും അസംഘടിതരാണ്. സമൂഹത്തിലെ സാമ്പത്തികമായ ദുർബല വിഭാഗങ്ങളിലാണ് അവർ ഉൾപ്പെടുന്നത്. കന്നുകാലി വളർത്തൽ എല്ലാ ദിവസവും ശ്രദ്ധ പതിപ്പിക്കേണ്ട ഒന്നായതിനാൽ കെട്ടുപാടുകളുള്ള ഒരു വ്യാപാരമായാണ് കണക്കാക്കപ്പെടുന്നത്. മോശപ്പെട്ട തൊഴിൽ പരിസരങ്ങളും വൃത്തിഹീനമായ അന്തരീക്ഷവും പലപ്പോഴും കർഷകന്റെ സാമൂഹികമായ അംഗീകാരമില്ലായ്മക്ക് ആക്കം കൂട്ടുന്നു. ശാസ്ത്രീയമല്ലാത്ത മാലിന്യ നിർമ്മാർജ്ജനവും അതെത്തുടർന്നുണ്ടാകുന്ന പരിസര മലിനീകരണവും പലപ്പോഴും കർഷകരും അയൽക്കാരും തമ്മിലുള്ള പ്രശ്നങ്ങൾക്കും ആത്യന്തികമായി ഫാം അടച്ചു പൂട്ടലിലേക്കും നയിക്കുന്ന സാഹചര്യങ്ങളിലേക്ക് എത്താറുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ആധുനിക സജ്ജീകരണങ്ങളോടെയുള്ള ഫാമുകളുടെ ആവിർഭാവവും കൂടുതൽ യുവജനങ്ങൾ മേഖലയിലേക്ക് എത്തിത്തുടങ്ങുന്നതും സ്ഥിതിഗതികളിൽ മാറ്റം വരുത്തിയിട്ടുണ്ട്. മുട്ടക്കോഴി വളർത്തൽ അനേകമാളുകൾ ഉപതൊഴിലായി ചെയ്യുന്നു. ബ്രോയിലർ കോഴി വളർത്തൽ നടത്തുന്നത് ഇടത്തരക്കാരാണ്.

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കുള്ള അംഗീകാരം ഇനിയും മെച്ചപ്പെടേണ്ടതും അതനുസരിച്ച് പരിപാടികൾ ആവിഷ്കരിക്കേണ്ടതും ആണ്. കർഷകന്റെ സാമൂഹികാംഗീകാരം ഉയർത്തുന്ന വിധം സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് മേഖലയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ക്ഷീര കർഷകവൃത്തിയും അനുബന്ധ സാമൂഹിക വിഷയങ്ങളും സംബന്ധിച്ച് കർഷക കേന്ദ്രീകൃതമായും പൊതു സമൂഹ കാഴ്ചപ്പാടിലും നിന്നുള്ള പഠനങ്ങൾ നടക്കേണ്ടതും അതിനനുസൃതമായ നടപടികൾ കൈക്കൊള്ളേണ്ടതും മൃഗസംരക്ഷണ മേഖലയുടെ ദീർഘകാല നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്.

മൃഗസംരക്ഷണ - ക്ഷീരവികസന മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ

മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ മേഖലയ്ക്ക് 2017-18 ൽ സംസ്ഥാന പദ്ധതികൾക്കുള്ള ആകെ വിഹിതമായി മാറ്റി വെച്ചിരിക്കുന്നത് 308.28 കോടി രൂപയാണ്. മൃഗപരിപാലന ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ നവീകരണം, രാത്രി കാലങ്ങളിലെ മൃഗചികിത്സാ വ്യാപനം, ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കന്നുകാലി ഇൻഷുറൻസ് മുതലായവയ്ക്കാണ് ഈ മേഖലയിൽ 2017-18 ൽ ഊന്നൽ നല്കുന്നത്.

കൊല്ലം ജില്ലയിൽ 2017-18 ൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (അദ്ധ്യായം — 5 കാണുക)

ക്ഷീര വികസന വകുപ്പ്

ക്ഷീര വികസന മേഖലക്കായി 2017-18 വര്ഷത്തില് 97.75 കോടി രൂപ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു. ഈ മേഖലയിൽ 5 സ്കീമുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ സംഭരണത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നിനായി 3051 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മിൽക് ഷെഡ് വികസന പദ്ധതിക്കായി 4804 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡിക്കായി 1400 ലക്ഷം രൂപയും ഈ മേഖലയിൽ വകയിരുത്തിയിരിക്കുന്നു. (അദ്ധ്യായം — 5 കാണുക)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ ഏറ്റവുമധികം പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചിട്ടാണ്. നിലവിൽ 2017-18 സാമ്പത്തിക വർഷം 4422.71 ലക്ഷം രൂപ പദ്ധതി വിഹിതവും 7759.38 ലക്ഷം രൂപ മൊത്തം അടങ്കലും ചെലവു വരുന്ന പദ്ധതികൾ മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിലായി നടപ്പിലാക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ, പട്ടികജാതി — പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ എന്നിങ്ങനെ ദുർബലരും പാർശ്വവത്കൃതരായവരുമായ വലിയൊരു ജനവിഭാഗത്തെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് മൃഗസംരക്ഷണം അടിസ്ഥാനമാക്കിയ പദ്ധതികൾ സഹായകമാകുന്നു.

1. കറവപശു/എരുമ വളർത്തൽ പദ്ധതി

പദ്ധതി പ്രകാരം കറവപശുക്കളെയും എരുമകളെയും വാങ്ങിനൽകുന്നു. ക്ഷീരോത്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരഭകരെയും യുവജനങ്ങളെയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടു വരിക, കർഷകരിൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ അവലംബിക്കുന്നതിൽ അവബോധം സൃഷ്ടിക്കുക, നിലവിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നല്കുക, ദുർബല വിഭാഗങ്ങൾക്കും വനിതകൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും വരുമാന വർദ്ധനവിനുള്ള ഒരു ഉപാധി എന്ന നിലയിൽ ക്ഷീരമേഖലയെ ഉപയുക്തമാക്കുക എന്നിവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

2. ആടു വളർത്തൽ പദ്ധതി

പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ആടുകളെ വാങ്ങി നല്കുന്നു. മാംസോത്പാദന വർദ്ധനവും ഗുണഭോക്താവിന്റെ വരുമാന വർദ്ധനവുമാണ് പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ. പാവപ്പെട്ടവന്റെ പശു എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വളർത്തുമൃഗമാണ് ആട്. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് ആടിന്റെ പ്രധാന സവിശേഷത. ആ നിലക്ക് കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സ്വന്തമായി കുറഞ്ഞ ഭൂമി മാത്രം ഉള്ളവർക്കും ദുർബല വിഭാഗങ്ങൾക്കും പാർശ്വവത്കൃതർക്കും ദാരിദ്ര്യ നിർമാർജ്ജനത്തിനും വരുമാന വർദ്ധനവിനുമുള്ള ഉപാധിയായി ആടുവളർത്തൽ പദ്ധതികളെ കണക്കാക്കാം.

3. ഗർഭിണി കിടാരി വളർത്തൽ പദ്ധതി

പദ്ധതിയുടെ ഭാഗമായി ഗർഭിണി കിടാരികളെ വാങ്ങി നൽകുന്നു. ഗുണഭോക്താവിന്റെ വരുമാന വർദ്ധനവും പാലുത്പാദന വർദ്ധനവും ലക്ഷ്യമാക്കുന്നു.

4. കിടാരി/കാളക്കുട്ടി/പോത്തുകുട്ടി വളർത്തൽ പദ്ധതി

പശുക്കുട്ടികളെയും കാളക്കുട്ടികളെയും പോത്തിൻ കുട്ടികളെയും വാങ്ങിനൽകുന്നു. കുറഞ്ഞ സ്ഥല ലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് പ്രധാന സവിശേഷത. മാംസോത്പാദന വർദ്ധനവും പാലുത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെക്കുന്നു.

5. കറവയന്ത്രം വിതരണം

ക്ഷീരോത്പാദന മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് കറവക്കായുള്ള വിദഗ്ധ തൊഴിലാളികളുടെ അഭാവം. ഇതു നേരിടുന്നതിനു കർഷകനെ പ്രാപ്തനാക്കുക, മൃഗസംരക്ഷണ മേഖലയിലെ യന്ത്രവത്കരണവും ആധുനികവത്കരണവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടു നടപ്പാക്കുന്ന പദ്ധതി. കാർഷിക വൃത്തിയുടെ യന്ത്രവത്കരണ ശ്രമങ്ങൾക്ക് കർഷകർക്കിടയിൽ സ്വീകാര്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കർഷകന്റെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നു.

6. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ക്ഷീര കർഷക വൃത്തി നിലനിർത്തുന്നതിനാവശ്യമായ പുതുതലമുറ കാലികളെ ഇവിടെ പിറക്കുന്ന പശുക്കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത് വളർത്തുന്നു. 4-6 മാസം പ്രായം മുതൽ 30 മാസം വരെയോ പ്രസവം വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു. 25 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായും 25 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും വകയിരുത്തി നടപ്പാക്കുന്നു.

7. കോഴി/കാട/താറാവ് വളർത്തൽ പദ്ധതി

വീട്ടു വളപ്പിലെ കോഴിവളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഗ്രാമീണ കേരളത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിലൊന്നായിരുന്നു വീടുകളിൽ അധികം വന്നിരുന്ന ഭക്ഷണ വസ്തുക്കളെ ഉപജീവിച്ച് കുറഞ്ഞ ചെലവിൽ അടുക്കളമുറ്റത്ത് വളർന്നിരുന്ന കോഴികൾ. ഗ്രാമ പ്രദേശങ്ങളിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അത്യുത്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയാണ് പദ്ധതി വഴി ചെയ്യുന്നത്. മാംസോത്പാദന വർദ്ധനവും മുട്ട ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു.

8. പാലിന് സബ്സിഡി .

ക്ഷീരോത്പാദന മേഖലയെ കൂടുതൽ ലാഭക്ഷമമാക്കുക, കൂടുതൽ കർഷകരെ ക്ഷീരോത്പാദക സഹകകരണ സംഘങ്ങളുടെ കുടക്കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖല കൂടുതൽ ആകർഷകമാക്കുന്ന തരത്തിലുള്ള പ്രോത്സാഹനം നല്കുക എന്നീ ലക്ഷ്യങ്ങളോടെ പാലുത്പാദനത്തിന് ആനുപാതികമായി ഇൻസന്റിവ് നൽകുന്നു.

9. ധാതുലവണങ്ങൾ വിരമരുന്ന് വിതരണ പദ്ധതി

കറവ പശുക്കളുടെയും പശുക്കുട്ടികളുടെയും ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്നു.

10. തീറ്റപ്പുൽകൃഷിക്കുള്ള വിത്ത് വിതരണം

ക്ഷീരമേഖലയിലെ ഉത്പാദനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദന ചെലവ് വളരെ കൂടുതലാണ്. ആയതിനാൽ ചെലവ് കുറക്കുന്നതിനായി തദ്ദേശീയമായി ലഭ്യമായ തീറ്റ സാമഗ്രികൾ ഉള്പ്പെടുത്തിയുള്ള തീറ്റ നിര്മ്മാണരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വർഷം മുഴുവനും ലഭ്യമാകുന്ന രീതിയിൽ തീറ്റപ്പുൽ കൃഷിയും തരിശു നിലങ്ങളിലെ തീറ്റപ്പുല്ല് ഉത്പാദനവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. തീറ്റപ്പുൽ കൃഷിക്കുള്ള വിത്തുകളും പുല്ലടകളും പദ്ധതി പ്രകാരം ലഭ്യമാക്കുന്നു.

11. മുയൽ വളർത്തൽ പദ്ധതി

ഇറച്ചിക്കും തുകൽ നിര്മ്മാണത്തിനുമായി മുയലുകളെ വ്യാപകമായി വളർത്തുന്നുണ്ട്. വരുമാനത്തിന്റെ പുതുവഴി എന്ന നിലയിൽ മാംസോത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെച്ച് മുയൽ വളര്ത്തൽ പ്രോത്സാഹിപ്പിക്കുന്നു.

12. മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം.

ഉപജീവനത്താനായുള്ള പശുവളർത്തലിൽ നിന്നും മാറി വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോത്പാദന പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടത് പാലുത്പാദന വർദ്ധനവിന് അത്യന്താപേക്ഷിതമാണ്. വാണിജ്യാടിസ്ഥാനത്തിൽ ധാരാളം പേർ ക്ഷീരോത്പാദന മേഖലയിലേക്ക് കടന്നു വരുന്നുണ്ട്. മിനി ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പദ്ധതി വഴി ലക്ഷ്യമിടുന്നു. ക്ഷീര മേഖലയിലെ യന്ത്രവത്കരണവും ആധുനിക വത്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീരകർഷകന്റെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇത്തരം പദ്ധതികൾ വഴി സാധിക്കുന്നു.

13. ബ്രോയിലർ യൂണിറ്റ്

ഏതാണ്ട് പൂർണ്ണമായും തന്നെ മാംസാഹാര പ്രിയരായ മലയാളികളെ സംബന്ധിച്ചിടത്തോളം കോഴിയിറച്ചി ഒഴിവാക്കാനാകാത്ത വിഭവമാണ്. മാംസോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ ഇറച്ചിക്കോഴി വളർത്തലിനുള്ള വിജയകരമായ തദ്ദേശീയ മാതൃകകൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് 1000 കോഴികളെ വീതം വളർത്തുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി വഴി ലക്ഷ്യം വെക്കുന്നത്.

14. മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ

ഗ്രാമങ്ങളിൽ നിന്ന് വിഭിന്നമായി കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തുടങ്ങിയ ജനസാന്ദ്രത കൂടിയ ഇടങ്ങളിൽ തുറന്നു വിട്ട് കോഴിയെ വളർത്തുന്നതിന് സ്ഥല ലഭ്യതയുടെ കാര്യത്തിൽ പ്രായോഗികമായി ധാരാളം പരിമിതികൾ നിലനിൽക്കുന്നു. ഇതു മുന്നിൽ കണ്ടുകൊണ്ട് വീടുകളുടെ ടെറസ്സുകളിൽ കൂടുകളിൽ മുട്ടക്കോഴികളെ വളർത്തുന്നതിന് പദ്ധതി വഴി ലക്ഷ്യം വെക്കുന്നു.

15. കറവപശുക്കൾക്ക് കാലിത്തീറ്റ

പാലുത്പാദനം വര്ദ്ധിപ്പിക്കുക, കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസംഘങ്ങളുടെ കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖലയുടെ ലാഭക്ഷമത വർദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും യുവസംരഭകരെ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നു.

16. പന്നി വളർത്തൽ പദ്ധതി

വേറിട്ട വരുമാന മാർഗ്ഗം എന്ന നിലയിൽ സാധ്യതകളുള്ള സ്ഥലങ്ങളിൽ പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നു.

17. സമഗ്ര കന്നുകാലി ഇൻഷ്വറൻസ്

ക്ഷീര കർഷകനെ സംബന്ധിച്ച ഏറ്റവും വലിയ വെല്ലുവിളിയാണ് അകാലത്തിലുള്ള പശുക്കളുടെ മരണപ്പെടലും രോഗങ്ങളെയും അപകടങ്ങളെയും തുടർന്നുണ്ടാകുന്ന പൂർണവും സ്ഥായിയായതുമായ ഉത്പാദനക്കുറവും. ഇത്തരത്തിലുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകനെ സംരക്ഷിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് പദ്ധതി ലക്ഷ്യം വെക്കുന്നു.

18. ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്

കർഷകനു മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ചാണകവും മൂത്രവുമുൾപ്പെടെയുള്ള മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം. ചാണകത്തെ ജൈവവളമാക്കുന്ന യൂണിറ്റുകൾക്ക് വൻ വിപണന സാധ്യതകളുമുണ്ട്. ഇത് കർഷകന്റെ വരുമാന വർദ്ധനവും ഉറപ്പാക്കുന്നു. ഇത്തരത്തിലുള്ള യൂണിറ്റുകൾക്ക് ധനസഹായം നല്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

19. മൃഗാശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നതിനുള്ള പദ്ധതി

കർഷകനെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഘടകമാണ് അപ്രതീക്ഷിതമായി കാലികൾക്കുണ്ടാകുന്ന രോഗങ്ങൾ. ഈ സമയത്ത് കാലികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിന് ലക്ഷ്യം വെച്ച് മൃഗാശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുന്നു.

20. മൃഗസംരക്ഷണ ക്ഷീരവികസന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ, സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായുള്ള പദ്ധതി

21. ആനിമൽ ബർത്ത് കണ്ട്രോൾ പദ്ധതി

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും പേവിഷ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതി.

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം

മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ ഏറ്റവുമധികം പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചിട്ടാണ്. നടപ്പു സാമ്പത്തിക വർഷം 814 വിവിധ പദ്ധതികളിലായി 4422.71 ലക്ഷം രൂപ പദ്ധതി വിഹിതവും 7759.38 ലക്ഷം രൂപ മൊത്തം അടങ്കലും ചെലവു വരുന്ന പദ്ധതികൾ മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിലായി നടപ്പിലാക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ, പട്ടികജാതി – പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ എന്നിങ്ങനെ ദുർബലരും പാർശ്വവത്കൃതരായവരുമായ വലിയൊരു ജനവിഭാഗത്തെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് മൃഗസംരക്ഷണവും ക്ഷീര വികസനവും അടിസ്ഥാനമാക്കിയ പദ്ധതികൾ സഹായകമാകുന്നു. നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന 814 പദ്ധതികളിൽ 287 എണ്ണം (35 ശതമാനം) വനിതാ ഘടക പദ്ധതികളാണെന്നത് സ്ത്രീശാക്തീകരണത്തിന് മേഖല വഹിക്കുന്ന പങ്ക് വെളിവാക്കുന്നു. 477.6 ലക്ഷം രൂപയുടെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതികളും 2.4 ലക്ഷം രൂപയുടെ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2012-13 കാലയളവു മുതൽ നാളിതുവരെ മൃഗസംരക്ഷണ ക്ഷീരവികസന മേഖലക്കായി വകയിരുത്തലുകളും ചെലവുകളും ഇതോടൊപ്പം ചേർക്കുന്നു. ഓരോ വർഷം കഴിയുമ്പോഴും ഈ മേഖലയിലേക്കുള്ള വകയിരുത്തൽ കൂടുകയാണെന്നുള്ളത് പ്രാദേശിക വികസനത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയുടെ പ്രാധാന്യം വെളിവാക്കുന്നു. 2012-13 കാലയളവിൽ ആകെ പദ്ധതി വിഹിതം 1605 ലക്ഷം രൂപ എന്ന നിലയിൽ നിന്നും 2017-18 ൽ 4423 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുന്ന നിലയിലേക്ക് മാറിയിട്ടുണ്ട്. 175 ശതമാനം വളർച്ചയാണ് ഈ കാലയളവിൽ പദ്ധതി വകയിരുത്തലിൽ ഉണ്ടായിരിക്കുന്നത്.

എന്നാൽ പലപ്പോഴും പദ്ധതി വിഹിതം പൂർണ്ണമായും ചിലവഴിക്കാൻ ആകുന്നില്ല എന്നും കാണുന്നുണ്ട്. കൂടുതലും വ്യക്തിഗത ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നതിനാൽ അനർഹരും താത്പര്യമില്ലാത്തവരും ഗുണഭോക്തൃലിസ്റ്റിൽ കടന്നു കൂടുന്നത് സമയ ബന്ധിതമായ പദ്ധതി നിർവഹണത്തെ ബാധിക്കുന്നുണ്ട്. ഗ്രാമ സഭകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. വ്യക്തിഗത ആനുകൂല്യ വിതരണ പദ്ധതികൾ കൂടുതലായി ഉൾപ്പെടുന്നത് മൃഗസംക്ഷണ മേഖലയുടെ മൊത്തത്തിലുള്ള ലക്ഷ്യങ്ങളിൽ നിന്നും ശ്രദ്ധ വ്യതിചലിക്കുന്നതിനു കാരണമാകുന്നുണ്ടോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. പദ്ധതി നിർവഹണ മാർഗ്ഗരേഖകൾ കർഷക സൗഹാർദ്ദപരമായി സമയ ബന്ധിതമായി പരിഷ്കരിക്കുന്നത് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള പദ്ധതി നിർവഹണത്തിന് സഹായകമാകും എന്നു പ്രതീക്ഷിക്കാം.

മുൻ വർഷങ്ങളിൽ എസ് ജി ഡി വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.2.9

എസ്.ജി.ഡി പദ്ധതികളുടെ വിനിയോഗം

2012-13 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	755.32	636.34	84.25
SCP	251.91	142.80	56.69
TSP	2.50	1.40	55.84
TFC	205.30	160.08	77.97
World Bank	16.00	0.00	0.00

Own Fund	339.01	91.56	27.01
MGNR	34.80	26.39	75.84
ആകെ	**1604.84**	**1058.57**	**65.96**
2013-14 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	1162.71	1058.36	91.03
SCP	235.24	169.78	72.17
TSP	1.43	1.01	70.70
TFC	330.84	287.00	86.75
World Bank	21.49	3.12	14.54
Own Fund	376.36	129.98	34.54
MGNR	44.90	43.24	96.30
ആകെ	2172.97	1692.50	77.89
2014-15 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	991.89	830.29	83.71
SCP	328.17	195.44	59.55
TSP	0.94	0.06	6.11
TFC	437.00	338.13	77.38
World Bank	89.77	22.84	25.44
Own Fund	467.08	161.41	34.56
MGNR	73.24	54.24	74.06
ആകെ	2388.09	1602.40	67.10
2015-16 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	1158.27	865.43	74.72
SCP	377.91	181.02	47.90
TSP	0.40	0.00	0.00
TFC	365.34	269.06	73.65
World Bank	26.42	26.30	99.55
Own Fund	617.22	164.10	26.59
MGNR	119.86	94.70	79.01
ആകെ	2665.42	1600.62	60.12
2016-17 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	2103.44	1591.69	75.67
SCP	480.29	206.47	42.99
TSP	4.75	1.88	39.56
TFC	154.60	111.55	72.15
World Bank	0.00	0.00	0.00
Own Fund	600.23	166.17	27.68
MGNR	155.45	90.81	58.42
ആകെ	3498.77	2168.56	61.98

2017-18 upto 10/17 (തുക ലക്ഷത്തിൽ)			
	വിഹിതം	**ചെലവ്**	**ശതമാനം**
Plan	3191.51	446.90	14.00
SCP	477.61	15.98	3.35
TSP	2.43	0.00	0.00
TFC	83.74	0.18	0.21
World Bank	0.00	0.00	0.00
Own Fund	515.08	17.23	3.34
MGNR	152.33	28.74	18.87
ആകെ	**4422.71**	**509.01**	**11.51**
ധന വിനിയോഗം (തുക ലക്ഷത്തിൽ)			
വർഷം	**വിഹിതം**	**ചെലവ്**	**ശതമാനം**
12-13	1604.84	1058.57	65.96
13-14	2172.97	1692.50	77.89
14-15	2388.09	1602.4	67.101
15-16	2665.42	1600.62	60.05
16-17	3498.77	2168.56	61.98
17-18	4422.71	509.01	11.51

അവംലംബം മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കേരളത്തിന്റെ പത്താം പഞ്ചവത്സര പദ്ധതിയുടെ തന്ത്രങ്ങൾ രൂപവൽക്കരിച്ചത് കന്നുകാലികളുടെ ജനസ് മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയരീതികളും മെച്ചപ്പെട്ട പരിപാലന മുറകളും ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രാധാന്യം നൽകികൊണ്ടായിരുന്നു. എങ്കിലും നാലു വർഷത്തിലൊരിക്കൽ നടത്തുന്ന കന്നുകാലി സെൻസസിൽ നിന്ന് വ്യക്തമാകുന്നത് 1996-നുശേഷം എല്ലാത്തരം കന്നുകാലികളുടെയും എണ്ണം കുറഞ്ഞുവരുന്ന പ്രവണതയു ണ്ടെന്നാണ്. കൊല്ലം ജില്ലയിലും കന്നുകാലികളുടെ ആകെ എണ്ണം കുറയുന്നതായാണ് കാണുന്നത്.

കന്നുകാലികളുടെ എണ്ണം കുറയുന്ന സാഹചര്യത്തിലും കഴിഞ്ഞ ഏതാനും വർഷങ്ങളിലായി സംസ്ഥാനത്തെ പാലുല്പാദനം ഏറെക്കുറെ സ്ഥിരമായ അവസ്ഥയിലാണ് എന്നു കാണാം. സങ്കരവർഗത്തിൽപ്പെട്ട മൃഗങ്ങളെ വളർത്തുന്നതു നിമിത്തം പാലിന്റെ ഉല്പാദനക്ഷമതയിലുണ്ടായ വർദ്ധനവായിരിക്കാം ഇതിന്റെ പ്രധാന കാരണം.

കൊല്ലം ജില്ലയിലെ ആളോഹരി പാൽ ഉപഭോഗം 219 ഗ്രാമാണ്. ലോക ശരാശരി തന്നെ 294.7 ഗ്രാമാണ്. ഉപഭോഗത്തിന്റെ 80 ശതമാനവും ആഭ്യന്തര ഉത്പാദനത്തിലൂടെ നിറവേറ്റുവാൻ നമുക്കു കഴിയുന്നുണ്ട്. മറ്റു പല കാർഷിക രംഗങ്ങളെയും അപേക്ഷിച്ച് ഇത് ആശാവഹമാണെങ്കിലും ഇന്ത്യൻ കൌൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് മുന്നോട്ടു വെക്കുന്ന ആളോഹരി പാൽ ഉപഭോഗമായ 300 ഗ്രാം എന്ന കടമ്പ കടക്കണമെങ്കിൽ നാം ഒരുപാടു മുന്നോട്ടു പോകേണ്ടതായുണ്ട്. ജനസംഖ്യാനുപാതികമായി കണക്കാക്കുമ്പോൾ നിലവിലെ ഉത്പാദന ശേഷി 25 ശതമാനമെങ്കിലും കണ്ട് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

മുട്ടയുടെ പ്രതിശീർഷ ഉപഭോഗം ജില്ലയിൽ 64 ആണ്. ജില്ലയിൽ ഒരു വർഷം ആവശ്യമായ മുട്ടയുടെ എണ്ണം 500 ദശലക്ഷമാണ്. ജില്ലയിലെ മുട്ടയുൽപ്പാദനം പ്രതിവർഷം 196.4 ദശലക്ഷം ആണ്. ആവശ്യം പരിഗണിച്ച് തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്ന് മുട്ട ഇറക്കുമതി ചെയ്യുകയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇവിടെയെത്തുന്ന മുട്ടകളുടെ എണ്ണം പ്രതിവർഷം 300 ദശലക്ഷമാണെന്ന് കണക്കാക്കപ്പെടുന്നു. സ്വകാര്യ കോഴിവളർത്തൽ ഫാമുകളിൽ നിന്നുള്ള ബ്രോയിലർ കോഴിയിറച്ചിയുടെ അളവ് പ്രതിവർഷം ഏകദേശം 4.5 ലക്ഷം കിലോഗ്രാം ആണ്.

ദേശീയ അന്തർദേശീയ തൊഴിൽ സാഹചര്യങ്ങളിലും സാമ്പത്തിക സംവിധാനങ്ങളിലും സമീപകാലത്തുണ്ടായ പ്രതിസന്ധികൾ ഏറെയൊന്നും ബാധിക്കാതെ പിടിച്ചു നിന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. ഭാവിയിലും സാമ്പത്തിക രംഗങ്ങളിലുണ്ടായേക്കാവുന്ന പിന്നോട്ടടികൾ മൃഗസംരക്ഷണ മേഖല പോലെയുള്ള അടിസ്ഥാന മേഖലകളെ ബാധിക്കില്ല എന്ന പൊതു ബോധം സൃഷ്ടിക്കുന്നതിന് സമീപകാല സംഭവ വികാസങ്ങൾ വഴി തെളിച്ചിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടു തന്നെ മൃഗസംരക്ഷണ മേഖലയിൽ മുതൽമുടക്കുന്നതിനുള്ള സന്നദ്ധത നിക്ഷേപകരിൽ എറിയിട്ടുണ്ട്. തൊഴിലുപേക്ഷിച്ച് തിരികെയെത്തുന്ന പ്രവാസികളുടെ പ്രധാന അത്താണിയായി ഡയറി ഫാമിങ്ങും ബ്രോയിലർ ഫാമിങ്ങും മാറിയിട്ടുണ്ട്. കൂടാതെ റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വില സ്ഥിരതയില്ലായ്മയും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് എത്തിച്ചിട്ടുണ്ട്. യന്ത്രവത്കൃതമായ ഹൈ ടെക് ഫാമുകൾ ജില്ലയിൽ പലയിടത്തും ആരംഭിച്ചിട്ടുണ്ട്. യന്ത്രവത്കരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, വിഷരഹിതവും മാലിന്യ മുക്തവുമായ ഉത്പന്ന നിർമ്മാണം, മൊത്തത്തിലുള്ള ആധുനികവത്കരണം, അനുയോജ്യവും പൂരകവുമായ നയരൂപീകരണം എന്നിവയിലൂടെ ഡയറി ഫാമിങ്ങും പൗൾട്രി ഫാമിങ്ങും നാളെയുടെ നിക്ഷേപ സൗഹൃദ കാർഷിക മേഖലയാകും എന്നത് തീർച്ച.

സ്ഥിരമായ വിപണിയാണ് മൃഗസംരക്ഷണ മേഖലയുടെ ഏറ്റവും പ്രധാന ആകർഷണം. ഭാരതത്തിൽ മൊത്തത്തിലും കേരളത്തിൽ പ്രത്യേകിച്ചും ഭക്ഷണ ശീലങ്ങളിൽ മൃഗങ്ങളിൽ നിന്നു ലഭിക്കുന്ന ഭക്ഷ്യോത്പന്നങ്ങളിലേക്ക് കൂടുതൽ താത്പര്യപ്പെടുന്ന ഉപഭോക്തൃ ശീലത്തിലേക്കുള്ള മാറ്റം ദൃശ്യമാണ്. വരും കാലങ്ങളിൽ ഈ മാറ്റത്തിന് ആക്കം കൂടും എന്നാണ് കരുതാവുന്നത്. അതുപോലെ തന്നെ പ്രധാനമാണ് ശുചിത്വമുള്ളതും മാലിന്യ രഹിതവുമായ ഭക്ഷണസാമഗ്രികളോടുള്ള താത്പര്യം. ഇത് അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞതും ഗുണ മേന്മയില്ലാത്തതുമായ ഭക്ഷണ സാമഗ്രികളെ ഉപേക്ഷിച്ച് തദ്ദേശീയമായ ഭക്ഷണ സാമഗ്രികളിലേക്ക് മാറുവാൻ ഉപഭോക്താവിന് പ്രചോദനമാവും എന്നു കരുതാം. മുട്ടയുടെ കാര്യത്തിൽ ഇത് പ്രകടമാകുന്നുണ്ട്. വീട്ടുവളപ്പിലെ കോഴികളിടുന്ന തവിട്ടുനിറമുള്ള തോടുള്ള മുട്ടയ്ക്ക് ഇപ്പോൾതന്നെ വളരെ പ്രിയം ഉണ്ട്. ഇത് അടുക്കളമുറ്റത്തെ കോഴിവളർത്തലിന്റെ സാദ്ധ്യതകൾക്ക് തീർച്ചയായും പ്രോത്സാഹനം നൽകും. മാംസത്തിന്റേയും മാംസോല്പന്നങ്ങളുടെയും ഗുണമേന്മയെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരായി തുടങ്ങിയിട്ടുണ്ട്. ശാസ്ത്രീയരീതിയിലുള്ള കശാപ്പ് ശാലകൾ ആരംഭിക്കാനും അങ്ങനെ മാംസ-മാംസോല്പന്ന വ്യവസായം പ്രോൽസാഹിപ്പിക്കാനും ഇത് പ്രേരകമാകും.

ഇതിനെല്ലാം പുറമെയാണ് വളർത്തുമൃഗങ്ങളോടും വളർത്തുപക്ഷികളോടുമുള്ള വർദ്ധിച്ചുവരുന്ന ആഭിമുഖ്യം. കൗതുകപ്രദങ്ങളായ പക്ഷികൾ, നായ്ക്കൾ, പൂച്ചകൾ തുടങ്ങിയവയ്ക്ക് ആവശ്യക്കാർ ഏറുന്നത് ഈ മേഖലയിൽ ഒട്ടേറെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. മൃഗസംരക്ഷണമേഖല ധാരാളം തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. സമീപഭാവിയിൽ വൻവർദ്ധനവ് ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചിടത്തോളം മൃഗങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ആവശ്യം ആഭ്യന്തരമായി നിർവഹിക്കാനാകാത്ത പശ്ചാത്തലത്തിൽ മേഖല അഭിമുഖീകരിക്കുന്ന തടസ്സങ്ങൾ പരിശോധിക്കുകയാണെങ്കിൽ മൂന്ന് പ്രധാന പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതായിരിക്കുന്നു എന്നും കാണാം. ജില്ലയിൽ മൃഗങ്ങളുടെ എണ്ണം കുറയുന്ന പ്രവണതയാണ് ഇതിൽ ആദ്യത്തേത്. ഉത്പാദനോപാധികളുടെ വില വർദ്ധനവും ലഭ്യതക്കുറവുമാണ് മറ്റൊന്ന്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഇവിടെ എത്തുന്ന ഉല്പന്നങ്ങളാണ് ഇനിയൊന്ന്. ഈ മൂന്ന് ഘടകങ്ങളും ചേർന്ന് ഒരു ദുരിതചക്രം രൂപപ്പെട്ടിരിക്കുന്നു എന്നുകാണാം. ഒന്ന് മറ്റൊന്നിനെ പ്രോത്സാഹിപ്പിക്കുകയും അങ്ങനെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഭക്ഷ്യസുരക്ഷ സംബന്ധമായ പ്രതിസന്ധി കൂടുതൽ തീവ്രമാക്കുകയും ചെയ്യുന്നു. കന്നുകാലികളുടെ എണ്ണം കുറയുന്ന പ്രവണത തന്നെയാണ് മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കന്നുകാലികളുടെ എണ്ണം ദിനംപ്രതി കുറയുമ്പോഴും ലഭ്യമായ കന്നുകാലികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചു കൊണ്ടാണ് പാലുത്പാദനത്തിലെ സ്ഥിരത നിലനിർത്താൻ നമുക്കു കഴിയുന്നത്. എന്നിരിക്കിലും കർഷകർ മൃഗസംരക്ഷണ മേഖല ഉപേക്ഷിച്ചു പോകുന്ന പ്രവണതയും പുതിയ തലമുറ ഈ കാർഷിക വൃത്തിയിലേക്ക് എത്താത്തതിന്റെ കാരണങ്ങളും തീർച്ചയായും വിലയിരുത്തപ്പെടേണ്ടതായുണ്ട്.

ഉല്പാദനച്ചെലവിലെ വർദ്ധനവും ലാഭക്ഷമതയിലെ ഏറ്റക്കുറച്ചിലുകളും തന്നെയാണ് ഉപജീവന മാർഗ്ഗം എന്ന നിലിയിലുള്ള മൃഗസംരക്ഷണ വൃത്തിയിൽ നിന്നും കർഷകർ വിട്ടു പോകുന്നതിനുള്ള പ്രധാന കാരണം. പരമ്പരാഗതമായി കുറഞ്ഞ എണ്ണം പശുക്കളെ വളർത്തുന്ന ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും തന്നെയാണ് ഈ മേഖലയുടെ നട്ടെല്ല്. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും അടിക്കടിയുണ്ടാകുന്ന വില വർദ്ധനവാണ് മേഖല നേരിടുന്ന പ്രധാന പ്രശ്നം. ആനുപാതികമായി മിക്കപ്പോഴും പാലിന്റെ വില വർദ്ധിക്കാറുമില്ല. തീറ്റപ്പുല്ല് ഉല്പാദിപ്പിക്കുന്നതിന് മതിയായ തോതിൽ ഭൂമി ലഭിക്കാത്തതും കൊല്ലം ജില്ല നേരിടുന്ന പ്രശ്നമാണ്. തരിശു നിലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ലാഭക്ഷമത ഉയർത്തി ഈ രംഗം മുഖ്യ വരുമാന മാർഗ്ഗവും ജീവനോപാധിയുമാക്കാൻ കർഷകനെ പ്രാപ്തനാക്കുന്ന നടപടികൾ കൈക്കൊള്ളേണ്ടതായുണ്ട്.

വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവവും മേഖല നേരിടുന്ന പ്രശ്നമാണ്. കൂടുതലും അന്യസംസ്ഥാന തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. മോശം തൊഴിൽ സാഹചര്യങ്ങളും ബുദ്ധിമുട്ടേറിയ സമയക്രമങ്ങളുമൊക്കെയാകാം തൊഴിലാളികളെ ഈ മേഖലയിൽ നിന്നും അകറ്റുന്നത്. മെച്ചപ്പെട്ട വൃത്തിയും അടിസ്ഥാന തൊഴിൽ സാഹചര്യങ്ങളും മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളുമൊരുക്കുക വഴി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്. യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാന പോംവഴി.

യുവജനങ്ങളും പുതിയ സംരഭകരും ഈ മേഖലയിലേക്ക് കടന്നു വരാത്തതിന്റെ പ്രധാന കാരണം ഈ മേഖലയിൽ നിലനിൽക്കുന്ന മോശം തൊഴിൽ സാഹചര്യങ്ങൾ തന്നെയാണ്. ഇതു മൂലമുണ്ടാകുന്ന മോശം സാമൂഹിക അംഗീകാരവും കാണാതെ വയ്യ. വൃത്തിഹീനമായ തൊഴിൽ പരിസരങ്ങളും അപര്യാപ്തമായ മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങളും ശാസ്ത്രീയമായി പരിശോധിക്കപ്പെടേണ്ടതാണ്. കർഷകന്റെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ അംഗീകാരം ഉറപ്പാക്കുന്നതിനുമായുള്ള ഇടപെടലുകൾ തീർച്ചയായും വിഭാവനം ചെയ്യപ്പെടേണ്ടതാണ്. അടിസ്ഥാന വായ്പാ പ്രവാഹത്തിലുള്ള അസമത്വങ്ങളും ഈ മേഖലയിലേക്ക് പുതിയ സംരംഭകർ കടന്നു വരുന്നതിന് തടസ്സം നിൽക്കുന്നു.

അതു പോലെ തന്നെ കാലികൾക്കുണ്ടാകുന്ന രോഗങ്ങളും തന്മൂലമുണ്ടാകുന്ന ഉത്പാദന നഷ്ടവും കർഷകനുണ്ടാക്കുന്ന നഷ്ടം ചെറുതല്ല. അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ചികിത്സാച്ചെലവുകളും കർഷകനു താങ്ങാനാകുന്നതല്ല. അപ്രതീക്ഷിതമായുണ്ടാകുന്ന കന്നുകാലികളുടെ മരണപ്പെടലും രോഗങ്ങളും അപകടങ്ങളും മൂലമുണ്ടാകുന്ന പൂർണവും സ്ഥായിയായതുമായ ഉത്പാദന നഷ്ടവും മിക്കപ്പോഴും കർഷകന്റെ ജീവിതം തന്നെ പ്രതിസന്ധിയിലാക്കാറുണ്ട്. കർഷകന്റെ ജീവന്റെയും ജീവനോപാധികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ഒരു തൊഴിൽ മേഖല എന്നതിൽ കവിഞ്ഞ പ്രാധാന്യം അർഹിക്കുന്ന ഇടപെടൽ മേഖലയാണ് മൃഗസംരക്ഷണത്തിൽ അധിഷ്ഠിതമായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ. വർദ്ധിച്ചു വരുന്ന തെരുവ് നായ പ്രശ്നം സാമൂഹ്യ-സാമ്പത്തിക-പരിസ്ഥിതി ബന്ധിതമായ കാര്യകാരണ സഹിതം തീർച്ചയായും വിലയിരുത്തപ്പെടേണ്ടതും ശാസ്ത്രീയമായ പരിഹാര മാതൃകകൾ രൂപപ്പെടുത്തപ്പെടേണ്ടതുമാണ്. നിലവിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണമാണ് പ്രഥമ പരിഹാര നടപടിയായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും ഉത്തരവാദിത്ത രഹിതമായി പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യവും അവയുയർത്തുന്ന പരിസ്ഥിതി സാമൂഹ്യ പ്രശ്നങ്ങളും കൂടി ഇതോടൊപ്പം കൂട്ടിവായിക്കപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ചും അറവു ശാലകളിൽ നിന്നുള്ള മാലിന്യം. കൂടാതെ ഉത്തരവാദിത്ത നായ ഉടമസ്ഥതാ ശീലവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. തെരുവ് നായ്ക്കളുടെ നല്ലൊരു ശതമാനവും ഉടമസ്ഥർ ഉപേക്ഷിച്ച വളർത്തു നായ്ക്കളാണെന്നത് തീർച്ചയായും വിസ്മരിച്ചു കൂടാ. ഉത്തരവാദിത്ത നായ ഉടമസ്ഥാവകാശം, ലൈസൻസിങ്, കൃത്യമായ പേവിഷ പ്രതിരോധ കുത്തിവെയ്പ്, തെരുവ് നായ്ക്കളിലെ വന്ധ്യംകരണവും പേവിഷ പ്രതിരോധ കുത്തിവെയ്പും, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം എന്നിവ കോർത്തിണക്കി തയ്യാറാക്കിയ കൊല്ലം മോഡൽ തെരുവ് നായ വന്ധ്യംകരണ പദ്ധതി സമയ ബന്ധിതമായും പൂർണമായും നടപ്പാക്കേണ്ടതായുണ്ട്.

അശാസ്ത്രീയമായും നിയമ വിരുദ്ധമായും പ്രവർത്തിക്കുന്ന അറവുശാലകളും മാംസ വിപണന ശാലകളുമാണ് ജില്ല നേരിടുന്ന പ്രധാന പൊതു ജനാരോഗ്യ വെല്ലുവിളികളിലൊന്ന്. പൊതു ഉടമസ്ഥതയിലും സഹകരണ – സ്വകാര്യ ഉടമസ്ഥതയിലും ശാസ്ത്രീയമായി പ്രവർത്തിക്കുന്ന അറവുശാലകളും മാംസവിപണന

ശാലകളും തീർച്ചയായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. വയനാട് ജില്ലയിലെ ബ്രഹ്മഗിരി പദ്ധതി ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. മാംസോത്പാദന മേഖലയുമായി ബന്ധപ്പെട്ട് സ്റ്റാന്റേർഡൈസേഷൻ - രജിസ്ട്രേഷൻ-ലൈസൻസിങ് മാതൃകകൾ രൂപപ്പെടുത്തേണ്ടതും നിയമപരമായി നിർബന്ധമാക്കേണ്ടതുമുണ്ട്. മാലിന്യ സംസ്കരണത്തിനായുള്ള മികച്ച സംവിധാനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ജന്തു ജന്യരോഗങ്ങളെ സംബന്ധിച്ച ബോധവത്കരണ പരിപാടികളും നിവാരണ പദ്ധതികളും ഏറ്റെടുക്കേണ്ടതുമുണ്ട്. മാംസത്തിലും പാലിലും ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ആൻറിബയോട്ടിക് അവക്ഷിപ്തം ഉൾപ്പെടെയുള്ള മാലിന്യങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുകയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമായുണ്ട്.

ഏതാണ്ട് പൂർണമായും അസംഘടിതരും പലപ്പോഴും മാറ്റങ്ങളോടും പുതിയ അറിവുകളോടും പുറം തിരിഞ്ഞു നിൽക്കുന്നവരുമായ കർഷകരും കർഷക തൊഴിലാളികളും തന്നെയാണ് മേഖലയുടെ പ്രധാന വെല്ലുവിളി. ഈ രംഗത്തേക്കെത്തുന്ന പുതിയ യുവാക്കളുടെ എണ്ണം തുലോം കുറവാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. അടുത്ത സമയത്തായി ഇക്കാര്യത്തിൽ വ്യത്യാസങ്ങൾ പ്രകടമായി തുടങ്ങിയിട്ടുണ്ട്. കർഷകരെ ബോധവത്കരിക്കുകയും ഫാമിംങ് ആധുനികവത്കരിക്കുകയും ചെയ്യുക എന്നതു തന്നെയാണ് സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിനുള്ള പോംവഴി.

പരിസര മലീനീകരണവും അതെത്തുടർന്നുണ്ടാകുന്ന പരിസരവാസികളുടെ എതിർപ്പും തന്നയാകും സമീപ ഭാവിയിൽ മൃഗസംരക്ഷണ മേഖല നേരിടുന്ന മറ്റൊരു വെല്ലുവിളി. പരിസ്ഥിതി സൗഹാർദ്ദപരമായ ഫാമിംങ് മാതൃകകൾ തീർച്ചയായും രൂപീകരിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. എല്ലാ ഫാമുകളിലും ഉറവിട മാലിന്യ സംസ്കരണത്തിനും ജൈവവള നിർമ്മാണത്തിനുമുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുമുണ്ട്. പരിസര മലിനീകരണമില്ലാത്തതും പൊതുജന-സാമൂഹ്യ - പരിസ്ഥിതി സൗഹാർദ്ദപരവുമായ ഫാമിങ് രീതികൾ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. കർഷകന് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനും സാമൂഹികമായ അംഗീകാരം ഉറപ്പാക്കുന്നതിനും ഉപഭോക്താവിന് കൂടുതൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഇത്തരത്തിലുള്ള ഇടപെടലുകൾ അനിവാര്യമാണ്.

ജന്തു ജന്യരോഗങ്ങളെ സംബന്ധിച്ച ചർച്ചകളും ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. പക്ഷിപ്പനി സമീപകാലങ്ങളിൽ കോഴി വളർത്തൽ മേഖലയിലുണ്ടാക്കിയ പ്രതിസന്ധികൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ജന്തു ജന്യ രോഗങ്ങളെ സംബന്ധിച്ച് കൃത്യമായ ബോധ വത്കരണ നടപടികളും പ്രതിരോധ നടപടികളും അനിവാര്യമാണ്.

കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും കാര്യത്തിലുള്ള ഏറ്റവും വലിയ വെല്ലുവിളി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വില കുറഞ്ഞ ഉത്പന്നങ്ങളാണ്. ഇത്തരം വിലകുറഞ്ഞ ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണി പിടിച്ചെടുക്കാവുന്ന നിലവാരത്തിലേക്ക് നമ്മുടെ കർഷകരെ പ്രാപ്തരാക്കേണ്ടതായുണ്ട്. സമീപകാലത്ത് മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ എന്നുവയുടെ ആഭിമുഖ്യത്തിൽ ബ്രോയിലർ വളർത്തൽ മേഖലയിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് ജില്ലയിൽ കൂടുതൽ ഗതിവേഗം പകരേണ്ടതുണ്ട്.

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ നിർദ്ദേശിക്കപ്പെടുന്ന ഇടപെടലുകളെ പ്രധാനമായും അഞ്ചായി തിരിക്കാം.

- ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുകയും വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതികൾ.
- മെച്ചപ്പെട്ട വായ്പാ സാഹചര്യങ്ങളും വിപണന സാദ്ധ്യതകളും ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കുന്ന പദ്ധതികൾ
- കർഷകന്റെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുകയും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്ന കർഷക ക്ഷേമ പദ്ധതികൾ
- മാലിന്യ സംസ്കരണവും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ.
- തനതു ജനുസ്സുകളുടെ സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

ഭാവിയിൽ നേടുന്നതിനു ലക്ഷ്യം വെക്കുന്ന നേട്ടങ്ങൾ

വികസന കാഴ്ചപ്പാട്

അന്തസ്സും അഭിമാനത്തോടും അർഹമായ സാമൂഹികാംഗീകാരത്തോടും കൂടി മൃഗസംരക്ഷണ വൃത്തിയിലേർപ്പെടാൻ കർഷകനെ പ്രാപ്തനാക്കും വിധം മൃഗസംരക്ഷണ മേഖല ആധുനികവത്കരിക്കുകയും പരിസ്ഥിതി-സാമൂഹ്യ-കർഷക സൗഹാർദ്ദപരമായ കാർഷിക വൃത്തിക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിച്ച് മൃഗസംരക്ഷണ മേഖല ലാഭകരവും നിക്ഷേപക-കർഷക സൗഹാർദ്ദപരമാക്കുകയും ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുകയും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പൊതു ജനാരോഗ്യ പ്രശ്നങ്ങളിൽ ഉത്തരവാദിത്ത സമീപനം സ്വീകരിക്കുകയും ചെയ്യും വിധം മൃഗസംരക്ഷണ മേഖലയെ പ്രാപ്തമാക്കുന്നതിന് വികസന രേഖ വിഭാവനം ചെയ്യുന്നു.

ദീർഘ കാല ലക്ഷ്യങ്ങൾ

- പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും സുരക്ഷിത ഭക്ഷണ ലഭ്യത ഉറപ്പാക്കുകയും ചെയ്യുക
- ശാസ്ത്രീയ പക്ഷി-മൃഗ പരിപാലന രീതിശാസ്ത്രങ്ങൾ ഉറപ്പാക്കുകയും ശരിയായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും കർഷകന്റെ തൊഴിൽ പരിസരത്തിന്റെ ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുകയും ചെയ്യുക
- മൃഗപരിപാലനവുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യ വിഷയങ്ങളിൽ ഉത്തരവാദിത്ത ബോധത്തോടെയുള്ള ഇടപെടലുകൾ നടത്തുക
- തനതു പക്ഷി മൃഗ ഇനങ്ങളുടെയും ജനുസ്സുകളുടെയും സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക
- കർഷകന്റെ ജീവനും ജീവനോപാധികളും സംരക്ഷിക്കുകയും സാമൂഹികമായ ഉന്നമനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിധമുള്ള കർഷക ക്ഷേമ പരിപാടികൾ ഏറ്റെടുക്കുക.
- പാലുൽപാദനം സ്വയംപര്യാപ്തത കൈവരിക്കുന്ന സാഹചര്യത്തിൽ പാലുൽപ്പന്നങ്ങളുടെ നിർമ്മാണവും, ഉപഭോഗവും വർദ്ധിപ്പിക്കുന്നതിലേക്കായി പദ്ധതികൾ രൂപീകരിക്കേണ്ടത് ആവശ്യമായി വരുന്നു. വ്യവസായമെന്ന നിലയിൽ വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവർ മുഖേന വിവിധയിനം പാലുൽപ്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

- ജില്ലയിലെ പശുക്കളുടെ എണ്ണവും ഉത്പാദന ശേഷിയും 10 ശതമാനം കണ്ട് വർദ്ധിപ്പിക്കുക വഴി പ്രതിദിനം കുറഞ്ഞത് 1 ലക്ഷം ലിറ്റർ പാൽ അധികമായി ഉത്പാദിപ്പിക്കുകയും അതുവഴി ആഭ്യന്തര പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുകയും ചെയ്യുക.
- കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും ഉത്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക.
- കർഷകന്റെ വരുമാനം മൂന്നു വർഷം കൊണ്ട് ഇരട്ടിയാക്കുക.

വികസന വിടവ്

1. കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്
2. കുറഞ്ഞ ആളോഹരി പാൽ ഉപഭോഗം
3. കുറഞ്ഞ ആളോഹരി മുട്ട ഉപഭോഗം
4. കുറഞ്ഞ ആളോഹരി ഇറച്ചി ഉപഭോഗം
5. അപര്യാപ്തമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ
6. മൂല്യ വർദ്ധിത ഉത്പന്നങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ്
7. യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമുള്ള താത്പര്യക്കുറവ്
8. ഉത്പാദനോപാധികളുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന

9. പരിമിതമായ തീറ്റപ്പുല്ല് ഉത്പാദനം
10. ലാഭക്ഷമത ഉറപ്പാക്കും വിധമുള്ള സ്ഥിരം വില നിർണ്ണയ സംവിധാനങ്ങളുടെ അപര്യാപ്തത
11. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്
12. വൃത്തിഹീനമായ തൊഴിൽ പരിസരങ്ങൾ
13. മോശം സാമൂഹിക അംഗീകാരം
14. യുവജനങ്ങളുടെ താത്പര്യക്കുറവ്
15. കന്നുകാലികളിലെ രോഗങ്ങളും ഉത്പാദന നഷ്ടവും
16. ജന്തുജന്യ രോഗങ്ങൾ
17. അശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം
18. അറവു ശാലാ പ്രശ്നങ്ങൾ
19. അശാസ്ത്രീയമായ മാംസോത്പാദന മാംസ വിപണന കേന്ദ്രങ്ങൾ
20. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യ പ്രശ്നങ്ങൾ

വികസന വിടവ് നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും വളരെ വിപുലമായ സംഘടനാ സംവിധാനങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ജില്ലയിൽ ഏതൊരു കർഷകനും സർക്കാർ സേവന സംവിധാനത്തിൽ നിന്ന് അധികം അകലെയല്ല എന്നത് ഈ മേഖലയിലേക്ക് കടന്നു വരുന്ന ഏതൊരാൾക്കും പ്രോത്സാഹ ജനകമാണ്.

ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും എന്ന ലക്ഷ്യം മുന്നിൽ കാണുമ്പോൾ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകും. കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ മറ്റേതൊരു ഭക്ഷണ സാമഗ്രിയെക്കാളും സ്വയം പര്യാപ്തതയിലെത്താൻ ഏറ്റവും സാധ്യത പാലും മുട്ടയും ഇറച്ചിയും തന്നെയാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള ഉത്തേജന നടപടികളിലൂടെ ഈ മേഖലയിൽ സ്ഥായിയായ വികസനം കൊണ്ടുവരാവുന്നതാണ്.

ചുരുക്കത്തിൽ മൃഗസംരക്ഷണ മേഖലയുടെ ലാഭക്ഷമത ഉറപ്പാക്കുന്ന പദ്ധതികൾ, കർഷകന്റെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുന്ന പദ്ധതികൾ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹിക അംഗീകാരവും ഉറപ്പാക്കുന്ന പദ്ധതികൾ, കൂടുതൽ വിപുലവും ഫലപ്രദവുമായ വിപണന ശൃംഖലകൾ, മെച്ചപ്പെട്ട വായ്പാ സാഹചര്യങ്ങൾ എന്നിവ വഴി ഈ മേഖലയിൽ കർഷകരെ നിലനിർത്തുന്നതിനും പുതിയ കർഷകരെ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിക്കും. കൂടാതെ പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായുള്ള മൃഗസംരക്ഷണത്തിലൂന്നിയ പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്.

വികസന വിടവ് നികത്തുന്നതിനായുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ

ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുകയും വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതികൾ.

പാലുത്പാദന വർദ്ധനവ്

ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവീസുകളും

മൃഗസംരക്ഷണ ക്ഷീരോത്പാദക മേഖലകളിൽ ഉണ്ടാകുന്ന പുതിയ അറിവുകളും സാങ്കേതിക വിദ്യകളും കർഷകർക്ക് പരിചയപ്പെടുത്തുക, ഗവേഷണ സ്ഥാപനങ്ങൾക്കും കർഷകർക്കും ഇടയിലുള്ള അറിവുകളുടെ ദ്രുതഗതി കൈമാറ്റത്തിൽ ഭാഗഭാക്കാകുക എന്നീ ഉദ്ദേശ്യങ്ങളോടെ പദ്ധതി നടപ്പാക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ ക്യാമ്പുകൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷക സമ്പർക്ക പരിപാടികൾ, ക്ഷീര സംഗമങ്ങൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ക്ഷീര കർഷക വൃത്തി നിലനിർത്തുന്നതിനാവശ്യമായ പുതുതലമുറ കാലികളെ ഇവിടെ പിറക്കുന്ന പശുക്കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത് വളർത്തുന്നു. 4-6 മാസം പ്രായം മുതൽ 30 മാസം വരെയോ പ്രസവം

വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു. 25 ശതമാനം സംസ്ഥാന സര്ക്കാർ വിഹിതമായും 25 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും വകയിരുത്തി നടപ്പാക്കുന്നു.

കറവപശു/എരുമ വളർത്തൽ പദ്ധതി

പദ്ധതി പ്രകാരം കറവപശുക്കളെയും എരുമകളെയും വാങ്ങിനൽകുന്നു. ക്ഷീരോത്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും യുവജനങ്ങളെയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടു വരിക, കർഷകരിൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ അവലംബിക്കുന്നതിൽ അവബോധം സൃഷ്ടിക്കുക, നിലവിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നല്കുക, ദുർബല വിഭാഗങ്ങൾക്കും വനിതകൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും വരുമാന വർദ്ധനവിനുള്ള ഒരു ഉപാധി എന്ന നിലയിൽ ക്ഷീരമേഖലയെ ഉപയുക്തമാക്കുക എന്നിവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ഗർഭിണി കിടാരി വളർത്തൽ പദ്ധതി

പദ്ധതിയുടെ ഭാഗമായി ഗർഭിണി കിടാരികളെ വാങ്ങി നൽകുന്നു. ഗുണഭോക്താവിന്റെ വരുമാന വര്ദ്ധനവും പാലുത്പാദന വർദ്ധനവും ലക്ഷ്യമാക്കുന്നു.

കിടാരി വളർത്തൽ പദ്ധതി.

പശുക്കുട്ടികളെയും കാളക്കുട്ടികളെയം പോത്തിൻ കുട്ടികളെയും വാങ്ങിനൽകുന്നു. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് പ്രധാന സവിശേഷത. മാംസോത്പാദന വർദ്ധനവും പാലുത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെക്കുന്നു.

മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം

കർഷകന്റെ വരുമാന വർദ്ധനവ് ലക്ഷ്യം വെച്ചുകൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കറവയന്ത്രം വിതരണം

ക്ഷീരോത്പാദന മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് കറവക്കായുള്ള വിദഗ്ധ തൊഴിലാളികളുടെ അഭാവം. ഇതു നേരിടുന്നതിനു കർഷകനെ പ്രാപ്തനാക്കുക, മൃഗസംരക്ഷണ മേഖലയിലെ യന്ത്രവത്കരണവും ആധുനികവത്കരണവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടു നടപ്പാക്കുന്ന പദ്ധതി. കാർഷിക വൃത്തിയുടെ യന്ത്രവത്കരണ ശ്രമങ്ങൾക്ക് കർഷകർക്കിടയിൽ സ്വീകാര്യത വര്ദ്ധിപ്പിക്കാൻ സഹായിക്കുന്നു. കർഷകന്റെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നു.

വന്ധ്യതാപരിശോധനാ ക്യാമ്പുകൾ

പശുക്കളിലെ വന്ധ്യത പരിഹരിക്കുക, ഉത്പാദന ക്ഷമത നിലനിർത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്നു.

കാലിത്തീറ്റ സബ്സിഡി

പാലുത്പാദനം വര്ദ്ധിപ്പിക്കുക, കൂടുതല് ക്ഷീരകര്ഷകരെ ക്ഷീരസംഘങ്ങളുടെ കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖലയുടെ ലാഭക്ഷമത വര്ദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷിടിക്കുകയും യുവസംരഭകരെ മേഖലയിലേക്ക് ആകര്ഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നു.

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പ്രൊഡക്ഷൻ ഇൻസന്റിവ്

പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ അളവിന് ആനുപാതികമായി സബ്സിഡി ലഭ്യമാക്കുന്നു.

ധാതുലവണങ്ങൾ വിരമരുന്ന് വിതരണ പദ്ധതി

കറവ പശുക്കളുടെയും പശുക്കുട്ടികളുടെയും ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്നു.

തീറ്റപ്പുൽകൃഷിക്കുള്ള വിത്ത് വിതരണം

ക്ഷീരമേഖലയിലെ ഉത്പാദനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദന ചെലവ് വളരെ കൂടുതലാണ്. ആയതിനാൽ ചെലവ് കുറക്കുന്നതിനായി തദ്ദേശീയമായി ലഭ്യമായ തീറ്റ സാമഗ്രികൾ ഉള്പ്പെടുത്തിയുള്ള തീറ്റ നിര്മ്മാണരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വർഷം മുഴുവനും ലഭ്യമാകുന്ന രീതിയിൽ തീറ്റപ്പുൽ കൃഷിയും

തരിശു നിലങ്ങളിലെ തീറ്റപ്പുല്ല് ഉത്പാദനവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. തീറ്റപ്പുൽ കൃഷിക്കുള്ള വിത്തുകളും പുല്ലടകളും പദ്ധതി പ്രകാരം ലഭ്യമാക്കുന്നു.

മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം.

ഉപജീവനത്താനായുള്ള പശുവളർത്തലിൽ നിന്നും മാറി വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോത്പാദന പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടത് പാലുത്പാദന വര്ദ്ധനവിന് അത്യന്താപേക്ഷിതമാണ്. വാണിജ്യാടിസ്ഥാനത്തിൽ ധാരാളം പേർ ക്ഷീരോത്പാദന മേഖലയിലേക്ക് കടന്നു വരുന്നുണ്ട്. മിനി ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പദ്ധതി വഴി ലക്ഷ്യമിടുന്നു. ക്ഷീര മേഖലയിലെ യന്ത്രവത്കരണവും ആധുനിക വത്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര കർഷകന്റെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇത്തരം പദ്ധതികൾ വഴി സാധിക്കുന്നു.

കറവപശുക്കൾക്ക് കാലിത്തീറ്റ

പാലുത്പാദനം വര്ദ്ധിപ്പിക്കുക, കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസംഘങ്ങളുടെ കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖലയുടെ ലാഭക്ഷമത വർദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും യുവസംരഭകരെ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നു.

മുട്ടയുത്പാദന വർദ്ധനവ്

കോഴി/കാട/താറാവ് വളർത്തൽ പദ്ധതി

വീട്ടു വളപ്പിലെ കോഴിവളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഗ്രാമീണ കേരളത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിലൊന്നായിരുന്നു വീടുകളിൽ അധികം വന്നിരുന്ന ഭക്ഷണ വസ്തുക്കളെ ഉപജീവിച്ച് കുറഞ്ഞ ചെലവിൽ അടുക്കളമുറ്റത്ത് വളർന്നിരുന്ന കോഴികൾ. ഗ്രാമ പ്രദേശങ്ങളിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അത്യുത്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയാണ് പദ്ധതി വഴി ചെയ്യുന്നത്. മാംസോത്പാദന വർദ്ധനവും മുട്ട ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു.

മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ

ഗ്രാമങ്ങളിൽ നിന്ന് വിഭിന്നമായി കോര്പ്പറേഷൻ, മുന്സിപ്പാലിറ്റി തുടങ്ങിയ ജനസാന്ദ്രത കൂടിയ ഇടങ്ങളിൽ തുറന്നു വിട്ട് കോഴിയെ വളർത്തുന്നതിന് സ്ഥല ലഭ്യതയുടെ കാര്യത്തിൽ പ്രായോഗികമായി ധാരാളം പരിമിതികൾ നിലനില്ക്കുന്നു. ഇതു മുന്നില് കണ്ടുകൊണ്ട് വീടുകളുടെ ടെറസ്സുകളിൽ കൂടുകളിൽ മുട്ടക്കോഴികളെ വളര്ത്തുന്നതിന് പദ്ധതി വഴി ലക്ഷ്യം വെക്കുന്നു.

സ്കൂൾ പൗൾട്രി ക്ലബ്ബുകൾ

സ്കൂൾ കുട്ടികളിൽ മൃഗങ്ങളോടുള്ള സ്നേഹവും ധനാഗമമാർഗ്ഗത്തിന് ഇവയെ പരിപാലിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്ന പദ്ധതി. ജില്ലയിലെ സ്കൂളുകൾ മുഖേന കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകുകയും അവയെ പരിപാലിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

ജില്ലാപഞ്ചായത്ത് തോട്ടത്തറ, കുര്യോട്ടുമല ഹാച്ചറികളുടെ ശാക്തീകരണവും എഗ്ഗർ നഴ്സറികളുടെ ശാക്തീകരണവും

മുട്ടയുത്പാദന വർദ്ധനവ് ലക്ഷ്യം വെച്ചു കൊണ്ട് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുര്യോട്ടുമല, തോട്ടത്തറ ഹാച്ചറികളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കകയും എഗ്ഗർ നഴ്സറികൾ സാറ്റലൈറ്റ് യൂണിറ്റുകളാക്കി ശാക്തീകരിച്ച് വർഷം മുഴുവൻ യഥേഷ്ടം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാകുന്ന ഇടമാക്കി മാറ്റുകയും ചെയ്യുക. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും സ്ഥാപനങ്ങളെയും ഈ വിഷയത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

ഇറച്ചി ഉത്പാദന വർദ്ധനവ്

ആടു വളർത്തൽ പദ്ധതി .

പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ആടുകളെ വാങ്ങി നല്കുന്നു. മാംസോത്പാദന വർദ്ധനവും ഗുണഭോക്താവിന്റെ വരുമാന വർദ്ധനവുമാണ് പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ. പാവപ്പെട്ടവന്റെ പശു എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വളർത്തുമൃഗമാണ് ആട്. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് ആടിന്റെ പ്രധാന സവിശേഷത. ആ

നിലക്ക് കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സ്വന്തമായി കുറഞ്ഞ ഭൂമി മാത്രം ഉള്ളവർക്കും ദുർബല വിഭാഗങ്ങൾക്കും പാർശ്വവത്കൃതർക്കും ദാരിദ്ര്യ നിർമാർജ്ജനത്തിനും വരുമാന വർദ്ധനവിനുമുള്ള ഉപാധിയായി ആടുവളർത്തൽ പദ്ധതികളെ കണക്കാക്കാം.

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവസരം സൃഷ്ടിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് തനത് മലബാറി ആടുകളുടെ വൻതോതിലുള്ള പ്രജനനവും പാലിന്റെയും ഇറച്ചിയുടേയും വർദ്ധനവും ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയാണ് ഇത്. കുര്യോട്ടുമല ഫാമിന്റെ സാറ്റലൈറ്റ് യൂണിറ്റുകളായി ബ്രീഡിങ് യൂണിറ്റുകൾ സ്ഥാപിക്കാം

കാളക്കുട്ടി/പോത്തുകുട്ടി വളർത്തൽ പദ്ധതി.

പശുക്കുട്ടികളെയും കാളക്കുട്ടികളെയും പോത്തിൻ കുട്ടികളെയും വാങ്ങിനൽകുന്നു. കുറഞ്ഞ സ്ഥലലഭ്യതയിലും മുതൽ മുടക്കിലും വളർത്താം എന്നതാണ് പ്രധാന സവിശേഷത. മാംസോത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെക്കുന്നു.

മുയൽ വളർത്തൽ പദ്ധതി

ഇറച്ചിക്കും തുകൽ നിര്മ്മാണത്തിനുമായി മുയലുകളെ വ്യാപകമായി വളർത്തുന്നുണ്ട്. വരുമാനത്തിന്റെ പുതുവഴി എന്ന നിലയിൽ മാംസോത്പാദന വർദ്ധനവും വരുമാന വർദ്ധനവും ലക്ഷ്യം വെച്ച് മുയൽ വളര്ത്തൽ പ്രോത്സാഹിപ്പിക്കുന്നു.

പന്നി വളർത്തൽ പദ്ധതി

വേറിട്ട വരുമാന മാർഗ്ഗം എന്ന നിലയിൽ സാധ്യതകളുള്ള സ്ഥലങ്ങളിൽ പന്നിവളര്ത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നു.

സാറ്റലൈറ്റ് ടർക്കി യൂണിറ്റുകൾ

കുരീപ്പുഴ ടർക്കി ഫാമിന്റെ സാറ്റലൈറ്റ് യൂണിറ്റുകളായി ടർക്കി ഫാമുകൾ സ്ഥാപിക്കാവുന്നതാണ്.

ബ്രോയിലർ യൂണിറ്റ്

ഏതാണ്ട് പൂർണ്ണമായും തന്നെ മാംസാഹാര പ്രിയരായ മലയാളികളെ സംബന്ധിച്ചിടത്തോളം കോഴിയിറച്ചി ഒഴിവാക്കാനാകാത്ത വിഭവമാണ്. മാംസോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ ഇറച്ചിക്കോഴി വളർത്തലിനുള്ള വിജയകരമായ തദ്ദേശീയ മാതൃകകൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് 1000 കോഴികളെ വീതം വളർത്തുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി വഴി ലക്ഷ്യം വെക്കുന്നത്. കുടുംബശ്രീ യൂണിറ്റുകൾ, മൃഗസംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കാം. കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ബ്രോയിലർ വളർത്തൽ വ്യാപകമാക്കുന്നതിനായി നടപ്പിലാക്കുന്ന് പദ്ധതികൾക്ക് അനുപൂരകമായ പദ്ധതികൾ ജില്ലയിലാകമാനം നടപ്പിലാക്കാവുന്നതാണ്.

ബ്രോയിലർ ഹാച്ചറികൾ

ന്യായ വിലയിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്ന ബ്രോയിലർ ഹാച്ചറികൾ പൊതു-സ്വകാര്യ-സഹകരണ മേഖലയിൽ പ്രോത്സാഹിപ്പിക്കേണ്ടത് ഇറച്ചി കോഴി വളർത്തൽ വിപുലീകരിക്കേണ്ടതിന് അത്യന്താപേക്ഷിതമാണ്.

ബ്രോയിലർ ഹാച്ചറി/യൂണിറ്റുകൾക്കുള്ള പ്രത്യേക വായ്പാ പദ്ധതികൾ

വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് ബ്രോയിലർ യൂണിറ്റുകൾക്കും ഹാച്ചറികൾക്കുമായുള്ള പ്രത്യേക വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് മേഖലയിൽ പുതിയ ഉണർവുണ്ടാക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.

മെച്ചപ്പെട്ട വായ്പാ സാഹചര്യങ്ങളും വിപണന സാദ്ധ്യതകളും ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കുന്ന പദ്ധതികൾ

ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീമുകൾ

കേന്ദ്ര ഗവണ്മെൻറിന്റെ കാർഷിക വായ്പാ പദ്ധതിക്കു സമാനമായി മൃഗസംരക്ഷണ പദ്ധതികൾക്ക് പൊതുമേഖലാ ബാങ്കുകളുമായി സഹകരിച്ച് വായ്പ ലഭ്യമാക്കുകയും പലിശ സബ്സിഡി ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

വായ്പാ പദ്ധതികൾ - നബാർഡുമായി സഹകരിച്ചുള്ള വായ്പാ പദ്ധതികൾ

ക്ഷീര സംഘങ്ങളുടെ ശാക്തീകരണം

നിലവിലുള്ള ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ ആധുനിക വത്കരിക്കുന്നതിനും പ്രവർത്തനം അവസാനിപ്പിച്ചവ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയ സംഘങ്ങൾ ആരംഭിക്കുന്നതിനുമായുള്ള പദ്ധതികൾ.

വി എഫ് പി സി കെ മാതൃകയിലുള്ള കർഷക വിപണികൾ

മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകൾ കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് കർഷകർക്ക് ഇടനിലക്കാരില്ലാതെ പാൽ, മുട്ട, ഇറച്ചി, ജൈവ വളം, മൂല്യവർദ്ധിത ഉത്പന്നങ്ങൾ മുതലായവ വിറ്റഴിക്കാനുള്ള സ്ഥിരം വിപണികൾ സജ്ജീകരിക്കാവുന്നതാണ്.

ഇരുപത്തിനാലു മണിക്കൂറും കർഷകനു മൃഗചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള മാതൃകാ പദ്ധതി.

നിലവിൽ മൃഗസംരക്ഷണ വകുപ്പ നടപ്പിലാക്കുന്ന രാത്രികാല വെറ്ററിനറി സർവീസ് പദ്ധതിയുടെ മാറ്റം വരുത്തിയ രൂപം. ഒരു ബ്ലോക്കിൽ ഒരു മൃഗാശുപത്രി റെഫറൽ ആശുപത്രി ആക്കി മാറ്റുക. ആധുനിക സജ്ജീകരണങ്ങളോടെയുള്ള അടിസ്ഥാന സൗകര്യമൊരുക്കുക. സേവനത്തെ സ്ഥാപനവത്കരിക്കുക. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സെന്ററിൽ രണ്ടു വെറ്ററിനറി സർജൻമാരുടെയും മറ്റു ജീവനക്കരുടെയും സേവനവും വാഹന സൗകര്യവും കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുക. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കാവുന്നതാണ്. നിലവിൽ പ്രവൃത്തി സമയത്തിനു ശേഷം അടിയന്തിര ഘട്ടങ്ങളിൽ കർഷകനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറക്കുന്നതിനു സഹായിക്കും.

ശാസ്ത്രീയമായി പ്രവർത്തിക്കുന്ന മാംസ വിപണന ശാലകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള സഹായങ്ങൾ.

മാംസ വിപണനശാലകളുടെ സ്റ്റാന്റേർഡൈസേഷൻ - രജിസ്ട്രേഷൻ - ലൈസൻസിങ് നടപടികൾ നിർബന്ധിതമാക്കണം. ഭക്ഷ്യ സുരക്ഷാ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയ്ക്ക് സംയോജിതമായി നടപ്പിലാക്കാം. സ്ഥാപനങ്ങളുടെ ശുചിത്വം, ഉത്പന്നങ്ങളുടെ ഗുണനിലവാരം, ഉറവിട മാലിന്യ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനു സഹായിക്കും.

മൃഗാശുപത്രികൾ വഴി എല്ലാവിധ മരുന്നുകളും ചികിത്സകളും പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതികൾ.

മൃഗാശുപത്രികളിൽ എല്ലാവിധ അവശ്യ മരുന്നുകളും സൗജന്യമായി ലഭ്യമാക്കുന്നതിനും ന്യായവില വെറ്ററിനറി മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

മൃഗാശുപത്രികളുടെ ആധുനികവത്കരണത്തിനും ശാക്തീകരണത്തിനുമായുള്ള പദ്ധതികൾ

എല്ലാവിധ ആധുനിക മൃഗചികിത്സാ സംവിധാനങ്ങളും സൗജന്യമായി കർഷകനു ലഭ്യമാക്കുന്നതിനു ലക്ഷ്യമിടുന്നു.

കർഷകന്റെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുകയും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്ന കർഷക ക്ഷേമ പദ്ധതികൾ

ക്ഷീര കർഷക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

കേരള സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് സമാനമായ പദ്ധതി ക്ഷീര കർഷകർക്കായി പൈലറ്റ് പ്രൊജക്ടായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയോജിത പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്.

സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ക്ഷീര കർഷകരുടെ കുടുംബാംഗങ്ങൾക്കായി സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. (ഉദാ. ക്ഷീര കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി)

മാലിന്യ സംസ്കരണവും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ.

ബ്രോയിലർ വേസ്റ്റ് സംഭരണം, റെൻഡറിങ്, ജൈവവളനിർമ്മാണം, വിപണനം ഇവയുമായി ബന്ധപ്പെട്ട ബൃഹത് പദ്ധതി

ബ്രോയിലർ വിപണന ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ വലിയ സാമൂഹ്യ പ്രശ്നമായി വളർന്നിരിക്കുന്ന സാഹചര്യത്തിൽ ഉറവിടത്തിൽ നിന്നും ഇവ ശേഖരിക്കുന്നതിനും കേന്ദ്രീകൃതമായി സംസ്കരിച്ച് മൂല്യവർദ്ധിത

ഉത്പന്നങ്ങളാക്കുന്നതിനുമുള്ള ബൃഹത് പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല എന്നിവയുടെ സഹകരണ ത്തോടെ നടപ്പിലാക്കാവുന്നതാണ്.

മെച്ചപ്പെട്ട മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ഉറപ്പാക്കുന്ന പദ്ധതികൾ

എല്ലാ കർഷക ഭവനങ്ങളിലും കാലിത്തൊഴുത്ത്/പക്ഷിക്കൂടുകൾ എന്നിവയോട് അനുബന്ധമായി മേൽക്കൂരയോടു കൂടിയ വളക്കുഴികൾ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഉത്പാദന വർദ്ധനവോ വരുമാന വർദ്ധനവോ ഉറപ്പാക്കാത്തതിനാൽ കർഷകൻ വേണ്ടത്ര താത്പര്യം ഈ വിഷയത്തിൽ എടുത്തു കാണാറില്ല. സർക്കാർ സഹായത്തോടെ മേൽക്കൂരയോടു കൂടിയ വളക്കുഴികൾ നിർമ്മിക്കുന്നത് പരിസര ശുചിത്വത്തിന് അത്യാവശ്യമാണ്. ഇത് പൊതു ജനാരോഗ്യ സംബന്ധിയായും മുതൽക്കൂട്ടാകും. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാവുന്നതാണ്.

വിപണന ശാലകളുടെ ഉറവിട മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികൾ.

മാംസ വിപണന ശാലകളുടെ മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതി സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം, മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്രീകൃതമായി സംസ്കരിക്കുക എന്നിങ്ങനെ രണ്ടു പോംവഴികളാണുള്ളത്. മാലിന്യങ്ങൾ ശേഖരിച്ച് ജൈവവളമാക്കി മാറ്റുന്നതിനുള്ള ബൃഹത് പദ്ധതി കൃഷി-മൃഗസംരക്ഷണ വകുപ്പുകൾക്ക് സംയുക്തമായി ഏറ്റെടുക്കാവുന്നതാണ്. വകുപ്പുകളുടെ കൈവശമുള്ള ഫാമുകളിൽ ഇതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കാവുന്നതാണ്.

സംയോജിത പ്രൊജക്ടുകൾ

- ☑ തീറ്റപ്പുൽകൃഷി വ്യാപനം — കൃഷി-കർഷക ക്ഷേമ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി
- ☑ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീമുകൾ - കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, വാണിജ്യ ബാങ്കുകൾ
- ☑ മാംസവിപണന ശാലകളുടെ രജിസ്ട്രേഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാവകുപ്പ്
- ☑ ബ്രോയിലർ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി - പൗൾട്രി കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല
- ☑ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ- തൊഴിലുറപ്പ് പദ്ധതി
- ☑ ജൈവ വള നിർമ്മാണ യൂണിറ്റുകൾ - കൃഷി വകുപ്പ്, കുടുംബശ്രീ, വിവിധ കാർഷിക ഏജൻസികൾ
- ☑ പാലിന്റെയും ഇറച്ചിയുടെയും മുട്ടയുടെയും ഗുണമേന്മ ഉറപ്പാക്കുന്ന പദ്ധതികൾ- ഭക്ഷ്യ സുരക്ഷാവകുപ്പ്
- ☑ ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി — മൃഗക്ഷേമ സമിതികൾ
- ☑ ജന്തു ജന്യരോഗ ബോധവത്കരണ — നിവാരണ പദ്ധതികൾ- ആരോഗ്യ വകുപ്പ്
- ☑ തനതു ജനുസ്സുകളുടെ സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ - വെറ്ററിനറി സർവകലാശാല

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ☑ പദ്ധതി മാർഗ്ഗരേഖകളിലെ സമയബന്ധിതവും കർഷക സൗഹാർദ്ദപരവുമായ പരിഷ്കാരങ്ങൾ
- ☑ സംസ്ഥാനത്തെ പ്രത്യുത്പാദനക്ഷമമായ കന്നുകാലികളുടെ 20 ശതമാനത്തെയെങ്കിലും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലുൾപ്പെടുത്തത്തക്കവിധം മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള പരിഷ്കരണവും സാമ്പത്തിക വകയിരുത്തലും
- ☑ ഗുണഭോക്തൃതിരഞ്ഞെടുപ്പ് കുറ്റമറ്റമാക്കുന്നതിനുള്ള ഇടപെടലുകൾ
- ☑ ഉത്പാദനോപാധികളുടെ വില വർദ്ധനവിന് ആനുപാതികമായി ഉത്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള സ്ഥിരം സംവിധാനം
- ☑ ഡയറി/പൗൾട്രി ഫാം രജിസ്ട്രേഷനും ലൈസൻസിങ്ങും നിർബന്ധമാക്കലും ഇതു സംബന്ധമായ നിബന്ധനകളുടെ കർഷക സൗഹാർദ്ദപരമായ പരിഷ്കരണവും

- ☑ മാംസോത്പാദനവും വിപണനവും സംബന്ധമായ കാര്യക്ഷമമായ ഇടപെടലുകൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ☑ ഗ്രാമ സഭകളുടെ ശാക്തീകരണം
- ☑ കുറ്റമറ്റ ഗുണഭോക്തൃ തിരഞ്ഞെടുപ്പ്
- ☑ പങ്കാളിത്ത പദ്ധതി രൂപീകരണം
- ☑ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ്
- ☑ കൃത്യമായ മോണിറ്ററിങ്

നൂതന പ്രൊജക്ട് ആശയങ്ങൾ

ക്ഷീര കർഷക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

കേരള സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് സമാനമായ പദ്ധതി ക്ഷീര കർഷകർക്കായി പൈലറ്റ് പ്രൊജക്ടായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയോജിത പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്. ഗുണഭോക്തൃ വിഹിതം ക്ഷീര സംഘങ്ങളിൽ കർഷകൻ അളക്കുന്ന പാലിന്റെ വിലയിൽ നിന്നും മാസാമാസം അടവാക്കാവുന്നതാണ്. പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകളും മിൽമയും ചേർന്ന് വഹിക്കാവുന്നതാണ്. കേന്ദ്ര സഹായത്തിനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ്.

എല്ലാ കർഷക ഭവനങ്ങളിലും മേൽക്കൂരയോടു കൂടിയ വളക്കുഴി

കർഷകന്റെ തൊഴിലിടത്തിന്റെ ശുചിത്വം, പരിസര ശുചിത്വം, പൊതുജനാരോഗ്യ സംരക്ഷണം എന്നിവയും ജൈവവള നിർമ്മാണത്തിലൂടെയുള്ള വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. കൃഷി-കർഷക ക്ഷേമ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കാം.

പുറമ്പോക്കുകളിലെയും തരിശിടങ്ങളിലെയും തീറ്റപ്പുൽ കൃഷി

കർഷക കൂട്ടായ്മകൾ, തൊഴിലുറപ്പ പദ്ധതി എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കാവുന്നതാണ്.

എഗ്ഗർ നഴ്സറികളുടെ സ്ഥാപനവത്കരണവും ശാക്തീകരണവും

മുട്ടയുത്പാദന വർദ്ധനവ് ലക്ഷ്യം വെച്ചു കൊണ്ട് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുര്യോട്ടുമല, തോട്ടത്തറ ഹാച്ചറികളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുകയും എഗ്ഗർ നഴ്സറികൾ സാറ്റലൈറ്റ് യൂണിറ്റുകളാക്കി ശാക്തീകരിച്ച് വർഷം മുഴുവൻ യഥേഷ്ടം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാകുന്ന ഇടമാക്കി മാറ്റുകയും ചെയ്യുക. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും സ്ഥാപനങ്ങളെയും ഈ വിഷയത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. കർഷകർക്ക് യഥേഷ്ടം ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ വർഷം മുഴുവൻ ലഭ്യമാകുന്നതാണ്. ഉത്പാദനത്തിന് ആനുപാതികമായി എഗ്ഗർ നഴ്സറികൾക്ക് ധനസഹായം നൽകാവുന്നതാണ്.

കോഴിയിറച്ചിയുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യം വെച്ചുള്ള സമഗ്ര പദ്ധതി

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ മിക്കപ്പോഴും ഇറച്ചിക്കോഴി ഉത്പാദന മേഖലയിൽ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാറില്ല. ഇറച്ചിക്കോഴി ഉത്പാദനം വ്യാപകമാക്കുന്നതിനായി കോഴികുഞ്ഞുങ്ങളെ ന്യായവിലക്ക് ലഭ്യമാക്കുന്ന ഹാച്ചറികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ശാസ്ത്രീയമായി പ്രവർത്തിക്കുന്ന വപണനശാലാ മാതൃകകളും രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഉത്തേജന നടപടികൾ ലക്ഷ്യം വെച്ചുകൊണ്ട് ബ്രോയിലർ ഹാച്ചറികൾ, ബ്രോയിലർ യൂണിറ്റുകൾ, വിപണന ശാലകൾ എന്നിവയിൽ മുതൽ മുടക്കുന്നതിനു സന്നദ്ധരായ നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ലൈസൻസിങ്ങിനായുള്ള ഏകജാലക സംവിധാനവും വായ്പകൾക്കായി ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീമുകളും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു. നബാർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, വാണിജ്യ ബാങ്കുകൾ, മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി കോർപ്പറേഷൻ, ത്രിതല പഞ്ചായത്തുകൾ എന്നിവക്ക് സംയുക്തമായി നടപ്പിലാക്കാം.

അറവുശാലാ മാലിന്യങ്ങളുടെ സംഭരണത്തിനും കേന്ദ്രീകൃത സംസ്കരണത്തിനും ജൈവവളനിർമ്മാണത്തിനുമുള്ള ബൃഹത് പദ്ധതി

ബ്രോയിലർ വിപണന ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ വലിയ സാമൂഹ്യ പ്രശ്നമായി വളർന്നിരിക്കുന്ന സാഹചര്യത്തിൽ ഉറവിടത്തിൽ നിന്നും ഇവ ശേഖരിക്കുന്നതിനും കേന്ദ്രീകൃതമായി സംസ്കരിച്ച് മൂല്യവർദ്ധിത

ഉത്പന്നങ്ങളാക്കുന്നതിനുമുള്ള ബൃഹത് പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല എന്നിവയുടെ സഹകരണ ത്തോടെ നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ മൃഗസംരക്ഷണ മേഖലയുടെ അവസ്ഥാ വിശകലനം നടത്തുന്നതിനും തൽസ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്കെത്തിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനാണ് വികസന പരിപ്രേക്ഷ്യത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. ദരിദ്രരും, പാർശ്വവത്കൃതരും, സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുമായ സാമാന്യ ജനവിഭാഗത്തിന്റെ പങ്കാളിത്തം വികസന പ്രവർത്തന ങ്ങളിൽ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ജില്ലയുടെ തൽസ്ഥിതി വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ ഭക്ഷ്യ വസ്തുക്കളുടെ കാര്യത്തിൽ ഏറ്റവുമാദ്യം സ്വയംപര്യാപ്തതയിലേക്കെത്താൻ കഴിയുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള പ്രധാന ഉത്പന്നങ്ങളായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിലാണ് എന്നു വ്യക്തമാണ്. പാലിന്റെ കാര്യത്തിൽ ആവശ്യത്തിന്റെ 80 ശതമാനവും ആഭ്യന്തരമായി ഉത്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്. ഇറച്ചി, മുട്ട എന്നിവയുടെ ഉത്പാദനവും വികസനത്തിന്റെ പാതയിലാണ്. ശ്രദ്ധാപൂർണ്ണമായ ആസൂത്രണത്തിലൂടെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിൽ സമീപ ഭാവിയിൽ തന്നെ സ്വയം പര്യാപ്തതയിലെത്താവുന്നതാണ്. ഇതിനായുള്ള ബഹുമുഖമായ സമീപന രീതികൾ വികസന പരിപ്രേക്ഷ്യം മുന്നോട്ടു വെക്കുന്നു.

ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുമ്പോൾ തന്നെ ലഭ്യമായ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക എന്ന വിശാലമായ കാഴ്ചപ്പാടും പരിപ്രേക്ഷ്യം മുന്നോട്ടു വെക്കുന്നു. ഒപ്പം തന്നെ കർഷക വൃത്തി ആകർഷകമാക്കുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും കാർഷിക വൃത്തി പരിസ്ഥിതി – സാമൂഹ്യ സൗഹാർദ്ദപരമാക്കുന്നതിനുമായുള്ള രീതി ശാസ്ത്രങ്ങളും ചർച്ചാ വിധേയമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ ത്തിലധിഷ്ഠിതമായ പൊതുജനാരോഗ്യപ്രശ്നങ്ങളിൽ ശാസ്ത്രീയമായ ഇടപെടലുകളും നിർദ്ദേശിച്ചിരിക്കുന്നു. ജില്ലയുടെ സമഗ്ര വികസന പരിശ്രമങ്ങളിൽ പൊതുവെയും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള ഇടപെടലുകളിൽ പ്രത്യേകിച്ചും ദിശാ സൂചകമാകുവാൻ പരിപ്രേക്ഷ്യത്തിനാകും എന്നു പ്രത്യാശിക്കുന്നു.

®®®®®®®®®®®®®®®®®®®®®®®®

4.3 മത്സ്യ വികസനം

അവസ്ഥാ വിശകലനം

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പോഷകാഹാര ഭദ്രത ഉറപ്പുവരുത്തുക ഉത്പാദനഫലങ്ങൾ സുസ്ഥിരവും നിഷ്പക്ഷവുമായ രീതിയിൽ മത്സ്യ തൊഴിലാളി- മത്സ്യ കർഷക സമൂഹങ്ങൾക്കിടയിൽ വീതിച്ചുനൽകുക വഴി ഇവർക്കിടയിലെ ദാരിദ്ര്യം കുറയ്ക്കുക എന്നതാണ് മത്സ്യമേഖലാ വികസനം ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി അധഃപതനവും സൃഷ്ടിക്കുന്ന വെല്ലുവിളികളെ തരണം ചെയ്തുകൊണ്ടാകണം മേഖലയിലെ ലക്ഷ്യം കൈവരിക്കേണ്ടത്. ഉൾനാടൻ ജലസ്രോതസ്സുകളിലെ മത്സ്യകൃഷി വളർച്ചയ്ക്ക് ജില്ലയിലെ വിഭവ അടിത്തറ വിപുലമായ സാധ്യതകളാണ് മുന്നോട്ട് വയ്ക്കുന്നത്. ഭാവി ഉദ്യമങ്ങളിൽ വിഭവ സംരക്ഷണത്തിനും പ്രകൃതി സൗഹാർദ്ദ മത്സ്യബന്ധന-മത്സ്യകൃഷി രീതികൾ അവലംബിച്ച് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യാപനപ്രവർത്തനങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരും വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കാൻ കഴിയും എന്നത് തീർച്ചയാണ്.

ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ

കേരളത്തിലെ മൊത്തം തീരദേശ ദൈർഘ്യത്തിന്റെ 6.27 ശതമാനവും, ഭൂഖണ്ഡ സോപാനത്തിന്റെ 5.27% ഉം കൊല്ലം ജില്ലയിലാണ്.

പട്ടിക 4.3.1

ഭൂമി ശാസ്ത്രപരമായ കാര്യങ്ങൾ

ക്രമ നം	ഇനം	കേരളം	കൊല്ലം	%
1	ആകെ വിസ്തീർണ്ണം (ച.കി.മീ)	38863	21491	5.52
2	തീരദേശ ദൈർഘ്യം (കി.മീ)	590	37	6.27
3	ഭൂഖണ്ഡ സോപാനം (ച.കി.മി)	39139	2065	5.27
4	നദികൾ -എണ്ണം	44	3	6.81
5	പഞ്ചായത്ത് കുളങ്ങൾ (എണ്ണം)	6848	586	8.5
6	പഞ്ചായത്ത് കുളങ്ങളുടെ വിസ്തൃതി (ഹെക്ടർ)	1486.69	54.3	3.6
7	സ്വകാര്യ കുളങ്ങൾ, ക്ഷേത്ര കുളങ്ങൾ (ഹെക്ടർ)	40368	424.52	1.05
8	അണക്കെട്ട് – വിസ്തൃതി (ഹെക്ടർ)	34180	2590	7.5
9	അഴിമുഖങ്ങൾ (എണ്ണം)	54	3	5.5
10	കണ്ടൽക്കാട് (ഹെക്ടർ)	2502	123.9	4.95

അവലംബം : മത്സ്യവകുപ്പ്

37കി.മീ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശത്തെ 3500 സ്ക്വയർ കി.മീ കോണ്ടിനന്റൽ ഷെൽഫ് പ്രദേശവും, 219 കിലോമീറ്റർ നീളത്തിലായി ഒഴുകുന്ന ഉൾനാടൻ ശുദ്ധജല ശ്രോതസ്സുകളായ കല്ലടയാർ (121 കി.മീ), പള്ളിക്കലാർ (42 കി.മീ), ഇത്തിക്കരയാർ (56 കി.മീ) എന്നിവയും, 7227.19 ഹെക്ടർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന ഓര് ജല ശ്രോതസ്സുകളായ അഷ്ടമുടി (6424.15ഹെ), കായംകുളം (140.58ഹെ), പരവൂർ കായലുകളും (662.46 ഹെ), ഇവയോടടുത്ത് വിവിധ ഉൾനാടൻ മേഖലകളിലായി 720 ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ശുദ്ധജല/ ഓർ ജല കുളങ്ങൾ വെള്ളകെട്ടുകൾ ചതുപ്പുനിലങ്ങൾ എന്നിവയും ജില്ലയുടെ മത്സ്യമേഖലാ വികസനത്തിൻ ബൃഹത്തായ സംഭാവന നൽകാൻ കെൽപ്പുള്ളവയാണ്.

കേരളത്തിലെ പ്രധാന മത്സ്യ സങ്കേതങ്ങളിൽ കൊല്ലം ബാങ്കിന്റെ സാമിപ്യം മൂലവും കടലിലെ മറ്റു പ്രത്യേകതകൾ മൂലവും കൊല്ലം ജില്ലയിൽ മത്സ്യ ജൈവവൈവിധ്യം വളരെ കൂടുതലാണ്. ചവറ, തെക്കുംഭാഗം, ദളവാപുരം പ്രദേശങ്ങളിലെ അഷ്ടമുടി കായലിലെ കല്ലികക്ക (Paphia malabarica) ഇനത്തെ ലോകോത്തോര നിലവാരത്തിലേക്ക് ഉയർത്തികൊണ്ടുള്ള Marine Stewardship Council അംഗീകാരം ലഭിച്ച ഇന്ത്യയിലെ തന്നെ ഏക ജലവിഭവമാണ്.

1.1.2 ജനസംഖ്യാപരമായ കാര്യങ്ങൾ

കൊല്ലം ജില്ലയിൽ 26 കടൽ മത്സ്യഗ്രാമങ്ങളും 3 ഉൾനാടൻ മത്സ്യഗ്രാമങ്ങളും ഉണ്ട് ജില്ലയിലെ ആകെ 48135 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായുള്ള ജനസംഖ്യ 92500 പേർ ആണ്. എന്നാൽ ഉൾനാടൻ മേഖലയിൽ ആകെ ജനസംഖ്യ 34186 പേർ മാത്രമാണ്.

പട്ടിക 4.3.2

മത്സ്യത്തൊഴിലാളി വിഭാഗം - ജനസംഖ്യാപരമായ കാര്യങ്ങൾ

ക്രമ നം.	ഇനം	കേരളം	കൊല്ലം	%
1	മത്സ്യഗ്രാമങ്ങൾ			
	കടൽ	222	26	11.71
	ഉൾനാടൻ	113	3	2.65
	ആകെ	335	29	14.36
2	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ (2015-16)			
	കടൽ	143409	16570	11.55
	ഉൾനാടൻ	28469	8547	30.02
	ആകെ	171878	25117	14.61
3	മത്സ്യത്തൊഴിലാളി ജനസംഖ്യ (2015-16)			
	കടൽ	788324	92500	11.73
	ഉൾനാടൻ	235472	34186	15.36
	ആകെ	1023796	126686	12.37

അവലംബം : മത്സ്യ വകുപ്പ്

മത്സ്യമേഖലയിലെ സ്ത്രീ-പുരുഷ അനുപാതം സ്ത്രീകൾക്ക് പ്രതികൂലമാണ്! ഇത് പ്രധാനമായും കടൽ മത്സ്യമേഖലയിലുമാണ്. സംസ്ഥാനതലത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീ-പുരുഷ അനുപാതവുമായി താരതമ്യപ്പെടുത്തുമ്പോൾ ജില്ലയിലെ സ്ത്രീ-പുരുഷ അനുപാതം കൂടുതൽ പ്രതികൂലമാണ് - സംസ്ഥാനത്ത് 907 എങ്കിൽ, ജില്ലയിൽ 861 ഉം ആണ്.

പട്ടിക 4.3.3

മത്സ്യത്തൊഴിലാളി വിഭാഗം - സ്ത്രീ-പുരുഷ അനുപാതം

		കേരളം		കൊല്ലം	
		ജനസംഖ്യ (മത്സ്യ ത്തൊഴിലാളി)	സ്ത്രീ- പുരുഷ അനുപാതം (മത്സ്യ ത്തൊഴിലാളി)	ജനസംഖ്യ	സ്ത്രീ- പുരുഷ അനുപാതം
കടൽ	പുരുഷൻ	307717	892	39859	834
	സ്ത്രീ	274337		33262	
	കുട്ടികൾ	201846		19901	
	ആകെ	783900		93022	
ഉൾനാടൻ	പുരുഷൻ	90919	963	13513	941
	സ്ത്രീ	87470		12723	
	കുട്ടികൾ	55762		8144	
	ആകെ	234151		34379	
മൊത്തം	പുരുഷൻ	398636	907	53372	861
	സ്ത്രീ	361807		45985	
	കുട്ടികൾ	257608		28045	
	ആകെ	1018051		127401	

അവലംബം : മത്സ്യവകുപ്പ്

മത്സ്യത്തൊഴിലാളികൾ

കേരളത്തിലെ കടൽ മേഖലയിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളിൽ 11.13 ശതമാനവും ജില്ലയിലാണ് ജില്ലയിലെ ആകെ കടൽ മത്സ്യത്തൊഴിലാളികൾ 19561 പേരും, അനുബന്ധ മത്സ്യതൊഴിലാളികൾ 16092 പേരും ആണ്.

പട്ടിക 4.3.4

മത്സ്യതൊഴിലാളികൾ

ക്രമ നം	മത്സ്യതൊഴിലാളികൾ	കേരളം	കൊല്ലം	%
1	കർമ്മോന്മുഖ മത്സ്യതൊഴിലാളികൾ - ആകെ (2015-16)	233126	25965	11.13
	കടൽ	186832	19561	10.46
	ഉൾനാടൻ	46294	7404	15.99
2	അനുബന്ധ മത്സ്യതൊഴിലാളികൾ – ആകെ (2014-15)	79347	16092	20.28
	ആൺ	17089	1697	9.93
	പെൺ	62258	14395	23.12

അവലംബം : മത്സ്യവകുപ്പ്

ജില്ലയിൽ മത്സ്യ വിപണനത്തിൽ ഏർപ്പെടുന്ന സ്ത്രീകൾ 5018 പേരും പുരുഷൻമാർ 354 പേരും ആൺ.

പട്ടിക 4.3.5

മത്സ്യവിപണന തൊഴിലാളികൾ

	കേരളം	കൊല്ലം	%
സ്ത്രീകൾ	9750	5018	51.46
പുരുഷന്മാർ	6255	354	5.65
ആകെ	16005	5392	33.56

അവലംബം : മത്സ്യവകുപ്പ്

മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും

കടൽ മത്സ്യമേഖലയിലെ ആധുനികവത്കരണത്തിന് ശേഷവും ചെറുകിട മത്സ്യബന്ധന രീതികൾ അനുവർത്തിച്ചുവരുന്ന ഒരു ജില്ലയാണ് കൊല്ലം. പരമ്പരാഗത ഉരുക്കളും ഉപകരണങ്ങളും ഇന്നും അന്യം നിന്നിട്ടില്ലായെന്നത് ഈ ജില്ലയുടെ പ്രത്യേകതയാണ്.

പട്ടിക 4.3.6

മത്സ്യബന്ധന ഉരുക്കൾ

ക്രമ നം	ഇനം	കേരളം	കൊല്ലം	%
1	മത്സ്യബന്ധന ഉരുക്കൾ	35135	3784	10.76
2	പരമ്പരാഗത ഉരുക്കൾ മോട്ടോർ ഘടിപ്പിക്കാത്തവ	2281	153	6.7
3	പരമ്പരാഗത ഉരുക്കൾ മോട്ടോർ ഘടിപ്പിച്ചവ	29035	2161	7.4
4	യന്ത്രവത്കൃതം	3819	1470	38.49

അവലംബം : മത്സ്യവകുപ്പ്

വിവിധയിനം ഗിൽനെറ്റുകൾ, കമ്പിവല, തട്ടുമടി, ഡിസ്കോ വല, വിവിധയിനം ചൂണ്ടകൾ എന്നിവയാണ് ജില്ലയിലെ മത്സ്യബന്ധന ഉപകരണങ്ങൾ.

മത്സ്യോൽപ്പാദനം

സംസ്ഥാനത്തെ മൊത്തം കടൽ മത്സ്യോൽപ്പാദനത്തിന്റെ (അളവും വിലയും) 21 ശതമാനം ജില്ലയുടെ സംഭാവനയാണ് മത്സ്യവിലയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ജില്ലയിൽ. സംസ്ഥാനത്തെ മത്സ്യമേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.ഡി.പി) 6 ശതമാനം ജില്ലയുടെ സംഭാവനയാണ്.

പട്ടിക 4.3.7

സാമ്പത്തിക ഘടകങ്ങൾ

ഘടകങ്ങൾ	മേഖല	കേരളം	കൊല്ലം	%
അളവ് (മെട്രിക് ടൺ) (2015-16)	കടൽ	516745	108686	21.03
	ഉൾനാടൻ	210762	19757	9.37
	ആകെ	727507	128443	17.65
വില (ലക്ഷം രൂപ) (2015-16)	കടൽ	627451	227687	36.28
	ഉൾനാടൻ	288866	26242	9.08
	ആകെ	916317	253929	27.71

ശരാശരി മത്സ്യ വില (രൂ/കിലോ) (2015-16)	കടൽ	121	209	-
	ഉൾനാടൻ	137	132	-
	ആകെ	126	198	-

അവലംബം : മത്സ്യബന്ധന വകുപ്പ്

കഴിഞ്ഞ 5 വർഷത്തെ കണക്ക് പ്രകാരം ജില്ലയിലെ മത്സ്യോൽപ്പാദനം മുൻ വർഷങ്ങളേക്കാൾ വർദ്ധിച്ചിട്ടുണ്ട്. ഇത് പ്രധാനമായും കടൽ മത്സ്യ ഉൽപ്പാദനം മൂലമാൺ. ഇതേ കാലയളവിൽ കേരളത്തിന്റെ മത്സ്യോൽപ്പാദന വർദ്ധനവ് ശരാശരി 4 ശതമാനമാണ്.

പട്ടിക 4.3.8

ഉൾനാടൻ മത്സ്യമേഖല മത്സ്യ ഉൽപാദനം (2012-2017)

നമ്പർ	വർഷം	കൊല്ലം ജില്ല (മെട്രിക് ടൺ)			കേരളം (മെട്രിക് ടൺ)		
		കടൽ	ഉൾനാടൻ	ആകെ	കടൽ	ഉൾനാടൻ	ആകെ
1	2012-13	107816	16787	124603	553177	135936	689113
2	2013-14	105009	18263	123272	544740	162569	707309
3	2014-15	72270	19447	91717	524468	201545	726013
4	2015-16	108686	19757	128443	516745	210762	727507
5	2016-17	143653	18817	162470	524754	210624	735378
	ശരാശരി	107487	18614	126101	532777	184287	717064

സ്ഥാപന സംവിധാനങ്ങൾ

(*i*) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ഒരു കോർപ്പറേഷനും (കൊല്ലം), 4 മുനിസിപ്പാലിറ്റികളും, 68 ഗ്രാമപഞ്ചായത്തുകളും, ജില്ലയിൽ ഉൾക്കൊള്ളുന്നു.

(*ii*) മത്സ്യഭവനുകൾ

ജില്ലയിലെ കടൽമേഖലയിൽ പ്രവർത്തിക്കുന്ന ആകെ 13 മത്സ്യഭവനുകളിലൂടെ മത്സ്യവകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുടെ ഗ്രാമതല പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്നു.

(*iii*) സഹകരണ സംഘങ്ങൾ

മത്സ്യമേഖലയിലെ സഹകരണ പ്രസ്ഥാനത്തിൻ ചരിത്രപരമായ സംഭാവന നൽകിയിട്ടുള്ള ജില്ലയിലെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ പട്ടിക 4.3.9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.3.9

മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ

ക്രമ നം.	ഇനം	കേരളം	കൊല്ലം
	മത്സ്യ ഫെഡ്		
1	കടൽ	346	40
2	വനിത	116	12
3	ഉൾനാടൻ	204	30
	ആകെ	666	82
4	മറ്റുള്ള സഹകരണ സ്ഥാപനങ്ങൾ	114	14
	ആകെ	**780**	**96**

അവലംബം : മത്സ്യബന്ധന വകുപ്പ്

(iv) ഇതര സ്ഥാപനങ്ങൾ

ജില്ലയിലെ തീരപ്രദേശത്തുള്ള ഇതര സ്ഥാപനങ്ങളുടെ എണ്ണം പട്ടിക 4.3.10 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.3.10

ഇതര സ്ഥാപനങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	പി എച്ച് സി	52
2	വിദ്യാലയങ്ങൾ	195
3	വായനശാല	81
4	സാംസ്കാരിക കേന്ദ്രങ്ങൾ	102
5	വ്യവസായ കേന്ദ്രങ്ങൾ	104
6	അംഗൻ വാടി	128
7	സർക്കാർ സ്ഥാപനങ്ങൾ	175

അവലംബം : ഫീൽഡ്തല സർവ്വേ, ഫിഷറീസ് വകുപ്പ്

(v) മാർക്കറ്റുകൾ

ജില്ലയിലെ മാർക്കറ്റുകളുടെ / ഫിഷ്ലാൻറിംഗ് സെന്റർ ഹാർബറുകൾ എണ്ണം പട്ടിക 4.3.11 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.3.11

മത്സ്യ മാർക്കറ്റുകൾ /ഫിഷ്ലാൻറിംഗ് സെന്റർ

ക്രമ നം	ഇനം	എണ്ണം
1	റീട്ടെയിൽമാർക്കറ്റ്	146
2	ഹോൾ സെയിൽ മാർക്കറ്റ്	10
3	ഫിഷ് ലാന്റിംഗ് സെന്റർ	25
4	ഹാർബർ	4

അവലംബം : ഫിഷറീസ് വകുപ്പ് 2015

മത്സ്യമേഖല - പ്രശ്ന വിശകലനം

പട്ടിക 4.3.12

1. മത്സ്യതൊഴിലാളി കുടുംബങ്ങൾ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ

കടലിൽ നിന്നും 50 മീറ്റർ പരിധിയിൽ താമസിക്കുന്ന മത്സ്യതൊഴിലാളി കുടുംബം	വസ്തുവും വീടും ഇല്ലാത്തവർ	വാസ യോഗ്യമായ വീടില്ലാത്തവർ	വീടില്ലാത്തവർ	ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ
1252	1072	1314	689	462

അവലംബം : ഫിഷറീസ് വകുപ്പ് 2015

കൊല്ലം ജില്ലയിലെ വിവിധ മത്സ്യഗ്രാമങ്ങളിലായി 1252-ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടലിൽ നിന്നും 50 മീറ്റർ പരിധിയിൽ താമസിച്ചു വരുന്നതായും വസ്തുവും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളികളായ 1072 പേരും വീടില്ലാത്തവരായി 689 പേരും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിച്ചു വരുന്ന 1314 പേരും പല കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന 462 മത്സ്യതൊഴിലാളി കുടുംബങ്ങളും ജില്ലയിൽ ഉള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു.

പട്ടിക 4.3.13

2. മത്സ്യതൊഴിലാളി കുടുംബങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ഉപയോഗ യോഗ്യമല്ലാത്ത ടോയ്‌ലറ്റ്	വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ	കുടിവെള്ള ലഭ്യതയില്ലാത്തവർ
458	136	1464

അവലംബം : ഫിഷറീസ് വകുപ്പ് 2015

മേൽ പട്ടിക പ്രകാരം ജില്ലയിലെ വിവിധ മത്സ്യഗ്രാമങ്ങളിലായി 458 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഉപയോഗ യോഗ്യമല്ലാത്ത ടോയ്ലറ്റുകളാൺ ഉള്ളതെന്നും. 136 മത്സ്യതൊഴിലാളി കുടുംബങ്ങളില വൈദ്യുതി ലഭ്യമായിട്ടില്ലെന്നും 1464 മത്സ്യതൊഴിലാളി കുടുംബങ്ങൾ കുടിവെള്ള ദൗർലഭ്യം നേരിടുന്നുണ്ടെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

പട്ടിക 4.3.14

3. മാനസിക, ശാരീരിക, സാമൂഹിക, പ്രകൃതി ക്ഷോഭ ദുരന്തങ്ങൾ നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ശാരീരിക മാനസിക രോഗങ്ങൾ നേരിടുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾ	ശാരീരിക മാനസിക അവശതകളാൽ കിടപ്പിലായ മത്സ്യതൊഴിലാളി കുടുംബങ്ങൾ	മാരക രോഗങ്ങൾ പിടിപെട്ടവർ	പോഷകാഹാര കുറവ് അനുഭവപ്പെടുന്നവർ	മദ്യം മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവർ	പ്രകൃതി ക്ഷോഭ ദുരന്തങ്ങൾ നേരിടുന്ന മത്സ്യ തൊഴിലാളികൾ
1328	470	1135	549	1645	569

അവലംബം : ഫിഷറീസ് വകുപ്പ് 2015

വിവിധ മത്സ്യ ഗ്രാമങ്ങളിലായി 1328 മത്സ്യതൊഴിലാളികൾ ശാരീരിക-മാനസിക രോഗങ്ങൾ അനുഭവിക്കുന്നവരാണെന്നും, 470-ഓളം മത്സ്യതൊഴിലാളികൾ കിടപ്പുരോഗികളായിട്ടുള്ളവരും 1135 പേർ ക്യാൻസർ, കരൾ, വൃക്ക, ഹൃദയ സംബന്ധമായ മാരകരോഗങ്ങൾ ഉള്ളവരും 549 പേർ പോഷകാഹാര കുറവു മൂലമുള്ള രോഗങ്ങൾ അനുഭവിക്കുന്നവരും 1645 പേർ മദ്യത്തിനും മയക്കു മരുന്നിനും അടിമകളായിട്ടുള്ളവരും, 569 പേർ പ്രകൃതി ക്ഷോഭ ദുരിതങ്ങൾ അനുഭവിക്കുന്നവരും ആണെന്നും കണക്കുകൾ വ്യക്തമാക്കുന്നു. കോവിൽത്തോട്ടം, പന്മന നിവാസികളിൽ ഉണ്ടാകുന്ന പോഷകാഹാര കുറവ് അവിടം ഖനന പ്രദേശം ആയതിനാലും കെ.എം.എം.എൽ ഫാക്ടറിയിൽ നിന്ന് പുറന്തള്ളുന്ന മാലിന്യത്തിൽ നിന്നുള്ള ദുരന്ത ഫലങ്ങൾ അനുഭവിക്കുന്നതിനാലുമാണ്.

പട്ടിക 4.3.15

4. 5 മുതൽ 18 വയസ്സ് വരെയുള്ള മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം

ക്രമ നമ്പർ	കോഴ്സ്	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1	+2/വിഎച്ച്എസ്സ്ഇ വരെ	2332	2702	5034
2	ഐ.റ്റി.ഐ	28	5	33
3	പോളിടെക്ക്നിക്ക്	10	2	12
4	ഡിഗ്രി (ആർട്സ് & സയൻസ്)	365	487	852
5	പി.ജി (ആർട്സ് & സയൻസ്)	9	35	44
6	പി.എച്ച്.ഡി	1	-	1
7	ബിഎഡ്	9	32	41
8	ബിസിഎ	14	-	14
9	ബിബിഎ	18	12	30
10	എംബിഎ	20	14	34
11	ബിടെക്	65	30	95
12	എൽ.എൽ.ബി	3	3	
13	പാരാമെഡിക്കൽ	3	4	7
14	ബിഎസ്സ്സി ലാബ് ടെക്നീഷ്യൻ	2	6	8

15	ജനറൽ നഴ്സിംഗ്	-	8	8
16	ബിഎസ്സ്സി നഴ്സിംഗ്	-	50	50
	ആകെ	**2879**	**3387**	**6266**

ഹയർ സെക്കന്ററി തലം മുതൽ ഐ.റ്റി.ഐ, പോളിടെക്നിക്ക് തുടങ്ങി ഡിഗ്രി, പോസ്റ്റ്ഗ്രാജ്വേഷൻ, ഡോക്ടറൽ, പ്രൊഫഷണൽ ഡിഗ്രി തുടങ്ങിയ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ, വിദ്യാസമ്പാദനത്തിൽ മുന്നിട്ട് നിൽക്കുന്നത് പെൺകുട്ടികളാണെന്ന് വ്യക്തമാകും. മേൽ പട്ടിക (6) പ്രകാരം കൊല്ലം ജില്ലയിൽ 54.7 % വിദ്യാർത്ഥിനികളും 45.29% വിദ്യാർത്ഥികളും മത്സ്യതൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവിധ പഠന മേഖലകളിൽ പഠിക്കുന്നു. കൊല്ലം ജില്ലയിലെ പൊതു സാക്ഷരതാ നിരക്ക് പരിശോധിച്ചാൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 95.837% ഉം സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 91.95% വുമാണ്.

5. മത്സ്യമാർക്കറ്റുകളുടെയും ഹാർബറുകളുടെയും നിലവിലെ അവസ്ഥ

മത്സ്യമാർക്കറ്റുകളുടെയും ഹാർബറുകളുടെയും നിലവിലെ അവസ്ഥ വളരെ ശോചനീയമാണ്. സൗകര്യങ്ങളുടെ പരിമിതിയും വൃത്തിഹീനവുമായ സാഹചര്യവുമാണ് ഇവിടങ്ങളിൽ നില നിൽക്കുന്നത്. മാർക്കറ്റുകളിലും ഹാർബറുകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വിശ്രമ കേന്ദ്രങ്ങളോ ടോയ്ലറ്റ് സംവിധാനമോ ശുദ്ധജലമോ ഇവിടെ ലഭ്യമല്ല.മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളും ഡ്രെയിനേജ് സംവിധാനങ്ങളും ഇവിടങ്ങളിൽ അപര്യാപ്തമാണ്. മത്സ്യബന്ധന വലകൾ നന്നാക്കുന്നതിനുള്ള നെറ്റ് മെന്റിംഗ് യാർഡുകൾ, മത്സ്യബന്ധന സാമഗ്രികൾ സൂക്ഷിക്കുന്ന ലോക്കർ സംവിധാനം, വൃത്തിയായി മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മണ്ണെണ്ണ, പെട്രോൾ ബങ്കുകൾ, ഐസ് പ്ലാന്റ് എന്നിവയെല്ലാം തന്നെ ഇവിടങ്ങളിൽ അപര്യാപ്തമാണ്.

6. പ്രകൃതി വിഭവ സവിശേഷതകൾ/ പ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ

കടലാമ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ:- മുൻകാലങ്ങളിൽ ഇരവിപുരം മുതൽ തങ്കശ്ശേരി വരെയുള്ള പ്രദേശങ്ങളിൽ പ്രജനന സമയത്ത് മുട്ടയിടാനായി കടലാമകൾ തീരത്തേക്ക് വരുന്നത് പതിവ് കാഴ്ചയായിരുന്നു. എന്നാൽ ഇന്ന് ജനസാന്ദ്രത കൂടിയതിനാലും തീരത്തിന്റെ വിസ്തൃതി കുറഞ്ഞതിനാലും, തീരദേശത്തെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായും മറ്റ് നശീകരണ പ്രവർത്തനങ്ങളാൽ അവയ്ക്ക് വംശനാശം സംഭവിച്ചതിനാലും മറ്റും കടലാമകൾ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ വളരെ വിരളമാണ്.

7. മത്സ്യ മേഖലയിലെ തൊഴിൽ

സുനാമിക്ക് ശേഷം സാഫിൻ കീഴിലുള്ള പദ്ധതികൾ വഴി രൂപീകരിച്ച ഏകദേശം 208 യൂണിറ്റുകൾ പ്രവർത്തന രഹിതമായി ജില്ലയിലുണ്ട്. ഇത്തരം യൂണിറ്റുകളെ പ്രവർത്തനോന്മുഖമാക്കുന്നതിൻ സാമ്പത്തിക സഹായം, പരിശീലനം എന്നിവ ആവശ്യമാണ്. മത്സ്യ മേഖലയിലെ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ പിന്നിലാണ്. അതിനാൽ സ്ത്രീകൾ കൂടുതലായും മത്സ്യ കച്ചവടം നടത്തുന്നതായാണ് കാണാൻ കഴിയുന്നത്. തീരദേശത്തെ കുറെയധികം സ്ത്രീകൾ തലച്ചുമടായുള്ള മത്സ്യ കച്ചവടത്തിനും, ഹാർബർ കേന്ദ്രീകരിച്ചുള്ള തൊഴിൽ മേഖലകളിലും വ്യാപൃതരാണ്. പീലിംഗ് സെന്ററുകളിൽ ജോലി ചെയ്യുന്നവർ ഇതിനുദാഹരണമാണ്. ഹാർബർ കേന്ദ്രീകരിച്ച് ജോലി ചെയ്യുന്നവർക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. ഇത്തരം മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോ കുടിവെള്ളമോ പോലും ഇല്ലാത്ത അവസ്ഥയിൽ കൂടുതൽ സമയം ജോലി ചെയ്യേണ്ടതായി വരുന്നതായും ദീർഘനേരം ഇരുന്നുള്ള ജോലികൾ ചെയ്യുന്നവർക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾ കണ്ടു വരുന്നതായും കാണുന്നു.

8. ജില്ലയിലെ മത്സ്യബന്ധന യാനങ്ങൾ

മത്സ്യ വിഭവങ്ങളുടെ അമിത ചൂഷണം നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ യാനങ്ങളുടെ എണ്ണം കൂട്ടേണ്ടതിന്റെ ആവശ്യകതയില്ല. മറിച്ച് ഇനിയും ചൂഷണം ചെയ്യപ്പെട്ടിട്ടില്ലാത്തതും നമ്മുടെ കടലിൽ സമൃദ്ധമായി ഉള്ളതുമായ ആഴക്കടൽ മത്സ്യ വിഭവങ്ങളായ ചൂര (Yellow fin Tuna, Skip jack Tuna) പോലുള്ളവയെ ചൂഷണം ചെയ്യുന്നതിന് നിലവിലെ മത്സ്യ ബന്ധന യാനങ്ങളെ എണ്ണം കൂട്ടാതെ രൂപമാറ്റം വരുത്തി ഇത്തരം വിഭവ സ്രോതസ്സുകൾ ചൂഷണം ചെയ്യാൻ സജ്ജരാക്കുന്നതിനുള്ള Tuna long lining പോലുള്ള മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

9. പരിസ്ഥിതി ശുചിത്വ കാര്യങ്ങൾ, മാലിന്യ സംസ്കരണം

മത്സ്യമേഖലയിലെ ഒരു പൊതു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ് മാലിന്യ സംസ്കരണം. ഈ മേഖലയിൽ ഭൂരിപക്ഷം വരുന്ന മത്സ്യതൊഴിലാളികൾക്കും 5 സെന്റിൽ കുറവ് മാത്രമാണ് ഭൂമി സ്വന്തമായുള്ളത്. അതിനാൽ ടി മേഖലകളിൽ താമസിക്കുന്നവർ മാലിന്യങ്ങൾ പൊതുവേ കടലിലും, കടപ്പുറത്തും മറ്റു ജലാശയങ്ങളിലും കൊണ്ടു പോയി നിക്ഷേപിക്കുന്നതായാണ് കാണപ്പെടുന്നത്. ഇതിൻ ഒരു മാറ്റം എന്നോണം മേഖലകളിൽ എയ്റോബിക്ക് മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച്, അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്ന യൂണിറ്റുകളുടെ വ്യാപനം കടലോര മേഖലകളിലും, ഉൾനാടൻ മേഖലകളിലും വരേണ്ടത് അനിവാര്യമാണ്.

10. കടൽതീരത്തിന്റെ അവസ്ഥ സംബന്ധിച്ച്

ആലപ്പാട്, നീണ്ടകര, കൊല്ലം കോർപ്പറേഷൻ, മയ്യനാട്, ഇരവിപുരം എന്നീ മേഖലകളിൽ മോശം അവസ്ഥയിലുള്ള 24.5 കി.മീ കടൽ ഭിത്തികളാൺ ഉള്ളത്. ജില്ലയിലെ തീരപ്രദേശങ്ങളിലെ ബയോഷീൽഡ് വ്യാപ്തിയും വളരെ കുറവാൺ. കടലേറ്റം അനുഭവപ്പെടുന്ന പരവൂർ മുതൽ മുണ്ടക്കൽ പാപനാശം വരെയുള്ള പ്രദേശങ്ങളിൽ മണൽതീരത്തിന്റെ ദൂരം (900 മീറ്റർ) വളരെ കുറവായാണ് കാണുന്നത്.

11. മത്സ്യകൃഷി

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഇടപെടൽ ശക്തമാക്കേണ്ടത് അനിവാര്യമാണ്. ഓരോ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ വരുന്ന കുളങ്ങളുടെ സംരക്ഷണം, മത്സ്യകൃഷി നടത്താൻ അനുയോജ്യമായ ജലാശയങ്ങളെ കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കിയെടുക്കൽ, വിളവെടുപ്പ്, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് കീഴിലുള്ള എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ, സഹകരണ സംഘങ്ങൾ എന്നിവയെ ഉൾപ്പെടുത്തുകയാണെങ്കിൽ മത്സ്യകൃഷി രീതികൾ കൂടുതൽ ശാസ്ത്രീയവും സുസ്ഥിരവും മത്സ്യ ഉൽപാദന വർദ്ധനവിനും കാരണമായി ത്തിരുകയും ചെയ്യും. ഇത്തരം പദ്ധതികൾ നടപ്പിലാകുകയാണെങ്കിൽ ജില്ലയിലെ മത്സ്യോൽപാദനം വർദ്ധിപ്പിക്കു ന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും എന്നത് ഉറപ്പാണ്. കൂടാതെ സ്ത്രീകളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്ന വിധത്തിൽ മത്സ്യകൃഷി പദ്ധതികൾ കൊണ്ടു വരുന്നത് സാമൂഹിക ഉന്നമനത്തിന് ഏറ്റവും ഉതകുന്നതാണ്.

12. ഉൾനാടൻ മത്സ്യസമ്പത്തിന്റെ അവസ്ഥ

മലിനീകരണവും മനുഷ്യന്റെ അനിയന്ത്രിതമായ കൈകടത്തലും, ചൂഷണവും മൂലം വീർപ്പു മുട്ടുകയാണ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലെ വൈവിധ്യമാർന്ന മത്സ്യസമ്പത്ത്. സുലഭമായി ലഭിച്ചിരുന്ന പല തനതു മത്സ്യങ്ങളുടേയും ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. കാരി, കൂരി, മുഷി, കൂരൽ, കൂഴാവാലി, നന്ദൽ, അഴുക, ചെമ്പല്ലി, കണമ്പ്, ചൂട തുടങ്ങിയവയെല്ലാം തന്നെ ദുർലഭമായി കൊണ്ടിരിക്കുകയാണ്. ചെറിയ

കണ്ണി വലിപ്പമുള്ള വലകളുപയോഗിച്ചുള്ള മത്സ്യബന്ധനവും, ഊന്നി വലകളുടേയും, ചീന വലകളുടേയും ആധിക്യവും, ട്രപ്പും പടലും പോലെയുള്ളവ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനവും ഉൾനാടൻ മത്സ്യസമ്പത്തിന്റെ ശോഷണത്തിനു കാരണമാകുന്നു.

13. അഷ്ടമുടി കായലിലെ കക്ക വിഭവ സംരക്ഷണം

ചവറ, തെക്കുംഭാഗം, ദളവാപുരം പ്രദേശങ്ങളിലെ അഷ്ടമുടി കായലിലെ കല്ലികക്ക (Paphia malabarica) ഇനത്തെ ലോകോത്തോര നിലവാരത്തിലേക്ക് ഉയർത്തികൊണ്ടുള്ള മറൈൻ സ്റ്റി വാർഡ് ഷിപ്പ് കൗൺസിൽ അംഗീകാരം ലഭിച്ച കക്ക ഇനത്തിന്റെ സുസ്ഥിര ലഭ്യത ഉറപ്പാക്കുന്ന വിധത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

14. ജലാശയങ്ങളിലെ നിലവിലെ അവസ്ഥ

സംസ്ഥാനത്തെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ടയും, ഇത്തിക്കര, കല്ലട തുടങ്ങിയ ശുദ്ധജല ആറുകളും അഷ്ടമുടി, പരവൂർ, കായംകുളം കായലുകളും ഉൾപ്പെടെയുള്ള ജലാശയങ്ങളാൽ സമ്പന്നമായ ജില്ലയിലെ ജലാശയങ്ങളെല്ലാം തന്നെ മലിനീകരണങ്ങളാലും, കയ്യേറ്റങ്ങളാലും, മറ്റ് പാരിസ്ഥിതിക മാറ്റങ്ങളാലും നശിച്ചു കൊണ്ടിരിക്കുകയാണ്. ജലാശയങ്ങളുടെ മലിനീകരണ തീവ്രത കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന വിപുലമായ പദ്ധതികളും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിലൂടെ ജലാശയങ്ങളുടെ സംരക്ഷണം സാധ്യമാവുകയുള്ളൂ.

15. മത്സ്യ സമ്പത്ത് സംരക്ഷണത്തിൻ ഉത്തരവാദിത്വ മത്സ്യബന്ധനപരിപാലന നയം

മത്സ്യസമ്പത്തിന്റെ സംരക്ഷണം ഓരോ വ്യക്തിയുടേയും കടമയാണെന്നും ഇത് ഭാവി തലമുറയ്ക്ക് കൂടി ഉപയോഗപ്പെടുത്താനുള്ളതാണെന്ന ബോധം ഓരോ വ്യക്തിയ്ക്കും ഉണ്ടായാൽ മാത്രമേ മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗവും സംരക്ഷണവും സാധ്യമാവുകയുള്ളൂ. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് എല്ലാവരുടെയും പൂർണ്ണ സഹകരണത്തോടെ മാത്രമേ ഉത്തരവാദിത്വ മത്സ്യബന്ധന പരിപാലന നയം പ്രാബല്യത്തിൽ വരുത്താൻ കഴിയുകയുള്ളൂ.

16. ചീനവലകളും കുറ്റിവലകളും

കൊല്ലം ജില്ലയിൽ നിലവിൽ 8 പഞ്ചായത്തുകളിലായി ലൈസൻസ് ഉള്ളതായ 59 ചീനവലകളും ലൈസൻസ് ഇല്ലാത്തതായി 352 ചീനവലകളും ഉണ്ട്. കൂടാതെ കൊല്ലം കോർപ്പറേഷന്, നീണ്ടകര പഞ്ചായത്ത്, തെക്കുംഭാഗം എന്നിവിടങ്ങളിലായി 614 കുറ്റിവലകൾ ഉണ്ട്. 1980-ന് ശേഷം ടി വലകൾക്കുള്ള രജിസ്ട്രേഷൻ നല്കി വരുന്നില്ല.

കണ്ടൽകാടുകൾ

അഴിമുഖങ്ങളിലും ചതുപ്പുകളിലും കായലോരങ്ങളിലും വളരുന്ന വൃക്ഷങ്ങളും കുറ്റിചെടികളും അടങ്ങുന്ന സങ്കീർണ്ണമായ ആവാസ വ്യവസ്ഥകളാണ് കണ്ടൽ കാടുകൾ. കണ്ടൽ മരങ്ങളും അവയോടു കൂടെ വളരുന്ന കണ്ടലിതര സസ്യങ്ങളും ഈ പ്രദേശങ്ങളിൽ ഇടതിങ്ങി വളരുന്നു. വേലിയേറ്റ സമയത്ത് ജലാവൃതമായും വേലിയിറക്ക സമയത്ത് അനാവൃതവുമായി അന്തരീക്ഷവുമായി ബന്ധപ്പെടുന്ന തണ്ണീർ തടങ്ങളിലെ ചതുപ്പ് നിലങ്ങളിലാണ് കണ്ടൽ കാടുകൾ വളരുന്നത്. ഭൂമിയിലെ ഏറ്റവും ജൈവ സമ്പന്നമായ ആവാസ വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവയാണ് കണ്ടൽ കാടുകൾ. ഉഷ്ണമേഖലാ കാടുകൾ ആഗിരണം ചെയ്യുന്ന കാർബണിനേക്കാൾ 5 ഇരട്ടി കാർബൺ വലിച്ചെടുക്കാനുള്ള ശേഷി ഇത്തരം കണ്ടൽ കാടുകൾക്കുണ്ട്. ഒട്ടേറെ സസ്യ-ജന്തു- ജീവജാലങ്ങൾ വളരാനുള്ള അനുകൂലനങ്ങൾ സൃഷ്ടിക്കുന്നതിന് കണ്ടൽ വനങ്ങൾക്ക് ആവുന്നു. വ്യത്യസ്ഥയിനം മത്സ്യങ്ങൾ അടക്കമുള്ള ജല ജീവികളുടെ സുരക്ഷിതമായ പ്രജനനം കേന്ദ്രവും ആവാസ വ്യവസ്ഥയുമാണ് കണ്ടൽ കാടുകൾ. വേലിയേറ്റ ഇറക്കങ്ങളിൽ മണ്ണിൽ പിടിച്ചുനിൽക്കാൻ താങ്ങു വേരുകളുള്ള കണ്ടൽ ചെടികൾക്ക് കടലാക്രമണങ്ങളെയും മണ്ണൊലിപ്പിനെയും തടയാൻ കഴിവുണ്ട്.

മത്സ്യ മേഖലയിൽ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരതയ്ക്കും മുഖ്യ പങ്കു വഹിക്കുന്ന കണ്ടൽ ചെടികളുടെ വനവൽവക്കരണത്തിന് 2015-16 വർഷത്തിൽ ഫിഷറിസ് വകുപ്പ് മുഖാന്തിരം കൊല്ലം ജില്ലയിലെ 10 ഏക്കർ പ്രദേശം വനവൽക്കരിക്കുന്നതിന് 26 ലക്ഷം രൂപ അനുവദിക്കുകയും അതുപയോഗിച്ച് പരവൂർ, അഴീക്കൽ, പെരുമൺ തുടങ്ങിയ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടു കൂടി കണ്ടൽ വനവൽക്കരണം നടത്തുകയുമുണ്ടായി.

ജില്ലയിലെ മത്സ്യ സമ്പത്ത് സംരക്ഷണത്തിനും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദന സുസ്ഥിരത ഉറപ്പാക്കുന്നതിനും കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടു കൂടി അതാത് മേഖകളിലെ കണ്ടൽ വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതു വഴി കൂടുതൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും വേണ്ടുന്ന പദ്ധതികൾ വിഭാവനം ചെയ്യേണ്ടത് അനിവാര്യമാണ്.

പ്രകൃതിദത്ത പാരുകൾ

പ്രകൃതി ദത്തമായ പാരുകൾ കേരളത്തിൽ തെക്കുപടിഞ്ഞാറൻ ജില്ലകളിലാണ് കൂടുതലായി കണ്ടു വരുന്നത്. കൊല്ലം ജില്ലയിൽ തങ്കശ്ശേരി മുതൽ വടക്കോട്ട് അഴീക്കൽ വരെയുള്ള പ്രദേശങ്ങളിൽ പാരുകൾ കണ്ടു വരുന്നു. പാരു നിറഞ്ഞ പ്രദേശങ്ങളിൽ മത്സ്യ സമ്പത്ത് കൂടുതലായി കാണപ്പെടുന്നു എന്നതു കൂടാതെ തിരമാലകളുടെ ശക്തി ഒരു പരിധി വരെ കുറയ്ക്കുന്നതിന് പാരുകൾക്ക് കഴിയും.

കടലാമ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ

മുൻകാലങ്ങളിൽ ഇരവിപുരം മുതൽ തങ്കശ്ശേരി വരെയുള്ള പ്രദേശങ്ങളിൽ പ്രജനന സമയത്ത് കടലാമകൾ മുട്ടയിടാനായി കടലാമകൾ തീരത്തേക്ക് വരുന്നത് പതിവ് കാഴ്ചയായിരുന്നു. എന്നാൽ ഇന്ന് ജനസാന്ദ്രത കൂടിയതിനാലും തീരത്തിന്റെവിസ്തൃതി കുറഞ്ഞതിനാലും, തീരദേശത്തെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായും മറ്റ് നശീകരണ പ്രവർത്തനങ്ങളാൽ അവക്ക് വംശനാശം സംഭവിച്ചതിനാലും മറ്റും കടലാമകൾ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ വളരെ വിരളമാണ്.

മത്സ്യ തൊഴിലാളി വനിതകളുടെ തൊഴിൽ

സംസ്ഥാനത്ത് മത്സ്യ മേഖലയിലെ സ്ത്രീ ശാക്തീകരണവും ഉന്നമനവും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) എന്നത്. തീരദേശ ഉൾനാടൻ മേഖലകളിൽ നിന്നുള്ള മത്സ്യതൊഴിലാളി വനിതകളെ ഒന്നിച്ചു കൂട്ടി പരിശീലനവും സാമ്പത്തിക സഹായവും നൽകി സംരഭകരാക്കാൻ സഹായിക്കുന്ന ഏജൻസിയാണ് സാഫ്. സ്ത്രീകളിൽ സമ്പാദ്യശീലം ഉണ്ടാക്കുക വഴി ദാരിദ്ര്യ ലഘൂകരണവും സാമ്പത്തിക ഭദ്രതയും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുമാണ് ഈ പ്രവർത്തനങ്ങളിലൂടെ ഏജൻസി ലക്ഷ്യമിടുന്നത്. ജില്ലയിൽ 10 തീര മൈത്രി കൗൺസിലുകളുടെ കിഴിലായി 193 സാഫ് യൂണിറ്റുകൾ വളരെ വിജയകരമായി പ്രവർത്തിച്ചു വരുന്നു.

10 തീര മൈത്രി കൗൺസിലുകളിലായി - 193 യൂണിറ്റുകൾ

സുനാമിക്ക് ശേഷം സാഫിന് കീഴിൽ വിവിധ പദ്ധതികൾ വഴി രൂപീകരിച്ച ഏകദേശം 208 യൂണിറ്റുകൾ പ്രവർത്തന രഹിതമായി ജില്ലയിലുണ്ട്. ഇത്തരം യൂണിറ്റുകളെ പ്രവർത്തനോന്മുഖമാക്കുന്നതിന് സാമ്പത്തിക സഹായം, പരിശീലനം എന്നിവ ആവശ്യമാണ്. അഷ്ടമുടി കായലിന്റെതീരപ്രദേശങ്ങളിലെ മത്സ്യതൊഴിലാളി വനിതകൾക്കായുള്ള സംരംഭകത്വ പദ്ധതിയായ 'അഷ്ടമുടി പ്രോജക്ട് ' സാഫ് നടപ്പിലാക്കി വരുന്നു. ജില്ലയിൽ പെരുമണിൽ ഇപ്പോൾ നിലവിൽ വന്ന തീരമാവേലി പോലുള്ള സ്റ്റോറുകൾ കൂടുതൽ തീരദേശ ഉൾനാടൻ പ്രദേശങ്ങളിൽ വ്യാപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പുകൾ മുൻകൈ എടുക്കേണ്ടതാണ്.

മത്സ്യ മേഖലയിലെ തൊഴിൽ

മത്സ്യ മേഖലയിലെ മദ്ധ്യ വയസ്കരായ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ പിന്നിലാണ്. അതിനാൽ സ്ത്രീകൾ കൂടുതലായും മത്സ്യ കച്ചവടം നടത്തുന്നതായാണ് കാണാൻ കഴിയുന്നത്. എന്നാൽ കുടുംബശ്രീ, സാഫ്

പോലെയുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ നിലവിൽ വന്നതോടു കൂടി വളരെയേറെ പേർ മത്സ്യ കച്ചവടത്തിൽ നിന്നും വ്യതിചലിച്ച് സ്വയം തൊഴിൽ സംരഭകരായി മാറി പലതരം മേഖലകളിൽ ജോലി ചെയ്തു വരുന്നു. മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം, തയ്യൽ യൂണിറ്റുകൾ, ഗാർമെൻറ്സ് യൂണിറ്റുകൾ, ഹോംമെയ്ഡ് സ്വീറ്റ്സ്, സീഫുഡ് കിച്ചൺ, ഹോട്ടൽ & റെസ്റ്റോറന്റ്, കാൻഡിൽ & ഓർണമെനറ്സ് യൂണിറ്റ്സ്, കാറ്ററിംഗ് യൂണിറ്റ്, ഐ.റ്റി കിയോസ്ക്ക് തുടങ്ങിയവ ഉദാഹരണങ്ങളാണ്. വിദ്യാഭ്യാസത്തിൽ മുന്നിട്ട് നിൽക്കുന്ന സ്ത്രീകൾ ഐ.റ്റി കിയോസ്ക്ക് പോലെയുള്ള തൊഴിൽ സംരഭങ്ങളും ഏറ്റെടുത്ത് നടത്തുന്നു. എന്നാൽ തീരദേശത്തെ കുറെയധികം സ്ത്രീകൾ തലച്ചുമടായുള്ള മത്സ്യ കച്ചവടത്തിനും, ഹാർബർ കേന്ദ്രീകരിച്ചുള്ള തൊഴിൽ മേഖലകളിലും വ്യാപൃതരാണ്. പിലിംഗ് സെന്ററുകളിൽ ജോലി ചെയ്യുന്നവർ ഇതിനുദാഹരണമാണ്. ഹാർബർ കേന്ദ്രീകരിച്ച് ജോലി ചെയ്യുന്നവർക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. ഇത്തരം മേഖലകളിൽ ജോലി ചെയ്യുന്നവര്ക്ക് പ്രാഥമിക സൗകര്യങ്ങളോ കുടിവെള്ളമോ പോലും ഇല്ലാത്ത അവസ്ഥയിൽ കൂടുതൽ സമയം ജോലി ചെയ്യേണ്ടതായി വരുന്നതായും ദീർഘനേരം ഇരുന്നുള്ള ജോലികൾ ചെയ്യുന്നവർക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾ കണ്ടു വരുന്നതായും കാണുന്നു. തദദേശ സ്വയംഭരണ വകുപ്പിന്റെആഭിമുഖ്യത്തിൽ ഹാർബറുകളിലും മറ്റും സ്ത്രീ വിശ്രമ കേന്ദ്രങ്ങളും സ്ത്രീ സൗഹാർദ്ദ പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുയാണെങ്കിൽ ഇത്തരക്കാർക്ക് അത് വലിയ ഒരു അനുഗ്രഹം തന്നെയായിരിക്കും.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - അവലോകനം

പന്ത്രണ്ടാം പദ്ധതി (2012-13, 2016-17) കാലയളവിൽ കൊല്ലം ജില്ലയിലെ മത്സ്യമേഖലാ വികസനത്തിനായി വിവിധ സ്രോതസ്സുകളിൽനിന്നുള്ള അടങ്കൽ തുക 12256.45 ലക്ഷം രൂപയാണ്. ഇതിൽ 87.78 ശതമാനം തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളു.

പട്ടിക 4.3.16

പദ്ധതി അടങ്കലും വിനിയോഗവും - മത്സ്യമേഖല

(തുക ലക്ഷം രൂപയിൽ)

ക്രമ നം	സ്രോതസ്	അടങ്കൽ						വിനിയോഗം	
		2012-13	2013-14	2014-15	2015-16	2016-17	ആകെ	ആകെ	%
1	പ്ലാൻ ഫണ്ട്	1486.34	520.9	1700.53	2107.03	2405.2	8224.18	8213.13	99
2	കേന്ദ്രാവിഷകൃത പദ്ധതി	43.05	473.12	336.82	528.95	624.52	2006.44	2006.44	100
3	കോർപ്പറേഷൻ	166.0	111.7	114.0	52.5	191.0	--635.2	27.3	4.29
4	മുനിസിപ്പാലിറ്റി	28.0	4.8	101.75	99.33	95.75	329.63	28.06	8.51
5	ഗ്രാമപഞ്ചായത്ത്	66.78	218.99	94.36	63.16	309.03	752.32	266.33	35.4
6	ജില്ലാ പഞ്ചായത്ത്	128.26	74.27	30.0	–	–	232.53	202.32	87.0
7	ബ്ലോക്ക് പഞ്ചായത്ത്	2.9	34.0	15.0	24.25	–	76.15	15.15	19.89
	ആകെ	1921.33	1437.78	2392.46	2875.52	3625.5	12256.45	10758.73	87.78

അവലംബം : മത്സ്യവകുപ്പ്

വികസന കാഴ്ചപ്പാട്

മത്സ്യ ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ച് നെടുമ്പന, പോളച്ചിറ എലാ, ആദിച്ചനല്ലൂർ ചിറ, ചക്കുവള്ളി ചിറ, മൺട്രോതുരുത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന 150 ഹെക്ടർ ശുദ്ധജലം, ഓരുജല സ്രോതസ്സുകളായ ഏലകൾ, തോടുകൾ, വെള്ളക്കെട്ടുകൾ എന്നിവയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക വഴി നിലവിലെ 18000 ടൺ മത്സ്യ ഉൽപാദനത്തിൽ നിന്നും 2500 ടൺ മത്സ്യ ഉൽപാദന വർദ്ധനവ് വരുന്ന അഞ്ച് വർഷ കാലയളവിനുള്ളിൽ കൈവരിക്കാൻ സാധിക്കുന്നതാണ്.

ജില്ലയിലെ തീരദേശ-ഉൾനാടൻ മത്സ്യഗ്രാമങ്ങളെയും ജല സ്രോതസ്സുകളെയും മാലിന്യ മുക്തമാക്കുന്നതിന് ശുചിത്വസാഗരം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ പോലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി വരുന്ന അഞ്ചു വർഷ കാലയളവിനുള്ളിൽ മത്സ്യ മേഖലയേയും ജല സ്രോതസ്സുകളെയും മാലിന്യ വിമുക്തമാക്കുന്നത് വഴി മത്സ്യ തൊഴിലാളികളുടെ ആരോഗ്യ സൂചിക ഉയർത്താൻ കഴിയുന്നതാണ്.

മത്സ്യതൊഴിലാളികൾ, മത്സ്യമേഖലയിലെ വിദ്യാർത്ഥികൾ എന്നിവർക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക വഴി മത്സ്യതൊഴിലാളി മേഖലയിലെ ജീവിത നിലവാരം, വിദ്യാഭ്യാസ നിലവാരം എന്നിവ ഉയർത്തുന്നതിന് സാധിക്കുന്നു.

മത്സ്യമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി മത്സ്യതൊഴിലാളികൾ പടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി മത്സ്യ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയുന്നതാണ്.

കീഴ്ത്തട്ട് - മേൽത്തട്ട് നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

- സുനാമി പുനരധിവാസ കോളനികളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- കടൽക്ഷോഭം രൂക്ഷമായി അനുഭവപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ നിന്നും ഫിഷറീസ് വകുപ്പിന്റെ മാറ്റിപാർപ്പിക്കൽ പദ്ധതിയിൽ പല കാരണങ്ങളാൽ (3 സെൻറിൽ കൂടുതൽ വസ്തു ഉള്ളവർ, ജോലി സ്ഥലങ്ങളിൽ നിന്ന് മാറി താമസിക്കാൻ താൽപര്യമില്ലാത്തവർ) വിമുഖത കാണിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കുമാറുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ശാരീരിക മാനസിക വൈകല്യങ്ങളും മാറാരോഗങ്ങളാലും ബുദ്ധിമുട്ടുന്ന മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന തീരദേശ-ഉൾനാടന ഗ്രാമങ്ങളിൽ കൂടുതൽ കിടത്തി ചികിത്സയും ആധുനിക ചികിത്സാ സൗകര്യങ്ങളും സാദ്ധ്യമാക്കും വിധമുള്ള പബ്ലിക് ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുക
- ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ ഉള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുക
- വൃദ്ധരായ മത്സ്യതൊഴിലാളികൾക്കായുള്ള പകൽ വീട് പോലെയുള്ള സൗകര്യങ്ങൾ ജനസാന്ദ്രത കൂടുതലുള്ള മത്സ്യ ഗ്രാമങ്ങളിൽ സ്ഥാപിക്കുക
- മത്സ്യ മാർക്കറ്റുകളിലും ഹാർബറുകളിലും ആവശ്യാനുസരണം ശുദ്ധജലം, നല്ല ഡ്രെയിനേജ് സംവിധാനങ്ങൾ, ടോയ്ലെറ്റ് കോംപ്ലെക്സ്, വിശ്രമ കേന്ദ്രങ്ങൾ, ഓക്ഷൻ പ്ലാറ്റ്ഫോം, ഫ്ളേക്ക് ഐസ് യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഹാർബറുകളിലും മറ്റും സ്ത്രീ വിശ്രമ കേന്ദ്രങ്ങളും സ്ത്രീ സൗഹാർദ്ദ പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുക.
- ദീർഘനേരം ഇരുന്നു ജോലി ചെയ്യുന്ന സ്ത്രീകളിൽ കാണപ്പെടുന്ന ഗർഭാശയ സംബന്ധമായ രോഗങ്ങളെകുറിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവരശേഖരണം നടത്തുക.
- മത്സ്യതൊഴിലാളി കുടുംബങ്ങളിൽ അംഗങ്ങളായിരിക്കെ ക്ഷേമനിധി അംഗത്വമില്ലാത്തവർക്കും മറ്റ് വകുപ്പുകളിൽ നിന്നും ധനസഹായങ്ങളൊന്നും തന്നെ ലഭിക്കാത്ത അർഹരായിട്ടുള്ള മത്സ്യ മേഖലയിലെ മദ്ധ്യ വയസ്കരായ സ്ത്രീകളെ സംരംഭകരാകാൻ വേണ്ടുന്ന പദ്ധതികൾ സാമൂഹ്യ ക്ഷേമനിധി വകുപ്പ വഴി നടപ്പിലാക്കി സ്ത്രീ ശാക്തീകരണം കൈവരിക്കുന്നതിലൂടെ മത്സ്യതൊഴിലാളി സമൂഹത്തിന്റെ ഉന്നമനം സാധ്യമാക്കാവുന്നതാണ്.
- ഹാർബറുകളിൽ കൂടുതൽ മത്സ്യബന്ധന യാനങ്ങൾ അടുക്കുന്നതിനു വേണ്ടിയുള്ള ബർത്തിംഗ് സൗകര്യവും യാനങ്ങൾ അടുക്കുന്നിടത്ത് ആഴം കൂട്ടുന്നതിൻ കൃത്യമായ ഡ്രഡ്ജിംഗ് സംവിധാനങ്ങൾക്കായുള്ള പദ്ധതികളും നിലവിൽ വരേണ്ടതാണ്
- നീണ്ടകര, അഴീക്കൽ ഹാർബറുകളോടനുബന്ധിച്ച് വല നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
- നീണ്ടകര, ശക്തികുളങ്ങര, ഭാഗങ്ങളിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

- മത്സ്യസങ്കേതങ്ങളും കൃത്രിമ പാരുകളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- നാശോൻമുഖമായികൊണ്ടിരിക്കുന്ന കടലാമകളെ സംരക്ഷിക്കുന്നതിനായി കടലാമ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കപ്പെടേണ്ടതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- വിനോദ സഞ്ചാരം വഴി ജില്ലക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിൻ പ്രകൃതി സൗഹാർദ്ദ ബോട്ടിംഗ്, അക്വാട്ടറിസം, ഫാം ടൂറിസം എന്നിവ, മണ്ട്രോതുരുത്ത്, തേവള്ളി, ആയിരംതെങ്ങ് എന്നീ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കുക
- അഴീക്കൽ ബീച്ച് ദേശീയ നിലവാരമുള്ള ടൂറിസം കേന്ദ്രമാക്കി ഉയർത്തുതിനായുള്ള പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട നൂതന ചെറുകിട സംരംഭങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് വ്യവസായ വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കുക
- നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്നതിനും, തീരമാവേലി പോലുള്ള സ്റ്റോറുകൾ തീരദേശ ഉൾനാടൻ പ്രദേശങ്ങളിൽ പദ്ധതികൾ വ്യാപിപ്പിക്കുന്നതിൻ പദ്ധതികൾ നടപ്പാക്കാവുന്നതാണ്
- മറൈൻ സംഘങ്ങളുടെ തൃപ്തികരമായ പ്രവർത്തനത്തിന് കൈത്താങ്ങ് നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക
- ഉൾനാടൻ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ സംഘങ്ങൾ മുഖാന്തിരം നടപ്പിലാക്കുക
- മത്സ്യഫെഡിൽ അഫിലിയേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന 15 സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക
- ജില്ലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിൻ കുറഞ്ഞ പലിശ നിരക്കിലോ സബ്സിഡി ആയോ വിവിധ പദ്ധതികളിലൂടെ ധനസഹായം സംഘങ്ങൾക്ക് നൽകുക
- ആഴക്കടൽ മത്സ്യ വിഭവങ്ങളായ ചൂര (Yellow fin Tuna, Skip jack Tuna) പോലുള്ളവയെ ചൂഷണം ചെയ്യുന്നതിൻ നൂതന മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യബന്ധന യാനങ്ങളും ഉപകരണങ്ങളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാക
- കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പരവൂർ മുതൽ അഴീക്കൽ വരെയുള്ള പ്രദേശങ്ങളിൽ കടൽ ഭിത്തികൾ ബലപ്പെടുത്തുക
- കരയിലേക്ക് അടിക്കുന്ന തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിൻ കൃത്രിമ പാരുകൾ പോലെയുള്ള നിർമ്മിതികൾ ശാസ്ത്രീയമായി, പ്രകൃതി സൗഹാർദ്ദപരമായി സ്ഥാപിക്കുന്നതിൻ പദ്ധതികൾ നടപ്പിലാക്കുക
- തിരമാലകളെ തടുക്കുന്നതിനും സുനാമി പോലെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും, കടലേറ്റം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തീരദേശത്ത് വളരാൻ അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ബയോഷീൽഡ് നിർമ്മിക്കുക
- ഉൾനാടൻ ജലാശയങ്ങളെ കൂടി പ്ലാസ്റ്റിക്ക് മാലിന്യ മുക്തമാക്കുന്നതിൻ ശുചിത്വസാഗരം മാതൃകയിലുള്ള പദ്ധതികൾ ശുചിത്വമിഷൻ വഴി നടപ്പാക്കേണ്ടതാണ്.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്കീമിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുക.

- ഉപയോഗയോഗ്യമല്ലാത്ത ടോയ്ലറ്റ് ഉള്ളവർക്ക് ഒ.ഡി.എഫ് മുഖാന്തിരമോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്കീമിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുക
- വൈദ്യുതി ലഭ്യമായിട്ടില്ലാത്ത മത്സ്യതൊഴിലാളികൾക്ക് വൈദ്യുതി വകുപ്പിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ മുഖാന്തിരമോ മറ്റോ ധനസഹായം നൽകുക.
- ജലദൗർലഭ്യം നേരിടുന്ന മത്സ്യഗ്രാമങ്ങളിലെ അർഹരായ മത്സ്യതൊഴിലാളി കൾക്ക് ജപ്പാൻ കുടുവെള്ള പദ്ധതി, ജലനിധി തുടങ്ങി പദ്ധതിയിലുൾപ്പെടുത്തി പരിഹാര മാർഗ്ഗങ്ങൾ കാണാവുന്നതാണ്.
- നിലവിലുള്ള ഹെൽത്ത് സെന്ററുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- 24 മണിക്കൂറും വൈദ്യസഹായം ലഭ്യമാകും വിധം പി.എച്ച്.സി- കളെ സജ്ജമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുക
- ക്യാൻസർ, കിഡ്നി, കരൾ, ഹൃദയ, പ്രമേഹ-രോഗ ബാധിതരായിട്ടുള്ള നിർധന മത്സ്യതൊഴിലാളികൾക്ക് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള നിശ്ചിത തുക നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഖനന പ്രദേശങ്ങളായ കോവിൽത്തോട്ടം, പഴ്ന, നിവാസികൾക്കും കെ.എം. എം.എൽ.- ഫാക്ടറിയിൽ നിന്ന് പുറന്തള്ളുന്ന മലിന ജലത്തിൽ നിന്നുള്ള ദുരന്ത ഫലങ്ങൾ അനുഭവിക്കുന്നവർക്കും, ഉണ്ടാകുന്ന പോഷകാഹാര കുറവ് പരിഹരിക്കേണ്ടതിൻ അംഗന വാടികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക
- മത്സ്യതൊഴിലാളി മേഖലയിലെ സ്കൂളുകളിലെ കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രഭാത ഭക്ഷണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.
- മദ്യം, മയക്കു മരുന്ന് എന്നിവക്ക് അടിമപ്പെട്ടിട്ടുള്ളവർക്ക് ലഹരി വിമുക്ത കേന്ദ്രങ്ങളും പുനരധിവാസ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും മത്സ്യതൊഴിലാളി മേഖലയിലെ ജനങ്ങളെ പ്രത്യേകിച്ചും ഇളം തലമുറയെ ഇത്തരം മാരക വിപത്തുകളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനുമായി ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടു കൂടി മത്സ്യതൊഴിലാളി മേഖലയിലെ മെഡിക്കൽ ക്യാമ്പുകൾ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുക
- മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അവരുടെ ശാരീരിക, മാനസിക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൗൺസിലേഴ്സ് ഉൾപ്പെടുന്ന ടീമുകളുമായി ആശയ വിനിമയം ചെയ്യുന്നതിന് സാധ്യമാകുന്ന പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ജനസംഖ്യാ നിരക്കും, ജനസാന്ദ്രതയും സംബന്ധിച്ച് വിവരശേഖരണം നടപ്പാക്കുക.
- മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുക.
- മത്സ്യഗ്രാമങ്ങളിലെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി നീന്തൽ, സൈക്കിളിംഗ്, സ്കേറ്റിംഗ്, സ്കൂബാ ഡൈവിംഗ്, ബീച്ച് വോളീബാൾ തുടങ്ങിയ കായിക ഇനങ്ങളിൽ പരിശീലനം നൽകുക.
- വൃത്തിയായി മത്സ്യം കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടേയും ഹാർബറുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക
- ജില്ലയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം, മത്സ്യ സമ്പത്ത് സംരക്ഷണം, ഉൽപാദന വർദ്ധനവ്, സുസ്ഥിരത ന്നിവ ഉറപ്പ് വരുത്തുന്നതിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടു കൂടി അതാത് മേഖലകളിലെ കണ്ടൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക.

- വേലിയിറക്ക സമയത്ത് അനാവൃതമാകുന്ന കാവനാട്, ഫാത്തിമാതുരുത്ത് ഭാഗങ്ങളിൽ പാലത്തിൽ നിന്നും കാണപ്പെടുന്ന മുക്കാട് മണ്ണ് എന്ന് വിളിക്കപ്പെടുന്ന 15 ഹെക്ടർ പ്രദേശത്ത് കണ്ടൽ തൈകൾ നട്ട് പിടിപ്പിച്ച് മത്സ്യ സങ്കേതമായി സംരക്ഷിക്കുക.
- ജില്ലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ചെറുകിട വനിതാ യൂണിറ്റുകൾ അവരുടെ പ്രവർത്തന പാരമ്പര്യം, പ്രവർത്തന ക്ഷമത എന്നിവ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പലിശരഹിത വായ്പ പോലുള്ള ധനസഹായങ്ങൾ നൽകി കൂടുതൽ ശക്തിപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കുക.
- ജില്ലയിൽ ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്ന, പ്രവർത്തന രഹിതമായ വനിതാ യൂണിറ്റുകളെ കണ്ടെത്തി അവയെ പ്രവർത്തന സജ്ജമാക്കുക
- വഴിയോര കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷ് വെൻഡിംഗ് ടേബിൾ നൽകുന്ന പദ്ധതികൾ നടപ്പാക്കാവുന്നതാണ്.
- ചെറുകിട വനിതാ സംരംഭകരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിനും, വിപണനം നടത്തുന്നതിൻ വേണ്ടുന്ന സഹായങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വഴി നടപ്പാക്കാവുന്നതാണ്.
- ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- പ്രവർത്തന രഹിതമായ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും മത്സ്യതൊഴിലാളികൾക്ക് ലേല സംവിധാനം ശക്തിപ്പെടുത്തുന്നതിനും ത.സ്വ.ഭ വകുപ്പുകളുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ആഴക്കടൽ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലനം പരിപാടികൾ നടപ്പിലാക്കുക
- കടൽ കൂടുകൃഷിക്കായ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലനം പരിപാടികൾ നടപ്പിലാക്കുക
- ജലസ്രോതസ്സുകളെയും കടലിനെയും ജനവാസമേഖലകളിൽ മാലിന്യ മുക്തമാക്കുന്നതിൻ ത.സ്വ.ഭ. വകുപ്പുകളുടെ പങ്കാളിത്വത്തോടു കൂടി കുടുംബശ്രീ യൂണിറ്റുകൾ, എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിന്റെ ശുചിത്വമിഷൻ പദ്ധതികളുമായി സംയോജിപ്പിച്ച് പരിസ്ഥിതി ശുചിത്വ, മാലിന്യ സംസ്കരണ മേഖലകളിൽ നടപ്പിലാക്കുക
- പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക്കിന് ബദലായുള്ള ഉൽപന്നങ്ങളുടെ ഉപയോഗം ശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി കുടുംബശ്രീ - തൊഴിലുറപ്പു തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന ഷ്രെഡിംഗ് യൂണിറ്റുകൾ
- ടോളിംഗ് നിരോധനം നടപ്പിലാക്കുക, നിരോധിത മത്സ്യബന്ധന രീതികളായ കരവലി, അടയ്ക്കാംകൊല്ലി വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, 35എം.എം-ല് താഴെ കണ്ണിവലിപ്പം ഉള്ള വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നിരോധിക്കുക.
- മത്സ്യാകർഷണ ഉപകരണങ്ങള് (FAD) ഉപയോഗിച്ചുള്ള കണവ പിടുത്തം നിരോധിക്കുക. ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വലിയ കണ്ണിവലിപ്പമുള്ള വലകള് ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികള്, കടൽക്കൂട് കൃഷി , ചിപ്പി, മുരിങ്ങ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക
- ചെറിയ കണ്ണി വലിപ്പമുള്ള വലകളുപയോഗിച്ചുള്ള മത്സ്യബന്ധനവും, ഊന്നി വലകളുടേയും, ചീന വലകളുടേയും ആധിക്യവും, തുപ്പും പടലും പോലെയുള്ളവ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനവും തടയുക.

- അഷ്ടമുടി കായലിലെ മത്സ്യസമ്പത്ത് സംരക്ഷണത്തിൻ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങൾ ആവശ്യമായ കണ്ടൽ വനവത്ക്കരണം, തനത് മത്സ്യങ്ങൾ/ഞണ്ടുകൾ എന്നിവയുടെ പ്രജനനത്തിന് ആവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- അഷ്ടമുടി കായലിലെ തനത് മത്സ്യ കുഞ്ഞുങ്ങളുടെ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുക.
- അനധികൃത മത്സ്യബന്ധന രീതികളായ തൂപ്പും പടലും, ഏറ്റം കെട്ടൽ എന്നിവ നിർബന്ധമായും തടയുന്നതിനായി മത്സ്യ സംരക്ഷണ സേനയെ നിയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുക
- ഉൾനാടൻ ജലാശയങ്ങളിൽ തനത് മത്സ്യക്കുഞ്ഞുങ്ങളെ വളപ്പുകളിൽ നിക്ഷേപിച്ച് 10 മുതൽ 12 സെൻറീമീറ്റർ വരെ വളർത്തി ജലാശയങ്ങളിലേയ്ക്ക് തുറന്നു വിടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിൽ വരുന്ന 112 ഹെക്ടർ പ്രദേശത്തെ ജലാശയങ്ങളും, വെള്ളക്കെട്ട് ചിറ്റുമല ചിറ, ആദിച്ചനല്ലൂർ ചിറ, പോളച്ചിറ ഏല തുടങ്ങിയ ഏലകളുടെ സംരക്ഷണം ഉറപ്പുവരുത്തി സുസ്ഥിരവും ശാസ്ത്രീയവുമായ മത്സ്യകൃഷി രീതികൾ അവലംബിച്ച് മത്സ്യകൃഷി നടത്തുന്നതിൻ പദ്ധതികൾ നടപ്പിലാക്കുക
- തനത് നാടൻ ശുദ്ധജല/ഓരുജല മത്സ്യങ്ങളുടെ (കാരി, കൂരി, വരാൽ, പരൽ വർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ, ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയവ) സംരക്ഷണത്തിൻ പൊതുജലാശയങ്ങളിൽ നിന്നുള്ള ഇത്തരം മത്സ്യങ്ങളുടെ/മത്സ്യവിത്തുകളുടെ അമിത ചൂഷണം തടയുന്നതിൻ തദ്ദേശ സ്വയംഭരണ പങ്കാളിത്വത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കുക
- കുളങ്ങളുടെ സംരക്ഷണം, മത്സ്യകൃഷി നടത്താൻ അനുയോജ്യമായ ജലാശയങ്ങളെ കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കിയെടുക്കൽ, വിളവെടുപ്പ്, എന്നിവയുമായി ബന്ധപ്പെട്ട് എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികൾ, സഹകരണ സംഘങ്ങൾ എന്നിവരുടെ പങ്കാളിത്വത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കുക
- മത്സ്യ സമ്പത്ത്- ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിൻ, ഗിഫ്റ്റ് തിലാപ്പിയാ, വനാമി ചെമ്മീൻ തുടങ്ങിയ ജൈവ സുരക്ഷയും, ജൈവ ഫെൻസിംഗും (Bio security measursse) ആവശ്യമായി വരുന്ന കൃഷി രീതികൾ നടത്തി വരുന്ന കർഷകർക്ക് ജൈവ സുരക്ഷക്കും ജൈവ ഫെൻസിംഗിനും വെണ്ടിയുള്ള ആനുകൂല്യങ്ങൾ നൽകുക
- സ്ത്രീകളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്ന വിധത്തിൽ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുക
- സ്വന്തമായി കുളങ്ങില്ലാത്തവർക്കും, സ്ഥല പരമമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്ക് മത്സ്യവും പച്ചക്കറിയും ഒന്നിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- വനിതകൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അലങ്കാര മത്സ്യകൃഷിയിലേയ്ക്കും, വിപണനത്തിലേയ്ക്കും, അലങ്കാര മത്സ്യ വിത്തുൽപ്പാദനത്തിലേയ്ക്കും തിരിയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- ജലാശയങ്ങളുടെ മലിനീകരണ തീവ്രത കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുക
- അമിത മത്സ്യബന്ധനം നിയന്ത്രിക്കുക
- നിയമലംഘനങ്ങൾ ശക്തമായി തടയുക.
- തൂപ്പും പടലും, നഞ്ച് കലക്കൽ, സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധന രീതികൾ തടയുക.

- കേരള സമുദ്ര മത്സ്യബന്ധന പരിപാലന നിയമം 1980, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമം 1985, ഉള്നാടന് മത്സ്യകൃഷി നിയമം 2010 എന്നിവ കര്ശനമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വം ഉറപ്പാക്കുക.
- അനധികൃത ചീനവലകളും കുറ്റിവലകളും സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ നിയന്ത്രണം ഉറപ്പാക്കുക.
- ദേശിയ ജലപാതയില് നിന്നും ഒഴിപ്പിക്കപ്പെട്ട ഊന്നി/കുറ്റി വല ഉടമകള്ക്ക് മറ്റ് ജീവനോപാധികള് തേടുന്നതിന് ഉചിതമായ പ്രത്യേക പ്രോജക്ട് പാക്കേജുകള് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുക

സംയോജന - ഏകോപന സാധ്യതകൾ

വിവിധ വകുപ്പുകളുടെ പദ്ധതികളുടെ സംയോജന സാധ്യത

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മാനവശേഷി വികസനത്തിനും ഊന്നൽ നൽകി കൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും പരിപൂർണ്ണ വിജയത്തിൻ വിവിധ സർക്കാർ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതികളുടെ ആനുകൂല്യങ്ങൾ എത്തിക്കാൻ ഇത്തരത്തിലുള്ള സംയോജനത്തിലൂടെ സാധ്യമാകും. പദ്ധതി നിര്വഹണത്തിൽ വകുപ്പ് നേരിടുന്ന പരിമിതികളെ തരണം ചെയ്യാൻ വിവിധ സർക്കാർ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സാധ്യമാകുന്നതാണ്.

1. ഉൾനാടൻ മത്സ്യകൃഷി വ്യാപനം (112 ഹെക്ടർ)
2. കണ്ടൽക്കാടുകൾ സംരക്ഷിക്കുക (123.9 ഹെക്ടർ)
3. അഴിമുഖങ്ങൾ സംരക്ഷിക്കുക (3 എണ്ണം)
4. ജൈവകടൽഭിത്തി നിർമ്മാണം (24.5 കി.മീ)
5. തീരദേശം, ഉൾനാടൻ മേഖല മാലിന്യമുക്തമാക്കുക
6. ഭവനരഹിതർ(689 എണ്ണം)
7. കടലിൽനിന്നും 50 മീറ്റർ പരിധിയിൽ താമസിക്കുന്നവരുടെ പുനരധിവാസം (1252 എണ്ണം)
8. മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ നിർമ്മാണ കേന്ദ്രം (2 മത്സ്യഗ്രാമം)

നൂതന ആശയങ്ങൾ

- സ്ഥല പരിമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്ക് മത്സ്യവും പച്ചക്കറിയും ഒന്നിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ചെമ്മീൻ ഗ്രാമമെന്ന് അറിയപ്പെടുന്ന മൺട്രോതുരുത്ത് വേലിയേറ്റ സംബന്ധമായ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഈ പ്രദേശത്തിന്റെ ഗതാകാല പ്രൌഢി വീണ്ടെടുക്കുന്നതിനായി കണ്ടല വനവൽക്കരണ പദ്ധതികളും ചെമ്മീൻ കുളങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതികളും വിഭാവനം ചെയ്തു നടപ്പിലാക്കേണ്ടതാണ്.
- ആഴക്കടൽ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- കടൽക്കൂട് കൂട് കൃഷിക്കായി അവലംബിക്കുന്നതിന് മത്സ്യ തൊഴിലാളികൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.

4.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം, ദുരന്ത നിവാരണം

ആമുഖം

പ്രകൃതിയുടെ സ്പന്ദന താളമാണ് ജീവന്റെ മുന്നോട്ടുള്ള പ്രയാണത്തിനാധാരമെന്ന് മനസ്സിലാക്കിയവരായിരുന്നു നമ്മുടെ പൂർവ്വികർ. പ്രകൃതി സംരക്ഷണവും ജീവ സന്ധാരണവും അവർക്ക് ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളായിരുന്നു. ഈ ഭൂമി മനുഷ്യന് മാത്രമല്ല സഹജീവികൾക്കും കൂടി അവകാശപ്പെട്ട പൈതൃകമാണെന്നുള്ള ഉത്തമ ബോധമുള്ളവരായിരുന്നു പഴയ തലമുറ. ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇവിടെ നിലനിന്നിരുന്ന ശതാബ്ദങ്ങൾ നീണ്ട വിദേശാധിപത്യവും ആഭ്യന്തര കലഹങ്ങളും കൂടാതെ, ലോക മഹായുദ്ധങ്ങളും അവ മൂലമുണ്ടായ ഭക്ഷ്യക്ഷാമവും, പട്ടിണി, ജനസംഖ്യാ വർദ്ധനവ് എന്നിവയും. പടിഞ്ഞാറൻ സംസ്കാരത്തിന്റെ കടന്നു കയറ്റവും നമ്മുടെ ദിശാബോധത്തിലുണ്ടാക്കിയ മാറ്റങ്ങളും സമൂഹത്തിൽ അന്തർലീനമായിരുന്ന പ്രകൃതി സ്നേഹത്തേയും പരിസ്ഥിതി ബോധത്തേയും ക്രമേണ ഇല്ലാതാക്കി. പ്രകൃതിയും ജീവജാലങ്ങളും മനുഷ്യന് ചൂഷണം ചെയ്യാനുള്ളത് മാത്രമാണെന്ന തെറ്റായ ചിന്താഗതി വളർത്തുകയും ചെയ്തു.

ചൂഷണം വിദ്യയാക്കി വളർന്നു വന്ന സമൂഹത്തിന്റെ ഈ പുത്തൻ സമീപനം വനങ്ങൾ നശിപ്പിക്കുന്നതിനും വന ഭൂമി കൈയ്യേറുന്നതിനും ശാന്തരായി അവിടെ ജീവിച്ചിരുന്ന വന്യമൃഗങ്ങളെ ഉപദ്രവിച്ചും പ്രകോപിപ്പിച്ചും അവയുടെ വിരോധം സമ്പാദിക്കുന്നതിനും കാരണമായി. ഒടുവിൽ അത് പലവിധത്തിലുള്ള പ്രകൃതി ക്ഷോഭങ്ങൾക്കിടവരുത്തി. കാട്ടു തീയായി,. വരൾച്ചയായി, മണ്ണൊലിപ്പായി, പ്രളയമായി, മഹാമാരികളായി, മനുഷ്യ വന്യജീവി സംഘർഷങ്ങളായി പല വിധത്തിൽ അത് നമ്മെ ഗ്രസിച്ചു കൊണ്ടിരിക്കുന്നു. വന സംരക്ഷണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, ഓസോൺ സംരക്ഷണം, പ്ലാസ്റ്റിക് മാലിന്യം തുടങ്ങിയ വിഷയങ്ങളിൽ ശബ്ദമുയർത്താനും പോരാടുവാനും ഒപ്പം സങ്കീർണ്ണമായ ഇത്തരം പ്രശ്നങ്ങൾക്ക് കടിഞ്ഞാണിടുവാനും ഒടുവിൽ നാം സ്വയം പ്രേരിതരാകേണ്ടി വന്നു. 1972-ലെ സ്റ്റോക്ക് ഹോം പരിസ്ഥിതി കൺവെൻഷന്റെ ചുവട്പിടിച്ച് 1977-ൽ നടപ്പിലാക്കിയ ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതി അനുഛേദം 48A, 51A(8) എന്നിവയിലെ മൌലിക കർത്തവ്യങ്ങളുടെ വ്യാപനത്തിന്റെ അന്താരാഷ്ട്ര പരിസ്ഥിതി കൺവെൻഷൻ ശുപാർശകൾക്ക് അനുരൂപമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വനം, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ സംസ്ഥാന സർക്കാരിന്റെ മാത്രമല്ല പൗരന്മാരുടെ ധാർമ്മിക ഉത്തരവാദിത്വങ്ങളായും, നിർവ്വചിക്കപ്പെട്ടു. 1980-ലെ വന സംരക്ഷണ നിയമമാണ് ഈ രംഗത്തെ മറ്റൊരു സുപ്രധാനമായ കാൽവെയ്പ്.

പ്രകൃതിയോടിണങ്ങി ജീവിതമാരംഭിച്ച മനുഷ്യൻ കാലാന്തരത്തിൽ പരിഷ്കാരത്തിന്റെ സൂക്ത വാക്യങ്ങൾ തേടിപ്പോയപ്പോഴാണ് മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ ചില വിള്ളലുകൾ വീണത്. മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വനങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ശുദ്ധവായുവും, ശുദ്ധ ജലവും ആണ് ഇതിൽ പ്രധാനം. ഒരു ഭൂപ്രദേശത്തിന്റെ 33 ശതമാനമെങ്കിലും വനമായി നിലനിൽക്കണമെന്നാണ് വന നയം അനുശാസിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആകെ വിസ്തൃതിയുടെ 29% നമ്മൾ വനമായി കാത്തുസൂക്ഷിക്കുന്നു എന്നത് ചെറിയ കാര്യമല്ല. വനങ്ങളുടെ സംരക്ഷണത്തിന് ശാസ്ത്രീയമായ അറിവും, കാഴ്ച്ചപ്പാടും അത്യന്താ പേക്ഷിതമാണ്. പക്ഷേ ആ അറിവ് വനം ഉദ്യോഗസ്ഥരിൽ മാത്രം ഉണ്ടായാൽ പോരാ, മറിച്ച് എല്ലാവരും അതിനെക്കുറിച്ച് പൂർണ്ണ ബോധ്യമുള്ളവരാകണം. വനം മനുഷ്യന് നൽകുന്ന പ്രയോജനങ്ങളിൽ ഏറെയും പരോക്ഷമായതിനാൽ സമൂഹത്തിന്റെ വനങ്ങളോടുള്ള കാഴ്ച്ചപ്പാടിൽ ചില പൊരുത്തക്കേടുകളുണ്ട്. എന്നാൽ വിജ്ഞാന വ്യാപനരംഗത്തുണ്ടായ പുത്തൻ പ്രവണതകൾ ഈയൊരു കാഴ്ച്ചപ്പാടിനെ മാറ്റി മറിച്ചിട്ടുണ്ട്. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം എന്നിവ പരസ്പര പൂരകങ്ങളാണ്. ഇവയിൽ ഓരോന്നിനും സംഭവിക്കുന്ന അപചയം മറ്റുള്ളവരെ സാരമായി ബാധിക്കും. ആയതിനാൽ ഇവ മൂന്നിന്റേയും പ്രഭാവത്തിന്റെ ആകെത്തുകയാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്. നമ്മുടെ സുസ്ഥിര വികസനം കാഴ്ച്ചപ്പാടും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത തരത്തിലുള്ളതായിരിക്കണം. ടി മൂന്ന് വിഷയങ്ങളും പരസ്പര പൂരകമെങ്കിലും, ഓരോന്നിനും അതിന്റേതായ സ്ഥാനമുണ്ട്. അത് വെവ്വേറെ പ്രതിപാദിക്കപ്പെടേണ്ടതുണ്ട്.

പരിസ്ഥിതി

നമ്മുടെ രാജ്യത്തിന്റെ മറ്റു പല സംസ്ഥാനങ്ങളിൽ അനുഭവപ്പെടുന്നതുപോലെയുള്ള പലവിധ പരിസ്ഥിതി പ്രശ്നങ്ങൾ കേരളത്തിലും അനുഭവപ്പെടുന്നുണ്ട്. ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ പ്രശ്നങ്ങളുടെ

തീവ്രത വളരെ വലുതാണ്. ദൈർഘ്യമേറിയ തീരപ്രദേശം, നദികൾ, കായലുകൾ, കുളങ്ങൾ എന്നിവയുൾപ്പെട്ട ജലസ്രോതസ്സുകൾ തുടങ്ങിയവയുടെ പാരിസ്ഥിതിക ആരോഗ്യം നില നിർത്തുക എന്നിവയാണ് ഇന്നത്തെ പ്രധാന വെല്ലുവിളി. പരിസ്ഥിതി ദേശീയ തലത്തിലും, ആഗോള തലത്തിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ മണ്ണും, ജലവും, വായുവും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഓരോ പൗരന്റേയും കടമയാണ്.

പരിസ്ഥിതി നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ

വായുമലിനീകരണം: ജനസംഖ്യാ വർദ്ധനവ്, മോട്ടോർ വാഹനങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് ഫാക്ടറികളിലെ മലിനീകരണ നിയന്ത്രണ സംവിധാനത്തിന്റെ അഭാവം/അപര്യാപ്തത എന്നിവ വായു മലിനീകരണം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. അനിയന്ത്രിതമായി അന്തരീക്ഷത്തിലെത്തുന്ന കാർബൺ ഡൈഓക്സൈഡ്, കാർബണ മോണോക്സൈഡ് തുടങ്ങിയ ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കർശനമായി കുറച്ച് അന്തരീക്ഷ വായുവിനെ ശുദ്ധീകരിക്കുന്ന നടപടികൾൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

I പരിഹാര നിർദ്ദേശങ്ങൾ

- അനിയന്ത്രിതമായി അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന ഫാക്ടറികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടെന്ന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തുകയും വീഴ്ച വരുത്തുന്നവർക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കണം.
- പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആളുകളെ ഇത്തരം സംവിധാനം ഉപയോഗിക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം. പൊതുഗതാഗത സംവിധാനങ്ങൾക്ക് പ്രോത്സാഹനം നൽകിയും, സ്വകാര്യവാഹനങ്ങൾക്ക് കൂടുതൽ നികുതി പാർക്കിംഗ് ഫീസ് എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യണം.
- വായു മലിനീകരണം കുറയ്ക്കുന്നതിനായി പൊതു സ്ഥലത്തും സ്വകാര്യ ഭൂമിയിലും പാതയോരങ്ങളിലും വൃക്ഷവത്കരണ പ്രവർത്തനങ്ങളും നടത്തുക.
- അന്തരീക്ഷ മലിനീകരണത്തിന്റെ തോത് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഓരോ പ്രദേശത്തും നടപ്പാക്കുകയും, ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണവും, മുന്നറിയിപ്പും നൽകുക.

II ശുദ്ധ ജല ദൗർലഭ്യവും, ജല മലിനീകരണവും

ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് ശുദ്ധജല ദൗർലഭ്യം. ശുദ്ധജല ലഭ്യത ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭവ ദാരിദ്ര്യമായി മാറിക്കൊണ്ടിരിക്കുന്നു. ഉള്ള കുടിവെള്ള സ്രോതസ്സുകൾ തന്നെ മലിനമായിക്കൊണ്ടിരിക്കുന്നു. എല്ലാവർക്കും ശുദ്ധജല ലഭ്യത ഉറപ്പാക്കുകയും, ഉള്ള ജലത്തെ മലിനമാകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

- ഓരോ പ്രദേശത്തേയും, കിണറുകൾ, കുളങ്ങൾ, തുടങ്ങിയ ശുദ്ധജല സ്രോതസ്സുകൾ വൃത്തിയാക്കുകയും അവയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുക.
- ലഭിക്കുന്ന മഴവെള്ളം പാഴാക്കാതെ ഓരോ വീട്ടിലേയും കിണറുകളിലേയ്ക്ക് റീ ചാർജ്ജ് ചെയ്യുക.
- ചെലവ് കുറഞ്ഞ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുകയോ അവയ്ക്കാവശ്യമായ സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക.
- മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
- പ്രാദേശിക അടിസ്ഥാനത്തിൽ ചെറിയ ശുദ്ധജല വിതരണം സംവിധാനം ഉണ്ടക്കുക. 50 മുതൽ 100 കുടുംബങ്ങൾക്ക് ആവശ്യമായ 25000 ലിറ്റർ വരെ ശേഷിയുള്ള സംഭരണ വിതരണ സംവിധാനം ഉണ്ടാക്കുക.
- ശുദ്ധ ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് പ്രാദേശിക തലത്തിൽ പരിശോധനാ സംവിധാനം ഉണ്ടാക്കുക.

- പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ വാട്ടർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണികൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുക. അല്ലാത്ത പക്ഷം കെട്ടിട വാടകയിൽ 50% അധികം ഈടാക്കുകയോ അവ നിർമ്മിച്ചു നൽകി ആ ചെലവായ തുക ഈടാക്കുകയോ ചെയ്യുക.
- പുഴകൾ, തോടുകൾ, നദികൾ തുടങ്ങിയ ജല സ്രോതസ്സുകളിൽ തടയണ കെട്ടി ഭൂഗർഭ ജല വിതാനം ഉയർത്തുക. കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുക.
- അശാസ്ത്രീയമായതും, അനിയന്ത്രിതവുമായ കുഴൽ കിണർ നിർമ്മാണം അവസാനിപ്പിക്കുക. മതിയായ ഫീസ് വാങ്ങി കുഴൽ കിണർ നിർമ്മാണത്തിന് അനുമതി നൽകുക.
- ശുദ്ധജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതും ജല സ്രോതസ്സുകൾ മണ്ണിട്ട് നികത്തുന്നതും കർശനമായി തടയുക.

III കാലാവസ്ഥയിലുള്ള മാറ്റം

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന ഒരു പ്രധാന ഘടകം കാലാവസ്ഥയിലുള്ള മാറ്റമാണ്. ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധിച്ച തോതിലുള്ള സാന്നിദ്ധ്യം അന്തരീക്ഷ താപനില വർദ്ധിപ്പിക്കുകയും **`ആഗോള താപനം'** എന്ന വിപത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യുന്നു. ഇതിനായി മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി നടപ്പാക്കുകയും, മരങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

IV പാറ, മണ്ണ് ഖനനം

പരിസ്ഥിതി ആഘാതം ലഘൂകരിക്കുന്ന രീതിയിലുള്ള പാറ, മണ്ണ് ഖനനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. സാധാരണ ജനങ്ങൾക്കും, പാവപ്പെട്ടവർക്കും പാറ, മണ്ണ് തുടങ്ങിയവ മിതമായ വിലയ്ക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഉപയോഗ ശൂന്യമായ പാറമടകൾ ഏറ്റെടുത്ത് കുടിവെള്ള സംഭരണിയോ, മത്സ്യ കൃഷിക്കോ ആയി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കുക.

V മാലിന്യനിർമ്മാർജ്ജനം

പരിസ്ഥിതിയെ ബാധിക്കുന്ന ഒരു പ്രധാന വിപത്താണ് മാലിന്യനിക്ഷേപം. ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം പരിസര ശുചിത്വത്തിന് പരമപ്രധാനമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രാദേശിക തലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാം:-

1. മാലിന്യങ്ങളെ പരമാവധി ഉറവിടത്തിൽ തന്നെ നിർമ്മാർജ്ജനം ചെയ്യുക. ഇതിനായി എല്ലാ വീടുകളിലും മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉണ്ടാക്കുക. ഇതിനാവശ്യമായ സബ്സിഡി നൽകുക.
2. ഓരോ പഞ്ചായത്തിലും കേന്ദ്രീകൃത മാലിന്യസംസ്കരണ യൂണിറ്റ് ഉണ്ടാക്കുക. ഇവിടെ നിന്നും ലഭിക്കുന്ന ജൈവ വളം കർഷകർക്കു ന്യായവിലയ്ക്ക് നൽകുക.
3. വീടുകൾക്കും, വ്യവസായ ശാലകൾക്കും, ഹോട്ടൽ, ടീ ഷോപ്പ് എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിന് മതിയായ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉണ്ടെന്ന് നിഷ്കർഷിക്കുക.
4. ഒരു നിശ്ചിത ഗേജിൽ കുറവുള്ള പ്ലാസ്റ്റിക് കവറുകളുടെ വിൽപ്പന കർശനമായി നിരോധിക്കുക
5. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

കൊല്ലം ജില്ലയിലെ പരിസ്ഥിതി – ഇന്നത്തെ അവസ്ഥ

1. പശ്ചിമ ഘട്ട മേഖലയിലെ വന ശോഷണവും അതിനെ തുടർന്നുള്ള ജൈവ വൈവിധ്യങ്ങളിലുണ്ടാകുന്ന കുറവും ജില്ലയിലെ പ്രധാന നദികളിലെ ജലത്തിന്റെ അളവിനെ കാര്യമായ കുറയ്ക്കുന്നുണ്ട്. തണ്ണീർത്തടങ്ങളിലെ ജലസാന്നിദ്ധ്യം ഇതോടൊപ്പം കുറയുകയും റിസർവ്വേയറുകളിലെ ചെളിയടിയൽ കൂടുകയും ചെയ്യുന്നു.
2. കണ്ടൽക്കാടുകളുടെ വൻ തോതിലുള്ള നാശം അഷ്ടമുടിക്കായലിലെ മത്സ്യ സമ്പത്തിന്റെ കുറവിന് കാരണമായിരിക്കുന്നു. കണ്ടൽ സസ്യശേഖരത്തിന്റെ വൈവിധ്യവും ജില്ലയിൽ ഭീതിദമായ തരത്തിൽ കുറഞ്ഞിരിക്കുന്നു.
3. തീരദേശ ആവാസവ്യവസ്ഥ വൻ തകർച്ചയെയാണ് നേരിടുന്നത്. തീരപ്രദേശത്തെ അതിസാന്ദ്രമായ ജനസംഖ്യയ്ക്ക് ആനുപാതികമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ടൂറിസം മേഖലയിൽ നിന്നുള്ള സമ്മർദ്ദം, നഗരമേഖലകളിൽ നിന്നുള്ള മലിനീകരണം തുടങ്ങിയവ മൂലം തീരദേശം മേഖല വീർപ്പുമുട്ടുകയാണ്.

4. ഉയർന്ന തോതിലുള്ള മണ്ണ്, ക്ലേ മൈനിംഗ് മൂലം നദികളുടെ അടിത്തട്ട് താഴ്ന്ന് കൊണ്ടിരിക്കുന്നതു കൂടാതെ നദീതടങ്ങളും നെൽപ്പാടങ്ങളും പാരിസ്ഥിതിക തകർച്ചയെ അഭിമുഖികരിക്കുന്നു. ഇത് ഭക്ഷ്യ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമായി വളർന്നു കൊണ്ടിരിക്കുന്നു.
5. പാടം നികത്തൽ: ജില്ലയുടെ പല ഭാഗങ്ങളിലും വയൽ നികത്തൽ തുടർന്ന് വരുന്നു. ഭൂഗർഭ ജല വിതരണം ക്രമാതീതമായി താഴുന്നതിനാണ് ഇതു വഴിവയ്ക്കുന്നത്.
6. പുഴകളുടെ ശോഷണം: പ്രധാന നദികളായ കല്ലടയാറും, ഇത്തിക്കരയാറും മണൽ, ചെളി ഖനനം മൂലവും കയ്യേറ്റവും വ്യവസായ സ്ഥപനങ്ങളുടെ ഇടപെടൽ മൂലവും, നഗര പ്രദേശങ്ങളിൽ നിന്നും പ്ലാന്റേഷനുകളിൽ നിന്നുള്ള രാസമലിനീകരണം മൂലവും, ഏറ്റവും പ്രധാനമായി ജലത്തിന്റെ കുറവ് മൂലവും അത്യന്തം ശോഷണാവസ്ഥയിലാണ്.
7. ജല ക്ഷാമം: ജില്ല പൊതുവെയും ചില പ്രത്യേക പ്രദേശങ്ങൾ ഗുരുതരമായും ജലക്ഷാമം നേരിടുന്നുണ്ട്. പ്രത്യേകിച്ചും വേനൽ ക്കാലങ്ങളിൽ. ജില്ലയിലെ പ്രധാന നദികളുടെ പോഷകനദികളിൽ മിക്കവാറും വേനൽക്കാലത്ത്പൂർണ്ണമായും വറ്റിപ്പോകുന്നു. ആനുപാതികമായി തന്നെ ഭൂഗർഭ ജലവിതാനവും താഴുന്ന അവസ്ഥയിലാണ്.
8. കാർഷിക ഭൂമിയുടെ ഉൽപ്പാദനക്ഷമതയിൽ ക്രമമായി കുറവ് സംഭവിക്കുന്നു. രാസകീടനാശിനികളുടെയും അനിയന്ത്രിതമായ രാസവള പ്രയോഗത്തിന്റെയും ഫലമായി മണ്ണിന്റെ ആരോഗ്യം ക്ഷയിക്കുന്നതാണ് ഇതിന് കാരണം.
9. അപകടകരമായ രീതിയിലുള്ള വായു, ജല, മണ്ണ് മലിനീകരണം.
10. ജില്ലയിലെ റംസാർ സെറ്റ്പദവിയുള്ള തണ്ണീർത്തടങ്ങളുടെ അവസ്ഥ.
കേരളത്തിലെ റംസാർ സൈറ്റ് പദവിയുള്ള മൂന്ന് തണ്ണീർത്തടങ്ങളിൽ രണ്ടെണ്ണവും കൊല്ലം ജില്ലയിലാണ്. ശാസ്താംകോട്ട ശുദ്ധജലതടാകവും, അഷ്ടമുടിക്കായലും. ജില്ലയുടെ പ്രധാന ശുദ്ധജല സ്രോതസ്സായ ശാസ്താംകോട്ട തടാകം അതിവേഗം മരണത്തിലേയ്ക്ക് അടുത്തു കൊണ്ടിരിക്കുന്നു. മണ്ണൊലിപ്പ് മൂലമുള്ള ആഴം കുറയലും, കാച്ച് മെന്റിൽ നിന്നുള്ള നീരൊഴുക്ക് കുറഞ്ഞതും, പടിഞ്ഞാറെ കല്ലട മണലൂറ്റലിലൂടെ കുഴിച്ച് താഴ്ത്തിയതുമൂലമാണ് ശാസ്താംകോട്ട തടാകത്തിന് മരണ വാറന്റ് മുഴക്കുന്നത്. കയ്യേറ്റം, കണ്ടൽക്കാടുകളുടെ നശീകരണം, മണലും, ചെളിയും, ഊറ്റൽ, പാലങ്ങളും റോഡുകളുൾപ്പെടെയുള്ള ഡ്രഡ്ജിംഗ്, കല്ലടയാറ്റിൽ നിന്നുള്ള ഒഴുക്കിന്റെ കുറവ് മലിനീകരണം,എന്നിങ്ങലെ വിവിധങ്ങളായ കാരണങ്ങളാൽ അഷ്ടമുടിക്കായലിന്റെ സ്വാഭാവിക പരിസ്ഥിതിക്ക് വൻ നാശമാണ് സംഭവിച്ചിരിക്കുന്നത്. മത്സ്യ സമ്പത്തിൽ വന്നിട്ടുള്ള ഗണ്യമായ കുറവാണ് പ്രകടമായ ഒരു പരിണിത ഫലം. ചില ശുദ്ധജല മത്സ്യ ഇനങ്ങൾ കായലിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു.
11. നഗര വൽക്കരണത്തിന്റെ വ്യാപനം: അതിവേഗം ജില്ലയിലെ നഗര പ്രദേശങ്ങൾ ചുറ്റിലേയ്ക്കും വളരുകയാണ്. അതോടൊപ്പം നഗര കേന്ദ്രങ്ങൾ കൂടുതൽ സാന്ദ്രമാവുകയുമാണ്. ഇത് സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങൾ കൊല്ലം നഗരം, പരവൂർ, കരുനാഗപ്പള്ളി തുടങ്ങിയ പട്ടണങ്ങൾ കൂടാതെ ഉൾനാടൻ കിഴക്കൻ മേഖലകൾ എന്നിവടങ്ങളൊക്കെയും നാഗരികത മൂലമുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. മലിനീകരണവും മാലിന്യ കേന്ദ്രീകരണവുമാണ് ഇത് മൂലം പ്രധാനമാറ്റം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, കൂടാതെ മണ്ണ്, ജലം, സ്വാഭാവിക ആവാസവ്യവസ്ഥകൾ (തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, നെൽപ്പാടങ്ങൾ) എന്നിവ ഭീഷണി നേരിടുന്നു.

മൺട്രോതുരുത്ത് പാരിസ്ഥിതിക പ്രശ്ന പരിഹാരവും വികസനവും

കേരളത്തിലെ കൊല്ലം ജില്ലയിൽ സ്ഥിതി ചെയ്യുന്ന അഷ്ടമുടിക്കായൽ വ്യവസ്ഥയിലെ ഒരു പ്രധാനപ്പെട്ട ദ്വീപാണ് മൺട്രോതുരുത്ത അഷ്ടമുടിക്കായലിന്റേയും കല്ലട നദിയുടേയും സ്വാധീന വലയത്തിൽപ്പെട്ട ഒരു കരഭൂമിയാണിത്. ഇതു 12 വാർഡുള്ള ഒരു ഗ്രാമ പഞ്ചായത്തുകൂടിയാണ്. 13.4 ച.കി.മി വിസ്തീർണ്ണമുള്ള ഈ പ്രദേശം കടൽ നിരപ്പിൽ നിന്നും 75 സെ.മി മുതൽ 1 മീറ്റർ വരെ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. 2011 ലെ കാനേഷുമാരി കണക്കനുസരിച്ച് 9599 ജനങ്ങളാണ് ഇവിടെ വസിക്കുന്നത്. വേലിയേറ്റ സമയം വെള്ളപ്പൊക്കവും അതിനോടനുബന്ധിച്ച പാരിസ്ഥിതിക പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് 2004 ലെ സുനാമിക്കു ശേഷം ഈ പ്രതിഭാസം സ്ഥായിയായി നിലനിൽക്കുന്നു.

റോഡ്,റെയിൽ,ജലഗതാഗത മാർഗ്ഗങ്ങളിലൂടെ ദ്വീപ് നിവാസികൾക്ക് പ്രധാന കരകളുമായി ബന്ധപ്പെടാനുള്ള യാത്രാ സൗകര്യങ്ങൾ നിലവിലുണ്ട്. ആദായം കുറഞ്ഞ തെങ്ങുകളും കണ്ടൽക്കാടുകളും തടി അധിഷ്ഠിത സസ്യങ്ങളുമാണ് നിലവിലുള്ള സസ്യജാലങ്ങൾ. ശരിയായ ശുചിത്വ സംവിധാനങ്ങളുടെ അഭാവത്താൽ മലിനീകരണം കാര്യമായി നിലനിൽക്കുന്നു.മണൽ വാരലും തൊണ്ടഴുക്കലും പരിസ്ഥിതിക്ക് ആഘാതമേൽപ്പിച്ചു കൊണ്ടിരിക്കുന്നു. ജനങ്ങളുടെ പ്രധാനപ്പെട്ട ജീവനോപാധികൾ താഴെ പറയുന്നവയാണ്.

മത്സ്യബന്ധനം,ചെറുകിടകയർപിരി യൂണിറ്റുകൾ, കക്കകൃഷി, മത്സ്യകൃഷി, തെങ്ങ്, പച്ചക്കറി തുടങ്ങിയവയുടെ കൃഷി, മത്സ്യത്തിലധിഷ്ഠിതമായ ചെറുകിട യൂണിറ്റുകൾ,വിനോദ സഞ്ചാരം.

നിർദ്ദേശങ്ങൾ

1. സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ (മേൽത്തട്ട്) അമിത ഭോഗാസക്തിയും ധൂർത്തുമാണ് പരിസ്ഥിതി നാശത്തിന് കാരണമാകുന്നതെന്ന തിരിച്ചറിവ് ഉൾക്കൊണ്ട് കൊണ്ട് ബദൽ വികസന മാർഗ്ഗങ്ങൾ ആരായുക എന്നതാണ് സുസ്ഥിര വികസനത്തിലൂടെ എല്ലാവർക്കും വികസനത്തിന്റെ നേട്ടങ്ങൾ എത്തിക്കാനുള്ള മാർഗ്ഗം. വികസനത്തിന് പരിസ്ഥിതി സൗഹൃദപരമായ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും പ്രത്യേകം നിർദ്ദേശങ്ങൾ നൽകുക.
2. പശ്ചിമഘട്ടമേഖലയുടെ പരിസ്ഥിതിസം രക്ഷണത്തിനായി ഗാഡ്ഗിൽ റിപ്പോർട്ടിലെ വിവാദപര മല്ലാത്ത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുക. അവിടത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ വിഭവചൂഷണം മിനിമം ആക്കാനുള്ള നടപടികളെടുക്കുക. ഭൂമിയുടെ പ്രകൃതിദത്ത ഉപയോഗത്തെ അടിസ്ഥാനമാക്കി ഭൂവിനിയോഗം ക്രമം നിശ്ചയിച്ചു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. ഇതിനായി ലാൻഡ് യൂസ് ബോർഡിന്റെ വിദഗ്ദ്ധ സേവനം ലഭ്യമാക്കുക. ഒരു കുടുംബത്തിന് ഒരു വീട് എന്ന സമീപനം, എല്ലാവിധ പൊങ്ങച്ച നിർമ്മാണങ്ങളിലുമുള്ള നിയന്ത്രണം എന്നിവ പ്രയോഗത്തിൽ കൊണ്ടുവരണം.പാറ പൊട്ടിക്കാൻ കഴിയുന്ന പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം ചെയ്യണം. ചെറുകിട ജലവൈദ്യുത പദ്ധതി, സൗരോർജ്ജം, എന്നിവ വഴിയുള്ള ഊർജ്ജോല്പാദനത്തിന്, പശ്ചിമഘട്ട മേഖലയിൽ പ്രത്യേകം പദ്ധതികൾ വേണം.
3. കണ്ടൽക്കാടുകളുടെ വ്യാപനത്തിനായി ഫിഷറീസ്-വനം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിലുള്ള വിപുലമായി പദ്ധതികൾ ജില്ലാ, ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഉണ്ടാകണം.
4. തീരദേശ പരിപാലനത്തിനായി മത്സ്യത്തൊഴിലാളികളുടെ ജീവതത്തെയും ജീവസന്ധാരണ പ്രക്രിയകളെയും ബാധിക്കാത്ത തരത്തിലുള്ള ആവാസ വ്യവസ്ഥ പുനസ്ഥാപനത്തിലുള്ള പദ്ധതികളാവിഷ്കരിക്കേണ്ടതുണ്ട്. കടൽഭിത്തി നിർമ്മാണം ആവശ്യമുള്ള പ്രദേശങ്ങളിൽ ബദൽ മാർഗ്ഗങ്ങൾ അവലംബിക്കാൻ കഴിയണം. കടൽ-കായൽ വിഭവസംരക്ഷണം ഊന്നിയുള്ള പദ്ധതികൾ തീരദേശവാസികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുകയാണ് വേണ്ടത്
5. പാറഖനനത്തിനുള്ള മാനദണ്ഡങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പാറ തെളിഞ്ഞു കാണുന്ന പ്രദേശങ്ങളിൽ മാത്രം നിയന്ത്രിതമായ രീതിയിൽ ഖനനാനുമതി നൽകാവുന്നതാണ്. സസ്യാവരണവും മേൽമണ്ണും നീക്കിയുള്ള ഖനനം നിരോധിയ്ക്കേണ്ടതാണ്. നിലവിലുള്ള മാനദണ്ഡങ്ങളും നിയമങ്ങളും പരമാവധി പാലിച്ചു കൊണ്ട് മാത്രം ഖനനം നടത്താനുള്ള സംവിധാനമുണ്ടാകണം.
6. മണ്ണ്-ക്ലേ ഖനനവുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും ഇടപെടലിലൂടെ നിയന്ത്രണം, പാറഖനനത്തിലെന്നപോലെ ഫലപ്രദമാവുന്നില്ലെന്നുള്ളതാണ് അനുഭവം. ഇതിനായി ബദൽ സംവിധാനങ്ങളും നിലവിലുള്ള സംവിധാനങ്ങളുടെ പുന:സംഘാടനവും പരീക്ഷിക്കേണ്ടതുണ്ട്.
7. ജില്ലയിലെ നദികളുടെ സംരക്ഷണത്തിനായി നദീതടങ്ങളുടെ മൊത്തത്തിലുള്ള ആവാസ പുനർസൃഷ്ടി ലക്ഷ്യം വച്ചുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, സ്കൂളുകൾ, കോളേജുകൾ എന്നിവയുടെയെല്ലാം പദ്ധതികളാണ് ഇതിനാവശ്യം. നദിയുടെയും തടങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പുതിയ നിയമങ്ങൾ തന്നെ ആവശ്യമായി വരും. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളിലൂടെ കാർഷിക ഭൂമിയുടെയും മണ്ണിന്റെയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. കീടനാശിനികളുടെയും

ഉൽപ്പാദനത്തിനു വേണ്ടിയുള്ള ഗവേഷണങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സ്വീകരിക്കേണ്ട നടപടികളും പ്രവർത്തനങ്ങളും

മൺട്രോതുരുത്തിന്റെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1. ത്രിതല പഞ്ചായത്തുകളുടെ ഒരു സംയുക്ത പ്രോജക്ടായി ബൃഹത്തായ കുടിവെള്ള പദ്ധതി നടപ്പാക്കുക.
2. ഈ കുടിവെള്ള പദ്ധതിക്കായി പട്ടകടവു തടാകം ഗുണനിലവാര പരിശോധനയ്ക്കുശേഷം ഉപയോഗിക്കാവുന്നതാണ്.
3. ജലത്തിന്റെ ഉപ്പ്, ഇരുമ്പ് എന്നീ ഘടകങ്ങളുടെ അളവു പരിശോധിക്കേണ്ടതാണ്.
4. വനവൽക്കരണവും കണ്ടൽക്കാടുവൽക്കരണവും മത്സ്യകൃഷിയുമായി ബന്ധപ്പെടുത്തി നടത്തേണ്ടതും ഇത് സാമൂഹ്യ വനവൽക്കരണ വകുപ്പുമായി ചേർന്ന് ചെയ്യേണ്ടതുമാണ്.
5. ജലത്തിലെ ലവണാംശത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കണ്ടൽചെടികൾ ഉപയോഗിക്കുകയും അത് ദ്വീപു നിവാസികൾക്ക് സ്വീകാര്യമാക്കുകയും വേണം.
6. നിലവിലെ തോടുകൾക്ക് വീതികൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ജല ഗതാഗത സൗകര്യം കൂട്ടുകയും വേണം. കൂടുതൽ ആഴം കൂട്ടേണ്ട ഭാഗം പഠനം നടത്തിയശേഷം മണ്ണ് മാറ്റുന്ന പ്രക്രിയ ചെയ്യാവുന്നതാണ്.
7. ത്വക്ക് രോഗനിർണയ ക്യാമ്പ് നടത്തി കാരണം കണ്ടെത്തി ഉചിതമായ ചികിത്സ നിർണ്ണയിക്കേണ്ടതാണ്.
8. കാർഷികവകുപ്പിന്റേയും കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രത്തിന്റേയും നിർദ്ദേശങ്ങൾ സ്വീകരിച്ച് തെങ്ങുകൃഷി വ്യാപിപ്പിക്കേണ്ടതാണ്.
9. സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ വേറിട്ട ജീവനോപാധികൾ അവലംബിക്കേണ്ടതാണ്. ഇക്കോ-ടൂറിസംയുവാക്കൾക്കായി പഞ്ചായത്ത് ആരംഭിക്കണം (നെയ്യാർ ഡാമിലെ ഇക്കോ-ടൂറിസം രീതി അവലംബിക്കാവുന്നതാണ്).
10. അവിടുത്തെ ജൈവവൈവിധ്യത വീണ്ടെടുക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ പഠനം നടത്തി പദ്ധതികൾ നടപ്പാക്കേണ്ടതാണ്.
11. കൂടുതൽ ജലം ആഗീരണം ചെയ്യാൻ തക്കവണ്ണം മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തണം.
12. അനാരോഗ്യകരമായ സാഹചര്യത്താൽ താമസം ഒഴിഞ്ഞ് പോയവരെ പുനരധിവസിപ്പിച്ച് തുരുത്തിന്റെ ജനവാസ സ്ഥിതി നിലനിർത്തേണ്ടതാണ്.
13. നദിയുടേയും ജലാശയത്തിലേയും മലിനീകരണം തടയുവാൻ നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തുകയും വേണം.
14. ഇരട്ടക്കുഴി കക്കൂസ് സംവിധാനം വ്യാപകമാക്കണം.
15. വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തപോലെ ബീഹാർ മാതൃകയിൽ ഒരു വീട് പഞ്ചായത്ത് നിർമ്മിച്ച് അഭികാമ്യമെന്നു കണ്ടാൽ അത് വ്യാപകമായി അവലംബിക്കാവുന്നതാണ്.
16. വളരെ അടിയന്തിരമായി മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

കൃഷിവകുപ്പ് : രോഗം ബാധിച്ചതും, കാലപ്പഴക്കം കൊണ്ട് മഞ്ഞളിച്ച് ആദായം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ മേൽത്തരം തൈകൾ നടുക.

മത്സ്യവകുപ്പ് : ചെമ്മീൻ കൃഷി കഴിയുന്നിടത്തെല്ലാം പ്രാവർത്തികമാക്കുകയും കണ്ടൽക്കാടുകൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

മൃഗസംരക്ഷണം : താറാവു വളർത്തൽ കൃഷി പ്രോത്സാഹിപ്പിക്കുക.

ക്ഷീരവികസനം : പശുവളർത്തൽ വ്യാപിപ്പിക്കുക.

എഞ്ചിനീയറിംഗ് വകുപ്പ് ഭാരം കുറഞ്ഞ വീടുകൾ പ്രചരിപ്പിക്കുക.

ഖാദി-ഗ്രാമവികസന വകുപ്പ് ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

ശുചിത്വ മിഷൻ ആരോഗ്യത്തിന് ഹാനിവരാത്ത മാതൃകാ കക്കൂസുകൾ നിർമ്മിക്കുക.

ചെറുകിട ജലസേചന വകുപ്പ് ആവശ്യമുള്ള ഇടങ്ങളിൽ സൈഡ് സംരക്ഷണ ഭിത്തികെട്ടുക.

കാലാവസ്ഥാവ്യതിയാനം

കാലാവസ്ഥാവ്യതിയാനം, ഒരു ആഗോള പ്രതിഭാസമാണ്. പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥ, വന നശീകരണം, ആഗോള താപനം, തുടങ്ങി ധാരാളം കാരണങ്ങൾ ഉണ്ട്. കാലാവസ്ഥാവ്യതിയാനത്തെ ഇല്ലാതാക്കുന്നതിന് ആഗോളതലത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങളാണ് ഉണ്ടാകേണ്ടതെങ്കിലും, പ്രദേശിക തലത്തിൽ ഇതിന്റെ വിപരീത ഫലങ്ങളെ കുറയ്ക്കാനുള്ള നടപടികൾ ആവിഷ്കരിക്കാൻ സാധിക്കും.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിനായി ഭാരത സർക്കാർ ദേശീയ തലത്തിൽ 8 കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഹരിത ഭാരത ദൗത്യം (Green India Mission) വനാശ്രിത സമൂഹത്തിന്റെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം ഉൾക്കൊണ്ടു കൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സരക്ഷണത്തിന് ദൂര വ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ ജന ജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിത ഭാരത ദൗത്യത്തിന് അടിസ്ഥാനം. രാജ്യത്തെ വന സമ്പത്തിന്റെ ഗുണമേന്മയും വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യ വന വൽക്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗരവൽക്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപാധികൾ വികസിപ്പിക്കുക, വിറകിന് പകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഭക്ഷ്യസുരക്ഷ, ശുദ്ധജല സുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, എന്നിവ ഹരിത ഭാരത ദൗത്യത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്. ൾച്ചവര, ക്രമം തെറ്റിയുള്ള മഴ, മഴയുടെ അളവിലുള്ള വലിയ കുറവ്, ക്രമാതീതമായി ഉയരുന്ന ചൂട്, വെള്ളപ്പൊക്കം, എന്നിവയാണ് കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രകടമായ ലക്ഷണങ്ങൾ. ജലക്ഷാമം, ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനത്തിലുള്ള വൻ കുറവ്, മത്സ്യ സമ്പത്തിലുള്ള കുറവ് എന്നിവയാണ് ഇതിന്റെ പരിണിതഫലം. മഴയെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ ജല സുരക്ഷയെയും ഊർജ്ജ സുരക്ഷയെയും കാലാവസ്ഥാ മാറ്റം ബാധിക്കും. നാം ഇപ്പോൾ കൃഷി ചെയ്യുന്ന പല വിളകളുടെയും വിളവ് കുറയുകയും വിള ഇനങ്ങൾ തന്നെ മാറ്റേണ്ടതായും വന്നേക്കാം. വളർത്തു മൃഗങ്ങളുടെ ഉൽപ്പാദനക്ഷമതയും കുറഞ്ഞേക്കാം. ഇപ്പോൾ രോഗങ്ങളില്ലാത്ത പല കൃഷികൾക്കും പുതിയ രോഗങ്ങൾ വരികയോ നിലവിലുള്ളവ രോഗശമനമില്ലാതെ വരികയോ ചെയ്തേക്കാം. സമുദ്ര നിരപ്പ് ഉയരുന്നതിനാൽ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുകയും വെള്ളക്കെട്ടും, വെള്ളപ്പൊക്കവും കാരണം ആളുകൾ മാറി താമസിക്കേണ്ടതായും വരും. ചൂട് കൂടുന്നതോടെ വനത്തിലും, വന്യ ജീവകൾക്കും, മാറ്റങ്ങൾ ഉണ്ടാകും. വനത്തിനുള്ളിൽ ഭക്ഷ്യ-ജല ദൗർലഭ്യം ഉണ്ടാകുമ്പോൾ വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാക്കുകയും ചെയ്യും. കാട്ടു തീ ഇപ്പോഴത്തേതിലും കൂടുതൽ ഉണ്ടാകും. ഇടയ്ക്കിടെ അതി വർഷം ഉണ്ടാകുകയും വെള്ളപ്പൊക്കം മൂലം വൻ ആൾ നാശവും, വിളനാശവും ഉണ്ടാകും. കൊല്ലം ജില്ലയുടെ തീരപ്രദേശങ്ങളിലും, മൺട്രോതുരുത്തിലും ഇതിന്റെ തിക്ത ഫലങ്ങൾ കൂടുതൽ അനുഭവിക്കേണ്ടി വരും. കാലാവസ്ഥാ വ്യതിയാനത്തെ പൂർണ്ണമായും മാറ്റാൻ സാധിക്കില്ലായെങ്കിലും അവയുടെ ദൂഷ്യ ഫലങ്ങൾ കുറയ്ക്കാൻ സാധിക്കും. നമ്മുടെ രാജ്യം കാലാവസ്ഥാ വ്യതിയാനജന്യമായ ദുരന്തങ്ങൾക്ക് (വെള്ളപ്പൊക്കം, വരൾച്ച മുതലായവ) അങ്ങേയറ്റം സാധ്യതയുള്ള ഭൂപ്രകൃതിയുള്ള ഒരു രാജ്യവും, കേരളവും, പ്രത്യേകിച്ച് കൊല്ലം ജില്ലയും അതീവ സാധ്യതയുള്ള സ്ഥലവുമാണ്. ഇക്കാരണത്താൽ ജില്ലയുടെ സമഗ്ര വികസന പദ്ധതി രൂപീകരണ ത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന് അനുയോജ്യമായ വികസന പദ്ധതികൾ മാത്രം ഉൾപ്പെടുത്തുകയോ, പദ്ധതികളിൽ ഇതിന് അനുസൃതമായ രീതിയിൽ ലഘൂകരണം/അനുരൂപപ്പെടുത്തൽ പ്രവർത്തനങ്ങൾ ഉൾപ്പെടു ത്തുകയോ വേണം.

2004 മുതൽ 2014 വരെയുള്ള കാലയളവിലെ അന്തരീക്ഷ താപനില പരിശോധിച്ചാൽ ജില്ലയിലെ കൂടിയ താപനിലയിൽ ഏകദേശം $2^{O}C$ വർദ്ധനവ് ഉണ്ടായതായി കാണാം. അതുപോലെ തന്നെ കുറഞ്ഞ താപനിലയിൽ ഏകദേശം $1^{O}C$ വർദ്ധനവും ഉണ്ടായിട്ടുണ്ട്. കൂടാതെ ശരാശരി വാർഷിക വർഷപാതത്തിലും ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. കാലാവസ്ഥാ വകുപ്പിൽ നിന്ന് ലഭിച്ച വിവരങ്ങൾ ചിത്രങ്ങളിൽ ചേർത്തിരിക്കുന്നു.

ചിത്രം 4.4.1

2004, 2014 എന്നീ വർഷങ്ങളിൽ കേരളത്തിലെ ജില്ലകളിലെ ഉയർന്ന ശരാശരി താപനില (^{0}സെൽഷ്യസ്)



അവലംബം: ഭാരതീയ കാലാവസ്ഥാ വകുപ്പ്

ചിത്രം 4.4.2

2004, 2014 എന്നീ വർഷങ്ങളിൽ കേരളത്തിലെ ജില്ലകളിലെ താഴ്ന്ന ശരാശരി താപനില (^{0}സെൽഷ്യസ്)



അവലംബം: ഭാരതീയ കാലാവസ്ഥാ വകുപ്പ്

ചിത്രം 4.4.3

2004, 2014 എന്നീ വർഷങ്ങളിൽ കേരളത്തിലെ ജില്ലകളിലെ ഉയർന്ന താപനിലയുടെയും താഴ്ന്ന താപനിലയുടെയും ശരാശരി വ്യതിയാനം (^{0}സെൽഷ്യസ്)



അവലംബം: ഭാരതീയ കാലാവസ്ഥാ വകുപ്പ്

ചിത്രം 4.4.4

2004, 2014 എന്നീ വർഷങ്ങളിൽ കേരളത്തിലെ ജില്ലകളിൽ ലഭിച്ച ശരാശരി മഴ (മില്ലിമീറ്ററിൽ)



അവലംബം: ഭാരതീയ കാലാവസ്ഥാ വകുപ്പ്

പരിഹാര നിർദ്ദേശങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കാവുന്നത്

1. ഹരിതഗൃഹ വാതകങ്ങളിൽ പ്രധാനപ്പെട്ട കാർബൺ ഡൈഓക്സൈഡിന്റെ അളവ്, അന്തരീക്ഷത്തിൽ ക്രമാതീതമായി കൂടാതിരിക്കുന്നതിനു വേണ്ടി സമഗ്രമായ വൃക്ഷവത്കരണ പദ്ധതികൾ ആവിഷ്കരിക്കുക.
2. ആഗ്രോ-ഫോറസ്ട്രി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി തരിശു ഭൂമിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് ഹരിത ഭാരത ദൗത്യം (Green India Mission) പരമാവധി പ്രയോജനപ്പെടുത്തുക. ഇത് അതാത് ജില്ലകളിലെ സാമൂഹ്യ വനവത്കരണ വിഭാഗമാണ് നടപ്പാക്കുന്നത്. ഇതിനാവശ്യമായ സഹകരണവും പ്രോത്സാഹനവും നൽകുക.
3. മാലിന്യനിർമ്മാർജ്ജനത്തിന് സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുക. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.
4. പാരമ്പര്യേതര ഊർജ്ജമായ സൗരോർജ്ജം ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ ആവിഷ്കരിക്കുക. പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക.
5. കഴിയുന്നിടത്തോളം പ്രകൃതി വാതകം പൊതു ഗതാഗത സംവിധാനങ്ങൾക്ക് ഉപയോഗിക്കുക. അതിനുവേണ്ട സഹായങ്ങൾ ചെയ്യുക.
6. വ്യവസായശാലകൾക്കും മറ്റ് സ്ഥാപനങ്ങളിലും ഒരു നിശ്ചിത അളവ് സ്ഥലത്ത് മരങ്ങൾ വച്ചു പിടിപ്പിക്കാൻ നിർദ്ദേശം നൽകുക. വീടുകൾക്ക് നിർമ്മാണ അനുമതി നൽകുമ്പോൾ വാട്ടർ റീചാർജ്ജിംഗ്, മാലിന്യ നിർമ്മാർജ്ജനം, വൃക്ഷവത്കരണം എന്നിവ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുക. വീഴ്ച വരുത്തുന്നവർക്ക് ഉയർന്ന നികുതി നിരക്കും, പിഴയും ഈടാക്കുക.
7. പരിശീലനം/ബോധവത്കരണ പരിപാടികൾ നടപ്പാക്കുക. കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായി പദ്ധതികൾ എങ്ങനെ രൂപകൽപ്പന ചെയ്യണമെന്ന കാര്യത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും വേണ്ടത്ര പരിശീലനം നൽകണം.
8. പുതുതായി തയ്യാറാക്കപ്പെടുന്ന വിവിധ പദ്ധതികൾ വഴിയും, അനധികൃത കയ്യേറ്റങ്ങൾ വഴിയും നിലവിലുള്ള നെൽവയലുകൾ നഷ്ടപ്പെടാനിടയാക്കുന്നത് സുസ്ഥിര വികസന ത്തിന് വൻ തിരിച്ചടി ഉണ്ടാകുമെന്ന തിരിച്ചറിവ് ഉൾക്കൊണ്ടു കൊണ്ട് ജില്ലയിലെ തണ്ണീർതടങ്ങളുടെ സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് വേണ്ടി, ജില്ലാതലത്തിൽ ജില്ലാ പദ്ധതികളുടെ ഭാഗമായി ഒരു പ്രോജക്ട് ഉണ്ടാകേണ്ടതുണ്ട്.
9. ത്രിതല പഞ്ചായത്ത് സമിതികൾ വഴി രൂപപ്പെടുന്ന പ്രോജക്ടുകളിൽ (റോഡ് വികസനം, ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി വീട് വച്ച് നൽകുന്ന പുതിയ സംരഭങ്ങൾക്ക് വേണ്ടി സ്ഥലം

കണ്ടെത്തൽ, ഭൂവിനിയോഗത്തിൽ മാറ്റം വരുത്തൽ തുടങ്ങിയവ) തണ്ണീർത്തട പ്രദേശങ്ങൾ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതിന് ഈ ഡേറ്റാ ബാങ്ക് എത്രയും വേഗം തയ്യാറാക്കി LSG തലങ്ങളിൽ എത്തിയ്ക്കേണ്ടതാണ്.

10. വികസന പ്രവർത്തനങ്ങൾക്കായി (റോഡു വികസനം, കെട്ടിട നിർമ്മാണം, ഓട നിർമ്മാണം, നവീകരണം, കനാലുകൾ-കുളങ്ങൾ സംരക്ഷണം) പരമ്പരാഗത നിർമ്മാണ വസ്തുക്കളായ പാറ, മണൽ തുടങ്ങിയവയുടെ ഉപയോഗം പരമാവധി കുറച്ചു കൊണ്ടുള്ള പ്രോജക്ടുകൾ ആണ് രൂപപ്പെടേണ്ടത്.
11. കുളങ്ങൾ, കനാലുകൾ, പാടശേഖരങ്ങളിലൂടെയും മറ്റ് കൃഷിയിടങ്ങളിലൂടെയുമുള്ള വെള്ളച്ചാലുകളുടെ സംരക്ഷണം, നദീതടങ്ങളുടെ സംരക്ഷണം, തുടങ്ങിയ പദ്ധതികൾക്ക് കൽക്കെട്ടുകൾ ഒഴിവാക്കി, സസ്യാവൃതമായ മൺതിട്ടകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളാണ് ഉണ്ടാക്കേണ്ടത്. ആദ്യമായി മൺതിട്ട, അതിൻമേൽ മണ്ണിനെ ഉറപ്പിക്കുന്ന തരത്തിലുള്ള സസ്യങ്ങൾ വച്ചു പിടിപ്പിയ്ക്കൽ എന്നീ ഘട്ടങ്ങളുള്ള പ്രോജക്ടുകൾക്കാണ് രൂപം കൊടുക്കേണ്ടത്.
12. ഇത്തരം സുസ്ഥിര വികസനത്തിലൂന്നിയുള്ള പ്രകൃതി സൗഹൃദ പ്രോജക്ടുകളുടെ നടത്തിപ്പിന് (മൺതിട്ട നിർമ്മാണം, സസ്യങ്ങൾ വച്ച് പിടിപ്പിക്കൽ - പരിപാലനം) പഞ്ചായത്ത് തലത്തിൽ ലേബർ ഫോഴ്സ് ഉണ്ടാക്കുന്നതിനുള്ള പ്രത്യേക പ്രോജക്ടുകളും ജില്ലാ പദ്ധതികളുടെ ഭാഗമായി ഉണ്ടാക്കണ്ടതുണ്ട്.
13. ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണത്തിനുള്ള (കുടിവെള്ള സംരക്ഷണം പ്രധാനം) പ്രോജക്ടുകളും അഷ്ടമുടിക്കായൽ സംരക്ഷണത്തിനുള്ള (മത്സ്യസമ്പത്ത് സംരക്ഷണം പ്രധാനം) പ്രോജക്ടുകളും രണ്ട് വ്യത്യസ്ത പാരിസ്ഥിതിക തലങ്ങളിൽ നിന്നു കൊണ്ട് രൂപപ്പെടുത്തേണ്ടവയാണ്. ഇവയുടെ തീരസംരക്ഷണത്തിനുള്ള പ്രോജക്ട് നിർദ്ദേശങ്ങളിൽ, കൽക്കെട്ടുകൾ ഒഴിവാക്കി, പരിസ്ഥിതി സൗഹൃദ സംരക്ഷണ രീതികളാണ് അവലംബിക്കേണ്ടത്. (ജൈവ വേലി, കണ്ടൽ ക്കാടുകൾ).
14. ഭവന രഹിതർക്കുള്ള വീട് നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, ഭവന സമുച്ചയങ്ങളുടെ നിർമ്മിതിയാണ് ലക്ഷ്യം വയ്ക്കേണ്ടത്. സ്ഥല ലഭ്യതയുടെ പരിമിതി മറികടക്കുക മാത്രമല്ല, പരിസ്ഥിതി സൗഹൃദ നിർമ്മാണ മാതൃകകൾ പരീക്ഷിക്കുന്നതിനും വിജയിപ്പിക്കുന്നതിനും അത് സഹായമാകും.
15. പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കാനും, പ്രാദേശികതലങ്ങളിൽ അവയുടെ നിർമ്മിതിക്കും വേണ്ടിയുള്ള പ്രോജക്ടുകൾ ജില്ലാ പദ്ധതിയിൽ ഉൾപ്പെടേണ്ടതുണ്ട്.
16. പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻതല ജൈവ വൈവിധ്യ പരിപാലന കമ്മിറ്റി (BMC – Biodiversity Management Commiittee)കളുടെ പ്രവർത്തന ഏകോപനങ്ങളുടെ സമഗ്രമായ ഒരു ജില്ലാതല ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുമായി ഒരു ജില്ലാ പദ്ധതി അനിവാര്യമാണ്.
17. കേരളാ സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള ജൈവ വൈവിദ്ധ്യ ഉദ്യാന പദ്ധതി ജില്ലയിലുട നീളം വ്യാപിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ ഉണ്ടാക്കുക.

ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണം ശുപാർശകൾ

ജല സംരക്ഷണം:

തടാകത്തിന്റ സ്വാഭാവിക പരിസ്ഥിതി നിലനിർത്തുന്നതിന് പര്യാപ്തമായ പദ്ധതികൾക്കാണ് തടാക സംരക്ഷണാർത്ഥം ആവിഷ്കരിക്കുന്ന കർമ്മ പരിപാടികളിൽ മുൻഗണന നൽകേണ്ടത്. പ്രദേശത്തെ ജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നത് കൂടിയായിരിക്കണം അവ. തടാകത്തിന്റെ സമഗ്രമായ സംരക്ഷണത്തിന് ഉതകുന്ന ഏതാനും നിർദ്ദേശങ്ങളാണ് ചുവടെ:

1. ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള തടാക സംരക്ഷണ ഉദ്യമങ്ങൾ വിജയിക്കുന്നതിന് വിപുലമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്ഥാപനങ്ങളും പരിസ്ഥിതി സംഘടനകളും മുൻകൈ എടുക്കണം. ഉദ്യോഗസ്ഥതലങ്ങളിൽ തീരുമാനിക്കുന്ന പദ്ധതികളിലെ പോരായ്മകൾ തുറന്ന് കാട്ടുകയും വേണം. ``സംരക്ഷിത ജലാശയം റംസാർ സൈറ്റ്,

1212''എന്ന ബോർഡ് പ്രധാന കേന്ദ്രങ്ങളിൽ അടിയന്തിരമായി സ്ഥാപിക്കണം. ബോധവൽക്കരണത്തിൽ ഇത് വലിയ പങ്ക് വഹിക്കും.

2. കേരളാ വാട്ടർഅതോറിറ്റിയുടെ കുടിവെള്ള പദ്ധതികളിൽ വേസ്റ്റ് വാട്ടർ, റീ-സൈക്ലിംഗ് സംവിധാനം നടപ്പിലാക്കുക, ജലശുദ്ധീകരണ പ്ലാന്റിൽ നിന്നും പുറന്തള്ളപ്പെടുന്ന ക്ലോറിൻ കലർന്ന മലിന ജലം, തടാകത്തിലേയ്ക്ക് നേരിട്ട് ഒഴുക്കുന്നത് നിറുത്തലാക്കുക. വേങ്ങ ഭാഗത്ത് മണൽ കൊണ്ടുള്ള വലിയ റിസർവോയർ നിർമ്മിച്ച് മലിന ജലം അതിൽ നിക്ഷേപിച്ച് ക്ലോറിൻ ന്യൂട്രലൈസ് ചെയ്ത് തടാകത്തിലേയ്ക്ക് അരിച്ച് ഇറങ്ങാൻ സംവിധാനം ഉണ്ടാക്കുക. ഈ റിസർവോയർ ബണ്ട് കവിഞ്ഞൊഴുകുന്നത് അനുവദിക്കാതിരിക്കുക. (വൻ തോതിൽ ജലം പുറത്തേയ്ക്ക് ഒഴുകുന്നത് തടാക ജലനിരപ്പ് വീണ്ടും താഴാൻ ഇടയാക്കും).
3. ശക്തി ക്ഷയിച്ച നീരുറവകൾ പുനരുജ്ജീവിപ്പിക്കുന്നതിന് പമ്പ് ഹൗസ് ഭാഗത്ത് 100 മീറ്റർ നീളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെളി നീക്കം ചെയ്യുക. ഇത് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വടക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ മാത്രം പരീക്ഷിക്കുക.. ജെ.സി.ബി.കളും ഭാര വണ്ടികളും ഒഴിവാക്കുക.
4. കല്ലട ജലസേചന കനാൽ, വേങ്ങയിൽ നിന്നും പടഞ്ഞാറെ കല്ലട വഴി വെളിന്തറ വരെയും ഭരണിക്കാവിൽ നിന്നും പുന്നമൂട് വരെയും നീട്ടി തടാക തീരത്ത് വ്യാപിപ്പിക്കുക, വൃഷ്ടി പ്രദേശത്ത് ഇതിനായി സ്ഥലം കണ്ടെത്തുകയും ചോർച്ച പരമാവധി ഉറപ്പാക്കിക്കൊണ്ടുള്ള കനാൽ നിർമ്മാണം നടപ്പാക്കുകയും ചെയ്യുക. ജനുവരി മുതൽ മെയ് വരെയും ഇതിൽ ജലം ലഭ്യമാക്കണം. തടാക ബണ്ടിന് കിഴക്ക്, പാടത്ത്, മൺ ബണ്ട് കെട്ടി, കനാൽ അതിലേയ്ക്ക് തുറന്ന് വെള്ളം തടാകത്തിലേയ്ക്ക് അരിച്ച് ഇറങ്ങാൻ സാഹചര്യം ഒരുക്കുക. ഈ റിസർവോയറിൽ നിന്നുള്ള അധിക ജലം പുറത്തേയ്ക്ക് കവിഞ്ഞൊഴുകാൻ ചപ്പാത്ത് നിർമ്മിക്കുകയും നെൽകൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുക. തടാകവും കനാൽ ജലവും തമ്മിൽ നേരിട്ട് ബന്ധം ഉണ്ടാകാതെ സൂക്ഷിച്ചു കൊണ്ടാവണം ഈ പദ്ധതി നടപ്പാക്കാൻ. ഭൂഗർഭ ജലനിരപ്പ് ഉയരാനും ഉറവകൾ സജീവമാകാനും തടാകത്തിൽ വേനലിലും ജലം ലഭ്യമാകാനും ഇത് സഹായിക്കും. (കല്ലട ജല സേചന പദ്ധതിയുടെ ഇടത് കര കനാൽ ഭരണിക്കാവിൽ കുറച്ച് ഭാഗം തടാകത്തോട് ചേർന്ന് നിർമ്മിച്ചിരിക്കുന്നു. കനാലിൽ പൊതുവെ അംഗീകൃത ജല ചോർച്ച പരമാവധി 12.5 % ആയി ചുരുക്കണം. പക്ഷെ ഇപ്പോൾ 35% വരെ ചോർച്ച നിലനിൽക്കുന്നുണ്ട്. 2005 മുതൽക്ക് ഓരോ വർഷവും ജനുവരി-മെയ് കാലയളവിൽ ഇടവേളകളിൽ 1-1.5 മീറ്റർ ഉയരത്തിൽ കനാലിൽ ജലം ലഭ്യമാക്കി വരുന്നുണ്ട്. ചോർച്ചയുടെ ഫലമായി ഇക്കാലത്ത് കനാൽ സാമീപ്യം ഉള്ള പ്രദേശങ്ങളിലെ ഭൂഗർഭ ജല നിരപ്പ് പരമാവധി ഉയർന്ന് നിൽക്കും. കിണറുകളൊക്കെ മഴക്കാലത്തെ ജലനിരപ്പിലെത്തും. കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ ജല പൂരിതമാകും. ഭരണിക്കാവ് അമ്പലക്കടവിൽ ഇതിന്റെ സ്വാധീനത്തിൽ സമൃദ്ധമായ ഉറവകൾ തടാകത്തിലേയ്ക്ക് തുറക്കുന്നത് കാണാനുണ്ട്. എന്നാൽ ഏതാനും മീറ്ററുകൾ മാത്രം കനാൽ സാമീപ്യം ഉള്ളതിനാൽ തടാക ജലനിരപ്പിനെ സ്വാധീനിക്കാൻ മാത്രമുള്ള ചോർച്ച ഇവിടെ ഇല്ല. മേൽ പദ്ധതി വിജയകരമായാൽ ജല നിരപ്പിന് താഴെയുള്ള ഫൈൻ ക്ലേ, സിൽറ്റ്, ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്ത, ഉറവകൾ തെളിച്ച് എടുക്കാനും, ഖനനം ചെയ്യുന്ന ചെളി ഉപയോഗിച്ച് പ്രദേശത്തെ തൊഴിലാളികൾക്ക് ചുടുകട്ട നിർമ്മാണത്തിൽ ഏർപ്പെടാനും കഴിയുന്നതായിരിക്കും.
5. തടാകതീരത്തെ മണ്ണൊലിപ്പ് ഉള്ള ഭാഗത്താകെ കയർ ജിയോടെക്സ്റ്റൽ ബാഗിൽ കായലിലെ ചെളി നിറച്ച് രണ്ടോ മൂന്നോ അട്ടിയിൽ അടുക്കി പുല്ലും, കൈതയും കൊണ്ടുള്ള സംരക്ഷണ ഭിത്തി നിർമ്മിച്ച് മണ്ണൊലിപ്പ് തടയുക. ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ സേവനം ഇതിനായി തേടുക. കരിങ്കൽ ഭിത്തികളെക്കാൾ ഫലപ്രദവും ചെലവ് കുറഞ്ഞതും, പരിസ്ഥിതി സൗഹൃദവും, സുസ്ഥിരവും, പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കും ഇത്.
6. നീർച്ചാലുകളിൽ മണ്ണൊലിപ്പ് തടയാനുള്ള ഗള്ളി പ്ലഗ്ഗിംഗ് നടത്തുക. ഇതിനായി പരിസ്ഥിതി സൗഹൃദ കയർ മാറ്റ് ഉപയോഗിക്കുക. ഇവിടെ കൈതയും തനത് സസ്യങ്ങളും വച്ച് പിടിപ്പിക്കുക.
7. തടാക തീരമാകെ മുൻകാലങ്ങളിൽ പ്രകൃതി ദത്തമായി തന്നെ തഴച്ചു വളർന്ന് നിന്നിരുന്ന ഒരു സസ്യമാണ് തഴകൈത. തടാക തീരത്തിന് സംരക്ഷണവും ഈ പ്രദേശത്തെ ഒരു വിഭാഗം വനിതകളുടെ മുഖ്യ തൊഴിലായിരുന്ന തഴപ്പായ് നിർമ്മാണത്തിന് അസംസ്കൃത പദാർത്ഥവും അവ

നൽകിയിരുന്നു. ഇവ രണ്ടും പുനഃരുജ്ജീവിപ്പിക്കുന്നതിന് കേരളാ റൂറൽ ഡെവലപ്പ്മെന്റ് ഏജൻസിയുടെ നേതൃത്വത്തിൽ പ്രദേശത്തെ താൽപ്പര്യമുള്ള വനിതകളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുക, ജൂൺ, ജൂലൈ മാസങ്ങളിൽ ഈ ഗ്രൂപ്പുകളുടെ മുൻകൈയ്യിൽ തടാക തീരമാകെ വ്യാപകമായി തഴക്കൈത വച്ച് പിടിപ്പിക്കുന്നതിനും അവർക്ക് പരിശീലനവും ധനസഹായവും നൽകി തഴ ഉൽപ്പന്ന വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുക.

8. വനം, വകുപ്പ് തടാക തീരത്ത് ആകെ ആയിരക്കണക്കിന് അക്കേഷ്യാ മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. M.N.R.E.G.S. പദ്ധതിയിൽ ഉൾപ്പെടുത്തി വളർച്ച പ്രാപിച്ച എല്ലാ വൃക്ഷങ്ങളും പൂർണ്ണമായി നശിക്കുന്നത് വരെ വെട്ടി മാറ്റുകയും വൻ തോതിൽ വളർന്ന് വരുന്ന അക്കേഷ്യാ തൈകൾ പിഴുത് മാറ്റുകയും ചെയ്യുക. ഇതൊരു ത്രിവർഷ പദ്ധതിയായി നടപ്പിലാക്കുക.
9. റബ്ബർ തോട്ടങ്ങളിൽ തോട്ടപ്പയർ നിർബ്ബന്ധമാക്കുക. (മണ്ണൊലിപ്പ് തടയാനും ജലം, കിനിഞ്ഞ് ഇറങ്ങാനും ഈർപ്പം നിലനിർത്താനും ഇത് സഹായിക്കും). റബ്ബർ ബോർഡിന്റെ സഹായം ഇതിനായി തേടുക.
10. ഭൂഗർഭ ജല നിരപ്പ് സംരക്ഷിക്കാൻ വൃഷ്ടി പ്രദേശത്തിന് പുറത്ത് 500 മീറ്റർ വരെയുള്ള വയലുകളിൽ നെൽ കൃഷി നിർബ്ബന്ധമാക്കുക. ഇതിനായി പ്രത്യേക സബ്സിഡി പാക്കേജ് തയ്യാറാക്കുക.
11. കുന്നിടിക്കലിനും മണ്ണ് ഖനനത്തിനും മേലൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം വൃഷ്ടി പ്രദേശത്തിന് പുറത്ത് 500 മീറ്റർ വരെയുള്ള ചുറ്റളവിലുള്ള പ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുക.
12. വൃഷ്ടി പ്രദേശത്തിന് പുറത്ത് രണ്ട് തരം ജല സ്രോതസ്സ് സംരക്ഷിക്കപ്പെടേണ്ടതുണ്ട്.
    a. ഭൂഗർഭ ജല സ്രോതസ്സ് — മഴവെള്ളത്തെ വലിയ തോതിൽ ആഗിരണം ചെയ്ത് ഭൂഗർഭത്തിൽ വർഷം മുഴുവൻ സംഭരിച്ച് കുറേശ്ശേ തടാകത്തിലേയ്ക്ക് വിട്ട് കൊടുക്കുന്ന വൃഷ്ടി പ്രദേശത്തിന് പുറത്തുള്ള ഉയർന്ന ചെങ്കൽ പ്രദേശങ്ങൾ അങ്ങനെ തന്നെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ജലം അരിച്ചിറങ്ങാൻ പാകത്തിൽ ഇവിടെ വിവിധ ഇനം കൃഷികൾ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽ വലിയ സംഭാവന നൽകാൻ കഴിയുന്ന ഒന്നാണ് തെങ്ങ് കൃഷി. വൃഷ്ടി പ്രദേശത്തിന് പുറത്ത് രണ്ട് കി.മീ. വരെ ചുറ്റളവിലുള്ള എല്ലാ തെങ്ങുകളുടെയും തടം നിർബ്ബന്ധമായും കോരി നീർവാഴ്ച്ച ഉറപ്പാക്കുക വഴി catchment area-യിലെ ജല സമ്പത്ത് പോഷിപ്പിക്കുവാൻ കഴിയും മെയ് മാസത്തിൽ തന്നെ നിർവ്വഹിക്കേണ്ട ഈ പ്രവർത്തിക്കായി കൃഷി വകുപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുക.
    b. തണ്ണീർത്തടങ്ങൾ - ശാസ്താംകോട്ട മനക്കര ഏലാ മുതൽ പള്ളിശ്ശേരിക്കൽ ഏലാ, വെട്ടിക്കാട് വയൽ, കുമരംചിറ ഏലാ, മാലുമ്മേൽ പുഞ്ച വരെ നീണ്ടു കിടക്കുന്ന ശരാശരി 300 മീറ്റർ വീതിയും 10 കി.മീ. വരെ നീളവുമുള്ള നെൽപ്പാടങ്ങളാണ് തടാകത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മുഖ്യ തണ്ണീർ തടം. നെൽ കൃഷിയിലേയ്ക്കും പാടം നികത്തിയുള്ള ഇതര കര കൃഷി വ്യാപകമായതും ചെയ്തതോടെ ജലം അരിച്ചിറങ്ങി ഭൂഗർഭ ജല നിരപ്പ് ഉയരാനുള്ള ഒരു സ്വാഭാവിക പ്രവർത്തനം ഇവിടെ ഇല്ലാതായി. തടാക ജല നിരപ്പ് പോഷിപ്പിക്കാൻ വൃഷ്ടി പ്രദേശത്തിന് പുറത്തും നെൽ കൃഷി ഉൾപ്പെടെയുള്ള പദ്ധതികളാണ് ഇനിയും നടപ്പിലാക്കേണ്ടത്. വേനൽക്കാലത്തെ വരൾച്ചയിൽ നിന്നും ഒരു പരിധിവരെ താടാകത്തെ മോചിപ്പിക്കാനും ഇതു കൊണ്ടാകും. (വേങ്ങ, വെട്ടിക്കാട് വയിലിൽ നെൽ കൃഷിക്ക് ജല സേചനം നടത്തുന്നതിനും 3 കുളങ്ങൾ കുഴിച്ചത് ഇന്നും സംരക്ഷിച്ചു വരുന്നു. അര ഏക്കർ വിസ്തൃതിയും, കടുത്ത വേനലിലും 6 അടി വരെ ജല ലഭ്യതയുള്ളതുമാണ്, വേങ്ങ, തലക്കുളം തടാകത്തിൽ നിന്നും കേവലം 300 മീറ്റർ മാത്രം അകലെ തടാക ജലനിരപ്പിനെക്കാൾ 20 അടിയെങ്കിലും മുകളിൽ ഒരിക്കലും വറ്റാതെ നിലകൊള്ളുന്ന ഈ കുളം സാക്ഷ്യപ്പെടുത്തുന്നത് ഇവിടുത്തെ വാട്ടർ ടേബിൾ സമൃദ്ധവും ഒട്ടും ഭീഷണിയല്ലാത്തതും ആണെന്നാണ്. ഇവിടുത്തെ കിണറുകളും ജല സമൃദ്ധമാണ്.
13. വൃഷ്ടി പ്രദേശത്തെയും പുറത്ത് രണ്ട് കി.മീ. വരെയുള്ള പ്രദേശത്തെയും ഭൂവിനിയോഗം നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തുക. ഒപ്പം വൃഷ്ടി പ്രദേശവും, അതിന് ചുറ്റും 500 മീറ്റർ വരെയുമുള്ള പ്രദേശവും സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക.

14. സ്വകാര്യ ഭൂമികളിൽ ജനകീയ പദ്ധതിയായി കാവുകൾ പോലെയുള്ള ചെറു വനമേഖകൾ വച്ചു പിടിപ്പിക്കുകയും സ്വന്തമായി വനം വളർത്താൻ താൽപ്പര്യം ഉള്ളവർക്ക് ഇൻസന്റീവും നൽകുകയും ചെയ്യുക. ആരാധനാലയങ്ങളുടെയും സ്കൂളുകളുടെയും ആശുപത്രികളുടെയും മറ്റ് പൊതു സ്ഥാപനങ്ങളുടെയും വളപ്പുകളിൽ കൃത്രിമ വനങ്ങൾ നിർബ്ബന്ധമാക്കുക. (ഇത് പ്രദേശത്ത് അന്തരീക്ഷ ഉഷ്മാവ് നിയന്ത്രിയ്ക്കുകയും ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയും ചെയ്യും). ഫലവൃക്ഷം — മാവ്, പ്ലാവ്, പുളി, ശീമപ്ലാവ്, നെല്ലി, വേപ്പ്, ഞാവൽ തുടങ്ങിയവ വനവൽക്കരണത്തെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. കാവ് സംരക്ഷണത്തിനായി ഹെക്ടറിന് 10000 രൂപ വീതം നൽകുന്ന വനം വകുപ്പിന്റെ പദ്ധതിയിൽ ഇതും ഉൾപ്പെടുത്തുക.
15. വൃഷ്ടി പ്രദേശത്തെയും, പുറത്ത് രണ്ട് കി.മീ. ചുറ്റളവിലും റെയിൻ വാട്ടർ ഹാർവെസ്റ്റിംഗും മഴക്കുഴികളും വ്യാപകമാക്കുകയും വാട്ടർ റീചാർജ്ജിംഗിന് സഹായിക്കുന്ന എല്ലാ സാധ്യതകളെയും ആരായുകയും ചെയ്യുക.
16. ജല ചോർച്ചയുടെ വേഗത കുറയ്ക്കാൻ തടാകം മുതൽ കല്ലടയാർ വരെയുള്ള പ്രദേശങ്ങളിലെയും തടാകത്തിന് ചുറ്റുമുള്ള കുന്നുകളിലേയും തണ്ണീർത്തടങ്ങളിലെയും ചെളിയെടുപ്പും മണൽ ഖനനവും നിരോധിച്ച നടപടി കർശനമായി നടപ്പാക്കുക.
17. കല്ലടയാറ്റിൽ തടാക ജലനിരപ്പിനെ സ്വാധീനിക്കാൻ ഇടയുള്ള പ്രദേശങ്ങളിൽ മണലൂറ്റ് നിരോധിക്കുക. (പ്രതി വർഷം 20 ശതമാനം മണൽ രൂപപ്പെടുന്നു എന്നാണ് കണക്ക്. അങ്ങനെ പത്ത് പതിനഞ്ച് വർഷങ്ങൾ കൊണ്ട് നദിയുടെ അടിത്തട്ട് പൂർവ്വ സ്ഥിതിയിലാക്കാനായേക്കാം).
18. വൃഷ്ടി പ്രദേശത്തും, പുറത്തും ഭൂഗർഭ ജലനിരപ്പ് ഉയർത്തി തടാകത്തിലേയ്ക്കുള്ള നീരുറവകളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതനായി തീരത്തെ 500 മീ. വരെയുള്ള ഭൂമി കമ്പോള വിലയ്ക്ക് സർക്കാർ ഏറ്റെടുത്ത് ഇവടെ ജൈവ കവചം സൃഷ്ടിക്കുക. അതിനുവേണ്ടി പ്രാദേശിക സസ്യ ഇനങ്ങൾ മാത്രം നട്ട് പിടിപ്പിക്കുക.
19. ഇവാപോ ട്രാൻസ്പിറേഷൻ ലഘൂകരിക്കാനുള്ള ജല സസ്യ നശീകരണ പദ്ധതി നടപ്പിലാക്കുക. കുതിര മുമ്പിലെ പായൽ വാരി മാറ്റുക. (നിരന്തരമായി 12 വർഷമെങ്കിലും നശിപ്പിച്ച് കളഞ്ഞാലെ ആഫ്രിക്കൻ പായലും കുളവാഴയും ഇല്ലായ്മ ചെയ്യാനാകൂ. ഇതിന് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുക).
20. ജലത്തിന്റെ ശീതീകരണ പ്രഭാവം — പൂളിംഗ് ഇഫക്ട് — നിലനിർത്താൻ സസ്യാവരണവും ജലവും തമ്മിലുള്ള ബന്ധം കാത്തു സൂക്ഷിക്കുക. കയൽ തീരങ്ങളിൽ മുമ്പ് കൃഷി ചെയ്തിരുന്ന കശുമാവുകൾ കായലിലേയ്ക്ക് ചാഞ്ഞ വളർന്ന് നിന്ന് ഈ ധർമ്മം അനുഷ്ഠിച്ചിരുന്നു. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കശുമാവ് കൃഷി വീണ്ടും തീരത്താകെ വ്യാപിപ്പിക്കുക.
21. വൃഷ്ടി പ്രദേശത്ത് മണ്ണിളക്കിയുള്ള കൃഷി നിയന്ത്രിയ്ക്കുക. നോൺ ടില്ലിംഗ് അഗ്രികൾച്ചർ പ്രോത്സാഹിപ്പിക്കുക. ദീർഘാക വിളകൾ പ്രോത്സാഹിപ്പിക്കുക.
22. വൃഷ്ടി പ്രദേശത്ത് ജൈവ കൃഷി മാത്രം അനുവദിക്കുക. ഇവിടെ രാസ വളങ്ങൾ, കീട നാശിനികൾ, കളനാശിനികൾ, ഇവ പൂർണ്ണമായും നിരോധിക്കുക. കൃഷി വകുപ്പ് ഇത് ഉറപ്പ് വരുത്തുക.
23. തീരത്തെ കൈയ്യേറ്റവും കയ്യേറിയ സ്ഥലത്തെ കൃഷിയും നിരോധിക്കുക.
24. തടാകതീരത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന നഗരവൽക്കരണം ഭാവിയിൽ ജല സംരക്ഷണത്തിൽ ഏറെ പ്രതിസന്ധി സൃഷ്ടിക്കും. ഇത് ലഘൂകരിക്കാനായി ലേക്ക് ഫ്രണ്ട് അപ്പാർട്ട്മെന്റുകൾ, ടൂറിസം പദ്ധതികൾ, വീടുകൾ, തുടങ്ങിയ എല്ലാത്തരം നിർമ്മാണങ്ങളും നിരോധിക്കുക. പുതുതായി താമസക്കാരെ അനുവദിക്കാതിരിക്കുക.
25. മലിനീകരണ സാധ്യത ഏറെയുള്ള പ്രദേശങ്ങൾ ജാഗ്രതയോടെ സംരക്ഷിക്കുക. ഇവിടങ്ങളിൽ പുതിയ ആശുപത്രികൾ മാലിന്യ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവയക്കൊന്നും അനുമതി നൽകരുത്. നിലവിലുള്ള സ്ഥപാനങ്ങൾക്ക് ശാസ്ത്രീയമായ മാലിന്യ സംസ്കരണം നിർബ്ബന്ധമാക്കുകയും അവ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യുക. വാട്ടർ അതോറിറ്റിയുടെ കീഴിൽ ഇതിനായി പ്രത്യേക നിരീക്ഷണ സംവിധാനം ഉടൻ രൂപീകരിക്കുക. ഗാർഹിക മാലിന്യ സംസ്കരണം മുന്തിയ പ്രാധാന്യം നൽകി ജനകീയ സഹകരണത്തോടെ നടപ്പാക്കുക, ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുക.

26. വൃഷ്ടി പ്രദേശത്തെ മലിന്യങ്ങൾ തടാകത്തിലെത്തിക്കുന്ന കോൺക്രീറ്റ് ഓടകൾ നിരോധിക്കുക. വശങ്ങളിൽ കയർ, ജിയോ ടെക്സ്റ്റൽ പാകി സസ്യാവരണം പകരം വ്യാപകമാക്കുക. മലിന ജലത്തിലെ ജൈവാവശിഷ്ടങ്ങളും പോഷകങ്ങളും ഘനലോഹങ്ങളും സസ്യങ്ങൾ ആഗിരണം ചെയ്യുകയും ജലം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുകയും ചെയ്യട്ടെ. ഓടകളിൽ ഇടയ്ക്ക് ഇടയ്ക്ക് സോക് പിറ്റുകൾ നിർമ്മിച്ച് മാലിന്യങ്ങൾ അടിയാനും വേനലിൽ പിറ്റുകൾ വൃത്തിയാക്കി സംരക്ഷിക്കാനും പദ്ധതികൾ തയ്യാറാക്കുക.
27. തടാക ജലത്തിലെ P.H. 6.89 ആയി 1995-ൽ കണ്ടെത്തിയിരുന്നു. വാട്ടർ അതോറിറ്റിയുടെ ലാബ് പരിശോധനയിൽ 2010-ൽ തടാക ജലത്തിലെ P.H. 6.4 ആയി കുറഞ്ഞിരിക്കുന്നതിന് കാരണം ക്ലോറിൻ സാന്നിദ്ധ്യമാകാം. വിദഗ്ദ പഠനത്തിന്റെ അടിസ്ഥാനത്തിൽ അസിഡിറ്റി ന്യൂട്രലൈസ് ചെയ്യാനുള്ള പദ്ധതികൾ തയ്യാറാക്കുക. കൃത്യമായ ഇടവേളകളിൽ ജല ഗുണനിലവാരം പരിശോധിക്കുക. ജലത്തിനൊപ്പം തടാകത്തിലെ ചെളി, സസ്യങ്ങൾ, എന്നിവയും പഠനവിധേയമായി പരിഹാര നടപടികൾ സ്വീകരിക്കുക.
28. തടാക തീരത്ത് ഭൂഗർഭ ജല നിരപ്പ് അഭൂതപൂർവ്വമായി താഴ്ന്ന് കഴിഞ്ഞതിനാൽ ഇവിടെ കിണർ കുഴിക്കുന്നതിൽ കാര്യമില്ല. തീരത്ത് 500 മീറ്ററിനകത്ത് കുഴൽ കിണറുകളും പാടില്ല. (അടിയിൽ ചെളിയുടെ സാന്നിദ്ധ്യമുള്ള കിണറുകളാകെ വേനലിൽ വറ്റിപ്പോകും. തീരത്ത് 60 അടി കുഴിച്ചാലെ വെള്ളം കാണൂ. അര ലക്ഷത്തിലധികം രൂപ ചിലവ് വരുന്നതാണ് ഇവിടെ കിണർ കുഴിക്കൽ). പ്രദേശത്ത് കിണറുകൾ നിരോധിക്കുകയും പൈപ്പ് ജലം ലഭ്യമാക്കുകയും ചെയ്യുക.
29. വിതരണം ചെയ്യുന്ന ജലത്തിന്റെ കൃത്യമായ കണക്കെടുക്കുവാനുള്ള സംവിധാനം പമ്പ് ഹൗസുകളിൽ സ്ഥാപിക്കുക.

മത്സ്യ സംരക്ഷണം.

1. ക്ലോറിൻ കലർന്ന ജലം തടാകത്തിൽ ഒഴുക്കുന്നത് തടയുക.
2. മത്സ്യങ്ങളുടെ ദേശാടനത്തിന്, വെളിന്തറ ബണ്ടിൽ തടാക ജലനിരപ്പിനെ സ്വാധീനിക്കാതെ നീരൊഴുക്ക് സംവിധാനം ഒരുക്കുക.
3. സസ്യാവരണം ജലനിരപ്പ് വരെ വ്യാപിപ്പിക്കുക.
4. ആറ്റ് കൊഞ്ച് ഒഴികെയുള്ള കരിമീൻ, ഏട്ട തുടങ്ങിയ ദേശ ജാതി മത്സ്യങ്ങളെ സംരക്ഷിത മേഖലകളിൽ വളർത്തി തുറന്നു വിടുക.
5. കണ്ണി വലിപ്പം കുറഞ്ഞ വലകൾ നിരോധിക്കുകയും വളർച്ചയെത്തിയ മത്സ്യങ്ങളെ മാത്രം പിടിക്കാൻ തൊഴിലാളികളെ പ്രേരിപ്പിക്കുകയും ചെയ്യുക.
6. മത്സ്യ സമ്പത്ത് കുറഞ്ഞതിനാൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ കൂട്ടായ്മ രൂപീകരിച്ച് അവരുടെ സഹകരണത്തോടെ മത്സ്യലഭ്യത ഉയർത്താനുള്ള പദ്ധതികൾ നടപ്പാക്കുക. അതിനായി ഫിഷറീസ് വകുപ്പ് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

അഷ്ടമുടിക്കായൽ

1. കൈയേറ്റ ഭൂമിൾക്ക് പട്ടയം കൊടുക്കുന്നത് 1996 മുതൽ സർക്കാർ നിർത്തി വച്ചിരിക്കുകയാണല്ലോ. ഈ പശ്ചാത്തലത്തിൽ 96ന് ശേഷമുള്ള കായൽ തീരത്തെ എല്ലാ കൈയേറ്റ ഭൂമികളും കണ്ടുകെട്ടി അവ സർക്കാർ ഭൂമിയായി പ്രഖ്യാപിക്കേണ്ടതാണ്. ഇപ്പോൾ നടക്കുന്ന എല്ലാ അനധികൃത കൈയേറ്റങ്ങളും നിയമപരമായി തടയുക തന്നെ വേണം. കായൽതീരം ഒരിഞ്ചു പോലും ഇനി നികത്തുവാൻ അനുവാദം ആർക്കും കൊടുക്കുവാൻ പാടില്ല. വീണ്ടെടുക്കുന്ന ഭൂമിയിൽ കായലിനോട് ചേർന്ന ഭാഗം വെള്ളത്തിലേക്ക് ചരിച്ചിറക്കി അവിടെ കണ്ടൽ വനവൽക്കരണം നടത്തണം. തുടർന്ന് കരയിലേയ്ക്ക് കിട്ടുന്ന ഭൂമിയിൽ തീരത്തിനനുയോജ്യമായ മറ്റ് തരത്തിലുള്ള സസ്യങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കുവാനുള്ള പദ്ധതികളാവിഷ്കരിക്കണം. തീരത്ത് നടപ്പാക്കുന്ന എല്ലാ തീര സംരക്ഷണ — വനവൽക്കരണ പരിപാടികളും അതാത് ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിലായിരിക്കണം. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന ഫണ്ടുകളെല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങള്ർവഴി ജനകീയ പങ്കാളിത്തത്തോടെ (കുടുംബശ്രീ, അയൽക്കൂട്ടം, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ) നടപ്പാക്കാനുള്ള പദ്ധതികളിലേയ്ക്ക്

മാറ്റി വേണം ചെലവഴിക്കേണ്ടത്. ഇതിനായുള്ള ഗവൺമെന്റ്തല സംവിധാനങ്ങളും തീരുമാനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

2. അഴിമുഖത്ത് കൂടി അകത്തേക്കും പുറത്തേക്കുമുള്ള നീരൊഴുക്ക് വ്യവസ്ഥ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തും വിധം അഴിമുഖത്തോടടുത്ത ഭാഗങ്ങളിലും ബോട്ട് ചാനലിന് ഇരുവശത്തുമുള്ള പ്രദേശങ്ങളിലും പാലം, ബണ്ട് തുടങ്ങിയവയോടനുബന്ധിച്ചുള്ള കായൽ പ്രദേശങ്ങളിലും മണ്ണും ചെളിയും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ പ്രദേശങ്ങൾ. ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടേണ്ടത് അത്യാവശ്യമാണ്. വളരെ ആസൂത്രിതമായ രീതിയിൽ കുറച്ച് വ്യാപകമായി തന്നെ ഇത്തരം ഡ്രഡ്ജിംഗ് സംവിധാനം ചെയ്യേണ്ടതുണ്ട്. മണൽ വാരൽ മൂലം ആഴം വളരെയധികം കൂടിയ തീരത്തോട് അടുത്ത് കായൽ പ്രദേശങ്ങൾ ഉണ്ട് ഇവിടെ ആഴം കുറയ്ക്കേണ്ടതുമുണ്ട്. ഈ പ്രക്രിയകൾ സമതുലിതമായി നടപ്പിലാക്കി കായലിന്റെ ആഴം സന്തുലിതാവസ്ഥയിൽ എത്തിക്കാൻ കായലിന്റെ ആരോഗ്യവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള മുൻ ഉപാധിയായി കണക്കാക്കി പദ്ധതികൾ ആവിഷ്കരിക്കണം.

3. ഫിഷിംഗ് ഹാർബറിൽ (നീണ്ടകര, ശക്തികുളങ്ങര) നിന്നുമുള്ള ജൈവ-അജൈവ മാലിന്യങ്ങൾ കായലിന്റെ സമുദ്ര ഭാഗത്തെ ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രശ്ന പരിഹാരത്തിനുള്ള മാലിന്യ സംസ്കരണ സംവിധാനം ഫിഷറീസ്-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റുകളെ ഹാർബർ വികസന പദ്ധതിയിൽ ഉർപ്പെടുത്തി നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

4. കെ.എസ്.എസ്.പി. നടത്തിയ പഠനത്തിൽ നിന്നും കായൽ തീരത്തുള്ള 55% കുടുംബങ്ങൾക്ക് കായൽ കക്കൂസുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്രയും കുടുംബങ്ങൾക്ക് സെപ്റ്റിക്ക് ടാങ്കോടു കൂടി കക്കൂസുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകാൻ പദ്ധതികൾ ഉണ്ടാകണം. വീട്ടിനുള്ളിലെ കക്കൂസിൽ നിന്ന് കായലിലേയ്ക്ക് മാലിന്യം തള്ളുന്ന സംവിധാനങ്ങൾ വ്യാപകമാണെന്നും പഠനത്തിൽ നിന്നും വെളിവായിട്ടുണ്ട്. ഇവയും പുനസംഘടനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

5. കോർപ്പറേഷൻ അതിർത്തിയിലുള്ള തീരങ്ങളിൽ നിന്നാണ് വൻ തോതിൽ ആശുപത്രി മാലിന്യങ്ങളും കായലിലെത്തുന്നത്. കൊല്ലം കോർപ്പറേഷന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ ഈ വസ്തുത കണക്കിലെടുത്തുകൊണ്ടുള്ള സംവിധാനങ്ങൾ സജ്ജീകരിക്കാനുള്ള പദ്ധതികൾ ഉണ്ടാകണം. നഗരമാലിന്യങ്ങൾ കായലിലെത്താതെ സംസ്കരിക്കാനുള്ള സംവിധാനമാണ് കോർപ്പറേഷൻ അതിർത്തിയിലുള്ള പ്രദേശങ്ങളിൽ ഉണ്ടാകേണ്ടത്.

6. തൊണ്ടഴുക്കൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയ ആണെങ്കിൽ കൂടി അവശേഷിക്കുന്ന ഈ ചെറുകിട വ്യവസായത്തെ ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾ വേണം. കയർ സഹകരണ സംഘങ്ങൾ വഴി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കായൽ തീരത്ത് ടാങ്കുകളിൽ തൊണ്ട് അഴുക്കുന്നതിനുള്ള പദ്ധതികൾ, മങ്ങാട്, കണ്ടച്ചിറ, ചവറ ഭാഗങ്ങളിൽ ആരംഭിക്കുക വഴി ആ മേഖലകളിൽ തൊണ്ട് അഴുക്കൽ മൂലുള്ള മലിനീകരണം തടയാവുന്നതാണ്.

7. കായലിൽ നിന്നുള്ള വൻ തോതിലുള്ള മണൽ വാരലും, ചെളിയെടുപ്പും കർശനമായി നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കണം.

8. കായലിലും, തീരങ്ങളിലും, കനാലുകളിലും നടത്തേണ്ടി വരുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ശാസ്ത്രീയമായ പരിസ്ഥിതി ആഘാത പഠനങ്ങൾക്ക് ശേഷം പ്രസ്ദ്ധീകരിക്കുന്ന EIA നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം. EIA ഇത്തരത്തിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിർബന്ധ മാക്കിക്കൊണ്ടുള്ള ഗവൺമെന്റ് തീരുമാനവും അവ നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനവും ഇതോടനുബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്.

9. കല്ലട ഇറിഗേഷൻ പ്രോജക്ട് കമ്മീഷൻ ചെയ്യപ്പെട്ട ശേഷം ക്രമാനുഗതമായി അഷ്ടമുക്കായലിലേയ്ക്കുള്ള ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. കല്ലടയാറിന്റെ ജല സമ്പത്തിന്റെ പകുതി എങ്കിലും അഷ്ടമുടിക്കായലിൽ എത്തിയില്ലെങ്കിൽ ഓരു ജലാശയമെന്ന പാരിസ്ഥിതിക സ്വാഭാവികതയും അതിന്റേതായ വിഭവ സമൃദ്ധിയും നിലനിർത്താൻ അഷ്ടമുടിക്കായലിന് കഴിയില്ല എന്നതാണ് വസ്തുത. ഇത് കണക്കിലെടുത്ത് ആറ്റിൽ നിന്നും കായലിലേയ്ക്കുള്ള വെള്ളത്തിന്റെ

ഒഴുക്ക് കുറച്ചെങ്കിലും സമതുലിതമാക്കാനുള്ള പോളിസി തീരുമാനങ്ങൾ ഉന്നത തലങ്ങളിൽ എടുക്കേണ്ടതുണ്ട്.

10. അഷ്ടമുടി തീരത്തിലുടനീളം കണ്ടൽ വനവൽക്കരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.
11. അപകടകരമായ എല്ലാ മത്സ്യ ബന്ധന രീതികളും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാത്ത കുറ്റി വല, ചീന വല, തുപ്പം പടലും തുടങ്ങിയ എല്ലാ അനധികൃത ഉപാധികളും കായലിൽ നിന്നും നീക്കം ചെയ്യപ്പെടണം. നഷ്ടപരിഹാരം കൊടുത്തിട്ടാണെങ്കിൽ കൂടിയും അതിനായി പ്രത്യേകം പദ്ധതികൾക്ക് തന്നെ രൂപം കൊടുക്കേണ്ടതുണ്ട്.
12. മത്സ്യസമ്പത്തിന്റെ വർദ്ധനവിന് വ്യാപകമായ മത്സ്യ കൃഷി, ചിപ്പി, കല്ലുമ്മക്കായ, മുരിങ്ങ, ഞണ്ട് എന്നിവയുടെ കൃഷി തുടങ്ങിയവ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി കുടുംബശ്രീ, സ്ത്രീ ശക്തി ഗ്രൂപ്പുകൾ എന്നിവയിലൂടെ കൃഷി വകുപ്പിന്റെ സാമ്പത്തിക – സാങ്കേതിക സഹായത്തോടെ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
13. ശാസ്ത്രീയമായ പഠനങ്ങൾക്ക് ശേഷം, സംതുലിതമായ രീതിയിൽ മാത്രം കായൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും, വിഭവ ശോഷണവും, മലിനീകരണവും ഇല്ലാതെയും ടൂറിസം പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അഷ്ടമുടിക്കായൽ ഒരു സന്തുലിത ആവാസ വ്യവസ്ഥ എന്ന നിലയിൽ തദ്ദേശ ജനതയ്ക്ക് നൽകുന്ന സേവനങ്ങളുടെ വിലയുമായി തട്ടിച്ച് നോക്കുമ്പോൾ, ടൂറിസ വർദ്ധനവിലൂടെ ലഭിക്കുന്ന വരുമാനം എത്രയോ തുച്ഛം? ഈ ശാസ്ത്രീയ തത്വം ഉൾക്കൊണ്ടുകൊണ്ടുള്ള ടൂറിസം പദ്ധതികൾ മാത്രമെ അഷ്ടമുടിക്കായലിൽ നടപ്പാക്കാൻ പാടുള്ളൂ. അനിയന്ത്രിത ടൂറിസം പദ്ധതികൾ വേമ്പനാട്ട് കായലിന് ഏൽപ്പിച്ചിട്ടുള്ള പാരിസ്ഥിത ആഘാതം ഇക്കാര്യത്തിൽ പാഠമാക്കേണ്ടതാണ്.

പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം- ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

ഹ്രസ്വകാല നേട്ടം

- മാലിന്യനിർമാർജ്ജനം, പരിസരശുചിത്വ പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള പ്രശ്നങ്ങൾ പകുതിയായി കുറയ്ക്കുക.

ദീർഘകാല നേട്ടങ്ങൾ

- മാലിന്യനിർമ്മാർജ്ജനം പൂർണ്ണമായി നടപ്പാക്കുകയും കാലാവസ്ഥ വ്യതിയാനത്തിന്റെ തോത് പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ കേന്ദ്രീകൃത മാലിന്യ സംഭരണ-സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.
- പരമാവധി സ്ഥലത്ത് വൃക്ഷവൽക്കരണം നടത്തി അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ, അളവ് നിയന്ത്രിയ്ക്കുക.
- ചാണകം കൃഷിക്ക് നേരിട്ട് ഉപയോഗിക്കുന്നതിന് പകരം, ഗോബർ ഗ്യാസ് ഉണ്ടാക്കുകയും സ്ലറി കൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

സംയോജിത പ്രോജക്ടുകൾ

- പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം കുറയ്ക്കൽ, എന്നിവയ്ക്കായി എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകണം.
- ഊർജ്ജ നഷ്ടം പരമാവധികുറയ്ക്കൽ, ഫലപ്രദമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മാലിന്യത്തെ ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കൽ,
- മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തൽ, ഇതിനായി ജലസേചനം, മണ്ണ് സംരക്ഷണം, ഫിഷറീസ് വകുപ്പുകളുടെ സംയുക്ത പ്രവർത്തനങ്ങൾ വൃക്ഷവൽല്ക്കരണ പ്രവർത്തനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുക. ഇതിനായി എല്ലാ വകുപ്പുകളും പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയും

വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനായി സോഷ്യൽ ഫോറസ്ട്രിയ്ക്ക് കീഴിലുള്ള വന വികസന ഏജൻസിയെ ഉപയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രവർത്തനങ്ങൾ

സമഗ്രമായ ജൈവവൈവിധ്യ രജിസ്റ്റർ പ്രദേശിക തലത്തിൽ തയ്യാറാക്കുക. ഓരോ പ്രദേശത്തേയും വൃക്ഷ സാന്ദ്രത തിട്ടപ്പെടുത്തി, തടി, വിറക് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുക. ചാണകത്തിൽ നിന്ന് ബയോഗ്യാസ് ഉണ്ടാക്കുന്നതിനും അതിന്റെ സ്ലറി കൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ മണ്ണ്-ജല സംരക്ഷണത്തിനുള്ള പദ്ധതികൾ ഏകോപിപ്പിക്കുക. ഇതിനായി കുടുംബശ്രീ, ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ എന്നിവരെ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

നയരൂപീകരണം

പരിസ്ഥിതി നിയമങ്ങൾ കർശനമായി പാലിക്കുകയും ആവശ്യമെങ്കിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. സമഗ്രമായ ഒരു ധാതു ഖനന നിയമം ഉണ്ടാകുകയും അത് കർശനമായി നടപ്പിലാക്കുകയും ചെയ്യുക. പരിസ്ഥിതി നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ശിക്ഷ നല്കുന്നതിനുമുള്ള സമഗ്രമായി നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതും ഇതിനാവശ്യമായ സഹായം മറ്റ് വകുപ്പുകളിൽ നിന്നും തേടാവുന്നതുമാണ്. ഓരോ വർഷവും വികസന ആവശ്യങ്ങക്കായി മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം പത്ത് ഇരട്ടി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും, 3 വർഷം പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

വനവികസനം

ആമുഖം

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും, കാലാവസ്ഥ വ്യതിയാനം മൂലമുള്ള ദൂഷ്യഫലങ്ങൾ കുറയ്ക്കുന്നതിനും ഉള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കൂടുതൽ സ്ഥലങ്ങളിൽ വൃക്ഷവത്കരണം നടത്തുക എന്നുള്ളത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ഒരു രാജ്യത്തിന്റെ വിസ്തൃതിയുടെ 33% എങ്കിലും വനമായി നിലനിർത്തുന്നതാണ് അഭികാമ്യം. നമ്മുടെ സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29% വനമായി സംരക്ഷിച്ചു വരുന്നു. കേരളം പോലുള്ള ജന സാന്ദ്രതയേറിയ സംസ്ഥാനങ്ങളിൽ വന വിസ്തൃതി വർദ്ധിപ്പിക്കുക എളുപ്പമല്ല. എന്നാൽ ഉള്ള വനങ്ങൾക്ക് നാശമുണ്ടാവാതെ സംരക്ഷിക്കുകയും വനത്തിനു പുറത്ത് കൂടുതൽ സ്ഥലത്ത് വൃക്ഷവത്കരണം നടത്താനും സാധിക്കും. കൊല്ലം ജില്ലയുടെ ആകെ വിസ്തൃതി 2491 sq.km. ആണ് ഇതിൽ 840.57 sq.km വനമാണ്. അതായത് 33.74%. വനവിസ്തൃതിയിൽ കൊല്ലം സംസ്ഥാനത്ത് ആറാം സ്ഥാനത്താണുള്ളത്.

പട്ടിക 4.4.1

ജില്ലയിലെ ഓരോ വനം ഡിവിഷനു കീഴിലുള്ള വനങ്ങളുടെ വിസ്തൃതി

ക്രമ നം.	വനം ഡിവിഷൻ	വിസ്തൃതി (ച.കി.മീ.)
1	തിരുവനന്തപുരം (ഭാഗീകം)	116.7662
2	തെന്മല	131.1670
3	പുനലൂർ	280.2200
4	കോന്നി (ഭാഗീകം)	78.3900
5	അച്ചൻകോവിൽ (ഭാഗീകം)	63.0240
6	ശെന്തുരുണി	171.0000
	ആകെ	840.5672

അവലംബം ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്

കൊല്ലം ജില്ലയിലെ വനങ്ങളെല്ലാം തന്നെ ജില്ലയുടെ കിഴക്കൻ മേഖലയിലാണ്. തെന്മല, പുനലൂർ, ശെന്തരുണി വനം ഡിവിഷനുകൾ പൂർണ്ണമായും തിരുവനന്തപുരം, കോന്നി, അച്ചൻകോവിൽ ഡിവിഷനുകൾ

ഭാഗീകമായും കൊല്ലം ജില്ലയിലാണ്. പുനലൂർ നഗരസഭ, തെന്മല, ആര്യങ്കാവ്, പത്തനാപുരം, അഞ്ചൽ, കുളത്തൂപ്പുഴ, പിറവന്തൂർ, അലയമൺ എന്നീ പഞ്ചായത്തുകളിലാണ് വനങ്ങൾ ഉള്ളത്. ജൈവ വൈവിധ്യത്താൽ സമൃദ്ധമായ ഈ വനമേഖലയെ ജില്ലയുടെ ശ്വാസകോശമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. വനം വകുപ്പിനാണ് വനങ്ങളുടെ സംരക്ഷണ ചുമതല പ്രധാനമായിട്ടുള്ളതെങ്കിലും സംരക്ഷണ കാര്യത്തിൽ പൊതുജനപങ്കാളിത്തത്തോടെ വന മേഖലയുടെ സംരക്ഷണത്തിനായി വനം വകുപ്പ് വന സംരക്ഷണ സമിതി (v.s.s.)-കളും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും (E.D.C.) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസികളും (F.D.A.) പ്രവർത്തിക്കുന്നു. ഓരോ വനം ഡിവിഷനും ഓരോ F.D.A.-കൾ ഉണ്ട്. എന്നാൽ വന മേഖലയ്ക്ക് പുറത്തുള്ള വനവത്കരണം ഏറെ പ്രാധാന്യം അർഹിക്കുന്നു. അതിനുവേണ്ട സഹായങ്ങൾ നൽകുന്നത് ജില്ലയിലെ സാമൂഹ്യ വനവത്കരണ വിഭാഗമാണ്. ഇവിടെയുള്ള വന വത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം വകുപ്പ് ഇപ്പോൾ ഗ്രാമ നഗര പ്രദേശങ്ങളിൽ ഹരിത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഇതിനായി 11 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി ഹരിത സമിതികൾ ചേർന്ന് ഓരോ ജില്ലയിലും F.D.A.-കൾ രൂപീകരിക്കാൻ കേരളാ സർക്കാർ അടുത്തിടെ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ വനത്തിന് പുറത്തുള്ള വൃക്ഷ വൽക്കരണ പരിപാടികൾ കൊല്ലം, സാമൂഹ്യ വന വൽക്കരണ വിഭാഗമാണ് നടത്തുന്നത്. 1982 മുതൽ പ്രവർത്തിക്കുന്ന ഈ വിഭാഗം എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ, കുട്ടിവനം, നക്ഷത്ര വനം, ബ്ലോക്ക് പ്ലാന്റിംഗ്, വനമിത്ര അവാർഡുകൾ എന്നിവ നടപ്പിലാക്കുന്നു വനത്തിന് പുറത്തുള്ള സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നത് — ധനസഹായം

സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ തേക്ക്, ചന്ദനം, ആഞ്ഞിലി, മഹാഗണി, പ്ലാവ്, റോസ് വുഡ്, കമ്പകം, കുമ്പിൾ, കുന്നി വാക, തേമ്പാവ് തുടങ്ങിയ 10 ഇനം തൈകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. മുൻ വർഷങ്ങളിൽ നട്ട തൈകൾ അതായത് ഒരു വർഷം മുതൽ രണ്ട് വർഷം വരെ പ്രായമായ തൈകൾക്ക് മാത്രമാണ് പ്രോത്സാഹന ധന സഹായത്തിന് അർഹത. അപേക്ഷകൻ തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ അപേക്ഷയുടെ തീയതി മുതൽ കുറഞ്ഞത് 10 വർഷം വരെ നീണ്ട് നിൽക്കുന്ന ദീർഘകാല പഴക്കമുള്ള ഭൂമിയുടെ പാട്ടക്കാരനോ ആയിരിക്കണം. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കൈവശവകാശ സർട്ടിഫിക്കറ്റ്, പാട്ടകരാർ, സ്കെച്ച്, മറ്റ് രേഖകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പ്രോത്സാഹന ധനസഹായത്തിന് പരിഗണിക്കുന്നത് ഏറ്റവും ചുരുങ്ങിയത് 1 മുതൽ 2 വർഷം വരെ പ്രായമുള്ളതും ആരോഗ്യമുള്ളതുമായ 50 തൈകൾ പരിശോധന സമയത്ത് ഉണ്ടാകണം. പ്രോത്സാഹന ധനസഹായത്തിന്റെ 50% 1-ാം ഗഡുവായി ആദ്യ വർഷവും, ബാക്കി 50% 2-ാം ഗഡുവായി 3-ാം വർഷവും നൽകും. തൈകളുടെ വളർച്ചയും ആരോഗ്യവും കണക്കിലെടുത്താണ് പ്രോത്സാഹന ധനസഹായത്തിന്റെ രണ്ടാം ഗഡുവും (3 വർഷം) അനുവദിക്കുന്നത്.

കാവുകൾക്ക് ധനസഹായം

കാവുകൾ സംരക്ഷിച്ച് പരിപാലിച്ച് വരുന്നതിന് വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം നൽകുന്നത്. ധനസഹായത്തിനായി കാവുടമസ്ഥർ കാവിന്റെ വിസ്തൃതി, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം അപേക്ഷ നൽകണം. തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കാവിന്റെ സംരക്ഷണം, തൈകളുടെ നെയിം ബോർഡ് സ്ഥാപിക്കുക, കുളം, വൃത്തിയാക്കുക, വേലികെട്ടുക തുടങ്ങിയ പ്രവർത്തികൾക്കാണ് ധനസഹായം നൽകുന്നത്. 5 കാവുകൾക്കാണ് ഒര സാമ്പത്തിക വർഷം ധനസഹായം നൽകുന്നത്.

കണ്ടൽക്കാടുകളുടെ സംരക്ഷണം

കടൽതീരങ്ങളും അഴിമുഖങ്ങളിലും കായലോരങ്ങളിലും നില നിൽക്കുന്ന ഒരു സവിശേഷ സസ്യ സമൂഹമാണ് കണ്ടൽക്കാടുകൾ. തീരപ്രദേശത്തെ മഴക്കാടുകളാണ് കണ്ടൽക്കാടുകൾ. സുനാമി, കൊടുങ്കാറ്റ്, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തത്തിൽ നിന്നും തീരപ്രദേശത്തിന് സംരക്ഷണം നൽകുക, മത്സ്യങ്ങൾക്കും മറ്റ് സമുദ്ര ജീവികൾക്കും പ്രജനന താവളമൊരുക്കുക തുടങ്ങിയവയാണ് കണ്ടൽക്കാടുകൾ കൊണ്ട് നമുക്കുള്ള

പ്രയോജനം. അവശേഷിക്കുന്ന കണ്ടലുകളെ സംരക്ഷിക്കുന്നതിനും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമാണ് കണ്ടൽക്കാടുകൾ സംരക്ഷിച്ച് നിലനിർത്തുന്ന സ്വകാര്യ വ്യക്തികൾക്ക് ധനസഹായം നൽകുന്നത്. ഒരു ഏക്കറിന് 4000/- രൂപയാണ് നൽകുന്നത്. ധനസഹായത്തിനായി ഉടമസ്ഥതയിലുള്ള കണ്ടൽ ഭൂമിയുടെ വിസ്തൃതി സർവ്വേ നമ്പർ ലഭ്യമായ കണ്ടൽ ഇനങ്ങളുടെ വിവരങ്ങൾ കൈവശവകാശ രേഖ തുടങ്ങിയ അപേക്ഷയോടൊപ്പം ഹാജരാക്കണം.

വന്യജീവികളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

വന്യജീവികളുടെ ആക്രമണം നിമിത്തം ജീവനോ സ്വത്തിനോ അപകടം സംഭവിച്ചാൽ 75,000/- രൂപ വരെ വനം വകുപ്പ് നഷ്ട പരിഹാരം നൽകുന്നുണ്ട്. ടി നഷ്ട പരിഹാരത്തിനായി വന്യജീവികളുടെ ആക്രമണം ഉണ്ടായി 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നൽകി വരുന്നുണ്ട്. പാമ്പ് കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സാ ചെലവും വനം വകുപ്പ് നൽകി വരുന്നുണ്ട്. ഇത് പരമാവധി 75,000/- രൂപയാണ്. എന്നാൽ സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമായവർക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അപേക്ഷ 1 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ് കൊല്ലം ജില്ലക്കാർ അപേക്ഷ നൽകേണ്ടത്. അക്ഷയ സെന്ററുകൾ വഴി മുകളിൽ പറഞ്ഞ നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കാം.

പട്ടിക 4.4.2

കഴിഞ്ഞ 10 വർഷമായി ജില്ലയിലെ സാമൂഹ്യ വനവത്കരണ വിഭാഗം വിതരണം ചെയ്ത തൈകൾ

ക്രമ നം.	വർഷം	വിതരണം ചെയ്ത തൈകളുടെ എണ്ണം
1	2007-08	184894
2	2008-09	178293
3	2009-10	390643
4	2010-11	600000
5	2011-12	544000
6	2012-13	845000
7	2013-14	847000
8	2014-15	792000
9	2015-16	520000
10	2016-17	570000

അവലംബം ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്

നിലവിലെ പ്രശ്നങ്ങൾ

- വനം കൈയ്യേറ്റം, കാട്ടുതീ, അനധികൃതമായ മണൽ വാരൽ, വന്യ ജീവികളെ വേട്ടയാടൽ തുടങ്ങിയവ.
- കണ്ടൽക്കാടുകളുടെ ശോഷണം
- തടി ലഭ്യതയിലുള്ള കുറവ്.-ജില്ലയിൽ ആവശ്യത്തിനുള്ള തടിയുടെ 50% ത്തിൽ താഴെ മാത്രമെ ലഭ്യമാകുന്നുള്ളൂ.
- അശാസ്ത്രീയമായ വനവിഭവ ശേഖരണം.
- മനുഷ്യ-വന്യജീവി സംഘട്ടനം. പ്രതിരോധ മാർഗ്ഗങ്ങളുടെ അപര്യാപ്തത.

വികസനത്തിനുള്ള നിർദ്ദേശങ്ങൾ

1. നിലവിലുള്ള വനങ്ങൾ നാശത്തിൽ നിന്നും സംരക്ഷിക്കുക, കാട്ടു തീ ഫലപ്രദമായി തടയുക, വനാതിർത്തിയിലുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
2. വനത്തിനുള്ളിൽ മുള, ഈറ്റ മുതലായവ കൂടുതൽ വച്ചു പിടിപ്പിക്കുക, അതുവഴി ഇതുമായി ബന്ധപ്പെട്ട ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടും.

3. വനത്തിനുള്ളിൽ ആനകൾക്കും, കുരങ്ങ്, മറ്റ് മൃഗങ്ങൾ എന്നിവയ്ക്കും മതിയായ ഭക്ഷണവും വെള്ളവും ഉറപ്പ് വരുത്തുക. അതു വഴി വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും ആക്രമണങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കാനും സാധിക്കും.
4. വൻകിട ജലസേചന പദ്ധതികൾ, വൈദ്യുതി ഉൽപ്പാദനത്തിനുള്ള പദ്ധതികൾ എന്നിവ കഴിവതും വനങ്ങളിൽ ഒഴിവാക്കുക.
5. വനോൽപ്പന്നങ്ങളുടെ ഉൽപ്പാദനം കൂട്ടുന്നതിനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനുമുള്ള പദ്ധതികൾആവിഷ്കരിക്കുക.
6. സാമൂഹ്യ വന വൽകരണ വിഭാഗത്തിന്റെ സഹായത്തോടെ Green India Mission-ന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- ഹ്രസ്വകാല ലക്ഷ്യം- നിലവിലുള്ള വന സമ്പത്ത് പൂർണ്ണമായും സംരക്ഷിയ്ക്കുക. വനാതിർത്തികൾ അളന്ന് തിട്ടപ്പെടുത്തി വേർതിരിക്കുക.
- നദികളിലെ മണലെടുപ്പ് പൂർണ്ണമായും നിറുത്തലാക്കുക.
- സോഫ്ട് വുഡ് (വട്ട, അൽബീസിയ, മട്ടി മുതലായവ) തടികളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ആ മേഖലയിൽ നിലവിലുള്ള കുറവ് പരിഹരിക്കുക. ഇതിനായി കർഷകരുടെ പാഴ് ഭൂമി പരമാവധി പ്രയോജനപ്പെടുത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. വനേതര ഭൂമിയിൽ അടുത്ത 5 വർഷത്തിനുള്ളിൽ 250 ഹെക്ടർ സ്ഥലത്ത് വന വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് വൃക്ഷവൽക്കരണ പരിപാടികൾ നടപ്പിലാക്കുക. (സാമൂഹ്യ വനവല്ക്കരണ വിഭാഗം വഴി) ദീർഘകാലാടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലയിലുള്ള 25 ഹെക്ടറിൽ താഴെയുള്ള കണ്ടൽ വനങ്ങളുടെ വിസ്തൃതി 500 ഹെക്ടറായി വർദ്ധിപ്പിക്കുക.
- പ്രക്ഷീണ വനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും വന്യജീവികൾക്ക് ഭക്ഷണവും, ജലവും പൂർണ്ണമായും വനത്തിൽ ലഭ്യമാകുന്ന നടപടികൾ സ്വീകരിക്കുകയും അതുവഴി വന്യജീവികൾ വഴിയുള്ള ആൾനാശം, വിള നാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവ ഇല്ലാതാക്കുക. കൂടാതെ ആനക്കിടങ്ങുകൾ, സോളാർ വേലികൾ, ജൈവ വേലികൾ തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങൾ വനാതിർത്തിയിൽ നിർമ്മിക്കുക.

സംയോജിത പ്രോജക്ടുകൾ

കണ്ടൽ വനവൽക്കരണത്തിനായി ഫിഷറീസ്, ജലസേചനം, റവന്യൂ, സാമൂഹ്യവനവൽക്കരണ വിഭാഗം, മണ്ണ് സംരക്ഷണ വിഭാഗം എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. വിവിധ വകുപ്പുകൾ ഇതിനായി നീക്കി വയ്ക്കുന്ന തുക സാമൂഹ്യ വനവൽരണ വിഭാഗത്തിന് കീഴിലുള്ള വന വികസന ഏജൻസി വഴി ഉപയോഗപ്പെടുത്താവുന്നതാണ്. വികസന പ്രവർത്തനങ്ങൾക്ക് മരങ്ങൾ മുറിയ്ക്കുമ്പോൾ പത്തിരട്ടി മരങ്ങൾ പകരം വച്ച് പിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ കർശനമായി പാലിക്കുക. ഓരോ വർഷവും ഇതിനായി ഒരു നിശ്ചിത തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കി വച്ച് തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കാവുന്നതാണ്.

നൂതന ആശയങ്ങൾ

- നക്ഷത്ര വനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുക.
- കുട്ടി വനങ്ങൾ, ഹെർബൽ ഗാർഡനുകൾ എന്നിവ നടപ്പിലാക്കുക.
- ഔഷധ സസ്യ ഉദ്യാനം, കണ്ടൽ പാർക്ക് വെർട്ടിക്കൽ ഗാർഡനുകൾ എന്നിവ പരമാവധി സ്ഥലത്ത് പ്രാവർത്തികമാക്കുക.

ദുരന്ത നിവാരണം

പ്രകൃതി ദുരന്തങ്ങളും, അപകടങ്ങളും, എപ്പോഴും, എവിടെയും നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. പല ദുരന്തങ്ങളും, പ്രത്യേകിച്ച് പ്രകൃതി ദുരന്തങ്ങൾ മനുഷ്യർക്ക് തടയാൻ സാധ്യമല്ല. എന്നാൽ അവ മൂലമുള്ള അപകടങ്ങളുടെ ആധിക്യം കുറയ്ക്കുന്നതിന് സമയോചിതമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് സാധിക്കും. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ദേശീയ, സംസ്ഥാന, ജില്ലാതലത്തിൽ നിലവിൽ സംവിധാനങ്ങളുണ്ട്. എന്നാൽ കൃത്യസമയത്ത് ഫലപ്രദമായി ടി സംവിധാനങ്ങളെ ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. ദുരന്തങ്ങളെ പ്രകൃതി ദുരന്തങ്ങളെന്നും അപകടങ്ങളെന്നും പൊതുവേയും ആകസ്മികമെന്നും, പ്രതീക്ഷിക്കാവുന്നതെന്നും. പ്രത്യേകിച്ച് തരം തിരിക്കാവുന്നതാണ്. പല പ്രകൃതി ദുരന്തങ്ങളും അതായത് ഭൂകമ്പം, കൊടുങ്കാറ്റ്, സുനാമി, ഉരുൾപൊട്ടൽ, കടലാക്രമണം, പേമാരി എന്നിവയെ നമുക്ക് മുൻകൂട്ടി പ്രതീക്ഷിച്ച് ഒഴിഞ്ഞു പോകാൻ സാധ്യമല്ല. ആകസ്മികമായി ഉണ്ടാകുന്ന ഇത്തരം ദുരന്തങ്ങൾ ദൂഷ്യഫലങ്ങൾ കുറയ്ക്കുവാൻ സമയോചിതമായ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലൂടെ സാധിക്കും. പ്രതീക്ഷിക്കാവുന്ന പല അപകടങ്ങളും, ഉദാ:- വെടിക്കെട്ട്, തീപിടുത്തം, വാഹന അപകടങ്ങൾ, വെള്ളപ്പൊക്കം മുതലായവയെ നമുക്ക് കർശനമായ മുൻകരുതലുകൾ, നിയന്ത്രണങ്ങൾ എന്നിവയിലൂടെ ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്.

ജില്ലയിലെ കിഴക്കൻ മേഖലകളിൽ പ്രത്യേകിച്ച് വനപ്രദേശത്തുള്ള സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും തീരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം, കടലാക്രമണം എന്നിവ വർഷകാലത്ത് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ദുരന്ത നിവാരണത്തിനായി ഫലപ്രദമായ സംവിധാനങ്ങൾ കാലേക്കൂട്ടി അതാത് സ്ഥലങ്ങളിൽ സജ്ജീകരിക്കുന്നതാണ് അഭികാമ്യം. കിഴക്കൻ മേഖലയിലെ ആര്യങ്കാവ്, തെന്മല, പിറവന്തൂർ, പത്തനാപുരം, അഞ്ചൽ, കുളത്തൂപ്പുഴ, അലയമൺ പഞ്ചായത്തുകളിലും പുനലൂർ മുൻസിപ്പാലിറ്റിയിലെ ചില പ്രദേശങ്ങളിലും ഇത്തരത്തിൽ മണ്ണിടിച്ചിലും മരങ്ങൾ പിഴുത് വീണ് ഗതാഗതം തടസ്സപ്പെടുന്ന അവസ്ഥയും ഉരുൾപൊട്ടൽ ഉണ്ടാകാനും സാധ്യത വളരെ കൂടുതലുള്ള പ്രദേശങ്ങളാണ്. ടി സ്ഥലങ്ങളിൽ ഇത്തരം ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിനുള്ള സ്ഥിരം സംവിധാനം ഒരുക്കേണ്ടതാണ്. കൂടാതെ ജില്ലയിലെ പരവൂർ മുതൽ ഓച്ചിറ വരെയുള്ള തീരപ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളപ്പൊക്കവും, കടലാക്രമണവും, രൂക്ഷമാകാൻ സാധ്യതയുള്ള പ്രദേശങ്ങളാണ്. ടി സ്ഥലങ്ങൾ ഉൾപ്പെടുന്ന കൊല്ലം കോർപ്പറേഷൻ, പരവൂർ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റികൾ, ടി പ്രദേശത്തുള്ള പഞ്ചായത്തുകളിൽ കാര്യക്ഷമമായ ദുരന്തനിവാരണ സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ 30 വർഷത്തിനിടയിലെ ജില്ലയിൽ ഉണ്ടായിട്ടുള്ള പ്രധാന ദുരന്തങ്ങൾ പെരുമൺ തീവണ്ടിയപകടം, മലനട വെടിക്കെട്ടപകടം, സുനാമി, പുറ്റിങ്ങൽ വെടിക്കെട്ടപകടം എന്നിവയാണ്. ഒരു വലിയ കൊടുങ്കാറ്റോ, വെള്ളപ്പൊക്കമോ, ഭൂകമ്പമോ ഈ കാലയളവിൽ ജില്ലയിൽ ഉണ്ടായിട്ടില്ല എന്നത് ആശ്വാസകരമാണ്. എന്നിരുന്നാലും ഇത്തരം ദുരന്തങ്ങളെ നാം എന്നും പ്രതീക്ഷിച്ചേ മതിയാകൂ. ആയതിനാൽ മികച്ച രീതിയിലുള്ള ഫലപ്രദമായ ദുരന്തനിവാരണ സംവിധാനങ്ങൾ ഓരോ പ്രദേശത്തും ഒരുക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മാതൃകയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വില്ലേജ് തല ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിക്കുക. ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
2. ഓരോ പഞ്ചായത്തിനും 250-500 ആളുകളെ മാറ്റി പാർപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക /നിലവിലുള്ളത് പരിഷ്കരിക്കുക.
3. ഓരോ പഞ്ചായത്തിലും ആംബുലൻസ് ASKA വിളക്കുകൾ, മരം മുറിക്കുന്നതിനുള്ള ഉപകരണങ്ങൾ, മറ്റ് അത്യാവശ്യ ഉപകരങ്ങൾ എന്നിവ വാങ്ങുകയും ആയത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർസ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ എന്നീവടങ്ങളിൽ ഏൽപ്പിക്കുകയും ചെയ്യുക.
4. ഓരോ പ്രദേശത്തും സന്നദ്ധ സേവകർ, ടൈബൽ പ്രോമോട്ടർമാർ, അംഗനവാടി ജീവനക്കാർ, സർക്കാർ ജീവനക്കാർ, ആശാ വർക്കേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നൽകുക.
5. ഓരോ പഞ്ചായത്തിലും ആവശ്യത്തിന് കിടക്കകൾ ഉള്ള ഒരു ആശുപത്രി എങ്കിലും സജീകരിക്കുക.

6. വാഹന ഗതാഗതം സുഗമമാക്കുന്നതിനുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക.
7. പോലീസ്, ഫോറസ്റ്റ്, ഫയർഫോഴ്സ്, റവന്യൂ, ആരോഗ്യം, മോട്ടോർ വാഹനം, എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉണ്ടാക്കുക.
8. സ്കൂൾ,/കോളേജ് കുട്ടികൾക്ക് ആവശ്യമായ അപകട/ദുരന്ത പ്രതിരോധ നടപടിക്കായി ക്ലാസുകൾ നൽകുക.
9. മികച്ച അഗ്നി പ്രതിരോധ സംവിധാനങ്ങൾ ഉള്ള വീടുകൾ, സ്ഥാപനങ്ങൾ, എന്നിവ നിർമ്മിക്കാനുള്ള കർശന നിർദ്ദേശം കെട്ടിട നിർമ്മാണ അനുമതിയിൽ ഉൾപ്പെടുത്തുക.
10. വനവുമായി അതിർത്തി പങ്കിടുന്ന കിഴക്കൻ മേഖലയിലെ പഞ്ചായത്തുകളിലെ മനുഷ്യ- വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനുള്ള നടപടികൾ.
11. ആന കിടങ്ങ്, സൗരോർജ്ജ വേലികൾ, ജൈവ വേലികൾ എന്നിവ വനാതിർത്തിയിൽ നിർമ്മിക്കുക.
12. വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നാശം/ആൾ നാശം പരിക്ക്, എന്നിവയ്ക്ക് മതിയായ നഷ്ട പരിഹാരം നൽകുക. നഷ്ട പരിഹാരം കാലാനുസൃതമായി വർദ്ധിപ്പിക്കുക.

4.5 വ്യവസായം, വാണിജ്യം, വിവരസാങ്കേതിക വിദ്യ, ഇതര സംസ്ഥാന തൊഴിലാളികൾ

ആമുഖം

ഒരു പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ച് നിശ്ചിത കർമ്മ പദ്ധതികളിലൂടെ കൂടുതൽ വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പ്രക്രിയ പ്രാദേശിക സാമ്പത്തിക വികസനത്തെ സാധ്യമാക്കുന്നു. ഒരു പ്രദേശത്തെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും താഴ്ന്ന വരുമാനക്കാരുടെയും ഉൾപ്പെടെയുള്ളവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് തദ്ദേശീയമായി ലഭ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപയോഗത്തിലൂടെ സാധ്യമാകുന്നതാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും മൗലിക ആവശ്യങ്ങളുടെ പൂർത്തീകരണം, പ്രാദേശിക തൊഴിൽ ലഭ്യത, പാരിസ്ഥിതിക സാമ്പത്തിക മൂല്യങ്ങളുടെ സംയോജനം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിന് വിഭവങ്ങളുടെ മൂല്യവർദ്ധനവ്, നൈപുണ്യവികസന പരിശീലനം, വരുമാനം നിലനിർത്തൽ, പ്രാദേശിക സഹകരണം, സാമൂഹ്യസുരക്ഷാ പദ്ധതികൾ എന്നിവ സാർവത്രികമാക്കണം.

മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിനും പുരോഗതിക്കുമായി ഉപയോഗിക്കുന്ന പ്രകൃതി വിഭവങ്ങൾ പുനരുജ്ജീവിപ്പിച്ചു കൊണ്ടു പോകുക എന്നതാണ് സുസ്ഥിര വികസനത്തിന്റെ അത്യന്തിക ലക്ഷ്യം. ഇതിലേയ്ക്ക് സംഭാവന നൽകുന്ന പ്രധാന ഘടകങ്ങൾ കൃഷി യോഗ്യമായ സ്ഥല ലഭ്യത, ഹരിത ഊർജ്ജ സ്രോതസ്സുകളുടെ വിവേകമായ ഉപയോഗം എന്നിവയാണെന്ന് മനസ്സിലാക്കുവാൻ നമുക്ക് കഴിയും. കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഉത്പാദിപ്പിക്കുന്ന പ്രകൃതി വിഭവങ്ങളുടെ വിശകലനം നടത്തിയാൽ അവയെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ സംരംഭങ്ങൾക്ക് സാധ്യതയുണ്ടോ എന്ന് തിരിച്ചറിയാവുന്നതാണ്. കഴിഞ്ഞ വർഷങ്ങളിൽ ജില്ലയിലെ ആവശ്യകതയ്ക്കനുസൃതമായി ലഭ്യമായിരുന്ന വിഭവങ്ങൾ വരും വർഷങ്ങളിൽ ഇതേ നിരക്കിൽ ലഭ്യമാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ആവശ്യകതയ്ക്കനുസൃതം ലഭ്യമല്ലാതിരുന്ന വിവഭവങ്ങൾ നവീന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ലഭ്യത വർദ്ധിപ്പിക്കാൻ കഴിയുമോ എന്നും പരിശോധിക്കാവുന്നതാണ്. കൂടാതെ പൂർണ്ണമായും മറ്റു സ്ഥലങ്ങളിൽ നിന്നും ലഭിച്ചിരുന്ന വിവഭവങ്ങൾ ഇവിടെ ഉത്പാദനം ആരംഭിക്കുന്നതിന് സാധ്യതയുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

കേന്ദ്ര-സംസ്ഥാന-പ്രാദേശിക പദ്ധതികളുടെ അവലോകനം കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന പ്രാദേശിക പദ്ധതികളുടെ അവലോകനം

(അദ്ധ്യായം -5 കാണുക)

നിലവിലെ അവസ്ഥ

വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവിലെ അവസ്ഥയുടെ വിശദാംശങ്ങൾ ചുവടെയുള്ള പട്ടിക പ്രകാരം നൽകിയിരിക്കുന്നു.

പട്ടിക 4.5.1

വ്യവസായ വകുപ്പിന്റെ ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ഡി.പി. ലൊക്കേഷൻ	ആകെ പ്ലോട്ടുകളുടെ എണ്ണം	നിലവിൽ പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തവ	റിമാർക്സ്
1	മുണ്ടക്കൽ	53	50	3	പ്രവർത്തിക്കാത്ത 1 ഷെഡ് തിരിച്ചു പിടിച്ച് നടപടികൾ പൂർത്തിയാക്കി മറ്റൊരാൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2 എണ്ണം തിരിച്ചു പിടിച്ച നടപടിക്കെതിരെ കോടതി സ്റ്റേ
2	ചാത്തന്നൂർ	1	1	ഇല്ല	.

അവംലബം . വ്യവസായ വകുപ്പ്

പട്ടിക 4.5.2

വ്യവസായ വകുപ്പിന്റെ എസ് സി ഷെഡ് സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ലൊക്കേഷൻ	ആകെ ഷെഡുകളുടെ എണ്ണം	നിലവിൽ പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തവ	റിമാർക്സ്
1	ഉമയനല്ലൂർ	6	5	1	പ്രവർത്തിക്കാത്ത 1 ഷെഡ് തിരിച്ചു പിടിച്ച് നടപടികൾ പൂർത്തിയാക്കി മറ്റൊരാൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

അവംലബം . വ്യവസായ വകുപ്പ്

പട്ടിക 4.5.3

ജില്ലാ പഞ്ചായത്തിന്റെ മിനി വ്യവസായ എസ്റ്റേറ്റ് സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	എസ്റ്റേറ്റ് ലൊക്കേഷൻ	ആകെ ഷെഡുകളുടെ എണ്ണം	നിലവിൽ പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തവ	റിമാർക്സ്
1	നിലമേൽ	8	8	ഇല്ല	
2	തലവൂർ	10	7	3	പ്രവർത്തിക്കാത്ത 3 ഷെഡുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടി നടന്നു വരുന്നു.
3	പിറവന്തൂർ	10	8	2	പ്രവർത്തിക്കാത്ത 1 ഷെഡ് അനുവദിച്ച് നൽകുന്നതിനുള്ള നടപടി നടന്നു വരുന്നു.
4	കരവാളൂർ	8	6	2	പ്രവർത്തിക്കാത്ത 2 ഷെഡുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടി നടന്നു വരുന്നു.
5	പൂയപ്പള്ളി	10	6	4	പ്രവർത്തിക്കാത്ത 2 ഷെഡുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടി നടന്നു വരുന്നു.

അവംലബം . വ്യവസായ വകുപ്പ്

വ്യവസായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം	—	338
പ്രവർത്തന രഹിതമായ/രേഖകൾ ലഭ്യമല്ലാത്ത സംഘങ്ങളുടെ എണ്ണം	—	269
പ്രവർത്തിക്കുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം	—	38
ലിക്വിഡേഷൻ നടപടി നടന്നുകൊണ്ടിരിക്കുന്ന വ്യവസായ സഹകരണസംഘങ്ങളുടെ എണ്ണം	—	23
പ്രവർത്തന രഹിതമായ എസ് സി വ്യവസായ സഹകരണസംഘങ്ങളുടെ എണ്ണം	—	13
പ്രവർത്തിക്കുന്ന എസ് സി വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം	—	5

കൈത്തറി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

പ്രവർത്തിക്കുന്ന ജനറൽ കൈത്തറി സഹകരണ സംഘങ്ങളുടെ എണ്ണം	—	22
പ്രവർത്തിക്കുന്ന എസ് സി കൈത്തറി സഹകരണ സംഘങ്ങളുടെ എണ്ണം	—	4
പ്രവർത്തിക്കുന്ന എസ് ടി കൈത്തറി സഹകരണ സംഘങ്ങളുടെ എണ്ണം	—	1
പ്രവർത്തന രഹിതമായ കൈത്തറി സഹകരണ സംഘങ്ങളുടെ എണ്ണം	—	7
ലിക്വിഡേഷൻ നടപടി നടന്നു കൊണ്ടിരിക്കുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം	—	14

കയർ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

ആകെ എണ്ണം	159
പ്രവർത്തിക്കുന്നത്	73
പ്രവർത്തന രഹിതമായത്	38
പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പുതിയ സംഘങ്ങൾ	10
പൂർണ തോതിൽ പ്രവർത്തിക്കാത്ത സംഘങ്ങൾ	6
ലിക്വിഡേഷൻ നടപടി നടന്നുകൊണ്ടിരിക്കുന്നവ	32

മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കൊല്ലം ജില്ല കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് വ്യാവസായികമായി ഏറെ മുന്നിൽ നിലനിന്നിരുന്നതാണ്. എന്നാൽ ആധുനികത സാങ്കേതിക വിദ്യയുടെ അഭാവത്തിൽ മുൻനിര സ്ഥാപനങ്ങൾ പലതും ഇല്ലാതായിട്ടുണ്ട്. ഉദാ: അലിന്റ്, പുനലൂർ പേപ്പർമിൽ, സ്റ്റാർച്ച് ഫാക്ടറി, പ്രിമോ പൈപ്പ്, ട്രാവൻകൂർ പ്ലൈവുഡ് തുടങ്ങിയവ. മേൽപ്പറഞ്ഞ വ്യവസായ സ്ഥാപനങ്ങളെല്ലാംതന്നെ പുനരുദ്ധാരണ സാധ്യത യില്ലാത്തതരത്തിൽ നിലകൊള്ളുകയാണ്. ഇവയിൽ അലിന്റ് പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനായി സോമാനിയ ഗ്രൂപ്പ് ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും വർഷങ്ങൾക്കു ശേഷവും പുരോഗമനം ഒന്നും തന്നെ ഉണ്ടായിട്ടില്ല. പുനലൂർ പേപ്പർമിൽ സ്വകാര്യ കമ്പനി ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും ഉത്പാദന പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രീമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലം കേരള കൺസ്ട്രക്ഷൻ അക്കാഡമിയും ട്രാവൻകൂർ പ്ലൈവുഡിന്റെ സ്ഥലം കിൻഫ്രയുടെ വ്യവസായ പാർക്കും ആരംഭിക്കുന്നതിനായി സർക്കാർ ഏറ്റെടുത്തു. കിൻഫ്രയുടെ പാർക്ക് നിർമ്മാണം പൂർത്തീകരിച്ച് 2 വർഷം പിന്നിട്ടുണ്ടെങ്കിലും ഇതുവരെയും ആവശ്യക്കാർക്ക് നൽകിയിട്ടില്ല. മേൽപ്പറഞ്ഞ വൻകിട വ്യവസായങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ സാങ്കേതികമായ പല പ്രശ്നങ്ങളും കാരണം ഇല്ലാതായതുമാണ്. ഇത്തരത്തിൽ വൻകിട വ്യവസായങ്ങളുടെ വളർച്ചയും നിലനിൽപ്പും ഇല്ലാതായത്, ചെറുകിട വ്യവസായങ്ങളുടെ വരവിനെയും അസാധ്യമാക്കി. ചെറുകിട വ്യവസായ മേഖലയ്ക്ക് ത്വരിതഗതിയിൽ വളർച്ച ഉണ്ടാകുന്നതിന് വൻകിട വ്യവസായ മേഖലയുടെ സാന്നിദ്ധ്യം വളരെ അത്യാവശ്യമാണ്. കൊല്ലം ജില്ലയുടെ ഏറ്റവും ശക്തിമത്തായ വ്യവസായമായ കശുവണ്ടി മേഖലയുടെ സ്ഥിതിയും മറിച്ചല്ല. അന്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത്, ജില്ലയിൽ പ്രോസസ് ചെയ്ത പരിപ്പ് കയറ്റി അയച്ചിരുന്ന വ്യവസായം ഇന്ന് മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും കയ്യടക്കിയിരിക്കുന്നു. അസംസ്കൃവസ്തുക്കളുടെ ലഭ്യതക്കുറവ്, മറ്റിടങ്ങളിലെ കൂലിക്കുറവ്, യന്ത്രവത്കരണത്തിന്റെ വരവ് എന്നിവയാണ് പരമ്പരാഗത ശൈലിയിൽ നടത്തിയിരുന്ന വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായത്. പൂർണ്ണമായും യന്ത്രവത്കരണം ചെയ്ത ചില യൂണിറ്റുകൾ മാത്രമാണ് നഷ്ടംകൂടാതെ നിലവിൽ പ്രവർത്തിക്കുന്നത്.

മറ്റൊരു പ്രധാന മേഖല ഫിഷറീസ് ആണ്. ഇതിൽ നിലവിലുള്ള തരത്തിൽ സമുദ്രോല്പന്നങ്ങൾ വൃത്തിയാക്കിയശേഷം അതേ രൂപത്തിൽ കയറ്റുമതി ചെയ്ത വിടുന്നു എന്നതാണ് അനുവർത്തിച്ചുവരുന്നത്. ഇവയുടെ പല തരത്തിലുള്ള മൂല്യവർദ്ധനവിന് സാദ്ധ്യത ഉണ്ട്. എന്നാൽ വലിയ മുതൽ മുടക്കും (15 കോടി - 100 കോടി) സ്ഥലവും ആവശ്യമുള്ളതായതിനാൽ പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നതിന് തടസ്സമാകുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനവും പ്രതിബന്ധമാകുന്നു. ഏറെ വ്യവസായ സാധ്യതകൾ ഒളിഞ്ഞുകിടക്കുന്ന ജില്ലയാണ് കൊല്ലം. ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളേയും ഒറ്റ യൂണിറ്റായി കണ്ടു കൊണ്ട് വരുന്ന 15 വർഷത്തേയ്ക്ക് നടപ്പിലാക്കേണ്ട ഒരു സമഗ്ര ബഹുമുഖ പദ്ധതി കൊല്ലം ജില്ലാ ഭരണകൂടം ലക്ഷ്യമിടുന്നു.

വ്യവസായത്തിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഭൂമിയുടെ ലഭ്യതക്കുറവ്, വിദഗ്ധരായ തൊഴിലാളികളുടെ അഭാവം, വിപണി കണ്ടെത്തൽ, കുറഞ്ഞ പലിശ നിരക്കിൽ മൂലധനം കണ്ടെത്തൽ തുടങ്ങിയവ കൂടി പരിഹരിക്കപ്പെടേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പൊതുവേ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകൽ, വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, സ്വയം തൊഴിൽ എന്ന നിലയ്ക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ തുടങ്ങിയവയിൽ ഒതുങ്ങിനിൽക്കുന്നു. ഗ്രൂപ്പ് സംരംഭങ്ങൾ പൊതുവെ ദീർഘകാലം പ്രവർത്തിപ്പിച്ചു കൊണ്ടുപോകുന്നതായി കാണുന്നില്ല. ഇതിന് കാരണമായി ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട

മേഖലകളിൽ അവശ്യം വേണ്ട നിപുണത ഇല്ലാത്തതും സംരംഭമായി നടത്തിക്കൊണ്ടുപോകുന്നതിന് വേണ്ടുന്ന മാനേജീരിയൽ അനുഭവജ്ഞാനത്തിന്റെ അഭാവവും ആണെന്ന് തിരിച്ചറിയാൻ കഴിയും.

5. പരിഹാരമാർഗങ്ങൾ

1) പുതിയവ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ
2) നൈപുണ്യപരിശീലനം കേന്ദ്രങ്ങൾ സ്ഥാപിക്കൽ
3) മെച്ചപ്പെട്ടവിപണി സൗകര്യങ്ങൾ
4) കുറഞ്ഞപലിശനിരക്കിൽ മൂലധന ലഭ്യത ഉറപ്പുവരുത്തുന്ന മെച്ചപ്പെട്ട ബാങ്കിംഗ് സൗകര്യങ്ങൾ.
5) ഇതിനുപരിഹാരമായി ജില്ലയിൽ തന്നെ ഗ്രൂപ്പുകൾക്ക് വേണ്ടുന്ന വ്യത്യസ്ത പരിശീലന പരിപാടികൾ സ്ഥിരമായി നടത്തിക്കൊണ്ടുപോകുന്ന നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിക്കുകയെന്നതാണ്.
6) കൂടാതെ സംരംഭങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ/ പ്ലോട്ടുകൾ യാഥാർഥ്യമാക്കേണ്ടിയിരിക്കുന്നു.
7) ഗ്രൂപ്പുകൾക്ക് പ്രത്യേക മേഖലകൾ തിരിച്ചറിഞ്ഞു ആവശ്യമായ നൈപുണ്യവികസന പരിശീലനം നൽകുകയും അതേ മേഖലയിൽ സംരംഭം തുടങ്ങുന്നതിന് ധനസഹായം നൽകുകയും ചെയ്യുന്നത് അഭികാമ്യമാണ്.
8) ഈ മേഖലയിലെ വിപണി സാധ്യത കൂടി മുന്നിൽ കണ്ട് ഉൽപ്പന്നങ്ങൾക്ക് പാക്കേജിങ് ബ്രാന്റിംഗ് തുടങ്ങിയവയ്ക്കുള്ള സാധ്യതയും ആരായാവുന്നതാണ്.

കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ, അവയുടെ നിക്ഷേപം (ലക്ഷം രൂപയിൽ) തൊഴിലാളികളുടെ എണ്ണം തുടങ്ങിയവ ഇതോടൊപ്പമുള്ള ചിത്രങ്ങളിൽ കാണും പ്രകാരമാണ്.

ചിത്രം 4.5.1

തൊഴിലാളികളുടെ എണ്ണം



അവംലംബം - വ്യവസായ വകുപ്പ്

ചിത്രം 4.5.2 നിക്ഷേപം



അവംലംബം – വ്യവസായ വകുപ്പ്

ചിത്രം 4.5.3

തൊഴിൽ



അവലംബം – വ്യവസായ വകുപ്പ്

ചിത്രം 4.5.4 മേഖല തിരിച്ചുള്ള യൂണിറ്റുകൾ



അവലംബം – വ്യവസായ വകുപ്പ്

ചിത്രം 4.5.5

ജില്ലയിലെ വ്യവസായ സംരംഭങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പുരോഗതി



അവലംബം - വ്യവസായ വകുപ്പ്

മാറി മാറി വരുന്ന സാമ്പത്തിക സാഹചര്യത്തിൽ ഒരു മേഖലയ്ക്കും തനിച്ചായി നിലനിൽപ്പില്ലാത്ത സാഹചര്യമാണുള്ളത്. പരസ്പര പൂരകമായി വർത്തിച്ചെങ്കിൽ മാത്രമേ ഈ മത്സര കാലഘട്ടത്തെ അതിജീവിക്കാൻ കഴിയൂ. ആയതിനാൽ പ്രകൃതിയ്ക്കും, പ്രകൃതി വിഭവങ്ങൾക്കും പരിസ്ഥിതിയ്ക്കും അനുയോജ്യമായ തരത്തിലുള്ള പദ്ധതി നിർദ്ദേശങ്ങളാണ് അവതരിപ്പിക്കുന്നത്.

ഇതിലേയ്ക്ക് ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, വാർത്താ വിനിമയം, വൈദ്യുതി, കൃഷി തുടങ്ങി എല്ലാ മേഖലകളുടേയും പ്രവർത്തനങ്ങളെ സമന്വയിപ്പിക്കാവുന്നതാണ്.

ആരോഗ്യമേഖല:- ഒരു നാടിന്റെ ഏറ്റവും വലിയ സമ്പത്താണ് ആരോഗ്യമുള്ള ജനസമൂഹം. 2030 ആകുമ്പോഴേയ്ക്കും ജില്ലയിൽ ആരോഗ്യ രംഗത്ത് കൂടുതൽ നേട്ടം കൈവരിക്കാനുതകുന്ന പാക്കേജുകൾ നടപ്പിൽ വരുത്താനും ഇൻഷ്വറൻസ് പരിരക്ഷ ഈ രംഗത്ത് പൂർണ്ണമായി നടപ്പാക്കണം. പകർച്ച വ്യാധികളും ശിശുമരണവും ഇല്ലാത്തതും ആയുർദൈർഘ്യമുള്ളതുമായ ജില്ലയായി കൊല്ലം മാറണം.

വിദ്യാഭ്യാസ മേഖല:- 2030 ആകുമ്പോഴേക്കും ജില്ലയിൽ 12-ാം ക്ലാസ്സിന് ശേഷമുള്ള കൊഴിഞ്ഞ് പോക്ക് പൂർണ്ണമായും ഇല്ലാതാകണം. ജില്ലയിൽ സ്കിൽഡ്/അൺസ്കിൽഡ് പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒന്നെങ്കിലും ആരംഭിക്കണം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം. പരിശീലന കേന്ദ്രങ്ങളിൽ നിന്ന് നൈപുണ്യം നേടിയെടുത്തവരെ കാർഷിക/വ്യവസായിക മേഖലയിലേയ്ക്ക് റിക്രൂട്ട് ചെയ്യാവുന്നതാണ്.

കാർഷികമേഖല

അഞ്ചൽ, പത്തനാപുരം, ശാസ്താംകോട്ട, ചടയമംഗലം എന്നീ ബ്ലോക്ക് പ്രദേശങ്ങളിലാണ് മരച്ചീനി കൂടുതലായി ലഭിക്കുന്നത്. ഇവിടങ്ങളിൽ മരച്ചീനി അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്ക് നല്ല സാദ്ധ്യതയാണുള്ളത്. മരച്ചീനിയുടെ ലഭ്യത ഉപഭോഗത്തിനേക്കാളും അധികരിച്ച നിൽക്കുന്നത് ഇതിന് അനുകൂലമായ ഒരു ഘടകമാണ്. മരച്ചീനി ഉണക്കിപ്പൊടിച്ച് ഗോതമ്പ് മാവിന് പകരമായി വിവിധ രാജ്യങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. മഞ്ഞൾ പൊടിയും മരച്ചീനിപ്പൊടിയും ചേർത്തുള്ള പലഹാരങ്ങൾക്ക് നല്ല സാദ്ധ്യത നിലനിൽക്കുന്നുണ്ട്.മരച്ചീനിയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കണ്ടെത്തി സംരംഭങ്ങൾ സ്ഥാപിക്കാവുന്നതാണ്.

കൂടാതെ ഏത്തപ്പഴം, നാളീകേരം തുടങ്ങിയവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് അവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്കും സാധ്യതയുണ്ട്. ഉയർന്ന ഉത്പാദന ശേഷിയുള്ള പുതിയ ഇനം തെങ്ങിൻ തൈകൾ വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്.

ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉതപ്ന്നങ്ങൾക്ക് ഗണ്യമായ വിപണി ലഭ്യമാണ്. ഇതുപയോഗപ്പെടുത്തുന്നതിനുള്ള ആധുനിക ഉത്പാദന/സംഭരണ സങ്കേതങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്താവുന്നതാണ്.

പച്ചക്കറികളും മറ്റു പഴങ്ങളും കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് തീവ്രയജ്ഞം നടപ്പാക്കാവുന്നതാണ്. ബയോ ടെക്നോളജിയിലെ പുതിയ രീതികളായ വെർട്ടിക്കൽ ഫാർമിംഗ്, ഹൈഡ്രോപോണിക്സ്, തുടങ്ങിയവയും നടപ്പാക്കുന്നതിന് ധന സഹായം നൽകാവുന്നതാണ്. ജൈവ കൃഷി രീതികളും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പൊതു സ്ഥലങ്ങളിലൊക്കെ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കാവുന്നതാണ്. ചവറ, ഓച്ചിറ എന്നീ ബ്ലോക്കുകളിൽ മാങ്ങയുടെ ലഭ്യത കൂടുതലായുണ്ട്. നേന്ത്രപ്പഴം ജില്ലയിലുടനീളം ലഭ്യമാണ്. ഇത്തരം ഫലങ്ങൾ കാര്യക്ഷമമായി വിപണിയിലെത്തിക്കുന്നതിന് ആധുനിക കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നത് നേട്ടമാകുന്നതാണ്.

ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സംയുക്ത മത്സ്യ-കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനായി യോജിച്ച കുളങ്ങളും പാടങ്ങളും ഉപയോഗിക്കാവുന്നതാണ്. കടൽ മത്സ്യങ്ങളുടെ ലഭ്യതക്കനുസരിച്ച് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾക്ക് വിപണനം നടത്താൻ കഴിയുന്നതാണ്.

ധാതു വിഭവങ്ങൾ:- തീരപ്രദേശത്ത് ലഭ്യമാകുന്ന ധാതുമണൽ ഏറ്റവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്. കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സ്ഥാനീയ ലഭ്യതയും ഉപയോഗവും തമ്മിൽ കാര്യമായ അന്തരം ഉള്ളതുകൊണ്ടു പുതിയതും പകരം ഉപയോഗിക്കാവുന്നതുമായ വസ്തുക്കൾ കണ്ടെത്തി ഉപയോഗപ്പെടുത്താവുന്നതാണ്. തടിയുൾപ്പെടെയുള്ള

വിഭവങ്ങൾ ഘട്ടം ഘട്ടമായി നിയന്ത്രിച്ച കൊണ്ടു വരുന്നതും പകരം വസ്തുക്കൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ജല വിഭവ മാനേജ്മെന്റ്:- മഴവെള്ളം സംഭരിക്കുന്നത് സാർവ്വത്രികമാക്കാവുന്നതാണ് ഉപയോഗരഹിതമായിക്കിടക്കുന്ന കുളങ്ങളും, കിണറുകളും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുകയും വേണം. കൃഷി ആവശ്യത്തിനായി ജലം ഉപയോഗിക്കുന്നത് കാര്യക്ഷമമായ രീതികൾ അവലംബിച്ച കൊണ്ടു വേണം.

മാലിന്യങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റ്:- മാലിന്യ സ്രോതസ്സുകളിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനായി നവീന സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്. മാലിന്യത്തിൽ നിന്നും ഊർജ്ജം ലഭിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പുനരുപയോഗം ചെയ്യാവുന്നതാണെങ്കിൽ അതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ ഗണ്യമായ പങ്ക് നിർവ്വഹിക്കാൻ കഴിയുന്നതാണ്.

കൂടാതെ, ഉത്പാദന പ്രക്രിയയിലും ഗാർഹിക ആവശ്യങ്ങൾക്കും പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ വിവേക പൂർണ്ണമായി ഉപയോഗപ്പെടുത്താവുന്നതാണ്.

വികസന പരിപ്രേക്ഷ്യം

- കൊല്ലം ജില്ലയിൽ ലഭ്യമാകുന്ന വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി 2022 നകം 50 ഇടത്തരം, 600 ചെറുകിട, 3500 സൂക്ഷ്മ, 5000 നാനോ സംരംഭങ്ങൾ എന്നിവ ആരംഭിക്കും ഇതുവഴി 34000 തൊഴിലവസരങ്ങളും 86000ലക്ഷംരൂപാ മൂലധന നിക്ഷേപവും ഉണ്ടാകും.
- 2032 നകം 200 ഇടത്തരം, 2000 ചെറുകിട, 12,000 സൂക്ഷ്മ, 20,000 നാനോ സംരംഭങ്ങൾ എന്നിവ ആരംഭിക്കാൻകഴിയുന്നതാണ്. ഇതുവഴി 120000 തൊഴിലവസരങ്ങളും 250000 ലക്ഷം രൂപ മൂലധന നിക്ഷേപവും ഉണ്ടാകും.
- കൂടാതെ എല്ലാ താലൂക്കുകളിലുംവ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് 50 ഏക്കറുകൾ വീതം ഏറ്റെടുത്തു വികസിപ്പിക്കുക.

വികസന വിടവ്

ഇടത്തരം, ചെറുകിട, സൂക്ഷ്മ, നാനോ സംരംഭങ്ങൾ പ്രതിവർഷം കൂടുതലായി ആരംഭിച്ചെങ്കിൽ മാത്രമേ മേൽ വിവരിച്ച ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ.

വികസന വിടവ് എങ്ങനെ നികത്താം

ചെറുകിട സൂക്ഷ്മ നാനോ സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുന്നതിന് വ്യക്തികൾക്കും നിലവിലുള്ള സ്ഥാപനങ്ങൾക്കും ഈ മേഖലയിൽ പുതുതായി കടന്നുവരുന്നവർക്കുംകൂടുതൽ പ്രോത്സാഹനം നൽകേണ്ടതുണ്ട്. നിക്ഷേപ സബ്സിഡി, കുറഞ്ഞ പലിശനിരക്ക്, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ടതും ലഘൂകരിച്ചതുമായ ലൈസൻസിംഗ് സംവിധാനങ്ങൾ തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. ചെറുകിട യുണിറ്റുകൾ കൂടുതൽ കൊണ്ടുവരുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രോജക്റ്റുകൾ നടപ്പാക്കെണ്ടിയിരിക്കുന്നു.

സംയോജിത പ്രോജക്ടുകൾ

കാർഷികമേഖലയുമായി ചേർന്നുള്ള പ്രോജക്ടുകൾ

1) മരച്ചീനി അധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ
2) ചക്ക അധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ
3) നേന്ത്രപ്പഴം അധിഷ്ഠിത ഉത്പന്നങ്ങളുടെ സംരംഭങ്ങൾ

4) ഇഞ്ചി അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾ
5) കശുമാങ്ങ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾ
6) മാങ്ങാ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾ
7) കൃഷി ഉപകരണങ്ങളുടെ നിർമ്മാണം നടത്തുന്ന സംരംഭങ്ങൾ
8) ജൈവ വളം/കീടനാശിനി നിർമ്മാണ സംരംഭങ്ങൾ
9) കാർഷിക വിളകൾക്ക് വേണ്ടുന്ന പോഷകങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ
10) മെച്ചപ്പെട്ട ജലസേചന ഉപകരണങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ
11) വെയർഹൗസിങ് /കോൾഡ്ചെയിൻ

മത്സ്യമേഖലയുമായി സംയോജിച്ചുള്ള സംരംഭങ്ങൾ

1) കോഴിത്തീറ്റ നിർമ്മാണം
2) മത്സ്യ സംസ്കരണം
3) മത്സ്യബന്ധന ബോട്ട് നിർമ്മാണം
4) മത്സ്യബന്ധനത്തിന് ആവശ്യമുള്ള നാവിഗേഷൻ/ ആശയവിനിമയ ഉപകരണങ്ങളുടെ നിർമ്മാണം
5) മത്സ്യബന്ധന വലകളുടെ നിർമ്മാണം, ഫ്ലോട്ടുകളുടെ/ വെയിറ്റുകളുടെ നിർമ്മാണം തുടങ്ങിയവ

ഗ്രാമ പഞ്ചായത്തുകൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

1) ജില്ലയിലെ മൂന്ന് ഹൈവേകളായ കൊല്ലം-തേനി, കൊല്ലം-തിരുമംഗലം, ദേശീയ ഹൈവേ-66 എന്നിവയുടെ വികസനത്തിനായി അപ്രോച്ച് റോഡുൾപ്പെടെയുള്ള സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തുക.
2) ജലപാത വികസനത്തിന് വേഗം കൂട്ടുന്നതിന് സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. കൊല്ലം തോട് കൊല്ലം പോർട്ടുമായി ബന്ധിപ്പിക്കുന്നതിന് ലിങ്ക് കനാൽ നിർമ്മിക്കാവുന്നതാണ്.
3) അംഗീകരിക്കപ്പെട്ട ലാന്റ് യൂസ് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വ്യവസായ മേഖലകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതാണ്.
4) വീടുകളോട് ചേർന്ന് പ്രവർത്തിക്കുന്നതും 5 എച്ച്.പി.വരെ യന്ത്ര ശക്തിയുള്ളതും 5 ലക്ഷം രൂപ വരെ സ്ഥിരനിക്ഷേപവുമുള്ള വൈറ്റ്, ഗ്രീൻ കാറ്റഗറിയിലുള്ള ഉത്പാദന സംരംഭങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിരുപാധികം പ്രവർത്തനാനുമതി ലഭിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടതാണ്.
5) ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് പൊതു വിപണന എംപോറിയം/കോംപ്ലക്സ് സ്ഥാപിക്കുന്നത് ചെറുകിട സംരംഭങ്ങൾക്ക് കരുത്താവുന്നതാണ്.
6) വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഖാദി, കൈത്തറി ഹാൻറിക്രാഫ്റ്റ്, സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കേണ്ടതാണ്.
7) ജില്ലയിൽ നിർമ്മിക്കുന്ന ഉല്പന്ന്ങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം സ്ഥാപിക്കേണ്ടിയിരിക്കുന്നു.
8) ഗ്രാമപഞ്ചാത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വ്യവസായ വകുപ്പ് എന്നിവ ചേർന്ന് നിർവ്വഹിച്ച് നടപ്പാക്കേണ്ട സംയോജിത പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ഉദാഹരണം: ഭക്ഷ്യ വ്യവസായ പാർക്കുകൾ.
9) സംരംഭങ്ങൾ നടത്തികൊണ്ട് പോകുന്നവർക്ക് വിപണനം, ഫണ്ടിംഗ്, പുതിയ സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ റിഫ്രഷർ ട്രെയിനിംഗ് നൽകുന്നത് സംരംഭങ്ങളുടെ ആയുസ്സ് ദീർഘിപ്പിക്കുന്നതിന് അനിവാര്യമാണ്.
10) വിദ്യാർത്ഥികൾക്ക് സംരംഭകത്വ ശീലം വളർത്തുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഹാജർ കൂടാതെ ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സമൂഹത്തിൽ സംരംഭകത്വ ശീലം വളർത്താൻ സഹായിക്കുന്നതാണ്.
11) 2 ലക്ഷം കശുമാവിൻ തൈകൾ ഓരോ വർഷവും ജില്ലയിൽ വിതരണം ചെയ്യുന്ന നിലയ്ക്ക്, 5 വർഷങ്ങൾക്ക് ശേഷം 10 ലക്ഷം കശുമാവുകളിൽ നിന്ന് വിളവ് ലഭിക്കുന്നതാണ്. കശുമാവിന്റെ പഴത്തിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

12) ചവറ കെ.എം.എം.എൽ-ൽ നിന്നും ഉത്പാദനത്തിന് ശേഷം ഉപയോഗ ശൂന്യമായി ലഭിക്കുന്ന മണ്ണിൽ നിന്നും നിർമ്മിക്കാവുന്ന ഉത്പന്നങ്ങൾ കണ്ടെത്തി യോജിച്ച ഉത്പാദനശാല സ്ഥാപിക്കാവുന്നതാണ്.
13) കൂടാതെ ചവറ ചിറ്റൂർ പ്രദേശത്ത് സ്ഥലം എറ്റെടുത്ത് വ്യവസായ പ്ലോട്ടുകൾ വികസിപ്പിക്കാവുന്നതാണ്.
14) ചകിരി നാരിൽ നിന്നും അലങ്കാര/കൈത്തൊഴിൽ ഉല്പന്നങ്ങൾ ചെയ്യുന്ന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിനായി പച്ച തൊണ്ടിൽ നിന്നും നാര് വേർതിരിക്കുന്ന ഡീഫൈബറിംഗ് മിൽ സ്ഥാപിക്കാവുന്നതാണ്.
15) ഭൂജല സംരക്ഷണത്തിനായി എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) പഴവർഗ്ഗങ്ങൾ നിർജലീകരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം നടത്തുക
2) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് റബറിൽ നിന്നും റബർ തടിയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ
3) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് തെങ്ങിൽ നിന്നുള്ള വിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ
4) പട്ടികജാതി വർഗ്ഗ സഹകരണ സംഘങ്ങളുടെ പുന:രുദ്ധാരണം ഉപാധികളില്ലാതെ ഏറ്റെടുക്കാൻ പുതിയ പദ്ധതി.
5) സർവ്വീസ് സഹകരണ ബാങ്കുകളുടെ മൂലധന നിക്ഷേപം സ്വീകരിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാനുള്ള സംവിധാനം
6) സഹകരണ സംഘങ്ങളുടെ സഹായത്തോടെ ചെറുകിട സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സംവിധാനം
7) കയർ മേഖലയുടെ പ്രോത്സാഹനത്തിനായി തൊണ്ട് സംഭരണത്തിനുള്ള ആധുനിക സംവിധാനം
8) കയർ പിത്ത് അടിസ്ഥിത വ്യവസായ യൂണിറ്റ്.
9) കൈത്തറി ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി മൂല്യം ലഭിക്കുന്നതിന് ഡിസൈനിംഗ് ഡൈയിംഗ് എന്നീ സൗകര്യങ്ങളോട് കൂടിയ കോമൺ ഫെസിലിറ്റി സെന്റർ ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.
10) ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമാണത്തിനുള്ള ബൃഹത് പദ്ധതി.
11) എഞ്ചിനീയറിംഗ് വിദ്യാർഥികളുടെ സഹകരണത്തോടെ കുറഞ്ഞ ചെലവിൽ പാർപ്പിട നിർമാണത്തിനായി ഒരു സ്ഥിരം സംവിധാനം. ഇതിനാവശ്യമായ നിർമാണ ഘടകങ്ങൾ നിർമിക്കുന്ന ചെറുകിട സംരംഭങ്ങൾ ജില്ലയിൽ പൊതുമേഖലാ സ്ഥാപനം സ്ഥാപിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) ചകിരിയിൽ നിന്നുള്ള കരകൗശല ഉല്പന്നങ്ങൾക്കായുള്ള സംരംഭം.
2) കരകൗശല ഉത്പന്നങ്ങൾ ചെയ്യുന്ന യൂണിറ്റുകൾ.
3) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ
4) തഴപ്പായ, തഴയിൽ നിന്നുള്ള കരകൗശല ഉത്പന്നങ്ങൾ എന്നിവയ്ക്കുള്ള ഉത്പാദന വിപണന സഹായം

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) മത്സ്യബന്ധന വലകൾ നിർമാണ യൂണിറ്റുകൾ
2) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കയർ, മത്സ്യബന്ധനം, വന വിഭവങ്ങൾ, കൈത്തറി തുടങ്ങിയ മേഖലകൾക്ക് സാധ്യതയേറെയാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾ.
3) കൊല്ലം ജില്ലയുടെ പാരമ്പര്യ വ്യവസായമായ കയർ മേഖലയിൽ ധാരാളം സാധ്യതകൾ ഉണ്ട്. ഉദാ: കയർ ഭൂവസ്ത്രം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലുമുള്ള മണ്ണ് സംരംക്ഷണനിർമ്മാണ പ്രവർത്തനങ്ങൾക്കായി കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടത്തണം എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി 120 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾക്കായി പഞ്ചായത്തുകൾ എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കയർ ഭൂവസ്ത്ര നിർമ്മാണ യൂണിറ്റുകൾ നിലവിലില്ല. ഇത്തരം യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിനായി ശ്രമം നടത്തേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) കൊല്ലം ജില്ലയിലെ പത്തനാപുരം കേന്ദ്രമായി റബ്ബർ ലഭ്യതയുള്ളതിനാൽ ടി അസംസ്കൃത വസ്തുക്കളുപയോഗിച്ച് റബ്ബർ ആട്ടോമൊബൈൽ പാർട്ട്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്. ഇതിനുള്ള ഒരു റബ്ബർ മിക്സിംഗ് മിൽ, ടെസ്റ്റിംഗ് സെന്റർ, ലാബ് എന്നിവ അടങ്ങുന്ന കോമൺ ഫെസിലിറ്റി സെന്റർ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കാവുന്നതാണ്. സി.എഫ്.സി കേന്ദ്രീകരിച്ച് മറ്റ് ചെറുകിട യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.റബ്ബർ ബോർഡിൽ നിന്നും ഇതിനുള്ള സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാകുന്നതാണ്.
2) ഓയിൽ പാം ഇന്ത്യയുടെ പ്രൊസസ്സിംഗ് പ്ലാൻറിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം എണ്ണക്കുരുവിന്റെ പരിപ്പിൽ നിന്നും എണ്ണ ഉത്പാദിപ്പിക്കുന്ന പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കാവുന്നതാണ്.
3) ജില്ലയിൽ സാധ്യതയുള്ള മറ്റൊരു വ്യവസായമാണ് ജനറൽ എഞ്ചിനീയറിംഗ്. നിലവിൽ സാങ്കേതിക ജ്ഞാനം അധിഷ്ഠിതമായ എഞ്ചിനീയറിംഗ് നിർമ്മാണ യൂണിറ്റുകൾ വളരെ കുറവാണ്. ഗേറ്റ്, ഗ്രിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ നിർമ്മാണം മാത്രം നടത്തുന്ന യൂണിറ്റുകളാണ് അധികവും. ഇവയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ ഐ.എസ്.ആർ.ഒ, റെയിൽവേ, തുടങ്ങിയ വൻകിട സ്ഥാപനങ്ങൾക്കായി ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുകയാണെങ്കിൽ വിപണനത്തിനായി ബുദ്ധിമുട്ടേണ്ടതില്ല.
4) എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇൻക്യുബേഷൻ സെന്റർ
5) നിലവിൽ എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്ക്, പഠനസമയത്തുതന്നെ ഇത്തരം അവബോധവും പ്രായോഗിക പരിശീലനവും നൽകുകയാണെങ്കിൽ പഠനം കഴിഞ്ഞാൽ മറ്റ് ജോലി തേടി വിദേശ രാജ്യങ്ങളിൽ പോകാതെ, സ്വന്തം നാട്ടിൽ തൊഴിൽ കണ്ടെത്താനും കൂടാതെ മറ്റുള്ളവർക്ക് തൊഴിൽ നൽകാനും സാധിക്കും. വിദ്യാർത്ഥികളെ ഇതിനായി സജ്ജരാക്കുന്നതിലേക്ക് ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ട് വിനിയോഗിച്ച് സ്കിൽ അപ്ഗ്രഡേഷൻ സെന്ററുകൾ/ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്. ടി സെന്ററുകളുടെ നടത്തിപ്പ് ജില്ലയിലെ വിജയിച്ച എഞ്ചിനീയറിംഗ് സംരംഭകരുടെ കൂട്ടായ്മയുണ്ടാക്കി ടി സംഘത്തെ ഏൽപ്പിക്കാവുന്നതാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ASAP (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പ്രസ്ഥാനത്തിനും ഇതിൽ ഗണ്യമായ പങ്കു വഹിക്കാവുന്നതാണ്. ജില്ലയിലെ പ്രധാനപ്പെട്ട രണ്ടോ മൂന്നോ എഞ്ചിനീയറിംഗ് കോളേജുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധി, വ്യവസായികളുടെ പ്രതിനിധി എന്നിവരുൾപ്പെട്ട സമിതിയ്ക്ക് മേൽനോട്ട ചുമതല നൽകാവുന്നതാണ്.
6) ജില്ലയിലും സംസ്ഥാനമൊട്ടാകെയും സാദ്ധ്യതയുള്ള മറ്റൊരു വ്യവസായമാണ് **ഫുഡ് പ്രോസസ്സിംഗ്**. സമാന സ്വഭാവത്തിലുള്ള യൂണിറ്റുകൾക്ക് കേന്ദ്രീകൃതമായി ബന്ധപ്പെട്ട **സി.എഫ്.എസ്.സി.** സ്ഥാപിച്ചുനൽകുകയും ചെയ്താൽ ടി മേഖലയെ വളർത്താനും അതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. കേരളത്തിന്റെ തനതായ ഭക്ഷ്യ ഉത്പന്നങ്ങൾക്ക് ഗൾഫിലും യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലും വൻപിച്ച ഡിമാന്റ് നിലവിലുണ്ട്. എന്നാൽ ഇവിടെയുള്ള ഉത്പാദക യൂണിറ്റുകൾക്ക് ലഭിക്കുന്ന ഓർഡർ ഏറ്റെടുക്കാനുള്ള കപ്പാസിറ്റി ഇല്ലാത്തതിനാൽ ഈ സാദ്ധ്യത മുതലാക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് ക്ലസ്റ്റർ അടിസ്ഥാനത്തിനുള്ള ഉത്പാദക കൂട്ടായ്മയുടെ പ്രസക്തി വർദ്ധിക്കുന്നത്. ആയതിനാൽ ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, വൈദ്യുതി, വെള്ളം എന്നിവ ഒരുക്കി മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി 1 ഏക്കർ സ്ഥലം വാങ്ങി യൂണിറ്റ് സ്ഥാപിക്കും.
7) ജില്ലയിൽ സാദ്ധ്യതയുള്ള മറ്റൊരു വ്യവസായമാണ് പ്രിൻറിംഗ്. ജില്ലയ്ക്കാവശ്യമായ 80% പ്രിൻറിംഗ് ജോലികളും നിലവിൽ എറണാകുളം, ശിവകാശി എന്നിവടങ്ങളിലാണ് നടക്കുന്നത്. നിലവിൽ മുന്നൂറോളം ചെറുകിട പ്രിൻറിംഗ് യൂണിറ്റുകൾ ജില്ലയിലുണ്ട്. ഇവയുടെ മെഷീൻ കപ്പാസിറ്റി വളരെ കുറവാണ്. ജോബ്

ഓർഡറുകൾ സ്വീകരിച്ച്, ഡിസൈനിംഗ് നടത്തി എറണാകുളത്ത് അയച്ച് പ്രിൻറിംഗ് നടത്തി തിരികെയത്തിക്കുന്ന രീതിയാണ് നടന്നുവരുന്നത്. ചെറുകിട യൂണിറ്റുകൾക്ക് ഒരേ സ്ഥലത്ത് പ്രവർത്തനം നടത്താനുള്ള സൗകര്യവും കോമൺ ഫെസിലിറ്റി സെന്ററിനും ഉണ്ടെങ്കിൽ ടി യൂണിറ്റുകൾക്ക് വലിയ വർക്കുകൾ എറ്റെടുത്ത് ചെയ്യാൻ സാധിക്കും മിനി പ്രിൻറിംഗ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ്

8) മാലിന്യ നിർമ്മാർജനം കാര്യക്ഷമമാക്കുന്നതിന് ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും യഥാസമയം അവ ശേഖരിച്ച് നൂതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന സംസ്കരണ പ്ലാൻറിൽ സംസ്കരിച്ച് ജൈവവളമാക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിക്കാവുന്നതാണ്.

9) പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഫല പ്രദമായി നിയന്ത്രിക്കുന്നതിന് തുണിസഞ്ചികൾ കുറഞ്ഞ നിരക്കിൽ വിപണിയിൽ ലഭ്യമാക്കേണ്ടതാണ്. ഇതിനായി എല്ലാ ഗ്രാമ പഞ്ചായത്ത് വാർഡുകളിലും തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. വിപണിയിൽ മുൻ നിശ്ചയിച്ച കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നതിന് തുണി സഞ്ചി ഒന്നിന് നിശ്ചിത നിരക്കിൽ ധനസഹായം ഉത്പാദന യൂണിറ്റുകൾക്ക് നൽകാവുന്നതാണ്.

നവീന ആശയങ്ങൾ

i. സാമൂഹ്യ പ്രസക്തിയുള്ള നവീന ആശയങ്ങൾ വികസിപ്പിച്ച് സേവന/ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്.

ii. കാർഷിക ഉല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്ന അഗ്രി ബിസിനസ് ഇൻകുബേറ്ററുകൾ താലൂക്ക് തലത്തിൽ സ്ഥാപിക്കുക

iii. ജില്ലയിൽ ഒരു സ്കിൽ ടെയിനിംഗ് സെന്റർ സ്ഥാപിക്കുക കുടുംബശ്രീ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണിയിലെത്തിക്കുന്നതിന് സഹായം നൽകുക

iv. എല്ലാ താലൂക്കുകളിലും ടൗൺ പ്ലാനറുടെ മാസ്റ്റർ പ്ലാൻ/ ലാന്റ് യൂസ് മാപ്പിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് 50 ഏക്കറുകൾ വീതം ഏറ്റെടുക്കാവുന്നതാണ്.

വിവര സാങ്കേതിക വിദ്യ

വിവര സാങ്കേതിക വിദ്യയുടെ ജനകീയവൽക്കരണം സാക്ഷാത്ക്കരിക്കുന്നതിനു കൂടുതൽ പദ്ധതികൾ ഗ്രാമീണ മേഖലയിൽ നടപ്പാക്കാവുന്നതാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ ടി അടിസ്ഥാന വികസനത്തിനായി പ്രൊജെക്ടുകൾ നടപ്പാക്കണം. ടെക്നോ ലോഡ്ജ് പോലെയുള്ള ചെറുകിട സംരംഭങ്ങൾ ഗ്രാമീണ യുവാക്കൾക്ക് വിവര സാങ്കേതിക വിദ്യയിൽ തൊഴിൽ അവസരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതാണ്.

ടെക്നോപാർക്ക് കുണ്ടറ

കുണ്ടറ ടെക്നോപാർക്കിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. മൂന്നു നിലകളിലായി 27 സ്മാർട്ട് ബിസിനസ് സെന്ററുകൾ ഉള്ളതിൽ 22 എണ്ണം വിവിധ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അഞ്ചെണ്ണം ഏറ്റെടുക്കാനുണ്ട്. ഫർണിഷിങ് ചെയ്യാതെ കൈമാറുന്ന വാം ഷെൽഫ് സ്പേസുകൾ 3 നിലകളിലായി ഉണ്ട്. ഇവ ആരും തന്നെ ഏറ്റെടുത്തിട്ടില്ല. നിലവിൽ 250 ഐ റ്റി വിദഗ്ധർക്ക് ഈ ടെക്നോപാർക്കിൽ ജോലി ലഭിച്ചിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ 1000 ഐ റ്റി വിദഗ്ധർക്ക് ജോലി നൽകാൻ സാധിക്കുന്നതാണ്. പുതിയ രണ്ട് കമ്പനികൾക്ക് എസ് ഇ ഇസഡ് യൂണിറ്റുകളായി ഭാരത് സർക്കാർ അംഗീകരിച്ചിട്ടുള്ള താഴത്തെ നിലയിൽ അമേരിക്കൻ ഐ റ്റി കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ 25 ഐ റ്റി വിദഗ്ധർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾ

നിലവിലെ അവസ്ഥ

കുടിയേറ്റ തൊഴിലാളികൾ സംസ്ഥാത്തെ ഒരു പ്രധാന സാമ്പത്തിക ശക്തിയാണ്. തൊഴിലാളികളെ സ്വദേശിയെന്നോ ഇതരസംസ്ഥാനക്കാരനെന്നോ വേർതിരിക്കുന്ന ഭിന്നിപ്പിക്കൽ കുതന്ത്രങ്ങളെ നിരാകരിച്ച് പണിയെടുക്കുന്നവന്റെ ആവലാതികൾ ഒന്നു തന്നെയാണെന്ന് തിരിച്ചറിഞ്ഞാണ് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നത്. തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ കേരളത്തിലെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ നാട്ടിലെത്തി തങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കാൻ പാടുപെടുന്ന തൊഴിലാളികളുടെയിടയിലെ സവിശേഷമായ പ്രശ്നങ്ങളെയും അഭിമുഖീകരിക്കാൻ സർക്കാരും തൊഴിൽ വകുപ്പും നിതാന്ത ജാഗ്രതയിലുമാണ്.

നിർമ്മാണ മേഖലകളിലെ കോൺട്രാക്ടർമാർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് കൊണ്ടുവരുന്ന സമ്പ്രദായമാണ് തൊഴിൽ തേടി നമ്മുടെ സംസ്ഥാനത്തേക്കുള്ള കുടിയേറ്റത്തിന്റെ ആദ്യ നാളുകളിൽ കൺത് . ഈ സമ്പ്രദായത്തിൽ 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കി ഈ വിഭാഗം തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിഞ്ഞിരുന്നു.

പിൽക്കാലത്ത് സംസ്ഥാനത്ത് നിലനിൽക്കുന്ന ആകർഷകമായ കൂലിവ്യവസ്ഥയും സാമൂഹ്യ സുരക്ഷാ സംവിധാനവുമെല്ലാം കേട്ടറിഞ്ഞ് ലക്ഷക്കണക്കിന് തൊഴിലാളികൾ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഇവിടേയ്ക്ക് ഒഴുകിയെത്തി. പ്രതിദിനം ആയിരങ്ങളാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് തൊഴിൽ തേടിയെത്തുന്നത്. കൃത്യമായ കണക്കുകൾ ഇല്ലാതെയുള്ള ഈ കുത്തൊഴുക്ക് സംസ്ഥാനത്ത് ഇവരുടെ എണ്ണം വ്യക്തമാകുന്നതിന് തടസമായിരുന്നു. റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ക്വാറികൾ, ഹോട്ടലുകൾ, തോട്ടം മേഖല, കൃഷി ആവശ്യങ്ങൾ, കശുവണ്ടി വ്യവസായം എന്നീ മേഖലകളിലാണ് പ്രധാനമായും ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നത്. കൊല്ലം ജില്ലയിലെ കശുവൺണ്ടി ഫാക്ടറികളിലെ കട്ടിംഗ് ജോലി പ്രധാനമായും ഇതര സംസ്ഥാന തൊഴിലാളികളാണ് ചെയ്തുവരുന്നത്.

പിന്നീട് സർക്കാർ സംവിധാനം രജിസ്ട്രേഷൻ നടപടികൾക്ക് തുടക്കമിട്ടെങ്കിലും പല ജില്ലകളിലായി പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കൃത്യമായി സ്വരൂപിക്കാൻ സാധിക്കുന്നതിനും അപ്പുറമായിരുന്നു. ആദ്യകാലത്ത് നിർമ്മാണ മേഖലയിൽ മാത്രം ഒതുങ്ങിനിന്ന കുടിയേറ്റ തൊഴിലാളി സാന്നിദ്ധ്യം ഇന്ന് സംസ്ഥാനത്തെ എല്ലാ തൊഴിൽ മേഖലയിലേക്കും വ്യാപിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യഘടനയുടെ ഒഴിവാക്കാനാവാത്ത ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾ മാറി. കേരളത്തിലെ വള്ളംകളി മത്സരങ്ങളിൽ പോലും തുഴച്ചിൽക്കാരായി ഇതര സംസ്ഥാനക്കാരെത്തിയിരിക്കുന്നു എന്ന് പറയുമ്പോൾ ഇവർ സംസ്ഥാനത്തിന്റെ സാമൂഹ്യ ഘടനയിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല എന്നു കാണാം.

നമ്മുടെ സംസ്ഥാനത്തെ തൊഴിൽ മേഖലയിലും വികസനരംഗങ്ങളിലും കുടിയേറ്റ തൊഴിലാളികൾ നൽകിവരുന്ന സംഭാവനകൾ, തൊഴിൽ മേഖലയിൽ ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സാമൂഹികവും സാംസ്കാരികവുമായ വെല്ലുവിളികൾ എന്നിവയെല്ലാം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് ചുമതലപ്പെടുത്തിയ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് & ടാക്സേഷന്റെ പഠനറിപ്പോർട്ട് 2013 ൽ പുറത്തുവന്നിരുന്നു.

അവരുടെ പഠനത്തിൽ കണ്ടെത്തിയത് നമ്മുടെ സംസ്ഥാനത്ത് ഇരുപത്തിയഞ്ചുലക്ഷത്തിലധികം കുടിയേറ്റ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെന്നാണ്. 18-നും 35-നു ഇടയിൽ പ്രായമുള്ള പുരുഷന്മാരാണ് ഈ വിഭാഗത്തിൽ ഏറെയും. പ്രതിദിനം 300 രൂപയിലധികം വേതനം ലഭിക്കുന്നവരാണ് തൊഴിലാളികളിൽ 70%വും എന്നാണ് പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയത്. പ്രതിവർഷം ഏകദേശം 17500 കോടി രൂപയാണ് ഇതര സംസ്ഥാന തൊഴിലാളികൾ നാലു വർഷം മുമ്പ് തങ്ങളുടെ സംസ്ഥാനങ്ങളിലേക്ക് അയച്ചിരുന്നത്. ഇന്ന് ഈ തുക ഇരട്ടിയിലധികമായി വർദ്ധിച്ചിട്ടുണ്ട്

സംസ്ഥാന പദ്ധതികളുടെ അവലോകനം

സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ സുരക്ഷയും നിയമപരിരക്ഷയും ഉറപ്പുവരുത്തുന്നതിനായി സ്ക്വാഡ് പരിശോധനകൾ നടന്നു വരുന്നുണ്ട്. കൂടാതെ ടി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി സൗജന്യ മെഡിക്കൽ ക്യാമ്പുകളും

ബോധവൽക്കരണ ക്ലാസ്സുകളും ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ ധാരാളം കുടിയേറ്റ തൊഴിലാളികളുടെ കുട്ടികൾ എൻറോൾ ചെയ്തിട്ടുള്ളതും ഇവർക്കായി സർവ്വശിക്ഷാ അഭിയാൻ അടക്കമുള്ള പദ്ധതികൾ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കേരളത്തിലെ സാക്ഷരതാ മിഷൻ വഴി മലയാളത്തിലും ഹിന്ദിയിലും വായനയും എഴുത്തും പഠിപ്പിക്കുന്നുമുണ്ട്. 2009 മുതൽ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുടിയേറ്റ തൊഴിലാളികൾക്കായി മൈഗ്രന്റ് സുരക്ഷാ പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനമായും എച്ച്.ഐ.വി. പോസിറ്റീവ് കേസുകൾ കൺ്ത്തുന്നതിനും ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനുമായാണിത്. തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ഇടപെടുന്നതിനും മനസ്സിലാക്കുന്നതിനും ഹിന്ദിയിൽ പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി കിയോസ്കുകളും കോൾ സെന്ററുകളും ആരംഭിക്കും.

ഇത്തരം തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് 2010-ൽ സർക്കാർ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിയത്. നാമമാത്രമായ ഒരു തുക (പ്രതിവർഷം 30 രൂപ) അംശദായമായി ഒടുക്കി പദ്ധതിയിൽ ചേരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായമായി 25000/- രൂപ വരെയും അപകടം മൂലവും രോഗം മൂലവുമുള്ള സ്ഥായിയായ അവശതയ്ക്ക് 25000/- രൂപയും ടെർമിനൽ ബെനഫിറ്റ് 25000/- രൂപ വരെയും മരണാനന്തരാനുകൂല്യമായി 50000/- രൂപ വരെയും മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളിയുടെ ഭൗതികശരീരം ജന്മനാട്ടിലെത്തിക്കുന്നതിന് 15000/- രൂപ വരെയും അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഗ്രാൻറായി 3000/- രൂപ വരെയും അനുവദിക്കുവാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. എന്നാൽ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ഒരു ചെറുന്യൂനപക്ഷം മാത്രമാണ് പദ്ധതിയിൽ അംഗത്വമെടുത്തത്. സംസ്ഥാനത്തെത്തുന്ന കുടിയേറ്റ തൊഴിലാളികളെ അവരുടെ സമ്മതപ്രകാരം രജിസ്റ്റർ ചെയ്യാൻ കഴിയുന്ന ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നു. സർക്കാർ നടപ്പാക്കിയ വിപ്ലകരമായ ഒരു പദ്ധതിയാണ് 'ആവാസ്.' സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാനക്കാരായ മുഴുവൻതൊഴിലാളികൾക്കും സൗജന്യഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. പദ്ധതിയിൽ എൻറോൾ ചെയ്യപ്പെടുന്നതിലൂടെ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ കൃത്യമായ എണ്ണവും മറ്റ് വിവരങ്ങളും ഉൾക്കൊള്ളുന്ന വിപുലമായ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാൻ കഴിയുമെന്ന സവിശേഷതയുമുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലയിൽ തൊഴിലെടുക്കുന്ന 18-നും 60-നും ഇടയിൽ പ്രായമുള്ള തൊഴിലാളികളെയാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അംഗമാകുന്ന തൊഴിലാളികൾക്ക് 15000 രൂപയുടെ സൗജന്യ ചികിത്സയും 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതോടൊപ്പം ജോലിക്കിടെ അപകടത്തിൽ പെട്ട് അവശതയനുഭവിക്കുന്നവരും ജോലിയെടുക്കാൻ കഴിയാത്ത നിലയിലായവർക്കുള്ള ആശ്വാസ പദ്ധതിയും ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു.

ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾക്ക് മൂന്ന് മാസത്തെ കാലതാമസം എടുക്കുമെന്നതിനാൽ ആവാസ് പദ്ധതിയിൽ 2017 നവംബർ ഒന്നു മുതൽ രജിസ്ട്രേഷൻ നടത്തി അംഗങ്ങളായി കാർഡ് ലഭിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇക്കാലയളവിൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ ലേബർ ഓഫീസർമാർക്ക് (എൻഫോഴ്സ്മെന്റ്) നൽകി സർക്കാർ ഉത്തരവിറക്കിക്കഴിഞ്ഞു. ഇതനുസരിച്ച് ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്ന കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയോ അസുഖംമൂലം ചികിത്സ തേടേണ്ടിവരികയോ ചെയ്താൽ ബന്ധപ്പെട്ട എഫ്ഐആർ, ചികിത്സാ രേഖകൾ എന്നിവ പരിശോധിച്ച് പദ്ധതി പ്രകാരമുള്ള സൗജന്യചികിത്സാ സഹായവും അപകട മരണ ഇൻഷ്വറൻസ് തുകയും നൽകും. ആവാസ് രജിസ്ട്രേഷൻ നൽകുന്ന വേളയിൽത്തന്നെ പദ്ധതിയുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ഓഫീസർ(എൻഫോഴ്സ്മെന്റ്) കൺവീനർ ആയും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ (ഗ്രേഡ്-1) എന്നിവർ അംഗങ്ങളായും ജില്ലാതല കമ്മറ്റികൾ

രൂപീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം ബോധവൽക്കരണം, രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭ്യന്തര-ആരോഗ്യ വകുപ്പുകളുടെയും സഹകരണം ഉറപ്പുവരുത്തും. അതോടൊപ്പം നിയമസഭാ സാമാജികരടക്കമുള്ള ജനപ്രതിനിധികൾക്കും ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാരുടെ ചുമതലയിൽ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് തൊഴിലാളികൾക്ക് അവരുടെ ഭാഷയിൽ ലളിതമായി വിശദീകരിക്കാൻ ഈ സെന്ററുകളിൽ സൗകര്യമുണ്ടാകും. ഭാഷാ നൈപുണ്യമുള്ള ഇതര സംസ്ഥാന തൊഴിലാളികളെ സെന്ററുകളിൽ നിയമിക്കാൻ കഴിയുമോ എന്നും പരിശോധിച്ചുവരികയാണ്.

ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ/എൻറോൾമെന്റ് നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. ഇതിനകം 11,000/ഓളം തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ എൻറോൾമെന്റ് ഫോറങ്ങൾ ജില്ലയിലെ 9 അസിസ്റ്റന്റ് ലേബർ ഓഫീസുകളിലായി ശേഖരിച്ചിട്ടുണ്ട്. ജില്ലയിലൊട്ടാകെ 7100 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ബയോമെട്രിക്ക് കാർഡ് വിതരണം ചെയ്ത് കഴിഞ്ഞു. മത്സ്യബന്ധനം, കശുവണ്ടി കട്ടിംഗ്, നിർമ്മാണ തൊഴിൽ എന്നീ മേഖലകളിലെ തൊഴിലാളികളാണ് കാർഡ് സ്വീകരിച്ചവരിൽ ഭൂരിഭാഗവും.

കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ താമസസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി സംസ്ഥാന തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ ഓഫ് കേരള കുടിയേറ്റ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന 'അപ്നാഘർ' പദ്ധതിയുടെ ആദ്യ പ്രൊജക്ട് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് പ്രവർത്തനസജ്ജമായിട്ടുണ്ട്.. 640 തൊഴിലാളികൾക്ക് ഹോസ്റ്റൽ മാതൃകയിൽ താമസസൗകര്യമൊരുക്കാൻ കഴിയുന്ന പദ്ധതിയാണിത്. അപ്നാഘർ പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജില്ലാ പദ്ധതിയിൽ ടി തൊഴിലാളികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കുടിയേറ്റ തൊഴിലാളികൾക്കിടയിലെ ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളും ലഹരി പദാർത്ഥയുപയോഗവും പർവ്വതീകരിച്ച് ഇവരെ സാമൂഹ്യവിരുദ്ധരായി സാമാന്യവൽക്കരിച്ച് അകറ്റിനിർത്തുന്ന പ്രവണത ചില മേഖലകളിലെങ്കിലും കണ്ടുവരുന്നു. തൊഴിലാളികൾക്കിടയിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ഇത്തരം പ്രവണതകളിൽ നിന്ന് ഇവരെ പൂർണമായും മുക്തമാക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഈ ലക്ഷ്യത്തോടെയാണ് സംസ്ഥാന തൊഴിൽ വകുപ്പും ആരോഗ്യ വകുപ്പും സർക്കാരിതര സംഘടനകളുമായി സഹകരിച്ച് ജില്ലയിൽ ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ആയത് ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

തൊഴിലാളികൾക്ക് സംസ്ഥാനത്ത് ലഭ്യമാവുന്ന നിയമപരിരക്ഷകളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാൻ കഴിയുന്ന തരത്തിൽ ബോധവൽക്കരണ പരിപാടികൾ വിപുലീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ അടർത്തിമാറ്റാനാവാത്ത ഭാഗമായി മാറിക്കഴിഞ്ഞ ഇതര സംസ്ഥാന തൊഴിലാളി കളെ മലയാളിയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെയും തൊഴിലാളി മുന്നേറ്റങ്ങളുടെ ചരിത്രത്തിന്റെയും പശ്ചാത്തലത്തിൽ നോക്കിക്കാണാൻ നമുക്ക് കഴിയേണ്ടതുണ്ട്

©©©©©©©©©©©©©©©©©©©©©©©©©©©©©©©©©©

4.6 സഹകരണം

ആമുഖം

കാർഷിക വായ്പവിതരണത്തിൽ ഒതുങ്ങിനിന്ന സഹകരണ പ്രസ്ഥാനം ജനശ്രദ്ധ ആകർഷിച്ചത് ഉത്പാദനം, ഉപഭോഗം, വിതരണം എന്നീ മേഖലകളിലേക്ക് വ്യാപിച്ചതോടെയാണ്. ലോക മഹായുദ്ധങ്ങൾക്ക് ശേഷം ഇന്നുവരെ ഉണ്ടായിട്ടുള്ള വിലക്കയറ്റങ്ങളുടെ കാലഘട്ടങ്ങളിൽ എല്ലാം, അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം നടത്തുക വഴി സഹകരണ സംഘങ്ങൾക്ക് ജനശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞു. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ മേൽ ഫലപ്രദമായ മേൽനോട്ടവും വർഷാന്തകണക്കുകളുടെ ആഡിറ്റും നടത്താൻ കഴിഞ്ഞതുമൂലം സർക്കാരിന്റെ നിയന്ത്രണ ത്തിലെന്ന ജനങ്ങളുടെ വിശ്വാസവും വർദ്ധിപ്പിച്ചു.

ഇന്ത്യയിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിച്ച നിക്ഷേപങ്ങളുടെ 70 ശതമാനവും കേരളത്തിലാണ്. അഖിലേന്ത്യാതലത്തിൽ വാണിജ്യബാങ്കുകൾ നൽകുന്ന വായ്പ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നൽകുന്ന വായ്പയുടെ പതിനേഴ് മടങ്ങാണെങ്കിൽ കേരളത്തിൽ വാണിജ്യബാങ്കുകൾ നൽകുന്നത് ഏഴ് മടങ്ങ് മാത്രമാണ്. കേരളത്തിലെ മൊത്തം നിക്ഷേപങ്ങളുടെ 60 ശതമാനവും സഹകരണ സംഘങ്ങളിലായിരിക്കുമ്പോൾ ദേശീയതലത്തിൽ അത് 20 ശതമാനത്തിൽ താഴെയാണ്. സംസ്ഥാനത്ത് സാമൂഹ്യമണ്ഡലത്തിൽ ഗണ്യമായ പങ്കാണ് സഹകരണ മേഖല നിർവ്വഹിച്ചിട്ടുള്ളത്. ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, ഹൗസിംഗ്, മാർക്കറ്റിംഗ്, കൺസ്യൂമർ, നിർമ്മാണം, സാമൂഹിക ക്ഷേമം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കൊല്ലം ജില്ലയിൽ സഹകരണ ബാങ്കുകളിൽ ലഭ്യമായ ഫണ്ട്, ലക്ഷ്യാധിഷ്ഠിതമായ പ്രവർത്ത നങ്ങളിലൂടെ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക പ്രാദേശിക വികസനത്തിന് സാദ്ധ്യമാകുന്ന പദ്ധതികൾ തയ്യാറാക്കുക വഴി മേഖലയുടെ സമഗ്രവികസനം സാദ്ധ്യമാക്കാൻ കഴിയും.

പട്ടിക 4.6.1

പ്രാഥമിക സഹകരണ ബാങ്കുകളിലെ വായ്പാ വിവരങ്ങൾ

ഇനം	കൊല്ലം	കൊട്ടാരക്കര	പുനലൂർ	ശാസ്താംകോട്ട	കരുനാഗപ്പള്ളി	ആകെ
അംഗങ്ങളുടെ എണ്ണം(ലക്ഷത്തിൽ)	2.81	4.57	3.18	1.8	2.09	14.45
നിക്ഷേപ ബാക്കിനില്പ്പ് (കോടിയിൽ)	2558.24	1012.17	847.33	221.39	1094.38	5733.51
വായ്പാ ബാക്കിനില്പ്പ്(കോടിയിൽ)	2199.35	789.49	693.85	246.75	832.27	4761.71
കാർഷിക വായ്പ വിതരണം (കോടിയിൽ)	828.12	135.02	47.36	56.00	6.27	1072.77
ഇ.എം.എസ് ഭവന വായ്പ (കോടിയിൽ)	19.66	4.88	3.19	0.62	11.67	40.02
നിക്ഷേപ വായ്പാ അനുപാതം	85.00	77.9	87.64	70	76.05	79.31%
കോർബാങ്കിംഗ്(എണ്ണം)	25		9	7	8	49
കമ്പ്യൂട്ടർവത്ക്കരണം	67		21	6	18	112

അവലംബം : സഹകരണ വകുപ്പ്- ജില്ല പുരോഗതി റിപ്പോർട്ട്

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളിൽ നിക്ഷേപരംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉള്ള ജില്ലയാണ് കൊല്ലം. എന്നാൽ നിക്ഷേപ വായ്പാ അനുപാതം പല സ്ഥാപനങ്ങളിലും മെച്ചപ്പെട്ട തരത്തിലല്ല. ഏതെങ്കിലും ഒരു ശാഖ വഴി സ്വരൂപിക്കപ്പെടുന്ന നിക്ഷേപം മറ്റ് പ്രദേശത്തുള്ള ശാഖകൾ വഴി മാത്രം വായ്പയായി നൽകുക എന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. മറ്റിതര മേഖലകളുമായുള്ള സംയോജനം വഴിയുള്ള പദ്ധതികൾക്ക് അനുയോജ്യമായ വായ്പാ പദ്ധതികൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിന് സഹകരണ

സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രത്സാഹനവും നൽകുക വഴി വായ്പതോത് വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിൽ പങ്കാളിയാക്കാൻ കഴിയുന്നു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ആരോഗ്യം, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടേയും മേഖലകളുടേയും പദ്ധതികളുമായി കൂട്ടിയിണക്കികൊണ്ട് ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പിന്നോക്ക ദുർബല വിഭാഗങ്ങളുടെ പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും സമ്പത്ത് ഘടന ശക്തിപ്പെടുത്തി സാമാന്യ ജനത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

പട്ടിക 4.6.2

കൊല്ലം ജില്ലയിലെ സഹകരണ ബാങ്ക്/സംഘങ്ങളുടെ വിവരങ്ങൾ

	ഇനം	ആകെ എണ്ണം	പ്രവർത്തിക്കുന്നവ	പ്രവർത്തന രഹിതമായവ	ലിക്വിഡേഷനായവ
1	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	0	1 (ശാഖ)	0	0
2	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ഡവലപ്മെന്റ് ബാങ്ക്	0	0	0	0
3	കേരള സ്റ്റേറ്റ് എസ്.സി/ എസ്.റ്റി ഫെഡറേഷൻ	0	0	0	0
4	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ	0	0	0	0
5	കേരള സ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ	0	0	0	0
6	കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ	0	0	0	0
7	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ	0	0	0	0
8	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ	0	0	0	0
9	കേരള സ്റ്റേറ്റ് വിമൺ കോ-ഓപ്പറേറ്റീവ് ഡറേഷൻ	0	0	0	0
10	ഫെഡറൽ സൊസൈറ്റീസ്	0	0	0	0
11	റീജിയണൽആഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള	0	0	0	0
12	കേരള സ്റ്റേറ്റ് ഇൻഡഗ്രേറ്റഡ് മാർ ക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സൊസൈറ്റീസ്	0	0	0	0
13	കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
14	കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്	0	0	0	0
15	സെന്ട്രൽ ബാങ്ക്സ്	0	0	0	0
16	ഡിസ്ട്രക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1	1	0	0
17	ക്രെഡിറ്റ് സൊസൈറ്റീസ്, ബാങ്ക്സ്				
18	പ്രൈമറി അഗ്രികൾച്ചറൽ ഡവലപ്മെന്റ് ബാങ്ക്	7	6	0	1
19	പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റീസ്	131	125	0	6
20	ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	2	2	0	0
21	റൂറൽ കോ-ഓപ്പറേറ്റീവ്സ് (എ) ബാങ്ക്സ്	0	0	0	0
22	(ബി) സൊസൈറ്റീസ്	36	33	3	0
23	അഗ്രികൾച്ചറൽ/ഇംപ്രൂവ്മെന്റ് സൊസൈറ്റീസ്	47	47	0	0
24	അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്സ് ബി. ആർ ആക്ട്	4	4	0	0
25	അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്സ് നോൺ ബി. ആർ ആക്ട്	1	1	0	0
26	എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ബി. ആർ ആക്ട്	4	1	2	1
27	എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നോൺ ബി. ആർ ആക്ട്	59	50	3	6
28	പ്രൈമറി നോൺഅഗ്രികൾച്ചറൽ/ ക്രെഡിറ്റ് സൊസൈറ്റീസ് അദേഴ്സ്	6	5	1	0
29	പ്രൈമറി ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	24	18	2	4
30	കൺസ്യൂമർ സൊസൈറ്റീസ്	0	0	0	0

31	റീജിയണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ഫോർ സ്കൂൾ സൊസൈറ്റീസ്	0	0	0	0
32	സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്	0	0	0	0
33	ഹോൾസെയിൽകൺസ്യൂമർ സ്റ്റോഴ്സ്	1	1	0	0
34	പ്രൈമറി സൊസൈറ്റീസ്	0	0	0	0
35	പ്രൈമറി കൺസ്യൂമർ സ്റ്റോഴ്സ്	89	6	64	19
36	കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	14	11	3	0
37	സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	318	293	25	0
39	ജനറൽ മാർക്കറ്റിംഗ് സൊസൈറ്റീസ്	23	14	9	0
40	സ്പെഷ്യൽ മാർക്കറ്റിംഗ് സൊസൈറ്റീസ്	13	7	5	1
41	പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	7	5	2	0
42	മിസലേനിയസ് സൊസൈറ്റീസ്	0	0	0	0
43	പൗൾട്രി കോ-ഓപ്പറേറ്റീവ് സൈറ്റീസ്	1	0	1	0
44	അദർ ലൈവ് സ്റ്റോക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
45	കളക്ടീവ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
46	ജോയിന്റ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	3	1	1	1
47	ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	126	45	74	7
48	ഫോറസ്റ്റ് ലേബേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	1	0	1	0
49	ഇറിഗേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
50	അദർ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
51	ട്രാൻസ്പോർട്ട് എക്സ്സർ സർവ്വീസ് മെൻ സൊസൈറ്റീസ്	0	0	0	0
52	ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അദേഴ്സ്	13	6	4	3
53	ലാന്റ് കോളനൈസേഷ ൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
54	ബറ്റർ ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
55	റബ്ബർ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
56	റബ്ബർ കർഷക കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
57	അഗ്രികൾച്ചറൽ അദേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
58	ഷെഡ്യൂൾഡ് കാസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	67	47	19	1
59	ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	4	3	1	0
60	വിമൺസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	96	61	34	1
61	ആട്ടോറിക്ഷാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	16	0	14	2
62	ലൈം ഷെൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	1	0	0	1
63	ലൈം ബർണേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
64	വാഷർമെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
65	ഹോസ്പിറ്റൽ ആന്റ് ഡിസ്പെൻസറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	15	9	4	2
66	ലിറ്ററി റൈറ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	1	0	1	0
67	പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	3	1	2	0
68	ടാക്സി ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	1	0	1	0
69	ചെത്തുതൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	3	0	2	1
70	കാന്റീൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	5	2	3	0
71	സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	47	46	1	0
72	എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	6	3	3	0
73	ടെയിലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	2	1	0	1
74	മംഗല്യസൂത്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	0	0	0	0
75	നോൺ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അദേഴ്സ്	74	50	19	5
76	**ആകെ**	**1272**	**905**	**304**	**62**

അവലംബം : സഹകരണ വകുപ്പ്- ജില്ല പുരോഗതി റിപ്പോർട്ട് (31.03.2017)

പട്ടിക 4.6.3

പ്രാഥമിക സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്ന മറ്റ് സേവനങ്ങൾ

കൊല്ലം	കൊട്ടാരക്കര	പുനലൂർ	ശാസ്താംകോട്ട	കരുനാഗപ്പള്ളി	ആകെ
ഫാർമേഴ്സ് സെന്റർ	1	2	3		6
നീതിസ്റ്റോർ		7	17	26	16
നീതി മെഡിക്കൽ സ്റ്റോർ	11	7	4	1	2
ആംബുലൻസ് സർവ്വീസ്	3	1	2		2
വളം വിറ്റുവരവ് (കോടിയിൽ)	5	6.78	3.06	1.02	11.36
ആഡിറ്റോറിയം	4		3		7

അവലംബം : സഹകരണ വകുപ്പ്- ജില്ല പുരോഗതി റിപ്പോർട്ട്

A.നിലവിലുള്ള അവസ്ഥ

കൊല്ലം ജില്ലയിൽ ആകെ 1272 സഹകരണ സംഘങ്ങൾ ഉള്ളതിൽ 905 എണ്ണം നല്ല രീതിയിൽ പ്രവർത്തനം ഉള്ളതും 304 എണ്ണം പ്രവർത്തന രഹിതവും 62 എണ്ണം ലിക്വിഡേഷനിലുമാണ്. ജില്ലയിൽ ഒരു ജില്ലാ സഹകരണ ബാങ്കും 6 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും പ്രവർത്തിച്ചുവരുന്നു. ആകെ ഉള്ള 131 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ 18 എണ്ണം ക്ലാസ് 1 സൂപ്പർ ഗ്രേഡിലുള്ളതാണ്. സഹകരണ ബാങ്കുകളിൽ ലഭ്യമായ ഫണ്ട് (മിച്ച ഫണ്ട് അടക്കം)ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സാമൂഹ്യ സാമ്പത്തിക പ്രാദേശിക വികസനത്തിന് സാദ്ധ്യമാകുന്ന പദ്ധതികൾ തയ്യാറാക്കുക വഴി മേഖലയുടെ സമഗ്രവികസനം സാദ്ധ്യമാക്കാൻ കഴിയും.

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളിൽ നിക്ഷേപരംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉള്ള ജില്ലയാണ് കൊല്ലം. എന്നാൽ നിക്ഷേപ വായ്പാ അനുപാതം പല സ്ഥാപനങ്ങളിലും മെച്ചപ്പെട്ട തരത്തിലല്ല. ഏതെങ്കിലും ഒരു ശാഖ വഴി സ്വരൂപിക്കപ്പെടുന്ന നിക്ഷേപം മറ്റ് പ്രദേശത്തുള്ള ശാഖകൾ വഴി മാത്രം വായ്പയായി നൽകുക എന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. മറ്റിതര മേഖലകളുമായുള്ള സംയോജനം വഴിയുള്ള പദ്ധതികൾക്ക് അനുയോജ്യമായ വായ്പാ പദ്ധതികൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രത്സാഹനവും നൽകുക വഴി വായ്പതോത് വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിൽ പങ്കാളിയാക്കാൻ കഴിയുന്നു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ആരോഗ്യം, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടേയും മേഖലകളുടേയും പദ്ധതികളുമായി കൂട്ടിയണക്കികൊണ്ട് ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പിന്നോക്ക ദുർബല വിഭാഗങ്ങളുടെ പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും സമ്പത്ഘടന ശക്തിപ്പെടുത്തി സാമാന്യ ജനത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

B. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഭീഷണികൾ

പ്രാഥമിക കാർഷിക സഹകരണ മേഖലകളിൽ അധികവും എം.ഡി.എസ്, നീതി സ്റ്റോർ, വളം വിൽപ്പന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിവിപുലമായ പ്രവർത്തന വ്യാപ്തിയും വ്യാപനവും ഉണ്ടെങ്കിലും പുത്തൻ സാമ്പത്തിക സിദ്ധാന്തത്തിന്റേയും മുഖമുദ്രയായ ആഗോളവത്ക്കരണം, സ്വകാര്യവത്ക്കരണം, ഉദാരവത്ക്കരണം മുതൽ നോട്ട് നിരോധനം വരെയുള്ള കേന്ദ്രസർക്കാരിന്റെ ഇടപെടലുകളും വഴി സഹകരണപ്രസ്ഥാനം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണ്. കൊല്ലം ജില്ലയിൽ 304 സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതവും 62 എണ്ണം ലിക്വിഡേഷനിലുമാണ്.

വിഭാഗം	പ്രധാന പ്രശ്നങ്ങൾ
പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം	1. കാർഷിക വായ്പാ വിതരണം കുറയുന്നു 2. കാർഷിക ഉത്പന്നങ്ങളുടെ വിപണനം,മാർക്കറ്റിംഗ് എന്നിവ തുലോം പരിമിതമാണ്. 3. നിക്ഷേപ വായ്പാ അനുപാതം കുറവാണ്. 4. ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനംഇല്ല 5. മാനവശേഷി വികസനം ഫലപ്രദമാകുന്നില്ല

	6. സഹകാരികളുമായുള്ള ബന്ധം സജീവമായി നിലനിർത്താൻ പലപ്പോഴും കഴിയാതെവരുന്നു. 7. കാര്യക്ഷമമായ ഭരണ നേതൃത്വം ഇല്ലാത്ത അവസ്ഥ 8. ലാഭം കൈവരിക്കുന്നതിനുള്ള ആസൂത്രണം ഇല്ലായ്മ 9. വിഭവങ്ങളുടെ കൃത്യമായ മാനേജ്മെന്റ് ഇല്ലാത്ത അവസ്ഥ 10. അധികാര വികേന്ദ്രീകരണവും ചുമതല നിർണ്ണയവും ചുമതലപ്പെടുത്തലും ഇല്ലാത്ത അവസ്ഥ
ഹൗസിംഗ് സഹകരണ സംഘം	1. വ്യക്തിപരമായി വായ്പ അടക്കുന്നുവെങ്കിലും വായ്പ ബാദ്ധ്യത ഒഴുവായി പ്രമാണങ്ങൾ യഥാസമയം തിരികെ നൽകാൻ കഴിയാത്ത അവസ്ഥ 2. വായ്പാ പ്രവർത്തനം വിപുലപ്പെടുത്താൻ കഴിയാത്ത അവസ്ഥ 3. ഗ്രൂപ്പായി മാത്രം വായ്പ അനുവദിക്കുന്നതുമൂലം ഹൗസ് ഫെഡിൽ നിന്നും ഒരുമിച്ച്അടച്ച് തീർത്താൽ മാത്രമേ ബാദ്ധ്യത ഒഴിവാകുന്നുള്ളു.
എംപ്ലോയീസ് സഹകരണ സംഘം	1. വായ്പാ പ്രവർത്തനം വിപുലപ്പെടുത്താൻകഴിയാതെ വരുന്നു. 2. നിക്ഷേപം അംഗങ്ങളിൽ നിന്ന് മാത്രം സ്വീകരിക്കാൻ കഴിയുന്നുള്ളു. 3. ബാങ്ക് എന്ന പദം ഉപയോഗിക്കാതെ വരുന്നസാഹചര്യം
പട്ടികജാതി പട്ടികവർഗ്ഗം	1. നിക്ഷേപം സ്വീകരിച്ച് വായ്പാ പ്രവർത്തനം നടത്താൻ കഴിയുന്നില്ല 2. മതിയായ വരുമാനം ഇല്ലാതെ ശമ്പളം,വാടക മറ്റ് ചെലവുകൾ മൂലം നഷ്ടം കൂടി സംഘം പ്രവർത്തന രഹിതമാകുന്ന അവസ്ഥ 3. കണ്ടിജൻസി ചെലവുകൾ നിയന്ത്രിക്കാൻ കഴിയാതെവരുന്നു. 4. സർക്കാരിൽ നിന്നുള്ള ധനസഹായങ്ങൾ യഥാവിധി ഉപയോഗിക്കാൻ കഴിയാതെ വരുന്നു 5. നിഷ്ക്രിയമായ ഭരണസമിതിയും സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമാകുന്നു. 6. മുഖ്യധാരയിലേക്ക് എത്താൻ കഴിയുന്നില്ല
കൺസ്യൂമർ മാർക്കറ്റിംഗ്	1. സൂപ്പർ മാർക്കറ്റുകൾ, മാർജിൻഫ്രീ എന്നിവയുടെ ആവിർഭാവവും, ഇടപെടലുകളും 2. സംഘടിത വ്യാപാര മേഖലയിൽ കുത്തക കമ്പനികളുടെ പ്രൊഫഷണിലസത്തിന് അനുസൃതമായി അതിജീവിക്കാൻ കഴി യാത്ത സാഹചര്യം 3. ഭരണസമിതി അംഗങ്ങൾ സംഘത്തിലെ പ്രവർത്തനത്തിൽ താത്പര്യം കാണിക്കാത്ത അവസ്ഥ 4. സർക്കാരിൽ നിന്ന് ആനുകൂല്യം നേടുന്നതിൽ വരുന്ന കാലതാമസം, മറ്റ് സാങ്കേതിക പ്രശ്നങ്ങൾ 5. സബ്സിഡി ഇനങ്ങളുടെ ദൗർലഭ്യം
മറ്റ് സംഘങ്ങൾ	1. നിക്ഷേപം സ്വീകരിക്കാൻ കഴിയാത്ത അവസ്ഥ 2. കാര്യപ്രാപ്തിയുള്ള ഭരണസമിതി ഇല്ലായ്മ 3. ജീവനക്കാർക്കുള്ള കൂലി പരിമിതമായതിനാൽ ആത്മാർത്ഥത കുറയുന്നു. 4. മതിയായ വരുമാനം ഇല്ലാതെ ശമ്പളം,വാടക മറ്റ് ചെലവുകൾ മൂലം നഷ്ടംകൂടി സംഘം പ്രവർത്തന രഹിതമാകുന്നു.
ലിക്വിഡേറ്റഡ് സംഘങ്ങൾ	1. അതേ വിഭാഗം സഹകരണ സംഘങ്ങൾ ആ പ്രദേശത്ത് രൂപീകരിക്കാൻ കഴിയാത്ത അവസ്ഥ 2. ലിക്വിഡേഷൻ കാലയളവ് വർദ്ധിക്കുന്നത് മൂലം പുനരുദ്ധാരണം സാധ്യമാവാത്ത അവസ്ഥ

	3. സർക്കാർ ഓഹരി വായ്പ എന്നിവ എഴുതിതള്ളൽ/ കുറവ് ചെയ്യുന്നതിൽ വരുന്ന കാലതാമസം

സി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

നിർജ്ജീവമായതും ലിക്വിഡേഷനിലായതുമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ ചുമതലയുള്ളത് ഓരോ താലൂക്കിലേയും യൂണിറ്റ് ഇൻസ്പെക്ടർമാർക്കാണ്. വർദ്ധിച്ച ജോലി ഭാരവും ഇൻസ്പെക്ഷൻഡ്യൂട്ടിയും കാരണം മൃതപ്രായമായ സഹകരണ സംഘങ്ങളെ നിലവിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങളോ പ്രോജക്ട് തയ്യാറാക്കി സർക്കാർ ധനസഹായം വിനിയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട സാഹചര്യം ലഭിക്കാതെ പോകുന്നു. ഈ സാഹചര്യത്തിൽ ഓരോ താലൂക്കിലും നിലവിൽ നിൽക്കുന്ന സംവിധാനത്തിൽ നിന്ന് സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനു വേണ്ടി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ധനസഹായം ആവശ്യമായ സഹകരണ സംഘങ്ങളെ സഹായിക്കാൻ ഒരു പ്ലാൻ ഇൻസ്പെക്ടറും ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ഊർജ്ജപ്പെടുത്തുവാൻ ഒരു ലിക്വിഡേഷൻ ഇൻസ്പെക്ടർക്കും ചുമതല നൽകുന്നതു വഴി ജനകീയ പ്രസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുണകരമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകും.

ദുർബലരായതോ പ്രവർത്തന രഹിതമായതോ ആയവനിത/പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുനരുദ്ധാരണ പാക്കേജ് ഉണ്ടാവേണ്ടതുണ്ട്.

ദുർബലരായ/പ്രവർത്തന രഹിതമായ സംഘങ്ങൾക്ക്, ധനസഹായം അത്യാവശ്യമായ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തേണ്ടതുണ്ട്.

സർക്കാർ ഓഹരി/ധനസഹായം ആവശ്യമായ വിവിധ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിന് ആവശ്യമായ വർദ്ധിപ്പിച്ച ധനസഹായം നൽകേണ്ടതുണ്ട്.

സംഘങ്ങളുടെ മാനേജ്മെൻറിലും ആയതിന്റെ പരിശോധന സംവിധാനത്തിൽ വരുത്തുന്ന വീഴ്ചയാണ് സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് പ്രധാന കാരണമാകുന്നത്. സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെപറയുന്ന മാർഗ്ഗങ്ങൾ വഴി പരിഹരിക്കാൻ കഴിയും.

1) സംഘത്തിൽ പ്രൊഫഷണലിസം സ്വീകരിക്കൽ

ആഗോളവത്ക്കരണം, ഉദാരവത്ക്കരണം എന്നിവ നടപ്പാക്കുന്ന ഈ യുഗത്തിൽ ആധുനിക മാനേജ്മെന്റ് സംവിധാനങ്ങളും പ്രൊഫഷണൽ സമീപനങ്ങളും സ്വീകരിക്കുന്ന വഴി സംഘം പ്രവർത്തനം കാര്യക്ഷമമാക്കാനും സംഘം സേവനങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതരത്തിൽ നൽകുന്നതിനും അവസരം നൽകുന്നു.

2) സുതാര്യത ഉറപ്പ് വരുത്തൽ

സംഘം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കാകെ സുതാര്യത ഉറപ്പുവരുത്തുകയും സംഘത്തിന്റെ പ്രവർത്തനങ്ങൾഅംഗങ്ങൾക്കും സാമാന്യ ജനങ്ങൾക്കും നേരിട്ട് ബോദ്ധ്യപ്പെടുന്ന സാഹചര്യമുണ്ടായാൽ ആയത് സംഘം വളർച്ച സാദ്ധ്യമാകും.

3) മാനവശേഷിയുടെ വികസനം

സംഘംജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും സംഘം ഏറ്റെടുത്ത് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ അക്കൗണ്ടിംഗ്, മാനേജ്മെന്റ്, വിഭവ വിനിയോഗം എന്നിവയിൽ പരിശീലനം നൽകുക വഴി കാര്യശേഷി വർദ്ധിപ്പിക്കാൻ കഴിയും.

4) അംഗങ്ങളുമായും മറ്റ് സഹകാരികളുമായുള്ള പ്രവർത്തനം സജീവമാക്കൽ

പുതിയ നിക്ഷേപ പദ്ധതികൾ വായ്പാ പദ്ധതികൾ അംഗങ്ങൾക്ക് ഗുണകരമാകുന്ന മറ്റ് ഇതര പ്രവർത്തനങ്ങൾ കൊണ്ടുവരുന്നത് വഴി അംഗങ്ങൾക്കും സഹകാരികൾക്കും കൂടുതൽ സേവനം ഉറപ്പുവരുത്താൻ കഴിയും.

5) അധികാര വികേന്ദ്രീകരണവും ചുമതലനിർണ്ണയവും

ഓരോ സഹകരണ സ്ഥാപനത്തിലും ഭരണസമിതി അംഗങ്ങൾ മുതൽ മുഴുവൻ ജീവനക്കാർക്കും അധികാര വികേന്ദ്രീകരണം വഴി സംഘം പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങളും

ചുമതലകളും നിർണ്ണയിച്ച് നൽകുകയും ചുതലപ്പെടുത്തുകയും വഴി സംഘം പ്രവർത്തനം കൂടുതൽ സജീവമാക്കാൻ കഴിയും.

6) കാര്യശേഷിയുള്ള ഭരണനേതൃത്വം

സംഘം ഭരണസമിതിയിലും ഒപ്പം ഔദ്യോഗിക നേതൃനിരയിലും കാര്യശേഷിയും അറിവും ഉള്ളവർ കടന്നുവരിക വഴി സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

7) ലാഭം കൈവരിക്കുന്നതിനുള്ള ആസൂത്രണം

സംഘത്തിന് ആവശ്യമായ വിഭവം പരമാവധി സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുകയും അത് ചെലവ് കുറഞ്ഞതും എന്നാൽ പ്രായോഗികമായ നയങ്ങൾ സ്വീകരിച്ച് ലാഭം കൈവരിക്കുന്നതിനായുള്ള ആസൂത്രണം നടത്തുക വഴി സംഘം പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

8) ടെക്നോളജി പരിഷ്കരണവും ടീം വർക്കും

ആധുനിക കമ്പ്യൂട്ടർ സംവിധാനങ്ങൾ ഉപയോഗിച്ച് സുതാര്യവും കാര്യക്ഷമവുമായ ആഫീസ് സംവിധാനം സംഘം പ്രവർത്തനത്തിന് കൂടുതൽ സജീവത സൃഷ്ടിക്കുന്നതാണ്. അതോടൊപ്പം ജീവനക്കാരുടേയും ഭരണസമിതിയുടേയും കൂട്ടായ പ്രവർത്തനം സംഘത്തിന്റെ സേവനങ്ങൾ അംഗങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനകരമാകുന്നതിന് അവസരം സൃഷ്ടിക്കുന്നു.

വികസന പരിപ്രേക്ഷ്യം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി സഹകരണ പ്രസ്ഥാനങ്ങളെ ഉപയോഗപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി കൂട്ടിയിണക്കി ദാരിദ്ര്യ ലഘൂകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉതകുംവിധം വിവിധ പദ്ധതികളുടെ സംയോജന സാദ്ധ്യത കാണേണ്ടതുണ്ട്. വികേന്ദ്രീതാസൂത്രണ പദ്ധതിയിൽ ലഭ്യമായ തുക ഉപയോഗിച്ച് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ജീവിതനിലവാരം, തൊഴിലവസരം, ആരോഗ്യം എന്നിവ ഉയർത്തുന്നതിനും അവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

വികസന കാഴ്ചപ്പാടിലൂന്നിയ പദ്ധതിനിർദ്ദേശങ്ങൾ

കൊല്ലം ജില്ലയിലെ താലൂക്കുകളിലെ പഞ്ചായത്തുകളിൽ കൃഷി ചെയ്യാൻ യോഗ്യമായ തരിശ്ഭൂമികൾ ഉണ്ട്. ഓരോ പഞ്ചായത്തിലും കിടക്കുന്ന തരിശ് ഭൂമി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തി അവിടെ പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക സഹായത്തോടെ നെൽകൃഷി, പച്ചക്കറി മുതലായ കാർഷിക പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. അതുവഴി ഗ്രാമ പ്രദേശങ്ങളിൽ പരമ്പരാഗത കൃഷിതൊഴിൽ ചെയ്യുന്നവർക്ക് നേരിട്ടും മറ്റുള്ളവർക്ക് പരോക്ഷമായും തൊഴിൽ നൽകുവാൻ സഹായിക്കും. ടി ആവശ്യത്തിലേക്കായി പ്രാഥമിക സഹകരണ ബാങ്കുകൾ പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സഹകരണസംഘങ്ങൾ ഇവ കീഴിൽ പുതുതായി സ്വയംസഹായ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തോ, നിലവിലുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക്, കുടുംബശ്രീ യൂണിറ്റുകൾക്ക് ഭൂമികളിൽ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ ചെയ്യുന്നതിന് പ്രാഥമിക വായ്പസംഘങ്ങൾ/ബാങ്കുകൾ മുഖേന സർക്കാർ അനുമതിയോടുകൂടി സഹകരണസംഘം രജിസ്ട്രാറിന്റെ അംഗീകാരത്തിന് വിധേയമായി വായ്പ നൽകാവുന്നതും, ഇങ്ങനെ നൽകുന്ന വായ്പയുടെ പലിശ ജില്ലാപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സബ്സിഡിയായി സഹകരണബാങ്കുകൾക്ക് നൽകേണ്ടതുമാണ്.

കൊല്ലം ജില്ലയിലെ ഓരോ പ്രദേശത്തും അനുയോജ്യമായ കൃഷികൾ (നെൽകൃഷി, പച്ചക്കറി കൃഷി, ആടുമാട് വളർത്തൽ, കോഴിവളർത്തൽ) വനിതാസഹകരണസംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ, എസ്.സി/എസ്.റ്റി സംഘങ്ങൾ എന്നിവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ്.എച്ച്.ജി ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ വഴി ചെയ്യുന്നതിലൂടെ ഈ മേഖലയിലുള്ള ആളുകൾക്ക് തൊഴിൽ ലഭിക്കുകയും സ്ഥിരവരുമാനം ഉണ്ടാകുന്നതുവഴി കാർഷികമേഖലയ്ക്ക് ഉണർവ്വ് നൽകുവാനും കഴിയും.

ഹൈടെക്ക് രീതിയിലുള്ള കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്നതിനും ഹരിതഭവനങ്ങൾ സ്ഥപിക്കുന്ന തിനും മറ്റുമായി കേരള ഹോർട്ടികൾച്ചർ മിഷനെയും, കൃഷിവകുപ്പിനെയും സംബന്ധിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

തരിശുഭൂമികളിൽ കൃഷി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾ സഹകരണബാങ്കുകളിൽ/സംഘങ്ങളിൽ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ച് സഹകരണമേഖല വഴി ശുദ്ധമായ കാർഷിക ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിയും. അതിലൂടെ കൊല്ലം ജില്ലയെ തരിശ് രഹിത ജില്ലായി മാറ്റിയെടുക്കുവാൻ കഴിയും.അതോടൊപ്പം കാർഷികവിളകൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിനും ഇടയാകും.

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് കൊല്ലം ജില്ലാ സഹകരണ ആശുപത്രിയുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കാവുന്നതാണ്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ എല്ലാ കോളനികളിലുംവിട്ട് ആരോഗ്യ - പോഷക ആവശ്യങ്ങളെ കുറിച്ച് ബോധവത്ക്കരണം, ആംബുലൻസ് സേവനം ഉറപ്പാക്കുക, ഗർഭിണികൾക്കും, കുട്ടികൾക്കും പോഷക ആഹാരങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ജില്ല പട്ടികവർഗ്ഗ വികസന ആഫീസർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കേണ്ടതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.

ഭവനങ്ങളിൽ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സഹകരണസംഘങ്ങൾ/ബാങ്കുകൾ വഴി വായ്പ അനുവദിക്കുക, ഇങ്ങനെ നൽകുന്ന വായ്പയുടെ ഒരുഭാഗം ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സബ്സിഡിയായി സഹകരണ ബാങ്കുകൾ മുഖേന ഉപോക്താക്കൾക്ക് നൽകാവുന്നതാണ്.

കൊല്ലം ജില്ലയിലെ എല്ലാ വീടുകളിലും മാലിന്യസംസ്കരണം നടത്തുന്നതിനായി ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് സഹകരണസംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പകൾ നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന വായ്പയുടെ പലിശ സഹകരണ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുവാൻ വ്യവസ്ഥയുണ്ടെങ്കിലും നാളിതുവരെ ടി വായ്പയ്ക്കായി ബാങ്കുകളെ ആരും സമീപിച്ചിട്ടില്ല.

ജില്ലയിലെ എല്ലാ താലൂക്കുകളിലും ചെറുകിട കുടിൽവ്യവസായങ്ങൾ ചെയ്യുന്നതിന് വ്യവസായവകുപ്പ് മുഖേന യൂണിറ്റുകൾ രൂപീകരിക്കാവുന്നതും, ഇങ്ങനെ രൂപീകരിക്കുന്ന യൂണിറ്റുകൾക്ക് വ്യവസായ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ട വായ്പ ജാമ്യവ്യവസ്ഥകളോടെ ഓരോ യൂണിറ്റുകൾക്കും നൽകാവുന്നതും ഇങ്ങനെ നൽകുന്ന വായ്പയുടെ ഒരു ഭാഗം ജില്ലാപഞ്ചായത്ത് പദ്ധതി മുഖേന സബ്സിഡിയായി ബാങ്കുകൾ/സഹകരണസംഘങ്ങൾ മുഖേന ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്. ഇതിലൂടെ ചെറുകിട കുടിൽ വ്യവസായങ്ങൾ ശക്തിപ്പെടുത്താവുന്നതും, തൊഴിൽരഹിതരായ ആളുകൾക്ക് സ്ഥിരവരുമാനം നേടി കൊടുക്കുവാൻ സാധിക്കുന്നതിലൂടെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും.

ജില്ലാപഞ്ചായത്ത് മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ മുഖേന നടത്തുന്നത് വഴി ടി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയുന്നതിലൂടെ ഓരോ പഞ്ചായത്തിലെയും തൊഴിൽരഹിതരായിട്ടുള്ള നിർമ്മാണ തൊഴിലാളികൾക്ക് സ്ഥിരവരുമാനം നേടികൊടുക്കുവാൻ കഴിയും.

കൊല്ലം ജില്ലയിലെ ഗ്രാമീണമേഖലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ മുഖേന വായ്പ നൽകുന്നതുവഴി കാർഷികവൃത്തിയിലും മറ്റ് അനുബന്ധതൊഴിലിൽ ഏർപ്പെടുന്നവർക്കും ലാഭകരമായി കൃഷി നടത്തുന്നതിനുള്ള അവസരം ഉണ്ടാകുകയും സാമ്പത്തിക പരാധീനതമൂലവും, മൂലധന അപര്യാപ്തത മൂലവും ചെറുകിട വ്യവസായങ്ങൾ വളർത്തുന്നതിന് പരിഹാരം കാണാവുന്നതുമാണ്.

സഹകരണ വകുപ്പിൽ നടത്തിവരുന്ന സംസ്ഥാന പദ്ധതികൾ (അദ്ധ്യായം – 5 കാണുക)

പദ്ധതിവിഹിത ചെലവ് അവലോകനം 2017-18

വാർഷിക പദ്ധതി 2017-18 ൽ സംസ്ഥാന പദ്ധതി പ്രകാരം 1092 കോടി രൂപ അനുവദിച്ചതില് 349.37 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. (31.99 ശതമാനം)

കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 1419.3 കോടി അനുവദിച്ചതിൽ 1404.29 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. (98.94 ശതമാനം)

ഭാവിയിൽ ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ

1) തദ്ദേശ ഭരണ തലത്തിലെ വികസനം

a) സുസ്ഥിര വികസന ലക്ഷ്യം നേടാൻ കേരളത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും സാദ്ധ്യമാക്കുവാൻ കഴിയും വിധം സഹകരണ സ്ഥാപനങ്ങളും തദ്ദേശ തദ്ദേശഭരണ സ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന ഒരു പ്രവർത്തന പദ്ധതിയും കലണ്ടറും 2017-18 മുതൽ 2012-22 വരെയുള്ള കാലയളവിലേയ്ക്ക് തയ്യാറാക്കേണ്ടതുണ്ട്.

b) സഹകരണ സ്ഥാപനങ്ങളും പ്രാദേശിക സംരംഭകത്വ വികസനവും -തദ്ദേശഭരണ സ്ഥാപനത്തിലെ ഓരോതരം സഹകരണ സംഘങ്ങളും അവയുടെ തനത് പ്രവർത്തനങ്ങൾക്ക് പുറമെ അതിലെ അംഗങ്ങളേയും അഭ്യുദയകാംക്ഷികളേയും ചേർത്ത് സംരംഭത്വ വികസന ഗ്രൂപ്പുകൾ തയ്യാറാക്കി പ്രവർത്തിച്ചും അതിന്റെ ശൃംഖല രൂപീകരിച്ച് സുശക്തമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിന് ത്രിതല തദ്ദേശഭരണ സ്ഥാപനം സഹായിക്കണം.

c) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണ ക്രെഡിറ്റ് പ്ലാൻ - സംഘങ്ങളുടെ വായ്പാ വിതരണം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങളും തദ്ദേശഭരണ സ്ഥാപനവും ചേർന്ന് ഒരു തദ്ദേശഭരണ സ്ഥാപന തല സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.

I) ഇതിനനുസരണമായി സഹകരണ സംഘങ്ങൾ വായ്പാ പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന പ്രോജക്ടുകളുംതയ്യാറാക്കേണ്ടതുണ്ട്.

II) സംഘങ്ങളുടെ കാർഷിക വായ്പ ഉൾപ്പെടെ മുൻഗണനാ മേഖലകളിൽ പരമാവധി ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വായ്പ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

d) പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളും വൈവിദ്ധ്യവൽക്കരണവും - പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി. ഖാദി ആന്റ് ഗ്രാമ വ്യവസായം, ഈറ്റ, തഴപ്പായ തുടങ്ങിയ അസംസ്കൃത വസ്തുക്കളിൽ നിന്നും ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്ന സഹകരണ സംഘങ്ങൾ ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലൂടെ ശക്തിപ്പെടുത്തി ഗ്രാമീണ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.

e) തദ്ദേശഭരണ സ്ഥാപന ബാങ്കും അനുബന്ധ സേവനങ്ങളും സ്ഥാപനങ്ങളും - പഞ്ചായത്തിലെ പ്രാഥമിക കാർഷ വായ്പ സംഘത്തെ ശക്തിപ്പെടുത്തി പഞ്ചായത്തിനുള്ളിൽ ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കാൻ കഴിയുന്ന വണ്ണം അനുബന്ധ സേവനങ്ങൾക്കുള്ള സംവിധാനം ഘട്ടം ഘട്ടമായി സജ്ജമാക്കാനും അനുബന്ധ സ്ഥാപനങ്ങൾ സമയബന്ധിതമായി സ്ഥാപിക്കാനും അതുവഴി സ്വയം പര്യാപ്ത സഹകരണ ഗ്രാമം എന്ന സങ്കൽപം സാധ്യമാക്കാൻ കഴിയും.

f) തദ്ദേശഭരണ സ്ഥാപനതലത്തിലെ സഹകരണ മോണിറ്ററിംഗ് സമിതി - തദ്ദേശഭരണ സ്ഥാപന തലത്തിലെ സഹകരണ സംഘങ്ങളുടെ കൂട്ടായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാതരം സഹകരണ സംഘങ്ങളിലേയും സെക്രട്ടറിയും പ്രസിഡൻറും അടങ്ങുന്ന ഒരു സമിതി തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കണം, പ്രവർത്തനം അവലോകനം ചെയ്ത് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയും.

g) തദ്ദേശഭരണ സ്ഥാപനതലത്തിലെ എല്ലാ കുടുംബങ്ങളും സഹകരണ സംഘത്തിലെ അംഗങ്ങൾ - തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ എല്ലാ കുടുംബങ്ങളേയും ബന്ധപ്പെടാവുന്ന വിവിധതരം സംഘങ്ങളിൽ അംഗങ്ങളാക്കി മാറ്റുന്നതിനും പ്രാദേശിക വികസനത്തിനും സ്വയം ശാക്തീകരണത്തിനും അംഗങ്ങളെ പ്രാപ്തരാക്കുന്നതിനും സഹായിക്കാൻ കഴിയും.

h) പ്രാദേശിക സാമ്പത്തിക വികസനവും വിഭവ സമാഹരണവും- പ്രാദേശിക സാമ്പത്തിക വിസനത്തിന് ആവശ്യമായ മുതൽ മുടക്കുന്നതിനും സംഘങ്ങളുടെ കൺസോഷ്യം രൂപീകരിച്ച് സാമ്പത്തികം വിനിയോഗിക്കുന്നതിനും അതിനാവശ്യമായ വിഭവ സമാഹരണത്തിന് സഹകരണ സംഘങ്ങളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ തയ്യാറാക്കേണ്ടതുണ്ട്.

i) പരസ്പര പോഷക ബന്ധം - തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഭവ സമാഹരണത്തിൽ സഹകരണ സംഘങ്ങൾക്ക് പങ്കാളിയാകാൻ കഴിയും. ഇത്തരത്തിൽ പരസ്പരം പോഷിപ്പിക്കുന്ന സ്ഥാപനങ്ങളായി മാറ്റാൻ കഴിയേണ്ടതുണ്ട്.

j) തദ്ദേശഭരണ സ്ഥാപന ബാങ്ക് - തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്കായി സഹകരണ ബാങ്കുകളെ നിയമനിർമ്മാണത്തിലൂടെ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

k) തദ്ദേശ ഭരണസ്ഥാപനത്തിലെ ചില പ്രോജക്ടുകളുടേയെങ്കിലും നിർവ്വഹണ ഏജൻസിയായി സഹകരണ സംഘങ്ങളെ നിയമ നിർമ്മാണത്തിലൂടെ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

l) സഹകരണ വായ്പകളുടെ തിരിച്ചടവ് ഉറപ്പാക്കാൻ കഴിയുന്ന സാമൂഹ്യസമ്മർദ്ദ ഗ്രൂപ്പായി ഗ്രാമസഭയെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവാദപ്പെടുത്തണം. ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

m) വികസന പ്രശ്ന പരിഹാരത്തിന് സഹകരണ സാദ്ധ്യത പരീക്ഷണം -ആവശ്യമായ മേഖലകളിലെല്ലാം പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

ഹ്രസ്വകാല ലക്ഷ്യങ്ങൾ:-

1) തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക തയ്യാറാക്കി അനുബന്ധ സേവനങ്ങളും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനും പാർട്ട്ണർഷിപ്പ് സംരംഭങ്ങൾ ആരംഭിച്ച് വിഭവങ്ങളും സാദ്ധ്യതകളും പ്രയോജനപ്പെടുത്തുക.

2) ഓരോ വർഷവും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു കർമ്മ പദ്ധതി ഓരോ ഘങ്ങളിൽ നിന്നും വാങ്ങി തദ്ദേശഭരണ സ്ഥാപനതല സഹകരണ മോണിറ്ററിംഗ് സമിതിയിൽ അവതരിപ്പിച്ച് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണം.

3) പ്രദേശിക സാമ്പത്തിക വികസനം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഓരോ സഹകരണ സംഘങ്ങളിലെയും അംഗങ്ങളെ സംരംഭകത്വ വികസന ഗ്രൂപ്പുകളായി രൂപപ്പെടുത്തി സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ തദ്ദേശഭരണ സ്ഥാപന പദ്ധതിയുമായി സംയോജിപ്പിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാവുന്നതാണ്.

4) നിലവിൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ ആവശ്യമെങ്കിൽ അനുയോജ്യമായവയെ കണ്ടെത്തി സഹകരണ സംഘം രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കണം.

5) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടൽ നടപടി സ്വീകരിക്കണം.

6) സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണവും യോജിച്ചുള്ള പ്രവർത്തനങ്ങളും സമൂഹത്തിന്റെ ആവശ്യപ്രകാരം പ്രോത്സാഹിപ്പിക്കണം.

7) ദുർബല വിഭാഗങ്ങളുടേയും പ്രത്യേക മേഖലയിലേയും സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സഹായിക്കണം.

8) സഹകരണ സംഘങ്ങളുടെ പ്രവർത്തനം സാമൂഹ്യ വികസനത്തിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു ലക്ഷ്യങ്ങൾക്കും അനുസൃതമാക്കാൻ പ്രേരിപ്പിക്കേണ്ടതാണ്.

9) തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന സഹകരണ സ്ഥാപനങ്ങളെ പ്രവർത്തന സജ്ജമാക്കാനുള്ള കൂട്ടായ ശ്രമങ്ങൾ നടത്തുകയും ആസ്ഥികൾ അന്യാധീനപ്പെടാതിരിക്കാനും, സാമൂഹ്യ വികസനത്തിന് പ്രയോജനപ്പെടുത്താനുമുള്ള ഇടപെടൽ സജ്ജമാക്കേണ്ടതുണ്ട്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിലെ സഹകരണ സംഘങ്ങളുടെ പട്ടികയിൽ നിന്നും ഓരോ സഹകരണ സംഘങ്ങളും മേൽ ലക്ഷ്യങ്ങൾ ആർജിക്കാൻ തക്കവണ്ണം എങ്ങനെ മാറണം, മാറ്റണം എന്നതിന് കർമ്മ പദ്ധതി തയ്യാറാക്കണം.

1) പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റം വരുത്തണം.
2) ഏതെല്ലാം സഹകരണ സംഘങ്ങൾ പുതുതായി ആരംഭിക്കണം.
3) അതിന് സഹായകമായി തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെല്ലാം ചെയ്യണം.
4) സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും എങ്ങനെയെല്ലാം സഹകരിക്കാം.
5) പ്രാദേശികമായി മറ്റെന്തെല്ലാം ലക്ഷ്യങ്ങൾ കൂടി നിശ്ചയിക്കണം.
6) ഇവയൊക്കെ സമയബന്ധിതമയി സാക്ഷാത്കരിക്കാൻ അടുത്ത ഓരോ വർഷവും ഓരോരുത്തരും എന്തൊക്കെ ചെയ്യണം.

നിലവിൽ നേടിക്കൊണ്ടിരിക്കുന്നതും ഭാവിയിൽ ലക്ഷ്യം വയ്ക്കുന്നതും തമ്മിലുള്ള വ്യത്യാസം

വിവിധ മേഖലകളിൽ ഏറ്റെടുക്കുന്ന പ്രവർത്തനം ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , കോർപ്പറേഷൻ എന്നിവിടങ്ങളിൽ അവയുടെ ഉത്പാദനം, വിപണനം എന്നിവയ്ക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കി കാണുന്നില്ല.

മറ്റ് വകുപ്പ് /സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

മേഖല	വകുപ്പ്/തദ്ദേശസ്ഥാപനം	സഹകരണസംഘങ്ങളുടെ ഇടപെടൽ
ദാരിദ്ര്യ ലഘൂകരണം	വായ്പാ സംഘങ്ങൾ, കാർഷിക സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ	1) സാമ്പത്തിക മൂലധനം നേടുന്നതിന് അംഗങ്ങളെ സഹായിക്കുന്നു. 2) കാർഷിക വളർച്ചയ്ക്ക് ആവശ്യമായ വളവും കാർഷിക ഉപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സഹായിക്കുന്നു. 3) കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വിതരണം.
വനിതാ ക്ഷേമം	വനിതാ സംഘങ്ങൾ/എല്ലാ സഹകരണസംഘങ്ങളും	1) സംഘത്തിന്റെഭരണസമിതിയിൽ വനിതകളുടെ കാര്യക്ഷമമായ പ്രാതിനിധ്യം ഉറപ്പുവരുത്തൽ. 2) പ്രാദേശിക സാമ്പത്തിക വികസനത്തിൽ സ്ത്രീകൾക്ക് ഇടപെടാനുള്ള അവസരം ഉറപ്പ് വരുത്തൽ
വിദ്യാഭ്യാസം	വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ സ്കൂൾ സഹകരണസംഘങ്ങൾ	1) സ്കൂളിലെസഹകരണസംഘങ്ങൾ വഴി പുസ്തകവും,പഠനോപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ. 2) ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കൽ.
ആരോഗ്യം	ഹോസ്പിറ്റൽ സംഘങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ, ക്ലിനിക്കൽ ലബോറട്ടറി, ഡയാലിസിസ് സെന്റർ	1) ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിച്ച് ആരോഗ്യ പരിപാലനം കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ. 2) ആരോഗ്യസംരക്ഷണത്തിനുള്ള മരുന്നുകളും ഉപകരണങ്ങളും കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ
ഭക്ഷ്യസുരക്ഷ, പോഷകാഹാരം	ഫാമിംഗ് സഹകരണസംഘങ്ങൾ മത്സ്യസംഘങ്ങൾ, ക്ഷീരസംഘങ്ങൾ ലൈവ് സ്റ്റോക്ക് സംഘങ്ങൾ പോൾട്രി സംഘങ്ങൾ	1) കാർഷിക മത്സ്യ, ക്ഷീര കർഷകർക്ക് വായ്പയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി വിഷരഹിത ഉത്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക. 2) ഗോഡൗണുകളും ശീതീകരിച്ച സംഭരണ സൗകര്യങ്ങളും ലഭ്യമാക്കി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുക.
കുടിവെള്ളവും ശുചിത്വവും	സോഷ്യൽ വെൽഫെയർ സഹകരണസംഘങ്ങൾ, ഇറിഗേഷൻ സഹകരണസംഘങ്ങൾ	1) കുടിവെള്ളവും ശുചിത്വവും ലഭ്യമാക്കുന്നതിനും പരിപാലനത്തിനും സഹായിക്കുന്നു. 2) ചേരിനിർമ്മാർജ്ജനത്തിനും ഭവന നിർമ്മാണത്തിനും ധനസഹായം ചെയ്യുന്നതിലൂടെ ശുചിത്വ പരിപാലനം.
ഊർജ്ജം	ഗ്രാമീണ വൈദ്യുതീകരണ സംഘങ്ങൾ	1) ഊർജ്ജ സംരക്ഷണം, ഊർജ്ജ ഉപയോഗ ക്ഷമത 2) ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ വിതരണത്തിലും സഹായിക്കൽ

തൊഴിൽ	തൊഴിൽ കരാർ സംഘങ്ങൾ, പ്രിൻറിംഗ് സഹകരണസംഘങ്ങൾ വ്യവസായ സഹകരണ സംഘങ്ങൾ,കയർ തൊഴിലാളി സഹകരണസംഘങ്ങൾ, ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ,കശുവണ്ടി സഹകരണസംഘങ്ങൾ	1) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും അവയുടെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കുന്നതിനും വിപണനത്തിനും സഹായിക്കൽ. 2) അടിസ്ഥാന സൗകര്യ വികസനത്തിനും ഗ്രാമീണ തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും സഹായിക്കൽ.
സുസ്ഥിര പ്രകൃതി വിഭവ പരിപാലനം	അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം	സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ സുസ്ഥിര വികസനം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

എ) കാർഷിക മേഖല

1. കുറ്റിപമ്പ്, പവർസ്പ്രയർ, കാട് വെട്ട് യന്ത്രം, ടില്ലർ, ട്രാക്ടർ, മെതി യന്ത്രം എന്നിവ നൽകുന്നതിനായുള്ള പദ്ധതി (സഹകരണസംഘ ങ്ങൾക്ക്)
2. പ്രാദേശീക ഉത്പന്നങ്ങൾക്ക് വിപണന സൗകര്യം (പരമാവധി 1 ലക്ഷം രൂപവരെ)
3. മാതൃക കൃഷിത്തോട്ടം/ഔഷധ സസ്യത്തോട്ടം/തരിശുരഹിത ഗ്രാമം(വ്യക്തിപരം 30,000 രൂപ)
4. ഹരിത ഭവനം(വ്യക്തിപരം, പരമാവധി 20,000/- രൂപ)
5. വിത്തുല്പാദന കേന്ദ്രം
6. നെൽകൃഷി, പച്ചക്കറികൃഷി വ്യാപനം(എസ്.എച്ച്.ജി/വ്യക്തി/വനിത സഹകരണ സംഘങ്ങൾ)
7. ഹൈടെക് കൃഷിവ്യാപനം
8. കാർഷികോത്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി ശേഖരിക്കൽ
9. കാർഷിക സംസ്കരണ സംഘങ്ങൾ
10. മൂല്യവർദ്ധിത ഉത്പന്നയൂണിറ്റുകൾ ആരംഭിക്കൽ

ബി) മൃഗസംരക്ഷണം

1) ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സഹകരണ സംഘങ്ങൾ മുഖേന
2) ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്നതിനുള്ള യൂണിറ്റുകൾ

സി) ജലസംരക്ഷണം

1) കിണർ റീചാർജ്ജ് - വായ്പയും സബ്സിഡിയും

ഡി) മത്സ്യബന്ധനം

1) ഔട്ട് ബോർഡ് എൻജിൻ വാങ്ങുന്നതിന് വായ്പയോടൊപ്പം സബ്സിഡി.
2) അലങ്കാരമത്സ്യം വളർത്തൽ
3) മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദന ഉപാധികൾ
4) മുരിങ്ങകൃഷി, ഞണ്ടുകൃഷി, കല്ലുമ്മേക്കായ് എന്നിവയ്ക്ക് വായ്പയും സബ്സിഡിയും.

ഇ) പരിസ്ഥിതിസംരക്ഷണം

സാമ്പത്തിക ആവശ്യങ്ങൾക്ക് മരം മുറിക്കാതിരിക്കാൻ വസ്തുവിലെ മരം പണയപ്പെടുത്തി അതിന്റെ മാർക്കറ്റ് വിലയുടെ 75 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതിക്ക് പലിശ സബ്സിഡി.

എഫ്) ആരോഗ്യം

1) കൊല്ലം സഹകരണ ആശുപത്രിയുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതികൾ.
2) മെഡിക്കൽ ക്യാമ്പ്, ബോധവത്കരണം, ആംബുലൻസ് സഹായം,(പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക്)

ജി) ഊർജ്ജം

1) സൗരോർജ്ജ പ്ലാൻറുകളുടെ സ്ഥാപനത്തിന് വായ്പയും സബ്സിഡിയും.

2) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ.

എച്ച്) വ്യവസായം

ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കൽ.

ഐ) തൊഴിൽ

സഹകരണസംഘങ്ങളിലെ അംഗങ്ങൾ യഥാർത്ഥ തൊഴിലാളികളാണെങ്കിൽ അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തി നൽകുന്നതിന് പ്രോത്സാഹനം നൽകുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വിവിധ സഹകരണ ബാങ്കുകളിൽ നിന്നുള്ള മിച്ചധനം ഉപയോഗിച്ചും സഹകരണ ബാങ്കുകൾക്ക് ഓഹരി അനുവദിച്ചുകൊണ്ടും കൺസോർഷ്യമോ അല്ലെങ്കിൽ ജനകീയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ജില്ലാ പഞ്ചായത്തിനോ പ്രത്യേകംസംവിധാനമുള്ള ഒരു സ്ഥാപനമോ രൂപീകരിച്ചുകൊണ്ട് താഴെപ്പറയുന്ന മേഖലകളിൽ ഒരു മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണകേന്ദ്രമോ വ്യവസായ ക്ലസ്റ്റർ ശൃംഖലയോ സൃഷ്ടിക്കാൻ കഴിയുന്നതാണ്. നാളികേരം, റബ്ബർ, പ്ലാവ് തുടങ്ങിയവയുടെ ഉപോൽപ്പന്നങ്ങൾ, തടി എന്നിവ ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങൾ ആരംഭിക്കാനുള്ള സാധ്യത കാണുന്നുഅതുപോലെതന്നെ വിവിധ സഹകരണ സംഘങ്ങളുടെ മിച്ചധനമോ സഹകരണ ബാങ്കുകൾക്ക് ഓഹരി നൽകിയോ കാർഷിക ഉൽപ്പന്ന വിതരണ കേന്ദ്രം, മിനി തീയറ്റർ, കൺവെൻഷൻ സെന്റർ, ഹൈപ്പർ മാർക്കറ്റ് അടക്കമുള്ള ഒരു ഷോപ്പിംഗ് കോപ്ലക്സ് ആരംഭിക്കാവുന്നതാണ്.
2. സാമൂഹ്യക്ഷേമപെൻഷൻ വിതരണത്തിൽ സഹകരണബാങ്കുകളെ ചുമതലപ്പെടുത്തിയതു പോലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്കായി സഹകരണബാങ്കുകളെ നിശ്ചയിക്കണം.
3. നിർജ്ജീവമായതും ലിക്വിഡേഷനിലായതുമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ ചുമതലയുള്ളത് ഓരോ താലൂക്കിലേയും യൂണിറ്റ് ഇൻസ്പെക്ടർമാർക്കാണ്. വർദ്ധിച്ച ജോലി ഭാരവും ഇൻസ്പെക്ഷൻ ഡ്യൂട്ടിയും കാരണം മൃതപ്രായമായ സഹകരണ സംഘങ്ങളെ നിലവിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങളോ പ്രോജക്ട് തയ്യാറാക്കി സർക്കാർ ധനസഹായം വിനിയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട സാഹചര്യം ലഭിക്കാതെ പോകുന്നു. ഈ സാഹചര്യത്തിൽ ഓരോ താലൂക്കിലും നിലവിൽ നിൽക്കുന്ന സംവിധാനത്തിൽ നിന്ന് സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനു വേണ്ടി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ധനസഹായം ആവശ്യമായ സഹകരണ സംഘങ്ങളെ സഹായിക്കാൻ ഒരു പ്ലാൻ ഇൻസ്പെക്ടറും ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ഊർജ്ജപ്പെടുത്തുവാൻ ഒരു ലിക്വിഡേഷൻ ഇൻസ്പെക്ടർക്കും ചുമതല നൽകുന്നതു വഴി ജനകീയ പ്രസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുണകരമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകും.
4. ദുർബലരായതോ പ്രവർത്തന രഹിതമായതോ ആയ വനിത/പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുനരുദ്ധാരണ പാക്കേജ് ഉണ്ടാവേണ്ടതുണ്ട്.
5. ദുർബലരായ/പ്രവർത്തന രഹിതമായ സംഘങ്ങൾക്ക്, ധനസഹായം അത്യാവശ്യമായ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തേണ്ടതുണ്ട്.
6. സർക്കാർ ഓഹരി/ധനസഹായം ആവശ്യമായ വിവിധ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിന് ആവശ്യമായ വർദ്ധിപ്പിച്ച ധനസഹായം നൽകേണ്ടതുണ്ട്.
7. സഹകരണസ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് ഫണ്ട് വിനിയോഗം, സംഘം പ്രവർത്തനം എന്നിവ സംബന്ധിച്ച് കൃത്യമായ ആസൂത്രണമില്ലായ്മയാണ്. ആയതിനാൽ വിവിധ സഹകരണസംഘങ്ങളുടെ ഭരണസമിതികൾ ചുതലയേറ്റയുടൻ തന്നെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകാൻ സഹകരണവകുപ്പിൽ രൂപീകരിക്കപ്പെട്ട പരിശീലനകേന്ദ്രത്തെയും, സഹകരണയൂണിയനുകളെയും ഉപയോഗപ്പെടുത്തി പരിശീലനസംവിധാനം രൂപീകരിക്കേണ്ടതാണ്.

8. സഹകരണസ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശിയായിട്ടുള്ള സഹകരണവകുപ്പിന്റെ വെബ്സൈറ്റിൽ വിഷയം തിരിച്ച് ആദ്യം മുതലുള്ള സർക്കുലറുകൾ ഉൾപ്പെടുത്തി കാലാചിതമായി പരിഷ്കരിക്കുകയും വേണം.
9. സഹകാരികൾക്കും, ജീവനക്കാർക്കും വേണ്ട ഒരു കാൾസെന്റർ, ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തണം.
10. സഹകരണം ഒരു പ്രത്യേക വിഷയമായി ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കൊണ്ടു വരേണ്ടതാണ്.

കീഴ്ക്കൂട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സഹകരണസംഘങ്ങളിൽ പദ്ധതി നടത്തിപ്പിൽ പങ്കാളിയാക്കാൻ കഴിയണം.
2. ക്ഷീരവകുപ്പ്, കയർ,കൈത്തറി, വ്യവസായം തുടങ്ങിയ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണസ്ഥപനങ്ങൾക്ക് ഉപയുക്തമായ പദ്ധതികൾ മേഖലാസംയോജനസാദ്ധ്യതകൾ പരിശോധിച്ച് നടപ്പാക്കേണ്ടതാണ്.
3. സഹകരണവായ്പയുടെ തിരിച്ചടവ് ഉറപ്പാക്കാൻ കഴിയുന്ന സാമൂഹ്യസമ്മർദ്ധ ഗ്രൂപ്പായി ഗ്രാമസഭയേയും, കുടുംബശ്രീ, സി.ഡി.എസ്, എ.ഡി.എസ് സംവിധാനത്തെയും തദ്ദേശഭരണസ്ഥാപനങ്ങൾ ഉത്തരവാദപ്പെടുത്തണം.
4. സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഉൾപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യലഘൂകരണം, ആരോഗ്യസംരക്ഷണം, തൊഴിൽ തുടങ്ങിയ മേഖലകൾക്കാവശ്യമായ വിഭവസമാഹരണത്തിന് ഉപയോഗപ്പെടുത്തണ്ടതാണ്.

പ്രോജക്ട് ആശയങ്ങൾ

1. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ മാനേജ്മെന്റ് സഹകരണ സംഘം.
   വരുംകാലങ്ങളിൽ ജലക്ഷാമം രൂക്ഷമാകുമ്പോൾ അത് പരിഹരിക്കുന്നതിന് ജലസംരക്ഷണം ഉറപ്പാക്കുകയും മലിനജലം സംസ്കരിച്ചും ഉപയോഗയോഗ്യമാക്കുക, ഉപ്പുവെള്ളം സംസ്കരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ബോട്ലിംഗ് പ്ലാൻറും സ്ഥാപിക്കൽ.
2. റിന്യൂവബിൾ എനർജി പ്രൊമോഷൻ സഹകരണസംഘം
   സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് സോളാർ പാനലുകൾ നിർമ്മിച്ചും ആവശ്യാനുസരണം ക്ഷമത കൂടിയ ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണസംഘത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
3. സോഫ്റ്റ് ആന്റ് എന്റർപ്രണറർ സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് സഹകരണസംഘം
   വ്യവസായ വികസനത്തിന് സംരംഭകത്വ നൈപുണ്യവും മാനവശേഷി വികസനവും കഴിവുകളും വളർത്തിയെടുത്ത് പുതിയ അവബോധം സൃഷ്ടിക്കാനുള്ള പരിശീലനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുക.
4. സഹകരണ ക്ലിനിക്കൽ ലബോറട്ടറീസ്
   ജനങ്ങൾക്ക് ശാസ്ത്രീയമായ ചികിത്സയും രോഗപ്രതിരോധ നടപടികളും ഉതകുന്ന രീതിയിൽ സഹകരണ ക്ലിനിക്കൽ ലബോറട്ടറി ശൃംഖല സഹകരണ മേഖലയിൽ സ്ഥാപിക്കൽ.
5. ഹ്യൂമൻ റിസോഴ്സ് സപ്ലൈ ആന്റ് മാനേജ്മെന്റ് സഹകരണസംഘം
   പ്രത്യേകതരം പ്രവർത്തികളും സേവനങ്ങളും ഔട്ട്സോഴ്സിംഗ് ചെയ്യുന്നതടക്കം ആകർഷകമായ ജോലികളും സേവനങ്ങളും ഏറ്റെടുത്ത് നടത്തുകയും പരിചരണ സേവനം ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിനുവേണ്ടി സഹകരണത്തിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തുക.
6. കാർ വാഷ് ആന്റ് സർവ്വീസിംഗ് സഹകരണസംഘം
7. സ്കൂൾ യൂണിഫോം തുന്നൽ സഹകരണസംഘം
8. കൺസോർഷ്യം രൂപീകരിച്ച് സഹകരണ കൺസ്യൂമർ ശൃംഖല സ്ഥാപിക്കൽ

9. ഭക്ഷ്യസാധനങ്ങൾ, പച്ചക്കറികൾ എന്നിവ സംഭരിച്ച് സൂക്ഷിക്കുന്നതിന് റഫ്രിജറേറ്റർ ഗോഡൗൺ അടക്കമുള്ള ആധുനിക സംവിധാനങ്ങളോട് കൂടിയ മൂല്യവർദ്ധിത ഉത്പന്ന വിപണന കേന്ദ്രം സ്ഥാപിക്കൽ.
10. ആടുമാടുകളുടെ ഫാമും മാംസവും വിപണനം ലക്ഷ്യമാക്കിയുള്ള സഹകരണ മേഖലയുടെ ഇടപെടൽ.
11. സ്ക്രാപ്പ് പിക്കേഴ്സ് ആന്റ് റീസൈക്കിളിംഗ് സഹകരണസംഘം.
12. പോൾട്രി സഹകരണസംഘങ്ങൾ
13. മാതൃകാ കൃഷിത്തോട്ടങ്ങൾ നടത്തുന്നതിന് സഹകരണ മേഖലയുടെ ഇടപെടൽ.
14. ഹൗസ് ബിൽഡിംഗ് മെറ്റീരിയൽസ് സപ്ലൈ സഹകരണസംഘം.
15. നാചറൽ റിസോഴ്സ് മാനേജ്മെന്റ് സഹകരണസംഘം. (മണ്ണ്, ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണസംഘം)

4.7 ആരോഗ്യം ശുചിത്വം

ആരോഗ്യ മേഖല

കൊല്ലം ജില്ലയിലെ ആരോഗ്യ മേഖലയിലെ നിലവിലുള്ള സ്ഥിതിയും, ആരോഗ്യ സൂചകങ്ങളും, സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും, വിവിധ ഫണ്ടുകളുടെ വിനിയോഗം, ആരോഗ്യം, ആയുർവേദം, ഹോമിയോ, ഫുഡ് സേഫ്റ്റി മേഖലകളിലെ വിവിധ പ്രോജക്ടുകളുടെ സ്ഥിതിവിവരങ്ങളും താഴെ വിശകലനം ചെയ്യുന്നു. 2011-ലെ സെൻസസ് പ്രകാരം 26,35,375 ആളുകളാണ് ജില്ലയിലുള്ളത്. 2017-ലെ ജനസംഖ്യ തിട്ടപ്പെടുത്തുമ്പോൾ 29,66,260 ആണ്.

പട്ടിക 4.7.1 ജനസംഖ്യ – വിവിധ തലങ്ങളിൽ

ക്ര.നം	വയസ്സ്	ജനസംഖ്യ
1	1 മുതൽ 18 വരെ	5,96,829
2	18 മുതൽ 30 വരെ	9,84,291
3	30 വയസ്സിന്മുകളിൽ	10,12,792
4	60 വയസ്സിന്മുകളിൽ	3,72,348

അവലംബം . ആരോഗ്യ വകുപ്പ്

ചിത്രം 4.7.1

ജനസംഖ്യ – വിവിധ തലങ്ങളിൽ



അവലംബം . ആരോഗ്യ വകുപ്പ്

ചിത്രം 4.7.2

ആരോഗ്യ സൂചകങ്ങൾ



അവലംബം . ആരോഗ്യ വകുപ്പ്

കുറഞ്ഞ ജനന നിരക്ക്, ദേശീയസംസ്ഥാനശരാശരിയേക്കാൾ മെച്ചപ്പെട്ട ആയുർദൈർഘ്യം, സംസ്ഥാനശരാശരിയേക്കാൾ ഏകദേശം പകുതിയോളം വരുന്ന മാതൃ-ശിശുമരണനിരക്കുകൾ എന്നിവ ജില്ലയുടെ ഉയർന്ന നേട്ടങ്ങളാണ്.

പട്ടിക 4.7.2

ആരോഗ്യ സൂചകങ്ങൾ

ക്രമ നം	സൂചകങ്ങൾ	കൊല്ലം ജില്ല		കേരളം	ഇന്ത്യ
		2010	2016	2016	2016
1	ജനന നിരക്ക്	12	8.73	14.7	21.4
2	മരണ നിരക്ക്	5.094	5.04	6.9	7
3	ശിശുമരണ നിരക്ക്	6.8	6.44	12	40
4	മാതൃമരണ നിരക്ക്	38.23	35.12	66	178
5	ആയുർദൈഘ്യം (പുരുഷൻ)	70	70	70	64
6	ആയുർദൈഘ്യം (സ്ത്രീ)	74	74	69	69

അവലംബം . ആരോഗ്യ വകുപ്പ്

ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ

പകർച്ചേതരവ്യാധി

സംസ്ഥാനത്ത് നിലവിൽ ഉള്ള പകർച്ചേതര വ്യാധികളുടെ പ്രാചുര്യം ജില്ലയിലും ഉയർന്ന നിലയിലാണ് ഉള്ളത്. NON COMMUNICABLE DISEASE CONTROL PROGRAM (NPCDCS) ന്റെ കീഴിൽ NPCB,NTCP,NOHP,CMHP,NPPCD തുടങ്ങിയ പരിപാടികൾ നടന്നുവരുന്നു.

പട്ടിക 4.7.3

പകർച്ചേതരവ്യാധി

സൂചകങ്ങൾ	2016			2017 (സെപ്റ്റംബർ വരെ)		
	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
Screened	1,35,924	2,32,194	3,68,118	1,14,300	1,93,428	3,07,728
DM cases Follow Up	39,386	60,510	99,896	49,720	75,278	1,24,998
HTN cases Follow Up	45,451	76,556	1,22,007	52,127	89,136	1,41,263
DM + HTN Follow Up	30,195	49,542	79,737	8,860	15,521	24,381

അവലംബം . ആരോഗ്യ വകുപ്പ്

ഏകദേശം 277028 പേർ പ്രമേഹരോഗികളായും 415542 പേർ രക്താതിസമ്മർദ്ദം ഉള്ളവരായും ജില്ലയിൽ ഉണ്ടെന്നു കണക്കുകൾ പറയുന്നു. ഇതിന്റെ 45.12% ഓളം പ്രമേഹരോഗികളും 34% രക്താതിസമ്മർദ്ദം ഉള്ളവരും വിവിധ ചികിത്സാ സേവനങ്ങൾക്കായി സർക്കാർ മേഖലയെ ആശ്രയിക്കുന്നുണ്ട്. ജീവിതശൈലീ രോഗനിർണ്ണയ പരിശോധനയ്ക്ക് എത്തുന്നവരിൽ 36% പേർ മാത്രമാണ് പുരുഷന്മാർ. സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന ജീവിതശൈലീ രോഗമുള്ളവരുടെ കണക്കുകൾ ആരോഗ്യവകുപ്പിന് ലഭ്യമാകുന്നില്ല. പ്രമേഹവും രക്താതിസമ്മർദ്ദവും ഉള്ളവരായി 79737 പേരെ കണ്ടെത്തിയിട്ടുണ്ട്. ശാരീരിക അധ്വാനം/ വ്യായാമം ഇല്ലായ്മ, അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, പുകയിലയുടെയും മദ്യത്തിന്റെയും വർദ്ധിച്ച ഉപയോഗം, വർദ്ധിച്ച മാനസിക സമ്മർദ്ദം എന്നിവയാകാം ജീവിതശൈലീ രോഗങ്ങൾക്ക് കാരണം.

ചിത്രം 4.7.3 - പകർച്ചേതരവ്യാധി



അവലംബം . ആരോഗ്യ വകുപ്പ്

ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കാശുപത്രി, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ പ്രവർത്തിച്ചുവരുന്നു. നീണ്ടകര താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഉടൻ ആരംഭിക്കുന്നതാണ്. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് സെന്റർ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതാണ്.

ക്യാൻസർ

- ജില്ലയിൽ ക്യാൻസർ രജിസ്ട്രി പ്രകാരം 1236 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- സ്തനാർബുദം, ഗർഭാശയ ക്യാൻസർ, വായ് ക്യാൻസർ എന്നിവ ജില്ലയിലും ഉയർന്ന തോതിലാണ്.

പകർച്ചവ്യാധികൾ

ജില്ലയിൽ ഡെങ്കിപ്പനിയും ഇതുമൂലമുള്ള മരണ നിരക്കും മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്. എലിപ്പനിയും തന്മൂലമുള്ള മരണങ്ങളും മുൻവർഷങ്ങളിലെപോലെ മാറ്റമില്ലാതെ തുടരുന്നു. H1N1 കേസുകൾ വർദ്ധിക്കുകയും മരണം റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. Hep B കേസുകളും പ്രകടമായ മാറ്റമില്ലാതെ തുടരുന്നു. ജലജന്യരോഗങ്ങൾ പൊതുവേ കുറഞ്ഞുവരുന്നു. ഇതരദേശ തൊഴിലാളികളുടെ വരവും തീരദേശത്തെ അനോഫിലിസ് കൊതുകുകളുടെ സാന്നിധ്യവും തദ്ദേശ മലമ്പനിക്കുള്ള സാധ്യത നിലനിർത്തുന്നു.

ശരിയായ മാലിന്യ പരിപാലനത്തിന്റെ അഭാവം, ജനങ്ങളുടെ അനാരോഗ്യകരമായ ശീലങ്ങൾ, ഫലപ്രദമായ എലി നിയന്ത്രണത്തിന്റെ അഭാവം, തീരദേശ മേഖലകളിലും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും മനുഷ്യ വിസർജ്ജ്യ സംസ്കരണത്തിലെ പോരായ്മകൾ, കുടിവെള്ള സ്രോതസ്സുകളുടെ ആരോഗ്യകരമായ പരിപാലനത്തിന്റെ അഭാവം, ഭക്ഷണ ശാലകളിലെ ശുചിത്വ പ്രശ്നങ്ങൾ എന്നിവ ജില്ലയിൽ പകർച്ചവ്യാധികൾ വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു.

ചിത്രം 4.7.4 - പകർച്ചവ്യാധി- ജലജന്യം - ജന്തുജന്യം,വായുജന്യം





അവലംബം . ആരോഗ്യ വകുപ്പ്

ചിത്രം 4.7.5 - പകർച്ചവ്യാധി - പ്രാണിജന്യം



അവലംബം . ആരോഗ്യ വകുപ്പ്

ചിത്രം 4.7.6 - ക്ഷയരോഗ നിയന്ത്രണ പരിപാടി - സ്ഥിതിവിവരങ്ങളുടെ ഗ്രാഫ്



അവലംബം . ആരോഗ്യവകുപ്പ്

കുഷ്ഠരോഗ നിയന്ത്രണ പരിപാടി

2015-16 വർഷം ജില്ലയിൽ 14PB കേസുകളും 26 MB കേസുകളും ഉൾപ്പടെ 40 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. 2016-17ൽ 6 PB കേസുകളും 10 MB കേസുകളും ഉൾപ്പടെ 16പേർ ചികിത്സയിലുണ്ട്. നിലവിൽ ജില്ലയിൽ കുഷ്ഠരോഗ നിരക്ക് 0.03/10 ലക്ഷം എന്നതാണ്.

ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (NVBDCP)

മലമ്പനി, ഡെങ്കിപ്പനി, ചെള്ളുപനി, ജപ്പാൻ ജ്വരം, കരിമ്പനി, കുരങ്ങുപനി എന്നിവയുടെ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നു. ഈ വർഷം പനിയുള്ളവരുടെ രക്തപരിശോധന, മലമ്പനിക്ക് സമ്പൂർണ്ണ ചികിത്സ, ഈഡിസ് കൂത്താടി നിരീക്ഷണം, രോഗകാരികളായ കൊതുക്-പ്രാണി നിയന്ത്രണം എന്നിവ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നു. 2016-17 വർഷങ്ങളിൽ ചികിത്സയ്ക്ക് വിധേയമാക്കിയ രോഗങ്ങളുടെ കണക്ക് ചിത്രം 4.7.5 ൽ നൽകിയിട്ടുണ്ട്.

ക്ഷയരോഗ നിയന്ത്രണ പരിപാടി

ജില്ലയിൽ ക്ഷയരോഗ നിയന്ത്രണ പരിപാടി കാര്യക്ഷമമായി നടന്നു വരുന്നു. സ്ഥിതി വിവരങ്ങളുടെ ഗ്രാഫ് ചിത്രം 4.7.6 ൽ നൽകുന്നു.

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്

ബയോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഫൈലേറിയ ഇൻസ്പെക്ടർമാർ, ഫീൽഡ് അസിസ്റ്റണ്ട്, ഫീൽഡ് വർക്കർ, ഇൻസെക്റ്റ് കളക്ടർ തുടങ്ങി 56 പേർ അടങ്ങുന്ന യൂണിറ്റ് കൊല്ലം കോർപ്പറേഷൻ, പുനലൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നേരിട്ട് വെക്ടർ കണ്ട്രോൾ നടത്തിവരുന്നു. കൂടാതെ പകർച്ചവ്യാധി സമയത്ത് ജില്ലയുടെ വിവിധ മേഖലകളിൽ ഉൾപ്പടെ പ്രാണി നിരീക്ഷണം, കൊതുക് നിയന്ത്രണം, ഫോഗിംഗ്, ISS, ഈഡിസ് സർവ്വേ, തീര മേഖലകളിൽ മലമ്പനി കൊതുകുകൾക്കെതിരെ കിണറുകൾക്കും ടാങ്കുകൾക്കും വല കെട്ടൽ, കൂത്താടി ഭോജി മത്സ്യങ്ങൾ നിക്ഷേപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മന്ത് രോഗ നിയന്ത്രണ നിരീക്ഷണ പ്രവർത്തനങ്ങളും യൂണിറ്റാണ് ചെയ്തു വരുന്നത്. കഴിഞ്ഞ 5 വർഷമായി ജില്ലയിൽ മന്ത് രോഗം കണ്ടെത്തിയിട്ടില്ല. എന്നാൽ ഇതര ദേശ തൊഴിലാളികൾക്കിടയിൽ 2016 വർഷം 21 കേസുകളും 2017 വർഷം 17 കേസുകളും കണ്ടെത്തി ചികിത്സ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യകരമായ മാലിന്യ പരിപാലനം, ശുദ്ധ ജല ലഭ്യത എന്നിവ ഉറപ്പുവരുത്തുകയും രോഗ നിരീക്ഷണ പ്രതിരോധ നിയന്ത്രണ സംവിധാനം ജനപങ്കാളിത്തത്തോടെ പുനസംഘടിപ്പിക്കുകയും പകർച്ചവ്യാധി മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കയും ചികിത്സിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പകർച്ചവ്യാധി പ്രശ്നങ്ങളെ പരിഹരിക്കുവാൻ കഴിയൂ.

പട്ടിക 4.7.4

പ്രജനന ശൈശവ ആരോഗ്യം

സൂചകം	2015-2016			2016-2017		
	ഗവ:	സ്വകാര്യ	ആകെ	ഗവ:	സ്വകാര്യ	ആകെ
പ്രസവം	10006	18463	28469	8674	17226	25900
നോർമൽ	5332	7733	13065	4310	7266	11576
C –സെക്ഷൻ	4650	10730	15410	4364	9960	14324
വീട്ടിലെ പ്രസവം	24			22		

അവലംബം . ആരോഗ്യവകുപ്പ്

ജില്ലയിൽ നടക്കുന്ന പ്രസവങ്ങളിൽ 99%വും ആശുപത്രി പ്രസവങ്ങളാണ്. ജില്ലയിൽ 6 താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രിയിലും (വിക്ടോറിയ), പാരിപ്പള്ളി ഗവ:മെഡിക്കൽ കോളേജിലും 52 സ്വകാര്യ ആശുപത്രികളിലും പ്രസവ സൗകര്യം ലഭ്യമാണ്. ജില്ലയിൽ നടക്കുന്ന പ്രസവങ്ങളിൽ 55% സ്വകാര്യ ആശുപത്രികളിലും 45%സർക്കാർ ആശുപത്രികളിലുമാണ്. പ്രസവസമയത്ത് ഭാരക്കുറവോടുകൂടി ജനിച്ച കുട്ടികളുടെ ശതമാനം 9.2 ആണ്. കഴിഞ്ഞ രണ്ടുവർഷ കാലയളവിലായി പ്രതിരോധ കുത്തി വെയ്പ്പ് 95% ആണ്. 2016-17 വർഷം ജില്ലയിലെ 5 വയസ്സിനു താഴെയുള്ള 138425 കുട്ടികളുടെ തൂക്കം ICDS പരിശോധിച്ചതിൽ 85.44% മാത്രമാണ് ആരോഗ്യകരമായ തൂക്കം ഉണ്ടായിരുന്നത്. 14.43% തൂക്കക്കുറവുള്ള കുട്ടികളും 0.13% ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളുമാണ്.

RBSK

ജില്ലയിൽ കുട്ടികളിലെ ജന്മവൈകല്യങ്ങൾ, വളർച്ചയിലും വികാസത്തിലുമുള്ള കുറവുകൾ, ജീവകം ധാതുക്കൾ എന്നിവയുടെ അഭാവത്തിലുണ്ടാകുന്ന രോഗങ്ങൾ കണ്ടെത്തി ചികിത്സ നൽകുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 85 നെഴ്സുമാരെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 6 പ്രസവ കേന്ദ്രങ്ങളിലും RBSK സ്ക്രീനിംഗ് നടത്തിവരുന്നു. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം വിക്ടോറിയ ആശുപത്രിയിൽ 2016-17 വർഷം 12,794 കുട്ടികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

പോഷണ പ്രശ്നങ്ങൾ

കൊല്ലം ജില്ലയിലെ പോഷണ പ്രശ്നങ്ങൾ കേരളത്തിന്റെ പൊതു സ്ഥിതിക്ക് അനുസൃതമാണ്. പ്രതിദിനം 350 മുതൽ 500 ഗ്രാം വരെ പച്ചക്കറി, പഴവർഗ്ഗം, ഇലക്കറികൾ എന്നിവ കഴിക്കണമെന്നിരിക്കെ പ്രതിദിന ഉപഭോഗം വളരെ താഴെയാണ്. അന്നജ ആഹാരത്തിന്റെയും എണ്ണയിൽ പൊരിച്ച പലഹാരങ്ങളുടെയും ഉപഭോഗം വളരെ ഉയർന്ന നിലയിലാണ്. ആവശ്യത്തിനു ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം മത്സ്യ ത്തൊഴിലാളികൾ ഉൾപ്പടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലും പരമ്പരാഗത തൊഴിലാളി വിഭാങ്ങളിലും ഉണ്ട്. ഹരിതകേരളവുമായി ചേർന്ന് പച്ചക്കറി, ഇലക്കറി, പഴവർഗ്ഗം എന്നിവയുടെ ഉത്പാദനം ഉപഭോഗം വിനിമയം എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതാണ്.

ഇതര സംസ്ഥാന തൊഴിലാളികൾ

ജില്ലയിൽ പ്രവർത്തന വർഷം ആരോഗ്യവകുപ്പ് 1,256 താമസ സ്ഥലങ്ങളിലെ 12,276 ഇതരദേശ തൊഴിലാളികൾക്ക് സേവനം നൽകിയിട്ടുണ്ട്. ഇതിൽ 282 പേർ 5 വയസ്സിനു താഴെയുള്ള കുട്ടികളാണ്. ഈ വർഷത്തിലെ സ്ക്രീനിങ്ങിൽ മലേറിയ, മന്ത് തുടങ്ങിയ രോഗങ്ങൾ കണ്ടെത്തിയിട്ടില്ല. ഇവരുടെ താമസ സ്ഥലങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ഇവരിൽ ബഹുഭൂരിപക്ഷം പേരും നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കളാണ്.

കൗമാര ആരോഗ്യ പ്രശ്നങ്ങൾ

ജില്ലയിൽ RKSK എന്ന പേരിൽ കൗമാര ആരോഗ്യ സേവനം ഗവൺമെന്റ് വിക്ടോറിയ ആശുപത്രി യിലും കടക്കൽ താലൂക്കാശുപത്രിയിലും നൽകി വരുന്നു. കൗമാരക്കാരിലെ വിളർച്ച പ്രതിരോധിക്കുന്നതിന് 6 മുതൽ 12 ക്ലാസ്സ് വരെയുള്ള സ്കൂൾ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ അയൺഫോ ളിക് ആസിഡ് ഗുളികകൾ നൽകിവരുന്നു. 10 മുതൽ 19 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്ക് അംഗനവാടികൾ മുഖാന്തിരം ഗുളിക നൽകുന്നു. ജില്ലയിൽ 1,67,752 കുട്ടികൾക്ക് പദ്ധതി പ്രകാരം മരുന്ന് നൽകുന്നു. വിദ്യാർഥികൾക്കിടയിൽ പുകവലി, മദ്യപാനം, മയക്കു മരുന്ന് ഉപയോഗം എന്നിവ കണ്ടു വരുന്നതിനാൽ ഇതിനെതിരെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

വർദ്ധിച്ചു വരുന്ന വൃദ്ധ ജനസംഖ്യയും ആരോഗ്യ പ്രശ്നങ്ങളും

ജില്ലയിൽ വൃദ്ധ ജനസംഖ്യ ഏകദേശം 372348 ആണ്. ഇതിൽ 2408 പേർ കിടപ്പ് രോഗികളാണ്. കൂടുതൽ പേരും ജീവിതശൈലീ രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്നവരുമാണ്. ഒറ്റപ്പെടൽ, വിഷാദരോഗം, ഭക്ഷണ-

പ്രാഥമിക സൗകര്യം എന്നിവയുടെ പോരായ്മ, വിനോദ കായിക ഉപാധികളുടെ അഭാവം, ഹൃദയ സംബന്ധമായ അസുഖങ്ങൾ, കാൻസർ, കിഡ്നി, പ്രോസ്റ്റേറ്റ്, പ്രോലാപ്സ് യൂട്രസ് രോഗം തുടങ്ങിയവ ഇവർക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളാണ്. ജില്ലയിൽ വൃദ്ധജന സംഖ്യ ആകെ ജനസംഖ്യയുടെ 12.5% ആണ്.

ചിത്രം.4.7.7

പ്രസവം – സ്ഥിതി വിവര കണക്ക്



അവലംബം . ആരോഗ്യവകുപ്പ്

മാനസികാരോഗ്യപ്രശ്നങ്ങൾ

സർക്കാർ മേഖലയിൽ ചികിത്സ നേടുന്ന 16000 ഓളം രോഗികളുണ്ട്. 22 ക്ലിനിക്കുകൾ വഴി ഇവർക്ക് സേവനങ്ങൾ നൽകി വരുന്നു. മുഖത്തലയിൽ പുരുഷന്മാർക്ക് വേണ്ടിയും വള്ളിക്കാവിൽ സ്ത്രീകൾക്ക് വേണ്ടിയും പകൽവീടുകൾ ഇപ്പോൾ നിലവിൽ ഉണ്ട്. വള്ളിക്കാവിൽ ശരാശരി 25 പേരും മുഖത്തലയിൽ ശരാശരി 27 പേരും സംരക്ഷിക്കപ്പെടുന്നു.

ചിത്രം 4.7.8

മാനസികാരോഗ്യ രോഗ വിവരങ്ങൾ



അവലംബം . ആരോഗ്യവകുപ്പ്

പട്ടിക 4.7.5

രോഗ വിവരങ്ങൾ

ക്ര.നം	രോഗവിവരം	രോഗികളുടെ എണ്ണം(2016-17)
1	Organic Mental Disorders	46
2	Schizophrenia and Related Disorders	240

3	Mood Disorders	354
4	Neurotic and Stress Related Disorders	41
5	Physiological Dysfunction	67
6	Others	74

അവലംബം . ആരോഗ്യവകുപ്പ്

ആത്മഹത്യ നിരക്കിൽ സംസ്ഥാന ശരാശരി ലക്ഷത്തിൽ 23 പേർ ആണെന്നിരിക്കെ ജില്ലയിലിത് ലക്ഷത്തിന് 42 പേർ എന്ന നിലയിലാണ്. ഗൌരവതരമായ പഠനവും പരിഹാര നടപടികളും ഇക്കാര്യത്തിൽ അനിവാര്യമാണ്. ആർദ്രം PHC കളിൽ ആരംഭിച്ചിട്ടുള്ള വിഷാദരോഗ ക്ലിനിക്കുകൾ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ആയുർവേദ ഹോമിയോ ഡോക്ടർമാരെയും വിഷാദ രോഗം കണ്ടെത്തി കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകാവുന്നതാണ്. സ്കൂളുകളിൽ കലാകായിക വിനോദങ്ങൾ നിർബന്ധമാക്കേണ്ടതുണ്ട്. കൂട്ടായ്മയുടെയും സാമൂഹിക പങ്കാളിത്തത്തിന്റെയും തലങ്ങൾ ഗ്രാമങ്ങൾ മുതൽ നഗരങ്ങൾ വരെ രൂപപ്പെടുത്തേണ്ടതുണ്ട്. മദ്യം മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രചാര വേലകളും സാമൂഹിക പങ്കാളിത്തത്തോടെയുള്ള ജനകീയ പ്രസ്ഥാനങ്ങളും രൂപപ്പെടുത്തേണ്ടാതുണ്ട്. ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷം നടന്ന ആത്മഹത്യകളെക്കുറിച്ച് പഠനം നടത്തി ബദൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ദേശീയ അന്ധതാ നിവാരണ പദ്ധതി

2015-16 വർഷം 294 ക്യാമ്പുകൾ നടത്തുകയും 2016-17ൽ 190 ക്യാമ്പുകളും ജില്ലയിൽ സംഘടിപ്പിച്ചു. 2015-16ൽ 11314 പേർക്കും 2016-17-ൽ 10321 പേർക്ക് കാറ്ററാക്ട് സർജറി ചെയ്തു നൽകുകയുണ്ടായി. 2015-16 വർഷം കുട്ടികളിൽ 6530 പേർക്ക് കാഴ്ച്ചതകരാർ കണ്ടെത്തുകയും 1128 പേർക്ക് കണ്ണട നൽകുകയും ചെയ്തു.2016-17 വർഷം ഇത് യഥാക്രമം 4794 / 790 ആയിരുന്നു.

പാലിയേറ്റീവ് കെയർ

68 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും കൊല്ലം കോർപ്പറേഷനിലും പ്രാഥമികതല പാലിയേറ്റീവ്കെയർ പദ്ധതി നിലവിലുണ്ട്. ജില്ലയിലെ 7 താലൂക്ക് ആശുപത്രികളിലും , ജില്ലാ ആശുപത്രികളിലും സെക്കൻഡറി ലവൽ പരിചരണം നൽകുന്നു. കൂടാതെ ജില്ലാ പാലിയേറ്റീവ് പരിശീലന കേന്ദ്രവും പ്രവർത്തന ക്ഷാമമാണ്. പരിശീലനം ലഭിച്ച വോളണ്ടിയർമാരുടെ കുറവ് ജില്ല നേരിടുന്നു. ജില്ലാ പഞ്ചായത്ത് ഈ വർഷത്തെ(2017-18) പദ്ധതിയിൽ പരിശീലനത്തിന് തുക വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷി

തിട്ടപ്പെടുത്തിയ ഭിന്നശേഷിക്കാരുടെ എണ്ണം 66519 ആണ്. ഭിന്നശേഷിക്കാർക്കായി പ്രത്യേക മെഡിക്കൽ ബോർഡ് ജില്ലാ ആശുപത്രിയിൽ ആഴ്ചയിൽ രണ്ടു ദിവസവും താലൂക്കാശുപത്രികളിൽ ആഴ്ചയിൽ ഒരു ദിവസവും നടക്കുന്നു. ഭിന്നശേഷിക്കാർക്കായി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ്സെന്ററിൽ 2016-17 വർഷം 504 പേർക്ക് കൃത്രിമകൈകാലുകൾ വിതരണം ചെയ്യുകയോ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുകയോ ചെയ്തിട്ടുണ്ട്.

ഭിന്ന ലിംഗം

കൊല്ലം ജില്ലയിൽ കണക്കാക്കിയിട്ടുള്ള ഭിന്നലിംഗക്കാരുടെ എണ്ണം 400 ആണ്. ഭിന്നലിംഗക്കാർക്കായി പ്രത്യേക ക്ലിനിക്ക് ജില്ലാ ആശുപത്രിയിൽ ഉടൻ ആരംഭിക്കുന്നതാണ്. അവരുടെ ആരോഗ്യ പ്രശ്നങ്ങൾ മനസിലാക്കാൻ ഇത് ഉപകരിക്കും.

പാർശ്വവൽക്കരിക്കപ്പെട്ടവർ - പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾ

ജില്ലയിലെ പട്ടികജാതി ജനസംഖ്യ 3,28,263 ആണ്. ഇത് ജനസംഖ്യയുടെ 12.45% ആണ്. പുരുഷന്മാരുടെ ജനസംഖ്യ 1,57,801 സ്ത്രീകൾ 1,70,452 ആണ്. ജില്ലയിൽ 59,469 പട്ടികജാതി കുടുംബങ്ങളുണ്ട്. 2,847 കോളനികളും ഉണ്ട്. ഈ വിഭാഗങ്ങൾക്കിടയിൽ സവിശേഷ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽ

പെട്ടിട്ടില്ല. എന്നാൽ കോളനികളിൽ അടിസ്ഥാന സൗകര്യം കുടിവെള്ളം, ടോയിലെറ്റ്, പാർപ്പിടം, വൃദ്ധ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന പക്ഷം കൂടുതൽ മെച്ചപ്പെട്ട ആരോഗ്യ അവസ്ഥയിലേക്ക് കോളനികളെ എത്തിക്കാൻ കഴിയും.

ചിത്രം 4.7.9

പാലിയേറ്റീവ് കെയർ - രോഗികളുടെ എണ്ണം



അവലംബം . ആരോഗ്യവകുപ്പ്

ചിത്രം 4.7.9

ഭിന്നശേഷി - എണ്ണം



അവലംബം . ആരോഗ്യവകുപ്പ്

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,641 ആണ്. ഇതിൽ 2,236 പുരുഷന്മാരും 2,405 സ്ത്രീകളുമാണ് ഉള്ളത്. 1,303 പട്ടിക വർഗ്ഗ കുടുംബങ്ങളും 22 കോളനികളുമാണ് ഉള്ളത് (അവലംബം: 2008-10 സർവ്വേ ITDP). പുനലൂർ താലൂക്കാശുപത്രിയിൽ ട്രൈബൽ മൊബൈൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പ്രതിമാസം എല്ലാ കോളനികൾ സന്ദർശിച്ച് ആവശ്യമുള്ളവർക്ക് ചികിത്സ നൽകിവരുന്നു. ത്വക്ക് രോഗങ്ങൾ, അനീമിയ, ജീവിതശൈലീ രോഗങ്ങൾ എന്നിവയാണ് പൊതുവിൽ ഈ വിഭാഗങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ. അച്ചൻകോവിൽ മേഖലയിലെ മലമ്പണ്ടാര വിഭാഗത്തിൽപ്പെടുന്നവർ വനവാസികളും ചികിത്സയ്ക്കായി എത്താത്തവരുമാണ്. ജില്ലയിലെ ട്രൈബൽ ഹോസ്റ്റലുകളിൽ ആരോഗ്യ വകുപ്പ് സമയ ബന്ധിത സന്ദർശനം നടത്തി സേവനം നൽകിവരുന്നു.

റോഡ് അപകടങ്ങൾ

ജില്ലയിൽ 2016 വർഷം 1950 അപകടങ്ങൾ ഉണ്ടായതിൽ 238 പേർ മരിച്ചിട്ടുണ്ട്. ഇതിൽ ഗുരുതരമായ പരിക്കേറ്റവരുടെ എണ്ണം 2055 ആണ്. ലഹരി ഉപയോഗിച്ച് വാഹനം ഓടിച്ചതായി 3748 കേസുകൾ രജിസ്റ്റർ ചെയ്തു.

ജില്ലയിലെ ആരോഗ്യ സംവിധാനം(ആരോഗ്യം,ആയുർവേദം,ഹോമിയോ)

ജില്ലയിൽ ആകെയുള്ള 421 ഉപകേന്ദ്രങ്ങളിൽ 212 എണ്ണം വാടക കെട്ടിടങ്ങളിലോ മറ്റ് താൽക്കാലിക സംവിധാനങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ജില്ലയിലെ ദൈനംദിന ചികിത്സക്കായി എത്തുന്നവരുടെ എണ്ണം കൂടിവരുന്നു. നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.7.6

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ

ക്രമ നം	ഇനം	അലോപ്പതി	ആയുർവേദം	ഹോമിയോ
1	ജില്ലാ ആശുപത്രി	1	1	1
2	മാതൃ-ശിശു ജില്ലാ ആശുപത്രി	1		
3	താലൂക്ക് ആസ്ഥാന ആശുപത്രി	4		
4	താലൂക്കാശുപത്രി	4		2
5	ടിബി ആശുപത്രി	1		
6	ആശുപത്രികൾ		8	
7	സാമൂഹികാരോഗ്യ കേന്ദ്രം	16		
8	പ്രാഥമികാരോഗ്യ കേന്ദ്രം	57		
9	24x7 പ്രാഥമികാരോഗ്യ കേന്ദ്രം	4		
10	ഉപകേന്ദ്രങ്ങൾ	421		
11	ഡിസ്പെൻസറി		59	48
12	ഡിസ്പെൻസറി(NHM)			33
13	ആയുഷ് PHC		18	
14	ആയുഷ് PHC സിദ്ധ		3	
15	കിടത്തി ചികിത്സയുള്ളത്	37	9	3
16	കിടക്കകൾ	2388	190	80

അവലംബം . ആരോഗ്യവകുപ്പ്

പട്ടിക 4.7.7

മനുഷ്യ വിഭവശേഷി(ആരോഗ്യം,ആയുർവേദം,ഹോമിയോ)

ക്ര.നം	ഇനം	അലോപ്പതി	ആയുർവേദം	ഹോമിയോ
1	വിദഗ്ദ്ധ ഡോക്ടർ	148	3	
2	ഡോക്ടർ	191	77	58
3	ഡോക്ടർ (NHM)		25	
4	ഹെഡ് നേഴ്സ്/സ്റ്റാഫ് നേഴ്സ്/NS	491	31	8
5	ഫാർമസിസ്റ്റ്	110	67	46
6	ലാബ് ടെക്നീഷ്യൻ	67	1	

7	നേഴ്സിംഗ് അസിസ്റ്റണ്ട്	272	90 (NA&HA)	
8	അറ്റൻഡർ	347		38
9	TA /HS /HI /JHI	403		
10	MCHO /DPHN/ PHNS/ PHN/JPHN	4		
11	തെറാപ്പിസ്റ്റ്		5	
12	കുക്ക്,സാനിറ്റേഷൻ വർക്കർ		20	
13	PTS		60	31
14	മറ്റു ജീവനക്കാർ			36

അവലംബം . ആരോഗ്യവകുപ്പ്

പട്ടിക 4.7.8

OP & IP (ആരോഗ്യം,ആയുർവേദം,ഹോമിയോ)

ക്ര.നം	ഇനം	അലോപ്പതി	ആയുർവേദം	ഹോമിയോ
1	OP (2016 -17)			
	പുരുഷന്മാർ	23,85,710		26,404
	സ്ത്രീകൾ	30,96,676		83,503
	കുട്ടികൾ	14,01,163		18,198
	ആകെ	68,83,549	23,64,229	1,28,105
2	IP (2016 –17)			
	പുരുഷന്മാർ	40,336		315
	സ്ത്രീകൾ	47,465		505
	കുട്ടികൾ	13,273		-
	ആകെ	1,01,074	44,447	820

അവലംബം . ആരോഗ്യവകുപ്പ്

പട്ടിക 4.7.9

സ്വകാര്യ ആരോഗ്യ മേഖല

ക്ര.നം	ഇനം	അലോപ്പതി
1	ആശുപത്രികളുടെ എണ്ണം	205
2	ഡോക്ടർമാരുടെ എണ്ണം	884
3	കിടക്ക	7054
4	വിദഗ്ദ്ധ ചികിത്സാ സൗകര്യം	65
5	പ്രസവങ്ങൾ നടക്കുന്നത്	52

അവലംബം . ആരോഗ്യവകുപ്പ്

NHM (നാഷണൽ ഹെൽത്ത്മിഷൻ)

ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ദേശീയ ആരോഗ്യ ദൗത്യമായ നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ നേതൃത്വത്തിൽ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.വിവിധ ദേശീയ ആരോഗ്യ പരിപാടികൾക്കുള്ള ഫണ്ടുകൾ NHM മുഖാന്തരമാണ് ആരോഗ്യ വകുപ്പിന് ലഭ്യമാകുന്നത്. കൂടാതെ ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്റർ മുതൽ ഭൂമിക വരെ ഒട്ടേറെ നൂതനമായ ഇടപെടലുകളും NHM ഫണ്ട് പ്രയോജനപ്പെടുത്തി നമ്മുടെ ജില്ലയിൽ

നടപ്പിലാക്കിവരുന്നു. NHM ആയുർവേദ ഡിസ്പെൻസറികൾ, ഹോമിയോ ഡിസ്പെൻസറികൾ, നഗര മേഖലകളിൽ പ്രാഥമിക ആരോഗ്യ പരിരക്ഷ നൽകുന്ന അർബൻ ഹെൽത്ത് സെന്ററുകൾ എന്നിവയുടെ മനുഷ്യ വിഭവം, പശ്ചാത്തല സൗകര്യം എന്നിവ ഒരുക്കി ആരോഗ്യ മേഖലയുടെ വ്യാപ്തിയും സേവനങ്ങളും വിപുലപ്പെടുത്തിയിരിക്കുന്നു. അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളിലായി 502 ഓളം ടെക്നിക്കൽ & നോൺ ടെക്നിക്കൽ ജീവനക്കാർ വിവിധ തസ്തികകളിലായി NHM-ൽ ജോലിചെയ്യുന്നു.

വിവിധ പദ്ധതികൾ - ഹോമിയോ

1. **സദ്ഗമയ : -** കൗമാര പ്രായക്കാരുടെ മാനസിക, ശാരീരിക, സാമൂഹിക ഉന്നമനം ലക്ഷ്യമാക്കിയുള്ള സമഗ്ര ചികിത്സാ പദ്ധതിയാണ് സദ്ഗമയ. ഇതിന്റെഭാഗമായി 1006 പേർക്ക് നാളിതുവരെ ചികിത്സ നൽകിയിട്ടുണ്ട്.
2. **സീതാലയം:-** ഇൻഫർട്ടിലിറ്റി, മദ്യ-ലഹരി വിമുക്തി എന്നിവയുടെ ചിത്സകൾ നടന്നുവരുന്നു. ഇൻഫർട്ടിലിറ്റിയുടെ ഭാഗമായി 3635 പേർക്കും മദ്യ-ലഹരി വിമുക്തിയുടെ ഭാഗമായി 598 പേർക്കും ചികിത്സ നൽകിയിട്ടുണ്ട്.
3. **ആയുഷ്മാൻ ഭവ:-** ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിച്ച് സമഗ്ര ചികിത്സയിലൂടെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതി. ഇതിന്റെ ഭാഗമായി 4845 പേർ ചികിത്സ തേടിയിട്ടുണ്ട്. ചികിത്സയുടെ ഭാഗമായി യോഗ ഉൾപ്പടെയുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.
4. **ജീറിയാട്രിക് ക്ലിനിക്:-** വൃദ്ധജന പരിപാലനത്തിന്റെ ഭാഗമായി ജീറിയാട്രിക് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. 2530 പേർ ഇതിന്റെ ഭാഗമായി ചികിത്സ തേടിയിട്ടുണ്ട്.
5. **റീച്ച് : -** സാംക്രമിക രോഗ നിവാരണത്തിനായി പ്രവർത്തിക്കുന്ന സെല്ലാണിത്. ഇതിന്റെ ഭാഗമായി 215816 പേർ ചികിത്സ തേടിയിട്ടുണ്ട്.
6. **തൈറോയിഡ് ഗവേഷണ കേന്ദ്രം:-** കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഹോമിയോ വിഭാഗം നടത്തിവരുന്ന ഗവേഷണ കേന്ദ്രമാണിത്. 20794 പേർ ഇതിന്റെ ഭാഗമായി ചികിത്സ തേടിയിട്ടുണ്ട്.

വിവിധ പദ്ധതികൾ - ആയുർവേദം

കൊല്ലം ജില്ലയുടെ ആരോഗ്യ സംരക്ഷണ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് ഭാരതീയ ചികിത്സാ വകുപ്പ് കാഴ്ച്ച വയ്ക്കുന്നത്. ജനക്ഷേമകരമായ പദ്ധതികളിലും പോതുജനാരോഗ്യസംരക്ഷണ മേഖലയിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് വഴി ജിലയിലെ ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികളാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന തലങ്ങളിലുള്ള പദ്ധതികൾക്ക് പുറമേ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി പല തലങ്ങളിലുള്ള പദ്ധതികളാണ് ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നത്.

കൊല്ലം ജില്ലയിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ താഴെപ്പറയുന്ന രീതിയിൽ തരം തിരിച്ചിരിക്കുന്നു. നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് നിലവിൽ മൂന്ന് പദ്ധതികളാണ് കൊല്ലം ജില്ലയിൽ നടന്നു വരുന്നത്. (അദ്ധ്യായം — 5 കാണുക)

ലക്ഷ്യങ്ങൾ

1. ആയുർവേദചര്യ, തുടർച്ചയായ യോഗ പരിശീലനം, ശരിയായ ജിവിത ശൈലികളെ കുറിച്ചുള്ള അവബോധം എന്നിവയിലൂടെ ജനങ്ങളുടെ പ്രതിരോധ ശക്തി വർദ്ധിപ്പിച്ചു കൊണ്ട് ജീവിതശൈലീ രോഗങ്ങളും പകർച്ചവ്യാധികളും തടയുക.

2. പെൺകുട്ടികളുടെ കൗമാര അവസ്ഥ, ഗർഭാവസ്ഥ, പ്രസവം, ശിശുപരിപാലനം, എന്നിവയിൽ ആയുർവേദ പരിചരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ പൂർണ്ണമായ ഒരു ഭാവിതലമുറയെ സൃഷ്ടിക്കുക.
3. വൃദ്ധജനങ്ങളുടെ ശാരീരിക മാനസിക സൗഖ്യം ആയുർവേദത്തിലൂടെ സംരക്ഷിക്കുക.

ഭക്ഷ്യ സുരക്ഷ

ജില്ലയിൽ ഭക്ഷ്യസുരക്ഷ അസ്സിസ്റ്റന്റ് കമ്മീഷണർക്ക് കീഴിൽ 11 സർക്കിളുകൾ ഉണ്ട്. ഇവിടങ്ങളിൽ 12 ഭക്ഷ്യസുരക്ഷ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്. 2017 വർഷം 218 നിയമാനുസൃത സാമ്പിളുകളും 399 നിരീക്ഷണ സാമ്പിളുകളും എടുത്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 90 കേസുകൾ വിവിധ കോടതികളിൽ നടന്നുവരുന്നു. 828500 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. മത്സ്യ വിപണന മേഖലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് **ഓപ്പറേഷൻ സാഗര റാണി** എന്ന പ്രോഗ്രാം നടന്നുവരുന്നു. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ പഞ്ചായത്ത് എന്ന പേരിലൊരു പദ്ധതിയും നടന്നുവരുന്നു.

സാമ്പത്തിക വിശകലനം (അദ്ധ്യായം — 5 കാണുക)

ആരോഗ്യ മേഖല —കാഴ്ചപ്പാട്

കൊല്ലം ജില്ലയുടെ ആരോഗ്യസൂചകങ്ങൾ ഉയർന്നനിലയിൽ പരിപാലിക്കുകയും ജില്ലയിലെ എല്ലാ പൗരന്മാർക്കും നിശ്ചിത ആരോഗ്യ സേവനം നൽകി ഉയർന്ന ജീവിതഗുണത ഉറപ്പുവരുത്തും. ഇതിനുതകും വിധം എല്ലാ ആരോഗ്യ സംവിധാനങ്ങളെയും പുനസംഘടിപ്പിക്കും. വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിച്ചുകൊണ്ടും ബഹുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും ഒരു ജനകീയ ആരോഗ്യ സംവിധാനം രൂപപ്പെടുത്തും. ജില്ലയിലെമ്പാടും പ്രാദേശിക ഗവണ്മെണ്ടുകളുടെ നേതൃത്വത്തിൽ മേൽപ്പടി പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. സർക്കാർ നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ കാഴ്ച്ചപ്പാടിന് അനുസൃതമായി ജില്ലയിലെ എല്ലാ ആശുപതികളെയും രോഗീസൗഹൃദമാക്കും.

പ്രാഥമികാരോഗ്യ മേഖല

കൊല്ലം ജില്ലയിലെ ഓരോ ഗർഭസ്ഥ ശിശുവിനെയും ജില്ലയുടെ ഭാവി സ്വത്തായി ക്കണ്ട് എല്ലാ ഗർഭിണികൾക്കും ഗുണമേന്മയുള്ള ഗർഭകാല പരിചരണം, പ്രസവ പരിചരണം, പ്രസവാനന്തര പരിചരണം എന്നിവ സൗജന്യമായും സാർവത്രികമായും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലും ദമ്പതികൾക്ക് പ്രസവ സംബന്ധമായ കൗൺസിലിംഗ് ഏർപ്പെടുത്തുകയും, കുടുംബവുമായി ചേർന്ന് ബർത്ത്പ്ലാൻ തയ്യാറാക്കുകയും ഗുണമേന്മയോടെ സ്വാഭാവിക പ്രസവം ഉറപ്പാക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്യും. എല്ലാ നവജാത ശിശുക്കൾക്കും പ്രാഥമിക പരിശോധന, പോഷണം, രോഗപ്രതിരോധം എന്നിവ ഉറപ്പുവരുത്തും.

എല്ലാ പൗരന്മാർക്കും ആരോഗ്യകരമായ അതി ജീവനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കും. പോഷണം, വിദ്യാഭ്യാസം, വ്യായാമങ്ങൾ എന്നിവയിലൂടെ ആരോഗ്യപൂർവ്വം ദീർഘനാൾ ജീവിക്കുന്നതിനു ജീവിത സാഹചര്യം ഉറപ്പു വരുത്തും. രോഗികളെയും രോഗ സാധ്യതയുള്ളവരെയും കാലേക്കൂട്ടി കണ്ടെത്തി അനുയോജ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കും.

ഉപകേന്ദ്രങ്ങൾ മുഖാന്തിരം എല്ലാ വീടുകളിലെയും എല്ലാ അംഗങ്ങൾക്കും പ്രായത്തിന്റെ അടിസ്ഥാനത്തിലും പ്രശ്നത്തിന്റെ അടിസ്ഥാനത്തിലും നിശ്ചിത സേവന പായ്ക്കേജ് ഉറപ്പു വരുത്തും. ഇതിനു തുടർച്ചയായി കുടുംബതല ആരോഗ്യ സേവന പായ്ക്കേജുകളും വാർഡു-പഞ്ചായത്തുതല ആരോഗ്യ സേവന പായ്ക്കേജുകളും തയ്യാറാക്കി നടപ്പിലാക്കും.

എല്ലാ വാർഡുകളിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷക സമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ആരോഗ്യസേനാംഗങ്ങളുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, ചികിത്സ, പുനരധിവാസം, പാലിയേറ്റീവ് സേവനം എന്നിവ

സമഗ്രമായി സമന്വയിപ്പിച്ച് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കും. ആയതിന് ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും 2022 ഓടെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റും. എല്ലാ ആയുർവേദ ഹോമിയോ സ്ഥാപനങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുകയും സമഗ്ര ആരോഗ്യ പരിരക്ഷയ്ക്ക് സഹായകരമാകും വിധം പുനസംഘടിപ്പിക്കുകയും ചെയ്യും.

പാലിയേറ്റീവ് പരിചരണം, വയോജന സേവനം, NCD എന്നിവയുടെ ദ്വിതീയ സേവനങ്ങളും വിദഗ്ദ്ധ ക്ലിനിക്കുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടവും സാമൂഹികാരോഗ്യകേന്ദ്രങ്ങൾ നിർവ്വഹിക്കും. ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്ത ചികിത്സാരീതികൾ സ്വീകരിക്കുന്നതിനുള്ള അവസരം എല്ലാ പഞ്ചായത്തിലും ഗുണമേന്മയോടെ ഉറപ്പുവരുത്തും. പാർശ്വവരിക്കപ്പെട്ടവരുടേയും സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടേയും ആരോഗ്യത്തിന് കൂടുതൽ പരിഗണന നൽകി ഉറപ്പുവരുത്തും.

ദ്വിതീയ ആരോഗ്യ മേഖല

എല്ലാ താലൂക്കാശുപത്രികളെയും വിവിധ വിദഗ്ദ്ധ ചികിത്സകൾ ലഭിക്കുന്ന കേന്ദ്രങ്ങളായി മാറ്റും. ജില്ലാ ആശുപത്രി, കൊട്ടാരക്കര താലൂക്കാശുപത്രി, പുനലൂർ താലൂക്കാശുപത്രി, കരുനാഗപ്പള്ളി താലൂക്കാശുപത്രി എന്നിവയെ ഘട്ടം ഘട്ടമായി ട്രോമ കെയർ യൂണിറ്റുകൾ ഉൾപ്പെടുത്തി വികസിപ്പിക്കും. ജില്ലാ ആശുപത്രി, പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്നിവയെ അതി വിദഗ്ദ്ധ ചികിത്സാ കേന്ദ്രങ്ങളായി ഉയർത്തും. ജില്ലയുടെ ദ്വിതീയ സേവനങ്ങൾ ആനുപാതികമായി ലഭ്യമല്ലാത്ത ഇടങ്ങളിൽ ദ്വിതീയ സേവന സംവിധാനങ്ങൾ ഒരുക്കും. ആയുർവേദ-ഹോമിയോ മേഖലകളിലെ ദ്വിതീയ കേന്ദ്രങ്ങളെയും അനുയോജ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും.

ആരോഗ്യമേഖല കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2020, 2030 സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. 2020 ലെ ലക്ഷ്യങ്ങൾ താഴെ നൽകുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നുള്ളതാണ് ആരോഗ്യമേഖലയുടെ സുപ്രധാന ലക്ഷ്യം.

സുസ്ഥിര വികസനലക്ഷ്യങ്ങൾ (2020)

പകർച്ചവ്യാധികൾ

ക്രമ നം	ഇനം	സംസ്ഥാനലക്ഷ്യങ്ങൾ	കൊല്ലം ജില്ലാലക്ഷ്യങ്ങൾ
1	മാതൃമരണം	• മാതൃമരണ നിരക്ക്(MMR) 36ൽ നിന്നും 30 ആക്കുക	2020 ഓടുകൂടി 35ൽ നിന്നും 27ആക്കുക 2022 ഓടുകൂടി 25 ആക്കുക 2032 ഓടുകൂടി 15 ആക്കുക
2	ശിശുമരണം	• ശിശുമരണ നിരക്ക്(IMR) 12ൽ നിന്നും 8 ആക്കുക,നവജാത ശിശുമരണ നിരക്ക്(NMR) 7ൽ നിന്നും 5 ആക്കുക, 5 വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (U5MR) 14ൽ നിന്നും 9 ആയി കുറയ്ക്കുക	• 2020 ഓടുകൂടി 6.44ൽ നിന്നും 5ആക്കുക • 2022 ഓടുകൂടി 5 ആക്കുക • 2032 ഓടുകൂടി 4 ആക്കുക
	മഞ്ഞപ്പിത്തവും ജലജന്യ രോഗങ്ങളും	• വാർഷിക രോഗ ബാധ 50% കുറയ്ക്കുക • Hep B കുത്തിവയ്പ്പ് ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക	• വാർഷിക രോഗബാധ 2020 ഓടുകൂടി 50% വും, 2022 ഓടുകൂടി 60% വും,2032 ഓടുകൂടി 70%വുംകുറയ്ക്കുക. • Hep B കുത്തിവയ്പ്പ് ജനനത്തോടെ 100%

			കുട്ടികൾക്കും ലഭ്യമാക്കുക.
3	കുഷ്ഠം	• കുഷ്ഠരോഗ ബാധ നിരക്ക് 0.1 നും താഴെയാക്കുക. കുട്ടികളിലെ രോഗ ബാധ നിരക്ക് 10 ലക്ഷത്തിൽ 1.17 എന്നത് 0.6ൽ താഴെയാക്കുക, കുഷ്ഠരോഗ ബാധ മൂലം കുട്ടികളിൽ അംഗവൈകല്യം ഉണ്ടാകാതെ നോക്കുക. ഗ്രേഡ് II അംഗവൈകല്യം 10 ലക്ഷത്തിൽ 1.2ൽ നിന്നും 1ൽ താഴെയാക്കുക	• 2020 ഓടുകൂടി രോഗബധിതാ നിരക്ക് 0.03 നിന്നും 0.015 ആക്കുക.കുട്ടികളിലെ രോഗബധിതാ നിരക്ക് 0 ആക്കുക. കുട്ടികളിലെ അംഗവൈകല്യം ഇല്ലാതാക്കുക. Gr.2 അംഗവൈകല്യം 1.2/10L ൽ നിന്നും 1 ൽ താഴെയാക്കുക
	മന്ത്	• രക്തത്തിലെ മൈക്രോ ഫൈലേറിയ നിരക്ക് 2020 ഓടുകൂടി 1%ന് താഴെയാക്കുക • മന്ത് രോഗം മൂലമുണ്ടാകുന്ന ശാരീരികഅവശതകൾ തടയാനും ഉള്ളവ ചികിത്സിക്കാനുമുള്ള സൗകര്യമൊരുക്കുക	• മന്ത് രോഗം മൂലമുണ്ടാകുന്ന ശാരീരികഅവശതകൾ തടയാനും ഉള്ളവ ചികിത്സിക്കാനുമുള്ള സൗകര്യം എല്ലാ താലൂക്കാശുപത്രികളിലും സജ്ജമാക്കുക • തദ്ദേശീയ മന്ത്പനി 2020 ഓടുകൂടി ഇല്ലാതാക്കുക.
	മലമ്പനി	• തദ്ദേശീയ മലമ്പനി ബാധ 2020 ഓടുകൂടി ഇല്ലാതാക്കുക. പുറത്ത് നിന്നുള്ള മലമ്പനി തദ്ദേശീയ മലമ്പനിയായി മാറുന്നത് 2020 ഓടുകൂടി പൂർണ്ണമായും തടയുക	• തദ്ദേശീയ മലമ്പനി ബാധ 2020 ഓടുകൂടി ഇല്ലാതാക്കുക. പുറത്ത് നിന്നുള്ള മലമ്പനി തദ്ദേശീയ മലമ്പനിയായി മാറുന്നത് 2020 ഓടുകൂടി പൂർണ്ണമായും തടയുക • മരണം ഇല്ലാതാക്കുക
	ക്ഷയം	• ടിബി മരണനിരക്ക് പ്രതിവർഷം 1000ൽ നിന്നും 650 ആയി കുറയ്ക്കുക • ടിബി രോഗികളുടെ ചികിത്സാഭാരം 2020 ഓടുകൂടി ഇല്ലാതാക്കുക • പുതുതായി ടിബി ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറയ്ക്കുക	• ടിബി മരണനിരക്ക് പ്രതിവർഷം 1000ൽ 70 എന്നത് 50 ആയി കുറയ്ക്കുക • ടിബി രോഗികളുടെ ചികിത്സാഭാരം 2020 ഓടുകൂടിഇല്ലാതാക്കുക • പുതുതായി ടിബി ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറയ്ക്കുക
	HIV/AIDS	• ART ചികിത്സ 90% രോഗികൾക്കും 2020 ഓടെ ലഭിക്കുക • 90% HIV രോഗികളെയും കണ്ടുപിടിക്കൽ	• ART ചികിത്സ 90% രോഗികൾക്കും 2020 ഓടെ ലഭിക്കുക • 90% HIV രോഗികളെയും കണ്ടുപിടിക്കൽ

			• HIV വ്യാപനം നിലവിലുള്ളതിൽനിന്നും 50% കുറയ്ക്കുക
4	മാനസികാരോഗ്യം	• വിദ്യാർത്ഥികളുടെ വൈകാരിക പ്രശ്നങ്ങളും പെരുമാറ്റത്തിലുമുള്ള പ്രശ്നങ്ങളും 30%ൽ നിന്നും 10% താഴെയാക്കുക • ആത്മഹത്യാ നിരക്ക് 24.9 ലക്ഷത്തിൽനിന്നും 16ൽ താഴെയാക്കുക • Stress 70%ൽ നിന്നും 25% ആയി കുറയ്ക്കുക • വിഷാദരോഗം മൂലമുള്ള രോഗാതുരത പുരുഷന്മാരിൽ ഇപ്പോഴുമുള്ള 5.8% വും സ്ത്രീകളിലെ 9.5% വും യഥാക്രമം 3ൽ താഴെയും 5ൽ താഴെയുമായി കുറയ്ക്കുക • രോഗം ഭേദമായവരിൽ 50% പേരെ പുനരധിവസിപ്പിക്കുക • സാമൂഹിക മാനസികാരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക	• വിദ്യാർത്ഥികളുടെ വൈകാരിക പ്രശ്നങ്ങളും പെരുമാറ്റത്തിലുമുള്ള പ്രശ്നങ്ങളും 30%ൽ നിന്നും 10% താഴെയാക്കുക • ആത്മഹത്യാ നിരക്ക് 42/ലക്ഷം-ൽ നിന്നും 20ൽ താഴെയാക്കുക • Stress 70%ൽ നിന്നും 25% ആയി കുറയ്ക്കുക • വിഷാദരോഗം മൂലമുള്ള രോഗാതുരത പുരുഷന്മാരിൽ ഇപ്പോഴുമുള്ള 5.8% വും സ്ത്രീകളിലെ 9.5% വും യഥാക്രമം 3ൽ താഴെയും 5ൽ താഴെയുമായി കുറയ്ക്കുക • രോഗം ഭേദമായവരിൽ 50% പേരെ പുനരധിവസിപ്പിക്കുക • സാമൂഹിക മാനസികാരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക
	ഹൃദ്രോഗം, പക്ഷാഘാതം, COPD/ആസ്ത്മ, പ്രമേഹം, പൊണ്ണത്തടി	• 30 വയസ്സിന് മുകളിലുള്ള രക്താതിമർദ്ദ രോഗികളുടെ പ്രാചുര്യം ഇപ്പോഴുള്ളതിൽ (30-40%) നിലനിർത്തുക. പ്രമേഹരോഗികളുടെ പ്രാചുര്യം ഇപ്പോഴുള്ളതിൽ (18-20%) നിലനിർത്തുക • സമൂഹത്തിൽ പൊണ്ണത്തടിയുള്ളവരുടെയും പ്രമേഹരോഗികളുടെയും എണ്ണം കൂടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക • പുകയിലയുടെ ഉപയോഗം ഇപ്പോഴത്തേതിൽ നിന്നും 30% എങ്കിലും കുറക്കണം • ഞങ്ങളുടെ പച്ചക്കറികൾ, പഴം ഉപയോഗം 20% എങ്കിലും	• 30 വയസ്സിന് മുകളിലുള്ള രക്താതിമർദ്ദ രോഗികളുടെ പ്രാചുര്യം ഇപ്പോഴുള്ളതിൽ (30-40%) നിലനിർത്തുക. പ്രമേഹരോഗികളുടെ പ്രാചുര്യം ഇപ്പോഴുള്ളതിൽ (18-20%) നിലനിർത്തുക • സമൂഹത്തിൽ പൊണ്ണത്തടിയുള്ളവരുടെയും പ്രമേഹരോഗികളുടെയും എണ്ണം കൂടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക • പുകയിലയുടെ ഉപയോഗം ഇപ്പോഴത്തേതിൽനിന്നും 30% എങ്കിലും കുറക്കണം • ഞങ്ങളുടെ പച്ചക്കറികൾ,പഴം ഉപയോഗം 20% എങ്കിലും

		ഉയർത്തുക • ഉപ്പിന്റെഉപയോഗം 10% എങ്കിലും കുറയ്ക്കുക • ഹൃദ്രോഗം വരാൻ സാധ്യതയുള്ള ആളുകളെ പരിശോധിച്ച് 60% പേരിലെങ്കിലും രോഗം നേരത്തെ കണ്ടെത്തുക • വ്യായാമക്കുറവ് 10% എങ്കിലും കുറയ്ക്കുക • COPD രോഗികളുടെ എണ്ണം കുറയ്ക്കുന്നതിനായി വിറകടുപ്പിന്റെഉപയോഗം 50% കുറയ്ക്കുക • ഹൃദയാഘാതവും പക്ഷാഘാതവും തടയുന്നതിനുള്ള ചികിത്സ 50% വർദ്ധിപ്പിക്കുക	ഉയർത്തുക • ഉപ്പിന്റെഉപയോഗം 10% എങ്കിലും കുറയ്ക്കുക • ഹൃദ്രോഗം വരാൻ സാധ്യതയുള്ള ആളുകളെ പരിശോധിച്ച് 60% പേരിലെങ്കിലും രോഗം നേരത്തെ കണ്ടെത്തുക • വ്യായാമക്കുറവ് 10% എങ്കിലും കുറയ്ക്കുക • COPD രോഗികളുടെ എണ്ണം കുറയ്ക്കുന്നതിനായി വിറകടുപ്പിന്റെഉപയോഗം 50% കുറയ്ക്കുക • ഹൃദയാഘാതവും പക്ഷാഘാതവും തടയുന്നതിനുള്ള ചികിത്സ 50% വർദ്ധിപ്പിക്കുക
	മദ്യം/ലഹരി വസ്തുക്കളുടെ ഉപയോഗം		• മദ്യ ഉപഭോഗം നിലവിലുള്ളതിന്റെ 20% കുറയ്ക്കുക. • മദ്യ-മയക്കുമരുന്ന് വിമുക്തി സൗകര്യം എല്ലാ താലൂക്കാശുപത്രികളിലും ഉറപ്പുവരുത്തുക
5	വ്യായാമം	• വ്യായാമക്കുറവ് 10% എങ്കിലും കുറയ്ക്കുക	• വ്യായാമം ചെയ്യുന്നവരുടെ നിരക്ക് 10% വർദ്ധിപ്പിക്കുക.
	ക്യാൻസർ	• പുരുഷന്മാരിലെ പുകവലി 20 ശതമാനമോ അതിൽത്താഴെയോ ആക്കുക • സമൂഹത്തിലെ വെറ്റില മുറുക്കുന്നവരുടെ എണ്ണം 5% ആയി കുറയ്ക്കുക • വായിലെയും മാറിലെയും ഗർഭാശയത്തിലെയും ക്യാൻസറുകൾ 50% എങ്കിലും ആരംഭത്തിൽ തന്നെ കണ്ടെത്തുക • നിർദ്ദേശിക്കുന്ന ക്യാൻസർ ചികിത്സ പൂർത്തിയാക്കുന്നതിന്റെ തോത് 76%ൽ നിന്നും 90% ആയി ഉയർത്തുക	• പുരുഷന്മാരിലെ പുകവലി 20 ശതമാനമോ അതിൽത്താഴെയോ ആക്കുക • സമൂഹത്തിലെ വെറ്റില മുറുക്കുന്നവരുടെ എണ്ണം 5% ആയി കുറയ്ക്കുക • വായിലെയും മാറിലെയും ഗർഭാശയത്തിലെയുംക്യാൻസറുകൾ 50% എങ്കിലും ആരംഭത്തിൽ തന്നെ കണ്ടെത്തുക • നിർദ്ദേശിക്കുന്ന ക്യാൻസർ ചികിത്സ പൂർത്തിയാക്കുന്നതിന്റെതോത് 76%ൽ നിന്നും 90% ആയി ഉയർത്തുക

		• ക്യാൻസർ ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചെലവ് 15% ആയി കുറയ്ക്കുക	• ക്യാൻസർ ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചെലവ് 15% ആയി കുറയ്ക്കുക
6	റോഡപകടങ്ങൾ	• RTA മൂലമുള്ള മരണനിരക്കും അംഗവൈകല്യം സംഭവിക്കലുംഇപ്പോൾ ഉള്ള നിരക്കിന്റെ50% ആയി 2020 ഓടുകൂടി കുറയ്ക്കുക	• RTA മൂലമുള്ള മരണനിരക്കും അംഗവൈകല്യം സംഭവിക്കലുംഇപ്പോൾ ഉള്ള നിരക്കിന്റെ50% ആയി 2020 ഓടുകൂടി കുറയ്ക്കുക
7	പ്രജനന ലൈംഗീക ആരോഗ്യം (RSH)	• കൗമാരക്കാരുടെ ഗർഭധാരണം 2.8ൽ നിന്നും പൂജ്യം ആയി കുറയ്ക്കുക • കുറഞ്ഞ ജനന ഭാരം ഉള്ള കുട്ടികളുടെ എണ്ണം 14%ൽ നിന്നും 10% ആക്കുക • ആരോഗ്യകരമായ പ്രസവകാല ഇടവേള പാലിക്കാത്തവരുടെ എണ്ണം 11.6%ൽ നിന്നും 8% ആക്കുക • ആദ്യ പ്രസവം സിസേറിയൻ ആക്കുന്നവരുടെ എണ്ണം 23%ൽ നിന്നും 20% ആക്കുക • ആർത്തവ വിരാമമായസ്ത്രീകളിൽ പ്രോലാപ്സ് യൂട്രസ് കണ്ടെത്തുന്നതിനുവേണ്ടി സ്ക്രീനിംഗ് നടത്തി കണ്ടെത്തുന്നവരിൽ 80% പേർക്ക് എങ്കിലും സർജിക്ക.ൽകെയർ നൽകുക • വൃദ്ധരായ സ്ത്രീ രോഗികൾക്ക് സ്ത്രീ ക്ഷേമ ക്ലിനിക്(Well Women Clinic) ആരംഭിക്കുക • എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, അതിക്രമങ്ങളിലെ പരാതികൾ (Medical, Legal, Rehabilitative) സ്വീകരിക്കുന്നതിനായി ഏകജാലക പ്രതിസന്ധി പരിഹാരസെൽ (One Stop Crisis Cell) രൂപീകരിക്കുക	• കൗമാരക്കാരുടെ ഗർഭധാരണം പൂജ്യം ആക്കുക • കുറഞ്ഞ ജനന ഭാരം ഉള്ള കുട്ടികളുടെ നിരക്ക്9.2ൽ നിന്നും 7 ആക്കുക • ആരോഗ്യകരമായ പ്രസവകാല ഇടവേള പാലിക്കാത്തവരുടെ എണ്ണം 11.6%ൽ നിന്നും 8% ആക്കുക • ആദ്യ പ്രസവം സിസേറിയൻ ആക്കുന്നവരുടെ എണ്ണം 23%ൽ നിന്നും 20% ആക്കുക • ആർത്തവ വിരാമമായസ്ത്രീകളിൽ പ്രോലാപ്സ് യൂട്രസ് കണ്ടെത്തുന്നതിനുവേണ്ടി സ്ക്രീനിംഗ് നടത്തി കണ്ടെത്തുന്നവരിൽ 80% പേർക്ക് എങ്കിലും സർജിക്ക.ൽകെയർ നൽകുക • വൃദ്ധരായ സ്ത്രീ രോഗികൾക്ക് സ്ത്രീ ക്ഷേമ ക്ലിനിക്(Well Women Clinic) ആരംഭിക്കുക • എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, അതിക്രമങ്ങളിലെ പരാതികൾ (Medical,Legal,Rehabilitative) സ്വീകരിക്കുന്നതിനായി ഏകജാലക പ്രതിസന്ധി പരിഹാരസെൽ (One Stop Crisis Cell) രൂപീകരിക്കുക

8	ദന്താരോഗ്യം	• സ്കൂൾ കുട്ടികളുടെ (16-12 വയസ്സ്) ദന്തക്ഷയം 45 — 55% ൽ നിന്നും 35 -45% ആയി കുറയ്ക്കുക • 35 — 45 പ്രായക്കാരിലെ മോണരോഗങ്ങൾ 50%ൽ നിന്നും 40% ലേക്ക് എത്തിക്കുക	• സ്കൂൾ കുട്ടികളുടെ (16-12 വയസ്സ്) ദന്തക്ഷയം 45 — 55% ൽ നിന്നും 35 -45% ആയി കുറയ്ക്കുക • 35 — 45 പ്രായക്കാരിലെ മോണരോഗങ്ങൾ 50%ൽ നിന്നും 40% ലേക്ക് എത്തിക്കുക
9	നേത്രാരോഗ്യം	• കാഴ്ചവൈകല്യം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക • തിമിരം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക • ഡയബറ്റിക് റെറ്റിനോപ്പതി മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക	• കാഴ്ചവൈകല്യം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക • തിമിരം മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക • ഡയബറ്റിക് റെറ്റിനോപ്പതി മൂലമുണ്ടാകുന്ന അന്ധത 25% ആയി കുറയ്ക്കുക
10	പാലിയേറ്റീവ്	• 100% സാന്ത്വന പരിചരണവും ചികിത്സയും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക, വൃദ്ധജന പരിപാലനം, മാനസിക രോഗികൾക്കുള്ള പരിചരണം എന്നിവകൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുക	• 100% സാന്ത്വന പരിചരണവും ചികിത്സയും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക, വൃദ്ധജന പരിപാലനം, മാനസിക രോഗികൾക്കുള്ള പരിചരണം എന്നിവകൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുക

അനിവാര്യനിർദ്ദേശങ്ങൾ

ആരോഗ്യം

1. **പൊതുനിർദ്ദേശങ്ങൾ**

- 2022 ഓടുകൂടി സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കേണ്ടതാണ്. 421 ഉപകേന്ദ്രങ്ങളും ആധുനിക സാങ്കേതിക, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പ്രാദേശിക ആരോഗ്യ സുസ്ഥിതി കേന്ദ്രങ്ങളാക്കി ഉയർത്തണം.
- എല്ലാ PHCകളെയും FHCകളായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുക.
- 2019 മാർച്ചോടുകൂടി 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2020 ഓടുകൂടി 40 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2022 ഓടു കൂടി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആർദ്രം പദ്ധതിയുടെ കീഴിൽ കൊണ്ടു വരിക.
- 2020 ഓടുകൂടി ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കുക.
- 2020 ഓടുകൂടി താലൂക്ക് ആശുപത്രികൾ സ്പെഷ്യാലിറ്റി ആക്കുക.
- 2018 ഓടുകൂടി എല്ലാ പഞ്ചായത്തുകളിലും ആരോഗ്യസേന രൂപീകരിക്കുക.
- 2020 ഓടുകൂടി എല്ലാ താലൂക്ക് ആശുപത്രികളിലും മദ്യ-മയക്കുമരുന്ന് വിമുക്തി കേന്ദ്രമുൾപ്പെടുത്തുക.

- എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും (അലോപ്പതി, ഹോമിയോ, ആയുർവേദം) RO പ്ലാന്റ് സ്ഥാപിക്കണം.
- ഗിരിവർഗ്ഗ മേഖലയിലെ ഗർഭിണികളായ സ്ത്രീകൾക്ക് പ്രജനന ശൈശവ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് സർവീസ് പാക്കേജ് പ്രോജക്റ്റ് ആംബുലൻസ് സൗകര്യത്തോടെ നടപ്പിലാക്കുക.
- 2020 മാർച്ചോടുകൂടി വ്യക്തിഗത വാർഡു തല പഞ്ചായത്തു തല സേവന ദാന പാക്കേജുകൾ രൂപീകരിക്കുക.

2. **ജീവിതശൈലീരോഗം**

- 18 വയസ്സിനു മുകളിലുള്ള എല്ലാ ആൾക്കാരെയും പ്രാഥമിക NCD സ്ക്രീനിംഗിന് വിധേയമാക്കാനുള്ള പ്രോജക്ടുക.ൾ എല്ലാ പഞ്ചായത്തുകളിലും ഉൾപ്പെടുത്തുക. തുടർ സേവനങ്ങൾ ഉറപ്പുവരുത്തണം.
- 30 വയസ്സു കഴിഞ്ഞ എല്ലാ സ്ത്രീകളുടെയും പാപ്സ്മിയർ ടെസ്റ്റ്, സ്വയംസ്തന പരിശോധന, വായ് പരിശോധന എന്നിവ സമയബന്ധിതമായി നടത്തുന്നതിനുള്ള പ്രോജക്ട് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക. തുടർ സേവനങ്ങൾ പഞ്ചായത്ത്/ബ്ലോക്ക്തലങ്ങളിൽ ഉറപ്പു വരുത്തണം.
- NCD സങ്കീർണ്ണതാ പരിശോധനാ ക്ലിനിക്കുകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക
- എല്ലാ PHC-കളിലും Tobacco Cessation Clinic -കൾ ആരംഭിക്കുക.

3. **പകർച്ചവ്യാധി നിയന്ത്രണം**

- എല്ലാ ആശുപത്രികളെയും ആരോഗ്യകേന്ദ്രങ്ങളെയും 2020 ഓടുകൂടി അണു വിമുക്തമാക്കണം, എല്ലാ മേജർ ആശുപത്രികളിലും ആന്റിബയോട്ടിക് പോളിസി നടപ്പിലാക്കണം.
- MRFC എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കുക.
- പകർച്ചവ്യാധി നിയന്ത്രണത്തിനും അനുബന്ധ ശുചീകരണ പ്രവർത്തനങ്ങൾക്കും (രോഗകാരിപ്രാണി-ജന്തു നിയന്ത്രണം ഉൾപ്പടെ) മനുഷ്യവിഭവം, സാധന സാമഗ്രികൾ എന്നിവ ഉറപ്പു വരുത്തുന്ന പകർച്ചവ്യാധി നിയന്ത്രണ പ്രോജക്ടുകൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകണം.
- ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ ആരോഗ്യ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തുക.
- തീരദേശ മേഖല കേന്ദ്രീകരിച്ച തദ്ദേശ മലേറിയ പ്രതിരോധിക്കുന്നതിന് പ്രോജക്റ്റ് അനിവാര്യമാണ്.

4. **വൃദ്ധജന പരിപാലനം**

- എല്ലാ പഞ്ചായത്തിലും വൃദ്ധ ജനങ്ങൾക്കായി വ്യക്തിഗത ആരോഗ്യ സേവന പാക്കേജ് നടപ്പിലാക്കുക. ഒപ്പം ആവശ്യമുള്ള സ്ഥലങ്ങളിൽ പകൽവീട് ഒരുക്കുക.
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും (ഗവ:/സ്വകാര്യ), പൊതു ഇടങ്ങളും 2019 ഡിസംബറോടു കൂടി വൃദ്ധ സൗഹൃദമാക്കുക.

5. **മാനസികാരോഗ്യം**

- ആശ്വാസ് പദ്ധതിയുടെ ദ്വിതീയ സംവിധാനം കൗൺസിലിംഗ് സേവനം ഉൾപ്പെടെ ബ്ലോക്കുകളിൽ നടപ്പിലാക്കുക.
- എല്ലാ പഞ്ചായത്തുകളിലെയും മാനസികരോഗികൾക്ക് ചികിത്സയും പുനരധിവാസവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ നടപ്പിലാക്കുക.
- അലഞ്ഞുതിരിയുന്ന മാനസിക രോഗികൾ ഇല്ലാത്ത ജില്ലയാക്കുക.

- സ്കൂളുകളിലെ പഠനം ആസ്വാദ്യകരമാക്കുക, കലാ-കായിക വിനോദങ്ങൾ ഉറപ്പുവരുത്തുക. കുട്ടികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് നിശ്ചിത ആരോഗ്യ ചര്യകളും അവബോധവും ഉറപ്പുവരുത്തുക.

6. **പ്രജനന ശൈശവ ആരോഗ്യം**

- ആകർഷകമായ പ്രസവ സേവന പാക്കേജ് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് നടപ്പിലാക്കുക.
- കൗമാര ആരോഗ്യം, പ്രിമാരിറ്റൽ കൗൺസിലിംഗ്, പോഷണം, വിളർച്ച മാനേജ്മെന്റ്, ഹൈ റിസ്ക് പ്രഗ്നൻസി താലൂക്ക്/ജില്ലാ ആശുപതികളുമായി ലിങ്ക് ചെയ്യൽ, എല്ലാ ഗർഭിണികൾക്കും അനോമലി സ്കാൻ ഉറപ്പുവരുത്തൽ, ''ഗർഭിണിക്കൊരു തുണ(JPHN/ASHA)'' നൽകൽ ഉൾപ്പടെ സമഗ്ര ഗർഭകാല സംരക്ഷണ പായ്ക്കേജ് നടപ്പിലാക്കുക.

7. **RNTCP പൂരക പോഷണം**

- ക്ഷയരോഗികൾക്ക് പൂരക പോഷണം ലഭ്യമാക്കുന്ന പ്രോജക്റ്റ് നടപ്പിലാക്കുക.

8. **അപകടങ്ങൾ**

- ജില്ലാ ആശുപത്രി, THQH കൊട്ടാരക്കര, കരുനാഗപ്പള്ളി, ശാസ്താംകോട്ട, പുനലൂർ എന്നിവ ട്രോമകെയർസെന്റർ ആയി ഉയർത്തുക.

9. **ഭക്ഷ്യസുരക്ഷ**

- വഴിയോര ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഫ്രീസോൺ പദ്ധതി എല്ലാ ടൗൺഷിപ്പുകളിലും നടപ്പിലാക്കുക.
- ഭക്ഷണശാല ഉടമസ്ഥർക്കും ജീവനക്കാർക്കും പരിശീലനം, തൊഴിലാളികൾക്ക് ഡ്രസ്സ് കോഡ്, സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവ പരിഗണിക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിലെ ജീവിതശൈലീരോഗ പരിപാലനത്തിന് നീക്കി വച്ചിട്ടുള്ള ഫണ്ടുകൾ അപര്യാപ്തമാണ്.
- കൃത്രിമ കൈകാലുകൾ നിർമ്മിക്കുന്നത്തിനുള്ള ഫണ്ട് ഉയർത്തുക.
- ആർദ്രം പദ്ധതിയുടെ ഭാഗമായി 5000 ജനസംഖ്യക്ക് ഒരു JHI,JPHN തസ്തിക ആനുപാതിക സൂപ്പർവൈസറി തസ്തികകളും നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഉറപ്പു വരുത്തുക.
- വിദ്യാഭ്യാസം ആസ്വാദ്യകരമാക്കുക കരിക്കുലം ലളിതമാക്കുക, കലാ-കായിക വിനോദം നിർബന്ധമാക്കുക.
- രണ്ടാഴ്ചയിലൊരിക്കൽ എല്ലാ ക്ലാസ്സുകളിലും ആരോഗ്യ സാമൂഹിക വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഒരു പീരീഡ് അനുവദിക്കുക. PTAയ്ക്ക് ഒരു ടേമിൽ ഒരു കൗൺസിലിംഗ് ക്ലാസ് ഉറപ്പുവരുത്തുക.

അഭികാമ്യനിർദ്ദേശങ്ങൾ

- അധ്യാപകരുടെയും കുട്ടികളുടെയും സ്കൂൾ തല NCD സ്ക്രീനിംഗ് ഉറപ്പുവരുത്തുക. അരമണിക്കൂർ വ്യായാമത്തിന് ഉതകുന്ന വിനോദം ഉറപ്പു വരുത്തുക, പ്രതിദിന പച്ചക്കറി, ഇലക്കറി പഴവർഗ്ഗ ഉപഭോഗം ഉയർത്തുക. അക്ഷയപാത്ര പദ്ധതി സ്കൂൾ തലത്തിലേക്ക് വ്യാപിപ്പിക്കുക.
- ഹോട്ടലുകൾ, തട്ടുകടകൾ, ഭക്ഷണശാലകൾ, കാന്റീനുകൾ എന്നിവിടങ്ങളിൽ 2018 ഡിസംബറോടു കൂടി ആവിയിൽ പുഴുങ്ങിയ പലഹാരം കൂടി ഉറപ്പു വരുത്തുക. സർക്കാർ/സ്കൂൾ കാൻറീനുകളിൽ ആവിയിൽ പുഴുങ്ങിയ ആഹാരം ഉറപ്പുവരുത്തുക. പൊറോട്ടയ്ക്ക് പകരം ചപ്പാത്തി പ്രോത്സാഹിപ്പിക്കുക.

- ഓരോ പഞ്ചായത്തിലും നാട്ടു വിപണികൾ (നാടൻ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും വിനിമയവും) ഉറപ്പുവരുത്തുക.
- ബ്ലോക്ക് തലത്തിൽ പെല്ലറ്റിംഗ്/ചിപ്പിംഗ്/റീ സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ബദൽ സംവിധാനങ്ങൾ (പേപ്പർകാരി ബാഗുക.ൾ, പാള-ഇല പ്ലേറ്റുക.ൾ) പ്രോത്സാഹിപ്പിക്കുക.
- ഇതരദേശ തൊഴിലാളികളുടെ കുട്ടികൾക്ക് ഏകോപിതമായ ചികിത്സ, വിദ്യാഭ്യാസ,പോഷണം ഉറപ്പുവരുത്തുന്നതിനുള്ള പാക്കേജ് ഗ്രാമ –ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് നടപ്പിലാക്കുക.
- സ്ഥാപനങ്ങൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ ടെഡ്മിൽ ഉൾപ്പടെയുള്ള ആധുനിക വ്യായാമ സൗകര്യം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ഉറപ്പുവരുത്തണം(ഒരു വാർഡിൽ ഒരു വ്യായാമകേന്ദ്രം എങ്കിലും).
- എല്ലാ നഗര പ്രദേശങ്ങളിലും സൈക്കിൾ പാതകൾ, നടപ്പാതകൾ ഉറപ്പുവരുത്തുക.
- പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ വേറിട്ട പ്രവർത്തനങ്ങൾ, നിയമ നടപടികൾ, ലഹരി-പുകയില മോചനം എന്നിവ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ഏകോപനത്തിലൂടെ നടപ്പിലാക്കണം.
- വീടുകൾ, സ്ഥാപനങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് ഗ്രീൻപ്രൊട്ടോക്കോൾ നിർബന്ധമാക്കുക.
- അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന സംവിധാനം ഉറപ്പുവരുത്തുക.
- കക്കൂസുകൾ, സെപ്റ്റിക്-ടാങ്കുകൾ എന്നിവ തീരദേശത്തിൽനിന്നും പൊതു ജലാശയത്തിൽ നിന്നും ചുരുങ്ങിയത് ഏഴര മീറ്റർ അകലത്തിൽ സ്ഥാപിക്കുക.
- സെപ്റ്റിക് ടാങ്ക് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി സംവിധാനം ഏർപ്പെടുത്തുക.
- സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം കോർപ്പറേഷൻ തലത്തിൽ ഉറപ്പുവരുത്തുക.
- സെപ്റ്റേജ്ട്രാൻസ്പോർട്ടേഷൻ നിരോധിക്കുക. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടെങ്കിൽ മാത്രം അനുവദിക്കുക.
- പഞ്ചായത്ത് തലത്തിൽ വൃദ്ധജനങ്ങൾക്കായി വിനോദത്തിനായിപാർക്കുകൾ സ്ഥാപിക്കുക.

ആയുർവേദം

ആയുർവേദ മേഖലയുടെ വികസനത്തിനായി കൊല്ലം ജില്ലയിൽ സ്വീകരിക്കണ്ട നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി ഒരു സംപൂർണ്ണ ആയുർവേദ ചികിത്സാ കേന്ദ്രം ജി.എ.എച്ച്. കരുനാഗപ്പള്ളിയിൽ ആരംഭിക്കണം.
2. ജില്ലാ ആയുർവേദ ആശുപത്രിയിലെ 100 കിടക്കകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും,സ്പെഷ്യാലിറ്റി വിഭാഗങ്ങളും, ജീവനക്കാരും ഉൾപ്പെടെ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണം.
3. നേത്രചികിത്സ ആയുർവേദത്തിലൂടെ എന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഒരു നേത്രചികിത്സാ വിഭാഗം ജില്ലയിലെ ഡിഎ.എച്ച്, കൊല്ലം ആശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കണം.
4. വന്ധ്യതാ നിവാരണത്തിനായി ഒരു ആയുർവേദ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ജില്ലയിലെ ജി.എ.എച്ച് തലവൂർ ആശുപത്രിയിൽ ആരംഭിക്കണം.

5. ആർദ്രം പദ്ധതിയിൽ ജില്ലയിലെ എല്ലാ നിയോജക മണ്ഡലത്തിൽ നിന്നും ഓരോ ആയുർവേദ സ്ഥാപനത്തെക്കൂടി ഉൾപ്പെടുത്തി സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തണം.
6. ജില്ലയിലെത്തുന്ന ടൂറിസ്റ്റുകൾക്കായി സർക്കാർ തലത്തിൽ ചടയമംഗലം, തെന്മല എക്കോടൂറിസം കേന്ദ്രങ്ങളോടു ചേർന്ന് ഒരു ആയുർവേദ റിസോർട്ട് സ്ഥാപിക്കണം.
7. ജില്ലയിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിൽ കുടുംബശ്രീ യൂണിറ്റ് മുഖേന ഔഷധ സസ്യകൃഷി നടത്താവുന്നതാണ്.
8. ജില്ലയിൽ ഒരു ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
9. പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ ഒരു ആയുർവേദ മൊബൈൽ യൂണിറ്റ് ആരംഭിക്കണം.
10. കിഴക്കൻ മേഖലയിലെ തെന്മലയിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറി കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണം.
11. ജില്ലയിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമുള്ള 10 കിടക്കകളുള്ള 5 ആശുപത്രികൾ നിലവിലുണ്ട് അവ ഓരോന്നും ഘട്ടംഘട്ടമായി 30 കിടക്കകളുള്ള ആശുപത്രിയായി അപ് ഗ്രേഡ് ചെയ്യണം.
12. ജില്ലയിൽ 30 കിടക്കകളുള്ള ആയൂർ, പരവൂർ, തലവൂർ എന്നീ ജനവാസ കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളെ 50 കിടക്കകളും സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉള്ള ആശുപത്രിളായി അപ് ഗ്രേഡ് ചെയ്യണം.
13. ജില്ലയിലെ കണ്ണനല്ലൂർ, കുളക്കട, എന്നീ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ആയർവേദ ഡിസപെൻസറികളെകിടത്തി ചികിത്സയുള്ള ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രായപൂർത്തിയായ പെൺകുട്ടികളും, ഗർഭിണികൾ ഗർഭാരംഭം മുതൽ അമ്മയ്ക്കും കുഞ്ഞിനും ആദ്യത്തെ 1000 ദിവസം വരെയും അനുഷ്ഠിക്കേണ്ട ആയുർവ്വേദ ചര്യകളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ അവബോധ ക്ലാസ്സുകളും, കൗൺസിലിംഗ് സെൻററുകളും ആരംഭിക്കണം.
2. വാടക കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ 9 ആയുർവേദ സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തണം.(അഞ്ചൽ, വെളിനല്ലൂർ, ശൂരനാട്സൌത്ത്, പനയം, അച്ചൻകോവിൽ, കുലശേഖരപുരം, ശാസ്താംകോട്ട, കുണ്ടറ, പുനലൂർ, മുനിസിപ്പാലിറ്റി)
3. പഞ്ചായത്ത് വക കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തണം. (ഇളംന്പള്ളൂർ, നെടുവത്തൂർ, ചാത്തന്നൂർ, മൺട്രോത്തുരുത്ത്)
4. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിൽ കുടിവെള്ള സൗകര്യം, ശൌചാലയം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പാടാക്കണം.
5. എല്ലാ ആയുർവ്വേദ സ്ഥാപനങ്ങളിലും യോഗ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾഏർപ്പാടാക്കണം.
6. സ്ഥാപനത്തിൽ എത്തിച്ചേരുന്നതിനുള്ള ബോർഡുകൾ പ്രധാന നിരത്തുകളിലും സ്ഥാപന പരിസരങ്ങളിലും സ്ഥാപിക്കണം.
7. ഡിസ്പെൻസറികളോട് ചേർന്ന് പഞ്ചകർമ്മ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കണം.
8. സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളുടെയും, ആശുപത്രികളുടെയും അറ്റകുറ്റ പണികളും ഇലക്ട്രിക്കൽ റീ വയറിംഗുകളും നടത്തണം.
9. കംപ്യൂട്ടർ, ഇൻറർനെറ്റ് സൗകര്യങ്ങളില്ലാത്ത സ്ഥാപനങ്ങളിൽ അവ ലഭ്യമാക്കണം.
10. ആയുർവേദ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കണം
11. ജില്ലയിൽ ആയുഷ് പ്രാഥമിക കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് (വെട്ടിക്കവല, വിളക്കുടി, കുലശേഖരപുരം, ഇട്ടിവ, ശൂരനാട് വടക്ക്, ഇളമാട്, പൂതക്കുളം, കല്ലുവാതുക്കൽ, കൊട്ടാരക്കര) സ്വന്തം കെട്ടിട സൗകര്യങ്ങൾ ഒരുക്കണം.

12. ഫാർമസിസ്റ്റ് ഇല്ലാത്ത പട്ടാഴി വടക്കേക്കര, കടക്കൽ, ഇട്ടിവ, കല്ലുവാതുക്കൽ, നിലമേൽ, ഇളമാട്, പൂതക്കുളം എന്നീ ആയുഷ് പ്രാഥമിക കേന്ദ്രങ്ങളിൽ ഫാർമസിസ്റ്റ് നിയമനം നടത്തണം.
13. ജില്ലയിൽ ആയുഷ് പ്രാഥമിക കേന്ദ്രങ്ങളിൽ കംപ്യൂട്ടർ സൗകര്യം, കുടിവെള്ളം, ശൌചാലയം, എന്നിവ ഒരുക്കണം.
14. ചുറ്റുമതിൽ ഇല്ലാത്ത സ്ഥാപനങ്ങളിൽ ചുറ്റുമതിൽ നിർമ്മിക്കണം.

ഹോമിയോപ്പതി

മേൽത്തട്ട് നിർദ്ദേശങ്ങൾ

കൊല്ലം ജില്ലയിലെ എല്ലാ വിഭാഗം ജനങ്ങളിലും ഹോമിയോപ്പതി ചികിത്സാ ശാസ്ത്രത്തിന്റെഗുണഫലങ്ങൾ കൂടുതൽ മികവോടെ എത്തിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങളാണ് താഴെ സമർപ്പിക്കുന്നത്.

1. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിന് സ്ഥലവും കെട്ടിടവും,മറ്റ് അടിസ്ഥാന സൗകര്യങ്ങളും, ജീവനക്കാരും
2. ജില്ലാ ഹോമിയോ ആശുപത്രി 50 കിടക്കകൾ ഉള്ള പേവാർഡ് കൂടി ഉൾപ്പെടുത്തി മൾട്ടി സ്പെഷ്യാലിറ്റിആശുപത്രിആയിഉയർത്തണം.
3. കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം താലൂക്കുകളിൽ 25 കിടക്കകൾ ഉള്ള പുതിയ താലൂക്ക്ആശുപത്രികൾ തുടങ്ങണം, അതിന്റെ സ്ഥലവും കെട്ടിടവും ജീവനക്കാരും.
4. എല്ലാ ആശുപത്രികളിലും ലാബ്,എക്സ്റേ,സ്കാനിംഗ് യൂണിറ്റുകൾ തുടങ്ങണം
5. സ്ത്രീകളുടെ മാനസിക ശാരീരിക വൈകാരിക പ്രശ്ന പരിഹാരത്തിനുള്ള പദ്ധതി ആയ ''സീതാലയം''എല്ലാതാലൂക്ക്ആശുപത്രികളിലുംതുടങ്ങണം(അടിസ്ഥാനസൗകര്യവുംജീവനക്കാരും)
6. കുട്ടികൾക്കും കൗമാരക്കാർക്കും പഠന പെരുമാറ്റ വൈകല്യങ്ങൾക്കുള്ള ചികിത്സാ പദ്ധതിയായ ''സദ്ഗമയ'' എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം (അടിസ്ഥാന സൗകര്യവും ജീവനക്കാരും)
7. വന്ധ്യതാ ക്ലിനിക്ക് എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
8. ജീവിതശൈലീരോഗ ചികിത്സയ്ക്കും പ്രതിരോധത്തിനുമുള്ള സമഗ്ര ചികിത്സാ പദ്ധതി ''ആയുഷ്മാൻഭവ''എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം (അടിസ്ഥാന സൗകര്യവും ജീവനക്കാരും)
9. തൈറോയിഡ് സ്പെഷ്യൽ ക്ലിനിക് എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം (അടിസ്ഥാന സൗകര്യവും ജീവനക്കാരും)
10. എല്ലാ ആശുപത്രികൾക്കും ആർ.എം.ഒ ക്വാർട്ടേഴ്സ് വേണം.
11. ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യം തുടങ്ങണം.
12. ജില്ലാ ആശുപത്രികളിൽ പകലും രാത്രിയിലും സെക്യൂരിറ്റി വേണം.
13. എല്ലാ ആശുപത്രിയ്ക്കും ആംബുലൻസ് സൗകര്യം ഉണ്ടാകണം.
14. ജില്ലാ ഹോമിയോ മെഡിക്കൽസ്റ്റോർ സ്ഥലവും കെട്ടിടവും ഉൾപ്പടെ ആരംഭിക്കണം.
15. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിനോട് ചേർന്ന് കോൺഫറൻസ് ഹാൾ നിർമ്മിക്കണം.
16. സ്കൂൾ ആരോഗ്യ പദ്ധതി ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും ആരംഭിക്കണം.
17. സ്പെഷ്യൽ ക്ലിനിക്കുകളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്ഥിരനിയമനം നടത്തണം.

18. ആർദ്രം പദ്ധതി ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഹോമിയോപ്പതി വകുപ്പിലെ ഓരോ ഡിസ്പെൻസറി വീതം തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. രോഗപ്രതിരോധ-പകർച്ചവ്യാധി നിയന്ത്രണ സെൽ എല്ലാ ആശുപത്രികളെയും കേന്ദ്രീകരിച്ച് പകര്ചാവ്യാധി പ്രതിരോധ ചികിത്സാ യൂണിറ്റ് ആരംഭിക്കുക.
2. പകർച്ചവ്യാധി ചികിത്സയ്ക്കും മറ്റ് മെഡിക്കൽ ക്യാമ്പുകൾക്കും പ്രത്യേക മൊബൈൽ യൂണിറ്റ്.
3. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഡിസ്പെൻസറികൾക്ക് സ്ഥലവും കെട്ടിടവും
4. എല്ലാ താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ സീതാലയം, വന്ധ്യത, ആയുഷ്മാൻ ഭവ, തൈറോയിഡ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യം.

2032 വിഷൻ- കൊല്ലം ജില്ല

1. പ്രസവമരണം ഇല്ലാതാക്കുക, ശിശുമരണം ഇല്ലാതാക്കുക.
2. ആയുർദൈർഘ്യം പുരുഷന്മാർക്ക് 80 ഉം സ്ത്രീകൾക്ക് 85 ഉം ആയി ഉയർത്തും.
3. ആരോഗ്യകരമായ ഭക്ഷണം, വെള്ളം, ജീവിത സാഹചര്യം, നിശ്ചിത വ്യായാമം എന്നിവ എല്ലാ പൗരന്മാർക്കും ഉറപ്പുവരുത്തും
4. പുതിയ തലമുറയെ ക്യാൻസർ ഉൾപ്പടെ ജീവിതശൈലീരോഗം ബാധിക്കുന്നത് നിലവിലുള്ളതിന്റെ പകുതിയാക്കും
5. സമയബന്ധിത പരിശോധനയിലൂടെകാൻസർ ആരംഭത്തിലേ കണ്ടെത്തി ചികിത്സ ഉറപ്പുവരുത്തി ജീവിത ഗുണതയും ജീവിത ദൈർഘ്യവും വർദ്ധിപ്പിക്കും.
6. ഹൃദ്രോഗം, പക്ഷാഘാതം, അപകടം എന്നിവ ബാധിക്കുന്നവർക്ക് ഒരു മണിക്കൂറിനകം ചികിത്സ ലഭ്യമാക്കും.
7. എല്ലാ പൗരന്മാരെയും പ്രഥമ ശുശ്രൂഷയ്ക്ക് പ്രാപ്തരാക്കും
8. പൗരന്മാർ പൊതുവിൽ സൈക്ലിംഗിലേക്ക് മടങ്ങും. നഗരപ്രദേശങ്ങളിൽ സൈക്കിൾ പാതകൾ സജ്ജമാക്കും
9. സീറോ വേസ്റ്റ് കാഴ്ചപ്പാടിലേക്ക് ജില്ലയെത്തും
10. പകർച്ചവ്യാധികൾ നിവാരണം ചെയ്യും
11. പകർച്ചവ്യാധി മരണങ്ങൾ ഇല്ലാതാക്കും
12. ജലജന്യ രോഗങ്ങൾ ഇല്ലാതാക്കും
13. ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കും
14. അന്തരീക്ഷ മലിനീകരണം ആരോഗ്യകരമായ തോതിൽ കുറയ്ക്കും.
15. പരമ്പരാഗത തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷയും പ്രാഥമിക സൗകര്യങ്ങളും ഉറപ്പുവരുത്തും
16. അപകടങ്ങളും അപകടമരണങ്ങളും നിലവിലുള്ളതിന്റെ പകുതിയായി കുറയ്ക്കും
17. ലഹരി, പുകയില, മയക്കുമരുന്ന് ഉപയോഗം ഇല്ലാതാക്കും
18. അവയവ ദാനത്തിന് എല്ലാ പൗരന്മാരെയും സന്നദ്ധരാക്കും
19. പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവരെ സമഗ്ര ആരോഗ്യ പരിരക്ഷ നൽകി പൊതു സമൂഹ നിലവാരത്തിലേക്കെത്തിക്കും

®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®

ശുചിത്വം - മാലിന്യസംസ്കരണം

ആമുഖം

കേരളം മാനവ വികസന സൂചകങ്ങളിൽ വികസിത രാജ്യങ്ങളോടൊപ്പം ആണെങ്കിലും ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ചില വിഷയങ്ങളിൽ പുറകിലാണ് നാം. അതിനാൽ അത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. അതിൽ പ്രധാനമാണ് ശുചിത്വവും ശുദ്ധമായ കുടിവെള്ളവും സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും രോഗാതുരതയിൽ കുറവ് വരുത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ വിഷയത്തിലുള്ള കാഴ്ചപ്പാട്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെടുന്ന വൃത്തിയും പരിസര ശുചിത്വവും നിലനിർത്തുക അതുവഴി ആരോഗ്യ രക്ഷ ഉറപ്പ് വരുത്തുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് ഹരിത കേരളമിഷന്റെ ഭാഗമായ ശുചിത്വമിഷൻ പ്രവർത്തിക്കുന്നത്. ഒരു പുതിയ ശുചിത്വമാലിന്യ പരിപാലന സംസ്കാരവും രൂപപ്പെടുത്തി എടുക്കണമെങ്കിൽ പൊതുജന സഹകരണം കൂടിയേതീരൂ. സർക്കാരിന്റെ പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളുടെ പങ്കാളിത്തം കൂടിയാകുമ്പോൾ ഒരു നല്ല മാതൃക സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും.

സമ്പൂർണ്ണ മാലിന്യ മുക്ത ജില്ല എന്നതാണ് ജില്ല ലക്ഷ്യമിടുന്നത്. അതിലേക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയിട്ടുള്ള വൈവിധ്യമാർന്ന പരിപാടികൾ പൂർണ്ണമായി എന്ന് അവകാശ പ്പെടുന്നില്ലെങ്കിലും ലക്ഷ്യത്തിലേക്ക് അതിവേഗം നടന്നടുക്കുകയാണ്. 2016 നവംബർ 1 ന് സംസ്ഥാനം വെളിയിട വിസർജ്ജ്യ മുക്ത (ഒ.ഡി.എഫ്) സംസ്ഥാനമായി പ്രഖ്യാപിച്ചിരുന്നു. അതിന്റെ മുന്നോടിയായി കൊല്ലം ജില്ലയിലെ ഗ്രാമപ്രദേശങ്ങൾ 2016 ഒക്ടോബർ 18 നഗരപ്രദേശങ്ങൾ 2017 ഫെബ്രുവരി 1 നും വെളിയിട വിസർജ്ജ്യ മുക്ത പ്രദേശങ്ങളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിൽ 13149 കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിൽ 3397 കുടുംബങ്ങൾക്കും ശുചിത്വ കക്കൂസുകൾ നിർമ്മിച്ചു നല്കി. ഇതോടെ ഈ രംഗത്തെ പോരായ്മകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. ലഭ്യമായ സ്ഥലത്തിന്റെ വിഭജനങ്ങളും ജനസംഖ്യാ പെരുപ്പവും അനുദിനം വർദ്ധിക്കുന്നതിനാൽ ഈ രംഗത്ത് ഇനിയും പ്രശ്ന സാധ്യതയുണ്ട്.

ജില്ലയിലെ നഗര – നഗര പ്രാന്ത പ്രദേശങ്ങളെ അലട്ടുന്ന ഗുരുതര പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ നിർമ്മാർജ്ജനം. ഇപ്പോൾ മഞ്ഞപ്പിത്തം, കോളറ പോലുള്ള ജലജന്യരോഗങ്ങൾ കൂടാതെ എലിപ്പനി, ഡങ്കിപ്പനി തുടങ്ങിയ പേരുകളിൽ പെരുകി വരുന്ന അപകടകരമായ രോഗങ്ങളുടെ രൂക്ഷത ഗ്രാമപ്രദേശങ്ങളിൽ പോലും അനുഭവപ്പെടുന്നു. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിന്നും നിരന്തരം വിമർശന വിധേമായി കൊണ്ടിരിക്കുന്ന തെരുവ് നായ ശല്യം പോലും ഈ മാലിന്യ നിർമ്മാർജ്ജന പ്രശ്നത്തിന്റെ ഉപോൽപ്പന്നമാണ്. അതു കൊണ്ട് തന്നെ ജനപങ്കാളിത്തത്തോടെ പ്രാദേശിക തല വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവ്വഹണ സംവിധാനം തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. മാലിന്യം വലിച്ചെറിയുന്നതു വഴിയും കത്തിക്കുന്നത് വഴിയും ഉണ്ടാകുന്ന അന്തരീ ക്ഷമലിനീകരണം (മണ്ണ്, ജലം, വായു) പരിഹരിക്കാനാവാത്ത വിധം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

ഓരോ തദ്ദേശസ്ഥാപനത്തിന്റെയും പരിധിയിൽ സൃഷ്ടിക്കപ്പെടുന്നതും പരിപാലിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ മാലിന്യത്തിന്റെ അളവുകളും നിലവിലുള്ള സംസ്കരണ സംവിധാനത്തിന്റെ ശേഷിയും പഠിക്കുകയും ഡേറ്റാകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും അതിന്റെ പോരായ്മകളും വിടവുകളും മനസ്സിലാക്കുകയും യുക്തമായ ബദൽ സംവിധാനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുകയുമാണ് ഈ വിഷയത്തിലുള്ള ശുചിത്വമിഷന്റെ സമീപനം. എളുപ്പം ചീഞ്ഞളിയാൻ

ഇടയുള്ള ജൈവമാലിന്യങ്ങൾ അതിന്റെ ഉറവിടത്തോട് ഏറ്റവും അടുത്ത് അതാത് ദിവസം തന്നെ സംസ്കരിക്കുകയും പുന:ചംക്രമണത്തിലൂടെ സംസ്കരിക്കേണ്ട പ്ലാസ്റ്റിക്കുകളും മറ്റ് അജൈവമാലിന്യങ്ങളും കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ അയക്കുകയും ചെയ്യുക എന്നതാണ് പൊതുസമീപനം.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം

മാലിന്യങ്ങൾ വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്ന ശീലം മാറണം. ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം ആരോഗ്യ നില എന്നിങ്ങനെ ഉയർന്ന ജീവിത ഗുണമേന്മയ്ക്ക് ഖ്യാദി നേടിയിട്ടുള്ള നമ്മുടെ സംസ്ഥാനത്തിന് അനുഗുണമായ പ്രവൃത്തിയല്ല മാലിന്യം വലിച്ചെറിയലും കത്തിക്കലും. അനുകൂല മനോഭാവവും ശീലങ്ങളും സഹകരണവും വളരേണ്ടതുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന അവബോധം ഉൾക്കൊണ്ട് മാലിന്യ പരിപാലന വിഷയങ്ങളിൽ എല്ലാ വിഭാഗംജനങ്ങളും പങ്കാളികളാകണം. ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരത്തിലൂടെ നമ്മുടെ ജില്ലയെ മാലിന്യമുക്തമാക്കാം. സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനും തദ്ദേശഭരണ പ്രദേശം സുസ്ഥിരമായി മാലിന്യ മുക്തമാക്കുന്നതിൽ പങ്കാളികളാക്കുന്നതുമാണ് ഹരിതകേരളം പദ്ധതിയുടെ ഉപദൗത്യമായ ശുചിത്വമാലിന്യ സംസ്കരണത്തിന്റെ ലക്ഷ്യങ്ങൾ.

വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് മുൻഗണന

കേരളം പോലെ സവിശേഷ ഭൂമി ശാസ്ത്രമുള്ള പ്രദേശത്ത് വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾക്ക് മുൻഗണന നല്കിയേ തീരൂ. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യ രഹിതമാകണം. ഇതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശയപരമായും സാങ്കേതികമായും തയ്യാറാകേണ്ടതുണ്ട്. സൃഷ്ടിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം.

നിലവിലെ അവസ്ഥ ഗാർഹിക ശൗചാലയങ്ങൾ

2017 ആഗസ്റ്റിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ ഗൃഹതല സ്ഥിതി വിവരശേഖരണത്തിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് ജില്ലയിൽ 82 ശതമാനം വീടുകളിൽ മാത്രമാണ് ശുചിത്വ പൂർണ്ണമായ ടോയ്ലറ്റ് സംവിധാനങ്ങൾ (സെപ്റ്റിക്ടാങ്ക്/ഇരട്ടക്കുഴികക്കൂസ്) ഉള്ളത്. മറ്റുള്ളിടങ്ങളിൽ മിക്കവാറും ഒറ്റക്കുഴി കക്കൂസുകളാണ്. തീരപ്രദേശങ്ങളിലും മറ്റും ഈ വിഷയത്തിൽ ഇനിയും കൂടുതൽ ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. അതു പോലെ തന്നെ ഇതര സംസ്ഥാന തൊഴിലാളികളുടെ കേന്ദ്രങ്ങളിലെ ശൗചാലയ പ്രശ്നങ്ങൾ ശ്രദ്ധിക്കേണ്ട മറ്റൊരു ഇടമാണ്. ഈ തൊഴിലാളികൾ ഏറെയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് നദീതീരങ്ങളിലോ മറ്റ് ജലസ്രോതസ്സുകളുടെ സമീപമോ ആണ്. ആയതിനാൽ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര സംസ്ഥാന തൊഴിലാളികളുടെ പാർപ്പിട സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ ഉണ്ടെന്ന്ഉറപ്പുവരുത്തേണ്ടതാണ്.

പട്ടിക 4.7.10

ഹരിതകേരളം

ഗാർഹിക മാലിന്യ നിർമ്മാർജ്ജനം - വിലയിരുത്തൽ ഫോറം അവസ്ഥാനിർണ്ണയ പഠന ചോദ്യാവലി ക്രോഡീകരണ ഫോർമാറ്റ്

1	സ്ഥലലഭ്യത	സന്ദർശിച്ച വീടുകൾ	മൂന്ന്സെൻറിൽ താഴെ	3 - 10 സെന്റ്	10 സെൻറിനുകളിൽ
		591761	105000	272722	214039
2	കടയിൽ നിന്നും സാധനങ്ങൾ വാങ്ങികൊണ്ടുവരാൻ	ചാക്ക്/ചണംസഞ്ചി ഉപയോഗിക്കുന്നവർ		പ്ലാസ്റ്റിക് കവർ ഉപയോഗിക്കുന്നവർ	തുണി സഞ്ചി ഉപയോഗിക്കുന്നവർ

	ഉപയോഗിക്കുന്നരീതി	188279		513324	174955		
3	അഴുകുന്ന വസ്തുക്കളും അഴുകാത്ത വസ്തുക്കളും വെവ്വേറെ തരം തിരിച്ച് ശേഖരിച്ച് വെയ്ക്കുന്നവരുടെഎണ്ണം				143515		
4	വീട്ടിലെഅഴുകുന്ന മാലിന്യങ്ങളുടെ സംസ്കരണ രീതി	കൃഷി/വളക്കുഴിയിൽ നിക്ഷേപിക്കുന്നവ		മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായിനല്കുന്നവർ	കമ്പോസ്റ്റ് വളം തയ്യാറാക്കുന്നവർ	അലക്ഷ്യമായി വലിച്ചെറിയുന്നു	
		196984		145697	51341	48569	
		'ബയോഗ്യാസ് പ്ലാൻറിൽ നിക്ഷേപിക്കുന്നവർ		'പഞ്ചായത്ത്/ നഗരസഭയിൽ നല്കുന്നവർ	കത്തിക്കുന്നു	സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു'	പൊതുവിടങ്ങളിൽ നിക്ഷേപിക്കുന്നു
		48735		525647	75828	7997	16867
5	'വീട്ടിലെഅഴുകാത്ത മാലിന്യങ്ങളുടെ സംസ്കരണ രീതി	വീട്ടിൽ സൂക്ഷിക്കുന്നു	സ്വകാര്യഏജൻസികളെഏൽപ്പിക്കുന്നു	പഞ്ചായത്ത്/ നഗരസഭയിൽ നല്കുന്നവർ	കത്തിക്കുന്നു	പൊതു വിടങ്ങളിൽ നിക്ഷേപിക്കുന്നു	അലക്ഷ്യമായി വലിച്ചെറിയുന്നു
		124932	146039	28902	182698	40398	48805
6	വീട്ടിലുള്ള കമ്പോസ്റ്റിംഗ് സംവിധാനം	പൈപ്പ്കമ്പോസ്റ്റ്	ബക്കറ്റ്കമ്പോസ്റ്റ്	മൺകലകമ്പോസ്റ്റ്	മണ്ണിരകമ്പോസ്റ്റ്	റിംഗ്കമ്പോസ്റ്റ്	കിച്ചൻ ബിൻ	മറ്റുള്ളവ
		33108	9035	3067	11606	12488	40133	173272
7	നിലവിൽ മാലിന്യ സംസ്കരണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്ന വീടുകളുടെ എണ്ണം						188696
8	ജൈവമാലിന്യം ശേഖരിച്ച് കൊണ്ട് പോകുന്നതിന് നഗരസഭ/ഗ്രാമപഞ്ചായത്ത് ഏജൻസികളെ ഏർപ്പെടുത്തിയാൽ അവർക്ക് നിശ്ചിതനിരക്കിൽ ഫീസ്നല്കാൻ സമ്മതമുള്ളവർ						271410
9	തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായോ, അല്ലാതെയോ നിർമ്മിക്കുന്ന കമ്പോസ്റ്റ് കുഴിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് വളമാക്കുന്നതിന് താൽപ്പര്യമുള്ള കുടുംബങ്ങൾ						295867
10	വീട്ടിലെപാഴ് ജല ഉപയോഗം	പാഴ് ജലക്കുഴി		സ്വീവേജ്പൈപ്പ്	മരങ്ങളുടെതടത്തിൽ ഒഴുക്കുന്നു	കൃഷിക്ക്നനക്കുന്നു	
	130941	45128		211123	103502	52076	
11	പാഴ്ജല സംസ്കരണത്തിനായി പാഴ്ജലക്കുഴി (സോക്പിറ്റ്) നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം						159189
12	സെപ്റ്റിക്ടാങ്ക്/ കക്കൂസ് വഴി നിറയുമ്പോൾ പരിഹരിക്കുന്ന രീതി	'കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റും	മുനിസിപ്പൽ ടാങ്കർ ലോറിയിലേക്ക്പമ്പ്ചെയ്തെ്കാണ്ടുപോകും	പ്രൈവറ്റ്ഏജൻസികളുടെടാങ്കർ ലോറികളിലേക്ക്പമ്പ്ചെയ്തെ്കാണ്ട്പോകും	ഓടയിലോ തോട്ടിലോ ഒഴുക്കും	കുഴി ഇതുവരെ നിറഞ്ഞിട്ടില്ല	
		176046	3819	46997	5984	251834	

അവലംബം . ഹരിതകേരള മിഷൻ

പൊതുടോയ് ലറ്റുകൾ

നിലവിൽ 18 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ഈ സംവിധാനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നത്. അതു തന്നെ ആവശ്യത്തിന് തികയാത്തതും ശുചിത്വ പൂർണ്ണവുമല്ല. പരിപാലനത്തിന്റെ അഭാവം മൂലം മിക്ക പൊതുടോയ്ലറ്റുകളും ഉപയോഗ ശൂന്യമാണ്. പൊതു ജനങ്ങൾ ധാരാളമായി നിത്യേന എത്തുന്ന ബസ്സ്റ്റാൻറുകൾ, പബ്ലിക് ഓഫീസുകൾ, ടൂറിസ്റ്റ്കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ വേണ്ടത്ര ടോയ് ലറ്റ് സംവിധാനങ്ങളില്ല. ഇതിലേക്കായി ദീർഘകാല പദ്ധതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു.

കൂടാതെ, സ്വദേശികളും വിദേശികളും, വിനോദസഞ്ചാരികളുമായി ധാരാളം ആളുകൾ നമ്മുടെ ജില്ല വഴി സഞ്ചരിക്കുന്നുണ്ട്. എന്നാൽ, പലപ്പോഴും ഇത്തരക്കാർക്ക് താൽക്കാലികമായി വിശ്രമിക്കാനോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനോ വേണ്ട സൗകര്യങ്ങളില്ല. ജില്ലാ ആസ്ഥാനത്ത് പോലും ഇത്തരം സംവിധാനത്തിന്റെ അപര്യാപ്തത നിലനിൽക്കുന്നു. ആകയാൽ, ശുചിമുറി സംവിധാനത്തോട് കൂടിയ നല്ല നിലവാരങ്ങളിലുള്ള പൊതു വിശ്രമകേന്ദ്രങ്ങൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

മാലിന്യ സംസ്കരണം

1. ഗാർഹിക മാലിന്യ സംസ്കരണം

സ്ഥിതി വിവര സർവ്വേയിൽ നിന്നും ലഭിച്ചവിവരം അനുസരിച്ച് ജില്ലയിൽ 20 ശതമാനം വീടുകളിൽ മാത്രമാണ് നല്ല രീതിയിലുള്ള ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ളത്. 10 ശതമാനത്തോളം കുടുംബങ്ങൾ 3 സെൻറിൽ താഴെ മാത്രം വിസ്തൃതിയുള്ള ഭൂമിയിലാണ് താമസിക്കുന്നത്. ഇവർക്ക് ഈ സംവിധാനം ഒരുക്കി നല്കുക എന്നതാണ് ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത്. എന്നാൽ, സ്ഥല ലഭ്യത ഉണ്ടായിട്ടും മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലസ്രോതസ്സുകളിലും മറ്റും വലിച്ചെറിയുന്ന നല്ലൊരു വിഭാഗം സമ്പന്നരെ ബോധവൽക്കരണം കൊണ്ട് മാത്രം നേർവഴിയിൽ കൊണ്ടുവരുവാൻ ബുദ്ധിമുട്ടാണ്. നിയമത്തിന്റെ പിൻബലവും ശക്തമായ ശിക്ഷാനടപടികളും കൈക്കൊണ്ടെങ്കിൽ മാത്രമേ ഈ രംഗത്ത് നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

2. പൊതു സ്ഥലങ്ങളിലെ മാലിന്യ സംസ്കരണം

മാലിന്യങ്ങൾ ധാരാളം ഉദ്പാദിക്കുന്ന പൊതുമാർക്കറ്റുകൾ, ബസ്സ്റ്റാൻറുകൾ, ബോട്ട്ജട്ടികൾ, പബ്ലിക്ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ മാലിന്യസംസ്കരണം വ്യക്തമായ ആസൂത്രണത്തോട് കൂടിനടപ്പിലാക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ വലിച്ചെറിയപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണവും സംസ്കരണവും വലിയ വെല്ലുവിളിയാണ്. ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം എന്നതാണ് കേന്ദ്രീകൃത സംസ്കരണത്തേക്കാൾ പ്രായോഗികം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

മേൽപ്പറഞ്ഞ ജൈവമാലിന്യം കൂടാതെ അറവുശാലകൾ, കല്ല്യാണമണ്ഡപങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ മാലിന്യപ്രശ്നങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നല്കി രൂപകൽപ്പന ചെയ്തു നടപ്പാക്കേണ്ടതാണ്.

3. ജൈവ മാലിന്യസംസ്കരണം

വീടുകളിലുണ്ടാകുന്ന പച്ചക്കറിചവറും, ഭക്ഷണാവശിഷ്ടവും അടങ്ങുന്ന ജൈവമാലിന്യം അവിടെ തന്നെ സംസ്കരിക്കുന്നതിന് ഉള്ള കുഴി (ആവശ്യത്തിന്സ്ഥലംഉണ്ടെങ്കിൽ മാത്രം) കലം കമ്പോസ്റ്റിംഗ്, കിച്ചൻ ബിൻ കമ്പോസ്റ്റിംഗ്, റിംഗ്കമ്പോസ്റ്റിംഗ്, ജൈവ സംസ്കരണഭരണി (മുച്ചട്ടി കമ്പോസ്റ്റ്) തുടങ്ങിയ കമ്പോസ്റ്റിംഗ് രീതികളോ മാലിന്യത്തിൽ നിന്ന് ജൈവവാതകം ഉദ്പ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കാം.

ചന്തകളിൽ നിന്നും സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ ഉപാധികളൊന്നും സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാം. വലിയ ബയോഗ്യാസ് പ്ലാൻറുകളോ തുമ്പൂർമൂഴി മാതൃക എയ്റോബിക് കമ്പോസ്റ്റിംഗോ ആണ് നിലവിൽ ഉപയോഗിക്കപ്പെടുന്ന പൊതുമാലിന്യ സംസ്കരണസംവിധാനങ്ങൾ.

4. അജൈവ മാലിന്യ പരിപാലനം

പ്ലാസ്റ്റിക് തുടങ്ങിയ അജൈവമാലിന്യങ്ങൾ (ചില്ലുകൾ, ലോഹങ്ങൾ, നിർമ്മാണഅവശിഷ്ടങ്ങൾ, ഇ-വേസ്റ്റ്) കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അതിനായുള്ള സംഭരണ കേന്ദ്രങ്ങൾ (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി - എം.സി.എഫ്സെന്ററുകൾ) സ്ഥാപിച്ച് അവിടെ നിന്നും അതാതിന്റെ രീതി അനുസരിച്ചുള്ള സംസ്കരണ കേന്ദ്രങ്ങളിലേക്കോ ലാൻറ്ഫിൽ തുടങ്ങിയ സംവിധാനങ്ങളിലേക്കോ മാറ്റുവാൻ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കേണ്ടതാണ്.

ഏറ്റവും രൂക്ഷമായ പ്ലാസ്റ്റിക് പ്രശ്നം കൈകാര്യം ചെയ്യുവാനായി ഇപ്പോൾ ഇത് പൊടിച്ച് തരികളാക്കുന്നതിനായി പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കുകയും ഈ തരികൾ ടാറിംഗിനോടൊപ്പം (ടാറിന്റെ അളവിന്റെ 10 ശതമാനംവരെ) ചേർത്ത് റോഡ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കുവാൻ സർക്കാർ

നിർദ്ദേശവും ഉത്തരവും ഉണ്ട്. കൂടാതെ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കാനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. ഇ-വേസ്റ്റ്പരിപാലനം

ഉപയോഗശൂന്യമായകമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, മറ്റ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, മൊബൈൽ ഫോൺ, മൊബൈൽ ചാർജ്ജർ, ബാറ്ററി തുടങ്ങിയ വസ്തുക്കളിൽ ആഴ്സനിക്, കാഡ്മിയം തുടങ്ങിയ ഏറ്റവും അപകടകരമായ ലോഹഭാഗങ്ങളുടെ സാന്നിദ്ധ്യമുള്ളതിനാൽ ഇവ വലിച്ചെറിയുന്നത് മൂലമുണ്ടാകുന്ന പരിസര മലിനീകരണം ഏറ്റവും രൂക്ഷമാണ്. അതുപോലെ തന്നെസി.എഫ്.എൽ, എൽ.ഇ.ഡിലാമ്പുകൾ, ട്യൂബ്ലൈറ്റ്/മെർക്കുറിലാമ്പുകൾ എന്നിവയിൽ അധികരിച്ച നിലയിൽ മെർക്കുറിയുടെ അംശമുള്ളതും ഇവ അതിനാൽ ഏറ്റവും അപകടകരമായ മാലിന്യങ്ങളിൽ പെടുന്നതുമാണ്. അതു പോലെ തന്നെ റേഡിയോ ആക്ടീവിറ്റി മൂലമുണ്ടാകുന്ന മലിനീകരണവും ഇ-വേസ്റ്റ് മുഖാന്തിരം ഉണ്ടാകുന്നു. ഇക്കാരണത്താൽ ഇ-വേസ്റ്റ്നിർമ്മാർജ്ജനം അത്യന്തം സൂക്ഷ്മതയോടെയും ശാസ്ത്രീയമായും കൈകാര്യം ചെയ്യേണ്ട വിഷയമാണ്.

കേരളസർക്കാരും ക്ലീൻ കേരള കമ്പനിയുമായുള്ള ഉടമ്പടിപ്രകാരം എല്ലാത്തരം ഇ-വേസ്റ്റുകൾ ശേഖരിക്കാനും കൈകാര്യം ചെയ്യുവാനുള്ള ചുമതല അവർക്ക് നല്കിയിട്ടുണ്ട്. നമ്മൾ മേൽ പറഞ്ഞ തരത്തിലുള്ള ഇ-വേസ്റ്റുകൾ ശേഖരിച്ചതിനുശേഷംക്ലീൻ കേരളകമ്പനിയെഏൽപ്പിച്ചാൽ മാത്രം മതിയാകും.

വിഭവ സമാഹരണം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ത്രിതലപഞ്ചായത്തുകൾ പദ്ധതിതുകയുടെ 10 ശതമാനം തുക ശുചിത്വ മാലിന്യസംസ്കരണത്തിനായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്രപദ്ധതിയായഎസ്.ബി.എം (ഗ്രാമീൺ) വഴി ഒരു പഞ്ചായത്തിന് 20 ലക്ഷം രൂപ വരെ ഈ മേഖലയിലേക്ക് ചെലവഴിക്കാവുന്നതാണ്. ഇതിനുപരിയായി കിഫ്ബിസ്കീമിൽ ഉൾപ്പെടുത്തി ആധുനിക അറവുശാലകൾ, ഗ്യാസ് ക്രമറ്റോറിയം, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ വൻകിട പദ്ധതികളും സ്ഥാപിക്കാവുന്നതാണ്. ശുചിത്വ മിഷന്റെ സംസ്ഥാന വിഹിതവും ഈ മേഖലയിലേക്ക് വിനിയോഗിക്കാവുന്നതാണ്.

നഗര പ്രദേശങ്ങൾക്ക് പദ്ധതിവിഹിതത്തിൽ നിന്നും 15 ശതമാനം തുകയാണ് ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾക്കായി മാറ്റി വയ്ക്കപ്പെടേണ്ടത്. കൂടാതെ, നഗരസഭകളുടെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനും പൊതു ടോയ്ലറ്റുകളും കമ്മ്യൂണിറ്റി ടോയ്ലറ്റുകളും സ്ഥാപിക്കുന്നതിനും എസ്.ബി.എം (അർബൻ) ഫണ്ടുകളും ശുചിത്വമിഷന്റെ സംസ്ഥാനവിഹിതവും ഇതിലേക്കായി വിനിയോഗിക്കാവുന്നതാണ്.

നിലവിലുള്ള പദ്ധതികളുടെ സ്ഥലപര വ്യന്യാസം

ജില്ലയിൽ നഗരസഭകളിലായാലും പഞ്ചായത്തുകളിലായാലും നിലവിലുള്ള സംവിധാനങ്ങളെല്ലാം തന്നെ തീരപ്രദേശത്തിന് കൂടുതൽ പ്രാധാന്യം നല്കി കൊണ്ട് വിന്യസിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്. എന്നാൽ, ടൂറിസ്റ്റുകളും മറ്റും കൂടുതലായി ആശ്രയിക്കുന്ന ജില്ലയുടെ കിഴക്കൻ മേഖലകളിൽ പൊതുവെ ശുചിത്വ – മാലിന്യ സംസ്കരണ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഈ മേഖലകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്.

ആരാധനാലയങ്ങൾ (എല്ലാ മത വിഭാഗക്കാരുടെയും) കേന്ദ്രീകരിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ലാവണങ്ങൾ കേന്ദ്രീകരിച്ചും ആവശ്യത്തിന് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇവിടങ്ങളിലും വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്.

മാലിന്യ സംസ്കരണ മേഖലകൾ

1. വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യം

ജില്ലയിലെപ്രധാനവ്യവസായസ്ഥാപനങ്ങളായകെ.എം.എം.എൽ, ഐ.ആർ.ഇ മറ്റ് സർക്കാർ /സ്വകാര്യവ്യവസായ സ്ഥാപനങ്ങൾ ഇവിടങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് അതാത് സ്ഥാപനങ്ങൾ സ്വന്തം നിലയിൽ ഇതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കണമെന്നാണ് നിയമം. ഇത് നിരീക്ഷിക്കുവാനായി

കേരള സംസ്ഥാന മലിനീകരണനിയന്ത്രണബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പലപ്പോഴും ഇത്തരം സ്ഥാപനങ്ങളുടെ അനാസ്ഥ കാരണം വലിയ തോതിൽ പരിസരമലിനീകരണം വ്യാപകമായി ഉണ്ടാകുന്നുണ്ട്. ചവറയിലെ കെ.എം.എൽ.എൽ നിന്നുള്ള മാലിന്യം കാരണം ഒരു പ്രദേശമാകെ വർഷങ്ങളായി മാലിന്യഭീഷണിയിലാണ്.

2. ജലസ്രോതസ്സുകളുടെ മലിനീകരണം

ജില്ലയിലെ പ്രധാന ആറുകളായ കല്ലടയാർ, ഇത്തിക്കരയാർ, പള്ളിക്കലാർ, പരവൂർ കായൽ, കൂടാതെ, അഷ്ടമുടിക്കായൽ, കൊല്ലംതോട് ഇവിടങ്ങളിലേക്ക് ഒഴുകിയെത്തുന്ന വലുതും ചെറുതുമായ മറ്റനവധി കൈത്തോടുകളും എല്ലാം തന്നെ മലിനീകരണത്താൽ വീർപ്പുമുട്ടുകയാണ്. നേരത്തെകയർ വ്യവസായം ജിലയ്യിൽ പൂർണ്ണ തോതിൽ ഉണ്ടായിരുന്ന സമയത്ത് തൊണ്ടഴുക്കൽ മൂലമുണ്ടായിരുന്ന പ്രധാന മലിനീകരണ പ്രശ്നം ഇപ്പോൾ വളരെ അധികം കുറഞ്ഞിട്ടുണ്ട്. അതു പോലെ തന്നെഒ.ഡി.എഫുമായി ബന്ധപ്പെട്ട് കായലുകളിലും തോടുകളിലും സ്ഥാപിച്ചിരുന്ന തുക്ക്കക്കുസുകൾ (ഹാഗിംഗ്ടോയ്ലറ്റുകൾ) ഒഴിവാക്കി പകരം പുതിയ ഇരട്ടക്കുഴി കക്കുസ് നിർമ്മിച്ച് നല്കിയതോടെ ജലസ്രോതസ്സുകൾ ഈരീതിയിൽ മലിനമാകുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാനായിട്ടുണ്ട്. എന്നാൽ അതിനേക്കാൽ എത്രയോ മടങ്ങ് കൂടുതലാണ് മഴക്കാലത്ത് ഇതിലേക്ക് ഒഴുകി ഇറങ്ങുന്ന വിസർജ്ജ്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ. ഇതെല്ലാം കണ്ടെത്തി അതാത് തദ്ദേശസ്ഥാപനങ്ങളുടെച്ച മതലയിൽ നിയന്ത്രണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

അഷ്ടമുടിക്കായൽ സംരക്ഷണം

ജില്ലയിലെ പ്രധാന കായലും റാംസർ സ്ഥാനങ്ങളിൽ പെട്ടതും മത്സ്യസമ്പത്തിനാൽ പ്രസിദ്ധവുമായിരുന്ന പ്രധാന കായൽ, ഇന്ന് മാലിന്യ പ്രശ്നത്താൽ മത്സ്യസമ്പത്ത് നശിച്ചും കൈയ്യേറ്റം മൂലവും മറ്റും നാശോന്മുഖമായിരിക്കുകയാണ്. ഇതിനെ സംരക്ഷിക്കാനായി പ്രത്യേക പാക്കേജുകൾ വിവിധ വകുപ്പുകളുടെ/ ഏജൻസികളുടെ സഹായത്താൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതി നടപ്പാക്കലുകളുടെ കാലതാമസം കാരണം ഒന്നും തന്നെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.

ശാസ്താംകോട്ട തടാക സംരക്ഷണം

ജില്ലയിലെ (സംസ്ഥാനത്തെ പോലും) ഏക ശുദ്ധജല തടാകമായ ശാസ്താംകോട്ട കായൽ ഇന്ന് മലിനീകരണത്താലും ജലദൗർലഭ്യത്താലും ശ്വാസം മുട്ടുകയാണ്. ഇതിനെ സംരക്ഷിക്കുവാനുള്ള മുറവിളിയ്ക്ക് ഏകദേശം അരനൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. എന്നാൽ, പ്രശ്നം നാൾക്കുനാൾ വഷളായി കൊണ്ടിരിക്കുകയുമാണ്.

ഇപ്പോൾ കേന്ദ്രസർക്കാർ ഇതിനെ റാംസർ സ്ഥാനങ്ങളുടെ ലിസ്റ്റിൽ പെടുത്തി എന്നതൊഴിച്ചാൽ മറ്റ് ഭൗതികനേട്ടങ്ങളൊന്നും തന്നെ ഈ തടാകത്തിന് ഉണ്ടായിട്ടില്ല. ഇപ്പോൾ തടാകസംരക്ഷണത്തിനായി പല പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഗുണപരമായ മാറ്റങ്ങളൊന്നും തന്നെ കാണാനില്ല. ഇതിനായുള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുകയും ഏകോപിപ്പിക്കുകയും അതുപോലെ തന്നെ താമസംവിന നടപ്പാക്കി ഈ അപൂർവ്വ ജലസമ്പത്തിനെ അതിന്റെ പൂർവ്വകാല പ്രൗഢിയോടെ നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ കൂടി ആവശ്യമാണ്.

3. ആശുപത്രി മാലിന്യ പരിപാലനം

പ്രത്യേക ശ്രദ്ധയും ശാസ്ത്രീയ സംവിധാനങ്ങളും ആവശ്യമുള്ള സംസ്കരണരീതിയാണ് ആശുപത്രി മാലിന്യപരിപാലനത്തിൽ അവലംബിക്കേണ്ടത്. ആശുപത്രിയും പരിസരവും വൃത്തിയും ശുചിത്വവുമുള്ളതായി നിലനിർത്തുന്നതിന് സമഗ്രമായ പദ്ധതികൾ തയ്യാറാക്കണം. ഖരമാലിന്യം തരം തിരിക്കൽ ജൈവ, അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വെവ്വേറെ തരം തിരിച്ച്സൂക്ഷിക്കണം. ബയോമെഡിക്കൽ വേസ്റ്റ് വേർതിരിച്ച് സൂക്ഷിക്കുന്നതിനും സംസ്കരണത്തിനായി കൈമാറുന്നതിനും ആശുപത്രി അധികൃതർ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം (നിലവിൽ "ഇമേജ്" എന്ന സ്ഥാപനം മുഖേന ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കപ്പെടുന്നുണ്ട്). ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിന് കമ്പോസ്റ്റിംഗ് രീതികളായ തുമ്പൂർമൂഴി മാതൃകയിലുള്ള സംവിധാനങ്ങളോ ബയോമെതനേഷൻ (ബയോഗ്യാസ്പ്ലാന്റ്) തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

അജൈവമാലിന്യങ്ങൾ വൃത്തിയാക്കി സംഭരിക്കുന്നതിന് ഒരു മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഇവിടെനിന്നും റീസൈക്ലിംഗിനായി നേരിട്ട് കൈമാറ്റം ചെയ്യാവുന്നതാണ്.

നിലവിലുള്ള ശൗചാലയങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം. രോഗികളുടെയും ആശുപത്രി ജീവനക്കാരുടെയും എണ്ണത്തിന് ആനുപാതികമായി ശൗചാലയങ്ങൾ ഇല്ലെങ്കിൽ പുതിയവ നിർമ്മിക്കണം. എല്ലാ നിർമ്മിതികളും സ്ത്രീസൗഹൃദവും ഭിന്നശേഷിക്കാർക്കും മുതിർന്നപൗരൻമാർക്കും സൗകര്യപ്രദവുമായിരിക്കണം. നിലവിലുള്ള സൗകര്യങ്ങളും അവയുടെ അവസ്ഥയും പരിഗണിച്ച് കൂടുതലായി ആവശ്യമുള്ളവ കണ്ടെത്തി പട്ടിക തയ്യാറാക്കണം. ആശുപത്രിയിലെ ഡോക്ടർമാർ, മറ്റ്ജീവനക്കാർ, രോഗികൾ, ബന്ധുക്കൾ എന്നിവരടങ്ങുന്ന സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ചർച്ച നടത്തുകയും ആവശ്യകതാ നിർണ്ണയം നടത്തുകയും ചെയ്യേണ്ടതാണ്. ആവശ്യകതാ നിർണ്ണയ ചർച്ചകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ ആരോഗ്യ – എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടെയും, സാമൂഹ്യ പ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്ത് പദ്ധതി ആശയങ്ങൾ രൂപപ്പെടുത്തണം. ഇപ്രകാരം നടത്തുന്ന ആശയരൂപീകരണത്തിലൂടെ ആശുപത്രിയുടെ സമഗ്ര പരിസ്ഥിതി പരിപാലനവും ശുചിത്വ – മാലിന്യസംസ്കരണവും ഉൾപ്പെടുന്ന പദ്ധതി തയ്യാറാക്കേണ്ടതാണ്.

മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ/വെല്ലുവിളികൾ

1. സ്ഥലപരിമിതി മൂലം മതിയായ പൊതു ശൗചാലയങ്ങളുടെ നിർമ്മാണം സാധിക്കുന്നില്ല.
2. മാർക്കറ്റുകളിൽ മാലിന്യം സംസ്കരിക്കുന്നതിന് മതിയായ സൗകര്യങ്ങളില്ല
3. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ പല സ്ഥാപനങ്ങളിലും മാലിന്യസംസ്കരണത്തിന് മതിയായ സൗകര്യങ്ങളില്ല.
4. തൊഴിലിടങ്ങളിൽ/സ്ഥാപനങ്ങളിൽ ജീവനക്കാർക്ക്ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നില്ല
5. കക്കൂസ് മാലിന്യവും അറവു മാലിന്യങ്ങളും തോടുകളിലും, കനാലുകളിലും, റോഡുകളിലും, പൊതുസ്ഥലങ്ങളിലും, രാത്രികാലങ്ങളിൽ നിക്ഷേപിക്കുന്നത് നിയന്ത്രിക്കാൻ സാധിക്കുന്നില്ല.
6. തീരദേശ പഞ്ചായത്തുകളായ മയ്യനാട്, നീണ്ടകര, ചവറ, പന്മന, ആലപ്പാട്, കെ.എസ്.പുരം, ക്ലാപ്പന, ഓച്ചിറ കൂടാതെ, മൺട്രോതുരുത്ത്, അഷ്ടമുടിക്കായലിനും, ശാസ്താംകോട്ടതടാകത്തിനും ചുറ്റുമുള്ള ഗ്രാമപഞ്ചായത്തുകളിലെ ശൗചാലയങ്ങൾ 100 ശതമാനവും ശുചിത്വപൂർണ്ണമാണെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
7. ആധുനിക അറവുശാല, ഗ്യാസ്ട്രിമറ്റോറിയം, സെപ്റ്റിക് ടാങ്ക് മാലിന്യസംസ്കരണം എന്നിവയ്ക്ക് സ്ഥലം ലഭ്യമാക്കിയാൽ പോലും പരിസര വാസികളുടെ എതിർപ്പ് മൂലം പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തുന്നില്ല.

വിഷയമേഖലയുടെ ജില്ലാതല പരിപ്രേക്ഷ്യം

കൊല്ലം വ്യവസായത്തിനും ടൂറിസത്തിനും വളരെയേറെ അനുഗ്രഹിക്കപ്പെട്ട ജില്ലയാണ്. വേണ്ടത്ര കായലുകളും പുഴകളും, തീരപ്രദേശവും, മലയോര മേഖലകളും അങ്ങനെ വ്യത്യസ്തമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ജില്ല പക്ഷേ ശുചിത്വമാലിന്യപ്രശ്നത്തിൽ വളരെ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിൽ ഊന്നി നഗരപ്രദേശങ്ങളിൽ ഒരു പരിധി വരെ ഇത് പരിഹരിക്കാനായെങ്കിലും ഗ്രാമപ്രദേശങ്ങളിൽ മാലിന്യപ്രശ്നം പിന്നോക്കമാണ്.

അഴുകുന്ന ജൈവമാലിന്യങ്ങൾ വീടുകളിൽ (ഉറവിടത്തിൽ) തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (എം.സി.എഫ്) ശേഖരിച്ച് പുന:രുൽപ്പാദനത്തിനോ ശാസ്ത്രീയ സംസ്കരണത്തിനോ ആയി അവസരമൊരുക്കുകയാണ് ചെയ്യുന്നത്. കൂടാതെ, പ്ലാസ്റ്റിക്കുകൾ, ഇ-വേസ്റ്റുകൾ, അപായകരമായ മാലിന്യങ്ങൾ എന്നിവ ഇത്തരത്തിൽ കൈകാര്യം ചെയ്യാവു

ന്നതാണ്. മാലിന്യം ഒരു വിഭവമാണ് എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്ന് കൊണ്ട് മാലിന്യ മുക്ത കൊല്ലം എന്ന ലക്ഷ്യമാണ് നാം വിഭാവനം ചെയ്യുന്നത്.

മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണത്തിന് പൊതുകേന്ദ്രങ്ങൾ ഒരുക്കുകയും ശാസ്ത്രീയവും കുറ്റമറ്റതുമായ രീതിയിൽ പരിപാലനം നടത്തേണ്ടതുമുണ്ട്. എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴിമോഡൽ) ഈമേഖലകളിൽ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

ശാസ്ത്രീയമായ അറവുശാല ഇല്ലാത്തതും സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണമില്ലാത്തതും അതുപോലെ ഗ്യാസ് ക്രമറ്റോറിയത്തിന്റെ അഭാവവും ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ജലാശയങ്ങളിലും പൊതുനിരത്തുകളിലും മാലിന്യം തള്ളുന്ന പ്രവണത ഒട്ടും കുറയുന്നില്ല. ഇതുണ്ടാക്കുന്ന സാമൂഹ്യവും ആരോഗ്യപരവും ക്രമസമാധാനാപരവുമായ പ്രശ്നങ്ങൾ ഏറെയാണ്. കൂടാതെ, മാലിന്യക്കൂമ്പാരം കൊതുക് പെരുകുന്നതിനും അതുവഴി പകർച്ചവ്യാധികൾ വർദ്ധിക്കുന്നതിനും തെരുവ്നായ ശല്യം കൂടുന്നതിനും കാരണമാകുന്നു.

ശുചിത്വമില്ലായ്മ ജില്ലയിലെ വിനോദ സഞ്ചാര മേഖലയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നു. വിനോദ സഞ്ചാരകേന്ദ്രങ്ങൾ ശുചിത്വപൂർണ്ണമാക്കുന്നതിനും ഹൗസ്ബോട്ടുകൾ സൃഷ്ടിക്കുന്ന കായൽ മലിനീകരണത്തിനും ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രകൃതി സൗഹൃദ ടൂറിസത്തിന് കൂടുതൽ ഊന്നൽ നല്കി കൊണ്ട് മാലിന്യ സംസ്കരണ മേഖലയിൽ ഒരു പുതിയ ദിശാബോധവും നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗവും ഈരംഗത്ത് അനിവാര്യമാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പൊതുജന പങ്കാളിത്തത്തിലും ഊന്നിയുള്ള ഒരു പുതിയ ഉത്തരവാദിത്വ മാലിന്യ സംസ്കരണസംസ്കാരമാണ് ജില്ലയിൽ ഈ രംഗത്ത് നാം ലക്ഷ്യമിടുന്നത്. ഓരോ വീടും വൃത്തിയാക്കുന്നതിലൂടെ ഓരോ തദ്ദേശ സ്ഥാപനവും അതുവഴി ജില്ലയെ തന്നെ പരിപൂർണ്ണ ശുചിത്വത്തിലേക്ക് എത്തിക്കുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം.

ജില്ലാപദ്ധതി നിർദ്ദേശങ്ങൾ

കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിശകലനവും സംയോജനവും ഏകോപനവും

കേന്ദ്രസർക്കാർ പദ്ധതികളായ എസ്.ബി.എം (ഗ്രാമീൺ) സ്കീമുകളിൽ ഉൾപ്പെടുത്തി പബ്ലിക്/കമ്മ്യൂണിറ്റി ടോയ് ലറ്റുകൾക്ക് യൂണിറ്റ് നിരക്കിന്റെ (സീറ്റ്ഒന്നിന് 2 ലക്ഷംരൂപ) 90 ശതമാനം തുക അതായത് 1.80 ലക്ഷം രൂപ വീതം ലഭ്യമാണ്. ബാക്കി വേണ്ട 10 ശതമാനം തുക (20000 രൂപ) മാത്രം ഗ്രാമ പഞ്ചായത്തുകൾ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചാൽ മതിയാകും.

എസ്.ബി.എം (അർബൻ) സ്കീമിൽ നഗരസഭകൾക്ക് പബ്ലിക്/കമ്മ്യൂണിറ്റി ടോയ് ലറ്റുകൾക്ക് യൂണിറ്റ് നിരക്കായ സീറ്റ് ഒന്നിന് 98000/- രൂപയിൽ 65334/- രൂപ ലഭ്യമാണ്. ബാക്കിവേണ്ടതുക 32666/- രൂപ മാത്രം നഗരസഭകൾ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചാൽ മതിയാകും.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ഉൾപ്പെടെ ഒരുപഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി ഈ മേഖലകളിലെ പദ്ധതികൾക്കായി ചെലവിടാവുന്നതാണ്.

ശുചിത്വ മിഷന്റെ സംസ്ഥാന വിഹിതവും (അടങ്കൽ തുകയുടെ പരമാവധി 75 ശതമാനം വരെ) ഈ മേഖലയിലെ പദ്ധതികൾക്കായി വിനിയോഗിക്കാം.

കേന്ദ്ര സംസ്ഥാനപദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മതിയായവി കസനഫണ്ട് വിഹിതവും ഉചിതമായ രീതിയിൽ വിനിയോഗിച്ച് സമഗ്രമായ ആസൂത്രണത്തോട് കൂടി ഈ മേഖലയിലെ പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കിയാൽ ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതിന് യാതൊരു സംശയവുമില്ല. അതായത് വേണ്ടത്ര ഫണ്ടും സാങ്കേതിക വിദ്യയും ലഭ്യമാണ്. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടചുമതല ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കാണ്. ഇത് കൃത്യമായും നിർവ്വഹിച്ചാൽ പ്രശ്ന പരിഹാരം വിദൂരമല്ല.

സംയോജന ഏകോപന സാധ്യതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ്, കൃഷിവകുപ്പ്, വിദ്യാഭ്യാസവകുപ്പ് (എസ്.എസ്.എ), വിനോദസഞ്ചാരം, സ്വച്ഛ്ഭാരത്മിഷൻ (ഗ്രാമീൺ &അർബൻ), ഹരിതകേരളമിഷൻ, ധനകാര്യകമ്മീഷൻ, എം.എൽ.എ /എം.പിപദ്ധതി, ത്രിതല പഞ്ചായത്തുകളുടെ സംയുക്തപ്രോജക്ടുകൾ, കിഫ്ബിപദ്ധതി, ശുചിത്വസാഗരം മുതലായവ.

തദ്ദേശ സ്ഥാപനങ്ങളുടെ 2017 - 18 വർഷത്തെ പദ്ധതികളും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

1. **പബ്ലിക് ടോയ് ലറ്റ്**

നിലവിൽ 18 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ഈ സംവിധാനമുള്ളത്. ഈ വർഷം 22 ഗ്രാമ പഞ്ചായത്തുകളിലായി 110 യൂണിറ്റ് പബ്ലിക് ടോയ് ലറ്റുകൾക്ക് പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഇനിയും ഈ മേഖലയിൽ പബ്ലിക് ടോയ് ലറ്റ് ആവശ്യമുള്ള 28 ഗ്രാമപഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കേണ്ടതായിട്ടുണ്ട്. എല്ലാ നഗര സഭകളിലും നിലവിൽ പബ്ലിക് ടോയ് ലറ്റ് ഉണ്ട്. ഈ വർഷം പുതുതായി 210 ടോയ് ലറ്റുകൾ കൂടി എല്ലാ നഗര സഭകളിലും സ്ഥാപിക്കുന്നതോട് കൂടി നഗരസഭകൾ ഇക്കാര്യത്തിൽ പൂർണ്ണതയിലെത്തും.

2. **വനിതാ സൗഹൃദ ടോയ് ലറ്റുകൾ**

പൊതു സ്ഥലങ്ങളിലും കൈമാറികിട്ടിയ സ്ഥാപനങ്ങളിലും അവിടത്തെ വനിതാ ജീവനക്കാർക്കും കൂടാതെഅവിടങ്ങളിൽ വന്നു പോകുന്ന വനിതകൾക്കും ഉപയോഗിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ഒട്ടും തൃപ്തികരമല്ല. ഈ മേഖലകളിൽ കൂടുതൽ യൂണിറ്റുകൾ (നഗരസഭകളും, ഗ്രാമപഞ്ചായത്തുകളും) സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

3. **എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ)**

പൊതുസ്ഥലങ്ങളിലെചപ്പുചവറുംഉൾപ്പെടെയുള്ളജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ചെലവ് കുറഞ്ഞതുംകാര്യക്ഷമമായഒരുസംവിധാനമാണ്എയ്റോബിക്കമ്പോസ്റ്റ്യൂണിറ്റ്. നിലവിൽ എല്ലാനഗരസഭകളിലുംകൊല്ലംകോർപ്പറേഷനിലുംഈസംവിധാനമുണ്ടെങ്കിലുംവേണ്ടത്രഎണ്ണംആവശ്യ മനുസരിച്ച്സ്ഥാപിച്ചിട്ടില്ല. ഒരുഗ്രാമപഞ്ചായത്തിലുംഈസംവിധാനങ്ങളില്ല. എന്നാൽ, 2017 -18 വാർഷികപദ്ധതിയിൽ 20 ഗ്രാമപഞ്ചായത്തുകൾ ഇതിനായിപദ്ധതിരൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 48 ഗ്രാമപഞ്ചായത്തുകളിൽ ഈപദ്ധതിരൂപീകരിക്കേണ്ടതാണ്.

പട്ടിക 4.7.12

2017 - 18 ലെപദ്ധതികളുടെവിശദവിവരങ്ങൾ

ക്രമ നം.	തദ്ദേശസ്ഥാപനങ്ങളുടെ പേര്	ഗാർഹിക കമ്പോസ്റ്റുകളുടെ എണ്ണം	എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴി മോഡലുകളുടെ) എണ്ണം	എം.ആർ.എഫ് യൂണിറ്റുകളുടെ എണ്ണം തുകലക്ഷത്തിൽ	ശ്മശാനം (ഗ്യാസ് ക്രമറ്റോറിയം) തുകലക്ഷത്തിൽ	പബ്ലിക് ടോയ് ലറ്റ്	
						എണ്ണം	തുകലക്ഷത്തിൽ
I	**ഓച്ചിറബ്ലോക്ക്**						
1	ഓച്ചിറ	455			0		
2	കെ.എസ്.പുരം	115				2	5.10
3	തഴവ	500		1			
4	ക്ലാപ്പന						
5	ആലപ്പാട്		10				
6	തൊടിയൂർ	54			50.00		
II	**ശാസ്താംകോട്ട**						

ക്രമ നം.	തദ്ദേശസ്ഥാപനങ്ങളുടെ പേര്	ഗാർഹിക കമ്പോസ്റ്റുകളുടെ എണ്ണം	എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴി മോഡലുകളുടെ) എണ്ണം	എം.ആർ.എഫ് യൂണിറ്റുകളുടെ എണ്ണം തുകലക്ഷത്തിൽ	ശ്മശാനം (ഗ്യാസ് ക്രമറ്റോറിയം) തുകലക്ഷത്തിൽ	പബ്ലിക് ടോയ് ലറ്റ്	
						എണ്ണം	തുകലക്ഷത്തിൽ
	ബ്ലോക്ക്						
7	ശാസ്താംകോട്ട	247					
8	പടിഞ്ഞാറെകല്ലട	94		1			
9	ശൂരനാട്തെക്ക്		10	1	27.50		
10	പോരുവഴി	620					
11	കുന്നത്തൂർ	950					
12	ശൂരനാടവടക്ക്	285	1	1	3.00	1	1.50
13	മൈനാഗപ്പള്ളി	120				2	3.00
III	**വെട്ടിക്കവല ബ്ലോക്ക്**						
14	ഉമ്മന്നൂർ		7			7	15.50
15	വെട്ടിക്കവല	228				6	13.50
16	മേലില	277		1			
17	മൈലം	200	10	1	21.66	17	35.00
18	കുളക്കട	190					
19	പവിത്രേശ്വരം	827	20				
IV	**പത്തനാപുരം ബ്ലോക്ക്**						
20	വിളക്കുടി	390			81.91		
21	തലവൂർ				24.00		
22	പിറവന്തൂർ				32.00		
23	പട്ടാഴിവടക്കേക്കര	440					
24	പട്ടാഴി	695	2				
25	പത്തനാപുരം			1	29.30	6	13.00
V	**അഞ്ചൽ ബ്ലോക്ക്**						
26	കുളത്തൂപ്പുഴ			1	40.00		
27	ഏരൂർ	615			10.00	3	7.00
28	അലയമൺ	580					
29	അഞ്ചൽ	470		1			
30	ഇടമുളയ്ക്കൽ	450	10	1			

ക്രമ നം.	തദ്ദേശസ്ഥാപനങ്ങളുടെ പേര്	ഗാർഹിക കമ്പോസ്റ്റുകളുടെ എണ്ണം	എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴി മോഡലുകളുടെ) എണ്ണം	എം.ആർ.എഫ് യൂണിറ്റുകളുടെ എണ്ണം തുകലക്ഷത്തിൽ	ശ്മശാനം (ഗ്യാസ് ക്രമറ്റോറിയം) തുകലക്ഷത്തിൽ	പബ്ലിക് ടോയ് ലറ്റ്	
						എണ്ണം	തുകലക്ഷത്തിൽ
31	കരവാളൂർ					2	4.50
32	തെന്മല	380	2	1		3	6.00
33	ആര്യങ്കാവ്	530	5			12	26.78
VI	**കൊട്ടാരക്കര ബ്ലോക്ക്**						
34	വെളിയം			1		2	3.17
35	പൂയപ്പള്ളി			1			
36	കരീപ്ര		0	1			
37	എഴുകോൺ	822	8	1			
38	നെടുവത്തൂർ		10		40.00	5	11.00
VII	**ചിറ്റുമലബ്ലോക്ക്**						
39	തൃക്കരുവ						
40	പനയം	355	4	1			
41	പെരിനാട്	2615		1			
42	കുൺണ്ടറ				10.00		
43	പേരയം	150	4				
44	കിഴക്കേകല്ലട	180	4			6	12.00
45	മൺട്രോതുരുത്ത്					2	5.00
VIII	**ചവറബ്ലോക്ക്**						
46	തെക്കുംഭാഗം	855				2	4.00
47	തേവലക്കര	106		1		9	19.00
48	ചവറ	250	4	1			
49	പന്മന	150	4		10.00		
50	നീണ്ടണ്കര	200		1			
IX	**മുഖത്തലബ്ലോക്ക്**						
51	മയ്യനാട്	3000					
52	ഇളമ്പള്ളൂർ			1			
53	തൃക്കോവിൽവട്ടം	530					

ക്രമ നം.	തദ്ദേശസ്ഥാപനങ്ങളുടെ പേര്	ഗാർഹിക കമ്പോസ്റ്റുകളുടെ എണ്ണം	എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴി മോഡലുകളുടെ) എണ്ണം	എം.ആർ.എഫ് യൂണിറ്റുകളുടെ എണ്ണം തുകലക്ഷത്തിൽ	ശ്മശാനം (ഗ്യാസ് ക്രമറ്റോറിയം) തുകലക്ഷത്തിൽ	പബ്ലിക് ടോയ് ലറ്റ്	
						എണ്ണം	തുകലക്ഷത്തിൽ
54	കൊറ്റങ്കര	126		1			
55	നെടുമ്പന	750					
X	**ചടയമംഗലം ബ്ലോക്ക്**						
56	ചിതറ				10.00		
57	കടയ്ക്കൽ	272				10	20.00
58	ചടയമംഗലം						
59	ഇട്ടിവ	150					
60	വെളിനല്ലൂർ	70		1		2	3.50
61	ഇളമാട്		21	1			
62	നിലമേൽ	180				7	14.00
63	കുമ്മിൾ	500			5.00		
XI	**ഇത്തിക്കരബ്ലോക്ക്**						
64	പൂതക്കുളം		22			3	6.73
65	കല്ലുവാതുക്കൽ	2800	10	1		1	2.25
66	ചാത്തന്നൂർ	50		1	61.00		
67	ആദിച്ചനല്ലൂർ		22	1			
68	ചിറക്കര	48					
	ആകെ	**23871**	**190**	**27**	**455.37**	**110**	**231.50**

അവലംബം . ശുചിത്വ മിഷൻ

4. മെറ്റീരിയൽ റെക്കവറിഫെസിലിറ്റി (എം.ആർ.എഫ്)

പ്ലാസ്റ്റിക് പോലെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് സംഭരിച്ച് വയ്ക്കുവാനുള്ള ഒരു സംവിധാനമാണ് എം.ആർ.എഫ്. നിലവിൽ എല്ലാ നഗരസഭകളിലും കൊല്ലം കോർപ്പറേഷനിലും ഈ സംവിധാനമുണ്ടെങ്കിലും വേണ്ടത്ര എണ്ണം ആവശ്യമനുസരിച്ച് സ്ഥാപിച്ചിട്ടില്ല. 27 ഗ്രാമപഞ്ചായത്തുകളിൽ ഈ സംവിധാനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 41 ഗ്രാമപഞ്ചായത്തുകളിൽ ഈസംവിധാനംസ്ഥാപിക്കേണ്ടതുണ്ട്.

5. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ

എം.ആർ.എഫ് കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് കവറുകളും മറ്റും പൊടിച്ച് ഗ്രാന്യൂൾസാക്കി അതാത് തദ്ദേശ സ്ഥാപനങ്ങളിലെ റോഡ്ടാറിംഗിനായി ടാറിന്റെ 10 ശതമാനം വരെ പ്ലാസ്റ്റിക് ഗ്രാന്യൂൾസ്

ഉപയോഗിക്കാൻ സർക്കാർ ഉത്തരവുണ്ട്. ഇതുമൂലം ടാറിന്റെ ഉപയോഗം കുറയുകയും പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തിന് ശാശ്വതപരിഹാരം ആവുകയും ചെയ്യും.

നിലവിൽ എല്ലാ നഗരസഭകളിലും ഇതിനായി പ്രോജക്ടുണ്ട്. പുനലൂർ മുനിസിപ്പാലിറ്റിയിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പരവൂർ, കരുനാഗപ്പള്ളി, കൊട്ടാരക്കര എന്നിവിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി കരാറിലായിട്ടുണ്ട്. കൊല്ലം നഗരസഭയിൽ നാല് എണ്ണമാണ് പ്രൊപ്പോസൽ. 2 എണ്ണം എഗ്രിമെന്റ് ആയികഴിഞ്ഞു. 13 ഗ്രാമപഞ്ചായത്തുകളിൽ 2017 - 18 വർഷംപ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

6. ഗ്യാസ് ക്രമറ്റോറിയം

സ്ഥലപരിമിതി മൂലം ശവ സംസ്കാരത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ധാരാളം ജനങ്ങൾ ഗ്രാമപ്രദേശങ്ങളിലുമുണ്ട്. അവർക്ക് ഇതിനായി ആധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങൾ (ഗ്യാസ് ക്രമറ്റോറിയം) സ്ഥാപിക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളുടെചുമതലയാണ്. നിലവിൽ എങ്ങും തന്നെ ഈ സംവിധാനങ്ങളൊന്നും തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. 2017 - 18 ൽ 16 ഗ്രാമപഞ്ചായത്തുകളിൽ ഇതിനായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 55 ഗ്രാമപഞ്ചായത്തുകളിൽ ഈ സംവിധാനം ഒരുക്കേണ്ടതുണ്ട്.

7. ആശുപത്രി മാലിന്യ സംസ്കരണം (എസ്.റ്റി.പി)

ജില്ലാ ആശുപത്രി/ വിക്ടോറിയആശുപത്രി കൂടാതെ ജില്ലയിൽ 8 താലൂക്ക് ആശുപത്രികളും, 16 സി.എച്ച്.സികളും, 57 പി.എച്ച്.സികളുമാണ് ഉള്ളത്. താലൂക്ക് ആശുപത്രി മുതൽ മുകളിലോട്ടുള്ള എല്ലാ ആശുപത്രികളിലും ഈ സംവിധാനം അത്യാവശ്യം സ്ഥാപിക്കേണ്ടതാണ്. സെപ്റ്റിക് ടാങ്കിൽ നിന്നുള്ള മലിനജലം കൂടാതെ ലാബ്, കാൻറീൻ, ലാൻഡ്രി, കിച്ചൻ തുടങ്ങിയ ഇടങ്ങളിൽ നിന്നും വരുന്ന മലിന ജലം ഒന്നിച്ചോ വെവ്വേറെയോ സംസ്കരിക്കാവുന്നതാണ്.

പട്ടിക 4.7.13

എസ്.റ്റി.പി – നിലവിലെ സ്ഥിതി

ആശുപത്രിയുടെ പേര്	നിയന്ത്രണമുള്ള തദ്ദേശസ്ഥാപനം	നിലവിലെ സ്ഥിതി
ജില്ലാആശുപത്രി/ വിക്ടോറിയആശുപത്രി	ജില്ലാപഞ്ചായത്ത്	2017 - 18 വർഷത്തിൽ 1.60 കോടിരൂപയുടെ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ തുടങ്ങി
താലൂക്ക്ഹോസ്പിറ്റൽ പുനലൂർ	പുനലൂർ മുനിസിപ്പാലിറ്റി	നിലവിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ഏക സ്ഥാപനം
താലൂക്ക്ഹോസ്പിറ്റൽ കരുനാഗപ്പള്ളി	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	പ്രോജക്ട്ഉണ്ട്പ്രവൃത്തിആരംഭിച്ചു (പി.ഡബ്ല്യു.ഡി)
താലൂക്ക്ഹോസ്പിറ്റൽ കൊട്ടാരക്കര	കൊട്ടാരക്കര മുനിസിപ്പാലിറ്റി	പ്രോജക്ട്സമർപ്പിച്ചു. (അടങ്കൽ 50 ലക്ഷം)
താലൂക്ക്ഹോസ്പിറ്റൽ കുണ്ടറ	ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത്	പ്രോജക്ട്ഉണ്ട്, 53.43 ലക്ഷം
താലൂക്ക്ഹോസ്പിറ്റൽ നീണ്ടകര	ചവറബ്ലോക്ക് പഞ്ചായത്ത്	പ്രോജക്ട്ഇല്ല
താലൂക്ക്ഹോസ്പിറ്റൽ, ശാസ്താംകോട്ട	ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്ത്	പ്രോജക്ട് തുടങ്ങിയിരുന്നു. എന്നാൽ ഉപേക്ഷിക്കേണ്ടിവന്നു.
താലൂക്ക്ഹോസ്പിറ്റൽ കടയ്ക്കൽ	ചടയമംഗലംബ്ലോക്ക്പഞ്ചായത്ത്	പ്രോജക്ട് ഇല്ല
താലൂക്ക്ഹോസ്പിറ്റൽ നെടുങ്ങോലം	പരവൂർ മുനിസിപ്പാലിറ്റി	പ്രോജക്ട് ഇല്ല

അടിയന്തിരമായി ശ്രദ്ധ പതിയേണ്ട മറ്റ് മാലിന്യ പ്രശ്നങ്ങൾ

1. അറവുശാലകളിലെ മാലിന്യ സംസ്കരണം

ജില്ലയിൽ എങ്ങും തന്നെ ആധുനിക അറവുശാലകൾ പ്രവർത്തിക്കുന്നില്ല. കൊല്ലം കോർപ്പറേഷനിൽ ഉണ്ടായിരുന്ന അറവുശാല മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ കോടതി ഉത്തരവോടെ മാസങ്ങളായി പ്രവർത്തനം നിർത്തി വച്ചിരിക്കുകയാണ്. എന്നാൽ, ജില്ലയിലെവിടെയും ഇറച്ചി സുലഭമാണ് താനും. ഇവർ ഇത് എവിടെ വച്ചാണ് കശാപ്പ ചെയ്യുന്നതെന്നോ മാലിന്യങ്ങൾ എങ്ങനെയാണ് സ്കസംരിക്കുന്നതെന്നോ എന്നുള്ള വിവരം അജ്ഞാതമാണ്. പലപ്പോഴും ജില്ലയിലെ വയലുകളിലെ ഇടത്തോടുകളിലും കലുങ്കുകളുടെ അടിയിൽ നിന്നും അറവു മാലിന്യങ്ങൾ ശ്രദ്ധയിൽ പെടുമ്പോൾ അല്ലെങ്കിൽ ഇത് മാധ്യമങ്ങളിൽ വാർത്തയാകുന്നു എന്നതൊഴിച്ചാൽ ഇതിനെതിരെ ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. ആകയാൽ, ജില്ലയിൽ അത്യാവശ്യം നാലോ അഞ്ചോ ആധുനിക അറവുശാലകൾ ആരംഭിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

2. കോഴി വേസ്റ്റ് സംസ്കരണം

സംസ്ഥാനത്തൊട്ടാകെ വിശേഷിച്ചും കൊല്ലം ജില്ലയിൽ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് കോഴിമാലിന്യം. ജില്ലയിലെ എല്ലാ കോഴിഫാം/ വിൽപ്പനകേന്ദ്രങ്ങളിൽ അന്വേഷിച്ചാലും ഇത്തരം വേസ്റ്റുകൾ പന്നിഫാമിലേക്ക് നല്കുകയാണെന്നാണ് ലഭിക്കുന്ന മറുപടി. എന്നാൽ, ഇത്തരം കോഴിമാലിന്യങ്ങൾ ഉപയോഗിക്കത്തക്ക ശേഷിയുള്ള പന്നിഫാമുകളൊന്നും തന്നെ ജില്ലയിലോ സമീപ ജില്ലകളിലോ ഇല്ല എന്നതാണ് വാസ്തവം.

ഇതിന് ഒരു പരിഹാരമായി ജില്ലയിൽ തദ്ദേശ സ്ഥാപന നേതൃത്വത്തിൽ നാലോ അഞ്ചോ ഇടങ്ങളിലായി ആധുനിക കോഴിവേസ്റ്റ് സംസ്കരണശാലകൾ ആരംഭിക്കേണ്ടതാണ്. നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള പിറവന്തൂർ, കുര്യോട്ടു മലഫാമിൽ മാത്രമാണ് ഇതിനുള്ള സംവിധാനമുള്ളത്. ഇത് വളരെ വലിയ രീതിയിലുള്ള പ്ലാന്റാണ്. എന്നാൽ, ചെലവ് കുറഞ്ഞതും (10 - 20 ലക്ഷംരൂപ) പൂർണ്ണമായും സംസ്കരിച്ച് ജൈവവളമാക്കുന്നതുമായ ചെറിയ ശേഷിയുള്ളതുമായ (200 - 500 കോഴിവരെ) സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള യന്ത്രങ്ങൾ ലഭ്യമാണ്.

ശുചിത്വമിഷനിൽ ആവശ്യത്തിന് ഫണ്ടും സാങ്കേതികവിദ്യയും ലഭ്യമാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിർവ്വഹണചുമതല ഏറ്റെടുക്കാൻ വിദഗ്ദ്ധരുമുണ്ട്. ഇതിന് പറ്റിയ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കാനുള്ള ആർജ്ജവം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

ജില്ലയിൽ ഇനിയും 30% വീടുകളിൽ ഗാർഹിക കമ്പോസ്റ്റ്/ ബയോഗ്യാസ് സംവിധാനങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ 38 ഗ്രാമപഞ്ചായത്തുകളിൽ പൊതുശൗചാലയങ്ങളും 35 ഗ്രാമ പഞ്ചായത്തുകളിൽ എം.ആർ.എഫും 48 ഗ്രാമപഞ്ചായത്തുകളിൽ തുമ്പൂർമൂഴിയും 55 ഗ്രാമപഞ്ചായത്തുകളിൽ ക്രിമറ്റോറിയവും സ്ഥാപിക്കണം. നാല് താലൂക്ക് ആശുപത്രികളിൽ (കടയ്ക്കൽ, നെടുങ്ങോലം, നീണ്ടകര, ശാസ്താംകോട്ട) എസ്.റ്റി.പിയ്ക്കുള്ള സംവിധാനം ഒരുക്കണം. ഇത്രയും പ്രോജക്ടുകൾ വരുന്ന രണ്ട് വർഷങ്ങൾക്കുള്ളിൽ നടപ്പാക്കാൻ കഴിഞ്ഞാൽ ശുചിത്വ മാലിന്യ മേഖലയിൽ ജില്ലയ്ക്ക് മേൽക്കൈ നേടാൻ കഴിയും. കൂടാതെ, ഹരിതകേരളം മിഷന്റെ ഭാഗമായി ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഹരിത കർമ്മസേന രൂപീകരിച്ച് അവർ വഴി വീടുകളിലെയും കച്ചവട സ്ഥാപനങ്ങളിലെയും ജൈവ - അജൈവ മാലിന്യപരിപാലനം സാധ്യമാക്കുകയും കൂടി ചെയ്താൽ ജില്ല സമ്പൂർണ്ണമായും ശുചിത്വ ജില്ലയാക്കി മാറ്റാം.

പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ആവശ്യകതയുടെ അടിസ്ഥാനത്തിൽ പബ്ലിക് ടോയ് ലറ്റ് / കമ്മ്യൂണിറ്റി ടോയ് ലറ്റ് എന്നിവ എല്ലാ തദ്ദേശ സ്ഥാപനങ്ങളും അടിയന്തിരമായി പദ്ധതി രൂപീകരിച്ച് ഡി.പി.സി അംഗീകാരം വാങ്ങി ഈ വർഷം തന്നെ നടപ്പാക്കേണ്ടതാണ്. ഇതിന് സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ്ഭാരത് മിഷൻ

(അർബൻ) എന്നീ പദ്ധതികളുടെ വിഹിതവും കൂടി സംയോജിപ്പിച്ച് പദ്ധതികൾ ക്രമീകരിക്കേണ്ടതാണ്.

2. മാലിന്യസംസ്കരണപദ്ധതികൾക്ക് ഇപ്പോൾ പല തദ്ദേശസ്ഥാപനങ്ങളും ശുചിത്വമിഷൻ വിഹിതം കൂടി (പരമാവധി 75 ശതമാനംവരെ) വിനിയോഗിച്ചാണ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. എന്നാൽ, ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും ഇത്തരത്തിൽ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. ആകയാൽ, എല്ലാ ഗ്രാമപഞ്ചായത്തുകളും അവർക്ക് അത്യാവശ്യം വേണ്ട മാലിന്യ സംസ്കരണ പദ്ധതികൾക്കായി ഇത്തരത്തിൽ ക്രമീകരണം നടത്തേണ്ടതാണ്.
3. വൻകിട പദ്ധതികളായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഗ്യാസ് ക്രമറ്റോറിയം, മോഡേൺ മീറ്റ്പ്രോസസിംഗ് പ്ലാന്റ്, സാനിട്ടറി ലാൻറ്ഫിൽ തുടങ്ങിയ പദ്ധതികൾക്ക് മിക്ക തദ്ദേശസ്ഥാപനങ്ങളും പദ്ധതി രൂപീകരിച്ചിട്ടില്ല. സ്ഥല ലഭ്യത കുറവും, ചട്ടങ്ങൾ പാലിക്കേണ്ട നിയമപരമായ കാരണങ്ങളാലും പല തദ്ദേശ സ്ഥാപനങ്ങൾക്കും ഈ മേഖലകളിൽ പദ്ധതികൾ രൂപീകരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കാണുന്നു. എന്നാൽ, ഇത്തരം വൻകിട പദ്ധതികൾക്ക് സ്ഥലം വാങ്ങാൻ മാത്രമായി പോലും പദ്ധതി രൂപീകരിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ത്രിതല പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടായി ഇത്തരം പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
4. ഗ്യാസ് ക്രമറ്റോറിയം, ആധുനിക മാംസ സംസ്കരണ പ്ലാന്റ് എന്നീ പദ്ധതികൾക്കായി കിഫ്ബി സ്കീമിൽ പെടുത്തി പദ്ധതി രൂപീകരിക്കാനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്.

ക്രോഡീകരണം - മേൽ വിവരണങ്ങളുടെഅടിസ്ഥാനത്തിൽ താഴെപറയുന്നനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

മേൽത്തട്ട്നിർദ്ദേശങ്ങൾ

1. ശാസ്താംകോട്ട തടാകസംരക്ഷണം, അഷ്ടമുടിക്കായൽ സംരക്ഷണം തുടങ്ങിയപാക്കേജുകൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണം.
2. പുതിയപദ്ധതികളും പാക്കേജുകളും നടപ്പിലാക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ നിലവിലുള്ള പദ്ധതികളുമായി ഏകോപന, സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുക.
3. പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കൃത്യമായ സമയക്രമവും മോണിട്ടറിംഗ് സംവിധാനവും ഉണ്ടായിരിക്കണം.

കീഴ്ത്തട്ട്നിർദ്ദേശങ്ങൾ

1. എല്ലാഗ്രാമപഞ്ചായത്തുകളിലുംഎം.ആർ.എഫ്/എം.സി.എഫ് സംവിധാനങ്ങൾ ഉണ്ടായിരിക്കണം.
2. ഗ്രീൻപ്രോട്ടോക്കോൾ എല്ലാ തലങ്ങളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
3. എല്ലാ നഗര ഗ്രാമ പ്രദേശങ്ങളിലും പബ്ലിക് ടോയ് ലറ്റുകൾ ആവശ്യത്തിന് സ്ഥാപിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുക.
4. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ എല്ലാ സ്ഥാപനങ്ങളിലും (സ്കൂളുകൾ, ആശുപത്രികൾ ഉൾപ്പെടെ)ആവശ്യത്തിന് ടോയ് ലറ്റുകളും/വനിതാ സൗഹൃദ ടോയ് ലറ്റുകളും ഉണ്ടെന്ന് ഉറപ്പ് വരുത്തണം.
5. സെപ്റ്റേജ് മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ എല്ലാ നഗരസഭകളിലും കൂടാതെ എല്ലാ ബ്ലോക്ക് അടിസ്ഥാനത്തിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.
6. ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ശുചിത്വ അവബോധം സൃഷ്ടിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഇടം നല്കുക.
7. ജില്ലയെ എത്രയും പെട്ടെന്ന്ഹരിത ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
8. മാലിന്യ സംസ്കരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം കൂടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. എല്ലാ താലൂക്ക് ആശുപത്രികളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
10. എല്ലാ ബ്ലോക്ക് തലത്തിലും ഓരോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ എങ്കിലും ഉണ്ടെന്ന് ഉറപ്പ വരുത്തണം.
11. എല്ലാ ബ്ലോക്കുകളിലും ഏറ്റവും കുറഞ്ഞത് ഒരു മോഡേൺ ഗ്യാസ് ക്രമറ്റോറിയം എങ്കിലും ഉണ്ടായിരിക്കണം.
12. ജില്ലയിൽ എല്ലാ നഗരസഭകളിലും കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിലും ഓരോ മോഡേൺ മീറ്റ്പ്രോസസിംഗ് പ്ലാന്റ് (ആധുനിക ഇറച്ചി സംസ്കരണശാല)കൾ സ്ഥാപിക്കണം.
16. പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും നിയമ ലംഘകരെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാവുന്നതാണ്.
17. ജില്ലയിൽ വ്യാപകമായി കാണുന്ന തട്ടുകടകൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവർ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം ഉള്ളതാണെന്നും അവ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നില്ലെന്നും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

β β β β β β β β β β β β β β β β β β β β β β β β β

4.8 കുടിവെള്ളം

ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ പ്രാഥമിക ഘടകമാണ് ശുദ്ധജലം. മനുഷ്യജീവന്റെ നിലനിൽപ്പിന് ഏറ്റവും അത്യാവശ്യ ഘടകം എന്ന നിലയിൽ ശുദ്ധജലവും അതിന്റെ വിതരണവും പ്രാധാന്യം അർഹിക്കുന്നു. പ്രധാനമായും നദികൾ, തടാകങ്ങൾ, കുഴൽ കിണറുകൾ, പൊതുകിണറുകൾ എന്നിവയെ ആശ്രയിച്ചാണ് ശുദ്ധജല വിതരണ പദ്ധതികൾ വേർതിരിക്കുന്നത്. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള സ്രോതസ്സുകൾ തികച്ചും അപര്യാപ്തമാണ്.

ഏതൊരു സമൂഹത്തിനും സുരക്ഷിതവും ആരോഗ്യപ്രദവുമായ കുടിവെള്ള ലഭ്യത ഒഴിച്ചു കൂടാനാവാത്തതാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം ഇക്കാര്യത്തിൽ വളരെ യധികം മുന്നിലാണ്. എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ എത്തുവാൻ ഇനിയും നാം മുന്നോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ പദ്ധതികളും പ്രവൃത്തികളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. വായു കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും അധികം അത്യാവശ്യമുള്ള വസ്തുവാണ് ജലം. ഭൂമിയുടെ 71 ശതമാനവും ജലമാണ്. പക്ഷേ ഒരു ശതമാനത്തിൽ താഴെ മാത്രമേ മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഉപയോഗപ്രദമായി ലഭ്യമാകുന്നുള്ളൂ. 97 ശതമാനവും ഉപ്പു വെള്ളമായി സമുദ്രങ്ങളിലാണ് കാണപ്പെടുന്നത്. 2 ശതമാനത്തോളം തണുത്തുറഞ്ഞ അവസ്ഥയിൽ ധ്രുവ പ്രദേശങ്ങളിലാണ്. ആയതിനാൽ ലഭ്യമായ ജലം പരിരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ഏറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

പട്ടിക 4.8.1
ഭൂവിതാനത്തിന്റെ പട്ടിക

ക്രമ നമ്പർ	ഭൂമിശാസ്ത്രപരമായ തരം തിരിവ്	വിസ്തീർണ്ണം (ച.കി.മി)	സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം
1	സമതല പ്രദേശം	81	5
2	ഇടനാട്	700	80 — 5
3	മലനാട്	1950	1500 — 80

അവലംബം . കേരള വാട്ടർ അതോറിറ്റി

വനത്തിനുള്ളിൽ ഒറ്റപ്പെട്ട പ്രദേശങ്ങൾ കൊല്ലം ജില്ലയിലെ കിഴക്കൻ ഭാഗത്തെ പ്രത്യേകതയാണ്. ജില്ലയിൽ സമ ശീതോഷ്ണ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക താപനില 20^0C മുതൽ 39^0C വരെ അനുഭവപ്പെടുന്നു. മാർച്ച് മുതൽ മെയ് മാസം വരെ ജില്ലയിൽ വേനൽക്കാലമാണ്. ഈ കാലയളവിൽ ജില്ല രൂക്ഷമായ വരൾച്ചയുടെ പിടിയിലാകുന്നു. തുടർന്ന് ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ തെക്കു പടിഞ്ഞാറൻ കാലവർഷവും സെപ്റ്റംബർ മുതൽ നവംബർ വരെ വടക്ക് കിഴക്കൻ കാലവർഷവും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ ഫെബ്രുവരി വരെ ജില്ലയിൽ ശൈത്യകാലവും അനുഭവപ്പെടുന്നു

മഴ ലഭ്യതയുടെ സൂചന

കേരളത്തിലെ മഴയുടെ വാർഷിക ശരാശരി 3000 മി.മി ആണ്. എന്നിരുന്നാലും കേരളത്തിലെ മിക്ക പ്രദേശങ്ങളും വരൾച്ച നേരിടുന്നു. കേരളത്തിൽ പ്രധാനമായും തെക്കു പടിഞ്ഞാറൻ കാലവർഷം, വടക്ക് കിഴക്കൻ കാലവർഷം എന്നിവയിലൂടെയാണ് മഴ ലഭിക്കുന്നത്. 56 ശതമാനത്തോളം മഴ ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷത്തിലൂടെയാണ്. ബാക്കി വടക്കു കിഴക്കൻ കാലവർഷത്തിലൂടെയും കുറച്ച് ശതമാനം വേനൽ മഴയിലൂടെയും ലഭിക്കുന്നു.

ഉപരിതല സ്രോതസ്സുകൾ

നദികൾ, ശുദ്ധജല തടാകങ്ങൾ, അരുവികൾ, കുളങ്ങൾ, തുറന്ന കിണറുകൾ മുതലായവയാണ് ഉപരിതല ജല സ്രോതസ്സുകളുടെ ഗണത്തിൽപ്പെടുന്നത്. സംസ്ഥാനത്തെ 44 നദികളിൽ 41 എണ്ണവും പശ്ചിമ ഘട്ടത്തിൽ നിന്നും ഉല്ഭവിച്ച് മറ്റ് സംസ്ഥാനങ്ങളിലൂടെ ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നവയുമാണ്. കേരളത്തിലെ നദികൾ ഉപദ്വീപിയ നദികളാണ്. അവ പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചിട്ടുള്ളവയാണ്. ആയതിനാൽ കാലവർഷ സമയത്ത് ജല സമൃദ്ധവും വേനൽക്കാലത്ത് പല നദികളും വറ്റി വരണ്ട അവസ്ഥയിലാകുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ കണക്ക് പ്രകാരം കേരളത്തിലെ നദികളിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവ് 77900ദശ ലക്ഷം ഘന മീറ്ററാണ്. ഇതിൽ ഏകദേശം 70,200 ദശ ലക്ഷം ഘന മീറ്റർ കേരളത്തിലെ വൃഷ്ടി പ്രദേശങ്ങളിൽ നിന്നുള്ളതും ബാക്കിയുള്ളത് തമിഴ് നാട്ടിലെയും കർണാടകത്തിലെയും വൃഷ്ടി പ്രദേശങ്ങളിൽ നിന്നും ഒഴുകി എത്തുന്നതുമാണ്. നദീ തടങ്ങളുടെയും, കുളങ്ങളുടേം സ്വകാര്യ കൈയ്യേറ്റങ്ങൾ അവയിലേക്കെത്തുന്ന ഖരദ്രവ മാലിന്യ നിക്ഷേപങ്ങൾ എന്നിവ ആശങ്കപ്പെടുത്തുന്ന വിധം വർദ്ധിച്ചിരിക്കുന്നു.

കുടിവെള്ള വിതരണത്തിന്റെ അളവും ഉപയോഗവും

ജലത്തിന്റെആവശ്യകതയെ താഴെപ്പറയുന്ന രീതിയിൽ അഞ്ചായി തിരിക്കാം.

1. ഗാർഹിക ആവശ്യം
2. പൊതു ആവശ്യം
3. വ്യാവസായികാവശ്യം
4. വാണിജ്യാവശ്യം
5. മറ്റുപയോഗത്തിനുള്ളത്

ഗാർഹികാവശ്യത്തിനുള്ള ഉപയോഗത്തിൽ കുടിക്കുന്നതിനും കുളിക്കുന്നതിനും ആഹാരം പാകം ചെയ്യുന്നതിനും തുണിയലക്കുന്നതിനുമുള്ള ജലത്തിന്റെഅളവ് ഉൾപ്പെടുന്നു. ഗാർഹികാവശ്യത്തിനുള്ള ജലത്തിൻറം തോത് സമൂഹത്തിന്റെശീലങ്ങളേയും നിലവാരത്തിനേയും ആശ്രയിക്കുന്ന. കൂടാതെകാലാവസ്ഥ വ്യതിയാനവും ഇതിൽ മുഖ്യ പങ്ക് വഹിക്കുന്നു. വേനൽക്കാലത്ത് പൊതുവേ ഉപഭോഗം കൂടുകയും വർഷ കാലത്ത് കുറയുകയും ചെയ്യുന്നു. ഇന്ത്യയിലെ നിലവിലുള്ള നിലവാരമനുസരിച്ച് ഒരാൾക്ക് പ്രതിദിനം 135 ലിറ്റർ ആണ് ശരാശരി ഗാർഹിക ഉപയോഗം. നമ്മുടെ ജീവിതനിലവാരത്തിൽ വന്ന മാറ്റം അനുസരിച്ച് ഇത് വളരെ കുറവാണ്.

പുതിയ പദ്ധതികൾ നഗര പ്രദേശങ്ങൾക്ക് 135 എൽ.പി.സി.ഡി ക്രമത്തിലും ഗ്രാമപ്രദേശങ്ങൾക്ക് 100 എൽ.പി.സി.ഡി ക്രമത്തിലും ആണ് രൂപകൽപ്പന ചെയ്യുന്നത്. കേരളത്തിലെ 54.27 ശതമാനം ജനങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ളം ലഭിക്കുന്നുണ്ട്.

കുടിവെള്ളത്തിന്റെ ഗുണമേന്മയും മാനദണ്ഡവും

പ്രകൃതിയിൽ കാണുന്ന ജലത്തിൽ പലവിധങ്ങളായ മാലിന്യങ്ങൾ പല അളവിലായി കാണുന്നു. മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത പദാർഥങ്ങളൊന്നും ഇല്ലാത്ത ജലത്തെയാണ് ശുദ്ധജലം എന്നു പറയുന്നത്. ഗാർഹികാവശ്യത്തിനുള്ളജലത്തിൽ ലയിച്ചതും ലയിക്കാത്തതുമായവയും ജൈവ അജൈവ മാലിന്യങ്ങളും അടങ്ങിയിരിക്കാൻ പാടില്ല.

ലോകത്തിലെ വിവിധ ഏജൻസികൾ കുടിവെള്ളത്തിന്റെ നിലവാരത്തിന് മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ഇന്ത്യയിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് ആണ് പ്രധാനമായും കുടിവെള്ളത്തിന്റെ

ഗുണനിലവാരത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. IS 10500 : 2012 പ്രകാരമാണ് അവർ മാനദണ്ഡങ്ങൾ നൽകിയിരിക്കുന്നത്.

പട്ടിക 4.8.2

കുടിവെള്ളത്തിന്റെ നിലവാരം

ക്രമ നമ്പർ	സ്വഭാവം	അഭികാമ്യമായ അളവ്	മറ്റ് സ്രോതസ്സുകൾ ഇല്ലെങ്കിൽ അഭികാമ്യമായ അളവ്
1	ടർബിലിറ്റി	1	5
2	നിറം	5	15
3	സ്വാദും ഗന്ധവും	അഭിലഷണീയം	അഭിലഷണീയം
4	അലിഞ്ഞു ചേർന്നിരിക്കുന്ന ഖര പദാർത്ഥങ്ങൾ	500	2000
5	പിഎച്ച്.മൂല്യം.	8.5 ,6.5	8.5 ,6.5
6	കഠിനത	200	600
7	ക്ലോറൈഡ്	250	1000
8	സൾഫേറ്റ്	200	400
9	ഫ്ലൂറൈഡ്		1.5
10	നൈട്രേറ്റ്	45	45
11	കാത്സ്യം	75	200
12	മഗ്നീഷ്യം	30	100
13	ഇരുമ്പ	0.3	0.3
14	മാംഗനീസ്	0.1	0.3
15	ചെമ്പിൻറം അംശം	0.05	1.5
16	അലൂമിനിയം	0.03	0.2
17	ക്ഷാരത്വം	200	600
18	അപഷിപ്ത ക്ലോറിന്	0.2	0.1
19	നാകം	5	15
20	ഫിനോലിക് സംയുക്തങ്ങൾ	0.001	0.002
21	ആലയോണിക് ഡിറ്റർജന്റ്	0.2	1
22	ധാതു എണ്ണ	0.5	0.5
23	ആർസനിക്	0.01	0.05
24	കാഡ്മിയം	0.003	0.003
25	ക്രോമിയം	0.05	0.05
26	സയനൈഡുകൾ	0.05	0.05
27	ഈയം	0.01	0.01
28	മെർക്കുറി	0.01	0.001
29	പോളീന്യൂക്ലിയർ	0.0001	0.0001
30	ആൽഫാ കിരണങ്ങൾ വമിപ്പിക്കുന്ന വസ്തുക്കൾ	0.1	0.1
31	ബീറ്റാ കിരണങ്ങൾ വമിപ്പിക്കുന്ന വസ്തുക്കൾ	1	1

അവലംബം . കേരള വാട്ടർ അതോറിറ്റി

കുടിവെള്ള വിതരണവും ശുദ്ധീകരണ ശാലകളും

മാലിന്യ രഹിതവും അണുവിമുക്തവുമായ ജലം സമൂഹത്തിൽ എത്തിക്കുക എന്നുള്ളതാണ് ജലശുദ്ധീകരണത്തിന്റെ പരമമായ ലക്ഷ്യം. ശുദ്ധീകരണത്തിൽ ഏതൊക്കെ മാർഗങ്ങൾ ഉപയോഗിക്കണമെന്നത് സ്രോതസിലെ ജലത്തെയും ഗുണമേന്മയുടെ തോതിനെയും ആശ്രയിച്ചിരിക്കുന്നു. സാധാരണയായി ജലശുദ്ധീകരണ ശാലകളിൽ എയ്റേഷൻ, ഫ്ലോക്കുലേഷൻ, ക്ലാരിഫിക്കേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫക്ഷൻ, തുടങ്ങിയ പ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്രോതസിൽനിന്നും ശേഖരിക്കുന്ന വെള്ളം വായുവുമായി സമ്പർക്കം പുലർത്തി ദുർഗന്ധവും മറ്റും അകറ്റുന്ന പ്രക്രിയയാണ് എയ്റേഷൻ. ഈജലം പിന്നീട് ക്ളാരിഫെയറിലെത്തിച്ച് അതിലുള്ള പദാർത്ഥങ്ങളെ അലിയിപ്പിക്കുന്നു. ഇതിന് വേണ്ടി സാധാരണയായി ആലം ഉപയോഗിക്കുന്നു. മൂല്യം ക്രമീകരിക്കുന്നതിനായി ലൈം ചേർക്കുന്നു. പിന്നീട് വിവിധ തട്ടുകളിലുള്ള ഫിൽട്ടർബെഡിലേക്ക് കയത്തി വിടുന്നു. അവിടെ നിന്നും ജലത്തെ അണുവിമുക്തനാക്കുന്നതിന് വേണ്ടി ക്ലോറിൻവാതകവുമായി സമ്പർക്കം വരുത്തുന്നു

കുളങ്ങൾ

ജില്ലയിൽ ആകെ ചെറുതും വലുതുമായ 1754 പൊതു-സ്വകാര്യ കുളങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിദത്തമായ രീതിയിൽ ജലലഭ്യത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു.

കൊല്ലം ജില്ലയിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ (അദ്ധ്യായം — 5 കാണുക)

പട്ടിക 4.8.3

ജില്ലയിലെ ശുദ്ധീകരണ ശാലകൾ ഉള്ള കുടിവെള്ള പദ്ധതികൾ

ക്രമനമ്പർ	പദ്ധതിയുടെ പേര്
1	കുയിലോൺ വാട്ടർ സപ്ലൈപദ്ധതി
2	പടിഞ്ഞാറേകല്ലട/ ശൂരനാട് (തെക്ക്)
3	തേവലക്കര/ശൂരനാട് (വടക്ക്)
4	മൈനാഗപ്പള്ളി , ,ശാസ്താംകോട്ട
5	സിഡബ്ല്യൂഎസ്എസ്ഓച്ചിറ&സമീപപഞ്ചായത്ത്
6	സിഡബ്ല്യൂഎസ്എസ്ചവറ / പന്മന
7	ഏആർ ഡബ്ല്യൂഎസ്എസ്- കുളക്കടപവിത്രേശ്വരം
8	BAWSS കുണ്ടറ&സമീപപഞ്ചായത്തകളും
9	ഇളംമ്പള്ളൂർ കുടിവെള്ളപദ്ധതി
10	കരീപ്രകുടിവെള്ളപദ്ധതി
11	CARWSS- കുളത്തൂപ്പുഴകുടിവെള്ളപദ്ധതി
12	CWSS-ചിതറ&സമീപപഞ്ചായത്തകളും
13	മീനടംപദ്ധതി
14	ഏആർ ഡബ്ല്യൂഎസ്എസ്- പിറവന്തൂർ / പത്തനാപുരം
15	WSS to പട്ടാഴി, പട്ടാഴിവടക്കേകര
16	UWSS to പുനലൂർ

അവലംബം . കേരള ജല അതോറിറ്റി

കുടിവെള്ള വിതരണ സംവിധാനം

ജല വിതരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട ഘടകം ശരിയായ സ്രോതസ്സു കണ്ടെത്തുക എന്നുള്ളതാണ്. ജലം ഉപഭോക്താക്കളിൽ എത്തുന്നതിനു മുമ്പുള്ള ശുദ്ധീകരണ പ്രക്രിയകൾ സ്രോതസ്സിലെ

ജലത്തിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കപ്പെടുന്നത്. പിന്നീട് ഇത് സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്ന് വിതരണ ശൃഖലകളിലൂടെ ജനങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ നിലയിൽ നഗര മേഖലയിലും ഗ്രാമീണ മേഖലയിലും ശുദ്ധമായ ജലം ആവശ്യത്തിന് നൽകുന്നില്ല.

നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ

ജില്ലയിലെ വൻകിട പദ്ധതികളും ഭൂരിഭാഗം ചെറുകിട പദ്ധതികളും നടപ്പാക്കി പരിപാലിച്ചു വരുന്നത് കേരളാ ജല അതോറിറ്റിയാണ് ഭൂഗർഭ ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് മിനി/മൈക്രോ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളും മഴവെള്ള സംഭരണികളും ത്രിതല പഞ്ചായത്തുകളും ജലനിധിയും സ്ഥാപിച്ചു വരുന്നു.

ഭൂജല വകുപ്പ്

ഭൂജല വകുപ്പ് ജില്ലയിൽ കുഴൽ കിണറുകൾ സ്ഥാപിക്കുകയും തുറന്ന കിണർ മാർഗ്ഗത്തിലൂടെയും മഴവെള്ളം ശേഖരിച്ച് ഭൂജല പരിപോഷണം നടത്തുന്ന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്ത് വരുന്നു.

ഭൂജല പരിപോഷണ പദ്ധതികൾക്കുള്ള സ്ഥാന നിർണ്ണയവും നിർമ്മാണവും

നഗരവല്ക്കരണം, ആധുനിക വല്ക്കരണം, അധികഭൂജല ചൂഷണം, തുടങ്ങിയ കാരണങ്ങളാൽ ഭൂജലത്തിന്റെ അളവ് കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ ആവശ്യമാണ്. അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് കെട്ടിടങ്ങളുടെ മേൽക്കൂര, വെള്ളം, കുഴികൾ നിർമ്മിച്ച് അതിൽ ശേഖരിച്ച് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ശാസ്ത്രീയ പഠനങ്ങൾ നടത്തി സർഫസ് ഡക്കുകൾ, ചെക്ക് ഡാമുകൾ തുറന്ന കിണർ, മഴവെള്ള റീചാർജ്ജ് എന്നീ പരിപാടികളും ഇതിൽ ഉൾപ്പെടുന്നു. ഭൂജല സ്രോതസ്സിൽ കുറവു വരുന്ന പ്രദേശങ്ങളിൽ സമഗ്രമായ ഭൂജല സംപോഷണ പരിപാടികൾ നടപ്പിലാക്കുക വഴി പ്രസ്തുത സ്ഥലങ്ങളിലെ ഭൂജല വിതാനം ഉയർത്തുന്നതിന് സാധിക്കും. ഇതിലേക്കായി കിണർ റീ ചാർജ്ജിംഗ് മഴക്കുഴികൾ തടയണ, അടിയണ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ ഭൂപ്രകൃതിയ്ക്കനുസരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇവയിൽ ഏറ്റവും പ്രയോജനവും അഭികാമ്യവുമായ മാർഗ്ഗമായ തുറന്ന കിണർ റീചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും സാമ്പത്തിക സഹായത്തിലും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ് തുറന്ന കിണറിന് സമീപം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മേൽക്കൂരയിൽ വീഴുന്ന മഴ വെള്ളം പി.വി.സി ഗട്ടർ പൈപ്പ് വഴി ശേഖരിച്ച് അനുയോജ്യമായ ഫിൽടർ മീഡിയ വഴി തുറന്ന കിണറിലേക്ക് ഒഴുക്കി വിട്ട് ഭൂജല വിതാനം ഉയർത്തുന്ന രീതിയാണിത്. ലോക ബാങ്കിന്റെ സഹായത്തോടെ ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി നടത്തി വരുന്ന ഹൈഡ്രോളജി പ്രോജക്ടിന്റെ ഗ്രൗണ്ട് വാട്ടർ ഘടകം ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ പ്രവർത്തനത്തിനായി ജില്ലാ ഡേറ്റാ സെന്റർ പ്രവർത്തിച്ചു വരുന്നു. പ്രോജക്ടിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു. ആയതിന്റെ ഭാഗമായി 39 നിരീക്ഷണ കിണറിൽ നിന്നു ജലനിരപ്പ് ജല സാമ്പിളുകൾ എന്നിവ ശേഖരിക്കുന്നു. ജല നിരപ്പും ജലപരിശോധനാ ഫലവും ഡേറ്റാ ബേസിൽ ശേഖരിക്കുന്നു. ജില്ലാ ഡേറ്റാ സെന്ററിൽ സൂക്ഷിക്കുകയും ആയത് ദുരന്ത നിവാരണ സെല്ലിനും സംസ്ഥാന സെന്ററിലും നൽകുന്നു. പ്രതിമാസ ജല വിതാന റിപ്പോർട്ടും സംസ്ഥാന ഡേറ്റാ സെന്ററിൽ അയയ്ക്കുന്നു.

ഭൂജല സ്രോതസ്സുകൾ

ജില്ലയിലെ ഭൂജല വിഭവം ഫ്രിയാറ്റിക് നിലയിലും സെമി കൺഫൈൻഡ്/കൺഫൈൻഡ്/ രീതിയിലുമാണ് കാണുന്നത്. ഹൈഡ്രോ ജിയോളജിക്കലായി ജില്ലയിലെ ലാറ്ററൈറ്റ് മേഖലകളിലും താഴ്വരകളിലെ അലൂവിയും മേഖലകളിലും ലഭിക്കുന്ന ഭൂജലത്തിനെ ഫ്രിയാറ്റിക് ഭൂജലം എന്നും പാറകളുടെ വിള്ളലുകളിൽ ശേഖരിക്കപ്പെടുന്ന ജലത്തിലെ അതിന്റെ അവസ്ഥയ്ക്ക് അനുസരിച്ച് സെമി

കൺഫൈൻഡ്/കൺഫൈൻഡ് എന്നും വിവക്ഷിക്കുന്നു. താഴ്‌വര പ്രദേശങ്ങളിലെ അലൂവിയം കാണപ്പെടുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിനു മുമ്പുള്ള ജലവിതാനം തറ നിരപ്പിൽ നിന്നും ശരാശരി രണ്ട് മീറ്റർ മുതൽ എട്ട് മീറ്റർ വരെയും മഴക്കാലത്തിനു ശേഷം ഇത് ശരാശരി ഒരു മീറ്റർ മുതൽ ആറ് മീറ്റർ വരെയും വരുന്നതായാണ് കാണുന്നത്. ഈ പ്രദേശത്ത് ഉറന്ന് കിണറുകളാണ് സാധാരണ കാണുന്നത്. ജില്ലയിലെ ഏകദേശം നാൽപത് ശതമാനത്തോളം വരുന്ന വിഭാഗം ക്രസ്റ്റലൈൻ ഫോർമേഷൻ അഥവാ കരിമ്പാറകളാണ്. ഈ മേഖലകളിലെ അപക്ഷയവവും പാറകളിലുണ്ടാകുന്ന ഭ്രംശനവും ആണ് ജലം ശേഖരിക്കപ്പെടുന്ന സ്രോതസ്സായി മാറുന്നത്. പാറകളിലെ വിള്ളലുകളിൽ ശേഖരിക്കപ്പെടുന്ന വെള്ളം കുഴൽ കിണറുകളിൽ വഴി ഉപയോഗപ്പെടുത്തുന്നു. ജില്ലയിലെ എല്ലാ പ്രദേശത്തും കുഴൽ കിണർ നിർമ്മിക്കുന്നുണ്ട്. ഇത്തരം കിണറുകളുടെ ശരാശരി ആഴം 95 മീറ്റർ വരെയാണ്. 10 വർഷം മുമ്പ് ശരാശരി ആഴം 70 മുതൽ 75 വരെ മീറ്റർ ആയിരുന്ന അവസ്ഥയാണ്ഈ അവസ്ഥയിലേക്ക് എത്തിപ്പെട്ടത്.

2011 വർഷ സെൻസസ് അനുസരിച്ച് കൊല്ലം ജില്ലയിലെ ആകെ ജനസംഖ്യ 26.30 ലക്ഷം ആണ്. ഇതിൻ പ്രകാരം സംഖ്യയുടെ 38% ശതമാനം ആളുകൾക്ക് മാത്രമേ പൈപ്പ് വഴിയുള്ള ശുദ്ധജലത്തിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. ഒരു കോർപ്പറേഷനും 4 മുൻസിപ്പാലിറ്റികളും 68 പഞ്ചായത്തുകളിലുമായി ഇപ്പോൾ വലുതും ചെറുതുമായ ശുദ്ധജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 20 പഞ്ചായത്തുകളിലുമായി പുതിയ പദ്ധതികളുടെയും വിപുലീകരണ പദ്ധതികളുടെയും പണികൾ നടന്നുവരുന്നു. ഇതിൽ തന്നെ ക്രേന്ദ്രാവിഷ്കൃതസംസ്ഥാന വിഷ്കൃതപദ്ധതികൾ ഉൾപ്പെടുന്നു. ജില്ലയിലാകമാനം 20374 പൊതുടാപ്പുകൾ വഴിയും 1,80,321 പരം ഗാർഹിക കണക്ഷനും 6904 പരം ഗാർഹികേതരണ കണക്ഷനകളും 207 വ്യവസായിക കണക്ഷനകൾ വഴിയും ശുദ്ധജലവിതരണം കേരളവാട്ടർ അതോറിറ്റി നടത്തുന്നുണ്ട്.

2491 ച.കി.മീ വിസ്തീർണ്ണമുള്ള കൊല്ലം ജില്ലയിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള ചുമതല കേരള ജല അതോറിറ്റിയ്ക്കാണ്. പ്രോജക്ട് ഡിവിഷൻ, പി.എച്ച് ഡിവിഷൻ എന്നീ രണ്ടു മണ്ഡലങ്ങളാണ് ഉള്ളത്. ജനസംഖ്യാവർദ്ധനവും വ്യാവസായിക വാണിജ്യ സ്ഥാപനങ്ങളുടെ ക്രമാതീതമായ വർദ്ധനവും ശുദ്ധജല സ്രോതസുകളും, പൊതുകിണറുകളും മലിനമാക്കുന്നത് കൊണ്ടും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുകൂടിയും വരൾച്ചാകാലത്ത് ജില്ലയിലാകെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജില്ലയിലെ 68 പഞ്ചായത്തുകളിൽ ഗുരുതരവുമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജില്ലയിൽ 2017 അവസാനം 433.20 സെ.മി മഴയാണ് ലഭിച്ചത്.

സംസ്ഥാന ശരാശരി 348.10 നേക്കാൾ നല്ല മഴ കിട്ടാറുണ്ടുവെങ്കിലും ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം ഉപരിതലത്തിൽ വെള്ളം തങ്ങി നില്ക്കാതെ ഭൂഗർഭജലവിതാനം വർഷം തോറും താഴ്ന്ന് പോകുകയാണ്. ഭൂജലവകുപ്പിന്റെ നിഗമനം പ്രകാരം വെളിയം, കരവാളൂർ, പട്ടാഴി, എന്നീ പഞ്ചായത്തുകളിലാണ് ഭൂഗർഭജലവിതാനം വളരെ താഴ്ന്ന് പോയിട്ടുള്ളത്. നദികളിലെ അനിമായ മണൽവാരൽ മൂലവും ഭൂഗർഭവിതാനം താഴുകയും വേനൽക്കാലാകരംഭത്തിൽ തന്നെ ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ഭൂഗർഭജലനിരപ്പ് വർഷാ വർഷം താഴ്ന്ന് പോകുന്നതുമൂലം തീരപ്രദേശങ്ങളിലെ കിണറുകൾ തീർത്തും വറ്റി വരണ്ടു പോകുകയും ചെയ്യുന്നു. ജില്ലയുടെ കിഴക്കൻ മേഖല കുന്നുകളും പാറക്കെട്ടുകളും നിറഞ്ഞ മലമ്പ്രദേശമാണ്. വേനൽക്കാലാരംഭത്തോടുകൂടി തന്നെ ഇവിടുത്തെ കിണറുകൾ വറ്റി വരണ്ടുപോകുന്നു. ജില്ലാ ആസ്ഥാനമായ കൊല്ലം പട്ടണത്തിലേക്കും സമീപ പഞ്ചായത്തുകളിലേക്കും ശുദ്ധജലം എത്തിക്കുന്നത് ശാസ്താകോട്ട തടാകത്തിൽ നിന്നാണ്. ഇത് കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമാണ്. ജില്ലയിലെ പല ശുദ്ധജല വിതരണ പദ്ധതികളുടേയും സ്രോതസാണ് ഈ തടാകം. എന്നാൽ കായലിലെ ജലവിതാനം 2012-ൽ +180 സെ.മി ഉണ്ടായിരുന്നത് 2017-ൽ +49 സെ.മി ആയി കുറഞ്ഞു. കായലിന് ചുറ്റുമുണ്ടായിരുന്ന കയങ്ങളിലേയും വെള്ളകെട്ടുകളിലേയും നിന്നുമുള്ള അനിയന്ത്രിതമായ മണൽവാരലും കായലിനും ചുറ്റുമുള്ള കുന്നുകൾ മണ്ണെടുത്ത് നിരപ്പാക്കിയതുകൊണ്ടും കായലിന്റെ

പരിസരത്തുള്ള വയലുകൾ മണ്ണിട്ട് നികത്തിയത് മൂലവും കായലിലേക്ക് നീരൊഴുക്ക് കുറഞ്ഞതിനാലാണ് ജലനിരപ്പ് ഇത്തരത്തിൽ താഴ്ന്ന് പോകുന്നത്.

ജലനിധി പദ്ധതി

ചവറ പന്മന പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി കുയിലോൺ വാട്ടർ സപ്ലൈ പദ്ധതിയിലെ 11 എം.എൽഡി ശേഷിയുള്ള ശുദ്ധീകരണശാലയിൽ നിന്നും വിവിധ സംഭരണശേഷിയുള്ള ഉപരിതലസംഭരണയിലേക്ക് കുടിവെള്ളം എത്തിയ്ക്കുക മാത്രമാണ് കേരള ജല അതോറിറ്റി ചെയ്യുന്നത്. തുടർ പ്രവർത്തനങ്ങൾ ജലനിധിയുടെ ബെനിഫിഷ്യറി കമ്മിറ്റികൾ ആണ് നിർവഹിക്കുന്നത് . ഈ പദ്ധതിയിൽ ചവറയിലെയും, പന്മന പഞ്ചായത്തിലെയും എല്ലാ പ്രദേശങ്ങളിലെയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചും, വീടുകളിലേക്ക് കണക്ഷൻ നൽകിയും കുടിവെള്ള വിതരണം സാധ്യമാകുന്നു. ശാസ്താംകോട്ട കായലിലെ ജലനിരപ്പ് ഏകദേശം 3 മീറ്ററോളം കുറവുവന്നതിനാൽ പംമ്പിങ്ങ് ക്രമീകരിക്കേണ്ടിവരികയും ഇതുമൂലം ശുദ്ധജല വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടിയും വരുന്നുണ്ട്.

സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിയ്ക്കുന്ന നമ്മുടെ ജില്ലയിൽ ഏറിയ പങ്കും സമുദ്രത്തിലേക്ക് ഒഴുക്കി കളയുകയാണ്. പെയ്യുന്ന മഴയിൽ സിംഹഭാഗവും നാലു മാസങ്ങളിലാണ് ലഭിയ്ക്കുന്നത്. ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാൻ ആവശ്യമായ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ജില്ലയിൽ ഉടനീളം വ്യാപകമാക്കണം. മഴ വെള്ളം സംഭരിച്ച് സംരക്ഷിച്ച് ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.ഉപരിതല ജലസംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങളും നീർച്ചാലുകളും നീരുറവകളും പാർശ്വഭിത്തികെട്ടിയും തടയണകൾ നിർമ്മിച്ചും ജലസ്രോതസ് വർദ്ധിപ്പിക്കാം. ഭൂഗർഭജലത്തിന്റെ അളവുകൂട്ടുന്നതിനായി കുഴൽകിണറുകളുടെ നിർമ്മാണം കുറയ്ക്കുക. എല്ലാ വീടുകളിലും മഴവെള്ളം ഉപയോഗിച്ച് കിണറുകൾ റീച്ചാർജ്ജ് ചെയ്യുക. ഭൂഗർഭജലം ശോഷിപ്പിക്കുന്ന വൃക്ഷങ്ങൾ ഒഴിവാക്കി ഭൂഗർഭജലത്തിന്റെ അളവ് കൂട്ടുക.വീടുകളിൽ മഴവെള്ളസംഭരണികൾ സ്ഥാപിച്ച് കുടുംബങ്ങൾ ശുദ്ധജല സ്വയപര്യാപ്തത നേടുക.നദികളിൽ തടയണകൾ നിർമ്മിച്ച് നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ സോത്രസ്സ് കൂട്ടുക.

കൊല്ലം ജില്ലയിൽ ആകെയുള്ള 79 ജല വിതരണപദ്ധതികളിൽ 16 പദ്ധതികളിൽ മാത്രമാണ് ജലശുദ്ധീകരണശാലകൾ വഴി ശുദ്ധജല വിതരണം ചെയ്തു വരുന്നത് 63 ജലവിതരണ പദ്ധതികളിൽ ശുദ്ധീകരണശാലകൾ വഴിയല്ലാതെയാണ് ശുദ്ധജലം വിതരണം ചെയ്യുന്നത്.

ശുദ്ധീകരണശാലകളില്ലാത്തതിനാൽ ലോക ആരോഗ്യ സംഘടന നിഷകർഷിക്കുന്ന ഗുണനിലവാരത്തിലുള്ള ജലം വിതരണം ചെയ്യാൻ കഴിയുന്നില്ല. ആയതിനാൽ എറ്റവും മുന്തിയ പരിഗണന നല്കേണ്ടത് ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ വേണ്ടിയായിരിക്കണം. ജലവിതരണപദ്ധതികൾ എല്ലാം തന്നെ കുഴൽ കിണറിനെയോ ഇന്ടേക്ക് കിണറുകളയോ ആശ്രയിച്ച് ഒരു പഞ്ചായത്തിനെയോ, പഞ്ചായത്തിന്റെ കുറച്ച് പ്രദേശങ്ങളയോ മാത്രം ഉൾകൊള്ളുന്ന പദ്ധതികളാണ്. ശുദ്ധീകരണശാലകൾ ഇല്ലാത്തതിനാലും മറ്റ് സംവിധാനങ്ങളിലൂടേയും ഗുണനിലവാരം നിലനിർത്താൻ കഴിയുന്നില്ല. കുഴൽ കിണറുകളിൽ അനുവദിക്കപ്പെട്ട അളവിനേക്കാൾ ഇരുമ്പിന്റെ സാന്നിദ്ധ്യം ആരോഗ്യപരമായ പ്രശ്നങ്ങളിലേക്ക് നയിക്കുന്നവയാണ്. നദികളിലെ ഇൻടേക്ക് കിണറുകളിൽ ഇൻഫിൽട്രേഷൻ ഗാലറികൾ നശിച്ചുപോകുന്നതുമൂലം ശുദ്ധീകരണം നടത്തുന്നതിന് തടസ്സമാകുകയും ഒഴുകി വരുന്ന മാലിന്യങ്ങൾ കിണറിലേക്ക് പ്രവേശിക്കുകയും ഇതുമൂലം ജലം മലിനപ്പെടുകയും, കൂടാതെ പമ്പ് സെറ്റുകൾ അടിക്കടി കേടാവുകയും ചെയ്യുന്നതിന് കാരണമാകുന്നു. അതിനാൽ എല്ലാ കിണറുകളുടെയും ഇൻഫിൽട്രേഷൻ ഗാലറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഏറ്റവും മുന്തിയ പരിഗണ നല്കേണ്ടതാണ്. ജില്ലയിൽ കേരള ജല അതോറിറ്റിയുടേതായി 205 എണ്ണം കുഴൽ കിണറുകളാണ് ഉള്ളത്. ഭൂജല വകുപ്പ് കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 25000 ത്തോളം സ്വകാര്യ കുഴൽ കിണറുകളുമുണ്ട്. ആയതിനാൽ ഇത് നിയന്ത്രി ക്കേണ്ടത് അത്യാവശ്യമാണ്. 92 ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ വഴി 2600 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇതു കൂടാതെ 1000 ത്തോളം ഹാന്റ്

പമ്പുകളും ജില്ലയിലൊട്ടാകെ പ്രവർത്തനക്ഷമമാണ്. ഭൂജലവകുപ്പ് ജില്ലയിലൊട്ടാകെ 51 നീരിക്ഷണ കിണറുകൾ വഴി ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ജലവിതാനം എല്ലാ മാസത്തിലും നീരിക്ഷിച്ചു രേഖപ്പെടുത്തുന്നു.കൊല്ലം കോർപ്പറേഷനിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കായിലോൺ വാട്ടർ സപ്ലൈ സ്കീം (QWSS)-ൽ ശാസ്താംകോട്ട ശുദ്ധജല തടാകം ഉറവയായ കുടിവെള്ള പദ്ധതിയാണ്. ഇത് കൊല്ലം പട്ടണത്തിൽ നിന്നും 26 കിലോ മീറ്റർ മാറി സ്ഥിതിചെയ്യുന്നു. ശാസ്താംകോട്ട തടാക പരിസരത്ത് സ്ഥാപിച്ചിരിക്കുന്ന 37.5 mld ശുദ്ധീകരണശാലയിൽനിന്നും 700 mmCI പമ്പിംഗ് ലൈൻ വഴി നിലവിൽ നീണ്ടകര പഞ്ചായത്ത്, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജലം എത്തിച്ചു വരുന്നു. ആനന്ദവല്ലീശ്വരത്ത് സ്ഥിതി ചെയ്യുന്ന ഭൂഗർഭ ജലസംഭരണിയിൽ (ഏകദേശം 16 mld) ശേഖരിച്ച് കൊല്ലം കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ നിൽക്കുന്ന 14 ഉപരിതല ജല സംഭരിണികളിലേക്ക് പമ്പിംഗ് വഴി എത്തിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കൊല്ലം കോർപ്പറേഷന്റെ വിവിധ സോണുകളിൽ നിർമ്മിച്ചിരിക്കുന്ന 39 കുഴൽ കിണറുകളിൽ നിന്നും (10 mld) കൊട്ടിയം ജിക്കാ ടാങ്കിൽ നിന്നുമുള്ള 2 mld എന്നിവയും വിതരണം ചെയ്യുന്നു.

ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് 2013 മുതൽ ക്രമാതീതമായി താഴുകയും പമ്പിംഗ് തടസ്സപ്പെടുകയുമുണ്ടായി. ആയതിനാൽ 2014 മുതൽ KIPകനാലിൽ നിന്നുമുള്ള ജലം ശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരിച്ചാണ് കഴിഞ്ഞ വരൾച്ചാകാലയളവിൽ വിതരണം ചെയ്ത് വന്നത്. ഇത് കൊല്ലം കോർപ്പറേഷൻ പരിധിയിൽ ജലവിതരണത്തെ സാരമായി ബാധിക്കുകയും നിലവിൽ ഒന്നിട വിട്ട ദിവസങ്ങളിൽ 2 സോണുകളായി തിരിച്ചാണ് ജലവിതരണം നടത്തി വരുന്നതിന് കാരണമായി. കൊല്ലം കോർപ്പറേഷന്റെ തീരദേശ വാർഡുകളായ പള്ളിത്തോട്ടം, മുണ്ടക്കൽ, ഇരവിപുരം പോർട്ട്, കച്ചേരി, കൺട്രോൾമെന്റ്, താമരക്കുളം, തങ്കശ്ശേരി ഡിവിഷനുകളിൽ നിലവിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം മഴക്കാലത്തും അനുഭവപ്പെടുന്നു. കൊല്ലം കോർപ്പറേഷനിൽ ''അമൃത്'', ''കിഫ്ബി'' പദ്ധതികളിൽ അംഗീകാരം ലഭിച്ച ഞാങ്കടവ് പദ്ധതി നിർമ്മാണം തുടങ്ങാനുള്ള അവസ്ഥയിലാണുള്ളത്. ഇത് പൂർത്തീകരിക്കുന്നതോടെ കൊല്ലം കോർപ്പറേഷന്റെ 25 വർഷത്തേക്കുള്ള ജല ലഭ്യത ഉറപ്പു വരുത്താവുന്നതാണ്. ആയതിനാൽ കൊല്ലം കോർപ്പറേഷനിലേക്ക് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ല. എന്നാൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതു വരെയും നിലവിലെ അവസ്ഥ പരിഹരിക്കുന്നതിനായി ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

മേഖലാ പരിപ്രേക്ഷ്യം

തൃക്കടവൂർ.

നിലവിൽ കൊല്ലം കോർപ്പറേഷന്റെ ഭാഗമാണ് ഈ പ്രദേശം. 11 കുഴൽ കിണർ വഴിയുള്ള കുടിവെള്ള വിതരണമാണ് നടന്നു വരുന്നത്. കൊല്ലം കോർപ്പറേഷൻ പുതുതായി നടപ്പിലാക്കി വരുന്ന 250 കോടി രൂപയുടെ ''കിഫ്ബി''അനുമതി ലഭ്യമായ പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലടയാറ്റിലെ ഞാങ്കടവിൽ സ്ഥാപിക്കുന്ന കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പുന്തലത്താഴം വസൂരിച്ചിറയിൽ ശുദ്ധീകരിച്ച് നിലവിലുള്ളതും പുതുതായും സ്ഥാപിക്കുന്ന ഉപരിതല സംഭരണികൾ വഴിയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചും ഈ പ്രദേശത്ത് കുടിവെള്ള വിതരണം സാധ്യമാക്കുന്നതാണ്.

തൃക്കരുവ

നിലവിൽ 11 കുഴൽ കിണറുകൾ വഴി നടപ്പിലാക്കി വരുന്ന ചെറുകിട കുടിവെള്ള പദ്ധതികളെ ആശ്രയിച്ചാണ് പഞ്ചായത്തിലെ ജല വിതരണം നടപ്പിലാക്കി വരുന്നത്. കുഴൽ കിണറിന്റെ വെള്ളത്തിൽ ഇരുമ്പിന്റെ സാന്നിദ്ധ്യം കൂടുതലായതിനാൽ ഇത് തുടർച്ചയായി ഉപയോഗിക്കുന്നത് ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് ഇടവരുമെന്നത് ഒരു പ്രധാന വിഷയമാണ്. പഴകിയ പൈപ്പുകളും, പമ്പ്സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിക്കേണ്ടതാണ്.

മൺട്രോതുരുത്ത്

നിലവിൽ 5 കുഴൽ കിണറുകളാണ് പഞ്ചായത്തിലെ ജല വിതരണം നടപ്പിലാക്കി വരുന്നത്. കുഴൽ കിണറിന്റെ വെള്ളത്തിൽ ഇരുമ്പിന്റെ സാന്നിദ്ധ്യം കൂടുതലായതിനാൽ ഇത് തുടർച്ചയായി ഉപയോഗിക്കുന്നത് ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് ഇട വരുമെന്നത് ഒരു പ്രധാന വിഷയമാണ്. പഴകിയ പൈപ്പുകളും, പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിക്കേണ്ടതാണ്.

പെരിനാട്

നിലവിൽ 9 കുഴൽ കിണറുകളാണ് പഞ്ചായത്തിലെ ജല വിതരണം നടപ്പിലാക്കി വരുന്നത്. കുഴൽ കിണറിന്റെ വെള്ളത്തിൽ ഇരുമ്പിന്റെ സാന്നിദ്ധ്യം കൂടുതലായതിനാൽ ഇത് തുടർച്ചയായി ഉപയോഗിക്കുന്നത് ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് ഇടവരുമെന്നത് ഒരു പ്രധാന വിഷയമാണ്. പഴകിയ പൈപ്പുകളും, പമ്പ്സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിക്കേണ്ടതാണ്. അഷ്ടമുടി കായലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ കുഴൽ കിണറുകൾ വഴി ലഭ്യമാകുന്ന ജലത്തിൽ ഉപ്പിൻറേയും ഇരുമ്പിന്റെയും സാന്നിദ്ധ്യം കൂടുതലാണ്. കുഴൽ കിണറിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നതും കുടിവെള്ള വിതരണത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

നെടുമ്പന

ഈ പഞ്ചായത്തിൽ ജിക്കാ-മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ളം വിതരണം നടത്തി വരുന്നു. നിലവിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും പഞ്ചായത്ത് ഡിപ്പോസിറ്റ് പ്രവർത്തികളും കൂടാതെ RURBAN പദ്ധതിയിലുംപെടുത്തി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി വിവിധ ഘട്ടങ്ങളിലാണ്. ജിക്കാ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ ടെണ്ടർ നടപടി പൂർത്തിയാക്കുന്നതോടു കൂടി പഞ്ചായത്തിന്റെ എല്ലാ മേഖലയിലും ശുദ്ധമായ കുടിവെള്ളം സാധ്യമാകുന്നതാണ്.

തൃക്കോവിൽവട്ടം

നിലവിൽ 14 കുഴൽ കിണർ വഴിയാണ് ഈ പഞ്ചായത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്നത്. തൃക്കോവിൽവട്ടം പഞ്ചായത്തിലേക്കുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കായി പ്രധാന ഘടകങ്ങളെല്ലാം തന്നെ പൂർത്തിയായി ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ റോഡ് വികസനം നടത്തുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തിയായി വരുമ്പോൾ എല്ലാ മേഖലകളിലും ജലവിതരണം സാധ്യമാകും.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

നിലവിൽ 14 കുഴൽ കിണർ വഴിയാണ് ഈ പഞ്ചായത്തിൽ ജലം വനതരണം സാധ്യമാകുന്നത്. കൊല്ലം കോർപ്പറേഷനു വേണ്ടി കല്ലടയാറ്റിലെ ഞാങ്കടവിൽ സ്ഥാപിക്കുന്ന കിണറിൽ നിന്നും പ്രതിദിനം 50 ലക്ഷം ലിറ്റർ ജലം ഈ പഞ്ചായത്തിലേക്ക് നീക്കി വച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു ശുദ്ധീകരണ ശാല നിർമ്മിച്ചും പൈപ്പ് ലൈനുകളും സംഭരിണികളും സ്ഥാപിക്കേണ്ടതാണ്. ഇതിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

മയ്യനാട്

ഈ പഞ്ചായത്തിൽ ജിക്കാ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ളം വിതരണം നടത്തി വരുന്നു. നിലവിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും പഞ്ചായത്ത് ഡിപ്പോസിറ്റ് പ്രവർത്തികളിലും കൂടാതെ RURBAV പദ്ധതിയിലും ഉൾപ്പെടുത്തിയും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി വിവിധ ഘട്ടങ്ങളിലാണ്. ജിക്കാ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ ടെണ്ടർ നടപടി പൂർത്തിയാക്കുന്നതോടു കൂടി പഞ്ചായത്തിന്റെ എല്ലാ മേഖലയിലും ശുദ്ധമായ കുടിവെള്ളം സാധ്യമാകുന്നതാണ്. ജിക്കാ പദ്ധതിയുടെ പണി പൂർത്തിയാക്കിയിട്ടുള്ള കൈതപ്പുഴ ടാങ്കിൽ നിന്നുമുള്ള വിതരണ ശൃംഖല ആരംഭിച്ചിട്ടില്ല. ഇതിന്റെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. ഇതു

പൂർത്തിയാക്കുന്നതോടു കൂടി മയ്യനാട് ഗ്രാമ പഞ്ചായത്തിലെ തീരദേശ മേഖലയിൽ പൂർണ്ണമായും കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.

നെടുവത്തൂർ

നിലവിൽ കുണ്ടറ പദ്ധതിയുടെ ഭാഗമായ പ്രദേശമാണ്. വിതരണ ശൃംഖലയുടെ അഭാവം കുണ്ടറ കുടിവെള്ള വിതരണ പദ്ധതിയിലെ ശുദ്ധ ജലത്തിന്റെ അപര്യാപ്തവും നിലവിലുള്ള AC വിതരണ ശൃംഖലകളുടെ സാന്നിദ്ധ്യം മൂലവും ശുദ്ധജല വിതരണം പൂർണ്ണ തോതിലാക്കാൻ കഴിയുന്നില്ല. കൊട്ടാരക്കര മുനിസിപ്പാലിറ്റിയുമായി ചേർന്നു കിടക്കുന്നതിനാൽ ടി ഗ്രാമപഞ്ചായത്തും നെടുവത്തൂർ ഗ്രാമ പഞ്ചായത്തിനേയും കൂടി ഉൾപ്പെടുത്തി പുതിയൊരു പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത്

നിലവിൽ ആര്യങ്കാവ് ഗവ.സ്കൂളിന് സമീപമുള്ള ഒരു കുഴൽകിണറിൽ നിന്നു മാത്രമാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. എന്നാൽ പഞ്ചായത്തിന്റെ ജനവാസ മേഖലകളിൽ ഒന്നും തന്നെ പൂർണ്ണതോതിൽ ജലം ലഭ്യമാക്കാൻ കഴിയുന്നില്ല. തികച്ചും വനമേഖല ആയതിനാൽ വന നിയമങ്ങൾ പാലിക്കേണ്ടതിനാലും ഒരു വിപുലീകരണ പദ്ധതി നടപ്പിലാക്കുന്നതിന് സാധ്യത വിരളമാണ്. സ്രോതസ്സുകൾ അപര്യാപ്തമാണ് എന്നിരുന്നാലും വനം വകുപ്പുമായി സഹകരിച്ച് പുതിയ പദ്ധതികൾക്ക് ശ്രമം നടത്തേണ്ടതാണ്.

പരവൂർ മുനിസിപ്പാലിറ്റി

നിലവിൽ 7 കുഴൽ കിണറുകളുള്ള വിതരണ പദ്ധതിയാണിത് ജിക്കാ പ്രോജക്ട് വഴി ജല വിതരണം നടത്താൻ കഴിയും. ഇത് സാദ്ധ്യമാകണമെങ്കിൽ നിലവിലുള്ള ജിക്കാ പ്രോജക്ടിലെ വിതരണ ശൃംഖലയിലുള്ള വിടവുകൾ നികത്തിയും വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും വേണം.

പൂതക്കുളം — ചാത്തന്നൂർ.

ജിക്കാ പദ്ധതിയുടെ വിതരണ ശൃംഖലയിലുള്ള നികത്തി ഇടയാർ ശുദ്ധജല വിതരണം പൂർണ്ണതോതിൽ ആക്കാൻ കഴിയും നിലവിൽ 8 കുഴൽ കിണറുകളാണുള്ളത്.

അലയമൺ

CARWSS കുളത്തൂപ്പുഴ സമീപ പഞ്ചായത്ത് പദ്ധിതി പൂർത്തിയാകുന്നതോടെ ജല ലഭ്യത ഉറപ്പ വരുന്നതാണ് .

അഞ്ചൽ

ഈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ അഞ്ചൽ ഗ്രാമീണ ശുദ്ധ ജല പദ്ധതിയിൽ നിന്നാണ് ജലം ലഭിക്കുന്നത്. ഇതിൽ ജല ലഭ്യത കുറവായതിനാൽ കുളത്തൂപ്പുഴ പദ്ധതിയുമായി ബന്ധിപ്പിച്ച് ജലം വിതരണം നടത്തുന്നുണ്ട്. ജിക്കാ മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്

ആര്യൻകാവ്

ഇപ്പോൾ 2 ചെറുകിട പദ്ധതികളാണ് ഇവിടെയുള്ളത്. ഇത് മൂന്ന് വാർഡുകളിൽ മാത്രമേ ജല വിതരണം ചെയ്യുന്നുള്ളൂ. തെന്മല പഞ്ചായത്തുമായി ചേർന്ന് ഒരു പുതിയ സമഗ്ര പദ്ധതി ആവിഷ്കരി ക്കാവുന്നതാണ്.

ചടയമംഗലം

ഇപ്പോൾ ചെറുകിട പദ്ധതികളിലൂടെയാണ് ജല വിതരണം നടത്തുന്നത്. പുതിയ ചെറുകിട പദ്ധതികൾ മാത്രമേ ഇവിടെ പ്രാവർത്തികമാകുകയുള്ളൂ. ജല ലഭ്യത കുറവുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ചെറുകിടപദ്ധതികൾ ആവിഷ്കരിച്ച് ജല ക്ഷാമം രൂക്ഷമായ ഭാഗങ്ങളിൽ പ്രയോജനപ്പെടുത്താവുന്നതാണ്

ചിതറ

ചിതറയും സമീപ പഞ്ചായത്തുകളും പദ്ധതിയിലൂടെയാണ് ഇപ്പോൾ ജല വിതരണം നടത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറിൻറേയും പമ്പിംഗ് മെയിനിന്റെയും പുനരുദ്ധാരണം കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ വരുന്നതാണ്.

കിഴക്കേ കല്ലട

ഈ പഞ്ചായത്തിൽ 5 ദിവസത്തിൽ ഒരിക്കൽ മാത്രമേ ഇപ്പോഴുള്ള പദ്ധതികൾ കൊണ്ട് ജലവിതരണം നടത്താൻ സാധിക്കുന്നുള്ളൂ. പഞ്ചായത്ത് മുഴുവൻ ജല ലഭ്യത ഉറപ്പ് വരുത്തുവാൻ ഒരു പുതിയ സമഗ്ര പദ്ധതി ആവശ്യമാണ്.

ഇടമുളയ്ക്കൽ

ജിക്ക -മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക–മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

ഇളമാട്

ജിക്ക -മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക–മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

ഇളമ്പള്ളൂർ

ജലക്ഷാമം അതി രൂക്ഷമായ പഞ്ചായത്താണിത്. ജിക്ക പദ്ധതിയുമായി ബന്ധിപ്പിക്കുന്നതാണ് ഒരു പരിഹാരം. ഇതിനായി ഏകദേശം 90 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

എഴുകോൺ

ഈ പഞ്ചായത്തിൽ 30 വർഷം പഴക്കമുള്ള കുണ്ടറയും & സമീപ പഞ്ചായത്തുകളും ആണ് ഇപ്പോൾ ജല വിതരണം നടത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറിന്റേയും ട്രാൻസ്മിഷൻ മെയിനിന്റെയും പുനരുദ്ധാരണം കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ് വരുന്നതാണ്.

ഇട്ടിവ

കുളത്തൂപ്പുഴ ആൻഡ് സമീപ പഞ്ചായത്ത് എന്ന പദ്ധതിയുടെ പൂർത്തീകരണം കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ് വരുന്നതാണ്

കടയ്ക്കൽ

ചിതറ സമീപ പദ്ധതിയിലൂടെയാണ് ഇപ്പോൾ ജല വിതരണം നടത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പമ്പിംഗ് മെയിനിന്റെയും പുനരുദ്ധാരണം കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ് വരുന്നതാണ്.

കരവാളൂർ

ജിക്ക -മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക–മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

കരീപ്ര

ജലവിതരണത്തിന് നിലവിലുള്ള കരീപ്ര കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

കൊട്ടാരക്കര മുനിസിപ്പാലിറ്റി

കൊട്ടാരക്കര മുനിസിപ്പാലിറ്റിയും നെടുവത്തൂർ പഞ്ചായത്തും ചേർന്ന് ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്ത് വരുന്നു.

കുളക്കട

കുളക്കട പവിത്രേശ്വരം പദ്ധിയിൽ നിന്ന് ഭാഗികമായി ജല വിതരണം നടത്തുന്നു. പുതുതായി കൂടുതൽ ഭാഗത്തേക്ക് വിതരണ പൈപ്പുകൾ ഇടേണ്ടതുണ്ട്.

കുളത്തൂപ്പുഴ

ജലവിതരണത്തിന് കുളത്തൂപ്പുഴയും സമീപ പഞ്ചായത്തുകളും എന്ന കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

കുമ്മിൾ

ചിതറ ആൻഡ് സമീപ പഞ്ചായത്ത് പദ്ധതിയിലൂടെയാണ് ഇപ്പോൾ ജല വിതരണം നടത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പമ്പിംഗ് മെയിനിന്റെയും പുനരുദ്ധാരണം വിതരണ ശൃഖല വിപുലീകരിക്കുന്നതോടെ ജലം ലഭ്യമാകുന്നതാണ്.

കുണ്ടറ

ഈ പഞ്ചായത്തിൽ 30 വർഷം പഴക്കമുള്ള കുണ്ടറ ആൻഡ് സമീപ പഞ്ചായത്ത് പദ്ധതിയിലൂടെയാണ് ഇപ്പോൾ ജല വിതരണം നടത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പമ്പിംഗ് മെയിനിന്റെയും പുനരുദ്ധാരണം കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ് വരുന്നതാണ്.

മേലില

മലില, വെട്ടിക്കവല, വിളക്കുടി പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു.

മൈലം.

മൈലം, തലവൂർ, പിടവൂർ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു.

നെടുവത്തൂർ

കൊട്ടാരക്കര മുനിസിപ്പാലിറ്റിയും നെടുവത്തൂർ പഞ്ചായത്തും ചേർന്ന് ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു.

നിലമേൽ

ചിതറ ആൻഡ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പമ്പിംഗ് മെയിനിന്റെയും പുനരുദ്ധാരണവും വിതരണ ശൃഖല വിപുലീകരണവും കഴിയുന്നതോടെ ജല ലഭ്യത ഉറപ്പ് വരുന്നതാണ്.

പത്തനാപുരം

ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പത്തനാപുരം-പിറവന്തൂർ കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

പട്ടാഴി

ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പട്ടാഴി-പട്ടാഴി വടക്കേക്കര കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

പട്ടാഴി വടക്കേക്കര

ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പട്ടാഴി-പട്ടാഴി വടക്കേക്കര കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

പവിത്രേശ്വരം

നിലവിലുള്ള കുളക്കട –പവിത്രേശ്വരം കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

പേരയം

നിലവിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള കോട്ടപ്പുറം പദ്ധതിയിൽ നിന്നും അധികമായി ഒരു പമ്പ് സെറ്റും പമ്പിംഗ് മെയിനും സ്ഥാപിച്ചാൽ പേരയത്തുള്ള 7.47 സംഭരണ ശേഷിയുള്ള ടാങ്കിലെത്തിച്ച് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

പിറവന്തൂർ

നിലവിലുള്ള പത്തനാപുരം-പിറവന്തൂർ കുടിവെള്ള പദ്ധതി പര്യാപ്തമാണ്.

പൂയപ്പള്ളി

ജിക്ക-മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക–മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

പുനലൂർ മുനിസിപ്പാലിറ്റി

പുനലൂർ കുടിവെള്ള പദ്ധതി 40 വർഷം പഴക്കമുള്ളതിനാൽ മോശമായ അവസ്ഥയിലാണ്. കാലഹരണപ്പെട്ട പൈപ്പുകൾ മൂലം ഇപ്പോഴുള്ള സംഭരണ ശേഷിപോലും ഉപയോഗപ്പെടുത്താൻ ആകാത്ത നിലയിലാണ്. പുനലൂരിനായി പുതിയ കുടിവെള്ള പദ്ധതി പ്രോജക്ട് ഡിവിഷനിൽ നടക്കുന്നു. ഇതുമായി ചേർത്ത് കാലഹരണപ്പെട്ട എ.സി പൈപ്പുകൾ മാറ്റി പ്ലാന്റ് പുനരുദ്ധാരണം ചെയ്താൽ നിലവിലെ സ്ഥിതി മെച്ചപ്പെടുത്താവുന്നതാണ്.

തലവൂർ

മൈലം, തലവൂർ, പിടവൂർ എന്നീ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു.

തെന്മല

ഇപ്പോൾ 3 ചെറുകിട പദ്ധതികളാണ് ഇവിടെയുള്ളത്. ഇത് 6 വാർഡുകളിൽ മാത്രമേ ജലം വിതരണം ചെയ്യുന്നുള്ളൂ. തെന്മല പഞ്ചായത്തുമായി ചേർന്ന് ഒരു പുതിയ സമഗ്ര പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

ഉമ്മന്നൂർ

ജിക്ക -മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക—മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

വെളിനല്ലൂർ

വെളിനല്ലൂർ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നിന്നുമാണ് ഇവിടെ കുടിവെള്ളം ലഭിക്കുന്നത്. ഇതിന് 25 വർഷം പഴക്കമുണ്ട്. അതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെപുനരുദ്ധാരണവും പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കലും നടത്തിയാൽ കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയും.

വെളിയം

ജിക്ക -മീനാട് പദ്ധതിയിൽ നിന്ന് ഇപ്പോൾ ഭാഗീകമായി ഇവിടെ ജലം ലഭിക്കുന്നുണ്ട്. ജിക്ക—മീനാട് പദ്ധതി പൂർത്തിയാകുന്നതോടെ ജലത്തിന്റെ അഭാവം പരിഹരിക്കുന്നതാണ്.

വെട്ടിക്കവല

മേലില, വെട്ടിക്കവല, വിളക്കുടി പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു

വിളക്കുടി

മേലില, വെട്ടിക്കവല, വിളക്കുടി പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി പ്രോജക്ട് ഡിവിഷനു കീഴിൽ നടന്നു വരുന്നു.

ഏരൂർ

കുളത്തൂപ്പുഴ ആൻഡ് സമീപ പഞ്ചായത്ത് എന്ന പദ്ധതിയുടെ പൂർത്തിയാകുന്നതോടെ ജല ലഭ്യത ഉറപ്പു വരുന്നതാണ്

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹവും ഉപസംഹാരവും

1. ശുദ്ധീകരണശാലകൾ നിർമ്മിച്ച് കുടിവെള്ളവിതരണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.
2. ഇൻടേക്ക് കിണറുകളോട് ചേർന്നു നില്ക്കുന്ന ഇൻഫിൽട്രേഷൻ ഗാലറികളുടെ പുനരുദ്ധാരണം നടത്തുക.
3. ഭൂഗർഭജലം സംഭരിക്കുന്നതിനായി കുഴൽ കിണറുകളുടെ നിർമ്മാണം പരിമിതപ്പെടുത്തുക.
4. ഉപരിതല ജലം കൂടുതൽ ഉപയോഗിച്ചുകൊണ്ടുള്ള ജല പദ്ധതികൾ ആവിഷ്കരിക്കുക.
5. നിലവിലുള്ള സ്രോതസ്സുകളുടെ ജലത്തിന്റെ അളവ് കൂട്ടുന്നതിനായി നദികളിൽ തടയണ നിർമ്മിക്കുക.
6. വീടുകളിൽ മഴ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡിയിനത്തിൽ ലഭ്യമാക്കി സ്ഥാപിക്കുക.
7. വീടുകളിൽ മഴ വെള്ളം ഉപയോഗിച്ച് നിലവിലുള്ള കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. ഉപരിതല ജല സംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങളും നീർച്ചാലുകളും പാർശ്വഭിത്തി കെട്ടിയും തടയണകൾ നിർമ്മിച്ചും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
9. ഭൂഗർഭജലം ശോഷിപ്പിക്കുന്ന വൃക്ഷങ്ങൾ ഒഴിവാക്കിയും കൂടുതൽ വേരുകളുള്ള വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചും മണ്ണ് — ജല സംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തുക.

10. കുടിവെള്ളം മറ്റാവശ്യങ്ങൾക്കായ് ഉപയോഗിക്കുന്നതിനെതിരെ ഫലപ്രദമായ ബോധവല്ക്കരണ പരിപാടികൾ ആവിഷ്കരിക്കുക.
11. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ ലഭിയ്ക്കുന്ന മഴവെള്ളം അതാതിടങ്ങളിൽ തടഞ്ഞുനിർത്തി ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാൻ ആവശ്യമായ മണ്ണ് – ജലസംരക്ഷണ പദ്ധതികൾ ജില്ലയിൽ ഉടനീളം വ്യാപകമാക്കുക.
12. വേനൽക്കാലങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ ഉപ്പ് വെള്ളം കയറാതിരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.
13. ജലസ്രോതസ്സുകളുടെ കൈയ്യേറ്റം, മലീനീകരണം എന്നിവക്കെതിരെ നടപടികൾ സ്വീകരിക്കുക.
14. കുഴൽ കിണർ അനധികൃതമായും അശാസ്ത്രീയമായും കുഴിയുന്നത് മൂലം സമീപ കിണറുകളിലേയും, ഭൂഗർഭജലവും വളരെ താഴ്ന്ന പോകുന്നു. ആയതിനാൽ കുഴൽ കിണർ നിർമ്മാണം കർശനമായി നിയന്ത്രിയ്ക്കുകയും ഭൂജലവകുപ്പിന്റെ ഫീസിബിലിറ്റിയോടും തദ്ദേശസ്ഥാപനങ്ങളുടെ അനുമതി യോടു കൂടിയും ഭൂജലവകുപ്പിന്റെ അംഗീകാരമുള്ള എജൻസികൾ മുഖേനയോ കുഴൽ കിണർ കുഴിക്കാവു എന്നുള്ള കർശന നിർദ്ദേശം നല്കുക.
15. തീരപ്രദേശങ്ങളിൽ ഉപ്പ് വെള്ളം കയറാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ തടയണ / റഗുലേററർ 20 ബ്രിഡ്ക്കുകൾ സ്ഥാപിക്കുക
16. ജലലഭ്യത കുറവുള്ള ജല ലഭ്യത കുറവുള്ള പള്ളിക്കാറിൽ ജല ലഭ്യത ഉയർത്താനായി കല്ലടയാറും പള്ളിക്കാറും തമ്മിൽ സാദ്ധ്യമായ രീതിയിൽ ബന്ധിപ്പിക്കുക.
17. കിണർ റിച്ചാർജ്ജിംഗ് വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീയിൽ ടെക്നിൽ വിഭാഗം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കിണർ റിച്ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
18. പ്രവർത്തനരഹിതമായ സ്വജലധാര കുടിവെള്ളം പദ്ധതികൾ മുൻഗണന ക്രമത്തിൽ പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ദീർഘകാല പദ്ധതികൾ

1 അലയമൺ ഗ്രാമപഞ്ചായത്തിൽ നിലവിൽ ശുദ്ധീകരണ ശാലയോട് സുഭിഷമായ ജലസ്രോതസ്സുകളോ ഇല്ലാത്തതിനാൽ നിലവിലുള്ള കുളത്തൂപ്പുഴ കുടിവെള്ള പദ്ധതിയുടെ ശുദ്ധീക രണ ശാലയുടെ ശേഷി 18 MLD ആയി വർദ്ധിപ്പിച്ച് അലയമൺ ഗ്രാമപഞ്ചായത്തിൽ കൂടി ജലവിതരണം നടത്തുക.
2. കൊട്ടാരക്കര മുനിസിപ്പാലിറ്റിക്കും നെടുവത്തൂർ ഗ്രാമ പഞ്ചായത്തിനും സംയുക്തമായി ഒരു കുടിവെള്ള പദ്ധതി സ്ഥാപിക്കുക.
3. നിലവിലുള്ള കുണ്ടറ പദ്ധതിയുടെ ഓഗ് മെന്റേഷൻ വഴി കുണ്ടറ പേരയം, കിഴക്കേ കല്ലട, ഇളമ്പള്ളൂർ എഴുകോൺ ഗ്രാമ പഞ്ചായത്തുകളുടേയും ശുദ്ധ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്. കുളക്കട, പവിത്രേശ്വരം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജല വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ പഞ്ചായത്തുകൾക്കു വേണ്ടി തയ്യാറാക്കി യിട്ടുള്ള പദ്ധതിക്ക് അനുമതി ലഭിച്ചാൽ മതിയാകും
4. പത്തനാപുരം, പിറവത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജല വിതരണം ഊർജ്ജി തപ്പെടുത്തുന്നതിനായി നിലവിലുള്ള സ്രോതസ്സ്, ജല ശുദ്ധീകരണ ശാലകൾ വിതരണ ശൃഖലകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതാണ്.
5. കല്ലടയാർ സ്രോതസ്സാക്കി ആര്യൻകാവ്, തെന്മല എന്നീ പഞ്ചായത്തുകൾക്കു വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുക.
6. ചിതറ കുടിവെള്ള പദ്ധതിയിൽ നിലമേൽ, കുമ്മൾ എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്നെങ്കിലും ശുദ്ധജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി പദ്ധതി വിപുലീകരണം നടത്തിയും കൂടുതൽ വിതരണ ശൃഖല സ്ഥാപിക്കേണ്ടതാണ്.

7. കൊല്ലം കൊറ്റങ്കര ഗ്രാമപഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് കൊല്ലം കോർപ്പറേഷനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ നിന്നും ലഭിക്കുന്ന 5 MLD ജലം ഉപയോഗിക്കുന്നതിനായി ഒരു ശുദ്ധീകരണശാലയും സംഭരിണികളും വിതരണശൃംഖലകളും സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
8. മൈലം, തലവൂർ, പിടവൂർ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുക.
9. പുനലൂർ മുനിസിപ്പാലിറ്റിക്കായി പുതിയ ഒരു കുടിവെള്ള പദ്ധതി ആവിഷ്കരിക്കുക.
10. ജലക്ഷാമം അനുഭവപ്പെടുന്ന തേവള്ളി, കടവൂർ ഡിവിഷനുകളിൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് തേവള്ളി ഡിവിഷനിൽ 8 ലക്ഷം സംഭരണ ശേഷിയുള്ള ഉപരിതല സംഭരണി സ്ഥാപിക്കുകയും ആയതിലേക്ക് ആനന്ദവല്ലീശ്വരം GL ടാങ്കിൽ നിന്നും പമ്പിംഗ് സ്ഥാപിക്കുകയും ചെയ്യുക.
11. ഞാങ്കടവ് പദ്ധതിയുടെ കമ്മീഷനിംഗ് കഴിയുന്ന മുറയ്ക്ക് ശാസ്താംകോട്ടയിൽ നിന്നും കൊല്ലത്തേക്കുള്ള പമ്പിംഗ് നിർത്തേണ്ടി വരുന്ന സാഹചര്യത്തിൽ ശക്തികുളങ്ങര മേഖലയിൽ ജലമെത്തിക്കുന്നതിന് കാവനാട് ഒരു ഭൂഗർഭ ജലസംഭരണിയും അതിലേക്ക് ആനന്ദവല്ലീശ്വരത്ത് നിന്നും പൈപ്പ് ലൈനും പമ്പിംഗ് ഉപകരണവും സ്ഥാപിക്കുകേ.
12. മൈനാഗപ്പള്ളി തൊടിയൂർ, കുലശേഖരപുരം, തഴവ എന്നീ പഞ്ചായത്തുകൾക്കായി കല്ലടയാർ സ്രോതസ്സാക്കി പുതിയ പദ്ധതി രൂപീകരിക്കുക.
13. കുന്നത്തൂർ, പോരുവഴി, ശൂരനാട് (തെക്ക്)എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി കല്ലടയാർ സ്രോത സ്സാക്കി ശാസ്താംകോട്ടയിൽ നിലവിലുള്ള ശുദ്ധീകരണ ശാലകളും അനുബന്ധ ഘടകങ്ങളും പ്രയോജനപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതി രൂപീകരിക്കുക.
14. പനയം, തൃക്കരുവ, പെരിനാട്, കിഴക്കേ കല്ലട മൺട്രോതുരുത്ത് എന്നീ 5 പഞ്ചായത്തുകൾ ഉൾപ്പെടുത്തി കല്ലടയാർ സ്രോതസ്സായി പദ്ധതി ആവിഷ്കരിക്കുകയും ഉപ്പ് വെള്ളം കയറുന്നതു തടയുന്നതിനു വേണ്ടി റഗുലേറ്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

ഹ്രസ്വകാല പദ്ധതികൾ

1. കരീപ്ര ഗ്രാമപഞ്ചായത്തിലെ വാർഡ് XVII –ലുള്ളപാണൻ പറമ്പ്, പട്ടികജാതി കോളനിയിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക.
2. വെളിയം ഗ്രാമ പഞ്ചായത്തിലെ വാർഡ് 1-ലെ പാറപ്പാട് കോളനി, വാർഡ് 10-ലെ പെരുംകുളം പട്ടികജാതി കോളനി, വാർഡ് 19-ലെ ചെറുകരക്കോണം പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കുക
3. പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ വാർഡ് 6-ലെ പകുതിപ്പാറ കോളനി, പെരുമാവിൽ കോളനി, മലയിൽഭാഗം കോളനി എന്നിവയ്ക്ക് സംയുക്തമായി ഒരു കുടിവെള്ള പദ്ധതി സ്ഥാപിക്കുക.
4. കോർപ്പറേഷന്റെ തീരദേശ മേഖലകളിൽ വരുന്ന ഡിവിഷനുകളിൽ ജലമെത്തിക്കുന്നതിന് മയ്യനാട് കൈതപ്പഴയിൽ സ്ഥാപിച്ചിരിക്കുന്ന ജിക്ക ഉപരിതല സംഭരിണിയിൽ നിന്നും 250 mm DI പൈപ്പ് ലൈൻ 10.5 കിലോ മീറ്റർ ദൈർഘ്യത്തിൽ സ്ഥാപിക്കേണ്ടതാണ്.
5. കൊല്ലം കേർപ്പറേഷന്റെ വിവിധ ഡിവിഷനുകളിൽ നിലവിലുള്ള കാലപ്പഴക്കം ചെന്ന AC പൈപ്പുകൾ മാറ്റി PVC പൈപ്പുകൾ സ്ഥാപിക്കുക. പുതുതായി PVC വിതരണ ശൃംഖല സ്ഥാപിക്കേണ്ടതാണ്.
6. ഞാങ്കടവ് പദ്ധതിയുടെ പൂർത്തീകരണത്തോടെ ലഭിക്കുന്ന ജലം വിതരണം ചെയ്യുന്നതിനായി വിവിധ ഡിവിഷനുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുക.
7. തൃക്കരുവ, പെരിനാട്, പനയം എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്ന ജലത്തിൽ ഇരുമ്പിന്റെ സാന്നിദ്ധ്യമുള്ളതിനാൽ ഇലക്ട്രോ ക്ലോറിനേറ്റർ, അയൺ റിമൂവർ പ്ലാന്റ് എന്നിവ സ്ഥാപിക്കുക.

8. ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, മൈനാഗപ്പള്ളി പോരുവഴി, ശാസ്താംകോട്ട, പടിഞ്ഞാറെ കല്ലട, കുന്നത്തൂർ എന്നീ പഞ്ചായത്തുകളിൽ നിലവിലുള്ള AC പൈപ്പുകളുടെ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുക.
9. പെരിനാട് ഗ്രാമ പഞ്ചായത്തിലെ വിതരണ ശൃംഖല പുതുതായി നിർമ്മിച്ച നാഷണൽ ഹൈവേയുടെ ടാറിംഗിന് അടിയിലായതിനാൽ പുതുതായി ഇരുവശങ്ങളിലായി വിതരണ ശൃംഖല സ്ഥാപിക്കുക.
10. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും പഴകിയ AC പൈപ്പുകൾ മാറ്റിസ്ഥാപിക്കുകയുംചെയ്യുക.
11. പരവൂർ, പൂതക്കുളം, ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ നിലവിൽ സ്ഥാപിച്ചിരിക്കുന്ന പദ്ധതിയുടെ വിതരണ ശൃംഖലയിലെ വിടവുകൾ നികത്തി നെറ്റ് വർക്ക് സംവിധാനം പൂർത്തീകരിക്കുക.
12. കുന്നത്തൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ അയൺ റിമൂവർ പ്ലാന്റ് സ്ഥാപിക്കുക.
13. തഴവ, തേവലക്കര, തൊടിയൂർ, തെക്കുംഭാഗം അഴീക്കൽ എന്നിവിടങ്ങളിൽ കൂടുതൽ വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും പഴകിയ AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയുംചെയ്യുക.

ഉപസംഹാരം

സ്റ്റേറ്റ് ഫണ്ട് കിഫ്ബി നബാർഡ് സഹായത്തോടെയോ ത്രിതല പഞ്ചായത്തുകളുടെ പ്ലാനുകൾ പ്രകാരമോ പദ്ധതി നിർദ്ദേശങ്ങൾക്ക് മുൻ ഘടന ക്രമം നിശ്ചയിച്ച് നടപ്പിലാക്കാൻ കഴിഞ്ഞാൽ ജില്ലയിലെ എല്ലാ മേഖലകളിലേക്കും ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം ആവശ്യമായ അളവിൽ എത്തിക്കാൻ കഴിയുന്നതാണ്.

£££££££££££££££££££££££££

4.9 പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് വാസയോഗ്യമായ ഭവനം ഉണ്ടാക്കുകയെന്നത്. പ്രകൃതി ആഘാതങ്ങളിൽ നിന്നും രക്ഷ നേടുന്നതിനും സുരക്ഷിതമായി ഒരു സ്ഥലത്ത് സ്ഥിരമായി താമസിക്കുന്നതിനും ഭവനം ആവശ്യമാണ്. 2491 Km2 വിസ്തൃതിയുള്ള കൊല്ലം ജില്ലയിൽ 2635375 ആണ് ജനസംഖ്യ. ജനസാന്ദ്രതയുള്ള ജില്ലയിൽ ജനങ്ങളുടെ പാർപ്പിട ആവശ്യം പൂർണ്ണമായി നിറവേറ്റുവാൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വഴി കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. കൂട്ടു കുടുംബത്തിൽ നിന്നും അണു കുടുംബത്തിലേക്കുള്ള മാറ്റം പാർപ്പിട ആവശ്യത്തിന്റെ ആക്കം കൂട്ടുന്നുണ്ട്. പരിമിതമായ ഭൂവിസ്തൃതിയിൽ ഓരോ കുടുംബത്തിനും വീട് നൽകുന്നത് പ്രായോഗികമല്ല. ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുകയെന്നുള്ളതും നിറവേറ്റപ്പെടേണ്ടതുണ്ട്. ഭവന നിർമ്മാണത്തിനാവശ്യമായ വൻതോതിൽ ഭൂമി കണ്ടെത്തേണ്ട അവസ്ഥയിൽ കാർഷിക മേഖല തകർച്ചയെ അഭിമുഖീകരിക്കുന്നുണ്ട്. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല. ഈ സാഹചര്യത്തിലാണ് ഭൂരഹിതരായ ഭവന രഹിതർക്ക് പാർപ്പിടസമുച്ചയം എന്ന ആശയത്തിൽ സർക്കാർ എത്തി നിൽക്കുന്നത്. വ്യക്തിപരമായ കാരണങ്ങൾക്കുപുറമേ മോശം സാമ്പത്തികാവസ്ഥയും ദുർഘട പ്രദേശങ്ങളിലെ താമസവും ഭവന നിർമ്മാണ പൂർത്തീകരണത്തെ ദോഷകരമായി സ്വാധീനിക്കുന്നുണ്ട്.

2011 ലെ സെൻസസ്സ് പ്രകാരം

കേരളത്തിലെ ജനസംഖ്യ	-	33406061
ജില്ലയിലെ ജനസംഖ്യ	-	2635375
ജില്ലയിലെ കുടുംബങ്ങൾ	-	669375
പട്ടികജാതി കുടുംബങ്ങൾ	-	80299
പട്ടികജാതി കുടുംബങ്ങൾ (റൂറൽ)	-	52234
പട്ടികജാതി കുടുംബങ്ങൾ (അർബൻ)	-	28065
പട്ടികവർഗ്ഗ കുടുംബങ്ങൾ	-	2957
പട്ടികവർഗ്ഗ കുടുംബങ്ങൾ(റൂറൽ)	-	2157
പട്ടികവർഗ്ഗ കുടുംബങ്ങൾ (അർബൻ)	-	800
മറൈൻ ഇൻലാന്റ് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ	-	16570
മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആകെ ജനസംഖ്യ	-	126686
ആക്ടീവ് ഫിഷർമെൻ	-	18561

നിലവിലെ അവസ്ഥ

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്)യുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേ പ്രകാരം സംസ്ഥാന ആകമാനം 3,45,179 ഭൂരഹിത ഭവനരഹിതരും 1,75,896 ഭൂമിയുള്ള ഭവനരഹിതരും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ലൈഫ് പദ്ധതി പ്രകാരം സർവ്വേ നടത്തിയതിൽ ബ്ലോക്ക്/മുൻസിപ്പാലിറ്റി തലത്തിൽ ലഭ്യമായ ഭവന രഹിതരുടെയും ഭൂരഹിത ഭവന രഹിതരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.9.1

ഭൂരഹിത ഭവന രഹിതരും ഭവന രഹിതരും

ക്രമനം	തദ്ദേശ ഭരണ സ്ഥാപനം	ഭൂരഹിത ഭവന രഹിതർ	ഭവന രഹിതർ
ബ്ലോക്ക് പഞ്ചായത്ത്			
1	അഞ്ചൽ	4298	2289
2	ചടയമംഗലം	1796	1639
3	ചിറ്റുമല	2198	850
4	ചവറ	3271	1067
5	ഇത്തിക്കര	2576	3754
6	മുഖത്തല	4622	1384
7	ഓച്ചിറ	2321	1311
8	ശാസ്താംകോട്ട	2296	1291
9	കൊട്ടാരക്കര	1080	779
10	പത്തനാപുരം	1679	974
11	വെട്ടിക്കവല	1205	1583
	ആകെ	**27342**	**16921**
മുനിസിപ്പാലിറ്റി			
1	പരവൂർ	**557**	**37**
2	പുനലൂർ	**935**	**264**
3	കരുനാഗപ്പള്ളി	**660**	**85**
4	കൊട്ടാരക്കര	**258**	**90**
കോർപ്പറേഷൻ			
കൊല്ലം കോർപ്പറേഷൻ		10190	422

പട്ടിക 4.9.2

ഭൂമിയുള്ള ഭവന രഹിതർ (എസ്.സി /എസ് ടി, പൊതുവിഭാഗം)

ക്രമനം	തദ്ദേശ ഭരണ സ്ഥാപനം	ബ്ലോക്ക്	എസ്.സി	എസ് ടി	പൊതുവിഭാഗം	ആകെ
1	കുളത്തൂപ്പുഴ	അഞ്ചൽ	137	63	506	706
2	തെന്മല	അഞ്ചൽ	20	8	323	351
3	ഏരൂർ	അഞ്ചൽ	44	0	229	273
4	കരവാളൂർ	അഞ്ചൽ	30	2	199	231
5	ആര്യങ്കാവ്	അഞ്ചൽ	44	13	159	216
6	അലയമൺ	അഞ്ചൽ	55	2	137	194
7	അഞ്ചൽ	അഞ്ചൽ	26	1	135	162
8	ഇടമുളയ്ക്കൽ	അഞ്ചൽ	47	0	109	156
	ആകെ		**403**	**89**	**1797**	**2289**
9	ചിതറ	ചടയമംഗലം	73	9	531	613
10	ഇട്ടിവ	ചടയമംഗലം	51	1	185	237

11	വെളിനല്ലൂർ	ചടയമംഗലം	12	0	163	175
12	ചടയമംഗലം	ചടയമംഗലം	27	1	134	162
13	ഇളമാട്	ചടയമംഗലം	27	0	97	124
14	കുമ്മിൾ	ചടയമംഗലം	8	0	115	123
15	കടയ്ക്കൽ	ചടയമംഗലം	11	0	110	121
16	നിലമേൽ	ചടയമംഗലം	8	2	74	84
	ആകെ		**217**	**13**	**1409**	**1639**
17	ചവറ	ചവറ	30	1	301	332
18	പന്മന	ചവറ	31	3	285	319
19	തേവലക്കര	ചവറ	31	2	147	180
20	തെക്കുംഭാഗം	ചവറ	6	1	113	120
21	നീണ്ടകര	ചവറ	10	2	106	118
	ആകെ		**108**	**9**	**952**	**1069**
22	പെരിനാട്	ചിറ്റുമല	49	2	222	273
23	കിഴക്കേകല്ലട	ചിറ്റുമല	44	1	198	243
24	പനയം	ചിറ്റുമല	33	3	114	150
25	പേരയം	ചിറ്റുമല	1	0	90	91
26	പടിഞ്ഞാറെ കല്ലട	ചിറ്റുമല	25	1	53	79
27	മൺട്രോതുരുത്ത്	ചിറ്റുമല	7	0	55	62
28	കുണ്ടറ	ചിറ്റുമല	8	0	35	43
	ആകെ		**167**	**7**	**767**	**941**
29	കല്ലുവാതുക്കൽ	ഇത്തിക്കര	146	7	532	685
30	പൂതക്കുളം	ഇത്തിക്കര	28	5	133	166
31	ചാത്തന്നൂർ	ഇത്തിക്കര	23	0	92	115
32	ആദിച്ചനല്ലൂർ	ഇത്തിക്കര	15	0	98	113
33	ചിറക്കര	ഇത്തിക്കര	20	1	78	99
	ആകെ		**232**	**13**	**933**	**1178**
34	നെടുവത്തൂർ	കൊട്ടാരക്കര	29	0	212	241
35	വെളിയം	കൊട്ടാരക്കര	37	0	141	178
36	എഴുകോൺ	കൊട്ടാരക്കര	36	3	119	158
37	കരീപ്ര	കൊട്ടാരക്കര	22	0	106	128
38	പൂയപ്പള്ളി	കൊട്ടാരക്കര	9	1	64	74
	ആകെ		**133**	**4**	**612**	**779**
39	നെടുമ്പന	മുഖത്തല	69	2	349	420
40	തൃക്കോവിൽവട്ടം	മുഖത്തല	49	1	240	290
41	ഇളമ്പള്ളൂർ	മുഖത്തല	66	4	215	285
42	കൊറ്റങ്കര	മുഖത്തല	43	1	180	224
43	മയ്യനാട്	മുഖത്തല	30	2	136	168

44	തൃക്കരുവ	മുഖത്തല	13	4	135	152
	ആകെ		**270**	**14**	**1255**	**1539**
45	തൊടിയൂർ	ഓച്ചിറ	32	4	262	298
46	കെ.എസ്.പുരം	ഓച്ചിറ	28	0	268	296
47	ക്ലാപ്പന	ഓച്ചിറ	14	2	220	236
48	തഴവ	ഓച്ചിറ	23	2	178	203
49	ഓച്ചിറ	ഓച്ചിറ	24	0	169	193
50	ആലപ്പാട്	ഓച്ചിറ	5	1	81	87
	ആകെ		**126**	**9**	**1178**	**1313**
51	പിറവന്തൂർ	പത്തനാപുരം	55	3	209	267
52	തലവൂർ	പത്തനാപുരം	15	1	211	227
53	വിളക്കുടി	പത്തനാപുരം	11	1	212	224
54	പത്തനാപുരം	പത്തനാപുരം	24	0	116	140
55	പട്ടാഴി	പത്തനാപുരം	10	0	59	69
56	പട്ടാഴി വടക്കേക്കര	പത്തനാപുരം	11	1	35	47
	ആകെ		**126**	**6**	**842**	**974**
57	ശൂരനാട് തെക്ക്	ശാസ്താംകോട്ട	59	3	199	261
58	മൈനാഗപ്പള്ളി	ശാസ്താംകോട്ട	66	2	189	257
59	ശാസ്താംകോട്ട	ശാസ്താംകോട്ട	38	4	141	183
60	പോരുവഴി	ശാസ്താംകോട്ട	28	1	132	161
61	ശൂരനാട് വടക്ക്	ശാസ്താംകോട്ട	35	2	105	142
62	കുന്നത്തൂർ	ശാസ്താംകോട്ട	8	0	38	46
	ആകെ		**234**	**12**	**804**	**1050**
63	വെട്ടിക്കവല	വെട്ടിക്കവല	128	18	338	484
64	പവിത്രേശ്വരം	വെട്ടിക്കവല	108	6	224	338
65	ഉമ്മന്നൂർ	വെട്ടിക്കവല	37	1	110	148
66	മൈലം	വെട്ടിക്കവല	54	0	248	302
67	മേലില	വെട്ടിക്കവല	27	2	166	195
68	കുളക്കട	വെട്ടിക്കവല	29	0	89	118
	ആകെ		**383**	**27**	**1175**	**1585**
69	പുനലൂർ	പുനലൂർ മുനിസിപ്പാലിറ്റി	38	7	219	264
70	പരവൂർ	പരവൂർ മുനിസിപ്പാലിറ്റി	11	0	26	37
71	കൊട്ടാരക്കര	കൊട്ടാരക്കര മുനിസിപ്പാലിറ്റി	28	0	62	90
72	കരുനാഗപ്പള്ളി	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	29	1	55	85
	ആകെ		**106**	**8**	**362**	**476**

73	കൊല്ലം	കൊല്ലം കോർപ്പറേഷൻ	70	4	348	422

പട്ടിക 4.9.3

ഭൂരഹിത ഭവന രഹിതർ (എസ്.സി / എസ് ടി, പൊതുവിഭാഗം)

ക്രമനം	തദ്ദേശ ഭരണ സ്ഥാപനം	ബ്ലോക്ക്	എസ്.സി	എസ് ടി	പൊതുവിഭാഗം	ആകെ
1	കുളത്തൂപ്പുഴ	അഞ്ചൽ	317	32	640	989
2	ആര്യങ്കാവ്	അഞ്ചൽ	278	18	511	807
3	തെന്മല	അഞ്ചൽ	110	9	681	800
4	കരവാളൂർ	അഞ്ചൽ	100	7	265	372
5	അഞ്ചൽ	അഞ്ചൽ	78	2	288	368
6	ഏരൂർ	അഞ്ചൽ	65	2	260	327
7	അലയമൺ	അഞ്ചൽ	107	2	209	318
8	ഇടമുളയ്ക്കൽ	അഞ്ചൽ	71	3	243	317
	ആകെ		1126	75	3097	4298
9	ചിതറ	ചടയമംഗലം	128	5	320	453
10	ചടയമംഗലം	ചടയമംഗലം	63	3	181	247
11	ഇളമാട്	ചടയമംഗലം	74	2	150	226
12	നിലമേൽ	ചടയമംഗലം	64	3	156	223
13	വെളിനല്ലൂർ	ചടയമംഗലം	52	2	159	213
14	കടയ്ക്കൽ	ചടയമംഗലം	42	1	144	187
15	ഇട്ടിവ	ചടയമംഗലം	44	2	88	134
16	കുമ്മിൾ	ചടയമംഗലം	41	0	72	113
	ആകെ		508	18	1270	1796
17	ചവറ	ചവറ	123	12	898	1033
18	പന്മന	ചവറ	150	10	616	776
19	തേവലക്കര	ചവറ	81	4	494	579
20	നീണ്ടകര	ചവറ	47	1	448	496
21	തെക്കുംഭാഗം	ചവറ	44	3	338	385
	ആകെ		445	30	2794	3269
22	പെരിനാട്	ചിറ്റുമല	141	6	508	655
23	പനയം	ചിറ്റുമല	123	1	361	485
24	കിഴക്കേകല്ലട	ചിറ്റുമല	89	4	228	321
25	കുണ്ടറ	ചിറ്റുമല	83	4	151	238
26	പടിഞ്ഞാറെ കല്ലട	ചിറ്റുമല	78	0	113	191
27	പേരയം	ചിറ്റുമല	13	1	147	161

28	മൺട്രോതുരുത്ത്	ചിറ്റുമല	8	0	18	26
	ആകെ		535	16	1526	2077
30	കല്ലുവാതുക്കൽ	ഇത്തിക്കര	424	6	589	1019
31	ആദിച്ചനല്ലൂർ	ഇത്തിക്കര	91	7	416	514
32	ചാത്തന്നൂർ	ഇത്തിക്കര	91	5	348	444
33	പൂതക്കുളം	ഇത്തിക്കര	125	13	262	400
34	ചിറക്കര	ഇത്തിക്കര	47	2	150	199
	ആകെ		778	33	1765	2576
35	എഴുകോൺ	കൊട്ടാരക്കര	100	2	175	277
36	നെടുവത്തൂർ	കൊട്ടാരക്കര	80	3	187	270
37	വെളിയം	കൊട്ടാരക്കര	76	1	141	218
38	കരീപ്ര	കൊട്ടാരക്കര	53	2	109	164
39	പൂയപ്പള്ളി	കൊട്ടാരക്കര	35	0	116	151
	ആകെ		344	8	728	1080
40	മയ്യനാട്	മുഖത്തല	213	13	984	1210
41	തൃക്കോവിൽവട്ടം	മുഖത്തല	133	5	1046	1184
42	കൊറ്റങ്കര	മുഖത്തല	118	3	752	873
43	ഇളമ്പള്ളൂർ	മുഖത്തല	221	10	550	781
44	നെടുമ്പന	മുഖത്തല	103	3	465	571
45	തൃക്കരുവ	മുഖത്തല	101	4	337	442
	ആകെ		889	38	4134	5061
	പുനലൂർ	പുനലൂർ മുനിസിപ്പാലിറ്റി	40	11	884	935
	കരുനാഗപ്പള്ളി	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	88	14	558	660
	പരവൂർ	പരവൂർ മുനിസിപ്പാലിറ്റി	125	7	425	557
	കൊട്ടാരക്കര	കൊട്ടാരക്കര മുനിസിപ്പാലിറ്റി	62	7	189	258
	ആകെ		315	39	2056	2410
50	തൊടിയൂർ	ഓച്ചിറ	57	1	541	599
51	കെ.എസ്.പുരം	ഓച്ചിറ	58	6	520	584
52	തഴവ	ഓച്ചിറ	42	2	295	339
53	ഓച്ചിറ	ഓച്ചിറ	57	3	274	334
54	ക്ലാപ്പന	ഓച്ചിറ	49	1	238	288
55	ആലപ്പാട്	ഓച്ചിറ	7	3	165	175
	ആകെ		270	16	2033	2319
56	വിളക്കുടി	പത്തനാപുരം	70	3	485	558
57	പിറവന്തൂർ	പത്തനാപുരം	126	3	370	499
58	പത്തനാപുരം	പത്തനാപുരം	34	5	200	239
59	തലവൂർ	പത്തനാപുരം	33	2	168	203

60	പട്ടാഴി വടക്കേക്കര	പത്തനാപുരം	35	0	84	119
61	പട്ടാഴി	പത്തനാപുരം	15	1	45	61
	ആകെ		313	14	1352	1679
62	മൈനാഗപ്പള്ളി	ശാസ്താംകോട്ട	190	28	553	771
63	ശാസ്താംകോട്ട	ശാസ്താംകോട്ട	76	1	282	359
64	ശൂരനാട് തെക്ക്	ശാസ്താംകോട്ട	78	1	205	284
65	പോരുവഴി	ശാസ്താംകോട്ട	69	5	192	266
66	ശൂരനാട് വടക്ക്	ശാസ്താംകോട്ട	95	0	163	258
67	കുന്നത്തൂർ	ശാസ്താംകോട്ട	6	0	29	35
	ആകെ		514	35	1424	1973
67	വെട്ടിക്കവല	വെട്ടിക്കവല	90	2	188	280
68	മൈലം	വെട്ടിക്കവല	60	2	201	263
69	പവിത്രേശ്വരം	വെട്ടിക്കവല	81	3	110	194
70	മേലില	വെട്ടിക്കവല	69	1	113	183
71	ഉമ്മന്നൂർ	വെട്ടിക്കവല	39	1	117	157
72	കുളക്കട	വെട്ടിക്കവല	45	0	81	126
	ആകെ		384	9	810	1203
29	കൊല്ലം	കൊല്ലം കോർപ്പറേഷൻ	642	77	9471	10190

വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരുടെ (ICH) വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു,

പട്ടിക 4.9.4

ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരുടെ എണ്ണം

മുൻസിപ്പാലിറ്റി	246
ബ്ലോക്ക്	1945
ഗ്രാമ പഞ്ചായത്ത്	450
പട്ടിക ജാതി	759
കോർപറേഷൻ	319
പട്ടിക വർഗ്ഗം	199
മൈനോരിറ്റി വെൽഫെയർ വകുപ്പ്	3
ജില്ല	4
ഫിഷറീസ് വകുപ്പ്	1
ആകെ	**3926**

ജില്ലയിലെ പാർപ്പിടമില്ലാത്തവരെ 4 വിഭാഗങ്ങളായി തിരിക്കാം.

1. ധന സഹായങ്ങൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ.
2. ഭൂമിയുള്ള ഭവന രഹിതർ
3. ഭൂരഹിത ഭവന രഹിതർ
4. മെയിന്റനൻസ് ആവശ്യമുള്ള ഭവനമുള്ളവർ

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് പലവിധ കാരണങ്ങളുണ്ട്. നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില, ഫണ്ടിന്റെ അപര്യാപ്തത, സമയത്തിന് ഫണ്ട് ലഭ്യമാകാതിരിക്കൽ എന്നിവയിൽപ്പെടുന്നു.

വിവിധ കാരണങ്ങളാൽ പണി പൂർത്തിയാക്കാതിരുന്ന വീടുകളുടെ പൂർത്തീകരണമാണ് ആദ്യഘട്ടത്തിൽ ലൈഫ് മിഷൻ നടത്തുന്നത്. ജില്ലയിലെ 4914 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2018 മാർച്ച് മാസത്തിൽ പണി പൂർത്തീകരിക്കും.

ഭൂമിയുള്ള ഭവന രഹിതർക്കുള്ള ഭവന നിർമ്മാണം

- ആകെ എണ്ണം 15254
- 2018-19 ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന വീടുകൾ 7627
- 2019-20 ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന വീടുകൾ 7627

ഭൂരഹിതരായ ഭവന രഹിതരുടെ ഭവന നിർമ്മാണം

ഭൂരഹിതരായ ഭവന രഹിതർക്ക് ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനാണ് ജില്ലാ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഒരാൾക്ക് ഒരു സെന്റ് എന്ന നിരക്കിൽ 400 ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. കുടുബങ്ങൾക്ക് ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുക എന്നത് ഏറെ പ്രയാസം സൃഷ്ടിക്കുന്നു. ഭൂമി കണ്ടെത്തുന്ന നടപടികൾ നടന്നു വരുന്നു. എന്നാൽ ഭൂമി ലഭ്യത നന്നേ കുറവാണ്.

മെയിന്റനൻസ് ആവശ്യമുള്ള ഭവനമുള്ളവർ

ലൈഫ് മിഷൻ പ്രവർത്തനത്തിൽ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനരുദ്ധരിക്കുക എന്ന ലക്ഷ്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ ഇത്തരത്തിലുള്ള വീടുകളുടെ എണ്ണം അന്തിമമായി എടുക്കേണ്ടതുണ്ട്. അതിനു ശേഷം TPTA യുടെ സഹായത്തോടെ ഓരോ വീടിന്റെയും എസ്റ്റിമേറ്റ് കണക്കാക്കുകയും ഇതിനാവശ്യമായ തുക അതാത് ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ കണ്ടെത്തേണ്ടതുമാണ്.

ലൈഫ് മിഷന്റെ 4 ഘട്ടങ്ങളുടെയും പ്രവർത്തനങ്ങൾ എകോപിപ്പിച്ച് സമയ ബന്ധിതമായി പൂർത്തീകരിച്ചാൽ 'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും.

പ്രശ്നങ്ങൾ

1. നിർമ്മാണം തുടങ്ങുന്ന വീടുകളിൽ 14% പൂർത്തിയാക്കാതെ വരുന്നതായി കണക്കാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.
   (i) നിർമ്മാണ ചെലവിന് ആവശ്യമായ ഫണ്ട് ലഭ്യമാകാത്തത് (77%)
   (ii) നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില
   (iii) സമയത്തിന് ഫണ്ട് നല്കാൻ കഴിയാത്തത്
2. കേരളത്തിലെ ഭവന നിർമ്മാണ ചെലവ് അഖിലേന്ത്യാ ശരാശരിയേക്കാൾ 4 മടങ്ങ് കൂടുതലായതിനാൽ ആവശ്യമായ ഫണ്ട് കണ്ടെത്താൻ സർക്കാരിനും തദ്ദേശസ്ഥാപനങ്ങൾക്കും കഴിയാത്തതു മൂലം ധാരാളം കുടുംബങ്ങൾ ഭവനരഹിതരായി കഴിയേണ്ടി വരുന്നു.
3. ക്ലേശഘടകങ്ങൾ കൂടുതലായ പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, ആശ്രയ-അഗതി കുടുംബങ്ങൾ എന്നീ വിഭാഗങ്ങളിലെ ഭവനരഹിതർക്ക് ആവശ്യമായ അധിക സാമ്പത്തികം സ്വന്തം നിലയിൽ കണ്ടെത്താൻ കഴിയുന്നില്ലെന്നതിനാൽ സാങ്കേതിക സഹായ ങ്ങളും പിന്തുണാ സേവനങ്ങളും (Technical & Support Services) നൽകിയിട്ടും ഭവന രഹിതരായിരിക്കുമ്പോഴും ഭവനനിർമ്മാണത്തിന് താല്പര്യമില്ലായ്മ കാണിക്കുന്നു.

4. സാമൂഹ്യമായ വിലപേശൽ ശേഷിയും സ്വാധീന ശേഷിയും കുറവായ പൊതുവിഭാഗത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് വീടിന്റെ ആനുകൂല്യം ലഭിക്കുന്നില്ല.
5. കുടുംബവരുമാനത്തിന്റെ വ്യത്യാസം അനുസരിച്ച് വീടുകളുടെ വലിപ്പം, സൗകര്യങ്ങൾ എന്നിവ നിശ്ചയിക്കാൻ കഴിയും വിധം സാങ്കേതിക - സഹായങ്ങളും സാമ്പത്തിക ഉപദേശങ്ങളും നല്കാൻ നിർവ്വഹണ ഏജൻസികൾക്ക് കഴിയാതെ വരുന്നു.
6. ധനികരെ അനുകരിച്ച് വിഭവ ശേഷിക്കും ആവശ്യത്തിനും യോജിക്കാത്ത വലിപ്പത്തിലും ചെലവിലും വീട് നിർമ്മിക്കുക
7. പാർപ്പിട മേഖലയിലെ ഏറ്റവും രൂക്ഷമായ പ്രശ്നം സ്ഥല ലഭ്യത കുറവും തന്മൂലമുള്ള ഭീമമായ വിലയുമാണ്.
8. സ്ഥിര വരുമാനമുള്ള തൊഴിലിന്റെ അഭാവവും സാമൂഹ്യ സേവനങ്ങളും ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം) കാര്യക്ഷമമായി ലഭിക്കാത്തതും നിമിത്തം രോഗം, കല്ല്യാണം തുടങ്ങിയ ആവശ്യങ്ങൾക്കായി ദരിദ്രർ സ്ഥലവും വീടും വിറ്റ് സൗകര്യങ്ങൾ കുറഞ്ഞ സ്ഥലങ്ങളിലേക്കും വാടക വീടുകളിലേക്കും മാറുന്ന സാഹചര്യം .
9. പരിസ്ഥിതി സൗഹൃദമല്ലാത്തതും പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാൻ സഹായിക്കാത്തതുമായ വീടുകളുടെ നിർമ്മാണവും തന്മൂലമുള്ള പ്രകൃതി വിഭവ ശോഷണവും.

വികസന പരിപ്രേക്ഷ്യം

പാർപ്പിട ലഭ്യത കുറവ് പരിഹരിക്കുന്നതിന് താഴെപ്പറയുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ നടത്തി വരുന്നു.

1. ഇന്ദിര ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന
2. പട്ടികജാതി വകുപ്പ് നടത്തുന്ന ഭവന പദ്ധതി
3. പട്ടികവർഗ്ഗ വകുപ്പ് നടത്തുന്ന ഭവന പദ്ധതി
4. ഫിഷറീസ് വകുപ്പ് നടത്തുന്ന ഭവന പദ്ധതി
5. ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടത്തുന്ന ഭവന പദ്ധതി
6. വിവിധ തദ്ദേശസ്ഥാപനങ്ങൾ സ്വന്തം നിലയിൽ നടത്തുന്ന ഭവന പദ്ധതികൾ
7. വിവിധ ഏജൻസികൾ (ഹൗസിംഗ് ബോർഡ്, സൈനിക ക്ഷേമ വകുപ്പ് മുതലായവ) നടത്തുന്ന ഭവന പദ്ധതികൾ
8. ബാങ്കുകളിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് സ്വന്തം നിലയിൽ നടത്തുന്ന പദ്ധതികൾ

LIFE MISSION (Livelihood Inclusion and Financial Empowerment)

"എല്ലാ ദരിദ്രർക്കും പാർപ്പിടം 2022-ഓടെ" എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

ജില്ലാ ഭരണ കൂടത്തിന്റെയും ലൈഫ് മിഷന്റെയും മേൽ നോട്ടത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും സന്നദ്ധ പ്രവർത്തകരും റ്റി.പി.റ്റി.എ. യും ഒത്തു ചേർന്ന് പ്രവർത്തിച്ചു ഈ ലക്ഷ്യം കൈവരിയ്ക്കുന്നു.

1. എസ്.റ്റി. വിഭാഗം - 288 വീടുകൾ
2. എസ്.സി. വിഭാഗം - 3474 വീടുകൾ
3. ജനറൽ വിഭാഗം - 1362 വീടുകൾ

ആകെ - 5124 വീടുകൾ

ഇതു പ്രകാരം ആകെ 5124 വീടുകൾക്ക് ഏകദേശം 1,00,00,000/- (ഒരു കോടി) രൂപ ആവശ്യമായിട്ടുണ്ട്. ഇത് തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തി വരുന്നു. 2018 മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ഭൂമിയുള്ള ഭവന രഹിതർ

3 ലക്ഷത്തിന് താഴെ വരുമാനമുള്ളതും ഗ്രാമങ്ങളിൽ 25 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും അധികരിക്കാത്ത ഭൂമിയുള്ളതുമായ എല്ലാ ഭവനരഹിതർക്കും താഴെപ്പറയുന്ന ക്ലേശഘടകങ്ങൾ ബാധകമാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക.

1. മാനസിക വെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരികത്തളർച്ചബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുബങ്ങൾ.
2. അഗതികൾ
3. 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ കുടംബനാഥയായ കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ.
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)
9. HIV ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

ഭൂമിയുള്ള ഭവന രഹിതരായി കൊല്ലം ജില്ലയിൽ കണ്ടെത്തിയിട്ടുള്ളത് 14907 പേരെയാണ്. ഇവർക്ക് ഓരോരുത്തർക്കും4 ലക്ഷം രൂപ ക്രമത്തിൽ 5962800000 (അഞ്ചുറ്റി തൊണ്ണൂറ്റി ആറ് കോടി ഇരുപത്തി എട്ട് ലക്ഷം രൂപ) തുക വകയിരുത്തേണ്ടതുണ്ട്. അടുത്ത മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ത്രിതല പഞ്ചായത്തുകളും കോർപ്പറേഷൻ/മുൻസിപ്പാലിറ്റികളും ഇതിലേയ്ക്കാവശ്യമായ ഫണ്ട് ഓരോ വർഷവും5000 വീടുകൾക്ക് എന്ന കണക്കിൽ വകയിരുത്തണം. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ സംയുക്തമായി (ഗ്രാമ ബ്ലോക്ക് ജില്ല) തുക ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് വായ്പ എടുക്കുകയും ഇതിന്റെ പലിശ സർക്കാർ വഹിക്കുകയും മൂലധനം15 വർഷത്തേക്ക് തവണകളായി തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കുകയും ചെയ്യാവുന്നതാണ്.

ഒന്നാം വർഷം	-	5000 വീടുകൾ X 400000 = 2000000000
രണ്ടാം വർഷം	-	5000 വീടുകൾ X 400000 = 2000000000
മൂന്നാം വർഷം	-	4907 വീടുകൾ X 400000 = 1962800000

ഭൂരഹിത ഭവന രഹിതർ

ഭൂരഹിത ഭവന രഹിതർക്ക് Zero Landless പദ്ധതി പ്രകാരം 50 എക്കർ ഭൂമി ഇതിനകം തന്നെ ജില്ലാ ഭരണ കൂടം കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള ഭൂമി തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി വാങ്ങേണ്ടതാണ്. ഫ്ളാറ്റുകൾ നിർമ്മിയ്ക്കുന്നത് അതാത് പഞ്ചായത്ത്/ ബ്ലോക്ക് പ്രദേശത്ത് തന്നെ ആയിരിക്കണം. അല്ലാത്ത പക്ഷം ഗുണഭോക്താക്കളുടെ തൊഴിലിനെ ദോഷകരമായി ബാധിക്കുകയും ഭവന സമുച്ചയങ്ങൾ ഉപയോഗിക്കപ്പെടാതെ കിടക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. ഈ ഫ്ളാറ്റ് സമുച്ചയങ്ങളോടൊപ്പം തൊഴിൽ പരിശീലന കേന്ദ്രങ്ങളും, അംഗൻവാടി, വിനോദത്തിനായിട്ടുള്ള സൗകര്യങ്ങൾ എന്നിവ കൂടി ഉൾപ്പെടുന്നുണ്ട്.

ലൈഫ് മിഷൻ ആരംഭത്തിന് മുൻപുള്ള പദ്ധതി വർഷങ്ങളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്ക് 3.75 ലക്ഷം രൂപയും ജനറൽ വിഭാഗത്തിന് 1.50 ലക്ഷം രൂപയും എന്ന കാലോചിതമായി പരിഷ്കരിച്ച തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

മെയിന്റനൻസ് ആവശ്യമുള്ള ഭവനങ്ങൾ

ഈ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം തിട്ടപ്പെടുത്തി വരുന്നു. ഇതിനാവശ്യമായ ഫണ്ട് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് വകയിരുത്താവുന്നതാണ്.

മേൽ മാനദണ്ഡങ്ങൾ ബാധകമായ എല്ലാ ഭൂരഹിത ഭവനരഹിതർക്കും എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൊതുസേവനങ്ങളും ലഭിക്കുന്ന പാർപ്പിട സമുച്ചയങ്ങളിൽ പാർപ്പിടം നല്കുകയും സ്ഥിര വരുമാനത്തിന് ഉപജീവനോപാധികൾ, തൊഴിൽ, പരിശീലനങ്ങൾ വരുമാനദായക ആസ്തികൾ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവ അഭിരുചിക്കനുസരിച്ച് ലഭ്യമാക്കുക.

ഇതിന് രണ്ട് ഘട്ടങ്ങളുണ്ട്.

1. നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.
2. ഭൂരഹിത-ഭവനരഹിത പുനരധിവാസം 2018 ഏപ്രിൽ - 2022

അതീവ ദരിദ്രർക്കും ഭവന നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ വിഭവങ്ങളും നൽകുക. ഇതിനായി തൊഴിലുറപ്പ്, മനുഷ്യസ്നേഹികൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ, വിദേശ മലയാളികൾ, മതസംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായം തദ്ദേശസ്ഥാപന തലത്തിലും ജില്ലാതലത്തിലും തേടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ലൈഫ് വിഭാവനം ചെയ്യുന്നു.

എസ്.ടി വിഭാഗത്തിന് പൂർണ്ണധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എസ്.സി, മത്സ്യ തൊഴിലാളികൾ, അതീവദരിദ്രർ എന്നിവരുടെ ഭൂരഹിത ഭവനരഹിത പുനരധിവാസത്തിന് സാമൂഹ്യ സഹായവും കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR) ഫണ്ടും ഉറപ്പാക്കുക.

ദാരിദ്ര്യത്തിന്റയും ക്ലേശഘടകങ്ങളുടെയും തീവ്രതയ്ക്കനുസരിച്ച് അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ആവിഷ്കരിച്ച് സുതാര്യമായി ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ നടത്തുക വഴി സാമൂഹ്യ നീതിയും സുതാര്യതയും ഉറപ്പാക്കുകയും തദ്ദേശസ്ഥാപനങ്ങൾക്ക് സാമൂഹ്യ ഉത്തരവാദിത്വത്തിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ശേഷി നല്കുക എന്നിവയും ലക്ഷ്യമിടുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ഇതിന്റെഭാഗമായി ലൈഫ് മിഷന് പ്രത്യേക സോഫ്റ്റ്വെയർ വികസിപ്പിച്ച് automatic inclusion-നും exclusion-നുംവിധേയമാക്കി ലിസ്റ്റ് സിസ്റ്റം വഴി തയ്യാറാക്കുന്നു. ഇതുവരെ ഭവന നിർമ്മാണ മേഖലയിൽ ലഭ്യമാക്കിയിട്ടില്ലാത്ത സാങ്കേതിക സഹായങ്ങൾ പിന്തുണാ സേവനങ്ങളും തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ജില്ലയിലെ വിവിധ വകുപ്പുകളുടെയും സഹായത്തോടെ നല്കുക. ഇതിനുള്ള ഭരണപരമായ ചട്ടക്കൂടുകളും മാർഗ്ഗരേഖയും ആവിഷ്കരിക്കുക.

പാവപ്പെട്ടവർക്ക് വീട് നിർമ്മാണത്തിന് എസ്റ്റിമേറ്റ് ജില്ലയിൽ നിന്നും കണ്ടെത്തിയ എഞ്ചിനീയറിംഗ് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി എംപാനൽ ചെയ്യുക വഴി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാമൂഹ്യ ഉത്തരരവാദിത്വം ഉപയോഗപ്പെടുത്തുന്നതിന് അവരുടെ കഴിവുകൾ സന്നദ്ധ സേവനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ജില്ലയിൽ ഇത്തരത്തിലുള്ള 11 ഏജൻസികളെ കണ്ടെത്തിയിട്ടുണ്ട്. ഇവർ ഇല്ലാത്ത പഞ്ചായത്തുകളിൽ എൽ.എസ്.ജി.ഡി, തൊഴിലുറപ്പ്, എഞ്ചിനീയറിംഗ് സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യം.

വർധിച്ച നിർമ്മാണ സാമഗ്രികളുടെ വില, കൂലിച്ചെലവ്, ദൗർലഭ്യം എന്നിവ നേരിടുന്നതിന് കേന്ദ്ര-സംസ്ഥാനാവിഷ്കൃത-തദ്ദേശസ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ നിർമ്മിക്കുക, മേസൺ പരിശീലനങ്ങൾ നടത്തുക, തൊഴിൽ ലഭ്യമാക്കുക എന്നിവയും ഇതുവഴി

അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക, ദുർബലരുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുക, തൊഴിൽ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയും ലക്ഷ്യമിടുന്നു.

ഉപജീവന ഘടകം ഉൾചേർത്ത് സ്ഥിരവരുമാനം വർദ്ധിപ്പിച്ച് കുടുംബാവശ്യങ്ങൾ നിവവേറ്റാനും വീടുനിർമ്മാണത്തിലൂടെ വീണ്ടും ദാരിദ്ര്യത്തിലേക്ക് പോകാതിരിക്കാനുമായി ലൈഫ് മിഷനിലൂടെ ലക്ഷ്യമിടുന്നു.

ഇതിനായി DDUGKY, PMKVY കുടുംബശ്രീ മിഷൻ, തദ്ദേശസ്ഥാപന പദ്ധതികൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നതാണ്.

സാമൂഹ്യ സുരക്ഷാസംവിധാനം ശക്തിപ്പെടുത്തി വീണ്ടും ദാരിദ്ര്യത്തിലേക്ക് പോകാതിരിക്കുക, പൊതുവിതരണം ശക്തിപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസ സേവനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാം ഏകോപ്പിച്ച് നൽകുക.

പണവും മാർക്കറ്റും ഭരിക്കുന്ന സാമൂഹ്യ അവസ്ഥയിൽ എല്ലാവർക്കും പാർപ്പിടം പോലുള്ള വലിയ ലക്ഷ്യങ്ങൾ നേടുന്നതിന് വിവിധ സർക്കാർ സർക്കാർ ഇതര ഏജൻസികളെ ഏകോപിപ്പിച്ച് ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പൊതു സമൂഹത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയും, സാമൂഹ്യ നീതിയും പുതിയ നിലവാരത്തിലേക്ക് ഉയർത്തുക.

ഉയർന്ന മൂല്യമുള്ള ഭൂമി പോലുള്ള സാമൂഹ്യ ആസ്തികളെ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള വഴിയും മാർഗ്ഗവും കാട്ടുക. ഇതിന് സർക്കാരിന്റെസംവിധാനങ്ങളെ പ്രയോജനപ്പെടുത്തുക.

പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

1. നിർമ്മാണ ചെലവിന് ആനുപാതികമായി ആവശ്യമുള്ള ഫണ്ട് ലഭ്യമാക്കുക.
2. ദരിദ്രരുടെ ഭവന നിർമ്മാണ ചെലവിന് ഫണ്ട് കണ്ടെത്താൻ ആഡംബര വീടുകൾ, കാറുകൾ തുടങ്ങിയവയ്ക്ക് സെസ്സ് ഏർപ്പെടുത്തുക.
3. സാധനസാമഗ്രികളുടെ ഉയർന്നവില മറികടക്കാൻ തദ്ദേശസ്ഥാപന തലത്തിൽ ഭവന നിർമ്മാണ സാമഗ്രികൾ എല്ലാ ഗുണഭോക്താക്കൾക്കുമായി ഒരുമിച്ച് വാങ്ങാൻ പ്രത്യേക പിന്തുണാ സഹായം ആരംഭിക്കുക. തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ നിർമ്മാണ സാമഗ്രികൾ സൗജന്യമായി നിർമ്മിച്ച് നൽകുക.
4. ഉയർന്ന കൂലിചെലവ് മറികടക്കാൻ കാഷ്വൽ തൊഴിലാളികൾക്കും സ്ത്രീകൾക്കും DDUGKY, PMKVY തദ്ദേശസ്ഥാപന പദ്ധതികളിലും മേസൺ പരിശീലനം നൽകുകയും തൊഴിൽ സേന രൂപീകരിക്കുകയും ചെയ്യുക. തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ തൊഴിൽ ദിനങ്ങൾ നല്കുന്നത് നിർബന്ധമായും നടപ്പാക്കുക. (Mandatory Implementation)
5. നിർവ്വഹണ ഏജൻസി സമയബന്ധിതമായി ഫണ്ട് നല്കുന്നത് ഉറപ്പാക്കുക. സേവനാവകാശ നിയമത്തെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക.
6. ഭവന നിർമ്മാണ ചെലവ് വിലനിലവാരത്തിനനുസരിച്ച് കുറഞ്ഞത് 2 വർഷം കൂടുമ്പോൾ പരിഷ്കരിക്കുക.
7. ജീവിത ക്ലേശങ്ങൾ കൂടുതലായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, അഗതി ആശ്രയ കുടുംബങ്ങൾ എന്നിവരുടെ ഭവന നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ സാമ്പത്തിക വിഭവം നല്കുക.
8. ഇവർക്ക് ഭവന നിർമ്മാണത്തിന് നിർബന്ധമായും സാങ്കേതിക സഹായം നല്കണം. എസ്റ്റിമേറ്റ്, പ്ലാൻ, സ്കെച്ച്, തുടങ്ങിയവ തയ്യാറാക്കുക. നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനുള്ള ബദൽ സാങ്കേതിക വിദ്യകളുടേയും നിർമ്മാണ സാമഗ്രികളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുക ആവശ്യാധിഷ്ഠിത ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക മാനേജ്മെൻറിൽ ഉപദേശം നൽകുക എന്നിങ്ങനെയുള്ള പിന്തുണാ സംവിധാനങ്ങൾ നല്കണം.

9. ഏറ്റവും ദുർബലർക്ക് ഗ്രാമസഭകളിൽ ഒന്നാം പരിഗണന ലഭിക്കുന്നത് ഉറപ്പാക്കുന്ന മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് ഇലക്ട്രോണിക് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിച്ച് സുതാര്യത ഉറപ്പാക്കി ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തുക.
10. കേരളത്തിലെ 75% കുടുംബങ്ങളും സ്ഥിരവരുമാനമില്ലാത്ത ആകസ്മിക തൊഴിലിൽ (Casual Labour) നിന്ന് വരുമാനം കണ്ടെത്തുന്നവർ ആയതിനാൽ ഉപജീവനത്തിനും കുടുംബാവശ്യങ്ങളും നിറവേറ്റാൻ സ്ഥിര വരുമാനമുള്ള തൊഴിൽ നൽകുന്നത് സുപ്രധാനമാണ്.
11. രോഗം തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുംവിധം ഇൻഷുറൻസ്, പൂർണ്ണ സൗജന്യ ചികിത്സ (സ്വകാര്യ ആശുപത്രിയിൽ ഉൾപ്പെടെ) ലഭ്യമാക്കി വീടു വിറ്റുപോകുന്ന അവസ്ഥ ഒഴിവാക്കണം.
12. കാലാവസ്ഥക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന വീടുകൾ നിർമ്മിക്കാനും ആഡംബരവും ധൂർത്തും ഒഴിവാക്കാനും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ (Information, Education and Communication–IEC) ഭവന നിർമ്മാണ മേഖലയിൽ സർക്കാരും തദ്ദേശസ്ഥാപനങ്ങളും നടത്തണം.
13. പാറ, മണൽ തുടങ്ങിയവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും വർഷത്തിൽ ഏറിയ നാളും വലിയ ചൂടും അനുഭവപ്പെടുന്ന കേരളത്തിൽ മേൽക്കൂര വാർക്കുന്നത് ഒഴിവാക്കി 50 വർഷം വരെ ആയുസ്സുള്ള ഗുണനിലവാരമുള്ള മെറ്റൽ ഷീറ്റുകൾ ലോഹനിർമ്മിതിക്കുമേൽ ആവശ്യമായ സീലിംഗോടെ നിർമ്മിച്ചാൽ സാധനസാമഗ്രികളുടെ ദൗർലഭ്യവും വർധിച്ച ചെലവും ഒഴിവാക്കാനും ചൂടു നന്നെകുറഞ്ഞ പാർപ്പിടങ്ങളിൽ പാർക്കാനും കഴിയും. ഇത് സർക്കാരിന്റെനയപരമായ തീരുമാനമായി മാറണം.
14. അതോടൊപ്പം ലഭ്യതയ്ക്കനുസരിച്ച് മുളയും മണ്ണും ചേർത്തുള്ള വീട് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കണം. ആദിവാസി സമൂഹങ്ങൾ ഇത്തരം വീടുകളെ കൂടുതൽ സ്വീകരിക്കുന്ന സാഹചര്യത്തിൽ ഇവർക്കായി കോസ്റ്റ് ഫോർഡ് പോലുള്ള ഏജൻസികൾ വഴി ഇത്തരം വീടുകൾ നിർമ്മിച്ച് നല്കണം. മുള ലഭ്യത ഉറപ്പാക്കാണം
15. സ്ഥല ലഭ്യത കുറവായിരിക്കുന്ന സാഹചര്യത്തിൽ, തദ്ദേശസ്ഥാനങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സ്ഥലം ലാന്റ് അക്വിസിഷൻ ആക്ട് ഉപയോഗിച്ച് ഏറ്റെടുത്തു നല്കണം.

വികസന വിടവ്

ഭവന നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യതയാണ് പ്രധാന പ്രശ്നം. ആകെ 6,10,16,00,000/ രൂപയാണ് ആവശ്യമുള്ളത്.

ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിന് 2018-19 ലെ ആകെ പദ്ധതി വിഹിതത്തിന്റെ 20% തുക ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകുന്നു. ബാക്കി തുക വായ്പയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്നു. 15252 വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കാലാകാലങ്ങളിൽ വകയിരുത്തേണ്ടതുണ്ട്. അടുത്ത 2, 3 വർഷങ്ങൾക്കുള്ളിൽ ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക വിധത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കണം.

വികസന വിടവ് എങ്ങനെ നികത്താം

ലൈഫ് മിഷൻ-പദ്ധതിയാണ് പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള 2022 വരെയുള്ള സർക്കാരിന്റെഏറ്റവും പ്രധാന പരിപാടി.

പ്രോജക്ട് നിർദ്ദേശങ്ങൾ

1. ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം നിശ്ചയിച്ചിട്ടുള്ള വീടുകൾക്കും 4 ലക്ഷം രൂപാ വീതം വകയിരുത്തുന്നത് ഗ്രാമ ബ്ലോക്ക് ജില്ലാ വിഹിതം വച്ചുകൊണ്ട് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

2. കേന്ദ്രാവിഷ്കൃതപദ്ധതിയായ പി.എം.എ.വൈ യ്ക്ക് ലഭിക്കുന്ന വിഹിത്തിന്പുറമേയുള്ള തുക തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്താൻസാധിക്കും.
3. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള പ്രോജക്ട് സർക്കാർ മാനദണ്ഡ പ്രകാരം നിർവ്വഹണം നടത്താവുന്നതാണ്.
4. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള തുക പ്രോജക്ടുകളിൽ ഉൾപ്പെടുത്താവുന്നതാണ്.
5. പാർപ്പിട സമുച്ചയങ്ങളിലെ ഗുണഭോക്താക്കൾക്ക് ഉപജീവനം നൽകുന്നതിനുള്ള തൊഴിൽ നൈപുണ്യ വികസന പരിശീലനം, തൊഴിൽ സംരംഭങ്ങൾക്ക് സഹായം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക.
6. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കുള്ള പ്രോജക്ട് ഏറ്റെടുക്കുക.

സംയോജിത പ്രോജക്ട് നിർദ്ദേശങ്ങൾ

- വിവിധ വകുപ്പുകളുടെ പദ്ധതികളുമായി തദ്ദേശ സ്ഥാപന വാർഷിക പദ്ധതിയെ സംയോജിപ്പിക്കുന്നതാണ്.
- 4 ലക്ഷം രൂപയ്ക്ക് പുറമെയുള്ള അധിക വിഭവ സമാഹരണത്തിന് എം.ജി.എൻ.ആർ.ഇ.ജി. എസ്സുമായി സംയോജനം നടത്തുന്നു.
- എം.ജി.എൻ.ആർ.ഇ.ജി.എസ്സ് വഴി ഓരോ ഗുണഭോക്താവിനും 90 തൊഴിൽ ദിനങ്ങൾ നൽകുന്നു.
- സിമന്റ് കട്ട, വാതിലുകൾ തുടങ്ങിയ സാമഗ്രികൾക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക
- കിണർ നിർമ്മാണം, കിണർ റീചാർജ്ജിംഗ്
- ടോയിലറ്റ് നിർമ്മാണം, 8 തൊഴിൽ ദിനങ്ങൾ ഉൾപ്പെടെ 12000 രൂപയുടെ അധിക സഹായം.
- എയറോബിക് കമ്പോസ്റ്റ് സംവിധാനം, മലിനജല കുഴി (സോക്കേജ് പിറ്റ്) നിർമ്മാണം ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണം
- മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ
- വീട് വൈദ്യുതീകരണം, ഗ്യാസ് കണക്ഷൻ, എന്നിവയും കേന്ദ്രാവിഷ്കൃത സംയോജന പ്രവർത്തനങ്ങളിലൂടെ നൽകാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

1. ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള എല്ലാ സാങ്കേതിക വിജ്ഞാനങ്ങളും നൽകുന്ന കേന്ദ്രം ആരംഭിക്കുക.
2. ഒരുമിച്ച് സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഒരുക്കുക.
3. തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ, സൗകര്യം കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ നൽകുക

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പദ്ധതിയുടെ ഏകോപനവും മോണിട്ടറിംഗും ജില്ലാ/ബ്ലോക്ക്തലത്തിൽ ഡി.പി.സി നേതൃത്വത്തിൽ നടത്താവുന്നതാണ്.
- ബ്ലോക്ക് തലത്തിൽ മേസൺ പരിശീലനം സംഘടിപ്പിക്കണം
- ഒരു പഞ്ചായത്തിൽ കുറഞ്ഞത് പത്ത് പേരടങ്ങുന്ന ലേബർ ഗ്രൂപ്പ്/ബാങ്ക് രൂപീകരിക്കണം. ഇതിന് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുൻകൈയെടുക്കണം. കൽപ്പണി, തടിപ്പണി, പ്ലംബിംഗ്, വയറിംഗ് തൊഴിലാളികളെ ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

- ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളുടെ പ്രോത്സാഹനവും വിജ്ഞാന വ്യാപനവും ജില്ലാ/ബ്ലോക്ക് തലത്തിൽ നടത്താം.
- ധനസമാഹരണം ജില്ലാ പഞ്ചായത്ത് നേതൃത്വത്തിൽ നടത്തണം.
- പി.എം.എ.വൈ/ഭവന നിർമ്മാണ പദ്ധതികളുടെ അധിക ധനസഹായം വകയിരുത്തൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വഴി സാധ്യമാക്കാം
- ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പാർപ്പിട സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി വിവിധ വകുപ്പുകളുടെ സഹായത്തോടെ കണ്ടെത്തുന്ന പ്രവർത്തനം ജില്ലാ ഭരണകൂടവും നടത്തണം.
- സി.എസ്.ആർ ഫണ്ട് ജില്ലാ പഞ്ചായത്ത് ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക
2. ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തൽ - ഭവന നിധി രൂപീകരണം, സി.എസ്.ആർ ഫണ്ട് ഉറപ്പാക്കൽ, ബാങ്ക് വായ്പ ലഭ്യമാക്കൽ. ഗുണഭോക്താക്കൾക്കുള്ള ബോധവത്ക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കൽ ഗുണമേന്മയുള്ള പ്രാദേശിക നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കൽ. ഗുണഭോക്തൃ ഗ്രൂപ്പ് പ്രാദേശികമായി രൂപീകരിച്ച് ഒരുമിച്ച് സാധനങ്ങൾ വാങ്ങൾ നടത്തുക
   പഞ്ചായത്ത് തല മോണിട്ടറിംഗ്, സോഷ്യൽ ഓഡിറ്റ്, പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ, ഡോക്യുമെന്റേഷൻ നടത്തുക.
3. വിവിധ വകുപ്പുകളും പദ്ധതികളുമായുള്ള എല്ലാ സയോജന പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

നൂതന പ്രോജക്ട് ആശയങ്ങൾ

1. ജില്ലാ പഞ്ചായത്തിന്റെകീഴിൽ ഭവന നിർമ്മാണത്തിനുള്ള ബദൽ സാങ്കേതിക വികസന കേന്ദ്രം ആരംഭിക്കുക.
2. ടി.പി.ടി.എ-കളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുക.

®®®®®®®®®®®®®®®®®®®®®®®®®®®

ദാരിദ്ര്യ ലഘൂകരണം

ആമുഖം

സാമൂഹികമായി അംഗീകരിക്കപ്പെട്ട പൊതു ജീവിത നിലവാരം ആർജ്ജിക്കാൻ കഴിയാത്തവിധം അവസരങ്ങളും ശേഷികളും ആസ്തികളും ലഭ്യമല്ലാത്ത അവസ്ഥയാണ് ദാരിദ്ര്യം. നിരവധിയും സങ്കീർണ്ണവുമായ സാമൂഹ്യ സാമ്പത്തിക കാരണങ്ങളാലാണ് ദാരിദ്ര്യം സൃഷ്ടിക്കപ്പെടുന്നതും നില നിന്നു വരുന്നതും, ഏതു വിധത്തിലും ദാരിദ്ര്യം ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണ്. ഇത് ജീവിതകഴിവുകൾ വികസിപ്പിക്കുന്നതിനെ നിഷേധിക്കുകയും വിലമതിക്കപ്പെടുന്ന ജീവിതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഈ കാഴ്ചപ്പാടിൽ ദാരിദ്ര്യം സ്ഥിതി ചെയ്യുന്നത് യഥാർത്ഥത്തിൽ ജീവിക്കുന്ന ദരിദ്രാവസ്ഥയിൽ മാത്രമല്ല, സാമൂഹിക വിലക്കുകളും വ്യക്തിപരമായ സാഹചര്യങ്ങളും മൂലം ആഗ്രഹിക്കുന്ന ജീവിത മാതൃകകൾ തെരഞ്ഞെടുക്കാനുള്ള യഥാർത്ഥ അവസരം ഇല്ലാതിരിക്കുന്നതിലും കൂടിയാണ്. ദാരിദ്ര്യം ജീവിതത്തെ പരുക്കനും ദുസ്സഹവും വേദന നിറഞ്ഞതും അനിശ്ചിതവും അപകടം നിറഞ്ഞതും കാലമെത്താതെ അവസാനിപ്പിക്കുവാൻ ഇടയാക്കുന്നതുമാകുന്നു. ഒപ്പം മനുഷ്യാസ്തിത്വത്തെയും സമൂഹത്തെയും പ്രപഞ്ചത്തെയും മനസിലാക്കുന്ന അറിവുകളും വിവരങ്ങളും നേടുന്നതിൽ നിന്ന് തടയുന്നു. മനുഷ്യന്റെ അന്തസ്സ്, ആത്മവിശ്വാസം, സ്വയം ബഹുമാനം എന്നിവയെല്ലാം കവർന്നെടുക്കുന്നു. ദാരിദ്ര്യം ജീവിതത്തെ ജീവിത യോഗ്യമല്ലാതാക്കി തീർക്കുന്നു.

സമ്പദ് ഘടനയുടെ വിവിധ ഘടകങ്ങളുടെ ആകെ മൂല്യത്തിലുണ്ടാകുന്ന വളർച്ചയെ മാത്രം വികസനമായി കാണാൻ കഴിയില്ല. സമ്പത്ത് ഘടനയുടെ വളർച്ച സമൂഹത്തിലെ ദരിദ്രരുടെയും പാർശ്വവൽകൃത വിഭാഗങ്ങളുടെയും ജീവിത പുരോഗതി ഉറപ്പാക്കുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിൽ വികസനത്തെ വിലയിരുത്തുന്ന സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഈ സമീപനം ഓരോ പൗരന്റെയും ഭരണഘടനാപരമായ ജീവിക്കാനുള്ള അവകാശം ഉറപ്പാക്കാനും സാർവ്വ ലൗകികമായി അംഗീകരിപ്പെട്ടിരിക്കുന്ന നീതി ഉറപ്പാക്കാനും സഹായിക്കുമെന്നതാണ് ഇതിന്റെയുക്തി.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി തുടക്കം മുതൽ ഈ സമീപനത്തിൽ ഊന്നിയ വികസന നയമാണ് കേരളം സ്വീകരിച്ചത്. ദേശീയ വരുമാനത്തിലും പ്രതിശീർഷ വരുമാനത്തിലും താരതമ്യേന താഴ്ന്ന വളർച്ചാനിരക്കുണ്ടായിരുന്നപ്പോഴും തുടർന്നും മനുഷ്യ വികസന സൂചികകൾ മെച്ചപ്പെടുത്താനും ഇന്ത്യയിലെ ഒന്നാം സ്ഥാനം നിലനിർത്താനും കേരളത്തിന് കഴിഞ്ഞത് ഇതുകൊണ്ടാണ്.

2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയിലെ ആകെ ജനസംഖ്യ കേരളത്തിലെ ജനസംഖ്യയുടെ 7.9% വുമാണ്. ജില്ലയിലെ ആകെ കുടുംബങ്ങളുടെ എണ്ണം 669375 ആണ്. പട്ടികജാതി ജനസംഖ്യ 328263 ഉം ഇത് ജില്ലയിലെ ജനസംഖ്യയുടെ 12.5% വുമാണ്. പട്ടികവർഗ്ഗ ജനസംഖ്യ 10761 ഉം ആകെ ജനസംഖ്യയുടെ 0.41% വുമാണ്. 2001 സെൻസസിനെ അപേക്ഷിച്ച് ജനസംഖ്യ 1.94% വർദ്ധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ 31.66% ജനസംഖ്യ കുറഞ്ഞപ്പോൾ നഗര മേഖലയിൽ 15.47% വർദ്ധനവാണ് 2001 സെൻസസിനെ അടിസ്ഥാനമാക്കുമ്പോൾ പ്രകടമാകുന്നത്.സ്വാതന്ത്ര്യം ലഭിച്ച് 70 വർഷങ്ങൾക്കു ശേഷവും ദാരിദ്ര്യത്തിന്റെ അളവ് കുറയ്ക്കുന്നതിൽ ഇന്ത്യയുടെ പ്രകടനം ആശാവഹമല്ല. ആകെ ജനസംഖ്യയുടെ 30% ജനങ്ങൾ ഇന്നും ദരിദ്രരായി തുടരുന്നു. കേരളത്തിൽ ഇത് 11.3% മാണ്. 1973-74 ൽ 59.74% ആയിരുന്ന കേരളത്തിലെ ദാരിദ്ര്യത്തിന്റെ തോത് 2011-12 ലെ കണക്ക് പ്രകാരം11.39% ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ ഇതേ കാലയളവിൽ ഇന്ത്യയിലെ ദാരിദ്ര്യാനുപാതം54.88% ൽ നിന്ന് 29.5% മാത്രമായാണ് കുറഞ്ഞത്. കേരളത്തിന്റെ ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യം 59.19% ൽ നിന്നും7.3% ആയും നഗര പ്രദേശ ദാരിദ്ര്യം 62.74% ൽ നിന്നും 15.3% ആയും കുറഞ്ഞു. ഭൂപരിഷ്കരണം, വിദ്യാഭ്യാസ ആരോഗ്യ വ്യാപനം, വികേന്ദ്രീകൃതാസൂത്രണം, ക്ഷേമ പ്രവർത്തനങ്ങൾ, പൊതു വിതരണ സമ്പ്രദായം തുടങ്ങിയവ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്.

ദാരിദ്ര്യവും ബി.പി.എൽ സെൻസസ്സും

ദാരിദ്ര്യ നിർണ്ണയിക്കുന്നതിനായി 2009-ൽ നടത്തിയ ബി.പി.എൽ സർവ്വേ പ്രകാരം ബ്ലോക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഒരു കുടുബത്തിന് ജീവിക്കാൻ ആവശ്യമായ 2400 കലോറി ഊർജ്ജം നേടുന്നതിനുള്ള തുക കണക്കാക്കിയാണ് ബി.പി.എൽ നിശ്ചയിച്ചിട്ടുള്ളത്. 24,000 രൂപയായിരുന്നു 2009-ൽ ബി.പി.എൽ വാർഷിക വരുമാനം.

പട്ടിക 4.9.5

ദാരിദ്ര്യവും ബി.പി.എൽ സെൻസസ്സും

ക്രമ	ബ്ലോക്കിന്റെ പേര്	ആകെ കുടുംബങ്ങൾ	ബി.പി.എൽ കുടുംബങ്ങൾ	ബി.പി.എൽ കുടുംബങ്ങളുടെ ശതമാനം
1	അഞ്ചൽ	54030	20480	37.9
2	ചടയമംഗലം	52875	19824	37.43
3	ചവറ	38159	14714	38.56
4	ചിറ്റുമല	47623	19187	40.23
5	ഇത്തിക്കര	47868	17654	36.88
6	കൊട്ടാരക്കര	40496	15504	38..29
7	മുഖത്തല	41108	14825	36.06
8	ഓച്ചിറ	48148	18709	38.8
9	പത്തനാപുരം	39984	15893	39.75
10	ശാസ്താംകോട്ട	46355	19889	42.91
11	വെട്ടിക്കവല	47181	18902	40.06
	ആകെ	503827	195581	38.82

അവലംബം. ദാരിദ്ര ലഘൂകരണ യൂണിറ്റ്

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സും(Socio-Economic and Caste Census (SECC) ദാരിദ്ര്യവും

2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സ് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് നടത്തിയ ഉദ്യമം ആണ്. താഴെപ്പറയുന്ന 7 ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ സൂചികകളായി നിർണ്ണയിച്ചിട്ടുള്ളത്.

1. താൽക്കാലിക ഭിത്തികളും മേൽക്കൂരയും ഉള്ള ഒറ്റ മുറി മാത്രം
2. 16 നും 59 നും ഇടയിൽ പ്രായമുള്ള മുതിർന്ന ഒരു അംഗവും ഇല്ലാതിരിക്കുക
3. 16 നും 59 നും ഇടയിൽ പ്രായമുള്ള മുതിർന്ന ഒരു പുരുഷ അംഗം ഇല്ലാതിരിക്കുകയും സ്ത്രീ ഗൃഹനാഥയായിട്ടുള്ളതുമായ കുടുംബങ്ങൾ.
4. ഭിന്നശേഷിക്കാരായ ഒരംഗമെങ്കിലും ഉണ്ടാകുകയും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാതിരിക്കുക.
5. പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ
6. 25 വയസ്സിനു മുകളിൽ പ്രായമായതും അക്ഷരാഭ്യാസമില്ലാത്തതുമായ അംഗങ്ങൾ
7. കായികമായ ആകസ്മിക തൊഴിലിൽ നിന്നും വരുമാനത്തിന്റെ മുഖ്യ പങ്ക് നേടുന്ന ഭൂരഹിത കുടുംബങ്ങൾ

SECC റവന്യൂ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത് ഇതിനെ പഞ്ചായത്ത് തലത്തിൽ മാപ്പ് (MAP) ചെയ്ത് ഗ്രാമ പഞ്ചായത്ത് തല ദാരിദ്ര്യം കണ്ടെത്താൻ നടപടി സ്വീകരിക്കണം.

നിലവിലെ അവസ്ഥ

1. ജില്ലയുടെ ദാരിദ്ര്യ തോത് 28.11% ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. എങ്കിലും ഗ്രാമീണ കുടുംബങ്ങളുടെ ദാരിദ്ര്യത്തിന്റെ സംസ്ഥാന ശരാശരി 30.33% മാണ്. കൊല്ലത്തിന്റെ ഗ്രാമീണ

ദാരിദ്ര്യ അനുപാതം 28.11% ആണ്. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട നിലയിലുള്ള എറണാകുളം ജില്ലയുടെ ഗ്രാമീണ കുടുംബ ദാരിദ്ര്യം 20.30% ആണ്. തുടർ വർഷങ്ങളിൽ ഏറ്റവും മികച്ച തോതിന് ആനുപാതികമായി ദാരിദ്ര്യത്തോത് താഴ്ത്തുന്നതിന് അടുത്ത പദ്ധതികളിൽ ഊന്നൽ നൽകണം.

2. സംസ്ഥാനത്തെ ആകെ ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66% ഉം മൊത്തം പട്ടിക വർഗ്ഗ കുടുബങ്ങളിൽ 61.68% ദരിദ്ര വിഭാഗങ്ങളിലാണ്. കൊല്ലം ജില്ലയുടെ പ്രസ്തുത അനുപാതം യഥാക്രമം 58.67% ഉം 74.83 % ഉം ആണ്. പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾ കൂടുതൽ പരിഗണന നൽകുന്നതിന് ഇത് ആവശ്യപ്പെടുന്നു.
3. SECC-യിലെ ദാരിദ്ര്യത്തിന്റെക്ലേശ ഘടകങ്ങളെ പരിഗണിക്കുമ്പോൾ സാമൂഹ്യ വിഭാഗങ്ങളിൽ ഏറ്റവും ദരിദ്ര വിഭാഗം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണെന്ന് കാണാം. ആകെ ദരിദ്ര കുടുംബങ്ങളുടെ 28.97% വരുന്നതായി കാണുന്നു.
4. 16-59-നും ഇടയിൽ പ്രായമുള്ള ഒരു പുരുഷ അംഗം പോലും ഇല്ലാത്തതും സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ 13.94% ആണ്.
5. 25 വയസ്സിനു മുകളിൽ പ്രായമായതും അക്ഷരാഭ്യാസമില്ലാത്തതുമായ അംഗങ്ങൾ ഉള്ള കുടുംബങ്ങൾ 4.51% മാണ്.
6. പ്രായപൂർത്തിയായ 16-59-നുമിടയിൽ പ്രായമുള്ള ഒരംഗം പോലുമില്ലാത്ത കുടുംബം 13087 - 8.56%.
7. ഭിന്നശേഷിക്കാരായ അംഗവും പ്രായ പൂർത്തിയായ ശാരീരിക ശേഷിയുള്ള ഒരു അംഗം പോലും ഇല്ലാത്ത കുടുംബങ്ങൾ 0.77%
8. ഭിത്തിയും മേൽക്കൂരയും ജീർണ്ണിച്ചതും ഒരു മുറി മാത്രമുള്ള വീട്ടിൽ താമസിക്കുന്നവരും 6560 - 4.3%
9. ശാരീരിക അദ്ധ്വാനം ആവശ്യമുള്ള ആകെ തൊഴിലൂടെ വരുമാനത്തിന്റെഏറിയ പങ്കും നേടുന്ന ഭൂരഹിത കുടുംബങ്ങൾ. (വീട് നിൽക്കുന്ന സ്ഥലത്തിന് പുറമേയുള്ള കൃഷി ഭൂമിയില്ലാത്തവർ) 82218 - 53.94%. ഇവരിൽ 75% പേർക്കും മാസവരുമാനം 5,000/- രൂപയിൽ താഴെയാണ്.
10. കുടുംബശ്രീ മിഷൻ നടത്തിയ സർവ്വേ പ്രകാരം 11,828 ആശ്രയ അഗതി കുടുംബങ്ങൾ ആണ്. ആകെ കുടുംബങ്ങളുടെ 2.18% മാത്രമാണെങ്കിലും ഇവരുടെ സാമൂഹ്യ സ്ഥിതി കേരള വികസന മാതൃകയ്ക്ക് മുൻപിലെ കൈതെറ്റായി നിൽക്കുന്നു. സർക്കാരിന്റെനിർദ്ദേശ പ്രകാരം അഗതിരഹിത കേരളം പദ്ധതിക്കായി പുതിയ സർവ്വേ നടന്നു വരുന്നു. ഏകദേശം 20,000-ന് മുകളിൽ അഗതി കുടുംബങ്ങൾ വരുമെന്ന് വിലയിരുത്തുന്നു.
11. സാമൂഹ്യ ക്ഷേമ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം ജില്ലയിലുള്ള വിവിധ വൈകല്യങ്ങളുള്ളവരുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4.9.6

വൈകല്യങ്ങളുള്ളവരുടെ പട്ടിക

ഇനം	പുരുഷൻ	സ്ത്രീ	ആകെ
കാഴ്ച	3894	4754	8448
കേൾവി	3824	4560	8384
സംസാരം	1956	1885	3841
ചലനം	9022	6179	15201
മാനസികവളർച്ച	3081	2442	5523
മാനസികരോഗം	2600	2771	5371
മറ്റിനം	3987	3700	7687
വിവിധവൈകല്ല്യങ്ങൾ	4048	3760	7808
ആകെ	**32412**	**30051**	**62263**

അവലംബം. ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

12. ഭക്ഷ്യ സുരക്ഷയും കേവല ദാരിദ്ര്യവും ഇല്ലാതാക്കുന്നതിന്റെഭാഗമായി ശക്തമായ പൊതുവിതരണ സമ്പ്രദായം പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റ പുതിയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം പല വിഭാഗങ്ങൾക്ക് വരുമാനത്തിന്റെഅടിസ്ഥാനത്തിൽ പലതരം റേഷൻ കാർഡുകൾ നല്കി പല നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ച് വരുന്നു. ഇത് മറ്റ് സാമൂഹ്യ സേവനങ്ങൾ സൗജന്യമായി അനുഭവിക്കുന്നതിനും കണക്കാക്കി വരുന്നു.
13. AAY ഗുണഭോക്താക്കൾക്ക് കേവല ദാരിദ്ര്യം മാറ്റുന്നതിനും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നതോടൊപ്പം അഗതികളല്ലാത്തവരേയും ശാരീരിക ശേഷിയുള്ളവരേയും ഉയർന്ന ജീവിത ഗുണനിലവാരത്തിലേക്ക് ഉയർത്താൻ തദ്ദേശസ്ഥാപങ്ങളും സർക്കാരും വിവിധ ഏജൻസികളും പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.
14. ജനസംഖ്യയിലെ വൃദ്ധരുടെ നിരക്ക് ഉയർന്നു വരുന്നു. സാമൂഹ്യ സാമ്പത്തിക പിന്നോക്ക അവസ്ഥ യിലുള്ളവരിൽ വൃദ്ധരുടെ എണ്ണം കൂടുന്നത് ആരോഗ്യ പരിചരണത്തിന് വലിയ ചെലവ് വരുത്തുന്ന ഘടകമാണ്. അതോടൊപ്പം തൊഴിലും വരുമാനവും കളഞ്ഞ് ഇവരെ പരിചരിക്കാൻ നിൽക്കേണ്ടി വരുന്നത് ദരിദ്രരുടെ അവസ്ഥ കൂടുതൽ വിഷമകരമാക്കുന്നു.
15. വാർദ്ധക്യത്തിലെ ഒറ്റപ്പെടൽ പലരേയും വിഷാദത്തിനും മാനസിക രോഗങ്ങൾക്കും വിധേയ മാക്കുന്നു. വൃദ്ധജന സംരക്ഷണം ദാരിദ്ര്യ നിർമ്മാർപജന പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു ഘടകമായി മാറേണ്ടതുണ്ട്.
16. ജനനസമയത്തെ ശിശുകൾക്കിടയിലെ ഭാരക്കുറവ് പോഷകാഹാര ലഭ്യതക്കുറവിന്റെയും ദാരിദ്ര്യ ത്തിന്റെയും സൂചകമായി കാണുന്നു. 4.47% ശിശുക്കൾ 2.5 കി.ഗ്രാം ഭാരത്തോടെ ജനിക്കുന്നു. ഗർഭിണികൾ ക്കിടയിലുള്ള പോഷകാഹാര കുറവാണ് ഇതിന് കാരണം.
17. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കിടയിലും ഗർഭിണികൾക്കിടയിലുമുള്ള പോഷകാഹാര കുറവ് പരിഹരിക്കാൻ ഐ.സി.ഡി.എസ് സംവിധാനം തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു.
18. ODF സംസ്ഥാനമായി കേരളം മാറിയിട്ടുള്ള സാഹചര്യത്തിൽ ശുചിത്വ ആവശ്യങ്ങൾ നിറവേറ്റുന്നതിന് എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ഉണ്ടെങ്കിലും തകരാർ ബാധിച്ച കക്കൂസുകൾ പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്.

തൊഴിൽ വരുമാനം

തൊഴിലില്ലായ്മ, തൊഴിൽ പങ്കാളിത്ത നിരക്ക്

- സ്വകാര്യ പൊതുസാമൂഹ്യ - സാമ്പത്തിക പ്രയോജനങ്ങൾ തേടി ജീവിതം ഗുണമേന്മ യുള്ളതാക്കുന്നതിന് വരുമാനമുള്ള തൊഴിൽ അത്യന്താപേക്ഷിതമാണ്.
- സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്ത നിരക്കുകൾ, തൊഴിൽ രാഹിത്യം, വരുമാനം തുടങ്ങിയവയുടെ ജില്ലയിലെ നിരക്ക് താഴെ ചേർക്കുന്നു.
  തൊഴിൽ രഹിതർ 241268 പുരുഷൻമാർ, 159909 സ്ത്രീകൾ ആകെ 401177, 57809 (എസ്.സി), 380 (എസ്.റ്റി). തൊഴിൽ പങ്കാളിത്ത നിരക്ക് സ്ത്രീകളുടേത് 19.3% മാത്രമാണ്. പുരുഷമാരുടെത് 51.7% മാണ് .
- സ്ത്രീ തൊഴിൽ പങ്കാളിത്തത്തിൽ ഏറ്റവും ഉയർന്ന നിരക്ക് കാർഷിക മൃഗ സംരക്ഷണ മേഖലയിൽ നിന്നാണ്.

സ്ഥിര തൊഴിലും ആകസ്മിക തൊഴിലും (കാഷൽ ലേബർ)

- ആകെ തൊഴിലെടുക്കുന്നവരിൽ 34.6% പേർക്കാണ് സ്ഥിര തൊഴിലുള്ളത്.
- സ്വന്തമായി ഭൂമി, തൊഴിൽ നൈപുണ്യങ്ങൾ, മറ്റ് ധന വിഭവങ്ങൾ ഇല്ലാത്തവർ ഉപജീവനത്തിനായി ആകസ്മിക തൊഴിലിനെ (Casual Labour) ആശ്രയിക്കേണ്ടി വരുന്നു.

മേൽപ്പറഞ്ഞ വിഭവങ്ങളും ശേഷിയും ഇല്ലാത്തത് വേതനം/കൂലിയ്ക്കുള്ള വിലപേശൽ ശേഷിയെയും (Staying Power) തന്മൂലം വരുമാനത്തെയും ബാധിക്കുന്നു.

- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) കണക്കനുസരിച്ച കേരളത്തിലെ 75% തൊഴിലാളികളും5000 രൂപയിൽ താഴെ മാസ വരുമാനം ലഭിക്കുന്ന ആകസ്മിക തൊഴിലിൽ ഏർപ്പെടുന്നവരാണ്.
- നിയമംമൂലം ആകസ്മിക തൊഴിലെടുക്കുന്നവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പ് നൽകി അവരുടെ വരുമാനം വർധിപ്പിക്കാനും ദാരിദ്ര്യം ലഘൂകരിക്കാനും സഹായിക്കുന്നു. ഒരാൾക്ക് ഇന്നത്തെ നിരക്കിൽ പ്രതിദിനം 258/- രൂപ നിരക്കിൽ മുഴുവൻ ആകസ്മിക തൊഴിലിൽ ഏർപ്പെടുന്നവർക്കും 100 ദിവസം തൊഴിൽ നല്കാൻ തദ്ദേശസ്ഥാപനങ്ങൾക്കും പദ്ധതല നിർവ്വഹണ സംവിധാനങ്ങൾക്കും കഴിയുന്നില്ല.

സ്ഥിര തൊഴിൽ, പ്രതിദിന സ്ഥിര വരുമാനം

തൊഴിൽ നൈപുണ്യം, വിദ്യാഭ്യാസ നിലവാരം, സ്ഥിര വരുമാനം എന്നിവ നേർ അനുപാതത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. മെച്ചപ്പെട്ട സാങ്കേതിക വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യ പരിശീലനങ്ങളും തൊഴിൽക്ഷമതയും വരുമാനവും വർധിപ്പിക്കും. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി മെച്ചപ്പെട്ട സാങ്കേതിക വിദ്യാഭ്യാസവും DDUGKY, NLM, PMKVY പദ്ധതികളിലും, വ്യവസായ വകുപ്പ്, ഫിഷറീസ് വകുപ്പ്, എസ്.സി /എസ്.റ്റി വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നല്കി വരുന്നു.

പരമ്പരാഗത തൊഴിൽ മേഖലയും തൊഴിലും വരുമാനവും

- കൊല്ലം ജില്ലയിലെ പ്രധാന തൊഴിൽ മേഖലകളിലൊന്നാണ് പരമ്പരാഗത തൊഴിലുകൾ.
- കയർ, കശുവണ്ടി, മത്സ്യബന്ധനം, കരകൗശല ഉല്പന്നങ്ങൾ, കൈത്തറി തുടങ്ങിവയ എറ്റവും പ്രധാനപ്പെട്ട പരമ്പരാഗത തൊഴിലുകളായി കാണുന്നു.
- എല്ലാ ബ്ളോക്കുകളിലും കരകൗശല, കൈത്തറി വ്യവസായം നിലനില്ക്കുന്നു.
- ഓച്ചിറ, ചവറ, വെട്ടിക്കവല, ചടയമംഗലം, ശാസ്താംകോട്ട, ഇത്തിക്കര ബ്ലോക്കുകളിലും, കൊല്ലം കോർപ്പറേഷനിലും ഖാദി ഉല്പന്നങ്ങൾ, തീപ്പെട്ടി, തുണി-വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ, ചൂരൽ മുള ഉല്പന്നങ്ങൾ, കശുവണ്ടി വ്യവസായങ്ങൾ കാണപ്പെടുന്നു.

മത്സ്യബന്ധനം

- 37 കി.മീ. ദൈർഘ്യമുള്ള കടൽ തീരമുണ്ട്, ആകെ 128076 മത്സ്യത്തൊഴിലാളി ജനസംഖ്യയും, 25863 സജീവ മത്സ്യത്തൊഴിലാളികളും, 13701 മത്സ്യ വില്പനക്കാരും ഉണ്ട്. എസ്.സി./എസ്.റ്റി. കഴിഞ്ഞാൽ ഏറ്റവും അധികേ ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗം മത്സ്യത്തൊഴിലാളികളാണ്.
- പരവൂർ മുൻസിപ്പാലിറ്റി, കൊല്ലം കോർപ്പറേഷൻ, ചവറ ബ്ലോക്ക്, കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി, ഓച്ചിറ ബ്ലോക്ക് എന്നിവയാണ് സമുദ്ര, മത്സ്യ ബന്ധനവും, നടത്തുന്ന പ്രദേശങ്ങൾ
- ഇത്തിക്കര, മുഖത്തല, ശാസ്താംകോട്ട, അഞ്ചൽ, ചിറ്റുമല ബ്ലോക്കുകൾ, പരവൂർ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റികൾ എന്നിവയാണ് ഉൾനാടൻ മത്സ്യ ബന്ധനം നടത്തുന്ന സ്ഥലങ്ങൾ

സ്വയം തൊഴിൽ പദ്ധതികൾ

സർക്കാർ വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും നിരവധി സർക്കാർ ഏജൻസികളും തൊഴിൽ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാൻ ധനസഹായവും ബാങ്ക് വായ്പയ്ക്കും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി, വ്യവസായ വകുപ്പ്, കുടുംബശ്രീ മിഷൻ, എസ്.സി, എസ്.റ്റി വകുപ്പുകൾ, ഫിഷറീസ്

വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പിന്നോക്ക ക്ഷേമ കോർപ്പറേഷൻ എന്നിവ ഈ രംഗത്ത് വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടത്തുന്നു.

തദ്ദേശസ്ഥാപനങ്ങൾ ഇവയ്ക്കൊപ്പം സ്വന്തം നിലയിലും സമാനസ്വഭാവമുള്ള പദ്ധതികൾ നടത്തി വരുന്നു.

തൊഴിൽ വരുമാനദായക ആസ്തികൾ, ഉല്പാദനം, വരുമാനം

- ദരിദ്രരുടെ ഏറ്റവും പ്രധാന ആസ്തി അവരുടെ കൈവശമുള്ള ഭൂമിയാണ്
- കാർഷിക മേഖലയിലെ തൊഴിലിൽ എർപ്പെടുന്നവരുടെ വരുമാനവും കൂലിയും പ്രധാനമായും ഉല്പാനക്ഷമതയെ ആശ്രയിച്ചിരിക്കുന്നു.
- ഭൂമി ഉല്പാദനക്ഷമ മല്ലാതാകുമ്പോൾ വരുമാനവും കൂലിയും തൊഴിലും കാർഷിക വൃത്തിയും കുറയുന്നതിന് കാരണമാകും.
- ജലസേചനം, ജലകൊയ്ത്ത്, മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ സംരക്ഷിച്ചു കൊണ്ട് കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കണം.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ പദ്ധതി ഭാരതത്തിലെ ഏറ്റവും വലിയ ദാരിദ്ര്യ ലഘൂകരണ പദ്ധതിയാണ്. സുസ്ഥിര വികസനത്തിനും വരുമാന വർദ്ധനവിനുമുള്ള ഒട്ടനവധി അവസരങ്ങൾ ദരിദ്രർക്ക് ലഭ്യമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇത് യഥാവിധി ലഭ്യമാക്കുകയെന്നതാണ് പ്രധാന വെല്ലുവിളി.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ പദ്ധതിയുടെ പട്ടിക I ഉം II ഉം 03.014.2014 ലെ സർക്കാർ ഉത്തരവ് 19(E) നം പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു. ഇപ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ പദ്ധതിയുടെ കാതലായ ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.
    - ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും
    - ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തലും
    - വിവിധ വിഭാഗങ്ങളുടെ ബോധപൂർവ്വമായ സാമൂഹിക ഉൾക്കൊള്ളലും.
    - പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണവും

ഈ ലക്ഷ്യം നേടും വിധം പദ്ധതി ബോധപൂർവ്വം ക്രമീകരിക്കേണ്ടതുണ്ട്. എന്നാൽ തദ്ദേശസ്ഥാപനങ്ങൾ ഈ ലക്ഷ്യം കൈവരിക്കും വിധം പ്രവർത്തിക്കാനുള്ള സംഘാടന ശേഷിയും നൈപുണിയും താല്പര്യവും ഇനിയും ആർജിക്കേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ. ഈ പ്രവർത്തനം ഇന്ന് കാര്യക്ഷമമല്ല.

ദരിദ്രരുടെ ഏറ്റവും വലിയ വിഭവം അവരുടെ കൈവശമുള്ള ഭൂമിയാണ്. എന്നാൽ ശാസ്ത്രീയമായ പരിചരണത്തിന്റെ അഭാവത്തിൽ മണ്ണിന്റെ ഗുണനിലവാരം, ഈർപ്പം, സൂക്ഷ്മജീവികളുടെ സാന്നിദ്ധ്യം തുടങ്ങിയവയെല്ലാം കുറഞ്ഞ് ഉല്പാദനക്ഷമതയെ ബാധിക്കുന്ന സാഹചര്യം ഉണ്ട്.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. കേവല ദാരിദ്ര്യം :കുറഞ്ഞ നിരക്കിലെങ്കിലും കേവല ദാരിദ്ര്യം ഇന്നും നിലനില്ക്കുന്നു അഗതി കുടുംബങ്ങളാണ് കേവല ദാരിദ്ര്യത്തിന്റെ ഇരകൾ. ഇവർക്ക് ഭക്ഷണം, ആരോഗ്യം, ചികിത്സ, പാർപ്പിടം, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, പരിചരിക്കാൻ സഹായത്തിന് ആളുകൾ എന്നിങ്ങനെ ഒന്നിലധികം ഇല്ലായ്മകൾ മൂലം ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ

കഴിയാത്തവരാണ്. മാറിയ സമൂഹ ക്രമത്തിൽ സമൂഹത്തിൻെറ പിന്തുണയും സഹായവും ലഭിക്കാത്ത് ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

2. കൗമാരക്കാർ, സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവരിലെ പോഷകാഹാരക്കുറവ്. ഇത് ഭാവിയിൽ ആരോഗ്യമില്ലാത്തും വേണ്ടത്ര ഭാരമില്ലാത്തതും രോഗാതുരതയ്ക്ക് വിധേയമാകുന്നതുമായ കുട്ടികളുടെ ജനനത്തിന് കാരണമാകുന്നു.
3. ജനസംഖ്യയിൽ വൃദ്ധരുടെ വർധിച്ച് വരുന്ന ജനസംഖ്യ അനുപാതവും തന്മൂലമുള്ള പ്രശ്നങ്ങളും
4. വികലാംഗർക്ക് അർത്ഥപൂർണ്ണ ജീവിതം നയിക്കുന്നതിന് കഴിയാത്ത സാഹചര്യം. പൊതുസേവനങ്ങളും സൗകര്യങ്ങളും ഉപയോഗിക്കാൻ കഴിയാതെ വരിക. തൊഴിലും വരുമാനവും നേടാൻ കഴിയാതെ വരിക. കുടുംബാംഗങ്ങൾക്ക് ഇവർമൂലം തൊഴിലിന് പോകുവാനും വരുമാനം ഉണ്ടാക്കാനും കഴിയാത്ത സാഹചര്യം.
5. സ്ത്രീകൾക്ക് സമൂഹത്തിൽ അനുഭവപ്പെടുന്ന അസമത്വങ്ങൾ ഒരു പ്രധാന പ്രശ്നമാണ്.
   - സ്ത്രീകളുടെ താഴ്ന്ന പദവി, വിഭവങ്ങളുടെ ഉപയോഗത്തിന്മേൽ തീരുമാനമെടുക്കുന്നതിലുള്ള അസമമായ നിർണ്ണയാധികാരം
   - സ്ത്രീകൾക്കിടയിലെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്കും തൊഴിൽ നൈപുണ്യക്കുറവും
   - സ്ഥിരവരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനുള്ള കഴിവ് ഇല്ലാതിരിക്കുകയും തന്മൂലമുള്ള ആകസ്മിക തൊഴിലിന്റെആധിക്യവും കുറഞ്ഞ വരുമാനവും
   - വൈകല്യങ്ങൾ മൂലമുള്ള പ്രശ്നങ്ങൾ
6. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സർക്കാർ ധനസഹായം, ധനകാര്യ സ്ഥാപന വായ്പ എന്നിവ വേണ്ടത്ര ലഭിക്കാത്തത്
7. സ്വയം തൊഴിൽ സംരംഭകശേഷി വികസനം നല്കുന്നതിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ
8. മാരകരോഗങ്ങൾക്ക് വിധേയരായി ഉയർന്ന ചികിത്സാ ചെലവു മൂലം ദാരിദ്ര്യത്തിലേക്ക് പോകുന്നു.
9. പരമ്പരാഗത മേഖലയിലെ ഉല്പാദനക്കുറവ്, ഉല്പന്നങ്ങളുടെ ഉയർന്ന വിലയും താഴ്ന്ന വിലയുള്ള ബദൽ ഉല്പന്നങ്ങളുടെ സാന്നിദ്ധ്യവും, മാർക്കറ്റ് ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ.
10. പോഷകാഹാര ലഭ്യതക്കുറവ്, ഉള്ള വരുമാനം കൃത്യമായ ധാരണയോടെ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്താത്തത്, പോഷകാഹാര ലഭ്യത ഉറപ്പാക്കുന്ന വിളകൾ കൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താത്തത്.
11. നിലവിലെ വിഭവ അടിത്തറ, കൃഷി ഭൂമി, മൃഗസംരക്ഷണ ഉപാധികൾ, കുടിവെള്ള ജലസേചന സ്രോതസ്സുകൾ തുടങ്ങിയവ സംരക്ഷിക്കപ്പെടാത്തതിന്റെ പ്രശ്നങ്ങൾ ഉദാഹരണത്തിന് വലിയതോതിലുള്ള മണ്ണൊലിപ്പിനും പോഷകദാരിദ്ര്യത്തിനും വിധേയമാണ് കൃഷിഭൂമി. മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിനും കൃഷിക്കും പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. തൊഴുത്ത് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മൃഗസംരക്ഷണ മേഖലയിൽ ഉല്പാദനവും തൊഴിലും കൂട്ടുന്നതിന് കഴിയുന്നില്ല.
12. ഉയർന്ന സ്ഥല വിലമൂലവും കുടുംബാവശ്യങ്ങൾ മറ്റുവിധത്തിൽ നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിലും മെച്ചപ്പെട്ട സ്ഥലങ്ങൾ വിറ്റൊഴിഞ്ഞ സൗകര്യങ്ങൾ കുറഞ്ഞ ദുർഘട പ്രദേശങ്ങളിലേക്ക് പോകുന്ന സാഹചര്യം
13. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ - റോഡ്, കുടിവെള്ളം, പൊതുമാലിന്യ പരിപാലന സംവിധാനങ്ങൾ, പൊതുസൗകര്യ കേന്ദ്രങ്ങൾ, വിനോദ വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ കുറവ്.
14. ഏറ്റവും പിന്നോക്കക്കാരായ എസ്.സി/എസ്.ടി/മത്സ്യതൊഴിലാളി കുടുംബങ്ങളുടെ ആധുനിക തൊഴിൽ നൈപുണ്യ കുറവും മറ്റ് തൊഴിലുകളിലേക്ക് പോകുന്നതിനുള്ള തടസ്സങ്ങളും

പരിഹാര നിർദ്ദേശങ്ങൾ

സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളിൽ നിന്നും വിവിധ പ്രവർത്തനങ്ങളിൽ നിന്നും ഒട്ടേറെ ഫലങ്ങൾ ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഒട്ടേറെ ഫലങ്ങൾ ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത് അവരുടെ വാർഡുകളിൽ (ഗ്രാമസഭയിൽ) ഉൾപ്പെട്ട കുടുംബങ്ങൾക്കും അതിലെ വ്യക്തികൾക്കും അവർ ഉൾപ്പെട്ട പ്രദേശങ്ങൾക്കും വേണ്ടിയാണ്. ഓരോ ഗ്രാമസഭയിലും ഉൾപ്പെട്ട പ്രദേശങ്ങളുടെയും കുടുംബങ്ങളുടെയും അതിലുൾപ്പെടുന്ന വ്യക്തികളുടെയും വിഭവങ്ങളും പ്രശ്നങ്ങളും വികസന വിടവുകളും ശാസ്ത്രീയമായ അടിസ്ഥാന വിവര ശേഖരണത്തിലൂടെ (Baseline Survey) കണ്ടെത്തുകയും അത് ഗ്രാമ പഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കുകയാണ് ജില്ലാ പദ്ധതിയുടെ ലക്ഷ്യം.

ഓരോ വിഷയ മേഖലയിലും പ്രവർത്തിക്കുന്ന വകുപ്പുകൾ പ്രാഥമിക വിവര ശേഖരണം നടത്തുന്നുണ്ട്. ഉദാഹരണത്തിന് അഗതി പുനരധിവാസത്തിന് കുടുംബശ്രീ മിഷൻ വിവരശേഖരം ഉണ്ട്. ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

ക്ലേശ ഘടകങ്ങൾക്കനുസരിച്ച് ദാരിദ്ര്യത്തോത് മനസ്സിലാക്കാനും ഇടപെടാനുമുള്ള മറ്റൊരു ഉദ്യമമാണ് SECC.

പാർപ്പിട രാഹിത്യം, കേടുപാടുള്ള പാർപ്പിടങ്ങൾ, സർക്കാർ സഹായത്തോടെ പണി തുടങ്ങി പൂർത്തീകരിക്കാത്ത പാർപ്പിടങ്ങൾ എന്നിവ ലൈഫ് മിഷൻ സർവ്വേയിലൂടെ ലഭിക്കുന്നതാണ്.

എന്നാൽ ഓരോ വിഷയത്തിനും പ്രത്യേകമായി സർവ്വേ നടത്താതെ ഒരു ഗ്രാമ പഞ്ചായത്തിന് ഒന്നാകെ സമഗ്രമായി സർസദ് ആദർശ് ഗ്രാമ യോജന - SAGY പദ്ധതിയിലേതുപോലെ ഒരു ഗ്രാമവികസന പദ്ധതി (Village Development Plan) തയ്യാറാക്കുകയും ഹ്രസ്വ-ദിർഘകാല വികസന കാഴ്ചപ്പാടും പദ്ധതികളും ആവിഷ്കരിക്കാനും കഴിയും.

കൊല്ലം ജില്ലയെ അഗതി രഹിത ജില്ലയാക്കി മാറ്റുകയെന്നത് ജില്ലാ പദ്ധതിയുടെ ദാരിദ്ര്യ ലഘൂകരണ ഘടകത്തിന്റെഏറ്റവും പ്രധാന ലക്ഷ്യമായിരിക്കും. 2022 ഓടെ അഗതി രഹിത കൊല്ലം എന്ന ലക്ഷ്യം നേടാൻ ജില്ലയ്ക്ക് കഴിയണം.

2022 ഓടെ ജില്ലയിലെ 50% വികലാംഗരെയും പൂർണ്ണമായും വികലാംഗ സൗഹൃദമായ ജീവിതത്തിൽ പുനരധിവസിപ്പിക്കാനും പരാശ്രയമില്ലാതെ തൊഴിൽ ചെയ്തു ജീവിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ വികലാംഗ പുനരധിവാസത്തിന് സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കി 2027 ഓടെ സമ്പൂർണ്ണ വികലാംഗ സൗഹൃദ ജില്ലയാക്കി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നു.

ആ കുടുംബങ്ങളിലെ വൃദ്ധരുടെ വർദ്ധിച്ചു വരുന്ന അനുപാതവും തന്മൂലമുള്ള പ്രശ്നങ്ങളും ദാരിദ്ര്യ ലഘൂകരണ കാഴ്ചപ്പാടിന്റെ മുഖ്യ ഘടകമായിരിക്കും. ശാരീരിക ശേഷി പ്രയോജനപ്പെടുത്തുന്ന ഏകാന്തതയും നിരാശ്രയത്വവും തോന്നാത്ത സന്തോഷകരമായതും, പ്രയോജന പ്രദവുമായ ജീവിതത്തിനുള്ള സൗകര്യങ്ങൾ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടേയും സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും കൂട്ടായ പ്രവർത്തനത്തോടെ നടത്തുകയെന്നതാണ് കാഴ്ചപ്പാട്.

തൊഴിൽ പങ്കാളിത്തം, സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം (പ്രത്യേകിച്ച് സാക്ഷരത) തൊഴിൽ നൈപുണ്യവും വരുമാനവും വർദ്ധിപ്പിക്കുക വഴി സ്ത്രീകളുടെ കുടുംബത്തിലെ സ്ഥാനവും തീരുമാനമെടുക്കുന്നതിലെ നിർണ്ണയാധികാരവും മെച്ചപ്പെടുത്തുകയും സ്ത്രീ നീതി ഉറപ്പാക്കുകയും ചെയ്യുക എന്നതും ജില്ലാ പദ്ധതിയുടെ ദാരിദ്ര്യ ലഘൂകരണ ഘടക പദ്ധതിയുടെ കാഴ്ചപ്പാട് ആയിരിക്കും.

ക്ഷേമ പദ്ധതികളാണ് നിലവിലെ ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ കാതൽ. എന്നാൽ എല്ലാ കാലവും സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും തണലിൽ കഴിയുന്നവരിൽ നിന്നും മാറ്റി അഗതികൾ ഒഴികെയുള്ളവരെ സ്വന്തം കാലിൽ നിൽക്കാൻ സഹായിക്കുന്ന വിധം തൊഴിൽ പദ്ധതികൾ ഫലപ്രദമായി ആവിഷ്കരിക്കാനും നടപ്പിലാക്കാനും കഴിയണം. ഓരോ കുടുംബത്തിന്റെയും വരുമാനം ഉയർത്തുന്ന വിധത്തിൽ അവരുടെ പ്രധാന വിഭവമായ കൃഷി ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന

തിനുള്ള പരിപാടികൾ, തൊഴിൽ നൈപുണ്യം കുറഞ്ഞവർക്ക് അവകാശപ്പെട്ട മുഴുവൻ തൊഴിലും വേതനവും ലഭിക്കുന്ന കായികാധ്വാന പ്രധാനമായ തൊഴിലുകൾ എം.ജി.എൻ.ആർ.ജി.എ യുടെ ഫലപ്രദമായ നടത്തിപ്പ വഴി ലഭ്യമാക്കൽ, തൊഴിൽ നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ ക്ഷമത(Employability)യും വരുമാനവും വർദ്ധിപ്പിക്കലും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ വകുപ്പുകളുടെ സർക്കാർ ധന സഹായങ്ങളും ധനകാര്യ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ജില്ലാ പദ്ധതിയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രധാന ലക്ഷ്യമായിരിക്കും. ഇതിനായി ജില്ലാ പഞ്ചായത്തിന്റെനേതൃത്വത്തിൽ ഒരു തൊഴിൽ സംരംഭകത്വ വികസനകേന്ദ്രവും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുടേയും സ്വയംതൊഴിൽ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് വകുപ്പ തലവന്മാർ,LDM, AGM, NABARD തുടങ്ങിയവർ അടങ്ങിയ സംവിധാനവും ഉണ്ടാക്കുന്നത് ആലോചിക്കേണ്ടതാണ്.

കേവലദാരിദ്ര്യം മാറ്റുന്നതിനും എല്ലാ ദരിദ്രർക്കും പോഷകാഹാരങ്ങൾ ശരിയായ അളവിൽ ലഭ്യമാക്കുന്നതിനും പൊതുവിതരണ സമ്പ്രദായത്തെ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫലപ്രദമാക്കാൻ ജില്ലാപദ്ധതി ലക്ഷ്യമിടുന്നു. ഇതോടൊപ്പം ദരിദ്രരുടെ ഭൂമിയിൽ പോഷകപ്രധാനമായ ഭക്ഷ്യ വസ്തുക്കളുടെ കൃഷി പ്രോത്സാഹിപ്പിച്ച് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തും.

MGNREGS, ജില്ലാ ഇറിഗേഷൻ പ്ലാനിലെ വിവിധ ഘടകങ്ങൾ, കുടുംബശ്രീ പദ്ധതികൾ വഴി മാംസ്യ പ്രധാനമായ പയർ, മുട്ട, കോഴി, ആട്, പശു വളർത്തൽ, കൃഷി നടത്തി പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കും. ഇതിന്റെവിടവുകൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികളിലൂടെ നികത്തണം. ദരിദ്രരായ മുഴുവൻ പേർക്കും ലൈഫ് പദ്ധതിയിൽ 2022-ഓടെ വീട് നിർമ്മിച്ച് നൽകുകയെന്നതാണ് ജില്ലാ പദ്ധതിയുടെ മറ്റൊരു ഊന്നൽ.

500 മീറ്ററിലേറെ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ടിവരുന്നവരുടെ ക്ലേശം ഒഴിവാക്കുന്നതിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് എല്ലാവർക്കും കുടിവെള്ളം ലക്ഷ്യം വയ്ക്കുന്നു. കേന്ദ്രസർക്കാർ പദ്ധതിയായി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി വിഹിതം നിലവിൽ വെട്ടിക്കുറച്ച സാഹചര്യത്തിൽ സാധിക്കുന്നിടങ്ങളിലെല്ലാം കുടിവെള്ള ജലസേചന കിണർ, കുളങ്ങൾ നിർമ്മിക്കുകയെന്നത് പ്രധാന ലക്ഷ്യമായിരിക്കും. അതോടൊപ്പം കോളനികളേയും കുടിവെള്ള ദൗർലഭ്യ പ്രദേശങ്ങൾക്കും ഊന്നൽ നൽകിയുള്ള കുടിവെള്ള പദ്ധതികൾ സംസ്ഥാനസർക്കാർ സഹായത്തോടെ നടപ്പാക്കുകയാണ് മറ്റൊരു ലക്ഷ്യം.

ആരോഗ്യകരമായ ജീവിതത്തിന് ശുചിത്വമുള്ള പരിസരവും ജീവിതരീതിയും വളരെ പ്രധാനമാണ്. ODF പ്രഖ്യാപനത്തോടെ ജില്ലയിലെ ടോയ് ലറ്റ് ലഭ്യത പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും തകരാറിലായ ധാരാളം ടോയ് ലറ്റുകൾ ഉണ്ട്. അതോടൊപ്പം എല്ലാ വീട്ടിലും മലിനജല പരിപാലന സംവിധാനം ഭവനതല (Household level) ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തിയും മാലിന്യം പരിപാലിച്ചും ജൈവകൃഷി പ്രോത്സാഹിപ്പിച്ചും പരിസരമലിനീകരണം തടയുന്നതും ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. ഏകോപിപ്പിച്ചുള്ള ഹരിതമിഷൻ പ്രവർത്തനമായിരിക്കും ഈ ലക്ഷ്യം നേടുന്നതിനുള്ള പ്രധാന മാർഗ്ഗം.

വളരെ താഴ്ന്ന വരുമാനമുള്ള ദരിദ്രർക്കും അഗതികൾക്കും വൃദ്ധർക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പരമ്പരാഗത തൊഴിലാളികൾക്കും തദ്ദേശ സ്ഥാപനങ്ങളിലൂടെയും വിവിധ ക്ഷേമനിധി ബോർഡുകളിലൂടെയും ജീവിക്കാൻ ആവശ്യമായ പെൻഷൻ ലഭ്യമാക്കുകയെന്നത് ജില്ലാ പദ്ധതിയുടെ ലക്ഷ്യമാണ്.

തൊഴിൽ ലഭ്യത, സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായങ്ങൾ, വായ്പാ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതോടൊപ്പം സംരംഭകത്വശേഷി വികസന പരിപാടികളും സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, മാർക്കറ്റിംഗ് സൗകര്യങ്ങൾ നല്കുക എന്നിവവഴി സംരംഭക സൗഹൃദ ജില്ലയായി മാറ്റുകയെന്നത് മറ്റൊരു പ്രധാന ലക്ഷ്യമാണ്.

ഇതിലൂടെ ജില്ലയെ തൊഴിലാളി ക്ഷേമത്തിന്റെകാര്യത്തിലും തൊഴിലും വരുമാനവും ലഭ്യമാക്കുന്ന കാര്യത്തിലും കേരളത്തിലെ ഏറ്റവും മികച്ച ജില്ലയാക്കി 2030-ഓടെ മാറ്റുകയെന്നതും ജില്ലാ പദ്ധതിയുടെ ലക്ഷ്യമായിരിക്കും.

ഇപ്രകാരം ക്ഷേമ, വരുമാന വർദ്ധക അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ ഏകോപിപ്പിച്ചുള്ള ജില്ലാ പദ്ധതിയിലൂടെ സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സ്വകാര്യ മേഖലയുടെയും സഹകരണത്തോടെ ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുകയെന്നതാണ് കാഴ്ചപ്പാട്.

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ ലക്ഷ്യങ്ങൾ

വൈകല്യം

1. വികലാംഗ സൗഹൃദം: വിവിധ വൈകല്യമുള്ള മുഴുവൻ പേർക്കും വൈകല്യ പരിഹാര സംവിധാനങ്ങൾ നല്കുക.
2. എല്ലാ സ്ഥാപനങ്ങളെയും വികലാംഗ പ്രവേശന സൗഹൃദമാക്കുക.
3. എല്ലാ വികലാംഗർക്കും പ്രവേശന സൗഹൃദവും ജീവിത സൗഹൃദവുമായ പാർപ്പിടം, ശുചിമുറികൾ എന്നിവയൊരുക്കുക.
4. ആവശ്യമായ എല്ലാ വികലാംഗർക്കും സ്വന്തമായി സ്വയം തൊഴിൽ സംരംഭങ്ങൾ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക.
5. വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവർക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയും തൊഴിൽ നേടുന്നതിന് പരിശീലനങ്ങൾ നല്കുകയും ചെയ്യുക.
6. യോഗ്യരായ വികലാംഗർക്ക് തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന കരാർ നിയമനങ്ങൾ ഉൾപ്പടെയുള്ള നിയമങ്ങളിൽ സർക്കാർ തൊഴിലിൽ ഉള്ളതുപോലെ നിശ്ചിത ശതമാനം സംവരണം നൽകുക.

വൃദ്ധർ

സമൂഹത്തെ പൂർണ്ണമായി വൃദ്ധജന സൗഹൃദമാക്കുക. ശാരീരികശേഷി പ്രയോജനപ്പെടുത്തുക. അനുഭവ പരിചയവും അറിവും പ്രയോജനപ്പെടുത്തുക.

സ്ത്രീ സമത്വം

വരുമാനത്തിലുള്ള സ്ത്രീ-പുരുഷ അന്തരം 2022 ഓടെ 25% ഉം 2027 ഓടെ 50% ഉം 2030 ഓടെ 100% ഉം കുറയ്ക്കുക

സ്ത്രീ പദവി ഉയർത്തുക

സ്ത്രീ പോഷകാഹാര പ്രശ്നങ്ങൾ മൂലമുള്ള നിരക്ക് പോഷകാഹാര കുറവിനാൽ ഭാരക്കുറവോടെ ശിശുക്കൾ ജനിക്കുന്നത് എന്നിവ 2022 ഓടെ 30%ഉം 2027 ഓടെ 75% ഉം 2030 ഓടെ 100% കുറയ്ക്കുക.

അഗതി

2022 ഓടെ അഗതിരഹിത കൊല്ലമാക്കി മാറ്റുക.

വികസന വിടവും പരിപാടികളും

പാർപ്പിടം

- പാർപ്പിടരാഹിത്യം : 2022 ഓടെ ലൈഫ് മിഷനിലൂടെ പൂർണ്ണമായും പരിഹരിക്കുക.
- 2022 ഓടെ എല്ലാ ദരിദ്രർക്കും പാർപ്പിടം നല്കുന്ന ലൈഫ് മിഷൻ പരിപാടിയൊടൊപ്പം റേഷൻ കാർഡില്ലാത്തവർക്കും പുതിയതായി കുടുംബങ്ങളുണ്ടാകുന്നവർക്കും ഭവന പരിപാടികൾ തദ്ദേസ്ഥാപനങ്ങൾ ആവിഷ്കരിച്ച് 2027 ഓടെ പാർപ്പിട പ്രശ്നത്തിന് പൂർണ്ണ പരിഹാരം ഉണ്ടാകണം.
- താഴ്ന്ന ജലവിതാനമുള്ള എല്ലാ ടോയ്ലറ്റുകളും ജലമലിനീകരണമില്ലാത്ത സെപ്റ്റി ടാങ്ക് അധിഷ്ഠിത ടോയ്ലറ്റ് ആക്കാൻ പരിപാടി വേണം. ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്ത് സംയുക്ത പരിപാടിയായി ഏറ്റെടുക്കണം.
- എല്ലാ വീടുകളിലും മലിനജലം പരിപാലിക്കുന്നതിനുള്ള സോക്കേജ് പിറ്റ് സംവിധനാങ്ങൾ ഖരമാലിന്യത്തിനന്ന ഗൃഹതല പരിപാലന സംവിധാനങ്ങളും തദ്ദേശസ്ഥാപനങ്ങൾ ഒരുക്കണം.

- MGNREGS - ൽ ഗ്രാമപഞ്ചായത്തുകൾ ഈ പരിപാടി ഏറ്റെടുക്കണം.
- ടോയലറ്റ് കേടുപാടുകൾ : 2022 ഓടെ 50% കുറയ്ക്കുക 2027 ഓടെ 90% 2030 ഓടെ മാലിന്യ സെപ്റ്റിക് ടാങ്ക് സംവിധാനങ്ങൾ ഉള്ളതാക്കി മാറ്റുക
- 2022 ഓടെ എല്ലാ ദാരിദ്രരുടെയും വീടുകളിൽ ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക. ദരിദ്രർക്ക് പുറമേ 50% വീടുകളിൽ സ്വന്തം നിലയിൽ ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക.
- 2027 ഓടെ 75% ഉം 2030 ഓടെ പൂർണ്ണമായും മാലിന്യ പരിപാലന സംവിധാനങ്ങൾ ഒരുക്കുകയും ജലമലിനീകരണം പൂർണ്ണമായു തടയുകയും ചെയ്യുക. ദരിദ്രർക്കിടയിലെ ക്യാൻസർ പോലുള്ള രോഗങ്ങൾ 2030 ഓടെ 75% കുറയ്ക്കുക.

കുടിവെള്ളം

- 500 മീറ്ററിലധികം ദൂരം സഞ്ചരിക്കേണ്ട ഗുണഭോക്താക്കൾക്ക് കുടിവെള്ളം നൽകുന്നതിന് ഗ്രാമ പഞ്ചായത്തുതല പ്ലാൻ വേണം ബ്ലോക്ക് പഞ്ചായത്തുകൾ സഹകരിക്കണം.
- സ്ഥലമുള്ള എല്ലാവർക്കും കുടിവെള്ള കിണർ, ജലസേന സൗകര്യം -ഗ്രാമപഞ്ചായത്തുകൾ ഒരുക്കുക. പ്ലാനിലും MGNREGS-ലും കൺവേർജ് ചെയ്ത് നിർവ്വഹിക്കണം

തൊഴിൽ

- തൊഴിൽ പങ്കാളിത്ത നിരക്ക് 2022 ഓടെ 25% ഉം 2027 ഓടെ 50% ഉം 2030 ഓടെ കുറഞ്ഞത് 60% ആക്കി വർധിപ്പിക്കുക. വിദ്യാഭ്യാസ ഗുണനിലവാരം, തൊഴിൽ നൈപുണ്യശേഷി വർദ്ധിപ്പിച്ച് ഇന്നുള്ളതിന്റെ50% വർധിപ്പിക്കുക. സ്ഥിരം തൊഴിലിലെ സ്ത്രീയുടെ പങ്ക് 50% വർധിപ്പിക്കുക 2030 ഓടെ 75% വർധിപ്പിക്കുക.
- എല്ലാ കുടുംബശ്രീ ഗ്രൂപ്പുകൾക്കുംSHG കൾക്കും റിവോൾവിംഗ് ഫണ്ടും ബാങ്ക് ലിങ്കേജും2022 ഓടെ നൽകണംഇതിന് കുടുംബശ്രീയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് തല പ്ളാൻ തയ്യാറാക്കണം.ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനുള്ള അധിക വിഹിതം ഗ്രാമ പഞ്ചായത്തിന് നല്കണം.
- ഇന്നുള്ള ഗ്രൂപ്പുകളുടെ 25% 2022 ഓടെ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ പരിപാടി ഉണ്ടാകണം.ഇതിന് കുടുംബശ്രീ, എസ്.സി., എസ്.റ്റി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണം വകുപ്പുകളും ചേർന്ന് പദ്ധതി ആവിഷ്കരിക്കണം.2027 ഓടെ 60% 2030 ഓടെ 90% ഗ്രൂപ്പുകളും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പരിപാടി വേണം.
- സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാര വർദ്ധനവിനും തൊഴിൽ നൈപുണ്യ വികസനത്തിനുമുള്ള പരിപാടി. എല്ലാ ബ്ലോക്കുകളിലുംITI / ITC ഉണ്ടാക്കുകയും ഈ സ്ഥാപനങ്ങളെയും നല്ല സ്വകാര്യ തൊഴിൽ പരിശീലന സ്ഥാപനങ്ങളെയും സംയോജിപ്പിച്ച് തൊഴിൽ നൈപുണ്യ പരിശീലനത്തിന് പരിപാടി വേണം. മേസൺ, പ്ളംബർ, ഇല്ക്ട്രീഷ്യൻ, മോട്ടോർ മെക്കാനിക്, ടേഡ്, രോഗീകരിചരണം, ലാബ് ടെക്നീഷ്യൻ തുടങ്ങിയ സാദ്ധ്യതകൾക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യ വികസന പരിപാടികൾ ഗ്രാമ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യണം. ബ്ലോക്ക് തലത്തിൽ ആസൂത്രണം ചെയ്യണം. ബ്ലോക്ക് തലത്തിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് ആലോചിക്കണം.
- ആകസ്മിക തൊഴിലാളികളുടെ (കാഷ്യൽ ലേബർ) എണ്ണം2022 ഓടെ 30% കുറയ്ക്കാനും2027 ഓടെ 50% ഉം2030 ഓടെ 75% ഉം കുറയ്ക്കാനും പരിപാടി വേണം. വലിയ തോതിലുള്ള തൊഴിൽ നൈപുണ്യ, സംരംഭകത്വ വികസന പരിപാടികളും സ്വയം തൊഴിൽ പദ്ധതികളും ആവിഷ്കരിക്കണം.

പ്രോജക്ട് നിർദ്ദേശങ്ങൾ

- വികലാംഗക്ഷേമ പ്രോജക്ടുകൾ - വൈകല്യങ്ങൾ അനുസരിച്ച് വൈകല്യം പരിഹാര സാമഗ്രികൾ, യന്ത്രങ്ങൾ നല്കുന്ന പ്രോജക്ടുകൾ
- വികലാംഗർ, വൃദ്ധർ, സ്ത്രീകൾ എന്നിവർക്ക് തൊഴിൽ നൈപുണ്യ വികസന പ്രോജക്ടുകൾ.
- തൊഴിൽ സംരംഭകത്വ സ്വയം തൊഴിൽ ധന സഹായ - വായ്പാ ബന്ധിത പ്രോജക്ടുകൾ.
- സാക്ഷരരായ ആകസ്മിക തൊഴിൽ ഏർപ്പെടുന്നവർക്കുള്ള പ്രത്യേക തൊഴിൽ നൈപുണ്യ വികസന പ്രോജക്ടുകൾ. ഉദാ: മേസൺ പരിശീലനം, കെട്ടിട നിർമ്മാണ സാമഗ്രി പരിശീലനം, പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള നൈപുണ്യ പരിശീലനങ്ങൾ.
- 59 വയസ്സിനു താഴെയുള്ള സാക്ഷരർ അല്ലാത്ത എല്ലാ ആകസ്മിക തൊഴിലാളികൾക്കും4- ക്ളാസ് തുല്യതയ്ക്കുള്ള പ്രോജക്ടുകൾ ഇവയെ തൊഴിലധിഷ്0ിത നൈപുണ്യ പരിശീലനവുമായി ബന്ധപ്പെടുത്തണം.
- ഗ്രാമ പഞ്ചായത്തുകൾ എല്ലാ ആകസ്മിക തൊഴിലാളികളെയും ചേർത്ത് തൊഴിൽ സേന ഉണ്ടാക്കുന്നതിനും തൊഴിൽ പരിശീലനങ്ങൾക്കുമുള്ള പ്രോജക്ടുകൾ എടുക്കുക.
- തൊഴിലുറപ്പുമായി സംയോജിപ്പിച്ച് മൃഗ സംരക്ഷണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾക്കും (കൂട്, തൊഴുത്ത് തുടങ്ങിയവ) കോഴി, താറാവ്, പശു, ആട് തുടങ്ങിയവ വളർത്തലിനും സംയോജിത പ്രോജക്ട്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഉത്പാദന മേഖലയിലെ വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം.
- ദരിദ്രരുടെ ഭൂമി, മണ്ണ് സംരക്ഷണത്തിന് MGNREGA യുമായി സംയോജിപ്പിച്ച് നീർത്തടാധിഷ്ഠിത പ്രോജക്ടുകൾ എടുക്കുക.നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കൽ ബ്ലോക്ക് തലത്തിൽ നടത്താം. ഇതിന് മണ്ണ് സംരക്ഷണം, കൃഷി വകുപ്പുകളുടേയും IWMP യുടെ സാങ്കേതിക വിഭാഗത്തിന്റെയും സേവനം DPC ഉപയോഗിക്കണം.
- ജില്ലാ പഞ്ചായത്ത് വലിയ നീർത്തട പദ്ധതികൾ ഏറ്റെടുക്കണം.ഉദാ. ഇത്തിക്കര, കല്ലട, അച്ചൻകോവിലാർ നീർത്തട പദ്ധതികൾ.

മറ്റ് വകുപ്പുകളുമായുള്ള ഇന്റഗ്രേഷൻ

- വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളെ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യാൻ സംവിധാനം വേണം.
- SC, ST, കുടുംബശ്രീ (DDUGKY, NLM) വ്യവസായ വകുപ്പ്, RSETI, PMKK തുടങ്ങിയ വിവിധ വകുപ്പുകൾ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നടത്തുക.
- സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുവരുന്നു. ജില്ലാ പഞ്ചായത്ത് ഇതിനെ നിർവ്വഹണതലത്തിൽ ജില്ലയിലെ വകുപ്പുദ്യോഗസ്ഥരെ ഉപയോഗിച്ച് ഏകോപിപ്പിക്കണം.
- വലിയ മുതൽ മുടക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ എസ്റ്റേറ്റുകൾ, റോഡുകൾ, മാർക്കറ്റുകൾ, വാണിജ്യ കേന്ദ്രങ്ങൾ, സംഭരണശാലകൾ തുടങ്ങിയവ ജില്ലാപഞ്ചായത്ത് ഏറ്റെടുക്കണം. RIDF പോലുള്ള പദ്ധതികളിൽനിന്ന് ഇതിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്.
- തൊഴിലുറപ്പ് പദ്ധതിയിൽ 18 വകുപ്പുകളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിന്റെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4.9.7

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ

ക്രമ നം	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം ഊന്നൽ നൽകേണ്ട പ്രവർത്തികൾ	സംഘാടനത്തിൽ പങ്കാളിയാകേണ്ട വകുപ്പുകൾ	നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ
I	**പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ**		
1	കുടിവെള്ള പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ തടയണകൾ, അണകൾ സ്റ്റോപ് ഡാം, ചെക്ക് ഡാം തുടങ്ങിയ ജലസംരക്ഷണ -ജലകൊയ്ത്ത് പ്രവർത്തികൾ	ഇറിഗേഷൻ	1.പ്രവർത്തി സ്ഥലം കണ്ടെത്തുക 2. എസ്റ്റിമേറ്റ് എടുക്കുക 3. പരിശീലനം നൽകുക
2	നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന നീർത്തട പരിപാലന പ്രവർത്തികൾ (സ്വകാര്യ ഭൂമിയുൾപ്പെടെ) അടിയണകൾ, തട്ട് തിരിക്കൽ, കോണ്ടൂർ തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിശോധന മുതലായവ	മണ്ണ് സംരക്ഷണം,കൃഷി DD വാട്ടർ മാനേജ്മെന്റ്, IWMP-PAU	1.നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുക 2.എസ്റ്റിമേറ്റ് എടുക്കുക 3.പരിശീലനം നൽകുക
3	സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികൾ തോടുകൾ/കനാൽ നിർമ്മാണം, പുനരുദ്ധാരണം (കയർ ഭൂവസ്ത്രം ഉൾപ്പെടെ)	മൈനർഇറിഗേഷൻ, കൃഷിവകുപ്പ്, (വാട്ടർ മാനേജ്മെന്റ്)	
4	ജലസേചന കുളങ്ങളുടെ പരമ്പരാഗത സ്രോതസ്സുകളുൾപ്പെടെയുള്ള എല്ലാ ജല സ്രോതസ്സുകളുടേയും ആഴം കൂട്ടലും പുനരുദ്ധാരണവും	മൈനർ ഇറിഗേഷൻ, കൃഷിവകുപ്പ്, മത്സ്യവകുപ്പ്,കയർ ബോർഡ്	സ്രോതസ്സ് കണ്ടെത്തൽ, കാർഷികാവശ്യങ്ങൾ(ജലം,മത്സ്യംഉൾപ്പെടെ കണ്ടെത്തൽ) എസ്റ്റിമേറ്റ് പരിശീലനങ്ങൾ
5	സാമൂഹ്യ വനവത്കരണം (റോഡ് വശങ്ങൾ, കനാൽ ബണ്ടുകൾ, പൊതുഭൂമി, വനഭൂമി എന്നിവിടങ്ങളിൽ)	ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്,സോഷ്യൽ ഫോറസ്ട്രി, PWD ഇറിഗേഷൻ, ഗ്രാമ പഞ്ചായത്ത്	സ്ഥലം കണ്ടെത്തൽ,നഴ്സറി തയ്യാറാക്കൽ പരിശീലനങ്ങൾ
6	പൊതുഭൂമിയിലെ ഭൂവികസന പ്രവർത്തികൾ (നീർത്തട പരിപാലന മാതൃകയിൽ)	സോയിൽ കൺസർവേഷൻ	സ്ഥലം കണ്ടെത്തൽ, പരിശീലനം, വിത്തുകൾ നൽകൽ etc.
II	**സമൂഹത്തിൽ അവശത അനുഭവിക്കുന്ന താഴെപ്പറയുന്ന വിഭാഗങ്ങൾക്കായുള്ള വ്യക്തിഗത ആസ്തികൾ**		
1	ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത്ത്	എൽ.എസ്.ജി.ഡി, കുടുംബശ്രീ, ഡി.എം.സി വി.ഇ.ഒ,	ഗുണഭോക്താക്കളെ കണ്ടെത്തൽ പ്രവർത്തി കണ്ടെത്തൽ, മറ്റ് പദ്ധതികളുമായി

	നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ	അസി.സെക്രട്ടറി, എസ്.സി.എസ്റ്റി ഡിപ്പാർട്ട്മെന്റ്, ബി.ഡി.ഒ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് (വനാവകാശം നിയമം)	സംയോജിപ്പിക്കൽ
2	പഴകൃഷി, പട്ട്നൂൽ കൃഷി,തോട്ടവിള കൃഷി , ഫാം ഫോറസ്ട്രി എന്നിവയുടെ ആജീവനം മെച്ചെപ്പെടുത്തൽ	കൃഷി വകുപ്പ്/ആത്മ, ഹോർട്ടികൾച്ചർ മിഷൻ,	
3	ഖണ്ഡിക 5ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ	കൃഷി വകുപ്പ്	
4	ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം	എൽ.എസ്.ജി.ഡി തദ്ദേശ സ്വയംഭരണം	
5	ഖണ്ഡിക 5ൽ സൂചിപ്പിക്കുന്ന വിഭാഗങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി o ഭൂവികസനം o കിണറുകൾ,ഡഗ്ഗ് വെൽ o കുളങ്ങൾ (ഫാം പോണ്ട്) o മറ്റ് ജലകൊയ്ത്ത് (വാട്ടർ ഹാർവസ്റ്റിംഗ്) ഉൾപ്പെടുത്തുന്ന ജലസ്രോതസ്സിനാവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ	ഭൂഗർഭ ജലസേചനം എൽ.എസ്.ജി.ഡി, കൃഷി	
6	തരിശു ഭൂമി ഖണ്ഡിക 5ലെ വിഭാഗങ്ങളുടെ പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ	അഗ്രികൾച്ചർ എൽ.എസ്.ജി.ഡി. എൻജിനീയർസ്, SC/ST, വി.ഇ.ഒ	
7	ടി വിഭാഗങ്ങളുടെ മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടിയും വളക്കുഴിയും ജൈവ വള നിർമ്മാണ യൂണിറ്റും	മൃഗസംരകഷണം ഡയറി, എൽ.എസ്.ജി.ഡി,	
8	മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ	ഫിഷറീസ് ഡിപ്പാർട്ട്മെന്റ്,	ഗുണഭോക്താക്കളെ കണ്ടെത്തൽ,ഉത്പാദന

	മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ	ഫിഷറീസ് സൊസൈറ്റീസ് ബി.എഫ്.എഫ്.ഡി.എ	പ്രവർത്തി കണ്ടെത്തൽ,മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കൽ
III	**വിഭാഗം സി സ്വയം സഹായ സംഘങ്ങൾക്ക് (എസ്.എച്ച്.ജി/കുടുംബശ്രീ ഗ്രൂപ്പുകൾ) താഴെപറയുന്ന പൊതു അടിസ്ഥാന സൗകര്യങ്ങൾ**		
	• കാർഷികോത്പന്നങ്ങളുടെ ഈട്ടുറ്റ സംഭരണ കേന്ദ്രം • വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (പോസ്റ്റ് ഹാർവസ്റ്റ് ഫെസിലിറ്റീസ്) • ജൈവ വളത്തിന് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പക്കുന്നതിനുള്ള പ്രവർത്തികൾ • സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡുകളുടെ നിർമ്മാണം • പരമ്പരാഗത പ്രവൃത്തികളായ പായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, ബ്ലാക്ക് സ്മിത്ത് എന്നിവയ്ക്ക് ആവശ്യമായ വർക്ക് ഷെഡുകളുടെ നിർമ്മാണം • കരകൗശല സാധന നിർമ്മാണം, • ടെക്സ്റ്റയിൽ • ഫുഡ്പ്രോസസ്സിംഗ് മേഖലയിലുള്ള വർക്ക് ഷെഡുകളുടെ നിർമ്മാണം പല ഗ്രൂപ്പുകളെ ചേർത്തു ക്ലസ്റ്റർ ഡെവലപ്പ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കാം	ഡി.എം.സി കുടുംബശ്രീ കൃഷി വകുപ്പ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓപീസർ എൽ.എസ്.ജി.ഡി	
IV	**വിഭാഗം ഡി ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**		
	• ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ • തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കാൻ വ്യക്തിഗത / പൊതു ടോയിലറ്റുകൾ,സ്കൂൾ ടോയിലറ്റുകൾ,	ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ വിദ്യാഭ്യാസ വകുപ്പ് ആരോഗ്യ വകുപ്പ് സാമൂഹ്യ നീതി വകുപ്പ്	

	അംഗണവാടി ടോയ്ലറ്റുകൾ • ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആവശ്യാനുസരണം വ്യാഖാനിച്ച് (സോക്ക് പിറ്റ്, ഡ്രൈനേജ്)	ശുചിത്വ മിഷൻ	
	2. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളേയും നിർദ്ദിഷ്ട ഗ്രാമീണ ഉത്പാദന കേന്ദ്രങ്ങളേയും നിലവിലുള്ള റോഡ് ശൃംഖലയു മായി ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥാ റോഡിന്റെയും നിർമ്മാണം (ഡ്രൈനേജ്, കൾവർട്ട്സ്, വില്ലേജ് ബൈ റോഡ്, ഫുട്പാത്ത്)	പി.എം.ജി.എസ്.വൈ (റൂറൽ റോഡ് നെറ്റ് വർക്ക്), എൽ.എസ്.ജി.ഡി, പി.ഡബ്ല്യു.ഡി റോഡ്സ്	
	3.കളിസ്ഥലങ്ങളുടെ നിർമ്മാണം 4.വെള്ളക്കെട്ട് ഒഴിവാക്കൽ,വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ ,മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ സ്ഥലങ്ങളുടെ മെച്ചപ്പെടു ത്തൽ, തീരപ്രദേശ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രൈയിനേജ് 5. Other Public Infrastructure 6.ദുരന്തപ്രതിരോധം 8. Building for ഗ്രാമ പഞ്ചായത്തുകൾ Women SHG Federation ADS & WAG Cyclone SheltersAnganwadi Centres GP / Block level crematoriums 9.ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യ മായി വരുന്ന ഭക്ഷ്യ ധാന്യ സംഭരണങ്ങ ളുടെ നിർമ്മാണം 10.MGNRES പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രി കളുടെ ഉല്പാദനം 11.MGNREGS ൽ സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ നിർമ്മാണം	ഡിഡി.എഡ്യൂക്കേഷൻസ്പോർട്സ്, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഇറിഗേഷൻ Various Departments GPs / DDP ADS & CDS കുടുംബശ്രീ Disaster Management SJD GP / Block സിവിൽ സപ്ലൈയ്സ്	

നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഖണ്ഡിക 9 & 14 പ്രതീക്ഷിത തൊഴിലാവശ്യകത പരിഹരിക്കുന്നതിന് മതിയായ പ്രവർത്തികളുടെ ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇതിനായി വാർഷിക കർമ്മ പദ്ധതി, ലേബർ ബഡ്ജറ്റ് എന്നിവ തയ്യാറായശേഷം ഭരണ സാമ്പത്തിക അനുമതി നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ടവ

- ദുർബലരായവർക്ക് (പ്രായമേറിയവർ,ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ)തൊഴിൽ നൽകാൻ പാകത്തിന് കൂടുതൽ അവിദഗ്ധ തൊഴിൽ ഘടകമുള്ള ഒരു പൊതു പ്രവർത്തിയെങ്കിലും, കുറഞ്ഞപക്ഷം, എപ്പോഴും നിർവ്വഹണ സജ്ജമായിരിക്കേണ്ടതാണ്.
- ഓരോഗ്രാമ പഞ്ചായത്തിലും കണ്ടെത്തുന്ന പ്രവർത്തികൾ (ഷെൽഫ് ഓഫ് പ്രോജക്ട്) പ്രസ്തുത പഞ്ചായത്തിന്റെ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിന്റെ രണ്ടു മടങ്ങിൽ കുറഞ്ഞിട്ടില്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഭരണ സാമ്പത്തിക അനുമതികൾ നൽകാൻ പാടുള്ളു.

4.10 വിദ്യാഭ്യാസം

ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യത്തിലൂന്നി നിന്നു കൊണ്ട് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ദൗത്യവുമായി കേരളം മുന്നോട്ടു പോവുകയാണ്. മതനിരപേക്ഷജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ വേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ചിരിക്കുന്ന ബഹുജന പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കേരളത്തിലെ മുഴുവൻ ജനങ്ങളും പങ്കെടുത്തു കൊണ്ട് മറ്റൊരു നവോത്ഥാനത്തിന് കളമൊരുക്കുവാൻ ഈ പരിപാടിയിലൂടെ കഴിയേണ്ടതുണ്ട്.

കാലത്തിനനുസരിച്ച് കരിക്കുലം പരിഷ്കരണമാണ് അക്കാദമിക് മികവിനടിസ്ഥാനം. കേരളത്തിലെ മുഴുവൻ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്തുക എന്നതും മുഴുവൻ കുട്ടികളും പൊതുവിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതും ലക്ഷ്യമാണ്. അവസര തുല്യത, പങ്കാളിത്തം, ഗുണനിലവാരം, മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നല്കിയാവണം മുന്നോട്ട് പോകേണ്ടത്. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെയും ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും സവിശേഷമായ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാൻ കഴിയണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണ് വിദ്യാഭ്യാസത്തിന്റെ നിർവചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തിനെ മൊത്തം ബോദ്ധ്യപ്പെടുത്തുന്ന ബഹുജന മഹായജ്ഞമായി പൊതുവിദ്യാഭ്യാസസംരക്ഷണജ്ഞം മാറേണ്ടതുണ്ട്. ഇതു സാക്ഷാൽക്കരിക്കുവാൻ സമഗ്രമായ ജില്ലാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നതോടെ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ലഭിക്കുക എന്നത് കുട്ടിയുടെ അവകാശമായി മാറിയിരിക്കുകയാണ്. ഇതോടനുബന്ധിച്ച് കുട്ടിയുടെ പഠന സമയം ക്രമീകരിക്കുകയും അധ്യാപകർ പഠന സമയങ്ങൾ കുട്ടികളോടൊപ്പം ചെലവഴിക്കുന്നത് ഉറപ്പാക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അധിവസിക്കുന്ന കുട്ടികൾക്ക് പോലും വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ ശ്രമങ്ങൾ നടന്നു വരുന്നു കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമായി മാറിയിരിക്കുന്നു.

കൊല്ലം ജില്ലയുടെ ചരിത്രം പരിശോധിച്ചാൽ മികച്ച ഒരു വാണിജ്യകേന്ദ്രമായിരുന്നു ഇവിടം എന്ന് ബോധ്യപ്പെടും. വൈദേശികാധിപത്യകാലം മുതൽ ഉല്പന്നങ്ങളുടെ ക്രയവിക്രയം ഇവിടെ നടന്നിരുന്നു. കഥകളിയുടെ ഈറ്റില്ലമായ കൊട്ടാരക്കര, ചരിത്ര പ്രസിദ്ധമായ കുണ്ടറ വിളംബരം, സാമൂഹ്യ പരിഷ്കർത്താക്കളായ സി. കേശവൻ, ചട്ടമ്പിസ്വാമികൾ, ഭരണരംഗത്ത് സാരഥ്യം വഹിച്ച ശ്രീ. ആർ. ശങ്കർ തുടങ്ങി സ്ഥലപരവും വ്യക്തിപരവുമായ ഒട്ടനവധി പ്രത്യേകതയുള്ള നാടാണ് കൊല്ലം. ജ്ഞാനപീഠ പുരസ്കാരം നേടിയ ഒ. എൻ. വി. കുറുപ്പിനെ പോലുള്ള സാഹിത്യ നായകന്മാരുടെ ജന്മദേശമായ കൊല്ലം, കവി തിരുനല്ലൂർ കരുണാകരൻ, ഡി. വിനയാചന്ദ്രൻ, നാടകാചാര്യൻ ജി. ശങ്കരപ്പിള്ള തുടങ്ങി ഒട്ടനവധി എഴുത്തുകാർക്ക് സർഗപരമായ വളർച്ചയ്ക്കുള്ള ഭൂമി ഒരുക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസരംഗത്ത് ത്രിതല പഞ്ചായത്തുകളുടെ ഇടപെടലുകൾ ഇന്ന് ജില്ലയിൽ ശക്തമാണ് ഇതിൽ എടുത്തുപറയേണ്ടതാണ് ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പരിപാടി. ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മികവുറ്റതാക്കി.

പൊതുജന സഹകരണത്തോടെയാണ് ഇത് പ്രാവർത്തികമാക്കിയത്. ഇതിന്റെ ഫലമായി ക്ലാസ്സ് മുറികൾ മെച്ചപ്പെട്ടു. സ്കൂൾ അന്തരീക്ഷം മെച്ചപ്പെട്ടു. കുട്ടികൾക്ക് സ്കൂളുകളിൽ എത്താൻ താൽപര്യമുണ്ടാകും വിധം സ്കൂൾ ആർഷകമായി ത്തീർന്നു. സ്കൂളുകളിൽ പുതിയ ക്ലാസ്സ് മുറികൾ, ഐ. സി. ടി സംവിധാനങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ തുടങ്ങിയവ ലഭ്യമായി. കുണ്ടറ ഉൾപ്പെടെ വിവിധ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കൊല്ലം ഡയറ്റിന്റെ നേതൃത്വത്തിൽ അക്കാദമിക രംഗം മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണം നടന്നു. വിദ്യാർത്ഥികൾക്ക് പ്രീ-ടെസ്റ്റ് നടത്തി നിലവിലെ അവസ്ഥ പഠിച്ചു. പഠന മെറ്റീരിയൽ വികസിപ്പിച്ച് പ്രത്യേകം പരിശീലനങ്ങൾ നടത്തി. പോസ്റ്റ്ടെസ്റ്റിലൂടെ മികവു തെളിയിക്കാൻ കഴിഞ്ഞു. മലയാളതിളക്കം ഗണിതവിജയം ഹലോഇംഗ്ലീഷ് തുടങ്ങിയ പദ്ധതികൾ യു. പി. തലത്തിൽ സർവശിക്ഷഅഭിയാന്റെ നേതൃത്വത്തിലും നവപ്രഭ മികവ് ഉത്സവം എന്നിവ ഹൈസ്കൂൾ തലത്തിൽ ആർ. എം. എസ് എ യുടെ നേതൃത്വത്തിലും നടത്തി വരുന്നു. മലയാളതിളക്കം ഹൈസ്കൂൾ തലത്തിൽ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.സാക്ഷരതമിഷന്റെ ഇടപെടലുകളും ജില്ലയിലെ വിദ്യാഭ്യാസത്തിന് കരുത്തുപകർന്നിട്ടുണ്ട്.

ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടു. സാക്ഷരതമിഷന്റെ പ്രവർത്തനഫലമായി 11,12 ക്ലാസ്സുകളിൽ സംസ്ഥാനതലത്തിൽ തുല്യത പരീക്ഷ നടത്തുന്നതലത്തിലേക്ക് നമ്മുടെ പ്രവർത്തന നിലവാരം ഉയർത്താൻ സാധിച്ചത് അഭിമാനാർഹമായ നേട്ടമാണ്.

ഐടി @ സ്കൂളിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ജില്ലയിലെ ഹൈസ്കൂൾ അധ്യാപകർക്ക് നേരത്തെ തന്നെ മികച്ച ഐ. സി. റ്റി പരിശീലനംനല്കിയിരുന്നു. എൽ.പി., യു.പി. അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും അത് അടുത്ത കാലത്ത് മാത്രമാകയാൽ കൂടുതൽ പരിശീലനങ്ങൾ നൽകേണ്ട അവസ്ഥ നിലനില്ക്കുന്നു.

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ 9,10 ക്ലാസ്സുകളിലെ എസ്. സി. കുട്ടികൾക്ക് പ്രത്യേക പഠന പാക്കേജ് നടപ്പാക്കുകയുണ്ടായി. രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സുകളും നടന്നു. ജില്ലയിലെ എസ്. ടി. കുട്ടികൾ കൂടുതലുള്ള കുളത്തൂപ്പുഴ അച്ചൻകോവിൽ മുതലായ സ്ഥലങ്ങളിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു കുട്ടികൾക്ക് പ്രത്യേകം പഠനക്യാമ്പുകൾ സംഘടിപ്പിച്ചത് വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായിമാറി.

ഒട്ടനവധി മികവുകൾ പൊതുവിദ്യാഭ്യാസരംഗത്ത് ജില്ലയ്ക്ക് സന്തോഷത്തിന് വകനൽകുന്നുവെങ്കിലും ചില കാര്യങ്ങളിൽ കൂടി നാം പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതുണ്ട്. എല്ലാകുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുന്നതിലും വിദ്യാർത്ഥികളുടെ കുടുംബ സാമൂഹ്യസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. അച്ചൻകോവിൽ പോലെയുള്ള സ്ഥലങ്ങളിൽ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത അവസ്ഥയുണ്ട്. പല വിദ്യാലയങ്ങളിലും ഐ. സി. റ്റി അധിഷ്ഠിത വിദ്യാഭ്യാസം ഇനിയും പ്രാവർത്തികമായിട്ടില്ല. വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം, മൊബൈൽഫോൺ ദുരുപയോഗം എന്നിവ വർദ്ധിച്ചു വരുന്നതും വെല്ലുവിളിയാണ്. ഇതേപ്പറ്റിയൊക്കെ രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ത്രിതല പഞ്ചായത്തുകൾ മുൻകൈയെടുക്കേണ്ടതുണ്ട്. പരിമിതികൾ മറികടന്ന് കൂടുതൽ ഊർജസ്വലതയോടെ കൊല്ലം ജില്ല പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മാറുമെന്നു തന്നെ നമുക്കു പ്രതീക്ഷിക്കാം.

ഭാഷ നന്നായി സംസാരിക്കുന്നതിന് ഉള്ള കഴിവ് ആർജിക്കേണ്ടതുണ്ട്. അതിനായി കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് സ്കൂളുകൾ ക്രമീകരിച്ച് നൽകേണ്ടതുണ്ട്. കൂടാതെ കുട്ടികളുടെ മാനസിക സംഘർഷങ്ങൾക്ക് അയവ് വരുത്തുന്നതിന് ഉതകുന്ന കൗൺസിലിംഗ് ക്ലാസുകൾ നൽകുകയും എല്ലാ സ്കൂളുകളിലും ഓരോ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുകയും വേണം.

അവസ്ഥാ വിശകലനം

പ്രീ പ്രൈമറി വിദ്യാഭ്യാസം

പ്രീ പ്രൈമറി കാലഘട്ടം ഒരു കുട്ടിയുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായക കാലഘട്ടമാണ്. ദ്രുത ഗതിയിൽ വളർച്ച പ്രത്യേകിച്ച് ബൗദ്ധികമായ വളർച്ച പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ കുട്ടിക്ക് ലഭിക്കുന്ന അനുഭവങ്ങളാണ് തുടർന്നുള്ള ജീവിതത്തിൽ പഠനത്തിൽ വഴികാട്ടിയാകുന്നത്. അതിനാൽ ഓരോ വിദ്യാലയവും ബാലസൗഹൃദമാകണം ഓരോ ഭവനവും ബാലസൗഹൃദമാകണം പ്രീപ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കണം. ആവശ്യമായ സ്ഥലങ്ങളിൽ എല്ലാം പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കേണ്ടതാണ്. വ്യത്യസ്ഥമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ചാൽ മാത്രമേ കുട്ടികളെ ആകർഷിക്കുവാൻ സാധിക്കുകയുള്ളൂ. പുസ്തകങ്ങളെക്കാൾ കൂടുതൽ കളിപ്പാട്ടങ്ങളെ സ്നേഹിക്കുന്ന കാലഘട്ടമാണ് പ്രീപ്രൈമറി വിദ്യാഭ്യാസ കാലഘട്ടം. എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും ആധുനിക രീതിയിലുള്ള പാർക്കുകൾ ആരംഭിക്കേണ്ടതും ആവശ്യമായ കളി ഉപകരണങ്ങൾ നൽകേണ്ടതുമാണ്. ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും പഠനത്തിനു വേണ്ടിയുള്ള സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള പ്രീപ്രൈമറിസ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ച് വരുന്നു.

പട്ടിക 4.10.1

ജില്ലയിലെ പ്രീപ്രൈമറി സ്കൂളുകൾ

സ്കൂൾ	എണ്ണം
എയ്ഡഡ്പ്രീ പ്രൈമറി സ്കൂളുകൾ	201
അൺഎയ്ഡഡ് പ്രീ പ്രൈമറി സ്കൂളുകൾ	176
അംഗീകാരമില്ലാത്ത പ്രീപ്രൈമറി സ്കൂൾ	178
അങ്കണവാടികൾ (ഗവ.സ്കൂളിനോട്ചേർന്ന്പ്രവർത്തിക്കുന്നവ)	52
അങ്കണവാടികൾ (അൺഎയ്ഡഡ് സ്കൂളുകളുമായി ചേർന്ന്പ്രവർത്തിക്കുന്നവ)	8
അംഗീകാരമില്ലാത്ത അങ്കണവാടികൾ	8

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിൽ തന്നെ പ്രീപ്രൈമറി, അങ്കണവാടികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവിടെയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്. മുഖേനയും പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയും പോഷകാഹാരങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന, പി.ടി.എ ആരംഭിച്ചിട്ടുള്ള എല്ലാ പ്രീപ്രൈമറിയിലേയും കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നില്ല. ഇവ എല്ലാ കുഞ്ഞുങ്ങൾക്കും ലഭിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ഇവർക്കു വേണ്ടി കളിവണ്ടി, കളിപ്പെട്ടി തുടങ്ങിയ പ്രവർത്തന സഹായികൾ നൽകേണ്ടതുണ്ട്.

പ്രൈമറി വിദ്യാഭ്യാസം

എൽ.പി. വിഭാഗം

താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള പ്രൈമറി സ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുരുന്നു. കുട്ടികളുടെ എണ്ണവും ചേർത്തിട്ടുണ്ട്.

പട്ടിക 4.10.2

ജില്ലയിലെ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം

വിഭാഗം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം
ഗവ. സ്കൂളുകൾ	275	35877
എയ്ഡഡ്സ്കൂളുകൾ	180	26528
അൺഎയ്ഡഡ്സ്കൂളുകൾ	44	15480
ആകെ	499	77885

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

യു. പി. വിഭാഗം

താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള അപ്പർപ്രൈമറി സ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ച് വരുന്നു. കുട്ടികളുടെ എണ്ണവും ചേർത്തിട്ടുണ്ട്.

പട്ടിക 4.10.3

യു. പി. വിഭാഗം

വിഭാഗം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം
ഗവ. സ്കൂളുകൾ	66	25282
എയ്ഡഡ്സ്കൂളുകൾ	133	44992
അൺഎയ്ഡഡ്സ്കൂളുകൾ	26	6301
ആകെ	**225**	**76575**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

ഹൈസ്കൂൾ വിദ്യാഭ്യാസം

താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള ഹൈസ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുരുന്നു. കുട്ടികളുടെ എണ്ണവും ചേർത്തിട്ടുണ്ട്.

പട്ടിക 4.10.4

ഹൈസ്കൂൾ വിഭാഗം

വിഭാഗം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം
ഗവ.ഹൈസ്കൂളുകൾ	86	32173
എയ്ഡഡ്ഹൈസ്കൂളുകൾ	127	57668
അൺഎയ്ഡഡ്സ്കൂളുകൾ	19	4845
ടെക്നിക്കൽസ്കൂളുകൾ(ഗവ.)	2	444
റസിഡൻഷ്യൽസ്കൂൾ	1	161
ഏകാധ്യാപികസ്കൂൾ	2	12

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

ഹയർസെക്കന്ററി വിദ്യാഭ്യാസം

താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള സ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ച് വരുന്നു.

പട്ടിക 4.10.5

ഹയർസെക്കന്ററി വിദ്യാഭ്യാസം

വിഭാഗം	സ്കൂളുകളുടെഎണ്ണം
ഗവ. സ്കൂളുകൾ	67
എയ്ഡഡ്സ്കൂളുകൾ	55
അൺഎയ്ഡഡ്സ്കൂൾ	20
ആകെ	142

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.6

വൊക്കേഷണൽഹയർസെക്കന്ററിവിദ്യാഭ്യാസം

വിഭാഗം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം
ഗവ. സ്കൂളുകൾ	20	1430
എയ്ഡഡ്സ്കൂളുകൾ	32	2859
ആകെ	52	4289

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.7

ഉപരിവിദ്യാഭ്യാസം

1	സ്വകാര്യആർട്ടസ്&സയൻസ്കോളേജുകൾ	12
2.	ഗവ. ആർട്ട്സ്&സയൻസ്കോളേജുകൾ	2
3.	പോളിടെക്നിക്കുകൾ	4
4.	ടി.ടി. ഐ	9
5.	ജവഹർവിദ്യാലയം	1
6.	പ്രൊഫഷണൽകോളേജുകൾ (ഗവ)	2

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.8

2016-2017 **അക്കാദമിക വർഷത്തിലെ കൊഴിഞ്ഞ് പോക്ക് കുട്ടികളുടെ എണ്ണം**

ക്രമനമ്പർ	വിഭാഗം	ആൺ	പെൺ	ആകെ
1	എൽ.പി.	31	33	64
2	യു. പി.	9	8	17
3	ഹൈസ്കൂൾ	3	2	5

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.9

അൺ എക്കണോമിക് ആയി പരിഗണിക്കാവുന്ന സ്കൂളുകളുടെ എണ്ണം (2017-2018)

ഗവ. എൽ. പി.	-	194
യു.പി.	-	28
എച്ച്. എസ്.	-	17
എയ്ഡഡ്എൽ. പി.	-	104
യു. പി.	-	43
എച്ച്. എസ്.	-	12

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

സ്റ്റേറ്റ് സിലബിസിന് പുറമേ മറ്റ് സിലബസുകൾ പിൻതുടരുന്ന സ്കൂളുകൾ - 38

കുട്ടികളുടെ പ്രായത്തിനനുസരിച്ച് നടന്നെത്താവുന്ന ദൂരത്തിൽ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും കുളത്തൂപ്പുഴ പഞ്ചായത്തിലെ ട്രൈബൽ എൽ. പി. എസ്. കടമാങ്കോട്, ട്രൈബൽഎൽ. പി. എസ്. വില്ലുമല, ആർ. ജി. എം. എൽ. പി. എസ് ചെറുകര ഗവ: യു. പി. എസ്. കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പട്ടികജാതി വികസനവകുപ്പിന്റെ 'ഗോത്രസാരഥി' പദ്ധതി നിലവിലുണ്ട്. പിറവന്തൂർപഞ്ചായത്തിലെ എം. എസ്. സി. എൽ. പി. എസ് ചെമ്പനരുവിസ്കൂളിൽ 'ഗോത്രസാരഥി' പദ്ധതി നിലവിലുണ്ട്. തെന്മല പഞ്ചായത്തിലെ ഡി. ബി. എൽ. പി. എസ്. മാമ്പഴത്തറ സ്കൂളിൽ 'ഗോത്രസാരഥി' പദ്ധതി നിലവിലില്ല. ഇവിടെ വന്യജീവികളുടെ ഭീഷണിയുള്ളതിനാൽ രക്ഷിതാക്കൾ കുട്ടികളെ സ്കൂളുകളിൽ കൊണ്ടെത്തിക്കുകയും കൂട്ടിക്കൊണ്ട് പോകുകയുമാണ് ചെയ്യുന്നത്.

ചിതറ പഞ്ചായത്തിലെ ട്രൈബൽ എൽ. പി. എസ് ഇടപ്പണ സ്കൂളിൽ മുൻവർഷങ്ങളിൽ കുട്ടികളെ സ്കൂളിലെത്തിക്കുവാൻ 'ഗോത്രസാരഥി' പദ്ധതി നിലവിലുണ്ടായിരുന്നു എന്നാൽ എം. എൽ. എ ഫണ്ടിൽ വാഹനം ലഭിച്ചതോടെ 'ഗോത്രസാരഥി' പദ്ധതി ഇല്ലാതായി. അറ്റകുറ്റപണി നടത്തി പ്രവർത്തന ക്ഷമമാക്കി കൊണ്ടു പോകാനുള്ള സാമ്പത്തികം ഇല്ലാത്തതിൽ വാഹനം ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

പട്ടിക 4.10.10

സംസ്ഥാനത്തെ സ്കൂളുകളുടെ എണ്ണം

വിഭാഗം	എൽ.പി	യു.പി	എച്ച്.എസ്	ആകെ
ഗവൺമെന്റ്	1225	873	2597	4695
എയ്ഡഡ്	1433	1873	3915	7221
അൺഎയ്ഡഡ്	461	212	362	1035
ആകെ	3119	2958	6874	12951

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.11

കുട്ടികളുടെഎൻറോൾമെന്റ് (2017-2018) എല്ലാവിഭാഗവും ആകെ

ക്ലാസ്	ആൺ	പെൺ	ആകെ
1	9255	9077	18332
2	9563	9552	19115
3	10128	9780	19908
4	10464	10066	20530
5	11952	11733	23685
6	13217	12582	25799
7	13763	13328	27091
8	15368	14368	29736
9	16550	15393	31943
10	17295	15712	33007
ആകെ	**127555**	**121591**	**249146**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.12

കുട്ടികളുടെ എൻറോൾമെന്റ് (2017-2018) ഗവ. സ്കൂളുകൾ

ക്ലാസ്	ആൺ	പെൺ	ആകെ
1	4207	4233	8440
2	4360	4425	8785
3	4609	4628	9237
4	4849	4566	9415
5	3989	3783	7772
6	4427	4047	8474
7	4782	4254	9036
8	5410	4590	10000
9	5858	4902	10760
10	6191	5222	11413
ആകെ	48682	44650	93332

പട്ടിക 4.10.13

കുട്ടികളുടെ എൻറോൾമെന്റ് (2017-2018) എയ്ഡഡ്സ്കൂളുകൾ

ക്ലാസ്	ആൺ	പെൺ	ആകെ
1	3014	3052	6066
2	3151	3296	6447
3	3417	3398	6815
4	3563	3637	7200
5	6709	6945	13654
6	7688	7602	15290
7	7904	8144	16048
8	9102	9065	18167
9	9831	9742	19573
10	10273	9655	19928
ആകെ	64652	64536	129188

പട്ടിക 4.10.14

കുട്ടികളുടെ എൻറോൾമെന്റ് (2017-2018) അൺഎയ്ഡഡ്സ്കൂളുകൾ

ക്ലാസ്	ആൺ	പെൺ	ആകെ
1	2034	1792	3826
2	2052	1831	3883
3	2102	1754	3856
4	2052	1863	3915
5	1254	1005	2259
6	1102	933	2035
7	1077	930	2007
8	856	713	1569
9	861	749	1610
10	831	835	1666
ആകെ	**14221**	**12405**	**26626**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.15

കുട്ടികളുടെ എൻറോൾമെന്റ് (2017-2018)

എസ്.സി.വിഭാഗം

ക്ലാസ്	ആൺ	പെൺ	ആകെ
1	2026	1880	3906
2	2077	2049	4126
3	2116	2022	4138
4	2151	1969	4120
5	2151	2113	4264
6	2414	2318	4732
7	2405	2276	4681
8	2392	2253	4645
9	2539	2380	4919
10	2603	2311	4914
ആകെ	22874	21571	44445

പട്ടിക 4.10.16

കുട്ടികളുടെ എൻറോൾമെന്റ് (2017-2018)

എസ്.റ്റി . വിഭാഗം

ക്ലാസ്	ആൺ	പെൺ	ആകെ
1	52	48	100
2	50	50	100
3	38	47	85
4	56	46	102
5	57	51	108
6	64	33	97
7	75	48	123
8	78	27	105
9	94	44	138
10	56	44	100
ആകെ	**620**	**438**	**1058**

പട്ടിക 4.10.17

കുട്ടികളുടെ എൻറോൾമെന്റ് (2017-2018)

ഭിന്നശേഷിക്കാരായ കുട്ടികൾ

ക്ലാസ്	**ആൺ**	**പെൺ**	**ആകെ**
1	235	209	444
2	342	253	595
3	430	267	697
4	489	346	835
5	744	576	1320
6	798	696	1494
7	895	722	1617
8	730	628	1358
9	214	111	325
10	216	122	338
11	164	109	273
12	151	89	240
ആകെ	**5108**	**4128**	**9536**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

ഭിന്നശേഷിക്കാരായ കുട്ടികൾ

ജില്ലയിലെ 9 മുതൽ 12 വരെ ക്ലാസ്സുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ 63 റിസോഴ്സ് അധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ട്. പ്രസ്തുത വിഭാഗം കുട്ടികൾ സമൂഹത്തിന്റെ ഭാഗം തന്നെയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് കുട്ടികളുടെ എല്ലാപ്രവർത്തനങ്ങളിലും റിസോഴ്സ്അദ്ധ്യാപകർ സഹകരിക്കുന്നുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനു വേണ്ടി രക്ഷിതാക്കകൾക്ക്ബോബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഹയർസെക്കന്ററി പഠനത്തിനു ശേഷം ഭിന്നശേഷിക്കാരായ കുട്ടികൾക്ക്ജീ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനു വേണ്ടി ഏതെങ്കിലും തൊഴിൽ മേഖലയിൽ അവരെ പ്രാപ്തരാക്കുക എന്നത നമ്മുടെ കർത്തവ്യമാണ്. ആയതിനാൽ ജില്ലാപ്ലാനിൽ ഈ വിഭാഗം കുട്ടികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ, അദ്ധ്യാപകരുടെ സേവനം എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

നിലവിൽ ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന എല്ലാ സ്കൂളുകളിലും റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, എൽ.പി, യു.പി തലത്തിൽ എസ്.എസ്.എ റിസോഴ്സ്അദ്ധ്യാപകരുടെ സേവനം, പരസ്പരസഹായം ആവശ്യമുള്ളകുട്ടികൾക്ക് ആയമാരുടെ സേവനം, പഠനവൈകല്യമുള്ള കുട്ടികൾക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നീ യൂണിറ്റുകൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം.

ഭിന്നശേഷി കുട്ടികൾക്ക് പഠനയാത്രകൾ സംഘടിപ്പിക്കണം. എസ്.എസ്.എ, ഐ.ഇ.ഡി.എസ്.എ സംവിധാനത്തിൽ ജില്ലാതല കലാകായിക പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിക്കാവുന്നതാണ്. റിസോഴ്സ് അദ്ധ്യാപകർക്ക് ആവശ്യമുള്ള ട്രെയിനിംഗ് പ്രോഗ്രാം (ആനുകാലിക പഠനങ്ങളിൽ അധിഷ്ഠിതമായ) സമയബന്ധിതമായി നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ കരുനാഗപ്പള്ളി, പരവൂർ തുടങ്ങിയ തീരപ്രദേശങ്ങളിൽ മൽസ്യബന്ധന തൊഴിലാളികളുടെ കുട്ടികൾ കൂടുതലായി പഠിക്കുന്നുണ്ട്. അത്തരം കുട്ടികളുടെ പഠന പുരോഗതിയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾക്ക് ജില്ലാപ്ലാനിൽ ഊന്നൽ നൽകേണ്ടതാണ്.

എല്ലാ സ്കൂളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നത് കുട്ടികളുടെ മാനസികാരോഗ്യത്തിന് സഹായകരമായിരിക്കും. കുട്ടികളുടെ കലാകായിക, സർഗ്ഗശേഷികൾ വികസിപ്പിക്കുന്നതിനായി അധ്യാപകരുടെ വിശദാംശങ്ങൾ ശേഖരിച്ച് അവരെ പരിശീലനത്തിലൂടെ സജ്ജമാക്കുകയും കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യാവുന്നതാണ്. ആക്ഷൻറിസർച്ച്, അനക്ഡോട്ടൽ റിവാഡ്സ് മുതലായവ സ്കൂളുകളിൽ സൂക്ഷിക്കുന്നതിന് അധ്യാപകരേയും, സ്കൂളുകളേയും സജ്ജരാക്കേണ്ടതാണ്. ഹൈസ്കൂൾ കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും കരിയർ ഗൈഡൻസ് നൽകേണ്ടതാണ്.

പട്ടിക 4.10.18

ഭിന്നശേഷിക്കാരായ കുട്ടികളുടെ എൻറോൾമെന്റ് 2017-2018 വിഭാഗം തിരിച്ച്

ക്രമനമ്പർ	വിഭാഗം	കുട്ടികളുടെഎണ്ണം
1	ബ്ലൈൻഡ്നെസ്സ്	51
2	ലോ-വിഷൻ	4493
3	ഹിയറിംഗ്-ഇംപേർഡ്	767
4	സ്പീച്ച്ഡിസ്എബിലിറ്റി	410
5	ലോക്കോമോട്ടോർഡിസ്എബിലിറ്റി	515
6	മെന്റൽഇൽനെസ്സ്	430
7	ലേണിംഗ്ഡിസ്എബിലിറ്റി	158
8	സെറിബ്രൽപാർസി	276
9	ഓട്ടിസം	175
10	മൾട്ടിപ്പിൾഡിസ്എബിലിറ്റി	264
11	ലെപ്രസി	5
12	ഡ്വാർഫിസം	47
13	ഇന്റലക്ചൽഡിസ്എബിലിറ്റി	1908
14	മസ്കുലർഡിസ്എബിലിറ്റി	24
15	ക്രോണിക്ക്യൂറോളജിക്കൽകണ്ടീഷൻ	6
16	മൾട്ടിപ്പിൾസ്ക്ലീറോസിസ്	4
17	ഹീമോഫീലിയ	1
18	പാർക്കിൻസൺ	2
	ആകെ	**9536**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

ഹൈടെക്ക് മികവിന്റെ കേന്ദ്രം

ജില്ലയിലെ 213 ഗവണ്മെന്റ് /എയഡഡ് ഹൈസ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ല ക്ലാസ്സ് മുറികളും ഹൈടെക്ക് ആക്കുന്നുണ്ട്. ജില്ലയിൽ ആകെ 3,655 ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുന്നു. ഇതിൽ 117 ഹൈസ്കൂളുകളിലെ 2,857 ക്ലാസ്സ് മുറികൾ ഇതിനകം തന്നെ ഹൈടെക്ക് ആക്കിയിട്ടുണ്ട്. ശേഷിക്കുന്ന 798 ക്ലാസ്സ് മുറികൾ ഉടൻ തന്നെ ഹൈടെക്ക് ആക്കും.

അഞ്ച് കോടി രൂപ വീതം ചെലവഴിച്ച് സംസ്ഥാനത്ത് ആകെ 141 വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ജില്ലയിലെ 11 നിയോജകമണ്ഡലങ്ങളിലെയും ഓരോ വിദ്യാലയങ്ങൾ വീതം ഉൾപ്പെടുന്നു. ഈ വിദ്യാലയങ്ങളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ടി പ്രോജക്റ്റുകൾക്ക് സർക്കാരിന്റെ ഭരണാനുമതിയും കിഫ്ബിയുടെ ഫണ്ടിംഗ് അനുമതിയും ലഭിച്ചിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ പ്രകാരം ടി സ്കൂളുകളിലെ ചില കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

3 കോടി രൂപ വീതം ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജില്ലയിലെ 22 വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 14 വിദ്യാലയങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരം ടി വിദ്യാലയങ്ങളിലെ ചില കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

പദ്ധതി നടപ്പിലാക്കുന്ന വിധം

ജില്ല, നിയോജകമണ്ഡലം, തദ്ദേശസ്വയംഭരണ തലങ്ങളിലുള്ള മിഷനുകളുടെ മേൽനോട്ടത്തിലാണ് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത്.

ഹയർസെക്കന്ററിവിദ്യാഭ്യാസം

താഴെ സൂചിപ്പിക്കുന്നപട്ടിക പ്രകാരമുള്ള സ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ച് വരുന്നു. കുട്ടികളുടെ എണ്ണവും ചേർത്തിട്ടുണ്ട്.

പട്ടിക 4.10.19

കൊല്ലം ജില്ലയിലെ സ്കൂളുകളും കുട്ടികളുടെ എണ്ണവും

വിഭാഗം	സ്കൂളുകളുടെഎണ്ണം	കുട്ടികളുടെ എണ്ണം
ഗവ. സ്കൂളുകൾ	60	11,701
എയ്ഡഡ് സ്കൂളുകൾ	56	15,431
അൺ എയ്ഡഡ് സ്കൂൾ	18	978
സ്പെഷൽ സ്കൂൾ	1	27
ആകെ	**135**	**28,137**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ വന്നതോടെ വിദ്യാഭ്യാസ രംഗത്ത് വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഭൗതികമായും അക്കാദമികമായും ചിലപ്രശ്നങ്ങൾ വീണ്ടും അവശേഷിക്കുന്നുണ്ട്.

ഭൗതിക സൗകര്യങ്ങൾ

ക്ലാസ് മുറികൾ, ഓഫീസ് മുറി, വിശ്രമ മുറി, കമ്പ്യൂട്ടർ റൂം തുടങ്ങിയവയുടെ നവീകരണം എല്ലാ സ്കൂളുകളിലും പൂർത്തിയായി കഴിഞ്ഞിട്ടില്ല. പെൺകുട്ടികളുടെ സുരക്ഷയ്ക്ക് കൂടുതൽ പ്രധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് പ്രത്യേകവിശ്രമമുറി എല്ലാ സ്കൂളുകളിലും സജ്ജീകരിക്കണം. കൂടാതെ ഒരു കൗൺസിലറുടെ സേവനം എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കേണ്ടതാണ്.

ലൈബ്രറി സംവിധാനം എല്ലാ സ്കൂളുകളിലും ഫലപ്രദമായ രീതിയിൽ ആരംഭിച്ചിട്ടില്ല. കുട്ടികൾക്ക് ഏതു സമയവും തങ്ങളുടെ സംശയ നിവാരണം നടത്തുന്നതിനു വേണ്ടി സ്കൂൾലൈബ്രറിയ്ക്ക് പുറമേ ക്ലാസ്സ്റൂം ലൈബ്രറി, പൊതുജനങ്ങളുടേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും സഹായത്തോടെ, നടപ്പിലാക്കേണ്ടതാണ്. ഡിജിറ്റൽ ലൈബ്രറി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി ശ്രമിക്കേണ്ടതാണ്.

അടുക്കള, ഡൈനിംഗ്ഹാൾ എന്നിവ എല്ലാ സ്കൂളുകളിലും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അതിനാൽ എല്ലാ സ്കൂളുകളിലും അടുക്കള നവീകരിക്കുകയും കുട്ടികൾക്ക് സ്വതന്ത്രമായി ഇരുന്ന് ഭക്ഷണം കഴിക്കുവാനുള്ള സാഹചര്യം ഒരുക്കി കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

സ്ഥല സൗകര്യങ്ങൾ ഉള്ള പരമാവധി സ്കൂളുകളിൽ നീന്തൽകുളങ്ങൾ സ്ഥാപിക്കുന്നതിലൂടെ സമീപത്തെ മറ്റു സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്കും കായിക അധ്യാപകരുടെ സഹായത്തോടെ നീന്തൽ പരിശീലനത്തിലുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ സാധിക്കും.

ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യത പൂർണ്ണമല്ല. ആയതിനാൽ സൗരോർജ്ജ സാധ്യത ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കേണ്ടതുണ്ട്. ഐ. ടി. മേഖല കൂടുതൽ ഊന്നൽ നൽകുന്ന പഠന രീതി അവലംബിക്കുന്നതിനാൽ എല്ലാ സ്കൂളുകളിലും ഇന്റർനെറ്റ് സേവനം, പ്രവർത്തി സമയത്ത്, അപാകതകൾ ഒന്നും ഇല്ലാതെ ലഭ്യമാക്കണം.

ടോയ് ലറ്റ് സൗകര്യം എല്ലാ സ്കൂളുകളിലും ലഭ്യമാണ് എന്ന് അവകാശപ്പെടുന്നു. എങ്കിലും പല സ്കൂളുകളിലും ഭൂരിഭാഗം ടോയ് ലറ്റുകളും ഉപയോഗശൂന്യമാണ്. അവയുടെ അറ്റകുറ്റപണികൾ തീർത്ത് കുട്ടികൾക്ക് ഉപയോഗയോഗ്യ മാക്കേണ്ടതുണ്ട്. നാപ്കിൻ വൈൻഡിംഗ് മെഷീൻ എല്ലാ സ്കൂളുകളിലും സ്ഥാപിക്കേണ്ടതാണ്.

ശുചിത്വത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു കൊണ്ട് ശുചിത്വ കേരളം സുന്ദര കേരളം എന്ന ലക്ഷ്യത്തിൽ നാം എത്തിച്ചേരേണ്ടതാണ്. അതിനു വേണ്ടി, എല്ലാ സ്കൂളുകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകേണ്ടതാണ്.

ഇതിനൊക്കെ പുറമേ മറ്റു ചില പരിമിതികളും ഇനിയും നിലനിൽക്കുന്നു. ചില സ്കൂളുകളിലെങ്കിലും ഇപ്പോഴും ഷീറ്റിട്ട കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഉദാ: പെരിനാട്എച്ച്. എസ്., കുവനാട്, എച്ച്. എസ്, പെരിങ്ങാലം എച്ച്എസ്. ഈ സ്കൂളുകളിലെ ഷീറ്റിട്ട കെട്ടിടങ്ങൾ കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. അതിനാൽ ഈ കെട്ടിടങ്ങൾ മാറ്റി പകരം ആധുനിക രീതിയിൽ സജ്ജീകരിക്കേണ്ടതാണ്.

അക്കാദമിക രംഗം

അക്കാദമിക രംഗത്തെ പുരോഗതി വികസന രേഖയുടെഅടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുക പ്രയാസമാണ്. ജില്ലയുടെ അക്കാദമിക രംഗത്തെ പുരോഗതി വർദ്ധിച്ചുവരുന്നു എങ്കിലും പ്രശ്നങ്ങൾ ഇല്ല എന്ന് പറയാനാവില്ല. പ്രധാനപ്രശ്നങ്ങളും അത് പരിഹരിക്കുന്നതിലേയ്ക്ക് നിർദ്ദേശങ്ങളും അതിനനുസരിച്ചുള്ള പദ്ധതിയുണ്ടാകുകയും നടപ്പാക്കി വിജയിപ്പിക്കലുമാണ് അഭികാമ്യം

പ്രശ്നങ്ങൾ

ഓരോ വർഷവും ഓരോ ക്ലാസ്സ് കടന്നു പോകുന്നവർ ആ ക്ലാസിൽ നേടേണ്ട എല്ലാ ശേഷികളും നേടിയല്ല പോകുന്നത് എന്നത് ഗുരുതരമായ പ്രശ്നമാണ്.

പരിഹാരം

നിരന്തരപരിശീലനവും ശക്തമായ മോണിറ്ററിംഗും പരിഹാരബോധനപ്രവർത്തനങ്ങൾ അധ്യാപകർക്ക് സ്വയം ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ആത്മവിശ്വാസവും അനിവാര്യമാണ്. ഇതിനുതകുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ പദ്ധതികളുടെ ഭാഗമായി വരുകയും ജനപ്രതിനിധികളുമായി ചേർന്ന് വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിംഗ് ചെയത് അതിന്റെ റിപ്പോർട്ട് ജില്ലതലത്തിൽ അവതരിപ്പിച്ച് തുടർ പരിപാടികൾ ആസൂത്രണം ചെയ്താൽ ഒരു പരിധിവരെ ഗുണനിലവാരം ഉറപ്പാക്കാം.

1. അധ്യാപകരുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം. പുതിയ നിയമനത്തിൽ സാങ്കേതികമായ പ്രശ്നങ്ങൾ വരുന്നത് കുട്ടികളുടെ പഠന സമയം നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഇത് ഗുണനിലവാര തകർച്ചയിലേക്ക് നയിക്കുന്നു.
   പരിഹാരം - എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സ്വന്തം പ്രദേശത്തെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഒരു റിസോഴ്സ് ലിസ്റ്റ് തയ്യാറാക്കി ആവശ്യാനുസരണം വിതരണം ചെയ്യുകയും അതിന്റെ ഫണ്ട് പ്രോജക്ടിന്റെ ഭാഗമായി വരുകയും വന്നാൽ ആളില്ലാതെ കുട്ടികളുടെ പഠനസമയം നഷ്ടപ്പെടുന്നു എന്ന പ്രശ്നം ഒഴിവാക്കാനാകും.

2. യഥാർത്ഥ പഠനം ആരംഭിക്കുന്നത് ഒന്നാം ക്ലാസിലാണ്. എന്നാൽ പഠനത്തിലേയ്ക്ക് താൽപര്യവും അവരുടെ പ്രകൃതത്തിനുതകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതിനുമായാണ് നാം പ്രീ സ്കൂൾ പഠനം ആരംഭിച്ചിട്ടുള്ളത്. എന്നാൽ അവിടെ പ്രകൃതത്തിന് യോജിച്ച പ്രവർത്തനങ്ങൾ അല്ല നടപ്പാകുന്നത് എന്ന് കാണാം. ഇപ്പോൾ പൊതുവിദ്യാഭ്യാസവകുപ്പ് പ്രീ-പ്രൈമറി പാഠ്യപദ്ധതിയും പഠനസഹായിയും വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശീലനം നടത്തുവാൻ ഡയറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം അപര്യാപ്തമാണ്.

   പരിഹാരം - പൊതുവിദ്യാലയങ്ങളിൽ നടക്കുന്നതുപോലെ നിശ്ചിത ഇടവേളകളിൽ ക്ലസ്റ്റർ പരിശീലനങ്ങൾ ഇവർക്കും ആവശ്യമാണ്. അതിനുള്ള പ്രോജക്ടുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കിയാൽ പഠനത്തിലേക്ക് താൽപര്യമുള്ള കുട്ടികൾ പൊതു വിദ്യാലയത്തിലേക്ക് എത്തിച്ചേരും. ഇത് ഗുണനിലവാരം ഉയർത്തുവാൻ സഹായിക്കും.

3. ഗുണനിലവാരം ഉയർത്തുന്നതിൽ അദ്ധ്യാപകരോടൊപ്പം പ്രാധാന്യം അർഹിക്കുന്ന വിഭാഗമാണ് സ്കൂൾ സഹായഗ്രൂപ്പുകൾ. പി. ടി. എ., എസ്. എം. സി., എം. പി. ടി. എ,. എസ്. എം. ഡി. സി. തുടങ്ങി വിദ്യാലയത്തോട് ചേർന്ന് നിൽക്കുന്ന ഇവരുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് പ്രശ്നവും നിലനിൽക്കുന്നു.

   പരിഹാരം - നിരന്തരമായി ബോധവത്ക്കരണം നടത്തിയാൽ ഗുണ നിലവാരംഉയർത്തുന്നതിൽ ഇവരുടെ ഇടപെടൽ കൂടും. ഈ ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം അതിനുള്ള പ്രോജ്കടുകൾ വരണം.

4. ജില്ലയിൽ നിന്ന് കലാകായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈ മേഖലയിൽ കഴിവുള്ളവർ ഇല്ലാത്തതല്ല പ്രശ്നം.

   പരിഹാരം - ആവശ്യമായ സൗകര്യങ്ങളും പരിശീലനങ്ങളും നല്കാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമാകും. സാധ്യതയുള്ള സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും മറ്റ് സ്കൂളിൽ നിന്നുള്ള കുട്ടികൾക്ക്കൂടി ഈ സൗകര്യങ്ങൾ ഉപയോഗിക്കാനും കഴിഞ്ഞാൽ മികച്ച നിലവാരമുള്ള കുട്ടികളെ ഈ മേഖലയിൽ നിന്നും നമുക്കു കണ്ടെത്താം. ജില്ലാപഞ്ചായത്ത് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാകും ഉചിതം.

5. പഠനം കഴിഞ്ഞു പുറത്തിറങ്ങുന്നവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കാത്ത സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്.

   പരിഹാരം - സ്കൂൾ കാലഘട്ടത്തിൽ തന്നെ ഏതെങ്കിലും ഒരു തൊഴിൽകൂടി പഠിക്കുവാനുള്ള സംരംഭം ഒരുക്കുവാൻ കഴിഞ്ഞാൽ പ്രശ്നം പരിഹാരമാകും. പൊതുവിദ്യാഭ്യാസവകുപ്പ് തന്നെ ഇത് ആലോചിക്കുന്നുണ്ട്.

ജില്ലയിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് ജില്ലാ വിദ്യാഭ്യാസ വികസന പദ്ധതിയുടെ കാഴ്ചപ്പാടിൽ പ്രധാനം തീരദേശത്തെ മൽസ്യ തൊഴിലാളികൾ മുതൽ മലയോരത്തെ ആദിവാസികൾ വരെയുള്ളവരുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ വികസനം മുന്നിൽ കണ്ട് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിലെ സ്കൂളുകൾ പിന്നോക്കം പോകുന്ന അവസ്ഥ ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഠൗണിലെ സ്കൂളുകളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും അവസരങ്ങളും എല്ലാ സ്കൂളുകളിലും ലഭ്യമാക്കേണ്ടതുണ്ട്. ഭാഷാപരമായ പിന്നാക്കാവസ്ഥ എല്ലാ സ്കൂളുകളിലും നിലനിൽക്കുന്നു. മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ക്കൊണ്ട് ഇംഗ്ലീഷ് സംസാരിക്കുവാനുള്ള ശേഷിയും കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. അതിനായി അദ്ധ്യാപകരെ ശാക്തീകരിക്കേണ്ടതുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗവും അതിനായി ഉപയോഗപ്പെടുത്തണം. ഭാഷാ ലാബുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ എല്ലാ വിധ ശേഷികളുടേയും വികസനത്തിനുതകുന്ന അവസരങ്ങൾ നൽകുവാൻ വിദ്യാലയത്തിന് കഴിയണം. അതിനുള്ള സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉറപ്പ് വരുത്തണം. സ്കൂളുകളിൽ

ടാലന്റ് സ്ലാബ് ഉറപ്പാക്കണം. കലാ കായിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ ജില്ലയിലെ എല്ലാ സ്കൂളുകളിലോ സ്കൂൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകളിലോ ഉറപ്പാക്കണം. സ്കൂളുകളിലെ ടാലന്റ് സ്ലാബുകളിൽ നിന്നും കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് ജില്ലാ ടാലന്റ് ഗ്രൂപ്പുകൾ ഉണ്ടാക്കണം. സംസ്ഥാന ദേശീയ തലങ്ങളിൽ വ്യക്തി മുദ്രപതിപ്പിക്കുവാൻ ജില്ലയ്ക്ക് കഴിയണം. അതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കണം.

അക്കാദമിക പിന്തുണ ലഭ്യമാക്കുന്നതിനും പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ മുഖ്യധാരയിൽ എത്തിയ്ക്കുന്നതിന് വേണ്ട സഹായം ലഭ്യമാക്കുന്നതിനും പൊതുജനങ്ങളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും റിസോഴ്സ് ഗ്രൂപ്പുകൾ ഉണ്ടാകേണ്ടതാണ്. ടാലന്റ് ഗ്രൂപ്പുകളുടേയും റിസോഴ്സ് ഗ്രൂപ്പുകളുടേയും പ്രവർത്തനത്തിനും ശാക്തീകരണത്തിനും സന്നദ്ധ സംഘടനകളുടെ സേവനങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

ജനപ്രതിനിധികളുടെ ആസ്തി വികസനഫണ്ട്, ഗവണ്മെന്റ് സ്കൂളുകൾക്ക് നൽകുന്നതു പോലെ തന്നെ, നിർമ്മാണ പ്രവർത്തനങ്ങൾക്കായി എയ്ഡഡ് സ്കൂളുകൾക്ക് കൊടുക്കുവാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ടു തന്നെ ഭൗതിക നിലവാര വികസനം വഴിയുണ്ടാകേണ്ട അക്കാദമിക രംഗത്തെ വികസനം ഗവ. സ്കൂളുകൾക്ക് അനുസരണമായി എയ്ഡഡ് സ്കൂളുകൾക്ക് ലഭിക്കുന്നില്ല. ശരിയായ കളി സൗകര്യങ്ങൾ ഇല്ലാത്തതിനാൽ എയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തുന്ന കുട്ടികൾക്ക് കായിക രംഗം പോലെയുള്ള മേഖലകളിൽ മറ്റുള്ള സ്ഥാപനങ്ങളിലെ കുട്ടികളെ പോലെ ശോഭിക്കുവാൻ കഴിയുന്നില്ല. ഇത് വിദ്യാഭ്യാസ രംഗത്തെ പോരായ്മയായി കാണപ്പെടുന്നു.

ക്ലാസ് മുറികൾ, ഓഫീസ് മുറി, വിശ്രമമുറി, സ്റ്റാഫ്റൂം, കമ്പ്യൂട്ടർറൂം മൾട്ടിമീഡിയ റൂം, ലൈബ്രറി, ലബോറട്ടറി, ചുറ്റുമതിൽ ഗേറ്റ്, കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്, അടുക്കള, ഡൈനിംഗ് ഹാൾ, അസംബ്ലി ഹാൾ, കുടിവെള്ളസൗകര്യം, വൈദ്യുതി ലഭ്യത, ടോയ്‌ലറ്റ്, മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ, നീന്തൽകുളം, ജിംനേഷ്യം, സ്റ്റോർറൂം തുടങ്ങിയ സൗകര്യങ്ങൾ ജില്ലയിലെ സ്കൂളുകളിൽ പൂർണ്ണമായ രീതിയിൽ സജ്ജമായിട്ടില്ല. അതിനാൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരും വർഷങ്ങളിലെ പദ്ധതികളിൽ ഇവയുടെ നവീകരണത്തിന് വേണ്ടിയുള്ള ക്രമീകരണങ്ങൾ കൂടി ചെയ്യേണ്ടതാണ്. ഇവ സ്കൂളുകൾക്ക് മുൻഗണനാക്രമത്തിൽ നൽകുന്നതിനുള്ള പദ്ധതികൾ തുടർച്ചയായ പദ്ധതി രൂപീകരണ പ്രക്രിയ വഴി ഉണ്ടാവുന്നത് അക്കാദമിക നിലവാരം ഉയർത്തുന്നതിന് സഹായകരമാകും.

അക്കാദമിക രംഗത്തെ പുരോഗതി വികസന രേഖയുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുക പ്രയാസമാണ്. ജില്ലയുടെ അക്കാദമിക രംഗത്തെ പുരോഗതി വർദ്ധിച്ചു വരുന്നു എങ്കിലും പ്രശ്നങ്ങൾ ഇല്ല എന്ന് പറയാനാവില്ല. പ്രധാന പ്രശ്നങ്ങളും അത് പരിഹരിക്കുന്നതിലേയ്ക്ക് നിർദ്ദേശങ്ങളും അതിനനുസരിച്ചുള്ള പദ്ധതിയുണ്ടാകുകയും നടപ്പാക്കി വിജയിപ്പിക്കലുമാണ് അഭികാമ്യം

ഓരോ വർഷവും ഓരോ ക്ലാസ്സ് കടന്നു പോകുന്നവർ ആ ക്ലാസിൽ നേടേണ്ട എല്ലാ ശേഷികളും നേടിയല്ല പോകുന്നത് എന്നത് ഗുരുതരമായ പ്രശ്നമാണ്. നിരന്തര പരിശീലനവും ശക്തമായ മോണിറ്ററിംഗും പരിഹാര ബോധന പ്രവർത്തനങ്ങൾ അധ്യാപകർക്ക് സ്വയം ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ആത്മവിശ്വാസവും അനിവാര്യമാണ്. ഇതിനുതകുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ പദ്ധതികളുടെ ഭാഗമായി വരുകയും ജനപ്രതിനിധികളുമായി ചേർന്ന് വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിംഗ് ചെയത് അതിന്റെ റിപ്പോർട്ട് ജില്ലാതലത്തിൽ അവതരിപ്പിച്ച് തുടർ പരിപാടികൾ ആസൂത്രണം ചെയ്താൽ ഒരു പരിധി വരെ ഗുണനിലവാരം ഉറപ്പാക്കാം.

അധ്യാപകരുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം. പുതിയ നിയമനത്തിൽ സാങ്കേതികമായ പ്രശ്നങ്ങൾ വരുന്നത് കുട്ടികളുടെ പഠനസമയം നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഇത് ഗുണനിലവാര തകർച്ചയിലേക്ക് നയിക്കുന്നു. ഇത് മറികടക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം പ്രദേശത്തെ വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ ഒരു ബാങ്ക്

തയ്യാറാക്കി ആവശ്യാനുസരണം വിതരണം ചെയ്യുകയും അതിന്റെ ഫണ്ട് പ്രോജക്ടിന്റെ ഭാഗമായി വരുകയും വന്നാൽ ആളില്ലാതെ കുട്ടികളുടെ പഠനസമയം നഷ്ടപ്പെടുന്നു എന്ന പ്രശ്നം ഒഴിവാക്കാനാകും.

യഥാർത്ഥ പഠനം ആരംഭിക്കുന്നത് ഒന്നാം ക്ലാസിലാണ്. എന്നാൽ പഠനത്തിലേയ്ക്ക് താൽപര്യവും അവരുടെ പ്രകൃതത്തിനുതകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതിനുമായാണ്നാം പ്രീ സ്കൂൾ പഠനം ആരംഭിച്ചിട്ടുള്ളത്. എന്നാൽ അവിടെ പ്രകൃതത്തിന്യോജിച്ച പ്രവർത്തനങ്ങൾ അല്ല നടപ്പാകുന്നത് എന്ന് കാണാം. ഇപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പ് പ്രീ-പ്രൈമറി പാഠ്യപദ്ധതിയും പഠന സഹായിയും വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശീലനം നടത്തുവാൻ ഡയറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം അപര്യാപ്തമാണ്. പൊതുവിദ്യാലയങ്ങളിൽ നടക്കുന്നതു പോലെ നിശ്ചിത ഇടവേളകളിൽ ക്ലസ്റ്റർ പരിശീലനങ്ങൾ ഇവർക്കും ആവശ്യമാണ്. അതിനുള്ള പ്രോജക്ടുറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കിയാൽ പഠനത്തിലേക്ക് താൽപര്യമുള്ള കുട്ടികൾ പൊതുവിദ്യാലയത്തിലേക്ക് എത്തിച്ചേരും. ഇത് ഗുണനിലവാരം ഉയർത്തുവാൻ സഹായിക്കും.

ഗുണനിലവാരം ഉയർത്തുന്നതിൽ അദ്ധ്യാപകരോടൊപ്പം പ്രാധാന്യം അർഹിക്കുന്ന വിഭാഗമാണ് സ്കൂൾ സഹായഗ്രൂപ്പുകൾ. പി. ടി. എ., എസ്. എം. സി., എം. പി. ടി.എ,. എസ്. എം. ഡി. സി. തുടങ്ങി വിദ്യാലയത്തോട് ചേർന്ന് നിൽക്കുന്ന ഇവരുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന പ്രശ്നവും നിലനിൽക്കുന്നു. ഈ പ്രതിനിധികൾക്ക് നിരന്തരമായി ബോധവത്ക്കരണം നടത്തിയാൽ ഗുണനിലവാരം ഉയർത്തുന്നതിൽ ഇവരുടെ ഇടപെടൽ കൂടും. ഈ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം അതിനുള്ളപ്രോ പ്രോജ്കടുകൾ വരണം.

ജില്ലയിൽ നിന്ന് കലാ കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈ മേഖലയിൽ കഴിവുള്ളവർ ഇല്ലാത്തതല്ല പ്രശ്നം. ആവശ്യമായ സൗകര്യങ്ങളും പരിശീലനങ്ങളും നല്കാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമാകും. സാധ്യതയുള്ള സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും മറ്റ് സ്കൂളിൽ നിന്നുള്ള കുട്ടികൾക്ക് കൂടി ഈ സൗകര്യങ്ങൾ ഉപയോഗിക്കാനും കഴിഞ്ഞാൽ മികച്ച നിലവാരമുള്ള കുട്ടികളെ ഈ മേഖലയിൽ നിന്നും നമുക്കു കണ്ടെത്താം. ജില്ലാ പഞ്ചായത്ത് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാകും ഉചിതം.

പഠനം കഴിഞ്ഞു പുറത്തിറങ്ങുന്നവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കാത്ത സാഹചര്യം ഇന്ന് നില നിൽക്കുന്നുണ്ട്. ഇത് പരിഹാരിക്കുവാൻ സ്കൂൾ കാലഘട്ടത്തിൽ തന്നെ ഏതെങ്കിലും ഒരു തൊഴിൽ കൂടി പഠിക്കുവാനുള്ള സംരംഭം ഒരുക്കുവാൻ കഴിഞ്ഞാൽ പ്രശ്നം പരിഹാരമാകും. പൊതു വിദ്യാഭ്യാസ വകുപ്പ് തന്നെ ഇത് ആലോചിക്കുന്നുണ്ട്.

അദ്ധ്യപകരെ മറ്റ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനാലും മറ്റ് പല കാരണങ്ങളാലും കുട്ടികളുടെ അധ്യയന ദിവസങ്ങൾ നഷ്ടമാകുന്നത് പഠനത്തേയും ഗുണനിലവാരത്തേയും ബാധിക്കുന്നുണ്ട്. ഇത് ഒഴിവാക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്.

എസ്. എസ്. എ., ആർ. എം. എസ്. എ എന്നീ വിദ്യാഭ്യാസ പ്രോജക്ടുകൾ ഇപ്പോൾ നടന്നു വരുന്നു. ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പ്രോജക്ടുകൾ വിവിധ സംവിധാനങ്ങളുടെ കീഴിലാണ്. അതു കൊണ്ട് തന്നെ പല പ്രവർത്തനങ്ങളും പരസ്പരം അറിയാറില്ല. ഇത് ആവർത്തനങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു. ഇതൊഴിവാക്കുവാൻ എസ്. എസ്. എ., ആർ. എം. എസ്. എ. യുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ച് നടപ്പാക്കേണ്ടതാണ്. എങ്കിൽ മാത്രമേ മെച്ചപ്പെട്ട അക്കാദമിക നിലവാരം സാധ്യമാകുകയുള്ളൂ.

വിവര വിസ്ഫോടനം നടക്കുന്ന ഈ കാലഘട്ടത്തിൽ അതനുസരിച്ചുള്ള മാറ്റം ക്ലാസ്റൂമിൽ പ്രതിഫലിപ്പിക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിന് തുടക്കമാകുന്നു.

എന്നാലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ഇവ കടന്നു വരുകയും വിവിധ പ്രാദേശിക വികസന ഫണ്ടുകൾ യോജിപ്പിക്കുകയും ചെയ്താൽ ഈ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കഴിയും.

ഒരു കോമ്പൗണ്ടിൽ - 2 മുതൽ + 2 വരെ പ്രവർത്തിക്കുന്നത് അക്കാദമിക നിലവാരം കുറയുന്നതിന് കാരണമാകുന്നു. ഇത് മാറ്റുന്നത് മെച്ചമാവും. എൽ. പി. /യു. പി. വരെ ഒരു സെഷനും എച്ച്. എസ്. /എച്ച്. എസ്. എസ്. മറ്റൊന്നുമാകുന്നത് ഈ പരിമിതി മറികടക്കാൻ സഹായകമാകും.

നിലവാരമില്ലാതെ കുട്ടികൾ അടുത്ത ക്ലാസിലേക്ക് കടക്കുന്നത് പരിശോധിക്കുവാൻ കൃത്യമായ സംവിധാനങ്ങൾ ഇല്ല. ഇത് കൃത്യമായും പരിശോധിക്കുന്നത് എസ്. എസ്. എൽ. സി പോലുള്ള പൊതു പരീക്ഷ വരുമ്പോഴാണ്. അപ്പോഴേക്കും പരിഹാര ബോധനത്തിന്റെ സമയം കഴിഞ്ഞിരിക്കും. ഡയറ്റ്, ഡി. ഇ. ഒ., എ.ഇ.ഒ, ബി. ആർ. സി. എന്നീ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ ഈ പ്രശ്നം മറികടക്കാനാകും.

മേൽ പറഞ്ഞ വസ്തുതകളിൽ അടിയന്തിര ശ്രദ്ധയും അതനുസരിച്ച് പ്രവർത്തന പദ്ധതിയും ഉണ്ടായാൽ അക്കാദമികമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

അക്കാദമിക ഉന്നതി ലക്ഷ്യമാക്കി എസ്. എസ്. എ, ആർ. എം. എസ്. എ തുടങ്ങിയ കേന്ദ്രാവിഷ്കൃത പ്രോജക്ടുകൾ വിവിധ പദ്ധതികൾ ജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. എസ്. എസ്. എ. യുടെ ആഭിമുഖത്തിൽ നടപ്പിലാക്കിവരുന്ന മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, മീറ്റി ഹിന്ദി തുടങ്ങിയവ കുട്ടികളുടെ പഠനത്തിലുള്ള താൽപര്യം വർദ്ധിക്കുവാൻ ഉതകുന്നതാണ്. എസ്. എസ്. എ. നടപ്പിലാക്കിവരുന്ന ഗണിത വിജയം കുട്ടികളിൽ കണക്കിന് അഭിരുചി വർദ്ധിപ്പിക്കാൻ ഉതകുന്നതായി കാണുന്നു.

ഒൻപതാം ക്ലാസ്സിലെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ വേണ്ടി ആർ. എം. എസ്. എ. നടപ്പിലാക്കി വരുന്ന നവപ്രഭ എല്ലാ ഗവ. എയ്ഡഡ് സ്കൂളുകളിലും ഫലപ്രദമായി നടന്നു വരുന്നു. എയിഡഡ് സ്കൂളുകളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. പ്രൈമറി തലത്തിൽ നടപ്പിലാക്കിയ മലയാളത്തിളക്കം പദ്ധതി ഹൈസ്കൂൾ തലത്തിൽ കൂടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂൾ ശാക്തീകരണത്തിനു വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ. എം. എസ്. എ. ഹൈസ്കൂളുകൾക്ക് ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണത്തിന് 49 ലക്ഷം രൂപയും കൂടി വെള്ള പദ്ധതിയ്ക്ക് 9.5 ലക്ഷം രൂപയും സ്കൂൾ ശാക്തീകരണത്തിനായി (സയൻസ് ലാബ്, കമ്പ്യൂട്ടർലാബ്, ലൈബ്രറി, അധിക ക്ലാസ്റൂം) 23 സ്കൂളുകൾക്ക് 470.43 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

പട്ടിക 4.10.20

ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം.

(രൂപ ലക്ഷത്തിൽ)

നം.	തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ	സ്കൂളുകളുടെഎണ്ണം	അനുവദിച്ചതുക
1	ജില്ലാ പഞ്ചായത്ത്	49	49
2	കോർപ്പറേഷൻ കൊല്ലം	8	8
3.	മുൻസിപാലിറ്റി കൊട്ടാരക്കര	2	2
4.	മുൻസിപാലിറ്റി പുനലൂർ	1	1
5.	മുൻസിപാലിറ്റി പുനലൂർ	1	1
6	മുൻസിപാലിറ്റി കരുനാഗപ്പള്ളി	1	1
	ആകെ	**62**	**62**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.21
കുടിവെള്ള പദ്ധതി

(രൂപ ലക്ഷത്തിൽ)

നമ്പർ	തദ്ദേശസ്വയംഭരണസ്ഥാപനം	സ്കൂളുകളുടെഎണ്ണം	അനുവദിച്ച തുക
1	ജില്ലാ പഞ്ചായത്ത്	15	7.5
2	കോർപ്പറേഷൻ കൊല്ലം	3	1.5
3	മുൻസിപാലിറ്റി പരവൂർ	1	0.5
	ആകെ	**19**	**9.5**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.22
സ്കൂൾ ശാക്തീകരണം

(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	സ്കൂളുകളുടെ എണ്ണം	അനുവദിച്ചതുക	നൽകിയ തുക
1	ജില്ലാ പഞ്ചായത്ത്	20	420.6	210.31
2	കോർപറേഷൻ കൊല്ലം	3	49.83	24.915
	ആകെ	**23**	**470.40**	**235.225**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.23
ജില്ലാപഞ്ചായത്ത് പദ്ധതികൾ

ക്രമനമ്പർ	പദ്ധതി	സ്കൂളുകളുടെ എണ്ണം	അനുവദിച്ചതുക (രൂപ ലക്ഷത്തിൽ)
1	എയിറോബിക്കമ്പോസ്റ്റ്(ഹൈസ്കൂൾ)	69	60
2	ഓട്ടിസം ബാധിച്ച കുട്ടികളുടെ പുനരധിവാസം	8	12
3	ഫർണീച്ചർ (ഗവ :ഹൈസ്കൂൾ)	69	25
4.	സ്പോർട്സ്കിറ്റ് (ഗവ :ഹൈസ്കൂൾ)	69	10
5.	വാട്ടർപ്യൂരിഫയർ (ഗവ :ഹൈസ്കൂൾ)	69	7
6	ലാബ്കെമിക്കൽ (ഗവ :ഹൈസ്കൂൾ)	69	6
7	ഫർണിച്ചർ (ഗവ:ഹൈസ്കൂൾ അനുബന്ധപ്രൈമറി)	34	10
8.	നീന്തൽ പരിശീലനം	69	5
9	സ്കൂളുകളുടെ അനുബന്ധ ചിലവുകൾ	69	50
10	പാചക തൊഴിലാളികളുടെ ഏകീകൃത യൂണിഫോം	69	3
11	അടിസ്ഥാന സൗകര്യ വികസനം പെരിങ്ങാലം ഗവ:ഹയർസെക്കന്ററി സ്കൂൾ വെള്ളമണൽ ഗവ:ഹയർസെക്കന്ററി സ്കൂൾ	1 1	2.21 12
12	ഡിജിറ്റൽ ക്ലാസ്റൂം	2	12
	ആകെ		**214.21**

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു.

വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സമഗ്ര കേരള വികസനത്തിനായി അഞ്ചു വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വൻതോതിലുള്ള ജന പിന്തുണ ലഭിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 2017-18 അധ്യന വർഷത്തിൽ പൊതു വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഗണ്യമായ വർദ്ധനവുണ്ടായി. ഈ വർദ്ധനവ് ജില്ലയിലും പ്രകടമാണ്.

ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

1. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലും പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് 1000സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
2. ഹൈസ്കൂൾ - ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കി കാലോചിതമായ ബോധനവിദ്യകൾ (Pedagogy) ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക്.
3. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷാകർത്തൃ സംഘടനകൾ, പൂർവ വിദ്യാർഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള പഠന-ബോധന സൗകര്യങ്ങളുടെ കാലോചിതമായ വികസനം ഉറപ്പാക്കി പൊതുവി ദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക.
4. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർഥികളുടെ ആശയവിനിമയശേഷിയും ജീവിത നൈപുണികളും (Life skills) വികസിപ്പിക്കുക.

പ്രവർത്തന സമീപനം

1. പ്രീ-സ്കൂൾ മുതൽ പ്ലസ്ടുതലം വരെയുള്ള വിദ്യാർഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പഠന ബോധന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഹൈടെക് ക്ലാസ് മുറികൾ, ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതുവിദ്യാലയത്തിലും ഉറപ്പാക്കുക.
2. ഓരോ ക്ലാസിലെയും വിദ്യാർഥികൾ ആർജിക്കേണ്ട അറിവും നൈപുണിയും കൃത്യമായി നിർവചിക്കുകയും നിശ്ചിത ഇടവേളകളിൽ പഠനനിലവാരം നിർണയിക്കുകയും വേണം. ഓരോ ഘട്ടത്തിലും ഈ ശേഷികൾ നേടിയോ എന്നു വിലയിരുത്തി, കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ പഠന-ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
3. ഒരു അധ്യയനവർഷം ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തിദിനങ്ങൾ പൂർണ്ണമായി വിനിയോഗിച്ച്, ഓരോ വിദ്യാർഥിയെയും കഴിവിന്റെ പരമാവധിയിലെത്തിക്കുന്നതിനുതകുന്ന തരത്തിൽ വിദ്യാർഥി കേന്ദ്രീകൃതമായ ഇടപെടലാണ് അക്കാദമിരംഗത്ത് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസവകുപ്പിനു കീഴിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ ഇക്കാര്യം ഉറപ്പാക്കും.
4. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ ഒന്നാം തരം മുതൽ പ്ലസ്ടു വരെ മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് ഉദ്ദേശിക്കുന്നത് ജനപങ്കാളിത്തത്തോടെ എയ്ഡഡ് വിദ്യാലയങ്ങൾ നവീകരിക്കണം. ഇതിനായി വിദ്യാഭ്യാസവകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയാറാക്കും. ഒരു വിദ്യാലയത്തിലും മാസ്റ്റർ പ്ലാനിലുള്ള സൗകര്യങ്ങളിൽ കുറവു വരാൻ പാടില്ല. നവീകരണത്തിന് സ്കൂൾ തലത്തിൽ ചെലവിടുന്നതിനു തുല്യമായി പരമാവധി ഒരു കോടി രൂപ പരിധി വച്ച് സർക്കാർ നൽകും. മുഴുവൻവിദ്യാലയങ്ങളിലും സർക്കാർ നിർദേശിക്കുംവിധം അക്കാദമികസൗകര്യങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന പൈലറ്റ് പ്രോജക്ട്കൾ. (അദ്ധ്യായം – 5 കാണുക)

വികസന കാഴ്ചപ്പാട്

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ പ്രദാനം ചെയ്ത് അവരവരുടെ കഴിവുകൾ കണ്ടെത്തി അവയെ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറി കടക്കുന്നതിനുമാണ് കേരള വിദ്യാഭ്യാസ വകുപ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കുന്നത്. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കുവാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിച്ച്, മതനിരപേക്ഷത, ജനാധിപത്യം, സഹവർത്തിത്വം, സഹകരണം അനുതാപം തുടങ്ങിയ ഉയർന്ന ചിന്തകൾ സ്വായത്തമാക്കി ജനാധിപത്യ സമൂഹത്തിൽ ഉത്തമ പൗരന്മാരായി മുന്നോട്ടു പോകുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ചുമതലകളും അതിന്റെ നിർവഹണവും ഏകോപിപ്പിച്ചു പുതിയ കാഴ്ചപ്പാട് രൂപീകരിക്കേണ്ടതായിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ സഹകരണവും സംയോജനവും ഉറപ്പ് വരുത്തിയാൽ മാത്രമേ തങ്ങളുടെ റോളുകൾ കൃത്യമാക്കാൻ കഴിയുകയുള്ളൂ. പ്രീ പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അക്കാദമിക നിലവാരം ഉയർത്തേണ്ടതുണ്ട്.

1) 1 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി പൊതു വിദ്യാലയങ്ങൾ എല്ലാ കുട്ടികളും തുല്യർ എന്ന കാഴ്ചപ്പാടിൽ നിന്നു കൊണ്ട് പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെ മികവിന്റെ കേന്ദ്രമായി മാറണം. ഇതിനുതകുന്ന തരത്തിലുള്ള പ്രോജക്ടുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകേണ്ടത്.

2) എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിന് മതിപ്പ് ഉള്ളവാക്കുന്നതിനും വേണ്ടി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫണ്ടുകൾ ഏകോപിപ്പിക്കണം (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം. പി. ഫണ്ട്, എം.എൽ.എ ഫണ്ട്, പൂർവ്വ വിദ്യാർത്ഥികൾ രക്ഷകർത്താക്കൾ സ്ഥാപനങ്ങൾ മറ്റ് ഏജൻസികളും പൊതു സമൂഹവും.)

3) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനു സ്വയം പ്രാപ്തിനേടി എല്ലാ കുട്ടികളെയും ഐ. ടി. നൈപുണി ഉള്ളവാരാക്കി മാറ്റി അവരുടെ സ്വയം പഠന ശേഷി വികസിപ്പിച്ച് ഐ. ടി. അധിഷ്ഠിത വിഷയ പഠന രീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കും വിധം വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. ഇതിനായി ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി എല്ലാ ക്ലാസ്സുറികളും ഹൈടെക് ആക്കി മാറ്റണം. കുട്ടികളുടെ എണ്ണം കൂടുന്ന വിദ്യാലയങ്ങൾക്കു ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതാകുന്നു.

4) ഐ. ടി. അധിഷ്ഠിത പഠന സാമഗ്രികൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും അദ്ധ്യപകരെ പ്രാപ്തരാക്കും വിധം പരിശീലനങ്ങൾ സംഘടിപ്പിക്കണം. കൂടാതെ സബ് ജില്ലകൾ തോറും ഒരു ഐ. ടി. ക്ലീനിക സെന്റർ കൂടി തുറന്നു പ്രവർത്തിപ്പിക്കണം.

5) ക്യാമ്പസ് ഒരു പാഠ പുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റണം. വിദ്യാഭ്യാസത്തെ പരിസരബന്ധിയും ജീവിതബന്ധിയുമാക്കാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തി സ്കൂൾ കാമ്പസിനെ ഒരു പാഠ പുസ്തകമാക്കി വികസിപ്പിക്കേണ്ടതുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അത്തരം സൗകര്യം വികസിപ്പിക്കണം.

6) സ്കൂൾ ലൈബ്രറികളും ലാബുകളും ആധുനികവത്ക്കരിക്കേണ്ടതാണ്. അന്വേഷണാത്മക പഠന രീതിയിൽ സ്കൂൾ വായനശാലകൾക്കും ലബോട്ടറികൾക്കും അതിനിർണ്ണായക സ്ഥാനമാണുള്ളത്. ഒന്നാം ക്ലാസു മുതൽ വായനാസംസ്കാരം പ്രോത്സാഹിപ്പിച്ചു വായനാശീലം വളർത്താനും അതിനായി സ്കൂൾ ഗ്രന്ഥാലയം ഡിജിറ്റൽ ഗ്രന്ഥശാലകളാക്കി മാറ്റുകയും. ഒരേ സമയം നിശ്ചിത ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണത്തിൽ ഏർപ്പെടാൻ തക്കവണ്ണം ലാബുകൾ

ആധുനികവൽക്കരിക്കണം. ഗ്രാമീണ ഗ്രന്ഥശാലകളെ വിദ്യാലയവുമായി ബന്ധിപ്പിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

7) അംഗൻവാടികൾ ഉൾപ്പെടെയുള്ള പ്രീസ്കൂളുകളുടെ ഭൗതിക സാഹചര്യം ശിശുസൗഹൃദപരമാക്കി മാറ്റണം. ഇവയെ ആധുനികവൽക്കരിച്ച് പൊതുവിദ്യാഭ്യാസ ധാരയുമായി കണ്ണിചേർക്കണം. ഇവിടുത്തെ അദ്ധ്യാപകരുടെ യോഗ്യത പുനർനിർണ്ണയിക്കണം. പ്രായപരിധി നിശ്ചയിച്ച് ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തണം. ഓരോ പഞ്ചായത്തിലും ഓരോ മാതൃകാ പ്രീസ്കൂളുകളെങ്കിലും സ്ഥാപിക്കണം. യോഗ്യത പുനനിർണ്ണയിക്കുമ്പോൾ വേതന വ്യവസ്ഥയും മാറേണ്ടതുണ്ട്. ആദിവാസി മേഖലയിലടക്കം എല്ലാ കുട്ടികൾക്കും പ്രീസ്കൂൾ അനുഭവം ലഭിക്കുന്നുവെന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം.

8) പട്ടികജാതി, പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠന പിന്തുണ ഉറപ്പാക്കണം. ആദ്യപാദപരീക്ഷ കഴിയുമ്പോൾ തന്നെ പിന്നോക്കക്കാരെ കണ്ടെത്താനും അടുത്ത ടേമു കഴിയുമ്പോൾ ഇത്തരകാരും മുന്നോക്കക്കാരാകുന്നുവെന്നു ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത്തരക്കാർക്കായി വിദ്യാലയത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വകയായി പ്രഭാതഭക്ഷണം ഒരുക്കണം ഇതിനായി ഫണ്ടുകൾ നീക്കിവയ്ക്കേണ്ടതുണ്ട്.

9) അക്കാദമിക പ്ലാൻ തയ്യാറാക്കലിൽ തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ കാര്യക്ഷമമാക്കണം ക്യാച്ച്മെന്റ് ഏരിയയിലെ ആവശ്യകതകൾ കൂടി പരിഗണിക്കുന്നുവെന്നു ഉറപ്പ നടത്തണം വിദ്യാലയ വികസന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. കുട്ടികളെല്ലാം തുല്യർ എന്ന് പരിഗണിച്ച് കൊണ്ട് എയ്ഡഡ് വിദ്യാലയങ്ങളിലെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ടുകളും പ്ലാനിൽ ചേർക്കേണ്ടതാണ്.

10) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുകയും. മാതൃഭാഷ പഠനത്തിനു ശക്തി പകരുന്ന പ്രവർത്തനത്തിലേർപ്പെടുന്ന ഒരു അധ്യാപക കൂട്ടായ്മ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതുണ്ട്. ഏറ്റവും കഴിവുള്ള അധ്യാപകരെ ഇതിനായി നിയോഗിക്കാവുന്നതാണ്..

11) പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ് വിദ്യാലയം വിടുന്ന ഓരോ കുട്ടിയും ഓരോ തൊഴിൽ മേഖലയിൽ നൈപുണ്യം ആർജ്ജിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. ഇതിനായി വിദ്യാലയത്തിൽ ഒരു ടാലന്റ് സ്ലാബ് സജ്ജീകരിക്കേണ്ടതുണ്ട്. സമൂഹത്തിലെ മുഴുവൻ റിസോഴ്സും വിദ്യാലയത്തിനു ലഭ്യമാക്കണം. കല, പ്രവൃത്തിപഠന, ആരോഗ്യ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.കാർഷിക സംസ്കാരത്തിലേയ്ക്ക് പുതുതലമുറ എത്തേണ്ടതുണ്ട്. ഒപ്പം കുട്ടികളെ സ്വയം സംരംഭകരാക്കുന്നതിനുള്ള ശേഷി വിദ്യാലയത്തിൽ തന്നെ നേടണം. ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾ ഇത്തരം ആശയത്തിലൂന്നിയുള്ളതാവണം. കാർഷിക സംസ്കാരം വളർത്തുന്ന വിദ്യാലയത്തിനു അവാർഡുകൾ ഏർപ്പെടുത്തണം.

12) കൗമാര പ്രായത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന അന്തസംഘർഷങ്ങളെ മറികടക്കാൻ ആവശ്യമായ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തണം. സമൂഹത്തിന്റെ ചെറു രൂപമാണ് വിദ്യാലയം എന്നിരിക്കെ ഇക്കാര്യത്തിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. മുഴുവൻ അദ്ധ്യാപകരെയും കൗൺസിലർമാരായി മാറ്റണം ഒരു പഞ്ചായത്തിൽ ഒരു കൗൺസിലിംഗ് സെന്റർ സ്ഥാപിക്കണം ഒപ്പം പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ഹെൽപ്പ് ഡസ്ക് ഉണ്ടാവണം.

13) നൂതന കാഴ്ചപ്പാടും വൈദഗ്ധ്യവുമുള്ള അദ്ധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നൽകുവാൻ കഴിയുന്ന ജില്ലാതല റിസോഴ്സ് ഗ്രൂപ്പിനു രൂപം നല്കണം. ഡയറ്റുകളെ ഇതിന്റെ ചുമതല ഏൽപ്പിക്കുന്നത് നന്നായിരിക്കും. ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനമെന്ന നിലയ്ക്ക് ഡയറ്റുകളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കണം. ഏറ്റവും നല്ല അദ്ധ്യാപകനെ ഉറപ്പാക്കാൻ ഓരോ മൂന്നുവർഷം കഴിയുംതോറും അദ്ധ്യാപകരെ

സ്ഥലം മാറ്റുന്നത് നന്നായിരിക്കും. ജില്ലാതലത്തിൽ രൂപപ്പെടുത്തുന്ന റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങൾ പാഠപുസ്തക രചന തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നുവെന്നും ഉറപ്പ് വരുത്തണം.

14) ഹെൽത്ത് വിഭാഗത്തിന്റെ സഹായത്തോടുകൂടി പഞ്ചായത്ത് തലത്തിൽ സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിനു മാർഗ്ഗരേഖ തയ്യാറാക്കണം. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തണം. ക്രമേണ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ വേർതിരിക്കുന്ന ശീലവും ജീവിത രീതിയും കുട്ടികളിൽ വളർത്തിയെടുക്കണം. സ്റ്റുഡന്റ് പോലീസ്, എൻ.സി.സി. കേഡറ്റ് എന്നിവരുടെ സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരണം. കൃഷിയിൽ കീടനാശിനിയുടെ ഉപയോഗം കുറയ്ക്കുന്നതിന്റെയും ജൈവകൃഷിയുടെ ആവശ്യകതയെയും ബോധ്യപ്പെടുത്താൻ കഴിയണം. ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കരകൃഷി, തരിശ്ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യൽ എന്നിവ കുട്ടികളുടെ സഹായത്തോടെ സംഘടിപ്പിക്കണം.

15) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഏജൻസികളുടെയും ഏകോപനം ആവശ്യമെന്നിരിക്കെ തദ്ദേശസ്ഥാപനങ്ങൾ ഇവരുടെ പ്രവർത്തനത്തെ മോണിട്ടർ ചെയ്യുകയും ആവശ്യമായ സ്വയം വികസന സഹായങ്ങൾ നൽകേണ്ടതുമാകുന്നു. പി. ഇ. സി. തീരുമാനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. പി. ഇ. സി മുഴുവൻ വിദ്യാഭ്യാസ ഏജൻസികളുടെ സംഗമ സ്ഥലമായി മാറണം. സാധ്യായ ദിനങ്ങൾ നഷ്ടപ്പെടുന്നില്ലായെന്നുറപ്പ് വരുത്തണം. എല്ലാ വിഷയത്തിലും പെട്ട അദ്ധ്യാപക പൂൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. എല്ലാ വിദ്യാലയത്തിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കണം.

16) എല്ലാ മേഖലയിൽപ്പെട്ടവരുടെയും സേവനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും ഓരോ സ്കൂളും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമാണെന്ന് ഉറപ്പ് വരുത്തുംവിധം ജനകീയ നിരീക്ഷണം ഉൾപ്പെടെ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

ദീർഘകാല ലക്ഷ്യങ്ങൾ

ജില്ലയിലെ മുഴുവൻ സ്കൂളുകളും അന്താരാഷ്ട്ര നിലവാരത്തിൽ എത്തിയ്ക്കുന്നതിന് വേണ്ടി ഗവൺമെൻറിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പൂർണ്ണതയിൽ എത്തിക്കുന്നതിന് ഗവൺമെന്റ് എയ്ഡഡ് ഭേദമന്യേ എല്ലാ സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ച് ഏകീകൃത സ്വഭാവത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനു വേണ്ടി എം. എൽ. എ., എം. പി. ഫണ്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും പൊതുമേഖലയിൽ നിന്നുള്ള സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മുകൾത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ സ്കൂളുകൾ നിർദ്ദേശിക്കപ്പെട്ട സ്ഥല പരിമിതിക്കുള്ളിൽ മിക്ക സ്ഥലങ്ങളിലും ഉണ്ടെങ്കിലും ഇന്നും അഞ്ചൽ, പുനലൂർ, സബ് ജില്ലകളിൽ പിന്നോക്ക വിഭാഗക്കാർ താമസിക്കുന്ന ഊരുകളിൽ നിന്നും വിദ്യാലയത്തിലേക്ക് എത്തുവാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. അത്തരം കേന്ദ്രങ്ങളിൽ നിശ്ചിത പരിധിക്കുള്ളിൽ സ്കൂളുകൾ,ഹോസ്റ്റൽ, ക്വോർട്ടേഴ്സ് എന്നിവയും തൊഴിൽ രംഗത്ത് കൂടുതൽ സാദ്ധ്യത ഉള്ള പോളിടെക്നിക്കുകൾ, കോളേജുകൾ തുടങ്ങിയവയും സ്ഥാപിക്കേണ്ടതാണ്.
- കൊല്ലം ജില്ലയിൽ നിയോജക മണ്ഡലങ്ങൾ ഉള്ളതിൽ കൊല്ലം നിയോജക മണ്ഡലത്തിൽ നിലവിൽ സർക്കാർ/ സ്വകാര്യ എയ്ഡഡ് ആർട്ടസ് ആന്റ് സയൻസ് കോളേജുകൾ ഒന്നും തന്നെയില്ലാത്തതിനാൽ പുതിയൊരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥപിക്കുന്ന കാര്യത്തിൽ മുൻഗണന നൽകേണ്ടതാണ്.

- ഗവൺമെന്റ് സ്കൂളുകൾക്കുള്ള സ്ഥല പരിധി കെട്ടിടങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും അഭാവം എന്നിവ എൽ. എസ്. ജി.ഡി വഴി പരിഹരിക്കാവുന്നതാണ്.
- വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ സ്ഥലങ്ങളിൽ കരിക്കുലം പരിഷ്കരിക്കേണ്ടതാണ്. സ്കൂൾതലത്തിൽ ഒറ്റ സിലബസ് നടപ്പിലാക്കേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്തുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്ക കൂടുതൽ പരിഗണന നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- അദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും പരിശീലനത്തിന് ആവശ്യമായ നൂതന സാമഗ്രികൾ ലഭ്യമാക്കേണ്ടതുമാണ്.
- വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള പഠന സമയം ഉറപ്പാക്കുന്നതിനായി അദ്ധ്യാപക കൂട്ടായ്മ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
- പൊതുവിദ്യാലയങ്ങളിൽ നടക്കുന്നതുപോലെ പ്രീപ്രൈമറി അദ്ധ്യാപകർക്കും നിശ്ചിത ഇടവേളകളിൽ ക്ലസ്റ്റർ പരിശീലനം അനിവാര്യമാണ്.
- പി.റ്റി.എ., എസ്.എം.ഡി.സി., എം.പി.റ്റി.എ., എസ്.എം.സി. എന്നീ സ്കൂൾ സഹായക ഗ്രൂപ്പുകളിലെ പ്രതിനിധികൾക്ക് നിരന്തര ബോധവൽക്കരണം.
- ഒരു ഉപജില്ലയിൽ ഒരു സ്കൂൾ എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ട കലാ, കായിക ഇനങ്ങൾ വിദഗ്ദരുടെ നേതൃത്വത്തിൽ പരിശീലിപ്പിക്കുക.
- പൊതുജന സൗഹൃദ വിദ്യാലയം / ഓഫീസ് , ഇ –ഓഫീസ് സംവിധാനം

കീഴ്ത്തട്ട്നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ	നിർബന്ധമായും ചെയ്യാവുന്നവ	അഭികാമ്യമായിചെയ്യാവുന്നവ
ഗ്രാമപഞ്ചായത്തുകൾ	1. പി. ഇ. സി. മീറ്റിംഗുകളിൽ സ്കൂളുകളുടെ ഗുണനിലവാരം പ്രധാന അജണ്ടയാക്കണം 2. മാസത്തിലൊരിക്കൽ അക്കാദമിക അദ്ധ്യാപക കോംപ്ലക്സ് 3. റ്റി. എൽ. എം. വർക്ക്ഷോപ്പുകൾ വഴി എല്ലാവർക്കും റ്റി. എൽ. എം. തയ്യാറാക്കി പോകുവാൻ അവസരം ഒരുക്കി കൊടുക്കുക 4. അദ്ധ്യാപക കൂട്ടായ്മ രൂപപ്പെടുത്തി പഠന സമയം ഉറപ്പു വരുത്തുക. 5.കഴിവുള്ള അദ്ധ്യാപകരെ കണ്ടെത്തി ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രത്യേകിച്ച് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, മാതൃഭാഷ പഠനം എന്നിവ ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ അധ്യാപക കൂട്ടായ്മ രൂപീകരിക്കുക. 6.പഞ്ചായത്ത് തലത്തിൽ കൗൺസിലിംഗ്	1. പഞ്ചായത്ത് അംഗങ്ങളുടെ കൂട്ടായ സ്കൂൾ സന്ദർശനം 2. അദ്ധ്യാപകരുടെ മീറ്റിംഗ് കൂടി പ്രശ്നങ്ങൾ തീർപ്പാക്കേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻ തയ്യാറാക്കാനായി സ്കൂളുകളെ സഹായിക്കാവുന്നതാണ്. 3.സ്കൂൾ വാഹനങ്ങളുടെ അനുബന്ധ ചെലവുകൾ വഹിക്കുക. 4. പട്ടിക ജാതി പട്ടികവർഗ്ഗ, പിന്നോക്ക മേഖല, ആദിവാസി മലയോര മേഖല മത്സ്യതൊഴിലാളി മേഖല, എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം നൽകുക.

	സെന്റർ സ്ഥാപിക്കുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹെൽപ്പ് ഡസ്ക്ക് സജ്ജീകരിക്കുക. 7.ഹെൽത്ത് വിഭാഗത്തിന്റെ സഹായത്തോടു കൂടി പഞ്ചായത്ത് തലത്തിൽ ആരോഗ്യ വിദ്യാഭ്യാസ മാർഗ്ഗരേഖ തയ്യാറാക്കി- മാസത്തിലൊരിക്കൽ കൃത്യമായും എല്ലാ സ്കൂളുകളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുക. പ്രൈമറി വിഭാഗത്തിന് കൂടുതൽ പ്രാധാന്യം നല്കണം. 8.രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്കുള്ള ബോധവത്ക്കരണം ശക്തമാക്കുക. ഒരു ടേമിൽ ഒന്ന് എന്ന നിലയിൽ വർഷത്തിൽ മൂന്ന് ദിവസം ഒരു ഏകദിന ബോധവത്ക്കരണം സംഘടിപ്പിക്കുക.	5.കാർഷിക സംസ്കാരം വളർത്തുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ വിദ്യാലയങ്ങൾക്ക് എൽ.പി, യു.പി, എച്ച്.എസ്, എച്ച് എസ്.എസ്. തിരിച്ച് അവാർഡുകൾ ഏർപ്പെടുത്തുക. 6.തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ പ്രേരക്മാരുടെ അഭാവം പരിഹരിക്കുക.
ബ്ലോക്ക്പഞ്ചായത്ത്	സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുക. അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തൽ	അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തൽ
ജില്ലാപഞ്ചായത്ത്	സോളാർഎനർജി ഉപയോഗിക്കുന്നത് അടക്കമുള്ളപദ്ധതികൾ	ക്ലാസുകളുടെ ഭൗതിക അക്കാദമിക സൗകര്യങ്ങളുടെ ഗുണനിലവാരം നേരിട്ട് വിലയിരുത്തൽ

കൊല്ലം ജില്ലാസാക്ഷരതാ മിഷൻ

1991 ഏപ്രിൽ 18 ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച് ലോകത്തിന് മാതൃകായി. സർക്കാർ സംവിധാനങ്ങളുടെ ശക്തിയും ജനകീയ പ്രവർത്തനങ്ങളുടെ ഏകോപനവും കൊണ്ടാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. എന്നത് ശ്രദ്ധേയമാണ്. പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾ ഉൾപ്പെടെയുള്ള ലക്ഷക്കണക്കിനാളുകൾസാക്ഷാരതായജ്ഞത്തിൽ പങ്കാളികളായി ആസൂത്രണം, പ്രചരണം, പരിശീലനം, ക്ലാസ്സുകളുടെ നടത്തിപ്പ്, മൂല്യ നിർണയം, പാഠ്യേതര സഹായ പ്രവർത്തനങ്ങൾ തുടങ്ങിയവ എല്ലാം ചിട്ടയായും സമയബന്ധിതമായും നടപ്പിലാക്കുവാൻ സാക്ഷരതായജ്ഞത്തിന് കഴിഞ്ഞു അതുകൊണ്ടാണ് കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവു വലിയ പദ്ധതിയായി സാക്ഷരതായജ്ഞം മാറിയത്.

നിലവിലെ അവസ്ഥ

ജില്ലയിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. സാക്ഷരതാ ക്ലാസ്സിനു പുറമേ തുല്യത IV, VII, X, XI, XII ക്ലാസ്സുകൾ നടക്കുന്നു. തദ്ദേശസ്വയം ഭരണസ്ഥാപന ആളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി എല്ലാവർഷവും പ്രോജക്റ്റുകൾ വയ്ക്കുന്നുണ്ട്. തുല്യതാ കോഴ്സുകൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടിയാണ് പ്രോജക്റ്റ് വയ്ക്കുന്നത്. ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപാ മുടക്കിയാണ് സാക്ഷരതാ മിഷന് ആസ്ഥാന മന്ദിരം നിർമ്മിച്ചു നൽകിയത്. ഇത് ഇൻഡ്യയിൽ തന്നെ ആദ്യത്തെ

മാതൃകാ സംരംഭമാണെന്നുള്ളതും പ്രത്യേകതയാണ്. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്, ഡയറ്റ്, ആരോഗ്യം, വ്യവസായം, സാമൂഹ്യക്ഷേമ വകുപ്പ്, പബ്ലിക്ക് റിലേഷൻസ് വകുപ്പ് തുടങ്ങിയവ നല്ല സഹകരണമാണ് നൽകുന്നത്. ജില്ലയിൽ നൂതന പദ്ധതികളായി പരിസ്ഥിതി സാക്ഷരതാ പദ്ധതി, ട്രാൻസ് ജൻഡേഴ്സ് സാക്ഷരത, ഇതര സംസ്ഥാന സാക്ഷരത, ആദിവാസി സാക്ഷരത, തീരദേശ സാക്ഷരത, ജയിൽ ജ്യോതി എന്നീ പദ്ധതികൾ നടക്കുന്നു. ജന പ്രതിനിധികളും ഉദ്യോഗസ്ഥരും പ്രേരക്മാരും കൂട്ടായി പ്രവർത്തിക്കുന്നതു കൊണ്ട് ജില്ലയിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാതൃകാ പരമായാണ് നടക്കുന്നത്.

അഖിലേന്ത്യാനിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിൽ ഉയർന്ന സാക്ഷരതാ നിലവാരമാണുള്ളത് 93.47%. മറ്റു സംസ്ഥാനങ്ങളിൽ 50.6% ശതമാനം സാക്ഷരതയാണ് ഉള്ളത്.ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാക്ഷരത നിലവാരം 88-93% വരെയാണ്.തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ മാതൃകാപരമായാണ് നടക്കുന്നത്.

സാക്ഷരത, തുല്യ കോഴ്സുകൾക്കു പുറമേ ആദിവാസി മേഖലയിൽ പ്രത്യേക സാക്ഷരത തുല്യതാ പദ്ധതി പട്ടികജാതി മേഖലയിൽ പ്രത്യേക സാക്ഷരതാ പദ്ധതി തീരദേശ മേഖലയിൽ അക്ഷര സാഗരം എന്ന പേരിൽ പ്രത്യേക സാക്ഷരത തുല്യതാ പദ്ധതി നടക്കുന്നു. പരിസ്ഥിതി സാക്ഷരതാ പദ്ധതിയും, ട്രാൻസ് ജൻഡേഴ്സ് പദ്ധതിയും നടപ്പിലാക്കുന്നു. തുടർ വിദ്യാ കേന്ദ്രങ്ങളുടെ എണ്ണം 174 ആണ്

പ്രേരക്മാർ മൂന്നിൽ കൂടുതലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രേരക്മാരെ പുനർ വിന്യസിച്ച് നിയമിക്കുവാൻ കേരള സംസ്ഥാന സാക്ഷരതാ മിഷൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയം ഭരന സ്ഥാപനങ്ങളിലും വിദ്യാ കേന്ദ്രങ്ങളും വികസന വിദ്യാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തു തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനർ ആയും മുൻകാല സാക്ഷരതാ പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവരടങ്ങിയ സാക്ഷരതാ സമിതികളുടെ നേതൃത്വത്തിൽ ആണ് വിദ്യാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. മുനിസിപ്പൽ തലത്തിലും കോർപ്പറേഷൻ തലങ്ങളിലും സ്റ്റേറ്റ് പഞ്ചായത്ത് തലങ്ങളിലും സാക്ഷരതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 4.10.24

തുല്യതാ പരീക്ഷ	IV	VII	X	പ്ലസ് വൺ
എഴുതിയവർ	33835 (12 ബാച്ചുകളായി)	29475	32185	7895
പാസായവർ	31257	24185	27285	4915

പ്രശ്നങ്ങൾ

- ദൃശ്യസഹായികൾ നൽകുവാൻ കഴിയാത്തത് പഠിതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- കേരള സംസ്ഥാന സാക്ഷരതാമിഷൻ നിരക്ഷരരായ മുഴുവൻ പേരെയും സാക്ഷരരാക്കുവാൻ വേണ്ടി അക്ഷര ലക്ഷം പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിനു വേണ്ടിയുള്ള സമഗ്ര സർവ്വേയും ആരംഭിച്ചു കഴിഞ്ഞു. പൈലറ്റ് പ്രോജക്റ്റ് സർവ്വേയ്ക്ക് വേണ്ടി 15 പഞ്ചായത്തുകൾ തെരെഞ്ഞെടുത്തിട്ടുണ്ട്.
- തുടർ വിദ്യാകേന്ദ്രങ്ങൾക്കും വികസന വിദ്യാകേന്ദ്രങ്ങൾക്കും, 70% കേന്ദ്രങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്. 30% കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ നൽകുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

- ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാ പരിപാടി പെരിനാട് പഞ്ചായത്തിലാണ് ആരംഭിച്ചത്. ഹിന്ദിയും മറ്റ് ഇതര ഭാഷകളും അറിയാവുന്ന റിസോഴ്സ് പേഴ്സണ്മാരുടെ സഹായത്തോടെ ഇതര സംസ്ഥാന തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നു.
- 2005 മുതൽ തുടർ വിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കാത്തത് പദ്ധതിയെ കാര്യമായി ബാധിച്ചു. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ നാമമാത്രമായ സഹായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യമായ സഹായവും കൊണ്ടാണ് പദ്ധതി നടന്നു പോകുന്നത്
- തുടർ വിദ്യാഭ്യാസ പ്രേരകമാർക്ക് നാമമാത്രമായ ഓണറ്റേറിയമേ ലഭിക്കുന്നുള്ളൂ.
- തൊഴിൽ പരിശീലനങ്ങൾക്കും തൊഴിൽ യൂണിറ്റുകൾ അടിസ്ഥാന സൗകര്യം കുറവാണ്. തൊഴിൽ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് സൗകര്യം ഇല്ല.
- പുനലൂർ മുനിസിപ്പാലിറ്റിയിലും ആര്യങ്കാവ്, മേലില കല്ലുവാതുക്കൽ, ക്ലാപ്പന, പവിത്രേശ്വരം, ചിറക്കര, ഇട്ടിവ തുടങ്ങിയ പഞ്ചായത്തുകളിൽ നിലവിൽ പ്രേരക് ഇല്ല.
- ചില പഞ്ചായത്തുകൾ പ്രേരക്മാരെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൽക്ക് ഉപയോഗിക്കാതെ പഞ്ചായത്തുകളിലെ മറ്റ് ജോലികൾക്കായി ഉപയോഗിക്കുന്നു.

വികസന കാഴ്ചപ്പാട്

- നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുവാൻ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. സമഗ്ര സർവ്വേയാണ് ആദ്യം നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, ജനകീയ പങ്കാളിത്തത്താൽ പദ്ധതി നടപ്പിലാക്കുന്നു.
- ജില്ലയിലെ മുഴുവൻപേരെയും 2021 ഓടെ സമ്പൂർണ്ണ പത്താം ക്ലാസ്സ് പാസ്സാക്കുന്നതിനുള്ള പദ്ധതികൾക്ക് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി വരുന്നു.
- എല്ലാ തുടർ വിദ്യാ കേന്ദ്രങ്ങൾക്കും, വികസന വിദ്യാകേന്ദ്രങ്ങൾക്കും മെച്ചപ്പെട്ട കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയവ നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു.
- സാക്ഷരതാ തുടർ വിദ്യാ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലനങ്ങൾ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള പദ്ധതി ഗവണ്മെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. നിലവിൽ വിവിധ ഏജൻസികളുടെ സഹായത്തോടെ തൊഴിൽ പരിശീലനം നൽകി വരുന്നു.
- സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി ആരംഭിക്കണ മെങ്കിൽ ഗവണ്മെന്റ് അംഗീകാരം ലഭിക്കേണ്ടതുണ്ട്.
- ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 100% സാക്ഷരത നേടുക.
- തൊഴിൽ യൂണിറ്റുകളും തൊഴിൽ പരിശീലനങ്ങളും സ്ഥിരം സംവിധാനം ആക്കുക.
- പ്രേരക്മാരുടെസ്ഥിരത.
- കംപ്യൂട്ടർ സാക്ഷരത
- ഗ്രാമസഭ സംഘാടനവും പദ്ധതി പ്രവർത്തനവും

എന്നും പഠിച്ചുകൊണ്ടിരിക്കുന്ന സമൂഹമാണ് നാടിന്റെ നേട്ടം അതിനാൽ ഗ്രാമീണ തലങ്ങളിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമായും മാതൃകാപരമായും സംഘടിപ്പിച്ചുകൊണ്ട് സമഗ്ര വികസനം സാധ്യമാക്കുന്നതിന് നേതൃത്വം നൽകണമെന്ന് അറിയിക്കുന്നു.

പട്ടിക 4.10.25

2017 എസ്.എസ്. എൽ.സി.റിസൾട്ട്അവലോകനം - റവന്യൂജില്ല

	ഫുൾഎപ്ലസ്ആൺകുട്ടികൾ	ഫുൾഎപ്ലസ്പെൺകുട്ടികൾ	ആകെഫുൾഎപ്ലസ്
ഗവ:	243	465	708
എയ്ഡഡ്	404	785	1189
അൺഎയ്ഡഡ്	50	94	153
ആകെ	706	1344	2050

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.26

2017 എസ്.എസ്. എൽ.സി.റിസൾട്ട് അവലോകനം - വിദ്യാഭ്യാസ ജില്ല

വിദ്യാഭ്യാസജില്ല	പങ്കെടുത്തകുട്ടികൾ	ഉപരിപഠനത്തിന്അർഹരായവർ	ഫുൾഎ. പ്ലസ്	വിജയശതമാനം
കൊട്ടാരക്കര	8498	8314	854	97.83%
പുനലൂർ	7676	6544	460	96.58%
കൊല്ലം	18259	17636	736	96.59%
ആകെ	33533	32494	2050	96.9 %

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടികജാതി പട്ടികവർഗ്ഗവി ഭാഗം-ഫുൾ എ പ്ലസ് - 55 എണ്ണം

പട്ടിക 4.10.27

2014 എസ്.എസ്. എൽ.സി.റിസൾട്ട് അവലോകനം- വിദ്യാഭ്യാസ ജില്ല

വിദ്യാഭ്യാസജില്ല	പങ്കെടുത്തകുട്ടികൾ	ഉപരിപഠനത്തിന്അർഹരായവർ	ഫുൾഎ. പ്ലസ്	വിജയ ശതമാനം
കൊട്ടാരക്കര	8796	8445	545	96%
പുനലൂർ	6746	6281	310	94.98%
കൊല്ലം	18503	17421	574	94.31%
ആകെ	34045	32147	1429	95.09%

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.28

2015 എസ്.എസ്. എൽ.സി.റിസൾട്ട് അവലോകനം- വിദ്യാഭ്യാസ ജില്ല

വിദ്യാഭ്യാസജില്ല	പങ്കെടുത്തകുട്ടികൾ	ഉപരിപഠനത്തിന്അർഹരായവർ	ഫുൾഎ. പ്ലസ്	വിജയശതമാനം
കൊട്ടാരക്കര	8525	8402	607	98.55%
പുനലൂർ	6749	6622	278	98.63%
കൊല്ലം	18289	17945	896	98.19%
ആകെ	33563	32969	1781	98.45%

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

പട്ടിക 4.10.29

2016 എസ്.എസ്. എൽ.സി.റിസൾട്ട് അവലോകനം- വിദ്യാഭ്യാസ ജില്ല

വിദ്യാഭ്യാസജില്ല	പങ്കെടുത്തകുട്ടികൾ	ഉപരിപഠനത്തിന്അർഹരായവർ	ഫുൾഎ. പ്ലസ്	വിജയശതമാനം
കൊട്ടാരക്കര	8436	8287	569	98.24%
പുനലൂർ	7086	6832	290	97.53%
കൊല്ലം	18540	18011	927	97.15%
ആകെ	34062	33130	1786	97.64%

അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

ചിത്രം 4.10.2

റിസൽറ്റ് അവലോകനം



അവലംബം. ഡെ.ഡയറക്ടർ, വിദ്യാഭ്യാസം

4.11 കായിക വികസനം

ആമുഖം

നമ്മുടെ ജീവിതം ആരോഗ്യ പൂർണ്ണവും ഊർജ്ജസ്വലവും ഉത്സാഹമുള്ളതും ആയി മാറുന്നതിന് കായിക വികസനം ഒരു പ്രധാനപങ്ക് വഹിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസുണ്ടാകയുള്ളു.. ശാരീരിക കഴിവുകളും നൈപുണ്യങ്ങളും നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. സ്പോർട്സ് നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായി മാറി കഴിഞ്ഞ നിലക്ക് ഇതിന്റെ ഏറ്റവും മെച്ചമായ ഫല പ്രാപ്തിയ്ക്കായി സ്പോർട്സ്, ഗെയിംസ് എന്നിവയുടെ ചിട്ടയായ പ്രോത്സാഹനം ആവശ്യമാണ്. ദേശീയ അന്തർ ദേശീയതലങ്ങളിൽ വ്യത്യസ്ത മത്സരയിനങ്ങളിൽ കഴിവ് വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. ജില്ലയുടെ കായിക അടിത്തറ വിപുലീകരിക്കുവാൻ പാകത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം എന്നീ വകുപ്പുകളുമായിച്ചേർന്നുള്ള പദ്ധതികൾ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയ സംസ്ഥാനമാണ് നമ്മുടെ കേരളം. കായിക മികവിന്റെ കാര്യത്തിൽ ഇൻഡ്യയിലെ ഏതൊരു സംസ്ഥാനത്തിന്റെയും മുമ്പിലായിരുന്നു നാം. എന്നാൽ കേരളീയ യുവ സമൂഹത്തിന്റെ വിശിഷ്യ സ്കൂൾ കുട്ടികളുടെ കായിക ക്ഷമതയെപ്പറ്റി വന്നുകൊണ്ടിരിക്കുന്ന പഠന റിപ്പോർട്ടുകൾ ഈ രംഗത്ത് നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന അപചയത്തിന്റെ ആഴം വ്യക്തമാക്കുന്നു. സംസ്ഥാനത്തെ യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 86% പേരും കായിക ക്ഷമത കുറഞ്ഞവരാണെന്ന് പഠനം വ്യക്തമാക്കുന്നു. ക്ഷമതയുടെ 14% ൽ കേവലം 3.93% മാത്രമെ അത് ലറ്റുകൾക്കാവശ്യമുള്ള ആരോഗ്യ നിലയുള്ളവരുള്ളു. പെൺകുട്ടികളുടെ കണക്കുമാത്രം നോക്കുമ്പോൾ കായികക്ഷമത യുള്ളവരുടെ ശതമാനം 12% ൽ താഴെ മാത്രമാണ്. ലോകാരോഗ്യസംഘടനയുടെ കണക്കു പ്രകാരം ഓരോ പ്രായക്കാർക്കും ഉണ്ടായിരിക്കേണ്ട ഭാരത്തേക്കാളും ഭാരം കുറഞ്ഞവരാണ് നമ്മുടെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും, 3% പേർ അമിതഭാരമുള്ളവരും. ആരോഗ്യദായകമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം, ആരോഗ്യമുള്ള മനസ്സ് എന്നിവ ഒത്തു ചേർന്നുവന്നാലെ കുട്ടികളുടെ ആരോഗ്യം നിലനിൽക്കുകയുള്ളു. വ്യായാമത്തിനുള്ള അവസരം ഇന്നത്തെ കുട്ടികൾക്ക് എത്രമാത്രം ലഭിയ്ക്കുന്നുണ്ടെന്ന് നാം ഓർക്കേണ്ടതുണ്ട്. കുറഞ്ഞ കായികശേഷി സൂചിപ്പിക്കുന്നത് രോഗങ്ങളിലേയ്ക്കുള്ള ദൂരം അധികം അകലെയല്ലായെന്നതാണ്. 2000ലെ കേരളാ സ്പോർട്സ് ആക്ടിൽ, പ്രതിഷ്ഠിതമായ എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം എന്ന തത്വത്തിൽ ഊന്നൽ നല്കിയിരിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കുമിടയിൽ സ്പോർട്ട്സ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം.

കൊല്ലത്തിന്റെ ചരിത്രം പരിശോധിച്ചാൽ കായിക രംഗത്തിന്റെഈറ്റില്ലമാണ് ഈ ജില്ല. ഒളിമ്പ്യൻ സുരേഷ് ബാബു, ഒളിമ്പ്യൻ റ്റി.സി.യോഹന്നാൻ, ഏഷ്യാഡ് രഘുനാഥൻ, ജാനീസ് സിംഗ്, രാധ എന്നിവരും ഫുട്ട്ബാളിൽ ഡി.ക്ലാസ്റ്റ്, എൻ.എസ്.ഇന്ദ്രപാലൻ, കെ.കെ.ഗോപാല കൃഷ്ണൻ, തോമസ് ആന്റണി, ജോർജ്ജ് മുത്തു എന്നിവരും കൊല്ലത്തിൻരെ കായിക ചരിത്രത്തിൽ ഇടം നേടിയവരാണ്.

കായികതാരമാണ് സ്പോർട്ട്സിൽ കേന്ദ്രസ്ഥാനീയർ എന്നംഗീകരിച്ചുകൊണ്ട് കായിക മത്സര വേദികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, കായികരംഗത്തിന്റെനിലവാരം മെച്ചപ്പെടുത്തുക എന്നീ പ്രവർത്തനങ്ങളായിരിക്കണം നമ്മളീ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

നിലവിലെ അവസ്ഥ

കേരളത്തിലെ കായികരംഗത്ത് നേതൃ സ്ഥാനത്തുള്ള രണ്ട് സ്ഥാപനങ്ങളാണ് കായിക ഡയറക്ടറേറ്റും കേരള സംസ്ഥാന കായിക കൗൺസിലും. ഇവയെക്കൂടാതെ കേന്ദ്ര സർക്കാർ, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

കായിക ഡയറക്ടറേറ്റ് നേതൃത്വം നൽകുന്ന പദ്ധതികൾ

- 'കായിക കാൽവയ്പ്'—5നും 12നും ഇടയ്ക്ക് പ്രായമുള്ള സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നിസ് എന്നീയിനങ്ങളിൽ തുടർച്ചയായ പരിശീലനം.
- സ്വിം &സർവൈവ് പ്രോഗ്രാം — കുട്ടികൾക്കുള്ള നീന്തൽ പരിശീലനം
- രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ സെനർ

കേന്ദ്രസർക്കാർ പദ്ധതികൾ

- രാജീവ് ഗാന്ധി ഖേൽ അഭിയാൻ
- അർബൻ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ സ്കീം
- നാഷണൽ സ്പോർട്ട്സ് ഫെഡറേഷനുള്ള സഹായം
- നാഷണൽ സ്പോർട്ട്സ് ഡവലപ്മെന്റ് ഫണ്ട്
- ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻ സ്പോർട്ട്സ്
- അന്താരാഷ്ട്ര മത്സരങ്ങളിലെ വിജയികൾക്കും കോച്ചുകൾക്കും സ്പെഷ്യൽ ക്യാഷ് അവാർഡ്
- ഉന്നത വിജയങ്ങൾ നേടിയിട്ടുള്ള സ്പോർട്ട്സ് വ്യക്തിത്വങ്ങൾക്ക് പെൻഷൻ
- നാഷണൽ സ്പോർട്ട്സ് അവാർഡ്
- നാഷണൽ വെൽഫെയർ ഫണ്ട്
- അംഗപരിമിതർക്കുള്ള സ്പോർട്ട്സ് & ഗെയിംസ് പരിശീലനം

സ്പോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ പദ്ധതികൾ

- നാഷണൽ സ്പോർട്ട്സ് ടാലന്റ് കോൺടസ്റ്റ്
- ആർമി ബോയ്സ് സ്പോർട്ട്സ് കമ്പിനീസ്
- സ്പെഷ്യൽ ഏരിയാ ഗെയിംസ്
- സായി ട്രെയിനിംഗ് സെന്റർസ്
- സെന്റർ ഓഫ് എക്സലൻസ്

ഓപ്പറേഷൻ ഒളിമ്പ്യ

ഒളിമ്പിക്സ് മെഡൽ എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പരിശീലന പരിപാടി. പതിനൊന്ന് മത്സര ഇനങ്ങൾക്കായി ഇരുന്നൂറ്റി എൺപത് സ്പോർട്ട്സ് താരങ്ങളെ വിദേശ കോച്ചുകളുടെ പരിശീലനമുൾപ്പെടെ നല്കി മത്സരങ്ങൾക്ക് സജ്ജരാക്കുന്ന പദ്ധതി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2017-18 വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ നീന്തൽ പരിശീലനം കുട്ടികൾക്കുള്ള അതലറ്റിക് പരിശീലനം സ്പോർട്ട്സ് ടീം രൂപീകരണം എന്നിവയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങളുണ്ടായിരുന്നെങ്കിലും വളരെക്കുറച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രമെ അത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളു. ഈ മേഖലയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ള പ്രോജക്ട് കേരളോത്സവം മാത്രമാണ്. ഗ്രാമപഞ്ചായത്തുകൾ മിക്കവയും ഏറ്റെടുത്തിട്ടുള്ള പ്രോജക്ട് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണമാണ്. കായിക വികസനത്തിനായി ജില്ലാ പഞ്ചായത്ത് ബോക്സിംഗ് അക്കാഡമി, കബഡി ഇൻസ്റ്റിട്യൂട്ട് എന്നീ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻഎന്നിവ ഗ്രൗണ്ടുകളും കായികവികസനത്തിനുള്ള ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്.

കായിക വികസനവുമായി ബന്ധപ്പെട്ട് ജില്ലയിലെ പിന്തുണ സംവിധാനങ്ങൾ

ജില്ലാ സ്പോർട്ട്സ് കൗൺസിലിന് കീഴിൽ

1. കോളേജ് സ്പോർട്ട്സ് ഹോസ്റ്റൽ - 1

☑ സെന്റ് മേരീസ് കോളേജ്, പത്തനാപുരം.

2. ഡേബോർഡിംഗ് ഹോസ്റ്റൽസ് — 3 എണ്ണം

☑ ജി.എച്ച്.എസ്സ്.എസ്സ്. കോയിക്കൽ - ഹോക്കി

☑ സെന്റ് ജോൺസ് കോളേജ്, അഞ്ചൽ - അതലറ്റിക്സ്

☑ റൂറൽ സോപോർട്ട്സ് സെന്റർ, പറക്കുളം

3. കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്റ്റൽ — 2 എണ്ണം

☑ സി.എസ്സ്.എച്ച്. കൊല്ലം

☑ സി.എസ്സ്.എം.ഹോക്കി, കൊല്ലം.

സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ (SAI)

പരിശീലന സൗകര്യങ്ങൾ

കായിക വികസനവുമായി ബന്ധപ്പെട്ട് ജില്ലയിലുള്ള പശ്ചാത്തലസൗകര്യങ്ങൾ

☑ ലാൽബഹദൂർ സ്റ്റേഡിയം

☑ ഹോക്കി സ്റ്റേഡിയം

☑ വിവധ പഞ്ചായത്തുകളിലുള്ള മിനിസ്റ്റേഡിയങ്ങൾ

കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ ഉണ്ടെങ്കിലും അടിസ്ഥാനപരമായി വളരേണ്ട സ്കൂൾ മീറ്റുകളിൽ ജില്ലയുടെ സ്ഥാനം വളരെ പിന്നിലാണ്.

1. 2011 — 7 പോയിന്റ് - 13-മത് സ്ഥാനം
2. 2012 — 6 പോയിന്റ് - 12- മത് സ്ഥാനം
3. 2013 — 5 പോയിന്റ് - 13- മത് സ്ഥാനം
4. 2014 — 5 പോയിന്റ് - 12- മത് സ്ഥാനം
5. 2015 — 25 പോയിന്റ് - 9- മത് സ്ഥാനം
6. 2016 — 21 പോയിന്റ് - 9- മത് സ്ഥാനം
7. 2017 — 01 പോയിന്റ് - അവസാന സ്ഥാനം

കായികവികസനത്തിനായി പദ്ധതികളുണ്ടെങ്കിലും പ്രതിഭകളെ ചെറുപ്രായത്തിൽ ത്തന്നെ കണ്ടെത്തി അവരെ പരിശീലനങ്ങളിലൂടെ സജ്ജരാക്കി ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് തലം മുതൽ ഊർജ്ജിതപ്പെടുത്തേണ്ടതും പരിശീലനങ്ങൾക്കുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതും അനിവാര്യമാണ്.

പട്ടിക 4.11.1

കൊല്ലം ജില്ലയിൽ നിലവിലുള്ള പൊതു സ്റ്റേഡിയങ്ങളുടെയും ഗ്രൗണ്ടുകളുടെയും വിവരങ്ങൾ

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്തിന്റെ പേര്	പൊതു ഗ്രൗണ്ടുകളുടെ എണ്ണം	സ്റ്റേഡിയങ്ങളുടെ എണ്ണം
1	കുളത്തൂപ്പുഴ		1

2	ഏരൂർ		1
3	അലയമൺ		2
4	അഞ്ചൽ		1
5	കരവാളൂർ		1
6	കടയ്ക്കൽ		1
7	ചടയമംഗലം		1
8	ഇട്ടിവ	4	2
9	വെളിനല്ലൂർ		1
10	ഇളമാട്	3	1
11	തെക്കുംഭാഗം	4	
12	ചവറ	2	1
13	തേവലക്കര	2	1
14	പന്മന	4	
15	നീണ്ടകര	1	
16	കുണ്ടറ		1
17	കിഴക്കെ കല്ലട	1	
18	പേരയം	1	1
19	മൺട്രോത്തുരുത്ത്	1	
20	പനയം	1	
21	തൃക്കരുവ		1
22	കൊല്ലം കോർപ്പറേഷൻ	1	2
അവലംബം. ജില്ലാ കായിക ആഫീസ്			

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- ഓപ്പറേഷൻ ഒളിമ്പ്യായുടെ ഭാഗമായി താരങ്ങളെ തെരഞ്ഞെടുത്തു സ്കൂൾതലം മുതൽ പരിശീലനം നല്കുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമാകാത്തത്.
- സ്കൂളുകളിലെ ഗ്രൗണ്ടിന്റെ അഭാവം
- സാധാരണ പീരയഡ് പോലെ ഒരു പിരിയഡാണ് സ്പോർട്ട്സിനും നീക്കി വച്ചിട്ടുള്ളത്.
- സ്കൂൾ സമയം കഴിഞ്ഞാൽ പി.ടി.ടീച്ചറും കുട്ടികളും പരിശീലനത്തിന് ഉണ്ടാകാറില്ല.
- ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങളുടെ അഭാവം ഒരു മുഖ്യ പ്രശ്നമാണ്., പരിശീലകരുടെ അനാസ്ഥയും ഈ മേഖല നേരിടുന്ന വെല്ലുവിളിയാണ്.
- ജില്ലയുടെ കായിക താരങ്ങളുടെ താല്പര്യത്തിനനുസരിച്ചുള്ള ഇനങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
- കായിക താരങ്ങളുടെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ശാസ്ത്രീയവും ആധുനികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
- നിരന്തരമായ പരിശീലന സൗകര്യങ്ങളും പരിശീലന ക്രമങ്ങളും ഇല്ലാത്തത്.
- കൂടുതൽ സ്വീകാര്യതയുള്ള സംസ്ഥാന, ദേശീയ മത്സരങ്ങൾ ജില്ലയിൽ നടത്തപ്പെടുന്നില്ല.
- ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിരന്തരമായി ഉപയോഗപ്പെടുത്തുന്നില്ല. ഉദാഹരണമായി ഹോക്കി സ്റ്റേഡിയം, ലാൽ ബഹദൂർ സ്റ്റേഡിയം, ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ ഗ്രൗണ്ടുകൾ.

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

1. ഒളിംപിക്സ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻഗെയിംസ്, നാഷണൽ ഗെയിംസ് എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് ദേശീയ അന്തർദേശീയ തലങ്ങളിൽ കൈവരിച്ച മികവിനെ ആധാരമാക്കി സ്പോർട്സ് ഇനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുക. കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന മുൻഗണനാക്രമം നിശ്ചയിക്കാവുന്നതാണ്.
   a. അത് ലറ്റിക്സ്,
   b. അക്വാട്ടിക്സ്
   c. ഫുട്ബോൾ
   d. ഹോക്കി
   e. വോളിബോൾ
   f. ബാഡ്മിന്റൺ
   g. കബഡി
   h. ക്രിക്കറ്റ്
   i. കനോയിംഗ്, കയാക്കിംഗ്
   j. ബാസ്കറ്റ്ബോൾ
   k. ബോക്സിംഗ്
2. മുൻഗണന നിശ്ചയിക്കപ്പെട്ട ഇനങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനത്തിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്കൂൾതല സ്പോർട്സ് അക്കാഡമികൾ സ്ഥാപിക്കുക.
3. ലാൽ ബഹദൂർശാസ്ത്രി സ്റ്റേഡിയം എല്ലാവിധ സജ്ജീകരണങ്ങളോടെ നൂതന സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുക.
4. സ്ഥലസൗകര്യം ലഭ്യമായ ജില്ലയിലെ സർക്കാർ സ്കൂളുകളെയും കോളേജുകളെയും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ സ്പോർട്സ് പരിശീലനത്തിനായുള്ള സെന്റർ ഫോർ എക്സലൻസ് ആക്കി മാറ്റുക.
5. സ്കൂൾ തലത്തിൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുക.
6. ജില്ലയിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സ്ഥിരം സമിതിയുടെയും അദ്ധ്യക്ഷന്മാർ ഉൾപ്പെട്ട (നഗരസഭകൾ ഉൾപ്പെടെ) ഒരു Districty Level Sports Affairs Steering Committee രൂപീകരിക്കുക. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു Selectors Grid രൂപീകരിക്കണം. ഈ ഗ്രില്ലിലെ അംഗങ്ങളായ സ്പോർട്സ് വിദഗ്ദ്ധർ ജില്ലയിലെ മുഴുവൻ സ്കൂളുകളും സന്ദർശിച്ച് ക്യാമ്പ് നടത്തി പ്രതിഭകളെ കണ്ടെത്തുക. (Talent search). മെറിറ്റ് മാത്രമായിരിക്കും മാനദണ്ഡം എന്നുറപ്പ് വരുത്തണം.
7. എല്ലാ സ്കൂളുകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പി.ടി.എ.പോലെ സ്പോർട്സ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ഇ കമ്മിറ്റി വഴി സ്പോർട്ടിന്റെഅടിസ്ഥാന വികസനത്തിനായുള്ള ഫണ്ട് നല്കാവുന്നതാണ്.
8. കായിക പഠനം, കേരള സർക്കാർ പാഠ്യ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കായിക പരിശീലനം നിർബന്ധിതമാക്കുക.
9. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി കായിക പരിശീലനത്തിന് ഒരു ഓപ്പൺ സ്റ്റേഡിയം, ഇൻഡോർസ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവ അടങ്ങിയ ഒരു സ്പോർട്സ് കോംപ്ലക്സ് ജില്ലയിൽ സ്ഥാപിക്കുക.
10. മുൻഗണന നിശ്ചയിച്ച കായിക ഇനങ്ങളെ അടിസ്ഥാനമാക്കി ബ്ലോക്ക് തലത്തിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ജില്ലാതലത്തിൽ ഓരോ കായിക ഇനത്തിനും പ്രത്യേകം ഇന്റർക്ലാസ് മത്സരം സംഘടിപ്പിക്കുന്നതുവഴി താഴെ തട്ടിലുള്ള കായിക പ്രതിഭകളെ കണ്ടെത്തുവാൻ സാധിക്കും.

11. നിലവിലുള്ള സ്പോർട്ട്സ് ഹോസ്റ്റലുകളിൽ പഠിക്കുന്ന കായിക താരങ്ങൾക്ക് മികച്ച താമസത്തിനും ഭക്ഷണത്തിനും ആധുനിക പരിശീലനത്തിനും വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കണം. ഓരോ ഇനത്തിനും ആവശ്യമായ പരിശീലനോപകരണങ്ങൾ ലഭ്യമാക്കണം.
12. ഇപ്പോൾ കൊല്ലം ജില്ലയിൽ നല്ലൊരു പങ്ക് പഞ്ചായത്തുകൾക്കും സ്റ്റേഡിയങ്ങൾ ഉണ്ട്. ഇപ്പോൾതന്നെ സ്പോർട്ട്സിനായി ചെലവഴിക്കുവാൻ ഫണ്ടുണ്ട്. അതും എം.പി, എം.എൽ.എ ഫണ്ടുകൾ കൂടി പ്രയോജനപ്പെടുത്തി സ്റ്റേഡിയങ്ങൾമെച്ചപ്പെടുത്തുക.
13. കൊല്ലം ജില്ലയിലെ പ്രധാന സ്കൂളുകളിൽ നല്ല കളിസ്ഥലങ്ങളുണ്ട്. അത് സ്പോർട്സ് കൗൺസിൽ, എം.പി, എം.എൽ,എ ഫണ്ടുപയോഗിച്ച് മെച്ചപ്പെടുത്തുക.
14. ദേശീയ മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് ജോലി നൽകുമ്പോൾ അവർക്ക് പരിശീലനം തുടരാനും കൂടുതൽ കായിക മത്സരങ്ങളിൽ പങ്കെടുക്കുവാനും കഴിയത്ത ക്കവിധമായിരിക്കണം അവർക്ക് നിയമനം നല്കേണ്ടത്.
15. പി.ടി ടീച്ചർമാർ, എൻ.ഐ.എസ് കോച്ചുമാർ എന്നിവരുടെ പരിശീലനം ഇടവിട്ടു പരിശോധിച്ച് ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകണം. അതിലും അവരുടെ കോച്ചിംഗ് നിലവാരം ഉയരുന്നില്ലെങ്കിൽ അവരുടെ സേവനം ഒഴിവാക്കണം.
16. സ്കൂളുകൾ കോളേജുകൾ എന്നിവിടങ്ങളിൽ വൈകുന്നേരങ്ങളിൽ മുടങ്ങാതെ പരിശീലനം ഉറപ്പ് വരുത്തണം.
17. പരിശീലനവുമായി ബന്ധപ്പെട്ട് പ്രത്യേക സമയം നിശ്ചയിക്കണം. അതാത് ജില്ലാ പരിശീലനം, ട്രാക്ക്തല പരിശീലനം, പി.റ്റി. തുടങ്ങിയവയ്ക്കു കൃത്യമായ ടൈംടേബിൾ ഉണ്ടാക്കണം.
18. കായിക മത്സരങ്ങൾക്ക് സമ്പൂർണ്ണമായ ഒരു കലണ്ടർ സ്പോർട്സ് കൗൺസിൽ സർക്കാരുമായി ചേർന്ന് ഓരോ വർഷവും വളരെ മുമ്പേ പ്രസിദ്ധീകരിക്കുകയും സാങ്കേതിക കാരണത്താൽ അത് മാറ്റുകയും ചെയ്യരുത്.
19. ടീമുകളോടൊപ്പം സ്വഭാവശുദ്ധിയുള്ള കോച്ച്, ടീം മാനേജർമാർ (സ്ത്രീ, പുരുഷൻ) എന്നിവരെ ഉറപ്പാക്കണം.
20. ഹോസ്റ്റലുകളിൽ ആവശ്യമായ സാധനങ്ങൾ സർക്കാർ ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഉറപ്പാക്കണം. (സപ്ലൈകോ, നീതി സ്റ്റോർ, കാഷ്യു കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, തുടങ്ങിയവ)
21. ഹോസ്റ്റലുകളിൽ സ്പോർട്സ് കൗൺസിൽ തുടർച്ചയായി ക്യാമ്പുകൾ നടത്തണം.
22. കായിക താരങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഉറപ്പാക്കണം.
23. തുടർച്ചയായി സ്പോർട്സ് മെഡിക്കൽ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തണം.
24. സ്പോർട്സ് കൗൺസിലുകളിൽ സ്പോർട്സുമായി ബന്ധപ്പെട്ടവരെ മാത്രം തിരഞ്ഞെടുക്കുക.
25. ഗ്രൗണ്ടിൽ തന്നെ കുടിവെള്ളം, ലാട്രിൻ (ലേഡീസ്, ജെൻറ്സ്) എന്നിവ ഉണ്ടായിരിക്കണം.
26. നിലവിലുള്ള സ്പോർട്ട്സ് സംവിധാനങ്ങളുടെ ശരിയായ സംരക്ഷണത്തിനായി മതിയായ യോഗ്യതയുള്ളവരെ നിയോഗിക്കും.
27. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (ആർ എം എസ് എ)യുടെ ഭാഗമായി ഒമ്പതാം ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും സ്വയം പ്രതിരോധനത്തിനായി ആയോധന കലകൾ അഭ്യസിപ്പിക്കുന്നതു പോലെ എല്ലാ സർക്കാർ സ്കൂളുകളിലെയും കൗമാര പ്രായക്കാർക്ക് ആയോധന കലകളിൽ പരിശീലനത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
28. ജില്ലാ തലത്തിൽ കായിക രംഗവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ജില്ലാ സ്പോർട്ട്സ് ഡയറക്ടറി പ്രസിദ്ധീകരിക്കുകയും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വെബ്സൈറ്റ് ആരംഭിക്കുകയും ചെയ്യുക.

29. കായികമായി അപാരമായ ശേഷിയും സിദ്ധിയും ഉള്ളവരാണ് പട്ടികജാതി യുവതീ യുവാക്കൾ, എന്നാൽ ഈ കഴിവുകൾ വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കായിക പരിശീലനം നേടുന്നതിന് പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ സൗകര്യങ്ങളുമില്ല. കഴിവും പ്രഗത്ഭ്യവും ഉള്ളവരെ ചെറുപ്രായത്തിൽതന്നെ കണ്ടെത്തി വേണ്ടവിധം പ്രോത്സാഹിപ്പിച്ചാൽ കരുത്തുറ്റ പ്രതിഭകളെ വാർത്തെടുക്കാനാകും. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
30. കലാകായിക മത്സരങ്ങളും, സാംസ്കാരിക പരിപാടികളും തൊഴിലിടങ്ങൾ കേന്ദ്രീകരിച്ച് നടത്തണം.
31. ജല കായികത്തിന് കേരളത്തിൽ പ്രചാരം വർദ്ധിച്ചുവരികയാണ്. കടലും കായലുകളും കൊണ്ട് അനുഗൃഹീതമായ കൊല്ലം ജില്ലയിൽ ജല കായിക ഇനങ്ങൾക്കായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന കായിക കേന്ദ്രം സ്ഥാപിക്കണം.
32. വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ്, മറ്റ് മൈനർ ഗെയിമുകൾ എന്നിങ്ങനെ വിവിധ വിനോദങ്ങൾക്കായി ഒരേ കളിസ്ഥലം ഉപയോഗപ്പെടുത്താവുന്ന രീതിയിൽ സിന്തറ്റിക് പ്രതലത്തോടു കൂടിയ കളിസ്ഥലം ഓരോ നിയോജക മണ്ഡലത്തിലും സജ്ജമാക്കാവുന്നതാണ്.
33. അന്താരാഷ്ട്ര നിലവാരമുള്ള കായിക വിദഗ്ദ്ധരുടെ ഒരു പാനൽ തയ്യാറാക്കുകയും ഇവരുടെ നേതൃത്വത്തിൽ ജില്ലയിലെ പ്രൈമറി/സ്കൂൾ തലത്തിൽ മികച്ച കായിക ശേഷിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് അനുയോജ്യമായ കായിക ഇനങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടി പരിശീലനം ലഭ്യമാക്കുകയും ചെയ്യുക. ഇതോടൊപ്പം ഇവരുടെ തുടർ പഠനവും ഉറപ്പാക്കണം.
34. മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന എല്ലാ കുട്ടികൾക്കും സ്പോർട്ട്സ് കിറ്റ് നല്കുക.
35. ജില്ലാ സ്പോർട്ട്സ് ഡവലപ്മെന്റ് ഫണ്ട് രൂപീകരണം
    1. എം.എൽ.എ./എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ നിശ്ചിത ശതമാനം തുക സ്പോർട്ട്സ് സംബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണത്തിനും പൂർത്തീകരണത്തിനും വേണ്ടി മാറ്റിവയ്ക്കുന്നതിന് അഭ്യർത്ഥിക്കാവുന്നതാണ്.
    2. പ്രവാസികളായ നിക്ഷേപകരെ സ്പോർട്ട്സ് പ്രോജക്ടുകളിലൊ ജില്ലാ സ്പോർട്ട്സ് ഡവലപ്മെന്റ് ഫണ്ടിലോ നിക്ഷേപം നടത്തുവാൻ പ്രേരിപ്പിക്കാവുന്നതാണ്.
    3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെപദ്ധതി വിഹിതത്തിന്റെഒരു നിശ്ചിസ ശതമാനം സ്പോട്ട്സിന്റെയും ഗെയിംസിന്റെയും പ്രോത്സാഹനത്തിനും അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി മാറ്റി വയ്ക്കാവുന്നതാണ്.
    4. വ്യക്തികൾ, സംഘടനകൾ, സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവടങ്ങളിൽനിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

കായികതാരമാണ് സ്പോർട്ട്സിന്റെ കേന്ദ്രസ്ഥാനീയർ എന്ന വസ്തുത അംഗീകരിച്ചു കൊണ്ട് പ്രൊഫഷണൽ സമീപനത്തിലൂടെയും എല്ലാ സ്പോർട്ട്സ് പ്രോത്സാഹന പദ്ധതികളിലും താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുമെന്നുറപ്പാക്കിയും കായിക താരങ്ങൾക്ക് ഏറ്റവും മികച്ച സൗകര്യങ്ങൾ ലഭ്യമാക്കുവാന് നടപടി സ്വീകരിക്കണം.

- ✓ കായിക താരത്തിന്റെ തുടർവിദ്യാഭ്യാസത്തിന് തടസ്സമാകാത്ത രീതിയിലുള്ള നല്ല പ്രവർത്തന മണ്ഡലം ഒരുക്കുക.
- ✓ എല്ലാ വിഭാഗം ജനങ്ങൾക്കും സ്പോർട്ട്സിൽ ഭാഗഭാക്കുകളാകുന്നതിന് തുല്യ അവസരം ഒരുക്കുക.
- ✓ കായികതാരത്തെ കേന്ദ്രീകരിച്ചുകൊണ്ട് കായികരംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുക.

- ✓ കൂടുതൽ കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനവും പരിശീലനവും പ്രദാനം ചെയ്ത് സഹായിക്കുക.
- ✓ സദാചാരപരവും ധാർമ്മികവുമായ മൂല്യങ്ങളും സ്പോർട്ട്സ്മാൻഷിപ്പിന്റെ ഊർജ്ജവും സൗഹൃദവും സ്വാംശീകരിക്കുന്നതിലൂടെ ഒരു കായിക സംസ്കാരം വാർത്തെടുത്ത് അതുവഴി കൂടുതൽ മികവ് നേടാൻ യുവജനങ്ങളെ തല്പരരാക്കുക.
- ✓ കേരളീയർക്ക് ചുരുങ്ങിയ തോതിലുള്ള കായികക്ഷമത കൈവരിക്കുന്നതിന് സഹായകമാകുന്ന ഒരു ചാലകമായി സ്പോർട്ട്സിനെ പ്രയോജനപ്പെടുത്തുക.
- ✓ കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തി അവർക്ക് ഈ രംഗത്ത് കൂടുതൽ മികവ് കൈവരിക്കുന്നതിന് അംഗീകാരവും പാരിതോഷിതവും നല്കുക.
- ✓ അംഗപരിമിതരുടെ പ്രത്യേക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ കൂടി സ്പോർട്ട്സിലും ഗെയിമിലും ഭാഗഭാക്കുകളാക്കുക
- ✓ കായികരംഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, കായിക മത്സരങ്ങളുടെ സംഘാടനം എന്നീ രംഗങ്ങളിൽ സ്വകാര്യ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ യുക്തമായ നടപടി സ്വീകരിക്കുക
- ✓ കായികതാരത്തിന് വേണ്ട അടിസ്ഥാനാവശ്യങ്ങളായ മികച്ച ഭക്ഷണം, ആധുനിക പരിശീലനത്തിനു വേണ്ട സങ്കേതങ്ങളും ഉപകരണങ്ങളും, മികച്ച പരിശീലകൻ, വിദേശ പരിശീലനമുൾപ്പെടെ തുടർച്ചയായി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം, മികച്ച താമസം എന്നിവ ഉൾപ്പെടുത്തുവാൻ പാകത്തിൽ പ്രത്യേകമായി തയ്യാറാക്കുന്ന പരിപാടികൾ.
- ✓ നേട്ടങ്ങൾ കൈവരിക്കുന്നത് അംഗീകരിക്കുന്നതിനായുള്ള പ്രോത്സാഹന സമ്മാനങ്ങൾ.
- ✓ പ്രൊഫഷണൽ കോഴ്സുകൾ വഴി ലഭിയ്ക്കുന്ന തൊഴിലവസരങ്ങൾക്കു തുല്യമോ അതിലും മികച്ചതോ ആയ തൊഴിലവസരങ്ങളുടെ ലഭ്യത.
- ✓ കായിക താരത്തിന് പരിക്ക് മൂലം കായിക ജീവിതം പെട്ടെന്ന് അവസാനിപ്പക്കേണ്ടിവന്നാൽ സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷയും സർക്കാർ തലത്തിലുള്ള സഹായവും.
- ✓ സ്പോർട്ട്സ് പ്രോത്സാഹന പ്രക്രിയ അതിൽനിന്നുള്ള നേട്ടം കാംക്ഷിക്കുന്ന എല്ലാ വിഭാഗങ്ങളും ചേർന്നുള്ള, പ്രത്യേകിച്ച് സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്പോർട്ട്സ് സംഘടനകൾ, കായികതാരങ്ങൾ, സ്പോർട്ട്സ് പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ കൂട്ട പ്രവർത്തനങ്ങൾ.
- ✓ സ്പോർട്സിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കളിസ്ഥലങ്ങൾ, തുറസ്സായ സ്ഥലങ്ങൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിലവാരം, ലഭ്യത എന്നിവ ഗണ്യമായി മെച്ചപ്പെടുത്തുക.
- ✓ ഇളം പ്രായത്തിൽതന്നെ പ്രതിഭകളെ കണ്ടെത്തുന്നതിനും അത്തരം കുട്ടികളിൽ അന്തർലീനമായ പ്രതിഭ വളർത്തിയെടുക്കുന്നതിനുമാണ് ഊന്നൽ നല്കുക. സ്പോർട്സ് വികസന പദ്ധതികൾ, വ്യക്തമായും നിർവചിക്കപ്പെട്ട ഘടനയോടുകൂടിയ പ്രോത്സാഹനോപാധികൾ, വിശ്വാസ യോഗ്യമായ ക്ഷേമപദ്ധതി എന്നിവ അടങ്ങിയ ഒരു സമഗ്രമായ സമ്പ്രദായം ആവിഷ്കരിച്ചുകൊണ്ട് സ്പോർട്സ് ഒരു ആകർഷകവും പ്രായോഗികവുമായ തൊഴിൽസംരംഭം ആക്കുവാൻ പരിശ്രമിക്കും.
- ✓ ജില്ലാതലം മുതലും ആവശ്യമുള്ള പക്ഷം ഗ്രാമ ബ്ലോക്ക് തലംമുതലും വിവിധ തലങ്ങളിൽ ചാമ്പ്യൻഷിപ്പുകളും ടൂർണമെൻറുകളും സംഘടിപ്പിച്ചുകൊണ്ട് കായിക താരങ്ങളുടെ മത്സരോത്സുകത മെച്ചപ്പെടുത്താൻ മതിയായ അവസരമൊരുക്കും.

- ✓ സ്പോർട്ട്സ് ഹോസ്റ്റലുകളിലെ ട്രെയിനികൾക്കും വിവിധ സംസ്ഥാന കോച്ചിംഗ് ക്യാമ്പുകളിൽ ഉൾപ്പെട്ട കായിക താരങ്ങൾക്കും അവരവരുടെ കളികൾക്കനുയോജ്യമായ ഉപകരണങ്ങളാർജ്ജിക്കുന്നതിന് ആവശ്യമായ നടപടികൾ നടപ്പാക്കും.
- ✓ സ്പോർട്ട്സ് പാഠ്യ പദ്ധതിയുമായി കൂട്ടി യോജിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും കായിക വിദ്യാഭ്യാസം ഒരു ദൈനംദിന പ്രവർത്തനമാക്കും.
- ✓ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയിലൂടെ കായിക ക്ഷമത, നല്ല ആരോഗ്യം എന്നിവയുടെ പ്രാധാന്യം സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രചരിപ്പിക്കുന്നതാണ്.
- ✓ ഒളിംപിക് അംഗീകൃത കായിക ഇനങ്ങൾക്കൊപ്പം ഗ്രാമീണ പരമ്പരാഗത കളികളേയും പ്രോത്സാഹിപ്പിക്കും.
- ✓ യുവശക്തി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ക്ലബ്ബ് സംസ്കാരം പ്രോത്സാഹിപ്പിക്കും.
- ✓ നഗരങ്ങളിലും ഗ്രാമീണ മേഖലയിലുമുള്ള പെൺകുട്ടികളെ സ്പോർട്ട്സ് പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കും.
- ✓ അംഗപരിമിതരായ (ഡിഫറൻഷ്യലി ഏബിൾഡ്) കുട്ടികൾക്കായി പ്രത്യേക പദ്ധതികളാവിഷ്കരിക്കും
- ✓ സാമൂഹ്യോദ്ഗ്രഥനം സാദ്ധ്യമാക്കുന്നതിൽ കായികരംഗത്തെ സന്നദ്ധ സേവനത്തിനുള്ള പ്രാധാന്യം ഉറപ്പാക്കും.

വികസന വിടവ്

- സ്കൂൾ മീറ്റുകളിൽ മെച്ചപ്പെട്ട പോയിന്റ് നിലവാരത്തിലേക്ക് ഉയരുന്നതിനുള്ള പ്രവർത്തനങ്ങൾ
- കായിക പ്രതിഭകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തുക
- കേരളോത്സവം പോലെയുള്ള മത്സരങ്ങളിൽ യുവജനതയുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കൽ.
- മെച്ചപ്പെട്ട പരിശീലകർ
- മെച്ചപ്പെട്ട പരിശീലന സൗകര്യങ്ങൾ
- യൂത്ത് ക്ലബ്ബുകളെ കായിക വികസനത്തിൽ പങ്കാളികളാക്കൽ
- ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ കായിക സ്ഥാപനങ്ങളുടെ സഹായങ്ങൾ പ്രാദേശിക തലത്തിൽ എത്തുന്നില്ല,
- അടിസ്ഥാന സൗകര്യങ്ങൾ ശാസ്ത്രീയമായി സജ്ജമാക്കപ്പെടുന്നില്ല.
- ശാസ്ത്രീയമായി പരിശീലനം ലഭിച്ച കോച്ചുകളുടെ അഭാവം.

പ്രോജക്ട് നിർദ്ദേശങ്ങൾ

കായിക മേഖലയുടെ വികസനത്തിന് ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും കായിക സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ഏകോപന പ്രവർത്തനങ്ങൾ.

മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജിതമായി ചെയ്യാവുന്ന പ്രോജക്ടുകൾ

- ആരോഗ്യവകുപ്പുമായി ചേർന്ന് കായിക താരങ്ങൾക്ക് സ്പോർട്സ് മെഡിസിൻ സൗകര്യങ്ങൾ ഒരുക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ലാൽബഹദൂർശാസ്ത്രി സ്റ്റേഡിയം എല്ലാവിധ സജ്ജീകരണങ്ങളോടെ നൂതന സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുക.

2. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി കായിക പരിശീലനത്തിന് ഒരു ഓപ്പൺ സ്റ്റേഡിയം, ഇൻഡോർസ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവ അടങ്ങിയ ഒരു സ്പോർട്ട്സ് കോംപ്ലക്സ് ജില്ലയിൽ സ്ഥാപിക്കുക
3. എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കുകയും കായിക പഠനം, പരിശീലനം എന്നിവ പാഠ്യപദ്ധതിയിൽ നിർബന്ധമാക്കുക.
4. ജില്ലാ സ്പോർട്സ് ഫണ്ട് രൂപീകരിക്കുക.
5. എം.പി.-എം.എൽ.എ പ്രദേശിക വികസന ഫണ്ടിന്റെ നിശ്ചിത ശതമാനം തുക സ്പോർട്സ് സംബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനും നീക്കിവയ്ക്കുക.
6. കായിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുക.
7. കേരളോത്സവം, രാജീവ് ഗാന്ധി ഖേൽ അഭിയാൻ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും മത്സര പരീക്ഷകളിലെ റാങ്ക് നിർണ്ണയത്തിനും ഗ്രേസ് മാർക്ക് അനുവദിക്കുക.
8. ജില്ലയിൽ മുഴുവൻ തദ്ദശസ്വയംഭരണ സ്ഥനപനങ്ങളുടെയും ബന്ധപ്പെട്ട സ്ഥിരം സമിതിയുടെയും അദ്ധ്യക്ഷന്മാർ ഉൾപ്പെട്ട (നഗരസഭകൾ ഉൾപ്പെടെ) ഒരു Districty Level Sports Affairs Steering Committee രൂപീകരിക്കുക. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു Selectors Grid രൂപീകരിക്കണം. ഈ ഗ്രില്ലിലെ അംഗങ്ങളായ സ്പോർട്ട്സ് വിദഗ്ദ്ധർ ജില്ലയിലെ മുഴുവൻ സ്കൂളുകളും സന്ദർശിച്ച് ക്യാമ്പ് നടത്തി പ്രതിഭകളെ കണ്ടെത്തുക. (Talent search).

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നീന്തൽ പരിശീലനം, സ്പോർട്സ് ടീം രൂപീകരണം, കുട്ടികൾക്ക് അത് ലറ്റിക്സ് പരിശീലനം, പദ്ധതികളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെട്ടുത്തുക.
2. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ യൂത്ത് ക്ലബ്ബുകളെ പങ്കാളികളാക്കുക.
3. സ്കൂൾതലത്തിലും, തദ്ദേശഭരണ സ്ഥാപനതലത്തിലുമുള്ള എല്ലാ കായിക പ്രതിഭകൾക്കും സ്പോർട്സ് കിറ്റിന്റെലഭ്യത ഉറപ്പുവരുത്തുക.

നൂതന പ്രോജക്ട് ആശയങ്ങൾ

- ജില്ലാ സ്പോർട്സ് ഫണ്ട് രൂപീകരണം
- പ്രാദേശിക കായിക താരങ്ങൾക്ക് ഉയർന്നതരത്തിലുള്ള അംഗീകാരം
- കായികോത്സവം – പ്രാദേശിക തലത്തിൽ

®®®®®®®®®®®®®®®®®®®®®®®®®®®®®®®®

സംസ്കാരം

ആമുഖം

കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം കോർപ്പറേഷൻ, നാലു നഗരസഭകൾ, പതിനൊന്ന് ബ്ലോക്ക് പഞ്ചായത്തുകൾ, അറുപത്തിയെട്ട് ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൊല്ലം ജില്ലയിലുള്ളത്. ജില്ലയിൽ 800 ഗ്രന്ഥശാലകൾ രജിസ്റ്റർ ചെയ്തവയുണ്ടെങ്കിലും അവയിൽ 700 എണ്ണം മാത്രമാണ് സജീവമായിട്ടുള്ളത്. പുതിയ ഗ്രഡേഷന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡ് തിരിച്ചുള്ള വിവരം ലഭ്യമായിട്ടില്ല. ഗ്രാമ ഗ്രാമാന്തരങ്ങൾ തോറും സജീവമായതും നാമമാത്രമായതുമായ ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളും ജില്ലയിൽ ഉണ്ട്. എന്നാൽ അവയുടെ യഥാർത്ഥചിത്രം വിശദമായ ഒരു പഠനത്തിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂ. 1990 കളുടെ മദ്ധ്യംവരെ ഗ്രാമീണ സംസ്കാരിക ജീവിതത്തിന്റെയും ദൃശ്യ ശ്രവ്യസംസ്കാരത്തിന്റെയും അളവുകോലായിരുന്ന ഈ സംഘടനകളിൽ ഭൂരി പക്ഷവും ദൃശ്യമാദ്ധ്യമ രംഗത്തുണ്ടായ അഭൂതപൂർവ്വമായ വിപ്ലവത്തിന്റെ ഫലമായി അനുവാചകരും വായനക്കാരും കുറഞ്ഞ് നിർജ്ജീവാവസ്ഥയിലാണ്. എണ്ണറുകളിൽ സജീവമായിരുന്ന ഫൈൻ ആർട്സ് സൊസൈറ്റി കളും ഫിലിം സൊസൈറ്റികളും ഇന്ന് ഏകദേശം അപ്രത്യക്ഷമായിരിക്കുന്നു. ഈ കാലഘട്ടത്തിൽ തന്നെ ജില്ലയിലെമ്പാടും സജീവമായിരുന്ന ഏകാംഗ നാടക സംഘങ്ങൾ ഇന്ന് നാമമാത്രമായി അവേശേഷിക്കുന്നു. സംഗീതവും നൃത്തവും നാടകവും അർത്ഥപൂർണ്ണ മാക്കിയിരുന്ന നാട്ടരങ്ങുകളെ ഇന്ന് മിമിക്സ് പരേഡുകളും. ഗ്രാമീണയുവജനതയുടെ കലാ കായിക ശേഷിയെ പരിപോഷിപ്പിക്കുവാനായി സർക്കാർതലത്തിൽ ആരംഭിച്ച കേരളോത്സവം പങ്കാളിത്തത്തിലും ഉള്ളടക്ക ത്തിലും ദരിദ്രമായിക്കൊണ്ടിരിക്കുന്നു. കാർഷിക വൃത്തിയുടെ ഭാഗമായിരുന്ന ഞാറ്റുപാട്ട്, തേക്കുപാട്ട്, നാടൻപാട്ടുകൾ, കേരള സംസ്കാരത്തനിമയുടെ മുദ്രയായിരുന്ന നാടൻകളികൾ, നാടോടി കലാരൂപങ്ങൾ എന്നിവയുടെ പ്രചാരം നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റും, വാട്ട്സ്ആപ്പും ഫെയ്സ്ബുക്കുമൊക്കെ യുവതലമുറയുടെ തലച്ചോറിൽ ആസക്തി നിറയ്ക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ നേരിട്ടുകൊണ്ടും അനിവാര്യതയെ അംഗീകരിച്ചുകൊണ്ടും മാത്രമെ വീണ്ടെടുപ്പിനും മാറ്റങ്ങൾക്കുമുള്ള ഏതൊരു പദ്ധതിയെയും വിഭാവനം ചെയ്യാൻ കഴിയൂ.

ഈ മാറ്റങ്ങൾക്കിടയിലും മാറ്റമില്ലാതെ നിൽക്കുന്നത് ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അനുഷ്ഠാനരൂപങ്ങളാണ്. പടയണിയും മുടപ്പേയ്യുമൊക്കെ പത്തനംതിട്ട ജില്ലയുടെ ഭാഗമാണെങ്കിലും കെട്ടുകാഴ്ചകൾ ജില്ലയുടെ തനതു കലാരൂപങ്ങളായി നിലനിൽക്കുന്നുണ്ട്. ഓച്ചിറക്കാള കെട്ട്, കേരളത്തിലെ ഏക ദുര്യോധന ക്ഷേത്രമായ മലനടയിലെയും തൃക്കടവൂരിലെയും കടയ്ക്കലിലെയും മറ്റും നെടുംകുതിരയെടുപ്പ്, മുളങ്കാടകം ക്ഷേത്രത്തിലെ ഗരുഡൻതൂക്കം, പുതിയ ആവിഷ്കാരമായ ഉത്സവഫ്ലോട്ടുകൾക്കിടയിലും മറയാതെ നിൽക്കുന്ന വണ്ടിക്കുതിരകൾ ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളിനോ ടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിൽ എഴുന്നള്ളിക്കുന്ന പശ്ചാത്യ സ്വാധീനത്തിലുള്ള രൂപങ്ങൾ എന്നിവയൊക്കെ ഇതിനുദാഹരണങ്ങളാണ്. മുളങ്കാടകം ക്ഷേത്രത്തിനോടനുബന്ധിച്ച് അവതരിപ്പിച്ചിരുന്ന അനുഷ്ഠാന നാടകമായ ആര്യമ്മാലയാട്ടം ഇന്ന് അന്യം നിന്നു പോയെങ്കിലും മലനടയിലെ പാക്കനാർ കളിയും അർജ്ജുന നൃത്തവും നാമമാത്രമയെങ്കിലും നിലനിൽക്കുന്നുണ്ട്. ജില്ലയുടെ കിഴക്കൻ മേഖലയിലെ ഗോത്രവർഗ്ഗക്കാരുടെ കലാരൂപങ്ങൾ സംരക്ഷിക്ക പ്പെടേണ്ടതുണ്ട്. ഒരു കാലത്ത് കാക്കാരിശ്ശി നാടകത്തിന്റെ പ്രധാന അവതരണ മേഖലയായിരുന്ന കൊല്ലത്ത് ഇന്ന് ഇത് തനിമയോടെ കാണാൻ കഴിയാത്ത അവസ്ഥയാണ്. കൊല്ലം ജില്ലയുടെ തനതു കലാരൂപമെന്ന് വിശേഷിപ്പിക്കാവുന്ന സീതകളി (സീതക്കളി) മാതൃകാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുനർജ്ജീവനം നേടുന്നുണ്ട്. കമ്പടികളി, പൂപ്പട, തുമ്പി തുള്ളൽ,

വിൽപ്പാട്ട്, ശാസ്താംപാട്ട്, തോറ്റംപാട്ട് എന്നിങ്ങനെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഓട്ടേറെ കലാരൂപങ്ങൾ ജില്ലയുടെ സംസ്കാരിക ശേഷിപ്പുകളായുണ്ട്.

കിഴക്കൻ മേഖല, മദ്ധ്യമേഖല, തീരപ്രദേശം എന്നിങ്ങനെ മൂന്ന് മേഖലകൾക്കും ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ആചാരങ്ങളിലും ജീവിതരീതിയുടെ സൂക്ഷ്മമായ തലങ്ങളിലും രുചിഭേദങ്ങളുണ്ട്. കൃഷിരീതികൾ, നാട്ടുവൈദ്യം, ഭക്ഷണ ശീലങ്ങൾ, പാചക രീതികൾ, ഭാഷണ ഭേദങ്ങൾ, നാട്ടറിവുകൾ, കരകൗശല കൈത്തൊഴിൽ വിശേഷങ്ങൾ തുടങ്ങി വ്യത്യസ്ഥങ്ങളായ സൂക്ഷ്മതലങ്ങളിലേക്ക് പഠനോന്മുഖമായ മനസ്സുമായി ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. സമഗ്രമായ പദ്ധതി രൂപീകരണത്തിൽ സവിശേഷ ശ്രദ്ധ വേണ്ടുന്ന ഇടങ്ങളാണിതൊക്കെ. ഉല്പാദനം, സേവനം, കൃഷി, മൃഗസംരക്ഷണം, ദാരിദ്ര്യ ലഘൂകരണം, എന്നിങ്ങനെയുള്ള മേഖലകളിലൊക്കെ നാം പദ്ധതികൾ രൂപീകരിക്കുമ്പോഴും കലയും സംസ്കാരവും പല കാരണങ്ങൾ കൊണ്ടും ഒഴിവാക്കപ്പെടുന്നു. ജില്ലാ പഞ്ചായത്ത് കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് ആവിഷ്കരിച്ച കലാഗ്രാമം പദ്ധതി പനയം, പെരിനാട് ഗ്രാമപഞ്ചായത്തുകൾ നിലവിൽ തുക വകയിരുത്തിയിട്ടുള്ള സീതകളി, തങ്കനൂൽചിത്ര നിർമ്മാണം (കച്ചിപ്പടം), പെരിനാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിരുന്ന കുട്ടികളുടെ ഹ്രസ്വ സിനിമ എന്നിങ്ങനെ നാമമാത്രമായ പദ്ധതികൾ മാത്രമേ മുമ്പ് ഉണ്ടായിട്ടുള്ളൂ. അവയിൽ പലതും സബ്സിഡി മാനദണ്ഡങ്ങളുടെ അവ്യക്തതയിൽ തട്ടി നിൽക്കുകയുമാണ്. ഉചിത പദ്ധതികൾക്ക് നിർദ്ദേശിച്ചിട്ടുള്ളതു പോലെ നിശ്ചിത ശതമാനം തുക സാംസ്കാരിക, കായികം, യുവജനക്ഷേമ മേഖലകളിൽ വകയിരുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. തൊഴിലില്ലാത്ത യുവജനങ്ങൾക്കും പഠന സമയത്തിന് ഇടവേളകിട്ടുന്ന വിദ്യാർത്ഥികൾക്കും ഈ മേഖലയിൽ കൂടുതൽ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. മൊബൈൽ ഫോണിന്റെയും സോഷ്യൽ മീഡിയയുടെയും സ്വാധീനത്തെ തീരെ ആക്ഷേപിച്ചു തള്ളാതെ, കാലഘട്ടത്തിന്റെ അനിവാര്യത എന്ന നിലയിൽ അവയെ ഒരു പരിധിവരെ അംഗീകരിച്ചുകൊണ്ട് അവയുടെ സാധ്യതയെ എങ്ങനെ പുരോഗമനപരമായി മാറ്റിത്തീർക്കും എന്നു കൂടി ചിന്തിക്കുന്നത് ഉചിതമായിരിക്കും

അവസ്ഥാ വിശകലനം

ഈ മേഖലയെ പരിപോഷിപ്പിക്കുവാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട് എന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കും. സംസ്ഥാന ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സാഹിത്യ, സംഗീത-നാടക, ലളിതകല അക്കാദമികളുടെ ആസ്ഥാനം തൃശ്ശൂരും ഫോക് ലോർ അക്കാദമിയുടേത് കണ്ണൂരുമാണ്. യുവജനക്ഷേമബോർഡ്, നെഹ്റുയുവകേന്ദ്ര എന്നിവയുടെ പ്രവർത്തനം ജില്ലാതലത്തിൽ ഉണ്ട്. തഞ്ചാവൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സൗത്ത്സോൺ കൾച്ചറൽ സെന്റർ, ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നാഷണൽ സ്കൂൾഓഫ് ഡ്രാമ റീജിയണൽ സെന്റർ, കേന്ദ്ര അക്കാദമികൾ എന്നിവയും കലാ സാംസ്കാരിക മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ്. യുവചിത്രകാരന്മാർക്ക് ലളിതകലാ അക്കാദമി സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. സംഗീത-നാടക അക്കാദമി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾക്ക് നാമമാത്രമായ ധനസഹായം നല്കുന്നതൊഴിച്ചാൽ വലിയ ചലനമുണ്ടാക്കുന്നില്ല. കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ നീരാവിൽ പ്രകാശ് കലാകേന്ദ്രം, മുഖത്തല സ്വരലയ തുടങ്ങി രണ്ടോ മൂന്നോ സംഘങ്ങൾക്ക് മാത്രമാണ് സംഗീത നാടക അക്കാദമിയുടെ നാടകോത്സവങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ചില ഹ്രസ്വദിന ക്യാമ്പുകൾ ഒഴികെ മറ്റ് അക്കാദമികളുടെ പ്രവർത്തനങ്ങൾ ജില്ലയിലേക്കെത്തിയിട്ടില്ല. ജില്ലയിലെ ഗോത്ര കലാരൂപങ്ങളെക്കുറിച്ച് ആധികാരികമായ പഠനം തന്നെ ഉണ്ടായിട്ടില്ല. ഇപ്പോൾ പുനരാവിഷ്കരിക്കപ്പെടുന്ന സീനുകളിലെയോ അതിലെ കലാകാരന്മാരെയോ ഒരു അക്കാദമിയും നാളിതു വരെ അംഗീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ഇപ്പോൾ 1000 യുവകലാകാരന്മാർക്ക് പ്രഖ്യാപിച്ചിട്ടുള്ള 10000/- രൂപയുടെ വജ്ര ജൂബിലി ഫെലോഷിപ്പും, എസ്.ഐ.ആർ.ഡി സ്കൂളുകളിൽ കലാകാരന്മാരെ കലാ പഠനത്തിന് നിയോഗിച്ചതും പ്രതീക്ഷ നൽകുന്ന ഉദ്യമങ്ങളാണ്.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- ജില്ലയിലെ കലാസാംസ്കാരിക സംഘടനകൾ കലാരൂപങ്ങൾ, കലാകാരൻമാർ, പൈതൃകങ്ങൾ, എന്നിവയുടെ ജില്ലയുടെതായ വിവരങ്ങൾ ലഭ്യമല്ല.
- കൊല്ലം ജില്ലയുടേതായ കഥാപ്രസംഗം പോലെയുള്ള കലാരൂപങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
- ആർട്ട് ഗാലറികളുടെയും, സാംസ്കാരിക നിലയങ്ങളുടെയും അഭാവം.
- കലാരൂപങ്ങൾ അവതരിപ്പിക്കാനോ കളിയൊരുക്കം നടത്താനോ മതിയായ സ്ഥലസൗകര്യം ഇല്ല എന്നതാണ്. ജില്ല നേരിടുന്ന മറ്റൊരു പരിമിതി. രംഗകലകൾ അവതരിപ്പിക്കാൻ കേരളത്തിലെ തന്നെ ഏറ്റവും മികവുറ്റ തിയേറ്ററായ കൊല്ലം പബ്ലിക്ക് ലൈബ്രറിയുടെ സോപാനം ഒഴിച്ചാൽ ഈ രംഗത്തുള്ള സൗകര്യങ്ങൾ പരിതാപകരമാണ്. സോപാനമാകട്ടെ, സാധാരണ കലാ സംഘങ്ങൾക്ക് പ്രാപ്യവുമല്ല. ഗ്രാമപഞ്ചായത്തുകളിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ ആകട്ടെ അവിദഗ്ദ്ധമായ നിർമ്മാണം കൊണ്ട് മിക്കവാറും ഈ ആവശ്യങ്ങൾക്ക് ഉപയോഗ ശൂന്യവുമാണ്. മതിയായ രംഗസ്ഥലമോ മാന്യമായ ഗ്രീൻ റൂമുകളോ പ്രതിധ്വനി രഹിതമായ ശബ്ദനിയന്ത്രണമോ ഇല്ലാത്ത ഇത്തരം ഹാളുകൾ റിഹേഴ്സലുകൾക്ക് ലഭിക്കണമെങ്കിൽപ്പോലും അനേകം കടമ്പകൾ കടക്കേണ്ടതുമുണ്ട്.
- ഏറെ നാളത്തെ അധ്വാനം കൊണ്ട് രൂപപ്പെടുത്തുന്ന കലാരൂപങ്ങൾക്ക് വേദികൾ കണ്ടെത്തുകയാണ് മറ്റൊരു പ്രശ്നം. നാലോ അഞ്ചോ വേദികൾ കൊണ്ട് അകാലചരമ മടയുകയാണ് മിക്കവാറും ഇവയുടെ വിധി. ശക്തമായ സംഘടനാ സംവിധാനമുള്ള ചില സംഘടനകൾ മാത്രമാണ് ഇതിന് അപവാദം. ഈ അവസ്ഥകളെ ഫലപ്രദമായി മറികടക്കുകയാണ് പ്രധാനപ്പെട്ട വെല്ലുവിളി.
- കേരളോത്സവത്തിലെ കലാമത്സരങ്ങളിൽ പങ്കെടുക്കുന്ന കലാകരൻമാരുടെ എണ്ണം വളരെ കുറവാണ്.

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

1. വിവരശേഖരണവും ഡയറക്ടറി നിർമ്മാണവും

a. ജില്ലയിലെ കലാസാംസ്കാരിക സംഘടനകൾ, അവയുടെ പ്രവർത്തനമേഖലകൾ, പ്രാദേശികമായി പ്രചാരത്തിലുള്ള കലാരൂപങ്ങൾ, വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാർ എന്നിവയുടെ വിവരശേഖരണം ഗ്രാമപഞ്ചായത്തു തലത്തിൽനടത്തുക, അതിനായുള്ള സമിതികൾ രൂപീകരിക്കുകയും പ്രവർത്തനത്തിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.

b. പ്രചാരലുപ്തമായിക്കൊണ്ടിരിക്കുന്ന നാടോടി, ക്ലാസിക്കൽ കലാരൂപങ്ങളുടെയും അവയെ പ്രയോഗിക്കുന്ന സമൂഹങ്ങളുടെയും കലാകാരന്മാരുടെയും വിവരങ്ങൾ ശേഖരിക്കുക.

c. കരകൗശല-കൈത്തൊഴിൽ മേഖലകൾ, നാട്ടറിവുകൾ, ചൊല്ലുകൾ, നാടൻകളികൾ, നാടൻകൃഷിരീതികൾ, നാട്ടുവൈദ്യം, ഭാഷണഭേദങ്ങൾ, പാചകരീതികൾ എന്നിവയുടെ വിവരശേഖരണം.

d. പ്രകൃതിജന്യവും മനുഷ്യജന്യവുമായ പൈതൃകങ്ങൾ, കാവുകൾ, സാംസ്കാര ശേഷിപ്പുകൾ എന്നിവയുടെ വിവര ശേഖരണം.

e. കിഴക്കൻമേഖലയിലെ ഗോത്രസംസ്കൃതിയുടെ ഭാഗമായ കലാരൂപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ വിവരശേഖരണം.

f. പ്രാദേശികചരിത്രം, സ്ഥലമാനങ്ങളുടെ ഉല്പത്തി എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം

g. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽജില്ലയുടെ സാംസ്കാരിക ഡയറക്ടറി രൂപീകരിക്കുകയും അത് ഇന്റർനെറ്റ് സംവിധാനത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

2. പൈതൃക സംരക്ഷണം

മുകളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽസ്ഥലങ്ങളുടെ സംരക്ഷണത്തിന് പുരാവസ്തു, പുരാരേഖവകുപ്പുകളുടെ സഹകരണത്തോടെ പദ്ധതികൾ രൂപീകരിക്കുക. സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ഇവയെ ടൂറിസം ഭൂപടത്തിൽ രേഖപ്പെടുത്തുകയും വികസനസാധ്യതകൾ കണ്ടെത്തുകയും ചെയ്യുക.

3. നാടൻ കലാ, സംസ്കാരം

മേൽ സൂചിപ്പിച്ച വിവരശേഖരണത്തിന്റെഅടിസ്ഥാനത്തിൽ നടോടി കലാരൂപങ്ങളെയും നാട്ടറിവുകൾ, ഭാഷണഭേദങ്ങൾ, നാടൻ കളികൾ, തുടങ്ങി പ്രസ്താവ്യമായ മേഖലകളിൽ സംരക്ഷണത്തിനാവശ്യമായ നവീന പദ്ധതികൾ രൂപീകരിക്കുക. നിത്യ ജീവിതത്തിന് ബുദ്ധിമുട്ടുന്ന പാരമ്പര്യ കലാകാരന്മാർക്ക് പരിശീലന കാലയളവിൽ ഓണറേറിയം നൽകുവാനുള്ള വ്യവസ്ഥകൾ സബ്സിഡി മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുക.

4. ഗോത്രസംസ്കാരം, കലകൾ

ജില്ലയിലെ ഗോത്രകലാരൂപങ്ങൾ, ഭാഷകൾ, ഗോത്രവിജ്ഞാനങ്ങൾ, വൈദ്യം, കര കൗശല വസ്തു നിർമ്മാണം, ഭക്ഷണരീതികൾ തുടങ്ങിയവയിൽ പട്ടിക വർഗ്ഗ വകുപ്പിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബിന്റെയും സഹകരണത്തോടെ പഠനം, സംരക്ഷണ പ്രവർത്തികൾ, പ്രചരണം എന്നിവയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുക.

5. പ്രാദേശിക അക്കാദമികൾ

കേരള, കേന്ദ്ര സാംസ്കാരിക വകുപ്പുകളുടെ കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തന ഫലങ്ങൾ പ്രാദേശിക തലത്തിൽ എത്തിക്കുവാൻ സഹായകരമാക്കുന്ന വിധത്തിൽ ഗ്രാമ പഞ്ചായത്തു തലത്തിൽ ഗ്രാമീണ അക്കാഡമികൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകളുടെയും ഗ്രന്ഥശാലകളുടെയും പ്രതിനിധികളെയും സ്വതന്ത്രകലാകാരന്മാരെയും ഉൾപ്പെടുത്തിയാണ് അക്കാഡമികൾ രൂപീകരിക്കേണ്ടത് എന്നാൽ ഇതിലെ അംഗങ്ങൾ ഏതെങ്കിലും കലാ രൂപങ്ങളിലോ സാഹിത്യ രൂപങ്ങളിലോ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ളവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലെങ്കിൽ അധികാര താല്പര്യങ്ങളിൽ പെട്ട് ഇവയുടെ ഉദ്ദേശശുദ്ധി നഷ്ടപ്പെടാൻ ഇടയുണ്ട്. പഞ്ചായത്തു തലത്തിലെ അക്കാദമികൾക്ക് ബ്ലോക്ക്, ജില്ലാതലങ്ങളിൽ ഫെഡറേഷനുകളുണ്ടാക്കുകയും ഇതിലൂടെ കേരള സാഹിത്യ, സംഗീതനാടക, ലളിതകലാ, ഫോക് ലോർ അക്കാഡമികൾക്ക് താഴേക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനും ജില്ലാതലത്തിൽ കലാ, സാഹിത്യ, സാംസ്കാരിക മേഖലകളിൽ പുതിയ ഉണർവ്വ് സൃഷ്ടിക്കാനും കഴിയും.

6. കേരളോത്സവവും കലാ-കായിക സമിതികളും

ഓരോ ഗ്രാമ പഞ്ചായത്തുതലത്തിലും പത്തു മുതൽ പതിനഞ്ചുവരെ കലാ-കായിക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ എഴുന്നൂറിനും ആയിരത്തിനും ഇടയിൽ സമിതികൾ ഉണ്ടാക്കേണ്ടതുണ്ട്. എന്നാൽ ഇവയിൽ ഏറെയും നാമമാത്രമായ പ്രവർത്തനം ഉള്ളവയാണ്. വർഷത്തിലൊരിക്കൽ വാർഷികം നടത്തുക മാത്രം ചെയ്യുന്നവയും വർഷം മുഴുവൻ പ്രവർത്തിക്കുന്നവയുമുണ്ട്. ചിലസമിതികൾ നാടകപ്രവർത്തനം മുഖ്യമായി കാണുമ്പോൾ കലാപഠനം പ്രധാന പ്രവർത്തനമായി കാണുന്നവയും സ്പോർട്സ് ആന്റ് ഗെയിംസ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവയുമുണ്ട്. ഈ പ്രവർത്തനങ്ങളെ വിലയിരുത്തി അതാതു മേഖലയിൽമികച്ച സംഘാടനത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ഇതിനെ ഗ്രാമീണ അക്കാഡമികളുടെ പ്രവർത്തനവുമായി കൂട്ടിയിണക്കാവുന്നതാണ്.

സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നടത്തുന്ന കേരളോത്സവത്തിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്കു പഞ്ചായത്തുകളും ചേർന്ന് ഒരു നയസമീപനം സ്വീകരിക്കാവുന്നതാണ്. ഗ്രാമ

തലത്തിൽ ക്ലബ്ബുകളെ മുൻകൂട്ടിത്തന്നെ സജ്ജമാക്കുകയും ജനകീയ പങ്കാളിത്തത്തോടെ മികച്ച സമ്മാനങ്ങളേർപ്പെടുത്തുകയും ചെയ്യാം. ഗ്രാമപഞ്ചായത്തുതലത്തിൽ സ്പോർട്സിൽ ഹ്രസ്വകാല കോച്ചിംഗ് ക്യാമ്പുകളും പ്രാദേശിക മികവനുസരിച്ച് കലാമത്സരയിനങ്ങൾക്ക് ശില്പശാലകളും നടത്താവുന്നതാണ്. ബ്ലോക്കുതലത്തിൽ വിജയികളാകുന്നവർക്ക് കൂടുതൽ പരിശീലനം നൽകി ജില്ലാ മത്സരങ്ങൾക്ക് പങ്കാളികളാക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ സംസ്ഥാനതലത്തിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ ജില്ലയ്ക്കാകും. സംസ്ഥാനതലത്തിൽ വിജയികളാകുന്നവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുവാൻ കഴിഞ്ഞാൽ നിരവധി കലാകായിക പ്രതിഭകളെ സംഭാവന ചെയ്യുവാൻ ജില്ലയ്ക്കു കഴിയും.

7. ഗ്രന്ഥശാലകൾ

700 -ഓളം പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ജില്ലയിൽ ഉണ്ടെങ്കിലും പുസ്തകം വായിക്കുവാനെത്തുന്നവരുടെ എണ്ണം കുറവാണ്. ഒരു കാലത്ത് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സർവ്വകലാശാലകളായിരുന്ന ഗ്രന്ഥശാലകൾക്ക് ആ സുവർണ്ണകാലം തിരികെ വരുത്താൻ വായനക്കൂട്ടങ്ങൾ ആരംഭിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ആനുകാലികങ്ങൾ വാങ്ങുവാനുള്ള തുക, ചർച്ചകൾ, സെമിനാറുകൾ, വായനാ മത്സരങ്ങൾ എന്നിവ നടത്താനുള്ള തുക എന്നിങ്ങനെ വകയിരുത്തി വായനയുടെ സംസ്കാരം തിരികെ കൊണ്ടു വരാനാവശ്യമായ പദ്ധതികളാണ് ഇവിടെ വിഭാവനം ചെയ്യേണ്ടത്.

8. അന്യഭാഷാ തൊഴിലാളികൾ

ജില്ലയിലെ വിവിധതൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിൽ നിന്നു വരുന്നവരുടെ എണ്ണം കൂടിക്കൂടി വരികയാണ്. ഒറ്റപ്പെട്ട തുരുത്തുകളായാണ് ഇവർ ജീവിക്കുന്നത്. ഇവരുടെ സംസ്കാരിക ത്തനിമയെയും കലാഭിരുചിയെയും പറ്റി അറിയുവാനുള്ള ശ്രമം നാളിതുവരെ ഉണ്ടായിട്ടില്ല. ഇവരെ സാക്ഷരരാക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. അതോടൊപ്പം സ്വന്തം കലാരൂപങ്ങൾ മലയാളി പ്രേക്ഷകരുടെ മുമ്പിൽ അവതരിപ്പിക്കാനും ഗ്രന്ഥശാലകളിൽ അവരുടെ ഭാഷാപുസ്തകങ്ങൾ ഉൾപ്പെടുത്തി വായനയുടെ ഉയർന്ന സംസ്കാരിക ഇടങ്ങളിലേക്ക് അവരെ കൈപിടിച്ചുയർത്താനും ഉചിതമായ പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

9. ട്രാൻസ് ജെൻഡർ

എല്ലാ പരിഷ്കൃത ജനസമൂഹങ്ങളും ഇന്ന് ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ അസ്തിത്വം അംഗീകരിക്കുകയും സമൂഹ പുരോഗതിയിൽ അവരെ ഭാഗഭാക്കാക്കുകയും ചെയ്യുന്നു. ഉയർന്ന കലാബോധമുള്ളവരാണ് അവരിലേറെയും. കല അവർക്ക് വലിയ അളവിലുള്ള ആശ്വാസമാണ് നല്കുന്നത് അതിനാൽ ട്രാൻസ് ജെൻഡർ വിഭാഗത്തിന് പ്രാധാന്യം നല്കുന്ന കലാസംഘങ്ങൾക്ക് പ്രോത്സാഹനം നല്കേണ്ടതാണ്.

10. ഒഴുകും വേദികൾ (ഫ്ലോട്ടിംഗ് തീയേറ്റർ)

ജില്ലയുടെ തീരദേശത്തിന്റെ ജലപാതകളും വിസ്തൃതമായ അഷ്ടമുടിക്കായലിന്റെയും പരവൂർ, ഇടവ-നടയറക്കായലുകളുടെയും പ്രകൃതിരമണീയതയിലേക്ക് സായഹ്നങ്ങളിൽ ചങ്ങാടത്തിൽ ഒരുക്കിയ വേദികളിൽ സംഗീതം, നൃത്തം, നാടകം, പാരമ്പര്യ കലാരൂപങ്ങൾ, നാടൻ കലകൾ തുടങ്ങിയവയുടെ അവതരണം നടത്താൻ കലാസംഘങ്ങളെ സഹായിക്കാനാവശ്യമായ പദ്ധതികൾ മുന്നോട്ട് വയ്ക്കാവുന്നതാണ്. ടൂറിസത്തിന്റെ വിപുലമായ സാധ്യതകളെ ഉപയോഗപ്പെടുത്താവുന്നതും പ്രാദേശിക കലാകാരന്മാർക്ക് വരുമാനം ലഭിക്കുന്നതിനും കൂടുതൽ വേദികൾ സൃഷ്ടിക്കുന്നതിനും ഇതു സഹായകമാകും പ്രാദേശിക അക്കാദമികളെ ഇതുമായി സംയോജിപ്പിക്കാവുന്നതാണ്.

11. റസിഡന്റ്സ് അസോസിയേഷനുകൾ

നഗരപരിസരത്തു നിന്ന് അസോസിയേഷനുകൾ എന്ന കുടുംബ കൂട്ടായ്മകൾ ഗ്രാമീണ മേഖലയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഓണം, നവവത്സരം, ക്രിസ്തുമസ് ആഘോഷങ്ങൾക്കപ്പുറത്തേക്ക് പല അസോസിയേഷനുകളുടെയും പ്രവർത്തനം നീങ്ങുന്നില്ല. സാംസ്കാരികാധിനിവേശങ്ങൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെ രെയുമുള്ള ചെറുത്തുനിൽപ്പിനും കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മ

ദൃഢമാക്കുന്നതിനും ഈ യൂണിറ്റുകളെ പ്രാപ്തരാക്കാവുന്നതാണ്. കുട്ടികൾക്കും യുവതീ യുവാക്കൾക്കും കലാപഠനത്തിനും കലാശില്പശാലകൾ സംഘടിപ്പിക്കുന്നതിനും സഹായം നൽകാവുന്നതാണ്. റസിഡന്റ്സ് അസോസിയേഷനുകളുടെ ഫെഡറേഷനുകൾ രൂപീകരിക്കുന്നതിലൂടെ ഇതു ഫലപ്രദമായി ആവിഷ്കരിക്കാൻ കഴിയും.

12. വജ്രജൂബിലി സ്കോളർഷിപ്പുകൾ

2017-18 വർഷം മുതൽ പ്രതിമാസം പതിനായിരം രൂപ വച്ച് ആയിരം കലാകാരന്മാർക്ക് ഏർപ്പെടുത്തിയ വജ്രജൂബിലി സ്കോളർഷിപ്പ് മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവർത്തനങ്ങൾക്കും സഹായകരമാക്കണ രീതിയിൽ ആസൂത്രണം ചെയ്യാവുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് കലാഭ്യസനം നൽകുന്നതിനായി വിദ്യാലയങ്ങളുടെ / തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ആതിഥേയത്വത്തിൽ വിന്യസിക്കുന്നു എന്നാണ്. ഇതനുസരിച്ച് താഴെപറയുന്ന രീതിയിൽ കലാകാരന്മാരുടെ സേവനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

1. സ്കൂളുകളിൽ കലാഭ്യാസം, യുവജനോത്സവങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ
2. കേരളോത്സവങ്ങളുടെ നടത്തിപ്പിലും ആസൂത്രണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
3. പ്രാദേശിക അക്കാഡമികളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തുക.
4. ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സായാഹ്നങ്ങളിൽ കലാപരിശീലനം ആരംഭിക്കുകയും ഫിലിം ക്ലബ്, ഡ്രാമ ക്ലബ്, സംഗീത സഭ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുകയും ചെയ്യുക.

13. യുവജന സമ്പർക്കകേന്ദ്രം

യുവജനങ്ങൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ നേടുന്നതിനും വൈവിദ്ധ്യ പൂർണ്ണമായ ഒട്ടേറെ മേഖലകളുണ്ട്. കലാസാംസ്കാരിക സംഘങ്ങൾക്ക് വിവിധ അക്കാഡമികളുടെയും മറ്റ് ഏജൻസികളുടെയും അനവധി പദ്ധതികൾ, സ്കോളർഷിപ്പുകൾ, ഫെല്ലോഷിപ്പുകൾ എന്നിവ ലഭ്യമാണ്. എന്നാൽ ഇവ ഏതൊക്കെയെന്നും നേടുവാനുള്ള വഴികൾ എന്തൊക്കയെന്നും ഉള്ള അറിവ് പരിമിതമായ ചിലർക്ക് മാത്രമേ ഉള്ളു. ഉപരിപഠന സാധ്യതകൾ, സ്കോളർഷിപ്പുകൾ, വിദേശപഠന സാധ്യതകൾ, ഗ്രാന്റുകൾ എന്നിവയെപ്പറ്റി യുവജനങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കും അറിവുപകരാനായി ജില്ലാടിസ്ഥാനത്തിൽ യുവജനസമ്പർക്ക കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലെ യൂത്ത് കോർഡിനേറ്റർമാരുടെ പ്രവർത്തനം പദ്ധതിയുടെ ഭാഗമായി താഴെ തലത്തിലേക്ക് വ്യാപിപ്പിക്കുവാൻകഴിയും.

14. കലോത്സവങ്ങൾ

കൊല്ലത്തിന്റെ പേര് ടൂറിസം ഭൂപടത്തിൽ രേഖപ്പെടത്തക്ക വിധത്തിൽ എല്ലാ വർഷവും കലോത്സവം സംഘടിപ്പിക്കാവുന്നതാണ്. കലാപരിപാടികളും അതോടനുബന്ധിച്ചുള്ള ചർച്ചകളും ശില്പശാലകളും സെമിനാറുകളുമാകണം കലോത്സവത്തിന്റെ ഉള്ളടക്കം. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വച്ച് കലോത്സവം നടത്താവുന്നതാണ്. സ്ഥലം തെരഞ്ഞെടുക്കുമ്പോൾ തീരപ്രദേശം ഇടനാട് മലയോരപ്രദേശം എന്നിങ്ങനെ എല്ലാ പ്രദേശത്തിനും പ്രാതിനിധ്യം ലഭിക്കണം. ഇതര ജില്ലകളുമായും ഇതരസംസ്ഥാനങ്ങളുമായും സാംസ്കാരിക വിനിമയം സാധ്യമാകുന്ന രീതിയിലാവണം കലോത്സവം സംഘടിപ്പിക്കേണ്ടത്. കൊല്ലം മഹോത്സവം എന്ന പേര് നൽകാവുന്നതാണ്.

15. ചലച്ചിത്രം

ഒരു കാലത്ത് വളരെ ചെലവേറിയതായിരുന്ന ചലച്ചിത്ര കലയുടെ സാങ്കേതികത ഇന്ന് ഡിജിറ്റൽ വിപ്ലവത്തെ തുടർന്ന് കൈയ്യിലൊതുങ്ങുന്നതും ലളിതവുമായിട്ടുണ്ട്. ജനഹൃദയങ്ങളെ ഏറ്റവും ആഴത്തിൽ സ്വാധീനിക്കുവാൻ കഴിയുന്ന ഈ കലാരൂപത്തിനെ ശാസ്ത്രബോധം, മതേതരത്വം, ശുചിത്വബോധം, ആരോഗ്യപരിപാലനം തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കാനും അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടാനും കഴിയുന്ന വിധത്തിൽ ഉപയോഗിക്കുവാൻ കഴിയണം ഹ്രസ്വചിത്ര നിർമ്മാണത്തെ പ്രോത്സാഹി

പ്പിക്കുവാൻ പദ്ധതി രൂപീകരിക്കാവുന്നതാണ്. ഒപ്പം ചലചിത്ര ഉത്സവങ്ങളും ആസ്വാദനനിലവാരം മെച്ചപ്പെടുത്താനുതകുന്ന ശില്പശാലകളും ഫിലിം ക്ലബുകളും രൂപീകരിക്കാവുന്നതാണ്.

16. സിനിമാ വണ്ടി

നല്ല സിനിമയുടെ പ്രചാരണത്തിനായി സിനിമാവണ്ടിയെന്ന സഞ്ചരിക്കുന്ന സിനിമാകൊട്ടകയെക്കുറിച്ചാലോചിക്കാവുന്നതാണ്. അമ്പതുപേർക്കിരിക്കാവുന്ന ഒരു ബസ്സും അതിൽ വലിയ സ്ക്രീനുള്ള ടെലിവിഷനും ഉണ്ടെങ്കിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് നല്ല സിനിമകൾ പ്രദർശിപ്പിക്കാം. തീയേറ്റർ കിട്ടാത്ത കലാ മൂല്യമുള്ള സിനിമകളും ഡോക്യുമെന്ററികളും ഹ്രസ്വ സിനിമകളും പ്രദർശിപ്പിക്കാം. ഒപ്പം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ആസ്വാദന ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്.

17. നാടകവും കഥാപ്രസംഗവും

കൊല്ലം ജില്ലയ്ക്ക് കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ സവിശേഷമായ സ്ഥാനം നേടിക്കൊടുത്ത കലാരൂപങ്ങളാണ് നാടകവും കഥാപ്രസംഗവും കെ.പി.എ.സി യുടെ ആസ്ഥാനം ഇപ്പോൾ കായംകുളത്താണെങ്കിലും ആദ്യകാല നാടക പരിശ്രമങ്ങളൊക്കെ കൊല്ലത്താണ് നടന്നത്. ഓച്ചിറ പരബ്രഹ്മോദയം സംഗീത നടനസഭയ്ക്ക് മലയാള നാടകത്തിന്റെ ചരിത്രത്തിൽ അദ്വിതിയ സ്ഥാനമുണ്ട്. ഏറ്റവും കൂടുതൽ പ്രൊഫഷണൽ നാടകസംഘങ്ങൾ ഉണ്ടായിരുന്നതും കൊല്ലാത്താണ്. ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽവെച്ച് 1963-ൽ നടന്ന നാടകക്കളരിയിലാണ് ആധുനിക മലയാള നാടകപ്രസ്ഥാനം പിച്ച വച്ചു നടന്നു തുടങ്ങിയത്. 1980കൾ വരെ ഒട്ടനവധി അമെച്ചർ നാടക സംഘങ്ങൾ ജില്ലയിൽ സജീവമായിരുന്നു. ഗ്രന്ഥശാലകളും വർഷത്തിൽ ഒരു നാടകം പ്രാദേശിക കലാകാരന്മാരുടെ നേതൃത്വത്തിൽ അവതരിപ്പിച്ചിരുന്നു. ഇന്ന് സജീവമായ നാടകസംഘങ്ങൾ പരിമിതമാണ്. സാമൂഹിക മാറ്റത്തിനുതകുന്ന വണ്ണം നാടകങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ നിർത്തി നാടകസംഘങ്ങളെ സജീവമാക്കാൻ ആവശ്യമായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. അഭിനയം, സംവിധാനം, രചന, സാങ്കേതിക ഘടകങ്ങൾ എന്നിവയിൽ ശില്പശാലകൾ സംഘടിപ്പിക്കുവാനും തെരഞ്ഞെടുക്കുന്ന നാടകസംഘങ്ങൾക്ക് ധനസഹായം നല്കാനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ചലചിത്ര അക്കാഡമിയുടെ പാക്കേജുകൾ ഇതിനുമാതൃകയാകണം.

ലോക ക്ലാസിക്കുകളെ മലയാളിക്ക് പരിചയപ്പെടുത്തിയ അനശ്വര കലാകാരൻ വി.സാംബശിവനും കൊല്ലം ബാബുവും അനന്തര തലമുറയും അരങ്ങുകളെ സജീവമാക്കിയിരുന്ന കഥാപ്രസംഗം ഇന്ന് തിരിച്ചു വരവിന്റെ പാതയിലാണ്. ഈ കലാരൂപത്തിലും മുതിർന്ന കലാകാരന്മാരുടെ നേതൃത്വത്തിൽ യുവതലമുറയ്ക്ക് ശില്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്.

18. സംഗീതം.

കൊല്ലം ജില്ലയ്ക്ക് സമ്പന്നമായ സംഗീത പാരമ്പര്യമുണ്ട്. നാടോടി സംഗീതവും കർണ്ണാടക സംഗീതവുമാണ് അതിൽ പ്രധാനമെങ്കിലും ഇന്ന് ഹിന്ദുസ്ഥാനി സംഗീതവും ഗസ്സലുമൊക്കെ അതിന്റെ ഭാഗമായിക്കഴിഞ്ഞു. വാദ്യ കലകളും ജനമനസ്സിൽ വലിയ ഇടം നേടിയിട്ടുണ്ട്. ഒട്ടേറെ പരിശീലന സ്ഥാപനങ്ങളും ജില്ലയിലുണ്ട്. ഇവിടെനിന്ന് പരിശീലനം നേടുന്നവർക്ക് കൂടുതൽ അവസരങ്ങളും വേദികളും ഒരുക്കുവാനും, കഴിവുള്ള കലാകാരന്മാർക്ക് പഠനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുവാനും ഉതകുന്ന പദ്ധതികളും സ്കോളർഷിപ്പുകളും വിഭാവനം ചെയ്യാവുന്നതാണ്.

19. ചിത്രകല

കൊല്ലത്തിന്റെ ചികലാ പാരമ്പര്യത്തിൽ പുതിയ തലമുറയിൽപ്പെട്ട ഒട്ടേറെ കാതലുള്ള ചിത്രകാരന്മാരുണ്ട്. കൂടാതെ സ്കൂൾതലത്തിലുയർന്നുവരുന്ന ഒട്ടേറെ പ്രതിഭകളുണ്ട്. എന്നാൽ മികച്ച ആർട്ട്സ് ഗ്യാലറികൾ കൊല്ലം നഗരം കേന്ദ്രമാക്കി ഒന്നോരണ്ടോ മാത്രമേയുള്ളൂ. താലൂക്ക് അടിസ്ഥാനത്തിലെങ്കിലും നന്നായി രൂപകല്പന ചെയ്ത ആർട്ട്സ് ഗ്യാലറികളും ഒപ്പം ചിത്രകാരന്മാർക്ക് താമസിച്ച് സൃഷ്ടി നടത്താനുള്ള സൗകര്യവും ഉണ്ടാകേണ്ടതുണ്ട്. ഇവയോടനുബന്ധിച്ച് ശില്പശാലകൾ നടത്താനും കഴിവുള്ള

ചിത്രകാരന്മാരെ കണ്ടെത്തി പരിശീലനം നല്കുവാനുമുള്ള പദ്ധതികൾ മൂന്ന് തലങ്ങളിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവിഷ്കരിക്കാവുന്നതാണ്.

ദീർഘകാല പദ്ധതികൾ

1. കലാഗ്രാമം (ആർട്ട് വില്ലേജ്)

കുറച്ചുകൂടി ദീർഘകാലാടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടുന്ന ഒരു പദ്ധതിയാണിത്. ജില്ലയിൽ സമഗ്രമായി നടത്തുന്ന പഠനത്തിന്റെഅടിസ്ഥാനത്തിൽ കണ്ടെത്തുന്ന കലാവൈശിഷ്ട്യങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള ഒരു പദ്ധതിയാണിത്. കിഴക്കൻ മേഖലയിലെ ഗോത്ര വർഗ്ഗ കലാകാരന്മാർക്കായിരിക്കും ഇതു കൂടുതൽ ഉപയുക്തമാകുക. ജില്ലയുടെ തനതു പാരമ്പര്യത്തിൽ രൂപപ്പെടുന്ന കരകൗശല, കൈത്തോഴിൽ കലാകാരന്മാർ പാരമ്പര്യ, നാടൻ, അനുഷ്ഠാന കലാകാരന്മാർ, നാട്ടറിവുകൾ, നാട്ടുവൈദ്യം തുടങ്ങിയവയുടെ സൂക്ഷിപ്പുകൾ തുടങ്ങി സമകാലികകലാകാരന്മാരെയും കലാരൂപങ്ങളെയും ഉചിതമായ സ്ഥലസൗകര്യം നൽകി തത്സമയ നിർമ്മാണവും പ്രദർശനവും വിപണനവും നടത്താൻ കഴിയുന്ന രീതിയിൽ ഒരു കലാഗ്രാമം പണിതുയർത്തുകയാണ് ലക്ഷ്യം. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാർക്കും അതിഥികളായെത്തി ഇവിടെ സംസ്കാരിക വിനിമയം നടത്താവുന്നതാണ്. വിവിധ ഗതാഗത മാർഗ്ഗങ്ങളിലൂടെ എത്തിച്ചേരാനുള്ള സൗകര്യം അനുസരിച്ച് കൊല്ലം നഗരമായിരിക്കും ഉചിതമായ സ്ഥലം. ആശ്രാമത്ത് ഇതിമായി സ്ഥലം കണ്ടെത്താൻ കഴിയും.

2. സാംസ്കാരിക കേന്ദ്രങ്ങൾ, സമുച്ചയങ്ങൾ

കലയും സംസ്കാരവും വളരാൻ അടിസ്ഥാനസൗകര്യങ്ങൾ വികസിക്കേണ്ടതുണ്ട് ഇതിന്റെ അവസ്ഥ മുന്നേ സൂചിപ്പിച്ചിട്ടുണ്ട്. ഇതിനു പരിഹാരമായി മുന്നു തലത്തിലുള്ള നിർദ്ദേശങ്ങൾ ഇവിടെ മുന്നോട്ടുവയ്ക്കുന്നു.

- ഗ്രാമപഞ്ചായത്തുതലം

  ഗ്രാമപഞ്ചായത്തുതലത്തിൽ നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ പലതും പ്രവർത്തന രഹിതമാണ്. അവയെ പ്രാദേശിക അക്കാദമികളുടെയും വജ്രജൂബിലി സ്കോളർഷിപ്പ് നേടുന്ന കലാകാരന്മാരുടെയും യൂത്ത് കോ-ഓര്ഡിനേറ്റർമാരുടെയും സഹായത്തോടെ പ്രവർത്തന ക്ഷമമാക്കുക. നിലവിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ ശബ്ദസംവിധാനവും രംഗസംവിധാനവും മെച്ചപ്പെടുത്തി നവീകരിക്കുക. അവ റിഹേഴ്സലുകൾക്കായി സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക.

- നിയമസഭാ മണ്ഡലതലം

  കൊല്ലം ജില്ലയിൽ 11 നിയമസഭാ മണ്ഡലങ്ങളാണ് ഉള്ളത്. ഓരോ മണ്ഡലത്തിലും ഓരോ തീയറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുക. ഒരു സുസജ്ജമായ ഇൻഡോർ തീയറ്റേർ, വിവിധ തരത്തിലുള്ള നാടകങ്ങൾ അവതരിപ്പിക്കുവാൻ പാകത്തിലുള്ള തുറന്ന വേദി, റിഹേഴ്സലിനുള്ള പ്രത്യേകം ഹാളുകൾ, ചിത്രകലാ കലാകാരന്മാർക്ക് താമസിക്കുവാൻ ഡോർമെറ്ററി സൗകര്യം എന്നിവ ഓരോ സമുച്ചയത്തിലും ഉണ്ടാകണം. മികച്ച തിയറ്റർ ആർക്കിടെക്റ്റുകളെ ക്കൊണ്ടുവേണം ഇവ രൂപ കൽപ്പന ചെയ്യുവാൻ.

- ജില്ലാതലം

  ജില്ലാകേന്ദ്രത്തിൽ മുകളിൽ സൂചിപ്പിച്ച സംവിധാനങ്ങൾക്ക് പുറമെ പുതിയ നാടക സങ്കല്പങ്ങൾക്ക് അനുയോജ്യമായ ബ്ലാക്ക് ബോക്സ് എന്ന പേരിലുള്ള ചെറിയ തിയേറ്റർ കൂടി ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. ഈ വിഷയത്തിൽ പ്രഗത്ഭരായ തീയേറ്റർ ആർക്കിടെക്റ്റുകളുടെയും കലാകാരന്മാരുടെയും ഉപദേശം തേടാവുന്നതാണ്.

ഗുണഫലം

ഇത് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ജില്ലയുടെ പ്രാദേശിക അവസ്ഥകളെ സമഗ്രമായി കണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണ്. ഏതെങ്കിലും പ്രദേശങ്ങളിലെ ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ കൊണ്ട് പ്രയോജനം ഉണ്ടാകുകയില്ല. യുവജനതയുടെ കലാപരവും ബുദ്ധിപരവും ചിന്താപരവുമായ മേഖലകളെയും കർമ്മപരിപാടികളെയും ഭാവിയെയും മുന്നിൽ

കണ്ടുകൊണ്ടാണ് ഈ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നത്. മദ്യത്തിനും ലഹരിക്കും അടിമപ്പെടാനുള്ള അലസ നിമിഷങ്ങളെ ഒഴിവാക്കി കർമ്മോന്മുഖരാക്കാനും അതുവഴി കൊല്ലം ജില്ലയുടെ സാംസ്കാരികമായ വീണ്ടെടുപ്പിനും നമുക്ക് കഴിയും.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- നിലവിലുള്ള സാംസ്കാരികത്തനിമയെ സംരക്ഷിക്കുക
- വർത്തമാനകാലത്തിൽ സ്വാധീനം ചെലുത്തുന്നതും പുരോഗമന സ്വഭാവമുള്ളതുമായ കലാരൂപങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക,
- കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഇടവും അടിസ്ഥാന സൗകര്യങ്ങളും സൃഷ്ടിക്കുക,
- നിലവിലുള്ള അവസ്ഥ വിലയിരുത്തുക
- പൈതൃക സ്വഭാവമുള്ള സ്ഥലങ്ങളും നിർമ്മിതികളും കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യുക.
- കലാസാംസ്കാരിക വിശേഷങ്ങളെയും പ്രസ്ഥാനങ്ങളെയും രേഖപ്പെടുത്തുക
- ഈ പ്രവൃത്തികളിലൂടെ കൊല്ലം ജില്ലയുടെ സാംസ്കാരിക ഔന്നിത്യത്തെ പൊതുബോധത്തിൽ പ്രതിഷ്ഠിക്കുക

വികസന വിടവ്

- ജില്ലയുടെ സാംസ്കാരിക ഡയറക്ടറി തയ്യാറാക്കൽ.
- ജില്ലയുടെ പൈതൃകങ്ങളെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തൽ.
- പാരമ്പര്യ കലകളുടെയും കലാകാരൻമാരുടെയും സംരക്ഷണം.
- ഗോത്രകലാരൂപങ്ങളുടെ സംരക്ഷണം.
- സാംസ്കാരിക അക്കാഡമികളുടെ പ്രവർത്തനം പ്രാദേശികതലത്തിൽ ലഭ്യമാക്കൽ.
- വായന പ്രോത്സാഹിപ്പിക്കൽ.
- നാടകം, കഥാപ്രസംഗം എന്നിവയുടെ പുനരുജ്ജീവനം

വികസന വിടവിനുള്ള പരിഹാരം

മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജിതമായി ചെയ്യാവുന്ന പ്രോജക്ടുകൾ

- കേന്ദ്ര-സംസ്ഥാന സാംസ്കാരിക വകുപ്പുകളുടെ കീഴിലുള്ള അക്കാഡമികളുമായി ചേർന്ന് പ്രാദേശിക അക്കാഡമികൾ രൂപീകരിക്കൽ.
- കിർത്താട്സ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ചേർന്ന് ഗോത്രവർഗ്ഗക്കാരുടെ സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രോജക്ടുകൾ

1. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും കലാസാംസ്കാരിക സംഘടനകൾ, നാടോടി കലാരൂപങ്ങൾ, നാട്ടറിവുകൾ, പൈതൃകങ്ങൾ, ഗോത്രസംസ്കാരം, കലാകാരൻമാർ എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി സാംസ്കാരിക ഡയറക്ടറി തയ്യാറാക്കുക. അവ ക്രോഡീകരിച്ച് ജില്ലയുടെ സാംസ്കാരിക ഡയറക്ടറി തയ്യാറാക്കുക.
2. കേന്ദ്ര-സംസ്ഥാന സാംസ്കാരിക വകുപ്പുകളുടെ കീഴിലുള്ള അക്കാഡമികളുടെ പ്രവർത്തനം പ്രാദേശിക തലത്തിൽ എത്തിക്കുന്നതിന് ഗ്രാമീണ അക്കാഡമികൾ സ്ഥാപിക്കൽ.
3. കേരളോത്സവം പോലെയുള്ള മത്സരങ്ങൾക്ക് മുന്നോടിയായി കലാമത്സര ഇനങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കുക.

4. വജ്രജൂബിലി സ്കോളർഷിപ്പ് നേടിയിട്ടുള്ള കലാകാരൻമാരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളെ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സായാഹ്ന കലാപരിശീലന കളരികൾ സജ്ജമാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ല കേന്ദ്രമാക്കി ചിത്ര പ്രദർശനത്തിനുള്ള ആർട്ട് ഗാലറിയും ഒപ്പം ചിത്രകാരൻമാർക്ക് താമസിച്ച് സൃഷ്ടി നടത്തുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കുക.
2. ജില്ലയുടെ എല്ലാ കലാ വൈശിഷ്ട്യങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ആർട്ട് വില്ലേജ് സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പാരമ്പര്യ കലാരൂപങ്ങൾ, കലാകാരന്മാർ എന്നിവ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കൽ.
2. ഗ്രന്ഥശാലകളുടെ പുനരുജ്ജീവനം

നൂതന പ്രോജക്ട് ആശയങ്ങൾ

- വജ്രജൂബിലി സ്കോളർഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ സായാഹ്ന കലാപരിശീലന കളരി
- ഒഴുകും വേദികൾ (ഫ്ലോട്ടിംഗ് തീയേറ്റർ)
- സിനിമ വണ്ടി
- ആർട്ട് വില്ലേജ്
- ഇതര ജില്ലകളും ഇതര സംസ്ഥാനങ്ങളുടെയും സാംസ്കാരിക വിനിമയം സാധ്യമാകുന്ന രീതിയിൽ 'കൊല്ലം മഹോത്സവം'

®®®®®®®®®®®®®®®®®®®®®®®®®®®

യുവജന ക്ഷേമം

ആമുഖം

മനുഷ്യജീവിതത്തിലെ ഏറ്റവും സുരഭിലമായ കാലമാണ് യുവത്വം. യുവത്വത്തിന്റെകരുത്തും ശേഷിയുമാണ് രാജ്യത്തിന്റെപ്രതീക്ഷ. യുവശക്തിയെ രാജ്യത്തിന്റെ പുരോഗതിയ്ക്ക് ഉതകും വിധം സാമൂഹ്യ മൂല്യങ്ങളിലധിഷ്ഠിതമായി ശാക്തീകരിക്കുകയും പരുവപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുക എന്നതാണ് ശരിയായ വികസന കാഴ്ച്ചപ്പാട്. ഇതിനായി യുവജനങ്ങളുടെ വികസനവും, യുവജനങ്ങളിലൂടെ വികസനവും സാദ്ധ്യമാക്കുന്നതിന് സഹായകമായ പസദ്ധതികളാണ് ഉണ്ടാകേണ്ടത്. യുവജനങ്ങളുടെ ആവശ്യങ്ങളും സാഹചര്യങ്ങളും തിരിച്ചറിയുന്നതിന് അവരുടെ വളർച്ചയുടെ ചരിത്രം പരിശോധിക്കേണ്ടതാണ്.

കേരളത്തിലെ യുവത്വം അമ്പത് അറുപത് കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഏതാണ്ട് ഭൂരിഭാഗം പേരും കാർഷിക വൃത്തിയിലേയ്ക്ക് തിരിഞ്ഞു. എന്നാൽ എഴുപത് - എൺപത് കാലഘട്ടത്തിൽ യുവത്വം കോളേജ് വിദ്യാഭ്യാസത്തിലേയ്ക്കും തുടർന്ന് വൈറ്റ്കോളർ ജോലിയുടെ അന്വേഷണത്തിലേയ്ക്കും തിരിഞ്ഞു. ഈ കാലത്ത് രാഷ്ട്രീയത്തിലേയ്ക്കും, സാഹിത്യ പ്രവർത്തനങ്ങളിലും യുവത്വം സജീവമായി. യുക്തിവാദം, നിരീശ്വരവാദം എന്നിവ ആകർഷകമായി മാറി. അന്ധവിശ്വാസങ്ങൾക്കും, ആനാചാരങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ പ്രതിഷേധിക്കുന്ന പ്രതികരണശേഷിയുള്ള വിഭാഗമായി മാറി.

എൺപത് കാലഘട്ടത്തിൽ യുവാക്കൾ തൊഴിൽതേടി വിദേശ രാജ്യങ്ങളിലേയ്ക്ക് പോയിത്തുടങ്ങി. ഇതോടുകൂടി കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വലിയ പരിവർത്തനങ്ങൾക്ക് തുടക്കമായി. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും താമസസൗകര്യങ്ങൾ, മെച്ചപ്പെട്ട വിദ്യാഭ്യാസം, പോഷകസമ്പൂർണ്ണമായ ഭക്ഷണം എന്നിവയുടെ ലഭ്യത ആരോഗ്യമുള്ള ഒരു യുവ സമൂഹത്തെ സൃഷ്ടിച്ചു. ഇതിനെത്തുടർന്ന് വിദേശ രാജ്യങ്ങളിൽ ജോലി ലഭിയ്ക്കത്തക്കവിധം ഇംഗ്ലീഷ് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രാധാന്യം ഏറി. പാരമ്പര്യ തൊഴിലുകൾ, കൃഷി അനുബന്ധ തൊഴിലുകൾ എന്നിവയ്ക്ക് യുവാക്കൾ വരാതെയായി. രണ്ടായിരത്തിന് ശേഷം കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ വരവോടുകൂടി മാതാപിതാക്കൾ മക്കളുടെ താത്പര്യമോ, കുട്ടികളുടെ പഠനശേഷിയോ നോക്കാതെ പ്രൗഢിയ്ക്കുവേണ്ടി എഞ്ചിനീയറിംഗ് മെഡിക്കൽ മേഖലകളിലേയ്ക്ക് അയയ്ക്കുവാൻ തുടങ്ങി. ഭാഷ, സാഹിത്യം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം കുറഞ്ഞു. ഇത് ഒരു വിഭാഗം യുവജനങ്ങളെ ആഡംബര പ്രിയരും ഉപഭോഗ സംസ്കാരത്തിലുന്നിയതും സാമൂഹിക പ്രതിബദ്ധതയില്ലാത്തവരുമാക്കി തീർത്തു. ആധുനിക വാഹനങ്ങൾ, സ്മാർട്ട് ഫോൺ, ലഹരിവസ്തുക്കൾ എന്നിവ ഹരമാക്കിയ, ദേശിയത, രാഷ്ട്രിയം, സൗഹൃദം, സംഘടനാബോധം, സർഗ്ഗാത്മകത, അദ്ധ്വാനശീലം, ശ്രുഭാപ്തിവിശ്വാസം എന്നിവ നഷ്ടപ്പെട്ട ഒരു യുവത്വം സൃഷ്ടിക്കപ്പെട്ടു. ഇത്തരത്തിൽ സാഹചര്യങ്ങളുടെയും, കാലത്തിന്റെയും സ്വാധീനത്താൽ ഈ രീതിയിൽ പരുവപ്പെട്ട യുവത്വത്തെ ഗുണപരമായി സമൂഹത്തിന്റെ വികസനത്തിനും, വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ നാടിന്റെ പ്രതീക്ഷയായി മാറ്റുന്നതിന് സഹായിക്കുന്ന വിധത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഭരണ സംവിധാനത്തിന്റെ ഭാഗമായിത്തന്നെ രൂപപ്പെടേണ്ടതാണ്.

വിവിധ സർക്കാർ വകുപ്പുകളുടെ വികസന പദ്ധതികളിൽ യുവജനങ്ങളുടെ പങ്കാളിത്തം തീരെ കുറവാണ്. യുവജനങ്ങളെ ഉൾപ്പെടുത്തിയോ, യുവജനങ്ങൾക്കുവേണ്ടിയോ ഉള്ള പദ്ധതികൾ വളരെ വിരളമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ യുവജനങ്ങൾക്കായി വിനിയോഗിക്കേണ്ട വിഹിതം മറ്റ് പല പദ്ധതികളിലേയ്ക്കുമായി മാറുന്നു. വിവിധ വകുപ്പുകൾ ഒരേ പദ്ധതികൾക്കായി തുക വിനിയോഗിക്കുകയും അതിന്റെപ്രയോജനം ശരിയായ ഗുണഭോക്താവിന് കിട്ടാതെ പോവുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജനക്ഷേമ പദ്ധതികൾ സ്പോർട്ട്സ് കിറ്റ് വിതരണം മാത്രമായി അവസാനിക്കുന്നു. നെഹ്രു യുവകേന്ദ്രം കേന്ദ്ര ഗവണ്മെൻറിന്റെ യുവജനക്ഷേമ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നു.

യുവജനക്ഷേമ വകുപ്പ് പദ്ധതികൾ

ജില്ലയിൽ യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിയോഗിക്കപ്പെട്ട സർക്കാർ സംവിധാനമാണ് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്.

യുവജനക്ഷേമ ബോർഡ് പദ്ധതികൾ

1. കേരളോത്സവം
2. നാഷണൽ ടൈബൽ ഫെസ്റ്റ്
3. ദേശീയോദ്ഗ്രഥന ക്യാമ്പ്.
4. ജോബ് ഫെസ്റ്റ്
5. സാഹിത്യ ക്യാമ്പ്.
6. യുവ മാദ്ധ്യമ ക്യാമ്പ്.
7. ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം.
8. ഫിലിം പെസ്റ്റിവൽ
9. യൂത്ത് എക്സിബിഷൻ
10. അഡ്വഞ്ചർ പ്രോഗ്രാം - അഡ്വഞ്ചർ കാർണിവെൽ, പാരാസെയിലംഗ് പരിശീലനം, സ്ത്രീ സുരക്ഷാ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, ട്രക്കിംഗ് പ്രോഗ്രാം, സാഹസിക കായിക വിനോദ മേള
11. വനിതാ ശില്പശാല

12. തൊഴിൽപരിശീലനം
13. മത്സര പരീക്ഷാ പരിശീലനം
14. പരിസ്ഥിതി പദ്ധതികൾ
15. ബോധവല്ക്കരണ പരിപാടികൾ
16. നാടക പരിശീലന കളരി.
17. വ്യവസായ സംരംഭകത്വ പരിശീലന പദ്ധതി.
18. അന്താരാഷ്ട്ര സംരംഭകത്വ സെമിനാർ
19. നാടൻകലാമേള
20. കളരിപ്പയറ്റ് പഠന കളരി
21. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്.
22. പ്രീ - ഡിപ്പാർച്ചർ ഓറിയൻറേഷൻ പ്രോഗ്രാം
23. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്.
24. കലാകായിക പരിശീലന ക്യാമ്പ്.
25. സിവിൽസർവ്വീസ് ഓറിയൻറേഷൻ പ്രോഗ്രാം
26. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - കലാ ജാഥ, ബോധവല്ക്കരണ സെമിനാർ, മിനിമ
27. ചിത്രരചനാ പരിശീലന ക്യാമ്പ്
28. ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ്.
29. ജീവദായിനി- സമഗ്ര രക്തദാന ക്യാമ്പ്.

ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളിലൂടെ പഞ്ചായത്തുകളിലെ യൂത്ത്കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ ആസ്ഥാനത്ത് ഒരു ജില്ലാ യുവജനകേന്ദ്രവും പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് യൂത്ത്സെന്ററുകളും മുഖേനയാണ് ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു.

ഗുണങ്ങൾ

1. ഉയർന്ന സാക്ഷരത.
2. സാമൂഹിക-രാഷ്ട്രീയ ബോധം
3. സംഘടനാബോധം
4. കലാകായിക മേഖലകളിൽ മികവ്
5. വായനശീലം.
6. തൊഴിലിനുവേണ്ടി പുറം നാടുകളിൽ പോകുന്നതിനുള്ള സന്നദ്ധത
7. ഇതര സംസ്കാരങ്ങളുമായി ഇഴുകിച്ചേരുന്നതിനുള്ള കഴിവ്.
8. പുതിയ അറിവുകളും സാങ്കേതിക വിദ്യകളും ഉൾക്കൊള്ളാനുള്ള മനോഭാവം

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ദിശാബോധമില്ലാത്ത വിദ്യാഭ്യാസം..
2. അപര്യാപ്തമായ തൊഴിൽപരിശീലനങ്ങൾ
3. കായികാദ്ധ്വാനത്തിനുള്ള വിമുഖത.
4. അലസത
5. സംരംഭകത്വത്തിനുള്ള വൈമുഖ്യം.
6. കാർഷികവൃത്തിയോടുള്ള അകൽച്ച.
7. മദ്യം,മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ വർദ്ധിക്കുന്ന ഉപയോഗം.
8. വർദ്ധിച്ചുവരുന്ന കുടുംബ പ്രശ്നങ്ങളും, വിവാഹമോചനങ്ങളും.
9. വർദ്ധിച്ചുവരുന്ന കുറ്റവാസന.

10. വർദ്ധിച്ചുവരുന്ന രോഗാതുരത.
11. പ്രകൃതിയിൽനിന്നുള്ള അകൽച്ച.
12. വർദ്ധിച്ചുവരുന്ന ഉപഭോഗ സംസ്കാരം

യുവത്വത്തിന്റെ ദൗർബല്യങ്ങളെ തിരുത്തി അവരെ ശക്തിപ്പെടുത്തുന്നതിനും വളർച്ചയ്ക്കും വികസനത്തിനും അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ സഹായകമാകണം. കാലാനുസൃതമായതും, പ്രാദേശിക ദീർഘകാല പ്രസക്തിയുള്ളതുമായ പദ്ധതി പ്രവർത്തനങ്ങളാണ് നമുക്ക് ആവശ്യം.

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

യുവജനക്ഷേമ പദ്ധതികളെ വിവിധ മേഖലകളിലായി തിരിച്ച് നിലവിലെ അവസ്ഥയും ഭാവിയിലെ നിർദ്ദേശങ്ങളും പരിശോധിക്കേണ്ടത് അനിവാര്യമാണ്. വ്യത്യസ്ത സാമൂഹ്യ ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മുൻഗണനകളും വ്യത്യസ്തമായതിനാൽ അതിനനുസൃതമായി പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരം തിരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ആയതിനാൽ പദ്ധതികളെ അടിസ്ഥാനമായി താഴെ പറയും വിധം നിർദ്ദേശങ്ങൾ തരംതിരിക്കാം.

1. വിദ്യാഭ്യാസം

- കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമായി മാറ്റേണ്ടതുണ്ട്. നിലവിലുള്ള വിദ്യാഭ്യാസം ജീവിതവുമായി അധികം ബന്ധപ്പെടാത്തതും തൊഴിൽപരമായി സഹായകമല്ലാത്തതുമാണ്. ഇത് പരിഷ് കരിക്കേണ്ടതാണ്.
- വിദേശഭാഷകൾ പഠിക്കുക, വിദേശത്ത് വലിയ ശമ്പളം കിട്ടുന്നതിന് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ, നേഴ്സിംഗ് എന്നീ കോഴ്സുകൾ പഠിച്ച് വിദേശജോലി സമ്പാദിക്കുക എന്ന ഇന്നത്തെ യുവാക്കളുടെ സങ്കല്പത്തിന് വ്യതിയാനം ഉണ്ടാകും. ഇത് നമ്മുടെ രാജ്യത്തെ ശാക്തീകരിക്കുകയോ, വികസിത രാജ്യം ആക്കുകയോ ചെയ്യുകയില്ല. കാലാനുസൃതവും ഉല്പാദന ക്ഷമവുമായ വിദ്യാഭ്യാസം തേടി രാജ്യത്ത്തന്നെ തൊഴിലുകളിലേർപ്പെടുകയും, അവരുടെ ശേഷിയെ നാടിന്റെ വികസനത്തിന് ഉപയോഗിക്കുകയും വേണം. അത്തരത്തിലൊരു സാമൂഹിക പ്രതിബദ്ധത വിദ്യാഭ്യാസത്തിലൂടെ യുവാക്കൾക്കുണ്ടാകണം.
- സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ തൊഴിൽപരമായ അവബോധവും, പരിശീലനവും യുവാക്കൾക്ക് നല്കണം. അതുവഴി അവർ കേവലം തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായ സംരംഭകരായി മാറുവാനുള്ള മാനസികശേഷി വിദ്യാഭ്യാസത്തിലൂടെ നേടുവാൻ സാധിക്കണം. സ്വയം സംരംഭകത്വ പരിശീലനം പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം. തൊഴിലും വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ കൂടുതൽ പ്രാധാന്യവും കൂടുതൽ കേന്ദ്രങ്ങളും ഉണ്ടാകണം.
- സാക്ഷരതയിൽഏറെ മുന്നിലുള്ള ജില്ലയിലെ യുവജനങ്ങൾക്കായി വ്യത്യസ്ത വിദ്യാഭ്യാസ പരിശീലന പരിപാടികൾ, ദേശീയ അന്തർദേശീയ മത്സര പരീക്ഷാ പരിശീലനങ്ങൾ, ജോബ് ഫെസ്റ്റുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.
- സാമൂഹിക പ്രതിബദ്ധത, രാഷ്ട്ര സ്നേഹം, നല്ല പൗരത്വം എന്നിവ ഉൾപ്പെടുന്ന സാമൂഹിക ശാസ്ത്ര പഠനത്തിനും ഹയർസെക്കന്ററി, ഡിഗ്രി വിദ്യാഭ്യാസത്തിൽ പ്രാധാന്യം നല്കണം.
- ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിട്ടും ദേശീയ അന്തർദേശീയ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കാൻ നമുക്ക് കഴിയുന്നില്ല. ആയതിനാൽ ലോക നിലവാരത്തിലുള്ള പരീശീലന കേന്ദ്രങ്ങൾ ഉണ്ടാകേമ്ടതുണ്ട്.

- യൂണിവേഴ്സിറ്റികളിലെ വിദ്യാഭ്യാസം ശാസ്ത്രീയവും, ഉപയുക്തവുമായ രീതിയിൽ പരിഷ്കരിക്കേ ണ്ടതാണ്. പൊതുവിഷയങ്ങളിൽനിന്ന് മാറി തൊഴിൽപരമായും, ഗവേഷണപരമായും ഏറെ പ്രസക്തിയുള്ള വിഷയങ്ങളിലേയ്ക്ക് ഡിഗ്രി വിദ്യാഭ്യാസം പരിഷ്കരിക്കണം.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വയം സംരംഭക കൂട്ടായ്മകൾ ആരംഭിക്കണം
- ഉന്നത വിദ്യാഭ്യാസത്തിനും ഉപരി പഠനത്തിനും ഏറെ തല്പരരായ യുവാക്കൾക്കായി കൊല്ലം ജില്ലയിൽ ഐ.ഐ.റ്റി.പോലുള്ള ഉന്നത പഠനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
- ഉന്നത വിദ്യാഭ്യാസത്തിനുള്ള വൈദേശികവും, പ്രാദേശികവുമായ അവസരങ്ങളെ സംബന്ധിച്ച് സമഗ്രമായി ഡയറക്ടറി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഓൺലൈൻ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുകയും വേണം.

2. **തൊഴിൽ**

- നമ്മുടെ രാജ്യത്തിനാവശ്യമായ ഉല്പന്നങ്ങൾ നല്ല നിലവാരത്തോടുകൂടി ഇവിടെ ത്തന്നെ ഉല്പാദിപ്പിക്കുന്നതിനും ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളെ പ്പോലെ ഇറക്കുമതി പരമാവധി കുറച്ച് കയറ്റുമതി കൂട്ടി രാജ്യത്തെ ലോകത്തിന്റെ ഫാക്ടറിയാക്കി മാറ്റുവാൻ യുവസംരംഭകർക്ക് കഴിയണം.
- ഉന്നതവിദ്യാഭ്യാസത്തിനോ, ഉപരിപഠനത്തിനോ താത്പര്യമില്ലാത്ത യുവത്വത്തെ പരമ്പരാ ഗത തൊഴിലുകൾ, കൃഷി അനുബന്ധ വ്യവസായം എന്നിവയിൽ ഏർപ്പെടുന്നതിന് പരിശീലിപ്പി ക്കുകയും അതിനു വേണ്ട സാമ്പത്തിക സാമൂഹിക പിന്തുണ നല്കുകയും വേണം.
- ലോകംതന്നെ ഒരാഗോള മാർക്കറ്റായിരിക്കുന്ന കാലത്ത് ഗുണനിലവാരമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണവും, വിപണനവും സംബന്ധിച്ച് വിദഗ്ധമായ പരിശീലനം യുവാക്കൾക്ക് നല്കേണ്ടതാണ്.
- തൊഴിൽ രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ നിയമപരമായും സാങ്കേതികമായും, മാനസികമായും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംരംഭക പരിശീലന പരിപാടികൾ കോളേജ് തലത്തിൽ നിർബന്ധമാക്കണം ഇതിനോടനുബന്ധിച്ച് കൗൺസിലിംഗ്,കരിയർ ഗൈഡൻസ്, എന്റർപ്രണേഴ്സ് മീറ്റ് എന്നിവ കോളേജ് തലത്തിൽ തന്നെ സംഘടിപ്പിക്കണം.
- വിദ്യാഭ്യാസ സ്ഥാപനങ്ങളും, തൊഴിൽ സംരംഭ സ്ഥാപനങ്ങളുമായി ഏകോപനം സാദ്ധ്യമാക്കിക്കൊണ്ട് നൈപുണ്യ വികസനം കാര്യക്ഷമമാക്കണം.
- കൊല്ലം ജില്ലയിലെ പരമ്പരാഗത ചെറുകിട വ്യവസായ രംഗത്തെ ആധുനിക ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെടുത്തി യുവജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് നിർമ്മാണ വിപണന സംരംഭങ്ങൾ ആരംഭിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നല്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവല്ക്കരിച്ച് യുവജനങ്ങളുടെ കഴിവും, വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാബേസ് കേന്ദ്രങ്ങളാക്കി മാറ്റണം.
- തൊഴിൽ സുരക്ഷിതത്വവും, തൊഴിൽ നിയമങ്ങളിലെ സംരക്ഷണവും ആനുകൂല്യങ്ങൾ ആരംഭിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നല്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവല്ക്കരിച്ച് യുവജനങ്ങളുടെ കഴിവും, വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാബേസ് കേന്ദ്രങ്ങളാക്കി മാറ്റണം.
- തൊഴിൽ സുരക്ഷിതത്വവും, തൊഴിൽ നിയമങ്ങളിലെ സംരക്ഷണവും ആനുകൂല്യങ്ങളിൽ ഉറപ്പുവരുത്തുന്നതിനായി യുവ ലേബർ ക്ലിനിക്കുകൾ ആരംഭിക്കണം.
- സഹകരണ മേഖലയിൽ യുവ സഹകരണ സംഘങ്ങൾ തുടങ്ങണം.
- പഞ്ചായത്ത് തലത്തിൽ വിവിധ തൊഴിൽ രംഗത്തുള്ളവരുടെ ഡാറ്റാബാങ്ക് ഉൾപ്പെടെയുള്ള ലേബർബാങ്ക് ആരംഭിക്കണം.

- യുവജനങ്ങൾക്ക് വ്യവസായ, വാണിജ്യ, കാർഷിക സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പകളിന്മേൽ ആകർഷകമായ പലിശ ഇളവ് നല്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ച് കൊണ്ടുള്ള ഏകജാലക സംവിധാനമായ യൂത്ത് ബാങ്കുകൾ നിലവിൽ വരണം.
- ടൂറിസം മേഖലയിൽ ഏറെ സാദ്ധ്യതയുള്ള ജില്ലയായതിനാൽ ഈ രംഗത്തേയ്ക്കുള്ള തൊഴിൽ സാദ്ധ്യതകൾ പരിഗണിച്ച് യുവജനങ്ങൾക്കായി വിവിധ പരിശീലനങ്ങൾ (ടൂറിസ്റ്റ് ഗൈഡ്, ഇൻഫർമേഷൻ സെന്റർ, വിദേശ ഭാഷാപരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, മാനേജ്മെന്റ് & ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ്) സംഘടിപ്പിക്കാവുന്നതാണ്.
- തീരദേശം ഏറെയുള്ള ജില്ലയായതിനാൽ തീരദേശ മേഖലയിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- ദേശീയ, അന്തർദേശീയ തലത്തില സാദ്ധ്യതയുള്ള തൊഴിലുകൾക്ക് പരിശീലനവും അതിന്റെസാദ്ധ്യതകൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിന് പദ്ധതികളുമുണ്ടാകണം

3. **കൃഷി**

- ജില്ലയുടെ കാർഷിക സംസ്കാരവും സാദ്ധ്യതകളും സംബന്ധിച്ച് വ്യക്തമായ പരിശീലനവും, പ്രചരണവും യുവാക്കൾക്കിടിയിൽ ഉണ്ടാകണം.
- പരിസ്ഥിതി സംരക്ഷണം ജൈവ വൈവിദ്ധ്യ സംരക്ഷണം കാർഷിക സാങ്കേതിക വിദ്യയുടേയും ബയോടെക്നോളജി യുടേയും നേട്ടങ്ങൾ എന്നിവ സംബന്ധിച്ച് വിവിധ യുവജന കൂട്ടായ്മകളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും യുവജനങ്ങളെ ആകർഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യണം.
- പഞ്ചായത്തുതലം മുതൽ കാർഷിക ക്ലബ്ബ് രൂപീകരിച്ച് ആധുനിക കൃഷിരീതി പ്രചരിപ്പിക്കുകയും പ്രോത്സാപ്പിക്കുകയും ചെയ്യണം.
- യുവജന കൂട്ടായ്മയിലൂടെ സഹകരണക്കൃഷി, കൂട്ടുകൃഷി, ഫാം കൺസൾട്ടൻസി സർവ്വീസ് എന്നിവ പ്രോത്സാഹിപ്പിക്കണം
- ജില്ലയിലെ തരിശുഭൂമി കൃഷി സാദ്ധ്യതകളെക്കുറിച്ച് വ്യക്തമായ പംനം നടത്തി യുവജന കൂട്ടായ്മകൾക്ക് കൂട്ടുകൃഷി നടത്തുന്നതിന് പ്രോത്സാഹനവും പിന്തുണയും നല്കണം.
- കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൂട്ടുകൃഷി, തരിശ് ഭൂമി കൃഷി, ജൈവ പച്ചക്കറികൃഷി എന്നിവ ചെയ്യുവാൻ താല്പര്യമുള്ള യുവജനക്കൂട്ടായ്മകൾക്ക് സർക്കാർ സംവിധാനങ്ങളുടെ പിന്തുണയും, പ്രോത്സാഹനവും നല്കേണ്ടതാണ്.

4. **സാമൂഹികം**

- വർഗ്ഗീയത, അസഹിഷ്ണുത, ഭീകരവാദം, ലഹരി ഉപഭോഗം എന്നിവയ്ക്കെതിരെ പ്രതിഷേധിക്കാനും, പ്രതികരിക്കാനും സിനിമ, കല, രാഷ്ട്രീയം, സാഹിത്യം എന്നീ മദ്ധ്യമങ്ങളിലൂടെ യുവത്യത്തിന് സാധിക്കണം. ഈ മേഖലകളിൽ യുവ സാന്നിദ്ധ്യം സജീവമാകുകയും അതിനായി യുവത്വത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന പദ്ധതികൾ എല്ലാ തലങ്ങളിലും വേണം.
- യുവജനങ്ങൾ നേരിടുന്ന മാനസികമായ പ്രശ്നങ്ങൾക്കും സ്വഭാവ വേകല്യങ്ങൾക്കും ഒരു യൂത്ത് ഡി അഡിക്ഷൻ & കൗൺസിലിംഗ് സെന്റർ മേഖലാടിസ്ഥാനത്തിൽ ഉണ്ടാകണം.
- സ്കൂൾ, കോളേജുകൾ, ആശ്രയകേന്ദ്രങ്ങൾ, ഓർഫനേജുകൾ എന്നിവ കേന്ദ്രീകരിച്ച് വിവധ കൗമാര ശാക്തീകരണ പദ്ധതികൾക്ക് പ്രാധാന്യം നല്കേണ്ടതാണ്.
- യുവജന കൂട്ടായ്മകളിൽ നല്ല പൗരത്വം സംബന്ധിച്ച് ബോധവല്ക്കരണവും, പ്രചാരണവും, പരിശീലനവും സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

- യുവജനങ്ങളെ സഹായിക്കുന്ന പദ്ധതികൾക്കൊപ്പം യുവജനങ്ങളുടെ കരുത്തും ശേഷിയും സാമൂഹ്യ നന്മയ്ക്കുപകരിക്കുന്ന തരത്തിൽ ജില്ലാ തലത്തിൽ ദുരന്ത നിവാരണ സേന, പെയിൻ & പാലിയേറ്റീവ് കെയർ ഗ്രൂപ്പ് എന്നിവയും രൂപീകരിക്കേണ്ടതാണ്.
- നിയമം, പൊതു ധർമ്മം, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ബോധവല്ക്കരണം, സംസ്കാരവും പൈതൃകവും സംബന്ധിച്ച അവബോധം, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ തിന്മകൾക്കെതിരെയുള്ള പോരാട്ടം എന്നിവയ്ക്ക് യുവജന പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ.

5. **ആരോഗ്യം**

- യുവത്വത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും അത്യാവശ്യമായി വേണ്ടത് കായിക രംഗം ശക്തിപ്പെടുത്തുകയാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ, നീന്തൽ കുളങ്ങൾ എന്നിവ സ്ഥാപിച്ച് വ്യായാമത്തിനും അതുവഴി ആരോഗ്യ സംരക്ഷണത്തിനും അവസര മൊരുക്കണം.
- യുവജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബ്ലോക്ക് മുനിസിപ്പൽ തലങ്ങളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കണം. വിവാഹപൂർവ്വ കൗൺസിലിംഗ് കൂടുതൽ സാർവത്രികമാക്കുകയും വിവിധ കേന്ദ്രങ്ങളിൽ ടീനേജ് കൗൺസിലിംഗിനുള്ള സൗകര്യമൊരുക്കുകയും വേണം. യുവജനങ്ങൾക്കിടയിൽ വലിയതോതിൽ കണ്ടു വരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരായി ശക്തമായ പ്രചാരണ ബോധ വല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
- അശാസ്ത്രീയമായ ആഹാരശീലങ്ങൾ വ്യായാമക്കുറവ്, ചിട്ടയില്ലാത്ത ജീവിത രീതി, ദുശ്ശീലങ്ങൾ, അധാർമ്മിക ജീവിത സമീപനം, തുടങ്ങിയവ യുവജനങ്ങളുടെ ശാരീരികവും മാനസികവും, സാമൂഹികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന കര്യങ്ങൾക്കെതിരായി മാദ്ധ്യമങ്ങളിലൂടെയും കലാരൂപങ്ങളിലൂടെയും മറ്റ് പ്രചാരണ പരിപാടികളിലൂടെയും തുടർച്ചയായി ശക്തമായ ബോധവല്ക്കരണം സംഘടിപ്പിക്കേണ്ടതനിവാര്യമാണ്. യുവത്വത്തിന്റെ ആരോഗ്യം രാജ്യത്തിന്റെ ഭാവിയും കരുത്തുമാണ് എന്നിരിക്കെ അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നാടിന്റെ മുഴുവൻ ഭരണ സംവിധാനങ്ങൾക്കുമുണ്ട്. ആയതിനാൽ അതിന് ആവശ്യമായ പദ്ധതികൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.
- യുവത്വത്തിന്റെ ശക്തിയും കരുത്തും സമൂഹത്തിന് പ്രയോജനപ്പെടുന്ന വിധം പ്രാഥമിക ചികിത്സ, ദുരന്ത നിവാരണം, രക്തദാനം, അവയവദാനം, പാലിയേറ്റീവ് കെയർ എന്നിവ സംബന്ധിച്ച് കോളേജ് തലങ്ങളിൽ യുവാക്കൾക്ക് പരിശീലനം നല്കേണ്ടതാണ്. ഇതിനായി പ്രത്യേകം വിദ്യാഭ്യാസ പദ്ധതികൾ ഉണ്ടാകണം.

6. **പൊതുവായവ**

- സംസ്ഥാനത്തും ജില്ലയിൽ പ്രത്യേകിച്ച് യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. അത് യുവജനക്ഷേമ വികസന പദ്ധതികളുടെ ആസൂത്രണത്തിനുള്ള അടിസ്ഥാന രേഖയാക്കണം.
- യുവജനക്ഷേമ വികസന പ്രവർത്തനങ്ങളിൽ തദ്ദേശ സർക്കാരിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കണം.
- ഗ്രാമസഭകളിലും എല്ലാ ജനകീയ സമിതികളിലും ജനസംഖ്യാനുപാതികമായി യുവജന പങ്കാളിത്തം ഉറപ്പു വരുത്തണം.തദ്ദേശ സ്വയംഭരണ സാഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക യുവജന ഘടക പദ്ധതിക്കായി നിർബന്ധമായും വകയിരുത്തേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്ത് നഗരസഭാ തലങ്ങളിൽ യുവജന പരിപാടികളുടെ ഏകോപന കേന്ദ്രമായി യുവജന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും, എം.പി, എം.എൽ.എ എന്നിവരുടെ പ്രദേശിക വികസന ഫണ്ടുകളും ഉപയോഗപ്പെടുത്തണം.

- യുവജനക്ഷേമ പദ്ധതികളിൽ വിവിധ വകുപ്പുകളുടെ ഏകോപനം സംബന്ധിച്ച് പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ധാരണയുണ്ടാകണം.
- യുവജനങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഒരു കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന തരത്തിൽ യൂത്ത് ഇൻഫർമേഷൻ&റീസോഴ്സ് സെന്റർ ജില്ലാ ആസ്ഥാനത്ത് സ്ഥാപിതമാക്കണം. സംസ്ഥാന തലത്തിൽ ഒരു യുവജന പഠനഗവേഷണ കേന്ദ്രവും ഉണ്ടാകണം.
- വിവിധ മത്സര പരീക്ഷകൾക്കും തൊഴിൽപരീക്ഷകൾക്കുമായി ഗ്രാമങ്ങളിൽ നിന്ന് നഗര പ്രദേശങ്ങളിൽ എത്തുന്ന യുവതീയുവാക്കൾ കുറഞ്ഞ ചെലവിൽ സുരക്ഷിതമായി താമസിക്കുന്നതിന് യൂത്ത് ഹോസ്റ്റലുകൾ ഉണ്ടാകണം.
- വിവിധ വകുപ്പുകളുടെ പദ്ധതികളിൽ കുറഞ്ഞത് ഒരു ശതമാനമെങ്കിലും നിർബന്ധമായും യുവജന ക്ഷേമ പദ്ധതികൾ ആയിരിക്കുകയും ഇവ സംബന്ധിച്ച് വിവരം യുവജനങ്ങളിൽ എത്തിക്കുകയും ചെയ്യണം.

7. **പ്രത്യേക യുവജന വിഭാഗങ്ങൾ**

ട്രൈബൽ വിഭാഗം

- പാർശ്വവല്ക്കരിക്കപ്പെട്ട യുവജന വിഭാഗങ്ങളെ വിശിഷ്യ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളെ മുഖ്യധാരയിലെത്തിക്കുന്നതിന് അവർക്ക് സാമൂഹികമായി ഇടപെടുന്നതിന് അവസരമൊരുക്കുന്നതിനും അവരുൾപ്പെടുന്ന കോളനികളും സെറ്റിൽമെൻറുകളും കേന്ദ്രീകരിച്ച് യുത്ത് ക്ലബ്ബുകൾ രൂപീകരിക്കണം. ഇവർക്ക് സ്വയം തൊഴിൽ പരിശീലനം, ബോധവല്ക്കരണം, നൈപുണ്യ പരിശീലനം, കലാപരിശീലനം, പരീക്ഷാപരിശീലനങ്ങൾ, വ്യക്തിത്വ വികസന പരിശീലനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകണം.
- ട്രൈബൽ യുവജനങ്ങൾ താമസിക്കുന്ന മെട്രിക്ക് ഹോസ്റ്റലുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അവിടുത്തെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സംവിധാനങ്ങളേർപ്പെടുത്തുകയും വേണം.
- മറ്റ് വകുപ്പുകളിലെ യുവജനക്ഷേമ പരിശീലന പരിപാടികൾ പ്രത്യേകിച്ച് വ്യക്തിത്വ വികസന ബോധവല്ക്കരണ പരിപാടികൾ ഈ ഹോസ്റ്റലുകളിലും നടപ്പിലാക്കണം.

ഭിന്നശേഷിയുള്ളവർ

- തൊഴിൽശാലകൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആശുപത്രികൾ, പബ്ലിക്ക് സർവ്വീസ് കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ള യുവജനങ്ങൾക്ക് സഹായകമാകുന്ന ഭൗതിക സൗകര്യങ്ങളൊരുക്കണം.
- ഭിന്നശേഷിക്കാരായ യുവജനങ്ങൾക്ക് സഹായകമായ ആധുനിക പഠനസാമഗ്രികൾ, തൊഴിലുപകരണങ്ങൾ, വാഹനങ്ങൾ എന്നിവ കുറഞ്ഞ നിരക്കിലോ സൗജന്യമായോ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകണം.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- യുവജനക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ
- യുവജനതയുടെ കഴിവുകൾ നാടിന്റെ വികസനത്തിന് എന്ന സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുക.
- സംരംഭങ്ങൾ സ്വയം ആരംഭിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക.
- ദേശീയ അന്തർദേശീയ മത്സര പരീക്ഷകൾക്ക് യുവജനതയെ പ്രാപ്തരാക്കുക.
- യുവജന കൂട്ടായ്മയിലൂടെ കൂട്ടുകൃഷി, തരിശ്ഭൂമി കൃഷി, ജൈവകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക

- ദുരന്ത നിവാരണ സേന, പെയിൻ & പാലിയേറ്റീവ് കെയർ, രക്ത ദാനം, അവയവദാന പ്രവർത്തനങ്ങളിൽ സന്നദ്ധ സേവനം ചെയ്യുന്നതിന് യുവജനതയെ പ്രയോജനപ്പെടുത്തുക.

വികസന വിടവ്

- യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട്
- കാർഷിക മേഖലയിൽ കൂടുതൽ യുവജന പങ്കാളിത്തം
- സാമൂഹ്യ ബോധമുള്ള യുവസമൂഹത്തെ സൃഷ്ടിക്കൽ
- പരിസ്ഥിതി സംരക്ഷണം, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങളിലെ പങ്കാളിത്തം

മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജിതമായി ചെയ്യാവുന്ന പ്രോജക്ടുകൾ

- യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രോജക്ടുകൾ

- ഭിന്ന ശേഷിക്കാരായ യുവജനങ്ങൾക്ക് സഹായകരമായ ഭൗതിക സാഹചര്യങ്ങൾ ഓഫീസ് കെട്ടിടങ്ങളിലും പൊതു കെട്ടിടങ്ങളിലും സജ്ജമാക്കുക.
- പട്ടിക ജതി, പട്ടിക വർഗ്ഗ കോളനികളിലെ യുവതീ യുവാക്കൾക്ക് മത്സര പരിക്ഷകൾക്കുള്ള പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നൽകുക.
- കളിസ്ഥലങ്ങളും നീന്തൽ കുളങ്ങളും സംരക്ഷിക്കുക.
- തീരദേശ മേഖലയിലെ യുവതീയുവാക്കൾക്ക് മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനങ്ങൾ, സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ച കൊണ്ടുള്ള വായ്പ സംവിധാനം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിൽ തൊഴിൽപരമായും ഗവേഷണപരമായും പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുക.
- ജില്ലാ ആസ്ഥാനത്ത് യൂത്ത് ഇൻഫർമേഷൻ &റിസോഴ്സ് സെന്റർ സ്ഥാപിക്കണം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക യുവജന പദ്ധതിയ്ക്കായി നീക്കിവയ്ക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്ഥാപനതലത്തിൽ വിവിധ തൊഴിൽ രംഗത്ത് ഉള്ളവരുടെ ഡാറ്റാ ബേസ് ഉൾപ്പെടെയുള്ള ലേബർബാങ്ക് തയ്യാറാക്കൽ
- തദ്ദേശ സ്ഥാപനതല പദ്ധതികളിൽ യൂത്ത് ക്ലബ്ബുകളുടെയും യുവജന കൂട്ടായ്മകളുടെയും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക.

4.12 ഊർജ്ജം

ആമുഖം

പ്രവൃത്തി ചെയ്യാനുള്ള കഴിവാണ് ഊർജ്ജം. നാം ചെയ്യുന്ന ഏതു കാര്യവും ഊർജ്ജം ആവശ്യമുള്ള പ്രവർത്തനങ്ങളാണ്. നമ്മുടെ ശരീരമെന്ന മഹായന്ത്രത്തിന് മാത്രമല്ല ഇന്ന് ലോകത്തിലുള്ള സകലയന്ത്രങ്ങൾക്കും പ്രവർത്തിക്കാൻ ഊർജ്ജം കൂടിയെ തീരൂ.

ഊർജ്ജത്തിന് നിരവധി രൂപങ്ങളുണ്ട്. താപോർജ്ജം, രാസോർജ്ജം, വൈദ്യുതോർജ്ജം, വികിരണോർജ്ജം (റേഡിയേഷൻ എനർജി), ആണവോർജ്ജം, കാന്തികോർജ്ജം, യാന്ത്രികോർജ്ജം, ശബ്ദോർജ്ജം എന്നിവയാണ് അവയിൽ ചിലത്. ഊർജ്ജത്തിനെ സൃഷ്ടിക്കുവാനോ സംഹരിക്കുവാനോ കഴിയില്ല. രൂപമാറ്റം വരുത്തുവാൻ മാത്രമേ കഴിയൂ.

ഊർജ്ജ ഉറവിടങ്ങൾ.

സൂര്യനാണ് പ്രകൃതിയിലെ ഊർജ്ജ ഉറവിടങ്ങളുടെ ആധാരം. ഭൂമിയിലെ ഊർജ്ജ ഉറവിടങ്ങളെ പൊതുവെ രണ്ടായി തിരിക്കാം. പുതുക്കാൻ പറ്റാത്തതും (നോൺ റിന്യൂവബിൾ) പുതുക്കാൻ പറ്റുന്നതും (റിന്യൂവബിൾ).

പെട്രോളിയം, കൽക്കരി, പ്രകൃതിവാതകം എന്നിവയാണ് ഫോസിൽ ഇന്ധനങ്ങൾ. ഇന്ന് ഊർജ്ജാവശ്യത്തിലേറെയും നിറവേറ്റുന്നത് ഫോസിൽ ഇന്ധനങ്ങളാണ്. വൈദ്യുതി ഉൽപ്പാദനത്തിന് കൽക്കരിയും ഉപയോഗിക്കുന്നു. പെട്രോളിയം സംസ്ക്കരിച്ചെടുക്കുന്ന പെട്രോൾ, ഡീസൽ, ഗ്യാസ്സ് എന്നിവ വാഹന ഇന്ധനമായി ഉപയോഗിക്കുന്നു. പാചക ആവശ്യത്തിനാണ് പ്രകൃതി വാതകം ഏറെയും ഉപയോഗിക്കുന്നത്. എടുക്കും തോറും കുറയുന്ന ഊർജ്ജ രൂപമാണ് ഫോസിൽ ഇന്ധനങ്ങൾ . സൂര്യപ്രകാശം തന്നെ ഊർജ്ജത്തിന്റെ അക്ഷയ ഖനിയാണ്.

പ്രകൃതിയിലെ ഊർജ്ജ സ്രോതസുകളിൽ മനുഷ്യൻ ആദ്യം തിരിച്ചറിഞ്ഞത് ജല ശക്തിയാണ്.സൗരോർജ്ജം, ബയോമാസ്സ്, ബയോ-ഫ്യൂവൽ, റ്റൈഡ്സ് (തിരമാല) മുതലായവ ഭാവിയിലെ ഇന്ധനമായി കണക്കാക്കുന്നു.

വൈദ്യുതോർജ്ജം.

വൈദ്യുതി എളുപ്പം രൂപം മാറാൻ കഴിയുന്ന ഊർജ്ജമാണ്. യാന്ത്രികോർജ്ജം, താപോർജ്ജം, പ്രകാശോർജ്ജം, രാസോർജ്ജം എന്നിങ്ങനെ ഊർജ്ജത്തിന്റെ ഏതുരൂപത്തിലേക്കും ഞൊടിയിടെ മാറാൻ വൈദ്യുതിക്ക് കഴിയും. മറ്റ് ഊർജ്ജങ്ങളിൽ നിന്ന് വ്യത്യസ്തമായി വൈദ്യുതി കൈകാര്യം ചെയ്യാനും എളുപ്പമാണ്. അതുകൊണ്ടാണ് വൈദ്യുതി ആധുനിക കാലത്തിന്റെ ഊർജ്ജമായത്.

പ്രകൃതിയിലെ ഊർജ്ജ സ്രോതസുകളിൽ മനുഷ്യൻ ആദ്യം തിരിച്ചറിഞ്ഞത് ജലശക്തിയാണ്. ജലം, കാറ്റ്, സൗരോർജ്ജം, താപം, തിരമാല, അണുശക്തി, ജൈവമാലിന്യം (ബയോ മാസ്സ്) തുടങ്ങിയവയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാം. ജല വൈദ്യുത പദ്ധതികളിൽ നിന്നാണ് ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പ്പാദനം നടത്തുന്നത്.

ജില്ലയിലെ ഊർജ്ജ മേഖലയുടെ നിലവിലുള്ള അവസ്ഥ

ആദ്യത്തെ ഭാഗം നിലവിലുള്ള ഊർജ്ജ മേഖലയുടെ സ്ഥിതിയുടെ അപഗ്രഥനമാണ്.

നിലവിലുള്ള സ്ഥിതിയുടെ അപഗ്രഥനം.

കൊല്ലം ജില്ലയിലെ ഊർജ്ജ മേഖലയുടെ നിലവിലുള്ള സ്ഥിതിയുടെ അപഗ്രഥനത്തിൽ വൈദ്യുതോർജ്ജം ഊർജ്ജത്തിന്റെ വിവിധ പാരമ്പര്യ, പാരമ്പര്യേതര ഉല്പാദന സ്രോതസ്സുകളും, നിലവിലുള്ള വൈദ്യുതിമേഖലയെ ഉല്പാദന സംവിധാനം, പ്രസരണ സംവിധാനം വിതരണ സംവിധാനം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

വൈദ്യുതിയുടെ സ്രോതസുകൾ

ജലവൈദ്യുതി, താപവൈദ്യുതി, കാറ്റ്, സൗരോർജ്ജം , തിരമാല, ജൈവമാലിന്യം മുതലായവയാണ്

പൊതുവെ വൈദ്യുതിയുടെ സ്രോതസുകൾ. ഇതിൽ ജലവൈദ്യുതിയും താപവൈദ്യുതിയുമാണ് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ. മറ്റുള്ളവ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കപ്പെടുന്നു.

ചിത്രം 4.12.1

1. വൈദ്യുതി ഉല്പ്പാദനം

കേരളത്തിൽ പ്രധാനമായും ജലവൈദ്യുതിയും താപവൈദ്യുതിയുമാണ് ഉല്പ്പാദിപ്പിച്ച് വരുന്നത്. സൗരോർജ്ജ വൈദ്യുതിയും കുറച്ച് ഉല്പ്പാദിപ്പിക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളിൽ ഉല്പ്പാദിപ്പിക്കുന്നതും സംസ്ഥാനത്തിന് പുറത്ത് നിന്ന് വാങ്ങിയുമാണ് പ്രധാനമായും വൈദ്യുതിയുടെ ആവശ്യകത നിലവിൽ നിറവേറ്റുന്നത്. ജില്ലയിലെ ഒരേയൊരു ജലവൈദ്യുത പ്രോജക്ട് ആണ് കല്ലട ജലവൈദ്യുത പദ്ധതി. 15 മെഗാ വാട്ട് ആണ് സ്ഥാപിത ശേഷി. കൂടാതെ വൈദ്യുതി ബോർഡിന്റെ ഗ്രിഡിലേക്ക് കണക്ട് ചെയ്തിരിക്കുന്ന 30 സൗരോർജ്ജ സംരംഭങ്ങളിൽ നിന്ന് 500kwp വൈദ്യുതിയും ,സ്വകാര്യ സംരംഭകർ ഉല്പ്പാദിക്കുന്നതുമായ സോളാർ വൈദ്യുതിയാണ് . ജില്ലയിലെ വൈദ്യുതി ആവശ്യകതയുടെ വളരെ ചെറിയ ഒരു അംശം മാത്രമെ ജില്ലയിൽ നിലവിൽ ഉല്പ്പാദിപ്പിക്കുന്നുള്ളു. പൂർണ്ണ തോതിൽ ഉല്പാദനം നടന്നാൽ തന്നെ പരമാവധി 3 ലക്ഷം യൂണിറ്റ് മാത്രമാണ് കല്ലട ജലവൈദ്യുത പദ്ധതിയിൽ നിന്നും ഒരു ദിവസം ലഭിക്കുന്നത്. നിലവിലുള്ള ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ഉല്പാദനം കൂട്ടേണ്ടതാണ്

ചിത്രം 4.12.2

നിലവിലെ പ്രശ്നങ്ങൾ : പാരിസ്ഥിതിക അനുമതിയും മറ്റ് എതിർപ്പുകളും കാരണം ജില്ലയിൽ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പല പദ്ധതികളും നടത്താൻ പറ്റുന്നില്ല.

പ്രസരണ മേഖല . വൈദ്യുതി ഉല്പാദന നിലയങ്ങളിൽ നിന്നും എക്സ്ട്രാ ഹൈടെൻഷൻ (EHT) ലൈനുകൾ

വഴി സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിച്ച് വോൾട്ടേജ് 11 കെ വി ആയി താഴ്ത്തിയാണ് ട്രാൻസ്ഫോർമറുകളിൽ കൂടി ഉപ പ്രസരണം നടത്തുന്നത്

ജില്ലയിൽ പ്രസരണ മേഖല കൊട്ടാരക്കര കേന്ദ്രീകരിച്ചുള്ള ട്രാൻസ്മിഷൻ സർക്കിളിന്റെ അധികാര പരിധിയിലാണ് പ്രവർത്തിക്കുന്നത് .

പ്രസരണ ശൃംഖല നിലവിലെ സ്ഥിതി വിവരകണക്കുകൾ -

1. 220 കെ വി സബ്സ്റ്റേഷനുകൾ - 2 എണ്ണം.
2. 110 കെ വി സബ്സ്റ്റേഷനുകൾ - 12 എണ്ണം.
3. 66 കെ വി സബ്സ്റ്റേഷനുകൾ - 14 എണ്ണം.
4. 33 കെ വി സബ്സ്റ്റേഷനുകൾ - 18 എണ്ണം.

നിലവിലുള്ള ഇടമൺ, കുണ്ടറ 220 സബ്സ്റ്റേഷനുകൾ 400 കെ വി ആയി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷനുകൾ

1. കിഴക്കേകല്ലട 66 കെ വി സബ്സ്റ്റേഷൻ
2. കരുനാഗപ്പള്ളി 66 കെ വി -110 കെ വി ആയി ശേഷി ഉയർത്തൽ
3. അഞ്ചൽ 66 കെ വി -110 കെ വി ആയി ശേഷി ഉയർത്തൽ
4. ആയൂർ 66 കെ വി -110 കെ വി ആയി ശേഷി ഉയർത്തൽ

അംഗീകാരം ലഭിച്ചിട്ടുള്ളതും സ്ഥലമെടുപ്പ് പൂർത്തിയാക്കാനുള്ളതുമായ സബ്സ്റ്റേഷനുകൾ

1. തേവലക്കര -66 കെ വി സബ്സ്റ്റേഷൻ - സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

ജില്ലയിൽ പ്രസരണ മേഖലയിൽ തൃപ്തികരമായ പ്രസരണ ശൃംഖലയാണ് നിലവിൽ ഉള്ളതെന്ന് കാണാൻ കഴിയും.

പ്രസരണമേഖല

നിലവിലെ പ്രശ്നങ്ങൾ

സ്ഥലമെടുപ്പ് സംബന്ധമായ പ്രശ്നങ്ങളും മറ്റ് തർക്കങ്ങളും പരിഹരിക്കാൻ വളരെയധികം പ്രശ്നങ്ങൾ നേരിടുന്നതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് കാലതാമസ്സം നേരിടുന്നു.

വിതരണ മേഖല നിലവിലെ സ്ഥിതി വിവരം

ജില്ലയിൽ 29.05.2017-ൽ സമ്പൂർണ്ണ വൈദ്യുതികരണ പദ്ധതി നടപ്പിലായിട്ടുള്ളതാണ് അതിനുശേഷം വന്നിട്ടുള്ള വൈദ്യുതികരിക്കാത്ത വീടുകളുണ്ട് . അപേക്ഷകൾ ലഭ്യമാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

ജില്ലയിലെ വൈദ്യുതി വിതരണം നടത്തിവരുന്നത് കൊല്ലം, കൊട്ടാരക്കര എന്നി ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളുടെ അധീനതയിലുള്ള 55 സെക്ഷൻ ആഫീസുകൾ വഴിയാണ്.

സ്ഥിതിവിവരകണക്കുകൾ

സർക്കിൾ ഓഫീസ്	: 2എണ്ണം
ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്	: 6എണ്ണം
ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്	: 16 എണ്ണം
ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്	: 55എണ്ണം
നിലവലുള്ള ഉപഭോക്താക്കൾ	: 9,59,292 എണ്ണം
നിലവിലുള്ള ഹൈടെൻഷൻ ലൈൻ	: 4789.19 KM
നിലവിലുള്ള ലോ ടെൻഷൻ ലൈൻ	: 21410.65 KM .
ട്രാൻസ്ഫോർമർ	: 5409 എണ്ണം
സ്ട്രീറ്റ് ലൈറ്റുകൾ .	: 52470 എണ്ണം

വിതരണമേഖലയിൽ നിലവിൽ തടസ്സമില്ലാതെ വൈദ്യുതി നൽകാൻ നിരവധി കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അതിനായി കൂടുതൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് ഉള്ള സൗകര്യം ലഭ്യമാക്കുകയും റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.

ചിത്രം 4.12.3

നിലവിലുള്ള പ്രസരണ മേഖലയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അവലംബം. കെ എസ് ഇ ബി

ചിത്രം 4.12.4

ഉപഭോഗം



അവലംബം. കെ എസ് ഇ ബി

ശരാശരി വൈദ്യുത ഉപഭോഗ യൂണിറ്റ് 1079 ലക്ഷം ആണ് നിലവിൽ 10 വർഷം മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ വളരെയധികം ഉപഭോഗം വർദ്ധിച്ചിട്ടുണ്ട് . ഉപഭോഗത്തിന്റെ രീതി പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ഉപഭോഗം ഗാർഹീക വിഭാഗത്തിലാണെന്ന് കാണാം അതു കഴിഞ്ഞാൽ വാണിജ്യ മേഖലയും വ്യവസായിക മേഖല, കാർഷീക വിഭാഗം, ഇതരവിഭാഗം എന്നിങ്ങനെയാണ്. കണക്കുകൾ പരിശോധിച്ചാൽ കിഴക്കൻ മേഖലകളെക്കാൾ കൂടുതൽ ഉപഭോഗം നടക്കുന്നത് ജില്ലയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളാണെന്ന് കാണാം. ജില്ലയിലെ പടിഞ്ഞാറൻ മേഖല സാമാന്യേന നഗരവത്കൃത പ്രദേശങ്ങൾ കൂടുതൽ ഉൾക്കൊള്ളുന്നതിനാൽ തന്നെ ഉപഭോക്തൃത സാന്ദ്രത കൂടിയതാണ് . കൂടാതെ തീരപ്രദേശങ്ങൾ ഉൾകൊള്ളുകയാൽ മത്സ്യ ഉല്പ്പന്നാധിഷ്ഠിതമായ വ്യവസായങ്ങൾ വൻ തോതിൽ ദിനവും മുഴുവൻ സമയവും വൈദ്യുതി ഉപയോഗിക്കുന്ന സാഹചര്യവും മുണ്ട്. ഒപ്പം തന്നെ കശുവണ്ടി വ്യവസായ ശാലകളും മറ്റ് പരമ്പരാഗത വ്യവസായങ്ങളും കിഴക്കൻ മേഖലയിലുള്ളത്ര അളവിലല്ലെങ്കിലും, പടിഞ്ഞാറൻ

മേഖലയിലും സാന്നിദ്ധ്യമറിയിക്കുന്നുണ്ട് . ഇക്കാരണത്താൽ വൈദ്യുതി ആവശ്യകത പടിഞ്ഞാറൻ മേഖലകളിൽ താരതമ്യേന കൂടുതലാണ്. ജില്ലയിൽ നിലവിൽ 15MW, ജലവൈദ്യുതിയും കുറച്ച് സൗരോർജ്ജ സ്രോതസുകളും ഉള്ളതായും കാണാം, പ്രധാനമായും ജില്ലയുടെ പുറത്തുനിന്നുമാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്നും കാണാൻ കഴിയും.

ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതികരണ പദ്ധതി നടപ്പിലാക്കിയതിനാൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്തതുമാണ്.

നിലവിലെ പ്രശ്നങ്ങൾ

ഉപഭോക്തൃ സേവനം ലക്ഷ്യമാക്കി മെച്ചപ്പെട്ട വൈദ്യുതി 24 മണിക്കൂറും ഇടതടവില്ലാതെ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. അവശ്യ സർവ്വീസായ വൈദ്യുതി മേഖലയിൽ നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ വികസനപ്രവർത്തനം നടത്തുന്നതിന് ധാരാളം തടസ്സങ്ങൾ ഉള്ളതായി കാണുന്നു.

1. ട്രാൻസ്ഫോർമർ വയ്ക്കുന്നതിനും ലൈനുകൾ വലിക്കുന്നതിനും അണ്ടർ ഗ്രൌണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനും അനുമതി ലഭ്യമാക്കാതെ പ്രാദേശികമായ പ്രശ്നങ്ങൾ വളരെയധികം നേരിട്ടുകൊണ്ടിരിക്കുകയാണ്.
2. പുതിയ 110 കെ വി കൊല്ലം GIS സബ്സ്റ്റേഷൻ നിലവിൽ വന്നെങ്കിലും, വൈദ്യുതി വിതരണത്തിനാവശ്യമായ 11 കെ വി അണ്ടർ ഗ്രൌണ്ട് കേബിൾ സ്ഥാപിക്കാൻ റെയിൽവെ ഉൾപ്പടെ യുള്ള വിവിധ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ ചില സ്ഥലങ്ങളിൽ വൈദ്യുതി വിതരണം മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ കഴിയുന്നില്ല.
3. ഊർജ്ജ സംരക്ഷണം, വൈദ്യുത സുരക്ഷ എന്നിവയിലുള്ള അവബോധം പൊതുജനങ്ങളിൽ കൂടുതലായി സൃഷ്ടിക്കേണ്ടതുണ്ട്

ജില്ലാ വികസന പരിപ്രേക്ഷ്യം (Long term perspective)

1. വൈദ്യുതി ഉല്പാദന രംഗം നിലവിൽ

ജില്ലയിൽ നിലവിൽ ഒരു ജലവൈദ്യുത പദ്ധതി മാത്രമാണുള്ളത്. തെന്മലയിൽ 15MW ശേഷിയിൽ നിർമ്മിച്ചിട്ടുള്ള ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട് ആണ് ഇത്. ഇതിൽ നിന്നും ജല ലഭ്യത അനുസരിച്ച് ഏകദേശം 3 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിമാസം ഉല്പാദിപ്പിക്കുന്നത്.നമ്മുടെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ചുമാത്രമാണ് ഉല്പാദനം എന്നുകാണാം. കൂടാതെ ഏതാനും സ്വകാര്യ സംരംഭകർ ഗ്രിഡിൽ കണക്ടുചെയ്തതും കണക്ട് ചെയ്യാത്തതുമായ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

ഗ്രിഡിൽ കണക്ട ചെയ്ത സോളാർ പ്ലാന്റുകൾ - ജില്ലയിൽ 28 പ്ലാന്റുകളിൽ നിന്നായി 456 KWP കപ്പാസിറ്റിയിൽ 35000യൂണിറ്റ് പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നു. ഇതുകൂടി കൂട്ടിയാലും നമ്മുടെ വൈദ്യുതി ഉപഭോഗത്തിന്റെ വളരെ കുറഞ്ഞ അളവിലാണ് ഉല്പാദനം എന്ന് കാണാവുന്നതാണ്.

ഭാവിയിലെ വികസന സാധ്യതകൾ

പാരമ്പര്യ ഊർജ്ജ സ്രോതസുകൾ

I.ജലവൈദ്യുതി

ഏറ്റവും ചിലവുകുറഞ്ഞ വൈദ്യുതി ഉല്പാദന മേഖലയാണ് ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ളത്. എങ്കിലും വിവിധകാരണങ്ങളാൽ ജില്ലയിലെ ജലവൈദ്യുത പദ്ധതികളുടെ സാധ്യത പൂർണ്ണമായും നമുക്ക് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തും ജില്ലയിലും മുഴുവൻ സാധ്യതയും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതാണ്.

നിലവിൽ ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലയുടെ കിഴക്കൻ മേഖലയിലാണ് ജലവൈദ്യുത പദ്ധതിയുടെ സാദ്ധ്യതകൾ കാണുന്നത് .

1. അച്ചൻ കോവിൽ - 30 MW (മെഗാവാട്ട്)കപ്പാസിറ്റി - അനുമതി ലഭ്യമാകാത്തതിനാൽ മുടങ്ങി കിടക്കുന്നു- വൈദ്യുതി ബോർഡിന്റെ പദ്ധതിയാണ്. വനം വകുപ്പിന്റെ പരിസ്ഥിതി അനുമതി ലഭ്യമായിട്ടില്ല.

2. മുക്കടവ് പദ്ധതി, പുനലൂർ - 2.35 മെഗാവാട്ട് - പ്രോജക്ട് റിപ്പോർട്ട് ആയിട്ടുണ്ട്, എനർജി മാനേജ് മെന്റ് സെന്റർ വഴി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കാൻ പരസ്യം ചെയ്തിട്ടുള്ളതാണ്.

3. കല്ലടത്തണ്ണി - 3.7 മെഗാവാട്ട് - പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്, എനർജി മാനേജ് മെന്റ് വഴി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കാൻ പരസ്യം ചെയ്തിട്ടുള്ളതാണ് .

4. കഴുതുരുട്ടി - 2.6 മെഗാവാട്ട് - സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനമായിട്ടുണ്ട്.

അങ്ങനെ 38.65 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള പരിഗണനയിലുണ്ട്.

ചിത്രം 4.12.5

നിലവിലുള്ള ജലവൈദ്യുത പദ്ധതി

ചിത്രം 4.12.6

സൗരോർജ്ജം

സാധ്യതാപഠനം നടത്താവുന്നപദ്ധതി

1. കല്ലട പദ്ധതി - ഒറ്റക്കൽ -3 MW- തെന്മല (ടെയിൽ റെയിസ്) (സാധ്യതാപഠനം നടത്തിയിട്ടില്ല.)

പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

സൗരോർജ്ജം

വൈദ്യുതി വിതരണം നടത്താൻ സൗകര്യമില്ലാതിരുന്ന ജില്ലയിലെ കിഴക്കൻ മേകലകളിൽ സൗരോർജ്ജം ഉപയോഗിച്ച് അനർട്ടിന്റെ നേതൃത്വത്തിൽ വീടുകൾ വൈദ്യുതീകരിച്ചിട്ടുള്ളതാണ്.

ഒരു സൗരോർജ്ജ യൂണിറ്റ് പ്രവർത്തിക്കുന്നതിന് ദിവസം 6 മണിക്കൂർ എങ്കിലും സൂര്യ പ്രകാശം കിട്ടിയിരിക്കണം. സൂര്യ പ്രകാശം നേരിട്ടുപതിക്കുന്ന സ്ഥലങ്ങളിലാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കേണ്ടത്. താഴെ പ്പറയുന്ന സാദ്ധ്യതകളാണ് കാണുന്നത് ഈ വിഭാഗത്തിൽ.

1. ശാസ്താംകോട്ട തടാകത്തിനുചുറ്റുമുള്ള തുറസ്സായ സ്ഥലത്തും ശാസ്താംകോട്ട കായലിനുള്ളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റായും സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ 70 ശതമാനത്തോളം ജലത്തിന്റെ നഷ്ടം കുറയ്ക്കാനും സഹായിക്കും

2. ഉപയോഗ ശൂന്യമായ ചതുപ്പുനിലങ്ങളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്താനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

3. ജില്ലയിലെ സർക്കാർ ഓഫീസുകളുടെ മുകളിലും ജില്ലാ /ബ്ലോക്ക്/ ഗ്രാമ പഞ്ചായത്ത് ഓഫീസുകൾക്ക് മുകളിലും, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുകളിലും, വീടുകളുടെ മുകളിലും റൂഫ്ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്ക പെടേണ്ടതും നടപ്പിലാക്കുന്നത് ആലോചിക്കേണ്ടതുമാണ്.

4.വലിയ പാചകശാലകളുള്ള ജയിലുകൾ/ അമ്പലം/ പള്ളി /സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിലെ പാചക ആവശ്യത്തിന് സോളാർ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ്.

ഗുണങ്ങൾ

1. അക്ഷയ ഊർജ്ജമെന്ന നിലയ്ക്ക് പരിധിയില്ലാതെ ലഭ്യമാകും
2. കാർബൺ വികിരണം ഇല്ലാത്തതിനാൽ പരിസ്ഥിതി സൗഹൃദം
3. ആവർത്തന ചിലവ് കുറവാണ്
4. വികേന്ദ്രീകൃത ഉല്പാദനം സാദ്ധ്യമാണ്.

സോളാർ പ്ലാന്റുകളുടെ ന്യൂനതകൾ

- 6 മണിക്കൂർ എങ്കിലും സൂര്യ പ്രകാശം നേരിട്ടു ലഭ്യമാകുന്ന സ്ഥലത്തു മാത്രമേ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ പറ്റുകയുള്ളൂ.
- ഓരോവർഷം കഴിയുമ്പോഴും ഊർജ്ജക്ഷമത 1% വീതം കുറഞ്ഞുവരുന്നു.
- 25 വർഷം മാത്രമാണ് കാലാവധി പറയുന്നത് , അത് കഴിഞ്ഞാൽ ഇതിന്റെ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ പുതിയതായി കണ്ടെത്തേണ്ടി വരും
- ഇത് സ്ഥാപിക്കാനുള്ള ചിലവ് കൂടുതൽ
- സൂര്യപ്രകാശം ഇല്ലാത്ത കൂടുതൽ വൈദ്യുതി ആവശ്യം ഉള്ളതുമായ സന്ധ്യാ സമയത്തും രാത്രിസമയത്തും വൈദ്യുതി ആവശ്യം നിറവേറ്റാൻ പ്രയാസം നേരിടുന്നു.

II. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം(വിൻഡ് മില്ലുകൾ)

നിലവിൽ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം നമ്മുടെ ജില്ലയിൽ ഇല്ലാത്തതാണ്.കൂടുതൽ കാറ്റുള്ള സ്ഥലങ്ങളിൽ വിൻഡ് മില്ലുകൾ സ്ഥാപിച്ചാണ് വൈദ്യുതി ഉല്പാദനം നടത്തുന്നത്. ഈ പദ്ധതികൾ പാരിസ്ഥിക സൗഹൃദവും ചിലവുകുറഞ്ഞതുമാണ് . കാറ്റുള്ള സ്ഥലത്ത് എളുപ്പത്തിൽ സ്ഥാപിക്കാവുന്ന പദ്ധതിയാണിത്.

താഴെപ്പറയുന്ന സാധ്യതകളാണ് ജില്ലയിൽ കാണുന്നത്.

1. തങ്കശേരി ബ്ലോക്ക് വാട്ടർ ഭാഗത്ത് വിൻഡ് മില്ലുകൾ സ്ഥാപിക്കുന്നതിന് പഠനങ്ങൾ നടന്നിട്ടുണ്ട് . തുറമുഖവികസനത്തിന് ഭാവിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്.
2. ജടായുപ്പാറ – ചടയമംഗലം .ജടായുപ്പാറയിൽ വിൻഡു മില്ലുകൾ സ്ഥാപിക്കാനുള്ള സാധ്യത കാണുന്നു.

മണിക്കൂറിൽ 40 കി. മി വേഗതയിൽ കാറ്റ് ലഭിക്കുന്ന എല്ലാ പ്രദേശങ്ങളിലും ഇതിന് സാധ്യതയുണ്ട്

വിൻഡ് മില്ലിന്റെ ഗുണങ്ങൾ

1. രാത്രിയും പകലും ഉല്പാദനം നടത്താവുന്നതാണ്.
2. ബാറ്ററിയും സെല്ലും വേണ്ടാത്തതിനാൽ പരിസ്ഥിതി സൗഹൃദം
3. കൂടുതൽ കാലം നിലനിൽക്കുന്നു.
4. ഷോറും ഓഫ്ഷോറും സ്ഥാപിക്കാവുന്നതാണ്
5. സോളാറിനെക്കാൾ പ്രവർത്തിക്കുവാനുള്ള സാധ്യത കൂടുതൽ
6. ഉല്പാദനചിലവ് കുറവ്

ദോഷങ്ങൾ

1. കാലാവസ്ഥ അനുസരിച്ച് കാറ്റിന്റെ ലഭ്യത മാറുന്നു.
2. ചെറുതായി ശബ്ദം ഉണ്ട്

III. മാലിന്യത്തിൽ നിന്നുള്ള വൈദ്യുതി (ബയോഗ്യാസ് പ്ലാന്റുകൾ)

ഓരോ പ്രദേശത്തിന്റെയും ജൈവ മാലിന്യത്തിന്റെ അളവ് കണക്കാക്കി എത്ര വൈദ്യുതി ഉല്പാദനം നടത്താമെന്ന് കണക്കാക്കാവുന്നതാണ്. ക്ലീൻ കേരള (ശുചിത്വ മിഷൻ) മായി ബന്ധപ്പെട്ട് എത്ര ജൈവമാലിന്യം ശേഖരിക്കാം എന്ന് കണക്കാക്കാം . കോർപ്പറേഷൻ , മുനിസിപ്പാലിറ്റികൾ , പഞ്ചായത്തുകൾ , വലിയമാർക്കറ്റുകൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ചെറിയ ചെറിയ യൂണിറ്റുകൾ സ്ഥാപിച്ച് മാലിന്യം ശേഖരിച്ച് ഉറവിടത്തിൽതന്നെ സംസ്കരിച്ച് പബ്ളിക്ക് ലൈറ്റിംഗിന് ഉപയോഗിക്കാവുന്നതും , അവശിഷ്ടങ്ങൾ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്.

ഗുണങ്ങൾ

1. മാലിന്യ നിർമ്മാർജനം ഉറവിടത്തിൽതന്നെ വേഗത്തിൽ നടത്താവുന്നതും, മാലിന്യനിർമ്മാർജന ത്തിനുള്ള ചിലവ് ഗണ്യമായി കുറയുകയും ചെയ്യും
2. മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് പബ്ളിക്ക് ലൈറ്റിംഗിന് ഉപയോഗിക്കാവുന്നതുമാണ്.

ദോഷങ്ങൾ

1. മാലിന്യ ശേഖരണം കേന്ദ്രീകൃതമായി നടപ്പിലാക്കാനുള്ള പ്രയാസം
2. കൃത്യമായ പരിപാലനത്തിന്റെ അഭാവത്തിൽ പദ്ധതി നിലച്ചുപോകാതെ ശ്രദ്ധിക്കുക
3. വൈദ്യുതി ഉല്പാദനത്തിന് ചിലവു കൂടുതൽ .നിലവിൽ യൂണിറ്റിന് 11 രൂപയോളമാണ്. മാലിന്യ നിർമ്മാർജനത്തിന്റെ ബുദ്ധിമുട്ടും ചിലവും താരതമ്യം ചെയ്താൽ മാത്രമേ ചിലവ് പരിഗണിക്കാൻ പറ്റുകയുള്ളു.

IV. തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദനം (Tidal Energy)

സമുദ്രത്തിൽ നിരന്തരം അലയടിക്കുന്ന തിരകളുടെ ശക്തി ഉപയോഗിച്ച് ടർബൈനുകൾ കറക്കി വൈദ്യുതി ഉണ്ടാക്കിയാണ് തരംഗോർജ്ജം ഉപയോഗിക്കുന്നത് വൻതോതിലുള്ള ഊർജ്ജ ഉറവിടമാണ് തിരമാലകൾ . ഭാവിയിലെ ഊർജ്ജ ഉറവിടമാകാൻ തരംഗോർജ്ജത്തിനു കഴിയും . വിഴിഞ്ഞം പദ്ധതിപോലെയുള്ള പദ്ധതികളുടെ സാധ്യത നമ്മുടെ ജില്ലയിലെ തങ്കശേരിയിലും മറ്റും പരിശോധിക്കാവുന്നതാണ്.

വൈദ്യുത സുരക്ഷ

വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നവർക്കുള്ളതിനെക്കാൾ വൈദ്യുതി അപകടങ്ങൾ ഉണ്ടാകുന്നത് വീടുകളിലും കൺസ്ട്രക്ഷൻ സൈറ്റുകളിലും മറ്റുമാണ് . ഇതിന്റെ പ്രധാനകാരണം പൊതുജനങ്ങൾക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച് അവബോധം കുറവാണെന്നതാണ്. നിലവിൽ കെ എസ് ഇ ബിയും എനർജിമാനേജ്മെന്റ് സെല്ലും, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റും ആണ് പൊതുജനങ്ങൾക്ക് അവബോധം

നൽകാനുള്ള പ്രവർത്തനം നടത്തുന്നത്. എന്നാൽ ഇത് മതിയായ രീതിയിലുള്ള അവബോധം നൽകാൻ പര്യാപ്തമല്ല. കുടുംബശ്രീ യൂണിറ്റുകളിലെ പ്രവർത്തകരെ പോലെയുള്ളവരെ ഉൾക്കൊള്ളിച്ച് ജില്ലാ/ ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടത്തി വൈദ്യുത സുരക്ഷാപാലന അവബോധം സംഘടിപ്പിച്ചാൽ മാത്രമേ വൈദ്യുതി അപകടങ്ങൾ പ്രത്യേകിച്ച് പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കാൻ പറ്റുകയുള്ളൂ. ഇത്തരത്തിൽ ഒരു പ്രവർത്തനം അത്യന്താപേക്ഷിതമാണ്. വൈദ്യുതി ഇന്ന് നിത്യജീവിതത്തിൽ ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ എല്ലാവരും കൈകാര്യം ചെയ്യാവുന്ന ഒരു സംഗതി, എന്ന നിലയിലും ആധുനീക ജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്നു. പാഠ്യ പദ്ധതിയിലും വൈദ്യുത സുരക്ഷ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

നമ്മുടെ വീട്ടിലെത്തുന്ന ഓരോ യൂണിറ്റ് വൈദ്യുതിയും വിലപ്പെട്ടതാണ്, കാരണം അനുദിനം ലഭ്യത കുറഞ്ഞു വരുന്നു. കല്ക്കരി, ജലം, പ്രകൃതി വാതകം തുടങ്ങിയവ ഉപയോഗിച്ച് വൈദ്യുതോല്പാദനം അനുദിനം ക്ഷയിച്ചുവരുന്നു. ഊർജ്ജസ്രോതസ്സുകൾ ഒരു പ്രതിസന്ധിയിലേക്കാണ് നമ്മെ നയിക്കുന്നത്. ഇത് ഒഴിവാക്കാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കണ്ടത് ആധുനിക ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. ഊർജ്ജം നിത്യജീവിത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ് .

ഊർജ്ജ സംരക്ഷണം എന്ന ആശയം സമൂഹത്തിൽ ആഴത്തിൽ പ്രചരിപ്പിക്കുന്നതിനും കർമ്മ പഥത്തിൽ കൊണ്ടുവരുന്നതിനും വിദ്യാർത്ഥികൾക്ക് ഗണ്യമായ പങ്ക് വഹിക്കാനാകും. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കുടുംബശ്രീയുമായി ചേർന്ന് പദ്ധതി ഫലപ്രദമായി നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

ആധുനിക യുഗത്തിൽ ദിനം തോറും ഊർജ്ജത്തിന്റെ പ്രത്യേകിച്ച് വൈദ്യുതിയുടെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഊർജ്ജത്തിന്റെ ഉപയോഗവും ആവശ്യകതയും കണക്കാക്കുംമ്പോൾ ഫോസിൽ ഇന്ധനങ്ങൾ ഭൂമിയിൽ ഏതാനും വർഷത്തേക്കുള്ള ഉപയോഗത്തിനു മാത്രമേ കാണുകയുള്ളൂ. ഊർജ്ജത്തിന്റെ പാഴ് ചെലവുകൾ കുറച്ച് ലഭ്യമായ ഊർജ്ജം കാര്യക്ഷമമായും യുക്തിസഹമായും ഉപയോഗിക്കുക എന്നതാണ് പരിഹാരം.

1. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കുക , നിലവിലുള്ള സോഡിയം വേപ്പർ ലാമ്പും, മെർക്കുറി വേപ്പർ ലാമ്പുകളും മാറ്റി - LED ലൈറ്റുകളാക്കുന്നതിന് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി ചെയ്യുക.
2. എനർജി എഫിഷ്യന്റ് ഉപകരണങ്ങൾ ഉപയോഗിക്കുക
3. ഉപഭോക്താക്കളിൽ ആവശ്യത്തിനുമാത്രം ഊർജ്ജം ഉപയോഗിക്കുക എന്ന അവബോധം സൃഷ്ടിക്കുക

ഭാവിയിലേക്കുള്ള ജില്ലയിലെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കുന്നതിനും ലൈൻ വലിക്കുന്നതിനും മറ്റും പ്രാദേശികമായ തടസ്സങ്ങളും പ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്, അതിനുള്ള പരിഹാരമായി പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും നിലവിലുള്ളവ വികസിപ്പിക്കുമ്പോഴും പവർ കേബിളുകളും കമ്മ്യൂണിക്കേഷൻ കേബിളുകളും സ്ഥാപിക്കുന്നതിനുള്ള സംവിധാനം ചെയ്യുക . കൊല്ലം ബൈപ്പാസ് പോലെ പുതിയതായുള്ള റോഡുകൾ നിർമ്മിക്കുംമ്പോൾ കേബിളുകൾ ഇടാനുള്ള സൗകര്യങ്ങൾ ചെയ്താൽ മാത്രമേ ബൈപ്പാസിൽ ഭാവി വികസന പ്രവർത്തനങ്ങൾക്കുള്ള വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുവാൻ കഴിയുകയുള്ളൂ.
2. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾക്കായി വൈദ്യുതി വിതരണ മേഖലയിൽ ആധുനിക വൽക്കരണം നടപ്പിലാക്കേണ്ടതാണ്.
3. ജില്ലയിലെ പ്രസരണ മേഖലയിലെ വികസനത്തിനായി load flow study ചെയ്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക, പരവൂർ 33KV substation upgrading, വാളകം 33KV substation upgrading മുതലായവ.

4. പുതിയതായി നിർമ്മിച്ച കൊല്ലം 110 KV GIS Substation -നിൽ നിന്ന് 11 KV വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് റെയിൽവേയുടെയും മറ്റ് പല വകുപ്പുകളുടെയും സഹകരണം ആവശ്യമാണ്

5. സർക്കാർ ഓഫീസുകൾ വീടുകൾ തുടങ്ങിയ ഇടങ്ങളിൽ ഊർജ്ജം ഫലപ്രദമായി ഉപയോഗിക്കുക.
6. പെട്രോൾ , ഡീസൽ,തുടങ്ങിയ ഫോസിൽ ഇന്ധനവും വിദൂരഭാവിയിൽ ഇല്ലാതാവും അതിനാൽ പരിസ്ഥിതി സൗഹൃദ ഊർജ്ജ ഉല്പാദനത്തിലേക്കു മാറുക.
7. വാട്ടർ അതോറിറ്റി പോലെയുള്ള സ്ഥാപനങ്ങൾ ക്ഷമതകുറഞ്ഞ മോട്ടോറുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളവ സ്ഥാപിക്കുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലാ പഞ്ചായത്തിലും മറ്റും ഉൾപ്പടെ ഭാവിയിൽ വൈദ്യുതിയിൽ ഓടുന്ന അന്തരീക്ഷ മലിനീകരണം ഇല്ലാത്ത വണ്ടികൾ വാങ്ങുക . ആവശ്യമായ ചാർജ്ജിംഗ് സെന്ററുകൾ സ്ഥാപിക്കുക

2. കിഴക്കൻ മേഖലയിൽ ജലവൈദ്യുതി ഉല്പാദനം നടത്തുന്നതിന് പഞ്ചായത്തുകൾ സാധ്യതാപഠനം നടത്തുക സാധ്യത ഉണ്ടെങ്കിൽ നടപ്പിലാക്കാൻ ശ്രമിക്കുക, വിവിധ സ്രോതസ്സുകളിൽനിന്ന് കാറ്റ്, വെള്ളം , സോളാർ, മാലിന്യസംസ്കരണം മുതലായവ വഴി ഉല്പാദനം നടത്താൻ സാധ്യതാ പഠനം നടത്തുക.ബയോഗ്യാസ് പ്ലാന്റ് - വ്യാപനം -മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും മറ്റും ലഭ്യത അനുസരിച്ച് നടത്തുക.

3. മുനിസിപ്പൽ ഏരിയായിലും, കോർപ്പറേഷൻ ഏരിയായിലും വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേക്ക് RMU സംവിധാനം ഏർപ്പെടുത്തുക .

4. ഊർജ്ജ സംരക്ഷണം - അവബോധം സൃഷ്ടിക്കുക ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കണം.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യ നിരക്കിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക .

5. വൈദ്യുത സുരക്ഷയ്ക്ക് പ്രധാന്യം നൽകി അപകട നിവാരണം ലക്ഷ്യമാക്കി അവബോധം നടത്തുക

   (a) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വൈദ്യുതി സുരക്ഷാ ക്ലാസ്സുകൾ , വിവിധ വൈദ്യുതി - അധിഷ്ഠിത തൊഴിൽ വിഭാഗങ്ങൾക്കായി സംഘടിപ്പിക്കുക.

   (b) സുരക്ഷാവാരാചരണം വാർഡ് തലങ്ങലിൽ വരെ എത്തും വിധം പ്രചരണ പരിപാടികളോടെ സംഘടിപ്പിക്കുക.

   (c) പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും വൈദ്യുതി ലൈനുകൾക്ക് സമീപം അപകടകരമാം വിധം സ്ഥിതിചെയ്യുന്ന വൃക്ഷങ്ങളോ വൃക്ഷശിഖരങ്ങളോ നീക്കം ചെയ്യുന്നതിന് തദ്ദേശ/ ജില്ലാ ഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ പദ്ധത് പ്രവർത്തനങ്ങൾ.രൂപപ്പെടുത്തുക.

   (d) വാർഡ് തലങ്ങളിൽ ''ഊർജ്ജ സംരക്ഷണവും സുരക്ഷയും ''മുൻനിർത്തി ''എനർജി ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

6. LED ബൾബുകൾ കുറഞ്ഞ ചിലവിൽ പഞ്ചായത്തുകൾ ഉപഭോക്താക്കൾക്ക് നൽകുക.

7. തദ്ദേശസ്ഥാപനങ്ങൾ നിലവിലുള്ള സോഡിയം വേപ്പറുകൾ,മെർക്കുറി വേപ്പർ ലാംബുകൾ മുഴുവനുംമാറ്റി LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക .

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്ന തിനുള്ള നിർദ്ദേശങ്ങളും. (അദ്ധ്യായം 5 കാണുക)

4.13. പശ്ചാത്തല സൗകര്യം

എ. ഗതാഗതം

ആമുഖം

ഒരു രാജ്യത്തിന്റെ വികസനത്തിൽ പശ്ചാത്തല സൗകര്യങ്ങൾ സമ്പദ് വ്യവസ്ഥയ്ക്കൊപ്പം തന്നെ വളരെ പ്രാധാന്യമായ പങ്ക് വഹിക്കുന്നു. പ്രധാനമായും ഗതാഗതം, വാർത്താവിനിമയം, ഊർജോത്പാദനം, കുടിവെള്ള വിതരണം, ജലസേചന പദ്ധതികൾ, നഗരവികസനം എന്നിവയാണ് പശ്ചാത്തല സൗകര്യങ്ങൾ എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾക്ക് ഒരു പൂർണ്ണതകൈവരിക്കണമെങ്കിൽ മേൽ പറഞ്ഞ ഓരോ ഘടകത്തിന്റെയും വിസനത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ആയതിനാൽ മേൽ ഘടകങ്ങൾ എല്ലാം ചേർന്ന് പരസ്പര പൂരകമായ ഒരു സമഗ്ര ശൃംഖല രൂപപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി പതിനഞ്ച് വർഷത്തെ പശ്ചാത്തല സൗകര്യം മുന്നിൽ കണ്ട് കൊണ്ടുള്ള വികസനം ആവിഷ്കരിക്കേണ്ടതാണ്.

ഒരു രാജ്യത്തിന്റെ സമഗ്രവികസനത്തിന് വികസിതമായ ഗതാഗത വ്യവസ്ഥ അത്യന്താപേഷിതമാണ്. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള ബന്ധം സാമ്പത്തിക വളർച്ചക്കാവശ്യമായ ഒരു ഘടകമാണ്. എല്ലാ പ്രദേശങ്ങളേയും ബന്ധിപ്പിക്കുക വഴി യാത്രക്കാരേയും സാധനങ്ങളേയും അവശ്യസ്ഥലങ്ങളിൽ എത്തിക്കുന്നതിൽ ഗതാഗതത്തിന് വളരെയധികം പ്രധാന്യമുണ്ട്. ഗതാഗത മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് റോഡുകളും പാലങ്ങളും, തുറമുഖങ്ങൾ, ഉൾനാടൻ ജലഗതാഗതം, മറ്റ് ഗതാഗത സേവനങ്ങൾ (റെയിൽ, വ്യോമ ഗതാഗതങ്ങൾ) എന്നിങ്ങനെ അഞ്ച് പ്രധാന ശീർഷകങ്ങളായാണ്.

റോഡ് ഗതാഗതം

ദേശീയ സ്ഥിതി - ഇന്ത്യൻ റോഡ് ശൃംഖല 5.47 ദശലക്ഷം കി.മി. ദൈർഘ്യത്തിൽ ലോകത്തിലെ രണ്ടാമത്തെ വലിയ റോഡ് ശൃംഖലയാണ്. ഇന്ത്യയുടെ ജി.ഡി.പി. വരുമാനത്തിന്റെ 4.7 ശതമാനവും റോഡ് ഗതാഗത മേഖലയുടെ സംഭാവനയാണ്. അതിവേഗ പാത ഉൾപ്പെടെ ആകെ ദേശീയപാതകളുടെ നീളം ഏകദേശം 97991 കി.മി.യാണ്. ഇത് ആകെ ദൈർഘ്യത്തിന്റെ 1.79 ശതമാനം മാത്രമാണെങ്കിലും ആകെ ഗതാഗതത്തിന്റെ 40 ശതമാനവും ദേശീയപാതയിലൂടെയാണ്. 2017 മെയ് വരെ ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 28900 കി.മി. റോഡുകളും 4 വരിയോ 6 വരിയോ പാതകളാണ്. ഇപ്പോഴത്തെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ റോഡ് ശൃംഖലയിലെ വിവരങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു.

പട്ടിക 4.13.1

ഇന്ത്യയിലെ റോഡ് ശൃംഖല

റോഡ് തരം	അതോറിറ്റി	നീളം (കി.മി)	ശതമാനം
ദേശീയപാത	മോർത്ത്	97991	1.79
സംസ്ഥാന പാത	പൊതുമരാമത്ത് വകുപ്പ് (സംസ്ഥാനം കേന്ദ്ര ഭരണപ്രദേശം)	167109	3.05
മറ്റ് പൊതുമരാമത്ത് റോഡുകൾ	(സംസ്ഥാനം കേന്ദ്ര ഭരണപ്രദേശം)	1101178	20.12
ഗ്രാമീണ പാതകൾ	തദ്ദേശ സ്വയം ഭരണ സ്ഥാപനം പഞ്ചായത്ത്, ജെ.ആർ.വൈ., പ്രധാന മന്ത്രി ഗ്രാമ സഡക് യോജന	3337255	61
നഗരപാതകൾ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	467106	8.54
പ്രോജക്ട് റോഡ്കൾ	വിവിധ സംസ്ഥാന സർക്കാരുകൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, സെയിൽ	301505	5.5
ആകെ		5472144100	

അവലംബം . പൊതുമരാമത്ത് വകുപ്പ്

മൊത്തം ചരക്ക് ഗതാഗതത്തിന്റെ 65 ശതമാനവും മൊത്തം യാത്രക്കാരുടെ 85 ശതമാനവും റോഡ് ശൃംഖലയെ ആശ്രയിക്കുന്നു. യാത്രക്കാരുടെ സഞ്ചാരവും ചരക്ക് ഗതാഗതവും ഏറിയ പങ്കും ദേശീയ -

സംസ്ഥാന പാതകളിലൂടെയും പ്രധാന ജില്ലാ റോഡുകളിലൂടെയുമാണ്. ഏറ്റവും ചെലവ് കുറഞ്ഞതും ലാഭകരവുമായ റയിൽവേ ശൃംഖലയോ അതുപോലെ മറ്റ് ഗതാഗത മാർഗ്ഗങ്ങളായ ഉൾനാടൻ ജല ഗതാഗതമോ തീരദേശഗതാഗതമോ ഉണ്ടായിട്ടും ചരക്ക് ഗതാഗതത്തിന് റോഡ് ശൃംഖലയെ ആശ്രയിക്കുന്നത് റോഡ് വഴിയുള്ള ദീർഘ ദൂര യാത്രയുടെ വ്യാപ്തി എത്ര വലുതാണെന്ന് വ്യക്തമാക്കുന്നു. ഇതിനുകാരണം റോഡ് ശൃംഖല വഴി എവിടെയും എത്തി ചേരാൻ കഴിയും എന്നുള്ളതിനാലാണ്. കണക്കുകൾ സൂചിപ്പിക്കുന്നത് റോഡ് വഴിയുള്ള ഗതാഗതം പ്രതിവർഷം ഏതാണ്ട് 10 ശതമാനം വരെ കൂടുന്നു എന്നാണ്. എന്നാൽ കൃത്യമായ പരിപാലനം എല്ലാ വിഭാഗം റോഡുകളിലും ഉണ്ടായാൽ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ. ഇന്ത്യയിലെ റോഡുകളുടെ സ്ഥിതി ചുവടെ ചേർക്കുന്നു

- **അതിവേഗ പാതകൾ**

ഏകദേശം 1208 കി.മി.ദൈർഘ്യത്തിൽ അതിവേഗപാതകൾ ഇന്ത്യയിലുണ്ട്. മിക്കവാറും 4, 6 വരി പാതകളാണ്. 2022 ഓടെ ഏകദേശം 18637 കി.മീ. അതിവേഗ പാതകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്.

- **ദേശീയ പാതകൾ**

സംസ്ഥാന തലസ്ഥാനങ്ങൾ, തുറമുഖങ്ങൾ, പ്രധാന വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ എന്നിവ തമ്മിൽ ബന്ധിപ്പിച്ച് അങ്ങോളമിങ്ങോളം കടന്നുപോകുന്നവയാണ് ദേശീയപാതകൾ. ആകെയുള്ള ദേശീയപാതയിൽ 26 ശതമാനം ഒറ്റ വരിപാതയും 51 ശതമാനം ഇരട്ടവരി പാതയും 23 ശതമാനം നാല്/ആറ് വരി പാതയുമാണ്. ദേശീയപാത അതോറിറ്റിയാണ് ദേശീയപാതകളുടെ വികസനത്തിന്റേയും സംരക്ഷണത്തിന്റേയും മേൽനോട്ടം വഹിക്കുന്നത്.

- **സംസ്ഥാന പാതകൾ**

അതാതു സംസ്ഥാന സർക്കാരുകളുടെ മേൽ നോട്ടത്തിലാണ് സംസ്ഥാന പാതകളുടെ വികസനവും സംരക്ഷണവും നടത്തുന്നത്. ദേശീയപാതകളിലേക്കും ജില്ലാ ആസ്ഥാനങ്ങൾ തമ്മിലും മറ്റ് പ്രധാന പട്ടണങ്ങൾ തമ്മിലുമുള്ള ശൃംഖലകളാണ് സംസ്ഥാന പാതകൾ.

- **പ്രധാന ജില്ലാ റോഡുകൾ**

പ്രാധാന താലൂക്ക് ആസ്ഥാനങ്ങളെ ജില്ലാ ആസ്ഥാനങ്ങളുമായും മറ്റ് പ്രധാന ജംഗ്ഷനുകളെ സംസ്ഥാന പാതകളുമായും ബന്ധിപ്പിക്കുന്ന ശൃംഖലകളാണ് പ്രധാന ജില്ലാ റോഡുകൾ. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ സിംഹ ഭാഗവും മറ്റ് പ്രധാന ജില്ലാ റോഡുകളാണ്. മിക്ക റോഡുകളുടേയും നിലവാരം മോശമാണ്. ഈ റോഡുകളുടെ ശോചനാവസ്ഥ പരിഹരിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് 2000 ഡിസംബറിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന എന്ന പദ്ധതി നടപ്പിലാക്കി.

സംസ്ഥാന സ്ഥിതി

ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കേരള സംസ്ഥാനത്തിന് അതി ബൃഹത്തായ ഒരു റോഡ് ശൃംഖല തന്നെയുണ്ട്. 11 ദേശീയപാതകളും 77 സംസ്ഥാന പാതകളും മറ്റ് അനേകം ജില്ലാ റോഡുകളും ചേർന്നതാണ് കേരളത്തിന്റെ റോഡ് ശൃംഖല. സംസ്ഥാന പശ്ചാത്തല മേഖല 2.05 ലക്ഷം കി.മീ. റോഡുകൾ, 1588 കി.മീ. റയിൽവേ, 1687 കി.മീ. ഉൾനാടൻ ജല ഗതാഗതം, 18 തുറമുഖങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്. സംസ്ഥാനത്തെ ആകെ ദേശീയപതകളുടെ ദൈർഘ്യം 1781.57 കി.മീ. ആണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള റോഡ് ശൃംഖലയുടെ 15 ശതമാനം പൊതുമരാമത്ത് വകുപ്പ് പരിപാലിച്ച് വരുന്നു. ഈ റോഡുകളിലൂടെയാണ് 80 ശതമാനം ഗതാഗതവും നടക്കുന്നത്. ഗതാഗത വളർച്ചാ നിരക്ക് പ്രതിവർഷം 12 മുതൽ 14 ശതമാനം വരെ രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമ്മർദ്ദം വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) പരിപാലിക്കുന്ന റോഡ് ദൈർഘ്യം 31812.090 കി.മീ.യായി വർദ്ധിച്ചു. കേരളത്തിലെ വിവധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.13.2 ൽ ചേർക്കുന്നു.

പട്ടിക 4.13.2

വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ

ക്രമ നം	വകുപ്പുകൾ	ദൈർഘ്യം (കി.മീ.	ശതമാനം
1	പഞ്ചായത്ത്	139380.41	67.81
2	പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും)	31812.096	15.48
3	മുനിസിപ്പാലിറ്റികൾ	18411.87	8.96
4	കോർപ്പറേഷനുകൾ	6644.0	3.23
5	വനം വകുപ്പ്	4575.77	2.23
6	ജലസേചന വകുപ്പ്	2611.9	1.27
7	പൊതുമരാമത്ത് വകുപ്പ് (ദേശീയപാത)	1781.5	7.87
8	മറ്റുള്ളവ (റയിൽവേ, വൈദ്യുതി വകുപ്പ്)	328	0.16
	ആകെ	205545.616	100

അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

കേരളത്തിലെ മിക്ക സ്ഥലങ്ങളും റോഡുകളാൽ ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും നഗരങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വളരെയധികം തടസങ്ങൾ നേരിടുന്നുണ്ട്. നിലവിൽ റോഡുകളിലൂടെയുള്ള ഗതാഗതം അവയ്ക്ക് ഉൾക്കൊള്ളാനാവുന്നതിലും എത്രയോ മടങ്ങ് അധികമാണ്. ഇതിന് പ്രധാന കാരണം ഭൂമി ഏറ്റെടുക്കുന്നതിലുള്ള പ്രശ്നങ്ങളും റോഡിന്റെ വീതി വർദ്ധിപ്പിക്കാത്തതുമാണ്. കേരളത്തിലെ പശ്ചാത്തല മേഖലയിലെ പ്രധാന വെല്ലുവിളി ഓരോ ഗ്രാമങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ശോചനീയ അവസ്ഥയാണ്. ആയതിനാൽ കേരളത്തിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിലുപരി നിലവിലുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുകയാണ് വേണ്ടത്.

ജില്ലയിലെ സ്ഥിതി

ഒരു പ്രദേശത്തിന്റ സാമൂഹികവും സാമ്പത്തികവും വ്യാവസായികപരവുമായ വികസനത്തിന് നിലവാരമുള്ള പശ്ചാത്തല മേഖല ഒരു അവശ്യ ഘടകമാണ്. കൊല്ലം ജില്ലയിൽ നിലവിലുള്ള റോഡ് ശൃംഖലയിൽ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുമാണ് ഉൾപ്പെടുന്നത്. നാല് ദേശീയപാതകളും ആറ് സംസ്ഥാന പാതകളും ഒരു ബൈപ്പാസും ജില്ലയിൽ കൂടി കടന്നുപോകുന്നു. വിശദാംശങ്ങൾ പട്ടിക 4.13.3 ൽ ചേർക്കുന്നു.

പട്ടിക 4.13.3

ദേശീയപാതകളും സംസ്ഥാന പാതകളും ബൈപ്പാസും

ക്രമ നം.	റോഡ് തരം		റോഡ് നീളം (കി.മീ)
1	ദേശീയ പാത	എൻ.എച്ച്. 66 കന്യാകുമാരി- സേലം	58.4
2	ദേശീയ പാത	എൻ.എച്ച്. 744 കൊല്ലം - തിരുമംഗലം	81.250
3	ദേശീയ പാത	എൻ.എച്ച്. 183 കൊല്ലം - തേനി	61.5
4	ദേശീയ പാത	എൻ.എച്ച്. 183 എ ഭരണിക്കാവ് - വണ്ടിപ്പെരിയാർ	81.5
5	ബൈപ്പാസ്	മേവറം - കാവനാട്	13.1
6	സംസ്ഥാന പാത	എസ്.എച്ച്. 1 എം.സി.റോഡ്	36.7
7	സംസ്ഥാന പാത	എസ്.എച്ച്.2 തിരുവനന്തപുരം - ചെങ്കോട്ട	30.296
8	സംസ്ഥാന പാത	എസ്.എച്ച്. 8 പുനലൂർ - മൂവാറ്റുപുഴ	13.8
9	സംസ്ഥാന പാത	എസ്.എച്ച്.48 ആയൂർ - പുനലൂർ	19.09
10	സംസ്ഥാന പാത	എസ്.എച്ച്. 64 പാരിപ്പള്ളി - മടത്തറ	23.507

11	മലയോര പാത എസ്.എച്ച്. 59- ആയൂർ - കുളത്തുപ്പുഴ	18.9
12	പഴയ എൻ.എച്ച്. ഓച്ചിറ നോർത്ത് - പുതിയകാവ്	2.25
13	പുളളിമാൻ ജം. - നീണ്ടകര ശക്തികുളങ്ങര - കാവനാട് വെള്ളയിട്ടമ്പലം - ചിന്നക്കട	3.6 1.6 3.7

അവലംബം : വിവിധ പൊതുമരാമത്ത് വകുപ്പുകൾ

പൊതുമരാമത്ത് നിരത്തു വിഭാഗം കൊല്ലം ഡിവിഷന്റെ അധീനതയിൽ നിലവിൽ 478 റോഡുകളുണ്ട്. ഇതിൽ 6 സംസ്ഥാന പാതകളും 472 ജില്ലാ റോഡുകളുമായി ആകെ 1 863.702 കി.മീ. ദൈർഘ്യമുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള ജില്ലയിലെ റോഡിന്റെ വിവരം പട്ടിക 4.13.4 ൽ ചേർക്കുന്നു.

പട്ടിക 4.13.4

നിയോജകമണ്ഡലം തിരിച്ചുള്ള ജില്ലയിലെ റോഡിന്റെ വിവരം

ക്രമ നം.	നിയോജക മണ്ഡലം	എണ്ണം	നീളം കി.മി.	എസ്.എച്ച് എണ്ണം	എസ്.എച്ച് കി.മി.	പ്രധാന ജില്ലാ റോഡ് കി.മി.
1	കൊല്ലം	1	3.7	50	64.928	68.628
2	ഇരവിപുരം	0	0	32	65.550	65.550
3	ചാത്തന്നൂർ	1	1.6	50	179.103	180.703
4	കുണ്ടറ	0	0	27	100.085	100.085
5	ചവറ	1	1.6	35	93.230	94.830
6	കരുനാഗപ്പള്ളി	2	5.850	41	130.177	136.027
7	കുന്നത്തൂർ	1	7.050	35	148.693	155.743
8	കൊട്ടാരക്കര	0	0	60	252.256	252.256
9	ചടയമംഗലം	2	30.9	45	235.032	265.932
10	പുനലൂർ	4	61.886	47	233.803	295.689
11	പത്തനാപുരം	1	11.2	51	237.059	248.259
	ആകെ		**123.786**		**1739.916**	**1863.702**

അവലംബം : പൊതുമരാമത്ത് ദേശീയ പാത വിഭാഗം

ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രധാന പ്രവൃത്തികൾ:-

കൊല്ലം ബൈപ്പാസ്

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കൊല്ലം ബൈപ്പാസ് മേവറം മുതൽ കാവനാട് വരെ 13.10 കി.മീ.യിലാണ് പൂർത്തിയാകുന്നത്. 352.05 കോടി രൂപ ചെലവു വരുന്ന പ്രസ്തുത പദ്ധതി മൂന്ന് പാലങ്ങളും 7 കി.മീ. പുതിയ റോഡും 4 കി.മീ. നിലവിലുളള റോഡിന്റെ വീതി കൂട്ടലും ഉൾപ്പെടുന്നു. ഇ.പി.സി. പദ്ധതിയിൽ 27.05.2015 ൽ ആരംഭിച്ച ബൈപ്പാസിന്റെ നിർമ്മാണം 2018 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കൽ ഉദ്ദേശിക്കുന്നു.

മലയോര ഹൈവേ

ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിലവിലുളള എം.സി.റോഡിന് സമാന്തരമായാണ് പുതിയ മലയോര ഹൈവേ നിർമ്മാണം പൂർത്തിയാക്കുന്നത്. പുനലൂർ - കെ.എസ്. ആർ.റ്റി.സി. ജംഗ്ഷൻ മുതൽ കൊല്ലായിൽ വരെ 48.1 കി.മി. ആണ് നിർദ്ദിഷ്ട അലൈൻമെന്റ്. 240.20 കോടി രൂപയാണ് പദ്ധതി ചെലവ്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നത്.

തീരദേശ ഹൈവേ

ജില്ലയിലെ കാപ്പിൽ മുതൽ - വലിയഴീക്കൽ വരെ ആകെ 56.8 കി.മീ. ആണ് നിർദ്ദിഷ്ട തീരദേശപാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ കാപ്പിൽ മുതൽ കൊല്ലം വരെയുളള

റോഡ് പൊതുമരാമത്ത് വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കീഴിലാണ്. പ്രസ്തുത അലൈൻമെന്റിൽ നിലവിൽ റോഡ് ഉള്ളതിനാൽ വീതി കൂട്ടി ഉപരിതല നവീകരണം നടത്തുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിൽ നടന്നു വരുന്നു. കൂടാതെ കൊല്ലം മുതൽ വലിയഴിക്കൽ വരെയുള്ള റീച്ചിൽ ഒരു ഫ്ളൈഓവറും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മേൽപാതയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. തീരദേശഹൈവേയുടെ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പൂർത്തിയാക്കുന്നത്. ആദ്യ ഘട്ടമായ കാപ്പിൽ - വലിയഴിക്കൽ വരെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഏകദേശം 26 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൊല്ലം മുതൽ കാപ്പിൽ വരെയുള്ള തീരദേശഹൈവേയ്ക്ക് 42 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട തീരദേശപാതയുടെ അലൈൻമെന്റ് ചുവടെ ചേർക്കുന്നു.

ചിത്രം 4.13.1

ജില്ലയിലെ ദേശീയ പാതകളും സംസ്ഥാന പാതകളും

അവലംബം : പൊതുമരാമത്ത് ദേശീയ പാത വിഭാഗം

ചിത്രം 4.13.2

നിർദ്ദിഷ്ട തീരദേശപാതയുടെ അലൈൻമെന്റ് (5 എണ്ണം)



അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

ചിത്രം 4.13.3



അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

ചിത്രം 4.13.4



അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

ചിത്രം 4.13.5



അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

ചിത്രം 4.13.6



അവലംബം: വിവിധ പൊതുമരാമത്ത് വകുപ്പുകൾ

ഭരണാനുമതി ലഭിച്ച/പ്രതീക്ഷിക്കുന്ന പ്രൊപ്പോസലുകൾ

ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ 2016-17, 2017-18 സാമ്പത്തിക വർഷത്തിലെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തനമാരംഭിച്ചതും, ഭരണാനുമതി ലഭിച്ചതും ഭരണാനുമതി ലഭിക്കുന്നതിലേക്ക് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമായ പ്രവർത്തികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. പ്രധാനമായും മേൽ സൂചിപ്പിച്ച പ്രവൃത്തികളൊക്കയും സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും, പുതുതായി രൂപം കൊണ്ട കിഫ്ബിയിൽ ഉൾപ്പെടുത്തിയതും കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടു കൂടിയതുമാണ്.

കരുനാഗപള്ളി, കുന്നത്തൂർ താലൂക്കുകൾ

1.	പടപ്പനാൽ	-	പുളിമൂട്ടിൽക്കടവ്റോഡ്
2.	ശങ്കരമംഗലം	-	കോയിവിളറോഡ്
3.	ആലുംകടവ്	-	പത്മനാഭൻ ജെട്ടിറോഡ്
4.	ചിറ്റുമല	-	മാലൂമേൽറോഡ്
5.	ഓച്ചിറ	-	ക്ഷേത്രം റോഡ്
6.	ചക്കുവള്ളി	-	ശാസ്താംനട റോഡ്
7.	കല്ലുകടവ്	-	തോപ്പിൽമുക്ക് റോഡ്
8.	പള്ളിമുക്ക്	-	കുമരംചിറ റോഡ്
9.	പുത്തൻതെരുവ്	-	തുറയിൽകടവ് റോഡ്
10.	ശൂരനാട്	-	താമരക്കുളം റോഡ്
11.	ചവറ മുസ്ലിംപള്ളി	-	അറക്കൽ ക്ഷേത്രം റോഡ് ഉൾപ്പെടെ ഏകദേശം 60 കി.മീ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീയാക്കും.

കൂടാതെ ദേശീയപാത 66 ന്റെകിഴക്കു ഭാഗത്തുകൂടി ചവറ വെറ്റമുക്കിൽ നിന്നും ആരംഭിച്ച്, തേവലക്കര, മൈനാഗപള്ളി, താമരക്കുളം വഴി ഓച്ചിറയിൽ എത്തിച്ചേരുന്ന 54 കി.മീ റോഡിന് കിഫ്ബിയിൽ നിന്നും 63 കോടി രൂപയുടേയും കല്ലട കടപുഴ നിന്നുമാരംഭിച്ചു, നെൽപ്പരക്കുന്ന് - കാരാളിമുക്ക് വഴി മാലുമേൽ വരെ 44 കി.മീ റോഡിന് 73 കോടിരൂപയുടേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ റോഡുകളെല്ലാം തന്നെ കുറഞ്ഞത് 5.50 മി ക്യാരേജേ. ബി.എംആന്റ് ബി.സി നിലവാരത്തിലുള്ള പ്രതലത്തോടു കൂടിയാണ് നിർമ്മിക്കുന്നത്. ഈ റോഡുകളുടെആകെ നീളം 98 കി.മീ ആണ്.

കൊല്ലം താലൂക്ക്

1. ലക്ഷ്മി നട - കാവൽ - അഞ്ചുകല്ലുംമൂട്
2. നെല്ലിമുക്ക് - കാങ്കത്തുമുക്ക് - തിരുമുല്ലവാരം
3. അഞ്ചാലുംമൂട് - പ്രാക്കുളം
4. അഷ്ടമുടി റോഡ്
5. ഉമയനല്ലൂർ - പുല്ലിച്ചിറ റോഡ്
6. ഭരണിക്കാവ് റോഡ്
7. ഈഴവപാലം റോഡ്
8. മീനാട് — കല്ലുവാതുക്കൽ റോഡ്
9. നെടുങ്ങോലം — ഭൂതക്കുളം റോഡ്
10. ചാത്തന്നൂർ കുറുങ്ങൾ വയൽ റോഡ്
11. ശീമാട്ടി — മരക്കുളം റോഡ്
12. കൊട്ടിയം — മയ്യനാട് റോഡ്
13. മുളക്കട — വാടി റോഡ്
14. പാലമുക്ക് — നല്ലില റോഡ്
15. ആഫീസ്മുക്ക് - മിയ്യന്നൂർ റോഡ്
16. പുന്നമുക്ക് - ഇളമ്പള്ളൂർ റോഡ്
17. വെളിച്ചിക്കാല - ടി ബി.ആശുപത്രി റോഡ്
18. മുളവന - പരുത്തുംപാറ റോഡ്ഉൾപ്പെടെ ഏകദേശം 65 കി.മി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം പൂർത്തീകരിക്കുന്നതാണ്.

കൂടാതെ കൊല്ലം ലക്ഷ്മിനട കല്ലുപാലത്തിൽ നിന്നും ആരംഭിച്ച് കൊല്ലം ബീച്ച് മുണ്ടയ്ക്കൽ - ഇരവിപുരം - താന്നിവഴി മയ്യനാട് വരെയുള്ള റോഡിന്റെ നവീകരണത്തിന് 26 കോടിയും (ഏകദേശം 13 കി.മീ), അയത്തിൽ - പള്ളിമുക്ക് - ഉമയനല്ലൂർറോഡിന് (8 കി.മി) 10 കോടിരൂപയും ഉമയനല്ലൂർ - കല്ലുംവെട്ടാംകുഴി - തട്ടാർകോണം കേരളപുരം - കുണ്ടറ ആശുപത്രിമുക്ക് റോഡിന് 35 കോടി (ഏകദേശം 34.20 കി.മീ) കുണ്ടറ-ചിറ്റുമല-മൺട്രോത്തുരുത്ത് റോഡ് (17.60 കി.മീ) 26 കോടി രൂപയുടേയും ഭരണാനുമതി കിഫ്ബിയിൽ കിട്ടിയിട്ടുണ്ട്. ആകെ 72.80 കി.മീ റോഡ് നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ട്.

കൊട്ടാരക്കര താലൂക്ക്

1. നെടുവത്തൂർ - പുത്തൂർ
2. മൂർത്തീക്കാവ്-മനക്കരക്കാവ്
3. നീലേശ്വരം-ചുങ്കത്തര
4. വയയ്ക്കൽ - ഉമ്മന്നൂർ
5. ഓടനാവട്ടം - വാളകം
6. ഇടക്കിടം - കടക്കോട്
7. ചെങ്ങമനാട് - കടയ്ക്കൽ
8. ചിതറ - പാങ്ങോട്
9. ആയൂർ - ഇത്തിക്കര
10. കേരളപുരം - ആയൂർ

ഉൾപ്പെടെ ഏകദേശം 60കി.മീ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

കൂടാതെ-ശാസ്താംകോട്ട ഭരണിക്കാവിൽ തുടങ്ങി കൊട്ടാരക്കര വഴി - നീലേശ്വരം കോടതി ജംഗ്ഷൻ വരേയും (21 കി.മീ) 19 കോടിരൂപയും കൊട്ടാരക്കര റിംഗ്റോഡിന്റെ ആദ്യഘട്ടത്തിന് 17.5 കോടി (14.30 കി.മി)യും - ആയൂർ - ഇത്തിക്കരറോഡിന് (12 കി.മീ)(15 കോടി) - ആയിരക്കുഴി - അഞ്ചൽ റോഡിന് (11.50കി.മീ) (19.80 കോടി) രൂപയും - പാങ്ങോട്ട് - കടയ്ക്കൽ-ചിങ്ങേലി - ചടയമംഗലംറോഡിന് (20 കി.മീ) 26 കോടിരൂപയും കിഫ്ബിയിൽ ഭരണാനുമതിലഭിച്ചിട്ടുണ്ട്. ആകെ 78.80 കി.മീ റോഡിന് നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ട്.

പുനലൂർ - പത്തനാപുരം താലൂക്കുകൾ

1. കുരുവികോണം - ഭാരതീപുരംറോഡ്
2. അഗസ്ത്യകോട് - വടമൺ - ഏറം
3. വിളക്കുപാറ - തടിക്കാട്
4. തൊളിക്കോട് - മണിയാർ
5. കുളത്തുപ്പുഴ - സാംനഗർ
6. ആവണീശ്വരം - പത്താനാപുരം
7. പറങ്കിമാംമൂട് - ആവണീശ്വരം
8. പിടവൂർ - കമുകുംചേരി
9. കുന്നിക്കോട് - കുര-ഗോവിന്ദമംഗലംറോഡ്
10. തലച്ചിറ — വെഞ്ചേമ്പ് ഉൾപ്പെടെഏകദേശം 50കി.മീ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. കൂടാതെ
    1. മെതുവിൻമേൽ - പൊലിക്കോട് - തടിക്കാട് 30 കി.മീ (3 കോടി)
    2. പുനലൂർ, ഠൗൺ റോഡുകൾ - 7.40 കി.മീ(15.50 കോടി)
    3. വാളകം - അടുക്കളമൂല - 8 കി.മീ (19.70 കോടി)

എന്നീ റോഡുകളുടെ നവീകരണത്തിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഏകദേശം 45.40 കി.മീ റോഡുകൾക്ക് നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

2017-18 ൽ കൊല്ലം നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള താഴെ പറയുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 17-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. അഞ്ചാലുംമൂട് - കുരീപ്പുഴ
2. കൂട്ടിക്കട - ശാസ്താംകടവ്
3. പന്ത്രണ്ടുമുറി - വാളത്തുംഗൽ
4. സെൻറ്ജൂഡ് - ആലുംമൂട്
5. മുകുന്ദപുരം പാലം പുതുക്കി പണിയുക
6. മാരാരിത്തോട്ടം - കോട്ടവീട്ടിൽമുക്ക്
7. പാണന്റെമുക്ക് - തൊടിയൂർ
8. മുള്ളിക്കാട് - കൊല്ലായിൽ
9. പട്ടാഴി - പിടവൂർ - തരിയൻതോപ്പ്

2017-18 പ്രത്യേക ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ (ആകെ - 246.633 കി.മീ)

1. പഴയ പോലീസ് സ്റ്റേഷൻ - കുരിശുംമൂട്ജെട്ടിറോഡ്, കോൺവൻറ്റോഡ്, കോട്ടൺമിൽറോഡ്, വടയാറ്റുകോട്ട റോഡ്, പായിക്കടറോഡ്
2. പ്രാക്കുളം - സമ്പ്രാണിക്കൊടി
3. കിളികൊല്ലൂർ - പെരിനാട്
4. ഡിവിഷൻ കച്ചേരി - കോട്ടയത്തുക്കടവ്റോഡ്ആൻറ്രാമ വർമ്മ ക്ലബ് റോഡ്
5. നീരാവിൽ - അഞ്ചാലുംമൂട് - കുരീപ്പുഴറോഡ്
6. മുട്ടത്തുമൂല റോഡ്
7. തട്ടാമല-കൂട്ടിക്കട - ആലുംമൂട്റോഡ്
8. അയത്തിൽവി.എച്ച്.എസ് ജംഗ്ഷൻ, ഗോപാലശ്ശേരിറോഡ്വഴിമേടയിൽമുക്ക്
9. പുളിയത്ത്മുക്ക് - വെണ്ടർമുക്ക്
10. പള്ളിമുക്ക് - ഇരവിപുരം
11. കൊട്ടിയം - മാമൂട്ടിൽലാൻറിംഗ്റോഡ്
12. ഉളിയനാട് - അമ്മാരത്തുമുക്ക് വഴിചിറക്കരത്താഴം
13. ഭൂതക്കുളം ഹൈസ്കൂൾ റോഡ്
14. ആദിച്ചനല്ലൂർവ ഴികുണ്ടുമൺ റോഡ്
15. ബഹറിൻ ജംഗ്ഷൻ എൻ.എച്ച് മുതൽകാരംകോട്റോഡ്
16. കൊട്ടാരക്കര - വെളിനല്ലൂർറോഡ്
17. വെള്ളിമൺ റോഡ്
18. മുളവന - കൈതക്കോട്
19. മജിസ്ട്രേറ്റ്മുക്ക് - പള്ളിമൺ
20. കുണ്ടറ - മുക്കട - പള്ളിമുക്ക്
21. മൈലക്കാട് - കണ്ണനല്ലൂർ
22. കരിക്കട - കുറഞ്ഞിറോഡ് - തെറ്റിക്കുന്ന്ആശുപത്രിമുക്ക്
23. കൊട്ടിയം-കുണ്ടറ
24. കാഞ്ഞിരക്കോട് - മംഗലശ്ശേരി - മായംകോട് - പുന്നത്തടം
25. മാമൂട് - വായനശാല - തട്ടാർകോണം
26. ഇടനാട് ക്ഷേത്രം
27. കൊട്ടുകാട് - സരിതമുക്ക്, സി.പി.റോഡ്, കൊട്ടുക്കാട്, പയ്യലക്കാവ് - താന്നിമൂട്-മഠത്തിൽമുക്ക് - ചവറസൗത്ത് യു .പി സ്കൂൾ റോഡ്
28. ശങ്കരമംഗലം - കോവിൽത്തോട്ടം

29. എൻ.എച്ച് - കൊട്ടാരത്തിൻകടവ്
30. പണ്ടകശ്ശാലക്കടവ്റോഡ്
31. അരവിള - ജെട്ടിറോഡ് ,മുക്കാട്ട്റോഡ്
32. കരുനാഗപള്ളി കെ.എസ്.ആർ.ടി.സി ജംഗ്ഷൻ - ആലുംമൂട് - കാരൂർക്കടവ്
33. ഇടയനമ്പലം - തോട്ടത്തിൽമുക്ക്
34. വവ്വക്കാവ് - തഴവ
35. ഓച്ചിറ - ആയിരംതെങ്ങ്
36. കല്ലട - പുത്തൂർ
37. കല്ലട - പൊരീക്കൽ
38. പാണന്റെമുക്ക് - തൊടിയൂർ(രണ്ടാംഘട്ടം)
39. നെടിയവിള - വേമ്പനാട്ടഴികം
40. കാരൂർക്കടവ് - കൊച്ചാഞ്ഞിലിമൂട്
41. കരീപ്ര - കുഴുമതിക്കാട്
42. ഓടനാവട്ടം - വാളകംറോഡ് (ചെപ്ര - വാളകം)
43. നെല്ലിക്കുന്നം - ചെപ്ര
44. കലയപുരം - താമരക്കുടി
45. മൈലം - പട്ടാഴി
46. വെളിനല്ലൂർ ക്ഷേത്രം റോഡ്
47. കരിങ്ങന്നൂർ - ആറ്റൂർകോണം -പള്ളിക്കപ്പുഴക്കടവ്
48. അഞ്ചൽ - കടവാരം
49. പാരിപള്ളി - മടത്തറ
50. കൈതക്കോട് - പോരേടം
51. മുള്ളിക്കാട് - കൊല്ലായിൽ(രണ്ടാംഘട്ടം)
52. ചടയമംഗലം - പള്ളിക്കൽ
53. വെഞ്ചേമ്പ് - കരവാളൂർ - പുത്തൂതടം - മണലിൽ
54. വാളകം - പൊടിയാട്ടുവിള
55. കൈപ്പള്ളി - അസുരമംഗലം - കളരിക്ഷേത്രം(സ്വാമിമുക്ക് - അഞ്ചൽ)
56. പുനലൂർ ടി.ബി.ജംഗ്ഷൻ - വട്ടപ്പട
57. ചെമ്മന്തൂർ - തടിക്കാട്
58. പട്ടാഴി- പിടവൂർ - തരിയൻതോപ്പ്
59. കിഴക്കേതെരുവ് - പത്തനാപുരം
60. സദാനന്ദപുരം - വെട്ടിക്കവല
61. പാണ്ടിത്തിട്ട - പനംപട്ട

2017-18 കിഫ്ബിയിൽ തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ റോഡുകൾ (ആകെ - 252.970 കി.മീ)

1. പള്ളിമുക്ക് - അലിമുക്ക്റോഡ്
2. പള്ളിമുക്ക്-മുക്കടവ്റോഡ്
3. അമ്പലംകുന്ന് - റോഡ്വിള - പോരേടംറോഡ്
4. മുളവന - പേരയം എൻ.എസ്.എസ്. കോളേജ്റോഡ്
5. ആശ്രാമംലിങ്ക്റോഡ് - ഓലയിൽകടവ് - തേവള്ളി - ഫ്ളൈഓവർ
6. ആയൂർ - അഞ്ചൽ - പുനലൂർറോഡ്
7. ആയൂർ - പൊതിയാരുവിളറോഡ്
8. ഏനാത്ത് - പത്തനാപുരംറോഡ്
9. ഏരൂർ - ഇടമൺ റോഡ്

10. വിളക്ക്പാറ — തടിക്കാട് റോഡ്
11. കണ്ണനല്ലൂർ ജംഗ്ഷൻ - വികസനം
12. കടയ്ക്കൽ - ചെങ്ങമനാട് റോഡ്
13. ചടയമംഗലം - ജടായുപാറ-ടൂറിസം-കടുക്കത്ത് പാറ ടൂറിസംസെന്റർ ബന്ധിപ്പിക്കുന്ന റോഡ്
14. കൊട്ടാരക്കര - റിംഗ്റോഡ്
15. ഇടപ്പള്ളിക്കോട്ട - ലൂപ്പ്റോഡ്
16. നെടുംപുറം - കൊട്ടാരക്കരറോഡ്
17. കോട്ടവട്ടംമുക്ക് — കോട്ടവട്ടം സ്കൂൾറോഡ് പാലങ്ങൾ
18. കുമ്മല്ലൂർ പാലം
19. കണ്ണംകാട്ട്കടവ് പാലം
20. അരിനല്ലൂർ - പെരിങ്ങാലം പാലം
21. ഇലവൂർ പാലം
22. ചെട്ടിയാരഴികത്ത്കടവ് പാലം
23. കാട്ടിൽക്കടവ് പാലം - റ്റി.എസ് കനാൽ
24. കുതിരമുനമ്പ് - മണക്കടവ് പാലം

കൂടാതെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന ആശ്രാമം ലിങ്ക്റോഡിന്റെ മൂന്നാംഘട്ടം, നബാർഡിൽ ഉൾപ്പെട്ട പെരപ്പേയം പാലം, എലിക്കാട്ടൂർ പാലം 2016-17 കിഫ്ബിയിൽ ഉൾപ്പെട്ട കൊന്നയിൽ കടവ് അറക്കടവ് പാലങ്ങൾ, 2017-18 കിഫ്ബിയിൽ ഉൾപ്പെട്ട അരിനല്ലൂർ - പെരിങ്ങാലം, ആയൂർ - ഇത്തിക്കര, എൻ.എച്ച് 744 കേരളപുരം - ആയൂർ റോഡ്, കരുനാഗപള്ളി - ശാസ്താംകോട്ട - അടൂർ റോഡുകൾ ദേശീയ നിലവാരത്തിൽ 4 വരിപ്പാതകളാക്കുകയും ചെയ്താൽ കൊല്ലം ജില്ലയിലെ റോഡു ഗതാഗതം ഈ നൂറ്റാണ്ടിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേരും.

2016-17/2017-18 ബഡ്ജറ്റ് - കിഫ്ബി - നബാർഡ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ഏകദേശം 1000.964 കി.മീ പുതിയ ബി.എം. ആന്റ് ബി.സി 9 എണ്ണം - പുതിയ പാലങ്ങൾ 3 എണ്ണം - ഫ്ളൈഓവർ എന്നിവ കൊല്ലം ജില്ലയിൽ യഥാർത്ഥ്യമാകും. 2025 ഓടെ കൊല്ലം ജില്ലയിലെ മുഴുവൻ പൊതുമരാമത്ത് റോഡുകളും ബി.എം. ആന്റ് ബി.സി നിലവാരത്തിലേക്ക് ഉയർത്താവുന്നതാണ്.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വർദ്ധിച്ചുവരുന്ന ഗതാഗത വളർച്ചാ നിരക്ക് നിലവിൽ റോഡുകളിലേൽപ്പിച്ചു വരുന്ന സമ്മർദ്ദം റോഡുകൾക്ക് താങ്ങാവുന്നതിലും എത്രയോ മടങ്ങ് അധികമാണ്. റോഡുകളുടെ വീതി കൂട്ടിയുള്ള വികസന ത്തിലൂടെ മാത്രമേ ഇതിനൊരു പരിഹാരം കാണാനാകൂ. പക്ഷേ ഇതിനുള്ള പ്രധാന പ്രശ്നം ഭൂമി ഏറ്റെടുക്കുന്ന തിലെ വെല്ലുവിളികളാണ്. കൂടാതെ അനുവദനീയമായതിലധികം ഭാരം കയറ്റി പോകുന്ന ചരക്കു വാഹനങ്ങൾ റോഡിന്റെ ആയുസ്സ് കുറയാൻ ഇടയാകുന്നു. തൻമൂലം റേഡുകൾ ഗതാഗത യോഗ്യമല്ലാതായി തീരുന്നു. ജംഗ്ഷനുകൾ കേന്ദ്രീകരിച്ചുള്ള അനിയന്ത്രിതമായ വികസനം രൂക്ഷമായ ഗതാഗത കുരുക്കിനു കാരണ മാകുന്നു. കൂടാതെ പ്രധാന റോഡുകളിലേയ്ക്ക് നിലവിൽ മിക്കവാറും എല്ലായിടത്തുനിന്നും പ്രവേശിക്കാവുന്ന സ്ഥിതിയാണ്. ഇതുകാരണം പ്രധാന പാതകളിലൂടെയുള്ള സുഗമമായ ഗതാഗതത്തിന് തടസം നേരിടുന്നു. നമ്മുടെ റോഡുകൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം കൈയ്യേററമാണ്. ദേശീയ, സംസ്ഥാന, ജില്ലാ പാതകളെന്ന വ്യത്യാസമില്ലാതെ റോഡുകളിൽ വ്യാപക കൈയ്യേറ്റം നടക്കുന്നുണ്ട്. ഈ കൈയ്യേറ്റങ്ങൾ ഗതാഗത കുരുക്കിനും അപകടങ്ങൾക്കും വഴിവയ്ക്കുന്നു. എത്ര ഗുണ നിലവാരമുള്ള റോഡും വെള്ളം ഒഴുക്കിക്കളയാൻ മതിയായ ഡ്രെയിനേജ് സംവിധാനങ്ങൾ ഇല്ലെങ്കിൽ വേഗത്തിൽ തകർന്നുപോകും. നമ്മുടെ ജില്ലയിലെ മിക്ക റോഡുകളിലും ഓടകൾ, കലുങ്കുകൾ, ചപ്പാത്തുകൾ എന്നിവ ഇല്ലാത്തതു കാരണമാണ് റോഡുകൾ വേഗത്തിൽ നശിക്കുന്നത്. ഗ്രാമ-നഗര ഭേദമന്യേ അപര്യാപ്തമായ പാർക്കിംഗ് സൗകര്യങ്ങളാണ് നമ്മുടെ നിരത്തുകൾ നേരിടുന്ന മറ്റൊരു വെല്ലുവിളി. റോഡിന്റെ വശങ്ങളിലുള്ള വ്യാപാര-വാണിജ്യ

സ്ഥാപനങ്ങളിൽ മിക്കതിനും മതിയായ പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വാഹനങ്ങൾ റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്യേണ്ടിവരുന്നു. ഇതുമൂലം അതിരൂക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. എല്ലാത്തിനുമുപരി അശ്രദ്ധമായ ഡ്രൈവിംഗ് മൂലം നിരവധി ജീവനുകളാണ് നമ്മുടെ നിരത്തുകളിൽ ഹോമിക്കപ്പെടുന്നത്.

അടുത്ത അഞ്ചു വർഷത്തേക്കുള്ള ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം

ജില്ലയുടെ മൊത്തം വികസന പ്രവർത്തനങ്ങളിൽ ഗതാഗത മേഖലയ്ക്കുള്ള പ്രാധാന്യം പരിഗണിച്ച് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും അനുയോജ്യമായ നയരൂപീകരണം നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജില്ലയിലെ റോഡ് നിർമ്മാണ പരിപാലനങ്ങൾക്കാവശ്യമായ മുൻഗണന നിശ്ചയിക്കുന്നതിനായി ചില മാനദണ്ഡങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അടുത്ത അഞ്ച് വർഷം കൊണ്ട് ജില്ലയിൽ റോഡ് പശ്ചാത്തല മേഖലയിൽ വൻ കുതിച്ചു ചാട്ടമാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്. അതിനായി ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ മിക്കതിന്റെയും പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. ദേശീയപാത 66 ജില്ലാ അതിർത്തികളായ കടമ്പാട്ടുകോണം മുതൽ കൃഷ്ണപുരം വരെ നാലുവരിപാത ആക്കുന്നതിനുള്ള അലൈൻമെന്റിന്റെ അന്തിമ രൂപരേഖ എൻ.എച്ച്. ആർ.ഐ. തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ തിരക്കേറിയ പ്രധാന ജംഗ്ഷനുകളായ കരുനാഗപ്പള്ളി, കൊട്ടിയം, ചാത്തന്നൂർ എന്നിവിടങ്ങളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കുന്നതോടു കൂടി അന്തർദേശീയ നിലവാരത്തിലാകുന്ന റോഡിൽ ബ്ലാക് സ്പോട്ടുകൾ എല്ലാം ഒഴിവാക്കി അപകടങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കാവുന്നതാണ്. ദേശീയപാത 744 ൽ കൊല്ലം ജില്ലയിലെ ആകെ ദൈർഘ്യമായ 81.250 കി.മി. വീതി കൂട്ടി നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ദേശീയപാത 183 & 183 എ വീതി കൂട്ടി ഉപരിതല നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. മേൽ പറഞ്ഞ റോഡുകളിലുള്ള അപകടകരമായ വളവുകൾ ഒഴിവാക്കി സ്ട്രെയിറ്റ് അലൈൻമെന്റ് കൊടുക്കുന്നതിനാൽ അപകടങ്ങളുടെ തോത് കുറയ്ക്കാനാവും. പുനലൂർ കോട്ടവട്ടം ജംഗ്ഷൻ മുതൽ പ്ലാച്ചേരി വരെ പുതിയ ഫ്ലൈ ഓവർ വന്നാൽ പുനലൂർ ജംഗ്ഷനിലെ നിലവിലുള്ള ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരം കാണാനാകും. അടുത്ത അഞ്ചു വർഷം കൊണ്ട് ജില്ലയിലെ എല്ലാ റോഡുകളിലും ഓടകൾ നൽകികൊണ്ട് ബി.എം&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കാനാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്. റോഡുകളുടെ ആയുസ് വർദ്ധിപ്പിക്കുന്നതിൽ ഡ്രെയിനേജുകൾ പ്രധാന പങ്ക് വഹിയ്ക്കുന്നുണ്ട്.

പോളയത്തോട് ജംഗ്ഷനിൽ നിന്നും തീരദേശഹൈവേയിലേക്ക് ഗതാഗത തുടർച്ചയായി ഒരു പാതയിൽ നിന്നും ഫ്ലൈ ഓവർ നിർമ്മിക്കാവുന്നതാണ്. തൻമൂലം ദേശീയപാതയിൽ നിന്നും തീരദേശപാതയിൽ നിന്നും കണക്ടിവിറ്റി കിട്ടുന്നതാണ്. കൊല്ലം നഗരത്തിന്റെ പടിഞ്ഞാറു ഭാഗത്ത് വരുന്ന തീരദേശ ഹൈവേയും കിഴക്ക് ഭാഗത്ത് നിർമ്മാണം പൂർത്തിയായിവരുന്ന ബൈപ്പാസ് റോഡും ദേശീയപാത 66 ലെ ഗതാഗതക്കുരുക്ക് പരമാവധി കുറയ്ക്കുന്നതിന് സഹായകമാകും. ഇത് കൂടാതെ വടക്ക് ഭാഗത്ത് നിലവിലുള്ള ആശ്രാമം ലിങ്ക് റോഡ് തുടർച്ചയായി തോപ്പിൽ കടവ് വരെ നീട്ടുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. മേൽ പറഞ്ഞ പ്രവർത്തികൾ പൂർത്തിയാക്കുന്നതോടെ നഗര ഹൃദയത്തിൽ കടക്കാതെ യാത്രചെയ്യാവുന്നതാണ്. തൻമൂലം ജില്ലാ സിരാ കേന്ദ്രം നേരിടുന്ന പ്രധാന വെല്ലുവിളിയായ ഗതാഗതക്കുരുക്കിന് ശാശ്വതമായ പരിഹാരമാകും.

വെള്ളം ഒഴുകി പോകുന്നതിന് അനുയോജ്യമായ സൗകര്യങ്ങൾ, റോഡ് അടയാളങ്ങൾ, തെരുവ് വിളക്കുകൾ, ആവശ്യമായ നടപ്പാതകൾ എന്നിവ റോഡ് സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്ന ഘടകങ്ങളാണ്. മേൽ പറഞ്ഞ സംവിധാനങ്ങൾ ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസൃതമായി പിന്തുടർന്നാൽ സുരക്ഷ മെച്ചപ്പെടുത്താവുന്നതാണ്. നിലവിൽ കൊല്ലം ജില്ലയിൽ മാത്രമാണ് ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഇല്ലാത്തത്. സുരക്ഷിതമായ യാത്രയ്ക്കും ഗതാഗത നിയമങ്ങൾ നടപ്പിലാക്കുന്നതിനും അസിസ്റ്റന്റ് കമ്മീഷണർ (ട്രാഫിക്) അദ്ധ്യക്ഷനായ ഒരു ട്രാഫിക് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ട്രാക്ക് പോലുള്ള സർക്കാരിതര ഏജൻസികളെ കൂടി ഉൾപ്പെടുത്തി റോഡ് സുരക്ഷാ സെല്ലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്.

റോഡ് സുരക്ഷക്കും ശരിയായ റോഡ് പരിപാലനത്തിനും ജില്ലാതല എവിക്ഷൻ ഡിപ്പാർട്ട്മെന്റ് രൂപികരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പൊതുമരാമത്ത് - എൽ.എസ്.ജി.ഡി. - റവന്യൂ - പോലീസ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരെ പുന:ക്രമീകരിച്ച് ഇത് സാദ്ധ്യമാക്കാം ആസ്തി വികസനത്തോടൊപ്പം, നിലവിലുള്ളതും കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ളതും പുതുതായി ആർജിക്കുന്നതുമായ ആസ്തികൾ സംരക്ഷിക്കുന്നതിലേയ്ക്ക് താലൂക്ക് തലത്തിൽ സർക്കാർ തലത്തിലുള്ള സർവ്വേ സംവിധാനങ്ങൾ ശക്തിപ്പെടുത്തി കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ള റോഡിന്റെ പാർശ്വങ്ങൾ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടാൻ വേണ്ട സംവിധാനം ജില്ലാ ഭരണകൂടം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ് അങ്ങനെ റോഡുകളുടെ സർവ്വേ പൂർത്തീകരിച്ചാൽ അത് സംരക്ഷിക്കുവാനുള്ള ബാദ്ധ്യത മേൽ സൂചിപ്പിച്ച ജില്ലാതല എവിക്ഷൻ ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കേണ്ടതാണ്.

രണ്ടായിരത്തി മുപ്പതോടുകൂടി തീരദേശ ഹൈവേ, നാഷണൽ ഹൈവേ 66, മെയിൻ സെൻട്രൽ റോഡ്, മലയോരഹൈവേ എന്നിവ അന്തർദേശിയ നിലവാരത്തിലാക്കുകയും ഇവയെ ബന്ധിപ്പിക്കുന്ന - പാരിപ്പള്ളി - മടത്തറ - ആയൂർ - ഇത്തിക്കര - എൻ.എച്ച് 744, കേരളപുരം ആയൂർറോഡ് - കരുനാഗപള്ളി - ശാസ്താംകോട്ട - അടൂർറോഡുകൾ ദേശീയ നിലവാരത്തിൽ 4 വരിപ്പാതകളാക്കുകയും ചെയ്താൽ കൊല്ലം ജില്ലയിലെ റോഡ് ഗതാഗതം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരും.

ചിത്രം 4.13.7

ജില്ലയിലെ റോഡ്ഗതാഗതം

അവലംബം . പൊതുമരാമത്ത് വകുപ്പ്

അടുത്ത 15 വർഷത്തേക്കുള്ള ദീർഘകാലവികസന പരിപ്രേക്ഷ്യം

കൊല്ലം ജില്ലയിലെ എല്ലാ റോഡുകളും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അതിനായി പ്ലാസ്റ്റിക് അഗ്രിഗേറ്റ്സ്, റബ്ബറൈസ്ഡ് ടാറിംഗ്, ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയ നൂതനമായ സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. പുതിയ ഫ്ലൈ ഓവറുകൾ, സ്കൈവാക്കുകൾ, നാലുവരിപ്പാതകൾ ബൈപ്പാസ്സുകൾ, സബ് വേകൾ, എല്ലാ റോഡുകളും ബി.എം. / ബി.സി എന്നു തുടങ്ങി പലവിധ സൗകര്യങ്ങളും പരമാവധി നടപ്പിലാക്കിയാൽ കൊല്ലം ജില്ലയുടെ മുഖച്ഛായ തന്നെ മാറും. കൂടാതെ, വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മിക്കവാറും അശ്രദ്ധമായി വാഹനമോടിക്കുന്നതു കൊണ്ടാണ് അപകടങ്ങൾ കൂടുതലായും സംഭവിക്കുന്നതെങ്കിലും റോഡുകളുടെ അവസ്ഥയും ഒരു പരിധി വരെ

അപകടങ്ങൾക്കിടയാകുന്നു. മോശം നിലവാരത്തിലുള്ള റോഡുകളും അപകടകരമായ വളവുകളും ട്രാഫിക് സുരക്ഷാ മാനദണ്ഡങ്ങൾ എല്ലായിടത്തും പാലിക്കപ്പെടാത്തതും അപകടങ്ങൾക്ക് ആക്കം കൂട്ടുന്നു. വാഹന യാത്രകർക്കു മാത്രമല്ല കാൽനട യാത്രക്കാർക്കും അപകടം ഇന്നൊരു നിത്യസംഭവമായി മാറിയിരിക്കുന്നു. കാൽനട യാത്രികർക്കായി പ്രത്യേകം നടപ്പാതകൾ നിർമ്മിക്കുകയും റോഡുകളിൽ കൃത്യമായി മാർക്കിംഗുകൾ നൽകുകയും ചെയ്യാവുന്നതാണ്. അപകടങ്ങൾ ഇല്ലാതാക്കാൻ കഴിയില്ലെങ്കിലും അതിന്റെ തോത് ഗണ്യമായി കുറയ്ക്കാൻ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ കഴിയും. നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ഐ.ആർ.സി., റോഡ് ഗതാഗത ഹൈവേ മന്ത്രാലയം എന്നിവ അനുശാസിച്ചുള്ള നിലവാരം, കർശനമായ ഗുണനിലവാര നിയന്ത്രണം എന്നിവ അത്യാവശ്യമാണ്. ഗതാഗത മേഖലയിലെ നിക്ഷേപങ്ങൾ വളരെയേറെ സാധ്യതകളുള്ളതും മറ്റു പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന് അതീവ പ്രാധാന്യമുള്ളതുമാണ്. ആയതിനാൽ സ്വകാര്യ നിക്ഷേപം, ഗവൺമെന്റിതര ഏജൻസികൾ, സംയുക്ത സംരംഭങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ മെച്ചപ്പെടുത്തൽ പ്രവൃത്തികളും ചെയ്യേണ്ടത് ആവശ്യമാണ്.

നിലവിലുള്ള റോഡുകൾക്ക് സമാന്തരമായി സർവ്വീസ് റോഡുകൾ വന്നാൽ പ്രധാന റോഡുകളിലേക്കുള്ള പ്രവേശനം നിയന്ത്രിച്ചുകൊണ്ട് പ്രധാന റോഡുകളിലെ ഗതാഗത ക്കുരുക്കിന് ഒരു പരിധി വരെ പരിഹാരം കാണാനാകും. നമ്മുടെ ജില്ലയിലെ റോഡുകൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാത്തതാണ്. നിലവിലുള്ള ഓക്സ് ബോ (oxbow) ലാൻഡുകൾ പാർക്കിംഗിനും വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കുമായി ഉപയോഗിക്കാവുന്നതാണ്. പ്രധാന റോഡുകളുടെ വശങ്ങളിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയവയ്ക്ക് മതിയായ പാർക്കിംഗ് സ്ഥലം ഉണ്ടെങ്കിൽ മാത്രമേ തദ്ദേശസ്ഥാപനങ്ങൾ അനുമതി നൽകാവൂ. ദേശീയപാത 66 നാലുവരി പാത ആക്കുമ്പോൾ നിലവിലുള്ള നാല് പാലങ്ങൾ (ഇത്തിക്കര, കന്നേറ്റി, നീണ്ടകര, ചവറ) രണ്ടു വരിപാതയായി തുടരുന്നത് രൂക്ഷമായ ഗതാഗതക്കുരുക്ക് ഉണ്ടാക്കാനിടയുണ്ട്. ഇതിന് പരിഹാരമായി കൊല്ലത്ത് പഴയ ഇരുമ്പുപാലത്തിന് സമാന്തരമായി പുതിയ ഇരുമ്പുപാലം വന്നതുപോലെ നിലവിലുള്ള പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കാവുന്നതാണ്. ജില്ലയിലെ മറ്റ് ദേശീയപാതകളായ 744, 183, 183എ, മറ്റ് സംസ്ഥാന പാതകൾ, ബൈപ്പാസ്, തീരദേശ-മലയോരഹൈവേ എന്നിവ നാലുവരി പാതയായി ഉയർത്തിയാൽ നാടിന്റെ വികസനം പൂർണ്ണതയിലേയ്ക്ക് എത്തിക്കാവുന്നതാണ്. ശുചിത്വ മിഷനുമായി സഹകരിച്ച് പാതയോരത്തോ ബസ് ബേകളോട് ചേർന്നോ പൊതു ശൗചാലയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

മികച്ച ആസൂത്രണത്തിലൂടെയും മെച്ചപ്പെട്ട സുരക്ഷാഘടകങ്ങളുള്ള റോഡ് ശൃംഖലയുടെ ഡിസൈനിംഗിലൂടെയും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സാധിക്കും. റോഡ് നിർമ്മാണത്തിൽ റോഡ് ഉപരിതലം, റോഡടയാളങ്ങൾ, റോഡ് ഡിസൈൻ എന്നിവ പ്രധാന സുരക്ഷാഘടകങ്ങളാണ്. ചെലവ് കുറഞ്ഞ രീതിയിലുള്ള ഈ ഘടകങ്ങളുടെ മെച്ചപ്പെടുത്തൽ റോഡപകടങ്ങളും അവയുടെ തീവ്രതയും കുറയ്ക്കാൻ ഉപകരിക്കും. റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്തമല്ല. ഇൻഷുറൻസ് മേഖല, മറ്റ് സംഘടനകൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവയ്ക്കും റോഡ് സുരക്ഷാ ബോധവൽക്കരണത്തിൽ വളരെ പ്രാധാന്യമുണ്ട്.

റോഡുകളിലൂടെയുള്ള സുഗമമായ അപകടരഹിതമായ യാത്രയ്ക്ക് പൊതുമരാമത്ത് വകുപ്പ്, പോലീസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനവും മാനേജ്മെൻറും കൊണ്ട് മാത്രമേ സാധ്യമാകൂ. അതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. തൻമൂലം സുരക്ഷിതമായ റോഡ് പശ്ചാത്തല മേഖല നിയമങ്ങൾ കർശനമായി നടപ്പാക്കപ്പെടുമെന്ന് ഉറപ്പു വരുത്തണം.

വാഹനങ്ങളുടെ സ്ഥിതിയും അവയ്ക്ക് പരിസ്ഥിയിലുള്ള സ്വാധീനവും

എ. മോട്ടോർ വാഹന വകുപ്പ്

സംസ്ഥാനത്തിന്റെ റവന്യൂ കളക്ഷനിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളിൽ ഒന്നാണ് മോട്ടോർ വാഹന വകുപ്പ്. ദിനം പ്രതി മൂവായിരത്തോളം വാഹനങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നത്. കൊല്ലം ജില്ലയിൽ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 80,130 ആണ്. 2017 ൽ ഇതുവരെ 77,212 വാഹനങ്ങൾ രജിസ്റ്റർ ചെയ്തു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം വാഹന രജിസ്ട്രേഷനിൽ വൻ

വർദ്ധനവാണുള്ളത്. അതിനനുസരിച്ച് റോഡിന് വികാസം ഉണ്ടാവുന്നില്ല എന്നത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. നിരത്തിലോടുന്ന വാഹനങ്ങളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും ഇൻഷ്വറൻസ് കമ്പനികളുമായി സംഘടിതമായി പ്രയത്നം ആവശ്യമായിട്ടുണ്ട്.

റോഡപകടങ്ങൾ

മോട്ടോർ വാഹന വകുപ്പ് നിയമങ്ങൾ ശക്തമായി നടപ്പാക്കിയിട്ടും പോലീസ് റോഡ് അച്ചടക്കം പാലിച്ചിട്ടും മെച്ചപ്പെട്ട റോഡ് ശൃംഖല ഉണ്ടായിട്ടും റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നു. 2001 മുതലുള്ള വാഹന അപകടങ്ങളുടെ കണക്ക് പരിശോധിച്ചാൽ റോഡപകടങ്ങൾ വർഷം തോറും വർദ്ധിച്ചു വരുന്നതായി കാണാം. 2001 ൽ 38361 അപകടങ്ങളിൽ നിന്നും 2674 പേർ മരിക്കുകയും 49675 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2016 ൽ അത് 39420 അപകടങ്ങളിൽ നിന്നും 4287 ൽ എത്തി നിൽക്കുന്നു. അതിൽ 1474 പേരും മോട്ടോർ സൈക്കിൾ അപകടത്തിൽപ്പെട്ടതായിരുന്നു.

അതുപോലെ കൊല്ലം ജില്ലയിലെ അപകടനിരക്ക് പരിശോധിക്കുകയാണെങ്കിൽ 2016 ൽ 3929 വാഹനാപകടങ്ങളിൽ നിന്നും 400 പേരാണ് മരണപ്പെട്ടത്. 2017 ൽ ജൂലൈ 31 വരെ 190 പേരാണ് വാഹനാപകടങ്ങളിൽ മരണപ്പെട്ടിരിക്കുന്നത്. റോഡപകടങ്ങൾ സംഭവിക്കുന്നത് വ്യത്യസ്ത കാലയളവുകളിൽ വ്യത്യസ്ത രീതികളിലായതിനാൽ പ്രത്യേകമായി ഒരു പ്രവണത മനസിലാക്കാൻ കഴിയുകയില്ല. അപകടങ്ങളുടെ കാരണങ്ങൾ പരിശോധിക്കുകയാണെങ്കിൽ കൂടുതൽ അപകടങ്ങളും ഡ്രൈവർമാരുടെ അശ്രദ്ധ മൂലമാണ് സംഭവിക്കുന്നത്. പ്രധാനപ്പെട്ട മറ്റു കാരണങ്ങൾ കാൽനട യാത്രക്കാർക്ക് പ്രത്യേക പരിഗണന കൊടുക്കാത്തത്, നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, റോഡ് സുരക്ഷയുടെ ആവശ്യകതയെ കുറിച്ചുള്ള അജ്ഞത എന്നിവയാണ്. ഈ മേഖലയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചാൽ അപകടങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

നഗരത്തിലെ ഗതാഗതം സംബന്ധിച്ച് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വികസന പാതയിൽ മുന്നേറുന്ന മറ്റേതൊരു പ്രദേശവും നേരിടുന്നവ തന്നെയാണ്. വാഹനങ്ങളുടേയും, കാൽനട യാത്രക്കാരുടേയും സുഗമമായ സഞ്ചാരം നഗരത്തിന് നഷ്ടമായിരിക്കുന്നു. ദിനം തോറും വർദ്ധിക്കുന്ന വാഹന സാന്ദ്രതയ്ക്കനുസരിച്ചുള്ള പാർക്കിംഗ് സ്ഥലവും നഗരത്തിനില്ലാതായിരിക്കുന്നു. ഇതൊക്കെ നഗരത്തിലെ അപകട നിരക്ക് വർദ്ധിപ്പിക്കാൻ ഇടയാകുന്നു. ഡ്രൈവർമാരുടേയും, കാൽനടയാത്രക്കാരുടേയും അശ്രദ്ധ അപകട നിരക്കിന് ആക്കം കൂട്ടുന്നു. ഗതാഗത തിരക്ക് അനുഭവപ്പെടുന്ന ധാരാളം ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനങ്ങളില്ല. ഉള്ളവ പലതും അറ്റകുറ്റപ്പണികളുടെ അഭാവത്താൽ പ്രവർത്തന രഹിതവുമാണ്.

നിലവിൽ ജില്ലയിലെ എല്ലാ സ്വകാര്യ ബസ്സുകളിലും വേഗപ്പൂട്ട് ഘടിപ്പിച്ചിരിക്കുന്നതിനാൽ വേഗത പരമാവധി മണിക്കൂറിൽ 60കി.മി. ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. ഇത് വലിയൊരളവിൽ അമിത വേഗതമൂലമുള്ള അപകടങ്ങൾ കുറയ്ക്കാൻ കാരണമാകുന്നു. സ്വകാര്യ ബസുകൾ 15 വർഷത്തിൽ കൂടുതൽ ഓടിക്കുവാൻ നിലവിൽ അനുവദിക്കുന്നില്ല. തൻമൂലം മലിനീകരണം കുറഞ്ഞ പുതിയ ബസുകൾ നിരത്തിലിറക്കാൻ ബസുടമകൾ നിർബന്ധിതരാകുന്നു. ചരക്ക് ഗതാഗതത്തിന്റെ 90 ശതമാനവും മൾട്ടി ആക്സിൽ ട്രക്കുകൾ, ലോറികൾ എന്നിവ മുഖേനയാണ്. അതിനാൽ തന്നെ ട്രക്കുകളുടെയും ലോറികളുടെയും അവസ്ഥ ഏറെ നിർണ്ണായകമാണ്. ശരിയായ രീതിയിൽ അറ്റകുറ്റപണികൾ നടത്താത്ത ഈ വാഹനങ്ങൾ മിക്കപ്പോഴും അമിത ഭാരം കയറ്റിയാണ് ഓടുന്നത്. അനുവദനീയമായതിലും അധികം ഭാരം കയറ്റുന്നതിനാൽ റോഡുകൾ വേഗത്തിൽ നശിക്കുവാൻ ഇടയാകുന്നു. മോട്ടോർ വാഹന വകുപ്പിന്റെ പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ ഓടിക്കുന്ന ഈ വാഹനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ നിലവിൽ മറ്റ് സർക്കാർ ഏജൻസികൾ ഒന്നും തന്നെയില്ല. ഇതിനൊരു പരിഹാരമായി ചരക്ക് ഗതാഗതത്തിനു മാത്രമായി നഗരത്തിരക്കുകളിൽ നിന്നൊഴിഞ്ഞ് പ്രത്യേക പാത നിർമ്മിക്കാവുന്നതാണ്. കൂടാതെ പെട്രോളിയം ഉൽപന്നങ്ങൾ കൊണ്ടു പോകുന്ന ടാങ്കർ പോലുള്ള വാഹനങ്ങൾ തിരക്കേറിയ നഗരപ്രദേശങ്ങളിലൂടെ നിലവിൽ യാതൊരു നിയന്ത്രണവുമില്ലാതെയാണ് കടന്നു പോകുന്നത്. ഇതു മൂലം നിരവധി അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇതൊഴിവാക്കാനായി ഇത്തരം ഉൽപന്നങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് പ്രത്യേകമായി സമയക്രമവും പ്രത്യേക പാതകളും ഏർപ്പെടുത്താവുന്നതാണ്.

സുഗമവും അപകടരഹിതവുമായ യാത്രയ്ക്ക് ജില്ലയിലെ റോഡുകളിൽ വരുത്തേണ്ട ക്രമീകരണങ്ങൾ

താലൂക്ക് കച്ചേരി ഭാഗത്ത് നിന്നും കൊട്ടിയം ഭാഗത്തേക്ക് പോകുന്ന സ്റ്റേജ് കാര്യേജ് ബസുകൾക്ക് ചിന്നക്കട ഹെഡ് പോസ്റ്റോഫീസിനെതിർവശം റയിൽവേയുടെ സ്ഥലം ഉപയോഗിച്ച് ബസ് സ്റ്റോപ്പ് അനുവദിക്കണം അങ്ങനെയെങ്കിൽ പ്രസ്തുത ബസുകൾക്ക് മുനിസിപ്പൽ കോംപ്ളക്സുകളിലേക്ക് പോയി ചുറ്റി വരാതെ ചിന്നക്കട മേൽപ്പാലം വഴി റയിൽവേ സ്റ്റേഷനിലേക്ക് പോകാവുന്നതാണ്. രാത്രി കാലങ്ങളിൽ വൈകിയും കച്ചവടം നടക്കത്തക്ക രീതിയിൽ വ്യാപാരസ്ഥാപനങ്ങളുടെ പ്രവർത്തി സമയം ക്രമപ്പെടുത്തിയാൽ നഗരത്തിലെ തിരക്ക് ഗണ്യയമായി കുറയ്ക്കുവാൻ സാധിക്കും. പ്രവർത്തനം നിലച്ചിരിക്കുന്ന പാർവതി മില്ലിന്റെ സ്ഥലം പേ ആന്റ് പാർക്ക് സംവിധാനത്തിന് ഉപയോഗപ്പെടുത്തുകയും അവിടെ ഒരു ഓട്ടോ സ്റ്റാന്റ് അനുവദിക്കുകയും ചെയ്താൽ നഗരത്തിലെ അനധികൃത പാർക്കിംഗിന് വലിയൊരളവു വരെ പരിഹാരം ഉണ്ടാക്കുവാൻ കഴിയും. ഉത്സവകാല തിരക്കുകളുടെ സമയത്ത് നഗരത്തിലെ സ്കൂൾ ഗ്രൗണ്ടുകൾ പേ ആന്റ് പാർക്ക് സൗകര്യത്തിൽ ഉപയോഗപ്പെടുത്തിയാൽ നഗരത്തിലെ തിരക്ക് വളരെയധികം കുറയ്ക്കുവാൻ കഴിയും. പൂർത്തിയായി വരുന്ന കൊല്ലം ബൈപ്പാസിൽ കല്ലുംതാഴം ഭാഗത്ത് ഒരു ഫ്ലൈ ഓവർ നിർദ്ദേശിക്കാവുന്നതാണ്. കൊല്ലം - ചെങ്കോട്ട റയിൽവേ ലൈനിൽ ചന്ദനത്തോപ്പ്, ഇളമ്പള്ളൂർ, പള്ളിമുക്ക് എന്നിവിടങ്ങളിൽ ഒരിടത്തെങ്കിലും റയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടതുണ്ട്. പോലീസും മോട്ടോർ വാഹന വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്ന് ഒരു ടീം ഉണ്ടാക്കി വിശദമായി റോഡുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചാൽ ഒരു പരിധി വരെ സുഗമമായ ഗതാഗതം സാധ്യമാകും.

നിർദ്ദേശങ്ങൾ

- ദേശീയപാതയും സ്റ്റേറ്റ് ഹൈവേയും ലൈൻമാർക്ക് ചെയ്യണം.
- ബ്രാഞ്ച് റോഡിൽ നിന്ന് മെയിൻ റോഡിൽ കടക്കുന്നതിന് മുൻപായി സ്പീഡ് കുറയ്ക്കുവാനായി ഹംമ്പുകൾ സ്ഥാപിക്കണം.
- ബ്രാഞ്ച് റോഡിൽ നിന്ന് മെയിൻ റോഡിലേക്ക് പ്രവേശിക്കുമ്പോൾ (പ്രധാനമായും ഇടത്തോട്ട് പോകുവാൻ വേണ്ടി) ആ ഭാഗത്തുള്ള റോഡ് പൂർണമായും റോഡ് ടാർ ചെയ്ത് മെയിൻ റോഡിലെ ലൈനിൽ പ്രവേശിക്കാനായി ഗൈഡ് ലൈൻ മാർക്ക് ചെയ്യണം.
- എല്ലാ റോഡുകളിലും ബസ്ബേകൾ മാർക്ക് ചെയ്ത് ആധുനിക രീതിയിലുള്ള വെയ്റ്റിംഗ് ഷെഡ് സ്ഥാപിക്കണം.
- ബ്ലാക്ക് സ്പോട്ടുകൾ പൊതുജനങ്ങൾക്ക് അറിയത്തക്ക രീതിയിൽ അവിടെ നടന്ന അപകടങ്ങളുടെ എണ്ണം മരിച്ചവരുടെ എണ്ണം എന്നിവ ഉൾപ്പെടുത്തി സന്ദേശങ്ങൾ പ്രദർശിപ്പിക്കുക.
- പ്രധാന ജംഗ്ഷനുകളിലും അപകടസാധ്യത കൂടുതലുള്ള സ്ഥലങ്ങളിലും ക്യാമറകൾ സ്ഥാപിക്കുക.
- കാൽനടയാത്രക്കാർക്ക് പിറകുവശത്ത് നിന്നും വാഹനം ഇടിക്കുന്നതുമൂലമാണ് കൂടുതലും മരണം സംഭവിക്കുന്നത്. ആയതിനാൽ അവർക്ക് പ്രത്യേക കാൽനടപ്പാത റോഡിന്റെ ഇരു വശങ്ങളിലുമായി വേർതിരിച്ച് നിർമ്മിക്കുക.
- നഗര പരിധിക്കുള്ളിൽ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ട്രാഫിക് സിഗ്നൽ ലൈറ്റ്സ് സ്ഥാപിക്കണം.
- റോഡപകടങ്ങൾ കുറയ്ക്കാൻ ശക്തമായ എൻഫോഴ്സ്മെന്റ് ആവശ്യമാണ്. അതിനായി ഹോംഗാർഡുകളുടെ സഹായത്തോടെ 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിക്കത്ത രീതിയിൽ എൻഫോഴ്സ്മെന്റ് ടീമിനെ സജ്ജമാക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ആർജ്ജവത്തോടെ നടപ്പാക്കുകയാണെങ്കിൽ വലിയൊരളവ് വരെ നഗരത്തിലെ ഗതാഗതം സുഗമമാക്കാനും അതുവഴി അപകടനിരക്ക് ഗണ്യമായി കുറയ്ക്കുവാനും സാധിക്കും. മനുഷ്യന് ഏറ്റവും വിലപ്പെട്ടത് അവന്റെ സമയമാണ്. അപരിഷ്കൃതമായ ഗതാഗത സംവിധാനത്തിലൂടെ ഈ

അമൂല്യവസ്തു നാം നിരത്തിൽ ഹോമിക്കുകയാണ്. അതിനാൽ പരിഷ്കൃതമായ ഗതാഗത സംവിധാനത്തിലൂടെ നമുക്ക് നമ്മുടെ ജീവനും സമയവും പാഴാക്കാതിരിക്കാം.

ബി. കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

സംസ്ഥാന ഗതാഗത മേഖലയിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ജില്ലയിലെ പ്രധാന ഡിപ്പോ ആയിട്ടുള്ള കൊല്ലം ഡിപ്പോ വഴി ദൈനം ദിനം മൂവായിരത്തിലധികം സർവ്വീസുകളാണ് കടന്നുപോകുന്നത്. ഇവിടെ നിന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്കും സമീപ ജില്ലകളിലേക്കും അന്തർ സംസ്ഥാന സർവ്വീസ് ഉൾപ്പെടെ ദൈനംദിനം 110 ആർ.ടി.സി. സർവ്വീസുകളും 12 ജൻറം സർവ്വീസുകളും നടത്തി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ക്കു കീഴിൽ കൊല്ലം ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും 574 ആർ.ടി.സി. സർവ്വീസുകളാണ് നടത്തപ്പെടുന്നത്. വിവിധ ഡിപ്പോകളിൽ നിന്നും ഒരു ദിവസം നടത്തുന്ന സർവ്വീസുകളുടെ വിശദവിവരം പട്ടിക 4.12.5 ൽ ചേർക്കുന്നു.

പട്ടിക 4.13.5

സർവ്വീസുകളുടെ വിശദവിവരം

ഡിപ്പോ	സൂപ്പർ ഡീലക്സ്	സൂപ്പർ ഫാസ്റ്റ്	ഫാസ്റ്റ് പാസഞ്ചർ	ഓർഡിനറി	ജൻറം എ.സി	ജൻറം നോൺ എ.സി.
കൊല്ലം	0	2	27	81	12	0
കൊട്ടാരക്കര	2	6	22	77	0	4
പുനലൂർ	1	1	21	49	0	3
ആര്യങ്കാവ്	0	0	5	13	0	1
ചടയമംഗലം	0	1	7	46	0	5
ചാത്തന്നൂർ	0	0	12	44	0	6
കുളത്തൂപ്പുഴ	0	0	7	23	0	5
കരുനാഗപ്പള്ളി	0	3	13	69	0	6
പത്തനാപുരം	0	1	8	33	0	3

അവലംബം. കെ.എസ്.ആർ.ടി.സി

നിർദ്ദേശങ്ങൾ

കേരളത്തിലെ മിക്ക ജില്ലകളിലും റയിൽവേ സ്റ്റേഷനും കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷനും തൊട്ടടുത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ കൊല്ലം ജില്ലയിൽ റയിൽവേ സ്റ്റേഷനിൽ നിന്നും മൂന്ന് കി.മി. അകലെയാണ് ബസ്സ്റ്റേഷൻ സ്ഥിതിചെയ്യുന്നത്. റയിൽവേ സ്റ്റേഷനു മുന്നിൽ ഈസ്റ്റ് പോലീസ് സ്റ്റേഷനു പടിഞ്ഞാറുഭാഗത്തായി പുതുതായി ഒരു ബസ് സ്റ്റേഷൻ അനുവദിച്ച് കിട്ടിയാൽ അത് പൊതുജനങ്ങൾക്കും ദീർഘദൂര യാത്രക്കാർക്കും വളരെ പ്രയോജനകരമായിരിക്കും. എന്നുമാത്രമല്ല ഇതുവഴി കൊല്ലം നഗരത്തിന്റെ പ്രതിഛായ മാറുന്നതുമാണ്. കൊല്ലം ചിന്നക്കടയ്ക്കു സമീപം ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്കും തിരുവനന്തപുരം ഭാഗത്തേക്ക് പോകുന്ന യാത്രക്കാർക്കും നിലവിൽ സ്റ്റോപ്പില്ലാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കുന്നതിനായി ചിന്നക്കട എൽ.ഐ.സി. ബിൽഡിംഗിനടുത്തോ അല്ലെങ്കിൽ ജോസ്കോ ജൂവലറിക്ക് സമീപത്തോ ഒരു ബസ്ബേ അനുവദിച്ച് നൽകിയാൽ യാത്രക്കാർക്ക് വളരെ ഗുണകരമായിരിക്കും. ആശ്രാമം ലിങ്ക് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് 20 സെന്റ് സ്ഥലം വിട്ട് നൽകേണ്ടി വന്നതിനാൽ നിലവിൽ ബസുകൾ പാർക്ക് ചെയ്യാൻ സ്ഥലം തികയാത്ത അവസ്ഥയിലാണ്. തത്ഫലമായി ലിങ്ക് റോഡ് മുതൽ ആശ്രാമം വരെ ബസുകൾ പാർക്ക് ചേയ്യേണ്ടതായി വരുന്നു. ഇത് ഗതാഗത തടസത്തിനും രാത്രി കാലങ്ങളിൽ സാമൂഹിക വിരുദ്ധരുടെ ശല്യം വർദ്ധിക്കുന്നതിനും കാരണമാകുന്നുണ്ട്. ഇതിന് പരിഹാരമായി ബസ് സ്റ്റേഷനോട് ചേർന്ന് ലിങ്ക് റോഡിനും പാർവ്വതി മില്ലിനും ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ട് നികത്തി നൽകിയാൽ അവിടെ ബസുകൾ പാർക്ക് ചെയ്യുന്നതിനും അവിടെ നിന്നും സർവ്വീസ് ആരംഭിക്കുന്നതിനും അതുവഴി ലിങ്ക് റോഡിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥല സൗകര്യ മുള്ളത് ചാത്തന്നൂർ ഡിപ്പോയിലാണ്. ഏകദേശം നാലരയേക്കറോളം സ്ഥല വിസ്തൃതിയുള്ള ചാത്തന്നൂർ

യൂണിറ്റിൽ നിന്നും കൂടുതൽ ദീർഘ ദൂര സർവ്വീസുകളും, ജില്ലയിലെ തന്നെ വിവധ ഭാഗങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്താൽ പൊതുജനങ്ങൾക്കും നിരവധി യാത്രക്കാർക്കും വളരെ ഗുണകരമായിരിക്കും.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം ഇന്ന് നാശോന്മുഖ മായി കൊണ്ടിരിക്കുകയാണ്. വർദ്ധിച്ച പ്രവർത്തന ചെലവ്, ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസ്, സൗജന്യ യാത്രകൾ, കുറഞ്ഞ പ്രവർത്തനക്ഷമത, ഉയർന്ന ബസ് - ജീവനക്കാർ അനുപാതം, പ്രയോഗികമല്ലാത്ത ഡിപ്പോകൾ തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രധാന വെല്ലുവിളി.

സി. ഉൾനാടൻ ജല ഗതാഗതം

ഉൾനാടൻ ജല ഗതാഗതം ഇന്ധനക്ഷമവും പ്രകൃതി സൗഹാർദവുമായ ഒരു ഗതാഗത മാർഗ്ഗമാണ്. യാത്ര-ചരക്ക് നീക്കത്തിനായി റോഡ്-റയിൽ-വിമാന ഗതാഗത സൗകര്യങ്ങൾ വച്ച് താരതമ്യേന കുറഞ്ഞ പ്രവർത്തന ചെലവും കുറഞ്ഞ പരിസ്ഥിതി മലിനീകരണവുമാണ് ഉൾനാടൻ ജല ഗതാഗതത്തിന്റെ പ്രത്യേകത. പ്രാചീന കാലഘട്ടം മുതൽ ഉൾനാടൻ ജലഗതാഗതം നമ്മുടെ ജില്ലയിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഉൾനാടൻ ജല ഗതാഗത വിഭാഗത്തിന്റെ കീഴിൽ ടി.എസ്. കനാലിന്റെ ചെയിനേജ് 66.32 കി.മീ. മുതൽ 74.18 കി.മീ. വരെയും (കൊല്ലം തോട്) അഷ്ടമുടിക്കായലും, ഇരവിപുരം-പരവൂർ കായലും ഉൾപ്പെടുന്നു. ഇവ കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ ഭാഗമാണ്.

നിലവിലെ സ്ഥിതി

ദേശീയ ജലപാത പദവിയുള്ള കൊല്ലം തോട് ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. പുനരുജ്ജീവന പ്രവർത്തനങ്ങളായി നിലവിൽ കൊല്ലം തോടിന്റെ 1, 4, 5 റീച്ചുകളുടെ പണികൾ (ആഴം വർദ്ധിപ്പിക്കലും പാർശ്വ സംരക്ഷണവും) നടന്നു വരുന്നു. ഇതിന്റെ അടങ്കൽ തുക 9.2 കോടി രൂപയാണ്. റീച്ച് 6 ന്റെ പണികൾ നേരത്തെതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തോടിന്റെ റീച്ച് 2 ന്റെയും (6.675 കോടി രൂപ) റീച്ച് 3 ന്റെയും (5 കോടി രൂപ) നവീകരണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം തോടിന്റെ മുകളിൽ കൂടിയുള്ള പഴയ കല്ലുപാലം പൊളിച്ച് നീളവും ഉയരവും കൂട്ടി പുതുക്കി പണിയുന്ന പ്രവർത്തി 5 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ എല്ലാം തന്നെ 2018 അവസാനത്തോടെ പൂർത്തീകരിച്ച് കൊല്ലം തോട് ഗതാഗത യോഗ്യമാക്കുന്നതാണ്.

കൊല്ലം തോടിന്റെ കൈയ്യേറ്റം ഒഴിപ്പിച്ച് തുറമുഖവുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് കനാലിന്റെ നിർമ്മാണമാണ് അടുത്ത അഞ്ചു വർഷം കൊണ്ട് ലക്ഷ്യമിടുന്ന പ്രധാന പദ്ധതി. ഇതു കൂടാതെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും കൂടുതൽ ജങ്കാർ സർവ്വീസുകൾ ആരംഭിച്ചാൽ ഉൾനാടൻ ജലഗതാഗത പ്രവർത്തനം കൂടുതൽ ജനകീയമാക്കാം.

അഷ്ടമുടി കായലിന്റെ കൈയ്യേറ്റം ഒഴിപ്പിച്ച് ആഴം കൂട്ടി പാർശ്വസംരക്ഷണം നടത്തി കായലിനു ചുറ്റും ഒരു നടപാത നിർമ്മിക്കുവാനുള്ള പദ്ധതി, കൊല്ലം - ലക്ഷദ്വീപ് യാത്ര കപ്പൽ സർവ്വീസ് എന്നിവ അടുത്ത പതിനഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യം വയ്ക്കുന്നു.

നിലവിൽ കൊല്ലം തോടിന് പോർട്ടുകളുമായി നേരിട്ട് കണക്ടിവിറ്റി ഇല്ല അതിനാൽ പോർട്ടുകളുമായി കണക്ടിവിറ്റി വന്നാൽ ജലപാതയിലൂടെയുള്ള ഗതാഗതം സുഗമമാകും.

ജല ഗതാഗത വികസനത്തിന്റെ പ്രധാന തടസം പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഗതാഗത പ്രവർത്തനങ്ങളോടുള്ള താൽപര്യ കുറവാണ്. അപര്യാപ്തമായ ലോക്ക് / ബ്രിഡ്ജ് ക്ളിയറൻസ്, ഗതാഗത സംവിധാനത്തിലുള്ള അറ്റകുറ്റപണികളുടെയും ആധുനികമായ ചരക്ക് കൈകാര്യ സംവിധാനത്തിന്റെയും അഭാവം, പദ്ധതി നിർവ്വഹണത്തിലുള്ള കാലതാമസം എന്നിവയാണ് ഉൾനാടൻ ജല ഗതാഗതം നേരിടുന്ന പ്രധാന വെല്ലുവിളികൾ. ആവശ്യമായ ആഴവും വീതിയുമുള്ള ഫെയർവേ നൽകി പശ്ചാത്തല സൗകര്യ വികസനത്തിന് ഊന്നൽ നൽകേണ്ടതാണ്. തൻമൂലം അനുയോജ്യമായ യാനങ്ങൾ ഉൾക്കൊള്ളിച്ച് ഉൾനാടൻ ജല ഗതാഗത വാഹനാവലി വിപുലീകരിക്കാവുന്നതാണ്. ചുരുക്കത്തിൽ പ്രസ്തുത മേഖലയെ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും മേഖലയിലെ വികസനത്തിന് ആവശ്യ മായ സാമ്പത്തിക ഇൻസെൻറീവ് നൽകുകയും അനിവാര്യമാണ്.

ഡി. തുറമുഖങ്ങൾ

കടൽ മാർഗമുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കുക വഴി തുറമുഖങ്ങളുടെ പരിസര പ്രദേശത്തും വൃഷ്ടി പ്രദേശത്തുമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിൽ തുറമുഖങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക്-പടിഞ്ഞാറൻ മേഖലയിലാണ് കേരളത്തിലെ വലുതും ഇടത്തരവുമായ തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്നത്. സംസ്ഥാനത്ത് മിക്കവാറും ചെറുകിട ഇടത്തരം തുറമുഖങ്ങൾ കാലികമാണ്. നിലവിൽ വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളാണ് ചരക്ക് കൈകാര്യം ചെയ്യുന്നത്. മത്സ്യ ബന്ധന തുറമുഖത്തെ പ്രയോജനപ്പെടുത്തി കൊല്ലം, തങ്കശ്ശേരിയിൽ പുതിയ ചരക്ക് ഗതാഗത സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതു - സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ കൊല്ലം തുറമുഖത്തെ വികസിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കേരളസംസ്ഥാന ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികളുടെ നിർവ്വഹണ വകുപ്പാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്. ഫിഷറീസ് പ്രവൃത്തികൾ കൂടാതെ ടൂറിസം വകുപ്പ്, തുറമുഖ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവൃത്തികളും എം.എൽ.എ. അസറ്റ് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, എം.പി. എൽ.എ.ഡി. പ്രവൃത്തികൾ എന്നിവയും കൊല്ലം തുറമുഖങ്ങളുടെ വികസനത്തിന് ഉപയുക്തമാക്കാവുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്ന/നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- **ശുചിത്വ സാഗരം**

  കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലെ ആവാസവ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും ഭീഷണിയായി മാറികൊണ്ടിരിക്കുകയാണ്. കടലിൽ വല വലിക്കുന്ന സമയത്ത് വലിയൊരു അളവ് പ്ലാസ്റ്റിക് മാലിന്യം വലകളിൽ അടിഞ്ഞു കൂടുന്നുണ്ട്. ഇങ്ങനെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ സഹകരണത്തോടുകൂടി ശേഖരിച്ച് കരയ്ക്കെത്തിച്ച് ഷ്രെഡിങ്ങ് യൂണിറ്റിൽ സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും അതുവഴി ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടു കൂടിയും ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊല്ലം ജില്ലാ ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എംപിഇഡിഎ, സാഫ്, തദ്ദേശ സ്ഥാപനം, തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടു കൂടിയും നടപ്പാക്കുന്ന നൂതന പദ്ധതിയാണ് **'ശുചിത്വ സാഗരം'**.

  സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലാണ് ആദ്യമായി ആരംഭിച്ചത്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തരത്തിൽ നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാഥമിക ഘട്ടം നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 14.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായി. ഈ ഫണ്ടുപയോഗിച്ച് നീണ്ടകരയിൽ പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റും, പ്ലാസ്റ്റിക് ശേഖരണ സംവിധാനങ്ങളും സജ്ജമായി കഴിഞ്ഞിട്ടുണ്ട്. ടി പ്രവൃത്തി നിരന്തരമായ ഒരു പ്രക്രിയയാണ്.

- **തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ വേസ്റ്റ് മാനേജ്മെന്റ്**

  തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലും പരിസര പ്രദേശത്തുമുള്ള വീടുകളിൽ/കടകളിൽ നിന്നും തുറമുഖത്തിൽ നിക്ഷേപിക്കുന്ന ജൈവവും അജൈവവുമായ മാലിന്യങ്ങൾ തുറമുഖത്തിൽ കുന്നുകൂടി വളരെ അനാരോഗ്യകരമായ അവസ്ഥ സംജാതമായിരിക്കുകയാണ്. ഇത് നഗരസഭ പല തവണകളായി തുറമുഖത്തിൽ ഒഴിഞ്ഞ സ്ഥലത്ത് കുഴിച്ച് മൂടുകയാണ് ചെയ്ത് വരുന്നത്. അജൈവ മാലിന്യങ്ങൾ ജീർണ്ണിച്ചു പോകാത്തതിനാൽ ദിനം പ്രതി കുന്നുകൂടി വരികയാണ്. ഇതിന് പരിഹാരമായി തുറമുഖത്തിൽ സ്ഥിരമായി മാലിന്യ സംസ്കരണ സംവിധാനം വേണ്ടതാണ്. മാലിന്യങ്ങൾ പൊതു പങ്കാളിത്തത്തോടെ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള ഒരു കോടി രൂപയുടെ കരട് പ്രോജക്ട് കൊല്ലം നഗരസഭയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് തത്വത്തിൽ അനുമതി ലഭിച്ചു കഴിഞ്ഞാൽ പദ്ധതി നടപ്പിലാക്കാൻ കഴിയും. ഇത് രണ്ടു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും.

- **തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട വികസനം**

  തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം 1,980.50 ലക്ഷം രൂപ ചെലവഴിച്ച് കേന്ദ്രസർക്കാർ പദ്ധതിയിൽ 31/03/01 തീയതിയിൽ കമ്മീഷൻ ചെയ്തതാണ്. ഇതിൽ 2,100 മീറ്റർ നീളത്തിൽ പ്രധാന പുലിമുട്ടും 500 മീറ്റർ നീളത്തിൽ ലീവേർഡ് പുലിമുട്ടും 312 ചതുരശ്ര മീറ്റർ കമ്മ്യൂണിറ്റി ഹാൾ, 210 ചതുരശ്ര മീറ്റർ കാന്റീൻ, 30 ചതുരശ്ര മീറ്റർ സെക്യൂരിറ്റി ക്യാബിൻ, 1,500 ചതുരശ്ര മീറ്റർ ലേലഹാൾ, 140 ചതുരശ്ര മീറ്റർ ലോക്കർ മുറികൾ, 80 ചതുരശ്ര മീറ്റർ ശൗചാലയം, 315 ചതുരശ്ര മീറ്റർ കട മുറികൾ, എന്നിവ നിർമ്മിച്ചിരുന്നു.

  കൊച്ചു വള്ളങ്ങൾക്ക് രണ്ട് ഫിങ്കർ ജെട്ടികൾ നിർമ്മിക്കൽ, നിലവിലെ ലേല ഹാളുകളുടെ നീളവും സൗകര്യവും വർദ്ധിപ്പിക്കുക, പാക്കിംഗ് ഷെഡുകളുടെ നവീകരണം, ഓടകളുടെ നവീകരണം, കൂടുതൽ ശൗചാലയങ്ങൾ, കടകൾ, ആധുനിക നിലവാരത്തിലുള്ള മത്സ്യ മാർക്കറ്റ്, പ്രാഥമിക ആരോഗ്യ കേന്ദ്ര ത്തിന്റെ നിർമ്മാണം, വൈദ്യുതീകരണവും ജല വിതരണ സംവിധാനവും, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, എന്നീ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഈ പദ്ധതിക്ക് 49 കോടി രൂപയുടെ കേന്ദ്ര ഭരണാ നുമതി ലഭിക്കേണ്ടതുണ്ട്. ആകെ പദ്ധതി കാലാവധി മൂന്ന് വർഷം കണക്കാക്കിയിട്ടുണ്ട്.

- **കാവൽ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് വരെയുള്ള റോഡിൽ സോളാർ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി**

  കൊല്ലം തങ്കശ്ശേരി കാവൽ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് വരെയുള്ള തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 91 ലക്ഷം രൂപ ചെലവിൽ BM & BC നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ഈ റോഡിൽ രാത്രികാലങ്ങളിൽ വെളിച്ചത്തിന്റെ അപര്യാപ്തത നിലവിലുണ്ട്. ദിനംപ്രതി വളരെയധികം ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന തങ്കശ്ശേരി കോട്ട, ലൈറ്റ് ഹൗസ്, എന്നിവടങ്ങളിലേക്കുള്ള പാതയാണിത്. ആയതിനാൽ ലൈറ്റ് പോസ്റ്റുകൾ സ്ഥാപിച്ച് സോളാർ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുന്നു. 30 ലൈറ്റ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന് ഒരു വർഷം പൂർത്തീകരണ കാലാവധി പ്രതീക്ഷിക്കുന്നു.

- **കൊല്ലം തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനം**

  കേരളത്തിൽ കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങൾക്ക് ഇടയിലുള്ള പ്രധാനപ്പെട്ട തുറമുഖമാണ് കൊല്ലം തുറമുഖം. ചരക്ക് ഗതാഗത സൗകര്യങ്ങൾ ഉള്ള 180 x 12 മീറ്റർ അളവിലുള്ള വാർഫ് നിലവിൽ ഉണ്ട്. 6.3 മീറ്റർ ഡ്രാഫ്റ്റ് ഉണ്ട്. എൻട്രൻസ് ചാനലിൽ 350 മീറ്റർ വീതിയും 11 മീറ്റർ ഡ്രാഫ്റ്റും ഉണ്ട്. തുറമുഖത്തിന്റെ ബേസിൻ ഏരിയ 100 ഹെക്ടർ ഉണ്ട്. തുറമുഖത്തിൽ 1,450 ചതുരശ്ര മീറ്റർ ഗോഡൗണുകൾ, 16,000 ചതുരശ്ര മീറ്റർ കോൺക്രീറ്റ് യാർഡ്, എന്നിവ നിലവിൽ ഉണ്ട്.

  പാസ്സഞ്ചർ ടെർമിനൽ കെട്ടിടം, നിലവിലെ തുറമുഖ ഗോഡൗണുകളുടെ നവീകരണം, 10,000 ചതുരശ്ര മീറ്റർ കണ്ടെയ്നർ സ്റ്റോക്ക് യാർഡ്, ബേസിനിൽ 10 മീറ്റർ ഡ്രാഫ്റ്റ് നിലനിർത്തുന്നതിനുള്ള ഡ്രഡ്ജിംഗ്, വാടി മുതൽ അമ്മച്ചി വീട് വഴി ദേശീയപാതയിലെ വെള്ളയിട്ടമ്പലം വരെയുള്ള മൂന്ന് കിലോമീറ്റർ ഭാഗം ഏഴ് മീറ്റർ വീതിയിൽ BM & BC നിലവാരത്തിൽ ചെയ്യേണ്ടത്, ചരക്ക് ഗതാഗതത്തിന് ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗമായ റെയിൽ പാത തുറമുഖവുമായി ബന്ധിപ്പിക്കേണ്ടതിന്റെ പ്രാഥമിക പഠനം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് 46 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

- **ശക്തികുളങ്ങര തെക്കേ പുലിമുട്ടിന്റെ ബലപ്പെടുത്തലും അതിന് മുകളിലെ റോഡ് ടൂറിസം നിലവാരത്തിൽ മെച്ചപ്പെടുത്തലും**

  ശക്തികുളങ്ങരയിലെ തെക്കേ പുലിമുട്ടിന് 610 മീറ്റർ നീളം ഉണ്ട്. നിരന്തരമായ തിരമാലകളുടെ ആക്രമണം മൂലം പുലിമുട്ടിന്റെ പല ഭാഗങ്ങളും കേടുപാട് വന്നിരിക്കുകയാണ്. ഇതിന് മുകളിലെ റോഡ് തികച്ചും സഞ്ചാരയോഗ്യമല്ലാതെ ആയിരിക്കുകയാണ്. തുറമുഖ ബേസിനിലോ മറ്റോ വച്ച് ജലയാന ങ്ങൾക്ക് അപകടം സംഭവിച്ചാൽ രക്ഷാപ്രവർത്തനങ്ങൾക്ക് ക്രെയിനോ മറ്റ് സൗകര്യങ്ങളോ എത്തി ക്കുന്നതിനുള്ള മാർഗ്ഗം ആണിത്. ആയതിനാൽ ഇത് അടിയന്തിരമായി ബലപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ഈ പുലിമുട്ടിന് മുകളിലുള്ള റോഡ് ടൂറിസം കാഴ്ചപ്പാടിൽ നവീകരിക്കുന്നത് വളരെയധികം

ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇടയാക്കും. ഇതിന് ഏകദേശം 500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് രണ്ട് വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കും.

- **ശക്തികുളങ്ങര തെക്കേപുലിമുട്ടിനോട് ചേർന്ന വള്ളക്കടവ് നവീകരിക്കൽ**

  ശക്തികുളങ്ങര തുറമുഖത്തിലെ വാർഫിനും തെക്കേ പുലിമുട്ടിനും ഇടയ്ക്കുള്ള ഏകദേശം 50 മീറ്റർ വീതിയിൽ സ്ലോപ്പിംഗ് യാർഡ് ഉണ്ട്. ഇത് പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾ അടുക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഈ വള്ളക്കടവ് മനോഹരമായി നവീകരിക്കുന്നത്, മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും സാധിക്കും. ഇതിന് 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് 18 മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും.

- **ശക്തികുളങ്ങര തുറമുഖത്തിന് വേണ്ടി ഇനിയും ഏറ്റെടുക്കാനുള്ള 34.15 ആർ സ്ഥലം ഏറ്റെടുക്കുന്നത്**

  ശക്തികുളങ്ങര തുറമുഖത്തിന് വേണ്ടി ഇനിയും ഏറ്റെടുക്കേണ്ട 34.15 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 28/10/17 തീയതിയിലെ സഉ (സാധാ) നം. 827/2017/മതുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് 476 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

- **ശക്തികുളങ്ങര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം**

  നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ ശക്തികുളങ്ങര ഭാഗത്ത് വിഭാവനം ചെയ്തിരുന്ന 505 മീറ്റർ വാർഫിൽ 407 മീറ്റർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. സ്ഥലമെടുപ്പ് കഴിഞ്ഞാൽ ഇനിയും നിർമ്മിക്കുവാനുള്ള 98 മീറ്റർ വാർഫും കൂടി നിർമ്മിക്കുകയും ഷോപ്പിംഗ് കോംപ്ലക്സ്, ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ്, ഗേറ്റും ഗേറ്റ് ഹൗസും, തുടങ്ങിയവയുടെ നിർമ്മാണം കൂടി പൂർത്തീകരിച്ച് തുറമുഖം പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് സാധിക്കും. ഇതിന് 1,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

- **കുതിര മുനമ്പിനേയും മൺറോ തുരുത്തിനേയും ബന്ധിപ്പിച്ച് കൊണ്ട് അഷ്ടമുടി കായലിന് കുറുകേ പാലം നിർമ്മിക്കുന്നത് - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി**

  കുതിര മുനമ്പിനേയും മൺറോതുരുത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 1,000 മീറ്റർ നീളം വരുന്ന പാലം നിർമ്മിക്കേണ്ടതുണ്ട്. ഇതിനുള്ള ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സോയിൽ ഇൻവെസ്റ്റിഗേഷന് 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച് ദർഘാസ് ചെയ്ത് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കുന്നതാണ്. ഈ പാലം പൂർത്തിയായാൽ മൺറോതുരുത്തിലെ നൂറ് കണക്കിന് കുടുംബങ്ങൾക്ക് കരയുമായി ബന്ധപ്പെടുന്നതിന് സാധിക്കും.

ഇ.വിനോദസഞ്ചാരം

സഹജമായ താമസച്ചുറ്റുപാടുകൾക്ക് പുറമേയുള്ള സ്ഥലങ്ങളിലേക്ക് ഉല്ലാസം മുഖ്യ ലക്ഷ്യമായുള്ള ജനതയുടെ സഞ്ചാരവുമായി ബന്ധപ്പെട്ട സാംസ്കാരിക-സാമ്പത്തിക പ്രതിഭാസമാണ് വിനോദസഞ്ചാരം. വർദ്ധിച്ച തോതിലുള്ള ആഗോളവത്കരണവും സമ്പാദ്യ വ്യയവർദ്ധനവും കാരണം ബൃഹത്തും അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന മേഖലകളിലൊന്നായി കഴിഞ്ഞ ദശകങ്ങളിൽ വിനോദസഞ്ചാരം മാറിയിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിലെ മുൻ-പിൻ ബന്ധങ്ങൾ നിമിത്തം സാമ്പത്തിക വളർച്ചയ്ക്ക് പ്രേരകമാകുന്ന മേഖലയാണ് വിനോദസഞ്ചാരം. വിദേശ വരുമാനം നേടുന്നതിനും വിജ്ഞാനവും മൂലധനവും കൈമാറ്റം ചെയ്യുന്നതിനും കൂടുതൽ സാധ്യതയുള്ള മേഖല ആയതിനാൽ ആഗോള വിനോദ സഞ്ചാരവുമായി വിനോദ സഞ്ചാര മേഖലയുടെ വികസന സാധ്യത ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ മുഖമുദ്രയായ വിനോദ സഞ്ചാരം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പ്രധാന സംഭാവന നൽകുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരിൽ പ്രസിദ്ധമായ കേരളം ഈ മേഖലയിൽ അതിന്റേതായ സ്ഥാനം നേടിയെടുക്കുന്നതിൽ വിജയം കൈ വരിച്ചിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ

വികസനത്തിൽ ഏറ്റവും പ്രധാനമായ് വേണ്ടത് ലക്ഷ്യ സ്ഥാനങ്ങളിൽ എത്തിചേരുന്നതിനുള്ള ഗതാഗത സൗകര്യമാണ്. ഒരു വിനോദസഞ്ചാര കേന്ദ്രത്തെ ഏറ്റവും ആകർഷകമാക്കുന്നത് അവിടെ എത്തിച്ചേരാനുള്ള സൗകര്യം അടിസ്ഥാനപ്പെടുത്തിയാണ്. റോഡ്, റയിൽ,വ്യോമ,ജല ഗതാഗത മാർഗ്ഗങ്ങൾ എല്ലാ തന്നെ ഇതിൽ പ്രധാനമാണ്. കൊല്ലത്തെ സംബന്ധിച്ചിടത്തോളം ഇതിൽ ഏറ്റവും പ്രധാനമായി പരിഗണിക്കാവുന്നത് തിരുവനന്തപുരം - കൊല്ലം — ആലപ്പുഴ - കൊച്ചി സീ-പ്ലെയിൻ പദ്ധതിയാണ്. വളരെ വേഗത്തിൽ ലക്ഷ്യ സ്ഥാനങ്ങളിൽ എത്തി ചേരാൻ സാധിക്കുമെന്നതിനു പുറമേ നമുക്ക് വിപണനം ചെയ്യാൻ കഴിയുന്ന ഒരു ടൂറിസം ഉൽപന്നവുമാണ് സീ-പ്ലെയിൻ. മറ്റ് പാരിസ്ഥിതിക വിഷയങ്ങൾ സമഗ്രമായി അപഗ്രഥിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

നിലവിൽ കൊല്ലം ജില്ലയിലെ പ്രധാന ആകർഷണം തെൻമല ഇക്കോ ടൂറിസം പദ്ധതിയാണ്. ഇന്ത്യയിലെ തന്നെ ആദ്യത്തെ എക്കൊ ടൂറിസം പദ്ധതിയാണിത്. നിത്യേന നിരവധി സഞ്ചാരികളാണ് ഇവിടം സന്ദർശിക്കാനെത്തുന്നത്. നടയറ-കാപ്പിൽ-പരവൂർ-അഷ്ടമുടിക്കായലുകളെ ബന്ധിപ്പിച്ചുള്ള കൊല്ലം തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ ഈ സർക്യൂട്ട് വളരെ മികച്ച രീതിയിൽ വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതാണ്. തോടിന്റെ ഇരു വശവും സാധ്യമായ സ്ഥലങ്ങളിൽ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിച്ചാൽ വളരെ ആകർഷകമായ ഒരു പ്രകൃതി സൗഹൃദ ടൂറിസം സർക്യൂട്ടായി ഇതിനെ മാറ്റിയെടുക്കാവുന്നതാണ്.

കോവളം-വേളി-കഠിനംകുളം-വർക്കല -പരവൂർ-കൊല്ലം-തങ്കശ്ശേരി - തിരുമുല്ലവാരം - അഴീക്കൽ-കായംകുളം-തോട്ടപ്പള്ളി തീരദേശ റോഡ് പൂർത്തീകരിക്കുന്നതോടു കൂടി വളരെ നല്ല ഒരു തീരദേശ ടൂറിസം സർക്യൂട്ട് വികസിപ്പിച്ചെടുക്കാൻ സാധിക്കും. വളരെ വലിയ ഒരു വിനോദസഞ്ചാര സാദ്ധ്യതയാണ് ഇതുവഴി തുറന്നുകിട്ടുന്നത്. തീരപ്രദേശത്തുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി വളരെ വിപുലമായഒരു ഉത്തരവാദിത്ത ടൂറിസം പാക്കേജ് വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതാണ്. അഷ്ടമുടിയിലെ എട്ട് മുടികളെയും തമ്മിൽ ബന്ധിപ്പിച്ച് വാട്ടർ ടൂറിസം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ചടയമംഗലം ജഡായു എർത്ത് സെന്റർ പ്രവർത്തനക്ഷമമാകുന്നതോടെ വിദേശ വിനോദ സഞ്ചാരികൾ ധാരാളമായി സന്ദർശിക്കുന്ന വർക്കലയുമായി ബന്ധപ്പെടുത്തി, വർക്കല - പാരിപ്പള്ളി - പള്ളിക്കൽ - ചടയമംഗലം റോഡ്ഒരുടൂറിസംറോഡായിവികസിപ്പിച്ചെടുക്കേണ്ടതാണ്. കൂടാതെ ജഡായുപാറ - ശബരിമല ഹെലിടാക്സി സർവ്വീസ് നടപ്പിലാക്കാവുന്നതാണ്. അറയ്ക്കൽ പഞ്ചായത്തിലുള്ള മലമേൽ പ്രദേശം ടൂറിസം വകുപ്പ് അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളതാണ്. ഈ പ്രദേശത്തേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എം.സി റോഡിൽ വയയ്ക്കൽ - മലമേൽറോഡ് പുനരുദ്ധരിക്കേണ്ടതാണ്. കൂടാതെ മലമേൽ - ഓലരിക് വെള്ളച്ചാട്ടം - കുടുക്കത്തുപാറ - ഓയിൽപാം ഇന്ത്യാ പ്ലാന്റേഷൻ - കുളത്തുപ്പുഴ - തെൻമല - പാലരുവി എന്നിവയെ ബന്ധിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ട് വികസിപ്പിച്ചെടുക്കാവുന്നതാണ്. ജില്ലയിലെ മറ്റൊരു പ്രധാന ആകർഷണമായ റോസ് മലയിലേക്ക് നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ തികച്ചും ശോചനീയമാണ്. ഇത് പരിഹരിച്ച് സമീപ പ്രദേശത്തുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ഗതാഗതസൗകര്യം ഒരുക്കുകയാണെങ്കിൽ ജില്ലയിലെ വിനോദസഞ്ചാരമേഖലയ്ക്ക് മുതൽക്കൂട്ടാകും

വിദേശ വിനോദ സഞ്ചാരികൾ ധാരാളമായെത്തുന്ന മൺട്രോതുരുത്തിനെ ബന്ധിപ്പിച്ചു കൊണ്ട് കൊല്ലം - കുണ്ടറ - പെരിനാട് - ചിറ്റുമലച്ചിറ - കാരുത്രക്കടവ് -ഗ്രാമീണടൂറിസം സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്. പ്രസിഡന്റ്സ് ട്രോഫി ജലോൽത്സവം നടത്തി വരുന്ന അഷ്ടമുടിക്കായൽ ഇന്ന് നാശത്തിന്റെ വക്കിലാണ്. കായലിനെ ഈ ജീർണ്ണാവസ്ഥയിൽ നിന്നും മോചിപ്പിക്കാൻ ഒരു ബൃഹത്തായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടിയിരിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളെ വഹിച്ചുകൊണ്ടുള്ള ആഢംബര കപ്പലുകൾ ഇന്ത്യയിലെ വിവിധ തുറമുഖങ്ങൾ ധാരാളമായി സന്ദർശിക്കാറുണ്ട്. ഇതിൽ കേരളത്തിൽ കൊച്ചി - വിഴിഞ്ഞം - തുറമുഖങ്ങൾ നിലവിൽ ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്താൽ കൊല്ലം തുറമുഖത്തിന് ഈ രംഗത്ത് വളരെയേറെ സാധ്യതയുണ്ട്. ശരാശരി ആയിരത്തിൽ കൂടുതൽ സഞ്ചാരികൾ യാത്രചെയ്യുന്ന

ഇത്തരം ആഢംബര കപ്പലുകളെ കൊല്ലത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ വിനോദ സഞ്ചാര രംഗത്ത് വൻ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

താമസ സൗകര്യം, അനുബന്ധസൗകര്യം എന്നിങ്ങനെയുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനത്തിനായി സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. പുതിയതും വൈവിധ്യമാർന്നതും ജില്ലയ്ക്ക് താരതമ്യേന പ്രയോജനകരമായതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഉൽപന്നങ്ങളും കണ്ടെത്തുക സീസണാലിറ്റിയെ തരം തിരിക്കുക ജില്ലയുടെ വിവിധ ടൂറിസം സ്ഥലങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് രൂപീകരിക്കുക എന്നിവ ആവശ്യമാണ്.

വിനോദസഞ്ചാര മേഖലയിലെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിനായി ജില്ലയ്ക്ക് ഗുണകരമായ പ്രവർത്തന തന്ത്രങ്ങൾ രൂപീകരിക്കേണ്ടത് ആവശ്യമാണ്. പശ്ചാത്തല സൗകര്യങ്ങളിലെ വിടവുകൾ നീക്കുക, പുതിയ ഉൽപന്നങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും പ്രോത്സാഹിപ്പിക്കുക, കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സുരക്ഷിതമായ ചുറ്റുപാടുകൾ പ്രദാനം ചെയ്യുക എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

പശ്ചാത്തലസൗകര്യ വികസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

രാജ്യത്തിന്റെ സാമ്പത്തിക വികസന സ്ഥിരതയ്ക്ക് വേണ്ടിയുള്ള ഒരു അവശ്യ ഘടകമായി പശ്ചാത്തല വികസന സൗകര്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പശ്ചാത്തല വികസന മേഖലയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ട് ഗതാഗതം, കെട്ടിട നിർമ്മാണം, ഊർജ്ജം എന്നിവയ്ക്കാണ് വിനിയോഗിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പരിപാലിച്ചുപോകുന്ന റോഡുകളുടേയും കെട്ടിടങ്ങളുടേയും ഏറിയ പങ്കും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗമാണ് പരിപാലിക്കുന്നത്.

പട്ടിക 4.13.6

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ സ്ഥിതിവിവര കണക്കുകൾ

ക്രമ നം.	വിഭാഗം	മണ്ണ് റോഡ്(കി.മി.)	ടാർ റോഡ് (കി.മി.)	കോൺക്രീറ്റ് റോഡ് (കി.മി.)	നടപ്പാത (കി.മി.)	ആകെ (കി.മി.)
1	കോർപ്പറേഷൻ	1201.95	7751.80	2550.52	3435.7	14939.95
2	മുനിസിപ്പാലിറ്റി	3670.73	12392.08	2693.48	1637.40	20393.48
3	ജില്ലാ പഞ്ചായത്ത്	1014.17	8514.89	402.22	177.64	10108.92
4	ഗ്രാമ പഞ്ചായത്ത്	55873.38	60233.23	14324.5	13482.99	143914.10
5	ആകെ	61760.23	88892.00	19970.71	18733.52	189356.46

അവലംബം. തദ്ദേശ സ്വയം ഭരണ വകുപ്പ്

എഫ്. കെട്ടിടങ്ങൾ

ജില്ലയിലെ സ്കൂൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും പരിപാലനത്തിനുമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നത്. നിലവിൽ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവയുടെ നവീകരണം, വയോജനങ്ങൾക്കായുള്ള പകൽ വീടുകൾ, അങ്കനവാടികൾ, പട്ടികജാതി കോളനികളിൽ സാമൂഹ്യപഠന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയാണ് നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ.

നിർദ്ദേശങ്ങൾ

- സ്കൂൾ കെട്ടിടത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ നൽകി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.
- ആശുപത്രി കെട്ടിടത്തിന് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി സേവനം മെച്ചപ്പെടുത്തുക.
- അംഗൻവാടി കെട്ടിടങ്ങൾ ആധുനിക വൽക്കരിക്കുക.
- എല്ലാ സ്കൂളുകൾക്കും ആധുനിക രീതിയിലുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുക.

റോഡുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതികളുടെ ഏകദേശം ശതമാനവും ചെലവഴിക്കപ്പെടുന്നത് റോഡുകളുടെ പുനരുദ്ധാരണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും വേണ്ടിയാണ്. ജില്ലയിൽ ഏകദേശം 7256 കി.മീ. ഗ്രാമീണ റോഡുകളും 681 കി.മീ. ജില്ലാ റോഡുകളും ഉണ്ട്.

നിർദ്ദേശങ്ങൾ

- ബൈപ്പാസ് റോഡുകളുടെ നിർമ്മാണം.
- റോഡിന്റെ സമീപത്തായി പാർക്കിംഗ് സൗകര്യം ഉൾപ്പെടുത്തൽ.
- നഗര പ്രദേശങ്ങളിലുള്ള റോഡുകളിൽ സ്കൈ വാക്ക്, ഫൂട്ട് ഓവർ ബ്രിഡ്ജ് എന്നിവ ഉൾപ്പെടുത്തുക.
- നഗര ശുചീകരണത്തിനായി റോഡിന്റെ സമീപത്ത് അഴുക്ക് ചാലുകൾ നിർമ്മിച്ച് മാലിന്യ നിർമാർജനം ഉറപ്പാക്കുക.
- ജില്ലയിലെ എല്ലാ സ്ഥലങ്ങളിലേക്കുമുള്ള റോഡ് കണക്ടിവിറ്റി ഉറപ്പാക്കുക.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങൾ

കൊല്ലം ജില്ലയിലെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടനിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടവിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

ജി. നഗരകാര്യ വികസനം

അനുദിനം വർദ്ധിച്ചു വരുന്ന നഗരവൽക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രവൃത്തികളിൽ പ്രഥമ ഗണനീയ സ്ഥാനമാണ് നഗര പശ്ചാത്തല വികസനത്തിനുള്ളത്. നഗര പശ്ചാത്തല വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നഗരവൽക്കരണത്തിന്റെ പ്രത്യേകത, ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. ജില്ലയിലെ ഉയർന്നു വരുന്ന ജനസാന്ദ്രതയും അങ്ങിങ്ങായുള്ള നഗരവൽക്കരണവും നഗര പശ്ചാത്തലം വികസിപ്പിക്കുന്നതിനുള്ള വെല്ലുവിളികളാണ്. മാലിന്യ നിർമ്മാർജനം, നഗര ശുചീകരണ പദ്ധതികൾ, പൊതു ശൗചാലയങ്ങൾ സ്ഥാപിക്കലും അവയുടെ വ്യാപനവും, അഴുക്ക് ചാലുകളുടെ നിർമ്മാണം, ഫല പ്രദമായ വാഹന പാർക്കിംഗ് നയവും, യന്ത്രവൽകൃത പാർക്കിംഗ് സംവിധാനവും നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കലും ഹരിത നഗരം സൃഷ്ടിക്കലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള യന്ത്രവൽകൃതമല്ലാത്ത നഗരഗതാഗത സംവിധാനം എന്നിവ നഗരപശ്ചാത്തല വികസന പരിപാടികളാണ്.

കൊല്ലം നഗരത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി വരും നാളുകളിൽ കൊല്ലം കോർപ്പറേഷൻ വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

- ലൈഫ് മിഷന്റെ ഭാഗമായി സമ്പൂർണ്ണ പാർപ്പിട പദ്ധതി.
- നഗര പ്രദേശത്തെ ജനങ്ങൾക്ക് മുടങ്ങാതെ കുടിവെള്ളം എത്തിക്കുന്നതിനായി ഞാങ്കടവ് കുടിവെള്ള പദ്ധതി, കോർപ്പറേഷൻ പരിധിയിലുള്ള പൊതു കിണറുകളുടെ അറ്റകുറ്റപണികൾ, കോർപ്പറേഷൻ പരിധിയിൽ ശുദ്ധജല വിതരണ പദ്ധതി, കേരള ജല അതോറിറ്റിയുമായി ചേർന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.
- കുറഞ്ഞ ചെലവിൽ കോർപ്പറേഷൻ പരിധിയിൽ എല്ലാ സ്ട്രീറ്റ് ലൈറ്റുകളും എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുന്നതിനുള്ള നടപടി.
- ചിന്നക്കടയിൽ റെയിൽവേയിൽ നിന്നും വിട്ടുകിട്ടുന്ന സ്ഥലത്ത് അത്യന്തം ആധുനിക ബസ് ടെർമിനൽ സ്ഥാപിക്കൽ.

- ശുചിത്വത്തിന്റെ ഭാഗമായി ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കൽ, കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളുടെ നവീകരണവും പരിചരണവും, അറവുശാലകളിൽ നിന്നുമുള്ള എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ, നഗരപരിധിയിലുള്ള സ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ
- കോർപ്പറേഷൻ ഭാവിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങാനായി ഈ വർഷത്തെ പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ടി പ്ലാന്റിലേക്ക് നഗരപരിധിയിലെ എല്ലാ പ്രദേശത്തു നിന്നും സീവറേജ് കണക്റ്റിവിറ്റി സ്ഥാപിക്കൽ.
- റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും തുക വകയിരുത്തി ലഭിക്കുകയാണെങ്കിൽ നഗര പ്രദേശത്ത് സമഗ്രമായ ട്രാഫിക് സിഗ്നൽ പരിഷ്കരണം കോർപ്പറേഷൻ ഉദ്ദേശിക്കുന്നു.
- ഭാവിയിൽ ചിന്നക്കടയിൽ ഒരു സ്കൈവാക്ക് പദ്ധതി
- അമൃത് പദ്ധതിയിലുൾപ്പെടുത്തി കൊല്ലം കോർപ്പറേഷന്റെ തിരക്കേറിയ ജംഗ്ഷനുകളായ ഹൈസ്കൂൾ ജംഗ്ഷൻ, കടപ്പാക്കട, ചെമ്മാൻ മുക്ക്, എസ്.എൻ.കോളേജ് ജംഗ്ഷൻ, സെന്റ് ജോസഫ് കോൺവെന്റ് ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനും നഗരസൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട ഫുട്ട് പാത്ത് നിർമ്മിച്ച് ടൈൽ പാകുകയും ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.
- അമൃത് പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന സ്ഥലങ്ങളിൽ ഫുട്ട്പാത്ത് നവീകരണം ഉദ്ദേശിക്കുന്നുണ്ട്.

  - ✓ മെമ്മു ഷെഡ് - എ.ആർ. ക്യാമ്പ് (ക്യു.എ.സി. റോഡ്)
  - ✓ റെയിൽവേ സ്റ്റേഷൻ - ചെമ്മാൻ മുക്ക്
  - ✓ കർബല ജംഗ്ഷൻ - എസ്.എൻ.കോളേജ് ജംഗ്ഷൻ
  - ✓ ലിങ്ക് റോഡ് (താലൂക്ക് കച്ചേരി ജം. മുതൽ ആശ്രാമം മൈതാനം വരെ)
  - ✓ ചിന്നക്കട മുതൽ കടപ്പാക്കട വരെ
  - ✓ എസ്.ബി.ഐ. ജംഗ്ഷൻ മുതൽ റെയിൽവേ ഗേറ്റ് ക്രോസ് (വൈ.എം.സി.എ. റോഡ്)
  - ✓ ചിന്നക്കട മുതൽ പായിക്കട വരെ

സംയോജിത പദ്ധതികൾ

1. കൊല്ലം റെയിൽവേ സ്റ്റേഷനു സമീപം കോർപ്പറേഷൻ വക ഭൂമിയിൽ ആധുനിക ബസ് ടെർമിനൽ
   കേരളത്തിലെ മിക്ക ജില്ലകളിലും റെയിൽവേ സ്റ്റേഷനും കെ.എസ്.ആർ.റ്റി.സി. സ്റ്റേഷനും തൊട്ടടുത്തായാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ കൊല്ലം ജില്ലയിൽ റെയിൽവേ സ്റ്റേഷനിൽ നിന്നും 3 കി.മി. മാറിയാണ് കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. തൻമൂലം ട്രെയിൻ വന്നിറങ്ങുന്ന യാത്രക്കാർക്ക് ബസ് സ്റ്റാൻഡിലേക്ക് പോകാൻ ഓട്ടോ, ടാക്സി പോലുള്ള മറ്റ് ഗതാഗത സംവിധാനങ്ങളെ ആശ്രയിച്ച് ഏകദേശം 3 കി.മി. ദൂരം അധികം സഞ്ചരിക്കേണ്ടി വരുന്നു. യാത്രാ ക്ലേശത്തിനും സമയനഷ്ടത്തിനും ഇത് കാരണമാകുന്നു. റയിൽവേ സ്റ്റേഷനു മുന്നിൽ ഈസ്റ്റ് പോലീസ് സ്റ്റേഷനു പടിഞ്ഞാറുഭാഗത്തായി ഏകദേശം 2.25 ഏക്കർ സ്ഥലസൗകര്യമുള്ള കോർപ്പറേഷൻ വക ഭൂമിയിൽ അത്യന്തം ആധുനികമായ കെ.എസ്.ആർ.റ്റി.സി. ബസ് ടെർമിനലും പ്രൈവറ്റ് ബസ് ടെർമിനലും നിർമ്മിക്കുകയാണെങ്കിൽ അത് പൊതുജനങ്ങൾക്കും ദീർഘദൂര യാത്രക്കാർക്കും വളരെ പ്രയോജനകരമായിരിക്കും. കോർപ്പറേഷൻ വക ഭൂമിയിൽ പുതിയ കെ.എസ്.ആർ.റ്റി.സി. ബസ് ടെർമിനൽ വരുന്നതോടുകൂടി നിലവിലുള്ള കെ.എസ്.ആർ.റ്റി.സി. സ്റ്റാന്റ് അങ്ങോട്ടേക്ക് മാറ്റി സ്ഥാപിച്ച്

ഗാരേജ് പഴയപടി തന്നെ തുടരാവുന്നതാണ്. പ്രൈവറ്റ് ബസ് സ്റ്റാന്റിനേയും കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റിനേയും വേർതിരിച്ചുകൊണ്ട് തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.റ്റി.സി. ഷോപ്പിംഗ് കോംപ്ലക്സ് മാതൃകയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുന്നതാണ്. പുതിയ ബസ് ടെർമിനലുകൾ വരുമ്പോൾ ഉണ്ടാകാനിടയുള്ള പ്രധാന പ്രശ്നം രൂക്ഷമായ ഗതാഗത കുരുക്കാണ്. ഇത് പരിഹരിക്കുന്നതിനായി എസ്.ബി.ഐ. ജംഗ്ഷൻ ലെവൽ ക്രോസ് റോഡിൽ നിർദ്ദിഷ്ട ബസ് ടെർമിനലിനു മുന്നിൽ നിന്നും ആരംഭിച്ച് എ.ആർ. ക്യാമ്പിൽ അവസാനിക്കുന്ന തരത്തിൽ ഫ്ലൈ ഓവർ നിർമ്മിച്ചാൽ തിരുവനന്തപുരം ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ പുതിയകാവ് ക്ഷേത്രത്തിന് സമീപമുള്ള റോഡിൽ കൂടി ടെർമിനലിനുള്ളിൽ കൂടി പ്രവേശിച്ച് നിർദ്ദിഷ്ട ഫ്ലൈ ഓവറിലൂടെ എ.ആർ.ക്യാമ്പിനടുത്തു വച്ച് ദേശീയപാത 66 ൽ കടക്കാവുന്നതാണ്. എറണാകുളം ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ പുതിയകാവ് ക്ഷേത്രത്തിന് സമീപമുള്ള റോഡിൽകൂടി നിർദ്ദിഷ്ട ടെർമിനലിൽ പ്രവേശിച്ച് നിലവിലുള്ള എസ്.ബി.ഐ. ജംഗ്ഷൻ ലെവൽ ക്രോസ് റോഡിൽ കൂടി എസ്.ബി.ഐ. ജംഗ്ഷനിൽ വന്ന് ദേശീയപാത 66 ൽ കടക്കാവുന്നതാണ്. അതോടൊപ്പം തന്നെ നിലവിലുള്ള റോഡുകളുടെ നവീകരണവും ആവശ്യമാണ്.

പ്രതീക്ഷിത ചെലവ്

1.	കെ.എസ്.ആർ.റ്റി.സി. ടെർമിനൽ	-	8 കോടി
2.	പ്രൈവറ്റ് ബസ് ടെർമിനൽ	-	2 കോടി
3.	ഷോപ്പിംഗ് കോപ്ളക്സ്	-	30 കോടി
4.	ഫ്ലൈ ഓവർ	-	25 കോടി
	ആകെ	**-**	**65 കോടി**

ആശ്രാമം ലിങ്ക് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.റ്റി.സി. യ്ക്ക് 20 സെന്റ് സ്ഥലം തികയാത്ത അവസ്ഥയാണ്. തത്ഫലമായി ലിങ്ക് റോഡ് മുതൽ ആശ്രാമം വരെ ബസുകൾ റോഡിൽ പാർക്ക് ചെയ്യേണ്ടിവരുന്നു. ഇത് മൂലം രൂക്ഷമായ ഗതാഗതക്കുരുക്കിന് ഇടയാകുന്നു. അതോടൊപ്പം തന്നെ ജില്ലയിലെ 9 ഡിപ്പോകളിൽ ആകെ 2 ഡിപ്പോകളിൽ നിന്നു മാത്രമാണ് ഡീലക്സ്, സൂപ്പർ ഡീലക്സ് സർവ്വീസുകൾ നിലവിൽ ഉള്ളൂ. കൊല്ലം കോർപ്പറേഷന്റെ കൈവശമുള്ള പ്രസ്തുത ഭൂമിയിൽ പുതിയ ബസ് ടെർമിനൽ വരുന്നതോടെ മുകളിൽ വിവരിച്ച പ്രശ്നങ്ങളെല്ലാം ശാശ്വതമായ പരിഹാരം കാണാനാകും. കൂടാതെ കൂടുതൽ സർവ്വീസുകളും ആരംഭിക്കാവുന്നതാണ്.

2. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുവാൻ അവയുടെ പശ്ചാത്തല മേഖലയുടെ വികസനം വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിൽ ഏറ്റവും പ്രധാനമായി വേണ്ടത് ലക്ഷ്യസ്ഥാനത്തിൽ എത്തിചേരാനുള്ള ഗതാഗത സൗകര്യങ്ങളാണ്. ഒരു വിനോദ സഞ്ചാര കേന്ദ്രത്തെ ഏറ്റവും ആകർഷകമാക്കുന്നത് അവിടെ എത്തിചേരാനുള്ള സൗകര്യം അടിസ്ഥാനപ്പെടുത്തിയാണ്. വിനോദസഞ്ചാരവും ഗതാഗത സൗകര്യങ്ങളും തമ്മിലുള്ള സംയോജിത വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മലമേൽ -ഓലരിക് വെള്ളച്ചാട്ടം - കുടുക്കത്ത് പാറ - ഓയിൽ പാം ഇന്ത്യ പ്ലാന്റേഷൻ- കുളത്തൂപ്പുഴ - തെൻമല - പാലരുവി ഇവയെ ബന്ധിപ്പിച്ചു കൊണ്ടുള്ള ടൂറിസം സർക്യൂട്ട് വളരെ വിശാലമായ വിപണന സാധ്യതയാണ് തുറന്നു കാട്ടുന്നത്. ജില്ലയിലെ ഏറ്റവും പുതിയ ആകർഷണമാണ് ഓലരിക് വെള്ളച്ചാട്ടം. എന്നാൽ നമ്മുടെ ജില്ല നേരിടുന്ന പ്രധാന പ്രശ്നം ഇവയെ തമ്മിൽ ബന്ധിപ്പിക്കുവാൻ മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതാണ്. ഈ ടൂറിസം സർക്യൂട്ടിനുള്ളിൽ ഉൾപ്പെടുന്ന റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചിത്രം 4.13.8

ടൂറിസം സർക്യൂട്ട്



അവലംബം . പൊതുമരാമത്ത് വകുപ്പ്

ഉപസംഹാരം

ഒരു പ്രദേശത്തിന്റെ സാമ്പത്തിക - സാമൂഹിക - വ്യാവസായിക വികസനത്തിന്റെ അടിത്തറ അവിടുത്തെ പശ്ചാത്തല സൗകര്യങ്ങളാണ്. ശരിയായ ദിശാബോധത്തോടെയുള്ള ആസൂത്രണമുണ്ടെങ്കിൽ മാത്രമേ വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വികസനം സാധ്യമാകൂ. മെച്ചപ്പെട്ട ഗതാഗത - വാർത്താവിനിമയ സൗകര്യങ്ങളാണ് ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ അളവുകോലായി വർത്തിക്കുന്നത്. ജില്ലയുടെ സംയോജിത വികസനത്തിനായി വിവിധ വകുപ്പുകളുടെ ഹ്രസ്വ -ദീർഘകാല പരിപ്രേക്ഷ്യങ്ങൾ വിശദമായി ഈ റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുണ്ട്. ഇവിടെ പരാമർശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലായാൽ കൊല്ലം ജില്ലയുടെ അത്ഭുതാവഹമായ വികസനം ചുരുങ്ങിയ കാലത്തിനുള്ളിൽ നമുക്ക് പ്രതീക്ഷിക്കാം.

ⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇⓇ

4.14 വിനോദസഞ്ചാരം

വിനോദ സഞ്ചാര മേഖലയുടെ നിലവിലെ സ്ഥിതിയും വികസന പ്രശ്നങ്ങളുമാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്. ഇതിൽ ആദ്യ ഭാഗത്ത് നിലവിലെ സ്ഥിതി അപഗ്രഥിക്കുകയും അടുത്തതിൽ മേഖലയുടെ മൊത്തത്തിലുള്ള വികസന പ്രവണതയെ കാലാനുസൃതമായി വിലയിരുത്തുകയും ചെയ്യുന്നു. തുടർന്ന് മേഖലയുടെ വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു അന്വേഷണവും, നടന്നുകൊണ്ടിരിക്കുന്നതും ഏറ്റെടുത്തതുമായ പദ്ധതികളുടെ മൂല്യനിർണയവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പൊതുവിവരങ്ങൾ

തങ്ങളുടെ വികസന അജണ്ടയിൽ വിനോദസഞ്ചാരത്തെ തക്കതായ പ്രാധാന്യം നൽകി ഉൾപ്പെടുത്താൻ സർക്കാരുകളെ പ്രേരിപ്പിക്കുന്ന മുഖ്യമായ ഘടകം തൊഴിൽ, വരുമാനം, വിദേശനാണ്യം പ്രാദേശിക വികസനം തുടങ്ങിയ മേഖലകളിൽ വിനോദസഞ്ചാരത്തിനുള്ള സാമ്പത്തിക പ്രാധാന്യമാണ്. പ്രകൃതിദത്തമായ ആകർഷണങ്ങളും സാംസ്കാരിക പൈതൃകവും വിനോദസഞ്ചാരത്തിന്റെ മൂലധനമായി കണക്കാക്കപ്പെടുന്നു. ഇവയാൽ അനുഗ്രഹീതമായ പ്രദേശങ്ങൾ മെച്ചപ്പെട്ട വളർച്ച കൈവരിക്കുന്നുണ്ട്. പ്രായേണ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിനോദ സഞ്ചാര മേഖലയെ ദാരിദ്ര്യവും തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമെന്ന തരത്തിൽ ആഗോളതലത്തിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

കാഴ്ചകൾ കാണൽ എന്നതിലുപരി ഒരു പ്രദേശത്തെ അനുഭവിക്കുക എന്ന തരത്തിലേക്ക് വിനോദ സഞ്ചാരം മാറിയിട്ടുണ്ട്. പ്രകൃതിയിലേക്ക് മടങ്ങുവാനാണ് ആധുനിക വിനോദസഞ്ചാരി താല്പര്യം കാണിക്കുന്നതെന്ന വസ്തുത മനസ്സിലാക്കി പ്രകൃതി, സമൂഹം, സംസ്കാരം ഇവയെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങൾ പകർന്ന് നൽകിയുള്ള വിനോദസഞ്ചാര പരിപാടികളും തന്ത്രങ്ങളുമാണ് ഇക്കാലത്ത് പ്രമുഖമായ ടൂറിസം ഡെസ്റ്റിനേഷനുകൾ ചെയ്തുവരുന്നത്. വിനോദസഞ്ചാര വ്യവസായത്തിൽ നിന്ന് പരമാവധി ഫലം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ വിനോദസഞ്ചാരകേന്ദ്രങ്ങളിലെ പ്രദേശവാസികളെ "ചോർച്ചകൾ കുറയ്ക്കുവാനും ബന്ധങ്ങൾ ശക്തിപ്പെടുത്താനുമായി (Minimize leakage and maximize linkages)" ടൂറിസം പരിപാടികളിൽ പങ്കു ചേരുവാൻ പ്രേരിപ്പിക്കുന്നു. ഈ വർഷത്തെ ലോക വിനോദ സഞ്ചാര ദിനത്തിലെ സന്ദേശം തന്നെ വിനോദസഞ്ചാരത്തിലൂടെ സുസ്ഥിര വികസനം (Sustainable Development) എന്നതായിരുന്നു.

UNITED NATIONS WORLD TOURISM ORGANISATION (UNWTO)- യുടെ റിപ്പോർട്ട് പ്രകാരം ആഗോളടൂറിസം 2016-ൽ 1220 ബില്ല്യൻ ഡോളറിന്റെ ഒരു വ്യവസായമാണ്. 1235 ദശലക്ഷം ടൂറിസ്റ്റുകൾ ആഗോളതലത്തിൽ വിവിധ ഇടങ്ങൾ സന്ദർശിക്കുകയുണ്ടായി. 2016-ലെ റിപ്പോർട്ട് പ്രകാരം ദേശീയ മൊത്ത വരുമാനത്തിന് (GDP) യാത്രാ- വിനോദസഞ്ചാരമേഖലകളുടെ ആകെ സംഭാവന അതിന്റെ വിശാല സാമ്പത്തിക സ്വാധീനമുൾപ്പെടെ 9.5 ശതമാനം ആണ്.

ആഗോള വിനോദസഞ്ചാര വ്യവസായത്തിൽ ഇന്ത്യ താരതമ്യേന ഒരു പുതുമുഖമാണ്. ആഗോള വിനോദസഞ്ചാര മേഖലയിലെ മൊത്തം വരുമാനത്തിന്റെ 1.88 ശതമാനവും സഞ്ചാരികളുടെ എണ്ണത്തിന്റെ 1.18 ശതമാനവുമാണ് നമുക്കു ലഭിക്കുന്നത്. എങ്കിലും ഇന്ന് ദേശീയ സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമായി വിനോദസഞ്ചാരം മാറിയിട്ടുണ്ട്. പ്രാദേശികമായി വലിയൊരളവിൽ തൊഴിൽ നൽകുന്നതിനും ജനങ്ങളുടെ സാമ്പത്തിക സുസ്ഥിരതയ്ക്കും ചാലക ശക്തിയാകാൻ ഇന്ന് വിനോദ സഞ്ചാരത്തിന് കഴിഞ്ഞിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്തിന്റെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മുപ്പത് വർഷം മുൻപ് സംസ്ഥാന സർക്കാർ ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചത്. ചെറിയ നിലയിൽ സ്വകാര്യ സംരഭകരുടെ സ്ഥിരോത്സാഹത്തിൽ തുടക്കം കുറിച്ച ടൂറിസം വ്യവസായം ഇന്ന് 10.38 ലക്ഷം വിദേശ സഞ്ചാരികളെയും 1.32 കോടി സ്വദേശി വിനോദ സഞ്ചാരികളെയും ആകർഷിക്കുകയും മുപ്പതിനായിരം കോടിയോളം രൂപ വരുമാനം നല്കുകയും ചെയ്യുന്ന ഒന്നായി വളർന്നിരിക്കുന്നു. എങ്കിലും നമ്മുടെ സാദ്ധ്യതകളുടെ ഗണ്യമായ ഭാഗം ഇപ്പോഴും ചൂഷണം ചെയ്യപ്പെട്ടിട്ടില്ല എന്നതും ഒരു

വസ്തുതയാണ്. കേരളത്തെ സംബന്ധിച്ച് നമ്മുടെ പ്രകൃതിയും കാലാവസ്ഥയുമാണ് ഏറ്റവും കരുത്തുറ്റ ടൂറിസം ഉത്പന്നങ്ങൾ. കേരളത്തിലെങ്ങും കാണുന്ന പച്ചപ്പും കടലും കായലും നദികളും കൊണ്ട് സമൃദ്ധമായ, ജലജന്യമായ ആകർഷണങ്ങളും കിഴക്കൻ മലനിരകളും വർഷത്തിൽ മുന്നൂറുദിവസത്തിലധികം ലഭിക്കുന്ന സൂര്യപ്രകാശവുമൊക്കെ നമ്മുടെ നിസ്തുലമായ വിനോദസഞ്ചാര ഉത്പന്നങ്ങളാണ്.

ഇനിയും ഏറെ വളർച്ച പ്രതീക്ഷിക്കുന്ന ടൂറിസം വ്യവസായം നമ്മുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും അടിത്തറയിൽ നിന്നുകൊണ്ടുമാത്രമേ വികാസം പ്രാപിക്കാവൂ എന്നതാണ് സർക്കാരിന്റെ വിനോദസഞ്ചാരനയം. ഒപ്പം നാടിന്റെ സാമ്പത്തിക ഉന്നതിയ്ക്ക് നിദാനമാകുന്ന ഒരു വ്യവസായമാകയാൽ അതിന്റെ ശക്തി ദൗർബല്യങ്ങളെ തിരിച്ചറിയുകയും നമുക്കു സ്വീകാര്യമായവ പ്രോത്സാഹിപ്പിക്കുകയും മറ്റുള്ളവയെ നിയന്ത്രിക്കുകയും വേണം. പൊതുസ്വകാര്യപങ്കാളിത്തത്തോടെ മികച്ചനിലയിൽ നടത്തപ്പെടുന്ന ടൂറിസം വ്യവസായം കേരള വികസനത്തിന് ഒരു ഉദാത്തമാതൃകയാണ്. സ്വകാര്യസംരഭകരുടെ അഭിപ്രായങ്ങളും ക്രിയാത്മകമായ നിർദേശങ്ങളും കൂടി പരിഗണിച്ചാണ് ഓരോ വർഷവും സംസ്ഥാനടൂറിസം വകുപ്പ് അതിന്റെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ഈ വ്യവസായത്തിന്റെ നിലനിൽപ്പിനാവശ്യമായ പശ്ചാത്തല വികസനമാണ് സർക്കാരിന്റെ പ്രധാന അജണ്ട. താമസസൗകര്യം ഉൾപ്പെടെയുള്ള മറ്റ് ടൂറിസം ഉത്പന്നങ്ങൾ സ്വകാര്യ സംരഭകർ മികച്ച രീതിയിൽ വികസിപ്പിച്ച് നടത്തിവരുന്നുണ്ട്.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും വിധം പലമേഖലകളിലും കോട്ടംസംഭവിച്ചുകൊണ്ടിരിക്കെ വികസനത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന മേഖലയായി വിനോദസഞ്ചാരം അംഗീകരിക്കപ്പെടുന്നു.

കഴിഞ്ഞ കാൽനൂറ്റാണ്ടു കൊണ്ട്തന്നെ ഇന്ത്യയിലെ ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായി മാറാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ അന്താരാഷ്ട്രവിപണിയിൽ ഒരു പ്രധാന ടൂറിസം ബ്രാൻഡായി മാറാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തം എന്ന മികച്ച മാതൃക വിനോദസഞ്ചാരമേഖലയിൽ വികസിപ്പിച്ചു നടപ്പാക്കാൻ കേരളത്തിനു സാധിച്ചിട്ടുണ്ട്. പുത്തൻ വിപണികകൾ കണ്ടെത്തിയും നൂതനമായ ടൂറിസം ഉത്പന്നങ്ങൾ വികസിപ്പിച്ചും പുതിയ വിപണന തന്ത്രങ്ങൾ മെനഞ്ഞും മെച്ചപ്പെട്ട ഒരു സ്ഥാനം അന്താരാഷ്ട്രവിനോദസഞ്ചാര വിപണിയിൽ കേരളം നേടിയിട്ടുണ്ട്. 1986-ൽ ആദ്യമായി ടൂറിസം നയം പ്രഖ്യാപിക്കുമ്പോൾ കഷ്ടിച്ച് അൻപതിനായിരം വിദേശവിനോദസഞ്ചാരികൾ എത്തിയിരുന്ന സ്ഥാനത്ത് 2016-ൽ 10.38 ലക്ഷം വിദേശസഞ്ചാരികൾ കേരളത്തിൽ എത്തിയിരുന്നു.

കേരളത്തിന്റെ സ്വന്തമെന്ന് വിശേഷിപ്പിക്കാവുന്ന അനുപമ വിനോദസഞ്ചാര ഉത്പന്നങ്ങളായ കായൽ ടൂറിസം, ആയുർവേദ ടൂറിസം തുടങ്ങിയ നൂതന ആശയങ്ങൾ അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടി. കേരളത്തിലെ കായലുകളിൽ ഇന്നുള്ള ആയിരത്തിൽപ്പരം ഹൗസ് ബോട്ടുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉള്ളവ മുതൽ ഒഴുകുന്ന കൊട്ടാരങ്ങൾ എന്നു വിശേഷിപ്പിക്കാവുന്നത്ര ആഡംബരസൗകര്യങ്ങൾ ഉള്ളവ വരെയുണ്ട്. കേരളത്തിന്റെ പരമ്പരാഗത ചികിത്സാരീതിയായ ആയുർവേദത്തെ വിനോദഞ്ചാരികൾക്കിടയിൽ പുനർയൗവന ചികിത്സാരീതിയായി പ്രചരിപ്പിച്ചു. സഞ്ചാരികൾക്ക് മറക്കാനാവാത്ത അനുഭവം പകർന്നു നൽകുന്നതിനായി ആഡംബര ഹോട്ടലുകൾ മുതൽ പരമ്പരാഗത വാസ്തുശൈലിയുള്ള ഹോംസ്റ്റേകൾ, സംസ്കാര പാരമ്പര്യ കലകൾ ഇവയെല്ലാം പ്രയോജനപ്പെടുത്തി. തുടർച്ചയായി വന്ന സർക്കാരുകൾ എല്ലാം തന്നെ പൊതുമേഖലയെയും സ്വകാര്യമേഖലയെയും ബഹുജനങ്ങളെയുമെല്ലാം കൂട്ടിച്ചേർത്ത് വിനോദ സഞ്ചാര മേഖലയുടെ അടിത്തറ വികസിപ്പിക്കുവാൻ ശ്രമിച്ചു. 2000 ആണ്ട് മുതൽ തുടർച്ചയായി രണ്ടുവർഷത്തിലൊരിക്കൽ നടക്കുന്ന കേരള ട്രാവൽ മാർട്ട് സ്വകാര്യ - പൊതുപങ്കാളിത്തത്തിന്റെ ഉത്തമ മാതൃകയാണ്. ടൂറിസം വകുപ്പും ടൂറിസം സംരഭകരും ചേർന്ന് നൂതന പ്രചരണ പരിപാടികളിലൂടെയും റോഡ്ഷോകളിലൂടെയും ദേശീയ-അന്തർദേശീയ വിപണികൾ കണ്ടെത്തുന്ന ഒരു പുതിയ മാതൃക ഉരുത്തിരിഞ്ഞു. ഇന്ന് കേരളത്തിൽ വിനോദ സഞ്ചാര മേഖലയിൽ ചെറുകിട - ഇടത്തരം സംരംഭങ്ങൾക്കാണ് മുൻഗണന. വികസനത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ വിനോദസഞ്ചാരത്തിനുള്ള പ്രാമുഖ്യം തദ്ദേശഭരണസംവിധാനങ്ങളും പ്രദേശവാസികളും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. പൊതു-സ്വകാര്യ മേഖലകളുടെ ഒരു മാതൃകാ കൂട്ടായ്മ വിനോദസഞ്ചാരമേഖലയിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനോടാപ്പം സാമൂഹിക പരിസര ഘടകങ്ങളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വിനോദസഞ്ചാരികൾക്ക്

സന്ദർശനം ലോകനിലവാരത്തിലുള്ള ഒരനുഭവമാക്കിമാറ്റുവാൻ വേണ്ട നിലവാരം എല്ലാമേഖലകളിലും ഉറപ്പാക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം.

വിനോദസഞ്ചാരവും കൊല്ലവും

പ്രാചീനകാലത്ത് ഒരു വാണിജ്യകേന്ദ്രമെന്ന നിലയിൽ ദേശിംഗനാട് പ്രാധാന്യം നേടിയിരുന്നു. പതിനാലാം നൂറ്റാണ്ടിലെ പ്രമുഖ സഞ്ചാരിയായിരുന്ന ഇബനുബത്തൂത്തയുടെ ഇരുപത്തിനാലു വർഷത്തെ സഞ്ചാരത്തിനിടയിൽ അദ്ദേഹം അഞ്ചുതുറമുഖങ്ങളിലൊന്നായി വിശേഷിപ്പിച്ച ഇവിടം ചൈനാക്കാരുമായുള്ള വാണിജ്യ ബന്ധങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. കൊല്ലത്തെയും ചൈനയിലെയും ഭരണാധികാരികൾ നയതന്ത്രബന്ധം സ്ഥാപിക്കുകയും കൊല്ലത്ത് ചൈനീസ് അധിവാസകേന്ദ്രങ്ങൾ വളർച്ച പ്രാപിക്കുകയും ചെയ്തിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിലെ സിറാഫുകാരനായ സുലൈമാൻ എന്ന വ്യാപാരി കാന്റനിൽ നിന്ന് പേർഷ്യൻ ഉൾക്കടലിലേക്കുള്ള തന്റെ യാത്രയ്ക്കിടയിൽ വൻകിട ചൈനീസ് പായ്ക്കപ്പലുകൾ നങ്കൂരമിട്ടിരിക്കുന്നതു കാണാനിടയായ ഇന്ത്യയിലെ ഏക തുറമുഖം കൊല്ലം ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കുബ്ലൈഖാന്റെ കീഴിൽ 1275-ൽ ചൈനയിൽ സേവനം അനുഷ്ഠിച്ച പ്രമുഖ വെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ ഉയർന്ന ചൈനീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൊല്ലവും പശ്ചിമതീരത്തെ ഇതര പട്ടണങ്ങളും സന്ദർശിച്ചിട്ടുണ്ട്. കൊല്ലത്ത് ആദ്യമായി 1502-ൽ ഒരു വാണിജ്യ കേന്ദ്രം സ്ഥാപിച്ച ആദ്യ യൂറോപ്യന്മാർ പോർട്ട്ഗീസുകാരാണ്. അതിനുശേഷം ഡച്ചുകാരും പിന്നീട് 1795-ൽ ബ്രിട്ടീഷുകാരും ഇവിടെ എത്തിച്ചേർന്നു. തിരുവിതാംകൂർ രാജാവും ബ്രിട്ടീഷുകാരും തമ്മിലുണ്ടാക്കിയ ഒരു ഉടമ്പടിയെ തുടർന്നു ബ്രിട്ടീഷുകാരുടെ ഒരു കാവൽ സേന കൊല്ലം പട്ടണത്തിൽ താവളമടിച്ചു. കൊല്ലം പട്ടണം മെച്ചപ്പെടുത്തുന്നതിന് ഏറെ കാര്യങ്ങൾ ചെയ്തത് തിരുവിതാം കൂറിലെ ദളവ ആയിരുന്ന വേലുത്തമ്പിയാണ്. അദ്ദേഹം പുതിയ കമ്പോളങ്ങൾ നിർമ്മിക്കുകയും മദ്രാസിൽ നിന്നും തിരുനൽവേലിയിൽ നിന്നും വ്യാപാരികളെ ക്ഷണിച്ചു വരുത്തി ഇവിടെ പാർപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് കൊല്ലം ദേശിംഗനാട്ടിലെ പ്രബുദ്ധരും ഉദാരമതി കളുമായ ഭരണാധികാരികളുടെ തലസ്ഥാനമായി മാറി. ബ്രിട്ടീഷുകാർക്കെതിരായി വേലുത്തമ്പിദളവ സംഘടിപ്പിച്ച വിപ്ലവ സന്നാഹങ്ങളുടെ സിരാകേന്ദ്രവും കൊല്ലം ആയിരുന്നു. ഒരിക്കൽ കൊട്ടാരങ്ങളുടെ നഗരമായിരുന്ന കൊല്ലം അന്യദേശക്കാരെ സംബന്ധിച്ചിടത്തോളം ഹൃദയഹാരിയായ അനുഭവം ആയിരുന്നു. അങ്ങനെയാണ് ''കൊല്ലം കണ്ടവന് ഇല്ലം വേണ്ട''എന്ന ചൊല്ല് തന്നെ രൂപപ്പെട്ടത്.

അഷ്ടമുടി

കേരളത്തിലെ ഏറ്റവും വലിയ കായലുകളിലൊന്നായ അഷ്ടമുടിക്ക് ആ പേര് വന്നത് അതിന് 8 കൈവഴികൾ ഉള്ളതുകൊണ്ടാണ്. കേരനിരകൾ തിങ്ങിനിറഞ്ഞ കായലോരങ്ങളും കയറും കൊപ്രയും കശുവണ്ടിയും കയറ്റി കായലിലൂടെ പോകുന്ന വള്ളങ്ങളും, ചീനവലകളും അപൂർവ്വ അനുഭൂതി പകരുന്ന കാഴ്ചകളാണ്. കായലിലെ കണ്ടൽക്കാടുകളും വളരെ ആകർഷകങ്ങളാണ്. ക്ലാപ്പനയിലേയും, മൺട്രോ തുരുത്തിലെയും, അഡ്വഞ്ചർ പാർക്ക് പ്രദേശത്തേയും കായൽത്തീരങ്ങൾ കണ്ടൽ വനങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് ഏറ്റവും പ്രമുഖമായ ഇക്കോ ടൂറിസം സ്ഥാനങ്ങളായി മാറിയിരിക്കുന്നു.

പരിസര സംരക്ഷണത്തിന്റെ പ്രാധാന്യം നിമിത്തം വിനോദസഞ്ചാരപ്രവർത്തനങ്ങൾക്ക് ഏറെ സാദ്ധ്യതയുള്ള സ്ഥലങ്ങളാണ് പ്രകൃത്യാ രൂപം കൊണ്ട ചിറ്റുമല ചിറ, മുട്ടറ മരുതിമല, ആയിരം തെങ്ങ് എന്നിവ.

നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികൾ

ആശ്രാമം പിക്നിക് വില്ലേജ്

അഷ്ടമുടി കായലിനാൽ ചുറ്റപ്പെട്ട ആശ്രാമം പിക്നിക് വില്ലേജ്, റസിഡൻസി ബംഗ്ലാവ്, ചിൽഡൻസ് പാർക്ക്, അഡ്വഞ്ചർ പാർക്ക്, 8 പോയിന്റ് ആർട്ട് കഫേ എന്നിവ ഉൾപ്പെട്ടതാണ്. ടി പ്രദേശത്ത് വിനോദസഞ്ചാര വകുപ്പ് നിരവധി വിനോദസഞ്ചാര സൗഹാർദ്ദപരമായ പദ്ധതികൾ നടപ്പാക്കി വരുന്നു.

ഇൻഡോ-നോർവീജിയൻ പ്രോജക്ടായ നീണ്ടകര മത്സ്യബന്ധന കേന്ദ്രം, ചട്ടമ്പിസ്വാമികളുടെ സമാധിമണ്ഡപമായ പന്മന ആശ്രമം, കണ്ടൽ വനങ്ങളാൽ ഹരിതാഭമായ ക്ലാപ്പന, ആയിരംതെങ്ങ്,

കെട്ടുവള്ളങ്ങളുടെ നിർമ്മാണകേന്ദ്രമായ ആലുംകടവ്, പ്രധാനമത്സ്യബന്ധനകേന്ദ്രങ്ങളായ അഴീക്കൽ, ചെറിയഴീക്കൽ, വള്ളിക്കാവ് അമൃതപുരി ആശ്രമം, ദക്ഷിണകാശി എന്നറിയപ്പെടുന്ന ഓച്ചിറ പരബ്രഹ്മക്ഷേത്രം, തടാകങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്ന കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട എന്നിവയെല്ലാം തന്നെ കൊല്ലത്തിന്റെ വിനോദസഞ്ചാര വികസനകേന്ദ്രങ്ങളാണ്.

തെൻമല എക്കോ ടൂറിസം

2001-ൽ ആരംഭിച്ച ഇന്ത്യയിലെ തന്നെ ആദ്യത്തെ ആസൂത്രിത എക്കോടൂറിസം പദ്ധതിയായാണ് തെൻമല എക്കോടൂറിസം അറിയപ്പെടുന്നത്. പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള വിനോദസഞ്ചാര ആകർഷണ കേന്ദ്രമാണിത്. ജില്ലയിലെ തന്നെ ഏക വന്യജീവി സങ്കേതമായ ശെന്തുരുണി തെൻമലയുടെ സമീപപ്രദേശത്താണ്. നിത്യഹരിതമായ സസ്യാവരണം കൊണ്ട് അനുഗ്രഹീതവും വിവിധതരം സസ്യജന്തുജാലങ്ങൾ നിറഞ്ഞതുമായ ഇവിടം കാടിന്റെ ഭംഗി ആസ്വദിക്കുവാൻ ആവോളം സാധ്യമാകുന്നുണ്ട്. Southern Thekkadi എന്നറിയപ്പെടുന്ന പരപ്പാർ ഡാം തെൻമലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിലാണ്. തെക്കേഇന്ത്യയിലെ മനോഹരമായ വെള്ളച്ചാട്ടങ്ങളിലൊന്നായ പാലരുവിയും ടി പദ്ധതിയുടെ സമീപത്തായാണ്.

പാലരുവിയെപ്പോലെ മനോഹരമായ കുംഭാവുരുട്ടി വെള്ളച്ചാട്ടവും കൊല്ലം ജില്ലയിലെ ഒരു വിനോദസഞ്ചാരകേന്ദ്രമാണ്. ടി പ്രദേശത്ത് ട്രക്കിംഗിനും, പക്ഷിനിരീക്ഷണത്തിനും സഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്.

കട്ടളപ്പാറ, കല്ലാർ, അമ്പനാട്, റോസ്മല, രാജാക്കൂപ്പ് എന്നിവയെല്ലാം വനാന്തരങ്ങളിലെ പിക്നിക് സ്പോട്ടുകളായ ചെറിയ ചെറിയ മലമടക്കുകളാണ്.

അതുപോലെ തന്നെ ഏറെ വിനോദസഞ്ചാര സാദ്ധ്യതകളുള്ള മറ്റൊരു പ്രദേശമാണ് മുട്ടറ മരുതിമല. ഇക്കോടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുടങ്ങിവച്ച പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഈ പ്രദേശം വിനോദസഞ്ചാര യോഗ്യമാക്കാവുന്നതാണ്.

ചടയമംഗലം ജഡായുപാറ എർത്ത് സെന്റർ

രാമായണകഥയിലെ ജഡായുവിന്റെ ചരിത്രം ഉറങ്ങിക്കിടക്കുന്ന ചടയമംഗലത്ത്, ജില്ലയിലെ വിനോദസഞ്ചാര വികസനത്തിന് നിർണയകമാകുന്ന ജഡായു നേച്ചർ പാർക്ക് പദ്ധതി 2018 ആദ്യ പാദത്തിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ പദ്ധതി കൊല്ലം ജില്ലയുടെ മൊത്തത്തിലുള്ള വിനോദസഞ്ചാര വികസനത്തിന് പ്രേരകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മൺട്രോതുരുത്ത്

കനാൽ ടൂറിസത്തിന് പേരുകേട്ട മൺട്രോതുരുത്ത് കല്ലടയാറിന്റെയും അഷ്ടമുടിയുടെയും തീരപ്രദേശമാണ്. പെരുങ്ങാലം, പട്ടംതുരുത്ത്, പേഴംതുരുത്ത്, വില്ലിമംഗലം എന്നിങ്ങനെ ചെറിയ തുരുത്തുകളിലായിട്ടുള്ള ടി പ്രദേശത്തിന്റെ പ്രദേശവാസികളുടെ പ്രധാന തൊഴിൽ കയർ പിരിക്കലാണ്. ടി പ്രദേശത്തിന്റെ മനോഹാരിതയും കനാലുകളിൽ കൂടിയുള്ള യാത്രകളും വിനോദസഞ്ചാരികളെ ധാരാളം ആകർഷിക്കുന്നുണ്ട്. പ്രകൃതിസമ്പത്ത് അടിസ്ഥാനമായ ടൂറിസം ഉത്പന്നങ്ങളുടെ വിപണനം വളരെയെറെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പരവൂർ

കടൽത്തീര പ്രദേശമായ പരവൂരിനോട് ചേർന്നുകിടക്കുന്ന പരവൂർ കായലും ഇടവ നടയറ-കായലും അവയുടെ തീരങ്ങളും വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് ഏറെ സാദ്ധ്യതയുള്ള സ്ഥലങ്ങളാണ്. വർക്കലബീച്ചിനോട് ചേർന്ന പരവൂർ പ്രദേശം കായൽ ടൂറിസത്തിന് അനുയോജ്യമാണ്. പരവൂരിനോടനുബന്ധിച്ച് പ്രദേശങ്ങളായ പൊഴിക്കര, പൂതക്കുളം എന്നിവ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ദേശാടനപക്ഷികളെ ധാരാളം കാണപ്പെടുന്ന പോളച്ചിറയും പ്രകൃതിഭംഗിയേറിയതാണ്.

ബീച്ചുകൾ

ജില്ലയിലെ ബീച്ചുകളായ കൊല്ലം ബീച്ച്, തിരുമുല്ലവാരം ബീച്ച് എന്നിവിടങ്ങളിൽ ധാരാളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്. കർക്കിടകവാവ് ബലി നടത്തപ്പെടുന്ന തിരുമുല്ലവാരം ബീച്ച് ഏറെ

മനോഹരവും ബീച്ച് ടൂറിസത്തിന്റെ സവിശേഷതകൾ പ്രദർശിപ്പിക്കുന്നവയുമാണ്. കൊല്ലം ബീച്ച് വർഷം മുഴുവൻ നിരവധി സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. കുളളൻ ഡോൾഫിനുകളെ കാണാൻ കഴിയുന്ന അഴീക്കൽ ബീച്ചും ഇപ്പോൾ ധാരാളമായി സന്ദർശകർ എത്തുന്ന ഒരു ബീച്ച് ആയി മാറിയിട്ടുണ്ട്. അതുപോലെതന്നെ താന്നി ലക്ഷ്മിപുരം, പരവൂർ - പൊഴിക്കര ബീച്ചുകളിലും ധാരാളമായി സന്ദർശകർ എത്തുന്നുണ്ട്.

തങ്കശ്ശേരി

ചരിത്രതാളുകളിൽ ഇടം പിടിച്ച തങ്കശ്ശേരിയിൽ പ്രാചീനകാലത്ത് നിരവധി വ്യാപാര കുതുകികൾ വ്യാപാരത്തിനായി വന്ന് ഒരു പുതു സംസ്കാരത്തിന് ജന്മം നല്കി കടന്നുപോയി. തങ്കശ്ശേരിയിൽ ചരിത്രത്തിന്റെ ബാക്കി പത്രമായി ശേഷിക്കുന്ന പ്രാചീന സൗധങ്ങൾ പട്ടണത്തിന്റെ പൂർവകാല സ്മൃതികളുണർത്തുന്നവയാണ്. തങ്കശ്ശേരിക്കോട്ട, വിളക്കുമാടം എന്നിവയെല്ലാം കോർത്തിണക്കിയുളള ഒരു പൈതൃക വിനോദസഞ്ചാര പദ്ധതി തങ്കശ്ശേരിയിൽ ആരംഭിക്കാവുന്നതാണ്.

പുനലൂർ

1877-ൽ 6 വർഷം കൊണ്ട് പണി പൂർത്തിയാക്കിയ പുനലൂരിലെ തൂക്കുപാലം അതിന്റെ നിർമ്മാണശൈലികൊണ്ട് കീർത്തികേട്ടതാണ്. കഥകളി ഉരുത്തിരിഞ്ഞ കൊട്ടാരക്കരയിലെ ഗണപതി ക്ഷേത്രം, സഞ്ചാരികളെയും തീർത്ഥാടകരെയും ഒരുപോലെ ആകർഷിക്കുന്നു.

ഇട്ടിവ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കോട്ടുക്കൽ ഗുഹാക്ഷേത്രം സവിശേഷതകളുള്ളതാണ്.

നിലവിലെ അവസ്ഥ

വിനോദസഞ്ചാരരംഗത്ത് കൊല്ലത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. കേരളത്തിന്റെ പരിച്ഛേദമാകാവുന്ന ഏതാണ്ടെല്ലാ വിനോദസഞ്ചാര ഉത്പന്നങ്ങളും കൊല്ലത്തിന് സ്വന്തമായിട്ടുണ്ട്. മനോഹരമായ കായൽത്തീരവും വിനോദസഞ്ചാരികളെ ഹഠാദാകർഷിക്കുന്ന പച്ചത്തുരുത്തുകളും നിബിഡമായ കണ്ടൽക്കാടുകൾ ഉൾപ്പെടെയുളള സസ്യജാലങ്ങളും ഇന്ത്യയിലെതന്നെ ആദ്യത്തെ എക്കോടൂറിസം സംരഭമായ തെന്മല എക്കോടൂറിസം പദ്ധതിയും, വന്യ മൃഗങ്ങളാൽ സമ്പന്നമായ ശെന്തുരുണി വന്യജീവി സങ്കേതവും പാലരുവി കുംഭാവുരുട്ടി വെള്ളച്ചാട്ടങ്ങളും എല്ലാം കൊല്ലത്തിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്. അറബിക്കടലിന്റെ തീരത്തെ പഴയ തുറമുഖ നഗരമായ കൊല്ലത്തിനും തങ്കശ്ശേരിക്കും ഇന്ത്യാചരിത്രത്തിൽ വളരെ വലിയ സ്ഥാനമാണുളളത്. ഗ്രീക്ക്, റോമൻ, അറബ്, ചൈനീസ്, പോർട്ട്ഗീസ്, ഡച്ച്, ബ്രിട്ടീഷ് സംസ്കാരങ്ങളുമായി അടുത്തിടപഴകിയിട്ടുള്ള ചരിത്രവും കൊല്ലത്തിന് സ്വന്തമായുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളുമായി വളരെ ദൃഢമായ ഒരു വ്യാപാരബന്ധം പ്രാചീനകാലം മുതൽ തന്നെ കൊല്ലത്തിനുണ്ടായിരുന്നു.

കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമായ കൊല്ലത്തിന് അതുവഴി തന്നെ വിനോദസഞ്ചാര മേഖലയിൽ ഒരു പ്രമുഖ സ്ഥാനം നേടാൻ സാധിക്കുന്നതാണ്.

വിനോദസഞ്ചാരികളുടെ സ്ഥിതിവിവരക്കണക്ക്

വിനോദസഞ്ചാരികളുടെ എണ്ണം പൊതുവിൽ രണ്ടുരീതിയിലാണ് കണക്കാക്കപ്പെടുന്നത്, വിദേശ വിനോദസഞ്ചാരികൾ എന്ന വിഭാഗവും കേരളീയരായ വിനോദസഞ്ചാരികൾ ഉൾപ്പെടെയുളള സ്വദേശി സഞ്ചാരികൾ എന്ന വിഭാഗവും. സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ കണക്കുപ്രകാരം 2016-ൽ 10,38,419 വിദേശവിനോദസഞ്ചാരികളും 1,31,72,535 സ്വദേശി സഞ്ചാരികളും കേരളം സന്ദർശിച്ചു. ഇത് വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ 2015-ലേതിനെക്കാൾ 6.23 ശതമാനവും സ്വദേശി സഞ്ചാരികളുടെ എണ്ണത്തിൽ 5.67 ശതമാനവും വർദ്ധനവ് കാണിക്കുന്നു. 2016-ൽ കൊല്ലം ജില്ലയിൽ 8520 വിദേശികളും 2,98,297 സ്വദേശികളും സന്ദർശനം നടത്തി. ജില്ലയുടെ വിനോദസഞ്ചാര സാദ്ധ്യതകൾ കണക്കിലെടുത്താൽ ഇവിടെ യെത്തിയ സഞ്ചാരികളുടെ എണ്ണം വളരെകുറവാണ്. മാത്രവുമല്ല ഇത് സംസ്ഥാന ശരാശരിയെക്കാളും വളരെ കുറവാണ്.

പട്ടിക 4.14.1

കേരളത്തിലും കൊല്ലത്തും എത്തിയ വിദേശ സഞ്ചാരികൾ (2011 – 2016)			
നം	വർഷം	കേരളം	കൊല്ലം
1	2011	732985	9317
2	2012	793696	9976
3	2013	858143	11403
4	2014	923366	12467
5	2015	977479	14100
6	2016	1038419	8520

അവലംബം.. കെ.ടി.ഡി.സി

പട്ടിക 4.14.2

കേരളത്തിലും കൊല്ലത്തും എത്തിയ സ്വദേശി സഞ്ചാരികൾ (2011 – 2016)			
നം	വർഷം	കേരളം	കൊല്ലം
1	2011	9381455	210808
2	2012	10076854	220849
3	2013	10857811	235593
4	2014	11695411	257097
5	2015	12465571	277109
6	2016	13172535	298297

അവലംബം.. കെ.ടി.ഡി.സി

ചിത്രം 4.14.1

കേരളത്തിലും കൊല്ലത്തും എത്തിയ വിദേശ സഞ്ചാരികൾ



അവലംബം.. കെ.ടി.ഡി.സി

ചിത്രം 4.14.2

കേരളത്തിലും കൊല്ലത്തും എത്തിയ സ്വദേശി സഞ്ചാരികൾ



അവലംബം. കെ.ടി.ഡി.സി

സംസ്ഥാനതലത്തിൽ കാണപ്പെടുന്നതുപോലെ വിദേശസഞ്ചാരികൾ കൂടുതലായി എത്തിച്ചേർന്നത് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലാണ്. എന്നാൽ ഫെബ്രുവരിയിൽ സംസ്ഥാനതലത്തിൽ മികച്ച കണക്കാണ് വിദേശസഞ്ചാരികളുടെ (1,41,143) വരവിൽ ഉണ്ടായിട്ടുള്ളതെങ്കിലും കൊല്ലത്തെ സംബന്ധിച്ച് ഇത് വളരെ കുറവാണ് (610) ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുമാണ്.

സ്വദേശി സഞ്ചാരികൾ സംസ്ഥാനതലത്തിലെന്നപോലെ കൊല്ലത്തും വർഷത്തിന്റെ അവസാന പാദത്തിലാണ് കൂടുതലായി എത്തിച്ചേർന്നത്. സ്കൂളുകളുടെ മദ്ധ്യവേനൽ അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിലാണ് സ്വദേശി സഞ്ചാരികൾ കൂടുതലായി കൊല്ലത്തെത്തിച്ചേർന്നതായി കാണുന്നത്. (പട്ടിക 4.14.2).

വിനോദ സഞ്ചാരരംഗത്ത് നിന്നുള്ള സംസ്ഥാനത്തിന്റെ മൊത്തം വിറ്റുവരവ് 2016 കലണ്ടർ വർഷത്തിൽ 29,659 കോടി രൂപയായിരുന്നു. ഇക്കാലയളവിൽ കൊല്ലം ജില്ലയിലെ ഈ രംഗത്തുള്ള മൊത്തം വരുമാനം 411 കോടി രൂപ ആയിരുന്നു. സംസ്ഥാന ശരാശരിയായ 2118 കോടി രൂപയെക്കാൾ വളരെ താഴ്ന്ന ഒരു വിറ്റുവരവാണ് ഇക്കാലയളവിൽ കൊല്ലത്തിനുണ്ടായത്.

പരിപ്രേക്ഷ്യം

അന്താരാഷ്ട്രതലത്തിൽ തന്നെ പ്രാധാന്യമേറിയ റംസാർ കൺവെൻഷൻ പ്രകാരം സംരക്ഷിക്കപ്പെടേണ്ടതെന്ന് അംഗീകരിക്കപ്പെട്ട രണ്ട് തണ്ണീർതടങ്ങളായ അഷ്ടമുടിയും, ശാസ്താംകോട്ട തടാകവും കൊല്ലത്തിന്റെ സ്വന്തമാണ്. തെന്മല, പുനലൂർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളും അച്ചൻകോവിൽ ഡിവിഷന്റെ ഒരു ഭാഗവും ഉൾപ്പെടുന്ന ജില്ലയിലെ വനപ്രദേശങ്ങൾ നിത്യഹരിതമായ സസ്യജാലങ്ങളാലും ജന്തുക്കളാലും അനുഗ്രഹീതമാണ്.

വരും നാളുകളിൽ കൊല്ലത്തെ അന്താരാഷ്ട്ര പ്രസിദ്ധമാക്കാൻ പാകത്തിൽ ചടയമംഗലത്തുള്ള ജടായുപാറ, ജഡായു എർത്ത് സെന്റർ എന്ന പേരിൽ ഒരു വിനോദസഞ്ചാരകേന്ദ്രമായി മാറപ്പെടുകയാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ പക്ഷിശില്പം എന്ന ഖ്യാതി ഇതിനകം തന്നെ ഇത് നേടിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും മികച്ച ഒരു പൊതു-സ്വകാര്യ സംരംഭമായി ഇത് മാറിക്കഴിഞ്ഞു. കൊല്ലത്തിന്റെ ആകമാനം ടൂറിസം വികസനത്തിനുള്ള ഒരു ചാലകശക്തിയായി വരും നാളുകളിൽ ഈ പദ്ധതി സ്ഥാനം നേടും എന്നുറപ്പാണ്.

മുൻഖണ്ഡികയിൽ പരാമർശിച്ചപോലെ കേരളത്തിന്റെ ഒരു പരിച്ഛേദമാണ് കൊല്ലം. കേരളത്തിൽ ഒരു വിനോദസഞ്ചാരിക്ക് ലഭിക്കുന്ന ഏതാണ്ടെല്ലാ ടൂറിസം ഉത്പന്നങ്ങളുടെ പ്രാതിനിധ്യം ഇവിടെ കാണാം. പ്രകൃതിസൗന്ദര്യം, പൈതൃകസ്വത്തുക്കൾ, കലാസാംസ്കാരിക ആകർഷണങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, സാഹസിക ടൂറിസം തുടങ്ങി വളരെ ശക്തമായ ടൂറിസം ഉത്പന്നങ്ങൾ കൊല്ലത്ത് ലഭ്യമാണ്. പ്രകൃതിസമ്പത്ത് അടിസ്ഥാനമായ ടൂറിസം ഉത്പന്നങ്ങളുടെ കാര്യത്തിൽ കേരളത്തിലെ മറ്റ് പ്രദേശങ്ങൾ എന്ന പോലെ കൊല്ലവും ഏറെ സമ്പന്നമാണ്. കായലുകൾ, കടൽത്തീരങ്ങൾ, വന്യജീവിസങ്കേതങ്ങൾ, നദികൾ, മനോഹരമായ എസ്റ്റേറ്റുകൾ തുടങ്ങിയവ ടൂറിസം വികസനത്തിന് ഏറെ സാദ്ധ്യതകളാണ് കൊല്ലത്തിന് സമ്മാനിക്കുന്നത്. ഉഷ്ണമേഖലയിലെ ഈർപ്പം നിറഞ്ഞ കാലാവസ്ഥയും വേനലിലെ കടുത്ത ചൂടും വർഷകാലത്തെ സമൃദ്ധമായ മഴയും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ജില്ലയിൽ ഉൾപ്പെടുന്നത്. ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നത് കൊല്ലം കോർപ്പറേഷൻ പരിധിയിലും മൺട്രോത്തുരുത്ത് പഞ്ചായത്ത്, പരവൂർ കായൽ പ്രദേശങ്ങൾ, തെന്മല ഇക്കോടൂറിസം പാലരുവി, കുംഭാവുരുട്ടി വെള്ളച്ചാട്ടങ്ങൾ എന്നിവിടങ്ങളിലാണ്.

കൊല്ലത്തിന്റെ വിനോദസഞ്ചാര സാധ്യത ഏറ്റവും കൂടുതലായുള്ളത് അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടാണ്. റംസാർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ട ഈ മനോഹരമായ തണ്ണീർത്തടത്തിന്റെ ടൂറിസം സാദ്ധ്യതകൾ നാം ഇതുവരെ കാര്യമായി ചൂഷണം ചെയ്തിട്ടില്ല. കേരളത്തിന്റെ അനുപമമായ ടൂറിസം ഉത്പന്നമായി കണക്കാക്കപ്പെടുന്ന വഞ്ചിവീട് പിറവി കൊണ്ടത് കൊല്ലത്താണെങ്കിലും നിലവിൽ കേരളത്തിന്റെ കായൽടൂറിസത്തിന്റെ അഞ്ചുശതമാനത്തിൽ താഴെമാത്രമാണ് അഷ്ടമുടിയുടെ സംഭാവന. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിലവിലെ ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരണമായി തന്ത്രങ്ങൾ ആവിഷ്കരിച്ച് വിപണനം ചെയ്യപ്പെട്ടാൽ ഇന്ന് ആലപ്പുഴയുള്ള കായൽ ടൂറിസത്തിന്റെ ഒരു വിഹിതം കൊല്ലത്തേക്ക് ആകർഷിക്കാൻ നമുക്കു കഴിയും. അഷ്ടമുടിക്കായലിന്റെ ഓരം പറ്റിയുള്ള ചവറ, തെക്കുംഭാഗം, തേവലക്കര, നീണ്ടകര, തൃക്കടവൂർ, തൃക്കരുവ, പനയം, പേരയം, പെരിനാട്, കുണ്ടറ, മൺറോതുരുത്ത്, പടിഞ്ഞാറേക്കല്ലട, കിഴക്കേകല്ലട എന്നീ ഗ്രാമപഞ്ചായത്തുകളിൽ മിക്കവയിലും ഉത്തരവാദിത്ത ടൂറിസംപദ്ധതി നടപ്പാക്കാൻ കഴിയുന്നതാണ്. ഇതുവഴി തദ്ദേശീയരെ ടൂറിസം വ്യവസായത്തിലേക്ക് ആകർഷിക്കുവാൻ സാധിച്ചാൽ അഷ്ടമുടിക്കായൽ സംരക്ഷണം അവരുടെ ഉത്തരവാദിത്തമായി മാറുന്നതും, അതുവഴി കായൽ സംരക്ഷണത്തിന് ഒരു ജനകീയമുഖം കൊണ്ടുവരാൻ കഴിയുന്നതുമാണ്. ഇതിനേറ്റവും അടിയന്തിരമായി വേണ്ടത് ഒരു Resource Mapping ആണ്. ഇത്തരത്തിൽ Resource Mapping ലൂടെ ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം വഴി തദ്ദേശീയരായ ജനവിഭാഗങ്ങളെ ഏതെല്ലാം തരത്തിൽ ഈ വ്യവസായവുമായി ബന്ധിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്താം. കയർ, മറ്റ് കരകൗശലഉത്പന്നങ്ങളുടെ നിർമ്മാണ വിപണനകേന്ദ്രങ്ങൾ, കൃഷി, കന്നുകാലി വളർത്തൽ, മത്സ്യകൃഷി, കള്ളുചെത്ത്, കലാസാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങി നിത്യജീവിതവുമായി ബന്ധമുള്ള ഒട്ടുമിക്ക പ്രവർത്തനങ്ങളും ഇത്തരത്തിൽ വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കാൻ സാധിക്കും.

പ്രധാന ലക്ഷ്യങ്ങൾ

എ. വിനോദ സഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ്

സർക്കാരിന്റെ പുതിയ വിനോദ സഞ്ചാര നയം വിഭാവനം ചെയ്യുന്നത് കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് അടുത്ത അഞ്ചു വർഷം കൊണ്ട് ഇരട്ടിയാക്കുക എന്നതാണ്. എന്നാൽ ജില്ലയിലേക്കുള്ള വിദേശസഞ്ചാരികളുടെ വരവ് നിലവിലുള്ള 8500-ൽ നിന്നും അടുത്ത 5 വർഷം കൊണ്ട് 25000 ആയി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. അതുപോലെ തന്നെ അഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം നിലവിലുള്ള മൂന്ന് ലക്ഷത്തിൽ നിന്നും ഇരട്ടിയാക്കുക എന്നുള്ളതും ലക്ഷ്യമിടുന്നു.

ബി. സന്ദർശകരുടെ സംതൃപ്തി

സന്ദർശകരാണ് വിനോദസഞ്ചാരത്തിന്റെ നട്ടെല്ല് എന്നതിനാൽ മാത്സര്യം നിറഞ്ഞ ഈ മേഖലയിൽ നിലനിൽക്കണമെങ്കിൽ ഉപഭോക്താവിന് മികച്ച സേവനവും സംതൃപ്തിയും ഉറപ്പാക്കേണ്ടതുണ്ട്.

ഇതിനായി ജില്ലയിലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ തദ്ദേശഭരണ സംവിധാനത്തിന്റെ സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഹോട്ടലുകൾ ഉൾപ്പെടെയുള്ള അനുബന്ധ സംരംഭകർ മെച്ചപ്പെട്ട സേവനങ്ങൾ ടൂറിസ്റ്റിന് ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ടൂറിസം വകുപ്പുമായി സന്നിവേശിപ്പിച്ച് പ്രവർത്തിപ്പിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പുനലൂർ, പരവൂർ മുനിസിപ്പാലിറ്റികൾ മൺട്രോത്തുരുത്ത്, പെരിനാട് ഗ്രാമപഞ്ചായത്തുകൾ, ജലസേചന വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുടങ്ങിയുള്ള സ്ഥാപനങ്ങളുമായി ചേർന്നു ഇതിനകം തന്നെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

സി. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം

കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ ടൂറിസം വ്യവസായത്തിനും പൊതുജനാരോഗ്യത്തിനും ഒരുപോലെ ഉത്കണ്ഠ ഉളവാക്കുന്ന ഒരു വിഷയമാണ്. ഇക്കാര്യത്തിൽ ടൂറിസം വകുപ്പും, സംരംഭകരും, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും, മറ്റ് സർക്കാർ വകുപ്പുകളും, സർക്കാരിതര സന്നദ്ധസംഘടനകളും ഏകോപിപ്പിച്ച് ഒരു പ്രവർത്തനം നടത്തേണ്ടത് അനിവാര്യമാണ്. ഇതിനായി കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഒപ്പം ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായുള്ള കാമ്പയിനുകൾ നടത്തേണ്ടതുണ്ട്. വിനോദസഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പര്യാപ്തമായിരിക്കും.

ഡി.സംയോജിത സാദ്ധ്യതകൾ

ജില്ലയിലെ പ്രധാന വിനോദസഞ്ചാര ആകർഷണങ്ങൾ എല്ലാംതന്നെ പ്രകൃതിയുമായി ബന്ധപ്പെട്ടവയാണ്. ഇത്തരം കേന്ദ്രങ്ങളിൽ വേണ്ടത്ര ആസൂത്രണമില്ലാതെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ടൂറിസ്റ്റുകൾക്ക് വേണ്ടത്ര പ്രയോജനം ചെയ്യാത്തവയോ പ്രകൃതിയ്ക്ക് കോട്ടം തട്ടിക്കുന്നവയോ ആണ്. ഈ പശ്ചാത്തലത്തിൽ വിനോദസഞ്ചാര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ടൂറിസം വകുപ്പ്, ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ടൂറിസം സംരംഭകർ എന്നിവയുമായി ചേർന്ന് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവയുടെ ഉൾക്കൊള്ളൽശേഷി (Carrying Capacity) മനസ്സിലാക്കി അവയുടെ സംരക്ഷണത്തിനും പരിപാലന ത്തിനുമുള്ള പ്രത്യേക നിർദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

ഇ. അഷ്ടമുടി മാസ്റ്റർ പ്ലാൻ

കൊല്ലം ജില്ലയിൽ ഏറ്റവുംകൂടുതൽ വിനോദസഞ്ചാര വികസനസാദ്ധ്യതയുള്ളത് അഷ്ടമുടി കായൽ അടിസ്ഥാനമാക്കിയാണ്. ഇത് സംബന്ധിച്ചുള്ള ഒരു സമഗ്ര മാസ്റ്റർ പ്ലാനിന്റെ കരട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലങ്ങളിൽ ചർച്ചകൾ പൂർത്തിയാക്കി ടി കരട് പ്ലാൻ സർക്കാർ അംഗീകരിച്ചതിനുശേഷം മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ഇതിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

എഫ്. സംരംഭകർക്കുള്ള വിപണന സഹായം

ജില്ലയിൽ നിന്നുള്ള ചെറുകിട ഇടത്തരം സംരംഭകർക്ക് ദേശീയ അന്തർ ദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിലേക്കായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിപണനസഹായം ലഭ്യമാക്കുന്നതിന് പരമാവധി സഹായങ്ങൾ ചെയ്യുന്നതാണ്.

പ്രധാന ദൗത്യങ്ങൾ

1. അന്താരാഷ്ട്രാ നിലവാരമുള്ള പ്രാദേശിക വിനോദസഞ്ചാര ഉത്പന്നങ്ങൾ വികസിപ്പിച്ച് ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക.
2. കൊല്ലത്തിന് കായൽ ടൂറിസത്തിന്റെ പ്രാരംഭകാലത്ത് ഉണ്ടായിരുന്ന മേൽൽക്കൈ തിരികെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.
3. അനുഭവവേദ്യമായ ഉത്പന്നങ്ങൾ കോർത്തിണക്കിയുള്ള ടൂറിസം പദ്ധതികൾ വികസിപ്പിച്ച് തദ്ദേശീയർക്ക് വിനോദസഞ്ചാരത്തിന്റെ പ്രയോജനങ്ങൾ ലഭ്യമാക്കുകയും അവരുടെ സാമ്പത്തിക ഉന്നമനത്തിന് ചാലകശക്തിയായി മാറുകയും ചെയ്യുക.

മാനവശേഷി വികസനം

വിനോദ സഞ്ചാരം എന്നത് പ്രധാനമായും ഒരു സേവന മേഖല (Service Industry) ആയതിനാൽ പരിശീലനം ലഭിച്ച ആതിഥ്യമര്യാദയുള്ള മനുഷ്യശേഷി വളരെ പ്രധാനമാണ്. മേൽ ഖണ്ഡികയിൽ വിവരിച്ച പോലെ ഇവിടം സന്ദർശിക്കുന്ന സഞ്ചാരികളുടെ സംതൃപ്തിക്ക് മികച്ച സേവനം നൽകുക എന്നത് വളരെ അനിവാര്യമാണ്. ആയതിനായി നിലവിലുള്ള ടൂറിസം തൊഴിൽശേഷി വർധിപ്പിക്കുകയും സംരംഭകരുടെ കാര്യക്ഷമത വർദ്ധനവിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ജില്ലയിലുള്ള ചെറുതും വലുതുമായ ടൂറിസം സംരംഭകരുടെ ഇടയിൽ ഒരു പ്രൊഫഷണൽ സംവിധാനം വളർത്തുന്നതിനായി ഈ പരിശീലന പരിപാടികൾ ഒരു തുടർ പ്രക്രിയയായി നിലനിർത്തുകയും ചെയ്യുക.

വിനോദസഞ്ചാര സർക്യൂട്ട്

കേരളത്തിലെ മറ്റ് പല ജില്ലകളിലും ഉള്ളതുപോലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുടെ ടൂറിസം സർക്യൂട്ടുകളിൽ ഒന്നുംതന്നെ കൊല്ലത്തെ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെട്ടു കാണുന്നില്ല. ആയതിനാൽ കൊല്ലത്ത് വന്നു താമസിച്ച് കാഴ്ചകൾ കണ്ട് മടങ്ങുന്ന വിനോദസഞ്ചാരികളുടെ എണ്ണം താരതമ്യേന കുറവാണ്. ഇതിന് ഒരു മാറ്റം ഉണ്ടാകണമെങ്കിൽ കൊല്ലത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള വ്യത്യസ്ത സഞ്ചാരപഥങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്യേണ്ടതുണ്ട്. താഴെ വിവരിക്കും പ്രകാരമുള്ള സഞ്ചാരപഥങ്ങൾ വികസിപ്പിക്കാവുന്നതാണ്.

ഗ്രാമീണ വിനോദ സഞ്ചാരപഥം

കൊല്ലത്തിന്റെ ഏറ്റവും വലിയ ആകർഷണമായി നമുക്ക് വിപണനം ചെയ്യാവുന്നത് അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടു വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമീണ ജീവിത സംസ്കാരമാണ്. ഈ പ്രദേശങ്ങളിലുള്ള കരകൗശല, ഗ്രാമീണ തൊഴിലുകളും സംസ്കാരവും, ആഘോഷങ്ങളും എല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഗ്രാമീണ വിനോദസഞ്ചാര പഥം (Rural Tourism Circuit) വികസിപ്പിക്കാവുന്നതാണ്. മത്സ്യബന്ധനം, കൃഷി, കയർ, കച്ചിപ്പട നിർമ്മാണം, തഴപ്പായ് നെയ്ത്ത് തുടങ്ങി ലഭ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു പാക്കേജ് വികസിപ്പിച്ച് വിപണനം ചെയ്താൽ അത് കൊല്ലത്തിന്റെ ഏറ്റവും മികച്ച ഒരു ടൂറിസം ഉല്പന്നമാക്കി മാറ്റാവുന്നതാണ്. അതുവഴി ഗ്രാമീണജനതയെ ഈ വ്യവസായത്തിന്റെ ഭാഗമാക്കി മാറ്റാനും സാധിക്കാവുന്നതാണ്.

സാംസ്കാരിക എക്കോടൂറിസം സർക്യൂട്ട്

തെന്മല എക്കോടൂറിസം പദ്ധതി പ്രധാന കേന്ദ്രമാക്കിക്കൊണ്ട് ജില്ലയുടെ കിഴക്കൻ പ്രദേശത്തുള്ള വനമേഖലകൾ, ജലപാതങ്ങൾ, ചെന്തുരുണി വന്യജീവി സങ്കേതം, സാംസ്കാരിക ചരിത്ര പ്രദേശങ്ങൾ, പ്ലാന്റേഷനുകൾ പ്രത്യേകിച്ച് കൊളോണിയൽ പ്ലാന്റേഷനുകൾ, എന്നിവയെ ഉൾപ്പെടുത്തിയുള്ള ഒരു സാംസ്കാരിക എക്കോടൂറിസം സർക്യൂട്ടിന് വളരെ വലിയ സാദ്ധ്യതയുണ്ട്. കൊല്ലം മുതൽ തിരുവിതാംകൂറിന്റെ ഇപ്പോഴുള്ള തമിഴ്നാട്ടിലെ പ്രദേശങ്ങൾ വരെ ഉൾപ്പെടുത്തി ഒരു Trade route പുനരുജ്ജീവിപ്പിച്ച് പ്രകൃതിക്കും

സംസ്കാരത്തിനും പ്രാധാന്യംനൽകി ഒരു സാംസ്കാരിക-എക്കോടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാം. കുടുക്കത്തു പാറ, ഇടമുളയ്ക്കലുള്ള മലമേൽ, കടയ്ക്കൽ പഞ്ചായത്തിലെ മാറ്റിടാംപാറ, വെളിയം ഗ്രാമപഞ്ചായത്തിലുള്ള മുട്ടറ - മരുതിമല, പുനലൂർ തൂക്കുപാലത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തിയുള്ള ബിസിനസ്സ് കോറിഡോർ, കോട്ടുക്കൽ ഗുഹാക്ഷേത്രം എന്നിവയെല്ലാം ഉൾ പ്പെടുത്തി വ്യത്യസ്ത അഭിരുചിയുള്ള വിനോദസഞ്ചാരികൾക്കായി വൈവിധ്യമാർന്ന അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന തരത്തിലുള്ള ടൂറിസം ഉല്പന്നങ്ങൾ ലഭ്യമാക്കി വിപണനം ചെയ്യാവുന്നതാണ്. ഇതിനായി വനംവകുപ്പ്, വിനോദസഞ്ചാരവകുപ്പ്, തെന്മല എക്കോടൂറിസം, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്തമായ ഒരു ഇടപെടൽ അനിവാര്യമാണ്. പ്രസ്തുത സർക്യൂട്ട് വികസിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നത് വരെയുള്ള പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി ഒരു ക്യൂറേറ്ററെ നിയമിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സാഹസിക വിനോദ സഞ്ചാര സർക്യൂട്ട്

വ്യത്യസ്ത അഭിരുചിയുള്ള സഞ്ചാരികളെ ആകർഷിക്കാൻ പാകത്തിലുള്ള വിനോദ സഞ്ചാര പരിപാടികൾ ഉൾപ്പെടുത്തിയുള്ള ഒരു കേന്ദ്രമായിട്ടാണ് ജഡായു എർത്ത് സെന്റർ വികസിപ്പിച്ചിട്ടുള്ളത്. ഒട്ടേറെ സാഹസിക വിനോദപരിപാടികൾ ജഡായു എർത്ത് സെന്ററിൽ ലഭ്യമാണ്. ഇത് കൂടാതെ, പരവൂർ, അഷ്ടമുടിക്കായലുകൾ കേന്ദ്രീകരിച്ച് വിവിധതരത്തിലുള്ള സാഹസിക വിനോദപരിപാടികൾക്ക് അനന്തസാധ്യത കളാണുള്ളത്. ഇതിൻമേൽ ഒരു സാധ്യതാ പഠനം നടത്തി സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ സാഹസിക വിനോദ പരിപാടികൾ വികസിപ്പിക്കാൻ സാധിക്കും. അഷ്ടമുടിയിലെയും പരവൂർ കായലിലെയും വിശാലതയും കാറ്റിന്റെ ലഭ്യതയും ഇത്തരം സാഹസിക വിനോദപരിപാടികൾക്കുള്ള ഏറ്റവും അനുകൂല ഘടകങ്ങളാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തിയാൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സാഹസിക വിനോദസഞ്ചാരകേന്ദ്രമായി കൊല്ലത്തിനെ മാറ്റാൻ സാധിക്കുന്നതാണ്.

നടന്നുകൊണ്ടിരിക്കുന്നതും ഏറ്റെടുത്തതുമായ പദ്ധതികൾ (അദ്ധ്യായം – 5 കാണുക)

മേൽത്തട്ട് നിർദേശങ്ങൾ

1. അഷ്ടമുടി കായലിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ പരമാവധി ചൂഷണം ചെയ്യുന്നതിനായി ഇത് സംബന്ധിച്ചുള്ള കരട് മാസ്റ്റർ പ്ലാൻ ചർച്ചകൾ പൂർത്തിയാക്കി സർക്കാർ തലത്തിൽ അംഗീകരിച്ചു ഘട്ടം ഘട്ടമായി നടപ്പാക്കണം.
2. ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.
3. ഉൾനാടൻ ജലഗതാഗത സർക്യൂട്ടിനു കൊല്ലത്തിന്റെ വിനോദസഞ്ചാര വികസനത്തിൽ ഒരു നിർണായക ചാലകശക്തിയാകാൻ സാധിക്കുന്നതാണ്. കോവളം, വർക്കല, ആലപ്പുഴ, തുടങ്ങിയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള ഈ ഗതാഗത മാർഗം സമയബന്ധിതമായി പൂർത്തിയാക്കിയാൽ കൊല്ലത്തിനും ഇതിന്റെ ഭാഗമാകാൻ സാധിക്കുന്നതാണ്.
4. കൊല്ലം തുറമുഖത്തിന്റെ വികസനം ഇവിടേയ്ക്ക് ക്രൂയിസ് (Cruise) ടൂറിസം കൊണ്ടുവരുന്നതിന് വളരെയേറെ സഹായകമായിരിക്കും. ആയതിനാൽ തുറമുഖ വികസനവും ഇതിന്റെ വിനോദസഞ്ചാര വിപണന സാധ്യതയും പരമാവധി ചൂഷണം ചെയ്യേണ്ടതാണ്.
5. പുതിയ വിനോദസഞ്ചാരനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പോലെ ജില്ലയിൽ ഒരു ക്രാഫ്റ്റ് വില്ലജ് സ്ഥാപിക്കുന്നതിനുള്ള നടപടി.
6. ജലസാഹസിക വിനോദസഞ്ചാരത്തിന് ജില്ലയിൽ അനന്തമായ സാദ്ധ്യതകൾ ആണുള്ളത്. ഇത് പരമാവധി ചൂഷണം ചെയ്യുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.
7. തങ്കശ്ശേരി പൈതൃക പദ്ധതി- മുസിരിസ് പോലെ വളരെയേറെ ചരിത്ര പ്രാധാന്യമുള്ള ഒരു പ്രാചീന തുറമുഖമായിരുന്ന തങ്കശ്ശേരി അന്താരാഷ്ട്ര തലത്തിൽ തന്നെ വിപണനം ചെയ്യാവുന്ന ഒന്നാണ്.

നിലവിലുള്ള ഡച്ച് കോട്ടയും, സെമിത്തേരികളും, ലൈറ്റ് ഹൗസും എല്ലാംതന്നെ സംരക്ഷിക്കുന്നതു വഴി തങ്കശ്ശേരി കൊല്ലം ടൂറിസം വികസനത്തിന്റെ ഒരു സുപ്രധാന ഘടകമായി മാറും.

8. കൊല്ലത്ത് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുക — കൊല്ലത്തിന്റെ പൈതൃകം സന്ദർശകർക്ക് പകർന്നു നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു മ്യൂസിയത്തിന്റെ അഭാവമുണ്ട്. ആയതിനാൽ ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ഹെലി ടാക്സി സർവീസ് — കേരളത്തിലെ മറ്റു പ്രധാന ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു കൊല്ലത്തേക്ക് ഒരു ഹെലി ടാക്സി സർവീസ് ആരംഭിക്കാവുന്നതാണ്. നിലവിൽത്തന്നെ ഇതിനുള്ള അടിസ്ഥാന സൗകര്യം ആശ്രാമം മൈതാനത്തു ലഭ്യമാണ്.

10. സീപ്ലെയിൻ പദ്ധതി — കൊല്ലത്ത് വിനോദസഞ്ചാര വികസത്തിന് ഏറെ ഉണർവ് നല്കാൻ സാധിക്കുന്ന സീപ്ലെയിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ വിവക്ഷിച്ചിരിക്കുന്ന നികുതി അവധി വിനോദ സഞ്ചാരത്തിൽ പിന്നോക്കം നിൽക്കുന്ന കൊല്ലം ജില്ലക്കും ബാധകമാക്കുക. അതുവഴി സാഹസിക ടൂറിസം ഉൾപ്പെടെ വൻ മുതൽമുടക്കുള്ള സംരംഭങ്ങൾ കൊല്ലത്തേക്ക് ആകർഷിക്കാൻ സാധിക്കുന്നതാണ്.

കീഴ്ക്കൂട്ട് നിർദേശങ്ങൾ

1. നമ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രകൃതിക്കിണങ്ങുന്ന സഞ്ചാരി സൗഹൃദ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ അനുവദിക്കാവൂ. ഇതിനു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

2. ഉത്തരവാദിത്വ ടൂറിസമാണ് സംസ്ഥാന സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിന്റെ കാതൽ. അതിനനുസരണമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതതു പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രത്യേകശ്രദ്ധ വിനോദസഞ്ചാര വികസനത്തിൽ ഉണ്ടാകേണ്ടതാണ്.

3. ജലസ്രോതസ്സുകളാണ് ജില്ലയിലെ വിനോദസഞ്ചാര വികസനത്തിനുള്ള ഏറ്റവും പ്രധാന ഘടകം. ഇവ മലിനപ്പെടാതെ സംരക്ഷിക്കപ്പെടണം. പ്ലാസ്റ്റിക്കും മറ്റു ഖര-ദ്രവ മാലിന്യങ്ങളും ഈ ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും കഴിയണം.

4. കായലും മറ്റ് തണ്ണീർത്തടങ്ങളുമാണ് തങ്ങളുടെ ജീവനോപാധിക്ക് ഏറ്റവും അവശ്യം വേണ്ട പ്രകൃതി സമ്പത്തെന്നുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത്, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വായനശാലകൾ ഉൾപ്പെടെയുള്ള സാംസ്കാരിക സംഘടനകൾ തുടങ്ങിയവയ്ക്ക് നിർണായകമായ സ്വാധീനം ചെലുത്താൻ സാധിക്കും. നഴ്സറി തലം മുതൽ തന്നെ കുട്ടികളിൽ ഇത്തരം പ്രകൃതി സമ്പത്ത് നില നിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കേണ്ടതാണ്. ആയതിനായി അദ്ധ്യാപകർക്കും കുട്ടികളുമായി ഇടപഴകുന്ന മറ്റ് വിഭാഗങ്ങൾക്കും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് അഭികാമ്യമായിരിക്കും.

5. കൊല്ലം - ആലപ്പുഴ ജലയാത്രയായിരുന്നു കൊല്ലത്തക്ക് വിനോദസഞ്ചാരികളെ എത്തിച്ചിരുന്ന ഒരു പൊതു ടൂറിസം ഉത്പന്നം. കൊല്ലം ആലപ്പുഴ ഡി.റ്റി.പി.സികളും സ്വകാര്യ സംരംഭകരും മികച്ച നിലയിൽ നടത്തിവന്നിരുന്ന ഈ ജലയാത്ര ഇപ്പോൾ ഒക്ടോബർ മുതൽ മാർച്ച് വരെ

മാസങ്ങളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രമേ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നുള്ളൂ. മുൻകാലങ്ങളിൽ പ്രധാനപ്പെട്ട ടൂറിസം ഗൈഡുകളിൽ പരാമർശിക്കപ്പെട്ട ഈ ജലയാത്ര കൃത്യമായി നടത്തപ്പെടുന്ന ഒന്നായി മാറേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ഡി.റ്റി.പി.സിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട് .

6. തോട്ടം മേഖല, കൃഷിയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഫാം ടൂറിസം നടപ്പാക്കാവുന്നതാണ്. ഓയിൽപാം ഇന്ത്യയുടെ എണ്ണപ്പന തോട്ടവും, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കുരിയോട്ടുമല ഡയറിഫാം, മറ്റു സ്വകാര്യസംരംഭങ്ങൾ തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

7. മുട്ടറ – മരുതിമല, മാറ്റിടാം പാറ, മലമേൽ തുടങ്ങിയുള്ള പ്രദേശങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റു ഏജൻസികളുടെയും സഹകരണത്തോടെ ലഘുസാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുക. ഈ പ്രദേശങ്ങൾ പ്രധാനമായും തദ്ദേശീയരായ സന്ദർശകർക്കു അനുഭവവേദ്യമാക്കുന്ന തരത്തിൽ വികസിപ്പിക്കുക.

8. ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള സൂചനാ ബോർഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുക്കാവുന്നതാണ്.

9. വഴിവാണിഭക്കാർ, റെസ്റ്റോറന്റുകൾ തുടങ്ങിയവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടങ്ങിയുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പരിശീലന പരിപാടികളും, മേൽനോട്ട സംവിധാനവും നടപ്പാക്കാവുന്നതാണ്.

10. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ നടത്തിപ്പും സംരക്ഷണവും സംബന്ധിച്ച് കുടുംബശ്രീ മിഷന്റെ ഊർജ്ജിത പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്

ഉപസംഹാരം

പ്രമുഖ ടൂർ ഓപ്പറേറ്റർമാരുടെ വിനോദസഞ്ചാര പാക്കേജുകളിൽ ഒന്നുംതന്നെ കൊല്ലം ഇടം പിടിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ ന്യൂനത. മൺറോതുരുത്തിലും പരിസരപ്രദേശങ്ങളിലും വന്നു താമസിക്കുന്ന ബഡ്ജറ്റ് ടൂറിസ്റ്റുകളും നഗരത്തിലെ പ്രമുഖ ഹോട്ടലുകളിലും റിസോർട്ടുകളിലും നടക്കുന്ന കൺവെൻഷനുകളും കോൺഫറൻസുകളും മറ്റും മാറ്റി നിർത്തിയാൽ രാത്രി തങ്ങുന്നതിനായുള്ള ആകർഷണങ്ങൾ കുറവായതിനാലാണ് ഇത്തരത്തിൽ ടൂർ പാക്കേജുകളിൽ ഇടം പിടിക്കാൻ കൊല്ലത്തിന് സാധിക്കാത്തത്. തെന്മല ഇക്കോടൂറിസവും പാലരുവിയും മറ്റും ഇപ്പോഴും എസ്കർഷൻ കേന്ദ്രങ്ങളായി തന്നെ തുടരുകയാണ്. ഇതിനു മാറ്റമുണ്ടാകണമെങ്കിൽ കൊല്ലത്ത് കുറഞ്ഞത് രണ്ടു ദിവസമെങ്കിലും താമസിച്ചുകാണുന്നതിനും ജില്ലയുടെ കിഴക്കൻ മേഖലയിൽ താമസിക്കുന്നതിനും ആസ്വദിക്കുന്നതിനും ഗുണനിലവാരമുള്ള വിനോദസഞ്ചാര ഉത്പന്നങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്യുക എന്നുള്ളതാണ്. ജഡായു എർത്ത് സെന്റർ പ്രവർത്തന ക്ഷമമാകുന്നതോടു കൂടി ഇതിന് ഒരു മാറ്റം വരുന്നതാണ്. ഒപ്പം അഷ്ടമുടിക്കായൽ കേന്ദ്രീകരിച്ച് കായലിന്റെ സമീപ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഗ്രാമീണ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ച് പ്രാവർത്തികമാക്കിയാൽ, കൊല്ലത്ത് പകൽ സമയത്ത് മാത്രം വന്നുപോകുന്ന വിനോദസഞ്ചാരികൾ ഒന്നോ രണ്ടോ ദിവസം ഇവിടെ താമസിച്ച് പോകുന്ന തരത്തിൽ ഒരു മാറ്റം കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഒപ്പം ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റുമാർ, ട്രാവൽ റൈറ്റർമാർ, ബ്ലോഗർമാർ, തുടങ്ങിയവരെ കൊല്ലത്തുകൊണ്ടുവന്ന് ഇവിടെ ലഭ്യമായ ഉത്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള നിരന്തരമായ ഒരു ശ്രമം ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം തന്നെ കൊല്ലത്തിന്റെ തനതുത്സവങ്ങളും ആഘോഷങ്ങളും ഉൾപ്പെടുത്തിയുള്ള ഒരു ഫെസ്റ്റിവൽ കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും ഈ ഉത്സവങ്ങളും ആഘോഷങ്ങളും വിപണനം ചെയ്യുന്നതും ഇവിടേയ്ക്കുള്ള സഞ്ചാരികളുടെ വരവിനെ സ്വാധീനിക്കുന്നതാണ്.

കായലോര ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി ഹോംസ്റ്റേകളും സർവീസ് വില്ലകളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസം ഉത്പന്നമായി മികച്ച രീതിയിൽ നടത്തപ്പെടുന്ന ഹോംസ്റ്റേകൾക്കും സർവീസ് വില്ലകൾക്കും നിദാനമാകാൻ കഴിയും. ഇതുവഴി നാട്ടുകാരെ ഈ വ്യവസായത്തിന്റെ ഒരു പ്രധാനകണ്ണിയാക്കി മാറ്റാൻ സാധിക്കുന്നതുമാണ്. മാറുന്ന അഭിരുചികൾക്കനുസരിച്ച പുതിയ വിനോദസഞ്ചാര ഉല്പന്നങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. കൊല്ലത്തിന്റെ തനതായ സാംസ്കാരിക പൈതൃകം അടിസ്ഥാനമാക്കി പ്രകൃതിയ്ക്ക് കോട്ടം തട്ടാതെയുള്ള ഒരു വിനോദസഞ്ചാര പദ്ധതി രൂപപ്പെടുത്തി പ്രചരിപ്പിച്ചാൽ കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ ഒരു ഗണ്യമായ ഓഹരി ഇവിടേയ്ക്കാകർഷിക്കാൻ നമുക്ക് സാധിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

4.15 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.15.1 പട്ടികജാതി വിഭാഗം

ആമുഖം

കായലും കടലും മലനിരകളും പള്ളികളും ക്ഷേത്രങ്ങളും കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ കൊല്ലം ജില്ല. കിഴക്ക് സഹ്യന്റെ സാമീപ്യവും പടിഞ്ഞാറ് അറബി ക്കടലിന്റെ സാന്നിധ്യവും ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും ഇവിടത്തെ ജീവിത രീതിയെയും സംസ്കാരത്തെയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

പട്ടികജാതി വിഭാഗത്തിന് ഭൂമി കൈവശം വെക്കുവാനുള്ള അവകാശം നിഷേധിക്കുന്ന ഒരു കാലഘട്ടത്തിൽ ജില്ലയിലെ കാർഷികാഭിവൃദ്ധിക്ക് നിസ്തുലമായ സംഭാവനകൾ നൽകിയിരുന്നവരാണ് പട്ടിക ജാതി ജന വിഭാഗം. എന്നാൽ അവരുടെ ആത്മാർത്ഥമായ പ്രയത്നത്തിന്റെ ഫലം ആസ്വദിക്കുവാൻ അന്നത്തെ സാമൂഹിക വ്യവസ്ഥിതി അവരെ അനുവദിച്ചിരുന്നില്ല. കശുവണ്ടി വ്യവസായം കൊല്ലം ജില്ലയുടെ തനത് വ്യവസായമായി കരുതപ്പെടുന്നു. ഈ മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും പട്ടികജാതി മേഖലയിൽ നിന്നായിരുന്നു. ഈ മേഖലയിലെ വളർച്ചക്കൊപ്പം സമ്പദ്സമൃദ്ധമായ ഒരു ഭൂതകാലം കൊല്ലം ജില്ലയിൽ പട്ടികജാതി വിഭാഗത്തിനുണ്ടായിരുന്നുവെങ്കിലും വർത്തമാന കാലത്തിൽ ഭൂരിപക്ഷം പേരും മറ്റ് സ്ഥലങ്ങളിലേക്ക് പറിച്ചു നടപ്പെട്ടതും കശുവണ്ടി മേഖലയുടെ അപചയവും മേഖലയിലെ തൊഴിൽ നഷ്ടവും ജില്ലയിൽ ഈ വിഭാഗത്തിന്റെ അടിത്തറയിളക്കി എന്ന് പറയാം. നിലവിൽ ഭൂരിപക്ഷം പേരും നിർമ്മാണ ജോലികളിലും കാർഷിക-തോട്ടം-തൊഴിലുറപ്പ് മേഖലയിലെ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരാണ്.

കേരളത്തിൽ നില നിന്നിരുന്ന സവർണ്ണ മേധാവിത്വം, തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹിക ദുരവസ്ഥ കൾക്കെതിരെ മഹാത്മാഗാന്ധി, അയ്യങ്കാളി എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമര മുറകളുടെ ഭാഗമായി കൊല്ലം ജില്ലയിലും പല സാമൂഹിക പുരോഗമനങ്ങൾ അക്കാലത്ത് നടന്നിട്ടുണ്ട്. പൊതു നിരത്ത് നിഷേധിക്കുക, വിദ്യാഭ്യാസം നിഷേധിക്കുക, ക്ഷേത്ര വിലക്ക്, സ്വർണ്ണാഭരണ വിലക്ക് എന്നീ ദുരാചാര ങ്ങൾക്കെതിരായി കൊല്ലം ജില്ലയിൽ പെരിനാട് പഞ്ചായത്തിൽ ചെറുമൂട് എന്ന സ്ഥലത്ത് അയ്യങ്കാളിയുടെ നേതൃത്വത്തിൽ 1915 ഡിസംബർ ഇരുപത്തിയൊന്നാം തീയതി അടിമത്വത്തിന്റെ അടയാളമായ കല്ലുമാല വലിച്ചെറിഞ്ഞു കൊണ്ട് ദളിതർ നടത്തിയ കല്ലുമാല സമരവും 1935-ൽ ഉളിയക്കോവിലിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 100 ഓളം ദളിത് കുടുംബങ്ങൾക്കായി സ്ഥാപിച്ച ഗാന്ധി കിണറും ഈ മേഖലയിലെ ആവേശകരമായ മുന്നേറ്റ ങ്ങളാണ്.

നിലവിലുള്ള അവസ്ഥാ വിശകലനം

കൊല്ലം ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ നിലവിലുള്ള സാമൂഹികവും അവസ്ഥാപരവുമായ വിശകലനം പുതിയ പദ്ധതി രൂപീകരണത്തിന് അത്യന്താപേക്ഷിതമാണ് സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ പട്ടികയിൽ 53 എണ്ണം ഉണ്ടെങ്കിലും ജില്ലയിൽ 24 വിഭാഗങ്ങൾ മാത്രമേ അതിവസിക്കുന്നുള്ളൂ. ഇവരിൽ കൂടുതലായുള്ളവർ കുറവ, പുലയ, തണ്ടാൻ, പറയർ എന്നിവരാണ്. വേടർ, നായാടി എന്നിങ്ങനെ ഏറ്റവും ദുർബല വിഭാഗത്തിൽ പെടുന്നവരും ഇതിൽ പെടുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പട്ടികജാതി വിഭാഗത്തെ മാറ്റി നിർത്തുന്ന പ്രവണത കൊല്ലം ജില്ലയിൽ ഇല്ല എന്നു പറയാം. സർക്കാർ, സ്വകാര്യ പൊതു മേഖല എന്നിങ്ങനെ എല്ലാ തൊഴിൽ മേഖലയിലും പ്രാതിനിധ്യം പട്ടികജാതി വിഭാഗ ക്കാർക്കുണ്ട് എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും അപര്യാപ്തതകൾ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ പട്ടികാതി വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്നത് കിഴക്കൻ മല പ്രദേശങ്ങളായ ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ എന്നിവിടങ്ങളിലും നദീതട പ്രദേശങ്ങളായ ചിറ്റുമല, ശാസ്താംകോട്ട, ഇത്തിക്കര എന്നിവിടങ്ങളിലുമാണ്.

അധിവാസ സവിശേഷതകൾ

ജില്ലയിലെ പട്ടികജാതി വിഭാഗക്കാരിൽ 65% വും വസിക്കുന്നത് പട്ടികജാതി കോളനികളിലാണ്. ജില്ലയിൽ ആകെ 2844 കോളനികൾ നിലവിലുണ്ട്. ഏറ്റവും കൂടുതൽ കോളനികൾ വെട്ടിക്കവല ഗ്രാമപഞ്ചായത്തിലാണ് - 81 എണ്ണം, കുറവ് ആലപ്പാട് പഞ്ചായത്തിലും - 3 എണ്ണം. ആകെയുള്ള 4 മുനിസിപ്പാലിറ്റികളിൽ പരവൂർ - 42, പുനലൂർ - 36, കരുനാഗപ്പള്ളി - 31, കൊട്ടാരക്കര - 52 എന്നിങ്ങനെയും കൊല്ലം നഗരസഭയിൽ 153 ഉം കോളനികൾ നിലവിലുണ്ട്. കോളനികളിൽ ആകെയുള്ള കുടുംബങ്ങളുടെ എണ്ണം - 39382, ഒറ്റപ്പെട്ട കുടുംബങ്ങൾ- 21337, ആകെ 60719. കോളനികളിലെ ആകെ ജനസംഖ്യ 212773 ഉം ഒറ്റപ്പെട്ടു വസിക്കുന്നവർ 115490 ഉം ആണ്.

2009-10 വർഷത്തിൽ വകുപ്പ് നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം ജില്ലയിലെ ജനസംഖ്യ ബ്ലോക്കുകൾ, സങ്കേതങ്ങൾ, കുടുംബങ്ങൾ എന്നിവ അനുസരിച്ച് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.15.1.1

ജില്ലയിലെ പട്ടികജാതി വിഭാഗ ജനസംഖ്യ

ബ്ലോക്ക്	സങ്കേതങ്ങളുടെ എണ്ണം	കുടുംബങ്ങൾ (സങ്കേതങ്ങളിൽ ഒറ്റപ്പെട്ടത്)		പുരുഷൻ	സ്ത്രീ	ആകെ
ഓച്ചിറ	135	സങ്കേതങ്ങളിൽ	1457	2808	2945	5753
		ഒറ്റപ്പെട്ടത്	2540	5126	5451	10577
		ആകെ	3997	7934	8396	16330
ശാസ്താംകോട്ട	321	സങ്കേതങ്ങളിൽ	4684	9378	9489	18867
		ഒറ്റപ്പെട്ടത്	2808	5476	5706	11182
		ആകെ	7492	14854	15195	30049
വെട്ടിക്കവല	358	സങ്കേതങ്ങളിൽ	4965	9837	10316	20153
		ഒറ്റപ്പെട്ടത്	1372	2629	2784	5413
		ആകെ	6337	12466	13100	25566
പത്തനാപുരം	218	സങ്കേതങ്ങളിൽ	3187	5995	6518	12513
		ഒറ്റപ്പെട്ടത്	1352	2557	2756	5313
		ആകെ	4539	8552	9274	17826
അഞ്ചൽ	244	സങ്കേതങ്ങളിൽ	3630	6678	7313	13991
		ഒറ്റപ്പെട്ടത്	1766	3270	3580	6850
		ആകെ	5396	9948	10893	20841
കൊട്ടാരക്കര	221	സങ്കേതങ്ങളിൽ	3192	6209	6761	12970
		ഒറ്റപ്പെട്ടത്	669	1332	1400	2732
		ആകെ	3861	7541	8161	15702
ചിറ്റുമല	204	സങ്കേതങ്ങളിൽ	2519	5293	5569	10862
		ഒറ്റപ്പെട്ടത്	2526	5076	5328	10404
		ആകെ	5045	10369	10897	21266
ചവറ	114	സങ്കേതങ്ങളിൽ	1040	2150	2244	4394
		ഒറ്റപ്പെട്ടത്	2034	4179	4294	8473
		ആകെ	3074	6329	6538	12867
മുഖത്തല	193	സങ്കേതങ്ങളിൽ	2656	5558	5935	11493
		ഒറ്റപ്പെട്ടത്	1388	2868	3093	5961
		ആകെ	4044	8426	9028	17454
ഇത്തിക്കര	200	സങ്കേതങ്ങളിൽ	2707	6531	6000	11631

		ഒറ്റപ്പെട്ടത്	1169	2367	2557	4924
		ആകെ	3876	7998	8557	16555
ചടയമംഗലം	322	സങ്കേതങ്ങളിൽ	4399	8066	8862	16928
		ഒറ്റപ്പെട്ടത്	1341	2450	2845	5295
		ആകെ	5740	10516	11707	22223
പരവൂർ മുനിസിപ്പാലിറ്റി	42	സങ്കേതങ്ങളിൽ	558	1201	1272	2473
		ഒറ്റപ്പെട്ടത്	349	729	776	1505
		ആകെ	907	1930	2048	3978
പുനലൂർ മുനിസിപ്പാലിറ്റി	36	സങ്കേതങ്ങളിൽ	503	872	952	1824
		ഒറ്റപ്പെട്ടത്	414	723	827	1550
		ആകെ	917	1595	1779	3374
കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	31	സങ്കേതങ്ങളിൽ	312	663	705	1368
		ഒറ്റപ്പെട്ടത്	489	1123	1100	2223
		ആകെ	801	1786	1805	3591
കൊട്ടാരക്കര മുനിസിപ്പാലിറ്റി	52	സങ്കേതങ്ങളിൽ	607	1207	1319	2526
		ഒറ്റപ്പെട്ടത്	114	221	257	478
		ആകെ	721	1428	1576	3004
കൊല്ലം കോർപ്പറേഷൻ	153	സങ്കേതങ്ങളിൽ	2166	4528	4662	9190
		ഒറ്റപ്പെട്ടത്	556	1125	1178	2303
		ആകെ	2772	5653	5840	11493
ജില്ലആകെ	2844	സങ്കേതങ്ങളിൽ	38582	76074	80862	156936
		ഒറ്റപ്പെട്ടത്	20887	41251	43932	85183
		ആകെ	59469	117325	124794	242119

അവലംബം. പട്ടികജാതി വികസന വകുപ്പ്

ജനസംഖ്യാ വിശകലനം

2001 ലെ സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി ജനസംഖ്യ (പുരുഷൻ-156860, സ്ത്രീ-166007) 322867 ആയിരുന്നു. 2011 ആയപ്പോഴേക്കും (പുരുഷൻ-157801 സ്ത്രീ-170462) ആകെ 328263 എന്ന നിലയിൽ വർദ്ധിച്ചു. ഇത് കൊല്ലം ജില്ലയിൽ ആകെ ജനസംഖ്യയുടെ 12.46% വരും. പട്ടികജാതി ജനസംഖ്യയിൽ ഈ കാലയളവിൽ 1.7% വർദ്ധനവുള്ളതായി കാണാം

ജില്ലയിലെ പട്ടികജാതി ജനസംഖ്യ സമുദായം തിരിച്ച്

2011 ലെ കണക്കുകൾ പ്രകാരം ജില്ലയിലെ പ്രധാനപ്പെട്ട 6 പട്ടികജാതി വിഭാഗക്കാരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

കുറവൻ/സിദ്ധനർ	സ്ത്രീ-59085,	പുരുഷൻ- 53044	ആകെ 112129
പുലയ/ചേരമർ	സ്ത്രീ-48385,	പുരുഷൻ- 45407	ആകെ 93792
തണ്ടാൻ	- 53121		
പറയൻ/സാമ്പവ	- 20885		
വേടൻ	- 11873		

മണ്ണാൻ/ പെരുവണ്ണാൻ/വണ്ണാൻ ഈ വിഭാഗത്തിൽ - 12165

ഇവരിൽ ഭൂരിഭാഗവും അധിവസിക്കുന്നത് ഗ്രാമ പ്രദേശങ്ങളിലാണ്. എന്നാൽ തണ്ടാൻ വിഭാഗത്തിൽ 68.18% പേരും നഗര പ്രദേശങ്ങളിൽ താമസിക്കുന്നു. 2011 ലെ കണക്കനുസരിച്ച് പട്ടികജാതി വിഭാഗത്തിലെ സ്ത്രീ-പുരുഷാനുപാതം 1080 ആണ്. ഇത് സംസ്ഥാനാനുപാതമായ 1084 ന്റെ അടുത്ത് നിൽക്കുന്നു.

പട്ടികജാതി വിഭാഗത്തിന്റെ കൊല്ലം ജില്ലയിലെ സാക്ഷരതാ നിരക്ക് പുരുഷൻമാരിൽ 92.5 ശതമാനവും സ്ത്രീകളിൽ 84.8 ശതമാനവും ആണ് ഈ നിരക്ക് ഗ്രാമ-നഗരങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ വിഭാഗത്തിൽ 43.98 ശതമാനം പേർ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നു. ഇവരിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. പുനലൂർ താലൂക്കിലെ വാളക്കോട് വില്ലേജിലാണ് ഏറ്റവും കുറച്ച് പട്ടിക ജാതിക്കാർ ഉള്ളത്.

സാക്ഷരത - വിദ്യാഭ്യാസം - തൊഴിൽ

2011 ലെ സെൻസസ് അനുസരിച്ച് പട്ടിക ജാതി മേഖലയിലെ സാക്ഷരത സംസ്ഥാനത്ത് 88.7 ശതമാനം ആണ്. കൊല്ലം ജില്ലയിലെ സാക്ഷരതാനിരക്ക് 89.8 ശതമാനം ആണ്. ബ്ലോക്ക് അടിസ്ഥാനത്തിൽ സാക്ഷരതാ നിരക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ഓച്ചിറ ബ്ലോക്കിലും (91.59%) കുറവ് അഞ്ചൽ ബ്ലോക്കിലുമാണ് (84.15%). പട്ടികജാതി വിഭാഗത്തിൽ ജില്ലയിൽ ആകെ 9421 പുരുഷൻമാരും 13416 സ്ത്രീകളും നിരക്ഷരർ ആണെന്ന് കണക്കുകൾ കാണിക്കുന്നു. 2016-17-ൽ കൊല്ലം ജില്ലയിൽ ഹയർ സെക്കന്ററി തലം മുതൽ പ്രൊഫഷണൽ തലംവരെ പഠിക്കുന്ന പട്ടികജാതി വിഭാഗം കുട്ടികളുടെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.15.1.2

ഹയർ സെക്കന്ററി തലം മുതൽ പ്രൊഫഷണൽ തലം വരെ 2016-17 ൽ പഠിച്ചിരുന്ന പട്ടികജാതി വിഭാഗം കുട്ടികളുടെ വിവരങ്ങൾ

ക്രമനം	കോഴ്സ്	വിദ്യാർത്ഥികളുടെഎണ്ണം
1	ബി.എ.എംഎസ്	10
2	ബി.എഡ് & എം.എഡ്	158
3	ബി.ഡി.എസ് & എം.ഡി.എസ്	17
4	ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ്, പി.ബി നഴ്സിംഗ്	126
5	ഡിഗ്രി (ബി.എ, ബി.എസ്.സി, ബികോം)	3429
6	പി.ജികോഴ്സ്	262
7	പി.എച്ച്.ഡി	4
8	ഡിപ്ലോമ	12
9	ഡിപ്ലോമഇൻ ജി.എൻ.എം	235
10	എഞ്ചിനീയറിംഗ്(ബി.ടെക്, എം.ടെക്) &ബി.ആർക്ക്	506
11	ഫുഡ്ക്രാഫ്റ്റ്കോഴ്സ്	14
12	എച്ച്.ഡി.സി	15
13	ഹയർ സെക്കന്ററി	7433
14	ജെ.ഡി.സി	57
15	എൽ.എൽ.ബി (3 വർഷം)& (5 വർഷം)	28
16	എം.ബി.എ	15
17	എം.ബി.ബി.എസ്	48
18	പാരാമെഡിക്കൽസ്	24
19	പോളിടെക്നിക്ക്	399
20	റ്റി.റ്റി.സി	194
21	വൊക്കേഷണൽ ഹയർ സെക്കന്ററി	933
	ആകെ	13880

അവലംബം പട്ടികജാതി വികസന വകുപ്പ്

2015-16 വർഷത്തിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 46207 കുട്ടികളിൽ 67 പേർ പഠനം ഉപേക്ഷിച്ചു പോയിട്ടുണ്ട്. ദാരിദ്ര്യം, സാമ്പത്തിക പരാധീനത, അകലെയുള്ള പഠനസ്ഥാപനം, ദുർഘട യാത്ര, തോൽവി, അന്യതാ ബോധം എന്നിവയാണ് പഠനം ഉപേക്ഷിക്കുവാനുള്ള കാരണം. പുരുഷൻമാരിൽ 58.07% പേരും സ്ത്രീകളിൽ 30.94% പേരും തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. സ്ത്രീകളിൽ ഭൂരിഭാഗവും നാമമാത്രമോ അസ്ഥിരമോ ആയ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഭൂരിഭാഗവും കാർഷിക മേഖലയിലെ തൊഴിലാളികളാണ്. കുറച്ചുപേർ നിർമ്മാണ മേഖലയിലും പ്രവർത്തിക്കുന്നു.

സമൂഹത്തിലെ എല്ലാ തൊഴിൽ മേഖലയിലും ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പ്രവർത്തിക്കുന്നു. 2009-10 ലെ കണക്കനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നീ വിഭാഗത്തിൽ 4339 പേർ സ്ഥിരം തൊഴിലിലും 13007 പേർ താൽക്കാലിക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നു. മത്സ്യബന്ധനം, മത്സ്യവിപണനം, മൃഗപരിപാലനം, കാർഷികമേഖല, പരമ്പരാഗത മേഖല എന്നിവിടങ്ങളിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഏകദേശം 2337 പേർ ഉണ്ട്. 1551-ഓളം പേർ ഇതര സ്വയം തൊഴിലിലുകളിലും ഏർപ്പെട്ടിരിക്കുന്നു. എന്നാൽ ഏറ്റവും കൂടുതൽ പേർ കൂലിപ്പണി എടുക്കുന്നവരാണ്. കാർഷിക മേഖലയിലും, കാർഷികേതര മേഖലയിലുമായി ഏകദേശം 7000 പേർ ഇതിൽപ്പെടുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ 2000 പേരും ബാക്കി ഉള്ളവർ പരമ്പരാഗത മേഖല ഉൾപ്പെടെ മറ്റ് മേഖലകളിലും തൊഴിലെടുക്കുന്നു.

സങ്കേതങ്ങളിലും ഒറ്റപ്പെട്ട നിലയിലും താമസിക്കുന്നവരുടെ തൊഴിൽ നിലവാരം ഏറെക്കുറെ തുല്യമാണ് എങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവരിൽ കൂടുതലും സങ്കേത വാസികളാണ്. തൊഴിൽ ചെയ്യുന്നവരെ സമുദായാടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജനസംഖ്യാനുപാതികമായി വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം പരിശോധിച്ചാൽ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങി ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ളവർ തുലോം കുറവാണ്. അതിനാൽ കൂടുതൽ പേരും പ്രത്യേക വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്ന് മനസ്സിലാക്കാം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഈ മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ സജീവ സാന്നിധ്യം കാണാവുന്നതാണ്.

ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ ഏകദേശം 66 പേർ വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ 90% പേരും അധിവസിക്കുന്നത് കോർപ്പറേഷൻ പരിധിയിലാണ്. ഇവരിൽ ഭൂരിപക്ഷവും ചക്ലിയർ വിഭാഗത്തിൽപ്പെട്ടവരാണ്. 2009-10-ലെ കണക്കനുസരിച്ച് 15-60 വയസ്സ് പരിധിയുള്ളവരിൽ 72935 പേർ തൊഴിൽ രഹിതരാണ്. ഇതിൽ 14493 പേർ എസ്.എസ്.എൽ.സി ജയിച്ചവരും 10024 പേർ പ്ലസ് ടു ജയിച്ചവരും 2365 പേർ ബിരുദധാരികളും 417 പേർ ബിരുദാനന്തര ബിരുദധാരികളും 65 പേർ എഞ്ചിനീയറിംഗ് ബിരുദധാരികളും 128 പേർ മറ്റ് പ്രൊഫഷണൽ ബിരുദം നേടിയവരുമാണ്. ബാക്കിയുള്ളവരിൽ 762 പേർ ഡിപ്ലോമ കോഴ്സ് ജയിച്ചവരും ശേഷിക്കുന്നവർ നിരക്ഷരരോ നവസാക്ഷരരോ പ്രൈമറി, സെക്കന്ററി തലത്തിൽ പഠിച്ചിട്ടുള്ളവരോ ആണ്. കൊല്ലം ജില്ലയിൽ 2017 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 2050 വിദ്യാർത്ഥികളിൽ 55 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് 2.68% ആണ്.

പട്ടിക 4.15.1.3

ഒന്നു മുതൽ 10 വരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ജാതി തിരിച്ച്

ക്രമനം	തൊഴിൽ ചെയ്യുന്നവരുടെ വിദ്യാഭ്യാസം	സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ടു താമസിക്കുന്നവർ			ആകെ		
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	നിരക്ഷരർ	1571	2308	3879	545	751	1296	2116	3059	5175
2	നവസാക്ഷരർ	59	106	165	14	33	47	73	139	212
3	പ്രൈമറിതലം	10685	8640	19325	5056	3119	8175	15741	11759	27500

4	സെക്കന്ററി തലം	19034	9271	28305	8202	2819	11021	27236	12090	39326
5	എസ്.എസ്.എൽ. സി ജയിച്ച	5409	2444	7853	5040	1640	6680	10449	4084	14533
6	പ്രീഡിഗ്രി/പ്ലസ് ടു ജയിച്ച	1548	665	2213	1210	366	1576	2758	1031	3789
7	ബിരുദം	535	271	806	537	227	764	1072	498	1570
8	ബിരുദാനന്തര ബിരുദം	110	97	207	90	66	156	200	163	363
9	എഞ്ചിനീയറിംഗ് (ബിരുദം)	28	12	40	23	5	28	51	17	68
10	എഞ്ചിനീയറിംഗ് (സർട്ടിഫിക്കറ്റ്/ഡിപ്ലോമ)	35	25	60	17	4	21	52	29	81
11	മെഡിസിൻ ബിരുദം	11	6	17	3	2	5	14	8	22
12	മറ്റ്പ്രൊഫഷണൽ ബിരുദം	51	27	78	38	26	64	89	53	142
13	മറ്റ് പ്രൊഫഷണൽ കോഴ്സ്(സർട്ടിഫിക്കറ്റ്/ ഡിപ്ലോമ)	159	60	219	263	82	345	422	142	564
		39235	23932	63167	21038	9140	30178	60273	33072	93345

അവലംബം പട്ടികജാതി വികസന വകുപ്പ്

ഭൂമി-ഭവനരഹിതർ

ഭൂരഹിതർക്കും ഭവനരഹിതർക്കുമായി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും ആകെയുള്ള കുടുംബങ്ങളിലെ 1850 പേർ ഇപ്പോഴും ഭൂരഹിതരും 1250 പേർ ഭവനരഹിതരുമാണെന്ന് കണക്കുകൾ കാണിക്കുന്നു. കാർഷിക വൃത്തിയെ ആശ്രയിച്ച ജീവിക്കുന്നവർ വളരെ കുറവാണ്, സ്വന്തമായി ഭൂമിയില്ല എന്നതാണ് ഇതിന് കാരണം ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ ആകെ കൈവശഭൂമി 550884 സെന്റ് ആണ് ഇത് ഓരോ കുടുംബത്തിനും ശരാശരി 9 സെന്റും ഒരു വ്യക്തിക്ക് 1.7 സെന്റും എന്ന അനുപാതത്തിൽ വരും.

നിലവിലെ കണക്കനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ 1850 പേർ ഭൂരഹിതരാണ്. 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായില്ലാത്തവരെയാണ് ഭൂരഹിതരായി കണക്കാക്കുക കോർപ്പറേഷൻ പരിധിയിൽ ഇത് 1.5 സെന്റ് ആണ്. ഭൂരഹിതരുടെ എണ്ണം ബ്ലോക്ക് അടിസ്ഥാനത്തിൽ ശാസ്താംകോട്ട, ചടയമംഗലം, വെട്ടിക്കവല, പത്തനാപുരം എന്നിവിടങ്ങളിൽ കൂടുതലും കുറവ് ചവറ ബ്ലോക്കിലും ആണ്. കൊല്ലം കോർപ്പറേഷൻ പരിധിയിൽ ഭൂരഹിതരുടെ എണ്ണം കൂടുതലാണ്, ഇവിടെ പുനരധിവാസം വളരെ വിഷമകരമാണ്. വസ്തുവിന്റെ ഉയർന്ന വിലയും ഭൂമിയുടെ ദൗർലഭ്യവും ആണ് ഇതിന് കാരണം. ഒരു കുടുംബത്തിലെ ഒരംഗം വിവാഹം കഴിക്കുമ്പോൾ ഒരു പുതിയ ഭൂരഹിത കുടുംബം കൂടി സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ മക്കളുടെ പേരിൽ ഓഹരി നൽകിയ ശേഷം മാതാപിതാക്കൾ ഭൂരഹിത ധനസഹായത്തിന് അപേക്ഷിക്കുന്നുമുണ്ട്.

പട്ടികജാതി വിഭാഗക്കാരുടെ ജില്ലയിലെ കൈവശ ഭൂമി 2009-10 കണക്ക് പ്രകാരം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.15.1.4

പട്ടികജാതിക്കാരുടെ കൈവശഭൂമി (ഭൂമിവിസ്തൃതി : സെന്റ്)

ക്രമനം	തദ്ദേശഭരണസ്ഥാപനം	സങ്കേതത്തിൽ താമസിക്കുന്നവർ		ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
	ബ്ലോക്ക്പഞ്ചായത്തുകൾ	കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി
1	ഓച്ചിറ	1457	11919	2540	25156	3997	37075
2	ശാസ്താംകോട്ട	4684	53254	2808	31175	7492	84429
3	വെട്ടിക്കവല	4965	60319	1372	16661	6337	76981
4	പത്തനാപുരം	3187	37726	1352	15465	4539	531920
5	അഞ്ചൽ	3630	35202	1766	19884	5396	55086
6	കൊട്ടാരക്കര	3799	41444	783	7748	4582	49193
7	ചിറ്റുമല	2519	18389	2526	17294	5045	35682
8	ചവല	1040	5749	2034	12644	3074	18393
9	മുഖത്തല	2656	18920	1388	9744	4044	28664
10	ഇത്തിക്കര	2707	19214	1169	9320	3876	28534
11	ചടയമംഗലം	4399	40423	1341	13091	5740	53514
ആകെ		35043	342559	19079	178182	54122	520743
നഗരസഭകൾ							
1	പരവൂർ	558	3027	349	2275	907	5302
2	പുനലൂർ	503	2782	474	1865	917	4648
3	കരുനാഗപ്പള്ളി	312	1821	489	2908	801	4729
	ആകെ (നഗരസഭകൾ)	1373	7630	1252	7048	2625	14679
കൊല്ലം കോർപ്പറേഷൻ		2166	6861	556	2166	2722	9027
ആകെ (ജില്ല)		38582	357053	20887	187396	59469	544449

അവലംബം പട്ടികജാതി വികസന വകുപ്പ്

കൂടാതെ കഴിഞ്ഞ 7 വർഷങ്ങളായി വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 4635 പേർക്ക് ആകെ 15117 പേർക്ക് സ്ഥലം വാങ്ങി നൽകുകയുണ്ടായി.

ഭവന രഹിതർ

പട്ടികജാതിക്കാരുടെ കൈവശഭൂമി 2009-10 ലെ കണക്ക് പ്രകാരം ഭവനരഹിതരുടെ എണ്ണം കൂടുതലുള്ള ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിലും കുറവ് ചവറയുമാണ്. ഉറപ്പുള്ള മേൽക്കൂരയും മുൻപിൽ വാതിലുകൾ അടച്ചുറപ്പുള്ളതുമായ ഒറ്റമുറി വീടുകളെങ്കിലും ഇല്ലാത്തവരെ ഭവന രഹിതരായി കണക്കാക്കാം. കണക്കുകളനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ 1250 പേർ ജില്ലയിൽ ഭവന രഹിതരാണ്.

ജില്ലയിലെ കോളനികളിൽ മിക്കതിലും സഞ്ചാര യോഗ്യമായ റോഡുകൾ നിലവിലുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. എങ്കിലും 752 സങ്കേതങ്ങളിൽ തെരുവ് വിളക്കുകൾ ഇനിയും സ്ഥാപിക്കാനുണ്ട്. 13350 കുടുംബങ്ങൾ 6 മാസത്തിൽ കൂടുതലും 971 കുടുംബങ്ങൾ പൂർണ്ണമായും ജലക്ഷാമം നേരിടുന്നവയാണ് ഒ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏവർക്കും കക്കൂസ്സ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ഉപയോഗ ശൂന്യമായ കക്കൂസ് ഇല്ലാത്തവർ അനവധിയാണ്. 2009-10 ലെ കണക്ക് പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ വീടുകളുടെ അവസ്ഥ താഴെ പറയും പ്രകാരമാണ്.

പട്ടിക 4.15.1.5
പട്ടികജാതി വിഭാഗക്കാരുടെ വീടുകളുടെ അവസ്ഥ

ക്രമനം	തദ്ദേശഭരണസ്വാപനം	കുടുംബങ്ങൾ	പൂർത്തീകരിച്ചഉണനിലവാരമുള്ളസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോപൂർത്തീകരിച്ചെങ്കിലുംഉണനിലവാരമില്ലാത്തതോആയസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ	കുടുംബങ്ങൾ	പൂർത്തീകരിച്ചഉണനിലവാരമുള്ളസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോപൂർത്തീകരിച്ചെങ്കിലുംഉണനിലവാരമില്ലാത്തതോആയസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ	കുടുംബങ്ങൾ	പൂർത്തീകരിച്ചഉണനിലവാരമുള്ളസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോപൂർത്തീകരിച്ചെങ്കിലുംഉണനിലവാരമില്ലാത്തതോആയസ്വന്തംവീടുകൾ ഉള്ളകുടുംബങ്ങൾ
ബ്ലോക്ക്പഞ്ചായത്തുകൾ		സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ടുതാമസിക്കുന്നവർ			ആകെ		
1	ഓച്ചിറ	1457	789	575	2540	1483	843	3997	2272	1418
2	ശാസ്താംകോട്ട	4684	2455	1992	2808	1927	743	7492	4382	2735
3	വെട്ടിക്കവല	4965	3447	1441	1372	822	489	6337	4269	1930
4	പത്തനാപുരം	3187	1807	1197	1352	842	360	4539	2649	1557
5	അഞ്ചൽ	3630	1930	1553	1766	833	729	5396	2763	2282
6	കൊട്ടാരക്കര	3799	2169	1521	783	495	268	4582	2664	1789
7	ചിറ്റുമല	2519	1971	496	2526	1700	607	5045	3671	1103
8	ചവറ	1040	715	267	2034	1236	576	3074	1951	843
9	മുഖത്തല	2656	1847	621	1388	1019	235	4044	2866	856
10	ഇത്തിക്കര	2707	1540	988	1169	753	369	3876	2293	1357
11	ചടയമംഗലം	4399	2719	1506	1341	769	484	5740	3488	1990
ആകെബ്ലോക്ക്പഞ്ചായത്തുകൾ		35043	21389	12157	19079	11879	5703	54122	33268	17860
നഗരസഭകൾ										
പരവൂർ		558	356	151	349	232	81	907	588	232
പുനലൂർ		503	262	190	414	209	104	917	471	294
കരുനാഗപ്പള്ളി		312	146	156	489	190	244	801	336	400
ആകെനഗരസഭകൾ		1373	764	497	1252	631	429	2625	1395	926
കൊല്ലംകോർപ്പറേഷൻ		2166	713	933	556	226	241	2722	939	1174
ആകെ (കൊല്ലംജില്ല		38582	22866	13587	20887	12736	6373	59469	35602	19960

അവലംബം പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.6

കഴിഞ്ഞ 10 വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിൽ കൂടിയും പി.എം.എ. വൈയിലും പഞ്ചായത്തുകളുടെ പദ്ധതി പ്രകാരവും പട്ടികജാതി വിഭാഗക്കാർക്ക് നൽകിയ വീടുകളുടെ കണക്ക്

ക്രമ നം	ബ്ലോക്ക്	വീടുകളുടെ എണ്ണം
1	അഞ്ചൽ	1917
2	ചടയമംഗലം	2032
3	ചവറ	987
4	ചിറ്റുമല	1461
5	ഇത്തിക്കര	1507
6	കൊട്ടാരക്കര	1328
7	മുഖത്തല	1499
8	ഓച്ചിറ	992
9	പത്തനാപുരം	1629
10	ശാസ്താംകോട്ട	1769
11	വെട്ടിക്കവല	1779
	ആകെ	16900
12	കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി	212
13	കൊല്ലം കോർപ്പറേഷൻ	462
	ആകെ	17574

അവലംബം പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.7

2007-08 മുതൽ 2016-17 വരെ പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം (ലൈഫ് മിഷൻ)

ബ്ലോക്ക്	പട്ടികജാതി വിഭാഗം
അഞ്ചൽ	144
ചിറ്റുമല	93
ചവറ	12
ചടയമംഗലം	56
ഇത്തിക്കര	30
മുഖത്തല	63
ഓച്ചിറ	45
പത്തനാപുരം	165
ശാസ്താംകോട്ട	52
വെട്ടിക്കവല	111
കൊട്ടാരക്കര	109
കൊല്ലം കോർപ്പറേഷൻ	164
ആകെ	1044

അവലംബം പട്ടികജാതി വികസന വകുപ്പ്

കൃഷി-മണ്ണ് സംരക്ഷണം

ജില്ലയിലെ സാധാരണ വിളകളായ നെല്ല്, തെങ്ങ്, മാവ്, പ്ലാവ്, കവുങ്ങ്, പച്ചക്കറികൾ തുടങ്ങി എല്ലാ കൃഷിയിലും പട്ടികജാതി വിഭാഗത്തിലുള്ളവർ ഏർപ്പെട്ടിരിക്കുന്നു. 2009-10 ലെ കണക്കനുസരിച്ച് ഏറ്റവും വിസ്തൃതി റബ്ബർ കൃഷിക്കാണ്-75810 സെന്റ്, മരച്ചീനി-45972, വാഴ-36661, നെല്ല്-2823, തെങ്ങ്-53537 എന്നിവയാണ് മറ്റ്

പ്രധാന വിളകൾ. പട്ടികജാതി വിഭാഗത്തിന് സ്വന്തമായി കൃഷി ഭൂമി വളരെ കുറവാണ് എന്നത് ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്. തരിശായി കിടക്കുന്ന കൃഷി ഭൂമികൾ പാട്ടത്തിനെടുത്ത് ഈ വിഭാഗത്തിന് നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചാൽ കാർഷിക രംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാകുന്നതിന് കാരണമായേക്കാം. പരമ്പരാഗതമായി കാർഷിക മേഖലയിൽ പ്രവർത്തിച്ച വൈദഗ്ധ്യം നേടിയ തൊഴിലാളികൾ ഈ മേഖലയിലുണ്ടെന്നുള്ളത് പ്രതീക്ഷയ്ക്ക് വകനൽകുന്നു.

പട്ടികജാതി വിഭാഗത്തിന്റെ കൃഷിഭൂമിയിൽ ഭൂരിപക്ഷവും കിഴക്കൻ മലമ്പ്രദേശങ്ങളിൽ ആകയാൽ മണ്ണ് സംരക്ഷണ പദ്ധതികൾ ഈ പ്രദേശത്ത് അത്യന്താപേക്ഷിതമാണ്. മണ്ണ് കയ്യാലകെട്ടുക, കല്ലടുക്ക് നിർമ്മിക്കുക, സംരക്ഷണ ഭിത്തി നിർമ്മിക്കുക, മണ്ണിട്ട് നികത്തുക, ഓട, സ്ലാബ് എന്നിവ നിർമ്മിക്കുക, ജല നിർഗ്ഗമന സംവിധാനങ്ങൾ ഉണ്ടാക്കുക എന്നിവയ്ക്കുള്ള പദ്ധതികൾ ഈ മേഖലയിൽ അത്യാവശ്യമാണ്.

കുടിവെള്ള ലഭ്യത

കോളനിയിൽ നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പ്രോജക്ടുകൾ, പൊതു കിണർ, സ്വകാര്യ കിണർ, വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ എന്നിവ മുഖേന സങ്കേതവാസികളിലെ കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും കുടിവെള്ളം ലഭിക്കുന്നുണ്ടെങ്കിലും 9311 കുടുംബങ്ങളിൽ ആറുമാസത്തിൽ കൂടുതലും 13838 എണ്ണത്തിൽ ആറു മാസത്തിൽ താഴെയും ക്ഷാമം നേരിടുന്നവയാണ്. ഒറ്റപ്പെട്ട താമസിക്കുന്ന കുടുംബങ്ങളിൽ 3788 എണ്ണത്തിന് 6 മാസത്തിൽ കൂടുതലും 6524 എണ്ണത്തിന് 6 മാസത്തിൽ താഴെയും ക്ഷാമം നേരിടുന്നു. പൈപ്പ് കണക്ഷൻ ലഭിച്ചിട്ടുള്ളവരിലും ജലക്ഷാമം നേരിടുന്നുണ്ട്. ഇത് സ്രോതസിൽ നിന്നുള്ള ജല ലഭ്യത ഇല്ലാത്ത തിനാലാണ്.

വൈദ്യുതി

ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ എല്ലാം തന്നെ വൈദ്യുതീകരിച്ചിട്ടുണ്ട്. ചില സങ്കേതങ്ങളിൽ തെരുവ് വിളക്കിന്റെ അഭാവം നിലനിൽക്കുന്നു. പ്രകാശിക്കാത്ത തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തിര സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്. പുതിയതായി അപേക്ഷിച്ചിട്ടുള്ള വീടുകൾക്ക് നൽകുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട നിലയിലുള്ളതും വൈദ്യുതീകരിക്കേണ്ടതുണ്ടെങ്കിൽ അവയ്ക്കും അടിയന്തിര സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ശ്മശാനം

ജില്ലയിൽ ശ്മശാനം നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ടെങ്കിലും നിലവിൽ 10 ശ്മശാനങ്ങൾ മാത്രമാണ് പട്ടികവിഭാഗത്തിന് മാത്രമായുള്ളത്. മറ്റ് ഇടങ്ങളിൽ പൊതു ശ്മശാനങ്ങൾ ഇക്കൂട്ടർ ഉപയോഗിക്കുന്നു. 2014-15 വർഷത്തിൽ തൃക്കോവിൽവട്ടം പഞ്ചായത്തിലെ ജയന്തി കോളനി, തൃക്കരുവ പഞ്ചായത്തിലെ തെക്കേ ചേരിൽ കോളനി എന്നിവിടങ്ങളിൽ 2 ശ്മശാനങ്ങൾ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിച്ചിട്ടുണ്ട്.

പട്ടിക 4.15.1.8

ജില്ലയിൽ നിലവിലുള്ള പട്ടികജാതി ശ്മശാനങ്ങളുടെ വിവരം (കോളനികളിൽ)

ക്രമനം	ശ്മശാനങ്ങളുടെ പേര്	പഞ്ചായത്ത്
1	ചുണ്ട പട്ടാണിമുക്ക് ലക്ഷംവീട് കോളനിശ്മശാനം	ഇട്ടിവ
2	ഇട്ടിവ 4 സെന്റ് കോളനി ശ്മശാനം	ഇട്ടിവ
3	നിലമേൽ ഗവ. യു.പി.എസിന് പിറകുവശമുള്ള ശ്മശാനം	നിലമേൽ
4	മുളയക്കോണം ചൂരടിക്കോണം ശ്മശാനം	നിലമേൽ
5	പട്ടാളംകുന്ന് കോളനി ശ്മശാനം	കല്ലുവാതുക്കൽ
6	കുരീപ്പള്ളി ജയന്തി കോളനി	തൃക്കോവിൽവട്ടം
7	മിനി കോളനി	പേരയം
8	പ്ലാക്കാട് അംബേദ്കർ ഗ്രാമം	എഴുകോൺ
9	പനയറക്കാവ്	പൻമന
10	തെക്കേച്ചേരിയിൽ	തൃക്കരുവ

അവലംബം പട്ടികജാതി വികസന വകുപ്പ്

ആരോഗ്യം – സാമൂഹിക സുരക്ഷ

പട്ടികജാതി വിഭാഗത്തിന്റെ ആരോഗ്യ പരിചരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി കോളനികളിൽ വസിക്കുന്നവർക്ക് 5 കി. മീറ്റർ പരിധിയിൽ പ്രൈമറി ഹെൽത്ത്സെന്റർ, മെഡിക്കൽ സ്റ്റോർ, ഡോക്ടറുടെ സേവനം എന്നിവ ലഭ്യമാണ്. വിദഗ്ദ ചികിൽസ ആവശ്യമുള്ള സമയത്ത് 25 കി. മീറ്റർ പരിധിയ്ക്കകത്ത് എല്ലാ കോളനി നിവാസികൾക്കും സൗകര്യപ്രദമായ സ്ഥാപനങ്ങൾ ഉണ്ട്. ഒറ്റപ്പെട്ട താമസിക്കുന്ന കുടുംബങ്ങളിൽ മലയോര പ്രദേശങ്ങളിൽ ഉള്ളവർക്ക് വിദഗ്ദചികിൽസയ്ക്ക് ചില പരിമിതികൾ ഉണ്ട്. എന്നിരുന്നാലും ആരോഗ്യ പരിചരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ പ്രൈമറി ഹെൽത്ത്സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ഗവൺമെന്റ് ആയുർവേദ-ഹോമിയോ ആശുപത്രികൾ മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ സേവനം ഒട്ടുമിക്കവർക്കും ലഭ്യമാണ്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവന്തൂർ പഞ്ചായത്തിലെ കടയ്ക്കാമൺ കോളനി, തലവൂർ പഞ്ചായത്തിലെ അമ്പലനിരപ്പ് കോളനി, പോരുവഴി പഞ്ചായത്തിലെ മേലൂട്ട് കോളനി എന്നിവിടങ്ങളിൽ ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ദുർബല വിഭാഗത്തിന്റെ ആരോഗ്യ പരിപാലനത്തിനായി സഞ്ചരിക്കുന്ന ക്ലിനിക്കും പ്രവർത്തിക്കുന്നു. ഇതിൽ ഡോക്ടറുടെയും നഴ്സിന്റെയും ഫാർമസിസ്റ്റിന്റെയും സേവനം സൗജന്യമായി ലഭിക്കുന്നു. രോഗ നിർണ്ണയത്തിനും രോഗീപരിചരണത്തിനും ഈ ക്ളിനിക്കിന്റെ സേവനം ഫലപ്രദമാണ്. കൂടാതെ ആരോഗ്യ-ശുചിത്വ നിർദ്ദേശങ്ങളും ക്ലാസുകളും ഈ യൂണിറ്റ് നടത്തുന്നുണ്ട്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന പട്ടികജാതി വിഭാഗക്കാർ ജില്ലയിൽ 3000 ത്തോളം ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കൂടാതെ മാരക രോഗങ്ങളായ ക്യാൻസർ, ക്ഷയം, കുഷ്ഠം, ഹൃദ്രോഗം, അവയവങ്ങൾക്ക് ക്ഷതം, മന്ത്, എയ്ഡ്സ്, അപകടം തുടങ്ങിയവ മൂലം അവശത അനുഭവിക്കുന്നവർ 7500 പേർ ജില്ലയിൽ ഉണ്ട്. ഭിന്നശ്ശേഷിക്കാരും നിത്യരോഗികളുമായ ഏകദേശം 7734 പേർ ഉള്ളതായി കാണുന്നു. ഇവരുടെ ചികിൽസാ ചെലവുകൾക്കായി പട്ടികജാതി വികസന വകുപ്പിന് പദ്ധതികൾ നിലവിലുണ്ട്.

പട്ടികജാതി വിഭാഗത്തിൽ ജില്ലയിൽ കൂടുതൽ പേരും പൊതു വിതരണ സംവിധാനത്തെ ആശ്രയിക്കുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും ബി.പി.എൽ കാർഡ് ഉടമകളുമാണ്. നിലവിലെ കാർഡ് വിതരണ സംമ്പ്രദായത്തിൽ നിന്ന് അർഹരായ പലരും ബി.പി.എൽ വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതായി പരാതിയുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്ന പട്ടികജാതി വിഭാഗക്കാർ ഏറെയാണ്. പെൻഷൻ ഗുണഭോക്താക്കളിൽ കൂടുതൽപ്പേരും വിധവാ പെൻഷനും കർഷക തൊഴിലാളി പെൻഷനും വാങ്ങുന്നവരാണ്. കൂടാതെ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ വാങ്ങുന്നവരും ഈ വിഭാഗത്തിലുണ്ട്.

സാമൂഹിക സാംസ്കാരിക വികസനം

സാമൂഹിക വികസന സംരംഭങ്ങളായ കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സജീവമായി ഉൾപ്പെടുന്നതായി കാണാം. നിലവിലെ കണക്കനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവർ മാത്രം അംഗങ്ങളായ 1435 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു. ആകെ 11553 പേർ ഈ യൂണിറ്റുകളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 100 ഓളം പുരുഷ സഹായ സംഘങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു. ജില്ലയിലെ മിക്ക പട്ടികജാതി സങ്കേതങ്ങളിലും ഒന്നോ അതിലധികമോ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ സർക്കാർ സംവിധാനങ്ങളിൽ നിന്നും ധനസഹായങ്ങൾ സ്വീകരിച്ച് വിവിധ പദ്ധതികൾ ഇത്തരം യൂണിറ്റുകൾ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം സ്വീകരിച്ച് ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി 7 പട്ടികജാതി വനിതാ സ്വയം സഹായ സംഘങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തിവരുന്നു. കൂടാതെ ജില്ലയിലെ നിരവധി വർക്കിംഗ് ഗ്രൂപ്പുകളിലും ഗ്രാമസഭാ/വാർഡ് സഭായോഗങ്ങളിലും സജീവമായി പങ്കെടുക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വത്തിന് ഇത്തരം സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം വലിയ പങ്ക് സംഭാവന ചെയ്യുന്നു.

ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് 400 ൽ പരം സാമുദായിക, സാംസ്കാരിക സംഘടനകൾ നിലവിലുണ്ട്. സാംസ്കാരിക ഉന്നമനം കൂടാതെ വരുമാന ദായകമായ നിരവധി പരിപാടികൾ ഇത്തരം സംഘടനകൾ നടത്തിവരുന്നു. ക്ലബ്ബുകൾ, നാടക സമിതികൾ, ഗായക സംഘങ്ങൾ, വാദ്യ സംഘങ്ങൾ, നൃത്ത സംഘങ്ങൾ, നാടൻ കലാ സംഘങ്ങൾ തുടങ്ങി 200-ൽ പരം കലാ സാംസ്കാരിക സംഘങ്ങൾ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

പട്ടിക 4.15.1.9

സങ്കേതങ്ങളിലെ സാംസ്കാരിക സംരംഭങ്ങൾ

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	സാമുദായിക സംഘടനകൾ		സാംസ്കാരിക സംഘടനകൾ		ആകെ				
	ബ്ലോക്ക് പഞ്ചായത്തുകൾ	എണ്ണം	അംഗങ്ങൾ	ക്ലബ്	നാടക വേദി	ഗായക സംഘം	വാദ്യസംഘം	നൃത്തസംഘം	നാടൻ കലാസംഘം	മറ്റുള്ളവ
1	ഓച്ചിറ	49	950	0	0	0	0	1	0	6
2	ശാസ്താംകോട്ട	131	1753	21	0	1	0	2	5	0
3	വെട്ടിക്കവല	16	256	6	0	3	3	3	1	0
4	പത്തനാപുരം	30	683	16	0	1	5	0	4	1
5	അഞ്ചൽ	6	184	2	0	0	0	0	2	2
6	കൊട്ടാരക്കര	24	300	19	0	0	3	2	3	0
7	ചിറ്റുമല	16	280	7	0	0	1	0	2	2
8	ചവല	2	7	2	0	2	0	1	0	0
9	മുഖത്തല	2	31	0	0	2	2	0	0	0
10	ഇത്തിക്കര	33	908	12	3	1	0	2	1	0
11	ചടയമംഗലം	1	2	4	1	3	5	2	4	1
ആകെ (ബ്ളോക്ക് പഞ്ചായത്തുകൾ)		310	5354	89	4	13	19	13	22	12
നഗരസഭകൾ								0		
1	പരവൂർ	1	1	4	0	0	0	0	0	1
2	പുനലൂർ	4	183	0	0	0	0	0	0	0
3	കരുനാഗപ്പള്ളി	23	429	2	0	0	0	0	0	0
ആകെ (നഗരസഭകൾ)		**28**	**613**	**6**	**0**	**0**	**0**	**0**	**0**	**1**
കൊല്ലം കോർപ്പറേഷൻ		0	0	3	0	1	2	2	0	1
ആകെ കൊല്ലം ജില്ല		**338**	**5967**	**98**	**4**	**14**	**21**	**15**	**22**	**14**

അവലംബം. പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.10

പട്ടികജാതിക്കാരുടെ നിയന്ത്രണത്തിലുള്ള കാവുകളുടെ വിവരങ്ങൾ

ബ്ലോക്ക്പഞ്ചായത്ത്	ഗ്രാമപഞ്ചായത്ത്	കാവുകളുടെ വിവരം
ചവറ	തേവലക്കര	1. വേളൂർകാവ്, നടുവിലക്കര

		2. ചക്കാവിളയിൽ ക്ഷേത്രം, പാലയ്ക്കൽ തെക്ക് 3. വാലോടിത്തറയിൽ കാവ്, നടുവിലക്കര 4. കമലാലയം കുടുംബകാവ്, മുളളിക്കാല 5. പളളിയറക്കാട്ട് കാവ്, പടിഞ്ഞാറ്റകര 6. മുട്ടത്ത് മുത്തൻകാവ്, അരിനല്ലൂർ
	പന്മന	1. കാവയ്യത്ത്, കോലം, പന്മന 2. മുക്കോണത്ത് കാവ്, വടക്കുംതല 3. മേക്കാട് കാവ്, പന്മന 4. മുണ്ടോട്ടിൽ കാവ്, മനയിൽ
	ചവറ	1. കരിത്തറകാവ്, മടപ്പളളി 2. പുതുക്കളയിൽകാവ്, ഭരണിക്കാവ് 3. ചാലിൽകാവ് 4. തുണ്ടത്തിൽകാവ്, പയ്യലക്കാവ്
അഞ്ചൽ	അലയമൺ	1. കാരായിക്കോണം
	ഏരൂർ	1. കിണറ്റ് മുക്ക് കാവുംഭാഗം 2. ആയിരനല്ലൂർ കോളനി, 3. പഴയേരൂർ കിട്ടൺ കോളനി- ഏരൂർ, 4. ചാവരുകോണം 5. നടുക്കുന്നിൽപുരം, വാർഡ് 6. വട്ടക്കൈത കോളനി, വാർഡ് 7. വെളളച്ചാൽ, വാർഡ് -ആണ്ടൂർ, 8. ആലംചേരി, വാർഡ്
	അഞ്ചൽ	1. പെരിങ്ങോലിക്കോണം കോളനി 2. കൊക്കോട് കോളനി, വാർഡ്
ചടയമംഗലം	ചടയമംഗലം	1. പാലൂർക്കോണം 2. ഇലിപ്പാംപണ 3. പൂങ്കോട്ട് പട്ടം
	നിലമേൽ	1. അപ്പപ്പൻകാവ് 2. കൊല്ലോണം കുരിയോട്ട് 3. കൈതോട്പറയരുകോണം
	കടയ്ക്കൽ	1. മൈലംമൂട് അപ്പപ്പൻകാവ് 2. പുല്ലാണിമൂട് അപ്പപ്പൻകാവ് 3. മാറംകുഴി അപ്പപ്പൻകാവ് 4. ഉലവൻകോട് കാവ്
	കുമ്മിൾ	1. പുല്ലപണ കാളിയേറ്റ് കാവ് 2. ദർപ്പക്കാട് കുളക്കാട്ട്കോണം 3. മുതയിൽ കാവ് 4. കുശവൂർകോണം കാവ്
	ചിതറ	1. കുളന്തറ അപ്പപ്പൻകാവ് 2. തലവരമ്പ്, ചാവരുകാവ് 3. ചാവര് കോങ്കൽ അപ്പപ്പൻകാവ് 4. കാലായിൽ അപ്പപ്പൻകാവ്

		5. ആയിരക്കുഴി വയലിൽ കണ്ണൻകോട് ചാവരു കാവ് 6. മതിര-മന്തിരംകുന്ന് പന്തൽ മൂർത്തീകാവ് 7. പെരിങ്കോട്ട് അമ്മൂമ്മകാവ്
	ഇളമാട്	1. തോട്ടത്തറ ചാവരു കാവ് 2. അർക്കന്നൂർ അപ്പൂപ്പൻകാവ് 3. പുലിക്കുഴി അപ്പൂപ്പൻകാവ് 4. നെട്ടേത്തറ കാവ്
	ഇട്ടിവ	1. കോട്ടുക്കൽ അപ്പൂപ്പൻ കാവ് 2. വയല പുതുവേലിൽ ഭദ്രകാളി കാവ് 3. വയല കാമ്പിക്കോണം അപ്പൂപ്പൻ കാവ് 4. മലപ്പേത്രുർ പൊയ്കയിൽ കാവ്
	വെളിനല്ലൂർ	1. കരിങ്ങന്നൂർ പീരയിൻകോട്ട് 2. ചാവരുകാവ് 3. പൂങ്കോട്ട്കാവ് 4. മുണ്ടുക്കോണം കാവ് 5. പുതിയിടം കാവ്
ചിറ്റുമല	കുണ്ടറ	1. ആൽത്തറമുകൾകാവ്-1 2. ആൽത്തറമുകൾകാവ്-2 3. മൂർത്തീകാവ്,പുലിപ്പാറ 4. മുല്ലശേരികാവ് 5. .മാടൻകാവ് കിഴക്ക്, വലിയറ 6. മാടൻകാവ്, മുളവന
	കിഴക്കേ കല്ലട	1. മണിയൻകാവ് 2. അംബേദ്കർ കോളനിക്ക് സമീപമുള്ള കാവ്
	തൃക്കടവൂർ	1. കിഴക്കടത്ത്കാവ് 2. തോണിപ്പുരയ്ക്കൽ കാവ് 3. ചാവര് അപ്പൂപ്പൻകാവ്
	തൃക്കരുവ	1. പച്ചവിളകാവ്
	പനയം	1. പേകാവ് 2. മുള്ളുകാവ് 3. തെക്കതിൽ ക്ഷേത്രം 4. അമ്പഴവയൽ മൂർത്തീകാവ് 5. ചെട്ടിമനകാവ് 6. ഇടയിലപങ്ക് ശ്രീകൃഷ്ണ ക്ഷേത്രം 7. തൊടിയിൽ സർപ്പകാവ്
	പെരിനാട്	1. ശിവഭദ്രകാളി കാവ് 2. ശ്രീഭദ്രകാളി ക്ഷേത്രം 3. കാവിന്റെ മേലതിൽ, ചിറക്കോണം
	പേരയം	1. ഇടമല അമ്മൂമ്മകാവ് 2. കുന്നുംപുറം ചരുവിൽകാവ് 3. പാറപ്പുറം കാവ് 4. സൗന്ദര്യ ജംഗ്ഷന് സമീപമുള്ള കാവ്

ഇത്തിക്കര	ചാത്തന്നൂർ	1. പ്ലാവിള അപ്പൂപ്പൻകാവ് 2. വാര്യംചിറ ശ്രീ.അപ്പൂപ്പൻകാവ്
	ആദിച്ചനല്ലൂർ	1. പറമൂർത്തികാവ് 2. കാവുവിളകാവ് 3. കാടിമാതിക്കാവ് 4. മാമ്പഴത്ത്ക്കാവ് 5. ആദിച്ചനല്ലൂർ കാട്യാതി 6. മൂഴിയിൽ കാവ്
	കല്ലുവാതുക്കൽ	1. വരിഞ്ഞം ശ്രീ. ചാവര് കാവ്
	പരവൂർ മുനിസിപ്പാലിറ്റി	1. കാടിയാതി അപ്പൂപ്പൻകാവ് 2. തച്ചിലഴികം കാവ്
	ചിറക്കര	1. മട്ടയ്ക്കൽ കാട്യാതി കാവ് 2. ചാവരുകുഴി അപ്പൂപ്പൻ കാവ്
കൊട്ടാരക്കര	എഴുകോൺ	1. കൊച്ചാഞ്ഞിലിമൂട്- ഭൂതത്താൻകാവ് 2. കീഴേവയൽ അമ്മൂമ്മകാവ് 3. പുല്ലരിക്കോട് അപ്പൂപ്പൻകാവ് 4. പൈങ്ങാമുകളിൽ കിരാതമൂർത്തി കാവ്
	കരീപ്ര	1. മുളങ്കുന്നിൽ മൂർത്തീകാവ്
	കൊട്ടാരക്കര	1. കണിയാകരോണം കാവ് 2. പെരുവംമുഴി ചാവരുകാവ് 3. ഇഞ്ചയ്ക്കൽകാവ്
	പൂയപ്പള്ളി	1. തുണ്ടയത്ത് മൂർത്തീകാവ്, 2. കിരാതമൂർത്തി കാവ്, പാലമുക്ക്
	വെളിയം	1. പെരുങ്കുളം മൂർത്തീകാവ്
മുഖത്തല	കൊറ്റങ്കര	1. കുമ്പളത്ത്കാവ്
	നെടുമ്പന	1. കടയ്ക്കൽ പട്ടികജാതി കോളനി 22ാം വാർഡ് 2. കൊത്തനാട്ട് കാവ് (മേലേകാവ്)
	തൃക്കോവിൽവട്ടം	1. തലച്ചിറ കോളനി 2 പേ അപ്പൂപ്പൻകാവ്

അവലംബം.. പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി സഹകരണ സംഘങ്ങൾ

കൊല്ലം ജില്ലയിൽ 72 പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 47 എണ്ണം മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളു. ബാക്കിയുള്ളവയിൽ 21 എണ്ണം നിർജ്ജീവാവസ്ഥയിലാണ്. 4 എണ്ണം പ്രവർത്തനം നിർത്തിയ അവസ്ഥയിലാണ്. ഇതു കൂടാതെ 4 കൈത്തറി സഹകരണ സംഘങ്ങളും നിലവിലുണ്ട്. ഇതിൽ അഞ്ചാലുംമൂട്, ആദിച്ചനല്ലൂർ എന്നിവിടങ്ങളിലെ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കുന്നത്തൂർ, പൂതക്കുളം എന്നിവിടങ്ങളിലെ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

സഹകരണ സംഘങ്ങളിലെ ഭാരവാഹികളുടെ വിദ്യാഭ്യാസക്കുറവ്, പരിചയക്കുറവ്, മാനേജ്മെന്റ് വൈദഗ്ധ്യത്തിന്റെ അഭാവം എന്നിവ മൂലം സംഘങ്ങൾ പ്രവർത്തന വിജയം നേടുന്നില്ല. സർക്കാർ സഹായത്തിനു പുറമേ പ്രവർത്തന മൂലധനം സമാഹരിക്കുന്നതിന് ഭരണ സമിതിക്ക് കഴിയുന്നില്ല. പട്ടികജാതി വിഭാഗത്തിന്റെ മാത്രം നിക്ഷേപങ്ങളേ ലഭിക്കുന്നുള്ളു. നൽകുന്ന വായ്പകളിൽ ഭൂരിപക്ഷവും തിരിച്ചടക്കുന്നില്ല. മറ്റ് ബാങ്കുകൾക്ക് നൽകുന്നത്ര സർക്കാർ വിഹിതം പട്ടിക ജാതി സഹകരണ സംഘങ്ങൾക്ക് നൽകുന്നില്ല. ജില്ലാ

ബാങ്കിൽ അംഗത്വം ലഭിക്കുന്നില്ല. ലഭിച്ചാൽ തന്നെ വായ്പ നൽകുന്നില്ല. പട്ടികജാതി സഹകരണ ഫെഡറേഷനിൽ നിന്നും വായ്പ ലഭിക്കുന്നുമില്ല എന്നിങ്ങനെയുള്ള നിരവധി പരാതികളും പരിമിതികളും ഈ മേഖലയിൽ നിലനിൽക്കുന്നു.

നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. മുടങ്ങിക്കിടക്കുന്ന വായ്പകൾ എഴുതി തള്ളുന്നതിന് പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകണം. സഹകരണ മേഖലയിൽ പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി പട്ടികജാതി സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിനായി സമിതികൾ രൂപീകരിക്കാവുന്നതാണ്. പട്ടിക ജാതി കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി വ്യവസായ വകുപ്പുമായി സഹകരിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകണം. തുച്ഛമായ വരുമാനമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം. ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കണം തൊഴിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ കൈത്തറികൾ ആധുനികവൽക്കരിക്കേണ്ടതുണ്ട്.

അതിക്രമങ്ങൾ, പൊതുസാമൂഹിക പ്രശ്നങ്ങൾ

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗമാണ് പട്ടികജാതി വിഭാഗം. ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം നിലവിലുണ്ട്. അതിക്രമത്തിനിരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം, പുനരധിവാസം എന്നിവ ഈ നിയമം മൂലം ഉറപ്പുവരുത്തുന്നു. പട്ടികജാതി വികസന വകുപ്പ് ടി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന സംരക്ഷണത്തെക്കുറിച്ചും നിയമ പരിരക്ഷയെക്കുറിച്ചും ബോധവാൻമാരാക്കുന്നതിന് ബോധവത്കരണ സെമിനാർ സംഘടിപ്പിക്കാറുണ്ട്.

പട്ടികജാതി വിഭാഗക്കാർക്കിടയിൽ ജില്ലയിൽ നിരവധി പൊതു സാമൂഹിക പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. അവിവാഹിതരായ അമ്മാമാർ, വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, അനാഥക്കുട്ടികൾ, സാമൂഹ്യമായ വിവേചനം നേരിടുന്നവർ നിരാലംബരായ കുടുംബങ്ങൾ എന്നിവ ഇതിൽ ചിലതാണ്.

പൊതു ആസ്തികൾ

നിലവിൽ സങ്കേതങ്ങളിലും അല്ലാതെയുമുള്ള ആസ്തികൾ നിരവധിയുണ്ട്. അവയുടെ പരിപാലനത്തിനായുള്ള ഇടപെടലുകൾ ഇനിയും ഉണ്ടാവേണ്ടതുണ്ട്. നിലവിലുള്ള പൊതു ആസ്തികൾ നിർമ്മിതികൾ എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു

പട്ടിക 4.15.1.11

നിലവിലുള്ള പൊതു ആസ്തികൾ നിർമ്മിതികൾ

കമ്മ്യൂണിറ്റി ഹാൾ	57
കരിയർ ഗൈഡൻസ്	1
മാതൃ ശിശുകേന്ദ്രം	30
ആഗ്രോ സർവ്വീസ്സെന്റർ	34
അംഗൻവാടി	439
ടി.വി, റേഡിയോ കിയോസ്ക്	111
ലൈബ്രറി/വായനശാല	65
ക്ലബ്ബ്	67
പാരമ്പര്യ കലാകേന്ദ്രം	4
ജലവിതരണ പദ്ധതി	150
പൊതു കളിസ്ഥലം	26
സോളാർ വിളക്ക്	29

അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

ഇത് കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ, ഐ.റ്റി.ഐ-കൾ, നഴ്സറി സ്കൂളുകൾ എന്നിവയും ആസ്തികളിൽപ്പെടുത്താം.

പട്ടിക 4.15.1.12

കൊല്ലം ജില്ലാ പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)

ഹോസ്റ്റലിന്റെ പേര്	അനുവദനീയമായ കുട്ടികളുടെ എണ്ണം
ഇത്തിക്കര	30
എഴുകോൺ	30
പുത്തൂർ	40
ഓച്ചിറ	30
ശാസ്താംകോട്ട	30
അകെ	**160**

അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.13

കൊല്ലം ജില്ലാ പ്രീമെട്രിക് ഹോസ്റ്റൽ (പെൺ)

ഹോസ്റ്റലിന്റെപേര്	അനുവദനീയമായകുട്ടികളുടെഎണ്ണം
കുന്നത്തൂർ	30
പോരുവഴി	40
പുനലൂർ	40
ആകെ	110

അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.14

കൊല്ലം ജില്ലാ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

ഹോസ്റ്റലിന്റെപേര്	അനുവദനീയമായ കുട്ടികളുടെഎണ്ണം
അമൃതകുളം (ആൺ)	60
അമൃതകുളം (പെൺ)	60
ആകെ	120

അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.15

ഐ. റ്റി. ഐ കൾ

ഹോസ്റ്റലിന്റെപേര്	അനുവദനീയമായ കുട്ടികളുടെഎണ്ണം
ഓച്ചിറ	63
വെട്ടിക്കവല	21
കുളക്കട	42
ആകെ	126

അവലംബം ജില്ലാ പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.15.1.16

നഴ്സറിസ്കൂളുകൾ

നഴ്സറിസ്കൂളിന്റെപേര്	**ബ്ലോക്ക്**	**അനുവദനീയമായ എണ്ണം**
കടയ്ക്കാമൺ	പത്തനാപുരം	30
വിളക്കുടി		30
പുനലൂർ		30

വെളിയം	കൊട്ടാരക്കര	30
ചാലൂക്കോണം		30
കുളക്കട	വെട്ടിക്കവല	30
ആകെ		**180**

അവലംബം ജില്ലാ പട്ടികജാതി വികസന വകുപ്പ്

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, ഭൂരഹിതരുടെ എണ്ണത്തിലുള്ള വർദ്ധന, ഭവനരഹിതരായ കുടുംബങ്ങൾ, സങ്കേതങ്ങളിലെ കുടിവെള്ളക്ഷാമം, കടക്കെണി, പട്ടികജാതി വിഭാഗങ്ങൾക്ക് എതിരെയുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ, ഇടനിലക്കാരുടെ ചൂഷണം എന്നിവയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇത് അടിസ്ഥാനമാക്കി സർക്കാർ വിവിധ പദ്ധതികളാണ് ജില്ലയിൽ നടപ്പാക്കി കൊണ്ടിരിക്കുന്നത്. വർഷം തോറും ഭൂമി, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. കൂടാതെ ഒരു കോളനിയുടെ സമഗ്ര വികസനത്തിനാവശ്യമായ സ്വാശ്രയ ഗ്രാമം - അംബേദ്ക്കർ ഗ്രാമം പദ്ധതിയിലൂടെ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

നടന്നു കൊണ്ടിരിക്കുന്ന വികസന പരിപാടികൾ

പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്നവ

1. കാർഷിക വൃത്തി മുഖ്യ തൊഴിലായി സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടിക ജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന 75% സബ്സിഡിയിൽ 10 ലക്ഷം വരെ ധനസഹായം നൽകി കാർഷിക അധിഷ്ഠിത രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഡയറി യൂണിറ്റ്, പൗൾട്രി യൂണിറ്റ്, ഗോട്ട് യൂണിറ്റ് മുതലായവയും തരിശു നിലങ്ങൾ, സ്ഥലങ്ങൾ എന്നിവയും എസ്.സി വിഭാഗക്കാർക്ക് നൽകുന്നു.
2. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് 75% സബ്സിഡി നിരക്കിൽ ധന സഹായം നൽകുന്നു.
3. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് ഉന്നത വിദ്യാഭ്യാസം നേടിയ ശേഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 75% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.
4. അഭ്യസ്ത വിദ്യർക്ക് മത്സര പരീക്ഷയിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനം. ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കുന്നതിന് 100% ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ്മണി എന്നിവ നൽകുന്നു.
5. നാമമാത്ര പ്രവർത്തനം മാത്രമുള്ള മുപ്പതോളം സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തി തൊഴിലവസരങ്ങൾ നൽകുന്നു.
6. ത്രിതല പഞ്ചായത്തുകൾ വിവിധ കോളനികളിൽ സ്ഥാപിക്കുകയും എന്നാൽ പ്രവർത്തനം ആരംഭിക്കാത്തതുമായ മുഴുവൻ കെട്ടിടങ്ങളും കോളനി നിവാസികൾക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുക.
7. വകുപ്പ് നടപ്പിലാക്കിയ വിജ്ഞാൻവാടികൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ ധനസഹായം പഞ്ചായത്തുകൾ പ്രോജക്ട് വച്ച് നടത്തുക.
8. കുടിവെള്ള മേഖലയിൽ പുതിയപദ്ധതികൾക്ക് രൂപം നൽകേണ്ടത് അനിവാര്യമാണ്.
9. വകുപ്പിന്റെ പദ്ധതികളിൽ നൽകുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുക.
10. വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ച് ലഘുലേഖ വിതരണം ചെയ്യുകയും ഓരോ പദ്ധതിയും നടപ്പിലാക്കുന്ന സമയത്ത് പത്രദ്വാരായുള്ള അറിയിപ്പുകൾ നൽകുകയും പ്രൊമോട്ടർമാർ, ഗ്രാമസഭ എന്നിവ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തുന്നുവെങ്കിലും ഇതു സംബന്ധിച്ച കൃത്യമായ അറിവ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല. ദൂരദർശൻ, ആകാശവാണി തുടങ്ങിയ സർക്കാർ മാധ്യമങ്ങളിലൂടെ കൃത്യസമയത്ത് പട്ടികജാതി വികസന വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും പദ്ധതികൾ സംബന്ധിച്ച അറിയിപ്പുകൾ നൽകുന്നത് പ്രയോജന പ്രദമാകും.

11. ഗ്രാമപഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് തുടങ്ങിയ പ്രധാന ഓഫീസുകളിൽ പ്രത്യേക നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് അറിയിപ്പുകൾ പ്രദർശിപ്പിക്കുക.
12. പട്ടികജാതി കോളനികളിൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും അറിയിപ്പുകൾ കൃത്യസമയത്ത് പ്രൊമോട്ടർമാർ വഴി പ്രദർശിപ്പിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതി - ഒരു അവലോകനം

2017-18 വാർഷിക പദ്ധതിയിൽ പട്ടികജാതി ഉപപദ്ധതിയിൽ പ്രകാരം ജില്ലാ പഞ്ചായത്തിന് 2130.56 ലക്ഷവും കൊല്ലം കോർപ്പറേഷന് 1177.67 ലക്ഷം രൂപയും നാല് മുൻസിപ്പാലിറ്റികൾക്ക് 593.61 ലക്ഷം രൂപയും 11 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2130.56 ലക്ഷം രൂപയും 68 ഗ്രാമപഞ്ചായത്തുകൾക്കായി 6230.87 ലക്ഷം രൂപയും ഉൾപ്പടെ 12263.27 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി കാണാം.

പട്ടിക 4.15.1.17

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതി

ക്രമ. നം	തദ്ദേശ സ്വയംഭരണ സ്ഥാപനം	പ്രത്യേക ഘടക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക(ലക്ഷത്തിൽ)
1	ജില്ലാ പഞ്ചായത്ത്	2130.56
2	കൊല്ലം കോർപ്പറേഷൻ	1177.67
3	മുൻസിപ്പാലിറ്റികൾ (നാല്)	593.61
4	ബ്ലോക്ക് പഞ്ചായത്തുകൾ (പതിനൊന്ന്)	2130.56
5	ഗ്രാമപഞ്ചായത്തുകൾ (അറുപത്തിയെട്ട്)	6230.87
	ആകെ	12263.27

അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

ചിത്രം 4.15.1.1

ഗ്രാമപഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തൽ



അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ 2017-18 വർഷം പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തതിൽ പശ്ചാത്തല മേഖലയ്ക്ക് 18.66%, സേവന മേഖലയ്ക്ക് 70.11%, ഉൽപ്പാദന മേഖലയ്ക്ക് 11.23% എന്നിങ്ങനെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. പട്ടികജാതി ഉപപദ്ധതി ഉല്പാദന മേഖലയിൽ കിടാരി വളർത്തൽ, കറവപ്പശു വളർത്തൽ, ആടു വളർത്തൽ, മുട്ടക്കോഴി വിതരണം, കിഴങ്ങു വിള കൃഷി വികസനം, ഓട്ടോറിക്ഷ നൽകൽ, വാഴക്കൃഷി വികസനം, കന്നുകുട്ടി പരിപാലനം, വനിതകൾക്ക് പച്ചക്കറി വിത്തും വളവും എന്നിങ്ങനെ വിവിധ പദ്ധതികൾക്കും സേവന മേഖലയിൽ അങ്കണവാടിയിൽ പോഷകാഹാര വിതരണം, വിവാഹ ധനസഹായം, മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, ശുചിത്വ കിണർ, കുടി വെള്ള വിതരണം, പിഎം.എ.വൈ/ഐ.എ.വൈ ഭവന നിർമ്മാണം, വൃദ്ധർക്ക് കട്ടിൽ വാങ്ങൽ, പട്ടികജാതി വിഭാഗം

വിദ്യാർത്ഥികൾക്ക് പഠനമുറി/പഠന ഉപകരണം വാങ്ങി നൽകൽ, സൈക്കിൾ വാങ്ങി നൽകൽ, ഭവന പുനരുദ്ധാരണം, ലാപ്ടോപ്പ് വിതരണം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗും ടാറിംഗും, പാർശ്വഭിത്തി നിർമ്മാണം, ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

ചിത്രം 4.15.1.2

ബ്ലോക്ക് പഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തൽ



അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ 2017-18 വർഷം പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തതിൽ പശ്ചാത്തല മേഖലയ്ക്ക് 25.87%, സേവന മേഖലയ്ക്ക് 70.17%, ഉൽപ്പാദന മേഖലയ്ക്ക് 3.96% എന്നിങ്ങനെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. പട്ടികജാതി ഉപപദ്ധതി ഉല്പാദന മേഖലയിൽ ഓട്ടോറിക്ഷ നൽകൽ, വനിത ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും സേവന മേഖലയിൽ 5 മുതൽ 10 ക്ലാസ് വരെ പഠനം നടത്തുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ, പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്, മാലിന്യ സംസ്കരണ പ്ലാന്റ്, വിദേശത്ത് തൊഴിൽ ധനസഹായം, പ്രീമെട്രിക്ക് ഹോസ്റ്റൽ ചെലവുകൾ, കുടിവെള്ള വിതരണം, പിഎം.എ.വൈ /ഐ.എ.വൈ ഭവന നിർമ്മാണം, എന്നിങ്ങനെ വിവിധ പദ്ധതികൾക്കും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗും ടാറിംഗും, പാർശ്വ ഭിത്തി നിർമ്മാണം, ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

ചിത്രം 4.15.1.3

നഗരസഭയുടെ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തൽ



അവലംബം ജില്ലാ പട്ടികജാതി വികസന വകുപ്പ്

കൊല്ലം ജില്ലയിലെ വിവിധ നഗരസഭകൾ 2017-18 വർഷം പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തതിൽ പശ്ചാത്തല മേഖലയ്ക്ക് 19.56%, സേവന മേഖലയ്ക്ക്

60.44%, ഉൽപ്പാദന മേഖലയ്ക്ക് 20% എന്നിങ്ങനെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. പട്ടികജാതി ഉപപദ്ധതി ഉല്പാദന മേഖലയിൽ കറവപ്പശു വളർത്തൽ, മുട്ടക്കോഴി വിതരണം, പട്ടികജാതി വിഭാഗം വനിതകൾക്ക് സ്വയം തൊഴിൽ ധനസഹായം, ഓട്ടോറിക്ഷ നൽകൽ, പേപ്പർബാഗ് യൂണിറ്റ് എന്നിങ്ങനെ വിവിധ പദ്ധതികൾക്കും സേവന മേഖലയിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി/പഠന ഉപകരണം വാങ്ങി നൽകൽ, ഭവന പുനരുദ്ധാരണം, ലാപ്ടോപ്പ് വിതരണം, വിവാഹ ധനസഹായം, സൈക്കിൾ വാങ്ങി നൽകൽ, മെറിട്ടോറിയസ് സ്കോളർഷിപ്പ്, പിഎം.എ.വൈ/ഐ.എ.വൈ ഭവന നിർമ്മാണം, കുടിവെള്ള വിതരണം, വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്നിങ്ങനെ വിവിധ പദ്ധതികൾക്കും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗും ടാറിംഗും, പാർശ്വഭിത്തി നിർമ്മാണം, ഓട നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

ചിത്രം 4.15.1.4

കൊല്ലം കോർപ്പറേഷന്റെ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തൽ



അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

കൊല്ലം കോർപ്പറേഷൻ 2017-18 വർഷം പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തതിൽ പശ്ചാത്തല മേഖലയ്ക്ക് 32.47%, സേവന മേഖലയ്ക്ക് 67.53% എന്നിങ്ങനെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. പട്ടികജാതി ഉപപദ്ധതയിൽ ഉല്പാദന മേഖലയിൽ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല സേവന മേഖലയിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ഭവന നിർമ്മാണം, പഠനമുറി/പഠന ഉപകരണം വാങ്ങി നൽകൽ, ഭവന പുനരുദ്ധാരണം, ലാപ്ടോപ്പ് വിതരണം, വിവാഹ ധനസഹായം, സൈക്കിൾ വാങ്ങി നൽകൽ, മെറിട്ടോറിയസ് സ്കോളർഷിപ്പ്, വൈദ്യുതീകരണം, കുടിവെള്ള വിതരണം, എന്നിങ്ങനെ വിവിധ പദ്ധതികൾക്കും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗും ടാറിംഗും, ഓട നിർമ്മാണം, കോളനി സമഗ്ര വികസനം, കോളനിക്ക് ചുറ്റുമതിൽ നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തെരുവുവിളക്ക് സ്ഥാപിക്കൽ, ഇടവഴിക്ക് ഇന്റർലോക്ക് ചെയ്ത് ഗതാഗത സൗകര്യമൊരുക്കൽ എന്നിങ്ങനെ വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

ചിത്രം 4.15.1.5

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തൽ



അവലംബം .ജില്ലാ പട്ടികജാതി വികസന വകുപ്പ്

കൊല്ലം ജില്ലാപഞ്ചായത്ത് 2017-18 വർഷം പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തതിൽ പശ്ചാത്തല മേഖലയ്ക്ക് 34.18%, സേവന മേഖലയ്ക്ക് 46.79%, ഉൽപ്പാദന മേഖലയ്ക്ക് 19.03% എന്നിങ്ങനെ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. പട്ടികജാതി ഉപപദ്ധതി ഉല്പാദന മേഖലയിൽ പട്ടികജാതി കോളനികളിൽ മണ്ണ്, ജല സംരക്ഷണം, വനിത സംരഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, വനിത വ്യവസായ സംരഭങ്ങൾക്ക് ഭൂമി വാങ്ങൽ, അനുബന്ധ പ്രവർത്തനങ്ങൾക്ക് ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും സേവന മേഖലയിൽ അങ്കണവാടിയിൽ പോഷകാഹാര വിതരണം, പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, കുടിവെള്ള വിതരണം, പിഎം.എ.വൈ/ഐ.എ.വൈ ഭവന നിർമ്മാണം, സാമൂഹിക പഠന കേന്ദ്ര നിർമ്മാണം, മെറിറ്റോറിയസ് സ്കോളർഷിപ്പ്, പ്രീ-റിക്രൂട്ട്മെന്റ് ടെയിനിംഗ്, കോളനി നവീകരണം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗും ടാറിംഗും, ,പാർശ്വ ഭിത്തി നിർമ്മാണം, ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം, കോളനി സമഗ്ര വികസനം എന്നിങ്ങനെ വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ അവലോകനവും പൊതു നിർദ്ദേശങ്ങളും

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നുണ്ടെങ്കിലും ആവശ്യമായ വരുമാനം ലഭ്യമാകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതായി കാണുന്നില്ല. കോഴി, ആട്, പശു എന്നിവയുടെ വിതരണത്തിൽ ഒതുങ്ങുന്നു. മിക്ക പദ്ധതികളും ടി സംരംഭങ്ങളിൽ പിന്നീട് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കാത്തതിനാൽ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ്, കുടിവെള്ള പദ്ധതികൾക്ക് നിശ്ചിത കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന അറ്റക്കുറ്റപ്പണികൾ കരാറുകാരൻ തന്നെ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.
3. നിലവിലെ വ്യവസ്ഥകൾ പ്രകാരം പരിശീലനത്തിന് മാത്രമായി പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരും തൊഴിൽ രഹിതരും അഭ്യസ്ഥവിദ്യരുമായ യുവതീയുവാക്കൾക്ക് മികച്ച തൊഴിൽ സമ്പാദിക്കുന്നതിന് ആവശ്യമായ പരിശീലനം നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ അയച്ച് മുഴുവൻ ചെലവും നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടത് അനിവാര്യമാണ്.
4. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് തുടങ്ങി ഗ്രാമസഭാ ലിസ്റ്റിനെ ആശ്രയിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് ഗ്രാമസഭാ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാൽ പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ശ്രദ്ധ ചെലുത്തി ലിസ്റ്റ് യഥാസമയം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.ഗ്രാമസഭാ ലിസ്റ്റിലെ അപാകതകൾ പദ്ധതിയുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് തടസ്സമാകുന്നു.
5. പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന സമാന പദ്ധതികളുടെ സബ്സിഡി നിരക്ക് ഏകീകരിക്കേണ്ടത് ആവശ്യമാണ്.
6. എസ്.സി. പി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഫീസിബിലിറ്റി നിലവിൽ തയ്യാറാക്കുന്നത് ബ്ലോക്ക് പട്ടികജാതി വികസന ആഫീസറാണ്. ആയതിന് പകരം ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ, തദ്ദേശ സ്വയം ഭരണ സ്ഥാപന എഞ്ചിനീയർ, ജനപ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫീസിബിലിറ്റി തയ്യാറാക്കുകയാണെങ്കിൽ ഫീസിബിലിറ്റി തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച പരാതികൾ ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും.

7. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പശ്ചാത്തല മേഖലയിൽ പ്രത്യേക ഘടക പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് ഫീസിബിലിറ്റി മാനദണ്ഡം തടസ്സമാകുന്നുണ്ട്. വ്യവസ്ഥയ്ക്ക് ഇളവ് വരുത്തുകയും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി ആകെ അടങ്കലിന്റെ നിശ്ചിത ശതമാനം ജനറൽ ഫണ്ടിൽ നിന്നും പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വഴി ഇപ്പോൾ ഫീസിബിലിറ്റി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുവാൻ സാധിക്കും. ഇങ്ങനെ ചെയ്യുമ്പോൾ ഒരു പ്രവൃത്തിയുടെ ആകെ അടങ്കലിന്റെ ആനുപാതികമായി ജനറൽ ഉപപദ്ധതിയുടെ വിഹിതം വകയിരുത്തുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി സർക്കാർ ഉത്തരവുകൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

8. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കൂടി ഏറ്റെടുക്കുന്ന രീതിയിൽ വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് അഭികാമ്യമായിരിക്കും.

9. വിദ്യാഭ്യാസ സംബന്ധമായി സഹായം നൽകുന്ന പദ്ധതികളെല്ലാം തന്നെ അദ്ധ്യയന വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നടപ്പാക്കുന്നത് അഭികാമ്യമായിരിക്കും.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും നടപ്പാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് ഗുണഭോക്തൃ സമിതി അടയ്ക്കുന്നതിന് പകരം പഞ്ചായത്തിന്റെ തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും അടയ്ക്കുകയാണെങ്കിൽ പദ്ധതികൾ ഉപയോഗ്യശൂന്യമാകുന്നത് ഒഴിവാക്കുവാൻ സാധിക്കും.

11. ഉൽപ്പാദന മേഖലയിൽ ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു കുടുംബത്തിന് ആവശ്യമായ വരുമാനം കണ്ടെത്തുന്നതിന് ഉതകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതായി കാണുന്നില്ല. ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ സ്ഥിര വരുമാനം ലഭ്യമാകുന്നവയുമല്ല. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്നതിന് ഉതകുന്ന പദ്ധതികൾ വ്യക്തികൾക്കും, അഞ്ചോ അതിലധികമോ അംഗങ്ങൾ ചേർന്ന് രൂപീകരിച്ച് പ്രവൃത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്കും ഏറ്റെടുക്കുന്നതിന് സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്.

12. പശ്ചാത്തല മേഖലയിൽ ഓരോ പ്രോജക്ടുകൾക്കും ആവശ്യമായ തുക വകയിരുത്താതെ തുക വീതിച്ച് പല പദ്ധതികൾക്കായി നൽകുന്നത് മൂലം പ്രോജക്ടുകൾ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുന്നില്ല.

പരിപ്രേക്ഷ്യത്തിന്റെ നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

ഭവന നിർമ്മാണം

പ്രശ്നങ്ങൾ

നിർമ്മിക്കുന്ന ഭവനങ്ങളുടെ ഗുണമേൻമയില്ലായ്മയും ശരിയായ രീതിയിൽ വീടുപണി പൂർത്തിയാക്കുന്നില്ല.

കാരണങ്ങൾ

- അനുവദിക്കുന്നതു തുക തികയാതെ വരുന്നു.
- നിശ്ചിത അളവിനേക്കാൾ കൂടുതൽ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നു.
- തലച്ചുമടായി നിർമ്മാണ സാമഗ്രികൾ കൊണ്ടു പോകേണ്ട സ്ഥലത്തും ഒരേ നിരക്കിൽ ധനസഹായ തുക അനുവദിക്കുന്നു.
- ഭവനം നിർമ്മിക്കേണ്ട സ്ഥലത്തെ ഭൂമി നിരപ്പാക്കുന്നതിന് അധിക തുക ആവശ്യമായി വേണ്ടി വരുന്നു.
- വിധവകൾ, സ്ഥിര വരുമാന ദായകരുടെ കുടുംബങ്ങൾ എന്നിവർക്ക് ഒരേ നിരക്കിൽ ധനസഹായം അനുവദിക്കു.ന്നു.
- ഗുണഭോക്താക്കൾ വിവാഹം മറ്റാവശ്യങ്ങൾ, രോഗചികിത്സ എന്നിവയക്ക് തുക മാറ്റിവയ്ക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ

- ❖ ധന സഹായതുക വർദ്ധിപ്പിക്കുന്നതിന് സർക്കാരിലേക്ക്ശു ശുപാർശ നൽകാവുന്നതാണ്.
- ❖ സർക്കാർ നിശ്ചയിച്ച നിയമാനുസൃത അളവിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നവർക്ക് മാത്രം ധനസഹായം.
- ❖ വിധവകൾ, മാരക രോഗങ്ങൾക്ക് വിധേയരായ ഗൃഹനാഥൻ/നാഥ, ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുന്നവർ (തലച്ചുമടായി സാമഗ്രികൾ എത്തിക്കേണ്ടി വരുന്നവർ, ഭവനം നിർമ്മാണ യോഗ്യമായി ഭൂമി രൂപപ്പെടുത്തേണ്ടവർ) എന്നിവർക്ക് പ്രത്യേക നിരക്കിൽ ധനസഹായം ശുപാർശ ചെയ്യാവുന്നതാണ്.
- ❖ സർക്കാർ ധനസഹായത്തിന് പുറമേ ഗുണഭോക്തൃ വിഹിതം പരമാവധി ഉറപ്പാക്കുക.
- ❖ സ്വന്തമായി വീട് നിർമ്മിക്കുവാൻ കഴിയാത്തവർക്ക് സർക്കാർ അംഗീകൃത ഏജൻസികളെ നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രശ്നങ്ങൾ

വാങ്ങുന്ന ഭൂമിയുടെ ഗുണമേന്മ ഇല്ലായ്മ

കാരണങ്ങൾ

- ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിയുടെ പൊതുവെയുള്ള വിലവർദ്ധന.
- ഗുണഭോക്താക്കൾ വയൽ പ്രദേശങ്ങൾ വാങ്ങുന്നതിനു കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള അനുമതി ലഭിക്കുന്നതിനുതടസ്സം നേരിടുന്നു.
- വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഭവനനിർമ്മാണം അസാധ്യമാണ്.
- സമൂഹത്തിലുള്ള പിന്നോക്ക അവസ്ഥയിലുള്ള ഗുണഭോക്താക്കളായവർ ഇടനിലക്കാരുടെ ചൂഷണത്തിന് പെട്ടെന്ന് വിധേയരാകുന്നു.

പരിഹാരനിർദ്ദേശങ്ങൾ

- ❖ വിപണി വിലയനുസരിച്ച് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ തുക വർദ്ധിപ്പിക്കുക
- ❖ വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക.
- ❖ സമിതി നിർദ്ദേശിക്കുന്ന ഭൂമി മാത്രം വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

ദുർബല വിഭഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രശ്നങ്ങൾ

ഗുണഭോക്താക്കൾ ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ല.

കാരണങ്ങൾ

- വസ്തുവിന്റെ വിലവർദ്ധന
- പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഒരേ നിരക്കിൽ വസ്തുവാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.
- ദുർബല വിഭാഗത്തിന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നതിന് അവർ കാട്ടുന്ന വിമുഖത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനെ ബാധിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

- ❖ സർക്കാർ തലത്തിൽ ഭൂമി വാങ്ങുന്നതിന് വിപണിവിലയുടെ അടിസ്ഥാനത്തിൽ കാലാനുസൃതമായി വിലവർദ്ധിപ്പിക്കാവുന്നതാണ്.

- ❖ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പട്ടികജാതി പൊതുവിഭാഗത്തിന് അനുവദിക്കുന്ന നിരക്കിൽ ഇവർക്കും ധനസഹായം അനുവദിക്കാവുന്നതാണ്.
- ❖ ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന ധനസഹായങ്ങളെ കുറിച്ച് പ്രത്യേക ബോധവൽക്കരണം ഈ വിഭാഗങ്ങൾക്ക് നൽകാവുന്നതാണ്.
- ❖ സംരംഭകത്വ പരിശീലനം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ നടപ്പാക്കണം.
- ❖ വാണിജ്യ മേഖലകളിൽ ഉൾപ്പെടെ സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് ആവശ്യമായ അവസരം സൃഷ്ടിക്കുക.

ആരോഗ്യം പ്രശ്നങ്ങൾ

ആരോഗ്യ സംരക്ഷണത്തിലുള്ള കുറവ്

കാരണങ്ങൾ

- സാമ്പത്തിക പരമായി മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്താൻ കഴിയാത്തതിനാൽ
- സമീകൃത ആഹാരത്തിന്റെ അഭാവം.
- തെറ്റായ ജീവിതശൈലിയും ദിനചര്യകളും മൂലം ആരോഗ്യക്കുറവ് അനുഭവപ്പെടുന്നു.
- ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട അവബോധമില്ലായ്മ.
- ബാഹ്യശക്തികളുടെ ഇടപെടൽ മൂലം ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുന്നു.

പരിഹാര നിർദ്ദേശങ്ങൾ

- ❖ ആരോഗ്യമേഖലയെ ക്കുറിച്ച് അവബോധം എല്ലാവർക്കും ലഭ്യമാക്കാൻ ബോധവൽക്കരണ ക്ലാസ്സ് നടത്താവുന്നതാണ്.
- ❖ പോഷകാഹാര വിതരണ പദ്ധതികൾ കാര്യക്ഷമമാക്കുക.
- ❖ നിശ്ചിത വരുമാന പരിധിയിലുള്ള എല്ലാവർക്കും മെഡിക്കൽ ഇൻഷുറൻസ്സ് സർക്കാർ നടപ്പിലാക്കുക.

ശ്മശാനം പ്രശ്നങ്ങൾ

പൊതു ശ്മശാനങ്ങളുടെ അപര്യാപ്തത.

കാരണങ്ങൾ

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് താമസിക്കുന്ന സ്ഥലത്ത് ശവം മറവ് ചെയ്യുന്നതിനോ സംസ്കരിക്കുന്നതിനോ സ്ഥലത്തിന് ദൌർലഭ്യം നേരിടുന്നു.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായുള്ള ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ മറ്റ് വിഭാഗങ്ങളുമായിട്ടുള്ള അന്തരം വർദ്ധിപ്പിക്കുന്നു.
- പൊതുശ്മശാനം തയ്യാറാക്കുന്നതിന് അനുയോജ്യമായ സ്ഥല ലഭ്യത ക്കുറവ്.

പരിഹാര നിർദ്ദേശങ്ങൾ

- ❖ സ്ഥലലഭ്യത അനുസരിച്ച് ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയോജിപ്പിച്ച് പൊതുശ്മശാനം നിർമ്മിക്കുക.
- ❖ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്മാത്രമായുള്ള ശ്മശാനങ്ങൾക്ക്പകരം പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കുക.
- ❖ പട്ടികജാതിക്കാർക്കുള്ള നിലവിലുള്ള ശ്മശാനങ്ങൾ നവീകരിക്കുക

ഗതാഗതസൗകര്യം പ്രശ്നങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ നിലവാര തകർച്ച.

കാരണങ്ങൾ

- കോളനിയിൽ നിർമ്മിക്കുന്ന റോഡുകളുടെ നിലവാരത്തകർച്ച.
- ഗതാഗത യോഗ്യമായ റോഡുകളുടെ അഭാവം ജീവിതനിലവാരത്തെയും ഭൗതിക സാഹചര്യങ്ങളെയും പുറകോട്ടടിക്കുന്നു.
- ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് (കോളനിഒഴികെ) ശരിയായ രീതിയിൽ പ്രയോജനം ലഭിക്കുന്നില്ല.
- കോളനിയിലേക്കുള്ള റോഡുകൾ ഉപപദ്ധതിയിൽ ഉൾപ്പെടുത്താനാകുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

- ❖ ഓരോ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട്താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ ആനുപാതിക നിരക്കിൽ ജനറൽ ഫണ്ടോടുകൂടി പദ്ധതി നടപ്പിലാക്കുക
- ❖ പദ്ധതി ആരംഭത്തിൽ തന്നെ ഭൂപ്രകൃതിക്ക് അനുയോജ്യമായി മാനദണ്ഡങ്ങൾ പ്രകാരം റോഡ്നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ❖ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടപ്പാക്കുക
- ❖ കോളനിയിലേക്കുള്ള റോഡുകൾ ജനറൽ ഫണ്ട് വകയിരുത്തുക.

സാംസ്കാരികം പ്രശ്നങ്ങൾ

സാംസ്കാരിക മേഖലയിലെ പിന്നോക്കാവസ്ഥ

കാരണങ്ങൾ

- കോളനിവൽക്കരണംമൂലം സാംസ്കാരിക വിനിമയത്തിന് തടസ്സം സൃഷ്ടിക്കുന്നു
- തനത് സാംസ്കാരിക പൈതൃകം കാത്ത്സൂക്ഷിക്കുമ്പോൾ തന്നെ നൂതന കലാ മേഖലയിലേക്ക് എത്തിപ്പെടുന്നതിനുള്ള സാധ്യതകുറവ്.
- വാർത്താ മാധ്യമങ്ങളിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിപ്പെടാൻ കഴിയുന്നില്ല.

പരിഹാരനിർദ്ദേങ്ങൾ

- ❖ കോളനിവത്കരണം കാലക്രമേണ ഇല്ലായ്മ ചെയ്യുക. പുതിയ കോളനികൾ സൃഷ്ടിക്കപ്പെടാതിരിക്കുക.
- ❖ സാമൂഹിക-സാംസ്കാരിക സിനിമ മേഖലകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കലാ കാരൻമാരെ കണ്ടെത്തി പ്രോല്സാഹിപ്പിക്കുന്നതിന് ഈ മേഖലയിലേക്ക് ടി വിഭാഗത്തിൽപ്പെ ട്ടവരുടെ വരവിന് സഹായകരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നും നടപ്പിലാക്കുക.
- ❖ കലാ-സാഹിത്യമേഖലകളിൽ സ്കൂൾ തലത്തിൽ നൈപുണ്യം പ്രദർശിപ്പിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കലാ സാംസ്കാരിക കേന്ദ്രങ്ങളിൽ സർക്കാർ സഹായത്തോടെ പരിശീലനം നടത്തി പ്രതിഭ വളർത്തിയെടുക്കുന്ന നടപടി സർക്കാർ തലത്തിൽ ഏറ്റെടുക്കാവുന്നതാണ്.
- ❖ കോളനികളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ എന്നിവയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.
- ❖ സാംസ്കാരിക വിനിമയത്തിന് ആവശ്യമായ പൊതു ഇടങ്ങൾ സൃഷ്ടിക്കുക

നിയമപരിരക്ഷ പ്രശ്നങ്ങൾ

ജാതീയ പരമായി ഒറ്റപ്പെടുത്തുകയും ചൂഷണത്തിന് വിധേയരാക്കുകയും ചെയ്യപ്പെടുന്നു.

കാരണങ്ങൾ

- ഭരണഘടനാപരമായ സംരക്ഷണവും നിയമവും ഈ വിഭാഗക്കാർക്ക് ലഭിക്കുമ്പോൾ തന്നെ ജാതീയമായ അധിക്ഷേപവും അന്യായമായി ഭൂമി കൈയ്യേറ്റങ്ങളും മറ്റു വിഭാഗക്കാരിൽ നിന്ന് ഉണ്ടാകുന്നു.
- സാമൂഹിക പിന്നോക്കാവസ്ഥ മൂലം പട്ടികജാതി വിഭാഗത്തിലെ ഒരു വിഭാഗം സ്ത്രീകളും കുട്ടികളും ശാരീരിക ചൂഷണത്തിന് വിധേയരാകുന്നു.
- പുരുഷൻമാരുടെ ഇടയിൽ ലഹരിയുടെ ഉപയോഗം സമാധാനപരമായ ഗാർഹിക സാമൂഹിക അന്തരീക്ഷത്തിന് തടസ്സമാകുന്നു.

പരിഹാരനിർദ്ദേശങ്ങൾ

- ❖ നിലവിലുള്ള നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുക.
- ❖ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച്സാമൂഹിക സുരക്ഷയെപ്പറ്റിയും നിയമ പരിരക്ഷ യെപ്പറ്റിയും ബോധവൽക്കരണംനടത്തുക.
- ❖ ജനമൈത്രി പോലീസ് പോലെയുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക.

വികസന വിടവ്

ഭൂമി- എല്ലാ പട്ടികജാതി വിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി ഉണ്ടാവുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നു. ഗുണഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതിനാൽ ലക്ഷ്യം കൈവരിക്കുവാൻ കഴിയുന്നില്ല. ലഭിക്കുന്ന ഭൂമി പലതും വാസയോഗ്യമല്ല. ഭൂമിയുടെ വർദ്ധിച്ചു വരുന്ന വില, സ്ഥല ദൗർലഭ്യം എന്നിവ ലക്ഷ്യം നേടുന്നതിന് തടസ്സമായി നിൽക്കുന്നു. പദ്ധതി തുകയ്ക്ക് ലഭ്യമാകുന്ന സ്ഥലം ഉൾപ്രദേശങ്ങളിൽ ആകയാൽ മുഖ്യധാരയിൽ നിന്ന് അകന്ന് കഴിയുവാൻ കാരണമാകുന്നു.

വീട്- എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ നിർമ്മിക്കുന്ന വീടുകൾ പലതും പൂർത്തിയാകാതെ ഉപയോഗിക്കുന്നതു മൂലം പദ്ധതി ലക്ഷ്യത്തിലെത്തുന്നില്ല. ആധുനിക കാലത്ത് നിർമ്മിക്കുന്ന മറ്റ് വീടുകൾ വളരെ മെച്ചപ്പെട്ടതാണ് എന്നാൽ പദ്ധതി മുഖേന നൽകുന്ന വീടുകൾക്ക് നിലവാരം കുറവാണെന്ന പരാതി നിലനിൽക്കുന്നു.

വിദ്യാഭ്യാസം- മികച്ച വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും അത് വിനിയോഗിക്കുന്നതിൽ പട്ടികജാതി വിഭാഗക്കാർ പൂർണ്ണമായും വിജയിക്കുന്നില്ല. വിദ്യാർത്ഥികളുടെ പഠന നിലവാരക്കുറവ്, കൊഴിഞ്ഞു പോക്ക് എന്നിവ ഇന്നും നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തപ്പെട്ടവർ കുറവാണ്. യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ നേടുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ വിജയിപ്പിക്കുന്നതിലും ഇവർ പരാജയപ്പെടുന്നു.

ആരോഗ്യം- പട്ടികജാതി മേഖല ആരോഗ്യപരമായി പിന്നാക്കം നിൽക്കുന്നു. കുട്ടികളിൽ പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ ഉണ്ടാകുന്നുണ്ട്. മുതിർന്നവർ വിശ്രമമില്ലാതെ കഠിനാധ്വാനത്തിൽ ഏർപ്പെടുന്നതു മൂലം പലവിധ രോഗങ്ങൾക്ക് അടിമപ്പെടുന്നു. പുകയില, മദ്യം എന്നിവയുടെ ഉപഭോഗം സ്ത്രീകളിൽ പോലും കണ്ടുവരുന്നു. കോളനികളിലെ ശുചിത്വ സൗകര്യങ്ങളുടെ പരിമിതിയും നിലനിൽക്കുന്നു.

തൊഴിൽ- സർക്കാർ/അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ തൊഴിൽ നേടുന്നവർ കുറവാണ്. മത്സര പരീക്ഷകളിൽ സംവരണാനുകൂല്യം നേടാതെ വിജയിക്കുന്നവർ കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. നൂതനമായ സ്വയംതൊഴിൽ സംരംഭങ്ങൾ വിജയിപ്പിക്കുന്നതിനുള്ള പ്രാപ്തിക്കുറവ് പട്ടികജാതി വിഭാഗത്തെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നു. പട്ടികജാതി സഹകരണസംഘങ്ങൾ മിക്കവയും നിർജ്ജീവാവസ്ഥയിലാണ്.

സാമ്പത്തിക മേഖല- ഭൂരിപക്ഷം പേരും താല്ക്കാലിക തൊഴിലിനെ ആശ്രയിച്ചു ജീവിക്കുന്നതിനാൽ സാമ്പത്തികാടിത്തറ ഭദ്രമല്ല. മുടങ്ങിക്കിടക്കുന്ന വായ്പാ തിരിച്ചടവ്, മറ്റ് കടബാധ്യതകൾ എന്നിവ പ്രശ്നങ്ങളായി

അവശേഷിക്കുന്നു. സർക്കാർ പദ്ധതികളുടെ ആനുകൂല്യം തേടാതെ സ്വയം പര്യാപ്തരായി ജീവിക്കുവാൻ പട്ടികജാതി വിഭാഗത്തെ പ്രാപ്തരാക്കേണ്ടതാണ്.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- എല്ലാ പട്ടികജാതിക്കാർക്കും സ്വന്തമായി സ്ഥലം, വീട്, വിദ്യാഭ്യാസം എന്നിവ ഉറപ്പുവരുത്തുക. അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുക, സ്വയംതൊഴിൽ നേടുന്നതിനുള്ള പരിശീലനം, മൂലധനം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉറപ്പുവരുത്തി സാമ്പത്തികമായ സുസ്ഥിരത ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക.
- വീട്- വാസയോഗ്യമായ ഭവനം എന്നതിനുപരി ഗുണമേൻമയുള്ള വീടുകൾ നിർമ്മിക്കുക. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.
- വസ്തു- താമസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം നൽകുക. പാർശ്വവൽക്കരിക്കപ്പെടാതെ സമൂഹത്തിന്റെ മുഖ്യധാരയുമായി ബന്ധപ്പെടുന്നതിനുപയുക്തമായ സ്ഥലം നൽകുക.
- വിദ്യാഭ്യാസം- വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുപരിയായി നിലവാരം വർദ്ധിപ്പിക്കുന്നതിനുപയുക്തമായ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ആരോഗ്യം- ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തരാക്കുക, മദ്യം, മയക്കുമരുന്ന് എന്നിവയിൽ നിന്ന് പൂർണ്ണമായും മുക്തരാക്കുക, മികച്ച ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ നൽകുക.
- അടിസ്ഥാന സൗകര്യ വികസനം- അടിസ്ഥാന സൗകര്യ വികസനത്തിന് നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുക. അപാകതകൾ പരിഹരിച്ച് സമ്പൂർണ്ണമായ വികസനത്തിന് വേണ്ട പദ്ധതികൾ നടപ്പിലാക്കുക.
- തൊഴിൽ മേഖല- സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും മതിയായ പ്രാതിനിത്യം ഉറപ്പാക്കുക. സ്വയം തൊഴിൽ മേഖലയിൽ വിജയിക്കുന്നതിനുള്ള പരിശീലനവും സാമ്പത്തിക സാങ്കേതിക സഹായങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
- സാമ്പത്തിക മേഖല- സർക്കാർ അർദ്ധസർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനൊപ്പം ഉയർന്ന മുതൽ മുടക്കുള്ള ആധുനിക സ്വയം തൊഴിൽ സംരംഭങ്ങളിൽ പങ്കാളികളാക്കുക എന്നതിലൂടെ സാമ്പത്തിക അടിത്തറ ഉയർത്തുക.

®®®®®®®®®®®®®®®®®®®®®®®®®®®®®

4.15.2 പട്ടികവർഗ്ഗ വികസനം

ആമുഖം

2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയിൽ 2972 കുടുംബങ്ങളിലായി 5195 പുരുഷന്മാരും 5566 സ്ത്രീകളുമായി 10761 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. 2001 സെൻസസ് പ്രകാരം യഥാക്രമം 2447 പുരുഷന്മാരും 2743 സ്ത്രീകളുമായി 5190 പട്ടിക വർഗ്ഗക്കാരായിരുന്നു ജില്ലയിൽ ഉണ്ടായിരുന്നത്. 2008-10 കാലത്ത്പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി നടത്തിയ കേരളത്തിലെ പട്ടിക വർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം കൊല്ലം ജില്ലയിൽ 1303 കുടുംബങ്ങളിലായി 4641 പട്ടിക വർഗ്ഗക്കാരുണ്ട്. അവരിൽ 2236 പേർ പുരുഷന്മാരും 2405 പേർസ്ത്രീകളുമാണ്. കാണിക്കാർ, മലപ്പണ്ടാരം, മലവേടർ, ഉള്ളാടർ, മലഅരയൻ എന്നീ സമുദായങ്ങളിൽ പെട്ടവരാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർ.

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ സാക്ഷരതാനിരക്ക് 94.09%ആണ്. 2008-10 സർവ്വെപ്രകാരം ജില്ലയിലെ പട്ടിക വർഗ്ഗക്കാരുടെ സാക്ഷരത 81.87% ആണ്. എന്നാൽ സമുദായങ്ങൾത മ്മിലും ഒരേ സമുദായത്തിലെ സ്ത്രീകളും പുരുഷന്മാരും തമ്മിലും സാക്ഷരതയിൽ അന്തരം നിലനിൽക്കുന്നുണ്ട്.

കേരളത്തിലെ മറ്റ് പട്ടിക വർഗ്ഗക്കാരെപ്പോലെ ജില്ലയിലെ പട്ടിക വർഗ്ഗക്കാരും സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിനുടമകളാണ്. സംസാരഭാഷ, ആചാരാനുഷ്ഠാനങ്ങൾ, കൃഷിരീതി, ഭക്ഷണം, ചികിത്സ, ഭരണരീതി തുടങ്ങി സമസ്തമേഖലകളിലും തങ്ങളുടേതായ രീതികൾ ഓരോ പട്ടിക വർഗ്ഗത്തിനുമുണ്ട്. പുതിയ തലമുറയിലേയ്ക്കു അമൂല്യമായ അറിവുകൾ വേണ്ട രീതിയിൽ പകർന്നു നൽകുന്നില്ല എന്നത് ശ്രദ്ധേയമാണ്. പരമ്പരാഗതമായ അറിവുകളിലെ നന്മകൾ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്.

സമീപനം

വികസന പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനായി മാനവ വികസന കാഴ്ചപ്പാടിനനുസൃതമായി വിദ്യാഭ്യാസം, തൊഴിൽ/ഉപജീവനം, ആരോഗ്യം, അടിസ്ഥാനസൗകര്യം, സാമൂഹ്യസുരക്ഷിതത്വം എന്നീ വിഷയ മേഖലയ്ക്ക് ബാധകമാകാവുന്ന പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി.

പട്ടിക 4.15.2.1

പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ

ക്രമനം:	മേഖല	മാനദണ്ഡം
1	വിദ്യാഭ്യാസം	1. നിരക്ഷരത
		2. പഠനം ഉപേക്ഷിച്ചവർ
		3.ഉന്നത വിദ്യാഭ്യാസം ഇല്ലാത്തവർ
		4.സാങ്കേതികവിദ്യാഭ്യാസം ഇല്ലാത്തവർ
2.	ആരോഗ്യം	1. ആരോഗ്യപരിചരണകേന്ദ്രങ്ങളുടെ കുറവ്
		2. ദീർഘകാല രോഗാവസ്ഥ
		3.ശാരീരിക/മാനസികവെല്ലുവിളിനേരിടുന്നവർ/ഭിന്നശേഷിക്കാർ
		4. വയോജനസംഖ്യ
3.	തൊഴിൽ/ഉപ ജീവനം	1. തൊഴിൽ രഹിതർ
		2. വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ
		3. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽഅന്വേഷകർ.

		4. സ്ഥിര വരുമാനം ഇല്ലാത്തവർ
		5. കൃഷി, മൃഗസംരക്ഷണം
		6. ചെറുകിട വ്യവസായം/ നൈപുണ്യ വികസനം
		7. സംസ്കാരം, കല, കായികം, യുവജനക്ഷേമം
4.	അടിസ്ഥാന സൗകര്യം	1. ജീർണ്ണാവസ്ഥയിലുള്ള വീടുകൾ
		2. സ്വന്തമായി വീടില്ലാത്തവർ
		3. വൈദ്യുതി ഇല്ലാത്തവർ
		4. കുടിവെള്ള സൗകര്യം ലഭ്യമല്ലാത്തവർ
		5. കക്കൂസ് ഇല്ലാത്തവർ
5.	സാമൂഹ്യസുരക്ഷിതത്വം അമ്മമാർ	1. അവിവാഹിതരായ
		2. കടബാദ്ധ്യത
		3. വിവിധ സാമൂഹ്യ പെൻഷനുകളുടെ ലഭ്യത (മാരകമായ അസുഖം ബാധിച്ചവർക്കുംഭിന്നശേഷിക്കാർക്കും അടക്കം)
		4. കുടുംബ ശ്രീ പ്രവർത്തനത്തിന്റെ കുറവ്
		5.സ്വാശ്രയശീലത്തിന്റെയുംസമ്പാദ്യത്തിന്റെയുംഅഭാവം.
		6.വനവുമായുള്ള പാരസ്പര്യ ജീവിതം
		7. വനാവകാശ നിയമം

അവലംബം.. പട്ടികവർഗ്ഗ വികസന വകുപ്പ്

ജനസംഖ്യ

2011 സെൻസസ് പ്രകാരം കൊല്ലം ജില്ലയിൽ 2972 കുടുംബങ്ങളിലായി 5195 പുരുഷൻമാരും 5566 സ്ത്രീകളുമായി 10761 പട്ടികവർഗ്ഗക്കാർ ഉള്ളതായിവെളിവാകുന്നു. 2001 സെൻസസ് പ്രകാരം 2447 പുരുഷൻമാരും 2743 സ്ത്രീകളുമടക്കം 5190 ആയിരുന്നു ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ. 2008-10 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടുകൂടി നടത്തിയ സർവ്വെ പ്രകാരം ജില്ലയിൽ 1303 കുടുംബങ്ങളിലായി 2236 പുരുഷൻമാരും 2405 സ്ത്രീകളുമടക്കം 4641 പട്ടിക വർഗ്ഗക്കാരുള്ളതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവരുടെ തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പട്ടികയിൽ വിവരിക്കുന്നു. 2011 സെൻസസ് റിപ്പോർട്ടിൽ ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയിൽ വന്ന ക്രമാതീതമായ വർദ്ധനവ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പട്ടിക 4.15.2.2

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള ജനസംഖ്യയുടെ വിവരങ്ങൾ

ക്രമനം:	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ	കുടുംബം	പുരുഷൻ	സ്ത്രീ	ആകെ
1	ഓച്ചിറ	3	2	6	8
2	കുലശേഖരപുരം	3	10	7	17
3	കരുനാഗപ്പള്ളി	21	35	37	72
4	തൊടിയൂർ	11	16	21	37
5	ശാസ്താംകോട്ട	2	5	3	8
6	പടിഞ്ഞാറേ കല്ലട	6	12	10	22
7	കുന്നത്തൂർ	6	9	9	18
8	തലവൂർ	7	11	17	28

9	പിറവന്തൂർ	160	295	286	581
10	കുളത്തൂപ്പുഴ	541	948	1049	1997
11	അലയമൺ	4	6	7	13
12	കരവാളൂർ	8	15	13	28
13	തെന്മല	132	212	227	439
14	ആര്യങ്കാവ്	164	282	276	558
15	തെക്കുംഭാഗം	1	1	4	5
16	നീണ്ടകര	2	5	3	8
17	തൃക്കടവൂർ	1	1	1	2
18	കൊറ്റംകര	3	5	5	10
19	ചിതറ	140	223	267	490
20	കുമ്മിൾ	1	-	1	1
21	പുനലൂർ മുനിസിപ്പാലിറ്റി	76	124	140	264
22	കൊല്ലം കോർപ്പറേഷൻ	11	19	16	35
	ആകെ	1303	2236	2405	4641

അവലംബം 2008-10 ലെ പട്ടികവർഗ്ഗ സർവ്വെ റിപ്പോർട്ട്

ജില്ലയിൽ കാണിക്കാർ, മലപ്പണ്ടാരം, മലവേടർ, ഉള്ളാടർ, മലഅരയൻ എന്നീ സമുദായങ്ങളിൽപ്പെട്ട പട്ടിക വർഗ്ഗക്കാരാണ് അധിവസിക്കുന്നത്. 2008-10 സർവ്വെ പ്രകാരം സമുദായം തിരിച്ചുള്ള ജനസംഖ്യ ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.3

സമുദായം തിരിച്ചുള്ള ജനസംഖ്യ

ക്രമനം:	പട്ടികവർഗ്ഗ സമുദായം	കുടുംബം	ആൺ	പെൺ	ആകെ
1	കാണിക്കാർ	685	1149	1297	2446
2	മലപ്പണ്ടാരം	317	530	521	1051
3	മലവേടൻ	232	372	388	760
4	ഉള്ളാടൻ	68	110	115	225
5	മലഅരയൻ	1	2	-	2
6	മറ്റുള്ളവർ	-	73	84	157
	ആകെ	1303	2236	2405	4641

അവലംബം- പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ ആനുകാലികമായി ശേഖരിച്ച വിവരമനുസരിച്ച ജില്ലയിൽ 1625 കുടുംബങ്ങളിലായി 2464 പുരുഷൻമാരും 2634 സ്ത്രീകളുമടക്കം 5098 പട്ടികവർഗ്ഗക്കാരുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച വിവരം ചുവടെയുള്ള പട്ടികകളിൽ വിശദമാക്കുന്നു.

പട്ടിക 4.15.2.4

പട്ടികവർഗ്ഗ ജനസംഖ്യ

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	പട്ടികവർഗ്ഗ കുടുംബങ്ങൾ എണ്ണം	പട്ടികവർഗ്ഗ ജനസംഖ്യ(എണ്ണം		ആകെ
			പുരുഷൻമാർ	സ്ത്രീകൾ	
1	ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്	27	46	53	99
2	ശാസ്താംകോട്ട ബ്ലോക്ക് ഞ്ചായത്ത്	14	26	21	47
3	പത്തനാപുരം ബ്ലോക്ക്പഞ്ചായത്ത്	208	331	345	676

4	അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്	1036	1590	1692	3283
5	ചവറ ബ്ലോക്ക് പഞ്ചായത്ത്	3	6	6	12
6	മുഖത്തല ബ്ലോക്ക് പഞ്ചായത്ത്	8	13	18	31
7	ചടയമംഗലംബ്ലോക്ക് പഞ്ചായത്ത്	187	243	246	489
8	കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി	32	56	63	119
9	പുനലൂർ മുൻസിപ്പാലിറ്റി	84	116	139	255
10	കൊല്ലം കോർപ്പറേഷൻ	21	28	39	67
11.	കൊട്ടാരക്കര മുൻസിപ്പാലിറ്റി	5	9	11	20
	ആകെ	**1625**	**2464**	**2634**	**5098**

അവലംബം- പട്ടികവർഗ്ഗ വികസന വകുപ്പ്

ജനസംഖ്യ - നിർദ്ദേശങ്ങൾ

1. 2017 ലെ സെൻസസ് റിപ്പോർട്ടിൽ 2001 ലെ സെൻസസിനെ അപേക്ഷിച്ച പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയിൽ വന്ന ഗണ്യമായ വർദ്ധനവ് പരിശോധിക്കേണ്ടതാണ്.
2. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ പരിശോധിച്ചാൽ ആരോഗ്യ പരിചരണ സേവനങ്ങളുടെ കുറവ് പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്നതായി വെളിവാകുന്നു.
3. ജില്ലയിലെ പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിചരണം ആവശ്യമാണെന്നും വെളിവാകുന്നു.

വിദ്യാഭ്യാസം

ജില്ലയിലെ പൊതു സാക്ഷരതാ നിരക്ക് 2011 സെൻസസ് പ്രകാരം 94.09% ആണ് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 2008-10 കാലയളവിൽ നടത്തിയ സർവ്വെ പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗസാക്ഷരത 81.87% ആണ്. പട്ടികവർഗ്ഗക്കാരുടെ സംസ്ഥാന സാക്ഷരതയായ 80.80% ൽ നിന്നും ഒരു ശതമാനത്തിന്റെ വർദ്ധനവുണ്ട്. (3373 പേർ) അതിൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 84.12%വും സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 79.79% ശതമാനവുമാണ്. അതായത് ജില്ലയിലെ പൊതുസാക്ഷരതയുമായിതാരതമ്യം ചെയ്യുമ്പോൾ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതയിൽ 12.32 ശതമാനം വ്യത്യാസവും പുരുഷന്മാരുടെ സാക്ഷരതയും സ്ത്രീകളുടെ സാക്ഷരതയും തമ്മിൽ 4.33 ശതമാനം വ്യത്യാസവും നിലനിൽക്കുന്നു. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ആകെ സാക്ഷരതയും (81.87) മലപ്പണ്ടാരം സമുദായത്തിന്റെ (52.34) സാക്ഷരതയും തമ്മിൽ 29.53 ശതമാനം വ്യത്യാസം നിലനിൽക്കുന്നു. ജില്ലയിൽ മലപ്പണ്ടാരം സമുദായത്തെ പോലെ മലവേടർസമുദായവും സാക്ഷരതയിൽ (83.08) വളരെ പിന്നിലാണ്. ഈ രണ്ടു സമുദായങ്ങളുടെയും വിദ്യാഭ്യാസ കാര്യത്തിൽ സജീവ ശ്രദ്ധ ആവശ്യമാണ്.

ജില്ലയിൽ പട്ടികവർഗ്ഗക്കാരായ 747 പേർ നിരക്ഷരരായുണ്ട്. ഇവരിൽ 194 പുരുഷൻമാരും 197 സ്ത്രീകളുമായി 391 പേരും (52.34) മലപ്പണ്ടാരം സമുദായത്തിൽപ്പെട്ടവരാണ്. അഞ്ചൽ, പത്തനാപുരം, ചടയമംഗലം ബ്ലോക്കുകളിലായാണ് ആകെയുള്ള 747 നിരക്ഷരരിൽ 654 പേരും (87.55%) അധിവസിക്കുന്നത്. അതിനാൽ ഈ മൂന്നു ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും മലപ്പണ്ടാരം സമുദായത്തിന് പ്രാമുഖ്യംനൽകിയും തുടർ സാക്ഷരതാ പ്രവർത്തനം നടത്തേണ്ടതാണ്.

ജില്ലയിൽ 4-5 പ്രായത്തിൽ ആകെയുള്ള 201 കുട്ടികളിൽ 146 പേർ (72.64%) മാത്രമേ അംഗൻവാടിയിൽ പോകുന്നുള്ളു. 27.36% കുട്ടികൾക്ക് സംയോജിത ശിശുവികസന പ്രോജക്ടിന്റെ സേവനം- പൂരക ഭക്ഷണമടക്കം- ലഭിക്കുന്നില്ല. അംഗൻവാടിയുടെ അഭാവം, അപ്രാപ്യത 0-6 പ്രായത്തിലുള്ളവർക്കും കൗമാര പ്രായക്കാർക്കും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കും പൂരക ഭക്ഷണ പരിപാടിയുടെ സേവനം അന്യമാകുന്നു. ശൈശവ ഘട്ടത്തിലെ ന്യൂനത പട്ടികവർഗ്ഗ കുട്ടികളുടെ അദ്ധ്യയന നിലവാരത്തെ

സാരമായി ബാധിക്കുന്നു. മറ്റുള്ളവർക്കുള്ള ന്യൂന പോഷണവും ഒരു ആരോഗ്യ പ്രശ്നമാണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മാർക്കും ജില്ലാപഞ്ചായത്ത് മുഖേനയുള്ള പോഷകവിതരണം പ്രയോജനകരമാണ്.

ജില്ലയിൽ ആകെയുള്ള 897 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 581 പേർ പ്രൈമറി തലത്തിലും 179 പേർ സെക്കന്ററി തലത്തിലും 73 പേർ ഹയർസെക്കന്ററി തലത്തിലും 40 പേർ ബിരുദതലത്തിലും 4 പേർ ബിരുദാനന്തരതലത്തിലും 4 പേർ ഡിപ്ലോമ കോഴ്സുകൾക്കും 3 പേർസർട്ടിഫിക്കറ്റ്കോഴ്സുകൾക്കും പഠിക്കുന്നുണ്ട്. ആകെയുള്ള 897 പേരിൽ 884 പേർ മാത്രമേ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്നുള്ളു. 13 പേർ വിവിധ ക്ലാസ്സുകളിൽ കൊഴിഞ്ഞു പോയതായാണ് കാണുന്നത്. ആകെ വിദ്യാർത്ഥികളിൽ 23.30 ശതമാനം പേർ മാത്രമാണ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നത്. 19 ശതമാനം പെൺകുട്ടികളും 27% ആൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യങ്ങൾ ലഭിക്കുന്നു. ജില്ലയിലെ പട്ടികവർഗ്ഗ കുട്ടികളുടെ പ്രത്യേകിച്ചു പിന്നോക്കം നിൽക്കുന്ന മലപ്പണ്ടാരം, മലവേടർ സമുദായക്കാരുടെ വിദ്യാഭ്യാസ അഭിവൃദ്ധിക്കായി കൂടുതൽ ഹോസ്റ്റൽ സൗകര്യം ആവശ്യമാണെന്നു കാണുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് മതിയായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവമാണ് പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യ കുറവിനു കാരണമായി ഭവിക്കുന്നത്. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും നിരക്ഷരതയും വിദ്യാഭ്യാസകാര്യത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കു പ്രതികൂലമായി ഭവിക്കുന്നു.

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ 22.65% വരുന്ന മലപ്പണ്ടാരംസമുദായത്തിൽ നിന്നും എസ്.എസ്.എൽ.സി.പാസ്സായ 26 (7.67%) പ്ലസ് റ്റു പാസ്സായ 9 (7.2%) പേരും മാത്രമാണുള്ളത് ആകെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 21% മാത്രമേ മലപണ്ടാര സമുദായത്തിൽ നിന്നുള്ളു. എങ്കിലും ഒന്നാം ക്ലാസ്സിൽ പ്രവേശിക്കുന്നവർ ഉയർന്ന ക്ലാസ്സുകളിൽ എത്തുന്നില്ല എന്നത് വളരെ പ്രകടമാണ്. ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ നാമമാത്രമാണ്. നിരക്ഷരരിലെ 52.34%വും മലപണ്ടാരം സമുദായക്കാരാണ്. മലപ്പണ്ടാര സമുദായത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥഅവരുടെ സാമൂഹ്യസാമ്പത്തികവുമായ പിന്നോക്കാവസ്ഥയ്ക്കു കൂടി കാരണമാകുന്നു. അതിനാൽജില്ലയിൽ മലപ്പണ്ടാരം സമുദായക്കാരുടെ വിദ്യാഭ്യാസപരമായ അഭിവൃദ്ധിയ്ക്ക് ഊന്നൽ നൽകി അനുയോജ്യമായ പരിപാടികൾക്കു രൂപ നൽകേണ്ടതുണ്ട്.

സാക്ഷരത നിലവാരം

- സംസ്ഥാനത്തെ പൊതു സാക്ഷരത - 93.91%
- പട്ടികവർഗ്ഗക്കാരുടെ സാക്ഷരത - 80.80%
- കൊല്ലം ജില്ലയിലെ സാക്ഷരത - 94.09%
- കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത(2008-10 സർവ്വെ പ്രകാരം) - 81.87%
- പ്രായപൂർത്തിയായവർ നിരക്ഷരർ
- മലപ്പണ്ടാരം സമുദായം സാക്ഷരതയിൽ - 52.34%
- ജില്ലയിലെ പൊതു സാക്ഷരതയും പട്ടികവർഗ്ഗ സാക്ഷരതയും തമ്മിലുള്ള അന്തരം - 12.22%
- ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരതയിലുള്ള അന്തരം - 29.53%
- സ്ത്രീപുരുഷ സാക്ഷരതയിലെ അന്തരം - 4.33%
- 0-6 പ്രായത്തിലുള്ളവർ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഇവരിൽ ഗണ്യമായ വിഭാഗത്തിനും സംയോജിത ശിശുവികസന പ്രോജക്ടിന്റെ സേവനം ലഭിക്കുന്നില്ല.
- 4-5 പ്രായത്തിലുള്ള ഏകദേശം 27.37% കുട്ടികൾക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നില്ല.

- സാധാരണ ജനവിഭാഗത്തെപ്പോലെ പട്ടികവർഗ്ഗക്കാരായ രക്ഷിതാക്കളുടെ മതിയായ പിന്തുണ അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ കാര്യത്തിൽ ലഭിക്കുന്നില്ല- രക്ഷിതാക്കളുടെ നിരക്ഷരതയും സ്ഥായിയായ വരുമാനമില്ലായ്മ, സാമ്പത്തിക പിന്നോക്കാവസ്ഥയും ഇതിനു കാരണമാണ്.
- സങ്കേതത്തിൽ ഒത്തുചേർന്നു മുതിർന്ന കുട്ടികളുമായി ആശയവിനിമയം നടത്തി സംശയ നിവാരണം നടത്തി പഠനം നടത്തുന്നതിനു കഴിയുന്നില്ല.
- വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനും സ്ഥലസൗകര്യമില്ല.
- വിദ്യാഭ്യാസ സ്ഥാപനവും വീടുമായുമുള്ള ദൂരക്കൂടുതൽ നിത്യവും സ്കൂളിൽ പോകുന്നതിനു തടസ്സമാകുന്നു.
- രാവിലെ വീട്ടിൽ നിന്നും പ്രാതൽ കഴിച്ചു പോകുവാനുള്ള സൗകര്യമില്ലാത്ത പട്ടികവർഗ്ഗ കുട്ടികൾ ജില്ലയിലുണ്ട്. (ഭക്ഷണക്കുറവ്)
- അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ വിദ്യാർത്ഥികളിൽ അസംതൃപ്തി വളർത്തുന്നു.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വീട് സ്ഥിതി ചെയ്യുന്ന സങ്കേതം ഉൾപ്പെടുന്ന സ്ഥലവുമായുള്ള ദൂരക്കൂടുതൽ.
- പ്രവേശനം ലഭിക്കുന്ന സ്ഥാപനത്തിനടുത്ത് താമസസൗകര്യം ലഭ്യമല്ലാത്തത്.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കു പ്രവേശനം ലഭിക്കുമ്പോൾ വേണ്ടി വരുന്ന പ്രാരംഭചിലവുകൾ വഹിക്കുന്നതിനുള്ള സാമ്പത്തിക പ്രയാസം.
- സ്കൂൾ വിദ്യാഭ്യാസത്തിലെ അദ്ധ്യയന നിലവാരക്കുറവ്മൂലം ഉന്നതവിദ്യാഭ്യാസ കോഴ്സുകളുമായി സമരസപ്പെടുന്നതിനുള്ള പ്രയാസം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശനപരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെ അഭാവവും.
- ഐ.ടി.ഐ, പോളിടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള അവബോധക്കുറിവ്. അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തത്.
- വീടു വിട്ടുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു നൽകി വരുന്ന ഉയർന്ന സ്റ്റൈപ്പൻറായ 5,000/- രൂപ താമസവും ഭക്ഷണവും മറ്റു പഠന ചിലവും വഹിക്കുന്നതിനു മതിയാകാതെ വരുന്ന സാഹചര്യം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെയും തയ്യാറെടുപ്പിന്റെയും അഭാവം.
- പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ അദ്ധ്യയനവർഷം മുഴുവൻ അദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ലഭിക്കാത്തതു അദ്ധ്യയനത്തെ ദോഷകരമായി ബാധിക്കുന്നു.
- പട്ടികവർഗ്ഗക്കാരുടെ കല, സംസ്കാരം, ഭാഷ ജീവിതരീതി ഇവയെക്കുറിച്ചുള്ള അവബോധക്കുറവ് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സൗഹൃദപരമാകുന്നില്ല.
- ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ പോളി ടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധക്കുറവും അവയുടെ സമീപം താമസസൗകര്യം ലഭിക്കാത്തതും.
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം, സൈനിക സ്കൂൾ എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധാരണയില്ലായ്മയും പ്രോത്സാഹനക്കുറവും.
- സ്കൂൾ യുവജനോത്സവം, സ്പോർട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫറ്റ് മത്സരം, ക്വിസ് മത്സരം, എൽ.എസ്.എസ്, യു.എസ്.എസ്., എൻ.റ്റി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുള്ളവയ്ക്ക് ചേരുന്നതിനുള്ള പ്രോത്സാഹനക്കുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ചു സ്കൂളിൽ എത്തിക്കുന്നതിനുള്ള പരിപാടിയുടെ അഭാവം.

നിർദ്ദേശങ്ങൾ

- അംഗൻവാടികൾ നിലവിലില്ലാത്ത എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും മാതൃകാ കിൻറർ ഗാർട്ടനുകൾ സ്ഥാപിക്കുക.
- മലപ്പണ്ടാരം, മലവേടർ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുക.
- ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.
- സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായനാ ഗ്രന്ഥശാല, ഐ.റ്റി.കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടുക കൂടിയ) എല്ലാ ഊരുകളിലും ആരംഭിക്കുക.
- കൊഴിഞ്ഞുപോക്ക് തടയുന്നതിന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് 2017 ൽ ആരംഭിച്ച "അഗസ്ത്യന്റെ പൂമ്പാറ്റകൾ" പോലെയുള്ള ഇടപെടൽ പദ്ധതികൾ ജില്ലയിലും ആരംഭിക്കുക.
- ഐ.ടി.ഐ.പോളിടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചും പ്രൊഫഷണൽ കോഴ്സുകളെ കുറിച്ച അവബോധമുണ്ടാക്കുകയും പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം നൽകുകയും ചെയ്യുക.
- വീടു വിട്ടുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു നൽകി വരുന്ന ഉയർന്ന സ്റ്റൈപ്പൻറായ 5,000/- രൂപ താമസവും ഭക്ഷണവും മറ്റു പഠന ചിലവും വഹിക്കുന്നതിനു മതിയാകാതെ വരുന്ന സാഹചര്യത്തിൽ കാലാനുസൃതമായി വർദ്ധിപ്പിക്കുക.
- പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർക്കു സ്കൂളിനോട് ചേർന്നു ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു നൽകി താമസസൗകര്യം ഒരുക്കണം.
- പട്ടികവർഗ്ഗക്കാരുടെ ഭാഷ, കല, സംസ്കാരം, ജീവിതരീതി ഇവയെക്കുറിച്ച അദ്ധ്യാപകർക്കു മതിയായ പരിശീലനം നൽകി അവരെ പട്ടികവർഗ്ഗ സൗഹൃദമാക്കുക.

ജില്ലയിലെ അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.5

ജില്ലയിലെ അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗക്കാർ

ക്രമനം:	വിദ്യാഭ്യാസ യോഗ്യത	യോഗ്യത നേടിയവർ
1	പ്രൈമറിതലം	1323
2	എസ്.എസ്.എൽ.സി.യ്ക്ക് താഴെ	1458
3	എസ്.എസ്.എൽ.സി	340
4	പ്രീ-ഡിഗ്രി/പ്ലസ് റ്റു	125
5	ഡിഗ്രി	27
6	ബിരുദാനന്തര ബിരുദ	8
7	സാങ്കേതിക വിദ്യാഭ്യാസം	62
	ആകെ	**3343**

അവലംബം.. പട്ടികവർഗ്ഗ വികസന വകുപ്പ്

ജില്ലയിൽ ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസ രംഗത്തു നാമമാത്രമായവർ മാത്രമേ യോഗ്യത നേടിയതായുള്ളു. പ്രൊഫഷണൽ രംഗത്ത് ഒരാൾ ബി.ടെക് യോഗ്യത നേടിയതു മാത്രമേയുള്ളു. മെഡിക്കൽ രംഗത്തു ആരും തന്നെയില്ല. മലപ്പണ്ടാരം, മലവേടർ, സമുദായങ്ങളിൽ നിന്നുംഹയർസെക്കന്ററിയ്ക്കു മേൽ വിദ്യാഭ്യാസം നേടിയവർ നാമമാത്രമാണ്.

ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് ഇവിടങ്ങളിലും പട്ടികവർഗ്ഗ കുട്ടികൾ ചേർന്നു പഠിക്കുന്നില്ല. ഈ മേഖലയിൽപട്ടികവർഗ്ഗ കുട്ടികൾക്കു മതിയായ ബോധവത്ക്കരണം ആവശ്യമാണ്. പ്രൊഫ

ഷണൽ രംഗത്ത്, എഞ്ചിനീയറിംഗ്, മെഡിക്കൽ, ആയുർവേദ, ഹോമിയോ, അഗ്രികൾച്ചർ,ബി.വി.എസ്.സി, ഡയറി സയൻസ് തുടങ്ങി ഡിഗ്രി കോഴ്സുകളിലും അനുബന്ധ കോഴ്സുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു താൽപര്യം വളർത്തുന്നതിന് മാർഗ്ഗനിർദ്ദേശവും പരിശീലനവും ആവശ്യമാണ്.

തൊഴിൽ/ഉപജീവനം

അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പട്ടികവർഗ്ഗക്കാരിൽ ഏറിയ പങ്കും കാർഷികഅനുബന്ധമേഖലകളിൽ പണിയെടുക്കുന്നവരാണ്. തൊഴിലെടുക്കാൻശേഷിയുള്ളവരിൽ ഏറെയും തൊഴിൽരഹിതരാണ്. കൃഷി, പരമ്പരാഗതഉല്പന്നങ്ങളുടെ നിർമ്മാണം, മൃഗപരിപാലനം, ചെറുകിട കച്ചവടം, പച്ചമരുന്ന് ശേഖരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ ആളുകളെ ആകർഷിക്കത്തക്കരീതിയിലുള്ള പരിപാടികൾ നടപ്പാക്കേണ്ടതാണ്. പ്രായേണ ദുർബല വിഭാഗ ത്തിൽപ്പെട്ട മലപണ്ടാരം, ഉള്ളാടൻ, മലവേടൻ സമുദായങ്ങളിലും, താരതമ്യേന മെച്ചപ്പെട്ട ജീവിത സൗക ര്യമുള്ള കാണിക്കാരൻ സമുദായത്തിലും തൊഴിൽരഹിതർ കൂടുതലാണ്.

വനമേഖലയോടനുബന്ധിച്ച പ്രദേശങ്ങളിൽ റബ്ബർ കൃഷി മാത്രമേ സാദ്ധ്യമാവുന്നുള്ളു. വന്യമൃഗങ്ങളുടെ ശല്യം, വേനൽക്കാലത്ത് ജലദൗർലഭ്യം കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനുള്ള യാത്രാസൗകര്യങ്ങളുടെ അഭാവം എന്നിവ മൂലം മറ്റുള്ള കൃഷികൾ പരിമിതമാണ്. റബ്ബറിന്റെ വിലയിടിവ് പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും കൂടുതൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഭൂരിഭാഗം റബ്ബർകർഷകരും സ്വന്തം നിലയിൽ റബ്ബർ ടാപ്പ് ചെയ്യുന്നതിനാലാണ് റബ്ബർകൃഷി ഇപ്പോഴും ഏറെക്കുറെ ആദായകരമായി നിലനിൽക്കുന്നത്.

അച്ചൻകോവിൽ കോളനിയിൽ 1988-89 വർഷം മുതൽ സർക്കാർ ധനസഹായത്തോടെ റബ്ബർ ബോർഡ് മുഖേന കൃഷി ചെയ്തു നൽകിയ റബ്ബർ മരങ്ങളിൽ നിന്നുള്ള ആദായം കുറഞ്ഞ് വരുന്നു. ഇവ മുറിച്ചു മാറ്റി പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ട്. എന്നാൽ ആളോഹരി കൈവശഭൂമിയുടെ വിസ്തൃതിയിലെ കുറവ് റബ്ബർ പുന:കൃഷിയ്ക്ക് അനുഗുണമല്ല.

വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക കൂടി ചെയ്തെങ്കിൽ മാത്രമേ പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമൂഹികമായും, സാമ്പത്തികമായും ഉയർത്തികൊണ്ടു വരുവാൻകഴിയുകയുള്ളൂ. നൈപുണ്യവികസന പരിപാടികൾ, മൂല്യവർദ്ധനസംരംഭങ്ങൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്ക്ലാസ്സുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

പട്ടിക 4.15.2.6

തൊഴിലിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളും വ്യക്തികളും

ക്രമനം	മുഖ്യ തൊഴിൽ	കുടുംബങ്ങൾ
1	വനവിഭവശേഖരം	41
2	കൃഷി	72
3	പരമ്പരാഗതഉത്പന്നങ്ങളുടെ നിർമ്മാണം	24
4	മൃഗപരിപാലനം	26
5	ചെറുകിട കച്ചവടം	11
6	പച്ചമരുന്നു ശേഖരണം	26
7	കർഷകതൊഴിലാളി	96
8	വനഖേലയിലെ കൂലിപ്പണി	218
9	തൊഴിലുറപ്പ് പദ്ധതി	486
10	കാർഷികേതര തൊഴിലാളി	221
11	എസ്റ്റേറ്റ് തൊഴിലാളി	93
12	സർക്കാർ/അർദ്ധസർക്കാർ ജോലി	148
13	സ്വകാര്യമേഖലയിൽ സ്ഥിരം തൊഴിൽ	8

14	വനമേഖലയിൽ സ്ഥിരം തൊഴിൽ	5
15	എസ്റ്റേറ്റ് മേഖലയിൽ സ്ഥിരം തൊഴിൽ	41
16	മറ്റുള്ളവ	3
17	വരുമാനമാർഗമില്ല.	16
	ആകെ	1625

അവലംബം. പട്ടികവർഗ്ഗ വികസന വകുപ്പ്

2008-10 വർഷത്തെ പട്ടികവർഗ്ഗ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം കൊല്ലം ജില്ലയിൽ 15-59 പ്രായത്തിലെ 4120 പട്ടികവർഗ്ഗക്കാരുണ്ട്. പ്രൈമറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ള 3281 പേരിൽ 1259 പേർ തൊഴിൽ രഹിതരാണ്. എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസമുള്ള 500 പേരിൽ 308 പേരും തൊഴിൽ രഹിതരാണ്. അഭ്യസ്തവിദ്യരിലെ വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ പുതിയ തലമുറയെ പഠനത്തിൽ താൽപര്യക്കുറവ് ജനിപ്പിക്കുന്നതിന് വഴിവയ്ക്കുന്നു. ജില്ലയിലെ 15-59 പ്രായത്തിലുള്ള തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ യോഗ്യതയടങ്ങുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.7

ജില്ലയിലെ 15-59 പ്രായത്തിലുള്ള തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ യോഗ്യതയടങ്ങുന്ന പട്ടിക

ക്രമനം:	വിദ്യാഭ്യാസ യോഗ്യത	ജില്ലയിലാകെയുള്ള പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ യോഗ്യത	തൊഴിൽരഹിതരുടെ വിദ്യാഭ്യാസ യോഗ്യത
1	നിരക്ഷരർ	747	151
2	നവസാക്ഷരർ	92	19
3	പ്രൈമറി	1323	248
4	എസ്.എസ്.എൽ.സിയ്ക്കു താഴെ	1458	533
5	എസ്.എസ്.എൽ.സി.	340	188
6	പ്രീഡിഗ്രി/പ്ലസ് റ്റു	125	100
7	ബിരുദം	27	16
8	ബിരുദാനന്തര ബിരുദം	8	4
	ആകെ	**4120**	**1259**

അവലംബം 2008-10പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ റിപ്പോർട്ട്

പട്ടിക 4.15.2.8

15-59 പ്രായത്തിൽ സാങ്കേതിക യോഗ്യതയുള്ള തൊഴിൽ രഹിതർ

ഇനം	എണ്ണം
തൊഴിലധിഷ്ഠിത കോഴ്സ്	11
ഡിപ്ലോമ	1
പ്രൊഫഷണൽ ബിരുദം	1
മറ്റ് സാങ്കേതിക യോഗ്യത	13
ആകെ	**26**

അവലംബം 2008-10പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ റിപ്പോർട്ട്

ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ പ്രത്യേകിച്ചു കാണിക്കാർ വിഭാഗത്തിൽപ്പെട്ടവരിൽ ഒരേക്കറോ അതിനു മുകളിലോ കൈവശ ഭൂമിയുള്ളവരുണ്ട്. വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഭൂമി വന്യമൃഗ ശല്യം മൂലം ആദായകരമായി കൃഷി യോഗ്യമാക്കുന്നതിനു കഴിയുന്നില്ല. എന്നാൽ ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പു വരുത്തുന്ന തരത്തിൽ ഭൂവിനിയോഗം കാര്യക്ഷമമാക്കേണ്ടുന്നതാണ്.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ നയത്തിനു അനുരോധമായി സാധ്യമായ സ്ഥലങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ടുകൾ

വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ ആവിഷ്കരിക്കാവുന്നതാണ്. അപ്രകാരം ആരംഭിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തിനാവശ്യമായ നൈപുണ്യ വികസനം സങ്കേതത്തിലെയും സമീപത്തേയും തൽപരരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കു നൽകി അവർക്ക് ശാശ്വത വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കാവുന്നതാണ്.

വ്യവസായ വാണിജ്യവകുപ്പിനു കീഴിൽ കുളത്തൂപ്പുഴയിൽ ഒരു കൈത്തറി നെയ്ത്ത് (വ്യവസായ) സഹകരണസംഘം പട്ടികവർഗ്ഗ യുവതികൾക്കു കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി ഉത്പാദനം നടത്തിയിരുന്നതു നിലവിൽ പ്രവർത്തനരഹിതമാണ്. അതിനെ പുന:സംഘടിപ്പിച്ചു നെയ്ത്തു പുനരാരംഭിക്കുന്നതോടൊപ്പം ഗാർമെന്റ്സ് മേക്കിംഗ് സെന്റർ കൂടി ആരംഭിച്ചു സ്കൂളുകൾക്കും ആശുപത്രികൾക്കും ആവശ്യമായ യൂണിഫോം, മറ്റു തുണിത്തരങ്ങൾ ഇവ ഉത്പ്പാദിപ്പിച്ചു വിപണനം നടത്താവുന്നതാണ്. വ്യവസായ വാണിജ്യവകുപ്പു മുഖേന ടി സൊസൈറ്റിയുടെ പുനരുദ്ധരിക്കുകയും സംഘം നവീകരിച്ചു ആദായകരമായ നിലയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കു തൊഴിൽ നൽകുന്ന സംരഭമായി വികസിപ്പിക്കാവുന്നതുമാണ്. വ്യവസായ വാണിജ്യ വകുപ്പിന്റെ ഫണ്ടിനു പുറമേ, ആവശ്യമെങ്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്/പൂൾഡ് ഫണ്ട് കൂടി ഉൾപ്പെടുത്തി സംയോജിത പ്രോജക്ടായി പുന:സംഘടന രൂപകൽപ്പന ചെയ്യാവുന്നതാണ്.

ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കാർപ്പന്ററി, കൽപ്പണി, ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി, പ്ലംബിംഗ്, വയറിംഗ് തുടങ്ങി താൽപര്യമുള്ള മേഖലകളിൽ നൈപുണ്യവികസന പരിശീലനം നൽകി സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന് അവസരം നൽകാവുന്നതാണ്. ഹോട്ടൽ മാനേജ്മെന്റ്, ഫുഡ്പ്രോസസിംഗ്, ടൂറിസം മാനേജ്മെന്റ്, മറ്റു സാങ്കേതിക, ഐ.റ്റി.മേഖലകൾ എന്നീ മേഖലകളിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ തൊഴിൽ പരിശീലനം ബന്ധപ്പെട്ട രംഗത്ത് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് നൽകുന്നതിനും അവരുടെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ കൈവശമഭൂമി പരമാവധി പ്രയോജനപ്പെടുത്തി സുസ്ഥിര വികസനം ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽ ശേഷി വളർത്തി ശാശ്വത വരുമാനം ഉറപ്പു വരത്തക്ക വിധം തൊഴിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

കേരളത്തിലെ പട്ടികവർഗ്ഗക്കാർ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ്. സംസാരഭാഷ, ആചാരാനുഷ്ഠാനങ്ങൾ, കൃഷിരീതി, ഭക്ഷണം, ചികിത്സ, ഭരണരീതി തുടങ്ങി സമസ്ത മേഖലകളിലും തങ്ങളുടെതായ രീതികൾ ഓരോ പട്ടികവർഗ്ഗ വിഭാഗത്തിനുമുണ്ട്. പുതിയ തലമുറയിലേയ്ക്കു അമൂല്യമായ അറിവുകൾ വേണ്ട രീതിയിൽ പകർന്നു നൽകുന്നില്ല എന്നത് പരിഗണിക്കപ്പെടേണ്ടതും പരമ്പരാഗതമായ അറിവുകളിലെ നന്മകൾ പരിപോഷിക്കപ്പെടേണ്ടതുമാണ്. കൊല്ലം ജില്ലയുടെ അവസ്ഥയും വിഭിന്നമല്ല.

സംസ്കാരം

കൊല്ലം ജില്ലയിലെ പ്രധാന പട്ടികവർഗ്ഗക്കാർ കാണിക്കാർ, മലപ്പണ്ടാരം, മലവേടർ എന്നീ സമുദായങ്ങളാണ്. കാണിക്കാർ സമുദായത്തിന്റെ ചാറ്റുപാട്ട്, തുങ്കിപ്പാട്ടു, കലണപ്പോർ പാട്ട്, മയിലാട്ടം പാട്ട് തുടങ്ങിയവയും അവരുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും വെളിപ്പെടുത്തുന്നതാണ്. മലവേടർ സമുദായത്തിന്റെ കോൽക്കളി, മുടിയാട്ടം, ചവിട്ടുകളി ഇവയും പ്രാധാന്യമുള്ളതാണ്. അവരുടേതായ കൃഷിരീതികളും, ഭക്ഷണ സമ്പാദന മാർഗ്ഗങ്ങളും ചികിത്സാ രീതികളുമൊക്കെ വലിയൊരളവോളം ആരോഗ്യപരമായ ജീവിതം നയിക്കുവാൻ അവരെ സഹായിച്ചിരുന്നതാണ്. വനവിഭവശേഖരണ രീതികളും ഉപജീവനമാർഗ്ഗമെന്ന നിലയിൽ ശ്രദ്ധേയമാണ്. പരമ്പരാഗതമായ ഈ അറിവുകൾ അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്ക് വേണ്ടത്ര കൈമാറുന്നില്ല. ഇതിന്റെ ദൗർബല്യം പുതിയ തലമുറ അഭിമുഖീകരിക്കുന്നുമുണ്ട്.

കായികം

കായികമായി അപാരമായ ശേഷിയും സിദ്ധിയുമുള്ളവരാണ് പട്ടികവർഗ്ഗ യുവതീ-യുവാക്കൾ എന്നാൽ ഈ കഴിവുകൾ വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കായിക പരിശീലനം നേടുന്നതിനും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സൗകര്യങ്ങളുമില്ല. കഴിവും പ്രാഗത്ഭ്യവുമുള്ളവരെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാല് അതൊരു ഉപജീവനമാർഗ്ഗമായി പരിവർത്തനം ചെയ്യാവുന്നതാണ്.

യുവജനക്ഷേമം

വിശകലനം

- തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുള്ള പിൻവാങ്ങൽ
- ഉയർന്ന/സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം
- സ്വയംതൊഴിൽ/ജീവനോപാധി പദ്ധതികളുടെ അഭാവം
- മത്സര തൊഴിൽ പരീക്ഷ പരിശീലനത്തിന്റെ അഭാവം
- തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽരാഹിത്യം
- കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യുവതീയുവാക്കൾക്ക് ഒത്തു ചേരുന്നതിനോ സംവദിക്കുന്നതിനോ മതിയായ സൗകര്യങ്ങളില്ല. ഈ പരിമിതി പലപ്പോഴും മദ്യം, മയക്കു മരുന്ന തുടങ്ങിയ ലോബികളുടെ കൈകളിലേയ്ക്ക് പട്ടികവർഗ്ഗക്കാരായ യുവാക്കളെ നയിക്കപ്പെടുന്നു. 15 ൽ അധികം കുടുംബങ്ങൾ അധിവസിക്കുന്ന എല്ലാ സങ്കേതങ്ങളിലും ഒഴിവു വേളകൾ ഫലപ്രദമായി ഉപയോഗിക്കാനാകുന്ന വിധത്തിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പട്ടികവർഗ്ഗ സമൂഹത്തിന്റെ അഭിവൃദ്ധിയ്ക്ക് ഉപകരിക്കുന്നതാണ്.

പട്ടികവർഗ്ഗ യുവതീ യുവാക്കളുടെ കലാവാസന പ്രോത്സാഹനമർഹിക്കുന്നു. ഈ രംഗത്തെ മിടുക്കരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ പ്രോത്സാഹിപ്പിച്ചു അവരുടെ കഴിവു ജീവനനോപാധിയായി വികസിപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ കൂടി പരിഗണിച്ച് അവരുടെ സംസ്കാരം, കലാകായിക രംഗത്തെ കഴിവ്, പാരമ്പര്യഭക്ഷണ രീതി, പാരമ്പര്യ ചികിത്സ ഇവ പരിപോഷിപ്പിച്ച് ഉപജീവനമാർഗ്ഗമായി വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും ആവിഷ്കരിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമി 2006 വനാവകാശ നിയമമനുസരിച്ചു ലഭിച്ച ഭൂമി അടക്കം കൈവശക്കാരായവരെ കൊണ്ടു തന്നെ ആദായകരമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം ചെയ്യുക.
- വന്യമൃഗശല്യം താരതമ്യേന കുറയുന്ന ഇഞ്ചി, മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിച്ചു അതിന്റെ തണലിൽ ഭക്ഷ്യവിളകളും പച്ചക്കറി കൃഷിയും നടത്തുക.
- സ്വന്തമായി കൃഷി ചെയ്യാനാകാത്ത പട്ടികവർഗ്ഗക്കാരുടെ ഭൂമി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കൃഷിയോഗ്യമാക്കി, ഉടമകൾക്കു കൂടി ന്യായമായ പ്രതിഫലം നൽകുംവിധം കൃഷിയോഗ്യമാക്കുക.
- പട്ടികവർഗ്ഗക്കാരുടെ ഭൂമിയും ഭൂമിയിലെ മേലാദായവും ഒരു കാരണവശാലും ഏതു നിർബന്ധിത സാഹചര്യത്തിലും, ഒറ്റിയായോ, പാട്ടമായോ നൽകില്ല എന്നു ഉറപ്പുവരുത്തുകയും മറിച്ചു സംഭവിക്കുന്ന സാഹചര്യത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം 1989, (ഭേദഗതി 2016), 1999 ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും കൈമാറ്റം ചെയ്ത ഭൂമി തിരിച്ചെടുത്തു കൊടുക്കലും നിയമം, 2006 ലെ വനാവകാശ നിയമം(2012 ലെ ഭേദഗതിയും) ഇവ അനുസരിച്ചു സ്വമേധയാ ഉത്തരവാദികളായവരുടെ മേൽ കേസ് എടുക്കുക. ഇക്കാര്യത്തിൽ നിരന്തരമായ ബോധവത്ക്കരണം പട്ടികവർഗ്ഗമേഖലയിൽ നടത്തുക.
- പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണം, മൃഗപരിപാലനം, ചെറുകിട കച്ചവടം, പച്ചമരുന്നു ശേഖരണം, കറവപശു വളർത്തൽ തുടങ്ങിയ മേഖലകളിൽ സ്ഥായിയായ വരുമാന വർദ്ധനവിനുള്ള പദ്ധതികൾ നടപ്പാക്കുക.
- അതതു പ്രദേശത്തു സാദ്ധ്യതയുള്ള മേഖലകളിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക.

- മൂല്യവർദ്ധിത ഉത്പന്നങ്ങൾ, വംശീയ ഭക്ഷണം ഇവ പ്രോത്സാഹിപ്പിക്കുക.
- വനമേഖലയിലെ കൂലിപ്പണി പട്ടികവർഗ്ഗക്കാർക്കായി നിജപ്പെടുത്തുക.
- തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ എല്ലാവരെയും ഉൾപ്പെടുത്തി തൊഴിൽ കാർഡു നൽകുക. വേതനം നൽകുന്നതിനു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുക.
- അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വളർത്തുന്നതിനു ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം മേഖല, ഫുഡ് പ്രോസസിംഗ് എന്നീ മേഖലകളിലും നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കമ്മ്യൂണിറ്റി പോളിടെക്നിക്, അസാപ് ഇവ മുഖേനയും പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക.
- കൽപ്പണി, ആശാരിപണി, പ്ലമ്പിംഗ്, വയറിംഗ് ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി താൽപര്യമുള്ളതും തൊഴിൽ ലഭ്യതയുള്ളതുമായ മേഖലകളിൽ നൈപുണ്യവികസനവും തൊഴിലും ലഭ്യമാക്കുക.
- നാടൻകലാരൂപങ്ങളായ ചാറ്റുപാട്ട്, മറ്റുപാട്ടുരീതികൾ, കോൽക്കളി, മുടിയാട്ടം, ചവിട്ടുകളി ഇവ പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനും ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങൾ, സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികൾ ഇവയിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകുക.
- പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളായ കുട്ടികളെ കണ്ടെത്തി സായ് (SAI)ജില്ലാ സ്പോർട്സ് കൗൺസിൽ, ജി.വി.രാജ.സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവു വർദ്ധിപ്പിക്കുന്നതിനു അവസരം ലഭ്യമാക്കുക.
- പട്ടികവർഗ്ഗത്തിലെ കലാ അഭിരുചിയുള്ളവർക്കു മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്ന തിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- പട്ടികവർഗ്ഗ കുട്ടികളുടെ കലാ-കായിക ശേഷി വികസിപ്പിക്കുന്നതിനു പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതു സൗകര്യങ്ങൾ വികസിപ്പിക്കണം.
- പട്ടികവർഗ്ഗ യുവതീ യുവാക്കളെ സംഘടിപ്പിച്ചു യൂത്ത് ക്ലബ്ബുകളുംരൂപീകരിച്ചു അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ലൈബ്രറി, ദിനപത്രം, ആനുകാലികങ്ങൾ ഇവ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൗകര്യം ഇവ ഏർപ്പെടുത്തണം.

ആരോഗ്യ സ്ഥിതി

2008-10 സർവ്വെ പ്രകാരം ജില്ലയിലെ 80% പട്ടികവർഗ്ഗക്കാരും ചികിത്സാവശ്യങ്ങൾക്ക് സർക്കാർ ആരോഗ്യ പരിചരണ സേവനങ്ങൾ ഉപയോഗിക്കുന്നതായും 20% പേർ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ പ്രായമനുസരിച്ചു പരിശോധിക്കുമ്പോൾ ചില പ്രായത്തിൽ കാണുന്ന ഏറ്റക്കുറച്ചിലുകൾ ആരോഗ്യപരിചരണ സേവനങ്ങളുടെ അപര്യാപ്തത വെളിവാക്കുന്നു. കുട്ടികൾക്ക് ആരോഗ്യ പരിചരണ സേവനങ്ങളുടെ കുറവ് രോഗ പ്രതിരോധ കുത്തിവയ്പുകൾ നടത്താതിരിക്കുക, ശുചീകരണപ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ അഭാവം ഇവ ജില്ലയിൽ വ്യാപകമായുണ്ട്. പട്ടികവർഗ്ഗ ഊരുകളും ആരോഗ്യ സ്ഥാപനങ്ങളുമായുള്ള ദൂരക്കൂടുതലും ആരോഗ്യ രക്ഷയ്ക്ക് തടസ്സമാകുന്നുണ്ട്.

കൊല്ലം ജില്ലയിൽ ഏറ്റവും അവികസിതമായ പട്ടികവർഗ്ഗകോളനിയാണ്ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ. ഇവിടെ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ഇല്ലാത്തതിനാലും ഡോക്ടർമാർ സ്ഥിരമായി ഇല്ലാത്ത തിനാലും ടി കോളനി നിവാസികൾ ചികിത്സാ സൗകര്യത്തിനായി വളരെയധികം ബുദ്ധിമുട്ടുന്നു. 45 കിലോമീറ്റർ ദൂരെയുള്ള പുനലൂർ താലൂക്ക് ആശുപത്രിയെയാണ് ഇവർ ആശ്രയിക്കുന്നത്. എന്നാൽ അച്ചൻകോവിൽ-പുന

ലൂർ റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ ഏറ്റവുംകൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് അച്ചൻകോവിൽ പ്രദേശത്തെ പട്ടികവർഗ്ഗജനവിഭാഗമാണ്.

പട്ടികവർഗ്ഗസങ്കേതങ്ങളിൽ പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള ആശാവർക്കർമാരെ കൂടുതലായി നിയോഗിക്കണം. അതോടൊപ്പം ആരോഗ്യപ്രവർത്തകരുടെ എണ്ണവും നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവു വരുത്തി പ്രദേശങ്ങളുടെ ദുർഘടനാവസ്ഥയ്ക്കും പിന്നോക്കാവസ്ഥയ്ക്കും അനുസൃതമായി വർദ്ധിപ്പിക്കണം.ആരോഗ്യ സ്ഥാപനങ്ങളും ഊരുകളും തമ്മിലുള്ള ദൂരം വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.9

ആരോഗ്യ സ്ഥാപനങ്ങളും ഊരുകളും

ക്രമ നം	ആരോഗ്യസ്ഥാപനം	ആരോഗ്യസ്ഥാപനത്തിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഊരുകൾ (എണ്ണം)									
		1 കി.മീ	1-2.5 കി.മീ	2.5-5കി.മീ	5-10 കി.മീ	10-25 കി.മീ	25-50കി.മീ	50-100കി.മീ	100-കി.മീൽ കൂടുതൽ	വ്യക്തമാക്കിയിട്ടില്ല	ആകെ
1	പ്രൈമറി ഹെൽത്ത് സെന്റർ	8	1	9	5	3	0	0	0	0	26
2	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	1	2	10	10	2	1	0	0	0	26
3	ജില്ലാ ആശുപത്രി	0	0	1	0	0	6	19	0	0	26
4	ഗവ:ആയുർവേദ ആശുപത്രി/ഡിസ്പെൻസറി	3	0	8	7	4	4	0	0	0	26
5	ഗവ:ഹോമിയോ ആശുപത്രി/ഡിസ്പെൻസറി	1	0	4	2	13	6	0	0	0	26

അവലംബം. പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടിക 4.15.2.10

ആരോഗ്യപരിചരണ സേവനങ്ങൾ ലഭ്യമായിട്ടുള്ള ഊരുകൾ.

ക്രമനം:	തദ്ദേശ ഭരണ സ്ഥാപനം	ആരോഗ്യസേവനത്തിന് പൊതുസംവിധാനം നിലവിലുള്ള ഊരുകൾ	ആരോഗ്യ പ്രവർത്തനകരുടെ സേവനം ലഭിക്കുന്ന ഊരുകൾ	രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, ഗുചികരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നിലവിലുള്ള ഊരുകൾ	സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും സേവനം ലഭ്യമാകുന്ന ഊരുകൾ	ഊരിലെ വനിതകൾക്ക് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ഗർഭപരിരക്ഷ, പ്രസവ-പ്രസവാനന്തര പരിചരണം ലഭിക്കുന്ന ഊരുകൾ	സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ഊരുകൾ	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്ന ഊരുകൾ	ഉരുതരമായ രോഗമുള്ളവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സഹായം ലഭിച്ചിട്ടുള്ള ഊരുകൾ	തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ചികിത്സാ സഹായം ലഭിച്ചിട്ടുള്ള ഊരുകൾ	ഊരു നിവാസികൾക്ക് സർക്കാതര സംഘടനകളുടെ സഹായം ലഭിച്ചിട്ടുള്ള ഊരുകൾ
1	കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി	2	2	2	2	2	2	1	2	0	1
2	പത്തനാപുരം ബ്ലോക്ക്	2	3	2	4	3	4	2	3	2	2

	പഞ്ചായത്ത്										
3	അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്	11	14	12	15	12	14	10	14	7	2
4	ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്	3	3	3	3	3	2	2	3	0	1
5	പുനലൂർ മുനിസിപ്പാലിറ്റി	0	1	0	2	2	2	2	2	2	0
	ആകെ	**18**	**23**	**19**	**26**	**22**	**24**	**17**	**24**	**11**	**6**

അവലംബം. പട്ടികവർഗ്ഗ വികസന വകുപ്പ്

വിശകലനം

- പട്ടികവർഗ്ഗ ഊരുകളുടെ എത്തി ചേരുവാനുള്ള ബുദ്ധിമുട്ട് ദുർഘടാവസ്ഥ ഇവ കൂടി പരിഗണിച്ച് എല്ലാ ഊരിലും സേവനം ലഭിക്കുമാറ് മതിയായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്/എൽ.എച്ച്.ഐ, ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിക്കണം.
- പട്ടികവർഗ്ഗത്തിൽ നിന്നുള്ള അഭ്യസ്തവിദ്യരായവരെ ആശാവർക്കർമാരായി അതത് സങ്കേതങ്ങളിൽ നിയോഗിക്കുന്നത് മെച്ചപ്പെട്ട ആരോഗ്യ പരിചരണ സേവനം ഉറപ്പ് വരുന്നതിനു ഉതകുന്നതാണ്.
- മദ്യം, മയക്കുമരുന്ന് ഇവയുടെ വ്യാപകമായ ഉപയോഗം ശരിയായആരോഗ്യ പരിചരണ സേവനങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുകഇവ മൂലം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ആയുർദൈർഘ്യം കുറഞ്ഞു വരുന്നതായി കാണുന്നു
- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും തുടർ ചികിത്സ ആവശ്യമുള്ളവരെ അനുയോജ്യമായ ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിച്ച് ചികിത്സ ഉറപ്പ് വരുത്തുന്നതിന് നടപടി ആവശ്യമാണ്.

ദീർഘകാല രോഗാവസ്ഥ

ജില്ലയിൽ സ്ഥിരമായ രോഗം അഭിമുഖീകരിക്കുന്ന 845 പട്ടികവർഗ്ഗക്കാർ 627 കുടുംബങ്ങളിലായുണ്ട്. രോഗവിവരമനുസരിച്ച കണക്കു ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.15.2.11

സ്ഥിരമായ അസുഖം ബാധിച്ച അംഗങ്ങളുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ	ക്യാൻസർ	കുഷ്ഠം	ക്ഷയം	ഹൃദയസംബന്ധമായ രോഗം	സിക്കിൾസെൽ അനീമിയ	ആസ്ത്മ	ബ്ലഡ് പ്രഷർ	വിട്ടുമാറാത്ത പനി ജലദോഷം	ഛർദ്ദി, അതിസാരം
1	2	3	4	5	6	7	8	9	10
627	7	1	26	93	12	56	62	62	3

പ്രമേഹം	സന്ധി രോഗങ്ങൾ	ഒടുവ്, ചുളവ്	ത്വക്ക് രോഗങ്ങൾ	മൂത്രാശയ രോഗങ്ങൾ	ലൈംഗിക രോഗം	നേത്ര രോഗം	തൊണ്ട്, ചെവി രോഗങ്ങൾ	വിവിധ രോഗങ്ങൾ	മറ്റുള്ളവ	ആകെ
11	12	13	14	15	16	17	18	19	20	21
23	187	21	23	15	1	49	34	74	96	845

അവലംബം 2008-10പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

236 പട്ടികവർഗ്ഗ കുടുംബങ്ങളിലെ 279 വ്യക്തികൾ ശാരീരിക മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതായുണ്ട്.നേരിടുന്ന വെല്ലുവിളികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.12

വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർ അംഗങ്ങളായുള്ള കുടുംബം	ശാരീരിക പോരായ്മകൾ	സംസാരശേഷിയില്ലായ്മ	കേൾവിവില്ലായ്മ	കാഴ്ചയില്ലായ്മ	ബുദ്ധിമാന്ദ്യം	മാനസികം	അപസ്മാരം	ഒന്നിലധികം വെല്ലുവിളികൾ	മറ്റുള്ളവ	ആകെ
236	131	7	17	38	2	25	10	26	23	279

അവലംബം 2008-10പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

ശാരീരിക വെല്ലുവിളി നേരിടുന്നവർ

236 പട്ടികവർഗ്ഗ കുടുംബങ്ങളിലെ 279 വ്യക്തികൾ ശാരീരിക മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതായുണ്ട്. നേരിടുന്ന വെല്ലുവിളികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.13

വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർ അംഗങ്ങളായുള്ള കുടുംബം	ശാരീരിക പോരായ്മകൾ	സംസാരശേഷിയില്ലായ്മ	കേൾവിവില്ലായ്മ	കാഴ്ചയില്ലായ്മ	ബുദ്ധിമാന്ദ്യം	മാനസികം	അപസ്മാരം	ഒന്നിലധികം വെല്ലുവിളികൾ	മറ്റുള്ളവ	ആകെ
236	131	7	17	38	2	25	10	26	23	279

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

പട്ടികവർഗ്ഗ സമുദായാടിസ്ഥാനത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 4.15.2.14

ക്രമനം:	സമുദായം	കുടുംബം	ശാരീരിക മാനസിക വെല്ലുവിള നേരിടുന്നവർ
1	കാണിക്കാർ	129	150
2	മലപ്പണ്ടാരം	67	84
3	മലവേടർ	24	25
4	ഉള്ളാടൻ	16	20
	ആകെ	**236**	**279**

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

ജില്ലയിൽ 60 വയസ്സിനു മേൽപ്രായമുള്ള 248പട്ടികവർഗ്ഗക്കാരുണ്ട്.

ആരോഗ്യം

പട്ടികവർഗ്ഗക്കാർക്കിടയിൽ ആരോഗ്യ പരിചരണ സേവനങ്ങളുടെ കുറവ്, രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്താതിരിക്കുക, ശുചീകരണ പ്രവർത്തനങ്ങളുടെ കുറവ്, ബോധവത്ക്കരണ പ്രവർത്തന ങ്ങളുടെ കുറവ്, കൗമാര പ്രായക്കാരുടെയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നിത്യരോഗികൾ, ഭിന്നശേഷിക്കാർ, 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ പരിചരണം ഇവ പ്രശ്നമായി കാണുന്നു. പട്ടികവർഗ്ഗ ക്കാരിൽ നിന്നും ആശാവർക്കർമാരെ നിയോഗിച്ചും പട്ടികവർഗ്ഗ മേഖലയുടെ അപ്രാപ്യതയും പിന്നോക്കാ വസ്ഥയും കണക്കിലെടുത്ത് കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയോഗിച്ചും പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

- അംഗൻവാടി സൗകര്യങ്ങളുടെ അപര്യാപ്തത
- ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും.
- വർദ്ധിക്കുന്ന പുകയില-മദ്യം-വ്യാപക ഉപഭോഗം.
- മാനസികാരോഗ്യമില്ലായ്മ
- ആധുനിക ശുചിത്വ അവബോധമില്ലായ്മ
- ഒറ്റപ്പെട്ട വനാന്തര മേഖലകളിൽ വീട്ടു പ്രസവങ്ങൾ സംഭവിക്കുന്നു.
- ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സേവനങ്ങളും ലഭിക്കുന്നില്ല.
- കിടപ്പു രോഗികളും രോഗികളായ അഗതികളും വർദ്ധിക്കുന്നത്
- ആശാവർക്കർ സേവനങ്ങൾ യഥാസമയം ലഭിക്കാത്തത്
- ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം

നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അംഗൻവാടികളിലെ വർക്കർ, ഹെൽപ്പർമാരെ അവിടങ്ങളിൽ നിന്നും യോഗ്യരായ പട്ടികവർഗ്ഗക്കാരെ തന്നെ നിയോഗിക്കുന്നതു പട്ടികവർഗ്ഗ കുട്ടികളുടെ പങ്കാളിത്ത വർദ്ധനവിനു സഹായിക്കുന്നതാണ്.
- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവത്ക്കരണ ക്യാമ്പുകളും സംഘടിപ്പിക്കൽ.
- ആരോഗ്യ കുടുംബക്ഷേമം വകുപ്പ നടത്തിയ ഇ-ഹെൽത്തു സർവ്വെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതോടെ കൂടുതൽ കൃത്യമായ വിവരങ്ങൾ ലഭ്യമാകും.
- പിന്നോക്ക-ദുർഘട മേഖലകളിൽ സബ്സെന്ററുകൾ ആരംഭിക്കുക.
- അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രസവ വിഭാഗമുൾപ്പെടെ കിടത്തി ചികിത്സാ സൗകര്യ ങ്ങൾ ആരംഭിക്കുക.
- പട്ടികവർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന സി.എച്ച്.സി.കളിലും പി.എച്ച്.സി.കളിലും ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുക.
- "ട്രൈബൽ ആശാവർക്കർമാർ" എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ പട്ടികവർഗ്ഗ മേഖലയ്ക്ക് വേണ്ടി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം നൽകി നിയമിക്കണം.

- ഭിന്നശേഷി/നിത്യരോഗി(കിടപ്പ്)യായുള്ളവരെ സർവ്വേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
- ആധുനിക സൗകര്യങ്ങളുള്ള ആംബുലൻസുൾപ്പെടെയുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാധ്യമാക്കൽ.
- വനാന്തര ഊരുകളിലെ കുട്ടികൾക്ക് പ്രത്യേക പോഷണകിറ്റുകളുടെ ഭക്ഷ്യസഹായ പദ്ധതി
- തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹിരവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- ആരോഗ്യ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ഏകോപനവും സംയുക്ത പ്രവർത്തനങ്ങളും അനിവാര്യം
- ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനായി മാതൃ ശിശു പരിപാലന കേന്ദ്രം ആരംഭിക്കുകയും പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ പരിശീലനം നേടിയ നഴ്സിന്റെ സേവനം ലഭ്യമാക്കുക.
- ആര്യങ്കാവ്, പിറവന്തൂർ, കുളത്തൂപ്പുഴ, തെന്മല എന്നിവിടങ്ങളിൽ പഞ്ചായത്ത് തലത്തിൽ ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിക്കുക. ടി കേന്ദ്രത്തിൽ കൗൺസിലിംഗ്, മാനസിക രോഗ നിർണ്ണയം, ചികിത്സയ്ക്ക് വേണ്ട നിർദ്ദേശം, തുടർപരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും, സൈക്കോളജിസ്റ്റിന്റെയും സേവനങ്ങൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
- സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- ട്രൈബൽ മേഖലയ്ക്കു കൂടി പ്രയോജനപ്പെടുന്ന ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുക.
- അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാതെ പോഷകാഹാരം ഉറപ്പാക്കുക.

അടിസ്ഥാന സൗകര്യങ്ങൾ

സ്വന്തമായി വീടുള്ളവരിൽ 23.5% ആളുകൾ താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ്. നിലവിലെ നിയമപ്രകാരം വീട് അനുവദിച്ച് 12 വർഷം കഴിഞ്ഞതിനു ശേഷം മാത്രമേ പുതിയ വീട് അനുവദിക്കാൻ കഴിയുകയുള്ളൂ. ടി സാഹചര്യത്തിൽ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുതുക്കി പണിയുന്നതിനും അടുക്കള ഇല്ലാത്ത വീടുകളിൽ അടുക്കള നിർമ്മിക്കുന്നതിനും, എല്ലാ വീടുകൾക്കും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

പട്ടിക 4.15.2.15

ഭവനരഹിതരും നിലവിലുള്ള വീടുകളുടെ അവസ്ഥയും

ക്രമ നം:	ജില്ല	ഭൂരഹിതഭവനരഹിതര കുടുംബം (എണ്ണം)	ഭവനരഹിതര കുടുംബം (എണ്ണം)	താമസയോഗ്യമല്ലാത്ത വീടുകൾ (എണ്ണം)	ഭാഗികമായി താമസയോഗ്യമായ വീടുകൾ (എണ്ണം)	താമസയോഗ്യമായ വീടുകൾ (എണ്ണം)	അടുക്കള ഇല്ലാത്തത്
1	കൊല്ലം	73	272	382	314	584	540
	ആകെ	73	272	382	314	584	540

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

നിലവിലുള്ളവയിൽ 382 വീടുകൾ പുനർ നിർമ്മാണം നടത്തുക, ഭാഗികമായി താമസയോഗ്യമായ 314 വീടുകൾ പുതുക്കിപണിയുക, 73 ഭൂരഹിത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുക, എല്ലാ വീടുകൾക്കും വൈദ്യുത

കണക്ഷനും സാദ്ധ്യമായ സങ്കേതങ്ങളിൽ ഗാർഹിക ശുദ്ധ ജല വിതരണ കണക്ഷനും നൽകുക, എല്ലാ വീടുകളിലും സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തുക എന്നിവ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭൗതിക ലക്ഷ്യങ്ങൾ ആയിരിക്കേണ്ടതാണ്. ലൈഫ് മിഷന്റെ പ്രവർത്തനവുമായി സംയോജിപ്പിച്ച ലക്ഷ്യം കൈവരിക്കാവുന്നതാണ്.

പട്ടിക 4.15.2.16

കൈവശഭൂമിയും വീടിന്റെ ഉടമസ്ഥതയും

ക്രമ നം	കൈവശഭൂമിയുടെ അവസ്ഥ	വീടിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങൾ (എണ്ണം)						ആകെ
		സ്വന്തം	ബന്ധുക്കളോടൊപ്പം	വാടകയ്ക്ക്	മറ്റാരുടെയെങ്കിലും വീടിനോട് ചേർത്ത് കെട്ടിയുണ്ടാക്കിയ ഷെഡ്	മറ്റ് രീതിയിൽ	വീട് ഇല്ലാത്തവർ	
1	കൈവശഭൂമിയില്ലാത്തവർ	0	24	11	7	31	2	75
2	ഊരിനുള്ളിൽ ഭൂമിയുള്ളവർ	1336	16	3	9	4	36	1404
3	ഊരിന് പുറത്ത് ഭൂമിയുള്ളവർ	0	4	0	1	0	0	5
4	ഊരിനകത്തും പുറത്തും ഭൂമിയുള്ളവർ	127	7	4	1	0	2	141
	ആകെ							1625

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

അടിസ്ഥാന സൗകര്യം - പ്രശ്നങ്ങൾ

- വീടു നിർമ്മാണത്തിൽ ഇടനിലക്കാരുടെ ചൂഷണം
- കുറഞ്ഞ യൂണിറ്റ് കോസ്റ്റ്
- ദുർഘട മേഖലയിൽ കൂടിയ നിർമ്മാണചിലവ്
- വീടിനു വേണ്ടി അധ്വാനവും കരുതലും ഇല്ലാത്ത മനോഭാവം.

പരിഹാരങ്ങൾ

- ജീർണ്ണാവസ്ഥയിലുള്ള വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയുക
- കേടുപാടു വന്ന വീടുകൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുക.
- അടുക്കള, അധിക സൗകര്യങ്ങൾ, പഠനമുറി ഇവ ആവശ്യമായിടങ്ങളിൽ അനുവദിക്കുക.
- പൂർത്തിയാകാനുള്ള വീടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുക.
- അവശേഷിച്ച ഭവന രഹിതർക്കു 2018-19 ഓടുകൂടി വീട് അനുവദിക്കുക.

ശുചിത്വം - പ്രശ്നങ്ങൾ

- കക്കൂസ് പരിചയമില്ലാത്തത്.
- കാടുംപരിസരവും കൂടുതലുള്ളത്
- കക്കൂസിൽ പൈപ്പ് സംവിധാനം വയ്ക്കാനാവാത്തത്
- നിർമ്മാണത്തിന് സഹായ പദ്ധതികൾ ഇല്ലാത്തത്

വൈദ്യുതി - പ്രശ്നങ്ങൾ

- വയറിംഗ് ചെയ്യുന്ന ഉയർന്ന ചെലവ്
- ഒറ്റപ്പെട്ട വനാന്തര മേഖലകൾ

കുടിവെള്ളം - പ്രശ്നങ്ങൾ

- കാലാവസ്ഥ വ്യതിയാനം
- സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്
- വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ
- വനാന്തര വൈപുല്യം

നിർദ്ദേശങ്ങൾ

- ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത എല്ലാ വീടുകളും പൂർത്തീകരിച്ച് താമസയോഗ്യമാക്കുക.
- കാര്യശേഷി ഇല്ലാത്തവർക്ക് വീട് നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുഖേന പ്രത്യേക ഏജൻസികളുടെ സേവനം ലഭ്യമാക്കുക.
- കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മാണത്തിന് ശുചിത്വമിഷൻ മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുക.
- കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുക.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾക്ക് കാര്യശേഷി ഇല്ലാത്തവരുടെ വീട് നിർമ്മാണത്തിന് സഹായിക്കാൻ കഴിയും. ഇതുവഴി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുവാനും ഭവന നിർമ്മാണ മേഖലയിലെ ചൂഷണം തടയുവാനും സാധിക്കും.
- കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സാധ്യമാകുന്ന എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കുക.
- പ്രകൃതിദത്ത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുകയും ഉപയോഗ പ്രദമാക്കുകയും ചെയ്യുക.
- പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം പഞ്ചായത്ത് ഏറ്റെടുക്കുക.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ഒഴിവാക്കുക
- വീടുകൾ അനുവദിക്കുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവും കൂടി പരിഗണിച്ച് അതിനനുസൃതമായ സ്ഥലസൗകര്യത്തോടുകൂടി വീടുപണിയുന്നതിനു വേണ്ട ധനസഹായം അനുവദിക്കണം.

ഒരേ ദിവസം തന്നെ ഒന്നിൽ കൂടുതൽ പ്രാവശ്യം ബന്ധപ്പെടേണ്ടതായ സ്ഥാപനങ്ങൾ/സൗകര്യങ്ങൾ അരികത്തെങ്ങും ഇല്ലാത്ത അവസ്ഥ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവികസനത്തിന് തടസ്സമാകുന്നു.

പട്ടിക 4.15.2.17

ദൈനംദിന ആവശ്യങ്ങൾക്ക് ബന്ധപ്പെടുന്ന കേന്ദ്രങ്ങളിലേയ്ക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഊരുകൾ

ക്രമനം.	കേന്ദ്രം	കേന്ദ്രങ്ങളിലേയ്ക്കുള്ളദൂരത്തിന്റെഅടിസ്ഥാനത്തിൽ ഊരിനുള്ളിൽ ഊരുകൾ(എണ്ണം)							
		ഊരിനുള്ളിൽ	500 മീ. ഉള്ളിൽ	500-1000	1000-2500	2500-5000മീ.	5000 കൂടുതൽ	വ്യക്തമാക്കിയിട്ടില്ല.	ആകെ
1	ഹെൽത്ത് സബ്സെന്റർ	3	0	0	8	3	12	0	26
2	സ്വകാര്യക്ലിനിക്ക്/ഡോക്ടർ	0	0	0	6	2	17	1	26
3	മെഡിക്കൽ സ്റ്റോർ	0	0	0	4	3	19	0	26
4	റേഷൻകട	1	1	0	9	8	7	0	26
5	നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന സ്ഥലം	1	0	0	14	5	6	0	26
6	ചന്ത/അങ്ങാടി	0	0	1	7	1	17	0	26
7	കമ്മ്യൂണിറ്റി ഹാൾ	3	1	0	5	7	10	0	26
8	പൊതുകളിസ്ഥലം	4	0	0	5	2	15	0	26
9	വായനശാല/ലൈബ്രറി	4	1	0	8	7	6	0	26
10	തടിയിതര വനവിഭവ സംഭരണ ശാല	3	0	0	5	1	10	7	26

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

പട്ടിക 4.15.2.18

സേവനകേന്ദ്രങ്ങളും ഊരുകളും

ക്രമനം	സേവനകേന്ദ്രം	സേവന കേന്ദ്രങ്ങളിലേയ്ക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഊരുകൾ (എണ്ണം)									
		1 കി.മീ	1-2.5 കി.മീ	2.5-5കി.മീ	5-10 കി.മീ	10-25 കി.മീ	25-50കി.മീ	50-100കി.മീ	100-കി.മീ ൽ	വ്യക്തമാക്കിയിട്ടില്ല.	ആകെ
1	വില്ലേജോഫീസ്	1	3	11	6	5	0	0	0	0	26
2	പോസ്റ്റഫീസ്	5	4	14	2	1	0	0	0	0	26
3	പോലീസ്സ്റ്റേഷൻ/പോലീസ് ഔട്ട് പോസ്റ്റ്	1	3	8	5	8	1	0	0	0	26
4	ടെലിഫോൺ ബൂത്ത്	8	4	9	4	1	0	0	0	0	26
5	മൃഗാശുപത്രി/ഡിസ്പെൻസറി	4	0	8	6	5	3	0	0	0	26
6	കൃഷിഭവൻ	2	1	9	7	4	3	0	0	0	26
7	വൈദ്യുതി ബോർഡ്/സെക്ഷൻ ഓഫീസ്	2	1	10	5	6	2	0	0	0	26
8	വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്	1	2	4	0	12	7	0	0	0	26
9	ഇന്റർനെറ്റ്/അക്ഷയ സെൻറർ	3	1	8	7	4	3	0	0	0	26

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

ഭൂലഭ്യത

ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി പാട്ടത്തിന് കൊടുത്തിരിക്കുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. കൊല്ലം ജില്ലയിൽ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിലായി 10 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. ഭവനനിർമ്മാണം, മക്കളുടെ വിവാഹം, ചികിത്സാ ചെലവ് എന്നിവയ്ക്ക് തുക കണ്ടെത്തുന്നതിനാണ് ഇവർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുള്ളത്. എന്നാൽ പട്ടിക വർഗ്ഗക്കാർ ഇപ്രകാരം ഭൂമിയോ ഭൂമിയിലെ മേലാദായമോ പാട്ടത്തിനോ, ഒറ്റിക്കോ മറ്റ് വിധത്തിലോ മറ്റുള്ളവർക്ക് നൽകിയതായി തുറന്ന് പറയില്ല. മേൽസാഹചര്യത്തിൽ ഇവർ പാട്ടത്തിന് നൽകിയ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ഇവരുടെ സഹകരണം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ നിയമ സംവിധാനം മുഖേന സ്വമേധയാ നടപടിയെടുക്കുന്നതിന് കഴിഞ്ഞാൽ മാത്രമേ ഈ പ്രശ്നം പരിഹൃത മാവുകയുള്ളൂ.

വനവുമായുള്ള പാരസ്പര്യം

ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ 65% വനത്തിനുള്ളിലോ സമീപ പ്രദേശങ്ങളിലോ താമസിക്കുന്നവരാണ്. വനവുമായ അഭേദ്യമായ ബന്ധം ഉള്ളവരാകയാൽ വനമേഖലയിൽ നടപ്പിലാക്കുന്ന വനസംരക്ഷണ പ്രവർത്തനങ്ങളിലും, പ്ലാന്റേഷൻ ജോലികളിലും, നിർമ്മാണ പ്രവർത്തനങ്ങളിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പരിപൂർണ്ണമായ പ്രാതിനിധ്യം നൽകണം.

വനാവകാശനിയമം

2006 ലെ വനാവകാശ നിയമമനുസരിച്ചുള്ള അവകാശങ്ങൾ പൂർണ്ണമായി നൽകുന്നതിനു നടപടി സ്വീകരിക്കണം. അർഹതപ്പെട്ട എല്ലാവർക്കും കൈവശം വച്ചു അനുഭവിക്കുന്ന ഭൂമിയ്ക്കു പൂർണ്ണമായി കൈവശാവകാശരേഖ നൽകണം. സെറ്റിൽമെന്റുകളിൽ അന്യായമായി ഭൂമി കൈയടക്കിയവർ വിവിധ കോടതികളിൽ ഫയൽ ചെയ്ത കേസ്സുകളിൽ നിയമാനുസൃതം തുടർനടപടി സ്വീകരിച്ചു തീർപ്പാക്കണം.

പട്ടികവർഗ്ഗ വികസനത്തിനായി ഭരണാനുമതി ലഭിക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന് വനാവകാശനിയമമനുസരിച്ചുള്ള വികസന അവകാശം യഥാസമയം അനുവദിച്ചു നൽകണം.

വനവിഭവ ശേഖരണത്തിലെ നിയന്ത്രണങ്ങൾ ഒഴിവാക്കി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉത്പന്നങ്ങൾ, മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുന്നതിന് സൗകര്യം ഒരുക്കണം. 2006 ലെ വനാവകാശ നിയമം അനുസരിച്ചിട്ടുള്ള സാമൂഹിക വനവിഭവ പരിപാലന അവകാശം (CFR Right അനുവദിച്ച് നൽകുകയും മേൽപ്പടി അവകാശം വിനിയോഗിക്കുന്നതിനുള്ള സാമൂഹിക വനവിഭവ പരിപാലന കമ്മിറ്റി (CFR Right Management Committee) രൂപീകരിക്കുകയും വേണം. ഈ അവകാശവിനിയോഗത്തിന് പട്ടികവർഗ്ഗ സമൂഹത്തെ ശാക്തീകരിക്കേണ്ടത് അനുപേക്ഷണീയമാണ്.

പട്ടിക 4.15.2.19

വനമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊരുകൾ

ക്രമ നം:	തദ്ദേശഭരണ സ്ഥാപനം	സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ ഊരുകൾ (എണ്ണം)							
		റിസർവ് വനത്തിനുള്ളിൽ		റിസർവ് വനത്തിനു സമീപം		മറ്റ് പ്രദേശങ്ങളിൽ		ആകെ	
		ഊരുകൾ	കുടുംബങ്ങൾ	ഊരുകൾ	കുടുംബങ്ങൾ	ഊരുകൾ	കുടുംബങ്ങൾ	ഊരുകൾ	കുടുംബങ്ങൾ
1	കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി	0	0	0	0	2	32	2	32
2	പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്	1	19	1	65	2	75	4	159

3	അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്	10	721	3	81	2	23	15	825
4	ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്	1	53	2	86	0	0	3	139
5	പുനലൂർ മുനിസിപ്പാലിറ്റി	0	0	0	0	2	76	2	76
	ആകെ	12	793	6	232	8	206	26	1231

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

വന്യമൃഗ ഭീഷണി അനുഭവപ്പെടുന്ന ഊരുകൾ

വന്യമൃഗങ്ങളുടെ ഭീഷണി 20 ഊരുകളിൽ അനുഭവപ്പെടുന്നുണ്ട്. ഈ ഭീഷണി അതിജീവിക്കുന്നതിന് ഫലപ്രദമായ സംരക്ഷണ ഉപാധികൾ ഏർപ്പെടുത്തേണ്ടതാണ്.

പട്ടിക 4.15.2.20

ക്രമനം	തദ്ദേശഭരണസ്ഥാപനം	വനത്തിനുള്ളിലോ, സമീപമോ സ്ഥിതി ചെയ്യുന്ന ഊരുകൾ	വന്യമൃഗഭീഷണി ഉള്ള ഊരുകൾ	സംരക്ഷണ ഉപാധികൾ സ്ഥാപിച്ചിട്ടില്ലാത്ത ഊരുകൾ	സംരക്ഷണ ഉപാധികൾ സ്ഥാപിച്ചിട്ടുള്ള ഊരുകൾ	സ്ഥാപിച്ചിട്ടുള്ള സംരക്ഷണി ഉപാധികൾഫലപ്രദമായിട്ടുള്ള ഊരുകൾ	വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കൃഷിക്ക് നഷ്ടപരിഹാരം ലഭിക്കുമെന്ന അറിവ് ഉള്ള ഊരുകൾ	വന്യമൃഗങ്ങൾ നശിപ്പിച്ച കൃഷിക്ക് നഷ്ടപരിഹാരം ലഭിച്ച കർഷകർ ഉള്ള ഊരുകൾ	വന്യമൃഗങ്ങൾ കൃഷിക്ക് വരുത്തിയ നാശനഷ്ടം കണക്കാക്കിയിട്ടില്ലാത്ത ഊരുകൾ
1	കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി	0	0	0	0	0	0	0	0
2	പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്	2	3	3	0	0	0	0	1
3	അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്	13	14	9	5	1	2	1	2
4	ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്	3	3	3	0	0	2	1	0
5	പുനലൂർ മുനിസിപ്പാലിറ്റി	0	0	0	0	0	0	0	0
	ആകെ	**18**	**20**	**15**	**5**	**1**	**4**	**2**	**3**

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

ഭൂമിയും അനുബന്ധകാര്യങ്ങളും

1. പട്ടികവർഗ്ഗക്കാരുടെ ഭൂമി ആദായകരമായി കൃഷിയോഗ്യമാക്കുക.
2. പട്ടികവർഗ്ഗക്കാരുടെ കൃഷി വന്യമൃഗശല്യത്തിൽ നിന്നും രക്ഷിക്കുക.
3. ഓരോ കുടുംബത്തിന്റെയും ഭൂമി അതിരു തിരിച്ചു വേലികെട്ടിസംരക്ഷിക്കുക.
4. തരിശായി കിടക്കുന്നത ഭൂമി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന കൃഷിയോഗ്യമാക്കുക.
5. പാട്ടം, ഒറ്റി മറ്റു വിധത്തിൽ പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് നൽകിയ ഭൂമി, ഭൂമിയിലെ മേലാദായം ഇവ പട്ടിക വർഗ്ഗക്കാർക്ക് തിരിച്ചെടുത്തു നൽകുക. ഇക്കാര്യത്തിൽ 1989 ലെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം (2006 ലെ ഭേദഗതി) 1999 ലെ കെ.

എസ്.ടി. ആക്റ്റ്, 2006 ലെ വനാവകാശ നിയമം ഇവയിലെ വ്യവസ്ഥകൾ പ്രകാരം സ്വമേധയാ നിർദാക്ഷിണ്യം കേസ് എടുത്തു തുടർനടപടി സ്വീകരിക്കുക.

പട്ടിക 4.15.2.21

വനാവകാശം-പുരോഗതി വിവരം

എഫ്.ആർ.സി.കളുടെ എണ്ണം	വ്യക്തിഗത അവകാശങ്ങൾ	സാമൂഹിക അവകാശങ്ങൾ	വികസന അവകാശങ്ങൾ
14	1158	4	4

അവലംബം 2008-10പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

വിശകലനം

- വനാവകാശ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ല
- സാമൂഹിക വനവിഭവ അവകാശം നൽകുകയോ സി.എഫ്.ആർ.മാനേജ്മെന്റ് കമ്മിറ്റികൾ നിലവിൽ വരികയോ ചെയ്തിട്ടില്ല.
- കൈവശ ഭൂമി പുറത്ത് നിന്നുള്ളവർ പാട്ടത്തിനെടുത്ത് ചൂഷണം ചെയ്യുന്നു.
- വന്യമൃഗശല്യം മൂലം ജീവനും സ്വത്തിനും നാശം
- വനോത്പന്നങ്ങളുടെ ലഭ്യതകുറവ്
- വനോൽപ്പന്ന ശേഖരത്തിന് പ്രാവീണ്യക്കുറവ്
- കർശനമായ വനനിയമങ്ങളും നടപടികളും.
- കൃത്യമായ സർവ്വേയുടെ അഭാവം

നിർദ്ദേശങ്ങൾ

- വ്യക്തിഗത അവകാശം ലഭിക്കാത്ത അർഹരായ ആളുകൾക്ക് അവകാശം ഉറപ്പുവരുത്തുക
- വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയുടെ അതിര് റിസർവ്വേ ചെയ്ത് അളന്ന് തിരിക്കുക.
- വനാവകാശ കമ്മിറ്റികൾ ശാക്തീകരിക്കുക.
- സാമൂഹ്യ വനാവകാശ കമ്മിറ്റികൾ (സി.എഫ്.ആർ.മാനേജ്മെന്റ് കമ്മിറ്റികൾ) രൂപീകരിക്കുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുക.
- വനസംരക്ഷണ പ്രവർത്തനങ്ങൾ വനാവകാശ കമ്മിറ്റികൾ മുഖേന നടപ്പിലാക്കുക.
- വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുക.
- വനവിഭവങ്ങൾ (NTFP) ശേഖരിക്കുന്നതിനും വിപണനത്തിനുമുള്ള സൗകര്യം.
- പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെ കൂട്ടായ ശ്രമം വനാവകാശ നിയമം നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്.
- വന്യജീവി ആക്രമണത്തിന് (ആൾ നാശത്തിനും/കൃഷി നാശത്തിനും) അടിയന്തിര ദുരിതാശ്വാസം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്നതിന് പ്രത്യേക പദ്ധതി
- പട്ടികവർഗ്ഗക്കാർക്ക് അനുകൂലമായ തരത്തിലുള്ള വനനിയമത്തിന്റെ വ്യാഖ്യാനവും പരിരക്ഷയും വനംവകുപ്പ് ഉറപ്പാക്കുക.
- വനാവകാശ നിയമത്തെക്കുറിച്ചും അതുവഴിയുള്ള അവകാശ അധികാരങ്ങളെക്കുറിച്ചും നിരന്തര ബോധ വത്ക്കരണം.
- വനാവകാശ നിയമമനുസരിച്ച് ലഭിച്ച ഭൂമിയ്ക്കു റവന്യൂ രേഖ തയ്യാറാക്കൽ

സാമൂഹിക സുരക്ഷ, പെൻഷനുകൾ

സാമൂഹ്യ സുരക്ഷിതത്വത്തിന്റെയും ക്ഷേമത്തിന്റെയും നിലവാരത്തെ ആശ്രയിച്ചാണ് ഒരു ജനതയുടെ വികസന നിലവാരം അളക്കുന്നത്. ഗോത്രവിഭാഗത്തിൽ വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിനും പ്രത്യേക ഊന്നൽ ആവശ്യമാണ്.

വയോജനാവസ്ഥ

ജില്ലയിൽ 60 വയസ്സിനുമേൽ പ്രായമുള്ള 248 പട്ടികവർഗ്ഗക്കാരുണ്ട്. പ്രായാധിക്യമുള്ളവർ പലവിധ പ്രാരാബ്ധങ്ങളും അനുഭവിക്കുന്നു. അംഗൻവാടി/ബാലവാടികൾ മുഖേന അവരുടെ ആരോഗ്യ പരിചരണത്തിനു ആവശ്യമായ നടപടിസ്വീകരിക്കേണ്ടതാണ്.

ക്ഷേമപെൻഷനുകൾ

ജില്ലയിൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും 60 വയസ്സിനു മേൽ പ്രായമുള്ളവരുമായ എല്ലാവർക്കും നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നില്ല. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുവെന്നു ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹിക സുരക്ഷ വിശകലനം

- അർഹമായ എല്ലാവർക്കും സാമൂഹ്യ ക്ഷേമപെൻഷനുകൾ ജില്ലയിൽ ലഭിക്കുന്നില്ല
- പി.ഒ.എ.ആക്ട് അനുസരിച്ച കൃത്യമായ നിയമനടപടികൾ പരിപാലിക്കപ്പെടുന്നില്ല.
- കുടുംബശൈഥില്യങ്ങൾ കാരണം ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- അനാഥ വാർദ്ധക്യങ്ങളും രോഗികളായ വൃദ്ധരുടെയും ഒറ്റപ്പെടൽ
- ഭിന്നശേഷി ഉള്ളവർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സഹായങ്ങളും ശരിയായി ലഭിക്കുന്നില്ല

നിർദ്ദേശങ്ങൾ

- ക്യാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങി മാരകരോഗം ബാധിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാർ 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ അമ്മാർ, 60 വയസ്സിനു മുകളിലുള്ള മറ്റ് പെൻഷനുകൾക്ക് അർഹതയുള്ളവർ (പ്രത്യേക വിവര ശേഖരണം നടത്തി) തുടങ്ങി അർഹരായ മുഴുവൻ പേർക്കും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക കാമ്പയിൻ പട്ടികവർഗ്ഗ വികസന വകുപ്പ്, എൽ.എസ്.ജി.ഡി., സാമൂഹ്യക്ഷേമവകുപ്പ് സംയുക്തമായി നടത്തണം.
- അവിവാഹിതരായ അമ്മമാരിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ"സ്നേഹ സ്പർശം" പെൻഷനിൽ നിന്നും 50 വയസ്സ് കഴിഞ്ഞ് പുറത്ത് പോകുന്നവർക്ക്, പകരം സാമൂഹ്യ ക്ഷേമപെൻഷൻ ഉറപ്പാക്കുന്നതിന് നടപടി.
- അവിവാഹിതരായ അമ്മമാരെ ഉചിതമായ തൊഴിലും അടിസ്ഥാന സൗകര്യങ്ങളും (വീട്) ഉറപ്പാക്കി പുനരധിവാസം നടത്തുന്നതിന് നടപടി.
- 1989 ലെ പി.ഒ.എ.ആക്ട്-നിയമസഹായം, ബോധവത്ക്കരണം
- നിലവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയാനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി. ഇത്തരം കുട്ടികൾക്ക് വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക സീറ്റ് സംവരണം ചെയ്യാവുന്നതാണ്.
- അർഹരായിട്ടുള്ളവർക്ക് കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പരിപാലിക്കുന്നതിന് പട്ടികവർഗ്ഗ ആനിമേറ്റർമാരെ ആവശ്യത്തിന് നിയമിക്കുക.

- വനാന്തര ഊരുകളിൽ അയൽക്കൂട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനും, കുടുംബങ്ങളിലും 10 വയസ്സ് കഴിഞ്ഞ കുട്ടികളുൾപ്പെടെയുള്ളവരിലും സമ്പാദ്യശീലം വളർത്താൻ പ്രത്യേകപരിപാടി (കുട്ടികൾക്കെല്ലാം അക്കൗണ്ട്) ആവിഷ്കരിക്കുക.
- റേഷൻകാർഡില്ലാത്ത ഉപകുടുംബങ്ങൾ ഉൾപ്പെടെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേക അദാലത്ത് മുഖേന റേഷൻ കാർഡ് ഉറപ്പാക്കുക.
- ഭിന്നലിംഗക്കാരുടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സാമൂഹ്യ സുരക്ഷയും തൊഴിൽ പരിരക്ഷയും ഉറപ്പാക്കുക.
- ജനനമരണ രജിസ്ട്രേഷൻ കർശനമായി നടപ്പാക്കുക.
- ഒരു പൗരനെന്ന നിലയിൽ അർഹതപ്പെട്ട എല്ലാ അവകാശ രേഖകളും ലഭ്യമാക്കി എന്ന് ഉറപ്പ വരുത്തുക.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ(കേന്ദ്ര സഹായ പദ്ധതി)
പൊതുവിലയിരുത്തൽ - എം. ആർ.എസ് കുളത്തൂപ്പുഴ

നിലവിലുള്ള സൗകര്യങ്ങൾ	ഇനി ആവശ്യമായ സൗകര്യങ്ങൾ
• യു.പി. എച്ച്.എസ് എന്നീ ക്ലാസ്സുകൾ നിലവിലുണ്ട്. 2017-18 വർഷം ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്, കോമേഴസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. • എസ്.പി.എസി നിലവിലുണ്ട്.. • സ്വന്തമായി ബാന്റ് ട്രൂപ്പ് ഉണ്ട് • ഹൈസ്കൂൾ തലത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടത്തി വരുന്നു. • 5 -ആം ക്ലാസ്സിലെ കുട്ടികൾക്ക് സയൻസ്, ഇംഗ്ലീഷ് ,കണക്ക് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷൻ നടത്തുണ്ട്. • 9 തലത്തിലുള്ള കുട്ടികളെ എല്ലാ വർഷവും പഠന വിനോദ യാത്രയ്ക്ക് കൊണ്ട് പോകാറുണ്ട്. • ലൈബ്രറിയിൽ മതിയായ പുസ്തകങ്ങൾ നിലവിലുണ്ട്. • കുളത്തൂപ്പുഴ പി.എച്ച്.സി, മൊബൈൽ മെഡിക്കൽ യൂണിറ്റ് നെടുമങ്ങാട് , പുനലൂർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്പെഷ്യൽ മെഡിക്കൽ യൂണിറ്റ് എന്നീ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ മെഡിക്കൽക്യാമ്പ് നടത്തി വരുന്നു. • പുനലൂർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സെപ്ഷ്യൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്താൽ ദന്തൽ വിഭാഗത്തിന്റെ ക്യാമ്പ് ടി സ്കൂളിൽ നടത്തുകയുണ്ടായി.	• കോമ്പൗണ്ടിനുള്ളിൽ തുറന്ന കിണർ സ്ഥാപിച്ച് ശുദ്ധ ജലവിതരണം ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ കുടിവെള്ളം വിലയ്ക്ക് വാങ്ങുന്ന സാഹചര്യമുണ്ട് • ചുറ്റുമതിലിനു മുകളിൽ മുള്ളുവേലി സ്ഥാപിയ്ക്കേണ്ടതുണ്ട്. • ഹോസ്റ്റൽ കെട്ടിടത്തിന് മുകളിൽ റൂഫിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. • സ്കൂൾ ബ്ലോക്കിൽ സോളാർ പാനൽ സ്ഥാപിയ്ക്കേണ്ടതുണ്ട്. • മഴവെള്ള സംഭരണവും സംസ്കരണപ്ലാന്റും • സാനിറ്റേഷൻ സംവിധാനം കേട്പാട് തീർക്കേണ്ടതുണ്ട്. • കെട്ടിടം പെയിൻറിംഗ്, റിപ്പയറിംഗ് പണികൾ. • കോമ്പൗണ്ടിലെ റബ്ബർ മരങ്ങൾ നീക്കം ചെയ്യത് കുട്ടികൾക്ക് കളിസ്ഥലം ഒരുക്കണം. • ഇലക്ട്രിഫിക്കേഷൻ സംവിധാനം കേട്പാട് തീർക്കൽ, ഡി.സി ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്. • ക്ലാസ്സ് റൂം ഫർണിച്ചർ, മെസ്സ് ഫർണിച്ചർ എന്നിവ ആവശ്യമാണ്. • സയൻസ് ലാബ് ആരംഭിക്കുന്നതിനായി ഐ.റ്റി.ഐ ലാബ്, സുവോളജിലാബ്, ബോട്ടണി ലാബ് എന്നിവ ആവശ്യമാണ്. • നിലവിൽ പ്രവർത്തിച്ച് വരുന്ന ഗ്യാസ് സിസ്റ്റം, ഗ്യാസ് ചേംബർ എന്നിവ കാലപ്പഴക്കം ചെന്നതാണ്. ആയത് നവീകരിക്കേണ്ടതുണ്ട്. • സ്കൂളിന് കുട്ടികളെ ചികിൽസയ്ക്കായി ഹോസ്പിറ്റലിൽ എത്തിയ്ക്കുന്നതിനും വിവിധ കലാകായിക പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും വാഹനം ആവശ്യമാണ്. • 200 മീറ്റർ ട്രാക്കുള്ള കളിസ്ഥലം, ചിൽട്രൻസ് പാർക്ക്.

• സർഗോത്സവം, സഹവാസക്യാമ്പ്, കളിക്കളം എന്നിവ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്നു. • ഹൈസ്കൂൾ വിഭാഗത്തിൽ ഒരു സ്മാർട്ട് ക്ലാസ്സ് നിലവിലുണ്ട്. • സ്കൂൾ പരിസരം, ഹോസ്റ്റൽ എന്നിവിടങ്ങളിൽ നിരീക്ഷണത്തിനായി 11 സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. • 2016-17 വർഷം സബ്ജില്ലാ സ്കൂൾ കലോൽസവത്തിൽ 2 കുട്ടികൾക്ക് സെക്കന്റ് പ്രൈസ് ലഭിച്ചു. • 2012 മുതൽ ടി സ്കൂൾ 100% വിജയം കൈവരിച്ച് വരുന്നു. • സ്കൂളിന് സമീപം ഹൈമാക്സ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സ്കൂളിൽ ഡിജിറ്റൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ട്. • കുട്ടികളിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.	• ഹോസറ്റൽ കെട്ടിടത്തിനും സ്കൂൾ കെട്ടിടത്തിനും ഇടയിലുള്ള ഭാഗത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കൽ. • ഡൈനിംഗ് ഹാളിലേയ്ക്ക് ഇറങ്ങുന്നതിന് നടപ്പാതയോ സ്റ്റെപ്പുകളോ നിർമ്മിക്കണം.സ്കൂൾ പ്രവേശന കവാടം മുതൽ ഹോസ്റ്റൽ പരിസരം വരെയുള്ള റോഡ് ടാറിംഗ്,.ടി റോഡിന് ഇരുവശവും ലാൻഡ്സ്കേപ്പിംഗ്, ശരിയായ ഡ്രൈനേജ് സൗകര്യം എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്. • ഗേറ്റിന് മുകളിൽ കമാനം സ്ഥാപിക്കലും സെക്യൂരിറ്റി ക്യാബിനും ആവശ്യമാണ്. • യു.പി വിഭാഗത്തിന് പ്രത്യേക കമ്പ്യൂട്ടർ ലാബ് സൗകര്യം. • എല്ലാ കമ്പ്യൂട്ടറുകൾക്കും വാർഷിക മെയിന്റനൻസ്. • ഹൈസ്കൂൾ, ഹയർസെക്കന്ററി കമ്പ്യൂട്ടർ ലാബ് ശീതികരണം • ഹൈസ്കൂൾ വിഭാഗത്തിന് നാല് സ്മാർട്ട് ക്ലാസ്സ് മുറികൾ കൂടി ആവശ്യമാണ്. • ഓരോ നിലയിലും ഓരോ വാട്ടർ ഫിൽറ്റർ ആവശ്യമാണ്. • പൊതുവായി ടോയ് ലറ്റ് സൗകര്യങ്ങൾ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. • ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമായ സഹായം • ഓപ്പൺ ആഡിറ്റോറിയത്തിന് റൂഫിംഗ് നിർമ്മിച്ച് തറ ഓട് പാകണം. • അദ്ധ്യാപകരും ജീവനക്കാരും സ്ഥാപനത്തിൽ കുട്ടികളോടൊപ്പം താമസിച്ച് പഠന പഠനേതര കാര്യങ്ങളിൽ സ്കൂൾ സമയത്തിനുശേഷവും അവധി ദിവങ്ങളിലും കുട്ടികളെ സഹായിക്കണം. • പഠനകാര്യങ്ങളിലും കലാ കായിക രംഗങ്ങളിലും കുട്ടികളെ മികവുറ്റവരാകാൻ സഹായിക്കുന്ന അദ്ധ്യാപകർക്ക് ജില്ലാ ഭരണ കൂടത്തിന്റെ പ്രോത്സാഹനവും അനുമോദനവും ആവശ്യമാണ്.

പട്ടിക 4.15.2.22

മോഡൽ റസിഡൻഷ്യൽസ്കൂളുകൾ - പൊതുവിലയിരുത്തൽ

ക്രമ നം	സ്ഥാപനം	ക്ലാസ്സ്	അനുവദനീയമായ എണ്ണം	നിലവിലുള്ള എണ്ണം	അഭിപ്രായം
1	മോഡൽ റെസിഡൻഷ്യൽ സ്കൂൾ കുളത്തുപ്പുഴ	5 മുതൽ 10 വരെ	210	159	ആൺ കുട്ടികൾ 2017-18 വർഷത്തിൽ ഹയർസെക്കന്ററി കോഴ്സ് സയൻസ് കോമേഴ്സ്, അനുവദിച്ചിട്ടുണ്ട്

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

പട്ടിക 4.15.2.23

മുൻ വർഷങ്ങളിലെ പഠന നിലവാരം

ക്രമ നം	സ്ഥാപനം	വർഷം	എസ്.എസ്എൽ.സി പരീക്ഷ എഴുതിയ കുട്ടികളുടെഎണ്ണം	വിജയിച്ചവർ	കൊഴിഞ്ഞ് പോക്ക്
1	മോഡൽ റെസിഡൻഷ്യൽ സ്കൂൾ കുളത്തൂപ്പുഴ	2014-15	25	25	ഇല്ല
		2015-16	34	34	ഇല്ല
		2016-17	30	30	ഇല്ല

അവലംബം 2008-10 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ

ത്രിതല പഞ്ചായത്തുകൾ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

2015-16, 2016-17 വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളാണ് വിലയിരുത്തപ്പെടുന്നത്. കൃഷി, മൃഗസംരക്ഷണം, തൊഴിൽ, ആരോഗ്യം മുതലായ മേഖലകളിൽ മതിയായ പരിഗണനകൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ചിട്ടുള്ള തുക മുഖ്യമായും ചെലവഴി ച്ചിട്ടുള്ളത് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് പഠന സഹായി എന്ന നിലയിൽ ഫർണിച്ചർ വിതരണം ചെയ്യുന്നതിനുമാണ്.

ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പ്രോജക്ടുകൾ വിലയിരുത്തി. പ്രധാന പ്രോജക്ടുകൾ താഴെ വിവരിക്കുന്നു.

1. ഭവന നിർമ്മാണം (PMAY /IAY) വിഹിതം ഉൾപ്പടെ
2. ഭവന പുനരുദ്ധാരണം
3. കിണർ നിർമ്മാണം/പുനരുദ്ധാരണം/തോടുസംരക്ഷണം/പൈപ്പ് ലൈൻ നീട്ടൽ
4. വീട് വയറിംഗ്/സമ്പൂർണ്ണ ശൗചാലയം
5. സൈക്കിൾ വിതരണം
6. കമ്പ്യൂട്ടർ/ലാപ്ടോപ് വിതരണം
7 ഫർണിച്ചർ/പഠനോപകരണ വിതരണം, അംഗൻവാടിയ്ക്ക് ചുറ്റുമതിൽ
8. ആട് വളർത്തൽ, കാലിത്തൊഴുത്ത് നിർമ്മാണം, പശുവളർത്തൽ
9. മെഡിക്കൽ ക്യാമ്പ് , വയോജനങ്ങൾക്ക് കട്ടിൽ
10. അംഗൻവാടി പോഷകാഹാരം/കിഡ്സ്പാർക്ക്
11. ഓട്ടോറിക്ഷാവിരതരണം
12. ഭൂരിഹിതർക്ക് ഭൂമിവാങ്ങൽ
13. സ്വയം തൊഴിലിന് ഇരുചക്രവാഹനം
14. വിവാഹധനസഹായം
15. കല/സംസ്കാരം

ഈ പ്രോജക്ടുകൾ അവലോകനം നടത്തി വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, വയറിംഗ്, ശൗചാലയം, കിണർ നിർമ്മാണം, കിണർ പുനരുദ്ധാരണം, പൊതു കുളം സംരക്ഷിക്കൽ, പൈപ്പ് ലൈൻ നീട്ടൽ തുടങ്ങിയ പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഉറപ്പു വരുത്തുന്നില്ല.

2. തെരുവു വിളക്ക്, മിനി ഹൈമാസ്റ്റ് ഇവയ്ക്ക് പട്ടികവർഗ്ഗ ഉപസമിതിയിൽ നിന്നും തുക വകയിരുത്തുന്നത് അഭികാമ്യമല്ല. പുറമേ ഹൈമാസ്ക്ക് ലൈറ്റ് വനത്തിനകത്തോ, വനത്തിനടുത്തോ സ്ഥിതി ചെയ്യുന്ന പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.
3. പട്ടിക വർഗ്ഗ മേഖലകൾ വീടുകൾ ഇവ മതിയായ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ പൊതുവായി സൈക്കിൾ വിതരണം ചെയ്യുന്നത് ഗുണം ചെയ്യില്ല.
4. പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും പ്രൊഫഷണൽ കോഴ്സ്, പി.ജി.എൽ.എൽ.ബി എന്നീ കോഴ്സുകൾക്കു പഠിക്കുന്നവർക്ക് ലാപടോപ്പ് നൽകുന്നു. ടി സഹായം നൽകുന്ന അവസരത്തിൽ ഒരാൾക്ക് രണ്ടിടത്ത് നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നു ഉറപ്പ് വരുത്തണം
5. യൂണിഫോം. ഫർണിച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നൽകുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിന് സഹായം ലഭിക്കുന്നില്ല എന്നു ഉറപ്പ് വരുത്തണം. വിദ്യാഭ്യാസ സംബന്ധിച്ച ടി സഹായങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകണം. 2017-18 വർഷം ഇത്തരത്തിൽ ഒരു പദ്ധതിയും ഇതു വരെ നടപ്പാക്കിയിട്ടില്ല
6. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ടു ഇരട്ടിപ്പു വരാത്തവിധം നിർവ്വഹിക്കണം
7. സ്വയംതൊഴിലിന് ഇരുചക്രവാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തണം
8. മുട്ടക്കോഴി വളർത്തൽ, ആടുവളർത്തൽ, കറവ പശുവളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽക്ക് സൊസൈറ്റികൾ, കുടുംബശ്രീ ഇവയുമായി സംയോജിപ്പിച്ചു ടി പദ്ധതികൾ സുസ്ഥിരമായ വരുമാനദായകമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികൾക്കു ഗുണഭോകതൃ വിഹിതം ഒഴിവാക്കണം.
9. കൃഷി വികസനത്തിന് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. ജില്ലയിലെ പട്ടികവർഗ്ഗക്കാർ താരതമ്യേന കൈവശഭൂമിയുള്ളവരാണ്. വന മേഖലയിലാണ് അധികം സങ്കതേങ്ങളും എന്നതിനാൽ വരുമാന ദായകമായ നിലയിൽ മുഴുവൻ ഭൂമിയും കൃഷി യോഗ്യമാക്കുക എന്നത് ദുഷ്കരമാണ്. എന്നിരുന്നാലും വന്യമൃഗ ശല്യത്തെ ചെറുത്ത് ആദായകരമായി നടത്താവുന്ന ഇഞ്ചി, മഞ്ഞൾ കസ്തൂരി മഞ്ഞൾ ഇവ വാണിജ്യപരമായി കൃഷി ചെയ്യുന്നതിനും അതിന്റ തണലിൽ മറ്റു ഭക്ഷവിളകളും കൃഷി ചെയ്തു ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പു വരുത്താനാകുന്ന പ്രോജക്ടുകൾക്കു പ്രാമുഖ്യം നൽകണം.
10. പട്ടികവർഗ്ഗക്കാർക്ക് മതിയായ ഭൂമി ഉണ്ടെന്നതിനാൽ ടി ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടു കൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ മതിയ്യാ മുൻപിൻ ബന്ധങ്ങളോടും നൈപുണ്യ വികസന പരിശീലനത്തോടും കൂടി ആരംഭിക്കാനാകുന്ന പ്രോജക്ടുകൾക്കു രൂപം നൽകണം.
11. പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ശേഷി വികസനപ്പിക്കുവാനാകും വിധമുള്ള പ്രോജക്ടുകൾക്കു മുൻഗണന നൽകണം.
12. 12. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യായന നിലവാരം വർദ്ധിപ്പിക്കുന്നതിനും ഡ്രോപ്പൗട്ട് നിശ്ശേഷം ഇല്ലാതാകുന്നതിനും ഉതകുന്ന പ്രോകജക്ടുകൾ ആവിഷ്കരിക്കണം
13. പട്ടികവർഗ്ഗക്കാർ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.സി.എസ്.ഇ., കെ.ബി.വി.പി.വൈ തുടങ്ങിയ സ്കോളർ ഷിപ്പുകൾ, ജി.വി.രാജ സ്പോർട്ട്സ് സ്കൂൾ, സൈനിക സ്കൂൾ, നവോദയ സ്കൂൾ, വിവിധ പ്രവേശന പരീക്ഷകൾക്കു പരിശീലനം ഇവ നൽകാനാകും വിധം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അനുമതി ഉറപ്പാക്കണം
14. ടെക്നിക്കൽ സ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗകുട്ടികൾ ചേർന്നു പഠിക്കുന്നതിനു വേണ്ട ഒത്താശകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയണം.

15. ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനു സാമ്പത്തിക സഹായം, താമസ ഭക്ഷണം ഒരുക്കുന്നതിനും പഠന ചെലവിനു സഹായം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം
16. പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ O&M ചെലവു ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നതിൽ നിന്നും പട്ടികവർഗ്ഗക്കാരെ ഒഴിവാക്കി ഗ്രാമപഞ്ചായത്തിൻറ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകണം.
17. പട്ടിക വർഗ്ഗ മേഖലയിലെ എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കുട്ടികൾക്കു പ്രഭാത ഭക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനു കഴിയണം.
18. പട്ടികവർഗ്ഗ ഉപസമിതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇവ ഊരുകൂട്ടങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ടും അവരുടെ പങ്കാളിത്തത്തോടും കൂടി നടത്തുന്നതിനും പ്രാമുഖ്യം നൽകണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

നിലവിലുള്ള പദ്ധതികളിൽഏകോപന-സംയോജന സാധ്യതകൾ

- വ്യക്തിഗത പഠനോപകരണ സഹായ പദ്ധതി - ത്രിതല പഞ്ചായത്തുകളുടെ സംയുക്തപ്രോജക്ടാക്കി മാറ്റണം
- സാമൂഹ്യപഠന മുറി - പട്ടികവർഗ്ഗവികസന വകുപ്പിന്റെയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്തപ്രോജക്ടായിമാറ്റാവുന്നതാണ്
- കുടുംബ പഠനമുറി - ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി മാത്രം ഉൾപ്പെടുത്താവുന്നതാണ്
- സൈക്കിൾ വിതരണം - പ്രാദേശികമായി ഉപയോഗ സാധ്യത പരിഗണിച്ച് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടാക്കി മാറ്റണം
- ലാപ്ടോപ് വിതരണം - പട്ടികവർഗ്ഗവികസന വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളുടെയും ഏകീകരണം
- എം.ജി.എൽ.സി മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ) - വിദ്യാഭ്യാസവകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടായി മാറ്റണം
- പി.കെ.കാളൻകുടുംബക്ഷേമ പദ്ധതി - ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമം ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽകോർപ്പറേഷന്റെ പദ്ധതിയാക്കി മാറ്റണം
- പെട്ടിക്കട/സ്വയംതൊഴിൽ പദ്ധതി - പട്ടികവർഗ്ഗവികസന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങൾ ഏകീകരണം
- ജീവനോപാധി പദ്ധതികൾ - സംയുക്ത പ്രോജക്ടാക്കി മാറ്റണം

പ്രശ്നവിശകലനവും വികസന കാഴ്ച്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശങ്ങൾ

ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 5 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനം, ആരോഗ്യം, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിതത്വം) തിരിച്ച് ലഭ്യമായ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ അപഗ്രഥിച്ച് തയ്യാറാക്കിയ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നിർദ്ദേശങ്ങളുംപ്രതീക്ഷിക്കുന്നനേട്ടങ്ങളുടെയും സംഗ്രഹമാണ് ചുവടെ വിശദീകരിച്ചിരിക്കുന്നത്.

ദീർഘകാല ലക്ഷ്യങ്ങൾ

വിദ്യാഭ്യാസമേഖല

മുഖ്യ പ്രശ്നം 1 പഠനം നിർത്തൽ	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സാമ്പത്തിക ബുദ്ധിമുട്ട്	സ്വയംതൊഴിലിനുള്ളപരിശീലനം കൊടുക്കണം
	എസ്.എസ്.എൽ.സികഴിഞ്ഞ് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് ധനസഹായം അനുവദിക്കുക.
	4,7,10 തുല്യതാ ക്ലാസ്സുകൾ സങ്കേതങ്ങളിൽ വ്യാപിപ്പിക്കുക
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. ഒപ്പം തന്നെ അവർക്ക് വരുമാനത്തിന് വേണ്ടിയുള്ള തൊഴിൽ അവസരങ്ങളും സൃഷ്ടിക്കണം.
സീസണൽ ജോലിക്കു പോകുന്നതിനാൽ സ്കൂളുകളിൽ കൃത്യമായി പോകുന്നില്ല.	സീസണൽജോലികളിൽഏർപ്പെടുത്തുന്നത് നിയന്ത്രിക്കണം.
	ഊരുകൾക്കുള്ളിലുംസ്കൂളിലും ലഹരി പദാർത്ഥങ്ങളുടെ ലഭ്യത നിയന്ത്രിക്കണം. നിരന്തരംബോധവത്ക്കരണ പരിപാടികൾ നടത്തണം.
വാഹനസൗകര്യം കുറവ്	അതിനു വേണ്ടത്ര ഫണ്ട് അനുവദിക്കുക, ഹോസ്റ്റൽസൗകര്യവും വർദ്ധിപ്പിക്കുക.
മദ്യപാനം ഊരിൽ	ബോധവൽക്കരണ ക്ലാസ്സ് നടത്തണം
	എക്സൈസ്, പോലീസ്, സന്നദ്ധ പ്രവർത്തകരുടെയും വർദ്ധിച്ച സഹകരണത്തോടെ ശക്തമായ ഇടപെടലുകൾ സങ്കേതങ്ങളിൽ വേണം.
വാസസ്ഥലത്തിന്റെ ശോചനീയമായ അവസ്ഥ, പഠന സൗകര്യത്തിന്റെ കുറവ്	പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റിവെക്കുക. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകണം.
വന്യ മൃഗങ്ങളുടെ ശല്യം കാരണം കുട്ടികൾവിദ്യാലയത്തിൽ എത്തിപ്പെടുന്നില്ല.	ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കാൻ സൗകര്യം ഏർപ്പാടാക്കുക. ആവശ്യ വിലയിരുത്തി പുതിയ ഹോസ്റ്റലുകൾ സ്ഥാപിക്കുക.
ഇടയ്ക്ക് വെച്ച് പരാജയപ്പെട്ടാൽ പഠനം നിർത്തുന്ന ശീലം.	സ്കൂൾ അദ്ധ്യാപകർ വഴിപ്രോത്സാഹനവും ബോധവത്ക്കരണവും നൽകി പഠനം തുടരുവാൻ ശ്രമം നടത്തുക. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ഉടനടി പരിഹാരം കാണുക.

മുഖ്യ പ്രശ്നം 2 നിരക്ഷരർ/കൊഴിഞ്ഞ് പോക്ക്	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
മാതാപിതാക്കളുടെ അറിവില്ലായ്മയും നിരക്ഷരതയും	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം. 4,7,10 +2 തുല്യതാ ക്ലാസ്സുകൾ നടത്തുക..
	സാക്ഷരതാ പ്രേരക്മാരെ ഊരിലേക്ക് അയയ്ക്കുക
സ്കൂളിൽ പോകുവാൻ കുട്ടികൾക്ക് മടി	വാഹനസൗകര്യം ഏർപ്പെടുത്തുക ബോധവത്ക്കരണം നടത്തുക.
ട്യൂഷൻ സംവിധാനം	ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക.
തൊഴിലധിഷ്ഠിത കോഴ്സുകളുടെ അപര്യാപ്തത	തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുക
	ആവശ്യാനുസരണം ഹോസ്റ്റലുകൾ ആരംഭിക്കുക.

വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള ദൂരം	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ഏർപ്പെടുത്തുക.
	ഊരുകൂട്ടത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കണം. ധനസഹായങ്ങളും അർഹമായ സ്ഥാനങ്ങളും നൽകി വിജയികളെ പ്രോത്സാഹിപ്പിക്കുക.
വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ 5 കി.മീ. പരിധിയിൽ ഇല്ലാത്തത് .	ഇതിനുവേണ്ട ആവശ്യമായ വാഹന സൗകര്യം പഞ്ചായത്ത് നൽകുക.
	യഥാസമയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പാടാക്കുക
	പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ലഹരിവിരുദ്ധ കമ്മിറ്റി രൂപീകരിച്ച് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി ഉപയോഗം തടയുക.
	പഞ്ചായത്ത് മെമ്പർ നേതൃത്വം വഹിച്ച് സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് ഉണ്ടാക്കണം
പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ അദ്ധ്യാപകരുടെ അപര്യാപ്തത	പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിലെ ഒഴിവുകൾ യഥാസമയം നികത്തി, വിദൂര മേഖലകളിൽ ക്വാർട്ടേഴ്സുകൾ ലഭ്യമാക്കി അദ്ധ്യയനവർഷം മുഴുവൻ അവരുടെ സേവനം ഉറപ്പുവരുത്തുക.
പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ	പട്ടികവർഗ്ഗ മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പട്ടികവർഗ്ഗ സൗഹാർദ്ദ നിലപാടിലേയ്ക്ക് നയിക്കുന്നതിനു പട്ടികവർഗ്ഗക്കാരുടെ ഭാഷ, കല, സംസ്കാരം, ജീവിതരീതി ഇവ പരിചയപ്പെടുത്തുന്ന പരിശീലനങ്ങൾ നടത്തണം.
മുഖ്യ പ്രശ്നം 3	**ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്**
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
സാമ്പത്തിക പിന്നോക്കാവസ്ഥ	ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
	ഊരുകൂട്ടം മുഖേന ബോധവൽക്കരണം
കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യകുറവ്	പ്രധാന സങ്കേതങ്ങളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി ലൈബ്രറി ആരംഭിക്കുക.
വിദ്യാഭ്യാസ പ്രാധാന്യത്തെ ക്കുറിച്ചുള്ള അറിവില്ലായ്മ	ബോധവൽക്കരണത്തിന് ഊരുകൂട്ടങ്ങൾക്ക് ധനസഹായം നൽകു.
അംഗവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനമില്ലായ്മ	വൈകല്യത്തിനനുസരിച്ച മൊബിലറ്റി ലഭിക്കുന്നതിനു ഉപകരണങ്ങൾ നൽകുക
	പഠന ഉപകരണങ്ങൾ നൽകുക.
സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പാക്കേജ് ഇല്ല	പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ കുട്ടികളുടെ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
	മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക.
ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കുറവ്/ പ്രൊഫഷണൽ കോഴ്സുകൾ ഉള്ള സർക്കാർ കോളജുകൾ ഹോസ്റ്റൽ സൗകര്യത്തോട് കൂടി നവീന രീതിയിൽ ഉള്ള കോഴ്സുകൾ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയുടെ	പ്രൊഫഷണൽ കോഴ്സുകളെ കുറിച്ച അവബോധം വളർത്തണം
	താൽപ്പര്യമുള്ള യോഗ്യരായവർക്കു പ്രവേശന പരീക്ഷ എഴുതുന്നതിനു പരിശീലനം നൽകണം.
	പ്രവേശനം നേടുന്നവർക്കു പ്രാഥമിക ചിലവു വഹിക്കുന്നതിനു താമസ- ഭക്ഷണ ചിലവും- പഠന ചിലവും വഹിക്കുന്നതിനു സാമ്പത്തിക സഹായം നൽകണം.

കുറവ്	ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുക.
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സൗകര്യം ഇല്ല	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക. അതുവരെ സ്ഥാപനത്തിനടുത്ത് താമസിച്ചു പഠിക്കുന്നതിന് ധനസഹായം നൽകുക.
തൊഴിൽ പരിശീലനങ്ങൾ വിദ്യാഭ്യാസത്തോടൊപ്പം നിലവിൽ ഇല്ല.	കമ്പ്യൂട്ടർ പരിശീലനം പത്താംക്ലാസ്സ് പാസ്സായ എല്ലാവർക്കും നൽകുവാനുള്ള പദ്ധതികൾ ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ്യൂട്ടർ പരിശീല നത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നൽകുക. ഊരിൽ വിദ്യാഭ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെന്റ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യമാക്കുക.
മദ്യപാനം	സങ്കേതങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ ജലലഭ്യത നിയന്ത്രിക്കണം.
	ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം
	വ്യാജവാറ്റുകൾക്കെതിരെ പഞ്ചായത്ത് കുടുംബശ്രീ, സി.ഡി.എസ്.മുഖേന നടപടിയെടുക്കണം.
+2 പാസ്സായ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനു അകലെയുള്ള കോളേജുകളിൽ ചേരാതെ കൂലിപ്പ ണിക്ക് പോകുന്നു. കോളേജിൽ ചേർക്കാനോ യാത്രയ്ക്കോ അവരുടെ കയ്യിൽ പണമില്ല.	കരിയർ ഗൈഡൻസ് ക്ലാസ്സ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി. ഡി.എസ്. വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ പറ്റിയുള്ള ബോധ വത്ക്കരണ ക്ലാസ്സ് പഞ്ചായത്തിന്റെ സഹായ ത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുക. മേശ, കസേര, എന്നിവ നൽകുക അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ചു പഠിക്കുന്നതിന് സഹായം നൽകുക.
ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യ കുറവ്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നൽകുക. ഊരിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ച് കൊണ്ട് (അഡോൾസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നൽകുക.

മുഖ്യ പ്രശ്നം 4 പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
അങ്കണവാടിയുടെ ഗുണനിലവാരകുറവ്	ആകർഷണീയമായ അങ്കണവാടികൾ ഒരുക്കുക. ദൂരക്കൂടുതൽ മൂലം സങ്കേതങ്ങളിൽ നിന്നും എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വാഹനസൗകര്യം നൽകുക. സ്പോൺസർഷിപ്പിലൂടെ അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾ സ്ഥാപിക്കുക. ഇവയിലൂടെ കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുക, പ്രത്യേകിച്ചും ആരോഗ്യ മേഖലയിൽ.
അംഗൻവാടികളുടെ അപര്യാപ്തത	അംഗൻവാടികൾ സങ്കേതങ്ങൾക്കു സമീപം ഇല്ലാത്ത സ്ഥലങ്ങളിൽ കിന്റർഗാർട്ടൻ/ ബാലവാടി, കുടുംബങ്ങളുടെയും കുട്ടികളുടെയും എണ്ണം

	നോക്കാതെ ആരംഭിച്ച, പ്രീ-പ്രൈമറി വിദ്യാഭ്യാസവും പൂരക പോഷക പരിപാടിയും നടപ്പാക്കുക.
മുഖ്യ പ്രശ്നം 5	**സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്**
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
സാങ്കേതിക വിദ്യാഭ്യാസത്തെ കുറിച്ചുള്ള അവബോധം ഇല്ലായ്മ (വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും)	പഠനവീട് എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക. പ്രോത്സാഹനത്തിന് ഓരോ മാസവും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
	കംപ്യൂട്ടർ നൽകുക സംസ്കാരിക നിലയങ്ങൾ വഴി, കസേര-മേശ എന്നിവ നൽകുക.
	ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നൽകുക.
	പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കുക.
സങ്കേതങ്ങളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താനുള്ള യാത്രാക്ലേശങ്ങളും സാമ്പത്തിക വികസന പ്രശ്നങ്ങളും	ജനറൽ ഫണ്ടിൽ നിന്നും തുക അനുവദിച്ച് സഞ്ചാരയോഗ്യമായ റോഡുകൾ സ്ഥാപിക്കുക.
	പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് ഈ അഭിപ്രായം മുഖവിലക്കെടുത്ത് തീരുമാനങ്ങൾ നടപ്പിലാക്കുക.
	യൂണിഫോം, പുസ്തകങ്ങൾ, കുട എന്നിവ ജൂൺമാസം തന്നെ ലഭ്യമാക്കണം. കുടുംബശ്രീ കൗമാര ക്ലബ്ബുകൾ തുടങ്ങിയവരുടെ സഹായത്തോടെ ഊരിൽ തന്നെ കുട നിർമ്മാണം, നോട്ട് പുസ്തക നിർമ്മാണം തുടങ്ങിയ പരിശീലനങ്ങൾ നൽകുക.
	വിദഗ്ധരെ കൊണ്ട് ക്ലാസ്സ് നടത്തുന്നതിന് ഫണ്ട് അനുവദിക്കുക.
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
	പതിമൂന്നാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുക.
	തൊഴിൽവാർത്ത/ തൊഴിൽവീഥി പോലുള്ള പ്രസിദ്ധീക രണങ്ങൾ സങ്കേതങ്ങളിൽ ലഭ്യമാക്കുക.
കോച്ചിംഗ്, ട്രെയിനിംഗുകളുടെ അഭാവം.	പി.എസ്.സി പരിശീലനം, കമ്പ്യൂട്ടർ ട്രെയിനിംഗ്, മറ്റ് ട്രെയിനിംഗ് എന്നി നൽകുന്നതിന് ധനസഹായം നൽകുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ വിദ്യാഭ്യാസ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ദീർഘകാല ലക്ഷ്യങ്ങൾ

ലക്ഷ്യം 1 നിരക്ഷരത തുടച്ചു നീക്കുക.

- നടപടികൾ/പ്രവർത്തനം
- സാക്ഷരതാ പ്രേരക്മാരുടെ പ്രവർത്തനം ഉറപ്പുവരുത്തുക
- 2020- ആം വർഷം ആകുമ്പോഴേക്കും നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക.
- പഠിയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
- ദാരിദ്ര്യമുള്ള കുടുംബങ്ങളെ വേർതിരിച്ച് സഹായിക്കുക.

- 2020 ൽ സമ്പൂർണ്ണ സാക്ഷരത ഉറപ്പാക്കുക.
- സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ സങ്കേതത്തിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്തിൽ സമ്മർദ്ദം ചെലുത്തുക.
- 4,7,10,+2 തുല്യതാ പരീക്ഷ എഴുതന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിന് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് മുഖാന്തിരം ശക്തമായ ഇടപെടലുകൾ നടത്തി ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ട്യൂഷൻ നൽകുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും

ലക്ഷ്യം 2 പ്രാഥമിക വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഉറപ്പ് വരുത്തുക

- നടപടികൾ/പ്രവർത്തനം
- സങ്കേതങ്ങളിൽ ഇന്റർനെറ്റ് അടക്കമുള്ള ട്യൂഷൻ സെൻറർ തുടങ്ങുക
- സെക്കന്ററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെന്റിലേയ്ക്ക് ശുപാർശ ചെയ്യുക.
- തോൽക്കുന്ന വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് പരീക്ഷാ ഫീസ് നൽകുക.
- പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.
- ഉയർന്ന വിദ്യാഭ്യാസത്തിൽ പ്രവേശനം ലഭിക്കുന്നവർക്ക് സ്ഥാപനത്തിനടുത്ത് മതിയായ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുക.
- ട്യൂഷൻ ഫീസ്, എക്സാം ഫീസ് നൽകുക.
- ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പോൾ പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.

ആരോഗ്യമേഖല

ആരോഗ്യ മേഖലയിലെ നിലനിൽക്കുന്ന പ്രശ്നങ്ങളും കാരണങ്ങളും ലഭിച്ച നിർദ്ദേശങ്ങളും പ്രൊമോട്ടറുടെയും ഊരുമൂപ്പന്റെയും അഭിപ്രായത്തിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

മുഖ്യപ്രശ്നം 1 സേവന ലഭ്യതയുടെ പോരായ്മകൾ.	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
ഊരും ആരോഗ്യ സ്ഥാപനങ്ങളും തമ്മിലുള്ള ദൂരക്കൂടുതൽ	ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 2 വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. ഉച്ചതിരിഞ്ഞു ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. പങ്കെടുക്കുന്നവർക്കു ഭക്ഷണം ഒരുക്കുക.
പട്ടികവർഗ്ഗത്തിൽ നിന്ന് ആശാവർക്കർമാരെ തിരഞ്ഞെടുക്കുക.	പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗത്തിൽ നിന്നുള്ള ആശാവർക്കർമാരെ നിയോഗിക്കുക.

മാരകരോഗങ്ങൾക്ക് വിദഗ്ധ ചികിത്സയും മരുന്നും ഇല്ലായ്മ	മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തുക.
	ഡോക്ടറും മരുന്നും എപ്പോഴും ഉണ്ടെന്ന് ഉറപ്പ് വരുത്തുക. വിദഗ്ധ ചികിത്സ ലഭ്യമാക്കുക.
ആശുപത്രിയുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ല.	ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ സഹകരണം ഉറപ്പുവരുത്തുക.
അസുഖം വരുന്നതിന് മുമ്പ് രോഗ പ്രതിരോധത്തിനുള്ള മുൻഗണനയില്ല.	മതിയായ ഫീൽഡ് ഉദ്യോഗസ്ഥരെ , മാനദണ്ഡങ്ങൾ ഇളവ് ചെയ്തു ആരോഗ്യവകുപ്പിൽനിന്നും പട്ടികവർഗ്ഗമേഖലകളിൽനിയോഗിക്കണം.

മുഖ്യപ്രശ്നം 2 ഭിന്നശേഷി

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
വൈവാഹിക ജീവതത്തിലെ തകർച്ചമൂലം മൗനം പാലിച്ച ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന സ്ത്രീകൾ.	മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു പെൻഷൻ അനുവദിപ്പിക്കാൻ നടപടിയെടുക്കണം വീൽചെയർ, ശ്രവണ സഹായി എന്നിവ നൽകുക. ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരെ സാമൂഹ്യമായി ഉൾച്ചേർക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കുക
അടുത്തടുത്തുള്ള പ്രസവം, 2 ൽ കൂടുതൽ കുട്ടികൾ.	കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക, ആരോഗ്യ ബോധവത്ക്കരണം നൽകുക.
	ഭിന്നശേഷിയുള്ളവരുടെ ഹെൽത്ത് കാർഡ് നൽകി ചികിത്സയും ഉപരണങ്ങളും യഥാസമയത്ത് നൽകുക.
	ഇത്തരത്തിലുള്ളവർക്ക്ബോധവൽക്കരണവും സംരക്ഷണവും നൽകുക.
പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ	ചൂഷണം ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത്തല ജാഗ്രത സമിതി ഉണർന്ന് പ്രവർത്തിക്കണം.
	അതിക്രമങ്ങൾ നടക്കുന്ന അവസരത്തിൽ തന്നെ പി.ഒ.ആക്ട് 1989(2016) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക
	മൊഴി തിരുത്തി പറയുന്നവരുടെ മേൽനടപടി സ്വീകരിക്കുക.

മുഖ്യപ്രശ്നം 3 സ്ഥിരം രോഗി

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
പാരമ്പര്യമായ ചികിത്സ കാരണം ആധുനിക ചികിത്സയോടു മടി കാണിക്കുന്നു.	വൈദ്യസഹായം വീടുകളിൽ എത്തിക്കുക. ആധുനിക ചികിത്സയുടെ നേട്ടങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക.
	പട്ടികവർഗ്ഗത്തിൽനിന്ന് ആശാവർക്കർമാരെ നിയോഗിച്ചു എപ്പോഴും അവരെ ശ്രദ്ധിക്കാൻ ഊരുകളിൽ ഏർപ്പാട് ഉണ്ടാക്കുക.
	അവരുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സഹായം നൽകുക.
അറിവില്ലായ്മ, ലഹരിവസ്തുക്കളുടെ ഉപയോഗം	ഊരുകളിൽ ലഹരിവസ്തുക്കളുടെ ലഭ്യത നിർത്തലാക്കുന്നതിന് കർശന നടപടികൾ തുടരുക.
പോഷാകാഹാരമില്ലായ്മ .	അങ്കണവാടികൾ വഴി പോഷകാഹാരം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക
ശുചിത്വമില്ലായ്മ, ശുദ്ധമായ കുടിവെള്ളമില്ലായ്മ	ഹെൽത്ത് ഇൻസ്പെക്ടർ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി വേണ്ട നിർദ്ദേശം നൽകുക.
കൃത്യമായി ആരോഗ്യപരിചരണത്തിൽ ശ്രദ്ധയില്ലായ്മ	മെഡിക്കൽക്യാമ്പ്, വയോമിത്രങ്ങൾക്ക് വീടുകളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുക.

	ശുചീകരണ പ്രവർത്തനം, ആരോഗ്യപരിചരണം ഇവയിൽ പഞ്ചായത്ത് ഇടപെടുക.
പരിസരമലിനീകരണം	ബോധവൽക്കരണ ക്ലാസ്സ് നടത്തുക. ഊര് കമ്മിറ്റികൾക്ക് ചുമതലകളും നൽകുക.
ദൈവികമായ അന്ധവിശ്വാസം മൂലം ആശുപത്രികളിൽ പോകാതിരിക്കൽ, രോഗം പകരുന്നത്.	പട്ടികവർഗ്ഗത്തിൽപ്പെട്ട ആശാവർക്കർമാരുടെ ഇടപെടൽ പി.എച്ച്.സി.കളുടെ ഇടപെടൽ, അന്ധവിശ്വാസങ്ങളുടെ അശാസ്ത്രീയത ബോദ്ധ്യപ്പെടുത്തൽ. വിവിധവകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഇവയിലൂടെ പ്രശ്നപരിഹാരത്തിനു ശ്രമിക്കുക

മുഖ്യപ്രശ്നം 4 ആരോഗ്യ പരിചരണത്തിന്റെ കുറവും പോഷണക്കുറവും ആയുർദൈർഘ്യത്തിന്റെ കുറവും

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
ശരിയല്ലാത്ത ഭക്ഷണക്രമം	കിഴങ്ങ്, ഇലക്കറികൾ എന്നിവ കൃഷി ചെയ്ത് ഉപയോഗിക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കുക. അതിനു ബോധവത്ക്കരണം നടത്തുക.
മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം പലരും മരണത്തിന് കീഴടങ്ങുന്നു.	ബോധവൽക്കരണ ക്ലാസ്സ് നടത്തുക
	കുടുംബശ്രീ മുഖേന ഊരുകളിൽ മദ്യവിൽപ്പന തടയുക.
	നല്ല മാതൃകാ കുടുംബങ്ങളെ ആദരിക്കൽ
	തൊഴിലുറപ്പ് മുഖേനെ ഊരുകൾ ശുചീകരിക്കുന്ന പ്രവൃത്തി ചെയ്യാൻ
	ജനമൈത്രി പോലീസിന്റെ സഹായം തേടുക
	പഞ്ചായത്ത് തലത്തിൽ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ എന്നിവ മുഖേന പാലിയേറ്റീവ് സഹായം ലഭ്യമാക്കുക.
0-6, കൗമാര പ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മാർ, 60 വയസ്സിനു മേൽ പ്രായമുള്ളവർ ഇവരുടെ പോഷകാഹാരക്കുറവ്	അങ്കണവാടി/ആരോഗ്യകേന്ദ്രം വഴി പോഷകാഹാരം എത്തിക്കാനുള്ള സംവിധാനം, പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
	ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മാർക്കും നൽകുന്നതുപോലെ മറ്റുള്ളവർക്കും പോഷാകാഹാരം അടങ്ങിയ ആഹാര കിറ്റുകൾ പ്രാദേശിക സർക്കാരുകൾ മുഖേന നൽകുക.
	പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വാക്സിനേഷൻ, മരുന്നുകൾ എന്നിവ ഹെൽത്ത് സെൻറർ മുഖേന നൽകുക.
ആഹാരപദാർത്ഥങ്ങളിൽ അമിതമായ കീടനാശിനി, വള പ്രയോഗം	കൃഷിഭവൻ മുഖേന ജൈവവളങ്ങൾ നൽകുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ബോധവൽക്കരണം നടത്തുക.
	ത്രിതല പഞ്ചായത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, എം.എൽ.എ. എം.പി.ഫണ്ട് എന്നിവ സംയോജിപ്പിച്ച് കൊണ്ട് പരിഹാര നടപടി സ്വീകരിക്കണം.
ആധുനിക ചികിത്സാ സംവിധാനം, സാമ്പത്തിക പരാധീനത മൂലം ലഭ്യമല്ല.	ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ നൽകുക. ചെലവേറിയ ചികിത്സക്ക് പ്രത്യേകസംവിധാനം ഏർപ്പെടുത്തുക.

മുഖ്യപ്രശ്നം 5 അമിത മദ്യപാനം	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
കൂലിപ്പണിക്കുപോകുന്നവർ പണി കഴിഞ്ഞു ഊരിലേക്ക് വരുമ്പോൾ മദ്യം വാങ്ങിക്കൊണ്ടു വന്നു കുടിക്കുകയും മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യുന്നു.	മദ്യപാനത്തിന്റെദുഷ്യഫലങ്ങളെക്കുറിച്ച് ഡോക്ടർമാർ, എക്സൈസ്/പോലീസ് അധികാരികൾ മുഖേന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണം.വ്യാജമദ്യം ഉത്പാദിപ്പിച്ചു വിപണനം ചെയ്യുന്നതും അനധികൃത മദ്യവിൽപ്പനയും തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കണം. മദ്യപാനത്തിൽ അടങ്ങിയ ചൂഷണ ലക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് തന്ത്രങ്ങൾ ആവിഷ്കരിക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ ആരോഗ്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ലക്ഷ്യം 1 സ്ഥിരം രോഗാവസ്ഥയിൽ നിന്ന് മോചനം

നടപടികൾ/പ്രവർത്തനം

- ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണം
- ഊരുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ്
- ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും ക്രിയാത്മക പ്രവർത്തനവും
- ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ പരിശീലനം നൽകുക.
- ഭിന്നശേഷിയുള്ളവരുടെ പരിചരണവും സംരക്ഷണവും
- ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്ന കുടുംബങ്ങൾക്ക് സഹായം
- ഭിന്നശേഷിയുള്ളവരെ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് ഇവരുടെ കഴിവ് മനസ്സിലാക്കി, പഞ്ചായത്ത് അധികൃതരെ പ്രൊമോട്ടർ വിവരങ്ങൾ ധരിപ്പിക്കുക.
- ഊര് കേന്ദ്രീകരിച്ച് രോഗനിർണ്ണയ ക്യാമ്പ്
- പാലിയേറ്റീവ് കെയർ വഴി മരുന്ന എത്തിക്കുന്നതിനും പരിചരണം ചെയ്യുന്നതിനും ശ്രമിക്കുക.
- സ്ഥിരരോഗികൾക്ക് മരുന്നും പോഷകാഹാര കിറ്റും വിതരണം
- മദ്യവും മയക്കുമരുന്നും ഉപയോഗം നിർത്തുന്നതിന് ബോധവത്ക്കരണം
- മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത ഇല്ലാതാക്കൽ

ലക്ഷ്യം 2 മെച്ചപ്പെട്ട ചികിത്സാ സൗകര്യം

- നടപടികൾ/പ്രവർത്തനം
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം
- ഊരുകളിൽ പോഷകാഹാര കിറ്റ് വിതരണം, പാരമ്പര്യ ജൈവകൃഷിയ്ക്ക് പ്രോത്സാഹനം നൽകൽ.
- പ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും
- സൗജന്യ മരുന്ന് വിതരണം

- ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം
- ഊരുകളോട് ചേർന്ന് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുക.
- ആശുപത്രികളിൽ കൂടുതൽ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക.
- ചെലവേറിയ ചികിത്സയ്ക്ക് ധനസഹായം സമയബന്ധിതമായി എത്തിക്കാൻ നടപടി സ്വീകരിക്കുക.
- എല്ലാപ്രവർത്തനങ്ങളുംഏകോപിപ്പിക്കുവാനുംശരിതെറ്റുകൾതിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുവാനുള്ള മോണിറ്ററിംഗ് സംവിധാനം എല്ലാതലങ്ങളിലും ഏർപ്പെടുത്തണം
- പാരമ്പര്യ ചികിത്സ പ്രോത്സാഹിപ്പിക്കുക/പാരമ്പര്യ ചികിത്സ നടത്തുന്നവർക്കുള്ള പ്രോത്സാഹനം ഔഷധകൃഷി പ്രോത്സാഹിപ്പിക്കുക.

തൊഴിൽ/ഉപജീവനം

തൊഴിൽ/വരുമാന മേഖലയിലെ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനായി നിലനിൽകുന്ന പ്രശ്നങ്ങളും കാരണങ്ങളും ലഭിച്ച നിർദ്ദേശങ്ങളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

സ്ഥിരവരുമാനം ഇല്ലാത്ത തൊഴിൽ

കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
പരമ്പരാഗത തൊഴിലിൽ നിന്നു വരുമാനം ലഭിക്കുന്നില്ല.	പാരമ്പര്യ കൃഷി പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിയ്ക്കുക, വരുമാനം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ തയ്യാറാക്കുക.
	തരിശായ ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് കുടുംബശ്രീ മുഖേന കൃഷി പ്രോത്സാഹിപ്പിക്കണം.
	വന സംരക്ഷണത്തിൽ കൂടുതൽ പങ്കാളിത്തം
	2006ലെ വനാവകാശ നിമം അനുസരിച്ചുള്ള സാമൂഹിക വനാവകാശ നിയമം നടപ്പാക്കി സാമൂഹിക വനാവകാശ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിയ്ക്കുക.
	ടി അവകാശ വിനിയോഗത്തെ കുറിച്ചുള്ള ബോധവത്ക്കരണം

സ്ഥിരവരുമാനമില്ലാത്ത തൊഴിലാളികൾ

കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുറവായതിനാൽ പുരുഷന്മാർ പോകുന്നില്ല. നിത്യവും വൈകുന്നേരം കൂലി കിട്ടാൻ തൊഴിലുറപ്പ് പദ്ധതിയിൽ വ്യവസ്ഥയില്ല	ഫോട്ടോ എടുപ്പിയ്ക്കാനും തൊഴിൽ കാർഡുകൾ കൊടുക്കാനും പ്രാദേശികമായി തൊഴിൽ കണ്ടെത്താനും നടപടി സ്വീകരിയ്ക്കുക. റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് കൂലി വിതരണത്തിലെ കാലതാമസം ലഘൂകരിയ്ക്കുക.
വിദ്യാഭ്യാസ പരമായ പിന്നോക്ക അവസ്ഥ	പഞ്ചായത്ത് വിദ്യാഭാസ സമിതി ഊർജിതമാക്കണം
സ്വയം തൊഴിലുകൾ അഭ്യസിക്കാനുള്ള സാഹചര്യം നിലവിൽ ഇല്ല	സാദ്ധ്യതയുള്ള മേഖലകളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിയ്ക്കുക, അത്തരം സംരഭങ്ങളുടെ സ്ഥായിയായ പ്രവർത്തനം ഉറപ്പാക്കുക.
കൈത്തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഇല്ല.	കൈത്തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിയ്ക്കുക.

കാർഷികമേഖലയിലെ പ്രതിസന്ധി	കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെടുത്തുക. വിത്തും, വളവും ഊരുകൂട്ടം മുഖാന്തിരം പട്ടികവർഗ്ഗ മേഖലയിൽ എത്തിയ്ക്കുക
കൃഷിഭൂമിയുടെ അപര്യാപ്തത	നിലവിലുള്ള കൃഷിഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള നടപടി
ചെറുകിട വ്യവസായ സംരംഭങ്ങളുടെ കുറവ്	അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ കണ്ടെത്തുന്നതിനുള്ള വ്യവസായ വകുപ്പ് മുഖേന നടപടി സ്വീകരിയ്ക്കുക.
	വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പലവിധത്തിലുള്ള തൊഴിൽ പരിശീലനങ്ങൾക്ക് ഫണ്ട് വകയിരുത്തുക. കുളത്തൂപ്പുഴ കൈത്തറി വ്യവസായ സഹകരണ സംഘം പുന:സംഘടിപ്പിച്ച് കൂടുതൽ പേർക്കു പരിശീലന നൽകി തുണിനെയ്ത്ത്, അപ്പാരൽ ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് മുഖേന യൂണിഫോം, ആശുപത്രിക്കാവശ്യമായ ഉത്പന്നങ്ങൾ ഇവ തയ്യാറാക്കുന്നതിനുള്ള നടപടി.
സ്ഥിരമായി ജോലി ലഭിയ്ക്കാനുള്ള സ്ഥാപനം ഇല്ലായ്മ	ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിയ്ക്കുക. കുളത്തൂപ്പുഴയിലെ കൈത്തറി വ്യവസായ സഹകരണ സംഘം പുനസംഘടിപ്പിച്ച് പ്രവർത്തനം സജ്ജമാക്കുക.

വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതർ

കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
പരിശീലന സ്ഥാപനങ്ങളുടെ അഭാവം	തൊഴിൽ പരിശീലന പരിപാടികൾ പ്രോൽസാഹിപ്പിയ്ക്കുക
സമൂഹവുമായി ഇടപഴകാനുള്ള മടി	കൗൺസിലിംഗ് നടത്തുക
വിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിലിന് വേണ്ടി ശ്രമിയ്ക്കുന്നില്ല തൊഴിലിനെ കുറിച്ച് അവബോധം ഇല്ലായ്മ.	വിദ്യാസമ്പന്നരായവർക്ക് മത്സരപരീക്ഷകൾക്കു പരിശീലനം നേടുന്നതിനു സാമ്പത്തിക സഹായം നൽകുക.
സങ്കേതങ്ങളിൽ യുവജനങ്ങളുടെ കൂട്ടായ്മ കുറവ്	യൂത്തക്ലബ്ബുകൾ രൂപീകരിയ്ക്കുക, അവയുടെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുക, തോഴിൽ നേടാനുള്ള അവബോധം നൽകുക.
	പെൺകുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിയ്ക്കുക.
	മദ്യവും ലഹരി പദാർത്ഥങ്ങളും വിപണനം നടത്തുന്നതിനെതിരെ നടപടി സ്വീകരിയ്ക്കുക.
നിലവിൽട്രൈബൽ ഡിപ്പാർമെന്റിലുള്ള സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിയ്ക്കാത്തത്	നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സുഗമമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക. പ്രവർത്തനങ്ങൾ വിലയിരുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തുക.
	എം.ആർ.എസ്.എക്സി.കമ്മിറ്റി, ഉപദേശക സമിതി, ഹോസ്റ്റൽ ഉപദേശക സമിതി ഇവ യഥാസമയം ചേരുകയും സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുക.
	സംസ്ഥാന സർക്കാരിലേയ്ക്ക് സ്ഥാപനങ്ങളുടെ പ്രവർത്തിനത്തിന് വേണ്ട അധിക സൗകര്യങ്ങൾക്കും ശുപാർശ നൽകുക.
തൊഴിൽ അവസരങ്ങൾ ശ്രദ്ധിയ്ക്കാൻ കഴിയാത്തത്.	ഊരിലെ എല്ലാവർക്കും തൊഴിലുറപ്പ് കാർഡ് നൽകുകയും തൊഴിൽ കൊടുക്കുകയും ചെയ്യുക.

	ലേബർ ബാങ്ക് ഉണ്ടാക്കി സീസണൽ കലണ്ടർ പ്രകാരം തൊഴിൽ ഉള്ള ദിനങ്ങൾ ക്രമീകരിക്കേണ്ടതും ജോലിയ്ക്ക് നിയോഗിക്കേണ്ടതുമാണ്.
	എംപ്ലോയ്മെന്റ് ന്യൂസ്, സങ്കേതങ്ങളിൽ പി.എസ്.സി. ബുള്ളറ്റിൻ, തൊഴിൽവാർത്ത, തൊഴിൽ വീഥി, ഇവ ലഭ്യമാക്കുക.
ട്രൈയിനിംഗ് സെന്ററിന്റെ കുറവ് (ഫിനിഷിംഗ് സ്കൂൾ)	വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിനു ഫിനിഷിംഗ് സ്കൂൾ സൗകര്യം ഏർപ്പെടുത്തുക.
വായ്പ ബാങ്കുകളിൽ നിന്ന് ലഭിയ്ക്കുന്നില്ല.	തൊഴിൽ സംരഭകർക്കു വിശേഷിച്ച് സ്റ്റാർട്ട് അപ്പ് സംരഭകർക്കും വായ്പാസൗകര്യം ലഭ്യമാക്കുക.
ശാരീരിക വൈകല്യമുള്ളവരുടെ തൊഴിലില്ലായ്മ	ശാരീരിക വൈകല്യമുള്ള ദുരിതമനുഭവിയ്ക്കുന്നവർക്ക് അവരുടെ താൽപര്യ പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.

വന്യമൃഗശല്യം

കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
വന്യമൃഗങ്ങളുടെ ശല്യം കാരണം സങ്കേതങ്ങളിൽ കൃഷി ചെയ്യാൻ സാധിയ്ക്കുന്നില്ല.	വന്യമൃഗശല്യം കാരണം കൃഷി നശിച്ചവർക്ക് പഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തി നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
വന്യമൃഗങ്ങൾ വരാതെ തടയാനുള്ള സംവിധാനമില്ല	വനംവകുപ്പിന്റെ സഹകരണത്തോടെ ഇതിനുള്ള പദ്ധതി തയ്യാറാക്കി സർക്കാറിന് സമർപ്പിക്കുകയും അതിന്റെ ഫോളോഅപ്പ് നടത്തുകയും ചെയ്യുക. സോളാർ ഫെൻസിംഗ്, ജൈവവേലി ഇവ നടപ്പിലാക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ച് നിർമ്മിയ്ക്കുക	ജൈവവേലി പ്രോത്സാഹിപ്പിയ്ക്കുക

വയലുകൾ നികത്തുന്നതുമൂലം കൃഷി ചെയ്യാൻ സ്ഥലമില്ല

കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
നെൽകൃഷി ലാഭ കരമല്ലാത്തതിനാൽ നെൽകൃഷി ഉപേക്ഷിച്ച് നാണ്യവിള കൃഷി ചെയ്യുന്നു.	ആദായകരമായി നെൽകൃഷി നടത്തി ഭക്ഷ്യഭദ്രത ഉറപ്പാക്കുക. അതിനു സാമ്പത്തിക സഹായം നൽകുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ തൊഴിൽ/ വരുമാന മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിയ്ക്കുന്ന നേട്ടങ്ങൾ

ലക്ഷ്യം 1 കാർഷിക രംഗത്തെ വികസനം

നടപടികൾ/ പ്രവർത്തനം

- ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽകരണം
- തൊഴിലുറപ്പ് ഉൾപ്പെടുത്തി(കാലാവസ്ഥയ്ക്ക് അനുസരിച്ച്) തുടർസജ്ജീകരണം
- പാടശേഖര സമിതികൾ രൂപീകരിച്ച് ചെലവ് കുറഞ്ഞ യന്ത്രോപകരണത്തോടുകൂടി കാർഷിക വൃത്തി നടപ്പിലാക്കുക.
- പാരമ്പര്യ കാർഷിക വിളകൾ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുക
- കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാകത്തക്ക വിപണി കണ്ടെത്തുക
- വന്യമൃഗശല്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുക
- ക്ഷീരവികസന വകുപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ ഇവയുമായി ബന്ധപ്പെടുത്തി കറവപശു

വളർത്തൽ പ്രോത്സാഹനം.

ലക്ഷ്യം 2 കൂടുതൽ തൊഴിൽ/ സ്വയം തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക

നടപടികൾ/ പ്രവർത്തനം

- വിദേശജോലിയ്ക്ക് ആവശ്യമായ ധനസഹായം നൽകുക
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിയ്ക്കുക
- പി.എസ്.സി കോച്ചിംഗ് , എല്ലാ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനം വ്യാപകമാക്കുക
- വിദേശജോലിയ്ക്കായി നടത്തുന്ന ഇൻറ്റർവ്യൂകളിൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്താൻ സഹായകമായ പ്രവർത്തനം നടപ്പിലാക്കുക.
- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി കാർഷിക മേഖലയിൽ കർഷകർക്ക് ആവശ്യമായ പണികൾ ചെയ്യുക.
- ക്ഷീര കർഷകർക്ക് തീറ്റപുല്ല്, കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ഉയർന്ന വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളെ വിദേശത്ത് അയയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുക
- ട്യൂഷൻ സെൻറർ എസ്.റ്റി ഊരുകളിൽ അനുവദിയ്ക്കുക
- വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക.
- വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.

അടിസ്ഥാന സൗകര്യമേഖല

അടിസ്ഥാന സൗകര്യം മേഖലയിലെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനായി നിലനിൽക്കുന്ന പ്രശ്നങ്ങളും പ്രശ്നകാരണങ്ങളും നിർദ്ദേശങ്ങളും ചുവടെ കോടുത്തിരിയ്ക്കുന്നു.

മുഖ്യ പ്രശ്നം 1 വീടും സ്ഥലവും ഇല്ലാത്തവർ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
പട്ടികവർഗ്ഗകാരുടെ ഭൂമി പാട്ടം ,ഒറ്റി നൽകുന്നത്	ഭൂമി, ഭൂമിയിലെ മേലാദായം ഇവ അന്യാധീനപ്പെടുത്തിയാൽ സ്വമേധായാ നടപടി സ്വീകരിയ്ക്കുക.
സ്വന്തം പേരിൽ ഭൂമി ഇല്ലാതിരുന്നതിനാൽ സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയുന്നില്ല.	2006 ലെ വനാവകാശ നിയമം അനുസരിച്ച ലഭിച്ച ഭൂമിയ്ക്ക് റവന്യൂ രേഖകൾ തയ്യാറാക്കി വ്യക്തിഗത ഉടമസ്ഥവകാശം സ്ഥാപിയ്ക്കുവാൻ രജിസ്ട്രേഷൻ വകുപ്പുമായി സഹകരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുക. ഭൂരഹിതർക്കു ഭൂമി കണ്ടെത്താനുള്ള ചുമതല ഊര് കൂട്ടങ്ങളെ ഏൽപ്പിയ്ക്കണം.
	പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ കമ്മറ്റി രൂപീകരിയ്ക്കണം.
	വനാവകാശ നിയമം നടപ്പിലാക്കി കൃഷി ചെയ്യാനുള്ള സ്ഥലം നൽകുക.
ഭൂമി രാഹിത്യം	പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായം ഉറപ്പ വരുത്തി ഭൂമി കണ്ടെത്തുക
	ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്താനും വാങ്ങുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തു നൽകുക.

വനവകാശ നിയമം നടപ്പിലാക്കാത്തത്	നിലവിലുള്ള കൈവശഭൂമിയ്ക്ക് രേഖകൾ ലഭ്യമാക്കുക സാമൂഹ്യ വനവിഭവ മാനേജ്മെന്റ് അവകാശം നൽകി അതിനനുസൃതമായ അവകാശ കമ്മിറ്റി രൂപീകരിയ്ക്കണം.
	പഞ്ചായത്തിലെ ബന്ധപ്പെട്ട അധികാരികൾ കൃത്യമായി വനവകാശ ഊരുകൂട്ടത്തിൽ പങ്കെടുക്കുക
സ്ഥലം കൈവശം വെക്കുന്നതിന്റെ അറിവില്ലായ്മ, കൃത്യമായ രേഖകൾ ഇല്ലായ്മ	സ്ഥലം അളന്ന് അതാതു കുടുംബങ്ങൾക്ക് രേഖാമൂലം നൽകി ചുറ്റുവേലി കെട്ടി സംരക്ഷിയ്ക്കുക. റവന്യൂ വകുപ്പിൽ ഭൂരേഖ ഉണ്ടാക്കുന്നതിനും നികുതി ഒടുക്കുവാനുള്ള വഴി ഒരുക്കുക.

മുഖ്യപ്രശ്നം 2 ജീർണ്ണാവസ്ഥയിലുള്ള വീടുകൾ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
അസൗകര്യമുള്ള വീടുകൾ	ജീർണ്ണാവസ്ഥയിലുള്ളവക്ക് പകരം പുതിയ വീടുകൾ നൽകുക. എല്ലാവീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
ഗുണമേന്മയില്ലാത്ത സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള വീട് നിർമ്മാണം	ഗുണമേന്മയുള്ള സാധന സാമഗ്രികൾ, പഞ്ചായത്തിൽ നിന്ന് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
അറ്റകുറ്റപണി നടത്താൻ സാമ്പത്തികം ഇല്ലായ്മ	മെയിൻറെനൻസ് തുക വർദ്ധിപ്പിച്ച് അർഹതപ്പെട്ടവർക്ക് നൽകുക.
	യാത്രക്ലേശമുള്ള സങ്കേതങ്ങളിൽ വീട് നിർമ്മാണത്തിന് കൂടുതൽ തുക അനുവദിയ്ക്കുക.
	നിർമ്മാണ പ്രവൃത്തിയിൽ താല്പര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകി നിർമ്മാണ പ്രവർത്തനം അവർ മുഖേന നിർവഹിയ്ക്കുക..
	പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊര് കൂട്ട സമിതികൾ സംഘടിപ്പിച്ച് അവർ മുഖേന നടപ്പിലാക്കുക.

മുഖ്യപ്രശ്നം 3 കക്കൂസ് ഇല്ലാത്ത വീടുകൾ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
കക്കൂസ് നിർമ്മാണം നല്ല രീതിയിൽ അല്ല നടക്കുന്നത്	ഫണ്ട് വർദ്ധനവ് വരുത്തുക. മെച്ചപ്പെനിലയിൽ സുരക്ഷിതമായി സംരക്ഷിയ്ക്കാൻ നടപടി എടുക്കുക.
ഫണ്ടിന്റെ അപര്യാപ്ത	ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റ തുക വർദ്ധിപ്പിയ്ക്കുക.
മോശമായ രീതിയിലുള്ള കക്കൂസിന്റെ ഉപയോഗം	ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ഉപയോഗത്തിന് ബോധവൽക്കരണം നടത്തുകയും വേണം
	വീട് നിർമ്മാണത്തിൽ കക്കൂസിനായി പ്രത്യേക പ്ലാൻ തയ്യാറാക്കുക

മുഖ്യപ്രശ്നം 4 വൈദ്യുതി ഇല്ലാത്ത വീടുകൾ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
വൈദ്യുതി എത്തിയിട്ടും വൈദ്യുതികരിയ്ക്കാത്ത വീടുകൾ	എല്ലാ വീടും വൈദ്യുതി കരിയ്ക്കുക ഊരിന് സമീപത്ത് കൂടി വൈദ്യുതിലൈൻ വലിയ്ക്കുക. വീടുകൾക്ക് വൈദ്യുതി കണക്ഷൻനൽകുക.
വൈദ്യുതികരിയ്ക്കാൻ പറ്റാത്ത വീടുകൾ	പുതിയ വീടിന്റെ ലഭ്യത ഉറപ്പുവരുത്തുക

ഊരിൽ എത്തിയിട്ടും വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.	പഞ്ചായത്ത് മുഖേന എത്രയും വേഗം വൈദ്യുത കണക്ഷൻ നൽകുക.
ഇലക്ട്രിക് പോസ്റ്റിന്റെ കുറവ്	കെ.എസ്. ഇ.ബി യുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തണം.
സ്വകാര്യവ്യക്തികളുടെ അനുമതി ഇല്ലാത്തതുകൊണ്ട്	സാധ്യമായ മറ്റ് പോംവഴികൾ തേടുക.
	എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് മുഖേന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് തയ്യാറാകുക.
ഊര് നിവാസികൾക്ക് ഓണർഷിപ്പ്, റേഷൻകാർഡ്, നികുതി ചീട്ട് ഇല്ലായ്മ.	സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുക. വ്യക്തി എന്ന നിലയിൽ അർഹമായ എല്ലാ അവകാശരേഖകളും ഊര്
	തലത്തിൽ ഉദ്യോഗസ്ഥരുടെ ക്യാമ്പ് സംഘടിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുക.

മുഖ്യപ്രശ്നം 5 കുടിവെള്ളം ലഭ്യമല്ല

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
വെള്ളത്തിന്റെ കുറവ്	കുടിവെള്ള പദ്ധതി നടപ്പിലാക്കുക. ഗാർഹിക കണക്ഷൻ നൽകുക.
	കിണർ നിർമ്മിക്കുക. നിലവിലുള്ള കിണർ റീ ചാർജ്ജ് ചെയ്യുക.
ശുദ്ധമായ കുടിവെള്ളം സങ്കേതങ്ങളിൽ ലഭിക്കുന്നില്ല. ശുദ്ധജലത്തിന്റെ കുറവ്	പദ്ധതികൾ നടപ്പിലാക്കി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തണം
	മഴവെള്ള സംഭരണി നിർമ്മാണം
	കിണറുകൾക്ക് ചുറ്റും പ്ലാറ്റ്ഫോം നിർമ്മിക്കുക. വർഷംതോറും കിണറുകൾ ശുചിയാക്കുക./റീചാർജ്ജ് ചെയ്യുക.
	വാട്ടർ അതോറിറ്റിയുടെ പൈപ്പൈൻ ഊരുകളിൽ എത്തിച്ച് ഗാർഹിക കണക്ഷൻ നൽകുക.
	ഒ&എം. ചിലവ് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുക.

മുഖ്യപ്രശ്നം 6 റോഡിന്റെ ശോചനീയാവസ്ഥയും ഗതാഗത സൗകര്യമില്ലായ്മയും

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സങ്കേതങ്ങളിൽ ഗതാഗത സൗകര്യവും, നടപ്പാതയും ഇല്ലാത്തതുകൊണ്ട് കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. രോഗിയെ ഹോസ്പിറ്റലിൽ എത്തിക്കാൻ കഴിയുന്നില്ല.	ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാതകൾ കോൺക്രീറ്റ് ചെയ്യുക. സങ്കേതത്തിലേയ്ക്കുള്ള റോഡുകൾ പൊതുഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുക. MPLAD, MLA യുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡിന്റെ RIDF മുഖേന വിഭവസമാഹാരണം നടത്തി സഞ്ചാരയോഗ്യമായ റോഡുകൾ ദ്രുതഗതിയിൽ നടപ്പാക്കുക.

മുഖ്യപ്രശ്നം 7 ഊരിന്റെ വികസനത്തിന് മൂപ്പനും പ്രൊമോട്ടറും സംയുക്തമായി പ്രവർത്തിക്കുന്നില്ല.

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
മൂപ്പനും പ്രൊമോട്ടറും പലപ്പോഴും അലസത കാണിക്കുന്നു.	നല്ല മൂപ്പനും നല്ല പ്രൊമോട്ടർക്കും അവാർഡ് നൽകണം. ഊര് മൂപ്പന്മാർക്കും എസ്.റ്റി.പ്രൊമോട്ടർമാർക്കും നിരന്തരം പരിശീലനം നൽകണം

മുഖ്യപ്രശ്നം 8 സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിലെ വീഴ്ച

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച	1989 ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം (2016 ഭേദഗതി) 1999ലെ കേരള പട്ടികവർഗ്ഗ ഭൂമി അന്യാധീനപ്പെടുത്തൽ നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരച്ചെടുത്തു നൽകലും, 2006 ലെ വനാവകാശ നിയമം (2012 ഭേദഗതി) ഇവ കർശനമായി നടപ്പാക്കണം. കേസ്സുകൾ ശരിയായ രീതിയിൽ രജിസ്റ്റർ ചെയ്തു തുടർനടപടി സ്വീകരിക്കണം. ഇത്തരം കേസ്സുകൾ വേഗത്തിൽ വിചാരണ നടത്തി തീർപ്പാക്കണം. ൊമാഴി മാറ്റി പറയുന്നവരുടെ പേരിൽ നടപടി സ്വീകരിക്കണം.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- എസ്റ്റിമേറ്റു പ്രകാരമുള്ള തുക അനുവദിക്കുക
- കുടുംബങ്ങളിലെ അംഗബലമനുസരിച്ച സ്ഥലസൗകര്യത്തോടുകൂടി വീട് നിർമ്മുന്നതിനു വീടുകൾ റിപ്പയർ ചെയ്യുന്നതിനു എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ തുക അനുവദിക്കുക.
- ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിക്കുക.
- അടുക്കള ഇല്ലാത്ത വീടുകൾക്കു അധികസൗകര്യമായി അടുക്കള നിർമ്മിച്ച നൽകുക.
- നിലവിൽ വളർത്തുമൃഗങ്ങളെ വളർത്തുന്നവർക്ക് തൊഴുത്ത് ആവശ്യമെങ്കിൽ നിർമ്മിച്ച നൽകുക.
- എല്ലാ ഭൂരഹിതർക്കും ഒരേക്കർ ഭൂമി നൽകാൻ നടപടി സ്വീകരിക്കുക.
- ഒറ്റപ്പെട്ടു താമസിക്കുന്നവർക്കും മറ്റുള്ളവർക്കും കുടിവെള്ളം ലഭ്യമാക്കണം. പൊതുടാപ്പുകൾ അനുവദിക്കുകയും ഗാർഹിക കണക്ഷൻ നൽകുകയും ചെയ്യുക.
- എല്ലാ ഊരുകളിലെയും വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കുക.
- കുടുംബങ്ങളിലേക്കുള്ള വഴികൾ വൃത്തിയാക്കുക.
- പഞ്ചായത്തുകൾ നേരിട്ട് വീട് നിർമ്മാണ പ്രവർത്തനം നടത്തണം.
- ഊര് മൂപ്പൻ അദ്ധ്യക്ഷത വഹിക്കുന്ന ഊരു വികസന സമിതിയ്ക്ക് രൂപം നൽകി ശക്തമായ മോണിറ്ററിംഗ് എന്ന സംവിധാനം ഏർപ്പെടുത്തുക.

സാമൂഹ്യസുരക്ഷിതത്വം

പ്രശ്നങ്ങൾ	പരിഹാരങ്ങൾ
1 വിധവകൾ, ഭിന്നശേഷിക്കാർ, ക്യാൻസർ, ക്ഷയം, കുഷ്ഠം തുടങ്ങി	അർഹതയുള്ളവരുടെ പട്ടിക അടിയന്തിരമായി തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാപഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷിതത്വ

മാരകരോഗം ബാധിച്ചവർ, 60 വയസ്സിനു മേൽ പ്രായമായവർ എന്നീ വിഭാഗത്തിൽ അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷിതത്വം പെൻഷനുകൾ ലഭിക്കുന്നില്ല.	പെൻഷനുകൾ സമയബന്ധിതമായി അനുവദിക്കണം.
2 ജനനമരണ രജിസ്ട്രേഷൻ യഥാസമയം നടത്തണം	ഗ്രാമപഞ്ചായത്തുകൾ എസ്.റ്റി.പ്രൊമോട്ടർമാർ മുഖേന നടപടി സ്വീകരിക്കണം
3 സാധാരണ പൗരന് ലഭ്യമാകുന്ന എല്ലാ അവകാശ രേഖകളും പട്ടികവർഗ്ഗക്കാർക്ക് ലഭ്യമല്ല.(റേഷൻകാർഡ്, ആധാർകാർഡ്, GNREGS തൊഴിൽകാർഡ്, ചിയാക് ആരോഗ്യ കാർഡ് തുടങ്ങിവയ)	സാധാരണ പൗരന്മാർക്ക് ലഭ്യമായ എല്ലാ അവകാശ രേഖകളും അതതു ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തു അടിസ്ഥാനത്തിൽ ക്യാമ്പ് നടത്തണം.
4 സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിലെ വീഴ്ച	ഭരണഘടനാപരമായ പരിരക്ഷകൾ ഉറപ്പാക്കുന്നതോടൊപ്പം പട്ടികവർഗ്ഗക്കാർക്കായി നിലവിലുള്ള സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്നു ഉറപ്പുവരുത്തണം. അതിനായി രൂപീകരിച്ചിട്ടുള്ള സമിതികൾ എല്ലായിടത്തും യോഗം ചേരുകയും ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്നു ഉറപ്പുവരുത്തകയും വേണം.
	കോടതിയിൽവിചാരണ വേളയിൽ എത്തി മൊഴി നൽകാതിരിക്കുക, മൊഴിമാറ്റി പറയുക ഇക്കാര്യങ്ങളിൽ ഉചിതമായി ശിക്ഷണ നടപടി സ്വീകരിക്കണം.
5. വയോജന സുരക്ഷ	വയോജനങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കണം

ലക്ഷ്യവും കാഴ്ചപ്പാടും

- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഫണ്ട് ഗുണമേന്മയോടുകൂടി പൂർണമായി പട്ടികവർഗ്ഗ ക്കാരുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
- ഗോത്രസൗഹൃദജില്ലയും ഗോത്രസൗഹൃദ പഞ്ചായത്തുകളും എന്ന നയത്തിലൂന്നിയുള്ള പദ്ധതികൾ.
- വൃത്തി, വെളിച്ചം, കുടിവെള്ളം, വാഹനസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.
- മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും കക്കൂസും സുരക്ഷിതമായ വീടുകളും സാധ്യമാക്കുക.
- ഗോത്രകലകളും സാംസ്കാരിക തനിമകളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി സാമ്പത്തിക പ്രാദേശിക, വികസനത്തിലൂടെ ജീവിത നിലവാരമുയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിതനിലവാരം ഉയർത്തിയും അടിസ്ഥാനസൗകര്യങ്ങൾ സ്വയമാർജ്ജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.
- ഉപപദ്ധതി ഫണ്ടിനു പുറമേ ജനറൽ ഫണ്ടും ഇതര സംവിധാനങ്ങളിലെ സ്രോതസ്സും വിനിയോഗിച്ച് ധനപരമായ പ്രവർത്തനം സംയോജനം സാധ്യമാക്കുക.

- ❖ ഊരുകൂട്ടങ്ങൾ/വർദ്ധിച്ച പങ്കാളിത്തത്തോടെ സജീവവും ക്രിയാത്മകവുമാക്കി ജനാധിപത്യവത്ക്കരണം സാധ്യമാക്കുക.
- ❖ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ❖ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവുംതുടർച്ചയുള്ളതുമായ സൗഹൃദപദ്ധതികൾ ആവിഷ്കരിക്കുക.
- ❖ വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക.
- ❖ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗത പരിപാലന പദ്ധതി ആവിഷ്കരിക്കുക.

ഉപസംഹാരം

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനും വേണ്ടി, അവരുടെ അന്തസ്സും സംസ്കാരവും നിലനിർത്തുന്നതിനും പാരമ്പര്യ അറിവുകളും വിഭവങ്ങളും സംരക്ഷിക്കുന്നതിനും ഒപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യ പരിപാലനം, ആശയ വിനിമയ സംവിധാനങ്ങൾ ഇവ അവർക്കും അനുഭവവേദ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് സുതാര്യവും സമഗ്രവും സംയോജിതവുമായ നിർവ്വഹണ രീതികൾ അവലംബിക്കാം.

4.16 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം

ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. മുകളിൽ നിന്നു താഴേക്കു നൽകുന്ന ഔദാര്യം എന്ന സമീപനമായിരുന്നു ഇന്നലെകളിൽ ക്ഷേമം. പാർശ്വവൽക്കരിക്കപ്പെട്ട ഓരോ ജനവിഭാഗങ്ങൾക്കും അവരുടേതായ ആവശ്യങ്ങളും ആഗ്രഹങ്ങളും ഉള്ളതിനാൽ ഇത്തരം വിഭാഗങ്ങൾക്ക് ആവശ്യാടിസ്ഥാനത്തിൽ സഹായം നൽകുന്നതിനുള്ള സാമൂഹ്യ സുരക്ഷാ ചട്ടക്കൂട് രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഈ വിഭാഗങ്ങൾക്ക് ''പ്രത്യേക പരിഗണന'' എന്ന ഭരണഘടന തത്വത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ എടുത്തു പറയത്തക്ക മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്.

ലോകത്താകെ രൂപം കൊണ്ട ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിൽ 1979 ലെ സീഡോ ഉടമ്പടിയും 1989 ലെ കുട്ടികളുടെ അവകാശ ഉടമ്പടിയും ഭിന്നശേഷിക്കാരെയും വയോജനങ്ങളെയും ജയിൽ മോചിതരെയും സംബന്ധിച്ച ഉണ്ടായ പൊതു ധാരണയും ക്ഷേമം എന്നത് ഭരണ കൂടത്തിന്റെ ഉത്തരവാദിത്തവും സ്വീകരിക്കുന്നവരുടെ അവകാശവുമാണെന്ന് ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന തലങ്ങളിൽ സുപ്രധാനവും ഗുണകരവുമായ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രയോജനം യഥാർത്ഥ അവകാശികളിലേക്ക് എത്തിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിലുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ദാരിദ്ര്യ നിർമ്മാർജനം, പോഷകാഹാരം, വിശപ്പുരഹിതം,എല്ലാവർക്കും ആരോഗ്യം വിദ്യാഭ്യാസം, തൊഴിൽ ലിംഗസമത്വം, ശുദ്ധജലം, ശുചിത്വം, സാമ്പത്തിക ഭദ്രത എന്നീ ലക്ഷ്യങ്ങളിൽ അധിഷ്ഠിതമായ സമാധാനവും നീതിയും ഉറപ്പാക്കി കൊണ്ടുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്നു.

സാമൂഹ്യ സുരക്ഷാ ഒരു മനുഷ്യാവകാശവും സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനു അടിസ്ഥാനവുമാണെന്ന പ്രമേയം മുൻ നിർത്തി സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ വിഭാഗം ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള മറ്റു ജനവിഭാഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ജനങ്ങൾക്ക് സാർവത്രിക സംരക്ഷണം നൽകുന്നതിനാണ് ജില്ലാ പദ്ധതി ഊന്നൽ നൽകിയിട്ടുള്ളത്. ഇതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു സമൂഹം സമുദായ സംഘടനകൾ, സർക്കാരിതര സ്ഥാപനങ്ങൾ, പൊതു സമൂഹം, സമുദായ സംഘടനകൾ, സർക്കാരിതര സംഘടനകൾ എന്നിവരുമായുള്ള ഒരു ശരിയായ പങ്കാളിത്ത വേദി ഉണ്ടാക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. ഈ പങ്കാളിത്തത്തിലൂടെ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായവും ആവശ്യമുള്ളവർക്ക് സുരക്ഷയും ഉറപ്പാക്കാം. ഇത്തരം ഇടപെടലുകൾ അവരുടെ ജീവിതത്തെ മാന്യതയും ആത്മാഭിമാനവുമുള്ളതാക്കി മാറ്റും.

4.16.1 കുട്ടികൾ

ആമുഖം

കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളാണ്. ഏതൊരു സമൂഹത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നതിൽ കുട്ടികൾക്ക് ഒരു വലിയ പങ്കുണ്ട്. കേരളം സാമൂഹിക വികസനത്തിന്റെ കാര്യത്തിൽ അത്യന്തം മുൻപന്തിയിൽ എത്തിപ്പെട്ടതെങ്കിലും കുട്ടികളുടെ സംരക്ഷണ കാര്യത്തിൽ കേരളത്തിന്റെ അവസ്ഥ ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു.

ബാലവാകാശ ലംഘനങ്ങൾ, കുട്ടികൾക്കെതിരെയുള്ള മാനസിക, ശാരീരിക, ലൈംഗിക ചൂഷണം, പോഷകഹാര കുറവ്, ലിംഗ അസമത്വം, ദാരിദ്ര്യം, ഗുരുതരരോഗങ്ങൾ, അനാഥബാല്യം എന്നീ പ്രശ്നങ്ങൾ കുട്ടികൾ നിലവിൽ അഭിമുഖീകരിക്കുന്നു.

കുട്ടികൾക്ക് വേണ്ടി നടപ്പിലാകുന്ന ഓരോ പദ്ധതിയും നമ്മുടെ നാടിന്റെ വികസനത്തിനും കുട്ടികളുടെ മെച്ചപ്പെട്ട ഭാവിയും വേണ്ടിയാണ്.

പ്രസവത്തിനോടനുബന്ധിച്ച് അമ്മമാരിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശിശുമരണത്തിന് കാരണമാകുന്നു. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി അമ്മമാരുടെയും കുഞ്ഞിന്റെയും ആരോഗ്യം സംരക്ഷിക്കേണ്ടതാണ്.

ഐക്യ രാഷ്ട്രസഭ 1989 ൽ പാസാക്കിയ കുട്ടികളുടെ വികസനം, അതിജീവനം, പങ്കാളിത്തം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അവസ്ഥാവിശകലനം

മറ്റു ജില്ലകളിലെന്ന പോലെ കൊല്ലം ജില്ലയിലും 5 വയസ്സിന് താഴെയുള്ള കുട്ടികളിലെ ലിംഗാനുപാതത്തിൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. മൂന്ന് മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികളാണ് അങ്കണവാടിയിൽ അനൗപചാരിക വിദ്യാഭ്യാസത്തിന് എത്തിച്ചേരേണ്ടത്. എന്നാൽ പ്രീസ്കൂൾ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് അടിസ്ഥാന സൗകര്യക്കുറവ് തടസ്സമാകുന്നു. കുട്ടികൾ മെച്ചപ്പെട്ട ഭൗതിക സൗകര്യം തേടി പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നു. നിലവിൽ യു. ഐ. ആർ., ഇന്ദ്രധനുസ്, പി.പി. ഐ, എം.എം.കെ, എം. ആർ. എന്നീ പദ്ധതികളിലൂടെ പ്രതിരോധ കുത്തിവെയ്പ് 100% ത്തിൽ എത്തും.

പട്ടിക 4.16.1

കൊല്ലം ജില്ലയിലെ കുട്ടികളുടെ അടിസ്ഥാന വിവരങ്ങൾ

ഇനം		എണ്ണം
0-6 ആകെ കുട്ടികൾ	-	182919
ഗർഭിണി &പാലൂട്ടുന്ന അമ്മമാർ	-	31533
പ്രീ സ്കൂൾ കുട്ടികൾ	-	28339
ആകെ ജനനം	-	2264
ജനന നിരക്ക്	-	10.05
ശിശുമരണ നിരക്ക്	-	6.71
നവജാത ശിശുമരണ നിരക്ക്	-	3.80
മാതൃ മരണ നിരക്ക്	-	17.3
സ്റ്റിൽ ബെർത്ത്	-	2.7
ലിംഗാനുപാതം(കുട്ടികളിൽ)	-	960/100
മിതമായ പോഷണക്കുറവുള്ള കുട്ടികൾ	-	14.45%
ഗുരുതരപോഷണ കുറവുള്ളകുട്ടികൾ	-	22%
ജയിൽ ശിക്ഷ അനുഭവിക്കുന്നമാതാപിതാക്കളും കുട്ടികളും	-	165
ക്യാൻസർ ബാധിതരായകുട്ടികൾ	-	228
ക്യാൻസർ ബാധിതരായ മാതാപിതാക്കളുടെ കുട്ടികൾ	-	1073
എച്ച്. ഐ. വി ബാധിതരായ കുട്ടികൾ	-	20
എച്ച്. ഐ.വി ബാധിതരായ മാതാപിതാക്കളുടെ കുട്ടികൾ	-	47
അവിവാഹിതരായ അമ്മമാരുടെ കുട്ടികൾ	-	420
14 വയസ്സിനു താഴെ പ്രായമുള്ള സ്കൂളിൽ പോകാത്ത കുട്ടികൾ	-	168
ഭിന്നശേഷിയുള്ള കുട്ടികൾ	-	5003
ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ കുട്ടികൾ	-	4390
ശയ്യാവലംബരായ കുട്ടികൾ	-	567
ശയ്യാവലംബരായ മാതാപിതാക്കളുടെ കുട്ടികൾ	-	510

മാനസികവെല്ലുവിളികൾ നേരിടുന്നകുട്ടികൾ	-	1937
എൽ.കെ.ജി, യു.കെ.ജി, പ്ലേ സ്കൂൾ കുട്ടികൾ	-	48962
അൺ എയ്ഡഡ് വിദ്യാർത്ഥികൾ	-	58651
മാതാപിതാക്കൾ നഷ്ടപ്പെട്ടതോ ഉപേക്ഷിക്കപ്പെട്ടതോആയ കുട്ടികൾ	-	1036
വിധവകളായ സ്ത്രീകളുടെ കുട്ടികൾ	-	12686
മെച്ചപ്പെട്ട പഠന സാഹചര്യം ലഭ്യമാകാത്ത കുട്ടികൾ	-	3343
രോഗപ്രതിരോധകുത്തിവെയ്പ്പ് ലഭ്യമായ കുട്ടികളുടെ എണ്ണം	-	30220
ആൺ-പെൺ അനുപാതം	-	960
ആകെ അങ്കണവാടികൾ	-	2723
കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം	-	1643
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ	-	1080
കൊല്ലം ജില്ലയിലെ ഓർഫനേജുകളിൽ സംരക്ഷിക്കുന്ന കുട്ടികളുടെ എണ്ണം		
ആൺ	-	1124
പെൺ	-	735
ആകെ	-	1859
ഓർഫനേജുകളിൽ നിൽക്കുന്ന സി. എൻ.സി. പി. കുട്ടികൾ		
ആൺ	-	148
പെൺ	-	127
ആകെ		275
ഓർഫനേജുകളിൽ നിൽക്കുന്ന ഇതര സംസ്ഥാന കുട്ടികൾ		
ആൺ	-	21
പെൺ	-	2
ആകെ		23
പി. ഒ. സി. എസ്. ഓ	-	381
ആത്മഹത്യചെയ്ത കുട്ടികൾ	-	19

കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- കുട്ടികളുടെ പോഷകാഹാരക്കുറവ്, ശരിയായ മുലയൂട്ടലിന്റെ അഭാവം
- അനാഥ ബാല്യം
- ആരോഗ്യപരിശോധന
- അപൂർണ്ണമോ ഭാഗികകമോ അയ രോഗപ്രതിരോധകുത്തിവെയ്പ്പുകൾ
- ഗുരുതരരോഗബാധിതരായ കുട്ടികൾ
- ആൺപെൺ അനുപാത വ്യത്യാസം
- ലിംഗ അസമത്വം
- ചൂഷണം (ശാരീരികം, മാനസികം, ലൈംഗീകപീഢനം)
- ബാല ഭിക്ഷാടനം
- ബാല വേല
- കുട്ടികളിലെ മാനസികസമ്മർദ്ദങ്ങൾ

- വിദ്യാഭ്യാസ സൗകര്യങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനങ്ങളുടെയും അഭാവം
- അരക്ഷിതാവസ്ഥയിലുള്ള കുട്ടികൾ
- പരിസ്ഥിതി സൗഹൃദമല്ലാത്തതിനാൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ (സാമൂഹ്യാരോഗ്യ പ്രശ്നങ്ങൾ)
- മദ്യം/മയക്കുമരുന്നിന് അടിമകൾ
- ഭിന്നശേഷി കുട്ടികൾ
- രോഗ ബാധിതരുടെ മക്കൾ
- പഠന വൈകല്യം ഉള്ള കുട്ടികൾ
- പഠനം പാതി വഴിയിൽ ഉപേക്ഷിച്ച കുട്ടികൾ
- കുടുംബ ബന്ധം ശിഥിലമായ കുട്ടികൾ
- മദ്യപാനികളായ മതാപിതാക്കളുടെ കുട്ടികൾ
- ലഹരിയ്ക്ക് അടിമപ്പെട്ട കുട്ടികൾ
- നവ മാധ്യമങ്ങളുടെ ദുരുപയോഗം
- കൗമാരക്കാരുടെ ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ

പരിഹാര നിർദ്ദേശങ്ങൾ

1. കുട്ടികൾക്കായുള്ള പൊതുസ്ഥാപനങ്ങളെല്ലാം തന്നെ ശിശുസൗഹൃദമാക്കുക, അതിന്റെ ഭാഗമായി കുട്ടികളുടെ സൗകര്യാർത്ഥം അടിസ്ഥാന സൗകര്യ വികസനം ഒരുക്കുക.
2. പൊതു ശൗചാലയങ്ങളിലെ കുട്ടികൾക്ക് പ്രത്യേകം ശിശുസൗഹൃദ ശൗചാലയം സ്ഥാപിക്കുക.
3. ജില്ലയിലെ എല്ലാ സ്കൂളുകളിലും സൈക്കോ- സോഷ്യൽ കൗൺസിലറുടെ സേവനം ഇവ ലഭ്യമാക്കുക.
4. ജില്ലയിലെ എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്ക് നാപ്കിൻവെൻറിംഗ് മെഷീൻ സ്ഥാപിക്കുക.
5. പൊതുസ്ഥലങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ചും ഇത് പാലിക്കേണ്ട ആവശ്യകത സംബന്ധിച്ചും ലംഘിച്ചാലുള്ള ശിക്ഷാവിധികളെ കുറിച്ചും ബോർഡുകൾ സ്ഥാപിക്കുക.
6. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സമീപം കുട്ടികൾക്കുള്ള സുരക്ഷാനിർദേശങ്ങളും നിയമ സഹായ ത്തിനായി അത്യാവശ്യമായി ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും പ്രദർശിപ്പിക്കണം.
7. കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും നിയമ സഹായം തേടുന്നതിനും കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കെയർടേക്കർമാർ, അദ്ധ്യാപകർ, എന്നിവർക്ക് ഗവ: എയ്ഡഡ്, അൺ എയ്ഡഡ് വ്യത്യാസം ഇല്ലാതെ നിയമബോധവൽക്കരണ ക്ലാസ് നിർബന്ധമാക്കും.
8. എല്ലാ അങ്കണവാടികൾക്കും, ക്രഷുകൾക്കും സ്കൂളുകൾക്കും, കുട്ടികളുടെ മറ്റു വിദ്യാഭ്യാസ സ്ഥാപ നങ്ങൾക്കും സ്വന്തമായി സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.
9. രോഗപ്രതിരോധ കുത്തിവെയ്പ്പ് നിയമം മൂലം നിർബന്ധമാക്കുക.
10. കുട്ടികളുടെ പോഷണ നിലവാരം മാതാപിതാക്കൾ ഉറപ്പു വരുത്തുന്നതിന് ബോധവൽക്കരണ ക്ലാസുകൾ, പോഷകാഹാര വിതരണം എന്നിവ നൽകുന്നത് കൂടാതെ ഉത്തരവാദികൾ ആയ മാതാപിതാക്കൾ, സമൂഹം, ശിശുസംരക്ഷണസ്ഥാപനങ്ങൾ എന്നിവർക്കായി നിയമങ്ങളും ഉത്തര വുകളും ഉണ്ടാക്കുക.
11. അങ്കണവാടി പ്രവർത്തകരുടെ യോഗ്യതകുറഞ്ഞത് +2 ഉം, ഹെൽപ്പർമാർക്ക് പത്താം ക്ലാസ് യോഗ്യതയും ആക്കി ഉയർത്തുക.

12. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെയും പ്രവർത്തകരുടെയും ഗുണ മേന്മയും പ്രവർത്തന നിലവാരവും മെച്ചപ്പെടുത്തുക.

ലക്ഷ്യം നേടുന്നതിന് ഭാവിയിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ

1. പ്രീ സ്കൂൾ പാഠ്യപദ്ധതി എല്ലാം സിലബസ്സുകളിലും ഏകീകരിക്കുക.
2. കാലപ്പഴക്കം ചെന്നതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ അങ്കണവാടികൾക്ക് മുൻഗണന കൊടുത്തു കൊണ്ട് കെട്ടിടം പുതുക്കി പണിയുന്നതിന് ഫണ്ട് അനുവദിക്കുക.
3. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുകയും അങ്കണ വാടികൾ സുരക്ഷിത കേന്ദ്രത്തിൽ തന്നെയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. രോഗപ്രതിരോധകുത്തിവെയ്പ്പ് 100% ലഭ്യമാക്കുന്നതിനായി ഗ്രാമസഭകൾ, കുടുംബശ്രീ, മാധ്യമങ്ങൾ , സോഷ്യൽ മിഡീയകൾ എന്നിവ വഴി ശക്തമായ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക. പ്രതിരോധ മരുന്നുകൾ ആവശ്യാനുസരണം നൽകുക.
5. പോഷാകഹാരക്കുറവ് പരിഹരിക്കുന്നതിനായി ഗർഭകാലസംരക്ഷണം, കൗമാരസംരക്ഷണം, ശിശുസംരക്ഷണം എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയും മാധ്യമങ്ങൾ വഴി പോഷണക്കുറവിലെ ഭീകരത പ്രചരപ്പിക്കുക.
6. ഭിന്നശേഷിയുള്ള കുട്ടികൾ

   ഇതിനുപരിഹാര മാർഗ്ഗമെന്ന നിലയിൽ ഏയർലി ഇൻൻറർവെൻഷൻ, ഏയർലി എഡ്യൂക്കേഷൻ, അനുബന്ധ ചികിത്സാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുക. ദിന്ന ശേഷി സൗഹൃദ സ്ഥാപനങ്ങളിലെ പ്രവർത്തനം മെച്ചപ്പെടുത്തുക. അർഹരായ മുഴുവൻ വിഭാഗത്തിനും വരുമാനപരിധി ഇല്ലാതെ ആനുകൂല്യം ലഭ്യമാക്കുക. ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യങ്ങളെ കുറിച്ചുള്ള ബോധ വൽക്കരണം ശക്തിപ്പെടുത്തുക. ബഡ്സ് സ്കൂളുകൾ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖകളിൽ നിർബന്ധ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുക.
7. ശിശു സൗഹൃദ അങ്കണവാടികൾ

   ശിശു സൗഹൃദ ശൗചാലയങ്ങൾ, വാഷ്ബെയ്സനുകൾ ഫർണിച്ചറുകൾ, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ ജില്ലയിലെ മുഴുവൻ അങ്കണവാടികൾക്കും ലഭ്യമാക്കുക. പുതിയ കെട്ടിടനിർമ്മാണങ്ങൾ 3 ജി രീതിയിൽ നടപ്പിലാക്കുക.
8. കുട്ടികൾക്കുള്ള വിനോദ പരിപാലനകേന്ദ്രം.

   എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ഒന്നോ അതിലധികമോ വിനോദപരിപാലന കേന്ദ്രങ്ങൾ ആരംഭിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും ശാരീരിക, വൈകാരിക, സാമൂഹിക വികസനം നടപ്പിലാക്കുക.
9. കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും, പരിശോധന ഉറപ്പുവരുത്തുന്നതിനും കുട്ടികളിലെ സ്ഥാപനങ്ങളിൽ നിരീക്ഷണക്യാമറ ഉറപ്പുവരുത്തുക.

നിർഭയ പദ്ധതി

കുട്ടികൾക്കും സ്ത്രീകൾക്കും നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുകയുംകുറ്റകൃത്യങ്ങൾ കുറച്ച് സ്ത്രീ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി.

ബാലമുകുളം - സ്കൂൾ കുട്ടികൾക്കുള്ള ആയുർവേദ വകുപ്പിന്റെ ആരോഗ്യ പദ്ധതി.

ഉഷസ്സ് - നഗരപ്രദേശത്തെ ചേരികളിൽ താമസിക്കുന്ന സാധാരണക്കാരുടെ ആരോഗ്യ സംരക്ഷണ ത്തിനായുള്ള പദ്ധതി.

യെസ് കേരള - കോളേജ് വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന്

ചിസ് പ്ലസ്- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വർക്കായി കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾസംയുക്തമായി നടത്തുന്ന 70,000/- രൂപയുടെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി.

സ്വാസ്ഥ്യം - തിരുവനന്തപുരം ആർ.സി.സി.യും കുടുംബശ്രീയും സംയുക്തമായി നടത്തുന്ന ക്യാൻസർ ബോധവൽക്കണ പ്രതിരോധ പദ്ധതി

താലോലം - 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സാമൂഹ്യ സുരക്ഷാമിഷനും, ആരോഗ്യ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി.

ക്യാൻസർ സുരക്ഷാപദ്ധതി - 18 വയസ്സിനു താഴെ പ്രായമുള്ള ക്യാൻസർ രോഗ ബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്ന പദ്ധതി

സുകൃതം പദ്ധതി -18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ക്യാൻസർ രോഗം ഭേദമാക്കാനാവശ്യമായ ചികിത്സാ പദ്ധതി.

സനാഥ ബാല്യം - കേരളത്തിലെ അംഗീകൃത അനാഥാലയങ്ങളിലെ കുട്ടികളെ ദത്തെടുക്കുന്നതിനായുള്ള പദ്ധതി

ഭൂമിക - ലിംഗ പദ്ധതിയുമായി ബന്ധപ്പെട്ട് അതിക്രമങ്ങൾക്ക് ഇരയാവുന്നവർക്ക് വൈദ്യസഹായവും , കൗൺസിലിങ്ങും നൽകുന്നതിനുള്ള പദ്ധതി.

മൃത സഞ്ജീവനി പദ്ധതി - കേരള സർക്കാരിന്റെ അവയവദാന പദ്ധതികാരുണ്യ ഡെപ്പോസിറ്റ് പദ്ധതി - അനാഥരും, നിരാലംബരും, വികലാംഗരും, ശാരീരികവും, മാനസികവുമായ അവശത അനുഭവിക്കുന്നവരുമായ കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി വ്യവസ്ഥകൾ /സ്ഥാപനങ്ങളിൽ നിന്നും പണം സ്വരൂപിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി.

ശ്രുതി തരംഗം - കേൾവി ശക്തിയില്ലാത്ത കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

പ്രോജക്ട് നിർദ്ദേശങ്ങൾ-

- ജനനരജിസ്ട്രേഷൻ 100% ലക്ഷ്യം നേടുന്നതിനായി കേന്ദ്രസംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നടപടികളിലൂടെ നിർബന്ധമാക്കുക.
- പി. എം. എം. വി. വൈ പദ്ധതിയുമായി ബന്ധിപ്പിക്കുകയും പഞ്ചായത്ത് തല ഉദ്യോഗസ്ഥർക്ക് ടാബ് വിതരണം ചെയ്യുക.
- പെൺ ഭ്രൂണഹത്യ തടയുന്നതിന് ആവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തുക. (പി. എൻ. ഡി. റ്റി ആക്ട്)
- പ്ലീ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളായ അങ്കണവാടി പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകുന്നതിന് ട്രെയിനിംങ്ങ് വിംഗ് ക്രമീകരിക്കുക.
- അങ്കണവാടികൾ, സ്കൂൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്ഥലം കെട്ടിടം അനുബന്ധപശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ത്രിതല പഞ്ചായത്തുവഴി സംയുക്തമായി നടപ്പിക്കുക.
- പഠന വൈകല്യം, ഭിന്നശേഷി എന്നീ കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ വെയ്ക്കുക.
- ക്യാൻസർ ബാധിതരായി കുട്ടികൾക്ക് സൗജന്യചികിത്സലഭ്യമാക്കുന്നതിനും, അടിസ്ഥാന വിദ്യാഭ്യാസം, കൗൺസിലിംഗ്, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിപ്പിച്ച് പദ്ധതികൾ തയ്യാറാക്കും.
- എച്ച്. ഐ.വി ബാധിതരായ കുട്ടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്നുകൾ, പോഷകാഹാര കിറ്റുകൾ, കൗൺസിലിംഗ് രക്ഷകർത്താക്കൾക്ക് എന്നിവ ലഭ്യമാക്കുന്നതിന് വകുപ്പുകൾ സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കുക.

- മെച്ചപ്പെട്ട പഠന സാഹചര്യം ലഭ്യമാകാത്ത കുട്ടികൾക്ക് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ, എന്നിവ ലഭ്യമാകുന്നതിന് പദ്ധതി തയ്യാറാക്കുക.
- കൗൺസിലിംഗ് വിദ്യാഭ്യാസ സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
- അവിവാഹിതരായ അമ്മമാരുടെ കുട്ടികളെ മുഖ്യധാരയിലേയ്ക്കുകൊണ്ടുവരുന്നതിന് വിദ്യാഭ്യാസം, സ്പെഷ്യൽ സെലക്ടർ ഷിപ്പ് അമ്മമാർക്ക് കൗൺസിലിംഗ് , പുനരധിവാസം, തൊഴിൽ വരുമാന മാർഗ്ഗം എന്നിവ ലഭ്യമാക്കുന്നതിന് മറ്റു വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുക.
- ശയ്യവലംബരായ കുട്ടികൾ സൗജന്യ ആരോഗ്യപരിരക്ഷ, പോഷകാഹാരം സാമ്പത്തികശേഷി പരിശോധിച്ച് ഭവന നിർമ്മാണം, തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കുക.
- മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സ്ഥാപനങ്ങളിൽ താമസസൗകര്യം, വിദ്യാഭ്യാസം, അതിജീവനം, ജീവിത നൈപുണ്യ വിദ്യാഭ്യാസം, കൗൺസിലിംഗ് എന്നിവ നൽകുക.

ദത്തെടുക്കൽ

ദത്തെടുക്കൽ എന്നാൽ നിയമപരമായ എല്ലാ അവകാശങ്ങളോടു കൂടി കുട്ടിയെ സംരക്ഷണത്തിനായി ഏറ്റെടുക്കുക എന്നതാണ്. പൈതൃക അവകാശമെന്ന പോലെ എല്ലാ കാര്യത്തിലും, ഈ കുട്ടിയ്ക്കും അവകാശം ഉണ്ടായിരിക്കും.

പോറ്റി വളർത്തൽ

സ്വന്തം കുടുംബത്തിൽ നിർത്താനോ ദത്തു കൊടുക്കാനോ കഴിയാത്ത കുട്ടികളെ താൽക്കാലികമായി മറ്റൊരു കുടുംബത്തിൽ പാർപ്പിക്കാൻ അനുവദിക്കുന്നതിനെ പോറ്റി വളർത്തൽ എന്നു പറയുന്നു. സി. ഡബ്ലിയൂ. സി. ആണ് കുട്ടികളെ പോറ്റി വളർത്താൻ നൽകുന്നത്.

സ്പോൺസർഷിപ്പ്

അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനായി, നൽകുന്ന ധന സഹായത്തെയാണ് സ്പോൺസർഷിപ്പ് എന്നു പറയുക. കുടുംബത്തോടൊപ്പം നിൽക്കാൻ കുട്ടിയെ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജില്ലാ ശിശു സംരക്ഷ ഓഫീസ് വഴിയാണ് ധനസഹായം നൽകുക.

സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാനായി എല്ലാ ജില്ലയിലും ഒരു പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ബാലനീതി നിയമ വ്യവസ്ഥ ചെയ്യുന്നു. ഇതാണ് എസ്. ജെ. പി. യൂ. കുട്ടികളുമായി ഇടപെഴകാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഈ യൂണിറ്റിൽ നിയമിക്കുന്നത്. ഇപ്പോൾ ഡി. സി. ആർ. 13 ആണ് ഈ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നത്.

ബാല സംരക്ഷണ സ്ഥാപനങ്ങൾ

എ) ചിൽഡ്രൻസ് ഹോം

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താൽക്കാലികമായി പാർപ്പിക്കുന്ന സദനം

ബി) ഒബ്സർവേഷൻ ഹോം.

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താൽക്കാലികമായി സംരക്ഷിക്കുന്നതിനുള്ള സദനം

സി) സ്പെഷ്യൽ ഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ 3 വർഷം വരെ പുനരധിവസിപ്പിക്കുതിനുള്ള സൗകര്യങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

- ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ ശിശു സൗഹൃദമാക്കുന്നതിന് കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിലെ കെട്ടിടം അനുബന്ധസൗകര്യങ്ങൾ ഒരുക്കുക.
- പൊതു സ്ഥപനങ്ങൾ, ശൗചാലയങ്ങൾ, ഉപകരണങ്ങൾ , വാഹനങ്ങൾ എന്നിവ കുട്ടികൾക്ക് സൗകര്യ പ്രദമാക്കുന്നതിന് നിർദ്ദേശങ്ങൾ
- ത.സ്വ.ഭ.സ്ഥാപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ, കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതികൾ, മാതാപിതാക്കളുടെയും, സമൂഹത്തിന്റെയും ചുമതലകൾ എന്നിവ സംബന്ധ വാർത്താ ബോർഡ് സ്ഥാപിക്കുക.
- അംഗപരിമിതർക്ക് പ്രത്യേക ഗ്രാമസഭ നടപ്പിലാക്കിയതു പോലെ കുട്ടികൾക്ക് പ്രത്യേകം ഗ്രാമസഭ നടപ്പിലാക്കുക.
- പരിസ്ഥിതി സംരക്ഷണം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ ത. സ്വ.ഭ. വകുപ്പിന്റെ പ്രവർത്തനങ്ങൾ- നേരിട്ട് അറിയുന്നതിന് കുട്ടികൾക്ക് അവസരം നൽകു.
- ഒരോ സ്കൂളിലും നിയമ ബോധവൽക്കരണം മാസനിരക്ക് 1 ദിവസം നിർബ്ബന്ധമായും നടപ്പിലാക്കുക.,
- കുട്ടികളുടെ സ്ഥാപനങ്ങളിൽ നീരീക്ഷണം ക്യാമറാ സംവിധാനം ഏർപ്പെടുത്തുക.
- സ്കൂൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുക.
- കുട്ടികളുടെ വൈകല്യം കാലേകൂട്ടി, കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള -പ്രോജക്ടുകൾ നടപ്പിലാക്കുകയ
- സ്കൂൾ, അങ്കണവാടിയുടെ ചുറ്റുമതിലുകളിൽ, കുട്ടികളുടെ ബന്ധപ്പെട്ട നിയമം, ആരോഗ്യവിഷയങ്ങൾ, എന്നിവ സംബന്ധിച്ചുള്ള സന്ദേശങ്ങൾ എഴുതുക.
- കുട്ടികൾക്കുള്ള വിനോദ സൗകര്യങ്ങൾക്കായി പാർക്കുകൾ സ്ഥാപിക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ

കേന്ദ്രഗവ/സംസ്ഥാന ഗവ/ ത. സ്വ. ഭ. സ്ഥാപനങ്ങൾക്കും കുട്ടികളുടെ ക്ഷേമത്തിന് ഏറ്റവും ഉയർന്ന പരിഗണന നൽകുകയും കുട്ടികളുടെ പദ്ധതികൾക്ക് വേണ്ടിയുള്ള വിഹിതം വർദ്ധിപ്പിക്കുക.

കുട്ടികൾക്കു വേണ്ടിയുള്ള സമഗ്രനയം പരിഷ്കരിച്ച് നടപ്പിലാക്കുക.

ജനന രജിസ്ട്രേഷൻ, സുരക്ഷാ അതിജീവനം, വിദ്യാഭ്യാസം, എന്നിവക്കുള്ള നിയമം നടപ്പിലാക്കുകയും മോണിറ്റിംഗ് നടത്തുകയും ചെയ്യുക.

ലിംഗ നിർണ്ണയം കുട്ടികൾക്കെതിരായ അത്രിക്രമങ്ങൾ എന്നിവ തടയുന്നതിന് മാധ്യമ സഹായ ത്തോടെ പ്രചരണങ്ങൾ നൽകുക.

ശിശുസൗഹദ പഞ്ചായത്തുകളെ പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡുകൾ ഏർപ്പെടുത്തുക

കുട്ടികളുടെ സ്ഥാപനങ്ങൾക്ക് നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങൾ ഉള്ളവർക്ക് മാറ്റം അംഗീകാരം നൽകുക

നൂതന പ്രോജക്ട് ആശയങ്ങൾ

1) കുട്ടികളുടെ വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ
2) ഓരോ കുട്ടിയ്ക്കും വ്യക്തിഗത ഫോളിയോ സംവിധാനം.
3) പൊതു സ്ഥലങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ
4) കുട്ടികളുടെ ഹാജർ നിലവാരം രക്ഷകർത്താക്കൾക്ക് അറിയാനുള്ള എസ്.എം.എസ് സംവിധാനം.

ബാല സൗഹൃദ കൊല്ലം ജില്ല

ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ വിഭാഗമായ UNESCO 1989-ൽ അംഗീകരിച്ച് പുറത്തിറക്കിയ കുട്ടികളുടെ അവകാശപത്രിക 1992 ൽ ഇൻഡ്യാ ഗവൺമെന്റും അംഗീകരിച്ചു. 2005 മുതൽ ചെന്നൈ

ആസ്ഥാനമാക്കി കേരളവും തമിഴ്നാടും ഉൾപ്പെടുന്ന UNO യുടെ സോണൽ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ കിലയിൽ Child Resource Centre പ്രവർത്തിച്ചുവരുന്നു.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച കുട്ടികളുടെ അവകാശ പത്രികയിലെ പ്രധാന അവകാശങ്ങൾ

1. അതിജീവനം, 2. വികസനം, 3. സംരക്ഷണം, 4. പങ്കാളിത്തം എന്നിവയെ ആസ്പദമാക്കി കുട്ടികൾക്കും തദ്ദേശസ്ഥാപന ഭരണകർത്താക്കൾക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2016-ൽ തുടക്കം കുറിച്ചു.

കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തിനെയും ഒരു ജില്ലയിൽ ഒരു മുനിസിപ്പാലിറ്റിയെയും വീതം തെരഞ്ഞെടുത്ത് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ശിശുസൗഹൃദ തദ്ദേശ ഭരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൊല്ലം ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇനി ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതേറ്റെടുക്കണം.

കുട്ടികളുടെ അവകാശങ്ങൾ - ഒരെത്തിനോട്ടം

1. **അതിജീവനം**: അമ്മയുടെ ഉദരത്തിൽ ജന്മമെടുക്കുന്ന ഭ്രൂണത്തിന്റെ വളർച്ച മുതൽ 18 വയസ്സ് പൂർത്തിയാകുന്നതുവരെയാണ് കുട്ടികളായി പരിഗണിക്കുന്നത്. ഗർഭസ്ഥ പരിചരണം, പ്രസവാനന്തര മാതൃശിശുസംരക്ഷണം, ആരോഗ്യസംരക്ഷണം, പോഷണം, ശുദ്ധവായു, ശുദ്ധജലം എന്നിവ കുട്ടികളുടെ അവകാശം
2. **വികസനം:**ഒരു കുട്ടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ 18 വയസ്സ് പൂർത്തിയാകുന്നതുവരെ- മാനസിക, ബൗദ്ധിക, ശാരീരിക വളർച്ചയും, ആരോഗ്യ സംരക്ഷണവും, വിദ്യാഭ്യാസവും- സൗജന്യവും ഗുണമേൻമയേറിയതും. സർഗ്ഗവാസനകളുടെ വികാസവും, കലാ-കായിക-സാംസ്കാരിക വളർച്ചയും കുട്ടികളുടെ അവകാശമാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റുള്ളവരെപ്പോലെ വളരുന്നതിനും പഠിക്കുന്നതിനും, ജീവിക്കുന്നതിനും അവകാശമുണ്ട്. വൈകല്യത്തെ മറികടക്കുന്നതിന് ആവശ്യമായ സഹായക ഉപകരണങ്ങൾ അവരുടെ അവകാശത്തിൽപ്പെടുന്നു.
3. **സംരക്ഷണം:**സ്വന്തം വീട്ടിലും വിദ്യാലയങ്ങളിലും സമൂഹത്തിലും യാത്രാവേളയിലും സുരക്ഷിതത്വം അവരുടെ അവകാശമാണ്. കുട്ടികളെ മാർഗ്ഗഭ്രംശം വരുത്തുന്ന, മദ്യ, മയക്കുമരുന്ന് ലഹരി വസ്തുക്കളിൽ നിന്നും സംരക്ഷണം, മോചനം, പെൺകുട്ടികളോടുള്ള അതിക്രമങ്ങളിൽ നിന്നും സംരക്ഷണം സമൂഹവും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉറപ്പുവരുത്തണം. വിദ്യാലയ പരിസരം സീറോ സോൺ ആയി പ്രഖ്യാപിക്കപ്പെടണം.
4. **പങ്കാളിത്തം**: കുട്ടികൾ നാളത്തെ പൗരൻമാരെന്ന നമ്മുടെ ധാരണ തിരുത്തപ്പെടണം. അവർ പറയുന്നു ഞങ്ങളും ഇന്നത്തെ പൗരൻമാരാണ്. ഭവനത്തിലെ പ്രവർത്തനങ്ങളിൽ മാതാപിതാക്കൾ കുട്ടികളെ അകറ്റിനിർത്തുന്നു. ഭവനത്തിലെ പ്രശ്നങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം അവരുടെ അവകാശം വിദ്യാലങ്ങളിൽ പുനപ്രവർത്തനം പോലെതന്നെ കലാ,കായിക, സാസ്കാരിക പ്രവർത്തനങ്ങളിലെ പങ്കാളിത്തവും അവകാശമാണ്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നും ഉറപ്പ് വരുത്തുന്നുവെന്ന് ബോധ്യപ്പെടുന്നതിനും, അവരുടെ ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന് കുട്ടികളുടെ ഗ്രാമസഭ- 10 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഓരോ വാർഡുകളിലും 10-18 പ്രായക്കാരായ കുട്ടികളുടെ ഗ്രാമസഭ കൂടണം.

കൊല്ലം ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും കൊല്ലം കോർപ്പറേഷനിലും ശിശു സൗഹൃദ തദ്ദേശഭരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ സ്ഥിതി വിവര ശേഖരണം നടക്കണം. എല്ലാ തദ്ദേശ ഭരണ വാർഡുകളിലും കുട്ടികളുടെ ഗ്രാമസഭ സമയബന്ധിതമായി നടക്കണം.

ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പദ്ധതികളായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പദ്ധതി വിഹിതത്തിന്റെ 30 ശതമാനം കുട്ടികളുടെ മേഖലയിലേക്ക് വകയിരുത്തേണ്ടതാണ്. ജന സംഖ്യയുടെ 30 ശതമാനവും 0 - 18 വയസ്സ് ഗ്രൂപ്പ് വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്.

കുട്ടികളെയും അവരുടെ അവകാശങ്ങളെയും സംരക്ഷിക്കുക എന്നത് ഏതൊരു രാഷ്ട്രത്തിന്റെയും പരമ പ്രധാനമായ ചുമതലകളിലൊന്നാണ്.ആയതിനാൽ അവർക്ക് സുരക്ഷിതരായി ജനിക്കുന്നതിനും നിർഭയരായി ജീവിക്കുന്നതിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. 1989 ലെ ഐക്യരാഷ്ട്ര സഭ അംഗീകരിച്ച ഉടമ്പടി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രധാന നാഴിക കല്ലാണ്. അതിൻ പ്രകാരം കുട്ടികളുടെ മൗലികാവകാശങ്ങളായ അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നീ അവകാശങ്ങൾ കുട്ടികൾക്ക് ഉറപ്പ് നൽകുന്നു. ഈ മൗലികാവകാശങ്ങൾ സാധ്യമാക്കുന്നതിന് സഹായകരമായ തരത്തിൽ ജില്ലയെ മാറ്റിയെടുക്കുന്നതിന് ഓരോ തദ്ദേക സ്വയംഭരണ സ്ഥാപനവും ശ്രമിക്കേണ്ടതാണ്.ആയതിലേക്ക്

1) കുട്ടികളുടെ വിവരശേഖരണം
2) കുട്ടികളുടെ ഗ്രാമസഭ
3) ബാല സൗഹൃദ പ്രോജക്ടുകൾ - ഇടപെടലുകൾ - കുട്ടികളുടെ നിർദ്ദേശങ്ങൾ
4) കുട്ടികളുടെ വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം എന്നിവ നടത്താവുന്നതാണ്.

ഗ്രാമസഭാ ചർച്ചാവിഷയങ്ങൾ

1. അതിജീവനം - പെൺഭ്രൂണഹത്യ, ജനന മരണനിരക്ക്, ബാല വിവാഹം, ബാലവേല, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പുകൾ, ശൗചാലയം, ആരോഗ്യ സ്ഥാപനങ്ങൾ, സെക്സ് റേഷ്യ തുടങ്ങിയവ.
2. വികസനം - വിദ്യാലയ സൗകര്യങ്ങൾ, ഭിന്നശേഷി പ്രശ്നങ്ങൾ, ഇ.സി.സി.ഇ, പോഷണ നിലവാരം, ആരോഗ്യ പരമായ അങ്കണവാടി/ സ്കൂൾ അന്തരീക്ഷം, ഹാജർ കൊഴിഞ്ഞ് പോക്ക്, വളർച്ചാ നിരീക്ഷണം, സ്കോളർഷിപ്പുകൾ തുടങ്ങിയവ
3. സംരക്ഷണം - അതിക്രമം, ലഹരി, യാത്ര പ്രശ്നങ്ങൾ, ഭിന്നശേഷി, അനാഥ ബാല്യം തുടങ്ങിയ ശിശു സംരക്ഷണ സ്ഥാപനങ്ങൾ, ജൈവ കൃഷികൾ, സീറോ സോൺ.
4. പങ്കാളിത്തം - കൗമാര ക്ലബ്ബുകൾ, ബാലസഭ, ഗ്രാമസഭ, കളിസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്.

4.16.2 വനിതകൾ

ആമുഖം

സ്വതന്ത്ര ഇന്ത്യയുടെ 67-മത് വർഷത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹത്തിന്റെ ഭൂരിഭാഗവും വിദ്യാഭ്യാസം, വരുമാനം, തൊഴിൽ, അധികാരം, സ്വയം നിർണ്ണയാവകാശം, സുരക്ഷിതത്വം, സ്വത്തവകാശം എന്നിവയില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥ രഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഭാരതീയ സ്ത്രീകൾ അനുഭവിക്കുന്നത്. വർഗ്ഗപരവും സാമൂഹികവുമായ അടിച്ച മർത്തൽ അനുഭവിക്കുന്ന സ്ത്രീകളുടെ ജീവിതം നവ ഉദാരവൽക്കരണത്തിലൂടെ കൂടുതൽ യാതനാപൂർണ്ണ മായിരിക്കുന്നു. ദാരിദ്ര്യവും തൊഴിലില്ലായ്മയും സ്ത്രീകളുടെ സാമൂഹ്യവികസനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. സ്ത്രീ-പുരുഷ അസമത്വം ഒരു വികസന പ്രശ്നമായി കണക്കാക്കിയാൽ മാത്രമേ ജനാധിപത്യം പൂർണ്ണമാവുകയുള്ളൂ.

കേരളം ലിംഗാനുപാതത്തിൽ (1000:1084) ഉൾപ്പെടെ മറ്റു സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ് സാക്ഷരത, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് തുടങ്ങിയവയിലെല്ലാം വികസിത രാജ്യ ങ്ങൾക്കൊപ്പമെത്തുവാൻ കേരള സ്ത്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാനപ്രക്രിയയും പുരോഗമന

രാഷ്ട്രീയവും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. എന്നാൽ ലിംഗനീതി ഉറപ്പ് വരുത്തുന്നതിന് മേൽസൂചിപ്പിച്ച അഭിമാനാർഹമായ കണക്കുകൾ സഹായിച്ചിട്ടില്ല എന്നുള്ളതാണ് കേരളത്തിന്റെ വൈരുദ്ധ്യം. കേരള മാതൃക വിമർശിക്കപ്പെടുന്നതിന്റെ ഒരു പ്രധാനകാരണം ഇവിടുത്തെ സ്ത്രീകളുടെ അശാക്തീകരണമാണ്. സാക്ഷരതയിലും സാർവ്വത്രിക പ്രൈമറി വിദ്യാഭ്യാസത്തിലും സ്ത്രീകൾ മെച്ചപ്പെട്ട അവസ്ഥയിലാണെന്നുമാത്രമല്ല, കേരളത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് 75.80% പെൺകുട്ടികളാണ് പഠിക്കുന്നത്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22% മാത്രം. ദാരിദ്രനിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലെ അംഗത്വം 40 ലക്ഷമായിരിക്കുമ്പോൾ സ്വയംതൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്ന സ്ത്രീകൾ 5% മാത്രം. അധികാര സ്ഥാനങ്ങളിലെ കേരള സ്ത്രീകളുടെ അദൃശ്യതയാണ് ഏറ്റവും പ്രകടം. നിയമസഭയിൽ 141-ൽ 7 പേർ മാത്രം. അദ്ധ്യാപക ആശാവർക്കർ, അങ്കണവാടി, നഴ്സിംഗ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നത് ബഹു ഭൂരിപക്ഷവും സ്ത്രീകളായിരിക്കുമ്പോഴും സംഘടനാ നേതൃത്വനിരയിൽ ആധിപത്യം പുരുഷനുതന്നെയാണ്. പരമ്പരാഗത ആധുനിക സംഘടിതമേഖലയെ സ്ത്രീചൂഷണത്തിന്റെ പുതുരൂപങ്ങളിലൂടെ കുപ്രസിദ്ധി ആർജ്ജിച്ചിരിക്കുന്നു. അൺഎയ്ഡഡ് അദ്ധ്യാപകരും സെയിൽസ്ഗേൾസും കടുത്ത ചൂഷണത്തിന് ഇരയാകുന്നു.

ഭരണഘടനയുടെ 11 മത് പട്ടികപ്രകാരവും കേരള പഞ്ചായത്ത് ആക്ട് പ്രകാരവും ലഭ്യമാക്കിയിട്ടുള്ള അധികാരങ്ങളുടെയും ചുമതലകളുടെയും പശ്ചാത്തലത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങളും പ്രത്യേക ആവശ്യങ്ങളും പദ്ധതി ആസൂത്രണപ്രക്രിയയിൽ ഉൾപ്പെടുത്തി അവകാശാധിഷ്ഠിതമായ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കടമ.

നിലവിലെ അവസ്ഥ

സാക്ഷരതാനിരക്ക്

2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ സ്ത്രീകളുടെ ആകെ എണ്ണം 1719749 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 52% ശതമാനമാണ്. (സ്ത്രീപുരുഷ അനുപാതം 1000:1013). ജില്ലയിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 91.95% മാത്രമാണെന്നിരിക്കെ പുരുഷൻമാരുടേത് 95.83%ശതമാനമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൊല്ലം ജില്ലയിലെ സാക്ഷരതാനിരക്ക് 84.82% ഉം പുരുഷൻമാരുടേത് 92.54%വുമാണ്. എന്നാൽ പട്ടികവർഗ്ഗവിഭാഗത്തിലെ സ്ത്രീ സാക്ഷരതാനിരക്ക് 83.16% ഉം പുരുഷൻമാരുടേത് 88.54 ശതമാനവുമാണ്.

സ്ത്രീപുരുഷ അനുപാതം	കൊല്ലം -	നഗരം	-1000:1096
		ഗ്രാമം	-1000:1128

സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കുകൾപ്രകാരം സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണം കാലാകാലങ്ങളായി കൂടി വരുന്നതായാണ് കാണുന്നത്. കൊല്ലം ജില്ലയിൽ കേരള വനിതാ കമ്മീഷന് ലഭിച്ച പരാതികളുടെ 2016 മാർച്ച് വരെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ത്രീപീഡനം	- 82
സ്ത്രീധനപീഡനം	- 16
വഞ്ചന	- 30
സംശയാസ്പദ മരണം	- 3
സ്വത്ത് സംബന്ധം	- 85
ജോലി സംബന്ധം	- 14
ലൈംഗിക പീഡനം	- 14
മോശമായ ഭാഷ ഉപയോഗിക്കൽ	- 12
അയൽക്കാരുടെ ശല്യം	- 18
പോലീസിനെതിരെ	- 15
മർദ്ദനം	- 27

വിവാഹമോചനം	- 1
മദ്യപൻമാരിൽനിന്നുള്ള ശല്യം	- 5
സാമ്പത്തിക സഹായം	- 1
വഴിത്തർക്കം	- 17
ഡോക്ടർമാരുടെ അനാസ്ഥ	- 1
മറ്റുള്ളവ	- 27

ഗാർഹികപീഡനം

കുടുംബപ്രശ്നം	- 75
ജോലിസ്ഥലത്തെ അധിക്ഷേപം	- 7
ഡി.എൻ.എ പരിശോധന	- 4
ജോലി സ്ഥലത്തെ അധിക്ഷേപം (സ്വകാര്യം)	- 2
ജോലി സ്ഥലത്തെ അധിക്ഷേപം (സർക്കാർ)	- 6
പരിപാലനം	- 5
പോലീസ് പീഡനം	- 8
സൈബർ/മൊബൈൽ ശല്യം	- 4
വിവാഹ കരാർ ലംഘനം	- 1
വിവാഹ വാഗ്ദാനം നൽകി ലൈംഗികവഞ്ചന	- 4
ആളെ കാണാതെ പോകൽ	- 1
കൗൺസലിംഗ്	- 1
വീട് അതിക്രമിച്ച് കടക്കൽ	- 28
ലോൺ തിരിച്ചടവ് സ്വത്ത്, ശമ്പളം തുടങ്ങിയവ	- 2
വൃദ്ധരുമായുള്ള പ്രശ്നങ്ങൾ	- 12

ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 പ്രകാരം 2016-ൽ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം

കോടതി	-	2016	-1011
	-	2017(സെപ്തം.)	-589
വനിതാ പ്രൊട്ടക്ഷൻ			
ഓഫീസ്	-	2016	-208
	-	2017(സെപ്തം.)	-237

തൊഴിൽ പങ്കാളിത്തം

ഉയർന്ന മാനവ വികസനമുള്ള രാജ്യങ്ങളിൽ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം കൂടുതലാണെന്നു കാണാം. പല വികസന സൂചികകളിലും കേരളത്തിലെ സ്ത്രീകൾ പുരുഷൻമാരേക്കാൾ മുന്നിലാണ്. എൻ.എസ്.എസ്.ഒയുടെ 68-ആം റൗണ്ട് അനുസരിച്ച് സംസ്ഥാനത്തെ പുരുഷൻമാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്തനിരക്കിൽ വലിയ വിടവുള്ളതായി കാണാം. സംസ്ഥാന ശരാശരി 40.3% ആയിരിക്കെ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 24.8 ശതമാനവും പുരുഷൻമാരുടേത് 57.8% വുമാണ്. സെൻസസ് ഡേറ്റാ അനുസരിച്ച് കൊല്ലം ജില്ലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണെന്ന് കാണാം.

കൊല്ലം ജില്ലയിൽകേന്ദ്ര സർക്കാർ ഉദ്യോഗസ്ഥകൾ 38% ഉം സംസ്ഥാന സർക്കാർ മേഖലയിലെ തൊഴിൽ ചെയ്യുന്ന സ്ത്രീ ജീവനക്കാർ 43% ആണ്. കേന്ദ്ര അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന

സ്ത്രീകൾ 23% ഉം സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകൾ 53% ഉം ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ 33% ആണ്.

ആരോഗ്യം

കേരളത്തിലെ എല്ലാ ആരോഗ്യസൂചികകളും സ്ത്രീകൾക്ക് അനുകൂലമാണ്. കേരളത്തിലെ ആരോഗ്യ സൂചികകൾ രാജ്യത്തെ മറ്റ് സ്ത്രീകളുമായും കേരളത്തിലെ പുരുഷന്മാരുമായും താരതമ്യം ചെയ്യുമ്പോൾ വളരെ മെച്ചപ്പെട്ടതാണ്. എന്നിരുന്നാലും ഉയർന്ന സമത്വവികസന നേട്ടങ്ങൾ കൈവരിക്കുന്നതിനായി ജില്ലയിലെ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയത്തിലെ ശക്തിപ്പെടുത്തൽ തുടങ്ങിയ രംഗങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കുവാനുണ്ട്.

കുടുംബശ്രീ

കൊല്ലംജില്ലയിലെ കുടുംബശ്രീ മിഷൻ നൽകുന്ന വിവരങ്ങൾ അനുസരിച്ച് 24137 അയൽക്കൂട്ടങ്ങളിലെ 299982 അംഗങ്ങളുടെ ആകെ നിക്ഷേപം 232.75 കോടി രൂപയാണ്. ഉപഭോഗ ആവശ്യങ്ങൾക്കായി 23.78 കോടി രൂപയും മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിനായി 73.13 കോടി രൂപയുമാണ് ലോൺ ഇനത്തിൽ നൽകിയിട്ടുള്ളത്. ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, എച്ച്.ഡി.എഫ്.സി, ഐ.സി.സി.ഐ. മുതയലായ ബാങ്കുകളിൽനിന്നും ബാങ്ക് ലിങ്കേജ് ലഭിച്ചുവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ നൽകുക വഴി അവരുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കൊല്ലം ജില്ലയിൽ ആകെ തൊഴിൽ കാർഡ് എടുത്തവർ 317475 പേരാണ്. ഇതിൽ സ്ത്രീകൾ 253980 ഉം പുരുഷന്മാർ63495 ഉം ആണ്. ഇതിൽ 100 ദിവസം തൊഴിൽ ആർജ്ജിച്ചവർ 10694 ആണ്. സ്ത്രീകൾ 10163 ഉം പുരുഷന്മാർ531 ഉം ആണ്. കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ലഭിച്ച സ്ത്രീകൾ 74052 ഉം പുരുഷന്മാർ4726 ഉം ആണ്. കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ലഭിച്ച സ്ത്രീകൾ 74052 ഉം പുരുഷന്മാർ4426 ഉം ആണ്. ജില്ലയിലെ സ്ത്രീകൾ വരുമാനത്തിനായി ആശ്രയിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് എം.ജി.എൻ.ആർ.ഇ.ജി.എസ്

ജാഗ്രതാ സമിതി

കേരള വനിതാ കമ്മിഷന്റെ പ്രാദേശികതല ഇടപെടൽ സംവിധാനം എന്ന നിലയിൽ 1997 -ൽ ആണ് ജാഗ്രതാ സമിതികൾ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നത്. ഗാർഹിക പീഡനങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഒട്ടുമിക്ക അതിക്രമങ്ങൾക്കും ഒരു ജനകീയ കോടതിയായി ജാഗ്രതാ സമിതികൾ പ്രവർത്തിക്കേണ്ടതുണ്ട്. ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ജില്ലാ ജാഗ്രതാസമിതികളും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് ജാഗ്രതാ സമിതികളും വാർഡ് തലത്തിൽ വാർഡ് ജാഗ്രതാ സമിതികളും നിയമസഹായ സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിൽ എല്ലാ പഞ്ചായത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വാർഡ്തലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. വാർഡ്തലത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ പഞ്ചായത്ത് തലത്തിലും പഞ്ചായത്ത് തലത്തിൽ പരിഹരിക്കാൻ പറ്റാത്ത പ്രശ്നങ്ങൾ ജില്ലാജാഗ്രതാ സമിതിയിലും പരിഹരിക്കാൻ ഉള്ള സംവിധാനം നിലവിലുണ്ട്. കൊല്ലം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വാർഡ്തലം മുതലുള്ള ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

രാഷ്ട്രീയ നേതൃത്വത്തിലെ പങ്കാളിത്തം

മറ്റ് പല സൂചികകളോടൊപ്പം സത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യവും സ്ത്രീ പദവി അളക്കുന്നതിനുള്ള പ്രധാന ഘടകമായി കണക്കാക്കപ്പെടുന്നു. ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ കേരളത്തിലെ സ്ത്രീകളെ

ശാക്തീകരിക്കുകയും ജനാധിപത്യത്തിൽ പങ്കാളികളക്കാൻ കഴിവുറ്റവരാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ രാഷ്ട്രീയപ്രാതിനിധ്യം തിരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിലേക്ക് മാത്രമായി പരിമിതപ്പെടുത്തരുത്. പകരം തീരുമാനങ്ങളെടുക്കുന്ന സഭകളിലെ നേതൃസ്ഥാനത്തുതന്നെ സ്ത്രീകൾ ഉണ്ടാകണം. ഉന്നത സ്ഥാനങ്ങൾ ഉൾപ്പെടെ 50% സീറ്റുകൾ സംവരണം ചെയ്തുകൊണ്ട് കേരളത്തിലെ പ്രത്യേകിച്ചും കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീശാക്തീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാന നിയമസഭയിലെ സ്ത്രീ പ്രാതിനിധ്യം കുറവായിരിക്കുമ്പോഴും കൊല്ലം ജില്ലയിൽനിന്നും രണ്ട് വനിതാ സാമാജികർ ഉള്ളത് അഭിമാനാർഹമാണ്.

സ്വയംസഹായ സംഘങ്ങൾ

സമാനചിന്താഗതിക്കാരായ ജനങ്ങളെ ഒരുമിപ്പിച്ച് ഒരു സംഘടനാരൂപത്തിന് കീഴിൽ കൊണ്ടുവന്ന് സ്വയംസഹായസംഘമാക്കി ബാങ്കിൽ അഫിലിയേറ്റ് ചെയ്ത് പ്രോത്സാഹിപ്പിച്ച് പ്രവർത്തനോത്സുകരാക്കി ലക്ഷ്യസാക്ഷാത്ക്കാരത്തിനായും ഫലസിദ്ധിക്കായും പ്രവർത്തിക്കുന്നതാണ് സ്വയംസഹായസംഘം. ഗ്രാമവികസനവകുപ്പിൽ എസ്.ജി.എസ്.വൈ പദ്ധതിപ്രകാരം കൊല്ലം ജില്ലയെ 4500 ടഒഏ കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നു. ഈ സംഘങ്ങളിലാകെ 40000 ത്തോളം അംഗങ്ങൾ ഉണ്ടായിരുന്നു. ആവശ്യങ്ങൾക്കനുസരിച്ച് ലിങ്കേജ് ലോണുകൾ, ഉദ്പാദനം, വിപണനം, വിവിധ ചെറുകിട യൂണിറ്റുകൾ എന്നിവയ്ക്കായി ജില്ലയിലെ ഒട്ടുമിക്ക ബാങ്കുകളും വായ്പ നൽകിയിരുന്നു. 1500 ഓളം ചെറുകിട സംരഭങ്ങൾ ജില്ലയിൽ പ്രവർത്തിക്കുകയും അംഗങ്ങൾക്ക് കാർഷികമേഖല, വ്യവസായ മേഖല, വസ്തുനിർമ്മാണം എന്നിവയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിരുന്നു. അവയിൽ ഡയറി യൂണിറ്റ്, ന്യൂട്രി മിക്സ് യൂണിറ്റ്, ടെയ്ലറിംഗ് യൂണിറ്റ് തുടങ്ങിയവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഗ്രാമവികനവകുപ്പിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന വനിതാ സ്വയംസഹായ സംഘങ്ങൾ എല്ലാം കുടുംബശ്രീയിൽ അംഗത്വം എടുത്തിട്ടുള്ളതും നിലവിൽ പ്രവർത്തിച്ചുവരുന്നതുമാണ്.

നടപ്പിലാക്കിയ പദ്ധതികൾ (അദ്ധ്യായം – 5 കാണുക)

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വനിതകളുടെ പൊതുവായ ശാക്തീകരണത്തിനും അവരെ വികസനപ്രക്രിയകളുടെ ഭാഗമാക്കുന്നതിനും ലിംഗപദവി ഉയർത്തുന്നതിനും ഒമ്പതാം പദ്ധതി നടത്തിപ്പിൽ ആരംഭം കുറിച്ചുവെങ്കിലും ലൈംഗിക പീഡനത്തിന് ഇരയാകുന്നവർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, വിധവകൾ, ചൂഷണത്തിന് ഇരയായ അവിവാഹിതരായ അമ്മമാർ, എച്ച്.ഐ.വി, എയ്ഡ്സ് രോഗബാധിതരായി സാമൂഹ്യ ബഹിഷ്കരണം നേരിടുന്നവർ, ജയിൽ മോചിതരായ വനിതകൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ടുപോകുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷയ്ക്കായി ചില പദ്ധതികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ആത്മാഭിമാനത്തോടെ ജീവിക്കുന്നതിനും ഉതകുന്ന വിധത്തിൽ ക്രിയാത്മക പദ്ധതി രൂപീകരണം 13-ാം പദ്ധതിയുടെ ഭാഗമായി ആസൂത്രണംചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

പൊതുവിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. ഗാർഹിക പീഡനം
3. ലിംഗ അസമത്വം
4. പങ്കാളികളുടെ/കുടുംബാംഗങ്ങളുടെ ലഹരി ഉപയോഗങ്ങൾ
5. തൊഴിലിടങ്ങളിലെ വിവേചനം
6. സ്വന്തവരുമാനം, സ്വത്തുവകകൾ എന്നിവ കൈകാര്യ ചെയ്യുന്നതിനുള്ള നിഷേധം
7. സൈബർ, മൊബൈൽ തുടങ്ങിയവയുടെ ദുരുപയോഗം

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- എല്ലാ വനിതകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണവും അവർക്ക് ലിംഗസമത്വവും നേടുക.
- എല്ലായിടത്തും എല്ലാ വനിതകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള എല്ലാത്തരത്തിലുള്ള വിവേചനവും അവസാനിപ്പിക്കുക.
- എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ പൊതു-സ്വകാര്യ സ്ഥലങ്ങളിൽ ഉണ്ടാകുന്ന ലൈംഗികചൂഷണവും മറ്റ് തരത്തിൽപെട്ട ചൂഷണങ്ങളും ഉൾപ്പെടെ എല്ലാത്തരം അതിക്രമങ്ങളും ഇല്ലാതാക്കുക.
- ശൈശവ വിവാഹം, നേരത്തേയുള്ള വിവാഹം, നിർബന്ധിത വിവാഹം, പെൺശിശുഹത്യ തുടങ്ങിയ ദോഷകരമായ പ്രവണതകളെ ഇല്ലാതാക്കുക.
- പൊതുസേവനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ നൽകിയും, സാമൂഹ്യ സുരക്ഷാനയങ്ങളിലൂടെയും കുടുംബത്തിലുള്ള ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിച്ച് വനിതകളുടെ വേതനമില്ലാത്ത ഗാർഹിക ജോലിയും പരിചരണവും അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുക.
- രാഷ്ട്രീയ സാമ്പത്തിക പൊതുജീവിതത്തിൽ തീരുമാനമെടുക്കാനുള്ള സ്ത്രീകളുടെ പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തവും തുല്യഅവസരങ്ങളും ഉറപ്പാക്കുക.
- ജനസംഖ്യയും വികസനവും എന്ന വിഷയത്തിലുള്ള അന്തർദ്ദേശീയ കോൺഫറൻസും ബീജിംഗ് പ്ലാറ്റ്ഫോം ഫോർ ആക്ഷൻ എന്നിവയുടെ പദ്ധതികളിൽ ലൈംഗിക പ്രത്യുൽപാദന ആരോഗ്യവും അവകാശവും ഉറപ്പാക്കുക.
- ദേശീയ നിയമങ്ങൾക്കനുസൃതമായി സ്ത്രീകൾക്ക് സാമ്പത്തിക വിഭവങ്ങൾ, ഉടമസ്ഥാവകാശ ലഭ്യത, ഭൂമിയിലും മറ്റ് സ്വത്ത് വകകളിലുമുള്ള അവകാശം, സാമ്പത്തിക സേവനങ്ങൾ, പിതൃസ്വത്ത് എന്നിവയിൽ തുല്യഅവകാശം നൽകുക.
- സ്ത്രീശാക്തീകരണം കാര്യക്ഷമമാക്കുന്നതിനായി വിവരവിനിമയ സാങ്കേതിക വിദ്യയുടെ വികസനം.
- എല്ലാ നിലയിലും എല്ലാ വനിതകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണവും ലിംഗസമത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി വളരെ ശക്തമായ നയങ്ങളും നിയമനിർമ്മാണവും സ്വീകരിക്കുകയും ശക്തിപ്പെടുത്തുകയുംവേണം.
- പാർശ്വവത്കരിക്കപ്പെട്ട വനിതകളുടെ വിവരശേഖരണം നടത്തി തരം തിരിക്കുക.
- കേന്ദ്രസംസ്ഥന ആവിഷ്കൃത പദ്ധതികളുടേയും നിയമങ്ങളുടേയും പരിരക്ഷ നൽകുന്നതിൽ ഇവർക്ക് മുൻഗണന നൽകുക.
- അടിസ്ഥാന തലം മുതൽ തന്നെ സ്ത്രീസുരക്ഷ ഉറപ്പാക്കുക.
- സ്വയം പര്യാപ്തരായി ജീവിക്കത്തക്കവണ്ണം പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തിയും സ്ത്രീ ശാക്തീകരണം സമ്പൂർണ്ണമാക്കുക.
- സ്ത്രീധന സമ്പ്രദായം എന്ന ദുരാചാരം പൂർണ്ണമായും ഇല്ലായ്മ ചെയ്യുക.
- മദ്യം, മയക്കുമരുന്ന് മറ്റ് ലഹരിപദാർത്ഥങ്ങളുടെ വ്യാപാരം, ഉപയോഗം എന്നിവ തടയുക.
- തൊഴിലിടങ്ങളിലെ ലൈംഗീകപീഡനം തടയുന്നതുമായി ബന്ധപ്പെട്ട പരാതിപരിഹാര സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുക.
- പെൺ ഭ്രൂണഹത്യ നിരോധനം ഫലപ്രദമായി നടപ്പാക്കുക.
- നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

- ക്ലേശകരമായ സാഹചര്യങ്ങൾ ജീവിക്കുന്ന സ്ത്രീകൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുക.
- സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് നിയമ സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ട് കുറ്റകൃത്യങ്ങൾ ഇല്ലായ്മചെയ്യുക.
- രോഗങ്ങളാലും മറ്റു സാമൂഹിക കാരണങ്ങളാലും മറ്റു പൊതു ഇടങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെടുന്ന സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും പുതരധിവാസം ഉറപ്പാക്കുക.
- ഈ വിഭാഗം സ്ത്രീകളുടെ ശേഷിയും ആത്മവിശ്വസവും സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും പരിശോദിച്ച് വികസന പ്രക്രിയയിലൂടെ മുൻ നിരയിലേയ്ക്ക് കൊണ്ടുവരിക.
- ലിംഗവിവേചനം അവസാനിപ്പിക്കുന്നതിന് സ്കൂൾ തല മുതലുള്ള സ്കൂൾ കരിക്കുലത്തിൽ ലിംഗസമത്വം ഉൾപ്പെടുത്തുക

വികസന വിടവുകൾ

1. ധനസഹായം കൃത്യമായി ലഭിക്കാതിരിയ്ക്കൽ
2. വിവിധ പദ്ധതികൾ, നിയമസംവിധാനം, സാങ്കേതിക സഹായ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് അവബോധമില്ലായ്മ
3. നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ
4. സ്വയം പര്യാപ്തത ഇല്ലായ്മ
5. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന കുറ്റ കൃത്യങ്ങൾ
6. ഗാർഹികപീഡനങ്ങളിലുണ്ടായ വർദ്ധന
7. സ്ത്രീകൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങൾ
8. പൊതുവിടങ്ങളിലെ സുരക്ഷിതത്വമില്ലായ്മ
9. സോഷ്യൽ മീഡിയായിലൂടെയുള്ള ചതി, വഞ്ചന, പീഡനം മുതലായവ

വികസനവിടവ് എങ്ങനെ നികത്താം

1. പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതികൾ പരിഷ്കരിയ്ക്കുക
2. മുൻകാല പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാവണം പദ്ധതി രൂപീകരണം
3. പാർശ്വവത്കരിക്കപ്പെട്ട വനിതകൾക്ക് തൊഴിൽ സുരക്ഷ
4. എല്ലാ വിധത്തിലുമുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനുള്ള സ്ഥിര സംവിധാനം
5. രോഗങ്ങളാലും മറ്റും ഒറ്റപ്പെട്ട് പോകുന്നവർക്ക് പോഷണ-ആരോഗ്യ സുരക്ഷാ പദ്ധതികൾ പൂർണ്ണമായും ഉറപ്പുവെരുത്തുക
6. സ്ഥാപന പുന:രധിവാസ പ്രവർത്തനം
7. നൂതനാശയങ്ങളായ സ്ത്രീ സൗഹൃദ ഗ്രാമം, ക്രൈം മാപ്പിംഗ് കർമ്മസേന- കൈത്താങ്ങിനായി മുതലായവയുടെ കാര്യക്ഷമമായ നടത്തിപ്പ്.

പ്രോജക്റ്റ് നിർദ്ദേശങ്ങൾ

ക്ലേശവിഭാഗത്തിൽപ്പെട്ട വനിതകളുടെ വികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കു മുതകുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടത് പ്രധാനമായും ഹ്രസ്വകാല ലക്ഷ്യങ്ങളുടെയും ദീർഘകാല ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം.

4.16.3 വയോജനങ്ങൾ

ആമുഖം

സംസ്ഥാനത്ത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ സംഖ്യ കുത്തനെ ഉയർന്നു. ഇത് 1961 ൽ ആകെ ജനസംഖ്യയുടെ 5.83% ഉം 1991 ൽ 8.82% ഉം 2001 ൽ 9.76% ആയിരുന്നു. ഈ നിരക്ക് 2011 ൽ 12.8% ആയി വർധിച്ചു. ഇത് 2021 ൽ 15.63% ഉം 2026 ൽ 20% ആയി വർധിക്കാൻ സാധ്യതയുണ്ട്. 1991 ൽ കേരളത്തിലെ മുതിർന്നവരുടെ മൊത്തം ജനസംഖ്യ 25,67,365 ആയിരുന്നു. 2011 ൽ ജനസംഖ്യ 31,54, 046 ആയി തീർന്നു. 1991 ൽ 60-69 വയോ വിഭാഗത്തിൽപ്പെട്ട പുരുഷൻമാരിൽ 8% പേർ മാത്രമായിരുന്നു വിഭാര്യർ, എന്നാൽ അതെ പ്രായമുള്ള സ്ത്രീകളിൽ 53.6% പേർ വിധവകൾ ആയിരുന്നു. ഇന്ത്യയിലെ ഏറ്റവും കൂടിയ സാക്ഷരതാ നിരക്ക് കേരളത്തിൽ ആണെങ്കിലും 60 വയസ്സിന് മേൽ പ്രായമുള്ളവരിൽ നല്ലൊരു ശതമാനം പേരും നിരക്ഷരർ ആണ്. മുതിർന്നവരുടെ ജീവിത ക്രമീകരണങ്ങളിൽ പ്രധാനപ്പെട്ടത് സ്വന്തം മക്കളോടൊപ്പം താമസിക്കുന്ന രീതിയാണ്. എന്നാൽ ചെറിയ കുടുംബങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പലർക്കും ഇതിന് കഴിയാതെ വരുകയോ വീട്ടിൽ നിന്ന് പുറന്തള്ളപ്പെടുകയോ ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ടാകാറുണ്ട്. കേരളത്തിൽ ഏകദേശം 30% ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നതിനാൽ മുതിർന്നരെ പരിരക്ഷിക്കുന്ന കാര്യത്തിൽ ഇത്തരം കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി നമുക്ക് മനസ്സിലാക്കാം. ഹെൽപേജ് ഇന്ത്യയുടെ പഠനം അനുസരിച്ച് രാജ്യത്ത് ഏറ്റവും അധികം വൃദ്ധസദനങ്ങൾ ഉള്ളത് കേരളത്തിലാണ്. ആരോഗ്യമുള്ള വൃദ്ധർക്ക് മാത്രമാണ് ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം അനുവദിക്കാറുള്ളത്. ദീർഘകാല രോഗങ്ങളും മാരകരോഗങ്ങളും പിടിപ്പെട്ട വൃദ്ധരെ സംരക്ഷിക്കുന്നതിനുള്ള ആതുരാലയങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. മുതിർന്ന പൗരൻമാർക്ക് അനിവാര്യമായും വേണ്ടത് സാമൂഹ്യ സുരക്ഷിതത്വം ആണ്. ജോലിയിൽ ഏർപ്പെടാത്ത വൃദ്ധരിൽ 65.14% പേരും മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കേരളത്തിൽ 6.7 ലക്ഷം വൃദ്ധർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. വയോ വൃദ്ധരിൽ 11% പേർക്ക് മാത്രമേ ജീവനോപാധിയ്ക്ക് സ്വയംപര്യപ്തതയുള്ളു. ഇന്ത്യയിൽ ഏറ്റവും അധികം പെൻഷൻ ക്ഷേമപദ്ധതികൾ ഉള്ളത് കേരളത്തിലാണ്. ഇവയിൽ പ്രധാനപ്പെട്ടത് കേരള അഗതി - വിധവ പെൻഷൻ, കേരള കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ എന്നിവയാണ്. ഈ വിഭാഗത്തിൽ പെട്ടവരുടെ ദുരിതങ്ങൾക്ക് വളരെയധികം ആശ്വാസം നൽകുവാൻ ക്ഷേമപെൻഷൻ പദ്ധതികൾക്ക് കഴിയുന്നുണ്ട്. 70 വയസ്സിന് മേൽ പ്രായമുള്ളവരുടെ ആരോഗ്യ സ്ഥിതി ഉത്കണ്ഠജനകമാണ്. ജനസംഖ്യയുടെ അഞ്ചിൽ ഒരു ഭാഗം മുതിർന്ന പൗരൻമാർ ആയി തീരുന്ന സാഹചര്യം സമൂഹം മുൻകൂട്ടി വിലയിരുത്തേണ്ടതുണ്ട്. ഇതിനായി മുതിർന്നവരുടെ പരിപാലനത്തിന് ഉതകുന്ന വിഷയങ്ങൾ വൈദ്യശാസ്ത്ര പഠനം, നഴ്സിംഗ് എന്നീ മേഖലകളിലെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും.

നിലവിലെ അവസ്ഥ

ഒരു സർക്കാർ വൃദ്ധസദനം ഉൾപ്പെടെ ജില്ലയിൽ 19 വൃദ്ധസദനങ്ങൾ ഉണ്ട്. ഈ സ്ഥാപനങ്ങളിൽ ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 2500 വനിത താമസക്കാരും 1500 പുരുഷൻമാരും ഉണ്ട്. കൊല്ലം ജില്ല യിലെ ആകെ ജനസംഖ്യയിൽ 351818 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. ഇതിൽ 179206 പേർക്ക് വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുണ്ട്. അതിൽ 91904 പുരുഷൻമാരും 87302 പേർ സ്ത്രീകളുമാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോ മിത്രം പദ്ധതിയിലൂടെ വൃദ്ധമാതാപിതാക്കളെ വീടുകളിൽ എത്തി പരിചരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സർക്കാർ വൃദ്ധസദനങ്ങളിൽ സാമൂഹ്യ നീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഭാരതീയ ചികിത്സാ വകുപ്പ് ഡോക്ടർമാരെയും അറ്റൻഡർമാരെയും നിയമിച്ച് ആയുർവേദ ചികിത്സയും മരുന്ന് ലഭ്യമാക്കി വരുന്നു.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. സാമ്പത്തിക സുരക്ഷ

സാമൂഹ്യ സുരക്ഷ പെൻഷനുകൾ അർഹതയുണ്ടായിട്ടും പല കാരണങ്ങളാലും പെൻഷനുകൾ ലഭിക്കാത്തത് വൃദ്ധരായവർക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിന് കാരണമാകുന്നു. 60 വയസ്സും അതിന്

മുകളിൽ ഉള്ളവരുമായിട്ടുള്ളവരുടെ വസ്തുക്കളും പണവും കൈക്കലാക്കിയശേഷം അവരെ തെരുവിലേക്കും വൃദ്ധസദനങ്ങളിലേക്കും തള്ളിവിടുന്ന പ്രവണത നിലവിലുണ്ട്. സാമ്പത്തിക പരാധീനത മൂലം പോഷകാഹാരങ്ങൾ വൃദ്ധജനങ്ങൾക്ക് ലഭിക്കുന്നില്ല.

2. ആരോഗ്യപരമായ സേവനങ്ങൾ

ഏത് വ്യക്തിയെ സംബന്ധിച്ചും ആരോഗ്യം ഒരു പ്രധാന വിഷയമാണ്. എന്നാൽ മുതിർന്നവരെ സംബന്ധിച്ചിടത്തോളം ഇതിന് കൂടുതൽ പ്രസക്തിയും മുൻഗണനയുമുണ്ട്. എന്തുകൊണ്ടെന്നാൽ ആരോഗ്യ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണ് വാർദ്ധക്യം. പല വാർദ്ധക്യകാല രോഗങ്ങളും ദീർഘാകാലം ബഹുവിധ രോഗങ്ങളാൽ വികസിക്കാൻ സാധ്യതയുള്ളവയുമാണ്. ഇവയ്ക്ക് ഉള്ള ചികിത്സ ദീർഘകാലം വേണ്ടിവരുതും വരുമാനം ഉള്ളവർക്ക് കൂടി താങ്ങാൻ കഴിയാത്തതുമായിരിക്കും.

സർക്കാർ/സ്വകാര്യ ആശുപത്രികളിൽ 60 വയസ്സ് കഴിഞ്ഞ വൃദ്ധരാവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. ഗുരുതരമായ അസുഖങ്ങളുമായി എത്തുന്ന വൃദ്ധജനങ്ങൾക്കും മറ്റുള്ളവർക്ക് ലഭിക്കുന്ന പരിഗണന മാത്രമേ ലഭിക്കുന്നുള്ളു. പലവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് വൻ വിലയുള്ള മരുന്നുകൾ വാങ്ങുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.

3. കുടുംബപരമായ പ്രശ്നങ്ങൾ

കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്ക് മാറിയപ്പോൾ പ്രായമായ മാതാപിതാക്കൾക്ക് ഉണ്ടായിരുന്ന പരിഗണന നഷ്ടമായി. ഇത് അവർക്ക് അവഗണനയായി അനുഭവപ്പെടുകയും ചെയ്തു. മക്കളുടെയും ചെറുമക്കളുടെയും പെരുമാറ്റം വൃദ്ധരായവർക്ക് അർഹമായ പരിഗണന നൽകുന്നതല്ല. അണുകുടുംബത്തിലെ വീടുകളിൽ വൃദ്ധമാതാപിതാക്കൾക്ക് പ്രത്യേകം മുറികളും സൗകര്യങ്ങളും നൽകുന്നില്ല. മക്കൾ ജോലിയ്ക്ക് പോകുന്ന സമയത്ത് വൃദ്ധമാതാപിതാക്കളെ മുറികളിൽ പൂട്ടിയിടുന്നതുമൂലം അവർക്ക് കടുത്ത മാനസിക വെല്ലുവിളി നേരിടുന്നു.

4. പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം

അർഹതയുണ്ടായിട്ടും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമാണ്. പ്രായമായതും വിദ്യാഭ്യാസ പരമായി അറിവില്ലാത്തും ഒറ്റയ്ക്ക് താമസിക്കുന്നതുമായ വൃദ്ധജനങ്ങൾക്ക് പെൻഷനും മറ്റ് സർക്കാർ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ആധാർ അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് വൃദ്ധർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

5. യാത്രസൗകര്യം ഇല്ലായ്മ

ഗുരുതരായ രോഗങ്ങൾ ഉള്ള വൃദ്ധജനങ്ങൾ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും പോകുന്നതിന് യാത്രാ ദുരിതം അനുഭവിക്കുന്നു. കൂടാതെ പെൻഷൻ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലും മറ്റ് ഒഫീസുകളിലും പോകേണ്ടിവരുന്നത് വൃദ്ധജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നു.

6. മാനസിക പ്രശ്നങ്ങൾ

ജോലിക്കാരായ മക്കളും പഠനത്തിലേർപ്പെടുന്ന ചെറുമക്കളും വീടുകളിൽ നിന്ന് പുറത്ത് പോകുമ്പോൾ വൃദ്ധമാതാപിതാക്കൾ വീടുകളിൽ ഒറ്റപ്പെടുന്നത് അവർക്ക് കടുത്ത മാനസിക വിഷമം ഉണ്ടാകുന്നു. മുൻകാലങ്ങളിൽ വികസിത രാജ്യങ്ങൾക്കും മാത്രം പരിചിതമായിരുന്ന വൃദ്ധസദനങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹര്യമാണ് ഇന്നുള്ളത്. കേരളത്തിൽ വൃദ്ധജനങ്ങളോടുള്ള അവഗണന വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. പല സന്ദർഭങ്ങളിലും വൃദ്ധജനങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നു. അവരുടെ ശാരീരികവും മാനസികവുമായ അനുഭൂതിയ്ക്ക് പലപ്പോഴും തടസ്സം നിൽക്കുന്നത് അവഗണന, ഒറ്റപ്പെടൽ, പെരുമാറ്റദൂഷ്യങ്ങൾ, ചൂഷണം, ബന്ധുജനങ്ങളുടെ അനാവശ്യമായ ഇടപെടൽ തുടങ്ങിയവയാണ്. കേരളത്തിലെ ഉയർന്ന ജീവിത നിലവാരവും ആരോഗ്യ രംഗത്തെ പുരോഗതിയും ശരാശരി ആയുർദൈർഘ്യം വർദ്ധിക്കുകയും അതുവഴി വയോധികരുടെ എണ്ണം ആനുപാതികമായി ഉയരുകയും ചെയ്യുന്നു.

7. നിയമത്തെ കുറിച്ചുള്ള അറിവില്ലായ്മ

മുതിർന്നവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള 2007 ലെ നിയമത്തെ കുറിച്ചും വയോജന നയത്തെ കുറിച്ചും വൃദ്ധജനങ്ങൾക്കുള്ള അറിവില്ലായ്മ അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. വീടുകളിൽ നിന്ന് വൃദ്ധജനങ്ങൾക്ക് അവഗണനയും പീഡനങ്ങളും നേരിടുമ്പോൾ നിയമത്തിന്റെ അജ്ഞതമൂലം അവർക്ക് ഈ വിഷയം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുന്നില്ല.

പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് അംഗൻവാടി വഴി സമീകൃത പോഷാകാഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അവരുടെ വീടുകളിൽ എത്തി അപേക്ഷ സ്വീകരിച്ച് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കണം. തൊഴിൽ ചെയ്യുന്നതിനും ആദായകരമായ പ്രവർത്തികളിൽ ഏർപ്പെടുന്നതിനും സർക്കാർ മുതിർന്ന പൗരൻമാരെ സഹായിക്കണം. ചെറിയ ബിസിനസുകൾക്ക് ആയി ന്യായ നിരക്കുള്ള പലിശ മാത്രം ഇടാക്കി വായ്പ സൗകര്യം, റിവോൾവിംഗ് ഫണ്ട്, സബ്സിഡി എന്നിവ ആവശ്യാനുസരണം എല്ലാ മുതിർന്ന പൗരൻമാർക്കും ലഭ്യമാക്കുക. വായ്പ കൊടുക്കൽ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകണം. വയോജനങ്ങൾക്കായി പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതി രൂപീകരിക്കണം. റിട്ടയർ ചെയ്യുന്നവർക്ക് താമസം വിന പെൻഷൻ, പി.എഫ് മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം.
2. വയോജനങ്ങളുടെ ചികിത്സയും ആവശ്യമായ മരുന്നും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്ന് സൗജന്യമായി നൽകുക, വയോജനങ്ങൾക്ക് ക്യൂ നിൽക്കാതെ ഡോക്ടർമാരെ കാണുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക., അടിയന്തിര ചികിത്സ വേണ്ടുന്ന സാഹചര്യത്തിൽ സ്വകാര്യ ആശു പത്രികളിൽ ചികിത്സിക്കുന്നതിന്റെ ചെലവ് സർക്കാർ വഹിക്കുക., പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി സഞ്ചരിക്കുന്ന ഹെൽത്ത് ക്ലിനിക് സേവനം മുതിർന്ന പൗരൻമാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, മാസത്തിൽ ഒരു തവണ ആരോഗ്യ പ്രവർത്തകർ 80 വയസ്സിന് മുകളിൽ ഉള്ളവരെ വീടുകളിൽ ചെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഒരുക്കുക.
3. വ്യത്യസ്ത തലമുറകൾ തമ്മിലുള്ള ബന്ധത്തിന്റെയും നൈരന്തര്യത്തിന്റെ ആവശ്യകതയും അഭിലക്ഷണീയതയും മാതാപിതാക്കൾക്കളോട് മക്കൾക്കുള്ള കടമ നിറവേറ്റാണ്ടതിന്റെ അനിവാര്യത യുവതി യുവാക്കളെ ബോധ്യപ്പെടുത്തുന്നതിനുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, എല്ലാ നഗര-ഗ്രാമപ്രദേശങ്ങളിലും മുതിർന്നവർക്കുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ, ഹെൽപ്പ് ലൈൻ നമ്പർ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിൽ കൂടി വേണ്ടത്ര പ്രചാരണം നൽകുക.
4. വയോജനങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർ അവരുടെ വീടുകളിൽ എത്തി ആധാറും മറ്റും രേഖകളും നടപടിക്രമങ്ങൾ പാലിച്ച് പെൻഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പെൻഷൻ എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. പെൻഷൻ തുക ഉടമസ്ഥൻ കൃത്യമായി കൈപ്പറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
5. വയോജനങ്ങൾ അടിയന്തിര ഘട്ടങ്ങളിൽ മെഡിക്കൽ കോളേജ്, മറ്റ് ആശുപത്രികളിൽ എന്നിവിടങ്ങിൽ പോകുന്നതിന് സർക്കാർ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക. അടിയന്തിര ഘട്ടങ്ങളിൽ സ്വകാര്യ ആംബുലൻസുകൾ ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ വാടക സർക്കാർ നൽകുക. വയോജനങ്ങൾക്ക് ആശുപത്രികളിൽ പോകുന്നതിന് തിരിച്ചറിയിൽ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ യാത്ര സംവിധാനം ഏർപ്പെടുത്തുക.
6. കുടുംബത്തിലെ മറ്റ് അംഗങ്ങൾ ജോലിക്കും മറ്റും പോകുന്ന സാഹചര്യത്തിൽ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പകൽവീടുകൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുക, വൃദ്ധജനങ്ങൾക്കായി പാർക്കുകളും ക്ലബ്ബുകളും രൂപീകരിക്കുക., വൃദ്ധജനങ്ങൾക്ക് അവരുടെ ആരോഗ്യത്തിന് യോജിച്ച രീതിയിലുള്ള ജോലികളിൽ

ഏർപ്പെടുത്തുന്നതിനും വരുമാനം നേരിടുന്നതിനുമുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

7. വയോജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തിലും സഞ്ചരിക്കുന്ന പ്രത്യേക കോടതികൾ സ്ഥാപിക്കണം. കൂടാതെ സൗജന്യ നിയമസഹായവും ലഭ്യമാക്കണം.വയോജനങ്ങൾക്ക് വൃദ്ധജന സംരക്ഷണ - ക്ഷേമ നിയമത്തെ കുറിച്ച് മനസ്സിലാക്കുന്നതിന് ലഘുലേഖ അച്ചടിച്ച് വിതരണം ചെയ്യുക., ടി നിയമത്തെ കുറിച്ച് മനസ്സിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

ഭാവിയിൽ നേടുന്നതും ലക്ഷ്യം വയ്ക്കുന്നതുമായ നേട്ടങ്ങൾ

- എല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിലവിലുള്ള വയോജന നിയമം അനുസരിച്ച് വയോജന സംരക്ഷണത്തിന് വേണ്ടുന്ന പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യണം.
- വയോജനങ്ങളുടെ അറിവും കഴിവും അനുഭവ സമ്പത്തും പുതു തലമുറയ്ക്ക് പ്രയോജനമാകും വിധം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- 2022 ഓടുകൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വയോജനങ്ങളുടെ സംരക്ഷണവും പ്രാതിനിധ്യവും ഉറപ്പുവരുത്തുക.
- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളും ഭവനങ്ങളും ആശുപത്രികളും വയോജന സൗഹൃദമാക്കുക.
- എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും വൃദ്ധജനങ്ങളുമായി ബന്ധപ്പെട്ട ഓഫീസുകൾ താഴെ നിലയിൽ പ്രവർത്തിപ്പിക്കുക. അല്ലാത്ത പക്ഷം ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തണം.
- 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തുക.
- എല്ലാ താലൂക്ക് - ജില്ലാ ആശുപത്രികളിലും രാവിലെ 8 മണി മുതൽ 9 മണിവരെ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക്കുകൾ ആരംഭിക്കുക., പ്രത്യേക ഒ.പി. ടിക്കറ്റ് കൗണ്ടറും സജ്ജീകരിക്കുക.
- യാത്രാ ബസുകളിൽ വൃദ്ധജനങ്ങളുടെ സീറ്റ് അവർക്ക് ലഭ്യമാകുന്നതിന് കർശന നടപടികൾ സ്വീകരിക്കുക.
- ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ വയോജനസഭകൾ സംഘടിപ്പിക്കുക.
- വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള 2007 ലെ നിയമത്തെ കുറിച്ചും 2013 വയോജന നയത്തെ കുറിച്ചും സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക., സ്കൂൾ തലത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- സ്കൂൾ തലത്തിൽ വയോജനങ്ങളെ ഉൾപ്പെടുത്തി വയോജന ദിനം ആചരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുക, അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കുന്നതിന് അവസരം ഉണ്ടാക്കുക.
- മുമ്പ് നിലവിലുണ്ടായിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതിയെ കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് വേണ്ടി ഹ്രസ്വചിത്രങ്ങളും ഡോക്യുമെൻററികളും നിർമ്മിച്ച് സ്കൂൾ തലത്തിൽ പ്രദർശിപ്പിക്കുക.
- ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചരിത്രങ്ങളും പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് പ്രത്യേക ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

വികസന വിടവ് എങ്ങനെ നികത്താം

1. വയോജനങ്ങളുടെ അവസ്ഥാ വിശകലന സർവ്വെ നടത്തി ത്രിതല പഞ്ചായത്തിലും ജില്ലാ തലത്തിലും അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിക്കുക
2. എല്ലാവർക്കും സീനിയർ സിറ്റിസൺ കാർഡ് ലഭ്യമാക്കുക

3. വയോജന ക്ലബുകൾ അംഗൻവാടി തലത്തിൽ രൂപീകരിക്കുക.
4. വയോജനങ്ങളുടെ സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക.
5. ഗ്രാമ തലത്തിൽ വയോമിത്രം പരിപാടി നടപ്പിലാക്കുക.
6. എല്ലാ തദ്ദേശ സ്വയം ഭരണ പരിധിയിലും പ്രാദേശിക പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. വരുമാന ദായകമായ ചെറുതൊഴിലുകൾ / പരിശീലനങ്ങളിൽ ഏർപ്പെടുത്തുക.
8. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രാവീണ്യം തെളിയിക്കുന്ന വയോജനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തുക.
9. 24 മണിക്കൂറും പ്രവർത്തനസജ്ജമായ വയോജന ഹെൽപ്പ് ലൈൻ ആരംഭിക്കുക.
10. കമ്മ്യൂണിറ്റി പോലീസിംഗ് ആരംഭിക്കുക.
11. മുതിർന്ന പൗരൻമാരെ ചൂഷണത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
12. മുതിർന്നവരായ മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് പെൺമക്കളുടെയും ആൺമക്കളുടെയും ഉത്തരവാദിത്വമാണെന്ന നിയമനിർമ്മാണം നടത്തുക.
13. സംസ്ഥാന ട്രഷറികളിൽ മുതിർന്ന പൗരൻമാരായ പെൻഷൻകാർക്ക് വിശ്രമിക്കുവാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനും സൗകര്യങ്ങൾ ഏർപ്പെടുത്തണം.
14. മുതിർന്ന പൗരൻമാർക്കുള്ള ചികിത്സ ചെലവുകളിൽ കിഴിവ് അനുവദിക്കുവാൻ സ്വകാര്യ ആശുപത്രികളെ പ്രേരിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തണം.
15. താലൂക്ക് ആശുപത്രി തലം വരെ പ്രത്യേകം വയോജന വാർഡുകൾ നിർമ്മിക്കണം.
16. രണ്ടര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള മുതിർന്ന പൗരൻമാർക്ക് മരുന്ന് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.
17. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുഖാന്തിരം സഞ്ചരിക്കുന്ന ഹെൽത്ത് ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കണം.
18. മാസത്തിൽ ഒരു തവണയെങ്കിലും പബ്ലിക് ഹെൽത്ത് നഴ്സ്, ആയ എന്നിവർ ഗ്രാമ-നഗര പ്രദേശങ്ങളിലെ 80 വയസ്സിന് മുകളിൽ ഉള്ളവരെ പരിശോധനയ്ക്ക് വിധേയരാക്കുകയും പകർച്ചവ്യാധികൾ അല്ലാത്ത രോഗങ്ങളുടെ വർദ്ധന കണക്കിലെടുത്ത് ഗ്രാമപ്രദേശങ്ങളിൽ വൃദ്ധജന സാന്ത്വന ശുശ്രൂഷയ്ക്കായി സ്വകാര്യ /പൊതുപങ്കാളിത്തം ഉറപ്പുവരുത്തണം.
19. ഡയാലിസിസ് ചെയ്യാൻ വേണ്ടി അനുരൂപമായ സഹായപദ്ധതി ബന്ധപ്പെട്ട സ്ഥാപനവുമായി ചേർന്ന് ആവിഷ്കരിക്കുകയും പാവപ്പെട്ട മുതിർന്ന പൗരൻമാർക്ക് സൗജന്യ ഡയാലിസിസ് അനുവദിക്കുകയും വേണം.
20. ഓർമ്മ നഷ്ടം, അൾഷിമേഴ്സ്, പാർക്കിൻസൺസ് എന്നിവ മുതിർന്നവരിൽ മുൻകൂട്ടി കണ്ടെത്തി ശുശ്രൂഷിക്കുവാനും മാനസിക ആരോഗ്യത്തെ പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കാനും പ്രത്യേക പരിപാടി ആസൂത്രണം ചെയ്യണം.
21. ക്യാൻസർ, നട്ടെല്ലിന് ക്ഷതം, പക്ഷാഘാതം, മാനസിക രോഗങ്ങൾ തുടങ്ങി ഏതുരോഗത്താലും ദീർഘനാളായി കിടപ്പിലായ മുതിർന്ന പൗരൻമാർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പാലിയേറ്റീവ പരിചരണ പദ്ധതി നടപ്പിലാക്കണം.
22. പാവപ്പെട്ട വൃദ്ധരോഗികളുടെ ചികിത്സയിൽ ധനസഹായം നൽകുന്നതിനുവേണ്ടി ദുരിതാശ്വാസ ഫണ്ട് രൂപീകരിക്കണം.
23. ഒറ്റപ്പെട്ടുപോയ മുതിർന്ന ദമ്പതികൾ, മുതിർന്ന പുരുഷൻമാർ, സ്ത്രീകൾ, പ്രത്യേകം സംരക്ഷണം ആവശ്യമുള്ള മുതിർന്നവർ എന്നിവർക്കായി മുതിർന്നവരുടെ ഗ്രാമങ്ങൾ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും രൂപീകരിക്കണം.
24. മുതിർന്നവർക്ക് ഭവനങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ലളിതമായ വ്യവസ്ഥയിൽ സഹായധനം അനുവദിക്കണം.

പ്രോജക്ട് നിർദ്ദേശങ്ങൾ

- മുതിർന്ന വനിതകൾക്ക് മാത്രമായി പകൽ പരിപാലന കേന്ദ്രം തുടങ്ങുക.
- വയോമിത്രം മാതൃകയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.
- തെരുവോരങ്ങളിൽ കഴിയുന്ന വയോജനങ്ങളുടെ പുനരധിവാസം
- വയോജനങ്ങൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക.
- വയോജനങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യാൻ സാമ്പത്തിക സാങ്കേതിക സഹായം
- മുതിർന്ന പൗരൻമാർക്കായി മൊബൈൽ ആയുർവേദ യൂണിറ്റ് സ്ഥാപിക്കുക.
- പാലിയേറ്റീവ് കെയർ സേവനങ്ങൾ നൽകുന്നതിന് സന്നദ്ധരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകുക.
- മുതിർന്ന പൗരൻമാർക്ക് സർക്കാർ ചെലവിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി
- മുതിർന്നപൗരൻമാരെ ഉപയോഗിച്ച് പ്രാദേശിക ചരിത്രരചന, പ്രാചീന കാർഷിക രീതികൾ, പഴഞ്ചൊല്ലുകൾ, പ്രാദേശിക ചികിത്സാ രീതികൾ എന്നിവയെ സംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിക്കുക.
- വയോജനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ നീതി/മാവേലി സ്റ്റോർ വഴി സൗജന്യമായി ലഭ്യമാക്കുക. (ആയുർവേദം, അലോപ്പതി, സിദ്ധ)
- വയോജന ഹെൽപ്പ് ലൈൻ തുടങ്ങുക.
- സീനിയർ സിറ്റിസൺ കാർഡ് 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് ലഭ്യമാക്കുക.
- വയോജനങ്ങളായ വനിതകൾക്ക് മാസത്തിലൊരിക്കൽ സ്ത്രീജന്യരോഗ ക്ലിനിക് സംഘടിപ്പിക്കുക.
- വാർദ്ധക്യകാല പെൻഷൻ അർഹതയുള്ള എല്ലാവർക്കും ഉറപ്പാക്കുന്നതിന് വകുപ്പുകൾ എൽ. എസ്.ജി.ഡിയുമായി സഹകരിച്ച് പ്രവർത്തിക്കുക.
- പ്രാദേശികതലത്തിൽ വയോജനങ്ങൾക്ക് ആവശ്യമുള്ള സഹായ ഉപകരണങ്ങൾ, വയോജന സംഘടനകളുമായി ബന്ധപ്പെടുത്തി ആവശ്യാനുസരണമുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- എല്ലാ ഗ്രാമപഞ്ചായത്തിലും വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുക.
- സാംസ്കാരിക, സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി വയോജന സൗഹൃദ ക്ലബ്ബുകൾ, പകൽ വീടുകൾ എന്നിവ പ്രാദേശിക തലത്തിൽ ഒരുക്കുക.
- ജറിയാട്രിക് കെയർ സെന്റർ എല്ലാ പി.എച്ച്.സികളിലും ലഭ്യമാക്കുക.
- എല്ലാ മുതിർന്ന പൗരൻമാർക്കും യാത്രക്കൂലി ഇളവ് അനുവദിക്കണം.
- ആശുപത്രികൾ ബസ് സ്റ്റേഷൻ, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ മുതിർന്ന പൗരൻമാർക്ക് വേണ്ടി നിശ്ചിത ശതമാനം ഇരിപ്പിടങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാവുന്ന തരത്തിൽ സജ്ജമാക്കണം.
- വയോജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തിലും സഞ്ചരിക്കുന്ന പ്രത്യേക കോടതികൾ സ്ഥാപിക്കണം. കൂടാതെ സൗജന്യ നിയമസഹായവും ലഭ്യമാക്കണം.

കേന്ദ്ര പദ്ധതികൾ

വയോജനങ്ങൾക്കുള്ള സയോജിത സംരക്ഷണ പദ്ധതി (ഐ.പി.ഒ.പി.) വയോജനങ്ങളുടെ സുരക്ഷിതത്വത്തിനും മാനസിക ഉല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്.

1. വൃദ്ധജനങ്ങൾക്കുള്ള കേന്ദ്രസഹായം
2. ആശ്വാസ കേന്ദ്രങ്ങളും തുടർ സംരക്ഷണ കേന്ദ്രങ്ങളും
3. മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി
4. ഓർമ്മ ശക്തി നശിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായ പദ്ധതി
5. ഫിസിയോതെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായ പദ്ധതി
6. വയോജനങ്ങളുടെ ശാരീരിക-മാനസിക-ആരോഗ്യ പദ്ധതി

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള കർമ്മ പദ്ധതിയിലെ വിവിധ പരിപാടികൾ തദ്ദേശീയ തലത്തിൽ നടപ്പിലാക്കാനുള്ള ഔപചാരികമായ അടിസ്ഥാന ഏജൻസി ഗ്രാമപഞ്ചായത്ത് ആണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിശദവിവരങ്ങൾ അടക്കം അതാത് പ്രദേശത്ത് 60 വയസ്സിൽ അധികം പ്രായമുള്ളവരുടെ അപ്പപ്പോഴുള്ള കണക്ക് സൂക്ഷിക്കുക, വാർദ്ധക്യ കാല പെൻഷന് അർഹതയുള്ളവരെ കണ്ടെത്തുകയും അംഗീകരിക്കുകയും ചെയ്യുക., അർഹതയുള്ളവർക്ക് പെൻഷൻ നൽകുക, ഡേ കെയർ സെൻററുകളുടെയും കമ്മ്യൂണിറ്റി സെൻററുകളുടെയും ആ പ്രദേശത്ത് മുതിർന്നവർക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള മറ്റ് എല്ലാ സൗകര്യങ്ങളുടെയും നടത്തിപ്പ്, മേൽനോട്ടം എന്നിവ നിർവ്വഹിക്കുക തുടങ്ങിയ ചുമതലകൾ ആണ് ഗ്രാമപഞ്ചായത്തിനുള്ളത്.

പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ 5% തുക മുതിർന്നവരുടെ ക്ഷേമത്തിനായി മാറ്റിവെച്ചിട്ടുണ്ട്. മുതിർന്നവർക്ക് താങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും താങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തി പ്രതികരിക്കുന്നതിന് ഒരു വേദി ഉണ്ടായിരിക്കുന്നത് അഭിലക്ഷണീയമാണ്. ഈ സമിതികളിൽ മുതിർന്നവരായ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകണം. ഓരോ അഞ്ച് വർഷം കൂടുമ്പോഴും ഓരോ വാർഡിലുമുള്ള മുതിർന്ന പൗരൻമാരുടെ സ്ഥിതി വിവര കണക്കുകൾ തദ്ദേശസ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കണം. ഗ്രാമസഭകളിൽ മുതിർന്ന പൗരൻമാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതും അവരുടെ പ്രയോജനകരമായ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകുകയും വേണം.

നൂതന പ്രോജക്ട് ആശയങ്ങൾ

നിലവിലുള്ള വയോസൗഹൃദ പദ്ധതികൾ ഉൾകൊള്ളിച്ച് സമഗ്രമായ മാന്വൽ തയാറാക്കുക, നിരാലംബരും അനാഥരുമായിട്ടുള്ളവരുടെ വിവരശേഖരണം, വൃദ്ധജനങ്ങൾക്ക് ഹെൽപ്പ് ലൈൻ സംവിധാനം, അർഹതയുള്ള വയോജനങ്ങൾക്ക് സമയബന്ധിതമായി പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ, വയോജന പരിചരണത്തിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ വയോജന സൗഹൃദമാക്കുക, പോഷകാഹാരം ഉറപ്പുവരുത്തുക, മുതിർന്നവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന 2007 നിയമം കാര്യക്ഷമമായി നടപ്പിലാക്കുക, എല്ലാ സർക്കാർ കെട്ടിടങ്ങളും വയോജന സൗഹൃദമാക്കുക, ഡിമെൻഷ്യ അൾഷിമേഴ്സ് സെന്റർ സ്ഥാപിക്കുക, മുതിർന്നവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ദൃശ്യ-ശ്രാവ്യ- അച്ചടി മാധ്യമങ്ങളിലൂടെ ബോധവത്കരണം നടത്തുക തുടങ്ങിയവ.

4.16.4 ഭിന്നശേഷി വിഭാഗം

ആമുഖം

ലോകത്ത് ആകമാനമുള്ള അംഗപരിമിതരുടെ സ്ഥിതി പരിശോധിച്ചാൽ അവർ എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നിവയിൽ മറ്റുള്ളവരെക്കാൾ പിന്നോക്ക മാണെന്നു കാണാം. ഇത് പ്രധാനമായും അവർ നേരിടുന്ന പല രീതിയിലുള്ള തടസ്സങ്ങൾ അഥവാ പരിമിതികൾ മൂലമാണ്. വിദ്യാഭ്യാസം നേടാനുള്ള തടസ്സം, ജോലി സമ്പാദിക്കാനുള്ള തടസ്സം, സഞ്ചരിക്കാനുള്ള തടസ്സം, ആരോഗ്യപരിപാലനത്തിനുള്ള തടസ്സം എന്നിങ്ങനെയുള്ള നിരവധി തടസ്സങ്ങൾ അവർ നേരിടേണ്ടി വരുന്നു. സമൂഹത്തിൽ സാമ്പത്തികമായും, സാംസ്കാരികമായും പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിൽ വരുന്ന അംഗപരിമിതർ ഈ തടസ്സങ്ങളുടെയും/പരിമിതികളുടെയും പ്രധാന ഇരകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

വൈകല്യമനുഭവിക്കുന്നവർക്ക് നിയമാനുസൃതം ഉറപ്പാക്കിയിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സമഗ്രമായ ഉന്നമനത്തിനുമായി 1996 ൽ പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആക്ടും 1999 ൽ നാഷണൽ ട്രസ്റ്റ് ആക്ടും ഇന്ത്യയിൽ നിലവിൽ വന്നു.. അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യസമത്വവും, സംരക്ഷണവും ഉറപ്പുവരുത്തേണ്ടതിന് കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ അംഗരാജ്യങ്ങൾ ബാധ്യസ്ഥരാണ്.

2011 ൽ പ്രസിദ്ധീകരിച്ച അംഗപരിമിതരെ സംബന്ധിച്ചുള്ള ആഗോള റിപ്പോർട്ടു പ്രകാരം ലോകജനസംഖ്യയിൽ 15% ആളുകൾ വിവിധ അംഗപരിമിതികൾ ബാധിച്ചവരാണ്. ഇതിൽത്തന്നെ 2 മുതൽ 4% വരെ ജനങ്ങൾ മാരകമായ അംഗപരിമിതികൾക്ക് വിധേയരാണ്. 2011 ലെ ദേശീയ സെൻസസ് പ്രകാരം ഇന്ത്യയുടെ ജനസംഖ്യയിൽ 2,68,10,557 പേർ അംഗപരിമിതരാണെന്നു കാണുന്നു. ഇത് ആകെ ജനസംഖ്യയുടെ 2.1 ശരമാനവും സ്ത്രീ-പുരുഷ അനുപാതം 58:42 വും ആണ്. 11-മത് പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖകൾപ്രകാരം ഇന്ത്യയുടെ ജനസംഖ്യയിൽ 5 മുതൽ 6% വരെ അംഗപരിമിതർ ഉള്ളതായി കണക്കാക്കിയിരിക്കുന്നു.

2011 ലെ ദേശീയ സെൻസസ് പ്രകാരം കേരളത്തിൽ 7,61,843 അംഗപരിമിതരുള്ളതായി കണക്കാക്കിയിരിക്കുന്നു. ഇവരിൽ സ്ത്രീ പുരുഷ അനുപാതം 51.8 : 48.19 ആണ്. കേരളത്തിന്റെ ജനസംഖ്യയുടെ 2.2% വരുന്ന ഭിന്നശേഷിയുള്ള വിഭാഗത്തിന് സംരക്ഷണവും സുരക്ഷയും നിയമപരിരക്ഷയും ഉറപ്പ് വരുത്തേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും കടമയാണ്. ഓരോ വ്യക്തിയുടെയും കഴിവുകൾക്കനുസരിച്ചുള്ള പുനഃരധിവാസ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടത് പരിഷ്കൃത സമൂഹത്തിലെ ഒരോ സർക്കാരിന്റെയും ധാർമ്മികമായ ചുമതലയാണ്. എന്നാൽ അംഗപരിമിതരായ ഓരോ വ്യക്തിയേയും സംബന്ധിച്ച വിശദവിവരങ്ങൾ മുൻ സെൻസസുകളിലൂടെ ലഭ്യമായിരുന്നില്ല. അംഗപരിമിതരുടെ പുനഃരധിവാസത്തിനായി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളും വളരെ അധികം വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു.

ഭിന്നശേഷിയുള്ളവർ രാജ്യപുരോഗതി പ്രക്രിയയിൽ വളരെയധികം പിൻതള്ളപ്പെട്ടുപോകുന്നു എന്ന യാഥാർത്ഥ്യം നാമെല്ലാവരേയും അലോസരപ്പെടുത്തുന്ന ഒരു വസ്തുതയാണ്. ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിയ്ക്കുന്നതിനും അവരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും അവർ ഈ സമൂഹത്തിന്റെ അവിഭാജ്യമായ വ്യക്തികൾ ആണെന്ന ധാരണ അവരിൽ വളർത്തുന്നതിനും, അവരെ പൊതുസമൂഹത്തിന്റെ ഭാഗമായി പൂർണ്ണമായി ഉൾക്കൊള്ളേണ്ടത് ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും കർത്തവ്യമാണ്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ ഇവരെ പ്പറ്റിയുള്ള വ്യക്തമായ വിവരങ്ങൾ അനിവാര്യമാണ്. സാമൂഹിക നീതി വകുപ്പ് സാമൂഹിക സുരക്ഷാ മിഷൻ ആഭിമുഖ്യത്തിൽ ആർ.പി.ഡബ്ല്യൂ.ഡി. ആക്ടിൽ വിവക്ഷിക്കുന്ന 22 തരം അംഗപരിമിതരെ സംബന്ധിച്ച് നടത്തിയ സെൻസസ് വിവരശേഖരണം. ഓരോ അംഗപരിമിതികളെപ്പറ്റിയുമുള്ള സംക്ഷിപ്തവിവരണം താഴെപ്പറയും പ്രകാരമാണ്.

ചലനവൈകല്യം

- ഒരു വ്യക്തിയുടെ അസ്ഥികൾക്കോ, മാംസപേശിഉൾപ്പെടെയുള്ള കോശങ്ങൾക്കോ, സന്ധികൾക്കോ ഉള്ള ശേഷിക്കുറവു മൂലം ചലനത്തിനു പ്രയാസമുള്ളതോ, ചലനം നഷ്ടപ്പെട്ടതോ ആയ അവസ്ഥ.

മസ്കുലാർ ഡിസ്ട്രോഫി

- മാംസപേശികൾ ഘട്ടം ഘട്ടമായി ലോപിച്ച് ശരീരശക്തി നഷ്ടപ്പെടുന്നതുമൂലമുള്ള ചലനവൈകല്യം ഉണ്ടാകുന്ന അവസ്ഥ.

ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡർ

- കാലക്രമേണ ശരീരത്തിലെ നാഡി ഞരമ്പുകളുടെ പ്രതികൂലപ്രവർത്തനങ്ങൾ കാരണം ചലനശേഷി ഉൾപ്പെടെ ശരീരപ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന അവസ്ഥ.

മൾട്ടിപ്പിൾ സിറോസിസ്

- കേന്ദ്രനാഡീവ്യൂഹത്തിനെ ബാധിക്കുന്ന രോഗംമൂലം നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയോ, ഇല്ലാതാകുന്നതോ ആയ അവസ്ഥ മൂലമുണ്ടാകുന്ന ചലന ശേഷിക്കുറവ്.

കൂന്

- നട്ടെല്ല് പുറത്തേയ്ക്കോ വശങ്ങളിലേക്കോ വളഞ്ഞ് ശരീരത്തിനുണ്ടാകുന്ന രൂപമാറ്റം.

ഹ്രസ്വകായത്വം

- പ്രായപൂർത്തിയായിട്ടും 145ഇഞ്ചിന് നു താഴെ മാത്രം ഉയരം ഉള്ള അവസ്ഥ.

അന്ധത

- പൂർണ്ണമായും കാഴ്ച ഇല്ലാത്ത അവസ്ഥ

ഗുരുതരമായ കാഴ്ചക്കുറവ്

- 6/60 അല്ലെങ്കിൽ 20/200 സ്നെലൻ കാഴ്ചക്കുറവുള്ളതും, കണ്ണട ഉപയോഗിച്ചാലും സ്വതന്ത്രമായി സഞ്ചരിക്കാനും, വായിക്കാനും വസ്തുക്കൾ കൃത്യമായി തിരിച്ചറിയാനും കഴിയാത്ത അവസ്ഥ

പഠന വൈകല്യം

- അദ്ധ്യായന വിഷയത്തിൽ ചില പ്രത്യേക മേഖലകളിൽ പിന്നോക്കം നില്ക്കുന്ന അവസ്ഥ.

സംസാര-ഭാഷാ വൈകല്യം

- ഒരു വ്യക്തിക്ക് തന്റെ ആശയം ഭാഷയിലൂടെ/സംസാരത്തിലൂടെ വ്യക്തമാക്കുവാൻ ബുദ്ധിമുട്ടുന്ന അവസ്ഥ.

ബുദ്ധിമാന്ദ്യം

- വ്യക്തിയുടെ വളർച്ചയുടെ ആദ്യ ഘട്ടത്തിൽ നിന്നുപോയതോ, അപൂർണമായതോ ആയ ബുദ്ധിവികാസം മൂലം പല വിധ കഴിവുകളിൽ പ്രകടമായ കുറവ് കാണുന്ന അവസ്ഥയാണ് ബുദ്ധിമാന്ദ്യം. ദൈനം ദിന കാര്യങ്ങൾ പോലും സ്വന്തമായി തീരുമാനമെടുത്ത് ചെയ്യുവാൻ കഴിയാതെ വരുന്ന അവസ്ഥ. ഇവരുടെ ഐ.ക്യൂ 70 ൽ താഴെ ആയിരിക്കും.

മാനസികരോഗം

- ബുദ്ധിമാന്ദ്യം മൂലമല്ലാതെ ചിന്തയിലും, പെരുമാറ്റത്തിലുമുള്ള പ്രകടമായ വ്യതിയാനങ്ങളും അതിലൂടെ പ്രവർത്തികളിലുള്ള വൈരുദ്ധ്യവും അസാധാരണ പെരുമാറ്റങ്ങളും മാനസികരോഗമായി കണക്കാക്കുന്നു.

ഓട്ടിസം

- നാഡീവികസനത്തിലെ അപര്യാപ്തതമൂലം ചെറുപ്രായത്തിൽ തന്നെ സാമൂഹ്യകാര്യങ്ങളിലും, സംസാരത്തിലും, പെരുമാറ്റത്തിലുമുള്ള പൊരുത്തമില്ലാത്ത അവസ്ഥ.

കേഴ്വി ഇല്ലായ്മ

- ഒരു വ്യക്തിക്ക് 60 ഡസിബലിലോ അതിലധികമോ കേഴ്വി നഷ്ടപ്പെട്ട അവസ്ഥ.

കുഷ്ഠരോഗ വിമുക്തം

- രോഗത്തിന്റെ അനന്തരഫലമായി രോഗം മാറിയ ശേഷവും സ്പർശന ശക്തിക്കുറവ്, അംഗവൈകല്യം എന്നിവ സംഭവിച്ചുള്ള അവസ്ഥ.

ഹീമോഫീലിയ

- പാരമ്പര്യമായി ഉണ്ടാകുന്ന ഈ രോഗം രക്തം കട്ടിപിടിക്കാനുള്ള രക്തത്തിലെ ഘടകങ്ങളുടെ (ഫാക്ടർ) ക്രമാതീതമായ കുറവ് മൂലമാണ് സംഭവിക്കുന്നത്. ശരീരത്തിൽ മുറിവുകൾ ഉണ്ടാകുമ്പോൾ രക്തം കട്ടപിടിക്കാതെ രക്തം വാർന്നു പോകുന്ന അവസ്ഥ.

ചുവന്ന രക്താണുക്കളുടെ ഘടനയിലുള്ള വ്യത്യാസം മൂലമുള്ള രോഗങ്ങൾ

താലസിമിയ

- പാരമ്പര്യരോഗമായ താലസമിയ രക്തത്തിലെ ചുവന്ന അണുക്കളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

അരിവാൾ രോഗം

- പാരമ്പര്യരോഗം - ശരീരത്തിലെ ചുവന്ന രക്താണുക്കൾക്ക് അരിവാൾ രൂപം കൈവരിക്കുന്നതുമൂലം ഉണ്ടാകുന്ന രോഗം

സെറിബ്രൽ പാൾസി

- തലച്ചോറിന്റെ പ്രവർത്തനത്തിനു തകരാറു സംഭവിക്കുന്നതുമൂലം സംജാതമാകുന്ന കെടുതികൾ, ശരീരത്തിലെ അസ്ഥികൾക്കും പേശികൾക്കും നാഡീവ്യൂഹങ്ങൾക്കും സംഭവിപ്പിക്കുന്ന വൈകല്യാവസ്ഥ. ഇതുമൂലം വളർച്ച, ചലനം, സംസാരം, ബുദ്ധിവികാസം എന്നിവ തടസ്സപ്പെടുന്നതും പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്തതുമായ അവസ്ഥ.

അപസ്മാരം

- തലച്ചോറിലെ വൈദ്യുതി തരംഗങ്ങളുടെ വ്യതിയാനം മൂലം സംഭവിക്കുന്ന രോഗാവസ്ഥ.

ബധിരാന്ധത

- ഒരു വ്യക്തിക്ക് ഒരേ സമയം പൂർണ്ണമായും കാഴ്ച ഇല്ലാത്തതും, കേഴ്വി ഇല്ലാത്തതും, അതുമൂലം സംസാരം ഇല്ലാത്തതുമായ അവസ്ഥയാണ്. എന്നാൽ ബധിരാന്ധത ഒറ്റ വൈകല്യമായാണ് കണക്കാക്കുന്നത്. ബഹുവൈകല്യത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബഹുവൈകല്യം

- ഒരു വ്യക്തിക്ക് ഒരേ സമയം ഒന്നിലധികം വൈകല്യങ്ങൾ ഉള്ള അവസ്ഥയാണ് ബഹുവൈകല്യം.

2. **നിലവിലെ അവസ്ഥ**

- താൽക്കാലികവൈകല്യം - 7553
- രോഗാവസ്ഥ മാത്രം - 3187
- കാൻസർരോഗം - 376
- പ്രായാധിക്യമുള്ള അവസ്ഥ - 3242
- താമസം മാറി പോയവർ - 1132
- മരണം സംഭവിച്ചത് - 519

ആകെ കണ്ടെത്തിയ 66,519 അംഗപരിമിതരിൽ 29849 പേർ സ്ത്രീകളും 36542 പുരുഷന്മാരും 128 പേർ ഭിന്നലിംഗമുള്ളവരുമാണ്. സ്ത്രീ പുരുഷ അനുപാതം 45 : 55 ആണ്. ജില്ലയിലെ അംഗപരിമിതർ ആകെ

ജനസംഖ്യയുടെ 2.46 % ആണ്. ഭിന്നശേഷി ഉള്ള 66519 പേരിൽ 24891 പേർ ചലനവൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 37.42 % മാണ്. 22 തരം അംഗപരിമിതികൾ തരം തിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും താഴെപ്പറയും പ്രകാരമാണ്.

ക്രമ നം	വൈകല്യം	ആളുകളുടെ എണ്ണം	ശതമാനത്തിൽ	10000 ജനസംഖ്യ പ്രകാരം
01	ചലനവൈകല്യം	24891	37.42	92
02	മസ്കുലാർ ഡിസ്ട്രോഫി	189	0.28	1
03	ക്രോണിക് ന്യൂറോളജിക്കൽ ഡിസോഡർ	298	0.45	1
04	മൾട്ടിപ്പിൾ സിറോസിസ്	30	0.05	0
05	കുന്	487	0.73	2
06	എസ്വകായത്വം	444	0.67	2
07	അന്ധത	1820	2.74	7
08	ഗുരുതരമായ കാഴ്ചക്കുറവ്	4752	7.14	18
09	പഠന വൈകല്യം	361	0.54	1
10	സംസാര-ഭാഷാ വൈകല്യം	1605	2.41	6
11	ബുദ്ധിപരമായ വെല്ലുവിളികൾ	5838	8.78	22
12	മാനസികരോഗം	8137	12.23	30
13	ഓട്ടിസം	361	0.54	1
14	കേഴ്വി ഇല്ലായ്മ	4385	6.59	16
15	കുഷ്ഠരോഗ വിമുക്തം	47	0.07	0
16	ഹീമോഫീലിയ	82	0.12	0
17	താലസിമിയ	47	0.07	0
18	അരിവാൾ രോഗം	18	0.03	0
19	സെറിബ്രൽ പാൾസി	570	0.86	2
20	അപസ്മാരം	1328	2.00	5
21	ബധിരാന്ധത	89	0.13	0
22	ബഹുവൈകല്യം	10740	16.15	40
	ആകെ	**66519**	**100**	**246**

- ഭിന്നശേഷിക്കാരുള്ള ആകെ 59,978 കുടുംബങ്ങളിൽ ഒരു വ്യക്തി മാത്രം ഭിന്നശേഷിയുള്ള കുടുംബങ്ങളുടെ എണ്ണം 55,526 ആണ്.
- ഒരു കുടുംബത്തിൽ രണ്ട് അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 4030 ആണ്.
- ഒരു കുടുംബത്തിൽ 3 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 383 ആണ്.
- ഒരു കുടുംബത്തിൽ 4 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 33 ആണ്.
- ഒരു കുടുംബത്തിൽ 4 ൽ കൂടുതൽ അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 6 ആണ്.
- ആകെ കണ്ടെത്തിയ 66519 പേരിൽ 8137 പേർക്ക് മാനസിക രോഗം ഉള്ളതായി കാണുന്നു. ഇത് ജില്ലയിലെ ആകെ അംഗപരിമിതരുടെ 12.23 % മാണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ എണ്ണം 5838 ആണ്. ഇത് ആകെയുള്ള അംഗപരിമിതരുടെ 8.78 % മാണ്.

- കണ്ടെത്തിയ അംഗപരിമിതരുടെ കുടുംബങ്ങളിൽ 9,251 എണ്ണം എസ്.സി വിഭാഗത്തിലും 356 എണ്ണം എസ്.ടി വിഭാഗത്തിലും 21,255 എണ്ണം ജനറൽ വിഭാഗത്തിലും ഉള്ളതായി കാണുന്നു.
- ആകെ കണ്ടെത്തിയ അംഗപരിമിതരിൽ 37991 പേരുടെ അംഗപരിമിതി ആർജ്ജിതമാണ്. ഇത് മൊത്തം അംഗപരിമിതരുടെ 57.11 % മാണ്.
- 28,528 അംഗപരിമിതർക്ക് ജന്മനാൽ തന്നെ അംഗപരിമിതി സംഭവിച്ചിട്ടുള്ളവരാണെന്ന് കാണുന്നു. ഇത് മൊത്തം അംഗപരിമിതരുടെ 42.89 % മാണ്.
- അംഗപരിമിതരായ 54301 പേർ സ്വന്തം വീട്ടിലും 4158 പേർ വാടക വീടുകളിലുമാണ് താമസം.
- ആകെ അംഗപരിമിതരിൽ 34949 പേർ (52.54 %) ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നു.
- ആകെ അംഗപരിമിതരിൽ 40722 പേർക്ക് (61.22 %) നിലവിൽ ബാങ്ക് അക്കൗണ്ട് ഉണ്ട്.
- അംഗപരിമിതർ ഉള്ള കുടുംബങ്ങളെ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചാൽ

ക്രമ നം.	പ്രതിമാസ പ്രതിശീർഷ ചെലവ്	എണ്ണം
1	500 രൂപയ്ക്കുതാഴെ	19742
2	501 രൂപ മുതൽ 1500 രൂപ വരെ	26478
3	1501 മുതൽ 3000 രൂപ വരെ	14142
4	3001 മുതൽ 4500 രൂപവരെ	2486
5	4501 മുതൽ 6000 രൂപ വരെ	1310
6	6000 രൂപയ്ക്കു മുകളിൽ	749

- ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ 27,685 അംഗപരിമിതരെ ആരോഗ്യ ഇൻഷ്വറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ജന്മനാൽ അംഗപരിമിതി സംഭവിച്ച 2280 പേരുടെ മാതാപിതാക്കൾ രക്തബന്ധത്തിൽപ്പെട്ടവർ ആണ്.
- രക്തബന്ധമുള്ള മാതാപിതാക്കളുടെ സന്താനങ്ങൾ എന്നു വെളിപ്പെടുത്തിയ അംഗപരിമിതർക്ക് താഴെ പറയുന്ന പ്രധാന അംഗപരിമിതികൾ കാണുന്നു.
  - ബുദ്ധിപരമായ വെല്ലുവിളികൾ - 444
  - കേഴ്വി ഇല്ലായ്മ - 166
  - ബഹുവൈകല്യം - 635
  - ചലനവൈകല്യം - 545
  - കാഴ്ച ഇല്ലായ്മ - 250
  - ഹ്രസ്വകായത്വം - 43
- ആകെ അംഗപരിമിതരിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവർ 34,252 പേർ മാത്രമാണ്. (51.49 %)
- സാമൂഹ്യനീതി വകുപ്പ് നൽകുന്ന അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭ്യമായിട്ടുള്ളവർ 16557 പേർ
- അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ള 34252 പേരുടെ അംഗപരിമിതി തോത് താഴെപ്പറയും പ്രകാരമാണ്.

  40 മുതൽ 79 % വരെ - 26,263

  80% വും അതിനു മുകളിലും - 6,645
- ആകെ അംഗപരിമിതരിൽ 5,960 പേർ പൂർണ്ണമായും ശയ്യാവലംബരാണ്.

- ആകെ അംഗപരിമിതരിൽ 36,480 പേർ വിവാഹിതരാണ്.
- ആകെ അംഗപരിമിതരിൽ 54,301 പേർക്ക് സ്വന്തമായി വീടുണ്ട്. 4158 പേർ വാടക വീടുകളിലും വസിക്കുന്നു.
- ആകെ അംഗപരിമിതരിൽ തനിച്ച് താമസിക്കുന്ന അംഗപരിമിതർ 2269 പേരും കുടുംബമായി താമസിക്കുന്നവർ 60538 പേരും, ബന്ധുക്കളല്ലാത്തവരോടൊപ്പം താമസിക്കുന്നവർ 318 പേരും ആണ്.
- ആകെ അംഗപരിമിതരിൽ സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം 13,017 ആണ്.
- സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 13,017 അംഗപരിമിതരിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളവർ 9,130 പേരാണ്. ഇതിൽ ഉപകരണങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നവർ 8,442 ആണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ, സെറിബ്രൽപാൾസി, ഓട്ടിസം, ബഹു വൈകല്യം എന്നിവയുള്ള 17,509 പേരിൽ നാഷണൽ ട്രസ്റ്റ് രക്ഷകർത്വ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർ 1103 പേർ മാത്രമാണ്.
- ആകെയുള്ള അംഗപരിമിതരിൽ 46,989 പേർക്ക് നിലവിൽ ബാങ്ക് അക്കൗണ്ട് ഉള്ളതായി കാണുന്നു.
- ആകെ അംഗപരിമിതരിൽ തുടർപരിപാലനം ലഭിക്കുന്ന/ലഭിച്ചിട്ടുള്ള അംഗപരിമിതർ 52,305 പേരാണ്.
- സ്വന്തമായി വാഹനം ഉള്ളവർ 3439 പേരാണ്.
- ജില്ലയിലെ അംഗപരിമിതരിൽ 52,549 പേരുടെ ആധാർ കാർഡ് വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

2016 ആർ.പി.ഡബ്ല്യൂ.ആക്ട് വിശകലനം

2016 ആർ.പി.ഡബ്ല്യൂ.ആക്ട് വിശകലനം പ്രകാരം ഭിന്നശേഷി സൗഹാർദ്ദ പൊതുയാത്രാ സംവിധാനങ്ങളും നിരത്തുകളും ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവർക്ക് പിഴ, ഭിന്നശേഷിക്കാരുടെ രക്ഷകർത്തിത്വം അനുവദിക്കാൻ ജില്ലാ കോടതികൾക്ക് പ്രത്യേക അധികാരം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% സംവരണം, സർക്കാർ സ്ഥാപനങ്ങളിൽ 4 % സംവരണവും ഉണ്ട്. ജനപ്രതിനിധി സഭകളിലെ സംവരണം ട്രെയിൻ-ബസ്സുകളിൽ യാത്രാ സൗജന്യം ഏകീകൃത ആരോഗ്യ തിരിച്ചറിയൽകാർഡ് തുടങ്ങിയവ ഉറപ്പുവരുത്തുക എന്നതാണ്.

സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ (അദ്ധ്യായം – 5 കാണുക)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഹിതത്തിന്റെ 5% തുക അംഗപരമിതർക്കായി മാറ്റി വയ്ക്കുന്നെണ്ടെങ്കിലും സമഗ്രമായ പദ്ധതികളായി മാറിയിട്ടില്ല.

സ്കോളർഷിപ്പ് വിതരണം

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അസിസ്റ്റന്റ് ഡിവൈസിനായി പദ്ധതികൾ ഏറ്റെടുക്കുന്നെണ്ടെങ്കിലും അംഗപരിമിതരുടെ ആവശ്യം കണ്ടറിഞ്ഞ് പദ്ധതികളാവണം തയ്യാറാക്കേണ്ടതും നിറവേറ്റേണ്ടതും. അംഗപരിമിതരുടെ കാര്യത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കുറച്ചുകൂടി ഫ്ളക്സിബിളിറ്റി ആവശ്യമാണ്

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. പി.ഡബ്ല്യൂ.ഡി. ആക്ട് 2016 പ്രകാരം അനുവദിക്കപ്പെട്ട 22 തരം വൈകല്യങ്ങൾക്ക് നിലവിൽ പൂർണ്ണമായും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധിക്കുന്നില്ല. കാരണം പല വൈകല്യങ്ങളുടെയും റ്റൂൾ അസസ്മെന്റ് കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

2. അംഗപരിമിതരുടെ തൊഴിലില്ലായ്മ
3. അംഗപരിമിതരുടെ രക്ഷകർത്താക്കൾക്ക് ഡിസബിളിറ്റി മാനേജ്മെന്റിന്റെ അറിവില്ലായ്മ
4. റോഡ് അപകടം മൂലവും മറ്റും ഉണ്ടാകുന്ന ആക്സിഡന്റ് മൂലം ഡിസബിളിറ്റി ആകുന്നവരുടെ എണ്ണം കൂടുന്നു.
5. ഭിന്നശേഷിക്കാർക്ക് ബാരിയർഫ്രീ അല്ലാത്ത സാഹചര്യം.
6. ഗ്രാമപ്രദേശങ്ങളിൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ അഭാവം.
7. അംഗപരിമിതരുടെ മേൽനോട്ടം വഹിക്കുന്ന ഏകജാലക സംവിധാങ്ങളുടെ അഭാവം

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

അംഗപരിമിതരേയും ബുദ്ധിവൈകല്യമുള്ളവരേയും സമൂഹത്തിൽനിന്നും അകറ്റിനിർത്തുന്ന സമീപനത്തിൽനിന്നും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗമാക്കി ക്കൊണ്ടുള്ള സാമൂഹ്യവ്യവസ്ഥയിലെത്താൻ നമുക്കായിട്ടുണ്ട്. എന്നാൽ ഈ വ്യക്തികൾ ഉൾക്കൊള്ളുന്ന കുടുംബങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നത് പദ്ധതി പ്രവർത്തനങ്ങൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

1. മെഡിക്കൽ സർട്ടിഫിക്കറ്റും ഐഡി കാർഡും 100% ഉറപ്പുവരുത്തുക.
2. അംഗപരിമിതർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനുള്ള തൊഴിൽ മേളകൾ സംഘടിപ്പിക്കുക.
3. പുനരധിവാസവും ജീവിതനിലവാരവും 100% മെച്ചപ്പെടുത്തുന്നതിന് ഭക്ഷണം, വസ്ത്രം, ആരോഗ്യം തുടങ്ങിയ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുകയും മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും ചെയ്യുക.
4. യാത്രാസൗകര്യവും ഭിന്നശേഷി സൗഹാർദ്ദ പൊതുഇടങ്ങളും 100% സൗഹാർദ്ദമാക്കി അംഗപരിമിതരെ സ്വയംപര്യാപ്തരാക്കുക.
5. വിവിധ വകുപ്പുകളുടെ ആനുകൂല്യവും ക്ഷേമപ്രവർത്തനവും ഏകോപിപ്പിച്ച് 100% ഏകജാലക സംവിധാനം പഞ്ചായത്ത് തലത്തിൽ ഉറപ്പാക്കുക.
6. ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണം ഉറപ്പ് വരുത്തുക.
7. ഡിസബിളിറ്റി മാനേജ്മെന്റ് ട്രാഫിക് റൂൾസ് എന്നിവയെപ്പറ്റി സ്കൂൾ, കോളേജ് തലങ്ങളിൽ അവയർനെസ്സ് പ്രോഗ്രാം സംഘടിപ്പിക്കുക.
8. സെൽഫ് കെയർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സഹായ ഉപകരണങ്ങൾ ആവശ്യമായവർക്ക് ഉറപ്പാക്കുക.
9. വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക മേൽനോട്ടം വഹിക്കുക.
10. ഗുരുതരമായ വൈകല്യം ബാധിച്ചവർക്ക് സ്ഥിരം നിക്ഷേപ പദ്ധതി.

വികസന മേഖല അവലോകനം

ഭിന്നശേഷിയുള്ളവരെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്തമായ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പിലുള്ള ആസൂത്രണമില്ലായ്മ അർഹരായവരിൽ പദ്ധതിയുടെ പ്രയോജനങ്ങൾ എത്തിക്കുന്നതിൽ തടസ്സമാകുന്നു. കൂടാതെ ഈ വിഭാഗത്തിൽ പെടുന്നവരുടെ ആവശ്യങ്ങൾ വ്യത്യസ്തമായതിനാൽ ആവശ്യാധിഷ്ഠിത സമീപനമാണ് വേണ്ടത്. വിവിധ അംഗപരിമിതർക്ക് വ്യത്യസ്ത പദ്ധതികൾ ആവശ്യമായിരിക്കെ ശാരീരിക വെല്ലുവിളി നേരിടുന്നവരെയും മാനസിക വൈകല്യം അനുഭവിക്കുന്നവരെയും ഒന്നായി കണ്ടുള്ള ആസൂത്രണമാണ് പലപ്പോഴും നടത്തുന്നത്. ശാസ്ത്ര വളർച്ചയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി ഇവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന് കൂടി ശ്രദ്ധ ചെലുത്തണം. ഇതിലുപരി അംഗ പരിമിതരുള്ള കുടുംബത്തിൽ പ്രാദേശിക തലത്തിൽ സംപൂർണ്ണ സാമൂഹിക സുരക്ഷിതത്വം

ഒരുക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏതെല്ലാം ഇടപെടലുകൾ നടത്താൻ കഴിയും എന്നു കൂടി അവലോകനം ചെയ്യണം.

പ്രോജക്റ്റ് പ്രവർത്തനങ്ങൾ

1. അംഗപരിമിത ജാഗ്രത സമിതി രൂപീകരിക്കുക (ജില്ലാതലം മുതൽ വാർഡ്/പ്രദേശികതലം വരെ).
2. ഒരു കുടുംബത്തിൽ മൂന്നോ അതിലധികമോ, അംഗപരിമിതരായിട്ടുള്ള വീടുകളിലേയ്ക്കായി പ്രത്യേക രോഗി പരിചരണ പദ്ധതി തയ്യാറാക്കുക.
3. മാനസിക രോഗവും മറ്റും അംഗപരിമിതരുടെ കുടുംബാംഗങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുക.
4. അംഗപരിമിതരായ കുട്ടികൾക്കായി ബ്ലോക്ക് തലത്തിൽ സ്പെഷ്യൽ അംഗൻവാടികൾ സ്ഥാപിക്കുക.
5. ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ്.
6. വിദ്യാഭ്യാസത്തിനായുള്ള സ്കോളർഷിപ്പുകൾ, സ്റ്റൈഫന്റ്, പഠനോപകരണങ്ങൾ നൽകുക.
7. സ്വയം തൊഴിൽ പരിശീനങ്ങൾ.
8. തൊഴിൽ സംരംഭങ്ങൾക്കായുള്ള സഹായവും.
9. ജണഉ ആക്ട് ഉൾപ്പെടെ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം നടത്തുക.
10. അംഗപരിമിത കിടപ്പ് രോഗികൾക്കും അംഗവൈകല്യ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും, ഐ.ഡി കാർഡും ഇല്ലാത്തവർക്കുമായി മൊബൈൽ മെഡിക്കൽ ബോർഡ് ടീമുകളുടെ സേവനം ഉറപ്പുവരുത്തുക.
11. ജില്ലാ ആശുപത്രികളിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷനുകൾ നടത്തുന്നതോടൊപ്പം ആശുപത്രിയും സാമൂഹ്യനീതി വകുപ്പുമായി ഒരു ഓൺലൈൻ സോഫ്റ്റ് വെയർ ശൃംഖല സൃഷ്ടിക്കുക.
12. ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി അതിൽ വൈദഗ്ധ്യം തെളിയിക്കുന്ന മേഖലകളിൽ പദ്ധതികൾ രൂപീകരിക്കുക.
13. അംഗപരിമിതർക്കായി പ്രത്യേക ഗ്രാമസഭ സംഘടിപ്പിക്കുക.
14. പ്രത്യേക നൈപുണ്യമുള്ളവരെ കണ്ടെത്തി അവരുടെ നൈപുണ്യങ്ങൾക്ക് അനുസൃതമായ പരിശീലനം നൽകുന്നതിന് സ്വയം പര്യാപ്തരാക്കുന്നതിനുള്ള പദ്ധതി.
15. വ്യത്യസ്ത പഠന വൈകല്യം മനഃസ്സിലാക്കി അംഗ പരിമിതരെ പരിശീലിപ്പിക്കുന്നതിനായി അദ്ധ്യാപകർക്കുള്ള പരിശീലന പദ്ധതി.
16. ചലന, പഠന, ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക.

നൂതന പ്രവർത്തനങ്ങൾ

1. ഭിന്നശേഷിക്കാരുടെ നിയമങ്ങളും അവകാശങ്ങളെപറ്റിയും വിവരങ്ങളും സഹായങ്ങളും കൈമാറ്റം ചെയ്യുന്നതിനായി അംഗപരിമിതരുടെ ഹെൽപ്പ് ഡെസ്ക് ആരംഭിക്കും.
2. വാഹന സൗകര്യം അംഗപരിമിത സൗഹൃദമാക്കുക (അംഗപരിമിതരായ കിടപ്പ് രോഗികൾക്കും മറ്റും സ്വകാര്യ ആവശ്യങ്ങൾക്കും മറ്റിതര ആവശ്യങ്ങൾക്കും സബ്സിഡി നിരക്കിൽ വാഹനങ്ങൾ സൗകര്യപ്പെടുത്തുക).
3. അംഗപരിമിതർക്കായുള്ള, വിനോദ ഉപകരണങ്ങളോടു കൂടിയുള്ള സൗഹൃദ പാർക്കുകൾ നിർമ്മിക്കുക.
4. അടിസ്ഥാന സൗകര്യങ്ങൾ ബാരിയർ ഫ്രീ ആക്കുക.
5. വിവിധ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം തദ്ദേശ സ്വയംഭരണ പ്രദേശാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
6. കാഴ്ചപരിമിതരായിട്ടുള്ളവർക്ക് ഏജട ഘടിപ്പിച്ച വാക്കിംഗ് സ്റ്റിക്കുകൾ നൽകുക.

7. അംഗപരിമിതരായിട്ടുള്ളവർക്ക് വിവിധ വകുപ്പുകൾ, സ്കീമുകൾ, ഏജൻസികൾ മുതലായവയിൽ നിന്നുള്ള ധനസഹായങ്ങളും സേവനങ്ങളും പരിപാടികൾ, പദ്ധതി എന്നിവയുൾപ്പെടുത്തിയ പ്രത്യേത സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ തയ്യാറാക്കുക.
8. പി.ഡബ്ല്യു.ഡി. ആക്ട് 2016 പ്രകാരം അനുവദിക്കപ്പെട്ട 22 തരം വൈകല്യങ്ങൾക്ക് നിലവിൽ പൂർണ്ണമായും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധിക്കുന്നില്ല. കാരണം പല വൈകല്യങ്ങളുടെയും റ്റൂൾ അസസ്മെന്റ് കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇവ നടപ്പിലാക്കുന്നതിനായി മെഡിക്കൽ ഓഫീസർമാർക്കും, ആശുപത്രികൾക്കും അസസ്മെന്റ് റ്റൂളും, പരിശീലനവും നൽകുക.

4.16.5 ട്രാൻസ്ജെൻഡർ വിഭാഗം

ആമുഖം

നമ്മുടെ സമൂഹത്തിൽ ഭിന്നലിംഗക്കാർ - ട്രാൻസ്ജൻഡേഴ്സ് അനുഭവിക്കുന്ന മാനസിക സംഘർഷം വളരെ ഗുരുതരമാണ്. ഈ ന്യൂനപക്ഷങ്ങളോട് സമൂഹം കാട്ടുന്ന കടുത്ത അക്ഷന്തവ്യമായ വിവേചനവും അസഹിഷ്ണുതയും പലപ്പോഴും ഇവരെ ആത്മഹത്യയിലേക്കും മനസ്സിന്റെ താളംതെറ്റലിലേക്കും എത്തിക്കുന്നു. സമൂഹത്തിൽ നമ്മുടെ രംഗത്തും ഇവർക്ക് സമത്വവും തുല്യനീതിയും നമ്മുടെ ഭരണഘടന ഉറപ്പു നൽകുന്നുണ്ടെങ്കിലും ഇന്നും ഇവരുടെ സ്ഥിതി ദയനീയമാണ്.

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 15ഉം 16ഉം ലിംഗാടിസ്ഥാനത്തിലുള്ള എല്ലാ വിവേചനവും നിരോധിക്കുന്നു. സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്നവർക്ക് നൽകുന്ന പ്രത്യേക പരിഗണനയും സഹായവും നിയമത്തിലെ സംവരണവുമെല്ലാം ആർട്ടിക്കിൾ 15 (2) - (4), ആർട്ടിക്കിൾ 16 (4) പ്രകാരം ഭിന്നലിംഗക്കാർക്കും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

ആർട്ടിക്കിൾ 19(1) (2)

ഈ ഭരണഘടനാ വ്യവസ്ഥാപ്രകാരം ആ വ്യക്തിക്ക് സ്വയം ലിംഗനിർണ്ണയത്തിനും, ഇഷ്ടമുള്ള വസ്ത്രധാരണത്തിനും, പെരുമാറ്റവും പ്രവർത്തിയും ആശയവിനിമയ രീതിയും സ്വയം നിശ്ചയിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. ഭിന്നലിംഗക്കാരുടെ പെരുമാറ്റത്തിലോ, വസ്ത്രധാരണത്തിലോ, തനത് വ്യക്തിത്വത്തിലോ ഇടപെടാനോ, നിയന്ത്രിക്കാനോ ആർക്കും അധികാരമില്ല. മറിച്ച് ഇവ സംരക്ഷിക്കാൻ ഭരണഘടനയക്കും, സർക്കാരിനും ബാധ്യതയുണ്ടുതാനും.

സുപ്രീം കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ നമ്മുടെ സംസ്ഥാനം ഇന്ത്യയിൽ ആദ്യമായി "സ്റ്റേറ്റ് പോളിസി ഓൺ ട്രാൻസെജൻഡേഴ്സ്" നിലവിൽ വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒരു ട്രാൻസ്ജൻഡറിന് അവകാശങ്ങൾ സംരക്ഷിക്കുന്നതിന്, അതായത് 'ഞാനൊരു ട്രാൻസ്ജൻഡർ ആണെന്ന്' വെളിപ്പെടുത്താനും, തന്റെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാനും, ആരോഗ്യവും അടിസ്ഥാനപരവുമായ അവകാശങ്ങൾ, വാട്ടർ സപ്ലൈ, സാനിട്ടേഷൻ, താമസ സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ, സമൂഹത്തിന്റെ അവഗണന യ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ, അക്രമങ്ങൾ നേരിടുന്നത് ഇതിനൊക്കെ എതിരെയുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നു. ട്രാൻസെജൻഡേഴ്സ് ജസ്റ്റിസ് ബോർഡ്, ട്രാൻസെജൻഡേഴ്സ് ജില്ലാ കമ്മിറ്റി, റ്റി.ജി വെൽഫെയർ സ്കീമുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ജയിലുകളിൽ ട്രാൻസെജൻഡേഴ്സിനു വേണ്ടി സ്പെഷ്യൽ ബ്ലോക്കുകൾ, 'ഷീ ടാക്സി' മോഡലിൽ 'ജീ ടാക്സി' എന്നിവ നമ്മുടെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ട്രാൻസെജൻഡേഴ്സ്ന്റെ അവകാശ സംരക്ഷണത്തിനു മാധ്യമങ്ങളിൽ കൂടി നമ്മുടെ സാമൂഹ്യനേതാക്കൾ നിരന്തരം ലേഖനങ്ങളും, ചർച്ചകളും നടത്തുകയും ചെയ്യുന്നുണ്ട്.

ട്രാൻസ്ജൻഡേഴ്സിനു വേണ്ടി ഉപകാരപ്രദവും, പ്രയോജനപ്രദവുമായ ധാരാളം പരിപാടികൾ പ്രോജക്ടുകളിൽ കൂടിയും നടത്തുന്നുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പോലെ സാമൂഹ്യ നീതി വകുപ്പും തങ്ങളുടെ ബഡ്ജറ്റിൽ ട്രാൻസെജൻഡേഴ്സിനായി ഫണ്ട് നീക്കിവച്ചിട്ടുള്ളതാണെന്ന് കണ്ടുകൊണ്ട് ട്രാൻസെജൻഡേഴ്സിനും അതുപോലെ തന്നെ സെക്ഷൽ മൈനോറിട്ടീസിനും വേണ്ടി രൂപീകൃതമായി അവരുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ചു വരുന്ന ഒരു കമ്മ്യൂണിറ്റ് ബെയ്സിട് ഓർഗനൈസേഷൻ ആയ "ലൗവ് ലാന്റ് ആർട്സ് സൊസൈറ്റി" ട്രാൻസെജൻഡേഴ്സിനെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മുമ്പാകെ ലൗ ലാന്റ് ആർട്സ് സൊസൈറ്റി ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയാണ്. കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ലൗവ് ലാന്റ് ആർട്സ് സൊസൈറ്റി മുഖേന

കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡേഴ്സ് പ്രോജക്ടിന്റെ പ്രവർത്തനം 6 ഏരിയയായി തരം തിരിച്ചിട്ടുണ്ട്.

നിലവിലെ അവസ്ഥ

എച്ച്.ഐ.വി ഇൻഫെക്ഷൻ റേറ്റ് കൂടുതലായി നിലനിൽക്കുന്നത് ട്രാൻസ്ജെൻഡേഴ്സിന്റെ ഇടയിലാണ്. 2014 ൽ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ഒരു സർവ്വേയിൽ കേരളത്തിലാകമാനം 4000-ഓളം ട്രാൻസ്ജെൻഡേഴ്സിനെ കണ്ടെത്തിയിരുന്നു. എന്നാൽ 2013 ൽ തന്നെ കേരളാ സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി തങ്ങളുടെ വിവിധ എച്ച്.ഐ.വി പ്രിവൻഷൻ പ്രോജക്ടുകളിലൂടെ (8 പ്രോജക്ട്) 2800 ഓളം പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ലാസ് സുരക്ഷ ടി.ജി പ്രോജക്ട് കൊല്ലം വെള്ളയിട്ടമ്പലം മനയിൽകുളങ്ങര റോഡിൽ ശാസ്താ കോംപ്ലക്സിൽ 2014 മുതൽ പ്രവർത്തിച്ചു വരികയാണ്. മേൽ പ്രോജക്ടിൽ ജില്ലയിലുള്ള ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണം ഉറപ്പു നൽകുന്നു. പ്രോജക്ടിന്റെ ഭാഗമായി ജില്ലയിൽ 400 ട്രാൻസ്ജെൻഡേഴ്സിനെ രജിസ്റ്റർ ചെയ്ത് കൗൺസിലിംഗും ലൈംഗിക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

മേൽ പ്രവർത്തനത്തോടൊപ്പം ട്രാൻസ്ജെൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ കേരള സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു. നമ്മുടെ സമൂഹത്തിന്റെ ഭാഗമായ ട്രാൻസ്ജെൻഡേഴ്സിനെ കണ്ടെത്തുകയും ഇവരെ പൊതുജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള സഹായം ആവശ്യമാണ്. അതനുസരിച്ച് കൊല്ലം ജില്ലാപഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2016-2017) അവർക്ക് തൊഴിൽ സംബന്ധമായ ചമയസാധനങ്ങൾ വാങ്ങി നൽകുകയുണ്ടായി.

പ്രവർത്തന സൗകര്യത്തിനായി കൊല്ലം ജില്ലയെ 6 പ്രവർത്തന മേഖലയായി വിഭജിച്ചാണ് പ്രവർത്തനം നടത്തിവരുന്നത്. ഇവ യഥാക്രമം ചവറ, കൊല്ലം, ഓച്ചിറ, പാരിപ്പള്ളി, കൊട്ടാരക്കര, കുണ്ടറ. ഓരോ ഏരിയയിലും ഉള്ള ആൾക്കാരുടെ സ്ഥിതി വിവരക്കണക്ക്

കുണ്ടറ - 63, ചവറ - 67, ഓച്ചിറ - 67, കൊട്ടാരക്കര - 70, കൊല്ലം - 67, പാരിപ്പള്ളി - 66.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നുമുള്ള ഒറ്റപ്പെടൽ
2. നിയമപരിരക്ഷ ഇല്ലാത്തത്
3. ട്രാൻസ്ജൻഡർ സൗഹാർദ്ദപരമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തത്
4. സമൂഹത്തിന്റെ പല മേഖലകളിലും സർക്കാർ വകുപ്പുകളിലും ട്രാൻസ്ജൻഡറിനെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഇല്ലാത്തത്
5. ആരോഗ്യ രംഗത്ത് ട്രാൻസ്ജൻഡർ ചികിത്സയെക്കുറിച്ച് ധാരണ ഇല്ലാത്തത്
6. ചിലവേറിയ എസ്.ആർ.എസ് സർജറി
7. താമസസൗകര്യങ്ങൾ ഇല്ലാത്തത്
8. തൊഴിൽ നിഷേധിക്കപ്പെടുന്നു
9. അതിക്രമങ്ങൾ

ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- കാർഷിക പരിശീലനം- കാർഷികവും മറ്റ് അനുബന്ധ പരിശീലനത്തിനുമായി താൽപര്യമുള്ളവർ ഉണ്ട്.

- തയ്യൽ നിർമ്മാണ യൂണിറ്റ്
  തയ്യൽ നിർമ്മാണ യൂണിറ്റുകൾക്കായി താൽപര്യമുള്ളവരും ഉണ്ട്.
- ട്രൂപ്പ് പരിശീലനം
  സ്വന്തമായി ഡാൻസ് ട്രൂപ്പ് നടത്തുവാൻ താൽപര്യമുള്ളവർ ഉണ്ട്.

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

1. സ്വന്തം സ്വത്വം തിരിച്ചറിഞ്ഞ് സമൂഹത്തിന്റെയും കുടുംബത്തിന്റെയും അംഗീകാരത്തോടെ താനൊരു ട്രാൻസ്ജെൻഡർ ആണെന്ന അഭിമാനത്തോടെ ജീവിക്കാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കുക.
2. കൂടുതൽ ട്രാൻസ്ജെൻഡേഴ്സിനും, വിദ്യാഭ്യാസം ഹൈസ്കൂൾ തലം മുതൽ നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഇതിനു പരിഹാരമായി സ്കൂളുകളിൽ വിശിഷ്യാ അധ്യാപകർക്കും, സ്കൂൾ കൗൺസിലേഴ്സിനും, കുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ചുള്ള അവബോധം നിരന്തരം നൽകുക.
   കൊല്ലം ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിദ്യാഭ്യാസ സർവേയിൽ പങ്കെടുത്തവരിൽ 124 പേർ പഠിക്കാൻ സന്നദ്ധരായി. എന്നാൽ അതിൽതന്നെ 17 പേർ എസ്.എസ്.എൽ.സി യും, 15 പേർ പ്ലസ് ടുവിനും, 5 പേർ 7-ആം തരം തുല്യതയ്ക്കും ഒരാൾ 4-ആം തരത്തിനും മാത്രമാണ് മുന്നോട്ട് വന്നത്. ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകി ട്രാൻസ്ജെൻഡേഴ്സിനെ മുഖ്യധാരയിൽ എത്തിക്കണമെന്ന് പ്രതീക്ഷിക്കാം.
3. ക്ഷേമ പെൻഷൻ
   ഇന്ന് കേരളത്തിലെ എല്ലാ ജനങ്ങൾക്കും 60 വയസ്സ് കഴിഞ്ഞാൽ പെൻഷൻ ലഭിക്കുന്നുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെടുന്നവർ ഏകദേശം 40 വയസ്സാകുമ്പോഴേക്കും പലവിധ ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്നു. ആയതിനാൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെടുന്നവർക്ക് 40 വയസ്സ് മുതൽ പെൻഷൻ നൽകാനുള്ള നടപടി ഉണ്ടാകണം.
   സർജറി കഴിഞ്ഞവർക്ക് ധാരാളം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതിനാൽ അവർക്കായി സാമൂഹ്യ,ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം അപകട ഇൻഷുറൻസ് പദ്ധതികളും നടപ്പിലാക്കുക.
4. തൊഴിൽ ലഭ്യത
   ഇന്ന് ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി തൊഴിൽ ദൗർലഭ്യമാണ്. അവരുടെ നൈപുണ്യത്തിനനുസരിച്ചുള്ള തൊഴിലുകളിൽ അവരെ പ്രാപ്തരാക്കുന്ന തൊഴിൽ പരിശീലനവും, തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുക. അതായത് റ്റി.ജി സൗഹാർദ്ദപരമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുക (നൃത്തപരിപാടികൾ, മേക്കപ്പ് പരിശീലനങ്ങൾ തുടങ്ങിയവ)

വികസനവിടവ് എങ്ങനെ നികത്താം

- കൃത്യമായ സ്ഥിതിവിവരകണക്ക്
  താഴെപറയുന്ന വിഭാഗങ്ങളിൽപ്പെട്ട ട്രാൻസ്ജൻഡേഴ്സിന്റെ സ്ഥിതിവിവരകണക്കിൽ രേഖപ്പെടുത്തുകയും അതിനനുസരിച്ച് പ്രവർത്തനങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുക. ഭവന രഹിതർ, തൊഴിൽ രഹിതർ, സ്വന്തമായി വസ്തുവില്ലാത്തവർ, തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർ എന്നിവരുടെ കൃത്യമായ കണക്കെടുത്ത് അവർക്ക് വേണ്ടുന്ന കാര്യങ്ങൾ എത്രയും പെട്ടെന്ന് നടത്തുക.
- ഐ.ഡി കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ ലഭ്യത

റ്റി.ജി ഐ.ഡി കാർഡ് കൊടുക്കുമ്പോൾ അർഹതപ്പെട്ടവർക്കു മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ആനുകൂല്യങ്ങൾ അർഹതയില്ലാത്തവർക്ക് ലഭിക്കാതിരിക്കാൻ വരുമാനസർട്ടിഫിക്കറ്റ് നിർബന്ധ മാക്കുകയും ചെയ്യുക.

- എല്ലാ അപേക്ഷാ ഫോമുകളിലും ട്രാൻസ്ജൻഡർ എന്ന കോളം നിർബന്ധമാക്കുക.
- ടി.ജിക്കാർക്ക് പ്രത്യേക ടോയ്ലറ്റ് സൗകര്യം ഉറപ്പുവരുത്തുക.
- ഗവൺമെൻറ്തല പ്രവർത്തനങ്ങളിൽ ട്രാൻസ്ജൻഡർ പ്രാതിനിധ്യം ഉറപ്പാക്കുക.
  വാർഷിക ബഡ്ജറ്റിൽ കൃത്യമായി തുക വകയിരുത്തുകയും വിനിയോഗിക്കുകയും ചെയ്യുക.
- ഒട്ടനവധി ട്രാൻസ്ജൻഡേഴ്സ് സർജറിക്ക് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാലും ഭീമമായ ചിലവ് താങ്ങാനാകാതെയും മാറി നിൽക്കുന്നു. അതിനാൽ (Sex Recenalisation surgery, Sex Re-assignment surgery) തുടങ്ങിയവയ്ക്ക് സൗകര്യം ലഭ്യമാക്കുക.
- ടി.ജി ക്ലിനിക് എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുക.
- കമ്മ്യൂണിറ്റി അംബാസഡർ ട്രെയിനിംഗ് നൽകി ട്രാൻസ്ജൻഡേഴ്സിനെ തന്നെ വിവിധ മേഖലകളിൽ അംബാസഡറായി തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുക.
- വിവിധ വകുപ്പുകൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ തുടങ്ങിയവ) മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

4.16.6 മറ്റു ദുർബല വിഭാഗക്കാർ

ആമുഖം

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരൻമാർക്കും വാഗ്ദാനം ചെയ്യുന്നത്. മത, ജാതി, ലിംഗ വ്യത്യാസങ്ങളെയോ ശാരീരികവും മാനസികവും ആയ പരിമിതികളെയോ പരിഗണിക്കാതെ എല്ലാവരെയും തുല്യമായി കാണാനാണ് അത് സമൂഹത്തോട് ആവശ്യപ്പെടുന്നത്. ഏറ്റവും ദുർബല വിഭാഗങ്ങളോടുള്ള സമീപനം ആസ്പദമാക്കിയാണ് ഒരു നാടിന്റെ വികസനം കണക്കാക്കുന്നത്. അഗതികൾ, അനാഥർ, കിടപ്പു രോഗികൾ ഗുരുതര രോഗബാധിതർ, HIV ബാധിതർ, യാചകർ, ജയിൽ മോചിതർ, ജയിലിൽ കിടക്കുന്നവരുടെ കുടുംബം, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, മാനസികരോഗ വിമുക്തർ, ഉപേക്ഷിക്കപ്പെട്ടവർ, മറ്റ് സാമൂഹ്യ സുരക്ഷ ആവശ്യമുള്ളവർ എന്നിവർ ഉൾപ്പെട്ടതാണ് ഈ വിഭാഗം. ഇവരുടെ ക്ഷേമവും, വികസനവും, പുനരധിവാസവും ഉറപ്പു വരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വനിതകളുടെ പൊതുവായ ശാക്തീകരണത്തിനും അവരെ വികസന പ്രക്രിയയുടെ ഭാഗമാക്കുന്നതിനും ലിംഗപദവി ഉയർത്തുന്നതിനും 9-ആം പദ്ധതി നടത്തിപ്പിൽ ആരംഭം കുറിച്ചുവെങ്കിലും ലൈഗീംക പീഡനത്തിന് ഇരയാകുന്നവർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, വിധവകൾ, ചൂഷണത്തിന് ഇരയായ അവിവാഹിതരായ അമ്മമാർ, HIV/AIDS രോഗബാധിതരായി സാമൂഹ്യ ബഹിഷ്കരണം നേരിടുന്നവർ, ജയിൽ മോചിതരായ വനിതകൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ടുപോകുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷയ്ക്കായി ചില പദ്ധതികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആത്മാഭിമാനത്തോടുകൂടി ജീവിക്കുന്നതിനും ഉതകുന്നവിധത്തിൽ ക്രിയാത്മക പദ്ധതി രൂപീകരണം 13-ാം പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

അവസ്ഥാവിശകലനം

ക്രമ നം.	വിഭാഗം	എണ്ണം
1	സാമൂഹ്യസുരക്ഷ ആവശ്യമായവർ	2955
2	ഗുരുതര രോഗ ബാധിതർ	8884
3	മറവി രോഗബാധിതർ	2216
4	അലഞ്ഞുതിരിയുന്ന വയോജനങ്ങൾ	437
5	വിധവകൾ	116163
6	മാനസിക വെല്ലുവിളികൾ നേരിടുന്നവർ	6360
7	ശയ്യാവലംബർ	7022
8	ഭിന്നശേഷി വിഭാഗത്തിലുള്ളവർ	33321
9	ക്യാൻസർ ബാധിതർ	7533
10	ഒകഢ ബാധിതർ	93
11	ജയിൽ മോചിതരായവർ	555

പട്ടിക 4.15.5.1

വിഭാഗം	ഇനം	9, 10 പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികൾ
ക്ലേശം അനുഭവിക്കുന്ന സ്ത്രീകൾ	വിധവകൾ	വിധവാ പെൻഷൻ
ഭർത്താവ് ഉപേക്ഷിച്ചവർ		
അവിവാഹിതർ (50 വയസ്സിന് മുകളിൽ)		വാർദ്ധക്യകാല പെൻഷൻ

അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾ		അഗതി പെൻഷൻ
അഗതികൾ		
ജയിൽ മോചിതർ		
എച്ച്.ഐ.വി / എയ്ഡ്സ് ബാധിതർ		
ഗുരുതര രോഗം ബാധിച്ചവർ		
ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾ		അഗതി പെൻഷൻ
ചൂഷണത്തിന് ഇരയായ അവിവാഹിതരായ അമ്മമാർ		അഗതി പെൻഷൻ
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം		അഗതി പെൻഷൻ
ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ധനസഹായം		ജാഗ്രതാ സമിതികൾ

അവലംബം സാമൂഹ്യ നീതി വകുപ്പ്

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- സാമ്പത്തിക സഹായം എല്ലാ വർഷവും ലഭ്യമാകാതിരിക്കൽ
- വിവിധ തലത്തിൽ സർക്കാരിന്റെ ഇടപെടലുകളെകുറിച്ചുള്ള അവബോധം ഇല്ലായ്മ
- നിയമങ്ങളുടേയും നിലവിലുള്ള സംവിധാനങ്ങളുടേയും വേണ്ട വിധത്തിലുള്ള പ്രവർത്തനമില്ലായ്മ.
- തൊഴിൽ സ്വാശ്രയത്വം ഇല്ലാത്ത അവസ്ഥ.
- ഗാർഹിക പീഡന കേസുകളിലുണ്ടായ വൻ വർദ്ധന.
- സ്ത്രീകൾക്കിടയിൽ വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ
- പൊതുയിടങ്ങളിലെ സുരക്ഷിതത്വമില്ലായ്മ.
- ഉപഭോക്തൃ സംസ്കാരത്തിന്റെ സൃഷ്ടിയായ പ്രലോഭനങ്ങളിലും നവ മാദ്ധ്യമങ്ങളുടെ സ്വാധീനത്തിലും കുടുങ്ങി പെൺവാണിഭസംഘത്തിൽപെടുന്ന അവസ്ഥ.
- ഗുരുതരരോഗാവസ്ഥ.
- സ്വന്തമായി സ്ഥലം, വീട് എന്നിവയുടെ അപര്യാപ്തത.

പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. അന്യസംസ്ഥാന തൊഴിലാളികൾ, ജയിൽ മോചിതർ, ഉപേക്ഷിക്കപ്പെട്ടവർ, അനാഥർ എന്നിവരെക്കുറിച്ചുള്ള പ്രാദേശികവിവര ശേഖരണം.
2. തുടർച്ചയായ ആരോഗ്യ പരിശോധന, ചികിത്സ, കൗൺസിലിംഗ്, തൊഴിൽ, വരുമാനം ഇവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
3. എച്ച്.ഐ.വി ബാധിതർ ആയിട്ടുള്ള മുതിർന്നവർക്കും, കുട്ടികൾക്കുമുള്ള ജീവിതനൈപുണ്യ പരിശീലനം,
4. അവയവ ദാനത്തിന് സന്നദ്ധരായവരുടെ ഫോറം സ്വീകരിക്കുക.
5. ആവശ്യമെങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം.

6. മുഴുവൻ കിടപ്പുരോഗികളെയും കണ്ടെത്തി മുഴുവൻ സമയ പരിരക്ഷയും, സംരക്ഷണവും ഉറപ്പാക്കുക.
7. ലിംഗ സമത്വം/നീതി എന്നിവയെകുറിച്ച് ആൺപെൺകുട്ടികൾക്കും പരിശീലനം നൽകുകയും, അതിക്രമങ്ങൾ പ്രതിരോധിക്കുന്ന മർഗ്ഗങ്ങളെകുറിച്ച് അവബോധം നൽകുകയും ചെയ്യുക.

ദീർഘകാല ലക്ഷ്യങ്ങൾ

- സാമൂഹ്യ സുരക്ഷ ആവശ്യമായ മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് 2030 ഓട് കൂടി പൂർണ്ണമായും പുനരധിവാസം, തൊഴിൽ/വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കുക.
- വിവിധ ഏജൻസികൾ, സ്കീമുകൾ, വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ/ധനസഹായങ്ങൾ, പദ്ധതികൾ എന്നിവ പ്രാദേശിക തലത്തിൽ പരസ്പര പൂരകമായി നടപ്പിലാക്കുക.
- വിവേചനമില്ലാതെ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ക്ലേശകരമായ സാഹചര്യത്തിൽ ജീവിക്കുന്ന വനിതകൾക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വം ഉറപ്പ വരുത്തുക.
- സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് നിയമ സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ട് കുറ്റകൃത്യങ്ങളുടെ തോത് കുറയ്ക്കുക.
- രോഗങ്ങളാലും, മറ്റ് സാമൂഹ്യ കാരണങ്ങളാലും പൊതുയിടങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെടുന്ന സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും പുനരധിവാസം ഉറപ്പുവരുത്തുക.
- ഈ വിഭാഗം സ്ത്രീകളുടെ ശേഷിയും ആത്മവിശ്വാസവും സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും പരിപോഷിപ്പിച്ച് വികസന പ്രക്രിയയിലൂടെ മുൻനിരയിലേക്ക് കൊണ്ടുവരിക.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1. തദ്ദേശ സ്വയംഭരണ പ്രദേശത്ത് റെസ്ക്യൂ ഗ്രൂപ്പുകൾ രൂപീകരിക്കുക. (സൈക്കോസോഷ്യൽ വർക്കർ, അങ്കണവാടി വർക്കർ,വോളന്ററി വർക്കർ തുടങ്ങിയവർ അടങ്ങുന്ന ഗ്രൂപ്പ്)
2. കിടപ്പ രോഗികളായവർക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്നു വിതരണം, ആവശ്യമായവർക്ക് പോഷകാഹാരം എന്നിവ ലഭ്യമാക്കുക.
3. അതിക്രമങ്ങളും, ചൂക്ഷണവും നേരിടുന്ന ഈ വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്ക് നിയമ സംവിധാനം കാര്യക്ഷമമാക്കുക.
4. താത്ക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ വരുത്തുക.
5. ശാരീരിക മാനസിക ആരോഗ്യം, ശുചിത്വം എന്നിവ ലക്ഷ്യമിട്ട് ആരോഗ്യവകുപ്പുമായി സംയോജിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽകരണ പരിപാടി സംഘടിപ്പിക്കുക.
6. പഞ്ചായത്ത് തലത്തിൽ ക്ലേശം അനുഭവിക്കുന്ന വനിതകളുടെ വിവരശേഖരണം നടത്തുക.
7. നിലവിലുള്ള സർക്കാർ പദ്ധതികളുടേയും നിയമങ്ങളുടേയും പ്രയോജനം ഈ വിഭാഗത്തിലെ സ്ത്രീകൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.
8. അതിക്രമങ്ങളും ചൂഷണവും നേരിടുന്ന സ്ത്രീകൾക്ക് പ്രാദേശികതല സ്ഥിരം സംവിധാനം ശക്തിപ്പെടുത്തുക.
9. മദ്യം, മയക്കു മരുന്ന് മറ്റ് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, വ്യാപനം തടയുക.
10. തൊഴിൽ ഇടങ്ങളിലെ ലൈഗീംകപീഡനം തടയുന്നതിന് നിർദ്ദേശിയ്ക്കുന്ന പരാതിപരിഹാര സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുക.
11. പെൺ ഭ്രൂണഹത്യ ഇല്ലാതാക്കുക.
12. നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുക.

പ്രോജക്ട് നിർദ്ദേശങ്ങൾ

1. സാമൂഹ്യസുരക്ഷ ആവശ്യമായ എല്ലാവർക്കും ആരോഗ്യവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുക.
2. അനാഥരായ കുട്ടികൾക്ക് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സ്വന്തം വീടുകളിൽതന്നെ തുടർന്നും പഠനം നടത്തുവാൻ പഞ്ചായത്ത്തലത്തിൽ ധനസഹായം ലഭ്യമാക്കുക.
3. എച്ച്.ഐ.വ് രോഗികളുടേയും കുടുംബത്തിന്റെയും സംരക്ഷണം ഉറപ്പാക്കുന്നതിനായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി സംയോജിച്ച് കൗമാരപ്രായക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസം സ്കൂൾ തലം മുതൽ നൽകുക.
4. എയ്ഡ്സ് രോഗികളുടെ വർദ്ധനവ് തടയുന്നതിനായി വിവാഹത്തിനു മുമ്പ് എച്ച്.ഐ.വി ടെസ്റ്റ് നിർബന്ധമാക്കുന്നതിനും ഗർഭ ആരംഭത്തിൽതന്നെ എച്ച്.ഐ.വി. ടെസ്റ്റ് കർശനമാക്കുന്നതിനും, എയ്ഡ്സ് ആയ ആൾക്കാരിൽനിന്നും മറ്റുള്ളവരിലേക്ക് പകരുന്നത് തടയുന്നതിനും പോഷകാഹാര വിതരണം, അനുബന്ധ രോഗങ്ങളുടെ ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
5. ഗുരുതര രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുവാനും അതിനെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും മുഴുവൻ ചികിത്സാ ചെലവുകളും വരുമാന പരിധി കണക്കാക്കാതെ പൂർണ്ണമായി നൽകുകയും ചെയ്യുക.
6. അഗതികളുടെ പൂർണ്ണ പുനരധിവാസം, സൗജന്യം ചികിത്സ, പ്രായ പരിധിയില്ലാതെ സാമ്പത്തിക സഹായം എന്നിവ ഉറപ്പ വരുത്തുക.
7. പൊതു ഇടങ്ങൾ യാചക രഹിതമാക്കുക. പുനരധിവാസ കേന്ദ്രങ്ങളിൽ കഴിയുന്നവർക്കും, കുടുംബമുള്ളവർക്കും അതാത് പഞ്ചായത്ത് പാർപ്പിടം ഒരുക്കുക.
8. ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.
9. കിടപ്പുരോഗികൾക്ക് മുഴുവൻ സമയ പരിചരണവും സംരക്ഷണവും ഉറപ്പ വരുത്തുന്നതിനായി പി.എച്ച്.സി. തലത്തിൽ ഒരു മാസാന്തര പരിശോധന നടത്തുകയും, കിടപ്പുരോഗികൾക്കും പരിചാരകർക്കും വൈകാരിക പിന്തുണ നൽകുകയും ചെയ്യുക. രോഗികൾക്ക് പെൻഷൻ, രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം എന്നിവ ഉറപ്പുവരുത്തുക.
10. വിവാഹ മോചിതരായ സ്ത്രീകൾ/വിധവകൾ/ അവിവാഹിതരായ അമ്മമാർ/ ഉപേക്ഷിച്ചവർ തുടങ്ങിയ കാരണങ്ങളിൽ കുടുംബം പോറ്റുന്ന സ്ത്രീകൾക്ക് തൊഴിൽ സുരക്ഷ.
11. എല്ലാ വിധത്തിലുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനുള്ള സ്ഥിര സംവിധാനം ശക്തിപ്പെടുത്തുക.

നൂതന പ്രോജക്ട് ആശയങ്ങൾ

1. ക്ലേശമനുഭവിക്കുന്ന സ്ത്രീകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുക.
2. കുടുംബശ്രീ, വനിതാവികസന കോർപ്പറേഷൻ, കേന്ദ്ര സാമൂഹ്യക്ഷേമബോർഡ് തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
3. പട്ടികജാതി പട്ടികവർഗ്ഗവകുപ്പുമായി സഹകരിച്ച് റെസിഡൻഷ്യൽ വിദ്യാഭ്യാസം, സ്കോളർഷിപ്പ്, അതിക്രമത്തിൽ ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം എന്നിവ പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുക.
4. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് വാർഡ്/പഞ്ചായത്ത്തല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തിയും ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹകരണത്തോടെ അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള പദ്ധതികൾ പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്യുക.

++

ഭാഗം - 2

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം 5

2017-18 ൽ നടപ്പിലാക്കുന്ന വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനവും അവ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും

നീർത്തടാധിഷ്ഠിത വികസനം

A. കൃഷി

ക്രമ നം	പദ്ധതികൾ	വകയിരുത്തിയിരിക്കുന്നതുക (ലക്ഷത്തിൽ)		
		കേന്ദ്രം	സംസ്ഥാനം	ആകെ
I	നെൽ കൃഷി വികസനം	0	232.22	232.22
II	പച്ചക്കറി കൃഷി വികസനം	0	455.10	455.10
III	നാളീകേര വികസനം	0	189.58	189.58
IV	വിള ആരോഗ്യ പരിപാലനം	0	80.72	80.72
V	ജൈവകൃഷിയും സുരക്ഷിത ഭക്ഷ്യഉത്പാദനവും	0	30.25	30.25
VI	ഉത്പാദനോപാധികളും സേവന സംവിധാനവും-ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും	0	66.72	66.72
VII	ലബോറട്ടറികളുടെ ആധുനീകരണം	0	0.1	0.1
VIII	കാർഷിക വിജ്ഞാന വ്യാപനവും വാർത്താ വിനിമയവും	0	281.91	281.91
IX	കാർഷിക സേവനകേന്ദ്രങ്ങളും സേവന സംവിധാനവും റീജിയണൽ ഫാം ഫസിലിറ്റേഷൻ സെന്ററുകളും	0	67.3	67.3
X	വിപണി വികസനം ശക്തിപ്പെടുത്തൽ	0	123.92	123.92
XI	പയറുവർഗ്ഗ-കിഴങ്ങു വർഗ്ഗ വികസനം	0	14	14
XII	കാർഷിക യന്ത്രവൽക്കരണം	15.3	10.2	25.5
XIII	നാഷണൽബയോഗ്യാസ് & മനുവർ മാനേജ് മെന്റ്	15.314	0	15.31
XIV	ആത്മ പദ്ധതികൾ	182.85		182.85
XV	ഹോർട്ടിക്കൾച്ചർ വിളകൾ			0
1	സ്റ്റേറ്റ്ഹോർട്ടിക്കൾച്ചറൽ മിഷൻ	139.95		139.95
2	ആർ.കെ.വി.വൈ	13.2		13.2
3	ഹൈടെക്	16.62		16.62
4	സൂക്ഷ്മ ജല സേചനം	12.99		12.99
	ആകെ	**396.22**	**1552.02**	**1948.24**

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. പല സബ്സിഡികളും കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല
2. വീട്ടുവളപ്പിലെ കൃഷിക്കും കൃഷിഭൂമി കുറഞ്ഞവർക്കുമായി ആവശ്യമായ പദ്ധതികൾ ഇല്ല.
3. സാമ്പത്തിക വർഷാരംഭത്തിൽ പദ്ധതികൾ പ്രഖ്യാപിക്കുന്നില്ല.
4. ഉല്പന്നങ്ങൾക്ക് സംഭരണവും താങ്ങുവിലയും പ്രഖ്യാപിക്കുന്നില്ല
5. കിഴങ്ങു വർഗ്ഗ വിളകൾക്കും കശുമാവ് കൃഷിക്കും പദ്ധതികൾ ഇല്ല
6. തെങ്ങുകൃഷിക്ക് പരിമിതമായ പദ്ധതികൾ മാത്രം
7. ചെറുകിട യന്ത്രവല്ക്കരണത്തിൽ മതിയായ പ്രാധാന്യം നല്കുന്നില്ല.
8. ഉല്പാദനത്തെ അടിസ്ഥാനപ്പെടുത്തി സബ്സിഡി നല്കുന്ന സംവിധാനത്തിലേക്ക് മാറണം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. കേന്ദ്രത്തിന്റെ പദ്ധതി നിബന്ധനകൾ സംസ്ഥാന സാഹചര്യത്തിൽ അനുയോജ്യമല്ല.
2. യഥാസമയം പദ്ധതികൾ പ്രഖ്യാപിക്കപ്പെടുന്നില്ല.
3. സബ്സിഡികൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല.

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പദ്ധതികൾക്കുള്ള കുറഞ്ഞസ്ഥലപരിധി ജില്ലയുടെ പ്രതിശീർഷ കാർഷിക ഭൂമി ലഭ്യതക്കനുസൃതമായി പുനർ നിർണ്ണയിക്കുന്നത് കൂടുതൽ കർഷകരിലേക്കെത്താൻ സഹായിക്കും.
2. സബ്സിഡി തുക കാലാനുസൃതമായി പരിഷ്കരിക്കുന്നത് പരിഗണിയ്ക്കേണ്ടതാണ്.
3. മണ്ണ് പരിപാലനം, വിള ആരോഗ്യപരിപാലനം, വിപണനം, മൂല്യവർദ്ധന, പങ്കാളിത്ത ഗവേഷണം എന്നിവ സംയോജിപ്പിച്ച് ബ്ലോക്കുതലത്തിൽ ഒരു ടീമിനെ വിന്യസിച്ചാൽ സാങ്കേതിക വിദ്യ കൈമാറ്റം കൂടുതൽ വേഗത്തിലാക്കാൻ സഹായിക്കും
4. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള കേന്ദ്രഫണ്ട് അപര്യാപ്തമായതിനാൽ അതിനെ സപ്പോർട്ട് ചെയ്യുന്ന മറ്റൊരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് കൂടുതൽ കർഷകരിലേക്കെത്തിക്കാൻ കഴിയണം.
5. പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന എത്രയും വേഗത്തിൽ ഫണ്ട് ലഭ്യമാക്കണം
6. സംസ്ഥാനാവിഷ്കൃത പദ്ധതികൾ കൂടുതൽ വിളകളിലേക്കും മേഖലകളിലേക്കും രൂപകല്പന ചെയ്യണം.
7. നെൽ കൃഷിയുടെ നിലമൊരുക്കലും നടീലും കൊയ്ത്തും - തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൃഷി ലാഭകരമാക്കണം
8. കേന്ദ്രാവിഷ്കൃത പദ്ധതികൾ ലൊക്കേഷൻ സ്പെസിഫിക്കായി സംസ്ഥാനത്തിനനു യോജ്യമായ രീതിയിൽ രൂപകല്പന ചെയ്യണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന നീർത്തട പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ. നം.	നീർത്തടം	വിസ്തീർണ്ണം (ഹെക്ടർ)	അടങ്കൽ തുക (ലക്ഷം രൂപ)	പഞ്ചായത്ത്	നിലവിലെ സ്ഥിതി
1	മാലയിൽ പരുത്തിയറ	350	108	വെളിയം	നടപ്പ് പദ്ധതി
2	മരുതമൺപള്ളി	460	112	പൂയപ്പള്ളി, വെളിനല്ലൂർ	നടപ്പ് പദ്ധതി
3	നെട്ടയം ആർച്ചൽ	398	99.5	അഞ്ചൽ, ഏരൂർ	നടപ്പ് പദ്ധതി
4	ഭജനമഠം	1400	225	കുമ്മിൾ, ചിതറ, പാങ്ങോട്	നടപ്പ് പദ്ധതി

5	പാമ്പുറം	500	150	കല്ലുവാതുക്കൽ	നടപ്പ് പദ്ധതി
6	ആനക്കുഴി ചാമുണ്ഡിമൂല തോട്	78	65	കുണ്ടറ	നടപ്പ് പദ്ധതി
7	വെളിയം	585	200	പൂയപ്പള്ളി, വെളിനല്ലൂർ, വെളിയം	RIDF XXIII
8	മരക്കുളം	850	201	കല്ലുവാതുക്കൽ, ചാത്തന്നൂർ	RIDF XXIII
9	ഒറ്റക്കൽ	1060	180	തെന്മല	RIDF XXIII
10	വട്ടമൺകാവ്	510	112	എഴുകോൺ	RIDF XXIII
11	പുലമൺതോട്	3430	563	കൊട്ടാരക്കര, കുളക്കട, മൈലം,നെടുവത്തൂർ, തലവൂർ,മേലില, വെട്ടിക്കവല	RIDF XXIII
12	ആറാട്ട്കടവ്	330	78	ഇളമാട്	നടപ്പ് പദ്ധതി
13	തുറവൂർ ചുങ്കത്തറ	400	100	വെളിയം, ഉമ്മന്നൂർ	നടപ്പ് പദ്ധതി
14	മാവറതോട്	226	49	ഉമ്മന്നൂർ	നടപ്പ് പദ്ധതി
15	വെങ്കുളം ഏലാതോട്	75	100	പോരുവഴി	RIDF
16	പെരുമ്പ പരിങ്ങം	550	125	ഉമ്മന്നൂർ	RIDF
17	കുഴിതടം	450	150	വെളിനല്ലൂർ	RIDF
18	കാക്കോട്	950	230	ചടയമംഗലം	RIDF
19.	ത്രാങ്ങോട്	600	90	ഇട്ടിവ	RIDF
20	കടവറതോട്	1450	250	അലയമൺ	RIDF
21	മീൻമുട്ടി	1100	300	കുമ്മിൾ, ചിതറ	RIDF
22	കല്ലണ	800	210	ചടയമംഗലം, നിലമേൽ	RIDF
23	വട്ടപ്പട	400	200	തെന്മല, പുനലൂർ	RIDF
24	ഉറുകുന്ന്	900	250	തെന്മല	RIDF
25	കമ്പംകോട്	367	34	ഉമ്മന്നൂർ	WGDP
26	പൊലിക്കോട്	122	24	ഉമ്മന്നൂർ	WGDP
27	PMKSY വാട്ടർഷെഡ് നെല്ലികുന്നം	1000	200	വെളിയം, നെടുവത്തൂർ, കൊട്ടാരക്കര	PMKSY Watershed
28	PMKSY കുളങ്ങളുടെ പുനരുദ്ധാരണം		500		PMKSY per crop more crop
			4905.5		

B. ചെറുകിട ജലസേചനം

പദ്ധതികൾ	അവലോകനം	പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
സംസ്ഥാന പദ്ധതികൾ • നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം • പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ • ചെറുകിട ജലസേചനം ക്ലാസ് I പദ്ധതികൾ (50 ഹെക്ടറിൽ കൂടുതൽ ആയ ക്കെട്ട് ഉള്ളവ) • ചെറുകിട ജലസേചനം ക്ലാസ് II പദ്ധതികൾ (50 ഹെക്ടറിൽ താഴെ ആയക്കെട്ട് ഉള്ളവ) • കുളങ്ങളുടേയും ചിറകളുടേയും നവീകരണ പദ്ധതികൾ. • നബാർഡ് സഹായത്തോടു കൂടിയുള്ള ക്ലാസ് I, ക്ലാസ് II പദ്ധതികൾ • ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണ പദ്ധതികൾ • പ്രോജക്ട് മെയിന്റനസ്സ്, ഫ്ളഡ് ഡാമേജ് പദ്ധതികൾ	• വിവിധ സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി ജില്ലയിൽ ലഭിക്കുന്ന ഫണ്ട് വളരെ കുറവാണ്. ഇതുമൂലം ജില്ലയിലെ കാർഷിക മേഖലയ്ക്ക് യോജിക്കുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ, നിലവിലുള്ള പദ്ധതികളുടെ തുടർപരിപാലനത്തിനോ സാധിക്കുന്നി ല്ല.വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലാത്തതു മൂലം കാർഷിക മേഖലക്ക് അനുയോജ്യമായ പദ്ധതി രൂപീകരണ ത്തിന് തടസം നേരിടുന്നു.2016-17 വർഷത്തിൽ വിവിധ സംസ്ഥാന പദ്ധതികളായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിന് 86 ലക്ഷം രൂപയും പ്രോജക്ട്മെയി ന്റനൻസ് വിഭാഗത്തിൽ 192 ലക്ഷം രൂപയും ഫ്ളഡ് ഡാമേജ് വിഭാഗത്തിൽ 103 ലക്ഷം രൂപയും മാത്രമാണ് ലഭിച്ചിട്ടുള്ളത്.	• **കീഴ്ത്തട്ട് നിദ്ദേശങ്ങൾ** • തദ്ദേശഭരണ സ്ഥാപങ്ങളുടെ വാർഷിക പദ്ധതിയിൽ കാർഷിക വികസനത്തിന് അത്യന്താപേക്ഷിതമായ ജലസേചന സൗകര്യം ഒരുക്കുന്നതിനും, ജലസ്രോതസ്സുകളുടെനവീകരണത്തിനുംകൂടുതൽ തുക വകയിരുത്തേണ്ടതാണ്. • തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ബഡ്ജറ്റും ലേബർ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ ജലസേചിത നിർമ്മിതികൾക്ക് മുൻഗണന നൽകേണ്ടതുംആസ്തി വികസനത്തിന് കൂടുതൽ തുക വകയിരുത്തേണ്ടതുമാണ്. അനുയോജ്യമായ പ്രവർത്തികൾ കണ്ടെത്തുന്നതിന് കൃഷി, ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെസേവനം തേടേണ്ടതാണ്. • ഓരോ വർഷവും സംസ്ഥാന പദ്ധതതിയിലുൾപ്പെടുത്തി നടപ്പിലാക്കേണ്ടവ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുൻഗണന നിശ്ചയിച്ച് അതത് വകുപ്പുകൾക്ക്നൽകുന്നത് ഉചിതമായിരിക്കും **മേൽത്തട്ട് നിദ്ദേശങ്ങൾ** • ഓരോ ജില്ലയിലെയും, കാർഷിക വിസ്തൃതി, ജലസേചിത വിസ്തൃതി എന്നിവക്കനു സരിച്ച് ഫണ്ട് ലഭ്യമാക്കുക. • സൃഷ്ടിക്കപ്പെട്ട ജലസേചിത ശേഷി പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിനായി ജലസേചന നിർമ്മിതികളുടെ തുടർ പരിപാലനത്തിന് മതിയായ ഫണ്ട് ലഭ്യമാക്കുക. • ജലസേചന പദ്ധതികളുടെ ആസൂത്രണത്തിനും, നിർവ്വഹണ ത്തിനും, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഗ്രാമ, ബ്ലോക്ക്,

		ജില്ലാ തലങ്ങളിൽ രൂപീകരിക്കുക.
കേന്ദ്ര പദ്ധതികൾ • റിപ്പയർ, റിനവേഷൻ ആന്റ് റിസ്റ്റോറേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് (RRR) • എ.ഐ.ബി.പി. • പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)	• ഉപരിതല ചെറുകിട ജലസേചന പദ്ധതികളിൽ പ്രത്യേക വിഭാഗത്തിലുള്ള സംസ്ഥാനങ്ങൾ (ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ്, ഒറീസ്സയിലെ വരൾച്ച ബാധിത ജില്ലകൾ) ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ആദിവാസി മേഖലകൾ, മരുഭൂപ്രദേശങ്ങൾ, വരൾച്ച ബാധിത പ്രദേശങ്ങൾ, നക്സൽ ബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 50 ഹെക്ടറോളം ആയക്കട്ട് ലഭ്യമാകുന്ന പദ്ധതികൾ മാത്രമേ ഏറ്റെടുക്കാൻ സാധിക്കു കയുള്ളു.ഇത്തരത്തിലുള്ള ഭൂപ്രദേശങ്ങൾ ജില്ലയിലില്ല. • ആർ.ആർ.ആർ. പദ്ധതിയുടെ മാനദണ്ഡപ്രകാരം നഗരപ്രദേശത്തുള്ള ഒരു കുളം ഈ പദ്ധതി വഴി ഏറ്റെടുക്കണമെങ്കിൽ കുളത്തിന്റെ ഉപരിതല ജലവിസ്തീർണ്ണം 20000 ചതുരശ്ര മീറ്ററുംഗ്രാമപ്രദേശങ്ങളിൽ ഇത് 50000 ചതുരശ്ര മീറ്ററും വേണം. ജില്ലയിൽ വളരെ കുറച്ച് ജല സ്രോതസുകളെ ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുള്ളു. • പി.എം.കെ. എസ്. വൈ. പദ്ധതിയുടെ മാനദഡത്തിലും ജലസേചന വകുപ്പിന് അനുവദനീയമായ പ്രവൃത്തികളിൽ കൂടുതലും എ.ഐ.ബി. പി., ആർ.ആർ.ആർ. വിഭാഗത്തിലാണു ഉൾപ്പെടുത്തി യിരിക്കുന്നത്. മേൽ പദ്ധതികളുടെ മാനദഡങ്ങൾ ജില്ലയിലെ ഭൂപ്രകൃതിയുടെ സവിശേഷതമൂലം പാലിക്കപ്പെടാത്തതിനാൽ മതിയായ ഫണ്ട് ലഭ്യമാകുന്നില്ല.	**കീഴ്ത്തട്ട് നിദ്ദേശങ്ങൾ** • ആർ.ആർ.ആർ. പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിപ്പെടുന്ന തരത്തിലുള്ള ചിറ്റുമലചിറ, ആദച്ചനല്ലൂർ ചിറ, ശാസ്താംകോട്ട തടാകം തുടങ്ങിയ ജലസ്രോതസ്സുകൾ കണ്ടെത്തുകയും കേന്ദ്രജല കമ്മീഷൻ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഡി.പി.ആറുകൾ തയ്യാറാക്കി കേന്ദ്രസർക്കാർ അനുമതി നേടിയെടുക്കുക. **മേൽത്തട്ട് നിദ്ദേശങ്ങൾ** • പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി എത്രയും വേഗം നടപ്പിലാക്കുക. • കേരളത്തിന്റെഭൂപ്രകൃതിക്കനുസൃതമായി കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങളിലെ ഇളവിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുക. • കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുക.

മൃഗസംരക്ഷണം

C. മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ മേഖലക്ക് 2017-18 ൽ സംസ്ഥാന പദ്ധതികൾക്കുള്ള ആകെ വിഹിതമായി മാറ്റി വെച്ചിരിക്കുന്നത് 308.28 കോടി രൂപയാണ്. മൃഗപരിപാലന ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ നവീകരണം, രാത്രി കാലങ്ങളിലെ മൃഗചികിത്സാ വ്യാപനം, ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കന്നുകാലി ഇൻഷ്വറൻസ് മുതലായവയ്ക്കാണ് ഈ മേഖലയിൽ 2017-18 ൽ ഊന്നൽ നല്കുന്നത്.

കൊല്ലം ജില്ലയിൽ 2017-18 ൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവസരം സൃഷ്ടിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് തനത് മലബാറി ആടുകളുടെ വൻതോതിലുള്ള പ്രജനനവും പാലിന്റെയും ഇറച്ചിയുടേയും വർദ്ധനവും ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയാണ് ഇത്. ഒരു യൂണിറ്റിന് 50,000/- രൂപ ചെലവ് വരുന്ന പദ്ധതിയിൽ 25,000/- രൂപ സർക്കാർ വിഹിതമാണ്. അപ്രകാരം ജില്ലയിലെ 71 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 80 യൂണിറ്റ് നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റിന് 25,000/- രൂപ വച്ച് 80 യൂണിറ്റിന് 20,00,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഡക്ക് നഴ്സറി യൂണിറ്റ്

താറാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെയും മുട്ട, ഇറച്ചി എന്നിവയുടെ ലഭ്യത, കർഷകരുടെ വരുമാനം തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി ജില്ലയിലെ 30 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 300 യൂണിറ്റ് നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റിന് 2700/- രൂപ വച്ച് 300 യൂണിറ്റിന് 3,60,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

റൂറൽ ബാക്ക് യാർഡ് ഡെവലപ്മെന്റ് പ്രോജക്ട്

ജില്ലയിലെ 70 സർക്കാർ/സർക്കാർ എയ്ഡഡ് അപ്പർപ്രൈമറി സ്കൂൾ/ഹൈസ്കൂൾ ക്ലാസ്സുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46 മുതൽ 60 ദിവസം വരെ പ്രായമായ 5 മുട്ടക്കോഴി കുഞ്ഞുങ്ങളും തീറ്റയും വിതരണം ചെയ്യുന്ന പദ്ധതി. ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതി വിദ്യാർത്ഥികളിലൂടെ ഗ്രാമപ്രദേശങ്ങളിൽ വീട്ടുപരിസരത്ത് മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റിന് 36,250/- രൂപ വച്ച് 70 യൂണിറ്റിന് 25,37,500/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ബ്ലോക്ക് ലെവൽ അവയർനെസ്സ് പ്രോഗ്രാം

ബ്ലോക്ക് തലത്തിൽ കർഷകർക്ക് മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ശാസ്ത്രീയമായ രീതികളിൽ അവബോധം സൃഷ്ടിക്കുന്നതിനും മൃഗങ്ങളെ ബാധിക്കുന്ന സാംക്രമികരോഗങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം നൽകുന്നതിനും ക്ലാസുകൾ നടത്തുവാനായി ഓരോ സ്ഥാപനത്തിനും 14,000/- രൂപ വീതം ആകെ 1,26,000/- രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 9 സ്ഥാപനങ്ങൾ വഴി 18 പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

എസ്.സി പൗൾട്രി

പട്ടികജാതി വികസന വകുപ്പും മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന കോഴി വളർത്തൽ പദ്ധതിക്ക് 5,15,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ 25 മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി തെരഞ്ഞെടുക്കപ്പെട്ട 500 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൂടിനും കോഴിക്കുഞ്ഞുങ്ങൾക്കുമായി ധനസഹായമായി 1000 രൂപ വീതം നൽകുന്നു.

ആശുപത്രി വികസന സമിതി

ജില്ലയിലെ 82 മൃഗാശുപത്രികൾക്ക് 1500 രൂപ വച്ച് ആശുപത്രി വികസന സമിതി യോഗം കൂടുന്നതിന്റെ ചെലവുകൾക്കായി 1,23,000/- രൂപ അനുവദിച്ചിട്ടുണ്ട്.

സീറോ സർവ്വയലൻസ് & മോണിറ്ററിംഗ്

ഈ പദ്ധതി പ്രകാരം 6 സ്ഥാപനങ്ങൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് 4000/- രൂപ വച്ച് 24,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ

ശാസ്ത്രീയമായി ആടു വളർത്തലും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും പരിശീലനം നൽകുന്നതിന് ജില്ലയിലെ 2 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 2 യൂണിറ്റ് നടപ്പിലാക്കി വരുന്നു. ഒരു യൂണിറ്റിന് 1,05,000/- രൂപ വച്ച് 2 യൂണിറ്റിന് 2,10,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

മൃഗക്ഷേമ ക്ലബ്ബുകളും പ്രവർത്തനങ്ങളും സ്കൂളുകളിൽ

സ്കൂൾ കുട്ടികളിൽ മൃഗങ്ങളോടുള്ള സ്നേഹവും ധനാഗമമാർഗ്ഗത്തിന് ഇവയെ പരിപാലിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്ന പദ്ധതി. ജില്ലയിലെ 4 പഞ്ചായത്തുകളിലെ 4 സ്കൂളുകൾ മുഖേന നടപ്പിലാക്കുന്നതിനായി ഒരു യൂണിറ്റിന് 50,000/- രൂപ വച്ച് 4 യൂണിറ്റിന് 2,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് 10,000/- രൂപ വച്ച് സമ്മാനം നൽകുന്നതാണ്.

മാതൃകാ പഞ്ചായത്ത്

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് വഴി മൃഗസംരക്ഷണ വകുപ്പ് 5,00,000 രൂപ ചെലവഴിച്ച് നടപ്പിലാക്കി വരുന്ന പദ്ധതി

താലൂക്കുതല എന്റർപ്രണർ മീറ്റ്

ജില്ലയിലെ 2 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 2 യൂണിറ്റ് നടപ്പിലാക്കുന്നതിനായി ഒരു യൂണിറ്റിന് 50,000/- രൂപ വച്ച് 2 യൂണിറ്റിന് 1,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

കേജ് സിസ്റ്റം ഓഫ് റെയറിംഗ് ബേർഡ്സ്

ജില്ലയിലെ കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയയിലെ 9 മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന 100 യൂണിറ്റ് നടപ്പിലാക്കാനായി 5,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 5,000/- രൂപ വച്ച് 100 യൂണിറ്റ് നടപ്പിലാക്കുന്നതിനാണ് ടി തുക അനുവദിച്ചിട്ടുള്ളത്

ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശാക്തീകരണം

മൃഗസംരക്ഷണ വകുപ്പ് ഫാമുകളുടെ ശാക്തീകരണത്തിനായി ജില്ലയിലെ കുരിയോട്ടുമല ബഫലോ ഫാം, കുരീപ്പുഴ ടർക്കി ഫാം എന്നിവ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 28,80,000/- രൂപ അനുവദിച്ചിട്ടുണ്ട്.

മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ്

ജില്ലാ വെറ്ററിനറി കേന്ദ്രത്തിനോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിൽ 2 ഷിഫ്റ്റുകളിലായി 2 വെറ്ററിനറി സർജൻ, 2 ഡ്രൈവർ, 2 അറ്റന്റന്റ്-കം-ആനിമൽ ഹാൻഡലർ, ഒരു എക്സ്-റേ ടെക്നീഷ്യൻ എന്നിവരെ 179 ദിവസത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

രാത്രി കാലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ പദ്ധതി

ടി പദ്ധതി പ്രകാരം രാത്രികാലങ്ങളിൽ (വൈകുന്നേരം 6 മുതൽ രാവിലെ 6 വരെ) വീട്ടുപടിക്കൽ മൃഗ ചികിൽസ ലഭ്യമാക്കുന്നതിന് കൊല്ലം ജില്ലയിൽ കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം, അഞ്ചൽ, ഇത്തിക്കര ബ്ലോക്കുകളിലും കൊല്ലം കോർപ്പറേഷനിലും ഓരോ വെറ്ററിനറി സർജനെയും അറ്റൻഡന്റിനെയും കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

കറവയന്ത്രം സ്ഥാപിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതി

അഞ്ചിൽ കൂടുതൽ കറവ പശുക്കളുള്ള ഫാമുടമകൾക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിന് 25,000/- രൂപ വീതം സർക്കാർ സബ്സിഡി നൽകി നടപ്പിലാക്കുന്ന ടി പദ്ധതി വഴി 10 കർഷകർക്ക് 25,000/- രൂപ വച്ച് 2,50,000/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

മന്ത് ലി ടെക്നോളജി അഡ്വൈസ്-എസ്.ആർ.ഇ.പി

ജില്ലയിലെ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2 മാസം കൂടുമ്പോൾ പ്രസിദ്ധീ കരിക്കുന്ന പദ്ധതി. ഇതിനായി ആത്മ നൽകുന്ന ഫണ്ട് കൂടാതെ വകുപ്പിൽ നിന്നും 25,000 രൂപ പദ്ധതിക്കായി ചെലവഴിക്കുന്നു

പ്രത്യേക കേന്ദ്ര സഹായ പദ്ധതി - എസ്.സി.എ - ടി.എസ്.പി

കൊല്ലം ജില്ലയിലെ പട്ടിക വർഗ്ഗക്കാരുടെ വിവിധ ആവശ്യങ്ങൾ നടപ്പിലാക്കാനായി കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ വില്ലുമല, തെന്മല ഗ്രാപഞ്ചായത്തിലെ മാമ്പഴത്തറ എന്നീ പട്ടിക വർഗ്ഗ കോളനികളിലെ 5 കുടുംബങ്ങൾക്ക് പശുവളർത്തൽ, 5 പട്ടിക വർഗ്ഗ വനിതകൾക്ക് ആടു വളർത്തൽ, 30 വനിതകൾക്ക് ഷെഡ് ഉൾപ്പെടെ കോഴി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 9,04,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി, വെറ്ററിനറി ഹോസ്പിറ്റൽ, കുളത്തൂപ്പുഴ, വെറ്ററിനറി ഡിസ്പെൻസറി തെന്മല എന്നീ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

വളർത്തുമൃഗങ്ങളിൽ നിന്നുള്ള ജൈവ മാലിന്യങ്ങളെ വളമാക്കി മാറ്റുന്നത്

ജൈവ മാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിന് മേൽക്കൂരയോട് കൂടിയ ചാണകക്കുഴികൾ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റിന് 12,500/- രൂപ വീതം ആകെ 3,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ 25 സ്ഥാപനങ്ങൾ വഴി 30 യൂണിറ്റുകൾ നിർമ്മിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

വന്ധ്യതാപരിശോധനാ ക്യാമ്പുകളുടെ വിവരങ്ങൾ

സങ്കരയിനം കന്നുകാലികളുടെ ഉൽപ്പാദനം ലക്ഷ്യമാക്കിക്കൊണ്ട് വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 20 സ്ഥാപനങ്ങളിൽ ഓരോ ക്യാമ്പ് വീതം സംഘടിപ്പിക്കുന്നതിന് 10,000/- രൂപ വച്ച് ആകെ 2,00,000/- രൂപ 2017-18 വർഷം അനുവദിച്ചത് ജില്ലയിലെ വിവിധ സ്ഥാപനങ്ങൾക്ക് നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ സ്ഥാപനങ്ങൾക്കും പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക ഹോർമോണുകൾ, ആൻറീബയോട്ടിക്കുകൾ, വൈറ്റമിൻ, മിനറൽ മിക്സ്ച്ചർ എന്നിവ വാങ്ങുന്നതിനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷനും മറ്റും ഉപയോഗിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പ് വഴി മുൻ വർഷങ്ങളിൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	വർഷം	തുക (ലക്ഷം രൂപ)
1	2013 - 14	676.15
2	2014 - 15	282.13
3	2015 - 16	99.48
4	2016 - 17	146.50
	ആകെ	1204.24

D. ക്ഷീര വികസന വകുപ്പ്

ക്ഷീര വികസന മേഖലക്കായി 2017-18 വർഷത്തിൽ 97.75 കോടി രൂപ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു. ഈ മേഖലയിൽ 5 സ്കീമുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ സംഭരണത്തിനുള്ള അടിസ്ഥാന സൗകര്യ മൊരുക്കുന്നതിനായി 3051 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മിൽക് ഷെഡ് വികസന പദ്ധതിക്കായി 4804 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡിക്കായി 1400 ലക്ഷം രൂപയും ഈ മേഖലയിൽ വകയിരുത്തിയിരിക്കുന്നു.

ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവീസുകളും

അനിശ്ചിതാവസ്ഥയും പ്രകൃതിക്ഷോഭവും മറ്റും ഉണ്ടാകുന്ന അവസരങ്ങളിൽ വ്യക്തിപരമായ ബന്ധത്തിലൂടെ സാങ്കേതിക വിദ്യയുടെ കൈമാറ്റം കർഷകരിലേക്ക് നേരിട്ട് നടത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷക സമ്പർക്ക

പരിപാടികൾ, ബ്ലോക്ക് ക്ഷീര സംഗമങ്ങൾ, ജില്ലാ ക്ഷീര സംഗമങ്ങൾ, സംസ്ഥാന ക്ഷീര സംഗമം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും,കൂടുതൽ കർഷകരെ ക്ഷീര സഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനികവത്കരിക്കുകയും ചെയ്യുക മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യം. ക്ഷീരസംഘങ്ങളുടെ ആധുനികവത്കരണം. ബിൽ കളക്ഷൻ റൂം, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ആവശ്യാധിഷ്ഠിത ധനസഹായം, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ്സ് ആക്ട് ധനസഹായം തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മിൽക് ഷെഡും ഫോഡർ വികസനവും

ക്ഷീരോത്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടു വരിക, സങ്കരയിനം കന്നുകാലികളുടെ ഉത്പാദന ക്ഷമത നിലനിർത്തുക, കർഷകരിൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ അവലംബിക്കുന്നതിൽ അവബോധം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പ്രധാന ഉപജീവന മാർഗ്ഗമായി ക്ഷീര മേഖലയെ സമീപിക്കുന്നവർക്ക് സാങ്കേതിക വിദ്യയിലൂടെ പാലുത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക, വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോത്പാദനം പ്രോത്സാഹിപ്പിക്കുക എന്നിവ പദ്ധതി വഴി ലക്ഷ്യമിടുന്നു.

ക്ഷീരമേഖലയിലെ ഉത്പാദനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദന ചെലവ് വളരെ കൂടുതലാണ്. ആയതിനാൽ ചെലവ് കുറക്കുന്നതിനായി തദ്ദേശീയമായി ലഭ്യമായ തീറ്റ സാമഗ്രികൾ ഉൾപ്പെടുത്തിയുള്ള തീറ്റ നിർമ്മാണരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വർഷം മുഴുവനും ലഭ്യമാകുന്ന രീതിയിൽ തീറ്റപ്പുൽ കൃഷിയും തരിശു നിലങ്ങളിലെ തീറ്റപ്പുല്ല് ഉത്പാദനവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

തീറ്റപ്പുൽ കൃഷി വ്യാപനം, ധന സഹായത്തോടു കൂടിയും ധനസഹായമില്ലാതെയും തീറ്റപ്പുൽകൃഷി തോട്ടം നിർമ്മിക്കുന്നതിനുള്ള സഹായം, അസോള വ്യാപനം, തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി, ഫോഡർ കം അസോള നഴ്സറി, ഹൈഡ്രോപോണിക്സ്, ഇറിഗേഷൻ അസിസ്റ്ററൻസ് തുടങ്ങിയവയ്ക്ക് ധനസഹായം അനുവദിക്കുന്നു. കൂടാതെ ഡയറി യൂണിറ്റുകൾ, കിടാരി യൂണിറ്റുകൾ, മിൽക്കിങ് മെഷീൻ, ആവശ്യാധിഷ്ഠിത ധനസഹായം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കാലിത്തീറ്റ സബ്സിഡി

പാലുത്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസംഘങ്ങളുടെ കീഴിൽ കൊണ്ടു വരിക, ക്ഷീരോത്പാദന മേഖലയുടെ ലാഭക്ഷമത വർദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും യുവസംരംഭകരെ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നു.

ഗുണ നിയന്ത്രണ ലാബുകളുടെ ശാക്തീകരണം.

ബൾക്ക് മിൽക്ക് ചില്ലിംഗ് സംവിധാനമുള്ള ക്ഷീര സംഘങ്ങൾക്ക് ലാബ് സജ്ജീകരണം, ആവശ്യാനുസൃത ധനസഹായം.

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പ്രൊഡക്ഷൻ ഇൻസന്റീവ്

പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ അളവിന് ആനുപാതികമായി സബ്സിഡി ലഭ്യമാക്കുന്നു.

ക്ഷീര വികസന വകുപ്പ് വഴി മുൻ വർഷങ്ങളിൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വർഷം	തുക (ലക്ഷം രൂപ)
1	2013 - 14	311.01
2	2014 - 15	370.70
3	2015 - 16	437.12
4	2016 - 17	1039.28
	ആകെ	**2158.11**

E. മത്സ്യവികസനം

മത്സ്യോല്പാദന രംഗത്ത് മത്സ്യകൃഷി മുഖ്യമായ പങ്ക് വഹിക്കുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായ ശുദ്ധജലാശയങ്ങളും ഓരു ജലാശയങ്ങളും വിവിധ മത്സ്യകൃഷി രീതികൾ അവലംബിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെകീഴിൽ മത്സ്യ കർഷക വികസന ഏജൻസി പ്രവർത്തിച്ചു വരുന്നു. സമൂഹത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഉപജീവന മാർഗ്ഗം ലഭ്യമാക്കുന്നതിനും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഫിഷറീസ് വകുപ്പിന് വിവിധ മത്സ്യകൃഷി പദ്ധതികളിലൂടെ സാദ്ധ്യമാക്കുന്നു. അനുയോജ്യമായ ശുദ്ധജലാശയങ്ങളും ഓരുജലാശയങ്ങളും സ്വകാര്യ കുളങ്ങളും പഞ്ചായത്തു കുളങ്ങളും ഉൾപ്പെടുത്തി 570 ഹെക്ടർ വിസ്തൃതിയിൽ മത്സ്യകൃഷി നടപ്പാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഫിഷറീസ് വകുപ്പ് 2008-11 കാലയളവിൽ മത്സ്യ കേരളം പദ്ധതിയും 2010-12 കരിമീന് വർഷവും, 2012-15 കാലയളവിൽ മത്സ്യ സമൃദ്ധി ഒന്നാം ഘട്ടം, 2015-17 കാലയളവിൽ മത്സ്യ സമൃദ്ധി രണ്ടാം ഘട്ടം പദ്ധതിയും ജില്ലയിൽ നടപ്പിലാക്കിയിരുന്നു. 2017-18 വർഷം ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കി വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലയിൽ നടപ്പിലാക്കി വരുന്ന മത്സ്യകൃഷി പദ്ധതികളുടെ വിശദ വിവരങ്ങൾ

ക്രമ നം	പദ്ധതികൾ	വിവരങ്ങൾ	ശുദ്ധജല മത്സ്യകൃഷി	ഓരുജലമത്സ്യ കൃഷി	കുളങ്ങളിലെ കരിമീൻ കൃഷി	ടാങ്കുകളിലെ മത്സ്യകൃഷി (യൂണിറ്റ്)	അടുക്കളകുളം (യൂണിറ്റ്)	കരിമീൻ കൂടുകൃഷി (യൂണിറ്റ്)	ചിപ്പികൃഷി (യൂണിറ്റ്)	ഞണ്ട് കൃഷി (യൂണിറ്റ്)
1	മത്സ്യ കേരളം പദ്ധതി-2010-12 & മത്സ്യ കേരളം	വിസ്തൃതി (ഹെക്ടർ) ഓരു ജല മത്സ്യകൃഷി	235.04	217	5	5	270	5		
		കർഷകരുടെ എണ്ണം	1282	255		11		39		
		വിളവെടുത്ത മത്സ്യം/ ചെമ്മീൻ (ടൺ)	600	213						
2	മത്സ്യ സമൃദ്ധി കാം ഘട്ടം	വിസ്തൃതി (ഹെക്ടർ)	330.4	165	3		100	30	100	2
		കർഷകരുടെ എണ്ണം	1790	148	125		100	125	102	2

	(2012 - 13)	വിളവെടുത്ത മത്സ്യം/ ചെമ്മീൻ (ടൺ)	700	150						

നൂതന മത്സ്യകൃഷി പ്രദർശന ഫാം 2016-17 പദ്ധതി

ക്രമ നമ്പർ	ഘടക പദ്ധതി	വിസ്തൃതി (ഹെക്ടർ)	കർഷകരുടെ എണ്ണം
1	പോളി കൾച്ചർ ഓഫ് ബ്രാക്കിഷ് വാട്ടർ ഫിഷ് ഇൻ പോണ്ട്.	10 ഹെ:	10
2	കേജ് ഫാമിങ് ഇൻ ബ്രാക്കിഷ് വാട്ടർ	5 യൂണിറ്റ്	15
3	സ്പെസിഫിക്ക് പത്തോജൻ ഫ്രീ ടൈഗർ ഷ്രിംപ് ഇൻ പോണ്ട്.	300 സെന്റ്	2
4	മോണോകൾച്ചർ ഓഫ് എയർ ബ്രീത്തിങ്ങ് ഫിഷ് ഇൻ പോണ്ട്.	1 ഹെ:	1
5	വൈറ്റ് ഷ്രിംപ് ഫാമിങ് ഇൻ പോണ്ട്	75 സെന്റ്	1
6	റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം.	1 യൂണിറ്റ്	1

സെൻട്രലി സ്പോൺസേഡ് സ്കീം 16-17 (നീല വിപ്ലവം)

ക്രമ നമ്പർ	ഘടക പദ്ധതി	വിസ്തൃതി (ഹെക്ടർ)	കർഷകരുടെ എണ്ണം
1	കേജ് ഫാമിങ് ഇൻ ബ്രാക്കിഷ് വാട്ടർ	40 യൂണിറ്റ്	125
2	ഓരുജല കുളങ്ങളുടെ നിർമ്മാണം	2 ഹെക്ടർ	4
3	ഓരുജല കുളങ്ങളുടെ നവീകരണം	10.04 ഹെക്ടർ	13 കർഷകർ

മേൽ പദ്ധതികൾ പരിശോധിക്കുമ്പോൾ 2010-12 കാലയളവയിൽ 235 ഹെക്ടർ ശുദ്ധ ജലാശയത്തിൽ നിന്നും 600 ടൺ മത്സ്യം ഉല്പാദിപ്പിച്ചിരുന്നതിൽ നിന്നും 2016-17 വർഷത്തിൽ 500 ഹെക്ടർ ശുദ്ധ ജലാശയത്തിൽ നിന്നും 1551 മെട്രിക്ക് ടൺ ശുദ്ധ ജല മത്സ്യങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകൃഷി വൈവിധ്യവൽക്കരണത്തിലൂടെ 75.588 മെട്രിക്ക്ടൺ ചെമ്മീനും 148.362 മെട്രിക്ക് ടൺ ചിപ്പിയും 2.837 മെട്രിക് ടൺ ഞണ്ടും 14.75 മെട്രിക് ടൺ കരിമീനും ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ ചെമ്മീൻ കൃഷിയിലൂടെയുള്ള ഉല്പാദനം താരതമ്യേന കുറയുന്നതായി കാണുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ജില്ലയിലെ ചെമ്മീൻ ഗ്രാമം എന്നറിയിപ്പെട്ടിരുന്ന മൺട്രോതുരുത്ത് പഞ്ചായത്തിന്റെ പാരിതിസ്ഥിക പ്രശ്നങ്ങളാൽ ചെമ്മീൻ കൃഷി ചെയ്യുവാൻ കഴിയാത്ത സാഹചര്യം കർഷകരിൽ നിലനിൽക്കുന്നു. ഇതിനുപ്രതിവിധിയായി മൺട്രോതുരുത്ത് വികസനപദ്ധതിയുടെ ഭാഗമായി 100 ഹെക്ടർ ചെമ്മീൻ കുളം ശാസ്ത്രീയമായി ഒരുക്കി കൃഷി ചെയ്യുന്നതിന് അനുയോജ്യമാക്കുന്നതിനുള്ള പദ്ധതിയും കണ്ടൽവനവൽക്കരണ പദ്ധതിയും പ്ലാനിംഗ് വകുപ്പിലേക്ക് നൽകിയിട്ടുണ്ട്.

മത്സ്യകൃഷി വൈവിധ്യവൽക്കരണത്തിലൂടെ കരിമീൻ കൃഷിക്കായി കൂടുകളിൽ ഓരു ജല മത്സ്യ കൃഷി പദ്ധതിയിൽ 65 യൂണിറ്റുകളിലായി 650 കൂടുകളും നൂതന മത്സ്യകൃഷി, നീല വിപ്ലവം എന്നീ പദ്ധതികളിലായി കരിമീൻ, കാളാഞ്ചി എന്നീ മത്സ്യങ്ങൾ 45 യൂണിറ്റുകളിലായി 450 കൂടുകളും അഷ്ടമുടി, പരവൂർ, കായംകുളം എന്നി കായലുകളിലെ വിവിധ ഭാഗങ്ങളിലായി നടപ്പാക്കുന്നു. കൂടാതെ ജില്ലയിൽ 2016-17 വർഷത്തിൽ മത്സ്യ സമൃദ്ധി

കക പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, ചിപ്പികൃഷി, ഞണ്ട് കൊഴുപ്പിക്കൽ, കൂടുകളിൽ കരിമീൻ കൃഷി, പടുതാകുളം, അടുക്കള കുളം, സംയോജിത മത്സ്യ കൃഷി പ്രദർശന മത്സ്യ കുളം എന്നീ ഘടക പദ്ധതികളും നൂതന മത്സ്യകൃഷിയിലുൾപ്പെടുത്തി ഓരു ജല സമ്മിശ്ര മത്സ്യകൃഷി, ശാസ്ത്രീയമായ രീതിയിലുള്ള ചെമ്മീൻ കൃഷി(നാരൻ, കാര), അന്തരീക്ഷ വായു കൂടി ശ്വസിക്കാൻ സാധിക്കുന്ന മത്സ്യങ്ങളുടെ കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ പദ്ധതികളും നീല വിപ്ലവം പദ്ധതിയിൽ ഓരുജല കുളങ്ങളുടെ നിർമ്മാണം, ഓരുജല കുളങ്ങളുടെ നവീകരണം എന്നിവയും നടപ്പാക്കി. ജില്ലയിൽ നിലവിൽ വിവിധ കൃഷി രീതികളിലായി 3777 കർഷക കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 2017-18 വർഷത്തിൽ ജനകീയ മത്സ്യകൃഷി ഒന്നാം ഘട്ടം പദ്ധതിയിലെ ഘടക പദ്ധതികളായ ശുദ്ധജല മത്സ്യകൃഷി- ചെറിയകുളം, വലിയകുളം, മാതൃകാ ശുദ്ധജല ഫാം, ഓരുജല ചെമ്മീൻ കൃഷി ഉൾപ്പെടുത്തി 1881 മത്സ്യ കർഷകർ 407 ഹെക്ടർ വിസ്തൃതിയിൽ കൃഷി ആരംഭിച്ചിരിക്കുന്നു.

ജില്ലയിൽ ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമായതും ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി നടപ്പാക്കാൻ സാധിക്കാത്തതുമായ 112 ഹെക്ടർ വെള്ളക്കെട്ട് നിലവിലുണ്ട്. ചിറ്റുമല ചിറ, ആദിച്ചനല്ലൂർ ചിറ, പോളച്ചിറ ഏല തുടങ്ങിയ ഏലകളും തദ്ദേശ സ്വയംഭരണ വകുപ്പിന്റെഉടമസ്ഥതയിൽ വരുന്ന ജലാശയങ്ങളുമാണ് ഇവ. ടി സ്ഥലങ്ങളുടെ സംരക്ഷണവും സുസ്ഥിരവും ശാസ്ത്രീയവുമായ മത്സ്യകൃഷി രീതികൾ അവലംബിച്ച് മത്സ്യകൃഷി നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെപദ്ധതികൾ വരേണ്ടത് അനിവാര്യമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാകുകയാണെങ്കിൽ ജില്ലയിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും എന്നത് ഉറപ്പാണ്. കൂടാതെ സ്ത്രീകളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്ന വിധത്തിൽ മത്സ്യകൃഷി പദ്ധതികൾ കൊണ്ടുവരുന്നത് സാമൂഹിക ഉന്നമനത്തിന് ഏറ്റവും ഉതകുന്നതാണ്.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഇടപെടൽ ശക്തമാക്കേണ്ടത് അനിവാര്യമാണ്. ഓരോ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ വരുന്ന കുളങ്ങളുടെ സംരക്ഷണം, മത്സ്യകൃഷി നടത്താൻ അനുയോജ്യമായ ജലാശയങ്ങളെ കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കിയെടുക്കൽ, വിളവെടുപ്പ്, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് കീഴിലുള്ള എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ, സഹകരണ സംഘങ്ങൾ എന്നിവയെ ഉൾപ്പെടുത്തുക യാണെങ്കിൽ മത്സ്യകൃഷി രീതികൾ കൂടുതൽ ശാസ്ത്രീയവും സുസ്ഥിരവും മത്സ്യ ഉല്പാദന വർദ്ധനവിനും കാരണമായിത്തീരുകയും ചെയ്യും.

ഗിഫ്റ്റ് തിലാപ്പിയാ, വനാമി ചെമ്മീൻ തുടങ്ങിയ ജൈവ സുരക്ഷയും ജൈവ ഫെൻസിംഗും ആവശ്യമായി വരുന്ന കൃഷി രീതികൾ നടത്തി വരുന്ന കർഷകർക്ക് അവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ജൈവ സുരക്ഷക്കും ജൈവ ഫെൻസിംഗിനും വെണ്ടിയുള്ള ആനുകൂല്യങ്ങൾ, ധനസഹായങ്ങൾ എന്നിവ നൽകുകയാണെങ്കിൽ മത്സ്യ സമ്പത്ത്- ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവ ഉറപ്പാക്കാൻ കഴിയുകയും ചെയ്യും.

സ്വന്തമായി കുളങ്ങില്ലാത്തവർക്കും സ്ഥല പരിമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്കും മത്സ്യവും പച്ചക്കറിയും ഒന്നിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിന് ത.സ്വ.ഭ വകുപ്പുകളുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ വിഭാവനം ചെയ്യേണ്ടത് അനിവാര്യമാണ്. പ്രകൃതിയിലുള്ള സ്വാഭാവിക മത്സ്യ വിഭവങ്ങൾ സംരക്ഷിക്കേണ്ടതിന് ഓപ്പൺ വാട്ടർ റാഞ്ചിംഗ്, കണ്ടൽ വനവൽക്കരണം തുടങ്ങിയ പദ്ധതികൾക്ക് ത.സ്വ.ഭ വകുപ്പുകൾ പ്രാമുഖ്യം നൽകേണ്ടതാണ്.

തനത് നാടൻ ശുദ്ധജല/ഓരുജല മത്സ്യങ്ങളുടെ (കാരി,കൂരി,വരാൽ, പരൽ വർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ, ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയവ) സംരക്ഷണത്തിന് പൊതുജലാശയങ്ങളിൽ നിന്നുള്ള ഇത്തരം മത്സ്യങ്ങളുടെ/മത്സ്യവിത്തുകളുടെ അമിത ചൂഷണം തടയുന്നതിന് തദ്ദേശ സ്വയം ഭരണ പങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികൾ വിഭാവനം ചെയ്യപ്പെടേണ്ടതാണ്.

F. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം, ദുരന്ത നിവാരണം

കൊല്ലം ജില്ലയിലെ വനങ്ങളെല്ലാം തന്നെ ജില്ലയുടെ കിഴക്കൻ മേഖലയിലാണ്. തെന്മല, പുനലൂർ, ശെന്തരുണി വനം ഡിവിഷനുകൾ പൂർണ്ണമായും തിരുവനന്തപുരം, കോന്നി, അച്ചൻകോവിൽ ഡിവിഷനുകൾ ഭാഗീകമായും കൊല്ലം ജില്ലയിലാണ്. പുനലൂർ നഗരസഭ, തെന്മല, ആര്യങ്കാവ്, പത്തനാപുരം, അഞ്ചൽ, കുളത്തുപ്പുഴ, പിറവന്തൂർ, അലയമൺ എന്നീ പഞ്ചായത്തുകളിലാണ് വനങ്ങൾ ഉള്ളത്. ജൈവ വൈവിധ്യത്താൽ സമ്പുഷ്ടമായ ഈ വനമേഖലയെ ജില്ലയുടെ ശ്വാസകോശമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. വനം വകുപ്പിനാണ് വനങ്ങളുടെ സംരക്ഷണ ചുമതല പ്രധാനമായിട്ടുള്ളതെങ്കിലും സംരക്ഷണ കാര്യത്തിൽ പൊതുജനപങ്കാളിത്തത്തോടെ വന മേഖലയുടെ സംരക്ഷണത്തിനായി വനം വകുപ്പ് വന സംരക്ഷണ സമിതി (v.s.s.)-കളും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും (E.D.C.) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസികളും (F.D.A.) പ്രവർത്തിക്കുന്നു. ഓരോ വനം ഡിവിഷനും ഓരോ F.D.A.-കൾ ഉണ്ട്. എന്നാൽ വന മേഖലയ്ക്ക് പുറത്തുള്ള വനവത്കരണം ഏറെ പ്രാധാന്യം അർഹിക്കുന്നു. അതിനുവേണ്ട സഹായങ്ങൾ നൽകുന്നത് ജില്ലയിലെ സാമൂഹ്യ വനവത്കരണ വിഭാഗമാണ്. ഇവിടെയുള്ള വന വത്കരണ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനായി വനം വകുപ്പ് ഇപ്പോൾ ഗ്രാമ നഗര പ്രദേശങ്ങളിൽ ഹരിത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഇതിനായി 11 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി ഹരിത സമിതികൾ ചേർന്ന് ഓരോ ജില്ലയിലും F.D.A.-കൾ രൂപീകരിക്കാൻ കേരളാ സർക്കാർ അടുത്തിടെ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ വനത്തിന് പുറത്തുള്ള വൃക്ഷ വൽക്കരണ പരിപാടികൾ കൊല്ലം, സാമൂഹ്യ വനവൽക്കരണ വിഭാഗമാണ് നടത്തുന്നത്. 1982 മുതൽ പ്രവർത്തിക്കുന്ന ഈ വിഭാഗം എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ, കുട്ടിവനം, നക്ഷത്ര വനം, ബ്ലോക്ക് പ്ലാന്റിംഗ്, വനമിത്ര അവാർഡുകൾ എന്നിവ നടപ്പിലാക്കുന്നു വനത്തിന് പുറത്തുള്ള സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നത് — ധനസഹായം

സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ തേക്ക്, ചന്ദനം, ആഞ്ഞിലി, മഹാഗണി, പ്ലാവ്, റോസ് വുഡ്, കമ്പകം, കുമ്പിൾ, കുന്നി വാക, തേമ്പാവ് തുടങ്ങിയ 10 ഇനം തൈകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. മുൻ വർഷങ്ങളിൽ നട്ട തൈകൾ അതായത് ഒരു വർഷം മുതൽ രണ്ട് വർഷം വരെ പ്രായമായ തൈകൾക്ക് മാത്രമാണ് പ്രോത്സാഹന ധന സഹായത്തിന് അർഹത. അപേക്ഷകൻ തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ അപേക്ഷയുടെ തീയതി മുതൽ കുറഞ്ഞത് 10 വർഷം വരെ നീണ്ട് നിൽക്കുന്ന ദീർഘകാല പഴക്കമുള്ള ഭൂമിയുടെ പാട്ടക്കാരനോ ആയിരിക്കണം. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കൈവശവകാശ സർട്ടിഫിക്കറ്റ്, പാട്ടകരാർ, സ്കെച്ച്, മറ്റ് രേഖകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പ്രോത്സാഹന ധനസഹായത്തിന് പരിഗണിക്കുന്നത് ഏറ്റവും ചുരുങ്ങിയത് 1 മുതൽ 2 വർഷം വരെ പ്രായമുള്ളതും ആരോഗ്യമുള്ളതുമായ 50 തൈകൾ പരിശോധന സമയത്ത് ഉണ്ടാകണം. പ്രോത്സാഹന ധനസഹായത്തിന്റെ 50% 1 -ാം ഗഡുവായി ആദ്യ വർഷവും, ബാക്കി 50% രണ്ടാം ഗഡുവായി മൂന്നാം വർഷവും നൽകും. തൈകളുടെ വളർച്ചയും ആരോഗ്യവും കണക്കിലെടുത്താണ് പ്രോത്സാഹന ധനസഹായത്തിന്റെ രണ്ടാം ഗഡുവും (3 വർഷം) അനുവദിക്കുന്നത്.

കാവുകൾക്ക് ധനസഹായം

കാവുകൾ സംരക്ഷിച്ച് പരിപാലിച്ച് വരുന്നതിന് വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം നൽകുന്നത്. ധനസഹായത്തിനായി കാവുടമസ്ഥർ കാവിന്റെ വിസ്തൃതി, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം അപേക്ഷ നൽകണം. തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കാവിന്റെ സംരക്ഷണം, തൈകളുടെ നെയിം ബോർഡ് സ്ഥാപിക്കുക, കുളം, വൃത്തിയാക്കുക, വേലികെട്ടുക തുടങ്ങിയ പ്രവർത്തികൾക്കാണ് ധനസഹായം നൽകുന്നത്. 5 കാവുകൾക്കാണ് ഒര സാമ്പത്തിക വർഷം ധനസഹായം നൽകുന്നത്.

കണ്ടൽക്കാടുകളുടെ സംരക്ഷണം

കടൽതീരങ്ങളും അഴിമുഖങ്ങളിലും കായലോരങ്ങളിലും നില നിൽക്കുന്ന ഒരു സവിശേഷ സസ്യ സമൂഹമാണ് കണ്ടൽക്കാടുകൾ. തീരപ്രദേശത്തെ മഴക്കാടുകളാണ് കണ്ടൽക്കാടുകൾ. സുനാമി, കൊടുങ്കാറ്റ്, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തത്തിൽ നിന്നും തീരപ്രദേശത്തിന് സംരക്ഷണം നൽകുക, മത്സ്യങ്ങൾക്കും മറ്റ് സമുദ്ര ജീവികൾക്കും പ്രജനന താവളമൊരുക്കുക തുടങ്ങിയവയാണ് കണ്ടൽക്കാടുകൾ കൊണ്ട് നമുക്കുള്ള പ്രയോജനം. അവശേഷിക്കുന്ന കണ്ടലുകളെ സംരക്ഷിക്കുന്നതിനും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമാണ് കണ്ടൽക്കാടുകൾ സംരക്ഷിച്ച് നിലനിർത്തുന്ന സ്വകാര്യ വ്യക്തികൾക്ക് ധനസഹായം നൽകുന്നത്. ഒരു ഏക്കറിന് 4000/- രൂപയാണ് നൽകുന്നത്. ധനസഹായത്തിനായി ഉടമസ്ഥതയിലുള്ള കണ്ടൽ ഭൂമിയുടെ വിസ്തൃതി സർവ്വേ നമ്പർ ലഭ്യമായ കണ്ടൽ ഇനങ്ങളുടെ വിവരങ്ങൾ കൈവശവകാശ രേഖ തുടങ്ങിയ അപേക്ഷയോടൊപ്പം ഹാജരാക്കണം.

വന്യജീവികളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

വന്യജീവികളുടെ ആക്രമണം നിമിത്തം ജീവനോ സ്വത്തിനോ അപകടം സംഭവിച്ചാൽ 75,000/- രൂപ വരെ വനം വകുപ്പ് നഷ്ട പരിഹാരം നൽകുന്നുണ്ട്. ടി നഷ്ട പരിഹാരത്തിനായി വന്യജീവികളുടെ ആക്രമണം ഉണ്ടായി 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നൽകി വരുന്നുണ്ട്. പാമ്പ് കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സാ ചെലവും വനം വകുപ്പ് നൽകി വരുന്നുണ്ട്. ഇത് പരമാവധി 75,000/- രൂപയാണ്. എന്നാൽ സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമായവർക്ക് ധനസഹായ ത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അപേക്ഷ 1 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ് കൊല്ലം ജില്ലക്കാർ അപേക്ഷ നൽകേണ്ടത്. അക്ഷയ സെന്ററുകൾ വഴി മുകളിൽ പറഞ്ഞ നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കാം.

കഴിഞ്ഞ 10 വർഷമായി ജില്ലയിലെ
സാമൂഹ്യ വനവത്കരണ വിഭാഗം വിതരണം ചെയ്ത തൈകൾ

ക്രമ നമ്പർ	വർഷം	വിതരണം ചെയ്ത തൈകളുടെ എണ്ണം
1	2007-08	184894
2	2008-09	178293
3	2009-10	390643
4	2010-11	600000
5	2011-12	544000
6	2012-13	845000
7	2013-14	847000
8	2014-15	792000
9	2015-16	520000
10	2016-17	570000

അവലംബം — വനം വകുപ്പ്

G. വ്യവസായം, വാണിജ്യം, വിവര സാങ്കേതിക വിദ്യ, ഇതരസംസ്ഥാന തൊഴിലാളികൾ

കേന്ദ്ര-സംസ്ഥാന-പ്രാദേശിക പദ്ധതികളുടെ അവലോകനം

കൊല്ലം ജില്ലയിൽ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ജീവിത വഴികളിൽ തൊഴിൽ തേടി അലയുന്നവർക്ക് ഒരു കൈത്താങ്ങായും വിദ്യാഭ്യാസത്തിന് ശേഷം ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിച്ച് മുന്നോട്ട് വരുന്ന യുവാക്കൾക്ക് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനമായും ജില്ലാ വ്യവസായ കേന്ദ്രം സംരംഭകർക്കൊപ്പം തന്നെയുണ്ട്. ഇതിലേയ്ക്കായി, വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ജില്ലാ ഓഫീസ് വഴി നിർവ്വഹിച്ച് വരുന്നുണ്ട്.

പി.എം.ഇ.ജി.പി

ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണിത്. 25 ലക്ഷം രൂപാ വരെ ചെലവ് വരുന്ന ഉത്പാദന സംരംഭങ്ങളും 10 ലക്ഷം രൂപാ വരെ ചെലവ് വരുന്ന സേവന സംരംഭങ്ങളും ഈ പദ്ധതിയിലുൾപ്പെടുത്തി ആരംഭിക്കാവുന്നതാണ്. പദ്ധതി ചെലവിന്റെ90 മുതൽ 95 ശതമാനം വരെ ബാങ്ക് വായ്പയായി ലക്ഷ്യമാക്കുന്നതും 15 മുതൽ 35 ശതമാനം വരെ മാർജിൻ മണി ഗ്രാൻറായും ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കും. ആയതിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ജില്ലയിലെ നിരവധി സംരംഭകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. ടി പട്ടിക ചുവടെ ചേർക്കുന്നു.

പി.എം.ഇ.ജി.പി. മാർജിൻ മണി ഗ്രാന്റ്

ക്രമ നം	സാമ്പത്തിക വർഷം	യൂണിറ്റ് നം.	മാർജിൻ മണി ഗ്രാന്റ്
1	2012-13	32	43,46,712/-
2	2013-14	31	33,45,719/-
3	2014-15	25	47,24,765/-
4	2015-16	14	33,33,058/-
5	2016-17	92	1,61,50,395/-

അവലംബം — വ്യവസായ വകുപ്പ്

ഈ പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആയിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നൂതനമായ നിരവധി സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാധിച്ചു. ടി പ്രോജക്ടിന്റെപദ്ധതിയുടെ ചെലവ് പരിധി ഉല്പാദന മേഖലയ്ക്ക് 25 ലക്ഷത്തിൽ നിന്നും 50 ലക്ഷത്തിലേക്കും സേവന മേഖലയ്ക്ക് 10-ൽ നിന്നും 25 ലക്ഷത്തിലേയ്ക്കും ഉയർത്തിയാൽ കൂടുതൽ സംരംഭകരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും കൂടുതൽ വ്യവസായ മേഖലകളിലേയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം കൊണ്ട് വരേണ്ടതും അനിവാര്യമാണ്. ഇതിനായി, നൂതനമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിനുള്ള ബോധവത്കരണ പരിപാടികൾ, ശില്പ ശാലകൾ എന്നിവ സംരംഭകർക്ക് നല്കുന്നതിന് അവസരം ഒരുക്കാവുന്നതാണ്.

ഇ.എസ്.എസ് (Enterprenuer Support Scheme)

ഇതൊരു സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. 'സംരംഭക സഹായ പദ്ധതി' (ഇ.എസ്.എസ്.) എന്ന് നാമകരണം ചെയ്യപ്പെട്ട ഈ പദ്ധതി 2012-13 സാമ്പത്തിക വർഷം മുതലാണ് ജില്ലയിൽ നടപ്പിൽ വരുത്തിയത്.

സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ളതും, ഉല്പാദന മേഖലയുമായി ബന്ധപ്പെട്ടുള്ളതുമായ എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും പ്രസ്തുത ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർ

മുമ്പാകെ സംരംഭകരുടെ അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം ഈ പദ്ധതി പ്രകാരമുള്ള സഹായങ്ങൾക്ക് അർഹത നേടുന്നതാണ്.

ഈ പദ്ധതി പ്രകാരം 2012 ഏപ്രിൽ 1 മുതൽ വ്യവസായ ഉല്പാദനം ആരംഭിച്ച അപേക്ഷകന്റെ വ്യവസായ സംരംഭത്തിന് പരമാവധി 30 ലക്ഷം രൂപ വരെ ഒരു തവണ മാത്രം സഹായം ലഭിക്കുന്നതാണ്. പ്രാരംഭ സഹായം (സ്റ്റാർട്ട് അപ്പ് സപ്പോർട്ട്), നിക്ഷേപ സഹായം (ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്), സാങ്കേതിക വിദ്യ സഹായം (ടെക്നോളജി സപ്പോർട്ട്) എന്നിവ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് നിർദ്ദിഷ്ട യൂണിറ്റുകൾക്ക് ലഭിക്കാവുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷാ ഫീസായി ജനറൽ വിഭാഗം 1000 രൂപയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം 500 രൂപയും ഒടുക്കേണ്ടതാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ നിരവധി സംരംഭകർക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്. ആയതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	സാമ്പത്തിക വർഷം	ഉപഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
1	2012-13	68	1,30,69,396
2	2013-14	102	2,14,73,285
3	2014-15	30	69, 45,426
4	2015-16	92	2,29,84,592
5	2016-17	127	3,17,32,120

അവലംബം വ്യവസായ വകുപ്പ്

ഇത്തരം സഹായ പദ്ധതികൾ അർഹരായ എല്ലാ ഗുണഭോക്താക്കളിലും എത്തുന്നതിന് ബ്ലോക്ക്, പഞ്ചായത്ത്,മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവ കേന്ദ്രീകരിച്ച് വ്യവസായ വികസന ഓഫീസർമാരുടെ ചുമതലയിൽ എല്ലാത്തരം സംരംഭങ്ങളുടേയും വിവരങ്ങൾ ഫയൽ ചെയ്യപ്പെടുന്ന ഒരു ഡേറ്റ സെന്റർ ആരംഭിച്ച് ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സഹായങ്ങൾ നല്കുന്നത് ഉചിതമായിരിക്കും.

2014-15 വർഷംപ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ തദേശസ്വയംഭരണ സ്ഥാപനങ്ങൾ 78 പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. 2015-16 വർഷം മേഖലയിൽ തദേശസ്വയംഭരണ സ്ഥാപനങ്ങൾ 66 പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. 2016-17 വർഷം തദേശസ്വയംഭരണ സ്ഥാപനങ്ങൾ 59 പ്രോജെക്ടുകൾ നടപ്പാക്കിയിരുന്നു. ജില്ലയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗര സഭകളുടേയും കഴിഞ്ഞ 5 വർഷത്തെ വ്യവസായ സ്വയം തൊഴിൽ മേഖലകളിലെ പ്രോജക്ടുകൾ പൊതുവെ ഓട്ടോ റിക്ഷ വാങ്ങൽ, റിവോൾവിംഗ് ഫണ്ട് തുടങ്ങിയവയിൽ ഒതുങ്ങി നിൽക്കുന്നുണ്ട്. ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുവാൻ ലക്ഷ്യമിട്ട പദ്ധതികൾ പലതും സാക്ഷാത്കരിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ ഈ മേഖലയിൽ വ്യത്യസ്ത പ്രോജക്ടുകൾ വിഭാവന ചെയ്യേണ്ടിയിരിക്കുന്നു.

H. സഹകരണം

സഹകരണ വകുപ്പിൽ നടത്തിവരുന്ന സംസ്ഥാന പദ്ധതികൾ

1. സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള ഓഹരി മൂലധനം (പരമാവധി 2 ലക്ഷം രൂപ)
2. സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള ധനസഹായം (പരമാവധി 2 ലക്ഷം രൂപ)
3. സ്വയം സഹായഗ്രൂപ്പുകൾക്കുള്ള സബ്സിഡി (ഓരോ ഗ്രൂപ്പിനും 1000 രൂപ വീതം)
4. പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സഹകരണ ബാങ്കുകൾ, സ്വന്തം ഫണ്ട് ഉപയോഗിച്ച് ഹ്രസ്വകാല കാർഷിക വായ്പാ വിതരണം - പ്രോത്സാഹന സമ്മാനം (പരമാവധി 1 ലക്ഷം രൂപ)
5. നെൽകൃഷിയ്ക്കുള്ള വായ്പ കൂടതൽ നൽകുന്നതിനുള്ള ധനസഹായം(പരമാവധി 25,000 രൂപ)
6. കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ് (പരമാവധി 4 ലക്ഷം രൂപ)
7. നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പ - പലിശ, സബ്സിഡി
8. വനിത അംഗങ്ങൾക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള ധനസഹായം (പരമാവധി 1 ലക്ഷം രൂപ) മാനേജീരിയൽ സബ്സിഡി(പരമാവധി 3 ലക്ഷം രൂപ - 4 വർഷംകൊണ്ട്)
   ഓഹരി (പ്രോജക്ടിന്റെ 25 ശതമാനം എന്ന പരിധിയ്ക്ക് വിധേയമായി പരമാവധി ലക്ഷം രൂപ)
9. ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം (പരമാവധി 50,000 രൂപ)
10. സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർ വത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം സംവിധാനം, സാങ്കേതിക നവീകരണം ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (പരമാവധി 10 ലക്ഷം രൂപ)
11. അർബൻ സഹകരണ ബാങ്കുകൾക്കുള്ള ഓഹരി(പരമാവധി 5 ലക്ഷം രൂപ)
12. അർബൻ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി(പരമാവധി 2 ലക്ഷം രൂപ)
13. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/സ്റ്റോറുകളുടെ പുനരുദ്ധാരണം (ഒരു വർഷം 90,000 രൂപ വീതം 3 വർഷത്തേക്ക് 2,70,000 രൂപ)
    മാനേജീരിയൽ സബ്സിഡി - മൂന്ന് വർഷത്തേക്ക് പരമാവധി 30,000 രൂപ
14. നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനവും, സബ്സിഡിയും
15. നീതി സ്റ്റോർ നടത്തുന്നതിലേയ്ക്കായി കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനും പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും പലിശരഹിത വായ്പ.
16. കൺസ്യൂമർ സഹകരണ സംഘങ്ങളുടെ വികസന ധനസഹായം
17. പ്രാഥമിക കൺസ്യൂമർ സ്റ്റോറുകൾ/ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള ഓഹരി മൂലധനം
18. യൂണിവേഴ്സിറ്റി സെൻട്രൽ സഹകരണ സംഘങ്ങൾ
19. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനഗ്രാൻറും മാനേജീരിയൽ സബ്സിഡിയും - കോളേജ് സഹകരണ സംഘം പ്രവർത്തന മൂലധന ഗ്രാന്റ് 5000/- രൂപ, മാനേജീരിയൽ സബ്സിഡി 900/- രൂപ, സ്കൂൾ സഹകരണ സംഘം പ്രവർത്തന മൂലധന ഗ്രാന്റ് 2500/- രൂപ, മാനേജീരിയൽ സബ്സിഡി 600/- രൂപ.
20. സഹകരണ ഭക്ഷണ ശാല സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം (പരമാവധി 1 ലക്ഷം രൂപ)
21. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് ഉപകരണങ്ങൾ, ഫർണീച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ് (പരമാവധി 25,000/- രൂപ)
22. സ്കൂൾ/കോളേജ് സഹകരണ സ്റ്റോറുകൾക്കുള്ള സർക്കാർ ഓഹരി ധനസഹായം (പരമാവധി 10,000 രൂപ)
23. വനിത സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി (പരമാവധി 12,000/- രൂപ, 3 വർഷ തവണകളായി)
24. ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം (പരമാവധി 10 ലക്ഷം രൂപ)
25. വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം (പരമാവധി 1,50,000/- രൂപ)

26. ആട്ടോ റിക്ഷാ ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം (പരമാവധി 3 ലക്ഷം രൂപ)
27. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനം(പരമാവധി 10 ലക്ഷം രൂപ)
28. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, ഓട്ടോ റിക്ഷാ സഹകരണ സംഘങ്ങൾ, സ്പെയർ പാർട്ട്സ് ഷോപ്പ് തുടങ്ങുന്നതിനുള്ള അധിക ഓഹരി മൂലധനം (പരമാവധി 1 ലക്ഷം രൂപ)
29. പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായം (പരമാവധി 5 ലക്ഷം രൂപ)
30. വികലാംഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം (പരമാവധി 1 ലക്ഷം രൂപ)
31. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം (പരമാവധി 25 ലക്ഷം രൂപ)
32. തയ്യൽ തൊഴിലാളി സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം (പരമാവധി 50,000/- രൂപ)
33. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം (പരമാവധി 20 ലക്ഷം രൂപ)
34. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി (പരമാവധി 10 ലക്ഷം രൂപ)
35. ആശുപത്രി സഹകരണ സംഘങ്ങൾ കെട്ടിടം നിർമ്മിക്കുന്നതിനോ, സ്ഥലം ഉൾപ്പെടെ കെട്ടിടം വാങ്ങുന്നതിനോ ഉള്ള ധനസഹായം (പരമാവധി 10 ലക്ഷം രൂപ)
36. ജില്ലാ ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആധുനികവത്ക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുള്ള ധനസഹായം
37. ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (പരമാവധി 30 ലക്ഷം രൂപ)
38. ബ്ലെഡ്ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക് / ജില്ലാ ആശുപത്രികൾക്കുള്ള ധനസഹായം(പരമാവധി 50 ലക്ഷം രൂപ)
39. പലവക സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി(പരമാവധി 2 ലക്ഷം രൂപ)
40. വിനോദസഞ്ചാര പ്രോത്സാഹനത്തിനുള്ള ധനസഹായം(പരമാവധി 20 ലക്ഷം രൂപ)
41. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനവും പുനരുദ്ധാരണവും(പരമാവധി 5 ലക്ഷം രൂപ ഗ്രാൻറായി നൽകും)
42. പ്രാഥമിക പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട്(പരമാവധി 5 ലക്ഷം രൂപ)
43. പട്ടികജാതി/പട്ടികവർഗ്ഗ പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം(പരമാവധി 6 ലക്ഷം രൂപ)
44. ദുർബലവും ശക്തിയാർജ്ജിക്കുവാനും സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം(പരമാവധി 20 ലക്ഷം രൂപ)
45. സഹകരണസംഘങ്ങളുടെ വികസനത്തിനും വൈവിദ്ധ്യ വത്ക്കരണത്തിനുമുള്ള ധനസഹായം (പ്രോജക്ടിന്റെ50 ശതമാനം തുക)
46. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം(പരമാവധി 25 ലക്ഷം രൂപ)
47. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി (പരമാവധി 10 ലക്ഷം രൂപ)
48. ബയോഗ്യാസ് പ്ലാന്റ് പലിശരഹിത വായ്പ പദ്ധതി(ഒരു കുടുംബത്തിൻ പരാമവധി 20,000 രൂപ)
49. ദുർബല വിഭാഗത്തിൽപ്പെട്ട വിപണന സംഘങ്ങളുടെ പുനരുദ്ധാരണം(പരമാവധി 20 ലക്ഷം രൂപ)
50. കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും പ്രാഥമിക വിപണന സഹകരണ സംഘങ്ങളുടെ ധനസഹായം(പരമാവധി 25 ലക്ഷം രൂപ)
51. ആർ.ഐ.ഡി.എഫ് പദ്ധതി (പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസായി നൽകുന്നു.

സഹകരണ വകുപ്പിൽ നടത്തിവരുന്ന എൻ.സി.ഡി.സി പദ്ധതികൾ

1. കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി ധനസഹായം (പ്രോജക്ട് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ)
2. കാർഷിക ഉത്പന്നങ്ങളുടെ ഗുണനിലവാരം തരം തിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം/ ഗോഡൗൺ നിർമ്മാണം (പ്രോജക്ട് കോസ്റ്റിന്റെഅടിസ്ഥാനത്തിൽ)
3. ഫാർമേഴ്സ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ധനസഹായം (പ്രോജക്ട് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ)
4. വിപണന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻമണി (സംഘത്തിന്റെബൈലാ വ്യവസ്ഥയിലെ എം.ബി.പി യുടെ അടിസ്ഥാനത്തിൽ ധനസഹായത്തിന്റെ പരമാവധി തുക നിശ്ചയിക്കുന്നു)
5. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധനസഹായം (പരമാവധി 50 ലക്ഷം രൂപ)
6. പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബല സഹകരണ സംഘങ്ങളെ പുനരുദ്ധീകരിക്കുന്നതിനുള്ള ധനസഹായംദുർബല സഹകരണ സംഘങ്ങളുടെ ധനസഹായം - പരമാവധി 5 ലക്ഷം രൂപനല്ലനിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ - പരമാവധി 10 ലക്ഷം രൂപ
7. കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം
8. എൻ.സി.ഡി.സി യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം
9. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (പ്രോജക്ട് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ)
10. ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനവും വിതരണവും, ഗ്രാമീണ വനപദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം (പരമാവധി ഓഹരി മൂലധന സഹായം അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെ)
11. ആശുപത്രി, ഹെൽത്ത് കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിന് ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്കുള്ള ധനസഹായം (പരമാവധി ഓഹരി മൂലധന സഹായം അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെ)

I. ആരോഗ്യം

കൊല്ലം ജില്ലയിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ താഴെപ്പറയുന്ന രീതിയിൽ തരം തിരിച്ചിരിക്കുന്നു. നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് നിലവിൽ മൂന്ന് പദ്ധതികളാണ് കൊല്ലം ജില്ലയിൽ നടന്നുവരുന്നത്.

സ്കൂൾ ഹെൽത്ത് പ്രോഗ്രാം - ഇത്തിക്കര ബ്ലോക്കിന് കീഴിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ജീവിതശൈലീ രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധം, ഔഷധ സസ്യ പരിചയം, യോഗ പരിശീലനം മുതലായവ നടന്നുവരുന്നു.

ആയുഷ് ഗ്രാമം - ഇത്തിക്കര ബ്ലോക്കിലെ 5 വില്ലേജുകൾ തെരഞ്ഞെടുത്ത് ബോധവൽക്കരണവും യോഗ പരിശീലനവും ഔഷധ സസ്യകൃഷിയും നടത്തിവരുന്നു.

ആയുഷ് വെൽനസ് സെന്റർ:- ശ്രായികാട് ഗവ: ആയുർവേദ ഡിസ്പെൻസറിയിൽ യോഗ പരിശീലന കേന്ദ്രം നടപ്പിലാക്കിയിട്ടുണ്ട്.

കേരള സർക്കാർ ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	പദ്ധതി ലക്ഷ്യം	നടപ്പിലാക്കിയ സ്ഥാപനം	ഗുണഭോക്താക്കൾ
1	ജീവനി	പ്രമേഹ രോഗ ചികിത്സ	DAH കൊല്ലം	150
2	ഋതു	കൗമാരക്കാരായപെൺകുട്ടികളുടെ സമഗ്ര ആരോഗ്യം	ജില്ലയിലെ സ്കൂളുകൾ	1500
3	സ്പോർട്സ് ആയുർവേദ	കായിക താരങ്ങൾക്കുള്ള ചികിത്സ	DAH കൊല്ലം, സായ് യൂണിറ്റ് കൊല്ലം	986
4	പ്രസൂതി	പ്രസവ ശുശ്രൂഷ പദ്ധതി	DAH കൊല്ലം,പരവൂർ, തലവൂർ, ആയൂർ	291
5	മാനസികം	മാനസിക രോഗങ്ങൾക്കുള്ള ചികിത്സ	തലവൂർ	86
6	ആയുഷ്യം	ജീവിതശൈലീ രോഗ നിയന്ത്രണം	കൊട്ടാരക്കര	107
7	കൗമാര ഭൃത്യം	കുട്ടികൾക്കുള്ള ചികിത്സ	DAH കൊല്ലം	800
8	വയോ അമൃതം	വൃദ്ധസദനം അംഗങ്ങൾക്കുള്ള ചികിത്സ	ഇഞ്ചവിള വൃദ്ധസദനം	733
9	വയോജനാരോഗ്യ പരിപാലന യൂണിറ്റ്	വയോജനങ്ങൾക്കുള്ള ചികിത്സ	DAH കൊല്ലം	186
10	യോഗ ചികിത്സ		DAH കൊല്ലം	11000
11	കരൾരോഗ മുക്തി		DAH കൊല്ലം, പരവൂർ, തലവൂർ, ആയൂർ	100

ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പാലിയേറ്റീവ് ചികിത്സാ പദ്ധതി, വയോജന ചികിത്സാ പദ്ധതി, യോഗ ക്ലിനിക്ക്, പട്ടിക വർഗ്ഗ കോളനികളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, പകർച്ചവ്യാധി പ്രതിരോധ ചികിത്സകൾ മുതലായവ ജില്ലയിലെ ആയുർവേദ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു.

ഭക്ഷ്യ സുരക്ഷ

ജില്ലയിൽ ഭക്ഷ്യസുരക്ഷ അസ്സിസ്റ്റന്റ് കമ്മീഷണർക്ക് കീഴിൽ 11 സർക്കിളുകൾ ഉണ്ട്. ഇവിടങ്ങളിൽ 12 ഭക്ഷ്യസുരക്ഷ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്. 2017 വർഷം 218 നിയമാനുസൃത സാമ്പിളുകളും 399

നിരീക്ഷണ സാമ്പിളുകളും എടുത്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് 90 കേസുകൾ വിവിധ കോടതികളിൽ നടന്നുവരുന്നു. 828500 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. മത്സ്യ വിപണന മേഖലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് **ഓപ്പറേഷൻ സാഗര റാണി** എന്ന പ്രോഗ്രാം നടന്നു വരുന്നു. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ പഞ്ചായത്ത് എന്ന പേരിലൊരു പദ്ധതിയും നടന്നു വരുന്നു.

J. കുടിവെള്ളം

കൊല്ലം ജില്ലയിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ

ക്രമ നമ്പർ	പദ്ധതികളുടെ പേര്	പദ്ധതിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ	വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് (MLD)
1	കായിലോൺ വാട്ടർ സപ്ലൈ പദ്ധതി	കൊല്ലം കോർപ്പറേഷൻ	37.5
2	ഡബ്ല്യൂ എസ് എസ് പടിഞ്ഞാറേ കല്ലട/ശൂരനാട് (തെക്ക്)	പടിഞ്ഞാറേകല്ലട, ശാസ്താംകോട്ട, ശൂരനാട് (തെക്ക്)	4.5
3	തേവലക്കര/തെക്കുംഭാഗം	തേവലക്കര/തെക്കുംഭാഗം	3.5
4	മൈനാഗപ്പള്ളി, ശാസ്താംകോട്ട	മൈനാഗപ്പള്ളി, ശാസ്താംകോട്ട	4
5	സി ഡബ്ല്യൂ എസ് എസ് ഓച്ചിറ & സമീപ പഞ്ചായത്ത്	ഓച്ചിറ/ ക്ലാപ്പന, ആലപ്പാട്,കരുനാഗപ്പള്ളി	13.5
6	സി ഡബ്ല്യൂ എസ് എസ് ചവറ / പന്മന	ചവറ / പന്മന	8
7	ആലപ്പാട് ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ആലപ്പാട്	0.9
8	കെ എസ് പുരം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കെ എസ് പുരം	1.224
9	കരുനാഗപ്പള്ളി ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി	0.936
10	കുന്നത്തൂർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കുന്നത്തൂർ	2.17
11	മൈനാഗപ്പള്ളി ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	മൈനാഗപ്പള്ളി	4.708
12	പടിഞ്ഞാറേകല്ലട ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പടിഞ്ഞാറേകല്ലട	2.54
13	ശൂരനാട് (തെക്ക്) ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ശൂരനാട് (തെക്ക്)	0.97
14	ശൂരനാട് (വടക്ക്) ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ശൂരനാട് (വടക്ക്)	1.5
15	പോരുവഴി ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പോരുവഴി	2.7
16	ശാസ്താകോട്ട ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ശാസ്താംകോട്ട	0.49
17	തൃക്കടവൂർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കൊല്ലം കോർപ്പറേഷൻ	2.4

18	തൃക്കരുവ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തൃക്കരുവ	1.96
19	പനയം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പനയം	2.41
20	പെരിനാട് ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പെരിനാട്	1.66
21	മൺട്രോതുരുത്ത് ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	മൺട്രോതുരുത്ത്	1.29
22	കല്ലുവാതുക്കൽ പാരിപ്പള്ളി ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കല്ലുവാതുക്കൽ	0.65
23	പരവൂർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പരവൂർ മുൻസിപ്പാലിറ്റി	0.61
24	കൂനയിൽ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പരവൂർ മുൻസിപ്പാലിറ്റി	0.61
25	കലക്കോട് ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	പൂതക്കുളം	1.3
26	കൊറ്റംകര ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കൊറ്റംകര	2.394
27	തൃക്കോവിൽതോട്ടം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തൃക്കോവിൽതോട്ടം	1.944
28	മയ്യനാട് ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	മയ്യനാട്	0.534
29	കൊട്ടിയം-പേരയം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ആദിച്ചനല്ലൂർ	0.846
30	തെക്കുംഭാഗം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തെക്കുംഭാഗം	0.72
31	തേവലക്കര ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തേവലക്കര	1.656
32	തൊടിയൂർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തൊടിയൂർ	1.26
33	തഴവ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	തഴവ	0.984
34	ഏ ആർ ഡബ്ല്യൂ എസ് എസ്- കുളക്കട പവിത്രേശ്വരം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	കുളക്കട പവിത്രേശ്വരം	5.6
35	BAWSS കുണ്ടറ & adj villages	കൊട്ടാരക്കര,കുണ്ടറ,എഴുകോൺ, പേരയം, കിഴക്കേ കല്ലട, പവിത്രേശ്വരം,നെടുവത്തൂർ, വെട്ടിക്കവല, മേലില,വിളക്കുടി	16
36	WSS ഇളമ്പള്ളൂർ	ഇളമ്പള്ളൂർ	3
37	RWSS-കരീപ്ര	കരീപ്ര	3
38	CARWSS- കുളത്തൂപ്പുഴ	കുളത്തൂപ്പുഴ, ഏരൂർ ,അലയമൺ	10.54

39	CWSS-ചിതറ-Adj Panchayath	ചിതറ, കടയ്ക്കൽ, നിലമേൽ, ചടയമംഗലം, ഇട്ടിവ, കുമ്മിൾ	9.72
40	JICA Ass WSS- മീനച്ചൽ Adj panchayath	കരവാളൂർ,അഞ്ചൽ, ഇടമുളയ്ക്കൽ,ഇളമാട്, ഉമ്മന്നൂർ, പൂയപ്പള്ളി, വെളിയം, നെടുമ്പന ആദിച്ചനല്ലൂർ,ചാത്തന്നൂർ, മയ്യനാട്, പരവൂർ മുൻസിപ്പാലിറ്റി,കൊല്ലം കോർപ്പറേഷൻ,ചിറക്കര,പൂതക്കുളം പുനലൂർ മുൻസിപ്പാലിറ്റി, വെള്ളിനല്ലൂർ	
41	ARWSS പത്തനാപുരം പിറവന്തൂർ	പത്തനാപുരം പിറവന്തൂർ	6
42	പട്ടാഴി,പട്ടാഴിവടക്കേക്കര	പട്ടാഴി	10.5
43	UWSS- പുനലൂർ	പുനലൂർ മുൻസിപ്പാലിറ്റി	9
44	ചടയമംഗലം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ചടയമംഗലം	0.66
45	വേട്ടൻചിറ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ചടയമംഗലം	0.6
46	ആയൂർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ഇടമുളയ്ക്കൽ	0.1
47	കല്ലുമല ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി	ചടയമംഗലം	0.16
48	എഴുകോൺഗ്രാമീണ ശുദ്ധജല വിതരണപദ്ധതി(പൊച്ചൻകോണം)	എഴുകോൺ	
49	WSS-പടിഞ്ഞാറ്റൻകര	കൊട്ടാരക്കര	0.15
50	കൊട്ടാരക്കര സബ് /പമ്പ് ഹൗസ്	കൊട്ടാരക്കര	0.15
51	വൈദ്യുതി ഭവൻ കുടിവെള്ള പദ്ധതി	കൊട്ടാരക്കര	0.15
52	മേലില കുടിവെള്ള പദ്ധതി	മേലില	0.2
53	ആനക്കോട്ടൂർ കുടിവെള്ള പദ്ധതി	നെടുവത്തൂർ	0.15
54	വല്ലം കുടിവെള്ള പദ്ധതി	നെടുവത്തൂർ	0.1
55	എഴുകോൺ / പവിത്രേശ്വരം (പ്ലാക്കാട്)	പവിത്രേശ്വരം	0.1
56	മാറനാട് കുടിവെള്ള പദ്ധതി	പവിത്രേശ്വരം	0.15
57	ഓട്ടുമല കുടിവെള്ള പദ്ധതി	പൂയപ്പള്ളി	0.05
58	കമ്പംകോട് കുടിവെള്ള പദ്ധതി	ഉമ്മന്നൂർ	0.05
59	മറവൻകോട് കുടിവെള്ള പദ്ധതി	വെളിയം	0.04
60	മലയിൽ കുടിവെള്ള പദ്ധതി	വെളിയം	0.05
61	മേമംഗലം കുടിവെള്ള പദ്ധതി	വെളിയം	0.04
62	വെട്ടിക്കല കുടിവെള്ള പദ്ധതി	വെട്ടിക്കവല	0.08
63	വെളിനെല്ലൂർ കുടിവെള്ള പദ്ധതി	വെളിനല്ലൂർ	1.5

64	പുനുകന്നൂർ കുടിവെള്ള പദ്ധതി	ഇളമ്പള്ളൂർ	0.35
65	മാമച്ചൻകുന്ന് കുടിവെള്ള പദ്ധതി	ഇളമ്പള്ളൂർ	0.3
66	എലംകണ്ടൂർ കുടിവെള്ള പദ്ധതി	ഇളമ്പള്ളൂർ	0.4
67	തൃക്കോയിക്കൽ കുടിവെള്ള പദ്ധതി	ഇളമ്പള്ളൂർ	0.6
68	അഞ്ചൽ കുടിവെള്ള പദ്ധതി	അഞ്ചൽ, അലയമൺ, ഏരൂർ, ഇട്ടിവ	0.9
69	കാവോട് കുടിവെള്ള പദ്ധതി	പിറവന്തൂർ	0.04
70	ധർമ്മപുരി പട്ടികജാതി കോളനി കുടിവെള്ള പദ്ധതി	വിളക്കുടി	0.2
71	കടയ്ക്കാമൺ കുടിവെള്ള പദ്ധതി	പിറവന്തൂർ	0.1
72	ചെമ്പനരുവി കുടിവെള്ള പദ്ധതി	പിറവന്തൂർ	0.04
73	ആര്യൻകാവ് കുടിവെള്ള പദ്ധതി	ആര്യൻകാവ്	0.15
74	അച്ചൻകോവൽ കുടിവെള്ള പദ്ധതി	ആര്യൻകാവ്	0.18
75	എടമൺ അംബേദ്കർ കോളനി കുടിവെള്ള പദ്ധതി	തെന്മല	0.18
76	ഉറുകുന്ന് GVM കോളനി	തെന്മല	0.1
77	തെന്മല	തെന്മല	0.48
78	എലവൂർ-ആനക്കുളം	അലയമൺ	0.48
79	കായിലോൺ വാട്ടർ സപ്ലൈ (കുഴൽ കിണർ)	കൊല്ലം കോർപ്പറേഷൻ	8.31

അവലംബം കേരള ജല അതോറിറ്റി

K. പാർപ്പിടം

നിലവിൽ നടത്തുന്ന പാർപ്പിട പദ്ധതികൾ

പാർപ്പിട ലഭ്യത കുറവ് പരിഹരിക്കുന്നതിന് താഴെപ്പറയുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ നടത്തി വരുന്നു.

1. ഇന്ദിര ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന
2. പട്ടികജാതി വകുപ്പ് നടത്തുന്ന ഭവന പദ്ധതി
3. പട്ടികവർഗ്ഗ വകുപ്പ് നടത്തുന്ന ഭവന പദ്ധതി
4. ഫിഷറീസ് വകുപ്പ് നടത്തുന്ന ഭവന പദ്ധതി
5. ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടത്തുന്ന ഭവന പദ്ധതി
6. വിവിധ തദ്ദേശസ്ഥാപനങ്ങൾ സ്വന്തം നിലയിൽ നടത്തുന്ന ഭവന പദ്ധതികൾ
7. വിവിധ ഏജൻസികൾ (ഹൗസിംഗ് ബോർഡ്, സൈനിക ക്ഷേമ വകുപ്പ് മുതലായവ) നടത്തുന്ന ഭവന പദ്ധതികൾ
8. ബാങ്കുകളിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് സ്വന്തം നിലയിൽ നടത്തുന്ന പദ്ധതികളും ഒപ്പം കേടുപാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്ന പദ്ധതികളും നടത്തി വരുന്നു.

ഫിഷറീസ് വകുപ്പ് വഴി 2012-13 മുതൽ 2016-17 വരെ 12515 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പ് 214 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പ് 2013 മുതൽ 84 വീട് നിർമ്മിച്ചിട്ടുണ്ട്. വിവിധ ഗ്രാമ പഞ്ചായത്തുകൾ സ്വന്തം നിലയിൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

L. വിദ്യാഭ്യാസം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന പൈലറ്റ് പ്രോജക്ട്കൾ

1. അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തൽ

   5 കോടി വീതം ഓരോ നിയോജക മണ്ഡലത്തിലേയും ഒരു സ്കൂൾ.

ക്രമ നമ്പർ	നിയമസഭാ മണ്ഡലം	സ്കൂളിന്റെ പേര്
1	കൊല്ലം	ജി.എച്ച്.എസ്.എസ് അഞ്ചാലുമൂട്
2	ചവറ	ജി.എച്ച്.എസ്.എസ് അയ്യങ്കോയിക്കൽ
3	കരുനാഗപള്ളി	ജി.എച്ച്.എസ്.എസ്&വി.എച്ച്.എസ്.എസ് കരുനാഗപള്ളി
4	കുന്നത്തൂർ	ജി.എച്ച്.എസ്.എസ് ശൂരനാട്
5	കൊട്ടാരക്കര	ജി.ബി.വി.എച്ച്.എസ്.എസ് കൊട്ടാരക്കര
6	പത്തനാപുരം	ജി.എം.എച്ച്.എസ്.എസ് വെട്ടിക്കവല
7	പുനലൂർ	ജി.എച്ച്.എസ്.എസ് അഞ്ചൽ ഈസ്റ്റ്
8	ചടയമംഗലം	ജി.എച്ച്.എസ്.എസ് കടയ്ക്കൽ
9	ചാത്തന്നൂർ	ജി.എച്ച്.എസ്.എസ് ചാത്തന്നൂർ
10	ഇരവിപുരം	ജി.എച്ച്.എസ്.എസ് വെള്ളമണൽ
11	കുണ്ടറ	എം.വി.ജി.എച്ച്.എസ്.എസ് പേരൂർ
12	ചാത്തന്നൂർ	കല്ലുവാതുക്കൽ പഞ്ചായത്ത് എച്ച്.എസ്

അവലംബം വിദ്യാഭ്യാസ വകുപ്പ്

2. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- ഹൈസ്കൂൾ വിഭാഗം ഒരു കോടി വീതം – നിയോജക മണ്ഡല അടിസ്ഥാനത്തിൽ

ക്രമ നമ്പർ	നിയമസഭാ മണ്ഡലം	സ്കൂളിന്റെ പേര്
1	കൊല്ലം	ജി.എച്ച്.എസ്.എസ് മങ്ങാട്
2	ചവറ	ജി.എച്ച്.എസ്.എസ് വള്ളികീഴ് ജി.ബി.എച്ച്.എസ്.എസ് ചവറ എസ്.ബി.വി.എസ് ജി.എച്ച്.എസ്.എസ് പന്മനമനയിൽ
3	കരുനാഗപള്ളി	എ.വി.ജി. ബി.എച്ച്.എസ് തഴവ
4	കുന്നത്തൂർ	ഗവ.എൽ.വി.എച്ച്.എസ് കടപ്പ
5	കൊട്ടാരക്കര	ജി.വി.എച്ച്.എസ്.എസ് മുട്ടറ ജി.എച്ച്.എസ്.എസ് വാക്കനാട്
6	പത്തനാപുരം	ജി.എച്ച്.എസ്.എസ് പുന്നല
7	പുനലൂർ	ജി.എച്ച്.എസ്.എസ്അഞ്ചൽ വെസ്റ്റ് ജി.എച്ച്.എസ്.എസ് പുനലൂർ ജി.എച്ച്.എസ്.എസ് യേരൂർ ജി.എച്ച്.എസ്.എസ് ഒറ്റക്കൽ
8	ചടയമംഗലം	ജി.എച്ച്.എസ്.എസ് ചിതറ
9	ചാത്തന്നൂർ	ജി.എച്ച്.എസ്.എസ് ഭൂതക്കുളം ജി.എച്ച്.എസ്.എസ് ചിറക്കര

		ജി.എച്ച്.എസ്.എസ് പരവൂർ ജി.എച്ച്.എസ്.എസ് പൂയപ്പള്ളി
10	ഇരവിപുരം	ജി.എച്ച്.എസ്.എസ് ഇരവിപുരം
11	കുണ്ടറ	ജി.എച്ച്.എസ്.എസ് പനയിൽ ജി.എച്ച്.എസ്.എസ് കേരളപുരം

അവലംബം വിദ്യാഭ്യാസ വകുപ്പ്

3.ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- പ്രൈമറി വിഭാഗം 1 കോടി വീതം – നിയോജക മണ്ഡല അടിസ്ഥാനത്തിൽ

ക്രമ നമ്പർ	നിയമസഭാ മണ്ഡലം	സ്കൂളിന്റെ പേര്
1	കൊല്ലം	ജി.എൽ.പി.എസ് അഞ്ചാലുമൂട്
2	ചവറ	ജി.യു.പി.എസ് ചവറ സൗത്ത്
3	കരുനാഗപള്ളി	ജി.യു.പി.എസ് ആദിനാട്
4	കുന്നത്തൂർ	ജി.എൽ.പി.എസ് കിഴക്കെ കല്ലട
5	കൊട്ടാരക്കര	ജി.എൽ.പി.എസ് ആനകോട്ടൂർ
6	പത്തനാപുരം	ജി.എൽ.പി.എസ് മീനം
7	പുനലൂർ	ജി.എൽ.പി.എസ് ഇടമൺ
8	ചടയമംഗലം	ജി.യു.പി.എസ് ചടയമംഗലം
9	ചാത്തന്നൂർ	ജി.യു.പി.എസ് വേളമാന്നൂർ
10	ഇരവിപുരം	ഗവ.എസ്.എൻ.ഡി.പി യു.പി.എസ് പട്ടത്താനം
11	കുണ്ടറ	ജി.എൽ.പി.എസ് ഇടവട്ടം, പെരിനാട്

അവലംബം വിദ്യാഭ്യാസ വകുപ്പ്

പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതോടൊപ്പം ഇതിലുൾപ്പെടാത്ത സ്കൂളുകളുടെ ഭൗതിക, അക്കാദമിക നിലവാരം ഉയർത്താൻ ജില്ലാ പദ്ധതിയിൽ മുൻഗണന നൽകണം.

M. കായികം

കായിക ഡയറക്ടറേറ്റ് നേതൃത്വം നൽകുന്ന പദ്ധതികൾ

- 'കായിക കാൽവയ്പ്' – 5നും 12നും ഇടയ്ക്ക് പ്രായമുള്ള സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നിസ് എന്നീയിനങ്ങളിൽ തുടർച്ചയായ പരിശീലനം.
- സ്വിം & സർവൈവ് പ്രോഗ്രാം – കുട്ടികൾക്കുള്ള നീന്തൽ പരിശീലനം
- രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ

കേന്ദ്ര-സർക്കാർ പദ്ധതികൾ

- രാജീവ് ഗാന്ധി ഖേൽ അഭിയാൻ
- അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം
- നാഷണൽ സ്പോർട്സ് ഫെഡറേഷനുള്ള സഹായം

- നാഷണൽ സ്പോർട്ട്സ് ഡവലപ്മെന്റ് ഫണ്ട്
- ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻ സ്പോർട്ട്സ്
- അന്താരാഷ്ട്ര മത്സരങ്ങളിലെ വിജയികൾക്കും കോച്ചുകൾക്കും സ്പെഷ്യൽ ക്യാഷ് അവാർഡ്
- ഉന്നത വിജയങ്ങൾ നേടിയിട്ടുള്ള സ്പോർട്ട്സ് വ്യക്തിത്വങ്ങൾക്ക് പെൻഷൻ
- നാഷണൽ സ്പോർട്ട്സ് അവാർഡ്
- നാഷണൽ വെൽഫെയർഫണ്ട്
- അംഗപരിമിതർക്കുള്ള സ്പോർട്ട്സ് & ഗെയിംസ് പരിശീലനം

സ്പോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ പദ്ധതികൾ

- നാഷണൽ സ്പോർട്ട്സ് ടാലന്റ് കോൺടസ്റ്റ്
- ആർമി ബോയ്സ് സ്പോർട്ട്സ് കമ്പനികൾ
- സ്പെഷ്യൽ ഏരിയാ ഗെയിംസ്
- സായി ട്രെയിനിംഗ് സെന്ററുകൾ
- സെന്റർസ് ഓഫ് എക്സലൻസ്

ഓപ്പറേഷൻ ഒളിമ്പ്യ

ഒളിമ്പിക്സ് മെഡൽ എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പരിശീലന പരിപാടി. പതിനൊന്ന് മത്സര ഇനങ്ങൾക്കായി ഇരുന്നൂറ്റി എൺപത് സ്പോർട്ട്സ് താരങ്ങളെ വിദേശ കോച്ചുകളുടെ പരിശീലനമുൾപ്പെടെ നല്കി മത്സരങ്ങൾക്ക് സജ്ജരാക്കുന്ന പദ്ധതി.

N. യുവജനക്ഷേമം

നിലവിലുള്ള അവസ്ഥ

വിവിധ സർക്കാർ വകുപ്പുകളുടെ വികസന പദ്ധതികളിൽ യുവജനങ്ങളുടെ പങ്കാളിത്തം തീരെ കുറവാണ്. യുവജനങ്ങളെ ഉൾപ്പെടുത്തിയോ, യുവജനങ്ങൾക്കുവേണ്ടിയോ ഉള്ള പദ്ധതികൾ വളരെ വിരളമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ യുവജനങ്ങൾക്കായി വിനിയോഗിക്കേണ്ട വിഹിതം മറ്റ് പല പദ്ധതികളിലേയ്ക്കുമായി മാറുന്നു. വിവിധ വകുപ്പുകൾ ഒരേ പദ്ധതികൾക്കായി തുക വിനിയോഗിക്കുകയും അതിന്റെ പ്രയോജനം ശരിയായ ഗുണഭോക്താവിന് കിട്ടാതെ പോവുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജനക്ഷേമ പദ്ധതികൾ സ്പോർട്ട്സ് കിറ്റ് വിതരണം മാത്രമായി അവസാനിക്കുന്നു.

നെഹ്രു യുവകേന്ദ്രം

കേന്ദ്ര ഗവണ്മെന്റിന്റെ യുവജനക്ഷേമ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നു.

യുവജനക്ഷേമ വകുപ്പ് പദ്ധതികൾ

ജില്ലയിൽ യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിയോഗിക്കപ്പെട്ട സർക്കാർ സംവിധാനമാണ് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്.

യുവജനക്ഷേമ ബോർഡ് പദ്ധതികൾ

1. കേരളോത്സവം
2. നാഷണൽ ടൈബൽ ഫെസ്റ്റ്
3. ദേശീയോദ്ഗ്രഥന ക്യാമ്പ്.
4. ജോബ് ഫെസ്റ്റ്
5. സാഹിത്യ ക്യാമ്പ്.
6. യുവ മാദ്ധ്യമ ക്യാമ്പ്.
7. ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം.
8. ഫിലിം ഫെസ്റ്റിവൽ
9. യൂത്ത് എക്സിബിഷൻ
10. അഡ്വഞ്ചർ പ്രോഗ്രാം - അഡ്വഞ്ചർ കാർണിവെൽ, പാരാസെയിലംഗ് പരിശീലനം, സ്ത്രീ സുരക്ഷാ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, ട്രക്കിംഗ് പ്രോഗ്രാം, സാഹസിക കായിക വിനോദ മേള
11. വനിതാ ശില്പശാല
12. തൊഴിൽ പരിശീലനം
13. മത്സര പരീക്ഷാ പരിശീലനം
14. പരിസ്ഥിതി പദ്ധതികൾ
15. ബോധവൽക്കരണ പരിപാടികൾ
16. നാടക പരിശീലന കളരി.
17. വ്യവസായ സംരംഭകത്വ പരിശീലന പദ്ധതി.
18. അന്താരാഷ്ട്ര സംരംഭകത്വ സെമിനാർ
19. നാടൻകലാമേള
20. കളരിപ്പയറ്റ് പഠന കളരി
21. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്.
22. പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
23. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്.
24. കലാകായിക പരിശീലന ക്യാമ്പ്.
25. സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം
26. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - കലാ ജാഥ, ബോധവല്ക്കരണ സെമിനാർ, സിനിമ
27. ചിത്രരചനാ പരിശീലന ക്യാമ്പ്
28. ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ്.
29. ജീവദായിനി- സമഗ്ര രക്തദാന ക്യാമ്പ്.

ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളിലൂടെ പഞ്ചായത്തുകളിലെ യൂത്ത് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ ആസ്ഥാനത്ത് ഒരു ജില്ലാ യുവജനകേന്ദ്രവും പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് യൂത്ത്സെന്ററുകളും മുഖേനയാണ് ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു.

ഗുണങ്ങൾ

1. ഉയർന്ന സാക്ഷരത.
2. സാമൂഹിക-രാഷ്ട്രീയ ബോധം
3. സംഘടനാബോധം
4. കലാകായിക മേഖലകളിൽ മികവ്
5. വായനാശീലം
6. തൊഴിലിനുവേണ്ടി പുറം നാടുകളിൽ പോകുന്നതിനുള്ള സന്നദ്ധത
7. ഇതര സംസ്കാരങ്ങളുമായി ഇഴുകിച്ചേരുന്നതിനുള്ള കഴിവ്.
8. പുതിയ അറിവുകളും സാങ്കേതിക വിദ്യകളും ഉൾക്കൊള്ളാനുള്ള മനോഭാവം

O. ഊർജ്ജം

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും.

പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

വൈദ്യുത വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര, ഊർജ്ജ വകുപ്പ് വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണിത്. കൊല്ലം ജില്ലയിൽ പരമാവധി പ്രസരണ നഷ്ടം കുറച്ച് ഊർജ്ജ ക്ഷമത കൂട്ടി വൈദ്യുതി രംഗത്തെ ആധുനീകവൽക്കരണം നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ട് ഭാഗങ്ങളായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് .

ഭാഗം -1

കമ്പ്യൂട്ടർ വൽകൃത വിദൂര നിയന്ത്രണ സംവിധാനത്തിലൂടെ വിതരണ ശൃംഖലയുടെ പ്രവർത്തനവും നിയന്ത്രണവും സാദ്ധ്യമാക്കി. ആധുനീക വൽക്കരണം ശക്തമാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരികയാണ് .

ഭാഗം -2

കൊല്ലം നഗരത്തിലേയും പ്രാന്ത പ്രദേശങ്ങളിലെയും വൈദ്യുതി വിതരണ മേഖലയുടെ സമഗ്ര വികസന നവീകരണത്തിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി K.S.E.B Ltd പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി നടപ്പാക്കുന്നതിനു അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കൊല്ലം നഗരത്തിലേയും സമീപ പ്രദേശങ്ങളിലെയും വിവിധ ഭാഗങ്ങളിലൂടെ ഭൂഗർഭ കേബിളുകൾ 11 കെ വി ഹൈടെൻഷൻ ഓവർഹെഡ് ലൈനുകൾ 3 ഫേസ് 4 വയർ ലോ ടെൻഷൻ ഓവർ ഹെഡ് ലൈനുകൾ, ട്രാൻസ്ഫോർമറുകളും, മീറ്ററിംഗ് സംവിധാനമുള്ള സ്ട്രീറ്റ് ലൈറ്റ് കൺട്രോളുകളും, ഡിസ്ട്രിബ്യൂഷൻ ബോക്സുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ച് വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി.

ആർ.എപി.ഡി.ആർ.പി കൊല്ലം സ്കീം പ്രകാരമുള്ള പ്രവർത്തിക്ക് 26.93 കോടി രൂപയും പുനലൂരിന് 3.416 കോടി രൂപയും നാളിതു വരെ ചിലവായിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു.

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ വിദ്യുത് യോജന- (DDUGJY)

വൈദ്യുതി മേഖലയുടെ വികസനത്തിനായി സമ്പൂർണ്ണ വൈദ്യുതീകരണം, 24 മണിക്കൂറും വൈദ്യുതി, വൈദ്യുതി പ്രസരണ – വിതരണ നഷ്ടം കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഭാരത സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. കൊല്ലം ജില്ലയിൽ DDUGJY പദ്ധതിയിൽ 37.59 കോടി രൂപയ്ക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ജില്ലയിൽ കൊല്ലം കൊട്ടാരക്കര എന്നീ രണ്ട് സർക്കിളുകളി

ലായിട്ടാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. കൊല്ലം സർക്കിളിൽ 16.6 കോടി രൂപയുടെയും കൊട്ടാരക്കര സർക്കിളിൽ 20.99 കോടി രൂപയുടെയും പദ്ധതികളാണ് നടപ്പിലാക്കാനുള്ളത്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി ജൂൺ 2018 ആണ്. നിലവിൽ 11.69 കോടി രൂപയുടെ പദ്ധതി ജില്ലയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പദ്ധതി സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് പ്രോജക്ട് - (IPDS)

ഈ പദ്ധതിക്ക് 2016 ജൂൺ 15 ന് അനുമതി ലഭിക്കുകയുണ്ടായി. നഗര പ്രദേശങ്ങളിൽ സബ് ട്രാൻസ്മിഷൻ വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നഗര പ്രദേശങ്ങളിലെ വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഉപഭോക്താക്കൾ എന്നിവ വിലയിരുത്തേണ്ടതുണ്ട്. RAPDR പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കാനും എ.ടി. ആന്റ് സി നഷ്ടം കുറയ്ക്കുന്നതിനും, ഐ.ടി പ്രാപ്തമായ ഊർജ്ജ അക്കൗണ്ടിംഗ്/ഓഡിറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും, കണക്കാക്കിയ ഉപഭോഗത്തിനനുസൃതമായി ശേഖരണ കാര്യക്ഷമത മെച്ചപ്പെടുത്താനും ഈ പദ്ധതി സഹായിക്കും. കൊല്ലം ജില്ലയിൽ ആകെ 49.46 കോടിയുടെ പദ്ധതിയാണുള്ളത്. ഇതിൽ 2 കോടിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ നടന്നു വരികയാണ്.

പ്രസരണ മേഖലയിൽ നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതി

കൊല്ലം ജില്ലയിൽ ട്രാൻസ്മിഷന്റെ പരിധിയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പുതിയ സബ്സ്റ്റേഷനുകൾ സംബന്ധിച്ചും ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	അനുവദിച്ച തുക	പൂർത്തീകരണ കാലാവധി	നിലവിലെ സ്ഥിതി	മറ്റ് വിവരങ്ങൾ
	DDUGJY സ്കീം				
1	33 കെ വി സബ്സ്റ്റേഷനുകൾ ഓച്ചിറ-11 കെ.വി ആട്ടോ റിക്ലോഷർ മാറ്റി ഇൻഡോർ VCB വെയ്ക്കുന്ന ജോലി	86 ലക്ഷം	31.03.18	70% പൂർത്തികരിച്ചു.	
2	66 കെ വി സബ്സ്റ്റേഷൻ , തെന്മല-11 കെ.വി എ ബി സ്വിച്ച് മാറ്റി LBS വയ്ക്കുന്ന ജോലി	35 ലക്ഷം	31.03.18	കോൺട്രാക്റ്റ് ജോലി അവാർഡ് ചെയ്തു.	
3	വിവിധ സബ്സ്റ്റേഷനുകളിൽ ഫീഡർ മീറ്ററുകൾ സ്ഥാപിക്കുന്ന ജോലി	10.8 ലക്ഷം	31.03.18	മീറ്റർ ലഭിക്കുന്ന മുറയ്ക്ക് ജോലി പൂർത്തീകരിക്കുന്നതാണ്.	
II	IPDS സ്കീം				
1	220 കെ വി സബ്സ്റ്റേഷൻ , കുണ്ടറ-30 കിലോ വാട്ട്സിന്റെ റൂഫ് ടോപ്പ് സോളാർ പാനലുകൾ വയ്ക്കുന്ന ജോലി	21 ലക്ഷം		ജോലി പൂർത്തീകരിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദനം നടന്നു വരുന്നു.	വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം നടത്തുന്നതിനുവേണ്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

IIII	PSDF സ്കീം				
1	220 കെ വി സബ്സ്റ്റേഷൻ, കുണ്ടറ- നവീകരണ പ്രവർത്തനങ്ങൾ	82 .5 ലക്ഷം	31.12.17	60% പൂർത്തീകരിച്ചു.	
	220 കെ വി സബ്സ്റ്റേഷൻ ,ഇടമൺ ഡബിൾ ബസ് നിർമ്മാണം	29.56 കോടി	31.12.17	67% പൂർത്തീകരിച്ചു.	
IV	പുതിയ സബ്സ്റ്റേഷനുകൾ				
1	110 കെ വി സബ്സ്റ്റേഷൻ , തേവലക്കര	11 കോടി	2018-2019	സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു	
2	110 കെ വി സബ് സ്റ്റേഷൻ ഈസ്റ്റ് കല്ലട	7 കോടി	2018-19	നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി	
3	110 കെ വി സബ് സ്റ്റേഷൻ, ചിതറ	9 കോടി	2018-19	സ്ഥലമെടുപ്പ് നടപടി തുടങ്ങി	

അവലംബം കെ.എസ്.ഇ.ബി

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യഗ്രാമ പദ്ധതികൾ

സംസ്ഥാന സർക്കാർ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയാണ് തീരദേശത്തിന്റെ വികസനത്തിനായുള്ള തീരദേശ വികസന കോർപ്പറേഷന്റെ മത്സ്യ ഗ്രാമ പദ്ധതികൾ. ഈ പദ്ധതിയിൽ തീരദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എ ബി സി ലൈനുകൾ സ്ഥാപിക്കുക, തെരുവ് വിളക്കുകൾക്ക് ലൈനുകൾ സ്ഥാപിക്കുക സുരക്ഷയ്ക്ക് വേണ്ടി കണ്ടക്ടറുകൾ മാറ്റി സ്ഥാപിക്കുക, പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക, മുതലായ പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട് .

സമ്പൂർണ്ണ വൈദ്യുതീകരണം

സംസ്ഥാന സർക്കാർ ജില്ലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 11.51 കോടി പദ്ധതി ചിലവിൽ 31.03.2017 ൽ പൂർത്തിയാക്കിയിട്ടുള്ളതാണ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും

വിവിധ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവയുടെ ഏകദേശം 15648150/- രൂപ വരുന്ന പദ്ധതികൾ കൊല്ലം ജില്ലയിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു. ഈ പദ്ധതിയിൽ തെരുവ് വിളക്കുകകൾ സ്ഥാപിക്കാൻ, തെരുവ് വിളക്കുകകളുടെ ലൈനുകൾ, മീറ്ററുകൾ എന്നിവ സ്ഥാപിക്കൽ, പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നു. കൊല്ലം സർക്കിളിന്റെ പരിധിയിൽ 13258010/- രൂപയുടെ പദ്ധതികളും കൊട്ടാരക്കര സർക്കിളിന്റെ പരിധിയിൽ 2390140/- രൂപയുടെ പദ്ധതികളുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 പദ്ധതിയിൽപ്പെടുത്തി ജില്ലയിൽ ചെയ്യുന്നതാണ്.

കേന്ദ്ര സംസ്ഥാന പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം

1. അതാതു മേഖലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് പദ്ധതികൾ വിഭാവനം ചെയ്യുകയാണെങ്കിൽ കൂടുതൽ വേഗത്തിലും ഗുണമേന്മയിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.
2. വൈദ്യുത ലൈനുകളും ട്രാൻസ്ഫോർമറുകളും ഭൂഗർഭ കേബിളുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള സ്ഥല

സൗകര്യവും അനുമതിയും വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭ്യമായാൽ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

P. വിനോദ സഞ്ചാരം

1. ജഡായു എർത്ത് സെന്റർ

സംസ്ഥാന ടൂറിസം വകുപ്പും, സ്വകാര്യ സംരംഭമായ ഗുരുചന്ദ്രികാ ബിൽഡേഴ്സും തമ്മിൽ ഒപ്പുവച്ച 30 വർഷ കരാറിന്റെ കാലാവധിയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പൊതു-സ്വകാര്യ സംരംഭമായി നടത്തപ്പെടുന്നത്. ടി പദ്ധതി പ്രദേശത്തേക്കുള്ള അനുബന്ധ റോഡ്, വൈദ്യുതി എന്നിവ വിനോദസഞ്ചാര വകുപ്പിന്റെ ചെലവിലാണ് പൂർത്തിയാക്കി നൽകുന്നത്. ഇതിനായി വകുപ്പ് 9.15/- കോടി രൂപ ചെലവഴിച്ച് ജോലികൾ പൂർത്തിയാക്കി വരികയാണ്. ജില്ലയിലെ വിനോദസഞ്ചാര വികസനത്തിൽ നിർണായകമാകുന്ന ടി പദ്ധതി 2018 ആദ്യ പാദത്തിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ പദ്ധതി കൊല്ലം ജില്ലയുടെ മൊത്തത്തിലുള്ള വിനോദസഞ്ചാര വികസനത്തിന് പ്രേരകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. അഷ്ടമുടിക്കായലിൽ വള്ളംകളിയുമായി ബന്ധപ്പെട്ട് സ്ഥിരം പവലിയൻ

പ്രസിഡന്റ് ട്രോഫി ജലോത്സവവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനു സമീപം ഒരു കോടി രൂപ ചെലവിൽ ഒരു സ്ഥിരം പവലിയന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. വള്ളം കളിയുമായി ബന്ധപ്പെട്ട് ഉദ്ഘാടന സമാപന ചടങ്ങുകൾ നടത്തുന്നതിന് ഒരു സ്ഥിരം വേദി ഇതുമൂലം ലഭിച്ചിട്ടുണ്ട്. അഷ്ടമുടി കായലുമായി ബന്ധപ്പെട്ട മറ്റുപരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് ടി പവലിയൻ നിർമ്മിച്ചിട്ടുള്ളത്.

3. ആശ്രാമം അഡ്വഞ്ചർ പാർക്കും സമീപ പ്രദേശങ്ങളും സൗന്ദര്യവൽക്കരണവും അടിസ്ഥാന സൗകര്യങ്ങളൊരുക്കലും.

ആശ്രാമം അഡ്വഞ്ചർ പാർക്കും സമീപ പ്രദേശങ്ങളും സഞ്ചാരികൾക്ക് കൂടുതൽ ആകർഷകമായി ഉപയോഗിക്കാൻ പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യ വികസനവും സൗന്ദര്യവൽക്കരണവും നടത്തുന്നതിനായി 93.47 ലക്ഷം രൂപ ചെലവിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കി വരികയാണ്. ഇതിൽ പ്രധാനമായും പാർക്കിനുള്ളിലുള്ള നടപ്പാത മാലിന്യ സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ, കുടിവെള്ളം ലഭ്യമാക്കൽ, പാർക്കിലേക്കുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഇത് സംബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

4. പന്മന വട്ടക്കായൽ

കണ്ണേറ്റി കായലും പന്മന വട്ടക്കായലും ബന്ധപ്പെടുത്തിയുള്ള കായൽ ടൂറിസം വികസിപ്പിക്കുന്നതിനായി പന്മന വട്ടക്കായലിൽ ബോട്ടുജെട്ടിയും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി 40 ലക്ഷം രൂപ ചെലവിൽ പദ്ധതിയ്ക്ക് ടൂറിസം വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ച് ജോലികൾ പൂർത്തീകരിച്ച് വരികയാണ്. ടി പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി കണ്ണേറ്റി കായലും വട്ടക്കായലും തമ്മിൽ ബന്ധിപ്പിച്ച് ബോട്ട് സഫാരി ഉൾപ്പെടെയുള്ള വിനോദ പരിപാടികൾ ഡി.റ്റി.പി.സിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കാവുന്നതാണ്.

5. പരവൂർ - പൊഴിക്കര ബീച്ച് ടൂറിസം പദ്ധതി

2017 സെപ്തംബർ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയ്ക്ക് 2 കോടിരൂപയാണ് അനുവദിയ്ക്കപ്പെട്ടിട്ടുള്ളത്. കൂടാതെ ഇതിനോട് തൊട്ടടുത്തുള്ള ബീച്ചായ താന്നിബീച്ചിലെ ടൂറിസം വികസനത്തിന് 68.4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ രണ്ട് പ്രോജക്ടുകളും കൂടിച്ചേരുമ്പോൾ പരവൂർ താന്നി ലക്ഷ്മിപുരം പ്രദേശത്തെ ടൂറിസം വികസനത്തിന് ഒരു മുതൽക്കൂട്ടാണ്.

6. കൊല്ലം പുനർജനി ഇക്കോപാർക്ക്

കൊല്ലം - ആശ്രാമം ലിങ്ക്റോഡിലുള്ള അഷ്ടമുടിക്കായലിന് എതിർ വശത്തായുള്ള രണ്ടേക്കർ വരുന്ന സ്ഥലത്ത് പുതുതായി ആരംഭിക്കാൻ പോകുന്ന പദ്ധതിയാണ് Quilon Punarjani Eco Park എന്ന പദ്ധതി.

പ്രധാനമായും ഒരു ഓപ്പൺ എയർ ഓഡിറ്റോറിയവും ഗ്രാമീണ ഉത്പന്ന വിപണന സൗകര്യവും അനുബന്ധ സൗകര്യങ്ങളുമാണ് ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്.

7. മൺട്രോതുരുത്ത് വില്ലേജ് ടൂറിസം പദ്ധതി

കൊല്ലം ജില്ലയിലെ ഒരു സുപ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് മൺട്രോതുരുത്ത്. ഈ പ്രദേശത്തെ വികസനത്തിനായി 3 കോടി രൂപയുടെ ഒരു പദ്ധതിക്ക് 2017 സെപ്തംബർ മാസം ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 38 ലക്ഷം രൂപയുടെ ഒരു പദ്ധതി ഏകദേശം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതുമാണ്. പ്രധാനമായും ഈ പ്രദേശത്തെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

8. ആശ്രാമം മൈതാനത്തിന്റെ സൗന്ദര്യവൽക്കരണം

കൊല്ലം-ആശ്രാമം മൈതാനത്തിന്റെ സൗന്ദര്യവൽക്കരണത്തിനായി 2017 മാർച്ച് മാസത്തിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി കൊല്ലം നഗര ഹൃദയത്തിന്റെ മുഖഛായ തന്നെ മാറുന്നതാണ്.

9. മലമേൽപാറ ടൂറിസം പദ്ധതി

നിലവിൽ ധാരാളം സ്വദേശി സന്ദർശകർ എത്തിച്ചേരുന്ന മലമേലിൽ വികസന പദ്ധതിയ്ക്കായി 2017 മാർച്ച് മാസം 3 കോടി രൂപ അനുവദിച്ചു. ജഡായുപാറ ടൂറിസം പദ്ധതി നിലവിൽ വരുന്നതോടുകൂടി മലമേൽ പദ്ധതിയ്ക്കും സാദ്ധ്യതയേറെയാണ്.

Q. പട്ടികജാതി പട്ടികവർഗ്ഗം

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും 5 വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.

1. വിദ്യാഭ്യാസ പരിപാടികൾ
2. സാമ്പത്തിക വികസന പരിപാടികൾ
3. സാമൂഹ്യ ക്ഷേമ പരിപാടികൾ
4. സാംസ്കാരിക പരിപാടികൾ
5. നിയമാധിഷ്ഠിത സേവനങ്ങൾ

വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

1. നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി ജില്ലയിൽ 6 (വിളക്കുടി, പുനലൂർ, വെളിയം, കടയ്ക്കാമൺ, കുളക്കട, ചാലുക്കോണം) നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തി വരുന്നു. പ്രതിദിനം ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം ഓരോ കുട്ടിയ്ക്കും 30 രൂപ പ്രതിദിന ഫീഡിംഗ് ചാർജ്ജ്, യൂണിഫോമിന് 600 രൂപ, ലംപ്സം ഗ്രാന്റ് 190 രൂപ എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

2. പ്രീ മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതിയിൽ പെട്ടതും മറ്റ് അർഹരായതുമായ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാന അദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാന്റ് നൽകുന്നു.

എ) **ലംപ്സം ഗ്രാന്റ് നിരക്ക്** -

നഴ്സറി സ്കൂൾ (വകുപ്പിന്റെനഴ്സറി സ്കൂളുകൾ മാത്രം) - 190/- രൂപ

1 മുതൽ 4 വരെ	- 320 രൂപ
5 മുതൽ 7 വരെ	- 630 രൂപ
8 മുതൽ 10 വരെ	- 940 രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക.

ബി) **സ്റ്റൈപ്പന്റ് -**

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി, എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.

1 മുതൽ 4 വരെ	- 130 രൂപ
5 മുതൽ 7 വരെ	- 160 രൂപ
8 മുതൽ 10 വരെ	- 190 രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക.

സി) **9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ്** (കേന്ദ്ര സഹായ പദ്ധതി)

9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പൻറും ഗ്രാന്റും നൽകുന്ന പദ്ധതി. നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

	ഹോസ്റ്റലേഴ്സ്	**ഡേ-സ്കോളർ**
സ്കോളർഷിപ്പ് (പ്രതിമാസം)	350	150
ബുക്ക് ഗ്രാന്റ്	1000	750

ഡി) **വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം**

(കേന്ദ്ര സഹായ പദ്ധതി - അൺ ക്ളീൻ ഒക്യുപേഷൻ)

ജാതി-മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെനിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 110/- രൂപ, അഡ്ഹോക്ക് ഗ്രാന്റ് 750/- രൂപ (ഡേ-സ്കോളർ), ഹോസ്റ്റൽ അന്തേവാസികൾക്ക് 1000/- രൂപ. ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ, ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷ നൽകാം.

ഇ) **അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്**

അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റ് അർഹരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നു.

	നിരക്ക്
എൽ.പി, യു.പി ഫീസ്	- 1000 രൂപ
സ്പെഷ്യൽ ഫീസ്	- 333 രൂപ
എച്ച്.എസ്.ഫീസ്	- 1500 രൂപ
സ്പെഷ്യൽ ഫീസ്	- 500 രൂപ

വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള പട്ടികജാതി/മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ മേലൊപ്പ് വച്ച് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഓഫീസിൽ നൽകണം. ഒരു അദ്ധ്യയന വർഷത്തെ തുക അടുത്ത വർഷം റീഇംബേഴ്സ് ചെയ്ത് നൽകുന്നതാണ്.

എഫ്) **ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാരത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് അഞ്ചാം ക്ലാസ് മുതൽ സൗകര്യം. നാലാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 100000/- രൂപ

ജി) **ശ്രീ.അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെഅടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് വരെ പ്രതിവർഷം 4500 രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 100000/- രൂപ. 12000/- ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2000/- രൂപ അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭിക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേക്ക് 1000/- രൂപ നൽകുന്നു.

എച്ച്) **പ്രീ മെട്രിക് ഹോസ്റ്റലുകൾ**

ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87 ഹോസ്റ്റലുകൾ (പട്ടിക അനുബന്ധമായി ചേർക്കുന്നു) 2 സെറ്റ് യൂണിഫോം, ഭക്ഷണം ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 130/- രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാപ്പടി എന്ന ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2000/- രൂപ വീതം ചെലവഴിക്കുന്നു. അഞ്ചാം ക്ലാസ് മുതൽ അഡ്മിഷൻ.

തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ആഫീസർക്കോ മെയ് മാസത്തിൽ അപേക്ഷ നൽകേണ്ടതാണ്.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസിന് ശേഷം)

എ) ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

പ്ലസ് വൺ മുതൽ പഠനം നടത്തുന്നവർക്ക് പ്രതിമാസം 500 രൂപ സ്റ്റൈപ്പന്റ് നൽകുന്നു. 8 കി.മീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് സ്റ്റൈപ്പന്റ് 600 രൂപയാണ്. ലംപ്സം ഗ്രാന്റ് നിരക്ക് ചുവടെ രേപ്പെടുത്തുന്നു.

പ്ലസ് ടു, വി.എച്ച്.എസ്.ഇ	- 1130/- രൂപ
ഡിഗ്രി തത്തുല്യ കോഴ്സുകൾ	- 1190/- രൂപ
പി.ജി തത്തുല്യ കോഴ്സുകൾ	- 1570/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ	- (440 മുതൽ 3130 വരെ കോഴ്സ് അനുസരിച്ച് സ്റ്റൈപ്പന്റ് നിരക്ക് 8 കി. മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക 630/- രൂപ 8 കി. മീറ്ററിൽ കൂടുതൽ യാത്ര ചെയ്ത് വരുന്നവർക്ക് 750/- രൂപ

നിലവിൽ ടി ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.റ്റി.എം കൾ വഴി ഇ-ഗ്രാൻറ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സ്ഥാപന മേധാവിക്ക് സമർപ്പിക്കണം. തുടർന്ന് അവയുടെ ഒറിജിനൽ സ്ഥാപന മേധാവി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എസ്.എസ്. എൽ.സി ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപന മേധാവി ജില്ലാ ആഫീസർക്ക് നൽകേണ്ടത്.

ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, അമൃതകുളം, കൊല്ലം

പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് (ആൺ 1 - 60 കുട്ടികൾ + പെൺ 1 - 60 കുട്ടികൾ) 120 കുട്ടികൾ ഉള്ള 2 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2300/- ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്തുമസ് അവധി കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാ ബത്ത നൽകുന്നു. പോക്കറ്റ് മണിയായി 190/- രൂപ നൽകുന്നു. ഹോസ്റ്റലിൽ കായിക

വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത എയിഡഡ് കോളേജ് ഹോസ്റ്റലുകൾ, സ്വശ്രയ കോളേജുകളുടെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു. (എ.ബി.എൽ.സി (ആക്ചൽ ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജ്)

സി) പ്രത്യേക പ്രോൽസാഹന സമ്മാനം (സ്പെഷ്യൽ ഇൻസെന്റീവ്)

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ ചേർക്കുന്നു.

കോഴ്സ്	ഫസ്റ്റ് ക്ലാസ്/ഗ്രേഡ്	ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ്
എസ്.എസ്.എൽ.സി	1500	2500
പ്ലസ് ടു, റ്റി.റ്റി.സി., ഡിപ്ലോമ	2500	5000
ഡിഗ്രി	3500	7500
പി.ജി., മറ്റ് പ്രൊഫഷണൽ	5000	10000

ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകണം.

ഡി) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ

മെഡിക്കൽ/എൻജീനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

ഇ) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ ന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20000/- രൂപ വരെ ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകുന്നത്. വിദ്യാർത്ഥികൾക്ക് നിലവാരമുള്ള, ഇഷ്ടമുള്ള സ്ഥാപനം തെരഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷിക വരുമാനം 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കുക.

എഫ്) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ, റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺ ലൈൻ വഴി അക്ഷയാ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുക. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി വഴി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാൻറ്സായി ബാങ്ക് മുഖേന നൽകുന്നു.

ജി) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

എൻജിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് തുക അനുവദിക്കുന്നു.

നിരക്ക്

മെഡിക്കൽ - 10000 എൻജീനീയറിംഗ്- 5000

അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. വരുമാന പരിധി 100000/- രൂപ

എച്ച്) പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം : പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

ജെ) സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാം വർഷ എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

കെ) ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ്

ഇ-ഗ്രാൻറ്സിന് അർഹതയില്ലാത്തതും 250000/- രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കുടുംബത്തിന് അകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

എൽ) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകണം.

എം) വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

എൻ) സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെരിറ്റ് റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു. ജോലി സംബന്ധമായി കേരളത്തിന് പുറത്ത് താൽക്കാലികമായി താമസം ആക്കിയിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി പട്ടിക ജാതി വികസന ഡയറക്ടർക്ക് നൽകണം.

ഒ) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശ പഠനത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെരിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

പി) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ് ടു, ഡിഗ്രി, പി.ജി കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു. അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

ക്യു) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.റ്റി.ഐ കൾ)

വകുപ്പിന് കീഴിൽ ജില്ലയിൽ ഓച്ചിറ, കുളക്കട, വെട്ടിക്കവല എന്നിവിടങ്ങളിലായി 3 ഐ.റ്റി.ഐ കളിലായി എൻ.സി.വി.റ്റി/എസ്.സി.വി.റ്റി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, ഡ്രാഫ്റ്റ്സ് മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പെയിന്റർ (ജനറൽ) പ്ലംബർ, കാർപ്പെന്റർ, സ്വീയിംഗ് ടെക്നോളജി, വെൽഡർ, സർവേയർ, ഡ്രൈവർ കം-മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.റ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം, യൂണിഫോം അലവൻസ്, ഒന്നാം വർഷം

820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംപ്സം ഗ്രാൻറും, 630 രൂപ പ്രതിമാസ സ്റ്റൈപ്പൻറും നൽകി വരുന്നു.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഐ.ടി.ഐ കളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ-കം-മെക്കാനിക് ട്രേഡിൽ പ്രവേശനം നേടുന്നതിന് 18 വയസായിരിക്കണം. മറ്റ് കോഴ്സുകൾക്ക് പ്രവേശനത്തിന് പ്രായ പരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനന തീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

ആർ) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4 പ്രീ എക്സാമിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പൻറോടുകൂടിയ പരിശീലനം, കൂടാതെ മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, ജോബ് ഓറിയന്റൽ കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ

എസ്) ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള പദ്ധതി.

ടി) പഠനയാത്ര പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർ സെക്കന്ററി ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും തുക അനുവദിക്കുന്നു.

സാമ്പത്തിക വികസന പദ്ധതികൾ

1. സ്വയംതൊഴിൽ പദ്ധതി (എസ്.എച്ച്.ജി സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെ ധനസഹായം (പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ) നൽകുന്ന പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയുള്ള വായ്പകൾക്കും വായ്പ തുകയുടെ 1/3 സബ്സിഡി പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്, വരുമാന പരിധി ബാധകമല്ല. അപേക്ഷ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്.ജി.എസ്.വൈ.ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകുക.

2. വക്കീലൻമാർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

ഒന്നാം വർഷം

1.	എൻറോൾമെന്റ് ഫീസ്	- 1550/-
2.	വസ്ത്രം വാങ്ങുന്നതിന്	- 2000/-
3.	പുസ്തകം വാങ്ങുന്നതിന്	- 6250/-

രണ്ടും മൂന്നും വർഷങ്ങളിൽ

1.	വസ്ത്രം വാങ്ങുന്നതിന്	- 2000/-

2. പുസ്തകം വാങ്ങുന്നതിന് - 6250/-
3. മുറി വാടക പ്രതിമാസം 250/- രൂപ നിരക്കിൽ - 3000/-

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, എൽ.എൽ.ബി-യുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെസാക്ഷ്യപത്രം സഹിതം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കുക.

3.സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറീസ്ഷിപ്പ്

ഐ.റ്റി.ഐ, ഡിപ്ലോമ, എൻജിനീയറിംഗ് ഡിഗ്രി എന്നിവ പാസായവർക്ക് അപ്രൻറീസ്ഷിപ്പ് അപേക്ഷകൾ അതാത് ജില്ലാ പട്ടികജാതി വികസന ആഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രതിമാസ നിരക്ക്

ഐ.റ്റി.ഐ - 2000
ഡിപ്ലോമ - 2500
എൻജിനീയറിംഗ് ഡിഗ്രി - 3000

3. ടൂൾ കിറ്റ്

വകുപ്പിന്റെഐ.റ്റി.ഐ കളിൽ വിവിധ ട്രേഡുകൾ പാസായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

5. ഉൽപ്പന്ന പ്രദർശന വിപണന മേള

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉൽപ്പന്നങ്ങൾക്കും പട്ടികജാതി സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാന അടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിൽപ്പന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉൽപ്പന്നങ്ങൾ സ്റ്റാളിൽ എത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിക്കുന്നവർക്കുള്ള പ്രതിമാസ ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകർ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാകും.

6. സ്വയംപര്യാപ്ത ഗ്രാമങ്ങൾ (അംബേദ്കർ സ്വാശ്രയഗ്രാമ പദ്ധതി)

പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതിവിവര പഠന റിപ്പോർട്ടിൽ 50-തോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 ഗ്രാമങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഈ ഗ്രാമങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ്.

ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവന പുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി ഒരു കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

R. സാമൂഹ്യ ക്ഷേമ പരിപാടികൾ

1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടികളുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണ കത്ത്, വിവാഹ നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ്

ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 50000/- രൂപ.

2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000/- രൂപ വരെ ഗ്രാൻറായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. ഭാര്യ ഭർത്താക്കൻമാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കണം. 2 പേരുടെയും കൂടി പ്രതിവർഷം വരുമാന പരിധി 100000/- രൂപ

3. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 375000/-, 450000/-, 600000/- രൂപ ഗ്രാൻറായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമ സഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

അപേക്ഷ, ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ല എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകുക. വാർഷിക വരുമാന പരിധി 50000/- രൂപയും അപേക്ഷകന്റെപ്രായപരിധി 55 വയസ്സുമാണ്. ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

4. ഭവന നിർമ്മാണ ധന സഹായം

2014-15 സാമ്പത്തിക വർഷം മുതൽ 300000/- രൂപ ഭവന നിർമ്മാണ ധനസഹായമായി നൽകുന്നു. 45000/-, 90000/-, 120000/-, 45000/- എന്നിങ്ങനെ 4 ഗഡുക്കളായി നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

ഗ്രാമ പ്രദേശത്ത് സ്വന്തമായി 2 സെൻറും നഗര പ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമി എങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാന, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭവന നിർമ്മാണ ഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകുക. വരുമാന പരിധി 50000/- രൂപ.

5. ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി

50000/- രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ, നായാടി, ചക്ലിയൻ/അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 725000/- രൂപ ഗ്രാൻറായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55 വയസിൽ കവിയരുത്. (ഭവനത്തിന് 350000/- രൂപ, ഭൂമിയ്ക്ക് 375000/- രൂപ)

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജാഫീസറുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകുക.

6. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50000/- രൂപ വരെ ചികിൽസാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോ ഫീലിയ മുതലായ ഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി 100000/- രൂപ വരെ നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ, ജാതി, വരുമാനം, ചികിൽസിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫാറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്കോ, വകുപ്പ് മന്ത്രിക്കോ നൽകാവുന്നതാണ്.

7. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പമുള്ളതുമാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു. ടി ആചരണക്കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉൽഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

8. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്നും ഇതിന് മുമ്പ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിന് പുതുതായി ഒരു മുറികൂടി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50000/- രൂപ അനുവദിക്കുന്നു. വരുമാന പരിധി 50000/- രൂപ. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വീടിന്റെപഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ്, മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകണം.

9. വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലഭ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മൽസര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സങ്കേതങ്ങളോട് അനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ട് സഹിതം ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

10. വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 50000/- രൂപ വരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 250000/- രൂപയിൽ താഴെ വരുമാനമുള്ള 20 നും 45 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

11. നാടൻ കലാമേള (ഗദ്ദിക)

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനത് കലകളെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനായി ഉൽപ്പന്ന പ്രദർശന വിപണന മേളയും കലാമേളയും സംഘടിപ്പിക്കുന്നു. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഒരു വർഷം 2 സ്ഥലങ്ങളിലായി പരിപാടികൾ സംഘടിപ്പിക്കുന്നു.

12. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് 20000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. മൗലികമായ രചനകളുടെ 2 കൈയെഴുത്ത് പ്രതികൾ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ ചീഫ് പബ്ലിസിറ്റി ആഫീസർ, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ-പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കുക.

13. പടവുകൾ മാസിക

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പ് പുറത്തിറക്കുന്നു. കോപ്പികൾ ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസുകളിൽ നിന്നും ചീഫ് പബ്ലിസിറ്റി ഓഫീസിൽ നിന്നുമാണ് ലഭിക്കുന്നത്

5. പട്ടിക വർഗ്ഗം

പട്ടിക വർഗ്ഗ വികസനത്തിനായി വിവിധ മേഖലകളിൽ ചെലവഴിച്ച തുക 2014-15 മുതൽ 2017-18

ക്രമ നം.	മേഖല	എസ്.സി.എ.ടു. ടി.എസ്.പി				കോർപ്പസ് ഫണ്ട്			
		2014 -15	2015 -16	2016 -17	2017 -18	2014 -15	2015 -16	2016 -17	2017 -18
1	കൃഷിയും അനുബന്ധവും	301025	203450	835000	970000				
2	മൃഗപരിപാലനം	1108000		904000	982000				
3	വിദ്യഭ്യാസം				32700	33957			11000
4	കുടിവെള്ളം/ജലസ്രോതസ്സ്							2200000	
5	റോഡ് വികസനം					2495000	1070000	340000	3365000
6	തൊഴിൽ/ഉപജീവനം	576500	295790	711000	173000	555500			
7	വൈദ്യുതി						270501	370000	
8	കമ്മ്യൂണിറ്റി ഹാൾ					2500000			
9	സ്ഥാപനങ്ങൾ നവീകരണം					40000	6137	1277075	
	ആകെ	**1985525**	**499240**	**2450000**	**2452000**	**5930074**	**1346638**	**4187075**	**3475000**

അവലംബം പട്ടികവർഗ്ഗ വികസന വകുപ്പ്

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (കേന്ദ്ര സഹായ പദ്ധതി)

പൊതുവിലയിരുത്തൽ- എം. ആർ.എസ് കുളത്തുപ്പുഴ

നിലവിലുള്ള സൗകര്യങ്ങൾ	ഇനി ആവശ്യമായ സൗകര്യങ്ങൾ
• യു.പി. എച്ച്.എസ് എന്നീ ക്ലാസ്സുകൾ നിലവിലുണ്ട്. 2017-18 വർഷം ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്, കോമേഴസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.	• കോമ്പൗണ്ടിനുള്ളിൽ തുറന്ന കിണർ സ്ഥാപിച്ച് ശുദ്ധ ജലവിതരണം ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ കുടിവെള്ളം വിലയ്ക്ക് വാങ്ങുന്ന സാഹചര്യമുണ്ട്

- എസ്.പി.എസി നിലവിലുണ്ട്.
- സ്വന്തമായി ബാന്റ് ട്രൂപ്പ് ഉണ്ട്
- ഹൈസ്കൂൾ തലത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടത്തി വരുന്നു.
- അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷൻ നടത്തുണ്ട്.
- ഒമ്പതാം തലത്തിലുള്ള കുട്ടികളെ എല്ലാ വർഷവും പഠന വിനോദ യാത്രയ്ക്ക് കൊണ്ട് പോകാറുണ്ട്.
- ലൈബ്രറിയിൽ മതിയായ പുസ്തകങ്ങൾ നിലവിലുണ്ട്.
- കുളത്തുപ്പുഴ പി.എച്ച്.സി, മൊബൈൽ മെഡിക്കൽ യൂണിറ്റ് നെടുമങ്ങാട്, പുനലൂർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സെപ്ഷ്യൽ മെഡിക്കൽ യൂണിറ്റ് എന്നീ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ മെഡിക്കൽക്യാമ്പ് നടത്തി വരുന്നു.
- പുനലൂർ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സെപ്ഷ്യൽ മെഡിക്കൽ യൂണിറ്റിന്റെ സഹായ ത്താൽ ദന്തൽ വിഭാഗത്തിന്റെക്യാമ്പ് ടി സ്കൂളിൽ നടത്തുകയുണ്ടായി.
- സർഗോത്സവം, സഹവാസക്യാമ്പ്, കളിക്കളം എന്നിവ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്നു.
- ഹൈസ്കൂൾ വിഭാഗത്തിൽ ഒരു സ്മാർട്ട് ക്ലാസ്സ് നിലവിലുണ്ട്.
- സ്കൂൾ പരിസരം, ഹോസ്റ്റൽ എന്നിവിടങ്ങളിൽ നിരീക്ഷണത്തിനായി 11 സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- 2016-17 വർഷം സബ് ജില്ലാ സ്കൂൾ കലോൽസവത്തിൽ 2 കുട്ടികൾക്ക് സെക്കന്റ് പ്രൈസ് ലഭിച്ചു.
- 2012 മുതൽ ടി സ്കൂൾ 100% വിജയം കൈവരിച്ച് വരുന്നു.
- സ്കൂളിന് സമീപം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സ്കൂളിൽ ഡിജിറ്റൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ട്.
- കുട്ടികളിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പി യ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- ചുറ്റുമതിലിനു മുകളിൽ മുള്ളുവേലി സ്ഥാപിയ്ക്കേണ്ടതുണ്ട്.
- ഹോസ്റ്റൽ കെട്ടിടത്തിന് മുകളിൽ റൂഫിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.
- സ്കൂൾ ബ്ലോക്കിൽ സോളാർ പാനൽ സ്ഥാപിയ്ക്കേണ്ടതുണ്ട്.
- മഴവെള്ള സംഭരണവും സംസ്കരണ പ്ലാന്റും സ്ഥാപിയ്ക്കേണ്ടതുണ്ട്.
- സാനിറ്റേഷൻ സംവിധാനം കേട്പാട് തീർക്കേണ്ടതുണ്ട്.
- കെട്ടിടം പെയിൻറിംഗ്, റിപ്പയറിംഗ് പണികൾ ചെയ്യേണ്ടതുണ്ട്.
- കോമ്പൗണ്ടിലെ റബ്ബർ മരങ്ങൾ നീക്കം ചെയ്ത് കുട്ടികൾക്ക് കളിസ്ഥലം ഒരുക്കണം.
- ഇലക്ട്രിഫിക്കേഷൻ സംവിധാനം കേട്പാട് തീർക്കൽ, ഡി.സി ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്.
- ക്ലാസ്സ് റൂം ഫർണിച്ചർ, മെസ്സ് ഫർണിച്ചർ എന്നിവ ആവശ്യമാണ്.
- സയൻസ് ലാബ് ആരംഭിക്കുന്നതിനായി ഐ.റ്റി.ഐ ലാബ്, സുവോളജിലാബ്, ബോട്ടണി ലാബ് എന്നിവ ആവശ്യമാണ്.
- നിലവിൽ പ്രവർത്തിച്ച് വരുന്ന ഗ്യാസ് സിസ്റ്റം, ഗ്യാസ് ചേംബർ എന്നിവ കാലപ്പഴക്കം ചെന്നതാണ്. ആയത് നവീകരിക്കേണ്ടതുണ്ട്.
- സ്കൂളിലെ കുട്ടികളെ ചികിൽസയ്ക്കായി ഹോസ്പിറ്റലിൽ എത്തിയ്ക്കുന്നതിനും വിവിധ കലാകായിക പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും വാഹനം ആവശ്യമാണ്.
- 200 മീറ്റർ ട്രാക്കുള്ള കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്,
- ഹോസറ്റൽ കെട്ടിടത്തിനും സ്കൂൾ കെട്ടിടത്തിനും ഇടയിലുള്ള ഭാഗത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിയ്ക്കൽ.
- ഡൈനിംഗ് ഹാളിലേയ്ക്ക് ഇറങ്ങുന്നതിന് നടപ്പാതയോ സ്റ്റെപ്പുകളോ നിർമ്മിയ്ക്കണം .സ്കൂൾ പ്രവേശ കവാടം മുതൽ ഹോസ്റ്റൽ പരിസരം വരെയുള്ള റോഡ് ടാറിംഗ്, ടി റോഡിന് ഇരുവശവും ലാൻഡ്സ്കേപ്പിംഗ്, ശരിയായ ഡ്രൈനേജ് സൗകര്യം എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്.
- ഗേറ്റിന് മുകളിൽ കമാനം, സെക്യൂരിറ്റി ക്യാബിൻ എന്നിവ ആവശ്യമാണ്.
- യു.പി വിഭാഗത്തിന് പ്രത്യേക കമ്പ്യൂട്ടർ ലാബ്

	സൗകര്യം ഏർപ്പെടുത്തണം • എല്ലാ കമ്പ്യൂട്ടറുകൾക്കും വാർഷിക മെയിന്റനൻസ്.
	• ഹൈസ്കൂൾ, ഹയർസെക്കന്ററി കമ്പ്യൂട്ടർ ലാബ് ശീതികരണം • ഹൈസ്കൂൾ വിഭാഗത്തിന് നാല് സ്മാർട്ട് ക്ലാസ്സ് മുറികൾ കൂടി ആവശ്യമാണ്. • ഓരോ നിലയിലും ഓരോ വാട്ടർ ഫിൽറ്റർ ആവശ്യമാണ്. • പൊതുവായി കക്കൂസ് സൗകര്യങ്ങൾ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. • ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമായ സഹായം • ഓപ്പൺ ആഡിറ്റോറിയത്തിന് റൂഫിംഗ് നിർമ്മിച്ച് തറ ഓട് പാകണം. • അദ്ധ്യാപകരും ജീവനക്കാരും സ്ഥാപനത്തിൽ കുട്ടികളോടൊപ്പം താമസിച്ച് പഠന പഠനേതര കാര്യങ്ങളിൽ സ്കൂൾ സമയത്തിനുശേഷവും അവധി ദിവസങ്ങളിലും കുട്ടികളെ സഹായിയ്ക്കണം. • പഠനകാര്യങ്ങളിലും കലാ കായിക രംഗങ്ങളിലും കുട്ടികളെ മികവുറ്റവരാകാൻ സഹായിക്കുന്ന അദ്ധ്യാപകർക്ക് ജില്ലാ ഭരണ കൂടത്തിന്റെ പ്രോത്സാഹനവും അനുമോദനവും ആവശ്യമാണ്.

®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®®

അദ്ധ്യായം 6

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം

പ്രാദേശികമായ ആവശ്യങ്ങളും പരിമിതികളും ഉൾക്കൊണ്ട പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഏറ്റവും നന്നായി കഴിയുന്നത്. അതിനാൽ ഒരു ജില്ലയുടെ പുരോഗതി നിർണ്ണയിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം വളരെ പ്രാധാന്യം അർഹിക്കുന്നു. കൊല്ലം ജില്ലാ പദ്ധതി രൂപീകരിക്കുന്ന ഈ സാഹചര്യത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ പദ്ധതികളുടെ വിശകലനം അനിവാര്യമാണ്.ഇപ്രകാരം 2017-18 വർഷത്തിൽ ജില്ലയിൽ നടപ്പിലാക്കുന്നതിനായി വിവിധ തദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തി നിലവിൽ നടന്നു കൊണ്ടിരിക്കുന്ന വിവിധ വികസന പദ്ധതികളുടെ ഒരു വിശകലനമാണ് ഈ അദ്ധ്യായം.

പദ്ധതി രൂപീകരണം

ജില്ലയിൽ പൊതുവേ നടപടിക്രമങ്ങൾ പാലിച്ച തന്നെയാണ് എല്ലാ തലങ്ങളിലും പദ്ധതി രൂപീകരിച്ചത്. എന്നിരുന്നാലും 2017-18 വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ കണ്ട ചില വീഴ്ചകൾ പരാമർശിക്കേണ്ടത് സമഗ്രമായ ഒരു ജില്ല പദ്ധതിയുടെ രൂപീകരണത്തിനു അത്യാവശ്യമാണ്.

നവകേരള മിഷനിലെ നാല് മിഷനുമായി ചേർന്ന് പോകുന്ന സമീപനം പൂർണ്ണ രൂപത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വന്നിട്ടില്ല. വിവിധ തലങ്ങൾ തമ്മിലുള്ള പദ്ധതി ആസൂത്രണത്തിൽ സഹകരണം വളരെ കുറവാണ്. ഡിവിഷൻ വാർഡ് തലത്തിലേക്ക് ആസൂത്രണം ചുരുങ്ങുന്നതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ പദ്ധതിയുടെ സമഗ്രത നഷ്ടപ്പെടുന്നു

ജനകീയ ആസൂത്രണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കപ്പെടുന്നത്. ഇത് സാധ്യമാകത്തക്ക രീതിയിലാണ് പദ്ധതി ആസൂത്രണ പ്രക്രിയ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഇതിൽ പ്രധാനം വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും നിരന്തര പ്രവർത്തനവുമാണ്. നിലവിൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വർക്കിംഗ് ഗ്രൂപ്പുകൾ അത് ഒരു നിർബന്ധിത പ്രവർത്തനം ആയതിനാൽ രൂപീകരിക്കപ്പെടുന്നവയാണ്. അതിനാൽ തന്നെ അവ തയ്യാറാക്കുന്ന അവസ്ഥാരേഖ യാഥാർത്ഥ്യവുമായി എത്രത്തോളം അടുത്ത് നിൽക്കുന്നു എന്ന കാര്യം മനസ്സിലാക്കാവുന്നതെ ഉള്ളൂ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നോ രണ്ടോ തവണ മാത്രമേ കൂടാറുള്ളൂ.യോഗങ്ങളിൽ കാര്യമായ ചർച്ചകൾ നടക്കുന്നതായി കാണുന്നില്ല.

പദ്ധതി രൂപീകരണത്തിൽ ഉറപ്പാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം എല്ലാ തലത്തിലും ഉള്ള പങ്കാളിത്തമാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗങ്ങൾ പങ്കാളിത്തത്തിന്റെ കാര്യത്തിൽ പൊതുവേ പിന്നിലാണ്. സംയുക്ത പ്രോജക്ട്കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട മൂന്നു തലങ്ങളും തമ്മിൽ യോജിച്ചുള്ള പ്രവർത്തനങ്ങളും വേണ്ടത്ര നടക്കുന്നില്ല. മൂന്നു തലങ്ങളുടെയും ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവം ഒരേ പദ്ധതിയുടെ ആവർത്തനങ്ങൾക്ക് കാരണമാകുന്നുണ്ട്. കൂടാതെ അതതു പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥര് മാത്രമാണ് പദ്ധതി ആസൂത്രണ ചർച്ചകളിൽ മിക്കവാറും പങ്കെടുക്കുന്നത്. അതിനാൽ വിവിധ വകുപ്പുകളുടെ ഏകോപനം ഫലത്തിൽ ഇല്ല.സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും കഴിയുന്നില്ല.

വിവര സാങ്കേതിക വിദ്യ അതിന്റെ പരമോന്നതിയിൽ എത്തി നിൽക്കുന്ന ഈ കാലഘട്ടത്തിലും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കായി അവലംബിക്കുന്ന വിവരങ്ങൾ ശാസ്ത്രീയവും ഏറ്റവും പുതിയതും ആണെന്ന്

ഉറപ്പ് വരുത്താൻ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംശ്രമിക്കുന്നില്ല. ഇത് പദ്ധതി ലക്ഷ്യങ്ങളെ സാരമായി ബാധിക്കുന്നുണ്ട്.

പദ്ധതി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്ന കാര്യങ്ങളിലും വേണ്ടത്ര ശ്രദ്ധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പലതും നൽകുന്നില്ല.പല പദ്ധതി ഫോറങ്ങളിൽ ആവശ്യമായ പല പ്രധാന വിവരങ്ങളും ഉൾപ്പെടുത്താതെ പോകുന്നുണ്ട്. പദ്ധതിയെക്കുറിച്ചുള്ള ലഘു വിവരണം പലപ്പോഴും മതിയായ രൂപത്തിൽ കാണുന്നില്ല.

പദ്ധതികളിൽ മുൻ വർഷങ്ങളുടെ ആവർത്തനം ധാരാളമായി കാണാൻ കഴിയുന്നു .നൂതന ആശയങ്ങൾ വളരെ കുറവാണ്.പുതിയ തലമുറയെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും വിരളം.പുതിയ തലമുറയ്ക്ക് തൊഴിൽ മേഖലകൾ തുറന്നു കൊടുക്കാൻ വിവര സാങ്കേതിക വിദ്യ ഉൾപ്പെടെ ഉള്ള ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികളുടെ സാധ്യതകൾ ധാരാളം ഉണ്ടായിട്ടും അതൊന്നും ഈ പദ്ധതികളിൽ കാണാൻ കഴിയുന്നില്ല.

വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ സ്ഥിരം ഫണ്ടുകളെ മാത്രം ആശ്രയിച്ചാൽ നമുക്ക് ലക്ഷ്യ പ്രാപ്തിയിൽ എത്താൻ ഒരുപാട് സമയം ആവശ്യമായി വരും.എന്നാൽ സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന സാമ്പത്തിക സഹായവും നമ്മുടെ നാട്ടിൽ ഏറ്റവും സുലഭമായി ലഭ്യമാക്കാൻ കഴിയുന്ന മാനവ വിഭവശേഷിയുടെ സന്നദ്ധ പ്രവർത്തനവും വഴി വികസനത്തിന് വേഗത കൂട്ടാൻകഴിയും.എന്നാൽ ഇപ്രകാരമുള്ള ശ്രമങ്ങൾ ഒന്നും കാര്യമായി കാണാനേ കഴിഞ്ഞിട്ടില്ല.

പദ്ധതി പൊതു വിശകലനം

കൊല്ലം ജില്ലയിൽ ജില്ലാ പഞ്ചായത്ത്, ഒരു കോർപറേഷൻ, 4 മുന്സിപ്പാലിറ്റികൾ, 11 ബ്ലോക്ക് പഞ്ചായത്തുകൾ, 68 ഗ്രാമ പഞ്ചായത്തുകൾ എന്നിങ്ങനെ 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിലവിൽ ഉള്ളത്.ഇവ 2017-18 വർഷത്തിൽ വിവിധ മേഖലകളിലായി **6747372174** രൂപ വികസന പദ്ധതി അടങ്കലിൽ **17073** പദ്ധതികളാണ് ജില്ലയിൽ മൊത്തത്തിൽ നടപ്പാക്കുന്നത്. അവയുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 6.1

2017-18 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പദ്ധതി തുക

മേഖല	പദ്ധതികളുടെ എണ്ണം	പ്ലാൻ-ജനറൽ	എസ്.സി.പി.	ടി.എസ്.പി	ടി.എഫ്.സി.	വേൾഡ് ബാങ്ക്	ആകെ	ശതമാനം
സേവനം	6618	1749644243	935308704	31941249	711830201	66041892	3494766289	52
പശ്ചാത്തലം	8594	607256947	365216151	2120663	1095902713	166930928	2240711602	33
ഉൽപ്പാദനം	1861	824273691	138378420	994200	35552096	12695876	1011894283	15
ആകെ	17073	3181174881	1438903275	35056112	1843285010	245668696	6747372174	100

അവലംബം ഗ്രാമവികസന വകുപ്പ്

ഉൽപ്പാദന മേഖല

ജില്ലയുടെ പദ്ധതി വിഹിതത്തിന്റെ 15% തുകയായ 1011894283 രൂപ ചെലവഴിക്കപ്പെടുന്നത് ഇവിടെ യാണ്. ഈ മേഖലയിൽ 1861 പദ്ധതികളാണ് ഉള്ളത്. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 97323526 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 29957051 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾചുവടെകൊടുക്കുന്നു

പട്ടിക 6.2

കൊല്ലം ജില്ല-ഉല്പാദന മേഖല - വിവിധ വിഭാഗങ്ങളുടെ പദ്ധതികളുടെ എണ്ണവും ധനവിനിയോഗവും - part 1

Sector	Proj No.	PlanGen	SCP	TSP	TFC	WorldBk	Total	% of Grand Total
മൃഗസംരക്ഷണം	701	227233435	47161122	643100	8374253	0	283411910	28.01
കൃഷി	635	348514803	5121800	0	1654893	2308768	357600264	35.34
ജലസേചനം	74	22015138	3966945	125000	11245340	0	37352423	3.69
മത്സ്യബന്ധനം	48	5949569	0	0	9880000	9087108	24916677	2.46
വ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം	208	107307340	56758978	626100	0	0	164692418	16.28
ക്ഷീരവികസനം	113	91917754	600000	0	0	0	92517754	9.14
മണ്ണിലസംരക്ഷണം, പരിസ്ഥിതി, വനവത്കരണം	63	14410824	20889200	0	2966610	0	38266634	3.78
സർക്കാർ ഉത്തരവ് / മറ്റ് ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ	5	573703	2135000	0	0	0	2708703	0.27
ഊർജ്ജം	14	6351125	1345375	0	1431000	1300000	10427500	1.03
ആകെ	1861	824273691	137978420	1394200	35552096	12695876	1011894283	100.00

അവലംബം ഗ്രാമവികസന വകുപ്പ്

1. കൃഷി

ഉൽപ്പാദന മേഖലക്കായി നീക്കി വെച്ചിട്ടുള്ള ആകെ തുകയുടെ 35.34 % ആയ 357600264 രൂപയാണ് കൃഷിക്കായി വകയിരുത്തിയിരിക്കുന്നത്. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 34774455 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 11525693 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. കൃഷിയ്ക്ക് പ്രാമുഖ്യമുള്ള ജില്ലയിൽ ഏകദേശം 218267 ഹെക്ടർ സ്ഥലം കൃഷിയ്ക്കായി ഉപയോഗിക്കുന്നു. കർഷകർ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരാണ്. പ്രധാന കൃഷികൾ തെങ്ങും റബറുമാണ്. ഏകദേശം 60 ശതമാനത്തോളം കൃഷിഭൂമി ഇതിനായി ഉപയോഗിക്കുന്നു. ഇവയ്ക്ക് പുറമേ മരച്ചീനി, കുരുമുളക്, വാഴ, നെല്ല് വിവിധ ഇനം പച്ചക്കറികളും കൃഷി ചെയ്യപ്പെടുന്നു. ഭക്ഷ്യവിളകളിൽ പ്രധാനം നെല്ല് കൃഷിയാണ്. ആകെ കൃഷിഭൂമിയുടെ വെറും 6 ശതമാനം സ്ഥലത്ത് മാത്രമാണ് നെല്ല് കൃഷിയുള്ളത്. ഭക്ഷ്യ വിളകളിൽ സ്വയം പര്യാപ്തതയില്ല എന്നതും, പ്രധാന നാണ്യവിളയായ തെങ്ങ് കൃഷി ആദായകരമല്ലാത്തതുമാണ് ജില്ല നേരിടുന്ന ഈ മേഖലയിലെ പ്രധാന വെല്ലുവിളികൾ

ജില്ലയിൽ കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, എസ്.എച്ച്.എം തുടങ്ങിയ സ്ഥാപനങ്ങൾ കൃഷിക്കായി വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-2018 സാമ്പത്തിക വർഷം മൊത്തം 32,86,88,141 രൂപ ചെലവഴിച്ച് 539 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ കാലങ്ങളിലെ പദ്ധതികൾ മൂലം

കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2017-18ലെ ഇവയുടെ വാർഷിക പദ്ധതികളിൽ കാർഷിക മേഖലയുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ കുറവാണ്. കാർഷിക മേഖലയിൽ ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ പറയുന്നു.

1. പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ കൃഷി കുറയുന്നു. നെൽ പാടങ്ങൾ നികത്തപ്പെടുന്നു.
2. തെങ്ങ് കൃഷി ആദായകരമല്ലാത്ത അവസ്ഥ, ഉല്പാദനശേഷിയുടെ കുറവ്.
3. കാർഷിക പ്രവർത്തനങ്ങൾക്ക് അധിക കൂലി ചെലവ്.
4. മേന്മയേറിയ വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും അഭാവം.
5. തൊഴിലാളികളുടെ കുറവ്.
6. യന്ത്രങ്ങളുടെ അപര്യാപ്തത.
7. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
8. മതിയായ വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
9. മൂല്യവർദ്ധന ഉല്പന്നങ്ങളുടെ നിർമ്മാണം.

പ്രശ്നപരിഹാര മാർഗ്ഗങ്ങൾ

1. നെൽകൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുക, ഉൽപാദനക്ഷമത ഉയർത്തുക
2. മേൻമയേറിയ വിത്തിനങ്ങൾ, നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ
3. മേൻമയേറിയ പുതിയ തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ച് തെങ്ങ് കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക.(area expansion) തെങ്ങിന്റെ കീടരോഗങ്ങളുടെ നിയന്ത്രണം. തേങ്ങയിൽ നിന്ന് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക.
4. ജില്ലയ്ക്കാവശ്യമായ പച്ചക്കറികൾ സ്വയംപര്യാപ്തത സാധ്യമാകുന്ന തരത്തിൽ പച്ചക്കറി കൃഷിയുടെ വ്യാപനം.
5. ജില്ലയിലെ തരിശ് ഭൂമികൾ കൃഷി ഉപയുക്തമാക്കാൻ നടപടികൾ.
6. കാർഷിക മേഖലയിലെ തൊഴിലാളികളുടെ സംഘാടനവും പരിശീലനവും യന്ത്രവൽക്കരണവും.
7. മതിയായ ജലസേചന സൗകര്യം ഒരുക്കൽ.
8. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക.

നിർദ്ദേശങ്ങൾ

1. ജില്ലയിലെ നെൽപാടങ്ങൾ സംരക്ഷിക്കുവാൻ പ്രാദേശികമായി തന്നെയുള്ള ഇടപെടൽ. നെൽ വയലുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുക. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ നൽകണം.

2. ജില്ലയിലെ ഭൂരിഭാഗം കർഷകരും നാമമാത്ര ചെറുകിട കർഷകർ ആയതിനാൽ തൊഴിലാളികളുടെ സംഘാടനവും പരിശീലനവും യന്ത്രവൽക്കരണത്തിനും പ്രാദേശിക സർക്കാരുകൾ മുൻകൈയെടുക്കണം.

3. മേൻമയേറിയ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് ലഭ്യമാക്കാന് സംസ്ഥാന കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, എസ്.എച്ച്.എം എന്നിവയുടെ സേവനം പ്രാദേശിക തലത്തിലേക്ക് കൊണ്ടുവരാൻ പ്രാദേശിക സർക്കാരുകൾ നടപടിയെടുക്കണം.

4. ജലസേചന സൗകര്യം ഒരുക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ.

5. ഉൽപ്പന്നങ്ങളുടെ വിപണത്തിനും വാല്യൂ അഡ്ഡിഷനും വേണ്ട സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകൽ തുടങ്ങി.

6. ഓരോ വർഷവും നെല്ല്, തെങ്ങ്, പച്ചക്കറികൾ തുടങ്ങിയവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി Target Calendar തയ്യാറാക്കണം.

7. കാർഷിക മേഖലയുടെ പുരോഗതിക്കായി MGNRGS പ്രവർത്തനം പുനസംഘടിപ്പിക്കുക.

സംയോജന സാധ്യതകൾ

1. സംസ്ഥാനത്ത് വിത്ത് ഉൽപാദനന വിതരണം നടത്തുന്ന ഏജൻസികളായ സീഡ് അതോറിറ്റി, വി.എഫ്.പി.സി.കെ തുടങ്ങിയവയുമായി പ്രാദേശിക സർക്കാരുകൾ പ്രദേശത്തെ സാധ്യതകൾ ക്കനുസരിച്ച് വിത്തുകളുടെയും നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനായുള്ള സഹകരണം.
2. യന്ത്രവൽക്കരണം, ജലസേചനം തുടങ്ങിയവയ്ക്കായി പ്രാദേശിക സർക്കാരുകൾ ആവശ്യമായ സ്ഥലങ്ങളിൽ സംയുക്ത പദ്ധതികൾ തയ്യാറാക്കണം.
3. മൂല്യവർദ്ധനവ്, വിപണനം എന്നിവയിൽ പ്രാദേശിക സർക്കാരുകളുടെ സംയുക്ത സംരംഭങ്ങൾ.
4. കൃഷി ഭൂമിയുടെ സംരക്ഷണം (നെൽവയൽ) സംസ്ഥാന സർക്കാരുമായുള്ള സംയുക്ത പദ്ധതികൾ ആവിഷ്കരിക്കണം.

2. മൃഗസംരക്ഷണം ക്ഷീരവികസനം

ഉൽപ്പാദന മേഖലയ്ക്കായി നീക്കി വച്ചിട്ടുള്ളത് പദ്ധതി വിഹിതത്തിന്റെ 28.1 % ആയ 283411910 രൂപയാണ് .മൃഗ സംരക്ഷണത്തിനായി 701 പദ്ധതികളിലായി വകയിരുത്തിയിരിക്കുന്നത്. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 51373239 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 15233333 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരവികസനത്തിനായി 113 പദ്ധതികളിലായി 92517754 രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഉൽപ്പാദന മേഖലയുടെ പദ്ധതി വിഹിതത്തിന്റെ 9.14% വരും. കൂടാതെ തനതു ഫണ്ടിൽ നിന്നും 134476 രൂപയും വകയിരുത്തിയിട്ടുണ്ട്.

1. കാർഷിക ഉൽപന്നങ്ങൾ പോലെ തന്നെ പാൽ, മുട്ട, മാംസം എന്നിവയിലും ജില്ല സ്വയംപര്യാപ്തമല്ല. പാൽ ഉൽപാദനം സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മൂലം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മുട്ട, മാംസം എന്നിവയുടെ ഉൽപാദനം താഴോട്ട് പോകുന്ന അവസ്ഥയാണ് നിലവിലെ സ്ഥിതി. തീറ്റയുടെ അമിതവില, തീറ്റപുല്ലിന്റെ അഭാവം, മരുന്നുകളുടെ തീപിടിച്ച വില, അശാസ്ത്രീയ മാംസ സംസ്കരണ വിപണന സംവിധാനങ്ങൾ, മതിയായ അളവിൽ കോഴി, താറാവ് തുടങ്ങിയവ ഇല്ലാത്തത് (തെരുവ് നായ്ക്കൾ ഒരു കാരണമാണ്). ആരോഗ്യപരമായി ഇവയുടെ മാലിന്യസംസ്കരണം നടത്താൻ കഴിയാത്തത് എന്നിവ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ആണ്. കൂടാതെ വൈദ്യസഹായം യഥാസമയം ലഭ്യമാകാത്തതും ഒരു കാരണമാണ്.
2. നിലവിൽ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ നാമമാത്രമായാണ് പദ്ധതികൾ ഏറ്റെടുത്തത് നടത്തുന്നത്. പാൽ ഉൽപാദന മേഖലയിലാണ് കൂടുതലും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്ന് കാണാം. പാലിന് സബ്സിഡി നൽകുക, കന്നുകാലി തീറ്റയ്ക്ക് സബ്സിഡി നൽകുക തുടങ്ങിയ പദ്ധതികൾ താൽകാലിക പ്രശ്നത്തിന് പരിഹാരമാണ്. ഇവയ്ക്ക് പകരം മൃഗസംരക്ഷണ മേഖല ആദായകരമാക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ കുറവാണ്. പാൽ, മുട്ട, മാംസം എന്നിവയിൽ മാത്രം കേന്ദ്രീകരിക്കാതെ ഇവയുടെ മാലിന്യങ്ങൾ ചാണകം, കോഴി വളം തുടങ്ങിയവ വരുമാന മാർഗ്ഗം ആകത്തക്ക രീതിയിൽ ഉപയോഗിക്കാത്തതും മറ്റൊരു കാരണമാണ്. തീറ്റപുല്ലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുക,

ഉൽപാദനക്ഷമതയുള്ള കന്നുകാലി ലഭ്യത ഉറപ്പാക്കുക, വിപണനത്തിന് കർഷകരെ സഹായിക്കുക, കറവയന്ത്രം ലഭ്യമാക്കുക, മെച്ചപ്പെട്ട വൈദ്യസഹായവും മരുന്നുകളും കർഷകർക്ക് യഥാസമയം ലഭ്യമാക്കുക, ഗാർഹികമായി മുട്ടകോഴികളെ വളർത്തുക, കോഴി, താറാവ് എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക, ഇവയുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണം നൽകുക.

3. വ്യവസായം

ഉൽപ്പാദന മേഖലയ്ക്കായി നീക്കി വച്ചിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 16.28 % ആയ 164692418 രൂപയാണ് വ്യവസായത്തിനായി വകയിരുത്തിയിരിക്കുന്നത്. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 4007314 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്

കൃഷി, മൃഗ സംരക്ഷണം എന്നിവയോടൊപ്പം പ്രാധാന്യം നൽകേണ്ട മേഖലയാണ് വ്യവസായം. മുൻകാലങ്ങളിൽ കശുവണ്ടി സംസ്കരണം,കയർ നിർമ്മാണം, നാളികേര ഉൽപ്പന്നങ്ങളുടെ നിർമാണം, ഓട്/ഇഷ്ടിക നിർമ്മാണം,മത്സ്യ സംസ്കരണം,സുഗന്ധ വ്യഞ്ജന സംസ്കരണം തുടങ്ങി നിരവധി തനതു വ്യവസായങ്ങളുടെ ആസ്ഥാനമായിരുന്നു നമ്മുടെ ജില്ല.പരമ്പരാഗത വ്യവസായങ്ങളും കൈത്തൊഴിലുകളും കൂടിൽ വ്യവസായങ്ങളും ഉൾപ്പെടെ ഒരു കാലത്ത് തികഞ്ഞ വ്യാവസായിക നഗരമായിരുന്ന കൊല്ലത്തിന്റെ വ്യവസായ മേഖലയ്ക്കു പഴയ ഊർജ്ജം തിരികെ നൽകാൻ സഹായകമാകുന്ന തരത്തിലുള്ള കാര്യമായ യാതൊരു ശ്രമവും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ കാണുന്നില്ല എന്നത് ഖേദകരമാണ്

ഈ മേഖലയ്ക്കു നൽകുന്ന പ്രാധാന്യം ജില്ലയുടെ മൊത്തം ഉൽപ്പാദന ശേഷി വർധിപ്പിക്കാൻ സഹായകമാവും എന്നതിനൊപ്പം നഗരവൽക്കരണത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന ഒരു വലിയ വിഭാഗത്തിനു സ്ഥിരമായ തൊഴിലും വരുമാനവും നൽകാനും ഉപകരിക്കും..അതുപോലെ തന്നെ കൊല്ലം ജില്ലയിലെ വലിയ ഒരു വിഭാഗം സാധാരണക്കാരായ വനിതകൾക്ക് വരുമാനം നൽകിയിരുന്നതു തനതു വ്യവസായ മേഖലകളാണ്.നമ്മുടെ ജില്ലയുടെ സാധാരണക്കാരുടെ കുടുംബങ്ങളിലെ പൊതു ജീവിത നിലവാരത്തിനെ ഉയർത്താൻ വളരെ സഹായകമായിരുന്നു വനിതകൾ നേടിയിരുന്ന ഈ വരുമാനം.പരമ്പരാഗത വ്യവസായ മേഖലകൾക്ക് സംഭവിച്ച തകർച്ച ഈ വിഭാഗത്തെ തികച്ചും തൊഴിലില്ലാത്തവരോ അല്ലെങ്കിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളോ ആക്കിയിരിക്കുകയാണ്. ഈ വ്യവസായങ്ങളെ സംരക്ഷിച്ചെടുത്താൽ വലിയൊരളവു വരെ സ്ത്രീ ശാക്തീകരണം എന്ന ആശയത്തെ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ കഴിയും.

പരമ്പരാഗത വ്യവസായ സഹകരണ പ്രസ്ഥാനങ്ങളെ ശാക്തീകരിക്കാൻ വലിയ സാധ്യത ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഉണ്ടെന്നിരിക്കെ നാമമാത്രമായി മാത്രമാണ് അത്തരം പദ്ധതികളിൽ അവർ ഇടപെടുന്നത്. പ്രായോഗിക തലത്തിൽ വരുമ്പോൾ മാർഗ്ഗരേഖ അനുസരിച്ച് മൂന്നു വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രം ഏറ്റെടുക്കാം എന്നതും വായ്പ ബന്ധിതമാണ് എന്നതും നേരിയ ഈ ഇടപെടലുകളേയും നിഷ്ഫലമാക്കുന്നു.

വ്യവസായ മേഖലകളിൽ നിലവിൽ ഏറ്റെടുക്കുന്നതിൽ അധികവും പരിശീലനവും വായ്പബന്ധിത വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങളുമാണ്.പരിശീലനങ്ങളുടെ നിലവാരക്കുറവും ബാങ്കുകളുടെ ഭാഗത്ത് നിന്നുള്ള കടുത്ത സമീപനവും പലപ്പോഴും ഇതിനു വെല്ലുവിളി ആകുന്നു.

കശുമാവ് കൃഷി, നാളികേര കൃഷി, കുരുമുളക് കൃഷി എന്നിവ വ്യാപിപ്പിക്കാനുള്ള പദ്ധതികൾ 2017-18 -ൽ വ്യാപകമായി ജില്ലയിൽ ഏറ്റെടുത്തിട്ടുണ്ട് എന്നതാണ് ആകെ കാണാൻ കഴിയുന്ന പ്രതീക്ഷ. വരും കാലങ്ങളിൽ ഈ പദ്ധതികൾ പ്രതീക്ഷിച്ച ലക്ഷ്യം കണ്ടെത്തിയാൽ അനുബന്ധ വ്യവസായ മേഖലകൾ സജീവമാകും. അതിനു വേണ്ട ഇടപെടലുകളാണ് വാർഷിക പദ്ധതിയിൽ വേണ്ടത്.

പശ്ചാത്തല മേഖല

ജില്ലയുടെ പദ്ധതി വിഹിതത്തിന്റെ 33% തുകയായ 2240711602 രൂപ ചെലവഴിക്കപ്പെടുന്നത് ഇവിടെയാണ്.ഈ മേഖലയിലാണ് എണ്ണത്തിലും പദ്ധതികൾ കൂടുതലായി ഉള്ളത് 8594 പദ്ധതികൾ,അതിൽ തന്നെ ഏറ്റവും കൂടുതൽ പദ്ധതികൾ ഗതാഗത മേഖലയിലാണ്, 7279 എണ്ണം. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 341075328 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1747173029 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക 6.3

പശ്ചാത്തല മേഖല- വിവിധ വിഭാഗങ്ങളുടെ പദ്ധതികളുടെ എണ്ണവും ധനവിനിയോഗവും

മേഖല	പദ്ധതികളുടെ എണ്ണം	പ്ലാൻ ജനറൽ	എസ് സി പി	ടി എസ് പി	ടി എഫ് സി	വേൾഡ് ബാങ്ക്	ആകെ	ശതമാനം
വാഹനം വാങ്ങൽ	25	6402757	0	0	2500000	0	8902757	0.40
ഗതാഗതം	7279	379112131	342481762	2040663	845622071	87420926	1656677553	73.94
ഉൽപ്പാദന/ സേവന വിഭാഗം അല്ലാത്ത പൊതു കെട്ടിടങ്ങൾ	891	193030352	24620072	80000	82730064	66846784	367307272	16.39
GO/മറ്റു ഉത്തരവ് പദ്ധതികൾ	6	3614944	0	0	0	0	3614944	0.16
മറ്റു നിർമ്മാണങ്ങൾ	57	6868282	1111411	0	18015161	0	25994854	1.16
തെരുവ് വിളക്ക് etc	336	11668111	4128276	0	149889617	12528218	178214222	7.95
ആകെ	8594	600696577	372341521	2120663	1098756913	166795928	2240711602	100

അവലംബം ഗ്രാമവികസന വകുപ്പ്

പലപ്പോഴും പദ്ധതികളുടെ എണ്ണത്തിലുള്ള ബാഹുല്യം ഈ മേഖലയിലെ വ്യക്തിഗത നിർമ്മാണ പ്രവർത്തനങ്ങളിൽ ചെലവാക്കാൻ കഴിയുന്ന തുകയുടെ അളവ് വളരെയധികം കുറക്കുന്നു. പ്രവർത്തികളുടെ ഗുണനിലവാരത്തിലും അത് പ്രതിഫലിക്കുന്നു, അതിന്റെ തുടർച്ചയായി പുനരുദ്ധാരണ പ്രവർത്തനം എന്ന പേരിൽ ഒരേ പ്രവർത്തിയിൽ തന്നെ വീണ്ടും വീണ്ടും പണം മുടക്കേണ്ടിയും വരുന്നു.

ജില്ലയെ ഒറ്റ കാൻവാസായി കണ്ടു പദ്ധതി രൂപീകരിക്കുന്നതിനു പകരം ഏറ്റവും ചെറിയ പ്രാദേശിക യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതാണ് പശ്ചാത്തല മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇങ്ങനെ വരുമ്പോൾ ജില്ലയുടെ സുസ്ഥിര വികസനത്തിനായി വൻകിട പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യത മങ്ങുന്നു.ഈ മേഖലയിൽ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭങ്ങൾക്ക് വലിയ സാധ്യതകൾ ഉണ്ടെന്നിരിക്കെ പലപ്പോഴും അത്

പ്രയോജനപ്പെടുത്തുന്നത് മാർഗ്ഗരേഖയ്ക്ക് അനുസരണമായി സ്വയം ഫണ്ട് ചെലവാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കഴിയാതെ വരുമ്പോൾ മാത്രമാണ്.കൂടാതെ RIDF, MPLAD, MLA SDF, PMGSY, പോലെയുള്ള പദ്ധതികളുടെ സാധ്യതകളും പശ്ചാത്തല മേഖലയിലെ പദ്ധതികൾ രൂപീകരിക്കുന്ന വേളയിൽ വലുതായി കണക്കിലെടുക്കുന്നില്ല തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ചിലരൊക്കെ പ്രയോജന പ്പെടുത്തിയിട്ടുണ്ടെങ്കിലും വ്യാപകമായി വന്നിട്ടില്ല. പശ്ചാത്തല മേഖലയിൽ ജില്ലയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ ഒരു പൊതു സമീപനരേഖ ഉണ്ടാകുകയും അതിനനുസരണമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ മറികടക്കാൻ കഴിയുകയുള്ളൂ.

സേവന മേഖല

ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 പദ്ധതിയിൽ കാര്യമായ പുരോഗതി ലക്ഷ്യമിട്ടിരിക്കുന്നത് കാണാൻ ഈ മേഖലയിൽ മാത്രമാണ്. ജില്ലയുടെ ആകെ പദ്ധതി വിഹിതത്തിന്റെ 52% തുകയായ 3494766289 രൂപയാണ് ഈ മേഖലക്കായി നീക്കി വച്ചിരിക്കുന്നത്. ഇതിനു പുറമേ തനതു ഫണ്ടിൽ നിന്നും 371823687 രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 577482110 രൂപയും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക 6.4

കൊല്ലം ജില്ല-*സേവന മേഖല* - വിവിധ വിഭാഗങ്ങളുടെ പദ്ധതികളുടെ എണ്ണവും ധനവിനിയോഗവും

Sector	No. of Projects	PlanGen	SCP	TSP	TFC	WorldBk	Total	% of Grand Total
ആരോഗ്യം	1085	323394142	14767129	2370966	17124835	13131636	370788708	10.61
കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	509	42468456	410000	0	9273400	6571083	58722939	1.68
ശുചിത്വം, മാലിന്യസംസ്കരണം	539	262904031	9387646	0	215746816	423092	488461585	13.98
പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	541	303624437	465714894	8201709	22839379	0	800380419	22.90
വിദ്യാഭ്യാസം	1132	162479049	197677873	2865942	14458963	8023759	385505586	11.03
കലാസാംസ്കാരികകായിക വികസനം, യുവജനക്ഷേമം	297	41218312	5531532	953898	6596247	10604384	64904373	1.86
സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	1461	498605145	69304943	1756580	37057951	23042934	629767553	18.02
കുടിവെള്ളം	609	26558935	111023413	1904056	350641675	3316840	493444919	14.12
പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്	93	9190335	0	0	0	0	9190335	0.26
സർക്കാർ ഉത്തരവ് / മറ്റ് ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ	229	61681884	64062524	5400598	13253238	0	144398244	4.13
തൊഴിൽ വൈദഗ്ധ്യപോഷണം	24	2597028	6958000	0	0	0	9555028	0.27
ഊർജ്ജം	90	9573989	1258250	0	24822697	928164	36583100	1.05
വിനോദ സഞ്ചാരം	8	2900000	0	0	0	0	2900000	0.08
മണ്ണിലെസംരക്ഷണം, പരിസ്ഥിതി, വനവത്കരണം	1	148500	0	0	15000	0	163500	0.00
ആകെ	6618	1747344243	946096204	23453749	711830201	66041892	3494766289	100.00

അവലംബം ഗ്രാമവികസന വകുപ്പ്

ഈ മേഖലയിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളിൽ പ്രധാനമായും സാമൂഹ്യ ക്ഷേമത്തിൽ ഊന്നിയവയാണ്. ഗൃഹ നിർമ്മാണവും വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും, ആരോഗ്യവും യുവജന ക്ഷേമവും പുനരധിവാസവും ഉൾപ്പെടെ ഉള്ള പദ്ധതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഈ മേഖലയിൽ സ്ഥിരം പദ്ധതികൾക്കപ്പുറം നൂതന ആശയങ്ങളുള്ള പദ്ധതികളുടെ അഭാവം കാര്യമായുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നവകേരള മിഷനിലെ നാലു മിഷനുക ളുമായി ചേർന്ന് പോകുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ ഈ മേഖലയിലെ പദ്ധതികൾക്ക് ഇനിയും ഉണ്ടാവേണ്ടതുണ്ട്. ചുരുക്കം ചില തദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് അത്തരത്തിൽ പ്രൊജക്ടുകൾ രൂപകൽപന ചെയ്തിരിക്കുന്നത്.

ഈ മേഖലയിൽ ഏറ്റവും വെല്ലുവിളി നേരിടുന്നത് ശുചിത്വവും മാലിന്യ സംസ്കരണവുമാണ്.കാർഷിക മൃഗസംരക്ഷണ വ്യാവസായിക മേഖലകളിൽ ഒക്കെ ലക്ഷ്യമിടുന്ന ഉൽപ്പാദന വർധനവിന് അനുസരിച്ചുള്ള മാലിന്യ സംരക്ഷണ പദ്ധതി ഉണ്ടായേ തീരൂ.ഉദാഹരണത്തിന് ഇറച്ചിക്കോഴി ഉത്പാദനവും മാംസ ഉൽപ്പാദനവും വർധിപ്പിക്കുമ്പോൾ അനുബന്ധമായി ഉണ്ടാകുന്ന മാലിന്യം സംസ്കരിക്കാനും ഉള്ള പദ്ധതികൾ ഉണ്ടാവണംകൂടാതെ ജീവിത നിലവാരത്തിൽ ഉണ്ടാകുന്ന ഉയർച്ചയ്ക്ക് ആനുപാതികമായി ഗാർഹിക മാലിന്യവും വർധിക്കും,അത് ഉറവിടത്തിൽ സംസ്കരിക്കുന്നതിന് ആവശ്യമായ പദ്ധതി കളും ബോധവൽക്കരണവും തികച്ചും ശാസ്ത്രീയമായി തന്നെ ഏറ്റെടുക്കണം. 2017-18 പദ്ധതിയിൽ ലക്ഷ്യത്തിൽ എത്താൻ മതിയാകുന്ന തുക എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിർബന്ധിതവകയിരുത്തൽ നടത്തിയിട്ടുണ്ട്.എന്നാൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ കൂടുതൽ വ്യക്തതയും മാർഗ്ഗരേഖയിൽ മാറ്റങ്ങളും ആവശ്യമുണ്ടെ ന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശം.

തനത് ഫണ്ട്

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ 810222541 രൂപ വിവിധ പദ്ധതികൾക്കായി തനത് ഫണ്ട് നീക്കി വച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

പട്ടിക 6.5

തനത് ഫണ്ട്

മേഖല	വകയിരുത്തൽ	ശതമാനം
സേവനം	371823687	45.89
ഉൽപ്പാദനം	97323526	12.01
പശ്ചാത്തലം	341075328	42.10
ആകെ	**810222541**	**100**

അവലംബം ഗ്രാമവികസന വകുപ്പ്

തനത് ഫണ്ട് ഏതാണ്ട് എല്ലാ മേഖലകളിലും ചെലവിട്ടിട്ടുണ്ട്. കൂടുതലും പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ടാണ് ചെലവഴിച്ചിരിക്കുന്നത്. വിഷയമേഖല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ നൽകുന്നു.

ചിത്രം 6.1

ജില്ലയിലെ തനതു ഫണ്ട് വകയിരുത്തൽ - വിഷയ മേഖല അടിസ്ഥാനത്തിൽ



അവലംബം ഗ്രാമവികസന വകുപ്പ്

ചിത്രം 6.2

ജില്ലയിലെ തനതു ഫണ്ട് വകയിരുത്തലും ചെലവും സുലേഖാ സോഫ്റ്റ് വെയർ പ്രകാരം

വകയിരുത്തൽ



ചെലവാക്കൽ



ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2017-18 വാർഷിക പദ്ധതിയിൽ വിവിധയിനങ്ങളിൽ ലഭിച്ച വിഹിതവും 31.03.2018 വരെ ഓരോ തദ്ദേശ ഭരണ സ്ഥാപനവും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദമായ വിവരങ്ങൾ പട്ടിക 6.6 ൽ കൊടുത്തിരിക്കുന്നു. 2017-18 ൽ കൊല്ലം ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആകെ 90.90 ശതമാനം തുക ചെലവഴിച്ച് സംസ്ഥാനത്ത് ഒന്നാം സ്ഥാനത്താണുള്ളത്.

പട്ടിക 6.6

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി – വിഹിതവും ചെലവഴിച്ച തുകയും

(രൂപ ലക്ഷത്തിൽ)

Sl.No.	Name of local body (GP)	Release amount (`in lakh)					Expenditure (`in lakh)					
		Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	Tot Exp
1	Muntrothuruthu	69.18	31.8	0.06	38.41	139.45	59.11	31.78	0	31.7	179.7	302.32
2	Thenmala	264.91	80.21	15.15	148.92	509.19	260.33	78.68	10.9	126	62.33	538.14
3	Poruvazhy	161.08	107.02	0.7	90.54	359.34	157.98	107	0	75.6	33.22	373.79
4	Kadakkal	259.74	131.17	0.06	146.02	536.99	259.73	131	0	122	40.25	552.61
5	Thalavoor	215.22	104.57	0.09	120.98	440.86	210.58	113.5	0.09	92.1	35.73	452.01
6	Ummannur	236.11	109.13	0.03	119.87	465.14	198.26	117.8	0	108	46.28	470.06
7	Veliyam	195.24	116.03	0.06	109.75	421.08	175.59	110.1	0	91.6	44.08	421.31
8	Ittiva	227.87	79.84	0.15	128.1	435.96	206.39	79.37	0	107	42.07	434.49
9	Thrikkovilvattom	294.65	124.32	0.59	165.65	585.21	263.35	104	0	167	47.76	582.41
10	Kulakkada	193.73	117.07	0.21	108.91	419.92	168.38	127.8	0	80.5	40.1	416.73
11	Kalluvathukkal	277.62	197.42	3.89	156.07	635	248.91	170.3	0	131	72.45	622.74
12	Melila	133.23	66.17	0.3	74.89	274.59	132.56	62.2	0	44	29.54	268.34
13	Kundara	103.44	82.52	0.15	58.15	244.26	89.95	77.08	0	57.5	14.12	238.64
14	West Kallada	110.09	88.68	0.46	61.88	261.11	106.71	85.16	0	50.3	12.89	255.1
15	Sasthamcotta	193.87	107.34	0.81	108.97	410.99	193.87	107.3	0	91	6.62	398.81
16	Poothakkulam	163.26	90.05	1.14	91.78	346.23	163.11	65.73	0	63.7	38.7	331.22

Sl.No.	Name of local body (GP)	Release amount (`in lakh)					Expenditure (`in lakh)					
		Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	Tot Exp
17	Perayam	117.89	22.26	1.74	66.27	208.16	102.49	20.53	0	49.7	25.44	198.15
18	Kareepra	166.88	74.16	0	93.81	334.85	150.17	68.44	0	72.6	27.03	318.23
19	Vettikkavala	231.49	130.58	0.03	130.13	492.23	193.91	111.6	0	125	33.87	464.53
20	Anchal	192.91	68.69	0.27	108.44	370.31	159.88	44.53	0	94	51.01	349.4
21	Ezhukone	130.19	87.88	0	73.18	291.25	123.53	66.55	0	53.1	30.28	273.44
22	Nilamel	93.18	41.87	0	52.39	187.44	85.81	34.03	0	36.5	19.58	175.88
23	Mynagappally	228.53	135.97	0.11	128.48	493.09	227.19	120.7	0	106	0	454.2
24	Chadayamangalam	146.78	57.45	0.06	81.47	285.76	126.1	37.22	0	67.7	30.99	261.99
25	Kulasekharapuram	258.24	60.78	0.51	145.17	464.7	225.86	51.08	0	121	27.52	425.7
26	Thevalakkara	239.44	87.77	0.46	134.6	462.27	224.69	60.82	0	111	25.94	422.67
27	Alayamon	138.06	65.93	1.42	77.61	283.02	112.09	47.53	0.64	63.3	33.24	256.76
28	Chithara	381.75	139.04	12.98	193.14	726.91	315.32	91.74	8.62	161	82.14	658.89
29	Kunnathur	155.95	115.51	0.27	87.67	359.4	145.1	105.2	0.27	73.2	1.85	325.7
30	Pattazhi	98.6	54.76	0	55.43	208.79	85.68	39.3	0	44.4	19.8	189.15
31	Chathannur	215.8	177.64	0.09	121.33	514.86	184.3	163.4	0	93.5	21.96	463.14
32	Thekkumbhagom	138.69	30.31	0.24	65.09	234.33	119.42	26.34	0	54.3	9.06	209.14
33	Elamadu	157.84	79.01	0.11	88.74	325.7	122.08	57.35	0	72.1	38.75	290.22
34	Chirakkara	127.76	92.68	0.09	70.91	291.44	110.22	83.64	0	54.2	11.55	259.58
35	Nedumpana	273.64	128.3	0.09	153.83	555.86	266.2	89.86	0	120	17.9	493.6

Sl.No.	Name of local body (GP)	Release amount (`in lakh)					Expenditure (`in lakh)					
		Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	Tot Exp
36	Sooranad North	182.12	105.3	1.47	102.38	391.27	157.41	82.4	0	79.6	27.95	347.34
37	Sooranad South	146.14	77.49	0	82.15	305.78	120.32	72.08	0	58.3	20.65	271.38
38	Pooyappally	136.84	69.66	0.21	76.93	283.64	117.43	60.82	0	63.4	9.32	251.02
39	Chavara	241.82	78.2	0.11	135.94	456.07	208.63	78.15	0	114	1.81	402.17
40	Panayam	147.04	83.93	0	82.66	313.63	145	45.63	0	72.6	12.18	275.41
41	Panmana	266.92	112.06	0.83	150.05	529.86	242.03	110.7	0	88.7	21.15	462.58
42	Pavithreswaram	195.52	156.98	1.86	109.9	464.26	174.63	130.3	1.24	96	0	402.14
43	Mylam	207.09	143.46	0	116.42	466.97	172.54	134.5	0	96.6	0	403.68
44	Clappana	137.13	33.56	0	77.08	247.77	133.59	19.81	0	43.7	16.84	213.92
45	Kottamkara	201.68	106.88	0.51	113.38	422.45	184.25	89.34	0	82	6.67	362.25
46	Thodiyoor	272.37	107.64	0.83	153.12	533.96	239.8	76.81	0.75	127	13.56	457.55
47	Thazhava	240.36	73.96	0.54	135.12	449.98	223.06	72.04	0	86	4.29	385.44
48	Oachira	150.91	60.22	2.19	84.84	298.16	135.46	49	0	60.9	9.62	254.98
49	Kummil	141.76	52.74	0	79.69	274.19	105.64	39.17	0	66	23.56	234.35
50	Mayyanad	268.42	115.86	0.57	150.89	535.74	220	103.1	0	126	6.9	456.05
51	Elampalloor	191.12	147.34	0.15	107.44	446.05	151.6	128.1	0	67.9	27.15	374.76
52	Vilakudy	219.1	75.78	0.33	123.18	418.39	151.11	43.63	0	101	53.05	348.94
53	Karavaloor	144.96	63.83	0.66	81.5	290.95	114.93	51.49	0.66	67.5	7.87	242.41
54	Neduvathur	172.19	96.52	1.07	96.8	366.58	157.47	52.73	0	72.9	21.03	304.15

Sl.No.	Name of local body (GP)	Release amount (`in lakh)					Expenditure (`in lakh)					
		Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	Tot Exp
55	Perinad	202.95	115.36	0.27	114.09	432.67	177.12	88.71	0	91.2	0.84	357.9
56	Thrikkaruva	149.54	77.99	0.27	84.07	311.87	117.69	60.05	0	69.2	8.76	255.68
57	Edamulakkal	241.47	98.92	0.66	135.74	476.79	197.93	71.31	0	112	1.23	382.21
58	Pattazhi Vadakkekara	98.61	58.46	0	55.44	212.51	82.96	32.54	0	39.4	14.39	169.28
59	Kizhakkekallada	128.07	93.86	0.27	71.99	294.19	109.39	66.39	0	51.3	3.64	230.67
60	Neendakara	119.38	26.75	0.18	67.12	213.43	98.97	23.28	0	28.6	14.84	165.73
61	Pathanapuram	206.51	85.04	0	116.09	407.64	155.36	61.84	0	57.4	40.54	315.14
62	Alappad	173.12	9.81	0	83.39	266.32	124.08	7.36	0	42.7	27.95	202.06
63	Adichanalloor	175.28	90.9	0.78	98.53	365.49	134.18	49.85	0	83.2	9.75	276.96
64	Velinallur	165.3	64.33	0	92.92	322.55	135.74	29.72	0	54.6	21.27	241.35
65	Ariencavu	224.61	75.13	16.32	126.25	442.31	155.46	31.14	16.3	79.2	33.09	315.16
66	Kulathupuzha	470.17	160.79	55.01	251.44	937.41	315.71	97.38	25.7	154	48.17	640.93
67	Yeroor	234.98	87.26	1.42	132.1	455.76	182.44	46.56	0	61.5	11.84	302.37
68	Piravanthur	329.42	141.11	6.75	172.31	649.59	220.51	80	3.11	72.9	51.2	427.75

Sl.No.	Name of local body (BP)	Normal share	SCP	TSP	TFC	Total	Normal Share	SCP	TSP	TFC	Worldbank	Tot Exp
1	Sasthamcotta	396.98	245.77	1.26	0	644.01	396.94	245.77	1.26	0	0	643.97
2	Mukhathala	406.56	207.56	0.64	0	614.76	390.69	214.18	0.64	0	0	605.5
3	Kottarakara	323.53	179.16	0.78	0	503.47	308.94	179.16	0.78	0	0	488.88
4	Anchal	749.03	233.6	30.37	0	1013	706.34	228	30.05	0	0	964.39
5	Chittumala	383.13	191.68	0.95	0	575.76	372.48	174.18	0.95	0	0	547.61
6	Vettikkavala	401.13	241.14	0.81	0	643.08	383.13	225.45	0	0	0	608.58
7	Ithikkara	323.05	216.23	2	0	541.28	288.09	218.28	0	0	0	506.37
8	Chavara	325.66	111.7	0.61	0	437.97	281.4	111.7	0	0	0	393.1
9	Pathanapuram	404.04	173.25	2.39	0	579.68	342.55	172.9	1.21	0	0	516.67
10	Oachira	401.32	115.31	1.37	0	518	317.7	115.31	0	0	0	433.01
11	Chadayamangalam	528.82	215.16	4.46	0	748.44	340.62	215.16	4.46	0	0	560.24

Sl.No.	Name of local body (M)	Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	TotExp
1	Punaloor	615.17	148.69	18.69	798.36	1580.91	581.34	150.16	18.45	789.47	166.05	1705.46
2	Kottarakara	245.56	93.24	1.02	73.06	412.88	215.58	65.57	0.8	60.88	0	342.83
3	Paravoor	418.45	175.29	0	543.06	1136.8	256.2	118.92	0	354.28	22.26	751.67
4	Karunagappally	487.22	176.39	0	632.32	1295.93	348.97	100.86	0	214.03	79.83	743.69

Name of local body (DP)	Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	TotExp
Kollam	4639.36	2130.56	45.56	0	6815.48	4110.49	1593.51	45.56	0	0	5749.56

Name of local body (C)	Normal share	SCP	TSP	TFC	Total	Normal share	SCP	TSP	TFC	World Bank	Tot Exp
Kollam	4525.53	1177.67	0.09	4448.15	10151.44	4909.76	1015.11	0.09	4704.76	0	10629.72

അദ്ധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹവും ഉപസംഹാരവും

ജില്ലാ പരിപ്രേക്ഷ്യം

ജില്ലാ പദ്ധതിരേഖയിൽ ജില്ലാ വികസനത്തിനായുള്ള ദീർഘവീക്ഷണത്തോടെയുള്ള വികസന കാഴ്ചപ്പാട് എന്താണെന്ന് നിർവ്വചിക്കേണ്ടതും പ്രസ്തുത കാഴ്ചപ്പാടിനനുസരിച്ച് ഓരോ വികസന മേഖലയും ഭാവി വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിരിക്കേണ്ടതുമുണ്ട്. ഇതിനായി സംസ്ഥാന വികസന പരിപ്രേക്ഷ്യത്തിലൂന്നിക്കൊണ്ട് ജില്ലയുടെ വികസന ലക്ഷ്യങ്ങളും അവ നേടുന്നതിനുള്ള ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്നും നിശ്ചയിക്കുകയും അധിവാസ ഗൃഹങ്ങളുടെയും വികസന മേഖലകളുടെയും സംയോജിത വിശകലനങ്ങളിലൂന്നി ഭാവി വികസന കാഴ്ചപ്പാടിന് രൂപം നൽകുകയുമാണ് ചെയ്യുന്നത്. ഈ അദ്ധ്യായത്തിൽ ഇത്തരത്തിലുള്ള സംയോജിത വിശകലനത്തിലൂടെയുള്ള ജില്ലയുടെ മൊത്തത്തിലുള്ള വികസന കാഴ്ചപ്പാട് രൂപീകരണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസന ലക്ഷ്യങ്ങൾ

സംസ്ഥാന പരിപ്രേക്ഷ്യത്തിനെ അടിസ്ഥാനമാക്കി കൊല്ലം ജില്ലയുടെ വികസന ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- പരിസ്ഥിതി സംരക്ഷണവും സാമൂഹ്യനീതിയും ഉറപ്പാക്കിക്കൊണ്ടും ജില്ലയിലെ പരമ പ്രധാനമായ ഉൽപാദന മേഖലകളെയും അനുപൂരക മേഖലകളെയും സ്ഥലപരമായി ഏകോപിപ്പിച്ചു കൊണ്ടും ലഭ്യമായ വിഭവങ്ങളെ പരമാവധി കാര്യക്ഷമമായി ഉപയോഗിക്കുക വഴി ജില്ലയുടെ സാമ്പത്തിക അടിത്തറ ശക്തമാക്കി സന്തുലനവും സുസ്ഥിരവുമായ വികസനം കൈവരിക്കുക.
- സ്വയംപര്യാപ്തതയും ഗുണമേന്മയും ലക്ഷ്യമാക്കിക്കൊണ്ട് ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം വിവിധ വികസന മേഖലകളുടെ വളർച്ചയ്ക്കാവശ്യമായ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.

വികസന ഉദ്ദേശ്യങ്ങൾ

മേൽപറഞ്ഞ വികസന ലക്ഷ്യങ്ങളിലേക്കെത്തുന്നതിനുള്ള വികസന ഉദ്ദേശ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കായി ആശ്രയിക്കാവുന്ന വികസന മേഖലകൾ കണ്ടെത്തി അനുപൂരക മേഖലകളെ സ്ഥലപരമായി ഏകോപിപ്പിച്ച് മുതൽ മുടക്ക് നടത്തുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
2. പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് അവ കാര്യക്ഷമമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുക.
3. വികസനപദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തുക

4. വികസന പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
5. മണ്ണ്, വായു, ജലം എന്നിവ സംരക്ഷിച്ചുകൊണ്ടുള്ള ജൈവകൃഷിരീതി അവലംബിച്ചു കൊണ്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുക.
6. ജില്ലാ വികസനത്തിന് അനുയോജ്യമായ റോഡ് ശൃംഖല രൂപപ്പെടുത്തുക.
7. ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്കെത്താൻ കുടുംബ തലം മുതൽ ജില്ലാതലം വരെയുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഏകോപിപ്പിച്ച് നഷ്ടപ്പെട്ട കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിന് ബോധപൂർവമായ ഇടപെടൽ നടത്തുക.
8. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ലഭ്യമാക്കിയ സൗകര്യങ്ങൾ നിലനിർത്തുന്നതിനാവശ്യമായ വരുമാനം ലഭിക്കുന്നതിനുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകകയും ചെയ്യുക.
9. ജില്ലാ വികസനത്തിന് അനുയോജ്യമായ ഉയർന്ന ക്രമത്തിലുള്ള പൊതു സൗകര്യങ്ങൾ പ്രാദേശിക പ്രത്യേകതകളുടെ അടിസ്ഥാനത്തിലും വികസന മേഖലകളുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലും ജനസംഖ്യാ വിതരണത്തിന് ആനുപാതികവുമായി ഉയർന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെയും കവലകളുടെയും പുനക്രമീകരണം സാധ്യമാക്കുക.

വികസന ദർശനം

2031 ഓടെ കൊല്ലം ജില്ല കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, വിനോദസഞ്ചാരം, മാലിന്യ സംസ്കരണം തുടങ്ങിയ മർമ്മ പ്രധാനമായ മേഖലകൾ ആവശ്യമായ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വികസിപ്പിച്ചും അനുപൂരക മേഖലകളെ സംയോജിപ്പിച്ചും വിഭവങ്ങളെ ഏകോപിപ്പിച്ചും ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷയും കൈവരിക്കുന്നതിനോടൊപ്പം സാമ്പത്തികാടിത്തറ ശക്തമാക്കിയും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടും സാമൂഹിക നീതിയും തുല്യതയും ഉറപ്പാക്കിക്കൊണ്ടും ജനങ്ങൾക്കാവശ്യമായ ഉയർന്ന ക്രമത്തിലുള്ളതും ഗുണമേന്മയുള്ളതുമായ ഭൗതിക-സാമൂഹിക-സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങൾ തയ്യാറാക്കിയും സുസ്ഥിരവും സന്തുലിതവുമായ വികസന ലക്ഷ്യം നേടും.

കൊല്ലം ജില്ലയുടെ സന്തുലിതവും സുസ്ഥിരവുമായ വികസനത്തിനാവശ്യമായ സംയോജിത വികസന കാഴ്ചപ്പാടും വികസന നയങ്ങളും തന്ത്രങ്ങളും അടിസ്ഥാനമാക്കി ഓരോ മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപീകരിക്കേണ്ടതും സംയോജിത വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനുള്ള കർമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലയുടെ വികസന കാഴ്ചപ്പാട് അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഒരു മാർഗ്ഗദർശിയായി ജില്ലാ പദ്ധതി രേഖ മാറുന്നതു വഴി ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ പൊതുവിഭവങ്ങൾ പങ്കു വെച്ചുകൊണ്ടും പരിസ്ഥിതി സംരക്ഷണം നടപ്പാക്കിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ടും ഉള്ള കരട് ജില്ലാ പദ്ധതിയുടെ രൂപീകരണം സാധ്യമാകുന്നു.

മേഖലാ പരിപ്രേക്ഷ്യം

7.1 നിർത്തടാധിഷ്ഠിത വികസനം

7.1.1 കൃഷി - അവസ്ഥയും പരിപ്രേക്ഷ്യവും (വിളകൾ തിരിച്ച്)

എ. നെൽകൃഷി

ജില്ലയിലെ നെൽ കൃഷി വിസ്തൃതി 2979 ഹെക്ടറും മൊത്തം ഉല്പാദനം 6487മെട്രിക് ടണ്ണും ആണ്. ആകെ ആഭ്യന്തര ആവശ്യകത ഏതാണ്ട് ഒന്നേകാൽലക്ഷം ടൺ ആണ്. ഇത് കാണിയ്ക്കുന്നത് ഉപഭോഗവും ലഭ്യതയും തമ്മിൽ സമീപഭാവിയിൽ പരിഹരിക്കാനാവാത്ത വിടവ് നിലനിൽക്കുന്നു എന്നാണ്. ജില്ലയുടെ 45000 ഹെക്ടറോളം വരുന്ന തെങ്ങിൻ തോപ്പുകളും 1400 ഹെക്ടറോളം വരുന്ന തരിശ് പുരയിടങ്ങളും പല കാരണങ്ങൾകൊ ണ്ടും തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങളും കരനെൽകൃഷിയടക്കം കൃഷി ചെയ്യുകയാണെങ്കിൽ ഈ അന്തരം കുറച്ചു കൊണ്ടുവരാൻ കഴിയും. അതേസമയം തന്നെ നിലവിലുള്ള ഉൽപ്പാദനക്ഷമത ഇരട്ടി യാക്കാനായുള്ള സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കേണ്ടതുണ്ട്. യന്ത്ര നടീൽ, യന്ത്രമുപയോഗിച്ചുള്ള കള നിയന്ത്രണം, ശുപാർശിത അളവിലുള്ള മൂലക പരിപാലനം, പരിസ്ഥിതി സൗഹൃദ കീടരോഗ നിയന്ത്രണം, ജൈവ/രാസ ഉപാധികളുടെ ചിട്ടയായ പ്രയോഗം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ ഹെക്ടറിൽ 6 ടൺ വരെ ഉൽപ്പാദന ക്ഷമത കൈവരിക്കണം. യന്ത്രക്കൊയ്ത്തിനാവശ്യമായ സൗകര്യങ്ങൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എന്നിവരുടെ നേതൃത്വത്തിലുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും, നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും സംയുക്തമായി ഏർപ്പെടുത്തണം. കൊയ്ത്ത് യന്ത്രങ്ങൾ ആവശ്യമായ കർമ്മസേനകൾക്കും അഗ്രോ സർവ്വീസ് സെന്ററുകൾക്കും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ അനുയോജ്യമായവ വാങ്ങി നൽകാൻ തയ്യാറാകണം. അത് യഥാവിധി സൂക്ഷിക്കാനുള്ള ഷെഡ്ഡുകളും മറ്റും ഗ്രാമപഞ്ചായത്തുകൾ പണിതു നൽകണം. വലിയ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോൾ മെയിന്റനൻസ് ഗ്രാന്റുകൾ അനുവദിയ്ക്കണം.

കൃഷി മേഖലയിലെ നിലവിലെ അവസ്ഥയും വികസന സംബന്ധമായ പരിപ്രേക്ഷ്യവും അതിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാലത്തേക്ക് നേടുവാൻ ലക്ഷ്യമിട്ടിരിക്കുന്നതും, ദീർഘകാലഘട്ടത്തിൽ നേടുവാൻ ലക്ഷ്യമിട്ടിരിക്കുന്നതുമായ നേട്ടങ്ങൾ താഴെ നാല് കോളങ്ങളിലായി വിശദീകരിച്ചിരിക്കുന്നു.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
കൊല്ലവർഷം 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ നടപ്പിലാക്കിയ നെൽ വർഷത്തിന്റെ ഭാഗമായി നിലവിലുള്ള നെൽകൃഷി നിലനിർത്തുകയും തരിശുനിലങ്ങൾ ഒരു പരിധി വരെ എറ്റെടുത്ത് കൃഷി ചെയ്യാനും	ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക തരിശു രഹിത കൊല്ലം സാധ്യമാക്കുക	കൃഷിചെയ്യാൻ താല്പര്യമില്ലാത്ത വസ്തു ഉടമകളിൽനിന്ന് അവ താല്പര്യമുള്ള കർഷകർക്ക് കൃഷി ചെയ്യാൻ ലഭ്യമാക്കുക, പയർ വർഗങ്ങൾ, എള്ള് എന്നിവക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുക, കര നെൽ കൃഷി വ്യാപനം, കര നെൽ കൃഷിക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക, മൂന്ന് വിളകളും കൃഷി ചെയ്ത് നെൽ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക. മൂന്നാം	തരിശുനിലങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൃഷിയുക്തമാക്കുക വിപണിയിൽ ആവശ്യമുള്ള ഔഷധ നെല്ലിനങ്ങൾ, ബസുമതി തുടങ്ങിയ ഇനങ്ങൾ കൃഷി ചെയ്യുക

ആരംഭിച്ചിട്ടുണ്ട്. ഭാഗികമായി തരിശിടുന്ന പ്രവണത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത		വിളയായി നെല്ല് ചെയ്യാൻ സാധ്യമല്ലാത്ത സ്ഥല ങ്ങളിൽ പയർ എള്ള്, എന്നിങ്ങ നെ പ്രാദേശികാനുസൃതമായി കൃഷി നടപ്പിലാക്കുക. ഉല്പാദന ക്ഷമത ഹെക്ടറിന് 5 ടൺ ആയി വർദ്ധിപ്പിക്കുക. കരനെല്ല് കൃഷി 340 ഹെക്ടറിൽ നിന്നും 600 ഹെക്ടറായി ഉയർത്തുക. 1400 ഹെക്ടർ നെല്പാടങ്ങൾ വകുപ്പ് സംയോജനത്തിലൂടെ കൃഷിയോഗ്യമാക്കുക.	
നെല്ലുസംഭരണം കാര്യക്ഷമമല്ല	ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുക	ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സഹകരണ സ്ഥാപനങ്ങൾ/ സപ്ലൈകോ വഴി /സംഭരിച്ച് യഥാസമയം കർഷകർക്ക് വില നൽകുക	ഓരോ 25 ഹെക്ടർ സ്ഥലത്തും പഞ്ചായത്തിനു ഒന്ന് എന്ന തരത്തിൽ പ്രോസസിംഗ് സെന്ററുകൾ ആരംഭിച്ച് ഉല്പാദിപ്പിക്കുന്ന നെല്ല് മുഴുവൻ അരി,അരിപ്പൊടി, അവൽ തുടങ്ങിയ ഉല്പന്നങ്ങളാക്കി അതാത് പഞ്ചായത്തിൽ തന്നെ പാടശേഖര സമിതികളുടെ നേതൃത്വത്തിൽ വിപണികൾ ആരംഭിച്ച് കർഷകർക്കും ഉപഭോക്താക്കൾക്കും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം നല്കുക.
കാലാവസ്ഥ വ്യതിയാനവും രോഗ കീടങ്ങളും	സമ്പൂർണ്ണ വിള ഇൻഷ്വറൻസ്	കാലാവസ്ഥാവ്യതിയാനം നേരിടുന്നതിനു കർഷകരെ സജ്ജമാക്കുക, സംയോജിത രോഗകീട നിയന്ത്രണ പദ്ധതികൾ വിവരസാങ്കേതിക വിദ്യ കൾ ഉപയോഗപ്പെടുത്തി കീടരോഗാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആവിഷ്കരിക്കുക	വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കീട രോഗാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങൾ, സംയോജിത രോഗ കീടനിയന്ത്രണ പദ്ധതികൾ എന്നിവ ആവിഷ്കരിക്കുക

ജലസേചന സൗകര്യകുറവ്	സമ്പൂർണ്ണ ജലസേചനം	നെൽവയൽ-തണ്ണീർ തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുക. തരിശുനിലങ്ങൾ ചിലത് കൃഷിയോഗ്യമാക്കണമെങ്കിൽ നീർവാർച്ച ഉറപ്പാക്കേണ്ട താണ്. മൈനർ ഇറിഗേഷൻ സോയിൽ കൺസർവേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിക്കുക, തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക വരമ്പുകളും തോടുകളുടെ വശങ്ങളും ബലപെടുത്തുക, എം.എൻ.ആർ.ഇ.ജി എസ് സേവനം ഉപയോഗപ്പെടുത്തുക	മൈനർ ഇറിഗേഷൻ സോയിൽ കൺസർവേഷൻ, കേരള ലാൻഡ് ഡവലപ് മെന്റ് കോർപ്പഷൻ വകുപ്പ കളുമായി ചേർന്ന് ജലാഗമന തോടുകൾ, ജല നിർഗമന തോടുകൾ എന്നിവയിലെ തടസ്സങ്ങൾ ഒഴിവാക്കുകയും ജലത്തിന്റെ സുഗമമായ ലഭ്യതക്കുള്ള പ്രവൃത്തികൾ പ്രാദേശിക അടിസ്ഥാനത്തിൽ ആവശ്യാനുസരണം ചെയ്യുകയും വേണം. റാമ്പ് നിർമാണം, തടയണകളും തോടുകളും നിർമിച്ച നൽകുക, കായലിൽ നിന്ന് ഉപ്പുവെള്ളം കേറാതെ ചിർപ്പ് ഇടുക. വർഷത്തിൽ ഓരോ കൃഷിക്കും മുന്നോടിയായി തോടുകൾ തെളിയിക്കുകയും വരമ്പ് പിടിക്കുകയും ചെയുക
യന്ത്രവല്കരണത്തിന്റെ അപര്യാപ്തതയും കേടായ യന്ത്രങ്ങളും തൊഴിലാളി ദൗർലഭ്യവും	പൂർണ്ണ യന്ത്രവൽക്കര ണം	ബ്ലോക്കടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമുള്ള നടീൽ കൊയ്ത്ത് മെതിയന്ത്രം, സ്പ്രേ ബയിലർ ലഭ്യമാക്കുക. പഞ്ചായത്തിലെ പാടശേഖരങ്ങ ളുടെ പ്രവർത്തന രഹിതമായ യന്ത്രങ്ങൾ അറ്റകുറ്റപണികൾ നടത്തി ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുക പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക	ആർ. കെ വി .വൈ നിർമ്മാണ പ്രവർത്തികൾക്കു ള്ള സബ്സിഡി പുനസ്ഥാപി ക്കുക. എം.എൻ.ആർ.ഇ.ജി .എസ് , ജനകീയാസൂത്രണ പദ്ധതികളിൽ ഈ പ്രവർത്തി കൾ ഉൾപ്പെടുത്തുക. ജില്ലാ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തുക അസ്സി.എൻ ജിനീയർ ഓഫീസ് കേന്ദ്രീകരിച്ച് സെൻട്രൽ വർക്ക്ഷോപ്പ്, ബ്ലോക്ക് തലത്തിൽ അഗ്രോ സർവീസ് സെന്റർ, റൈസ് മില്ലുകൾ എന്നിവ സ്ഥാപിക്കുക, മൂല്യ വർദ്ധിത

			ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക
വിത്ത്, വളം, രാസനിയാമകങ്ങൾ മുതലായവയുടെ അപര്യാപ്തത	വിത്ത്, വളം സുരക്ഷിത കീടനാശിനി, രാസനിയാമകങ്ങൾ എന്നിവയ്ക്ക് പ്രത്യേക പദ്ധതി തയ്യാറാക്കുക	സമയബന്ധിതമായി കർഷകരുടെ ആവശ്യമനുസരിച്ച് വിത്ത്,വളം, രാസനിയാമകങ്ങൾ,സുരക്ഷിത സസ്യസംരക്ഷ ണ വസ്തുക്കൾ എന്നിവ മതിയായ അളവിൽ ലഭ്യമാക്കുക. മൃഗസംരക്ഷണ - ക്ഷീരവികസനം വകുപ്പുകൾ ഒത്തു ചേർന്ന് ഗുണ മേന്മയുള്ള ജൈവവള (ഗോമൂത്രം, ചാണകം, പക്ഷി കാഷ്ഠം തുടങ്ങിയവ) നിർമ്മാണത്തിനും വിതരണ ത്തിനും പദ്ധതികൾ ആവിഷ്കരിക്കുക.	വിത്ത് ഗ്രാമം, ആർ.എസ്. ജി.പി പദ്ധതി നടപ്പാക്കൽ.
വിപണന സാധ്യത കുറവ്	മൂല്യവർദ്ധനവ്	മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലനവും സംവിധാനവും ഒരുക്കുക മിനിറൈസ് മില്ലുകൾ,അനുബന്ധ ഫാക്ടറികൾ സ്ഥാപിക്കുക മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണന സംവിധാനമൊരുക്കുക	മൂല്യ വർദ്ധിത ഉല്പന്നങ്ങൾ; ഉണ്ടാക്കാൻ പരിശീലനവും സംവിധാനവും ഒരുക്കുക. മിനിറൈസ് മില്ലുകൾ, അനുബന്ധ ഫാക്ടറികൾ സ്ഥാപിക്കുക മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണന സംവിധാനമൊരുക്കുക.

ബി. തെങ്ങ് കൃഷി

ജില്ലയിലെ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന വിള തെങ്ങാണ്. ആകെ കൃഷി ഭൂമിയുടെ 28% സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. എന്നിരിക്കലും നിലവിൽ അവഗണിക്കപ്പെട്ട ഒരു വിളയാണ് തെങ്ങ്. ചിട്ടയായ പരിചരണം, സംയോജിത കീടരോഗ നിയന്ത്രണം, ജലസേചനം, ശാസ്ത്രീയ വിള പരിപാലനം, തുടങ്ങിയ മാർഗങ്ങളിലൂടെ ഉത്പാദനക്ഷമത ഇരട്ടിയാക്കാനും കർഷകന് തെങ്ങ് ഒരു ആദായ വിളയാക്കി മാറ്റാനും കഴിയും. വൈവിധ്യമാർന്ന ഉല്പന്നങ്ങളിലൂടെ വിപണി കീഴടക്കാൻ കഴിയുന്ന ഒരേയൊരു കാർഷിക വിളയാണ് കല്പവൃക്ഷം എന്ന അപരനാമധേയത്തിനർഹമായ ഈ വിള. തെങ്ങിനെ ഒരു തോട്ടവിളയായി പരിഗണിച്ച് ആനുകൂല്യങ്ങൾ നല്കുകയും തെങ്ങുകൃഷി വികസനത്തിനായി നിലവിലെ വിടവുകൾ നികത്തി പ്രായോഗികമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്താൽ ഈ വിളയെ ഒരു പരിധി വരെ ലാഭകരമാക്കാവുന്നതാണ്. വ്യവസായ - സഹകരണ മേഖലകളുടെ സംയോജനത്തിലൂടെ ഉല്പന്ന വൈവിദ്ധ്യവൽക്കരണവും വിപണനവും സാദ്ധ്യമാക്കാനാകും.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
ഉല്പാദനവും ഉല്പാദനക്ഷമതയും കുറവ് (വർഷത്തിൽ 30 തേങ്ങ /തെങ്ങ്)	ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക (വർഷത്തിൽ 30 തേങ്ങയിൽ നിന്ന് 70 തേങ്ങ / തെങ്ങ് ആക്കി ഉയർത്തുക.)	ക്ലസ്റ്ററുകൾ രൂപീകരിച്ച് സമഗ്ര നാളീകേര വികസന പദ്ധതികൾ നടപ്പിലാക്കുക (സംയോജിത വളപ്രയോഗം,കീടരോഗ നിയന്ത്രണം, പച്ചിലവളം, ശാസ്ത്രീയകൃഷി മുറകൾ എന്നിവ അനുവർത്തിക്കുന്നതിനുള്ള പദ്ധതികൾ)	ക്ലസ്റ്ററുകൾ രൂപികരിച്ച് സമഗ്ര നാളീകേര വികസ ന പദ്ധതികൾ നടപ്പിലാ ക്കുക, നാളീകേര വികസന ബോർഡും ത്രിതല പഞ്ചാ യത്തുകളും ചേർന്ന് കേര ഗ്രാമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. (40 പഞ്ചായത്തുകളിൽ) വ്യവ സായവകുപ്പ്-സഹകരണ വകുപ്പ്-കുടുംബശ്രീ-സംയോ ജനത്തിലൂടെ ചകിരി നാരുല്പാദനത്തിനായി തൊണ്ട് സംഭരണപദ്ധതി
ശാസ്ത്രീയ കൃഷി രീതികൾ പാലിക്കുന്നില്ല	തോട്ടവിളയായി പരിഗണിച്ചുള്ള സബ്സിഡി പാക്കേജ്	ശാസ്ത്രീയ കൃഷി രീതികളുടെ പരിശീലനം സംഘടിപ്പിക്കുക. തെങ്ങ് കയറ്റ തൊഴിലാളികളുടെ കൂട്ടായ്മകൾ, കർമ്മ സേനകൾ, തെങ്ങ് കയറ്റ യന്ത്ര പരിശീലനവും യന്ത്രത്തിന് പരമാവധി സബ്സിഡിയും നൽകുക	ആത്മ, സി.പി.സി. ആർ.ഐയുടെ നേതൃത്വത്തിൽപരിശീല നം നൽകുക, ഐ.എൻ. എം പിന്തുടരുക
തെങ്ങ് കയറ്റ തൊഴിലാളികളുടെ അഭാവം	യന്ത്രവൽകൃത തെങ്ങുകയറ്റം	കുറിയ ഇനം, സങ്കര ഇനം എന്നിവ പ്രോത്സാഹിപ്പിക്കുക കർഷക സൗഹൃദ യന്ത്രങ്ങൾ രൂപകല്പന ചെയ്യുക. സർക്കാർഫാമുകൾ ശക്തി പ്പെടുത്തുക.	കർഷക സൗഹൃദ യന്ത്രങ്ങൾ രൂപകല്പന ചെയ്യുക. സർക്കാർഫാമുകൾ ശക്തിപ്പെടുത്തുക.
രോഗ കീട ബാധ	രോഗ കീട ബാധയ്ക്കുള്ള പ്രതിരോധ മാർഗങ്ങൾഊർജിത മാക്കുക	പ്രാദേശികമായി സമ്പൂർണ്ണ പ്രധിരോധമാർഗങ്ങൾസ്വീകരി ക്കുന്നതിനു ബോധ വത്കരണവും മരുന്നു തളിയും പ്രാവർത്തി കമാക്കുക കീടനാശിനിക്കും ലേബർ	വിവരസാങ്കേതിക വിദ്യകൾ ഉപയോഗ പ്പെടുത്തി കീടരോഗാക്രമണ മുന്നറിയിപ്പ് സം വിധാനങ്ങൾ

		ചാർജിനും പരമാ വധി സബ്സിഡി ലഭ്യമാക്കുക ഐ. പി. ൽ തുടരുക	ആവിഷ്കരിക്കുക.
ഉത്പാദനക്ഷമതയും ഗുണമേന്മയുള്ള സങ്കര/ കുറിയ ഇനം തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവ്	ഉത്പാദനക്ഷമതയും ഗുണമേന്മയുള്ളസങ്കര/കുറിയ ഇനം തെങ്ങിൻ തൈകളുടെ നടീലും ഉറപ്പ് വരുത്തുക	തെങ്ങിൻ തൈകളുടെ ലഭ്യത കേന്ദ്ര സംസ്ഥാന സർക്കാർ ഫാമുകൾ തെങ്ങിൻ തൈകളുടെ ഉല്പാദനം വർദ്ധിപ്പിക്കുക	കേന്ദ്ര സംസ്ഥാന സർക്കാർ ഫാമുകൾ തെങ്ങിൻ തൈകളുടെ ഉല്പാദനം വർദ്ധിപ്പിക്കുക
വിലസ്ഥിരത	വില സ്ഥിരത ഉറപ്പുവരുത്തുക	പച്ച തേങ്ങ സംഭരണം പുന:സ്ഥാപിക്കുക. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ പരിശീലനം നൽകുക	മൂല്യവർദ്ധിതഉല്പന്നങ്ങളുടെ വിപണന സൗകര്യം
ജലസേചനക്കുറവ്/ ജലസംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നില്ല (തടം തുറക്കൽ, ഇടയിളക്കൽ, തട്ടുതിരിക്കൽ)	നൂതന ജലസേചന മാർഗങ്ങൾ	ഇടയിളക്കൽ, തടം തുറപ്പ്, പുതയിടീൽ എന്നിവ ഉറപ്പാക്കൽ, ജലസേചന പമ്പ് സ്ഥാപിക്കൽ, കണിക ജല സേചന സമ്പ്രദായം, എം. എൻ.ആർ.ജി. എസ് പദ്ധതി ഉപയോഗപ്പെടുത്തുക	കൃത്യതാകൃഷി സമ്പ്രദായങ്ങൾ അനുവർത്തിക്കുക
കേര കർഷകന്റെ ആദായകുറവ്	കേര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക	ഇടവിളകൃഷി, ശാസ്ത്രീയ കൃഷി, തെങ്ങിൻ തട പുനചംക്രമണം ബഹുതല കൃഷി സമ്പ്രദായം , പ്രദർശന തോട്ടങ്ങൾ എന്നിവ പ്രാവർത്തികമാകുക.	സി പി. എസ്. വഴി നീര, ഇളനീർ പാർലർ , നാറ്റാഡി കൊക്കോ, കൊപ്ര സംഭരണം, വെളിച്ചെണ്ണ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ധനസഹായം നല്കുക

സി. പച്ചക്കറി കൃഷി

ജില്ലയിലെ മൊത്തം പച്ചക്കറികളുടെ വിസ്തൃതി 3065 ഹെക്ടർ ആണ്. വിളവിസ്തൃതിയിലും ഉല്പാദനത്തിലും വലിയ മുന്നേറ്റമുണ്ടാക്കാൻ പച്ചക്കറി മേഖലയിൽ സാധിച്ചിട്ടുണ്ട്. കൂടുതൽ പേരെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യിക്കുന്നതിന് ക്ലസ്റ്റർ വികസനത്തിലൂടെയും പുതിയ സങ്കേതിക വിദ്യാ പ്രചരണത്തിലൂടെയും കഴിഞ്ഞു. വീട്ടുവളപ്പിലേയും സ്ഥാപനങ്ങളിലെയും കൃഷി ഗണ്യമായി വർദ്ധിച്ചു. സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് ഇനിയും ഏറെ മുന്നേറാനുണ്ട്. നഗര പ്രദേശങ്ങളിൽ ഹരിത സമിതി, റസിഡൻസ് അസോസിയേഷനുകളുടെ കൂട്ടായ്മ എന്നിവ രൂപീകരിച്ച് വിത്ത് മുതൽ വിപണി വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്. പച്ചക്കറിയെ സംബന്ധിച്ചിടത്തോളം ജില്ലയെ സ്വയം പര്യാപ്തമാക്കുക എന്നതിനോടൊപ്പം വിഷലിപ്തമല്ലാത്ത പച്ചക്കറി ഉല്പാദനത്തിനു കർഷകരെ പ്രബുദ്ധരാക്കുക എന്ന ലക്ഷ്യം കൂടിയുണ്ട്.

ക്രമ നം	നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
1	വിള വിസ്തൃതിയിലും ഉത്പാദനത്തിലും മുന്നേറ്റം നേടിയിട്ടുണ്ടെങ്കിലും സ്വയം പര്യാപ്തമായിട്ടില്ല	പച്ചക്കറിയിൽ സ്വയംപര്യാപ്തത	തരിശു പുരയിടങ്ങളും പൊതുമേഖലാസ്ഥാപനങ്ങളുടെ തരിശായികിടക്കുന്ന സ്ഥലങ്ങളും ജലസേചന സൗകര്യം ഏർപ്പെടുത്തി കൃഷിയോഗ്യമാകുന്നതിനുള്ള പദ്ധതികൾ തയ്യാറാ ക്കുക. നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷിഹരിത ക്ലസ്റ്റർ രൂപീകരിച്ച് റസിഡൻസ് അസോസിയേഷനുകൾ ശക്തിപെടുത്തുക	തരിശു നിലങ്ങൾ ഏറ്റടുത്ത് കൃഷി ചെയ്യുന്നതിനു നിയമ നിർമ്മാണം ഏർപ്പെടുത്തണം നിലവിലുള്ള വാണിജ്യ കൃഷി 4500 ഹെക്ടറിൽ കൊണ്ടുവരുകയും 5 ലക്ഷത്തോളം വിട്ടുവളപ്പുകളിൽ ശാസ്ത്രീയ പച്ചക്കറി കൃഷി ത്രിതലപഞ്ചായത്തുകൾ വഴി പ്രോത്സാഹിപ്പിച്ചു കൊണ്ട് സ്വയം പര്യാപ്തത നേടാൻ കഴിയും. ടെറസ് കൃഷി, ലംബകൃഷി, തിരിനന, മിനി ഡ്രിപ് യൂണിറ്റ്, കമ്പോസ്റ്റിങ്ങ് സംവിധാനങ്ങൾ കഴിയുന്നത്ര വീടുകളിൽ ആരംഭിക്കുക.
2	കീട-രോഗബാധ	നല്ല കാർഷിക മുറകൾ പ്രാവർത്തികമാക്കുക	സുരക്ഷിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക	സുരക്ഷിത നിയന്ത്രണ മാർഗങ്ങൾ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുക. എല്ലാ വീടുകളിലും പച്ചക്കറി കൃഷി നിർബന്ധമാക്കുക.പ്രാദേശിക വിള ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക
3	കാലാവസ്ഥ വ്യതിയാനം	സമ്പൂർണ്ണ വിള ഇൻഷ്വറൻസ്	കാലാവസ്ഥ വ്യതിയാനം അതി ജീവിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ പ്രാപ്തരാക്കുക. മഴമറ കൃഷി, പോളി ഹൗസ്, കൃത്യതാ കൃഷി, മണ്ണില്ലാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക	വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് പദ്ധതികൾ നടപ്പിലാക്കുക
4	മാർക്കറ്റിങ്ങിന്റെ അപര്യാപ്തത	ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് കൃത്യമായ വിപണന സംവിധാനം	നിലവിലുള്ള ബ്ലോക്ക് ലെവൽ ഫെഡറെറ്റഡ് ഓർഗനൈസേഷൻ, ക്ലസ്റ്റർ പദ്ധതിയിൽ ആഴ്ച്ചച്ചന്ത, എക്കൊഷോപ്പ് മുതലായവ ഊർജിതമാക്കുക. വി. എഫ്.പി.സി.കെ. ഹോർട്ടി കോർപ്പ് വഴി സംഭരണം മെച്ചപ്പെടുത്തുക	എല്ലാ പഞ്ചായത്തിലും സംഭരണ ഔട്ട്ലെറ്റുകൾ. തുറക്കണം
5	മൂല്യ വർദ്ധിത	മൂല്യ വർദ്ധനവ്	കുടുംബശ്രീ ഗ്രൂപ്പുകൾ, ആത്മ	വിപണനത്തിനായി

	സൗകര്യങ്ങളുടെ അപര്യാപ്തത		ഗ്രൂപ്പുകൾ വ്യക്തികൾ എന്നിവർക്ക് പരിശീലനം നൽകുക അച്ചാറുകൾ, കൊണ്ടാട്ടം, സോപ്പുകൾ, ഹൽവ, പേട, സ്ക്വാഷ്, സൗന്ദര്യ വർദ്ധകങ്ങൾഎന്നിവയുടെ യൂണിറ്റുകൾ പ്രാദേശികാടിസ്ഥാനത്തിൽ സ്ഥാപിക്കുക	ജില്ലാപഞ്ചായത്ത് കുടുംബശ്രീ മിഷനുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കുക, ഡി.ഐ.സികൾ വഴി കോമൺഫസിലിറ്റി സെന്ററുകൾ ആരംഭിക്കുക
6	യന്ത്രവല്കരണത്തിന്റെ അപര്യാപ്തത	യന്ത്രവല്കരണം സാധ്യമാക്കൽ	പച്ചക്കറി കൃഷിക്ക് അനുയോജ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുക. (കള പറിക്കൽ, നിലമൊരുക്കൽ, ഇടയിളക്കൽ തുടങ്ങിയവ)	യന്ത്രങ്ങൾക്കുപരമാവധി സബ്സിഡിയും പരിശീലനവും ഉറപ്പാക്കുക
7	ബ്രാൻഡിങ്ങിന്റെ അഭാവം	സുരക്ഷിത പച്ചക്കറിക്ക് അധിക ലാഭം	ജി. എ. പി സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക, ജി. എ. പി പദ്ധതി വിപുലമാക്കുക	ജി.എ.പി സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുക, ജി.എ. പി പദ്ധതി വിപുലമാക്കുക

ഡി. വാഴ കൃഷി

ജില്ലയിലെ വാഴകൃഷി ചെയ്യുന്ന വിസ്തീർണ്ണം 11440 ഹെക്ടർ ആണ് എന്നാണ് കണക്കുകൾ പറയുന്നത്. എന്നാൽ വീട്ടുവളപ്പിലെ വാഴകൃഷിയെ കൂടി പരിഗണിച്ചാൽ വിസ്തീർണ്ണം വളരെ കൂടുതലാണെന്ന് കാണാം. വീട്ടുവളപ്പിലെ വാഴകൃഷി ശ്രദ്ധ ആവശ്യമുള്ള മേഖലയാണ്.നെൽകൃഷി നിന്നുപോയ നികത്തപ്പെട്ട (പണ)നിലങ്ങളിലാണ് വാഴ കൂടുതലായും കൃഷി ചെയ്തുവരുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ചെയ്യുന്നതിനും കുമ്മായം ഡോളോമൈറ്റ് എന്നിവ പ്രയോഗിക്കുന്നതിനും ബോധവല്ക്കരണവും പദ്ധതിയും ആവശ്യമാണ്. എല്ലാ വാഴത്തോപ്പുകളിലും ഇടവിളകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യണം. കൊല്ലം ജനതയെ സംബന്ധിച്ച് ഏറ്റവും കൂടിയ അളവിൽ ഉപയോഗിക്കുന്ന ഫലവർഗമാണ് വാഴ. പോഷക സുരക്ഷയിൽ വാഴ കഴിഞ്ഞു മാത്രമെ മറ്റു ഫലവർഗ്ഗങ്ങൾക്ക് സ്ഥാനമുള്ളു. ഔഷധ മൂല്യവും മതപരമായ ചടങ്ങുകളിൽ പ്രാധാന്യവും ഉള്ള ഇനമായ കദളി വളരെ വിപണന മൂല്യമുള്ള വാഴയിനമാണ്. പല വാഴയിനങ്ങളും പച്ചക്കറിയായും ഉപയോഗിച്ചു വരുന്നു, കൂടാതെ വാഴക്കുമ്പ്, വാഴക്കുല വെട്ടിക്കഴിഞ്ഞതിനു ശേഷമുള്ള വാഴപ്പിണ്ടി എന്നിവയും പച്ചക്കറികളായി ഉപയോഗിക്കുന്നുണ്ട്. വാഴനാരിനും വ്യാവസായിക പ്രാധാന്യമുണ്ട്. പ്രകൃതി സൗഹാർദ്ദ ബാഗുകളും പായയും മറ്റും ചെറിയ പരിശീലനത്തിലൂടെ അവയിൽ നിന്നും നിർമ്മിക്കാവുന്നതേയുള്ളു. കുടുംബശ്രീ വഴി ഈ മാതിരി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയകരമാക്കാവുന്നതാണ്. അതു പോലെ ബേബി ഫുഡ് ആയും ആരോഗ്യ ഭക്ഷണമായും പരമ്പരാഗത മായി ഉപയോഗിച്ചു വരുന്ന ഒന്നാണ് നേന്ത്രക്കായ ഉണക്കിപ്പൊടിച്ചെടുക്കുന്ന ഉല്പന്നം. ഇത് പ്രാദേശികാടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്ത് വിപണനം നടത്താവുന്നതാണ്. കുടുംബശ്രീ വഴിയോ കർഷക കൂട്ടായ്മ വഴിയോ ഇതു സാദ്ധ്യമാക്കാവുന്നതാണ്. ജൈവ കൃഷിയനുവർത്തിച്ചാൽ ഓർഗാനിക് പ്രോഡക്ട് ആയി ബ്രാൻഡ് ചെയ്ത് ഡിമാന്റ് കൂട്ടാം.

നിലവിലെ അവസ്ഥ	**പരിപ്രേക്ഷ്യം**	**ഹ്രസ്വകാല ലക്ഷ്യങ്ങൾ**	**ദീർഘ കാല ലക്ഷ്യങ്ങൾ**
ഉല്പാദനക്ഷമത കുറവ്	ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക	സംയോജിത വളപ്രയോഗം, കീട രോഗ നിയന്ത്ര ണത്തിനുള്ള പദ്ധതിയും സഹായവും, ജൈവ കൃഷി, കീട രോഗനിർമാർജ്ജന	കൃത്യതാകൃഷി സമ്പ്രദായം

		ത്തിന് കാമ്പയിൻ ഫണ്ട് അനുവദിക്കുക, വാഴക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റു പദ്ധതികൾ	
വില സ്ഥിരതയില്ലായ്മ	കർഷകന് മികച്ച വില ലഭ്യമാക്കുക	അധികഉല്പാദനം ഉണ്ടാകുമ്പോൾ സർക്കാർ തലത്തിൽ താങ്ങു വില ഏർപ്പെടുത്തുക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാകുന്നതിനു വേണ്ട സാഹചര്യം ഉണ്ടാക്കുക	സ്ഥായിയായ വില ലഭ്യമാക്കുക
വീട്ടുവളപ്പുകൃഷിയിൽ ശാസ്ത്രീയ പരിചരണ മുറകൾ നടപ്പാക്കാതെയുള്ള കൃഷിരീതികൾ	ശാസ്ത്രീയ പരിചരണമുറകൾ നടപ്പിലാക്കി ഉത്പാദനക്ഷമത വർധിപ്പിക്കുക	ശാസ്ത്രീയ കൃഷിരീതികളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പരിശീലനം നൽകുകയും പദ്ധതികൾ രൂപീകരിക്കുകയും ചെയ്യുക	സ്ഥായിയായ ഉദ്പാദന വർദ്ധനവ്
ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യതയില്ലായ്മ	ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യത ഉറപ്പുവരുത്തുക	സർക്കാർ ഫാമുകളിൽ നിന്നും വാഴകന്നുകളുടേയും, ടിഷ്യു കൾച്ചർ വാഴ തൈകളുടേയും ലഭ്യത ഉറ പ്പുവരുത്തുക, അംഗീകൃത നഴ്സറികൾക്ക് ലൈസൻസ് ഉറപ്പുവരുത്തുക	പ്രാദേശിക അടിസ്ഥാനത്തിൽ ടിഷ്യുകൾച്ചർ ലാബുകൾ സ്ഥാപിക്കുക
ജലസേചന സൗകര്യക്കുറവ്	ജലസേചന സൗകര്യം വർധിപ്പിക്കുക	ചെറിയ തോട്ടങ്ങൾക്ക് അനുസൃതമായ കണിക ജലസേചന പദ്ധതികൾ ക്സബ്സിഡി നടപ്പിലാക്കുക	ഉദ്പാദന വർദ്ധനവ്
മൂല്യവർദ്ധനയ്ക്കുള്ള സംരംഭങ്ങളില്ലാത്തത്	മൂല്യവർദ്ധനയ്ക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക	ജാം, സ്ക്വാഷ്, ഉപ്പേരി, വാഴ നാരുൽപന്നങ്ങൾ, തുടങ്ങിയ മൂല്യവർദ്ധനയ്ക്കുള്ള സം രംഭങ്ങൾ നടപ്പിലാക്കുന്നതിനു സബ്സിഡി നൽകുക	കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സാങ്കേതിക സഹായത്തോടെ മൂല്യ വർദ്ധനയ്ക്കായി കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക.

ഇ. കിഴങ്ങു വർഗ്ഗ വിളകൾ

ജില്ലയിലെ മരച്ചീനിയുൾപ്പെടെ മൊത്തം കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതി 18168 ഹെക്ടറാണ്. കിഴങ്ങുവർഗ്ഗ വിളകളുടെ ഉൽപ്പാദനം മാറ്റമില്ലാതെ തുടരുന്നു. ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ, സുരക്ഷിത ഭക്ഷണം, കൂടിയ ഉൽപ്പാദനക്ഷമത, മഴയെ ആശ്രയിച്ചു വളരാനുള്ള കഴിവ്, കുറഞ്ഞ പരിപാലനച്ചെലവ്, ജൈവ കൃഷിക്കനുയോജ്യത ഇങ്ങനെ പല അനുകൂല ഘടകങ്ങളും കിഴങ്ങുവർഗ്ഗ വിളകൾക്കുണ്ട്. അതുകൊണ്ടുതന്നെ നിലവിലുള്ള ഉൽപ്പാദനക്ഷമത ഇരട്ടിയാക്കാനായുള്ള സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ മേഖല ഉൽപ്പന്നത്തിന്റെ വിലസ്ഥിരതയില്ലായ്മ, ഒരേ സമയത്തുള്ള വിളവെടുപ്പ് മൂലമുള്ള വിലയിടിവ്, ഉൽപ്പാദന ക്ഷമത കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ യഥാസമയം വലിയ അളവിൽ ലഭ്യമാകാത്തത്, മൂല്യവർദ്ധനയ്ക്കുള്ള സംവിധാനങ്ങളുടെ അഭാവം എന്നീ വെല്ലുവിളികൾ ഇന്ന് നേരിടുന്നു. അനുകൂല ഘടകങ്ങളെ പരമാവധി ഉപയോഗിച്ചും, പ്രതികൂലഘടകങ്ങളെ അനുകൂലമാക്കുന്നതിനുള്ള നടപടികളിലൂടെയും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

ഇതിനായി ചില പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ജില്ലയിലെ ഫാമുകളുടെ ശാക്തീകരണത്തിലൂടെ നടീൽ വസ്തുക്കളുടെ അപര്യാപ്തത പർമാവധി പരിഹരിക്കാനാവും.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
വില സ്ഥിരതയില്ലായ്മ	കർഷകന് മികച്ച വില ലഭ്യമാകണം	വിള വൈവിധ്യം, പരമ്പരാഗത വിളകൾ (കൂവ, നനകിഴങ്ങ്, മുക്കിഴങ്ങ് എന്നിവ കൂടുതൽ കൃഷി ചെ യ്യുക. ഇതിനായി പദ്ധതികൾ രൂപീകരിക്കുക ധനസഹായം നൽകുക	വ്യക്തമായ പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കുക.ബ്ലോക്ക്-ജില്ലാ അടിസ്ഥാനത്തിൽ വിപണന സംവിധാനം നടപ്പിലാക്കുക. കിഴങ്ങ് വർഗ്ഗ വിളകൾക്കായി ഒരു സ്പെഷ്യൽ അഗ്രി സോണിനുള്ള സാധ്യത പ്രയോജന പ്പെടുത്തി സംസ്കരണ-വിപണന (സ്റ്റാർച്ച് കാലി ത്തീറ്റ, കോഴിത്തീറ്റ) സംവിധാനങ്ങൾ ആവിഷ്കരിക്കാൻ ഗവണ്മെന്റ് പദ്ധതി
ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കൂടിയ അളവിൽ യഥാസമയം ലഭ്യമല്ല	ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കർഷകർക്കിടയിലും ഫാമുകളിലും ഉത്പാദിപ്പിക്കുക.	ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ വ്യാപനം ഉത്പാദന വർദ്ധന അതുവഴി അധിക ആദായം	രുചിയും ഉല്പാദനക്ഷമതയും സ്വീകാര്യതയും കൂടിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ഉണ്ടാക്കുന്നതിനു ഫാമുകളും ഗവേഷണ കേന്ദ്രങ്ങളുമായി സംയോജി തമായി പദ്ധതികൾ നടപ്പിലാക്കുക
മൂല്യവർദ്ധനയ്ക്കുള്ള സംവിധാനങ്ങളുടെ അഭാവം	മൂല്യവർദ്ധനവ് ഉറപ്പുവരുത്തുന്നതിലൂടെ കർഷകർക്ക് മികച്ച ആദായം	മൂല്യവർദ്ധനവ് ഉറപ്പുവരുത്തുന്നതിന്പദ്ധതി നടപ്പിലാക്കുക	മൂല്യവർദ്ധനയ്ക്ക് വ്യവസായകേന്ദ്രങ്ങൾവഴി യന്ത്രങ്ങൾ ഉണ്ടാക്കുകയും പദ്ധതി രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുക

എഫ്. സുഗന്ധ വ്യഞ്ജനങ്ങൾ

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു, കറുകപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനവിളകൾ ഉൽപ്പാദ നത്തിലും, വിസ്തൃതിയിലും വലിയ മാറ്റമില്ലാതെ തുടരുന്നു. 4320 ഹെക്ടറാണ് നിലവിലെ വിസ്തൃതി. ആഗോള വിപണിയിലെ വില വ്യതിയാനങ്ങൾ ഈ മേഖലയെ ഗ്രാമീണതലത്തിൽ വരെ സ്വാധീനിക്കുന്നു. വരൾച്ച പോലുള്ള പ്രകൃതി ദുരന്തങ്ങൾ, വില സ്ഥിരതയില്ലായ്മ, ഉൽപ്പാദനശേഷി കൂടിയ ഇനങ്ങൾ യഥാസമയം ആവശ്യത്തിനു ലഭിയ്ക്കാത്ത അവസ്ഥ, ജൈവവളങ്ങളുടെ അപര്യാപ്തത, മൂല്യവർദ്ധന സൗകര്യങ്ങൾ യഥാവിധി ലഭ്യമല്ലാത്ത അവസ്ഥ എന്നിവയാണ് ഈ മേഖല നേരിടുന്ന വെല്ലുവിളികൾ. താരതമ്യേന വിസ്തൃതി കുറഞ്ഞ വിളകൾ ആയ കറുവ, ഗ്രാമ്പു, ജാതി എന്നിവകളുടെ വ്യാപനം കൊല്ലം ജില്ലയെ സംബന്ധിച്ച് സാദ്ധ്യത ഉള്ള ഒരു മേഖലയാണ്. ഒരിക്കൽ ജില്ലയിലെ കർഷകർ താല്പര്യത്തോടെ ആരംഭിക്കുകയും ശരിയായ വിളവെടുക്കാൻ തുടങ്ങുന്നതിനു മുമ്പ തന്നെ വളരെ പ്പെട്ടെന്ന് പിന്മാറുകയും ചെയ്ത വാനില കൃഷി ഇന്നും സാദ്ധ്യതകൾ ഉള്ള ഒരു മേഖല എന്ന

നിലയിൽ തുടരുന്നു. കർഷകരെ സംബന്ധിച്ചിടത്തോളം റബ്ബറിനോടൊപ്പമോ അതിലേറെയോ നാണ്യവിള സ്റ്റാറ്റസ് ഉള്ളവയാണ മിക്ക സുഗന്ധ വ്യഞ്ജന വിളകളും.

ജി. കശുമാവ് കൃഷി

ജില്ലയിലെ മൊത്തം വിസ്തൃതി 1304 ഹെക്ടറാണ്. റബർകൃഷിയുടെ വ്യാപനത്തോടെ കശുമാവ് കൃഷിയുടെ വിസ്തൃതി കുറഞ്ഞു. മാത്രമല്ല 75% തോട്ടങ്ങളും പുനരുദ്ധാരണം ചെയ്യേണ്ട സ്ഥിതിയിലുമാണ്. മികച്ച വിലയും സംസ്കരണ സംവിധാനവും ഉള്ളതിനാൽ കൃഷി വ്യാപിപ്പിക്കണം. സബ്സിഡി പാക്കേജ് നിലവിലില്ലാത്തതും, ജലസേചിതകൃഷി പ്രചാരത്തിലില്ലാത്തതും കൊമ്പുണക്കം, തേയിലക്കൊതുക് തുടങ്ങിയ കീടരോഗപ്രശ്നങ്ങളും അടങ്ങിയ വെല്ലുവിളികൾ ഈ മേഖല നേരിടുന്നു. കശുമാവ് കൃഷി വ്യാപനത്തിനും ഉല്പാദനവർദ്ധനവിനുമായി വിവിധ പദ്ധതി നിർദ്ദേശങ്ങൾ വയ്ക്കുന്നു.

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
കൃഷിക്ക് സബ്സിഡി പാക്കേജ് ഇല്ല	കൃഷിക്ക് സബ്സിഡി പാക്കേജ്	വിസ്തൃതി വർദ്ധിപ്പിക്കു ന്നതിനായി സൗജന്യ നിരക്കിൽ തൈകൾ നൽകുക. നിലവിലുള്ള സംസ്കര ണ ശാലകളുടെ ആവശ്യത്തിന് കശുവണ്ടി ഉത്പാദനം നടത്ത ണം. കല്ലട ഇറിഗേഷൻ പദ്ധതി യുടെ കനാൽ വശങ്ങളിൽ കശുമാവ് വച്ച്പിടിപ്പിക്കാൻ പദ്ധതി. പൊതു സ്ഥലങ്ങളിലും റോഡുവക്കിലും കശുമാവ് വച്ചുപിടിപ്പിക്കാൻ പദ്ധതി	മുന്തിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ യഥാ സമയം നൽകു ന്നതോടൊപ്പം വളം സസ്യ സംരക്ഷണ വസ്തുക്കൾ ജലസേചന സംവിധാനങ്ങൾ ഉൾപെടുത്തി പാക്കേജ് തയ്യാറാക്കുക
കൊമ്പുണക്കം, തേയില കൊതുക് തുടങ്ങിയ കീട രോഗ പ്രശ്നങ്ങൾ	കീടരോഗങ്ങൾ നിയന്ത്രണ വിധേയമാക്കി ഉദ്പാദന വർദ്ധനവ് ഉറപ്പുവരുത്തുക	കീട രോഗ നിയന്ത്രണ മാർഗങ്ങൾക്ക് കാമ്പയിൻ സംഘടിപ്പിച്ച കീട രോഗ നിയന്ത്രണ ഉപാധികൾക്ക് സബ്സിഡി നൽകുക	ജിഎ.പി (ഉത്തമ കാർഷിക മുറകൾ)
ജില്ലയിലെ കശുവണ്ടി ഫാക്ടറികളിൽ ആവശ്യത്തിനു തോട്ടണ്ടി ലഭിക്കാ ത്ത അവസ്ഥ	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപ നവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപ നവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക	മുന്തിയ ഇനങ്ങളും വിസ്തൃതി വ്യാപനവും നടത്തി പരമാവധി ഉല്പാദനം കൂട്ടുക

എച്ച്. ഹോർട്ടികൾച്ചറൽ വിളകൾ(മാവ്,പ്ലാവ്,മറ്റ് ഫല വൃക്ഷങ്ങൾ, പപ്പായ,പൈനാപ്പിൾ,കുടമ്പുളി തുടങ്ങിയവ)

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല ലക്ഷ്യങ്ങൾ	ദീർഘ കാല ലക്ഷ്യങ്ങൾ
ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അഭാവം	ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉറപ്പുവരുത്തി വിസ്തൃതി	സർക്കാർ ഫാമുകൾ ശക്തിപെടുത്തൽ, പ്രൈവറ്റ് നഴ്സറികളുടെ ഗുണമേന്മ ഉറപ്പുവരുത്തുക സൗജന്യ	ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സുലഭമാക്കുക

	വർധിപ്പിക്കുക	നിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക	
വാണിജ്യ കൃഷിയുടെ അഭാവം	വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കുക	വാണിജ്യ കൃഷിക്ക് സബ്സിഡി നൽകുക, ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്	സ്ഥായിയായ വരുമാനം ലഭ്യമാക്കുക
വിപണന –സംസ്കരണ സംവിധാനങ്ങളുടെ അഭാവം	വിപണന – സംസ്കരണ സംവിധാനം	അച്ചാറുകൾ,കൊണ്ടാട്ടം, സോപ്പുകൾ , ഹൽവ, പേട, സ്ക്വാഷ് സൗന്ദര്യ വർദ്ധകങ്ങൾഎന്നിവയുടെ യൂണിറ്റുകൾ പ്രാദേശികാടിസ്ഥാനത്തിൽ സ്ഥാപിക്കുക	ജില്ല അടിസ്ഥാനത്തിൽ വിപണന സംസ്കരണ സംവിധാനങ്ങൾ ഏർപ്പാടുചെയ്യുക.
പൊതുസ്ഥലങ്ങളിലും സാമൂഹ്യ വനവൽക്കരണത്തിനും മാവ്, പ്ലാവ്,എന്നിവ ഉപയോഗിക്കാത്ത അവസ്ഥ	പൊതുസ്ഥലങ്ങളിൽ, സാമൂഹ്യ വനവൽക്കരണം തുടങ്ങിയ ആവശ്യങ്ങൾക്ക്, മാവ്,പ്ലാവ്, കശുമാവ് എന്നിവ മാത്രം ഉപയോഗിക്കുന്ന അവസ്ഥ.	ഫാമുകൾ ശാക്തീകരണം നടത്തി ആവശ്യത്തിനു തൈകൾ ഉല്പാദിപ്പിക്കുക.	ഫലവൃക്ഷങ്ങൾ ഉൾപ്പെടുത്തി സമ്പൂർണ്ണ സാമൂഹ്യ വനവൽക്കരണം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നീർത്തട വികസനം

1. എല്ലാ ഗ്രാമപഞ്ചായത്തുകളും പച്ചക്കറി വിപണനത്തിനായി സൗജന്യമായി പഞ്ചായത്ത ധീനതയിലുള്ള സൗകര്യങ്ങൾ കർഷക സംഘങ്ങൾക്ക് അനുവദിക്കണം.
2. തൊഴിലുറപ്പ് പദ്ധതി വഴി പുരപ്പുറ മഴവെള്ളക്കൊയ്ത്ത് എല്ലാ വീടുകളിലും നിർബന്ധമാക്കുക.
3. ശുചിത്വമിഷന്റെ സഹായത്തോടെ ഉറവിട മാലിന്യനിർമ്മാർജ്ജനത്തിന് സംവിധാനങ്ങൾ എല്ലാവീടുകളിലും സൗജന്യനിരക്കിൽ നല്കുക
4. നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നത്തിൽ ഇടപെടാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുക.
5. മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ, ഷോപ്പുകൾ, ബ്രോയിലർ കോഴി വില്പനശാലകൾ എന്നിവയുടെ ലൈസൻസ് പുതുക്കി നല്കാതിരിക്കുക.

2. പച്ചക്കറി കൃഷി വികസനം

കുടുംബശ്രീ/സഹകരണ ബാങ്കുകൾ/ ക്ലസ്റ്ററുകൾ/കർഷക സംഘങ്ങൾ/സർക്കാരിതര സംഘട നകൾ എന്നിവ വഴി സർക്കാർ നിയന്ത്രണത്തിൽ കർഷക സൗഹൃദ രീതിയിൽ മാന്യമായ വില ഉറപ്പ വരുത്തി എക്കോഷോപ്പുകളും റീട്ടെയിൽ വിപണന കേന്ദ്രങ്ങളും ആരംഭിക്കുക.

3. കിഴങ്ങ് വർഗ്ഗങ്ങൾ

കിഴങ്ങ് വർഗ്ഗ വിളകളായ മരച്ചീനി. ചേന, ചേമ്പ്, കാച്ചിൽ, കൂവ എന്നിവ സംസ്കരിച്ച് സ്റ്റാർച്ച് ന്യൂഡിൽസ്, റെഡി ടു ഈറ്റ്, ലഘുഭക്ഷണങ്ങൾ, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉണ്ടാക്കുന്ന പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് സംവിധാനം - വ്യവസായ വകുപ്പ് - കാർഷിക സർവ്വകലാശാല-കേന്ദ്രതോട്ടവിള ഗവേഷ ണകേന്ദ്രം എന്നിവയുടെ സംയോജനം വഴി.

4. പുഴയോര സംരക്ഷണം

വാണിജ്യ പ്രാധാന്യമുള്ള മുളയിനങ്ങൾ (ലാത്തിമുള, തോട്ട) എന്നിവ പുഴയോരങ്ങളിൽ TBGRI, പാലോട് KFRI പീച്ചി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നട്ടു പരിപാലിക്കുക.

സംയോജന സാധ്യതകൾ/നിർദ്ദേശങ്ങൾ

1. **നെൽ കൃഷി വികസനം**

- പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കല്ലട ഇറിഗേഷൻ പ്രോജക്ട്, സോയിൽ കൺസർവേഷൻ വകുപ്പ്, കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവർ പങ്കാളികളായി പദ്ധതികൾ പാടശേഖ രാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യണം.
- നെല്ല് സംസ്കരണത്തിനായി സഹകരണ പ്രസ്ഥാനങ്ങൾ, കർഷക സംഘങ്ങൾ കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ എന്നിവയുടെ സംയോജന സാധ്യത.
- മതിയായ യന്ത്രവൽക്കരണം ഉറപ്പുവരുത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ യന്ത്രങ്ങളും വിദഗ്ദ്ധരായ ഓപ്പറേറ്റർമാരെയും സജ്ജരാക്കണം. എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകളും സാധ്യമായ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കാർഷിക കർമ്മസേനകളും സജ്ജമാക്കണം
- തരിശ് പാടങ്ങളിൽ (വരമ്പുകൾ അപ്രത്യക്ഷമായ നിലയിലുള്ളവ) റവന്യൂ വകുപ്പ് സർവ്വെ നമ്പരും ഭൂവിസ്തൃതിയും തണ്ടപേരു വിവരങ്ങളും കൃഷിവകുപ്പിനു നല്കണം.
- വാണിജ്യ, സഹകരണ ബാങ്കുകൾ നെല്ല് കൃഷിക്ക് കുറഞ്ഞ പലിശയിൽ വായ്പ ആവശ്യമുള്ളവർക്ക് ലഭ്യമാക്കണം
- മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുകളുടെ നേതൃത്വത്തിൽ ചാണകം ശാസ്ത്രീയമായി സംസ്കരിച്ച് മിതമായ നിരക്കിൽ കൃഷിവകുപ്പിലൂടെ കർഷകർക്ക് നല്കണം

2. **നാളീകേര കൃഷി വികസനം**

- വിലയിടിയാൻ സാധ്യതയുള്ളപ്പോൾ കേരഫെഡ് വഴി തേങ്ങ സംഭരിക്കാൻ സംവിധാനം
- ചകിരിനാര് ഉല്പാദനത്തിനു യോജിച്ചരീതിയിലുള്ള തൊണ്ട് കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി ശേഖരിച്ച് വ്യവസായവകുപ്പ്/ കയർ സൊസൈറ്റികൾ വഴി സംഭരിക്കാനുള്ള സംരംഭങ്ങൾ ആരംഭിക്കുക.

3. **മറ്റു വിളകൾ**

- ➢ മരച്ചീനി, നേന്ത്രൻ, കുരുമുളക് തുടങ്ങിയവയുടെ സംസ്കരണത്തിനും വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ പ്രാദേശിക വിപണന സംവിധാനങ്ങൾക്കുമായി വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി രൂപീകരിക്കുക.
- ➢ റബർ തടി സംസ്കരണത്തിനായി കിഴക്കൻ മേഖലയിൽ വ്യവസായ വകുപ്പിന്റെ സഹായ ത്തോടെ സംരംഭങ്ങൾ ആരംഭിക്കുക.
- ➢ ചക്ക, മാങ്ങ, പപ്പായ, തുടങ്ങിയ പരമ്പരാഗത പഴ വർഗ്ഗങ്ങൾക്ക് വ്യവസായിക മൂല്യം കൂടി വരുന്ന നാളുകളാണ് ഇനിയുള്ളത്. അവയിൽ നിന്നും വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കാർഷിക സർവ്വകലാശാലയിലെ ടെക്നോളജി പ്രയോജനപ്പെടുത്തി വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ✓ തരിശ് ഭൂമി സ്വമേധയാ കൃഷിക്ക് ലഭ്യമാകാത്ത സാഹചര്യങ്ങൾ വരുമ്പോൾ എത്തരത്തിൽ ഇടപെടണമെന്ന് നിയമപരമായി നിലനില്ക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

- ✓ ജലസേചന പദ്ധതികൾ യഥാസമയം തുറക്കുന്നതിനു കർഷകർക്ക് മുൻതൂക്കമുള്ള കമ്മിറ്റികൾക്ക് രൂപം നല്കുക.
- ✓ വിളവെടുത്ത നെല്ല് യഥാസമയം ഏറ്റെടുത്ത് താമസം വിന വിലനല്കാൻ കഴിയുന്ന രീതിയിൽ സംവിധാനം ഒരുക്കുക
- ✓ ജില്ല- ബ്ലോക്ക് പഞ്ചായത്തുകൾ പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന ചുമതലകൾ ഏറ്റെടുക്കുക.
- ✓ നെല്ല് കൃഷിയ്ക്ക് ഉപയുക്തമായ ലഘുയന്ത്രങ്ങൾ (നടീൽ, കളപറിക്കൽ, കൊയ്ത്ത് മെതിയന്ത്രങ്ങൾ) എന്നിവ എഞ്ചീനിയറിംഗ് കോളേജുകളുമായി ചേർന്ന് പങ്കാളിത്ത ഗവേഷണത്തിലൂടെ ഉരുത്തിരിച്ച് എടുക്കുക.
- ✓ തവിട് കളയാതെ നെല്ല് സംസ്കരിച്ചെടുക്കാനുള്ള മില്ലുകൾ അഗ്രോ ഇഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ മൂന്നിടത്തെങ്കിലും ആരംഭിക്കുക.
- ✓ ഇൻപുട്ട് സബ്സിഡികൾക്ക് പകരം പടിപടിയായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കനുസൃതമായി ഉല്പാദനബോണസ് ഏർപ്പെടുത്തുക. വിള ആസൂത്രണം നടത്തി ഉല്പാദനലക്ഷ്യം കർഷകർക്ക് മുൻകൂട്ടി നിശ്ചയിച്ചുനല്കുക.
- ✓ ഹരിതഭവനങ്ങൾക്ക് നികുതിയിളവുകൾ പ്രഖ്യാപിക്കുക
- ✓ ജനകീയാസൂത്രണ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി കർഷകരുടെ അദ്ധ്വാനം കണക്കാക്കാൻ അനുവദിക്കുക.
- ✓ നെൽ കൃഷി നിലമൊരുക്കൽ, നടീൽ, കൊയ്ത്ത് എന്നിവ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നെൽ കൃഷി പരമാവധി ലാഭകരമാക്കുക.
- ✓ കശുമാവ് കൃഷി വിസ്തൃതി വ്യാപനത്തിനായി കെ.ഐ.പി യുടെ പാർശ്വഭാഗങ്ങളിലുള്ള ഭൂമിയിലും പുറമ്പോക്ക് ഭൂമികളിലും പഞ്ചായത്ത് പദ്ധതികളിലുൾപ്പെടുത്തി കശുമാവ് നടുന്നതിന് അനുമതി നല്കുക.
- ✓ ഫാം ടൂറിസം വികസിപ്പിക്കുന്നതിനായി മൺറോ ഐലന്റ് പോലുള്ള പ്രകൃതി മനോഹരമായ പഞ്ചായത്തുകളും, തനത് ഉല്പന്നങ്ങൾ, കരകൗശല ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന, തഴവ, കുളത്തൂപ്പുഴ തുടങ്ങിയ പഞ്ചയത്തുകളും, ജില്ലാഫാം അഞ്ചൽ തുടങ്ങിയവയും ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാനുള്ള സംവിധാനമൊരുക്കണം.

7.1.2 മണ്ണ്–ജല സംരക്ഷണം

നിലവിലെ അവസ്ഥയുടെ വിശകലനം

ജലം സംഭരിച്ചു നിർത്തുവാനുള്ള ഭൂമിയിലെ ഏറ്റവും വലിയ ജലസംഭരണിയാണ് മണ്ണ്. ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്രകൃതിദത്തമായ അരിപ്പയായും മണ്ണ് വർത്തിക്കുന്നു. കൃഷിക്കു വേണ്ടി നാം ഉപയോഗിക്കുന്നത് ഭൗമോപരിതലത്തിൽ 15 മുതൽ 30 cm വരെ ഘനത്തിൽ ലഭ്യമായ ഫലഭൂയിഷ്ടമായ മേൽമണ്ണാണ്. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും പ്രകാശ സംശ്ലേഷണം വഴി ഭക്ഷണം ഉണ്ടാക്കുന്നത് ഈ മണ്ണിൽ വളരുന്ന സസ്യ ജാലങ്ങളാണ്. ഭൗമോപരിതലത്തിലെ ഈ നേരിയ പടലത്തിന് അപചയം സംഭവിക്കുന്നത് കാർഷികോൽപ്പാദന ക്ഷമതയേയും തദ്വാര ജീവന്റെ നിലനിൽപ്പിനേയും പ്രതികൂലമായി ബാധിക്കും. കൃഷിക്ക് ഏറ്റവും ഉപയുക്തമായ മണ്ണിലടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ ധാതു ലവണങ്ങൾ, ജൈവാംശം, ഈർപ്പം, വായു എന്നിവയാണ്. ഇവയോടൊപ്പം പോഷകഘടകങ്ങളും സൂക്ഷ്മ ജീവികളും ചേർന്ന് മണ്ണിന് സവിശേഷ ഗുണങ്ങളുണ്ടാക്കുന്നു. അമ്ലത, ക്ഷാരത്വം, ഊഷ്മാവ്, ധനവിനിയോഗ ശേഷി, ധനായന വിനിയോഗ ശേഷി എന്നിവയ്ക്ക് മണ്ണിന്റെ ഉൽപാദന ശേഷിയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും. മണ്ണിന്റെ ഭൗതിക

ഗുണങ്ങൾ മൺഘടന, മൺരചന, ജലസംഭരണ ശേഷി, അന്ത:സ്രവണ നിരക്ക്, മണ്ണിന്റെ ആഴം, മണ്ണിലെ സൂക്ഷ്മ സ്ഥൂല സുഷിരങ്ങൾ എന്നിവയാണ്. ഇന്ന് നമ്മുടെ ജില്ലയിൽ ഭൂവിനിയോഗത്തിനുള്ള വൻപിച്ച വ്യതിയാനങ്ങൾ, ഏക വിളയിലേക്കുള്ള മാറ്റം, പരമ്പരാഗതമായി പൂർവ്വികർ അനുവർത്തിച്ചു വന്നിരുന്ന മണ്ണിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന അതിവൃഷ്ടിയും, അനാവൃഷ്ടിയും എന്നീ കാരണങ്ങൾ നിമിത്തം ഇന്ന് മണ്ണ് രൂക്ഷമായ അപചയത്തിന് വിധേയമായി കൊണ്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ ജില്ലയിലെ ഇടനാട്, മലനാട് പ്രദേശങ്ങളിലെ ചരിവ് കൂടിയ ഭൂപ്രദേശങ്ങളിൽ നിന്ന് 10 മുതൽ 35 ടൺ വരെ മണ്ണ് നീക്കം ചെയ്യപ്പെടുന്നുണ്ടെന്ന് ദേശീയ മണ്ണ് ജല സംരക്ഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ വെളിവാകുന്നു. കാലാവസ്ഥാ ആഗോള താപനവും, കാലാവസ്ഥ വ്യതിയാനവും കൊണ്ട് വീർപ്പുമുട്ടുന്ന ഇക്കാലത്ത് മണ്ണൊലിപ്പ് നിയന്ത്രണവിധേയമാക്കി നമ്മുടെ തനത് മണ്ണിനങ്ങൾക്ക് യോജിച്ച രീതിയിലുള്ള പരിപാലന മുറകൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിൽ മാത്രമേ ജലത്തിന്റെ ലഭ്യതയും മണ്ണിന്റെ സുസ്ഥിരമായ ഉല്പാദന ക്ഷമതയും നിലനിർത്താൻ സാധിക്കുകയുള്ളൂ.

വികസന പരിപ്രേക്ഷ്യം

1. ശാസ്ത്രീയമായി മണ്ണ് ജല സംരക്ഷണത്തിനു വിധേയമാക്കാത്ത മൈക്രോവാട്ടർ ഷെഡുകൾ മീഡിയം, ഉയർന്ന മുൻഗണനാ പട്ടികയിൽപ്പെട്ട നീർത്തടങ്ങൾ എന്നിവ പരിപാലനത്തിന് വിധേയമാക്കേണ്ടതാണ്.
2. ഉപരിതല പ്രവാഹത്തിന്റെ വേഗത കുറക്കുന്നതിനും കിനിവ് ശേഷി(infiltration) കേന്ദ്രീകൃത സമയം (concentration time) വർദ്ധിപ്പിക്കുന്നതിനും ചെങ്കുത്തായ ചെരിവുകളുടെ നീളവും അളവും കുറയ്ക്കുന്ന തിനുമായി കൃഷി ഭൂമികളിൽ കല്ലുകയ്യാല, മൺകയ്യാലയുടെ മുകളിൽ പുല്ലു വച്ച് പിടിപ്പിക്കൽ ടെറസിംഗ്, മഴക്കുഴി നിർമ്മാണം, മൺകയ്യാലകൾ കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തൽ, പാറ അടുക്കിയുള്ള ടെറസ് വാൾ, തുടങ്ങിയവയുടെ നിർമ്മാണം അവലംബിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് സംസ്ഥാനാവിഷ്കൃത RIDF പദ്ധതികൾ, PMKSY വാട്ടർഷെഡ്, MGNREGS എന്നിവയുടെ ഏകോപന സാദ്ധ്യതകൾ ആരായാവുന്നതാണ്.

3. ഒന്നാം ശ്രേണിയിൽപ്പെട്ട (1stOrder) നീർച്ചാലുകളിൽ ഗള്ളി നിവാരണത്തിനും ഭൂഗർഭജല പരിപോഷണത്തിനുമായി പ്രാദേശികമായി ലഭിക്കുന്ന കല്ലുകളും പൊട്ടിച്ച പാറയും ഉപയോഗിച്ച് ഗേബിയൻ സ്ട്രക്ചർ ഉപയോഗിച്ചും ശാസ്ത്രീയ നിഷ്കർഷ അനുസരിച്ച് ഇടവിട്ട് ചെറിയ ചെക്ക്ഡാം നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. സംസ്ഥാനാവിഷ്കൃത പദ്ധതി PMKSY വാട്ടർഷെഡ് , MGNREGS കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ സാമ്പത്തിക സ്രോതസ്സ് ഉപയോഗിക്കാവുന്നതാണ്.

4. 2,3 ശ്രേണിയിൽപ്പെട്ട (2nd and 3rd order) നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ട നീർച്ചാലുകളിൽ ജലസേചനത്തിന് ജലം സംഭരിച്ചു നിർത്തുന്ന രീതിയിൽ വെന്റെഡ് ക്രോസ്ബാർ (Vented Cross bar) സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതായിരിക്കും അഭികാമ്യം. ഇത്തരം നീർച്ചാലുകളിൽ രൂക്ഷമായ കരയിടിച്ചിൽ ഉള്ള പ്രദേശങ്ങളിൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുള്ള പാർശ്വഭിത്തി നിർമ്മാണം അനുവദിക്കാവുന്നതാണ്. ഇത്തരം നീർച്ചാലുകളുടെ മറ്റു പാർശ്വങ്ങൾ തോടിനു ആഴവും വീതിയും വർദ്ധിപ്പിച്ചും കയർ ഭൂവസ്ത്രം ഉപയോഗിച്ചും പുല്ലുവച്ചുപിടിപ്പിക്കൽ മുതലായ ജൈവമാർഗങ്ങൾ ഉപയോഗിച്ചും ബലപ്പെടുത്താവുന്നതാണ്.

5. കൊല്ലം ജില്ലയിലെ വയലേലകളുമായി ബന്ധപ്പെട്ട നീർച്ചാലുകൾ ശോചനീയാവസ്ഥയിലാണ്. പല നീർച്ചാലുകളിലും സർക്കാർ ഏജൻസികൾ വഴി നിർമ്മിച്ച പാർശ്വഭിത്തി

സംരക്ഷണത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാർശ്വഭിത്തികളുടെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽക്കേണ്ടതാണ്. വയലേല കളുമായി ബന്ധപ്പെട്ട തോടുകൾ പുനരുദ്ധരീകരിക്കുന്നതിനായി ഏലാവികസന സമതികൾക്ക് വാർഷിക ഗ്രാന്റ് നൽകുന്ന കാര്യം ആലോചിക്കാവുന്നതാണ്.

6. നമ്മുടെ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പ് വിവിധ പദ്ധതികളിൽ പണി കഴിപ്പിച്ചിട്ടുള്ള കല്ലുകയ്യാലകളിൽ 30 വർഷത്തിനു മുകളിൽ പഴക്കം ഉള്ളവയിൽ ഇന്ന് കേടുപടുകൾ സംഭവിച്ച് ഫലപ്രദമായ അവസ്ഥയിലല്ല. കർഷകർ തങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ഇത്തരം ബണ്ടുക ളുടെ കേടുപാടുകൾ പരിഹരിക്കുവാൻ മുന്നോട്ടു വരാത്ത സാഹചര്യമാണുള്ളത്. ഇത്തരം കയ്യാലകൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരമോ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖാന്തിരമോ സാമ്പത്തിക സഹായം നൽകാവുന്നതാണ്.

7. നമ്മുടെ സംസ്ഥാനത്തും ജില്ലയിലും നീർത്തടാധിഷ്ഠിത മണ്ണ് ജല പ്രവർത്തനങ്ങൾ പലവകുപ്പുകളും പല സർക്കാർ ഏജൻസികളും മുഖേന നടപ്പിലാക്കിട്ടുണ്ട്. MGNREG പദ്ധതി ഉൾപ്പെടെ എല്ലാ പദ്ധതികളുടെയും ഏകോപനത്തിനും അവലോകനത്തിനുമായി ജില്ല കളക്ടർ ചെയർമാനായും ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ കൺവീനർ ആയും മറ്റു വകുപ്പുകളെയും കൂടി ഉൾപ്പെടുത്തി ജില്ലാതല സമിതി രൂപീകരിക്കേണ്ടതാണ്

8. സമതല പ്രദേശങ്ങളും നെൽപ്പാടങ്ങളും ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളുമാണ് ഈ വിഭാഗത്തിൽ പെടുന്നത്. കൃഷിയിറക്കുന്നതിന് മുമ്പ് ഉചിതമായ ജലനിർഗമന മാർഗ്ഗങ്ങൾ തുറക്കുക എന്നതാണ് ഈ പ്രദേശങ്ങളിൽ സ്വീകരിക്കുന്ന പ്രധാന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ. 1-3 % വരെ ചെരിവുള്ള വളരെ താഴ്ന്ന പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

9. ഫലപ്രദമായ നീർവാർച്ചാ സൗകര്യം ഉറപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ശുപാർശ ചെയ്യുന്നത്. ആവരണവിള കൃഷി, ഇടവിള കൃഷി, മഴവെള്ള സംഭരണം, trenching, സമ്മിശ്ര കൃഷി, തീറ്റപ്പുൽ കൃഷി എന്നിവയും ശുപാർശ ചെയ്യുന്നു.

10. അനധികൃതമായ കുന്നിടിക്കൽ മൂലം നമ്മുടെ സംസ്ഥാനത്തെ ജലസംഭരണത്തിനുള്ള ഒരു മാധ്യമമാണ് നഷ്ടപ്പെടുന്നത്.ഒരു ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുമ്പോൾ 250 ലിറ്റർ ജലം സംഭരിക്കുന്നതിനുള്ള മാധ്യമമാണ് നഷ്ടപ്പെടുന്നത്. ഇപ്രകാരം ഒരു ലോറി മണ്ണ് നീക്കം ചെയ്യുമ്പോൾ 1250 ലിറ്റർ ജലം സംരക്ഷിക്കപ്പെടാനുള്ള മാധ്യമമാണ് നഷ്ടപ്പെടുന്നത്.കൂടാതെ ഉപരിതലത്തിൽ ഒരടി താഴ്ച്ചയിൽ കാണുന്ന ഫലഭൂയിഷ്ടമായ മേൽ മണ്ണ് നീക്കപ്പെടാതെ സൂക്ഷിക്കേണ്ടതും ആവശ്യമാണ്. മേൽ മണ്ണ് കൂനയായി പുരയിടത്തിന്റെ ഒരു ഭാഗത്ത് സൂക്ഷിച്ചതിന് ശേഷം അടിയിലുള്ള മണ്ണ് നീക്കം ചെയ്യാൻ അനുവദിക്കാവുന്നതാണ്. മണ്ണ് നീക്കിയ ശേഷം കൂനയായി കൂടിയിരിക്കുന്ന മേൽമണ്ണ് തിരിച്ച് ഉപരിതലത്തിൽ വിരിക്കേണ്ടതാണ്.ചരിവുകൾ ദൃഢീകരിക്കതെയുള്ള ആശസ്ത്രിയമായ മണ്ണെടുക്കൽ പലപ്പോഴും മണ്ണിടിച്ചിലിനു കാരണമാകുന്നു. ഒരു പ്രദേശത്തെ പ്രകൃതിയാലുള്ള ജലനിർഗ്ഗമനം കുന്നിടിച്ചിൽ മൂലമോ നിലംനികത്തൽ മൂലമോ തടസ്സപ്പെടാനുള്ള സാഹചര്യം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്.

അനിയന്ത്രിതമായി കുന്നിടിച്ചിൽ ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ കഴിവതും മൺവേല കുറയ്ക്കുന്ന രീതിയിൽ നടത്തുവാൻ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.
2. റോഡു നിർമ്മാണങ്ങളിൽ കഴിവതും ഒരു ഭാഗത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണ് മറ്റൊരിടത്ത് നികത്താനായി ഉപയോഗിക്കുന്ന രീതിയിൽ രൂപകൽപന ചെയ്യേണ്ടതാണ്. പുറത്തുനിന്നും മണ്ണ് കൊണ്ടുവരുന്ന സാഹചര്യം ഇത്തരത്തിൽ ഒഴിവാക്കാവുന്നതാണ്.
3. വയലുകൾക്ക് കുറുകെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കോൺക്രീറ്റ് സ്ലാബ്ചറുകൾ (പില്ലറുകൾ, പ്രീ സ്ട്രെസ്ഡ് പ്രീ കാസ്റ്റ് സ്ലാബ്ചറുകൾ) ഉപയോഗിക്കുന്നതിലൂടെ മണ്ണിട്ടു നികത്തൽ ഒഴിവാക്കാവുന്നതാണ്.
4. വ്യക്തികൾക്ക് ചെറുകിട പാർപ്പിട നിർമ്മാണങ്ങൾക്ക് മാത്രമേ മണ്ണ് നീക്കം ചെയ്യാനോ, കുന്നിടിക്കാനോ അനുമതി നൽകാവൂ. ഭൗമോപരിതലത്തിൽ ഒരടി താഴ്ചയിൽ കാണുന്ന കാർഷിക പ്രാധാന്യമുള്ള മേൽ മണ്ണ് സൗകര്യപ്രദമായി ഒരു ഭാഗത്ത് കൂനകൂട്ടി ശേഖരിച്ചതിനു ശേഷം അടിയിലുള്ള മണ്ണ് നീക്കം ചെയ്യാൻ അനുവദിക്കാവുന്നതാണ്. അനുവദനീയമായ അളവിൽ മണ്ണ് നീക്കിയ ശേഷം കൂന കൂട്ടിയിട്ടിരിക്കുന്ന മേൽ മണ്ണ് തിരിച്ച് ഉപരിതലത്തിൽ വിരിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.
5. ഭക്ഷ്യോൽപ്പാദനത്തിനും ജലസംഭരണത്തിനും ഉപയോഗിക്കപ്പെടേണ്ട മണ്ണ് അനിയന്ത്രിതമായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡബ്ലിയു.ജി.ഡി.പി., പി.എം.കെ.എസ്.വൈ., വാട്ടർഷെഡ് എന്നീ പദ്ധതികളുടെ ഭാഗമായി നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
2. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ ഭാഗമായി നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
3. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ ഭാഗമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വെള്ളപ്പൊക്ക നിവാരണത്തിനും ജല നിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
4. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ ഭാഗമായി നെൽ കൃഷിയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
5. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ അഷ്ടമുടി കായലിന്റെ വൃഷ്ടി പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
6. ശാസ്താംകോട്ട തടാകത്തിന്റെ വൃഷ്ടി പ്രദേശത്ത് സംസ്ഥാന ആവിഷ്കൃത പദ്ധതിയായ പി.സി.ആർ.ഡബ്ലിയു.എസ്.എസ്. പ്രകാരം 1 കോടി രൂപയ്ക്ക് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7. പട്ടികജാതി സങ്കേതങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
8. ജില്ലയിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ടി.ആർ.ഡി.എം., കോർപ്പസ് ഫണ്ട്, എന്നിവ ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

9. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് MGNREGS പദ്ധതിയുമായി ഏകോപനവും ഉറപ്പാക്കുക.
10. അഷ്ടമുടി കായലിന്റെ തീര പ്രദേശത്ത് കണ്ടൽവനങ്ങൾ വച്ചു പിടിപ്പിക്കൽ.(19 ലക്ഷം)(ജില്ലാ പഞ്ചായത്ത് പദ്ധതി)
11. ശാസ്താംകോട്ട തടാകത്തിന്റെ തീരപ്രദേശത്ത് ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി തനത് സസ്യവർഗ്ഗങ്ങൾ വച്ച് പിടിപ്പിക്കുക. (12 ലക്ഷം)(ജില്ലാ പഞ്ചായത്ത് പദ്ധതി)
12. പഞ്ചായത്ത് തല പദ്ധതി തയ്യാറാക്കുന്നതിന് മണ്ണ് പര്യവേഷണ റിപ്പോർട്ട് പഞ്ചായത്തുകൾക്ക് സമർപ്പിക്കുക.
13. മണ്ണിന്റെ രാസഭൗതിക പരിശോധനകളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ ഭൂക്ഷമതാ ഭൂപടങ്ങൾ തയ്യാറാക്കുക.
14. മൺട്രോതുരുത്ത് പഞ്ചായത്തിന്റെ പാരിസ്ഥിതിക പഠനത്തിനുവേണ്ടി ഭൂപടം തയ്യാറാക്കുക.
15. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജകമണ്ഡലം സമ്പൂർണ്ണ ഹെൽത്ത് കാർഡ് വിതരണം പൂർത്തിയാക്കുക.
16. കേന്ദ്രാവിഷ്കൃത ഹെൽത്ത് കാർഡ് പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ വരിഞ്ഞം ഏലയിൽ നെൽകൃഷി പ്രദർശന തോട്ടം കർഷകർക്കായി ഒരുക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

1. ജില്ലയിലെ പള്ളിക്കൽ, കല്ലട, ഇത്തിക്കര, അയിരൂർ നദീതടങ്ങളുമായി ബന്ധപ്പെട്ട് നദീതടങ്ങളുടെ പരിപാലനത്തിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് ദേശീയ അന്തർദേശീയ ഫണ്ടിംഗ് എജൻസികളുടെ ധനസഹായത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.
2. റംസാർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജില്ലയിലെ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകത്തിന്റെയും അഷ്ടമുടി കായലിന്റെയും വൃഷ്ടിപ്രദേശത്ത് ദേശീയ അന്തർദേശീയ ഫണ്ടിംഗ് ഏജൻസികളുടെ ധനസഹായത്തോടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാ ക്കേണ്ടതുണ്ട്.
3. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലെ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.
4. ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, പഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മണ്ണ് ജല സംരക്ഷണത്തിനും പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും ബ്രഹത് പദ്ധതി തയ്യാറാക്കി പട്ടിക വർഗ്ഗ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുക.
5. ജില്ലയിൽ പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവബോധം വരുത്തുന്നതിനായി ബോധവത്കരണം നൽകേണ്ടതാണ്.
6. സുസ്ഥിര കാർഷിക വികസനത്തിനായുള്ള കൊല്ലം ജില്ലയുടെ മണ്ണ് വിവരശേഖരണം.
7. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും മണ്ണ് പര്യവേഷണവും, മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കല്ല് കയ്യാല, മൺ കയ്യാല, എന്നീ വകുപ്പ് തല നിർമ്മാണങ്ങളുടെ നിരക്ക് DSR 2016 പ്രകാരം പുതുക്കി നിർണ്ണയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവർത്തങ്ങൾക്ക് DSR2012 പ്രകാരമുള്ള നിരക്കാണ് അനുവർത്തിച്ചു പോരുന്നത്. കാലാനുസൃതമായി നിരക്കുകൾ പരിഷ്കരിക്കത്തത് പദ്ധതി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു.
2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മറ്റ് നിർമ്മാണ വകുപ്പുകൾ ചെയ്യുന്നതുപോലെ ഇ-ടെൻഡറിംഗ് സിസ്റ്റം വഴി നടപ്പിലാക്കുന്നത് അഭികാമ്യമാണ്. മണ്ണ് സംരക്ഷണ

പ്രവർത്തനങ്ങൾ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ഇ-ടെൻഡറിംഗ് മുഖേന നടപ്പിലാക്കുകയാണെങ്കിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

3. മണ്ണ് ജല സംരക്ഷണ പ്രവർത്തങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ലിയു.ഡി. മാനുവൽ പോലെ സോയിൽ കൺസർവേഷൻ മാനുവൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
4. ഹരിതകേരള പദ്ധതിയുടെ പശ്ചാതലത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും കേരള ലാൻഡ് ഡവലപ്മെന്റ് ആക്ട് പരിഷ്കരിക്കേണ്ടതാണ്.

ത്രിതല പഞ്ചായത്ത് പദ്ധതികൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ MGNREGS പദ്ധതി പ്രകാരം മാത്രമേ നടപ്പിലാക്കുവാൻ പാടുള്ളൂ എന്ന് പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ രേഖയിൽ കർശന നിർദ്ദേശം ഉള്ളതുകൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശ രേഖ പരിഷ്കരിക്കേണ്ടതാണ്.
2. പഞ്ചായത്തിരാജ് ആക്ടിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം മണ്ണ് ജല സംരക്ഷണം ഗ്രാമ പഞ്ചായത്തുകളുടെ കർമ്മ പട്ടികയിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് കർമ്മ പട്ടികയിൽ ഭൂഗർഭജല പരിപോഷണം ഉൾപെടുത്തിയിട്ടുണ്ട്. മണ്ണ് ജല സംരക്ഷണം ഭൂഗർഭജല പരിപോഷണ പ്രവർത്തനങ്ങളിൽ ഉൾപെട്ടതാണെങ്കിലും മണ്ണ് ജല സംരക്ഷണം പട്ടികയിൽ ഉൾപ്പെടാത്തതു കൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മണ്ണ് ജല സംരക്ഷണം ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പട്ടികയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് രാജ് ആക്ട് പരിഷ്കരിക്കുന്നത് ഹരിതകേരളം പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നതാണ്.
3. ജലസേചന ജലനിർഗമന പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ സഹായകരമാവുന്ന തരത്തിൽ പ്ലാൻ മാർഗ്ഗ നിർദ്ദേശ രേഖയും പഞ്ചായത്ത് രാജ് ആക്ടും പരിഷ്കരിക്കുകയാണെങ്കിൽ ജില്ലയിലെ തരിശു കിടക്കുന്ന നെല്ല്പാടങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുവാൻ സാധിക്കും. നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടാകുന്ന വർദ്ധന ജല ലഭ്യതയും ഭൂഗർഭജല പരിപോഷണവും വർദ്ധിപ്പിക്കുവാൻ സഹായകരമാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

7.1.3 മേജർ ഇറിഗേഷൻ

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല പരിപ്രേക്ഷ്യം	ദീർഘകാല പരിപ്രേക്ഷ്യം
പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെ അവസ്ഥ			
അഷ്ടമുടിക്കായലിലെ ജലമൊഴുക്ക് തടസ്സം, കയ്യേറ്റം ജൈവ അജൈവ	ജലസ്രോതസ് മാലിന്യമുക്തമാക്കുക	കായലിലെ പലഭാഗങ്ങളിലും പ്രത്യേകിച്ച് നീണ്ടകര പാലത്തിൻ കിഴക്കും തെക്കുംഭാഗം കാവനാട്	കൈയ്യേറ്റം ജൈവ അജൈവമാലിന്യ

മാലിന്യനിക്ഷേപവും		ഭാഗത്തിൽ ആഴം കൂട്ടുക	നിക്ഷേപങ്ങൾ നീക്കം ചെയ്യുക.
ശാസ്താംകോട്ട തടാകത്തിൽ പാരിസ്ഥിതിക സന്തുലനാവസ്ഥ നഷ്ടപ്പെടുകയും അതുവഴി ജലാശയം വിസ്മൃതിയിലാകുകയും ചെയ്യാം	തടാകത്തിന്റെ സംരക്ഷണവും പുനരുദ്ധാരണവും	ബോധവൽക്കരണം നടത്തുക, പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി പദ്ധതികൾ തയ്യാറാക്കുക	മോയിസ്ചർ പിറ്റിന്റെ നിർമ്മാണം റബ്ബിൾ പി ച്ഡ് ബണ്ടിന്റെ നിർമ്മാണം കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാ ണം Renomatresses for retaining unstable Hillocks ക്രോസ് റുകളുടെ നിർമ്മാണം റീചാർജ് ചെയ്യുന്നതിനായി കിണറുകളുടെ നിർമ്മാണം ഗാബിയോൺ വർക്ക്- റബ്ബിൾ ഗള്ളി ചെക്ക്ഡൈ വേസ്റ്റണൽ ചാനലുകളുടെ നിർമ്മാണം അമ്പലക്കടവ്, വെട്ടേലിക്കടവ് എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം അമ്പലക്കടവ്, വെട്ടേലിക്കടവ് എന്നിവിടങ്ങളിൽ ബോട്ടുജെട്ടികളുടെ നിർമ്മാണം അമ്പലക്കടവിൽ പടിപ്പുരയുടെ ടെയും കോളേജ് റോ ഡ് അമ്പലക്ക ടവ് വരെപുനരുദ്ധരിക്കുന്നത് വേലി നിർമ്മാണം
ഇത്തിക്കര ആറിന്റെ ജലലഭ്യതകുറവ്	ആറിന്റെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി ചെക്ക് ഡാമുകൾ നിർമ്മിക്കുക	ആവശ്യമായ സ്ഥലങ്ങളിൽ മൺ ബണ്ടുകൾ നിർമ്മിക്കുക	കോട്ടുക്കൽ ചെക്ക് ഡാം ചടയമംഗലം ചെക്ക് ഡാം അരിക്കന്നൂർ ചെക്ക് ഡാംപകൽ ക്കുറി ചെക്ക് ഡാം മണ്ണയം കടവ് ചെക്ക് ഡാം,സ്റ്റോറേജ് വെയർ D/S മണ്ണയം ചെക്ക് ഡാം, ഞവരൂർ കടവ് ചെക്ക്ഡാം
പള്ളിക്കലാറിൽ ജലദൗർലഭ്യം	നദിയുടെ പുനരുജീവന നവീകരണ സംരക്ഷണ പ്രവർത്തികൾ	പള്ളിക്കൽ ഡാം, മണ്ണട്ട ഡാം എന്നിവയുടെ പുനരുദ്ധാരണം. കയർഭൂവസ്ത്രംഉപയോഗിച്ച് നദിയുടെ വശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നത്. പള്ളിക്കലാറിൽ വിവിധ ഭാഗങ്ങളിലായി കട	പള്ളിക്കലാറിനും മറ്റ് അനുബന്ധതോടുകൾക്കും ജലസംരക്ഷണം, അപകടകരമായ രീതിയിൽ മണ്ണിടിച്ചിൽ ഉണ്ടായ പ്രദേശങ്ങളിൽ കോൺക്രീറ്റ്

		വ്, കുളിക്കടവ്, എന്നിവ. വരൾച്ചാ സമയത്ത് ജലലഭ്യ തയ്ക്ക് വേണ്ടി പല സ്ഥലങ്ങളിലും ചെക്ക്ഡാം നിർമ്മിക്കുക. LI/KWA പമ്പിംഗ് സ്റ്റേഷൻ പുനരുദ്ധാരണം നദിയിൽ ആഴം കൂടിയ സ്ഥലങ്ങളിൽ അടിയണ നിർമ്മിക്കുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ആറിൽ നിക്ഷേപിക്കുന്നത് തടയാൻ തുടർച്ചയായ വേലികളും, സൂചകങ്ങളും കാമറയും, സ്ഥാപിക്കുന്നത്. ആറ്റിൽ വീണു കിടക്കുന്ന മരങ്ങളും മാലിന്യവും വൃത്തിയാക്കുന്നത്. പള്ളിക്കലാറിന്റെ വശങ്ങളിൽ മുളയും കണ്ടല്ക്കാടും വച്ചുപിടിപ്പിക്കുന്നത്.	/പാറ കൊണ്ടുള്ള സംരക്ഷണ ഭിത്തി നിർമ്മാണം.
കല്ലടയാറിലെ അശാസ്ത്രീയമായ രീതിയിലുള്ള മണൽ വാരൽ കാരണം നദിയിലെ ജലലഭ്യത കുറവ് മൺട്രോ തുരുത്ത് ഉപ്പുവെള്ളം കയറുന്നു	ചെക്ക് ഡാം റഗുലേറ്റർ എന്നിവ സ്ഥാപിക്കുക	കല്ലടയാറ്റിൽ കടപുഴഭാഗത്ത് ഉപ്പുവെള്ളം കയറാതെ റഗുലേറ്റർ സ്ഥാപിക്കുക	വിവിധ ഭാഗങ്ങളിൽ തടയണ സ്ഥാപിക്കുക

7.1.4 ചെറുകിട ജലസേചനം

നിലവിലെ അവസ്ഥ	പരിപ്രേക്ഷ്യം	ഹ്രസ്വകാല പ്രവർത്തനങ്ങൾ	ദീർഘകാല പ്രവർത്തനങ്ങൾ
ജില്ലയിലെ കൃഷിയിറക്കിയിട്ടുള്ള പ്രദേശത്തിന്റെ 6.8 % മാത്രമാണ് ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി. ജലസേചന ആവശ്യത്തിനായി ജില്ലയിലെ കൃഷിമേഖലയിൽ നിർമ്മിച്ചിട്ടുള്ള	വിവിധ വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ജലസാനിധ്യം ജലസ്രോതസ്സുകളിൽ ഉറപ്പാക്കാൻ ആവശ്യമായുള്ളപ്രവ	തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ഹരിത കേരളം പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത്പോലെ ജൈവ മാർഗ്ഗങ്ങൾക്ക് മുൻഗണന നൽകി കുളങ്ങൾ,	ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല

തടയണകളും ക്രോസ്ബാറുകളുംസമയബന്ധിതമായ അറ്റകുറ്റപണികളുടെ അഭാവം മൂലം തകർന്നു കിടക്കുന്ന അവസ്ഥ.ചെറുകിട ജലസേചന സ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയുടെ വിസ്തൃതി കയ്യേറ്റം മൂലംകുറയുന്നതും വ്യാപകമായി മൂടപ്പെടുന്ന അവസ്ഥ. തണ്ണീർത്തടം കായലുകൾ എന്നിവ നികത്തപ്പെടുന്നത് ശൂരനാട് വടക്ക്, തൊടിയൂർ, തഴവ, ആദിച്ചനല്ലൂർ, കിഴക്കേകല്ലട, ആര്യൻകാവ്, കുളക്കട എന്നീ പഞ്ചായത്തുകളിലെലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള മോട്ടോർ, പമ്പ് മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാലപ്പഴക്കം മൂലംതുടർച്ചയായി അറ്റകുറ്റ പണികൾ ആവശ്യമായി വരുന്ന അവസ്ഥ. ആദിച്ചനല്ലൂർ, ചാത്തന്നൂർ, തൃക്കരുവ, തൃക്കടവൂർ, കുലശേഖരം, ക്ലാപ്പന, ആലപ്പാട് എന്നീ പഞ്ചായത്തുകളിലെ ജലസേചന ആവശ്യത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്ന അവസ്ഥ വിവിധ വകുപ്പുകൾ ജലസേചന നിർമ്മിതികൾ നടത്തുമ്പോൾ റവന്യൂ അതിരുകൾ കൃത്യമായി നിർണ്ണയിക്കാത്തതു മൂലം ജലസ്രോതസ്സുകളുടെവിസ്തൃതി	ർത്തനങ്ങൾ കണ്ടെത്തുകയും, നിർവഹിക്കുകയും അതുവഴി ജില്ലയിലെ കാർഷികമേഖലയിൽ സമ്പൂർണ്ണ ജലസേചനം സാധ്യമാക്കുകയും ചെയ്യുക.	ചിറകൾ, അരുവികൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കണം. മഴവെള്ള സംഭരണത്തിലൂടെ കിണറുകളിലെ ജലലഭ്യത ഉറപ്പാക്കുതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക. അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി അടിയണകൾ നിർമ്മിച്ച് ഭൂജലപോഷണം സാധ്യമാക്കുക. ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കേടുപാടുകൾ പരിഹരിച്ച് നിലവിലെ ജലസേചിത ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾനടപ്പിലാക്കുക കെ.ഐ.പി. മറ്റു ജലസേചന കനാലുകൾ എന്നിവയിലൂടെ ഒഴുകി വരുന്ന ജലംസമീപത്ത് സാധ്യമായ കുളങ്ങളുമായും ചെറു തോടുകൾ വഴി പാടശേഖരങ്ങളുമായി ബന്ധിപ്പിച്ച് വേനൽക്കാലത്ത് ജലലഭ്യത പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന വിധത്തിൽ വാർഡ് തല	ലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും രൂപീകരണവും വിനിയോഗവും സുസ്ഥിര പരിപാലവും ഉറപ്പാക്കുക. ജലസംരക്ഷണ ജലവിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക പ്രകൃതിവിഭവ പരിപാലനമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശഭരണം, തൊഴിലുറപ്പ്, ഭൂജലം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട്ഗ്രാമപഞ്ചായത്ത് തലം മുതൽ ജില്ലാതലം വരെ മണ്ണ്, ജലസംരക്ഷണ പ്ലാനുകൾ തയ്യാറാക്കുക.

യിൽ കുറവു വരുന്ന അവസ്ഥ. ജലസ്രോതസ്സുകളുടെ വ്യാപക മലിനീകരണം കാലാവസ്ഥ യിലുണ്ടാകുന്ന ഏറ്റക്കുറച്ചി ലുകൾ മൂലം ജലസ്രോതസ്സുക ളിലെ ജല ലഭ്യതക്കുറവ്, ഫണ്ട് ലഭ്യത കുറവു മൂലം സൃഷ്ടിക്ക പ്പെടുന്ന ജലസേചിത ശേഷിയു ടെ തുടർ പരിപാലനം സാധ്യമാകാത്ത അവസ്ഥ. കേന്ദ്രാവിഷ്കൃത പദ്ധതിയിലെ മാനദണ്ഡങ്ങൾ ജില്ലയിലെ ഭൂപ്രകൃതി അനുസരിച്ച് പാലിക്കാൻ കഴിയാത്ത സാഹചര്യം മൂലം മതിയായ കേന്ദ്ര സഹായം ലഭ്യമാകാത്ത അവസ്ഥ.		ത്തിൽ ജനകീയ കൂട്ടായ്മ കൾതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ രൂപീകരിച്ച് ബോധ വൽക്കരണം നടത്തുക. ക്വാറികൾ പോലുള്ള ജല സംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തി നായി ശുദ്ധിയായി സൂക്ഷിക്കുക. വ്യാവസായിക ഗാർഹിക ഉപയോഗത്തിൽ ജല ഉപയോഗത്തിന്റെ ദുർവ്യയം കുറച്ച്, പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക	

കേന്ദ്രസംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

പദ്ധതികൾ	അവലോകനം	പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
സംസ്ഥാനപദ്ധതികൾ നിലവിലുള്ള ലിഫ്റ്റ്ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ചേറുകിടജലസേചനം ക്ളാസ്I പദ്ധതികൾ (50 ഹെക്ടറിൽ കൂടുതൽ ആയക്കെട്ട്ഉള്ളവ) ചെറുകിടജലസേചനം ക്ളാസ്II പദ്ധതികൾ (50 ഹെക്ടറിൽ	വിവിധ സംസ്ഥാന പദ്ധതിക ളിലുൾപ്പെടുത്തി ജില്ലയിൽ ലഭിക്കുന്ന ഫണ്ട് വളരെ കുറവാണ്. ഇതുമൂലം ജില്ലയിലെ കാർഷിക മേഖലക്ക് യോജിക്കുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന തിനോ, നിലവിലുള്ള പദ്ധതികളുടെ തുടർപരിപാ ലനത്തിനോ സാധിക്കു ന്നില്ല. വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലാത്തതു മൂലം കാർഷിക മേഖലക്ക് അനുയോജ്യമായ പദ്ധതി രൂപീകരണത്തിന് തടസം നേരിടുന്നു. 2016-17 വർഷത്തിൽ	**കീഴ്ത്തട്ട്നിദ്ദേശങ്ങൾ** തദ്ദേശ ഭരണ സ്ഥാപങ്ങളുടെ വാർഷിക പദ്ധതിയിൽ കാർഷിക വികസനത്തിന് അത്യന്താപേക്ഷിതമായ ജലസേചന സൗകര്യം ഒരുക്കുന്നതിനും, ജലസ്രോതസ്സുകളുടെ നവീകരണത്തിനും കൂടുതൽ തുകവകയിരുത്തേണ്ടതാണ്. തദ്ദേശഭരണസ്ഥാപനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷികബഡ്ജറ്റും ലേബർ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ ജലസേചിത നിർമ്മിതികൾക്ക് മുൻഗണന നൽകേണ്ടതും ആസ്തി വികസനത്തിന്കൂടുതൽ തുക

താഴെആയക്കെട്ട്ഉള്ളവ) കുളങ്ങളുടേയുംചിറകളുടേയുംനവീകരണപദ്ധതികൾ. നബാർഡ്സഹായത്തോടുകൂടിയുള്ളക്ളാസ്I, ക്ളാസ്II പദ്ധതികൾ ജലസേചനനിർമ്മിതികളുടെപുനരുദ്ധാരണപദ്ധതികൾ പ്രോജക്ട്മെയിന്റനസ്സ്, ഫ്ളഡ്സ്ഡാമേജ്പദ്ധതികൾ	വിവിധ സംസ്ഥാനപദ്ധതികളായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാര ണത്തിന് 86 ലക്ഷം രൂപയും പ്രോജക്ട്മെയിന്റനൻസ് വിഭാഗത്തിൽ 192 ലക്ഷം രൂപയും ഫ്ളഡ് ഡാമേജ് വിഭാഗത്തിൽ 103 ലക്ഷം രൂപയും മാത്രമാണ് ലഭിച്ചിട്ടുള്ളത്.	വകയിരുത്തേണ്ടതുമാണ്. അനുയോജ്യമായ പ്രവർത്തികൾ കണ്ടെത്തുന്നതിന് കൃഷി, ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം തേടേണ്ടതാണ്. ഓരോ വർഷവും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കേണ്ടവ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുൻഗണന നിശ്ചയിച്ച് അതാത് വകുപ്പുകൾക്ക് നൽകുന്നത് ഉചിതമായിരിക്കും മേൽത്തട്ട്നിദ്ദേശങ്ങൾ ഓരോജില്ലയിലെയും, കാർഷിക സ്ഥിതി, ജലസേചിത വിസ്തൃതി എന്നിവക്കനുസരിച്ച് ഫണ്ട് ലഭ്യമാക്കുക.സൃഷ്ടിക്കപ്പെട്ട ജലസേചിതശേഷി പൂർണ്ണതോതിൽ വിനിയോഗിക്കു ന്നതിനായി ജലസേചന നിർമ്മിതികളുടെ തുടർ പരിപാലനത്തിന് മതിയായ ഫണ്ട് ലഭ്യമാക്കുക.ജലസേചനപദ്ധതികളുടെ ആസൂത്രണത്തിനും, നിർവ്വഹണത്തിനും, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും വിവിധവകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഗ്രാമ, ബ്ളോക്ക്, ജില്ലാതലങ്ങളിൽ രൂപീകരിക്കുക.
കേന്ദ്രപദ്ധതികൾ റിപ്പയർ, റിനവേഷൻ ആൻറ്റിസ്റ്റോറേഷൻ ഓഫ്ദാങ്ക്സ്ആൻറേപാണ്ട്സ് (RRR) എ.ഐ.ബി.പി. പ്രധാനമന്ത്രികൃഷിസിഞ്ചായിയോജന (PMKSY)	ഉപരിതല ചെറുകിട ജല സേചന പദ്ധതികളിൽ പ്രത്യേക വിഭാഗത്തിലുള്ള സംസ്ഥാനങ്ങൾ (ഹിമാചൽ പ്രദേശ്, ജമ്മുകാശ്മീർ, ഉത്തരാഖണ്ഡ്, ഒറീസ്സയി ലെ വരൾച്ച ബാധിത ജില്ലകൾ) ഒഴികെയുള്ള സംസ്ഥാന ങ്ങളിൽ ആദവാസി മേഖലകൾ, മരു ഭൂപ്രദേശ ങ്ങൾ, വരൾച്ച ബാധിത പ്രദേശങ്ങൾ, നക്സൽ ബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 50 ഹെക്ടറോളം	കീഴ്ത്തട്ട്നിദ്ദേശങ്ങൾ ആർ.ആർ.ആർ. പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിപ്പെടുന്ന തരത്തിലുള്ളചിറ്റുമലചിറ, ആദച്ചനല്ലൂർ ചിറ, ശാസ്താംകോട്ട തടാകംതുടങ്ങിയജലസ്രോതസ്സുകൾ കണ്ടെത്തുകയുംകേന്ദ്രജലകമ്മീഷൻ നിഷ്കർഷിക്കുന്നതരത്തിലുള്ളഡി.പി. ആറുകൾ തയ്യാറാക്കി കേന്ദ്ര സർക്കാർ അനുമതി നേടിയെടുക്കുക. മേൽത്തട്ട്നിദ്ദേശങ്ങൾ പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജ

	ആയക്കട്ട് ലഭ്യമാകുന്ന പദ്ധതികൾ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുക യുള്ളു. ഇത്തരത്തിലുള്ള ഭൂപ്രദേശങ്ങൾ ജില്ലയിലില്ല. ആർ.ആർ.ആർ. പദ്ധതിയുടെ മാനദണ്ഡ പ്രകാരം നഗരപ്രദേശത്തുള്ള ഒരു കുളം ഈ പദ്ധതി വഴി ഏറ്റെടുക്കണമെങ്കിൽ കുളത്തിന്റെ ഉപരിതല ജല വിസ്തീർണ്ണം 20000 ചതുരശ്രമീറ്ററും ഗ്രാമപ്രദേശങ്ങളിൽ ഇത് 50000 ചതുരശ്ര മീറ്ററുംവേണം. ജില്ലയിൽ വളരെകുറച്ച് ജലസ്രോതസുകളെ ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുള്ളു. പി.എം.കെ. എസ്. വൈ. പദ്ധതിയുടെ മാനദഡത്തിലും ജലസേചന വകുപ്പിന് അനുവദനീയമായ പ്രവർത്തികളിൽ കൂടുതലും എ.ഐ.ബി.പി., ആർ.ആർ. ആർ. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പദ്ധതികളുടെ മാനദണ്ഡങ്ങൾ ജില്ലയിലെ ഭൂപ്രകൃതി യുടെ സവിശേഷത മൂലം പാലിക്കപ്പെടാത്തതിനാൽ മതിയായ ഫണ്ട് ലഭ്യമാകുന്നില്ല.	ന പദ്ധതി എത്രയും വേഗം നടപ്പിലാക്കുക. കേരളത്തിന്റെ ഭൂപ്രകൃതിക്കനുസൃതമായി കേന്ദ്രപദ്ധതികളുടെ മാനദണ്ഡങ്ങളിലെ ഇളവിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുക. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനുതകുന്ന നൂതനപദ്ധതികൾ ആവിഷ്കരിക്കുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്പാദന മേഖലയിലെ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

- തദ്ദേശഭരണ സ്ഥാപനങ്ങൾ ജലസേചന, ജലസംരക്ഷണ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യം കൂടുതലായുള്ള ജലവിഭവ വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക.
- കാർഷിക വികസനത്തിന് അത്യന്താപേക്ഷിതമായ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷികപദ്ധതിയുടെ നിശ്ചിത ശതമാനം മാറ്റി വക്കുക.
- ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തടാധിഷ്ഠിത ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ

1. സബ്സിഡി നിരക്കുകളിൽ യാഥാർത്ഥ്യബോധത്തോടെയുള്ള വർദ്ധന
2. പ്രാദേശിക സമിതികൾ രൂപീകരിച്ച് നിയമങ്ങൾ എൻഫോർസ് ചെയ്യണം
3. പഞ്ചായത്തടിസ്ഥാനത്തിൽ നെല്ല് ഉണക്കാനുള്ള സൗകര്യങ്ങൾ വേണം.
4. പെരിനാട് പഞ്ചായത്തിൽ നെല്ല് സംസ്കരണ സംവിധാനം
5. അഞ്ചൽ പഞ്ചായത്തിലെ (എല്ലാ പഞ്ചായത്തുകളിലും) 21 തടയണകൾ അറ്റകുറ്റ പ്പണികൾ നടത്തണം.
6. ചിറ്റമല ബ്ലോക്ക് (കിഴക്കേ കല്ലട അടക്കം) കർഷകത്തൊഴിലാളി ദൗർലഭ്യം. ചിറ്റമലചിറ പുഞ്ച (73 ഹെ.) കൃഷി യോഗ്യമാക്കണം
7. ഏലാകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് (തടയണ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ നിർമ്മാണം, അറ്റകുറ്റപ്പണി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ രൂപീകരിക്കണം.
8. കൃഷിയിൽ കൂടി സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തണം.
9. നെല്ല് കൊയ്യുന്നതിന് ഇന്ത്യൻ നിർമ്മിത മെഷീനുകൾ ഉപയോഗിക്കുന്നതിനും നാളീകേരം സംഭരിക്കുന്നതിനും മൂല്യവർദ്ധിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും കുറിയ ഇനം ഗുണമേന്മയുള്ള തെങ്ങ് തൈകൾ വച്ചുപിടിപ്പിക്കുന്നതിനും പ്രാദേശിക ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ കർഷകർക്ക് വീട്ടുമുറ്റത്തെ കൃഷിയിലും കന്നുകാലി പരിപാലനത്തിലും അവബോധവും പരിശീലനവും നൽകുന്നതിനുള്ള പദ്ധതികൾ ആവശ്യമാണ്.
10. നെൽവയലുകളെ പൂർവ്വസ്ഥിതിയിലെത്തിക്കാനുള്ള സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കാനുള്ള നടപടികളാവശ്യമാണ്. സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലുള്ളതുമായ ഭവന പദ്ധതികൾ മുഖേന നിർമ്മിക്കുന്ന വീടുകൾ മിക്കതും പൂർത്തീകരിക്കാത്തതും വാസയോഗ്യമല്ലാത്തതുമായ അവസ്ഥയിലുമാണ്. മേൽ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് കടുത്ത ആരോഗ്യപ്രശ്നങ്ങളുള്ളതിനാൽ ഈ മേഖലയിൽ ഒരു ആരോഗ്യ സർവ്വേ നടത്തി ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
11. കയർഭൂവസ്ത്രം പ്രോജക്ട് പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുത്തുക. വനിതഘടക പദ്ധതി (കയർ നിർമ്മാണം)
12. തൊഴിൽസേന -കാർഷിക കർമ്മസേന
13. തൊഴിലുറപ്പിൽ മൂന്നു വർഷത്തിൽ ഒരിക്കൽ മാത്രമേ MNREGS ഉപയോഗിക്കാനാകൂ എന്ന നിർദ്ദേശം പരിശോധിക്കണം.
14. തേനീച്ച വളർത്തൽ ഉൾപ്പെടുത്തണം.
15. ബയോഫാർമസി- പി.എച്ച്.സി അപ്ഗ്രേഡ് ചെയ്യുക. (എല്ലാ കൃഷിഭവനിലും)
16. അവശിഷ്ട നിർണ്ണയ ലാബ് ജില്ലയിൽ തയ്യാറുള്ള സ്ഥാപനങ്ങൾ വഴി കൃഷി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുമതി നൽകുക.

മണ്ണ്-ജലസംരക്ഷണ വകുപ്പ്

1. മുറ്റം ഇന്റർലോക്ക് ടൈലുകൾ വിരിക്കുമ്പോൾ 100 ച.മീറ്ററിന് ഒരു റീച്ചാർജ്ജ് ഫിറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുക.
2. മണ്ണ് പര്യവേക്ഷണ സംരക്ഷണവകുപ്പ് തയ്യാറാക്കിയ നീർത്തട അറ്റ് ലസ് അടിസ്ഥാനമാക്കി, നീർത്തടാധിഷ്ഠിതമായി മുൻഗണനാ ക്രമത്തിൽ ശാസ്ത്രീയ മണ്ണ്-ജല സംരക്ഷണം സാദ്ധ്യമാക്കുക

3. ശാസ്ത്രീയ മണ്ണ്-ജല സംരക്ഷണം ജൈവ പരിപോഷണം എന്നിവയിൽ ജനങ്ങളിലും, ജനപ്രതിനിധികളിലും അവബോധം സൃഷ്ടിക്കുന്നതിനായി ചടയമംഗലത്തുള്ള നീർത്തട പരിപാലന പരിശീലന കേന്ദ്രം പ്രയോജനപ്പെടുത്തുക.
4. നെടുമ്പന ഗ്രാമപഞ്ചായത്തിലെ മുട്ടക്കാവ്, കണ്ടുമൺ, പള്ളിമൺ, ഇളവൂർ ഭാഗങ്ങളിലായി 50 ഹെക്ടറോളം നെൽപ്പാടങ്ങൾ ചെളിയെടുത്തും മണലൂറ്റിയും വെള്ളക്കെട്ടുകളായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത ടി സ്ഥലത്ത് മത്സ്യകൃഷിക്ക് ഉപയോഗിക്കണമെങ്കിൽ മഴക്കാലത്ത് വെള്ളം കയറുന്ന അവസ്ഥയുമാണ്. മഴവെള്ളം കയറുന്നത് തടയാൻ ടി സ്ഥലത്ത് കുറെ ഭാഗത്ത് വലിയ ബണ്ടുകൾ സ്ഥാപിച്ചാൽ മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

ജലസേചന വകുപ്പ്

1. ചവറ ടൈറ്റാനിയം ഭാഗത്ത് ഫാക്ടറികളിൽ നിന്നുമുണ്ടാകുന്ന ജല മലിനീകരണം തടയുന്നതിനുള്ള മേൽത്തട്ട് തീരുമാനമെടുക്കണം
2. മൺട്രോതുരുത്ത് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പുകളുടെ സംയോജനത്തിലൂടെ പദ്ധതികൾ ആവിഷ്കരിക്കണം. ജലസേചന വകുപ്പിന് 3 കോടി രൂപ യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, കനാലുകളുടെ നവീകരണം, ഹൌസ് ബോട്ട് ടെർമിനൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

7.2 മൃഗസംരക്ഷണ മേഖല – പരിപ്രേക്ഷ്യം

മൃഗസംരക്ഷണ മേഖലയിൽ നിർദ്ദേശിക്കപ്പെടുന്ന ഇടപെടലുകളെ പ്രധാനമായും അഞ്ചായി തിരിക്കാം.

- ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുകയും വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതികൾ.
- മെച്ചപ്പെട്ട വായ്പാ സാഹചര്യങ്ങളും വിപണന സാദ്ധ്യതകളും ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കുന്ന പദ്ധതികൾ
- കർഷകന്റെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുകയും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്ന കർഷക ക്ഷേമ പദ്ധതികൾ
- മാലിന്യ സംസ്കരണവും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ.
- തനതു ജനുസ്സുകളുടെ സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

വികസന കാഴ്ചപ്പാട്

അന്തസ്സോടും അഭിമാനത്തോടും അർഹമായ സാമൂഹികാംഗീകാരത്തോടും കൂടി മൃഗസംരക്ഷണ വൃത്തിയിലേർപ്പെടാൻ കർഷകനെ പ്രാപ്തനാക്കും വിധം മൃഗസംരക്ഷണ മേഖല ആധുനിക വത്കരിക്കുകയും പരിസ്ഥിതി-സാമൂഹ്യ-കർഷക സൗഹാർദ്ദപരമായ കാർഷിക വൃത്തിക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിച്ച് മൃഗസംരക്ഷണ മേഖല ലാഭകരവും നിക്ഷേപക-കർഷക സൗഹാർദ്ദപരമാക്കുകയും ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുകയും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പൊതു ജനാരോഗ്യ പ്രശ്നങ്ങളിൽ ഉത്തരവാദിത്ത സമീപനം സ്വീകരിക്കുകയും ചെയ്യും വിധം മൃഗസംരക്ഷണ മേഖലയെ പ്രാപ്തമാക്കുന്നതിന് വികസന രേഖ വിഭാവനം ചെയ്യുന്നു.

ദീർഘ കാല ലക്ഷ്യങ്ങൾ

- പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും സുരക്ഷിത ഭക്ഷണ ലഭ്യത ഉറപ്പാക്കുകയും ചെയ്യുക

- ശാസ്ത്രീയ പക്ഷി-മൃഗ പരിപാലന രീതിശാസ്ത്രങ്ങൾ ഉറപ്പാക്കുകയും ശരിയായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും കർഷകന്റെ തൊഴിൽ പരിസരത്തിന്റെ ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുകയും ചെയ്യുക
- മൃഗപരിപാലനവുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യ വിഷയങ്ങളിൽ ഉത്തരവാദിത്ത ബോധത്തോ ടെയുള്ള ഇടപെടലുകൾ നടത്തുക
- തനതു പക്ഷി മൃഗ ഇനങ്ങളുടെയും ജനുസ്സുകളുടെയും സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക
- കർഷകന്റെ ജീവനും ജീവനോപാധികളും സംരക്ഷിക്കുകയും സാമൂഹികമായ ഉന്നമനം പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുന്ന വിധമുള്ള കർഷക ക്ഷേമ പരിപാടികൾ ഏറ്റെടുക്കുക.
- പാലുൽപാദനം സ്വയംപര്യാപ്തത കൈവരിക്കുന്ന സാഹചര്യത്തിൽ പാലുൽപ്പന്നങ്ങളുടെ നിർമ്മാണവും, ഉപഭോഗവും വർദ്ധിപ്പിക്കുന്നതിലേക്കായി പദ്ധതികൾ രൂപീകരിക്കേണ്ടത് ആവശ്യമായി വരുന്നു. വ്യവസായമെന്ന നിലയിൽ വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവർ മുഖേന വിവിധയിനം പാലുൽപ്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

- ജില്ലയിലെ പശുക്കളുടെ എണ്ണവും ഉത്പാദന ശേഷിയും 10 ശതമാനം കണ്ട് വർദ്ധിപ്പിക്കുക വഴി പ്രതിദിനം കുറഞ്ഞത് 1 ലക്ഷം ലിറ്റർ പാൽ അധികമായി ഉത്പാദിപ്പിക്കുകയും അതുവഴി ആഭ്യന്തര പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുകയും ചെയ്യുക.
- കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും ഉത്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക.
- കർഷകന്റെ വരുമാനം മൂന്നു വർഷം കൊണ്ട് ഇരട്ടിയാക്കുക.

വികസന വിടവ് നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും വളരെ വിപുലമായ സംഘടനാ സംവിധാനങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ജില്ലയിൽ ഏതൊരു കർഷകനും സർക്കാർ സേവന സംവിധാനത്തിൽ നിന്ന് അധികം അകലെയല്ല എന്നത് ഈ മേഖലയിലേക്ക് കടന്നു വരുന്ന ഏതൊരാൾക്കും പ്രോത്സാഹ ജനകമാണ്.
- ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും എന്ന ലക്ഷ്യം മുന്നിൽ കാണുമ്പോൾ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകും. കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ മറ്റേതൊരു ഭക്ഷണ സാമഗ്രിയെക്കാളും സ്വയം പര്യാപ്തതയിലെത്താൻ ഏറ്റവും സാധ്യത പാലും മുട്ടയും ഇറച്ചിയും തന്നെയാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള ഉത്തേജന നടപടികളിലൂടെ ഈ മേഖലയിൽ സ്ഥായിയായ വികസനം കൊണ്ടുവരാവുന്നതാണ്.
- ചുരുക്കത്തിൽ മൃഗസംരക്ഷണ മേഖലയുടെ ലാഭക്ഷമത ഉറപ്പാക്കുന്ന പദ്ധതികൾ, കർഷകന്റെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുന്ന പദ്ധതികൾ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹിക അംഗീകാരവും ഉറപ്പാക്കുന്ന പദ്ധതികൾ, കൂടുതൽ വിപുലവും ഫലപ്രദവുമായ വിപണന ശൃംഖലകൾ, മെച്ചപ്പെട്ട വായ്പാ സാഹചര്യങ്ങൾ എന്നിവ വഴി ഈ മേഖലയിൽ കർഷകരെ നിലനിർത്തുന്നതിനും പുതിയ കർഷകരെ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിക്കും. കൂടാതെ പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായുള്ള മൃഗസംരക്ഷണത്തിലൂന്നിയ പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്.

- **വി എഫ് പി സി കെ മാതൃകയിലുള്ള കർഷക വിപണികൾ**
  മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകൾ കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് കർഷകർക്ക് ഇടനിലക്കാരില്ലാതെ പാൽ, മുട്ട, ഇറച്ചി, ജൈവ വളം, മൂല്യവർദ്ധിത ഉത്പന്നങ്ങൾ മുതലായവ വിറ്റഴിക്കാനുള്ള സ്ഥിരം വിപണികൾ സജ്ജീകരിക്കാവുന്നതാണ്.

- **ഇരുപത്തിനാലു മണിക്കൂറും കർഷകനു മൃഗചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള മാതൃകാ പദ്ധതി.**
  നിലവിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന രാത്രികാല വെറ്ററിനറി സർവീസ് പദ്ധതിയുടെ മാറ്റം വരുത്തിയ രൂപം. ഒരു ബ്ലോക്കിൽ ഒരു മൃഗാശുപത്രി റെഫറൽ ആശുപത്രി ആക്കി മാറ്റുക. ആധുനിക സജ്ജീകരണങ്ങളോടെയുള്ള അടിസ്ഥാന സൗകര്യമൊരുക്കുക. സേവനത്തെ സ്ഥാപനവത്കരിക്കുക. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സെന്ററിൽ രണ്ടു വെറ്ററിനറി സർജൻമാരുടെയും മറ്റു ജീവനക്കാരുടെയും സേവനവും വാഹന സൗകര്യവും കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുക. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടു ക്കാവുന്നതാണ്. നിലവിൽ പ്രവൃത്തി സമയത്തിനു ശേഷം അടിയന്തിര ഘട്ടങ്ങളിൽ കർഷകനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറക്കുന്നതിനു സഹായിക്കും.

- **ശാസ്ത്രീയമായി പ്രവർത്തിക്കുന്ന മാംസ വിപണന ശാലകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള സഹായങ്ങൾ.**
  മാംസ വിപണനശാലകളുടെ സ്റ്റാൻഡേർഡൈസേഷൻ - രജിസ്ട്രേഷൻ - ലൈസൻസിങ് നടപടികൾ നിർബന്ധിതമാക്കണം. ഭക്ഷ്യ സുരക്ഷാ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയ്ക്ക് സംയോജിതമായി നടപ്പിലാക്കാം. സ്ഥാപനങ്ങളുടെ ശുചിത്വം, ഉത്പന്നങ്ങളുടെ ഗുണനിലവാരം, ഉറവിട മാലിന്യ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനു സഹായിക്കും.

- **ക്ഷീര കർഷക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**
  കേരള സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് സമാനമായ പദ്ധതി ക്ഷീര കർഷകർക്കായി പൈലറ്റ് പ്രൊജക്ടായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയോജിത പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്.

- **സാമൂഹ്യ സുരക്ഷാ പദ്ധതികൾ**
  ക്ഷീര കർഷകരുടെ കുടുംബാംഗങ്ങൾക്കായി സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. (ഉദാ. ക്ഷീര കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി)

- **മാലിന്യ സംസ്കരണവും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണ പദ്ധതികൾ**
  ബ്രോയിലർ വേസ്റ്റ് സംഭരണം, റെൻഡറിങ്, ജൈവവളനിർമ്മാണം, വിപണനം ഇവയുമായി ബന്ധപ്പെട്ട ബൃഹത് പദ്ധതിയാണിത്. ബ്രോയിലർ വിപണന ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ വലിയ സാമൂഹ്യ പ്രശ്നമായി വളർന്നിരിക്കുന്ന സാഹചര്യത്തിൽ ഉറവിടത്തിൽ നിന്നും ഇവ ശേഖരിക്കുന്നതിനും കേന്ദ്രീകൃതമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാ ക്കുന്നതിനുമുള്ള പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്.

- **ജൈവ വള നിർമ്മാണ യൂണിറ്റുകൾ**
  കൃഷി വകുപ്പ്, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവയുടെ സഹ കരണത്തോടെ നടപ്പിലാക്കാവുന്നതാണ്. മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുകയും

കർഷകന്റെ വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്യുന്നു. ജൈവ പച്ചക്കറി ഉത്പാദനത്തിൽ കൈവരിച്ചിരിക്കുന്ന പുരോഗതി ഈ യത്നത്തിൽ മുതൽ കൂട്ടാക്കാവുന്നതാണ്.

- **വിപണന ശാലകളുടെ ഉറവിട മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികൾ.**
  മാംസ വിപണന ശാലകളുടെ മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതി സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം, മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്രീകൃതമായി സംസ്കരിക്കുക എന്നിങ്ങനെ രണ്ടു പോംവഴികളാണുള്ളത്. മാലിന്യങ്ങൾ ശേഖരിച്ച് ജൈവവളമാക്കി മാറ്റുന്നതിനുള്ള ബൃഹത് പദ്ധതി കൃഷി-മൃഗസംരക്ഷണ വകുപ്പുകൾക്ക് സംയുക്തമായി ഏറ്റെടുക്കാവുന്നതാണ്. വകുപ്പുകളുടെ കൈവശമുള്ള ഫാമുകളിൽ ഇതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കാവുന്നതാണ്.

സംയോജിത പ്രൊജക്ടുകൾ

- തീറ്റപ്പുൽകൃഷി വ്യാപനം — കൃഷി-കർഷക ക്ഷേമ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി
- ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീമുകൾ - കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, വാണിജ്യ ബാങ്കുകൾ
- മാംസവിപണന ശാലകളുടെ രജിസ്ട്രേഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാവകുപ്പ്
- ബ്രോയിലർ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി - പൗൾട്രി കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല
- മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ- തൊഴിലുറപ്പ് പദ്ധതി
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ - കൃഷി വകുപ്പ്, കുടുംബശ്രീ, വിവിധ കാർഷിക ഏജൻസികൾ
- പാലിന്റെയും ഇറച്ചിയുടെയും മുട്ടയുടെയും ഗുണമേന്മ ഉറപ്പാക്കുന്ന പദ്ധതികൾ- ഭക്ഷ്യ സുരക്ഷാവകുപ്പ്
- ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി — മൃഗക്ഷേമ സമിതികൾ
- ജന്തു ജന്യരോഗ ബോധവത്കരണ — നിവാരണ പദ്ധതികൾ- ആരോഗ്യ വകുപ്പ്
- തനതു ജനുസ്സുകളുടെ സംരക്ഷണവും മൃഗസംരക്ഷണ മേഖലയിലെ ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ - വെറ്ററിനറി സർവകലാശാല

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പദ്ധതി മാർഗ്ഗരേഖകളിലെ സമയബന്ധിതവും കർഷക സൗഹാർദ്ദ പരവുമായ പരിഷ്കാരങ്ങൾ
- സംസ്ഥാനത്തെ പ്രത്യുത്പാദനക്ഷമമായ കന്നുകാലികളുടെ 20 ശതമാനത്തെയെങ്കിലും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലുൾപ്പെടുത്തത്തക്കവിധം മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള പരിഷ്കരണവും സാമ്പത്തിക വകയിരുത്തലും
- ഗുണഭോക്തൃതിരഞ്ഞെടുപ്പ് കുറ്റമറ്റമാക്കുന്നതിനുള്ള ഇടപെടലുകൾ
- ഉത്പാദനോപാധികളുടെ വില വർദ്ധനവിന് ആനുപാതികമായി ഉത്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള സ്ഥിരം സംവിധാനം

- ഡയറി/പൗൾട്രി ഫാം രജിസ്ട്രേഷനും ലൈസൻസിങ്ങും നിർബന്ധമാക്കലും ഇതു സംബന്ധമായ നിബന്ധനകളുടെ കർഷക സൗഹാർദ്ദപരമായ പരിഷ്കരണവും
- മാംസോത്പാദനവും വിപണനവും സംബന്ധമായ കാര്യക്ഷമമായ ഇടപെടലുകൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഗ്രാമ സഭകളുടെ ശാക്തീകരണം
- കുറ്റമറ്റ ഗുണഭോക്തൃ തിരഞ്ഞെടുപ്പ്
- പങ്കാളിത്ത പദ്ധതി രൂപീകരണം
- പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ്
- കൃത്യമായ മോണിറ്ററിങ്

നൂതന പ്രൊജക്ട് ആശയങ്ങൾ

ക്ഷീര കർഷക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

കേരള സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് സമാനമായ പദ്ധതി ക്ഷീര കർഷകർക്കായി പൈലറ്റ് പ്രൊജക്ടായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയോജിത പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്. ഗുണഭോക്തൃ വിഹിതം ക്ഷീര സംഘങ്ങളിൽ കർഷകൻ അളക്കുന്ന പാലിന്റെ വിലയിൽ നിന്നും മാസാമാസം അടവാക്കാവുന്നതാണ്. പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകളും മിൽമയും ചേർന്ന് വഹിക്കാവുന്നതാണ്. കേന്ദ്ര സഹായത്തിനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ്.

എല്ലാ കർഷക ഭവനങ്ങളിലും മേൽക്കൂരയോടു കൂടിയ വളക്കുഴി

കർഷകന്റെ തൊഴിലിടത്തിന്റെ ശുചിത്വം, പരിസര ശുചിത്വം, പൊതുജനാരോഗ്യ സംരക്ഷണം എന്നിവയും ജൈവവള നിർമ്മാണത്തിലൂടെയുള്ള വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. കൃഷി-കർഷക ക്ഷേമ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കാം.

പുറമ്പോക്കുകളിലെയും തരിശിടങ്ങളിലെയും തീറ്റപ്പുൽ കൃഷി

കർഷക കൂട്ടായ്മകൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കാവുന്നതാണ്.

എഗ്ഗർ നഴ്സറികളുടെ സ്ഥാപനവത്കരണവും ശാക്തീകരണവും

മുട്ടയുത്പാദന വർദ്ധനവ് ലക്ഷ്യം വെച്ചു കൊണ്ട് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുര്യോട്ടുമല, തോട്ടത്തറ ഹാച്ചറികളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുകയും എഗ്ഗർ നഴ്സറികൾ സാറ്റലൈറ്റ് യൂണിറ്റുകളാക്കി ശാക്തീകരിച്ച് വർഷം മുഴുവൻ യഥേഷ്ടം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാകുന്ന ഇടമാക്കി മാറ്റുകയും ചെയ്യുക. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും സ്ഥാപനങ്ങളെയും ഈ വിഷയത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. കർഷകർക്ക് യഥേഷ്ടം ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വർഷം മുഴുവൻ ലഭ്യമാകുന്നതാണ്. ഉത്പാദനത്തിന് ആനുപാതികമായി എഗ്ഗർ നഴ്സറികൾക്ക് ധനസഹായം നൽകാവുന്നതാണ്.

കോഴിയിറച്ചിയുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യം വെച്ചുള്ള സമഗ്ര പദ്ധതി

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ മിക്കപ്പോഴും ഇറച്ചിക്കോഴി ഉത്പാദന മേഖലയിൽ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാറില്ല. ഇറച്ചിക്കോഴി ഉത്പാദനം വ്യാപകമാക്കുന്നതിനായി കോഴിക്കുഞ്ഞുങ്ങളെ ന്യായവിലക്ക് ലഭ്യമാക്കുന്ന ഹാച്ചറികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ശാസ്ത്രീയമായി പ്രവർത്തിക്കുന്ന വപണനശാലാ മാതൃകകളും രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഉത്തേജന നടപടികൾ ലക്ഷ്യം വെച്ചുകൊണ്ട് ബ്രോയിലർ ഹാച്ചറികൾ, ബ്രോയിലർ യൂണിറ്റുകൾ, വിപണന ശാലകൾ എന്നിവയിൽ മുതൽ മുടക്കുന്നതിനു സന്നദ്ധരായ

നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ലൈസൻസിങ്ങിനായുള്ള ഏകജാലക സംവിധാനവും വായ്പകൾക്കായി ഇന്ററസ്റ്റ് സബ്സിഡിയുടെ സ്കീമുകളും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു. നബാർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, വാണിജ്യ ബാങ്കുകൾ, മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി കോർപ്പറേഷൻ, ത്രിതല പഞ്ചായത്തുകൾ എന്നിവക്ക് സംയുക്തമായി നടപ്പിലാക്കാം.

അറവുശാലാ മാലിന്യങ്ങളുടെ സംഭരണത്തിനും കേന്ദ്രീകൃത സംസ്കരണത്തിനും ജൈവവള നിർമ്മാണത്തിനുമുള്ള ബൃഹത് പദ്ധതി

ബ്രോയിലർ വിപണന ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ വലിയ സാമൂഹ്യ പ്രശ്നമായി വളർന്നിരിക്കുന്ന സാഹചര്യത്തിൽ ഉറവിടത്തിൽ നിന്നും ഇവ ശേഖരിക്കുന്നതിനും കേന്ദ്രീകൃതമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കുന്നതിനുമുള്ള ബൃഹത് പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷി-കർഷക ക്ഷേമ വകുപ്പ്, വിവിധ കാർഷിക ഏജൻസികൾ, വെറ്ററിനറി സർവകലാശാല എന്നിവയുടെ സഹകരണ ത്തോടെ നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ മൃഗസംരക്ഷണ മേഖലയുടെ അവസ്ഥാ വിശകലനം നടത്തുന്നതിനും തൽസ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്കെത്തിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനാണ് വികസന പരിപ്രേക്ഷ്യത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. ദരിദ്രരും, പാർശ്വവത്കൃതരും, സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുമായ സാമാന്യ ജനവിഭാഗത്തിന്റെ പങ്കാളിത്തം വികസന പ്രവർത്തന ങ്ങളിൽ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ജില്ലയുടെ തൽസ്ഥിതി വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ ഭക്ഷ്യ വസ്തുക്കളുടെ കാര്യത്തിൽ ഏറ്റവുമാദ്യം സ്വയം പര്യാപ്തതയിലേക്കെത്താൻ കഴിയുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള പ്രധാന ഉത്പന്നങ്ങളായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിലാണ് എന്നു വ്യക്തമാണ്. പാലിന്റെ കാര്യത്തിൽ ആവശ്യത്തിന്റെ 80 ശതമാനവും ആഭ്യന്തരമായി ഉത്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്. ഇറച്ചി, മുട്ട എന്നിവയുടെ ഉത്പാദനവും വികസനത്തിന്റെ പാതയിലാണ്. ശ്രദ്ധാപൂർണ്ണമായ ആസൂത്രണത്തിലൂടെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിൽ സമീപ ഭാവിയിൽ തന്നെ സ്വയം പര്യാപ്തതയിലെത്താവുന്നതാണ്. ഇതിനായുള്ള ബഹുമുഖമായ സമീപന രീതികൾ വികസന പരിപ്രേക്ഷ്യം മുന്നോട്ടു വെക്കുന്നു.

ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുമ്പോൾ തന്നെ ലഭ്യമായ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക എന്ന വിശാലമായ കാഴ്ചപ്പാടും പരിപ്രേക്ഷ്യം മുന്നോട്ടു വെക്കുന്നു. ഒപ്പം തന്നെ കർഷക വൃത്തി ആകർഷകമാക്കുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും കാർഷിക വൃത്തി പരിസ്ഥിതി– സാമൂഹ്യ സൗഹാർദ്ദപരമാക്കുന്നതിനുമായുള്ള രീതി ശാസ്ത്രങ്ങളും ചർച്ചാ വിധേയമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ ത്തിലധിഷ്ഠിതമായ പൊതുജനാരോഗ്യപ്രശ്നങ്ങളിൽ ശാസ്ത്രീയമായ ഇടപെടലുകളും നിർദ്ദേശിച്ചിരിക്കുന്നു. ജില്ലയുടെ സമഗ്ര വികസന പരിശ്രമങ്ങളിൽ പൊതുവെയും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള ഇടപെടലുകളിൽ പ്രത്യേകിച്ചും ദിശാ സൂചകമാകുവാൻ പരിപ്രേക്ഷ്യത്തിനാകും എന്നു പ്രത്യാശിക്കുന്നു.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ

1. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ പ്രാതിനിധ്യവും പ്രവർത്തന സ്വതന്ത്രവും ലഭ്യമാക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.
2. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കണമെന്നും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ, ലോൺ ലിങ്കിഡ് ആയിരിക്കണമെന്ന നിർദ്ദേശം ബ്ലോക്ക് തലത്തിൽ ഒഴിവാക്കണം.
3. ക്ഷീരകർഷകർക്ക് മറ്റു കർഷകരെ പോലെ അംഗീകാരം നൽകി ഗവൺമെന്റ് തലത്തിൽ പെൻഷനും മററ് ആനുകൂല്യങ്ങളും നൽകണം.
4. കാർഷിക വായ്പകൾക്ക് സമാനമായ പലിശ നിരക്കിൽ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിലെ കർഷകർക്കും വായ്പ സൗകര്യം ലഭ്യമാക്കണം.

5. ചെലവു കുറഞ്ഞ രീതിയിൽ കാലിത്തീറ്റ/കോഴിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ യൂണിററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.
6. ബ്ലോക്ക് തലത്തിൽ ആധുനിക മാംസ സംസ്കരണശാലകൾ നിർമ്മിക്കുക.
7. മാലിന്യ സംസ്കരണത്തിനായി ആധുനിക റെന്ററിംഗ്/ജൈവവള നിർമ്മാണ യൂണിറ്റുകൾ അനുബന്ധമായി സ്ഥാപിക്കുക.
8. പാൽ വില സബ്സിഡി മൂന്ന് മാസത്തിൽ നിന്ന് 12 മാസമായി ഉയർത്തേണ്ടതാണ്.
9. ക്ഷീരകർഷകർക്ക് മൃഗസംരംക്ഷണ വകുപ്പിന്റെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ബയോഗ്യാസ്, അടുക്കള മുറ്റത്ത് കോഴികൃഷി , കാലിത്തീററ നിർമ്മാണം, ക്ഷീരകർഷകർക്ക് മെഡിക്കൽ ഇൻഷുറൻസ് എന്നീ പരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. മൃഗങ്ങളുടെ ചികിത്സക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനും ചാണകവും കോഴിക്കാഷ്ടവും സംസ്കരിച്ച് വളമാക്കുന്നതിനും ബ്ലോക്ക് തലത്തിൽ മൊബൈൽ ക്ലിനിക് നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തേ ണ്ടതാണ്.

7.3 മത്സ്യ വികസനം

കേരള ഭൂപടത്തിൽ തെക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന കൊല്ലം ജില്ലയുടെ, 37 കി.മീ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശത്തെ 3500 സ്ക്വയർ കി.മീ ഷെൽഫ് പ്രദേശവും, 219 കിലോമീറ്റർ നീളത്തിലായി ഒഴുകുന്ന ഉൾനാടൻ ശുദ്ധജല സ്രോതസ്സുകളായ കല്ലടയാർ, പള്ളിക്കലാർ, ഇത്തിക്കരയാർ എന്നിവയും, 7227.19 ഹെക്ടർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന ഓര് ജല സ്രോതസ്സുകളായ അഷ്ടമുടി, കായംകുളം, പരവൂർ കായലുകൾ എന്നിവയും ഇവയോടടുത്ത് വിവിധ ഉൾനാടൻ മേഖലകളിലായി 720 ഹെക്ടർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ശുദ്ധജല/ ഓര് ജല കുളങ്ങൾ വെള്ളകെട്ടുകൾ ചതുപ്പുനിലങ്ങൾ എന്നിവയും ജില്ലയുടെ മത്സ്യമേഖലാ വികസനത്തിന് ബൃഹത്തായ സംഭാവന നൽകാൻ കെൽപ്പുള്ളവയാണ്. മത്സ്യ കൃഷിയിൽ വ്യാപൃതരായ 144 ഓരുജല കർഷകരും 2598 ശുദ്ധജല കർഷകരും ജില്ലയിൽ ഉണ്ട്. സമുദ്ര ഉൾനാടൻ മത്സ്യ ബന്ധന മേഖലകളിലായി 22081 കർമ്മോനമുഖ മത്സ്യതൊഴിലാളികളും 22421 അനുബന്ധ മത്സ്യതൊഴിലാളികളും ജില്ലയിലുണ്ട്. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പോഷകാഹാര ഭദ്രത ഉറപ്പുവരുത്തുക ഉത്പാദനഫലങ്ങൾ സുസ്ഥിരവും നിഷ്പക്ഷവുമായ രീതിയിൽ മത്സ്യതൊഴിലാളി- മത്സ്യകർഷക സമൂഹങ്ങൾക്കിടയിൽ വീതിച്ചുനല്കുക വഴി ഇവർക്കിടയിലെ ദാരിദ്ര്യം കുറയ്ക്കുക എന്നതാണ് മത്സ്യമേഖലാ വികസനം ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി അധഃപതനവും സൃഷ്ടിക്കുന്ന വെല്ലുവിളികളെ തരണം ചെയ്തുകൊണ്ടാകണം മേഖലയിലെ ലക്ഷ്യം കൈവരിക്കേണ്ടത്. ഉൾനാടൻ ജല സ്രോതസ്സുകളിലെ മത്സ്യകൃഷി വളർച്ചയ്ക്ക് ജില്ലയിലെ വിഭവ അടിത്തറ വിപുലമായ സാധ്യതകളാണ് മുന്നോട്ട് വയ്ക്കുന്നത്. നിലവിൽ ഫിഷറീസ് വകുപ്പ് വഴി ജില്ലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഇതിനുദാഹരണങ്ങളാണ്. ഭാവി ഉദ്യമങ്ങളിൽ വിഭവ സംരക്ഷണത്തിനും പ്രകൃതി സൗഹാർദ്ദ മത്സ്യബന്ധന-മത്സ്യകൃഷി രീതികൾ അവലംബിച്ച് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യാപനപ്രവർത്തനങ്ങളിലൂടെ മത്സ്യ മേഖലയ്ക്ക് വരും വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ കഴിയും.

വികസന കാഴ്ചപ്പാട്

മത്സ്യ ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ച് നെടുമ്പന, പോളച്ചിറ എലാ, ആദിച്ചനല്ലൂർ ചിറ, ചക്കുവള്ളി ചിറ, മൺട്രോതുരുത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന 150 ഹെക്ടർ ശുദ്ധജലം, ഓരുജല സ്രോതസ്സുകളായ ഏലകൾ, തോടുകൾ, വെള്ളക്കെട്ടുകൾ എന്നിവയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക വഴി നിലവിലെ 18000 ടൺ മത്സ്യ ഉൽപാദനത്തിൽ നിന്നും 2500 ടൺ മത്സ്യ ഉൽപാദന വർദ്ധനവ് വരുന്ന അഞ്ച് വർഷ കാലയളവിനുള്ളിൽ കൈവരിക്കാൻ സാധിക്കുന്നതാണ്.

ജില്ലയിലെ തീരദേശ-ഉൾനാടൻ മത്സ്യഗ്രാമങ്ങളെയും ജല സ്രോതസ്സുകളെയും മാലിന്യ മുക്തമാക്കുന്നതിന് ശുചിത്വസാഗരം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ പോലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി വരുന്ന അഞ്ചു വർഷ കാലയളവിനുള്ളിൽ മത്സ്യ മേഖലയേയും ജല സ്രോതസ്സുകളെയും മാലിന്യ വിമുക്തമാക്കുന്നത് വഴി മത്സ്യ തൊഴിലാളികളുടെ ആരോഗ്യ സൂചിക ഉയർത്താൻ കഴിയുന്നതാണ്.

മത്സ്യതൊഴിലാളികൾ, മത്സ്യമേഖലയിലെ വിദ്യാർത്ഥികൾ എന്നിവർക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക വഴി മത്സ്യതൊഴിലാളി മേഖലയിലെ ജീവിത നിലവാരം, വിദ്യാഭ്യാസ നിലവാരം എന്നിവ ഉയർത്തുന്നതിന് സാധിക്കുന്നു.

മത്സ്യമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി മത്സ്യതൊഴിലാളികൾ പടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി മത്സ്യ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- സുനാമി പുനരധിവാസ കോളനികളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- കടൽക്ഷോഭം രൂക്ഷമായി അനുഭവപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ നിന്നും ഫിഷറീസ് വകുപ്പിന്റെ മാറ്റിപാർപ്പിക്കൽ പദ്ധതിയിൽ പല കാരണങ്ങളാൽ (3 സെന്റിൽ കൂടുതൽ വസ്തു ഉള്ളവർ, ജോലി സ്ഥലങ്ങളിൽ നിന്ന് മാറി താമസിക്കാൻ താൽപര്യമില്ലാത്തവർ) വിമുഖത കാണിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കുമാറുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ശാരീരിക മാനസിക വൈകല്യങ്ങളും മാറാരോഗങ്ങളാലും ബുദ്ധിമുട്ടുന്ന മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന തീരദേശ-ഉൾനാടന ഗ്രാമങ്ങളിൽ കൂടുതൽ കിടത്തി ചികിത്സയും ആധുനിക ചികിത്സാ സൗകര്യങ്ങളും സാദ്ധ്യമാക്കും വിധമുള്ള പബ്ലിക് ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുക
- ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ ഉള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുക
- വൃദ്ധരായ മത്സ്യതൊഴിലാളികൾക്കായുള്ള പകൽ വീട് പോലെയുള്ള സൗകര്യങ്ങൾ ജനസാന്ദ്രത കൂടുതലുള്ള മത്സ്യ ഗ്രാമങ്ങളിൽ സ്ഥാപിക്കുക
- മത്സ്യ മാർക്കറ്റുകളിലും ഹാർബറുകളിലും ആവശ്യാനുസരണം ശുദ്ധജലം, നല്ല ഡ്രെയിനേജ് സംവിധാനങ്ങൾ, ടോയ്ലെറ്റ് കോംപ്ലെക്സ്, വിശ്രമ കേന്ദ്രങ്ങൾ, ഓക്ഷൻ പ്ലാറ്റ്ഫോം, ഫ്ളേക്ക് ഐസ് യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഹാർബറുകളിലും മറ്റും സ്ത്രീ വിശ്രമ കേന്ദ്രങ്ങളും സ്ത്രീ സൗഹാർദ്ദ പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുക.
- ദീർഘനേരം ഇരുന്നു ജോലി ചെയ്യുന്ന സ്ത്രീകളിൽ കാണപ്പെടുന്ന ഗർഭാശയ സംബന്ധമായ രോഗങ്ങളെകുറിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവരശേഖരണം നടത്തുക.
- മത്സ്യതൊഴിലാളി കുടുംബങ്ങളിൽ അംഗങ്ങളായിരിക്കെ ക്ഷേമനിധി അംഗത്വമില്ലാത്തവർക്കും മറ്റ് വകുപ്പുകളിൽ നിന്നും ധനസഹായങ്ങളൊന്നും തന്നെ ലഭിക്കാത്ത അർഹരായിട്ടുള്ള മത്സ്യ മേഖലയിലെ മദ്ധ്യ വയസ്കരായ സ്ത്രീകളെ സംരംഭകരാകാൻ വേണ്ടുന്ന പദ്ധതികൾ സാമൂഹ്യ ക്ഷേമനിധി വകുപ്പ വഴി നടപ്പിലാക്കി സ്ത്രീ ശാക്തീകരണം കൈവരിക്കുന്നതിലൂടെ മത്സ്യ തൊഴിലാളി സമൂഹത്തിന്റെ ഉന്നമനം സാധ്യമാക്കാവുന്നതാണ്.

- ഹാർബറുകളിൽ കൂടുതൽ മത്സ്യബന്ധന യാനങ്ങൾ അടുക്കുന്നതിനു വേണ്ടിയുള്ള ബർത്തിംഗ് സൗകര്യവും യാനങ്ങൾ അടുക്കുന്നിടത്ത് ആഴം കൂട്ടുന്നതിൻ കൃത്യമായ ഡ്രഡ്ജിംഗ് സംവിധാനങ്ങൾക്കായുള്ള പദ്ധതികളും നിലവിൽ വരേണ്ടതാണ്
- നീണ്ടകര, അഴീക്കൽ ഹാർബറുകളോടനുബന്ധിച്ച് വല നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
- നീണ്ടകര, ശക്തികുളങ്ങര, ഭാഗങ്ങളിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- മത്സ്യസങ്കേതങ്ങളും കൃത്രിമ പാരുകളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കു ന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- നാശോൻമുഖമായികൊണ്ടിരിക്കുന്ന കടലാമകളെ സംരക്ഷിക്കുന്നതിനായി കടലാമ മുട്ടയിടാനായി എത്തുന്ന പ്രദേശങ്ങൾ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കപ്പെടേണ്ടതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- വിനോദ സഞ്ചാരം വഴി ജില്ലക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിൻ പ്രകൃതി സൗഹാർദ്ദ ബോട്ടിംഗ്, അക്വാടൂറിസം, ഫാം ടൂറിസം എന്നിവ, മണ്ട്രോതുരുത്ത്, തേവള്ളി, ആയിരംതെങ്ങ് എന്നീ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കുക
- അഴീക്കൽ ബീച്ച് ദേശീയ നിലവാരമുള്ള ടൂറിസം കേന്ദ്രമാക്കി ഉയർത്തുതിനായുള്ള പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട നൂതന ചെറുകിട സംരംഭങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് വ്യവസായ വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കുക
- നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്നതിനും, തീരമാവേലി പോലുള്ള സ്റ്റോറുകൾ തീരദേശ ഉൾനാടൻ പ്രദേശങ്ങളിൽ പദ്ധതികൾ വ്യാപിപ്പിക്കുന്നതിൻ പദ്ധതികൾ നടപ്പാക്കാവുന്നതാണ്
- മറൈൻ സംഘങ്ങളുടെ തൃപ്തികരമായ പ്രവർത്തനത്തിൻ കൈത്താങ്ങ് നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക
- ഉൾനാടൻ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ സംഘങ്ങൾ മുഖാന്തിരം നടപ്പിലാക്കുക
- മത്സ്യഫെഡിൽ അഫിലിയേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന 15 സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക
- ജില്ലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിൻ കുറഞ്ഞ പലിശ നിരക്കിലോ സബ്സിഡി ആയോ വിവിധ പദ്ധതികളിലൂടെ ധനസഹായം സംഘങ്ങൾക്ക് നൽകുക
- ആഴക്കടൽ മത്സ്യ വിഭവങ്ങളായ ചൂര (Yellow fin Tuna, Skip jack Tuna) പോലുള്ളവയെ ചൂഷണം ചെയ്യുന്നതിൻ നൂതന മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യബന്ധന യാനങ്ങളും ഉപകരണങ്ങളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പരവൂർ മുതൽ അഴീക്കൽ വരെയുള്ള പ്രദേശങ്ങളിൽ കടൽ ഭിത്തികൾ ബലപ്പെടുത്തുക

- കരയിലേക്ക് അടിക്കുന്ന തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിൻ കൃത്രിമ പാരുകൾ പോലെയുള്ള നിർമ്മിതികൾ ശാസ്ത്രീയമായി, പ്രകൃതി സൗഹാർദ്ദപരമായി സ്ഥാപിക്കുന്നതിൻ പദ്ധതികൾ നടപ്പിലാക്കുക
- തിരമാലകളെ തടുക്കുന്നതിനും സുനാമി പോലെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും, കടലേറ്റം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തീരദേശത്ത് വളരാൻ അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ബയോഷീൽഡ് നിർമ്മിക്കുക
- ഉൾനാടൻ ജലാശയങ്ങളെ കൂടി പ്ലാസ്റ്റിക്ക് മാലിന്യ മുക്തമാക്കുന്നതിൻ ശുചിത്വസാഗരം മാതൃകയിലുള്ള പദ്ധതികൾ ശുചിത്വമിഷൻ വഴി നടപ്പാക്കേണ്ടതാണ്.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്കീമിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുക.
- ഉപയോഗയോഗ്യമല്ലാത്ത ടോയ്ലറ്റ് ഉള്ളവർക്ക് ഒ.ഡി.എഫ് മുഖാന്തിരമോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്കീമിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുക
- വൈദ്യുതി ലഭ്യമായിട്ടില്ലാത്ത മത്സ്യതൊഴിലാളികൾക്ക് വൈദ്യുതി വകുപ്പിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ മുഖാന്തിരമോ മറ്റോ ധനസഹായം നൽകുക.
- ജലദൗർലഭ്യം നേരിടുന്ന മത്സ്യഗ്രാമങ്ങളിലെ അർഹരായ മത്സ്യതൊഴിലാളി കൾക്ക് ജപ്പാൻ കുടുവെള്ള പദ്ധതി, ജലനിധി തുടങ്ങി പദ്ധതിയിലുൾപ്പെടുത്തി പരിഹാര മാർഗ്ഗങ്ങൾ കാണാവുന്നതാണ്.
- നിലവിലുള്ള ഹെൽത്ത് സെന്ററുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- 24 മണിക്കൂറും വൈദ്യസഹായം ലഭ്യമാകും വിധം പി.എച്ച്.സി- കളെ സജ്ജമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുക
- ക്യാൻസർ, കിഡ്നി, കരൾ, ഹൃദയ, പ്രമേഹ-രോഗ ബാധിതരായിട്ടുള്ള നിർധന മത്സ്യതൊഴിലാളികൾക്ക് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള നിശ്ചിത തുക നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഖനന പ്രദേശങ്ങളായ കോവിൽത്തോട്ടം, പന്മന, നിവാസികൾക്കും കെ.എം. എം.എൽ.- ഫാക്ടറിയിൽ നിന്ന് പുറന്തള്ളുന്ന മലിന ജലത്തിൽ നിന്നുള്ള ദുരന്ത ഫലങ്ങൾ അനുഭവിക്കുന്നവർക്കും, ഉണ്ടാകുന്ന പോഷകാഹാര കുറവ് പരിഹരിക്കേണ്ടതിൻ അംഗന വാടികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക
- മത്സ്യതൊഴിലാളി മേഖലയിലെ സ്കൂളുകളിലെ കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രഭാത ഭക്ഷണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.
- മദ്യം, മയക്കു മരുന്ന് എന്നിവക്ക് അടിമപ്പെട്ടിട്ടുള്ളവർക്ക് ലഹരി വിമുക്ത കേന്ദ്രങ്ങളും പുനരധിവാസ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും മത്സ്യതൊഴിലാളി മേഖലയിലെ ജനങ്ങളെ പ്രത്യേകിച്ചും ഇളം തലമുറയെ ഇത്തരം മാരക വിപത്തുകളെ കുറിച്ച് ബോധവൽക്ക രിക്കുന്നതിനുമായി ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടു കൂടി മത്സ്യതൊഴിലാളി മേഖലയിലെ മെഡിക്കൽ ക്യാമ്പുകൾ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുക

- മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അവരുടെ ശാരീരിക, മാനസിക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൗൺസിലേഴ്സ് ഉൾപ്പെടുന്ന ടീമുകളുമായി ആശയ വിനിമയം ചെയ്യുന്നതിന് സാധ്യമാകുന്ന പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ജനസംഖ്യാ നിരക്കും, ജനസാന്ദ്രതയും സംബന്ധിച്ച് വിവരശേഖരണം നടപ്പാക്കുക.
- മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുക.
- മത്സ്യഗ്രാമങ്ങളിലെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി നീന്തൽ, സൈക്കിളിംഗ്, സ്കേറ്റിംഗ്, സ്കൂബാ ഡൈവിംഗ്, ബീച്ച് വോളീബാൾ തുടങ്ങിയ കായിക ഇനങ്ങളിൽ പരിശീലനം നൽകുക.
- വൃത്തിയായി മത്സ്യം കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടേയും ഹാർബറുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക
- ജില്ലയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം, മത്സ്യ സമ്പത്ത് സംരക്ഷണം, ഉൽപാദന വർദ്ധനവ്, സുസ്ഥിരത ന്നിവ ഉറപ്പു വരുത്തുന്നതിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടു കൂടി അതാത് മേഖലകളിലെ കണ്ടൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക.
- വേലിയിറക്ക സമയത്ത് അനാവൃതമാകുന്ന കാവനാട്, ഫാത്തിമാതുരുത്ത് ഭാഗങ്ങളിൽ പാലത്തിൽ നിന്നും കാണപ്പെടുന്ന മുക്കാട് മണ്ണ് എന്ന് വിളിക്കപ്പെടുന്ന 15 ഹെക്ടർ പ്രദേശത്ത് കണ്ടൽ തൈകൾ നട്ട് പിടിപ്പിച്ച് മത്സ്യ സങ്കേതമായി സംരക്ഷിക്കുക.
- ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട വനിതാ യൂണിറ്റുകൾ അവരുടെ പ്രവർത്തന പാരമ്പര്യം, പ്രവർത്തന ക്ഷമത എന്നിവ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പലിശരഹിത വായ്പ പോലുള്ള ധനസഹായങ്ങൾ നൽകി കൂടുതൽ ശക്തിപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കുക.
- ജില്ലയിൽ ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്ന, പ്രവർത്തന രഹിതമായ വനിതാ യൂണിറ്റുകളെ കണ്ടെത്തി അവയെ പ്രവർത്തന സജ്ജമാക്കുക
- വഴിയോര കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷ് വെൻഡിംഗ് ടേബിൾ നൽകുന്ന പദ്ധതികൾ നടപ്പാക്കാവുന്നതാണ്.
- ചെറുകിട വനിതാ സംരംഭകരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിനും, വിപണനം നടത്തുന്നതിൻ വേണ്ടുന്ന സഹായങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വഴി നടപ്പാക്കാവുന്നതാണ്.
- ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- പ്രവർത്തന രഹിതമായ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും മത്സ്യതൊഴിലാളികൾക്ക് ലേല സംവിധാനം ശക്തിപ്പെടുത്തുന്നതിനും ത.സ്വ.ഭ വകുപ്പുകളുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ആഴക്കടൽ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലനം പരിപാടികൾ നടപ്പിലാക്കുക

- കടൽ കൂടുകൃഷിക്കായ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലനം പരിപാടികൾ നടപ്പിലാക്കുക
- ജലസ്രോതസ്സുകളെയും കടലിനെയും ജനവാസമേഖലകളിൽ മാലിന്യ മുക്തമാക്കുന്നതിൻ ത.സ്വ.ഭ. വകുപ്പുകളുടെ പങ്കാളിത്വത്തോടു കൂടി കുടുംബശ്രീ യൂണിറ്റുകൾ, എം.എൻ. ആർ.ഇ.ജി.എസ് തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിന്റെ ശുചിത്വമിഷൻ പദ്ധതികളുമായി സംയോജിപ്പിച്ച് പരിസ്ഥിതി ശുചിത്വ, മാലിന്യ സംസ്കരണ മേഖലകളിൽ നടപ്പിലാക്കുക
- പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക്കിന് ബദലായുള്ള ഉൽപന്നങ്ങളുടെ ഉപയോഗം ശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി കുടുംബശ്രീ - തൊഴിലുറപ്പ് തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന ഷ്രെഡിംഗ് യൂണിറ്റുകൾ
- ട്രോളിംഗ് നിരോധനം നടപ്പിലാക്കുക, നിരോധിത മത്സ്യബന്ധന രീതികളായ കരവലി, അടയ്ക്കംകൊല്ലി വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, 35എം.എം-ല് താഴെ കണ്ണിവലിപ്പം ഉള്ള വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നിരോധിക്കുക.
- മത്സ്യാകർഷണ ഉപകരണങ്ങൾ (FAD) ഉപയോഗിച്ചുള്ള കണവ പിടുത്തം നിരോധിക്കുക. ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വലിയ കണ്ണി വലിപ്പമുള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ, കടൽക്കൂട് കൃഷി, ചിപ്പി, മുരിങ്ങ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക
- ചെറിയ കണ്ണി വലിപ്പമുള്ള വലകളുപയോഗിച്ചുള്ള മത്സ്യബന്ധനവും, ഊന്നി വലകളുടേയും, ചീന വലകളുടേയും ആധിക്യവും, തൂപ്പും പടലും പോലെയുള്ളവ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനവും തടയുക.
- അഷ്ടമുടി കായലിലെ മത്സ്യസമ്പത്ത് സംരക്ഷണത്തിൻ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങൾ ആവശ്യമായ കണ്ടൽ വനവത്ക്കരണം, തനത് മത്സ്യങ്ങൾ/ഞണ്ടുകൾ എന്നിവയുടെ പ്രജനനത്തിന് ആവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- അഷ്ടമുടി കായലിലെ തനത് മത്സ്യ കുഞ്ഞുങ്ങളുടെ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുക.
- അനധികൃത മത്സ്യബന്ധന രീതികളായ തൂപ്പും പടലും, ഏറ്റം കെട്ടൽ എന്നിവ നിർബന്ധമായും തടയുന്നതിനായി മത്സ്യ സംരക്ഷണ സേനയെ നിയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുക
- ഉൾനാടൻ ജലാശയങ്ങളിൽ തനത് മത്സ്യക്കുഞ്ഞുങ്ങളെ വളപ്പുകളിൽ നിക്ഷേപിച്ച് 10 മുതൽ 12 സെൻറീമീറ്റർ വരെ വളർത്തി ജലാശയങ്ങളിലേയ്ക്ക് തുറന്നു വിടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിൽ വരുന്ന 112 ഹെക്ടർ പ്രദേശത്തെ ജലാശയങ്ങളും, വെള്ളക്കെട്ട് ചിറ്റുമല ചിറ, ആദിച്ചനല്ലൂർ ചിറ, പോളച്ചിറ ഏല തുടങ്ങിയ ഏലകളുടെ സംരക്ഷണം ഉറപ്പുവരുത്തി സുസ്ഥിരവും ശാസ്ത്രീയവുമായ മത്സ്യകൃഷി രീതികൾ അവലംബിച്ച് മത്സ്യകൃഷി നടത്തുന്നതിൻ പദ്ധതികൾ നടപ്പിലാക്കുക
- തനത് നാടൻ ശുദ്ധജല/ഓരുജല മത്സ്യങ്ങളുടെ (കാരി, കൂരി, വരാൽ, പരൽ വർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ, ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയവ) സംരക്ഷണത്തിൻ പൊതുജലാശയങ്ങളിൽ

നിന്നുള്ള ഇത്തരം മത്സ്യങ്ങളുടെ/മത്സ്യവിത്തുകളുടെ അമിത ചൂഷണം തടയുന്നതിൻ തദ്ദേശ സ്വയംഭരണ പങ്കാളിത്വത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കുക

- കുളങ്ങളുടെ സംരക്ഷണം, മത്സ്യകൃഷി നടത്താൻ അനുയോജ്യമായ ജലാശയങ്ങളെ കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കിയെടുക്കൽ, വിളവെടുപ്പ്, എന്നിവയുമായി ബന്ധപ്പെട്ട് എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികൾ, സഹകരണ സംഘങ്ങൾ എന്നിവരുടെ പങ്കാളിത്വത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കുക
- മത്സ്യ സമ്പത്ത്-ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിൻ, ഗിഫ്റ്റ് തിലാപ്പിയാ, വനാമി ചെമ്മീൻ തുടങ്ങിയ ജൈവ സുരക്ഷയും, ജൈവ ഫെൻസിംഗും (Bio security measursse) ആവശ്യമായി വരുന്ന കൃഷി രീതികൾ നടത്തി വരുന്ന കർഷകർക്ക് ജൈവ സുരക്ഷക്കും ജൈവ ഫെൻസിംഗിനും വെണ്ടിയുള്ള ആനുകൂല്യങ്ങൾ നൽകുക
- സ്ത്രീകളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്ന വിധത്തിൽ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുക
- സ്വന്തമായി കുളങ്ങില്ലാത്തവർക്കും, സ്ഥല പരമമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്ക് മത്സ്യവും പച്ചക്കറിയും ഒന്നിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- വനിതകൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അലങ്കാര മത്സ്യ കൃഷിയിലേയ്ക്കും, വിപണനത്തിലേയ്ക്കും, അലങ്കാര മത്സ്യ വിത്തുൽപ്പാദന ത്തിലേയ്ക്കും തിരിയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക
- ജലാശയങ്ങളുടെ മലിനീകരണ തീവ്രത കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുക
- അമിത മത്സ്യബന്ധനം നിയന്ത്രിക്കുക
- നിയമലംഘനങ്ങൾ ശക്തമായി തടയുക.
- തൂപ്പും പടലും, നഞ്ച് കലക്കൽ, സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധന രീതികൾ തടയുക.
- കേരള സമുദ്ര മത്സ്യബന്ധന പരിപാലന നിയമം 1980, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമം 1985, ഉൾനാടൻ മത്സ്യകൃഷി നിയമം 2010 എന്നിവ കർശനമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- അനധികൃത ചീനവലകളും കുറ്റിവലകളും സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ നിയന്ത്രണം ഉറപ്പാക്കുക.
- ദേശിയ ജലപാതയിൽ നിന്നും ഒഴിപ്പിക്കപ്പെട്ട ഊന്നി/കുറ്റി വല ഉടമകൾക്ക് മറ്റ് ജീവനോപാധികൾ തേടുന്നതിന് ഉചിതമായ പ്രത്യേക പ്രോജക്ട് പാക്കേജുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതത്തിന് വായ്പാസൗകര്യം ഏർപ്പെടുത്തുക.

നൂതന ആശയങ്ങൾ

- സ്ഥല പരിമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്ക് മത്സ്യവും പച്ചക്കറിയും ഒന്നിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

- ചെമ്മീൻ ഗ്രാമമെന്ന് അറിയപ്പെടുന്ന മൺട്രോതുരുത്ത് വേലിയേറ്റ സംബന്ധമായ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഈ പ്രദേശത്തിന്റെ ഗതാകാല പ്രൗഢി വീണ്ടെടുക്കുന്നതിനായി കണ്ടൽ വനവൽക്കരണ പദ്ധതികളും ചെമ്മീൻ കുളങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതികളും വിഭാവനം ചെയ്തു നടപ്പിലാക്കേണ്ടതാണ്.
- ആഴക്കടൽ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനായി മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- കടൽക്കൂട് കൂട് കൃഷിക്കായി അവലംബിക്കുന്നതിന് മത്സ്യ തൊഴിലാളികൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ

1. മൂവായിരത്തിലധികം വരുന്ന സുനാമി വീടുകളും അവയിലെ അടിസ്ഥാന സൗകര്യങ്ങളും അങ്ങേയറ്റം ശോചനീയാവസ്ഥയിലാണ്. അവയുടെ നവീകരണത്തിനോ, പുനർനിർമ്മാണത്തിനായോ സമഗ്ര പദ്ധതി തയ്യാറാക്കണം.
2. കുടിവെള്ളത്തിന്റെ ദൗർലഭ്യം ഉള്ള തീരദേശ മേഖലകളെ തിരിച്ച് സമഗ്ര പദ്ധതി തയ്യാറാക്കണം. ഉദാ. ക്ലാപ്പന, കുലശേഖരപുരം മേഖലയിൽ ട്യൂബ് വെൽ നിർമ്മിച്ച് ആലപ്പാട്ടെ കുടിവെള്ള ക്ഷാമം പരിഹരിക്കണം.
3. മാലിന്യ നിർമ്മാർജ്ജനത്തിനായും പുനരുപയോഗിക്കുന്നതിനായും ഈ മേഖലയിൽ പുതിയ യൂണിറ്റ് ഉൾപ്പെടെയുള്ള പദ്ധതികൾ രൂപീകരിക്കണം.
4. ഉൾനാടൻ ജലാശയങ്ങളുടെ നവീകരണത്തിനും മത്സ്യകൃഷി വ്യാപനത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും NREGS, കുടുംബശ്രീ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് പദ്ധതി രൂപീകരിക്കുക.
5. മത്സ്യസമ്പത്തിലെ രാസമാലിന്യങ്ങൾ കണ്ടെത്തി തിരിച്ചറിയുന്നതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ ഫുഡ് & സേഫ്റ്റി വിഭാഗവുമായി സംയോജിച്ച് സ്ഥാപിക്കുക.
6. കടൽതീര സംരക്ഷണത്തിനും തീരസംരക്ഷണ ബോധവൽക്കരണത്തിനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കുക.
7. മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്കായി സമഗ്ര വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കുക.
8. തേവള്ളി-റ്റി.എസ് കനാൽ -ആയിരംതെങ്ങ്-അഴീക്കൽ-മൺറോതുരുത്ത് ടൂറിസം സർക്യൂട്ട്-കയർ, കശുവണ്ടി, മത്സ്യവ്യവസായം ഉൾപ്പെടുത്തി രൂപീകരിക്കുക.
9. കൊല്ലം ജടായുപാറ-തെൻമല-പള്ളിക്കലാർ-റ്റി.എസ് കനാൽ-അഴീക്കൽ ടൂറിസം സർക്യൂട്ട്
10. അഷ്ടമുടിക്കായലിന്റെ വീണ്ടെടുപ്പും നവീകരണവും പള്ളിശ്ശേരി പാലത്തിനുസമീപം രൂപപ്പെട്ട ചെറുപ്രദേശം ഡ്രഗ് ചെയ്ത് മാറ്റി കായൽ സംരക്ഷിക്കണം.
11. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കടലോര മേഖലയിൽ കുടുംബങ്ങളെ മാററി പാർപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി
12. നശിച്ചുകൊണ്ടിരിക്കുന്ന മലിനപ്പെട്ട മരുത്തി കട്ടക്കയം, വട്ടക്കായലിൽ കൂടുകച്ചിൽ കരിമീൻ കൃഷി വ്യാപന പദ്ധതി
13. ചക്കുവള്ളിച്ചിറ, പോളച്ചിറ ഏലാ, തെൻമല റിസർവോയർ കയ്യുക്കയം കായൽ മത്സ്യകൃഷി വ്യാപന പദ്ധതി

14. തനത് മത്സ്യസമ്പത്തിന്റെ ശോഷണം തടയുകയും ആ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ
15. കണ്ടൽ വനവൽക്കരണം, മത്സ്യസങ്കേതങ്ങളുടെ നിർമ്മാണം
16. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മത്സ്യകൃഷി, വീട്ടു മുറ്റത്ത് മത്സ്യകൃഷി ചെയ്യുന്നതിനുള്ള സൗകര്യം, ഉൾനാടൻ മത്സ്യകൃഷി, മത്സ്യസംസ്കരണം എന്നിവയ്ക്ക് കൂടുതൽ പദ്ധതികൾ ആവശ്യമാണ്.
17. തീരപ്രദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഇന്ധനലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്.
18. കൊല്ലം തീരത്തെ deep sea fishing hub ആക്കുന്നതിന് അനുയോജ്യമായതും അതിനാവശ്യമായ deep sea vessels ഉപയോഗിക്കാവുന്നതും ആണ്. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കമ്പവണ്ടിയുടെ ഹബ് ആയി കൊല്ലം ജില്ലയെ നിലനിർത്തേണ്ടതാണ്. കൊല്ലം കാഷ്യൂ എന്നൊരു ബ്രാന്റ് ഇമേജിൽ കൊല്ലത്തെ ഹാൻഡ് മേയ്ഡ് കമ്പവണ്ടി പ്രൊമോട്ട് ചെയ്യാവുന്നതാണ്.

7.4.1 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം

നിലവിലെ അവസ്ഥ

1. പശ്ചിമ ഘട്ട മേഖലയിലെ വന ശോഷണവും അതിനെ തുടർന്നുള്ള ജൈവ വൈവിധ്യങ്ങളിലുണ്ടാകുന്ന കുറവും ജില്ലയിലെ പ്രധാന നദികളിലെ ജലത്തിന്റെ അളവിനെ കാര്യമായ കുറയ്ക്കുന്നുണ്ട്. തണ്ണീർത്തടങ്ങളിലെ ജലസാന്നിദ്ധ്യം ഇതോടൊപ്പം കുറയുകയും റിസർവ്വേയറുകളിലെ ചെളിയടിയൽ കൂടുകയും ചെയ്യുന്നു.
2. കണ്ടൽക്കാടുകളുടെ വൻ തോതിലുള്ള നാശം അഷ്ടമുടിക്കായലിലെ മത്സ്യ സമ്പത്തിന്റെ കുറവിന് കാരണമായിരിക്കുന്നു. കണ്ടൽ സസ്യശേഖരത്തിന്റെ വൈവിധ്യവും ജില്ലയിൽ ഭീതിദമായ തരത്തിൽ കുറഞ്ഞിരിക്കുന്നു.
3. തീരദേശ ആവാസവ്യവസ്ഥ വൻ തകർച്ചയെയാണ് നേരിടുന്നത്. തീരപ്രദേശത്തെ അതിസാന്ദ്രമായ ജനസംഖ്യയ്ക്ക് ആനുപാതികമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ടൂറിസം മേഖലയിൽ നിന്നുള്ള സമ്മർദ്ദം, നഗരമേഖലകളിൽ നിന്നുള്ള മലിനീകരണം തുടങ്ങിയവ മൂലം തീരദേശം മേഖല വീർപ്പുമുട്ടുകയാണ്.
4. ഉയർന്ന തോതിലുള്ള മണ്ണ്, ക്ലേ മൈനിംഗ് മൂലം നദികളുടെ അടിത്തട്ട് താഴ്ന്ന് കൊണ്ടിരിക്കുന്നതു കൂടാതെ നദീതടങ്ങളും നെൽപ്പാടങ്ങളും പാരിസ്ഥിതിക തകർച്ചയെ അഭിമുഖികരിക്കുന്നു. ഇത് ഭക്ഷ്യ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമായി വളർന്നു കൊണ്ടിരിക്കുന്നു.
5. പാറ ഖനനം: ജില്ലയുടെ ഉൾനാടൻ കുന്നുകളുടെ വ്യാപകമായ നാശത്തിനാണ് അനിയന്ത്രതമായി പാറഖനനം വഴി വച്ചിട്ടുള്ളത്. നിർമ്മാണമേഖലയുടെ അനിയന്ത്രിതമായ വളർച്ചയും വ്യവസായിക- സാമ്പത്തിക ലോബിയുടെ സമ്മർദ്ദവുമാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. 2-3 മീറ്റർ കനത്തിലുള്ള മേൽ മണ്ണും അതിനു മുകളിലെ സസ്യാവരണവും നിർദ്ദാക്ഷിണ്യം നശിപ്പിച്ചു കൊണ്ടാണ് ഈ കുന്നുകളെയാകെ പൊട്ടിച്ച് നിരത്തുന്നത്.
6. പാടം നികത്തൽ: നിയമങ്ങളൊക്കെ കാറ്റിൽ പറത്തി ജില്ലയുടെ പല ഭാഗങ്ങളിലും വയൽ നികത്തൽ തുടർന്ന് വരുന്നു. ഭൂഗർഭ ജല വിതരണം ക്രമാതീതമായി താഴുന്നതിനാണ് ഇതു വഴിവയ്ക്കുന്നത്.
7. പുഴകളുടെ ശോഷണം: പ്രധാനനദികളായകല്ലടയാറും, ഇത്തിക്കരയാറുംമണൽ, ചെളി ഖനനം മൂലവും കയ്യേറ്റവും വ്യവസായ സ്ഥപനങ്ങളുടെ ഇടപെടൽ മൂലവും, നഗര പ്രദേശങ്ങളിൽ

നിന്നും പ്ലാന്റേഷനുകളിൽ നിന്നുള്ള രാസമലിനീകരണം മൂലവും, ഏറ്റവും പ്രധാനമായി ജലത്തിന്റെ കുറവ് മൂലവും അത്യന്തം ശോഷണാവസ്ഥയിലാണ്.

8. ജല ക്ഷാമം:ജില്ല പൊതുവെയും ചില പ്രത്യേക പ്രദേശങ്ങൾ ഗുരുതരമായും ജലക്ഷാമം നേരിടുന്നുണ്ട്. പ്രത്യേകിച്ചും വേനൽ ക്കാലങ്ങളിൽ. ജില്ലയിലെ പ്രധാന നദികളുടെ പോഷകനദികളിൽ മിക്കവാറും വേനൽക്കാലത്ത്പൂർണ്ണമായും വറ്റിപ്പോകുന്നു. ആനുപാതികമായി തന്നെ ഭൂഗർഭ ജലവിതാനവും താഴുന്ന അവസ്ഥയിലാണ്.

9. കാർഷിക ഭൂമിയുടെ ഉൽപ്പാദനക്ഷമതയിൽ ക്രമമായി കുറവ് സംഭവിക്കുന്നു. രാസകീടനാശിനികളുടെയും അനിയന്ത്രിതമായ രാസവള പ്രയോഗത്തിന്റെയും ഫലമായി മണ്ണിന്റെ ആരോഗ്യം ക്ഷയിക്കുന്നതാണ് ഇതിന് കാരണം.

10. അപകടകരമായ രീതിയിലുള്ള വായു, ജല, മണ്ണ് മലിനീകരണം.

11. ജില്ലയിലെ റംസാർസൈറ്റ് പദവിയുള്ള തണ്ണീർത്തടങ്ങളുടെ അവസ്ഥ.

കേരളത്തിലെ റംസാർസൈറ്റ് പദവിയുള്ള മൂന്ന് തണ്ണീർത്തടങ്ങളിൽ രണ്ടെണ്ണവും കൊല്ലം ജില്ലയിലാണ്. ശാസ്താംകോട്ട ശുദ്ധജലതടാകവും, അഷ്ടമുടിക്കായലും. ജില്ലയുടെ പ്രധാന ശുദ്ധജല സ്രോതസ്സായ ശാസ്താംകോട്ട തടാകം അതിവേഗം മരണത്തിലേയ്ക്ക് അടുത്തു കൊണ്ടിരിക്കുന്നു. മണ്ണൊലിപ്പ് മൂലമുള്ള ആഴം കുറയലും, കാച്ച് മെന്റിൽ നിന്നുള്ള നീരൊഴുക്ക് കുറഞ്ഞതും, പടിഞ്ഞാറെ കല്ലട മണലൂറ്റലിലൂടെ കുഴിച്ച് താഴ്ത്തിയതും മൂലമാണ് ശാസ്താംകോട്ട തടാകത്തിന് നിലവിലെ അവസ്ഥ ഉണ്ടായത്. കയ്യേറ്റം, കണ്ടൽക്കാടുകളുടെ നശീകരണം, മണലും, ചെളിയും, ഊറ്റൽ, പാലങ്ങളും റോഡുകളുൾപ്പെടെയുള്ള ഡ്രജ്ജിംഗ്, കല്ലടയാറ്റിൽ നിന്നുള്ള ഒഴുക്കിന്റെ കുറവ്, മലിനീകരണം എന്നിങ്ങനെ വിവിധങ്ങളായ കാരണങ്ങളാൽ അഷ്ടമുടിക്കായലിന്റെ സ്വാഭാവിക പരിസ്ഥിതിക്ക് വൻ നാശമാണ് സംഭവിച്ചിരിക്കുന്നത്. മത്സ്യ സമ്പത്തിൽ വന്നിട്ടുള്ള ഗണ്യമായ കുറവാണ് പ്രകടമായ ഒരു പരിണിത ഫലം. ചില ശുദ്ധജല മത്സ്യ ഇനങ്ങൾ കായലിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമായി ക്കഴിഞ്ഞിരിക്കുന്നു.

12. നഗര വൽക്കരണത്തിന്റെ വ്യാപനം: അതിവേഗം ജില്ലയിലെ നഗര പ്രദേശങ്ങൾ ചുറ്റിലേയ്ക്ക് വളരുകയാണ്. അതോടൊപ്പം നഗര കേന്ദ്രങ്ങൾ കൂടുതൽ സാന്ദ്രമാവുകയുമാണ്. ഇത് സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങൾ കൊല്ലം നഗരം, പരവൂർ, കരുനാഗപ്പള്ളി തുടങ്ങിയ പട്ടണങ്ങൾ കൂടാതെ ഉൾനാടൻ കിഴക്കൻ മേഖലകൾ എന്നിവടങ്ങളൊക്കെയും നാഗരികത മൂലമുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. മലിനീകരണവും മാലിന്യ കേന്ദ്രീകരണവുമാണ് ഇത് മൂലം പ്രധാനമായും ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, കൂടാതെ മണ്ണ്, ജലം, സ്വാഭാവിക ആവാസവ്യവസ്ഥകൾ (തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, നെൽപ്പാടങ്ങൾ) എന്നിവ ഭീഷണി നേരിടുന്നു.

പരിസ്ഥിതി, കാലാവസ്ഥവ്യതിയാനം- ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

ഹ്രസ്വകാല നേട്ടം.

- മാലിന്യനിർമാർജ്ജനം, പരിസരശുചിത്വ പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള പ്രശ്നങ്ങൾ പകുതിയായി കുറയ്ക്കുക.

ദീർഘകാല നേട്ടങ്ങൾ

- മാലിന്യനിർമ്മാർജ്ജനം പൂർണ്ണമായി നടപ്പാക്കുകയും കാലാവസ്ഥ വ്യതിയാനത്തിന്റെ തോത് പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ കേന്ദ്രീകൃത മാലിന്യ സംഭരണ-സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.
- പരമാവധി സ്ഥലത്ത് വൃക്ഷവൽക്കരണം നടത്തി അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ, അളവ് നിയന്ത്രിയ്ക്കുക.

- ചാണകം കൃഷിക്ക് നേരിട്ട് ഉപയോഗിക്കുന്നതിന് പകരം, ഗോബർ ഗ്യാസ് ഉണ്ടാക്കുകയും സ്ലറി കൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

സംയോജിത പ്രോജക്ടുകൾ

- പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം കുറയ്ക്കൽ, എന്നിവയ്ക്കായി എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകണം.
- ഊർജ്ജ നഷ്ടം പരമാവധികുറയ്ക്കൽ, ഫലപ്രദമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മാലിന്യത്തെ ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കൽ,
- മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തൽ, ഇതിനായി ജലസേചനം, മണ്ണ് സംരക്ഷണം, ഫിഷറീസ് വകുപ്പുകളുടെ സംയുക്ത പ്രവർത്തനങ്ങൾ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുക. ഇതിനായി എല്ലാ വകുപ്പുകളും പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയും വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനായി സോഷ്യൽ ഫോറസ്ട്രിയ്ക്ക് കീഴിലുള്ള വന വികസന ഏജൻസിയെ ഉപയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രവർത്തനങ്ങൾ

- സമഗ്രമായ ജൈവവൈവിധ്യ രജിസ്റ്റർ പ്രദേശിക തലത്തിൽ തയ്യാറാക്കുക. ഓരോ പ്രദേശത്തേയും വൃക്ഷ സാന്ദ്രത തിട്ടപ്പെടുത്തി, തടി, വിറക് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുക. ചാണകത്തിൽ നിന്ന് ബയോഗ്യാസ് ഉണ്ടാക്കുന്നതിനും അതിന്റെ സ്ലറി കൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ മണ്ണ്-ജല സംരക്ഷണത്തിനുള്ള പദ്ധതികൾ ഏകോപിപ്പിക്കുക. ഇതിനായി കുടുംബശ്രീ, ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രവർത്തകർഎന്നിവരെ ഇതിനായി ഉപയോഗിക്കാവുന്നതാണ്.
- പരിസ്ഥിതി നിയമങ്ങൾ കർശനമായി പാലിക്കുകയും ആവശ്യമെങ്കിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. സമഗ്രമായ ഒരു ധാതു ഖനന നിയമം ഉണ്ടാകുകയും അത് കർശനമായി നടപ്പിലാക്കുകയും ചെയ്യുക. പരിസ്ഥിതി നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ശിക്ഷ നല്കുന്നതിനുമുള്ള സമഗ്രമായി നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതും ഇതിനാവശ്യമായ സഹായം മറ്റ് വകുപ്പുകളിൽ നിന്നും തേടാവുന്നതുമാണ്. ഓരോ വർഷവും വികസന ആവശ്യങ്ങക്കായി മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം പത്ത് ഇരട്ടി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും, 3 വർഷം പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

7.4.2 വന വികസനം

ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

ഹ്രസ്വകാല നേട്ടങ്ങൾ

- നിലവിലുള്ള വന സമ്പത്ത് പൂർണ്ണമായും സംരക്ഷിയ്ക്കുക. വനാതിർത്തികൾ അളന്ന് തിട്ടപ്പെടുത്തി വേർതിരിക്കുക.
- നദികളിലെ മണലെടുപ്പ് പൂർണ്ണമായും നിറുത്തലാക്കുക.
- സോഫ്ട് വുഡ് (വട്ട, അൽബീസിയ, മട്ടി മുതലായവ). തടികളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ആ മേഖലയില് നിലവിലുള്ള കുറവ് പരിഹരിക്കുക. ഇതിനായി കർഷകരുടെ പാഴ് ഭൂമി പരമാവധി

പ്രയോജനപ്പെടുത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. വനേതര ഭൂമിയിൽ അടുത്ത 5 വർഷത്തിനുള്ളിൽ 250 ഹെക്ടർ സ്ഥലത്ത് വന വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് വൃക്ഷവൽക്കരണ പരിപാടികൾ നടപ്പിലാക്കുക. (സാമൂഹ്യ വനവല്ക്കരണ വിഭാഗം വഴി) ദീർഘകാലാടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലയിലുള്ള 25 ഹെക്ടറിൽ താഴെയുള്ള കണ്ടൽ വനങ്ങളുടെ വിസ്തൃതി 500 ഹെക്ടറായി വർദ്ധിപ്പിക്കുക.

- പ്രക്ഷീണ വനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും വന്യജീവികൾക്ക് ഭക്ഷണവും, ജലവും പൂർണ്ണമായും വനത്തിൽ ലഭ്യമാകുന്ന നടപടികൾ സ്വീകരിക്കുകയും അതുവഴി വന്യജീവികൾ വഴിയുള്ള ആൾനാശം, വിള നാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവ ഇല്ലാതാക്കുക. കൂടാതെ ആനക്കിടങ്ങുകൾ, സോളാർ വേലികൾ, ജൈവ വേലികൾ തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങൾ വനാതിർത്തിയിൽ നിർമ്മിക്കുക.

സംയോജിത പ്രോജക്ടുകൾ

കണ്ടൽ വനവൽക്കരണത്തിനായി ഫിഷറീസ്, ജലസേചനം, റവന്യൂ, സാമൂഹ്യ വനവൽക്കരണ വിഭാഗം, മണ്ണ് സംരക്ഷണ വിഭാഗം എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. വിവിധ വകുപ്പുകൾ ഇതിനായി നീക്കി വയ്ക്കുന്ന തുക സാമൂഹ്യ വനവൽരണ വിഭാഗത്തിന് കീഴിലുള്ള വന വികസന ഏജൻസി വഴി ഉപയോഗപ്പെടുത്താവുന്നതാണ്. വികസന പ്രവർത്തനങ്ങൾക്ക് മരങ്ങൾ മുറിയ്ക്കുമ്പോൾ പത്തിരട്ടി മരങ്ങൾ പകരം വച്ച് പിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ കർശനമായി പാലിക്കുക.

ഓരോ വർഷവും ഇതിനായി ഒരു നിശ്ചിത തുക തദ്ദേശ –സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കി വച്ച് തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കാവുന്നതാണ്.

നൂതന ആശയങ്ങൾ

- നക്ഷത്ര വനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുക.
- കുട്ടി വനങ്ങൾ, ഹെർബൽ ഗാർഡനുകൾ എന്നിവ നടപ്പിലാക്കുക.
- ഔഷധ സസ്യ ഉദ്യാനം, കണ്ടൽ പാർക്ക്, വെർട്ടിക്കൽ ഗാർഡനുകൾ എന്നിവ പരമാവധി സ്ഥലത്ത് പ്രാവർത്തികമാക്കുക.

7.4.3 ദുരന്ത നിവാരണം

നിർദ്ദേശങ്ങൾ

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മാതൃകയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വില്ലേജ് തല ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിക്കുക. ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
2. ഓരോ പഞ്ചായത്തിലും 250-500 ആളുകളെ മാറ്റി പാർപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക /നിലവിലുള്ളത് പരിഷ്കരിക്കുക.
3. ഓരോ പഞ്ചായത്തിലും ആംബുലൻസ് ASKA വിളക്കുകൾ, മരം മുറിക്കുന്നതിനുള്ള ഉപകരണങ്ങൾ, മറ്റ്അത്യാവശ്യഉപകരങ്ങൾ എന്നിവ വാങ്ങുകയും ആയത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർസ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ എന്നീവടങ്ങളിൽ ഏൽപ്പിക്കുകയും ചെയ്യുക.
4. ഓരോ പ്രദേശത്തും സന്നദ്ധ സേവകർ, ടൈബൽ പ്രോമോട്ടർമാർ, അംഗനവാടി ജീവനക്കാർ, സർക്കാർ ജീവനക്കാർ, ആശാ വർക്കേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നൽകുക.
5. ഓരോ പഞ്ചായത്തിലും ആവശ്യത്തിന് കിടക്കകൾ ഉള്ള ഒരു ആശുപത്രി എങ്കിലും സജീകരിക്കുക.
6. വാഹന ഗതാഗതം സുഗമമാക്കുന്നതിനുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക.

7. പോലീസ്, ഫോറസ്റ്റ്, ഫയർഫോഴ്സ്, റവന്യൂ, ആരോഗ്യം, മോട്ടോർ വാഹനം, എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉണ്ടാക്കുക.
8. സ്കൂൾ,/കോളേജ് കുട്ടികൾക്ക് ആവശ്യമായ അപകട/ദുരന്ത പ്രതിരോധ നടപടിക്കായി ക്ലാസുകൾ നൽകുക.
9. മികച്ച അഗ്നി പ്രതിരോധ സംവിധാനങ്ങൾ ഉള്ള വീടുകൾ, സ്ഥാപനങ്ങൾ, എന്നിവ നിർമ്മിക്കാനുള്ള കർശന നിർദ്ദേശം കെട്ടിട നിർമ്മാണ അനുമതിയിൽ ഉൾപ്പെടുത്തുക.
10. വനവുമായി അതിർത്തി പങ്കിടുന്ന കിഴക്കൻ മേഖലയിലെ പഞ്ചായത്തുകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുവാനുള്ള നടപടികൾ.
11. ആന കിടങ്ങ്, സൗരോർജ്ജ വേലികൾ, ജൈവ വേലികൾ എന്നിവ വനാതിർത്തിയിൽ നിർമ്മിക്കുക.
12. വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നാശം/ആൾ നാശം പരിക്ക്, എന്നിവയ്ക്ക് മതിയായ നഷ്ട പരിഹാരം നൽകുക. നഷ്ട പരിഹാരം കാലാനുസൃതമായി വർദ്ധിപ്പിക്കുക.

ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

ഹ്രസ്വകാല നേട്ടങ്ങൾ

1. ജില്ലയിലെ കുടിവെള്ള സ്രോതസ്സുകളുടെ തകർച്ച പരമാവധി തടയുക
2. ഭൂഗർഭ ജലവിതരണം ഉയർത്തുന്നതിനുള്ള പദ്ധതികളായ മഴവെള്ള സംഭരണം, തുടങ്ങിയവ നിയമവിധേയമാക്കുന്ന പ്രവർത്തനങ്ങൾ
3. കുഴൽകിണറുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ. എണ്ണവും നിലവിലുള്ളതിൽ നിന്നും 10 ശതമാനം മാത്രം വർദ്ധിക്കുന്ന അവസ്ഥയിലേക്ക് എത്തിയ്ക്കുക.
4. ഖനന നിയമങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള ഔദ്യോഗിക ഇടപെടലുകളിലൂടെയുള്ള പ്രവർത്തനങ്ങൾ വഴി ക്വാറികൾ പകുതിയെങ്കിലും അനുയോജ്യമായി പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കുക.
5. റംസാർ സൈറ്റുകൾ, പുഴകൾ, മറ്റ് തണ്ണീർത്തടങ്ങൾ ഇവ ആക്രമിക്കപ്പെടുന്നതിന് തടയിടുക.
6. ജില്ലയിലെ റംസാർ സൈറ്റുകളായ ശാസ്താംകോട്ട തടാകം, അഷ്ടമുടിക്കായൽ എന്നിവയുടെ സമഗ്രമായ സംരക്ഷണത്തിന് പ്രത്യേക അതോറിറ്റികൾ ഉണ്ടാക്കുക.
7. മൺസൂണുരുത്തിൽ നിലവിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ കൂടുതൽ പ്രദേശങ്ങളിൽ കണ്ടൽച്ചെടികൾ വച്ച് പിടിപ്പിച്ച് ജൈവ വേലികൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ
8. മനുഷ്യ-വന്യജീവി സംഘട്ടനം ലഘൂകരിക്കുന്നതിനായി വനത്തിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ശുദ്ധജലവും ഭക്ഷണവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക. വന്യജീ വികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് വനാതിർത്തികളിൽ കിടങ്ങുകൾ, സോളാർവേലികൾ എന്നിവ നിർമ്മിക്കുക. ഇതിനായി MGNREGS പ്രവർത്തകരെ ഉപയോഗപ്പെടുത്താം.
9. സമഗ്രമായ വിള ഇൻഷുറൻസ് പദ്ധതി വനാതിർത്തിയിലുള്ള കർഷകർക്കായി നടപ്പാക്കുക. ഇതിനുള്ള ഫണ്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുക.
10. കടൽ/കായൽ തീരപ്രദേശങ്ങൾ, പാർക്ക്, റോഡുകൾ എന്നിങ്ങനെയുള്ള പൊതുസ്ഥല ങ്ങളിലെ മാലിന്യനിക്ഷേപവും അസന്മാർഗിക പ്രവർത്തനങ്ങളും പൊതുമുതൽ നശീകരണവും തടയുന്നതിനുള്ള സംവിധാനങ്ങൾ കോർപ്പറേഷൻ, പഞ്ചായത്ത് അധികാരികൾ നിരീക്ഷി ക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണ്.

11. അഷ്ടമുടിക്കായലിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതാണ്.

ദീർഘകാല നേട്ടങ്ങൾ

1. ജില്ലയിലെ റംസാർ സൈറ്റുകളായ ശാസ്താംകോട്ട ശുദ്ധജല തടാകം, അഷ്ടമുടിക്കായൽ എന്നിവയുടെ പാരിസ്ഥിതിക തകർച്ച മറികടക്കുന്നതിനുള്ള സംയോജിത പദ്ധതികളിലൂടെ ഇവയുടെ സമ്പൂർണ്ണ മായ ആരോഗ്യവും ആവാസ വ്യവസ്ഥ ഗുണമേന്മയും തിരിച്ചുപിടിക്കുക.
2. ജില്ലയിലെ പുഴകളുടെയും മറ്റ് തണ്ണീർത്തടങ്ങളുടെയും ജലസംഭരണശേഷി വർദ്ധിപ്പിക്കുക.
3. പാറഖനനത്തിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി അവിടെ നിന്നുമാത്രം ഖനനം സാദ്ധ്യമാക്കുന്ന സംവിധാനം ഒരുക്കുക.
4. ജില്ലയുടെ തീരദേശ സംരക്ഷണത്തിന് സ്വാഭാവിക ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുവാനുള്ള സംവിധാനങ്ങൾ നിലവിൽ വരുത്തുക.
5. റിസർവോയറുകളിൽ സംഭരിക്കപ്പെട്ടിരിക്കുന്ന മണൽവിഭവം ശാസ്ത്രീയമായി വിനിയോഗിക്കുന്ന തിനുള്ള സംവിധാനങ്ങൾ രൂപീകരിക്കുക.
6. ജില്ലയെ രാസകീടനാശിനി മുക്തമായ കാർഷിക ജില്ലയായി രൂപാന്തരപ്പെടുത്തുക.
7. സുസ്ഥിര വികസനം പരിസ്ഥിതി സംരക്ഷണത്തിലൂടെയും പ്രകൃതി വിഭവ സംരക്ഷണത്തിലൂടെയും മാത്രമേ സാദ്ധ്യമാകൂ എന്ന ശാസ്ത്രീയ വസ്തുത ജനതയുടെ പൊതുബോധമായി മാറ്റിയെടുക്കുക.
8. പരിസ്ഥിതി സംരക്ഷണം, ജലസംരക്ഷണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ അവബോധം നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഈ വക കാര്യങ്ങൾ പാഠ്യപദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തി ചെറിയ ക്ലാസ്സുമുതൽ നടപ്പാക്കുക.
9. എല്ലാ വകുപ്പുകളും അവരവരുടെ അധീനതയിലുള്ള ലഭ്യമായ സ്ഥലങ്ങളിൽ പരമാവധി വൃക്ഷവത്കരണം നടത്തുക.
10. ജില്ലയിലെ പാഴായി കിടക്കുന്ന എല്ലാ സ്വകാര്യഭൂമികളും കണ്ടെത്തി അവിടെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യവനവത്കരണ വിഭാഗത്തിലൂടെ Green India Mission പദ്ധതിയുടെ നടപ്പാക്കുക.

സംയോജിത പദ്ധതികൾ

ഓരോ വകുപ്പുകളും ഒരു നിശ്ചിത തുക വൃക്ഷവത്കരണ പരിപാടികൾക്കായി നീക്കി വയ്ക്കുക. ടി തുക ജില്ലയിലെ സാമൂഹ്യവത്കരണ വിഭാഗത്തിന് കീഴിലുള്ള Forest Development Agency ക്ക് നൽകി വനേതര ഭൂമിയിൽ പരമാവധി സ്ഥലത്ത് വൃക്ഷവത്കരണ പരിപാടികൾ നടപ്പാക്കുക.

7.5 വ്യവസായം

വികസന പരിപ്രേക്ഷ്യം

- കൊല്ലം ജില്ലയിൽ ലഭ്യമാകുന്ന വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി 2022 നകം 50 ഇടത്തരം, 600 ചെറുകിട, 3500 സൂക്ഷ്മ, 5000 നാനോ സംരംഭങ്ങൾ എന്നിവ ആരംഭിക്കും. ഇതുവഴി 34000 തൊഴിലവസരങ്ങളും 86000 ലക്ഷം രൂപാ മൂലധന നിക്ഷേപവും ഉണ്ടാകും.

- 2032 നകം 200 ഇടത്തരം, 2000 ചെറുകിട, 12,000 സൂക്ഷ്മ, 20,000 നാനോ സംരംഭങ്ങൾ എന്നിവ ആരംഭിക്കാൻകഴിയുന്നതാണ്. ഇതുവഴി 120000 തൊഴിലവസരങ്ങളും 250000 ലക്ഷംരൂപാ മൂലധന നിക്ഷേപവും ഉണ്ടാകും.
- കൂടാതെ എല്ലാ താലൂക്കുകളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് 50 ഏക്കറുകൾ വീതം ഏറ്റെടുത്തു വികസിപ്പിക്കുക.

സംയോജിത പ്രോജക്ടുകൾ

കാർഷികമേഖലയുമായി ചേർന്നുള്ള സംരംഭങ്ങൾ

1) മരച്ചീനി അധിഷ്ഠിത ഉല്പന്നങ്ങൾ ചെയ്യുന്ന സംരംഭങ്ങൾ
2) ചക്ക അധിഷ്ഠിത ഉല്പന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾ
3) നേന്ത്രപ്പഴം അധിഷ്ഠിത ഉത്പന്നങ്ങളുടെ സംരംഭം
4) ഇഞ്ചി അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭം
5) കശുമാങ്ങ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭം
6) മാങ്ങാ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സംരംഭം
7) കൃഷി ഉപകരണങ്ങളുടെ നിർമ്മാണം നടത്തുന്ന സംരംഭം
8) ജൈവ വളം/കീടനാശിനി നിർമ്മാണ സംരംഭം
9) കാർഷിക വിളകൾക്ക് വേണ്ടുന്ന പോഷകങ്ങൾ നിർമ്മിക്കുന്ന സംരംഭം
10) മെച്ചപ്പെട്ട ജലസേചന ഉപകരണങ്ങൾ നിർമ്മിക്കുന്ന സംരംഭം
11) വെയർഹൗസിങ് /കോൾഡ് ചെയിൻ

മത്സ്യമേഖലയുമായി സംയോജിച്ചുള്ള സംരംഭങ്ങൾ

1) കോഴിത്തീറ്റ നിർമ്മാണം
2) മത്സ്യ സംസ്കരണം
3) മത്സ്യബന്ധന ബോട്ട് നിർമ്മാണം
4) മത്സ്യബന്ധനത്തിന് ആവശ്യമുള്ള നാവിഗേഷൻ/ ആശയവിനിമയ ഉപകരണങ്ങളുടെ നിർമ്മാണം
5) മത്സ്യബന്ധന വലകളുടെ നിർമ്മാണം, ഫ്ലോട്ടുകളുടെ/ വെയിറ്റുകളുടെ നിർമ്മാണം തുടങ്ങിയവ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

1) ജില്ലയിലെ മൂന്ന് ഹൈവേകളായ കൊല്ലം-തേനി, കൊല്ലം-തിരുമംഗലം, ദേശീയ ഹൈവേ-66 എന്നിവയുടെ വികസനത്തിനായി അപ്രോച്ച് റോഡുൾപ്പെടെയുള്ള സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തുക.
2) ജലപാത വികസനത്തിന് വേഗം കൂട്ടുന്നതിന് സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. കൊല്ലം തോട് കൊല്ലം പോർട്ടുമായി ബന്ധിപ്പിക്കുന്നതിന് ലിങ്ക് കനാൽ നിർമ്മിക്കാവുന്നതാണ്.
3) അംഗീകരിക്കപ്പെട്ട ലാന്റ് യൂസ് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വ്യവസായ മേഖലകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതാണ്.
4) വീടുകളോട് ചേർന്ന് പ്രവർത്തിക്കുന്നതും 5 എച്ച്.പി.വരെ യന്ത്ര ശക്തിയുള്ളതും 5 ലക്ഷം രൂപ വരെ സ്ഥിരനിക്ഷേപവുമുള്ള വൈറ്റ്, ഗ്രീൻ കാറ്റഗറിയിലുള്ള ഉത്പാദന സംരംഭങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിരുപാധികം പ്രവർത്തനാനുമതി ലഭിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടതാണ്.

5) ജില്ലാ പഞ്ചായത്തിന്റെഫണ്ടുപയോഗിച്ച് പൊതു വിപണന എംപോറിയം/കോംപ്ലക്സ് സ്ഥാപിക്കുന്നത് ചെറുകിട സംരംഭങ്ങൾക്ക് കരുത്താവുന്നതാണ്.
6) വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഖാദി, കൈത്തറി ഹാന്റിക്രാഫ്റ്റ്, സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കേണ്ടതാണ്.
7) ജില്ലയിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം സ്ഥാപിക്കേണ്ടിയിരിക്കുന്നു.
8) ഗ്രാമപഞ്ചാത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വ്യവസായ വകുപ്പ് എന്നിവ ചേർന്ന് നിർവ്വഹിച്ച് നടപ്പാക്കേണ്ട സംയോജിത പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ഉദാഹരണം: ഭക്ഷ്യ വ്യവസായ പാർക്കുകൾ.
9) സംരംഭങ്ങൾ നടത്തികൊണ്ട് പോകുന്നവർക്ക് വിപണനം, ഫണ്ടിംഗ്, പുതിയ സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ റിഫ്രഷർ ടെയിനിംഗ് നൽകുന്നത് സംരംഭങ്ങളുടെ ആയുസ്സ് ദീർഘിപ്പിക്കുന്നതിന് അനിവാര്യമാണ്.
10) വിദ്യാർത്ഥികൾക്ക് സംരംഭകത്വ ശീലം വളർത്തുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേണൽഷിപ്പ് സൗകര്യം ഏർപ്പെടുത്താവുന്നതും ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഹാജർ കൂടാതെ ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സമൂഹത്തിൽ സംരംഭകത്വ ശീലം വളർത്താൻ സഹായിക്കുന്നതാണ്.
11) 2 ലക്ഷം കശുമാവിൻ തൈകൾ ഓരോ വർഷവും ജില്ലയിൽ വിതരണം ചെയ്യുന്ന നിലയ്ക്ക്,5 വർഷങ്ങൾക്ക് ശേഷം 10 ലക്ഷം കശുമാവുകളിൽ നിന്ന് വിളവ് ലഭിക്കുന്നതാണ്. കശുമാവിന്റെപഴത്തിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
12) ചവറ കെ.എം.എം.എൽ-ൽ നിന്നും ഉത്പാദനത്തിന് ശേഷം ഉപയോഗ ശൂന്യമായി ലഭിക്കുന്ന മണ്ണിൽ നിന്നും നിർമ്മിക്കാവുന്ന ഉത്പന്നങ്ങൾ കണ്ടെത്തി യോജിച്ച ഉത്പാദനശാല സ്ഥാപിക്കാവുന്നതാണ്.
13) കൂടാതെ ചവറ ചിറ്റൂർ പ്രദേശത്ത് സ്ഥലം എറ്റെടുത്ത് വ്യവസായ പ്ലോട്ടുകൾ വികസിപ്പിക്കാവുന്നതാണ്.
14) ചകിരി നാരിൽ നിന്നും അലങ്കാര/കൈത്തൊഴിൽ ഉല്പന്നങ്ങൾ ചെയ്യുന്ന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിനായി പച്ച തൊണ്ടിൽ നിന്നും നാര് വേർതിരിക്കുന്ന ഡീഫൈബറിംഗ് മിൽ സ്ഥാപിക്കാവുന്നതാണ്.
15) ഭൂജല സംരക്ഷണത്തിനായി എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) പഴവർഗ്ഗങ്ങൾ നിർജലീകരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം നടത്തുക
2) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് റബറിൽ നിന്നും റബർ തടിയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ
3) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് തെങ്ങിൽ നിന്നുള്ള വിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ
4) പട്ടിക ജാതി വർഗ്ഗ സഹകരണ സംഘങ്ങളുടെ പുന:രുദ്ധാരണം ഉപാധികളില്ലാതെ ഏറ്റെടുക്കാൻ പുതിയ പദ്ധതി.
5) സർവ്വീസ് സഹകരണ ബാങ്കുകളുടെ മൂലധന നിക്ഷേപം സ്വീകരിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാനുള്ള സംവിധാനം
6) സഹകരണ സംഘങ്ങളുടെ സഹായത്തോടെ ചെറുകിട സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സംവിധാനം

7) കയർ മേഖലയുടെ പ്രോത്സാഹനത്തിനായി തൊണ്ട് സംഭരണത്തിനുള്ള ആധുനിക സംവിധാനം
8) കയർ പിത്ത് അടിസ്ഥിത വ്യവസായ യൂണിറ്റ്.
9) കൈത്തറി ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി മൂല്യം ലഭിക്കുന്നതിന് ഡിസൈനിംഗ് ഡൈയിംഗ് എന്നീ സൗകര്യങ്ങളോട് കൂടിയ കോമൺ ഫെസിലിറ്റി സെന്റർ ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.
10) ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമാണത്തിനുള്ള ബൃഹത് പദ്ധതി.
11) എഞ്ചിനീയറിംഗ് വിദ്യാർഥികളുടെ സഹകരണത്തോടെ കുറഞ്ഞ ചെലവിൽ പാർപ്പിട നിർമാണത്തിനായി ഒരു സ്ഥിരം സംവിധാനം. ഇതിനാവശ്യമായ നിർമാണ ഘടകങ്ങൾ നിർമിക്കുന്ന ചെറുകിട സംരംഭങ്ങൾ ജില്ലയിൽ പൊതുമേഖലാ സ്ഥാപനം സ്ഥാപിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) ചകിരിയിൽ നിന്നുള്ള കരകൗശല ഉല്പന്നങ്ങൾക്കായുള്ള സംരംഭം.
2) കരകൗശല ഉത്പന്നങ്ങൾ ചെയ്യുന്ന യൂണിറ്റുകൾ.
3) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യുണിറ്റുകൾ
4) തഴപ്പായ, തഴയിൽ നിന്നുള്ള കരകൗശല ഉത്പന്നങ്ങൾ എന്നിവയ്ക്കുള്ള ഉത്പാദന വിപണന സഹായം

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) മത്സ്യബന്ധന വലകൾ നിർമാണ യൂണിറ്റുകൾ
2) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കയർ, മത്സ്യബന്ധനം, വന വിഭവങ്ങൾ, കൈത്തറി തുടങ്ങിയ മേഖലകൾക്ക് സാധ്യതയേറെയാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾ.
3) കൊല്ലം ജില്ലയുടെ പാരമ്പര്യ വ്യവസായമായ കയർ മേഖലയിൽ ധാരാളം സാധ്യതകൾ ഉണ്ട്. ഉദാ: കയർ ഭൂവസ്ത്രം - കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലുമുള്ള മണ്ണ് സംരംക്ഷണനിർമ്മാണ പ്രവർത്തനങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടത്തണം എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി 120 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾക്കായി പഞ്ചായത്തുകൾ എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കയർ ഭൂവസ്ത്ര നിർമ്മാണ യൂണിറ്റുകൾ നിലവിലില്ല. ഇത്തരം യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിനായി ശ്രമം നടത്തേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് വഴി നടപ്പാക്കാവുന്ന പദ്ധതികൾ

1) കൊല്ലം ജില്ലയിലെ പത്തനാപുരം കേന്ദ്രമായി റബ്ബർ ലഭ്യതയുള്ളതിനാൽ ടി അസംസ്കൃത വസ്തുക്കളുപയോഗിച്ച് റബ്ബർ ആട്ടോമൊബൈൽ പാർട്ട്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്. ഇതിനുള്ള ഒരു റബ്ബർ മിക്സിംഗ് മിൽ, ടെസ്റ്റിംഗ് സെന്റർ, ലാബ് എന്നിവ അടങ്ങുന്ന കോമൺ ഫെസിലിറ്റി സെന്റർ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കാവുന്നതാണ്. സി.എഫ്.സി കേന്ദ്രീകരിച്ച് മറ്റ് ചെറുകിട യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.റബ്ബർ ബോർഡിൽ നിന്നും ഇതിനുള്ള സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാകുന്നതാണ്.
2) ഓയിൽ പാം ഇന്ത്യയുടെ പ്രൊസസ്സിംഗ് പ്ലാന്റിന്റെഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം എണ്ണക്കുരുവിന്റെപരിപ്പിൽ നിന്നും എണ്ണ ഉത്പാദിപ്പിക്കുന്ന പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കാവുന്നതാണ്.
3) ജില്ലയിൽ സാധ്യതയുള്ള മറ്റൊരു വ്യവസായമാണ് ജനറൽ എഞ്ചിനീയറിംഗ്. നിലവിൽ സാങ്കേതിക ജ്ഞാനം അധിഷ്ഠിതമായ എഞ്ചിനീയറിംഗ് നിർമ്മാണ യൂണിറ്റുകൾ വളരെ

കുറവാണ്. ഗേറ്റ്, ഗ്രിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ നിർമ്മാണം മാത്രം നടത്തുന്ന യൂണിറ്റുകളാണ് അധികവും. ഇവയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ ഐ.എസ്.ആർ.ഒ, റെയിൽവേ, തുടങ്ങിയ വൻകിട സ്ഥാപനങ്ങൾക്കായി ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുകയാണെങ്കിൽ വിപനണത്തിനായി ബുദ്ധിമുട്ടേണ്ടതില്ല.

4) എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇൻക്യുബേഷൻ സെന്റർ

5) നിലവിൽ എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്ക്, പഠന സമയത്തുതന്നെ ഇത്തരം അവബോധവും പ്രായോഗിക പരിശീലനവും നൽകുകയാണെങ്കിൽ പഠനം കഴിഞ്ഞാൽ മറ്റ് ജോലി തേടി വിദേശ രാജ്യങ്ങളിൽ പോകാതെ, സ്വന്തം നാട്ടിൽ തൊഴിൽ കണ്ടെത്താനും കൂടാതെ മറ്റുള്ളവർക്ക് തൊഴിൽ നൽകാനും സാധിക്കും. വിദ്യാർത്ഥികളെ ഇതിനായി സജ്ജരാക്കുന്നതിലേക്ക് ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ട് വിനിയോഗിച്ച് സ്കിൽ അപ്ഗ്രഡേഷൻ സെന്ററുകൾ/ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്. ടി സെന്ററുകളുടെ നടത്തിപ്പ് ജില്ലയിലെ വിജയിച്ച എഞ്ചിനീയറിംഗ് സംരംഭകരുടെ കൂട്ടായ്മയുണ്ടാക്കി ടി സംഘത്തെ ഏൽപ്പിക്കാവുന്നതാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ASAP (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പ്രസ്ഥാനത്തിനും ഇതിൽ ഗണ്യമായ പങ്കു വഹിക്കാവുന്നതാണ്. ജില്ലയിലെ പ്രധാനപ്പെട്ട രണ്ടോ മൂന്നോ എഞ്ചിനീയറിംഗ് കോളേജുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെപ്രതിനിധി, വ്യവസായികളുടെ പ്രതിനിധി എന്നിവരുൾപ്പെട്ട സമിതിയ്ക്ക് മേൽനോട്ട ചുമതല നൽകാവുന്നതാണ്.

6) ജില്ലയിലും സംസ്ഥാനമൊട്ടാകെയും സാദ്ധ്യതയുള്ള മറ്റൊരു വ്യവസായമാണ് **ഫുഡ് പ്രോസസ്സിംഗ്**. സമാന സ്വഭാവത്തിലുള്ള യൂണിറ്റുകൾക്ക് കേന്ദ്രീകൃതമായി ബന്ധപ്പെട്ട **സി.എഫ്.എസ്.സി**. സ്ഥാപിച്ചുനൽകുകയും ചെയ്താൽ ടി മേഖലയെ വളർത്താനും അതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. കേരളത്തിന്റെതനതായ ഭക്ഷ്യ ഉത്പന്നങ്ങൾക്ക് ഗൾഫിലും യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലും വൻപിച്ച ഡിമാന്റ് നിലവിലുണ്ട്. എന്നാൽ ഇവിടെയുള്ള ഉത്പാദക യൂണിറ്റുകൾക്ക് ലഭിക്കുന്ന ഓർഡർ ഏറ്റെടുക്കാനുള്ള കപ്പാസിറ്റി ഇല്ലാത്തതിനാൽ ഈ സാദ്ധ്യത മുതലാക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് ക്ലസ്റ്റർ അടിസ്ഥാനത്തിനുള്ള ഉത്പാദക കൂട്ടായ്മയുടെ പ്രസക്തി വർദ്ധിക്കുന്നത്. ആയതിനാൽ ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, വൈദ്യുതി, വെള്ളം എന്നിവ ഒരുക്കി മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി ഒരു ഏക്കർ സ്ഥലം വാങ്ങി യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

7) ജില്ലയിൽ സാദ്ധ്യതയുള്ള മറ്റൊരു വ്യവസായമാണ് പ്രിൻറിംഗ്. ജില്ലയ്ക്കാവശ്യമായ 80% പ്രിൻറിംഗ് ജോലികളും നിലവിൽ എറണാകുളം, ശിവകാശി എന്നിവടങ്ങളിലാണ് നടക്കുന്നത്. നിലവിൽ മുന്നൂറോളം ചെറുകിട പ്രിൻറിംഗ് യൂണിറ്റുകൾ ജില്ലയിലുണ്ട്. ഇവയുടെ മെഷീൻ കപ്പാസിറ്റി വളരെ കുറവാണ്. ജോബ് ഓർഡറുകൾ സ്വീകരിച്ച്, ഡിസൈനിംഗ് നടത്തി എറണാകുളത്ത് അയച്ച് പ്രിൻറിംഗ് നടത്തി തിരികെയത്തിക്കുന്ന രീതിയാണ് നടന്നുവരുന്നത്. ചെറുകിട യൂണിറ്റുകൾക്ക് ഒരേ സ്ഥലത്ത് പ്രവർത്തനം നടത്താനുള്ള സൗകര്യവും കോമൺ ഫെസിലിറ്റി സെന്ററിനും ഉണ്ടെങ്കിൽ ടി യൂണിറ്റുകൾക്ക് വലിയ പ്രവർത്തികൾ എറ്റെടുത്ത് ചെയ്യാൻ സാധിക്കും. ഇത്തരം മിനി പ്രിൻറിംഗ് ക്ലസ്റ്റർ സ്ഥാപിക്കാവുന്നതാണ്.

8) മാലിന്യ നിർമ്മാർജനം കാര്യക്ഷമമാക്കുന്നതിന് ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും യഥാസമയം അവ ശേഖരിച്ച് നൂതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന

സംസ്കരണ പ്ലാന്റിൽ സംസ്കരിച്ച് ജൈവവളമാക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിക്കാവുന്നതാണ്.

9) പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഫല പ്രദമായി നിയന്ത്രിക്കുന്നതിന് തുണിസഞ്ചികൾ കുറഞ്ഞ നിരക്കിൽ വിപണിയിൽ ലഭ്യമാക്കേണ്ടതാണ്. ഇതിനായി എല്ലാ ഗ്രാമ പഞ്ചായത്ത് വാർഡുകളിലും തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. വിപണിയിൽ മുൻ നിശ്ചയിച്ച കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നതിന് തുണി സഞ്ചി ഒന്നിന് നിശ്ചിത നിരക്കിൽ ധനസഹായം ഉത്പാദന യൂണിറ്റുകൾക്ക് നൽകാവുന്നതാണ്.

നവീന ആശയങ്ങൾ - വലിയ ചിന്തകൾ

i. സാമൂഹ്യ പ്രസക്തിയുള്ള നവീന ആശയങ്ങൾ വികസിപ്പിച്ച് സേവന/ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്.

ii. കാർഷിക ഉല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്ന അഗ്രി ബിസിനസ് ഇൻകുബേറ്ററുകൾ താലൂക്ക് തലത്തിൽ സ്ഥാപിക്കുക.

iii. ജില്ലയിൽ ഒരു സ്കിൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുക.

iv. കുടുംബശ്രീ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണിയിലെത്തിക്കുന്നതിന് സഹായം.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ

1 കൊല്ലം ജില്ലയിലെ കാർഷിക വിളകളിൽ അധിക ഉൽപ്പാദനം ലഭ്യമാകുന്ന കിഴങ്ങ് വർഗ്ഗങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്ന യൂണിറ്റുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള സംയോജിത പ്രോജക്ട്.

- 18,000 ഹെക്ടർ കൃഷി- 4 ലക്ഷം ടൺ ഉത്പാദനം
- ബ്ലോക്കുകൾ- അഞ്ചൽ, ചടയമംഗലം, ശാസ്താംകോട്ട, പത്തനാപുരം

2 മരച്ചീനി, ചേന, കാച്ചിൽ, വാഴപ്പഴം, ഏത്തപ്പഴം എന്നിവയുടെ വാല്യൂ അഡിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ മെഷീനറി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് വേണ്ടുന്ന തുകയുടെ 50% വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കണം.

3 ഇത്തരത്തിൽ സ്ഥാപിക്കപ്പെടുന്ന യൂണിറ്റുകളുടെ ഉത്പന്നങ്ങളെ "കേരള എത്ത്നിക്ക് ഫുഡ്"എന്ന ബ്രാന്റിൽ കോമൺ മാർക്കറ്റിംഗ് നടത്താവുന്നതാണ്. ടി ഉത്പന്നങ്ങൾക്ക് സഹകരണ പ്രസ്ഥാനങ്ങൾ വഴി വിപണന സഹായവും നൽകാം.

4 വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തയ്യൽമെഷീൻ സ്വയംതൊഴിൽ സംരംഭങ്ങൾക്കൊഴികെ സബ്സിഡി നൽകാൻ പാടില്ലെന്ന വ്യവസ്ഥ ഗൈഡ് ലൈനിൽ മാറ്റം വരുത്തണം

5. **കയർ അധിഷ്ഠിത വ്യവസായങ്ങൾ**

- നിലവിൽ ജില്ലയിലെ കയറുത്പാദക യൂണിറ്റുകൾ നേരിടുന്ന പ്രശ്നം ചകിരിയുടെ ലഭ്യതക്കുറവാണ്. ഇതിനു പരിഹാരം കാണുന്നതിനായി ഇന്റഗ്രേറ്റഡ് ഫൈബർ എക്സ്ട്രാക്ഷൻ മെഷീൻ കയർ വകുപ്പ് വികസിപ്പിച്ച് ഗ്രാന്റായി നൽകുന്നതിനുള്ള പദ്ധതിയുണ്ട്. ഇതോടൊപ്പം 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടും നൽകും. എന്നാൽ മെഷീൻ സ്ഥാപിക്കുന്നതിന് സംഘങ്ങൾ പൊതുവെ വിമുഖത കാണിക്കുന്നു.
- ചകിരിയുടെ ഉത്പാദനം തുടങ്ങുന്നതിനായി 15 വർഷം ലീഡിൽ സ്ഥലം നൽകുന്ന കുടുംബശ്രീകൾക്ക് കെട്ടിടം, വൈദ്യുതി എന്നിവ സൗജന്യമായി പദ്ധതിയിലൂടെ നൽകും.
- പൻമന പഞ്ചായത്തിൽ ചാമ്പക്കടവ് സൊസൈറ്റി ഇത്തരത്തിൽ ഒരെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

- ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ - 1.5 ലക്ഷം രൂപ കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന സൊസൈറ്റിയിൽ ഇത്തരത്തിൽ 5 എണ്ണം പ്രവർത്തിപ്പിക്കുന്നു. ഈ സംഘം പ്രവർത്തന ലാഭത്തോടെയാണ് നടക്കുന്നത്. കാരുവേലിൽ യൂണിറ്റിൽ ചകിരി ലഭ്യമാണ്.
- തെൻമല, ആര്യങ്കാവ് പഞ്ചായത്തുകളിൽ കുരുമുളക്, നെല്ലിക്ക എന്നിവയ്ക്ക് വിലകിട്ടുന്നില്ല എന്ന പ്രശ്നത്തിന് പരിഹാരമായി പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്ന് ഈ ഉത്പന്നങ്ങൾ ഉണക്കി വിപണിയിലെത്തിക്കുന്നതിനുള്ള Drier Unit CFSC യായി സ്ഥാപിച്ച് നൽകാവുന്നതാണ്.

6. **കശുവണ്ടി വ്യവസായം**

കശുമാവ് കൃഷി വ്യപകമാക്കണം. കശുവണ്ടി തൊഴിലാളികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ പരിമിതമാണ്. സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ പ്രത്യേക സൗകര്യങ്ങൾ (ടോയ് ലറ്റ്, കുടിവെള്ളം, ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം) വർദ്ധിപ്പിക്കണം.

7. നഗര ഗ്രാമ പ്രദേശങ്ങളിലെ വിഭവ ലഭ്യത ഉറപ്പാക്കിക്കൊണ്ട് ആ പ്രദേശത്തെ സാംസ്കാരിക-സാമ്പത്തിക-സാങ്കേതിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള സ്കിൽ ഡവലപ്പ്മെന്റ് പദ്ധതികൾ പ്രാദേശികമായി ആസൂത്രണം ചെയ്യേണ്ടതാണ്.

8. അസംസ്കൃത വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാകുമെങ്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ ജില്ലയാണ് കൊല്ലം ജില്ല. എന്നാൽ വ്യവസായം ആരംഭിക്കുന്നതിനുള്ള ഏകജാലക നടപടികൾ ത്വരിതപ്പെടുത്തേണ്ടത് കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ വളരുന്നതിന് ആവശ്യമാണ്. വ്യവസായ വികസനത്തിന് കാലാകാലങ്ങളിൽ മാറുന്ന നിയമങ്ങളിൽ വരുന്ന അനിശ്ചിതത്വം പരിഹരിക്കേണ്ടതുണ്ട്

9. പ്രാദേശിക സഭകൾ കാര്യക്ഷമമായി വിളിച്ചുകൂട്ടി ജനങ്ങളുടെ ആവശ്യകത ആസൂത്രണത്തിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ഉണ്ടാകണം

10. കെ.എം.എം.എൽ കരിമണൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള ഖനന പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

11. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും വിവിധ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും സംരംഭകരെ / വ്യവസായികളെ പ്രാപ്തരാക്കുന്നതിന് എല്ലാ സൗകര്യങ്ങളുമുള്ള സെന്ററുകൾ സ്ഥാപിക്കേണ്ടതുമാണ്.

12. കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങൾ പോലെ തന്നെ മറ്റ് ചെറുകിട വ്യവസായങ്ങളും ജില്ലയിൽ ആരംഭിക്കുന്നതിന് സംരംഭകരും സാങ്കേതിക വിദഗ്ധരും തയ്യാറാണ്. എന്നാൽ വ്യവസായത്തിനാവശ്യമായ പാർക്കുകൾക്ക് സ്ഥലസൗകര്യം ലഭ്യമാക്കേണ്ടത് ആവശ്യമാണ്.

13. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിവിധ മേഖലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ വികസന പദ്ധതികൾ ഓരോ പഞ്ചായത്തിലും ഉൾപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിരമിച്ച കായികതാരങ്ങൾ/ഫിസിക്കൽ എഡ്യൂക്കേഷൻ വിദഗ്ധർ എന്നിവരെ യോജിപ്പിച്ച് കളിക്കളം പദ്ധതി രൂപീകരിക്കാവുന്നതാണ്.

7.6 സഹകരണം

നിലവിലുള്ള അവസ്ഥ

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളിൽ നിക്ഷേപരംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉള്ള ജില്ലയാണ് കൊല്ലം. എന്നാൽ നിക്ഷേപ വായ്പാ അനുപാതം പല സ്ഥാപനങ്ങളിലും മെച്ചപ്പെട്ട തരത്തിലല്ല. ഏതെങ്കിലും ഒരു ശാഖ വഴി സ്വരൂപിക്കപ്പെടുന്ന നിക്ഷേപം മറ്റ് പ്രദേശത്തുള്ള ശാഖകൾ വഴി മാത്രം വായ്പയായി നൽകുക എന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. മറ്റിതര

മേഖലകളുമായുള്ള സംയോജനം വഴിയുള്ള പദ്ധതികൾക്ക് അനുയോജ്യമായ വായ്പാ പദ്ധതികൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രത്സാഹനവും നൽകുക വഴി വായ്പതോത് വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിൽ പങ്കാളിയാക്കാൻ കഴിയുന്നു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ആരോഗ്യം, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടേയും മേഖലകളുടേയും പദ്ധതികളുമായി കൂട്ടിയണക്കികൊണ്ട് ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പിന്നോക്ക ദുർബല വിഭാഗങ്ങളുടെ പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും സമ്പദ്ഘടന ശക്തിപ്പെടുത്തി സാമാന്യ ജനത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

കൊല്ലം ജില്ലയിൽ ആകെ 1272 സഹകരണ സംഘങ്ങൾ ഉള്ളതിൽ 905 എണ്ണം നല്ലരീതിയിൽ പ്രവർത്തനം ഉള്ളതും 304 എണ്ണം പ്രവർത്തന രഹിതവും 62 എണ്ണം ലിക്വിഡേഷനിലുമാണ്. ജില്ലയിൽ ഒരു ജില്ലാ സഹകരണ ബാങ്കും 6 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും പ്രവർത്തിച്ചുവരുന്നു. ആകെ ഉള്ള 131 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ 18 എണ്ണം ക്ലാസ് 1 സൂപ്പർഗ്രേഡിലുള്ളതാണ്. സഹകരണ ബാങ്കുകളിൽ ലഭ്യമായ ഫണ്ട് (മിച്ച ഫണ്ട് അടക്കം)ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക പ്രാദേശിക വികസനത്തിന് സാദ്ധ്യമാകുന്ന പദ്ധതികൾ തയ്യാറാക്കുക വഴി മേഖലയുടെ സമഗ്രവികസനം സാദ്ധ്യമാക്കാൻ കഴിയും.

വികസന പരിപ്രേക്ഷ്യം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി സഹകരണ പ്രസ്ഥാനങ്ങളെ ഉപയോഗപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി കൂട്ടിയിണക്കി ദാരിദ്ര്യ ലഘൂകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉതകും വിധം വിവിധ പദ്ധതികളുടെ സംയോജന സാദ്ധ്യത കാണേണ്ടതുണ്ട്. വികേന്ദ്രീതാസൂത്രണ പദ്ധതിയിൽ ലഭ്യമായ തുക ഉപയോഗിച്ച് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ജീവിതനിലവാരം, തൊഴിലവസരം, ആരോഗ്യം എന്നിവ ഉയർത്തുന്നതിനും അവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

വികസന കാഴ്ചപ്പാടിലൂന്നിയ പദ്ധതിനിർദ്ദേശങ്ങൾ

1) സംഘത്തിൽ പ്രൊഫഷണിലിസം സ്വീകരിക്കൽ

ആഗോളവത്ക്കരണം, ഉദാരവത്ക്കരണം എന്നിവ നടപ്പാക്കുന്ന ഈ യുഗത്തിൽ ആധുനിക മാനേജ്മെന്റ് സംവിധാനങ്ങളും പ്രൊഫഷണൽ സമീപനങ്ങളും സ്വീകരിക്കുന്ന വഴി സംഘം പ്രവർത്തനം കാര്യക്ഷമമാക്കാനും സംഘം സേവനങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതരത്തിൽ നൽകുന്നതിനും അവസരം നൽകുന്നു.

2) സുതാര്യത ഉറപ്പ് വരുത്തൽ

സംഘം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കാകെ സുതാര്യത ഉറപ്പുവരുത്തുകയും സംഘത്തിന്റെപ്രവർത്തനങ്ങൾ അംഗങ്ങൾക്കും സാമാന്യ ജനങ്ങൾക്കും നേരിട്ട് ബോദ്ധ്യപ്പെടുന്ന സാഹചര്യമുണ്ടായാൽ ആയത് സംഘം വളർച്ച സാദ്ധ്യമാകും.

3) മാനവശേഷിയുടെ വികസനം

സംഘംജീവനക്കാർക്കുംഭരണസമിതി അംഗങ്ങൾക്കും സംഘം ഏറ്റെടുത്ത് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ അക്കൗണ്ടിംഗ്, മാനേജ്മെന്റ്, വിഭവ വിനിയോഗം എന്നിവയിൽ പരിശീലനം നൽകുക വഴി കാര്യശേഷി വർദ്ധിപ്പിക്കാൻ കഴിയും.

4) അംഗങ്ങളുമായും മറ്റ് സഹകാരികളുമായുള്ള പ്രവർത്തനം സജീവമാക്കൽ - പുതിയ നിക്ഷേപ പദ്ധതികൾ വായ്പാ പദ്ധതികൾ അംഗങ്ങൾക്ക് ഗുണകരമാകുന്ന മറ്റ് ഇതര പ്രവർത്തനങ്ങൾ

കൊണ്ടുവരുന്നത് വഴി അംഗങ്ങൾക്കും സഹകാരികൾക്കും കൂടുതൽ സേവനം ഉറപ്പുവരുത്താൻ കഴിയും.

5) അധികാര വികേന്ദ്രീകരണവും ചുമതലനിർണ്ണയവും
ഓരോ സഹകരണ സ്ഥാപനത്തിലും ഭരണസമിതി അംഗങ്ങൾ മുതൽ മുഴുവൻ ജീവനക്കാർക്കും അധികാര വികേന്ദ്രീകരണം വഴി സംഘം പ്രവർത്തനത്തിന്റെഓരോ ഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നിർണ്ണയിച്ച് നൽകുകയും ചുതലപ്പെടുത്തുകയും വഴി സംഘം പ്രവർത്തനം കൂടുതൽ സജീവമാക്കാൻ കഴിയും.

6) കാര്യശേഷിയുള്ള ഭരണനേതൃത്വം
സംഘം ഭരണസമിതിയിലും ഒപ്പം ഔദ്യോഗിക നേതൃനിരയിലും കാര്യശേഷിയും അറിവും ഉള്ളവർ കടന്നുവരിക വഴി സംഘത്തിന്റെപ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

7) ലാഭം കൈവരിക്കുന്നതിനുള്ള ആസൂത്രണം
സംഘത്തിന് ആവശ്യമായ വിഭവം പരമാവധി സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുകയും അത് ചെലവ് കുറഞ്ഞതും എന്നാൽ പ്രായോഗികമായ ഉപായങ്ങൾ നയങ്ങൾ സ്വീകരിച്ച് ലാഭം കൈവരിക്കുന്നതിനായുള്ള ആസൂത്രണം നടത്തുക വഴി സംഘം പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

8) ടെക്നോളജി പരിഷ്കരണവും ടീം വർക്കുംആധുനിക കമ്പ്യൂട്ടർ സംവിധാനങ്ങൾ ഉപയോഗിച്ച് സുതാര്യവും കാര്യക്ഷമവുമായ ആഫീസ് സംവിധാനം സംഘം പ്രവർത്തനത്തിന് കൂടുതൽ സജീവത സൃഷ്ടിക്കുന്നതാണ്. അതോടൊപ്പം ജീവനക്കാരുടേയും ഭരണസമിതിയുടേയും കൂട്ടായ പ്രവർത്തനം സംഘത്തിന്റെസേവനങ്ങൾ അംഗങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജന കരമാകുന്നതിന് അവസരം സൃഷ്ടിക്കുന്നു.

ഭാവിയിൽ ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ

1) തദ്ദേശ ഭരണ തലത്തിലെ വികസനം

a) സുസ്ഥിര വികസന ലക്ഷ്യം നേടാൻ - കേരളത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും സാദ്ധ്യമാക്കുവാൻ കഴിയും വിധം സഹകരണ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന ഒരു പ്രവർത്തന പദ്ധതിയും കലണ്ടറും 2017-18 മുതൽ 2012-22 വരെയുള്ള കാലയളവിലേയ്ക്ക് തയ്യാറാക്കേണ്ടതുണ്ട്.

b) സഹകരണ സ്ഥാപനങ്ങളും പ്രാദേശിക സംരംഭകത്വ വികസനവും -തദ്ദേശഭരണ സ്ഥാപനത്തിലെ ഓരോതരം സഹകരണ സംഘങ്ങളും അവയുടെ തനത് പ്രവർത്തനങ്ങൾക്ക് പുറമെ അതിലെ അംഗങ്ങളേയും അഭ്യുദയകാംക്ഷികളേയും ചേർത്ത് സംരംഭത്വ വികസന ഗ്രൂപ്പുകൾ തയ്യാറാക്കി പ്രവർത്തിച്ചും അതിന്റെ ശൃംഖല രൂപീകരിച്ച് സുശക്തമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിന് ത്രിതല തദ്ദേശഭരണ സ്ഥാപനം സഹായിക്കണം.

c) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണ ക്രെഡിറ്റ് പ്ലാൻ -സംഘങ്ങളുടെ വായ്പാ വിതരണം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങളും തദ്ദേശഭരണ സ്ഥാപനവും ചേർന്ന് ഒരു തദ്ദേശഭരണ സ്ഥാപനതല സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.

I) ഇതിനനുസരണമായി സഹകരണ സംഘങ്ങൾ വായ്പാ പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന പ്രോജക്ടുകളുംതയ്യാറാക്കേണ്ടതുണ്ട്.

II) സംഘങ്ങളുടെ കാർഷിക വായ്പ ഉൾപ്പെടെ മുൻഗണനാ മേഖലകളിൽ പരമാവധി ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വായ്പ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

d) പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളും വൈവിദ്ധ്യവൽക്കരണവും — പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി. ഖാദി ആന്റ് ഗ്രാമ വ്യവസായം, ഈറ്റ, തഴപ്പായ തുടങ്ങിയ അസംസ്കൃത വസ്തുക്കളിൽ നിന്നും ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്ന സഹകരണ സംഘങ്ങൾ ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലൂടെ ശക്തിപ്പെടുത്തി ഗ്രാമീണ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.

e) തദ്ദേശഭരണ സ്ഥാപന ബാങ്കും അനുബന്ധ സേവനങ്ങളും സ്ഥാപനങ്ങളും - പഞ്ചായത്തിലെ പ്രാഥമിക കാർഷ വായ്പ സംഘത്തെ ശക്തിപ്പെടുത്തി പഞ്ചായത്തിനുള്ളിൽ ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കാൻ കഴിയുന്ന വണ്ണം അനുബന്ധ സേവനങ്ങൾക്കുള്ള സംവിധാനം ഘട്ടം ഘട്ടമായി സജ്ജമാക്കാനും അനുബന്ധ സ്ഥാപനങ്ങൾ സമയബന്ധിതമായി സ്ഥാപിക്കാനും അതുവഴി സ്വയം പര്യാപ്ത സഹകരണ ഗ്രാമം എന്ന സങ്കൽപം സാധ്യമാക്കാൻ കഴിയും.

f) തദ്ദേശഭരണ സ്ഥാപനതലത്തിലെ സഹകരണ മോണിറ്ററിംഗ് സമിതി - തദ്ദേശഭരണ സ്ഥാപനതലത്തിലെ സഹകരണ സംഘങ്ങളുടെ കൂട്ടായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാതരം സഹകരണ സംഘങ്ങളിലേയും സെക്രട്ടറിയും പ്രസിഡന്റും അടങ്ങുന്ന ഒരു സമിതി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കണം, പ്രവർത്തനം അവലോകനം ചെയ്ത് നേതൃത്വ പരമായ പങ്ക് വഹിക്കാൻ കഴിയും.

g) തദ്ദേശഭരണ സ്ഥാപനതലത്തിലെ എല്ലാ കുടുംബങ്ങളും സഹകരണ സംഘത്തിലെ അംഗങ്ങൾ - തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ എല്ലാ കുടുംബങ്ങളേയും ബന്ധപ്പെടാവുന്ന വിവിധ തരം സംഘങ്ങളിൽ അംഗങ്ങളാക്കി മാറ്റുന്നതിനും പ്രാദേശിക വികസനത്തിനും സ്വയം ശാക്തീകരണത്തിനും അംഗങ്ങളെ പ്രാപ്തരാക്കുന്നതിനും സഹായിക്കാൻ കഴിയും.

h) പ്രാദേശിക സാമ്പത്തിക വികസനവും വിഭവ സമാഹരണവും- പ്രാദേശിക സാമ്പത്തിക വികസനത്തിന് ആവശ്യമായ മുതൽ മുടക്കുന്നതിനും സംഘങ്ങളുടെ കൺസോഷ്യം രൂപീകരിച്ച് സാമ്പത്തികം വിനിയോഗിക്കുന്നതിനും അതിനാവശ്യമായ വിഭവ സമാഹരണത്തിന് സഹകരണ സംഘങ്ങളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ തയ്യാറാക്കേണ്ടതുണ്ട്.

i) പരസ്പര പോഷക ബന്ധം - തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഭവ സമാഹരണത്തിൽ സഹകരണ സംഘങ്ങൾക്ക് പങ്കാളിയാകാൻ കഴിയും. ഇത്തരത്തിൽ പരസ്പരം പോഷിപ്പിക്കുന്ന സ്ഥാപനങ്ങളായി മാറ്റാൻ കഴിയേണ്ടതുണ്ട്.

j) തദ്ദേശഭരണ സ്ഥാപന ബാങ്ക് - തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്കായി സഹകരണ ബാങ്കുകളെ നിയമനിർമ്മാണത്തിലൂടെ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

k) തദ്ദേശ ഭരണസ്ഥാപനത്തിലെ ചില പ്രോജക്ടുകളുടേയെങ്കിലും നിർവ്വഹണ ഏജൻസിയായി സഹകരണ സംഘങ്ങളെ നിയമ നിർമ്മാണത്തിലൂടെ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

l) സഹകരണ വായ്പകളുടെ തിരിച്ചടവ് ഉറപ്പാക്കാൻ കഴിയുന്ന സാമൂഹ്യസമ്മർദ്ദ ഗ്രൂപ്പായി ഗ്രാമസഭയെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവാദപ്പെടുത്തണം. ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

m) വികസന പ്രശ്ന പരിഹാരത്തിന് സഹകരണ സാദ്ധ്യത പരീക്ഷണം -ആവശ്യമായ മേഖലകളിലെല്ലാം പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

ഹ്രസ്വകാല ലക്ഷ്യങ്ങൾ:-

1) തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക തയ്യാറാക്കി അനുബന്ധ സേവനങ്ങളും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനും പാർട്ട്ണർഷിപ്പ് സംരംഭങ്ങൾ ആരംഭിച്ച് വിഭവങ്ങളും സാദ്ധ്യതകളും പ്രയോജനപ്പെടുത്തുക.

2) ഓരോ വർഷവും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു കർമ്മ പദ്ധതി ഓരോ ഘങ്ങളിൽ നിന്നും വാങ്ങി തദ്ദേശഭരണ സ്ഥാപനതല സഹകരണ മോണിറ്ററിംഗ് സമിതിയിൽ അവതരിപ്പിച്ച് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണം.

3) പ്രദേശിക സാമ്പത്തിക വികസനം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഓരോ സഹകരണ സംഘങ്ങളി ലെയും അംഗങ്ങളെ സംരംഭകത്വ വികസന ഗ്രൂപ്പുകളായി രൂപപ്പെടുത്തി സഹകരണ സംഘങ്ങ ളിൽ നിന്നുള്ള വായ്പ തദ്ദേശഭരണ സ്ഥാപന പദ്ധതിയുമായി സംയോജിപ്പിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാവുന്നതാണ്.

4) നിലവിൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ ആവശ്യമെങ്കിൽ അനുയോജ്യമായവയെ കണ്ടെത്തി സഹകരണ സംഘം രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കണം.
5) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടൽ നടപടി സ്വീകരിക്കണം.
6) സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണവും യോജിച്ചുള്ള പ്രവർത്തനങ്ങളും സമൂഹത്തിന്റെ ആവശ്യപ്രകാരം പ്രോത്സാഹിപ്പിക്കണം.
7) ദുർബല വിഭാഗങ്ങളുടേയും പ്രത്യേക മേഖലയിലേയും സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സഹായിക്കണം.
8) സഹകരണ സംഘങ്ങളുടെ പ്രവർത്തനം സാമൂഹ്യ വികസനത്തിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു ലക്ഷ്യങ്ങൾക്കും അനുസൃതമാക്കാൻ പ്രേരിപ്പിക്കേണ്ടതാണ്.
9) തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന സഹകരണ സ്ഥാപനങ്ങളെ പ്രവർത്തന സജ്ജമാക്കാനുള്ള കൂട്ടായ ശ്രമങ്ങൾ നടത്തുകയും ആസ്ഥികൾ അന്യാധീനപ്പെടാതിരിക്കാനും, സാമൂഹ്യ വികസനത്തിന് പ്രയോജനപ്പെടുത്താനുമുള്ള ഇടപെടൽ സജ്ജമാക്കേണ്ടതുണ്ട്.

സംയോജിത പദ്ധതികൾ

മറ്റ് വകുപ്പ് /സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

മേഖല	വകുപ്പ്/തദ്ദേശസ്ഥാപനം	സഹകരണസംഘങ്ങളുടെ ഇടപെടൽ
ദാരിദ്ര്യ ലഘൂകരണം	വായ്പാ സംഘങ്ങൾ, കാർഷിക സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ	1.)സാമ്പത്തിക മൂലധനം നേടുന്നതിന് അംഗങ്ങളെ സഹായിക്കുന്നു. 2)കാർഷിക വളർച്ചയ്ക്ക് ആവശ്യമായ വളവും കാർഷിക ഉപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സഹായിക്കുന്നു. 3).കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വിതരണം.
വനിതാ ക്ഷേമം	വനിതാ സംഘങ്ങൾ/എല്ലാ സഹകരണ സംഘങ്ങളും	1).സംഘത്തിന്റെഭരണസമിതിയിൽ വനിതകളുടെ കാര്യക്ഷമമായ പ്രാതിനിധ്യം ഉറപ്പുവരുത്തൽ. 2).പ്രാദേശിക സാമ്പത്തിക വികസനത്തിൽ സ്ത്രീകൾക്ക് ഇടപെടാനുള്ള അവസരം ഉറപ്പ് വരുത്തൽ
വിദ്യാഭ്യാസം	വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ സ്കൂൾ സഹകരണസംഘങ്ങൾ	1).സ്കൂളിലെസഹകരണസംഘങ്ങൾ വഴി പുസ്തകവും, പഠനോപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ. 2).ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കൽ.

ആരോഗ്യം	ഹോസ്പിറ്റൽ സംഘങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ, ക്ലിനിക്കൽ ലബോറട്ടറി, ഡയാലിസിസ് സെന്റർ	1).ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിച്ച് ആരോഗ്യ പരിപാലനം കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ. 2).ആരോഗ്യസംരക്ഷണത്തിനുള്ള മരുന്നുകളും ഉപകരണങ്ങളും കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ
ഭക്ഷ്യസുരക്ഷ, പോഷകാഹാരം	ഫാമിംഗ് സഹകരണ സംഘങ്ങൾ മത്സ്യസംഘങ്ങൾ, ക്ഷീരസംഘങ്ങൾ ലൈവ് സ്റ്റോക്ക് സംഘങ്ങൾ പോൾട്രി സംഘങ്ങൾ	1).കാർഷിക മത്സ്യ, ക്ഷീര കർഷകർക്ക് വായ്പയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി വിഷരഹിത ഉത്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക. 2).ഗോഡൗണുകളും ശീതീകരിച്ച സംഭരണ സൗകര്യങ്ങളും ലഭ്യമാക്കി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുക.
കുടിവെള്ളവും ശുചിത്വവും	സോഷ്യൽ വെൽഫെയർ സഹകരണസംഘങ്ങൾ, ഇറിഗേഷൻ സഹകരണ സംഘങ്ങൾ	1).കുടിവെള്ളവും ശുചിത്വവും ലഭ്യമാക്കുന്നതിനും പരിപാലനത്തിനും സഹായിക്കുന്നു. 2).ചേരിനിർമ്മാർജ്ജനത്തിനും ഭവന നിർമ്മാണത്തിനും ധനസഹായം ചെയ്യുന്നതിലൂടെ ശുചിത്വ പരിപാലനം.
ഊർജ്ജം	ഗ്രാമീണ വൈദ്യുതീകരണ സംഘങ്ങൾ	1).ഊർജ്ജ സംരക്ഷണം, ഊർജ്ജ ഉപയോഗ ക്ഷമത 2).ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ വിതരണത്തിലും സഹായിക്കൽ
തൊഴിൽ	തൊഴിൽ കരാർ സംഘങ്ങൾ,പ്രിൻറിംഗ് സഹകരണ സംഘങ്ങൾ വ്യവസായ സഹകരണ സംഘങ്ങൾ, കയർ തൊഴിലാളി സഹകരണ സംഘങ്ങൾ, ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ, കശുവണ്ടി സഹകരണ സംഘങ്ങൾ	1).സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും അവയുടെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കുന്നതിനും വിപണനത്തിനും സഹായിക്കൽ. 2).അടിസ്ഥാന സൗകര്യ വികസനത്തിനും ഗ്രാമീണ തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും സഹായിക്കൽ.
സുസ്ഥിര പ്രകൃതി വിഭവ പരിപാലനം	അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം	സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ സുസ്ഥിര വികസനം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

എ) കാർഷിക മേഖല

1. കുറ്റിപമ്പ്, പവർസ്പ്രയർ, കാട് വെട്ട് യന്ത്രം, ടില്ലർ, ട്രാക്ടർ, മെതി യന്ത്രം എന്നിവ നൽകുന്നതിനായുള്ള പദ്ധതി (സഹകരണസംഘ ങ്ങൾക്ക്)
2. പ്രാദേശീക ഉത്പന്നങ്ങൾക്ക് വിപണന സൗകര്യം (പരമാവധി 1 ലക്ഷം രൂപവരെ)
3. മാതൃക കൃഷിത്തോട്ടം/ഔഷധ സസ്യത്തോട്ടം/തരിശുരഹിത ഗ്രാമം(വ്യക്തിപരം 30,000 രൂപ)
4. ഹരിത ഭവനം(വ്യക്തിപരം, പരമാവധി 20,000/- രൂപ)
5. വിത്തുല്പാദന കേന്ദ്രം
6. നെൽകൃഷി, പച്ചക്കറികൃഷി വ്യാപനം(എസ്.എച്ച്.ജി/വ്യക്തി/വനിത സഹകരണ സംഘങ്ങൾ)
7. ഹൈടെക് കൃഷിവ്യാപനം
8. കാർഷികോത്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി ശേഖരിക്കൽ
9. കാർഷിക സംസ്കരണ സംഘങ്ങൾ
10. മൂല്യവർദ്ധിത ഉത്പന്നയൂണിറ്റുകൾ ആരംഭിക്കൽ

ബി) മൃഗസംരക്ഷണം

1) ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സഹകരണ സംഘ ങ്ങൾ മുഖേന
2) ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്നതിനുള്ള യൂണിറ്റുകൾ

സി) ജലസംരക്ഷണം

1) കിണർ റീചാർജ്ജ് - വായ്പയും സബ്സിഡിയും

ഡി) മത്സ്യബന്ധനം

1) ഔട്ട് ബോർഡ് എൻജിൻ വാങ്ങുന്നതിന് വായ്പയോടൊപ്പം സബ്സിഡി.
2) അലങ്കാരമത്സ്യം വളർത്തൽ
3) മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദന ഉപാധികൾ
4) മുരിങ്ങകൃഷി, ഞണ്ടുകൃഷി, കല്ലുമ്മേക്കായ് എന്നിവയ്ക്ക് വായ്പയും സബ്സിഡിയും.

ഇ) പരിസ്ഥിതിസംരക്ഷണം

സാമ്പത്തിക ആവശ്യങ്ങൾക്ക് മരം മുറിക്കാതിരിക്കാൻ വസ്തുവിലെ മരം പണയപ്പെടുത്തി അതിന്റെ മാർക്കറ്റ് വിലയുടെ 75 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതിക്ക് പലിശ സബ്സിഡി.

എഫ്) ആരോഗ്യം

1) കൊല്ലം സഹകരണ ആശുപത്രിയുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതികൾ.
2) മെഡിക്കൽ ക്യാമ്പ്, ബോധവത്കരണം, ആംബുലൻസ് സഹായം,(പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക്)

ജി) ഊർജ്ജം

1) സൗരോർജ്ജ പ്ലാന്റുകളുടെ സ്ഥാപനത്തിന് വായ്പയും സബ്സിഡിയും.
2) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ.

എച്ച്) വ്യവസായം

ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കൽ.

ഐ) തൊഴിൽ

സഹകരണസംഘങ്ങളിലെ അംഗങ്ങൾ യഥാർത്ഥ തൊഴിലാളികളാണെങ്കിൽ അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തി നൽകുന്നതിന് പ്രോത്സാഹനം നൽകുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വിവിധ സഹകരണ ബാങ്കുകളിൽ നിന്നുള്ള മിച്ചധനം ഉപയോഗിച്ചും സഹകരണ ബാങ്കുകൾക്ക് ഓഹരി അനുവദിച്ചുകൊണ്ടും കൺസോർഷ്യമോ അല്ലെങ്കിൽ ജനകീയ സംവിധാനങ്ങൾ

ഉപയോഗപ്പെടുത്തി ജില്ലാ പഞ്ചായത്തിനോ പ്രത്യേകംസംവിധാനമുള്ള ഒരു സ്ഥാപനമോ രൂപീകരിച്ചുകൊണ്ട് താഴെപ്പറയുന്ന മേഖലകളിൽ ഒരു മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണകേന്ദ്രമോ വ്യവസായ ക്ലസ്റ്റർ ശൃംഖലയോ സൃഷ്ടിക്കാൻ കഴിയുന്നതാണ്. നാളികേരം, റബ്ബർ, പ്ലാവ് തുടങ്ങിയവയുടെ ഉപോൽപ്പന്നങ്ങൾ, തടി എന്നിവ ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങൾ ആരംഭിക്കാനുള്ള സാധ്യത കാണുന്നുഅതുപോലെതന്നെ വിവിധ സഹകരണ സംഘങ്ങളുടെ മിച്ചധനമോ സഹകരണ ബാങ്കുകൾക്ക് ഓഹരി നൽകിയോ കാർഷിക ഉൽപ്പന്ന വിതരണ കേന്ദ്രം, മിനി തീയറ്റർ, കൺവെൻഷൻ സെന്റർ, ഹൈപ്പർ മാർക്കറ്റ് അടക്കമുള്ള ഒരു ഷോപ്പിംഗ് കോപ്ലക്സ് ആരംഭിക്കാവുന്നതാണ്.

2. സാമൂഹ്യക്ഷേമപെൻഷൻ വിതരണത്തിൽ സഹകരണബാങ്കുകളെ ചുമതലപ്പെടുത്തിയതു പോലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്കായി സഹകരണബാങ്കുകളെ നിശ്ചയിക്കണം.
3. നിർജ്ജീവമായതും ലിക്വിഡേഷനിലായതുമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ ചുമതലയുള്ളത് ഓരോ താലൂക്കിലേയും യൂണിറ്റ് ഇൻസ്പെക്ടർമാർക്കാണ്. വർദ്ധിച്ച ജോലി ഭാരവും ഇൻസ്പെക്ഷൻ ഡ്യൂട്ടിയും കാരണം മൃതപ്രായമായ സഹകരണ സംഘങ്ങളെ നിലവിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങളോ പ്രോജക്ട് തയ്യാറാക്കി സർക്കാർ ധനസഹായം വിനിയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട സാഹചര്യം ലഭിക്കാതെ പോകുന്നു. ഈ സാഹചര്യത്തിൽ ഓരോ താലൂക്കിലും നിലവിൽ നിൽക്കുന്ന സംവിധാനത്തിൽ നിന്ന് സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനു വേണ്ടി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ധനസഹായം ആവശ്യമായ സഹകരണ സംഘങ്ങളെ സഹായിക്കാൻ ഒരു പ്ലാൻ ഇൻസ്പെക്ടറും ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ഊർജ്ജപ്പെടുത്തുവാൻ ഒരു ലിക്വിഡേഷൻ ഇൻസ്പെക്ടർക്കും ചുമതല നൽകുന്നതു വഴി ജനകീയ പ്രസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുണകരമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകും.
4. ദുർബലരായതോ പ്രവർത്തന രഹിതമായതോ ആയ വനിത/പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുനരുദ്ധാരണ പാക്കേജ് ഉണ്ടാവേണ്ടതുണ്ട്.
5. ദുർബലരായ/പ്രവർത്തന രഹിതമായ സംഘങ്ങൾക്ക്, ധനസഹായം അത്യാവശ്യമായ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തേണ്ടതുണ്ട്.
6. സർക്കാർ ഓഹരി/ധനസഹായം ആവശ്യമായ വിവിധ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിന് ആവശ്യമായ വർദ്ധിപ്പിച്ച ധനസഹായം നൽകേണ്ടതുണ്ട്.
7. സഹകരണസ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് ഫണ്ട് വിനിയോഗം, സംഘം പ്രവർത്തനം എന്നിവ സംബന്ധിച്ച് കൃത്യമായ ആസൂത്രണമില്ലായ്മയാണ്. ആയതിനാൽ വിവിധ സഹകരണസംഘങ്ങളുടെ ഭരണസമിതികൾ ചുതലയേറ്റയുടൻ തന്നെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകാൻ സഹകരണവകുപ്പിൽ രൂപീകരിക്കപ്പെട്ട പരിശീലനകേന്ദ്രത്തെയും, സഹകരണയൂണിയനുകളെയും ഉപയോഗപ്പെടുത്തി പരിശീലനസംവിധാനം രൂപീകരിക്കേണ്ടതാണ്.
8. സഹകരണസ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശിയായിട്ടുള്ള സഹകരണവകുപ്പിന്റെ വെബ്സൈറ്റിൽ വിഷയം തിരിച്ച് ആദ്യം മുതലുള്ള സർക്കുലറുകൾ ഉൾപ്പെടുത്തി കാലാചിതമായി പരിഷ്കരിക്കുകയും വേണം.
9. സഹകാരികൾക്കും, ജീവനക്കാർക്കും വേണ്ട ഒരു കാൾസെന്റർ, ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തണം.

10. സഹകരണം ഒരു പ്രത്യേക വിഷയമായി ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കൊണ്ടുവരേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സഹകരണസംഘങ്ങളിൽ പദ്ധതി നടത്തിപ്പിൽ പങ്കാളിയാക്കാൻ കഴിയണം.
2. ക്ഷീരവകുപ്പ്, കയർ,കൈത്തറി, വ്യവസായം തുടങ്ങിയ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണസ്ഥപനങ്ങൾക്ക് ഉപയുക്തമായ പദ്ധതികൾ മേഖലാസംയോജനസാദ്ധ്യതകൾ പരിശോധിച്ച് നടപ്പാക്കേണ്ടതാണ്.
3. സഹകരണവായ്പയുടെ തിരിച്ചടവ് ഉറപ്പാക്കാൻ കഴിയുന്ന സാമൂഹ്യസമ്മർദ്ദ ഗ്രൂപ്പായി ഗ്രാമസഭയേയും, കുടുംബശ്രീ, സി.ഡി.എസ്, എ.ഡി.എസ് സംവിധാനത്തെയും തദ്ദേശഭരണസ്ഥാപനങ്ങൾ ഉത്തരവാദപ്പെടുത്തണം.
4. സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഉൾപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യലഘൂകരണം, ആരോഗ്യസംരക്ഷണം, തൊഴിൽ തുടങ്ങിയ മേഖലകൾക്കാവശ്യമായ വിഭവസമാഹരണത്തിന് ഉപയോഗപ്പെടുത്തണ്ടതാണ്.

പ്രോജക്ട് ആശയങ്ങൾ

1. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ മാനേജ്മെന്റ് സഹകരണ സംഘം.
   വരുംകാലങ്ങളിൽ ജലക്ഷാമം രൂക്ഷമാകുമ്പോൾ അത് പരിഹരിക്കുന്നതിന് ജലസംരക്ഷണം ഉറപ്പാക്കുകയും മലിനജലം സംസ്കരിച്ചും ഉപയോഗയോഗ്യമാക്കുക, ഉപ്പുവെള്ളം സംസ്കരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ബോട്ടിംഗ് പ്ലാന്റും സ്ഥാപിക്കൽ.
2. റിന്യൂവബിൾ എനർജി പ്രൊമോഷൻ സഹകരണസംഘം
   സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് സോളാർ പാനലുകൾ നിർമ്മിച്ചും ആവശ്യാനുസരണം ക്ഷമത കൂടിയ ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണസംഘത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
3. സോഫ്റ്റ് ആന്റ് എന്റർപ്രണറർ സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് സഹകരണസംഘം
   വ്യവസായ വികസനത്തിന് സംരംഭകത്വ നൈപുണ്യവും മാനവശേഷി വികസനവും കഴിവുകളും വളർത്തിയെടുത്ത് പുതിയ അവബോധം സൃഷ്ടിക്കാനുള്ള പരിശീലനങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുക.
4. സഹകരണ ക്ലിനിക്കൽ ലബോറട്ടറീസ്
   ജനങ്ങൾക്ക് ശാസ്ത്രീയമായ ചികിത്സയും രോഗപ്രതിരോധ നടപടികളും ഉതകുന്ന രീതിയിൽ സഹകരണ ക്ലിനിക്കൽ ലബോറട്ടറി ശൃംഖല സഹകരണ മേഖലയിൽ സ്ഥാപിക്കൽ.
5. ഹ്യൂമൻ റിസോഴ്സ് സപ്ലൈ ആന്റ് മാനേജ്മെന്റ് സഹകരണസംഘം
   പ്രത്യേകതരം പ്രവർത്തികളും സേവനങ്ങളും ഔട്ട്സോഴ്സിംഗ് ചെയ്യുന്നതടക്കം ആകർഷകമായ ജോലികളും സേവനങ്ങളും ഏറ്റെടുത്ത് നടത്തുകയും പരിചരണ സേവനം ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിനുവേണ്ടി സഹകരണത്തിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തുക.
6. കാർ വാഷ് ആന്റ് സർവ്വീസിംഗ് സഹകരണസംഘം
7. സ്കൂൾ യൂണിഫോം തുന്നൽ സഹകരണസംഘം
8. കൺസോർഷ്യം രൂപീകരിച്ച് സഹകരണ കൺസ്യൂമർ ശൃംഖല സ്ഥാപിക്കൽ
9. ഭക്ഷ്യസാധനങ്ങൾ, പച്ചക്കറികൾ എന്നിവ സംഭരിച്ച് സൂക്ഷിക്കുന്നതിന് റഫ്രിജറേറ്റർ ഗോഡൗൺ അടക്കമുള്ള ആധുനിക സംവിധാനങ്ങളോട് കൂടിയ മൂല്യവർദ്ധിത ഉത്പന്ന വിപണന കേന്ദ്രം സ്ഥാപിക്കൽ.
10. ആടുമാടുകളുടെ ഫാമും മാംസവും വിപണനം ലക്ഷ്യമാക്കിയുള്ള സഹകരണ മേഖലയുടെ ഇടപെടൽ.

11. സ്കൂപ്പ് പിക്കേഴ്സ് ആന്റ് റീസൈക്കിളിംഗ് സഹകരണസംഘം.
12. പോൾട്രി സഹകരണസംഘങ്ങൾ
13. മാതൃകാ കൃഷിത്തോട്ടങ്ങൾ നടത്തുന്നതിന് സഹകരണ മേഖലയുടെ ഇടപെടൽ.
14. ഹൗസ് ബിൽഡിംഗ് മെറ്റീരിയൽസ് സപ്ലൈ സഹകരണസംഘം.
15. നാചറൽ റിസോഴ്സ് മാനേജ്മെന്റ് സഹകരണസംഘം. (മണ്ണ്, ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണസംഘം)

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ, കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് പരിശീലനം നൽകി നടപ്പിലാക്കാനാണ് ഗവ.തലത്തിൽ ആലോചിക്കുന്നത്. ഇവർക്കുള്ള പരിശീലനം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ജില്ലയിലെ ഏറ്റവും വയബിൾ ആയിട്ടുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ ചുമതല ഏൽപ്പിക്കുക.
2. കാർഷിക മെഷിനറികൾ, ഉപകരണങ്ങൾ എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തു അവയുടെ ആഭിമുഖ്യത്തിൽ മൊബൈൽ അഗ്രികൾച്ചർ മെഷിനറി റിപ്പയറിംഗ് യൂണിറ്റ് ആരംഭിക്കുക. അതിനായി പോളീടെക്നിക്/ഐ.ടി.ഐ പഠനം കഴിഞ്ഞവർക്ക് പരിശീലനം നൽകി നിയമിക്കുക.
3. ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന മേഖലയിൽവരുന്ന തരിശുനിലങ്ങളെ ഏറ്റെടുത്തു കൃഷിയോഗ്യമാക്കി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി, ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ നിർവ്വഹിക്കുക. ഇപ്രകാരം നടപ്പിലാക്കുന്ന മാതൃക പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകൾ ഉപാധിരഹിതമായി സബ്സിഡിയും മറ്റും നൽകി പ്രോത്സാഹിപ്പിക്കുക (അതായത് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഇളവ് നൽകി സബ്സിഡി സഹായങ്ങൾ ലഭ്യമാക്കുക)
4. ബ്ലോക്ക് അടിസ്ഥാനത്തിൽ പൌൾട്രി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട്, ഇറച്ചിക്കോഴി ഉൽപ്പാദനം നടത്തുക. ഈ സഹകരണ സംഘത്തിന്റെ ഓഹരിമൂലധന സഹായം, ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും പ്രവർത്തന മൂലധനം ത്രിതല പഞ്ചായത്തുകളും ലഭ്യമാക്കുകയും ചെയ്തുകൊണ്ട് ഈ സംഘങ്ങളെ വയബിൾ യൂണിറ്റുകളായി പ്രവർത്തിപ്പിക്കുക.
5. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ സഹകരണ സംഘം, ജില്ലയിലെ കിഴക്കൻ മേഖലയിൽ സ്ഥാപിക്കുക. സംഘത്തിന്റെ പ്രവർത്തന മൂലധനവും 50% വീതം ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളും ത്രിതല പഞ്ചായത്തുകളും പദ്ധതി വിഹിതമായി നൽകേണ്ടതാണ്.
6. ഉപയോഗ്യശൂന്യമായ പ്ലാസ്റ്റിക് സാമഗ്രികൾ ശേഖരിച്ച് റീ-സൈക്ലിംഗ് നടത്തി പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സഹകരണസംഘം രൂപീകരിക്കുക. കൈഉറ, മാസ്ക് എന്നീ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് മുൻഗണന നൽകുക. അനുബന്ധ യൂണിറ്റായി ജൈവവളം നിർമ്മാണ യൂണിറ്റും സ്ഥാപിക്കുക.
7. ത്രിതല പഞ്ചായത്തുകളുടെ ബാങ്കായി പ്രാദേശിക സഹകരണ ബാങ്കുകളെ അംഗീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബാങ്കബിൾ പ്രോജക്ടുകളുടെ നിർവ്വഹണ ഏജൻസിയായി സഹകരണ ബാങ്കുകളെ അംഗീകരിക്കുക.
8. പ്രവർത്തനരഹിതമായ പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കർക്കശമായ വ്യവസ്ഥകൾ ഒഴിവാക്കുക

7.7 ആരോഗ്യം

എ. ആരോഗ്യ മേഖല – കാഴ്ചപ്പാട്

കൊല്ലം ജില്ലയുടെ ആരോഗ്യസൂചകങ്ങൾ ഉയർന്നനിലയിൽ പരിപാലിക്കുകയും ജില്ലയിലെ എല്ലാ പൌരന്മാർക്കും നിശ്ചിത ആരോഗ്യ സേവനം നൽകി ഉയർന്ന ജീവിതഗുണത ഉറപ്പുവരുത്തും. ഇതിനുതകും വിധം എല്ലാ ആരോഗ്യ സംവിധാനങ്ങളെയും പുനസംഘടിപ്പിക്കും. വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിച്ചുകൊണ്ടും ബഹുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും ഒരു ജനകീയ ആരോഗ്യ സംവിധാനം രൂപപ്പെടുത്തും. ജില്ലയിലെമ്പാടും പ്രാദേശിക ഗവണ്മെണ്ടുകളുടെ നേതൃത്വത്തിൽ മേൽപ്പടിപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. സർക്കാർ നടപ്പിലാക്കുന്ന ആർദ്രം മിഷന്റെകാഴ്ച്ചപ്പാടിന് അനുസൃതമായി ജില്ലയിലെ എല്ലാ ആശുപതികളെയും രോഗീസൗഹൃദമാക്കും.

പ്രാഥമികാരോഗ്യ മേഖല

കൊല്ലം ജില്ലയിലെ ഓരോ ഗർഭസ്ഥ ശിശുവിനെയും ജില്ലയുടെ ഭാവി സ്വത്തായിക്കണ്ട് എല്ലാ ഗർഭിണികൾക്കും ഗുണമേന്മയുള്ള ഗർഭകാല പരിചരണം, പ്രസവ പരിചരണം, പ്രസവാനന്തര പരിചരണം സൗജന്യമായും സാർവത്രികമായും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലും ദമ്പതികൾക്ക് പ്രസവസംബന്ധമായ കൗൺസിലിംഗ് ഏർപ്പെടുത്തുകയും, കുടുംബവുമായി ചേർന്ന് ബർത്ത്പ്ലാൻ തയ്യാറാക്കുകയും ഗുണമേന്മയോടെ സ്വാഭാവിക പ്രസവം ഉറപ്പാക്കാൻ പരമാവധി ശ്രമിക്കും. എല്ലാ നവജാത ശിശുക്കൾക്കും പ്രാഥമിക പരിശോധന, പോഷണം, രോഗപ്രതിരോധം എന്നിവ ഉറപ്പുവരുത്തും.

എല്ലാ പൗരന്മാർക്കും ആരോഗ്യകരമായ അതിജീവനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കും. ജീവിത ഗുണതയോടെ ദീർഘനാൾ ജീവിക്കുന്നതിനു ജീവിത ചുറ്റുപാട്, പോഷണം, വിദ്യാഭ്യാസം, വ്യായാമങ്ങൾ എന്നിവയിലൂടെ രോഗമില്ലാത്ത സാഹചര്യം ഉറപ്പുവരുത്തും. രോഗികളെയും രോഗ സാധ്യതയുള്ള വരെയും കാലേക്കൂട്ടി കണ്ടെത്തി അനുയോജ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കും.

ഉപകേന്ദ്രങ്ങൾ മുഖാന്തിരം എല്ലാ വീടുകളിലെയും എല്ലാ അംഗങ്ങൾക്കും പ്രായത്തിന്റെ അടിസ്ഥാനത്തിലും പ്രശ്നത്തിന്റെ അടിസ്ഥാനത്തിലും നിശ്ചിത സേവന പായ്ക്കേജ് ഉറപ്പ വരുത്തും. ഇതിനു തുടർച്ചയായി കുടുംബതല ആരോഗ്യ സേവന പായ്ക്കേജുകളും വാർഡു-പഞ്ചായത്തുതല ആരോഗ്യ സേവന പായ്ക്കേജുകളും തയ്യാറാക്കി നടപ്പിലാക്കും.

എല്ലാ വാർഡുകളിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷക സമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ആരോഗ്യസേനാ അംഗങ്ങളുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ രോഗപ്രതിരോധം, ആരോഗ്യ വർദ്ധകപ്രവർത്തനങ്ങൾ, ചികിത്സ, പുനരധിവാസം, പാലിയേറ്റീവ് സേവനം എന്നിവ സമഗ്രമായി സമന്വയിപ്പിച്ച് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കും. ആയതിന് ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയും 2022 ഓടെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റും. എല്ലാ ആയുർവേദ ഹോമിയോ സ്ഥാപനങ്ങളെയും മികവിന്റെകേന്ദ്രങ്ങളായി മാറ്റുകയും സമഗ്ര ആരോഗ്യ പരിരക്ഷയ്ക്ക് സഹായകരമാകുംവിധം പുനസംഘടിപ്പിക്കും

പാലിയേറ്റീവ് പരിചരണം, വയോജന സേവനം, NCD എന്നിവയുടെ ദ്വിതീയ സേവനങ്ങളും വിദഗ്ദ്ധ ക്ലിനിക്കുകളും പ്രാധമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടവും സാമൂഹികാരോഗ്യകേന്ദ്രങ്ങൾ നിർവ്വഹിക്കും.ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്ത ചികിത്സ രീതികൾ സ്വീകരിക്കുന്നതിനുള്ള അവസരം എല്ലാ പഞ്ചായത്തിലും ഗുന്മേന്മയോടെ ഉറപ്പുവരുത്തും. പാർശ്വവരിക്കപ്പെട്ടവരുടേയും സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടേയും ആരോഗ്യത്തിന് കൂടുതൽ പരിഗണന നൽകി ഉറപ്പുവരുത്തും.

ദ്വിതീയ ആരോഗ്യ മേഖല

എല്ലാ താലൂക്കാശുപത്രികളെയും വിവിധ വിദഗ്ദ്ധചികിത്സകൾ ലഭിക്കുന്ന കേന്ദ്രങ്ങളായി മാറ്റും . ജില്ലാ ആശുപത്രി, കൊട്ടാരക്കര താലൂക്കാശുപത്രി,പുനലൂർ താലൂക്കാശുപത്രി, കരുനാഗപ്പള്ളി താലൂക്കാശുപത്രി എന്നിവയെ ഘട്ടം ഘട്ടമായി ട്രോമ കെയർ യൂണിറ്റുകളായി ഉയർത്തും. ജില്ലാ

ആശുപത്രി, പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്നിവയെ അതി വിദഗ്ധ ചികിത്സാ കേന്ദ്രങ്ങളായി ഉയർത്തും. ജില്ലയുടെ ദ്വിതീയസേവനങ്ങൾ ആനുപാതികമായി ലഭ്യമല്ലാത്തഇടങ്ങളി.ൽ ദ്വിതീയ സേവന സംവിധാനങ്ങൾ ഒരുക്കും. ആയുർവേദ-ഹോമിയോ മേഖലകളിലെ ദ്വിതീയ കേന്ദ്രങ്ങളെയും അനുയോജ്യമായ വിദഗ്ധ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും.

ആരോഗ്യമേഖല കൈവരിക്കേണ്ട സുസ്ഥിരവികസനലക്ഷ്യങ്ങൾ 2020, 2030 സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. 2020ലെ ലക്ഷ്യങ്ങൾ താഴെ നൽകുന്നു. ഈലക്ഷ്യങ്ങൾ കൈവരിക്കുക എന്നുള്ളതാണ് ആരോഗ്യ മേഖലയുടെ സുപ്രധാന ലക്ഷ്യം.

അനിവാര്യനിർദ്ദേശങ്ങൾ- കീഴ്ത്തട്ട്

ആരോഗ്യം

1. **പൊതുനിർദ്ദേശങ്ങൾ**

- 2022 ഓടു കൂടി സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കേണ്ടതാണ്. 421 ഉപകേന്ദ്രങ്ങളും ആധുനിക സാങ്കേതിക,പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പ്രാദേശിക ആരോഗ്യ സുസ്ഥിതി കേന്ദ്രങ്ങളാക്കി ഉയർത്തണം.
- എല്ലാ PHCകളെയും FHCകളായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുക.
- 2019 മാർച്ചോടുകൂടി 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2020 ഓടുകൂടി 40 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2022 ഓടുകൂടി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആർദ്രം പദ്ധതിയുടെകീഴിൽ കൊണ്ടുവരുക.
- 2020 ഓടു കൂടി ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കുക.
- 2020 ഓടു കൂടി താലൂക്ക് ആശുപത്രികൾ സ്പെഷ്യാലിറ്റി ആക്കുക.
- 2018 ഓടു കൂടി എല്ലാ പഞ്ചായത്തുകളിലും ആരോഗ്യസേന രൂപീകരിക്കുക.
- 2020 ഓടു കൂടി എല്ലാ താലൂക്ക് ആശുപത്രികളിലും മദ്യ-മയക്കുമരുന്ന് ചികിത്സാ കേന്ദ്രങ്ങളാക്കുക.
- എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും (അലോപ്പതി, ഹോമിയോ, ആയുർവേദം) RO പ്ലാന്റ് സ്ഥാപിക്കണം.
- ഗിരിവർഗ്ഗമേഖലയിലെ ഗർഭിണികളായ സ്ത്രീകൾക്ക് പ്രജനന ശൈശവ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് സർവീസ് പാക്കേജ് പ്രോജക്റ്റ് ആംബുലൻസ് സൗകര്യത്തോടെ നടപ്പിലാക്കുക.
- 2020 മാർച്ചോടുകൂടി വ്യക്തിഗത വാർഡുതല പഞ്ചായത്തുതല സേവനദാന പാക്കേജുകൾ രൂപീകരിക്കുക.

2. **ജീവിതശൈലീരോഗം**

- 18 വയസ്സിനു മുകളിലുള്ള എല്ലാ ആൾക്കാരെയും പ്രാഥമിക NCD സ്ക്രീനിംഗിന് വിധേയമാക്കാനുള്ള പ്രോജക്ടുക.ൾ എല്ലാ പഞ്ചായത്തുകളിലും ഉൾപ്പെടുത്തുക. തുടർ സേവനങ്ങൾ ഉറപ്പുവരുത്തണം.
- 30 വയസ്സുകഴിഞ്ഞ എല്ലാ സ്ത്രീകളുടെയും പാപ്സ്മിയർ ടെസ്റ്റ്, സ്വയംസ്തന പരിശോധന, വായ് പരിശോധന എന്നിവ സമയബന്ധിതമായി നടത്തുന്നതിനുള്ള പ്രോജക്ട് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക. തുടർസേവനങ്ങൾ പഞ്ചായത്ത്/ബ്ലോക്ക്തലങ്ങളിൽ ഉറപ്പുവരുത്തണം.
- NCD സങ്കീർണ്ണതാ പരിശോധനാ ക്ലിനിക്കുകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക

- എല്ലാ PHC-കളിലും Tobacco Cessation Clinic –കൾ ആരംഭിക്കുക.

3. **പകർച്ചവ്യാധി നിയന്ത്രണം**

- എല്ലാ ആശുപത്രികളെയും ആരോഗ്യകേന്ദ്രങ്ങളെയും 2020 ഓടുകൂടി അണുവിമുക്ത മാക്കണം,എല്ലാ മേജർ ആശുപത്രികളിലും ആന്റിബയോട്ടിക് പോളിസി നടപ്പിലാക്കണം.
- MRFC എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കുക.
- പകർച്ചവ്യാധി നിയന്ത്രണത്തിനും അനുബന്ധ ശുചീകരണ പ്രവർത്തനങ്ങൾക്കും (രോഗകാരിപ്രാണി-ജന്തു നിയന്ത്രണം ഉൾപ്പടെ) മനുഷ്യവിഭവം,സാധന സാമഗ്രികൾ എന്നിവ ഉറപ്പുവരുത്തുന്ന പകർച്ചവ്യാധി നിയന്ത്രണ പ്രോജക്ടുകൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകണം.
- ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ ആരോഗ്യ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തുക.
- തീരദേശ മേഖല കേന്ദ്രീകരിച്ച തദ്ദേശ മലേറിയ പ്രതിരോധിക്കുന്നതിന് പ്രോജക്റ്റ് അനിവാര്യമാണ്.

4. **വൃദ്ധജന പരിപാലനം**

- എല്ലാ പഞ്ചായത്തിലും വൃദ്ധ ജനങ്ങൾക്കായി വ്യക്തിഗത ആരോഗ്യ സേവന പാക്കേജ് നടപ്പിലാക്കുക.ഒപ്പം ആവശ്യമുള്ള സ്ഥലങ്ങളിൽപകൽവീട്ഒരുക്കുക.
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും(ഗവ:/സ്വകാര്യ),പൊതുയിടങ്ങളും 2019 ഡിസംബറോടുകൂടി വൃദ്ധ സൗഹൃദമാക്കുക.

5. **മാനസികാരോഗ്യം**

- ആശ്വാസ് പദ്ധതിയുടെ ദ്വിതീയ സംവിധാനം കൗൺസിലിംഗ് സേവനം ഉൾപ്പടെ ബ്ലോക്കുകളിൽ നടപ്പിലാക്കുക.
- എല്ലാ പഞ്ചായത്തുകളിലെയും മാനസികരോഗികൾക്ക് ചികിത്സയും പുനരധിവാസവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ നടപ്പിലാക്കുക.
- അലഞ്ഞുതിരിയുന്ന മാനസിക രോഗികൾ ഇല്ലാത്ത ജില്ലയാക്കുക.
- സ്കൂളുകളിലെ പഠനം ആസ്വാദ്യകരമാക്കുക, കലാ-കായിക വിനോദങ്ങൾ ഉറപ്പുവരുത്തുക. കുട്ടികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് നിശ്ചിത ആരോഗ്യ ചര്യകളും അവബോധവും ഉറപ്പുവരുത്തുക.

6. **പ്രജനന ശൈശവ ആരോഗ്യം**

- ആകർഷകമായ പ്രസവ സേവന പാക്കേജ് ഗ്രാമ –ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് നടപ്പിലാക്കുക.
- കൗമാര ആരോഗ്യം,പ്രിമാരിറ്റ.ൽ കൗൺസിലിംഗ്,പോഷണം, വിളർച്ച മാനേജ്മെന്റ്, ഹൈ റിസ്ക് പ്രഗ്നൻസി താലൂക്ക്/ജില്ലാ ആശുപതികളുമായി ലിങ്ക് ചെയ്യൽ, എല്ലാ ഗർഭിണികൾക്കും അനോമലി സ്കാൻ ഉറപ്പുവരുത്തൽ,''ഗർഭിണിക്കൊരു തുണ(JPHN/ASHA)''നൽകൽ ഉൾപ്പടെ സമഗ്ര ഗർഭകാല സംരക്ഷണ പായ്ക്കേജ് നടപ്പിലാക്കുക.

7. **RNTCP പൂരക പോഷണം**

ക്ഷയരോഗികൾക്ക് പൂരക പോഷണം ലഭ്യമാക്കുന്ന പ്രോജക്റ്റ് നടപ്പിലാക്കുക.

- **അപകടങ്ങൾ** - ജില്ലാ ആശുപത്രി,THQH കൊട്ടാരക്കര,കരുനാഗപ്പള്ളി,ശാസ്താംകോട്ട,പുനലൂർ എന്നിവ ട്രോമകെയർസെന്റർആയി ഉയർത്തുക.

8. ഭക്ഷ്യസുരക്ഷ

- വഴിയോര ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഫ്രീസോൺ പദ്ധതി എല്ലാ ടൗൺഷിപ്പുകളിലും നടപ്പിലാക്കുക.
- ഭക്ഷണശാല ഉടമസ്ഥർക്കും ജീവനക്കാർക്കും പരിശീലനം,തൊഴിലാളികൾക്ക് ഡ്രസ്സ് കോഡ്,സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവ പരിഗണിക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിലെ ജീവിതശൈലീരോഗ പരിപാലനത്തിന് നീക്കിവച്ചിട്ടുള്ള ഫണ്ടുകൾ അപര്യാപ്തമാണ്.
- കൃത്രിമകൈകാലുകൾ നിർമ്മിക്കുന്നത്തിനുള്ള ഫണ്ട് ഉയർത്തുക.
- ആർദ്രം പദ്ധതിയുടെ ഭാഗമായി 5000 ജനസംഖ്യക്ക് ഒരു JHI, JPHN തസ്തിക ആനുപാതിക സൂപ്പർവൈസറി തസ്തികകളും നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഉറപ്പു വരുത്തുക.
- വിദ്യാഭ്യാസം ആസ്വാദ്യകരമാക്കുക കരിക്കുലം ലളിതമാക്കുക, കലാ-കായിക വിനോദം നിർബന്ധമാക്കുക.
- രണ്ടാഴ്ചയിലൊരിക്കൽ എല്ലാ ക്ലാസ്സുകളിലും ആരോഗ്യ സാമൂഹിക വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഒരു പീരീഡ് അനുവദിക്കുക. PTAയ്ക്ക് ഒരു ടേമിൽ ഒരു കൗൺസിലിംഗ് ക്ലാസ് ഉറപ്പുവരുത്തുക.

അഭികാമ്യനിർദ്ദേശങ്ങൾ

- അധ്യാപകരുടെയും കുട്ടികളുടെയും മുൻകയ്യിൽ സ്കൂൾതല NCD സ്ക്രീനിംഗ് ഉറപ്പുവരുത്തുക. അരമണിക്കൂർ വ്യായാമത്തിന് ഉതകുന്ന വിനോദം ഉറപ്പുവരുത്തുക,പ്രതിദിന പച്ചക്കറി,ഇലക്കറി പഴവർഗ്ഗ ഉപഭോഗം ഉയർത്തുക.അക്ഷയപാത്ര പദ്ധതി സ്കൂൾതലത്തിലേക്ക് വ്യാപിപ്പിക്കുക.
- ഹോട്ടലുകൾ, തട്ടുകടകൾ, ഭക്ഷണശാലകൾ, കാന്റീനുകൾ എന്നിവിടങ്ങളിൽ 2018 ഡിസംബറോടുകൂടിആവിയിൽ പുഴുങ്ങിയ പലഹാരം കൂടി ഉറപ്പുവരുത്തുക. സർക്കാർ/ സ്കൂൾകാൻറീനുകളിൽ ആവിയിൽ പുഴുങ്ങിയ ആഹാരം ഉറപ്പുവരുത്തുക.പൊറോട്ടയ്ക്ക് പകരം ചപ്പാത്തി പ്രോത്സാഹിപ്പിക്കുക.
- ഓരോ പഞ്ചായത്തിലും നാട്ടു വിപണിക.ൾ (നാടൻ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും വിനിമയവും) ഉറപ്പുവരുത്തുക.
- ബ്ലോക്ക്തലത്തിൽ പെല്ലറ്റിംഗ്/ചിപ്പിംഗ്/റീ സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ബദൽസംവിധാനങ്ങൾ (പേപ്പർകാരി ബാഗുകൾ, പാള-ഇല പ്ലേറ്റുകൾ) പ്രോത്സാഹിപ്പിക്കുക.
- ഇതരദേശ തൊഴിലാളികളുടെ കുട്ടികൾക്ക് ഏകോപിതമായ ചികിത്സ, വിദ്യാഭ്യാസ, പോഷണം ഉറപ്പുവരുത്തുന്നതിനുള്ള പാക്കേജ് ഗ്രാമ –ബ്ലോക്ക് പഞ്ചായത്തുകളെ സമന്വയിപ്പിച്ച് നടപ്പിലാക്കുക.
- സ്ഥാപനങ്ങൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, പൊതു ഇടങ്ങൾഎ ന്നിവിടങ്ങളിൽ ടെഡ്മിൽ ഉൾപ്പടെയുള്ള ആധുനിക വ്യായാമസൗകര്യം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ഉറപ്പ് വരുത്തണം (ഒരു വാർഡിൽ ഒരു വ്യായാമകേന്ദ്രം എങ്കിലും).
- എല്ലാ നഗര പ്രദേശങ്ങളിലും സൈക്കിൾ പാതകൾ, നടപ്പാതകൾ ഉറപ്പുവരുത്തുക.

- പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ വേറിട്ട പ്രവർത്തനങ്ങൾ, നിയമ നടപടികൾ, ലഹരി-പുകയില മോചനം എന്നിവ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ഏകോപനത്തിലൂടെ നടപ്പിലാക്കണം.
- വീടുകൾ, സ്ഥാപനങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് ഗ്രീൻപ്രൊട്ടോക്കോൾ നിർബന്ധമാക്കുക.
- അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന സംവിധാനം ഉറപ്പുവരുത്തുക.
- കക്കൂസുകൾ, സെപ്റ്റിക്-ടാങ്കുകൾ എന്നിവ തീരദേശത്തിൽനിന്നും പൊതു ജലാശയത്തിൽനിന്നും ചുരുങ്ങിയത് ഏഴര മീറ്റർ അകലത്തിൽ സ്ഥാപിക്കുക.
- സെപ്റ്റിക് ടാങ്ക് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി സംവിധാനം ഏർപ്പെടുത്തുക.
- സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം കോർപ്പറേഷൻ തലത്തിൽ ഉറപ്പുവരുത്തുക.
- സെപ്റ്റേജ്ട്രാൻസ്പോർട്ടേഷൻ നിരോധിക്കുക.സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടെങ്കിൽ മാത്രം അനുവദിക്കുക.
- പഞ്ചായത്ത് തലത്തിൽ വൃദ്ധജനങ്ങൾക്ക് വിനോദത്തിനായി പാർക്കുകൾ സ്ഥാപിക്കുക.

ആയുർവേദം

ആയുർവേദ മേഖലയുടെ വികസനത്തിനായി കൊല്ലം ജില്ലയിൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി ഒരു സംപൂർണ്ണ ആയുർവേദ ചികിത്സാ കേന്ദ്രം ജി.എ.എച്ച്. കരുനാഗപ്പള്ളിയിൽ ആരംഭിക്കണം.
2. ജില്ലാ ആയുർവേദ ആശുപത്രിയിലെ 100 കിടക്കകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും, സ്പെഷ്യാലിറ്റി വിഭാഗങ്ങളും, ജീവനക്കാരും ഉൾപ്പെടെ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണം.
3. നേത്രചികിത്സ ആയുർവേദത്തിലൂടെ എന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഒരു നേത്രചികിത്സാ വിഭാഗം ജില്ലയിലെ ഡിഎ.എച്ച്, കൊല്ലം ആശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കണം.
4. വന്ധ്യതാ നിവാരണത്തിനായി ഒരു ആയുർവേദ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ജില്ലയിലെ ജി.എ.എച്ച് തലവൂർ ആശുപത്രിയിൽ ആരംഭിക്കണം.
5. ആർദ്രം പദ്ധതിയിൽ ജില്ലയിലെ എല്ലാ നിയോജക മണ്ഡലത്തിൽ നിന്നും ഓരോ ആയുർവേദ സ്ഥാപനത്തെക്കൂടി ഉൾപ്പെടുത്തി സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തണം.
6. ജില്ലയിലെത്തുന്ന ടൂറിസ്റ്റുകൾക്കായി സർക്കാർ തലത്തിൽ ചടയമംഗലം, തെന്മല എക്കോ ടൂറിസം കേന്ദ്രങ്ങളോടു ചേർന്ന് ആയുർവേദ റിസോർട്ടുകൾ സ്ഥാപിക്കണം.
7. ജില്ലയിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിൽ കുംടുംബശ്രീ യൂണിറ്റ് മുഖേന ഔഷധ സസ്യകൃഷി നടത്താവുന്നതാണ്.
8. ജില്ലയിൽ ഒരു ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
9. പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ ഒരു ആയുർവേദ മൊബൈൽ യൂണിറ്റ് ആരംഭിക്കണം.
10. കിഴക്കൻ മേഖലയിലെ തെന്മലയിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറി കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണം.

11. ജില്ലയിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമുള്ള 10 കിടക്കകളുള്ള 5 ആശുപത്രികൾ നിലവിലുണ്ട് അവ ഓരോന്നും ഘട്ടംഘട്ടമായി 30 കിടക്കകളുള്ള ആശുപത്രിയായി അപ് ഗ്രേഡ് ചെയ്യണം.
12. ജില്ലയിൽ 30 കിടക്കകളുള്ള ആയൂർ, പരവൂർ, തലവൂർ എന്നീ ജനവാസ കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളെ 50 കിടക്കകളും സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉള്ള ആശുപത്രിളായി അപ് ഗ്രേഡ് ചെയ്യണം.
13. ജില്ലയിലെ കണ്ണനല്ലൂർ, കുളക്കട, ചവറ, മൂഴിക്കൽ ഇടവക എന്നീ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ആയർവേദ ഡിസപെൻസറികളെ കിടത്തി ചികിത്സയുള്ള ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രായപൂർത്തിയായ പെൺകുട്ടികളും, ഗർഭിണികൾ ഗർഭാരംഭം മുതൽ അമ്മയ്ക്കും കുഞ്ഞിനും ആദ്യത്തെ 1000 ദിവസം വരെയും അനുഷ്ഠിക്കേണ്ട ആയുർവ്വേദ ചര്യകളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ അവബോധ ക്ലാസ്സുകളും, കൗൺസിലിംഗ് സെൻററുകളും ആരംഭിക്കണം.
2. വാടക കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ 9 ആയുർവേദ സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തണം.(അഞ്ചൽ, വെളിനല്ലൂർ, ശൂരനാട്സൌത്ത്, പനയം, അച്ചൻകോവിൽ, കുലശേഖരപുരം, ശാസ്താംകോട്ട, കുണ്ടറ, പുനലൂർ,മുനിസിപ്പാലിറ്റി)
3. പഞ്ചായത്ത് വക കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തണം. (ഇളംന്പള്ളൂർ, നെടുവത്തൂർ, ചാത്തന്നൂർ, മൺട്രോത്തുരുത്ത്)
4. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിൽ കുടിവെള്ള സൗകര്യം, ശൗചാലയം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പാടാക്കണം.
5. എല്ലാ ആയുർവ്വേദ സ്ഥാപനങ്ങളിലും യോഗ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കണം.
6. സ്ഥാപനത്തിൽ എത്തിച്ചേരുന്നതിനുള്ള ബോർഡുകൾ പ്രധാന നിരത്തുകളിലും സ്ഥാപന പരിസരങ്ങളിലും സ്ഥാപിക്കണം.
7. ഡിസ്പെൻസറികളോട് ചേർന്ന് പഞ്ചകർമ്മ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കണം.
8. സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളുടെയും, ആശുപത്രികളുടെയും അറ്റകുറ്റ പണികളും ഇലക്ട്രിക്കൽ റീ വയറിംഗുകളും നടത്തണം.
9. കംപ്യൂട്ടർ, ഇൻറർനെറ്റ് സൗകര്യങ്ങളില്ലാത്ത സ്ഥാപനങ്ങളിൽ അവ ലഭ്യമാക്കണം.
10. ആയുർവേദ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കണം
11. ജില്ലയിൽ ആയുഷ് പ്രാഥമിക കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് (വെട്ടിക്കവല, വിളക്കുടി, കുലശേഖരപുരം, ഇട്ടിവ, ശൂരനാട് വടക്ക്, ഇളമാട്, പൂതക്കുളം, കല്ലുവാതുക്കൽ, കൊട്ടാരക്കര) സ്വന്തം കെട്ടിട സൗകര്യങ്ങൾ ഒരുക്കണം)
12. ഫാർമസിസ്റ്റ് ഇല്ലാത്ത പട്ടാഴി വടക്കേക്കര, കടക്കൽ, ഇട്ടിവ, കല്ലുവാതുക്കൽ, നിലമേൽ, ഇളമാട്, പൂതക്കുളം എന്നീ ആയുഷ് പ്രാഥമിക കേന്ദ്രങ്ങളിൽ ഫാർമസിസ്റ്റ് നിയമനം നടത്തണം.
13. ജില്ലയിൽ ആയുഷ് പ്രാഥമിക കേന്ദ്രങ്ങളിൽ കംപ്യൂട്ടർ സൗകര്യം, കുടിവെള്ളം, ശൗചാലയം, എന്നിവ ഒരുക്കണം.
14. ചുറ്റുമതിൽ ഇല്ലാത്ത സ്ഥാപനങ്ങളിൽ ചുറ്റുമതിൽ നിർമ്മിക്കണം.

ഹോമിയോപ്പതി വകുപ്പ്

പദ്ധതി നിർദ്ദേശങ്ങൾ

കൊല്ലം ജില്ലയിലെ എല്ലാ വിഭാഗം ജനങ്ങളിലും ഹോമിയോപ്പതി ചികിത്സാ ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ കൂടുതൽ മികവോടെ എത്തിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങളാണ് താഴെ സമർപ്പിക്കുന്നത്.മേൽത്തട്ട്നിദ്ദേശങ്ങൾ

1. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിന് സ്ഥലവും കെട്ടിടവും,മറ്റ് അടിസ്ഥാന സൗകര്യങ്ങളും, ജീവനക്കാരും
2. ജില്ലാ ഹോമിയോ ആശുപത്രി 50 കിടക്കകൾ ഉള്ള പേവാർഡ് കൂടി ഉൾപ്പെടുത്തി മൾട്ടി സ്പെഷ്യാലിറ്റിആശുപത്രിആയിഉയർത്തണം.
3. കുന്നത്തൂർ,കൊട്ടാരക്കര,പത്തനാപുരം താലൂക്കുകളിൽ 25 കിടക്കകൾ ഉള്ള പുതിയ താലൂക്ക്ആശുപത്രിക.ൾ തുടങ്ങണം,അതിന്റെസ്ഥലവും കെട്ടിടവും ജീവനക്കാരും.
4. എല്ലാ ആശുപത്രികളിലും ലാബ്,എക്സേ്റ,സ്കാനിംഗ് യൂണിറ്റുകൾ തുടങ്ങണം
5. സ്ത്രീകളുടെ മാനസിക ശാരീരിക വൈകാരിക പ്രശ്ന പരിഹാരത്തിനുള്ള പദ്ധതി ആയ ''സീതാലയം'' എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
6. കുട്ടികൾക്കും കൗമാരക്കാർക്കും പഠന പെരുമാറ്റ വൈകല്യങ്ങൾക്കുള്ള ചികിത്സാ പദ്ധതിയായ ''സദ്ഗമയ'' എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
7. വന്ധ്യതാനിവാരണ ക്ലിനിക്ക് എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
8. ജീവിതശൈലീരോഗ ചികിത്സയ്ക്കും പ്രതിരോധത്തിനുമുള്ള സമഗ്ര ചികിത്സാ പദ്ധതി ''ആയുഷ്മാൻ ഭവ'' എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
9. തൈറോയിഡ് സ്പെഷ്യൽ ക്ലിനിക് എല്ലാ താലൂക്ക് ആശുപത്രികളിലും തുടങ്ങണം(അടിസ്ഥാന സൗകര്യവും ജീവനക്കാരും)
10. എല്ലാ ആശുപത്രികൾക്കും ആർ.എം.ഒ ക്വാട്ടേഴ്സ് വേണം.
11. ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യം തുടങ്ങണം.
12. ജില്ലാ ആശുപത്രികളിൽ പകലും രാത്രിയിലും സെക്യൂരിറ്റി വേണം.
13. എല്ലാ ആശുപത്രിയ്ക്കും ആംബുലൻസ് സൗകര്യം ഉണ്ടാകണം.
14. ജില്ലാ ഹോമിയോ മെഡിക്കൽസ്റ്റോ.ർ സ്ഥലവും കെട്ടിടവും ഉൾപ്പടെ ആരംഭിക്കണം.
15. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിനോട് ചേർന്ന് കോൺഫറൻസ് ഹാൾ നിർമ്മിക്കണം.
16. സ്കൂൾ ആരോഗ്യ പദ്ധതി ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും ആരംഭിക്കണം.
17. സ്പെഷ്യൽ ക്ലിനിക്കുകളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്ഥിരനിയമനം നടത്തണം.
18. ആർദ്രം പദ്ധതി ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഹോമിയോപ്പതി വകുപ്പിലെ ഓരോ ഡിസ്പെൻസറി വീതം തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. രോഗപ്രതിരോധ-പകർച്ചവ്യാധി നിയന്ത്രണ സെൽ എല്ലാ ആശുപത്രികളെയും കേന്ദ്രീകരിച്ച് പകര്ചാവ്യാധി പ്രതിരോധ ചികിത്സാ യൂണിറ്റ് ആരംഭിക്കുക.

2. പകർച്ചവ്യാധി ചികിത്സയ്ക്കും മറ്റ് മെഡിക്കൽ ക്യാമ്പുകൾക്കും പ്രത്യേക മൊബൈൽ യൂണിറ്റ്.
3. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഡിസ്പെൻസറികൾക്ക് സ്ഥലവും കെട്ടിടവും
4. എല്ലാ താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ സീതാലയം,വന്ധ്യത,ആയുഷ്മാൻ ഭവ,തൈറോയിഡ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യം.

ബി. ശുചിത്വം - മാലിന്യസംസ്കരണം

പരിപ്രേക്ഷ്യം

കൊല്ലം വ്യവസായത്തിനും ടൂറിസത്തിനും വളരെയേറെ അനുഗ്രഹിക്കപ്പെട്ട ജില്ലയാണ്. വേണ്ടത്ര കായലുകളും പുഴകളും, തീരപ്രദേശവും, മലയോര മേഖലകളും അങ്ങനെ വ്യത്യസ്തമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ജില്ല പക്ഷേ ശുചിത്വ മാലിന്യ പ്രശ്നത്തിൽ വളരെ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിൽ ഊന്നി നഗരപ്രദേശങ്ങളിൽ ഒരു പരിധി വരെ ഇത് പരിഹരിക്കാനായെങ്കിലും ഗ്രാമ പ്രദേശങ്ങളിൽ മാലിന്യ പ്രശ്നം പിന്നോക്കമാണ്.

അഴുകുന്ന ജൈവ മാലിന്യങ്ങൾ വീടുകളിൽ (ഉറവിടത്തിൽ) തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (എം.സി.എഫ്) ൽ ശേഖരിച്ച് പുന:രുൽപ്പാദനത്തിനോ ശാസ്ത്രീയ സംസ്കരണത്തിനോ ആയി അവസരമൊരുക്കുകയാണ് ചെയ്യുന്നത്. കൂടാതെ, പ്ലാസ്റ്റിക്കുകൾ, ഇ-വേസ്റ്റുകൾ, അപായകരമായ മാലിന്യങ്ങൾ എന്നിവ ഇത്തരത്തിൽ കൈകാര്യം ചെയ്യാവുന്നതാണ്. മാലിന്യം ഒരു വിഭവമാണ് എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്ന് കൊണ്ട് മാലിന്യമുക്ത കൊല്ലം എന്ന ലക്ഷ്യമാണ് നാം വിഭാവനം ചെയ്യുന്നത്.

മാർക്കറ്റുകൾ, പൊതു സ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണത്തിന് പൊതു കേന്ദ്രങ്ങൾ ഒരുക്കുകയും ശാസ്ത്രീയവും കുറ്റമറ്റതുമായ രീതിയിൽ പരിപാലനം നടത്തേണ്ടതുമുണ്ട്. എയ്റോബിക് കമ്പോസ്റ്റ് (തുമ്പൂർമൂഴി മോഡൽ) ഈ മേഖലകളിൽ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

ശാസ്ത്രീയമായ അറവുശാല ഇല്ലാത്തതും സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണമില്ലാത്തതും അതുപോലെ ഗ്യാസ് ക്രിമറ്റോറിയത്തിന്റെഅഭാവവും ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ജലാശയങ്ങളിലും പൊതു നിരത്തുകളിലും മാലിന്യം തള്ളുന്ന പ്രവണത ഒട്ടും കുറയുന്നില്ല. ഇതുണ്ടാക്കുന്ന സാമൂഹ്യവും ആരോഗ്യപരവും ക്രമസമാധാനാപരവുമായ പ്രശ്നങ്ങൾ ഏറെയാണ്. കൂടാതെ, മാലിന്യക്കൂമ്പാരം കൊതുക് പെരുകുന്നതിനും അതുവഴി പകർച്ചവ്യാധികൾ വർദ്ധിക്കുന്നതിനും തെരുവ്നായ ശല്യം കൂടുന്നതിനും കാരണമാകുന്നു.

ശുചിത്വമില്ലായ്മ ജില്ലയിലെ വിനോദ സഞ്ചാര മേഖലയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചിത്വ പൂർണ്ണമാക്കുന്നതിനും ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന കായൽ മലിനീകരണത്തിനും ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രകൃതി സൗഹൃദ ടൂറിസത്തിന് കൂടുതൽ ഊന്നൽ നല്കി കൊണ്ട് മാലിന്യ സംസ്കരണ മേഖലയിൽ ഒരു പുതിയ ദിശാബോധവും നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗവും ഈ രംഗത്ത് അനിവാര്യമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പൊതുജന പങ്കാളിത്തത്തിലും ഊന്നിയുള്ള ഒരു പുതിയ ഉത്തരവാദിത്വ മാലിന്യ സംസ്കരണ സംസ്കാരമാണ് ജില്ലയിൽ ഈ രംഗത്ത് നാം ലക്ഷ്യമിടുന്നത്. ഓരോ വീടും വൃത്തിയാക്കുന്നതിലൂടെ ഓരോ തദ്ദേശ

സ്ഥാപനവും അതുവഴി ജില്ലയെ തന്നെ പരിപൂർണ്ണ ശുചിത്വത്തിലേക്ക് എത്തിക്കുന്ന എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം.

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

കേന്ദ്ര സർക്കാർ പദ്ധതികളായ എസ്.ബി.എം (ഗ്രാമീൺ) സ്കീമുകളിൽ ഉൾപ്പെടുത്തി പബ്ലിക്/കമ്മ്യൂണിറ്റി ടോയ്ലറ്റുകൾക്ക് യൂണിറ്റ് നിരക്കിന്റെ(സീറ്റ് ഒന്നിന് 2 ലക്ഷം രൂപ) 90 ശതമാനം തുക അതായത് 1.80 ലക്ഷം രൂപ വീതം ലഭ്യമാണ്. ബാക്കി വേണ്ട 10 ശതമാനം തുക (20000 രൂപ) മാത്രം ഗ്രാമ പഞ്ചായത്തുകൾ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചാൽ മതിയാകും.

എസ്.ബി.എം (അർബൻ) സ്കീമിൽ നഗരസഭകൾക്ക് പബ്ലിക്/കമ്മ്യൂണിറ്റി ടോയ്ലറ്റുകൾക്ക് യൂണിറ്റ് നിരക്കായ സീറ്റ് ഒന്നിന് 98000 രൂപയിൽ 65334/- രൂപ ലഭ്യമാണ്. ബാക്കി വേണ്ട തുക 32666 രൂപ മാത്രം നഗരസഭകൾ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചാൽ മതിയാകും.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ഉൾപ്പെടെ ഒരു പഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി ഈ മേഖലകളിലെ പദ്ധതികൾക്കായി ചെലവിടാവുന്നതാണ്.

ശുചിത്വ മിഷന്റെ സംസ്ഥാന വിഹിതവും (അടങ്കൽ തുകയുടെ പരമാവധി 75 ശതമാനം വരെ) ഈ മേഖലയിലെ പദ്ധതികൾക്കായി വിനിയോഗിക്കാം.

കേന്ദ്ര സംസ്ഥാന പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മതിയായ വികസന ഫണ്ട് വിഹിതവും ഉചിതമായ രീതിയിൽ വിനിയോഗിച്ച് സമഗ്രമായ ആസൂത്രണത്തോട് കൂടി ഈ മേഖലയിലെ പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കിയാൽ ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതിന് യാതൊരു സംശയവുമില്ല. അതായത് വേണ്ടത്ര ഫണ്ടും സാങ്കേതിക വിദ്യയും ലഭ്യമാണ്. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കാണ്. ഇത് കൃത്യമായും നിർവ്വഹിച്ചാൽ പ്രശ്ന പരിഹാരം വിദൂരമല്ല.

സംയോജന ഏകോപന സാധ്യതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് (എസ്.എസ്.എ), വിനോദ സഞ്ചാരം, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ & അർബൻ), ഹരിതകേരള മിഷൻ, ധനകാര്യ കമ്മീഷൻ, എം.എൽ.എ/എം.പി പദ്ധതി, ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടുകൾ, കിഫ്ബി പദ്ധതി, ശുചിത്വ സാഗരം മുതലായവ.

1. **പബ്ലിക് ടോയ്ലറ്റ്**

നിലവിൽ 18 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് ഈ സംവിധാനമുള്ളത്. ഈ വർഷം 22 ഗ്രാമ പഞ്ചായത്തുകളിലായി 110 യൂണിറ്റ് പബ്ലിക് ടോയ്ലറ്റുകൾക്ക് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഇനിയും ഈ മേഖലയിൽ പബ്ലിക് ടോയ്ലറ്റ് ആവശ്യമുള്ള 28 ഗ്രാമ പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കേണ്ടതായിട്ടുണ്ട്. എല്ലാ നഗരസഭകളിലും നിലവിൽ പബ്ലിക് ടോയ്ലറ്റുണ്ട്. ഈ വർഷം പുതുതായി 210 ടോയ്ലറ്റുകൾ കൂടി എല്ലാ നഗരസഭകളിലും സ്ഥാപിക്കുന്നതോട് കൂടി നഗരസഭകൾ ഇക്കാര്യത്തിൽ പൂർണ്ണതയിലെത്തും.

2. **വനിതാ സൗഹൃദ ടോയ്ലറ്റുകൾ**

പൊതു സ്ഥലങ്ങളിലും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലും അവിടത്തെ വനിതാ ജീവനക്കാർക്കും കൂടാതെ അവിടങ്ങളിൽ വന്നു പോകുന്ന വനിതകൾക്കും ഉപയോഗിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ഒട്ടും തൃപ്തികരമല്ല. ഈ മേഖലകളിൽ കൂടുതൽ യൂണിറ്റുകൾ (നഗരസഭകളും, ഗ്രാമ പഞ്ചായത്തുകളും) സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

3. **എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ)**

പൊതു സ്ഥലങ്ങളിലെ ചപ്പുചവറും ഉൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ ചെലവ് കുറഞ്ഞതും കാര്യക്ഷമമായ ഒരു സംവിധാനമാണ് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്. നിലവിൽ എല്ലാ നഗരസഭകളിലും കൊല്ലം കോർപ്പറേഷനിലും ഈ

സംവിധാനമുണ്ടെങ്കിലും വേണ്ടത്ര എണ്ണം ആവശ്യമനുസരിച്ച് സ്ഥാപിച്ചിട്ടില്ല. ഒരു ഗ്രാമ പഞ്ചായത്തിലും ഈ സംവിധാനങ്ങളില്ല. എന്നാൽ, 2017 -18 വാർഷിക പദ്ധതിയിൽ 20 ഗ്രാമ പഞ്ചായത്തുകൾ ഇതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 48 ഗ്രാമ പഞ്ചായത്തുകളിൽ ഈ പദ്ധതി രൂപീകരിക്കേണ്ടതാണ്.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

ആരോഗ്യം

1. ടോമാകെയർ സംവിധാനം ശക്തിപ്പെടുത്തുക, പോലീസ്, RTD, ആരോഗ്യം-ആംബുലൻസ് നെറ്റ് വർക്ക് സംവിധാനം രൂപപ്പെടുത്തുക
2. ജില്ലാ ആശുപത്രിയിൽ മൊബൈല് വെന്റിലേറ്റർ സംവിധാനത്തോടെ ഹൈടെക് ആംബുലൻസ് സംവിധാനം ഏർപ്പെടുത്തണം.
3. പാലിയേറ്റീവ് കെയർ ശക്തിപ്പെടുത്തണം. അതിനായി സെക്കന്ററി പാലിയേറ്റീവ് സംവിധാനങ്ങൾക്ക് സൗജന്യസേവന തൽപ്പരരായ സ്വകാര്യ-സഹകരണ ആശുപത്രികളുടെ സഹകരണം ഉറപ്പ് വരുത്തുക.

ഭക്ഷ്യസുരക്ഷ

1. ഭക്ഷ്യ സുരക്ഷ അതോറിറ്റിയുടെ സെയ്ഫ് & ന്യൂട്രീഷ്യസ് ഫുഡ് ഇൻസ്ക്കൂൾ- എന്ന പദ്ധതി 2020 ഓടുകൂടി ജില്ലയിലെ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കുന്നതാണ്.
2. ഭക്ഷണ വസ്തുക്കളിലെ മായവും കീടനാശിനി സാന്നിദ്ധ്യവും കണ്ടെത്താൻ ജില്ലയിൽ ലാബ് സൗകര്യം ഉറപ്പുവരുത്തുക

ഹോമിയോ

1. ജില്ലയിൽ മാസ് മീഡിയ സെൽ രൂപീകരിക്കുക
2. ആലപ്പാട്, ഇരവിപുരം ഡിസ്പെൻസറികൾ 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

ആയുർവ്വേദം

1. സർക്കാർ പദ്ധതിയായി ജില്ലയിൽ നടപ്പിലാക്കിവരുന്ന ''ജീവനി''(പ്രമേഹ രോഗചികിത്സാ പദ്ധതി)സ്പോർട്സ് ആയുർവ്വേദ, കൗമാര ഭൃത്യം, ഋതു കരൾ രോഗ മുക്തി, വൃദ്ധ ജന പരിപാലനം, മാനസികം, പ്രസൂതിതന്ത്രം, വയോമൃതം എന്നിവ സ്ഥിരം സംവിധാനങ്ങളായി മാറ്റണം.
2. ജില്ലയിൽ ഒരു മാസ് മീഡിയ സെൽ സ്ഥാപിക്കുക.
3. ഫീൽഡ് തല പൊതു ജനാരോഗ്യ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ആയുർവ്വേദ സ്ഥാപനങ്ങളിൽ ആശാ വർക്കർ സേവനം ഉറപ്പുവരുത്തുക.
4. ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്പോർട്സ് ആയുർവ്വേദ സെന്റർ സ്ഥാപിക്കുക.
5. ആയുർവ്വേദ ആശുപത്രിയിൽ നടക്കുന്ന ഔഷധ നിർമ്മാണം വിപുലീകരിച്ചാൽ ജില്ലയിലെ ഔഷധക്ഷാമം പരിഹരിക്കാൻ കഴിയും. ജില്ലാ ഔഷധ നിർമ്മാണ യൂണിറ്റ് നെടുമ്പനയിൽ സ്ഥാപിക്കണം

ശുചിത്വം, മാലിന്യസംസ്കരണം

1. മാലിന്യം വൻതോതിൽ തള്ളുന്ന മേവറം, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലും മറ്റ് അത്യാവശ്യസ്ഥലങ്ങളിലും സി.സി.ടി.വി ക്യാമറ സ്ഥാപിക്കുക
2. അഷ്ടമുടിക്കായലിലേക്ക് പുള്ളിക്കട കോളനിയിൽ നിന്നും അഴുക്കുജലം എത്തുന്നത് തടയുന്നതിനായി സീവേജ് ട്രീറ്റ് മെന്റ് പ്ലാന്റ് സ്ഥാപിച്ച് ജലം ശുദ്ധീകരിച്ച് വിടുക.
3. അയത്തിൽത്തോട്, നീണ്ടകര പാലം, മറ്റ് തോടുകളും പുഴകളും കടന്നുപോകുന്ന സ്ഥലത്ത്കൂടിയുള്ള റോഡുകളിൽ നിന്നും മാലിന്യം ജലാശയങ്ങളിലേക്ക് വലിച്ചെറിയാതിരിക്കാൻ ഇവയുടെ സൈഡിൽ നെററ് അടിക്കുക.
4. ശബരിമല ഇടത്താവളങ്ങൾ കേന്ദ്രീകരിച്ച് MCF കളും ജൈവമാലിന്യസംസ്കരണ ഉപാധികളും സ്ഥാപിക്കുക.
5. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ചിക്കൻസ്റ്റാളുകൾക്ക് അനുമതി നൽകുമ്പോൾ മാലിന്യസംസ്കരണ ഉപാധികൾ ഉള്ളതായി ഉറപ്പുവരുത്തുക.
6. ജൈവമാലിന്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മാതൃകാകൃഷി തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കോട്ടുക്കൽ കൃഷി ഫാമിനെ ഒരു ജൈവകൃഷി ഫാമാക്കി മാററാവുന്നതാണ്. ഇതിനായി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ജൈവമാലിന്യം ശേഖരിച്ച് തോട്ടത്തിൽവച്ച് സംസ്കരിച്ച് ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഇതുവഴി പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നത് കുറയ്ക്കാവുന്നതാണ്.

ആരോഗ്യം- അലോപ്പതി

നെടുമ്പന ഗ്രാമപഞ്ചായത്തിൽ 10 ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഉൾപ്പെടുന്ന നെടുമ്പന സി.എച്ച്.സിയിൽ പി.എച്ച്.സിയുടെ സ്റ്റാഫ് പാറ്റേൺ മാത്രമാണ് നിലവിലുള്ളത്. ടി സെന്റർ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്താൽ ജില്ലാ ആശുപത്രിയിലെ തിരക്ക് ഒഴിവാക്കാൻ കഴിയും.

7.8 കുടിവെള്ളം

കൊല്ലം ജില്ലയിൽ ആകെയുള്ള 79 ജല വിതരണപദ്ധതികളിൽ 16 പദ്ധതികളിൽ മാത്രമാണ് ജലശുദ്ധീകരണ ശാലകൾ വഴി ശുദ്ധജല വിതരണം ചെയ്തു വരുന്നത് 63 ജലവിതരണ പദ്ധതികളിൽ ശുദ്ധീകരണ ശാലകൾ വഴിയല്ലാതെയാണ് ശുദ്ധജലം വിതരണം ചെയ്യുന്നത്.

ശുദ്ധീകരണ ശാലകളില്ലാത്തതിനാൽ ലോക ആരോഗ്യ സംഘടന നിഷകർഷിക്കുന്ന ഗുണനിലവാരത്തിലുള്ള ജലം വിതരണം ചെയ്യാൻ കഴിയുന്നില്ല. ആയതിനാൽ എറ്റവും മുന്തിയ പരിഗണന നല്കേണ്ടത് ജലശുദ്ധീകരണ ശാലകൾ സ്ഥാപിക്കാൻ വേണ്ടിയായിരിക്കണം. ചാർട്ട് II ൽ പ്രതിപാദിച്ചിട്ടുള്ള ജലവിതരണ പദ്ധതികൾ എല്ലാം തന്നെ കുഴൽ കിണറിനെയോ ഇന്ടേക്ക് കിണറുകളയോ ആശ്രയിച്ച് ഒരു പഞ്ചായത്തിനെയോ, പഞ്ചായത്തിന്റെ കുറച്ച് പ്രദേശങ്ങളയോ മാത്രം ഉൾകൊള്ളുന്ന പദ്ധതികളാണ്. ശുദ്ധീകരണ ശാലകൾ ഇല്ലാത്തതിനാലും മറ്റ് സംവിധാന ങ്ങളിലൂടേയും ഗുണനിലവാരം നിലനിർത്താൻ കഴിയുന്നില്ല. കുഴൽ കിണറുകളിൽ അനുവദിക്കപ്പെട്ട അളവിനേക്കാൾ ഇരുമ്പിന്റെ സാന്നിദ്ധ്യം ആരോഗ്യപരമായ പ്രശ്നങ്ങളിലേക്ക് നയിക്കുന്നവയാണ്. നദികളിലെ ഇൻടേക്ക് കിണറുകളിൽ ഇൻഫിൽട്രേഷൻ ഗാലറികൾ നശിച്ചുപോകുന്നതുമൂലം ശുദ്ധീകരണം നടത്തുന്നതിന് തടസ്സമാകുകയും ഒഴുകി വരുന്ന മാലിന്യങ്ങൾ കിണറിലേക്ക്

പ്രവേശിക്കുകയും ഇതുമൂലം ജലം മലിനപ്പെടുകയും, കൂടാതെ പമ്പ് സെറ്റുകൾ അടിക്കടി കേടാവുകയും ചെയ്യുന്നതിന് കാരണമാകുന്നു. അതിനാൽ എല്ലാ കിണറുകളുടെയും ഇൻഫിൽട്രേഷൻ ഗാലറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഏറ്റവും മുന്തിയ പരിഗണ നല്കേണ്ടതാണ്. ജില്ലയിൽ കേരള ജല അതോറിറ്റിയുടേതായി 205 എണ്ണം കുഴൽ കിണറുകളാണ് ഉള്ളത്. ഭൂജല വകുപ്പ് കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 25000 ത്തോളം സ്വകാര്യ കുഴൽ കിണറുകളുമുണ്ട്. ആയതിനാൽ ഇത് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. 92 ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ വഴി 2600 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇതു കൂടാതെ 1000 ത്തോളം ഹാന്റ് പമ്പുകളും ജില്ലയിൽ പ്രവർത്തനക്ഷമമാണ്. ഭൂജലവകുപ്പ് ജില്ലയിലൊട്ടാകെ 51 നീരിക്ഷണ കിണറുകൾ വഴി ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ജലവിതാനം എല്ലാ മാസത്തിലും നീരിക്ഷിച്ചു രേഖപ്പെടുത്തുന്നു.

പരിപ്രേക്ഷ്യം

1. ശുദ്ധീകരണ ശാലകൾ നിർമ്മിച്ച് കുടിവെള്ളവിതരണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.
2. ഇൻടേക്ക് കിണറുകളോട് ചേർന്നു നില്ക്കുന്ന ഇൻഫിൽട്രേഷൻ ഗാലറികളുടെ പുനരുദ്ധാരണം നടത്തുക.
3. ഭൂഗർഭജലം സംഭരിക്കുന്നതിനായി കുഴൽ കിണറുകളുടെ നിർമ്മാണം പരിമിതപ്പെടുത്തുക.
4. ഉപരിതല ജലം കൂടുതൽ ഉപയോഗിച്ചുകൊണ്ടുള്ള ജല പദ്ധതികൾ ആവിഷ്കരിക്കുക.
5. നിലവിലുള്ള സ്രോതസ്സുകളുടെ ജലത്തിന്റെ അളവ് കൂട്ടുന്നതിനായി നദികളിൽ തടയണ നിർമ്മിക്കുക.
6. വീടുകളിൽ മഴ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡിയിനത്തിൽ ലഭ്യമാക്കി സ്ഥാപിക്കുക.
7. വീടുകളിൽ മഴ വെള്ളം ഉപയോഗിച്ച് നിലവിലുള്ള കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. ഉപരിതല ജല സംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങളും നീർച്ചാലുകളും പാർശ്വഭിത്തികെട്ടിയും തടയണകൾ നിർമ്മിച്ചും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
9. ഭൂഗർഭജലം ശോഷിപ്പിക്കുന്ന വൃക്ഷങ്ങൾ ഒഴിവാക്കിയും കൂടുതൽ വേരുകളുള്ള വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചും മണ്ണ് – ജല സംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തുക.
10. കുടിവെള്ളം മറ്റാവശ്യങ്ങൾക്കായ് ഉപയോഗിക്കുന്നതിനെതിരെ ഫലപ്രദമായ ബോധവല്ക്കരണ പരിപാടികൾ ആവിഷ്കരിക്കുക.
11. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ ലഭിക്കുന്ന മഴവെള്ളം അതാതിടങ്ങളിൽ തടഞ്ഞുനിർത്തി ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാന് ആവശ്യമായ മണ്ണ് – ജലസംരക്ഷണ പദ്ധതികൾ ജില്ലയിൽ ഉടനീളം വ്യാപകമാക്കുക.
12. വേനൽക്കാലങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ ഉപ്പ് വെള്ളം കയറാതിരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.
13. ജലസ്രോതസ്സുകളുടെ കൈയ്യേറ്റം, മലീനീകരണം എന്നിവക്കെതിരെ നടപടികൾ സ്വീകരിക്കുക.
14. അനധികൃത കുഴൽ കിണർ നിർമ്മാണം കർശനമായി നിയന്ത്രിക്കുക.
15. തീരപ്രദേശങ്ങളിൽ ഉപ്പ് വെള്ളം കയറാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ തടയണ / റഗുലേററർ 20 ബ്രിഡ്ക്കുകല് സ്ഥാപിക്കുക
16. ജലലഭ്യത കുറവുള്ള ജല ലഭ്യത കുറവുള്ള പള്ളിക്കാറില് ജല ലഭ്യത ഉയർത്താനായി കല്ലടയാറും പള്ളിക്കാറും തമ്മിൽ സാദ്ധ്യമായ രീതിയിൽ ബന്ധിപ്പിക്കുക.
17. കിണര് റിച്ചാർജ്ജിംഗ് വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീയിൽ ടെക്നിൽ വിഭാഗം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കിണർ റിച്ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

18. പ്രവർത്തന രഹിതമായ സ്വജലധാര കുടിവെള്ളം പദ്ധതികൾ മുൻഗണന ക്രമത്തിൽ പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ദീർഘകാല പദ്ധതികൾ

1 അലയമൺ ഗ്രാമപഞ്ചായത്തിൽ നിലവിൽ ശുദ്ധീകരണ ശാലയോ സമൃദ്ധമായ ജലസ്രോതസ്സുകളോ ഇല്ലാത്തതിനാൽ നിലവിലുള്ള കുളത്തുപ്പുഴ കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണ ശാലയുടെ ശേഷി 18 MLD ആയി വർദ്ധിപ്പിച്ച് അലയമൺ ഗ്രാമ പഞ്ചായത്തിൽ കൂടി ജലവിതരണം നടത്തുക.

2. കൊട്ടാരക്കര മുനിസിപ്പാലിറ്റിക്കും നെടുവത്തൂർ ഗ്രാമ പഞ്ചായത്തിനും സംയുക്തമായി ഒരു കുടിവെള്ള പദ്ധതി സ്ഥാപിക്കുക.

3. നിലവിലുള്ള കുണ്ടറ പദ്ധതിയുടെ ഓഗ് മെന്റേഷൻ വഴി കുണ്ടറ പേരയം, കിഴക്കേ കല്ലട, ഇളമ്പള്ളൂർ എഴുകോൺ ഗ്രാമ പഞ്ചായത്തുകളുടേയും ശുദ്ധ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്. കുളക്കട, പവിത്രേശ്വരം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജല വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ പഞ്ചായത്തുകൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് അനുമതി ലഭിച്ചാൽ മതിയാകും

4. പത്തനാപുരം, പിറവന്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജല വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി നിലവിലുള്ള സ്രോതസ്സ്, ജല ശുദ്ധീകരണ ശാലകൾ വിതരണ ശൃഖലകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതാണ്.

5. കല്ലടയാർ സ്രോതസ്സാക്കി ആര്യൻകാവ്, തെന്മല എന്നീ പഞ്ചായത്തുകൾക്കു വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുക.

6. ചിതറ കുടിവെള്ള പദ്ധതിയിൽ നിലമേൽ, കുമ്മിൾ എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്നെങ്കിലും ശുദ്ധജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി പദ്ധതി വിപുലീകരണം നടത്തിയും കൂടുതൽ വിതരണ ശൃഖല സ്ഥാപിക്കേണ്ടതാണ്.

7. കൊല്ലം കൊറ്റങ്കര ഗ്രാമപഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് കൊല്ലം കോർപ്പറേഷനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ നിന്നും ലഭിക്കുന്ന 5 MLD ജലം ഉപയോഗിക്കുന്നതിനായി ഒരു ശുദ്ധീകരണശാലയും സംഭരണികളും വിതരണ ശൃംഖലകളും സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

8. മൈലം, തലവൂർ, പിടവൂർ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുക.

9. പുനലൂർ മുനിസിപ്പീലിറ്റിക്കായി പുതിയ ഒരു കുടിവെള്ള പദ്ധതി ആവിഷ്കരിക്കുക.

10. ജലക്ഷാമം അനുഭവപ്പെടുന്ന തേവള്ളി, കടവൂർ ഡിവിഷനുകളിൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് തേവള്ളി ഡിവിഷനിൽ 8 ലക്ഷം സംഭരണ ശേഷിയുള്ള ഉപരിതല സംഭരണി സ്ഥാപിക്കുകയും ആയതിലേക്ക് ആനന്ദവല്ലീശ്വരം GL ടാങ്കിൽ നിന്നും പമ്പിംഗ് സ്ഥാപിക്കുകയും ചെയ്യുക.

11. ഞാങ്കടവ് പദ്ധതിയുടെ കമ്മീഷനിംഗ് കഴിയുന്ന മുറയ്ക്ക് ശാസ്താംകോട്ടയിൽ നിന്നും കൊല്ലത്തേക്കുള്ള പമ്പിംഗ് നിർത്തേണ്ടി വരുന്ന സാഹചര്യത്തിൽ ശക്തികുളങ്ങര മേഖലയിൽ ജലമെത്തിക്കുന്നതിന് കാവനാട് ഒരു ഭൂഗർഭജല സംഭരണിയും അതിലേക്ക് ആനന്ദവല്ലീശ്വരത്ത് നിന്നും പൈപ്പ് ലൈനും പമ്പിംഗ് ഉപകരണവും സ്ഥാപിക്കുകേ.

12. മൈനാഗപ്പള്ളി തൊടിയൂർ, കുലശേഖരപുരം, തഴവ എന്നീ പഞ്ചായത്തുകൾക്കായി കല്ലടയാർ സ്രോതസ്സാക്കി പുതിയ പദ്ധതി രൂപീകരിക്കുക.

13. കുന്നത്തൂർ, പോരുവഴി, ശൂരനാട് (തെക്ക്)എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി കല്ലടയാർ സ്രോതസ്സാക്കി ശാസ്താംകോട്ടയിൽ നിലവിലുള്ള ശുദ്ധീകരണ ശാലകളും അനുബന്ധ ഘടകങ്ങളും പ്രയോജനപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതി രൂപീകരിക്കുക.

14. പനയം, തൃക്കരുവ,പെരിനാട്, കിഴക്കേ കല്ലട മൺറോതുരുത്ത് എന്നീ 5 പഞ്ചായത്തുകൾ ഉൾപ്പെടുത്തി കല്ലടയാർ സ്രോതസ്സായി പദ്ധതി ആവിഷ്കരിക്കുകയും ഉപ്പ് വെള്ളം കയറുന്നതു തടയുന്നതിനു വേണ്ടി റഗുലേറ്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

ഹ്രസ്വകാല പദ്ധതികൾ

1. കരീപ്ര ഗ്രാമപഞ്ചായത്തിലെ വാർഡ് XVII –ലുള്ള പാണൻ പറമ്പ് പട്ടികജാതി കോളനിയിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക.
2. വെളിയം ഗ്രാമ പഞ്ചായത്തിലെ വാർഡ് 1-ലെ പാറപ്പാട് കോളനി, വാർഡ് 10-ലെ പെരുംകുളം പട്ടികജാതി കോളനി, വാർഡ് 19-ലെ ചെറുകരക്കോണം പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കുക
3. പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ വാർഡ് 6-ലെ പകുതിപ്പാറ കോളനി, പെരുമാവിൽ കോളനി, മലയിൽഭാഗം കോളനി എന്നിവയ്ക്ക് സംയുക്തമായി ഒരു കുടിവെള്ള പദ്ധതി സ്ഥാപിക്കുക.
4. കോർപ്പറേഷന്റെ തീരദേശ മേഖലകളിൽ വരുന്ന ഡിവിഷനുകളിൽ ജലമെത്തിക്കുന്നതിന് മയ്യനാട് കൈതപ്പുഴയിൽ സ്ഥാപിച്ചിരിക്കുന്ന ജിക്ക ഉപരിതല സംഭരിണിയിൽ നിന്നും 250 mm DI പൈപ്പ് ലൈൻ 10.5 കിലോ മീറ്റർ ദൈർഘ്യത്തിൽ സ്ഥാപിക്കേണ്ടതാണ്.
5. കൊല്ലം കേർപ്പറേഷന്റെ വിവിധ ഡിവിഷനുകളിൽ നിലവിലുള്ള കാലപ്പഴക്കം ചെന്ന AC പൈപ്പുകൾ മാറ്റി PVC പൈപ്പുകൾ സ്ഥാപിക്കുക. പുതുതായി PVC വിതരണ ശൃംഖല സ്ഥാപിക്കേണ്ടതാണ്.
6. ഞാങ്കടവ് പദ്ധതിയുടെ പൂർത്തീകരണത്തോടെ ലഭിക്കുന്ന ജലം വിതരണം ചെയ്യുന്നതിനായി വിവിധ ഡിവിഷനുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുക.
7. തൃക്കരുവ, പെരിനാട്, പനയം എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്ന ജലത്തിൽ ഇരുമ്പിന്റെ സാന്നിദ്ധ്യമുള്ളതിനാൽ ഇലക്ട്രോ ക്ലോറിനേറ്റർ, അയൺ റിമൂവർ പ്ലാന്റ് എന്നിവ സ്ഥാപിക്കുക.
8. ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, മൈനാഗപ്പള്ളി പോരുവഴി, ശാസ്താംകോട്ട, പടിഞ്ഞാറെ കല്ലട, കുന്നത്തൂർ എന്നീ പഞ്ചായത്തുകളിൽ നിലവിലുള്ള AC പൈപ്പുകളുടെ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുക.
9. പെരിനാട് ഗ്രാമ പഞ്ചായത്തിലെ വിതരണ ശൃംഖല പുതുതായി നിർമ്മിച്ച നാഷണൽ ഹൈവേയുടെ ടാറിംഗിന് അടിയിലായതിനാൽ പുതുതായി ഇരുവശങ്ങളിലായി വിതരണ ശൃംഖല സ്ഥാപിക്കുക.
10. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും പഴകിയ AC പൈപ്പുകൾ മാറ്റിസ്ഥാപിക്കുകയുംചെയ്യുക.
11. പരവൂർ, പൂതക്കുളം, ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ നിലവിൽ സ്ഥാപിച്ചിരിക്കുന്ന പദ്ധതിയുടെ വിതരണ ശൃംഖലയിലെ വിടവുകൾ നികത്തി നെറ്റ് വർക്ക് സംവിധാനം പൂർത്തീകരിക്കുക.
12. കുന്നത്തൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ അയൺ റിമൂവർ പ്ലാന്റ് സ്ഥാപിക്കുക.
13. തഴവ, തേവലക്കര, തൊടിയൂർ, തെക്കുംഭാഗം അഴീക്കൽ എന്നിവിടങ്ങളിൽ കൂടുതൽ വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും പഴകിയ AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയുംചെയ്യുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. നിലവിൽ കുടിവെള്ളക്ഷാമമുള്ള ഒറ്റപ്പെട്ട ഉയർന്ന മലയോര മേഖലകളിൽ കുടിവെള്ളം എത്തിയ്ക്കുവാൻ കുഴൽകിണർ അധിഷ്ഠിതമായ മൈക്രോ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക.
2. ജലനിധി പദ്ധതി/രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികൾ പുന:രുദ്ധീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുക. ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുക

3. നിലവിലുള്ളതോ, കാലാവധി കഴിഞ്ഞതോ, ജലലഭ്യത കുറവുള്ളതോ, പ്രവർത്തന രഹിതമായതോ ആയ കുഴൽകിണറുകൾക്ക് പകരം കുഴൽകിണർ നിർമ്മിക്കുക. വേനൽക്കാലങ്ങളിൽ കുഴൽകിണർ വഴിയുള്ള ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ഇതു സഹായിക്കും.
4. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും പുനരുദ്ധീകരിച്ച് ജലം സംഭരിച്ച് വരൾച്ചാകാലത്ത് കുടിവെള്ള വിതരണം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. കുടിവെള്ളം/സ്രോതസ്സ് എന്നിവ മലിനമാക്കുന്നതിനെരെ ഭൂജല പരിപോഷണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള ബോധവൽക്കരണത്തിനായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ജാഗ്രത സമിതികൾ രൂപീകരിക്കുകയും ചെയ്യുക.
6. ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതും നിലവിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടതുമായ ചവറ, പൻമന ഗ്രാമപഞ്ചായത്തുകളെ കുടിവെള്ളം തുടർന്ന് വിതരണം ചെയ്യുന്നതിനായി കേരള ജല അതോറിറ്റിയെ ഏൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.
7. കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി സ്രോതസ്സിനോട് അനുബന്ധിച്ച് ശുദ്ധീകരണശാല സ്ഥാപിക്കുക
8. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ''വാട്ടർകിയോസ്കുകൾ''വർഷത്തിൽ 12 മാസവും കുടിവെള്ള വിതരണം നൽകതക്ക രീതിയിൽ പുനരുദ്ധീകരിച്ച് പ്രവർത്തിപ്പിക്കുക.
9. ജല ദൗർലഭ്യം ലഘൂകരിക്കാൻ മഴവെള്ള സംഭരണം വ്യാപകമാക്കാനുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ജലവിഭവ വകുപ്പ്

കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട മൂന്ന് നദികളാണ് കല്ലടയാർ, ഇത്തിക്കരയാർ, പള്ളിക്കലാർ എന്നിവ ജില്ലയിലെ കാർഷിക, ഗാർഹിക, കുടിവെള്ള ആവശ്യങ്ങൾക്കായുള്ള പ്രധാന സ്രോതസ്സായ ഈ മൂന്ന് നദികളിലും വിവിധ ഭാഗങ്ങളിൽ ജനങ്ങൾക്ക് ഏറെ ഉപകാര പ്രദമായ കടവുകൾ നിർമ്മിക്കേണ്ടതും സംരക്ഷിക്കേണ്ടതും ജല ദൗർലഭ്യം നേരിടുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ കടവുകൾ പുനരുദ്ധരിച്ച് ഉപയോഗപ്രദമാകുന്നതു വഴി ജലത്തിന്റെ പുനരുപയോഗം എന്ന ആശയം പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്. അതുവഴി ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു മാതൃകയാകുകയും ചെയ്യാൻ കഴിയുന്നതാണ്. ഈ കടവുകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതു വഴി ജനങ്ങൾക്ക് ഗാർഹിക ആവശ്യങ്ങൾക്കും, തുണി കഴുകുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും വാഹനം കഴുകുന്നതിനും മറ്റും ഈ കടവുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ നദിയുടെ ആഴം, ഒഴുക്കിന്റെ സ്വഭാവം, അപായ സൂചനകൾ, മുന്നറിയിപ്പുകൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം മാലിന്യമുക്തമാക്കൽ എന്നിവയിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന സൂചനാ ബോർഡുകൾ ഈ കടവുകളിൽ സ്ഥാപിക്കേണ്ടതാണ്. ഈ പദ്ധതിയുടെ ഭാഗമായി പടവുകൾ, റാമ്പുകൾ, ഇരിപ്പിടങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയും അതാത് കടവുകളിലെ ആവശ്യകതയനുസരിച്ച് നിർമ്മിക്കാൻ കഴിയുന്നതാണ്.

ജല ദൗർലഭ്യം ലഘൂകരിക്കാൻ മഴവെള്ള സംഭരണം വ്യാപകമാക്കാനുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള കൂടുതൽ പരിപാലന കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാനുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതും സോഷ്യൽ മീഡിയ കാരണം വർദ്ധിച്ചു വരുന്ന വിപത്തുകൾ ഒഴിവാക്കാനുള്ള മോണിറ്ററിംഗിൽ സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

7.9 പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം

2011 സെൻസസ്സ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യ 33406061 ആണ്. കൊല്ലം ജില്ലയിൽ ജനസംഖ്യ 2635375 ഉം ആണ്. 669375 കുടുംബങ്ങളാണ് സെൻസസ് പ്രകാരം കൊല്ലം ജില്ലയിലുള്ളത്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 80299 (റൂറൽ-52234, അർബൻ-28065) ഉം പട്ടിക വർഗ്ഗ കുടുംബങ്ങൾ 2957 (റൂറൽ-2157, അർബൻ-800) ആണ്. പാർപ്പിട രാഹിത്യത്തിൽ സ്ഥിതി വിവര കണക്കുകളിൽ പ്രധാന സ്രോതസ്സ് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ആണ്. ഇതിൻ പ്രകാരം വാസയോഗ്യമായ വീടില്ലാത്തവരുടെ എണ്ണം കേരളത്തിൽ 291956 ഉം കൊല്ലം ജില്ലയിൽ 24246 ഉം ആണ്.

ഭവന രഹിതർക്ക് വാസയോഗ്യമായ ഭവനങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നതിലൂടെ ഭവന രഹിതരുടെ എണ്ണം കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയുമേറെ സഞ്ചരിക്കാനുണ്ടെന്നുള്ളതാണ് യഥാർത്ഥ്യം. 37 കി.മീ കടൽ തീരമുള്ള കൊല്ലം ജില്ലയിൽ മറൈൻ, ഇൻലാന്റ് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 16570 കുടുംബങ്ങളുണ്ട്. മൽസ്യ ബന്ധനത്തിൽ ഏർപ്പട്ടിരുന്നവരുടെ ആകെ ജനസംഖ്യ 126686 ഉം ഇതിൽ ആക്ടീവ് ഫിഷർമെൻ 18561 ഉം ആണ്. ഭവന പദ്ധതിയിലുൾപ്പെട്ടിട്ടും വിവിധ കാരണങ്ങളാൽ പണി പൂർത്തീകരിക്കാൻ സാധിക്കാതെ പോയിട്ടുള്ളവർ ജില്ലയിൽ 4916 പേരാണ്. ഗ്രാമവികസന വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് തുടങ്ങി വിവിധ വകുപ്പുകൾ വഴി നൽകിയിട്ടുള്ള വീടുകൾ ഇതിലുൾപ്പെടുന്നു. ഭൂരഹിത ഭവന രഹിതർ, ഭൂമിയുള്ള ഭവനരഹിതർ, പൂർത്തീകരിക്കാത്ത ഭവനമുള്ളവർ, മെയിന്റനൻസ് ആവശ്യമുള്ള ഭവനമുള്ളവർ എന്നിങ്ങനെ തിരിച്ചുകൊണ്ട് അഞ്ചു വർഷത്തിനുള്ളിൽ എല്ലാവർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ലൈഫ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായുള്ള ഭവനരഹിതരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന്റെ ശ്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഈ വർഷം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫിൽ ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ വകുപ്പുകൾ നൽകിയിട്ടുള്ള ഈ ഗണത്തിൽപ്പെട്ട വീടുകൾ 4916 എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

വികസന പരിപ്രേക്ഷ്യം

എല്ലാ ദരിദ്രർക്കും പാർപ്പിടം 2022-ഓടെ

എല്ലാവർക്കും പാർപ്പിടം 2030-ഓടെ

3 ലക്ഷത്തിന് താഴെ വരുമാനമുള്ളതും ഗ്രാമങ്ങളിൽ 25 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും അധികരിക്കാത്ത ഭൂമിയുള്ളതുമായ എല്ലാ ഭവനരഹിതർക്കും താഴെപ്പറയുന്ന ക്ലേശ ഘടകങ്ങൾ ബാധകമാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക.

1. മാനസിക വെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരികത്തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുബങ്ങൾ.
2. അഗതികൾ
3. 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുബങ്ങൾ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ കുടംബനാഥയായ കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ.
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)
9. രോഗ ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

മേൽ മാനദണ്ഡങ്ങൾ ബാധകമായ എല്ലാ ഭൂരഹിത ഭവനരഹിതർക്കും എല്ലാ അടി സ്ഥാന സൗകര്യങ്ങളും പൊതുസേവനങ്ങളും ലഭിക്കുന്ന പാർപ്പിട സമുച്ചയങ്ങളിൽ പാർപ്പിടം നല്കുകയും സ്ഥിര വരുമാനത്തിന് ഉപജീവനോപാധികൾ, തൊഴിൽ, പരിശീലനങ്ങൾ, വരുമാനദായക ആസ്തികൾ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവ അഭിരുചിക്കനുസരിച്ച് ലഭ്യമാക്കുക.

ഇതിന് രണ്ട് ഘട്ടങ്ങളുണ്ട്.

1. നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.
2. ഭൂരഹിത-ഭവനരഹിത പുനരധിവാസം 2018 ഏപ്രിൽ - 2022
3. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ നിർമ്മാണം ആരംഭിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത ജില്ലയിൽ ഇനി പണി പൂർത്തിയാക്കാൻ അവശേഷിക്കുന്ന 4914 എണ്ണം വീടുകളുണ്ട്. ഇത് വകുപ്പ് തിരിച്ചും തദ്ദേശസ്ഥാപനം തിരിച്ചും അനുബന്ധം-1 ചേർക്കുന്നു. ഈ വീടുകൾ 2018 മാർച്ച് 31-ഓടെ പൂർത്തിയാക്കി ദീർഘനാളായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതാണ്. ഇതിനാവശ്യമായ ഫണ്ടുകൾ കണ്ടെത്തി വരുന്നു.
4. അതീവ ദരിദ്രർക്കും ഭവന നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ വിഭവങ്ങളും നൽകുക. ഇതിനായി തൊഴിലുറപ്പ്, മനുഷ്യസ്നേഹികൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ, വിദേശ മലയാളികൾ, മതസംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായം തദ്ദേശസ്ഥാപന തലത്തിലും ജില്ലാതലത്തിലും തേടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ലൈഫ് വിഭാവനം ചെയ്യുന്നു.എസ്.ടി വിഭാഗത്തിന് പൂർണ്ണ ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എസ്.സി, മത്സ്യതൊഴിലാളികൾ, അതീവ ദരിദ്രർ എന്നിവരുടെ ഭൂരഹിത ഭവന രഹിത പുനരധിവാസത്തിന് സാമൂഹ്യസഹായവും കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ടും ഉറപ്പാക്കുക.
5. ദാരിദ്ര്യത്തിന്റെയും ക്ലേശഘടകങ്ങളുടെയും തീവ്രതയ്ക്കനുസരിച്ച് അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ആവിഷ്കരിച്ച് സുതാര്യമായി ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ നടത്തുക വഴി സാമൂഹ്യ നീതിയും സുതാര്യതയും ഉറപ്പാക്കുകയും തദ്ദേശ സ്ഥാപനങ്ങൾക്ക് സാമൂഹ്യ ഉത്തരവാദിത്വത്തിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ശേഷി നല്കുക എന്നിവയും ലക്ഷ്യമിടുന്നു. ഇതിനായി ആധുനിക വിനിമയ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുക.
6. ലൈഫ് മിഷന് പ്രത്യേക സോഫ്റ്റ് വെയർ വികസിപ്പിച്ച് ലിസ്റ്റ് സിസ്റ്റം വഴി തയ്യാറാക്കുന്നു. ഇതുവരെ ഭവന നിർമ്മാണ മേഖലയിൽ ലഭ്യമാക്കിയിട്ടില്ലാത്ത സാങ്കേതിക സഹായങ്ങൾ പിന്തുണാ സേവനങ്ങളും തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ജില്ലയിലെ വിവിധ വകുപ്പുകളുടെയും സഹായത്തോടെ നല്കുക. ഇതിനുള്ള ഭരണപരമായ ചട്ടക്കൂടുകളും മാർഗ്ഗരേഖയും ആവിഷ്കരിക്കുക. വീട് നിർമ്മാണത്തിന് ജില്ലയിൽ നിന്നും കണ്ടെത്തിയ എഞ്ചിനീയറിംഗ് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ എംപാനൽ ചെയ്യുക വഴി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാമൂഹ്യ ഉത്തരവാദിത്വം സന്നദ്ധ സേവനത്തിന് ഉപയോഗപ്പെടുത്തുക. ജില്ലയിൽ 11 ഏജൻസികളെ കണ്ടെത്തിയിട്ടുണ്ട്. ഇവർ ഇല്ലാത്ത പഞ്ചായത്തുകളിൽ എൽ.എസ്.ജി.ഡി, തൊഴിലുറപ്പ്, എഞ്ചിനീയറിംഗ് സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യം.
7. വർധിച്ച നിർമ്മാണ സാമഗ്രികളുടെ വില, കൂലിച്ചെലവ്, ദൗർലഭ്യം എന്നിവ നേരിടുന്നതിന് കേന്ദ്ര-സംസ്ഥാനാവിഷ്കൃത-തദ്ദേശസ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ നിർമ്മിക്കുക, മേസൺ പരിശീലനങ്ങൾ നടത്തുക, തൊഴിൽ ലഭ്യമാക്കുക എന്നിവയും ഇതുവഴി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക, ദുർബലരുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുക, തൊഴിൽ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.
8. ഉപജീവന ഘടകം ഉൾപ്പെടുത്തി സ്ഥിര വരുമാനം വർദ്ധിപ്പിച്ച് കുടുംബാവശ്യങ്ങൾ നിറവേറ്റാനും വീടു നിർമ്മാണത്തിലൂടെ വീണ്ടും ദാരിദ്ര്യത്തിലേക്ക് പോകാതിരിക്കാനുമായി ലൈഫ് മിഷനിലൂടെ

ലക്ഷ്യമിടുന്നു. ഇതിനായി കുടുംബശ്രീ മിഷൻ, തദ്ദേശസ്ഥാപന പദ്ധതികൾ തുടങ്ങിയവ പ്രയോജന പ്പെടുത്തുന്നതാണ്.

9. സാമൂഹ്യ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി വീണ്ടും ദാരിദ്ര്യത്തിലേക്ക് പോകാതിരിക്കുക, പൊതുവിതരണം ശക്തിപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസ സേവനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാം ഏകോപ്പിച്ച് നൽകുക.
10. പണവും മാർക്കറ്റും ഭരിക്കുന്ന സാമൂഹ്യ അവസ്ഥയിൽ എല്ലാവർക്കും പാർപ്പിടം പോലുള്ള വലിയ ലക്ഷ്യങ്ങൾ നേടുന്നതിന് വിവിധ സർക്കാർ സർക്കാർ ഇതര ഏജൻസികളെ ഏകോപിപ്പിച്ച് ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി സർക്കാരിന്റെയും തദ്ദേശ സ്ഥാപന ങ്ങളുടെയും പൊതുസമൂഹത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയും, സാമൂഹ്യ നീതയും പുതിയ നിലവാര ത്തിലേക്ക് ഉയർത്തുക.
11. ഉയർന്ന മൂല്യമുള്ള ഭൂമി പോലുള്ള സാമൂഹ്യ ആസ്തികളെ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുത്തു ന്നതിനുള്ള വഴിയും മാർഗ്ഗവും കാട്ടുക. ഇതിന് സർക്കാരിന്റെ സംവിധാനങ്ങളെ പ്രയോ ജനപ്പെടുത്തുക.

സംയോജിത പ്രോജക്ട് നിർദ്ദേശങ്ങൾ

- വിവിധ വകുപ്പുകളുടെ പദ്ധതികളുമായി തദ്ദേശ സ്ഥാപന വാർഷിക പദ്ധതിയെ സംയോജി പ്പിക്കുന്നതാണ്.
- 4 ലക്ഷം രൂപയ്ക്ക് പുറമെയുള്ള അധിക വിഭവ സമാഹരണത്തിന് എം.ജി.എൻ.ആർ.ഇ.ജി. എസ്സുമായി സംയോജനം നടത്തുന്നു.
- എം.ജി.എൻ.ആർ.ഇ.ജി.എസ്സ് വഴി ഓരോ ഗുണഭോക്താവിനും 90 തൊഴിൽ ദിനങ്ങൾ നൽകുക.
- സിമന്റ് കട്ട, വാതിലുകൾ തുടങ്ങിയ സാമഗ്രികൾക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക
- കിണർ നിർമ്മാണം, കിണർ റീചാർജ്ജിംഗ്
- ടോയിലറ്റ് നിർമ്മാണം, 8 തൊഴിൽ ദിനങ്ങൾ ഉൾപ്പെടെ 12000 രൂപയുടെ അധിക സഹായം.
- എയറോബിക് കമ്പോസ്റ്റ് സംവിധാനം, മലിനജല കുഴി (സോക്കേജ് പിറ്റ്) നിർമ്മാണം ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണം
- മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ
- വീട് വൈദ്യുതീകരണം, ഗ്യാസ് കണക്ഷൻ, എന്നിവയും കേന്ദ്രാവിഷ്കൃത സംയോജന പ്രവർത്തനങ്ങളിലൂടെ നൽകാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

1. ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള എല്ലാ സാങ്കേതിക വിജ്ഞാനങ്ങളും നൽകുന്ന കേന്ദ്രം ആരംഭിക്കുക.
2. ഒരുമിച്ച് സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഒരുക്കുക.
3. തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ, സൗകര്യം കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ നൽകുക

മേൽത്തട്ട് നിർദ്ദേശങ്ങൾ

പദ്ധതിയുടെ ഏകോപനവും മോണിട്ടറിംഗും ജില്ലാ/ബ്ലോക്ക്തലത്തിൽ ഡി.പി.സി നേതൃത്വത്തിൽ നടത്താവുന്നതാണ്.

- ബ്ലോക്ക് തലത്തിൽ മേസൺ പരിശീലനം സംഘടിപ്പിക്കണം.

- ഒരു പഞ്ചായത്തിൽ കുറഞ്ഞത് പത്ത് പേരടങ്ങുന്ന ലേബർ ഗ്രൂപ്പ്/ബാങ്ക് രൂപീകരിക്കണം. ഇതിന് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുൻകൈയെടുക്കണം. കൽപ്പണി, തടിപ്പണി , പ്ലംബിംഗ്, വയറിംഗ് തൊഴിലാളികളെ ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.
- ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളുടെ പ്രോത്സാഹനവും വിജ്ഞാന വ്യാപനവും ജില്ലാ/ബ്ലോക്ക് തലത്തിൽ നടത്താം.
- ധനസമാഹരണം ജില്ലാ പഞ്ചായത്ത് നേതൃത്വത്തിൽ നടത്തണം.
- പി.എം.എ.വൈ/ഭവന നിർമ്മാണ പദ്ധതികളുടെ അധിക ധനസഹായം വകയിരുത്തൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വഴി സാധ്യമാക്കാം
- ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പാർപ്പിട സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി വിവിധ വകുപ്പുകളുടെ സഹായത്തോടെ കണ്ടെത്തുന്ന പ്രവർത്തനം ജില്ലാ ഭരണകൂടവും നടത്തണം.
- സി.എസ്.ആർ ഫണ്ട് ജില്ലാ പഞ്ചായത്ത് ലഭ്യമാക്കുക.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

1. അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക
2. ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തൽ - ഭവന നിധി രൂപീകരണം, സി.എസ്.ആർ ഫണ്ട് ഉറപ്പാക്കൽ, ബാങ്ക് വായ്പ ലഭ്യമാക്കൽ. ഗുണഭോക്താക്കൾക്കുള്ള ബോധവത്ക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കൽ, ഗുണമേന്മയുള്ള പ്രാദേശിക നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കൽ. ഗുണഭോക്തൃ ഗ്രൂപ്പ് പ്രാദേശികമായി രൂപീകരിച്ച് ഒരുമിച്ച് സാധനങ്ങൾ വാങ്ങൾ നടത്തുക
   പഞ്ചായത്ത് തല മോണിട്ടറിംഗ്, സോഷ്യൽ ഓഡിറ്റ്, പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ, ഡോക്യുമെന്റേഷൻ നടത്തുക.
3. വിവിധ വകുപ്പുകളും പദ്ധതികളുമായുള്ള എല്ലാ സയോജന പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

നൂതന പ്രോജക്ട് ആശയങ്ങൾ

1. ജില്ലാ പഞ്ചായത്തിന്റെകീഴിൽ ഭവന നിർമ്മാണത്തിനുള്ള ബദൽ സാങ്കേതിക വികസന കേന്ദ്രം ആരംഭിക്കുക.
2. ടി.പി.ടി.എ-കളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുക.

ദാരിദ്ര്യലഘൂകരണം

നിലവിലെ അവസ്ഥ

1. ജില്ലയുടെ ദാരിദ്ര്യ തോത് 28.11% ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. എങ്കിലും ഗ്രാമീണ കുടുംബങ്ങളുടെ ദാരിദ്ര്യത്തിന്റെ സംസ്ഥാന ശരാശരി 30.33% മാണ്. കൊല്ലത്തിന്റെ ഗ്രാമീണ ദാരിദ്ര്യ അനുപാതം 28.11% ആണ്. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട നിലയിലുള്ള എറണാകുളം ജില്ലയുടെ ഗ്രാമീണ കുടുംബ ദാരിദ്ര്യം 20.30% ആണ്. തുടർ വർഷങ്ങളിൽ ഏറ്റവും മികച്ച തോതിന് ആനുപാതികമായി ദാരിദ്ര്യത്തോത് താഴ്ത്തുന്നതിന് അടുത്ത പദ്ധതികളിൽ ഊന്നൽ നൽകണം.
2.. SECC-യിലെ ദാരിദ്ര്യത്തിന്റെ ക്ലേശ ഘടകങ്ങളെ പരിഗണിക്കുമ്പോൾ സാമൂഹ്യ വിഭാഗങ്ങളിൽ ഏറ്റവും ദരിദ്ര വിഭാഗം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണെന്ന് കാണാം. ആകെ ദരിദ്ര കുടുംബങ്ങളുടെ 28.97% വരുന്നതായി കാണുന്നു.
3.. 16-59-നും ഇടയിൽ പ്രായമുള്ള ഒരു പുരുഷ അംഗം പോലും ഇല്ലാത്തതും സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ 13.94% ആണ്.
4.. 25 വയസ്സിനു മുകളിൽ പ്രായമായതും അക്ഷരാഭ്യാസമില്ലാത്തതുമായ അംഗങ്ങൾ ഉള്ള കുടുംബങ്ങൾ 4.51% മാണ്.

പരിഹാര നിർദ്ദേശങ്ങൾ

കൊല്ലം ജില്ലയെ അഗതി രഹിത ജില്ലയാക്കി മാറ്റുകയെന്നത് ജില്ലാ പദ്ധതിയുടെ ദാരിദ്ര്യ ലഘൂകരണ ഘടകത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യമായിരിക്കും. 2022 ഓടെ അഗതി രഹിത കൊല്ലം എന്ന ലക്ഷ്യം നേടാൻ ജില്ലയ്ക്ക് കഴിയണം.

2022 ഓടെ ജില്ലയിലെ 50% വികലാംഗരെയും പൂർണ്ണമായും വികലാംഗ സൗഹൃദ ജീവിതത്തിൽ പുനരധിവസിപ്പിക്കാനും പരാശ്രയമില്ലാതെ തൊഴിൽ ചെയ്തു ജീവിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ വികലാംഗ പുനരധിവാസത്തിന് സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കി 2027 ഓടെ സമ്പൂർണ്ണ വികലാംഗ സൗഹൃദ ജില്ലയാക്കി മാറ്റാൻ പദ്ധതി ലക്ഷ്യ മിടുന്നു.

ആ കുടുംബങ്ങളിലെ വൃദ്ധരുടെ വർദ്ധിച്ച വരുന്ന അനുപാതവും തന്മൂലമുള്ള പ്രശ്നങ്ങളും ദാരിദ്ര്യ ലഘൂകരണ കാഴ്ചപ്പാടിന്റെ മുഖ്യ ഘടകമായിരിക്കും. ശാരീരിക ശേഷി പ്രയോജനപ്പെടുത്തുന്ന ഏകാന്ത തയും നിരാശ്രയത്വവും തോന്നാത്ത സന്തോഷകരമായതും, പ്രയോജന പ്രദവുമായ ജീവിതത്തിനുള്ള സൗകര്യങ്ങൾ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടേയും സർക്കാർ വകുപ്പുകളുടേയും ഏജൻസിക ളുടേയും കൂട്ടായ പ്രവർത്തനത്തോടെ നടത്തുകയെന്നതാണ് കാഴ്ചപ്പാട്.

തൊഴിൽ പങ്കാളിത്തം, സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം (പ്രത്യേകിച്ച് സാക്ഷരത) തൊഴിൽ നൈപുണ്യവും വരുമാനവും വർദ്ധിപ്പിക്കുക വഴി സ്ത്രീകളുടെ കുടുംബത്തിലെ സ്ഥാനവും തീരുമാനമെടുക്കു ന്നതിലെ നിർണ്ണയാധികാരവും മെച്ചപ്പെടുത്തുകയും സ്ത്രീ നീതി ഉറപ്പാക്കുകയും ചെയ്യുക എന്നതും ജില്ലാ പദ്ധതിയുടെ ദാരിദ്ര്യ ലഘൂകരണ ഘടക പദ്ധതിയുടെ കാഴ്ചപ്പാട് ആയിരിക്കും.

പ്രോജക്ട് നിർദ്ദേശങ്ങൾ

- വികലാംഗ ക്ഷേമ പ്രോജക്ടുകൾ - വൈകല്യങ്ങൾ അനുസരിച്ച് വൈകല്യം പരിഹാര സാമഗ്രികൾ, യന്ത്രങ്ങൾ നല്കുന്ന പ്രോജക്ടുകൾ
- വികലാംഗർ, വൃദ്ധർ, സ്ത്രീകൾ എന്നിവർക്ക് തൊഴിൽ നൈപുണ്യ വികസന പ്രോജക്ടുകൾ.
- തൊഴിൽ സംരംഭകത്വ സ്വയം തൊഴിൽ ധന സഹായ - വായ്പാ ബന്ധിത പ്രോജക്ടുകൾ.
- സാക്ഷരരായ ആകസ്മിക തൊഴിൽ ഏർപ്പെടുന്നവർക്കുള്ള പ്രത്യേക തൊഴിൽ നൈപുണ്യ വികസന പ്രോജക്ടുകൾ. ഉദാ: മേസൺ പരിശീലനം, കെട്ടിട നിർമ്മാണ സാമഗ്രി പരിശീലനം, പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള നൈപുണ്യ പരിശീലനങ്ങൾ.
- 59 വയസ്സിനു താഴെയുള്ള സാക്ഷരർ അല്ലാത്ത എല്ലാ ആകസ്മിക തൊഴിലാളികൾക്കും4-ക്ളാസ് തുല്യതയ്ക്കുള്ള പ്രോജക്ടുകൾ ഇവയെ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനവുമായി ബന്ധപ്പെടുത്തണം.
- ഗ്രാമ പഞ്ചായത്തുകൾ എല്ലാ ആകസ്മിക തൊഴിലാളികളെയും ചേർത്ത് തൊഴിൽ സേന ഉണ്ടാക്കുന്നതിനും തൊഴിൽ പരിശീലനങ്ങൾക്കുമുള്ള പ്രോജക്ടുകൾ എടുക്കുക.
- തൊഴിലുറപ്പുമായി സംയോജിപ്പിച്ച് മൃഗ സംരക്ഷണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾക്കും (കൂട്, തൊഴുത്ത് തുടങ്ങിയവ) കോഴി, താറാവ്, പശു, ആട് തുടങ്ങിയവ വളർത്തലിനും സംയോജിത പ്രോജക്ട്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഉത്പാദന മേഖലയിലെ വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം.
- ദരിദ്രരുടെ ഭൂമി, മണ്ണ് സംരക്ഷണത്തിന് MGNREGA യുമായി സംയോജിപ്പിച്ച് നീർത്തടാധിഷ്ഠിത പ്രോജക്ടുകൾ എടുക്കുക.നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കൽ ബ്ലോക്ക് തലത്തിൽ നടത്താം. ഇതിന് മണ്ണ് സംരക്ഷണം, കൃഷി വകുപ്പുകളുടേയും IWMP യുടെ സാങ്കേതിക വിഭാഗത്തിന്റെയും സേവനം DPC ഉപയോഗിക്കണം.

- ജില്ലാ പഞ്ചായത്ത് വലിയ നീർത്തട പദ്ധതികൾ ഏറ്റെടുക്കണം.ഉദാ. ഇത്തിക്കര, കല്ലട, അച്ചൻകോവിലാർ നീർത്തട പദ്ധതികൾ.

മറ്റ് വകുപ്പുകളുമായുള്ള ഇന്റഗ്രേഷൻ

വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളെ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യാൻ സംവിധാനം വേണം.

SC, ST, കുടുംബശ്രീ (DDUGKY, NLM) വ്യവസായ വകുപ്പ്, RSETI, PMKK തുടങ്ങിയ വിവിധ വകുപ്പുകൾ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നടത്തുക,

സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു. ജില്ലാ പഞ്ചായത്ത് ഇതിനെ നിർവ്വഹണതലത്തിൽ ജില്ലയിലെ വകുപ്പുദ്യോഗസ്ഥരെ ഉപയോഗിച്ച് ഏകോപിപ്പിക്കണം.

വലിയ മുതൽ മുടക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ എസ്റ്റേറ്റുകൾ, റോഡുകൾ, മാർക്കറ്റുകൾ, വാണിജ്യ കേന്ദ്രങ്ങൾ, സംഭരണശാലകൾ തുടങ്ങിയവ ജില്ലാപഞ്ചായത്ത് ഏറ്റെടുക്കണം. RIDF പോലുള്ള പദ്ധതികളിൽനിന്ന് ഇതിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ 18 വകുപ്പുകളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിന്റെ പട്ടിക താഴെ ചേർക്കുന്നു.

ക്രമ നം	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം ഊന്നൽ നൽകേണ്ട പ്രവർത്തികൾ	സംഘാടനത്തിൽ പങ്കാളിയാകേണ്ട വകുപ്പുകൾ	നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ
I 1	പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ കുടിവെള്ള പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ അൺതടയണകൾ അണകൾ സ്റ്റോപ് ഡാം, ചെക്ക് ഡാം തുടങ്ങിയ ജലസംരക്ഷണ -ജലകൊയ്ത്ത് പ്രവർത്തികൾ	ഇറിഗേഷൻ	1.പ്രവർത്തി സ്ഥലം കണ്ടെത്തുക 2. എസ്റ്റിമേറ്റ് എടുക്കുക 3. പരിശീലനം നൽകുക
2	നീർത്തടത്തിന്റെസമഗ്ര പരിപാലനത്തിന് ഉതകുന്ന നീർത്തട പരിപാലന പ്രവർത്തികൾ (സ്വകാര്യ ഭൂമിയുൾപ്പെടെ) അടിയണകൾ,തട്ട് തിരിക്കൽ,കോണ്ടൂർ തിരിക്കൽ,കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ,ഗ്യാബിയോൺ നിർമ്മിതികൾ,നീരുറവ പ്രദേശത്തിന്റെപരിശോധന മുതലായവ	മണ്ണ് സംരക്ഷണം,കൃഷി IWMP-PAU	1. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുക 2. എസ്റ്റിമേറ്റ് എടുക്കുക 3. പരിശീലനം നൽകുക
3	സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികൾ തോട്ടുകൾ/കനാൽ ലരേ നിർമ്മാണം,പുനരുദ്ധാരണം (കയർ ഭൂവസ്ത്രം ഉൾപ്പെടെ)	മൈനർ ഇറിഗേഷൻ, കൃഷിവകുപ്പ്, (വാട്ടർ മാനേജ്മെന്റ്)	
4	കുളങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ജലസ്രോതസ്സുകളുടേയും ആഴംകൂട്ടലും പുനരുദ്ധാരണവും	മൈനർ ഇറിഗേഷൻ, കൃഷിവകുപ്പ്, മത്സ്യവകുപ്പ്,കയർ	സ്രോതസ്സ് കണ്ടെത്തൽ, കാർഷികാവശ്യങ്ങൾ (ജലം,മത്സ്യം ഉൾപ്പെടെ

		ബോഡ്	കണ്ടെത്തൽ) എസ്റ്റിമേറ്റ് പരിശീലനങ്ങൾ
5	സാമൂഹ്യ വനവത്കരണം (റോഡ് വശങ്ങൾ, കനാൽ ബണ്ടുകൾ,പൊതുഭൂമി ,വനഭൂമി)	വനം വകുപ്പ് , സോഷ്യൽ ഫോറസ്ട്രി, PWD ഇറിഗേഷൻ ,ഗ്രാമ പഞ്ചായത്ത്	സ്ഥലം കണ്ടെത്തൽ,നഴ്സറി തയ്യാറാക്കൽ പരിശീലനങ്ങൾ
6	പൊതുഭൂമിയിലെ ഭൂവികസന പ്രവർത്തികൾ (നീർത്തട പരിപാലന മാതൃകയിൽ)	മണ്ണ് സംരക്ഷണ വകുപ്പ്	സ്ഥലം കണ്ടെത്തൽ, പരിശീലനം, വിത്തുകൾ നൽകൽ മുതലായവ.
II	സമൂഹത്തിൽ അവശത അനുഭവിക്കുന്ന താഴെപ്പറയുന്ന വിഭാഗങ്ങൾക്കായുള്ള (പട്ടിക I ഖണ്ഡിക 5 ലെ) വ്യക്തിഗത ആസ്തികൾ		
1	ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസന വും, കിണറുകൾ,കുളങ്ങൾ, മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാ വശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ	തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എസ്.സി.എസ്.റ്റി വകുപ്പ്, വനം വകുപ്പ് (വനാവകാശം നിയമം)	ഗുണഭോക്താക്കളെ കണ്ടെത്തൽ പ്രവർത്തി കണ്ടെത്തൽ,മറ്റ് പദ്ധതികളുമായി സെയോജിപ്പിക്കൽ
2	വാഴകൃഷി, പട്ട്നൂൽ കൃഷി,തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയുടെ ആജീവനം മെച്ചെപ്പെടുത്തൽ	കൃഷി വകുപ്പ്/ആത്മ, ഹോർട്ടികൾച്ചർ മിഷൻ,	
3	ഖണ്ഡിക5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ	കൃഷി വകുപ്പ്	
4	ഇന്ദിരാ ആവാസ് യോജന പ്രകാരമോ,കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	
5	ടി വിഭാഗങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ▪ ഭൂവികസനം ▪ കിണറുകൾ, ഡഗ്ഗ് വെൽ കുളങ്ങൾ (ഫാം പോണ്ട്) മറ്റ് ജലകൊയ്ത്ത് (വാട്ടർ ഹാർവസ്റ്റിംഗ്) ഉൾപ്പെടുന്ന ജലസ്രോത സ്സിനാവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ	ഭൂഗർഭ ജലസേചനം തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷി	

6	ടി വിഭാഗങ്ങളുടെ പാഴ്ഭൂമി/തരിശു ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ	അഗ്രികൾച്ചർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, എസ്.സി.എസ്.റ്റി വകുപ്പ്, വി.ഇ.ഒ	
7	ടി വിഭാഗങ്ങളുടെ മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കൂട്,ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്,പുൽത്തൊട്ടിയും ,വളക്കുഴിയും ജൈവ വള നിർമ്മാണ യൂണിറ്റും	മൃഗസംരകഷണം ക്ഷീരവികസനം, തദ്ദേശ ഭരണ സ്ഥാപനങ്ങൾ	
8	മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ	ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, ഫിഷറീസ് സൊസൈറ്റീസ് ബി.എഫ്.എഫ്.ഡി.എ	ഗുണഭോക്താക്കളെ കണ്ടെത്തൽ,ഉത്പാദന പ്രവൃത്തി കണ്ടെത്തൽ, മത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കൽ
III	വിഭാഗം സി. സ്വയം സഹായ സംഘങ്ങൾക്ക് (എസ്.എച്ച്.ജി/ കുടുംബശ്രീ ഗ്രൂപ്പുകൾ) താഴെപറയുന്ന പൊതു അടിസ്ഥാന സൗകര്യങ്ങൾ ● കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ കേന്ദ്രം ● വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (പോസ്റ്റ് ഹാർവസ്റ്റ് ഫെസിലിറ്റീസ്) ● ജൈവ വളത്തിന് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ● സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡുകളുടെ നിർമ്മാണം ● പരമ്പരാഗത പ്രവർത്തികളായ പായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, ബ്ലാക്ക് സ്മിത്ത് വർക്ക് ഷെഡുകൾ ● കരകൗശല സാധന നിർമ്മാണം, ടെക്സ്റ്റയിൽ, ഫുഡ്പ്രോസസ്സിംഗ് വർക്ക് ഷെഡുകൾ	ഡി.എം.സി .കുടുംബശ്രീ കൃഷി വകുപ്പ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ	

	പലഗ്രൂപ്പുകളെ ചേർത്ത് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് ആലോചിക്കാം		
IV	1. വിഭാഗം ഡി- ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ • ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ • തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കാൻ വ്യക്തിഗത / പൊതു ടോയിലറ്റുകൾ,സ്കൂൾ ടോയിലറ്റുകൾ, അംഗണവാടി ടോയ്ലറ്റുകൾ • ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആവശ്യാനുസരണം (സോക്ക്പിറ്റ്, ഡ്രൈനേജ്) 2. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളേയും നിർദ്ദിഷ്ട ഗ്രാമീണ ഉത്പാദന കേന്ദ്രങ്ങളേയും നിലവിലുള്ള റോഡ് ശൃഖലയുമായി ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥാ റോഡിന്റെയും നിർമ്മാണം (ഡ്രൈനേജ്, കൾവർട്ട്സ്, വില്ലേജ് ബൈ റോഡ്, ഫുട്ട്പാത്ത് ഉൾപ്പെടെ) 3.കളിസ്ഥലങ്ങളുടെ നിർമ്മാണം 4.വെള്ളക്കെട്ട് ഒഴിവാക്കൽ,വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രൈയിനേജ് 5. Other Public Infrastructure 6.ദുരന്ത പ്രതിരോധം 7. Building for ഗ്രാമ പഞ്ചായത്തുകൾ Women SHG Federation ADS & WAG Cyclone Shelters Anganwadi Centres GP / Block level crematoriums 8.ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായിവരുന്ന ഭക്ഷ്യ ധാന്യ സംഭരണങ്ങളുടെ നിർമ്മാണം 9.MGNRES പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം 10. MGNREGS ൽ സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ നിർമ്മാണം	ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷൻ വിദ്യാഭ്യാസ വകുപ്പ് ആരോഗ്യ വകുപ്പ് ഗാമൂഹ്യ നീതി വകുപ്പ് ശുചിത്വ മിഷൻ പി.എം.ജി.എസ്.വൈ (റൂറൽ റോഡ് നെറ്റ് വർക്ക്), എൽ.എസ്.ജി.ഡി ഇ.ഇ, പി.ഡബ്ല്യു.ഡി റോഡ്സ് ഡിഡി.എഡ്യുക്കേഷൻ സ്പോർട്സ്, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഇറിഗേഷൻ Various Departments GPs / DDP ADS & CDS കുടുംബശ്രീ Disaster Management SJD GP / Block സിവിൽ സപ്ലൈയ്സ് ഗ്രാമ പഞ്ചായത്ത്	

നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഖണ്ഡിക 9&14

പ്രതീക്ഷിത തൊഴിലാവശ്യകത പരിഹരിക്കുന്നതിന് മതിയായ പ്രവർത്തികളുടെ ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇതിനായി വാർഷിക കർമ്മ പദ്ധതി, ലേബർ ബഡ്ജറ്റ് എന്നിവ തയ്യാറായശേഷം ഭരണ സാമ്പത്തിക അനുമതി നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ടവ

i. ദുർബലരായവർക്ക്(പ്രായമേറിയവർ,ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ)തൊഴിൽ നൽകാൻ പാകത്തിന് കൂടുതൽ അവിദഗ്ധ തൊഴിൽ ഘടകമുള്ള ഒരു പൊതു പ്രവർത്തിയെങ്കിലും, കുറഞ്ഞപക്ഷം, എപ്പോഴും നിർവ്വഹണ സജ്ജമായിരിക്കേണ്ടതാണ്.

ii. ഓരോഗ്രാമ പഞ്ചായത്തിലും കണ്ടെത്തുന്ന പ്രവർത്തികൾ (ഷെൽഫ് ഓഫ് പ്രോജക്ട്) പ്രസ്തുത പഞ്ചായത്തിന്റെഅംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിന്റെ രണ്ടു മടങ്ങിൽ കുറഞ്ഞില്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഭരണ സാമ്പത്തിക അനുമതികൾ നൽകാൻ പാടുള്ളു.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ

പാർപ്പിടം

1. പാർപ്പിട പദ്ധതിയിൽ വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ ഉൾപ്പെടുത്തണം
2. റേഷൻകാർഡ് ഇല്ലാത്ത, കുടുംബമായി താമസിക്കുന്നവരെ അർഹരായി കണക്കാക്കി ഉൾപ്പെടുത്തണം
3. ആനുപാതിക ധനസഹായം ഉപയോഗിച്ചുമാത്രം ഭവന പൂർത്തീകരണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ CSR ഫണ്ട് ലഭ്യമാക്കണം
4. ഉയർന്ന സ്ഥലവിലയുള്ള നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതു സബ്സിഡി ബാധകമാക്കാതെ ജില്ലാതലത്തിൽ ഡി.പി.സിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതിക്കു നിരക്ക് നിശ്ചയിക്കാനും ഭൂമി വാങ്ങൽ പ്രോജക്ട് ഏറ്റെടുക്കാനും കഴിയണം.
5. ജില്ലാതലത്തിൽ ഭവനനിധി സ്വരൂപിക്കുന്നതിന് ഡി.പി.സിയുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം വേണം.

ദാരിദ്ര്യലഘൂകരണം

1. വൃദ്ധരുടെ കർമ്മശേഷി ഉപയോഗിക്കാനുള്ള തൊഴിൽ-ക്ഷേമപദ്ധതികൾ കുടുംബശ്രീ നടത്തുന്ന മാതൃകയിൽ തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കണം. 10 ശതമാനം പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് ഡി.പി.സിയുടെ നേതൃത്വം ഉണ്ടാകണം.
2. സൂക്ഷ്മസംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ സ്ഥാപിച്ച് മാർക്കറ്റിംഗ് ഉൾപ്പെടെയുള്ളവ ഉറപ്പാക്കി സ്ത്രീ തൊഴിൽപങ്കാളിത്ത നിരക്ക് 2022 ഓടെ 50% മാക്കി വർദ്ധിപ്പിക്കാൻ ഡി.പി.സി നേതൃത്വത്തിൽ കർമ്മ പരിപാടി തയ്യാറാക്കണം.
3. തൊഴിൽ ലഭ്യമാക്കൽ, തൊഴിൽ നൈപുണ്യ പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ എല്ലാ വകുപ്പുകളുടെയും പദ്ധതികളിൽ നിന്നും ലിസ്റ്റ് ചെയ്ത് ജില്ലാ പദ്ധതിയുടെ ഭാഗമാക്കണം
4. ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് Common Facility Centre കൾ ആരംഭിക്കണം
5. ഗ്രാമങ്ങളിൽ 300 മീറ്ററും നഗരങ്ങളിൽ 150 മീറ്ററിലും അധികം കുടിവെള്ള സ്രോതസ്സ് ലഭ്യമാക്കി ഈ മാനദണ്ഡ പ്രകാരമുള്ള ക്ലേശഘടകങ്ങൾ കുറയ്ക്കണം.
6. ഒരു ലക്ഷത്തിനുമേൽ വരുമാനമുള്ളവരെ ക്ഷീരകർഷകർക്കുള്ള സബ്സിഡി സഹായം ഒഴിവാക്കിയത് ദാരിദ്ര്യലഘൂകരണ പദ്ധതികൾക്ക് തിരിച്ചടിയാണ് ഇതു മാറ്റണം.
7. വനിതാ സൗഹൃദ ജില്ലയായി 2020 ഓടെ കൊല്ലത്തെ മാറ്റുക

8. മത്സ്യവിപണനം നടത്തുന്ന വനിതകൾ രാത്രികാലങ്ങളിലും വെളുപ്പാൻകാലങ്ങളിലും ദുർഘട സാഹചര്യങ്ങളിൽ സഞ്ചരിച്ച് വിപണനം നടത്തുന്നു. ഇതിന് പരിഹാരമായി തദ്ദേശസ്ഥാപനങ്ങൾ സഞ്ചാരസൗകര്യം, വിപണനം എന്നിവയ്ക്ക് വനിതകൾക്കായി പ്രോജക്ട് ഏറ്റെടുക്കണം.
9. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയെ മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന് ഡി.പി.സിയുടെ നേതൃത്വത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കണം.
10. ജലസംരംക്ഷണത്തിന് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവരുടെ സ്ഥലത്തുള്ള തോടുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിനായി ഡി.പി.സിയുടെ നേതൃത്വത്തിൽ MGNREGS ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള പരിപാടി തയ്യാറാക്കണം

7.10 വിദ്യാഭ്യാസം

പ്രീപ്രൈമറി വിദ്യാഭ്യാസം

പ്രീ-പ്രൈമറി കാലഘട്ടം ഒരുകുട്ടിയുടെ ജീവിതത്തിലെ ഏറ്റവുംനിർണ്ണായക കാലഘട്ടമാണ്. ദ്രുതഗതിയിൽ വളർച്ച പ്രത്യേകിച്ച് ബൗദ്ധികമായ വളർച്ച പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളാണ് തുടർന്നുള്ള ജീവിതത്തിൽ പഠനത്തിൽ വഴികാട്ടിയാകുന്നത്. അതിനാൽ ഓരോ വിദ്യാലയവും ബാല സൗഹൃദമാകണം ഓരോ ഭവനവും ബാലസൗഹൃദമാകണം പ്രീപ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായിപരിഷ്കരിക്കണം. ആവശ്യമായസ്ഥലങ്ങളിൽ എല്ലാംപ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കേണ്ടതാണ്. വ്യത്യസ്ഥമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ചാൽ മാത്രമേ കുട്ടികളെ ആകർഷിക്കുവാൻ സാധിക്കുകയുള്ളൂ. പുസ്തകങ്ങളെ ക്കാൾ കൂടുതൽ കളിപ്പാട്ടങ്ങളെ സ്നേഹിക്കുന്ന കാല ഘട്ടമാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസ കാലഘട്ടം. എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും ആധുനിക രീതിയിലു ള്ള പാർക്കുകൾ ആരംഭിക്കേണ്ടതും ആവശ്യമായ കളി ഉപകരണങ്ങൾ നൽകേണ്ടതുമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും പഠനത്തിനു വേണ്ടിയുള്ള സൗകര്യങ്ങൾ നൽകേ ണ്ടതുണ്ട്.

താഴെ സൂചിപ്പിക്കുന്ന പട്ടിക പ്രകാരമുള്ള പ്രീപ്രൈമറിസ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

എയ്ഡഡ് പ്രീ പ്രൈമറിസ്കൂളുകൾ	201
അൺഎയ്ഡഡ് പ്രീ-പ്രൈമറിസ്കൂളുകൾ	176
അംഗീകാരമില്ലാത്തപ്രീപ്രൈമറിസ്കൂൾ	178
അങ്കണവാടികൾ (ഗവ.സ്കൂളിനോട്ചേർന്ന്പ്രവർത്തിക്കുന്നവ)	52
അങ്കണവാടികൾ (അൺഎയ്ഡസ് സ്കൂളുകളായിചേർന്ന്പ്രവർത്തിക്കുന്നവ)	8
അംഗീകാരമില്ലാത്തഅങ്കണവാടികൾ	8

കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിൽതന്നെ പ്രീപ്രൈമറി, അങ്കണവാടികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

വികസനകാഴ്ചപ്പാട്

പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അക്കാദമിക നിലവാരം ഉയർത്തേണ്ടതുണ്ട്.

1) 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾ ആർജിക്കേണ്ട ശേഷികളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പൊതുവിദ്യാലയങ്ങൾ എല്ലാ കുട്ടികളും തുല്യർ എന്ന കാഴ്ചപ്പാടിൽനിന്നു കൊണ്ട് പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ മികവിന്റെ കേന്ദ്രമായി മാറണം. ഇതിനുതകുന്ന തരത്തിലുള്ള പ്രോജക്ടുകളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകേണ്ടത്.

2) എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും പൊതു സമൂഹത്തിനു മതിപ്പ് ഉള്ളവാക്കുന്നതിനും വേണ്ടി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻതയ്യാറാക്കണം. ഇങ്ങനെതയ്യാറാക്കുന്ന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഫണ്ടുകൾ ഏകോപിപ്പിക്കണം (തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട്, എം. പി. ഫണ്ട്, എൽ, എൽ. എഫണ്ട്, പൂർവ്വ വിദ്യാത്ഥികൾ രക്ഷകർത്താക്കൾ സ്ഥാപനങ്ങൾ മറ്റ് ഏജൻസികളും പൊതുസമൂഹവും.)

3) ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനു സ്വയം പ്രാപ്തി നേടി എല്ലാ കുട്ടികളെയും ഐ. ടി. നൈപുണി ഉള്ളവാരാക്കി മാറ്റി അവരുടെ സ്വയം പഠന ശേഷി വികസിപ്പിച്ച് ഐ.ടി.അധിഷ്ഠിത വിഷയ പഠന രീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കും വിധം വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. ഇതിനായി ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റണം. കുട്ടികളുടെ എണ്ണം കൂടുന്ന വിദ്യാലയങ്ങൾക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതാകുന്നു.

4) ഐ. ടി. അധിഷ്ഠിത പഠന സാമഗ്രികൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും അദ്ധ്യാപകരെ പ്രാപ്തരാക്കും വിധം പരിശീലനങ്ങൾ സംഘടിപ്പിക്കണം. കൂടാതെ സബ് ജില്ലകൾ തോറും ഒരുഐ. ടി. ക്ലിനിക്സെന്റർ കൂടി തുറന്നു പ്രവർത്തിപ്പിക്കണം.

5) ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റണം. വിദ്യാഭ്യാസത്തെ പരിസര ബന്ധിയും ജീവിത ബന്ധിയുമാക്കാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തി സ്കൂൾ കാമ്പസിനെ വികസിപ്പിക്കേണ്ടതുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അത്തരം സൗകര്യം വികസിപ്പിക്കണം.

6) സ്കൂൾ ലൈബ്രറികളും ലാബുകളും ആധുനികവത്ക്കരിക്കേണ്ടതാണ്. അന്വേഷണാത്മക പഠന രീതിയിൽ സ്കൂൾ വായന ശാലകൾക്കും ലബോട്ടറികൾക്കും അതിനിർണ്ണായക സ്ഥാനമാണുള്ളത്. ഒന്നാം ക്ലാസു മുതൽ വായനാസംസ്കാരം പ്രോത്സാഹിപ്പിച്ച് വായനാ ശീലം വളർത്തുന്നതിനായി സ്കൂൾ ഗ്രന്ഥാലയം ഡിജിറ്റൽ ഗ്രന്ഥശാലകളാക്കി മാറ്റണം. ഒരേസമയം നിശ്ചിത ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണത്തിൽ ഏർപ്പെടാൻ തക്കവണ്ണം ലാബുകൾ ആധുനികവൽക്കരിക്കണം. ഗ്രാമീണ ഗ്രന്ഥശാലകളെ വിദ്യാലയവുമായി ബന്ധിപ്പിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം

7) അംഗൻവാടികൾ ഉൾപ്പെടെയുള്ള പ്രീ-സ്കൂളുകളുടെ ഭൗതിക സാഹചര്യം ശിശു സൗഹൃദ പരമാക്കി മാറ്റണം. ഇവയെ ആധുനികവൽക്കരിച്ച് പൊതു വിദ്യാഭ്യാസധാരയുമായി കണ്ണി ചേർക്കണം. ഇവിടുത്തെ അദ്ധ്യാപകരുടെ യോഗ്യത പുനർനിർണ്ണയിക്കണം. പ്രായപരിധി നിശ്ചയിച്ച് ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തണം. ഓരോ പഞ്ചായത്തിലും ഓരോ മാതൃകാ പ്രീ-സ്കൂളുകളെങ്കിലും സ്ഥാപിക്കണം. യോഗ്യത പുന:നിർണ്ണയിക്കുമ്പോൾ വേതന വ്യവസ്ഥയും മാറേണ്ടതുണ്ട്. ആദിവാസി മേഖലയിലടക്കം എല്ലാ കുട്ടികൾക്കും പ്രീ-സ്കൂൾ അനുഭവം ലഭിക്കുന്നുവെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം.

8) പട്ടികജാതി, പിന്നോക്കവിഭാഗങ്ങളിലെ കുട്ടികളുടെ പഠന പിന്തുണ ഉറപ്പാക്കണം. ആദ്യപാദ പരീക്ഷ കഴിയുമ്പോൾ തന്നെ പിന്നോക്കക്കാരെ കണ്ടെത്താനും അടുത്ത ടേം കഴിയുമ്പോൾ ഇത്തരക്കാരും മുന്നോക്കക്കാരാകുന്നുവെന്നു ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത്തരക്കാർക്കായി വിദ്യാലയത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ വകയായി പ്രഭാതഭക്ഷണം ഒരുക്കണം ഇതിനായി ഫണ്ടുകൾ നീക്കിവയ്ക്കേണ്ടതുണ്ട്.

9) അക്കാദമിക പ്ലാൻ തയ്യാറാക്കലിൽ തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ കാര്യക്ഷമമാക്കണം ക്യാച്ച്മെന്റ് ഏരിയയിലെ ആവശ്യകതകൾ കൂടി പരിഗണിക്കുന്നുവെന്നു ഉറപ്പു വരുത്തണം വിദ്യാലയ വികസന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. കുട്ടികളെല്ലാം തുല്യർ എന്ന് പരിഗണിച്ച് കൊണ്ട് എയ്ഡഡ് വിദ്യാലയങ്ങളിലെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ടുകളും പ്ലാനിൽ ചേർക്കേണ്ടതാണ്.

10) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുന്നതോടൊപ്പം മാതൃഭാഷ പഠനത്തിനു ശക്തി പകരുന്ന പ്രവർത്തനത്തിലേർപ്പെടുന്ന ഒരു അധ്യാപക കൂട്ടായ്മ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതുണ്ട്. ഏറ്റവും കഴിവുള്ള അധ്യാപകരെ ഇതിനായി നിയോഗിക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ സ്കൂളുകൾ നിർദ്ദേശിക്കപ്പെട്ട സ്ഥലപരിമിതിക്കുള്ളിൽ മിക്കസ്ഥലങ്ങളിലും ഉണ്ടെങ്കിലും ഇന്നും അഞ്ചൽ, പുനലൂർ, സബ് ജില്ലകളിൽ പിന്നോക്കവിഭാഗക്കാർ താമസിക്കുന്ന ഊരുകളിൽനിന്നും വിദ്യാലയത്തിലേക്ക് എത്തുവാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. അത്തരം കേന്ദ്രങ്ങളിൽ നിശ്ചിത പരിധിക്കുള്ളിൽ സ്കൂളുകൾ, ഹോസ്റ്റൽ, ക്വോർട്ടേഴ്സ് എന്നിവയും തൊഴിൽ രംഗത്ത് കൂടുതൽ സാദ്ധ്യത ഉള്ള പോളിടെക്നിക്കുകൾ, കോളേജുകൾ തുടങ്ങിയവയും സ്ഥാപിക്കേണ്ടതാണ്.
- വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ സ്ഥലങ്ങളിൽ കരിക്കുലം പരിഷ്കരിക്കേണ്ടതാണ്. സ്കൂൾ തലത്തിൽ ഒറ്റസിലബസ് നടപ്പിലാക്കേണ്ടതാണ്.
- അദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും പരിശീലനത്തിന് ആവശ്യമായ നൂതന സാമഗ്രികൾ ലഭ്യമാക്കേണ്ടതുമാണ്.
- വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള പഠന സമയം ഉറപ്പാക്കുന്നതിനായി അദ്ധ്യാപക കൂട്ടായ്മ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
- പൊതുവിദ്യാലയങ്ങളിൽ നടക്കുന്നതുപോലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും നിശ്ചിത ഇടവേളകളിൽ ക്ലസ്റ്റർ പരിശീലനം അനിവാര്യമാണ്.
- പി.റ്റി.എ., എസ്.എം.ഡി.സി., എം.പി.റ്റി.എ., എസ്.എം.സി. എന്നീ സ്കൂൾ സഹായക ഗ്രൂപ്പുകളിലെ പ്രതിനിധികൾക്ക് നിരന്തര ബോധവൽക്കരണം.
- ഒരു ഉപജില്ലയിൽ ഒരു സ്കൂൾ എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ട കലാ, കായിക ഇനങ്ങൾ വിദഗ്ദരുടെ നേതൃത്വത്തിൽ പരിശീലിപ്പിക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

ജില്ലയിലെ മുഴുവൻ സ്കൂളുകളും അന്താരാഷ്ട്ര നിലവാരത്തിൽ പൊതു ജന സൗഹൃദ വിദ്യാലയങ്ങളാക്കുന്നതിന് വേണ്ടി പ്രവർത്തനങ്ങൾ നടത്തി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം പൂർണ്ണതയിൽ എത്തിക്കുന്നതിന് ഗവൺമെന്റ് എയ്ഡഡ് ഭേദമന്യേ എല്ലാ സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ച് ഏകീകൃത സ്വഭാവത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനു വേണ്ടി എം. എൽ. എ., എം. പി. ഫണ്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും പൊതുമേഖലയിൽ നിന്നുള്ള സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കീഴ്ത്തട്ട്നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	നിർബന്ധമായും ചെയ്യാവുന്നവ	അഭികാമ്യമായി ചെയ്യാവുന്നവ

ഗ്രാമപഞ്ചായത്തുകൾ	1. പി. ഇ. സി. മീറ്റിംഗുകളിൽ സ്കൂളുകളുടെ ഗുണനിലവാരം പ്രധാന അജണ്ട യാക്കണം 2.മാസത്തിലൊരിക്കൽ അക്കാദമിക അദ്ധ്യാപക കോംപ്ലക്സ് 3. റ്റി. എൽ. എം. വർക്ക്ഷോപ്പുകൾ വഴി എല്ലാവർക്കും റ്റി. എൽ. എം. തയ്യാറാക്കി പോകുവാൻ അവസരം ഒരുക്കി കൊടുക്കുക 4. അദ്ധ്യാപക കൂട്ടായ്മ രൂപപ്പെടുത്തി പഠന സമയം ഉറപ്പു വരുത്തുക. 5.കഴിവുള്ള അദ്ധ്യാപകരെ കണ്ടെത്തി ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രത്യേകിച്ച് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, മാതൃഭാഷ പഠനം എന്നിവ ശക്തിപ്പെടുത്തുന്നതിന് പഞ്ചായ ത്ത് തലത്തിൽ അധ്യാപക കൂട്ടായ്മ രൂപീകരിക്കുക. 6.പഞ്ചായത്ത് തലത്തിൽ കൗൺസി ലിംഗ് സെന്റർ സ്ഥാപിക്കുക. ആൺകുട്ടി കൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹെൽപ്പ് ഡസ്ക് സജ്ജീകരിക്കുക. 7.ഹെൽത്ത് വിഭാഗത്തിന്റെ സഹായ ത്തോടു കൂടി പഞ്ചായത്ത് തലത്തിൽ ആരോഗ്യ വിദ്യാഭ്യാസ മാർഗ്ഗരേഖ തയ്യാറാക്കി മാസത്തിലൊരിക്കൽ കൃത്യ മായും എല്ലാ സ്കൂളുകളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുക. പ്രൈമറി വിഭാഗത്തിന് കൂടുതൽ പ്രാധാന്യം നല്കണം. 8.രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്കുള്ള ബോധവത്ക്കരണം ശക്തമാ ക്കുക. ഒരു ടേമിൽ ഒന്ന് എന്ന നിലയിൽ വർഷത്തിൽ മൂന്ന് ദിവസം ഒരു ഏകദിന ബോധ വത്ക്കരണം സംഘടിപ്പിക്കുക.	1.പഞ്ചായത്ത്അംഗങ്ങളുടെകൂട്ടായ സ്കൂൾസന്ദർശനം 2.അദ്ധ്യാപകരുടെ മീറ്റിംഗ്കൂടി പ്രശ്നങ്ങൾ തീർപ്പാക്കേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂഷണൽപ്ലാൻതയ്യാറാക്കാനായിസ്കൂളുകളെസഹായിക്കുന്നത്. 3.സ്കൂൾ വാഹനങ്ങളുടെ അനുബന്ധ ചെലവുകൾ വഹിക്കുക. 4.പട്ടിക ജാതി പട്ടികവർഗ്ഗ, പിന്നോക്ക മേഖല, ആദിവാസി മലയോര മേഖല മത്സ്യ തൊഴിലാളി മേഖല, എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ പ്രഭാതഭക്ഷണം നൽകുക. 5.കാർഷിക സംസ്കാരം വളർത്തുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ വിദ്യാലയങ്ങൾക്ക് എൽ.പി, യു.പി, എച്ച്.എസ്, എച്ച് എസ്.എസ്. തിരിച്ച് അവാർഡുകൾ ഏർപ്പെടുത്തുക. 6.തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ പ്രേരക്മാരുടെ അഭാവം പരിഹരി ക്കുക.
ബ്ലോക്ക് പഞ്ചായത്ത്	സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപ ടികൾ കൈക്കൊള്ളുക.	അടിസ്ഥാന സൗകര്യങ്ങൾ വിലയി രുത്തൽ
ജില്ലാ പഞ്ചായത്ത്	സോളാർ എനർജി ഉപയോഗിക്കുന്നത് അടക്കമുള്ള പദ്ധതികൾ	ക്ലാസുകളുടെ ഭൗതിക അക്കാദമിക സൗകര്യങ്ങളുടെ ഗുണനിലവാരം നേരിട്ട് വിലയിരുത്തൽ

സാക്ഷരത മിഷൻ

നിലവിലെ സ്ഥിതികൾ

ജില്ലയിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. സാക്ഷരതാ ക്ലാസ്സിനു പുറമേ തുല്യത IV, VII, X, XI, XII ക്ലാസ്സുകൾ നടക്കുന്നു. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി തുല്യതാ കോഴ്സുകൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി

എല്ലാവർഷവും പ്രോജക്റ്റുകൾ വയ്ക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ ചെലവഴിച്ച് സാക്ഷരത മിഷന് ആസ്ഥാന മന്ദിരം നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇത് ഇൻഡ്യയിൽ തന്നെ ആദ്യത്തെ മാതൃകാ സംരംഭമാണെന്നുള്ളതും പ്രത്യേകതയാണ്. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്, ഡയറ്റ്, ആരോഗ്യം, വ്യവസായം, സാമൂഹ്യക്ഷേമ വകുപ്പ്, പബ്ലിക്ക് റിലേഷൻസ് വകുപ്പ് തുടങ്ങിയവ നല്ല സഹകരണമാണ് നൽകുന്നത്. ജില്ലയിൽ നൂതന പദ്ധതികളായി പരിസ്ഥിതി സാക്ഷരതാ പദ്ധതി, ട്രാൻസ് ജൻഡേഴ്സ് സാക്ഷരത, ഇതര സംസ്ഥാന സാക്ഷരത, ആദിവാസി സാക്ഷരത, തീരദേശ സാക്ഷരത, ജയിൽ ജ്യോതി എന്നീ പദ്ധതികൾ നടക്കുന്നു. ജന പ്രതിനിധികളും ഉദ്യോഗസ്ഥരും പ്രേരക്മാരും കൂട്ടായി പ്രവർത്തിക്കുന്നതു കൊണ്ട് ജില്ലയിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാതൃകാ പരമായാണ് നടക്കുന്നത്.

ഭാവി പ്രവർത്തനങ്ങൾ

1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പൽകോർപ്പറേഷനുകളിലും 100% സാക്ഷരത നേടുക.
2. തൊഴിൽ യൂണിറ്റുകളും തൊഴിൽ പരിശീലനങ്ങളും സ്ഥിരം സംവിധാനം ആക്കുക.
3. പ്രേരക് മാരുടെ സ്ഥിരത.
4. കംപ്യൂട്ടർ സാക്ഷരത
5. ഗ്രാമസഭ സംഘാടനവും പദ്ധതി പ്രവർത്തനവും

എന്നും പഠിച്ചു കൊണ്ടിരിക്കുന്ന സമൂഹമാണ് നാടിന്റെ നേട്ടം അതിനാൽ ഗ്രാമീണ തലങ്ങളിൽ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമായും മാതൃകാപരമായും സംഘടിപ്പിച്ചു കൊണ്ട് സമഗ്ര വികസനം സാധ്യമാക്കുന്നതിന് നേതൃത്വം നൽകേണ്ടതാണ്.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. അങ്കണവാടി, പ്രീപ്രൈമറി തലങ്ങളിലെ മികച്ച പ്രവർത്തനങ്ങൾക്ക് സമാന പരിഗണന നൽകേണ്ടതാണ്.
2. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് SSA വഴി നൽകുന്ന വിഹിതത്തോടൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അധികതുക കൂടി ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.
3. റോസ്മല, അച്ചൻകോവിൽ തുടങ്ങിയ മലയോര പ്രദേശങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനും ഹാജർ നില ഉറപ്പാക്കുന്നതിനും രക്ഷകർത്തൃ ബോധവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. വാഹനസൗകര്യം ഉറപ്പാക്കുന്നതും ഹാജർ നില ഉയർത്തുവാൻ സഹായകമാകുന്നതാണ്.
4. അച്ചൻകോവിൽ പ്രദേശത്ത് ബോയ്സ് ഹോസ്റ്റലും കുളത്തൂപ്പുഴയിൽ ഒരു ഗേൾസ് ഹോസ്റ്റലും കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. സംസ്ഥാന അടിസ്ഥാനത്തിൽ ഏകീകൃത സിലബസ് (SCERT) എല്ലാ സ്കൂളുകളിലും പൂർണ്ണമായും നടപ്പിലാക്കേണ്ടതുമാണ്.
6. നവകേരള മിഷന്റെ ഭാഗമായ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്.
7. എസ്.സി/എസ്.റ്റി വിഭാഗം കുട്ടികളുടെ ഉന്നമനത്തിനും പെൺകുട്ടികളുടെ ശാക്തീകരണത്തിനും തീരദേശ-മലയോര മേഖല എന്നീ ആവശ്യമായ പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
8. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് എല്ലാ സ്കൂളുകളിലും റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പ് വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

9. വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രാദേശിക വികസന പരിപാടികളിൽ പങ്കാളികളാക്കാവുന്നതും പൊതുജനങ്ങൾക്ക് ജീവിതശൈലി രോഗങ്ങളിൽ അവബോധം നൽകുന്നതിനും ക്യാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്കും മെഡിക്കൽ കോളേജ് പോലെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതുമാണ്.
10. പല വകുപ്പുകളിലും പുറം രാജ്യങ്ങളിൽ നിന്നും വാങ്ങിയ വിലയേറിയ ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയാണുള്ളത്. അതിനുപകരം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്നുള്ള ഗ്രൂപ്പുകളെ കൊണ്ട് ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കാൻ സഹായം നൽകാവുന്നതാണ്.
11. സ്കൂളുകളിലെ കായികമേഖല പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. സ്കൂളുകളിലെ പശ്ചാത്തല സൗകര്യ വികസനത്തിൽ സ്പോർട്സ് ഇൻഫ്രാ സ്ട്രക്ചർ ഉൾപ്പെടുത്തേണ്ടതാണ്. ഒരു സ്കൂളിന് ഗ്രൌണ്ടോ, മറ്റ് സൗകര്യങ്ങളോ ലഭ്യമല്ലെങ്കിൽ അവയുള്ള സ്കൂളുകളിലെ സൗകര്യങ്ങൾ അവർക്കും കൂടി ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കേണ്ടതാണ്.

7.11 കായികം - സംസ്കാരം - യുവജനകാര്യം

നിലവിലെ അവസ്ഥ

കേരളത്തിലെ കായികരംഗത്ത് നേതൃ സ്ഥാനത്തുള്ള രണ്ട് സ്ഥാപനങ്ങളാണ് കായിക ഡയറക്ടറേറ്റും കേരള സംസ്ഥാന കായിക കൗൺസിലും. ഇവയെക്കൂടാതെ കേന്ദ്ര സർക്കാർ, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

കായികതാരമാണ് സ്പോർട്ട്സിന്റെ കേന്ദ്രസ്ഥാനീയർ എന്ന വസ്തുത അംഗീകരിച്ചു കൊണ്ട് പ്രൊഫഷണൽ സമീപനത്തിലൂടെയും എല്ലാ സ്പോർട്ട്സ് പ്രോത്സാഹന പദ്ധതികളിലും താഴെ പ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുമെന്നുറപ്പാക്കിയും കായിക താരങ്ങൾക്ക് ഏറ്റവും മികച്ച സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

- കായിക താരത്തിന്റെ തുടർവിദ്യാഭ്യാസത്തിന് തടസ്സമാകാത്ത രീതിയിലുള്ള നല്ല പ്രവർത്തന മണ്ഡലം ഒരുക്കുക.
- എല്ലാ വിഭാഗം ജനങ്ങൾക്കും സ്പോർട്ട്സിൽ ഭാഗഭാക്കുകളാകുന്നതിന് തുല്യ അവസരം ഒരുക്കുക.
- കായികതാരത്തെ കേന്ദ്രീകരിച്ചുകൊണ്ട് കായികരംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുക.
- കൂടുതൽ കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനവും പരിശീലനവും പ്രദാനം ചെയ്ത് സഹായിക്കുക.
- സദാചാരപരവും ധാർമ്മികവുമായ മൂല്യങ്ങളും സ്പോർട്ട്സ്മാൻഷിപ്പിന്റെ ഊർജ്ജവും സൗഹൃദവും സ്വാംശീകരിക്കുന്നതിലൂടെ ഒരു കായിക സംസ്കാരം വാർത്തെടുത്ത് അതുവഴി കൂടുതൽ മികവ് നേടാൻ യുവജനങ്ങളെ തല്പരരാക്കുക.
- കേരളീയർക്ക് ചുരുങ്ങിയ തോതിലുള്ള കായികക്ഷമത കൈവരിക്കുന്നതിന് സഹായകമാകുന്ന ഒരു ചാലകമായി സ്പോർട്ട്സിനെ പ്രയോജനപ്പെടുത്തുക.
- കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി അവർക്ക് ഈ രംഗത്ത് കൂടുതൽ മികവ് കൈവരിക്കുന്നതിന് അംഗീകാരവും പാരിതോഷിതവും നല്കുക.

- അംഗപരിമിതരുടെ പ്രത്യേക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ കൂടി സ്പോർട്ട്സിലും ഗെയിമിലും ഭാഗഭാക്കുകളാക്കുക
- കായിക രംഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, കായിക മത്സരങ്ങളുടെ സംഘാടനം എന്നീ രംഗങ്ങളിൽ സ്വകാര്യ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ യുക്തമായ നടപടി സ്വീകരിക്കുക
- കായിക താരത്തിന് വേണ്ട അടിസ്ഥാനാവശ്യങ്ങളായ മികച്ച ഭക്ഷണം, ആധുനിക പരിശീലനത്തിനു വേണ്ട സങ്കേതങ്ങളും ഉപകരണങ്ങളും, മികച്ച പരിശീലകൻ, വിദേശ പരിശീലന മുൾപ്പെടെ തുടർച്ചയായി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം, മികച്ച താമസം എന്നിവ ഉൾപ്പെടുത്തുവാൻ പാകത്തിൽ പ്രത്യേകമായി തയ്യാറാക്കുന്ന പരിപാടികൾ.
- നേട്ടങ്ങൾ കൈവരിക്കുന്നത് അംഗീകരിക്കുന്നതിനായുള്ള പ്രോത്സാഹന സമ്മാനങ്ങൾ.
- പ്രൊഫഷണൽ കോഴ്സുകൾ വഴി ലഭിയ്ക്കുന്ന തൊഴിലവസരങ്ങൾക്കു തുല്യമോ അതിലും മികച്ചതോ ആയ തൊഴിലവസരങ്ങളുടെ ലഭ്യത.
- കായിക താരത്തിന് പരിക്ക് മൂലം കായിക ജീവിതം പെട്ടെന്ന് അവസാനിപ്പക്കേണ്ടിവന്നാൽ സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷയും സർക്കാർ തലത്തിലുള്ള സഹായവും.
- സ്പോർട്ട്സ് പ്രോത്സാഹന പ്രക്രിയ അതിൽനിന്നുള്ള നേട്ടം കാംക്ഷിക്കുന്ന എല്ലാ വിഭാഗങ്ങളും ചേർന്നുള്ള, പ്രത്യേകിച്ച് സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്പോർട്ട്സ് സംഘടനകൾ, കായികതാരങ്ങൾ, സ്പോർട്ട്സ് പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ കൂട്ടു പ്രവർത്തനങ്ങൾ.
- സ്പോർട്സിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കളിസ്ഥലങ്ങൾ, തുറസ്സായ സ്ഥലങ്ങൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിലവാരം, ലഭ്യത എന്നിവ ഗണ്യമായി മെച്ചപ്പെടുത്തുക.
- ഇളം പ്രായത്തിൽതന്നെ പ്രതിഭകളെ കണ്ടെത്തുന്നതിനും അത്തരം കുട്ടികളിൽ അന്തർലീനമായ പ്രതിഭ വളർത്തിയെടുക്കുന്നതിനുമാണ് ഊന്നൽ നല്കുക. സ്പോർട്സ് വികസന പദ്ധതികൾ, വ്യക്തമായും നിർവചിക്കപ്പെട്ട ഘടനയോടുകൂടിയ പ്രോത്സാഹനോപാധികൾ, വിശ്വാസ യോഗ്യമായ ക്ഷേമപദ്ധതി എന്നിവ അടങ്ങിയ ഒരു സമഗ്രമായ സമ്പ്രദായം ആവിഷ്കരിച്ചുകൊണ്ട് സ്പോർട്സ് ഒരു ആകർഷകവും പ്രായോഗികവുമായ തൊഴിൽസംരംഭം ആക്കുവാൻ പരിശ്രമിക്കും.
- ജില്ലാ തലം മുതലും ആവശ്യമുള്ള പക്ഷം ഗ്രാമ ബ്ലോക്ക് തലംമുതലും വിവിധ തലങ്ങളിൽ ചാമ്പ്യൻഷിപ്പുകളും ടൂർണമെൻറുകളും സംഘടിപ്പിച്ചുകൊണ്ട് കായിക താരങ്ങളുടെ മത്സരോത്സുകത മെച്ചപ്പെടുത്താൻ മതിയായ അവസരമൊരുക്കും.
- സ്പോർട്ട്സ് ഹോസ്റ്റലുകളിലെ ട്രെയിനികൾക്കും വിവിധ സംസ്ഥാന കോച്ചിംഗ് ക്യാമ്പുകളിൽ ഉൾപ്പെട്ട കായിക താരങ്ങൾക്കും അവരവരുടെ കളികൾക്കനുയോജ്യമായ ഉപകരണങ്ങളാർജ്ജിക്കുന്നതിന് ആവശ്യമായ നടപടികൾ നടപ്പാക്കും.
- സ്പോർട്ട്സ് പാഠ്യ പദ്ധതിയുമായി കൂട്ടി യോജിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും കായിക വിദ്യാഭ്യാസം ഒരു ദൈനംദിന പ്രവർത്തനമാക്കും.
- സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയിലൂടെ കായിക ക്ഷമത, നല്ല ആരോഗ്യം എന്നിവയുടെ പ്രാധാന്യം സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രചരിപ്പിക്കുന്നതാണ്.
- ഒളിംപിക് അംഗീകൃത കായിക ഇനങ്ങൾക്കൊപ്പം ഗ്രാമീണ പരമ്പരാഗത കളികളേയും പ്രോത്സാഹിപ്പിക്കും.

- യുവശക്തി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ക്ലബ്ബ് സംസ്കാരം പ്രോത്സാഹിപ്പിക്കും.
- നഗരങ്ങളിലും ഗ്രാമീണ മേഖലയിലുമുള്ള പെൺകുട്ടികളെ സ്പോർട്ട്സ് പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കും.
- അംഗപരിമിതരായ (ഡിഫറൻഷ്യലി ഏബിൾഡ്) കുട്ടികൾക്കായി പ്രത്യേക പദ്ധതികളാവിഷ്കരിക്കും
- സാമൂഹ്യോദ്ഗ്രഥനം സാദ്ധ്യമാക്കുന്നതിൽ കായികരംഗത്തെ സന്നദ്ധ സേവനത്തിനുള്ള പ്രാധാന്യം ഉറപ്പാക്കും.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ലാൽബഹദൂർശാസ്ത്രി സ്റ്റേഡിയം എല്ലാവിധ സജ്ജീകരണങ്ങളോടെ നൂതന സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുക.
2. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി കായിക പരിശീലനത്തിന് ഒരു ഓപ്പൺ സ്റ്റേഡിയം, ഇൻഡോർസ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവ അടങ്ങിയ ഒരു സ്പോർട്ട്സ് കോംപ്ലക്സ് ജില്ലയിൽ സ്ഥാപിക്കുക
3. എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കുകയും കായിക പഠനം, പരിശീലനം എന്നിവ പാഠ്യപദ്ധതിയിൽ നിർബന്ധമാക്കുക.
4. ജില്ലാ സ്പോർട്സ് ഫണ്ട് രൂപീകരിക്കുക.
5. എം.പി.-എം.എൽ.എ പ്രദേശിക വികസന ഫണ്ടിന്റെ നിശ്ചിത ശതമാനം തുക സ്പോർട്സ് സംബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനും നീക്കിവയ്ക്കുക.
6. കായിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുക.
7. കേരളോത്സവം, രാജീവ് ഗാന്ധി ഖേൽ അഭിയാൻ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും മത്സര പരീക്ഷകളിലെ റാങ്ക് നിർണ്ണയത്തിനും ഗ്രേസ് മാർക്ക് അനുവദിക്കുക.
8. ജില്ലയിൽ മുഴുവൻ തദ്ദശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സ്ഥിരം സമിതിയുടെയും അദ്ധ്യക്ഷന്മാർ ഉൾപ്പെട്ട (നഗരസഭകൾ ഉൾപ്പെടെ) ഒരു Districty Level Sports Affairs Steering Committee രൂപീകരിക്കുക. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു Selectors Grid രൂപീകരിക്കണം. ഈ ഗ്രില്ലിലെ അംഗങ്ങളായ സ്പോർട്ട്സ് വിദഗ്ദ്ധർ ജില്ലയിലെ മുഴുവൻ സ്കൂളുകളും സന്ദർശിച്ച് ക്യാമ്പ് നടത്തി പ്രതിഭകളെ കണ്ടെത്തുക. (Talent search).

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നീന്തൽ പരിശീലനം, സ്പോർട്സ് ടീം രൂപീകരണം, കുട്ടികൾക്ക് അത് ലറ്റിക്സ് പരിശീലനം, ഇവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
2. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ യൂത്ത് ക്ലബ്ബുകളെ പങ്കാളികളാക്കുക.
3. സ്കൂൾതലത്തിലും, തദ്ദേശഭരണ സ്ഥാപനതലത്തിലുമുള്ള എല്ലാ കായിക പ്രതിഭകൾക്കും സ്പോർട്സ് കിറ്റിന്റെലഭ്യത ഉറപ്പുവരുത്തുക.

നൂതന പ്രോജക്ട് ആശയങ്ങൾ

- ജില്ലാ സ്പോർട്സ് ഫണ്ട് രൂപീകരണം
- പ്രാദേശിക കായിക താരങ്ങൾക്ക് ഉയർന്നതരത്തിലുള്ള അംഗീകാരം
- കായികോത്സവം – പ്രാദേശിക തലത്തിൽ

സംസ്കാരം

അവസ്ഥാ വിശകലനം

ഈ മേഖലയെ പരിപോഷിപ്പിക്കുവാൻ, സംസ്ഥാന ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സാഹിത്യ, സംഗീത-നാടക, ലളിതകല അക്കാദമികളുടെ ആസ്ഥാനം തൃശ്ശൂരും ഫോക് ലോർ അക്കാദമിയുടേത് കണ്ണൂരുമാണ്. യുവജനക്ഷേമബോർഡ്, നെഹ്റുയുവകേന്ദ്ര എന്നിവയുടെ പ്രവർത്തനം ജില്ലാതലത്തിൽ ഉണ്ട്. തഞ്ചാവൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സൗത്ത്സോൺ കൾച്ചറൽ സെന്റർ, ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നാഷണൽ സ്കൂൾഓഫ് ഡ്രാമ റീജിയണൽ സെന്റർ, കേന്ദ്ര അക്കാദമികൾ എന്നിവയും കലാ സാംസ്കാരിക മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ്. യുവചിത്രകാരന്മാർക്ക് ലളിതകലാ അക്കാദമി സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. സംഗീത-നാടക അക്കാദമി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾക്ക് ധനസഹായം നല്കുന്നതൊഴിച്ചാൽ വലിയ ചലനമുണ്ടാക്കുന്നില്ല. കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ നീരാവിൽ പ്രകാശ് കലാകേന്ദ്രം, മുഖത്തല സ്വരലയ തുടങ്ങി രണ്ടോ മൂന്നോ സംഘങ്ങൾക്ക് മാത്രമാണ് സംഗീത നാടക അക്കാദമിയുടെ നാടകോത്സവങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മറ്റ് അക്കാദമികളുടെ പ്രവർത്തനങ്ങൾ ജില്ലയിലേക്കെത്തേണ്ടതുണ്ട്.

ദീർഘകാല ലക്ഷ്യങ്ങൾ

1. കലാഗ്രാമം (ആർട്ട് വില്ലേജ്)

ദീർഘകാലാടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടുന്ന ഒരു പദ്ധതിയാണിത്. ജില്ലയിൽ സമഗ്രമായി നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന കലാ വൈശിഷ്ട്യങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള ഒരു പദ്ധതിയാണിത്. കിഴക്കൻ മേഖലയിലെ ഗോത്ര വർഗ്ഗ കലാകാരന്മാർക്കായിരിക്കും ഇതു കൂടുതൽ ഉപയുക്തമാകുക. ജില്ലയുടെ തനതു പാരമ്പര്യത്തിൽ രൂപപ്പെടുന്ന കരകൗശല, കൈത്തൊഴിൽ കലാകാരന്മാർ പാരമ്പര്യ, നാടൻ, അനുഷ്ഠാന കലാകാരന്മാർ, നാട്ടറിവുകൾ, നാട്ടുവൈദ്യം തുടങ്ങിയവയുടെ സൂക്ഷിപ്പുകൾ തുടങ്ങി സമകാലിക കലാകാരന്മാരെയും കലാരൂപങ്ങളെയും ഉചിതമായ സ്ഥലസൗകര്യം നൽകി തത്സമയ നിർമ്മാണവും പ്രദർശനവും വിപണനവും നടത്താൻ കഴിയുന്ന രീതിയിൽ ഒരു കലാഗ്രാമം പണിതുയർത്തുകയാണ് ലക്ഷ്യം. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാർക്കും അതിഥികളായെത്തി ഇവിടെ സംസ്കാരിക വിനിമയം നടത്താവുന്നതാണ്. വിവിധ ഗതാഗത മാർഗ്ഗങ്ങളിലൂടെ എത്തിച്ചേരാനുള്ള സൗകര്യം അനുസരിച്ച് കൊല്ലം നഗരമായിരിക്കും ഉചിതമായ സ്ഥലം.

2. സാംസ്കാരിക കേന്ദ്രങ്ങൾ, സമുച്ചയങ്ങൾ

കലയും സംസ്കാരവും വളരാൻ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കേണ്ടതുണ്ട് ഇതിന്റെ അവസ്ഥ മുന്നേ സൂചിപ്പിച്ചിട്ടുണ്ട്. ഇതിനു പരിഹാരമായി മുന്നുതലത്തിലുള്ള നിർദ്ദേശങ്ങൾ ഇവിടെ മുന്നോട്ടുവയ്ക്കുന്നു.

1. ഗ്രാമപഞ്ചായത്തുതലം

   ഗ്രാമപഞ്ചായത്തുതലത്തിൽ നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ പലതും പ്രവർത്തന രഹിതമാണ്. അവയെ പ്രാദേശിക അക്കാദമികളുടെയും വജ്രജൂബിലി സ്കോളർഷിപ്പ് നേടുന്ന കലാകാരന്മാരുടെയും യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും സഹായത്തോടെ പ്രവർത്തന ക്ഷമമാക്കുക. നിലവിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ ശബ്ദസംവിധാനവും രംഗസംവിധാനവും മെച്ചപ്പെ ടുത്തി നവീകരിക്കുക. അവ റിഹേഴ്സലുകൾക്കായി സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക.

2. നിയമസഭാ മണ്ഡലതലം

   കൊല്ലം ജില്ലയിൽ 11 നിയമസഭാ മണ്ഡലങ്ങളാണ് ഉള്ളത്. ഓരോ മണ്ഡലത്തിലും ഓരോ തീയറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുക. ഒരു സുസജ്ജമായ ഇൻഡോർ തീയറ്റേർ, വിവിധ തരത്തിലുള്ള നാടകങ്ങൾ അവതരിപ്പിക്കുവാൻ പാകത്തിലുള്ള തുറന്ന വേദി, റിഹേഴ്സലിനുള്ള

പ്രത്യേകം ഹാളുകൾ, ചിത്രകലാ കലാകാരന്മാർക്ക് താമസിക്കുവാൻ ഡോർമെറ്ററി സൗകര്യം എന്നിവ ഓരോ സമുച്ചയത്തിലും ഉണ്ടാകണം. മികച്ച തിയറ്റർ ആർക്കിടെക്റ്റുകളെ ക്കൊണ്ടുവേണം ഇവ രൂപ കൽപ്പന ചെയ്യുവാൻ.

3. ജില്ലാതലം

ജില്ലാകേന്ദ്രത്തിൽ മുകളിൽ സൂചിപ്പിച്ച സംവിധാനങ്ങൾക്ക് പുറമെ പുതിയ നാടക സങ്കല്പങ്ങൾക്ക് അനുയോജ്യമായ ബ്ലാക്ക് ബോക്സ് എന്ന പേരിലുള്ള ചെറിയ തിയേറ്റർ കൂടി ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. ഈ വിഷയത്തിൽ പ്രഗത്ഭരായ തീയേറ്റർ ആർക്കിടെക്റ്റുകളുടെയും കലാകാര ന്മാരുടെയും ഉപദേശം തേടാവുന്നതാണ്.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- നിലവിലുള്ള സാംസ്കാരികത്തനിമയെ സംരക്ഷിക്കുക
- വർത്തമാനകാലത്തിൽ സ്വാധീനം ചെലുത്തുന്നതും പുരോഗമന സ്വഭാവമുള്ളതുമായ കലാരൂപങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക,
- കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഇടവും അടിസ്ഥാന സൗകര്യങ്ങളും സൃഷ്ടിക്കുക,
- നിലവിലുള്ള അവസ്ഥ വിലയിരുത്തുക
- പൈതൃക സ്വഭാവമുള്ള സ്ഥലങ്ങളും നിർമ്മിതികളും കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യുക.
- കലാസാംസ്കാരിക വിശേഷങ്ങളുടെയും പ്രസ്ഥാനങ്ങളെയും രേഖപ്പെടുത്തുക
- ഈ പ്രവൃത്തികളിലൂടെ കൊല്ലം ജില്ലയുടെ സാംസ്കാരിക ഔന്നിത്യത്തെ പൊതുബോധത്തിൽ പ്രതിഷ്ഠിക്കുക

മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജിതമായി ചെയ്യാവുന്ന പ്രോജക്ടുകൾ

- കേന്ദ്ര-സംസ്ഥാന സാംസ്കാരിക വകുപ്പുകളുടെ കീഴിലുള്ള അക്കാഡമികളുമായി ചേർന്ന് പ്രാദേശിക അക്കാഡമികൾ രൂപീകരിക്കൽ.
- കിർത്താട്സ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ചേർന്ന് ഗോത്രവർഗ്ഗക്കാ രുടെ സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രോജക്ടുകൾ

1. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും കലാസാംസ്കാരിക സംഘടനകൾ, നാടോടി കലാരൂപങ്ങൾ, നാട്ടറിവുകൾ, പൈതൃകങ്ങൾ, ഗോത്രസംസ്കാരം, കലാകാരൻമാർ എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി സാംസ്കാരിക ഡയറക്ടറി തയ്യാറാക്കുക. അവ ക്രോഡീകരിച്ച് ജില്ലയുടെ സാംസ്കാരിക ഡയറക്ടറി തയ്യാറാക്കുക.
2. കേന്ദ്ര-സംസ്ഥാന സാംസ്കാരിക വകുപ്പുകളുടെ കീഴിലുള്ള അക്കാഡമികളുടെ പ്രവർത്തനം പ്രാദേശിക തലത്തിൽ എത്തിക്കുന്നതിന് ഗ്രാമീണ അക്കാഡമികൾ സ്ഥാപിക്കൽ.
3. കേരളോത്സവം പോലെയുള്ള മത്സരങ്ങൾക്ക് മുന്നോടിയായി കലാമത്സര ഇനങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കുക.
4. വജ്രജൂബിലി സ്കോളർഷിപ്പ് നേടിയിട്ടുള്ള കലാകാരൻമാരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളെ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സായാഹ്ന കലാപരിശീലന കളരികൾ സജ്ജമാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ല കേന്ദ്രമാക്കി ചിത്ര പ്രദർശനത്തിനുള്ള ആർട്ട് ഗാലറിയും ഒപ്പം ചിത്രകാരൻമാർക്ക് താമസിച്ച് സൃഷ്ടി നടത്തുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കുക.

2. ജില്ലയുടെ എല്ലാ കലാ വൈശിഷ്ട്യങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ആർട്ട് വില്ലേജ് സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പാരമ്പര്യ കലാരൂപങ്ങൾ, കലാകാരന്മാർ എന്നിവ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കൽ.
2. ഗ്രന്ഥശാലകളുടെ പുനരുജ്ജീവനം

നൂതന പ്രോജക്ട് ആശയങ്ങൾ

- വജ്രജൂബിലി സ്കോളർഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ സായാഹ്ന കലാപരിശീലന കളരി
- ഒഴുകും വേദികൾ (ഫ്ലോട്ടിംഗ് തീയേറ്റർ)
- സിനിമ വണ്ടി
- ആർട്ട് വില്ലേജ്
- ഇതര ജില്ലകളും ഇതര സംസ്ഥാനങ്ങളുടെയും സാംസ്കാരിക വിനിമയം സാധ്യമാകുന്ന രീതിയിൽ 'കൊല്ലം മഹോത്സവം'

യുവജനക്ഷേമം

യുവജനക്ഷേമ പദ്ധതികളെ വിവിധ മേഖലകളിലായി തിരിച്ച് നിലവിലെ അവസ്ഥയും ഭാവിയിലെ നിർദ്ദേശങ്ങളും പരിശോധിക്കേണ്ടത് അനിവാര്യമാണ്. വ്യത്യസ്ത സാമൂഹ്യ ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മുൻഗണനകളും വ്യത്യസ്തമായതിനാൽ അതിനനുസൃതമായി പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരം തിരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ആയതിനാൽ പദ്ധതികളെ അടിസ്ഥാനമായി താഴെ പറയും വിധം നിർദ്ദേശങ്ങൾ തരംതിരിക്കാം.

വിദ്യാഭ്യാസം

- കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമായി മാറ്റേണ്ടതുണ്ട്. നിലവിലുള്ള വിദ്യാഭ്യാസം ജീവിതവുമായി അധികം ബന്ധപ്പെടാത്തതും തൊഴിൽപരമായി സഹായക മല്ലാത്തതുമാണ്. ഇത് പരിഷ് കരിക്കേണ്ടതാണ്.
- വിദേശഭാഷകൾ പഠിക്കുക, വിദേശത്ത് വലിയ ശമ്പളം കിട്ടുന്നതിന് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ, നേഴ്സിംഗ് എന്നീ കോഴ്സുകൾ പഠിച്ച് വിദേശജോലി സമ്പാദിക്കുക എന്ന ഇന്നത്തെ യുവാക്കളുടെ സങ്കല്പത്തിന് വ്യതിയാനം ഉണ്ടാകും. ഇത് നമ്മുടെ രാജ്യത്തെ ശാക്തീകരിക്കുകയോ, വികസിത രാജ്യം ആക്കുകയോ ചെയ്യുകയില്ല. കാലാനുസൃതവും ഉല്പാദന ക്ഷമവുമായ വിദ്യാഭ്യാസം തേടി രാജ്യത്ത്തന്നെ തൊഴിലുകളിലേർപ്പെടുകയും, അവരുടെ ശേഷിയെ നാടിന്റെ വികസനത്തിന് ഉപയോഗിക്കുകയും വേണം. അത്തരത്തിലൊരു സാമൂഹിക പ്രതിബദ്ധത വിദ്യാഭ്യാസത്തിലൂടെ യുവാക്കൾക്കുണ്ടാകണം.
- സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ തൊഴിൽപരമായ അവബോധവും, പരിശീലനവും യുവാക്കൾക്ക് നല്കണം. അതുവഴി അവർ കേവലം തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായ സംരംഭ കരായി മാറുവാനുള്ള മാനസികശേഷി വിദ്യാഭ്യാസത്തിലൂടെ നേടുവാൻ സാധിക്കണം. സ്വയം സംരംഭകത്വ പരിശീലനം പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം. തൊഴിലും വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ കൂടുതൽ പ്രാധാന്യവും കൂടുതൽ കേന്ദ്രങ്ങളും ഉണ്ടാകണം.

- സാക്ഷരതയിൽഏറെ മുന്നിലുള്ള ജില്ലയിലെ യുവജനങ്ങൾക്കായി വ്യത്യസ്ത വിദ്യാഭ്യാസ പരിശീലന പരിപാടികൾ, ദേശീയ അന്തർദേശീയ മത്സര പരീക്ഷാ പരിശീലനങ്ങൾ, ജോബ് ഫെസ്റ്റുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.
- സാമൂഹിക പ്രതിബദ്ധത, രാഷ്ട്ര സ്നേഹം, നല്ല പൗരത്വം എന്നിവ ഉൾപ്പെടുന്ന സാമൂഹികശാസ്ത്ര പഠനത്തിനും ഹയർസെക്കന്ററി, ഡിഗ്രി വിദ്യാഭ്യാസത്തിൽ പ്രാധാന്യം നല്കണം.
- ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിട്ടും ദേശീയ അന്തർദേശീയ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കാൻ നമുക്ക് കഴിയുന്നില്ല. ആയതിനാൽ ലോക നിലവാരത്തിലുള്ള പരീശീലന കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
- യൂണിവേഴ്സിറ്റികളിലെ വിദ്യാഭ്യാസം ശാസ്ത്രീയവും, ഉപയുക്തവുമായ രീതിയിൽ പരിഷ്കരിക്കേണ്ടതാണ്. പൊതുവിഷയങ്ങളിൽനിന്ന് മാറി തൊഴിൽപരമായും, ഗവേഷണപരമായും ഏറെ പ്രസക്തിയുള്ള വിഷയങ്ങളിലേയ്ക്ക് ഡിഗ്രി വിദ്യാഭ്യാസം പരിഷ്കരിക്കണം.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വയം സംരംഭക കൂട്ടായ്മകൾ ആരംഭിക്കണം
- ഉന്നത വിദ്യാഭ്യാസത്തിനും ഉപരി പഠനത്തിനും ഏറെ തല്പരരായ യുവാക്കൾക്കായി കൊല്ലം ജില്ലയിൽ ഐ.ഐ.റ്റി.പോലുള്ള ഉന്നത പഠന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
- ഉന്നത വിദ്യാഭ്യാസത്തിനുള്ള വൈദേശികവും, പ്രാദേശികവുമായ അവസരങ്ങളെ സംബന്ധിച്ച് സമഗ്രമായി ഡയറക്ടറി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഓൺലൈൻ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുകയും വേണം.

തൊഴിൽ

- നമ്മുടെ രാജ്യത്തിനാവശ്യമായ ഉല്പന്നങ്ങൾ നല്ല നിലവാരത്തോടുകൂടി ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനും ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളെപ്പോലെ ഇറക്കുമതി പരമാവധി കുറച്ച് കയറ്റുമതി കൂട്ടി രാജ്യത്തെ ലോകത്തിന്റെഫാക്ടറിയാക്കി മാറ്റുവാൻ യുവസംരംഭകർക്ക് കഴിയണം.
- ഉന്നതവിദ്യാഭ്യാസത്തിനോ, ഉപരിപഠനത്തിനോ താത്പര്യമില്ലാത്ത യുവത്വത്തെ പരമ്പരാഗത തൊഴിലുകൾ, കൃഷി അനുബന്ധ വ്യവസായം എന്നിവയിൽ ഏർപ്പെടുന്നതിന് പരിശീലിപ്പിക്കുകയും അതിനു വേണ്ട സാമ്പത്തിക സാമൂഹിക പിന്തുണ നല്കുകയും വേണം.
- ലോകംതന്നെ ഒരാഗോള മാർക്കറ്റായിരിക്കുന്ന കാലത്ത് ഗുണനിലവാരമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണവും, വിപണനവും സംബന്ധിച്ച് വിദഗ്ധമായ പരിശീലനം യുവാക്കൾക്ക് നല്കേണ്ടതാണ്.
- തൊഴിൽ രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ നിയമപരമായും സാങ്കേതികമായും, മാനസികമായും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംരംഭക പരിശീലന പരിപാടികൾ കോളേജ് തലത്തിൽ നിർബന്ധമാക്കണം ഇതിനോടനുബന്ധിച്ച് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, എന്റർപ്രണേഴ്സ് മീറ്റ് എന്നിവ കോളേജ് തലത്തിൽ തന്നെ സംഘടിപ്പിക്കണം.
- വിദ്യാഭ്യാസ സ്ഥാപനങ്ങളും, തൊഴിൽ സംരംഭ സ്ഥാപനങ്ങളുമായി ഏകോപനം സാദ്ധ്യമാക്കിക്കൊണ്ട് നൈപുണ്യ വികസനം കാര്യക്ഷമമാക്കണം.
- കൊല്ലം ജില്ലയിലെ പരമ്പരാഗത ചെറുകിട വ്യവസായ രംഗത്തെ ആധുനിക ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെടുത്തി യുവജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് നിർമ്മാണ വിപണന സംരംഭങ്ങൾ ആരംഭിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക

പരിശീലനവും നല്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളെ ആധുനികവല്ക്കരിച്ച് യുവജനങ്ങളുടെ കഴിവും, വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാബേസ് കേന്ദ്രങ്ങളാക്കി മാറ്റണം.

- തൊഴിൽ സുരക്ഷിതത്വവും, തൊഴിൽ നിയമങ്ങളിലെ സംരക്ഷണവും ആനുകൂല്യങ്ങൾ ആരംഭിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നല്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുകളെ ആധുനികവല്ക്കരിച്ച് യുവജനങ്ങളുടെ കഴിവും, വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാബേസ് കേന്ദ്രങ്ങളാക്കി മാറ്റണം.
- തൊഴിൽ സുരക്ഷിതത്വവും, തൊഴിൽ നിയമങ്ങളിലെ സംരക്ഷണവും ആനുകൂല്യങ്ങളിൽ ഉറപ്പുവരുത്തുന്നതിനായി യുവ ലേബർ ക്ലിനിക്കുകൾ ആരംഭിക്കണം.
- സഹകരണ മേഖലയിൽ യുവ സഹകരണ സംഘങ്ങൾ തുടങ്ങണം.
- പഞ്ചായത്ത് തലത്തിൽ വിവിധ തൊഴിൽ രംഗത്തുള്ളവരുടെ ഡാറ്റാബാങ്ക് ഉൾപ്പെടെയുള്ള ലേബർബാങ്ക് ആരംഭിക്കണം.
- യുവജനങ്ങൾക്ക് വ്യവസായ, വാണിജ്യ, കാർഷിക സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പകളിന്മേൽ ആകർഷകമായ പലിശ ഇളവ് നല്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ച് കൊണ്ടുള്ള ഏക ജാലക സംവിധാനമായ യൂത്ത് ബാങ്കുകൾ നിലവിൽ വരണം.
- ടൂറിസം മേഖലയിൽ ഏറെ സാദ്ധ്യതയുള്ള ജില്ലയായതിനാൽ ഈ രംഗത്തേയ്ക്കുള്ള തൊഴിൽ സാദ്ധ്യതകൾ പരിഗണിച്ച് യുവജനങ്ങൾക്കായി വിവിധ പരിശീലനങ്ങൾ (ടൂറിസ്റ്റ് ഗൈഡ്, ഇൻഫർമേഷൻ സെന്റർ, വിദേശ ഭാഷാപരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, മാനേജ്മെന്റ് & ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ്) സംഘടിപ്പിക്കാവുന്നതാണ്.
- തീരദേശം ഏറെയുള്ള ജില്ലയായതിനാൽ തീരദേശ മേഖലയിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- ദേശീയ, അന്തർദേശീയ തലത്തില സാദ്ധ്യതയുള്ള തൊഴിലുകൾക്ക് പരിശീലനവും അതിന്റെസാദ്ധ്യതകൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിന് പദ്ധതികളുമുണ്ടാകണം.

കൃഷി

- ജില്ലയുടെ കാർഷിക സംസ്കാരവും സാദ്ധ്യതകളും സംബന്ധിച്ച് വ്യക്തമായ പരിശീലനവും, പ്രചരണവും യുവാക്കൾക്കിടിയിൽ ഉണ്ടാകണം.
- പരിസ്ഥിതി സംരക്ഷണം ജൈവ വൈവിദ്ധ്യ സംരക്ഷണം കാർഷിക സാങ്കേതിക വിദ്യയുടേയും ബയോടെക്നോളജി യുടേയും നേട്ടങ്ങൾ എന്നിവ സംബന്ധിച്ച് വിവിധ യുവജന കൂട്ടായ്മകളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും യുവജനങ്ങളെ ആകർഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യണം.
- പഞ്ചായത്തുതലം മുതൽ കാർഷിക ക്ലബ്ബ് രൂപീകരിച്ച് ആധുനിക കൃഷിരീതി പ്രചരിപ്പിക്കുകയും പ്രോത്സാപ്പിക്കുകയും ചെയ്യണം.
- യുവജന കൂട്ടായ്മയിലൂടെ സഹകരണകൃഷി, കൂട്ടുകൃഷി, ഫാം കൺസൾട്ടൻസി സർവ്വീസ് എന്നിവ പ്രോത്സാഹിപ്പിക്കണം
- ജില്ലയിലെ തരിശുഭൂമി കൃഷി സാദ്ധ്യതകളെക്കുറിച്ച് വ്യക്തമായ പഠനം നടത്തി യുവജന കൂട്ടായ്മകൾക്ക് കൂട്ടുകൃഷി നടത്തുന്നതിന് പ്രോത്സാഹനവും പിന്തുണയും നല്കണം.

- കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൂട്ടുകൃഷി, തരിശ് ഭൂമി കൃഷി, ജൈവ പച്ചക്കറികൃഷി എന്നിവ ചെയ്യുവാൻ താല്പര്യമുള്ള യുവജനക്കൂട്ടായ്മകൾക്ക് സർക്കാർ സംവിധാനങ്ങളുടെ പിന്തുണയും, പ്രോത്സാഹനവും നല്കേണ്ടതാണ്.

സാമൂഹികം

- വർഗ്ഗീയത, അസഹിഷ്ണുത, ഭീകരവാദം, ലഹരി ഉപഭോഗം എന്നിവയ്ക്കെതിരെ പ്രതിഷേധിക്കാനും, പ്രതികരിക്കാനും സിനിമ, കല, രാഷ്ട്രീയം, സാഹിത്യം എന്നീ മദ്ധ്യമങ്ങളിലൂടെ യുവത്യത്തിന് സാധിക്കണം. ഈ മേഖലകളിൽ യുവ സാന്നിദ്ധ്യം സജീവമാകുകയും അതിനായി യുവത്വത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന പദ്ധതികൾ എല്ലാ തലങ്ങളിലും വേണം.
- യുവജനങ്ങൾ നേരിടുന്ന മാനസികമായ പ്രശ്നങ്ങൾക്കും സ്വഭാവ വേകല്യങ്ങൾക്കും ഒരു യൂത്ത് ഡി അഡിഷൻ & കൗൺസിലിംഗ് സെന്റർ മേഖലാടിസ്ഥാനത്തിൽ ഉണ്ടാകണം.
- സ്കൂൾ, കോളേജുകൾ, ആശ്രയകേന്ദ്രങ്ങൾ, ഓർഫനേജുകൾ എന്നിവ കേന്ദ്രീകരിച്ച് വിവിധ കൗമാര ശാക്തീകരണ പദ്ധതികൾക്ക് പ്രാധാന്യം നല്കേണ്ടതാണ്.
- യുവജന കൂട്ടായ്മകളിൽ നല്ല പൗരത്വം സംബന്ധിച്ച് ബോധവല്ക്കരണവും, പ്രചാരണവും, പരിശീലനവും സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.
- യുവജനങ്ങളെ സഹായിക്കുന്ന പദ്ധതികൾക്കൊപ്പം യുവജനങ്ങളുടെ കരുത്തും ശേഷിയും സാമൂഹ്യ നന്മയ്ക്കുപകരിക്കുന്ന തരത്തിൽ ജില്ലാ തലത്തിൽ ദുരന്ത നിവാരണ സേന, പെയിൻ & പാലിയേറ്റീവ് കെയർ ഗ്രൂപ്പ് എന്നിവയും രൂപീകരിക്കേണ്ടതാണ്.
- നിയമം, പൊതു ധർമ്മം, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ബോധ വല്ക്കരണം, സംസ്കാരവും പൈതൃകവും സംബന്ധിച്ച അവബോധം, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ തിന്മകൾക്കെതിരെയുള്ള പോരാട്ടം എന്നിവയ്ക്ക് യുവജന പങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികൾ.

ആരോഗ്യം

- യുവത്വത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും അത്യാവശ്യമായി വേണ്ടത് കായിക രംഗം ശക്തിപ്പെടുത്തുകയാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ, നീന്തൽ കുള ങ്ങൾ എന്നിവ സ്ഥാപിച്ച് വ്യായാമത്തിനും അതുവഴി ആരോഗ്യ സംരക്ഷണത്തിനും അവസര മൊരുക്കണം.
- യുവജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബ്ലോക്ക് മുനിസിപ്പൽ തലങ്ങളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കണം. വിവാഹപൂർവ്വ കൗൺസിലിംഗ് കൂടുതൽ സാർവത്രികമാക്കുകയും വിവിധ കേന്ദ്ര ങ്ങളിൽ ടീനേജ് കൗൺസിലിംഗിനുള്ള സൗകര്യമൊരുക്കുകയും വേണം. യുവജനങ്ങൾക്കിടയിൽ വലിയതോതിൽ കണ്ടുവരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരായി ശക്ത മായ പ്രചാരണ ബോധ വല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
- അശാസ്ത്രീയമായ ആഹാരശീലങ്ങൾ, വ്യായാമക്കുറവ്, ചിട്ടയില്ലാത്ത ജീവിത രീതി, ദുശ്ശീലങ്ങൾ, തുടങ്ങിയവ യുവജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തെ പ്രതി കൂലമായി ബാധിക്കുന്ന കര്യങ്ങൾക്കെതിരായി എല്ലാ തലത്തിലും മാദ്ധ്യമങ്ങളിലൂടെയും കലാ രൂപ ങ്ങളിലൂടെയും മറ്റ് പ്രചാരണ പരിപാടികളിലൂടെയും തുടർച്ചയായി ശക്തമായ ബോധവല്ക്കരണം സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. യുവത്വത്തിന്റെ ആരോഗ്യം രാജ്യത്തിന്റെ ഭാവിയും കരുത്തുമാണ് എന്നിരിക്കെ അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നാടിന്റെ മുഴുവൻ ഭരണ സംവിധാനങ്ങൾക്കുമുണ്ട്. ആയതിനാൽ അതിന് ആവശ്യമായ പദ്ധതികൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

- യുവത്വത്തിന്റെ ശക്തിയും കരുത്തും സമൂഹത്തിന് പ്രയോജനപ്പെടുന്ന വിധം പ്രാഥമിക ചികിത്സ, ദുരന്ത നിവാരണം, രക്തദാനം, അവയവദാനം, പാലിയേറ്റീവ് കെയർ എന്നിവ സംബന്ധിച്ച് കോളേജ് തലങ്ങളിൽ യുവാക്കൾക്ക് പരിശീലനം നല്കേണ്ടതാണ്. ഇതിനായി പ്രത്യേകം വിദ്യാഭ്യാസ പദ്ധതികൾ ഉണ്ടാകണം.

പ്രത്യേക യുവജന വിഭാഗങ്ങൾ

ട്രൈബൽ വിഭാഗം

- പാർശ്വവല്ക്കരിക്കപ്പെട്ട യുവജന വിഭാഗങ്ങളെ വിശിഷ്യ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളെ മുഖ്യധാരയിലെത്തിക്കുന്നതിന് അവർക്ക് സാമൂഹികമായി ഇടപെടുന്നതിന് അവസരമൊരുക്കുന്നതിനും അവരുൾപ്പെടുന്ന കോളനികളും സെറ്റിൽമെന്റുകളും കേന്ദ്രീകരിച്ച് യുത്ത് ക്ലബുകൾ രൂപീകരിക്കണം. ഇവർക്ക് സ്വയം തൊഴിൽ പരിശീലനം, ബോധവല്ക്കരണം, നൈപുണ്യ പരിശീലനം, കലാ പരിശീലനം, പരീക്ഷാ പരിശീലനങ്ങൾ, വ്യക്തിത്വ വികസന പരിശീലനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകണം.
- ട്രൈബൽ യുവജനങ്ങൾ താമസിക്കുന്ന മെട്രിക്ക് ഹോസ്റ്റലുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അവിടുത്തെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സംവിധാനങ്ങളേർപ്പെടുത്തുകയും വേണം.
- മറ്റ് വകുപ്പുകളിലെ യുവജനക്ഷേമ പരിശീലന പരിപാടികള് പ്രത്യേകിച്ച് വ്യക്തിത്വ വികസന ബോധവല്ക്കരണ പരിപാടികൾ ഈ ഹോസ്റ്റലുകളിലും നടപ്പിലാക്കണം.

ഭിന്നശേഷിയുള്ളവർ

- തൊഴിൽശാലകൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആശുപത്രികൾ, പബ്ലിക്ക് സർവ്വീസ് കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ള യുവജനങ്ങൾക്ക് സഹായകമാകുന്ന ഭൗതിക സൗകര്യങ്ങളൊരുക്കണം.
- ഭിന്നശേഷിക്കാരായ യുവജനങ്ങൾക്ക് സഹായകമായ ആധുനിക പഠനസാമഗ്രികൾ, തൊഴിലുപകരണങ്ങൾ, വാഹനങ്ങൾ എന്നിവ കുറഞ്ഞ നിരക്കിലോ സൗജന്യമായോ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകണം.

ഭാവിയിൽ നേടുന്നതിന് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- യുവജനക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ
- യുവജനതയുടെ കഴിവുകൾ നാടിന്റെ വികസനത്തിന് എന്ന സാമൂഹിക പ്രതിബന്ധത വളർത്തിയെടുക്കുക.
- സംരംഭങ്ങൾ സ്വയം ആരംഭിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക.
- ദേശീയ അന്തർദേശീയ മത്സര പരീക്ഷകൾക്ക് യുവജനതയെ പ്രപ്തരാക്കുക.
- യുവജന കൂട്ടായ്മയിലൂടെ കൂട്ടുകൃഷി, തരിശ്ശുഭൂമി കൃഷി, ജൈവകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക
- ദുരന്ത നിവാരണ സേന, പെയിൻ& പാലിയേറ്റീവ് കെയർ, രക്ത ദാനം, അവയവദാന പ്രവർത്തനങ്ങളിൽ സന്നദ്ധസേവനം ചെയ്യുന്നതിന് യുവജനതയെ പ്രയോജനപ്പെടുത്തുക.

വികസന വിടവ്

- യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട്
- കാർഷിക മേഖലയിൽ കൂടുതൽ യുവജന പങ്കാളിത്തം
- സാമൂഹ്യ ബോധമുള്ള യുവസമൂഹത്തെ സൃഷ്ടിക്കൽ
- പരിസ്ഥിതി സംരക്ഷണം, അന്തവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങളിലെ പങ്കാളിത്തം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന പ്രോജക്ടുകൾ

- ഭിന്ന ശേഷിക്കാരായ യുവജനങ്ങൾക്ക് സഹായകരമായ ഭൗതിക സാഹചര്യങ്ങൾ ഓഫീസ് കെട്ടിടങ്ങളിലും പൊതു കെട്ടിടങ്ങളിലും സജ്ജമാക്കുക.
- പട്ടികജാതി, പട്ടിക വർഗ്ഗ കോളനികളിലെ യുവതീ യുവാക്കൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നൽകുക.
- കളിസ്ഥലങ്ങളും നീന്തൽ കുളങ്ങളും സംരക്ഷിക്കുക.
- തീരദേശ മേഖലയിലെ യുവതീയുവാക്കൾക്ക് മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനങ്ങൾ, സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ടുള്ള വായ്പ സംവിധാനം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിൽ തൊഴിൽപരമായും ഗവേഷണപരമായും പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുക.
- ജില്ലാ ആസ്ഥാനത്ത് യൂത്ത് ഇൻഫർമേഷൻ &റിസോഴ്സ് സെന്റർ സ്ഥാപിക്കണം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക യുവജന പദ്ധതിയ്ക്കായി നീക്കിവയ്ക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്ഥാപനതലത്തിൽ വിവിധ തൊഴിൽരംഗത്ത് ഉള്ളവരുടെ ഡാറ്റാ ബേസ് ഉൾപ്പെടെയുള്ള ലേബർബാങ്ക് തയ്യാറാക്കൽ
- തദ്ദേശ സ്ഥാപനതല പദ്ധതികളിൽ യൂത്ത് ക്ലബ്ബുകളുടെയും യുവജന കൂട്ടായ്മകളുടെയും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

കായികം

- നിലവിൽ സ്റ്റേഡിയങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കായിക പരിശീലനത്തിനും കായിക മത്സരത്തിനും ആവശ്യമായ മിനി സ്റ്റേഡിയങ്ങളും ബഹുവിധ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും ഗ്രാമപഞ്ചായത്തിന് വരുമാന മാർഗ്ഗമാകത്തക്ക വിധം കൊമേഴ്സ്യൽ പർപ്പസിനുകൂടി ഉപയോഗിക്കാവുന്ന വിധം നിർമ്മിക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം.
- ജില്ലയിൽ തെരഞ്ഞെടുക്കുന്ന 10 മേഖലാ കേന്ദ്രങ്ങളിൽ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ പ്രത്യേക ഇനങ്ങൾക്ക് പോഷകാഹാരം ഉൾപ്പെടെ നൽകി പരിശീലനം നൽകുക. (അതിലറ്റിക്സ്, ജിംനാസ്റ്റിക്സ്, സ്വിമ്മിംഗ്)
- അനുയോജ്യമായ ജലസൗകര്യങ്ങൾ ഉള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുട്ടികളെ നീന്തൽ പരിശീലിപ്പിക്കുന്നതിന് നീന്തൽകുളം നിർമ്മിക്കുകയും വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ച് നീന്തൽ പഠിപ്പിക്കുകയും ചെയ്യുക
- കലാ-സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്. കായികതാരങ്ങൾക്ക് പ്രാദേശിക പ്രോത്സാഹനം, പരമ്പരാഗത വിനോദങ്ങൾ പ്രോത്സാഹിപ്പിക്കൽ, പഞ്ചായത്തടിസ്ഥാനത്തിൽ കായിക ടീമുകൾ രൂപപ്പെടുത്തൽ തുടങ്ങിയ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

സംസ്കാരം

- ഗ്രാമപഞ്ചായത്ത് തലത്തിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിച്ച് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള പൊതുഇടം സജ്ജമാക്കുക. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.
- ജില്ലയിലെ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പൊതുസ്മാരകം നിർമ്മിക്കുക. ഈ സ്മാരകത്തിൽ അവരുടെ സംഭാവനകൾ പൊതുജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന തരത്തിൽ നൂതനസാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് (ഓഡിയോ &വിഷൽ) പ്രദർശിപ്പിക്കുക. ഇതോടൊപ്പം ആർട്ട് ഗാലറിയും ഉൾപ്പെടുത്തേണ്ടതാണ്.
- ജില്ലാതലത്തിൽ കഥാപ്രസംഗ പരിശീലന കളരി സ്ഥാപിക്കുക.
- ജില്ലയുടെ എല്ലാ കലാ വൈശിഷ്ട്യങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ആർട്ട് വില്ലേജിനൊപ്പം കലാകാരൻമാർക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിപണനസൗകര്യം കൂടി ലഭ്യമാക്കും.

യുവജനക്ഷേമം

- തീരദേശ മേഖലയിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരമായ വികസനത്തിനായി പ്രത്യേക യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കുക
- യുവാക്കൾക്കുവേണ്ടി മാത്രം പ്രാദേശിക മേഖല ജില്ലാതല സംഘടനാ സംവിധാനങ്ങൾ സജ്ജമാക്കുക.
- ഡിസാസ്റ്റർ മാനേജ്മെന്റ് ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് തൊഴിൽമേഖലയാക്കുക.

7.12 ഊർജ്ജം

കൊല്ലം ജില്ലയിലെ ഊർജ്ജമേഖലയുടെ നിലവിലുള്ള സ്ഥിതിയുടെ അപഗ്രഥനത്തിൽ വൈദ്യുതോർജ്ജം ഊർജ്ജത്തിന്റെ വിവിധ പാരമ്പര്യ, പാരമ്പര്യേതര ഉല്പാദന സ്രോതസ്സുകളും, നിലവിലുള്ള വൈദ്യുതിമേഖലയെ ഉല്പാദന സംവിധാനം, പ്രസരണ സംവിധാനം വിതരണ സംവിധാനം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

വൈദ്യുതിയുടെ സ്രോതസുകൾ

ജലവൈദ്യുതി, താപവൈദ്യുതി, കാറ്റ്, സൗരോർജ്ജം , തിരമാല, ജൈവമാലിന്യം മുതലായവയാണ് പൊതുവെ വൈദ്യുതിയുടെ സ്രോതസുകൾ. ഇതിൽ ജലവൈദ്യുതിയും താപവൈദ്യുതിയുമാണ് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ. മറ്റുള്ളവ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കപ്പെടുന്നു.

ഭാവിയിലേക്കുള്ള ജില്ലയിലെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കുന്നതിനും ലൈൻ വലിക്കുന്നതിനും മറ്റും പ്രാദേശികമായ തടസ്സങ്ങളും പ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്, അതിനുള്ള പരിഹാരമായി പുതിയ റോഡുകൾ നിർമ്മിക്കുംമ്പോഴും നിലവിലുള്ളവ വികസിപ്പിക്കുംമ്പോഴും പവർ കേബിളുകളും കമ്മ്യൂണിക്കേഷൻ കേബിളുകളും സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ സംവിധാനം ചെയ്യുക . കൊല്ലം ബൈപ്പാസ് പോലെ പുതിയതായുള്ള റോഡുകൾ നിർമ്മിക്കുംമ്പോൾ കേബിളുകൾ ഇടാനുള്ള സൗകര്യങ്ങൾ ചെയ്യതാൽ മാത്രമേ ബൈപ്പാസിൽ ഭാവി വികസന പ്രവർത്തനങ്ങൾക്കുള്ള വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുവാൻ കഴിയുകയുള്ളു.
2. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾക്കായി വൈദ്യുതി വിതരണ മേഖലയിൽ ആധുനീക വൽക്കരണം നടപ്പിലാക്കേണ്ടതാണ്.
3. ജില്ലയിലെ പ്രസരണ മേഖലയിലെ വികസനത്തിനായി load flow study ചെയ്ത് ഒരു

സബ്സ്റ്റേഷൻ സ്ഥാപിക്കുക, പരവൂർ 33KV substation upgrading, ചെങ്ങമനാട് 33KV substation upgrading മുതലായവ.

4. പുതിയതായി നിർമ്മിച്ച കൊല്ലം 110 KV GIS Substation -നിൽ നിന്ന് 11 KV വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് Railway യുടെയും മറ്റ് പല Department ന്റെ യും സഹകരണം ആവശ്യമാണ്
5. സർക്കാർ ഓഫീസുകൾ വീടുകൾ തുടങ്ങിയ ഇടങ്ങളിൽ ഊർജ്ജം ഫലപ്രദമായി ഉപയോഗിക്കുക.
6. പെട്രോൾ , ഡീസൽ,തുടങ്ങിയ ഫോസിൽ ഇന്ധനവും വിദൂരഭാവിയിൽ ഇല്ലാതാവും അതിനാൽ പരിസ്ഥിതി സൗഹൃദ ഊർജ്ജ ഉല്പാദനത്തിലേക്കു മാറുക.
7. വാട്ടർ അതോറിറ്റി പോലെയുള്ള സ്ഥാപനങ്ങൾ ക്ഷമതകുറഞ്ഞ മോട്ടോറുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളവ സ്ഥാപിക്കുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലാ പഞ്ചായത്തിലും മറ്റും ഉൾപ്പടെ ഭാവിയിൽ വൈദ്യുതിയിൽ ഓടുന്ന അന്തരീക്ഷ മലിനീകരണം ഇല്ലാത്ത വണ്ടികൾ വാങ്ങുക. ആവശ്യമായ ചാർജ്ജിംഗ് സെന്ററുകൾ സ്ഥാപിക്കുക
2. കിഴക്കൻ മേഖലയിൽ ജലവൈദ്യുതി ഉല്പാദനം നടത്തുന്നതിന് പഞ്ചായത്തുകൾ സാധ്യതാപഠനം നടത്തുക സാധ്യത ഉണ്ടെങ്കിൽ നടപ്പിലാക്കാൻ ശ്രമിക്കുക, വിവിധ സ്രോതസ്സുകളിൽനിന്ന് കാറ്റ്, വെള്ളം, സോളാർ, മാലിന്യസംസ്കരണം മുതലായവ വഴി ഉല്പാദനം നടത്താൻ സാധ്യതാ പഠനം നടത്തുക.ബയോഗ്യാസ് പ്ലാന്റ്-വ്യാപനം-മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും മറ്റും ലഭ്യത അനുസരിച്ച് നടത്തുക.
3. മുനിസിപ്പൽ ഏരിയായിലും, കോർപ്പറേഷൻ ഏരിയായിലും വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേക്ക് RMU സംവിധാനം ഏർപ്പെടുത്തുക .
4. ഊർജ്ജ സംരക്ഷണം - അവബോധം സൃഷ്ടിക്കുക ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കണം.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യ നിരക്കിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക .
5. വൈദ്യുത സുരക്ഷയ്ക്ക് പ്രധാന്യം നൽകി അപകട നിവാരണം ലക്ഷ്യമാക്കി അവബോധം നടത്തുക
   - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വൈദ്യുതി സുരക്ഷാ ക്ലാസ്സുകൾ , വിവിധ വൈദ്യുതി - അധിഷ്ഠിത തൊഴിൽ വിഭാഗങ്ങൾക്കായി സംഘടിപ്പിക്കുക.
   - സുരക്ഷാവാരാചരണം വാർഡ് തലങ്ങളിൽ വരെ എത്തും വിധം പ്രചരണ പരിപാടിക ളോടെ സംഘടിപ്പിക്കുക.
   - പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും വൈദ്യുതി ലൈനുകൾക്ക് സമീപം അപകടകരമാം വിധം സ്ഥിതിചെയ്യുന്ന വൃക്ഷങ്ങളോ വൃക്ഷശിഖരങ്ങളോ നീക്കം ചെയ്യുന്നതിന് തദ്ദേശ/ ജില്ലാ ഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ പദ്ധത് പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
   - വാർഡ് തലങ്ങളിൽ ''ഊർജ്ജ സംരക്ഷണവും സുരക്ഷയും ''മുൻനിർത്തി ''എനർജി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
6. LED ബൾബുകൾ കുറഞ്ഞ ചിലവിൽ പഞ്ചായത്തുകൾ ഉപഭോക്താക്കൾക്ക് നൽകുക.
7. തദ്ദേശസ്ഥാപനങ്ങൾ നിലവിലുള്ള സോഡിയം വേപ്പറുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ മുഴുവനും മാറ്റി LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

- ഇത്തിക്കര പഞ്ചായത്തിൽ സോളാർ പ്ലാന്റിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.
- അച്ചൻകോവിലിൽ വിൻഡ് മിൽ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.
- നെടുമ്പന ഗ്രാമപഞ്ചായത്തിലെ മുട്ടക്കാവ്, കുണ്ടുമൺ, പള്ളിമൺ, ഇളവൂർ ഭാഗങ്ങളിലുള്ള നെൽപ്പാടങ്ങൾ ചെളിയെടുത്തും മണലൂറ്റിയും വെള്ളക്കെട്ടുകളായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത 20 ഹെക്ടറോളം സ്ഥലത്ത് സോളാർപാനൽ സ്ഥാപിച്ചാൽ പഞ്ചായത്തിലൊട്ടാകെയും സമീപ പഞ്ചായത്തുകളിലേക്കും വൈദ്യുതി ഉപയോഗിക്കാൻ കഴിയും. ആയതിനാൽ സോളാർപാ നൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

7.13 പശ്ചാത്തല സൗകര്യങ്ങൾ

ഗതാഗതം - ജില്ലയിലെ സ്ഥിതി

ഒരു പ്രദേശത്തിന്റ സാമൂഹികവും സാമ്പത്തികവും വ്യാവസായിക പരവുമായ വികസനത്തിന് നിലവാരമുള്ള പശ്ചാത്തല മേഖല ഒരു അവശ്യ ഘടകമാണ്. കൊല്ലം ജില്ലയിൽ നിലവിലുള്ള റോഡ് ശൃംഖലയിൽ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുമാണ് ഉൾപ്പെടുന്നത്. നാല് ദേശീയപാതകളും ആറ് സംസ്ഥാനപാതകളും ഒരു ബൈപ്പാസും ജില്ലയിൽ കൂടി കടന്നുപോകുന്നു. പൊതുമരാമത്ത് നിരത്തു വിഭാഗം കൊല്ലം ഡിവിഷന്റെഅധീനതയിൽ നിലവിൽ 478 റോഡുകളുണ്ട്. ഇതിൽ 6 സംസ്ഥാന പാതകളും 472 ജില്ലാ റോഡുകളുമായി ആകെ 1 863.702 കി.മി. ദൈർഘ്യമുണ്ട്.

കൊല്ലം ബൈപ്പാസ്

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കൊല്ലം ബൈപ്പാസ് മേവറം മുതൽ കാവനാട് വരെ 13.10 കി.മി.യിലാണ് പൂർത്തിയാകുന്നത്. 352.05 കോടി രൂപ ചെലവു വരുന്ന പ്രസ്തുത പദ്ധതി മൂന്ന് പാലങ്ങളും 7 കി.മി. പുതിയ റോഡും 4 കി.മി. നിലവിലുള്ള റോഡിന്റെവീതി കൂട്ടലും ഉൾപ്പെടുന്നു. ഇ.പി.സി. പദ്ധതിയിൽ 27.05.2015 ൽ ആരംഭിച്ച ബൈപ്പാസിന്റെനിർമ്മാണം 2018 ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലയോര ഹൈവേ

ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള എം.സി.റോഡിന് സമാന്തരമായാണ് പുതിയ മലയോര ഹൈവേ നിർമ്മാണം പൂർത്തിയാക്കുന്നത്. പുനലൂർ - കെ.എസ്.ആർ.റ്റി.സി. ജംഗ്ഷൻ മുതൽ കൊല്ലായിൽ വരെ 48.1 കി.മി. ആണ് നിർദ്ദിഷ്ട അലൈൻമെന്റ്. 240.20 കോടി രൂപയാണ് പദ്ധതി ചെലവ്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നത്.

തീരദേശ ഹൈവേ

ജില്ലയിലെ കാപ്പിൽ മുതൽ - വലിയഴീക്കൽ വരെ ആകെ 56.8 കി.മി. ആണ് നിർദ്ദിഷ്ട തീരദേശപാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ കാപ്പിൽ മുതൽ കൊല്ലം വരെയുള്ള റോഡ് പൊതുമരാമത്ത് വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കീഴിലാണ്. പ്രസ്തുത അലൈൻമെന്റിൽ നിലവിൽ റോഡ് ഉള്ളതിനാൽ വീതി കൂട്ടി ഉപരിതല നവീകരണം നടത്തുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിൽ നടന്നു വരുന്നു. കൂടാതെ കൊല്ലം മുതൽ വലിയഴിക്കൽ വരെയുള്ള റീച്ചിൽ ഒരു ഫ്ളൈഓവറും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മേൽപാതയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ

പുരോഗമിക്കുന്നു. തീരദേശഹൈവേയുടെ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പൂർത്തിയാക്കുന്നത്. ആദ്യ ഘട്ടമായ കാപ്പിൽ - വലിയഴിക്കൽ വരെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഏകദേശം 26 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൊല്ലം മുതൽ കാപ്പിൽ വരെയുള്ള തീരദേശഹൈവേയ്ക്ക് 42 കോടിരൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

അടുത്ത അഞ്ചു വർഷത്തേക്കുള്ള ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം

ജില്ലയുടെ മൊത്തം വികസന പ്രവർത്തനങ്ങളിൽ ഗതാഗത മേഖലയ്ക്കുള്ള പ്രാധാന്യം പരിഗണിച്ച് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും അനുയോജ്യമായ നയരൂപീകരണം നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജില്ലയിലെ റോഡ് നിർമ്മാണ പരിപാലനങ്ങൾക്കാവശ്യമായ മുൻഗണന നിശ്ചയിക്കുന്നതിനായി ചില മാനദണ്ഡങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അടുത്ത അഞ്ച് വർഷം കൊണ്ട് ജില്ലയിൽ റോഡ് പശ്ചാത്തല മേഖലയിൽ വൻ കുതിച്ചു ചാട്ടമാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്. അതിനായി ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ മിക്കതിന്റെയും പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. ദേശീയപാത 66 ജില്ലാ അതിർത്തികളായ കടമ്പാട്ടുകോണം മുതൽ കൃഷ്ണപുരം വരെ നാലുവരിപാത ആക്കുന്നതിനുള്ള അലൈൻമെന്റിന്റെ അന്തിമ രൂപരേഖ എൻ.എച്ച്.ആർ.ഐ. തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ തിരക്കേറിയ പ്രധാന ജംഗ്ഷനുകളായ കരുനാഗപ്പള്ളി, കൊട്ടിയം, ചാത്തന്നൂർ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി അന്തർദേശീയ നിലവാരത്തിലാകുന്ന റോഡിൽ ബ്ളാക് സ്പോട്ടുകൾ എല്ലാം ഒഴിവാക്കി അപകടങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കാവുന്നതാണ്. ദേശീയപാത 744 ൽ കൊല്ലം ജില്ലയിലെ ആകെ ദൈർഘ്യമായ 81.250 കി.മി. വീതി കൂട്ടി നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ദേശീയപാത 183 & 183 എ വീതി കൂട്ടി ഉപരിതല നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കു ന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. മേൽ പറഞ്ഞ റോഡുകളിലുള്ള അപകടകരമായ വളവുകൾ ഒഴിവാക്കി സ്ട്രെയിറ്റ് അലൈൻമെന്റ് കൊടുക്കുന്നതിനാൽ അപകടങ്ങളുടെ തോത് കുറയ്ക്കാനാവും. പുനലൂർ കോട്ടവട്ടം ജംഗ്ഷൻ മുതൽ പ്ളാച്ചേരി വരെ പുതിയ ഫ്ളൈ ഓവർ വന്നാൽ നിലവിൽ പുനലൂർ ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരം കാണാനാകും. അടുത്ത അഞ്ചു വർഷം കൊണ്ട് ജില്ലയിലെ എല്ലാ റോഡുകളിലും ഓടകൾ നൽകികൊണ്ട് ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തിയാക്കാനാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്. റോഡുകളുടെ ആയുസ് വർദ്ധിപ്പിക്കുന്നതിൽ ഡ്രെയിനേജുകൾ പ്രധാന പങ്ക് വഹിയ്ക്കുന്നുണ്ട്.

പോളയത്തോട് ജംഗ്ഷനിൽ നിന്നും തീരദേശഹൈവേയിലേക്ക് ഗതാഗതം തുടർച്ചയായി ഒരു പാതയിൽ നിന്നും ഫ്ളൈഓവർ നിർമ്മിക്കാവുന്നതാണ്. തൻമൂലം ദേശീയപാതയിൽ നിന്നും തീരദേശപാതയിൽ നിന്നും കണക്ടിവിറ്റി കിട്ടുന്നതാണ്. കൊല്ലം നഗരത്തിന്റെപടിഞ്ഞാറു ഭാഗത്ത് വരുന്ന തീരദേശഹൈവേയും കിഴക്ക് ഭാഗത്ത് നിർമ്മാണം പൂർത്തിയായിവരുന്ന ബൈപ്പാസ് റോഡും ദേശീയപാത 66 ലെ ഗതാഗതക്കുരുക്ക് പരമാവധി കുറയ്ക്കുന്നതിന് സഹായകമാകും. ഇത് കൂടാതെ വടക്ക്ഭാഗത്ത് നിലവിലുള്ള ആശ്രാമം ലിങ്ക് റോഡിന്റെ തുടർച്ചയായി തോപ്പിൽ കടവ് വരെ നീട്ടുന്നതിനായി പദ്ധതി പ്രാരംഭഘട്ടത്തിലാണ്. മേൽ പറഞ്ഞ പ്രവർത്തികൾ പൂർത്തിയാക്കുന്നതോടെ നഗരഹൃദയത്തിൽ കടക്കാതെ യാത്രചെയ്യാവുന്നതാണ്. തൻമൂലം ജില്ലാ സിരാ കേന്ദ്രം നേരിടുന്ന പ്രധാന വെല്ലുവിളിയായ ഗതാഗതക്കുരുക്കിന് ശാശ്വതമായ പരിഹാരമാകും.

വെള്ളം ഒഴുകിപോകുന്നതിന് അനുയോജ്യമായ സൗകര്യങ്ങൾ, റോഡ് അടയാളങ്ങൾ, തെരുവ് വിളക്കുകൾ, ആവശ്യമായ നടപ്പാതകൾ എന്നിവ റോഡ് സുരക്ഷാ സംവിധാനം മെച്ച പ്പെടുത്തുന്ന ഘടകങ്ങളാണ്. മേൽ പറഞ്ഞ സംവിധാനങ്ങൾ ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനു സൃതമായി പിന്തുടർന്നാൽ സുരക്ഷ മെച്ചപ്പെടുത്താവുന്നതാണ്.

നിലവിൽ കൊല്ലം ജില്ലയിൽ മാത്രമാണ് ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഇല്ലാത്തത്. സുരക്ഷിതമായ യാത്രയ്ക്കും ഗതാഗത നിയമങ്ങൾ നടപ്പിലാക്കുന്നതിനും അസിസ്റ്റന്റ് കമ്മീഷണർ (ട്രാഫിക്) അദ്ധ്യക്ഷനായ ഒരു ട്രാഫിക് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ട്രാക്ക് പോലുള്ള സർക്കാരിതര ഏജൻസികളെ കൂടി ഉൾപ്പെടുത്തി റോഡ് സുരക്ഷാ സെല്ലിന്റെപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്.

റോഡ് സുരക്ഷക്കും ശരിയായ റോഡ് പരിപാലനത്തിനും ജില്ലാതല എവിക്ഷൻ ഡിപ്പാർട്ട്മെന്റ് രൂപികരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പൊതുമരാമത്ത് - എൽ.എസ്.ജി.ഡി. - റവന്യൂ - പോലീസ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരെ പുന:ക്രമീകരിച്ച് ഇത് സാദ്ധ്യമാക്കാം ആസ്തി വികസനത്തോടൊപ്പം, നിലവിലുള്ളതും കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ളതും പുതുതായി ആർജിക്കുന്നതുമായ ആസ്തികൾ സംരക്ഷിക്കുന്നതിലേയ്ക്ക് താലൂക്ക് തലത്തിൽ സർക്കാർ തലത്തിലുള്ള സർവ്വേ സംവിധാനങ്ങൾ ശക്തിപ്പെടുത്തി കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ള റോഡിന്റെപാർശ്വങ്ങൾ തിരികെ സർക്കാരിലേയ്ക്ക് മുതൽകൂട്ടാൻ വേണ്ട സംവിധാനം ജില്ലാ ഭരണകൂടം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ് അങ്ങനെ റോഡുകളുടെ സർവ്വേ പൂർത്തീകരിച്ചാൽ അത് സംരക്ഷിക്കുവാനുള്ള ബാദ്ധ്യത മേൽ സൂചിപ്പിച്ച ജില്ലാതല എവിക്ഷൻ ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കേണ്ടതാണ്.

രണ്ടായിരത്തി മുപ്പതോടുകൂടി തീരദേശ ഹൈവേ, നാഷണൽ ഹൈവേ 66, മെയിൻ സെൻട്രൽ റോഡ്, മലയോരഹൈവേ എന്നിവ അന്തർദേശിയ നിലവാരത്തിലേയ്ക്കും ഇവയെ ബന്ധിപ്പിക്കുന്ന - പാരിപ്പള്ളി - മടത്തറ - ആയൂർ - ഇത്തിക്കര - എൻ.എച്ച് 744, കേരളപുരം ആയൂർറോഡ് - കരുനാഗപള്ളി - ശാസ്താംകോട്ട - അടൂർറോഡുകൾ ദേശീയ നിലവാരത്തിൽ 4 വരിപ്പാതകളാക്കുകയും ചെയ്താൽ കൊല്ലം ജില്ലയിലെ റോഡ്ഗതാഗതം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരും.

അടുത്ത 15 വർഷത്തേക്കുള്ള ദീർഘകാലവികസന പരിപ്രേക്ഷ്യം

കൊല്ലം ജില്ലയിലെ എല്ലാ റോഡുകളും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അതിനായി പ്ലാസ്റ്റിക് അഗ്രിഗേറ്റ്സ്, റബറൈസ്ഡ് ടാറിംഗ്, ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയ നൂതനമായ സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. പുതിയ ഫ്ളൈ ഓവറുകൾ, സ്കൈവാക്കുകൾ, നാലുവരിപ്പാതകൾ ബൈപ്പാസ്സുകൾ, സബ് വേകൾ, എല്ലാ റോഡുകളും ബി.എം. / ബി.സി എന്നു തുടങ്ങി പലവിധ സൗകര്യങ്ങളും പരമാവധി നടപ്പിലാക്കിയാൽ കൊല്ലം ജില്ലയുടെ മുഖച്ഛായ തന്നെ മാറും. കൂടാതെ മറ്റൊരു പ്രധാനമായ കാര്യം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനെക്കുറിച്ചാണ്. മിക്കവാറും അശ്രദ്ധമായി വാഹനമോടിക്കുന്നതു കൊണ്ടാണ് അപകടങ്ങൾ കൂടുതലായും സംഭവിക്കുന്നതെങ്കിലും റോഡുകളുടെ അവസ്ഥയും ഒരു പരിധി വരെ അപകടങ്ങൾക്കിടയാകുന്നു. മോശം നിലവാരത്തിലുള്ള റോഡുകളും അപകടകരമായ വളവുകളും ട്രാഫിക് സുരക്ഷാ മാനദണ്ഡങ്ങൾ എല്ലായിടത്തും പാലിക്കപ്പെടാത്തതും അപകടങ്ങൾക്ക് ആക്കം കൂട്ടുന്നു. വാഹന യാത്രികർക്കു മാത്രമല്ല കാൽനട യാത്രക്കാർക്കും അപകടം ഇന്നൊരു നിത്യ സംഭവ മായി മാറിയിരിക്കുന്നു. കാൽനടയാത്രികർക്കായി പ്രത്യേകം നടപ്പാതകൾ നിർമ്മിക്കുകയും റോഡുകളിൽ കൃത്യമായി മാർക്കിംഗുകൾ നൽകുകയും ചെയ്യാവുന്നതാണ്. അപകടങ്ങൾ ഇല്ലാതാക്കാൻ കഴിയി ല്ലെങ്കിലും അതിന്റെ തോത് ഗണ്യമായി കുറയ്ക്കാൻ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ കഴിയും. നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ഐ.ആർ.സി., റോഡ് ഗതാഗത ഹൈവേ മന്ത്രാലയം എന്നിവ അനുശാസിക്കുന്ന നിലവാരം, കർശനമായ ഗുണനിലവാര നിയന്ത്രണം എന്നിവ അത്യാവശ്യമാണ്. ഗതാഗത മേഖലയിലെ നിക്ഷേപം വളരെ വ്യാപ്തിയുള്ളതും ഗവൺമെന്റിന് ലഭ്യമാ കുന്ന വിവരങ്ങൾക്കപ്പുറവുമാണ്. ആയതിനാൽ സ്വകാര്യ നിക്ഷേപം, ഗവൺമെന്റിതര ഏജൻസികൾ, സംയുക്ത സംരംഭങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും മെച്ചപ്പെടുത്തൽ പ്രവൃത്തികളിലും പങ്കെടുക്കേണ്ടത് ആവശ്യമാണ്.

നിലവിലുള്ള റോഡുകൾക്ക് സമാന്തരമായി സർവ്വീസ് റോഡുകൾ വന്നാൽ പ്രധാന റോഡുകളിലേക്കുള്ള പ്രവേശനം നിയന്ത്രിച്ചുകൊണ്ട് പ്രധാന റോഡുകളിലെ ഗതാഗത ക്കുരുക്കിന് ഒരു പരിധിവരെ പരിഹാരം കാണാനാകും. നമ്മുടെ ജില്ലയിലെ റോഡുകൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാത്തതാണ്. നിലവിലുള്ള ഓക്സ് ബോ (oxbow) ലാൻഡുകൾ പാർക്കിംഗിനും വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കുമായി ഉപയോഗിക്കാവുന്നതാണ്. പ്രധാന റോഡുകളുടെ വശങ്ങളിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ളക്സുകൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയവയ്ക്ക് മതിയായ പാർക്കിംഗ് സ്ഥലം ഉണ്ടെങ്കിൽ മാത്രമേ തദ്ദേശസ്ഥാപനങ്ങൾ അനുമതി നൽകാവൂ. ദേശീയപാത 066 നാലു വരി പാത ആക്കുമ്പോൾ നിലവിലുള്ള നാല് പാലങ്ങൾ (ഇത്തിക്കര, കന്നേറ്റി, നീണ്ടകര, ചവറ) രണ്ടു വരി പാതയായി തുടരുമ്പോൾ രൂക്ഷമായ ഗതാഗതക്കുരുക്ക് ഉണ്ടാകാനിടയുണ്ട്. ഇതിന് പരിഹാരമായി കൊല്ലത്ത് പഴയ ഇരുമ്പുപാലത്തിന് സമാന്തരമായി പുതിയ ഇരുമ്പുപാലം വന്നതു പോലെ നിലവിലുള്ള പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കാവുന്നതാണ്. ജില്ലയിലെ മറ്റ് ദേശീയപാതകളായ 744, 183, 183എ, മറ്റ് സംസ്ഥാന പാതകൾ, ബൈപ്പാസ്, തീരദേശ- മലയോരഹൈവേ എന്നിവ നാലുവരി പാതയായി ഉയർത്തിയാൽ നാടിന്റെ വികസനം പൂർണ്ണതയിലേയ്ക്ക് എത്തിക്കാവുന്നതാണ്. ശുചിത്വ മിഷനുമായി സഹകരിച്ച് പാതയോരത്തോ ബസ് ബേകളോട് ചേർന്നോ പൊതു ശൗചാലയങ്ങൾ (ഇ-ടോയ്ലറ്റ്) സ്ഥാപിക്കാവുന്നതാണ്.

മികച്ച ആസൂത്രണവും കൂടുതൽ സുരക്ഷാബോധത്തോടെയുമുള്ള റോഡ് ശൃംഖലയുടെ ഡിസൈനിംഗിലൂടെയും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സാധിക്കും. റോഡ് പശ്ചാത്തല സൗകര്യങ്ങളായ റോഡ് ഉപരിതലം, റോഡടയാളങ്ങൾ, റോഡ് ഡിസൈൻ എന്നിവ പ്രധാന സുരക്ഷാ ഘടകങ്ങളാണ്. ചെലവ് കുറഞ്ഞ രീതിയിലുള്ള പശ്ചാത്തലം മെച്ചപ്പെടുത്തൽ റോഡപകടങ്ങളും അവയുടെ തീവ്രതയും കുറയ്ക്കാൻ ഉപകരിക്കും. റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്തമല്ല. ഇൻഷുറൻസ് മേഖല, മറ്റ് സംഘടനകൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവയ്ക്കും റോഡ് സുരക്ഷാബോധവൽക്കരണത്തിൽ വളരെ പ്രാധാന്യമുണ്ട്.

റോഡുകളിലൂടെയുള്ള സുഗമമായ അപകടരഹിതമായ യാത്ര, പൊതുമരാമത്ത് വകുപ്പ്, പോലീസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വിവധ വകുപ്പുകളുടെ ഏകോപനവും മാനേജ്മെന്റും കൊണ്ട് മാത്രമേ സാധ്യമാകൂ. അതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. തൻമൂലം സുരക്ഷിതമായ റോഡ് പശ്ചാത്തല മേഖല നിയമങ്ങൾ കർശനമായി നടപ്പാക്കപ്പെടുമെന്ന് ഉറപ്പ് വരുത്തണം.

നിർദ്ദേശങ്ങൾ

കേരളത്തിലെ മിക്ക ജില്ലകളിലും റയിൽവേ സ്റ്റേഷനും കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റേഷനും തൊട്ടടുത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ കൊല്ലം ജില്ലയിൽ റയിൽവേ സ്റ്റേഷനിൽ നിന്നും മൂന്ന് കി.മി. അകലെയാണ് ബസ്സ്റ്റേഷൻ സ്ഥിതിചെയ്യുന്നത്. റയിൽവേ സ്റ്റേഷനു മുന്നിൽ ഈസ്റ്റ് പോലീസ് സ്റ്റേഷനു പടിഞ്ഞാറുഭാഗത്തായി പുതുതായി ഒരു ബസ് സ്റ്റേഷൻ അനുവദിച്ച് കിട്ടിയാൽ അത് പൊതുജനങ്ങൾക്കും ദീർഘദൂര യാത്രക്കാർക്കും വളരെ പ്രയോജനകരമായിരിക്കും. എന്നുമാത്രമല്ല ഇതു വഴി കൊല്ലം നഗരത്തിന്റെപ്രതിച്ഛായ മാറുന്നതുമാണ്. കൊല്ലം ചിന്നക്കടയ്ക്കു സമീപം ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്കും തിരുവനന്തപുരം ഭാഗത്തേക്ക് പോകുന്ന യാത്രക്കാർക്കും നിലവിൽ സ്റ്റോപ്പില്ലാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കുന്നതിനായി ചിന്നക്കട എൽ.ഐ.സി. ബിൽഡിംഗി നടുത്തോ അല്ലെങ്കിൽ ജോസ്കോ ജ്വലറിക്ക് സമീപത്തായോ ഒരു ബസ്ബേ അനുവദിച്ച് നൽകിയാൽ യാത്രക്കാർക്ക് വളരെ ഗുണകരമായിരിക്കും. ആശ്രാമം ലിങ്ക് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് 20 സെന്റ് സ്ഥലം വിട്ട് നൽകേണ്ടി വന്നതിനാൽ നിലവിൽ ബസുകൾ പാർക്ക് ചെയ്യാൻ സ്ഥലം തികയാത്ത അവസ്ഥയാണ്. തത്ഫലമായി ലിങ്ക് റോഡ് മുതൽ ആശ്രാമം വരെ ബസുകൾ പാർക്ക് ചേയ്യേണ്ടതായി വരുന്നു. ഇതിന് പരിഹാരമായി ബസ് സ്റ്റേഷനോട് ചേർന്ന് ലിങ്ക് റോഡിനും പാർവ്വതി മില്ലിനും ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ട് നികത്തി നൽകിയാൽ അവിടെ ബസുകൾ പാർക്ക് ചെയ്യുന്നതിനും

അവിടെ നിന്നും സർവ്വീസ് ആരംഭിക്കുന്നതിനും അതുവഴി ലിങ്ക് റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥല സൗകര്യമുള്ളത് ചാത്തന്നൂർ ഡിപ്പോയിലാണ്. ഏകദേശം നാലരയേക്കറോളം സ്ഥല വിസ്തൃതിയുള്ള ചാത്തന്നൂർ യൂണിറ്റിൽ നിന്നും കൂടുതൽ ദീർഘ ദൂര സർവ്വീസുകളും, ജില്ലയിലെ തന്നെ വിവിധ ഭാഗങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്താൽ പൊതുജനങ്ങൾക്കും നിരവധി യാത്രക്കാർക്കും വളരെ ഗുണകരമായിരിക്കും.

തുറമുഖം

കടൽ മാർഗമുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കുക വഴി തുറമുഖങ്ങളുടെ പരിസര പ്രദേശത്തും വൃഷ്ടി പ്രദേശത്തുമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിൽ തുറമുഖങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെതെക്ക്-പടിഞ്ഞാറൻ മേഖലയിലാണ് കേരളത്തിലെ വലുതും ഇടത്തരവുമായ തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്നത്. സംസ്ഥാനത്ത് മിക്കവാറും ചെറുകിട ഇടത്തരം തുറമുഖങ്ങൾ കാലികമാണ്. നിലവിൽ വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളാണ് ചരക്ക് കൈകാര്യം ചെയ്യുന്നത്. മത്സ്യ ബന്ധന തുറമുഖത്തെ പ്രയോജനപ്പെടുത്തി കൊല്ലം, തങ്കശ്ശേരിയിൽ പുതിയ ചരക്ക് ഗതാഗത സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതു - സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ കൊല്ലം തുറമുഖത്തെ വികസിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശുചിത്വസാഗരം

കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലെ ആവാസവ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും ഭീഷണിയായി മാറികൊണ്ടിരിക്കുകയാണ്. കടലിൽ വല വലിക്കുന്ന സമയത്ത് വലിയൊരു അളവ് പ്ലാസ്റ്റിക് മാലിന്യം വലകളിൽ അടിഞ്ഞു കൂടുന്നുണ്ട്. ഇങ്ങനെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ സഹകരണത്തോടുകൂടി ശേഖരിച്ച് കരയ്ക്കെത്തിച്ച് ഷ്രെഡിങ്ങ് യൂണിറ്റിൽ സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും അതുവഴി ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടു കൂടിയും ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊല്ലം ജില്ലാ ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എംപിഇഡിഎ, സാഫ്, തദ്ദേശ സ്ഥാപനം, തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടു കൂടിയും നടപ്പാക്കുന്ന നൂതന പദ്ധതിയാണ് **'ശുചിത്വ സാഗരം'**.

സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലാണ് ആദ്യമായി ആരംഭിച്ചത്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തരത്തിൽ നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാഥമിക ഘട്ടം നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 14.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായി. ഈ ഫണ്ടുപയോഗിച്ച് നീണ്ടകരയിൽ പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റും, പ്ലാസ്റ്റിക് ശേഖരണ സംവിധാനങ്ങളും സജ്ജമായി കഴിഞ്ഞിട്ടുണ്ട്. ടി പ്രവൃത്തി നിരന്തരമായ ഒരു പ്രക്രിയയാണ്.

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ വേസ്റ്റ് മാനേജ്മെന്റ്

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലും പരിസര പ്രദേശത്തുമുള്ള വീടുകളിൽ/കടകളിൽ നിന്നും തുറമുഖത്തിൽ നിക്ഷേപിക്കുന്ന ജൈവവും അജൈവവുമായ മാലിന്യങ്ങൾ തുറമുഖത്തിൽ കുന്നുകൂടി വളരെ അനാരോഗ്യകരമായ അവസ്ഥ സംജാതമായിരിക്കുകയാണ്. ഇത് നഗരസഭ പല തവണകളായി തുറമുഖത്തിൽ ഒഴിഞ്ഞ സ്ഥലത്ത് കുഴിച്ച് മൂടുകയാണ് ചെയ്ത് വരുന്നത്. അജൈവ മാലിന്യങ്ങൾ ജീർണ്ണിച്ചു പോകാത്തതിനാൽ ദിനംപ്രതി കുന്നുകൂടി വരികയാണ്. ഇതിന് പരിഹാരമായി തുറമുഖത്തിൽ സ്ഥിരമായി മാലിന്യ സംസ്കരണ സംവിധാനം വേണ്ടതാണ്. മാലിന്യങ്ങൾ പൊതു പങ്കാളിത്തത്തോടെ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള ഒരു കോടി രൂപയുടെ കരട് പ്രോജക്ട് കൊല്ലം നഗരസഭയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് തത്വത്തിൽ അനുമതി ലഭിച്ചു കഴിഞ്ഞാൽ പദ്ധതി നടപ്പിലാക്കാൻ കഴിയും. ഇത് രണ്ടു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും.

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട വികസനം

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം 1,980.50 ലക്ഷം രൂപ ചെലവഴിച്ച് കേന്ദ്രസർക്കാർ പദ്ധതിയിൽ 31/03/01 തീയതിയിൽ കമ്മീഷൻ ചെയ്തതാണ്. ഇതിൽ 2,100 മീറ്റർ നീളത്തിൽ പ്രധാന പുലിമുട്ടും 500 മീറ്റർ നീളത്തിൽ ലീവേർഡ് പുലിമുട്ടും 312 ചതുരശ്ര മീറ്റർ കമ്മ്യൂണിറ്റി ഹാൾ, 210 ചതുരശ്ര മീറ്റർ കാന്റീൻ, 30 ചതുരശ്ര മീറ്റർ സെക്യൂരിറ്റി ക്യാബിൻ, 1,500 ചതുരശ്ര മീറ്റർ ലേലഹാൾ, 140 ചതുരശ്ര മീറ്റർ ലോക്കർ മുറികൾ, 80 ചതുരശ്ര മീറ്റർ ശൗചാലയം, 315 ചതുരശ്ര മീറ്റർ കട മുറികൾ, എന്നിവ നിർമ്മിച്ചിരുന്നു.

കൊച്ചു വള്ളങ്ങൾക്ക് രണ്ട് ഫിങ്കർ ജെട്ടികൾ നിർമ്മിക്കൽ, നിലവിലെ ലേല ഹാളുകളുടെ നീളവും സൗകര്യവും വർദ്ധിപ്പിക്കുക, പാക്കിംഗ് ഷെഡുകളുടെ നവീകരണം, ഓടകളുടെ നവീകരണം, കൂടുതൽ ശൗചാലയങ്ങൾ, കടകൾ, ആധുനിക നിലവാരത്തിലുള്ള മത്സ്യ മാർക്കറ്റ്, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം, വൈദ്യുതീകരണവും ജല വിതരണ സംവിധാനവും, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, എന്നീ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഈ പദ്ധതിക്ക് 49 കോടി രൂപ യുടെ കേന്ദ്ര ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. ആകെ പദ്ധതി കാലാവധി മൂന്ന് വർഷം കണക്കാ ക്കിയിട്ടുണ്ട്.

കാവൽ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് വരെയുള്ള റോഡിൽ സോളാർ എൽ; ഇ ഡി ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി

കൊല്ലം തങ്കശ്ശേരി കാവൽ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് വരെയുള്ള റോഡ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 91 ലക്ഷം രൂപ ചെലവിൽ BM & BC നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ഈ റോഡിൽ രാത്രികാലങ്ങളിൽ വെളിച്ചത്തിന്റെ അപര്യാപ്തത നില വിലുണ്ട്. ദിനം പ്രതി വളരെയധികം ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന തങ്കശ്ശേരി കോട്ട, ലൈറ്റ് ഹൗസ്, എന്നിവിടങ്ങളിലേക്കുള്ള പാതയാണിത്. ആയതിനാൽ ലൈറ്റ് പോസ്റ്റുകൾ സ്ഥാപിച്ച് സോളാർ എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുന്നു. 30 ലൈറ്റ് പോസ്റ്റുകൾ സ്ഥാപിക്കു ന്നതിന് ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന് ഒരു വർഷം പൂർത്തീകരണ കാലവധി പ്രതീ ക്ഷിക്കുന്നു.

കൊല്ലം തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനം

കേരളത്തിൽ കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങൾക്ക് ഇടയിലുള്ള പ്രധാനപ്പെട്ട തുറമുഖമാണ് കൊല്ലം തുറമുഖം. ചരക്ക് ഗതാഗത സൗകര്യങ്ങൾ ഉള്ള 180 x 12 മീറ്റർ അളവിലുള്ള വാർഫ് നിലവിൽ ഉണ്ട്. 6.3 മീറ്റർ ഡ്രാഫ്റ്റ് ഉണ്ട്. എൻട്രൻസ് ചാനലിൽ 350 മീറ്റർ വീതിയും 11 മീറ്റർ ഡ്രാഫ്റ്റും ഉണ്ട്. തുറമുഖത്തിന്റെ ബേസിൻ ഏരിയ 100 ഹെക്ടർ ഉണ്ട്. തുറമുഖത്തിൽ 1,450 ചതുരശ്ര മീറ്റർ ഗോഡൗണുകൾ, 16,000 ചതുരശ്ര മീറ്റർ കോൺക്രീറ്റ് യാർഡ് എന്നിവ നിലവിൽ ഉണ്ട്.

പാസ്സഞ്ചർ ടെർമിനൽ കെട്ടിടം, നിലവിലെ തുറമുഖ ഗോഡൗണുകളുടെ നവീകരണം, 10,000 ചതുരശ്ര മീറ്റർ കണ്ടെയ്നർ സ്റ്റാക്ക് യാർഡ്, ബേസിനിൽ 10 മീറ്റർ ഡ്രാഫ്റ്റ് നില നിർത്തുന്നതിനുള്ള ഡ്രഡ്ജിംഗ്, വാടി മുതൽ അമ്മച്ചി വീട് വഴി ദേശീയപാതയിലെ വെള്ളയിട്ടമ്പലം വരെയുള്ള മൂന്ന് കിലോമീറ്റർ ഭാഗം ഏഴ് മീറ്റർ വീതിയിൽ BM & BC നിലവാരത്തിൽ ചെയ്യേണ്ടത്, ചരക്ക് ഗതാഗത ത്തിന് ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗമായ റെയിൽ പാത തുറമുഖവുമായി ബന്ധിപ്പിക്കേ ണ്ടതിന്റെ പ്രാഥമിക പഠനം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് 46 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ശക്തികുളങ്ങര തെക്കേ പുലിമുട്ടിന്റെ ബലപ്പെടുത്തലും അതിന് മുകളിലെ റോഡ് ടൂറിസം നിലവാരത്തിൽ മെച്ചപ്പെടുത്തലും

ശക്തികുളങ്ങരയിലെ തെക്കേ പുലിമുട്ടിന് 610 മീറ്റർ നീളം ഉണ്ട്. നിരന്തരമായ തിരമാലകളുടെ ആക്രമണം മൂലം പുലിമുട്ടിന്റെ പല ഭാഗങ്ങളും കേടുപാട് വന്നിരിക്കുകയാണ്. ഇതിന് മുകളിലെ റോഡ് തികച്ചും സഞ്ചാരയോഗ്യം അല്ലാതെ ആയിരിക്കുകയാണ്. തുറമുഖ ബേസിനിലോ മറ്റോ വച്ച് ജലയാന ങ്ങൾക്ക് അപകടം സംഭവിച്ചാൽ രക്ഷാപ്രവർത്തനങ്ങൾക്ക് ക്രെയിനോ മറ്റ് സൗകര്യങ്ങളോ എത്തിക്കു

ന്നതിനുള്ള മാർഗ്ഗം ആണിത്. ആയതിനാൽ ഇത് അടിയന്തിരമായി ബലപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ഈ പുലിമുട്ടിന് മുകളിലുള്ള റോഡ് ടൂറിസം കാഴ്ചപ്പാടിൽ നവീകരിക്കുന്നത് വളരെയധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സാധിക്കും. ഇതിന് ഏകദേശം 500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് രണ്ട് വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കും.

ശക്തികുളങ്ങര തെക്കേപുലിമുട്ടിനോട് ചേർന്ന വള്ളക്കടവ് നവീകരിക്കൽ

ശക്തികുളങ്ങര തുറമുഖത്തിലെ വാർഫിനും തെക്കേപുലിമുട്ടിനും ഇടയ്ക്കുള്ള ഏകദേശം 50 മീറ്റർ വീതിയിൽ സ്ലോപ്പിംഗ് യാർഡ് ഉണ്ട്. ഇത് പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾ അടുക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഈ വള്ളക്കടവ് മനോഹരമായി നവീകരിക്കുന്നത് മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും സാധിക്കും. ഇതിന് 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് 18 മാസം കൊണ്ട് പൂർത്തികരിക്കാൻ കഴിയും.

ശക്തികുളങ്ങര തുറമുഖത്തിന് വേണ്ടി ഇനിയും ഏറ്റെടുക്കാനുള്ള 34.15 ആർ സ്ഥലം ഏറ്റെടുക്കുന്നത്

ശക്തികുളങ്ങര തുറമുഖത്തിന് വേണ്ടി ഇനിയും ഏറ്റെടുക്കേണ്ട 34.15 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 28/10/17 തീയതിയിലെ സഉ(സാധാ)നം.827/2017/മതുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് 476 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

ശക്തികുളങ്ങര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം

നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ ശക്തികുളങ്ങര ഭാഗത്ത് വിഭാവനം ചെയ്തിരുന്ന 505 മീറ്റർ വാർഫിൽ 407 മീറ്റർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. സ്ഥലമെടുപ്പ് കഴിഞ്ഞാൽ ഇനിയും നിർമ്മിക്കുവാനുള്ള 98 മീറ്റർ വാർഫും കൂടി നിർമ്മിക്കുകയും ഷോപ്പിംഗ് കോംപ്ലക്സ്, ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ്, ഗേറ്റും ഗേറ്റ് ഹൗസും, തുടങ്ങിയവയുടെ നിർമ്മാണം കൂടി പൂർത്തീകരിച്ച് തുറമുഖം പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് സാധിക്കും. ഇതിന് 1,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

കുതിര മുനമ്പിനേയും മൺറോതുരുത്തിനേയും ബന്ധിപ്പിച്ച് കൊണ്ട് അഷ്ടമുടി കായലിന് കുറുകേ പാലം നിർമ്മിക്കുന്നത് - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി

കുതിര മുനമ്പിനേയും മൺറോതുരുത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 1,000 മീറ്റർ നീളം വരുന്ന പാലം നിർമ്മിക്കേണ്ടതുണ്ട്. ഇതിനുള്ള ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സോയിൽ ഇൻവെസ്റ്റിഗേഷന് 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച് ദർഘാസ് ചെയ്ത് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കുന്നതാണ്. ഈ പാലം പൂർത്തിയായാൽ മൺറോതുരുത്തിലെ നൂറ് കണക്കിന് കുടുംബങ്ങൾക്ക് കരയുമായി ബന്ധപ്പെടുന്നതിന് സാധിക്കും.

കെട്ടിടങ്ങൾ

ജില്ലയിലെ സ്കൂൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും പരിപാലനത്തിനുമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നത്. നിലവിൽ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവയുടെ നവീകരണം വയോജനങ്ങൾക്കായുള്ള പകൽ വീടുകൾ, അങ്കനവാടികൾ, പട്ടികജാതി കോളനികളിൽ സാമൂഹ്യപഠന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയാണ് നിലവിൽ നടന്നുവരുന്ന പ്രവർത്തികൾ.

നിർദ്ദേശങ്ങൾ

- സ്കൂൾ കെട്ടിടത്തിന് ആവശ്യമായ ഇംപ്രൂവ്മെൻറ്സ് നൽകി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.
- ആശുപത്രി കെട്ടിടത്തിന് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി സേവനം മെച്ചപ്പെടുത്തുക.

- അംഗൻവാടി കെട്ടിടങ്ങൾ ആധുനികവൽക്കരിക്കുക.
- എല്ലാ സ്കൂളുകൾക്കും ആധുനിക രീതിയിലുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുക.

റോഡുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതികളുടെ ഏകദേശം 50%വും ചെലവഴിക്കപ്പെടുന്നത് റോഡിന്റെ പുനരുദ്ധാരണത്തിനും പുതിയ റോഡിന്റെ നിർമ്മാണത്തിനും വേണ്ടിയാണ്. ജില്ലയിൽ ഏകദേശം 7256 കി.മി. ഗ്രാമീണ റോഡുകളും 681 കി.മി. ജില്ലാ റോഡുകളും ഉണ്ട്.

നിർദ്ദേശങ്ങൾ

- ബൈപ്പാസ് റോഡുകളുടെ നിർമ്മാണം.
- റോഡിന്റെസമീപത്തായി പാർക്കിംഗ് സൗകര്യം ഉൾപ്പെടുത്തൽ.
- നഗര പ്രദേശങ്ങളിലുള്ള റോഡുകളിൽ സ്കൈ വാക്ക്, ഫൂട്ട് ഓവർ ബ്രിഡ്ജ് എന്നിവ ഉൾപ്പെടുത്തുക.
- നഗര ശുചീകരണത്തിനായി റോഡിന്റെസമീപത്ത് അഴുക്ക് ചാലുകൾ നിർമ്മിച്ച് മാലിന്യ നിർമാർജനം ഉറപ്പാക്കുക.
- ജില്ലയിലെ എല്ലാ സ്ഥലങ്ങളിലേക്കുമുള്ള റോഡ് കണക്ടിവിറ്റി ഉറപ്പാക്കുക.
- കൊല്ലം ബൈപ്പാസിന്റെ നിർമ്മാംണം പൂർത്തീകരണ ഘട്ടത്തിലാണ്. ബൈപാസിന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ കൊല്ലം-മേവറം-അയത്തിൽ-രണ്ടാംകുറ്റി-മങ്ങാട്-കടവൂർ-രാമൻകുളങ്ങര-കച്ചേരി ജംഗ്ഷൻ എന്നീ നഗര പ്രദേശങ്ങളെ ബന്ധിപ്പിച്ച് സബർബൻ സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുന്നത് മൊബിലിറ്റി വർദ്ധിപ്പിക്കുന്നതിനും പൊതുഗതാഗതത്തിനും കൂടുതൽ ഉപകാര പ്രദമായിരിക്കും.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. കൊല്ലം റെയിൽവേ സ്റ്റേഷന് സമീപം കോർപ്പറേഷൻ വക ഭൂമിയിൽ ആധുനിക ബസ് ടെർമിനൽ (Bus terminal for private and KSRTC buses reported by shopping complex)
2. ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി മലമേൽ ഓലരിക് വെള്ളച്ചാട്ടം-കുടുക്കത്ത് പാറ-ഓയിൽപാം ഇന്ത്യ പ്ലാന്റേഷൻ-കുളത്തൂപ്പുഴ-തെൻമല-പാലരുവി എന്നീ സ്ഥലങ്ങളിലേക്കുള്ള കണക്ടിവിറ്റി റോഡുകളുടെ നവീകരണം
3. കൊട്ടാരക്കര ജംഗ്ഷൻ നവീകരണം
4. പുനലൂർ ബൈപ്പാസ്സ് നിർമ്മാണം
5. ഭരണിക്കാവ് ജംഗ്ഷൻ നവീകരണം
6. **നഗരാസൂത്രണം** - കൊല്ലം നഗരത്തിൽ Inner Ring Road വീതി കൂട്ടി നവീകരിക്കൽ
7. കൊല്ലം-ആയൂർ റോഡിന്റെ വീതികൂട്ടി നവീകരണം
8. **കെട്ടിടങ്ങൾ-** ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മാണം
9. ജില്ലാ ജയിൽ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി
10. കൊല്ലം നഗരം അശാസ്ത്രീയവും ആസൂത്രിതമല്ലാത്തതുമായ രീതിയിലാണ് വിസ്തൃതി പ്രാപിച്ചുകൊണ്ടിരിക്കുന്നത്. ഗതാഗത കുരുക്കും തിരക്കും മാലിന്യവും കൊല്ലം നഗരത്തിന്റെ ശാപമാണ്. ശുദ്ധജല ദൗർലഭ്യവും കൊല്ലത്തെ പ്രമുഖ ജലാശയമായ അഷ്ടമുടിക്കായലിലും അനുബന്ധ കനാലുകളിലും ഡ്രയിനേജ് കുഴലുകൾ തുറന്നുവിട്ട് ജലം മലിനമാക്കുന്ന രീതിയും നിലവിലുണ്ട്.
11. നഗര വിസ്തൃതി കൂടുന്നതിനനുസരിച്ച് കുടിവെള്ളം, ഊർജ്ജം, മാലിന്യസംസ്കരണം, ഗതാഗത സൗകര്യങ്ങൾ, വിശ്രമ ഉദ്യാനങ്ങൾ എന്നിവ ലഭ്യമാക്കിക്കൊണ്ട് സുസ്ഥിരവികസനം

ഉറപ്പാക്കുന്ന ശാസ്ത്രീയ ആസൂത്രണത്തോടു കൂടിയ നഗരവത്കരണം ആവശ്യമാണ്. വളർന്നുവരുന്ന നഗരത്തിൽ, നഗരത്തിന്റെ വികസന സാധ്യതകളെ മുൻനിർത്തിക്കൊണ്ടുള്ള, കൃത്യവും ശാസ്ത്രീയവുമായി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത ഡ്രയിനേജ് സിസ്റ്റം അത്യാവശ്യമാണ്.

12. നഗരത്തിലെ സ്ഥലലഭ്യത ഉള്ള സ്കൂൾ/കോളേജ് മൈതാനങ്ങൾ അദ്ധ്യയന സമയത്തിനുശേഷം മുതിർന്നവരുടെയും കുട്ടികളുടെയും സാംസ്കാരിക പ്രവർത്തനത്തിനും കൂട്ടായ്മയ്ക്കും പരിശീലനങ്ങൾക്കും ലഭ്യമാക്കാവുന്നതാണ്.
13. കുണ്ടറ ടെക്നോപാർക്ക് അനക്സ്, കെ.എം.എം.എൽ മുതലായ സ്ഥാപനങ്ങളോട് ചേർന്നുള്ള പ്രദേശങ്ങൾ എല്ലാ സൗകര്യങ്ങളോടും കൂടിയ വാസയോഗ്യമായ ടൗൺഷിപ്പായി ഉയർത്തിക്കൊണ്ടുവരേണ്ടതിന് നിയന്ത്രിത നഗരവികസനം നടത്താവുന്നതാണ്. ഇത്തരം ടൗൺഷിപ്പുകൾ കൊല്ലം നഗരഹൃദയത്തെ വാഹന കുരുക്കും തിരക്കും കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും.
14. പൂന, ബോംബെ എന്നീ നഗരങ്ങളിലെ മാതൃകകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും നഗരത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. ശാസ്ത്രീയവും മാലിന്യരഹിതവുമായ നഗരവൽക്കരണത്തിന് പ്രഗൽഭർ നടത്തുന്ന ശിൽപ്പശാലകൾ പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ടതാണ്.

7.14 വിനോദ സഞ്ചാരം

വിനോദസഞ്ചാരവും കൊല്ലവും

പ്രാചീനകാലത്ത് ഒരു വാണിജ്യകേന്ദ്രമെന്ന നിലയിൽ ദേശിംഗനാട് പ്രാധാന്യം നേടിയിരുന്നു. പതിനാലാം നൂറ്റാണ്ടിലെ പ്രമുഖ സഞ്ചാരിയായിരുന്ന ഇബനുബത്തൂത്തയുടെ ഇരുപത്തിനാലു വർഷത്തെ സഞ്ചാരത്തിനിടയിൽ അദ്ദേഹം അഞ്ചുതുറമുഖങ്ങളിലൊന്നായി വിശേഷിപ്പിച്ച ഇവിടം ചൈനാക്കാരുമായുള്ള വാണിജ്യ ബന്ധങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. കൊല്ലത്തെയും ചൈനയിലെയും ഭരണാധികാരികൾ നയതന്ത്രബന്ധം സ്ഥാപിക്കുകയും കൊല്ലത്ത് ചൈനീസ് അധിവാസകേന്ദ്രങ്ങൾ വളർച്ച പ്രാപിക്കുകയും ചെയ്തിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിലെ സിറാഫുകാരനായ സുലൈമാൻ എന്ന വ്യാപാരി കാന്റനിൽ നിന്ന് പേർഷ്യൻ ഉൾക്കടലിലേക്കുള്ള തന്റെ യാത്രയ്ക്കിടയിൽ വൻകിട ചൈനീസ് പായ്ക്കപ്പലുകൾ നങ്കൂരമിട്ടിരിക്കുന്നതു കാണാനിടയായ ഇന്ത്യയിലെ ഏക തുറമുഖം കൊല്ലം ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കുബ്ലൈഖാന്റെ കീഴിൽ 1275-ൽ ചൈനയിൽ സേവനം അനുഷ്ഠിച്ച പ്രമുഖ വെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ ഉയർന്ന ചൈനീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൊല്ലവും പശ്ചിമതീരത്തെ ഇതര പട്ടണങ്ങളും സന്ദർശിച്ചിട്ടുണ്ട്. കൊല്ലത്ത് ആദ്യമായി 1502-ൽ ഒരു വാണിജ്യ കേന്ദ്രം സ്ഥാപിച്ച ആദ്യ യൂറോപ്യന്മാർ പോർട്ട്ഗീസുകാരാണ്. അതിനുശേഷം ഡച്ചുകാരും പിന്നീട് 1795-ൽ ബ്രിട്ടീഷുകാരും ഇവിടെ എത്തിച്ചേർന്നു. തിരുവിതാംകൂർ രാജാവും ബ്രിട്ടീഷുകാരും തമ്മിലുണ്ടാക്കിയ ഒരു ഉടമ്പടിയെ തുടർന്നു ബ്രിട്ടീഷുകാരുടെ ഒരു കാവൽ സേന കൊല്ലം പട്ടണത്തിൽ താവളമടിച്ചു. കൊല്ലം പട്ടണം മെച്ചപ്പെടുത്തുന്നതിന് ഏറെ കാര്യങ്ങൾ ചെയ്തത് തിരുവിതാം കൂറിലെ ദളവ ആയിരുന്ന വേലുത്തമ്പിയാണ്. അദ്ദേഹം പുതിയ കമ്പോളങ്ങൾ നിർമ്മിക്കുകയും മദ്രാസിൽ നിന്നും തിരുനൽവേലിയിൽ നിന്നും വ്യാപാരികളെ ക്ഷണിച്ചുവരുത്തി ഇവിടെ പാർപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് കൊല്ലം ദേശിംഗനാട്ടിലെ പ്രബുദ്ധരും ഉദാരമതികളുമായ ഭരണാധികാരികളുടെ തലസ്ഥാനമായി മാറി. ബ്രിട്ടീഷുകാർക്കെതിരായി വേലുത്തമ്പിദളവ സംഘടിപ്പിച്ച വിപ്ലവ സന്നാഹങ്ങളുടെ സിരാകേന്ദ്രവും കൊല്ലം ആയിരുന്നു. ഒരിക്കൽ കൊട്ടാരങ്ങളുടെ നഗരമായിരുന്ന കൊല്ലം അന്യദേശക്കാരെ സംബന്ധിച്ചിട

ത്തോളം ഹൃദയഹാരിയായ അനുഭവം ആയിരുന്നു. അങ്ങനെയാണ് "കൊല്ലം കണ്ടവന് ഇല്ലം വേണ്ട" എന്ന ചൊല്ല് തന്നെ രൂപപ്പെട്ടത്.

വിനോദസഞ്ചാരരംഗത്ത് കൊല്ലത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. കേരളത്തിന്റെ പരിച്ഛേദമാകാവുന്ന ഏതാണ്ടെല്ലാ വിനോദസഞ്ചാര ഉത്പന്നങ്ങളും കൊല്ലത്തിന് സ്വന്തമായിട്ടുണ്ട്. മനോഹരമായ കായൽത്തീരവും വിനോദസഞ്ചാരികളെ ഹഠാദാകർഷിക്കുന്ന പച്ചത്തുരുത്തുകളും നിബിഡമായ കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള സസ്യജാലങ്ങളും ഇന്ത്യയിലെ തന്നെ ആദ്യത്തെ എക്കോടൂറിസം സംരംഭമായ തെന്മല എക്കോടൂറിസം പദ്ധതിയും, വന്യമൃഗങ്ങളാൽ സമ്പന്നമായ ശെന്തുരുണി വന്യജീവി സങ്കേതവും പാലരുവി കുംഭാവുരുട്ടി വെള്ളച്ചാട്ടങ്ങളും എല്ലാം കൊല്ലത്തിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്. അറബിക്കടലിന്റെ തീരത്തെ പഴയ തുറമുഖ നഗരമായ കൊല്ലത്തിനും തങ്കശ്ശേരിക്കും ഇന്ത്യാചരിത്രത്തിൽ വളരെ വലിയ സ്ഥാനമാണുള്ളത്. ഗ്രീക്ക്, റോമൻ, അറബ്, ചൈനീസ്, പോർട്ട്ഗീസ്, ഡച്ച്, ബ്രിട്ടീഷ് സംസ്കാരങ്ങളുമായി അടുത്തിടപഴകിയിട്ടുള്ള ചരിത്രവും കൊല്ലത്തിന് സ്വന്തമായുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളുമായി വളരെ ദൃഢമായ ഒരു വ്യാപാരബന്ധം പ്രാചീനകാലം മുതൽ തന്നെ കൊല്ലത്തിനുണ്ടായിരുന്നു.

വിനോദസഞ്ചാര വികസന സാദ്ധ്യതകൾ

അന്താരാഷ്ട്രതലത്തിൽ തന്നെ പ്രാധാന്യമേറിയ റംസാർ കൺവെൻഷൻ പ്രകാരം സംരക്ഷിക്കപ്പെടേണ്ടതെന്ന് അംഗീകരിക്കപ്പെട്ട രണ്ട് തണ്ണീർതടങ്ങളായ അഷ്ടമുടിയും, ശാസ്താംകോട്ട തടാകവും കൊല്ലത്തിന്റെ സ്വന്തമാണ്. തെന്മല, പുനലൂർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളും അച്ചൻകോവിൽ ഡിവിഷന്റെ ഒരു ഭാഗവും ഉൾപ്പെടുന്ന ജില്ലയിലെ വനപ്രദേശങ്ങൾ നിത്യഹരിതമായ സസ്യജാലങ്ങളാലും ജന്തുക്കളാലും അനുഗ്രഹീതമാണ്.

വരും നാളുകളിൽ കൊല്ലത്തെ അന്താരാഷ്ട്ര പ്രസിദ്ധമാക്കാൻ പാകത്തിൽ ചടയമംഗലത്തുള്ള ജടായുപാറ, ജഡായു എർത്ത് സെന്റർ എന്ന പേരിൽ ഒരു വിനോദസഞ്ചാരകേന്ദ്രമായി മാറപ്പെടുകയാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ പക്ഷി ശില്പം എന്ന ഖ്യാതി ഇതിനകം തന്നെ ഇത് നേടിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും മികച്ച ഒരു പൊതു-സ്വകാര്യ സംരംഭമായി ഇത് മാറിക്കഴിഞ്ഞു. കൊല്ലത്തിന്റെ ആകമാനം ടൂറിസം വികസനത്തിനുള്ള ഒരു ചാലക ശക്തിയായി വരും നാളുകളിൽ ഈ പദ്ധതി സ്ഥാനം നേടും എന്നുറപ്പാണ്.

മുൻഖണ്ഡികയിൽ പരാമർശിച്ചപോലെ കേരളത്തിന്റെഒരു പരിച്ഛേദമാണ് കൊല്ലം. കേരളത്തിൽ ഒരു വിനോദസഞ്ചാരിക്ക് ലഭിക്കുന്ന ഏതാണ്ടെല്ലാ ടൂറിസം ഉത്പന്നങ്ങളുടെ പ്രാതിനിധ്യം ഇവിടെ കാണാം. പ്രകൃതിസൗന്ദര്യം, പൈതൃകസ്വത്തുക്കൾ, കലാസാംസ്കാരിക ആകർഷണങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, സാഹസിക ടൂറിസം തുടങ്ങി വളരെ ശക്തമായ ടൂറിസം ഉത്പന്നങ്ങൾ കൊല്ലത്ത് ലഭ്യമാണ്. പ്രകൃതിസമ്പത്ത് അടിസ്ഥാനമായ ടൂറിസം ഉത്പന്നങ്ങളുടെ കാര്യത്തിൽ കേരളത്തിലെ മറ്റ് പ്രദേശങ്ങൾ എന്ന പോലെ കൊല്ലവും ഏറെ സമ്പന്നമാണ്. കായലുകൾ, കടൽത്തീരങ്ങൾ, വന്യജീവിസങ്കേതങ്ങൾ, നദികൾ, മനോഹരമായ എസ്റ്റേറ്റുകൾ തുടങ്ങിയവ ടൂറിസം വികസനത്തിന് ഏറെ സാദ്ധ്യതകളാണ് കൊല്ലത്തിന് സമ്മാനിക്കുന്നത്. ഉഷ്ണമേഖലയിലെ ഈർപ്പം നിറഞ്ഞ കാലാവസ്ഥയും വേനലിലെ കടുത്ത ചൂടും വർഷകാലത്തെ സമൃദ്ധമായ മഴയും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ജില്ലയിൽ ഉൾപ്പെടുന്നത്. ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നത് കൊല്ലം കോർപ്പറേഷൻ പരിധിയിലും മൺട്രോത്തുരുത്ത് പഞ്ചായത്ത്, പരവൂർ കായൽ പ്രദേശങ്ങൾ, തെന്മല ഇക്കോടൂറിസം പാലരുവി, കുംഭാവുരുട്ടി വെള്ളച്ചാട്ടങ്ങൾ എന്നിവിടങ്ങളിലാണ്.

കൊല്ലത്തിന്റെവിനോദസഞ്ചാര സാധ്യത ഏറ്റവും കൂടുതലായുള്ളത് അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടാണ്. റംസാർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ട ഈ മനോഹരമായ തണ്ണീർത്തടത്തിന്റെ ടൂറിസം സാദ്ധ്യതകൾ നാം ഇതുവരെ കാര്യമായി ചൂഷണം ചെയ്തിട്ടില്ല. കേരളത്തിന്റെ അനുപമമായ

ടൂറിസം ഉത്പന്നമായി കണക്കാക്കപ്പെടുന്ന വഞ്ചിവീട് പിറവി കൊണ്ടത് കൊല്ലത്താണെങ്കിലും നിലവിൽ കേരളത്തിന്റെ കായൽ ടൂറിസത്തിന്റെ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ് അഷ്ടമുടിയുടെ സംഭാവന. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിലവിലെ ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരണമായി തന്ത്രങ്ങൾ ആവിഷ്കരിച്ച് വിപണനം ചെയ്യപ്പെട്ടാൽ ഇന്ന് ആലപ്പുഴയുള്ള കായൽ ടൂറിസത്തിന്റെ ഒരു വിഹിതം കൊല്ലത്തേക്ക് ആകർഷിക്കാൻ നമുക്കു കഴിയും. അഷ്ടമുടിക്കായലിന്റെ ഓരം പറ്റിയുള്ള ചവറ, തെക്കുംഭാഗം, തേവലക്കര, നീണ്ടകര, തൃക്കടവൂർ, തൃക്കരുവ, പനയം, പേരയം, പെരിനാട്, കുണ്ടറ, മൺറോതുരുത്ത്, പടിഞ്ഞാറേക്കല്ലട, കിഴക്കേകല്ലട എന്നീ ഗ്രാമപഞ്ചായത്തുകളിൽ മിക്കവയിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിയുന്നതാണ്. ഇതുവഴി തദ്ദേശീയരെ ടൂറിസം വ്യവസായത്തിലേക്ക് ആകർഷിക്കുവാൻ സാധിച്ചാൽ അഷ്ടമുടിക്കായൽ സംരക്ഷണം അവരുടെ ഉത്തരവാദിത്തമായി മാറുന്നതും, അതുവഴി കായൽ സംരക്ഷണത്തിന് ഒരു ജനകീയ മുഖം കൊണ്ടുവരാൻ കഴിയുന്നതുമാണ്. ഇതിനേറ്റവും അടിയന്തിരമായി വേണ്ടത് ഒരു **Resource Mapping** ആണ്. ഇത്തരത്തിൽ **Resource Mapping**-ലൂടെ ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം വഴി തദ്ദേശീയരായ ജനവിഭാഗങ്ങളെ ഏതെല്ലാം തരത്തിൽ ഈ വ്യവസായവുമായി ബന്ധിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്താം. കയർ, മറ്റ് കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ വിപണനകേന്ദ്രങ്ങൾ, കൃഷി, കന്നുകാലി വളർത്തൽ, മത്സ്യകൃഷി, കള്ളുചെത്ത്, കലാസാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങി നിത്യജീവിതവുമായി ബന്ധമുള്ള ഒട്ടുമിക്ക പ്രവർത്തനങ്ങളും ഇത്തരത്തിൽ വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കാൻ സാധിക്കും.

പ്രധാന ലക്ഷ്യങ്ങൾ

എ. വിനോദ സഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ്

സർക്കാരിന്റെ പുതിയ വിനോദ സഞ്ചാര നയം വിഭാവനം ചെയ്യുന്നത് കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് അടുത്ത അഞ്ചു വർഷം കൊണ്ട് ഇരട്ടിയാക്കുക എന്നതാണ്. എന്നാൽ ജില്ലയിലേക്കുള്ള വിദേശസഞ്ചാരികളുടെ വരവ് നിലവിലുള്ള 8500-ൽ നിന്നും അടുത്ത 5 വർഷം കൊണ്ട് 25000 ആയി വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. അതുപോലെ തന്നെ അഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം നിലവിലുള്ള മൂന്ന് ലക്ഷത്തിൽ നിന്നും ഇരട്ടിയാക്കുക എന്നുള്ളതും ലക്ഷ്യമിടുന്നു.

ബി. സന്ദർശകരുടെ സംതൃപ്തി

സന്ദർശകരാണ് വിനോദസഞ്ചാരത്തിന്റെനട്ടെല്ല് എന്നതിനാൽ മാത്സര്യം നിറഞ്ഞ ഈ മേഖലയിൽ നിലനിൽക്കണമെങ്കിൽ ഉപഭോക്താവിന് മികച്ച സേവനവും സംതൃപ്തിയും ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ജില്ലയിലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ തദ്ദേശഭരണ സംവിധാനത്തിന്റെ സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഹോട്ടലുകൾ ഉൾപ്പെടെയുള്ള അനുബന്ധ സംരംഭകർ മെച്ചപ്പെട്ട സേവനങ്ങൾ ടൂറിസ്റ്റിന് ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ടൂറിസം വകുപ്പുമായി സന്നിവേശിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെഭാഗമായി പുനലൂർ, പരവൂർ മുനിസിപ്പാലിറ്റികൾ മൺട്രോത്തുരുത്ത്, പെരിനാട് ഗ്രാമപഞ്ചായത്തുകൾ, ജലസേചന വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുടങ്ങിയുള്ള സ്ഥാപനങ്ങളുമായി ചേർന്നു ഇതിനകം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

സി. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം

കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ ടൂറിസം വ്യവസായത്തിനും പൊതുജനാരോഗ്യത്തിനും ഒരുപോലെ ഉത്കണ്ഠ ഉളവാക്കുന്ന ഒരു വിഷയമാണ്. ഇക്കാര്യത്തിൽ ടൂറിസം വകുപ്പും, സംരംഭകരും, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും, മറ്റ് സർക്കാർ വകുപ്പുകളും, സർക്കാരിതര സന്നദ്ധസംഘടനകളും ഏകോപിപ്പിച്ച് ഒരു പ്രവർത്തനം നടത്തേണ്ടത് അനിവാര്യമാണ്. ഇതിനായി കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഒപ്പം ജനങ്ങളിൽ അവബോധം

സൃഷ്ടിക്കുന്നതിനായി തുടർച്ചയായുള്ള കാമ്പയിനുകൾ നടത്തേണ്ടതുണ്ട്. വിനോദസഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പര്യാപ്തമായിരിക്കും.

ഡി. വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം

ജില്ലയിലെ പ്രധാന വിനോദസഞ്ചാര ആകർഷണങ്ങൾ എല്ലാംതന്നെ പ്രകൃതിയുമായി ബന്ധപ്പെട്ടവയാണ്. ഇത്തരം കേന്ദ്രങ്ങളിൽ വേണ്ടത്ര ആസൂത്രണമില്ലാതെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ടൂറിസ്റ്റുകൾക്ക് വേണ്ടത്ര പ്രയോജനം ചെയ്യാത്തവയോ പ്രകൃതിയ്ക്ക് കോട്ടം തട്ടിക്കുന്നവയോ ആണ്. ഈ പശ്ചാത്തലത്തിൽ വിനോദസഞ്ചാരവികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ടൂറിസം വകുപ്പ്, ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ടൂറിസം സംരംഭകർ എന്നിവയുമായി ചേർന്ന് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവയുടെ ഉൾക്കൊള്ളൽശേഷി (**Carrying Capacity**) മനസ്സിലാക്കി അവയുടെ സംരക്ഷണത്തിനും പരിപാലന ത്തിനുമുള്ള പ്രത്യേക നിർദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

ഇ. അഷ്ടമുടി മാസ്റ്റർ പ്ലാൻ

കൊല്ലം ജില്ലയിൽ ഏറ്റവുംകൂടുതൽ വിനോദസഞ്ചാര വികസനസാദ്ധ്യതയുള്ളത് അഷ്ടമുടി കായൽ അടിസ്ഥാനമാക്കിയാണ്. ഇത് സംബന്ധിച്ചുള്ള ഒരു സമഗ്ര മാസ്റ്റർ പ്ലാനിന്റെകരട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലങ്ങളിൽ ചർച്ചകൾ പൂർത്തിയാക്കി ടി കരട് പ്ലാൻ സർക്കാർ അംഗീകരിച്ചതിനുശേഷം മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും സഹകരണ ത്തോടെ ഇതിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

എഫ്. സംരംഭകർക്കുള്ള വിപണനസഹായം

ജില്ലയിൽ നിന്നുള്ള ചെറുകിട ഇടത്തരം സംരംഭകർക്ക് ദേശീയ അന്തർ ദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിലേക്കായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിപണനസഹായം ലഭ്യമാക്കുന്നതിന് പരമാവധി സഹായങ്ങൾ ചെയ്യുന്നതാണ്.

പ്രധാന ദൗത്യങ്ങൾ

1. അന്താരാഷ്ട്രാ നിലവാരമുള്ള പ്രാദേശിക വിനോദസഞ്ചാര ഉത്പന്നങ്ങൾ വികസിപ്പിച്ച് ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക.
2. കൊല്ലത്തിന് കായൽ ടൂറിസത്തിന്റെപ്രാരംഭകാലത്ത് ഉണ്ടായിരുന്ന മേൽക്കൈ തിരികെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.
3. അനുഭവവേദ്യമായ ഉത്പന്നങ്ങൾ കോർത്തിണക്കിയുള്ള ടൂറിസം പദ്ധതികൾ വികസിപ്പിച്ച് തദ്ദേശീയർക്ക് വിനോദസഞ്ചാരത്തിന്റെപ്രയോജനങ്ങൾ ലഭ്യമാക്കുകയും അവരുടെ സാമ്പത്തിക ഉന്നമനത്തിന് ചാലകശക്തിയായി മാറുകയും ചെയ്യുക.

മാനവശേഷി വികസനം

വിനോദ സഞ്ചാരം എന്നത് പ്രധാനമായും ഒരു സേവന മേഖല (Service Industry) ആയതിനാൽ പരിശീലനം ലഭിച്ച ആതിഥ്യമര്യാദയുള്ള മനുഷ്യശേഷി വളരെ പ്രധാനമാണ്. മേൽ ഖണ്ഡികയിൽ വിവരിച്ച പോലെ ഇവിടം സന്ദർശിക്കുന്ന സഞ്ചാരികളുടെ സംതൃപ്തിക്ക് മികച്ച സേവനം നൽകുക എന്നത് വളരെ അനിവാര്യമാണ്. ആയതിനായി നിലവിലുള്ള ടൂറിസം തൊഴിൽ ശേഷി വർധിപ്പിക്കുകയും സംരംഭകരുടെ കാര്യക്ഷമത വർദ്ധനവിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ജില്ലയിലുള്ള ചെറുതും വലുതുമായ ടൂറിസം സംരംഭകരുടെ ഇടയിൽ ഒരു പ്രൊഫഷണൽ സംവിധാനം വളർത്തുന്നതിനായി ഈ പരിശീലന പരിപാടികൾ ഒരു തുടർ പ്രക്രിയയായി നിലനിർത്തുകയും ചെയ്യുക.

വിനോദസഞ്ചാര സർക്യൂട്ട്

കേരളത്തിലെ മറ്റ് പല ജില്ലകളിലും ഉള്ളതുപോലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുടെ ടൂറിസം സർക്യൂട്ടുകളിൽ ഒന്നും തന്നെ കൊല്ലത്തെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെട്ടു കാണുന്നില്ല.

ആയതിനാൽ കൊല്ലത്ത് വന്നു താമസിച്ച് കാഴ്ചകൾ കണ്ട് മടങ്ങുന്ന വിനോദസഞ്ചാരികളുടെ എണ്ണം താരതമ്യേന കുറവാണ്. ഇതിന് ഒരു മാറ്റം ഉണ്ടാകണമെങ്കിൽ കൊല്ലത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള വ്യത്യസ്ത സഞ്ചാരപഥങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്യേണ്ടതുണ്ട്. താഴെ വിവരിക്കും പ്രകാരമുള്ള സഞ്ചാരപഥങ്ങൾ വികസിപ്പിക്കാവുന്നതാണ്.

ഗ്രാമീണവിനോദസഞ്ചാരപഥം

കൊല്ലത്തിന്റെ ഏറ്റവും വലിയ ആകർഷണമായി നമുക്ക് വിപണനം ചെയ്യാവുന്നത് അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടു വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമീണ ജീവിത സംസ്കാരമാണ്. ഈ പ്രദേശങ്ങളിലുള്ള കരകൗശല, ഗ്രാമീണ തൊഴിലുകളും സംസ്കാരവും, ആഘോഷങ്ങളും എല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഗ്രാമീണ വിനോദസഞ്ചാര പഥം (**Rural Tourism Circuit**) വികസിപ്പിക്കാവുന്നതാണ്. മത്സ്യബന്ധനം, കൃഷി, കയർ, കച്ചിപ്പട നിർമ്മാണം, തഴപ്പായ് നെയ്ത്ത് തുടങ്ങി ലഭ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു പാക്കേജ് വികസിപ്പിച്ച് വിപണനം ചെയ്താൽ അത് കൊല്ലത്തിന്റെഏറ്റവും മികച്ച ഒരു ടൂറിസം ഉല്പന്നമാക്കി മാറ്റാവുന്നതാണ്. അതുവഴി ഗ്രാമീണജനതയെ ഈ വ്യവസായത്തിന്റെഭാഗമാക്കി മാറ്റാനും സാധിക്കാവുന്നതാണ്.

സാംസ്കാരിക ഇക്കോടൂറിസം സർക്യൂട്ട്

തെന്മല ഇക്കോടൂറിസം പദ്ധതി പ്രധാന കേന്ദ്രമാക്കിക്കൊണ്ട് ജില്ലയുടെ കിഴക്കൻ പ്രദേശത്തുള്ള വനമേഖലകൾ, ജലപാതങ്ങൾ, ചെന്തുരുണി വന്യജീവി സങ്കേതം സാംസ്കാരിക ചരിത്ര പ്രദേശങ്ങൾ, പ്ലാന്റേഷനുകൾ പ്രത്യേകിച്ച് കൊളോണിയൽ പ്ലാന്റേഷനുകൾ, എന്നിവയെ ഉൾപ്പെടുത്തിയുള്ള ഒരു സാംസ്കാരിക ഇക്കോടൂറിസം സർക്യൂട്ടിന് വളരെ വലിയ സാദ്ധ്യതയുണ്ട്. കൊല്ലം മുതൽ തിരുവിതാംകൂറിന്റെ ഇപ്പോഴുള്ള തമിഴ്നാട്ടിലെ പ്രദേശങ്ങൾ വരെ ഉൾപ്പെടുത്തി ഒരു **Trade route** പുനരുജ്ജീവിപ്പിച്ച് പ്രകൃതിക്കും സംസ്കാരത്തിനും പ്രാധാന്യംനൽകി ഒരു സാംസ്കാരിക-ഇക്കോടൂറിസം സർക്യൂട്ട് വിഭാവനം ചെയ്യാം. കുടുക്കത്തു പാറ, ഇടമുളയ്ക്കലുള്ള മലമേൽ, കടയ്ക്കൽ പഞ്ചായത്തിലെ മാറ്റിടാംപാറ, വെളിയം ഗ്രാമപഞ്ചായത്തിലുള്ള മുട്ടറ - മരുതിമല, പുനലൂർ തൂക്കുപാലത്തിന്റെപ്രാധാന്യം ഉൾപ്പെടുത്തിയുള്ള ബിസിനസ്സ് കോറിഡോർ, കോട്ടുക്കൽ ഗുഹാക്ഷേത്രം എന്നിവയെല്ലാം ഉൾ പ്പെടുത്തി വ്യത്യസ്ത അഭിരുചിയുള്ള വിനോദസഞ്ചാരികൾക്കായി വൈവിധ്യമാർന്ന അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന തരത്തിലുള്ള ടൂറിസം ഉല്പന്നങ്ങൾ ലഭ്യമാക്കി വിപണനം ചെയ്യാവുന്നതാണ്. ഇതിനായി വനംവകുപ്പ്, വിനോദസഞ്ചാരവകുപ്പ്, തെന്മല ഇക്കോടൂറിസം, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്തമായ ഒരു ഇടപെടൽ അനിവാര്യമാണ്. പ്രസ്തുത സർക്യൂട്ട് വികസിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നത് വരെയുള്ള പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു കൂറേറ്ററെ നിയമിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സാഹസിക വിനോദസഞ്ചാര സർക്യൂട്ട്

വ്യത്യസ്ത അഭിരുചിയുള്ള സഞ്ചാരികളെ ആകർഷിക്കാൻ പാകത്തിലുള്ള വിനോദസഞ്ചാര പരിപാടികൾ ഉൾപ്പെടുത്തിയുള്ള ഒരു കേന്ദ്രമായിട്ടാണ് ജഡായു എർത്ത് സെന്റർ വികസിപ്പിച്ചിട്ടുള്ളത്. ഒട്ടേറെ സാഹസിക വിനോദപരിപാടികൾ ജഡായു എർത്ത് സെന്ററിൽ ലഭ്യമാണ്. ഇത് കൂടാതെ, പരവൂർ, അഷ്ടമുടിക്കായലുകൾ കേന്ദ്രീകരിച്ച് വിവിധതരത്തിലുള്ള സാഹസിക വിനോദപരിപാടികൾക്ക് അനന്തസാധ്യത കളാണുള്ളത്. ഇതിൻമേൽ ഒരു സാധ്യത പഠനം നടത്തി സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ സാഹസിക വിനോദ പരിപാടികൾ വികസിപ്പിക്കാൻ സാധിക്കും. അഷ്ടമുടി യിലെയും പരവൂർ കായലിലെയും വിശാലതയും കാറ്റിന്റെ ലഭ്യതയും ഇത്തരം സാഹസിക വിനോദ പരിപാടികൾക്കുള്ള ഏറ്റവും അനുകൂല ഘടകങ്ങളാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തിയാൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സാഹസിക വിനോദ സഞ്ചാരകേന്ദ്രമായി കൊല്ലത്തിന് മാറാൻ സാധിക്കുന്നതാണ്.

മേൽത്തട്ട് നിർദേശങ്ങൾ

1. അഷ്ടമുടി കായലിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ പരമാവധി ചൂഷണം ചെയ്യുന്നതിനായി ഇത് സംബന്ധിച്ചുള്ള കരട് മാസ്റ്റർ പ്ലാൻ ചർച്ചകൾ പൂർത്തിയാക്കി സർക്കാർ തലത്തിൽ അംഗീകരിച്ചു ഘട്ടം ഘട്ടമായി നടപ്പാക്കണം.
2. ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.
3. ഉൾനാടൻ ജലഗതാഗത സർക്യൂട്ടിനു കൊല്ലത്തിന്റെ വിനോദസഞ്ചാര വികസനത്തിൽ ഒരു നിർണായക ചാലകശക്തിയാകാൻ സാധിക്കുന്നതാണ്. കോവളം, വർക്കല, ആലപ്പുഴ, തുടങ്ങിയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള ഈ ഗതാഗത മാർഗം സമയബന്ധിതമായി പൂർത്തിയാക്കിയാൽ കൊല്ലത്തിനും ഇതിന്റെഭാഗമാകാൻ സാധിക്കുന്നതാണ്.
4. കൊല്ലം തുറമുഖത്തിന്റെ വികസനം ഇവിടേയ്ക്ക് ക്രൂയിസ് ടൂറിസം കൊണ്ടുവരുന്നതിന് വളരെയേറെ സഹായകമായിരിക്കും. ആയതിനാൽ തുറമുഖ വികസനവും ഇതിന്റെ വിനോദ സഞ്ചാര വിപണന സാധ്യതയും പരമാവധി ചൂഷണം ചെയ്യേണ്ടതാണ്.
5. പുതിയ വിനോദസഞ്ചാര നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പോലെ ജില്ലയിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടി.
6. ജലസാഹസിക വിനോദസഞ്ചാരത്തിന് ജില്ലയിൽ അനന്തമായ സാദ്ധ്യതകൾ ആണുള്ളത്. ഇത് പരമാവധി ചൂഷണം ചെയ്യുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.
7. തങ്കശ്ശേരി പൈതൃക പദ്ധതി- മുസിരിസ് പോലെ വളരെയേറെ ചരിത്രപ്രാധാന്യമുള്ള ഒരു പ്രാചീന തുറമുഖമായിരുന്ന തങ്കശ്ശേരി അന്താരാഷ്ട്ര തലത്തിൽ തന്നെ വിപണനം ചെയ്യാവുന്ന ഒന്നാണ്. നിലവിലുള്ള ഡച്ച് കോട്ടയും, സെമിത്തേരികളും, ലൈറ്റ് ഹൗസും എല്ലാം തന്നെ സംരക്ഷിക്കുന്നതു വഴി തങ്കശ്ശേരി കൊല്ലം ടൂറിസം വികസനത്തിന്റെ ഒരു സുപ്രധാന ഘടകമായി മാറും.
8. കൊല്ലത്ത് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുക — കൊല്ലത്തിന്റെ പൈതൃകം സന്ദർശകർക്ക് പകർന്നു നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു മ്യൂസിയത്തിന്റെ അഭാവമുണ്ട്. ആയതിനാൽ ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. ഹെലി ടാക്സി സർവീസ് — കേരളത്തിലെ മറ്റു പ്രധാന ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു കൊല്ലത്തേക്ക് ഒരു ഹെലി ടാക്സി സർവീസ് ആരംഭിക്കാവുന്നതാണ്. നിലവിൽത്തന്നെ ഇതിനുള്ള അടിസ്ഥാന സൗകര്യം ആശ്രാമം മൈതാനത്തു ലഭ്യമാണ്.
10. സീപ്ലയിൻ പദ്ധതി — കൊല്ലത്ത് വിനോദസഞ്ചാ വികസത്തിനു ഏറെ ഉണർവ് നല്കാൻ സാധിക്കുന്ന സീപ്ലയിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
11. സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ വിവക്ഷിച്ചിരിക്കുന്ന നികുതി അവധി വിനോദ സഞ്ചാരത്തിൽ പിന്നോക്കം നിൽക്കുന്ന കൊല്ലം ജില്ലക്കും ബാധകമാക്കുക. അതുവഴി സാഹസിക ടൂറിസം ഉൾപ്പെടെ വൻ മുതൽമുടക്കുള്ള സംരംഭങ്ങൾ കൊല്ലത്തേക്ക് ആകർഷിക്കാൻ സാധിക്കുന്നതാണ്.

കീഴ്ത്തട്ട് നിർദേശങ്ങൾ

1. നമ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രകൃതിക്കിണങ്ങുന്ന സഞ്ചാരി സൗഹൃദ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ അനുവദിക്കവൂ. ഇതിനു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

2. ഉത്തരവാദിത്ത ടൂറിസമാണ് സംസ്ഥാന സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിന്റെ കാതൽ. അതിനനുസരണമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതതു പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രത്യേകശ്രദ്ധ വിനോദസഞ്ചാര വികസനത്തിൽ ഉണ്ടാകേണ്ടതാണ്.
3. ജലസ്രോതസ്സുകളാണ് ജില്ലയിലെ വിനോദസഞ്ചാര വികസനത്തിനുള്ള ഏറ്റവും പ്രധാന ഘടകം. ഇവ മലിനപ്പെടാതെ സംരക്ഷിക്കപ്പെടണം. പ്ലാസ്റ്റിക്കും മറ്റു ഖര-ദ്രവ മാലിന്യങ്ങളും ഈ ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും കഴിയണം.
4. കായലും മറ്റ് തണ്ണീർത്തടങ്ങളുമാണ് തങ്ങളുടെ ജീവനോപാധിക്ക് ഏറ്റവും അവശ്യം വേണ്ട പ്രകൃതിസമ്പത്തെന്നുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത്, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വായനാശാലകൾ ഉൾപ്പെടെയുള്ള സാംസ്കാരിക സംഘടനകൾ തുടങ്ങിയവയ്ക്ക് നിർണായകമായ സ്വാധീനം ചെലുത്താൻ സാധിക്കും. നഴ്സറി തലം മുതൽ തന്നെ കുട്ടികളിൽ ഇത്തരം പ്രകൃതിസമ്പത്ത് നിലനിർത്തേണ്ടതിന്റെആവശ്യകതയെ ക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കേണ്ടതാണ്. ആയതിനായി അദ്ധ്യാപകർക്കും കുട്ടികളുമായി ഇടപഴകുന്ന മറ്റ് വിഭാഗങ്ങൾക്കും പ്രത്യേകപരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് അഭികാമ്യമായിരിക്കും.
5. കൊല്ലം - ആലപ്പുഴ ജലയാത്രയായിരുന്നു കൊല്ലത്തക്ക് വിനോദസഞ്ചാരികളെ എത്തിച്ചിരുന്ന ഒരു പൊതു ടൂറിസം ഉത്പന്നം. കൊല്ലം ആലപ്പുഴ ഡി.റ്റി.പി.സികളും സ്വകാര്യ സംരംഭകരും മികച്ചനിലയിൽ നടത്തിവന്നിരുന്ന ഈ ജലയാത്ര ഇപ്പോൾ ഒക്ടോബർ മുതൽ മാർച്ച് വരെ മാസങ്ങളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രമേ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെആഭിമുഖ്യത്തിൽ നടത്തപ്പെടുന്നുള്ളൂ. മുൻകാലങ്ങളിൽ പ്രധാനപ്പെട്ട ടൂറിസം ഗൈഡുകളിൽ പരാമർശിക്കപ്പെട്ട ഈ ജലയാത്ര കൃത്യമായി നടത്തപ്പെടുന്ന ഒന്നായി മാറേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ഡി.റ്റി.പി.സിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട് .
6. തോട്ടം മേഖല, കൃഷിയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച ഫാം ടൂറിസം നടപ്പാക്കാവുന്നതാണ്. ഓയിൽപാം ഇന്ത്യയുടെ എണ്ണപ്പനതോട്ടവും, ജില്ലാ പഞ്ചായത്തിന്റെഅധീനതയിലുള്ള കുരിയോട്ടുമല ഡയറിഫാം, മറ്റു സ്വകാര്യസംരംഭങ്ങൾ തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
7. മുട്ടറ — മരുതിമല, മാറ്റിടാം പാറ, മലമേൽ തുടങ്ങിയുള്ള പ്രദേശങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങ ളുടെയും മറ്റു ഏജൻസികളുടെയും സഹകരണത്തോടെ ലഘുസാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുക. ഈ പ്രദേശങ്ങൾ പ്രധാനമായും തദ്ദേശീയരായ സന്ദർശകർക്കു അനുഭവ വേദ്യമാക്കുന്ന തരത്തിൽ വികസിപ്പിക്കുക.
8. ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള സൂചനാ ബോർഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുക്കാവുന്നതാണ്.
9. വഴിവാണിഭക്കാർ, റെസ്റ്റോറൻറ്റുകൾ തുടങ്ങിയവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടങ്ങിയുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി പരിശീലന പരിപാടികളും, മേൽനോട്ട സംവിധാനവും നടപ്പാക്കാവുന്നതാണ്.
10. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ നടത്തിപ്പും സംരക്ഷണവും സംബന്ധിച്ച് കുടുംബശ്രീ മിഷന്റെ ഊർജ്ജിത പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട്

ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്. ശബരിമല തീർത്ഥാടനകാലത്ത് ആയിരക്കണക്കിന് തീർത്ഥാടകർ ജില്ലയിലൂടെ കടന്നുപോകുന്നുണ്ട്. ഈ തീർത്ഥാടകർക്ക് ജില്ലയിലുള്ള വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ കൂടി സന്ദർശിക്കാൻ കഴിയുന്ന തരത്തിൽ ജില്ലയിലുള്ള വിവിധ തീർത്ഥാടനകേന്ദ്രങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്.

ചരിത്ര വിനോദസഞ്ചാര സർക്യൂട്ട്

കുണ്ടറ വിളംബരം, മണ്ണടി, തങ്കശ്ശേരി, പൻമന ആശ്രമം, കോട്ടുക്കൽ ഗുഹാക്ഷേത്രം തുടങ്ങിയുള്ള ചരിത്ര പ്രാധാന്യമുള്ള കേന്ദ്രങ്ങൾ പുതുതലമുറയ്ക്ക് അനുഭവവേദ്യമാകുന്ന തരത്തിൽ ഒരു ചരിത്ര വിനോദസഞ്ചാര സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്.

നെടുമ്പന ഗ്രാമപഞ്ചായത്ത് ടൂറിസം

നെടുമ്പന ഗ്രാമപഞ്ചായത്തിലെ മുട്ടക്കാവ്, കുണ്ടുമൺ, പള്ളിമൺ, ഇളവൂർ ഭാഗങ്ങളിലായി 50 ഹെക്ടറോളം നെൽപ്പാടങ്ങൾ ചെളിയെടുത്തും മണലൂറ്റിയും വലിയ വെള്ളക്കെട്ടുകളായി മാറിയിരിക്കുകയാണ്. ഈ സ്ഥലം ഇത്തിക്കര മുതൽ നെടുമൺകാവ് വരെയുള്ള 10 കി.മീ സ്ഥലത്ത് ടൂറിസത്തിന് ഉപയോഗിക്കാൻ പറ്റുന്നതാണ്. ടി പ്രദേശത്ത് ടൂറിസം വികസന ത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.15 പട്ടികജാതി -പട്ടികവർഗ്ഗം

നിലവിലുള്ള അവസ്ഥാവിശകലനം

കൊല്ലം ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ നിലവിലുള്ള സാമൂഹികവും അവസ്ഥാപരവുമായ വിശകലനം പുതിയ പദ്ധതി രൂപീകരണത്തിന് അത്യന്താപേക്ഷിതമാണ് സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ പട്ടികയിൽ 53 എണ്ണം ഉണ്ടെങ്കിലും ജില്ലയിൽ 24 വിഭാഗങ്ങൾ മാത്രമേ അധിവസിക്കുന്നുള്ളൂ. ഇവരിൽ കൂടുതലായുള്ളവർ കുറവ, പുലയ, തണ്ടാൻ, പറയർ എന്നിവരാണ്. വേടർ, നായാടി എന്നിങ്ങനെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്നവരും ഇതിൽപെടുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പട്ടികജാതി വിഭാഗത്തെ മാറ്റിനിർത്തുന്ന പ്രവണത കൊല്ലം ജില്ലയിൽ ഇല്ല എന്നു പറയാം. സർക്കാർ, സ്വകാര്യ പൊതുമേഖല എന്നിങ്ങനെ എല്ലാ തൊഴിൽ മേഖലയിലും പ്രാതിനിധ്യം പട്ടികജാതി വിഭാഗക്കാർക്കുണ്ട്. എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും അപര്യാപ്തതകൾ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ പട്ടികാതി വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്നത് കിഴക്കൻ മല പ്രദേശങ്ങളായ ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ എന്നിവിടങ്ങളിലും നദീതടപ്രദേശങ്ങളായ ചിറ്റുമല, ശാസ്താംകോട്ട, ഇത്തിക്കര എന്നിവിടങ്ങളിലുമാണ്.

മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

സ്ഥലം- സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങാനായി ധനസഹായം നൽകുന്നു. എന്നാൽ ഗുണഭോക്താക്കൾ കണ്ടെത്തുന്ന സ്ഥലങ്ങൾ പലതും ഭാവിയിൽ വാസയോഗ്യമല്ലാതെ വരുന്നു.ഇടനിലക്കാരുടെ ചൂഷണത്തിനും ഇവർ വിധേയരാകാറുണ്ട്. ലഭിക്കുന്ന തുക പലപ്പോഴും അപര്യാപ്തമായി വരുന്നു.അതിനാൽ ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 5 സെന്റും അതിൽ താഴെയും വിസ്തൃതിയുള്ള ലഭ്യമായ സ്ഥലത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്തുകൾ തോറും പട്ടികജാതിക്കാർക്ക് മാത്രമായ ലാന്റ് ബാങ്ക് സംവിധാനം ഉണ്ടാക്കാവുന്നതാണ്. ധന സഹായതുക വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്. സംസ്ഥാന ഫണ്ടിനൊപ്പം ചേർത്ത് പഞ്ചായത്തുകളുടെ തലത്തിലുള്ള ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

വീട്- ഗുണഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു. എന്നാൽ അനുവദിച്ച നൽകിയിട്ടുള്ള വീടുകൾ ഭൂരിഭാഗവും പൂർത്തീകരിക്കുന്നില്ല. ഇത് പദ്ധതിയുടെ വിജയത്തിന് തടസ്സമായി നിൽക്കുന്നു.

പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് നിശ്ചയിക്കപ്പെട്ട ഒരു മാതൃക ഉണ്ടാവുകയും അതിന്റെ പൂർത്തീകരണത്തിന് മേൽനോട്ട സംവിധാനവും ഉണ്ടാക്കണം. ഈ മാതൃക പൂർത്തിയായതിനു ശേഷമേ ഗുണഭോക്തൃ വിഹിതം ഉപയോഗിച്ച് വിപുലീകരിക്കുന്നതിന് അനുവദിക്കാവൂ. വിവിധ സ്ഥലങ്ങളിലെ നിർമ്മാണ ചെലവിലുള്ള വ്യത്യാസമനുസരിച്ച് തുകയിൽ വ്യത്യാസം വരുത്തണം. സ്വന്തമായി നിർമ്മിക്കുവാൻ പ്രാപ്തിയില്ലാത്തവർക്ക് നിർമ്മാണ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. വീട്, സ്ഥലം എന്നീ രണ്ട് പദ്ധതികൾ ഏകീകരിച്ച് ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

വിദ്യാഭ്യാസം- നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം തൊഴിൽ സാധ്യതയുള്ള വിദ്യാഭ്യാസം നേടുന്നതിന് പട്ടികജാതി വിഭാഗത്തെ വഴിതിരിച്ച് വിടേണ്ടതാണ്. പഠനത്തോടൊപ്പം മത്സര പരീക്ഷകൾക്ക് വേണ്ട പരിശീലനവും നൽകണം. ഉന്നത വിദ്യാഭ്യാസം നേടിയവർക്ക് അതനുസരിച്ചുള്ള തൊഴിൽ നേടുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കണം. ഹോസ്റ്റൽ സൗകര്യങ്ങൾ വിപുലീകരിക്കണം. ഹോസ്റ്റലുകൾ തോറും മത്സരപരീക്ഷാ പരിശീലനം ഏർപ്പെടുത്തണം. സാമ്പത്തികമായി കൂടുതൽ പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തണം. വിദ്യാർത്ഥികളുടെ നിലവാരത്തിനനുസരിച്ച് ഭാവിയിലേക്ക് ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ ഉണ്ടാകണം.

ആരോഗ്യം- കുട്ടികളുടെ ആരോഗ്യ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. എല്ലാ പട്ടികജാതി കോളനികളിലും അംഗൻവാടികൾ സ്ഥാപിക്കണം. അംഗൻവാടികൾ വഴി സൗജന്യമായി പോഷകാഹാര വിതരണവും അമ്മമാർക്ക് ആരോഗ്യ സംരക്ഷണത്തിനാവശ്യമായ അവബോധവും നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. ജീവിതശൈലീ രോഗങ്ങളിൽ നിന്നും മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കളിൽ നിന്നും മുതിർന്നവർക്ക് മോചനം നേടുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം. അവശതയനുഭവിക്കുന്ന പ്രായമായവർക്കും കിടപ്പ രോഗികൾക്കും സാന്ത്വനമേകുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം. ആരോഗ്യ വിദ്യാഭ്യാസം നേടിയിട്ടുള്ള പട്ടികജാതി പ്രൊമോട്ടർമാരെ ആരോഗ്യ പരിപാലനത്തിനായി നിയമിക്കണം. സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ഏർപ്പെടുത്തി ഡോക്ടർമാരുടെ സേവനം നൽകണം.

തൊഴിൽ- മത്സര പരീക്ഷകളിൽ വിജയിക്കുന്നതിന് പ്രാപ്തരാകുന്നതോടെ കൂടുതൽ പേർക്ക് സർക്കാർ അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ തൊഴിൽ നേടുവാൻ കഴിയും. വിദ്യാഭ്യാസ രംഗത്ത് തന്നെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ ഈ പ്രശ്നത്തിന് ദീർഘകാല പരിഹാരമാകും. വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് നിലവിലുള്ള പരിശീലന കേന്ദ്രങ്ങളുടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. മികച്ച സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് ഐ.റ്റി മുതലായ നൂതന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കണം. നിലവിലുള്ള സ്വയം തൊഴിൽ സംരംഭങ്ങളുടെ വിപുലീകരണത്തിന് കൂടുതൽ ധനസഹായം അനുവദിക്കണം. സ്വയം തൊഴിൽ സംരംഭങ്ങളിലെ ഉല്പന്നങ്ങളുടെ വിതരണത്തിന് വിപണന മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

പ്രോജക്ട് നിർദ്ദേശങ്ങൾ

പട്ടികജാതി വിഭാഗക്കാർ ഇപ്പോൾ ജാതീയമായ അവഗണനയേക്കാൾ കൂടുതൽ നേരിടുന്നത് സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണ്. സാമ്പത്തിക വിദ്യാഭ്യാസ ഉയർച്ചയിലൂടെ ആരോഗ്യം, ഭൂമി, വീട് തുടങ്ങിയ എല്ലാ മേഖലകളിലും ഉന്നതി പ്രാപിക്കുന്നതിന് കഴിയും. ആയതിലേക്ക് ആവശ്യമായ മൂലധനം കണ്ടെത്തുന്നതിന് സ്വയംതൊഴിൽ, ഉയർന്ന നിലവാരമുള്ള ബിസിനസ് രംഗങ്ങളിൽ പങ്കാളികളാക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

വീട്- ധനസഹായ തുക വർദ്ധിപ്പിച്ചും ഗുണഭോക്തൃ വിഹിതം ഉറപ്പാക്കിയും ഗുണമേന്മയുള്ള വീടുകൾ നിർമ്മിക്കാവുന്നതാണ്. കൂടാതെ പെയിൻറിംഗ് ഉൾപ്പെടെയുള്ള എല്ലാ ജോലികളും നിർവ്വഹിച്ച് വീട് പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. വിവിധ അംഗീകൃത ഏജൻസികളെക്കൊണ്ട് നല്ല രീതിയിലുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാവുന്നതാണ്.

ഭൂമി- ധനസഹായ തുക വർദ്ധിപ്പിച്ചും പൊതു വിഭാഗക്കാർക്കിടയിൽ അടിസ്ഥാന സൗകര്യങ്ങൾ കൂടുതലായുള്ള ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

വിദ്യാഭ്യാസം- ഉയർന്ന ഡിഗ്രി കോഴ്സുകളിൽ എത്തുന്ന ഓരോ കോഴ്സിലും ഉയർന്ന മാർക്ക് കരസ്ഥമാക്കുന്നവരും നന്നെ കുറവാണ്. ഈ കുറവു പരിഹരിക്കത്തക്ക രീതിയിൽ പ്രത്യേക പാക്കേജുകൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

ആരോഗ്യം- കോളനി പോലുള്ള പ്രത്യേക പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ജീവിക്കുന്നതിനാൽ ആരോഗ്യ പ്രശ്നങ്ങളിൽ ശ്രദ്ധിക്കാതെ ജീവിത ശൈലി മോശപ്പെടുത്തി ആരോരുമില്ലാത്തവരായി മാറുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് കോളനിവൽക്കരണം നിരുൽസാഹപ്പെടുത്തുന്നതിനും മറ്റ് ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കത്തക്ക രീതിയിലുള്ള പ്രോൽസാഹന പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനം- റോഡ്, കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യ മൊരുക്കുമ്പോൾ ശരിയായ മോണിറ്ററിംഗ് നടത്തി ഉയർന്ന നിലവാരമുള്ള പദ്ധതികളാക്കി മാറ്റേണ്ടതാണ്. നിലവാരം കുറഞ്ഞ റോഡ് വർക്കുകളും ശരിയായ സ്രോതസ്സുകളില്ലാതെയുള്ള കുടിവെള്ള പദ്ധതികളും മിക്ക കോളനികളിലെയും പതിവു കാഴ്ചയാണ്.

സാമ്പത്തിക-തൊഴിൽ മേഖല- ഉയർന്ന തലത്തിലുള്ള ബിസിനസ്സും, ഇലക്ട്രിക്, ഇലക്ട്രോണിക്സ് രംഗങ്ങളിൽ ഈ വിഭാഗക്കാരുടെ കടന്നുവരവ് നന്നെ കുറവാണ്. ആയത് പരിഹരിച്ച് സാമ്പ ത്തികമായി മുന്നേറാനുള്ള അവസരമൊരുക്കേണ്ടതാണ്. സർക്കാർ തലത്തിലെ തൊഴിലിനായി സ്വകാര്യ മേഖലയിൽ സംവരണം പോലുള്ള പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണ്.

പട്ടിക വർഗ്ഗം

കേരളത്തിലെ മറ്റ് പട്ടികവർഗ്ഗക്കാരെപ്പോലെ ജില്ലയിലെ പട്ടികവർഗ്ഗക്കാരും സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിനുടമകളാണ്. സംസാരഭാഷ, ആചാരാനുഷ്ഠാനങ്ങൾ, കൃഷിരീതി, ഭക്ഷണം, ചികിത്സ, ഭരണരീതി തുടങ്ങി സമസ്തമേഖലകളിലും തങ്ങളുടേതായ രീതികൾ ഓരോ പട്ടികവർഗ്ഗ ത്തിനുമുണ്ട്. പുതിയ തലമുറക്ക് അമൂല്യമായ അറിവുകൾ വേണ്ട രീതിയിൽ പകർന്നു നൽകുന്നില്ല എന്നത് ശ്രദ്ധേയമാണ്. പരമ്പരാഗതമായ അറിവുകളിലെ നന്മകൾ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്.

1. **<u>അടിസ്ഥാനസൗകര്യം:</u>** പട്ടികവർഗ്ഗക്കാർക്കു അനുവദിക്കുന്ന വീടുകൾ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ശുചിത്വസംവിധാനം ഇവയോടു കൂടി യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ഉറപ്പ് വരുത്തണം. പട്ടികവർഗ്ഗസങ്കേതങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ ഓപ്പറേറ്റിംഗ് ഭവനപുനരുദ്ധാരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ ഉൾപ്പെടെ ഇത്തരം പ്രവർത്തനങ്ങൾ ലൈഫ് പ്രോജക്ടുമായി സംയോജിപ്പിച്ചു നടപ്പാക്കുന്നതിനു കഴിയണം.
2. **<u>വിദ്യാഭ്യാസം-</u>** പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഉറപ്പുവരുത്തി അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട സംയോജിത പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. നിർദ്ധനരായ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം, പഠനം പിന്നോക്കം നിൽക്കുന്നവർക്കു ട്യൂഷൻ, സ്പോർട്സ് കിറ്റുകൾ, മാനസിക വളർച്ചക്ക് ആവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ കൂടി സംയോജന സാദ്ധ്യതയിൽ ഉൾപ്പെടുത്തി അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാനാകും വിധം ആവിഷ്കരിക്കണം.

2.1 പ്രീ-പ്രൈമറി സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സംയോജിത ശിശു വികസന പ്രോജക്ടിനു കീഴിൽ മാനദണ്ഡമനുസരിച്ചു അംഗൻവാടികൾ ആരംഭിക്കാനാവില്ലെങ്കിൽ നിലവിലുള്ള വിടവ് പരിഹരിക്കുന്നതിനു പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം കിന്റർഗാർട്ടൻ/ ബാലവാടി ആരംഭിക്കുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂൾ കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന

തരത്തിൽ പ്രവർത്തനം ആവിഷ്കരിക്കേണ്ടതാണ്. അതിനുപരി 0-6 പ്രായത്തിലുള്ളവർക്കും കൗമാരപ്രായക്കാർക്കും 60 വയസ്സിനു മേൽ പ്രായമുള്ളവർക്കും പോഷകാഹാരം ലഭിക്കുന്നതിനു പ്രത്യേക പൂരക ഭക്ഷണ പരിപാടി ടി സ്ഥാപനങ്ങൾ വഴി നൽകേണ്ടതുമാണ്. ഇതും ഒരു സംയോജന സാദ്ധ്യതയാണ്.

2.2 പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കരിക്കുലർ കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റികൾ അനുയോജ്യമായി പരിഷ്കരിച്ച അന്താരാഷ്ട്ര നിലവാരത്തിലേക്കു ഉയർത്തണം. അവിടെ പഠിച്ച എസ്.എസ്.എൽ.സി.പാസ്സാകുന്നവർ ഉന്നത നിലവാരം പുലർത്തുന്ന ശാസ്ത്ര സാങ്കേതിക, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ചേർന്നു പഠിച്ച മികവുറ്റ പൗരന്മാരായി വളർന്നു വരത്തക്കവിധം സംയോജിത പദ്ധതികൾ ആവിഷ്കരിക്കണം.

2.3 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ ചെയർമാൻ ജില്ലാകളക്ടർ ആണ്. സമയബന്ധിതമായി ടി കമ്മിറ്റി സ്കൂളിൽ വച്ച് കൂടിയാൽ സ്കൂളിന്റെ എല്ലാത്തരം പരിമിതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയും. ടി സ്കൂളുകളുടെ ഉപദേശക സമിതിയും യഥാസമയം കൂടേണ്ടതുണ്ട്.

2.4 നാലാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുള്ള എൽ.എസ്.എസ്.പരീക്ഷയ്ക്കു പരിശീലനം നൽകുന്ന തോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും നടപ്പാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡവലപ്മെന്റ് സ്കീമിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്കു കൂടി പരിശീലനം നൽകേണ്ടതാണ്. അതുപോലെ യു.എസ്.എസ്, എൻ.റ്റി.എസ്.ഇ., കെ.വി.പി.വൈ തുടങ്ങി സ്കൂൾ വിദ്യാഭ്യാസ കാലയളവിലെ മത്സര പരീക്ഷകൾക്കു പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുപരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. ഈ വിധത്തിൽ പരിശീലനം നടത്തുന്നതിനും പരിശീലനാർത്ഥികൾക്കു ലൈറ്റ് റിഫ്രഷ്മെന്റ് നൽകുന്നതടക്കമുള്ള സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.

2.5 ഉന്നതവിദ്യാഭ്യാസ മേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിമിതമാണ്. വിശേഷിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനും താമസസ്ഥലത്തു നിന്നും പോയി വരാനാകാത്ത സ്ഥലത്ത് ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കാനാകാത്തതും പഠന ചിലവു വഹിക്കുന്നതിനു സാമ്പത്തിക പ്രയാസം നേരിടുന്നതുമാണ്. പ്രധാനമായും ഈ രംഗത്തു പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്ക് പരിശീലനം ലഭിക്കാത്തതും ആ രംഗത്തെ പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ അധ്യയന നിലവാരക്കുറവ് പരിഹരിക്കുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്, വിദ്യാഭ്യാസാനുകൂല്യങ്ങൾ അതിനു പുറമേ വേണ്ടുന്ന സാമ്പത്തിക സഹായം ഇവ സംയോജിത പ്രോജക്ടായി രൂപപ്പെടുത്തണം.

3. തൊഴിൽ, ഉപജീവനം

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ പട്ടിക വർഗ്ഗക്കാരുടെ തൊഴിലില്ലായ്മയും രൂക്ഷമാണ്.

1. പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ കരകൗശല കഴിവുകൾ വികസിപ്പിച്ചു മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം.
2. കുളത്തൂപ്പുഴയിൽ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കൈത്തറി നെയ്ത്തു വ്യവസായ സഹകരണസംഘം പട്ടികവർഗ്ഗ വികസന വകുപ്പിലെ കോർപ്പസ് /പൂൾഡ് ഫണ്ടു

കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ച കൈത്തറി നെയ്ത്തിനു പുറമേ ഗാർമെന്റ് മേക്കിംഗ് കൂടി ആരംഭിക്കുന്നതിനും സ്കൂളുകൾക്കും ആശുപത്രികൾക്കാവശ്യമായ യൂണിഫോം മറ്റ് തുണിത്തരങ്ങൾ ഇവ ഉത്പാദിപ്പിച്ച പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കു തൊഴിൽ നൽകുന്ന തരത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

3. പട്ടികവർഗ്ഗക്കാരുടെ കലാസാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും, ശിങ്കാരിമേളം, ചെണ്ടമേളം, വിൽപാട്ട്, കക്കാരിശ്ശിനാടകം തുടങ്ങിയ കലാരൂപങ്ങൾ, പാരമ്പര്യ ഭക്ഷണം, പാരമ്പര്യവൈദ്യം ഇവ ഉപജീവന മാർഗ്ഗമാക്കി വികസിപ്പിക്കൽ
4. ഹോട്ടൽ മാനേജ്മെന്റും ഫുഡ്ക്രാഫ്റ്റ്, ഫ്രണ്ട് ഓഫീസ്, ടൂറിസ്റ്റു ഗൈഡ് തുടങ്ങി തൊഴിൽ സാദ്ധ്യതയുള്ള രംഗങ്ങളിൽ പരിശീലനവും പ്ലേസ്മെന്റും.
5. വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ സാദ്ധ്യതയ്ക്ക് അനുയോജ്യമായ പരിശീലനവും പ്ലേസ്മെന്റും
6. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി, തരിശായി കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെസഹകരണത്തോടെ ചെറുകിട വ്യവസായ സംരംഭങ്ങൾ
7. വന്യമൃഗശല്യത്തെ പ്രതിരോധിച്ച കാർഷിക അഭിവൃദ്ധിയുള്ള പ്രോജക്ടുകൾ
8. ഭക്ഷ്യസുരക്ഷയ്ക്കായി പരമ്പരാഗത കൃഷി, ജൈവകൃഷി ഇവ പ്രോത്സാഹിപ്പിക്കുക.
9. തരിശുഭൂമി, വനാവകാശമനുസരിച്ച ലഭിച്ച കൈവശഭൂമി ഇവ ആദായകരമായി കൃഷി ചെയ്യൽ
10. ക്ഷീരവികസന വകുപ്പും, പാൽസൊസൈറ്റി ഇവയുമായി ബന്ധപ്പെടുത്തി മുൻപിൽ ബന്ധത്തോടെ ക്ഷീരവികസന പ്രോജക്ടുകൾ.
11. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെടുത്തി, പോത്തുക്കുട്ടി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ
12. ആശാരിപണി, കൽപണി, വയറിംഗ്, പ്ലംബിംഗ്, ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ ഇവയ്ക്ക് കമ്മ്യൂണിറ്റി പോളിടെക്നിക്/IGNOU വിന്റെകമ്മ്യൂണിറ്റി കോളേജ് പ്രോജക്ട്/CMD ഇവ മുഖേന പരിശീലനവും സർട്ടിഫിക്കേഷനും നടത്തി തൊഴിൽ ഉറപ്പാക്കൽ
13. ഐ.ടി.മേഖലയിലെ ഉയർന്നുവരുന്ന തൊഴിൽ സാധ്യതയ്ക്ക് അനുരോധമായ പരിശീലനം
14. അപ്പാരൽ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം

ഇത്തരത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രോപജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെകോർപ്പസ്ഫണ്ട്/പൂൾഡ് ഫണ്ട്, അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം, പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതി ഇവയുമായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ ഇവയുടെ പദ്ധതി വിഹിതം സംയോജിപ്പിച്ച ആവിഷ്കരിക്കാവുന്നതാണ്.

4. ആരോഗ്യം

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 0-6 പ്രായത്തിലുള്ളവർക്കും കൗമാരപ്രായക്കാർക്കും ന്യൂനപോഷണം പരിഹരിക്കുന്നതിനും സംയോജിത ശിശുവികസന പ്രോജക്ടുവഴിയുള്ള പൂരക ഭക്ഷണ പദ്ധതി എല്ലാവർക്കും കിട്ടുന്നില്ല. ഇതു പരിഹരിക്കുന്നതിനു ഐ.സി.ഡി.എസ്. വഴിയുള്ള പൂരക ഭക്ഷണ പദ്ധതിയും ഉപരിയായി 0-6 പ്രായത്തിലുള്ളവർക്കും കൗമാര പ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പയർ, കടല, കശുവണ്ടിപരിപ്പ് തുടങ്ങി പോഷകമൂല്യമുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിന് സംയോജിത പദ്ധതി ആവിഷ്കരിക്കണം.

60 വയസ്സിനു മേൽ പ്രായമുള്ളവർക്ക് ന്യൂനപോഷണ പരിഹാരത്തിനുള്ള സംയോജിത പ്രോജക്ടുകളും ആവശ്യമാണ്.

വയോജനം:-1. സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കാത്ത നല്ലൊരു ശതമാനം വയോജനങ്ങൾക്കും പ്രത്യേക കാമ്പയിൻ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ അർഹമായ പെൻഷൻ ലഭ്യമാക്കുക.

2. അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുക.

5. പശ്ചാത്തല സൗകര്യം

പട്ടികവർഗ്ഗ കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡുകളില്ലാത്തതു കുട്ടികൾക്കു സ്കൂളിൽ പോയി വരുന്നതിനും മുതിർന്നവർക്കു അവരുല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിച്ചു വിപണനം ചെയ്യുന്നതിനും അവർക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വാങ്ങി വരുന്നതിനും രോഗ ബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കു സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനും വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്തവിദ്യരായപട്ടികവർഗ്ഗ യുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പശ്ചാത്തലമേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിനുസമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. MPLAD, MLA മാരുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല മേഖലയുടെ വികസന ഫണ്ട് (RIDF) പട്ടികവർഗ്ഗവികസന വകുപ്പിലെ കോർപ്പസ്/പൂൾഡ് ഫണ്ട് ഇവയുമായി സംയോജിപ്പിച്ചു ബൃഹത്പദ്ധതി ആവിഷ്കരിക്കണം.

സംരക്ഷിത നിയമങ്ങളുടെ നടത്തിപ്പ്

1999 കേരള പട്ടികവർഗ്ഗ ഭൂമി അന്യാധീനപ്പെടുത്തുന്നത് നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്തു നൽകൽ നിയമം, 1989 ലെ പട്ടികജാതി- പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (2016 ഭേദഗതി ചെയ്തത്), 2006 ലെ വനാവകാശ നിയമം (2012 ഭേദഗതി ചെയ്തത്), എന്നീ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കണം. ഇതു നടപ്പാക്കുന്നുവെന്നു ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്തു അടിസ്ഥാനത്തിൽ ഊരുമൂപ്പൻമാർ, പ്രൊമോട്ടർമാർ, പട്ടികവർഗ്ഗ ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തക, പട്ടികവർഗ്ഗ വികസന വകുപ്പ പ്രതിനിധി ഇവരെ ഉൾപ്പെടുത്തി ജാഗ്രത സംവിധാനം ഏർപ്പെടുത്തണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം

സമഗ്രസംയോജന സാധ്യതകളും പൊതുനിർദ്ദേശങ്ങളും

1. പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. അതായത് മുൻവർഷത്തിൽ പൊതുവികസന ഫണ്ടിന്റെവിനിയോഗത്തെക്കാൾ കുറവാണ് പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗമെങ്കിൽ തൊട്ടടുത്ത വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുമ്പോൾ ഇതിന് ആനുപാതികമായ വർദ്ധനവ് വകയിരുത്തലിൽ ഉണ്ടാകുമായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇത്തരത്തിൽ അധിക വകയിരുത്തൽ ഉണ്ടായിട്ടില്ല. ഇത് പുന:സ്ഥാപിക്കാവുന്നതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ സ്റ്റാൻറിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
3. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും (ഉദാഹരണത്തിന്- വിവാഹധനസഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ, ലാപ്ടോപ്പ് വിതരണം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന കോഴ്സുകൾ ഒഴിച്ച്

ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ ഭരണ വകുപ്പ് നൽകിയാൽ മതിയാകും. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാവുന്നതാണ്.

4. തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും പല പദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു. ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കണം.

5. തദ്ദേശഭരണസ്ഥാപനങ്ങൾ, ടി.എസ്.പി, ഫണ്ട് ഐ.എ.വൈ.ഹൗസിംഗ് പദ്ധതിയ്ക്കാണ് വകയിരുത്തുന്നത്. അനുവദിക്കുന്ന വീടുകൾ അതാത് വർഷങ്ങളിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതിനാൽ എല്ലാ ഗഡുക്കളും അതത് വർഷം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി. തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെവരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് ടി.എസ്.പി.വിഹിതം വകയിരുത്തി കാണുന്നത്. 2017-18ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശീയ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ പതിമൂന്നാം പദ്ധതിയിലും തൽസ്ഥിതി തുടരുന്നതായി കാണാം. വികസനത്തിലുള്ള നിർണ്ണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്പ്) പരിഹരിക്കുന്നതിനായിട്ടുള്ള ജീവനോപാധി ഉറപ്പുവരുത്തുന്നതു പോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടി.എസ്.പി. നിർവ്വഹണത്തിനായി ഊര് അടിസ്ഥാനത്തിൽ മൈക്രോ പ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും

6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ:- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം കഴിഞ്ഞ 3 വർഷമായി പ്രവർത്തിക്കുന്നതും ഓഹരിമൂലധനത്തിന്റെ(ഷെയർ ക്യാപ്പിറ്റൽ) 50% ൽ കൂടുതൽ നഷ്ടമില്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹതയുണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മൂലധനചെലവിന്റെ50% എന്ന പദ്ധതിയ്ക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ്. മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല. ടി മാനദണ്ഡം പലപ്പോഴും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വിഘാതം സൃഷ്ടിച്ചിരുന്നു. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. നിലവിൽ പട്ടികവർഗ്ഗ സംഘങ്ങളിൽ ബഹുഭൂരി പക്ഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇക്കാര്യത്തിൽ പരിഹാരനടപടി ഉണ്ടാകണം

7. പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണസമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയായ ജില്ലാകളക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.

8. ടിഎസ്.പി വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെപ്രയോജനം ഒട്ടുംതന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. ടിഎസ്.പി ഫണ്ടിന് പുറമേ ജനറൽ ഫണ്ടും പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഉപയോഗിക്കണം. എന്നാൽ മാത്രമേ പട്ടികവർഗ്ഗക്കാരുടെ ഭരണഘടനാപരമായ അവകാശം സംരക്ഷിച്ച അവരുടെ വികസനം സാധ്യമാവുകയുള്ളൂ.

9. തദ്ദേശഭരണ സ്ഥാപനത്തിന്റെതനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത വിഹിതം പട്ടികവർഗ്ഗക്കാർക്കായി നീക്കിവയ്ക്കണം.

10. ഊരുകൂട്ടങ്ങൾ യഥാവിധം കൂടുമോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണസമിതി അംഗങ്ങളെ ചുമതലപ്പെടുത്തണം.

11. വൈദ്യുതി, കുടിവെള്ളം, എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ മാത്രമേ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവൂ. ഈ മാനദണ്ഡം പലപ്പോഴും പ്രസ്തുത ശതമാനത്തിൽ താഴെ

ജനസംഖ്യയുള്ള പ്രദേശങ്ങളിൽ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഇത് പരിഹരിച്ച് പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ജനറൽ ഫണ്ട് വകയിരുത്തുന്നത് നന്നായിരിക്കും.

12. പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചിനീയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനുശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക ലാപ്സാകുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടിലും പഞ്ചായത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതു പോലെ ഫോറസ്റ്റിന്റെക്ലി യറൻസ് സർട്ടിഫിക്കറ്റും പ്രോജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിക്കാവുന്നതാണ്.
13. പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ട് വഴി പ്രഭാതഭക്ഷണം നൽകണം.
14. ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
15. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്, എൽ.എസ്.എസ്., യു.എസ്.എസ്, സൈനികസ്കൂൾ, നവോദയ, ജി.വി.രാജ സ്പോർട്സ് സ്കൂൾ മുതലായ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകാവുന്നതാണ്.
16. വിദ്യാഭ്യാസ സംബന്ധിയായ സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
17. ഭൂമി ശാസ്ത്രപരമായി അനുയോജ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണപദ്ധതി ഒഴിവാക്കുന്നതാണ്
18. തെരുവ് വിളക്ക്, മിനി ഹൈമാസ്റ്റ് ലൈറ്റ് എന്നീ പരിപാടികൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തുക ഉപയോഗിക്കാതെ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
19. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസത്തിനും പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.
20. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് ഇളവ് നൽകണം
    1. തയ്യൽ മെഷീൻ വിതരണം
    2. കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി തുടങ്ങിയ പണി ആയുധങ്ങൾ (വനാശ്രിത സമൂഹമായതുകൊണ്ട്)
    3. എൽ.പി.ജി.കണക്ഷൻ
21. വീട് വയറിംഗ് ഇല്ലാത്തതിനാൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീട് വയറിംഗ് നിർബന്ധമായും നടത്തി ഗാർഹിക കണക്ഷൻ നൽകുന്നതിനു പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.
22. ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് ശുചിത്വം, കിണർ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നു

വെന്ന് അതാത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

- പ്ലസ് ടു തലത്തിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് IIT, AIMS തുടങ്ങിയ ഉയർന്ന നിലവാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനായ കേരളത്തിനകത്തും പുറത്തുമുള്ള മികച്ച പരിശീലന സ്ഥാപനങ്ങളിൽ പഠിക്കുന്നതിനാവശ്യമായ ട്യൂഷൻ ഫീസ്, താമസ സൗകര്യം തുടങ്ങിയ എല്ലാ സൗകര്യങ്ങളും നൽകുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.
- എഞ്ചിനീയറിംഗ്, പോളീ ടെക്നിക് തുടങ്ങിയ യോഗ്യത നേടിയ കുറഞ്ഞ 5 പേരടങ്ങിയ ഗ്രൂപ്പുകൾക്ക് ഇൻഫർമേഷൻ ടെക്നോളജി, മത്സ്യ സംസ്കരണം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് 75% വരെ സബ്സിഡി നൽകി സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
- കലാപരമായ താൽപ്പര്യവും അഭിരുചിയും ആശയങ്ങളുമുള്ള യുവാക്കൾക്ക് ഷോർട്ട് ഫിലിം, എഡിറ്റിംഗ് എന്നിവ പഠിക്കുന്നതിനും ഈ രംഗത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.
- UPSC, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, പി.എസ്.സി, പൊതുമേഖലാ സ്ഥാപനങ്ങൾ, ഡിഫൻസ് എന്നിവർ നടത്തുന്ന മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനം മികച്ച സ്ഥാപനങ്ങളിൽ മുഖേന നടത്തുക. മുഴുവൻ ചിലവുകളും പ്രോജക്ടിൽ ഉൾപ്പെടുത്തണം.
- തനത് കലകൾ പരിപോഷിപ്പിക്കുന്നതിന് കലാമേളകൾ സംഘടിപ്പിക്കുക.
- നവോദയ, സൈനിക് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് ആവശ്യമായ പരിശീലനം
- ഐ.ററി.ഐ, പോളീടെക്നിക്, എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികൾക്ക് 2 വർഷം പരിശീലനം സർക്കാർ സ്ഥാപനങ്ങൾ മുഖേന നൽകുകയും സ്റ്റൈഫന്റ് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
- ഗ്രാമപഞ്ചായത്തുകൾതോറും കോളനികൾ തെരഞ്ഞെടുത്ത്, ത്രിതല പഞ്ചായത്തും വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥരും കോളനി സന്ദർശിച്ച് കർമ്മപദ്ധതി തയ്യാറാക്കുകയും, ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകുകയും ചെയ്യുക.
- പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് അവസാനം നൽകിയ ഗഡു ഇപ്പോഴത്തെ നിരക്കിൽ ഒന്നുകൂടി നൽകുകയും തുടർന്ന് അവശേഷിക്കുന്ന ഗഡുക്കളും ഇപ്പോഴത്തെ നിരക്കിൽ നൽകുക.
- പട്ടികജാതി വിഭാഗക്കാർക്ക് മാത്രമായി ഫ്ലാറ്റ്/കോളനി നിർമ്മിക്കാതിരിക്കുക.
- ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് നൽകുന്നതിനുള്ള പ്രോജക്ടുകൾ
- പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് ചാർജ്ജ്, ഓപ്പറേറ്റിംഗ് ചാർജ്ജ് എന്നിവ പദ്ധതി ഫണ്ടിൽനിന്നും വകയിരുത്തുക
- പട്ടികവർഗ്ഗ വിഭാഗത്തിലെ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും കൊല്ലം ജില്ലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കണം

- കുളത്തൂപ്പുഴയിലുള്ള നെയ്ത്ത് ശാല നവീകരിച്ച് മുഴുവൻ തറികളും പ്രവർത്തനക്ഷമമാക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തണം
- പട്ടികജാതി- പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിൽ തുക വിലയിരുത്തണം
- തരിശു കിടക്കുന്ന നിലങ്ങൾ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുകൂടി കൃഷിക്ക് ലഭ്യമാക്കുന്നതിന് ലാന്റ്ബാങ്ക് സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കാവുന്നതാണ്.
- പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ ഓപ്പറേറ്റിംഗ് ചാർജ്ജും മെയിന്റനൻസ് ചാർജ്ജും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒടുക്കുന്നതിന് അനുവദിക്കണം.
- 4-5 പ്രായത്തിലെ എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും അംഗൻവാടി സൗകര്യം ലഭ്യമാക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുകയും പുതിയ അംഗൻവാടികൾ ആരംഭിക്കുകയും വേണം.
- ജവഹർ നവോദയ/സൈനിക് സ്കൂൾ എന്നിവിടങ്ങളിൽ പ്രവേശനം നേടുന്നതിനും പരിശീലനം നൽകണം
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കും സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ ഇല്ലായെങ്കിൽ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും ഹോസ്റ്റൽ സൗകര്യം, ഭക്ഷണ സൗകര്യത്തോടുകൂടി ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. സർക്കാർ നൽകുന്ന ഉയർന്ന സ്റ്റൈഫന്റായ 3000/- രൂപയിൽ കൂടുതൽ തുക ആവശ്യമെങ്കിൽ, വർദ്ധിച്ച തുക അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകണം.
- സ്വാശ്രയ സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾ, സ്ഥാപനം നിശ്ചയിക്കുന്ന ഹോസ്റ്റൽ ഫീസിൽ സർക്കാർ അനുവദിക്കുന്ന 3500/- രൂപയ്ക്കു പുറമേ അധികമായി വേണ്ടിവരുന്ന തുക പ്രവേശന സമയത്തുതന്നെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം.
- അച്ചൻകോവിലിലും കുളത്തൂപ്പുഴയിലും പ്രീമെട്രിക് ഹോസ്റ്റലുകൾ പുതുതായി ആരംഭിക്കണം
- വനാവകാശ നിയമം 2006- 2005 ഡിസംബർ 13 നു മുമ്പ് ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിൽ 'മുതലത്തോട്' എന്നസ്ഥലത്ത് താമസിച്ചുവരുന്ന മലപ്പണ്ടാര സമുദായത്തിൽപ്പെട്ട 25 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശം നൽകണം.
- വ്യക്തിഗത അവകാശം നൽകുന്നതോടൊപ്പം വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും സാധ്യമായ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കണം
- ജില്ലയിൽ വനാവകാശ നിയമം അനുസരിച്ച് വ്യക്തിഗത അവകാശം ലഭിച്ചവർക്കു കൈവശഭൂമിയുടെ വികസനത്തിനും, സുസ്ഥിര സാമ്പത്തിക വികസനത്തിനും, കാർഷിക, ക്ഷീരവികസന മറ്റ് നൈപുണ്യ വികസനമടക്കം, സംയോജിത പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര-സംസ്ഥാന അനുമതിക്കും ഫണ്ടിനുമായി സമർപ്പിച്ച ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കണം
- കൊല്ലം ആസ്ഥാനമാക്കി പട്ടികവർഗ്ഗ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കണം.

7.16 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ വിഭാഗം

സാമൂഹ്യ സുരക്ഷാ ഒരു മനുഷ്യാവകാശവും സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനു അടിസ്ഥാന വുമാണെന്ന പ്രമേയം മുൻ നിർത്തി സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജ ൻഡർ വിഭാഗം ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള മറ്റു ജനവിഭാഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ജനങ്ങൾക്ക് സാർവത്രിക സംരക്ഷണം നൽകുന്നതിനാണ് ജില്ലാ പദ്ധതി ഊന്നൽ നൽകിയിട്ടുള്ളത്. ഇതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു സമൂഹം സമുദായ സംഘടനകൾ, സർക്കാരിതര സ്ഥാപനങ്ങൾ, പൊതു സമൂഹം, സമുദായ സംഘടനകൾ, സർക്കാരി തര സംഘട നകൾ എന്നിവരുമായുള്ള ഒരു ശരിയായ പങ്കാളിത്ത വേദി ഉണ്ടാക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. ഈ പങ്കാളിത്തത്തിലൂടെ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായവും ആവശ്യമുള്ളവർക്ക് സുരക്ഷയും ഉറ പ്പാക്കാം ഇത്തരം ഇടപെടലുകൾ അവരുടെ ജീവിതത്തെ മാന്യതയും ആത്മാഭിമാനവുമുള്ളതാക്കി മാറ്റും.

കുട്ടികൾ - നിർദ്ദേശങ്ങൾ

- ജനന രജിസ്ട്രേഷൻ 100% ലക്ഷ്യം നേടുന്നതിനായി കേന്ദ്രസംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നടപടികളിലൂടെ നിർബന്ധമാക്കുക.
- പി. എം. എം. വി. വൈ പദ്ധതിയുമായി ബന്ധിപ്പിക്കുകയും പഞ്ചായത്ത് തല ഉദ്യോഗസ്ഥർക്ക് ടാബ് വിതരണം ചെയ്യുക.
- പഠന വൈകല്യം, ഭിന്നശേഷി എന്നീ കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തു ന്നതിനായി പ്രോജക്ടുകൾ വെയ്ക്കുക.
- ക്യാൻസർ ബാധിതരായി കുട്ടികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനും, അടിസ്ഥാന വിദ്യാഭ്യാസം, കൗൺസിലിംഗ്, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിപ്പിച്ച് പദ്ധതികൾ തയ്യാറാക്കും.
- എച്ച്. ഐ.വി ബാധിതരായ കുട്ടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്നുകൾ, പോഷകാഹാര കിറ്റുകൾ, കൗൺസിലിംഗ് രക്ഷകർത്താക്കൾക്ക് എന്നിവ ലഭ്യമാക്കുന്നതിന് വകുപ്പുകൾ സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കുക.
- മെച്ചപ്പെട്ട പഠന സാഹചര്യം ലഭ്യമാകാത്ത കുട്ടികൾക്ക് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ, എന്നിവ ലഭ്യമാകുന്നതിന് പദ്ധതി തയ്യാറാക്കുക.
- കൗൺസിലിംഗ് വിദ്യാഭ്യാസ സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
- അവിവാഹിതരായ അമ്മമാരുടെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാ സം, സ്പെഷ്യൽ സെലക്ടർ ഷിപ്പ് അമ്മമാർക്ക് കൗൺസിലിംഗ്, പുനരധിവാസം, തൊഴിൽ വരുമാനമാർഗ്ഗം എന്നിവ ലഭ്യമാക്കുന്നതിന് മറ്റു വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുക.
- മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സ്ഥാപനങ്ങളിൽ താമസസൗകര്യം, വിദ്യാഭ്യാസം, അതിജീവനം, ജീവിത നൈപുണ്യ വിദ്യാഭ്യാസം, കൗൺസിലിംഗ് എന്നിവ നൽകുക.

1. **ദത്തെടുക്കൽ**

ദത്തെടുക്കൽ എന്നാൽ നിയമപരമായ എല്ലാ അവകാശങ്ങളോടു കൂടി കുട്ടിയെ സംരക്ഷണ ത്തിനായി ഏറ്റെടുക്കുക എന്നതാണ്. പൈതൃക അവകാശമെന്ന പോലെ എല്ലാ കാര്യത്തിലും, ഈ കുട്ടിയ്ക്കും അവകാശം ഉണ്ടായിരിക്കും.

2. **പോറ്റി വളർത്തൽ**

സ്വന്തം കുടുംബത്തിൽ നിർത്താനോ ദത്തു കൊടുക്കാനോ കഴിയാത്ത കുട്ടികളെ താൽക്കാലി കമായി മറ്റൊരു കുടുംബത്തിൽ പാർപ്പിക്കാൻ അനുവദിക്കുന്നതിനെ പോറ്റി വളർത്തൽ എന്നു പറയുന്നു. സി. ഡബ്ലിയു. സി. ആണ് കുട്ടികളെ പോറ്റി വളർത്താൻ നൽകുന്നത്.

3. **സ്പോൺസർഷിപ്പ്.**

അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനായി, നൽകുന്ന ധനസഹായത്തെയാണ് സ്പോൺസർഷിപ്പ് എന്നു പറയുക. കുടുംബത്തോടൊപ്പം നിൽക്കാൻ കുട്ടിയെ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജില്ലാ ശിശു സംരക്ഷ ഓഫീസ് വഴിയാണ് ധനസഹായം നൽകുക.

4. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാനായി എല്ലാ ജില്ലയിലും ഒരു പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ബാലനീതി നിയമ വ്യവസ്ഥ ചെയ്യുന്നു. ഇതാണ് എസ്. ജെ. പി. യു. കുട്ടികളുമായി ഇടപെഴകാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഈ യൂണിറ്റിൽ നിയമിക്കുന്നത്. ഇപ്പോൾ ഡി. സി. ആർ. 13 ആണ് ഈ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നത്.

5. ബാല സംരക്ഷണ സ്ഥാപനങ്ങൾ

എ) ചിൽഡ്രൻസ് ഹോം - ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താൽക്കാലികമായി പാർപ്പിക്കുന്ന സദനം

ബി) ഒബ്സർവേഷൻ ഹോം - നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താൽക്കാലികമായി സംരക്ഷിക്കുന്നതിനുള്ള സദനം

സി) സ്പെഷ്യൽ ഹോം - നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ 3 വർഷം വരെ പുനരധിവാസിപ്പിക്കുതിനുള്ള സൗകര്യങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചെയ്യാവുന്ന കാര്യങ്ങൾ

- ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ ശിശു സൗഹൃദമാക്കുന്നതിന് കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിലെ കെട്ടിടം അനുബന്ധസൗകര്യങ്ങൾ ഒരുക്കുക.
- പൊതു സ്ഥപനങ്ങൾ, ശൗചാലയങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ കുട്ടികൾക്ക് സൗകര്യ പ്രദമാക്കുന്നതിന് നിർദ്ദേശങ്ങൾ
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ, കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതികൾ, മാതാപിതാക്കളുടെയും, സമൂഹത്തിന്റെയും ചുമതലകൾ എന്നിവ സംബന്ധ വാർത്താ ബോർഡ് സ്ഥാപിക്കുക.
- അംഗപരിമിതർക്ക് പ്രത്യേക ഗ്രാമസഭ നടപ്പിലാക്കിയതു പോലെ കുട്ടികൾക്ക് പ്രത്യേകം ഗ്രാമസഭ നടപ്പിലാക്കുക.
- പരിസ്ഥിതി സംരക്ഷണം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നേരിട്ട് അറിയുന്നതിന് കുട്ടികൾക്ക് അവസരം നൽകുക.
- എല്ലാ സ്കൂളിലും നിയമ ബോധവൽക്കരണം മാസത്തിൽ ഒരു ദിവസം നിർബ്ബന്ധമായും നടപ്പിലാക്കുക.
- കുട്ടികളുടെ സ്ഥാപനങ്ങളിൽ നീരീക്ഷണം ക്യാമറാ സംവിധാനം ഏർപ്പെടുത്തുക.
- സ്കൂൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുക.
- കുട്ടികളുടെ വൈകല്യം കാലേ കൂട്ടി കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുക.
- സ്കൂൾ, അങ്കണവാടിയുടെ ചുറ്റുമതിലുകളിൽ, കുട്ടികളുടെ ബന്ധപ്പെട്ട നിയമം, ആരോഗ്യ വിഷയങ്ങൾ, എന്നിവ സംബന്ധിച്ചുള്ള സന്ദേശങ്ങൾ എഴുതുക.
- കുട്ടികൾക്കുള്ള വിനോദ സൗകര്യങ്ങൾക്കായി പാർക്കുകൾ സ്ഥാപിക്കുക.

മേൽതട്ട്/ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ കുട്ടികളുടെ ക്ഷേമത്തിന് ഏറ്റവും ഉയർന്ന പരിഗണന നൽകുകയും കുട്ടികളുടെ പദ്ധതികൾക്ക് വേണ്ടിയുള്ള വിഹിതം വർദ്ധിപ്പിക്കുകയും കുട്ടികൾക്കു വേണ്ടിയുള്ള സമഗ്രനയം പരിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.
- ജനന രജിസ്ട്രേഷൻ, സുരക്ഷാ അതിജീവനം, വിദ്യാഭ്യാസം, എന്നിവക്കുള്ള നിയമം നടപ്പിലാക്കുകയും മോണിറ്റിംഗ് നടത്തുകയും ചെയ്യുക.
- ലിംഗ നിർണ്ണയം കുട്ടികൾക്കെതിരായ അത്രിക്രമങ്ങൾ എന്നിവ തടയുന്നതിന് മാധ്യമ സഹായത്തോടെ പ്രചരണങ്ങൾ നൽകുക.
- ശിശുസൗഹൃദ പഞ്ചായത്തുകളെ പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡുകൾ ഏർപ്പെടുത്തുക
- നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങൾ ഉള്ള കുട്ടികളുടെ സ്ഥാപനങ്ങൾക്ക് മാത്രം അംഗീകാരം നൽകുക.

നൂതന പ്രോജക്ട് ആശയങ്ങൾ

1) കുട്ടികളുടെ വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ
2) ഓരോ കുട്ടിയ്ക്കും വ്യക്തിഗത ഫോളിയോ സംവിധാനം.
3) പൊതു സ്ഥലങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ
4) കുട്ടികളുടെ ഹാജർ നിലവാരം രക്ഷകർത്താക്കൾക്ക് അറിയാനുള്ള എസ്.എം.എസ് സംവിധാനം.

ബാലസൗഹൃദ ജില്ല

ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ വിഭാഗമായ UNESCO 1989-ൽ അംഗീകരിച്ച് പുറത്തിറക്കിയ കുട്ടികളുടെ അവകാശപത്രിക 1992 ൽ ഇൻഡ്യാ ഗവൺമെന്റും അംഗീകരിച്ചു. 2005 മുതൽ ചെന്നൈ ആസ്ഥാനമാക്കി കേരളവും തമിഴ് നാടും ഉൾപ്പെടുന്ന UNO യുടെ സോണൽ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ കിലയിൽ Child Resource Centre പ്രവർത്തിച്ചുവരുന്നു.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച കുട്ടികളുടെ അവകാശ പത്രികയിലെ പ്രധാന അവകാശങ്ങൾ **അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം** എന്നിവയെ ആസ്പദമാക്കി കുട്ടികൾക്കും തദ്ദേശ സ്ഥാപന ഭരണകർത്താക്കൾക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2016-ൽ തുടക്കം കുറിച്ചു. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തിനെയും ഒരു ജില്ലയിൽ ഒരു മുനിസിപ്പാലിറ്റിയെയും വീതം തെരഞ്ഞെടുത്ത് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ശിശുസൗഹൃദ തദ്ദേശ ഭരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൊല്ലം ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും പ്രവർത്തനങ്ങൾ നടന്നു വരുന്നു.ഇനി ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതേറ്റെടുക്കണം.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നും ഉറപ്പ് വരുത്തുന്നുവെന്ന് ബോധ്യപ്പെടുന്നതിനും, അവരുടെ ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന് കുട്ടികളുടെ ഗ്രാമസഭ 10 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഓരോ വാർഡുകളിലും 10-18 പ്രായക്കാരായ കുട്ടികളുടെ ഗ്രാമസഭ കൂടണം.

ഗ്രാമസഭാ ചർച്ചാവിഷയങ്ങൾ

1. അതിജീവനം - പെൺഭ്രൂണഹത്യ, ജനന മരണനിരക്ക്, ബാല വിവാഹം, ബാലവേല, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പുകൾ, ശൗചാലയം, ആരോഗ്യ സ്ഥാപനങ്ങൾ, സെക്സ് റേഷ്യോ തുടങ്ങിയവ.

2. വികസനം - വിദ്യാലയ സൗകര്യങ്ങൾ, ഭിന്നശേഷി പ്രശ്നങ്ങൾ, ഇ.സി.സി.ഇ, പോഷണ നിലവാരം, ആരോഗ്യ പരമായ അങ്കണവാടി/ സ്കൂൾ അന്തരീക്ഷം, ഹാജർ കൊഴിഞ്ഞ് പോക്ക്, വളർച്ചാ നിരീക്ഷണം, സ്കോളർഷിപ്പുകൾ തുടങ്ങിയവ
3. സംരക്ഷണം - അതിക്രമം, ലഹരി, യാത്ര പ്രശ്നങ്ങൾ, ഭിന്നശേഷി, അനാഥ ബാല്യം, ശിശു സംരക്ഷണ സ്ഥാപനങ്ങൾ, ജൈവ കൃഷികൾ, സീറോ സോൺ തുടങ്ങിയവ.
4. പങ്കാളിത്തം - കൗമാര ക്ലബുകൾ, ബാലസഭ, ഗ്രാമസഭ, കളിസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്.

വനിതകൾ

നിലവിലെ അവസ്ഥ

2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ സ്ത്രീകളുടെ ആകെ എണ്ണം 1719749 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 52% ശതമാനമാണ്. (സ്ത്രീപുരുഷ അനുപാതം 1000:1013). ജില്ലയിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 91.95% മാത്രമാണെന്നിരിക്കെ പുരുഷൻമാരുടേത് 95.83% ശതമാനമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൊല്ലം ജില്ലയിലെ സാക്ഷരതാനിരക്ക് 84.82% ഉം പുരുഷൻമാരുടേത് 92.54%വുമാണ്. എന്നാൽ പട്ടികവർഗ്ഗവിഭാഗത്തിലെ സ്ത്രീ സാക്ഷരതാനിരക്ക് 83.16% ഉം പുരുഷൻമാരുടേത് 88.54 ശതമാനവുമാണ്.

ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 പ്രകാരം 2016-ൽ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം

കോടതി	- 2016	-	1011
	- 2017(സെപ്തം.)	-	589
വനിതാ പ്രൊട്ടക്ഷൻഓഫീസ്	- 2016	-	208
	- 2017(സെപ്തം.)	-	237

പ്രോജക്റ്റ് നിർദ്ദേശങ്ങൾ

ക്ലേശവിഭാഗത്തിൽപ്പെട്ട വനിതകളുടെ വികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമുതകുന്ന പദ്ധതികൾ ഏറ്റേടുക്കേണ്ടത് പ്രധാനമായും ഹ്രസ്വകാല ലക്ഷ്യങ്ങൾക്കും ദീർഘകാലലക്ഷ്യങ്ങൾക്കും അടിസ്ഥാനത്തിലായിരിക്കണം.

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

- എല്ലാ വനിതകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണവും അവർക്ക് ലിംഗസമത്വവും നേടുക.
- എല്ലായിടത്തും എല്ലാ വനിതകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള എല്ലാത്തരത്തിലുള്ള വിവേചനവും അവസാനിപ്പിക്കുക.
- എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ പൊതു-സ്വകാര്യ സ്ഥലങ്ങളിൽ ഉണ്ടാകുന്ന ലൈംഗികചൂഷണവും മറ്റ് തരത്തിൽപെട്ട ചൂഷണങ്ങളും ഉൾപ്പെടെ എല്ലാത്തരം അതിക്രമങ്ങളും ഇല്ലാതാക്കുക.
- ശൈശവ വിവാഹം, നേരത്തേയുള്ള വിവാഹം, നിർബന്ധിത വിവാഹം, പെൺശിശുഹത്യ തുടങ്ങിയ ദോഷകരമായ പ്രവണതകളെ ഇല്ലാതാക്കുക.
- പൊതുസേവനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ നൽകിയും, സാമൂഹ്യ സുരക്ഷാ നയങ്ങളിലൂടെയും കുടുംബത്തിലുള്ള ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിച്ച് വനിതകളുടെ വേതനമില്ലാത്ത ഗാർഹിക ജോലിയും പരിചരണവും അംഗീകരിക്കുകയും വില മതിക്കുകയും ചെയ്യുക.

- രാഷ്ട്രീയ സാമ്പത്തിക പൊതുജീവിതത്തിൽ തീരുമാനമെടുക്കാനുള്ള സ്ത്രീകളുടെ പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തവും തുല്യഅവസരങ്ങളും ഉറപ്പാക്കുക.
- ജനസംഖ്യയും വികസനവും എന്ന വിഷയത്തിലുള്ള അന്തർദ്ദേശീയ കോൺഫറൻസും ബീജിംഗ് പ്ലാറ്റ്ഫോം ഫോർ ആക്ഷൻ എന്നിവയുടെ പദ്ധതികളിൽ ലൈംഗിക പ്രത്യുൽപാദന ആരോഗ്യവും അവകാശവും ഉറപ്പാക്കുക.
- ദേശീയ നിയമങ്ങൾക്കനുസൃതമായി സ്ത്രീകൾക്ക് സാമ്പത്തിക വിഭവങ്ങൾ, ഉടമസ്ഥാവകാശ ലഭ്യത, ഭൂമിയിലും മറ്റ് സ്വത്ത് വകകളിലുമുള്ള അവകാശം, സാമ്പത്തിക സേവനങ്ങൾ, പിതൃസ്വത്ത് എന്നിവയിൽ തുല്യഅവകാശം നൽകുക.
- സ്ത്രീശാക്തീകരണം കാര്യക്ഷമമാക്കുന്നതിനായി വിവരവിനിമയ സാങ്കേതിക വിദ്യയുടെ വികസനം.
- എല്ലാ നിലയിലും എല്ലാ വനിതകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണവും ലിംഗ സമത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി വളരെ ശക്തമായ നയങ്ങളും നിയമനിർമ്മാണവും സ്വീകരിക്കുകയും ശക്തിപ്പെടുത്തുകയും വേണം.
- പാർശ്വവൽക്കരിക്കപ്പെട്ട വനിതകളുടെ വിവര ശേഖരണം നടത്തി തരം തിരിക്കുക.
- കേന്ദ്രസംസ്ഥന ആവിഷ്കൃത പദ്ധതികളുടേയും നിയമങ്ങളുടേയും പരിരക്ഷ നൽകുന്നതിൽ ഇവർക്ക് മുൻഗണന നൽകുക.
- അടിസ്ഥാനതലം മുതൽ തന്നെ സ്ത്രീ സുരക്ഷ ഉറപ്പാക്കുക.
- സ്വയം പര്യാപ്തരായി ജീവിക്കത്തക്കവണ്ണം പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തിയും സ്ത്രീ ശാക്തീകരണം സമ്പൂർണ്ണമാക്കുക.
- സ്ത്രീധന സമ്പ്രദായം എന്ന ദുരാചാരം പൂർണ്ണമായും ഇല്ലായ്മ ചെയ്യുക.
- മദ്യം, മയക്കുമരുന്ന് മറ്റ് ലഹരിപദാർത്ഥങ്ങളുടെ വ്യാപാരം, ഉപയോഗം എന്നിവ തടയുക.
- തൊഴിലിടങ്ങളിലെ ലൈംഗീക പീഡനം തടയുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുക.
- പെൺ ഭ്രൂണഹത്യ നിരോധനം ഫലപ്രദമായി നടപ്പാക്കുക.
- നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
- ക്ലേശകരമായ സാഹചര്യങ്ങൾ ജീവിക്കുന്ന സ്ത്രീകൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുക.
- സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് നിയമ സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ട് കുറ്റകൃത്യങ്ങൾ ഇല്ലായ്മചെയ്യുക.
- രോഗങ്ങളാലും മറ്റു സാമൂഹിക കാരണങ്ങളാലും മറ്റു പൊതു ഇടങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെടുന്ന സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും പുനരധിവാസം ഉറപ്പാക്കുക.
- ഈ വിഭാഗം സ്ത്രീകളുടെ ശേഷിയും ആത്മവിശ്വസവും സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും പരിശോദിച്ച് വികസന പ്രക്രിയയിലൂടെ മുൻ നിരയിലേയ്ക്ക് കൊണ്ടുവരിക.
- ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിന് സ്കൂൾ തലം മുതലുള്ള സ്കൂൾ കരിക്കുലത്തിൽ ലിംഗ സമത്വം ഉൾപ്പെടുത്തുക

ഭിന്നശേഷിക്കാർ

2011 ലെ ദേശീയ സെൻസസ് പ്രകാരം കേരളത്തിൽ 7,61,843 അംഗപരിമിതരുള്ളതായി കണക്കാക്കിയിരിക്കുന്നു. ഇവരിൽ സ്ത്രീ പുരുഷ അനുപാതം 51.8 : 48.19 ആണ്. കേരളത്തിന്റെ ജനസംഖ്യയുടെ 2.2% വരുന്ന ഭിന്നശേഷിയുള്ള വിഭാഗത്തിന് സംരക്ഷണവും സുരക്ഷയും നിയമ പരിരക്ഷയും ഉറപ്പ് വരുത്തേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും കടമയാണ്. ഓരോ വ്യക്തിയുടെയും കഴിവുകൾക്കനുസരിച്ചുള്ള പുനരധിവാസ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടത് പരിഷ്കൃത സമൂഹത്തിലെ ഒരോ സർക്കാരിന്റെയും ധാർമ്മികമായ ചുമതലയാണ്. എന്നാൽ അംഗപരിമിതരായ ഓരോ വ്യക്തിയേയും സംബന്ധിച്ച വിശദവിവരങ്ങൾ മുൻ സെൻസസുകളിലൂടെ ലഭ്യമായിരുന്നില്ല. അംഗപരിമിതരുടെ പുനഃരധിവാസത്തിനായി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളും വളരെ അധികം വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു.

പ്രോജക്റ്റ് പ്രവർത്തനങ്ങൾ

1. അംഗപരിമിത ജാഗ്രതാ സമിതി രൂപീകരിക്കുക (ജില്ലാതലം മുതൽ വാർഡ്/പ്രദേശികതലം വരെ).
2. ഒരു കുടുംബത്തിൽ മൂന്നോ അതിലധികമോ, അംഗപരിമിതരായിട്ടുള്ള വീടുകളിലേയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
3. മാനസിക രോഗവും മറ്റും അംഗപരിമിതരുടെ കുടുംബാംഗങ്ങൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുക.
4. അംഗപരിമിതരായ കുട്ടികൾക്കായി ബ്ലോക്ക് തലത്തിൽ സ്പെഷ്യൽ അംഗൻവാടികൾ സ്ഥാപിക്കുക.
5. ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ്.
6. വിദ്യാഭ്യാസത്തിനായുള്ള സ്കോളർഷിപ്പുകൾ, സ്റ്റൈപന്റ്, പഠനോപകരണങ്ങൾ നൽകുക.
7. സ്വയം തൊഴിൽ പരിശീനങ്ങൾ.
8. തൊഴിൽ സംരംഭങ്ങൾക്കായുള്ള സഹായവും.
9. അംഗപരിമിത കിടപ്പ് രോഗികൾക്കും അംഗവൈകല്യ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും, ഐ.ഡി കാർഡും ഇല്ലാത്തവർക്കുമായി മൊബൈൽ മെഡിക്കൽ ബോർഡ് ടീമുകളുടെ സേവനം ഉറപ്പുവരുത്തുക.
10. ജില്ലാ ആശുപത്രികളിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷനുകൾ നടത്തുന്നതോടൊപ്പം ആശുപത്രിയും സാമൂഹ്യനീതി വകുപ്പുമായി ഒരു ഓൺലൈൻ സോഫ്റ്റ് വെയർ ശൃംഖല സൃഷ്ടിക്കുക.
11. ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി അതിൽ വൈദഗ്ധ്യം തെളിയിക്കുന്ന മേഖല കളിൽ പദ്ധതികൾ രൂപീകരിക്കുക.
12. അംഗപരിമിതർക്കായി പ്രത്യേക ഗ്രാമസഭ സംഘടിപ്പിക്കുക.
13. പ്രത്യേക നൈപുണ്യമുള്ളവരെ കണ്ടെത്തി അവരുടെ നൈപുണ്യങ്ങൾക്ക് അനുസൃതമായ പരിശീലനം നൽകുന്നതിന് സ്വയം പര്യാപ്തരാക്കുന്നതിനുള്ള പദ്ധതി.
14. വ്യത്യസ്ത പഠന വൈകല്യം മനസ്സിലാക്കി അംഗപരിമിതരെ പരിശീലിപ്പിക്കുന്നതിനായി അദ്ധ്യാപ കർക്കുള്ള പരിശീലന പദ്ധതി.
15. ചലന, പഠന, ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക.

നൂതന പ്രവർത്തനങ്ങൾ

1. ഭിന്നശേഷിക്കാരുടെ നിയമങ്ങളും അവകാശങ്ങളെ പറ്റിയും വിവരങ്ങളും സഹായങ്ങളും കൈമാറ്റം ചെയ്യുന്നതിനായി അംഗപരിമിതരുടെ ഹെൽപ്പ് ഡെസ്ക് ആരംഭിക്കും.

2. വാഹന സൗകര്യം അംഗപരിമിത സൗഹൃദമാക്കുക (അംഗ പരിമിതരായ കിടപ്പ് രോഗികൾക്കും മറ്റും സ്വകാര്യ ആവശ്യങ്ങൾക്കും ഇതര ആവശ്യങ്ങൾക്കും സബ്സിഡി നിരക്കിൽ വാഹനങ്ങൾ സൗകര്യപ്പെടുത്തുക).
3. അംഗപരിമിതർക്കായുള്ള വിനോദ ഉപകരണങ്ങളുള്ള സൗഹൃദ പാർക്കുകൾ നിർമ്മിക്കുക.
4. അടിസ്ഥാന സൗകര്യങ്ങൾ ബാരിയർ ഫ്രീ ആക്കുക.
5. വിവിധ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം തദ്ദേശ സ്വയംഭരണ പ്രദേശാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
6. കാഴ്ചപരിമിതരായിട്ടുള്ളവർക്ക് വാക്കിംഗ് സ്റ്റിക്കുകൾ നൽകുക.
7. അംഗപരിമിതരായിട്ടുള്ളവർക്ക് വിവിധ വകുപ്പുകൾ, സ്കീമുകൾ, ഏജൻസികൾ മുതലായവയിൽ നിന്നുള്ള ധനസഹായങ്ങളും സേവനങ്ങളും പരിപാടികൾ, പദ്ധതികൾ എന്നിവയുൾപ്പെടുത്തിയ പ്രത്യേക സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ തയ്യാറാക്കുക.
8. പി.ഡബ്ല്യു.ഡി. ആക്ട് 2016 പ്രകാരം അനുവദിക്കപ്പെട്ട 22 തരം വൈകല്യങ്ങൾക്ക് നിലവിൽ പൂർണ്ണമായും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധിക്കുന്നില്ല. കാരണം പല വൈകല്യങ്ങളുടെയും റ്റൂൾ അസസ്മെന്റ് കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇവ നടപ്പിലാക്കുന്നതിനായി മെഡിക്കൽ ഓഫീസർമാർക്കും, ആശുപത്രികൾക്കും അസസ്മെന്റ് റ്റൂളും, പരിശീലനവും നൽകുക.

ട്രാൻസ്ജെൻഡർ വിഭാഗം

നിലവിലെ അവസ്ഥ

എച്ച്.ഐ.വി ഇൻഫെക്ഷൻ റേറ്റ് കൂടുതലായി നിലനിൽക്കുന്നത് ട്രാൻസ്ജെൻഡേഴ്സിന്റെ ഇടയിലാണ്. 2014 ൽ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ഒരു സർവ്വേയിൽ കേരളത്തിലാകമാനം 4000-ഓളം ട്രാൻസ്ജെൻഡേഴ്സിനെ കണ്ടെത്തിയിരുന്നു. എന്നാൽ 2013 ൽ തന്നെ കേരളാ സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി തങ്ങളുടെ വിവിധ എച്ച്.ഐ.വി പ്രിവൻഷൻ പ്രോജക്റ്റുകളിലൂടെ (8 പ്രോജക്റ്റ്) 2800 ഓളം പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ലാസ് സുരക്ഷ ടി.ജി പ്രോജക്ട് കൊല്ലം വെള്ളയിട്ടമ്പലം മനയിൽകുളങ്ങര റോഡിൽ ശാസ്താകോംപ്ലക്സിൽ 2014 മുതൽ പ്രവർത്തിച്ചു വരികയാണ്. മേൽ പ്രോജക്ടിൽ ജില്ലയിലുള്ള ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണം ഉറപ്പു നൽകുന്നു. പ്രോജക്ടിന്റെ ഭാഗമായി ജില്ലയിൽ 400 ട്രാൻസ്ജെൻഡേഴ്സിനെ രജിസ്റ്റർ ചെയ്ത് കൗൺസിലിംഗും ലൈംഗിക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഭാവിയിൽ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ

- കാർഷിക പരിശീലനം - കാർഷികവും മറ്റ് അനുബന്ധ പരിശീലനത്തിനും താൽപര്യമുള്ളവർക്ക്
- തയ്യൽ നിർമ്മാണ യൂണിറ്റ് - തയ്യൽ നിർമ്മാണ യൂണിറ്റുകൾക്ക് താൽപര്യമുള്ളവർക്ക്
- ട്രൂപ്പ് പരിശീലനം - സ്വന്തമായി ഡാൻസ് ട്രൂപ്പ് നടത്തുവാൻ താൽപര്യമുള്ളവർക്ക്

പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ

1. സ്വന്തം സ്വത്വം തിരിച്ചറിഞ്ഞ് സമൂഹത്തിന്റെയും കുടുംബത്തിന്റെയും അംഗീകാരത്തോടെ താനൊരു ട്രാൻസ്ജെൻഡർ ആണെന്ന അഭിമാനത്തോടെ ജീവിക്കാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കുക.
2. കൂടുതൽ ട്രാൻസ്ജെൻഡേഴ്സിനും, വിദ്യാഭ്യാസം ഹൈസ്കൂൾ തലം മുതൽ നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഇതിനു പരിഹാരമായി സ്കൂളുകളിൽ വിശിഷ്യാ അധ്യാപകർക്കും, സ്കൂൾ കൗൺസിലേഴ്സിനും, കുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ചുള്ള അവബോധം നിരന്തരം നൽകുക.

   കൊല്ലം ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിദ്യാഭ്യാസ സർവേയിൽ

പങ്കെടുത്തവരിൽ 124 പേർ പഠിക്കാൻ സന്നദ്ധരായി. എന്നാൽ അതിൽതന്നെ 17 പേർ എസ്.എസ്.എൽ.സി യും, 15 പേർ പ്ലസ് ടുവിനും, 5 പേർ ഏഴാം തരം തുല്യതയ്ക്കും ഒരാൾ നാലാം തരത്തിനും മാത്രമാണ് മുന്നോട്ട് വന്നത്. ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകി ട്രാൻസ്ജെൻഡേഴ്സിനെ മുഖ്യധാരയിൽ എത്തിക്കണമെന്ന് പ്രതീക്ഷിക്കാം.

3. ക്ഷേമ പെൻഷൻ

ഇന്ന് കേരളത്തിലെ എല്ലാ ജനങ്ങൾക്കും 60 വയസ്സ് കഴിഞ്ഞാൽ പെൻഷൻ ലഭിക്കുന്നുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെടുന്നവർ ഏകദേശം 40 വയസ്സാകുമ്പോഴേക്കും പലവിധ ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്നു. ആയതിനാൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെടുന്നവർക്ക് 40 വയസ്സ് മുതൽ പെൻഷൻ നൽകാനുള്ള നടപടി ഉണ്ടാകണം. സർജറി കഴിഞ്ഞവർക്ക് ധാരാളം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതിനാൽ അവർക്കായി സാമൂഹ്യ, ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം അപകട ഇൻഷുറൻസ് പദ്ധതികളും നടപ്പിലാക്കുക.

4. തൊഴിൽ ലഭ്യത

ഇന്ന് ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി തൊഴിൽ ദൗർലഭ്യമാണ്. അവരുടെ നൈപുണ്യത്തിനനുസരിച്ചുള്ള തൊഴിലുകളിൽ അവരെ പ്രാപ്തരാക്കുന്ന തൊഴിൽ പരിശീലനവും, തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുക. അതായത് റ്റി.ജി സൗഹാർദ്ദപരമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുക (നൃത്തപരിപാടികൾ, മേക്കപ്പ് പരിശീലനങ്ങൾ തുടങ്ങിയവ)

മറ്റു ദുർബല വിഭാഗക്കാർ

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരൻമാർക്കും വാഗ്ദാനം ചെയ്യുന്നത്. ഏറ്റവും ദുർബല വിഭാഗങ്ങളോടുള്ള സമീപനം ആസ്പദമാക്കിയാണ് ഒരു നാടിന്റെ വികസനം കണക്കാക്കുന്നത്. അഗതികൾ, അനാഥർ, കിടപ്പ് രോഗികൾ ഗുരുതര രോഗബാധിതർ, യാചകർ, ജയിൽ മോചിതർ, ജയിലിൽ കിടക്കുന്നവരുടെ കുടുംബം, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, മാനസികരോഗ വിമുക്തർ, ഉപേക്ഷിക്കപ്പെട്ടവർ, മറ്റ് സാമൂഹ്യ സുരക്ഷ ആവശ്യമുള്ളവർ എന്നിവർ ഉൾപ്പെട്ടതാണ് ഈ വിഭാഗം. ഇവരുടെ ക്ഷേമവും, വികസനവും, പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ലൈഗീംകപീഡനത്തിന് ഇരയാകുന്നവർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, വിധവകൾ, ചൂഷണത്തിന് ഇരയായ അവിവാഹിതരായ അമ്മമാർ, രോഗബാധിതരായി സാമൂഹ്യ ബഹിഷ്കരണം നേരിടുന്നവർ, ജയിൽ മോചിതരായ വനിതകൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ടു പോകുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷയ്ക്കായി ചില പദ്ധതികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആത്മാഭിമാനത്തോടുകൂടി ജീവിക്കുന്നതിനും ഉതകുന്നവിധത്തിൽ ക്രിയാത്മക പദ്ധതി രൂപീകരണം പതിമൂന്നാം പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

ദീർഘകാല ലക്ഷ്യങ്ങൾ

1) സാമൂഹ്യ സുരക്ഷ ആവശ്യമായ മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് 2030 ഓട് കൂടി പൂർണ്ണമായും പുനരധിവാസം, തൊഴിൽ/വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കുക.
2) വിവിധ ഏജൻസികൾ, സ്കീമുകൾ, വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ/ധനസഹായങ്ങൾ, പദ്ധതികൾ എന്നിവ പ്രാദേശിക തലത്തിൽ പരസ്പര പൂരകമായി നടപ്പിലാക്കുക.
3) വിവേചനമില്ലാതെ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
4) ക്ലേശകരമായ സാഹചര്യത്തിൽ ജീവിക്കുന്ന വനിതകൾക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വം ഉറപ്പ് വരുത്തുക.
5) സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് നിയമ സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ട് കുറ്റകൃത്യങ്ങളുടെ തോത് കുറയ്ക്കുക.

6) രോഗങ്ങളാലും, മറ്റ് സാമൂഹ്യ കാരണങ്ങളാലും പൊതുയിടങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെടുന്ന സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും പുനരധിവാസം ഉറപ്പുവരുത്തുക.
7) ഈ വിഭാഗം സ്ത്രീകളുടെ ശേഷിയും ആത്മവിശ്വാസവും സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും പരിപോഷിപ്പിച്ച് വികസന പ്രക്രിയയിലൂടെ മുൻനിരയിലേക്ക് കൊണ്ടുവരിക..

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1) തദ്ദേശസ്വയംഭരണ പ്രദേശത്ത് റെസ്ക്യൂ ഗ്രൂപ്പുകൾ രൂപീകരിക്കുക. (സൈക്കോസോഷ്യൽ വർക്കർ, അങ്കണവാടി വർക്കർ, വോളന്ററി വർക്കർ തുടങ്ങിയവർ അടങ്ങുന്ന ഗ്രൂപ്പ്)
2) കിടപ്പു രോഗികളായവർക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്നു വിതരണം, ആവശ്യമായവർക്ക് പോഷകാഹാരം എന്നിവ ലഭ്യമാക്കുക.
3) അതിക്രമങ്ങളും, ചൂഷണവും നേരിടുന്ന ഈ വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്ക് നിയമ സംവിധാനം കാര്യക്ഷമമാക്കുക.
4) താത്ക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.
5) ശാരീരിക മാനസിക ആരോഗ്യം, ശുചിത്വം എന്നിവ ലക്ഷ്യമിട്ട് ആരോഗ്യവകുപ്പുമായി സംയോജിച്ച് പഞ്ചായത്ത് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
6) പഞ്ചായത്ത് തലത്തിൽ ക്ലേശം അനുഭവിക്കുന്ന വനിതകളുടെ വിവരശേഖരണം നടത്തുക.
7) നിലവിലുള്ള സർക്കാർ പദ്ധതികളുടേയും നിയമങ്ങളുടേയും പ്രയോജനം ഈ വിഭാഗത്തിലെ സ്ത്രീകൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.
8) അതിക്രമങ്ങളും ചൂഷണവും നേരിടുന്ന സ്ത്രീകൾക്ക് പ്രാദേശികതല സ്ഥിരം സംവിധാനം ശക്തിപ്പെടുത്തുക.
9) മദ്യം, മയക്കു മരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, വ്യാപനം എന്നിവ തടയുക.
10) തൊഴിൽ ഇടങ്ങളിലെ ലൈഗീംകപീഡനം തടയുന്നതിന് നിർദ്ദേശിയ്ക്കുന്ന പരാതിപരിഹാര സെല്ലിന്റെപ്രവർത്തനം ശക്തമാക്കുക.
11) പെൺ ഭ്രൂണഹത്യ ഇല്ലാതാക്കുക.
12) നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുക.

പ്രോജക്ട് നിർദ്ദേശങ്ങൾ

1. സാമൂഹ്യസുരക്ഷ ആവശ്യമായ എല്ലാവർക്കും ആരോഗ്യവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുക.
2. അനാഥരായ കുട്ടികൾക്ക് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സ്വന്തം വീടുകളിൽ തന്നെ തുടർന്നും പഠനം നടത്തുവാൻ പഞ്ചായത്ത്തലത്തിൽ ധനസഹായം ലഭ്യമാക്കുക.
3. എയ്ഡ്സ് രോഗികളുടേയും കുടുംബത്തിന്റെയും സംരക്ഷണം ഉറപ്പാക്കുന്നതിനായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി സംയോജിച്ച് കൗമാരപ്രായക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസം സ്കൂൾ തലം മുതൽ നൽകുക.
4. എയ്ഡ്സ് രോഗികളുടെ വർദ്ധനവ് തടയുന്നതിനായി വിവാഹത്തിനു മുമ്പ് എച്ച്.ഐ.വി ടെസ്റ്റ് നിർബന്ധമാക്കുന്നതിനും ഗർഭ ആരംഭത്തിൽതന്നെ എച്ച്.ഐ.വി. ടെസ്റ്റ് കർശനമാക്കുന്നതിനും, എയ്ഡ്സ് രോഗികളായ ആൾക്കാരിൽനിന്നും മറ്റുള്ളവരിലേക്ക് പകരുന്നത് തടയുന്നതിനും പോഷകാഹാര വിതരണം, അനുബന്ധ രോഗങ്ങളുടെ ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
5. ഗുരുതര രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുവാനും അതിനെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും മുഴുവൻ ചികിത്സാ ചെലവുകളും വരുമാന പരിധി കണക്കാക്കാതെ പൂർണ്ണമായി നൽകുകയും ചെയ്യുക.
6. അഗതികളുടെ പൂർണ്ണ പുനരധിവാസം, സൗജന്യം ചികിത്സ, പ്രായ പരിധിയില്ലാതെ സാമ്പത്തിക സഹായം എന്നിവ ഉറപ്പ് വരുത്തുക.

7. പൊതു ഇടങ്ങൾ യാചക രഹിതമാക്കുക. പുനരധിവാസ കേന്ദ്രങ്ങളിൽ കഴിയുന്നവർക്കും, കുടുംബ മുള്ളവർക്കും അതാത് പഞ്ചായത്ത് പാർപ്പിടം ഒരുക്കുക.
8. ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.
9. കിടപ്പുരോഗികൾക്ക് മുഴുവൻ സമയ പരിചരണവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി പി.എച്ച്.സി. തലത്തിൽ ഒരു മാസാന്തര പരിശോധന നടത്തുകയും, കിടപ്പുരോഗികൾക്കും പരിചാരകർക്കും വൈകാരിക പിന്തുണ നൽകുകയും ചെയ്യുക. രോഗികൾക്ക് പെൻഷൻ, രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം എന്നിവ ഉറപ്പുവരുത്തുക.
10. വിവാഹ മോചിതരായ സ്ത്രീകൾ/വിധവകൾ/അവിവാഹിതരായ അമ്മമാർ/ഉപേക്ഷിച്ചവർ തുടങ്ങിയ കാരണങ്ങളിൽ കുടുംബം പോറ്റുന്ന സ്ത്രീകൾക്ക് തൊഴിൽ സുരക്ഷ.
11. എല്ലാ വിധത്തിലുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനുള്ള സ്ഥിര സംവിധാനം ശക്തിപ്പെടുത്തുക.

നൂതന പ്രോജക്ട് ആശയങ്ങൾ

1. ക്ലേശമനുഭവിക്കുന്ന സ്ത്രീകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുക.
2. കുടുംബശ്രീ, വനിതാവികസന കോർപ്പറേഷൻ, കേന്ദ്ര സാമൂഹ്യക്ഷേമബോർഡ് തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
3. പട്ടികജാതി പട്ടികവർഗ്ഗവകുപ്പുമായി സഹകരിച്ച് റെസിഡൻഷ്യൽ വിദ്യാഭ്യാസം, സ്കോളർഷിപ്പ്, അതിക്രമത്തിൽ ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം എന്നിവ പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുക.
4. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് വാർഡ്/പഞ്ചായത്ത്തല ജാഗ്രതാസമിതികൾ ശക്തി പ്പെടുത്തിയും ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹകരണത്തോടെ അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള പദ്ധതികൾ പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്യുക.

വികസന സെമിനാറിൽ/സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

സാമൂഹ്യനീതി- സാമൂഹ്യസുരക്ഷിതത്വം

1. അംഗൻവാടികൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ റവന്യൂ ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകുക.
2. പഠന വൈകല്യം- ഭിന്നശേഷി കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കുക.
3. എച്ച്.ഐ.വി ബാധിതരായ (രക്ഷകർത്താക്കൾ ഇല്ലാത്ത കുട്ടികൾ) കുട്ടികളെ പുനരധിവസിപ്പി ക്കുന്നതിന് കേന്ദ്രം സ്ഥാപിക്കുക.
4. സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് വരുമാന വർദ്ധനവിനുതകുന്ന നൈപുണ്യ വികസന പരിശീലനം നൽകൽ. അതോടൊപ്പം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ധനസഹായം, ബാങ്ക് വായ്പ അനുവദിയ്ക്കൽ
5. താലൂക്കടിസ്ഥാനത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹോസ്റ്റൽ സംവിധാനം (ജോലി ചെയ്യുന്ന കുട്ടികൾക്കും വനിതകൾക്കും)
6. രാത്രികാലങ്ങളിൽ നഗരത്തിലെത്തുന്ന വനിതകൾക്ക് താമസസൗകര്യത്തിന് ഷീലോഡ്ജ് നിർമ്മിക്കൽ

7. വയോജനങ്ങൾക്ക് കൂട്ടായ്മ സംഘടിപ്പിക്കൽ, കൗൺസലിംഗ്, യോഗ, കൈത്തൊഴിൽ പരിശീലനം നൽകൽ
8. വനിതകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് പ്രധാനമായും ക്യാൻസർരോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകളും തുടർ പരിരക്ഷകളും ഏറ്റെടുക്കൽ.
9. പാർശ്വവത്കരിക്കപ്പെട്ട വനിതകൾക്ക് (എച്ച്.ഐ.വി ബാധിതർ, ജയിൽമോചിതർ, അവിവാഹിത അമ്മമാർ തുടങ്ങിയവർ) സ്വയം പര്യാപ്തയിലെത്തുന്നതിനുള്ള സംരംഭങ്ങൾ).
10. വയോജനങ്ങളായുള്ള സർക്കാർ.പദ്ധതികൾ ഫലപ്രദമാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതും അവരുടെ ചികിത്സാ സൗകര്യങ്ങൾക്ക് കൂടുതൽ പരിഗണന നൽകേണ്ടതുമാണ്. അംഗൻവാടി വഴി വയോജനങ്ങൾക്ക് പോഷകാഹാരം, സമഗ്ര ആരോഗ്യ ഇൻഷുറൻസ്, ടൗണുകളിൽ ടോയ് ലറ്റ് സൗകര്യങ്ങളുള്ള ഷെൽട്ടറുകൾ, ആഹാരവും മരുന്നും ഉൾപ്പെടെയുള്ള പകൽവീടുകൾ എന്നീ പദ്ധതികൾ നടപ്പിലാവുന്നതാണ്

ട്രാൻസ്ജന്റേഴ്സ്

1. വിദ്യാഭ്യാസം, കലാകായികരംഗം, തൊഴിൽസംരക്ഷണം എന്നിവ നൽകുന്നതിനുള്ള പ്രോജക്ട്

ഭിന്നശേഷിക്കാർ

1. കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വാഹന സൗകര്യം ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട്
2. മന്ദബുദ്ധികളായ കുട്ടികൾക്കുള്ള കൈത്തൊഴിൽ പരിശീലനവും ആജീവനാന്ത സംരക്ഷണ ഭവനവും
3. ക്യാൻസർ രോഗികളുടെ ആരോഗ്യം, പോഷകാഹാരം നൽകൽ എന്നിവ ഉൾപ്പെടെ നൽകുന്നതിന് പാലിയേറ്റീവ് കെയറുമായി ബന്ധിപ്പിക്കൽ പ്രോജക്ട്.
4. കേരളത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച പാരാപ്ലീജിക് സെന്ററിന് (കിടപ്പിലായ രോഗികൾക്കുള്ള കേന്ദ്രം) നെടുമ്പന സി.എച്ച്.സി കോമ്പൌണ്ടിൽ 5 ഏക്കർ സ്ഥലം ലഭ്യമാക്കാൻ കഴിയും. ഈ കേന്ദ്രം ജില്ലാ പ്ലാനിൽ ഉൾപ്പെടുത്തുവാൻ പ്രോജക്ട് നിർദ്ദേശം.
5. ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടിയുള്ള കൂടുതൽ പരിപാലന കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാനുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതും സോഷ്യൽ മീഡിയ കാരണം വർദ്ധിച്ചുവരുന്ന വിപത്തുകൾ ഒഴിവാക്കാനുള്ള മോണിറ്ററിംഗിൽ സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω Ω

ജില്ലയിൽ തെരഞ്ഞെടുത്ത സംയോജിത പ്രോജക്ട് നിർദ്ദേശങ്ങൾ

1 .സമഗ്ര നാളീകേര വികസനം

1. **ആവശ്യകത**

- ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന വിള തെങ്ങാണ്. ഭൂമിയുടെ 28 ശതമാനം സ്ഥലം കേര കൃഷിക്കാണ് ഉപയോഗിക്കുന്നത്.
- ശാസ്ത്രീയവിള പരിപാലന മുറകൾ നിലവിൽ നടക്കുന്നില്ല.
- വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വിളയാണ് കല്പവൃക്ഷം
- ഇതിനെ തോട്ടവിളയായും പുരയിട കൃഷിയായും കൃഷി ചെയ്യാവുന്നതാണ്.
- നൂതന ഇനങ്ങൾ നട്ട് 3-5വർഷങ്ങൾക്കുള്ളിൽ കായ്ഫലം ലഭിക്കുന്നതാണ്.
- നാളീകേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനു സഹായകരമാണ്.
- അനുപൂരക പ്രവർത്തനങ്ങൾക്കായി കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്.
- ഇപ്പോൾ തേങ്ങ കൊപ്ര ആക്കി അന്യ സംസ്ഥാന വ്യവസായ സ്ഥാപനങ്ങൾക്ക് അയച്ചു കൊണ്ടിരിക്കുകയാണ് .
- അവിടെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി നമ്മൾ കൂടിയ വിലയ്ക്ക് ഉപയോഗിക്കുന്നു
- ഇവിടെതന്നെ വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ ആരംഭിച്ചാൽ ജോലി വരുമാനം, ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ എന്നിവ നേടാം.

2. **ഉദ്ദേശ ലക്ഷ്യങ്ങൾ**

- നിലവിൽ ഒരു വർഷം ഒരു തെങ്ങിൽനിന്ന് ശരാശരി 30 തേങ്ങയെന്നത് 70 ആക്കി ഉയർത്തുക.
- ഉത്പാദനക്ഷമതയും ഗുണമേൻമയുമുള്ള കുറിയ ഇനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുക.
- ഘട്ടം ഘട്ടമായി നിലവിലുള്ള WCT ഇനങ്ങൾ നീക്കം ചെയ്ത് ഡ്വാർഫ് ഇനങ്ങൾ വ്യാപകമാക്കുക.
- തോട്ടവിളയായി പരിഗണിച്ച് സബ്സിഡി പാക്കേജ് നടപ്പാക്കുക.
- സമഗ്രനാളീകേര വികസനമുറകൾ (സംയോജിത വളപ്രയോഗം, കീടരോഗ നിയന്ത്രണം, പച്ചിലവളം, ശാസ്ത്രീയ കൃഷിമുറകൾ) നടപ്പിലാക്കുക.
- പച്ചത്തേങ്ങ സംഭരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുക.
- കേന്ദ്ര.സംസ്ഥാന സർക്കാർ ഫാമുകളിലെ തെങ്ങിൻതൈ ഉത്പാദനം വർദ്ധിപ്പിക്കുക-
- ഊർജ്ജിത മരുന്നു തളി, കീടനാശിനി പ്രയോഗം എന്നിവ പ്രാദേശികമായി ചെയ്യുക.
- കർഷക സൗഹൃദ യന്ത്രങ്ങൾ പ്രചരിപ്പിക്കുകയും ഉപയോഗം വ്യാപകമാക്കുകയും ചെയ്യുക.
- തരിശ് ഭൂമിയിൽ നവീന ജലസേചന സങ്കേതങ്ങൾ ഉപയോഗിച്ച് കേരകൃഷി വ്യാപിപ്പിക്കുക.
- നാളീകേര അധിഷ്ഠിത വ്യവസായങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കുക.
- മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണി സൗകര്യം വർദ്ധിപ്പിക്കുക.

3. **സഹകരിക്കുന്ന വകുപ്പുകൾ**

- വ്യവസായ വകുപ്പ്

- കാർഷിക വികസന വകുപ്പ്
- കേന്ദ്ര തോട്ടവിള ഗവേഷണവകുപ്പ്
- ജില്ലാ കുടുംബശ്രീ മിഷൻ
- കാർഷിക ഗവേഷണ സ്ഥാപനങ്ങൾ

4. **പ്രവർത്തനങ്ങൾ**

- കൃഷിഭവൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷിക്കനുയോജ്യമായ സ്ഥലങ്ങളുടെയും നിലവിലുള്ള വെട്ടിമാറ്റേണ്ട തെങ്ങുകളുടെയും വിവരശേഖരണം
- വിവരശേഖരണത്തിനായി കുടുംബശ്രീ യൂണിറ്റുകളെ ഏർപ്പെടുത്തുക.
- വെട്ടിമാറ്റൽ പ്രക്രിയ ഘട്ടംഘട്ടമായി ടെൻഡർ നൽകി നടപ്പാക്കുക.
- തെങ്ങിൻതൈ ഉത്പാദനകേന്ദ്രങ്ങളും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രങ്ങളും ആവശ്യമായ തെങ്ങിൻതൈ ഉത്പാദിപ്പിക്കുക.
- കണ്ടെത്തിയ സ്ഥലങ്ങളിലെ കർഷകർക്ക് നടുന്നതിനും പരിപാലിക്കുന്നതിനും ശാസ്ത്രീയ അവബോധം നൽകുക.
- തൈകൾ വിതരണം ചെയ്യുകജൈവവള വിതരണ പ്രോജക്ടിൽപ്പെടുന്ന ഈ കർഷകർക്ക് , ആവശ്യമായ വളം നൽകുക.
- തേങ്ങ സംസ്കരണ യൂണിറ്റിനുള്ള സ്ഥലം കണ്ടെത്തി നിർമ്മാണം ആരംഭിക്കുക.
- പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ കേര ഉത്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുക.
- മൂന്നു മുതൽ നാല് വർഷങ്ങൾക്കുള്ളിൽ ഈ വക പ്രവർത്തനങ്ങൾ പൂർത്തിയാക്കുക.

5. **നേട്ടങ്ങൾ**

- കൃഷിക്കുപയുക്തമാക്കാൻ കഴിയുന്ന തരിശുഭൂമി പ്രധാന വിളയായ തെങ്ങ് കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നു.
- ഉത്പാദനക്ഷമത കുറഞ്ഞ നിലവിലെ തെങ്ങുകൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് ക്ഷമതകൂടിയ ഇനങ്ങൾ കൃഷി ചെയ്യാൻ കഴിയുന്നു.
- കുള്ളൻ ഇനങ്ങളാകയാൽ, തെങ്ങുകയറ്റ തൊഴിലാളിക്ഷാമം ബാധിക്കുന്നില്ല.
- അത്യുൽപാദനശേഷിയുള്ളവ ആയതിനാൽ ലാഭകരമായി കൃഷി ചെയ്യാൻ കഴിയുന്നു.
- നാളീകേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനു സാധിക്കുന്നു.
- കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് അധിക തൊഴിലും വരുമാനവും ലഭിക്കുന്നു.
- കേരകൃഷിയിൽ ഉണ്ടായിരുന്ന പ്രതാപം വീണ്ടെടുക്കാൻ കഴിയുന്നു.

2. ജൈവവളം - ഉൽപാദന വിപണന പദ്ധതി

ആവശ്യകത

- കുറഞ്ഞുവരുന്ന വീട്ടുവളപ്പിലെ പശുവളർത്തൽ
- കൂടി വരുന്ന ഡെയറി ബ്രോയിലർ ഫാമുകൾ
- ഗുണമേന്മയിൽ കുറവുണ്ടെന്നു കരുതപ്പെടുന്ന വിപണിയിൽ ലഭ്യമായ ജൈവവളങ്ങൾ
- യാഥാർത്ഥ്യബോധമില്ലാത്ത വിപണി വില

- ജൈവവളത്തിൽ പണം നിക്ഷേപിക്കാനുള്ള കർഷകരുടെ വിമുഖത
- കടത്താനും ഉപയോഗിക്കാനും എളുപ്പമുള്ളരീതിയിൽ ജൈവളങ്ങൾ തദ്ദേശീയമായി ലഭിക്കാത്ത അവസ്ഥ

ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ✓ ഗുണമേന്മയുള്ള ജൈവവളം മിതമായ നിരക്കിൽ യഥാസമയം ലഭ്യമാക്കുക
- ✓ ഡയറി ഫാമുകൾ മൂലമുള്ള പരിസരമലിനീകരണം ലഘൂകരിക്കുക
- ✓ ക്ഷീരകർഷകർക്ക് അധിക ആദായം ലഭ്യമാക്കുക
- ✓ മണ്ണിന്റെ ഫലപുഷ്ടിയും ഭൌതികഗുണവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ

- ➢ ഡയറി, കോഴി, ആട് ഫാമുകളിൽ കാലിവളങ്ങൾ ഉൽപാദിപ്പിക്കുക
- ➢ കർഷകർ ഇവ ഉണക്കി പൊടിച്ച് പായ്ക്ക് ചെയ്ത് സൂക്ഷിക്കുന്നു.
- ➢ കർഷിക കർമ്മസേന / കുടുംബശ്രീ പ്രവർത്തകർ/ പാടശേഖര സമിതികൾ ശേഖരിക്കുന്നു.
- ➢ മേൽ പുരയുള്ള വളകുഴികൾ
- ➢ വളം നിരത്തി ഉണക്കുന്നതിനുള്ള മേൽകൂരയുള്ള ഡ്രൈയിംഗ് യാഡുകൾ
- ➢ പായ്ക്കിംഗ് മെറ്റിരിയൽ,സീലിംഗ് പായ്ക്കിംഗ് യന്ത്രങ്ങൾ
- ➢ വാഹന സൗകര്യം എന്നിവ ശുചിത്വ മിഷൻ ഒരുക്കുന്നു

നിർവ്വഹണരീതി

- ☑ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ ,ഫാമുകൾ,കർഷകർ എന്നിവർ സംയുക്തമായി ജൈവവള ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.
- ☑ അവ ഗുണമേന്മ ചോരാതെ എളുപ്പത്തിൽ കടത്തിക്കൊണ്ടു പോകാൻ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ വിശകലനം ചെയ്യുന്നു. (മണ്ണിര കംപോസ്റ്റിംഗ്, എയ്റോബിക് കംപോസ്റ്റിംഗ്)
- ☑ കൃഷിവകുപ്പ്, ഗ്രാമപഞ്ചായത്തുകൾ, പാടശേഖര സമിതികൾ, കർഷക സംഘങ്ങൾ എന്നിവ ഒരുമിച്ചിരുന്നു എത്രമാത്രം ജൈവളം ആവശ്യമുണ്ടെന്നും പദ്ധതി വിഹിതം ഉപയോഗിച്ച് എത്ര വാങ്ങാമെന്നും കൃഷിക്കാർക്ക് സ്വന്തം നിലയ്ക്ക് എത്ര വാങ്ങാമെന്നും വിലയിരുത്തുന്നു

അനുബന്ധ പ്രവർത്തനങ്ങൾ

പരിശീലനം	-	ഹോർട്ടികോർപ്പ്
പാടശേഖര സമിതി/ക്ലസ്റ്ററുകൾ	-	സംഘാടനം കൃഷി വകുപ്പ്
സർട്ടിഫിക്കേഷൻ	-	ഭക്ഷ്യ സുരക്ഷ വകുപ്പ്
വിപണനം	-	കുടുംബശ്രീ മിഷൻ
മേൽനോട്ടം	-	കൃഷി ആഫീസർ

നേട്ടങ്ങൾ

1. ഗുണമേന്മയുള്ള വളം കർഷകർക്ക് ലഭ്യമാക്കുന്നു.
2. തദ്ദേശ ഭരണ സ്ഥാപന പദ്ധതിയുമായി ബന്ധിപ്പിക്കുന്നു
3. കർഷകർക്ക് അധിക വരുമാനം
4. അനുബന്ധമായി തൊഴിൽ സൃഷ്ടിക്കുന്നു

3. അഷ്ടമുടിക്കായലും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളും

ശാസ്ത്രീയ മാനേജ്മെന്റിന്റെ ആവശ്യകത

- കായൽ വിസ്തീർണ്ണം 1950 ൽഹെക്ടർ ഉണ്ടായിരുന്നത് ഇപ്പോൾ 7500 5700 ഹെക്ടർ ആയി കുറഞ്ഞു
- കല്ലടയാറ്റിൽനിന്നുള്ള ചെളിയും എക്കലും അറബിക്കടലിൽനിന്ന് വേലിയേറ്റ സമയത്തുള്ള മണ്ണൊഴുക്കും കാരണം കായലിന്റെ ആഴം കുറഞ്ഞുവരുന്നു.
- കൊല്ലം പട്ടണത്തിൽനിന്നും, വിനോദസഞ്ചാര താമസസ്ഥലങ്ങളിൽ നിന്നും, വ്യവസായ യൂണിറ്റുകളിൽനിന്നും കശാപ്പുശാലകളിൽനിന്നും, വീടുകളിൽ നിന്നും ഒക്കെയായി കായലിലേക്കു പുറംതള്ളുന്ന മാലിന്യം കാരണം കായൽജലം മലിനപ്പെടുന്നു.
- ഏകദേശം 5000 കുടംബങ്ങൾ ഈ കായലിനെ ആശ്രയിച്ച് മത്സ്യബന്ധനം, കക്കാ വാരൽ, മറ്റു പ്രവർത്തനങ്ങൾ എന്നിവയെ ആശ്രയിച്ചുകഴിയുന്നു.
- ജല പറവകൾക്ക് ചേക്കാറാനും ദേശാടനം നടത്തി വസിക്കുന്നതിനും ഉള്ള ഒരു വാസ കേന്ദ്രമാണ്.
- ഈ കായലുമായി ബന്ധപ്പെട്ട് 70 ഇനം സസ്യജാലങ്ങൾ, 370 ജന്തു വർഗ്ഗങ്ങൾ നിലവിലുണ്ട്.
- കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയിൽ 50 ഗതാഗത ബോട്ടുകളും 50 ഹൌസ് ബോട്ടുകളും സഞ്ചരിക്കുന്നുണ്ട്. ഇതിന്റെ ഉടമസ്ഥർക്കും തൊഴിലാളികൾക്കും വരുമാനം ലഭിക്കുന്നുണ്ട്.
- കേരള കായൽ വിനോദസഞ്ചാര മേഖലയിലേക്കുള്ള പ്രവേശന കവാടമായിട്ടാണ് ഇതറി യപ്പെടുന്നത്.
- കായലുമായി ചുറ്റിപ്പറ്റിയുള്ള പ്രദേശത്തെ ജനങ്ങൾക്ക് ഭക്ഷണം, ജൈവവൈവിദ്ധ്യത, വികസ ന സാദ്ധ്യതകൾ, കാലാവസ്ഥ സുരക്ഷിതത്വം എന്നിവ പ്രദാനം ചെയ്യുന്നു.
- മനുഷ്യന്റെ ക്രമാതീതമായ ഇടപെടൽ വഴി 1967-ൽ ഇവിടെ ഉണ്ടായിരുന്ന 1.46 ച.കി.മീ കണ്ടൽക്കാട് 2016 ആയപ്പോഴേക്കും 0.95 ച.കി.മീ ആയി കുറയുകയുണ്ടായി.
- ശുദ്ധജല മത്സ്യ ഇനങ്ങളുടെ വംശം നശിച്ചുകൊണ്ടിരിക്കുന്നു.
- മഴയുടെ കുറവും തെൻമല അണക്കെട്ടു വന്നതു മൂലവും ശുദ്ധജലത്തിന്റെ ഒഴുക്ക് കായലിലേക്കു കുറഞ്ഞിരിക്കുന്നു.
- ഇതുമൂലം കടലിൽനിന്നും മണ്ണടിഞ്ഞു കേറുന്നതിനും ഉപ്പുവെള്ളം കൂടുതൽ കയറുന്നതിനും ഇട വരുന്നു.
- നാട്ടിൻ പ്രദേശത്തുനിന്നുള്ള രാസവള അവശിഷ്ടങ്ങളും വിവിധ ഓടകളിലൂടെയുള്ള മലിനജലവും കായലിലെ നൈട്രേറ്റിന്റേയും ഫോസ്ഫേറ്റിന്റേയും അളവ് കൂടിയിട്ടുണ്ട്.
- ചുറ്റുപാടുമുള്ള ഭൂമിയുടെ ഉപയോഗത്തിന്റെ വർദ്ധനവു മൂലമുള്ള ആഘാതങ്ങൾ, വനവും ചതിപ്പ് പ്രദേശവും കുറയുകയും മനുഷ്യവാസവും തെങ്ങിൻതോപ്പുകളും കൂടുകയും ചെയ്തു.
- മത്സ്യബന്ധനം 2001-ൽ 5700 മെട്രിക് ടൺ ആയിരുന്നിടത്ത് 2015 ആയപ്പോഴേക്കും 2212 മെട്രിക് ടൺ ആയി കുറഞ്ഞു.
- വിദേശത്തു നിന്നുള്ള വിനോദസഞ്ചാരികൾ 2003ൽ 0.34 ദശലക്ഷം ആയിരുന്നത് 2015ൽ 0.97 ദശലക്ഷമായി ഉയർന്നു

ഉദ്ദേശലക്ഷ്യങ്ങൾ

- സമൂഹത്തിനൊന്നാകെ സ്ഥായി ആയി പാരിസ്ഥിതികവും, സാമ്പത്തികവും, സാംസ്കാരിക വുമായ നേട്ടങ്ങൾ ലഭ്യമാക്കുക
- കായലിന്റേയും ചുറ്റപ്പെട്ട കായൽപ്രദേശത്തിന്റെയും പരിസ്ഥിതി സന്തുലിത വീണ്ടെടുത്ത് കാത്ത് പരിപാലിക്കുക.
- ഗുണഭോക്താക്കളായവർ കായലിനേയും കല്ലട ആറിനെയും പ്രയോജനപ്പെടുത്തുമ്പോൾ നിയന്ത്രണത്തിനാവശ്യമായ ഇടപെടീൽ നടത്തുക.
- വിഭവചൂഷണം ജീവനോപാധിക്കായി ചെയ്യുമ്പോൾ ഭരണപരവും സ്ഥാപനപരവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
- നിയന്ത്രണത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെടുമ്പോൾ മറ്റു മേഖലകൾ തുറന്നു നൽകുക.
- മലിനീകരണം കുറക്കുവാൻ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുക.
- കായൽജലവും ചുറ്റുമുള്ള കരപ്രദേശവും വൃത്തിയും വെടിപ്പുമുള്ളതാക്കി ആരോഗ്യകരമായ അവസ്ഥയിൽ സംരക്ഷിക്കുക.
- ഉത്തരവാദിത്വമത്സ്യബന്ധനവും വിനോദസഞ്ചാരവും പ്രാവർത്തികമാക്കുക
- കായൽസംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ജനങ്ങളുടെ ഉത്തരവാദിത്വമാക്കി മാററുക.
- ആശ്രിത തൊഴിലാളി വർഗ്ഗത്തിന് സ്ഥായിയായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുക.

പങ്കെടുക്കുന്ന വകുപ്പുകൾ/ഏജൻസികൾ

1. ഇറിഗേഷൻ വകുപ്പ്
2. ഫിഷറീസ് വകുപ്പ്
3. കേന്ദ്ര ജലവിഭവ വികസന മാനേജ്മെന്റ്
4. ശാസ്ത്രസാങ്കേതിക വകുപ്പ്
5. കേരള മത്സ്യതൊഴിലാളി സംഘങ്ങൾ ,
6. തദ്ദേശഭരണ സ്ഥാപനങ്ങൾ
7. വ്യവസായ വകുപ്പ്
8. ക്ലീൻ കേരളമിഷൻ

പ്രവർത്തനങ്ങൾ

1. അഷ്ടമുടി വെറ്റ് ലാന്റ് അതോറിറ്റി രൂപീകരിക്കുക (കേരള സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റിയുടെ കീഴിൽ)
2. ഇരട്ടപിറ്റ് ശൗചാലയങ്ങൾ ഇല്ലാത്ത കുടുംബങ്ങളെ (കായലിനെ ചുറ്റിയുള്ള പഞ്ചായത്തുകളിൽ) കണ്ടെത്തുക (കണക്കെടുപ്പ്)
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ലീൻ കേരളാ കമ്പനിയുടെയും ഫണ്ടിംഗിലൂടെ ശൗചാലയങ്ങൾ നൽകുക.
4. ഭവനങ്ങളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക
5. മത്സ്യബന്ധന തൊഴിലാളികൾക്ക് മത്സ്യകൃഷിയിലേർപ്പെടാനുള്ള മത്സ്യക്കുഞ്ഞു ങ്ങളേയും ഉപകരണങ്ങളും നൽകുക.
6. വ്യവസായ യൂണിറ്റുകളിലും ടൂറിസ്റ്റു കോട്ടേജുകളിലും ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കുക
7. വനം വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടൽച്ചെടികളും തീരത്തുവളരുന്ന വൃക്ഷത്തൈകളും നൽകുക
8. കൃഷിവകുപ്പിന്റെ വകയായി നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.
9. കൃഷി ചെയ്യുന്ന ഭൂപ്രദേശത്ത് രാസവളങ്ങളോ കീടനാശിനികളോ വിതരണം നടത്തുന്നത് അത് നിരുൽസാഹപ്പെടുത്തുക

10. വേലിയിറക്ക സമയത്ത് ഊന്നിവലകൾ (stake nets) നിരോധിക്കുക
11. മാലിന്യം സംസ്കരിക്കാതെ കായലിലേക്ക് തള്ളുന്നതിനായി സ്ഥാപിച്ചിട്ടുള്ള എല്ലാതരം ഔട്ട് ലെറ്റുകളും നീക്കം ചെയ്യുക
12. കായലിലേക്ക് ശുദ്ധജലം വരുന്ന കല്ലടയാറിന്റെ തീരങ്ങളിലും ഇത്തരം മലിനീകരണ നിയന്ത്രണ/നിരോധന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
13. വരുമാന വർദ്ധനവിനായി CMFRI യുടെ സഹായത്തോടെ കക്കാ സംസ്കരണം (തോടോടും തോട്ടു പൊളിച്ച് ഇറച്ചിയായും) സാങ്കേതിക വിദ്യ മത്സ്യത്തൊഴിലാളി സംഘങ്ങളെ കൊണ്ടുനടപ്പാക്കുക.
14. കായലിന്റെ തീരത്തായി ഏകദേശം 20 മത്സ്യം കരക്കടുപ്പിൽ കേന്ദ്രങ്ങളുണ്ട്. ഇവിടെ ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ സംഘങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുക.
15. കൂടിനുള്ളിൽ കരിമീൻ കൃഷി പ്രോത്സാഹിപ്പിക്കുക
16. പരിസ്ഥിതി സന്തുലിത പരിപാലനത്തെക്കുറിച്ചും നൂതനങ്ങളായ തൊഴിൽ വരുമാന മാർഗ്ഗങ്ങളെ കുറിച്ചും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുക.

പ്രതീക്ഷിത നേട്ടങ്ങൾ

- കായൽ കയ്യേറ്റം തടഞ്ഞ് വിസ്തൃതി നിലനിർത്താൻ കഴിയുന്നു.
- കാലാവസ്ഥാ വ്യതിയാനം മൂലവും വേലിയേറ്റവും വേലിയിറക്കവും മൂലമുണ്ടാകുന്ന ജലത്തിന്റെ ഘടനാ വ്യത്യാസവും ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നു.
- മനുഷ്യ ഇടപെടൽ വഴിയുണ്ടാകുന്ന മലിനീകരണം ഗണ്യമായി കുറക്കാൻ കഴിയുന്നു
- ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിലൂടെ മത്സ്യസമ്പത്ത് കുറയാതെ സംരക്ഷിക്കാൻ കഴിയുന്നു.
- കണ്ടൽക്കാടുകൾ വർദ്ധിക്കുന്നതിലൂടെ പ്രജനന സാദ്ധ്യത കൂടുകയും മത്സ്യസമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നു.
- നൂതന കൃഷിയിലൂടെയും വിപണനത്തിനു മുമ്പുള്ള സംസ്കരണത്തിലൂടെയും കൂടുതൽ തൊഴിലവസരങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിലയും ലഭ്യമാകുന്നു.
- മത്സ്യത്തൊഴിലാളികളിലും ചുറ്റുമുള്ള ജനങ്ങളിലും പ്രകൃതി നൽകിയ ഈ ആസ്തി സ്ഥായിയായി നിലനിർത്തേണ്ട ആവശ്യകതയും ഒരു പുതിയ സംസ്കാരവും സൃഷ്ടിക്കാൻ കഴിയുന്നു.

4. ശാസ്താംകോട്ട ശുദ്ധജല തടാകം -സംരക്ഷണപദ്ധതി

ശാസ്ത്രീയ മാനേജ്മെന്റിന്റെ ആവശ്യകത

- പ്രകൃതിദത്തമായ ഏറ്റവും വലിയ ശുദ്ധജല തടാകം
- കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട കുടിവെള്ള സ്രോതസ്സാണ്.
- അനിയന്ത്രിതമായ തോതിൽ മലിനീകരണം സംഭവിച്ചുകൊണ്ടിരിക്കുന്നു.
- തടാക ചുറ്റളവിൽ ഭൂമി കയ്യേറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.
- മത്സ്യലഭ്യത കുറഞ്ഞുവരുന്നു. ഇതുമൂലം ആശ്രിത ജനവിഭാഗങ്ങളുടെ വരുമാനം കുറയുന്നു.
- ക്രമാതീതമായ തോതിൽ മണ്ണൊലിപ്പ് നടക്കുന്നതിനാൽ തടാകത്തിന്റെ ആഴം കുറയുന്നു.
- ജലചോർച്ച 35% വരെ നിലനിൽക്കുന്നു.
- വർഷങ്ങളായി തടാകത്തിലേക്ക് ഒലിച്ചുവന്ന അഴുക്കും ചെളിയും അടിഞ്ഞുകിടക്കുന്നു.

ഉദ്ദേശലക്ഷ്യങ്ങൾ

- തടാകത്തിന്റെയും സമീപ പ്രദേശത്തിന്റെയും പരിസ്ഥിതി പുനസ്ഥാപിച്ച് നിലനിർത്തുക.
- ശക്തിക്ഷയിച്ച നീരുറവകൾ പുനരുജ്ജീവിപ്പിക്കുക
- മാലിന്യങ്ങൾ പ്രകൃത്യാ ഒഴുകിവരുന്നതു തടഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുക.
- മനുഷ്യ ഇടപെടൽ വഴിയുണ്ടാകുന്ന മലിനീകരണ നിയമം വഴി തടയുക.
- നീക്കം ചെയ്യുന്ന ചെളി, സമീപ പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് ചുട്ടുകട്ട നിർമ്മാണത്തിനു ഉപയോഗിക്കാവുന്നതാണ്.
- പ്രകൃതിദത്തമായ തഴകൈത വച്ചുപിടിപ്പിക്കുന്നതിലൂടെ കൈതഓല അറുത്തെടുത്ത് സ്ത്രീകൾ തഴപ്പായ് നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെടാൻ കഴിയും.
- നിലവിലുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി തടാകത്തിനു ചുറ്റും പുറമ്പോക്കു സ്ഥലത്ത് സാമൂഹ്യവനവൽക്കരണത്തിലൂടെ മുളകൾ വച്ചു പിടിപ്പിക്കുക.
- ഉത്തരവാദിത്വ വിനോദസഞ്ചാരവും മത്സ്യബന്ധനവും നടത്താൻ കഴിയും.

പ്രവർത്തനങ്ങൾ

- ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണ അതോറിറ്റി രൂപീകരിക്കുക
- ജലശുദ്ധീകരണ പ്ലാന്റിൽ നിന്നും പുറം തള്ളപ്പെടുന്ന ക്ലോറിൻ കലർന്ന ജലം തടാകത്തിലേക്ക് നേരിട്ട് ഒഴുകിയെത്തുന്നത് നിർത്തലാക്കുക
- നീരുറവകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ചെളി നീക്കം ചെയ്യുക
- തടാകത്തിലെ ജലനിരപ്പ് താഴുന്നത് പരിഹരിച്ച് കൂടുതൽ ജലലഭ്യത ഉറപ്പാക്കാൻ കല്ലട ആറിൽ നിന്ന് ചെറുതോടുകൾ വെട്ടുക.
- റിസർവോയറിലുള്ള അധികജലം പുറത്തേക്ക് കവിഞ്ഞൊഴുകുവാൻ ചപ്പാത്ത് നിർമ്മിക്കുകയും ഈ ജലം നെൽകൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുക
- ചുറ്റുപാടുമുള്ള കൃഷിക്ക് കീടനാശിനികൾ, രാസവസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നത് തടയുക.
- തടാകതീരത്തെ മണ്ണൊലിപ്പ് തടയാൻ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുക
- കയർമാറ്റ് ഉപയോഗിച്ച് നീർച്ചാലുകളിൽ മണ്ണൊലിപ്പ് തടയാൻ ഗള്ളി പ്ലംഗിംഗ് നടത്തുക
- ഭൂഗർഭ ജലനിരപ്പ് സംരക്ഷിക്കാൻ വൃഷ്ടി പ്രദേശത്തിനു പുറത്ത് 500 മീറ്റർ അകലം വരെയുള്ള വയലുകളിൽ പ്രത്യേക സബ്സിഡി പാക്കേജിൽ നെൽകൃഷി നിർബന്ധമാക്കുക
- കുന്നിടിക്കലിനും മണ്ണ്ഖനനത്തിനും നിലവിലുള്ള നിരോധനം തടാകത്തിന്റെ പുറത്ത് 500 മീറ്റർ ചുറ്റളവിൽ കൂടി വ്യാപിപ്പിക്കുക.

സഹകരിക്കുന്ന വകുപ്പുകൾ

1. ഇറിഗേഷൻ വകുപ്പ്
2. തദ്ദേശഭരണ സ്ഥാപനങ്ങൾ
3. കേരള വാട്ടർ അതോറിറ്റി
4. ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ്
5. മൈനിംഗ് ആന്റ് ജിയോളജി
6. സോയിൽ ആന്റ് വാട്ടർ കൺസർവേഷൻ
7. ഫിഷറീസ് വകുപ്പ്
8. റവന്യൂ വകുപ്പ്
9. വനം വകുപ്പ്

നേട്ടങ്ങൾ

- ഭൂഗർഭ ജലസ്രോതസ്സ് സംരക്ഷിക്കപ്പെടുന്നു.
- കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നു.
- തടാകത്തിലേക്കുള്ള നീരുറവകൾ ശക്തിപ്പെടുന്നു.
- മത്സ്യ ലഭ്യത വർദ്ധിക്കുന്നു .
- ചുറ്റുമുള്ള വിവിധ മേഖലകളിലെ വനിതകൾ ഉൾപ്പെടെ തൊഴിലാളികൾക്ക് തൊഴിൽലഭ്യത വർദ്ധിക്കുന്നു.
- മലിനീകരണം ഒഴിവാക്കപ്പെടുന്നു.
- വൃഷ്ടി പ്രദേശത്ത് കൂടുതൽ ജൈവകൃഷി വ്യാപകമാക്കാൻ കഴിയുന്നു.

5. ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ്

ആവശ്യകത

- നീണ്ടകര മുതൽ കായംകുളം വരെ ധാതുനിക്ഷേപം ധാരാളമായി കണ്ടുവരുന്നു
- ഇവിടെയുള്ള ഇൽമനൈററും റൂട്ടൈലും ഉയർന്ന ഗുണനിലവാരമുള്ളവയാണ്.
- നിലവിൽ അവിടെ ഉണ്ടെന്നു കണ്ടെത്തിയിട്ടുള്ള ധാതുനിക്ഷേപത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുള്ളു.
- കേന്ദ്ര PSU ആയ IREL, സംസ്ഥാന PSU ആയ KMML എന്നീ സ്ഥാപനങ്ങൾ മാത്രമേ ഈ മേഖലയിൽ പ്രവർത്തിക്കുന്നുള്ളൂ.
- ഈ സ്ഥാപനങ്ങൾക്ക് അടുത്ത 170-180 വർഷം തുടർച്ചയായി പ്രവർത്തിക്കാനുള്ള ധാതുമണൽ നിക്ഷേപമുണ്ട്.
- പ്രദേശിക പ്രശ്നങ്ങളാൽ IREL ന് ആവശ്യമായ ധാതുമണൽ ഖനനം ചെയ്തെടുക്കാൻ കഴിയുന്നില്ല.
- ഉത്പാദനച്ചെലവ് ഗണ്യമായി വർദ്ധിച്ചതു കാരണം വിദേശ കമ്പനികളുമായി മത്സരിക്കാൻ KMML നു കഴിയുന്നില്ല.
- രണ്ടു സ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കുകയും മറ്റു ഏജൻസികളെ കൂടി സഹകരിപ്പിക്കുകയും ചെയ്താൽ പ്രതിസന്ധി തരണം ചെയ്യാൻ കഴിയും.
- ലോകത്തെ മൊത്തം ഇൽമനൈറ്റ്, റൂട്ടൈൽ നിക്ഷേപത്തിന്റെ മൂന്നിലൊന്നും ഇന്ത്യയിലാണ്. അതിൽ ഗണ്യമായ അളവും കേരളത്തിലാണ്.
- ഇത് നീണ്ടകര മുതൽ കായംകുളം വരെ 22.54 കി.മീ തീരപ്രദേശത്ത് നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

ഉദ്ദേശ ലക്ഷ്യങ്ങൾ

- ലഭ്യമായ പ്രകൃതിവിഭവം പരമാവധി പ്രയോജനപ്പെടുത്തുക
- ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സ്പെഷ്യലൈസേഷൻ ഏർപ്പെടുത്തുക.
- സ്പെഷ്യലൈസേഷന്റെ ഭാഗമായി ഉത്പാദനക്ഷമതയും പ്രവർത്തന മികവും നേടുക.
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- കമ്പനികൾ കൂടുതൽ ലാഭത്തിൽ പ്രവർത്തിപ്പിക്കുക

- സർക്കാരിലേക്ക് അടയ്ക്കുന്ന ലാഭവിഹിത തുക കൂട്ടുക
- കൂടുതൽ അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സാഹചര്യങ്ങളും ഒരുക്കുക.
- ഇപ്പോൾ നിലനിൽക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.
- ഈ മേഖലയിൽ KEMDEL, TCCL, TTPL എന്നീ സ്ഥാപനങ്ങളേയും കൂടി സഹകരിപ്പിക്കുക.
- തീരപ്രദേശം സംരക്ഷിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ ഖനനരീതി അവലംബിക്കണം.
- ഭൂമിയേറ്റെടുക്കൽ മാനദണ്ഡങ്ങൾ, വിലയുൾപ്പെടെ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക.

പ്രവർത്തനങ്ങൾ

- IREL, KMML, KEMDEL, TCCL, TTPL എന്നീ അഞ്ച് സ്ഥാപനങ്ങളും സഹകരിച്ച പ്രവർത്തിക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവിറക്കണം.
- അഞ്ചു സ്ഥാപനങ്ങളും സഹകരിച്ച പ്രവർത്തിക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവിറക്കണം.
- ഖനന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഏക സർക്കാർ ഏജൻസിയായ KEMDEL അവരുടെ പ്രവർത്തനം സംബന്ധിച്ച് IREL ഉം KMML ലുമായി ധാരണാ പത്രത്തിൽ ഒപ്പിടണം.
- ധാതുമണൽ ഗവേഷണവും വികസനവുമായി ബന്ധപ്പെട്ട് KMRDC മറ്റു രണ്ടു സ്ഥാപനങ്ങളായ IREL ഉം KMML ലുമായി ധാരണാ പത്രം ഒപ്പിടണം.
- IREL ഉം KMML ലുമായി ധാതുമണൽ വേർതിരിക്കലുമായി ബന്ധപ്പെട്ട് ഒരു ധാരണാ പത്രം ഒപ്പിടണം.
- ധാതുമണൽ ഖനനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം പുതുക്കി പ്രഖ്യാപിക്കുക
- ഇപ്പോൾ പൊൽമനയ്ക്കും കോവിൽത്തോട്ടത്തിനും ഇടയിലുള്ള കടൽത്തീര സംരക്ഷണ രീതി മറ്റിടങ്ങളിലേക്കും പ്രാവർത്തികമാക്കുക.
- ഖനനജോലി പൂർണ്ണമായും കേരള മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷ(KEMDEL) ഏൽപ്പിക്കുക.
- ധാതുമണൽ വ്യത്യസ്ത ഇനങ്ങളായി വേർതിരിക്കുന്ന പ്രവർത്തനം IREL ഉം KMML ലും ചെയ്യുക.
- ഈ രണ്ട് സ്ഥാപനങ്ങളും അധികമായി ഉൽപ്പാദിപ്പിക്കുന്ന ഇൽമനൈറ്റ് TTPL നു നൽകി അതിന്റെ തുടർച്ചയായ പ്രവർത്തനം ഉറപ്പാക്കുന്നു.
- KMML ന്റെ സ്ഥാപിതശേഷി കൂട്ടിയോ, അധികശേഷി വർദ്ധിപ്പിച്ചോ, ധാതുമണൽ ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും.
- ക്ലോറിൻ, ഹൈഡ്രോക്ലോറിക് ആസിഡ് എന്നിവ ലഭ്യമാക്കുന്ന TCCL ന്റെ ശേഷി കൂട്ടി ലഭ്യത വർദ്ധിപ്പിച്ചാൽ അതും ലാഭത്തിൽ പ്രവർത്തിക്കുന്നതാണ്.

നേട്ടങ്ങൾ

- ലഭ്യമായ പ്രകൃതിവിഭവം ജനങ്ങൾക്കും രാജ്യത്തിനും പരമാവധി പ്രയോജനകരമായി ഉപയോഗിക്കാൻ കഴിയുന്നു.
- ഈ മേഖലയിൽ ഇന്നു നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്നു.
- ധാതുമണൽ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നു.

- ഈ സ്ഥാപനങ്ങളുടെ സ്പെഷ്യലൈസേഷന്റെ ഭാഗമായി പ്രവർത്തന മികവ് നേടുകയും ലാഭ കരമായി പ്രവർത്തിക്കുകയും ചെയ്യുന്നു.
- സഹകരിക്കുന്ന അഞ്ചു സ്ഥാപനങ്ങളിലും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നു.
- കൂടുതൽ അസംസ്കൃത പദാർത്ഥങ്ങൾ വന്നടിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നു.
- ശാസ്ത്രീയമായ ഖനനരീതി അവലംബിക്കുന്നതിലൂടെ തീരദേശ സംരക്ഷണം സാധ്യമാകുന്നു.
- ഖനനത്തിനുള്ള സ്ഥലം വിട്ടുനൽകുന്നവർക്ക് കാലാകാലങ്ങളിൽ നിരക്ക് പുതുക്കി മെച്ചപ്പെട്ട വില ലഭ്യമാക്കുന്നു.
- രാജ്യത്തെ പ്രതിരോധ ആവശ്യങ്ങൾക്കുള്ള ധാതുവസ്തുക്കൾ തടസം കൂടാതെ നൽകാൻ കഴിയുന്നു.

6. തേൻഗ്രാമം

ഉദ്ദേശ്യം

- നാളീകേരം,, റബ്ബർ, പച്ചക്കറി കർഷകർക്ക് അനുബന്ധ വരുമാന മാർഗ്ഗം
- വിള വർദ്ധനവിനുള്ള ഒരു പരിസ്ഥിതി സൗഹൃദ മാർഗ്ഗവും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ അതിക തൊഴിൽ സൃഷ്ടിക്കലും
- മേൻമയേറിയ തേൻ ഉത്പാദനം
- തേൻ അടിസ്ഥാനമാക്കിയുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ സാധ്യതയ്ക്കു വ്യവസായ മേഖലക്കും ഔഷധ നിർമ്മാണത്തിനും ശുദ്ധമായ തേൻ
- വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതു മൂലമുള്ള കൃഷി നാശം കുറക്കുക

പങ്കെടുക്കുന്ന വകുപ്പുകൾ

- കൃഷി വകുപ്പ്- ആത്മ, എസ്.എച്ച്.എം
- ഹോർട്ടികോർപ്പ്
- ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്
- വ്യവസായ വകുപ്പ്
- ഭക്ഷ്യസുരക്ഷാ വകുപ്പ്
- കുടുംബശ്രീ മിഷൻ
- വനം വകുപ്പ് — Human Animal Interface — ഒരു രക്ഷാ കവചം
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ

പ്രവർത്തനങ്ങൾ

- കർഷകരുടെ സംഘങ്ങൾ രൂപീകരിക്കുക
- ചെറു സംഘങ്ങളുടെ അപ്പെക്സ് സംഘം രൂപീകരിക്കുക
- കർഷകർക്ക് തേനീച്ച വളർത്തലിലും അനുബന്ധ പ്രവർത്തനങ്ങളിലും പരിശീലനം
- തേനീച്ചയേയും കൂടും വിതരണം ചെയ്യുക

- ശേഖരിക്കുന്ന തേൻ കുടുംബശ്രീ വഴി ഏറ്റെടുക്കുക
- തേനീച്ച വളർത്തൽ സംഘത്തിൽ ഇവ ശേഖരിക്കുക
- ഇവിടെ വച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് സർട്ടിഫൈ ചെയ്യുക.
- എല്ലാ ചെറുസംഘങ്ങളിൽനിന്നും അപ്പക്സ് സംഘം ഏറ്റെടുക്കുക
- അവിടെനിന്നും ബോട്ടിൽ ചെയ്ത് ഒരു പൊതു പേര് നൽകി വിപണനം നടത്തുക
- ഇതിനോടൊപ്പം അനുബന്ധം ഉത്പന്നങ്ങളും വിപണനം ചെയ്യുന്നു.

സംഘാടനം

- കർഷകരെ ഒരുമിപ്പിക്കുക - കൃഷി വകുപ്പ്
- സൊസൈറ്റികൾ രൂപീകരിക്കുക - ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്
- കുടുംബശ്രീ അംഗങ്ങളേയും കർഷകരേയും ബന്ധിപ്പിക്കുക- സി.ഡി.എസ് ആന്റ് കൃഷി ഭവൻ
- ഈച്ച, കൂട്, മറ്റു ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക- ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്
- വായ്പയും (ആവശ്യമുള്ളവർക്ക്) സബ്സിഡിയും - ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്
- ഉത്പന്ന സർട്ടിഫിക്കേഷൻ - ഭക്ഷ്യസുരക്ഷാ വകുപ്പ്

7. ബ്രോയിലർ ഫാർക്കും ബ്രോയിലർ മാലിന്യങ്ങളുടെ ശേഖരണവും ജൈവവള നിർമ്മാണവും

ആവശ്യകത

- ✓ ജില്ലയിൽ 10.78 ലക്ഷം കി.ഗ്രാം കോഴിയിറച്ചി ഉൽപാദിപ്പിക്കുന്നതിൽ 4.5 ലക്ഷം കി.ഗ്രാം മാത്രമാണ് അഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന കോഴികളിൽ നിന്ന് ഉൽപാദിപ്പിക്കുന്നത്.
- ✓ നിലവിൽ ഇറച്ചി ഉൽപാദനം അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് നടത്തുന്നത്
- ✓ പ്രധാന റോഡുകളുടെ സമീപ പ്രദേശങ്ങളിലാണ് കോഴിയിറച്ചി വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.
- ✓ ഇത്തരം കോഴി ഇറച്ചിക്കടകളിൽനിന്നുള്ള മാലിന്യം റോഡിന്റെ ഇരുപുറങ്ങളിലായി കുറ്റിച്ചെടികളിൽക്കിടയിൽ തള്ളുകയാണ്.
- ✓ ഇങ്ങനെ വലിച്ചെറിയുന്നവ അവിടെ കിടന്നഴുകി ദുർഗന്ധം ഉണ്ടാക്കുകയും പലതരത്തിലുള്ള രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

ഉദ്ദേശ ലക്ഷ്യങ്ങൾ

- ✓ ഗുണമേൻമയുള്ള കോഴിയിറച്ചി ലഭ്യമാക്കുക- പ്രതിദിനം 25000 എണ്ണം
- ✓ കോഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക
- ✓ മറ്റു കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അധികതൊഴിലും വരുമാനവും ഉറപ്പാക്കുക — 1000 തൊഴിലവസരങ്ങൾ
- ✓ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറച്ചി കടത്ത് ഒഴിവാക്കുക
- ✓ മാലിന്യരഹിത ഇറച്ചി ഉത്പാദിപ്പിച്ചു നൽകുക.
- ✓ മാലിന്യം വലിച്ചെറിയുന്ന സംസ്കാരത്തിൽനിന്നും സംസ്കരിക്കുന്ന രീതിയിലേക്ക് ആക്കുക.
- ✓ കർഷകർക്ക് ജൈവവളം എത്തിക്കുക

പങ്കെടുക്കുന്ന വകുപ്പുകൾ

- ✓ വ്യവസായ വകുപ്പ്

- ✓ മൃഗസംരക്ഷണ വകുപ്പ്
- ✓ പൌൾട്രി വികസന കോർപ്പറേഷൻ
- ✓ സഹകരണ സ്ഥാപനങ്ങൾ
- ✓ തദ്ദേശഭരണ സ്ഥാപനങ്ങൾ
- ✓ സന്നദ്ധരായ കർഷകർ
- ✓ കുടുംബശ്രീ മിഷൻ
- ✓ ധനകാര്യ സ്ഥാപനങ്ങൾ
- ✓ കൃഷി വകുപ്പ്

പ്രവർത്തനങ്ങൾ

- ✓ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ മാതൃകയിൽ പാട്ടക്കരാർ വ്യവസ്ഥയിൽ സ്ഥലസൗകര്യം നൽകുന്നു — (വ്യവസായ വകുപ്പ്)
- ✓ കർഷകർക്ക് സാങ്കേതിക സഹായം നൽകുന്നു — (മൃഗസംരക്ഷണ വകുപ്പ്)
- ✓ ഹാച്ചറികൾ , കോഴിത്തീറ്റ യൂണിറ്റുകൾ, മരുന്നുശാലകൾ - (വ്യവസായ വകുപ്പ്)
- ✓ മീറ്റ് പ്രോസസിംഗ് പ്ലാന്റ്, ജൈവവള നിർമ്മാണ യൂണിറ്റ്- (വ്യവസായ വകുപ്പ്)
- ✓ ബ്രോയിലർ ഫാമിന്റെ സാറ്റലൈറ്റ് യൂണിറ്റുകൾ വിവിധ സ്ഥലങ്ങളിൽ - (പഞ്ചായത്ത്, വ്യവസായ വകുപ്പ്)
- ✓ മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നു
- ✓ കുടുംബശ്രീ അംഗങ്ങൾക്ക് മാലിന്യശേഖരണത്തിന് വാഹനം നൽകുന്നു
- ✓ മാലിന്യം ഓരോ കേന്ദ്രത്തിൽ നിന്നും ശേഖരിക്കുന്നു
- ✓ സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നു
- ✓ സംസ്കരണ കേന്ദ്രത്തിൽ ഇത് വളമാക്കി മാററുന്നു
- ✓ തദ്ദേശ ഭരണ സ്ഥാപന പ്രോജക്ടുകളുമായി ബന്ധപ്പെട്ട കർഷകർക്ക് വിൽപ്പന നടത്തുന്നു.

സംഘാടന, യൂണിറ്റ് ഘടകങ്ങൾ

- ➢ വിവിധ വകുപ്പുകളിലെ പ്രതിനിധികൾ ചേർന്ന് മാനേജ്മെന്റ് കമ്മിറ്റിക്ക് ചുമതല
- ➢ ആഴ്ചയിൽ 1.5 ലക്ഷം കുഞ്ഞുങ്ങളെ വിരിയിക്കുന്ന ഹാച്ചറികൾ -(സ്വകാര്യ ഏജൻസികൾ)
- ➢ 100 മെട്രിക് ടൺ കോഴിത്തീറ്റ ഉത്പാദന യൂണിറ്റുകൾ
- ➢ മരുന്ന്, വാക്സിൻ, ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്ന ഷോപ്പുകൾ
- ➢ വൻകിട മീറ്റ് പ്രോസസിംഗ് പ്ലാന്റ് (പ്രതിദിനം 5,000 കോഴികൾ)
- ➢ 5000 കോഴികളെ വളർത്തും വിധമുള്ള ഫാമുകൾ
- ➢ റെൻഡറിഗ് പ്ലാന്റുകൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ
- ➢ സമീപ പ്രദേശങ്ങളിൽ 1000 കോഴികളെ വീതം വളർത്തുന്ന സാറ്റലൈറ്റ് ഫാമുകൾ
- ➢ ഇവയ്ക്ക് ആവശ്യമായ എല്ലാ ഇൻപുട്ടും പാർക്കിൽ നിന്ന് ലഭ്യമാക്കുന്നു
- ➢ ഇതിനെല്ലാറ്റിനുമായി 25 ഏക്കർ സ്ഥലം കണ്ടെത്തുന്നു

പ്രതീക്ഷിത നേട്ടങ്ങൾ

- ✓ പ്രതിദിനം 50,000 കി.ഗ്രാം കോഴിയിറച്ചിയുടെ അധിക ഉത്പാദനം ഉറപ്പാക്കുന്നു
- ✓ കോഴിയിറച്ചി ഉത്പാദനത്തിൽ ജില്ലയെ സ്വയം പര്യാപ്തമാക്കുന്നു

- ✓ മാലിന്യമുക്തമായ ശുദ്ധമായ കോഴിയിറച്ചി ലഭ്യമാക്കുന്നു
- ✓ വിവിധ മേഖലകളിലായി 1000 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെടുന്നു
- ✓ ഇപ്പോഴുള്ള ഗുണനിലവാരമില്ലാത്ത ഇറച്ചി ഒഴിവാക്കി ഗുണനിലവാ രമുള്ളത് നല്കുന്നതിലൂടെ ആരോഗ്യ പരിപാലനം സാധ്യമാക്കുന്നു
- ✓ കുടുംബശ്രീ യൂണിററുകൾക്ക് തൊഴിലവസരവും വരുമാനവും ഉണ്ടാകുന്നു
- ✓ ഇറച്ചി ഉൽപ്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം നിയമാധിഷ്ഠിതമാകുന്നു
- ✓ ഇറച്ചിക്കോഴി വളർത്തലും, ഇറച്ചി വിൽപ്പനയും സർക്കാർ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും കീഴിൽ കൊണ്ടുവരാൻ കഴിയുന്നു.
- ✓ പരിസര മലിനീകരണം ഇല്ലാതാക്കുന്നു.
- ✓ കർഷകർക്ക് ജൈവവളം ലഭ്യമാകുന്നു

8. ഉൾനാടൻ മത്സ്യ കൃഷി വികസനം മത്സ്യകൃഷി വൈവിധ്യവൽക്കരണം

ഉദ്ദേശ ലക്ഷ്യങ്ങൾ

- സുസ്ഥിര മത്സ്യകൃഷി സാധ്യമാക്കുക
- ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക
- മത്സ്യകൃഷി വൈവിദ്ധ്യവൽക്കരിക്കുക
- വിവിധങ്ങളായ കുളങ്ങളേയും ജലാശയങ്ങളേയും കൃഷിക്കുപയുക്തമാക്കുക
- അപ്രത്യക്ഷമാകുന്ന ജലസ്രോതസ്സുകൾ നിലനിർത്തി പരിസ്ഥിതി സന്തുലനം പാലിക്കുക
- കർഷകർക്ക് വർദ്ധിച്ച തൊഴിലും വരുമാനവും ലഭ്യമാക്കുക
- ശാസ്ത്രീയ മത്സ്യകൃഷി വ്യാപകമാക്കുക

മത്സ്യകൃഷി ഇടങ്ങൾ, മത്സ്യ ഇനങ്ങൾ

- 200 ഹെക്ടർ ഓരുജലാശയങ്ങൾ
- 200 ഹെ. ശുദ്ധജലാശയങ്ങൾ
- ചിറ്റുമല ചിറ, പോളച്ചിറ ഏല, പഞ്ചായത്ത് കുളങ്ങൾ, മറ്റു വെള്ളക്കെട്ടുകൾ
- കരിമീൻ, പൂമീൻ, തിരുത, ചെമ്മീൻ, ശുദ്ധജല കാർപ്പ് മത്സ്യങ്ങൾ

പ്രവർത്തനങ്ങൾ

- ലഭ്യമായ സൗകര്യങ്ങളുടെ വിവരശേഖരണം നടത്തുക
- കുളങ്ങളുടെയും ജലാശയങ്ങളുടെയും ബണ്ട് ബലപ്പെടുത്തുക
- കൃഷിക്കനുയോജ്യമായി കുളമൊരുക്കുക
- വലവേലി സംരക്ഷണം ഉണ്ടാക്കുക
- ആവശ്യമായ മത്സ്യവിത്ത് ലഭ്യമാക്കുക
- രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക
- തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കർഷകർക്കർഹമായ ആനുകൂല്യം ലഭ്യമാക്കുക
- ഘട്ടം ഘട്ടമായി വിളവെടുപ്പ് നടത്തുക
- ഫലപ്രദമായി വിപണനം നടത്തുക

- നിക്ഷേപങ്ങൾക്കാവശ്യമായ വായ്പ ലഭ്യമാക്കുക
- കൃഷി സംബന്ധിച്ച് കർഷകർക്ക് പരിശീലനം നൽകുക
- സാങ്കേതിക സഹായവും മററു സപ്പോർട്ടുകളും നൽകുക

പങ്കെടുക്കുന്ന വകുപ്പുകൾ/ഏജൻസികൾ

- മത്സ്യവികസന വകുപ്പ്
- ഓരു ജല മത്സ്യകർഷക ഏജൻസി
- ശുദ്ധജല മത്സ്യകർഷക ഏജൻസി
- ഏജൻസി ഫോർ ഡവലപ്പ്മെന്റ് ഓഫ് അക്വാ കൾച്ചർ, കേരള (ADAK)
- തദ്ദേശഭരണ സ്ഥാപനങ്ങൾ

നേട്ടങ്ങൾ

- ✓ ഇപ്പോഴത്തെ ഉത്പാദനമായ 1852 ടണ്ണിൽ നിന്നും 3000 ടണ്ണായി വർദ്ധിക്കുന്നു
- ✓ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സുസ്ഥിരത നിലനിർത്തുന്നു
- ✓ കർഷകർക്ക് അധികവരുമാനം ലഭിക്കുന്നു
- ✓ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുന്നു
- ✓ ഭക്ഷ്യയോഗ്യമായ മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയുന്നു.

9. സഹ്യ ആരാമം– ഔഷധച്ചെടി കൃഷിയും ഔഷധ നിർമ്മാണവും

ആവശ്യകത

- പ്രാദേശിക ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ ഔഷധച്ചെടികൾ ഒരു വലിയ പങ്കു വഹിക്കുന്നുണ്ട്.
- ആവശ്യമുള്ളതിന്റെ 90%വും വനത്തിൽ നിന്നാണ് ലഭിക്കുന്നത്.
- അതിന്റെ 2/3 ഭാഗവും മൂടോടെ പറിച്ചെടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.
- ഔഷധച്ചെടികൾ കണ്ടെത്തി, സംരക്ഷിക്കുകയും കൃഷി ചെയ്യുകയും വേണ്ടത് അത്യന്താപേക്ഷിതമാണ്.
- കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും വേണം.
- ഇതിനകംതന്നെ പല വംശത്തിലും പെട്ടവ നാശോന്മുഖമായിട്ടുണ്ട്.
- ആയതിനാൽ അപൂർവ്വ ഇനങ്ങളെ പരിരക്ഷിക്കുവാനും നിലവിലുള്ള ഇനങ്ങളെ കൂടുതലായി വളർത്തുവാനും ഒരു പൊതു കൃഷിയിടം നിലനിർത്തേണ്ടതുണ്ട്.
- വിവിധ ആശുപത്രികളിൽ മരുന്നിന്റെ ദൗർലഭ്യതയുണ്ട്.
- ഒറ്റമൂലി മരുന്നുകളുടെ അഭാവം ചികിത്സയെ ബാധിക്കുന്നുണ്ട്.
- പല രോഗങ്ങൾക്കും ഉചിതമായ മരുന്ന് നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കൊല്ലം ജില്ലയിൽ ഔഷധ സസ്യകൃഷിക്കുള്ള പ്രാധാന്യം

- ജില്ലയുടെ കിഴക്കൻ പ്രദേശത്ത് 814. ച.കി.മീ വനപ്രദേശമാണ് (തെൻമല, പുനലൂർ, അച്ചൻകോവിൽ ഡിവിഷനുകൾ)
- ഈ വനപ്രദേശം ഔഷധ സസ്യങ്ങളുടെ ഒരു കലവറ തന്നെയാണ്.

- അന്യം നിന്നു പോകാൻ സാധ്യതയുള്ള പലതരം അപൂർവ്വ സസ്യഇനങ്ങളും ഇവിടെ ലഭ്യമാണ്.
- തീരാരോഗങ്ങളെപ്പോലും സൗഖ്യപ്പെടുത്തുന്നതരം ഔഷധ ഗുണങ്ങളുള്ള സസ്യങ്ങൾ ഈ മേഖലയിൽ ഉണ്ട്.
- സഹ്യാദ്രിയിൽപ്പെടുന്ന കുര്യോട്ടുമല പ്രദേശം ഔഷധ സസ്യകൃഷിക്ക് വളരെ അനുയോജ്യമാണ്.
- ആയുർവ്വേദ കോളേജുകളിലെ ബോട്ടണി വിഭാഗം ജീവനക്കാരെ കൊണ്ട് സസ്യങ്ങൾ ശേഖരിക്കാവുന്നതാണ്.
- ആയുർവ്വേദ മരുന്ന് ഉൽപ്പാദിപ്പിക്കുന്ന ഒട്ടനവധി ചെറുകിട യൂണിറ്റുകൾ ജില്ലയിലുണ്ട്.
- കുര്യോട്ടുമല കോളനി നിവാസികൾ പച്ചമരുന്നിനങ്ങൾ കണ്ടെത്തുന്നതിൽ പാരമ്പര്യമായി അറിവുനേടിയവരാണ്.

ഉദ്ദേശലക്ഷ്യങ്ങൾ

- ➢ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഔഷധ സസ്യ ഇനങ്ങളും നട്ടു പരിപാലിക്കുക.
- ➢ മരുന്നു നിർമ്മാണ യൂണിറ്റുകൾക്കൾക്കാവശ്യമായ പച്ച മരുന്നുകൾ ജില്ലയിൽ തന്നെ കൃഷി ചെയ്തുണ്ടാക്കുക.
- ➢ ഭാരതീയ ചികിത്സാ രീതിയിലെ ആയുർവ്വേദ മരുന്ന് കയറ്റുമതി പ്രോത്സാഹിപ്പിക്കുക.
- ➢ ഔഷധ നിർമ്മാണ മേഖലയ്ക്ക് ഗുണമേൻമയുള്ള അസംസ്കൃത പച്ച മരുന്നുകൾ ലഭ്യമാക്കുക.
- ➢ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അധികജോലിയും വരുമാനവും ലഭ്യമാക്കുക.
- ➢ ഗവേഷണ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നാനാതരം ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധ്യമുണ്ടാക്കുക.
- ➢ ദൈനംദിന ജീവിതത്തിൽ രോഗശമനത്തിന് ഒറ്റമൂലി പ്രയോഗം പ്രോത്സാഹിപ്പിക്കുക.
- ➢ പട്ടികവർഗ്ഗ സംഘങ്ങളെ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുക.

സഹകരിക്കുന്ന വകുപ്പുകൾ

- ഭാരതീയ ചികിത്സാ വകുപ്പ്
- ആയുർവ്വേദ കോളേജുകൾ
- വ്യവസായ വകുപ്പ്
- വനവികസന വകുപ്പ്
- സഹകരണ വകുപ്പ്
- തദ്ദേശഭരണ സ്ഥാപനങ്ങൾ
- പട്ടികവർഗ്ഗ സംഘങ്ങൾമൂപ്പൻമാർ/
- ഡ്രഗ്സ് കൺട്രോൾ ബോർഡ് (എ.എസ്.യു)
- സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്
- നാഷണൽ ആയുഷ് മിഷൻ (NAM)

പ്രവർത്തനങ്ങൾ

- സ്ഥലം മുള്ളുവേലി കെട്ടി അതിർത്തി തിരിക്കുന്നു.
- ഒരു പ്രവേശന കവാടം കെട്ടി ബോർഡ് സ്ഥാപിക്കുക

- സ്ഥലം കൃഷിയോഗ്യമാക്കി ഒരുക്കിയെടുക്കുന്നു.
- ആയുർവ്വേദ കോളേജ് സ്റ്റാഫ്, ആദിവാസി മൂപ്പൻമാർ ബൊട്ടാണിക്കൽ ഗാർഡൻ സ്റ്റാഫ്, വനപാലകർ എന്നിവരെകൊണ്ട് സസ്യശേഖരണം നടത്തുന്നു.
- ആദിവാസികളെയും മറ്റു പ്രൊഫഷണലുകളേയും കൊണ്ട് സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നു.
- ഓരോ ഇനത്തിന്റെയും പേരും, ഉപയോഗവും കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നു.
- നശിച്ചുപോകാതിരിക്കാൻ ട്രീ ഗാർഡ് സ്ഥാപിക്കുന്നു
- തോട്ട പരിപാലനത്തിനായി പട്ടികവർഗ്ഗ സംഘത്തെ നിയോഗിക്കുന്നു.
- ഇവർ പ്രൊഫഷണലുകളുടെ നിർദ്ദേശാനുസരണം നനയും വളപ്രയോഗവും കീടനിയന്ത്രണവും നടത്തുന്നു.
- ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തുന്നു.
- ശേഖരിക്കുന്ന മരുന്ന് എസ്.റ്റി സംഘങ്ങൾ വഴി മരുന്ന് നിർമ്മാതാക്കൾക്ക് നൽകുന്നു.
- ആയുർവ്വേദ വകുപ്പിന് ആവശ്യമായ ഇനങ്ങൾ ഇവരിൽനിന്ന് വാങ്ങി ആശുപത്രികളിൽ ഉപയോഗിക്കുന്നു.

നേട്ടങ്ങൾ

- അപൂർവ്വയിനം പച്ചില മരുന്നുകളെകുറിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് മനസിലാക്കാനൊരിടം.
- പശ്ചിമഘട്ടത്തിന്റെ ഉയരങ്ങളിൽ കണ്ടുവരുന്നതും വംശനാശം സംഭവിക്കുന്നതുമായ ഔഷധ ച്ചെടികൾ തോട്ടത്തിൽ നട്ടു പരിപാലിപ്പിക്കാൻ കഴിയുന്നു.
- ആയുർവ്വേദ മരുന്ന് നിർമ്മാതാക്കൾക്ക് ആവശ്യമുള്ള അളവിൽ ഗുണമേൻമയുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഒരു സ്ഥലത്ത് നിന്ന് തന്നെ കിട്ടുന്നു.
- ഗവേഷകർക്ക് ഒറ്റമൂലികളെ കുറിച്ച് പഠിക്കാനൊരിടം
- സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും വിവിധതരം ഔഷധച്ചെടികളെ കുറിച്ച് അവബോധമുണ്ടാക്കുന്നു.
- സർക്കാർ ആയുർവ്വേദ ആശുപത്രികളിലെ ചികിത്സ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്നു.
- ആയുർവ്വേദ ആശുപത്രികളിലേക്ക് ആവശ്യമുള്ള ഒറ്റമൂലി ഇനങ്ങൾ ലഭ്യമാകുന്നു.
- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തനോന്മുഖമാകുന്നു.
- സംഘാംഗങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാകുന്നു
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നു.
- പാർശ്വഫലങ്ങളില്ലാത്ത ആയുർവ്വേദ ചികിത്സാ രീതി കൂടുതൽ ജനോപകാര പ്രദമാകുന്നു.

10. ഭിന്ന ലിംഗക്കാരുടെ പുനരധിവാസം തൊഴിൽ പരിശീലനവും തൊഴിലും

ആവശ്യകത

- ജില്ലയിൽ ആകെ 400 ഭിന്നലിംഗക്കാരാണുള്ളത്
- ഇവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇടപഴകുന്നില്ല
- കഴിവതും വീടുകളിൽ ഒറ്റപ്പെട്ട ജീവിതമാണ്
- പകുതിയിലധികവും പത്താം ക്ലാസിന് താഴെ പഠിത്തമുള്ളവരാണ്.

- ഒറ്റപ്പെട്ട ജീവിതമായതിനാൽ മാനസിക സംഘർഷം കൂടുതലാണ്.
- പലയിടങ്ങളിലും തൊഴിൽ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്.
- ഒരു പൗരന്റെ എല്ലാ അവകാശങ്ങളും ഇവർക്കും ലഭ്യമാക്കേണ്ടതുണ്ട്.
- ഇവരിൽ ആത്മവിശ്വസവും ആത്മധൈര്യവും സൃഷ്ടിക്കേണ്ടതുണ്ട്.

ഉദ്ദേശ്യങ്ങൾ

- ചെണ്ടമേളം, ബാന്റ്മേളം, ഡ്രൈവിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം, രോഗീ പരിചരണം എന്നിവയിൽ പരിശീലനം
- ഭിന്നലിംഗക്കാരെ മുഖ്യധാരയിലേക്ക് വരാൻ സഹായിക്കുക.
- ഭിന്നലിംഗക്കാർക്ക് കൂടുതൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക
- അവരുടെ ജീവിതത്തിൽ സ്വയം പര്യാപ്തതയിലെത്താൻ സഹായിക്കുക.
- കൂടുതൽ തൊഴിലവസരങ്ങളും വരുമാന സാധ്യതകളും വർദ്ധിപ്പിക്കുക.
- മറ്റുള്ളവരിലുള്ള അവരുടെ ആശ്രിതത്വം കുറക്കുന്നു.

പങ്കെടുക്കുന്ന വകുപ്പുകൾ/ ഏജൻസികൾ

- സാമൂഹ്യ നീതി വകുപ്പ്
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ
- വ്യവസായ വകുപ്പ്
- ധനകാര്യ സ്ഥാപനങ്ങൾ
- നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ

പ്രവത്തനങ്ങൾ

- വിവരശേഖരണം
- തദ്ദേശ സ്വയം ഭരണസ്ഥാപന ലിസ്റ്റ് അംഗീകരിക്കൽ
- അഭിരുചിക്കനുസരിച്ച് വിവിധ തൊഴിലുകളിൽ പരിശീലനം
- അംഗീകൃത തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുക.
- അഭിരുചിക്കനുസരിച്ച ഓരോ വ്യക്തിയേയും ബന്ധപ്പെട്ട പരിശീലന കേന്ദ്രത്തിലയക്കുക
- പ്രാരംഭ ഘട്ടമെന്ന നിലയിൽ ഓരോ തൊഴിലിലും 5 പേരെ വീതം പരിശീലിപ്പിക്കുക
- സാമൂഹ്യ നീതി വകുപ്പ് അർഹരായവരെ കണ്ടെത്തുക
- ഓരോ വ്യക്തിയുടെയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥപനങ്ങളുമായി ഇടപ്പെട്ട് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നു.
- വ്യവസായ വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കുന്നു.
- സാമൂഹ്യ നീതി വകുപ്പ് മോണിറ്ററിംഗ് നടത്തി പ്രവർത്തന സ്ഥിരത ഉറപ്പാക്കുന്നു.

നേട്ടങ്ങൾ

- കൊല്ലം ജില്ലാ ഭിന്നലിംഗ സൗഹൃദമാക്കുക
- പാർശ്വവൽക്കരിക്കപ്പെട്ടവരെ തൊഴിൽ നല്കി പുനരധിവസിപ്പിക്കുന്നു
  ഭിന്ന ലിംഗക്കാരെ കുറിച്ചുള്ള സമൂഹത്തിന്റെ ധാരണ മാറ്റിടെയുക്കാൻ കഴിയുന്നു.
- ഇവർക്ക് സ്വന്തമായി ജീവിതമാർഗ്ഗം ലഭിക്കുന്നു

- മുഖ്യധാര സമൂഹവുമായി ഇടപഴകാൻ കഴിയുന്നു.
- അപഹർഷതാ ബോധം മാറി ആത്മ വിശ്വാസം ലഭിക്കുന്നു.
- അതിക്രമവും ചൂഷണവും നേരിടുന്ന ഈ വിഭാഗത്തെ അതിൽ നിന്നു മോചിപ്പിക്കുവാൻ കഴിയുന്നു.

11. കൊല്ലം തോട് വികസനവും ഉൾനാടൻ വിനോദ സഞ്ചാരവും

ആവശ്യകത

- പട്ടണനവീകരണവും മോഡിപിടിപ്പിക്കലും ആവശ്യമാണ്.
- പൌരാണികമായിട്ടുണ്ടായിരുന്ന പ്രാധാന്യം വീണ്ടെടുക്കുക.
- ചരക്കുഗതാഗതത്തിന് അനുയോജ്യമായ മാർഗ്ഗം.
- വിനോദത്തിനും ഷോപ്പിംഗിനും ഒരേപോലെ ജനങ്ങൾക്ക് സൗകര്യമൊരുക്കുക.
- സഞ്ചാരികൾക്ക് പട്ടണം ദർശിക്കാനും അതിനു ശേഷം ഉൾനാടൻ കായൽ പ്രദേശത്തേക്ക് പോകുവാനുമുള്ള സൗകര്യമൊരുക്കുക.

ഉദ്ദേശ ലക്ഷ്യങ്ങൾ

- കൊല്ലം നഗരത്തേയും സമീപപ്രദേശങ്ങളേയും തമ്മിൽ ജലപാതയിലൂടെ ബന്ധിപ്പിക്കുന്നു.
- ചെലവ് കുറഞ്ഞ ചരക്കു ഗതാഗതം സാധ്യമാക്കുന്നു.
- വിനോദ സഞ്ചാര സാധ്യത വർദ്ധിപ്പിക്കുന്നു.
- ജലഗതാഗത സൗകര്യം വർദ്ധിക്കുന്നതോടെ പട്ടണത്തിനുള്ളിലെ റോഡ് തിരക്ക് കുറയുന്നു.
- ജനങ്ങൾക്ക് ഷോപ്പിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നു.

പങ്കെടുക്കുന്ന വകുപ്പുകൾ

- കേരള വാട്ടർ ട്രാൻസ്പോർട്ട് വകുപ്പ്.
- ഇറിഗേഷൻ വകുപ്പ്.
- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
- ജില്ലാ നിർമ്മിതികേന്ദ്രം.
- കൊല്ലം കോർപ്പറേഷൻ.
- സ്വകാര്യ സംരംഭകർ

പ്രവർത്തനങ്ങൾ

- തോടിന്റെ ഇരുപുറവും(രണ്ടുവശങ്ങളിൽ) നടപ്പാതയും സൈക്കിൾ ട്രാക്കും നിർമ്മിക്കുന്നു
- ഇടവിട്ട സ്ഥലങ്ങളിൽ പോസ്റ്റുകളും അതിൽ വിളക്കുകളും സ്ഥാപിക്കുന്നു.
- സ്ഥലമുള്ള ഭാഗങ്ങളിൽ ചെറു ഉദ്യാനങ്ങളും വിശ്രമിക്കാനുള്ള സൗകര്യങ്ങളും ഒരുക്കുക.
- തോടിന്റെ ഇടവിട്ട ഭാഗങ്ങളിൽ നിന്നായി പട്ടണത്തിനുള്ളിലേക്ക് ചെറുറോഡുകൾ
- റോഡിനിരുപുറവുമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും തള്ളിനില്ക്കുന്ന ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നു.
- മാലിന്യം ഒഴുക്കാൻ തോട്ടിലേക്ക് കെട്ടിയിരിക്കുന്ന ഓടകളും, കുഴലുകളും അടക്കുക.
- വേസ്റ്റ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ ഹോട്ടലുകൾക്കും പ്രോസസിംഗ് യൂണിറ്റുകൾക്കും ഏർപ്പെടുത്തുക.

- ഗൃഹമാലിന്യ സംസ്കരണത്തിന് അതാത് വീടുകളിലോ ഒരുപൊതുസ്ഥലത്തോ സംസ്കരിക്കുന്ന രീതി ഏർപ്പെടുത്തുക.
- നിശ്ചയിക്കപ്പെട്ടിട്ടുള്ള പാർക്കിംഗ് സ്ഥലത്തല്ലാതെ പൊതുറോഡരികിൽ പാർക്കിംഗ് നിരോധിക്കുക.
- തോടിന്റെ ഇടവിട്ട ഭാഗങ്ങളിൽ ബോട്ടടുക്കുവാനും ജനങ്ങൾക്ക് അതിൽ കയറുവാനും സൗകര്യങ്ങളൊരുക്കുക.
- അവിടെ നിന്നും ഉൾനാടൻ ജലാശങ്ങളിലേക്കും അഷ്ടമുടിക്കായൽ ദ്വീപുകളിലേക്കും വിനോദ സഞ്ചാര വള്ളങ്ങളിൽ ടൂർ സംഘടിപ്പിക്കുക.

നേട്ടങ്ങൾ

- നഗരത്തെ മാലിന്യമുക്തമാക്കാൻ കഴിയുന്നു.
- ചെലവുകുറഞ്ഞ ചരക്കുഗതാഗതം സാധ്യമാക്കുന്നു.
- ജനങ്ങൾക്ക് ഒരേസമയം ഷോപ്പിംഗിനും വിനോദസഞ്ചാരത്തിനും സൗകര്യമൊരുങ്ങുന്നു.
- വിദേശ ടൂറിസ്റ്റുകൾക്ക് പട്ടണ കാഴ്ചകളും ഗ്രാമീണകാഴ്ചകളും കാണാൻ സൗകര്യമൊരുക്കുന്നു.
- പട്ടണത്തിനുള്ളിൽ അനുഭവപ്പെടുന്ന തിരക്ക് കുറക്കുവാൻ കഴിയുന്നു.
- വഞ്ചിവീടിന്റെ ഉടമകൾക്കും തൊഴിലാളികൾക്കും വരുമാനം വർദ്ധിക്കുന്നു.

12. പുലമൺ തോട് ശുചീകരണവും നവീകരണ പ്രവർത്തനങ്ങളും

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലൂടെ കടന്നു പോകുന്ന കല്ലട ആറിന്റെ ഒരു കൈവഴി തോടാണ് പുലമൺ തോട്. ഇതിന്റെക്യാച്ച്മെന്റ് ഏരിയ 65 ച.കി.മീ ആണ്. ഉമ്മന്നൂർ പഞ്ചായത്തിലെ പാരിപ്പള്ളിയിൽ നിന്നാണ് ഇത് ഉദ്ഭവിക്കുന്നത്. ഇതിലേക്ക് മൂന്ന് തോടുകൾ - മീൻ പിടിപ്പാറ തോട്, കരിക്കകം തോട്, പള്ളിക്കൽ തോട് - വന്നു ചേരുന്നുണ്ട്. ഇതിന്റെ ആകെ നീളം 16.കി.മീ ആണ്. അന്തമൻ എന്ന സ്ഥലത്ത് വച്ച് വീണ്ടും കല്ലടയാറുമായി ചേരുന്നു. ഈ തോടിന്റെ വൃഷ്ടി പ്രദേശത്ത് 2011 ലെ കാനേഷുമാരി കണക്കനുസരിച്ച് 72,000 ജനസംഖ്യ അധിവസിക്കുന്നു. വൃഷ്ടി പ്രദേശം കടൽ നിരപ്പിൽ നിന്നും 10 മുതൽ 116 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഇത്രയും ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ മഴ പെയ്യുന്ന വെള്ളം വളരെ പെട്ടെന്നു തന്നെ തോട്ടിലേക്ക് ഒഴുകിയെത്തി കല്ലടയാറിൽ പതിക്കുന്നു. കല്ലട ജലസേചന പദ്ധതിയുടെ കമാന്റ് ഏരിയായിലാണ് പുലമൺ തോടിന്റെ വൃഷ്ടിപ്രദേശവും സ്ഥിതിചെയ്യുന്നത്. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ രണ്ടു വിതരണ കനാലുകൾ പുലമൺ തോടിന്റെ വൃഷ്ടിപ്രദേശം ജലസേചനം ചെയ്യുന്നുണ്ട്. എന്നിരുന്നാലും മഴയാണ് പ്രധാന ജല സ്രോതസ്സ്. ഇവിടുത്തെ ശരാശരി ഉയർന്ന താപനില 31 ഡിഗ്രി സെൽഷ്യസും താഴ്ന്ന താപനില ശരാശരി 21 ഡിഗ്രി സെൽഷ്യസുമാണ്. പ്രധാന ഭൂവിനിയോഗം കൃഷിയാണ്. കാർഷിക പ്രവർത്തനമാണ് ജനങ്ങളുടെ തൊഴിൽ. തെങ്ങ്, റബ്ബർ, മരച്ചീനി, ഏത്തക്കായ് എന്നിവയാണ് പ്രധാന വിളകൾ.

മുൻകാലത്ത് പുലമൺ തോട് പ്രധാനമായും ജലസേചനത്തിനും ഗാർഹിക ആവശ്യങ്ങൾക്കും ഉപയോഗിക്കുമായിരുന്നു. എന്നാൽ സമീപ പ്രദേശങ്ങളിൽ നിന്നും പാഴ് വസ്തുക്കൾ കൊണ്ടു വന്നിടുന്നതിനാലും മലിന ജലം ഒഴുകിയിറങ്ങുന്നതിനാലും മഴയില്ലാത്ത കാലത്ത് ഒഴുക്ക് നിലക്കുന്നതിനാലും ജലം വളരെയേറെ മലിനപ്പെട്ടുപോകുകയും മനുഷ്യ ഉപയോഗയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു. ഇന്നത്തെ അവസ്ഥയിൽ ഉപകാരത്തിലേറെ ഉപദ്രവകരമായ സ്ഥിതിയിലെത്തിയിരിക്കുകയാണ് പുലമൺ തോട്.

ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

കേരളത്തിന്റെവർദ്ധിച്ച വരുന്ന ജലത്തിന്റെവിവിധങ്ങളായ ഉപയോഗം കണക്കിലെടുക്കുമ്പോൾ 2031-ാം ആണ്ടോടു കൂടി വെള്ളത്തിന്റെഉപയോഗം 2001 നെ അപേക്ഷിച്ച് 64% കണ്ട് വർദ്ധിക്കുമെന്നാണ് നാഷണൽ ഇക്കണോമിക്സ് റിസർച്ച് കൗൺസിൽ കണ്ടെത്തിയിരിക്കുന്നത്. ഈ 30 വർഷ കാലഘട്ടത്തിനുള്ളിൽ, കുടിവെള്ളത്തിന്റെഉപയോഗം 29% കണ്ടും ജലസേചന ആവശ്യം 89% കണ്ടും മറ്റാവശ്യങ്ങൾക്കുള്ളത് 156% കണ്ടു വർദ്ധിക്കുമെന്നും കണക്കാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധങ്ങളായ ജലസ്രോതസ്സുകൾ നിലനിർത്തി സംരംക്ഷിക്കേണ്ടതിന്റെ ആവശ്യകത പ്രാധാന്യമർഹിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിലൂടെയും, മഴക്കുറവ് മൂലവും, ആഗോള താപനം മൂലവും, ഉപരിതലത്തിലേയും ഭൂഗർഭത്തിലേയും അമിത ജല ഉപയോഗം മൂലവും സംസ്ഥാനത്തെ ജല സ്രോതസ്സുകൾ ശക്തമായ ശോഷണം നേരിട്ടുകൊണ്ടിരിക്കയാണ്.

മുകളിൽ പറയപ്പെട്ട സാഹചര്യങ്ങളിലാണ് പ്രതികൂല സാഹചര്യങ്ങളെ എല്ലാം നേരിടുന്നതിനും അവ പരിഹരിച്ച് എല്ലാ തരത്തിലുമുള്ള ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് ജല ലഭ്യത നിലനിർത്തുകയും മലിനീകരണം തടഞ്ഞ്, അതിനുള്ള സാധ്യതകൾ ഇല്ലാതാക്കി, മനുഷ്യന്റെ ആവശ്യങ്ങൾക്കും കാർഷിക ആവശ്യങ്ങൾക്കും സുലഭമായി ജലം ലഭ്യമാക്കുന്നതിനും കൂടിയാണ് 'ഹരിതകേരള മിഷൻ' എന്ന പരിപാടി കേരള സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

ഇത്തരമൊരു ബൃഹത് പരിപാടിയുടെ ഭാഗമായാണ് പുലമൺ തോട് നവീകരണം എന്ന പദ്ധതി ഒരു ആദ്യ സംരംഭമായി ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതി അനുസരിച്ച് താഴെ പറയുന്ന നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്.

1. മലിനീകരണം തടയൽ

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ശുചിത്വ മിഷനും കൂടിച്ചേർന്ന് ഈ തോട്ടിലേക്കുള്ള എല്ലാ മലിന ജല ഇൻലറ്റുകളും അടപ്പിക്കുകയും ഇനിയും അത്തരം മലിനീകരണ പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2. കയ്യേറ്റം ഒഴിപ്പിക്കലും തടയലും

തോടിന്റെപല ഭാഗങ്ങളും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കയ്യേറി ഉപയോഗിച്ചു കൊണ്ടിരിക്കയാണ്. ഇവയെല്ലാം ഒഴിപ്പിച്ച് എടുക്കുകയും മേലിൽ ഇത്തരം കയ്യേറ്റങ്ങൾ ഉണ്ടാകാതെ സംരംക്ഷിക്കുകയും ചെയ്യാൻ റവന്യൂ അധികാരികളും തദ്ദേശ ഭരണ അധികാരികളും കൂട്ടായി നടപടി സ്വീകരിക്കേണ്ടതാണ്.

3. മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ

പുലമൺ തോടിന്റെ65 ച.കി.മീ പ്രദേശത്ത് മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി നീർത്തടാധിഷ്ഠിത വികസനം സാധ്യമാക്കുവാനും ആർ ഐ ഡി എഫ് ൽ നിന്നും 5.8 കോടി രൂപ ഉപയോഗിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

4. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി തോടിന്റെ ഇരു കരകളും കയർ ഭൂവസ്ത്രമുപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും മുള, രാമച്ചം തുടങ്ങിയ മണ്ണു സംരംക്ഷണ ജൈവ വസ്തുക്കൾ നട്ടു പിടിപ്പിക്കുകയുംചെയ്യുക.

5. ജല സംഭരണ കുളങ്ങൾ നിർമ്മിക്കുക

കൊച്ചു മീൻപിടിപ്പാറയിൽ തടയണ കെട്ടുക (രണ്ടു സ്ഥലങ്ങളിൽ), ക്രോസ് ബാറുകൾ (3 എണ്ണം) നിർമ്മിക്കുക, മീൻ പിടിപ്പാറ താഴ് ഭാഗത്തായി വിസിബി നിർമ്മിക്കുക, സബ് സർഫസ് ക്രോസ് ബണ്ടുകൾ നിർമ്മിക്കുക, നിലവിലുള്ള ജലസേചന നിർമ്മിതികൾ അറ്റകുറ്റപ്പണി ചെയ്യുക, പുലമൺ ജല വിതരണി പുനരുദ്ധരിക്കുക, പൂവത്തൂർ ജല വിതരണി പുനരുദ്ധരിക്കുക തുടങ്ങിയ ജലസംഭരണ വിതരണ നിരമ്മിതികൾ ഉണ്ടാക്കുകയോ ഉള്ളവ പുനരുദ്ധരിക്കുകയും ജലസേചന സൗകര്യങ്ങൾ കൂട്ടുകയും ചെയ്യുക. ഇതിനെല്ലാം കൂടി ഏകദേശം 597 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

നേട്ടങ്ങൾ

പുലമൺ തോടിന്റെ ഗുണ ഭോക്താക്കളും അഭ്യുദയകാംക്ഷികളുമായ ജനങ്ങളുടെ സഹകരണത്തോടെ പാരിസ്ഥിതികമായി ജീർണ്ണതയിലായ പുലമൺ തോടിനെ സംരംക്ഷിച്ചും കാത്തു പരിപാലിച്ചും പുനരുജ്ജീവിപ്പിച്ചും നവീകരിച്ച് പരിസ്ഥിതി സന്തുലിതാവസ്ഥ നില നിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളത്. ഇവയുടെ നേട്ടങ്ങൾ ഇവയാണ്.

1. പരിസ്ഥിതി സന്തുലിതാവസ്ഥ
2. നിലവിലെ ജല സ്രോതസ്സുകൾ മെച്ചപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്ത് ജല ലഭ്യത വർദ്ധിപ്പിക്കുക.
3. ജല മലിനീകരണം കുറക്കുക.
4. ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കുക
5. മണ്ണു സംരക്ഷണം
6. പരിസ്ഥിതി സൗഹൃദമായ തീര സംരക്ഷണം, വൃഷ്ടി പ്രദേശ വികസനം, ചെറു തടാകങ്ങളുടെ സംരക്ഷണം എന്നിവ ചെയ്യുക
7. മൺസൂൺ രഹിത കാലത്ത് അരുവിയിലൂടെയുള്ള നീരൊഴുക്ക് കൂട്ടുക
8. കയ്യേറ്റം തടയുക
9. ആരോഗ്യകരമായ സാഹചര്യം സൃഷ്ടിക്കുക
10. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുക
11. ഗ്രാമീണ കുടിമെള്ള പദ്ധതികൾക്ക് ജല ലഭ്യത വർദ്ധിപ്പിക്കുക
12. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
13. നീർത്തടത്തിന്റെദീർഘകാല പരിപാലനത്തിനാവശ്യമായ സ്ഥാപനതല ക്രമീകരണം ചെയ്യുക.
14. വ്യത്യസ്ഥ അഭ്യുദയ കാംക്ഷികളെ ഏകോപിപ്പിക്കുക
15. പാരിസ്ഥിതിക വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുക

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് – ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ – അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

സ.ഉ. (അച്ചടി) നം. 19/2017/പ്ലാനിംഗ് തീയതി, തിരുവനന്തപുരം, 23/09/2017

പരാമർശം: സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11/08/2017-ലെ എസ.പി.ബി/2017/ഡി.പി.ഡി നമ്പർ കത്ത്

ഉത്തരവ്

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. എല്ലാ ജില്ലാ ആസൂത്രണ സമിതികളും മാർഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്. വിവിധ ഘട്ടങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയായിരിക്കണം ജില്ലാ പദ്ധതി.

സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും പൂർണ്ണ പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കുക, സ്ഥിതിവിവരകണക്കുകളുടെ വിശകലനം സാധ്യമാക്കുന്നതിന് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുക, ജില്ലകളിൽ സംഘടിപ്പിക്കുന്ന ചർച്ചകളിൽ

അനുയോജ്യരായവരെ പങ്കെടുപ്പിച്ച് വിദഗ്ദ്ധ അഭിപ്രായവും പ്രായോഗിക നിർദ്ദേശങ്ങളും നൽകുക, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നവർ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ സേവനങ്ങൾ നല്കി ജില്ലാ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. കെ.എം.എബ്രഹാം
ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും /എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ.യ്ക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ

1. ആമുഖം

1.1 ഭരണ ഘടനയുടെ 243 ജി, 243 ഡബ്ല്യു അനുച്ഛേദങ്ങൾ പ്രകാരം സാമൂഹ്യ നീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രഥമിക ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുവാനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുവാനും വേണ്ടി ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 243ZD അനുശാസിക്കുന്നുണ്ട്. അതായത് പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതികളുടെ ഏകോപന-സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കുമാണ്.

1.2 ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര മേഖലകളിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്ന രീതി പ്രാവർത്തികമാക്കുന്നതിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തികൾ നടപ്പാക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് ഈ പോരായ്മ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമഗ്ര വികസനം സാധ്യമാകണമെങ്കിൽ ലഭ്യമാകാവുന്ന മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും വേണം. അതുപോലെ വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാ ചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഒരു സുപ്രധാന ഉപാധിയാണ് ജില്ലാ പദ്ധതി.

2. ജില്ലാ പദ്ധതിയുടെ ലക്ഷ്യം

2.1 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 പ്രകാരം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിക്ക് വിപുലമായ ചുമതലകളാണ് നൽകിയിട്ടുള്ളത്. അതിൽ പ്രധാനം ജില്ലാ ആസൂത്രണമാണ്. ജില്ലാ ആസൂത്രണ സമിതി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുകയും ജില്ലയ്ക്കുവേണ്ടി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥലമാനാസൂത്രണം, ജലത്തിന്റെയും മറ്റ് ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൌകര്യങ്ങളുടെ സംയോജിത വികസനം എന്നിവ ഉൾപ്പെടെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കിടയിൽ പൊതു താല്പര്യമുള്ള കാര്യങ്ങളും സാമ്പത്തികവും അല്ലാത്തതുമായ വിഭവങ്ങളുടെ ലഭ്യതയും പരിഗണിച്ചുവേണം കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുമ്പോൾ വികസനവുമായി

ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോടും സംഘടനകളോടും കൂടിയാലോചിച്ചുവേണം അവ തയ്യാറാക്കേണ്ടതെന്നും കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്.

2.2 ജില്ലാ പദ്ധതി എന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ ക്രോഡീകരിച്ച ഒരു രേഖ എന്നതിനെക്കാളുപരി ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്ന ഒരു രേഖയായിരിക്കണം. അതായത് വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുവാനും വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയുവാനും സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായി നിർണ്ണയിക്കുവാനും സംയോജന-ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്താനും പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജില്ലാ പദ്ധതി രൂപീകരണത്തിലൂടെ കഴിയണം.

2.3 പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രോജക്ടുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാ പദ്ധതി. വിവിധ തട്ടു ഗവൺമെന്റുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്കു ദിശാബോധം നൽകുന്നതിനും, കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും, ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും, തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും, വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു ഉപകരണമാണ് ജില്ലാ പദ്ധതി.

2.4 എല്ലാ ഗുണഗണങ്ങളും ഒത്തിണങ്ങിയ ഒരു ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അതിനു രണ്ടോ മൂന്നോ വർഷങ്ങൾ തന്നെ വേണ്ടി വന്നേക്കാം. ദീർഘകാലമെടുത്ത് പദ്ധതി തയ്യാറാക്കി കഴിയുമ്പോഴേക്കും സാഹചര്യങ്ങൾ മാറുകയും ജില്ലാ പദ്ധിതിയുടെ പല അംശങ്ങളും കാലഹരണപ്പെടുകയും ചെയ്യു എന്നും വരാം. അതുകൊണ്ട് പ്രായോഗികതയും യാഥാർത്ഥ്യബോധവും മുറുകെപ്പിടിക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. എല്ലാ ഗുണഗണങ്ങളും ഒത്തിണങ്ങിയ ജില്ലാ പദ്ധതി തയ്യാറാവുന്നതുവരെ വിവിധ തട്ടു സർക്കാരുകളുടെ വാർഷിക പദ്ധതി രൂപീകരണവും, അവയുടെ ഏകോപനവും നടത്തിപ്പും നിർത്തിവെയ്ക്കാനാവില്ല. ആസൂത്രണ പ്രക്രിയ അഭംഗുരം നടക്കണം. ഒപ്പം 2017-18 ൽ ജില്ലാ പദ്ധതി രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തട്ടു പദ്ധതികളെ മെച്ചപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം ആരംഭിക്കുകയും വേണം.

2.5 ആദ്യവർഷം തയ്യാറാക്കുന്ന ജില്ലാപദ്ധതി സമഗ്രമായിക്കൊള്ളണമെന്നില്ല. ജില്ലാ പദ്ധതിയുടെ ഗുണനിലവാരം വരും വർഷങ്ങളിൽ തുടർച്ചയായി മെച്ചപ്പെടുത്താവുന്നതാണ്. ഏറെ താമസിയാതെ ലക്ഷണമൊത്തതും ശാസ്ത്രീയവുമായ ജില്ലാ പദ്ധതിയിലേക്കു സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും എത്താൻ കഴിയും.

2.6 ആദ്യ വർഷം തയ്യാറാക്കുന്ന ജില്ലാ പദ്ധതി സമഗ്രവും പൂർണ്ണവുമാകണമെന്ന് നിർബന്ധമില്ല എന്നതിന്റെ അർത്ഥം അതിന്റെ വസ്തുതാപരതയിലോ ശാസ്ത്രീയതിയിലോ വിട്ടുവീഴ്ചയാകാം എന്നല്ല. ആദ്യ വർഷം എല്ലാ സൂക്ഷ്മ മേഖലകളേയും സൂക്ഷ്മ പ്രശ്നങ്ങളേയും കൈകാര്യം ചെയ്യാൻ കഴിഞ്ഞു എന്നു വരില്ല എന്നാണ് അർത്ഥമാക്കുന്നത്. ഏറ്റവും പ്രധാന കാര്യങ്ങളിലേക്കും വ്യക്തതയുള്ളതും ഏകാഭിപ്രായം ഉള്ളതുമായ കാര്യങ്ങളിലേക്കും വിശകലനം ചുരുക്കേണ്ടി വന്നേക്കാം. പക്ഷേ, ഉൾപ്പെടുത്തുന്ന വിവരങ്ങൾ വസ്തുതാപരമായിരിക്കണം, കണിശത ഉറപ്പാക്കണം. വ്യക്തതയും അഭിപ്രായ ഐക്യവും പൊതുവെയുള്ള കാര്യങ്ങളിൽ ഒതുങ്ങി നിൽക്കാൻ തീരുമാനിച്ചാൽ പോലും ഏറെ പ്രയോജനപ്രദമായ ഇടപെടലുകൾ നടത്താനും നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ജില്ലാപദ്ധതി രൂപീകരണം സഹായിക്കും. വരും വർഷങ്ങളിൽ കൂടുതൽ വിശദവും സമഗ്രവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് ഇറങ്ങിക്കൊണ്ടുള്ള ഇടപെടൽ നിർദ്ദേശങ്ങളിലേക്ക് പോകാനും കഴിയും.

3. കരട് ജില്ലാ പദ്ധതി

3.1 കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം ജില്ലാ ആസൂത്രണ സമിതികളെ ഏൽപ്പിച്ചിട്ടുള്ള സുപ്രധാന ചുമതലയായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളാണ് ചുവടെ വിവരിക്കുന്നത്. എല്ലാ ജില്ലാ ആസൂത്രണ സമിതികളും ഈ മാർഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയക്രമത്തിനുള്ളിൽ തന്നെ ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്.

3.2 ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാതലത്തിൽ തയ്യാറാക്കി താഴേക്ക് നൽകുന്ന കരട് രേഖ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചും വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചും അന്തിമമാക്കണം. പ്രസ്തുത ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും (Plans) പ്രോജക്ടുകളും (Projects) തയ്യാറാക്കേണ്ടത്. ജില്ലാ തലത്തിലെ ഏകോപനത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ഡി.പി.സി ക്ക് നിർദ്ദേശിക്കാവുന്നതാണ്.

3.3 ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം ആദ്യഭാഗമായും കേന്ദ്ര/സംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയും (2017-18) വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രണ്ടാം ഭാഗമായും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തണം. ജില്ലാ പദ്ധതിയുടെ വിശദമായ ഘടന ചുവടെ ചേർക്കുന്നു.

ജില്ലാ പദ്ധതിയുടെ ഘടന

: **മുഖവുരയും ഉള്ളടക്കവും**

ഭാഗം I : **ജില്ലാ വികസന പരിപ്രേക്ഷ്യം**

അധ്യായം 1 : ആമുഖം: ജില്ലയുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിസ്തൃതി, ജനസംഖ്യ, ഭൂപ്രകൃതി, പ്രാഥമിക സ്ഥിതി വിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം.

അധ്യായം 2 : വിഭവലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)

അധ്യായം 3 : വികസനത്തിന്റെ സ്ഥലമാനങ്ങൾ

അധ്യായം 4 : വികസന മേഖലകൾ: അവസ്ഥയും പരിപ്രേക്ഷ്യവും

4.1 : ഉൽപാദന മേഖല

4.2 : സേവന മേഖല

4.3 : പശ്ചാത്തല മേഖല

4.4 : പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

ഭാഗം II : **ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ**

അധ്യായം 5 : കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

അധ്യായം 6 : തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും

അധ്യായം 7 : പരിപ്രേക്ഷ്യത്തിന്റെയും നിർദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

4. ജില്ലാ പദ്ധതി തയ്യാറാക്കൽ : ഘട്ടങ്ങൾ

4.1 ഘട്ടം 1 : ഉപസമിതികളുടെ രൂപീകരണം

4.1.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995 -ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-)ം ചട്ടത്തിൽ പ്രതിപാദിക്കുന്നത് പ്രകാരം ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഉപ സമിതികൾ രൂപീകരിക്കേണ്ട വിഷയ മേഖലകൾ ചുവടെ ചേർക്കുന്നു.

1 **ആമുഖ വിവരങ്ങൾ**

2 **വിഭവ ലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)**

3 **വികസനത്തിന്റെ സ്ഥലമാനങ്ങൾ**

4 **ഉല്പാദന മേഖല (5)**

4.1 നീർത്തടാതിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്-ജല സംരക്ഷണം ഉൾപ്പെടെ)

4.2 മൃഗ സംരക്ഷണം, ക്ഷീരവികസനം

4.3 മത്സ്യ വികസനം

4.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം , വനവികസനം

4.5 വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ

5 **സേവന മേഖല (3)**

5.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)

52 പാർപ്പിടം, സാമൂഹ്യക്ഷേമം സാമൂഹ്യ സുരക്ഷിതത്വം

5.3 വിദ്യാഭ്യാസം (അംഗനവാടി വിദ്യാഭ്യാസം ഉൾപ്പെടെ), സംസ്കാരം, കായികം, യുവജനകാര്യം

6 **പശ്ചാത്തല മേഖല (2)**

6.1 ഊർജ്ജം

6.2 ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

7 **പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (2)**

7.1 പട്ടികജാതി, പട്ടികവർഗ വികസനം

7.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ വിഭാഗം എന്നിവരുടെ വികസനം

4.1.2 പതിനഞ്ച് ഉപസമിതികൾ രൂപീകരിക്കണമെന്നാണ് നിർദ്ദേശിക്കുന്നതെങ്കിലും ജില്ലകളുടെ സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ഉപസമിതികൾ ആകാവുന്നതാണ്. ഉദാഹരണത്തിന് ആരോഗ്യത്തിനും കുടിവെള്ളത്തിനും പ്രത്യേകം ഉപസമിതികൾ ആവശ്യമാണെന്ന് കാണുന്ന ജില്ലകൾക്ക് അപ്രകാരം പ്രത്യേകം ഉപസമിതികൾ രൂപീകരിക്കാം. ഇവിടെ സൂചിപ്പിച്ചിട്ടില്ലാത്ത മേഖലകൾക്കും, ആവശ്യമെങ്കിൽ, ഉപസമിതികൾ രൂപീകരിക്കാവുന്നതാണ് (ഉദാ: സഹകരണം, ദാരിദ്ര്യ ലഘൂകരണം, നഗരവൽക്കരണം, അന്യ സംസ്ഥാന തൊഴിലാളികൾ, മത്സ്യതൊഴിലാളി വികസനം). തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ

വൻനഗരങ്ങൾ ഉള്ള ജില്ലകളിൽ വൻനഗരവും വൻനഗരമൊഴികെയുള്ള ഭാഗവും തമ്മിലുള്ള ഏകോപനത്തിനായി പ്രത്യേക ഉപസമിതി ആകാം.

4.1.3 ഉപസമിതിയുടെ ചെയർപേഴ്സൺ ഒരു ഡി.പി.സി അംഗവും വൈസ് ചെയർ പേഴ്സൺ വിഷയ മേഖലാ വിദഗ്ദ്ധനും കൺവീനർ വിഷയ മേഖലയുടെ ജില്ലാതല ഉദ്യോഗസ്ഥനും അംഗങ്ങൾ വിഷയ മേഖലയിലെ വിദഗ്ദ്ധരും ആയിരിക്കേണ്ടതാണ്. ഒരു ഡി.പി.സി അംഗത്തെ ഒന്നിലേറെ വിഷയ സമിതികളുടെ ചെയർപേഴ്സൺ ആയി നിശ്ചയിക്കാമെങ്കിലും എല്ലാ ഡി.പി.സി അംഗങ്ങൾക്കും ചുമതല വരുന്ന രീതിയിൽ വേണം ചെയർപേഴ്സൺമാരെ നിശ്ചയിക്കേണ്ടത്.

4.1.4 ഉപസമിതിയുടെ അംഗസംഖ്യ ചെയർ പേഴ്സൺ, വൈസ് ചെയർ പേഴ്സൺ, കൺവീനർ എന്നിവർ ഉൾപ്പെടെ 7 മുതൽ 15 വരെ ആകാവുന്നതാണ്. അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ഉദ്യോഗസ്ഥരെയും അനുദ്യോഗസ്ഥരായ വിദഗ്ദ്ധരെയും പരിഗണിക്കേണ്ടതാണ്. വൈദഗ്ദ്ധ്യം, സന്നദ്ധത എന്നീ ഘടകങ്ങൾ പരിഗണിച്ച് ഈ ഉദ്യമത്തിൽ കാര്യമായ സംഭാവന നൽകാൻ കഴിയുമെന്ന് ഉത്തമബോധ്യമുള്ളവരെ കണ്ടെത്തിവേണം ഉപസമിതികൾ രൂപീകരിക്കേണ്ടത്. അംഗങ്ങളിൽ പകുതി സർവ്വീസിൽ ഉള്ളവർ ആകുന്നത് അഭികാമ്യമായിരിക്കും. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ എന്നീ സംഘടനകളുമായി കൂടിയാലോചിച്ച ഗ്രാമ, ബ്ലോക്ക് പ്രസിഡന്റുമാരെയും മുനിസിപ്പൽ ചെയർപേഴ്സൺമാരെയും ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.

4.1.5 മിഷനുകളുമായുള്ള സംയോജനവും ഏകോപനവും സാധ്യമാക്കുന്നതിന് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും കുടുംബശ്രീ, സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങിയ മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും എസ്.എസ്.എ, ആർ.എം.എസ്.എ തുടങ്ങിയ പ്രോജക്ടുകളുടെ പ്രോജക്ട് ഓഫീസർമാരെയും ബന്ധപ്പെട്ട ഉപസമിതികളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

4.1.6 കരട് അധ്യായങ്ങൾ തയ്യാറാക്കുന്നതിന് ഉപസമിതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും അത് തയ്യാറാക്കേണ്ട പ്രധാന ഉത്തരവാദിത്തം ഉപസമിതിയുടെ കൺവീനറായ ജില്ലാതല ഉദ്യോഗസ്ഥനായിരിക്കും. ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ കാര്യമായ സംഭാവന നൽകാൻ കഴിയുന്നവരെയാണ് ഉപസമിതിയിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് സഹായകമാകുംവിധം ഉപസമിതിയിൽ ഉൾപ്പെടുത്തേണ്ടുന്ന അംഗങ്ങളുടെ പട്ടിക ജില്ലാതല ഉദ്യോഗസ്ഥൻ തയ്യാറാക്കി നൽകേണ്ടതാണ്. കൺവീനർക്ക് ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സഹകരണം ലഭിക്കുന്നുണ്ടെന്ന് ഡി.പി.സി നേതൃത്വം ഉറപ്പാക്കണം.

4.1.7 ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കാൻ സന്നദ്ധ സേവനത്തിന് തയ്യാറുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ ഉപസമിതിയിൽ അംഗങ്ങളാക്കി അവരുടെ

പങ്കാളിത്തം ജില്ലാ പദ്ധതി രൂപീകരണത്തിൽ ഉറപ്പാക്കേണ്ടതാണ്. ഉപസമിതി അംഗങ്ങളായി വിവിധ പ്രാദേശിക സർക്കാരുകളുടെ ആസൂത്രണ സമിതി അംഗങ്ങളേയും പരിഗണിക്കാവുന്നതാണ്.

4.1.8 ഡി.പി.സി യോഗത്തിന്റെ അംഗീകാരത്തോടെ ഒരു നടപടി ഉത്തരവിലൂടെ വേണം ഉപ സമിതികൾ രൂപീകരിക്കേണ്ടത്.

4.2 ഘട്ടം 2 : ജില്ലാതല കൂടിയാലോചനാ യോഗം

4.2.1 ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകുന്നതിനും പൊതു നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൂടിയാലോചനായോഗം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, മേയർ, മുനിസിപ്പൽ ചെയർമെൻസ് ചേമ്പറിന്റെയും ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെയും ജില്ലാ പ്രസിഡന്റും സെക്രട്ടറിയും, ഡി.പി.സിയുടെ ജോയിന്റ് സെക്രട്ടറിമാർ, മിഷനുകളുടെയും അതുപോലെയുള്ള മറ്റ് വികസന ഏജൻസികളുടെയും ജില്ലാതല ഉദ്യോഗസ്ഥർ (ഉദാ: കുടുംബശ്രീ, എസ്.എസ്.എ, ആർ.എം.എസ്.എ, തൊഴിലുറപ്പ് മിഷൻ, സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങിയവ), ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജനറൽ മാനേജർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), മേഖലാ ജോയിന്റ് ഡയറക്ടർ (നഗരകാര്യം), സംരംഭകർ, വ്യാപാരി-വ്യവസായി സംഘടനാ നേതാക്കൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപരരാണെന്ന് ഡി.പി.സി. കണ്ടെത്തുന്നവർ തുടങ്ങിയവരുടെ യോഗമാണ് വിളിച്ചു ചേർക്കേണ്ടത്. ഉപസമിതികളുടെ ചെയർപേഴ്സൺമാരെയും വൈസ് ചെയർപേഴ്സൺമാരെയും കൺവീനർമാരെയും കൂടി യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

4.3 ഘട്ടം 3 : കരട് ജില്ലാ പദ്ധതി തയ്യാറാക്കൽ

4.3.1 നടപ്പ വർഷത്തെ പദ്ധതികളുടെ / പ്രോജക്ടുകളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മുകൾത്തട്ടു-കീഴ്ത്തട്ടു നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ഏകോപിത പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ കണ്ടെത്തുകയുമാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ പ്രോജക്ടുകളുടെ വിശകലനവും മുകൾത്തട്ടു-കീഴ്ത്തട്ടു നിർദ്ദേശങ്ങൾ തയ്യാറാക്കലും നടത്തുന്നത് ജില്ലയുടെ വികസനം സംബന്ധിച്ച സമഗ്രമായ ഒരു പരിപ്രേക്ഷ്യത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം.

4.3.2 ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനു മുന്നോടിയായി ഓരോ വികസന മേഖലയുടെയും/ഉപ മേഖലയുടെയും നിലവിലെ അവസ്ഥ വിശകലനം ചെയ്യണം. ലഭ്യമായ സ്ഥിതി വിവര കണക്കുകളുടെ വിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, സ്ഥല സന്ദർശനം തുടങ്ങിയ രീതികൾ ഇതിനായി അവലംബിക്കാം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാ വിശകലന റിപ്പോർട്ടുകൾ വ്യത്യസ്ഥമായ ഗുണനിവാരം

പുലർത്തുന്നവയാണ്. എന്നിരുന്നാലും അവ ശേഖരിച്ച് പരിശോധിക്കുന്നത് ജില്ലാതലത്തിലെ അവസ്ഥാ വിശകലനം നടത്താൻ സഹായകരമാകും.

4.3.3 അവസ്ഥാ വിശകലനം സാധ്യമാക്കുന്നതിന്, ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട ഉപസമിതിക്ക് നൽകുന്നതിന് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതൊക്കെ സ്ഥിതി വിവരക്കണക്കുകൾ ഇത്തരത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് നിശ്ചയിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു ശില്പശാല സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. സംസ്ഥാന തലത്തിൽ ലഭ്യമായ സ്ഥിതിവിവര കണക്കുകൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജനറൽ ലഭ്യമാക്കുന്നതാണ്.

4.3.4 അവസ്ഥാ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസന സാധ്യതകൾ, ഏകോപന സാധ്യതകൾ, പുതിയ പ്രശ്നപരിഹാര രീതികൾ/ആശയങ്ങൾ തുടങ്ങിയവ കണ്ടെത്തണം. അടിയന്തിരമായി നടത്തേണ്ട ഇടപെടലുകൾ ഉണ്ടെങ്കിൽ അവയും കണ്ടെത്തണം.

4.3.5 അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്താവുന്നതാണ്. വികസന മേഖലയിൽ പതിമൂന്നാം പദ്ധതിയുടെ കാലയളവിലും, ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടേണ്ടത് എന്നു പറയാൻ കഴിയണം. ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്. വിവിധ തട്ടു ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ ജില്ലയുടെ സാധ്യതകളും, പരിമിതികളും പരഗണിച്ചുകൊണ്ട് ക്രമീകരിക്കുകയാണ് ഇതിലൂടെ ചെയ്യേണ്ടത്. ജില്ലയുടെ ഭൂമിശാസ്ത്രപരവും, പരിസ്ഥിതിപരവും, ജനസംഖ്യാപരവും സ്ഥലമാനപരവും സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടു മാത്രമേ വിവിധതട്ടു സർക്കാരുകളുടെ പദ്ധതിലക്ഷ്യങ്ങൽ ഓരോ പ്രദേശത്തും ക്രമീകരിച്ചു നടപ്പിലാക്കാനാകൂ.

4.3.6 മേഖലാതലത്തിലുള്ള പരിപ്രേക്ഷ്യങ്ങളുടെ സമഗ്രമായ ക്രോഡീകരണത്തിലൂടെ ജില്ലയുടെ പൊതു വികസന പരിപ്രേക്ഷ്യത്തിലേക്ക് എത്തിച്ചേരാനാകും. പൊതു വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മേഖലാ പരിപ്രേക്ഷ്യങ്ങളിൽ പൂരകമായ മാറ്റങ്ങൾ അനിവാര്യമായേക്കാം. സംഗ്രഹവും ഉപസംഹാരവും എന്ന അധ്യായത്തിൽ പൊതു വികസന പരിപ്രേക്ഷ്യം ഉൾപ്പെടുത്താവുന്നതാണ്.

4.3.7 ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ജില്ലയിലോ ജില്ലയ്ക്ക് പുറത്തോ പ്രവർത്തിക്കുന്ന വികസന-ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, മറ്റ് വിദഗ്ദ്ധ സ്ഥാപനങ്ങൾ എന്നിവയുടെ വിദഗ്ദ്ധ ഉപദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഉപ സമിതി അംഗങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങളുടെ പ്രതിനിധികളെ ചർച്ചയ്ക്ക് ക്ഷണിക്കുകയോ അല്ലെങ്കിൽ

സ്ഥാപനത്തിൽ പോയി ചർച്ച ചെയ്യുകയോ അതുമല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളിലൂടെയോ വിദഗ്ദ്ധ ഉപദേശം സ്വീകരിക്കാവുന്നതാണ്. അതുപോലെ വ്യത്യസ്ഥ മേഖലകളുടെ മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട മറ്റ് ഉപസമിതികളുമായി കൂടിയാലോചിക്കുകയും മറ്റ് ഉപസമിതികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രത്യേക കുറിപ്പായി നൽകുകയും ചെയ്യേണ്ടതാണ്.

4.3.8 ജില്ലാ ആസൂത്രണത്തിൽ മുഖ്യ പരിഗണന അർഹിക്കുന്ന ഒരു ഘടകമാണ് പശ്ചാത്തല സൌകര്യങ്ങളുടെ വികസനവും സ്ഥലമാനാസൂത്രണവും. സ്ഥലമാന ആസൂത്രണത്തെ ക്കുറിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ഉപസമിതി തയ്യാറാക്കി പ്രത്യേക അധ്യായമായി ഉൾപ്പെടുത്തുകയാണെങ്കിലും പ്രധാന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിഷയ മേഖലാ ഉപസമിതികൾക്ക് നൽകേണ്ടതും ഉപസമിതികൾ അവ മേഖലാതല അധ്യായത്തിൽ പ്രതിപാദിക്കേണ്ടതുമാണ്.

4.3.9 ജില്ലാ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് സമാന്തരമായി തന്നെ ഉപസമിതികൾ ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും അധ്യായം 5-ൽ ഉൾപ്പെടുത്തണം. ഇതിന് കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ജില്ലാ വിഹിതം വ്യക്തമാക്കുന്ന രേഖ ഉപയോഗപ്പെടുത്താവുന്നതാണ്. അധ്യായം 6-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി, ജനപങ്കാളിത്തം, വാർഷിക പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ എന്നീ ഘടകങ്ങൾ വിശകലന വിധേയമാക്കി ഭാവിയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയാണ് വേണ്ടത്. അതോടൊപ്പം മാതൃകാ പ്രോജക്ടുകളും നൂതന പ്രോജക്ടുകളും പ്രത്യേകം പട്ടികപ്പെടുത്തുകയും വേണം. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും അവലോകനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് നൽകേണ്ട നിർദ്ദേശങ്ങളും ഭാഗം II ൽ (അധ്യായം 5, 6 എന്നിവയിൽ) ഉൾപ്പെടുത്താവുന്ന താണ്.

4.3.10 ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത എന്നീ അധ്യായങ്ങൾ തയ്യാറാക്കുന്നതിനുള്ള ഉപ സമിതികൾ ബന്ധപ്പെട്ട അധ്യായങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ തയ്യാറാക്കണം. വിഭവ ലഭ്യത എന്ന അദ്ധ്യായത്തിൽ മാനവ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളുടെ സാധ്യതകൾ വിശദമായിത്തന്നെ വിശകലനം ചെയ്യുകയും ധന വിഭവത്തെ സംബന്ധിച്ചിടത്തോളം 2017-18 മുതൽ 5 വർഷക്കാലയളവിൽ ജില്ലയിലെ ഓരോ വികസന യൂണിറ്റിനും വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കാവുന്ന തുക ഏറെക്കുറെ കൃത്യമായി കണക്കാക്കി ഒരു പട്ടികയായി നൽകുകയും വേണം. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം എന്നിവ ഓരോ വർഷവും 10 ശതമാനം വർദ്ധിക്കുമെന്ന് കണക്കാക്കി 2021-22 വരെയുള്ള വിഹിതം നിശ്ചയിക്കാവുന്നതാണ്.

അതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളും സ്വകാര്യ സംരംഭങ്ങളുടെ സാധ്യതകളും പരിശോധിച്ച് ഉൾപ്പെടുത്തണം.

4.3.11 അവസ്ഥാ വിശകലനം നടത്തി കരട് ജില്ലാ പദ്ധതി രൂപപ്പെടുത്തുന്നതിന് ഉപസമിതികൾ ആവശ്യാനുസരണം യോഗം ചേരേണ്ടതും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കി കരട് രേഖ തയ്യാറാക്കേണ്ടതുമാണ്. ഉപസമിതിയുടെ ആദ്യയോഗത്തിൽ തന്നെ അംഗങ്ങൾക്ക് ചുമതലകൾ വിഭജിച്ച് നൽകുകയും ഓരോ അംഗവും തയ്യാറാക്കുന്ന കുറിപ്പുകൾ ഉപസമിതിയുടെ തുടർന്നുള്ള യോഗത്തിൽ വിശദമായി ചർച്ച ചെയ്ത് പരിപോഷിപ്പിക്കുന്നതുമായ രീതി അവലംബിക്കാവുന്നതാണ്. ഉപസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ ഡി.പി.സി അധ്യക്ഷന്റെയും മെമ്പർ സെക്രട്ടറിയുടെയും അംഗീകാരത്തോടെ ഉപസമിതിയിൽ ഉൾപ്പെടുത്തുകയോ പ്രത്യേക ക്ഷണിതാവായി പങ്കെടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

4.4 ഘട്ടം 4 : കരട് ജില്ലാ പദ്ധതി: അഭിപ്രായ രൂപീകരണം

4.4.1 ഘട്ടം 3-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്ന കരട് ജില്ലാ പദ്ധതി ജില്ലാ ആസൂത്രണ സമിതി പരിഗണിക്കേണ്ടതും തുടർന്ന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ചർച്ചകൾ സംഘടിപ്പിച്ചും അല്ലാതെയും കരട് ജില്ലാ പദ്ധതി സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തേണ്ടതുമാണ്.

4.4.2 അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി കരട് ജില്ലാ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്. അത് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. ചർച്ചകളിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദരെയും അതത് മേഖലകളിലെ പ്രഗത്ഭരായ സ്വകാര്യ സംരംഭകരെയും ലീഡ് ബാങ്ക് പ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചർച്ചകൾക്ക് ആസൂത്രണ സമിതി നേതൃത്വം നൽകണം.

4.4.3 തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുമ്പോൾ മേഖലകളിലെ ജില്ലാ തല അവസ്ഥയും ലക്ഷ്യവും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപന ത്തിന്റെയും വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സ്വകാര്യ സംരംഭകരുടെയും പങ്കും പ്രത്യേകം ചർച്ചചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. ഉദാഹരണത്തിന് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന് അനുസൃതമായി ഗ്രാമപഞ്ചായത്ത് / നഗരസഭാ പ്രദേശത്ത് എത്ര ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും അത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ഓരോ വികസന യൂണിറ്റിന്റെ പങ്കും ചർച്ചചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ഓരോ മേഖലയും ചർച്ച ചെയ്ത് പ്രസ്തുത നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന തീയതിക്കു മുമ്പായി ഡി.പി.സി.യ്ക്ക് ലഭ്യമാക്കണം.

4.4.4 അഭിപ്രായ രൂപീകരണം നടത്തുന്നതിന്റെ ഭാഗമായി കരട് രേഖ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ച് ഓൺലൈനിൽ അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നതുമാണ്. അഭിപ്രായങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള സൗകര്യം ഡി.പി.സി സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുകയും വേണം.

4.4.5 കരട് ജില്ലാ പദ്ധതി സംബന്ധിച്ച് വിവിധ രംഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങൾ ഉപ സമിതികളുടെ സഹായത്തോടെ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കണം. ജില്ലാ തല ക്രോഡീകരണത്തിനു ശേഷം ജില്ലാതല ലക്ഷ്യവും ജില്ലാ വികസന പദ്ധതിയും ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതാണ്.

4.5 ഘട്ടം 5 : ജില്ലാ വികസന സെമിനാർ

4.5.1 അഭിപ്രായ രൂപീകരണത്തിന് ശേഷം പരിഷ്കരിക്കുന്ന കരട് ജില്ലാ പദ്ധതി, ജില്ലാ ആസൂത്രണ സമിതി പരിഗണിച്ച് ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

4.5.2 വികസന സെമിനാറിൽ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, മേയർ, ഉപ സമിതികളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജില്ലാ ജനറൽ മാനേജർ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദഗ്ധർ, ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപരരാണെന്ന് ഡി.പി.സി. കണ്ടെത്തുന്ന മറ്റുള്ളവർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

4.5.3 ജില്ലാ പദ്ധതിക്ക് മൂർത്ത രൂപം നൽകുന്ന തരത്തിലായിരിക്കണം സെമിനാറിലെ ചർച്ചകൾ സംഘടിപ്പിക്കേണ്ടത്. ഉദ്ഘാടന സെഷനു ശേഷം ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത, വികസനത്തിന്റെ സ്ഥലമാനങ്ങൾ, ഉൽപാദനം, സേവനം, പശ്ചാത്തലം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ, കേന്ദ്ര- സംസ്ഥാന പദ്ധതികളുടെ അവലോകനം, പ്രാദേശിക പദ്ധതികളുടെ അവലോകനം എന്നിങ്ങനെ ഗ്രൂപ്പായി തിരിഞ്ഞ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതും തുടർന്ന് പ്ലീനറി സെഷനിൽ ശുപാർശകൾ അവതരിപ്പിച്ച് അന്തിമമാക്കുകയും ചെയ്യേണ്ടതാണ്.

4.5.4 ജില്ലാ വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഉപസമിതികളുടെ സഹായത്തോടുകൂടി ജില്ലാ ആസൂത്രണ സമിതി കരട് രേഖ പരിഷ്കരിക്കേണ്ടതും ഇത്തരത്തിൽ അന്തിമമാക്കിയ കരട് ജില്ലാ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതുമാണ്.

5. ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം

5.1 ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53-ൽ അനുശാസിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

5.2 വിവിധ ജില്ലകളുടെ കരട് ജില്ലാ പദ്ധതികൾ സംസ്ഥാന വികസന കൌൺസിലിൽ ചർച്ച ചെയ്യുന്നതും കൌൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുമാണ്.

5.3 സംസ്ഥാന സർക്കാർ അംഗീകരിച്ചു നൽകുന്ന ജില്ലാ വികസന പദ്ധതിയുടെ കോപ്പി തദ്ദേശഭരണ സ്ഥാപനങ്ങൾ, വികസന വകുപ്പുകൾ, വകുപ്പുകളുടെ ജില്ലാ തല ഓഫീസുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ജില്ലയിലെ എം.പി.മാർ, എം.എൽ.എമാർ, വികസന-ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും ലൈബ്രറികൾ എന്നിവർക്ക് ലഭ്യമാക്കണം. പ്രസിദ്ധീകരിച്ച രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ഔദ്യോഗിക വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും വേണം.

5.4 ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗ നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാവേണ്ടതാണ്.

6. ജില്ലാ പദ്ധതിയുടെ കാലാവധി

6.1 ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം എല്ലാ വർഷവും പുതുക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും വാർഷിക പദ്ധതികൾ വിലയിരുത്തി വരുംവർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ഡി.പി.സി. നൽകുന്ന നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം. ഇത് തീർച്ചയായും ഒരു വാർഷിക പ്രതിഭാസമാണ്. എന്നാൽ ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗത്ത് നൽകുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം കൂടുതൽ സ്ഥിരസ്വഭാവമുള്ളതാണ്. വികസന പരിപ്രേക്ഷ്യത്തിന്റെ കൂടി വെളിച്ചത്തിലാണ് രണ്ടാം ഭാഗത്തെ വാർഷിക നിർദ്ദേശങ്ങൾ തയ്യാറാക്കുക. എന്നാൽ വികസന പരിപ്രേക്ഷ്യവും കാലഹരണപ്പെടലിന്റെ നിയമങ്ങൾക്ക് അതീതമല്ല. വികസന പരിപ്രേക്ഷ്യവും നവീകരിക്കപ്പെടേണ്ടതുണ്ട്. ചുരുങ്ങിയ പക്ഷം എല്ലാ പഞ്ചവത്സര പദ്ധതികളുടേയും തുടക്കത്തിൽ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതാണ്. പക്ഷേ അഞ്ചു വർഷത്തിനു മുൻപ് തന്നെ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനിക്കുകയാണെങ്കിൽ അപ്രകാരം പുതുക്കി ശക്തിപ്പെടുത്താവുന്നതാണ്. 2017-18-ൽ ജില്ലാ വികസന പരിപ്രേക്ഷ്യം തിരക്കിട്ടു തയ്യാറാക്കുന്നതുകൊണ്ട് വരും വർഷങ്ങളിൽ ജില്ലാ വികസന പരിപ്രേക്ഷ്യത്തെ കൂടുതൽ സമഗ്രമാക്കാൻ അതാത് ഡി.പി.സികൾക്ക് മത്സരബുദ്ധിയോടുകൂടി ശ്രമിയ്ക്കാവുന്നതാണ്.

7. നിരീക്ഷണ സംവിധാനം

7.1 ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ മോണിറ്റിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

(a) സംസ്ഥാനതല മോണിറ്റിംഗ് കമ്മിറ്റി

അധ്യക്ഷൻ	:	മുഖ്യമന്ത്രി
സഹ അധ്യക്ഷൻ	:	തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി
ഉപ അധ്യക്ഷൻ	:	വൈസ് ചെയർമാൻ , സംസ്ഥാന ആസൂത്രണ ബോർഡ്
അംഗങ്ങൾ	:	1. ചീഫ് സെക്രട്ടറി
		2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
		3. അഡിഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്(കൺവീനർ)
		4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
		5. ഡയറക്ടർ, കില
		6. ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
		7. ഡയറക്ടർ, എസ്.ഡി.പി , ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
		8. ചീഫ് ടൌൺ പ്ലാനർ
		9. പഞ്ചായത്ത് ഡയറക്ടർ
		10. ഗ്രാമ വികസന കമ്മീഷണർ
		11. നഗരകാര്യ ഡയറക്ടർ
		12. ചീഫ് (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ്

(b) ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി

അധ്യക്ഷൻ	:	ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി
അംഗങ്ങൾ	:	1. ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ഡി.പി.സി
		2. ഡി.പി.സിയിലെ സർക്കാർ നോമിനി
		3. ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)
		4. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
		5. ജില്ലാ ടൌൺ പ്ലാനർ
		6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
		7. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
		8. മേഖലാ ജോയിന്റ് ഡയറക്ടർ(നഗരകാര്യം)
		9. കർമ്മ സേനകളുടെ കൺവീനർമാർ

7.2 സംസ്ഥാന മോണിട്ടറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ ചർച്ചചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

7.3 ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഉപസമിതികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ട നടപടികൾ

കൈക്കൊള്ളേണ്ടതുമാണ്. ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർത്ത് ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഉണ്ടെന്ന് കാണുകയാണെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കണം.

7.4 ഉപസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല ഡി.പി.സി സെക്രട്ടേറിയറ്റിന് ആയിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസർ എന്നിവർ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പുരോഗതി ഓരോ ആഴ്ചയിലും അവലോകനം ചെയ്യേണ്ടതാണ്.

8 സഹായ സംവിധാനങ്ങൾ

8.1 കൈപ്പുസ്തകവും ടൂൾകിറ്റും

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം സംസ്ഥാന ആസൂത്രണ ബോർഡിന്റെയും കിലയുടെയും സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെയും ആഭിമുഖ്യത്തിൽ തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.

8.2 റിസോഴ്സ് ടീം

ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് വേണ്ട സാങ്കേതിക സഹായം സംസ്ഥാന ആസൂത്രണ ബോർഡും കിലയും ലഭ്യമാക്കുന്നതാണ്. ആസൂത്രണ ബോർഡിനെയും കിലയെയും സഹായിക്കുന്നതിന്, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരിച്ച സംസ്ഥാന റിസോർസ് ഗ്രൂപ്പിന് പുറമെ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ സംസ്ഥാന തലത്തിൽ ഒരു റിസോഴ്സ് ടീം പ്രവർത്തിക്കുന്നതാണ്.

1. ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
2. ശ്രീ. വി.കെ. മധു, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, തിരുവനന്തപുരം
3. ശ്രീമതി. ടി.ഉഷാകുമാരി ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, വയനാട്
4. ശ്രീമതി. കെ.ജഗദമ്മ ടീച്ചർ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, കൊല്ലം
5. ശ്രീ. എ.പി.ഉണ്ണികൃഷ്ണൻ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, മലപ്പുറം
6. ശ്രീ. ടി. ഗംഗാധരൻ, ഗീതിക, കാന്തൾ.പി.ഒ, ഒഴാക്രം, കണ്ണൂർ
7. പ്രൊഫ.പി.കെ.രവീന്ദ്രൻ,. രജിസ്ട്രാർ, ഐ.ആർ.ടി.സി, പാലക്കാട്
8. ശ്രീ. എ.കസ്തൂരി രംഗൻ, ചീഫ് ടൌൺ പ്ലാനർ (റിട്ട.)
9. ശ്രീമതി.ടി.എം.സുധ, ചീഫ് ടൌൺ പ്ലാനർ (റിട്ട.)
10. ഡോ.ജോയ് ഇളമൻ, ഡയറക്ടർ, കില
11. ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ഡയറക്ടർ, എസ്.ഡി.പി , ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
13. ശ്രീ. കെ.രമണൻ, ചീഫ് ടൌൺ പ്ലാനർ
14. ശ്രീ. കെ. ശിവകുമാർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മിഷണർ (റിട്ട.)
15. പ്രൊഫ. എൻ. രമാകാന്തൻ, മെമ്പർ, കേരള ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ

16. ഡോ.സി.ഭാസ്കരൻ, പ്രൊഫസർ (റിട്ട), കേരള കാർഷിക സർവ്വകലാശാല
17. ശ്രീ.ടി.എസ്.രഘുലാൽ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്
18. ശ്രീ.എൻ.ജഗജീവൻ, കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ
19. ഡോ.ജെ.ബി.രാജൻ, അസ്സോസിയേറ്റ് പ്രൊഫസർ, കില
20. പ്രൊഫ.എ. സുഹൃത് കുമാർ, ലക്ച്ചറർ, ഗവ. ലാ കോളേജ്, തിരുവനന്തപുരം
21. പ്രൊഫ.ഇരുദയരാജൻ, പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്
22. ശ്രീ. കെ.കെ. ജനാർദ്ദനൻ, നീലാംബരി, ഇരുവേട്ടി, അരീക്കോട്, മലപ്പുറം
23. ശ്രീ.സജി ജോൺ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്

8.3 പരിശീലനം

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ഉപ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാരുകളുടെ അധ്യക്ഷൻമാർ, സെക്രട്ടറി, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, വൈസ് ചെയർമാൻമാർ, കൺവീനർമാർ മുതലായവർക്ക് ജില്ലാ പദ്ധതി സംബന്ധിച്ച് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതാണ്.

8.4 ജില്ലാ റിസോഴ്സ് ഗ്രൂപ്പ്

ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കാൻ സന്നദ്ധ സേവനത്തിന് തയ്യാറുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്. ഉപസമിതികളിൽ ഉൾപ്പെടുത്തി ഇവരുടെ സേവനം ജില്ലാ പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

8.5 പെർഫോർമൻസ് ഓഡിറ്റ് വിഭാഗം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം ചെയ്ത് ജില്ലാ പദ്ധതിയുടെ ഭാഗം II ൽ അധ്യായം 6 ആയി ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സേവനം ജില്ലാ ആസൂത്രണ സമിതി പ്രയോജനപ്പെടുത്തേണ്ടതാണ്.

8.6 ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ്

8.6.1 ഉപസമിതികളുടെ ആഭിമുഖ്യത്തിലാണ് ജില്ലാ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതെങ്കിലും ഇതിനുവേണ്ട സാങ്കേതിക സഹായം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് നൽകേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസ് എന്നീ മൂന്ന് ഓഫീസുകളാണ് ഉൾപ്പെടുന്നത്. ഡി.പി.സി സെക്രട്ടേറിയറ്റിൽ ഉൾപ്പെടുന്ന ഓഫീസുകളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസ് : സ്ഥലപരാസൂത്രണത്തിന് (spatial planning) ആവശ്യമായ സാങ്കേതിക സഹായം നൽകുക

ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് : ആസൂത്രണത്തിന് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുക

ജില്ലാ പ്ലാനിംഗ് ഓഫീസ് : ആസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

8.7 കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ വികസന വകുപ്പുകളുടെ സഹായത്തോടുകൂടി കേന്ദ്ര / സംസ്ഥാന പദ്ധതികളുടെ 2017-18 ലെ ബജറ്റ് വിഹിതത്തിൽ നിന്നും ഓരോ ജില്ലയ്ക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് ലഭ്യമാക്കുന്നതാണ്.

9. ചെലവുകൾ

9.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ വേണ്ടി വരുന്ന ചെലവുകൾ '3451-00-101-99 - പദ്ധതി തയ്യാറാക്കൽ, സർവേകൾ, പഠനങ്ങൾ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും ജില്ലാ ആസൂത്രണ സമിതികൾക്ക് വേണ്ടി വരുന്ന ചെലവുകൾ (അച്ചടി, വേതനം ഉൾപ്പെടെ) '3451-00-102-99- ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

9.2 കൈപ്പുസ്തകം തയ്യാറാക്കുന്നതിനും പരിശീലനത്തിനുമുള്ള ചെലവുകൾ കില വഹിക്കേണ്ട താണ്.

10. ജില്ലാ പദ്ധതി രൂപീകരണത്തിന്റെ പ്രവർത്തന കലണ്ടർ നിശ്ചയിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

****

കൊല്ലംജില്ലാകളക്ടറുടെ നടപടിക്രമം

(ഹാജർ. ഡോ. എസ് കാർത്തികേയൻ ഐ.എ.എസ്)

വിഷയം: ജില്ലാ പ്ലാനിംഗ് ആഫീസ്, കൊല്ലം - ജില്ലാ പദ്ധതി - ജില്ലാ ആസൂത്രണ സമിതി - ഉപസമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 23.09.2017ലെ സ.ഉ.(അച്ചടി) നം.19/2017/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 28.09.2017ലെ കൊല്ലം ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം

ഉത്തരവ് നം. 2236/2017/ഡി.പി.ഒ/കൊല്ലംതീയതി 07.10.2017

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 53 പ്രകാരവും രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ ഒരു സുപ്രധാന ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടു ്. കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995 ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-ാം ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം വിഷയമേഖല തലത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ ഉപസമിതികൾ രൂപികരിക്കേ തു ്. 28.09.2017 ൽ കൂടിയ കൊല്ലം ജില്ലാ ആസൂത്രണ സമിതി യോഗം **19 ഉപസമിതികൾ** രൂപികരിക്കുവാൻ (പരാമർശം 2)തീരുമാനിച്ചു.

ക്രമനമ്പർ	ഉപസമിതിയുടെ പേര്
1	ആമുഖവിവരങ്ങൾ
2	വിഭവലഭ്യത (മനുഷ്യ, -പ്രകൃതി,-ധന,-സ്ഥാപന വിഭവങ്ങൾ)
3	വികസനത്തിന്റെ സ്ഥലമാനങ്ങൾ
4	നീർത്തടാധിഷ്ഠിതവികസനം (കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം)
5	മൃഗസംരക്ഷണം, ക്ഷീരവികസനം
6	മത്സ്യവികസനം
7	പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വന വികസനം, ദുരന്തനിവാരണം
8	വ്യവസായം, വിവരസാങ്കേതികവിദ്യ, വാണിജ്യം, സ്വയംതൊഴിൽസംരംഭങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ
9	ആരോഗ്യം, ശുചിത്വം (ഖര-ദ്രാവകമാലിന്യസംസ്കരണംഉൾപ്പെടെ)
10	കുടിവെള്ളം
11	പാർപ്പിടം, ദാരിദ്ര്യലഘൂകരണം
12	വനിതാവികസനം, സാമൂഹ്യനീതി, സാമൂഹ്യസുരക്ഷിതത്വം, വയോജനങ്ങൾ - കുട്ടികൾ - ഭിന്നശേഷിയുള്ളവർ - ട്രാൻസ്ജെൻഡർ വിഭാഗംഎന്നിവരുടെവികസനം
13	വിദ്യാഭ്യാസം
14	കായികവികസനം, യുവജനകാര്യം, സംസ്കാരം
15	ഊർജ്ജം
16	പശ്ചാത്തലസൗകര്യങ്ങൾ-(റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ) ഗതാഗതം, വാർത്താവിനിമയം, നഗരവത്ക്കരണം

17	പട്ടികജാതി - പട്ടികവർഗ്ഗ വികസനം
18	സഹകരണം
19	വിനോദസഞ്ചാരം

മേൽസാഹചര്യത്തിൽ,കരട്ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് പരാമർശം 1 & 2 പ്രകാരം 19 ഉപസമിതികൾ അനുബന്ധപ്രകാരം രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഉപസമിതികൾ പരാമർശം 1 ഉത്തരവ് പ്രകാരം പ്രവർത്തിക്കേ താണ്.

ഒപ്പ്
ജില്ലാ കളക്ടർ &
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

ഉത്തരവിൻ പ്രകാരം
ഒപ്പ്
ജില്ലാ പ്ലാനിംഗ്ആഫീസർ

1. എല്ലാ ഉപസമിതി ചെയർമാൻമാർക്കും
2. എല്ലാ ഉപസമിതി കൺവീനർമാർക്കും
3. എല്ലാ ഉപസമിതി കോ- കൺവീനർമാർക്കും
4. എല്ലാ ഉപസമിതി അംഗങ്ങൾക്കും

പകർപ്പ്

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (ഉപരിപത്രംസഹിതം)
2. ചീഫ് ഇൻ ചാർജ്ജ്, വികേന്ദ്രീകതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
3. സി.എ.ടു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
4. സി.എ.ടു ജില്ലാ കളക്ടർ
5. സ്റ്റോക്ക് ഫയൽ

കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ. ഡോ. എസ് കാർത്തികേയൻ ഐ.എ.എസ്)

വിഷയം: ജില്ലാ പ്ലാനിംഗ് ആഫീസ്, കൊല്ലം - ജില്ലാ പദ്ധതി - ജില്ലാ ആസൂത്രണ സമിതി - ഉപസമിതികൾ രൂപീകരണം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 23.09.2017ലെ സ.ഉ.(അച്ചടി) നം.19/2017/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. ഈ ഓഫീസിലെ 7.10.2017 ലെയും 24.10.2017 ലെയും ഇതേ നമ്പർ ഉത്തരവുകൾ.
3. 13.10.2017-ൽ കൂടിയ ഉപസമിതി യോഗങ്ങൾ
4. 13.10.2017 ലെ മത്സ്യവികസന ഉപസമിതിയുടെ മിനിറ്റ്സ്
5. 13.10.2017 ലെ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനം-വനവികസനം - ദുരന്തനിവാരണം ഉപസമിതിയുടെ മിനിറ്റ്സ്
6. കുടിവെള്ളം ഉപസമിതി കൺവീനർ, കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, എക്സി. എൻജിനീയറുടെ 23.10.2017 ലെ കത്ത്.
7. പാർപ്പിടം-ദാരിദ്ര്യലഘൂകരണം ഉപസമിതി കൺവീനർ ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടറുടെ 23.10.2017 ലെ കത്ത്.
8. ഊർജ്ജം ഉപസമിതി കൺവീനർ KSEB ഡെ.ചീഫ് എൻജിനീയറുടെ 25.10.2017 ലെ കത്ത്.

ഉത്തരവ് നം. 2236/2017/ഡി.പി.ഒ/കൊല്ലം തീയതി. 02.11.2017

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 53 പ്രകാരവും രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ ഒരു സുപ്രധാന ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 1 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടു ്.

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995 ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-ാം ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം വിഷയമേഖല തലത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ 19 ഉപസമിതികൾ പരാമർശം 2 പ്രകാരം രൂപികരിച്ചിട്ടു ്.

പരാമർശം 3 പ്രകാരം 13.10.2017 ൽ ഉപസമിതി അംഗങ്ങൾക്ക് ഏകദിന പരിശീലനം നൽകുകയും ഉപസമിതികളുടെ ആദ്യ യോഗങ്ങൾ കൂടുകയുമു ായി.

പരാമർശങ്ങൾ 4,5,6,7,8 എന്നിവ പ്രകാരം ഉപസമിതി കൺവീനർമാർ ചില ഉദ്യോഗസ്ഥരെയും വിദഗ്ധരെയും ഉപസമിതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

കൂടാതെ 13.10.2017 ൽ നടന്ന പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത ചില അംഗങ്ങളെ ഒഴിവാക്കേ തും ഉപസമിതികൾ കൂടിയതിന്റെ അടിസ്ഥാനത്തിൽ ഉപസമിതി കൺവീനർമാർ നിർദ്ദേശിച്ച പുതിയ അംഗങ്ങളെ ഉൾപ്പെടുത്തേ തുമു ്.

മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി ഉപസമിതികളിൽ നിലവിലുള്ള ചില അംഗങ്ങളെ ഒഴിവാക്കിയും പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിയും 19 ഉപസമിതികൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധ പ്രകാരം പുന:സംഘടിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം 2 ലെ ഉത്തരവ് മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

ഒപ്പ്
ജില്ലാ കളക്ടർ &
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

ഉത്തരവിൻ പ്രകാരം
ഒപ്പ്
ജില്ലാ പ്ലാനിംഗ്ആഫീസർ

1. എല്ലാ ഉപസമിതി ചെയർമാൻമാർക്കും
2. എല്ലാ ഉപസമിതി കൺവീനർമാർക്കും
3. എല്ലാ ഉപസമിതി കോ- കൺവീനർമാർക്കും

പകർപ്പ്

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (ഉപരിപത്രം സഹിതം)
2. ചീഫ് ഇൻ ചാർജ്ജ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
4. സി.എ ടു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
5. സി.എ ടു ജില്ലാ കളക്ടർ
6. സ്റ്റോക്ക് ഫയൽ

അനുബന്ധം

ജില്ലാ ആസൂത്രണ സമിതി കൊല്ലം – ജില്ലാ പദ്ധതി രൂപീകരണം
ഉപസമിതി 1 – ആമുഖ വിവരങ്ങൾ

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.എം.വിശ്വനാഥൻ, ഡി.പി.സി മെമ്പർ & സർക്കാർ നോമിനി, കിളിത്തട്ടിൽ, തിരുമുല്ലാവാരം പി.ഒ, കൊല്ലം	9895790057	viswanathankollam@gmail.com
വൈസ് ചെയർപേഴ്സൺ			
	ശ്രീ. പി.ആനന്ദൻ, (റിട്ട.ജില്ലാ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസർ), സരയൂ, പനച്ചാലം, മുഖത്തല പി.ഒ, കൊല്ലം	9495351547	
കൺവീനർ			
	ഡെ. ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് ആഫീസർ, കൊല്ലം	9495439709	ecostatklm@gmail.com
കോ – കൺവീനേഴ്സ്			
1	ശ്രീ.അബ്ബാസ്.പി.കെ, ജില്ലാ ആഫീസർ, E&S	9447981575	ecostatklm@gmail.com
2	ശ്രീ.ആർ.രവീന്ദ്രൻപിള്ള RO(MI) E&S, കൊല്ലം	9446661741	ecostatklm@gmail.com
3	ശ്രീ.സതീഷ്കുമാർ.വി, ADO (TRS), E&S, കൊല്ലം	8547361641	ecostatklm@gmail.com
4	ശ്രീ.ബിന്ദു. എസ്, ADO (SRS), E&S, കൊല്ലം	9562773563	ecostatklm@gmail.com
5	ശ്രീ.ഫിലിക്സ് ജോയി.എഫ്, RO(IIP & NSS)	8289918457	ecostatklm@gmail.com
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.സോമശേഖരൻ പിള്ള.എം, അസോസിയേറ്റ് പ്രൊഫസർ & ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം	9495476052	mspillai3@gmail.com
2	ശ്രീ.രത്നകുമാർപിള്ള.കെ, EO(P & M) ബ്ലോക്കാഫീസ്, ഓച്ചിറ	9400149280	retnakumarpillai.k@gmail.com
3	ശ്രീ.നിഖിൽകുമാർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവ.ഗ്രേഡ് - 1 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് - കൊല്ലം	9946444559	kalladanikhil@gmail.com
4	ശ്രീ.താജുദീൻകുഞ്ഞ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് - കരുനാഗപ്പള്ളി	9447559787	tajkadavil@gmail.com
5	ശ്രീമതി.റിൻസിമോൾ കെ.സി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - 1, ജില്ലാ ഓഫീസ്, കൊല്ലം	9288169478	rencyumesh@gmail.com
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	അഡ്വ.ശ്രീ.രാജേന്ദ്രബാബു, മേയർ, കൊല്ലം കോർപ്പറേഷൻ	_	_

2	ശ്രീ.ആർ.വിശ്വനാഥൻ, റിട്ട.ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, വടക്കേക്കര വീട്, ആയുർ പി.ഒ	9947798415	rviswanadhan@gmail.com
3	ഇഞ്ചക്കാട് ബാലചന്ദ്രൻ (റിട്ട.താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ),വളാമ്പുറത്ത്, ഇഞ്ചക്കാട്, കക്കാക്കുന്ന് പി.ഒ,	8943846959	
4	ശ്രീ.എസ്.പങ്കജാക്ഷൻനായർ (റിട്ട.താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ), പൂജാദർശൻ, ആദിത്യനഗർ - 216, മാടൻനട, വടക്കേവിള പി.ഒ, , കരുനാഗപ്പള്ളി	9847065243	

ഉപസമിതി 2 – വിഭവ ലഭ്യത (മനുഷ്യ – പ്രകൃതി – ധന – സ്ഥാപന വിഭവങ്ങൾ)

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.എം.വിശ്വനാഥൻ, ഡി.പി.സി മെമ്പർ & സർക്കാർ നോമിനി, കിളിത്തട്ടിൽ, തിരുമുല്ലാവാരം പി.ഒ, കൊല്ലം	9895790057	viswanathankollam@gmail.com
വൈസ് ചെയർപേഴ്സൺ			
	ശ്രീ.ഹുമയൂൺ.ഡി, റിട്ട.ജോയിന്റ് ഡയറക്ടർ, അനുഗ്രഹം, കെ.റ്റി.എൻ, 325, മാളികവയൽ, വടക്കേവിള, കൊല്ലം	8547574787	hymayoond@gmail.com
കൺവീനർ			
	ജില്ലാ പ്ലാനിംഗ് ആഫീസർ, കൊല്ലം	9495098591	dpokollam@gmail.com
കോ – കൺവീനേഴ്സ്			
1	മാനേജർ ലീഡ് ബാങ്ക്, ഇന്ത്യൻ ബാങ്ക്, കൊല്ലം	9447742651	
2	ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, കൊല്ലം		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	9446527674	
2	അസി.പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	9249212019	
3	റിസർച്ച് ഓഫീസർ 1, ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	9744009541	
4	റിസർച്ച് ഓഫീസർ 2, ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	9961487770	

5	റിസർച്ച് അസി.3, ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം	9562346197	
6	ശ്രീമതി.പി.വിജയലക്ഷ്മി (RA,Eco&Stat), നഗരാസൂത്രണ കാര്യാലയം		
7	ശ്രീ.വിനുകുമാർ വി., മാനേജർ, കൊല്ലം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്	9495378621	
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ.കരീപ്ര.എസ്.രാജേന്ദ്രൻ, റിട്ട.റിസർച്ച് അസി., കൊച്ചുതു ിൽവീട്, നെല്ലിമുക്ക് പി.ഒ, കരീപ്ര	8547592854	

ഉപസമിതി 3– വികസനത്തിന്റെ സ്ഥലമാനങ്ങൾ

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.എം.വിശ്വനാഥൻ, ഡി.പി.സി മെമ്പർ & സർക്കാർ നോമിനി, കിളിത്തട്ടിൽ, തിരുമുല്ലാവാരം പി.ഒ, കൊല്ലം	9895790057	viswanathankollam@gmail.com
വൈസ് ചെയർപേഴ്സൺ			
	ശ്രീ. ജേക്കബ് ഈശോ (റിട്ട. അഡീഷണൽ ചീഫ് ടൗൺ പ്ലാനർ), വലിയപറമ്പിൽ, TKMC പി.ഒ, കരിക്കോട്, കൊല്ലം	8606473220	jacobeasw@gmail.com
കൺവീനർ			
	ജില്ലാ ടൗൺ പ്ലാനർ	9645544953	tpkollam@gmail.com
കോ–കൺവീനർ			
1	ശ്രീ.ബൈജു കെ, ടൗൺ പ്ലാനർ, മുഖ്യനഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡോ. മനോജ് കുമാർ കിണി, പ്രൊഫ: സി.ഇ.റ്റി., തിരുവനന്തപുരം	9846096174	kinimanoj@gmail.com
2	ശ്രീമതി. ജലീല. എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ	9388204951	jaleelasalam@gmail.com
3	ശ്രീമതി. രേഖ. ആർ. ചന്ദ്രൻ, മുനിസിപ്പൽ എഞ്ചിനീയർ, പരവൂർ മുനിസിപ്പാലിറ്റി	9447957874	rekhare@gmail.com
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ. ജി. കൃഷ്ണൻ, (റിട്ട. ടൗൺപ്ലാനർ), ജെ.ജെ. ഭവൻ, പ്ലാവിള, പുലിയില, നല്ലില. പി.ഒ-691515	9446815545	
2	ശ്രീ. സിറാജ്കുഞ്ഞ്. എം, (റിട്ട. ഡി.പി.ഒ), മീനത്തേരിൽ, മേമന, ഓച്ചിറ - 690526	9447161375	sirajmeenatheri@gmail.com

ഉപസമിതി 4 – നീർത്തടാധിഷ്ഠിത വികസനം
(കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം)

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി. കെ. ജഗദമ്മ ടീച്ചർ, ഡി. പി. സി ചെയർപേഴ്സൺ & ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലം	**9446527126**	
വൈസ് ചെയർപേഴ്സൺ			
	ശ്രീമതി. ആർ. ജയന്തി ദേവി, റിട്ട. കൃഷി ജോ. ഡയറക്ടർ ചൈത്രം, കരിങ്ങന്നൂർ പി. ഒ – 691516	**9447417755**	
കൺവീനർ			
	പ്രിൻസിപ്പൽ കൃഷി ആഫീസർ, കൊല്ലം	9446014137 0474-2795082	principalaokollam@gmail.com
കോ – കൺവീനേഴ്സ്			
1	ജില്ലാ കോ-ഓർഡിനേറ്റർ, ഹരിതകേരള മിഷൻ, കൊല്ലം		
2	എക്സി. എഞ്ചിനീയർ, ഇറിഗേഷൻ, കൊല്ലം	9447589210	eeirrigationklm@gmail.com
3	എക്സി.എഞ്ചിനീയർ മൈനർ ഇറിഗേഷൻ, കൊല്ലം	9895271049	manumnj@yahoo.co.in
4	ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കൊല്ലം	9447632532	dscokollam@gmail.com
5	പ്രൊഫ. & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, സദാനന്ദപുരം, കൊല്ലം	9496329187	
6	എക്സി. എഞ്ചിനീയർ, അഗ്രി.എൻജിനീയറിംഗ്, കുരീപ്പുഴ, കൊല്ലം		
7	ഡെപ്യൂട്ടി.ഡയറക്ടർ, കേരള നീർത്തട വികസന പരിശീലന കേന്ദ്രം, ചടയമംഗലം		
8	ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, MGNREGS, കൊല്ലം		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.നജീബ്.പി.എച്ച്, കൃഷി ഡെ.ഡയറക്ടർ (E & T)	9446340675	
2	ശ്രീമതി. സക്കീലത്ത്.എച്ച്, കൃഷി ഡെ.ഡയറക്ടർ (WN)	9446444681	
3	ശ്രീമതി. സൂസൻ അലക്സാ ർ, കൃഷി ഡെ.ഡയറക്ടർ (YP)	9446342228	

4	അസി.ഡയറക്ടർ, സോയിൽ സർവ്വേ, കൊല്ലം		
5	ഡെ.ഡയറക്ടർ, നീർത്തട വികസന പരിശീലന കേന്ദ്രം, ചടയമംഗലം		
6	ശ്രീ.കെ.സജീവ് കുമാർ, സീനിയർ അഗ്രി.ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ		
7	അസി.ഡയറക്ടർ, സോയിൽ കൺസർവേഷൻ, ശാസ്താംകോട്ട		
8	ശ്രീമതി.തേജസ്വീദായി.വി, കൃഷി അസി.ഡയറക്ടർ	9895213783	
9	ശ്രീ.കെ.എസ്.പ്രദീപ്, അഗ്രി.ഓഫീസർ, പട്ടാഴി		
10	ശ്രീ.കെ.ആർ.സജികുമാർ, അഗ്രി.ഓഫീസർ, കി.കല്ലട		
11	ശ്രീ.പ്രമോദ്, കൃഷി ഓഫീസർ, ചാത്തന്നൂർ	9496769074	
12	ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, കോട്ടുക്കൽ		
13	ശ്രീ.കെ.എസ്.രാധാകൃഷ്ണൻ നായർ, സീനിയർ അഗ്രി.ഓഫീസർ, കോക്കനട്ട് നേഴ്സറി, കരുനാഗപ്പള്ളി		
14	ശ്രീമതി. രമ്യ.ആർ.എസ്, കൃഷി ഓഫീസർ, മയ്യനാട്	9447816780	
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.ഷീജ. കെ.ആർ, ജില്ലാ പഞ്ചായത്ത് അംഗം, കാർത്തിക, ആറ്റിന് കിഴക്കേക്കര, വില്ലുമല പി.ഒ, കുളത്തൂപ്പുഴ - 691310	9495116240	
2	ശ്രീ.എം.ഭാസ്കരൻ, അജയ ഭവൻ, പട്ടത്താനം പി.ഒ, കൊല്ലം	9961129747	
3	ശ്രീ.സജീഷ്.എസ്, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, കൊല്ലം (ബ്ലോക്ക് പ്രസിഡന്റ്, പത്തനാപുരം)		
4	ശ്രീ. ജെ. അശോകൻ, പ്രസിഡന്റ്, കരീപ്ര ഗ്രാമപഞ്ചായത്ത്		
5	ശ്രീ.രാമാനുജൻ തമ്പി, (റിട്ട.സോയിൽ കൺസർവേഷൻ ഓഫീസർ),ചന്ദ്രികാപത്മം, കുന്നത്തൂർ പി.ഒ	8547922697	
6	ശ്രീ.സ്റ്റാൻലി ചാക്കോ, (റിട്ട.ജോ.ഡയറക്ടർ, കൃഷിവകുപ്പ്,) തൊടിയിൽ പുത്തൻവീട്, കൊല്ലം	9447410559	
7	ശ്രീ.റ്റി.കെ.വിജയൻ, (റിട്ട. ഫാം മാനേജർ, കാർഷിക സർവ്വകലാശാല) കൂറ്റമണ്ണിൽ ഹൗസ്, പെരുങ്ങാല പി.ഒ, കായംകുളം - 690559	9447595862	

8	ശ്രീമതി.ശിബിന.എ, ഷെഫീനാ മൻസിൽ, താഴത്തുച്ചേരി, വെൺപാലക്കര നഗർ 73, കൂട്ടിക്കട പി.ഒ, തട്ടാമല	9497480483	
9	ശ്രീമതി.ഷീല.വി, നിഷാഭവനം (മംഗലശ്ശേരി ഹൗസ്), കുഴിയം, ചന്ദനത്തോപ്പ് (ആത്മ)	9497480483	
10	ശ്രീ.റ്റി.പ്രേംലാൽ., (റിട്ട.അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ)	9446905595	
11	ശ്രീ.പി.പുരുഷോത്തമൻ, ഇടയ്ക്കിടം, എഴുകോൺ		

ഉപസമിതി 5 – മൃഗസംരക്ഷണം,ക്ഷീര വികസനം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി ആശാ ശശിധരൻ, ഡി.പി.സി മെമ്പർ, ഈട്ടിവിള വീട് (തേജസ്), കുയം (പി.ഒ), പത്തനാപുരം – 689 695	9446107349	
വൈസ് ചെയർപേഴ്സൺ			
	ശ്രീമതി. ആനിമേരി, ഗോൺസാൽവോസ്, റിട്ട.അഡീ.ഡയറക്ടർ, മൃഗസംരക്ഷണം, പ്രൊവിഡൻസ്– 283, കാവനാട് പി.ഒ, കൊല്ലം – 3	9447472164	
കൺവീനർ			
	ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കൊല്ലം	9447103737	dahoklm.ker@nic.in
കോ – കൺവീനേഴ്സ്			
1	ഡെപ്യൂട്ടി. ഡയറക്ടർ, ക്ഷീരവികസനം, ശ്രീ.സി.രവീന്ദ്രൻപിള്ള	9446376108	dairydeptkollam@gmail.com
2	ഡോ.ഡി.ഷൈൻകുമാർ, അസി.ഡയറക്ടർ, ജില്ലാ വെറ്ററിനറി സെന്റർ, ഓലയിൽ, കൊല്ലം		drdshinekumar@gmail.com
3	ഡോ.പി.ബി.പ്രസാദ് , അസി. ഡയറക്ടറർ, ജില്ലാ ടർക്കി ഫാം,	9447454109	rpfgll@gmail.com
4	ഡോ.താജുദീൻകുഞ്ഞ് , ചീഫ് വെറ്റിനറി ഓഫീസർ, ജില്ലാ വെറ്റിനറികേന്ദ്രം,	9847473159	athajudeen7@gmail.com
5	ഡോ.ഡി.സുഷമകുമാരി, പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി, കൊട്ടാരക്കര	9446052293	drsushamakaralil@gmail.com
6	ശ്രീമതി. ജയലക്ഷ്മി, കെ (ടെക്നിക്കൽ അസി., ക്ഷീരവികസനം)	94461148224	dairydeptkollam@gmail.com

7	ശ്രീമതി. നിഷ.ബി.എസ്, ക്വാളിറ്റി കൺട്രോൾ ഓഫീസർ	9995240861	dairydeptkollam@gmail.com
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡോ.പി.എസ്.ശ്രീകുമാർ, സൂപ്രണ്ട്, ബഫലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല	9447218074	suptbbf@gmail.com
2	ഡോ.ജി.സുജാത, അസി.പ്രോജക്ട് ഓഫീസർ, റീജിയണൽ എ.എച്ച്. സെന്റർ, കൊട്ടിയം	9495975545	sujathamuraly@gmail.com
3	ഡോ.ഡി.നിഷ, അസി.പ്രോജക്ട് ഓഫീസർ, റീജിയണൽ എ.എച്ച്. സെന്റർ, കൊട്ടാരക്കര	9447557813	drnishaajith@gmail.com
4	ഡോ.പുഷ്പലത, അസി.പ്രോജക്ട് ഓഫീസർ, റീജിയണൽ എ.എച്ച്. സെന്റർ, പത്തനാപുരം	9495216361	pushpalatharaicptpm@gmail.com
5	ഡോ.അജിലാസ്റ്റ്, അസി.പ്രോജക്ട് ഓഫീസർ, റീജിയണൽ എ.എച്ച്. സെന്റർ, ശാസ്താംകോട്ട	9495196074	drajilashtchaithnya@gmail.com
6	ഡോ.രാജേഷ്, സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി പോളീ ക്ലിനിക്ക്, കരുനാഗപ്പള്ളി	9984902280	krajeshvet@rediffmail.com
7	ശ്രീമതി.സീജ എ.(SAGr-1,Eco&Stat), ജില്ലാ മൃഗസംരക്ഷണ ഓഫീസ്		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി. ഗീതാകുമാരി, മുനിസിപ്പൽ ചെയർപേഴ്സൺ, കൊട്ടാരക്കര		
2	ശ്രീ.ജി.രാജൻ, കാർത്തിക, ക്ര ാംകാണി, പട്ടംതുരുത്ത് പി.ഒ, മൺറോതുരുത്ത്	9947376189	
3	ശ്രീമതി. ഷേർളി ശ്രീകുമാർ, പ്രസിഡന്റ്, ഓച്ചിറ ബ്ലോക്ക്		
4	ശ്രീ.സുബ്രഹ്മണ്യൻ പിള്ള ആർ. കൃഷ്ണകൃപ, ഇ.എസ്.ഐ ഡിസ്പെൻസറിക്കു സമീപം, പുനലൂർ	9446256938	
5	ഡോ.പി.ബാഹുലേയൻ, തേവള്ളി, കൊല്ലം	9447557515	

ഉപസമിതി 6 – മത്സ്യവികസനം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി ആശാ ശശിധരൻ, ഡി.പി.സി മെമ്പർ, ഈട്ടിവിള വീട് (തേജസ്), കുയം (പി.ഒ), പത്തനാപുരം – 689 695	**9446107349**	

വൈസ് ചെയർപേഴ്സൺ			
	ശ്രീ. പ്രസന്നകുമാർ. കെ. ജെ, റിട്ട. ജോ. ഡയറക്ടർ, ഫിഷറീസ്, കാവേരി, ഇടവനശ്ശേരി, മൈനാഗപ്പള്ളി	**9496271283**	
കൺവീനർ			
	ഡെപ്യൂട്ടി ഡയറക്ടർ, ഫീഷറീസ്, കൊല്ലം	9447192850	ddfkollam@gmail.com
കോ – കൺവീനേഴ്സ്			
1	ചീഫ്. എക്സി. ഓഫീസർ, FFDA (DDF, കൊല്ലം)	9447192850	ddfkollam@gmail.com
2	ചീഫ്. എക്സി. ഓഫീസർ, BFFDA	നിലവിലില്ല	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.പ്രശാന്ത് എം.എസ്, ജില്ലാ ആഫീസർ, മത്സ്യഫെഡ്	9526041052	melooturprasanth@gmail@yahoo.com
2	ശ്രീമതി.സോഫിയ മാർഗരറ്റ് ജോസഫ് (നോഡൽ ആഫീസർ)	9947824661	ddfkollam@gmail.com
3	ശ്രീമതി.താര.ജെ.ജെ. (അസി.നോഡൽ ആഫീസർ)	9446537904	ddfkollam@gmail.com
4	ശ്രീമതി.ഗീതാകുമാരി പി., ഫിഷറീസ് അസി.ഡയറക്ടർ		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.ശോഭനാ എം. മുനിസിപ്പൽ ചെയർമാൻ, കരുനാഗപ്പള്ളി		
2	ശ്രീ.സന്തോഷ്.സി, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ (പ്രസിഡന്റ്, ചിറ്റുമല ബ്ലോക്ക്)		
3	ശ്രീ.കെ.ബാബുരാജൻ, പ്രസിഡന്റ്, കുണ്ടറ ഗ്രാമപഞ്ചായത്ത്		
4	ശ്രീ.ചന്ദ്രശേഖരൻ വി, പണ്ടകശാല, ആലുംപീടിക പി.ഒ - 690547	9446286252	
5	ശ്രീ.വി.കെ.മധുസൂദൻ, ദേവിവിഹാർ, തട്ടാശ്ശേരി, ചവറ	9446593812	
6	ഡോ.അപ്പുക്കുട്ടൻ, റിട്ട.പ്രിൻസി.സയന്റിസ്റ്റ്, CMFRI		
7	ശ്രീ.സി.രാജേന്ദ്രൻ, റിട്ട.ഫിഷറീസ് ഡെ.ഡയറക്ടർ		
8	ശ്രീ.കരുണാകരൻ, റിട്ട.ഫിഷറീസ് ഡെ.ഡയറക്ടർ		
9	ശ്രീ.ജി.ബാബു, റിട്ട.ജില്ലാ മാനേജർ, മത്സ്യഫെഡ്		

ഉപസമിതി 7 – പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വന വികസനം, ദുരന്തനിവാരണം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	അഡ്വ: എസ്.വേണുഗോപാൽ, ഡി.പി.സി. അംഗം, രാമ മംഗലം, പനമ്പറ്റ, ആവണീശ്വരം (പി.ഒ), – 691 508		
വൈസ് ചെയർപേഴ്സൺ			
	ഡോ. ജോർജ്ജ് എഫ് ഡിക്രൂസ് ഗാലപ്പഗോസ്, അമ്മൻനഗർ 158, കൊല്ലം – 23	9447774828	
കൺവീനർ			
	അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി, കൊല്ലം.	9447979132	
കോ – കൺവീനേഴ്സ്			
1	ശ്രീ.കെ.ആർ.മണികണ്ഠൻ, (എ.ഡി.എം), ഡെപ്യൂട്ടി. കളക്ടർ, ജനറൽ, കൊല്ലം		
2.	ഡോ.സ്പെൻസർ ആൻഡ്രൂസ്, ഹസാർഡ് അനലിസ്റ്റ്, SDMA District in Charge, കൊല്ലം	9746688580	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡി.വൈ.എസ്.പി, കൊല്ലം		
2	തഹസീൽദാർ, കൊല്ലം		
3	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ		
4	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല		
5	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ		
6	എൻവയോൻമെന്റ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്, കൊല്ലം	9447975718	
7	ശ്രീ.മൻമദൻ പിള്ള. (RA,Eco&Stat), വനശ്രീ, കൊല്ലം		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.എസ്.ശോഭ., ജില്ലാ പഞ്ചായത്ത് അംഗം, പട്ടരയ്യത്ത്, മുകുന്ദപുരം പി.ഒ, ചവറ - 691585	9400687474	
2	ശ്രീ.ബിനു.കെ., പ്രസിഡന്റ്, മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്	9496041788	
3	ശ്രീമതി. സുജ ചന്ദ്രബാബു, പ്രസിഡന്റ്, അഞ്ചൽ ഗ്രാമപഞ്ചായത്ത്	9495215305	

4	ശ്രീ.അച്ചൻകോവിൽ സുരേഷ് ബാബു, പ്രസിഡന്റ്, ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്	9496041768	
5	ശ്രീ.സൈനുദ്ദീൻ പട്ടാഴി, എസ്.എസ്.കോട്ടേജ്, ഞാറക്കൽ, പെരിനാട് പി.ഒ	9447243002	
6	ശ്രീ.ജെറിൻ തോമസ് എബ്രഹാം, റ്റി.ഇ, ഡി.എഫ്-ഐ.ഡി- സിസിഐപി, 2nd ഫ്ളോർ, ക്രിസ്റ്റി ആർക്കിടെക്ട്, പട്ടം, തിരുവനന്തപുരം	9497268508	
7	ഡോ.സായി.ഡി.എസ്, കോട്ടൂർകോണത്ത് പുത്തൻവീട്, എഴുകോൺ പി.ഒ, കൊല്ലം-691505	9995035832	saidev4u@gmail.com
8	ശ്രീ.സുരേന്ദ്രൻ എൻ, പുതുവീട്ടിൽ, ആലുംകടവ് പി.ഒ	9496271571	
9	ശ്രീ.മടത്തറ ശശി, അരയനകം, മേലേമുക്ക്, മടത്തറ പി.ഒ	9446832029	
10	ശ്രീമതി.രാജി.ആർ, ഷാജിഭവനം, മാലിഭാഗം, ചവറസൗത്ത് 691584	9400582770	
11	ശ്രീ.ശശിധരൻ.സി, ചക്കിട്ടയിൽ, വടക്കുംഭാഗം, ചവറസൗത്ത്	9496777007	
12	ശ്രീ.എസ്.എം. ജോസഫ്, വസന്തം, തേവള്ളി പി.ഒ, കൊല്ലം	9447591973	

ഉപസമിതി 8 – വ്യവസായം, വിവര സാങ്കേതിക വിദ്യ, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ. എം. എ. രാജഗോപാൽ, ഡി. പി. സി. അംഗം, ശ്രീമംഗലം,കുതിരച്ചിറ പുനലൂർ		
വൈസ് ചെയർപേഴ്സൺ			
	ശ്രീ. കെ. വി. രാജേന്ദ്രൻ, പുതുവീട്, താമരക്കുളം, കൊല്ലം	9447076608	
കൺവീനർ			
	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം	9745839707	dickollam@gmail.com
കോ–കൺവീനേഴ്സ്			
1	ശ്രീമതി. സിന്ധു കെ.എസ്, ജില്ലാ ലേബർ ഓഫീസർ, കൊല്ലം	0474-2794820	

2	പ്രോജക്ട് ഓഫീസർ, കയർ	0474-2793412	
3	ശ്രീമതി. സീന ബീവി, പ്രോജക്ട് ആഫീസർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്	0474-2743587	
4	ശ്രീ.തനൂജ്, അസിസ്റ്റന്റ് ജില്ലാ കോ-ഓഡിനേറ്റർ, അക്ഷയ	0474-2767605	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഉപജില്ലാ വ്യവസായ ഓഫീസർ, (എച്ച്.ക്യൂ)		dickollam@gmail.com
2	മാനേജർ (ആർ.ഇ.റ്റി.), ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം	9446300548	dickollam@gmail.com
3	മാനേജർ (ഇ.ഐ), ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം	9446061839	dickollam@gmail.com
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ.പി.ആർ.പുഷ്കരൻ, ജില്ലാ പഞ്ചായത്ത് അംഗം, പുത്തൻവെളിയിൽ, ചക്കമല, ഇ.റ്റി.പൊയ്ക, മൂന്നുമുക്ക്.പി.ഒ-695609	9048401414	
2	ശ്രീ.എസ്.നാസറുദ്ദീൻ, പ്രസിഡന്റ്, നെടുമ്പന ഗ്രാമപഞ്ചായത്ത്		
3	ശ്രീ.സുധീന്ദ്രബാബു .ഡി, അയംതാഴത്തു സൗത്ത്, ചാത്തന്നൂർ	9446707853	
4	ശ്രീ.ലെൻ ഫിലിപ്പ്, കെ.എസ്.എസ്.ഐ.എ, കൊല്ലം	9847070542	
5	ശ്രീ.അബ്ദുൾ ബഷീർ, Wood Empire കൺസോർഷ്യം, ചടയമംഗലം	9495473421	
6	ശ്രീ.വി.വിജയകുമാർ, സെക്രട്ടറി, ഭേഷജം, മു യ്ക്കൽ	9447977661	

ഉപസമിതി 9 – ആരോഗ്യം, ശുചിത്വം
(ഖര–ദ്രാവക മാലിന്യസംസ്കരണം ഉൾപ്പെടെ)

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	അഡ്വ:ജൂലിയറ്റ് നെൽസൺ, ഡി.പി.സി. അംഗം, നെജീഷ് നിവാസ്, പടപ്പക്കര (പി.ഒ), മുളവന	9447978845	
വൈസ് ചെയർപേഴ്സൺ			
	ഡോ.ഡി.ശ്രീകുമാർ, റിട്ട.ഹെൽത്ത് ഓഫീസർ, അർബൻ അഫയേഴ്സ്, ആനേപ്പിൽ വീട്, കാക്കത്ത് മുക്ക്, കൊല്ലം-12		

കൺവീനർ			
	ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം, ഡോ.വി.വി.ഷേർളി	9946105473	
കോ–കൺവീനേഴ്സ്			
1	ജില്ലാ കോ-ഓർഡിനേറ്റർ, ആർദ്രം മിഷൻ		
2	ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ഡോ.പ്രിയദർശിനി വി.കെ	944755745	
3	ജില്ലാ മെഡിക്കൽ ഓഫീസർ (ആയൂർവേദം), ഡോ..എസ്.ഗായത്രിദേവി	9847284862	
4	ജില്ലാ കോ-ഓഡിനേറ്റർ, ശുചിത്വമിഷൻ, ജി.സുധാകരൻ	7025861463	
5	പ്രോഗ്രാം ഓഫീസർ, ഡി.എച്ച്.എം		
6	കെ.അജിത്കുമാർ, അസി. ഫുഡ് സേഫ്റ്റി കമ്മീഷണർ		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡോ.മണികണ്ഠൻ, ഡെ.ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം	9447894073	
2	ഡോ.ഹരികുമാർ, ഡി.പി.എം, കൊല്ലം	9946105474	
3	ഡോ.കൃഷ്ണവേണി, ആർ.സി.എച്ച് ഓഫീസർ, കൊല്ലം	9446945104	
4	ഡോ.ഷാജി ജോസ്, സി.എം.ഒ, ജില്ലാ ആശുപത്രി (ഐ.എസ്.എം), കൊല്ലം	9446594868	
5	ഡോ.സൂസൺ ജോൺ, സി.എം.ഒ, ജില്ലാ ആശുപത്രി (ഹോമിയോ), കൊല്ലം	9495922488	
6	ശ്രീ.കെ.എം.വിനോദ്, ടെക്നിക്കൽ അസി.ഗ്രേഡ്-1, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം	9446353764	
7	ശ്രീ.പ്രദീപ്, അസി.കോ-ഓർഡിനേറ്റർ, ജില്ലാ ശുചിത്വമിഷൻ, കൊല്ലം	9446393807	
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ഡോ.കെ.രാജശേഖരൻ, ജില്ലാ പഞ്ചായത്ത് അംഗം, തെക്കേ കുറുവേലിൽ, പനയം പി.ഒ, പെരിനാട്, കൊല്ലം	9447800134	
2	അഡ്വ.അനിൽ.എസ്, കല്ലേലിഭാഗം, ജില്ലാ പഞ്ചായത്ത് അംഗം, അനിൽ ഭവനം, മാരാരിത്തോട്ടം, കല്ലേലിഭാഗം, കരുനാഗപ്പള്ളി	9496327483	
3	ഡോ.ഷിബു.ജി. ചെറിയാൻ, കിഷാര, പോളയത്തോട്, കൊല്ലം		

4	ശ്രീ.കെ.ബി.അജയകുമാർ, ആലയം, അർക്കന്നൂർ പി.ഒ, ഇളമാട്	9446552501	
5	ശ്രീ.വി.സായി, സായൂജ്യം, വെള്ളയിട്ടമ്പലം, തിരുമുല്ലാവാരം	9567926766	
6	ശ്രീ.സജീവൻ.പി (റിഫൈൻഡ് എൻജിനീയർ), ടെക്നിക്കൽ കൺസൾട്ടന്റ്, (ഐ.എസ്.എം), കൊല്ലം	9496854482	

ഉപസമിതി 10 – കുടിവെള്ളം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി. ഹണിമോൾ,ഡി. പി. സി അംഗം, സാന്ത്രാ ഡെയിൽ, കാവടിപ്പുറം നഗർ 85, ആശ്രാമം, കൊല്ലം 691002		
വൈസ് ചെയർപേഴ്സൺ			
	ശ്രീ. വി. പി. രാധാകൃഷ്ണപിള്ള, റിട്ട. ഡയറക്ടർ, ഭൂജലവകുപ്പ്, കൃഷ്ണമന്ദിരം, മങ്ങാട് പി. ഒ, കൊല്ലം – 691015	9447560564	drlerginja@gmail.com
കൺവീനർ			
	എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി. എച്ച് ഡിവിഷൻ, കൊല്ലം	8547001229	eephdnkollam@gmail.com
കോ – കൺവീനേഴ്സ്			
1	എക്സി. എഞ്ചിനീയർ, ഇറിഗേഷൻ, കൊല്ലം	9447589210	eeirrigationklm@gmail.com
2	എക്സി.എഞ്ചിനീയർ മൈനർ ഇറിഗേഷൻ, കൊല്ലം	9895271049	manumnj@yahoo.co.in
3	ശ്രീ.ജിജി തമ്പി, ജില്ലാ ആഫീസർ, ഗ്രൗ ് വാട്ടർ, കൊല്ലം	0474 - 2790313	gwdkollam@gmail.com
4	ശ്രീ. ശ്രീലത.ബി.വി, EE, KWA, PH Divn, Kottarakkara	9400002040	eephdkwaktkra@gmail.com
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.വി.ജയകുമാരൻപിള്ള, ഹൈഡ്രോ ജിയോളജിസ്റ്റ്	9497722375	gwdkollam@gmail.com
2	ശ്രീ.വി.കെ.ശ്രീകുമാർ, AEE, GWD	9446352278	gwdkollam@gmail.com
3	ശ്രീമതി.രേഖ ആലീസ് ജോർജ്, KWA	8547638552	eephdnkollam@gmail.com
4	ശ്രീമതി.മിനി.കെ.യു, AEE, KWA	8547638543	minikwa@gmail.com
5	ശ്രീ. ഷെറാസ്.എസ്, AEE, KWA		aeephdivision 99@gmail.com

അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	അഡ്വ.എസ്.പുഷ്പാനന്ദൻ, ജില്ലാ പഞ്ചായത്ത് അംഗം, ചെമ്മക്കാട്ട് കിഴക്കതിൽ, കോട്ടാത്തല പി.ഒ, കൊട്ടാരക്കര	9447280679	
2	ശ്രീമതി. ജി. സരസ്വതി, പ്രസിഡന്റ്, കുളക്കട ഗ്രാമ പഞ്ചായത്ത്		
3	ശ്രീ.ചന്ദ്രൻപിള്ള ആർ, പാലമൂട്ടിൽ, കലരി ജംഗ്ഷൻ, 690521		
4	ശ്രീ.അബൂബേക്കർ കുഞ്ഞ്, ബീവിമ്മ, കണ്ണനല്ലൂർ പി.ഒ	9447159734	

ഉപസമിതി 11 – പാർപ്പിടം, ദാരിദ്ര്യലഘൂകരണം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.വി.ജയപ്രകാശ്, ഡി.പി.സി അംഗം, കാട്ടുവിള, മീനമ്പലം, പുത്തൻകുളം (പി.ഒ), കല്ലുവാതുക്കൽ – 691 302		
വൈസ് ചെയർപേഴ്സൺ			
	ശ്രീ.കെ.സോമൻ, (റിട്ട.പഞ്ചായത്ത് ഡെ.ഡയറക്ടർ), ശ്രേയസ്സ്, കല്ലൂർ നോർത്ത്, പുതിയവിള	9447803996	
കൺവീനർ			
	പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ്, കൊല്ലം	9447601453	
കോ–കൺവീനേഴ്സ്			
1	ഡെപ്യൂട്ടി കളട്കർ (എൽ.എ കൊല്ലം)	8547610027	
2	ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ		
3	ശ്രീ.എ.ജി.സന്തോഷ്, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ	9447800658	
4	ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, MGNREGS, കൊല്ലം		
5	എക്സി. എഞ്ചിനീയർ, നിർമ്മിതികേന്ദ്രം	9446340064	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.അരുൾ കുമാർ, എക്സ്റ്റൻഷൻ ഓഫീസർ (P&M) അഞ്ചൽ ബ്ലോക്ക് ഓഫീസ്		

അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.സരോജാദേവി, ജില്ലാ പഞ്ചായത്ത് അംഗം, വിഷ്ണുവിലാസം, കരവാളൂർ പിഒ, കരവാളൂർ - 691333	9567248435	
2	ശ്രീമതി.എം കെ നിർമ്മല, പ്രസിഡന്റ്, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്		
3	ശ്രീ.പ്രസന്നചന്ദ്രബാബു.കെ.ബി, അർച്ചന, പടിഞ്ഞാറ്റക്കര പി.ഒ, തേവലക്കര - 690514	9496150855	
4	ശ്രീ.അബ്ദുൾ മജീദ്, ചെത്തോണ്ടിൽവ്യൂ, ഇടപ്പള്ളിക്കോട്ട പി.ഒ,	9400570672	
5	ശ്രീ.രാജചന്ദ്രൻ.വി, റിട്ട.ഡെപ്യൂട്ടി കളക്ടർ	9048622309	
6	ഡോ.ദിലി എ.എസ്, പ്രൊഫ., റ്റികെഎം എൻജിനീയറിംഗ് കോളേജ്, കൊല്ലം		
7	ശ്രീമതി. എസ്.രമാദേവിയമ്മ, മുല്ലശ്ശേരിൽ വീട്, കുരിയോട്, ചടയമംഗലം	9447258061	
8	ശ്രീമതി.ബി. യശോദ, റിട്ട.അസി.എൻജിനീയർ, മേലെ വിള പടിഞ്ഞാറ്റതിൽ (ചൈത്രം) ചെറിയേല, ആലുംമൂട് പി.ഒ	9496015373	

ഉപസമിതി 12 – വനിതാ വികസനം, സാമൂഹ്യനീതി, സാമൂഹ്യസുരക്ഷിതത്വം, വയോജനങ്ങൾ – കുട്ടികൾ – ഭിന്നശേഷിയുള്ളവർ – ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി.സി.രാധാമണി, ഡി.പി.സി അംഗം, കളീക്കൽ, ആദിനാട് നോർത്ത് (പി.ഒ), കുലശേഖരപുരം – 690542		
വൈസ് ചെയർപേഴ്സൺ			
	ശ്രീ.ജി.പങ്കജാക്ഷൻപിള്ള (റിട്ട.സീനിയർ സൂപ്രണ്ട്), സാമൂഹ്യനീതി വകുപ്പ്, ചേരൂർ ദേവിദവൻ, ദർശനാനഗർ – 62, പട്ടത്താനം, കൊല്ലം	**9446526079**	
കൺവീനർ			
	ജില്ലാ സാമൂഹ്യനീതി ആഫീസർ, കൊല്ലം	9446448106	dsjosjdklm@gmail.com
കോ – കൺവീനേഴ്സ്			
1	ജില്ലാ പ്രൊബേഷൻ ഓഫീസർ	9447077267	

2 3	ജില്ലാ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ വനിതാ ക്ഷേമ ഓഫീസർ	9447800658	
4	ജില്ലാ ശിശുസംരക്ഷണ ഓഫീസർ	9446028868	
5	പ്രോഗ്രാം ഓഫീസർ, ഐ.സി.ഡി.എസ്	9446282069	
6	ജില്ലാ വുമൻസ് പ്രോട്ടക്ഷൻ ഓഫീസർ	9447990008	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീമതി.ശ്രീരഞ്ജിനി, അഡീ. സി.ഡി.പി.ഒ, ശാസ്താംകോട്ട	9645006208	
2	ശ്രീമതി.മീനാകുമാരി, സൂപ്രണ്ട്, ആഫ്റ്റർകെയർ ഹോം, കൊല്ലം	8281999114	
3	ശ്രീമതി.റോഷ്നി, സൂപ്പർവൈസർ, ICDS അർബൻ 1	7012654504	
4	ശ്രീ.സന്തോഷ്കുമാർ, ഗവ.വൃദ്ധസദനം സൂപ്രണ്ട്	9495285510	
5	ശ്രീ.ചന്ദ്രമോഹനൻ നായർ.ജി, സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്	9497781699	
6	ശ്രീ.നസീർ, വയോമിത്രം കോ-ഓർഡിനേറ്റർ, KSSM	9387588889	
7	അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.കെ. ശോഭന, ജില്ലാ പഞ്ചായത്ത് അംഗം, വെട്ടോലിൽ വീട്, മുതുപിലാക്കാട് വെസ്റ്റ്, പോരുവഴി പി.ഒ.	9495219153	
2	ശ്രീമതി. എ.സുമ, പ്രസിഡന്റ്, ശാസ്താംകോട്ട ബ്ലോക്ക്		
3	ശ്രീ ആർ.എസ്.ബിജു, പ്രസിഡന്റ്, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്	9846176670	
4	ശ്രീമതി.ശാന്ത ഡി, ജില്ലാ സാക്ഷരത മിഷൻ, ഗിരിജാസദനം, തേവന്നൂർ പി.ഒ	9400971503	
5	ശ്രീമതി.ആശാ ജോസ്, ചൈൽഡ് ഫ്ര ്ലി പഞ്ചായത്ത് ഫാക്കൽറ്റി മെന്റർ	9447534470	
6	ശ്രീ.സി.ജെ. ആന്റണി, മെമ്പർ, KCSCPCN	944610271	
7	ശ്രീ.റെമിജിയസ് വി.ഫെർണാ സ്, സി.ഡി.പി.ഒ, ഓച്ചിറ	9847381071	

ഉപസമിതി 13 – വിദ്യാഭ്യാസം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി സരോജിനി ബാബു, ഡി.പി.സി അംഗം, പാവുക്കോണത്ത് വീട്, വാളകം (പി.ഒ), കൊട്ടാരക്കര – 691 532		
വൈസ് ചെയർപേഴ്സൺ			
	ശ്രീ.പി.സോമനാഥൻ, സുമേരു, മു യ്ക്കൽ ഈസ്റ്റ്, കൊല്ലം	9446602626	
കൺവീനർ			
	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, കൊല്ലം,	9495827850	ddekollam@gmail.com
കോ–കൺവീനേഴ്സ്			
1	ജില്ലാ കോ-ഓർഡിനേറ്റർ, വിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷൻ		
2	ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയറ്റ് എഡ്യൂക്കേഷൻ	0474- 2744378	dydcek@gmail.com
3	പ്രിൻസിപ്പാൾ, റ്റി.കെ.എം.കോളേജ് ഓഫ് എഞ്ചിനീയറിംഗ്.	9847072024	ayoobtkm@gmail.com
4	അസി. ഡയറക്ടർ, വോക്കേഷണൽ ഹയർ സെക്കന്ററി.	9495703785	vhsekollam@gmail.com
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീമതി. ജയശ്രീ.എസ്, എ.പി.ഒ, ആർ.എം.എസ്.എ	9446078507	
2	ശ്രീമതി. ഷീല.ജി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം	9496310926	deokollam@gmail.com
3	ശ്രീമതി. ഷീല.ററി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര	9447055789	sheelasuresh787@gmail.com
4	ശ്രീമതി. വിജയമ്മ.എ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ	9497376402	deopunalur@gmail.com
5	ഡോ.പി.ബാബുക്കുട്ടൻ, പ്രിൻസിപ്പാൾ, ഡയറ്റ്, കൊട്ടാരക്കര,	8281526831	babusreyas1953@gmail.com
6	ശ്രീ.രാധാകൃഷ്ണൻ ഉണ്ണിത്താൻ.ബി, ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ,	9446525601	ssakollam@gmail.com
7	ശ്രീമതി.രാജേശ്വരി അമ്മ.പി, ജില്ലാ കോ-ഓർഡിനേറ്റർ, എച്ച്.എസ്.ഇ,	9446601027	ghssvallikkeezhu@gmail.com

അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.ശ്രീലേഖാവേണുഗോപാൽ, ജില്ലാ പഞ്ചായത്ത് അംഗം, കൊച്ചുമാമ്പുഴ വിള പുത്തൻ വീട്, തെക്കൻ മൈനാഗപ്പള്ളി, മൈനാഗപ്പള്ളി പി.ഒ, 590519	9946189963	
2	ശ്രീമതി.സേതുലക്ഷ്മി.ബി., ജില്ലാ പഞ്ചായത്ത് അംഗം, കൈലാസം, വേങ്ങ പി.ഒ, ശാസ്താംകോട്ട-590521	9961651143	
3	ശ്രീ.പി.സോമനാഥൻ, റിട്ട.എച്ച്.എം	9446602626	
4	ശ്രീ.ഫെലിക്സ്, ഡബ്ലിയൂ.മിറാൻഡ, അയ്യൻകയവിൽ, കുമ്പളം പി.ഒ	9746241004	
5	പ്രൊഫ. നിസാർ കാട്ടുങ്കൽ, നിലാവ്, പുന്നക്കുളം, കെ.എസ്.പുരം പി.ഒ, കരുനാഗപ്പള്ളി	9846423189	
6	പ്രൊ.ഉണ്ണികൃഷ്ണകുറുപ്പ്.എസ്, പണയിൽവീട്, കുറുമ ൽ, പരവൂർ.പി.ഒ	9633688443	
7	ശ്രീ.ചാർലറ്റ് എ, റിട്ട.എച്ച്.എം		

ഉപസമിതി 14 – കായികവികസനം, യുവജനകാര്യം, സംസ്കാരം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീമതി റ്റി.ഗിരിജകുമാരി, ഡി.പി.സി അംഗം, വിഷ്ണു നിവാസ്, ഇളമാട് (പി.ഒ), ആയൂർ (വഴി) – 691 533		
വൈസ് ചെയർപേഴ്സൺ			
	ഡോ.കെ.പി.നന്ദകുമാർ, കടപ്പാൽ,കുളക്കട പി.ഒ, കൊല്ലം	9447163700	
കൺവീനർ			
	അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം	9446591974	
കോ–കൺവീനേഴ്സ്			
1	ജില്ലാ ഇൻഫർമേഷൻ ആഫീസർ, കൊല്ലം		
2	പ്രസിഡന്റ്, സ്പോർട്സ് കൗൺസിൽ, കൊല്ലം		
3	യൂത്ത് കോ-ഓർഡിനേറ്റർ, നെഹ്റു യുവകേന്ദ്ര		
4	ചെയർമാൻ, ജവഹർ ബാലഭവൻ		

അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീമതി.ബീന, യൂത്ത് പ്രോഗ്രാം ഓഫീസർ, യുവജനക്ഷേമബോർഡ്		
2	ശ്രീ.പ്രതാപ്സിംഗ്, പ്രോജക്ട് ഓഫീസർ, നെഹ്റു യുവകേന്ദ്ര		
3	ശ്രീ.അനോയ്, വില്ലേജ് എക്.ഓഫീസർ, ഗ്രേഡ് -1, ശാസ്താംകോട്ട		
4	ശ്രീ.കിഷോർ, വില്ലേജ് എക്.ഓഫീസർ, ഗ്രേഡ് -1, ചവറ		
5	ശ്രീമതി. ഷീബ.ഐ, സീനിയർ സൂപ്രണ്ട്, എ.ഡി.സി (ജനറൽ) ഓഫീസ്, കൊല്ലം		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി. ആർ.രശ്മി, ജില്ലാ പഞ്ചായത്ത് അംഗം, വൃന്ദാവനം, താഴത്തുകുളക്കട പി.ഒ, കുളക്കട, കൊട്ടാരക്കര	9447894267	
2	ശ്രീ.വി.പി.ജയപ്രകാശ് മേനോൻ, വൈക്കത്തേത്ത് ഹൗസ്, ആദിനാട് തെക്ക്, കരുനാഗപ്പള്ളി പി.ഒ	9447800325	
3	ശ്രീ.രഞ്ജു സുരേഷ്, പ്രസിഡന്റ്, അഞ്ചൽ ബ്ലോക്ക്		
4	ശ്രീ. എൽ.അനിൽ, പ്രസിഡന്റ്, പെരിനാട് ഗ്രാമപഞ്ചായത്ത്		
5	ശ്രീ.അഭിലാഷ് നാഥ്.വി, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, നെഹ്റു യുവകേന്ദ്രം, തിരുവനന്തപുരം		abhilashnathv22@gmail.com
6	ഡോ.പി. ജി.രവീന്ദ്രനാഥ്, ശ്രീനിക, ഭാവനഗർ, 211 എ, കടപ്പാക്കട പി.ഒ, കൊല്ലം-8	9447103749	
7	ശ്രീ.എം.എസ്. രവി , സരസീജം, വാക്കനാട് പി.ഒ, കരീപ്ര	9388505716	
8	ശ്രീ. രാജേഷ് ആർ, അംബുജമന്ദിരം, മരുത്തടി പി.ഒ, കൊല്ലം.	9446030405	rajeshrajendran555@gmail.com
9	ശ്രീ.ജയൻ ഇടയ്ക്കാട്, ജീവനം, വടക്കേവിള നഗർ- 9 ബി, പട്ടത്താനം പി.ഒ, കൊല്ലം-9	9447106030	

ഉപസമിതി 15 – ഊർജ്ജം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.വി.ജയപ്രകാശ്, ഡി.പി.സി അംഗം, കാട്ടുവിള, മീനമ്പലം, പുത്തൻകുളം (പി.ഒ), കല്ലുവാതുക്കൽ – 691 302		

വൈസ് ചെയർപേഴ്സൺ			
	ശ്രീ. ഷാജി പീറ്റർ കല്ലട (റിട്ട. ഡെ. സി. ഇ. കെ. എസ്. ഇ. ബി), ന്യൂ വില്ല, കിളികൊല്ലൂർ പി. ഒ, കൊല്ലം	9526128138	spkallada@gmail.com
കൺവീനർ			
	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , കെ എസ് ഇ ബി എൽ , കൊല്ലം	9446008267	dcekollam@gmail.com
കോ കൺവീനേഴ്സ്,			
1	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , കെ എസ് ഇ ബി എൽ , കൊട്ടാരക്കര		
2	പ്രോജക്ട് ഡയറക്ടർ, അനർട്ട്		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, കൊല്ലം	9446008268	eekollam@gmail.com
2	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, കരുനാഗപ്പള്ളി	9446008269	edkply@gmail.com
3	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, ചാത്തന്നൂർ	9446008270	eechnr@gmail.com
4	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, കുണ്ടറ	9446008273	eekundara@gmail.com
5	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, കൊട്ടാരക്കര	9446008272	eektrc@gmail.com
6	എക്സി. എഞ്ചിനീയർ , കെ എസ് ഇ ബി എൽ, പുനലൂർ	9446008274	eepunalur@gmail.com
7	കെ ശ്രീകുമാരി അമ്മ, അസി.എക്സി. എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പള്ളിമുക്ക്, കൊല്ലം		
8	ശ്യാംകുമാർ കെ, അസി.എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, ആലപ്പുഴ		
9	ജി.മധുസൂധനൻ പിള്ള, അസി. എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊട്ടാരക്കര വെസ്റ്റ്		
10	ഡിജീഷ് രാജ്, അസി. എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കരുനാഗപ്പള്ളി സൗത്ത്		
11	നൗഷാദ് എസ്, അസി. എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ചടയമംഗലം		
12	ബീന ഗോപിനാഥ്, എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കൊല്ലം		

അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ.സി.പി.പ്രദീപ്, ജില്ലാ പഞ്ചായത്ത് അംഗം, പ്ലാവിള വീട്, നടുവിലക്കര, ആലുംമൂട് പി.ഒ, മുഖത്തല	9446854432	
2	ശ്രീ.നജീബ് മുഹമ്മദ്.എച്ച്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പ്രസിഡന്റ്,.പത്തനാപുരം ഗ്രാമ.പഞ്ചായത്ത്)		
3	ശ്രീ.ബി.വേണുകുമാർ, നന്ദനം, കോവൂർ, അരിനല്ലൂർ പി.ഒ, കൊല്ലം-695538	9495115523	
4	ശ്രീ.എസ്. പ്രസാദ്, ലൈലാ നിവാസ്,പുല്ലിച്ചിറ പി ഒ, കൊല്ലം	9447018746	vu2tbk@gmail.com
5	ശ്രീ.എൻ. ഹരിദേവൻ	9447341710	haridevanae@gmail.com

ഉപസമിതി 16 – പശ്ചാത്തല സൗകര്യങ്ങൾ

(റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ), ഗതാഗതം, വാർത്താവിനിമയം,നഗരവത്ക്കരണം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രി.എസ്.രാജ്മോഹൻ, ഡി.പി.സി അംഗം, രാജ്ഭവൻ, തേവള്ളി പി.ഒ, കൊല്ലം		
വൈസ് ചെയർപേഴ്സ്ൺ			
	ശ്രീ.എ.കെ.അബ്ദുൾ വഹാബ് , (റിട്ട.അസി.എക്സി. എൻജിനീയർ), ഇടയിലവീട്, ചവറ പി.ഒ	9400507713	
കൺവീനർ			
	എക്സിക്യൂട്ടീവ് എഞ്ചിനീയർ, N.H Division, **കൊല്ലം**		
കോ-കൺവീനേഴ്സ്			
1	ശ്രീ.വി.ആർ. രാജു, മേഖലാ ജോ. ഡയറക്ടർ (നഗരകാര്യം)		
2	സൂപ്ര ിംഗ് എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ		
3	എക്സിക്യൂട്ടീവ് എഞ്ചിനീയർ,LSGD, ജില്ലാ പഞ്ചായത്ത്		
4	എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) കൊല്ലം		
5	എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Buildings		

6	ശ്രീ.തുളസീധരൻ പിള്ള, RTO, Kollam		
7	Division Chief, BSNL		
8	DTO, KSRTC, Kollam		
9	Director, Inland Navigation Directorate, Kollam		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ജോൺസൺ.കെ, (അസി.എക്സി.എൻജിനീയർ, എൽ.എസ്.ജി.ഡി) ആൻസ് കോട്ടേജ്, ഇ.റ്റി.സി. ജംഗ്ഷൻ, കൊട്ടാരക്കര	9447408148	
2	ശ്രീമതി. എസ്. ജലീല, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ	9388204961	
3	ശ്രീമതി. ശ്രീകല എസ്., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൻഎച് ഡിവിഷൻ, കൊല്ലം		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീമതി.ഷെർളി സത്യദേവൻ, ജില്ലാ പഞ്ചായത്ത് അംഗം, മുകളുവിള വീട്, മാമ്പുഴ, ആലുംമൂട്, കൊല്ലം - 691577	8592969482	
2	ശ്രീ.ടി.ആർ.ശങ്കരപ്പിള്ള, പ്രസിഡന്റ് ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്		
3	ശ്രീ.ശ്രീകുമാർ, പ്രസിഡന്റ് പൂതക്കുളം ഗ്രാമ പഞ്ചായത്ത്		
4	ശ്രീ.പി.മുരളീധരൻ	94466397717	muraleedharanplic@gmail.com

ഉപസമിതി 17 – പട്ടികജാതി – പട്ടികവർഗ്ഗ വികസനം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.എൻ.രവീന്ദ്രൻ, ഡി.പി.സി അംഗം, പടിഞ്ഞാറ്റെവിള, നെടുങ്ങോലം (പി.ഒ), കൊല്ലം – 691 334		
വൈസ് ചെയർപേഴ്സൺ			
	ശ്രീ. ജി.ഹൃഷികേശൻ നായർ, (റിട്ട. ജോ.ഡയറക്ടർ, എസ്.റ്റി. ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്), സൗപർണ്ണിക, മേവറം, തട്ടാമല	9446966082	
കൺവീനർ			
	ജില്ലാ പട്ടികജാതി വികസന ആഫീസർ, കൊല്ലം		
കോ–കൺവീനേഴ്സ്			
1	ശ്രീ. മധു വി,ആർ, ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ, പുനലൂർ		

2	അസി.ജില്ലാ പട്ടികജാതി വികസന ആഫീസർ, കൊല്ലം	9446555814	
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ശ്രീ.ബെഞ്ചമിൻ ബി.,ADDO, ജില്ലാ പട്ടികജാതി വികസന ആഫീസ്	9446555814	
2	ശ്രീ.ശ്രീജിത്ത് ജി.ആർ (SA Gr-2)	9496320931	
3	റിസ.അസിസ്റ്റന്റ്, ജില്ലാ പട്ടികജാതി വികസന ആഫീസ്, കൊല്ലം		
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	അഡ്വ.ബിനു .കെ.സി, ജില്ലാ പഞ്ചായത്ത് അംഗം, വഞ്ചി തെക്കതിൽ, മെത്രാൻതോട്ടം, ആനന്ദക്കുളം പി.ഒ, 691309	9496365968	
2	ശ്രീ. കെ.രാജേന്ദ്രൻ, കൃഷ്ണകൃപ, ലക്ഷ്മിനഗർ 244, മു ക്കൽ, കൊല്ലം	9387940101	
3	ശ്രീ. എം.സുഗതൻ, കളത്തിൽ, മരുതൂർകുളങ്ങര തെക്ക്, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി	9447730393	1931sugathan@gmail.com
4	ശ്രീ. കെ.സുധാകരൻ, മാധവവിലാസം, കരവൂർ പി ഒ, പിറവന്തൂർ 689696	9446592540	
5	ശ്രീ. സരസൻ എസ്, ചൈപ്പുറം, നീരാവിൽ, (റിട്ട.അസി.ജില്ലാ പട്ടികജാതി വികസന ആഫീസർ)	9495876198	
6	ശ്രീ.എം.സുരേഷ് കുമാർ, വെട്ടുകാട്ട്, ആലപ്പാട്, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി	9446294761	sureshkumarvettukattu@gmail.com
7	ശ്രീ.ബി.രാജേന്ദ്രൻ, അരിയറ വീട്, കലയപുരം പി.ഒ. 691560	9605616563	

ഉപസമിതി 18 – സഹകരണം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	ശ്രീ.എം.ശിവശങ്കരപിള്ള, ഡി.പി.സി അംഗം, ചാങ്ങയിൽ വീട്, ഇരവിച്ചിറ നടുവിൽ, പതാരം (പി.ഒ), ശൂരനാട് തെക്ക് – 690 567		
വൈസ് ചെയർപേഴ്സൺ			
	ശ്രീ.കെ.ഓമനക്കുട്ടൻ (റിട്ട. സഹകരണസംഘം, ജോയിന്റ് രജിസ്ട്രാർ), വൈശാഖം, മുകുന്ദപുരം, പുതുക്കാട്, ചവറ	7012404973	
കൺവീനർ			
	ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണസംഘം, കൊല്ലം		

കോ – കൺവീനേഴ്സ്			
1	സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ, ആഡിറ്റ്, കൊല്ലം	0474 - 2795817	02jdaudit.klm@gmail.com
2	അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം	0474 - 2794923	argeneralklm@gmail.com
3	അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശാസ്താംകോട്ട	0476 - 2830272	arsasthamcotta@gmail.com
4	അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കരുനാഗപ്പള്ളി	0476 - 2620427	argstaka.coop@kerala.gov.in
5	അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൊട്ടാരക്കര	0474 - 245441	argkply007@gmail. com
6	അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പുനലൂർ	0474 - 2222379	argktra@gmail.com
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കൊല്ലം.	0474 - 2795176	Jrgklm.coop@kerala.gov.in jrgkollam@gmail.com
2	അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്റ്റി) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കൊല്ലം.	0474 - 2795176	Jrgklm.coop@kerala.gov.in jrgkollam@gmail.com
3	സഹകരണസംഘം ഇൻസ്പെക്ടർ (പി.1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കൊല്ലം..	0474 - 2795176	Jrgklm.coop@kerala.gov.in jrgkollam@gmail.com
4	സഹകരണസംഘം ഇൻസ്പെക്ടർ (എച്ച്.എം (2)	0474 - 2795176	Jrgklm.coop@kerala.gov.in jrgkollam@gmail.com
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ.എസ്.ഫത്തഹൂദീൻ, ജില്ലാ പഞ്ചായത്ത് അംഗം, വടക്കതിൽ വീട്, ഉമയനല്ലൂർ പി.ഒ, കൊല്ലം 691589	8891266654	
2	ശ്രീ.ആർ.എസ്.ബിജു, പ്രസിഡന്റ് കടയ്ക്കൽ ഗ്രാമ പഞ്ചായത്ത്	9656990033	
3	ശ്രീ.പി.രാജേന്ദ്രൻ, എക്സ്.എം.പി, പ്രസിഡന്റ്, എൻ.എസ്.സഹകരണ ജില്ലാ ആശുപത്രി	9446025081	
4	ശ്രീ.എം.ഗംഗാധരകുറുപ്പ്, മുൻ പി.എസ്.സി. ചെയർമാൻ, കോമളത്ത്, ഇരവിച്ചിറ നടുവിൽ, പതാരം പി.ഒ, ശൂരനാട് സൗത്ത്	9633591599	
5	ശ്രീ.എസ്.വിക്രമൻ, അഷില ഭവൻ, കടയ്ക്കൽ പി.ഒ	9048423939	
6	ശ്രീ.ബി.അജയകുമാർ, ലക്ഷ്മി വിലാസം, തലവൂർ പി.ഒ, പത്തനാപുരം	9446706314	
7	ശ്രീ.ഡി.ബാലചന്ദ്രൻ, സുമതി ഭവനം, കാരിക്കുഴി, മയ്യനാട് പി.ഒ	9446432424	
8	ശ്രീ.സുരേഷ്കുമാർ.ഡി, അഞ്ജനം, പൂതക്കുളം പി.ഒ, കൊല്ലം	9499095886	
9	ശ്രീ.എൻ. വിജയചന്ദ്രൻ (മിഷൻ ആർ.പി), സരോജാ ഭവനം, മതിലിൽ പി.ഒ, കൊല്ലം	9447076776	vijayanmathilil@gmail.com

ഉപസമിതി 19 – വിനോദസഞ്ചാരം

		ഫോൺ നമ്പർ	ഇ.മെയിൽ അഡ്രസ്സ്
ചെയർപേഴ്സൺ			
	അഡ്വ: എസ്.വേണുഗോപാൽ, ഡി.പി.സി അംഗം, രാമമംഗലം, പനമ്പറ്റ, ആവണീശ്വരം (പി.ഒ), – 691508		
വൈസ് ചെയർപേഴ്സൺ			
	ശ്രീ.ഷിരീഷ് കേശവൻ (former DTPC secretary) നം.3, വികാസ് നഗർ, അനശ്വര, പട്ടത്താനം, കൊല്ലം – 21	9449296576	kesavanshirish@gmail.com
കൺവീനർ			
	ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം, കൊല്ലം		
കോ – കൺവീനേഴ്സ്			
1	ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്		
2	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്		
3	സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ		
4	സെക്രട്ടറി, ഡി.റ്റി.പി.സി, കൊല്ലം		
അംഗങ്ങൾ (ഉദ്യോഗസ്ഥർ)			
1	ഡി.എഫ്.ഒ, വൈൽഡ് ലൈഫ്, ശെന്തുരുണി	9447979081	
അംഗങ്ങൾ (അനുദ്യോഗസ്ഥർ)			
1	ശ്രീ.കെ.പി.കുറുപ്പ്, മുനിസിപ്പൽ ചെയർമാൻ, പരവൂർ		
2	ശ്രീമതി. ഇ.എസ്.രമാദേവി, ജില്ലാ പഞ്ചായത്ത് അംഗം, മുല്ലശ്ശേരി വീട്, കുരിയോട് പി.ഒ, ചടയമംഗലം 691534	9447258061	
3	ശ്രീ.എം.എ.രാജഗോപാൽ, മുനി.ചെയർമാൻ, പുനലൂർ		
4	ശ്രീമതി. അരുണാദേവി. എസ്, പ്രസിഡന്റ് ചടയമംഗലം ബ്ലോക്ക്		
5	ശ്രീമതി.ഷൈലാ സലിംലാൽ, പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പ്രസിഡന്റ് വെളിയം ഗ്രാമ പഞ്ചായത്ത്)		
6	ശ്രീ.ഷാജി, ഷാജി ഭവനം, മാലിഭാഗം, ചവറ സൗത്ത്	9846536492	
7	ശ്രീ.അനിൽകുമാർ.പി, ജ്യോതി ഭവനം, അറയ്ക്കൽ, പെരുമണ്ണൂർ പി.ഒ - 691532	9495059164	

കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ. ഡോ. എസ് കാർത്തികേയൻ ഐ.എ.എസ്)

വിഷയം : ജില്ലാ ആസൂത്രണ സമിതി കൊല്ലം - ജില്ലാ പദ്ധതി രൂപീകരണം- എഡിററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 23.09.2017ലെ സ.ഉ.(അച്ചടി) നം.19/2017/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. ഈ ഓഫീസിലെ 7.10.2017 ലെ ഇതേ നമ്പർ ഉത്തരവ്.
3. 23.11.2017 ലെ ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം.

ഉത്തരവ് നം. 2236/2017/ഡി.പി.ഒ/കൊല്ലം തീയതി 29 .11.2017

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 53 പ്രകാരവും രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ സുപ്രധാന ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടു ്.

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995 ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-ാം ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം വിഷയമേഖല തലത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ 19 ഉപസമിതികൾ പരാമർശം (2) പ്രകാരം രൂപികരിച്ചിട്ടു ്. ഉപസമിതി തയ്യാറാക്കുന്ന അദ്ധ്യായങ്ങൾ സംയോജിപ്പിക്കുന്നതിനും ജില്ലാ പദ്ധതി കരട് രൂപീകരണം സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിനും പൂർത്തിയാക്കുന്നതിനും താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു എഡിററിംഗ് കമ്മിറ്റി സൂചന (3) പ്രകാരം രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചെയർമാൻ - ശ്രീ.എം.വിശ്വനാഥൻ, ഡി.പി.സി മെമ്പർ (സർക്കാർ നോമിനി)
കൺവീനർ - ശ്രീ.പി.ഷാജി, ജില്ലാ പ്ലാനിംഗ് ഓഫീസർ
കോ-കൺവീനർ - ശ്രീമതി. എ.ബിന്ദു, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)

അംഗങ്ങൾ

1. ശ്രീ.വി.ജയപ്രകാശ്, ഡി.പി.സി അംഗം-9895572369
2. ശ്രീ. അജോയ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
3. ശ്രീ.എസ്.ജമാൽ, എസ്.ആർ.ജി മെമ്പർ- 9447557855
4. ശ്രീ.പി.സോമനാഥൻ, സുമേരു, മു യ്ക്കൽ ഈസ്റ്റ്, കൊല്ലം-9446602626
5. ശ്രീ.പി.ആനന്ദൻ, സരയൂ, പനച്ചാലം, മുഖത്തല പി.ഒ, കൊല്ലം-9495351547
6. ശ്രീ.കെ.വി.രാജേന്ദ്രൻ, പുതുവീട്, താമരക്കുളം, കൊല്ലം-9447076608
7. ശ്രീ.ഇഞ്ചക്കാട് ബാലചന്ദ്രൻ, ഉപസമിതി അംഗം, വളാമ്പുറത്ത്, ഇഞ്ചക്കാട്, കക്കാക്കുന്ന് പി.ഒ - 8943846959
8. ശ്രീ.വി.പി.ജയപ്രകാശ് മേനോൻ, ജില്ലാ പഞ്ചായത്ത് പ്ലാനിംഗ് കമ്മിററി അംഗം-9447800325
9. ശ്രീ.എം.ഭാസ്കരൻ, അജയഭവൻ, പട്ടത്താനം പി.ഒ- 9961129747
10. ശ്രീ.വി.വിജയകുമാർ, ഓച്ചിറ ബ്ലോക്ക് പ്ലാനിംഗ് കമ്മിററി അംഗം, പുത്തൻവീട്, മണപ്പള്ളി സൗത്ത്.പി.ഒ
11. ശ്രീ.ടി.പ്രേംലാൽ, ജനകീയാസൂത്രണം, ജില്ലാ ഫെസിലിറ്റേറ്റർ, കൊല്ലം

ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിയമിതരായിട്ടുള്ള പ്രോജക്ട് അസോസിയേററുമാർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കുന്നതാണ്.

ഒപ്പ്/-
ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി,
ജില്ലാ ആസൂത്രണ സമിതി

ഉത്തരവിൻപ്രകാരം
ഒപ്പ്/-
ജില്ലാ പ്ലാനിംഗ് ഓഫീസർ

ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾക്ക്

പകർപ്പ്

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (ഉപരിപത്രം സഹിതം)
2. സി.എ.ടു പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് & ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി
3. സി.എ. ടു ജില്ലാ കളക്ടർ, കൊല്ലം
4. സി.എ ടു ജില്ലാ പ്ലാനിംഗ് ഓഫീസർ
5. ഫയൽ/കരുതൽ ഫയൽ

കൊല്ലം ജില്ലാ പദ്ധതി – റിപ്പോർട്ട്

- **സർക്കാർ ഉത്തരവ്**

  ഭരണ ഘടനയുടെ അനുച്ഛേദം 243 ZD പ്രകാരവും 1994 ലെ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 53 പ്രകാരവും രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണസമിതിയുടെ ഒരു സുപ്രധാന ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. 23.09.2017 ലെ സ.ഉ.(അച്ചടി)നം. 19/2017/പ്ലാനിംഗ് സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണസമിതിയെ സഹായിക്കുന്നതിന് 1995 ലെ കേരള ജില്ലാ ആസൂത്രണസമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗനടപടി ക്രമവും) ചട്ടങ്ങളിലെ പതിനാറാം ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം വിഷയമേഖല തലത്തിൽ ആസൂത്രണ സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവർ അടങ്ങിയ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്.

- ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സ്ഥലമാനാസൂത്രണം, ജലത്തിൻറെയും മറ്റ് പ്രകൃതി ദത്ത വിഭവങ്ങളുടെയും ഭൗതികവിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എന്നിവ മുൻനിർത്തിക്കൊണ്ട് ജില്ലയിലെ വികസന വിടവുകൾ കണ്ടെത്തി ജില്ലാതല വികസന ലക്ഷ്യങ്ങളും മേഖലാ മുൻഗണനകളും നിശ്ചയിച്ചുകൊണ്ടുള്ള ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ജില്ലാ പദ്ധതി. പ്രത്യേകമായ വകയിരുത്തലോ, സ്കീമുകളോ, പ്രോജക്ടുകളോ ഇതിലില്ല. തദ്ദേശ ഭരണ സർക്കാരുകൾക്കും വിവിധ വകുപ്പുകൾക്കും വികസന പദ്ധതി ആസൂത്രണ വഴികാട്ടിയാണ് ജില്ലാ പദ്ധതി.

- **ജില്ലാ പദ്ധതിയുടെ ഘടന**

മുഖവുരയും ഉള്ളടക്കവും

ഭാഗം I : ജില്ലാവികസന പരിപ്രേക്ഷ്യം

അധ്യായം 1 : ആമുഖം:ജില്ലയുടെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും വിസ്തൃതി, ജനസംഖ്യ, ഭൂപ്രകൃതി, പ്രാഥമിക സ്ഥിതി വിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം

അധ്യായം 2 : വിഭവലഭ്യത (മനുഷ്യ, പ്രകൃതി, ധന -സ്ഥാപന വിഭവങ്ങൾ)

അധ്യായം 3 : വികസനത്തിൻറെ സ്ഥലമാനങ്ങൾ

അധ്യായം 4 : വികസന മേഖലകൾ: അവസ്ഥയും പരിപ്രേക്ഷ്യവും

4.1. : ഉൽപ്പാദന മേഖല

4.2 : സേവന മേഖല

4.3 : പശ്ചാത്തലമേഖല

4.4 : പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

ഭാഗം II : ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അധ്യായം 5 : കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

അധ്യായം 6 : തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾമെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും

അധ്യായം 7 : പരിപ്രേക്ഷ്യത്തിൻറെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

- **2017 സെപ്തംബർ 28 : ഉപസമിതികളുടെ രൂപീകരണം**

കൊല്ലം ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി 19 ഉപസമിതികൾ രൂപീകരിക്കാൻ 28.09.2017-ൽ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ശ്രീമതി കെ.ജഗദമ്മ ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആസൂത്രണ സമിതി യോഗത്തിൽ തീരുമാനിച്ചു. ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ ഡോ.എസ് കാർത്തികേയൻ ഐ.എ.എസ് സന്നിഹിതനായ പ്രസ്തുത യോഗ തീരുമാന പ്രകാരം ആസൂത്രണ സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, വിഷയമേഖല വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവർ അടങ്ങിയ 19 ഉപസമിതികൾ താഴെ പറയും പ്രകാരം രൂപീകരിച്ച് 07.10.2017-ൽ ഉത്തരവായി. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)

ക്രമനമ്പർ	ഉപസമിതിയുടെ പേര്
1	ആമുഖവിവരങ്ങൾ
2	വിഭവലഭ്യത (മനുഷ്യ, -പ്രകൃതി,-ധന,-സ്ഥാപന വിഭവങ്ങൾ)
3	വികസനത്തിന്റെ സ്ഥലമാനങ്ങൾ
4	നീർത്തടാധിഷ്ഠിതവികസനം (കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ജലസ്രോതസ്സുകളുടെ
5	മൃഗസംരക്ഷണം, ക്ഷീരവികസനം
6	മത്സ്യവികസനം
7	പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വന വികസനം, ദുരന്തനിവാരണം
8	വ്യവസായം, വിവരസാങ്കേതികവിദ്യ, വാണിജ്യം, സ്വയംതൊഴിൽസംരംഭങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ
9	ആരോഗ്യം, ശുചിത്വം (ഖര-ദ്രവമാലിന്യസംസ്കരണം ഉൾപ്പെടെ)
10	കുടിവെള്ളം
11	പാർപ്പിടം, ദാരിദ്ര്യലഘൂകരണം
12	വനിതാവികസനം, സാമൂഹ്യനീതി, സാമൂഹ്യസുരക്ഷിതത്വം, വയോജനങ്ങൾ - കുട്ടികൾ - ഭിന്നശേഷിയുള്ളവർ - ട്രാൻസ്ജെൻഡർ
13	വിദ്യാഭ്യാസം

14	കായികവികസനം, യുവജനകാര്യം, സംസ്കാരം
15	ഊർജ്ജം
16	പശ്ചാത്തലസൗകര്യങ്ങൾ-(റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ) ഗതാഗതം, വാർത്താവിനിമയം, നഗരവത്ക്കരണം
17	പട്ടികജാതി - പട്ടികവർഗ്ഗ വികസനം
18	സഹകരണം
19	വിനോദസഞ്ചാരം

- **2017 ഒക്ടോബർ 13 : ഉപസമിതി അംഗങ്ങൾക്കുള്ള പരിശീലനം**

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ കുറിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ ഉപസമിതി അംഗങ്ങൾക്ക് ഒരു പരിശീലന പരിപാടി കൊല്ലം സി.കേശവൻ മെമ്മോറിയൽ ടൌൺഹാളിൽ വച്ച് 13.10.2017 ന് രാവിലെ 9.00 മണി മുതൽ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ശ്രീമതി കെ.ജഗദമ്മ ടീച്ചറുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശീലന പരിപാടിയിൽ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ, കൊല്ലം കോർപ്പറേഷൻ മേയർ എന്നിവർ സംസാരിക്കുകയും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പർമാർ ജില്ലാ പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തു. പരിശീലന പരിപാടിയിൽ ഏകദേശം 300 പേർ പങ്കെടുത്തു. 19 ഉപസമിതികളുടെയും ആദ്യയോഗം അന്നേ ദിവസം കൂടുകയുമുണ്ടായി.

- **2017 ഒക്ടോബർ 28 : ജില്ലാ പദ്ധതി- ജില്ലാതല കൂടിയാലോചന യോഗം**

28.10.2017 ന് കൊല്ലം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കൊല്ലം ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകുന്നതിനും പൊതു നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനുമായി കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൂടിയാലോചനാ യോഗം നടത്തുകയുണ്ടായി. ബഹു.ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ശ്രീമതി.കെ.ജഗദമ്മ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ബഹു.എം.പി.അഡ്വ.കെ.സോമപ്രസാദ്, ജില്ലയിലെ ബഹു.എം.എൽ.എ മാർ, ജില്ലാ കളക്ടർ, കൊല്ലം കോർപ്പറേഷൻ മേയർ, ഡിപിസിയിലെ സർക്കാർ നോമിനിയായ അംഗം, ആസൂത്രണ സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, സംരംഭകർ, വ്യാപാരി-വ്യവസായി സംഘടനാ നേതാക്കൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

- **2017 നവംബർ 8,15, 23 : ജില്ലാ പദ്ധതി തയ്യാറാക്കൽ പുരോഗതി അവലോകന യോഗങ്ങൾ**

കൊല്ലം ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നവംബർ 8, 15, 23 എന്നീ തീയതികളിൽ ജില്ലാ ആസൂത്രണ സമിതി യോഗം വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

- **2017 നവംബർ 29 : ഉപസമിതികളുടെ കരട് അദ്ധ്യായങ്ങളുടെ അവതരണം**

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ ഉപസമിതികളുടെ കരട് അദ്ധ്യായങ്ങൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 29.11.2017 രാവിലെ 10 മണിക്ക് കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ശ്രീമതി കെ.ജഗദമ്മ ടിച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ ശ്രീ.എസ് കാർത്തികേയൻ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ സർക്കാർ നോമിനി, ജില്ലാ പ്ലാനിംഗ് ആഫീസർ, സ്റ്റേറ്റ് റിസോഴ്സ് അംഗങ്ങൾ കൂടാതെ വിവിധ ഉപസമിതികളുടെ വൈസ് ചെയർമാന്മാർ കൺവീനർമാർ, വകുപ്പുതല ജില്ലാ ഉദ്യോഗസ്ഥർഎന്നിവർ പങ്കെടുത്തു.

ജില്ലാ പദ്ധതി രൂപീകരണത്തിനായി നിയോഗിച്ചിട്ടുള്ള 19 ഉപസമിതികളുടെ കൺവീനർമാർ അവർ തയ്യാറാക്കിയ മേഖലാ പദ്ധതികളെ കുറിച്ച് ഓരോ അവതരണം നടത്തുകയുണ്ടായി. ജില്ലയിലെ വികസന മേഖലകളുടെ സ്ഥിതി വിവരം, വികസന പരിപ്രേക്ഷ്യം, ഹ്രസ്വകാല - ദീർഘകാല വികസന പരിപാടികൾ, എന്നിവ അവതരിപ്പിക്കുകയും അവയെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഈ ചർച്ചയിലെ നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി ജില്ലാ പദ്ധതി കരട് പുതുക്കി തയ്യാറാക്കാണമെന്ന് നിര്ദ്ദേശിച്ചു.

- **പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സേവനം**

കൊല്ലം ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 19 ഉപസമിതികൾക്ക് പുറമെ, ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം ചെയ്ത് ജില്ലാ പദ്ധതിയുടെ ഭാഗം 2-ൽ അദ്ധ്യായം 6 തയ്യാറാക്കുന്നതിനായി അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണറുടെ (പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കൊല്ലം) നേതൃത്വത്തിൽ 02.11.2017 ന് ഒരു ടീം രൂപീകരിച്ച് ഉത്തരവാകുകയും IKM-ൽ നിന്ന് നിർവ്വഹണ വിവരങ്ങൾ ശേഖരിച്ച് ആറാം അദ്ധ്യായം തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

- **എഡിറ്റിംഗ് സമിതി രൂപീകരണം**

കൊല്ലം ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച 19 ഉപസമിതികൾ തയ്യാറാക്കുന്ന കരട് ജില്ലാ പദ്ധതി അദ്ധ്യായങ്ങൾ സംയോജിപ്പിക്കുന്നതിനും കരട് ജില്ലാ പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി ഡിപിസിയിലെ സർക്കാർ നോമിനി അദ്ധ്യക്ഷനായി ഒരു എഡിറ്റിംഗ് കമ്മിറ്റി 29.11.2017 ന് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)

- **2017 ഡിസംബർ 04: മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ്**

ജില്ലാ പദ്ധതി രൂപീകരണം അവലോകനത്തിന്റെ ഭാഗമായി എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാരുമായി 04.12.2017-ന് രാവിലെ 11 മണിക്ക് മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. കളക്ടേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ശ്രീമതി കെ. ജഗദമ്മ ടീച്ചർ, ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ ശ്രീ.എസ് കാർത്തികേയൻ, ജില്ലാ പ്ലാനിംഗ് ആഫീസർ, ഡെ.ഡയറക്ടർ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ടൌൺ പ്ലാനർ, ജില്ലാ

ആസൂത്രണ സമിതി സർക്കാർ നോമിനി എന്നിവർ സന്നിഹിതരായിരുന്നു. ജില്ലാ കളക്ടർ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട ദുരിതനിരവാരണ പ്രവർത്തനങ്ങളുടെ അവസ്ഥ വിശദീകരിച്ചു. തുടർന്ന് ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു. സംയോജിത-ഏകോപന പദ്ധതി നിർദ്ദേശങ്ങളും മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

- **2017 ഡിസംബർ 20 : ഉപസമിതികളുടെ കരട് അദ്ധ്യായങ്ങളുടെ രണ്ടാമത്തെ അവതരണം**

കൊല്ലം ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതി വിവിധ ഉപസമിതികൾ തയ്യാറാക്കിയ അദ്ധ്യായങ്ങളുടെ അവതരണം കൊല്ലം കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ 20.12.2017 ന് രാവിലെ 9.00 ന് ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻറെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ.കെ.എൻ.ഹരിലാൽ, ലോക്കൽ ഗവ.കമ്മീഷൻ ചെയർപേഴ്സൺ ഡോ.ബി.പി.വിനോദ്, ജില്ലാ കളക്ടർ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കരട് ജില്ലാ പദ്ധതി അദ്ധ്യായങ്ങളിൽ സംയുക്ത പ്രൊജക്ടുകൾ, മേൽത്തട്ട് കീഴ്ത്തട്ട് പ്രൊജക്ട് നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് ജില്ലാ പദ്ധതി അദ്ധ്യായങ്ങളിൽ പ്രധാനമായും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ആസൂത്രണ ബോർഡ് മെമ്പർ ഡോ.കെ.എൻ.ഹരിലാൽ, ലോക്കൽ ഗവ.കമ്മീഷൻ ചെയർപേഴ്സൺ ഡോ.ബി.പി.വിനോദ് എന്നിവർ അതാത് ഉപസമിതി കൺവീനർമാർക്ക് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

- **തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അഭിപ്രായ സമാഹരണം**

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അഭിപ്രായ സമാഹരണത്തിനായി 19 ഉപസമിതികൾ തയ്യാറാക്കിയ കരട് ജില്ലാ പദ്ധതി അദ്ധ്യായങ്ങൾ ജില്ലയിലെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

കരട് ജില്ലാ പദ്ധതി അദ്ധ്യായങ്ങൾ എഡിറ്റിംഗ് കമ്മിറ്റി പരിശോധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലഭ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്.

- **2018 ജനുവരി 10, 2018 : ജില്ലാ വികസന സെമിനാർ**

ജില്ലാ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കൊല്ലം സി.കേശവൻ മെമ്മോറിയൽ ടൌൺഹാളിൽ വച്ച് 10.01.2018 ന് രാവിലെ 10.00 മണി മുതൽ ജില്ലാ വികസന സെമിനാർ നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ ബഹു.എം.പി. മാർ, ബഹു.എം.എൽ.എ മാർ, ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ, ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ, കൊല്ലം കോർപ്പറേഷൻ മേയർ, SRG അംഗങ്ങൾ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, തദ്ദേശ ഭരണസ്ഥാപന ജനപ്രതിനിധികൾ, വിഷയമേഖല വിദഗ്ധർ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, ഉപസമിതി അംഗങ്ങൾ, എന്നിവർ പങ്കെടുത്ത വികസന സെമിനാറിൽ കൊല്ലം ജില്ലാ കരട് പദ്ധതി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമാഹരിക്കുകയും ചെയ്തു. ബഹു.എം.പി. ശ്രീ.എൻ, കെ.പ്രേമചന്ദ്രൻ ,

ബഹു.എം.എൽ.എ ശ്രീ.എം.നൗഷാദ് എന്നിവർ വിവിധ ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

2018 ജനുവരി 11,16,17 : സ്റ്റേക്ക് ഹോൾഡേഴ്സ് ചർച്ച

2018 ജനുവരി 11,16,17 എന്നീ തീയതികളിൽ ഡവലപ്പ്മെന്റ് ജേർണലിസ്റ്റ്, കൃഷി/ക്ഷീര/മത്സ്യ കർഷകർ, കർഷക സംഘങ്ങൾ, വ്യവസായികൾ, വ്യവസായ സംരംഭകർ, സഹകരണ സംഘങ്ങൾ, ഗവേഷണ/വിദ്യാഭ്യാസ/വ്യവസായ സ്ഥാപന മേധാവികൾ, കലാ-കായിക-സാംസ്കാരിക രംഗത്തെ പ്രമുഖർ/സംഘടനകൾ തുടങ്ങിയ പ്രത്യേക ഗ്രൂപ്പുകളുമായി കരട് ജില്ലാ പദ്ധതിയിൻമേൽ സ്റ്റേക്ക് ഹോൾഡേഴ്സ് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമാഹരിക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

10.01.2018 ന് നടന്ന ജില്ലാ വികസന സെമിനാറിലെ നിർദ്ദേശങ്ങളും സ്റ്റേക്ക് ഹോൾഡേഴ്സ് ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും കൂടി കൊല്ലം ജില്ലാ കരട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **ജില്ലാ പദ്ധതി (കരട്) സമർപ്പണം**

കരട് ജില്ലാ പദ്ധതിയ്ക്ക് 22.01.2018-ൽ കൂടിയ കൊല്ലം ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകുകയും സംസ്ഥാന ആസൂത്രണ ബോർഡിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഡിപിസിയുടെ അംഗീകാരത്തോടു കൂടി കൊല്ലം ജില്ലാ പദ്ധതി (കരട്) ജനുവരി 23 നു സംസ്ഥാന ആസൂത്രണ ബോർഡിൽ സമർപ്പിച്ചു.

- **2018 ഫെബ്രുവരി 14 : ജില്ലാ പദ്ധതി സംസ്ഥാന തല അവതരണം**

14.02.2018 —ൽ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, മെമ്പർമാർ, ജനപ്രതിനിധികൾ, വിഷയമേഖല വിദഗ്ധർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ, ജില്ലാ കളക്ടർ എന്നിവർ കൊല്ലം ജില്ലാ പദ്ധതിയുടെ അവതരണം നടത്തുകയുണ്ടായി.

- **ജില്ലാ പദ്ധതിയുടെ സംസ്ഥാന തല പരിശോധന**

ജില്ലാ പദ്ധതി സംസ്ഥാന തലത്തിൽ വിദഗ്ധർ പരിശോധന നടത്തി ലഭിച്ച റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഉപസമിതികളുടെ കൺവീനർമാർക്ക് നൽകിയിട്ടുള്ളതും നിർദ്ദേശങ്ങളും ആവശ്യമായ മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളതുമാണ്.

0000000000000000000000000000000000000000000000000000000000000